ശ്രീമഹാഭാരതം

ആറാം വാല്യം

വിവർത്തനം
കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ

ശ്രീമഹാഭാരതം

അനുശാസനപർവ്വം
അശ്വമേധപർവ്വം
ആശ്രമവാസികപർവ്വം
മൗസലപർവ്വം
മഹാപ്രസ്ഥാനികപർവ്വം
സ്വർഗ്ഗാരോഹണപർവ്വം

Bhawan's Sri Sankaracharya Sanskrit Mahavidyalaya * Bharatiya Vidya

(Malayalam)

ŚRĪMAHĀBHĀRATAM

Vol. VI

Translated by

KUNJIKUTTAN TAMPURAN

First Published 1906

First S. P. C. S. Edition September 1965

Printed at

INDIA PRESS, KOTTAYAM

Price Rs. 18·00

Publishers:

Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State

Sales Department:

NATIONAL BOOK STALL

Kottayam Kerala State India

Bhawan's Sri Sankaracharya Sanskrit Mahavidyala
Vidya

ശ്രീമഹാഭാരതം

(ആറാം വാല്യം)

വിവൎത്തനം

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

പ്രസാധകന്മാർ

സാഹിത്യപ്രവൎത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 18.00

ശ്രീമഹാഭാരതം

വാള്യം

1 ആദി–സഭാപർവ്വങ്ങൾ

2 വന–വിരാടപർവ്വങ്ങൾ

3 ഉദ്യോഗ–ഭീഷ്മപർവ്വങ്ങൾ

4 ദ്രോണ–കർണ്ണ–ശല്യപർവ്വങ്ങൾ

5 സൗപ്തിക–സ്ത്രീ–ശാന്തിപർവ്വങ്ങൾ

6 അനുശാസന–അശ്വമേധ–ആശ്രമവാസിക–മൗസല–മഹാപ്രസ്ഥാനിക–സ്വർഗ്ഗാരോഹണപർവ്വങ്ങൾ

7 ഹരിവംശ–വിഷ്ണു–ഭവിഷ്യൽപർവ്വങ്ങൾ

1–2500

വിഷയാനുക്രമണിക

അനുശാസനപർവ്വം

ദാനധർമ്മപർവ്വം 17 – 523

ഗൗതമീലുബ്ധകവ്യാളമൃത്യുകാലസംവാദം	17
സുദർശനോപാഖ്യാനം	23
വിശ്വാമിത്രോപാഖ്യാനം	29
വിശ്വാമിത്രോപാഖ്യാനം	30
ശക്രശുകസംവാദം	34
ദൈവപുരുഷകാരം	36
കർമ്മഫലികോപാഖ്യാനം	39
ഭീഷ്മനിശ്ചയം	41
സൃഗാലവാനരസംവാദം	43
ശൂദ്രമുനിസംവാദം	45
ശ്രീരുക്മിണീസംവാദം	50
ഭംഗാസ്വനോപാഖ്യാനം	52
ലോകയാത്രാനുകഥനം	56
മേഘവാഹനോപാഖ്യാനം	56
മേഘവാഹനോപാഖ്യാനം	82
മേഘവാഹനോപാഖ്യാനം	83
മേഘവാഹനോപാഖ്യാനം—ശിവസഹസ്രനാമം	88
മേഘവാഹനോപാഖ്യാനം	98
അഷ്ടാവക്രദിക്‌സംവാദം	103
അഷ്ടാവക്രദിക്‌സംവാദം	110
അഷ്ടാവക്രദിക്‌സംവാദം	112
ബഹുപ്രാശ്നികം	113
ദാനധർമ്മം സ്വർഗ്ഗനരകഗാമിവർണ്ണനം	116
ബ്രഹ്മഘ്നകഥനം	123
ആംഗിരസതീർത്ഥയാത്ര	124
ഗംഗാമാഹാത്മ്യം	128
ഇന്ദ്രമതംഗസംവാദം	136
ഇന്ദ്രമതംഗസംവാദം	138
ഇന്ദ്രമതംഗസംവാദം	139
വീതഹവ്യോപാഖ്യാനം	141
കൃഷ്ണനാരദസംവാദം	146
ശ്യേനകപോതീയം	148
ബ്രാഹ്മണപ്രശംസ	151
പൃഥിവീവാസുദേവസംവാദം	152

ബ്രാഹ്മണപ്രശംസ	155
ശക്രശംബരസംവാദം	156
പാത്രപരീക്ഷ	158
പഞ്ചചൂഡാനാരദസംവാദം	159
സ്ത്രീസ്വഭാവകഥനം	161
വിപുലോപാഖ്യാനം	162
വിപുലോപാഖ്യാനം	166
വിപുലോപാഖ്യാനം	168
വിപുലോപാഖ്യാനം	170
വിവാഹധർമ്മകഥനം	172
വിവാഹധർമ്മം—യമഗാഥ	175
വിവാഹധർമ്മം—സ്ത്രീപ്രശംസ	177
വിവാഹധർമ്മം—ധനവിഭാഗം	178
വർണ്ണസങ്കരകഥനം	182
പുത്രപ്രതിനിധികഥനം	185
ച്യവനോപാഖ്യാനം	187
ച്യവനോപാഖ്യാനം	189
ച്യവനോപാഖ്യാനം	193
ച്യവനോപാഖ്യാനം	195
ച്യവനോപാഖ്യാനം	199
ച്യവനോപാഖ്യാനം	202
ച്യവനോപാഖ്യാനം	204
വിവിധദാനഫലം	206
തടാകാരാമമാഹാത്മ്യം	209
ദാനപാത്രനിരൂപണം	212
ത്രിഷവണാന്നദാനകഥനം	214
രക്ഷാദാനം	216
ഭൂമിദാനപ്രശംസ—ഇന്ദ്രബൃഹസ്പതിസംവാദം	218
അന്നദാനപ്രശംസ	224
നക്ഷത്രയോഗദാനം	227
പാനീയാദിദാനം	229
അന്നഭൂതിലഗോദാനവിവരണം	231
പാനീയദാനമാഹാത്മ്യം	235
തിലദീപാന്നവസ്ത്രദാനമാഹാത്മ്യം	236
ഗോദാനമാഹാത്മ്യം	238
നൃഗോപാഖ്യാനം	240
നാചികേതോപാഖ്യാനം	242
ശക്രപ്രശ്നം	247
പിതാമഹേന്ദ്രസംവാദം	248

പിതാമഹേന്ദ്രസംവാദം	252
ദമാദിവ്രതനിയമം	253
ഗോദാനവിധികഥനം	256
ഗോപ്രഭവകഥനം	259
ഗോപ്രദാനികം	262
ഗോപ്രദാനികം	263
ഗോപ്രദാനികം	265
ഗോപ്രദാനികം	267
ഗോശ്രീസംവാദം	270
ഗോലോകവർണ്ണനം	272
സുവർണ്ണോത്പത്തി	275
സുവർണ്ണോത്പത്തി	280
താരകവധോപാഖ്യാനം	290
ശ്രാദ്ധകല്പം	292
ശ്രാദ്ധകല്പം	294
ശ്രാദ്ധകല്പം	295
ശ്രാദ്ധകല്പം	296
ശ്രാദ്ധകല്പം	300
ശ്രാദ്ധകല്പം	303
ബിസസൈന്യോപാഖ്യാനം	305
ശപഥവിധി	316
ഛത്രോപാനഹദാനപ്രശംസ	321
ഛത്രോപാനഹദാനപ്രശംസ	323
ബലിദാനവിധി	324
സുവർണ്ണമനുസംവാദം	326
അഗസ്ത്യഭൃഗുസംവാദം	330
അഗസ്ത്യഭൃഗുസംവാദം	332
ക്ഷത്രിയചണ്ഡാലസംവാദം	334
ഹസ്തികൂടം	336
ബ്രഹ്മഭഗീരഥസംവാദം	343
ആയുഷ്യാഖ്യാനം	347
ജ്യേഷ്ഠകനിഷ്ഠവൃത്തി	356
ഉപവാസവിധി	358
ഉപവാസവിധി	362
ശൗചകഥനം	371
വിഷ്ണുദ്വാദശമാസികം	372
താരകാംഗസ്മരണം	373
സംസാരചക്രം	374
സംസാരചക്രം, അന്നദാനം	382

ധമ്മസാരോപദേശം	384
മാംസവജ്ജനകഥനം	385
മാംസഭക്ഷണനിഷേധം	386
അഹിംസാഫലകഥനം	392
കീടോപാഖ്യാനം	394
കീടോപാഖ്യാനം	396
കീടോപാഖ്യാനം	398
മൈത്രേയഭിക്ഷ	399
മൈത്രേയഭിക്ഷ	401
മൈത്രേയഭിക്ഷ	402
ശാണ്ഡിലിസുമനാസംവാദം	403
ഹരിണകൃശകാഖ്യാനം	405
പിതൃരഹസ്യം	407
ദേവമുനിരഹസ്യം	413
ദേവമുനിരഹസ്യം	416
വായുരഹസ്യം	418
ലോമശരഹസ്യം	418
അരുന്ധതീചിത്രഗുപ്തരഹസ്യം	419
പ്രമഥരഹസ്യം	422
ദിഗ്ഗജരഹസ്യം	423
മഹാദേവരഹസ്യം	424
സ്കന്ദരഹസ്യം	425
ഭോജ്യാഭോജ്യാന്നകഥനം	426
പ്രായശ്ചിത്തവിധി	427
ദാനാനുകീത്തനം	429
പഞ്ചവിധദാനം	431
മുനിഗണകൃഷ്ണസംവാദം	432
ആശ്ചര്യദശ്നം	435
ആശ്രമധമ്മം	438
ഋഷിധമ്മം	446
ജാത്യുൽഗത്യധോഗതി	450
കമ്മവിപാകകഥനം	454
കമ്മവിവരണം	457
സ്ത്രീധമ്മകഥനം	461
പുരുഷോത്തമമാഹാത്മ്യം	465
മഹാപുരുഷപ്രസ്താവം	469
വിഷ്ണുസഹസ്രനാമം	473
സാവിത്രീവ്രതകഥനം	481
ബ്രാഹ്മണപ്രശംസ	486

ബ്രാഹ്മണമാഹാത്മ്യം	487
ബ്രാഹ്മണമാഹാത്മ്യം	489
കശ്യപോതത്ഥ്യമാഹാത്മ്യം	491
അഗസ്ത്യവസിഷ്ഠമാഹാത്മ്യം	493
അത്രിച്യവനമാഹാത്മ്യം	494
കപദ്ധ്വംസം	497
മഹാപുരുഷമാഹാത്മ്യം	498
ദുവ്വാസോഭിക്ഷ	503
ഈശ്വരപ്രശംസ	507
മഹേശ്വരമാഹാത്മ്യം	510
ധമ്മപ്രമാണകഥനം	512
ധമ്മപ്രശംസ	516
ധമ്മതത്ത്വകഥനം	517
വംശാനുകീത്തനം	518
ഭീഷ്മാനുജ്ഞ	522

ഭീഷ്മസ്വഗ്ഗാരോഹണപവ്വം 524—529

ഭീഷ്മപ്രാത്ഥന	524
ഭീഷ്മമുക്തി	527

അശ്വമേധപവ്വം

ആശ്വമേധികപവ്വം 533—565

യുധിഷ്ഠിരശോകം	533
കൃഷ്ണദ്വൈപായനസാന്ത്വനം	534
അശ്വമേധാലോചന—മരുത്തപ്രസംഗം	536
സംവത്തമരുത്തീയം—മരുത്തവംശകഥനം	538
സംവത്തമരുത്തീയം—ഇന്ദ്രബൃഹസ്പതിസംവാദം	539
സംവത്തമരുത്തീയം—സംവത്തദശ്നം	541
സംവത്തമരുത്തീയം—സംവത്തസ്വീകാരം	544
സംവത്തമരുത്തീയം—മഹാദേവസ്തവം	546
സംവത്തമരുത്തീയം—അഗ്നിശക്രസംവാദം	548
സംവത്തമരുത്തീയം—മരുത്തയജ്ഞകഥനം	553
കൃഷ്ണധമ്മസംവാദം	557
കൃഷ്ണധമ്മസംവാദം	559
കൃഷ്ണധമ്മസംവാദം	560
ഹസ്തിനപ്രവേശം	561
കൃഷ്ണാജ്ജുനവിനോദം	563

അനുഗീതാപർവ്വം 566—728

സിദ്ധകാശ്യപസമാഗമം 566
സിദ്ധകാശ്യപസംവാദം 569
ബ്രാഹ്മണോപദേശം 571
യോഗവിചാരം 573
ബ്രഹ്മഗീത 577
ബ്രാഹ്മണഗീത—ദശഹോതൃവിധാനം 579
ബ്രാഹ്മണഗീത—സപ്തഹോതൃവിധാനം 581
ബ്രാഹ്മണഗീത—പഞ്ചഹോതൃവിധാനം 583
ബ്രാഹ്മണഗീത—പഞ്ചഹോതൃവിധാനം 585
ബ്രാഹ്മണഗീത—ചാതുർഹോത്രവിധാനം 586
ബ്രാഹ്മണഗീത—ആത്മൈക്യകഥനം 587
ബ്രാഹ്മണഗീത—ആരണ്യകം 589
ബ്രാഹ്മണഗീത—അദ്ധ്വര്യുയതിസംവാദം 590
ബ്രാഹ്മണഗീത—ക്ഷാത്രോച്ഛേദനം 593
ബ്രാഹ്മണഗീത—ഇന്ദ്രിയജയം 594
ബ്രാഹ്മണഗീത—അംബരീഷഗാഥ 597
ബ്രാഹ്മണഗീത—ജനകബ്രാഹ്മണസംവാദം 598
ബ്രാഹ്മണഗീത—തത്ത്വസംഗ്രഹം 599
ബ്രാഹ്മണഗീത—ബ്രാഹ്മണഗീതാവസാനം 600
ഗുരുശിഷ്യസംവാദം—തത്ത്വനിർവ്വചനം 601
ഗുരുശിഷ്യസംവാദം—തമോഗുണനിരൂപണം 604
ഗുരുശിഷ്യസംവാദം—രജോഗുണനിരൂപണം 606
ഗുരുശിഷ്യസംവാദം—സത്വഗുണനിരൂപണം 608
ഗുരുശിഷ്യസംവാദം—ഗുണത്രയനിരൂപണം 609
ഗുരുശിഷ്യസംവാദം—മഹത്തത്ത്വനിരൂപണം 611
ഗുരുശിഷ്യസംവാദം—സൃഷ്ടിക്രമം 612
ഗുരുശിഷ്യസംവാദം—അദ്ധ്യാത്മവിവേചനം 612
ഗുരുശിഷ്യസംവാദം—വിഭൂതിധർമ്മജ്ഞാനനിരൂപണം 616
ഗുരുശിഷ്യസംവാദം—ഭൂതാദ്യന്തനിരൂപണം 618
ഗുരുശിഷ്യസംവാദം—ഗൃഹസ്ഥാശ്രമവിധി 620
ബ്രഹ്മചര്യവാനപ്രസ്ഥസന്യാസാശ്രമവിധി 621
ഗുരുശിഷ്യസംവാദം—മുക്തിമാർഗ്ഗം 625
ഗുരുശിഷ്യസംവാദം—പുരുഷവിവേചനം 626
ഗുരുശിഷ്യസംവാദം—ഋഷിപ്രശ്നം 627
ഗുരുശിഷ്യസംവാദം—തത്ത്വഗുണവിസ്താരം 628
ഗുരുശിഷ്യസംവാദോപസംഹാരം 631
കൃഷ്ണപ്രയാണം 635
ഉതങ്കോപാഖ്യാനം—കൃഷ്ണോതങ്കസമാഗമം 639

ഉതങ്കോപാഖ്യാനം—കൃഷ്ണാദ്ധ്യാത്മകഥനം 640
ഉതങ്കോപാഖ്യാനം—വരപ്രദാനം 642
ഉതങ്കോപാഖ്യാനം—കുണ്ഡലാഹരണം 645
ഉതങ്കോപാഖ്യാനം—കുണ്ഡലമാഹാത്മ്യം 647
ഉതങ്കോപാഖ്യാനം—കുണ്ഡലപ്രദാനം 650
കൃഷ്ണൻെറ ദ്വാരകാപ്രവേശം 654
വാസുദേവവാക്യം 655
വസുദേവസാന്ത്വനം 658
വ്യാസസാന്ത്വനം 660
ദ്രവ്യാനയനാരംഭം 662
ദ്രവ്യാനയനോപക്രമം 663
ദ്രവ്യാനയനം 665
പരീക്ഷിജ്ജന്മകഥനം 666
സുഭദ്രാവാക്യം 668
ഉത്തരാവിലാപം 669
പരീക്ഷിൽ സഞ്ജീവനം 671
പാണ്ഡവാഗമനം 673
വ്യാസകൃഷ്ണാനുജ്ഞ 674
യജ്ഞസാമഗ്രീസമ്പാദനം 676
അശ്വാനുസരണാരംഭം. 678
അശ്വാനുസരണം—ത്രിഗൎത്തപരാഭവം 680
അശ്വാനുസരണം—വജ്രദത്തയുദ്ധം 682
അശ്വാനുസരണം—വജ്രദത്തപരാജയം 683
അശ്വാനുസരണം—സൈന്ധവയുദ്ധം 685
അശ്വാനുസരണം—സൈന്ധവപരാജയം 687
അശ്വാനുസരണം—അൎജ്ജുനബഭ്രുവാഹനയുദ്ധം 690
അശ്വാനുസരണം—അൎജ്ജുനപ്രത്യുജ്ജീവനം 693
അശ്വാനുസരണം—അൎജ്ജുനശാപകഥനം 697
അശ്വാനുസരണം—മാഗധപരാജയം 699
അശ്വാനുസരണം—ചേദിനിഷാദാദിപരാജയം 701
അശ്വാനുസരണം—ശകുനിപുത്രപരാജയം 702
അശ്വമേധാരംഭം 704
അശ്വമേധാരംഭം—ശ്രീകൃഷ്ണാഗമനം 707
അൎജ്ജുനപ്രത്യാഗമനം 708
അശ്വമേധക്രിയ 710
അശ്വമേധസമാപ്തി 713
നകുലോപാഖ്യാനം 715
ഹിംസാമിശ്രധൎമ്മനിന്ദ 723
നകുലോപാഖ്യാനം 725

ആശ്രമവാസികപർവ്വം

ആശ്രമവാസപർവ്വം 731—783

ധൃതരാഷ്ട്രനിൽ പാണ്ഡവന്മാരുടെ വൃത്തി	731
ധൃതരാഷ്ട്രനിൽ പാണ്ഡവന്മാരുടെ വൃത്തി	733
ധൃതരാഷ്ട്രനിർവ്വേദം	735
വ്യാസാനുജ്ഞ	740
ധൃതരാഷ്ട്രോപദേശം	742
ധൃതരാഷ്ട്രോപദേശം	745
ധൃതരാഷ്ട്രോപദേശം	746
ധൃതരാഷ്ട്രവനഗമനപ്രാർത്ഥന	748
ധൃതരാഷ്ട്രപ്രാർത്ഥന	750
പ്രകൃതിസാന്ത്വനം	751
ഭീമക്രോധം	754
യുധിഷ്ഠിരാനുമോദനം	756
വിദുരവചനം	757
ദാനയജ്ഞം	758
ധൃതരാഷ്ട്രനിർയ്യാണം	759
കുന്തീവനപ്രസ്ഥാനം	761
കുന്തീവാക്യം	763
വനപ്രവേശം	764
ശതയൂപാശ്രമവാസം	766
നാരദവാക്യം	767
പാണ്ഡവപരിതാപം	770
യുധിഷ്ഠിരയാത്ര	771
ധൃതരാഷ്ട്രാശ്രമഗമനം	773
യുധിഷ്ഠിരധൃതരാഷ്ട്രസമാഗമം	774
ഋഷികളോടു യുധിഷ്ഠിരാദിനിവേദനം	775
വിദുരനിർയ്യാണം	777
വ്യാസാഗമനം	780
വ്യാസവാക്യം	782

പുത്രദർശനപർവ്വം 784—799

ഗാന്ധാരീവാക്യം	784
കുന്തീവാക്യം	787
അംശകഥനം	789
ഭീഷ്മാദിദർശനം	790
പതിമാർക്കു ഭർത്തൃലോകപ്രദാനം	792
നിത്യാനിത്യനിരൂപണം	794

ശ്രീപരീക്ഷിദ്ദർശനം 795
യുധിഷ്ഠിരപ്രത്യാഗമനം 796

നാരദാഗമനപർവ്വം 800—805

കാട്ടുതീയിൽ ധൃതരാഷ്ട്രാദികളുടെ ദഹനം 800
യുധിഷ്ഠിരവിലാപം 803
ധൃതരാഷ്ട്രാദിശ്രാദ്ധം 804

മൗസലപർവ്വം

മൗസലപർവ്വം 809—828

മുസലോത്പത്തി 809
ഉൽപാതദർശനം 811
ഭോജവൃഷ്ണ്യന്ധകധ്വംസനം 813
രാമകൃഷ്ണന്മാരുടെ പരഗതി 816
അർജ്ജുനാഗമനം 819
വസുദേവനിർവ്വേദം 820
ദസ്യുകൃതവൃഷ്ണികളത്രാപഹരണം 822
അർജ്ജുനവ്യാസസമാഗമം 826

മഹാപ്രസ്ഥാനികപർവ്വം

മഹാപ്രസ്ഥാനികപർവ്വം 831—839

പാണ്ഡവപ്രസ്ഥാനം 831
ദ്രൗപദ്യാദിപതനം 834
യുധിഷ്ഠിരസ്വർഗ്ഗാരോഹണം 836

സ്വർഗ്ഗാരോഹണികപർവ്വം

സ്വർഗ്ഗാരോഹണപർവ്വം 843—856

ദുര്യോധനാദിദർശനം 843
യുധിഷ്ഠിരന്റെ നരകദർശനം 845
യുധിഷ്ഠിരദേഹത്യാഗം 848
വാസുദേവാദിദർശനം 851
സ്വർഗ്ഗതിവിവരണം 852
ഭാരതശ്രവണവിധി 857

അനുശാസനപർവ്വം

ദാനധർമ്മപർവ്വം

നാരായണനെയും സാക്ഷാൽ നരനാം നരനേയുമേ
സരസ്വതീദേവിയേയും നമിച്ചു ജയമോതുക.

1. ഗൗതമീലുബ്ധകവ്യാളമൃത്യുകാലസംവാദം

താൻമൂലം ബന്ധുബാന്ധവന്മാരുൾപ്പെടെ പലരും അന്തരിച്ചുപോയതോർത്തു വ്യസനിക്കുന്ന ധർമ്മപുത്രരെ സമാധാനിപ്പിക്കാനായി ജീവജാലങ്ങളുടെ മരണത്തിനുത്തരവാദി മററാരുമല്ല, കാലംതന്നെയാണെന്നു തെളിയിക്കുന്ന ഒരു കഥ ഭീഷ്മർ ആ പാണ്ഡവജ്യേഷ്ഠനെ പറഞ്ഞു കേൾപ്പിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ശമം സൂക്ഷ്മം പലവിധമങ്ങു ചൊല്ലീ പിതാമഹ!
എന്നുള്ളിലൊത്തില്ല ശാന്തിയിതിമ്മാതിരി കേൾക്കിലും. 1

ഇക്കാര്യത്തിൽ പലവിധം ശാന്തി ചൊല്ലീ പിതാമഹ!
താൻ ചെയ്തതിൽ ശാന്തിയാമോ പലപാടാം ശമത്തിനാൽ? 2

മേലൊക്കയമ്പേററു കടുവ്രണമാണ്ടെഴുമങ്ങയെ
കണ്ടിട്ടു ശർമ്മമേല്പീലാ വീര, പാപങ്ങളോർത്തു ഞാൻ. 3

മേലൊക്കച്ചോരയണിയെ മലപോലോലുമങ്ങയെ
വർഷാബ്ജത്തെപ്പോലെ കണ്ടു മാഴ്കുന്നേൻ പുരുഷർഷഭ! 4

ഇതിലും കഷ്ടമെന്തുണ്ടു ഞാൻമൂലം നീ പിതാമഹ!
പോരിൽ ശത്രുക്കളോടേററിട്ടീ നിലയ്ക്കായതില്ലയോ? 5

അമ്മട്ടു മററു മന്നോരും പുത്രബാന്ധവരൊത്തവർ
മരിച്ചുപോയീ ഞാൻമൂലമിതിലും കഷ്ടമെന്തുവാൻ? 6

കാലമൃത്യുവശം പൂണ്ടു ഞങ്ങളും ധാർത്തരാഷ്ട്രരും
ഈ നിന്ദ്യകർമ്മം ചെയ്തെന്തു ഗതി പൂകുന്നുവോ നൃപ! 7

ശ്രേയസ്സു ധാർത്തരാഷ്ട്രന്നിതിങ്ങു കാണ്മേൻ ജനാധിപ!
അവൻ കാണുന്നതില്ലല്ലോ ഈ നിലയ്ക്കായൊരങ്ങയെ. 8

ആ ഞാനങ്ങയ്ക്കന്തകരൻ സുഹൃജ്ജനവിഘാതകൻ
മന്നിൽ മാഴ്കുന്നങ്ങയെക്കണ്ടേല്ക്കുന്നില്ലൊരു ശാന്തിയും. 9

ദുര്യോധനൻ പോർക്കളത്തിൽ പടയൊത്തനുജാന്വിതൻ
ചത്തിതീ ക്ഷത്രധർമ്മത്തിൽ ദുർബ്ബുദ്ധി കുലപാംസനൻ. 10
ആദൃഷ്ടൻ കാണ്മതില്ലങ്ങീ മന്നിൽ വീണു കിടപ്പതായ്
അതിനാൽ മരണം നല്ലൂ ജീവിപ്പോന്നല്ലിതെന്മതം. 11
എന്നെശ്ശത്രുക്കളെടരിൽ വീരസോദരരൊത്തുതാൻ
മുടിച്ചിരുന്നുവെന്നാകിലിപ്പോളീവിധമച്യുത! 12
അമ്പേറ്റേറ്റം മാഴ്കുമങ്ങേക്കാണുകില്ലായിരുന്നു ഞാൻ
നൂനം പാപികളായ്ത്തീർത്തു വിധി ഞങ്ങളെ മന്നവ! 13
കില്ബിഷം തീർന്നെങ്കിൽ നന്നിങ്ങന്യജന്മത്തിലെങ്കിലും
അതിന്നു രാജൻ, ശാസിക്കുകെൻപ്രിയം കരുതീടിൽ നീ. 14

ഭീഷ്മൻ പറഞ്ഞു

പരതന്ത്രാത്മാവിനെ നീ ഹേതുവായ് കരുതുന്നിതോ
കർമ്മങ്ങൾക്ക മഹാഭാഗ, സൂക്ഷ്മമാണിതതീന്ദ്രിയം. 15
ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
ഗൗതമീമൃത്യുസംവാദം കാലലുബ്ധകനാഗരായ്[1]. 16
കൗന്തേയ, ശമമാണ്ടോരു വൃദ്ധ ഗൗതമിയെന്നവൾ
കണ്ടു പാമ്പു കടിച്ചിട്ടു ചൈതന്യം കെട്ട പുത്രനെ. 17
ആപ്പാമ്പിനെ സ്നായുപാശം[2]കൊണ്ടു കെട്ടിയമർഷിതൻ
വേടനായോരർജ്ജുനകൻ ഗൗതമിക്കാനയിച്ചുതേ. 18
അവൻ ചൊന്നാ“നിവൻ നിന്റെ പുത്രഘ്നൻ പന്നഗാധമൻ
വേഗം ചൊല്ലു മഹാഭാഗേ, കൊല്ലേണ്ടുന്നതുമെങ്ങനെ? 19
ഇവനെത്തീയിലിടണോ കണ്ടം കണ്ടം നുറുക്കണോ?
ബാലനെക്കൊന്നോരു പാപി ചിരം ജീവിക്ക വയ്യിവൻ.” 20

ഗൗതമി പറഞ്ഞു

ഇവനേ വിടുകജ്ഞൻ നീ, കൊല്ലൊല്ലർജ്ജുനക, സ്വയം,
വരേണ്ടതോർക്കാതാത്മാവിന്നാരിങ്ങു കനമേകിടും? 21
കേറും ലോകേ ധർമ്മലഘുക്ക[3]ളംഭസ്സിൽ പ്ലവോപമം[4]
വെള്ളത്തിൽ വീണ ശസ്ത്രംപോലാഴും പാപം കനത്തവൻ. 22

ചാകാതാവില്ലിവനെക്കൊല്ലില്ലെന്നി–
യിവൻ ജീവിച്ചാൽ നിനക്കെന്തു ചേതം?
ഈ പ്രാണിയാം ജീവിയെക്കൊന്നുവിട്ടാ–
ലാരങ്ങന്തംവിട്ട ലോകത്തിലെത്തും? 23

ലുബ്ധകൻ പറഞ്ഞു

ഞാൻ കാണ്മു, ഹേ ദേവി, ഗുണാഗുണജ്ഞേ!
കനംപെട്ടോർ മുററുമിങ്ങാർത്തിയേല്പൂ.

---

1 കാലലുബ്ധകനാഗരായ് = കാലനും വേടനും പാമ്പുമായിട്ടുണ്ടായ. 2 സ്നായുപാശം = ഞരമ്പാകുന്ന കയറ്. 3 ധർമ്മലഘുക്കൾ = ധർമ്മംകൊണ്ട് ആത്മാവിന്റെ ഭാരം കുറച്ചവർ. 4 പ്ലവോപമം = പൊങ്ങുതടിപോലെ.

സ്വസ്ഥനു നന്നീയുപദേശങ്ങളെന്നാൽ[1]
പാപിക്ഷുദ്രപ്പാമ്പിനെക്കൊല്ലുവൻ ഞാൻ. 24

ശമാർത്ഥിമാർ കാലയാനം കഥിപ്പി–
തർത്ഥജ്ഞന്മാരാശു ശോകം ത്യജിപ്പൂ
ശ്രേയസ്സും പോയ് ശോകമാം നിത്യമോഹാൽ
സർപ്പത്തെക്കൊന്നിട്ടു ശോകം ത്യജിക്കു. 25

ഗൗതമി പറഞ്ഞു

എന്മട്ടുള്ളോർക്കാർത്തിയുണ്ടാകയില്ലാ
നിത്യം ധർമ്മാത്മാക്കളാം സജ്ജനങ്ങൾ
നിത്യായസ്തൻ[2] ബാലനീയാംക്കുമെന്നാൽ
സർപ്പധ്വംസത്തിന്നു ഞാനോർക്കയില്ലാ. 26

കോപമില്ലാ ബ്രാഹ്മണർക്കു കോപയാതനയെങ്ങുവാൻ?
ക്ഷമിക്കു മാർദ്ദവാൽ സാധോ, വിട്ടയയ്ക്കുക പാമ്പിനെ. 27

ലുബ്ധകൻ പറഞ്ഞു

കൊന്നാൽ ശ്രേയസ്സവ്യയം ലാഭമത്രേ
ലഭ്യം ലോഭം ശക്തർമൂലം പ്രശസ്തം
ലാഭം കാലാൽ സത്യമാണെന്നിരിക്കിൽ
ശ്രേയോലാഭം കുത്സിതത്തിൽപ്പെടാ തേ. 28

ഗൗതമി പറഞ്ഞു

എന്താണു ലാഭം ശത്രുവെക്കൊന്നുവെന്നാൽ?
കാമാപ്തിയെന്തരിയേ വിട്ടിടാഞ്ഞാൽ?
ഞാൻ സൗമ്യ,യെന്തിന്നഹിയിൽ ക്ഷമിക്കാ?
മോക്ഷാർത്ഥമെന്തിന്നു ചെയ്യാതിരിക്കാ? 29

ലുബ്ധകൻ പറഞ്ഞു

ഈയേകനിൽപ്പലരെക്കാത്തിടേണം
കാത്തീടൊല്ലാ പലരീകൊന്നൊരാളെ
കൃതാഗസ്സെ[3]ദ്ധാർമ്മികന്മാർ വിടുന്നു[4]–
ണ്ടിപ്പാമ്പിനെഗ്ഗൗതമി, കൊല്ലണം നീ. 30

ഗൗതമി പറഞ്ഞു

ഈപ്പാമ്പിനെക്കൊല്ലുകിലെൻെറ പുത്രൻ
ജീവിക്കില്ലാ ലുബ്ധക, തീർച്ചതന്നെ
ഗുണം പററില്ലിവനെക്കൊല്ലിലെന്നാൽ
വിട്ടു വേടാ, പാമ്പിനെജ്ജീവനോടേ. 31

ലുബ്ധകൻ പറഞ്ഞു

വൃത്രധ്വംസാൽ ശ്രേഷ്ഠഭാക്കായ് സുരേന്ദ്രൻ;
യജ്ഞധ്വംസാൽ[5] ദേവനാശ്ശൂലി ഭാഗം

---

1 എന്നാൽ = അതിനാൽ (ഇത്തരം പ്രയോഗം ഇതിൽ ധാരാളം കാണുന്നുണ്ട്).
2 നിത്യായസ്തൻ = മരണം മുൻപുതന്നെ നിശ്ചയിക്കപ്പെട്ടവൻ. 3 കൃതാഗസ്സ് = കുററം ചെയ്തവൻ. 4 വിടുക = (നാശത്തിനായി) കൈവിടുക; രക്ഷിക്കാതിരിക്ക. 5 യജ്ഞധ്വംസാൽ = (ദക്ഷൻെറ) യജ്ഞം ധ്വംസിച്ചതുകൊണ്ട്.

നേടീ; നീയും ദേവവൃത്തം ചരിക്കു[1];
കൊല്ലു വേഗം പാമ്പിനെശ്ശങ്ക വേണ്ടാ. 32

ഭീഷ്മൻ പറഞ്ഞു

പല വട്ടം ഭുജംഗത്തെപ്പററി വേടനരച്ചിലും
പാപത്തിൽ ബുദ്ധിവെച്ചില്ലാ യോഗ്യയായോരു ഗൗതമി. 33
ചെററു വീർപ്പിട്ടു കേണേററം സംസ്തംഭിച്ചിട്ടു പന്നഗം
മെല്ലെച്ചൊല്ലീ മർത്ത്യവാക്കാൽ കെട്ടുപെട്ടു കുഴങ്ങിയോൻ. 34

സർപ്പം പറഞ്ഞു

എന്തജ്ഞനക, തെററിങ്ങുണ്ടെനിക്കു ബത ബാലിശ!
ഇതിൽ സ്വാതന്ത്ര്യമററെന്നെ പ്രേരിപ്പിച്ചതു മൃത്യുവാം. 35
അവൻചൊല്ലാൽ കടിച്ചേൻ ഞാൻ കോപാല,ല്ലല്ല കാംക്ഷ–
കുററമുണ്ടെങ്കിലവനാണക്കുററമയി ലുബ്ധക! [യാൽ

ലുബ്ധകൻ പറഞ്ഞു

അശുഭം നീയന്യവശഗനായിപ്പന്നഗ, ചെയ്തിലും
നീയും കാരണമിങ്ങെന്നാൽ നീയും കില്ബിഷമുള്ളവൻ. 37
മൺപാത്രമുണ്ടാക്കിടുവാൻ ദണ്ഡചക്രാദിയെങ്ങനെ
പരം കാരണമാകുന്നു നീയുമങ്ങനെ പന്നഗ! 38
കുററക്കാരൻ വദ്ധ്യനെനിക്കു ഹേ, നീ കുററമുള്ളവൻ
ആത്മാവിതിൽക്കാരണമെന്നല്ലോ നീ ചൊല്ലി പന്നഗ! 39

സർപ്പം പറഞ്ഞു

ഈദ്ദണ്ഡചക്രാദിയെല്ലാമസ്വതന്ത്രങ്ങളെങ്ങനെ
ഞാനുമങ്ങനെയാണെന്നാലെൻ കുററം കരുതായ്ക നീ. 40
അല്ലാ മതം നിനക്കെന്നാലന്യോന്യം ഹേതുവാണവ
അന്യോന്യചോദനാൽ കാര്യകാരണങ്ങൾക്കു ശങ്കയാം. 41
ഏവം ദോഷമെനിക്കില്ലാ, വദ്ധ്യന,ല്ലില്ല കുററവും,
കുററമുണ്ടെങ്കിലാക്കുററം സമവായത്തിലായ്വരും. 42

ലുബ്ധകൻ പറഞ്ഞു

അല്ലാ കാരണമെന്നാലും നീ കർത്താവല്ലയെങ്കിലും
വിനാശകാരണം നീയും വദ്ധ്യനാണെന്നു മന്മതം. 43
അസൽക്കാര്യം ചെയ്തിരിക്കെപ്പാമ്പേ, തെററില്ലയെന്നതോ
ഇതിന്നു ഹേതുവല്ലെന്നോ വദ്ധ്യനെന്തേറെയോർപ്പു നീ? 44

സർപ്പം പറഞ്ഞു

കാര്യാഭാവേ ക്രിയ പെടാ ഹേതുവുണ്ടില്ലയെങ്കിലും
ഈത്തുല്യഹേതുവിലെനിക്കോതാം ഹേതു വിശേഷമായ്. 45
ഞാനും കാരണമാണെങ്കിൽ വേട, തത്വം നിനയ്ക്കുകിൽ
പ്രയോഗത്തിങ്കലുണ്ടന്യൻ പ്രാണിനാശനകില്ബിഷി[2]. 46

---

1 ദേവവൃത്തം ചരിക്ക = ദേവന്മാർ ചെയ്തതുപോലെ പ്രവർത്തിക്ക. 2 പ്രാണിനാശനകില്ബിഷി = പ്രാണികളെ നശിപ്പിക്ക എന്ന പാപം ചെയ്തവൻ.

ലുബ്ധകൻ പറഞ്ഞു

എനിക്കു വദ്ധ്യൻ നീ ദുഷ്ട, നൃശംസൻ ബാലഘാതകൻ
എന്തേറെച്ചൊൽവതും പിന്നെ വദ്ധ്യൻ നീ പന്നഗാധമ! 47

സർപ്പം പറഞ്ഞു

മഖേ* ഹവിസ്സു ഹോമിക്കുമൃത്വിക്കുജനമെങ്ങനെ
ഫലം നേടില്ലപ്പടിക്കാം വേട, ഞാനീ ഫലത്തിലും. 48

ഭീഷ്മൻ പറഞ്ഞു

മൃത്യുചോദിതനാം സർപ്പമിപ്രകാരമുരയ്ക്കവേ
മൃത്യു ചെന്നെത്തിയവിടെസ്സർപ്പത്തോടോതിയിങ്ങനെ. 49

മൃത്യു പറഞ്ഞു

കാലപ്രേരണകൊണ്ടിട്ടു നിന്നെ ഞാൻ വിട്ടു പന്നഗ!
നീയല്ല ഞാനല്ല ബാലപ്രാണനാശനകാരണം. 50

അതാതിടം കാറുകളെക്കാററു കഷിപ്പതെങ്ങനെ
അമ്മട്ടു കാറിൻപടി ഞാൻ പാമ്പേ, കാലവശാനുഗൻ. 51

സാത്വികം രാജസം പിന്നെത്താമസം ചിലതിങ്ങനെ
കാലാത്മകങ്ങളാം ഭാവങ്ങളാം മുററും ജീവികളിൽ പെട്ടും. 52

ദ്യോവിലും ഭൂവിലും മുററും ചരങ്ങളചരങ്ങളും
മുററും കാലാത്മകം പാമ്പേ, ലോകം കാലാത്മകം പരം. 53

പ്രവൃത്തികളാം ജഗത്തിങ്കൽ നിവൃത്തികളുമങ്ങനെ
അവയ്ക്കെഴും വികൃതികളൊക്കെക്കാലാത്മകം മതം. 54

ആദിത്യൻ ചന്ദ്രനാ വിഷ്ണു ജലം വായു ശതക്രതു
അഗ്നി ഖം ഭൂമിയദിതി മിത്രൻ പർജ്ജന്യമിന്ദ്രനും 55

പുഴയാഴികളും പാമ്പേ, ഭാവാഭാവങ്ങളും ശരി
എല്ലാം സൃഷ്ടിക്കുന്നു കാലം സംഹരിക്കുന്നു വീണ്ടുമേ. 56

ഇതറിഞ്ഞിട്ടെന്നിലെന്തേ പാമ്പേ, കുററം നിനപ്പു നീ?
അതല്ലെനിക്കുണ്ടു ദോഷമെങ്കിൽദ്ദോഷം നിനക്കുമാം. 57

സർപ്പം പറഞ്ഞു

മൃത്യോ, നിർദ്ദോഷിയായ് ദോഷിയായും ചൊല്ലീല നിന്നെ—
നീയെന്നെ പ്രേരണംചെയ്തിതെന്നുമാത്രമുരച്ചതാം. [ഞാൻ

കാലത്തിൽദ്ദോഷമുണ്ടെങ്കിലങ്ങുമില്ലെങ്കിലങ്ങനെ
ദോഷം പരീക്ഷിപ്പീലാ ഞാൻ നമുക്കില്ലധികാരവും. 59

എനിക്കീദ്ദോഷമൊഴിവായ്ക്കിട്ടാൻ നോക്കുന്നതാണു ഞാൻ
മൃത്യുവിന്നും ദോഷമില്ലെന്നതിലും കാര്യമില്ല മേ. 60

ഭീഷ്മൻ പറഞ്ഞു

പാമ്പർജ്ജുനകനോടോതീ "കേട്ടില്ലേ മൃത്യു ചൊന്നതും?
കുററമില്ലാതുള്ളൊരെന്നെ പാശത്താൽ പീഡചെയ്യൊലാ." 61

---

* മഖേ = യാഗത്തിൽ.

ലുബ്ധകൻ പറഞ്ഞു

ഞാൻ കേട്ടേൻ മൃത്യുവിൻ വാക്കും നിന്റെ വാക്കും ഭുജംഗമ!
ഇതിനാൽ നിന്നിൽ നിർദ്ദോഷനിലയായീല പന്നഗ! 62

മൃത്യുവും നീയുമീബ്ബാലനാശത്തിന്നിഹ ഹേതുവാം
രണ്ടും കാരണമാം ഹേതു ഹേതുവല്ലാതെയാസ്സരാ. 63

ധിക്കരിപ്പേൻ സാധുതാപി[1] ക്രൂരനാം ദുഷ്ടമൃത്യുവെ
പാപകാരണമായ് പാപിയാകും നിന്നെ വധിക്കുവേൻ. 64

മൃത്യു പറഞ്ഞു

അവശന്മാർ കാലവശ്യർ ഞങ്ങൾ കല്പന ചെയ്യുവർ
ഞങ്ങളിൽക്കുററമോക്കൊല്ലാ നന്നായ് നോക്കുന്നതാകിൽ നീ. 65

ലുബ്ധകൻ പറഞ്ഞു

നിങ്ങൾ കാലവശന്മാരാം മൃത്യുപന്നഗരെങ്കിലോ
ക്രോധഹർഷങ്ങളുണ്ടാവാനെന്തെന്നറിയണം മമ. 66

മൃത്യു പറഞ്ഞു

വല്ല ചേഷ്ടയുമുണ്ടെങ്കിൽക്കാലപ്രേരിതയൊക്കയും
കാലമൂലമിതെന്നാദ്യംതന്നെ ലുബ്ധക, ചൊല്ലിനേൻ. 67

അതിനാൽ കാലവശരാം ഞങ്ങൾ കല്പന ചെയ്യുവോർ
ചെററും ലുബ്ധക, ഞങ്ങൾക്കു കുററമോക്കാതിരിക്ക നീ. 68

ഭീഷ്മൻ പറഞ്ഞു

ധർമ്മാർത്ഥസംശയത്തിങ്കലങ്ങുടൻ ചെന്നു കാലനും
പാമ്പോടോതീ മൃത്യുവോടും ലുബ്ധാർജ്ജുനകനോടുമേ. 69

''ഞാനല്ലീ മൃത്യുവല്ലിങ്ങീപ്പാമ്പുമല്ലയി ലുബ്ധക!
കുററക്കാരൻ പ്രാണിനാശേ പ്രയോഗകരുമല്ല നാം. 70

എന്തു കർമ്മം ചെയ്തിതിവരതർജ്ജുനക, ചോദകം
വിനാശഹേതു മററില്ലീയാളെക്കൊൽവൂ സ്വകർമ്മമേ. 71

എന്തു കർമ്മം ചെയ്തിതിവനതിനാൽ ചത്തുപോയതാം
വിനാശഹേതുവിവനു കർമ്മം നാം കർമ്മവശ്യരാം. 72

കർമ്മദായാദിയാം ലോകം കർമ്മസംബന്ധമുള്ളതാം
പ്രേരിപ്പിക്കുന്നു കർമ്മങ്ങൾതമ്മിൽ ഞങ്ങൾ കണക്കിനെ. 73

മൺകട്ടയാൽ വേല ചെയ്വോൻ യഥേഷ്ടം ചെയ്തിടുംപടി
താൻ ചെയ്ത കർമ്മത്തെ മർത്ത്യനേററുകൊള്ളുകയാണിഹ. 74

തണലും വെയിലും തമ്മിലെന്നും ചേർന്നമരുംവിധം
കർത്താവും കർമ്മവും സ്വാത്മകർമ്മബന്ധങ്ങളാണിഹ. 75

ഏവം ഞാന,ല്ലല്ല മൃത്യു, പാമ്പ,ല്ലല്ല ഭവാനുമേ,
ഈ വൃദ്ധബ്രാഹ്മണിയുമ,ല്ലിവിടെശ്ശിശു കാരണം[2].'' 76

---

1 സാധുതാപി = സജ്ജനങ്ങളെ ദുഃഖിപ്പിക്കുന്നവൻ. 2 ശിശു കാരണം = ശിശുതന്നെയാണ് (ശിശുവിന്റെ കർമ്മംതന്നെയാണ്) കാരണം.

അവനേവം ചൊല്ലിടുമ്പോൾ നൃപ, ബ്രാഹ്മണി ഗൗതമി
ചൊന്നാൾ സ്വകൎമ്മഗം ലോകം കണ്ടജ്ജുനകനോടുടൻ. 77

ഗൗതമി പറഞ്ഞു

കാലനല്ലാ സൎപ്പമല്ലാ മൃത്യുവല്ലിഹ കാരണം
സ്വകൎമ്മത്താലെയീബ്ബാലൻ കാലത്താൽ ചത്തുപോയതാം. 78
ആക്കൎമ്മം ചെയ്തിരിപ്പൂ ഞാനെന്മകൻ ചത്തിടുംപടി
കാലമൃത്യുക്കൾ പൊയ്ക്കോട്ടേ വിടജ്ജുനക, പാമ്പിനെ. 79

ഭീഷ്മർ പറഞ്ഞു

വന്നപാടുടനേ പോയീ മൃത്യു കാലം ഭുജംഗവും
വിശോകനായജ്ജുനകനാഗ്ഗൗതമി വിശോകയായ്. 80
ഇതു കേട്ടു ശമം കൊള്ളൂ ശോകമേല്ലൊല്ല മന്നവ!
സ്വകൎമ്മവശമാം ലോകം പൂകുമെല്ലാവരും നൃപ! 81
ഈക്കൎമ്മം നീയല്ല ചെയ്തു ദുര്യോധനനുമല്ലെടോ
കാലത്താൽ കൃതമെന്നോൎക്ക മന്നന്മാർ ചത്തിടുംപടി. 82

വൈശമ്പായനൻ പറഞ്ഞു

എന്നീച്ചൊന്നതു കേട്ടിട്ടുസന്താപമില്ലാതെയായിനാൻ
ഇതും ചോദിച്ചു* ധൎമ്മിഷ്ഠൻ തേജസ്സേറും യുധിഷ്ഠിരൻ. 83

2. സുദൎശനോപാഖ്യാനം

മൃത്യുവിനെ ജയിക്കാൻ വല്ല മാൎഗ്ഗവുമുണ്ടോ എന്നു് യുധിഷ്ഠിരൻ ഭീഷ്മരോടു ചോദിക്കുന്നു. അഗ്നിപുത്രനായ സുദൎശനൻ, ഭാൎയ്യയായ ഓഘവതിയുടെ ചാരിത്രത്തെപ്പോലും തൃണവൽഗണിച്ചു് അതിഥിപൂജ നിൎവ്വഹിച്ചതിനാൽ മൃത്യുവിൽനിന്നു രക്ഷനേടിയ ഒരു പുരാണകഥ ഭീഷ്മർ യുധിഷ്ഠിരനെ പറഞ്ഞു കേൾപ്പിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

പിതാമഹ, മഹാപ്രാജ്ഞ, സൎവ്വശാസ്ത്രവിശാരദ!
കേട്ടേൻ മഹത്താമാഖ്യാനമിതു ഞാൻ മതിമത്തമ! 1
ഇനിയും കേൾക്കുവാൻ മോഹം ധൎമ്മാൎത്ഥം ചേൎന്നതായ് നൃപ!
അങ്ങു ചൊല്ലുന്നതായിട്ടൊന്നതങ്ങു വിവരിക്കണേ! 2
ധൎമ്മാശ്രയത്താലങ്ങേതു ഗൃഹസ്ഥൻ വെന്നു മൃത്യുവെ?
ഇതൊക്കയും തത്ത്വമായിപ്പറഞ്ഞീടുക പാൎത്ഥിവ! 3

ഭീഷ്മർ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
ധൎമ്മാശ്രയാൽത്താൻ ഗൃഹസ്ഥൻ മൃത്യുവേ വെന്നവണ്ണമേ. 4
മനുപ്രജാപതിക്കുണ്ടായ് മകനിക്ഷ്വാകു മന്നവ!
സൂര്യാഭനാമാ നൃപനു മക്കളുണ്ടായി നൂറുപേർ. 5

* ഇതും ചോദിച്ചു = ഇതു് (അടുത്ത അദ്ധ്യായത്തിൽ കാണുന്ന ചോദ്യം) ചോദിക്കയും ചെയ്തു.

അതിൽ പത്താമനാം പുത്രൻ ദശാശ്വൻ ഭരതർഷഭ!
മാഹിഷ്മതിക്കരചനായ് ധർമ്മിഷ്ഠൻ സത്യവിക്രമൻ. 6
ദശാശ്വന്നുണ്ടായി പുത്രൻ നൃപൻ പരമധാർമ്മികൻ
സത്യം തപം ദാനമിവയിലെന്നും ചിത്തം രമിപ്പവൻ 7
മദിരാശ്വാഖ്യനായ് മന്നിൽ പുകഴാണ്ടോരു മന്നവൻ
ധനുർവ്വേദം വേദമിവയിലെന്നും തൽപ്പരനായവൻ. 8
മദിരാശ്വന്റെ തനയൻ ദ്യുതിമാനെന്ന മന്നവൻ
മഹാഭാഗൻ മഹാശക്തൻ മഹാസത്വൻ മഹാബലൻ. 9
ദ്യുതിമാനും പുത്രനുണ്ടായ് മന്നവൻ ബഹുധാർമ്മികൻ
ലോകമൊട്ടുക്കു പേർ കേട്ടോൻ സുവീരാഹ്വയനാണവൻ. 10
ധർമ്മിഷ്ഠനീടുവെപ്പുള്ളോൻ മറ്റൊരിന്ദ്രൻ കണക്കിനെ
സുവീരന്നുണ്ടായി പുത്രൻ സർവ്വസംഗ്രാമദുർജ്ജയൻ. 11
അവൻ ദുർജ്ജയനെന്നുള്ളോൻ സർവ്വശസ്ത്രഭൃതാം വരൻ
ഇന്ദ്രരൂപൻ ദുർജ്ജയന്നു പുത്രനഗ്നിസമപ്രഭൻ 12
ദുര്യോധനൻ മഹാരാജാവത്രേ രാജർഷിസത്തമൻ
പോരിൽ പിൻവലിയാത്തുള്ളോനിന്ദ്രവീര്യനവൻ പരം 13
വാഴുന്ന നാട്ടിൽ ദേവേന്ദ്രൻ വർഷിച്ചു നല്ലവണ്ണമേ
രത്നം ധനം പൈക്കളും പിന്നെപ്പലസസ്യമിവറ്റിനാൽ 14
ഇവന്റെ നാടു നഗരം മുറ്റും സമ്പൂർണ്ണമായിതേ.
അവന്റെ നാട്ടിൽക്കൃപണനില്ലാ ദുർഗ്ഗതനില്ലതാൻ 15
രോഗിയില്ലാ മെലിഞ്ഞോനുമില്ലെങ്ങുമൊരു മർത്ത്യനും.
സുദക്ഷിണൻ മധുരവാക്കനസൂയൻ ജിതേന്ദ്രിയൻ 16
ധർമ്മാത്മാവാനൃശംസൻതാൻ വിക്രാന്തനവികത്ഥനൻ
യജ്വാവു ദാന്തൻ മേധാവി ബ്രഹ്മണ്യൻ സത്യസംഗരൻ 17
നിന്ദിക്കാത്തോൻ കൊടുക്കുന്നോൻ വേദവേദാംഗവിത്തവൻ.
അവനെപ്പുണ്യശീതാംബു ദിവ്യയാം നദി നർമ്മദ 18
സ്വഭാവാൽക്കാമിച്ചു നരവ്യാഘ്രനെയപ്പ് ഭരതർഷഭ!
അന്നാ നദിയിലുണ്ടായി കന്യയാം കമലാക്ഷിയാം 19
സുദർശനാഖ്യയാം ഭൂപ, രൂപംകൊണ്ടും സുദർശന.
ആച്ചന്തത്തിൽ സ്ത്രീകളൊരാം തീർന്നിട്ടില്ലാ യുധിഷ്ഠിര! 20
അത്ര ചന്തംപൂണ്ട പെണ്ണാണാദ്ദുര്യോധനനന്ദിനി.
സുദർശനാകന്യകയെസ്സാക്ഷാൽക്കാമിച്ചു പാവകൻ 21
വിപ്രനായ്ച്ചെന്നു രാജാവേ, വരിച്ചു നൃപനോടുതാൻ.
ദരിദ്രൻ ജാതിയൊക്കാത്തോനിവനിങ്ങെന്നു മന്നവൻ 22
ഇച്ഛിച്ചില്ലാ വിപ്രനേകാനാസ്സുദർശനകന്യയെ.
പിന്നീടവന്റെ യജ്ഞത്തിൽ നശിച്ചു* ഹവ്യവാഹനൻ 23

* നശിക്ക = തിരോധാനം ചെയ്ക.

അപ്പോൾ ദുഃഖിച്ചു രാജാവു വിപ്രരോടേവമോതിനാൻ:
''പാപമെന്തുണ്ടിങ്ങെനിക്കോ നിങ്ങൾക്കോ ദ്വിജമുഖ്യരേ! 24
നീചരിൽച്ചെയ്തതിൻവണ്ണമഗ്നി നാശം ഗമിക്കുവാൻ?
നമുക്കു ദുഷ്കൃതം ചെററില്ലഗ്നി നാശം ഗമിക്കുവാൻ 25
ഉണ്ടോ നമുക്കോ നിങ്ങൾക്കോ തത്ത്വമായ് നിരൂപിക്കുവിൻ.''
രാജാവു ചൊന്ന കേട്ടങ്ങാ വിപ്രന്മാർ ഭരതർഷഭ! 26
നിയതന്മാർ വാഗ്യതരായ് ശരണം പുക്കിതഗ്നിയെ.
അപ്പോളവർക്കു കാണായീ ഭഗവാൻ ഹവ്യവാഹനൻ 27
ദീപ്തസ്വരൂപവും പൂണ്ടു ശരൽസൂര്യസമപ്രഭൻ.
മഹാത്മാവനലൻ ചൊന്നാനാ വിപ്രർഷഭരോടുടൻ: 28
''ദുര്യോധനജയെ[1] സ്വാർത്ഥം വരിപ്പേ''നെന്നിവണ്ണമേ.
അവർ കാലത്തെഴുന്നേററാ രാജാവിനൊടുണർത്തിനാർ 29
വിസ്മയിച്ചാ വിപ്രരെല്ലാമഗ്നി ചൊല്ലിയവണ്ണമേ.
പിന്നെയാ മന്നവൻ ബ്രഹ്മവാദിമാർമൊഴി കേട്ടുടൻ 30
ഏററം ഹർഷം പൂണ്ടതാവാമെന്നുരച്ചിതു ബുദ്ധിമാൻ.
യാചിച്ചു വരമാം ശുല്കം[2] ഭഗവാനഗ്നിയോടവൻ 31
''ചിത്രഭാനോ, ഭവാനെന്നുമിങ്ങു വാഴേണ''മെന്നുതാൻ.
ഭഗവാൻ വഹ്നിയാവാമെന്നോതിയാ നൃപനോടുമേ 32
മേലാൽ[3] മാഹിഷ്മതിയിലുണ്ടഗ്നിസാന്നിദ്ധ്യമിപ്പൊഴും;
സഹദേവൻ കണ്ടിരിപ്പൂ ദിഗ്ജയം ചെയ്യുമപ്പൊഴേ. 33
ചമഞ്ഞു നല്ലുടയുടുത്തോരാക്കന്യയെയങ്ങുടൻ
മഹാത്മാവാകുമഗ്നിക്കു നല്കീ ദുര്യോധനൻ നൃപൻ. 34
സുദർശനാകന്യകയെ സ്വീകരിച്ചിതു വഹ്നിയും
അദ്ധ്വരത്തിൽ വസോർദ്ധാര[4]പോലെ വേദവിധിപ്പടി. 35
അവൾക്കൊക്കും രൂപശീലകുലശ്രീദേഹഭംഗിയാൽ
പ്രീതനായീ വഹ്നി ഗർഭമവൾക്കു കരുതീടിനാൻ; 36
ഉണ്ടായിതവളിൽ പുത്രനഗ്നിസൂനു സുദർശനൻ.
സുദർശനൻതാൻ രൂപത്താൽ പൂർണ്ണേന്ദുസദൃശോപമൻ 37
മുററും പഠിച്ചു ബാല്യത്തിൽ പരം ബ്രഹ്മം സനാതനം.
ഓഘവാൻ നൃപനുണ്ടായിരുന്നു നൃഗപിതാമഹൻ 38
അവന്നുണ്ടായോഘവതി മകളോഘരഥൻ മകൻ.
ഓഘവാനീയോഘവതിയെന്ന പുത്രിയെ നല്കിനാൻ 39
ദേവരൂപിണിയേ വിദ്വാൻ സുദർശനനു ഭാര്യയായ്.
ഗൃഹസ്ഥാശ്രമസംസക്തനവളൊത്താസ്സുദർശനൻ 40

---

1 ദുര്യോധനജ=ദുര്യോധനപുത്രി. 2 ശുല്കം=കന്യകയെ കൊടുത്തുവാങ്ങുന്ന ധനം. 3 മേലാൽ=അതിനുശേഷം (തതഃ എന്നാണു മൂലം). 4 വസോർദ്ധാര=ഇടവിടാതെയുള്ള ഘൃതപ്രവാഹം.

കുരുക്ഷേത്രം വാണു നൃപ, താനോഘവതിയോടുമേ.
'ഗൃഹസ്ഥനായ് മൃത്യുവിനെജ്ജയിപ്പേ'നെന്നവൻ പ്രഭോ! 41
പ്രതിജ്ഞയും ചെയ്തു ധീമാൻ തേജസ്സാണ്ടോൻ ധരാപതേ!
അഗ്നിഭൂവവനങ്ങോഘവതിയോടോതി മന്നവ! 42
"പ്രതികൂലത്തെയതിഥിക്കൊന്നും ചെയ്യൊല്ലൊരിക്കലും.
എന്തും ചെയ്തിട്ടതിഥിയെസ്സന്തോഷിപ്പിച്ചുകൊള്ളണം 43
ആത്മപ്രദാനമായാലും വിചാരിക്കേണ്ടതില്ലതിൽ.
ഇതാ ഞാൻ വ്രതമുള്ളത്തിലുറപ്പിച്ചുള്ളതെപ്പൊഴും 44
ഗൃഹസ്ഥന്മാർക്കതിഥിയിന്മേലെയൊന്നില്ല സുന്ദരി!
പ്രമാണമെൻ വാക്കു നിനക്കെന്നാൽ വാമോരു, ശോഭനേ! 45
ഈ വാക്കവ്യഗ്രയായുള്ളിൽ വെച്ചുകൊള്ളണമെപ്പൊഴും.
ഞാൻ പോമ്പോതുമിരിപ്പോതും കല്യാണിയനഘാശയേ! 46
ഞാൻ പ്രമാണം നിനക്കെങ്കിൽ ചെയ്യൊല്ലതിഥിനിന്ദന."
അവനോടോഘവതി കൈ തലയിൽക്കൂപ്പിയോതിനാൾ: 47
"അങ്ങു ചൊന്നാൽ ചെയ്യുവയ്യാതെനിക്കൊന്നില്ലൊരിക്കലും."
ഗൃഹേ സുദർശനജയത്തിനായ് മൃത്യുവുമപ്പൊഴേ 48
പഴുതും നോക്കിയെപ്പോഴും പിൻപേ കൂടി നരാധിപ!
സുദർശനൻ വഹ്നിപുത്രൻ ചമതയ്ക്കു ഗമിക്കവേ 49
ശ്രീമാനതിഥി ചെന്നോഘവതിയോടോതി ഭൂസുരൻ:
"നീ ചെയ്താതിഥ്യമിച്ഛിപ്പേനിപ്പോൾ ഞാൻ വരവർണ്ണിനി! 50
നിനക്കു ഗാർഹസ്ഥ്യധർമ്മം പ്രമാണംതന്നെയെങ്കിലോ."
എന്നാ വിപ്രൻ ചൊല്ലിയൊരു രാജപുത്രി യശസ്വിനി 51
വേദോക്തമാകും വിധിയാൽ സ്വീകരിച്ചു ധരാപതേ!
ആ ദ്വിജന്നാസനം പാദ്യമിവയങ്ങു കൊടുത്തവൾ 52
വിപ്രനോടങ്ങോഘവതി ചൊന്നാളെന്തെന്തു വേണ്ടു ഞാൻ?
ആസ്സുദർശനയാം രാജപുത്രിയോടോതിയാ ദ്വിജൻ: 53
"കല്യാണി, നിന്നെക്കൊണ്ടുണ്ടു കാര്യം നീ ചെയ്യശങ്കിതം.
നിനക്കു ഗാർഹസ്ഥ്യധർമ്മം പ്രമാണംതന്നെയെങ്കിലോ 54
രാജ്ഞിയാത്മപ്രദാനം നീ ചെയ്യെനിക്കേറ്റവും പ്രിയം."
വേറിട്ടിഷ്ടങ്ങളാ രാജകന്യ ചോദിച്ചുവെങ്കിലും 55
ആത്മപ്രദാനമല്ലാതെ വരിച്ചില്ലാ വരം ദ്വിജൻ.
ആ രാജപുത്രി ഭർത്താവിൻ മൊഴി മുൻ ചൊന്നതോർത്തവൾ 56
ആവട്ടെയെന്നു നാണിച്ചാ ദ്വിജർഷഭനൊടോതിനാൾ.
ഉടൻ ചിരിച്ചു വിപ്രർഷിയുപവേശിച്ചിതായവൾ 57
ഗൃഹസ്ഥാശ്രമമിച്ഛിക്കും ഭർത്താവിൻ മൊഴിയോർത്തവൾ.
പിന്നെച്ചമതയും കൊണ്ടുചെന്നാനാപ്പാവകാത്മജൻ 58
രൗദ്രഭാവൻ മൃത്യു ബന്ധുമട്ടെന്നും പിൻതുടർന്നവൻ.

പരം നിജാശ്രമം പുക്കാപ്പാവകാത്മജനപ്പൊഴേ 59
ചൊന്നാനങ്ങോഘവതിയോടെങ്ങു നീയെന്നു വീണ്ടുമേ.
ഒന്നും മിണ്ടീലായവളോ ഭർത്താവോടപ്പൊളുത്തരം 60
ആ വിപ്രൻ കൈകളാൽത്തൊട്ടോൾ ഭർത്തൃവ്രതമിയന്നവൾ.
ഉച്ഛിഷ്ട ഞാനെന്നുവെച്ചു നാണിച്ചു കണവങ്കലും 61
മിണ്ടാതെ നിന്നുപോയ് സാധ്വി പറഞ്ഞീലൊരു വാക്കുമേ
അവളെപ്പററി വീണ്ടുംതാൻ പറഞ്ഞാനാസ്സുദർശനൻ 62
ആസ്സാധ്വിയെങ്ങെങ്ങുപോയിതെനിക്കെന്തിതിൽ മേലെ—
നിത്യമാർജ്ജവമാർന്നുള്ളോൾ സത്യശീല പതിവ്രത [യായ്?
എതിരേല്ക്കാത്തതെന്തിപ്പോൾ പുഞ്ചിരിക്കൊണ്ടു മുൻപടി?
ഉടജ[1]സ്ഥൻ വിപ്രനപ്പോൾ സുദർശനനൊടോതിനാൻ: 64
പാവകേ, ഞാനതിഥിയായ് വന്നോൻ ബ്രാഹ്മണനോർക്ക നീ.
സന്മതേ, നിൻ ഭാര്യയിവളതാതിഥിസൽക്രിയ 65
ബ്രഹ്മൻ, താനേ ചെയ്യിലുംതാനിവളെത്താൻ വരിച്ചു ഞാൻ.
ഈ വിധിക്കെന്നെയർച്ചിപ്പിതിവളിപ്പോൾ ശുഭാനന 66
ഇതിന്നു തക്കതെന്തിന്നിയതു ചെയ്യീടണം ഭവാൻ.''
കൂടമുൽഗരമേന്തീട്ടായവൻ പിൻപെത്തി മൃത്യുവും 67
ഇങ്ങു സത്യം പിഴച്ചീടുമിവനെക്കൊൽവനെന്നുതാൻ.
സുദർശനൻ മനം കർമ്മം കണ്ണു വാക്കിവയാലുമേ 68
ഈർഷ്യ വിട്ടോൻ മന്യു വിട്ടോൻ ചിരിച്ചിങ്ങനെ ചൊല്ലിനാൻ:
''അങ്ങയ്ക്കാകട്ടെ സുരതം വിപ്രാഗ്ര്യ, പ്രീതിയാണു മേ 69
ഗൃഹസ്ഥനോ മുഖ്യധർമ്മം വന്നോരതിഥിപൂജയാം.
ഗൃഹസ്ഥന്നേവനതിഥിപൂജയേററു ഗമിപ്പതോ 70
അതിന്മേലേ ധർമ്മമവന്നില്ലയെന്നാർ മനീഷികൾ.
എൻ പ്രാണൻ ഭാര്യ മററെന്തു മുതലുണ്ടവയൊക്കയും 71
നല്കുവേൻ ഞാനതിഥികൾക്കെന്നാണെൻ വ്രതമുള്ളതും.
ഞാനീപ്പറഞ്ഞോരു വാക്കു നിസ്സന്ദേഹമതാകയാൽ 72
ആസ്സത്യംകൊണ്ടു ഞാനാത്മാലംഭനം വിപ്ര, ചെയ്യുവേൻ[2].
ഭൂമി കാററാകാശമംബു തേജസ്സുഞ്ചാമതങ്ങനെ 73
ബുദ്ധിയാത്മാ മനം കാലം ദിക്കു പത്തീഗ്ഗുണങ്ങളും
ദേഹികൾക്കുള്ള ദേഹങ്ങൾ വാണു കാണുന്നിതെപ്പൊഴും 74
പുണ്യമോ പാപമോ കർമ്മം മുററും ധർമ്മിഷ്ഠസത്തമ!
ഞാനീപ്പറഞ്ഞോരു വാക്കു പൊളിയല്ലാത്തവണ്ണമേ 75
ആസ്സത്യത്താലെന്നെ വിണ്ണോർ കാക്കിലാം ചുട്ടുകൊൾ—
ഉടനെന്തീ മഹാനാദം ദിക്കിലൊട്ടുക്കു ഭാരത! [കിലാം.''
പലവട്ടം സത്യമിതു പൊളിയല്ലെന്നു ചുററുമേ.

1 ഉടജം = പർണ്ണശാല. 2 ആത്മാലംഭനംചെയ്ക = ആത്മജ്ഞാനം നേടുക.

ഉടജം വിട്ടുടൻതന്നെ പുറത്തേക്കെത്തിയാ ദ്വിജൻ 77
വപുസ്സാൽ ദ്യോ ഭൂമികളിൽ നിറയെക്കാററു പോലവേ.
വിപ്രൻ ശൈക്ഷ്യസ്വര[1]ത്താലേ മൂന്നു ലോകം മുഴങ്ങവേ 78
ധർമ്മജ്ഞനാമീയിവനെപ്പേർവിളിച്ചേവമോതിനാൻ:
"ധർമ്മനാം ഞാൻ നന്മ വരും നിൻ പരീക്ഷയ്ക്കു സന്മതേ! 79
വന്നേൻ സത്യജ്ഞ, നിൻ തത്ത്വം കണ്ടേററം പ്രീതിയുണ്ടു മേ.
നിന്നെപ്പിൻതുടരുന്നോരീ മൃത്യുവേയും ജയിച്ചു നീ 80
നിൻെറ രന്ധ്രം നോക്കുവോനെദ്ധൃതിയാൽ പാട്ടിലാക്കി നീ.
ത്രൈലോക്യത്തിൽ ശക്തിയില്ലങ്ങൊരാൾക്കും പുരുഷോത്തമ!
നിൻ പതിവ്രതയായോരീസ്സാദ്ധ്വിയേ നോക്കുവാനുമേ.
നിൻ ഗുണത്താൽ ത്രാത[2]യിവൾ പാതിവ്രത്യത്തിനാലുമേ 82
അധൃഷ്യയിവൾ ചൊല്ലുന്നതമ്മട്ടാം മാറിവന്നിടാ.
സ്വന്തം തപസ്സുടയവളിവളോ ബ്രഹ്മവാദിനി 83
ലോകത്തിന്നു വിശുദ്ധിക്കായ് സരിൽപ്രവരയായ്വരും.
ഈദ്ദേഹത്തോടുകൂടിത്താൻ നീയും ലോകങ്ങൾ നേടിടും 84
അർദ്ധത്താലോഘവതിയായർദ്ധത്താൽ നിൻ തുണയ്ക്കുമാം
മെയ് രണ്ടാക്കി മഹാഭാഗ, യോഗം പാട്ടിലിവൾക്കിഹ 85
തപസ്സാൽ സിദ്ധലോകങ്ങളെത്തുമീയിവളൊത്തു നീ.
തിരിച്ചുവരവില്ലാതെ നിത്യശാശ്വതമായവ 86
ലോകങ്ങളീയുടലൊടുകൂടിത്താൻ നേടിടും ഭവാൻ.
ജയിച്ചു നീ മൃത്യുവിനെ നിനക്കൈശ്വര്യമുത്തമം 87
പഞ്ചഭൂതങ്ങൾക്കു മേലായ് സ്വവീര്യത്താൽ മനോജവൻ
ഗൃഹസ്ഥധർമ്മമിതിനാൽ കാമക്രോധങ്ങൾ വെന്നു നീ 88
സ്നേഹം രാഗം തന്ദ്രി മോഹം ദ്രോഹം കേവലമെന്നിവ
നിൻെറ ശുശ്രൂഷയാൽ ഭൂപ, ജയിച്ചൂ രാജപുത്രിയും." 89

ഭീഷ്മൻ പറഞ്ഞു

വെള്ളത്തായിരമശ്വങ്ങൾ പൂട്ടീടും നല്ല തേരുമായ്
ഭഗവാൻ വാസവനുടനവന്നരികിലെത്തിനാൻ. 90
മൃത്യുവാത്മാവു ലോകങ്ങൾ വെന്നു നീ പഞ്ചഭൂതവും
ബുദ്ധി കാലം മനം വ്യോമം കാമക്രോധങ്ങളും ശരി. 91
എന്നാൽ ഗൃഹസ്ഥനു വേറിട്ടൊന്നുമില്ലിഹ ദൈവതം
നരേന്ദ്രാതിഥിയേ വിട്ടിട്ടിതുള്ളിൽ നിരൂപിക്ക നീ. 92
പൂജയേറേറാരതിഥിയെന്നുള്ളിൽദ്ധ്യാനിപ്പതോ ശുഭം
അതു നൂറു മഖത്തിന്നുമൊക്കില്ലെന്നാർ മനീഷികൾ. 93
ശീലമൊക്കുന്ന സൽപാത്രാതിഥിയെപ്പൂജിയായ്കിലോ
അവന്നു പാപം നല്കിത്താൻ പുണ്യവുംകൊണ്ടു പോമവൻ." 94

---

1 ശൈക്ഷ്യസ്വരം = വൈദികശബ്ദം. 2 ത്രാത = രക്ഷിക്കപ്പെട്ടവൾ.

ഈ മുഖ്യമാകുമാഖ്യാനമുണ്ണീ, നിന്നോടു ചൊല്ലിനേൻ
ഗൃഹസ്ഥൻ മൃത്യുവെപ്പണ്ടു തോല്പിച്ചീടിനമാതിരി. 95
ധന്യം യശസ്യമായുഷ്യമീയൊരാഖ്യാനമുത്തമം
സുഖാർത്ഥിയുംകൊണ്ടിടേണം സർവ്വപാപവിനാശനം. 96
ഇതേതു വിദ്വാൻ നാൾതോറുമുരചെയ്യുന്നു ഭാരത!
സുദർശനന്റെ ചരിതം പുണ്യലോകത്തിലാമവൻ. 97

3. വിശ്വാമിത്രോപാഖ്യാനം

ക്ഷത്രവൈശ്യശൂദ്രന്മാർക്കു ദുഷ്പ്രാപമാണു് ബ്രാഹ്മണത്വമെന്നു് സന്ദർഭവശാൽ ഭീഷ്മർ പറഞ്ഞതുകേട്ട ധർമ്മപുത്രൻ, ക്ഷത്രിയനായി ജനിച്ച വിശ്വാമിത്രൻ എങ്ങനെയാണു് ബ്രാഹ്മണത്വം നേടിയതെന്നു ചോദിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ബ്രാഹ്മണ്യം ദുഷ്പ്രാപമെങ്കിൽ മൂന്നു ജാതിക്കുമേ നൃപ!
എങ്ങനേ നേടി രാജേന്ദ്ര, ക്ഷത്രിയൻ വൻപിയന്നവൻ 1
വിശ്വാമിത്രൻ ബ്രാഹ്മണത്വം ധർമ്മാത്മാവേ, നരർഷഭ!
തത്ത്വമായ്ക്കേൾക്കുവാൻ മോഹമതു ചൊല്ലു പിതാമഹ! 2
അതിവീര്യനവൻ യോഗ്യവസിഷ്ഠനുടെ മക്കളെ
നൂറുപേരെക്കൊന്നിതുടൻ തപസ്സാലേ പിതാമഹ! 3
തിഗ്മതേജസ്വി വളരെ യാതുധാനാശരേന്ദ്രരെ
സൃഷ്ടിച്ചു മന്യുവുംകൊണ്ടോൻ കാലാന്തകയമാഭരെ. 4
മഹത്താം കൗശികം വംശം ഭൂരിബ്രഹ്മർഷിസങ്കുലം
സ്ഥാപിച്ചാനീ മർത്ത്യലോകേ വിദ്വാൻ ബ്രാഹ്മണസംസ്തുതൻ
ഋചീകപുത്രനായോരു ശുനശ്ശേഫമഹർഷിയെ
മഹാസത്രേ പശുത്വം പൂണ്ടവനേ വേർപെടുത്തിനാൻ. 6
ഹരിശ്ചന്ദ്രമഖേ ശക്ത്യാ സന്തോഷിപ്പിച്ചമർത്ത്യരെ
ധീമാൻ വിശ്വാമിത്രനുടെ പുത്രനായ്ത്തീർന്നിതായവൻ. 7
കുമ്പിട്ടതില്ലണ്ണനായ ദേവരാതനെ മന്നവ!
മക്കളൻപതുപേർ ശാപാൽ പറയന്മാർകളായിനാർ. 8
ബന്ധുക്കൾ കൈവിട്ടൈക്ഷ്വാകത്രിശങ്കുവിനെ നന്ദിയാൽ
തല കീഴായ് വിണ്ണു കേററി തെക്കൻദിക്കിലെഴുംപടി. 9
വിശ്വാമിത്രന്റെ വലിയ നദി ദേവർഷിസേവിത
ബ്രഹ്മർഷി സുരസംസേവ്യ പുണ്യയാം ശിവ കൗശികി. 10
തപോവിഘ്നം ചെയ്ത പഞ്ചചൂഡയേററം സുസമ്മത
രംഭാപ്സരസ്ത്രീയിവന്റെ ശാപാൽ ശൈലത്വമേന്തിനാൾ. 11
അവ്വണ്ണമവനിൽ ഭീയാൽ ബന്ധിച്ചാററിൽ വസിഷ്ഠനും
മുന്നമാത്മാവിനേ മുക്കീ ശ്രീമാൻ കേറി വിപാശനായ്. 12

അന്നുതൊട്ടേ പുണ്യയത്രേ വിപാശ വലുതാം നദി
മഹാത്മാവാം വസിഷ്ഠൻെറ കർമ്മത്താൽ പുകഴാണ്ടതേ. 13
അവൻെറ വാക്കാൽബ്ഭഗവാൻ ദേവസേനാഗ്രഗൻ പ്രഭു
സ്തുത്യൻ പ്രസാദിച്ചിവന്നു ശാപമോചനമേകിനാൻ. 14
ഔത്താനപാദി ധ്രുവനും ബ്രഹ്മർഷീന്ദ്രർക്കുമങ്ങനെ
മദ്ധ്യേ ജ്വലിക്കുന്നു നിത്യം വടക്കൻദിക്കിലായവൻ. 15
അവൻെറയവയും മററുമുള്ള കർമ്മങ്ങളും കൗരവ!
ക്ഷത്രിയൻേറതെന്നെനിക്കു പെരുത്തുണ്ടിഹ കൗതുകം. 16
ഇതെന്തെന്നായ് തത്ത്വമായിപ്പറയൂ ഭരതർഷഭ!
ദേഹം മാറാതെങ്ങനെയാണവൻ ബ്രാഹ്മണനായതും? 17
ഇതു തത്ത്വത്തോടെൻ താത, മുററും ചൊല്ലിത്തരേണമേ
മതംഗനുടെ തത്ത്വംപോലിതുമെന്നോടു ചൊല്ലണേ. 18
സ്ഥാനേ മതംഗൻ ബ്രാഹ്മണ്യം നേടീലാ ഭരതർഷഭ!
ചണ്ഡാലജാതിയിൽജ്ജാതൻ ബ്രാഹ്മണ്യം നേടിയെങ്ങനേ? 19

4. വിശ്വാമിത്രോപാഖ്യാനം

വിശ്വാമിത്രോപാഖ്യാനം (തുടർച്ച). ഭരതവംശോൽപ്പന്നനായ അജമീഢൻെറ വംശപരമ്പരയുടെ വർണ്ണനം. ഗാഥിയുടെ പുത്രനായി ജനിച്ച വിശ്വാമിത്രൻെറ ജനനകഥ. വിശ്വാമിത്രപുത്രന്മാരുടെ ഒരു നീണ്ട പട്ടിക.

ഭീഷ്മൻ പറഞ്ഞു

കേൾ പാർത്ഥ, തത്ത്വമായ് വിശ്വാമിത്രൻ മുൻകാലമെങ്ങനെ
ബ്രാഹ്മണത്വം പൂണ്ടു താത, പരം ബ്രഹ്മർഷിയായതും. 1
ഭരതൻെറ കുലത്തിങ്കലജമീഢാഖ്യനാം നൃപൻ
ഉണ്ടായി യജ്വാവു ധർമ്മിഷ്ഠോത്തമൻ ഭരതർഷഭ! 2
അവനുണ്ടായ് മകൻ ജഹ്നു മഹാനായ മഹീശ്വരൻ
മഹാത്മാവാമായവൻെറ മകളായ്ത്തീർന്നു ഗംഗയും. 3
അവനു തക്ക തനയൻ സിന്ധുദ്വീപൻ പുകഴ്ന്നവൻ
സിന്ധുദ്വീപനു രാജർഷി വലാകാശ്വൻ മഹാബലൻ. 4
അവനു വല്ലഭൻ പുത്രൻ സാക്ഷാൽദ്ധർമ്മൻ കണക്കിനെ
അവനു കുശികൻ പുത്രൻ സഹസ്രാക്ഷസമപ്രഭൻ. 5
കുശികൻെറ മകൻ ശ്രീമാൻ ഗാഥിയെന്ന ജനേശ്വരൻ
അപുത്രൻ സന്തതിക്കായി വനം വാണീടിനാനവൻ. 6
മകളുണ്ടായ് കന്യയവന്നങ്ങു കാട്ടിലിരുന്നനാൾ
അവൾ പാരിൽ സത്യവതിയഴകാലെതിരററവൾ. 7
വരിച്ചിതവളെ ശ്രീമാൻ ഭാർഗ്ഗവൻ ച്യവനാത്മജൻ

ഋചീകനെന്നു പേർ കേട്ടോൻ വൻപിച്ച തപമാണ്ടവൻ. 8
മഹാത്മാവാമൃചീകന്നങ്ങവളേ നല്കിയില്ലവൻ
ദരിദ്രനാണെന്നുവെച്ചു ഗാധി ശത്രുനിബർഹണൻ. 9
ഒഴിച്ചുവിട്ടു പോകുമ്പോളവനോടോതി മന്നവൻ:
''ശുല്കം തരികെനിക്കെന്നിട്ടെന്റെ പുത്രിയെ വേൾക്കുക.'' 10

ഋചീകൻ പറഞ്ഞു

രാജേന്ദ്ര, ഞാൻ ശുല്കമെന്തു നിനക്കു തരണം നൃപ!
മകൾക്കുവേണ്ടി നിത്താതെ ചൊല്ലു ചിന്തിച്ചിടൊല്ലിതിൽ. 11

ഗാധി പറഞ്ഞു

തിങ്കൾക്കാന്തിയെഴും വായുവേഗവാജികളായിരം
ഒററക്കാതു കറുത്തിട്ടുള്ളവ നല്കുക ഭാർഗ്ഗവ! 12

ഭീഷ്മൻ പറഞ്ഞു

ഉടനാ ഭൃഗുശാർദ്ദൂലൻ ച്യവനന്റെ മകൻ പ്രഭു
ആദിത്യനാമംബുപതി വരുണൻതന്നൊടോതിനാൻ: 13
''ഒററക്കാതു കറുത്തിന്ദുകാന്തിവാജികളായിരം
വായുവേഗങ്ങൾ നിന്നോടു യാചിപ്പേൻ ദേവസത്തമ!'' 14
ആട്ടേയെന്നായ് ഭാർഗ്ഗവനോടാദിത്യൻ പാശിദേവനും
ചൊന്നാ'നങ്ങയ്ക്കിഷ്ടമുള്ള ദിക്കിൽ വാജികൾ പൊങ്ങിടും.' 15
ഋചീകൻ ധ്യാനമാണ്ടാരേ ചന്ദ്രശ്രീയാർന്ന വാജികൾ
ഓജസ്സുള്ളവ ഗംഗാംബുവിങ്കൽനിന്നേന്തിയായിരം. 16
കന്യാകുബ്ജത്തിന്നടുത്തു ഗംഗാതീരമതുത്തമം
അശ്വതീർത്ഥാഖ്യമായിന്നും ചൊല്ലിപ്പോരുന്നു മാനവർ. 17
ഉണ്ണീ, പിന്നീടു ഗാധിക്കു നല്ല വാജികളായിരം
ഋചീകൻ നല്കിനാൻ പ്രീതനായിശ്ശുല്കം തപോനിധി. 18
അത്ഭുതപ്പെട്ടു രാജാവു ഗാധി ശാപഭയത്തൊടും
ചമയിച്ചാക്കന്യകയെ ഭൃഗുപുത്രന്നു നല്കിനാൻ. 19
ബ്രഹ്മർഷിമുഖ്യനവൾതൻ കൈപിടിച്ചു വിധിപ്പടി
അവളാപ്പതിയായ്ച്ചേർന്നിട്ടേററവും ഹർഷമേന്തിനാൾ. 20
ബ്രഹ്മർഷിയവൾതൻ വൃത്തംകൊണ്ടു തോഷിച്ചു ഭാരത!
വരവർണ്ണിനിയോടോതീ വരം തരുവനെന്നുമേ. 21
അതൊക്കെയമ്മയോടോതിയാക്കന്യ നൃപസത്തമ!
ചെറെറാന്നു തല ചാച്ചോരാ മകളോടോതിയമ്മയും: 22
''എനിക്കും പുത്രി നിൻ കാന്തൻ പ്രസാദം ചെയ്തുകൊള്ളണം
അപത്യദാനംകൊണ്ടേററം പോന്നോനാണാത്തപോനിധി.'' 23
പിന്നീടവളുടൻ ചെന്നാ മാതൃകാംക്ഷിതമൊക്കയും
ഉണർത്തിക്കൊണ്ടിതുർവ്വീശ, ചൊന്നാനിങ്ങോട്ടൃചീകനും: 24
''അവൾ വൈകാതെ പെററീടും ഗുണമുള്ളോരു പുത്രനെ

എൻ പ്രസാദാൽ നിൻ പ്രണയം കല്യാണി വെറുതേ വരാ. 25
നിനക്കുമുണ്ടാം സുഗുണശ്ലാഘിയായ മഹാൻ മഹൻ
എൻ വംശവർദ്ധനൻ ശ്രീമാൻ സത്യമാണിപ്പറഞ്ഞതും. 26
തീണ്ടായിരുന്നിട്ടു കുളിച്ചവൾ ചെന്നരയാൽമരം
നീയത്തിമരവും പുല്ക കല്യാണി, ഹിതസിദ്ധിയാം. 27
മന്ത്രത്താൽപ്പൂതമായുള്ളീച്ചരു രണ്ടും ശുചിസ്മിതേ!
നീയുമായവളും തിന്നുകണ്ടാസ്സൂന്നീടുമുണ്ണികൾ.'' 28
ഹർഷം പൂണ്ടാസ്സത്യവതിയമ്മയോടങ്ങുണർത്തിനാൾ
ഋചീകൻ ചൊന്നതു ചരു രണ്ടുമിങ്ങനെ ചൊല്ലിനാൾ. 29
ആസ്സത്യവതിയോടമ്മ പറഞ്ഞാളുടനപ്പൊഴേ:
''മകളേ, മുൻപാശ്രയിച്ചോരെന്റെ വാക്കിതു ചെയ്ക നീ. 30
നിനക്കു ഭർത്താവു തന്ന മന്ത്രസംശുദ്ധമാം ചരു
എനിക്കു തരികവ്വണ്ണം നീയെന്റേതുമെടുക്കുക. 31
മരങ്ങൾക്കും നമ്മളൊന്നു മാററം ചെയ്ക ശുചിസ്മിതേ!
പ്രമാണമമ്മ ഞാൻ ചൊന്നാൽ നിനക്കെങ്കിലനിന്ദിതേ! 32
തന്നപത്യം കുററമററു മെച്ചമിച്ഛിക്കുമേവനും
ഭഗവാനുമിതവ്വണ്ണമായിരിക്കുമതും ദൃഢം. 33
അതാണു നിൻ ചരുവിലെന്നാശ വൃക്ഷത്തിലും ശുഭേ!
വിശിഷ്ടനായി നിൻ ഭ്രാതാവുണ്ടാകേണ്ടതിനോർക്ക നീ.'' 34
അമ്മയാസ്സത്യവതിയും ചെയ്തുകൊണ്ടാരതങ്ങനെ
പിന്നെ രണ്ടാൾക്കുമുണ്ടായിവന്നു ഗർഭം യുധിഷ്ഠിര! 35
ഭാര്യയെഗ്ഗർഭമുൾക്കൊണ്ടു കണ്ടിട്ടാ മാമുനീന്ദ്രനും
ചൊന്നാനസ്സത്യവതിയോടുള്ള മങ്ങി ഭൃഗൂത്തമൻ: 36
''ചരു മാറിക്കഴിച്ചു നീയെന്നതും വ്യക്തമാണിഹ
മാററം ചെയ്തു നീ മരത്തിലെന്നതും വ്യക്തമാം ശുഭേ! 37
ഞാനോ ബ്രഹ്മം മുഴുവനും കേററീ നിൻ ചരുവിങ്കലോ
ക്ഷത്രവീര്യം മുഴുവനുമവൾക്കാം ചരുവിങ്കലും. 38
നീ പെറേണം മൂന്നുലകിൽഗ്ഗുണം കേട്ടോരു വിപ്രനെ
അവൾ ശിഷ്ടക്ഷത്രിയനെയതിന്നിങ്ങനെ ചെയ്തു ഞാൻ. 39
നീയും നിന്നമ്മയുമിതിൽ മാററം ചെയ്തില്ലയോ ശുഭേ!
അതിനാൽ നിന്നമ്മയവൾ ബ്രാഹ്മണശ്രേഷ്ഠനെപ്പെറും. 40
ഭദ്രേ, നീയുഗ്രകർമ്മാവായീടും ക്ഷത്രിയനെപ്പെറും
മാതൃസ്നേഹംകൊണ്ടു നീയീച്ചെയ്തതൊത്തില്ല ഭാമിനി.'' 41
അതു കേട്ടുടനേ ദുഃഖതപ്തയായ് വരവർണ്ണിനി
മന്നിൽ വീണു സത്യവതി നൃപ, ഛിന്നലതോപമം*. 42
പിന്നെസ്സ്വബോധമുണ്ടായിത്തല കുമ്പിട്ടുകൊണ്ടവൾ

* ഛിന്നലതോപമം = മുറിച്ചിട്ട വള്ളിയെപ്പോലെ.

ഗാധേയി ഭാർഗ്ഗവനൊട്ട ഭാര്യ ഭർത്താവൊട്ടോതിനാൾ: 43
''ഭാര്യയാം ഞാൻ പ്രസാദിപ്പിക്കുമ്പോൾ ബ്രഹ്മർഷിസത്തമ!
പ്രസാദിക്കുക വിപ്രർഷേ, പുത്രൻ ക്ഷത്രിയനാകൊലാ. 44
എൻപൗത്രനുഗ്രകർമ്മാവായ്ത്തീരുമെന്നാലതങ്ങനെ
മകനങ്ങനെയാവൊല്ലാ ബ്രഹ്മൻ, നല്കീടുകീ വരം.'' 45
എന്നാലങ്ങനെയെന്നോതീ ഭാര്യയോടാത്തപോനിധി
അവൾ പിന്നെപ്പെററു നല്ല ജമദഗ്നികുമാരനെ. 46
വിശ്വാമിത്രനെയും പെററു ഗാധിഭാര്യ യശസ്വിനി
ഋഷിപ്രസാദാൽ നൃപതേ, ബ്രഹ്മർഷി ബ്രഹ്മവാദിയെ. 47
പിന്നെ ബ്രാഹ്മണനായ്ത്തീർന്നു വിശ്വാമിത്രൻ തപോനിധി
അവൻ ക്ഷത്രിയനും ബ്രഹ്മവംശകൃത്തായിതങ്ങനെ. 48
അവൻെറ മക്കൾ യോഗ്യന്മാർ ബ്രഹ്മവംശവിവർദ്ധനർ
ഗോത്രകർത്താക്കളായ്ത്തീർന്നു ബ്രഹ്മജ്ഞന്മാർ തപസ്വികൾ. 49
മധുച്ഛന്ദസ്സു ഭഗവാൻ വീര്യവാൻ ദേവരാതനും
ശകുന്തനക്ഷീണനുമാബ്ഭ്രു കാലപഥാഖ്യനും 50
മഹാവ്രതൻ സ്ഥൂണനുമാ വിഖ്യാതൻ യാജ്ഞവല്ക്യനും
ഉലൂകനും മുൽഗലനും സൈന്ധവായനനും മുനി 51
മഹർഷി ഗാലവൻ പിന്നെബ്ഭഗവാൻ വൽഗുജംഘനും
സാലങ്കായനനും ഖ്യാതനായീടും രുചി വജ്രനും 52
ലീലാഢ്യനും നാരദനും കൂർച്ചാമുഖനുമങ്ങനെ
മുസലൻ ബാഹ്ലലിയുമാ വക്ഷോഗ്രീവനുമാവ്വിധം 53
ആംഘ്രികൻ നൈകദൃക്കേവം ശിലായൂപൻ ശിതൻ ശുചി
ചക്രകൻ മാരുതന്തവ്യൻ വാതഘ്നാഖ്യാശ്വലായനർ 54
ശ്യാമായനൻ ഗാർഗ്ഗ്യനുമവ്വണ്ണം ജാബാലി സുശ്രുതർ
കാരീഷി പിന്നെസ്സംശ്രുത്യൻ പരപൗരവതന്തുകൾ 55
മഹർഷി കപിലൻ താണ്ഡകായനർഷിയുമങ്ങനെ
അമ്മട്ടിഹോപഗഹനൻ മുനിയാമാസുരായണി 56
മാർഗ്ഗമർഷി ഹിരണ്യാക്ഷൻ ജംഘാരീ ബാഭ്രവായണി
വിഭൂതി സൂതി സൂതൻതാൻ സുരകൃത്തുമതേവിധം 57
ആരണീ നാചികൻ പിന്നെച്ചാമ്പേയോജ്ജയനാഖ്യരും
നവതന്തു ബകനഖൻ സയനൻ യതിയങ്ങനെ 58
മത്സ്യാശിയംഭോരുഹനുമാർഗ്ഗാർത്ഭി ശിരീഷിയും
ഊർജ്ജയോനിയുദാപേക്ഷി മഹാനാമർഷി നാരദി 59
മററും വിശ്വാമിത്രപുത്രമുനിമാർ ബ്രഹ്മവാദികൾ
അവ്വണ്ണം ക്ഷത്രിയൻ ഭൂപ, വിശ്വാമിത്രൻ തപോനിധി. 60
ഋചീകാഹിതമായീടും മുഖ്യബ്രഹ്മം യുധിഷ്ഠിര!
നിന്നോടിതൊക്കെയും ചൊന്നേൻ തത്ത്വമായ്ബ്ഭരതർഷഭ! 61

സോമസൂര്യാഗ്നിതേജസ്സാം വിശ്വാമിത്രൻെറ സംഭവം
ഏതേതിടത്തു സന്ദേഹം നിനക്കിനി നൃപോത്തമ! 62
അതാതിടത്തു ചോദിക്കു തീർപ്പേൻ നിൻ സംശയങ്ങളെ.

5. ശക്രശുകസംവാദം

അനുകമ്പയുടെ മാഹാത്മ്യത്തെപ്പററി ചോദിച്ച ധർമ്മപുത്രനോട്, ഇന്ദ്രനും ശുകവും തമ്മിൽ നടന്ന ഒരു സംവാദത്തെ ഉദാഹരിച്ചു ഭീഷ്മർ മറുപടി പറയുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ആനൃശംസ്യാ[1]ഖ്യധർമ്മത്തിൻ ഗുണം ഭക്തരുടേയുമേ
കേൾപ്പാനുണ്ടാശ ധർമ്മജ്ഞ, ചൊല്ലായതു പിതാമഹ! 1

ഭീഷ്മൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
ദേവേന്ദ്രനുടെ സംവാദം മഹാത്മാവാം ശുകൻെറയും. 2

കാശിരാജൻെറ രാജ്യത്താ ഗ്രാമാൽ പോന്നോരു ലുബ്ധകൻ[2]
വിഷമൂട്ടിയൊരമ്പേന്തിത്തേടീ മാനിനെ വേട്ടയിൽ. 3

അങ്ങു വൻ കാട്ടിൽ മാംസത്തിൽ കൊതിയുള്ളോരു ലുബ്ധകൻ
ഒട്ടകന്നായ് മാനുകളെക്കണ്ടിട്ടമ്പു തൊടുത്തുതേ. 4

ദുർവ്വാരിതാസ്ത്രമായോരാ ലാക്കു തെററിയൊരമ്പിനാൽ
മൃഗഹിംസാർത്ഥി വലിയ മാമരത്തിങ്കലെയ്തുതേ. 5

തീക്ഷ്ണം വിഷം തേച്ച ശരംകൊണ്ടു വിണ്ടാ മഹാമരം
ഫലപർണ്ണങ്ങൾ കൊഴിയെപ്പരം ശോഷിച്ചുപോയിതേ. 6

അമ്മട്ടുള്ളാ മരപ്പൊത്തിലേറെനാൾ പാർത്തിരുന്നവൻ
ആ മരത്തിൽക്കുറുമൂലം വാസം വിട്ടില്ലഹോ! ശുകം. 7

സഞ്ചാരം വിട്ടു തിന്നാതെ വാടി വാക്കു കുഴഞ്ഞുമേ
കൃതജ്ഞനാ മരത്തോടുമൊപ്പം ശോഷിച്ചു ധാർമ്മികൻ. 8

ഉദാരനാ മഹാസത്വനതിമാനുഷചേഷ്ടിതൻ
സമദുഃഖസുഖൻ പാർത്തുകണ്ടുണ്ടായിന്ദ്രനത്ഭുതം. 9

പിന്നെച്ചിന്തിച്ചു ദേവേന്ദ്രനെന്താണിങ്ങനെയീ ദ്വിജം
തിര്യക്കുകൾക്കു പററാത്തോരാനൃശംസ്യത്തിൽ നില്ക്കുവാൻ? 10

അല്ലെങ്കിലിന്ദ്രനത്രയ്ക്കു ചിന്തിച്ചീടേണ്ടതില്ലിതിൽ
സർവ്വപ്രാണിജനത്തിൻെറ സർവ്വം സർവ്വത്ര കാണുമേ. 11

പിന്നെ ബ്രാഹ്മണവേഷത്തിൽ മനുഷ്യാകൃതി പൂണ്ടവൻ
ഭൂമിയിൽച്ചെന്നു ദേവേന്ദ്രനാപ്പക്ഷിയൊടു ചൊല്ലിനാൻ. 12

---

1 ആനൃശംസ്യം=ദയ. 2 ലുബ്ധകൻ=വേടൻ.

ഇന്ദ്രൻ പറഞ്ഞു

ശുക, പക്ഷിശ്രേഷ്ഠ, ദക്ഷപുത്രി നിന്നാൽ സുപുത്രിയായ്
നിന്നോടു ചോദിപ്പനെന്തീശ്ശുഷ്കവൃക്ഷം വിടാത്തു നീ? 13
എന്നു കേട്ടവനോടോതീ തല കുമ്പിട്ടൊരാശ്ശുകം:
"ദേവേന്ദ്ര, സ്വാഗതം നിന്നെത്തപസ്സാലെയറിഞ്ഞു ഞാൻ" 14
പിന്നെയങ്ങായിരംകണ്ണൻ 'നന്നു നന്നെ'ന്നു വാഴ്ത്തിനാൻ.
അമ്പോ! വിജ്ഞാനമെന്നേവം മനസ്സാൽ പൂജ ചെയ്തവൻ 15
ശുഭകർമ്മമെഴുന്നോരാശ്ശുകത്തോടിഹ വാസ്തവം
അറിഞ്ഞുകൊണ്ടുമാ പ്രീതി ചോദിച്ചു വലസൂദനൻ: 16
"ഇല കായും പോയുണങ്ങിപ്പക്ഷികൾക്കശരണ്യമേ
ഈ വൃക്ഷം വാഴ്‌വതെന്തെ,ന്നുമിക്കാടു വലുതല്ലയോ? 17
ഇലയാൽ പോടു മൂടുന്ന മരം വേറേ പെരുത്തിഹ
നന്നായ് പാർപ്പാൻ തക്കതിങ്ങീ മഹാരണ്യത്തിലില്ലയോ? 18
ആയുസ്സറ്റുതകാതായിച്ചാറു പോയ് ശ്രീയൊഴിഞ്ഞഹോ!
പഴതാമീ മരം ധീര, വിട്ടു പ്രജ്ഞയൊടോർത്തു നീ." 19

ഭീഷ്മൻ പറഞ്ഞു

ശക്രൻ ചൊല്ലിയൊരീ വാക്കു കേട്ടു ധർമ്മിഷ്ഠനാം ശുകം
നീളത്തിലൊന്നു വീർപ്പിട്ടു ദീനനായ്ച്ചൊല്ലിയിങ്ങനെ. 20

ശുകം പറഞ്ഞു

അതിക്രമിക്ക വയ്യല്ലോ ദൈവതങ്ങളെ വാസവ!
നീ ചോദിച്ചോരു ചോദ്യത്തിൽക്കേട്ടുകൊൾക സുരാധിപ! 21
ഈ മരത്തിൽപ്പിറന്നോൻ ഞാൻ സാധു സൽഗ്ഗുണമുള്ളവൻ
കുട്ടിക്കാലം പോറ്റിയവൻ ശത്രുബാധ പെടാത്തവൻ. 22
എന്തനുക്രോശ*വൈഫല്യമെനിക്കേകുന്നു സന്മതേ!
ആനൃശംസാഢ്യന്നഭക്തന്നനന്യാലംബനന്നിഹ? 23
അനുക്രോശം നല്ലവർക്കു മഹത്താം ധർമ്മലക്ഷണം
അനുക്രോശം നല്ലവർക്കു നിത്യം പ്രീതി വരുത്തിടും. 24
നിന്നോടു വാനോരെല്ലാരും ചോദിപ്പു ധർമ്മസംശയം
അതാണു നീ ദേവ, ദേവനാഥനായിട്ടു നില്പതും. 25
എന്നെക്കൊണ്ടു സഹസ്രാക്ഷ, ത്യജിപ്പിക്കരുതീ ദ്രുമം
സമർത്ഥമീ ദ്രുമം വാണിട്ടിപ്പോൾ ഞാൻ വിടുമെങ്ങനെ? 26

ഭീഷ്മൻ പറഞ്ഞു

അവൻെറ സൗമ്യവാക്കാലേ ഹൃഷ്ടനായ് പാകശാസനൻ
ആനൃശംസ്യത്തിനാൽത്തുഷ്ടൻ ശുകത്തോടോതി ധാർമ്മികൻ: 27
'വരം വരിക്കുകെ'ന്നപ്പോൾ വരിച്ചു വരമാശ്ശുകം
ആനൃശംസ്യപരൻ നിത്യമാ വൃക്ഷത്തിൻെറ സംഭവം. 28

---

* അനുക്രോശം = ദയ.

ഉറച്ചാബ്ഭക്തി കണ്ടിട്ടു ശുകത്തിൻ ശീലവൃദ്ധിയും
പ്രീതനായിട്ടമൃതിനാൽ നനച്ചാനുടനാ മരം. 29
ഉടൻ ഫലങ്ങൾ പർണ്ണങ്ങൾ നല്ല കൊമ്പുകളും പരം
ശ്രീയും പ്രാപിച്ചിതാ വൃക്ഷം ശുകത്തിൻ ദൃഢഭക്തിയാൽ. 30
ശുകമീയാനൃശംസ്യത്താലാക്കർമ്മത്താലുമങ്ങനെ
ആയുസ്സറ്റന്നു രാജേന്ദ്ര, ശക്രലോകത്തിലെത്തിനാൻ. 31
ഇമ്മട്ടല്ലോ മനുഷ്യേന്ദ്ര, ഭക്തിമാനെ ശ്രയിച്ചവൻ
സർവ്വാർത്ഥസിദ്ധിയും നേടും ശുകമാണ്ടാ ദ്രുമപ്പടി. 32

6. ദൈവപുരുഷകാരം

വിധിയോ പൗരുഷമോ മഹത്തരം എന്നു ചോദിച്ച ധർമ്മപുത്രരോട്, വസിഷ്ഠനും ബ്രഹ്മാവും തമ്മിൽ നടന്ന ഒരു സംഭാഷണത്തെ ഉദ്ധരിച്ച് ഭീഷ്മർ സമാധാനം പറയുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

പിതാമഹ, മഹാപ്രാജ്ഞ, സർവ്വശാസ്ത്രവിശാരദ!
ദൈവം പൗരുഷവും രണ്ടിലേറ്റവും ശ്രേഷ്ഠമെന്തുവാൻ? 1

ഭീഷ്മൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
വസിഷ്ഠനുടെ സംവാദം ബ്രഹ്മന്റെയും യുധിഷ്ഠിര! 2
ദൈവം മാനുഷമീ രണ്ടിൽ ശ്രേഷ്ഠമെന്തെന്നിവണ്ണമേ
വസിഷ്ഠഭഗവാൻ മുന്നം ചോദിച്ചു പത്മഭൂവൊടായ്. 3
പരം പത്മഭവൻ ഭൂപ, ദേവദേവൻ പിതാമഹൻ
അർത്ഥയുക്തികളോടൊത്തു ഭംഗിയിൽച്ചൊല്ലിയിങ്ങനെ. 4

ബ്രഹ്മാവു പറഞ്ഞു

വിത്തില്ലാതൊന്നുമുണ്ടാകാ വിത്തില്ലാതൊത്തിടാ ഫലം
വിത്തിൽനിന്നങ്ങു വിത്തുണ്ടാം വിത്തിൽനിന്നൊത്തിടും ഫലം.
കൃഷിക്കാരൻ വയലിലെമ്മട്ടു വിത്തു വിതപ്പതോ
സുകൃതത്തിൽദ്ദുഷ്കൃതത്തിങ്കലുമമ്മട്ടുതാൻ ഫലം. 6
വിത്തില്ലാതെ വിതച്ചീടിൽ വയൽ നിഷ്ഫലമാംവിധം
പൗരുഷംകൂടാതെ കണ്ടു ദൈവവും ഫലമേകിടാ. 7
പൗരുഷം വയലാണത്രേ വിത്തെന്നും ചൊൽവു ദൈവതം
വയലും വിത്തുമായ്ച്ചേർന്നാൽ സസ്യം വർദ്ധിച്ചുവന്നിടും. 8
കർമ്മത്തിൻ ഫലപാകത്തെത്താൻ ഭുജിക്കുന്നു ചെയ്തവൻ
പ്രത്യക്ഷം കാണ്മു ലോകത്തിൽ നന്മയിൽത്തിന്മയിങ്കലും. 9
ശുഭകർമ്മത്തിനാൽ സൗഖ്യം പാപത്താൽ ദുഃഖമങ്ങനെ
ചെയ്താൽ ഫലിപ്പതുണ്ടെങ്ങും ചെയ്യാഞ്ഞാലെങ്ങുമേറ്റിടാ. 10

കൃതിയേല്ക്കുന്നതുണ്ടെങ്കും ഭാഗ്യമൊക്കും പ്രതിഷ്ഠയെ
നേടില്ലാ ഭ്രഷ്ടനകൃതി ക്ഷതത്തിൽ ക്ഷാരസേചനം. 11
തപസ്സു രൂപസൗഭാഗ്യം രത്നം പലതുമൊക്കയും
കർമ്മത്താൽക്കിട്ടുമകൃതാത്മാവിനൊക്കില്ല ദൈവതാൽ. 12
ഏവം സ്വർഗ്ഗം ഭോഗജാലംതാൻ നിനയ്ക്കുന്ന നിഷ്ഠയും
എല്ലാം കിട്ടുന്നിതിവിടെപ്പൗരുഷക്രിയകൊണ്ടു താൻ. 13
ജ്യോതിർഗ്ഗണം ദേവനാഗയക്ഷർ ചന്ദ്രാർക്കമാരുതർ
ഏവരും പൗരുഷംകൊണ്ടു മർത്ത്യത്വംവിട്ടമർത്ത്യരായ്. 14
അർത്ഥമേവം മിത്രവർഗ്ഗമൈശ്വര്യം കുലമങ്ങനെ
ശ്രീയുമേററീടുവാൻ പററാ കർമ്മം ചെയ്യാത്തവർക്കിഹ. 15
വിപ്രൻ നേടുന്നു ശൗചത്താൽ ക്ഷത്രിയൻ വിക്രമത്തിനാൽ
വൈശ്യൻ ശ്രീയെപ്പൗരുഷത്താൽ ശൂദ്രൻ ശുശ്രൂഷയാലുമേ. 16
കൊടുക്കാത്തോനർത്ഥമൊക്കാ ക്ലീബന്നും നിഷ്ക്രിയന്നുമേ
ചെയ്യാത്തോന്നുമശൂരന്നും തപസ്സുററോന്നുമങ്ങനെ. 17
മൂപ്പാരും ദേവദൈത്യന്മാരെന്നിതൊക്കച്ചമച്ചവൻ
ഈ വിഷ്ണുഭഗവാൻ പോലും തപം ചെയ്യുന്നിതാഴിയിൽ. 18
തൻ കർമ്മഫലമില്ലെങ്കിലെല്ലാം നിഷ്ഫലമാസ്സരും
ലോകം ദൈവത്തിനെപ്പാർത്തിട്ടുദാസീനത്വമേല്ക്കൊലാ. 19
മാനുഷക്രിയ ചെയ്യാതെ ദൈവത്തെപ്പിൻതുടന്നവൻ
പാഴിൽ മാഴ്കും ക്ലീബപതിയൊത്തോരംഗന പോലവേ. 20
മർത്ത്യലോകത്തില്ല ശുഭാശുഭത്തിൽബ്ഭയമങ്ങനെ
ദൈവലോകത്തന്യനാലേ ഭയമുണ്ടായിടുംപടി. 21
പൗരുഷം ചെയ്കിലതുതാൻ ദൈവത്തെപ്പിൻതുടന്നിടും
ഒന്നും ചെയ്യാഴ്കിലോ ദൈവമാർക്കുമൊന്നും കൊടുത്തിടാ. 22
അനിത്യസ്ഥാനങ്ങളല്ലോ കാണ്മൂ ദേവതകൾക്കുമേ
കർമ്മം കൂടാതെയാദ്ദൈവം നില്ക്കുമെങ്ങനെ നിത്തിടും? 23
ഈ ലോകത്തിൽ ദൈവതങ്ങളാർക്കും വ്യാപാരമേന്തിടാ
ഉഗ്രവ്യാസംഗ[1]മുണ്ടാകുമാത്മാഭിഭവശങ്ക[2]യാൽ. 24
ഋഷികൾക്കും ദേവകൾക്കുമെന്നും പററുന്നു വിഗ്രഹം
ആർ ചൊല്ലിയാൽദ്ദൈവമാവില്ലതിൽദ്ദൈവം പ്രവൃത്തമാം. 25
അവന്നെങ്ങനെയുൽപത്തി ദൈവം തുടരുമാവിധം
ഈവണ്ണം ദേവലോകത്തുമൊക്കുന്നു പലതും ഗുണം. 26
ആത്മാവാത്മാവിന്നു ബന്ധുവാത്മാവാണാത്മശത്രുവും
ആത്മാവാത്മാവിന്നു സാക്ഷി നന്മയിൽ തിന്മയിങ്കലും. 27
കൃതവും താൻ ദുഷ്കൃതവും കർമ്മം ചെയ്താൽ ഭവിച്ചിടും

1 വ്യാസംഗം = ശ്രദ്ധാധിക്യം. 2 ആത്മാഭിഭവശങ്ക = തങ്ങൾക്കു പരാഭവം പററുമെന്ന സംശയം.

യഥാർത്ഥമായിസ്സുകൃതം കർമ്മം ദുഷ്കൃതമാസ്സുരാ. 28
വാനോർക്കു ശരണം പുണ്യം പുണ്യത്താൽക്കിട്ടുമൊക്കയും
പുണ്യം ശീലിച്ച നരനിൽ ദൈവം ചെന്നെന്തു ചെയ്തിടും? 29
മുന്നം യയാതി വിഭ്രഷ്ടൻ മന്നിൽച്ചെന്നു പതിച്ചനാൾ
പുണ്യം ചെയ്തുള്ള ദൗഹിത്രർ വീണ്ടും വിണ്ണു കയററിനാർ. 30
പുരൂരവസ്സു രാജർഷി മുന്നം വിപ്രജനേരിതൻ
ഐളനെന്നു പുകഴ്ന്നുള്ളോൻ വിണ്ണു പുക്കിതു മന്നവൻ. 31
അശ്വമേധാദിയജ്ഞാതിസൽക്കൃതൻ കോസലാധിപൻ
സൗദാസൻ മുനിശാപത്താൽ പുരുഷാദനമായിനാൻ. 32
അശ്വത്ഥാമാവുമവ്വണ്ണം രാമനും മുനിനന്ദനർ
സ്വകർമ്മത്താൽ വിണ്ണിലെത്താതായിപ്പോയ് വില്ലെടുത്തവർ. 33
വസു യജ്ഞം ശതം ചെയ്തു രണ്ടാം വാസവസന്നിഭൻ
ഒററപ്പൊളി പറഞ്ഞിട്ടു പാതാളത്തിങ്കലെത്തിനാൻ. 34
ബലി വൈരോചനൻ വാനോർ ധർമ്മക്കയറു കെട്ടിയോൻ
വിഷ്ണുവിൻ പൗരുഷംകൊണ്ടു പാതാളത്തിലിരിക്കയായ്. 35
ശക്രൻെറ കാല്ക്കൽച്ചെന്നിട്ടു പോന്നിതാജ്ജനമേജയൻ
ദ്വിജസ്ത്രീനിധനംമൂലമെന്തേ നിർത്താഞ്ഞു ദൈവതം? 36
അജ്ഞാനാൽ വിപ്രനെക്കൊന്നു ബാലഹത്യയുമേററുപോൽ
വൈശമ്പായനവിപ്രർഷിയെന്തേ നിർത്താഞ്ഞു ദൈവതം? 37
വിപ്രർക്കു പാഴിൽ ഗോദാനാൽ മഹായജ്ഞത്തിൽ മുന്നമേ
നൃഗനെന്നുള്ള രാജർഷിയോന്തായ്ത്തീർന്നിതു കേവലം. 38
ധുന്ധുമാരാഖ്യരാജർഷി സത്രത്തിൽ ജരയാണ്ടവൻ
പ്രീതിദായം വിട്ടു ഗിരിവ്രജത്തിങ്കലുറങ്ങിനാൻ. 39
പാണ്ഡവന്മാർ നാടു നേടി ശക്തരാം ധൃതരാഷ്ട്രജർ
ദൈവത്താലല്ല കൈയൂക്കാൽത്തിരിയേ നേടി വീണ്ടുമേ. 40
തപോനിയമമാണ്ടുള്ള മുനിമാർ സംശിതവ്രതർ[1]
കർമ്മത്താലല്ലയെന്നുണ്ടോ ദൈവത്താലോ ശപിപ്പതും? 41
പാപം വിടുന്നു ലോകത്തിൽ മുററും ദുർല്ലഭമേററവർ
ലോഭമോഹം പെടുംവണ്ണം ദൈവം കാപ്പീല മർത്ത്യനെ. 42
ചെറു തീയും കാററു തട്ടി വലുതാകുംപ്രകാരമേ
പൗരുഷക്രിയയോടൊത്ത ദൈവം നന്നായ് വളർന്നിടും. 43
എണ്ണ വററീടുകിൽ ദീപം ഹ്രസി[2]ച്ചീടുംപ്രകാരമേ
കർമ്മം ക്ഷയിക്കുകിൽ ദൈവം ഹ്രാസ[3]മേററീടുമേററവും. 44

പുരുഷനുരുധനൗഘം സ്ത്രീകൾ ഭോഗങ്ങളൊന്നും
പരമിഹ മതിയാകാ കർമ്മമെന്ന്യേ ഭുജിപ്പാൻ

---

1 സംശിതവ്രതർ = ധാരാളം വ്രതങ്ങൾ അനുഷ്ഠിച്ചവർ. 2 ഹ്രസിക്കുക = ചെറുതാവുക. 3 ഹ്രാസം = ക്ഷയം.

സുനിഹിതമിഹ ദൈവം കാത്തുപോന്നീടുമത്ഥം
മഹിതപുരുഷനെന്നും വേലചെയ്തേ ഭുജിക്കൂ. 45
വ്യയഗുണമിഹ കർമ്മാൽ സാധുവിന്നേററിടുന്നു
പരമിഹ നരലോകാൽ മെച്ചമോ ദൈവലോകം?
പൌരുകമതിസമൃദ്ധം മാനുഷർക്കുള്ള ഗേഹം
പിതൃവനഭവനാഭം വാനവർക്കുള്ള കാണ്മു. 46
വിഫലനിഹ വികർമ്മാ മാററുകില്ലാ വിമാർഗ്ഗം
ചെറുതു ജഗതി ദൈവം നാസ്തി ദൈവേ പ്രഭുത്വം
പെരിയ മഹിതകർമ്മം ചെയ്യതിൽച്ചോൽവു ദൈവം
നിയതമതതു ദിക്കിൽ പൌരുഷംകൊണ്ടണപ്പൂ. 47
ഇതൊക്കയും നിന്നോടു ഞാൻ പറഞ്ഞേൻ മുനിസത്തമ!
പൌരുഷത്തിന്നുള്ള ഫലമെപ്പോഴും കണ്ടു തത്ത്വമായ്. 48
ദൈവാഭ്യുത്ഥാനവഴിയേ* ചെയ്യും കർമ്മത്തിനാലിഹ
കർമ്മത്താൽ വിധിയാലും താൻ സ്വർഗ്ഗമാർഗ്ഗത്തെ നേടുമേ. 49

7. കർമ്മഫലികോപാഖ്യാനം

കർമ്മഫലം അനുഭവിച്ചേ തീരൂ എന്നു പറഞ്ഞു്, ഭീഷ്മർ, ഓരോ കർമ്മത്തിനും കിട്ടുന്ന ഫലങ്ങളെപ്പററി വിവരിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ശുഭങ്ങളാകും കർമ്മങ്ങൾക്കൊക്കയും ഭരതർഷഭ!
ഫലങ്ങൾ ചൊല്ലു ചോദിപ്പേൻ മഹാത്മാരിൽ മഹത്തര! 1

ഭീഷ്മൻ പറഞ്ഞു

ഹന്ത! നിന്നോടു പറയാം നീ ചോദിച്ചതു ഭാരത!
ഋഷികൾക്കു രഹസ്യംതാനതു കേൾക്ക യുധിഷ്ഠിര! 2
എന്തുകൊണ്ടെന്തു ഗതിയാം മരിച്ചാൽ ചിരകാംക്ഷിതം
ഏതേതു മെയ്യാലേതേതു കർമ്മത്തെച്ചെയ്തിടുന്നുവോ, 3
അതാതു മെയ്യാലതാതു ഫലമേല്ക്കുന്നു കേവലം.
ഏതേതവസ്ഥയിൽച്ചെയ്യതേതേതുണ്ടോ ശുഭാശുഭം 4
അതാതവസ്ഥയിലതു ജന്മംതോറും ഭുജിക്കുമേ.
പഞ്ചേന്ദ്രിയവഴിക്കെന്നും ചെയ്ത കർമ്മം നശിച്ചിടാ 5
ഇവന്നു സാക്ഷികളവയാത്മാവാറാമനങ്ങനെ
കണ്ണു നല്ല മനം നല്ല വാക്കു നല്കുക സൂനൃതം 6
എതിരേല്ക്കുകുപാസിക്ക പഞ്ചദക്ഷിണയജ്ഞമാം.
അപരിക്ലിഷ്ടമാമന്നം വഴിപോകുന്നു നല്കുകിൽ 7
മുൻ കാണാത്തതുളന്നോനു വൻ പുണ്യമവനേല്ക്കുമേ,

* ദൈവാഭ്യുത്ഥാനവഴിയേ=നിയതിയുടെ പ്രേരണയനുസരിച്ചു്.

നിലത്തങ്ങു കിടപ്പോർക്കു ഗൃഹങ്ങൾ ശയനങ്ങളും, 8
ചീരവല്ക്കലവസ്ത്രങ്ങളുടുപ്പാഭരണങ്ങളും,
വാഹനം യാനമിവയും യോഗാത്മാവാം തപസ്വിയിൽ, 9
അഗ്നിപാർശ്വേ ശയിപ്പോന്നു മന്നന്നങ്ങനെ പൗരുഷം.
രസങ്ങളും നല്കിയെങ്കിൽ സൗഭാഗ്യമുളവായ്വരും 10
മാംസങ്ങളും നല്കിയെങ്കിൽ പശുപുത്രസമൃദ്ധിയാം[1].
തല കീഴായ് തൂങ്ങുവോനുദവാസാശ്രയ[2]ന്നുമേ 11
ഏകശായിക്കുമെപ്പോഴുമഭീഷ്ടഗതി നേടിടാം.
പാദ്യമാസനമവ്വണ്ണം വിളക്കന്നമിരിപ്പിടം 12
പാനമപൂജയ്ക്കു നല്കേണമാ യജ്ഞം പഞ്ചദക്ഷിണം.
വീരാസനം വീരശയ്യ വീരസ്ഥാനവുമാന്നവൻ 13
അവന്നക്ഷയലോകങ്ങൾ സർവ്വകാമഗമങ്ങളാം.
ദാനത്തിനാൽ ധനം കിട്ടും മൗനത്താലാജ്ഞയും നൃപ! 14
തപസ്സാലുപഭോഗങ്ങൾ ബ്രഹ്മചര്യാൽ സുജീവിതം
രൂപമൈശ്വര്യമാരോഗ്യമഹിംസാഫലമേല്ക്കുമേ. 15
ഫലമൂലാശിക്കു രാജ്യം സ്വർഗ്ഗം പർണ്ണാശികൾക്കുമാം
പ്രായോപവേശിക്കു രാജൻ, സർവ്വത്ര സുഖസിദ്ധിപോൽ. 16
ഗോവ്രതി ശാകദീക്ഷങ്കൽ സ്വർഗ്ഗഗാമി തൃണാശനൻ
സ്ത്രീയെ ത്രിഷവണസ്നാനാൽ[3] കാററുണ്ടാൽ ക്രതു[4] നേടിടും. 17
സ്വർഗ്ഗം സത്യത്തിനാൽ കിട്ടും ദീക്ഷ[5]യാൽ കുലമുത്തമം
വെള്ളം കുടിക്കുന്നവനോ സാഗ്നിയാം സംസ്കൃതദ്വിജൻ. 18
മിണ്ടാട്ടില്ലുണ്ടാം രാജ്യംപോൽ വിണ്ണാമുണ്ണാതിരിക്കുകിൽ.
ഉപവാസം ദീക്ഷയിങ്കലഭിഷേകവുമൂഴിപ! 19

---

1 ഈ ശ്ലോകത്തിൻെറ പരിഭാഷയിൽ അല്പം പിശകു പററിയിട്ടില്ലേ എന്നു സംശയിക്കുന്നു.

"രസാനാം പ്രതിസംഹാരേ സൗഭാഗ്യമനുഗച്ഛതി
ആമിഷപ്രതിസംഹാരേ പശൂൻ പുത്രാംശ്ച വിന്ദതി."

എന്നാണു മൂലശ്ലോകം. രസങ്ങളും മാംസങ്ങളും പ്രതിസംഹരിച്ചാൽ—സ്വീകരിക്കാതിരുന്നാൽ—എന്നാണ് വ്യാഖ്യാതാക്കന്മാർ ഇതിനർത്ഥം പറഞ്ഞിട്ടുള്ളത്. ശുഭകർമ്മങ്ങൾക്കു കിട്ടുന്ന ഫലങ്ങളെപ്പററി വിവരിക്കുന്ന സന്ദർഭമായതുകൊണ്ട് ആ വ്യാഖ്യാനമല്ലേ സ്വീകാര്യം? ഈ പദ്യംതന്നെ നാമമാത്രമായ ചില ഭേദഗതികളോടുകൂടി

"രസാനാം പ്രതിസംഹാരാൽ സൗഭാഗ്യമിഹ വിന്ദതി
ആമിഷ പ്രതിസംഹാരാൽ പ്രജാ ഹ്യായുഷ്മതീ ഭവേൽ"

എന്നിങ്ങനെ മറെറാരിടത്ത് (അനുശാസനപർവ്വം അദ്ധ്യായം 57, ശ്ലോകം 17) കാണുന്നതു് 'രസങ്ങളെ ത്യജിച്ചീടിൽ'—'മാംസം ത്യജിക്കിൽ' എന്നിങ്ങനെ തമ്പുരാൻതന്നെ ശരിക്കു തർജ്ജമചെയ്തിട്ടുമുണ്ട്. 2 ഉദവാസാശ്രയൻ = വെള്ളത്തിൽ മുങ്ങിക്കിടന്നു തപസ്സനുഷ്ഠിക്കുന്നവൻ. 3 ത്രിഷവണസ്നാനം = വ്രതാനുഷ്ഠാനപൂർവ്വകമുള്ള മൂന്നുനേരത്തെ മുങ്ങിക്കുളി. 4 ക്രതു = യാഗംചെയ്ത ഫലം. 5 ദീക്ഷ = യജ്ഞദീക്ഷ.

പന്തീരാണ്ടിങ്ങു ചെയ്യെങ്കിൽ വീരസ്ഥാനത്തിൽ മേലെയാം.
സർവ്വവേദങ്ങളും ചൊല്ലിലുടൻ ദുഃഖവിമുക്തനാം 20
ധർമ്മം മാനസമായ്ച്ചെയ്തോൻ സ്വർഗ്ഗലോകം ഭുജിച്ചിടും.
വിടാത്തതും ദുർമ്മതികൾ ജരിക്കിൽ ജരിയാത്തതും 21
പ്രാണാന്തമാം രോഗവുമാം തൃഷ്ണ വിട്ടവനാം സുഖം.
ആയിരംപൈക്കിടെക്കുട്ടിയമ്മയെത്തുടരും വിധം 22
മുൻ ചെയ്ത കർമ്മം ചെയ്തോനെപ്പിൻതുടർന്നിടുമെപ്പൊഴും.
ആരും ചൊല്ലാത്തിലും പൂക്കളവ്വണ്ണംതന്നെ കായ്ക്കളും 23
തന്മരം വിട്ടു മാറാത്തവണ്ണം മുൻചെയ്ത കർമ്മമാം.
ജീർണ്ണന്നു ജീർണ്ണമാം കേശം ദന്തം ജീർണ്ണന്നു ജീർണ്ണമാം 24
കണ്ണും കാതും ജീർണ്ണമാകും ജീർണ്ണിക്കാ തൃഷ്ണ[1]യൊന്നുതാൻ.
പിതാവിനെ പ്രീതനാക്കുന്നതാൽ[2] പ്രീതൻ പ്രജാപതി 25
അമ്മയെ പ്രീതയാക്കീടുന്നതാൽ പൂജിതയാം ക്ഷിതി
ആചാര്യനെ പ്രീതനാക്കുന്നതാൽ ബ്രഹ്മം സുപൂജിതം. 26
ഇതു മൂന്നാദരിച്ചോനു ധർമ്മമൊക്കയുമാദൃതം
ഇവയിങ്ങാദരിക്കാഞ്ഞാൽ ക്രിയയൊട്ടുക്കു നിഷ്ഫലം. 27

വൈശമ്പായനൻ പറഞ്ഞു

ഭീഷ്മൻെറയീ വാക്കു കേട്ടു വിസ്മയപ്പെട്ടു കൗരവർ
പ്രഹൃഷ്ടചിത്തരായ്ത്തീർന്നിട്ടപ്പോൾ സംപ്രീതരായിനാർ. 28

മന്ത്രം പാഴ്‌വിധിയുപയോഗമേല്ക്കിലെന്തോ,
സോമം പാഴഭിസവനം കഴിക്കിലെന്തോ,
പാഴഗ്നിക്കിഹ ഹവനം കഴിക്കിലെന്തോ,
പാഴോതുന്നതിലുമതൊക്ക വന്നുകൂടും. 29

ഈവണ്ണമൃഷി കല്പിച്ചിതതിങ്ങോതീടിനേൻ വിഭോ!
ശുഭാശുഭഫലത്തിങ്കലിനിക്കേൾക്കേണ്ടതെന്തുവാൻ? 30

8. ഭീഷ്മനിശ്ചയം

എങ്ങനെയുള്ള വ്യക്തികളുടെനേരെയാണ് തനിക്കു മതിപ്പു തോന്നുന്നതെന്ന്, ധർമ്മപുത്രൻെറ ഒരു ചോദ്യത്തിനുത്തരമായി ഭീഷ്മർ വിവരിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

പൂജ്യരാരാരു വന്ദ്യന്മാരാരെക്കുപ്പുന്നു ഭാരത!
ഇതൊക്കച്ചൊല്ലവരിൽ നീ കൊതിച്ചീടുന്നു മന്നവ! 1
ഉത്തമാപത്തിലാണ്ടാലുമങ്ങയ്ക്കേല്ലതോ മനം
മുററും മനുഷ്യലോകത്തിൽ പരലോകത്തിലെങ്കിലും. 2

1 തൃഷ്ണ=സുഖേച്ഛ. 2 പ്രീതനാക്കുന്നതാൽ = സന്തോഷിപ്പിക്കുന്നതുകൊണ്ട്; സന്തോഷിപ്പിക്കുന്നതായാൽ.

ഭീഷ്മൻ പറഞ്ഞു
കൊതിപ്പേൻ ബ്രാഹ്മണർക്കീ ഞാനേവർക്കോ ബ്രഹ്മമാം ധനം
സ്വപ്രത്യയം സ്വർഗ്ഗമത്രേ തപം സ്വാദ്ധ്യായസാധനം. 3
പിതൃപൈതാമഹം ഭാരമേവരിൽബ്ബാലർ വൃദ്ധരും
വഹിപ്പൂ തളരുന്നില്ലിങ്ങിവരിൽക്കൊതിയേല്പു ഞാൻ. 4
വിദ്യാവിനീതരിൽദ്ദാന്തന്മാരിൽ നന്മൃദുഭാഷരിൽ
ശ്രുതവൃത്താഢ്യരിൽ ജ്ഞാതാക്ഷരരിൽ സജ്ജനങ്ങളിൽ 5
സഭയിൽച്ചൊൽവോരിലുണ്ണി, ഹംസമട്ടൊത്ത കൂട്ടരിൽ
മംഗല്യമട്ടിലഴകിൽദ്ദിവ്യം മേഘസ്വനത്തിലായ് 6
നന്നായ്ച്ചൊല്ലും വാക്കുകളെക്കേൾപ്പതുണ്ടു യുധിഷ്ഠിര!
ശുശ്രൂഷിക്കും മന്നവനിലങ്ങുമിങ്ങും സുഖപ്പടി. 7
അവർക്കു കേൾപ്പോരെപ്പോഴും സദസ്സിൽബ്ബ്രഹ്മസമ്മതർ
വിജ്ഞാനാഢ്യന്മാരുമേവരവരിൽക്കൊതിയേല്പു ഞാൻ. 8
പ്രയതന്മാർ സംസ്കരിച്ച ശുചിയായ് ഗുണമൊത്തു താൻ
തൃപ്തിക്കന്നം ബ്രാഹ്മണർക്കു കൊടുപ്പവർ യുധിഷ്ഠിര! 9
ആരെപ്പോഴും നൃപ, പരമവരിൽക്കൊതികൊൾവു ഞാൻ
പോരിൽപ്പൊരുതിടാം പററില്ലസൂയിക്കാതെ നല്കിടാൻ 10
ശൂരന്മാർ വീരർ വളരെയുണ്ടു ലോകേ യുധിഷ്ഠിര!
ആക്കൂട്ടരെക്കണക്കാക്കിൽ ദാനശൂരൻ വിശിഷ്ടനാം. 11
ഇനിയും താൻ ധന്യനാകിൽ സൗമ്യ, ബ്രാഹ്മണനാവണം
കുലോൽപ്പന്നൻ ധർമ്മഗതി തപോവിദ്യാപരായണൻ. 12
എനിക്കു നിന്നേക്കാളിഷ്ടനീ ലോകത്തില്ല പാണ്ഡവ!
ആ നിന്നേക്കാൾ പ്രിയതരർ വിപ്രന്മാർ ഭരതർഷഭ! 13
നിന്നെക്കാളും പ്രിയതരർ വിപ്രരല്ലോ കുരൂത്തമ!
ആസ്സത്യത്താൽ ചെല്ലുവൻ ഞാൻ ലോകം ശന്തനുവുള്ളിടം. 14
എനിക്കു വിപ്രരെക്കാളും പ്രിയപ്പെട്ടില്ല താതനും
എന്നച്ഛന്നച്ഛനും മററു സുഹൃജ്ജനവുമങ്ങനെ. 15
എനിക്കു ചെറുമേ കുററം പററീട്ടില്ലിഹ വിപ്രരിൽ
ചെറുതോ വലുതോ നന്മ കർമ്മങ്ങളിലെഴുന്നതായ്. 16
കർമ്മത്താലും മനസ്സാലും വാക്കാലും ഹേ, പരന്തപ!
ഞാൻ ബ്രാഹ്മണർക്കെന്തു ചെയ്തുവതിനാൽത്തപിയാത്തു ഞാൻ. 17
എന്നെ ബ്രഹ്മണ്യനെന്നോതുമാ വാക്കാൽത്തുഷ്ടനാണു ഞാൻ
ഇതു മുററും പവിത്രങ്ങളായവററിങ്കൽ മേലെയാം. 18
കാണ്മേൻ ബ്രാഹ്മണയായിക്കാം* പുണ്യശുദ്ധപദങ്ങളെ
അവയിൽത്താത, ചെൽവേൻ ഞാനടനോ ചെററു വൈകിയോ.
സ്ത്രീകൾക്കു ഭർത്തൃപരമാം ധർമ്മം പോലെ യുധിഷ്ഠിര!

* ബ്രാഹ്മണയായി = ബ്രാഹ്മണാനുചരൻ.

അവൻ ദേവൻ ഗതിയതവ്വണ്ണം മന്നന്നു വിപ്രരും. 20
ക്ഷത്രിയൻ നൂററാണ്ടുകാരൻ പതിററാണ്ടാം ദ്വിജോത്തമൻ
അറികച്ഛന്മക്കളതിൽ ബ്രാഹ്മണനൻ ഗുരുവാണെടോ. 21
ഭർത്തൃഭാവേ[1] ക്ഷത്രിയനെബ്ഭർത്താവാക്കുന്നിതംഗന
വിപ്രാഭാവേ ക്ഷത്രിയനെബ്ഭർത്താവാക്കുന്നു ഭൂമിയും. 22
പുത്രമട്ടിൽ പാല്യരവർ ഗുരുമട്ടിലുപാസ്യരാം
അഗ്നിമട്ടുപചര്യന്മാർ ബ്രാഹ്മണന്മാർ കുരൂത്തമ! 23
ഋജുക്കൾ സത്തർ സത്യസ്ഥർ സർവ്വഭൂതഹിതാദ്ധ്യരെ
വിപ്രരെ ക്രുദ്ധസർപ്പങ്ങളാമ്മട്ടുപചരിക്കണം. 24
തേജസ്തപങ്ങളെപ്പേടിക്കേണമെന്നും യുധിഷ്ഠിര!
ഇതു രണ്ടുമൊഴിക്കേണമാത്തേജസ്സും തപസ്സുമേ. 25
വ്യവസായം ശീഘ്രമായിട്ടുണ്ടാകുമിതു രണ്ടിനും
മുടിച്ചീടും ക്രുദ്ധരായാൽബ്ഭൂപ, വിപ്രർ തപസ്വികൾ. 26
കോപിക്കാത്ത ബ്രാഹ്മണനാൽ ദത്തം രണ്ടും വളർന്നിടും
രണ്ടും ശേഷിപ്പിക്ക ദത്തശേഷം ശേഷപ്പെട്ടുത്തൊലാ. 27
ദണ്ഡേന്തും ഗോക്കളെഗ്ഗോപാലകൻ പാലിച്ചിടുംപടി
ബ്രഹ്മവും ബ്രാഹ്മണരെയും ക്ഷത്രിയൻ കാത്തുകൊള്ളണം. 28
അച്ഛൻ മക്കളെയാംപോലെ കാക്കു ധർമ്മിഷ്ഠവിപ്രരെ
തൻ ഗൃഹത്തിൽ ജീവനമെന്തുണ്ടെന്നും നോക്കിടേണമേ. 29

9. സൃഗാലവാനരസംവാദം

ബ്രാഹ്മണൎക്ക് എന്തെങ്കിലും കൊടുക്കാമെന്നു പറഞ്ഞ് അതു കൊടുക്കാതിരുന്നാൽ വരാവുന്ന ദോഷങ്ങളെ വിവരിക്കാനായി ഭീഷ്മർ ഒരു കുറുക്കന്റെയും കുരങ്ങന്റെയും കഥ പറഞ്ഞു കേൾപ്പിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ബ്രാഹ്മണൎക്കേററു ചൊല്ലീട്ടു മോഹത്താൽ നല്കിടായ്കിലോ
അവൎക്കുണ്ടേതു ലോകങ്ങൾ പിതാമഹ, മഹാദ്യുതേ! 1
ഈദ്ധർമ്മം തത്ത്വമായെന്നോടോതു ധർമ്മിഷ്ഠസത്തമ!
ഏററു ചൊല്ലീട്ടു നല്കാത്ത ദുഷ്ടന്മാൎക്കെന്തു പററിടും? 2

ഭീഷ്മൻ പറഞ്ഞു

ഏററു ചൊല്ലീട്ടു നല്കായ്കിൽ സ്വല്പവും പെരുതെങ്കിലും
കെട്ടുമായാശകളെല്ലാം ക്ലീബാപത്യഫലോപമം[2]. 3
ഏതു രാവുളവാം ജീവനേതു രാവു നശിക്കുമോ
ഇതിന്നിടയ്ക്കു സുകൃതമവനെന്തെന്തു ഭാരത! 4

1 ഭർത്തൃഭാവേ = ഭർത്താവില്ലാതെപോയാൽ. 2 ക്ലീബാപത്യഫലോപമം = നപുംസകന്ന് സന്താനമാകുന്ന ഫലം എന്നപോലെ.

അവന്നെന്തു ഹൃതം ചെററു ദത്തവും ഭരതർഷഭ!
തപസ്സമായവന്നുള്ളതൊക്കയും നഷ്ടമായ്‌വരും. 5
പിന്നെയിങ്ങനെ ചൊല്ലുന്നു ധർമ്മശാസ്ത്രജ്ഞരാം ജനം
കേടംവിയാൽ ഭരതശ്രേഷ്ഠ, പരം ബോധത്തിനാലുമേ. 6
എന്നല്ലിത്തും ചൊല്ലിടുന്നു ധർമ്മശാസ്ത്രജ്ഞരാം ജനം
ശ്യാമകർണ്ണാശ്വസാഹസ്രംകൊണ്ടവൻ മുക്തനായ്‌വരും. 7
ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
കുറുക്കന്നും മർക്കടന്നും സംവാദം ഭരതർഷഭ! 8
അവർ പണ്ടിഷ്ടരാണത്രേ മർത്ത്യരാംനാൾ പരന്തപ!
സൃഗാലകീശജന്മങ്ങളാപ്പെട്ടു പിന്നെയായവർ. 9
പിന്നെക്കപി ശവം തിന്നും കുറുക്കനൊടു ചൊല്ലിനാൻ
ചുടലക്കാട്ടിലായ്ക്കണ്ടു മുജ്ജന്മസ്മൃതിയാർന്നവൻ: 10
"നീയെന്തു പാതകം പൂർവ്വകർമ്മം ചെയ്തു സുദാരുണം?
ശ്മശാനത്തിൽ ചീഞ്ഞു നാറും ശവം തിന്നുന്നു ഹന്ത! നീ." 11
എന്നു കേട്ടാക്കുരങ്ങോടു കുറുക്കൻ ചൊല്ലിയപ്പൊഴേ:
"ബ്രാഹ്മണന്നേററു ചൊല്ലീട്ടു കൊടുത്തില്ലതു ഞാനെടോ. 12
അതിനാലീപ്പാപയോനിയിങ്കൽപ്പെട്ടേൻ പ്ലവംഗമ!
അതിനാലിത്തരം തീററി തിന്നുന്നേൻ പശിപൂണ്ടു ഞാൻ." 13

ഭീഷ്മൻ പറഞ്ഞു

കുറുക്കൻ മർക്കടത്തോടു വീണ്ടും ചൊല്ലി നരോത്തമ!
"നീയെന്തു പാതകം ചെയ്തിട്ടുണ്ടേവം കപിയാകുവാൻ?" 14

വാനരൻ പറഞ്ഞു

എന്നും വിപ്രർക്കുള്ള കായ് ഞാൻ തിന്നേനേവം കുരങ്ങനായ്
അതിനാലെന്നുമേ വിദ്വാൻ ബ്രഹ്മസ്വത്തെ ഹരിക്കൊലാ. 15
സമം വിവാദം പോക്കേണമേററു ചൊന്നതു നല്കണം.

ഭീഷ്മൻ പറഞ്ഞു

എന്നേവം ഞാൻ കേട്ടിരിപ്പൂ നരാധിപ, ധരാസുരൻ
ധർമ്മജ്ഞൻ പണ്ടുള്ള പുണ്യകഥ ചൊല്ലിയതിങ്ങനെ. 16
വീണ്ടും ഞാൻ കേട്ടിരിപ്പുണ്ടു കൃഷ്ണനും ധരണീപതേ!
മുന്നം ബ്രാഹ്മണനെപ്പററിച്ചൊന്നൊരു കഥ പാണ്ഡവ! 17
"ഹരിക്കൊല്ലാ വിപ്രധനം ക്ഷമിക്കുകവരിൽ സദാ
ദരിദ്രർ ബാലർ കൃപണരെന്നൊന്നും നിരസിക്കൊലാ." 18
എന്നേവം നിത്യമെന്നോടു സന്ദേശിപ്പിതു ഭൂസുരർ
ഏററു ചൊന്നാൽ കൊടുക്കേണം ദ്വിജേന്ദ്രന്നാശ നിർത്തൊലാ. 19
ബ്രാഹ്മണൻ മുന്നമേല്പിച്ചോരാശയാൽ പൃഥിവീപതേ!
ഉദ്വിഗ്ന*നായാലെരിയുമഗ്നിയെപ്പോലെയാമവൻ. 20

* ഉദ്വിഗ്നൻ = ദുഃഖിതൻ.

മുൻപുണ്ടായയോരാശയോടും ചൊടിച്ചിട്ടാരെ നോക്കുമോ
ഉണക്കക്കാടിനെത്തീപോലവനെച്ചുട്ടിടും നൃപ! 21
അവൻതാൻ തുഷ്ടനായ് വാക്കാൽ പ്രതിനന്ദിപ്പതാകിലോ
അവൻെറ നാട്ടിലഗദൻ[1] പോലെയാകുന്നു ഭാരത! 22
പുത്രപൗത്രന്മാർ പശുക്കൾ ബാന്ധവന്മാരമാത്യരും
പുരവും നാട്ടുപുറവും ശാന്തീഷ്ടപ്പെടി പോററുമേ[2]. 23
ഇതല്ലോ ബ്രാഹ്മണന്നിങ്ങു മുഖ്യതേജസ്സു കാണ്മതും
സഹസ്രരശ്മിയാം സൂര്യനെന്നവണ്ണം ധരിത്രിയിൽ. 24
അതിനാലേററുരച്ചിട്ടു നല്ലവേണം യുധിഷ്ഠിര!
പരം ശോഭനമാം ജന്മമിച്ഛിക്കിൽ ഭരതോത്തമ! 25
ബ്രാഹ്മണന്നു കൊടുത്തീടിൽ ശ്രേഷ്ഠമാം സ്വർഗ്ഗവും ദൃഢം
നേടുവാൻ കഴിയും ദാനമാണല്ലോ വലുതാം ക്രിയ. 26
ഇവിടുന്നു കൊടുത്തിട്ടു ജീവിപ്പൂ പിതൃദേവകൾ
അതിനാൽ ബ്രാഹ്മണക്കേകവേണം ദാനമറിഞ്ഞവൻ. 27
ബ്രാഹ്മണൻ ഭരതശ്രേഷ്ഠ, മഹത്താം തീർത്ഥമാണു പോൽ
ഒരിക്കലും പൂജയേററീടാതെ പോകൊല്ല ഭൂസുരൻ. 28

10. ശൂദ്രമുനിസംവാദം

എന്തെങ്കിലും ഉപദേശം നൽകുന്നതു് അധികാരിയെ നോക്കിട്ടു വേണമെന്നും ഇല്ലെങ്കിൽ അതുകൊണ്ടുള്ള ദോഷം ഉപദേഷ്ടാവിനെത്തന്നെ ബാധിക്കുമെന്നും തെളിയിക്കാനായി, ഭീഷ്മർ ഒരു മഹർഷിയുടെയും ശൂദ്രൻെറയും ചരിത്രം വിവരിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ഇഷ്ടനെന്നാ വേഴ്ചകൊണ്ടു ജാതി താഴ്ന്നുള്ളവന്നൊരാൾ
ഉപദേശം ചെയ്കിലുണ്ടോ രാജർഷേ, ദോഷമില്ലയോ? 1
ഇതു തത്ത്വംപോലെ കേൾപ്പാനാഗ്രഹിപ്പേൻ പിതാമഹ!
സൂക്ഷ്മമല്ലോ ധർമ്മവഴിയതിൽ മോഹിപ്പൂ മാനവർ. 2

ഭീഷ്മൻ പറഞ്ഞു

ഇതിൽ നിന്നോടു പറയാം രാജാവേ, കേൾ യഥാക്രമം
മുന്നേ മാമുനിമാർ ചൊല്ലിപ്പണ്ടു ഞാൻ കേട്ടവണ്ണമേ. 3
ഉപദേശം ചെയ്തിടൊല്ലാ ജാതി താഴ്ന്നുള്ളോർക്കുമേ
ഉപദേശിക്കിൽ വലിയ ദോഷമാചാര്യനുണ്ടുപോൽ. 4

1 അഗദൻ=വൈദ്യൻ. 2 'പുരം ജാനപദം ചൈവ ശാന്തിരിഷ്ടേന പോഷയേത്' എന്നാണു മൂലം. 'ശാന്തി മൂലമുണ്ടായ രിഷ്ടംകൊണ്ടു' എന്നാണു് 'ശാന്തിരിഷ്ടേന' എന്ന പദത്തിൻെറ വ്യാഖ്യാനം. രിഷ്ടം എന്നുവെച്ചാൽ ക്ഷേമം എന്നർത്ഥം. 'രിഷ്ടം ക്ഷേമേ' എന്നു മേദിനി.

ദൃഷ്ടാന്തമിതു രാജാവേ, കേട്ടാലും ഭരതർഷഭ!
ഗുരുക്തമൊഴിയിൽബ്ഭൂപ, പണ്ടൊത്തോണം യുധിഷ്ഠിര! 5
ബ്രഹ്മാശ്രമപദത്തിങ്കൽ ഹിമവൽപ്പാർശ്വഭൂമിയിൽ
നാനാ വൃക്ഷഗണം പൂണ്ട പുണ്യമായുണ്ടൊരാശ്രമം. 6
നാനാ ഗുല്മങ്ങളുള്ളൊന്നു മൃഗപക്ഷിഗണാശ്രിതം
അഴകിൽ പൂത്ത കാടൊത്തു സിദ്ധചാരണസേവിതം. 7
പല വ്രതികളായുള്ള താപസന്മാരെഴുന്നിടം
സൂര്യാഗ്നിസന്നിഭർ മഹാഭാഗരാം ബ്രാഹ്മണോത്തമർ 8
നിയമവ്രതമാണ്ടുള്ള തപസ്വികളെഴുന്നിടം.
കൃതാത്മാക്കൾ യതാഹാരർ[1] ദീക്ഷിതന്മാർകൾ ഭാരത! 9
തപഃസ്വാദ്ധ്യായഘോഷാനനാദിതം ഭരതർഷഭ!
വളരെബ്ബാലഖില്യന്മാർ യതിമാരമരുന്നിടം. 10
അതിലുത്സാഹമുൾക്കൊണ്ടിട്ടൊരു ശൂദ്രൻ ദയാന്വിതൻ
ആശ്രമത്തിൽച്ചെന്നു മുനിമാർകൾ പൂജിച്ചതേറ്റവൻ 11
പല ദീക്ഷയൊടോജസ്സാർന്നമരാഭമുനീന്ദ്രരെ
അവരെക്കണ്ടവൻ പാരം ഹർഷം പൂണ്ടിതു ഭാരത! 12
അവന്നു ബുദ്ധിയുണ്ടായീ തപസ്സിൽ ഭരതർഷഭ!
കാൽ പിടിച്ചിട്ടോതി കുലപതിയോടഥ ഭാരത! 13
"ഇച്ഛിപ്പേൻ നിൻ പ്രസാദത്താൽദ്ധർമ്മം ചൊൽവാൻ ദ്വിജർഷഭ!
ഭഗവാനേ, ഭവാനെന്നെ പ്രവ്രജിപ്പിച്ചിടേണമേ. 14
ഭഗവാനേ, ജാതി താഴ്ന്നോൻ ശൂദ്രൻ ഞാനയി സത്തമ!
ശുശ്രൂഷിപ്പാനാഗ്രഹിപ്പേൻ പ്രസാദിക്ക പ്രപന്ന[2]നിൽ." 15

കുലപതി പറഞ്ഞു

ഇവിടെശ്ശൂദ്രനൊക്കില്ലാ യതിലിംഗ[3]ത്തിൽ വാഴുവാൻ.
വേണമെങ്കിൽ പാർത്തുകൊൾക ശുശ്രൂഷാപരനായി നീ 16
ശുശ്രൂഷയാൽ പരം ലോകം നേടും നീയില്ല സംശയം.

ഭീഷ്മൻ പറഞ്ഞു

എന്നാ മുനി പറഞ്ഞോരാശ്ശൂദ്രൻ ചിന്തിച്ചു മന്നവ!
"ഞാനെന്തു ചെയ്‌വൂ ധർമ്മത്തിൽ ശ്രദ്ധയൊട്ടേറെയുണ്ടു മേ 17
അറിഞ്ഞേനേവമാവട്ടേ ചെയ്യേനാത്മപ്രിയത്തെ ഞാൻ."
ആശ്രമം വിട്ടു ദൂരെപ്പോയുടജം കെട്ടിനാനവൻ 18
അതിങ്കൽ വേദിയും ഭൂവും ദേവതായതനങ്ങളും
ഉണ്ടാക്കിബ്ഭരതശ്രേഷ്ഠ, മുനിയായ് നിയമസ്ഥനായ് 19
അഭിഷേകം നിയമവും ദേവതായതനങ്ങളിൽ
ബലിയും ഹോമവും ചെയ്തു കഴിച്ചൂ ദേവപൂജയും. 20

---

1 യതാഹാരർ – ആഹാരക്രമം നിയന്ത്രിച്ചവർ. 2 പ്രപന്നൻ = ശരണാഗതൻ.
3 യതിലിംഗം = സന്ന്യാസിവേഷം.

സങ്കല്പനിയമം പൂണ്ടോൻ ഫലം തിന്മോൻ ജിതേന്ദ്രിയൻ
നിത്യം ചാരത്തൗഷധികൾ ഫലങ്ങളിവകൊണ്ടു താൻ 21
ശരിക്കവൻ പൂജ ചെയ്തു വന്നൊത്തതിഥിമാർകളെ.
ഈവണ്ണം വളരെക്കാലമായവന്നു കഴിഞ്ഞുതേ 22
ഇവന്നുള്ളോരാശ്രമത്തിൽച്ചെന്നു സംഗതിയാൽ മുനി.
പൂജിച്ചവൻ സ്വാഗതത്താൽ തോഷിപ്പിച്ചു മഹർഷിയെ 23
അനുകൂലപ്രസംഗങ്ങൾ ചെയ്തു ചോദിച്ചു പോയിനാൻ.
തേജസ്സേറുന്നാ മഹർഷി ധർമ്മിഷ്ഠൻ സംശിതവ്രതൻ 24
ഇപ്രകാരം പലകുറി ശൂദ്രൻെറ ഭരതർഷഭ!
ആശ്രമം പുക്കിതു മുനി ശൂദ്രനെക്കാണുവാൻ നൃപ! 25
പിന്നെച്ചൊന്നാനാ മുനിയോടാശ്ശൂദ്രൻ ഭരതർഷഭ!
"പിതൃകാര്യം ചെയ്യുന്നതിന്നെനിക്കേകുകനുഗ്രഹം." 26
ആവട്ടെയെന്നാനവനോടാ വിപ്രൻ ഭരതർഷഭ!
ആശ്ശൂദ്രൻ ശുചിയായ് പാദ്യമാ മുനിക്കാനയിച്ചുതേ 27
പിന്നെദ്ദർഭകളും വന്യൗഷധിയും ഭരതർഷഭ!
പവിത്രാസനവും ദർഭപ്പുൽപ്പായും കൊണ്ടുവന്നുതേ. 28
പിന്നെത്തെക്ക തിരിച്ചിട്ടാ ബൃസി[1] പശ്ചിമശീർഷമായ്[2]
അന്യായമായ് വെച്ചുകണ്ടാശ്ശൂദ്രനോടോതിനാനൃഷി: 29
"കിഴക്ക തലയായ് വെയ്ക്കു ശുചിയായങ്ങുദങ്മുഖൻ[3]."
ഋഷി ചൊന്നപടിക്കൊക്കയതു ചെയ്തീടിനാനവൻ. 30
മേധാവി ദർഭാർഘ്യാദ്യങ്ങളുപദേശിച്ചവണ്ണമേ
മുററും ചൊന്നാനാത്തപസ്വി ഹവ്യകവ്യവിധാനവും[4]. 31
മഹർഷി പിതൃകാര്യത്തിലവൻ ധർമ്മപഥസ്ഥനായ്
പിതൃകാര്യം ചെയ്തയച്ചോരദ്ദേഹം പോയിയങ്ങനെ. 32
പിന്നെയൊട്ടേറെ നാൾ ചെന്നാത്തപിക്കും ശൂദ്രതാപസൻ
മരിച്ചുപോയി,താക്കാട്ടിലാച്ചെയ്ത സുകൃതത്തിനാൽ 33
അവൻ മഹാരാജവംശേ പിറന്നിതു മഹാദ്യുതി.
അമ്മട്ടാ മുനിയും താത, കാലധർമ്മമണഞ്ഞുപോയ് 34
പുരോഹിതകുലേ വിപ്രൻ പിറന്നു ഭരതർഷഭ!
ഈവണ്ണമവിടെച്ചെന്നു ശൂദ്രമാമുനിമാർ തദാ 35
ക്രമത്തിൽ വർദ്ധിച്ചു വിദ്യാകുശലന്മാർകളാമവർ.
അഥർവ്വവേദവേദങ്ങളുറച്ചുള്ളവനായ് മുനി; 36
കല്പപ്രയോഗമതിലും മേലെയായ് ജ്യോതിഷത്തിലും
സാംഖ്യത്തിലും പരം പ്രീതി വാച്ചുവന്നിതവന്നഹോ! 37

---

1 ബൃസി=ദർഭപ്പുല്പായ. 2 പശ്ചിമശീർഷമായ്=പടിഞ്ഞാട്ടു തിരിച്ച്. 3 ഉദങ്മുഖൻ=വടക്കോട്ടു തിരിഞ്ഞവൻ. 4 ഹവ്യകവ്യവിധാനം=ദേവകൾക്കും പിതൃക്കൾക്കും ബലി നല്കേണ്ട സമ്പ്രദായം.

അച്ഛൻ മരിച്ചിട്ടാശൗചം തീർന്നതിൽപ്പിന്നെ മന്നവൻ
രാജപുത്രൻ നാട്ടുകാരാലഭിഷിക്തനുമായ് നൃപൻ. 38
അഭിഷിക്തൻ മുനിക്കേകീ പൗരോഹിത്യാഭിഷേചനം
അവൻ പുരോധസ്സവനായ്[1] സുഖിച്ചു ഭരതർഷഭ! 39
രാജ്യം ശാസിച്ചു ധർമ്മത്താൽ പ്രജാരക്ഷണ ചെയ്തവൻ
പുണ്യാഹത്തിൽ സദാ വീണ്ടും ധർമ്മകാര്യങ്ങളിങ്കലും 40
ഭൂപൻ പുരോധസ്സെ നോക്കിയുൽസ്മയിച്ചു[2] ഹസി[3]ച്ചുതേ.
ഏവം ഭൂപ, പുരോധസ്സെ ഹസിച്ചു പലപാടവൻ; 41
പുരോധസ്സും കണ്ടറിഞ്ഞു പലപാടാ നരേശ്വരൻ
ഉൽസ്മയിക്കുന്നതെപ്പോഴും കണ്ടിവൻ മന്യുവാണ്ടുപോയ്. 42
വിജനത്തിൽ പുരോധസ്സാ രാജാവോടിടചേർന്നുടൻ
അനുകൂലപ്രസംഗത്താലിണക്കീ നരനാഥനെ. 43
പിന്നെച്ചൊന്നാൻ മന്നനോടീയോതിക്കോൻ ഭരതർഷഭ!
'ഭവാൻ നല്കുന്നോരു വരമിച്ഛിപ്പേൻ ഞാൻ മഹാദ്യുതേ!' 44

രാജാവു പറഞ്ഞു

അങ്ങയ്ക്കേകാം നൂറു വരമൊന്നെന്നെന്തോ ദ്വിജോത്തമ!
സ്നേഹമാന[4]ങ്ങളാലങ്ങയ്ക്കേകവല്ലാത്തതില്ല മേ. 45

പുരോഹിതൻ പറഞ്ഞു

വരമൊന്നാഗ്രഹിപ്പേൻ ഞാൻ നീ സന്തോഷിക്കിൽ മന്നവ!
പ്രതിജ്ഞ ചെയ്ക നീ സത്യം ചൊല്ലണം പൊളി ചൊല്ലൊലാ.

ഭീഷ്മൻ പറഞ്ഞു

ദൃഢമെന്നോതിയവനോടാ രാജാവു യുധിഷ്ഠിര!
അറിഞ്ഞിരിക്കാൻ ഞാൻ ചൊല്ലാം ചൊല്ലില്ലതറിയായ്കിൽ— [ഞാൻ. 47

പുരോഹിതൻ പറഞ്ഞു

പുണ്യാഹത്തിൽ സദാ വീണ്ടും ധർമ്മകർമ്മങ്ങളിങ്കലും
ശാന്തിഹോമത്തിലും നീയെന്തെന്നെപ്പാർത്തു ഹസിക്കുവാൻ? 48
നാണത്തിൽ പൂണ്ടുപോകുന്നു നീ ഹസിക്കുമ്പൊളെന്മനം
ആശയാൽ ശപഥം ചെയ്യിച്ചങ്ങു ഭോഷ്ക്കോതൊലാ നൃപ! 49
വെളിവാം കാരണമിതിൽ പാഴിലാവില്ല നിൻ ചിരി
കൗതുഹലമെനിക്കേറ്റം തത്ത്വമായ് പറയേണമേ. 50

രാജാവു പറഞ്ഞു

ഇമ്മട്ടങ്ങോതിയാൽ വിപ്ര, ചൊല്ലവല്ലാത്തതാകിലും
തീർച്ചയായും പറയണം മനം വെച്ചിതു കേൾ ദ്വിജ! 51
മുജ്ജന്മത്തിൽ നടന്നുള്ളതതുൾക്കൊള്ളു ദ്വിജോത്തമ!
മുജ്ജന്മമോർപ്പേൻ ഞാൻ ബ്രഹ്മൻ, കരുതിക്കേട്ടുകൊൾക നീ. 52

1 പുരോധസ്സവനായ് = അവന്റെ പുരോഹിതനായിട്ട്. 2 ഉൽസ്മയിക്ക = പുഞ്ചിരി തൂകുക. 3 ഹസിക്ക = പൊട്ടിച്ചിരിക്ക. 4 സ്നേഹമാനങ്ങൾ=സ്നേഹവും ബഹുമാനവും.

ഞാൻ ശൂദ്രനായിരുന്നു മുൻപൊട്ടേറെത്തപമാണ്ടവൻ
അങ്ങനുഗ്രതപസ്സാകുമൃഷിയത്രേ ദ്വിജോത്തമ! 53
ബ്രഹ്മൻ, സമ്പ്രീതനായിട്ടങ്ങെന്നനുഗ്രഹബുദ്ധിയാൽ
പിതൃകാര്യത്തിൽ മുൻപേകിയുപദേശം മമാനഘ! 54
ബൃസി ദർഭ ഹവ്യകവ്യങ്ങളിൽ മാമുനിസത്തമ!
ഈക്കർമ്മദോഷംകൊണ്ടങ്ങു പുരോധസ്സായ് പിറന്നതാം 55
വിപ്രേന്ദ്ര, രാജാവായ് ഞാനും കാൺക കാലവിപര്യയം.
എനിക്കങ്ങുപദേശിച്ചിട്ടീ ഫലം നേടിയിങ്ങനെ 56
ഈക്കാരണത്താൽ ബ്രഹ്മൻ, ഞാൻ ഹസിക്കുന്നേൻ ദ്വിജോത്തമ!
നിന്നെപ്പരിഭവിച്ചല്ലാ ഹസിപ്പൂ ഗുരുവാണു നീ 57
മാറിദ്ധരിച്ചെന്നിൽ മന്യുവതിലുൾത്താപമുണ്ടു മേ.
നിൻ ജന്മമോർപ്പേൻ ഞാൻ നിന്നിലതാണീ പ്രഹസിപ്പതും 58
ഇമ്മട്ടു നിൻ ഘോരതപമുപദേശാൽ നശിച്ചുപോയ്.
പുരോഹിതത്വം കൈവിട്ടു മേൽ നന്മയ്ക്കായ് ശ്രമിക്ക നീ 59
ഇതിലും കീഴിലാം ജന്മം പ്രാപിച്ചീടൊല്ല നീ ദ്വിജ!
ദ്രവ്യം വാങ്ങിക്കൊൾക വിപ്ര, പൂതാത്മാവാക സത്തമ! 60

ഭീഷ്മർ പറഞ്ഞു

പിന്നെ മന്നൻ വിട്ടയച്ച വിപ്രൻ ദാനമസംഖ്യമേ
ബ്രാഹ്മണർക്കേകിനാൻ വിത്തം ഭൂമി ഗ്രാമങ്ങൾ മറ്റുമേ. 61
കൃച്ഛ്രങ്ങളും ദ്വിജശ്രേഷ്ഠർ ചൊന്നവണ്ണം ചരിച്ചവൻ
തീർത്ഥങ്ങളും പുക്കു പിന്നെട്ടാനങ്ങൾ പലമാതിരി 62
വിപ്രർക്കു ഗോക്കളും നല്കിപ്പൂതാത്മാവായിതാത്മവാൻ.
ആപ്പുണ്യാശ്രമമെത്തീട്ടു വൻ തപം ചെയ്കിതായവൻ 63
പിന്നെപ്പരം സിദ്ധി നേടീ ബ്രാഹ്മണൻ രാജസത്തമ!
അങ്ങാശ്രമം വാഴുവർക്കു സമ്മതപ്പെട്ടിതായവൻ 64
ഏവം കഷ്ടപ്പെട്ടിതേററമാ മഹർഷി നൃപോത്തമ!
ഓതൊല്ലാ ബ്രാഹ്മണൻ താഴ്ന്നജാതിയായുള്ളൊരുത്തനിൽ 65
ഉപദേശമൊഴിക്കേണമെപ്പോഴും ബ്രാഹ്മണൻ നൃപ!
ഉപദേശം കൊടുത്തീടിൽ ദ്വിജൻ കഷ്ടത്തിലാപ്പെടും 66
ഏഷണം[1] കൊള്ളൊല്ല വാക്കാൽ ദ്വിജൻ നൃപതിസത്തമ!
ജാതി താഴ്ന്ന ജനത്തിങ്കലോതിപ്പോകൊല്ല ചെററുമേ. 67
വിപ്രക്ഷത്രിയവൈശ്യന്മാർ മൂന്നു ജാതി ദ്വിജാതികൾ
ഇവരിൽച്ചൊല്ലിയാൽദ്ദോഷപ്പെട്ടിടാ ബ്രാഹ്മണൻ നൃപ! 68
അതിനാൽ സത്തുക്കൾ വല്ലോരോടും വല്ലതുമോതൊലാ
സൂക്ഷ്മമല്ലോ ധർമ്മമാർഗ്ഗമകൃതാത്മസുദുർവ്വിദം[2]. 69

---

1 ഏഷണം=ആഗ്രഹം. 2 അകൃതാത്മസുദുർവ്വിദം = ബുദ്ധിക്കു നല്ല പകത വരാത്തവർക്കു മനസ്സിലാക്കാൻ സാധിക്കാത്തതു്.

അതിനാൽ മുനിമാർ മൗനദീക്ഷയേല്ക്കുന്നിതാദരാൽ
ദുരുക്തഭീതി[1]യാലൊന്നും ചൊല്ലുമാറില്ല മന്നവ! 70
ധാൎമ്മികന്മാർ ഗുണാഢ്യന്മാർ സത്യാൎജ്ജവമിയന്നവർ
ദുരുക്തവാക്കേററുപോയാൽ പ്രാപിച്ചീടുന്നു ദുഷ്കൃതം. 71
ഉപദേശം ചെയ്തിടൊല്ലാ വല്ലതും വല്ലവൎക്കുമേ
ഉപദേശത്തിനാൽ പാപം ബ്രാഹ്മണന്നു പിണഞ്ഞിടും. 72
അതിനാൽധൎമ്മമിച്ഛിക്കും പ്രാജ്ഞൻ ചിന്തിച്ചുരയ്ക്കണം
സത്യാനൃത[2]ത്തിനാൽ ചെയ്തോരുപദേശം മുടിക്കുമേ. 73
ചോദിച്ചാൽ നിശ്ചയിച്ചിട്ടു നിശ്ചയപ്പടി ചൊല്ലണം
ധൎമ്മം കിട്ടുംപടിക്കുള്ളോരുപദേശം കൊടുക്കണം. 74
ഇതൊക്കെച്ചൊല്ലിനേൻ തന്നേനുപദേശം നിനക്കു ഞാൻ
മഹാക്ലേശം പററുമെന്നാലുപദേശം കൊടുക്കൊലാ. 75

11. ശ്രീരുക്‌മിണീസംവാദം

രുക്‌മിണിയും മഹാലക്ഷ്മിയും തമ്മിൽ നടന്ന ഒരു സംഭാഷണത്തെ ഉദ്ധരിച്ച്, ലക്ഷ്മിയുടെ അധിവാസം എവിടെയൊക്കെയാണെന്നു ഭീഷ്മർ ധൎമ്മപുത്രനോടു പറയുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

എമ്മട്ടെഴും പുരുഷനിൽ സ്ത്രീയിലും താത, ഭാരത!
പത്മയാം ശ്രീ വാഴ്വതെന്നുമതു ചൊല്ലു പിതാമഹ! 1

ഭീഷ്മൻ പറഞ്ഞു

ഇതിൽ നിന്നോടു വൎണ്ണിക്കാം കേട്ടവണ്ണം നടന്നതായ്
ചോദിച്ചു രുക്മിണീദേവി ദേവകീപുത്രസന്നിധൗ. 2

നാരായണാങ്കത്തിലിരുന്നു മിന്നും
പത്മാഭയാം ശ്രീയൊടു നേരെ നോക്കി
കൗതുഹലാൽ കണ്ണു വിടുന്നു മീന–
ധ്വജന്റെ മാതാവിതു ചെയ്തു ചോദ്യം. 3
“ഭൂതങ്ങളേതേതു ഭജിപ്പു നീ ചെ–
ന്നിരിപ്പതേതൊക്കെയൊഴിപ്പതും നീ?
അതൊക്കെ മുപ്പാൎക്കധിപന്റെ കാന്തേ!
തത്ത്വത്തൊടിങ്ങോതു മഹൎഷികല്പേ!” 4
എന്നങ്ങു ചോദിച്ചൊരു ദേവി ലക്ഷ്മി
മുൻപാകെവെച്ചാഗ്ഗരുഡധ്വജന്റെ
പറഞ്ഞുകൊണ്ടാൾ മധുരസ്വരത്തിൽ
മനോഹരം പ്രീതിയൊടിന്ദുവക്ത്ര. 5

---

1 ദുരുക്തഭീതി=പറയരുതാത്തതു പറഞ്ഞുപോകുമോ എന്ന പേടി. 2 സത്യാനൃതം=കച്ചവടം; ധനലോഭം.

ശ്രീ പറഞ്ഞു

ഇരിപ്പനെന്നും സുഭഗൻ പ്രഗത്ഭൻ
ദക്ഷൻ നരൻ വേല ചെയ്യുന്നൊരുത്തൻ
അക്രോധനൻ ദേവപരൻ കൃതജ്ഞൻ
ജിതേന്ദ്രിയൻ സത്വവാനീജ്ജനത്തിൽ. 6

വാഴില്ല ഞാൻ വേല ചെയ്യാത്തൊരുത്തൻ
നാസ്തികൃവാൻ സാങ്കരികൻ കൃതഘ്നൻ
വൃത്തം പിഴച്ചോൻ സുനൃശംസവണ്ണൻ
കള്ളൻ ഗുരുദ്രോഹിയുമീജ്ജനത്തിൽ. 7

തേജോബലം സത്വവുമൊപ്പമായോർ
ക്ലേശിക്കുന്നോർ തൊട്ടതിൽ കോപമുള്ളോർ
അമ്മട്ടെഴുന്നോർകളിൽ പാർത്തിടാ ഞാൻ
മനോരഥം മൂടിവെപ്പോരിലും താൻ. 8

ആത്മാവിലിങ്ങൊപ്പമേ പ്രാർത്ഥിയാത്തോൻ
സ്വഭാവത്താലുള്ള കെട്ടുള്ളൊരുത്തൻ
അമ്മട്ടെഴും സ്വല്പസന്തോഷരായ
മനുഷ്യരിൽപ്പാർത്തിടാ ഞാൻ വെടിപ്പിൽ. 9

സ്വധർമ്മം ചെയ്യോർകളിൽധർമ്മവിത്തിൽ
വൃദ്ധോപസേവാപരനിൽ ദാന്തിമാനിൽ
കൃതാത്മാവിൽ ക്ഷാന്തനിൽ ദാക്ഷ്യവാനിൽ
ദാന്തിക്ഷാന്ത്യന്വിതമാർ[1] നാരിമാരിൽ 10

സത്യസ്വഭാവാർജ്ജവമുള്ളപേരിൽ
പാർപ്പേൻ ദേവദ്വിജപൂജാർദ്രമാരിൽ.
ഭാണ്ഡങ്ങൾ ചിന്നുന്നവൾ നോക്കിടാത്തോൾ
ഭർത്താവിനോടേററു മറുത്തു ചൊൽവോൾ 11

പരാവാസാസക്ത[2]യാൾ നാണമററോ-
ളിമ്മട്ടെഴും പെണ്ണിനെത്തള്ളുവൻ ഞാൻ.
പതിവ്രതസ്ത്രീകളിൽ വാഴുവൻ ഞാൻ
കല്യാണമാന്നോരിലണിഞ്ഞപേരിൽ 12

സത്യാഢ്യമാ[3]രിൽ പ്രിയദർശമാരിൽ
സൗഭാഗ്യമാണ്ടോരു ഗുണാഢ്യമാരിൽ.
പാപം ചെയ്യോൾ വൃത്തി കെട്ടോൾ വിനിന്ദ-
ചെയ്യോളുറപ്പററവൾ ശുണ്ഠിയുള്ളോൾ 13

ഉറക്കമാന്നോളനിശം കിടപ്പോ-
ളിമ്മട്ടുള്ളാപ്പെണ്ണിനെത്തള്ളമീ ഞാൻ.

---

1 ദാന്തിക്ഷാന്ത്യന്വിതമാർ = അടക്കവും സഹിഷ്ണുതയും ഉള്ളവർ. 2 പരാവാസാസക്ത = അന്യഗൃഹത്തിൽ താമസിക്കാൻ ഇഷ്ടപ്പെടുന്നവൾ. 3 സത്യാഢ്യമാർ = സത്യതൽപരമാർ.

യാനങ്ങരം നൽക്കന്യകരം ഭൂഷണങ്ങരം
യജ്ഞങ്ങരം വഷിപ്പൊരു വാരിദങ്ങരം 14
വിടുന്ന പൊസ്ഥാർകരം ശരത്തിലുള്ള
നക്ഷത്രമാഗ്ഗങ്ങളതേവിധത്തിൽ
ഗജങ്ങരം ഗോഷ്ഠങ്ങരം ശുഭാസനങ്ങരം
പൊസ്ഥാർ വിടന്നുള്ള ജലാശയങ്ങരം 15
അന്നങ്ങളും ക്രൗഞ്ചഗണങ്ങളും ന–
ല്ലാരാവമേററുന്ന നദീഗണങ്ങരം
കരസ്ഥ വൃക്ഷങ്ങരം നിരന്നു ചുററും
തപസ്വിസിദ്ധദ്വിജസേവിതങ്ങരം 16
പെരുത്തു നീരുള്ളൊരിവററിൽ വാഴ്വേൻ
ഹംസേഭരാൽ വെള്ളമുലഞ്ഞവററിൽ.
മത്തദ്വിപത്തിൽക്കാളയിൽപ്പാത്ഥിവങ്കൽ
സിംഹാസനത്തിൽ സൽപ്പുമാന്മാരിൽ നിത്യം 17
അഗ്നിക്കു ലോകം ഹോമമേകുന്ന ദിക്കിൽ
ഗോബ്രാഹ്മണാമരപൂജാദ്ധ്യദിക്കിൽ
കാലേ പൂവാൽ ബലി നല്കുന്ന ദിക്കിൽ
ഗൃഹത്തിങ്കൽപ്പാക്കുവേനെപ്പൊഴും ഞാൻ. 18
സ്വാദ്ധ്യായനിത്യദ്വിജരിൽ സദാ ഞാൻ
ധമ്മിഷ്ഠനാം ക്ഷത്രിയൻതങ്കലും ഞാൻ
കൃഷിക്കുന്നും വൈശ്യനിലും വസിപ്പേൻ
നിത്യം ശുശ്രൂഷകശ്ശൂദ്രങ്കലുംതാൻ. 19
നാരായണങ്കൽ കരളൊത്തു വാഴ്വേൻ
ശരീരമായ് സവ്വഭാവാനുരൂപം;
വൻപിച്ചീടും ധമ്മമവങ്കലല്ലോ
ബ്രഹ്മണ്യത്വംതാനുമേവം പ്രിയത്വം. 20
ദേഹത്തോടും ഞാനമരില്ല ദേവി!
നമുക്കു വയ്യിങ്ങിനെ ചൊല്ലുവാനും
ഭാവത്തൊടിങ്ങേവനിൽ വാഴ്വതോ ഞാൻ
ധമ്മാത്ഥകാമപ്പുകളേന്തുമായാരം. 21

12. ഭംഗാസ്വനോപാഖ്യാനം

സ്ത്രീപുരുഷസംയോഗത്തിൽ സ്ത്രീയാണു കൂടുതൽ സുഖം അനുഭവിക്കുന്നതെന്നു്, ഭംഗാസ്വനൻ എന്ന രാജഷിയുടെ ചരിത്രമുദാഹരിച്ചു് ഭീഷ്മർ സ്ഥാപിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

സ്ത്രീപുമാന്മാരിലാക്കേറും സംസഗ്ഗേ സ്പശ്ജം രസം
ഈസ്സംശയത്തിൽ നൃപതേ, ശരിയായ് വിവരിക്കണേ. 1

ഭീഷ്മൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
ശക്രന്നു ഭംഗാസ്വനനായ് വൈരം പണ്ടാണ്ടവണ്ണമേ. 2
പണ്ടു ഭംഗാസ്വനാഖ്യാനൻ രാജർഷിയതിധാർമ്മികൻ
അപുത്രൻ പുത്രനുണ്ടാവാൻ യജ്ഞം ചെയ്തു നരർഷഭ! 3
അഗ്നിഷ്ടുതം ഹരിദ്വിഷ്ട[1]മാ രാജർഷി മഹാബലൻ
മർത്ത്യർക്കു പുത്രകാമീയപ്രായശ്ചിത്തത്തിൽ വേണ്ടതാം. 4
ആ യജ്ഞത്തെയറിഞ്ഞിന്ദ്രൻ മഹാഭാഗൻ സുരേശ്വരൻ
നിയതാശയ[2] രാജർഷിയവനിൽപ്പാർത്തിതന്തരം[3]. 3
കണ്ടതില്ലാ മഹാത്മാവിന്നന്തരം നൃപ, ചെററവൻ
ഒട്ടുകാലം കഴിഞ്ഞിട്ടു വേട്ടയ്ക്കായ് പോയി മന്നവൻ. 6
ഇതു ലാക്കെന്നിന്ദ്രനപ്പോൾ മോഹിപ്പിച്ചു നരേന്ദ്രനെ
രാജർഷിയൊററയശ്വത്താൽ ചുററിനാനിന്ദ്രമോഹിതൻ. 7
ദിക്കറിഞ്ഞീല നൃപതി പൈദാഹാർത്തിതനപ്പൊഴേ
അങ്ങുമിങ്ങും ചെന്നു രാജൻ, ദാഹിച്ചു തളരും നൃപൻ. 8
നല്ല വെള്ളം നിറഞ്ഞുള്ള പൊയ്ക കണ്ടീടിനാനവൻ
അവനാപ്പൊയ്കു കണ്ടുണ്ണീ, നീർ കുടിപ്പിച്ചു വാജിയെ. 9
വെള്ളം കുടിച്ചുള്ളശ്വത്തെ മരത്തിൽക്കെട്ടി മന്നവൻ
പിന്നെ വെള്ളത്തിലാണ്ടുണ്ണീ, പെണ്ണായിത്തീർന്നിതായവൻ. 10
തന്നെപ്പെണ്ണായിട്ടു കണ്ടു നാണം പൂണ്ടാ നൃപോത്തമൻ
സർവ്വാത്മനാ ചിന്തയാണ്ടാൻ വ്യാകുലേന്ദ്രിയചേതനൻ. 11
അശ്വമെങ്ങനെ കേറേണ്ടു പുരം പൂകേണ്ടതെങ്ങനെ?
അഗ്നിഷ്ടുതമഖം ചെയ്തു നൂറുപേർ മക്കളൗരസർ 12
മഹാബലന്മാരുണ്ടായിതവരോടെന്തു ചൊൽവു ഞാൻ?
തൻെറ ദാരങ്ങളിൽ പൗരന്മാരിലും നാട്ടുകാരിലും 13
തന്വത്വം മാർദ്ദവം പിന്നെ വിക്ലബത്വവുമങ്ങനെ
സ്ത്രീഗുണം മുനിമാർ ചൊൽവൂ ധർമ്മതത്ത്വാർത്ഥദർശികൾ; 14
വീര്യവ്യായാമകാഠിന്യഗുണങ്ങൾ പുരുഷർക്കലും.
പൗരുഷം കെട്ടുപോയ് സ്ത്രീത്വമെന്തുകൊണ്ടോ പിണഞ്ഞു മേ 15
സ്ത്രീഭാവാലിനിയശ്വത്തിൽക്കേറാൻ നോക്കുന്നതെങ്ങനെ?
ഒട്ടേറെയും പണിപ്പെട്ടിട്ടശ്വമേറി നരാധിപൻ 16
പിന്നെപ്പുരം പുക്കിതുണ്ണീ, പെണ്ണായ നൃപസത്തമൻ.
മക്കൾ ഭാര്യകൾ ഭൃത്യന്മാർ പൗരജാനപദൗഘവും 17
ഇതെന്താണെന്നറിഞ്ഞിട്ടു വിസ്മയപ്പെട്ടിതേററവും.
പിന്നെയാ രാജർഷി ചൊന്നാൻ പെണ്ണായോൻ വാഗ്മിസത്തമൻ:

---
1 ഹരിദ്വിഷ്ടം = ഇന്ദ്രനു വിരോധമായതു്. 2 നിയതാശയൻ = ഇന്ദ്രിയനിഗ്രഹം ചെയ്തവൻ. 3 അന്തരം = (ദ്രോഹിക്കാനുള്ള)തക്കം.

''നായാട്ടിനായ് പടയൊടുമൊത്തിറങ്ങീടിനേൻ ദൃഢം
ഉഴന്നു കേറിനേൻ ഘോരാടവിയിൽ ദൈവചോദിതൻ. 19
ഘോരാടവിയിൽ ഞാൻ ദാഹിച്ചാർത്തനായ് നഷ്ടചേതനൻ
അഴകേറും പൊയ്ക കണ്ടേൻ പല പക്ഷികളുള്ളതായ് 20
അങ്ങിറങ്ങീട്ടു പെണ്ണായ് ഞാൻ ദൈവാൽ മുന്നമഹംകൃതൻ.''
നാമഗോത്രങ്ങളും ചൊല്ലിബ്ഭാര്യാമന്ത്രികളോടവൻ 21
പിന്നെപ്പുത്രന്മാരൊടോതീ പെണ്ണായോരു നൃപോത്തമൻ:
''പ്രീത്യാ രാജ്യം വാണുകൊൾവിൻ മക്കളേ, കാട്ടു പൂകുവൻ.'' 22
എന്നു പുത്രശതത്തോടു ചൊല്ലിക്കാടേറിനാനവൻ.
അവൾ ചെന്നാശ്രമത്തിങ്കലാശ്രയിച്ചൂ തപസ്വിയെ 23
അവൾക്കുണ്ടായ് താപസനാലാശ്രമത്തിൽ ശതം സുതർ.
അവരെക്കൊണ്ടുപോയ് മുററും മുൻമക്കളൊടു ചൊല്ലിനാൾ: 24
''ആണായ നാൾ മക്കൾ നിങ്ങൾ പെണ്ണാംനാൾ മക്കൾ നൂറിവർ
ഒരേടമേല്ലുവിൻ രാജ്യം ഭ്രാതൃത്വത്താലെ മക്കളേ!'' 25
ഭ്രാതാക്കളവരൊന്നിച്ചു ഭുജിച്ചൂ രാജ്യമപ്പൊഴേ.
ഭ്രാതൃത്വത്താൽ മുഖ്യരാജ്യം വാണോരെപ്പാർത്തു കണ്ടുടൻ 26
ചിന്ത ചെയ്തീടിനാൻ പിന്നെദ്ദേവേന്ദ്രൻ മന്യുവാണ്ടവൻ:
''ഉപകാരം ചെയ്തിതപകാരമല്ല നൃപനു ഞാൻ.'' 27
പിന്നെ ബ്രാഹ്മണരൂപത്തിൽ ദേവരാജൻ ശതക്രതു
നഗരം പുക്കു ഭേദിപ്പിച്ചാനാബ്ഭൂപൻെറ മക്കളെ. 28
''ഭ്രാതാക്കൾക്കില്ല സൗഭ്രാത്രമൊരച്ഛൻെറ സുതർക്കുമേ
രാജ്യാർത്ഥമായിത്തർക്കിച്ചൂ കാശ്യപന്മാർ സുരാസുരർ. 29
നിങ്ങൾ ഭംഗാസ്വനസുതർ മററുപേർ താപസാത്മജർ
കശ്യപാത്മജരാണല്ലോ ദൈത്യന്മാരുമമർത്ത്യരും; 30
നിങ്ങൾക്കു പൈതൃകം രാജ്യം ഭുജിപ്പൂ താപസാത്മജർ.''
ഇന്ദ്രൻ ഭേദിപ്പിച്ചോരവർ പോരിൽക്കൊന്നിതു തങ്ങളിൽ 31
അതു കേട്ടാത്താപസസ്ത്രീ സന്തപിച്ചു കരച്ചിലായ്.
വിപ്രവ്യാജാലവളൊടു ചെന്നു ചോദിച്ചു വാസവൻ: 32
''സന്തപിച്ചെന്തു ദുഃഖത്താൽ കരയുന്നു വരാനനേ!''
ആ സ്ത്രീ ബ്രാഹ്മണനെപ്പാർത്തു സങ്കടപ്പെട്ടു ചൊല്ലിനാൾ: 33
''ബ്രഹ്മൻ, മക്കളിരുന്നൂറും കാലത്താൽ ചത്തുപോയി മേ.
വിപ്ര, രാജാവായിരുന്നേനക്കാലം നൂറു മക്കൾ മേ 34
ഉണ്ടായീ സ്വന്തരൂപത്തിൽ പുത്രന്മാർ ബ്രാഹ്മണോത്തമ!
ഒരിക്കൽ വേട്ടയ്ക്കു പോയി കൊടുങ്കാട്ടിലുഴന്ന ഞാൻ 35
സരസ്സിങ്കലിറങ്ങീട്ടു പെണ്ണായി ബ്രാഹ്മണോത്തമ!
രാജ്യത്തിൽ പുത്രരേ വെച്ചു പിന്നെക്കാട്ടു കരേറിനേൻ. 36
പെണ്ണാമെനിക്കു മഹിതമുനിയാൽ നൂറു നന്ദനർ

ജനിച്ചിതാശ്രമേ ബ്രഹ്മൻ, നയിച്ചേൻ നഗരത്തിൽ ഞാൻ. 37
അവക്കു വൈരമുണ്ടായീ കാലയോഗത്തിനാൽ ദ്വിജ!
ഇതിൽ മാഴ്കുന്നു ഞാൻ ബ്രഹ്മൻ, ദൈവമിണ്ടലിലാഴ്ത്തിയോ൦.''
ഇന്ദ്രൻ മാഴ്കീടുമവളെ നോക്കിപ്പരുഷമോതിനാൻ:
''മുന്നം ഭദ്രേ, ദുസ്സഹമാം ദുഃഖം നല്കിയെനിക്കു നീ 39
ഇന്ദ്രദ്വിഷ്ടം യജിച്ചെന്നെയാഹ്വയിക്കാതെ ചെയ്തതിൽ
ദുർബ്ബുദ്ധേ, ഞാനിന്ദ്രനാണു നിന്നിൽ ഞാൻ പക വീട്ടിനേൻ.''
ഇന്ദ്രനെക്കണ്ടു രാജർഷി കാല്ക്കൽക്കമ്പിട്ടു മൗലിയാൽ,
''പ്രസാദിക്ക സുരശ്രേഷ്ഠ, പുത്രകാമത്തൊടാ ക്രതു 41
യജിച്ചേൻ ദേവശാർദ്ദൂല, ക്ഷമിക്കുകതിലെന്നിൽ നീ.''
അവൻ നമിക്കെസ്സന്തുഷ്ടൻ ദേവേന്ദ്രൻ വരമേകിനാൻ: 42
''രാജൻ, നിനക്കേതു മക്കൾ ജീവിക്കേണമതോതെടോ
സ്ത്രീത്വത്തിൽജ്ജാതരോ പുംസ്ത്വമാർന്നന്നുണ്ടായ കുട്ടരോ?'' 43
താപസസ്ത്രീയിന്ദ്രനോടു തൊഴുതുംകൊണ്ടു ചൊല്ലിനാൾ:
''സ്ത്രീയാമെനിക്കൊത്ത മക്കൾ ജീവിച്ചീടട്ടെ വാസവ!'' 44
ആശ്ചര്യപ്പെട്ടിന്ദ്രനാ സ്ത്രീയോടു ചോദിച്ചു പിന്നെയും:
''പുംസ്ത്വത്തിലുൽപ്പാദിതർ നിൻപുത്രന്മാർ ദ്വേഷ്യരായിതോ? 45
സ്ത്രീത്വത്തിൽ ജാതരായ് സ്നേഹമതിയായ് വന്നതെന്തുവാൻ?
കാരണം കേൾക്കുവാൻ മോഹമതെന്നോടുരചെയ്ക നീ.'' 46

സ്ത്രീ പറഞ്ഞു

പെണ്ണിനാണധികം സ്നേഹമാണിന്നില്ലപ്രകാരമേ
അതിനാലിന്ദ്ര, ജീവിക്ക പെണ്ണാമെന്നുടെ നന്ദനർ. 47

ഭീഷ്മർ പറഞ്ഞു

എന്നു കേട്ടിട്ടു ദേവേന്ദ്രൻ പ്രീതനായ്ച്ചൊല്ലിയിങ്ങനെ:
''ജീവിക്കട്ടേ നിന്റെ മക്കളൊക്കയും സത്യവാദിനീ! 48
വരം വരിക്കു രാജേന്ദ്ര, നീയിച്ഛിപ്പതു സുവ്രത!
എങ്കൽനിന്നെന്തു കാംക്ഷിപ്പൂ സ്ത്രീത്വമോ പുരുഷത്വമോ?'' 49

സ്ത്രീ പറഞ്ഞു

സ്ത്രീത്വംതന്നെ മതീ ശക്ര, പുംസ്ത്വമോപ്പീല വാസവ!
എന്നു കേട്ടിട്ടു ദേവേന്ദ്രനാപ്പെണ്ണിനൊടു ചൊല്ലിനാൻ: 50
''പുരുഷത്വം വെടിഞ്ഞെന്തേ സ്ത്രീത്വം ചോദിപ്പു നീ വിഭോ!''
എന്നു കേട്ടുത്തരം ചൊല്ലീ പെണ്ണായോൻ രാജസത്തമൻ: 51
''സ്ത്രീക്കു പുരുഷസംഗത്തിൽ പ്രീതിയുണ്ടേറെയെപ്പൊഴും
ഈക്കാരണത്തിനാലിന്ദ്ര, സ്ത്രീത്വംതന്നെ വരിപ്പു ഞാൻ. 52
സ്ത്രീത്വേ രമിപ്പേനധികം സത്യമാം ദേവസത്തമ!
സ്ത്രീഭാവത്താൽ തുഷ്ടയാം ഞാൻ പോയാലും ത്രിദശാധിപ!'' 53
എന്നാലാട്ടേയെന്നവളോടോതിസ്സ്വർഗ്ഗം കരേറിനാൻ;
ഈവണ്ണം സ്ത്രീക്കു രാജേന്ദ്ര, ചൊല്ലുന്നു പ്രീതി മെച്ചമായ്. 54

13. ലോകയാത്രാനുകഥനം

വാങ്മനശ്ശരീരങ്ങളിൽ ഒന്നുകൊണ്ടും പാപം ചെയ്യാതിരിക്കാൻ ശ്രമിക്കേണ്ടതാണെന്ന്.

യുധിഷ്ഠിരൻ പറഞ്ഞു

ലോകയാത്രാഹിതം നോക്കും മൎത്ത്യനെന്തോന്നു ചെയ്യണം?
ലോകയാത്രയ്ക്കെങ്ങനെയാമെന്തു ശീലത്തിൽ നില്ക്കണം? 1

ഭീഷ്മൻ പറഞ്ഞു

മെയ്യാൽ മൂന്നുവിധം കൎമ്മം വാക്കാൽ നാലുവിധം പരം
മനസ്സാൽ മൂന്നുവിധമീപ്പത്തുകൎമ്മം ത്യജിക്കണം. 2
പ്രാണപ്രണാശനം ചൗര്യം പരദാരാഭിമൎശനം
മെയ്യാലീ മൂന്നു പാപങ്ങളെങ്ങുമേ വിട്ടൊഴിക്കണം. 3
അസൽപ്രലാപം[1] പാരുഷ്യം പൊളിയേഷണിക്കുട്ടലും
നാലും വാക്കാലെ രാജേന്ദ്ര, ചൊല്ലൊല്ലാ നിരുപിക്കൊലാ. 4
അനഭിധ്യ[2] പരസ്വത്തിൽ സൎവ്വസത്വത്തിൽ വേഴ്ചയും
കൎമ്മത്തിൻ ഫലമുണ്ടെന്നും[3] മൂന്നും ചെയ്ക മനസ്സിനാൽ. 5
എന്നാൽ മെയ്‌വാക്കുള്ളുകൾകൊണ്ടശുഭം ചെയ്യൊലാ നരൻ
ശുഭാശുഭങ്ങൾ ചെയ്തീടിലതാതിൻ ഫലമേററിടും. 6

14. മേഘവാഹനോപാഖ്യാനം

ഭീഷ്മരാവശ്യപ്പെട്ടതനുസരിച്ച് കൃഷ്ണൻ ധൎമ്മപുത്രനോടു ശിവന്റെ മാഹാത്മ്യം വൎണ്ണിക്കുന്നു. ഇടയ്ക്ക് ഉദാഹരണമായി പല കഥകളും പറയുന്നു. കൂട്ടത്തിൽ ഉപമന്യു ശിവനെ പ്രാൎത്ഥിച്ചതും പ്രത്യക്ഷപ്പെടുത്തിയതും കൃഷ്ണൻ ശിവനെ കണ്ടതുമായ കഥകളും ഉൾപ്പെടുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

നീ ജഗൽപതിനാമങ്ങൾ കേട്ടിരിപ്പൂ സരിത്സുത!
വിഭോ, പിതാമഹേശനു നാമം ശംഭുവിനോതുക. 1
ബഭ്രുവിന്നു വിരൂപന്നു മഹാഭാഗ്യമതും ശരി
ദേവൻ സുരാസുരഗുരു ശങ്കരാവ്യക്തയോനിയിൽ. 2

ഭീഷ്മൻ പറഞ്ഞു

ധീമാൻ മഹാദേവനുടെ ഗുണം ചൊല്ലാവതല്ല മേ
ആദ്ദേവനോ സൎവ്വഗനാം കാണുവോനല്ലൊരേടവും. 3
ബ്രഹ്മവിഷ്ണുസുരേശൎക്കും സ്രഷ്ടാവാം പ്രഭുവാമവൻ
ബ്രഹ്മാദികൾ പിശാചാന്തർ സേവിപ്പിതവനെസ്സുരർ. 4

---

1 അസൽപ്രലാപം = ദുൎജ്ജനങ്ങളുമായുള്ള സംഭാഷണം. 2 അനഭിധ്യ = ഇച്ഛയില്ലായ്മ. 3 കൎമ്മത്തിൻ ഫലമുണ്ടെന്നു = ചെയ്യുന്ന കൎമ്മത്തിനു ഫലം അനുഭവിക്കേണ്ടിവരുമെന്ന വിചാരം.

പ്രകൃതിക്കുംമേലെയായിപ്പുരുഷന്നുമവൻ പരൻ
തത്ത്വം കാണുന്ന യോഗീന്ദ്രമുനികൾക്കു വിചിന്ത്യനാം. 5
അക്ഷരം പരമം ബ്രഹ്മമസത്തും സത്തുമാണവൻ
പുരുഷപ്രകൃതിക്ഷോഭം സ്വതേജസ്സാലെ ചെയ്യുവൻ. 6
ബ്രഹ്മാവിനേയും സൃഷ്ടിച്ചോൻ ദേവദേവൻ പ്രജാപതി
ധീമാനാദ്ദേവദേവന്റെ ഗുണം ചൊല്ലുവതാരുവാൻ? 7
ജന്മമൃത്യുജരായുക്തൻ മർത്ത്യൻ മൃത്യു പെടുന്നവൻ
ആരെമ്മട്ടുള്ളവൻ പോരും ഭവേശനെയറിഞ്ഞിടാൻ, 8
ശംഖചക്രഗദാധാരിയീ നാരായണനെന്നിയേ?
ഇവൻ വിദ്വാൻ ഗുണശ്രേഷ്ഠൻ വിഷ്ണുവത്യന്തദുർജ്ജയൻ 9
ദിവ്യദൃക്കുള്ള തേജസ്വി കാണുമേ യോഗദൃഷ്ടിയാൽ.
കൃഷ്ണൻ മഹാത്മാവു ലോകം വ്യാപിച്ചു രുദ്രഭക്തിയാൽ 10
ആദ്ദേവനെബ്ബദരിയിൽ പ്രസാദിപ്പിച്ചു ഭാരത!
അർത്ഥാൽ പ്രിയതരത്വത്തെസ്സർവ്വലോകത്തിൽവെച്ചുമേ. 11
സുവർണ്ണാക്ഷേശ്വരങ്കന്നു നേടിക്കൊണ്ടാൻ നരേശ്വര!
തികച്ചോരായിരത്താണ്ടീ മാധവൻ ചെയ്തു വൻ തപം. 12
പ്രസാദിപ്പിച്ചു വരദ, വിശ്വാചാര്യശിവേശനെ
കൃഷ്ണൻ മഹേശനെ യുഗംതോറും പ്രീതിപ്പെടുത്തിനാൻ. 13
മഹാത്മാവിന്നുള്ള പരഭക്തിയാൽ പ്രീതനായവൻ
മഹാത്മാവാ ജഗദ്യോനിക്കുള്ളോരൈശ്വര്യമെങ്ങനെ? 14
പ്രത്യക്ഷമതിവൻ കണ്ടു പുത്രാർത്ഥം ഹരിയച്യുതൻ
അവനെക്കാൾ മേലെയായിട്ടൊന്നും കാണ്മീല ഭാരത! 15
ദേവദേവന്റെ നാമങ്ങളൊക്കച്ചൊൽവാൻ സമർത്ഥനാം
ഇവൻ മഹാബാഹു, പോരും ഭഗവൽഗ്ഗുണമോതുവാൻ, 16
സത്യം മഹേശ്വരൈശ്വര്യം മുററുമങ്ങനെ മന്നവ!

വൈശമ്പായനൻ പറഞ്ഞു

എന്നുരച്ചുടനേ ഭീഷ്മൻ കൃഷ്ണനോടു യശോനിധി
ഭവമാഹാത്മ്യസംബദ്ധമേവം ചൊല്ലീ പിതാമഹൻ. 17

ഭീഷ്മൻ പറഞ്ഞു

സുരാസുരഗുരോ, ദേവ, വിഷ്ണോ, നീ ചൊല്ലിടേണമേ
ശിവന്നു വിശ്വരൂപന്നീച്ചോദിച്ചതു യുധിഷ്ഠിരൻ. 18
ദേവന്റെ നാമസാഹസ്രം തണ്ഡിയാം ബ്രഹ്മയോനിതാൻ
ബ്രഹ്മലോകേ ബ്രഹ്മനോടായുണർത്തിയതു മുന്നമേ. 19
ദ്വൈപായനപ്രഭൃതികളുമ്മട്ടുള്ളീത്തപോധനർ
അങ്ങു ചൊല്ലിക്കേട്ടിടട്ടേ ദാന്തരാം സുവ്രതർഷികൾ. 20
ധ്രുവൻ നന്ദീ ഹോതൃഗോപ്തൃവിശ്വസൃക്കഗ്നിയിങ്കലേ
മഹാഭാഗ്യം വിഭോ, ചൊല്ലു മുണ്ഡിയിങ്കൽക്കപെട്ടിയിൽ. 21

വാസുദേവൻ പറഞ്ഞു

ശരിക്കീശൻതന്റെ കർമ്മഗീതി കാണ്മാനശക്യയാം
ഹിരണ്യഗർഭാദ്യരിന്ദ്രനൊത്ത വാനോർ മുനീന്ദ്രരും, 22
ഇവന്റെ ഭവനം സൂക്ഷ്മംകാണുമാദിത്യർ കണ്ടിടാ.
ആസ്സാദ്ധ്യഗതിയെ മർത്ത്യമാത്രൻ കാണുന്നതെങ്ങനെ? 23
ആദ്ദേവനസുരഘ്നന്റെ ഗുണങ്ങൾ ചിലതിങ്ങു ഞാൻ
നിങ്ങൾക്കു ചൊല്ലിത്തരുവൻ വ്രതേശന്നൊത്തവണ്ണമേ. 24

വൈശമ്പായനൻ പറഞ്ഞു

എന്നുരച്ചിട്ടു ഭഗവാൻ മഹാത്മാവിൻ ഗുണങ്ങളെ
ആചമിച്ചിട്ടു ശുചിയായ് ചൊല്ലീ ധീമാന്റെയിങ്ങനെ. 25

വാസുദേവൻ പറഞ്ഞു

കേൾപ്പിൻ ബ്രാഹ്മണരേ, നിങ്ങളുണ്ടും താത, യുധിഷ്ഠിര!
അങ്ങും കപർദ്ദിനാമങ്ങൾ കേട്ടുകൊൾക നദീസുത! 26
സാംബന്നുവേണ്ടി ഞാൻ മുന്നം സാധിച്ചാദ്ദുഷ്കരത്തെയും
ശരിക്കാക്കണ്ടതും മുന്നം ഭഗവാനെസ്സമാധിയാൽ. 27
മുന്നം ശംബരനെദ്ധീമാൻ രൗക്മിണേയൻ വധിച്ചമേൽ
പന്തീരാണ്ടു കഴിഞ്ഞെന്നോടാജ്ജാംബവതി ചൊല്ലിനാൾ. 28
പ്രദ്യുമ്ന ചാരുദേഷ്ണാദി രൗക്മിണേയരെ നോക്കിയും
പുത്രാശയോടെന്നരികിൽ വന്നു ചൊല്ലി യുധിഷ്ഠിര! 29
"ശൂരൻ ബലികളിൽ ശ്രേഷ്ഠൻ കാന്തരൂപനകല്മഷൻ
ആത്മാഭൻ പുത്രനെയെനിക്കേകുകച്യുത, വൈകൊലാ. 30
അങ്ങയ്ക്കപ്രാപ്യമായില്ലാ മൂന്നു ലോകത്തിലൊന്നുമേ
നീയിച്ഛിച്ചാൽ വേറെ ലോകം സൃഷ്ടിക്കും യദുപുംഗവ! 31
പന്തീരാണ്ടിടയങ്ങേററം വ്രതമാണ്ടു വിശുദ്ധനായ്
ഭജിച്ചീശനെയുണ്ടാക്കീ രുക്മിണിക്കുള്ള മക്കളെ. 32
ചാരുദേഷ്ണൻതാൻ സുചാരു ചാരുവേഷൻ യശോധനൻ
ചാരുശ്രവസ്സാ പ്രദ്യുമ്നൻ ശംഭു ചാരുയശസ്സുമേ 33
ചാരുവിക്രമരീ മക്കൾ രുക്മിണിക്കു പിറന്നവർ;
അമ്മട്ടെനിക്കും മകനെത്തന്നാലും മധുസൂദന!" 34
എന്നാദ്ദേവി പറഞ്ഞപ്പോളാസ്സുമദ്ധ്യയൊടോതിനേൻ:
"അനുജ്ഞ നല്കെടോ രാജ്ഞി, നിന്റെ വാക്കിതു ചെയ്യുവേൻ."
അവളെന്നോടോതി ചെല്ല ജയത്തിന്നും ശിവത്തിനും
ബ്രഹ്മൻ ശിവൻ കാശ്യപനും തുണ വാനോർ സരിത്തുകൾ 36
ക്ഷേത്രൗഷധീയജ്ഞവാഹച്ഛന്ദസ്സൃഷികളൂഴിയും
ആഴിയും ദക്ഷിണസ്തോഭമൃക്ഷഗ്രഹപിതാക്കളും 37
ദേവപത്നീ ദേവകന്യാ ദേവമാതാക്കളും ശരി
മന്വന്തരങ്ങളും ഗോക്കൾ ഹരിയും ചന്ദ്രസൂര്യരും 38
സാവിത്രിയും ബ്രഹ്മവിദ്യയൃതുക്കളിഹ വത്സരം

ക്ഷണം ലവം മുഹൂർത്തങ്ങളും നിമേഷം യുഗപര്യയം 39
രക്ഷിക്കട്ടേ നിന്നെയെങ്ങും സുഖാർത്ഥം പോക യാദവ!
ക്ലേശമെന്യേ യാത്ര പോക പ്രമാദം വിട്ടു സന്മതേ!'' 40

ഈവണ്ണമേ സ്വസ്ത്യയനം കഴിച്ചാ—
ക്കപീന്ദ്രകന്യാനുമതത്തൊടീ ഞാൻ
നരാഗ്ര്യനച്ഛന്റെയുമമ്മതന്റെ
നരേന്ദ്രനാമാഹുകന്റേയുമന്തേ* 41

ചെന്നിട്ടു വിദ്യാധരരാജപുത്രി
ദുഃഖാർത്തയായ്ച്ചൊന്നതുമങ്ങുണർത്തി
തത്സമ്മതം വാങ്ങി മുറയ്ക്കു മാർഗ്ഗം
ഗദാഖ്യനോടും ബലരാമനോടും 42

ഉടൻ പറഞ്ഞാരവർ നന്ദിയോടും
''തപസ്സു വർദ്ധിക്ക ഭവാന്നവിഘ്നം.''

ഗുരുസമ്മതവും വാങ്ങിത്താർക്ഷ്യനെച്ചിന്തചെയ്തു ഞാൻ
ഹിമാദ്രിയെത്തിച്ചിതവൻ പിന്നീടവനെ വിട്ടു ഞാൻ. 43
ആശ്ചര്യവസ്തുക്കളെങ്ങു കണ്ടേനാപ്പർവ്വതത്തിൽ ഞാൻ
തപസ്സുകൾക്കതിശ്രേഷ്ഠം ക്ഷേത്രം കണ്ടേൻ മഹാത്ഭുതം. 44
ദിവ്യം വൈയാഘ്രപദ്യോപമന്യു മാമുനിതന്നുടെ
ദേവഗന്ധർവ്വാർച്ചിതം നൽ ബ്രഹ്മലക്ഷ്മിയെഴുന്നിടം. 45

ധവകകുഭകദംബ നാളികേരം
കുരവകകേതകജംബുപാടലങ്ങൾ
വടവരുണകവത്സനാഭവില്വം
സരളകപിത്ഥപ്രിയാളസാലതാലം 46

ബദരീംഗുദവും പുന്നയശോകാമ്രാതിമുക്തകം
ഇരിപ്പ കൊന്നയെന്നല്ല ചമ്പകങ്ങൾ പിലാശുകൾ 47
പൂവും കായുമെഴും കാട്ടുവൃക്ഷങ്ങൾ പലതുള്ളിടം
പൂ ഗുല്മവല്ലിയുള്ളേടം വാഴകൊണ്ടഴകുള്ളിടം 48
പല പക്ഷികൾ ചിന്നുന്ന ഫലവൃക്ഷങ്ങളുള്ളിടം
സ്ഥാനംതോറും വെച്ചിരിക്കും ഭസ്മക്കൂട്ടങ്ങളുള്ളിടം 49
രുരു മാൻ മർക്കടം സിംഹം പുലിയും കലരുന്നിടം
പുള്ളിമാൻ മയിലും ചേർന്നു പൂച്ച പാമ്പുകളുള്ളിടം 50
മൃഗൗഘം പോത്തു കരടിയിവയും കലരുന്നിടം

മദം തുടങ്ങുന്ന ഗജങ്ങളുള്ളിടം
പ്രഹൃഷ്ടനാനാഖഗജാലമുള്ളിടം
പുതുപ്രസൂനങ്ങളെഴുന്ന കാറണി—
പ്രകാശചിത്രദ്രുമജാലമുള്ളിടം. 51

* അന്തേ = അന്തികത്തിൽ; സമീപത്തിൽ.

പല പൂമ്പൊടി ചേർന്നാന മദഗന്ധം മണത്തഹോ!
ദിവ്യസ്ത്രീപാട്ടു കലരും കാററുവീശീ സുഖത്തോടും. 52
ധാരാനിനാദം മയിലിൻെറ നാദം
ശുകങ്ങളാം കുഞ്ജരബൃംഹിതങ്ങളും
ഉദാരമാം കിന്നരഗീതനാദം
സാമം ചൊല്ലും സ്വനവും ചേർന്നു വീര! 53
അന്യക്കചിന്ത്യമുള്ളാലും സരസ്സുകളെഴുന്നിടം
പൂക്കളും ചിന്നും വിശാലാഗ്നിശാലാലംകൃതമാമിടം. 54
മനോജ്ഞമായ് പുണ്യപവിത്രവാരിയു-
ള്ളാജ്ജഹ്നുകന്യാനദിയാലലംകൃതം
ധർമ്മിഷ്ഠരിൽ ശ്രേഷ്ഠർ ഹുതാഗ്നികള്ളർ
മഹർഷിമാർ ചേർന്നഴകാന്നെഴുന്നിടം 55
കാററുണ്ണുവോർ നീർ കുടിപ്പോർ ജപിപ്പോർ
വിശുദ്ധി ചെയ്യും യോഗിമാർ ധ്യാനനിത്യർ
ധൂമാശിമാരുഷ്മപർ പാൽ കുടിപ്പോർ
വിപ്രേന്ദ്രന്മാർ ചുററുമുള്ളാ പ്രദേശം. 56
ഗോചാരിമാരശ്മകുട്ടർ ദന്തോലൂഖലിമാർകളും
മൃഗചാരികളവ്വണ്ണം ഫേനപന്മാർ മരീചിപർ 57
അരയാൽക്കായ്കളും തിന്നുന്നോർ വെള്ളം മാത്രം കുടിപ്പവർ
ചീരത്തുകിലുടുക്കുന്നോർ വല്ക്കലം ചാത്തിടുന്നവർ 58
ക്ലേശിച്ചതാതുനിയമമേന്തീടും താപസോത്തമർ
മുനീന്ദ്രർ പലരെക്കണ്ടു കേറിച്ചെൽവാൻ തുടങ്ങിനേൻ. 59
സുപൂജിതൻ മാന്യസുരവ്രജങ്ങളാൽ
ശിവാദ്യരാൽ ഭാരത, പുണ്യവാൻകളാൽ
വിളങ്ങിയങ്ങാശ്രമമണ്ഡലം സദാ
രാജൻ, നഭസ്സിൽ ശശിമണ്ഡലപ്പടി. 60
കീരി പാമ്പും മാൻ പുലിയും മിത്രമട്ടിൽ കളിപ്പതാം
പ്രഭാവത്താൽ തപോദീപ്തർ യോഗ്യർ സന്നിധിചെയ്കയാൽ. 61
സർവ്വഭൂതമനോഹാരിയാ ശ്രേഷ്ഠാശ്രമഭൂമിയിൽ
വേദവേദാംഗജ്ഞർ വിപ്രശാർദ്ദൂലർ വിലസുന്നതിൽ 62
നാനാനിയമവിഖ്യാതയോഗ്യർഷിശ്രേഷ്ഠരുള്ളതിൽ
കേറുമ്പോഴും പ്രഭുവെക്കണ്ടേൻ നൽ ജടാചീരധാരിയെ, 63
തേജസ്സാലും തപസ്സാലും തീപോലുജ്ജ്വലമൂർത്തിയെ
ശിഷ്യർ ചൂഴും ശാന്തനായ യുവാവാം ബ്രാഹ്മണേന്ദ്രനെ. 64
തല കുമ്പിടുമെന്നോടു ചൊല്ലിനാനുപമന്യുതാൻ:
"സ്വാഗതം പുണ്ഡരീകാക്ഷ, ഫലിച്ചൂ നമ്മുടേ തപം 65
പൂജിപ്പൂ പൂജ്യനങ്ങെന്നെക്കാണേണ്ടോൻ വന്നു കാണ്കയായ്."
കൈകൂപ്പിയവനോടീ ഞാൻ മൃഗപക്ഷിയിലഗ്നിയിൽ 66

ധർമ്മത്തിലും ശിഷ്യരിലും ചോദിച്ചേനങ്ങനാമയം.
എന്നോടാബ് ഭഗവാൻ ചൊല്ലീ സാമമായ് ബ്രഹ്മഭംഗിയിൽ: 67
''തനിക്കൊക്കും തനയനെക്കൃഷ്ണ, നേടും ഭവാൻ ദൃഢം.
തോഷിപ്പിക്കു വൻ തപം പൂണ്ടീശാനപരമേശനെ 68
ഇങ്ങു ദേവൻ പത്നിയുമായ് ക്രീഡിക്കാറുണ്ടധോക്ഷജ!
ഇങ്ങീദ്ദേവപ്രവരനെ മുന്നം വാനോർ മുനീന്ദ്രരും 69
സത്യം ദമം തപസ്സേവം ബ്രഹ്മചര്യമിവററിനാൽ
തോഷിപ്പിച്ചു ശുഭേഷ്ടങ്ങൾ നേടീട്ടുണ്ടു ജനാർദ്ദന! 70
തേജസ്തപസ്സുകൾക്കുള്ള നിധിയാബ് ഭഗവാനിഹ
ശുഭാശുഭാഢ്യഭാവങ്ങൾ വിസർജ്ജിച്ചും ഗ്രസിച്ചുമേ 71
അചിന്ത്യൻ ദേവിയൊത്തുണ്ടു നീ ശത്രുഘ്ന, നിനപ്പവൻ.
പണ്ടാ ഹിരണ്യകശിപു ദൈത്യൻ മേരു കുലുക്കിയോൻ 72
വർഷാർബുദം* സുരൈശ്വര്യം ശർവ്വനോടേററുവാങ്ങിനാൻ.
അവൻെറ പുത്രപ്രവരൻ മന്ദരൻ പേർ പുകഴ്ന്നവൻ 73
മഹാദേവവരാൽ വർഷാർബുദം പൊരുതി ശക്രനായ്.
ആശ്ലേഷാരമാം വിഷ്ണുചക്രം ദേവേന്ദ്രനുടെ വജ്രവും 74
ആ ഗ്രഹാംഗങ്ങളിൽത്താത, തകർന്നു പണ്ടു കേശവ!
ഭഗവാൻ മുന്നമങ്ങയ്ക്കു തന്നാച്ചക്രമിഹാനഘ! 75
കൊന്നു വെള്ളത്തിൽ വാഴുന്ന ബലഗർവ്വിതദൈത്യനെ.
വൃഷാങ്കൻ തീർത്തതാണല്ലോ ജ്വലിക്കുമനഘപ്രഭം 76
ഭഗവാൻ തന്നിതങ്ങയ്ക്കു തേജോദ്ധർഷമത്ഭുതം.
കാണാൻ പററില്ല മററാർക്കും പിനാകിക്കൊഴിയേ ദൃഢം 77
സുദർശനമിതീവണ്ണമെന്നന്നേ ചൊല്ലിനാൻ ഭവൻ;
സുദർശനാഖ്യയതിനാലുലകിങ്കൽ പ്രസിദ്ധമായ്. 78
അതും ഗ്രഹാംഗങ്ങളിലായ് തകർന്നു താത, കേശവ!
ധീമാൻ ബലം പൂണ്ടു കേറും ഗ്രഹാത്മാവിൻെറ മേനിയിൽ 79
ശസ്ത്രങ്ങൾ മെയ്യിൽ കേറില്ലാ ചക്രവജ്രശതങ്ങളും.
ബലമേറുന്നാ ഗ്രഹൻ വന്നർദ്ദിപ്പിക്കുന്ന ദേവകൾ 80
ഏററുടച്ചു സുരർ ശിവവരമുള്ളസുരേന്ദ്രരായ്.
തുഷ്ടൻ വിദ്യുൽപ്രഭന്നായി ത്രൈലോക്യൈശ്വര്യമേകിനാൻ 81
നൂറായിരം വർഷമവൻ സർവ്വലോകേശനായിനാൻ.
എന്നുമങ്ങെന്നനുചരനാണെന്നുമരുളീടിനാൻ 82
അമ്മട്ടു പുത്രസാഹസ്രായുതവും നല്കിനാൻ പ്രഭു;
രാജ്യത്തിന്നു കുശദ്വീപം നല്കിയാബ് ഭഗവാനജൻ. 83
അപ്രകാരം ശതമുഖൻ ബ്രഹ്മസൃഷ്ടൻ മഹാസുരൻ
സ്വമാംസം തീയിൽ ഹോമിച്ചിതവൻ നൂററാണ്ടിലേറെനാൾ. 84

* വർഷാർബുദം = പത്തുകോടി സംവത്സരം.

ഭഗവാനവനോടെന്തുവേണമെന്നായി ശങ്കരൻ
ചൊന്നാൻ ശതമുഖൻ "ലോകമെനിക്കൊക്കേണമത്ഭുതം 85
ബലവും ദൈവതശ്രേഷ്ഠ, ശാശ്വതം തന്നുകൊൾക മേ."
അവ്വണ്ണമെന്നു ഭഗവാനവനോടോതിനാൻ പ്രഭു. 86
പുത്രാർത്ഥമായ് നിന്നുകൊണ്ടു പണ്ടാ സ്വായംഭുവൻ ക്രതു
യോഗംകൊണ്ടാത്മാവിലർപ്പിക്കണ്ടു മൂന്നൂറു വത്സരം. 87
അവന്നുമേകി ക്രതുവിന്നൊത്ത മക്കളെയായിരം
കൃഷ്ണ, നീയറിയും നൂനം യോഗേശൻ ദേവഗീതനെ. 88
യാജ്ഞവല്ക്യാഖ്യനായീടും മുനിയത്യന്തധാർമ്മികൻ
മഹാദേവനെയാരാധിച്ചേററിതേററം യശസ്സവൻ. 89
യോഗാത്മാവായിടും വേദവ്യാസൻ പാരാശരൻ മുനി
ശങ്കരാരാധനം ചെയ്തിട്ടേററിതേററം യശസ്സവൻ. 90
മുന്നം നിന്ദിച്ചുപോലിന്ദ്രൻ ബാലഖില്യമുനീന്ദ്രരെ
ഭഗവാൻ രുദ്രനെത്തോഷിപ്പിച്ചു ക്രുദ്ധർ തപിച്ചവർ. 91
അവരോടും ചൊല്ലി ദേവശ്രേഷ്ഠൻ പ്രീതൻ ജഗൽപ്പതി:
"തപസ്സാൽ നിങ്ങളുണ്ടാക്കും സോമഹാരി സുപർണ്ണനെ." 92
മഹാദേവൻെറ രോഷത്താൽ പണ്ടു വെള്ളം നശിച്ചുപോയ്
അതും സപ്തകപാലത്താൽ വേറിട്ടുണ്ടാക്കി ദേവകൾ; 93
പിന്നെപ്പാനീയമുണ്ടായീ രുദ്രൻ തെളിയെയൂഴിയിൽ.
ഭർത്താവിനെ വെടിഞ്ഞത്രിഭാര്യയാൾ ബ്രഹ്മവാദിനി 94
"ഇനി ഞാനാ മുനിയുടെ പാട്ടിൽ നില്ക്കില്ലൊരിക്കലും"
എന്നുരച്ചിട്ടു ശരണംപുക്കുപോലും മഹേശനെ. 95
ആഹാരം വിട്ടത്രിഭയംമൂലം മൂന്നൂറു വത്സരം
ഭവപ്രസാദത്തിനായിക്കിടന്നാൾ മുസലങ്ങളിൽ. 96
അവളോടു ചിരിച്ചോതീ ദേവ"നുണ്ടാം മകൻ തവ
ഭർത്താവു കൂടാതുണ്ടാകും രുദ്രനാലെയസംശയം 97
വംശത്തിൽ നിൻെറ നാമത്താലിഷ്ടപ്പടി പുകഴ്ന്നിടും."
ഭക്തസൗഖ്യകരൻ ദേവദേവനെത്താൻ വികർണ്ണനും 98
പ്രസാദിപ്പിച്ചു ഭഗവാൻ സിദ്ധനായ് മധുസൂദന!
ശാകല്യൻ സംശിതാത്മാവൊൻപതു നൂററാണ്ടുകാലമേ 99
മനോയജ്ഞത്തിനാൽ ചെയ്തു ഭവാരാധന കേശവ!
ഭഗവാൻ തുഷ്ടനവനോടോതീ, "നീ ഗ്രന്ഥകാരനാം 100
ഉണ്ണീ, നിനക്കക്ഷയയാം കീർത്തി മുപ്പാരിൽ നിന്നിടും.
മഹർഷിമാർ വിളങ്ങും നിൻ കുലമക്ഷയമായ്‌വരും 101
ദ്വിജശ്രേഷ്ഠൻ നിൻെറ പുത്രൻ സൂത്രകാരനുമായിടും."
ഉണ്ടായി സാവർണ്ണി കൃതയുഗത്തിൽ പുകഴ്പ്പോന്നൃഷി 102
അവനർത്തു നൂററാണ്ടു തപം ചെയ്തീടിനാനിഹ.

ഭഗവാൻ രുദ്രനവനോടോതീ, "സന്തുഷ്ടനായി ഞാൻ 103
ഗ്രന്ഥകർത്താവനഘ, നീ പേർ കേൾക്കമജരാമരൻ."
ശക്രനും ദേവനെപ്പണ്ടു കാശിയിങ്കൽ ജനാർദ്ദന! 104
ഭക്തനാരാധിച്ചു ദിഗംബരനാം ഭസ്മധാരിയെ
മഹാദേവനെയാരാധിച്ചവൻ ദേവേന്ദ്രനായിനാൻ. 105
ആരാധിച്ചു പണ്ടു ഭക്തിയോടും ഭവനെ നാരദൻ
ഗുരുവായ് ദേവഗുരുവാദ്ദേവനായാളൊടോതിനാൻ: 106
"തേജസ്തപഃ കീർത്തികളാൽ നിൻ കിടയ്ക്കൊക്കുകില്ലൊരാൾ
ഗീതവാദ്യങ്ങളാലെന്നുമെന്നെപ്പിൻതുടരും ഭവാൻ." 107
വിഭോ! സാക്ഷാൽപ്പശുപതിയാകുമാദ്ദേവദേവനെ
മുന്നം ഞാനും കണ്ടമട്ടു താത, കേൾക്കുക മാധവ! 108
ഞാനാദ്ദേവനെയെന്തിന്നായ് പ്രയതാശയനായ് വിഭോ!
ഉണർത്തി തേജോനിധിയെ വിസ്തരിച്ചതു കേൾക്ക നീ. 109
ദേവദേവൻ മഹേശങ്കൽനിന്നു മുൻപെന്തു നേടി ഞാൻ
അതു നിന്നോടൊട്ടൊഴിയാതെല്ലാമനഘ, ചൊല്ലുവൻ. 110
മുന്നം കൃതയുഗേ താത, മുനിയുണ്ടായ് പുകഴ്ന്നവൻ
വ്യാഘ്രപാദാഖ്യനായുള്ളോൻ വേദവേദാംഗപാരഗൻ. 111
അവന്നുണ്ടായി പുത്രൻ ഞാൻ ധൗമ്യനെന്നുടെ തമ്പിയും
ഒട്ടുകാലം ചെന്നശേഷം ധൗമ്യനോടൊത്തു മാധവ! 112
കളിച്ചിട്ടാശ്രമം പുക്കേനാത്മജ്ഞമുനിമാരുടെ.
അവിടെക്കണ്ടു ഞാനന്നു കറക്കുന്നോരു പൈയിനെ 113
സ്വാദുകൊണ്ടമൃതിന്നൊക്കും പാലുമങ്ങനെ കണ്ടു ഞാൻ.
പിന്നെബ്ബാല്യത്തിനാൽ ചൊന്നേനെന്റെയമ്മയൊടിങ്ങനെ:
"പാൽപ്പായസമെനിക്കുണ്ണാനായിത്തന്നീടവേണമേ." 114
പാലില്ലാഞ്ഞിട്ടു ദുഃഖിച്ചുംകൊണ്ടാജ്ജനനിയപ്പൊഴേ
അരിപ്പൊടി ജലത്തിങ്കൽ കലക്കിച്ചേർത്തു മാധവ! 115
ഞങ്ങൾക്കു പാലാണെന്നായിക്കുടിപ്പാൻ കൊണ്ടുതന്നതേ.
എന്നാലോ പശുവിൻപാലു കഴിച്ചിട്ടുണ്ടൊരിക്കൽ ഞാൻ. 116
അച്ഛനെന്നെജ്ഞാതികുലം നയിച്ചു യജ്ഞകാലമേ
അങ്ങുണ്ടു പാൽ ചുരത്തുന്നു ദിവ്യപ്പൈ സുരനന്ദിനി 117
അവൾക്കെഴും പാൽ കുടിച്ചാ സ്വാദുകൊണ്ടമൃതോപമം
പാലിൻഗുണം ഞാനറിഞ്ഞു താൻ ധരിച്ചിതു സംഭവം. 118
ആപ്പിഷ്ടരസമോ താത, രുചിയുണ്ടാക്കിയില്ല മേ
പിന്നെബ്ബാല്യത്തിനാൽ ചൊന്നേനെന്റെയമ്മയോടപ്പൊഴാ—
"പാൽപ്പായസമിതല്ലമ്മേ, നീയീത്തന്നതെനിക്കിഹ." [ഞാൻ:
അപ്പൊളെന്നോടമ്മ ചൊല്ലീ ദുഃഖശോകമിയന്നവൾ 120
പുത്രസ്നേഹാൽ പുല്കി മൗലിയിങ്കൽ ഘ്രാണിച്ചു മാധവ!

"ഉണ്ണീ, പാൽച്ചോറെങ്ങു ഭാവിതാത്മമാമുനികൾക്കിഹ 121
കിഴങ്ങു കാര്യം തിന്നെന്നും കാട്ടിൽപ്പാർക്കുമവർക്കെടോ?
ബാലഖില്യരെഴും ദിവ്യ നദീതീരത്തിരിക്കവേ 122
പാലെങ്ങു കാടാണ്ടു മല വാഴും മാമുനികൾക്കിഹ
പാവനക്കു വനാശക്കു വനാശ്രമഗതർക്കെടോ 123
നാട്ടാഹാരം വെടിഞ്ഞോർക്കു കാട്ടുകായ് തിന്മവർക്കിഹ?
ഉണ്ണീ, കാട്ടിൽ പാലു കിട്ടാ പൈക്കൂട്ടം നിന്നിടാത്തിടം 124
നദിയിൽഗ്ഗുഹയിൽക്കുന്നിൽ പല തീർത്ഥസ്ഥലത്തിലും
തപസ്സു ചെയ്യും നമ്മൾക്കു ശിവനാണേററമാശ്രയം. 125
കനിയിക്കാതെ വരദവിരൂപാക്ഷാവ്യയേശനെ
ഉണ്ണീ, പാൽച്ചോറെങ്ങു സുഖപ്പെടുന്ന വസനങ്ങളും? 126
സർവ്വഭാവാൽ ശങ്കരനെസ്സദാ ചെന്നാശ്രയിച്ചു നീ
തൽപ്രസാദാൽ കാമവഴി മുററും നേടുക പുത്രക!" 127
എന്നമ്മ ചൊല്ലിക്കേട്ടപ്പോൾമുതല്ക്കേ ശത്രുനാശന!
കൈക്കൂപ്പിത്തല കുമ്പിട്ടു ചോദിച്ചേനമ്മയോടു ഞാൻ: 128
"ആരാണമ്മേ, മഹാദേവൻ പ്രസാദിക്കുന്നതെങ്ങനെ?
എങ്ങു വാഴുന്നിതാദ്ദേവൻ കാണ്മാൻ കഴിയുമെങ്ങനെ? 129
ശർവ്വനെങ്ങനെ തോഷിക്കും രൂപമെന്തുട്ടവന്നുടെ
അറിവേനെങ്ങനെ തെളിഞ്ഞമ്മേ, കാണാവതെങ്ങനെ?" 130
എന്നു കേട്ടപ്പൊഴെന്നമ്മ ഹേ കൃഷ്ണ, സുതവത്സല
ശിരസ്സിൽ നാററി ഗോവിന്ദ, കണ്ണീരോലുന്ന കണ്ണൊടും 131
എൻെറ ഗാത്രം തുടച്ചുംകൊണ്ടിങ്ങനേ മധുസൂദന!
ദൈന്യമുൾക്കൊണ്ടുകൊണ്ടമ്മ ചൊന്നാളിതു സുരോത്തമ! 132

അമ്മ പറഞ്ഞു

ദുർവ്വിജ്ഞേയൻ മഹാദേവൻ ദുരാധാരൻ ദുരന്തകൻ
ദുരാബാധൻ സുദുർഗ്രാഹ്യനകൃതാത്മസുദുർവ്വിദൻ. 133
അവന്നു രൂപം പലതും പറയുന്നു മനീഷികൾ
സ്ഥാനങ്ങളും വിചിത്രങ്ങൾ പ്രസാദങ്ങൾ പലേതരം. 134
തത്ത്വത്തോടാരതറിയുമീശൻെറ ചരിതം ശുഭം?
പണ്ടു രൂപങ്ങളേതെല്ലാം ദേവദേവനെടുത്തുവോ 135
ക്രീഡിപ്പതും ശർവ്വനേവം പ്രസാദിപ്പതുമെങ്ങനെ?
ഹൃദിസ്ഥൻ സർവ്വഭൂതർക്കു വിശ്വരൂപൻ മഹേശ്വരൻ 136
ഭക്തരിൽക്കനിവിന്നായിക്കാണാകും കേൾവിയങ്ങനെ.
മുനിമാരരുളാൽ ദിവ്യമീശാനചരിതം ശുഭം 137
രൂപങ്ങളേതൊക്കയെടുത്തെന്നു ദേവകൾ ചൊന്നവ
വിപ്രക്കനുഗ്രഹത്തിന്നായ്ക്കേൾക്ക വത്സ, ചുരുക്കി നീ 138
നീയിങ്ങെന്നോടു ചോദിക്കുമവ നിന്നോടു ചൊല്ലുവൻ.

ബ്രഹ്മ വിഷ്ണു സുരേന്ദ്രർക്കും രുദ്രാദിത്യാശ്വികൾക്കുമേ 139
വിശ്വേദേവന്മാർക്കുമുള്ള വപുസ്സേന്തുന്നിതാബ്ഭവൻ.
നരന്മാർക്കും നാരികൾക്കും പിശാചപ്രേതർകൾക്കുമേ 140
കിരാതശബരന്മാർക്കും പല വാരിചരർക്കുമേ
തക്ക രൂപം ദേവനേന്തും കാടർ വേടർകൾ മട്ടുമേ 141
ആമ മത്സ്യം ശംഖു പിന്നെ പ്രവാളാങ്കുരഭൂഷണം
യക്ഷാഹി രക്ഷോ ദനുജ ദൈതേയന്മാരുടേയുമേ 142
വപുസ്സെടുക്കും ഭഗവാൻ ബിലശായികടേയുമേ.
വ്യാഘ്രം സിംഹം മാൻ കരടി നരി പക്ഷികടേയുമേ 143
കുറുക്കൻ നായ് ക്രമനിവസ്സുള്ള രൂപവുമേന്തുമേ.
അരയന്നം കാക്ക മയിൽ സാരസം കൃകലാസകം 144
വലാക കഴു ചക്രാംഗമിവററിനുടെ രൂപവും
എടുക്കും തുല്യമട്ടല്ലാതെടുക്കും പർവ്വതത്തെയും 145
ഗോരൂപനാം മഹാദേവൻ ഹസ്ത്യശ്വോഷ്ട്രഖരാകൃതി
ഛാഗശാർദ്ദൂലാകൃതിയാമനേകമൃഗരൂപനാം 146
ദിവ്യാണ്ഡജങ്ങളുടെയും ദേഹം കൈക്കൊണ്ടിടും ഭവൻ
കുട ദണ്ഡം കിണ്ടിയുമായ് ദ്വിജന്മാർമട്ടുമേന്തുമേ. 147
ഷണ്മുഖൻതാൻ ബഹുമുഖൻ മുക്കണ്ണൻ ബഹുമൗലിയാം
അനേകകടിപാദാഢ്യനനേകോദരവക്ത്രനാം. 148
അനേകപാണി പാർശ്വൻ താനനേകഗണമൊത്തവൻ
ഋഷിഗന്ധർവ്വാകൃതിയാം സിദ്ധചാരണരൂപനാം. 149
മെയ് ഭസ്മശുഭ്രമായുള്ളോൻ തിങ്കൾക്കീററണിയുന്നവൻ
അനേകാരാവമാർപ്പെട്ടനേകസ്തുതി കേൾപ്പവൻ 150
സർവ്വഭൂതാന്തകൻ ശർവ്വൻ സർവ്വലോകപ്രതിഷ്ഠിതൻ
സർവ്വലോകാന്തരാത്മാവു സർവ്വഗൻ സർവ്വവാദിയാം. 151
സർവ്വത്ര ഭഗവാനുണ്ടു സർവ്വർക്കും ഹൃദയസ്ഥിതൻ
ആരെന്തു കാമം കാമിപ്പതെന്തിന്നർച്ചിതനാമവൻ 152
അതൊക്കെയറിയും ദേവനാശ്രയിച്ചാഗ്രഹിക്കുകിൽ.
നിന്ദിച്ചീടും ചൊടിച്ചീടും ഹുങ്കാരം ചെയ്യുമങ്ങനെ 153
ചക്രി ശൂലി ഗദാപാണി മുസലീ ഖഡ്ഗി പട്ടസി
ഭൂധരൻതാൻ നാഗമൗഞ്ജി നാഗകുണ്ഡലകുണ്ഡലി 154
നാഗയജ്ഞോപവീതൻതാൻ നാഗചർമ്മോത്തരച്ഛദൻ.
ഹസിക്കും പാടിടും പിന്നെ നൃത്തംവെയ്ക്കും മനോഹരം 155
വിചിത്രവാദ്യങ്ങൾ കൊട്ടും ഗണങ്ങളൊടു ചേർന്നവൻ.
ചാടും ജൃംഭിച്ചിടും പിന്നൊക്കരയും കരയിച്ചിടും 156
ഉന്മത്തമത്താകൃതിയിൽ ഭാഷിക്കും ഭാസ്വരസ്വരൻ.
ഉച്ചം ചിരിച്ചിടും രൗദ്രൻ കൺ കാട്ടിപ്പേടിയാക്കുവോൻ 157

ഉണന്നീടുമുറങ്ങീടും ജൃംഭിക്കും സുഖമാംവിധം
ജപിച്ചീടും ജപിപ്പിക്കും തപിപ്പിക്കും തപിച്ചിടും 158
കൊടുക്കും വാങ്ങിടും യോഗം പൂണ്ടീടും ധ്യാനമാണ്ടിടും.
യൂപത്തിൽ വേദിമദ്ധ്യത്തിൽ ഗോഷ്ഠമദ്ധ്യത്തിലഗ്നിയിൽ 159
കാണാം കാണാ ബാലനായി വൃദ്ധനായി യുവാവുമായ്
ക്രീഡിക്കുമൃഷികന്യാദ്ധ്യൃഷിപത്നികളൊത്തുമേ. 160
ഊദ്ധ്വകേശൻ മഹാവീര്യൻ നഗ്നൻ വികൃതലോചനൻ
ഗൗരൻ ശ്യാമൻ കൃഷ്ണനേവം പാണ്ഡുരൻ ധൂമ്രലോഹിതൻ 161
വികൃതാക്ഷൻ വിശാലാക്ഷൻ ദിഗ്വാസൻ സവ്വവാസകൻ
അരൂപന്നാദ്യരൂപന്നങ്ങതിരൂപാദ്യരൂപനും 162
അജന്നനാദ്യന്തമന്തം തത്വമോടാരറിഞ്ഞിടും?
ഹൃത്തിൽ പ്രാണൻ മനം ജീവൻ യോഗാത്മാ യോഗസംജ്ഞിതൻ
ധ്യാനം തൽപരമാത്മാവും ഭാവഗ്രാഹ്യൻ മഹേശ്വരൻ
കൊട്ടുകാരൻ പാട്ടുകാരൻ സഹസ്രശതലോചനൻ 164
ഏകവക്ത്രൻ ദ്വിവക്ത്രൻ താൻ ത്രിവക്ത്രൻ ബഹുവക്ത്രകൻ
തൽ ഭക്തനായ് തൽ ഗതനായ് തന്നിഷ്ടാശ്രയനെപ്പൊഴും 165
ഉണ്ണീ, മഹാദേവനെ നീ ഭജിക്കു നേടുമീപ്സിതം.
അമ്മ ചൊന്നാ വാക്കു കേട്ടിട്ടന്നുതൊട്ടരിനാശന! 166
എനിക്കുറച്ചോരു ഭക്തിയുണ്ടായീ ദേവദേവനിൽ.
പിന്നെശ്ശങ്കരനെസ്സന്തോഷിപ്പിച്ചു തപമാണ്ടു ഞാൻ 167
ഓരായിരത്താണ്ടിട കാലംഗുഷ്ഠം മാത്രമൂന്നിയോൻ
ഒരു നൂററാണ്ടു ഞാൻ പിന്നെ ഫലാഹാരനുമായിനേൻ 168
ജീണ്ണപണ്ണം തിന്നു രണ്ടിൽ മൂന്നിൽ വെള്ളം കുടിച്ചുമേ
ഏഴു നൂററാണ്ടു കാററുണ്ടുംകൊണ്ടുതന്നെ കഴിച്ചു ഞാൻ. 169
ഏവം ദിവ്യസഹസ്രാബ്ദം ഞാനാരാധന ചെയ്തവൻ
സന്തോഷിച്ചു മഹാദേവൻ സവ്വലോകേശ്വരൻ പ്രഭു 170
മുഖ്യനാം ഭക്തനെന്നോത്തു ചെയ്തുകൊണ്ടാൻ പരീക്ഷയും
ശക്രൻെറ രൂപം കൈക്കൊണ്ടു സവ്വലോകഗണാന്വിതൻ 171
ആയിരക്കണ്ണനായിട്ടു വജ്രപാണി പുകഴ്ന്നവൻ
സുധാസിതൻ തുടുംകണ്ണൻ ചെവി വട്ടം പിടിച്ചഹോ! 172
മത്തൻ തുമ്പി ചുരുട്ടീടും ഘോരൻ നാല്ക്കൊമ്പനാനയിൽ
കയറിബ്ഭഗവാൻ സ്വന്തം തേജസ്സാൽ ദീപ്തിയാണ്ടവൻ 173
കിരീടിയങ്ങെഴുന്നെള്ളീ ഹാരകേയൂരഭൂഷിതൻ
തലയ്ക്കുമേൽ പിടിച്ചുള്ള വെണ്കൊററക്കുടയോടുമേ 174
അപ്സരസ്സേവിതൻ ദിവ്യഗന്ധവ്വനിനദത്തൊടും.
എന്നോടങ്ങോതി ദേവേന്ദ്രൻ ''സന്തോഷിച്ചേൻ ദ്വിജോത്തമ!
അങ്ങുള്ളിലോക്കുന്ന വരമെന്നോടിങ്ങു വരിക്കുക.''

ശക്രൻെറ വാക്കു കേട്ടിട്ടു സമ്പ്രീതിപ്പെട്ടതില്ല ഞാൻ 176
ധൃഷ്ടനായ്ച്ചൊല്ലിനേനപ്പോരം ദേവരാജനൊടിങ്ങനെ:
''കാംക്ഷിക്കാ ഞാൻ വരം നിന്നോടന്യദൈവത്തിനോടുമേ 177
മഹാദേവനൊടല്ലാതെ സൗമ്യ, സത്യം പറഞ്ഞു ഞാൻ
സത്യം സത്യം ശക്ര, വാക്കിതെനിക്കേററമുറച്ചതാം
മഹേശനെ വെടിഞ്ഞന്യകഥ ബോധിപ്പതില്ല മേ. 178

പശുപതിമൊഴിയാൽ ഭവിപ്പനിപ്പോ–
ളൊരു കൃമിയോ ബഹുശാഖവൃക്ഷമോ ഞാൻ
പശുപതിയുടെയെന്നിയേ വരത്താൽ
ത്രിഭുവനരാജ്യവിഭൂതിയിങ്ങു വേണ്ടാ. 179

ജന്മം പറയക്കിടയിലു–
മെനിക്കു ഹരചരണഭജനപരനു മതം;
ഗൗരീശഭക്തിയെന്യേ
ശക്രഗൃഹാവാസവും വേണ്ടാ. 180

വായ്വംബുഭോജിയാകിലു–
മാ നരനഴലിന്നൊരന്തമുണ്ടാമോ,
ഇങ്ങു സുരാസുരഗുരുഹര–
വിശേശ്വരഭക്തിയില്ലെങ്കിൽ? 181

മതി മററു ധർമ്മമൊക്കും
മററുള്ളവരുടെ കഥാപ്രസംഗം മേ.
ഹരചരണസ്മരണം ക്ഷണ–
മററു രസമായ കൂട്ടരുടെ. 182

ഹരചരണനിരതമതിയായ്
ഭവിക്കണം കടിലമാം യുഗം വന്നാൽ
സംസാരഭയം പററാ
ഹരഭക്തിരസായനം ചെന്നാൽ. 183

ദിവസംതാൻ ദിവാർദ്ധംതാൻ മുഹൂർത്തംതാൻ ക്ഷണം ലവം
പ്രസാദം കിട്ടിടാത്തോനു ഭവനിൽ ഭക്തിയൊത്തിടാ. 184
പുഴവോ പാററയോ മററുമാവാം ഞാൻ ശങ്കരാജ്ഞയാൽ
ശക്ര, നീ തന്ന മുപ്പാരുപോലും കാമിപ്പതില്ല ഞാൻ. 185

ഈശ്വരമൊഴിയാൽ ശ്വാവായ്–
ത്തീരാമത്രമിങ്ങു പെരുതിഷ്ടം
ത്രിദശഗണരാജ്യവും ഞാ–
നീശ്വരനരുളാതെയിച്ഛിക്കാ. 186

സുരാലയം വേണ്ട സുരേശപട്ടം
ബ്രഹ്മാലയം വേണ്ടിഹ നിഷ്കളത്വം
സമസ്തകാമങ്ങളിൽ വേണ്ട ചെററും
ഹരൻെറ ദാസ്യപ്പണി ഞാൻ വരിപ്പേൻ. 187

വെള്ളശ്ശശാങ്കകല ചാർത്തിയ മൗലിയുള്ളോ—
നെന്നോ തരും പശുപതിപ്രഭു മേ പ്രസാദം,
അന്നേവരെയ്ക്കിഹ ജരാമൃതി ജന്മപാത—
ദുഃഖങ്ങളാം ദേഹവിഹിതങ്ങളാം വഹിക്കുവേൻ ഞാൻ. 188
കതിരവമതിതീപ്രകാശമുള്ളോൻ
ത്രിഭുവനസാരനസാരനാദ്യനേകൻ
അജനമരശിവൻ പ്രസാദിയാതീ—
ജ്ജഗതിയിലേതൊരുവന്നു ശാന്തി കിട്ടും? 189
എന്നുടെ ദോഷംകൊണ്ടിഹ
ജന്മം വീണ്ടും ഭവിച്ചാലും
ആജ്ജന്മങ്ങളിലെല്ലാം
ഭവനിൽ ക്ഷയമററ ഭക്തി വേണം മേ.'' 190

ശക്രൻ പറഞ്ഞു

മൂലങ്ങളാംക്കും മൂലമീശനുണ്ടെന്നെന്തൊരു യുക്തിയാം
ശൎവ്വപ്രസാദമൊന്നല്ലാതങ്ങിച്ഛിക്കാതിരിക്കുവാൻ? 191

ഉപമന്യു പറഞ്ഞു

സദസദവ്യക്തനവ്യക്തനാരെന്നാർ ബ്രഹ്മവാദികാം
നിത്യമേകമനേകം താൻ വരമങ്ങു വരിക്കുവൻ. 192
ആദിമദ്ധ്യാന്തമററൊന്നേ ജ്ഞാനൈശ്വര്യമചിന്തിതം
പരമാത്മാവായതെങ്ങു വരമങ്ങു വരിക്കുവൻ. 193
എങ്ങുനിന്നഖിലൈശ്വര്യമുണ്ടാകപ്പെട്ടിതന്യകം
ആബ്ബീജാൽ ബീജസംഭൃതം വരമങ്ങു വരിക്കുവൻ. 194
മനസ്സിന്മേലെയാം ജ്യോതിസ്സാത്തപസ്സഖിലോത്തമം
എന്തറിഞ്ഞാലല്ലലില്ലാ വരമങ്ങു വരിക്കുവൻ. 195
ഭൂതഭാവനഭാവജ്ഞ സൎവ്വഭൂതാഭിഭാവനൻ
സൎവ്വഗൻ സൎവ്വദൻ ദേവൻതന്നെപ്പൂജിപ്പനിന്ദ്ര, ഞാൻ. 196
യുക്തിവാദങ്ങളററുള്ളോൻ സാംഖ്യയോഗാൎത്ഥദൻ പരൻ
തത്ത്വജ്ഞരാരെസ്സേവിപ്പൂ വരമങ്ങു വരിക്കുവൻ. 197
മഘവൻ, ഞാൻ മഹാത്മാവായ്ച്ചൊൽവതാരെസ്സുരേശനെ
ദേവനെസ്സൎവ്വഗുരുവെ വരമങ്ങു വരിക്കുവൻ. 198
ലോകഭാവനനാം ബ്രഹ്മദേവനെപ്പണ്ടു തീൎത്തും
ആകാശാണ്ഡം നിറച്ചാരോ വരമങ്ങു വരിക്കുവൻ. 199
തീ വെള്ളം കാററൂഴിയഭ്രം ബുദ്ധി പിന്നെ മനം മഹാൻ
ഇവ സൃഷ്ടിച്ചിതാരന്യൻ ചൊല്ലുകീശ്വരനെന്നിയേ? 200
മനം ബുദ്ധിയഹങ്കാരം തന്മാത്രേന്ദ്രിയജാലവും
ഇവയ്ക്കും മേൽ ശിവനൊഴിഞ്ഞാരുവാനിന്ദ്ര, ചൊല്ലു നീ. 201
പിതാമഹനെ ലോകത്തെസ്സൃഷ്ടിപ്പോനെന്നു ചൊല്ലുമേ
മഹിതശ്രീയേല്പിതവൻ ദേവേശനുടെ സേവയാൽ. 202

ഭഗവാനിൽ മഹൈശ്വര്യം ബ്രഹ്മവിഷ്ണുപുരോഗമം
ഉണ്ടീ മഹാദേവനീശനൊഴിഞ്ഞോതീടുകാരുവാൻ? 203
ദൈത്യദാനവമുഖ്യക്കുമാധിപത്യാരിമർദ്ദനൻ
ദേവേശനല്ലാതാരുണ്ടു വാഴ്ത്തിക്കാൻ ദിതിപുത്രരെ? 204
ദിക്കാലെ സൂര്യർ തേജസ്സു ഗ്രഹവായ്വഗ്നിതാരകൾ
ഇവ ദേവനിൽനിന്നോർക്ക ചൊല്ലാരുണ്ടീശ്വരന്നു മേൽ? 205
ഉൽപ്പത്തിനാശങ്ങൾ യജ്ഞത്തിന്നുമാ മുപ്പുരത്തിനും
ദൈത്യദാനവമുഖ്യക്കുമാധിപത്യാരിമർദ്ദനൻ 206
എന്തിന്നിങ്ങേറെയോതുന്നു യുക്തിവാദങ്ങൾ വാസവ!
സഹസ്രനേത്രനാം നിന്നെത്തന്നെ കണ്ടു സുരോത്തമ! 207
സിദ്ധഗന്ധർവ്വദേവർഷിഗണപൂജിതനാംവിധം
ദേവദേവപ്രസാദത്താലിതെല്ലാം കുശികോത്തമ! 208
അവ്യക്തമുക്തകേശന്നു തനതാം സർവ്വഗന്നിത്തും
ചേതനാചേതനാദ്യത്തിൽ ശക്ര, നീയോർക്കുകീശ്വരാൽ. 209
ഭൂവാദിയിൽ മഹാന്തത്തിൽ ലോകാലോകാന്തരത്തിലും
ദ്വീപസ്ഥാനത്തിലും മേരുവിഭവാദ്യന്തരത്തിലും 210
ഭഗവൻ മഘവൻ, ചൊൽവു ദേവനെത്തത്ത്വദർശികൾ.
ദേവാസുരർകൾ കാണുന്നു ഭവാന്യാകൃതിയെങ്കിലും 211
ശരണം പുക്കിടുന്നില്ലേ സുരന്മാരസുരാർദ്ദിതർ?
പെരുമ്പോരുകളിൽ ദേവ യക്ഷോ രക്ഷോഹികൾക്കിഹ 212
തമ്മിൽ നാശങ്ങളിൽ സ്വസ്ഥാനൈശ്വര്യമരുൾവോൻ ഭവാൻ.
അന്ധകന്നഥ ശുക്രന്നും ദുന്ദുഭീമഹിഷക്കുമേ 213
ബല യക്ഷേന്ദ്രാശരക്കും നിവാതകവചക്കുമേ
വരദാനക്ഷയത്തിന്നു ചൊല്ലാരീശ്വരനെന്നിയേ? 214
സുരാസുരാചാര്യമഖേ രേതസ്സാഹുതി ചെയ്തതാർ?
മററാരുടയ രേതസ്സുകൊണ്ടാണീപ്പൊന്നുമാമല? 215
ദിഗ്വാസസ്സായ് പുകഴ്ന്നോനാരാരുണ്ടിങ്ങൂർദ്ധ്വരേതസൻ?
ആർക്കുണ്ടു പാതിമെയ്കാന്ത,യാരനംഗനെ വെന്നവൻ? 216
ചൊല്ലിന്ദ്ര, പരമം സ്ഥാനമാർക്കു വാനോർ പുകഴ്ത്തുമേ?
ശ്മശാനത്തിൽക്കളിക്കാർക്കു നൃത്തത്തിൽച്ചൊൽവതാരെയാം? 217
സമാനമൈശ്വര്യമാർക്കു ഭൂതക്രീഡകനാരുവാൻ?
ആർക്കു തുല്യബലം ദേവഗണമൈശ്വര്യദർപ്പിതം? 218
ഘോഷിപ്പിതചലം സ്ഥാനമാർക്കോ ത്രൈലോക്യപൂജിതം?
വർഷിപ്പതാരാർ തപിപ്പതാർ തേജസ്സാൽ ജ്വലിപ്പവൻ 219
ആരിൽനിന്നൗഷധി ജനിച്ചിതാരീപ്പാരു താങ്ങുവോൻ?
സചരാചരമുപ്പാരിലേററം ക്രീഡിപ്പതാരുവാൻ? 220
ജ്ഞാനസിദ്ധിക്രിയായോഗാൽ യോഗിമാർ സേവചെയ്കയാൽ

ഋഷി ഗന്ധർവ്വസിദ്ധന്മാരോക്കുമവ്യക്തകാരണം 221
കർമ്മയജ്ഞക്രിയായോഗാൽ സുരാസുരനിഷേവിതൻ
നിത്യം കർമ്മഫലം വിട്ടോനവൻ കാരണമെന്മതം. 222
സ്ഥൂലസൂക്ഷ്മം സാമ്യമററതഗ്രാഹ്യം ഗുണഗോചരം
ഗുണഹീനം ഗുണാദ്ധ്യക്ഷം പരം മാഹേശ്വരം പദം. 223
സൃഷ്ടിരക്ഷാകാരണംതാൻ ലോകം ലോകാന്തകാരണം
ഭൂതം ഭവ്യം ഭവിഷ്യത്തും ജനകം സർവ്വകാരണം 224
അക്ഷരം ക്ഷരമവ്യക്തം വിദ്യാവിദ്യ കൃതാകൃതം
ധർമ്മാധർമ്മമതിൻ മൂലം ശക്ര, കാരണമെന്മതം. 225
പ്രത്യക്ഷമിങ്ങു ദേവേന്ദ്ര, കാണ്ക ലിംഗം ഭഗാങ്കിതം
സൃഷ്ടിസംഹാരകൃത്താകും രുദ്രനാൽ ദേവദേവനാൽ. 226
അമ്മ മുൻപെന്നൊടരുളീ കാരണം ലോകകാരണം
ഇല്ലീശ്വരനുമേൽ ശക്ര, വേണെങ്കിൽ ചെല്ലുകണ്ടു നീ. 227

പ്രത്യക്ഷം സുരനാഥ, നീയറിയുമേ
  സംയോഗലിംഗോത്ഭവം
ത്രൈലോക്യം സവികാരനിർഗ്ഗുണഗണം
  ബ്രഹ്മാദിരേതോഭവം
ബ്രഹ്മേന്ദ്രാഗ്നി മുകുന്ദനാദ്യമരരും
  ദൈത്യേന്ദ്രരും വേറെയൊ—
ന്നോതാ കാമസഹസ്രക്ളൃപ്തമതിമാ—
  രീശന്നു മേലൊന്നുമേ. 228

മുപ്പാരിന്നു പുകഴ്ന്ന വേദ്യതയെഴു—
  ന്നാദ്ദേവനോടാശയോ—
ടർത്ഥിപ്പേൻ ശിവനോടു സംയതമന—
  സ്സായിട്ടു മോക്ഷത്തെ ഞാൻ.

മററു ഹേതുക്കളെന്തിന്നാണീശൻ കാരണകാരണം
കേൾപ്പീലന്യന്റെ ലിംഗത്തെസ്സുരരർച്ചിച്ചിതെന്നു ഞാൻ. 229
ഈശനല്ലാതേതവന്റെ ലിംഗം ദേവകളൊക്കയും
അർച്ചിപ്പിതർച്ചിച്ചു മുന്നം ചൊല്ലു നീ കേട്ടിരിക്കുകിൽ. 230
യാതൊരുത്തന്റെ ലിംഗത്തെ ബ്രഹ്മൻ വിഷ്ണു ഭവാനുമേ
അർച്ചിപ്പൂ സുരരൊത്തെന്നുമതിനാൽ ശ്ലാഘ്യനാണവൻ. 231
പത്മം ചക്രം വജ്രമൊന്നും പ്രജകൾക്കുമില്ലെടോ
ഭഗലിംഗാങ്കരാം ലോകരതിനാലീശ്വരീയരാം. 232

ദേവിക്കുള്ളൊരു കാരണത്വവഴിയു—
  ണ്ടായോർ ഭഗാങ്കാഢ്യമാർ
മററും സ്ത്രീകൾ ശിവന്റെ ലിംഗമുടയോർ
  പ്രത്യക്ഷമീപ്പൂരുഷർ

ഈശൻ വിട്ടൊരു കാരണം പറയുവോൻ
ദേവ്യങ്കിതം വിട്ടുമേ
മുപ്പാരിൽ സചരാചരത്തിലവനോ
തുല്ല്യേണ്ടവൻ ദുർമ്മതി! 233
പുല്ലിംഗമൊക്കയീശാനൻ സ്ത്രീലിംഗമുമയോക്ക് നീ
ആ രണ്ടു തനുവാൽ മുററും വ്യാപ്തമാണീച്ചരാചരം. 234
വരമോ നാശമോ കാംക്ഷിപ്പേനവങ്കന്നു കൗശിക!
പോകിലാം നില്ക്കിലാം ശക്ര, യഥേഷ്ടം വലസൂദന! 235
മഹേശ്വരങ്കന്നെനിക്കു വരമേല്ക്കട്ടെ ശാപമോ
മററുദേവനൊടിച്ഛിക്കാ സർവ്വകാമദനാകിലും. 236
എന്നു ദേവേന്ദ്രനോടോതീ ദുഃഖംകൊണ്ടാകുലേന്ദ്രിയൻ
'ദേവനെന്നിൽ പ്രസാദിപ്പീലെന്തിതെ'ന്നും നിനച്ചു ഞാൻ. 237
അപ്പോഴു ക്ഷണംകൊണ്ടു കണ്ടേനീയൊരൈരാവതത്തിനെ
ഹംസകുന്ദേന്ദുഭാസ്സായി മൃണാളരജതാഭനായ് 238
സാക്ഷാൽ വൃഷാകൃതിയിലായിട്ടു പാലാഴി പോലവേ
കറുത്ത വാലായ് വന്മെയ്യായ് തേന്മഞ്ഞപ്പുള്ള കണ്ണുമായ്. 239
ഉരുക്കു പൊൻകാന്തി വജ്രസാരശൃംഗങ്ങളാംകൊണ്ടഹോ!
മെല്ലെത്തീക്ഷ്ണാരുണാഗ്രങ്ങളാംകൊണ്ടു മൺ കുത്തിടുംവിധം. 240
പൊന്നുംകയറുകൊണ്ടെങ്ങുമലംകൃതശരീരനായ്
ഭംഗിയുള്ള മുഖം മൂക്കു കുളമ്പു ചെവി വൻ കടി 241
പള്ളയും ചേർന്നു ചുമലു വാച്ചു നല്ലോരു കാഴ്ചയിൽ
അവന്നു പൂഞ്ഞിക്കെട്ടുണ്ടു ചുമൽ പൂരിച്ചു നില്പതായ് 242
ഹിമാദ്രികൂടത്തിന്മട്ടും വെള്ളക്കാർമുടി പോലെയും.
ആക്കാളയിന്മേൽ ഭഗവാൻ ദേവദേവനുമാപതി തൻ 243
ശോഭിച്ചിതു മഹാദേവൻ വാവുന്നാളിന്ദു പോലവേ.
അവൻെറ തേജസ്സാന്നഗ്നി കാർമിന്നലിടിയൊത്തഹോ! 244
ആയിരം സൂര്യരെപ്പോലെയെങ്ങും വ്യാപിച്ചു നില്പതാം.
ഈശ്വരൻ ബഹുതേജസ്വി പ്രളയാഗ്നി കണക്കിനെ 245
പ്രളയത്തിൽ സർവ്വഭൂതദഹനോദ്യതനാംവിധം.
എങ്ങുമപ്പോഴു കണ്ടുകൂടാതുള്ള തേജസ്സു വിങ്ങിതേ; 246
വീണ്ടും ഞാനുള്ള ചേന്നെന്താണിതെന്നച്ചിന്തയേന്തിനേൻ.
മുഹൂർത്തമിടയാത്തേജസ്സെല്ലാദ്ദിക്കും നിറഞ്ഞഹോ! 247
ശമിച്ചു ദിക്കിലൊട്ടുക്കു ദേവദേവൻെറ മായയാൽ.
പിന്നെക്കണ്ടേൻ സ്ഥാണു മഹേശ്വരനാം ഭഗവാനെ ഞാൻ 248
കാളപ്പുറത്തരുളവേ പുകയററഗ്നി പോലവേ
ചാരുസർവ്വാംഗിയാം ഗൗരിയൊന്നിച്ചു പരമേശനെ, 249
അസക്തതേജോനിധിയായ് വൻപെഴും നീലകണ്ഠനെ

പതിനെട്ടു ഭുജത്തോടും സ്ഥാണുവെബ് ഭൂഷണാഢ്യനെ, 250
ശുക്ലവസ്ത്രം ശുക്ലമാല്യാനുലേപം ചേർന്ന ദേവനെ
ശുക്ലദ്ധ്വജനനാധൃഷ്യൻ ശുക്ലയജ്ഞോപവീതിയെ, 251
പാടി നൃത്തംവെച്ചു കൊട്ടിയാർത്തു ദിവ്യാനുചാരികൾ
സ്വതുല്യവിക്രമന്മാർകൾ ചുററും കൂടിച്ചുഴന്നഹോ! 252
പാണ്ഡുവർണ്ണൻ ശരച്ചന്ദ്രഭാസ്സാം ബാലേന്ദുമൗലിയെ
മൂന്നു സൂര്യനുദിച്ചോണം മൂന്നു കണ്ണുള്ള മൂർത്തിയെ. 253
ആദ്ദേവൻ തൻ വെളുത്തുള്ള മെയ്യിൽ ശോഭിച്ച മാലയും
പൊൻതാമരകൾ കോർത്തിട്ടു രത്നം ചേർത്തു ചമച്ചതായ് 254
മൂർത്തിപൂണ്ടെഴുമസ്ത്രങ്ങൾ സർവ്വതേജോമയങ്ങളായ്
തേജസ്സേറും ഭവനടെക്കൂടെ ഗോവിന്ദ, കണ്ടു ഞാൻ. 255
ആ മഹാത്മാവിൻെറ ചാപമിന്ദ്രചാപപ്രകാശമായ്
പിനാകമെന്നു പേർകൊണ്ടതുണ്ടു വൻപാണ്ടു പന്നഗം 256
സപ്തശീർഷൻ മഹാകായൻ തീക്ഷ്ണദംഷ്ട്രൻ വിഷോൽബ്ബണൻ
ഞാണാൽക്കഴുത്തിട്ടു ചുററി നില്പൂ പുരുഷവിഗ്രഹൻ. 257
ശരവും സൂര്യസദൃശം കാലാനലസമപ്രഭം
ഈയസ്ത്രമോ മഹാഘോരം ദിവ്യം പാശുപതം പരം. 258
എതിരററാതനിർദ്ദേശ്യം സർവ്വഭൂതഭയങ്കരം
വൻപിച്ചു തീപ്പൊരിയൊടും തീയുതിക്കുംപ്രകാരമേ. 259
ഒററക്കാലായ് മഹാദംഷ്ട്രം സഹസ്രവദനോദരം
സഹസ്രഭുജജിഹ്വാക്ഷം തീയുതിക്കുംപ്രകാരമേ. 260
ബ്രാഹ്മ നാരായണാഗ്നേയ വാരുണൈന്ദ്രങ്ങളിങ്കലും
മെച്ചമത്രേ മഹാബാഹോ, സർവ്വശസ്ത്രവിനാശനം. 261
മുന്നം മൂന്നു പുരം ചുട്ടിട്ടുടൻ ഭസ്മീകരിച്ചതും
ഈശ്വരത്താലാണു മഹാദേവൻ ഗോവിന്ദ, ലീലയാൽ. 262
ചരാചരമെഴും മുപ്പാർ മുഴുവൻ ചുട്ടെരിക്കുമേ
മഹേശ്വരൻ വിട്ടമിതു നിമേഷാർദ്ധത്തിനാൽ ദൃഢം. 263
ഇതിന്നവദ്ധ്യനില്ലാരും ബ്രഹ്മവിഷ്ണുസുരാളിയിൽ
അതു ഞാൻ കണ്ടിതവിടെയാശ്ചര്യം പരമുത്തമം. 264
ഗുഹ്യമസ്ത്രവരം മററില്ലിതിന്നു കിട മേലെയും
യാതൊന്നോ ശൂലിയുടയ ശൂലം വിശ്വത്തിൽ വിശ്രുതം. 265
ഭൂമിയൊക്കപ്പിളർന്നേക്കും വററിക്കും കടലൊക്കയും
സംഹരിക്കും ജഗത്തൊക്കശ്ശൂലപാണിയയയ്ക്കുകിൽ. 266
ബലമേറും യൗവനാശ്വമാന്ധാതാവിനെ മുന്നമേ
മുപ്പാർ വെന്നാച്ചക്രവർത്തിനൃപനെക്കൊന്നതാണിതും. 267
ബലവീര്യങ്ങൾ വാച്ചുള്ള ശക്രവിക്രമശാലിയെ
ഗോവിന്ദ, മുന്നം ലവണരാക്ഷസൻ കൈയിൽ വെച്ചനാൾ 268

ആശ്ശൂലമതിതീക്ഷ്ണാഗ്രം ഭീഷണം ലോമഹർഷണം
ത്രിശിഖഭ്രൂകുടിയൊടും തർജ്ജിക്കും പോലെ നില്പതാ. 269
പുകയെന്ന്യേ ജ്വാലയാർന്ന് കൃഷ്ണ, കാലാഗ്നിസന്നിഭം
കൈയിൽ പാമ്പായനിർദ്ദേശ്യം കയറാർന്നന്തകോപമം. 270
രുദ്രപാശ്വത്തിലീയസ്ത്രമങ്ങു ഗോവിന്ദ, കണ്ടു ഞാൻ
മൂർച്ചയേറും വെണ്മഴുവന്നാ രാമന്നു കൊടുത്തതാം. 271
സന്തുഷ്ടനാം മഹാദേവൻ ക്ഷത്രിയക്ഷയകാരണം
കൊന്നിതായതിനാൽ ചക്രവർത്തിയാം കാർത്തവീര്യനെ. 272
നിക്ഷത്രിയനിലയാക്കിയൂഴി മൂവേഴുവട്ടമേ
ഗോവിന്ദ, രാമനക്ലിഷ്ടകാരിയാജ്ജാമദഗ്നിജൻ. 273
ദീപ്തധാരം രൗദ്രമുഖം സർപ്പകണ്ഠാഗ്രബന്ധനം
അതുണ്ടു ശൂലിക്കരികിൽ ദീപ്താഗ്നിശിഖ പോലവേ. 274
സംഖ്യയില്ലാതെയാദ്ധീമാനുണ്ടു ദിവ്യാസ്ത്രമങ്ങനെ
പ്രധാനപ്പടി ഞാൻ നിന്നോടോതിനേനനഘാശയ! 275
ബ്രഹ്മാവു ദേവന്റെ വലത്തുണ്ടു ലോകപിതാമഹൻ
മനോവേഗം ഹംസമൊക്കും വിമാനം ദിവ്യമാണ്ടവൻ. 276
ഇടത്തുപുറമായ് നില്പൂ നാരായണനുമങ്ങനെ
ഗരുഡന്റെ പുറംകേറിശ്ശംഖചക്രഗദാധരൻ. 277
മയിലേറീട്ടുറുമുഖൻ നില്പൂ ദേവിക്കടുത്തുതാൻ
മണി വേലും കൈയിലേന്തി രണ്ടാമഗ്നി കണക്കിനെ. 278
ദേവന്റെ മുൻപുറത്തായി നന്ദി നില്പതു കണ്ടു ഞാൻ
രണ്ടാം ശങ്കരനെപ്പോലെ ശൂലമങ്ങൂന്നി നില്പതായ്. 279
സ്വായംഭുവാദ്യാ മനുക്കൾ ഭൃഗുമുൻപാം മഹർഷികൾ
ഇന്ദ്രാദ്യരാം ദേവകളുമേവരും വന്നുകൂടിനാർ. 280
ഭൂതവർഗ്ഗങ്ങളൊക്കെയും പല മാതൃഗണങ്ങളും
മഹാത്മാവിനെ വന്ദിച്ചു നിന്നു ചുററും ചുഴന്നഹോ! 281
സ്തുതിച്ചു നാനാസ്തോത്രത്താൽ മഹാദേവനെ വാനവർ
ബ്രഹ്മാവു വാഴ്ത്തീ ഭവനെ രഥന്തര*മുരച്ചവൻ. 282
നാരായണൻ ജ്യേഷ്ഠസാമംകൊണ്ടു വാഴ്ത്തീ മഹേശനെ
ശതരുദ്രീയമാം മുഖ്യവേദം ചൊല്ലിസ്സുരേന്ദ്രനും. 283
ബ്രഹ്മാവും വിഷ്ണുവും പിന്നെക്കൗശികൻ ദേവരാജനും
ശോഭിച്ചിതു മഹാത്മാക്കൾ മൂവർ മൂന്നഗ്നി പോലവേ. 284
അവർക്കുനടുവിൽ ദേവൻ ശോഭിച്ചു ഭഗവാൻ ശിവൻ
ശരൽക്കാർ വിട്ടു പരിവേഷാഢ്യനർക്കൻ കണക്കിനെ. 285
അയുതാർക്കേന്ദുക്കളെ ഞാൻ വാനിൽക്കണ്ടിതു കേശവ!
പിന്നെ സ്തുതിച്ചേൻ ഞാനങ്ങു വിശ്വലോകേശദേവനെ. 286

* രഥന്തരം = സാമവേദത്തിലെ ഒരു സൂക്തം.

ഉപമന്യു പറഞ്ഞു

തൊഴാം ദേവാധിദേവന്നു മഹാദേവന്നു കൈതൊഴാം
ശക്രരൂപന്നു ശക്രന്നു ശക്രവേഷധരന്നുമേ. 287
കൈതൊഴാം വജ്രഹസ്തന്നു പിംഗളന്നരുണന്നുമേ
പിനാകപാണിക്കെപ്പോഴും ശംഖശൂലധരന്നുമേ. 288
കൈതൊഴാം കൃഷ്ണവാസന്നും കൃഷ്ണകുഞ്ചിതകേശനും
കൃഷ്ണാജിനോത്തരീയന്നും കൃഷ്ണാഷ്ടമിരതന്നുമേ. 289
ശുക്ലവർണ്ണന്നു ശുക്ലന്നു ശുക്ലാംബരധരന്നുമേ
ശുക്ലഭസ്മാവലിപ്തന്നു ശുക്ലകർമ്മരതന്നുമേ. 290
കൈതൊഴാം രക്തവർണ്ണന്നും രക്താംബരധരന്നുമേ
രക്തധ്വജപതാകന്നു രക്തസ്രഗനുലേപനം. 291
കൈതൊഴാം പീതവർണ്ണന്നു പീതാംബരധരന്നുമേ
പീതധ്വജപതാകന്നു പീതസ്രഗനുലേപനം. 292
തൊഴാമുച്ഛ്രിതച്ഛത്രന്നു കിരീടവരഭൃത്തിനും
അർദ്ധഹാരാർദ്ധകേയൂരന്നർദ്ധകുണ്ഡലകർണ്ണനും. 293
തൊഴാം പവനവേഗന്നു തൊഴാം ദേവന്നു കൈതൊഴാം
സുരേന്ദ്രന്നു മുനീന്ദ്രന്നു മഹേന്ദ്രന്നിത കൈതൊഴാം. 294
തൊഴാം പത്മാർദ്ധമാലന്നുൽപ്പലോന്മിശ്രിതന്നുമേ
അർദ്ധചന്ദനലിപ്തന്നുമർദ്ധസ്രഗനുലേപനം. 295
തൊഴാമാദിത്യവർണ്ണന്നുമാദിത്യപ്രതിമന്നുമേ
തൊഴാം സോമന്നു സൗമ്യന്നു സൗമ്യചക്രധരന്നുമേ. 296
സൗമ്യരൂപന്നു മുഖ്യന്നു സൗമ്യദംഷ്ട്രാവിഭൂഷനും
തൊഴാം ശ്യാമന്നു ഗൗരന്നുമർദ്ധപീതാർദ്ധശുഭ്രനും. 297
നാരീനരശരീരന്നു സ്ത്രീപുംസന്നിത കൈതൊഴാം
തൊഴാം വൃഷഭവാഹന്നു ഗജേന്ദ്രഗമനന്നുമേ. 298
ദുർഗ്ഗമന്നു തൊഴാമങ്ങയ്ക്കഗമ്യാഗമനന്നുമേ
കൈതൊഴാം ഗണഗീതന്നു ഗണവൃന്ദരതന്നുമേ. 299
ഗണാനുയാതമാർഗ്ഗന്നു ഗണനിത്യവ്രതന്നുമേ
തൊഴാം ശ്വേതാഭ്രവർണ്ണന്നു സന്ധ്യാരാഗപ്രഭന്നുമേ. 300
അനുദ്ദിഷ്ടാഭിധാനന്നും സ്വരൂപന്നിത കൈതൊഴാം
തൊഴാം രക്താഗ്രവാസന്നു രക്തസൂത്രധരന്നുമേ. 301
രക്തമാലാവിചിത്രന്നു രക്താംബരധരന്നുമേ
മണിഭൂഷിതമൂർദ്ധന്നു തൊഴാം ചന്ദ്രാർദ്ധഭൂഷനും. 302
വിചിത്രമണിമൂർദ്ധന്നു കുസുമാഷ്ടധരന്നുമേ
ത്ര്യഗ്നിമുഖനേത്രന്നു സഹസ്രശശിനേത്രനും. 303
അഗ്നിരൂപന്നു കാന്തന്നു കൈതൊഴാം ഗ്രഹണന്നുമേ
ഖചരന്നങ്ങയ്ക്കു തൊഴാം ഗോചരാഭിരതന്നുമേ. 304

ഭൂചരന്നും ഭുവനന്നുമനന്തന്നും ശിവന്നുമേ
തൊഴാം ദിഗ്വാസസ്സിനെന്നുമധിവാസസുവാസനും. 305
തൊഴാം ജഗന്നിവാസന്നും പ്രതിപത്തിസുഖന്നുമേ
ഉൽബദ്ധമകുടന്നെന്നും മഹാകേയൂരഭൃത്തിനും. 306
സർപ്പകണ്ഠോപഹാരന്നും വിചിത്രാഭരണന്നുമേ
തൊഴാം ത്രിനേത്രനേത്രന്നു സഹസ്രശതനേത്രനും. 307
സ്ത്രീപുംസന്നു നപുംസന്നു തൊഴാം സാംഖ്യന്നു യോഗനും
ശംയോരഭിസ്രവന്തന്നുമഥർവ്വന്നു തൊഴാം തൊഴാം. 308
തൊഴാം സർവ്വാർത്തിനാശന്നു തൊഴാം ശോകഹരന്നുമേ
തൊഴാം മേഘനിനാദന്നു ബഹുമായാധരന്നുമേ. 309
ബീജക്ഷേത്രാഭിപാലന്നും സ്രഷ്ടാരന്നും തൊഴാം തൊഴാം
തൊഴാം സുരാസുരേശന്നു വിശ്വേശന്നു തൊഴാം തൊഴാം. 310
തൊഴാം പവനവേഗന്നു തൊഴാം പവനരൂപനും
തൊഴാം കാഞ്ചനമാലന്നു ഗിരിമാലന്നു കൈതൊഴാം. 311
തൊഴാം സുരാരിമാലന്നു ചണ്ഡവേഗന്നു കൈതൊഴാം
ബ്രഹ്മശിരോപഹർത്തന്നു മഹിഷഘ്നന്നു കൈതൊഴാം. 312
തൊഴാം സ്ത്രീരൂപധാരന്നു യജ്ഞവിധ്വംസനന്നുമേ
തൊഴാം ത്രിപുരഹർത്തന്നു യജ്ഞവിധ്വംസനന്നുമേ. 313
തൊഴാം കാമാംഗനാശന്നു കാലദണ്ഡധരന്നുമേ
തൊഴാം സ്കന്ദവിശാഖന്നും ബ്രഹ്മദണ്ഡന്നു കൈതൊഴാം. 314
തൊഴാം ഭവന്നു ശർവ്വന്നു വിശ്വരൂപന്നു കൈതൊഴാം
ഈശാനന്നു ഭവഘ്നന്നു തൊഴാമന്തകഘാതനും. 315
തൊഴാം വിശ്വന്നു മായന്നു ചിന്ത്യാചിന്ത്യന്നു കൈതൊഴാം
നീ ഞങ്ങൾക്കു ഗതി ശ്രേഷ്ഠൻ നീയേ ഹൃദയമങ്ങനെ. 316
നീ ബ്രഹ്മൻ സർവ്വദേവർക്കും രുദ്രർക്കും നീലലോഹിതൻ
സർവ്വഭൂതങ്ങൾക്കുമാത്മാ സാംഖ്യത്തിൽ പുരുഷൻ മതം. 317
പവിത്രങ്ങൾക്കൃഷഭൻ യോഗിനാം നിഷ്കളൻ ശിവൻ
ഗൃഹസ്ഥനങ്ങാശ്രമികൾക്കീശ്വരർക്കു മഹേശ്വരൻ. 318
കുബേരൻ സർവ്വയക്ഷർക്കും ക്രതുക്കൾക്കങ്ങു വിഷ്ണുപോൽ
പർവ്വതങ്ങൾക്കങ്ങു മേരു നക്ഷത്രങ്ങൾക്കു ചന്ദ്രനാം. 319
ഋഷികൾക്കു വസിഷ്ഠൻ നീ ഗ്രഹങ്ങൾക്കർക്കനാണ പോൽ
ആരണ്യകപശുക്കൾക്കു സിംഹം നീ പരമേശ്വരൻ. 320
ഗ്രാമ്യങ്ങൾക്കോ ഗോവൃഷൻ നീ നീയേ ലോകപ്രപൂജിതൻ
ആദിത്യന്മാർക്കങ്ങു വിഷ്ണു വസുക്കൾക്കങ്ങു പാവകൻ. 321
വൈനതേയൻ പക്ഷികൾക്കങ്ങനന്തൻ ഭുജഗങ്ങളിൽ
വേദങ്ങൾക്കോ സാമവേദം യജുസ്സിൽ ശതരുദ്രിയം. 322
സനൽകുമാരൻ യോഗർക്കു സാംഖ്യർക്കു കപിലൻ ഭവാൻ

മരുത്തുക്കാംകള നീ ശക്രൻ പിതൃക്കാംക്കഗ്നിയാണു നീ. 323
ലോകങ്ങാംക്കോ ബ്രഹ്മലോകം രതികാംക്കങ്ങു മോക്ഷമാം
പാലാഴിയാഴികാംക്കങ്ങു ശൈലങ്ങാംകള ഹിമാചലം. 324
വണ്ണങ്ങാംക്കോ ബ്രാഹ്മണൻ നീ വിപ്രക്കോ ദീക്ഷിതദ്വിജൻ
ലോകങ്ങാംക്കാദിയാണങ്ങു സംഹത്താവാണു കാലനാം. 325
ലോകത്തിലിനി മററെന്തോ സവ്വതേജോധികം മതം
അതൊക്കബ്ഭഗവാൻതന്നെയെന്നു ബുദ്ധിയുറച്ചു മേ. 326
കൈതൊഴാം ഭഗവൻ ദേവ, കൈതൊഴാം ഭക്തവത്സല!
യോഗേശ്വര തൊഴാമങ്ങേക്കൈതൊഴാം വിശ്വസംഭവ! 327
ഭക്തനെന്നിൽ പ്രസാദിക്ക പാവപ്പെട്ടോരു ദീനനിൽ
ഐശ്വര്യമില്ലാത്തവനിൽ ഗതിയാവു സനാതന! 328
അറിയാതപരാധം ഞാൻ ചെയ്കിലും പരമേശ്വര!
എൻ ഭക്തനെന്നു ദേവേശ, ക്ഷമിച്ചാലുമതൊക്കയും. 329
ദേവേശ, രൂപം മാററീട്ടു നീ മോഹിപ്പിച്ചോരാളു ഞാൻ
അതുകൊണ്ടർഘ്യപാദ്യങ്ങളിങ്ങേകീലാ മഹേശ്വര! 330
എന്നീശനെ സ്തുതിച്ചിട്ടു ഭക്തിയാൽ പാദ്യമർഘ്യവും
കൈക്കൂപ്പി നിന്നുകൊണ്ടങ്ങു നിവേദിച്ചിതു സവ്വവും. 331
ഉടനേ പനിനീരൊത്തു ദിവ്യഗന്ധം കലന്നതായ്
എൻ തലയ്ക്കൽ പുഷ്പവൃഷ്ടി വീണു ദേവ, മഹാശുഭം. 332
ദിവ്യദുന്ദുഭിയും കൊട്ടിയപ്പൊഴേ ദേവകിങ്കരർ
ശുചിഗന്ധത്തൊടും വീശീ സുഖമായ് പുണ്യമാരുതൻ. 333
പിന്നെ പ്രീതൻ മഹാദേവൻ പത്നിയൊത്തു വൃഷദ്ധ്വജൻ
വിണ്ണോരോടോതിയങ്ങെന്നെ ഹഷിപ്പിക്കും പ്രകാരമേ: 334
''കാണ്മിൻ വാനവരെല്ലാരുമുപമന്യുമുനിക്കിഹ
എന്നിലേററം ഭക്തിയെന്നുമേകഭാവത്തിൽ നില്പതും.'' 335
എന്നപ്പോഴാശ്ശൂലപാണി ചൊന്ന ദേവകാം കേശവ!
ചൊല്ലിക്കൈത്തൊഴുതെല്ലാരും കുമ്പിട്ടാശ്ശിവനോടഹോ! 336
''ഭഗവാനേ, ദേവദേവ, ലോകനാഥ, ജഗൽപതേ!
സവ്വകാമഫലം നിങ്കൽ നിന്നേല്ക്കട്ടേ ദ്വിജോത്തമൻ.'' 337
ഈവണ്ണമാ ബ്രഹ്മനാദിവാനോർ ചൊല്ലിയ ശങ്കരൻ
ശവ്വൻ ചിരിച്ചു ഭഗവാനീശനെന്നോടു ചൊല്ലിനാൻ. 338

ശങ്കരൻ പറഞ്ഞു

വത്സോപമന്യോ, തുഷ്ടൻ ഞാൻ കാണ്കെന്നെ മുനിപുംഗവ!
വിപ്രഷേ, ദൃഢഭക്തൻ നീ പരീക്ഷിച്ചിതു നിന്നെ ഞാൻ. 339
ഈവബ്ഭക്തികൊണ്ടിട്ടൊട്ടേറെ പ്രീതി പൂണ്ടിതു ഞാനെടോ
അതിനാൽ കാമമൊക്കേയും നിനക്കേകാം യഥേഷ്ടമേ. 340
എന്നു ധീമാൻ മഹാദേവനരുളംചെയ്തോരെനിക്കഹോ!

ഹർഷത്താൽ കണ്ണുനീർ വാർന്നു വളർന്നു കുളർമെയ്യുമേ. 341
ദേവനോടു പറഞ്ഞേൻ ഞാൻ ഹർഷംകൊണ്ടിടറുംപടി
പിന്നെയും പിന്നെയും മുട്ടുകുത്തിക്കുമ്പിട്ടു കുപ്പിയും: 342
''ഇന്നു ഞാൻ ജാതനായ്ത്തീർന്നേൻ ജന്മം സഫലമിന്നു മേ
ദേവൻ സുരാസുരഗുരുവെൻെറ മുൻപിട്ടു നില്ക്കയായ്. 343
കാണാ വാനവരും സേവചെയ്തിട്ടേതതിവീര്യനെ
ആദ്ദേവനെക്കണ്ടിതു ഞാനെന്നെക്കാൾ ധന്യനാരുവാൻ? 344
ധ്യാനിപ്പിതേവം വിദ്വാന്മാർ പരം തത്ത്വം സനാതനം,
വിശേഷമെന്നു ചൊല്ലുന്നതെന്തജം ജ്ഞാനമക്ഷരം, 345
അതാണീബ്ഭഗവാൻ ദേവൻ സർവ്വസത്വാദിയവ്യയൻ
സർവ്വതത്ത്വവിധാനജ്ഞൻ പ്രധാനപുരുഷൻ പരം. 346
ദക്ഷിണാംഗാൽ വിശ്വകൃത്താം ബ്രഹ്മനെസ്സൃഷ്ടി ചെയ്തവൻ
വാമാംഗാൽ ഭുവനം കാപ്പാൻ വിഷ്ണുവെത്തീർത്തോരീശ്വരൻ 347
പ്രളയം വരുമന്നേരം രുദ്രനെത്തീർത്തിതാ പ്രഭു
ചരാചരജഗത്തൊക്ക മുടിക്കും രുദ്രനായവൻ. 348
കാലനായിട്ടു തേജസ്വി പ്രളയാഗ്നി കണക്കിനെ
യുഗാന്തത്തിൽ ഭൂതജാലം ഗ്രസിച്ചുംകൊണ്ടു നില്ക്കയാം. 349
ഈ മഹാദേവനാം ദേവൻ വിശ്വം തീർത്തു ചരാചരം
കല്പാന്തത്തിങ്കലേവർക്കുമോർമ്മയും പോക്കി നില്ക്കയാം. 350
സർവ്വഗൻ സർവ്വഭൂതാത്മാ സർവ്വഭൂതഭവോൽഭവൻ
വാഴ്വു സർവ്വഗതൻ നിത്യൻ സർവ്വവാനോക്കദൃശ്യനായ്. 351
എനിക്കു വരമേകീടിലങ്ങു തോഷിക്കുകിൽ പ്രഭോ!
ദേവ, നിന്നിൽ ഭക്തി വേണമെന്നെന്നേയ്ക്കും സുരേശ്വര! 352
കഴിഞ്ഞതു വരാനുള്ളതിപ്പോളിങ്ങുള്ളതും വിഭോ!
അറിവാനുണ്ടിങ്ങു മോഹം നിൻ പ്രസാദാൽ സുരോത്തമ! 353
ബന്ധുക്കളൊത്തശിക്കേണം ഞാൻ പാല്പായസമക്ഷയം
അങ്ങു സന്നിധി ചെയ്യേണമെന്നും നമ്മുടെയാശ്രമേ.'' 354
എന്നു കേട്ടെന്നൊടരുളീ ഭഗവാൻ വിശ്വപൂജിതൻ
ശിവൻ ചരാചരഗുരു തേജസ്സേറും മഹേശ്വരൻ. 355

ശങ്കരൻ പറഞ്ഞു

അജരാമരനാവട്ടേ ദുഃഖമൊക്കയൊഴിഞ്ഞു നീ
യശസ്വി തേജസ്വിയായിട്ടിദിവ്യജ്ഞാനാഢ്യനായിയും. 356
എൻ പ്രസാദംകൊണ്ടു ഭവാനൃഷികൾക്കഭിഗമ്യനാം
ശീലമാനും ഗുണം ചേർന്നും സർവ്വജ്ഞൻ പ്രിയരൂപനാം. 357
അങ്ങേയ്ക്കുണ്ടാമഗ്നിതേജസ്സുണ്ടാം യൗവനമക്ഷയം
എങ്ങെങ്ങിച്ഛിപ്പതങ്ങിഷ്ടപ്പെട്ടും ക്ഷീരോദസാഗരം 358
അങ്ങു പാലാഴിസാന്നിദ്ധ്യമങ്ങേയ്ക്കുണ്ടായിവന്നിടും

പാല്പായസം ഭുജിച്ചാലുമമൃതോടൊത്തതിങ്ങിനി. 359
ബന്ധുക്കളോടൊത്താകല്പം പിന്നെ നീയെന്നിലെത്തിടും
ക്ഷയിക്കാതേ ബാന്ധവരുമെന്നും നിൻ കുലഗോത്രവും. 360
സാന്നിദ്ധ്യം ചെയ്യുവേൻ നിത്യമാശ്രമത്തിൽ ദ്വിജോത്തമ!
ഉണ്ണീ, വാഞ്ഛ യഥേഷ്ടം നീയുൽക്കണ്ഠയണയേണ്ടെടോ; 361
വിപ്ര, നീയോൎക്കിലപ്പോഴം ഞാൻ പ്രത്യക്ഷപ്പെട്ടുകൊള്ളുവൻ.
എന്നുരച്ചിട്ടു ഭഗവാൻ സൂൎയ്യകോടിസമപ്രഭൻ 362
വരങ്ങളേകീട്ടീശാനനവിടെത്താൻ മറഞ്ഞുതേ.
സമാധിയാൽ കണ്ടിതേവം കൃഷ്ണ, ഞാൻ ദേവദേവനെ 363
ധീമാനാമായവൻ ചൊന്നതൊക്കയും സിദ്ധമായി മേ.
നിൻ പ്രത്യക്ഷം കാണുക കൃഷ്ണ, സിദ്ധന്മാർ നിന്നിടുന്നതും 364
വിദ്യാധരാപ്സരോ യക്ഷ ഗന്ധൎവ്വ മുനിമാർകളും.
കാണുക വൃക്ഷലതാഗുല്മം സൎവ്വപുഷ്പ ഫലപ്രദം 365
സൎവ്വൎത്തു കുസുമം മുററും സുഖപത്രം സുഗന്ധിയായ്.
ഇതൊക്കയും മഹാബാഹോ, ദിവ്യഭാവമിയന്നതാം 366
മഹാത്മാവീശ്വരൻ ദേവദേവസ്വാമിപ്രസാദജം.

ശ്രീകൃഷ്ണൻ പറഞ്ഞു

എന്നവൻ ചൊന്നതായ്ക്കേട്ടു നേരേ കാണുംപ്രകാരമേ
ഏററം വിസ്മയമുററുക്കൊണ്ടാ മുനിയോടു പറഞ്ഞു ഞാൻ. 367
ധന്യനങ്ങുന്ന വിപ്രേന്ദ്ര, നിന്നെക്കാളുംപ്പുണ്യകൃത്തെവൻ?
ദേവാധിദേവൻ സാന്നിദ്ധ്യം ചെയ്വൂ നിന്നുടെയാശ്രമേ. 368
എനിക്കുമീവിധംതന്നെ തരില്ലേ ഭഗവാൻ ശിവൻ
പ്രസാദവും ദൎശനവും മുനിശാർദ്ദൂല, ശങ്കരൻ? 369

ഉപമന്യു പറഞ്ഞു

കാണും മഹാദേവനെ നീ പുണ്ഡരീകാക്ഷ, നിശ്ചയം
കാലതാമസമില്ലാതെ ഞാൻ കണ്ടപടി സമ്മതേ! 370
ദിവ്യചക്ഷുസ്സിനാൽ നിന്റെ വിക്രമം കാണ്മതുണ്ടു ഞാൻ
ആറാം മാസത്തിൽ നീ കാണും ദേവനെപ്പുരുഷോത്തമ! 371
സഭാൎയ്യേശങ്കൽനിന്നെട്ടായ് പതിനാറു വരം ഭവാൻ
നേടിക്കൊള്ളും യദുശ്രേഷ്ഠ, സത്യമാണീപ്പറഞ്ഞതും. 372
കഴിഞ്ഞതു വരാനുള്ളതിപ്പോളുള്ളതുമൊക്കയും
ധീമാനവൻ പ്രസാദിക്കെയറിയും നീ മഹാഭുജ! 373
അസംഖ്യമീയന്യരെയും കനിഞ്ഞോൎത്തീടിനാൻ ഹരൻ
പ്രസാദിക്കില്ലെന്നുകൊണ്ടോ സ്വാമിയങ്ങയ്ക്കു മാധവ! 374
നിന്മട്ടാളായ്* ദേവകൾക്കും ശ്ലാഘ്യമത്രേ സമാഗമം

* നിന്മട്ടാളായ് = നിന്നെപ്പോലുള്ള ഒരാളുമായിട്ട്.

ബ്രഹ്മണ്യനാനൃശംസാദ്ധ്യൻ ശ്രദ്ധയുള്ളവനായഹോ! 375
ജപ്യം ശങ്കരനെക്കാണ്മാൻവേണ്ടിയങ്ങയ്ക്കു ഞാൻ തരാം.

ശ്രീകൃഷ്ണൻ പറഞ്ഞു

അവനോടോതി ഞാൻ ''ബ്രഹ്മൻ, നിൻ പ്രസാദാൽ മഹാമുനേ!
കാണ്മേൻ ദിതിജസംഘാതഘാതി* ദേവാധിദേവനെ. 376
ഇമ്മട്ടവൻ മഹാദേവകഥ ചൊല്ലിയിരിക്കവേ
കഴിഞ്ഞിതെട്ടു ദിവസം മുഹൂർത്തം പോലെ ഭാരത! 377
എട്ടാം ദിനം വിപ്രനോടു ദീക്ഷകൊണ്ടേൻ വിധിക്കു ഞാൻ
കുശി ചീരീ ദണ്ഡി മുണ്ഡി നെയ്യാടിദ്ധൃതമേഖലൻ. 378
ഒന്നാം മാസം ഫലാഹാരൻ രണ്ടാമതു ജലാശനൻ
മൂന്നും നാലും പിന്നെയഞ്ചുമാവിധം വായുഭക്ഷണൻ. 379
ഒററക്കാൽകൊണ്ടൂന്നിനിന്നു കൈ പൊക്കിയിളവററ ഞാൻ
ആയിരം സൂര്യതേജസ്സു കണ്ടേൻ നഭസി ഭാരത! 380
ആത്തേജസ്സിൻ നടുക്കായിപ്പിന്നെ ഞാൻ പാണ്ഡുനന്ദന!
ഇന്ദ്രായുധക്കെട്ടണിഞ്ഞു വിദ്യുന്മാലാഗവാക്ഷമായ് 381
നീലശൈലചയം പോലെ വലാകാഞ്ചിതമാം ഘനം.
അതിൽ നില്പുണ്ടു ഭഗവാൻ ദേവിയൊത്തു മഹാദ്യുതി 382
തപസ്തേജഃകാന്തികളാൽ ദീപ്തയാം കാന്തിയൊത്തവൻ.
ശോഭിച്ചു ഭഗവാനങ്ങു ദേവിയൊത്തു മഹേശ്വരൻ 383
സോമനോടൊന്നിച്ചു സൂര്യൻ കാറിൽ നില്ക്കും പ്രകാരമേ.
കുളുർമെയ്കൊണ്ടു കൗന്തേയ, വിസ്മയാൽ കൺ വിടർന്നു ഞാൻ
കണ്ടേൻ വാനോക്കാർത്തി തീർക്കും ഗതിയാം ഹരദേവനെ. 384

കിരീടിയായ് ഗദിയായ് ശൂലമേന്തും
വ്യാഘ്രാജിനൻ ജടിലൻ ദണ്ഡപാണി
പിനാകിയായ് വജ്രിയായ് തീക്ഷ്ണദംഷ്ട്രൻ
ശുഭാംഗദൻ നാഗയജ്ഞോപവീതൻ 385

വക്ഷസ്സിനാൽക്കാലടിപ്പാട്ടിൽ മുട്ടും
ദിവ്യം നാനാവർണ്ണമാം മാല ചാർത്തി
സന്ധ്യാമ്പിതം പരിവിഷ്ടേന്ദു വക്ഷം
തീർന്നൊക്കുംപോലിവൻ നിന്നു കണ്ടേൻ. 386

മുററുമേ പ്രമഥക്കൂട്ടം പരിവാരം പെടുംപടി
ശരൽക്കാലത്തു ദുഷ്പ്രേക്ഷ്യൻ പരിവിഷ്ടാർക്കനാം വിധം 387
പതിനൊന്നു ശതം രുദ്രരിമ്മട്ടാം വൃഷവാഹനേ
സ്തുതിച്ചു നിയതാത്മാവെക്കർമ്മത്താൽ ശുഭകർമ്മിയെ. 388
ആദിത്യവസുസാദ്ധ്യന്മാർ വിശേവദേവാശ്വിമാർകളും
വിശ്വസ്തുതികളാൽ വിശേവദേവർ ദേവനെ വാഴ്ത്തിനാർ. 389

---

* ദിതിജസംഘാതഘാതി = അസുരസമൂഹത്തെ നിഗ്രഹിക്കുന്ന.

ഇന്ദ്രനാബ് ഭഗവാൻ വിഷ്ണുവെന്നീയദിതിനന്ദനർ
ചൊൽവൂ രഥന്തരം സാമം ബ്രഹ്മാവു ഭവസന്നിധൗ. 390
യോഗീശ്വരന്മാർ പലരും യോഗദൻ ഗുരു താതനെ
സസുതബ്രഹ്മർഷികളും ദേവർഷികളുമങ്ങനെ 391
ഭുവാകാശവുമവ്വണ്ണം നക്ഷത്രങ്ങൾ ഗ്രഹങ്ങളും
മാസാർദ്ധമാസങ്ങളൃതു രാത്രി സംവത്സരം ക്ഷണം 392
മുഹൂർത്തങ്ങൾ നിമേഷങ്ങൾ യുഗമാററങ്ങളും ശരി
നമിക്കുന്തു ദിവ്യർ നൃപ, സത്യവിത്തുകൾ വിദ്യകൾ 393
സനൽക്കുമാരൻ വേദങ്ങളിതിഹാസങ്ങളങ്ങനെ
മരീചിയംഗിരസ്സത്രി പുലസ്ത്യൻ പുലഹൻ ക്രതു 394
മനുക്കളേഴുപേർ സോമനഥർവ്വാവു ബൃഹസ്പതി
ഭൃഗു ദക്ഷൻ കാശ്യപനാ വസിഷ്ഠമുനി കാശ്യനും 395
ഛന്ദസ്സു ദീക്ഷാ യജ്ഞങ്ങൾ ദക്ഷിണാഗ്നി ഹവിസ്സുമേ
യജ്ഞത്തിനൊക്കും ദ്രവ്യങ്ങൾ മൂർത്തിപൂണ്ടു യുധിഷ്ഠിര! 396
പ്രജാപാലർ സരിത്തുക്കൾ നഗനാഗങ്ങളേവരും
ദേവമാതാക്കളെല്ലാരും ദേവപത്നികൾ കന്യകൾ 397
മുനിമാരായിരം പിന്നെപ്പതിനായിരമർബ്ബുദം
നമിപ്പൂ ശാന്തവിഭുവെശ്ശൈലാംബുധികൾ ദിക്കുകൾ, 398
ഗന്ധർവ്വരപ്സരസ്ത്രീകൾ ഗീതവാദ്യവിശാരദർ
ദിവ്യതാളത്തിലായ് പാടി സ്തുതിപ്പൂ ഭവനെപ്പരം. 399
വിദ്യാധരാസുരന്മാരും ഗുഹ്യകാശരരും ശരി
ചരാചരങ്ങളായുള്ള സർവ്വഭൂതങ്ങളങ്ങനെ 400
മനോവാക്കർമ്മവഴിയായ് നമിപ്പൂ വിഭുവേ നൃപ!
ശർവ്വനെന്മുന്നിലായ് വന്നു നിന്നിതാ ത്രിദശേശ്വരൻ! 401
ഈശാനനെന്മുന്നിൽ വന്നു നിന്നുകണ്ടിട്ടു ഭാരത!
സപ്രജാപതി ശക്രാന്തം ജഗത്തീയെന്നെ നോക്കിതേ; 402
എനിക്കിപ്പോൾ ശക്തിയില്ല മഹാദേവനെ നോക്കുവാൻ.
പിന്നെയെന്നോടോതി ദേവൻ "നോക്കെടോ കൃഷ്ണ, ചൊല്ലെടോ
നൂറായിരം വട്ടമെന്നെയാരാധിച്ചിതു നീയെടോ;
നിന്നെപ്പോലെയെനിക്കില്ലീ മൂന്നു ലോകത്തിലും പ്രിയൻ." 404
ദേവനെത്തല കുമ്പിട്ടവാറുമാദേവി തുഷ്ടയായ്
ബ്രഹ്മാദിവാനോർ വാഴ്ത്തീടും സ്ഥാണുവോടോതി പിന്നെ ഞാൻ.

കൃഷ്ണൻ പറഞ്ഞു

തൊഴുന്നു ഞാൻ ശാശ്വത, സർവ്വയോനേ!
ബ്രഹ്മാധിപൻ നീ ഋഷിമാർകൾ ചൊൽവൂ
തപസ്സുമാസ്സത്വരജസ്തമസ്സും
നീതന്നെ സത്യം പറയുന്നു സത്തർ. 406

നീയേ ബ്രഹ്മാവു രുദ്രൻ നീ പാശിയഗ്നി ഭവൻ മനു
ധാതാ ത്വഷ്ടാ വിധാതാവും പ്രഭു നീ സർവ്വതോമുഖൻ. 407
ചരാചരങ്ങൾ ഭൂതങ്ങൾ നിന്നിൽനിന്നുളവായവ
നീ സൃഷ്ടിച്ചതിതൊക്കേയും ത്രൈലോക്യം സചരാചരം. 408
ഇന്ദ്രിയൗഘങ്ങൾ മനസ്സു മുററും
വായുക്കളേഴഗ്നികളപ്രകാരം
ആദ്ദേവതൗഘം തവ ദേവതൗഘ—
മതിന്നുമേൽ നീ ഋഷിമാരുരപ്പു. 409
വേദങ്ങൾ യജ്ഞങ്ങൾ സോമൻ ദക്ഷിണാഗ്നി ഹവിസ്സുമേ
യജ്ഞത്തിന്നുള്ളതൊക്കേയും ഭഗവാനാണസംശയം. 410
യജ്ഞമദ്ധ്യയനം ദാനം വ്രതങ്ങൾ നിയമങ്ങളും
ഹ്രീ കീർത്തി ശ്രീ ദ്യുതീ തുഷ്ടി സിദ്ധിയേവം തദർപ്പണി. 411
കാമം ക്രോധം ഭയം ലോഭം മദം സ്തബ്ധത മത്സരം
ആധി വ്യാധികളും ദേവ, ഭവാനുടയ സന്തതി. 412
കൃതീ വികാരം പ്രളയം പ്രധാനം ബീജമവ്യയം
മനസ്സിൻ പരയാം യോനി പ്രഭാവം ശാശ്വതം പരം 413
അവ്യക്തൻ പാവനാചിന്ത്യൻ സഹസ്രാംശു ഹിരണ്മയൻ
ഗണങ്ങൾക്കൊക്കേയുമാദി ഭവാൻതാൻ ജീവിതാശ്രയൻ. 414
മഹാനാത്മാവതിബ്രഹ്മൻ വിശ്വം ശംഭു സ്വയംഭവൻ
പ്രജ്ഞോപലബ്ധിയാബ്ബുദ്ധി സംവിൽ ഖ്യാതി ധൃതി സ്മൃതി.
പര്യായപ്പേർ വാക്കുകളാൽ മഹാനാത്മാവു ബോദ്ധ്യനാം
നിൻ ബോധാൽ ബ്രാഹ്മണൻ വിദ്വാൻ പ്രമോഹത്തെയടക്കുമേ.
നീ സർവ്വഭൂതഹൃദയം ക്ഷേത്രജ്ഞൻ നീ ഋഷിസ്തുതൻ
എങ്ങും കൈകാലുള്ളവൻ നീയെങ്ങും കൺമൗലിവക്ത്രവാൻ. 417
ലോകത്തിലെങ്ങും കാതുള്ളോനെങ്ങും വ്യാപിച്ചു നില്പു നീ
തിഗ്മാംശുവിൻ നിമേഷാദികർമ്മങ്ങൾക്കും ഫലം ഭവാൻ. 418
നീ പ്രഭാർച്ചിസ്സു പുരുഷനേവനും ഹൃത്തിൽ നില്പവൻ
അണിമാ ലഘിമാ പ്രാപ്തി ജ്യോതിസ്സീശാനനവ്യയൻ. 419
നിങ്കലത്രേ ബുദ്ധിമതിശ്രിതരായ് നില്പു ലോകരും
ധ്യാനിപ്പോർ നിത്യയോഗക്കാർ സത്യസന്ധർ ജിതേന്ദ്രിയർ.
നിന്നെഗ്ഗുഹസ്ഥനുള്ളിലുറച്ചു കാണ്മവൻ
പുരാണനാം പൂരുഷമൂർത്തി ശക്തനെ
ഹിരണ്മയൻ ബുദ്ധജനാവലംബനെ—
ദ്ധീമാനവൻ ബുദ്ധി കടന്നു നില്ക്കുമേ. 421
സൂക്ഷ്മമേഴും കണ്ടു ഷഡംഗാകാരം പൂണ്ട നിന്നെയും
പ്രധാനവിധിയോഗസ്ഥൻ നിന്നിൽത്താൻ ചേരുമേ ബുധൻ.
എന്നു ഞാൻ പാർത്ഥാർത്തിഹാരി ഭവനോടുരചെയ്യവേ
ചരാചരജഗത്തൊക്കസ്സിംഹനാദം മുഴക്കിതേ. 423

വിപ്രൗഘമെന്നല്ല സുരാസുരാഹി
പിശാചവർഗ്ഗം പിതൃപക്ഷിസംഘം
രക്ഷോഗണം ഭൂതനികായമെല്ലാ—
മുനീന്ദ്രരും ചേൎന്നവനേ വണങ്ങി. 424

എൻ മൗലിയിൽ ദിവ്യഗന്ധമുള്ള പുഷ്പസമൂഹവും
വന്നു വീണൂ സുഖമെഴും മട്ടിലായ് വീശി കാററുമേ. 425

ഭഗവാനെന്നെയും ഗൗരീദേവിയേയും ജഗദ്ധിതൻ
നോക്കിശ്ശക്രനെയും നോക്കീട്ടെന്നോടരുളി ശങ്കരൻ: 426

''അറിയും കൃഷ്ണ, ശത്രുഘ്ന, നമ്മിൽ നിൻ പരഭക്തി ഞാൻ
ആത്മശ്രേയസ്സു ചെയ്യാലും നിന്നിൽ പ്രീതി പെരുത്തു മേ. 427

വാങ്ങുകെട്ട വരം കൃഷ്ണ, തരാമങ്ങയ്ക്കു സത്തമ!
സുദുർല്ലഭങ്ങളാം നീയിച്ഛിപ്പവ ചൊല്ലു യദൂത്തമ!'' 428

15. മേഘവാഹനോപാഖ്യാനം

മേഘവാഹനോപാഖ്യാനം(തുടൎച്ച). ശിവനും പാൎവ്വതിയും ശ്രീകൃഷ്ണനു വരം കൊടുക്കുന്നതു്.

ശ്രീകൃഷ്ണൻ പറഞ്ഞു

തല കുമ്പിട്ടു നിയതൻ തേജസ്സംഘത്തിലങ്ങു ഞാൻ
ഏററവും ഹൎഷമുൾക്കൊണ്ടു ഭഗവാനോടു ചൊല്ലിനേൻ. 1

ധൎമ്മേ ദൃഢത്വം യുധി ശത്രുഘാതം
പ്രശസ്തയാം കീൎത്തി പെരുത്ത ശക്തി
യോഗം പ്രിയത്വം തവ സന്നിധാനം
വരിക്കുവേൻ പുത്രശതം ശതം ഞാൻ. 2

എന്നാലങ്ങനെയെന്നോതീ ഞാനുണൎത്തിയ ശങ്കരൻ
വിശ്വമാതാവെന്നൊടപ്പോൾ സൎവ്വപാവനി ധാരിണി 3

എന്നോടോതീ ശ്രദ്ധയോടും ശ്രീശൎവ്വാണി തപോമയി:
''സാംബനാം പുത്രനെത്തന്നൂ ഭഗവാൻ തവ സമ്മതേ! 4

എന്നോടുമങ്ങെട്ടു വരം വാങ്ങിക്കൊൾക തരുന്നു ഞാൻ.''
കുമ്പിട്ടായവളോടായിച്ചൊന്നേൻ ഞാൻ പാണ്ഡുനന്ദന! 5

ദ്വിജാത്യകോപം പിതൃസുപ്രസാദം
ശതം സുതന്മാർ പരമങ്ങു ഭോഗം
കുലപ്രിയം മാതൃമഹാപ്രസാദം
വരിപ്പനാശ്ശമവും ദാക്ഷ്യവും ഞാൻ. 6

ഉമ പറഞ്ഞു

ഈവണ്ണമുണ്ടാമമരപ്രഭാവ!
ഞാൻ ഭോഷ്കു ചൊല്ലില്ലൊരു കാലമൊന്നും

ഭാര്യാസഹസ്രം പതിനാറിലും നീ
പ്രിയത്വ*മങ്ങക്ഷയമേററുകൊാംക. 7
ബന്ധുക്കളിൽ പ്രീതിയൊട്ടേറെയങ്ങ—
യ്ക്കേകീട്ടന്നേൻ കാമ്യദേഹത്വവും ഞാൻ.
ഭുജിക്കും നിൻ മന്ദിരത്തിങ്കൽ നിത്യം
പാന്ഥന്മാരങ്ങെഴുവതു നൂറുപേർകാം. 8

ശ്രീകൃഷ്ണൻ പറഞ്ഞു

എനിക്കേവം വരം തന്നു ദേവൻ ഭാരത, ദേവിയും
മറഞ്ഞിതാ ക്ഷണത്തിങ്കൽ സഗണൻ ഭീമപൂർവ്വജ! 9
ഈയൊരത്യത്ഭുതം മുൻപിൽ തേജസ്വിദ്വിജനോടഹോ!
ഉപമന്യുവൊടൊക്കേയും പറഞ്ഞേൻ പാർത്ഥിവോത്തമ! 10
ദേവദേവനു കുമ്പിട്ടിട്ടായവൻ ചൊല്ലി സുവ്രത!

ഉപമന്യു പറഞ്ഞു

ഇല്ലാ ശർവ്വസമൻ ദേവനില്ലാ ശർവ്വസമൻ ഗതി
ഇല്ലാ ശർവ്വസമൻ ദാതാവില്ലാ ശർവ്വസമൻ രണേ. 11

16. മേഘവാഹനോപാഖ്യാനം

മേഘവാഹനോപാഖ്യാനം (തുടർച്ച). ഉപമന്യുവും ശ്രീകൃഷ്ണനും തമ്മിലുള്ള സംവാദം. തണ്ഡിയുടെ ശിവസ്തുതി. ശിവൻ തണ്ഡിയെ അനുഗ്രഹിക്കുന്നതു്.

ഉപമന്യു പറഞ്ഞു

ഉണ്ടായ് കൃതത്തിങ്കലൃഷി താത, തണ്ഡി പുകഴ്ന്നവൻ
പതിനായിരമങ്ങായാം ദേവനെത്താൻ സമാധിയാൽ 1
ആരാധിച്ചു, ഭക്തനതിൽക്കേളെവന്നുടെ മേൽഫലം.
കണ്ടു മഹാദേവനെത്താൻ സ്തുതിച്ചു വിഭുവെപ്പരം 2
തണ്ഡിയേവം തപസ്സാലാപ്പരാത്മാവ്യയത്രൂപനെ
മഹാത്മാവിനെയുള്ളിൽക്കണ്ടോതീ വിസ്മിതനിങ്ങനെ: 3
''സാംഖ്യന്മാർകാം പഠിക്കുന്നോർ യോഗിമാർ ചിന്തചെയ്യവർ
പരൻ പ്രധാനൻ പുരുഷനധിഷ്ഠാതാവധീശ്വരൻ 4
കാരണം ജന്മനാശങ്ങാംക്കെന്നായിബ്ബുധർ ചൊൽവവൻ
ദേവാസുരമുനീന്ദ്രർക്കും തന്മേലൊന്നും പെടാത്തവൻ 5
അജനീശാനനാദ്യന്തമില്ലാത്തരുളിടും പ്രഭു
അത്യന്തസുഖിയാദ്ദേവനനഘൻ ശരണം മമ.'' 6
ഏവം ചൊല്ലുമ്പൊഴേ കണ്ടു തപോനിധിയെയങ്ങനെ
ധ്രുവാവ്യയാചിന്ത്യതുല്യനിത്യശാശ്വതതത്ത്വമേ. 7
നിഷ്കളം സകളം ബ്രഹ്മം നിർഗ്ഗുണം ഗുണഗോചരം

---

* പ്രിയത്വം = സ്നേഹം.

യോഗികൾക്കു പരാനന്ദമക്ഷരം മോക്ഷസംജ്ഞകം 8
വായ്വിന്ദ്രാഗ്നിമരുൽക്കൾക്കും വിശ്വന്നും ബ്രഹ്മനും ഗതി
അഗ്രാഹ്യനചലൻ ശുദ്ധൻ ബുദ്ധിഗ്രാഹ്യൻ മനോമയൻ 9
ദുർവ്വിജ്ഞേയനസംഖ്യേയനകൃതാത്മസുദുർഗ്ഗമൻ
വിശ്വലോകത്തിന്നു യോനി തമസ്സിന്മേലെ നില്പവൻ 10
പുരാണൻ പുരുഷൻ ദേവൻ പരങ്ങൾക്കും പരാൽപരൻ
പ്രാണനോടൊക്കുമാത്മാവാ ജ്യോതിസ്സാജ്ജീവഗം മനം. 11
ആദ്ദേവനെക്കാണ്മവാനായേറെയാണ്ടുകൾ മാമുനി
അത്യുഗ്രമാം തപസ്സാണ്ടു കണ്ടു വാഴ്ത്തീ മഹേശനെ. 12

തണ്ഡി പറഞ്ഞു

പവിത്രർക്കും പവിത്രം നീ ഗതിമാന്മാർക്കു നീ ഗതി
തേജസ്സുകൾക്കുഗ്രതേജസ്സാത്തപങ്ങൾക്കു മേൽത്തപം. 13
വിശ്വാവസു ഹിരണ്യാക്ഷപുരുഹൂതനമസ്കൃത!
ഭൂരികല്യാണദ, വിഭോ, തൊഴുന്നേൻ പരസത്യമേ! 14
ജന്മമൃത്യുഭയം പൂണ്ട യതികൾക്കൊക്കയും വിഭോ!
മുക്തി നല്കും സഹസ്രാംശോ, കൈതൊഴുന്നേൻ സുഖാശ്രയ! 15
ബ്രഹ്മാവിന്ദ്രൻ വിഷ്ണു വിശ്വേദേവന്മാർ മുനിമാർകളും
തത്ത്വത്താൽ നിന്നെയറിയില്ലറിയും ഞങ്ങളെങ്ങനെ? 16
നിന്നിൽനിന്നൊക്കയുളവാം നിന്നിലൊക്കയിരിപ്പതാം
കാലാഖ്യൻ പുരുഷാഖ്യൻ നീതന്നേ ബ്രഹ്മാഖ്യനായതും. 17
നിനക്കു മെയ് മൂന്നോതുന്നു പുരാണജ്ഞർ സുരർഷികൾ
അധിപൂരുഷമധ്യാത്മമധിഭൂതാധിദൈവതം. 18
അധിലോകാധിവിജ്ഞാനമധിയജ്ഞനുമാണു നീ
ദേവകൾക്കും ദുർവ്വിദനാം നിന്നെക്കണ്ടാത്മസംസ്ഥനായ് 19
വിജ്ഞരെത്തുന്നു നിർമ്മുക്തർ പരം ഭാവമനാമയം;
വിഭോ, ഭവാനിച്ഛിയായ്കിൽ ജന്മമൃത്യുക്കളേറെയാം. 20
സ്വർഗ്ഗമോക്ഷങ്ങൾക്കു വഴിയാക്ഷേപ്താവേകിടുന്നു നീ
നീയേ സ്വർഗ്ഗം മോക്ഷവും നീ കാമം ക്രോധവുമങ്ങനെ. 21
സത്ത്വം രജസ്സാത്തമസ്സും നീതാൻ കീഴ്മേലുമങ്ങനെ
ബ്രഹ്മാവു നീ വിഷ്ണു ഭവൻ സ്കന്ദേന്ദ്രന്മാർ യമാർക്കരും. 22
മനുവിന്ദുധാതൃവരുണവിധാതാക്കൾ ധനേശനും
ഭൂ വായു വെള്ളം തീ വ്യോമം വാക്കു ബുദ്ധി മതി സ്ഥിതി. 23
കർമ്മം സത്യാനൃതം രണ്ടും നീതാനില്ലാത്തതുള്ളതും
നീയിന്ദ്രിയേന്ദ്രിയാർത്ഥങ്ങൾ പ്രകൃതിക്കും പരം ധ്രുവം. 24
വിശ്വാവിശ്വപരം ഭാവം ചിന്ത്യാചിന്ത്യനുമാണു നീ
യാതൊന്നു പരമം ബ്രഹ്മം യാതൊന്നു പരമം പദം 25
സാംഖ്യയോഗർക്കു ഗതിയേതതും നീയില്ല സംശയം.

ഞങ്ങളിപ്പോരം കൃതാത്ഥന്മാരെത്തിയാസ്സൽപദം ദൃഢം. 26
പ്രാത്ഥിപ്പതേതു പദമോ ജ്ഞാനനിമ്മലബുദ്ധികരം.
ബുദ്ധി കെട്ടിട്ടിത്രനാളം മൂഢരായ് ഞങ്ങരം കഷ്ടമേ! 27
ബുധർ ശാശ്വതനെന്നോക്കും ദേവനെത്തിരിയായ്കയാൽ.
ജന്മങ്ങളാലാ നിൻ ഭക്തി നേരേ സാധിച്ചിതിപ്പോരം ഞാൻ 28
ദേവൻ ഭക്താനുഗ്രഹദൻ തൽജ്ഞാനാലമൃതാപ്തിയാം.
ദേവാസുരമുനീന്ദ്രക്കും പരം ഗുഹ്യം സനാതനം 29
ഗുഹസ്ഥകത്തെഴും ബ്രഹ്മം ദുവ്വിജ്ഞേയം മുനിക്കുമേ.
അതാണീബ്ഭഗവാൻ ദേവൻ സവ്വകൃൽ സവ്വതോമുഖൻ 30
സവ്വാത്മാവാം സവ്വദശി സവ്വഗൻ സവ്വവിത്തമൻ.
ദേഹകൃൽ ദേഹഭൃൽ ദേഹി ദേഹഭുക് ദേഹിമാർഗതി 31
പ്രാണകൃൽ പ്രാണഭൃൽ പ്രാണി പ്രാണദൻ പ്രാണിമാർഗതി.
ഇഷ്ടരദ്ധ്യാത്മവിത്തുക്കരംക്കദ്ധ്യാത്മഗതിയായവൻ 32
ജന്മാഭാവം നിനപ്പോക്കു ഗതിയായവനീശ്വരൻ.
സവ്വഭൂതങ്ങരംക്കുമിവൻ ശുഭാശുഭഗതിപ്രദൻ 33
സവ്വജന്തുക്കരംക്കുമിവൻ ജന്മമൃത്യുവിധായകൻ;
സിദ്ധി കാംക്ഷിക്കുമൃഷികരംക്കവൻതാൻ സിദ്ധിദൻ പ്രഭു. 34
ഭൂമ്യാദി ഭുവനം മുററും വിണ്ണോരൊത്തു ചമച്ചുടൻ
മൂത്തിയെട്ടാലെല്ലു ദേവൻ ഭരിച്ചീടുന്നിതങ്ങനെ. 35
ഇവങ്കൽനിന്നൊക്കയുണ്ടാം നിലനില്പതിവങ്കലാം
ലയിപ്പതുമിവങ്കൽത്താനിവനേകൻ സനാതനൻ. 36
സത്വകാമികരം സത്തുക്കരംക്കിവന്മേൽ സത്യലോകമാം
അപവഗ്ഗവിമുക്തക്കു കൈവല്യം ജ്ഞാനികരംക്കിവൻ. 37
ബ്രഹ്മാദിസിദ്ധർ ഗുഹയിൽ ഗോപനം ചെയ്യുവൻ പ്രഭു
ദേവാസുരമനുഷ്യക്കു വെളിവാകൊല്ലയെന്നുതാൻ. 38
ആ നിന്നെബ്ഭവനെക്കാണാ ദേവാസുരമനുഷ്യർകരം
ഹൃദിസ്ഥൻ വെളിവാകാതുള്ളിവൻ മോഹമണയ്ക്കയാൽ. 39
ഭക്തിയോഗംകൊണ്ടു ഭജിച്ചിവനെസ്സംശ്രയിക്കുകിൽ
അവക്കാത്മാവെയാത്മാവാൽക്കാട്ടും കരളിലുള്ളിവൻ. 40
അവനെത്താനറിഞ്ഞീടിൽ ജന്മമൃത്യുക്കരം പററിടാ
ആ വേദ്യനെയറിഞ്ഞീടിൽ വേദ്യം മററൊന്നുമില്ലതാൻ. 41
ആ വൻ ലാഭം ലഭിച്ചെങ്കിലോക്കില്ലതിനുമേൽ ബുധൻ
സൂക്ഷ്മം പരപ്രാപ്തിയിതിൽച്ചെന്നാലവ്യയമക്ഷയം. 42
സാംഖ്യന്മാർ ഗുണതത്ത്വജ്ഞർ സാംഖ്യശാസ്ത്രവിശാരദർ
സൂക്ഷ്മജ്ഞരീ സൂക്ഷ്മതത്ത്വം കണ്ടു ബന്ധമൊഴിക്കുമേ. 43
വേദവിത്തുക്കളീ വേദ്യനാകും വേദാന്തസംസ്ഥനിൽ
നിത്യം പ്രാണായാമപരരാവേശിക്കും ജപിച്ചിടും. 44

ഓങ്കാരത്തേരിലേറീട്ടങ്ങവരെത്തും മഹേശനിൽ
ഇവനാദ്ദേവയാനക്കാക്ക്കാദിത്യൻ ദ്വാരമാണുപോൽ. 45
ഇവനാപ്പിതൃയാനക്കാക്കിന്ദുവും ദ്വാരമാണുപോൽ
ഇവൻ കാഷ്ഠാ ദിക്കുകളും സംവത്സരയുഗാദിയും 46
ദിവ്യാദിവ്യം പരം ലാഭമയനം ദക്ഷിണോത്തരം.
മുന്നം സ്തവംകൊണ്ടിവനെയാരാധിച്ചാ പ്രജാപതി 47
പ്രജാത്ഥം പരമത്ഥിച്ചു നീലലോഹിതനോടഹോ!
ബഹ്വൃചന്മാർ* സൽക്രിയയിലിവനേ വാഴ്ത്തുമൃക്കിനാൽ 48
യജ്ജുസ്സിനാലെ ഹോമിപ്പൂ ത്രിധാ വേദ്യനെയദ്ധ്വരേ.
സാമങ്ങളാൽ പാടിടുന്നൂ ശുദ്ധബുദ്ധികൾ സാമഗർ 49
ഋതം സത്യം പരം ബ്രഹ്മം വാഴ്ത്തുമാഥവ്വണദ്വിജർ.
യജ്ഞത്തിൻപരയാം യോനി പരൻ പതിയുമാണിവൻ 50
രാപ്പകൽ കാതു കണ്ണുള്ളോൻ പക്ഷമാസശിരോഭുജൻ,
ഋതുവീര്യൻ തപോധൈര്യനബ്ദഗുഹ്യോരുപാദവാൻ 51
യമൻ മൃത്യു ഹുതാശൻതാൻ കാലൻ സംഹാരവേഗവാൻ.
കാലന്നും പരയാം യോനി കാലമത്രേ സനാതനൻ 52
ചന്ദ്രാക്കർ നക്ഷത്രഗണം ഗ്രഹങ്ങളിഹ വായുവും
ധ്രുവൻ സപ്തഷിമാരേഴു ഭുവനങ്ങളുമങ്ങനെ 53
പ്രധാനം മഹദവ്യക്തം വിശേഷാന്തം സവൈകൃതം
ആബ്രഹ്മസ്തംബമാബ്ഭൂതാദികം സത്തുമസത്തുമേ. 54
എട്ടായീടും പ്രകൃതികൾ പരൻ പ്രകൃതികൾക്കുമേ
ഈദ്ദേവന്നുള്ളോരു ഭാഗം പരിവത്തിപ്പിതാകവേ. 55
ഇതത്രേ പരമാനന്ദം പരം ശാശ്വതമായതും
വിരക്തക്കോ ഗതിയിതു സത്തുക്കൾക്കഗ്ര്യഭാവമാം. 56
ഇതാണനുദ്വിഗ്നപദമിതാ ബ്രഹ്മം സനാതനം
ശാസ്ത്രവേദാംഗവിജ്ഞന്മാക്കിതേ ധ്യാനം പരം പദം. 57
ഇതാണാപ്പരയാം കാഷ്ഠയിതാണാപ്പരയാം കല
ഇതാണാപ്പരയാം സിദ്ധിയിതാണാപ്പരയാം ഗതി. 58
ഇതാണാപ്പരയാം ശാന്തിയിതാണാപ്പരനിർവൃതി
ഇതിലെത്തീട്ടു സിദ്ധാത്ഥർ ഞങ്ങളെന്നോപ്പു യോഗികൾ. 59
ഇതേ തുഷ്ടിയിതേ സിദ്ധിയിതേ ശ്രുതിയിതേ സ്മൃതി
അദ്ധ്യാത്മഗതിയിഷ്ടക്കു ബുധക്കോ പ്രാപ്തിയവ്യയ. 60
ഭൂരിദക്ഷിണയജ്ഞങ്ങൾ യജിക്കും കാമികൾക്കഹോ!
യജ്ഞശീലക്കുള്ള ഗതിയായതും നീയസംശയം. 61
നല്ല യോഗം ജപം ശാന്തി നിയമം ദേഹപാതനം
ഇവയാലേ തപിപ്പോക്കു ദേവ, വൻ ഗതിയാണു നീ. 62

* ബഹ്വൃചന്മാർ = പല വേദസൂക്തങ്ങളും പഠിച്ചവർ.

കർമ്മന്യാസം കഴിച്ചോരു വിരക്തകർമ്മതാതിടം
ബ്രഹ്മലോകത്തുള്ള ഗതിയായതും നീ സനാതന! 63
ജന്മാഭാവം നിനയ്ക്കുന്ന വൈരാഗ്യക്കാർക്കമങ്ങനെ
പ്രകൃതിപ്രളയങ്ങൾക്കും ഗതി നീയേ സനാതന! 64
ജ്ഞാനവിജ്ഞാനമുള്ളോർക്ക നിരുപാഖ്യ, നിരഞ്ജന!
കൈവല്യയായുള്ള പരഗതിയും ദേവ, നീയൊരാൾ. 65
വേദശാസ്ത്രപുരാണോക്തങ്ങളിഗ്ഗതികളഞ്ചുമേ
നിൻ പ്രസാദത്തിനാൽ കിട്ടുമല്ലായ്കിൽ കിട്ടിടാ വിഭോ! 66
എന്നു തണ്ഡി തപോരാശിതാനീശാനനെ വാഴ്ത്തിനാൻ
ലോകകർത്താവു മുൻ ചൊന്നാ മുഖ്യബ്രഹ്മവുമോതിനാൻ. 67

ഉപമന്യു പറഞ്ഞു

എന്നേവമാ ബ്രഹ്മവാദി തണ്ഡി വാഴ്ത്തിയൊരീശ്വരൻ
പറഞ്ഞു ഭഗവാൻ ദേവനമയോടൊത്തെഴും പ്രഭു. 68
ബ്രഹ്മാവിന്ദ്രൻ വിഷ്ണു വിശ്വേദേവന്മാരും മുനീന്ദ്രരും
അറിയാതില്ലയെന്നെന്നിൽ സന്തോഷിച്ചോതി ശങ്കരൻ. 69

ശങ്കരൻ പറഞ്ഞു

അക്ഷയാവ്യയനായ്ത്തീരും ദുഃഖമെല്ലാമൊഴിഞ്ഞു നീ
യശസ്വി തേജസ്സുടയോൻ ദിവ്യജ്ഞാനമിയന്നവൻ. 70
ഋഷികൾക്കഭിഗമ്യൻതാൻ സൂത്രകൃത്തായി നിർമ്മകൻ
എൻ പ്രസാദാൽ ദ്വിജശ്രേഷ്ഠ, ഭവിച്ചീടുമസംശയം. 71
എന്തു കാമം തരേണ്ടു ഞാൻ ചൊല്ലു കാംക്ഷിപ്പതെന്തു നീ?
കൈക്കൂപ്പിക്കൊണ്ടവൻ ചൊല്ലി 'നിങ്കൽബ്ഭക്തിയുറയ്ക്കു മേ.' 72

ഉപമന്യു പറഞ്ഞു

ഈ വരങ്ങൾ കൊടുത്തീശൻ സുരർഷികൾ നമിപ്പവൻ
വിബുധന്മാർ പുകഴ്ത്തുന്നോനവിടെത്താൻ മറഞ്ഞുതേ. 73
ഭഗവാൻ കൂട്ടകാരൊത്തു മറഞ്ഞപ്പോൾ യദൂത്തമ!
ഋഷിയിങ്ങാശ്രമത്തിങ്കൽ വന്നിതെന്നോടു ചൊല്ലിനാൻ. 74
പ്രസിദ്ധനാമങ്ങളെവ തണ്ഡിയെന്നോടു ചൊല്ലിയോ,
അവ നീ മാനവശ്രേഷ്ഠ, സിദ്ധിക്കായ് കേട്ടുകൊള്ളുക. 75
പത്തു നാമസഹസ്രങ്ങളോത്തിലോതീ പിതാമഹൻ
ശർവ്വന്നു ശാസ്ത്രങ്ങളിലും പത്തു നാമശതങ്ങളെ. 76
തണ്ഡിയീബ്ഭഗവാനുള്ള ഗുഹ്യനാമങ്ങളുച്ചത!
ദേവപ്രസാദാൽ ദേവേശ, മഹാത്മാവിന്നു ചൊല്ലിനാൻ. 77

17. മേഘവാഹനോപാഖ്യാനം—ശിവസഹസ്രനാമം*

ഉപമന്യു, ശിവൻെറ ആയിരം പര്യായങ്ങൾ (ശിവസഹസ്രനാമം) ശ്രീകൃഷ്ണനെ പറഞ്ഞു കേൾപ്പിക്കുന്നു.

ശ്രീകൃഷ്ണൻ പറഞ്ഞു

എന്നോടു പിന്നെ പ്രയതനവൻ താത, യുധിഷ്ഠിര!
കൈക്കൂപ്പിയോതീ വിപ്രഷി നാമസംഗ്രഹമാദ്യമേ. 1

ഉപമന്യു പറഞ്ഞു

ബ്രഹ്മപ്രോക്തമൃഷിപ്രോക്തം വേദവേദാംഗസംഭവം
നാമം ചൊല്ലി ജഗൽഖ്യാതസ്തുത്യനെ സ്തുതിചെയ്യുവൻ. 2
മഹത്തായ് വിഹിതം സത്യം സിദ്ധം സർവ്വാർത്ഥസാധകം
വേദദത്താത്മാവു തണ്ഡി മുനി ഭക്ത്യാ ചമച്ചതാം. 3
സാധുതത്ത്വജ്ഞമുനികൾ ചൊന്നമാതിരി വിശ്രുതം
പ്രവരം പ്രഥമം സ്വർഗ്ഗ്യമെല്ലാവർക്കും ഹിതം ശുഭം. 4
ശ്രുതം ജഗത്തിലൊക്കേയും ബ്രഹ്മലോകാൽ സമാഗതം
അതു സത്യം പരം ബ്രഹ്മം ബ്രഹ്മപ്രോക്തം സനാതനം. 5
ചൊല്ലാം യദുശ്രേഷ്ഠ, കേട്ടുകൊൾക സശ്രദ്ധനായി നീ
വരിക്ക ദേവൻ ഭവനെബ്ഭക്തൻ നീ പരമേശനെ. 6
എന്നാൽക്കേൾപ്പിച്ചിടാം നിന്നെയിങ്ങാ ബ്രഹ്മം സനാതനം
വിസ്തരിച്ചൊക്കയും ചൊല്ലാവല്ല ശർവ്വൻെറയാക്കുമേ. 7
പരം നൂററാണ്ടുകൊണ്ടിട്ടും വിഭൂതികളിണങ്ങിലും
അവൻെറയാദിമദ്ധ്യാന്തമെത്തില്ലാ സുരർപോലുമേ. 8
അവൻെറ ഗുണമൊട്ടുക്കു ചൊല്ലാനാരുണ്ടു മാധവ!
എന്നാൽ മഹാദേവനുടെ പൊരുൾ മുററും ചുരുക്കി ഞാൻ 9
ചരിതം ശക്തിപോലോതാമാദ്ധീമാൻ തൻ പ്രസാദനാൽ
തത്സമ്മതം കിട്ടിടാതെ വാഴ്ത്താവല്ലാ മഹേശനെ. 10
ഞാൻ സ്തുതിച്ച മഹാദേവൻ സമ്മതിക്കുകിലപ്പൊൾ ഞാൻ
ജഗദ്യോനി മഹാത്മാവാമനാദിനിധനന്നുടെ 11
അവ്യക്തയോനിയുടയ പേർകളൊട്ടൊട്ടു ചൊല്ലിടാം.
വരേണ്യൻ വരദൻ ധീമാൻ വിശ്വരൂപൻെറയങ്ങനെ 12
നാമസംഘം കേൾക്ക കൃഷ്ണ, പത്മയോനി പറഞ്ഞതാം.
പത്തു നാമസഹസ്രങ്ങൾ ചൊല്ലീലേ പ്രപിതാമഹൻ 13
കടഞ്ഞെടുത്തിതവകൾ വെണ്ണനൈ തൈരിലാംവിധം
ഗിരിസാരം പൊൻകണക്കെപ്പൂസാരം തേനുപോലെയും 14
ഘൃതസാരം മണ്ഡമെട്ടുമാണീസ്സാരമെടുത്തതും.

---

* തൻെറ യജ്ഞം ഭഞ്ജിച്ച ശിവനെ പ്രീണിപ്പിക്കാനായി ദക്ഷൻ ചൊല്ലിയ ഒരു ശിവസഹസ്രനാമം ശാന്തിപർവ്വം 285-ാമദ്ധ്യായത്തിലും കാണുന്നുണ്ട്. ആ സഹസ്രനാമം ഇതിൽനിന്നു ഭിന്നമാണ്.

സർവ്വപാപാപഹമിതു നാൽമറക്കാതലൊത്തതാം 15
പ്രയത്നത്താൽ പഠിക്കേണം യതാത്മാവായ്ധരിക്കണം.
മംഗല്യം പൗഷ്ടികമിതു രക്ഷോഘ്നം പാവനം പരം 16
ഇതു ഭക്തന്നു നല്കേണം ശ്രദ്ധയുള്ളാസ്തികന്നു താൻ;
അശ്രദ്ധനാം നാസ്തികനജ്ഞജിതാത്മാവിനേകൊലാ. 17
ആരസൂയിപ്പതോ കാരണാത്മാവാമീശദേവനിൽ
കൃഷ്ണ, പൂർവ്വാപരന്മാരൊത്തായവൻ നരകത്തിലാം. 18
ഇതേ ധ്യാനമിതേ യോഗമിതേ ധ്യേയമിതുത്തമം
ഇതേ ജപ്യമിതേ ജ്ഞാനമിതുത്തമരഹസ്യമാം. 19
ഇതറിഞ്ഞാലന്തകാലത്തവൻ സൽഗതി നേടുമേ
പവിത്രം മംഗലം മേദ്ധ്യമിതു കല്യാണമുത്തമം. 20
ബ്രഹ്മാവിതന്നു തീർത്തിട്ടു സർവ്വലോകപിതാമഹൻ
ദിവ്യസ്തവങ്ങൾക്കൊട്ടുക്കു രാജത്വത്തിങ്കൽ വെച്ചതേ. 21
അന്നുതൊട്ടു മഹാത്മാവാമീശ്വരന്നിതു കേവലം
സ്തവരാജാഖ്യയാൽ ഖ്യാതം ജഗത്തിൽ സുരപൂജിതം. 22
ബ്രഹ്മലോകാൽ സ്വർഗ്ഗലോകത്തെത്തിച്ചു സ്തവരാജനെ
തണ്ഡി മുന്നം നേടുകയാൽത്തണ്ഡികല്പിതമായതാം; 23
സ്വർഗ്ഗത്തിൽനിന്നിതീ മന്നിൽ കൊണ്ടുവന്നതു തണ്ഡിയാം.
സർവ്വമംഗളമംഗല്യം സർവ്വപാപപ്രണാശനം 24
പറയാം ഞാൻ മഹാബാഹോ, സ്തവങ്ങൾക്കുത്തമം സ്തവം.
ബ്രഹ്മങ്ങളിൽ പരം ബ്രഹ്മം പരമം പരമങ്ങളിൽ 25
തേജസ്സുകൾക്കും തേജസ്സു തപങ്ങൾക്കും തപസ്സവൻ.
ശാന്തന്മാർക്കിടയിൽ ശാന്തൻ ദ്യുതികൾക്കും പരം ദ്യുതി 26
ദാന്തന്മാർക്കും ദാന്തനെവൻ ധീമാന്മാർക്കുള്ള ധീയുമേ.
ദേവകൾക്കും ദേവനെവനൃഷികൾക്കും മഹാനൃഷി 27
യജ്ഞങ്ങൾക്കും യജ്ഞമെവൻ ശിവന്മാർക്കുമെവൻ ശിവൻ.
രുദ്രന്മാർക്കും രുദ്രനെവൻ പ്രഭവത്തുക്കളിൽ പ്രഭ 28
യോഗികൾക്കും യോഗിയെവൻ കാരണങ്ങൾക്കു കാരണം.
ലോകങ്ങളാരിൽനിന്നുണ്ടാമാരിൽച്ചേർന്നില്ലെയെന്നുമാം 29
സർവ്വഭൂതാത്മഭൂതസ്ഥനാത്തേജസ്വി ഹരന്നുടെ
ശർവ്വൻെറയായിരത്തെട്ടു നാമങ്ങളിവ കേൾക്ക നീ 30
അതു കേട്ടാൽ നരവ്യാഘ്ര, കാമമൊട്ടുക്കു നേടുമേ.

ശിവസഹസ്രനാമം

സ്ഥിരൻ സ്ഥാണു പ്രഭു ഭീമൻ പ്രവരൻ വരദൻ വരൻ
സർവ്വാത്മാ സർവ്വവിഖ്യാതൻ സർവ്വൻ സർവ്വകരൻ ഭവൻ 31

ജടി ചർമ്മി ശിഖണ്ഡീ(താൻ) സർവ്വാംഗൻ സർവ്വഭാവനൻ
ഹരൻ(താൻ) ഹരിണാക്ഷൻ(താൻ) സർവ്വഭൂതഹരൻ പ്രഭു 32
പ്രവൃത്തീ(താൻ) നിവൃത്തീ(താൻ) നിയതൻ ശാശ്വതൻ ധ്രുവൻ
ശ്മശാനവാസി ഭഗവാൻ ഖചരൻ ഗോചരാ,ർദ്ദനൻ 33
അഭിവാദ്യൻ മഹാകർമ്മാ തപസ്വീ ഭൂതഭാവനൻ
ഉന്മത്തവേഷപ്രച്ഛന്നൻ സർവ്വലോകപ്രജാപതി 34
മഹാരൂപൻ മഹാകായൻ വൃഷരൂപൻ മഹായശാഃ
മഹാത്മാ സർവ്വഭൂതാത്മാ വിശ്വരൂപൻ മഹാമനു 35
ലോകപാലാ,ന്തർഹിതാത്മാ പ്രസാദൻ ഹയഗർദ്ദഭി
പവിത്രം(താൻ) മഹാൻ പിന്നെ നിയമം നിയമാശ്രിതൻ 36
സർവ്വകർമ്മസ്വയംഭൂതനാദിയാദികരൻ നിധി
സഹസ്രാക്ഷൻ വിശാലാക്ഷൻ സോമൻ നക്ഷത്രസാധകൻ 37
ചന്ദ്രൻ സൂര്യൻ ശനീ കേതുഗ്രഹം ഗ്രഹപതീ വരൻ
അത്രിയത്രീനമസ്കർത്താ മൃഗബാണാർപ്പണാനഘൻ 38
മഹാതപൻ ഘോരതപ,നദീനൻ ദീനസാധകൻ
സംവത്സരകരൻ മന്ത്രം പ്രമാണം പരമം തപം 39
യോഗി യോജ്യൻ മഹാബീജൻ മഹാരേതൻ മഹാബലൻ
സുവർണ്ണരേതൻ സർവ്വജ്ഞൻ സുബീജൻ ബീജവാഹനൻ 40
ദശബാഹ്വനിമിഷൻ നീലകണ്ഠനുമാപതി
വിശ്വരൂപൻ സ്വയം ശ്രേഷ്ഠൻ ബലവീരൻ ബലോൽബ്ബണൻ
ഗണകർത്താ ഗണപതി ദിഗ്വാസൻ കാമനങ്ങനെ
മന്ത്രവിൽ പരമം മന്ത്രം സർവ്വഭാവകരൻ ഹരൻ 42
കമണ്ഡലുധരൻ ധന്വി ബാണഹസ്തൻ കപാലവാൻ
അശനീ ശതഘ്നി ഖഡ്ഗി പട്ടസീയായുധീ മഹാൻ. 43
സ്രുവഹസ്തൻ സുരൂപൻ(താൻ) തേജസ്തേജസ്കരൻ നിധി
ഉഷ്ണീഷി(താൻ) സുവക്ത്രൻതാനുദഗ്രൻ വിതതൻ ശരി 44
ദീർഘൻ(താൻ) ഹരികേശൻ(താൻ) സുതീർത്ഥൻ കൃഷ്ണനങ്ങനെ
സൃഗാലരൂപൻ സിദ്ധാർത്ഥൻ മുണ്ഡൻ സർവ്വശുഭങ്കരൻ 45
അജൻ(താൻ) ബഹുരൂപൻ(താൻ) ഗന്ധധാരി കപർദ്ദിതാൻ
ഊർദ്ധ്വരേതസ്സൂർദ്ധ്വലിംഗനൂർദ്ധ്വശായി നഭസ്ഥലൻ 46
ത്രിജടൻ ചീരവാസസ്സു രുദ്രൻ സേനാപതീ വിഭു
അഹശ്ചരൻ നക്തചരൻ തിഗ്മമന്യു സുവർച്ചസൻ 47
ഗജഹാ ദൈത്യഹാ കാലൻ ലോകധാതാ ഗുണാകരൻ
സിംഹശാർദ്ദൂലരൂപൻതാനാർദ്രചർമ്മാംബരാവൃതൻ 48
കാലയോഗി മഹാനാദൻ സർവ്വകാമൻ ചതുഷ്പഥൻ
നിശാചരൻ പ്രേതചാരി ഭൂതചാരി മഹേശ്വരൻ 49
ബഹുഭൂതൻ ബഹുധരൻ സ്വർഭാനുവമിതൻ ഗതി

നിത്യപ്രിയൻ നിത്യനർത്തൻ നർത്തകൻ സർവ്വലാലസൻ 50
ഘോരൻ മഹാതപൻ പാശം നിത്യൻ ഗിരിരുഹൻ നഭം
സഹസ്രഹസ്തൻ വിജയൻ വ്യവസായമതന്ദ്രിതൻ 51
അധർഷണൻ ധർഷണാത്മാ യജ്ഞഹാ കാമനാശകൻ
ദക്ഷയാഗാപഹാരീ(താൻ) സുസഹൻ പിന്നെ മദ്ധ്യമൻ 52
തേജോപഹാരി ബലഹാ മുദിതാ,ർത്ഥാ,ജിതാവരൻ
ഗംഭീരഘോഷൻ ഗംഭീരൻ ഗംഭീരബലവാഹനൻ 53
ന്യഗ്രോധരൂപൻ ന്യഗ്രോധൻ വൃക്ഷപർണ്ണസ്ഥിതീ വിഭു
സുതീക്ഷ്ണദർശനൻ പിന്നെ മഹാകായൻ മഹാനനൻ 54
വിഷ്വക്സേനൻ ഹരീ യജ്ഞൻ സംയുഗാപീഡവാഹനൻ
(ആ) തീക്ഷ്ണതാപൻ ഹര്യശ്വൻ സഹായൻ കർമ്മകാലവിൽ 55
വിഷ്ണുപ്രസാദിതൻ യജ്ഞം സമുദ്രം ബഡവാമുഖം
ഹുതാശനസഹായൻ(താൻ) പ്രശാന്താത്മാ ഹുതാശനൻ 56
ഉഗ്രതേജാ മഹാതേജാ ജന്യൻ വിജയകാലവിൽ
ജ്യോതിഷാമയനം സിദ്ധീ സർവ്വവിഗ്രഹനങ്ങനെ 57
ശിഖി മുണ്ഡി ജടീ ജ്വാലി മൂർത്തിജൻ മൂർദ്ധഗൻ ബലി
വൈണവീ പണവീ താളി ഖലി കാലകടങ്കടൻ 58
നക്ഷത്രവിഗ്രഹമതി ഗുണബുദ്ധി ലയാഗമൻ
പ്രജാപതീ വിശ്വബാഹു വിഭാഗൻ സർവ്വഗാ,മുഖൻ 59
വിമോചനൻ സുസരണൻ ഹിരണ്യകവചോത്ഭവൻ
മേഢ്രജൻ ബലചാരീ(താൻ) മഹീചാരി തഥാ സ്രുതൻ 60
സർവ്വതൂര്യനിനാദീ(താൻ) സർവ്വതോദ്യപരിഗ്രഹൻ.
വ്യാളരൂപൻ ഗുഹാവാസി ഗുഹൻ മാലി തരംഗവിൽ 61
ത്രിദശൻ ത്രികാലധൃക്കർമ്മം സർവ്വബന്ധവിമോചനൻ
ബന്ധനൻ അസുരേന്ദ്രക്കു യുധി ശത്രുവിനാശനൻ 62
സാംഖ്യപ്രസാദൻ ദുർവ്വാസാ സർവ്വസാധുനിഷേവിതൻ
പ്രസ്കന്ദനൻ വിഭാഗജ്ഞനതുല്യൻ യജ്ഞഭാഗവിൽ 63
സർവ്വവാസൻ സർവ്വചാരി ദുർവ്വാസാ വാസവാ,മരൻ
ഹൈമൻ ഹേമകരൻ യജ്ഞൻ സർവ്വധാരി ധരോത്തമൻ 64
ലോഹിതാക്ഷൻ മഹാക്ഷൻ(താൻ) വിജയാക്ഷൻ വിശാരദൻ
സംഗ്രഹം നിഗ്രഹം കർത്താ സർപ്പചീരനിവാസനൻ 65
മുഖ്യൻ അമുഖ്യൻ ദേഹൻ(താൻ) കാഹളീ സർവ്വകാമദൻ
സർവ്വകാലപ്രസാദൻ(താൻ) സുബലൻ ബലരൂപധൃക് 66
സർവ്വകാമപരൻ പിന്നെസ്സർവ്വഗൻ സർവ്വതോമുഖൻ
ആകാശനിർവ്വിരൂപൻ(താൻ) നിവാതിയവശൻ ഖഗൻ 67
രൗദ്രരൂപാംശുവാദിത്യൻ ബഹുരശ്മി സുവർച്ചസി
വസുവേഗൻ മഹാവേഗൻ മനോവേഗൻ നിശാചരൻ 68

സർവ്വവാസി ശ്രീയാവാസിയുപദേശകരാ,കരൻ
മുനിയാത്മനിരാലോകൻ സംഭഗ്നൻ(താൻ) സഹസ്രദൻ 69
പക്ഷീ (താൻ) പക്ഷരൂപൻതാനതിദീപ്തൻ വിശാംപതി
ഉന്മാദൻ മദനൻ കാമനശ്വത്ഥാ,ത്ഥകരൻ യശഃ 70
വാമദേവൻ വാമനും പ്രാക്ദക്ഷിണനൻ പിന്നെ വാമനൻ
സിദ്ധയോഗീ(താൻ) മഹർഷി സിദ്ധാർത്ഥൻ സിദ്ധസാധകൻ 71
ഭിക്ഷു(താൻ) ഭിക്ഷുരൂപൻ(താൻ) വിപണൻ മൃദുവവ്യയൻ
മഹാസേനൻ വിശാഖൻ(താൻ) ഷഷ്ഠിഭാഗൻ ഗവാംപതി 72
(താൻ) വജ്രഹസ്തൻ വിഷ്കംഭി ചമൂസ്തംഭനനങ്ങനെ
വൃത്താവൃത്തകരൻ താലൻ മധുമധുകലോചനൻ 73
വാചസ്പത്യൻ വാജസനൻ നിത്യമാശ്രമപൂജിതൻ
ബ്രഹ്മചാരീ ലോകചാരി സർവ്വചാരി വിചാരവിൽ 74
ഈശാനനീശ്വരൻ കാലൻ നിശാചാരി പിനാകധൃക്
നിമിത്തസ്ഥൻ നിമിത്തം(താൻ) നന്ദി നന്ദികരൻ ഹരി 75
നന്ദീശ്വരൻ പിന്നെ നന്ദിനന്ദനൻ നന്ദിവർദ്ധനൻ
ഭഗഹാരി നിഹന്താവു കാലൻ ബ്രഹ്മാ പിതാമഹൻ 76
ചതുർമ്മുഖൻ മഹാലിംഗൻ ചാരുലിംഗനഥേവിധം
ലിംഗാദ്ധ്യക്ഷൻ സുരാദ്ധ്യക്ഷൻ യോഗാദ്ധ്യക്ഷൻ യുഗാവഹൻ
ബീജാദ്ധ്യക്ഷൻ ബീജകർത്താവദ്ധ്യാത്മാ,നുഗതൻ ബലൻ
ഇതിഹാസം സങ്കല്പം(താൻ) ഗൗതമൻ(താൻ) നിശാകരൻ 78
ദംഭൻ അദംഭൻ വൈദംഭൻ വശ്യൻ വശകരൻ കലി
ലോകകർത്താ പശുപതി മഹാകർത്താ വനൗഷധൻ 79
അക്ഷരം പരമം ബ്രഹ്മം ബലവൽ ശക്രനങ്ങനെ
നീതീ അനീതി ശുദ്ധാത്മാ ശുദ്ധൻ മാന്യൻ ഗതാഗതൻ 80
ബഹുപ്രസാദൻ സുസ്വപ്നൻ ദർപ്പണൻതാനമിത്രജിൽ
വേദകാരൻ മന്ത്രകാരൻ വിദ്വാൻ സമരമർദ്ദനൻ 81
മഹാമേഘനിവാസീ(താൻ) മഹാഘോരൻ വശീകരൻ
അഗ്നിജ്ജ്വാലൻ മഹാജ്വാലനതിധൂമ്രൻ ഹുതൻ ഹവി 82
വൃഷണൻ ശങ്കരൻ നിത്യവർച്ചസ്വീ ധൂമകേതനൻ
നീലനമ്മട്ടംഗലുബ്ധൻ ശോഭനൻ നിരവഗ്രഹൻ 83
സ്വസ്തിദൻ സ്വസ്തിഭാവൻ(താൻ) ഭാഗി ഭാഗകരൻ ലഘു
ഉത്സംഗൻ(താൻ) മഹാംഗൻ(താൻ) മഹാഗർഭപരായണൻ 84
കൃഷ്ണവർണ്ണൻ സുവർണ്ണൻ(താൻ) ദേഹികൾക്കൊക്കയിന്ദ്രിയം
മഹാപാദൻ മഹാഹസ്തൻ മഹാകായൻ മഹാശയൻ 85
മഹാമൂർദ്ധാ മഹാമാത്രൻ മഹാനേത്രൻ നിശാലയൻ
മഹാന്തകൻ മഹാകർണ്ണൻ മഹോഷ്ഠൻ(താൻ) മഹാഹനു 86
മഹാനാസൻ മഹാകംബു മഹാഗ്രീവൻ ശ്മശാനഭാക്

മഹാവക്ഷാ മഹോരസ്സനന്തരാത്മാ മൃഗാലയൻ 87
ലംബനൻ ലംബിതോഷ്ഠൻ(താൻ) മഹാമായൻ പയോനിധി
മഹാദന്തൻ മഹാദംഷ്ട്രൻ മഹാജിഹ്വൻ മഹാമുഖൻ 88
മഹാനഖൻ മഹാരോമൻ മഹാകേശൻ മഹാജടൻ
പ്രസന്നൻ(താൻ) പ്രസാദം(താൻ) പ്രത്യയം ഗിരിസാധനൻ 89
സ്നേഹനസ്നേഹനൻ പിന്നെ യജിതൻ(താൻ) മഹാമുനി
വൃക്ഷാകാരൻ വൃക്ഷകേതുവനലൻ വായുവാഹനൻ 90
ഗണ്ഡലീ മേരുധാമാവു ദേവാധിപതിയങ്ങനെ
അഥർവ്വശീർഷൻ സാമാസ്യനൃക്സഹസ്രാമിതേക്ഷണൻ 91
യജുഃപാദഭുജൻ ഗുഹ്യൻ പ്രകാശനഥ ജംഗമൻ
അമോഘാർത്ഥൻ പ്രസാദംതാനഭിഗമ്യൻ സുദർശനൻ 92
ഉപകാരൻ പ്രിയൻ സർവ്വൻ കനകൻ കാഞ്ചനച്ഛവി
നാഭിനന്ദികരൻ ഭാവൻ പുഷ്കരൻ സ്ഥപതി സ്ഥിരൻ 93
ദ്വാദശൻ ത്രാസനൻ ആദ്യൻ യജ്ഞൻ യജ്ഞസമാഹിതൻ
നക്തം കലീ കാലനേവം മകരൻ കാലപൂജിതൻ 94
സഗണൻ ഗണകാരൻ(താൻ) ഭൂതവാഹനസാരഥി
ഭസ്മേശയൻ ഭസ്മഗോപ്താ ഭസ്മഭൂതൻ തരുഗണൻ 95
ലോകപാലനലോകൻ(താൻ) മഹാത്മാ സർവ്വപൂജിതൻ
ശുക്ലൻ ത്രിശുക്ലൻ സമ്പന്നൻ ശുചി ഭൂതനിഷേവിതൻ 96
ആശ്രമസ്ഥൻ ക്രിയാവസ്ഥൻ വിശ്വകർമ്മമതീ വരൻ
വിശാലശാഖൻ താമ്രോഷ്ഠനംബുജാലൻ സുനിശ്ചലൻ 97
കപിലൻ കപിശൻ ശുക്ലനായുസ്സേവം പരാപരൻ
ഗന്ധർവ്വനദിതീ താർക്ഷ്യൻ സുവിജ്ഞേയൻ സുശാരദൻ 98
പരശ്വധായുധൻ ദേവനനുകാരി സുബാന്ധവൻ
തുംബവീണൻ മഹാക്രോധനൂർദ്ധ്വരേതൻ ജലേശയൻ 99
ഉഗ്രൻ വംശകരൻ വംശം വംശനാദനനിന്ദിതൻ
സർവ്വാംഗരൂപൻ മായാവി സുഹൃദൻ അനിലാ,നലൻ 100
ബന്ധനം ബന്ധകർത്താവു സുബന്ധനവിമോചനൻ
സയജ്ഞാരീ സകാമാരീ മഹാദംഷ്ട്രൻ മഹായുധൻ 101
ബഹുധാ നിന്ദിതൻ ശർവ്വൻ ശങ്കരൻ ശങ്കരാ,ധനൻ
അമരേശൻ മഹാദേവൻ വിശ്വദേവൻ സുരാരിഹാ 102
അഹിർബ്ബുധ്നൃനിലാഭൻ(താൻ)ചേകിതാനൻ ഹവിസ്സു(താൻ)
അജൈകപാത്തു കാപാലി ത്രിശങ്കുവജിതൻ ശിവൻ 103
ധന്വന്തരീ ധൂമകേതു സ്കന്ദൻ വൈശ്രവണൻ തഥാ
ധാതാവു ശക്രൻ(താൻ) വിഷ്ണു മിത്രൻ ത്വഷ്ടാ ധ്രുവൻ ധരൻ 104
പ്രഭാവൻ സർവ്വഗൻ വായുവര്യമാ സവിതാ രവി
ഉഷംഗു(താൻ) വിധാതാവു മാന്ധാതാ ഭൂതഭാവനൻ 105

വിഭു വണ്ണവിഭാവീ(താൻ) സവ്വകാമഗുണാവഹൻ
പത്മനാഭൻ മഹാഗർഭൻ ചന്ദ്രവക്ത്രാ,നിലാ,നലൻ 106
ബലവാനുപശാന്തൻ താൻ പുരാണൻ പുണ്യചഞ്ചുരി
കുരുകത്താ കുരുവാസീ കുരുഭൂതൻ ഗുണൗഷധൻ 107
സവ്വാശയൻ ദർഭചാരി സവ്വപ്രാണികരംതൻ പതി
ദേവദേവൻ സുഖാസക്തൻ സത്തസത്സർവ്വരത്നവിൽ 108
കൈലാസഗിരിവാസീ(താൻ) ഹിമവൽഗിരിസംശ്രയൻ
കൂലഹാരീ കുലകത്താ ബഹുവിദ്യൻ ബഹുപ്രദൻ 109
വണിജൻ വദ്ധകീ വൃക്ഷം ബകുളം ചന്ദനം ഛദം
സാരഗ്രീവൻ മഹാശത്രുവലോലൻ(താൻ) മഹൗഷധം 110
സിദ്ധാത്ഥകാരി സിദ്ധാത്ഥൻ ഛന്ദോവ്യാകരണോത്തരൻ
സിംഹനാദൻ സിംഹദംഷ്ട്രൻ സിംഹഗൻ സിംഹവാഹനൻ 111
പ്രഭാവാത്മാ ജഗൽക്കാലസ്ഥാലൻ ലോകഹിതൻ തരു
സാരംഗൻ നവചക്രാംഗൻ കേതുമാലി സഭാവനൻ 112
ഭൂതാലയൻ ഭൂതപതിയഹോരാത്രമനിന്ദിതൻ
വാഹിതാ സർവ്വഭൂതങ്ങടംനിലയം(താൻ) വിഭു ഭവൻ 113
അമോഘൻ സംയതൻ അശ്വൻ ഭാജനം പ്രാണധാരണൻ
ധൃതിമാൻ മതിമാൻ ദക്ഷൻ സൽക്കൃതൻ(താൻ) യുഗാധിപൻ 114
ഗോപാലി ഗോപതി ഗ്രാമൻ ഗോചമ്മവസനൻ ഹരി
ഹിരണ്യബാഹു പ്രവേശി ഗുഹാപാലനു,മങ്ങനെ 115
പ്രഹൃഷ്ടാരി മഹാഹഷൻ ജിതകാമൻ ജിതേന്ദ്രിയൻ
ഗാന്ധാരൻ(താൻ) സുവാസൻ(താൻ) തപസ്സക്തൻ രതീ നരൻ
മഹാഗീതൻ മഹാനൃത്യനപ്സരോഗണസേവിതൻ
മഹാകേതു മഹാധാതു നൈകസാനുചരൻ ചലൻ 117
ആവേദനീയനാവേശൻ സർവ്വഗന്ധസുഖാവഹൻ
തോരണം താരണം വാതം പരിഘീ പതി ഖേചരൻ 118
സംയോഗം വദ്ധനൻ വൃദ്ധനതിവൃദ്ധൻ ഗുണാധികൻ
നിത്യനാത്മാ സഹായൻ(താൻ) ദേവാസുരപതീ പതി 119
യുക്തൻ(താൻ) യുക്തബാഹു, ദ്യോസുപവ്വാവിന്നു ദേവനും
ആഷാഢൻ(താൻ) സുഷാഢൻ(താൻ) ധ്രുവൻ(താൻ) ഹരി–
വപുസ്സാവത്തമാനക്കു വസുശ്രേഷ്ഠൻ മഹാപഥം [ണൻ ഹരൻ
ശിരോഹാരി വിമഷൻ(താൻ) സവ്വലക്ഷണലക്ഷിതൻ 121
അക്ഷം(താൻ) രഥയോഗീ(താൻ) സർവ്വയോഗി മഹാബലൻ
സമാമ്നായാ,സമാമ്നായൻ തീത്ഥദേവൻ മഹാരഥൻ 122
നിജ്ജീവൻ ജീവനൻ മന്ത്രം ശുഭാക്ഷൻ ബഹുകക്ശൻ
രത്നപ്രഭൂതൻ രത്നാംഗൻ മഹാണ്ണവനിപാനവിൽ 123
മൂലം വിശാലനമൃതൻ വ്യക്താവ്യക്തൻ തപോനിധി

ആരോഹണനധിരോഹൻ ശീലധാരി മഹായശാഃ 124
സേനാകല്പൻ മഹാകല്പൻ യോഗൻ യുഗകരൻ ഹരി
യുഗരൂപൻ മഹാരൂപൻ മഹാനാഗഹനൻ പഥം 125
ന്യായനിവ്പണൻ പാദൻ പണ്ഡിതൻ അചലോപമൻ
ബഹുമാലൻ മഹാമാലൻ ശശീ ഹരസുലോചനൻ 126
വിസ്താരൻ ലവണൻ കൂപൻ ത്രിയുഗൻ സഫലോദയൻ
ത്രിനേത്രൻ(താൻ) വിഷണ്ഡാംഗൻ മണിവിദ്ധൻ ജടാധരൻ 127
വിന്ദു വിസർഗ്ഗൻ സുമുഖൻ ശരം സർവ്വായുധൻ സഹൻ
നിവേദനൻ സുഖാജാതൻ സുഗന്ധാരൻ മഹാധനു 128
(ആ)ഗ്ഗന്ധമാലീ ഭഗവാനുത്ഥാനം കർമ്മമേതിനും
മന്ഥാനൻ ബഹുളൻ വായു സകലൻ സർവ്വലോചനൻ 129
തലൻ താലൻ കരസ്ഥാലിയൂദ്ധ്വസംവഹനൻ മഹാൻ
ഛത്രം സുച്ഛത്രൻ വിഖ്യാതൻ ലോകം സർവ്വാശ്രയൻ ക്രമൻ 130
മുണ്ഡൻ വിരൂപൻ വികൃതൻ ദണ്ഡി കുണ്ഡി വികുർവ്വണൻ
ഹര്യക്ഷൻ കകുഭൻ വജ്രി ശതജിഹ്വൻ സഹസ്രപാൽ 131
സഹസ്രമൂദ്ധാ ദേവേന്ദ്രൻ സർവ്വദേവമയൻ ഗുരു
സഹസ്രബാഹു സർവ്വാംഗൻ ശരണ്യൻ സർവ്വലോകകൃൽ 132
പവിത്രം ത്രികകുന്മന്ത്രം കനിഷ്ഠൻ കൃഷ്ണപിംഗളൻ
ബ്രഹ്മദണ്ഡവിനിർമ്മാതാ ശതഘ്നീപാശശക്തിമാൻ 133
പത്മഗർഭൻ മഹാഗർഭൻ ബ്രഹ്മഗർഭൻ ജലോത്ഭവൻ
ഗഭസ്തി ബ്രഹ്മകൃൽ ബ്രഹ്മാ ബ്രഹ്മവിൽ ബ്രാഹ്മണൻ ഗതി 134
അനന്തരൂപൻ നൈകാത്മാ തിഗ്മതേജൻ സ്വയംഭുവൻ
ഊദ്ധ്വഗാത്മാ പശുപതി വാതരംഹാ മനോജവൻ 135
ചന്ദനീ പത്മനാളാഗ്രൻ സുരഭ്യുത്തരുണൻ നരൻ
കർണ്ണികാരമഹാസ്രഗ്വി നീലമൗലി പിനാകധൃക് 136
ഉമാപതിയുമാകാന്തൻ ജാഹ്നവീധൃക്കുമാധവൻ
വരൻ വരാഹൻ വരദൻ വരേണ്യൻ സുമഹാസ്വനൻ 137
മഹാപ്രസാദൻ ദമനൻ ശത്രുഹാ ശ്വേതപിംഗളൻ
പ്രീതാത്മാ പരമാത്മാവു പ്രയതാത്മാ പ്രധാനധൃക് 138
സർവ്വപാർശ്വമുഖൻ ത്ര്യക്ഷൻ ധർമ്മസാധാരണൻ വരൻ
ചരാചരാത്മാ സൂക്ഷ്മാത്മാവമൃതൻ ഗോവൃഷേശ്വരൻ 139
സാദ്ധ്യർഷി, വസു,വാദിത്യൻ വിവസ്വാൻ സവിതാമൃതൻ
വ്യാസൻ സർഗ്ഗം സുസംക്ഷേപം വിസ്താരം പര്യയം നരൻ 140
ഋതു സംവത്സരം മാസം പക്ഷം സംഖ്യാസമാപനൻ
കല കാഷ്ഠ ലവം മാത്ര മുഹൂർത്താഹം ക്ഷപാ ക്ഷണം 141
വിശ്വക്ഷേത്രം പ്രജാബീജം ലിംഗമഞ്ഞാദ്യനിർഗ്ഗമൻ
സത്തസദ്വ്യക്തമവ്യക്തം പിതാ മാതാ പിതാമഹൻ 142

സ്വർഗ്ഗദ്വാരം പ്രജാദ്വാരം മോക്ഷദ്വാരം ത്രിവിഷ്ടപം
നിർവ്വാണം ഹ്രാദനം പിന്നെ ബ്രഹ്മലോകം പരാ ഗതി 143
ദേവാസുരവിനിർമ്മാതാ ദേവാസുരപരായണൻ
ദേവാസുരഗുരു ദേവൻ ദേവാസുരനമസ്കൃതൻ 144
ദേവാസുരമഹാമാത്രൻ ദേവാസുരഗണാശ്രയൻ
ദേവാസുരഗണാദ്ധ്യക്ഷൻ ദേവാസുരഗണാഗ്രണി 145
ദേവാദിദേവൻ ദേവർഷി ദേവാസുരവരപ്രദൻ
ദേവാസുരേശ്വരൻ വിശ്വൻ ദേവാസുരമഹേശ്വരൻ 146
സർവ്വദേവമയാചിന്ത്യൻ ദേവതാത്മാ,ത്മസംഭവൻ
ഉൽഭിൽ ത്രിവിക്രമൻ വൈദ്യൻ വിരജൻ നീരജോ,മരൻ 147
ഈഡ്യൻ ഹസ്തീശ്വരൻ വ്യാഘ്രൻ ദേവസിംഹൻ നരർഷഭൻ
വിബുധാഗ്ര്യവരൻ സൂക്ഷ്മൻ സർവ്വദേവൻ തപോമയൻ 148
സുയുക്തൻ ശോഭനൻ വജ്രി പ്രാസപ്രഭവനവ്യയൻ
ഗുഹൻ കാന്തൻ നിജൻ സർഗ്ഗം പവിത്രൻ സർവ്വപാവനൻ 149
ശൃംഗി ശൃംഗപ്രിയൻ ബഭ്രു രാജരാജൻ നിരാമയൻ
അഭിരാമൻ സുരഗണൻ വിരാമൻ സർവ്വസാധനൻ 150
ലലാടാക്ഷൻ വിശ്വദേവൻ ഹരിണൻ ബ്രഹ്മവർച്ചസൻ
സ്ഥാവരങ്ങൾക്കുള്ള പതി നിയമേന്ദ്രിയവർദ്ധനൻ 151
സിദ്ധാർത്ഥൻ സിദ്ധഭൂതാർത്ഥാ,ചിന്ത്യൻ സത്യവ്രതൻ ശുചി
വ്രതാധിപൻ പരം ബ്രഹ്മം ഭക്തർക്കു പരയാം ഗതി 152
വിമുക്തൻ മുക്തതേജസ്സു ശ്രീമാൻ ശ്രീവർദ്ധനൻ ജഗൽ
എന്നു ഭക്ത്യാ ഞാൻ പ്രധാനപ്പടി വാഴ്ത്തീ മഹേശനെ. 153
ബ്രഹ്മാദിവാനോരറിയില്ലിതു തത്ത്വാൽ മുനീന്ദ്രനും
വാഴ്ത്താനാരുണ്ടു വാഴ്ത്തേണ്ടും വന്ദ്യാർച്ച്യജഗദീശനെ? 154
വിഭവാം യജ്ഞപതിയെബ് ഭക്തിയാൽ മുൻപിലാക്കി ഞാൻ
മതിമത്തമനെപ്പിന്നെ സ്തുതിച്ചേൻ സമ്മതത്തൊടും. 155
ഈപ്പുഷ്ടിക്കുടം നാമങ്ങൾകൊണ്ടീശ്ശിവനെ വാഴ്ത്തുവോൻ
ശുചി ഭക്തൻ നിത്യയുക്തനാത്മവാനാത്മസിദ്ധനാം. 156
ഇതല്ലോ പരമം ബ്രഹ്മം പരബ്രഹ്മത്തിലെത്തിടും
ഋഷിമാരും ദേവകളും വാഴ്ത്തും തൽപരമിങ്ങനെ. 157
നിയതാത്മാക്കൾ വാഴ്ത്തുന്ന മഹാദേവൻ തെളിഞ്ഞിടും
ഭക്താനുകമ്പി ഭഗവാനാത്മസംസ്ഥാകരൻ വിഭു. 158
അവ്വണ്ണമേ മാനുഷരിൽ പ്രധാനപ്പെട്ട മാനുഷർ
ആസ്തികന്മാർ ശ്രദ്ധയുള്ളോർ ബഹുജന്മസ്തവങ്ങളാൽ 159
ഭക്ത്യാ സനാതനൻ ദേവനനന്യൻ പരമേശനെ
മനോവാക്കർമ്മഭാവങ്ങൾകൊണ്ടു തേജസ്വിയന്നവർ 160
ഉറങ്ങുമ്പോളുണർവ്വിലും പോകുമ്പോഴുമിരിപ്പിലും

നിമേഷോന്മേഷകാലത്തും വീണ്ടും ചിന്തിച്ചിടുന്നവർ 161
കേഴുമ്പോൾ കേഴിപ്പിപ്പവരവർ ഭവനെത്താൻ കഥിപ്പവർ
സ്തുതിപ്പോർ സ്തുതിയേല്ക്കുന്നോർ സന്തോഷിക്കും രമിച്ചിടും. 162
ജന്മകോടിസഹസ്രത്തിൽ നാനാസംസാരയോനിയിൽ
പാപം വേർപെട്ട ജീവികൾ ഭവനിൽ ഭക്തി വന്നിടും. 163
ഉണ്ടായ്വരും ഭക്തി സർവ്വഭാവത്തോടുമനന്യയായ്
ഭാഗ്യമൂലം സർവ്വയുക്തനായോനിവനു സർവ്വഥാ. 164
ദുഷ്പ്രാപമിതു വിണ്ണോരിൽ കിട്ടുകില്ലാ മനുഷ്യരിൽ
നിർവ്വിഘ്നം നിർമ്മലം രുദ്രഭക്തി തെറേറതുമെന്നിയേ. 165
ആയവൻതാൻ പ്രസാദിച്ചാൽ ഭക്തി മർത്ത്യർക്കു കിട്ടിടും
അതിനാൽത്തൽഭാവചിത്തർക്കുണ്ടാകും പരിസിദ്ധിയും. 166
സർവ്വഭാവത്തോടുമൊപ്പമീശനെസ്സംശ്രയിക്കുകിൽ
സംസാരാൽക്കേററുമവരെദ്ദേവനാശ്രിതവത്സലൻ. 167
മററു വാനോർകളീവണ്ണം മനുഷ്യർക്കു തപോബലം
വികരിപ്പിക്കുമീദ്ദേവനല്ലാതേ ശക്തിയില്ല താൻ. 168
ഇപ്രകാരം ശുദ്ധബുദ്ധി തണ്ഡി ദേവേന്ദ്രസന്നിഭൻ
സ്തുതിച്ചു കൃത്തിവാസസ്സാം സദസൽപതി ദേവനെ. 169
താനേ ധരിച്ചുകൊണ്ടാനാ ബ്രഹ്മാവീബ്ഭഗവൽസ്തവം
ബ്രഹ്മാവു പാടുമറിയുമിതു ശങ്കരസന്നിധൗ. 170
ഇതു പുണ്യം പവിത്രംതാനെപ്പോഴും പാപനാശനം
യോഗദം മോക്ഷദം സ്വർഗ്ഗപ്രദം സന്തോഷദം പരം. 171
ശങ്കരങ്കൽ പരം ഭക്തിയോടിതേവം പഠിപ്പവൻ
സാംഖ്യയോഗർക്കുള്ളതേതുഗതിയാഗ്ഗതിയെത്തിടും. 172
പ്രയത്നത്താൽ സദാ രുദ്രസന്നിധാനത്തിലീ സ്തവം
ഒരാണ്ടു ചൊല്ലിടും ഭക്തൻ നേടുമീപ്സിതമാം ഫലം. 173
ഇതോ രഹസ്യം പരമം ബ്രഹ്മാവിന്നുള്ളിലുള്ളതാം
ബ്രഹ്മാവു ശക്രന്നരുളീ മൃത്യുവിന്നോതി ശക്രനും. 174
രുദ്രന്മാർക്കായ് മൃത്യു ചൊല്ലീ തണ്ഡി രുദ്രരൊടേററതാം
മഹാതപസ്സിനാൽ നേടി തണ്ഡിയാ ബ്രഹ്മമന്ദിരേ. 175
തണ്ഡി ശുക്രന്നോതിയിതു ഭാർഗ്ഗവൻ ഗൗതമന്നുമേ
വൈവസ്വതൻ മനുവിനു ഗൗതമൻ നല്കി മാധവ! 176
സമാധിസ്ഥൻ സാദ്ധ്യനാരായണന്നോതീടിനാനവൻ
യമന്നു ഭഗവാൻ സാദ്ധ്യനാരായണനഥാച്യുതൻ 177
നാചികേതന്നു ഭഗവാനോതീ വൈവസ്വതൻ യമൻ
മാർക്കണ്ഡേയന്നു വാർഷ്ണേയ, നാചികേതനുമോതിനാൻ. 178
മാർക്കണ്ഡേയാൽ വാങ്ങിനേൻ ഞാൻ നിയമത്താൽ ജനാധിപ!
ഞാനങ്ങയ്ക്കുമമിതുഘ്നേ, തന്നേനാ വിശ്രുതസ്തവം. 179

സ്വർഗ്ഗ്യമാരോഗ്യമായുഷ്യം ധന്യം വേദത്തിനൊത്തതാം
ഇതിന്നു വിഘ്നം ചെയ്യില്ലാ യക്ഷരാക്ഷസദാനവർ 180
പിശാചയാതുധാനന്മാർ ഗ്രഹ്യകാഹികരം പോലുമേ.
ഇതു പാർത്ഥ, പഠിക്കുന്നോൻ ബ്രഹ്മചാരി ജിതേന്ദ്രിയൻ
അഭഗ്നയോഗനോരാണ്ടാലശ്വമേധഫലാഢ്യനാം. 181

18. മേഘവാഹനോപാഖ്യാനം

മേഘവാഹനോപാഖ്യാനം (തുടർച്ച). ശിവസഹസ്രനാമത്തിൻെറ മഹിമാനവർണ്ണനം. ഭീഷ്മരെക്കാണ്മാനെത്തിയ മഹർഷിമാരിൽ ഓരോരുത്തരും ശിവപ്രസാദംനിമിത്തം താന്താങ്ങൾക്കുണ്ടായ അനുഭവങ്ങൾ വിവരിക്കുന്നു. ഒടുവിൽ ശ്രീകൃഷ്ണനും ശിവമഹിമാതിശയത്തെ പുകഴ്ത്തുന്നു.

വൈശമ്പായനൻ പറഞ്ഞു

മഹായോഗിയുടൻ ചൊല്ലീ കൃഷ്ണദ്വൈപായനൻ മുനി
ഉണ്ണീ, പഠിക്ക ശുഭമാം പ്രസാദിക്കും മഹേശ്വരൻ. 1
ഉണ്ണീ, ഞാൻ മേരുവിൽ പണ്ടു വൻ തപം ചെയ്തിരിക്കവേ
പുത്രാർത്ഥമായ് മഹാരാജ, ചൊല്ലിനേനീ സ്തവത്തിനെ. 2
നേടിനേനിഷ്ടകാമങ്ങളതിനാൽ പാണ്ഡുനന്ദന!
അവ്വണ്ണം നീ ശർവ്വനിൽനിന്നേല്ലം കാമങ്ങളൊക്കയും. 3
ദേവസമ്മതസാംഖ്യർഷി കപിലൻ ചൊല്ലിയപ്പൊഴേ
ഞാനാരാധിച്ചു വളരെജ്ജന്മം ഭക്ത്യാ മഹേശനെ. 4
പ്രീതനായ്ബ്ഭഗവാൻ തന്നു ജ്ഞാനം മമ ഭവാന്തകം
ചാരുശീർഷനുടൻ ചൊല്ലി ശക്രന്നിഷ്ടപ്പെട്ടും സഖി 5
ആലംബായനനെന്നേവം പേർ കേട്ടോൻ കരുണാമയൻ
ഗോകർണ്ണത്തിൽ ചെന്നിരുന്നു നൂററാണ്ടു തപമാണ്ടു ഞാൻ. 6
അയോനിജന്മാർ ദാന്തന്മാർ സുവർച്ചസ്വികരം ധാർമ്മികർ
ജരാമരണമാലേററോരായിരത്താണ്ടു വാഴ്വവർ 7
നൂറുപേർ മക്കളേ നേടീ ശർവ്വാൽ പാണ്ഡവ, മുന്നമേ
വാല്മീകിഭഗവാൻ ചൊല്ലീ യുധിഷ്ഠിരനൊടിങ്ങനെ. 8
ബ്രഹ്മഘ്നൻ നീയെന്നു സാഗ്നിമുനിമാർ വിവദിക്കവേ.
ചൊന്നപ്പോരം ഞാനധർമ്മം വന്നാവേശിച്ചിട്ടു ഭാരത! 9
ശരണം പുക്കിതനഘാമോഘനീശാനനെ സ്വയം.
ഉടൻ പാപം വിട്ടൊഴിഞ്ഞു പിന്നെദ്ദുഃഖവിനാശനൻ 10
ത്രിപുരഘ്നൻ ചൊല്ലിയെന്നോടങ്ങയ്ക്കുണ്ടാം പെരുംപുകരം.
ധർമ്മഭൃൽപ്രവരൻ ജാമദഗ്ന്യൻ കൗന്തേയനോടുടൻ 11
ഋഷിമദ്ധ്യസ്ഥനായ്ച്ചൊല്ലീ ജ്വലിക്കും സൂര്യസന്നിഭൻ:
''പിതൃവിപ്രവധത്താൽത്താനാർത്തനായ് പാണ്ഡവാഗ്രജ! 12

ശുചിയായ് ശരണം പുക്കേൻ മഹാദേവനെ മന്നവ!
നാമങ്ങളാൽ സ്തുതിച്ചേനാദ്ദേവനെത്തുഷ്ടനായ് ഭവൻ 13
പരം പരശുവും തന്നു ദേവൻ ദിവ്യാസ്ത്രജാലവും.
നിനക്കു പാപം പററില്ലാ നീയജേയനമായ്‌വരും 14
പ്രഭവിക്കാ മൃത്യു നിങ്കൽ നീയിങ്ങജരനായ്‌വരും.''
എന്നാനെന്നോടു ഭഗവാൻ ശിഖണ്ഡി ശിവവിഗ്രഹൻ 15
ആധീമാൻതൻ പ്രസാദത്താൽ നേടിനേൻ ഞാനതൊക്കയും.
അപ്പോരം വിശ്വാമിത്രനോതീ ''മുന്നം ക്ഷത്രിയനായ ഞാൻ 16
ഈ ഞാൻ ബ്രാഹ്മണനാവേണമെന്നാരാധിച്ചു ശംഭുവെ
തൽ പ്രസാദാൽ നേടിനേൻ ഞാൻ ബ്രഹ്മണ്യമതിദുർല്ലഭം.'' 17
അസിതൻ ദേവലൻ ചൊല്ലീ പാണ്ഡുപുത്രനൊടിങ്ങനെ:
''ഇന്ദ്രശാപംകൊണ്ടു വിഭോ, പാർത്ഥ, ധർമ്മം നശിച്ചു മേ 18
ആധർമ്മവും നൽപ്പുകഴുമായുസ്സും പ്രഭു തന്നു മേ.''
ഋഷി ഗൃത്സമദാഭിഖ്യൻ ശക്രന്നിഷ്ടപ്പെട്ടം സഖി 19
ആജമീഢനൊടങ്ങോതീ ഭഗവാൻ വാക്പതിദ്യുതി[1]:
''വരിഷ്ഠനെന്ന ഭഗവാൻ ചാക്ഷുഷൻ[2] മനുവിന്മകൻ 20
അചിന്ത്യനാം ശക്രനുടെയായിരത്താണ്ടുസത്രമേ
നടന്ന കാലത്തോതീ ഞാൻ സാമം ചൊല്ലിയ നേരമേ 21
രഥന്തരം ദ്വിജശ്രേഷ്ഠ, വെടിപ്പായീല ചൊന്നതും.
'വീണ്ടും ബുദ്ധിയോടോത്താലും പാപം പോക്കി ദ്വിജോത്തമ!
അയജ്ഞവാഹി[3]യാം പാപം നീ ചെയ്തിതു സുദുർമ്മതേ!'
എന്നുരച്ചു മഹാക്രോധൻ പിന്നെക്കോപത്തൊടോതിനാൻ: 23
'പ്രജ്ഞയററോൻ ക്ലേശമേററോൻ നിത്യഭീതൻ വനേചരൻ
പത്തു വർഷസഹസ്രങ്ങളും പത്തെട്ടും നൂറുമങ്ങനെ 24
വെള്ളവും കാററുമററന്യമൃഗങ്ങളുമൊഴിഞ്ഞതായ്
യജ്ഞാനർഹദ്രുമ[4]ത്തോടും രുരുസിംഹങ്ങളുള്ളിടം 25
ക്രൂരമാം മൃഗമാകും നീ മഹാദുഃഖമിയന്നവൻ.'
അവൻെറ വാക്കു തീർന്നപ്പോരം പാർത്ഥ, ഞാൻ മൃഗമായിനേൻ 26
പിന്നെശ്ശരണമാണ്ടെന്നോടോതീ യോഗി മഹേശ്വരൻ[5].
'അജരാമരനായ് ദുഃഖമൊഴിഞ്ഞുള്ളവനാം[6] ഭവാൻ 27
എൻ സാമ്യമങ്ങെത്താം സൗഖ്യം ക്രതു നിങ്ങളും[7]ക്കു വാച്ചുമേ.'
അനുഗ്രഹങ്ങളീവണ്ണം ചെയ്യുന്നു ഭഗവാൻ വിഭു 28
പരം ധാതാ വിധാതാവു സുഖദുഃഖങ്ങളെപ്പൊഴും.

---

1 വാക്പതിദ്യുതി=ബൃഹസ്പതിയെപ്പോലെ ശോഭിക്കുന്നവൻ. 2 ചാക്ഷുഷൻ=ബ്രഹ്മാവിൻെറ കണ്ണിൽനിന്നുണ്ടായവൻ. 3 അയജ്ഞവാഹി=യാഗഫലത്തെ നശിപ്പിക്കുന്നതു്. 4 യജ്ഞാനർഹദ്രുമം=യജ്ഞത്തിനു് അർഹതയില്ലാത്ത വൃക്ഷങ്ങൾ. 5 മഹേശ്വരൻ=ശിവൻ. 6 ദുഃഖമൊഴിഞ്ഞുള്ളവനാം=ദുഃഖമില്ലാത്തവനായിത്തീരും. 7 നിങ്ങൾ=ഇന്ദ്രനും വസിഷ്ഠനും.

അചിന്ത്യനാണീ ഭഗവാൻ മനോവാക്കർമ്മവൃത്തിയാൽ 29
എനിക്കുണ്ണീ, രണശ്രേഷ്ഠ, വിദ്യയാൽ കിടയില്ലൊരാരും.''
അപ്പോഴും ചൊല്ലീ വാസുദേവൻ പിന്നെയും മതിമത്തമൻ: 30
''സുവർണ്ണാക്ഷൻ ദേവനെ ഞാൻ തോഷിപ്പിച്ചു തപസ്സിനാൽ''
പ്രീതനായ് ഭഗവാൻ പിന്നെയെന്നോടോതീ യുധിഷ്ഠിര! 31
'എൻ പ്രസാദാൽ കൃഷ്ണ, ഭവാനർത്ഥത്തേക്കാളുമിഷ്ടനാം
തോററീടാത്തവനാം പോരിൽ തേജസ്സനലതുല്യമാം ' 32
ഏവം വരം തന്നു മഹാദേവൻ വേറിട്ടസംഖ്യവും.
മണിമന്ഥാചലത്തിങ്കൽവെച്ചു പൂജിച്ചു പണ്ടു ഞാൻ 33
വർഷായുതസഹസ്രങ്ങളായിരം നൂറുമങ്ങനെ
പിന്നെയെന്നോടു ഭഗവാൻ പ്രീതനായ്ച്ചൊല്ലിയിങ്ങനെ: 34
'വരിക്കുകുള്ളിലുള്ളുംക്കൊള്ളും വരം നന്മ വരും തവ'
പിന്നെ ഞാൻ തല കുമ്പിട്ടിട്ടിപ്രകാരമുണർത്തിനേൻ: 35
'മഹാദേവൻ പ്രഭു പരഭക്തിയാൽ പ്രീതനെങ്കിലോ
ഉറച്ച ഭക്തിയെപ്പോഴുമെനിക്കീശാന, കിട്ടണം.' 36
ആവട്ടെയെന്നു ഭഗവാനവിടെത്താൻ മറഞ്ഞുതേ.''

ജൈഗീഷവ്യൻ പറഞ്ഞു

എനിക്കഷ്ടഗുണൈശ്വര്യം ഭഗവാൻ തന്നു മുന്നമേ
മററും യത്നിച്ചു ബലിയാൽ ശ്രീകാശിയിൽ യുധിഷ്ഠിര! 37

ഗർഗ്ഗൻ പറഞ്ഞു

ചതുഷ്ഷഷ്ട്യംഗകകലാജ്ഞാനം തന്നൂ മമാത്ഭുതം
സരസ്വതീവക്കിൽ മനോയജ്ഞാൽ തോഷിച്ചു പാണ്ഡവ! 38
ബ്രഹ്മവാദികളായൊപ്പമായിരം മക്കളേയുമേ
സപുത്രന്നേററമായുസ്സും സംവത്സരശതായുതം. 39

പരാശരൻ പറഞ്ഞു

തെളിയിച്ചീശനേ മുന്നം മനസ്സാലോർത്തു ഞാൻ നൃപ!
മഹാതേജസ്സപോരാശി മഹായോഗി പുകഴ്ന്നവൻ 40
വേദവ്യാസൻ ശ്രീയിയന്നോൻ ബ്രഹ്മണ്യൻ കരുണാനപിതൻ
എനിക്കീപ്സിതനിപ്പുത്രനുണ്ടാവില്ലേ മഹേശ്വരാൽ? 41
എന്നുള്ളുംക്കൊള്ളും മതം കണ്ടിട്ടെന്നോടോതീ സുരോത്തമൻ:
''എന്നിലീ ഭാവനയുടെ ഫലാൽ കൃഷ്ണൻ പിറന്നിടും 42
സാവർണ്ണമനു സർഗ്ഗത്തിൽപ്പിന്നെസ്സപ്തർഷിയായിടും.
അവൻ വേദങ്ങളും നിർമ്മിപ്പോൻ കുരുവംശം പുലർത്തുവോൻ 43
ഇതിഹാസം ചമപ്പോൻ നിൻ പുത്രൻ വിശ്വത്തിനും ഹിതൻ.
മഹേന്ദ്രനും ദയിതനായ്ത്തീരുമാസ്സുമഹാമുനി 44
അജരാമരനായ്ത്തീരും പരാശര, ഭവത്സുതൻ.''
എന്നുരച്ചിട്ടു ഭഗവാനവിടെത്താൻ മറഞ്ഞുതേ
യുധിഷ്ഠിര, മഹായോഗി വീര്യവാനക്ഷയാവ്യയൻ. 45

മാണ്ഡവ്യൻ പറഞ്ഞു

കള്ളമെന്ന്യേ കള്ളനായ് ഞാൻ ശൂലാരോഹണമേററനാം
അതിൽ വാണു പുകഴ്ത്തേന്നോടീശനോതീ മഹേശ്വരൻ: 46

"ശൂലത്തിൽനിന്നങ്ങൊഴിയും ജീവിക്കും വഷമബ്ദ്ദം
ശൂലമേററുള്ള നോവേതും പററാ വിപ്ര, നിനക്കെടോ. 47

ആധി വ്യാധികളൊക്കേയുമൊഴിഞ്ഞുള്ളവനായ് വരും
നാലാം പാദത്തിനാൽ നിൻെറയാത്മാവുണ്ടാകയാൽ മുനേ! 48

നിസ്സല്യനായ്ത്തീന്നിടും നീ ജന്മം സഫലമാക്കെടോ
തീത്ഥാഭിഷേകമൊക്കേയും നിവ്വിഘ്നം ചെയ്തിടും ഭവാൻ. 49

നിനക്കുജ്ജിതമാം സ്വഗ്ഗമക്ഷയം വിപ്ര, നല്ലവൻ."
എന്നുരച്ചിട്ടു ഭഗവാൻ വരേണ്യൻ വൃഷവാഹനൻ 50

മഹേശൻ കൃത്തിവാസസ്സു മഹാരാജ, മഹാദ്യുതി
സഗണൻ ദൈവതശ്രേഷ്ഠനവിടെത്താൻ മറഞ്ഞുതേ. 51

ഗാലവൻ പറഞ്ഞു

വിശ്വാമിത്രാനുവാദത്താൽ താതപാശ്വം ഗമിച്ചു ഞാൻ
അപ്പോഠം ദുഃഖിച്ചു കരയുന്നമ്മയെന്നോടു ചൊല്ലിനാഠം: 52

"കൗശികാനുമതം പൂണ്ട വേദഭൂഷിതപുത്രനെ
യുവാവായ് ദാന്തനായ് നിന്നെയച്ഛൻ കാണ്മീല വത്സല!" 53

അമ്മ ചൊല്ലിക്കേട്ടു ഗുരുദശ്നത്തിൽ നിരാശനായ്
നിയതാത്മാവീശനെ ഞാൻ കണ്ടേനെന്നോടിതോതിനാൻ: 54

"നിന്നച്ഛനമ്മമാർ നീയുമുണ്ണീ മൃത്യുവിമുക്തരാം
കടക്കുകടനേ വേഗത്തിങ്കൽ നീ കാണുകച്ഛനെ." 55

ഭഗവൽസമ്മതാൽ ഗേഹം പുക്കു ഞാൻ ഹേ! യുധിഷ്ഠിര!
കണ്ടേനിഷ്ടി കഴിച്ചെത്തുമച്ഛനെത്താത, കേവലം. 56

ആചരിച്ചിട്ടു ചമത പകാന്നം പുല്ലുമേന്തിയും
അതൊക്കെ വിട്ടെന്നൊടച്ഛൻ ചൊല്ലീ കണ്ണീരണിഞ്ഞവൻ 57

കുമ്പിടുമ്പോഠം പുണന്നിട്ടു മുടി നാററീട്ടു പാണ്ഡവ!
"ഭാഗ്യം കണ്ടേൻ നിന്നെയുണ്ണീ, വിദ്യയേറ്റിങ്ങണഞ്ഞിതാ." 58

വൈശമ്പായനൻ പറഞ്ഞു

എന്നാ മഹാത്മാവിനുടെയത്യാശ്ചര്യപ്രവൃത്തികഠം
മുനിമാരരുളിക്കേട്ടു വിസ്മയപ്പെട്ടു പാണ്ഡവൻ. 59

വീണ്ടുമങ്ങരുളിച്ചെയ്തു ശ്രീകൃഷ്ണൻ മതിമത്തമൻ
ധമ്മിഷ്ഠനാം ധമ്മജനോടിന്ദ്രനോടീശനാംവിധം. 60

ശ്രീകൃഷ്ണൻ പറഞ്ഞു

തപനാഭ്ഭനെന്നോടങ്ങുപമന്യു പറഞ്ഞുതേ:
"അശുഭത്താൽ കലുഷിതരായീടും പാപകാരികഠം 61

ആശ്രയിക്കില്ലീശ്വരനെത്തമോരാജസവൃത്തികഠം;
ഈശനെസ്സംശ്രയിച്ചീടും ദ്വിജരോക്കേണ്ടതോപ്പവർ. 62

ഏതു മട്ടിലിരുന്നാലുമീശനിൽബ്ഭക്തിയുള്ളവൻ
ജ്ഞാനസ്ഥരാകുമാരണ്യമാമുനീന്ദ്രർക്കു തുല്യനാം. 63

ബ്രഹ്മഭാവം വിഷ്ണുഭാവം സുരരൊത്തിന്ദ്രഭാവവും
ത്രൈലോക്യേശത്വവും തുഷ്ടനാകും രുദ്രൻ തരും ദൃഢം. 64

മനസ്സാലീശനെത്താത, സംശ്രയിക്കുന്ന താപസർ
സർവ്വപാപങ്ങളും വിട്ടു വിണ്ണോരൊന്നിച്ചിരിക്കുമേ. 65

കുലങ്ങളൊക്കബ്ഭേദിച്ചു ഹോമിച്ചീ വിശ്വമൊക്കയും
വിരൂപാക്ഷേശനെ യജിപ്പവൻ പാപത്തിലാപ്പെടാ. 66

സർവ്വലക്ഷണമറ്റോനും സർവ്വപാതകിതാനുമേ
ഉള്ളാൽ ശിവനെയോർത്തീടിൽ പാപമൊട്ടുക്കു പോക്കിടും. 67

പുഴു പക്ഷി പതംഗം തിര്യക്കിവയ്ക്കുയി കേശവ!
മഹാദേവൻ പ്രസാദിച്ചാൽബ്ഭയം പററില്ലൊരേടവും. 68

ഏവം മന്നിൽ മഹാദേവഭക്തരാകുന്ന മാനവർ
സംസാരവശരായീടില്ലെന്നെനിക്കുണ്ടുറപ്പിഹ.'' 69

പിന്നെക്കൃഷ്ണൻ ധർമ്മപുത്ര യുധിഷ്ഠിരനൊടോതിനാൻ:

''ചന്ദ്രാർക്കരെന്നല്ലനിലാനലന്മാർ
ദ്യോ ഭൂമി വെള്ളം വസുമാർകളം വിശ്വർ
ധാതാര്യമന്മാർ ശുക്രഗുരുക്കളും രുദ്രർ
സാദ്ധ്യാനപിതന്മാർ വരുണൻ ഗോപനേവം 70

ബ്രഹ്മാവിന്ദ്രൻ മാരുതൻ ബ്രഹ്മ സത്യം
വേദങ്ങളും യജ്ഞം ദക്ഷിണവേദവാഹർ
സോമൻ യഷ്ടാ ഹവ്യമേവം ഹവിസ്സും
രക്ഷാ ദീക്ഷാ സംയമം മററുമെല്ലാം 71

സ്വാഹാ വൗഷൾ ബ്രാഹ്മണർ സൗരഭേയി
മുഖ്യം ധർമ്മം കാലചക്രം ബലംതാൻ
യശോ ദമം ബുദ്ധിമാന്മാർക്കിരിപ്പും
ശുഭാശുഭം മുനിമാരേഴപേരും 72

നന്മുഖ്യബുദ്ധി മനസാ ദർശനത്താൽ
മുഖ്യസ്പർശം കർമ്മസംസിദ്ധി പിന്നെ
സുരൗഘമെന്നല്ലൂഷ്മപർ സോമപന്മാർ
സുയാമർ ലേഖർ തുഷിതർ ബ്രഹ്മകായർ 73

ആഭാസുരർ ഗന്ധപർ ദൃഷ്ടിപന്മാർ
വാക്കാൽ വിരുദ്ധാദ്ധ്യർ മനോവിരുദ്ധർ
വിശുദ്ധർ നിർമ്മാണമെഴുന്ന ദേവർ
സ്പർശാശനന്മാർ ദർപരാജ്യപന്മാർ 74

ചിന്ത്യാദ്യോതന്മാർ സുരരിൽ ശ്രേഷ്ഠരായോർ
മററും ദേവന്മാർകളിങ്ങാജമീഢ!

സുപര്‍ണ്ണഗന്ധര്‍വ്വപിശാചദൈതേ്യരും
യക്ഷാനവിതം ചാരണപന്നഗങ്ങളും 75
സ്ഥൂലം സൂക്ഷ്മം മൃദുവെന്നല്പസൂക്ഷ്മം
ദുഃഖം സുഖം ദുഃഖമതിന്നു മേലും
സാംഖ്യം യോഗം തല്‍പ്പരന്മാര്‍ക്കു മുഖ്യം
ശബ്ദോത്ഭവം കാണ്‍ക ഞാന്‍ ചൊന്നതെല്ലാം. 76
തല്‍ഭൂതരാം ഭൂതകൃത്തുക്കള്‍ മുഖ്യര്‍
വാനോരെല്ലാം ഭുവനത്തിന്നു ഗോപര്‍
പുരാണിയാദ്ദേവനങ്ങളോരു സൃഷ്ടി
ഭുവില്‍ പ്രവേശിച്ചു ഭരിച്ചിടുന്നോര്‍. 77
തപസ്സിനാല്‍ തേടുവോര്‍ സ്ഥൂലമായ—
തൊരേ തത്ത്വം പ്രാണനായ്ക്കുമ്പിടുന്നേന്‍
ദേവന്‍ തരട്ടേ വരമിഷ്ടമൊക്ക—
യഭിഷ്ടുതന്‍ പ്രഭു നമ്മള്‍ക്കനന്തന്‍. 78
ഇങ്ങീ സ്തവം സന്നിയതേന്ദ്രിയാത്മാ
വിശുദ്ധനായിട്ടു പഠിച്ചിടുന്നോന്‍
അഭഗ്നയോഗന്‍ നിയതന്‍ മാസമൊന്നാ—
ലശ്വമേധാഗ്ര്യഫലത്തെ നേടും. 79
വേദം മുറ്റും ബ്രാഹ്മണര്‍ നേടുമേവം
ജയിച്ചീടും മന്നവന്‍ ഭൂമിയെല്ലാം
നേടും വൈശ്യന്‍ ലാഭമേവം മിടുക്കും
ശൂദ്രന്‍ ചത്താല്‍ ഗതിയമ്മട്ടു സൗഖ്യം. 80
സ്തവരാജമിതുണ്ടാക്കി രുദ്രനില്‍ ചേര്‍ത്തു മാനസം
സര്‍വ്വദോഷാപഹം പുണ്യം പവിത്രം പുകഴ്ംപടി 81
ഇവന്‍െറ മെയ്യിലുണ്ടത്ര രോമകൂപങ്ങള്‍ ഭാരത!
അത്ര നാനായിരത്താണ്ടു മാനവന്‍ വാനില്‍ വാണിടും.'' 82

19. അഷ്ടാവക്രദിക്സംവാദം

ഭാര്യയെ സഹധര്‍മ്മിണി എന്നു പറയുന്നതിനെപ്പററി ധര്‍മ്മപുത്രന്‍ ഭീഷ്മരോടു സംശയം ചോദിക്കുന്നു. അഷ്ടാവക്രന്‍െറയും ഉത്തരദിക്കിന്‍െറയും കഥ ഉദ്ധരിച്ച് ഭീഷ്മര്‍ ഇതിനു സമാധാനം പറയുന്നു. മകളായ സുപ്രഭയെ ഭാര്യയായി കിട്ടിയാല്‍ക്കൊള്ളാമെന്ന് അഷ്ടാവക്രമഹര്‍ഷി വദാന്യനോടാവശ്യപ്പെടുന്നു. വദാന്യന്‍െറ വാക്കനുസരിച്ച് ഹിമാലയത്തിലെത്തിയ അഷ്ടാവക്രനെ കുബേരന്‍ സ്വീകരിക്കുന്നു.

യുധിഷ്ഠിരന്‍ പറഞ്ഞു

സഹധര്‍മ്മാവെ*ന്നു ചൊല്ലുന്നില്ലയോ ഭരതര്‍ഷഭ!
സ്ത്രീകള്‍ക്കു പാണിഗ്രഹണകാലത്തെങ്ങനെയാണതും? 1

---

* സഹധര്‍മ്മാവ് = സഹധര്‍മ്മിണി.

ഈധർമ്മമാർഷമോ പ്രാജാപത്യമാസുരമെന്നതോ
സഹധർമ്മാവെന്നു മുന്നം മഹർഷികളുരച്ചതോ? 2

പെരുത്തു സന്ദേഹമിങ്ങു തോന്നുന്നുണ്ടു വിരുദ്ധമായ്
ഇങ്ങുള്ള സഹധർമ്മംതാൻ പരലോകത്തിലെങ്ങുവാൻ? 3

സ്വർഗ്ഗം മരിച്ചോർക്കൊക്കുന്നു സഹധർമ്മാൽ പിതാമഹ!
ഒരുവൻ മുൻപു ചത്തെന്നാൽ ചൊല്ലൊരാരാം നില്പതെങ്ങുവാൻ?

നാനാ ധർമ്മഫലം ചേർന്നോർ നാനാ കർമ്മത്തിൽ നില്പവർ
നാനാ നിരയനിഷ്ഠാന്തർ പല മാനുഷരെങ്കിലോ 5

സ്ത്രീകളെന്നാലനൃതക[1]ളെന്നല്ലോ സൂത്രകൃന്മതം[2]
സ്ത്രീകളെന്നാലനൃതകൾ സഹധർമ്മമിതെങ്ങനെ? 6

സ്ത്രീകളെന്നാലനൃതകൾ പഠിക്കുന്നുണ്ടിതോത്തിലും.
ഈധർമ്മം മുൻപെഴും സംജ്ഞയുപചാരം ക്രിയാവിധി 7

ഇതു ഗൂഢത്തിൽ നില്ക്കുന്നു ഞാൻ ചിന്തിച്ചതിലെപ്പൊഴും.
നിസ്സന്ദേഹമിതൊക്കേയും പിതാമഹ, യഥാശ്രുതി 8

ഇതേതെമ്മട്ടിലെവ്വണ്ണം പ്രവർത്തിപ്പിച്ചിരിപ്പതും?
ഒട്ടുക്കിങ്ങു മഹാപ്രാജ്ഞ, ഭവാനരുളിടേണമേ. 9

ഭീഷ്മൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
അഷ്ടാവക്രന്റെ സംവാദം ദിഗ്ദേവിയോടു ഭാരത! 10

പണ്ടു വേൾക്കാനാഗ്രഹിച്ചിട്ടഷ്ടാവക്രൻ മഹാതപൻ
വരിച്ചിതു മഹാത്മാവാം വദാന്യർഷീന്ദ്രകന്യയെ 11

സുപ്രഭാഖ്യയെ രൂപത്താൽ മന്നിൽ നിസ്തുല്യമൂർത്തിയെ
ഗുണപ്രഭാവചാരിത്രശീലശോഭനയെ സ്വയം. 12

അവൾ കാഴ്ചയ്ക്കവനുടെ കരൾ കട്ടു ശുഭാക്ഷിയാൾ
വസന്തത്തിൽ പൂവണിഞ്ഞ വനരാജി കണക്കിനെ. 13

ഋഷി ചൊന്നാനവനൊടു "കേൾക്ക നീ മകളെത്തരാം;
ചെല്ലു പുണ്യവടക്കൻദിക്കെന്നാലങ്ങയ്ക്കു കണ്ടിടാം." 14

അഷ്ടാവക്രൻ പറഞ്ഞു

കാണേണ്ടതെന്താണവിടെ ഞാനതോതേണമേ ഭവാൻ;
അങ്ങെന്നോടെന്തു ചൊല്ലീടുമതു ഞാൻ ചെയ്തിടേണ്ടതാം. 15

വദാന്യൻ പറഞ്ഞു

ധനേശനെക്കടന്നിട്ടു പനിമാമലയേയുമേ
കാണുക, രുദ്രന്റെ നിലയം സിദ്ധചാരണസേവിതം 16

നാനാസ്യർ നൃത്തംവെയ്ക്കുന്ന ഹൃഷ്ടപാർഷദരുള്ളിടം.
ദിവ്യാംഗരാഗർ പൈശാചർ മററും പലവിധം പ്രഭോ! 17

---

1 അനൃതകൾ = അസത്യസ്വരൂപിണികൾ. 2 ധർമ്മപ്രവക്താവായ സൂത്രകാരൻ "അനൃതം സാഹസം മായാ മൂർഖത്വമതിലോഭിതാ" എന്നിങ്ങനെ സ്ത്രീധർമ്മത്തെ വിവരിച്ചിട്ടുള്ളതിനെയാണ് ഇവിടെ സൂചിപ്പിക്കുന്നതു്.

പാണിതാളർ സുതാളന്മാർ ശമ്പാതാളർ പരം സമർ
സംഹൃഷ്ടരായ് നൃത്തമാടീട്ടങ്ങു സേവിപ്പു ശർവ്വനെ. 18
ഇഷ്ടമാണാഗ്ഗിരിസ്ഥാനം ദിവ്യമെന്നുണ്ടു കേൾപ്പു നാം
അതിൽ വാഴ്‌വൂ സദാ ദേവനാപ്പാർഷദരുമങ്ങനെ. 19
അതിൽ ദേവി തപം ചെയ്തു ശങ്കരാർത്ഥം സുദുശ്ചരം
അതുകൊണ്ടാദ്ദേവനതിഷ്ടം ഗൗരികമാണുപോൽ. 20
അതിൽക്കിഴക്കൻ പാർശ്വത്തിലാദ്ദേവൻെറ വടക്കുതാൻ
ഋതുക്കളാക്കാളരാത്രി ദിവ്യർ മാനുഷരും ശരി 21
സേവിപ്പൂ ദേവനേ മുററും രൂപംപൂണ്ടവരങ്ങുപോൽ.
ഭവാനാബ്ഭവനം വിട്ടു പിന്നെയും പോയിടേണമേ 22
പിന്നെ നീലച്ചുള്ള മേഘം കാണാകും കാറു പോലവേ.
രമ്യം മനോഹരമതിൽ സ്ത്രീയിനെക്കണ്ടിടും ഭവാൻ 23
തപസ്വിനി മഹാഭാഗ ദീക്ഷയാണ്ടോരു വൃദ്ധയെ.
ഭവാൻ കാണേണമവളെ പ്രയത്നാൽ പൂജചെയ്യണം 24
അവളെക്കണ്ടു പോന്നെന്നാൽച്ചെയ്യു പാണിഗ്രഹത്തെ നീ;
ഇക്കരാറൊക്കയൊപ്പിക്കാമെങ്കിലങ്ങോട്ടു പോക നീ. 25

അഷ്ടാവക്രൻ പറഞ്ഞു

ആട്ടേ സാധിച്ചിടാമങ്ങു പോയ് വരാം ജ്ഞാനസംശയം
ഭവാൻ ചൊല്ലുമിടം സാധോ, സത്യവാക്കാകണം ഭവാൻ. 26

ഭീഷ്മൻ പറഞ്ഞു

പിന്നീടു ഭഗവാൻ പോന്നു വടക്കൻദിക്കിലേക്കുടൻ
സിദ്ധചാരണർ സേവിക്കും പനിമാമലയിൽപരം. 27
ചെന്നുചേർന്നാ ദ്വിജശ്രേഷ്ഠൻ വൻപിച്ചോരു ഹിമാദ്രിയിൽ
ധർമ്മമൊക്കും പുണ്യമാർന്ന ബാഹുദാനദിയെത്തിനാൻ. 28
വിമലാശോകതീർത്ഥത്തിൽ മുങ്ങിത്തർപ്പിച്ചു വിണ്ണരെ
അവിടെപ്പാർത്തുതാൻ കൗശ്യശയന*ത്തിങ്കലായ്സ്സുഖം. 29
പിന്നെ രാത്രി കഴിഞ്ഞിട്ടു കാലത്തേററാ ദ്വിജോത്തമൻ
കുളിച്ചഗ്നിയെയുണ്ടാക്കി പ്രാധാന്യത്താൽ സ്തുതിച്ചുടൻ 30
രുദ്രാണീരുദ്രരെക്കണ്ടാഹ്രദേ താനാശ്വസിച്ചതേ;
വിശ്രമിച്ചിട്ടെഴുന്നേററു കൈലാസം നോക്കി യാത്രയായ്. 31
ഹേമദ്വാരമവൻ കണ്ടു ശ്രീകൊണ്ടുജ്ജ്വലമാംവിധം
മന്ദാകിനിയെയും മാന്യ വിത്തേശപ്പൊയ്കയേയുമേ. 32
അപ്പൊളാപ്പൊയ്കയെക്കാത്തു നില്ക്കും രാക്ഷസരൊക്കയും
ഭഗവാനെയെതിരേററു മാണിഭദ്രൻ തുടങ്ങിയോർ. 33
അവനങ്ങോട്ടുമർച്ചിച്ചു വീര്യമേറും നിശാടരെ
'ഞാൻ വന്നതാധനദനെദ്ധരിപ്പിക്കെ'ന്നുമോതിനാൻ. 34

---

* കൗശ്യശയനം = കുശകൊണ്ടുണ്ടാക്കിയ പായ.

ആ രാക്ഷസന്മാർ നൃപതേ, ഭഗവാനോടു ചൊല്ലിനാർ:
''ഇതാ നിൻ പാർശ്വമെത്തുന്നു രാജാവു ധനദൻ സ്വയം. 35
ഭഗവാനെയറിഞ്ഞാനദ്ദേഹം നീ വന്ന കാര്യവും
തേജസ്സാലുജ്ജ്വലിപ്പോരാ യോഗ്യനെക്കണ്ടുകൊൾക നീ.'' 36
വിത്തേശൻ മാന്യനാമഷ്ടാവക്രനെച്ചെന്നു കണ്ടുടൻ
വിധിയിൽക്കുശലം ചോദിച്ചാ ബ്രഹ്മർഷിയൊടോതിനാൻ: 37
''സുഖം ഭവാൻ വന്നതല്ലീയെങ്കന്നിച്ഛിപ്പതെന്തുവാൻ?
ചൊല്ലൊക്കയും ചെയ്തുകൊൾവൻ നീ ചൊല്ലുമ്പടി ഞാൻ ദ്വിജ!
എൻ ഗൃഹത്തിൽക്കേറിയാലും യഥാകാമം ദ്വിജോത്തമ!
സൽകൃതൻ കൃതകാര്യൻ നീ നിർവ്വിഘ്നം യാത്രചെയ്യുമേ.'' 39
ആ ദ്വിജശ്രേഷ്ഠനെക്കൊണ്ടു തൻ ഗൃഹത്തേക്കു കേറിയോൻ
നിജാസനമവന്നേകി പാദ്യമർഘ്യവുമങ്ങനെ. 40
അവരങ്ങനെ വാണാറേ മാണിഭദ്രൻ തുടങ്ങിയോർ
കൗബേരന്മാരങ്ങിരുന്നു യക്ഷഗന്ധർവ്വകിന്നരർ. 41
അവരെല്ലാമിരുന്നാറേ ധനദൻ ചൊല്ലിയിങ്ങനെ:
''നിന്നിഷ്ടം കണ്ടപ്സരസ്ത്രീഗണം നൃത്തം തുടങ്ങിടും; 42
ഭവാനാതിഥ്യവും ശുശ്രൂഷയും ചെയ്യേണ്ടതുത്തമം.''
തുടങ്ങട്ടേയെന്നു ചൊല്ലി മുനി നല്ലോരു വാക്കിനാൽ 43
ഉടനുർവ്വരയാ മിശ്രകേശിയും രംഭയുർവ്വശി
അലംബുഷാ ഘൃതാചീതാൻ മിത്ര ചിത്രാംഗദാ രുചി 44
മനോഹര സുകേശീതാൻ സുമുഖീ ഹാസിനി പ്രഭ
വിദ്യുതാ പ്രശമീ ദാന്ത വിദ്യോത രതിയങ്ങനെ 45
ഇവരും മററു പലരുമാടീ നല്ലപ്സരസ്സുകൾ;
പല വാദ്യങ്ങളും കൊട്ടിക്കൊണ്ടാർ ഗന്ധർവ്വരങ്ങനെ. 46
ആദ്ദിവ്യമായ ഗാന്ധർവ്വം ചെയ്യേ മേവീടിനാൻ മുനി
ദിവ്യമോരായിരത്താണ്ടു രമിച്ചാനീത്തപോനിധി. 47
പിന്നെ വൈശ്രവണൻ രാജാവുണർത്തീ ഭഗവാനൊടായ്:
''ഒരാണ്ടിലപ്പുറം ചെന്നു വിപ്ര, നീ കണ്ടിരിക്കവേ 48
ബ്രഹ്മൻ, ഗാന്ധർവ്വമെന്നുള്ള വിഷയം ഹാരിയേററവും.
ഇഷ്ടം പോലെ നടക്കട്ടേ വിപ്ര, നീ ചൊല്ലിടുംപടി 49
പൂജ്യൻ ഞങ്ങൾക്കതിഥി നീ ഭവാൻെറ ഗൃഹമാണിതും;
എല്ലാമാജ്ഞാപിക്ക നിങ്കൽ പരവാന്മാർക*ളിജ്ജനം.'' 50
ഭഗവാൻ വൈശ്രവണനോടുടൻ പ്രീതിയൊടോതിനാൻ:
''യഥാന്യായം പൂജിതൻ ഞാൻ പോയ്‌വരട്ടേ ധനേശ്വര! 51
പ്രീതനായ് ഞാനിതൊക്കേയും നിനക്കൊക്കും ധനാധിപ!
ഭഗവൻ, നിൻ പ്രസാദത്താലാ യോഗ്യർഷീശ്വരൻെറയും 52

* പരവാന്മാർകൾ=പരതന്ത്രർ; നിനക്കുവേണ്ടി എന്തും ചെയ്യാൻ ഒരുക്കമുള്ളവർ.

നിയോഗത്താൽ ഗമിപ്പേൻ ഞാൻ വൃദ്ധിയാന്ന്യദ്ധിയേല്ക്ക നീ.''
പുറത്തിറങ്ങിബ്ഭഗവാൻ വടക്കോട്ടെയ്ക്ക പോയിനാൻ 53
കൈലാസം മന്ദരം ഹൈമമിതൊക്കച്ചുററിനാനവൻ,
ആ വൻഗിരികരം വിട്ടിട്ട കൈലാസസ്ഥാനമുത്തമം 54
പ്രദക്ഷിണം വെച്ചുകൊണ്ടാൻ പ്രയതൻ തല താഴ്ത്തിനാൻ.
മന്നിലേക്കങ്ങിറങ്ങീട്ട പൂതാത്മാവായിനാനിവൻ 55
ആപ്പവ്വതത്തിന്ന മൂന്ന വലംവെച്ചുത്തരാമുഖൻ
പരന്ന ഭൂമിയിൽക്കൂടിപ്പോയിനാൻ പ്രീതിയാന്നവൻ. 56
പിന്നെ വേറിട്ടഴകെഴം കാടിടം കണ്ടിതായവൻ
സവ്വത്തുഫലമൂലങ്ങരം പക്ഷിക്കൂട്ടവുമൊത്തഹോ! 57
അഴകേറും കാടിടങ്ങളങ്ങുമിങ്ങുമെഴുന്നിടം.
അതിൽ ദിവ്യാശ്രമേ സ്ഥാനം കണ്ടിതാബ്ഭഗവാനുടൻ 58
പൊന്നു രത്നങ്ങളണിയും പല ശൈലവിശേഷവും
രത്നഭൂമിയിൽ നില്ക്കുന്ന പല പൊയ്കകളും ശരി. 59
മററും നല്ല വിശേഷങ്ങരം പലതും കണ്ടവാറുടൻ
ഭാവിതാത്മാവാ മുനിക്കു മനസ്സേററം രമിച്ചുപോയ്. 60
അവനായവിടെസ്സ്വണ്ണരത്നാഢ്യം ദിവ്യമാം ഗൃഹം
കണ്ടാനത്ഭുതസങ്കാശം മെച്ചം വിത്തേശരാലയാൽ*. 61
മണികാഞ്ചനശൈലങ്ങരം വൻപിച്ച പലതുണ്ടതിൽ
പല രത്നങ്ങളും രമ്യവിമാനങ്ങളുമങ്ങനെ. 62
മന്ദാരപ്പൂക്കരം ചിന്നുന്ന മന്ദാകിനിസരിത്തുമേ
താനേ മിന്നുന്ന രത്നങ്ങരം മന്നിടം വജ്രമണ്ഡിതം. 63
ചിത്രരത്നക്കമാനങ്ങളുള്ളനേകം ഗൃഹങ്ങളും
മുത്തുക്കുലത്തൊങ്ങലൊത്തു മണിരത്നമണിഞ്ഞവ 64
രമ്യങ്ങരം കണ്ണും കരളും കക്കുന്നവ നിരന്നിടം
മഹഷിമാർ കൂടവോന്നാമാശ്രമം സുമനോഹരം. 65
ചിന്തയായിതവന്നപ്പോളെങ്ങു പാക്കേണ്ടുവെന്നുതാൻ
പിന്നെ ദ്വാരത്തിൻെറ നേക്കു ചെന്നു നിന്നേവമോതിനാൻ: 66
''ഇങ്ങുള്ളോരീയൊരതിഥി വന്നിതെന്നു ധരിക്കുവിൻ''
ഉടനാ മന്ദിരത്തിങ്കൽനിന്നൊപ്പം ചെന്നു കന്യകരം 67
നാനാരൂപത്തോടൊത്തേഴ കന്യമാരഴകുള്ളവർ.
ഏതേതവളെയദ്ദേഹം നോക്കീ കട്ടു മനസ്സവരം 68
മനസ്സടക്കാനാളായീലൊന്നദ്ദേഹമുഴന്നുപോയ്.
ധീമാനാമാ വിപ്രനുടൻ ധൃതിയുണ്ടായിതപ്പൊഴേ 69
അവനോടാ സ്ത്രീകളോതീ 'കടക്കാം ഭഗവാനിതിൽ.'
അവനാസ്സുന്ദരികളിലാഗ്ഗേഹത്തിലുമങ്ങനെ 70

---

* വിത്തേശരാലയാൽ = വൈശ്രവണൻെറ പട്ടണത്തേക്കാൾ.

കൗതുഹലം പൂണ്ടുകൊണ്ടാഗ്ഗേഹത്തിൽ കേറിനാൻ ദ്വിജൻ.
അവിടെക്കണ്ടു ജരയാണ്ടതിനിർമ്മലവസ്ത്രയായ് 71
സർവ്വാഭരണവും ചാർത്തിക്കട്ടിൽ വാഴുന്ന വൃദ്ധയെ.
സ്വസ്തിയെന്നായവൻ ചൊന്നോരവളുത്തരമോതിനാൾ
എഴുന്നേററാ വിപ്രനോടങ്ങിരിക്കാമെന്നുമോതിനാൾ. 72

അഷ്ടാവക്രൻ പറഞ്ഞു

ഏവരും സ്വഗൃഹം പൂകുകൊരാളെൻ ചാരെ നില്ക്കുക
പ്രജ്ഞാതയായ് ശാന്തിയുള്ളോൾ മറേറാർ പോകാം യഥേഷ്ടമേ
ഉടൻ പ്രദക്ഷിണംവെച്ചാക്കന്യമാരാ മുനീന്ദ്രനെ
ആ ഗൃഹം വിട്ടു പൊയ്ക്കൊണ്ടാർ നിന്നാളാ വൃദ്ധമാത്രമേ. 74
പിന്നെശ്ശോഭനമാം മെത്ത കേറീട്ടവളൊടോതിനേൻ:
"ഭദ്രേ, നീയും കിടന്നാലും രാത്രിയേററം കവിച്ചിലായ്." 75
സല്ലാപത്താലെയാ വിപ്രനങ്ങേവം ചൊല്ലിയോരവൾ
രണ്ടാമത്തെ പ്രഭയെഴും ദിവ്യമെത്ത കരേറിനാൾ. 76
പിന്നീടവൾ വിറച്ചിട്ടു കുളിർകാരണമെന്നുടൻ
വ്യാജത്താലാ മുനിയുടെ മെത്തയിൽച്ചെന്നു കേറിനാൾ. 77
അണഞ്ഞോരവളോടോതീ ഭഗവാൻ സ്വാഗതോക്തിയാൽ
അവൾ പുല്കീ കൈകളാലാ മുനിയെ പ്രീതിയാൽ നൃപ! 78
നിർവ്വികാരം മുട്ടി ചുമർമട്ടെഴും മുനിയെത്തദാ
കണ്ടു മാഴ്കീട്ടു സല്ലാപംചെയ്തു മാമുനിയൊത്തവൾ. 79

സ്ത്രീ പറഞ്ഞു

ബ്രഹ്മൻ, കാമമൊഴിഞ്ഞാണിൽ സ്ത്രീകൾക്കില്ലൊട്ടുമേ രസം;
കാമമോഹിത ഞാനെന്നെബ്ഭജിപ്പോളെബ്ഭജിക്ക നീ. 80
പ്രഹർഷം കൊൾക വിപ്രർഷേ, ഞാനായിസ്സംഗമിക്ക നീ
നിങ്കൽ കാമാർത്തയാമെന്നെ വിപ്ര, പുല്കീടവേണമേ. 81
ഇതോ ധർമ്മിഷ്ഠ, പൂജിക്കപ്പെട്ടുന്നൂ നിൻ തപഃഫലം
പ്രാർത്ഥിപ്പൂ കണ്ടമാത്രസ്സു ഭജിപ്പോളെബ്ഭജിക്ക നീ. 82
എൻെറയാണീ വിത്തമെല്ലാം മററും നീ കാണ്മതൊക്കയും
പ്രഭുവായ്ക്കൊള്ളുകൊക്കയ്ക്കുമെങ്കലും നീയസംശയം. 83
കാമമെല്ലാം ചെയ്യുവേൻ ഞാനെന്നോടൊത്തു രമിക്ക നീ
സർവ്വകാമഫലം നല്ലമീ നൽക്കാവിൽ ദ്വിജർഷഭ! 84
നിൻ പാട്ടിലായ് നില്ക്കുവൻ ഞാൻ നീ ഞാനൊത്തു രമിക്കുകിൽ
ദിവ്യമാനുഷകാമങ്ങളെല്ലാമനുഭവിക്ക നാം. 85
നാരികൾക്കിതിലും മേലെയായിട്ടിങ്ങില്ലൊരെണ്ണവും
പുംസംസർഗ്ഗംപോലെയത്ര ഞങ്ങൾക്കു പരമം ഫലം. 86
സ്വച്ഛന്ദമാരായ് നില്ക്കുന്നു സ്ത്രീകൾ മന്മഥചോദനാൽ
പഴുത്ത മണലിൽക്കൂടി പോകിലും വേവുകില്ലവർ. 87

അഷ്ടാവക്രൻ പറഞ്ഞു

പരസ്ത്രീയൊത്തു ഞാൻ ഭദ്രേ, സംഗമിക്കില്ലൊരിക്കലും
ധർമ്മശാസ്ത്രജ്ഞർ നിന്ദിപ്പൂ പരദാരാഭിമർശനം. 88

ഭദ്രേ, വേൾപ്പാനാഗ്രഹിപ്പോൻ ഞാനെന്നോർക്കുക സത്യമേ
വിഷയാഭിജ്ഞനല്ലാ ഞാൻ ധർമ്മത്തിന്നാണു സന്തതി. 89

എന്നാലോ മക്കളാൽച്ചെൽവേൻ ലോകങ്ങളിലസംശയം
ഭദ്രേ, ധർമ്മം നീയറിയുകറിഞ്ഞു വിരമിക്കുക. 90

സ്ത്രീ പറഞ്ഞു

വായ്വഗ്നിവരുണന്മാരും മററു വാനോർകളും ദ്വിജ!
സ്ത്രീകൾക്കിഷ്ടപ്പെടാ കാമമ്മട്ടിഷ്ടരതിമാരിവർ. 91

ആയിരം സ്ത്രീകളിലൊരു പെണ്ണൊരിക്കലിരിക്കിലാം
നൂറായിരത്തിലൊന്നെന്നാം നൽപതിവ്രതയാമവൾ. 92

അറിയില്ലച്ഛനെയിവർ കുലമില്ലില്ലൊരമ്മയെ
ഇല്ലാ ഭ്രാതാക്കളെബ്ഭർത്താവിനെദ്ദേവരപുത്രരെ. 93

ലീലയാടിക്കുലം വീഴ്ത്തും നല്ലാർ കൂലം കണക്കിനെ
ദോഷങ്ങളൊക്കെക്കണ്ടോതു ചൊന്നാനേവം പ്രജാപതി. 94

ഭീഷ്മൻ പറഞ്ഞു

പിന്നെയാ മുനിയേകാഗ്രനാപ്പെണ്ണിനൊടു ചൊല്ലിനാൻ:
''ഇരിക്ക രുചിയാലിച്ഛ വേണ്ടതെന്തെന്നു ചൊല്ക നീ.'' 95

ആപ്പെണ്ണു ചൊല്ലി ''ഭഗവാൻ, ദേശകാലാലറിഞ്ഞിടും;
പാർക്കുകെന്നാൽ മഹാഭാഗ, കൃതകൃത്യനുമാം ഭവാൻ.'' 96

ബ്രഹ്മർഷിയവളോടോതിയാട്ടെയെന്നു യുധിഷ്ഠിര!
''പാർപ്പേൻ നിനക്കിങ്ങുത്സാഹമാംവരെയ്ക്കുമസംശയം.'' 97

പിന്നെജ്ജരാർത്തയായോരാ സ്ത്രീയെപ്പാർത്തു മുനീശ്വരൻ
ഏററം ചിന്തയിലാപ്പെട്ടു സന്താപപ്പെട്ടമട്ടിലായ്. 98

അവൾക്കേതേതൊരംഗത്തെക്കണ്ടുവോ ബ്രാഹ്മണർഷഭൻ
വിരക്തയാം ദൃഷ്ടി രമിച്ചില്ലതാതിങ്കലൊട്ടുമേ. 99

''ശാപത്താൽ വൈരൂപ്യമേററാ ഗൃഹദേവതപോലിവൾ
അവൾക്കു കാരണമുടനറിയാനാവതല്ല മേ.'' 100

എന്നുള്ളിൽ ചിന്തയായ് കാര്യമറിവാനാഗ്രഹിച്ചതാൻ
ആകുലപ്പെട്ടൊരുള്ളോടമഹശ്ശേഷം കഴിഞ്ഞുതേ. 101

പിന്നെയാ സ്ത്രീ ചൊല്ലി ''കാണ്ക ഭഗവൻ, രവിതന്നുടെ
രൂപം സന്ധ്യാഭ്രാരുണമായങ്ങെയ്ക്കെന്തു വരുത്തണം?'' 102

അവനാപ്പെണ്ണിനോടോതീ ''വരുത്തു സ്നാനവാരിയെ;
സന്ധ്യോപാസന ചെയ്യേൻ ഞാൻ മൗനിയായ്—
നിയതേന്ദ്രിയൻ.'' 103

20. അഷ്ടാവക്രദിക്സംവാദം

അഷ്ടാവക്രദിക്സംവാദം (തുടർച്ച്). സ്ത്രീരൂപം ധരിച്ച ഉത്തരദിശ അഷ്ടാവക്രനെ പലതരത്തിൽ പ്രലോഭിപ്പിച്ചു പരീക്ഷിക്കുന്നു. അഷ്ടാവക്രൻ ആവക പ്രലോഭനങ്ങളിലൊന്നും പെടാതെ രക്ഷപ്പെടുന്നു.

ഭീഷ്മൻ പറഞ്ഞു

ആപ്പെണ്ണായവനോടോതീ ദൃഢമങ്ങനെയെന്നുതാൻ
ദിവ്യതൈലത്തോടും സ്നാനവസ്ത്രമങ്ങാനയിച്ചുതേ. 1
മഹാത്മാവാം മുനിയുടെ സമ്മതത്തോടുമായവൾ
പിന്നെത്തൈലംകൊണ്ടവന്റെ ദേഹമൊക്കപ്പുരട്ടിനാൾ. 2
മെല്ലെന്നിളക്കിയൊരവൻ കുളിപ്പുരയിലെത്തിനാൻ
പുത്തനായ് ചിത്രമാം ഭദ്രാസനം ചെന്നേറിനാനവൻ. 3
ആബ്ഭദ്രാസനപീഠത്തിലവൻ ചെന്നങ്ങിരിക്കവേ
സുഖസ്പർശത്തോടു കുളിപ്പിച്ചാളൃഷിയെയായവൾ; 4
വിധിക്കു ദിവ്യോപചാരം ചെയ്തുകൊണ്ടാൾ മുനിക്കുടൻ.
സുഖോഷ്ണമാമവളുടെ ഹസ്തസൗഖ്യത്തിനാലവൻ 5
രാത്രിയൊക്കക്കഴിഞ്ഞെന്നതറിഞ്ഞില്ലാ മഹാവ്രതൻ.
പിന്നീടെഴുന്നേറ്റു മുനിയപ്പോൾ പരമവിസ്മിതൻ 6
കണ്ടു കിഴക്കായാകാശത്തുദിച്ചുവരുമർക്കനെ.
അവനോർത്താനിതെന്താണു മോഹമോ തത്ത്വമാകുമോ? 7
സൂര്യോപാസനചെയ്തെന്നു ചെയ്യേനെന്നോതിനാനവൻ.
അമൃതൊക്കുന്നന്നമവൾ മുനിക്കുപനയിച്ചുതേ 8
ആച്ചോറ്റിൻ സ്വാദിനാൽ പോരുമെന്നു ചൊല്ലിയതില്ലവൻ.
കഴിഞ്ഞു ശേഷം പകലും പിന്നെയും സന്ധ്യയായിതേ 9
ആപ്പെണ്ണു ഭഗവാനോടു കിടക്കാമെന്നു ചൊല്ലിനാൾ.
അവനുമങ്ങായവൾക്കും ദിവ്യതല്പം വിരിച്ചതിൽ 10
വെവ്വേറെയായ്ക്കിടന്നാരന്നാപ്പെണ്ണും മുനിമുഖ്യനും;
അവ്വണ്ണമർദ്ധരാത്രിക്കാപ്പെണ്ണു മെത്തയിലെത്തിനാൾ. 11

അഷ്ടാവക്രൻ പറഞ്ഞു

ഭദ്രേ, പരസ്ത്രീയിലെന്റെ ചിത്തമൊക്കുകയില്ലെടോ
എഴുന്നേല്ക്കുക ഭദ്രേ, നീ വിരമിക്ക ശുഭം വരും. 12

ഭീഷ്മൻ പറഞ്ഞു

ആ വിപ്രനപ്പോളവ്വണ്ണം ധൈര്യാൽ മാറ്റുവളോതിനാൾ
സ്വതന്ത്ര ഞാനെന്നൃഷിയോടില്ലാ ധർമ്മച്ഛലം* തവ. 13

അഷ്ടാവക്രൻ പറഞ്ഞു

സ്വാതന്ത്ര്യം നാരികൾക്കില്ലിങ്ങസ്വതന്ത്രകൾ നാരികൾ
ഇതാ പ്രജാപതിമതം സ്വാതന്ത്ര്യം വയ്യ നാരിയിൽ. 14

---

* ധർമ്മച്ഛലം=പാപം.

സ്ത്രീ പറഞ്ഞു

ബാധിപ്പു മൈഥുനം വിപ്ര, കാണ്കണ്ടെന്നുടെ ഭക്തിയെ
എന്നെക്കൊണ്ടാടിയില്ലെങ്കിലധർമ്മം വിപ്ര, പററുമേ. 15

അഷ്ടാവക്രൻ പറഞ്ഞു

ഹരിക്കുമേ ദോഷജാലം തോന്നിവാസി മനുഷ്യനെ
ഞാനെന്നും ധൈര്യമുടയോൻ ഭദ്രേ, തന്മെത്ത പൂക നീ. 16

സ്ത്രീ പറഞ്ഞു

തല കുമ്പിടുവേൻ വിപ്ര, പ്രസാദിച്ചീടവേണമേ
മന്നിൽ വീഴുമെനിക്കങ്ങു ശരണം നിരാഘാശയ! 17

പരദാരങ്ങളിൽ ദോഷജാലമങ്ങുന്നു കാണുകിൽ
ആത്മപ്രദാനം ചെയ്യേനെൻ കൈ പിടിക്കുക ഹേ ദ്വിജ! 18

ദോഷമുണ്ടാകയില്ലേതും സത്യമായ് ഞാൻ പറഞ്ഞിടാം
സ്വതന്ത്ര ഞാനറികെനിക്കധർമ്മം കൊൾകിലായതാം[1]
നിങ്കൽ ചിത്തം കലന്നോരു ഞാൻ സ്വതന്ത്ര, ഭജിക്ക മാം. 19

അഷ്ടാവക്രൻ പറഞ്ഞു

കാരണം ചൊല്ലണമിതിൽ ഭദ്രേ, സ്വാതന്ത്ര്യമെങ്ങനെ?
സ്വാതന്ത്ര്യയോഗ്യയായില്ലാ മൂപ്പാരിലൊരു പെണ്ണുമേ. 20

അച്ഛൻ കാക്കുന്നു കൗമാരേ പതി കാക്കുന്നു യൗവനേ
മക്കൾ കാക്കുന്നു വാർദ്ധക്യേ സ്ത്രീകൾക്കില്ലാ സ്വതന്ത്രത. 21

സ്ത്രീ പറഞ്ഞു

കൗമാരം മേ ബ്രഹ്മചര്യം കന്യയാം ഞാനസംശയം
പതിയാക്കീടെന്നെ വിപ്ര, നീയെൻ ശ്രദ്ധ കെടുക്കൊലാ. 22

അഷ്ടാവക്രൻ പറഞ്ഞു

നിനക്കുമെൻ കണക്കാണു നിൻ കണക്കാണെനിക്കുമേ
ആ മുനിക്കുള്ളീപ്പരീക്ഷ സത്യമായ് വിഘ്നമല്ലയോ? 23

ഇതൊട്ടേറെയുമാശ്ചര്യം ശ്രേയസ്സെന്താസ്സരും മമ
ദിവ്യാഭരണവസ്ത്രാഢ്യ കന്യയെന്നെ ശ്രയിച്ചവൾ 24

എന്നാലിവൾക്കുള്ള ദിവ്യരൂപം ജീർണ്ണിച്ചതെന്തുവാൻ?
കന്യാരൂപമിതിങ്ങേവമെന്തിതിന്നിനിയുത്തരം? 25

ധൃതി[2]ക്കൊക്കും ശക്തി[3]പോലെ ഞാനേല്ക്കില്ലിഹ[4] ചെററുമേ
ധർമ്മത്തെററു രുചിപ്പീലാ സത്യത്താലേററുകൊള്ളുവൻ[5]. 26

---

1 ഞാൻ സ്വതന്ത്രയാണ്; ഇക്കാര്യത്തിൽ വല്ല അധർമ്മവുമുണ്ടെങ്കിൽ അതു ഞാൻ ഏററുകൊള്ളാം. 2 ധൃതി = കിട്ടിയതു് കളയാതിരിക്കാനുള്ള ധൈര്യം. 3 ശക്തി = തൃതീയപുരുഷാർത്ഥത്തെ നിയന്ത്രിക്കാനുള്ള കഴിവ്. 4 ഏല്ക്കില്ല = ഇവളെ സ്വീകരിക്കയില്ല. 5 ധർമ്മമുറയ്ക്കുള്ള ഭാര്യയെ മാത്രമേ ഞാൻ അംഗീകരിക്കയുള്ളൂ.

21. അഷ്ടാവക്രദിക്സംവാദം

അഷ്ടാവക്രദിക്സംവാദം (തുടർച്ച). താൻ മഹർഷിയുടെ തപോനിഷ്ഠ പരീക്ഷിച്ചുനോക്കുകയായിരുന്നു എന്ന് ഉത്തരദിശ അഷ്ടാവക്രനോടു തുറന്നു പറയുന്നു. നാട്ടിൽ മടങ്ങിയെത്തിയ അഷ്ടാവക്രൻ വദാന്യന്റെ പുത്രിയായ സുപ്രഭയെ പാണിഗ്രഹണം ചെയ്യുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ആ സ്ത്രീ പേടിക്കാഞ്ഞതെന്താ ദ്യുതിമാനുടെ ശാപവും?
ഭഗവാനെങ്ങനേ മാററിയതു ചൊല്ലേണമേ ഭവാൻ. 1

ഭീഷ്മൻ പറഞ്ഞു

അഷ്ടാവക്രൻ ചോദ്യമേകീ ''രൂപം മാററുവതെന്തു നീ?
ഭോഷ്ക നീ ചൊല്ലിടൊല്ലൊട്ടും ചൊല്ലു ബ്രാഹ്മണകാമ്യയാൽ.'' 2

സ്ത്രീ പറഞ്ഞു

ദ്യാവാപൃഥിവികൾക്കുള്ളതീക്കാമ്യ ബ്രാഹ്മണോത്തമ!
മനസ്സുവെച്ചു കേട്ടാലുമിതൊക്കസ്സത്യവിക്രമ! 3
പരീക്ഷിച്ചേൻ നിനക്കേററമുറപ്പിന്നനഘാശയ!
തെററായ്കയാൽ നീ ലോകങ്ങൾ ജയിച്ചു സത്യവിക്രമ! 4
ഉത്തരാദിക്കു ഞാനോർക്ക കണ്ടു സ്ത്രീചാപലം ഭവാൻ
മുത്തിപ്പെണ്ണുങ്ങൾക്കുമേവം ബാധിക്കും മന്മഥജ്ജ്വരം. 5
പിതാമഹൻ തുഷ്ടനായീ നിന്നിലിന്ദ്രാദിവിണ്ണരും
എന്തു കാര്യത്തിനായങ്ങു ഭഗവാനിങ്ങു വന്നുവോ 6
കന്യാപിതാവാമാ വിപ്രൻ ചൊല്ലി വിട്ടോൻ ദ്വിജർഷഭ!
നിനക്കിങ്ങുപദേശിപ്പാനാണിതൊക്കക്കഴിച്ചു ഞാൻ. 7
ക്ഷേമത്തോടും ഗൃഹം പൂക ശ്രമം പററാ ഭവാനിതിൽ
ആക്കന്യയേ നേടിടും നീ വിപ്ര, പുത്രിണിയാമവൾ. 8
നീ കാമ്യയാലേ ചോദിച്ചിതതിന്നുത്തരമോതിനേൻ
അതു തെററിക്കവയ്യാർക്കും മൂന്നു ലോകക്കുമെങ്ങുമേ. 9
പൊയ്ക്കൊൾക സുകൃതം ചെയ്തിട്ടിനിക്കേൾക്കേണ്ടതെന്തുവാൻ?
അഷ്ടാവക്രദ്വിജർഷേ, ഞാൻ ശരിയാമ്മട്ടു ചൊല്ലുവേൻ. 10
കനിയിച്ചാനെന്നെ മുനി നിനക്കായി ദ്വിജർഷഭ!
അവനെസ്സൽക്കരിപ്പാനായ് നിന്നോടീ മൊഴി ചൊല്ലിനേൻ. 11

ഭീഷ്മൻ പറഞ്ഞു

അവൾ ചൊന്നാ വാക്കു കേട്ടിട്ടാ വിപ്രൻ കൂപ്പി നിന്നുടൻ
അവൾ നല്കും സമ്മതത്താൽ സ്വഗൃഹത്തേക്കു പോന്നു തേ. 12
ഗൃഹത്തിലെത്തി വിശ്രാന്തൻ സ്വജനത്തോടുരച്ചുമേ
ആ വിപ്രൻതൻ മുന്നിലെത്തി ന്യായത്താൽ കുരുനന്ദന! 13
ചോദിച്ചിതാ വിപ്രനമാക്കണ്ട ദൃഷ്ടാന്തമൊക്കയും
വിപ്രനോടാ വിപ്രനപ്പോൾ ചൊല്ലിനാൻ പ്രീതചിത്തനായ്: 14

''ഭവാൻെറ സമ്മതത്തോടും പൂകിനേൻ ഗന്ധമാദനം
അതിൻ വടക്കുഭാഗത്തായ് കണ്ടേൻ വൻപിച്ച ദൈവതം. 15
അവളെന്നിൽ സമ്മതിച്ചു കീത്ത്തിച്ചിതു ഭവാനെയും
കേഠംപ്പിച്ചിതാ വാക്കുമെന്നാൽ നിൻ ഗൃഹത്തെത്തി ഞാൻ
പ്രഭോ!'' 16
അവനോടോതിനാൻ വിപ്രൻ ''വേട്ടുകൊാംകെൻെറ പുത്രിയെ
നക്ഷത്രവിധിയോഗത്താൽ ഭവാനുത്തമപാത്രമാം.'' 17

ഭീഷ്മൻ പറഞ്ഞു

അഷ്ടാവക്രനതേറെറാതി വേട്ടിട്ടാക്കന്യയെ പ്രഭോ!
പരം പരമധമ്മിഷ്ഠൻ പ്രീതനായ്ത്തീന്നിതപ്പൊഴേ. 18
ആശ്ശോഭനപ്പെങ്കിടാവെബ്ഭാര്യയായ് സ്വീകരിച്ചവൻ
മോദിച്ചു തന്നാശ്രമത്തിൽ വസിച്ചാനല്ലലെന്നിയേ. 19

22. ബഹുപ്രാശ്നികം

ധമ്മപുത്രൻെറ പലതരത്തിലുള്ള സങ്കീണ്ണപ്രശ്നങ്ങൾക്കു സമുചിതമായ സമാധാനം പറഞ്ഞു ഭീഷ്മൻ ആ പാണ്ഡവജ്യേഷ്ഠനെ തൃപ്തിപ്പെടുത്തുന്നു. ദാനംകൊടുക്കാൻ അഹ്തയുള്ള ബ്രാഹ്മണരെപ്പററിയുള്ളവയാണ് ചോദ്യങ്ങളധികവും.

യുധിഷ്ഠിരൻ പറഞ്ഞു

എന്തെന്നാർ[1] ഭരതശ്രേഷ്ഠ, പാത്രം വിപ്രർ സനാതനർ
ലിംഗി[2]യാകും ബ്രാഹ്മണനോ ലിംഗം കൈവിട്ട വിപ്രനോ? 1

ഭീഷ്മൻ പറഞ്ഞു

സ്വവൃത്തി കൈക്കൊണ്ടിരിക്കും ലിംഗിക്കും മററവന്നുമേ
നല്ലുകെന്നാർ മഹാരാജ, രണ്ടുപേരും തപസ്വികഠം. 2

യുധിഷ്ഠിരൻ പറഞ്ഞു

പരയാം ശ്രദ്ധയാൽ പൂതൻ ബ്രാഹ്മണന്നു കൊടുക്കുകിൽ
ഹവ്യം കവ്യം ദാനമപ്പോഠം ദോഷമുണ്ടോ പിതാമഹ! 3

ഭീഷ്മൻ പറഞ്ഞു

ശ്രദ്ധാപൂതൻ മത്ത്യനുണ്ണ്ടീ, ദുഷ്ടാന്തനുമസംശയം
എല്ലാററിലും പൂതനാം നീ പിന്നെയെന്തോ മഹാദ്യുതേ! 4

യുധിഷ്ഠിരൻ പറഞ്ഞു

എന്നും ദൈവങ്ങളിൽ നരൻ പരീക്ഷിക്കൊല്ല വിപ്രനെ
ബുധൻ ചൊൽവൂ കവ്യമേകാൻ പരീക്ഷ്യൻ വിപ്രനെന്നുമേ. 5

ഭീഷ്മൻ പറഞ്ഞു

ഹവ്യമൊപ്പിപ്പീല വിപ്രൻ ദൈവത്താൽ സിദ്ധമാണതും
ദൈവപ്രസാദാൽ യജിപ്പൂ യജമാനരസംശയം. 6

---

1 എന്തെന്നാർ=എന്താണ് (അവർ) പറഞ്ഞിട്ടുള്ളത്? 2 ലിംഗി=(ബ്രാഹ്മണന്നു വിധിച്ച) ലിംഗ(അടയാള)ങ്ങളോടുകൂടിയവൻ.

ബ്രഹ്മവാദി ബ്രാഹ്മണരെയെപ്പൊഴും ഭരതർഷഭ!
ലോകതത്ത്വജ്ഞനാം മാർക്കണ്ഡേയൻ മുന്നമിതോതിനാൻ. 7

യുധിഷ്ഠിരൻ പറഞ്ഞു

അപൂർവ്വനാകിലും വിദ്വാൻ പരം സംബന്ധിയാകിലും
തപസ്വിയും യജ്ഞവാനുമായവൻ പാത്രമാകുമോ? 8

ഭീഷ്മൻ പറഞ്ഞു

കുലീനൻ കർമ്മവാൻ വിദ്വാനാപ്പടിക്കാനൃശംസ്യവാൻ
ഹ്രീമാൻ സത്യസ്ഥിതനൃജു പാത്രമാം മുൻപു മൂവരും. 9

അതിങ്കൽപ്പാർത്ഥ, കേൾ നാലു തേജസ്സുക്കൾക്കെഴും മതം
ഭൂമിക്കു കാശ്യപന്നഗ്നിക്കാ മാർക്കണ്ഡേയനും ശരി. 10

ഭൂമി പറഞ്ഞു

ആഴിയിൽക്കൊണ്ടു വിട്ടോരു മൺകട്ട മുടിയുംപടി
ചെയ്ത പാപങ്ങളൊക്കേയും മജ്ജിക്കും മൂന്നു വൃത്തിയിൽ. 11

കാശ്യപൻ പറഞ്ഞു

വേദങ്ങളൊട്ടുക്കു ഷഡംഗയുക്തം
സാംഖ്യം പുരാണം സ്വകുലങ്ങൾ ജന്മം
ഇതൊന്നുമേത്തും ഗതിയാകയില്ലാ
ശീലം കെടും മന്നവനും ദ്വിജനും. 12

അഗ്നി പറഞ്ഞു

ഓത്തോത്തുന്നോൻ പണ്ഡിതത്തള്ളലുള്ളോൻ
പരക്കു പേർ വിദ്യയാൽ പോക്കിടുന്നോൻ
രണ്ടും പോക്കിസ്സത്യമൊപ്പിച്ചിടാത്തോ—
നവന്നന്തം കാണ്മതാം ലോകമെല്ലാം. 13

മാർക്കണ്ഡേയൻ പറഞ്ഞു

അശ്വമേധസഹസ്രംതാൻ തുലയിൽ തൂക്കി സത്യവും
ഞാനറിഞ്ഞില്ല സത്യത്തിൽ പകുതിക്കൊക്കുമെന്നുമേ. 14

ഭീഷ്മൻ പറഞ്ഞു

എന്നുരച്ചാശു പൊയ്ക്കൊണ്ടാരാത്തേജസ്വികൾ നാൽവരും
ഭൂമികാശ്യപനങ്ങഗ്നിയായുഷ്മാൻ ഭൃഗുപുത്രനും. 15

യുധിഷ്ഠിരൻ പറഞ്ഞു

വ്രതസ്ഥരാം വിപ്രർ പാരിൽ ഹവിസ്സുണ്ണുന്നതാകിലോ
വിപ്രകാമത്തിന്നു ദത്തമായതെങ്ങനെ പുണ്യമാം? 16

ഭീഷ്മൻ പറഞ്ഞു

ആദേശമുള്ളോർ നൃപതേ, വിപ്രന്മാർ വേദപാരഗർ
ബ്രഹ്മകാമത്തൊടുണ്ടാലോ വ്രതലോപികളാമവർ. 17

യുധിഷ്ഠിരൻ പറഞ്ഞു

ഭൂരിദ്വാരമനേകാന്തം ധർമ്മമെന്നാർ മനീഷികൾ
ഉറച്ചതിതിലെന്താകുമതു ചൊല്ലു പിതാമഹ! 18

ഭീഷ്മൻ പറഞ്ഞു

അഹിംസ സത്യമക്രോധമാനൃശംസ്യം പരം ദമം

ആജ്ജവംതാനുമുവ്വീശ, നിശ്ചിതം ധമ്മലക്ഷണം. 19
ധമ്മം പുകഴ്ത്തിക്കൊണ്ടിങ്ങീബ്ഭൂമിയിൽ സഞ്ചരിപ്പവർ
ആധമ്മത്തെച്ചെയ്യിടാത്തോർ സങ്കരക്കാർകളാം പ്രഭോ! 20
അവക്കു പൊന്നു രത്നം പൈയശ്വങ്ങളിവ നല്കുവോൻ
വിഷ്ഠ[1]തിന്നും പതിററാണ്ടുകാലം നരകമാണ്ടവൻ, 21
മേദന്മാർ[2] പുല്ക്കസന്മാ[3]രുമേവം മററന്യജാതികൾ
കൃതാകൃതം[4] രാഗമോഹാൽ ചൊൽവോരെന്നീജ്ജനങ്ങടെ[5]. 22
ബ്രഹ്മചാരി ബ്രാഹ്മണന്നു വൈശ്വദേവത്തെയങ്ങനെ
നല്കാത്തോൻ പാപലോകങ്ങൾ ഭുജിക്കും ധരണീപതേ! 23

യുധിഷ്ഠിരൻ പറഞ്ഞു

എന്തു മുഖ്യബ്രഹ്മചര്യമെന്തഗ്ര്യം ധമ്മലക്ഷണം?
ഏറെ ശ്രേഷ്ഠം ശൗചമെന്താണതു ചൊല്ക പിതാമഹ! 24

ഭീഷ്മൻ പറഞ്ഞു

ഉണ്ണീ, മുഖ്യബ്രഹ്മചര്യം മധുമാംസവിവജ്ജനം
ധമ്മം മര്യാദയ്ക്കു നില്പതതിന്നോ ലക്ഷണം ശമം. 25

യുധിഷ്ഠിരൻ പറഞ്ഞു

ഏതു കാലം ചെയ്ക ധമ്മമേതുകാലത്തിലത്ഥവും
ഏതു കാലം സുഖിക്കേണമതു ചൊല്ക പിതാമഹ! 26

ഭീഷ്മൻ പറഞ്ഞു

അത്ഥം ശീലിക്ക കാലത്തു പിന്നെദ്ധമ്മമതിന്നുമേൽ
പിന്നെക്കാമം കൊള്ളുകതിപ്രസംഗം വന്നുപോകൊലാ. 27
വിപ്രരെബ്ബഹുമാനിക്ക പൂജിക്കുക ഗുരുക്കളെ
സവ്വഭൂതാനുരൂപൻതാൻ മൃദുശീലൻ പ്രിയംവദൻ. 28
അധികാരത്തിലനൃതം രാജാക്കന്മാരിലേഷണി
ഗുരുവിന്നപ്രിയമിവ ബ്രഹ്മഹത്യയ്ക്കു തുല്യമാം. 29
പ്രഹരിക്കൊല്ല മന്നോരിൽ പൈയിനെക്കൊന്നുപോകൊലാ
ഭ്രൂണഹത്യയ്ക്കൊക്കുമിതു രണ്ടും ചെയ്യുന്നതാകിലോ. 30
അഗ്നിയെസ്സന്ത്യജിക്കൊല്ലാ വെടിഞ്ഞീടൊല്ല വേദവും
ശകാരിക്കൊല്ലന്തണനെ ബ്രഹ്മഹത്യയ്ക്കു തുല്യമാം. 31

യുധിഷ്ഠിരൻ പറഞ്ഞു

എമ്മട്ടുള്ളോർ സാധുവിപ്രരാക്കേകീടിൽ മഹാഫലം?
എമ്മട്ടുകാരനാണന്നേണ്ടതു ചൊല്ക പിതാമഹ! 32

ഭീഷ്മൻ പറഞ്ഞു

ക്രോധമററോർ ധമ്മനിഷ്ഠർ സത്യനിത്യർ ദമോദ്യതർ
അമ്മട്ടുള്ളോർ സാധുവിപ്രരവക്കേകിൽ മഹാഫലം. 33

---

1 വിഷ്ഠ=അമേധ്യം; മലം. 2 മേദൻ=ചത്ത പശു, എരുമ മുതലായവയുടെ മാംസം ഭക്ഷിക്കുന്നവൻ. 3 പുല്ക്കസൻ=ചണ്ഡാലൻ. 4 കൃതാകൃതം=ചെയ്തതും ചെയ്യാത്തതും. 5 ഈ പറഞ്ഞ നാലു കൂട്ടരുടെ മലം ഭക്ഷിക്കേണ്ടിവരും എന്നു പൂവ്വശ്ലോകവുമായി അന്വയം.

മാനമററോർ സർവ്വസഹർ ദൃഢകാര്യർ ജിതേന്ദ്രിയർ
ഏവക്കും ഹിതർ മൈത്രന്മാരവക്കേകിൽ മഹാഫലം. 34
അലുബ്ധർ ശുദ്ധർ വിദ്വാന്മാർ ശ്രീമാന്മാർ സത്യവാദികൾ
സ്വകർമ്മതൽപ്പരരെവരവക്കേകിൽ മഹാഫലം. 35
സാംഗങ്ങൾ നാലു വേദങ്ങൾ പഠിക്കും ദ്വിജനേവനോ
ഷൾക്കർമ്മനിഷ്ഠനവനാം പാത്രമെന്നാർ മഹർഷികൾ. 36
ഇമ്മട്ടു ഗുണമേവക്കുണ്ടവക്കേകിൽ മഹാഫലം
സഹസ്രഗുണമായ് നേടും ഗുണാർഹന്നു കൊടുപ്പവൻ. 37
പ്രജ്ഞ ശ്രുതം വൃത്തിയേവം ശീലവും കലരുന്നവൻ
കാലമൊക്കക്കേററുമേകനാണെന്നാലും ദ്വിജർഷഭൻ. 38
പൈയശ്വം വിത്തവും ചോറുമമ്മട്ടുള്ളോന്നു നല്കുകിൽ
മററു വസ്തുക്കളും പിന്നെ മരിച്ചാൽ മാഷ്ടകില്ലവൻ. 39
കുലമൊക്കക്കേററുമേകനാണെന്നാലും ദ്വിജർഷഭൻ
പിന്നെയെന്തോ വീണ്ടുമിവരെന്നാൽ പാത്രത്തെ നോക്കണം. 40
കേട്ടുവെങ്കിൽ ഗുണമെഴും സാധുസമ്മതവിപ്രനെ
ദൂരാൽ വരുത്തി മാനിച്ചു മററും പൂജിച്ചുകൊള്ളണം. 41

23. ദാനധർമ്മം സ്വർഗ്ഗനരകഗാമിവർണ്ണനം

ദൈവവും പിതൃവുമായ കർമ്മങ്ങൾ ചെയ്യാനുള്ള സമയം ഏതെന്നു്. ദാനം വാങ്ങാൻ അർഹതയുള്ളവരും അതില്ലാത്തവരുമായ ബ്രാഹ്മണരുടെ ലക്ഷണം. എങ്ങനെയുള്ള ബ്രാഹ്മണരെയാണു് അതിഥികളായി ക്ഷണിക്കേണ്ടതെന്നു്. സ്വർഗ്ഗത്തിനും നരകത്തിനും അർഹരായവർ ആരൊക്കയാണെന്നു്.

യുധിഷ്ഠിരൻ പറഞ്ഞു

ദൈവവും പിതൃവും ശ്രാദ്ധകാലത്തിങ്കൽ പിതാമഹ!
സുരർഷിമാർ വിധിപ്പോന്നു നീ ചൊല്ലിക്കേൾക്കുവാൻ കൊതി.

ഭീഷ്മൻ പറഞ്ഞു

ദൈവം പൂർവ്വാഹ്നത്തു ചെയ്യുകപരാഹ്നത്തു പൈതൃകം
മംഗളാചാരമുടയോൻ കൃതശൗചൻ പ്രയതനവാൻ. 2
മനുഷ്യന്മാക്കു മദ്ധ്യാഹ്നത്തുപപത്തിയൊടേകണം
കാലം തെററിച്ചുള്ള ദാനം രാക്ഷസക്കുള്ള ഭാഗമാം. 3
കവച്ചതും നക്കിയതും കലഹിച്ചിട്ടു ചെയ്തതും
തീണ്ടാരി കണ്ടതും പിന്നെ രാക്ഷസക്കുള്ള ഭാഗമാം. 4
അവഘുഷ്ടം* വ്രതംവിട്ടോനുണ്ടതും ഭരതർഷഭ!
നായ തൊട്ടതുമവ്വണ്ണം രാക്ഷസക്കുള്ള ഭാഗമാം. 5

* അവഘുഷ്ടം=അവഘോഷണം ചെയ്യപ്പെട്ടതു്; മുൻകൂട്ടി പരസ്യപ്പെടുത്തപ്പെട്ടതു്.

പുഴ രോമം വീണതു നായ് കണ്ടതും തുമ്മലേററതും
കരഞ്ഞതും തട്ടിയതും രാക്ഷസൎക്കുള്ള ഭാഗമാം. 6
ഓങ്കാരമററോൻ ശസ്ത്രാഢ്യനിവരുണ്ടതു ഭാരത!
ദുഷ്ടാത്മാവുണ്ടതും പിന്നെ രാക്ഷസൎക്കുള്ള ഭാഗമാം. 7
പരിഭുക്തം[1] പരോച്ഛിഷ്ടമിമ്മട്ടായിബ്ഭുജിച്ചതും
ദൈവപിത്ര്യങ്ങളിൽ പാരം രാക്ഷസൎക്കുള്ള ഭാഗമാം. 8
മന്ത്രമെന്യേ ചടങ്ങെന്യേ ചാൎത്തമൂട്ടുന്നതാകിലും
നരേന്ദ്ര, മൂന്നു ജാതിക്കാർ രാക്ഷസൎക്കുള്ള ഭാഗമാം. 9
നെയ് വീഴ്ത്തിടാതെയേതാനും വിളമ്പിക്കൊണ്ടിടുന്നതും
ദുശ്ശീലരുണ്ടതും പിന്നെ രാക്ഷസൎക്കുള്ള ഭാഗമാം. 10
രാക്ഷസൎക്കുള്ള ഭാഗങ്ങൾ പറഞ്ഞേൻ ഭരതൎഷഭ!
ഇനിദ്ദാനത്തിന്നു കേട്ടുകൊൾക വിപ്രപരീക്ഷണം. 11
മൂററം പതിതരാം വിപ്രർ ജഡോന്മത്തരുമങ്ങനെ
ദൈവത്തിൽ പിത്ര്യമതിലും ക്ഷണിപ്പാനൎഹിയാ നൃപ! 12
പാണ്ഡൻ നപുംസകം കുഷ്ഠി ക്ഷയരോഗം പിടിച്ചവൻ
അന്ധനമ്മട്ടപസ്മാരി ക്ഷണിപ്പാനൎഹിയാ നൃപ! 13
ചികിത്സക്കാർകൾ ശാന്തിക്കാർ പാഴാം നിയമമുള്ളവർ
സോമം വില്പോരുമവ്വണ്ണം ക്ഷണിപ്പാനൎഹിയാ നൃപ! 14
ആട്ടക്കാർ പാട്ടുകാർ പിന്നെച്ചാട്ടക്കാർ കൊട്ടുകാർകളും
കഥ ചൊൽവോർ മല്ലരിവർ ക്ഷണിപ്പാനൎഹിയാ നൃപ! 15
ശൂദ്രൎക്കു ഹോമം ചെയ്യുന്നോർ ശൂദ്രൎക്കോതിക്കുവോർകളും
ശൂദ്രശിഷ്യരുമവ്വണ്ണം ക്ഷണിപ്പാനൎഹിയാ നൃപ! 16
വേതനാദ്ധ്യാപകൻ[2] വിപ്രൻ വേതനാധീതി[3]യും നൃപ!
ശ്രാദ്ധാൎഹരല്ലായവരുമോത്തു[4] വില്പവരാണവർ. 17
മുന്നമഗ്രണി[5]യായ് വെച്ചോൻ ജാതി താഴ്ന്നോളെ വേട്ടവൻ
വിപ്രൻ സൎവ്വജ്ഞനായാലും ക്ഷണിപ്പാനൎഹിയാ നൃപ! 18
അഗ്നിയില്ലാത്ത[6] വിപ്രന്മാർ മൃതനിൎയ്യാത[7]കാഖ്യരും
ചോരരും പതിതന്മാരും ക്ഷണിപ്പാനൎഹിയാ നൃപ! 19
മുൻപിൽക്കേട്ടറിയാത്തുള്ളോർ കൂട്ടത്തലവർ ഭാരത!
പുത്രികാപൂൎവ്വസുതരും[8] ശ്രാദ്ധത്തിൽ ക്ഷണമൎഹിയാ. 20
പണപ്പലിശ വാങ്ങുന്നോർ നെല്ലിൻപലിശ വാങ്ങുവോർ

---

1 പരിഭുക്തം = ഭക്ഷിക്കപ്പെട്ടതു് (ഒരാൾ ഭക്ഷിച്ചു ശേഷിച്ചതെന്നൎത്ഥം). 2 വേതനാദ്ധ്യാപകൻ = പ്രതിഫലം പററുന്ന അദ്ധ്യാപകൻ. 3 വേതനാധീതി = പ്രതിഫലം കൊടുത്തു പഠിക്കുന്നവൻ. 4 ഓത്തു് = വേദം. 5 അഗ്രണി = അഗ്രഭോജി. 6 അഗ്നിയില്ലാത്ത = ഗൃഹ്യാഗ്നിയെ സൂക്ഷിക്കാത്ത. 7 മൃതനിൎയ്യാതകർ = ശവസംസ്കാരകൎമ്മത്തിൽ പങ്കെടുക്കുന്നവർ (പ്രതിഗ്രഹം മേടിക്കുന്നവർ). 8 പുത്രികാപൂൎവ്വസുതൻ = മകളിൽ ആദ്യമായുണ്ടാകുന്ന പുത്രൻ; തനിക്കു മകനായി തരണമെന്നുള്ള വ്യവസ്ഥയോടുകൂടി വിവാഹം കഴിച്ചുകൊടുക്കുന്ന പുത്രിയിലുണ്ടാകുന്ന പുത്രൻ.

ജന്തുക്കളേ വില്പവരും ശ്രാദ്ധത്തിന്നർഹിയാ നൃപ! 21
സ്ത്രീജിതന്മാർ തേവിടിശ്ശിപ്രിയരൊട്ടുകള ഭാരത!
ജപിക്കാത്ത ബ്രാഹ്മണരും ശ്രാദ്ധത്തിൽ ക്ഷണമർഹിയാ. 22
ശ്രാദ്ധദൈവങ്ങളിൽ ക്ലൃപ്തൻ ബ്രാഹ്മണൻ ഭരതർഷഭ!
കൊടുപ്പോനും വാങ്ങുവോനും കേളനുഗ്രഹമിന്നിയും. 23
വ്രതം കൊണ്ടോർ ഗുണം പൂണ്ടോർ കൃഷിവൃത്തികളാകിലും
സാവിത്രീജ്ഞർ ക്രിയാഢ്യന്മാർ ക്ഷണിപ്പാനർഹരാം നൃപ! 24
പോരിൽ ക്ഷാത്രമെടുത്താലും ക്ഷണിക്കാം കുലവിപ്രനെ
ഉണ്ണി, കച്ചോടമുള്ളോനെ ശ്രാദ്ധത്തിങ്കൽക്കുറികൊലാ. 25
അഗ്നിഹോത്രമെഴും വിപ്രൻ വൃഷളാചാര്യനാകിലും
അസ്തേനനതിഥിജ്ഞൻതാൻ ക്ഷണിപ്പാനർഹനാം നൃപ! 26
സാവിത്രി മൂന്നു നേരത്തും ജപിപ്പോൻ ഭരതർഷഭ!
ക്രിയയുള്ളോൻ ഭിക്ഷയേല്പോൻ ക്ഷണിപ്പാനർഹനാം നൃപ! 27
ഉയർന്നു താഴ്ന്നോനവ്വണ്ണം താഴ്ന്നുയർന്നവനങ്ങനെ
അഹിംസ്രനല്പദോഷൻതാൻ ക്ഷണിപ്പാനർഹനാം നൃപ! 28
ദംഭമററോൻ വഴക്കററോൻ ബ്രാഹ്മണൻ ഭരതർഷഭ
സംസർഗ്ഗേ ഭിക്ഷയേല്പോനും ക്ഷണിപ്പാനർഹനാം നൃപ! 29
അവ്രതൻ ചൂതാടി കള്ളൻ ജന്തുവിക്രയി വാർത്തകൻ[1]
പിന്നെസ്സോമം കഴിച്ചീടിൽ ക്ഷണിപ്പാനർഹനാം നൃപ! 30
ദാരുണക്രിയ ചെയ്താദ്യം ധനം താൻ നേടിയെങ്കിലും
പിന്നെസ്സർവ്വാതിഥിയവൻ ക്ഷണിപ്പാനർഹനാം നൃപ! 31
ഓത്തു വിററാർജ്ജിച്ചതും പെൺവഴി നേടിയതും ധനം
പിതൃവിപ്രർക്കു നല്ലൊല്ലാ ക്ലീബോപാർജ്ജിത[2]മായതും. 32
ശ്രാദ്ധാപവർഗ്ഗം ചെയ്യുമ്പോൾ[3] ബ്രാഹ്മണൻ ഭരതർഷഭ
വേണ്ടതോതായ്കി[4]ലവനു ഗവാനൃതമധർമ്മമാം[5]. 33
വിപ്രൻ ശ്രാദ്ധത്തിന്നു കാലമൊക്കും ദധിഘൃതങ്ങളും
ദർഭമാംസവുമവ്വണ്ണമാരണ്യം ഹേ യുധിഷ്ഠിര! 34
ശ്രാദ്ധം കഴിഞ്ഞാൽ വിപ്രന്നോ സ്വധ മോദിച്ചുകൊള്ളുമേ
പിതൃക്കൾ സന്തോഷിക്കട്ടെയെന്നായ് ക്ഷത്രിയനോതണം. 35
ശ്രാദ്ധകർമ്മം കഴിഞ്ഞെങ്കിൽ വൈശ്യന്നുമയി ഭാരത!
അക്ഷയ്യമെന്നു ചൊല്ലേണം സ്വസ്തി ശൂദ്രന്നു ഭാരത! 36
പുണ്യാഹവചനം ദൈവം ബ്രാഹ്മണന്നു വിധിപ്പതാം

1 വാർത്തകൻ=ദൂതൻ. 2 ക്ലീബോപാർജ്ജിതം=നപുംസകനാൽ സമ്പാദിക്കപ്പെട്ടതു്. ('ക്ലൈബ്യാദുപാർജ്ജിതം' എന്നാണു മൂലം. ക്ലൈബ്യം എന്നതിനു് കള്ളസ്സാക്ഷി പറയുക മുതലായ ഹീനകൃത്യങ്ങളാണെന്നു വ്യാഖ്യാതാക്കന്മാർ പറഞ്ഞിരിക്കുന്നു.) 3 ശ്രാദ്ധാപവർഗ്ഗംചെയ്യുമ്പോൾ = ശ്രാദ്ധാവസാനത്തിൽ. 4 വേണ്ടതോതുക='അസ്തു സ്വധാ' എന്നു പറയുക. (ഇങ്ങനെ പറയുക പതിവുണ്ടു്.) 5 ഗവാനൃതമധർമ്മമാം=ഗോവിഷയകമായി കളവുപറഞ്ഞതുകൊണ്ടുള്ള പാപമുണ്ടാകും.

ഓങ്കാരമില്ലാതിതുതാൻ ക്ഷത്രിയന്നു വിധിപ്പതും. 37
ദൈവത്തിൽ വൈശ്യന്നോതേണം വാനോർ വന്ദിക്കുകെന്നുതാൻ
കമ്മങ്ങൾക്കാനുപൂവ്വ്യത്താൽ വിധിയാം ക്രിയ കേൾക്ക നീ. 38
ജാതകമ്മാദിയുണ്ടെല്ലാം മൂന്നു ജാതിക്കു ഭാരത!
മന്ത്രോക്തം ബ്രാഹ്മണക്ഷത്രവൈശ്യന്മാക്കു യുധിഷ്ഠിര! 39
വിപ്രന്നരക്കെട്ടു മൗഞ്ജാ ക്ഷത്രിയന്നതു മൗവ്വിയാം
വൈശ്യന്നു ബല്വജപ്പുല്ലാണിതു ധമ്മം യുധിഷ്ഠിര! 40
കൊടുപ്പോനും വാങ്ങുവോനും ധമ്മാധമ്മങ്ങൾ കേൾക്ക നീ
വിപ്രന്നധമ്മം പൊളിയിൽച്ചൊൽവൂ പാതകമെന്നുതാൻ 41
നാലിരട്ടി ക്ഷത്രിയന്നിതെട്ടിരട്ടിച്ച വൈശ്യനും.
മുന്നം ക്ഷണിച്ചോരു വിപ്രൻ മററൊരേടത്തുമുണ്ണൊലാ 42
താഴ്ന്നവൻ പശുഹിംസയ്ക്കു തുല്യധമ്മാവുമാമവൻ.
അവ്വണ്ണം നൃപ, വൈശ്യന്മാർ ക്ഷണിച്ചോൻ വേറെയുണ്ണുകിൽ 43
താഴ്ന്നവൻ പശുഹിംസയ്ക്കു പകുതിബ്ഭാഗമേററിടും.
ദൈവവും പിതൃവും ബ്രാഹ്മണാദ്യന്മാർകളിലുണ്ണുകിൽ 44
കുളിക്കാതന്തണൻ ഭൂപ, ഗവാനൃതമധമ്മമാം.
പുലക്കാരൻ ദ്വിജൻ ഭൂപ, ബ്രാഹ്മണാദിയിലുണ്ണുകിൽ 45
അറിഞ്ഞുകൊണ്ടു ലോഭത്താൽ ഗവാനൃതമധമ്മമാം.
കാമാത്ഥം മററു വഴിയായ്ദ്ധനമിച്ഛിക്കിൽ മന്നവ! 46
ആമന്ത്രണം ചെയ്കിലായാൾക്കധമ്മമനൃണം നൃപ!
യുധിഷ്ഠിര, ത്രിവണ്ണക്കാരവേദവ്രതവൃത്തരെ
മന്ത്രത്തോട്ടൂട്ടിയാലായാൾക്കുണ്ടധമ്മം ഗവാനൃതം. 47

യുധിഷ്ഠിരൻ പറഞ്ഞു

പിതൃവും ദൈവവും നല്കീടുന്നതാകിൽ പിതാമഹ!
ഇതു കേൾപ്പാനുണ്ടു മോഹമാക്കേകുകിൽ മഹാഫലം? 48

ഭീഷ്മൻ പറഞ്ഞു

ആക്കുള്ള ഭാര്യമാർ കാപ്പു വൃഷ്ടി കഷ്കർ പോലവേ
ഉച്ഛേഷശേഷ[1]മവരെയൂട്ടിക്കൊൾക യുധിഷ്ഠിര! 49
ചാരിത്രനിഷ്ഠ[2]രുവ്വീശ, കൃശന്മാർ കൃശവൃത്തികൾ
യാചകന്മാരെത്തുമെന്നാലവക്കേകിൽ മഹാഫലം. 50
അതു ചോററു വീടേവമതേബലമതാശ്രയം
ഇമ്മട്ടത്ഥികളത്ഥത്തിലവക്കേകിൽ മഹാഫലം. 51
ശത്രുതസ്കരരെപ്പേടിച്ചീടുന്നവർ യുധിഷ്ഠിര!
അത്ഥിമാർ ഭക്ഷിയിച്ഛിക്കുമവക്കേകിൽ മഹാഫലം. 52
അദംഭിവിപ്രന്നസ്വത്താൽ കരസ്ഥാത്മാവിനങ്ങനെ

---

1 ഉച്ഛേഷശേഷം=ഊണുകഴിച്ചു ശേഷിച്ചതു്. 2 ചാരിത്രനിഷ്ഠർ=സൽസ്വഭാവികൾ.

ആക്കോ വട്ടക്കും യാചിപ്പതവർക്കേകിൽ മഹാഫലം. 53

നാട്ടാപത്തിൽ സ്വത്തു കെട്ട ഭാര്യ പൊയ്പോയ ഭൂസുരർ
അർത്ഥത്തിന്നായ് വന്നുചേരുമവർക്കേകിൽ മഹാഫലം. 54

വ്രതിമാർ നിയമസ്ഥന്മാർ വിപ്രന്മാർ ശ്രുതസമ്മതർ
അതു തീർപ്പതിനിച്ഛിക്കുമവർക്കേകിൽ മഹാഫലം. 55

പാഷണ്ഡധർമ്മങ്ങളിൽനിന്നേറെദ്ദൂരത്തു നില്പവർ
അല്പപ്രാണാല്പവിത്തന്മാരവർക്കേകിൽ മഹാഫലം 56

പ്രഭുക്കന്മാർകൾ സർവ്വസ്വം ഹരിച്ചോർ കുററമററവർ
ഉണ്ടിട്ടും ചോറിനിച്ഛിക്കുമവർക്കേകിൽ മഹാഫലം. 57

തപസ്വിമാർ തപോനിഷ്ഠരവരിൽബ്ഭിക്ഷയേല്പവർ
അർത്ഥിമാരല്പമിച്ഛിക്കുമവർക്കേകിൽ മഹാഫലം. 58

ദാനേ മഹാഫലവിധി കേട്ടല്ലോ ഭരതർഷഭ!
നരകം സ്വർഗ്ഗവും ചെൽവതെന്തുകൊണ്ടതു കേൾക്ക നീ. 59

ഗുരുവിന്നഭയത്തിന്നുമല്ലാതേതാൻ യുധിഷ്ഠിര!
ആരുണ്ടോ ഭോഷ്ക്കു ചൊല്ലുന്നു നരകം പൂകുമായവർ. 60

പരദാരാപഹർത്താക്കൾ പരദാരാഭിമർശികൾ
പരദാരപ്രേരകരും നരകം പൂകുമായവർ. 61

പരദ്രവ്യാപഹർത്താക്കൾ പരദ്രവ്യം മുടിപ്പവർ
പരക്ഷേപണി ചെയ്വോരും നരകം പൂകുമായവർ. 62

സഭ തണ്ണീർപ്പന്തലുകൾ പാലങ്ങളിഹ ഭാരത!
വീടും തകർത്തിടുന്നോർകൾ നരകം പൂകുമായവർ. 63

അനാഥസ്ത്രീ ബാല വൃദ്ധ ഭീത പാവമിവററിനെ
വഞ്ചിച്ചീടുന്നവരെവർ നരകം പൂകുമായവർ. 64

വൃത്തിനാശം[1] ഗേഹനാശം ഭാര്യാനാശം കുരൂദ്വഹ!
മിത്രനാശം മോഹനാശം നരകം പൂകുമായവർ.[2] 65

സൂചകന്മാർ[3] സേതുഹരർ[4] പരവൃത്ത്യുപജീവികൾ[5]
മിത്രങ്ങളിൽ കൃതഘ്നന്മാർ നരകം പൂകുമായവർ. 66

പാഷണ്ഡർ[6] ദൂഷണം ചൊൽവോർ പരം സമയദൂഷകർ[7]
ആരൂഢപതിതന്മാ[8]രും നരകം പൂകുമായവർ. 67

അക്രമവ്യവഹാരക്കാരക്രമം വൃദ്ധിയേല്പവർ

1 വൃത്തിനാശം = മററുള്ളവരുടെ ഉപജീവനമാർഗ്ഗം മുടിക്കുക. 2 വൃത്തിനാശം, ഗേഹനാശം മുതലായതു ചെയ്യുന്നവർ നരകത്തിലേക്കു പോകുമെന്നു സാരം. 3 സൂചകന്മാർ = മററുള്ളവരുടെ കുറവും കുററവും പറഞ്ഞുകൊണ്ടു നടക്കുന്നവർ. 4 സേതുഹരർ = പാലം, ചിറ മുതലായവ നശിപ്പിക്കുന്നവർ. 5 പരവൃത്ത്യുപജീവികൾ = മററു ജാതിക്കാർക്കു വിധിച്ച പ്രവൃത്തിചെയ്തു ജീവിക്കുന്നവർ. 6 പാഷണ്ഡർ = വൈദികധർമ്മത്തിൽ വിശ്വാസമില്ലാത്തവർ. 7 സമയദൂഷകർ = ശപഥത്തെ ലംഘിക്കുന്നവർ. 8 ആരൂഢപതിതന്മാർ = അധാർമ്മികപ്രവൃത്തികൾനിമിത്തം സ്വന്തം നിലയിൽനിന്ന് അധഃപതിച്ചവർ.

ലാഭത്തിലക്രമക്കാരും നരകം പൂകുമായവർ. 68
ദ്യൂതപ്രവൃത്തിക്കാരെന്നാൽ പരീക്ഷിക്കാത്ത മാനവർ
പ്രാണിഹിംസയ്ക്കൊരുങ്ങുന്നോർ നരകം പൂകുമായവർ. 69
ആശ നല്കിച്ചൊല്ലി വൃത്തിവെച്ചു വേലയെടുക്കിലും
തെററിച്ചവനെ മാററുന്നോർ നരകം പൂകുമായവർ. 70
ഭാര്യാഗ്നി ഭൃത്യാതിഥികൾക്കേകാതുണ്ടീടുമായവർ
പിതൃദേവേജ്യ മുട്ടിച്ചോർ നരകം പൂകുമായവർ. 71
വേദം വില്പോർകളവ്വണ്ണം വേദദൂഷകരായവർ
വേദലേഖകരവ്വണ്ണം നരകം പൂകുമായവർ 72
നാലാശ്രമത്തിൻ പുറത്തായ് ശ്രുതിബാഹ്യരുമായവർ
വികൎമ്മംകൊണ്ടു ജീവിപ്പോർ നരകം പൂകുമായവർ. 73
രോമം വില്ക്കുന്നവർ നൃപ, വിഷം വില്ക്കുന്ന കൂട്ടരും
പാൽ വില്ക്കുന്ന വകക്കാരും നരകം പൂകുമായവർ. 74
ബ്രാഹ്മണൎക്കും പശുക്കൾക്കും കന്യകൾക്കും യുധിഷ്ഠിര!
കാര്യങ്ങൾക്കന്തരം ചെയ്യോർ നരകം പൂകുമായവർ. 75
ശസ്ത്രം വില്പവരുണ്ടാക്കുന്നവരും ഹേ യുധിഷ്ഠിര!
ശല്യം വില്പുമതിൻവണ്ണം നരകം പൂകുമായവർ. 76
കല്ലും കുററികളും കണ്ടുമിവയാൽബ് ഭരതൎഷഭ!
വഴിക്കു തടവേകുന്നോർ നരകം പൂകുമായവർ. 77
ഓതിക്കോരെബ് ഭൃത്യരേയും ഭക്തരേയും കുരൂദ്വഹ!
വൃഥാ മൂവരെ മാററീടിൽ നരകം പൂകുമായവർ. 78
അദാന്തദമകന്മാ[1]രും മൂക്കു കുത്തുന്ന കൂട്ടരും[2]
പൈക്കൾക്കു ബന്ധകന്മാരും.നരകം പൂകുമായവർ. 79
ബലിഷൾഭാഗവും നേടിക്കാത്തുകൊള്ളാത്ത മന്നരും
പോരുന്നോർ നല്കിടാത്തോരും നരകം പൂകുമായവർ. 80
ക്ഷാന്തദാന്തപ്രാജ്ഞർകളെച്ചിരം കൂട്ടാന്ന കൂട്ടരെ
കാര്യം തീൎന്നാൽ ത്യജിക്കുന്നോർ നരകം പൂകുമായവർ. 81
ബാലൎക്കും കിഴവന്മാൎക്കും ദാസന്മാൎക്കുമതേവിധം
കൊടുക്കാതാദ്യമുണ്ണുന്നോർ നരകം പൂകുമായവർ. 82
ഇച്ചൊന്നോർ നരകം പൂകുമെന്നു പണ്ടേ കുറിച്ചവർ
സ്വൎഗ്ഗലോകം നേടുവോരെപ്പറയാം ഭരതൎഷഭ! 83
ദൈവപൂൎവ്വകകാര്യങ്ങൾക്കൊക്കേയുമിഹ ഭാരത!
ബ്രാഹ്മണാതിക്രമം ചെയ്താൽ നശിക്കും മക്കൾ ഗോക്കളും. 84
ദാനത്താലും തപസ്സാലും സത്യത്താലും യുധിഷ്ഠിര!
ധൎമ്മത്തെയനുവൎത്തിപ്പോർ സ്വൎഗ്ഗം നേടീടുമായവർ. 85

1 അദാന്തദമകന്മാർ=പ്രായമെത്താത്ത കാളകളെക്കൊണ്ടു പണിയെടുപ്പിക്കുന്നവർ. 2 മൂക്കു കുത്തുന്നതു കാളകളുടേതാണെന്നാണു വിവക്ഷ.

ശുശ്രൂഷയാൽ തപസ്സാലും വിദ്യ നേടീട്ട ഭാരത!
പ്രതിഗ്രഹപ്രിയം വിട്ടോർ സ്വർഗ്ഗം നേടീടുമായവർ. 86
ഭയം പാപം സങ്കടവും പിന്നെദ്ദാരിദ്ര്യമാക്രമം
ഇവയാരുണ്ട തീർക്കുന്നു സ്വർഗ്ഗം നേടീടുമായവർ. 87
ക്ഷമയുള്ളവർ ധീരന്മാർ ധർമ്മകാര്യത്തിലുദ്യതർ
മംഗളാചാരമുടയോർ സ്വർഗ്ഗം നേടീടുമായവർ. 88
മധു മാംസം പരസ്ത്രീയെന്നിവ നീക്കീട്ട നില്പവർ
മദ്യവും വിട്ടൊഴിക്കുന്നോർ സ്വർഗ്ഗം നേടീടുമായവർ. 89
ആശ്രമം തീർക്കുവോർ പിന്നെക്കുലം ഭാരത, ദേശവും
പരം നഗരവും തീർപ്പോർ സ്വർഗ്ഗം നേടീടുമായവർ. 90
വസ്ത്രാഭരണദാതാക്കളന്നപാനങ്ങൾ നല്കുവോർ
കുടുംബങ്ങൾ കൊടുപ്പോരും സ്വർഗ്ഗം നേടീടുമായവർ. 91
സർവ്വഹിംസയൊഴിപ്പോർകൾ സർവ്വത്തേയും സഹിപ്പവർ
സർവ്വർക്കുമാശ്രയന്മാർകൾ സ്വർഗ്ഗം നേടീടുമായവർ. 92
അച്ഛനമ്മകളെശ്ശുശ്രൂഷിക്കുന്നവർ ജിതേന്ദ്രിയർ
ഭ്രാതാക്കളിൽ സ്നേഹമുള്ളോർ സ്വർഗ്ഗം നേടീടുമായവർ. 93
ആഢ്യന്മാർ ബലമേറുന്നോർ യുവാക്കളിവർ ഭാരത!
ജിതേന്ദ്രിയന്മാർ ധീരന്മാർ സ്വർഗ്ഗം നേടീടുമായവർ. 94
കുററക്കാരിൽ സ്നേഹമുള്ളോർ മൃദുക്കൾ മൃദുവത്സലർ
ആരാധിച്ചാൽ പ്രസാദിപ്പോർ സ്വർഗ്ഗം നേടീടുമായവർ. 95
ആയിരം പേരെയൂട്ടുന്നോരായിരം പേർക്കു നല്കുവോർ
ആയിരം പേരെ രക്ഷിപ്പോർ സ്വർഗ്ഗം നേടീടുമായവർ. 96
സുവർണ്ണം ഗോക്കൾ യാനങ്ങൾ വാഹനങ്ങളുമങ്ങനെ
ഭരതർഷഭ, നല്കുന്നോർ സ്വർഗ്ഗം നേടീടുമായവർ. 97
വേളിക്കു വേണ്ടും ദ്രവ്യങ്ങൾ പ്രേഷ്യരേയും യുധിഷ്ഠിര!
വസ്ത്രങ്ങളും കൊടുക്കുന്നോർ സ്വർഗ്ഗം നേടീടുമായവർ. 98
സത്രം വിഹാരം കിണർ പൂങ്കാവുദ്യാനം സഭ പ്രപ
വിപ്രന്മാർക്കിവ തീർക്കുന്നോർ സ്വർഗ്ഗം നേടീടുമായവർ. 99
ഇരിപ്പിടം ക്ഷേത്രമേവം ഭവനം ഭരതർഷഭ!
പ്രാർത്ഥിച്ചതു കൊടുക്കുന്നോർ സ്വർഗ്ഗം നേടീടുമായവർ. 100
രസങ്ങൾ വിത്തു ധാന്യങ്ങളിവ താനേ യുധിഷ്ഠിര!
ഉണ്ടാക്കിച്ചു കൊടുക്കുന്നോർ സ്വർഗ്ഗം നേടീടുമായവർ. 101
നൂററാണ്ടായുസ്സുള്ള മക്കൾ പെരുത്തേതു കുലത്തിലോ
ദയയുള്ളോർ ചൊടിക്കാത്തോർ സ്വർഗ്ഗം നേടീടുമായവർ. 102
ഇതു ചൊന്നേൻ പരത്തിങ്കൽ ദൈവം ഭാരത, പിത്ര്യവും
മുനിമാർ മുൻപു കല്പിച്ച ദാനധർമ്മം ഫലപ്രദം. 103

24. ബ്രഹ്മഘ്നകഥനം

ഹിംസിക്കാതെതന്നെ ബ്രഹ്മഹത്യാപാപം ഉണ്ടാകാമെന്നും അതെങ്ങനെയൊക്കെയാണെന്നും ഭീഷ്മർ വിവരിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ഇതെന്നോടൊന്നു രാജാവേ, ശരിയായ്ച്ചൊല്ലു ഭാരത!
ഹിംസിക്കാതേ ബ്രഹ്മഹത്യയുണ്ടായീടുന്നതെങ്ങനെ? 1

ഭീഷ്മൻ പറഞ്ഞു

പണ്ടു ഞാൻ വ്യാസനോടായിച്ചോദിച്ചതു നരർഷഭ!
നിന്നോടു പറയാമെന്നാലതുള്ളംവെച്ചു കേൾക്ക നീ. 2
"വസിഷ്ഠന്നുണ്ടു നാലാമൻ തത്ത്വം ചൊല്ലുക മാമുനേ!
ഹിംസയെന്യേ ബ്രഹ്മഹത്യയുണ്ടായീടുന്നതെങ്ങനെ?" 3
എന്നു ഞാൻ നൃപ, ചോദിച്ചോരാപ്പരാശരനന്ദനൻ
പറഞ്ഞൂ ധർമ്മനിപുണൻ നിസ്സംശയമിതുത്തമം. 4
ഗുണവൃത്തി ബ്രാഹ്മണനെബ്ഭിക്ഷയ്ക്കായി ക്ഷണിച്ചു താൻ
പിന്നീടില്ലെന്നു ചൊല്ലുന്നോൻ ബ്രഹ്മഹാ[1]വെന്നുറയ്ക്കണം. 5
മദ്ധ്യസ്ഥനാമനൂചാനബ്രാഹ്മണ[2]ന്നിഹ ഭാരത!
വൃത്തി പോക്കുന്ന ദുർബ്ബുദ്ധി ബ്രഹ്മഹാവെന്നുറയ്ക്കണം. 6
ദാഹിച്ചു പൈക്കൾക്കു വെള്ളത്തിന്നു വിഘ്നം ധരാധിപ!
ഉണ്ടാക്കിത്തീർത്തിടുന്നോനും ബ്രഹ്മഹാവെന്നുറയ്ക്കണം. 7
നന്നായ് നടപ്പാം ശ്രുതിയും മുനികല്പിതശാസ്ത്രവും
അറിവെന്യേ ദൂഷിക്കുന്നോൻ ബ്രഹ്മഹാവെന്നുറയ്ക്കണം. 8
അഴകേറും മുതിർന്നുള്ള മകളെത്തക്ക കാന്തനായ്
കന്യയേത്താൻ കൊടുക്കാത്തോൻ ബ്രഹ്മഹാവെന്നുറയ്ക്കണം. 9
അധർമ്മതൽപരൻ മൂഢൻ പഴതേ ബ്രാഹ്മണർക്കിഹ
മർമ്മം തട്ടും മാലണപ്പോൻ ബ്രഹ്മഹാവെന്നുറയ്ക്കണം. 10
കണ്ണില്ലാത്തോന്റെയവ്വണ്ണം പംഗുവിന്റെ ജളന്റെയും
സർവ്വസ്വവും ഹരിക്കുന്നോൻ ബ്രഹ്മഹാവെന്നുറയ്ക്കണം. 11
ആശ്രമത്തിൽ വനത്തിങ്കൽ ഗ്രാമത്തിങ്കൽ പുരത്തിലും
മോഹത്താൽ തീ കൊടുക്കുന്നോൻ ബ്രഹ്മഹാവെന്നുറയ്ക്കണം. 12

---

1 ബ്രഹ്മഹാ = ബ്രാഹ്മണഹത്യ ചെയ്തവൻ. 2 അനൂചാനബ്രാഹ്മണൻ = ഗുരുമുഖത്തുനിന്നു സാംഗോപാംഗമായ വേദം അഭ്യസിച്ച ബ്രാഹ്മണൻ.

25. ആംഗിരസതീർത്ഥയാത്ര

പുണ്യതീർത്ഥങ്ങളെപ്പററി ധർമ്മപുത്രൻ ചോദിച്ചതിനു്, അംഗിരസ്സിന്റെ തീർത്ഥയാത്രയെ വിവരിച്ചുകൊണ്ടു ഭീഷ്മൻ മറുപടി പറയുന്നു. ഓരോ തീർത്ഥത്തിലും സ്നാനം ചെയ്താൽ കിട്ടുന്ന ഫലം ഈ അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

തീർത്ഥങ്ങളെക്കാണുക പുണ്യം കുളിയും ഭരതർഷഭ!
കേൾക്കുന്നതും മഹാപ്രാജ്ഞ, തത്ത്വമായ്ക്കേൾക്കുവാൻ കൊതി.
മന്നിലേതേതു തീർത്ഥങ്ങൾ പുണ്യങ്ങൾ ഭരതർഷഭ!
അവ ചൊല്ലേണമേ കേട്ടുകൊള്ളുവെൻ നിയതം പ്രഭോ! 2

ഭീഷ്മൻ പറഞ്ഞു

അംഗിരസ്സുരുളീട്ടുണ്ടിത്തീർത്ഥവംശം മഹാദ്യുതേ!
കേളങ്ങയ്ക്കു ശുഭം മുഖ്യധർമ്മം നേടീടുമേ ഭവാൻ. 3
തപോവനം വാണെഴുന്നോരംഗിരോമാമുനീന്ദ്രനെ
ധീരനെക്കണ്ടു ചോദിച്ചു ഗൗതമൻ സംശിതവ്രതൻ[1]. 4
"തീർത്ഥങ്ങളിലെനിക്കുണ്ടു ചെറെറാരീദ്ധർമ്മസംശയം
അതൊക്കെക്കേൾക്കുവാൻ മോഹമെന്നോടോതുക മാമുനേ! 5
തീർത്ഥങ്ങളിലുപസ്പർശം ചെയ്താലെന്തു ഫലം മുനേ!
പരലോകേ മഹാപ്രാജ്ഞ, ശരിയാമ്മട്ടു ചൊല്ലുക." 6

അംഗിരസ്സു പറഞ്ഞു

ഏഴു നാളാച്ചന്ദ്രഭാഗയൂർമ്മിമാലി[2] വിതസ്തയിൽ
സ്നാനം ചെയ്താൽ നിരാഹാരൻ നിർമ്മലൻ മുനിയായ്വരും. 7
കാശ്മീരനാട്ടിൽ നദികൾ മഹാനദമണഞ്ഞവ
അവ സിന്ധുവുമൊപ്പുക്കാൽ ശീലവാൻ വിണ്ണിലെത്തിടും 8
പുഷ്കരം താൻ പ്രഭാസം താൻ നൈമിഷം സാഗരോദകം
ഇന്ദ്രമാർഗ്ഗം ദേവികയും സ്വർണ്ണബിന്ദുവുമാഴകിൽ 9
വിമാനമാണ്ടുണർന്നീടുമപ്സരസ്ത്രീകൾ വാഴ്ത്തുവോൻ.
ഹിരണ്യബിന്ദുവുമൊപ്പുക്ക സുവിശുദ്ധൻ വണങ്ങിയാൽ 10
കുശേശയൻ ദേവനെത്താൻ കില്ബിഷം[3] വിട്ടൊഴിഞ്ഞിടും.
ഗന്ധമാദനപാർശ്വത്തിലിന്ദ്രതോയയിലെത്തിയും 11
കുരംഗേ കരതോയാററിൽ[4] മുന്നാളുപവസിക്കുകിൽ
അശ്വമേധഫലം നേടും മുഴുകി പ്രയതൻ ശുചി. 12
ഗംഗാദ്വാരം കുശാവർത്തം വില്വകം നീലപർവ്വതം
ഏവം കനഖലം മററും സ്നാനാൽ നിഷ്പാപി വിണ്ണിലാം. 13

---

1 സംശിതവ്രതൻ = ധാരാളം വ്രതങ്ങൾ അനുഷ്ഠിച്ചവൻ. 2 ഊർമ്മിമാലി = തിരയടിക്കുന്ന. 3 കില്ബിഷം = പാപം. 4 കരതോയാററിൽ = കരതോയ എന്ന നദിയിൽ.

അപാംഹ്രദോപസ്പൃശ്ത്താലശ്വമേധഫലം പെടും
ബ്രഹ്മചാരി ജിതക്രോധൻ സത്യസന്ധനഹിംസകൻ. 14
എങ്ങാണ്ട് ഭാഗീരഥീഗംഗ വടക്കോട്ടൊഴുകുന്നുവോ
മഹേശസ്ത്രിസ്ഥാനമതിലാറാടീടുന്ന മാനുഷൻ 15
ഒററ മാസം നിരാഹാരൻ വാനോരെക്കാണുമായവൻ.
സപ്തഗംഗ ത്രിഗംഗേന്ദ്രമാൎഗ്ഗതൎപ്പണമാൎന്നവൻ 16
ഭുജിപ്പാനമൃതം നേടും നരൻ വീണ്ടും പിറക്കുകിൽ.
മഹാശ്രമോപസ്പൃശം ചെയ്താഗ്നിഹോത്രപരൻ ശുചി 17
ഒരു മാസം നിരാഹാരൻ മാസത്താൽ സിദ്ധി നേടിടും.
മഹാഹ്രദോപസ്പൃശ്ത്താൽ ഭൃഗുതുംഗത്തലോലുപൻ[1] 18
മുന്നാളുപവസിച്ചീടിൽ ബ്രഹ്മഹത്യയൊഴിഞ്ഞുപോം.
കന്യാകൂപത്താചമിച്ചു വലാകാററിൽ കൃതോദകൻ[2] 19
വാനോരിൽ കീൎത്തി നേടീടും യശസ്സാലെ വിളങ്ങിടും.
ദേവികോപസ്പൃശ്നത്താലേവം സുന്ദരികാഹ്രദേ 20
ആശ്വിനേ രൂപവൎച്ചസ്സം[3] മരിച്ചാൽ നേടുമാ നരൻ.
മഹാഗംഗയിലാറാടി കൃത്തികാംഗാരകത്തിലും 21
ഒരു പക്ഷം നിരാഹാരൻ നിൎമ്മലൻ വിണ്ണിലെത്തിടും.
വൈമാനികത്തിലാറാടിൽ കിങ്കിണീകാശ്രമത്തിലും 22
ദിവ്യാപ്സരോനിവാസത്തിൽ കാമചാരി സുപൂജ്യനാം.
കലികാശ്രമമൂഴ്പ്പുക്കു വിപാശാററിൽ കൃതോദകൻ 23
ബ്രഹ്മചാരി ജിതക്രോധൻ മുന്നാളാൽ മുക്തനാമവൻ.
കൃത്തികാശ്രമമാറാടിത്താൻ ചെയ്തു പിതൃതൎപ്പണം 24
മഹേശതോഷണം ചെയ്താൽ നിൎമ്മലൻ വിണ്ണു പൂകിടും.
മഹാപുരത്തിലാറാടി മുന്നാളുപവസിച്ചവൻ 25
ചരാചരദ്വിപാൽ ഭീതി[4] കളയും ശുചിയാമവൻ.
ദേവദാരുവനേ മുങ്ങിപ്പാപം തീൎത്തു കൃതോദകൻ 26
ദേവലോകത്തെത്തുമേഴ രാത്രി പാൎത്തുള്ളവൻ ശുചി.
ശരസ്തംബകുശസ്തംബദ്രോണശൎമ്മപദങ്ങളിൽ 27
വെള്ളച്ചാട്ടം സേവചെയ്തോനപ്സരസ്ത്രീനിഷേവ്യനാം.
ചിത്രകൂടം ജനസ്ഥാനം മന്ദാകിനിയിവററിലും 28
ഇറങ്ങിയാൽ നിരാഹാരൻ രാജലക്ഷ്മീനിഷേവ്യനാം.
ശ്യാമയ്ക്കുള്ളാശ്രമം പുക്കു പാൎത്താറാടിയുമങ്ങനെ 29
ഒരു പക്ഷം നിരാഹാരനന്തൎദ്ധാനഫലാഢ്യനാം.
കൗശികീനദിയിൽച്ചെന്നു വായുഭക്ഷനലോലുപൻ 30

---

1 അലോലുപൻ = നിഷ്കാമൻ. 2 കൃതോദകൻ = അൎഘ്യം കൊടുത്തവൻ.
3 രൂപവൎച്ചസ്കം = സൗന്ദൎയ്യവും തേജസ്സും. 4 ചരാചരദ്വിപാൽ ഭീതി = ചരങ്ങളിൽനിന്നും അചരങ്ങളിൽനിന്നും ഇരുകാലികളിൽനിന്നുമുള്ള പേടി.

മൂന്നാളുപവസിച്ചീടിൽ ഗന്ധർവ്വപുരി വാണിടും.
രമ്യത്തിലും ഗന്ധതാരകത്തിലും സ്നാനമേല്ക്കുകിൽ 31
ഒരു മാസം നിരാഹാരനന്തർദ്ധാനഫലാഢ്യനാം;
ഇരുപത്തൊന്നു നാൾകൊണ്ടേ സ്വർഗ്ഗം കയറുമാ നരൻ. 32
മതംഗവാപീസ്നാനത്താലൊരുനാൾകൊണ്ടു സിദ്ധനാം
ഇറങ്ങീടുമനാലംബമന്ധകം താൻ സനാതനം. 33
നൈമിഷത്തിൽ സ്വർഗ്ഗതീർത്ഥേ സ്നാനംചെയ്താൽ ജിതേന്ദ്രിയൻ
നരമേധഫലം* നേടുമൊരുമാസം കൃതോദകൻ. 34
ഗംഗാഹ്രദത്താചമിച്ചിട്ടുപ്പടിക്കല്ലലാവനേ
അശ്വമേധഫലം നേടുമൊരുമാസം കൃതോദകൻ. 35
ഗംഗായമുനമാർ തീർത്ഥത്തേവം കാലഞ്ജരാദ്രിയിൽ
ദശാശ്വമേധങ്ങൾ നേടുമൊരുമാസം കൃതോദകൻ. 36
ഷഷ്ഠിഹ്രദേ കുളിച്ചീടിലന്നദാനത്തിൽ മെച്ചമാം
പത്തു തീർത്ഥസഹസ്രങ്ങൾ മൂന്നു കോടികൾ വേറെയും 37
ഒത്തുകൂടും പ്രയാഗത്തിൽ മാഘകാലത്തു ഭാരത!
പ്രയാഗേ മാഘമാസം താൻ നിയതൻ സംശിതവ്രതൻ 38
കുളിച്ചാൽ ഭരതശ്രേഷ്ഠ, നിർമ്മലൻ സ്വർഗ്ഗമാണ്ടിടും.
മരുൽഗണേ കുളിച്ചീടിൽ ശുദ്ധൻ പിതൃഗണാശ്രമേ 39
വൈവസ്വതന്റെ തീർത്ഥത്തിൽ മനുഷ്യൻ തീർത്ഥഭൂതനാം.
ഏവം ബ്രഹ്മസരസ്സിൽപ്പോയ് ഗംഗയിങ്കൽ കൃതോദകൻ 40
ഒരു മാസം നിരാഹാരൻ സോമലോകത്തിലെത്തിടും.
ഉൽപാതകത്തിൽക്കുളിച്ചിട്ടഷ്ടാവക്രേ കൃതോദകൻ 41
പന്തീരുനാൾ നിരാഹാരനശ്വമേധഫലാഢ്യനാം.
അശ്മപൃഷ്ഠേ ഗയയിലും നിരവിന്ദാചലത്തിലും 42
തൃതീയ ക്രൗഞ്ചപദിയിൽ ബ്രഹ്മഹത്യയൊഴിച്ചുപോം.
കലപിംഗത്താചമിച്ചാൽ സിദ്ധമാം ബഹുളം ജലം 43
പാക്കകഗ്നിപുരസ്സാതനഗ്നികന്യാപുരത്തിലും.
കരവീരപുരേ മുങ്ങി വിശാലാററിൽ കൃതോദകൻ 44
ദേവഹ്രദേ കുളിച്ചീടിൽ ബ്രഹ്മാത്മാവായ് വിളങ്ങിടും.
ആവർത്തനന്ദയെ മഹാനന്ദയേയും ഭജിക്കുകിൽ 45
അഹിംസ്രൻ നന്ദനേ ദാന്തനപ്സരസ്ത്രീനിഷേവ്യനാം.
സശ്രദ്ധൻ കൃത്തികായോഗത്തുർവ്വശീപാർശ്വമെത്തിയോൻ 46

---

* നരമേധം — മനുഷ്യരെ ബലികൊടുത്തു കഴിക്കുന്ന യാഗം. (ഭാരതത്തിൽത്തന്നെ ചില ദിക്കിൽ നരമേധശബ്ദത്തിനു ചില വ്യാഖ്യാതാക്കന്മാർ അശ്വമേധം എന്നർത്ഥം പറഞ്ഞുകണ്ടിട്ടുണ്ട്. ഇവിടെ അത്തരം വ്യാഖ്യാനത്തിനു പഴുതു കാണുന്നില്ല. 'ഫലം പുരുഷമേധസ്യ ലഭേൽ' എന്നാണു മൂലം. എന്നു മാത്രമല്ല, അടുത്ത ശ്ലോകത്തിൽ അശ്വമേധഫലത്തെപ്പററി പ്രത്യേകമായി പറയുന്നുണ്ടുതാനും. ഒരുപക്ഷേ, അക്കാലത്തു് നരബലി നിലവിലിരുന്നിരിക്കാം.)

ലോഹിത്യേ വിധിയിൽ സ്നാനാൽ പുണ്ഡരീകഫലാഢ്യ[1]നാം.
രാമഹ്രദേ കുളിച്ചിട്ടു വിപാശാററിൽ കൃതോദകൻ 47
പന്തീരുനാ൪ നിരാഹാരൻ കല്മഷം വിട്ടൊഴിഞ്ഞിടും.
മഹാഹ്രദേ കുളിച്ചീടിൽ ശുദ്ധമാനസനാം നരൻ 48
ഒരു മാസം നിരാഹാരൻ ജമദഗ്നിപദസ്ഥനാം.
വിന്ധ്യത്തിൽത്താൻ തപം ചെയ്യോൻ സത്യസന്ധനഹിംസ—
വിനയത്താൽ തപിച്ചൊററ മാസംകൊണ്ടിട്ടു സിദ്ധനാം. [കൻ
കുളിച്ചിട്ടാ നൎമ്മദയിൽ ശൂൎപ്പാരകജലത്തിലും 50
ഒരുപക്ഷം നിരാഹാരൻ രാജപുത്രത്വമാൎന്നിടും.
ജംബൂമാൎഗ്ഗേ മൂന്നു മാസം സംയതൻ സുസമാഹിതൻ 51
ഒരഹോരാത്രവും ചെന്നാൽ സിദ്ധി നേടീടുമായവൻ.
കോകാമുഖത്തിലാറാടിച്ചെന്നു ചാണ്ഡാലികാശ്രമേ 52
ചീര തിന്മോൻ ചീരവസ്ത്രൻ[2] നേടും പത്തു കുമാരിയെ.
വൈവസ്വതൻെറ ഭവനം ഗമിച്ചീടില്ലൊരിക്കലും 53
കന്യാഹ്രദത്തിൽ പാൎത്തോനാദ്ദേവലോകത്തിലെത്തിടും.
ഒരു രാവാ പ്രഭാസത്തിൽ വാവുന്നാളിൽ സമാഹിതൻ 54
സാധിച്ചെങ്കിൽ മഹാബാഹോ, മൎത്ത്യൻ പിന്നെയമൎത്ത്യ[3]നാം.
ഉജ്ജാനകത്തുപസ്പൃശിച്ചാൎഷ്ടിഷേണാശ്രമത്തിലും 55
പിംഗാശ്രമത്തിലും സ്നാനംചെയ്താൽ പാപങ്ങളൊ൪ വിട്ടുപോം.
കുല്യയിൽത്താൻ കുളിച്ചിട്ടു ജപിച്ചാലഘമൎഷണം 56
അശ്വമേധഫലം നേടും മൂന്നാളുപവസിച്ചവൻ.
പിണ്ഡാരകേ കുളിച്ചിട്ടു രാവൊന്നുപവസിച്ചവൻ 57
അഗ്നിഷ്ടോമഫലം നേടും ശുചി രാത്രിപ്പുലൎച്ചയിൽ.
ഏവം ബ്രഹ്മസരസ്സെത്തിദ്ധൎമ്മാരണ്യോപശോഭിതം 58
സ്നാനംചെയ്തുള്ളവൻ നേടും പുണ്ഡരീകഫലം ശുചി.
മൈനാകപൎവ്വതേ മുഷ്ടിസ്സന്ധ്യാവന്ദന ചെയ്തവൻ 59
മാസം കാമം വെന്നിരുന്നാൽ[4] സൎവ്വയജ്ഞഫലാഢ്യനാം.
കാലോദകം നന്ദികുണ്ഡമമ്മട്ടുത്തരമാനസം 60
നൂറു യോജന വിട്ടേററാൽ ഭ്രൂണഹാ[5]വും വിമുക്തനാം.
നന്ദീശമൂൎത്തിയെക്കണ്ടാൽ കില്ബിഷങ്ങളൊഴിഞ്ഞുപോം 61
സ്വൎഗ്ഗമാൎഗ്ഗേ കുളിച്ചീടിൽ ബ്രഹ്മലോകത്തിലെത്തിടും.
പ്രസിദ്ധനല്ലോ ഹിമവാൻ ശങ്കരശ്വശുരൻ ഗിരി 62
രത്നങ്ങൾക്കാകരമവൻ സിദ്ധചാരണസേവിതൻ
വിധിപോലെയനാഹാരനങ്ങു ദേഹം ത്യജിക്കുകിൽ 63

1 പുണ്ഡരീകഫലാഢ്യൻ = പുണ്ഡരീകം എന്ന യാഗം ചെയ്ത ഫലമുള്ളവൻ.
2 ചീരവസ്ത്രൻ = മരവുരി ധരിച്ചവൻ. 3 അമൎത്ത്യൻ = മരണമില്ലാത്തവൻ. 4 കാമം വെല്ലുക = കാമത്തെ കീഴടക്കുക. 5 ഭ്രൂണഹാ = ഭ്രൂണഹത്യാപാപം ചെയ്തവൻ.

ദേഹം നശ്വരമായ്ക്കണ്ടു വേദാന്തമറിയും ദ്വിജൻ
ദേവതാർച്ചനയും ചെയ്തു വന്ദിച്ചു മുനിമാർകളെ 64
പിന്നെസ്സിദ്ധൻ വാനു പൂകും ശാശ്വതബ്രഹ്മലോകവും.
കാമം ക്രോധം ലോഭവും വെന്നങ്ങു തീർത്ഥത്തിൽ വാഴ്കിൽ 65
അവൻ തീർത്ഥാഭിഗമനാൽ നേടീടാതില്ലൊരെണ്ണവും.
പോകാൻ വയ്യാത്ത തീർത്ഥങ്ങൾ ദുർഗ്ഗങ്ങൾ വിഷമങ്ങളും 66
മനസ്സുകൊണ്ടു ചെല്ലാമേ സർവ്വതീർത്ഥസമീക്ഷയാൽ.
ഇതു മേദ്ധ്യമിതേ പുണ്യമിതേ സ്വർഗ്ഗ്യമിതുത്തമം 67
ഇതേ രഹസ്യം ദേവന്മാർക്കാപ്ലാവ്യം[1] പാവനം പരം.
ഇതേകേണം ബ്രാഹ്മണർക്കു നല്ലോനാത്മാഹിതന്നുമേ[2] 68
സുഹൃത്തിൻ ചെവിയിൽ ചൊല്ലു വിപ്രശിഷ്യനുടേയുമേ.
ഇതു ഗൗതമനായ് നല്കീയംഗിരസ്സു തപോനിധി 69
അംഗിരസ്സിന്നേകിയതോ ധീമാനാകിയ കശ്യപൻ.
മഹർഷികൾക്കിതോ ജപ്യം പാവനങ്ങളിലുത്തമം 70
എഴുന്നേററു ജപിച്ചീടിൽ നിർമ്മലൻ വിണ്ണിലെത്തിടും.
ഇതംഗിരസ്സിൻെറ മതം രഹസ്യം കേട്ടിടുന്നവൻ 71
പിറക്കും മുഖ്യവംശത്തിൽ മുജ്ജന്മത്തെയുമോർത്തിടും.

26. ഗംഗാമാഹാത്മ്യം

ശരശയ്യയിൽ കിടക്കുന്ന ഭീഷ്മരെ കാണാൻ പല മഹർഷിമാരും വന്നെത്തുന്നു. അവർ മടങ്ങിപ്പോയതിനുശേഷം ധർമ്മപുത്രനിൽനിന്നു പുറപ്പെട്ട ചോദ്യത്തിനുത്തരമായി ഭീഷ്മർ, ശിലോഞ്ഛവൃത്തിയുടേയും സിദ്ധൻേറയും കഥ ഉദാഹരിച്ച് ഗംഗയുടെ മാഹാത്മ്യം വിവരിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

ബുദ്ധിയാൽ വ്യാഴനോടൊത്തും ക്ഷമയാൽ ബ്രഹ്മനൊത്തുമേ
വിക്രമത്താൽ ശക്രനൊത്തുമുള്ളോരർക്കപ്രതാപി[3]യെ 1
അർജ്ജുനൻ പോരിൽ വീഴ്ത്തോരു തേജസ്സേറിയ ഭീഷ്മരെ
കണ്ടു ചോദിച്ചു സഹജരന്യരും ചേർന്നു ധർമ്മജൻ. 2
വീരശയ്യയിൽ വീണിട്ടു കാലം കാത്തു കിടക്കവേ
ഭരതശ്രേഷ്ഠനെക്കാണ്മാനൊത്തുകൂടി മഹർഷികൾ. 3
വസിഷ്ഠനത്രി ഭൃഗുവും പുലസ്ത്യൻ പുലഹൻ ക്രതു
അംഗിരോഗൗതമാഗസ്ത്യർ സുമതീ സുയതാത്മവാൻ 4
വിശ്വാമിത്രൻ സ്ഥൂലശിരാ സംവർത്തൻ പ്രമതീ ദമൻ
ഗുരുശുക്രവ്യാസർകളും ച്യവനൻ കാശ്യപൻ ധ്രുവൻ 5

---

1 ആപ്ലാവ്യം = കുളിക്കത്തക്കതു്. 2 ആത്മഹിതൻ = ആത്മാവിനു നന്മ കാംക്ഷിക്കുന്നവൻ. 3 അർക്കപ്രതാപി = സൂര്യനെപ്പോലെ പ്രതാപശാലി.

മാക്കണ്ഡേയൻ ഗാലവനാ ദുവ്വാസോ ജമദഗ്നികഠം
ഭാരദ്വാജൻ രൈഭ്യനേവം യവക്രീതനുമാ ത്രിതൻ 6

സ്ഥൂലാക്ഷൻ ശബളാക്ഷൻതാൻ കണ്വൻ മേധാതിഥീ കൃശൻ
നാരദൻ പവ്വതൻ പിന്നെസ്സുധന്വാവേകതൻ ദ്വിതൻ 7

നിതംഭു ഭുവനൻ ധൗമ്യൻ ശതാനന്ദാകൃതവ്രണർ
ജമദഗ്നിസുതൻ രാമൻ കചനെന്നു തുടങ്ങിയോർ 8

ഭീഷ്മനെക്കാണ്മവാൻവേണ്ടിച്ചെന്നുകൂടീ മഹഷ്ഷികഠം.
ചെന്നൊത്തോരാ മഹാത്മാരെപ്പൂജചെയ്തു യുധിഷ്ഠിരൻ 9

ഭ്രാതാക്കളോടുമൊന്നിച്ചു വേണ്ടവണ്ണം യഥാക്രമം.
പൂജയേററു സുഖം വാണു കഥ ചൊല്ലീ മഹഷ്ഷികഠം 10

ഭീഷ്മനെപ്പററി മധുരം സവ്വേന്ദ്രിയമനോഹരം.
ഭാവിതാത്മഷ്ഷിമാർ ചൊല്ലും പ്രസംഗം കേട്ടു ഭീഷ്മരും 11

താൻ വിണ്ണിൽവാഴ്കേനെന്നോർത്തു പെരുത്തും തുഷ്ടിയാന്നവൻ.
ആ മഹഷ്ഷികളാബപ് ഭീഷ്മപാണ്ഡവന്മാരൊടോതിയും 12

മറഞ്ഞുകൊണ്ടാരെല്ലാരുമേവരും കണ്ടുനില്ക്കവേ.
ആ മഹാഭാഗർ മുനികഠം മറഞ്ഞാരെന്നിരിക്കിലും 13

പാണ്ഡവന്മാർ വാഴ്ത്തി വീണ്ടും പ്രണമിച്ചിതു മുററുമേ.
പ്രസന്നചിത്തരെല്ലാരും ഗാംഗേയൻ കുരുമുഖ്യനെ 14

ഉപാസിച്ചു മന്ത്രവിജ്ഞർ മിന്നുമക്കനെയാംവിധം.
ആ മഹഷ്ഷിപ്രസാദത്താൽ പാത്തു കണ്ടിട്ടു പാണ്ഡവർ 15

ദിക്കൊക്കയും പ്രകാശിച്ചിട്ടുത്ഭുതപ്പെട്ടിതേററവും.
ആ മുനീന്ദ്രക്കുടയൊരു മഹാഭാഗ്യം നിനച്ചവർ 16

പാണ്ഡവന്മാർ ഭീഷ്മരുമായ് കഥിച്ചിതു തദാശ്രയം.
പ്രസംഗാന്തേ ഭീഷ്മരുടെ കാല്ക്കൽ കുമ്പിട്ടു പാണ്ഡവൻ
ധമ്മ്യം[1] ധമ്മസുതൻ ചോദ്യം ചോദിച്ചിതു യുധിഷ്ഠിരൻ. 17

യുധിഷ്ഠിരൻ പറഞ്ഞു

ദേശമേതേതു നാടേതാശ്രമമേതേതു പവ്വതം
പുണ്യപ്രകൃഷ്ടം പുഴയുമേതോക്കേണ്ടു പിതാമഹ! 18

ഭീഷ്മൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
ശിലോഞ്ഛവൃത്തി[2]സിദ്ധന്മാർസംവാദം ഹേ യുധിഷ്ഠിര! 19

നരശ്രേഷ്ഠനൊരാഠം കുന്നു ചാത്തുവോരിദ്ധരിത്രിയിൽ
പലവട്ടം സഞ്ചരിച്ച ഗൃഹസ്ഥപ്രവരന്നുടെ 20

ശിലവൃത്തിയുടേ ഗേഹം പുക്കു തൽപൂജയേററവൻ
ഒരു രാവവിടെപ്പാത്തു സുഖം മുനിസുഖോചിതൻ. 21

---

1 ധമ്മ്യം=ധമ്മത്തിനു യോജിച്ചതു്. 2 ശിലോഞ്ഛവൃത്തി=വയലിലും മററും ചിന്നിക്കിടക്കുന്ന നെന്മണിയും അരിമണിയും പെറുക്കിയെടുത്തു് അതുകൊണ്ടു് ഉപജീവനം കഴിക്കുന്നവൻ.

ശിലവൃത്തി പുലർച്ചയ്ക്കാംകൃത്യം[1] ചെയ്തുള്ളവൻ ശുചി
കൃതാർത്ഥസിദ്ധാതിഥിയെയുപാസിച്ചീടിനാനുടൻ. 22

ഒത്തുകൂടി മഹാത്മാക്കൾ സുഖം വാണവർ സൽക്കഥ
വേദസംബന്ധമായ്ച്ചെയ്തു തച്ഛേഷകൃതലക്ഷണർ[2]. 23

ശിലവൃത്തി കഥാന്തത്തിൽ സശ്രദ്ധം സിദ്ധനോടു താൻ
പ്രശ്നം ചോദിച്ചു മേധാവി നീയീച്ചോദിച്ചവണ്ണമേ. 24

ശിലവൃത്തി പറഞ്ഞു

ദേശമേതേതു നാടേതാശ്രമമേതേതു പർവ്വതം
പുണ്യപ്രകൃഷ്ടമേതേതു പുഴയോർക്കേണ്ടു ചൊല്ലു നീ. 25

സിദ്ധൻ പറഞ്ഞു

അതു ദേശമതേ നാടതാശ്രമം ശൈലമായതും
ഏതിൽച്ചെൽവൂ സരിൽശ്രേഷ്ഠ ഗംഗ ഭാഗീരഥീ നദി. 26

തപസ്സാൽ ബ്രഹ്മചര്യത്താൽ യജ്ഞദാനങ്ങളാലുമേ
ജീവി ഗംഗാസേവകൊണ്ടു കിട്ടുമാഗ്ഗതി നേടിടാ. 27

ഏതു ദേഹികൾതന്നസ്ഥി ഗംഗാംബുസ്പൃഷ്ടമാംപടി
വെച്ചിരിപ്പതവർക്കില്ലാ പിന്നെ സ്വർഗ്ഗം വിടും വിധി. 28

ദേഹികൾക്കേവർക്കു ഗംഗാംഭസ്സാൽ കാര്യങ്ങളൊക്കയും
ഭൂമി വിട്ടിട്ടു ഹേ വിപ്ര, വിണ്ണിൽ വാണീടുമായവർ. 29

മുൻവയസ്സിൽ പാപകർമ്മം ചെയ്തിട്ടുള്ള മനുഷ്യരും
പിന്നീടു ഗംഗയെസ്സേവിച്ചേല്ക്കുമേ മുഖ്യസൽഗതി. 30

പ്രയതാത്മാക്കളായ് ശുദ്ധഗംഗാംബുസ്നാനമേല്ക്കുകിൽ
കിട്ടും ഫലം നൂറു യാഗംകൊണ്ടും കിട്ടുന്നതല്ലെടോ. 31

എത്രത്തോളം മനുഷ്യന്നുണ്ടസ്ഥി നില്ക്കുന്ന ഗംഗയിൽ
അത്ര വർഷസഹസ്രംതാൻ സ്വർഗ്ഗലോകത്തു പൂജ്യനാം. 32

കൂരിരുട്ടൊക്ക മാററീട്ടു സൂര്യൻ വന്നുയരുംവിധം
പാപങ്ങൾ പോക്കിത്തെളിയും ഗംഗാംബുത്തളിയേററവൻ. 33

തിങ്കളൊക്കാ രാക്കൾ പോലെ പൂക്കാ വൃക്ഷങ്ങൾ പോലെയും
ഇരിക്കും ശുദ്ധഗംഗാംബുവില്ലാത്താദ്ദേശദിക്കുകൾ. 34

ധർമ്മജ്ഞാനം വിട്ട വർണ്ണാശ്രമങ്ങളുടെ മട്ടിലും
സോമമററാ യജ്ഞമട്ടും ഗംഗ വിട്ട ജഗത്തിഹ. 35

അർക്കഹീനനഭസ്സദ്രിഹീനഭൂ വായുഹീന ഖം[3]
ഇവയ്ക്കു തുല്യമാം ഗംഗാഹീനദേശമസംശയം. 36

മുപ്പാരിലിപ്പൊളുള്ളോരീ പ്രാണിജാലമശേഷവും
ശുഭഗംഗാജലംകൊണ്ടു തർപ്പിച്ചാൽ തൃപ്തി നേടുമേ. 37

---

1 പുലർച്ചയ്ക്കാം കൃത്യം = പ്രഭാതകൃത്യം. 2 തച്ഛേഷകൃതലക്ഷണർ = വേദശേഷമായ ഉപനിഷത്തുക്കളെപ്പററി ചർച്ച ചെയ്തവർ. 3 വായുഹീന ഖം = വായുവില്ലാത്ത ആകാശം (ഖം).

സൂര്യസന്തപ്തമാം ഗംഗാജലത്തെത്താൻ കുടിക്കുകിൽ
അതു പൈയിൻചാണകത്തിൻ യവ[1]ത്തെക്കാട്ടിൽ മെച്ചമാം. 38

ദേഹശോധനമാം ചാന്ദ്രായണമായിരമാന്നവൻ
ഗംഗാംഭസ്സു കുടിച്ചോനും തുല്യരാമില്ലയെന്നുമാം[2]. 39

ആയിരം യുഗമൊററക്കാൽകൊണ്ടു നില്ക്കുന്ന മർത്ത്യനും
മാസം ഗംഗയിൽ വാണോനും തുല്യരാമില്ലയെന്നുമാം. 40

യുഗായുതം നിന്നു തല കീഴായിത്തൂങ്ങുവോനുമേ
യഥേഷ്ടം ഗംഗയാണ്ടോനും നോക്കിയാൽ മെച്ചമിങ്ങവൻ. 41

തീയിൽക്കൊണ്ടിട്ടോരു പഞ്ഞി ചിന്നുംവണ്ണം ദ്വിജോത്തമ!
ഗംഗാംബുവിൽ കുളിച്ചോൻെറ പാപം ചിന്നിയകന്നുപോം. 42

ദുഃഖംകൊണ്ടുള്ള കെട്ടുള്ള ഭൂതജാലത്തിനൊക്കയും
ഗതി നോക്കീടുകിൽ ഗംഗയ്ക്കൊക്കുന്ന ഗതിയില്ലതാൻ. 43

ഗരുഡക്കാഴ്ചയിൽ സർപ്പങ്ങൾക്കു പോം വിഷമെങ്ങനെ
ഗംഗ കണ്ടാലപ്രകാരം പാപമൊക്കയൊഴിഞ്ഞുപോം. 44

നില കിട്ടാത്തോർക്കുമേവമധർമ്മശരണർക്കുമേ
നിലയാകുന്നതിഗ്ഗംഗ ശരണം ശർമ്മവർമ്മവും[3]. 45

പെരുത്ത പാപം പലതുമേററുള്ളധമമർത്ത്യരെ
ചത്താൽ നരകമാഴ്ത്തോരെഗ്ഗംഗതാൻ കേററി വിട്ടിടും. 46

മുനിമാർ പങ്കുവെച്ചീടുമവർക്കിന്ദ്രാദി വിണ്ണരും
നിത്യം ഗംഗയിലെത്തുന്നതേവരോ മതിമത്തമ![4] 47

വിനയാചാരഹീനന്മാരശിവന്മാർ[5] നരാധമർ
അവരും ശിവരാം[6] വിപ്ര, ഗംഗയെപ്പററി നില്പവർ. 48

സുരന്മാർക്കമൃതിന്മട്ടു പിതൃക്കൾക്കാ സ്വധപ്പടി
നാഗങ്ങൾക്കാസ്സുധയ്ക്കൊപ്പം നരർക്കീഗ്ഗാംഗമാം ജലം 49

പശിമൂത്തമ്മയെപ്പോലർഭകരുപാസിക്കും പ്രകാരമേ
ശ്രേയോർത്ഥികളുപാസിപ്പൂ ഗംഗയെബ്ഭുവി ദേഹികൾ. 50

സർവ്വർക്കും ശ്രേഷ്ഠമായ്ച്ചൊൽവൂ ബ്രഹ്മമാം സ്ഥാനമെങ്ങനെ
കുളിപ്പോർക്കാർകളിൽ[7] ശ്രേഷ്ഠ, ഗംഗയങ്ങനെ ചൊൽവതാം 51

ഉപജീവിപ്പോർക്കു ധേനു ദേവാദ്യർക്കുഴിയെങ്ങനെ
ഉപജീവിപ്പോർക്കു ഗംഗ ജീവികൾക്കൊക്കയങ്ങനെ. 52

---

1 പൈയിൻചാണകത്തിൻ യവം=പശുക്കളുടെ ചാണകത്തിൽനിന്നു പെറുക്കിയെടുത്ത യവം. (യവം=ഒരുതരം കോതമ്പ്. 'വാല്ലോതമ്പ്'' എന്നു നിഘണ്ടു). 2 തുല്യരാമില്ലയെന്നുമാം=തുല്യരല്ലെന്നും വരാം. ചാന്ദ്രായണമനുഷ്ഠിച്ചവനേക്കാൾ ഗംഗാജലം കുടിച്ചവനാണ് ഉൽകൃഷ്ടനെന്നു വിവക്ഷ. 3 ശർമ്മം=സുഖം. വർമ്മം=ചട്ട (പാപത്തിൽനിന്നു രക്ഷ നല്കുന്നതു് എന്നർത്ഥം). 4 ഗംഗയിൽ സ്നാനം ചെയ്യുന്നവർക്ക് മുനിമാരും ഇന്ദ്രാദിദേവന്മാരും തങ്ങൾക്കുള്ള പുണ്യത്തിൽ ഒരുഭാഗം പങ്കുവെച്ചു കൊടുക്കുന്നു എന്നു സാരം. 5 അശിവന്മാർ=അമംഗളന്മാർ; നിർഭാഗ്യവാന്മാർ. 6 ശിവർ=ഭാഗ്യവാന്മാർ. 7 ആർകളിൽ=ആറുകളിൽ (ഇത്തരം പ്രയോഗം അസാധാരണമാണ്).

സോമാർക്കസംസ്ഥരാം വാനോർ സത്രാദികമഖങ്ങളിൽ
ഉപജീവിപ്പിതമൃതവ്വണ്ണം ഗംഗാജലം നരർ.[1] 53

ഗംഗാമണല്പുറത്തുള്ള മണൽ മേലേററിടും ജനം
താൻ വിണ്ണിൽ വാണു ശോഭിക്കുംവണ്ണമായോർത്തുകൊള്ളുമേ. 54

ഗംഗാതീരത്തുള്ള മണ്ണു ശിരസ്സിങ്കൽധരിപ്പവൻ
തമോനാശത്തിനർക്കന്റെ നിർമ്മലം രൂപമേല്ക്കുമേ. 55

ഗംഗത്തിരയടിച്ചേററ കാററു ചെറെറപ്പൊഴം മർത്ത്യനിൽ
തട്ടുമപ്പോളവനുടെ പാപം പോക്കീടുമങ്ങുടൻ. 56

വ്യസനാക്രാന്തനായ് നാശമണയുന്ന നരന്നിഹ
ഗംഗ കണ്ടാലുള്ള രസം വ്യസനങ്ങളകററുമേ. 57

ഹംസകോകാരാവ[2]മന്യപക്ഷിസ്സ്വനമിവററിനാൽ
ഗംഗ ഗന്ധർവ്വരായ് നേർക്കും മലയായ് പുളിനങ്ങളാൽ. 58

അരയന്നംതൊട്ടനേകം പല പക്ഷികൾ ചൂഴവേ
ഗോകുലം തിങ്ങിടും ഗംഗ കണ്ടാൽ സ്വർഗ്ഗം മറന്നുപോം. 59

ആ പ്രീതിയില്ലിഷ്ടമെല്ലാമേററു വിണ്ണാണ്ടവന്നുമേ
ഗംഗാമണൽത്തട്ടിൽ വഴം മർത്ത്യർക്കാം പ്രീതി പോലവേ. 60

മനോവാക്കർമ്മസംബദ്ധപാപങ്ങൾ പെട്ടവോന്നുമേ
ഗംഗ കണ്ടാൽ ശുദ്ധനാകുമെനിക്കില്ലിഹ സംശയം. 61

കീഴേഴു മേലേഴുവരെ മററുമുള്ള പിതൃക്കളെ
കയററും ഗംഗയെക്കണ്ടു തൊട്ടു മുങ്ങിക്കുളിച്ചവൻ. 62

കേട്ടാലോർത്താൽ കുടിച്ചാൽത്താൻ തൊട്ടാൽ കണ്ടാലിറങ്ങി–
ഗംഗ കേററും നരരുടെ രണ്ടു വംശത്തെയും ശരി. [യാൽ

കണ്ടാൽ തൊട്ടാൽ കുടിച്ചാലും ഗംഗയെന്നുരചെയ്കിലും
പൂതരാക്കും പാപികളെ നൂറുമായിരവും ശരി. 64

ജന്മം സഫലമിച്ഛിപ്പോൻ ജീവിതം ശ്രുത[3]മങ്ങനെ
ഗംഗയിൽച്ചെന്നു ചെയ്യേണം പിതൃദൈവതതർപ്പണം. 65

മക്കളാൽ മുതലാൽ കർമ്മത്താലുമാ ഫലമേററിടാ
പുരുഷൻ ഗംഗയിൽ ചെന്നാൽ ഫലമേതേററമേല്പതോ. 66

അവർ ജാത്യാന്ധർക്കു തുല്യർ മൃതർക്കും നൊണ്ടികൾക്കുമേ
ശിവപുണ്യാംബുവാം ഗംഗ പോന്നിട്ടും കണ്ടിടാത്തവർ. 67

ഭൂതഭവ്യഭവിഷ്യജ്ഞമഷികളിന്ദ്രാദി വിണ്ണരും

---

1 ദേവന്മാർ ചന്ദ്രനിലും സൂര്യനിലും സ്ഥിതിചെയ്യുന്നവരാണെന്നാണ് ഈ തർജ്ജിമ വായിച്ചാൽ തോന്നുക. മൂലത്തിലെ ആശയം അതല്ല. സോമാർക്കന്മാരിൽ സ്ഥിതി ചെയ്യുന്നതു് അമൃതാണെന്നാണ് മൂലകാരൻ വിവക്ഷിച്ചിട്ടുള്ളതു്. "ദേവാഃ സോമാർക്കസംസ്ഥാനി യഥാ സത്രാദിഭിർമ്മഖൈഃ അമൃതാന്യുപജീവന്തി തഥാ ഗംഗാജലം നരാഃ" എന്നാണു മൂലം. ഇതിൽ 'സോമാർക്കസംസ്ഥ' ശബ്ദം 'അമൃതാനി' എന്നതിന്റെ വിശേഷണമാണെന്നു സ്പഷ്ടം. 2 ഹംസകോകാരാവം = അരയന്നങ്ങളുടേയും ചക്രവാകങ്ങളുടേയും ശബ്ദം. 3 ശ്രുതം = പഠിപ്പ്.

സേവിക്കും ഗംഗയെസ്സേവിച്ചീടുകില്ലേതു മാനവൻ? 68
വാനപ്രസ്ഥർ ഗൃഹസ്ഥന്മാർ യതിമാർ ബ്രഹ്മചാരികൾ
വിദ്യാവാന്മാരാശ്രയിക്കും ഗംഗയാരാശ്രയിച്ചിടാ? 69
പ്രാണൻ പോകുന്ന നേരത്തു വിശുദ്ധൻ ശിഷ്ടസമ്മതൻ
മനസ്സാൽ ഗംഗയാരോർക്കുമവൻ സൽഗതി നേടുമേ. 70
ഭയങ്ങളിൽബ്ഭയം പാപഭയം മന്നവരിൽ ഭയം
ഇതൊന്നുമേല്ക്കാ ചാകുംമുൻപാഗ്ഗംഗാസേവ ചെയ്യുവൻ. 71
വാനിൽനിന്നു പതിക്കുമ്പോളാ മഹാപുണ്യ ഗംഗയെ
ശിരസ്സിലീശ്വരൻ താങ്ങി വാനിൽ സേവ്യയുമായവൾ. 72
അലങ്കരിപ്പു മൂപ്പാരും ശുദ്ധമാംവഴി മൂന്നിനാൽ
ആഗ്ഗംഗാംബു നിഷേവിക്കിൽ പുരുഷൻ കൃതകൃത്യനാം. 73
ദ്യോവിൽ ജ്യോതിസ്സുക്കമെട്ടിൽ പിതൃക്കൾക്കിന്ദുപോലെയും
ദേവേശൻ[1] മാനുഷർക്കേവം സരിൽപ്രവര ഗംഗയും. 74
അമ്മയച്ഛൻ മക്കൾ ഭാര്യ മുതലും പോയവന്നുമേ
ഗംഗ വേർപെട്ടുമട്ടുള്ള ദുഃഖമുണ്ടായിവന്നിടാ. 75
ആരണ്യ[2]മിഷ്ടവിഷയം മക്കൾ വിത്തവുമൊക്കിലും
ഗംഗ കണ്ടാലുള്ളമട്ടിൽ പ്രസാദമുളവായ്വരാ. 76
മർത്ത്യർക്കു പൂർണ്ണേന്ദുവിനെക്കണ്ടാൽ കൺ തെളിയുംപടി
നരർക്കു ഭാഗീരഥിയെക്കണ്ടാൽ കണ്ണു തെളിഞ്ഞിടും. 77
തദ്ഭാവൻ തന്മനോവൃത്തി തന്നിഷ്ഠൻ തൽപരായണൻ
ഭക്തിയാൽ ഗംഗയിൽച്ചേർവോനാഗ്ഗംഗയ്ക്കേറ്റമിഷ്ടനാം. 78
മന്നിൽ വിണ്ണിൽ ദ്യോവിലുമാം ഭൂതങ്ങൾ പല മട്ടുകാർ
ഗംഗാവഗാഹം ചെയ്യേന്നമിതു സത്തുക്കൾ വേണ്ടതാം. 79
ഗംഗയ്ക്കു വിശ്വലോകത്തിൽ പുണ്യത്താൽ പുകൾ വാച്ചതേ
വിണ്ണേറ്റീലേ ചാമ്പലായ സഗരന്റെ കുമാരരെ. 80

കാറ്റേറ്റുലച്ചിട്ടഴകാന്നലഞ്ഞു
പൊങ്ങുന്ന ഗംഗത്തിരമാലയാലേ
പ്രകാശമേന്തുംപടിയായ് പ്രദീപ്തർ
സഹസ്രരശ്മിപ്രതിമത്വമേല്ക്കും. 81

പയോഘൃതപ്രായയായത്യുദാര
സമൃദ്ധയുക്കുള്ളവൾ ദുർവ്വിഗാഹ
ആഗ്ഗംഗ പുക്കുടൽ പോക്കുന്ന ധീരർ
വാനോർകളായ് സാമ്യമേറ്റീടുമല്ലോ. 82

ജഡാന്ധനിസ്വ[3]ർക്കു പുകഴ്ന്ന ഗംഗ
ബൃഹത്വമേറുന്നവൾ വിശ്വരൂപ

1 ദേവേശൻ = ചക്രവർത്തി. 2 ആരണ്യം = ബ്രഹ്മലോകപ്രാപ്തിക്കുള്ള മാർഗ്ഗങ്ങളെ പ്രതിപാദിക്കുന്ന അനുഷ്ഠാനരീതികൾ. 3 നിസ്വൻ = ദരിദ്രൻ.

ദേവേന്ദ്രദേവർഷിമനുഷ്യസേവ്യ
കാമങ്ങളൊട്ടുകൾ കൊടുക്കുമല്ലോ. 83

ഊർജ്ജാഢ്യയായ് പുണ്യമാർന്ന മധുവേന്തും ത്രിമാർഗ്ഗയെ
മുപ്പാർ കാക്കും ഗംഗയെച്ചെന്നാശ്രയിച്ചവർ വിണ്ണിലാം. 84

പാർക്കുന്നവൻ കാണ്മവനേതുമർത്ത്യ—
നായാലുകൾ വാനോർകൾ സുഖങ്ങൾ നല്കും
തത്ഭാവരായ് സ്പർശനദർശനങ്ങൾ—
കൊണ്ടിഷ്ടയാം ഗതി നല്കും സുരന്മാർ. 85

ദക്ഷാപൃഷ്ണീ ബൃഹതീ വിപ്രകൃഷ്ട
ശിവാ സമൃദ്ധാ ഭാഗിനീ സുപ്രസന്ന
വിഭാവരീ സർവ്വഭൂതപ്രതിഷ്ഠ—
യാർഗ്ഗംഗ പൂക്കോർ ത്രിദിവത്തിലെത്തും. 86

പേരാർഗ്ഗംഗയ്ക്കുംബരം ദ്യോവു ഭൂവും
ദിക്കും വിദിക്കും നിത്യവും വിങ്ങി നില്പൂ,
ആ ശ്രേഷ്ഠയാം പുഴതൻ നീർ കുടിച്ചാൽ
കൃതാർത്ഥരായ്ത്തീരുമേ മർത്ത്യരെല്ലാം. 87

ഈഗ്ഗംഗയോ നിയതംതാൻ പ്രതിഷ്ഠ
ഗുഹന്നുമാപ്പൊന്നിനും ഗർഭധാത്രി
കാല്യേ ത്രിവർഗ്ഗ ഘൃതമോലും വിപാപ
വിണ്ണീന്നുവന്നോൾ വിശ്വതോയാഢ്യ ഗംഗ. 88

മഹീധരപ്പൈതൽ ശിവൻെറ ഭാര്യ
വിൺ മന്നുകൾക്കങ്ങനുരൂപഭൂഷ
ഭവ്യാ ഭുവിങ്കൽ ഭാഗിനീ ഭൂമിനാഥ
മുപ്പാരിന്നും ഗംഗ പുണ്യം കൊടുപ്പോൾ. 89

മധുസ്രവാ ഘൃതധാരാ ഘൃതാർച്ചി
മഹോർമ്മിയാൽ മിന്നുവോൾ വിപ്രരാല്യം
വിണ്ണീന്നുവന്നോൾ തലയിൽ ശംഭു ചേർത്തോൾ
ശൈലാൽ വന്നോൾ ഗംഗ വിണ്ണിന്നുമമ്മ. 90

വരിഷ്ഠയോനീ വിരജാ വിതന്വി
ശയ്യാചിരാ വാരിവാഹാ യശോദ
വിശ്വം കാപ്പോളാകൃതിയിഷ്ടസിദ്ധ
തളിപ്പോർക്കീഗ്ഗംഗ വാനിന്നു പാത. 91

ഗുപ്തിക്ഷമാധൃതികൾക്കൂഴി പോലെ
ദീപ്തിക്കഗ്ന്യർക്കു സാദൃശ്യമാന്നോൾ
ബ്രഹ്മണ്യത്വത്താൽ ഗുഹന്നൊപ്പമെന്നും
ബോദ്ധ്യം വന്നപ്പോൾ ബ്രാഹ്മണർക്കിങ്ങു ഗംഗ. 92

ഋഷിസ്തുതാ വിഷ്ണുപദീ പുരാണ
പുണ്യാംഭസ്സാം ഗംഗയെപ്പാരിലാരോ

മനസ്സാലും മററുമങ്ങാശ്രയിപ്പ—
താക്കൂട്ടരാ ബ്രഹ്മലോകത്തിലെത്തും. 93

മുററും ഗുണം ചേൎന്ന പൈതങ്ങളെത്ത—
ന്മാതാവുപോലുലകൊട്ടുകൾ കാണ്മൂ
ആഗ്ഗംഗയെ സ്ഥാനമാം ബ്രഹ്മമിച്ഛി—
ച്ചീടും വശ്യാത്മാക്കരം സേവിച്ചിടേണം. 94

ഉസ്രാ പൃഷ്ണാ കാണ്മവരം വിശ്വഭോജ്യ—
യിരാവതീ താങ്ങലാക്കുന്നുകരംക്കും
ശിഷ്ടാശ്രയാമിതയാം ബ്രഹ്മകാന്ത—
യാഗ്ഗംഗയെസ്സിദ്ധികാമൻ ശ്രയിപ്പൂ. 95

ഭവാനപിതം സുരരേവൻ തപസ്സാൽ
ഭഗീരഥൻ കനിയിപ്പിച്ചു മന്നിൽ
ആഗ്ഗംഗയെക്കൊണ്ടുവന്നാനണഞ്ഞാൽ
ഭയം മൎത്ത്യക്കങ്ങുമിങ്ങും ഭവിക്കാ. 96

പറഞ്ഞൂ ഞാനാവതും തൽ ഗുണങ്ങരം
മനസ്സിനാൽ കണ്ടുവെച്ചോട്ടമാത്രം
ചെററും വൻപില്ലിവനീ വൻഗുണങ്ങരം
കിതച്ചു ചൊൽവതിനെണ്ണുന്നതിന്നും. 97

മേരുവിൻെറയും കടലിൻേറയുമെണ്ണാം
കല്ലുള്ളതും വെള്ളവുമപ്രകാരം
ഗംഗാജലത്തിൻെറ ഗുണങ്ങളെല്ലാം
ചൊൽവാനുമെണ്ണുന്നതിനും പ്രയാസം. 98

എന്നാലിന്നീ ശ്രദ്ധയാൽ ചൊല്ലിവെച്ച
ഗുണം ഗംഗയ്ക്കുള്ളതൊക്കേയുമെന്നും
സശ്രദ്ധനായ് ഭക്തിയാൽ ശ്രദ്ധയാൎന്നു
മനോവാക്കൎമ്മങ്ങളാലോൎത്തിടേണം. 99

ഈ മുപ്പാരിൽപ്പുകളെങ്ങും പരത്തി—
ദ്ദുരാപയായ് പെരുതാം സിദ്ധി നേടി
ഗംഗാകൃതം വെക്കമേ ലോകമെല്ലാം
യഥേഷ്ടമിഷ്ടം പുകഴ് കൂത്താടിടും നീ. 100

ഗുണമുടയവളീ നിനക്കെനിക്കും
മതിയരുളീടണമേ സ്വധൎമ്മയോഗാൽ
അഭിമതജനനന്ദിയുള്ള ഗംഗ
സ്വയമിഹ ഭക്തനു സൗഖ്യമേകുമല്ലോ. 101

ഭീഷ്മർ പറഞ്ഞു

ഇതി ബഹുമതിമാൻ ഗുണങ്ങളെല്ലാം
ശിലനിരതന്നു[1] സുരാപഗാസ്പദങ്ങരം[2]

---

1 ശിലനിരതൻ = പെറുക്കിയെടുത്ത ധാന്യമണികൾകൊണ്ടുപജീവനം കഴിക്കുന്നതിൽ തൽപരൻ. 2 സുരാപഗാസ്പദങ്ങൾ = ഗംഗയെ സംബന്ധിച്ചവ.

പലവിധമിഹ തത്ഥ്യ[1]മായതോതി—
ഗ്ഗഗനതലം കയറീ പ്രകാശി വിദ്വാൻ. 102

ശിലവൃത്തിയുമാസ്സിദ്ധവാക്കാൽ ബോധമിയന്നവൻ
വിധിയാൽ ഗംഗയെസ്സേവിച്ചേററു ദുർല്ലഭസിദ്ധിയെ. 103

അമ്മട്ടു നീയും കൗന്തേയ, പരഭക്തി കലന്നവൻ
ഗംഗയ്ക്കു ചെല്ലുകെപ്പോഴും മുഖ്യയാം സിദ്ധി നേടുമേ. 104

വൈശമ്പായനൻ പറഞ്ഞു

ഗംഗാസ്തവം ചേർന്ന കഥ ഭീഷ്മൻ ചൊന്നതു കേട്ടുടൻ
യുധിഷ്ഠിരൻ സോദരരൊത്തേററം സംപ്രീതി നേടിനാൻ. 105

എന്നീപ്പുണ്യേതിഹാസത്തെക്കേൾപ്പോനും ചൊല്ലുവോനുമേ
ഗംഗാസ്തവാമ്പിതം മുററും കില്ബിഷങ്ങളെ വിട്ടിടും. 106

27. ഇന്ദ്രമതംഗസംവാദം

എങ്ങനെയാണ് ബ്രാഹ്മണത്വം നേടേണ്ടതെന്നു ധർമ്മപുത്രൻ ഭീഷ്മനോടു ചോദിക്കുന്നു. ക്ഷത്രിയാദികൾക്കു ബ്രാഹ്മണത്വം ദുർല്ലഭമാണെന്നു സ്ഥാപിക്കാനായി ഭീഷ്മൻ മതംഗൻെറയും ഗർദ്ദഭിയുടെയും കഥ പറഞ്ഞുതുടങ്ങുന്നു. ബ്രാഹ്മണത്വം നേടാനായി തപസ്സുചെയ്യുമതംഗനോട് ആ ഉദ്ദേശം അസാദ്ധ്യമാണെന്ന് ഇന്ദ്രൻ പറയുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

പ്രജ്ഞാശ്രുതങ്ങളും[2] വൃത്തശീലങ്ങളുമെഴും ഭവാൻ
നാനാഗ്ഗുണങ്ങളും മുററും വയസ്സുമിയലുന്നവൻ 1

ഭവാൻ വിശിഷ്ടനാണേവം ബുദ്ധിപ്രജ്ഞാതപങ്ങളാൽ
അതേ ചോദിപ്പതങ്ങോടു ധർമ്മം ധർമ്മിഷ്ഠസത്തമ! 2

അങ്ങല്ലാതില്ല ലോകത്തിൽ ചോദിക്കേണ്ടോൻ നരാധിപ!
ക്ഷത്രിയൻ വൈശ്യനോ പിന്നെശ്ശൂദ്രനോ രാജസത്തമ! 3

ബ്രാഹ്മണ്യമേതിനാൽ നേടുമതെന്നോടരുളേണമേ
തപസ്സാൽ വൻക്രിയയിനാൽ ശ്രുതത്താലോ ലഭിപ്പതും
ബ്രാഹ്മണ്യമിച്ഛിക്കി,ലതു പറഞ്ഞാലും പിതാമഹ! 4

ഭീഷ്മൻ പറഞ്ഞു

ക്ഷത്രാദി മൂന്നു ജാതിക്കും ബ്രാഹ്മണ്യം താത, ദുർല്ലഭം
സർവ്വഭൂതങ്ങൾക്കു മുഖ്യസ്ഥാനമത്രേ യുധിഷ്ഠിര! 5

വീണ്ടും സംസാരചക്രത്തിൽ പല ജന്മം ജനിച്ചവൻ
ഒരു മാററത്തിങ്കലുണ്ണി, വിപ്രനായിപ്പിറന്നിടും. 6

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
മതംഗന്നും ഗർദ്ദഭിക്കും സംവാദം ഹേ യുധിഷ്ഠിര! 7

---

1 തത്ഥ്യം = സത്യം. 2 പ്രജ്ഞാശ്രുതങ്ങൾ = ബുദ്ധിയും പഠിപ്പും.

ഉണ്ണീ, ദ്വിജന്നൊരാരാംക്കുണ്ടായ് തുല്യവൎണ്ണൻ[1] കുമാരകൻ
മതംഗനെന്ന പേർ കേട്ടോൻ ഗുണമൊക്കത്തികഞ്ഞവൻ. 8

അച്ഛൻ വിട്ടോരവൻ പാൎത്ഥ, യജ്ഞകാരൻ പരന്തപ!
പോയീ കഴുതയെപ്പൂട്ടിപ്പായിക്കുന്ന രഥത്തിനാൽ. 9

ഏറ്റം കുട്ടിക്കഴുതയെയവനമ്മയ്ക്കുടുത്തുതാൻ
നൃപ, ചമ്മട്ടിയാൽക്കുത്തി മൂക്കിന്മേലായി വീണ്ടുമേ. 10

കുടുവ്രണമതിൽക്കണ്ടു പുത്രവത്സല ഗൎദ്ദഭി
പറഞ്ഞാൾ, 'മാഴ്കീടൊല്ലുണ്ണീ, മേലാൾ ചണ്ഡാളനാണെടോ.
ക്രൗര്യം ബ്രാഹ്മണനില്ലല്ലോ ബ്രാഹ്മണൻ മൈത്രനാണപോൽ
ഭൂതങ്ങൾക്കൊക്കയാചാര്യൻ ശാസ്താവായ് പ്രഹരിക്കുമോ? 12

ഇവൻ പാപപ്രകൃതിയാൽ കനിയുന്നീല ബാലനിൽ
സ്വയോനി[2] മാനിപ്പതിവൻ ഭാവം ഭാവത്തെ നിൎത്തുമേ.'' 13

എന്നാ മതംഗൻ കഴുതപ്പെണ്ണിൻ ക്രൂരോക്തി കേട്ടുടൻ
തേർവിട്ടിറങ്ങിക്കഴുതപ്പെണ്ണിനോടേവമോതിനാൻ: 14

''ചൊല്ലു ഗൎദ്ദഭി, കല്യാണി,യെന്നമ്മയ്ക്കാരു ദൂഷകൻ
ചണ്ഡാലൻ ഞാനെന്നറിഞ്ഞതെങ്ങനേ ചൊല്ലു രാസഭി[3]! 15

ചണ്ഡാലനെന്നോ നീയെന്നെക്കാണ്മൂ, ബ്രാഹ്മണ്യമെന്നിയേ?
അതു തത്ത്വാൽ മഹാപ്രാജ്ഞേ, ചൊല്ലുകൊട്ടൊഴിയാതെ നീ.''

ഗൎദ്ദഭി പറഞ്ഞു

മത്തബ്രാഹ്മണിയിൽ ക്ഷൗരക്കാരൻ വൃഷലനാലെ നീ
പിറന്ന ചണ്ഡാലനാണു ബ്രാഹ്മണ്യം കെട്ടിതായതിൽ. 17

എന്നു കേട്ടിട്ടാ മതംഗൻ ഗൃഹത്തേക്കു തിരിച്ചുതേ
തിരിച്ചുവന്നോരവനെക്കണ്ടച്ഛൻ ചൊല്ലിയിങ്ങനെ: 18

''ഞാൻ യജ്ഞസിദ്ധിക്കു വാദ്ധ്യാപ്രവൃത്തിക്കായയച്ചു നീ
എന്തേ പോന്നു നിനക്കില്ലെന്നുണ്ടോ കുശലമിപ്പൊഴേ?'' 19

മതംഗൻ പറഞ്ഞു

അന്ത്യയോനിക്കയോനിക്കും കുശലിത്വം ഭവിക്കുമോ?
പെററമ്മയിവളായോനെന്നച്ഛാ! കുശലമെങ്ങനെ? 20

വൃഷലാൽ ബ്രാഹ്മണസ്ത്രീയിൽ ജാതനെന്നെന്നെയോതിനാൾ
അമാനുഷീ ഗൎദ്ദഭി ഞാനെന്നാലേററം തപിക്കുവേൻ 21

എന്നച്ഛനൊടുരച്ചായാളുറപ്പോടുമിറങ്ങിനാൻ
മഹാരണ്യം പുക്കു പിന്നെ വൻ തപം ചെയ്തിതായവൻ. 22

പിന്നെത്തപിപ്പിച്ചു തപസ്സാലേ വിണ്ണവരേയുമേ
മതംഗൻ നല്ല കൎമ്മത്താൽ സുഖസ്ഥാനാൎത്ഥിയായവൻ. 23

ഏവം തപിക്കുമവനോടോതിനാൻ ഹരിവാഹനൻ[4]:

1 തുല്യവൎണ്ണൻ = സമാനജാതിയിൽപ്പെട്ടവൻ. 2 സ്വയോനി = ചണ്ഡാളയോനി.
3 രാസഭി = പെൺകഴുത. 4 ഹരിവാഹനൻ = ഇന്ദ്രൻ.

''എന്തേ മതംഗ, നീ മർത്ത്യഭോഗം വിട്ടു തപിക്കുവാൻ? 24
വരം തരാം നിനക്കിഷ്ടമെന്തുണ്ടതു വരിക്ക നീ
കിട്ടേണ്ടതായുള്ളിലില്ലുള്ളതൊക്കയും ചൊല്ലു വൈകൊലാ.'' 25

മതംഗൻ പറഞ്ഞു

ബ്രാഹ്മണ്യമാഗ്രഹിച്ചീ ഞാനിത്തപസ്സു തുടങ്ങിനേൻ
അതു നേടീട്ടു പൊയ്ക്കൊള്ളാംവേനീ വരത്തെ വരിച്ചു ഞാൻ. 26

ഭീഷ്മൻ പറഞ്ഞു

ഈ വാക്കു കേട്ടവനൊടു പറഞ്ഞിതു പുരന്ദരൻ
മതംഗ, ദുർല്ലഭമിതു വിപ്രത്വം നീയിരപ്പതും. 27
അകൃതാത്മാക്കൾക്കലഭ്യം ബ്രാഹ്മണ്യം നീയിരക്കുകിൽ
വിനാശമേല്ക്കും ദുർബ്ബുദ്ധേ, താമസിക്കൊല്ലടങ്ങെടോ. 28
സർവ്വഭൂതങ്ങളിൽ ശ്രൈഷ്ഠ്യം കീഴടക്കാ തപസ്സിഹ
അഗ്ര്യമാമതിനർത്ഥിച്ചാലുടനേ നീ നശിച്ചുപോം. 29
ദേവാസുരനരന്മാരിൽ പവിത്രം പരമം പരം
ചണ്ഡാലയോനിജാതന്നു കിട്ടുവോന്നല്ലൊരിക്കലും. 30

28. ഇന്ദ്രമതംഗസംവാദം

ഇന്ദ്രമതംഗസംവാദം (തുടർച്ച). ഇന്ദ്രൻ പറഞ്ഞതു വകവയ്ക്കാതെ മതംഗൻ ഒററക്കാലിൽ നിന്നുകൊണ്ടു് വീണ്ടും കഠിനതപസ്സനുഷ്ഠിക്കുന്നു. ബ്രാഹ്മണത്വം ദുർല്ലഭമാണെന്നു വീണ്ടും ഇന്ദ്രൻ മതംഗനോടു പറയുന്നു.

ഭീഷ്മൻ പറഞ്ഞു

എന്നു കേട്ടിട്ടാ മതംഗൻ സംശിതാത്മാ യതവ്രതൻ
നൂററാണ്ടൊററക്കാലിനാലേ നിന്നു വീഴ്ച വരാതവൻ. 1
അവനോടോതിനാൻ പിന്നെശ്ശക്രൻ വീണ്ടും പുകഴ്ന്നവൻ:
''ബ്രാഹ്മണ്യം ദുർല്ലഭം താത, പ്രാർത്ഥിച്ചാൽ നേടുകില്ല നീ. 2
മതംഗ, പരമം സ്ഥാനം പ്രാർത്ഥിപ്പോൻ നീ നശിച്ചിടും
സാഹസം ചെയ്യായ്കിടൊല്ലുണ്ണീ, ധർമ്മമാർഗ്ഗമിതല്ല തേ. 3
നിനക്കു നേടാൻ പററില്ലാ ബ്രാഹ്മണ്യമിഹ ദുർമ്മതേ!
അലഭ്യമർത്ഥിക്കുന്നോൻ നീ വൈകീടാതെ നശിച്ചിടും. 4
മതംഗ, പരമം സ്ഥാനമീ ഞാൻ വീണ്ടും തടുക്കിലും
തപസ്സാലാഗ്രഹിപ്പൂ നീ സർവ്വഥാ ശൂന്യനാം ഭവാൻ. 5
തിര്യഗ്യോനിയിലാപ്പെട്ടോൻ മർത്ത്യനാകുമ്പഴേവനും
ചണ്ഡാലനോ പുല്ക്കസനോമററായ്ത്തീരുമസംശയം. 6
പുല്ക്കസൻ പാപജന്മാവായിങ്ങു കാണപ്പെടുന്നവൻ
അതിങ്കൽത്തന്നെ സുചിരം ഹേ, മതംഗ, തിരിഞ്ഞിടും. 7
പിന്നെ നൂററാണ്ടുകാലത്താശ്ശൂദ്രഭാവം ലഭിച്ചിടും
ശൂദ്രയോനിയിലും പിന്നെപ്പലവട്ടം തിരിഞ്ഞിടും. 8

പിന്നെ മുപ്പതു കാലത്താൽ വൈശ്യത്വത്തെ ലഭിച്ചിടും
ഏറെക്കാലം വൈശ്യനായിട്ടവിടെത്താൻ തിരിഞ്ഞിടും. 9
പിന്നെയവ്വതുകാലത്താൽ മന്നനായിപ്പിറന്നിടും
ഏറെക്കാലം മന്നനായിട്ടതിൽത്തന്നെ തിരിഞ്ഞിടും. 10
പിന്നെയവ്വതു കാലത്താൽ ബ്രഹ്മബന്ധുത്വമേററിടും
ഏറെക്കാലം ബ്രഹ്മബന്ധുവായിട്ടങ്ങു തിരിഞ്ഞിടും. 11
പിന്നീടിരുന്നൂറു കാലാൽ ശസ്ത്രജീവി[1]ത്വമേററിടും
ഏറെക്കാലം ശസ്ത്രജീവിയായിട്ടങ്ങു തിരിഞ്ഞിടും. 12
പിന്നെ മുന്നൂറു കാലത്താൽ ജ്ഞാപകാന്വയ[2]മേററിടും
ഏറെക്കാലമതേററിട്ടുമവിടെത്താൻ തിരിഞ്ഞിടും. 13
പിന്നെ നാന്നൂറു കാലത്താൽ ജനിക്കും ശ്രോത്രിയാഖ്യനായ്[3]
ഏറെക്കാലം ശ്രോത്രിയനായവിടെത്താൻ തിരിഞ്ഞിടും. 14
അതേവം ശോകഹർഷങ്ങളും കാമക്രോധങ്ങളും പുത്രക!
അതിമാനാതിവാദങ്ങളും വിപ്രാധമനെ പററിടും. 15
ആശ്ശത്രുക്കളെ വെന്നെന്നാലപ്പോഴും സൽഗതി നേടിടും
പനമേൽനിന്നു വീഴുംമട്ടവയീയാളെ വെന്നിടും. 16
മതംഗ, ഞാൻ നിന്നോടോതിയതുള്ളത്തിലുറച്ചു നീ
വേറേ കാമം വരിച്ചാലും ബ്രാഹ്മണ്യം ബഹുദുർല്ലഭം.'' 17

29. ഇന്ദ്രമതംഗസംവാദം

ഇന്ദ്രമതംഗസംവാദം (തുടർച്ച). പിന്നെയും നൂറു കൊല്ലം കാലിന്റെ പെരുവിരൽ നിലത്തൂന്നി കഠിനതപസ്സ ചെയ്യു മതംഗന്റെ മുൻപിൽ ഇന്ദ്രൻ വീണ്ടും പ്രത്യക്ഷപ്പെടുന്നു. ബ്രാഹ്മണ്യമൊഴികെ മറെറന്തു വരവും ചോദിക്കാൻ സമ്മതിച്ച ഇന്ദ്രനോട്, ഇഷ്ടംപോലുള്ള രൂപം ധരിച്ച് ആകാശത്തുകൂടി എവിടെയും സഞ്ചരിക്കാനുള്ള കഴിവ് മതംഗൻ ചോദിച്ചുവാങ്ങുന്നു.

ഭീഷ്മൻ പറഞ്ഞു

എന്നു കേട്ടിട്ടാ മതംഗൻ സംശിതാത്മാ യതവ്രതൻ
ഒററക്കാലാലായിരത്താണ്ടുടൻ ധ്യാനത്തിൽ നിന്നുതേ. 1
സഹസ്രാവരകാലത്തു ശക്രനങ്ങെത്തി കാണുവാൻ
വീണ്ടുമാ വാക്കുതാനോതീ വലവൃത്രനിഷൂദനൻ[4]. 2

മതംഗൻ പറഞ്ഞു

ഈയായിരത്താണ്ടുകാലം ബ്രഹ്മചാരി സമാഹിതൻ
ഒററക്കാലാൽ നിന്നുകൊണ്ടേൻ ബ്രാഹ്മണ്യം കിട്ടുകില്ലയോ? 3

---

1 ശസ്ത്രജീവി = ആയുധോപജീവി. 2 ജ്ഞാപകാന്വയം = ഗായത്രിയും മററും പഠിപ്പിക്കുന്ന ബ്രാഹ്മണന്റെ വംശം. 3 ശ്രോത്രിയൻ = വേദാദികൾ പഠിച്ച ബ്രാഹ്മണൻ. 4 വലവൃത്രനിഷൂദനൻ = വലനേയും വൃത്രനേയും കൊന്നവൻ.

ശക്രൻ പറഞ്ഞു

ചണ്ഡാലയോനിജാതന്നു നേടാൻ പററില്ലൊരിക്കലും;
വേറേ കാമം വരിച്ചാലും നിൻ യത്നം പാഴിലാകൊലാ. 4

ഭീഷ്മൻ പറഞ്ഞു

എന്നു കേട്ടിട്ടാ മതംഗനേററം സങ്കടമാണ്ടവൻ
ഗയയിൽച്ചെന്നു നൂററാണ്ടു നിന്നാനംഗുഷ്ഠമൊന്നിനാൽ. 5

സുദുർവ്വഹം യോഗമാണ്ടു ഞരമ്പേററു മെലിഞ്ഞവൻ
തോലെല്ലുമായ് ധർമ്മശീലൻ പതിച്ചാനെന്നു കേൾപ്പു നാം. 6

പതിക്കുമവനെച്ചെന്നു താങ്ങിക്കൊണ്ടിതു വാസവൻ
വരങ്ങൾക്കീശ്വരൻ ദാതാ സർവ്വഭൂതഹിതോദ്യതൻ. 7

ശക്രൻ പറഞ്ഞു

ഹേ! മതംഗ, ബ്രാഹ്മണത്വം കാണ്മൂ നിങ്കൽ വിരുദ്ധമായ്
ബ്രാഹ്മണ്യം ദുർല്ലഭതരം പരിപന്ഥികളുള്ളതാം. 8

പൂജിപ്പോൻ സുഖമാണ്ടീടും ദുഃഖം നേടുമപൂജകൻ
ബ്രാഹ്മണൻ സർവ്വഭൂതൗഘയോഗക്ഷേമസമർപ്പകൻ[1]. 9

വിപ്രർമൂലം തൃപ്തികൊൾവൂ ദേവന്മാരും പിതൃക്കളും
മതംഗ, ബ്രാഹ്മണൻ ഭൂതജാലങ്ങൾക്കൊക്ക മേലെയാം. 10

ബ്രാഹ്മണൻ ചെയ്യുമെന്തെന്മട്ടിച്ഛിച്ചീടുമതൊക്കയും
പല യോനികളിൽ ജന്മം വീണ്ടും വീണ്ടുമണഞ്ഞവൻ 11

ഒരു മാററത്തിങ്കലുണ്ണീ, ബ്രാഹ്മണത്വമണഞ്ഞിടും.
അകൃതാത്മാക്കൾക്കലഭ്യമാ ബ്രാഹ്മണ്യം വെടിഞ്ഞു നീ 12
വേറേ വരം വാങ്ങു നിനക്കീ വരം ബഹുദുർല്ലഭം.

മതംഗൻ പറഞ്ഞു

മാഴ്കുമെന്നെക്കുത്തുകയോ ചത്തെന്നെക്കൊല്ലുയോ ഭവാൻ?
ബ്രാഹ്മണ്യമേററം നല്ലാത്ത നിങ്കൽ മാഴ്കുന്നതില്ല ഞാൻ. 13

ബ്രാഹ്മണ്യം മൂന്നു ജാതിക്കും കിട്ടില്ലെങ്കിൽ ശതക്രതോ!
സുദുർല്ലഭം സദാ നേടിയനുഷ്ഠിക്കില്ല മാനവർ. 14

പാപരേക്കാൾപ്പാപതമനാരായാളധമാധമൻ
ദുർല്ലഭം ധനമട്ടേററാ ബ്രാഹ്മണ്യം കാത്തിടാത്തവൻ. 15

ബ്രാഹ്മണ്യമേല്ക്കാൻ വിഷമമേററാൽ കാപ്പാൻ പ്രയാസമാം
ദുരാപമിതു നേടീട്ടുമനുഷ്ഠിപ്പീല മാനവർ. 16

ഞാനേകാരാമ[2]നായ് ശക്ര, നിർദ്വന്ദ്വൻ[3] നിഷ്പരിഗ്രഹൻ[4]
അഹിംസാദമമാണ്ടിട്ടും വിപ്രത്വാനർഹനെന്നതോ? 17

ഇതും ദൈവത[5]മെന്നുണ്ടോ മാതൃദോഷത്തിനാലെ ഞാൻ

---

1 സർവ്വഭൂതൗഘയോഗക്ഷേമസമർപ്പകൻ = എല്ലാ ജീവജാലങ്ങളുടേയും യോഗക്ഷേമങ്ങൾ കൊതിക്കുന്നവൻ. 2 ഏകാരാമൻ = സ്വയം ആത്മാവിൽ രമിക്കുന്നവൻ. 3 നിർദ്വന്ദ്വൻ = എതിരില്ലാത്തവൻ. 4 നിഷ്പരിഗ്രഹൻ = ത്യാഗശീലൻ. 5 ദൈവതം—ദൈവമെന്നാണു മൂലം. (ദൈവം തു കഥമേതദ്വൈ?) വിധി എന്നർത്ഥം. 'ദൈവത'ശബ്ദത്തിന്ന് ഈ അർത്ഥമുണ്ടെന്നു തോന്നുന്നില്ല.

ഈയവസ്ഥയിലാപ്പെട്ടേൻ ധമ്മജ്ഞൻ ഹേ പുരന്ദര! 18
ദൈവത്തെപ്പൗരുഷംകൊണ്ടു മാററിക്കൊൾവാനസാദ്ധ്യമാം
യത്നിച്ചിട്ടും വിപ്രഭാവം നേടീടുന്നില്ല ഞാൻ പ്രഭോ! 19
എന്നിരിക്കെദ്ധമ്മവിജ്ഞ, വരം മമ തരേണമേ
അങ്ങയ്ക്കനുഗ്രാഹ്യ[1]നെങ്കിൽ പുണ്യമുണ്ടിവനെങ്കിലോ. 20

വൈശമ്പായനൻ പറഞ്ഞു

വരിക്കുകെന്നവനൊടു വലവൃത്രാരി ചൊല്ലിനാൻ
മഹേന്ദ്രപ്രേരിതൻ പിന്നെ മതംഗൻ ചൊല്ലിയിങ്ങനെ. 21

മതംഗൻ പറഞ്ഞു

ഞാൻ കാമചാരി[2]യാകേണം കാമരൂപി നഭശ്ചരൻ[3]
ബ്രഹ്മക്ഷത്രാവിരോധത്താൽ പൂജ ഞാനേററുകൊള്ളണം. 22
എനിക്കക്ഷയയാം കീത്തിയുണ്ടാംവണ്ണം സുരേശ്വര!
ചെയ്ക ദേവേശ, തല ഞാൻ കുമ്പിട്ടു കനിയിക്കുവൻ. 23

ശക്രൻ പറഞ്ഞു

ഛന്ദോദേവാഖ്യനായ് സ്ത്രീകൾക്കു പൂജ്യനമാസ്തു
വൻ കീത്തിയും നിനക്കെന്നാലുണ്ണീ, മുപ്പാരിലെത്തിടും. 24
എന്നവന്നു വരം നല്കി മറഞ്ഞാനങ്ങു വാസവൻ
പ്രാണൻ വെടിഞ്ഞാ മതംഗനുത്തമസ്ഥാനമെത്തിനാൻ. 25
ഇമ്മട്ടു മുഖ്യമാം സ്ഥാനം ബ്രാഹ്മണ്യമിതു ഭാരത!
ഇതു ദുഷ്പ്രാപമിവിടെ മഹേന്ദ്രൻ ചൊന്നവണ്ണമേ. 26

30. വീതഹവ്യോപാഖ്യാനം

മററു വണ്ണക്കാക്കു ബ്രാഹ്മണത്വം ദുഷ്പ്രാപമാണെങ്കിൽ വിശ്വാമിത്രനും വീതഹവ്യനും ബ്രാഹ്മണരായിത്തീന്നതെങ്ങനെയാണെന്നു ധമ്മപുത്രൻ ചോദിച്ചപ്പോൾ ഭീഷ്മൻ വീതഹവ്യചരിതം വണ്ണിക്കുന്നു. വീതഹവ്യന്റെ മക്കൾ കാശിരാജാവിനെ വധിക്കുന്നു. ഹതനായ ആ രാജാവിന്റെ വംശത്തിൽ ജനിച്ച പ്രതദ്ദനൻ വീതഹവ്യന്റെ മക്കളെ മുഴുവൻ സംഹരിക്കുന്നു. ശരണാഗതനായ വീതഹവ്യനു ഭൃഗുമഹഷി ബ്രാഹ്മണത്വം നല്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

കേട്ടേൻ ഞാൻ സുമഹാഖ്യാനമിതെൻ കുരുകുലോദ്വഹ!
ദുഷ്പ്രാപമെന്നല്ലി ചൊല്ലീ ബ്രാഹ്മണ്യം വാഗ്മിസത്തമ! 1
വിശ്വാമിത്രൻ പണ്ടു പരം ബ്രാഹ്മണ്യം നേടിയെന്നുമേ
കേൾപ്പുണ്ടു ദുഷ്പ്രാപമതെന്നങ്ങു ചൊല്ലുന്നു സത്തമ! 2
വീതഹവ്യക്ഷിതിപനും വിപ്രനായെന്നു കേൾപ്പു ഞാൻ
അതെന്നാലൊന്നു ഗാംഗേയ, കേൾപ്പാനുണ്ടാഗ്രഹം പ്രഭോ! 3

---

1 അനുഗ്രാഹ്യൻ = അനുഗ്രഹിക്കത്തക്കവൻ. 2 കാമചാരി = ഇഷ്ടംപോലെ സഞ്ചരിക്കാവുന്നവൻ. 3 നഭശ്ചരൻ = ആകാശത്തിൽക്കൂടി സഞ്ചരിക്കുന്നവൻ.

അവനെന്തൊരു കമ്മത്താൽ വിപ്രനായ് രാജസത്തമൻ?
വരത്താലോ തപസ്സാലോ വിവരിക്കുകതൊന്നിഹ. 4

ഭീഷ്മൻ പറഞ്ഞു

രാജാവേ, കേൾ വീതഹവ്യരാജാവെങ്ങനെ കീത്തിമാൻ
രാജഷി ദുർല്ലഭം നേടീ ബ്രാഹ്മണ്യം ലോകസൽകൃതം. 5

ഉണ്ണീ, ധമ്മാൽ പ്രജാരക്ഷ ചെയ്യുന്ന മനുവിന്നിഹ
പുത്രനുണ്ടായി ധമ്മിഷ്ഠൻ ശര്യാതി പുകഴാന്നവൻ. 6

അവൻെറ വംശത്തിലിരു രാജാക്കൾ നൃപ, ജാതരായ്
ഹേഹയൻ താലജംഘൻതാൻ വത്സനു ജയിസത്തമ! 7

നൃപ, ഹേഹയനോ പത്തു പെണ്ണിലായിട്ടു ഭാരത!
നൂറുപേർ മക്കളുണ്ടായീ ശൂരർ പിൻതിരിയാത്തവർ. 8

തുല്യരൂപപ്രഭാവന്മാർ ബലിമാർ യുദ്ധശാലികൾ
ധനുവ്വേദം വേദമിവയൊക്കപ്പഠിച്ചയിച്ചവർ. 9

കാശിരാജാവു രാജാവേ, ദിവോദാസപിതാമഹൻ
ഹര്യശ്വനെന്നു പേർ കേട്ടോനുണ്ടായീ ജയിസത്തമൻ. 10

വീതഹവ്യൻെറ ദായാദർ* ചെന്നായവനെ മന്നവ!
ഗംഗായമുനകൾക്കുള്ള മദ്ധ്യേ യുദ്ധത്തിൽ വീഴ്ത്തിനാർ. 11

ആ നരേശ്വരനെക്കൊന്നു ഹേഹയന്മാർ മഹാരഥർ
അഴകേറും വത്സപുരി പുക്കാർ നിർഭയരാമവർ. 12

ഹര്യശ്വപുത്രൻ കാശിക്കു രാജാവായഭിഷിക്തനായ്
പ്രത്യക്ഷമൂത്തി ധമ്മാഭൻ സുദേവൻ ദേവസന്നിഭൻ. 13

ധമ്മാത്മാവാമവൻ ഭൂമി പാലിച്ചു കാശിനന്ദനൻ
വീതഹവ്യർകളൊന്നിച്ചേററവൻ പോരിലുടഞ്ഞുപോയ്. 14

അവനെപ്പോരിൽ വെന്നിട്ടായവർ വന്നവഴിക്കു പോയ്,
സുദേവപുത്രൻ കാശീശൻ ദിവോദാസൻ നരേന്ദ്രനായ്. 15

ദിവോദാസൻ കിണഞ്ഞേതല്ലമവക്കുള്ളുകററിഞ്ഞവൻ
തേജസ്വി വാരാണസിയെ നിമ്മിച്ചു ശക്രശാസനാൽ. 16

വിപ്രക്ഷത്രിയരും തിങ്ങി വൈശ്യശൂദ്രർ കലന്നുമേ
ഭൂരിദ്രവ്യത്തോടും വേശ്യാത്തെരുവങ്ങാടി ചേന്നുമേ. 17

ആഗ്ഗംഗയ്ക്കു വടക്കുള്ള വക്കത്തായ് രാജസത്തമ!
ഗോമതിക്കോ തെക്കുമിന്ദ്രന്നമരാവതി പോലവേ. 18

അതിൽ വാഴും മഹീപാലനാകുമാ രാജസിംഹനെ
വീണ്ടും ചെന്നാ ഹേഹയന്മാർ വളഞ്ഞേററിതു ഭാരത! 19

പുറത്തിറങ്ങിയവരായ് പോർ നടത്തി മഹാബലൻ
ഘോരം ദേവാസുരംപോലെ ദിവോദാസൻ മഹാദ്യുതി. 20

അവൻ പോരിൽ മഹാരാജ, പത്തുനൂറു ദിനങ്ങളാൽ

---

* ദായാദർ=പുത്രന്മാർ.

മിക്കതും വാഹനം[1] ചത്തു ദൈന്യമാണ്ടീടിനാൻ പരം. 21
യോധർ ചത്തും നരപതേ, ഭണ്ഡാരം തീർന്നമാ നൃപൻ
ദിവോദാസൻ പുരി വെടിഞ്ഞോടിപ്പോവുകയെന്നുമായ്. 22
ധീമാൻ ഭരദ്വാജനുടെ രമ്യാശ്രമമണഞ്ഞവൻ
ശരണം പുക്കിതരചൻ കൈകൂപ്പിക്കൊണ്ടരിന്ദമ! 23
ബൃഹസ്പതിജ്യേഷ്ഠപുത്രൻ ഭരദ്വാജനരച്ചതേ
ദിവോദാസോർവ്വീശനോടു ശീലം ചേർന്ന പുരോഹിതൻ: 24
"എന്തിന്നുവേണ്ടി നീ വന്നിതെല്ലാം ചൊല്ലുക മന്നവ!
നിൻ പ്രിയം ഞാൻ ചെയ്തുകൊള്ളുവേനതിനില്ലിഹ സംശയം."

രാജാവു പറഞ്ഞു

ഭഗവാനേ, വൈതഹവ്യ[2]രെന്റെ വംശം മുടിച്ചതേ
ഞാൻ ക്ഷയിച്ചോററയായ് നിന്നെശ്ശരണം പൂകിനേനിതാ. 26
ശിഷ്യസ്നേഹത്തിനാലെന്നെബ്ഭഗവാനേ, ഭരിക്ക നീ
ആപ്പാപന്മാരെന്റെ വംശമേകശേഷവുമാക്കിനാർ. 27
അങ്ങോട്ടോതീ മഹാഭാഗൻ ഭരദ്വാജൻ പ്രതാപവാൻ:
"പേടി വേണ്ടാ പേടി വേണ്ടാ സൗദേവ[3], കളയൂ ഭയം. 28
ഞാനിഷ്ടി[4] ചെയ്യേനങ്ങയ്ക്കു പുത്രസിദ്ധിക്കു ഭൂപതേ!
അതിനാലേററു താങ്ങും നീയായിരം വീതഹവ്യരെ." 29
അവന്നു പുത്രകാമേഷ്ടി ചെയ്തുകൊണ്ടീടിനാനൃഷി
പ്രതർദ്ദനൻ പേർ പുകഴ്ന്നോനവന്നുണ്ടായി നന്ദനൻ. 30
പിറന്നവാറവൻ വാച്ചു പതിമൂവാണ്ടുമട്ടുടൻ
വേദം ധനുർവ്വേദവും താൻ നേടിയൊട്ടുക്കു ഭാരത! 31
ധീമാനാകും ഭരദ്വാജൻ യോഗശക്തി കലർന്നവൻ
ലോകത്തിലൊട്ടുക്കുടയ തേജസ്സവനിലാക്കിനാൻ. 32
ചട്ടയും വില്ലുമായ് പിന്നെസ്സുരർഷിസ്തുതനാമവൻ
വന്ദിവന്ദിതനായ് മിന്നീയുദിച്ചർക്കൻ കണക്കിനെ. 33
തേരേറി വാൾ തൂക്കിയിട്ടു മിന്നീ ദീപ്താഗ്നിപോലവൻ
വില്ലുലപ്പോൻ യാത്രയായീ വാളും പരിച വില്ലുമായ്. 34
അവനെക്കണ്ടു ഹർഷിച്ചു സുദേവതനയൻ പരം
മനസ്സാൽക്കരുതീ വീതഹവ്യർ വെന്തെന്നുമാ നൃപൻ. 35
യുവരാജാവാക്കിവെച്ചാ പ്രതർദ്ദനനെയായവൻ
കൃതാർത്ഥനായീ താനെന്നു തന്നെക്കൊണ്ടാടി മന്നവൻ. 36
ഉടനേ വീതഹവ്യൗഘം മുടിപ്പാനാ മഹീപതി
അയച്ചു ശത്രുജിത്താകും പ്രതർദ്ദനകുമാരനെ. 37
ആത്തേരാളിയുടൻ ഗംഗ കടന്നാശു പരാക്രമി

---

1 വാഹനം = ഗജതുരഗാദികൾ. 2 വൈതഹവ്യർ=വീതഹവ്യന്റെ മക്കൾ.
3 സൗദേവൻ = സുദേവന്റെ പുത്രൻ; ദിവോദാസൻ. 4 ഇഷ്ടി = യാഗം.

വീതഹവ്യക്കുള്ള പുരി പുക്കാൻ പരപുരഞ്ജയൻ. 38
ഉദ്ധതത്തേരൊലിയുടൻ കേട്ടിട്ടാ വീതഹവ്യരും
ഇറങ്ങി വൈരിത്തേർ വെല്ലും പുരാകാരരഥങ്ങളാൽ[1]. 39
ദംശിതന്മാർ[2] നരവ്യാഘ്രരിറങ്ങിച്ചിത്രയോധികൾ
വില്ലുയത്തിശ്ശരം തൂകി പ്രതർദ്ദനനൊടേററുതേ. 40
പല ശസ്ത്രങ്ങൾ തേർക്കൂട്ടമിവയൊത്തു യുധിഷ്ഠിര!
ഹിമവാനെക്കാർകൾ പോലെ വർഷിച്ചാരവർ മന്നനെ. 41
അവക്കുള്ളസ്ത്രമസ്ത്രത്താൽ മാററി മന്നൻ പ്രതർദ്ദനൻ
തേജസ്വിയവരെക്കൊന്നു വജ്രാഗ്ന്യുഗ്രശരങ്ങളാൽ[3]. 42
കത്തിയമ്പേററു തലയററവർ നൂറായിരം നൃപ!
മുറിച്ച കിംശുകപ്രായം[4] വീണു രക്താർദ്രഗാത്രരായ്. 43
ആ മക്കളൊക്കയും ചത്തശേഷമാ വീതഹവ്യനും
ഭൃഗുവിന്നാശ്രമത്തേക്കു നഗരം വിട്ടു പാഞ്ഞുപോയ്. 44
ഭൃഗുവെശ്ശരണം പുക്കാൻ വീതഹവ്യൻ നരാധിപൻ
ആ നൃപന്നപ്പൊഴഭയം കൊടുത്തു ഭൃഗു മന്നവ! 45
ഉടനേ പിൻതുടന്നെത്തിയവിടെയ്ക്കാ പ്രതർദ്ദനൻ
ആശ്രമത്തിൽച്ചെന്നു ദിവോദാസാത്മജനിതോതിനാൻ: 46
"ഹേ! ഹേ! ആരുണ്ടാശ്രമത്തിൽ ഭൃഗുവിന്നിഹ ശിഷ്യർകൾ
മുനിയെക്കാണവാൻ കാപ്പേനവനോടെന്നെയോതുവിൻ." 47
അപ്പോൾ ഭൃഗുവറിഞ്ഞിട്ടങ്ങാശ്രമംവിട്ടിറങ്ങിനാൻ
പൂജിക്കയും ചെയ്തു വിധിക്കുടനാ നൃപമുഖ്യനെ. 48
പറഞ്ഞു നൃപനോ'ടെന്താണാവശ്യം ചൊല്ലു മന്നവ!'
അവനോടാ നൃപൻ ചൊല്ലീ വരുവാനുള്ള കാരണം. 49

രാജാവു പറഞ്ഞു

ഈ വീതഹവ്യനൃപനെ ബ്രഹ്മൻ, വിട്ടുതരേണമേ
അവൻെറ മക്കളെൻ വംശം ബ്രഹ്മൻ, മുററും മുടിച്ചുതേ. 50
നാടും മുടിച്ചിതാക്കാശിക്കാക്കെഴും രത്നജാലവും
ഞാൻ കൊന്നേൻ വീര്യഗർവ്വുള്ളോരിവൻതൻ നൂറു മക്കളെ. 51
ഇന്നിപ്പോളിവനെക്കൊന്നു തീപ്പേനച്ഛന്നെഴും കടം.
അവനോടോതി കനിയും ഭൃഗു ധർമ്മിഷ്ഠസത്തമൻ: 52
"ഇങ്ങില്ലാരും ക്ഷത്രിയ,നിങ്ങുള്ളോരെല്ലാം ദ്വിജാതികൾ"
എന്നാ ഭൃഗു പറഞ്ഞോരു തത്ഥ്യം കേട്ടാ പ്രതർദ്ദനൻ 53
പ്രഹൃഷ്ടനായ്ക്കാൽപിടിച്ചു മെല്ലവേ ചൊല്ലിയിങ്ങനെ:

---

1 പുരാകാരരഥങ്ങൾ=നഗരങ്ങളെപ്പോലെ എല്ലാ സൗകര്യങ്ങളുമുള്ള വലിയ രഥങ്ങൾ. 2 ദംശിതന്മാർ = ചട്ട മുതലായതു ധരിച്ചവർ. 3 വജ്രാഗ്ന്യുഗ്രശരങ്ങൾ=വജ്രം, അഗ്നി ഇവയെപ്പോലെ ഉഗ്രങ്ങളായ ശരങ്ങൾ. 4 കിംശുകപ്രായം= മുരിക്കുപോലെ.

‘‘എന്നാലും ഭഗവാനേ, ഞാൻ കൃതകൃത്യനസംശയം 54
ഈ രാജാവിനെ വീര്യത്താൽ സ്വജാതി കളയിച്ചു ഞാൻ.
അനുജ്ഞ നല്ക ബ്രഹ്മൻ, മേ, ശിവം ധ്യാനിച്ചുകൊൾക മേ, 55
ഈ രാജാവിനെ ഞാൻ ജാതി കളയിച്ചേൻ ഭൃഗൂദ്വഹ!’’
പിന്നെത്തൽസമ്മതത്തോടും പോയാൻ ഭൂപ, പ്രതർദ്ദനൻ 56
വന്നപാടേ മഹാരാജ, വിഷം വിട്ടഹി പോലവേ.
ഭൃഗുവിൻ വാക്കിനാൽത്തന്നെയവൻ ബ്രഹ്മർഷിയായിനാൻ 57
വീതഹവ്യൻ മഹാരാജ, ബ്രഹ്മവാദിയുമായിനാൻ.
തൽ പുത്രനോ ഗൃത്സമദൻ രൂപംകൊണ്ടിന്ദ്രസന്നിഭൻ 58
നീയിന്ദ്രനെന്നസുരരാൽ നിഗൃഹീതനുമായി പോൽ.
ആ മഹാത്മാവിനുണ്ടഗ്ര്യശ്രുതിയൃഗ്വേദമായതിൽ 59
അതിൽ ഗൃത്സമദൻ ബ്രഹ്മൻ, വിപ്രരൊത്തേല്പു പൂജയെ;
ബ്രഹ്മചാരി ഗൃത്സമദൻ ശ്രീമാൻ ബ്രഹ്മർഷിയായിനാൻ. 60
സുതേജസ്സാ ഗൃത്സമദനുള്ള നന്ദനനാം ദ്വിജൻ
സുതേജസ്സിന്നു വർച്ചസ്സു വിഹവ്യനവനാത്മജൻ. 61
വിഹവ്യൻെറ മകൻ പിന്നെ വിതത്യനവനാത്മജൻ
വിതത്യൻെറ മകൻ സത്യൻ സന്തൻ സത്യൻെറ നന്ദനൻ. 62
ശ്രവസ്സു തൽ പുത്രനൃഷിശ്രവസ്സിന്നു തമസ്സുമാം
തമസ്സിന്നോ പ്രകാശംതാൻ പുത്രനത്രേ ദ്വിജോത്തമൻ. 63
പ്രകാശന്നങ്ങു വാഗീന്ദ്രനുണ്ടായീ ജാപ*കോത്തമൻ
അവന്നു പുത്രൻ പ്രമതി വേദവേദാംഗപാരഗൻ. 64
ഘൃതാചിയിലവന്നുണ്ടായ്‌വന്നു നന്ദനനാം രുരു
പ്രമദ്വരയിലുണ്ടായീ രുരുവിന്നൊരു നന്ദനൻ 65
ശുനകാഭിധവിപ്രർഷി തൽ പുത്രനിഹ ശൗനകൻ.
ഏവം ബ്രാഹ്മണനായ്ത്തീർന്നു വീതഹവ്യൻ നരാധിപൻ 66
ഭൃഗുപ്രസാദാൽ രാജേന്ദ്ര, ക്ഷത്രിയൻ ക്ഷത്രിയർഷഭ!
ഏവം ഗൃത്സമദനുള്ള വംശം നിന്നോടു ചൊല്ലിനേൻ 67
വിസ്തരിച്ചു മഹാരാജ, വേറേ ചോദിപ്പതെന്തു നീ?

---

* ജാപകൻ = ജപിക്കുന്നവൻ, അഥവാ ഓത്തു പഠിപ്പിക്കുന്നവൻ, എന്നായിരിക്കാം വിവക്ഷ. ‘ജയതാം വരഃ’ എന്നാണ് മൂലത്തിൽ കാണുന്നതു്. അതു ‘ജപതാം വരഃ’ എന്നു വായിച്ചുപോയതുകൊണ്ടോ, ‘ദ്വിജോത്തമ’ൻെറ പുത്രനു കൂടുതൽ ഉചിതമായതു് ‘ജപതാം വരഃ’ എന്ന വിശേഷണമാണെന്നു തോന്നിയതുകൊണ്ടോ ആയിരിക്കാം പരിഭാഷകൻ ‘ജാപകോത്തമൻ’ എന്നു പ്രയോഗിച്ചതു്.

31. കൃഷ്ണനാരദസംവാദം

ഈ ലോകത്തിൽ കൂടുതൽ പൂജ്യത കല്പിക്കേണ്ടതു് എങ്ങനെയുള്ളവക്കാണെന്നു്, കൃഷ്ണനാരദസംവാദത്തെ ഉദാഹരിച്ചു് ഭീഷ്മർ വിവരിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ഈ ത്രൈലോക്യത്തിലാരാണു പൂജ്യർ മാനവർ ഭാരത!
വിസ്തരിച്ചരുളംചെയ്താലും ചൊൽവതിൽ തൃപ്തിയില്ല മേ. 1

ഭീഷ്മൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
സംവാദം നാരദൻേറയും വാസുദേവൻെറയും സമം. 2

നാരദൻ കൈക്കൂപ്പി വിപ്രപൂജ ചെയ്യതു കണ്ടുടൻ
കൃഷ്ണൻ ചോദിച്ചി''തങ്ങാരെബ്ഭഗവൻ, കുമ്പിടുന്നു നീ? 3

ഭഗവൻ, നീ നമിപ്പോരിൽബ്ബഹുമാനം പെരുത്തു താൻ
നമുക്കു കേഠംക്കാമെന്നാകിൽ ചൊന്നാലും ധമ്മവിത്തമ!'' 4

നാരദൻ പറഞ്ഞു

കേഠംക്ക ഗോവിന്ദ, ഞാൻ പൂജിപ്പവരെശ്ശത്രുമദ്ദന!
നീയല്ലാതേതവൻ പാരിൽ കേഠംക്കുവാനഹനായവൻ? 5

വരുണൻ വായുവാദിത്യൻ പിന്നെപ്പജ്ജന്യനഗ്നിയും
സ്ഥാണു സ്കന്ദൻ ലക്ഷ്മി വിഷ്ണു ബ്രഹ്മദേവനുമങ്ങനെ 6

ചന്ദ്രൻ ബൃഹസ്പതി ജലം ഭൂമി പിന്നെസ്സരസ്വതി
ഇവരെക്കൂപ്പുവോരാരാണവരെക്കൂപ്പുവൻ വിഭോ! 7

വേദജ്ഞരാം താപസരെ നിത്യം വേദപ്രസക്തരെ
മഹാഹരേ വൃഷ്ണിവീര, നിത്യം പൂജിച്ചിടുന്നു ഞാൻ. 8

ഉണ്ണാതെ ദേവകാര്യങ്ങഠം ചെയ്യതാരവികത്ഥനർ[1]
ക്ഷമയുള്ളവർ സന്തുഷ്ടരവരെക്കൂപ്പുവൻ വിഭോ! 9

നന്നായിട്ടിഷ്ടി ചെയ്യോർകഠം ക്ഷാന്തർ ദാന്തർ ജിതേന്ദ്രിയർ
ഗോഭൂമിസത്യധമ്മേഷ്ടരവരെക്കൃഷ്ണ, കൂപ്പുവൻ. 10

തപസ്സിൽ നില്പോരെവരോ കാട്ടിൽ കായ്കനി തിന്മവർ
നേടിടാത്തോർ ക്രിയാവാന്മാരവരെക്കൃഷ്ണ, കൂപ്പുവൻ. 11

ഭൃത്യരെപ്പോററുമെവരിങ്ങെപ്പോഴുമതിഥിപ്രിയർ[2]
ദേവശേഷം ഭുജിപ്പോർകളവരെക്കൃഷ്ണ, കൂപ്പുവൻ. 12

വേദാഢ്യർ ദുദ്ധഷരെവർ വാഗ്മിമാർ ബ്രഹ്മചാരികഠം
യാജനാദ്ധ്യാപനപരർ പൂജിപ്പേനവരെസ്സദാ. 13

സവ്വജീവിയിലും നിത്യം ചിത്തം തെളിയുവോർകളെ
പുറം ചുട്ടുംവരെ സ്വാദ്ധ്യായാ[3]ഢ്യരെപ്പൂജ ചെയ്യുവേൻ. 14

---

1 അവികത്ഥനർ = ആത്മപ്രശംസ ചെയ്യാത്തവർ. 2 അതിഥിപ്രിയർ = അതിഥികളെ പൂജിക്കുന്നതിൽ താൽപര്യമുള്ളവർ. 3 സ്വാദ്ധ്യായം=വേദപാഠം ഉരുവിടൽ.

ഗുരുപ്രസാദം സ്വാദ്ധ്യായമിവകളന്നും യതവ്രതർ
ശുശ്രൂഷകളെനീർഷ്യന്മാരവരെക്കൃഷ്ണ, കുപ്പുവേൻ. 15
ബ്രാഹ്മണന്മാർ സുവ്രതന്മാർ മുനിമാർ സത്യസംഗരർ
ഹവ്യകവ്യവഹന്മാരാരവരെക്കൃഷ്ണ, കുപ്പുവൻ. 16
കൃശർ ഭിക്ഷാന്നനിരതരേററം ഗുരുകുലാശ്രയർ
നിസ്സുഖന്മാർ നിദ്ധനന്മാരവരെക്കൃഷ്ണ, കുപ്പുവൻ. 17
നിർദ്ദ്വന്ദ്വന്മാർ നിർമ്മമന്മാർ നിർഹ്രീകന്മാർ[1] നിരത്ഥനർ
വേദമേററവർ ദക്ഷർ വാഗ്മിമാർ ബ്രഹ്മവാദികൾ 18
അഹിംസാതൽപരരെവ,രെവർ സത്യവ്രതാന്വിതർ
ദാന്തന്മാർ ശമമാണ്ടോർകളവരെക്കൃഷ്ണ, കുപ്പുവൻ. 19
ദേവതാതിഥിപൂജകളു യുക്തരാർ ഗൃഹമേധികൾ
കപോതവൃത്തിമാരെന്നുമവരെക്കൃഷ്ണ, കുപ്പുവേൻ. 20
ത്രിവർഗ്ഗമാക്കോ കൃത്യത്തിൽ നടക്കുന്നു ക്ഷയിച്ചിടാ
ശിഷ്ടാചാരപ്രവൃത്തന്മാരവരെക്കുപ്പുവേൻ സദാ. 21
ശ്രുതാഢ്യ[2]ബ്രാഹ്മണരെവർ ത്രിവർഗ്ഗാ[3]നുഷ്ഠയുള്ളവർ
അലോലുപന്മാർ പുണ്യാഢ്യരവരെക്കൃഷ്ണ, കുപ്പുവൻ. 22
നീർ കുടിപ്പവർ കാററുണ്ടോർ സുധാശികളുമേവരോ
നാനാവ്രതങ്ങളൊത്തോർകളവരെക്കൃഷ്ണ, കുപ്പുവൻ. 23
അയോനിമാ[4]രഗ്നിയോനി[5]ക്കാരേവം ബ്രഹ്മയോനികൾ
സർവ്വഭൂതാത്മയോനിക്കാരവരെക്കുപ്പുവേൻ സദാ. 24
ഇവരെക്കൃഷ്ണ, കുപ്പുന്നേൻ ലോകകാരി[6] മുനീന്ദ്രരെ
ലോകജ്യേഷ്ഠർ കുലജ്യേഷ്ഠർ തമോഘ്നർ ഭുവനാഗ്ര്യരെ. 25
എന്നാൽബ്ഭവാനും വാർഷ്ണേയ, പൂജിക്കു ദ്വിജരെസ്സദാ
പൂജിച്ചാൽ പൂജനാർഹന്മാർ സുഖം നല്കും തവാനഘ! 26
സുഖപ്രദന്മാരിവർകളീ ലോകത്തിൽ പരത്തിലും
മാന്യന്മാരായ് ചരിക്കുന്നു സുഖം നല്കും നിനക്കെടോ. 27
സർവ്വാതിഥികളെപ്പോഴും ഗോബ്രാഹ്മണരിലേവരോ
നിത്യവും സത്യനിരതരവർ ദുർഗ്ഗം കടക്കുമേ. 28
നിത്യം ശമാഢ്യരെവരിങ്ങനസൂയകരേവരോ
നിത്യസ്വാദ്ധ്യായരെവരിങ്ങവർ ദുർഗ്ഗം കടക്കുമേ. 29
വേദത്തെയൊക്ക വന്ദിപ്പോർ വേദമെന്നാശ്രയിപ്പവർ
ശ്രദ്ധയുള്ളോർ ദാന്തരെവരവർ ദുർഗ്ഗം കടക്കുമേ. 30
ഏവം വിപ്രപ്രവരരെ നമിച്ചിട്ടു യതവ്രതർ

---

1 നിർഹ്രീകന്മാർ=നാണമില്ലാത്തവർ; ദിഗംബരന്മാർ. 2 ശ്രുതാഢ്യർ=നല്ല പഠിപ്പുള്ളവർ. 3 ത്രിവർഗ്ഗം=ധർമ്മാർത്ഥകാമങ്ങൾ. 4 അയോനിമാർ=വിവാഹം കഴിക്കാത്തവർ. 5 അഗ്നിയോനി=അഗ്നിഹോത്രം കഴിക്കുന്നവർ. 6 ലോകകാരി=ലോകത്തിന്ന് ഉപകാരം ചെയ്യുന്നവർ.

ദാനനിഷ്ഠന്മാരെവരുണ്ടവർ ദുഗ്ഗം കടക്കുമേ. 31
നിത്യം തപസ്വികളെവർ കൗമാര ബ്രഹ്മചാരികരം
തപസ്സാൽബ്ഭാവിതാത്മാക്കളെവർ ദുഗ്ഗം കടക്കുമേ. 32
ദേവതാതിഥിഭൃത്യക്കും പിതൃക്കരംക്കും കൃതാച്ചനർ
ശേഷാന്നമുണ്മവരെവരവർ ദുഗ്ഗം കടക്കുമേ. 33
വിധിക്കഗ്ന്യാധാനമേററു ക്രൂപ്പിദ്ധാരണ ചെയ്യവർ
ഏല്പ്പ സോമാഹുതിയെവരവർ ദുഗ്ഗം കടക്കുമേ. 34
അച്ഛനമ്മ ഗ്ഗുരുക്കന്മാർകളിൽ സദ്വൃത്തരേവരോ
വൃഷ്ണിശാർദ്ദൂല, നിമ്മട്ടെന്നോതീട്ടവനടങ്ങിനാൻ. 35
എന്നാൽ കൗന്തേയ, നീ ദേവപിതൃബ്രാഹ്മണപാന്ഥരെ
നന്നായ് പൂജിപ്പതുണ്ടെന്നുമഭീഷ്ടഗതി നേടുമേ. 36

32. ശ്യേനകപോതീയം

ആത്മത്യാഗത്തിനുപോലും ഒരുങ്ങി, പരുന്തിൽനിന്നു് പ്രാവിനെ രക്ഷിച്ച ശിബിമഹാരാജാവു് ഉടലോടുകൂടി സ്വഗ്ഗത്തിൽ പോയ കഥ വിവരിച്ചു്, ആശ്രിതരക്ഷണത്തിന്റെ മാഹാത്മ്യം ഭീഷ്മർ വ്യക്തമാക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

പിതാമഹ, മഹാപ്രാജ്ഞ, സവ്വശാസ്ത്രവിചക്ഷണ!
നീ ചൊല്ലിക്കേരംക്കുവാനാശ ധമ്മം ഭരതസത്തമ! 1
ശരണാഗതമാം നാലുതരം ഭൂതനികായവും
രക്ഷിപ്പോക്കുവനെന്തുണ്ടു ഫലം ഭരതപുംഗവ! 2

ഭീഷ്മർ പറഞ്ഞു

ഇതു കേരംക്ക മഹാപ്രാജ്ഞ, ധമ്മപുത്ര, യശോനിധേ!
പണ്ടത്തെയിതിഹാസംതാൻ ശരണാത്ഥം മഹാഫലം. 3
പരുന്തോടിച്ചു വീഴുന്ന കപോതൻ പ്രിയദശ്നൻ
ശരണം പുക്കു വൻപുള്ള വൃഷദർഭനരേന്ദ്രനെ*. 4
നടുങ്ങിയങ്കേ വീണോനെപ്പാത്തവൻ ശുദ്ധമാനസൻ
ആശ്വസിപ്പിച്ചാശ്വസിക്കുകെന്നാനില്ലാ ഭയം ഖഗ! 5
നിനക്കെങ്ങുന്നുഗ്രഭയമെങ്ങുവെച്ചെന്തു ചെയ്തു നീ
ബോധം കെട്ടുള്ളഴന്നിങ്ങു വന്നുചേരുന്നതിന്നെടോ? 6
പുതുനീലോല്പലച്ചാത്തിൻ നിറമുള്ള സുദശ്ന!
ഡാഡിമാശോകപുഷ്പാക്ഷ, നടുങ്ങായ്കില്ലെടോ ഭയം. 7
എൻ മുന്നിൽ വന്നോരു നിന്നെ മനസ്സാലും പിടിക്കുവാൻ
രക്ഷാദ്ധ്യക്ഷൻ മുൻപിൽ നില്ക്കെയുത്സാഹിക്കില്ലൊരുത്തനും. 8

* വൃഷദർഭൻ = ശിബിമഹാരാജാവു്.

നിനക്കായ് കാശിരാജ്യം ഞാനിപ്പൊഴമ്മട്ടു ജീവനും
ത്യജിപ്പേൻ വിശ്വസിച്ചാലും ഭയം വേണ്ടാ കപോത, തേ. 9

ശ്യേനം പറഞ്ഞു

ഇതെനിക്കായ്വെച്ച തീററി രക്ഷിച്ചീടൊല്ല മന്നവ!
കടന്നുപോയ്ക്കണ്ടെടുത്തു യത്നാൽ നേടിയതാണു ഞാൻ. 10
ഇവന്റെ മാംസം രുധിരം മജ്ജ മേദസ്സുമിഷ്ടമാം
എനിക്കിവൻ രുചികരനിവൻതൻ മുന്നിൽ നില്ക്കൊലാ. 11
എനിക്കു ദാഹമുണ്ടേറെപ്പശി ബാധിപ്പിതേററവും
വിട്ടാലുമിവനെബ്ഭൂപ, ക്ഷുത്തൊത്തുക്കാവതല്ല മേ. 12
ഞാൻ പിൻതുടന്നവനിവനെൻ പക്ഷനഖവിക്ഷതൻ[1]
അല്പശ്വാസോച്ഛ്വാസനാണിന്നിവനെക്കാക്കൊലാ നൃപ! 13
തൻ നാട്ടിലുള്ള മർത്ത്യക്കു നൃപ, നീ പ്രഭുവെങ്കിലോ
ദാഹിച്ച ഖേചരന്നും[2] നീ പ്രഭുവല്ലല്ലി സത്തമ! 14
ശത്രുഭൃത്യസ്വീയജനവ്യവഹാരങ്ങളിൽബ്ഭവാൻ
ഇന്ദ്രിയാർത്ഥത്തിലും ചെയ്യു വിക്രമിക്കരുതംബരേ. 15
പക്ഷഹാരിപ്രഭുത്വം[3] നീ വിക്രമിച്ചേല്പതാകിലും
ധർമ്മാർത്ഥിയെന്നാലങ്ങുന്നീയെന്നെയുംകൂടി നോക്കണേ! 16

ഭീഷ്മർ പറഞ്ഞു

രാജർഷിയാ ശ്യേനവാക്കു കേട്ടു വിസ്മയമാണ്ടുടൻ
അവനെക്കൊണ്ടാടിയോതീ മററോനെക്കാത്തുകൊള്ളുവാൻ. 17

രാജാവു പറഞ്ഞു

കാളയോ പന്നിയോ മാനോ പോത്തോ നിന്നിഷ്ടമാംപടി
നിനക്കുള്ള വിശപ്പിന്റെ ശമനത്തിന്നെടുത്തിടാം. 18
ശരണം വന്നവനെ ഞാൻ വിടില്ലെന്നെൻ മഹാമതം
എൻ മെയ് വിടുന്നതില്ലിങ്ങീ ദ്വിജൻ[4] നീ കാണ്കെടോ ദ്വിജ!

ശ്യേനം പറഞ്ഞു

പന്നിയേയും കാളയേയും മററും ദ്വിജഗണ[5]ത്തെയും
ഞാൻ തിന്നില്ലാ മഹാരാജ, വല്ല തീനെന്തിനാണു മേ? 20
എനിക്കു പണ്ടേ വാനോർകൾ കല്പിച്ചിട്ടുള്ള തീനിതാം
ശ്യേനം തിന്നും കപോതത്തെയിതു പണ്ടുള്ള ചട്ടമാം. 21
ഉശീനര, കപോതത്തെ സ്നേഹിക്കിലനഘാശയ!
എനിക്കു നീ സ്വന്ത മാംസം തുലാസ്സിൽ തൂക്കി നല്കണം. 22

രാജാവു പറഞ്ഞു

പെരുത്തനുഗ്രഹമിതു നീയെന്നോടീപ്പറഞ്ഞതും
ശരിയായ് ചെയ്യുവേനെന്നു പറഞ്ഞീ രാജസത്തമൻ 23

---

1 പക്ഷനഖവിക്ഷതൻ = ചിറകുകൊണ്ടും നഖംകൊണ്ടും മുറിവേല്പിക്കപ്പെട്ടവൻ.
2 ഖേചരൻ = പക്ഷി. 3 പക്ഷഹാരിപ്രഭുത്വം = ആജ്ഞാഭംഗം ചെയ്യുന്നവരിൽ പ്രഭുത. 4 ദ്വിജൻ = പക്ഷി. 5 ദ്വിജഗണം = പക്ഷിക്കൂട്ടം.

അറുത്തറുത്തു മാംസങ്ങരം തുലാസ്സിൽ തൂക്കിനാനുടൻ.
ഉടനന്തഃപുരത്തുള്ള രത്നം ചാത്തിയ നാരികരം 24
ഹാഹായെന്നായ് പുറത്തെത്തീ കേട്ടേററം ദുഃഖമാണ്ടവർ.
അവരും മന്ത്രിമുഖ്യന്മാർകളും.കൂട്ടം കരച്ചിലാൽ 25
പെരുക്കമൊച്ചയുണ്ടായി മേഘഗംഭീരനിസ്വനം*.
കാററാകാശമൊക്കേയും കാർകളാലേ നിറഞ്ഞുതേ 26
അവൻെറ സത്യകമ്മത്താൽ കുലുങ്ങിപ്പോയി ഭൂമിയും.
ആ രാജാവോ പാശ്വഭാഗഭുജോരുക്കളിൽനിന്നുടൻ 27
മാംസങ്ങളെയറുത്തിട്ടു തുലാസ്സിൽക്കൂട്ടി മെല്ലവേ;
എന്നിട്ടുമാക്കപോതത്തോടൊപ്പമായ് വന്നതില്ലഹോ! 28
അസ്ഥിയായ്ത്തീന്ന രാജാവു മാംസം പോയ്ച്ചോര ചോന്നവൻ
പിന്നെത്തുലാസ്സിൽത്താൻ കേറീ സ്വമാംസം തീനിനേകുവാൻ.
അപ്പോളിന്ദ്രാദി മൂലോകരെത്തിയാ നൃപസന്നിധൗ
ഭേരി കൊട്ടീ വ്യോമചരർ മുഴക്കീ ദേവദുന്ദുഭി. 30
അമൃതാററേററുകൊണ്ടാൻ വൃഷദർഭനരേശ്വരൻ
വീണ്ടും സുഖപ്പെട്ടും ദിവ്യമാല്യവർഷവുമേററുതേ. 31
ദേവഗന്ധവ്വസംഘത്താലപ്സരസ്ത്രീകളാലുമേ
ആടിപ്പാടിപ്പുകഴ്ത്തോനായ് പിതാമഹസമൻ പ്രഭു 32
പൊന്നിന്മേട നിരന്നൊത്തു മണിപ്പൊൻ തോരണോജ്ജ്വലം
വൈഡൂര്യരത്നസ്തംഭാഢ്യം വിമാനം കേറി വാണവൻ 33
ആ രാജഷി സ്വകമ്മത്താൽ ശാശ്വതം സ്വഗ്ഗമേറിനാൻ.
ശരണാഗതരിൽ ചെയ്യുകിമ്മട്ടെല്ലാം യുധിഷ്ഠിര! 34
ഭക്തരായ്ക്കൂറിയന്നീടുമാശ്രിതന്മാക്കു രക്ഷകൻ
സവ്വഭൂതദയാശാലിയങ്ങുമിങ്ങും സുഖിക്കുമേ. 35
സദ്വൃത്തത്തെയനുഷ്ഠിക്കും സാധുവൃത്തനൃപന്നഹോ!
വ്യാജം കൈവിട്ട കമ്മത്താൽ കിട്ടാൻ പററാത്തതെന്തുവാൻ? 36
ആ രാജഷി വിശുദ്ധാത്മാ ധീരൻ സത്യപരാക്രമൻ
കാശീശ്വരൻ മൂന്നുലകിൽ സ്വകമ്മത്താൽ പ്രസിദ്ധനായ്. 37
മററാരിങ്ങനെ ചെയ്യുന്നു ശരണാഗതരക്ഷണം,
ആഗ്ഗതിക്കവനും ചെന്നുകൊള്ളും ഭരതസത്തമ! 38
രാജഷി വൃഷദർഭൻെറയീച്ചരിത്രത്തെയോതുവോൻ
ലോകത്തിൽ പൂതനായ്ത്തീരുമിതു കേരംപ്പോനുമെപ്പൊഴും. 39

---

* മേഘഗംഭീരനിസ്വനം = ഗംഭീരമായ ഇടിമുഴക്കത്തിൻെറ സ്വരത്തിൽ.

33. ബ്രാഹ്മണപ്രശംസ

ക്ഷത്രിയന്റെ അതിപ്രധാനമായ കർത്തവ്യം ബ്രാഹ്മണപൂജയാണെന്നു്, ഭീഷ്മർ ധർമ്മപുത്രന്റെ ഒരു ചോദ്യത്തിനുത്തരമായി പറയുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

എല്ലാക്കൃത്യത്തിലും മേലേ നൃപനെന്തു പിതാമഹ!
എന്തു ചെയ്താൽ നരപതി ലോകം രണ്ടും ഭുജിച്ചിടും? 1

ഭീഷ്മൻ പറഞ്ഞു

അഭിഷിക്തനൃപന്നേററം വേണ്ടതാണിതു ഭാരത!
സുഖമിച്ഛിപ്പവന്നെന്നും ബ്രാഹ്മണർക്കുള്ള പൂജനം. 2
അവ്വണ്ണംതന്നെ ചെയ്യേണം നരേന്ദ്രൻ ഭരതർഷഭ!
നിത്യം പൂജിച്ചുകൊള്ളേണം ശ്രോത്രിയദ്വിജവൃദ്ധരെ. 3
പൗരജാനപദന്മാരെ വിപ്രരെ ശ്രുതവാൻകളെ[1]
സാന്ത്വത്താൽ ഭോഗദാന[2]ത്താൽ പൂജിക്ക നതി[3]യാലുമേ. 4
ഇതു കൃത്യതമം ഭൂപന്നെന്നുമെന്നു ധരിക്കണം
ആത്മാത്മജനിലല്ലെന്നുമിവരെക്കാത്തുകൊള്ളണം. 5
ഇവരിൽപ്പൂജ്യതമരെ ദൃഢമായ്പ്പൂജചെയ്യണം
അവർ ശാന്തന്മാർകളാകിൽ നാടെല്ലാം ശോഭ തേടിടും. 6
അവർ പൂജ്യർ നമസ്കാര്യർ[4] പിതൃക്കൾപടി മാന്യരാം
അവരിൽത്താൻ ലോകയാത്ര ശക്രനിൽ ജീവിമട്ടിലേ. 7
അഭിചാരോപായവഴി[5]യുംകൊണ്ടും ചുട്ടെരിക്കുമേ
നിശ്ശേഷമാക്കും കുപിതരുഗ്രർ സത്യപരാക്രമർ. 8
അവർക്കന്തം കാണ്മതില്ലാ തടവായ്ട്ടീർക്കുമൊന്നുമേ
കോപിച്ചാലവർ നോക്കീടും കാട്ടിൽത്തീജ്ജ്വാല പോലവേ. 9
സാഹസക്കാർക്കിണ്ടു പേടിയവർക്കു ഗുണമേറെയാം
പുൽ മൂടീടും കിണർപടി ശുദ്ധവ്യോമാഭർ മററുപേർ. 10
ചിലർത്രുക്കാൽച്ചെയ്യുമവർ പഞ്ഞിമാർദ്ദവർ മററുപേർ
ഏററം ശഠരുമുണ്ടിങ്ങു വേറേ ചിലർ തപസ്വികൾ. 11
കൃഷിഗോരക്ഷകർ ചിലർ മററുപേർ ഭൈക്ഷ്യവൃത്തികൾ
ചിലർ കള്ളർ പൊളിക്കാരും നടനർത്തകരും ചിലർ. 12
മററുപേരെന്തിനുംപോന്നോർ മന്നോരിൽ പരരിങ്കലും
വിവിധാകാരമുടയോർ വിപ്രന്മാർ ഭരതർഷഭ! 13
പല കർമ്മാന്തരക്തന്മാർ പല കർമ്മോപജീവികൾ
ധർമ്മജ്ഞർ സത്തരവരിൽ നിത്യം ചെയ്യുക കീർത്തനം. 14

---

1 ശ്രുതവാൻകൾ—ശ്രുതവാന്മാർ എന്നാണു് ശരിക്കു വേണ്ടതു്. വേദം അഭ്യസിച്ചവർ എന്നർത്ഥം. 2 ഭോഗദാനം=സുഖാനുഭവത്തിനുള്ള പദാർത്ഥങ്ങളുടെ ദാനം. 3 നതി=നമസ്കാരം. 4 നമസ്കാര്യർ=നമസ്കരിക്കത്തക്കവർ. 5 അഭിചാരോപായവഴി=മന്ത്രജപം മുതലായതുകൊണ്ടു്.

പിതൃദേവാഹിമനുജരാക്ഷസന്മാൎക്കു മുന്നമേ
പൂജ്യന്മാരീ മഹാഭാഗന്മാരാം ബ്രാഹ്മണർ മന്നവ! 15
ദേവകൾക്കും പിതൃക്കൾക്കും ഗന്ധർവ്വൎക്കാശരൎക്കുമേ
അസുരൎക്കും പിശാചൎക്കും ദ്വിജാതികളജയ്യരാം. 16
അദൈവമാക്കും ദൈവത്തെദ്ദൈവമാക്കുമദൈവതം
ഇച്ഛിച്ചാളെബ്ഭ്രൂപനാക്കും തോല്പിച്ചീടുമനിഷ്ടനെ. 17
ബ്രാഹ്മണൎക്കു പരീവാദം[1] ചെയ്യുന്നതേവരബുദ്ധികൾ
സത്യം ചൊല്ലുന്നു രാജാവേ, നശിക്കുമവർ നിശ്ചയം. 18
നിന്ദാപ്രശംസാദക്ഷന്മാർ[2] കീൎത്ത്യകീൎത്തിപരായണർ
കോപിക്കുമെന്നും രാജാവേ, ദ്വേഷിച്ചവരിലാ ദ്വിജർ. 19
ബ്രാഹ്മണന്മാർ പുകഴ്ത്തുന്ന പുരുഷന്നു പുലർച്ചയാം
ബ്രാഹ്മണന്മാർ താഴ്ത്തിവിട്ടോൻ ക്ഷണത്തിൽത്തോററുപോമവൻ.
ശകകാംബോജയവനരവരും ക്ഷത്രജാതികൾ
ബ്രാഹ്മണന്മാർ നോക്കിടാഞ്ഞു വൃഷലത്വമിയന്നതാം. 21
ദ്രാവിഡന്മാർ കലിംഗന്മാർ കുളിന്ദന്മാരുശീനരർ
കോളിസൎപ്പന്മാർ മഹീഷരവരും ക്ഷത്രജാതികൾ 22
ബ്രാഹ്മണന്മാർ നോക്കിടാഞ്ഞു വൃഷലത്വമിയന്നതാം.
അവരിൽത്തോല്വയാം മെച്ചം ജയമല്ലാ ജയിപ്രഭോ! 23
സൎവ്വഘാതി[3]യൊരാൾ വിപ്രഘാതിയും തുല്യനായ്വരാ.
ബ്രഹ്മഹത്യ മഹാദോഷമെന്നോതുന്നു മഹൎഷികൾ 24
ദ്വിജന്മാരിൽ പരീവാദം കേട്ടുപോകൊല്ലൊരിക്കലും;
മിണ്ടാതെ തല താഴ്ത്തിക്കൊൾകല്ലെന്നാലേററു പോവുക. 25
പിറന്നോനും പിറപ്പോനുമില്ലാ മന്നിലൊരുത്തനും
ബ്രാഹ്മണദ്വേഷമാൎന്നിട്ടു സുഖം ജീവിച്ചിരിപ്പവൻ. 26
പിടിക്കടങ്ങിടാ കാററു, പററില്ലാ ചന്ദ്രനെത്തൊടാൻ,
താങ്ങാവല്ലാ ഭൂമി, ഭൂപ, ഭുവിൽ ഭൂസുരർ ദുർജ്ജയർ. 27

34. പൃഥിവീവാസുദേവസംവാദം

ബ്രാഹ്മണപ്രശംസ (തുടൎച്ച). കൃഷ്ണനും ഭൂമിയും തമ്മിൽ നടന്ന ഒരു ചോദ്യോത്തരകഥയുദ്ധരിച്ച് ക്ഷത്രിയൎക്കു ബ്രാഹ്മണർ പരമപൂജനീയരാണെന്നു ഭീഷ്മർ സ്ഥാപിക്കുന്നു.

ഭീഷ്മർ പറഞ്ഞു

എന്നും ബ്രാഹ്മണരെത്തന്നെയേററവും പൂജചെയ്യണം
സോമരാജാക്കൾ സുഖദുഃഖേശ്വരന്മാർകളാണവർ. 1

---

1 പരീവാദം = നിന്ദ. 2 നിന്ദാപ്രശംസാദക്ഷന്മാർ = നിന്ദിക്കാനും പ്രശംസിക്കാനും സാമൎത്ഥ്യമുള്ളവർ. 3 സൎവ്വഘാതി = സൎവ്വത്തിനേയും കൊല്ലുന്നവൻ.

ഇവരെബ്ഭോഗങ്ങളലങ്കാരം മററിച്ഛയെന്തതും
നതിയും ചെയ്തു പൂജിച്ചു നൃപൻ കാക്ക പിതൃപ്പടി. 2
ഭൂതങ്ങൾക്കിന്ദ്രനാൽപ്പോലെയതിനാൽ ശാന്തി നാട്ടിനാം
ജനിക്ക ബ്രഹ്മവർച്ചസ്വി[1] രാഷ്ട്രത്തിൽ ബ്രാഹ്മണൻ ശുചി. 3
മഹാരഥൻ മന്നവനും പ്രാർത്ഥ്യനാണരിതാപനൻ
എന്നെന്നോടെന്നുമേവർക്കും ശ്രേയസ്സിന്നോതി നാരദൻ. 4
ജാതിയൊക്കും ബ്രാഹ്മണനെദ്ധർമ്മവിത്താം വ്രതസ്ഥനെ
രാജൻ, ഗൃഹത്തിൽ പാർപ്പിക്കുകതിന്മേ[2]ലില്ലൊരെണ്ണവും. 5
ഹവിസ്സു വിപ്രർക്കേകീടിലേററുവാങ്ങുന്നു ദേവകൾ
പിതൃക്കളും, സർവ്വഭൂതങ്ങൾക്കില്ലിവരിൽ മേലൊരാൾ. 6
അർക്കൻ ചന്ദ്രൻ വായു വെള്ളം ഭൂമിയാകാശദിക്കുകൾ
എല്ലാം വിപ്രനിലുൾപ്പുക്കു നിത്യമന്നം ഭുജിക്കുമേ. 7
വിപ്രനുണ്ണാത്തുള്ളവൻെറയന്നമുണ്ണാ പിതൃക്കളും
ബ്രാഹ്മണദ്വേഷി ദുഷ്ടൻെറയന്നം വാനോരുമുണ്ടിടാ. 8
വിപ്രർ തോഷിക്കിലെപ്പോഴും പ്രീതരാകും പിതൃക്കളും
ഏവം ദേവകളും രാജൻ, വിചാരിക്കേണ്ടതില്ലിതിൽ. 9
ആ ഹവിസ്സുള്ളവരവർവ്വണ്ണും പ്രീതരായ്തുരും
പരത്തിങ്കൽ നശിക്കില്ലാ പരസൽഗതിപോമവർ. 10
ഏതേതൊരു ഹവിസ്സാലേ തർപ്പിപ്പൂ വിപ്രനേ നരൻ
അതാതിനാൽ പ്രീതരാകും ദേവന്മാരും പിതൃക്കളും. 11
വിപ്രങ്കൽനിന്നിട്ടാബ്ഭൂതം പ്രഭവിപ്പൂ പ്രജോത്ഭവം
ഇതേതിൽനിന്നിട്ടുണ്ടാകും മരിച്ചാലേതിലെത്തിടും? 12
ഇവനാ മാർഗ്ഗമറിയും സ്വർഗ്ഗത്തിൽ നരകത്തിലും
ആഗതാനാഗതം രണ്ടും ബ്രാഹ്മണൻ ദ്വിപദോത്തമൻ[3]. 13
ബ്രാഹ്മണൻ ഭരതശ്രേഷ്ഠ, സ്വധർമ്മമറിയുന്നവൻ
ഇവനെപ്പിൻതുടർന്നോരും തോററുപോകുകയില്ലെടോ. 14
നശിക്കാ പരലോകത്തിൽ തോററുപോകുകയില്ലവർ
ബ്രാഹ്മണൻെറ മുഖത്തിങ്കൽനിന്നേലും വാക്കു കേൾപ്പവർ. 15
ഭൂതാത്മാക്കൾ മഹാത്മാക്കൾ തോററുപോകുകയില്ലവർ.
തേജസ്സാലും ബലത്താലും തപിക്കും ക്ഷത്രിയർക്കിഹ 16
അടങ്ങുന്നൂ വിപ്രരിലാത്തേജസ്സുകൾ ബലങ്ങളും.
ഭൃഗുക്കൾ താലജംഘരെ നമംഗിരസ്സുകൾ നീപരെ 17
ഭരദ്വാജൻ വീതഹവ്യൈളരെത്തോല്പിച്ചു ഭാരത!
ചിത്രായുധന്മാരെ വെന്നിതിവർ കൃഷ്ണാജിനദ്ധ്വജർ. 18

1 ബ്രഹ്മവർച്ചസ്വി — ആചാരശുദ്ധികൊണ്ടും വേദാദ്ധ്യയനംകൊണ്ടും സിദ്ധിക്കുന്ന തേജസ്സോടുകൂടിയവൻ. 2 അതിന്മേൽ = അതിനേക്കാൾ ശ്രേഷ്ഠമായി. 3 ദ്വിപദോത്തമൻ = മനുഷ്യരിൽ—അഥവാ ഇരുകാലികളിൽ—വെച്ചു ശ്രേഷ്ഠൻ.

ഭാസ്വി[1]ക്കു ഭൂമി നല്കീട്ടും ചെയ്യേണം പാരലൗകികം[2]
എന്തെല്ലാം ചൊൽവതും കേൾക്കുന്നതുമുണ്ടു പഠിപ്പതും 19
അതെല്ലാം വിപ്രരിൽ ശുദ്ധം തീ ദാരുവിലെഴുംപടി.

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
വാസുദേവന്റെ സംവാദം ഭൂമിയായ് ഭരതൎഷഭ! 20

വാസുദേവൻ പറഞ്ഞു

സൎവ്വകൎമ്മമ്മ നിന്നോടു കേൾപ്പേനീ സംശയം ശുഭേ!
എന്തു കൎമ്മംകൊണ്ടു പാപം പോക്കും ഗൃഹമെഴും നരൻ?[3] 21

പൃഥിവി പറഞ്ഞു

വിപ്രരെത്തന്നെ സേവിക്ക പവിത്രമിതനുത്തമം
വിപ്രസേവകനായോന്റെ രജസ്സൊക്ക നശിച്ചിടും. 22

അതിൽ ഭൂതി[4]യതിൽ കീൎത്തിയതിൽ ബുദ്ധിയുമൊത്തിടും
മഹാരഥൻ ക്ഷത്രിയനും പ്രാൎത്ഥ്യനാം ശത്രുതാപനൻ. 23

എന്നെന്നോടെന്നുമേവക്കും ശ്രേയസ്സിന്നോതി നാരദൻ.
ജാതിയൊക്കും ബ്രാഹ്മണനെദ്ധൎമ്മം കാണും വ്രതസ്ഥനെ 24
അപരക്കും പരന്മാൎക്കും പരാപരജനത്തിനും.
വിപ്രരാരെപ്പുകഴ്ത്തുന്നിതാ മനുഷ്യൻ പുലൎന്നിടും 25
വിപ്രരേ നിന്ദചെയ്യുന്നോൻ താമസിക്കാതെ തോററുപോം.
കടലിൽപ്പോട്ട കരിയാൽത്തോണ്ടും മണ്ണലിയുംപടി 26
അവ്വണ്ണം പാതകം സൎവ്വം നശിപ്പിപ്പതിനായ്വരും.
കാണ്ക തിങ്കൾക്കീക്കളങ്കം കടലിന്നുപ്പുവെള്ളമാം 27
ഏവം ഭഗസഹസ്രത്താലിന്ദ്രൻ ചിഹ്നിതനായിനാൻ.
അവക്കെഴും പ്രഭാവത്താൽ സഹസ്രാക്ഷനുമായിനാൻ 28
ഈശ്ശതക്രതു കണ്ടാലുമെന്തുമട്ടെന്നു മാധവ!
ഇച്ഛിക്കുകിൽക്കീൎത്തി ഭൂതി ലോകങ്ങളിവ മാധവ! 29
വിപ്രാനുവാദേ നില്ക്കേണം പൂരുഷൻ ശുചിയാത്മവാൻ.

ഭീഷ്മൻ പറഞ്ഞു

എന്നീ ഭൂമി പറഞ്ഞോരു ചൊൽ കേട്ടു മധുസൂദനൻ 30
നന്നു നന്നെന്നു കൗരവ്യ, ബഹുമാനിച്ചു ഭൂമിയെ.

ഈ ദൃഷ്ടാന്തം കേട്ടു പാൎത്ഥ, പ്രയതൻ ബ്രാഹ്മണേന്ദ്രരെ
എപ്പോഴും നീ പൂജചെയ്യുകെന്നാൽ ശ്രേയസ്സു നേടിടും. 31

---

1 ഭാസ്വി = തേജസ്വിയായ ബ്രാഹ്മണൻ. 2 പാരലൗകികം = പരലോകത്തിനു ഹിതമായ കൎമ്മം; പിതൃക്രിയ. 3 ഗൃഹമെഴും നരൻ = ഗൃഹസ്ഥാശ്രമിയായ മനുഷ്യൻ. 4 ഭൂതി = ഐശ്വൎയ്യം.

35. ബ്രാഹ്മണപ്രശംസ

ബ്രാഹ്മണപ്രശംസ (തുടച്ച്). സ്വകമ്മാനുഷ്ഠാനത്തിൽ നിഷ്ഠയുള്ള ബ്രാഹ്മണർ നിഗ്രഹാനുഗ്രഹശക്തിയുള്ളവരാണെന്നും അങ്ങനെയുള്ളവരെ ദ്രോഹിക്കാതെ സൂക്ഷിക്കേണ്ടതാണെന്നും ഭീഷ്മർ പറയുന്നു.

ഭീഷ്മൻ പറഞ്ഞു

ജന്മത്താൽത്താൻ മഹാഭാഗൻ വിപ്രനായിപ്പിറന്നിടും
ഏവക്കും നമ്യ[1]നതിഥി പ്രസൃതാന്നാഗ്രഭോജനൻ[2]. 1
ഉണ്ണീ, മററും നല്ലവരേ[3] വാനോക്കു മുഖമാം ദ്വിജർ
അനുഗ്രഹിക്കും പൂജിച്ചാൽ മംഗളോക്തികളാലവർ. 2
ദ്വേഷിക്കും നമ്മെയൊക്കേയുമുണ്ണീ, കോപത്തൊടന്തണർ
പൂജിക്കാത്തോർ നിഗ്രഹിക്കും ദാരുണോക്തികളാലഹോ! 3
ഉണ്ടു മുൻ ഗാഥകളിതിൽച്ചൊല്ലുന്നു പൂവ്വവേദികൾ[4]
ധാതാവു വിപ്രരേ സൃഷ്ടിച്ചാദ്യം കല്പിച്ചമാതിരി. 4
മററൊന്നും വേണ്ടതില്ലങ്ങു മേലാലേക്കു യഥാവിധി
ഗുപ്തൻ ഗോപിച്ചിടും വിപ്രൻ നിങ്ങൾക്കായതിൽ നന്മയാം. 5
സ്വകമ്മം ചെയ്കിൽ നിങ്ങൾക്കോ ബ്രാഹ്മിയാം ശ്രീ ഭവിച്ചിടും
പ്രമാണമാകുമേവക്കും പ്രഗ്രഹ[5]ന്മാരുമാസ്സുരും. 6
ശൂദ്രകമ്മം ചെയ്കിടൊല്ലാ ബ്രാഹ്മണൻ പണ്ഡിതോത്തമൻ
ശൂദ്രകമ്മം ചെയ്യുവനു ധമ്മത്തിന്നു തടസ്സമാം. 7
ശ്രീ ബുദ്ധി തേജസ്സെന്നല്ല പ്രതാപാഢ്യവിഭൂതിയും
സ്വാദ്ധ്യായത്തിങ്കൽ വിപുല മാഹാത്മ്യവുമിയന്നിടും. 8
ഹോമിച്ചാഹവനീയ[6]ത്തിൽ മഹാഭാഗ്യപ്രതിഷ്ഠിതർ
മുൻപൂട്ടേണ്ടോർ കിടാങ്ങൾക്കും[7] ബ്രഹ്മശ്രീ കലരുന്നവർ 9
പരമശ്രദ്ധയുള്ളോർകളഭിദ്രോഹാപ്തിയെന്നിയേ[8]
ദമസ്വാദ്ധ്യായനിരതർ സവ്വകാമങ്ങളേല്ക്കുമേ. 10
മനുഷ്യലോകത്തുള്ളെന്തും ദേവലോകത്തിലുള്ളതും
ജ്ഞാനം തപസ്സു നിയമമിവയാൽ സാദ്ധ്യമൊക്കയും. 11
എന്നേവം ബ്രഹ്മഗീതങ്ങൾ നിന്നോടനഘ, ചൊല്ലിനേൻ
വിപ്രന്മാക്കനുകമ്പക്കായാദ്ധീമാൻ ചൊല്ലിവെച്ചതാം. 12
പെരുത്തവക്കുള്ള ബലം നൃപന്നൊക്കും തപസ്വികൾ

---

1 നമ്യൻ=നമസ്കരിക്കത്തക്കവൻ. 2 പ്രസൃതാന്നാഗ്രഭോജനൻ=ശരിയായി പാകം ചെയ്ത ആഹാരം ആദ്യം ഭക്ഷിക്കുന്നവൻ. 3 നല്ലവരേ=നല്ലവർതന്നെയാണ്. 4 പൂവ്വവേദികൾ=പുരാവൃത്തം അറിയാവുന്നവർ. 5 പ്രഗ്രഹന്മാർ=നിയന്ത്രിക്കാൻ ശക്തിയുള്ളവർ (പ്രഗ്രഹം=കടിഞ്ഞാൺ). 6 ആഹവനീയം=മൂന്നുതരം അഗ്നികളിൽ ഒന്ന് (ഗാർഹപത്യം, ആഹവനീയം, ദക്ഷിണം എന്നിങ്ങനെ യാഗാഗ്നികൾ മൂന്നു വിധമുണ്ടെന്നു വേദവിധി). 7 മുൻപൂട്ടേണ്ടോർ കിടാങ്ങൾക്കും=കുട്ടികൾക്കും മുൻപ് ഊണു കഴിപ്പിക്കേണ്ടവർ. 8 അഭിദ്രോഹാപ്തിയെന്നിയേ=മററുള്ളവരിൽനിന്നു യാതൊരു ഉപദ്രവവും ഏല്ക്കാതെ.

ദുരാസദന്മാർ ചണ്ഡന്മാരുക്കളള്ളോർ ക്ഷിപ്രകാരികരം. 13
ഇവരിൽ സിംഹസത്വന്മാർ മററുപേർ വ്യാഘ്രസത്വരാം
വരാഹമൃഗസത്വന്മാർ ജലസത്വരുമാം ചിലർ. 14
സർപ്പസ്പർശോപമർ പിലർ മകരസ്പൃശ്ർ മററുപേർ
ചൊല്ലികൊല്ലുന്നവർ ചിലർ നോക്കിക്കൊൽവവർ മററുപേർ.
ആശീവിഷോപമർ ചിലർ മന്ദന്മാരുണ്ടു മററുപേർ
പലമട്ടാം ബ്രാഹ്മണർക്കു വൃത്തമെത്ര യുധിഷ്ഠിര! 16
പൗണ്ഡ്രർ കാണ്ഡ്വസിരാഖ്യന്മാർ ലാടദ്രാവിഡമേകളർ
ചോരന്മാർ ദർവ്വർ ദരദർ ശൗണ്ഡീശബരബർബ്ബരർ 17
കിരാതയവനന്മാരും ക്ഷത്രജാതികളാമവർ
ബ്രഹ്മണാമർഷണംമൂലം വൃഷലത്വത്തെ നേടിനാർ. 18
അസുരന്മാർ ജലത്തിങ്കൽപ്പാർപ്പൂ ബ്രാഹ്മണനിന്ദയാൽ
വിപ്രപ്രസാദാൽ സ്വർഗ്ഗത്തിൽ പാർത്തുപോരുന്നു ദേവകരം. 19
പററാ വ്യോമം തൊട്ടിടുവാൻ ഹിമവാനെയിളക്കുവാൻ
ചിറയാൽ ഗംഗ നില്ക്കില്ലാ മന്നിൽ ബ്രാഹ്മണർ ദുർജ്ജയർ. 20
പററാ വിപ്രവിരോധത്താൽ പാർത്തടം കാത്തുകൊള്ളുവാൻ
ദേവകരംക്കും ദേവതകരം മഹാത്മാക്കരം മഹീസുരർ. 21
നിത്യം പൂജിക്കുകരംരെദ്ദാനത്താൽ പരിചര്യയാൽ
ആഴി ചൂഴുമൊരീയൂഴി വാഴുവാനാഗ്രഹിക്കിൽ നീ. 22
പ്രതിഗ്രഹ[1]ത്താൽത്തേജസ്സു ശമിക്കും ബ്രാഹ്മണർക്കിഹ
പ്രതിഗ്രഹേച്ഛയറേറാരിൽനിന്നു രക്ഷിക്ക മന്നവ[2]! 23

36. ശക്രശംബരസംവാദം

ബ്രാഹ്മണപ്രശംസ (തുടർച്ച). ശക്രനും ശംബരനും തമ്മിലുണ്ടായ സംവാദത്തെ ഉദാഹരിച്ച് ഭീഷ്മർ ബ്രാഹ്മണപ്രശംസ തുടരുന്നു.

ഭീഷ്മൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
ശക്രശംബരസംവാദമതു കേരംക്ക യുധിഷ്ഠിര! 1
ശക്രനജ്ഞാതവേഷത്താൽ ജടിയായ് പൊടിയേററുമേ
വിരൂപത്തേരാണ്ടു ചോദ്യം ചെയ്തു ശംബരനോടുടൻ. 2

ശക്രൻ പറഞ്ഞു

എന്തു വൃത്താൽ ശംബര, നീ തൻജാതിക്കാർക്കു മേലെയായ്
നീ ശ്രേഷ്ഠനെന്നോർപ്പതെന്തുകൊണ്ടതോതുക തത്ത്വമായ്. 3

---

1 പ്രതിഗ്രഹം=ദാനസ്വീകാരം. 2 ദാനം സ്വീകരിക്കാത്ത ബ്രാഹ്മണർക്ക് തേജസ്സും നിഗ്രഹാനുഗ്രഹശക്തിയും കൂടുമെന്നുള്ളതിനാൽ അവരുടെ കോപത്തിനിരയാകാതെ തന്നെയും വംശത്തെയും രക്ഷിക്കേണ്ടതാണെന്നാണു വിവക്ഷ.

ശംബരൻ പറഞ്ഞു

വിപ്രന്മാരിലസൂയിക്കാ ബ്രാഹ്മം മതമെനിക്കിഹ
ശാസ്ത്രം ചൊല്ലും ബ്രാഹ്മണരെ മാനിപ്പേൻ ഞാൻ യഥാസുഖം. 4
കേട്ടിട്ടു നിന്ദിക്കില്ലാ ഞാൻ കുററം ചെയ്യില്ലൊരിക്കലും
പൂജിച്ചു നേരേ ചോദിപ്പേൻ ധീമാന്മാർകാൽ പിടിക്കുവേൻ. 5
അവർ വിശ്വസ്തരായ് ചൊല്ലും നിത്യം ചോദിക്കുമെന്നൊടായ്
പ്രമത്തക്ക്പ്രമത്തൻ ഞാൻ സുപ്തക്കുണർവ്വിൽ നില്ക്കുവേൻ. 6
അവർ ശാസ്ത്രത്തിലാണ്ടെന്നെ ബ്രഹ്മണ്യനനസൂയവെ
സത്തൊഴുക്കുന്നു[1] ശാസ്താക്കൾ[2] കോൽത്തേനീച്ചകൾ പോലവേ.
സന്തുഷ്ടരവരെന്തോതും ഗ്രഹിപ്പേനതു മേധയാൽ
സമാധിനിത്യ[3]മാത്മാവിന്നനുലോമ[4]മശങ്കിതം. 8
ആ ഞാൻ വാഗഗ്രമൃഷ്ടങ്ങൾ[5] രസങ്ങളറിയുന്നവൻ
സ്വജാതിക്കാർക്കു മേൽനില്പേൻ താരകൾക്കിന്ദു പോലവേ. 9
ഇതാണു മന്നിലമൃതമിതല്ലോ നേത്രമുത്തമം
ശാസ്ത്രം വിപ്രമുഖത്തിങ്കൽനിന്നു കേട്ടു നടക്കതാൻ. 10
ഈക്കാരണം പണ്ടറിഞ്ഞുകണ്ടു ദേവാസുരം രണം
എന്നച്ഛൻ ഹൃഷ്ടനായിട്ടു വിസ്മയപ്പെട്ടിതേററവും. 11
മഹാന്മാരാം വിപ്രരുടെ മഹിമാവങ്ങു കണ്ടതിൽ
ചോദിച്ചിതിവരെന്തേവം സിദ്ധരെന്നിന്ദുവോടുതാൻ. 12

സോമൻ പറഞ്ഞു

വിപ്രരെല്ലാം തപസ്സാലെ സിദ്ധർ വാക്ബലരെപ്പൊഴും
കൈയൂക്കുള്ളവർ മന്നോർകൾ വാഗസ്ത്രന്മാർ ദ്വിജാതികൾ. 13
പ്രണവാദ്ധ്യയനംചെയ്യു ബ്രാഹ്മി ദുഃസ്ഥിതിയേററവൻ
നിർമ്മന്യനിർവ്വാണനായോൻ യതിയാം സമദർശനൻ. 14
എന്നല്ലാ ജ്ഞാനിയായ് വേദമൊക്കയും പിതൃമന്ദിരേ
കൊണ്ടാടിത്താൻ പഠിച്ചീടിൽ ഗ്രാമ്യ[6]നായ്ത്തീരുമായവൻ. 15
മിഴുങ്ങുമിവരെബ്ഭൂമിയെലിയെപ്പാമ്പു പോലവേ
പൊരുതാബ്ഭൂപനെയുമപ്രവാസി[7]ദ്വിജനേയുമേ. 16
അഭിമാനം ശ്രീ കെടുക്കുമല്പധീയാം പുമാനിഹ
ദുഷിപ്പു കന്യ ഗർഭത്താൽ ഗൃഹവാസത്തിനാൽ ദ്വിജൻ. 17
അത്ഭുതാകാരേന്ദുവിൽനിന്നെന്നച്ഛനിതു കേട്ടുടൻ
മഹാവ്രതി ബ്രാഹ്മണരെപ്പൂജിച്ചു ഞാനുമങ്ങനെ. 18

---

1 യഥാകാലം നല്ല കാര്യങ്ങൾ വേണ്ടപോലെ ഉപദേശിക്കുന്നു എന്നർത്ഥം. 2 ശാസ്താക്കൾ = ശാസിക്കുന്നവർ. 3 സമാധിനിത്യം = എന്നും സമാധിയിൽ ലയിച്ചു. 4 അനുലോമം = അനുകൂലം. 5 വാഗഗ്രമൃഷ്ടങ്ങൾ = ജിഹ്വാഗ്രത്തിൽ പററിയവ. 6 ഗ്രാമ്യൻ = അപരിഷ്കൃതൻ; നിന്ദ്യൻ. (വേദപാഠം ഗുരുഗൃഹത്തിൽചെന്നുതന്നെ നടത്തേണ്ടതാണെന്നു സാരം.) 7 അപ്രവാസി = സ്വദേശം വിടാത്ത.

ഭീഷ്മൻ പറഞ്ഞു

ദാനവേന്ദ്രാസ്യഗളിതമീ വാക്യം കേട്ട വാസവൻ
പൂജിച്ചു വിപ്രരെപ്പിന്നെ നേടിനാനിന്ദ്രപട്ടവും. 19

37. പാത്രപരീക്ഷ

എങ്ങനെയുള്ള മനുഷ്യരാണ് സൽക്കാരത്തിനും സ്വീകാരത്തിനും പാത്രമായിട്ടുള്ളതെന്ന ചോദ്യത്തിനു ഭീഷ്മരുടെ സമാധാനം.

യുധിഷ്ഠിരൻ പറഞ്ഞു

അപൂവ്വനോ പാത്ര,മൊപ്പമേറെ നാരം വാണൊരുത്തനോ
ദൂരത്തിൽനിന്നു വന്നോനോ പാത്രമെന്തു പിതാമഹ! 1

ഭീഷ്മൻ പറഞ്ഞു

ക്രിയയുണ്ടാം ചിലക്കെന്നാൽ ശുദ്ധമാം വ്രതമുത്തമം
ആരാരെന്തെന്തു യാചിക്കുമതെല്ലാം നല്ലമെന്നുതാൻ 2

ഭൃത്യക്കു പീഡ പററാതെയെന്നേവം കേട്ടിരിപ്പു ഞാൻ;
ഭൃത്യക്കു പീഡ പററിക്കിലേല്ക്കമാത്മാപകഷ്ണം. 3

അപൂവ്വൻ പാത്രമാമൊപ്പമേറെ നാരം വാണൊരുത്തനും
ദൂരത്തിൽനിന്നു വന്നോനും പാത്രമെന്നറിവൂ ബുധർ. 4

യുധിഷ്ഠിരൻ പറഞ്ഞു

ഭൃത്യൗഘപീഡക്കുടാതെ ധമ്മഹിംസ പെടാതെയും
തത്ത്വത്താൽ പാത്രമറിയുകാക്കേകീടിൽ തപിച്ചിടാ? 5

ഭീഷ്മൻ പറഞ്ഞു

ഋത്വിക്പുരോഹിതാചാര്യർ ശിഷ്യസംബന്ധിബാന്ധവർ
ഏവരും പൂജ്യർ മാന്യന്മാർ ശ്രുതജ്ഞരനസൂയകർ. 6

ഇമ്മട്ടല്ലാത്തോർകളെല്ലാം സൽക്രിയയ്ക്കഹ്രരാശ്ശരാ
എന്നാൽ നിത്യം പരീക്ഷിക്ക പുമാന്മാരെച്ചുഴിഞ്ഞുതാൻ. 7

ചൊടിച്ചീടായ്ക നേരോതുകഹിംസ ദമമാജ്ജവം
ദ്രോഹിക്കായ്ക മദിക്കായ്ക ഹ്രീ തിതിക്ഷ ശമം ദമം 8

ഇവയാരിൽക്കണ്ടിടുന്നുണ്ടിങ്ങകാര്യങ്ങരാ ഭാരത!
സ്വഭാവാലൊഴിവായിട്ടമാപ്പാത്രം മാനനാഹ്മാം. 9

ഏറെപ്പാത്തവനായാലുമപ്പോരാ പാത്തവനാകിലും
അപൂവ്വൻ പൂവ്വനായാലുമാപ്പാത്രം മാനനാഹ്മാം. 10

അപ്രാമാണ്യം ശ്രുതികളിൽ[1] ശാസ്ത്രങ്ങളിൽ വിലംഘനം[2]
അവ്യവസ്ഥയുമെല്ലാടമിതാണാത്മവിനാശനം. 11

പാണ്ഡിത്യത്തള്ളലോടേതു വിപ്രനോ വേദനിന്ദകൻ

---

1 അപ്രാമാണ്യം ശ്രുതികളിൽ = വേദവിധികളെ പ്രമാണമാക്കാതിരിക്ക.

2 ശാസ്ത്രങ്ങളിൽ വിലംഘനം=ശാസ്ത്രവിധികളെ ലംഘിക്കുക.

പാഴാമന്വീക്ഷികീ[1]തർക്കവിദ്യയിൽ ക്കൂറുകൊണ്ടവൻ 12
ദുസ്തർക്കത്താൽ സജ്ജനത്തെജ്ജയിക്കും പടു[2] താർക്കികൻ
ആക്രോഷ്ടാ[3]വതിവക്താവു വിപ്രന്മാരിൽ സദാപ്പൊഴും 13
സർവ്വാഭിശങ്കിയാം മൂഢൻ ബാലൻ കടുകഭാഷിയും
അറിഞ്ഞാലും താത, നരശ്വാ[4]വാണമ്മട്ടിലുള്ളവൻ. 14
ശ്വാവെവ്വണ്ണം കുരപ്പാനും ഹനിപ്പാനുമതേവിധം
ഏവർക്കും സംഭാഷണത്തിന്നും സർവ്വശാസ്ത്രവധത്തിനും. 15
നോക്കീടേണം ലോകയാത്ര ധർമ്മമാത്മഹിതങ്ങളും
ഇമ്മട്ടു നിന്നിടും മർത്ത്യനേറെയാണ്ടേക്കു വാച്ചിടും. 16
കടം വീട്ടിദ്ദേവകൾക്കുമൃഷികൾക്കുമതേവിധം
പിതൃക്കൾക്കും ബ്രാഹ്മണർക്കും പാന്ഥർക്കഞ്ചാമതങ്ങനെ 17
മുറയ്ക്കു ശുദ്ധമായ് നന്നായ് നടത്തീടും ക്രിയാവശാൽ
ഏവം ഗൃഹസ്ഥൻ കർമ്മങ്ങൾ ചെയ്കിൽ ധർമ്മം ക്ഷയിച്ചിടാ. 18

38. പഞ്ചചൂഡാനാരദസംവാദം

നാരദനും പഞ്ചചൂഡ എന്ന അപ്സരസ്ത്രീയും തമ്മിലുണ്ടായ സംവാദത്തെ ഉദ്ധരിച്ച് ഭീഷ്മർ സ്ത്രീകളുടെ സ്വഭാവചാപല്യത്തെ വിവരിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

സ്ത്രീസ്വഭാവം കേൾക്കുവാനുണ്ടാഗ്രഹം ഭരതോത്തമ!
സ്ത്രീകൾ ദോഷങ്ങൾക്കു മൂലം ലഘുചിത്തകൾ[5]പോലവർ. 1

ഭീഷ്മർ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
നാരദന്നുള്ള സംവാദം പുംശ്ചലീ പഞ്ചചൂഡയായ്. 2
ലോകമൊക്കെസ്സഞ്ചരിപ്പോൻ മുന്നം ദേവർഷി നാരദൻ
ബ്രാഹ്മ്യപ്സരസ്സി[6]നെക്കണ്ടു മാന്യയാം പഞ്ചചൂഡയെ. 3
ചാരുസർവ്വാംഗിയവളെക്കണ്ടു ചോദിച്ചു മാമുനി
എനിക്കുണ്ടൊരു സന്ദേഹമതു ചൊല്ലു സുമദ്ധ്യമേ! 4

ഭീഷ്മർ പറഞ്ഞു

എന്നു കേട്ടവളാ വിപ്രനാരദർഷിയൊടോതിനാൾ
ചൊൽവേൻ വിഷയ[7]മുണ്ടെങ്കിൽ പോന്നോരു ഞാനെന്നു—

നാരദൻ പറഞ്ഞു [കാണ്മു നീ. 5

ഭദ്രേ, നിനക്കവിഷയമേല്പിക്കാ ഞാനൊരിക്കലും

---

1 ആന്വീക്ഷികി=യുക്തിയേയും പ്രത്യക്ഷത്തേയും മാത്രം പ്രമാണമായി സ്വീകരിക്കുന്ന സമ്പ്രദായം. 2 പടു=സമർത്ഥൻ. 3 ആക്രോഷ്ടാവ്=ഉറക്കെസ്സംസാരിക്കുന്നവൻ. 4 നരശ്വാവ്=മനുഷ്യരൂപത്തിലുള്ള പട്ടി. 5 ലഘുചിത്തകൾ=ചഞ്ചലസ്വഭാവകൾ. 6 ബ്രാഹ്മ്യപ്സരസ്സ്=ബ്രഹ്മലോകത്തിലെ അപ്സരസ്സ്. 7 വിഷയം=സംസാരിക്കാൻ പററിയ കാര്യം.

നീ ചൊല്ലി സ്ത്രീസ്വഭാവത്തെക്കേൾപ്പാൻ മോഹം വരാനനേ! 6

ഭീഷ്മൻ പറഞ്ഞു

എന്നാദ്ദേവർഷി ചൊല്ലിക്കേട്ടപ്സരസ്ത്രീകുലോത്തമ!
ചൊന്നാൾ: ''പെണ്ണായ ഞാൻ പെണ്ണുങ്ങളെ നിന്ദിക്ക ദുർഘടം
സ്വഭാവമെന്തെന്നുമട്ടാ സ്ത്രീകളെന്നറിയും ഭവാൻ;
ഈവകക്കാര്യമെന്നോടു ദേവർഷേ, ചോദിയായ്ക്ക നീ.'' 8
അവളോടോതി ദേവർഷി: ''സത്യം ചൊല്ലു സുമദ്ധ്യമേ!
ഭോഷ്ക്കു ചൊന്നാൽ ദോഷമുണ്ടാം സത്യത്തിൽദ്ദോഷമില്ലെടോ.''
എന്നു കേട്ടിട്ടുള്ളുറച്ചു ചാരുഹാസിനിയാമവൾ
സ്ത്രീദോഷം ശാശ്വതം സത്യം മുറ്റുമോതാൻ തുടങ്ങിനാൾ. 10

പഞ്ചചൂഡ പറഞ്ഞു

കുലീനമാർ സുന്ദരികൾ നാഥനുള്ളവർ നാരികൾ
നില്ലാ മര്യാദയ്ക്കു, ദോഷം സ്ത്രീകൾക്കുണ്ടിതു നാരദ! 11
സ്ത്രീകളെക്കാൾ പാപമായി മറ്റൊന്നുംതന്നെയില്ലിഹ,
ദോഷങ്ങൾക്കീ സ്ത്രീകൾമൂല,മതങ്ങേയ്ക്കറിവുള്ളതാം. 12
അറിഞ്ഞു സമ്പന്നരായിട്ടഴകൊക്കും വശസ്ഥ[1]രെ
ഭർത്താക്കളെത്തരം വന്നാൽക്കാത്തുനില്ക്കില്ല നാരികൾ. 13
അസദ്ധർമ്മം[2] സ്ത്രീകളാകും ഞങ്ങൾക്കുണ്ടിതു ഹേ പ്രഭോ!
നാണം വിട്ടും പാപിമർത്ത്യന്മാരേ ഞങ്ങൾ ഭജിക്കുമേ. 14
സ്ത്രീയെ പ്രാർത്ഥിപ്പതാരുണ്ടങ്ങടുത്തു പെരുമാറുവോൻ
കുറച്ചു സേവനവനെ സ്ത്രീകളിച്ഛിച്ചുകൊള്ളുമേ. 15
മനുഷ്യർ ചോദിക്കാഞ്ഞേവം പരിചാരഭയത്തിനാൽ[3]
ഭർത്തൃമര്യാദയ്ക്കു നില്പിതമര്യാദകൾ നാരികൾ. 16
അവർക്കഗമ്യനില്ലാരും വയസ്സിന്നില്ല നിശ്ചയം
ആണെന്നു താൻ ഭുജിച്ചീടും സുരൂപനെ വിരൂപിയെ. 17
ഭയം ദയ ദ്രവ്യകാംക്ഷയിവകൊണ്ടൊന്നുമൊട്ടുമേ
ജ്ഞാതി വംശച്ചാർച്ചകൊണ്ടും നാഥരിൽ സ്ത്രീകൾ നിന്നിടാ. 18
യൗവനത്തികവായ് മൃഷ്ടവസ്ത്രാഭരണമാർകളെ
സ്വൈരവൃത്തി സ്ത്രീകളെത്താൻ കൊതിപ്പൂ കുലനാരികൾ. 19
ബഹുമാനിച്ചിഷ്ടമോടും രക്ഷിക്കപ്പെട്ട നാരികൾ
കൂനൻ പൊട്ടൻ ജഡൻ മുണ്ടനിവരോടുമിണങ്ങുമേ 20
ദേവർഷേ, ഞൊണ്ടുകാലന്മാർ മറ്റും കുത്സിതരോടുമേ;
സ്ത്രീകൾക്കഗമ്യനീ ലോകത്താരുമില്ലാ മഹാമുനേ! 21
ബ്രഹ്മൻ, കടക്കാൻ വയ്യാണുങ്ങൾക്കൊരിക്കലുമെങ്കിലും

1 വശസ്ഥർ = എല്ലാവിധത്തിലും തങ്ങൾക്കു സ്വാധീനപ്പെട്ടു നില്ക്കുന്നവർ.
2 അസദ്ധർമ്മം = ചീത്ത നടവടി. 3 പരിചാരഭയം = പരിജനങ്ങളെപ്പറ്റിയുള്ള പേടി.

അവർ തമ്മിൽ ചെയ്യുന്നോക്കും നാഥന്മാർകളിൽ നിന്നിടാ. 22
ആണുങ്ങളെക്കിട്ടിടാഞ്ഞും പരിചാരഭയത്തിനാൽ
വധബന്ധഭയത്താലും താനേ ഗുപ്തകളാമവർ. 23
ചലസ്വഭാവമാർ ദുസ്സേവ്യമാർ ദുർഗ്ഗ്രാഹ്യഭാവകൾ
സ്ത്രീകൾ മററും പ്രാജ്ഞപുമാനുടെ വാക്കുകൾ പോലെയാം. 24
തൃപ്തിപ്പെടാ തീ വിറകിലാഴിയാർകളിലങ്ങനെ,
അന്തകൻ ജീവികളിലും, പെണ്ണാണുങ്ങളിലും ശരി. 25
ഇതു മറെറാന്നു ദേവർഷേ, സ്ത്രീകൾക്കുള്ള രഹസ്യമാം
അഴകുള്ളാണിനെക്കണ്ടാൽ സ്ത്രീയോനിക്കു നലച്ചിലാം. 26
കാമം നടത്തുമെന്നാലും ചിത്തപ്രീതി കൊടുക്കിലും
പൊറുക്കില്ലാ രക്ഷ ചെയ്യും ഭർത്താവിലിഹ നാരികൾ. 27
പെരുത്തഭീഷ്ടഭോഗങ്ങളന്നം ഭൂഷണമാലയം
ഇവയത്രുല്ലു കൊണ്ടാടാ രതിക്കുള്ളാശ പോലവേ. 28
കൊടുങ്കാററന്തകൻ മൃത്യു പാതാളം ബഡവാമുഖം
കത്തി സർപ്പം വിഷം തീയുമൊരേടം സ്ത്രീകൾ മററിടം. 29

എന്നോ വിധാതാവിഹ പഞ്ചഭൂതം
ചമച്ചു ലോകങ്ങളുമപ്രകാരം
പുമാൻകളെ സ്ത്രീകളെയും ചമച്ചുവോ
സ്ത്രീകൾക്കു ദോഷങ്ങളുമന്നു നാരദ! 30

39. സ്ത്രീസ്വഭാവകഥനം

സ്ത്രീകൾ ചപലചിത്തകളും പുരുഷന്മാരെ കബളിപ്പിക്കാനുള്ള സകല സൂത്രങ്ങളും അറിയാവുന്നവരുമാണെന്നും, അവരെ പാട്ടിൽ നിർത്താനുള്ള മാർഗ്ഗം വല്ലതുമുണ്ടെങ്കിൽ പറഞ്ഞുകേട്ടാൽകൊള്ളാമെന്നും ധർമ്മപുത്രൻ ഭീഷ്മനോടാവശ്യപ്പെടുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ഈ മർത്ത്യരേററമുലകിൽ സ്ത്രീകളിൽ സക്തരാകുമേ
ദൈവം സൃഷ്ടിച്ച വഴിയേ മോഹത്താലയി മന്നവ! 1
പെണ്ണുങ്ങളാണുങ്ങളിലും പ്രത്യക്ഷം ലോകസാക്ഷികം
തീവ്രശങ്കയെനിക്കൊന്നു ഹൃദയത്തിങ്കലുണ്ടിതിൽ. 2
നരരെന്തിവരിൽ സംഗം ചെയ്യുവാൻ കുരുനന്ദന!
ചിലരിൽ സ്ത്രീകൾ രഞ്ജിപ്പു വിരക്തിപ്പെടുമങ്ങനെ. 3
എന്നാലോ പുരുഷവ്യാഘ്ര, സൂക്ഷിപ്പാൻ വഴിയെങ്ങനെ
സ്ത്രീകളെപ്പുരുഷന്നങ്ങുന്നതൊന്നു വിവരിക്കണേ. 4
രമിച്ചുകൊള്ളുന്നൊരിവർ വഞ്ചിക്കുന്നു മനുഷ്യരെ
ഇവർക്കു കൈയിൽ പെട്ടോരു പുരുഷൻ വിട്ടൊഴിഞ്ഞിടാ. 5

പൈക്കാം പുത്തൻ പുല്ലുപോലെ പുത്തനാളെപ്പിടിക്കുമേ
ശംബരന്നുള്ളോരു മായ നമുചിക്കുള്ള മായയും 6
ബലികുംഭീനസക്കുള്ളതൊക്ക സ്ത്രീകളറിഞ്ഞിടും.
"ഒളിവിൽ സ്ഥലമില്ലില്ലാ തക്കം ചോദിപ്പതില്ലൊരാൾ 7
എന്നാൽബ്ഭാരത, പെണ്ണുങ്ങൾക്കുണ്ടാകുന്നു സതീവ്രതം."
ചിരിപ്പോനിൽ ചിരിച്ചീടും കരഞ്ഞോനിൽ കരഞ്ഞിടും 8
കാലം നോക്കീട്ടപ്രിയനെ പ്രിയവാക്കാൽ പിടിച്ചിടും.
ഉശനസ്സറിയും ശാസ്ത്രം ബൃഹസ്പതിയറിഞ്ഞതും 9
സ്ത്രീബുദ്ധിയിന്മേലെയല്ലായവരെക്കാപ്പതെങ്ങനെ?
പൊളിയും സത്യമെന്നോതും സത്യം പൊളിയുമാക്കിടും 10
ഇമ്മട്ടുള്ളവരേ വീര, കാക്കും പുരുഷരെങ്ങനെ?
സ്ത്രീബുദ്ധിയിൽ കണ്ണുവെച്ച ശാസ്ത്രങ്ങളരികർശന! 11
ബൃഹസ്പതിപ്രഭൃതികൾ യോഗ്യർ നിർമ്മിച്ചതായ്‌വരാം.
പുരുഷന്മാർ പൂജചെയ്യെ മനം മാററുന്ന മർത്ത്യനിൽ 12
ധിക്കരിച്ചീടിലും ഭൂപ, മനം മാററുന്നു നാരികൾ.
ധർമ്മിഷ്ഠമാരീ പ്രജകളെന്നാം ശ്രുതി മഹാഭുജ! 13
മാനിച്ചാൽ മാനിയാഞ്ഞാലും മാററീടുന്നു മനസ്സിനെ.
അവരെക്കാക്കുവാനാരുണ്ടെന്നെനിക്കതിസംശയം 14
അതു ചൊല്ലു മഹാഭാഗ, കുരുവംശവിവർദ്ധന!
അവരെക്കാക്കുവാൻ മാർഗ്ഗമുണ്ടെന്നാൽ കുരുപുംഗവ!
ചെയ്യോന്നോ ചെയ്തിരിപ്പോന്നോ ഭഗവാനരുൾചെയ്ക മേ. 15

40. വിപുലോപാഖ്യാനം

വിപുലൻ എന്ന മഹർഷിയുടെ ചരിതം ഉദാഹരിച്ച് ധർമ്മപുത്രന്റെ ചോദ്യത്തിനു ഭീഷ്മർ സമാധാനം പറയുന്നു. ദേവശർമ്മാവ് ഒരു യാഗത്തിനു പോകുന്ന അവസരത്തിൽ ഭാര്യയായ രുചിയെ സൂക്ഷിക്കേണ്ട ചുമതല ശിഷ്യനായ വിപുലനെ ഏല്പിക്കുന്നു. വിപുലൻ മറെറാരു വഴിയും കാണാതെ, ഗുരുപത്നിയുടെ ദേഹത്തിൽ സ്വന്തം ആത്മാവിനെ പ്രവേശിപ്പിച്ച് രുചിയെ രക്ഷിക്കുന്നു.

ഭീഷ്മർ പറഞ്ഞു

ശരിയാണു മഹാബാഹോ, പാഴല്ലിതിലൊരെണ്ണവും
കൗരവ്യ, നാരിയെപ്പററിബ്ഭവാൻ ചൊന്നതിൽ മന്നവ! 1
ഇതിങ്കൽ നിന്നോടിന്നൊന്നു പറഞ്ഞീടാം പഴങ്കഥ
മഹാത്മാവായ വിപുലൻ മുന്നം രക്ഷിച്ച മാതിരി. 2
ബ്രഹ്മാവീ സ്ത്രീകളെസ്സൃഷ്ടി ചെയ്തതും ഭരതർഷഭ!
എന്തിനാണെന്നതെന്നുണ്ണീ, വിവരിക്കാം നരാധിപ! 3
സ്ത്രീകളെക്കാൾ പാപിയായ വസ്തുവൊന്നില്ല നന്ദന!

കത്തും തീയാണു പെണ്ണുങ്ങൾ മയമായകളാം വിഭോ! 4
കത്തി സർപ്പം വിഷം തീയുമൊരേടം സ്ത്രീകൾ മററിടം
ധർമ്മിഷ്ഠമാരീ പ്രജകളെന്നാം ശ്രുതി മഹാഭുജ! 5
താനേ ദേവത്വമേല്ക്കുന്നിതതിൽ പേടിച്ചു ദേവകൾ
പിന്നെ ബ്രഹ്മാവിൻെറ മുൻപിൽച്ചെന്നു വാനോരരിന്ദമ! 6
മാനസം നല്കി മിണ്ടാതെ തലയും താഴ്ത്തി നില്പുമായ്.
ആദ്ദേവകൾക്കുള്ളൊരുള്ളമറിഞ്ഞിട്ടു പിതാമഹൻ 7
മർത്ത്യർ മോഹിച്ചിടും കൃത്യസ്ത്രീകളെത്തീർത്തിതാ പ്രഭു.
മുൻസൃഷ്ടിയിൽ സ്ത്രീകളിങ്ങു പരം സാദ്ധ്വികളാണെടോ 8
ആസ്സാദ്ധ്വിമാർ കൃത്യകളായ്ത്തീർന്നു വിശേഷസൃഷ്ടിയാൽ.
യഥാകാമം കാമമവർക്കേകിക്കൊണ്ടാൻ പ്രജാപതി 9
കാമലുബ്ധകളീ സ്ത്രീകൾ ബാധിപ്പൂ മർത്ത്യരെസ്സദാ.
ക്രോധം കാമത്തിന്നു തുണയായിസ്സൃഷ്ടിച്ചിതാ പ്രഭു 10
കാമക്രോധങ്ങൾക്കു പാട്ടിലായിതാ പ്രജയൊക്കയും.
സ്ത്രീകൾക്കോ ക്രിയയില്ലൊന്നുമെന്നത്രേ ധർമ്മനിശ്ചയം 11
നിരിന്ദ്രിയാശാസ്ത്രകളീ സ്ത്രീകൾ ഭോഷ്ക്കെന്നുമാം ശ്രുതി.
ശയ്യാസനമലങ്കാരമന്നപാനമനാര്യത 12
ദുർവ്വാക്കു ഭാവം രതിയും സ്ത്രീകൾക്കേകീ പ്രജാപതി.
പുമാന്മാർക്കവരെസ്സൂക്ഷിച്ചീടാൻ പററില്ലൊരിക്കലും 13
വിശ്വകർത്താവിന്നുമുണ്ണീ, മററാണുങ്ങൾക്കു പററുമോ?
വാക്കെന്നല്ല വധം ബന്ധം പല ക്ലേശമിവററിനാൽ 14
സ്ത്രീകളെസ്സൂക്ഷിച്ചുകൂടായവർ സംയതി* വിട്ടവർ.
ഇതെന്നാൽ പുരുഷവ്യാഘ്ര, മുന്നമേ കേട്ടിരിപ്പു ഞാൻ 15
വിപുലൻ ഗുരുപത്നിക്കു രക്ഷ ചെയ്തോരു മാതിരി.
ദേവശർമ്മാവെന്നു മഹാഭാഗനാമൃഷി വിശ്രുതൻ 16
അവന്നു രുചിയാം ഭാര്യയഴകിന്നെതിരററവൾ.
അവൾക്കുള്ളഴകാൽ മത്തർ ദേവഗന്ധർവ്വമാനവർ 17
വിശേഷിച്ചും നരപതേ, വൃത്രഘ്നൻ പാകശാസനൻ.
നാരീചരിതവിത്തത്രേ ദേവശർമ്മമഹാമുനി 18
യഥാശക്തി യഥോത്സാഹം സൂക്ഷിച്ചാനാത്മഭാര്യയെ.
അദ്ദേഹമറിവൂ ശക്രൻ പരസ്ത്രീകാമിയെന്നുമേ 19
അതിനാൽ ബലമായ്ബ്ഭാര്യാരക്ഷണം ചെയ്തിതായവൻ
യജ്ഞം ചെയ്യാനൊന്നിയുണ്ണീ, മുനിയന്നൊരു നാളവൻ 20
ചിന്തിച്ചു ഭാര്യയേ സൂക്ഷിക്കേണ്ടതെങ്ങനെയെന്നു താൻ.
രക്ഷാവിധാനമൂൾക്കൊണ്ടു കണ്ടുവെച്ചാത്തപോനിധി 21
ചൊല്ലീ വിളിച്ചിഷ്ടശിഷ്യൻ ഭാർഗ്ഗവൻ വിപുലാഖ്യനെ.

---

* സംയതി = സംയമം; അടക്കം.

ദേവശർമ്മാവു പറഞ്ഞു

യജ്ഞം ചെയ്യാൻ ശ്രമിക്കുന്നേൻ ശക്രനീ രുചിയെ സ്വയം
കാമിപ്പിതെന്നുമിവളെ രക്ഷിക്കുക യഥാബലം. 22
കരുതിത്തന്നെ നില്ക്കേണമെപ്പോഴും ദേവരാജനിൽ
പല വേഷമെടുത്തീടുമായവൻ ഭൃഗുസത്തമ! 23

ഭീഷ്മർ പറഞ്ഞു

എന്നവൻ ചൊന്ന വിപുലൻ തപസ്വി നിയതേന്ദ്രിയൻ
നിത്യമുഗ്രതപസ്സൾപ്പീപതേ, പാവകസന്നിഭൻ 24
ധർമ്മജ്ഞൻ സത്യവാക്കേവമാവാമെന്നേററു ചൊല്ലിനാൻ;
വീണ്ടും ചോദിച്ചു രാജാവേ, പോകുമാർഗ്ഗുരുവോട്ടടൻ. 25

ദേവശർമ്മാവു പറഞ്ഞു

വന്നെത്തുമിന്ദ്രനെന്തൊക്ക വേഷമായിവരാം മുനേ!
വപുസ്സു തേജസ്സുമെന്തുമട്ടതും വിവരിക്കണേ. 26

ഭീഷ്മർ പറഞ്ഞു

മഹാത്മാവാം വിപുലനോടപ്പൊഴാബ്ഭഗവാനുടൻ
യഥാതത്ത്വം ശക്രനുടെ മായയെച്ചൊല്ലി ഭാരത! 27

ദേവശർമ്മാവു പറഞ്ഞു

വിപ്രർഷേ, ബഹുമായാവി ഭഗവാൻ പാകശാസനൻ
അതാതു ഭാവം മാററീടും പലമാതിരി വീണ്ടുമേ. 28
കിരീടി വജ്രി മകുടി വാസവൻ ബദ്ധകുണ്ഡലൻ
മുഹൂർത്തംകൊണ്ടു പിന്നീടു ചണ്ഡാലാകൃതിയായ്‌വരും. 29
ശിഖിയാം ജടിയാം ചീരവസ്ത്രനാമയി പുത്രക!
പെരുങ്കുററനുമാം പിന്നെ കൃശനാം ചീരവസ്ത്രനാം. 30
വെളുത്തു നീലച്ചു കറുത്തേവം മാറും നിറങ്ങളും
വിരൂപനാം രൂപവാനാം യുവാവാം പിന്നെ വൃദ്ധനാം. 31
ബ്രാഹ്മണൻ ക്ഷത്രിയൻ പിന്നെ വൈശ്യനാം ശൂദ്രനാമവൻ
പ്രതിലോമൻ പിന്നെയനുലോമനാമാശ്ശതക്രതു. 32
അരയന്നം കാക്ക കിളി കുയിൽ വേഷങ്ങളാർന്നിടും
ആന സിംഹം പുലിയിവയ്ക്കുള്ള രൂപമെടുത്തിടും. 33
ദൈവം ദൈത്യം രാജകീയമെന്നീദ്ദേഹവുമാർന്നിടും
അകൃശൻ വായുഭഗ്നാംഗൻ വികൃതൻ ശകുനാകൃതി. 34
നാല്ക്കാലി പലരൂപത്തിലാകും ബാലിശനാമവൻ
കൊതുകീച്ചയിവററിൻെറ ദേഹവും പൂണ്ടുകൊണ്ടിടും. 35
ഇവനെ ഗ്രഹണം ചെയ്യാനാക്കും വിപുല, പററിടാ
ഉണ്ണീ, വിശ്വം ചമച്ചോരു വിശ്വകൃത്തിന്നു പോലുമേ. 36
പിന്നീടിന്ദ്രൻ മറഞ്ഞിട്ടു കാണാകും ജ്ഞാനദൃഷ്ടിയാൽ
കാററായ് നില്ക്കും പിന്നെയവൻ ദേവരാജനുമായ്വരും. 37

ഇമ്മട്ടു പല രൂപങ്ങളെടുക്കും പാകശാസനൻ
എന്നാൽ വിപുല, യത്നത്താൽ കാത്തുകൊൾകീസ്സുമദ്ധ്യയെ. 38
രുചിയെദ്ദേവരാജാവു തൊടാതേ ഭൃഗുസത്തമ!
യജ്ഞത്തിന്നായ് വെച്ച ഹവ്യം ദുഷ്ടൻ നായെന്ന പോലവേ. 39

ഭീഷ്മൻ പറഞ്ഞു

എന്നുംപറഞ്ഞാ മഹർഷി യജ്ഞകാരൻ ഗമിച്ചതേ
ദേവശർമ്മൻ മഹാഭാഗൻ പിന്നെബ് ഭരതസത്തമ! 40
വിപുലൻ ഗുരുവിൻ വാക്കു കേട്ടു ചിന്തയിലാണ്ടുപോയ്
ബലവാനാമിന്ദ്രനിൽനിന്നേററവും ചെയ്തു രക്ഷയും. 41
'ഗുരുഭാര്യയെ രക്ഷിപ്പാനെന്തു ചെയ്തീടവേണ്ടു ഞാൻ?
മായാവിയാണീദ്ദേവേന്ദ്രൻ ദുർദ്ധർഷൻ വീര്യമുള്ളവൻ. 42
ആശ്രമത്തെ മറയ്ക്കാതെ പററാ പാകാരിരക്ഷണം
അമ്മട്ടുടജമായാൾക്കോ നാനാവിധ സരൂപത. 43
ശക്രൻ കാററായുമൊപ്പിക്കും ഗുരുപത്നീപ്രധർഷണം
അതിനാലീ രുചിയിൽ ഞാനാവേശിച്ചിന്നു കാക്കുവേൻ. 44
അല്ലെങ്കിൽ പൗരുഷംകൊണ്ടു രക്ഷിക്കാവുന്നതല്ലിവൾ
കേൾപ്പുണ്ടു ഭഗവാൻ നാനാരൂപനാം പാകശാസനൻ. 45
ആ ഞാൻ യോഗബലംകൊണ്ടു ദേവേന്ദ്രങ്കന്നു കാക്കുവൻ
മെയ്യാൽ മെയ്യിൽ പ്രവേശിപ്പേനിവളെക്കാത്തുകൊള്ളുവാൻ. 46
ഈപ്പത്നിയെത്താനുച്ഛിഷ്ടയായിട്ടു ഗുരു കാണുകിലോ
ദൃഢം കോപാൽ ശപിച്ചീടും ദിവ്യജ്ഞാനൻ തപോനിധി. 47
മർത്ത്യരാൽ മററു പെണ്മട്ടു രക്ഷിക്കാവുന്നതല്ലിവൾ
മായാവിയല്ലോ ദേവേന്ദ്രനമ്പോ സംശയമാന്നു ഞാൻ. 48
എനിക്കവശ്യം ചെയ്തീടവേണ്ടതാം ഗുരുശാസനം
ഞാനിതിങ്ങനെ ചെയ്യെങ്കിലാശ്ചര്യം ചെയ്തതായ്വരും. 49
ഗുരുപത്നീശരീരത്തിൽ യോഗംകൊണ്ടീ പ്രവേശനം
ഇമ്മട്ടിവൾക്കുള്ള മെയ്യിൽ വസിപ്പേൻ ഞാൻ സമാഹിതൻ[1]. 50
പൊയ്താരിലയിൽ നീർത്തുള്ളി പോലേ ചലനസക്ത[2]നായ്
രജോരൂപം വിട്ടൊരെനിക്കപരാധവുമായ്വരാ. 51
വഴിക്കു ശൂന്യസഭയിൽ പാന്ഥൻ പാർക്കുന്നതെങ്ങനെ
ഗുരുപത്നീശരീരത്തിലവ്വണ്ണം പാർത്തുകൊള്ളുവൻ 52
ഈവണ്ണമിവൾതൻ മെയ്യിൽ പാർത്തുകൊൾവേൻ സമാഹിതൻ.'
എന്നേവം ധർമ്മവും പാർത്തു വേദവേദങ്ങളൊക്കയും 53
വൻപിച്ച താപവും പാർത്തു ഗുരുവിന്നും തനിക്കുമേ.
മനസ്സാലീവിധം രക്ഷയ്ക്കുറച്ചങ്ങനെ ഭാർഗ്ഗവൻ 54
അനുഷ്ഠിച്ചു പരം യത്നമായതെങ്ങനെ കേൾ നൃപ!

---

1 സമാഹിതൻ = സശ്രദ്ധൻ. 2 അസക്തൻ = സക്തിയില്ലാത്തവൻ.

അടുത്തിരുന്നു വിപുലൻ തപസ്വി ഗുരുപത്നിയെ 55
ചാരത്തെഴും സുന്ദരിയെ യഥാത്ഥോത്സുകയാക്കിനാൻ.
കണ്ണിൽ കണ്ണെകൊണ്ടിവളുടെ രശ്മി ചേർത്തിട്ടു രശ്മിയാൽ 56
മെയ്യിൽക്കടന്നൂ വിപുലൻ വാനിൽ കാററു കണക്കിനെ.
ലക്ഷണം ലക്ഷണത്താലെയാനനത്താലെയാനനം 57
ഇളകാതേ വാണു നിഴൽ പോലെയന്തർഹിതൻ മുനി.
പരം നിറുത്തി വിപുലൻ ഗുരുപത്നീകളേബരം 58
വാണൂ രക്ഷയ്ക്കുവളറിഞ്ഞതുമില്ലവനെത്തദാ.
ആ മഹാത്മാവിൻെറ ഗുരു യജ്ഞംചെയ്യുവനീപതേ! 59
ഗൃഹത്തിലെത്തുന്നവരെയവ്വണ്ണം കാത്തിതായവൻ.

41. വിപുലോപാഖ്യാനം

വിപുലചരിത്രം (തുടർച്ച്). ഒരിക്കൽ ദേവേന്ദ്രൻ ദേവശർമ്മാവിൻെറ ആശ്രമത്തിൽ ചെന്നു് രുചിയെ പ്രലോഭിപ്പിക്കുന്നു. വിപുലൻ ദേവേന്ദ്രനെ ആക്ഷേപിച്ച തിരികെ അയയ്ക്കുന്നു. യാഗം കഴിഞ്ഞു മടങ്ങിവന്ന ദേവശർമ്മാവു് ഈവക കഥകൾകേട്ടു സന്തുഷ്ടനായി ശിഷ്യനെ അനുഗ്രഹിക്കുന്നു.

ഭീഷ്മർ പറഞ്ഞു

പിന്നീടൊരിക്കൽ ദേവേന്ദ്രൻ ദിവ്യരൂപവപുസ്സൊടും
ഇതാണു തക്കമെന്നോർത്തിട്ടാശ്രമത്തിങ്കലെത്തിനാൻ. 1
എതിരററു കൊതിപ്പിക്കും രൂപമാണ്ടു ജനാധിപ!
കാണേണ്ടുന്നവനായിട്ടങ്ങാശ്രമത്തിൽ കടന്നുതേ. 2
അവൻ കണ്ടാനങ്ങിരിക്കും വിപുലൻെറ കളേബരം
ചേഷ്ടയെന്ന്യേ സ്തബ്ധനേത്രം ചിത്രത്തിങ്കലെഴുംവിധം. 3
കടി കൊങ്കകരം ചീർത്തോമൽക്കണ്ണെഴും രുചിയേയുമേ
പൊയ്ത്താരെതിർക്കണ്ണിയാളെപ്പൂർണ്ണേന്ദുമുഖിയെ സ്വയം. 4
അവളായവനെക്കണ്ടിട്ടെതിരേല്പാൻ നിനച്ചുതേ
രൂപംകൊണ്ടത്ഭുതപ്പെട്ടിട്ടങ്ങാരെന്നോതുവാനുമേ. 5
എഴുന്നേല്പാൻ നിനച്ചിട്ടും വിപുലൻ നിർത്തിവെച്ചവൾ
നിഗൃഹീതാംഗി നൃപതേ, ശക്തയായീലനങ്ങുവാൻ. 6
അവളോടോതി ദേവേന്ദ്രൻ സാമമായ് നല്ല ഭംഗിയിൽ:
''നിന്നെക്കൊതിച്ചു വന്നോൻ ഞാനിന്ദ്രനോക്ക് ശുചിസ്മിതേ!
നിൻ സങ്കല്പംകൊണ്ടുയന്ന കാമനാൽ ക്ലിഷ്ടനാണു ഞാൻ
അതേ വന്നതു ഞാൻ സുഭ്രു സമയം തെററിയേക്കുമേ.'' 8
എന്നിന്ദ്രൻ പറയും വാക്കു കേട്ടു വിപുലനാം മുനി
ഗുരുപത്നീശരീരസ്ഥൻ കണ്ടു ദേവാധിരാജനെ. 9

ആളായീലാ മാന്യയവളെതിരേററീടുവാനുമേ
മിണ്ടാനുമായീല, നൃപ, വിപുലൻ നിത്തിവെച്ചവരം. 10
ഗുരുപത്നിക്കുള്ള ഭാവമറിഞ്ഞിട്ടാ ഭൃഗൂദ്വഹൻ
നിഗ്രഹിച്ചിതു തേജസ്വി യോഗംകൊണ്ടു ദൃഢം പ്രഭോ! 11
ബന്ധിച്ചു യോഗബന്ധത്താലവരംക്കുള്ളിന്ദ്രിയങ്ങളെ
നിവ്വികാരം കണ്ടവളെ വീണ്ടും പിന്നെശ്ശചീപതി 12
യോഗമോഹിതയായോളോടോതീ ലജ്ജിച്ചു മന്നവ!
വരൂ വരുയെന്നവളുമിച്ഛിച്ചിതെതിർ ചൊല്ലുവാൻ. 13
ഗുരുപത്നിക്കുള്ള വാക്കും വിപുലൻ മാററിയപ്പൊഴേ
ഹേ വന്നതെന്തിനെന്നായി വാക്കയന്നിതവരംക്കഹോ! 14
തിങ്കളൊക്കും മുഖത്തിങ്കൽനിന്നു വീണാരവോപമം
ആ വാക്കരച്ചു നാണിച്ചു പരാധീനമെഴുന്നവരം; 15
അങ്ങു നില്പോരിന്ദ്രനേററം ബുദ്ധി കെട്ടോരു മട്ടിലായ്.
ആ വൈകൃതം പാത്തു കണ്ടാദ്ദേവരാജൻ ധരാപതേ! 16
നോക്കിക്കൊണ്ടാൻ സഹസ്രാക്ഷനപ്പൊഴേ ദിവ്യദൃഷ്ടിയാൽ.
അവൻ കണ്ടാനാ മുനിയെയവരംക്കുള്ളുടലിന്നകം 17
കണ്ണാടിയിൽ ഛായ പോലെ ഗുരുസ്ത്രീമെയ്യിനുള്ളിലായ്.
കടുംതപസ്സുള്ളവനെപ്പാത്തു കണ്ടു പുരന്ദരൻ 18
വിറച്ചിതപ്പോരം സന്ത്രസ്തൻ* ശാപഭീതിവശാൽ പ്രഭോ!
ഗുരുപത്നിയെ വിട്ടിട്ടു വിപുലൻ വൻ തപോനിധി 19
തന്മെയ്യിലുരംപ്പുക്കു പേടിക്കുടും ശക്രനൊടോതിനാൻ.

വിപുലൻ പറഞ്ഞു

അജിതേന്ദ്രിയ, ദുബ്ബുദ്ധേ, പാപാശയ, പുരന്ദര!
ചിരം പൂജിക്കില്ല നിന്നെദ്ദേവന്മാരും മനുഷ്യരും. 20
മറന്നുപോയോ നീ ശക്ര, നിന്നുള്ളത്തിലിരിക്കിലും
ഭഗാങ്കചിഹ്നനായ് നിന്നെ ഗൗതമൻ വിട്ടയച്ചതും? 21
അകൃതാത്മാവസ്ഥിരൻ നീ വിഡ്ഢിയെന്നറിയുന്നു ഞാൻ
കാപ്പേനിവളെ ഞാൻ മൂഢ, പാപീ, വന്നവഴിക്കു പോ. 22
മൂഢ, നിന്നെച്ചുടുന്നില്ലാ സ്വതേജസ്സാലെയിന്നു ഞാൻ
ദയകൊണ്ടിന്നു ഞാൻ നിന്നെ ദഹിപ്പിപ്പീല വാസവ! 23
പാപിയാം നിന്നെയാദ്ധീമാൻ പരം ഘോരതമൻ ഗുരു
കണ്ടാലുടൻ ദഹിപ്പിക്കും ക്രോധം കത്തുന്ന ദൃഷ്ടിയാൽ. 24
ശക്ര, ചെയ്യൊല്ലിങ്ങനെ നീ മേലാൽ, ബ്രാഹ്മണർ മാന്യരാം.
മുടിയൊല്ലാ ബ്രഹ്മബലാൽ പുത്രാമാത്യരൊടൊത്തു നീ. 25
അമരൻ ഞാനെന്ന ബുദ്ധി പൂണ്ടിതിന്നേപ്പെടുന്നു നീ
നിന്ദിക്കേണ്ടാ തപസ്സാലേ സാധിക്കാതില്ലൊരെണ്ണവും. 26

---

* സന്ത്രസ്തൻ=പേടിച്ചവൻ.

ഭീഷ്മൻ പറഞ്ഞു

വൻപെഴം വിപുലൻ ചൊല്ലിയതു കേട്ടിട്ടു വാസവൻ
ഒന്നും മിണ്ടാതെ നാണം പൂണ്ടവിടെത്താൻ മറഞ്ഞുതേ. 27
അവൻ പോയൊട്ടുചെന്നപ്പോരം ദേവശമ്മൻ തപോനിധി
യഥേഷ്ടം യാഗവും ചെയ്തു തനതാശ്രമമെത്തിനാൻ. 28
ഗുരു വന്നപ്പൊരം നൃപതേ, വിപുലൻ പ്രിയകൃത്തമൻ
മാന്യയാം ഭാര്യയെക്കാത്തതാചാര്യനൊടു ചൊല്ലിനാൻ. 29
അഭിവാദ്യംചെയ്തു ശാന്തൻ ഗുരുവെഗ്ഗുരുവത്സലൻ
വിപുലൻ മുൻപടിക്കേററമുപാസിച്ചിതശങ്കിതൻ. 30
തളച്ചു തീന്നവനൊടു ഭാര്യയൊന്നിച്ചിരിക്കവേ
ആശ്ശക്രകമ്മം വിപുലനുണത്തിക്കൊണ്ടിതപ്പൊഴേ. 31
അതു കേട്ടാ വിപുലനിൽ പ്രതാപി മുനി തുഷ്ടനായ്
തപസ്സാൽ നിയമത്താലും ശീലവൃത്തങ്ങളാലുമേ. 32
വിപുലനുള്ളോരു ഗുരുവൃത്തിയും ഭക്തിയും പ്രഭു
ധമ്മത്തിൻ നിഷ്ഠയും കണ്ടു നന്നുനന്നെന്നു ചൊല്ലിനാൻ. 33
ധമ്മാത്മാവറിയേദ്ധമ്മനിഷ്ഠനാം ശിഷ്യനോടുടൻ
വരം ചോദിക്കുകെന്നായീ ദേവശമ്മൻ മഹാമുനി. 34
അവങ്കൽനിന്നു ധമ്മത്തിൻനിഷ്ഠ വാങ്ങീ ഗുരുപ്രിയൻ
ഗുരുസമ്മതനായ് മുഖ്യതപവും ചെയ്തിതായവൻ. 35
അവ്വണ്ണം ദേവശമ്മാവും ഭാര്യയൊത്തു തപോനിധി
വിജനക്കാട്ടിൽ വൃത്രാരിപ്പേടികൂടാതെ കൂടിനാൻ. 36

42. വിപുലോപാഖ്യാനം

വിപുലചരിത്രം (തുടച്ച്). ഗുരുവിൻെറ ആജ്ഞയനുസരിച്ച് വിപുലൻ ചില ദിവ്യപുഷ്പങ്ങൾ കൊണ്ടുവന്ന് അദ്ദേഹത്തിനു കൊടുക്കുന്നു. മാഗ്ഗമദ്ധ്യത്തിൽ കണ്ട കാഴ്ചകൾവഴി വിപുലന് തൻെറ ചില ദോഷവശങ്ങൾ വ്യക്തമാകയും ആ മുനിശിഷ്യൻ സ്വയം സംശയാധീനനാകയും ചെയ്യുന്നു.

ഭീഷ്മൻ പറഞ്ഞു

വിപുലൻ ഗുരുവാക്യം ചെയ്തൊപ്പിച്ചു തീവ്രമാം തപം
തപസ്സാണ്ടവനായ് താനെന്നോത്തുകൊണ്ടിതു വീര്യവാൻ. 1
ആക്കമ്മത്താൽ സ്വദ്ധ്യാണ്ടോൻ മന്നിലങ്ങനെ മന്നവ!
ചരിച്ചു നിർഭയൻ പ്രീതൻ ലബ്ധകീത്തിവരൻ നൃപ! 2
രണ്ടു ലോകങ്ങളും നേടിയെന്നുമോത്തീടിനാൻ പ്രഭു
ആക്കമ്മംകൊണ്ടു കൗരവ്യ, വൻ തപംകൊണ്ടുമങ്ങനെ. 3
ഒട്ടുകാലം ചെന്നശേഷം പിന്നീടു കുരുനന്ദന!
രുചിതൻ സോദരിക്കുണ്ടായ് വേളി ധാന്യധനാകുലം. 4

ഇക്കാലത്തിൽത്തന്നെ ദിവ്യയാകുന്നോരു വരാംഗന
ബഹു സൗന്ദര്യമുടയോൾ വാനിൽക്കൂടി ഗമിച്ചുതേ. 5
അവൾക്കെഴും മെയ്യിൽനിന്നു വീണു പുഷ്പങ്ങൾ ഭൂമിയിൽ
അങ്ങാശ്രമത്തിന്നടുത്തു ദിവ്യഗന്ധങ്ങൾ ഭാരത! 6
അവ കൈക്കൊണ്ടു രാജാവേ, ലളിതേക്ഷണയാം രുചി
അംഗനാട്ടീന്നപ്പൊളെയ്യൊരാളു വന്നു ക്ഷണിക്കുവാൻ. 7
അവൾക്കുള്ളേട്ടത്തിയുണ്ണ്ടീ, പ്രഭാവതി സഹോദരി
അംഗരാജാവായ ചിത്രരഥന്നുള്ളോരു ഭാര്യയാം. 8
ആപ്പുഷ്പങ്ങൾ മുടിക്കെട്ടിലണിഞ്ഞു വരവർണ്ണിനി
ക്ഷണിക്കപ്പെട്ടോരു രുചിയംഗേശഗൃഹമെത്തിനാൾ. 9
ആപ്പൂക്കൾ നോക്കിക്കണ്ടിട്ടങ്ങംഗരാജന്റെയംഗന
പ്രേരിപ്പിച്ചു ഭഗിനിയെപ്പൂവിനായ് ചാരുനേത്രയാൾ. 10
ഭർത്താവൊടൊക്കയും ചൊല്ലീ രുചിരാനനയാം രുചി
ഭഗിനീവാക്കൊക്കയത്തു കൊണ്ടാടീ മാമുനീന്ദ്രനും. 11
വരുത്തീട്ടാ വിപുലനെദ്ദേവശർമ്മതപോനിധി
പൂവിനായ് പ്രേരണംചെയ്തു പോക പോകെന്നു ഭാരത! 12
വിപുലൻ ഗുരുവാക്കേതും ശങ്കയെന്യേ തപോനിധി
അവ്വണ്ണമെന്നേററുചൊല്ലീട്ടാദ്ദേശം പുക്കു മന്നവ! 13
ഏതുദേശത്തു വാനിങ്കൽനിന്നിട്ടായവ വീണിതോ,
വാടാതെതന്നെയവിടെപ്പൂക്കളുണ്ടായിരുന്നതേ. 14
ദിവ്യങ്ങളായ് ഭംഗിയുള്ളോരവ കൈക്കൊണ്ടിതപ്പൊഴേ
തൻ തപസ്സാൽക്കിട്ടിയവ ദിവ്യഗന്ധങ്ങൾ ഭാരത! 15
അവ നേടി പ്രീതനായി ഗുരു ചൊന്നതു ചെയ്യുവൻ
ചമ്പകം ചൂഴലും ചമ്പാപുരി പുക്കീടിനാനുടൻ. 16
നിർജ്ജനക്കാട്ടിലങ്ങുണ്ണ്ടീ, കണ്ടാൻ രണ്ടു മനുഷ്യരെ
കൈകൊണ്ടു കൈ പിടിച്ചിട്ടു ചക്രം ചുററുന്ന കൂട്ടരെ. 17
അതിൽവെച്ചൊരുവൻ വേഗം നടന്നു തിരിയുന്നവൻ
ഒരാളതില്ലാ രാജാവേ, കലഹിച്ചിതു തങ്ങളിൽ. 18
നീ വേഗം പോവിതെന്നേകൻ നീയതില്ലെന്നു മററവൻ
ഇല്ലയില്ലെന്നവർ നൃപ, തമ്മിൽ ചൊല്ലീടിനാരുടൻ. 19
അവർ തമ്മിൽ തിരക്കീട്ടു ശപഥം ചെയ്തിതപ്പൊഴേ
ഉടൻ വിപുലനെപ്പററിപ്പറഞ്ഞാരപ്പൊഴിങ്ങനെ: 20
"നമ്മളിൽ പൊളി ചൊന്നോരാൾക്കാ, ദ്വിജൻ വിപുലന്നഹോ
പരലോകത്തെന്തു ഗതിയതു പററട്ടെ"യെന്നുമേ; 21
ഇതു കേട്ടിട്ടു വിപുലൻ വിഷണ്ണമുഖനായിനാൻ.
'ഏവം തീവ്രതപസ്സീ ഞാൻ കഷ്ടമാണീപ്പരിശ്രമം 22
ഈ യുഗ്മത്തിന്നെന്തു കുററം ഞാൻ ചെയ്തിതഗതിക്കിഹ

സർവ്വഭൂതാനിഷ്ടനിലയെനിക്കിവരുരയ്ക്കുവാൻ?' 23
എന്നാ വിപുലനായ്ക്കൊണ്ട ചിന്തയാണ്ട നൃപോത്തമ!
തല താഴ്ത്തിദ്ദീനനായിട്ടോർത്തു തന്നുടെ ദുഷ്കൃതം. 24
പിന്നെക്കണ്ടു പൊന്നുവെള്ളിച്ചൂതെടുത്താറു മർത്ത്യരെ
കളിപ്പോരായ് ലോഭഹർഷമിയലുന്നോരെയങ്ങനെ 25
ആ നൃയുഗ്മം ചെയ്തപോലെ ശപഥം ചെയ്യുവോർകളെ.
പരം വിപുലനെപ്പററിയവരും ചൊല്ലിയിങ്ങനെ: 26
''നമ്മിലാരോ ലോഭമാണ്ടു കള്ളക്കളി കളിപ്പവൻ
പരലോകത്തു വിപുലനുള്ളാഗ്ഗതിയിലാമവൻ.'' 27
ഇതു കേട്ടോർത്തു വിപുലൻ കണ്ടില്ലാ ധർമ്മസങ്കരം
ജന്മംതൊട്ടിട്ടു താൻ മുന്നം ചെയ്തതായിക്കുരൂത്തമ! 28
അവൻ ധ്യാനത്തിലായ് തീയിൽപ്പെട്ട തീ പോലെ മന്നവ!
അമ്മട്ടു ശാപം കേട്ടിട്ടു വെന്തുകൊള്ളുന്നൊരുള്ളൊടും. 29
ഉണ്ണീ, ചിന്തിക്കുമവനു പല രാപ്പകൽ ചെന്നുപോയ്
രുചിയെക്കാക്കുവാൻ ചെയ്തതുള്ളിൽത്തോന്നിയപ്പൊഴേ: 30
'ലിംഗം ലിംഗത്തോടു മുഖം മുഖത്തോടുമതേവിധം
ഇണക്കീട്ടും സത്യമതു ഗുരുവോടോതിയില്ല ഞാൻ.' 31
ഈപ്പാപം വിപുലൻതന്നിലുണ്ടെന്നായിട്ടു കൗരവ!
നിനച്ചിതു മഹാഭാഗ, ശരിയാണതസംശയം. 32
അവൻ ചമ്പാപുരിക്കെത്തിഗ്ഗുരുവിന്നേകി പൂക്കളെ
പൂജിച്ചുതാനും ഗുരുവെ വിധി പോലെ ഗുരുപ്രിയൻ. 33

43. വിപുലോപാഖ്യാനം

വിപുലചരിതം (തുടർച്ച). മാർഗ്ഗമദ്ധ്യേ കണ്ട കാഴ്ചകളുടെ രഹസ്യാർത്ഥം ദേവശർമ്മാവ് ശിഷ്യനു വിവരിച്ചു കൊടുക്കുന്നു. താൻ നിരപരാധിയാണെന്നു ഗുരുമുഖത്തിൽനിന്നു കേട്ട വിപുലൻ അത്യധികം സന്തോഷിക്കുന്നു. വിപുലനെപ്പോലെ സ്ത്രീകളെ കാത്തുസൂക്ഷിക്കാൻ കഴിവുള്ളവർ വേറെ കാണുകയില്ലെന്നു പറഞ്ഞ് ഭീഷ്മൻ വിപുലോപാഖ്യാനം ഉപസംഹരിക്കുന്നു.

ഭീഷ്മൻ പറഞ്ഞു

ആ വന്ന ശിഷ്യനെപ്പാർത്തു കണ്ടു ചോദിച്ചിതിങ്ങനെ
ദേവശർമ്മാവു തേജസ്വിയതു കേൾക്കുക മന്നവ! 1

ദേവശർമ്മാവു പറഞ്ഞു

എന്തേ വിപുല, വൻ കാട്ടിൽ ശിഷ്യ, നീ കണ്ടിരിപ്പതും?
അവർ നിന്നെയറിഞ്ഞല്ലിയാത്മാവും രുചിതാനുമേ. 2

വിപുലൻ പറഞ്ഞു

ബ്രഹ്മർഷേ, ആ മിഥുനമെ,ന്താരപ്പുരുഷരും പ്രഭോ!

അങ്ങു ചോദിച്ചിടുംവണ്ണമെന്നെ നന്നായറിഞ്ഞവർ. 3

ദേവശർമ്മാവു പറഞ്ഞു

ബ്രഹ്മൻ, നീ കണ്ട മിഥുനമഹോരാത്രം ധരിക്ക നീ
ചക്രം ചുററുന്നതറിയും നീ ചെയ്തുള്ളോരു ദുഷ്കൃതം. 4
ഹൃഷ്ടമട്ടിൽ ചൂതുകളിക്കാരാപ്പുരുഷരും ദ്വിജ!
ഋതുക്കളോർക്കുകറിയും നീ ചെയ്തുള്ളോരു ദുഷ്കൃതം. 5
എന്നെയാരുമറിഞ്ഞീടില്ലെന്നേതും വിശ്വസിക്കൊലാ
നരൻ രഹസ്സിൽ പാപിഷ്ഠൻ പാപമാം കർമ്മവും ദ്വിജ! 6
രഹസ്സിൽ പാപകർമ്മത്തെച്ചെയ്യും നരനെയെപ്പൊഴും
ഋതുക്കളറിയും പിന്നെ രാവും പകലുമങ്ങനെ. 7
അവ്വണ്ണമുണ്ടാം ലോകങ്ങൾ പാപം ചെയ്തവനാംപടി
എനിക്കു നീ ചെയ്തപോലെ ചെയ്തു ചൊല്ലാതിരിക്കുകിൽ. 8
കർമ്മം ഗുരുവൊടോതാത്ത നിന്നെക്കണ്ടു ചിരിച്ചവർ
ഓർമ്മപ്പെടുത്തുവാൻ ചൊല്ലീ ഭവാനാക്കേട്ടവണ്ണമേ. 9
അഹോരാത്രങ്ങളറിയുമെല്ലാപ്പോഴുമൃതുക്കളും
പുരുഷങ്കൽ പാപകർമ്മം പുണ്യം ചെയ്തോന്റെ പുണ്യവും. 10
നീയെന്നോടാപ്പാപകർമ്മം വ്യഭിചാരഭയാത്മകം
പറഞ്ഞില്ലെന്നറിഞ്ഞോതിയവരങ്ങനെ ഹേ ദ്വിജ! 11
അതിങ്കലുണ്ടാം ലോകങ്ങൾ പാപം ചെയ്തോനെഴുംപടി
എനിക്കു നീ ചെയ്തപോലെ ചെയ്തു ചൊല്ലാതിരിക്കുകിൽ. 12
സ്ത്രീയെദ്ദുർവൃത്തയെക്കാപ്പാൻ പററും നിന്നാൽ മഹീസുര!
നീ തെറെറാന്നും ചെയ്തതുമില്ലതിൽ നിങ്കൽത്തെളിഞ്ഞു ഞാൻ.
നിന്നെദ്ദുർവൃത്തനായിട്ടു ഞാൻ കണ്ടെങ്കിൽ ദ്വിജോത്തമ!
ക്രോധാൽ ശപിച്ചിരുന്നേനെയിങ്ങതിന്നില്ല സംശയം. 14
ആണിൽ സജ്ജിച്ചിടും സ്ത്രീകളാണുങ്ങൾക്കതു വൻ ഫലം
നീ മററു മട്ടിൽ കാത്തെങ്കിൽ ശാപമേറേനെ നിശ്ചയം. 15
ഉണ്ണീ, രക്ഷിച്ചിതവളെയെന്നോടുമറിയിച്ചു നീ
നിന്നിൽത്തെളിഞ്ഞു ഞാനുണ്ണീ, സ്വസ്ഥനായ് സ്വർഗ്ഗമെത്തെടോ
എന്നാ വിപുലനോടോതിദ്ദേവശർമ്മൻ മുനീശ്വരൻ
മോദിച്ചു വിണ്ണിലെത്തീട്ടു ഭാര്യയൊത്തു സശിഷ്യനായ്. 17
ഈയൊരാഖ്യാനമെന്നോടു പറഞ്ഞിതു മഹാമുനി
മാർക്കണ്ഡേയൻ പണ്ടു ഭൂപ, ഗംഗാതീരേ കഥാന്തരേ. 18
അതുകൊണ്ടോതുവേൻ പാർത്ഥ, കാക്കേണം സ്ത്രീകളെസ്സദാ
അവരിൽ കാണുമെപ്പോഴും നന്മതിന്മകൾ രണ്ടുമേ. 19
മററുമേ ലോകമാതാക്കൾ യോഗ്യമാർ സാധ്വിനാരികൾ
കാടും വനവുമുള്ളോരീബ്ഭൂമിയെത്താങ്ങുമേ നൃപ! 20
കുലം മുടിക്കും ദുർവൃത്തപാപസ്ത്രീകളസാധ്വികൾ

തന്മെയ്യിൽ ദുർല്ലക്ഷണങ്ങരംകൊണ്ടു വിജ്ഞേയമാർ നൃപ! 21
മഹാന്മാരീവിധം രക്ഷയവരിൽച്ചെയ്യുകൊാംകിലാം
അല്ലായ്യിൽ നൃപശാർദ്ദല, സ്ത്രീകളെക്കാത്തുകൂടെടോ. 22
ഇവരോ മനുജവ്യാഘ്ര, തീക്ഷ്ണമാർ തീക്ഷ്ണവീര്യകരം
ഇവക്കില്ലാ പ്രിയൻ മൈഥുനത്തിൽ സംഗമമേല്ലവൻ. 23
ഇവർ കൃത്യകളാം കാര്യകളാം കൃതകളാം നൃപ!
രമിക്കില്ലേകപുരുഷൻപേരിലീയിവർ പാണ്ഡവ! 24
സ്നേഹിക്കൊല്ലാരുമിവരിലീഷ്യകൊള്ളല്ല മന്നവ!
ഖേദം പൂണ്ടു ഭുജിക്കേണം ധമ്മമുരംക്കൊണ്ടു കേവലം. 25
ഹതനാകം മററുവിധം ചെയ്യവൻ കുരുനന്ദന!
എല്ലാംകൊണ്ടും നരശ്രേഷ്ഠ, യുക്തിതാൻ പൂജ്യയെണ്ടുമേ. 26
ആ ഒരാരം വിപുലൻ മാത്രം സ്ത്രീക്കു രക്ഷ കഴിച്ചവൻ
മുപ്പാരിൽ പെണ്ണിനെക്കാപ്പാൻ പോരാ മററാരുമേ നൃപ! 27

44. വിവാഹധമ്മകഥനം

അഞ്ചുതരം വിവാഹങ്ങളെപ്പററി സൂചിപ്പിച്ച് അവയിൽ ഓരോന്നിൻെറയും സമ്പ്രദായങ്ങളെ വിവരിക്കുന്നു. പ്രതിഫലം വാങ്ങി കന്യകയെ കൊടുക്കുന്ന സമ്പ്രദായത്തെ സംബന്ധിച്ച ധമ്മപുത്രനുണ്ടായ സംശയങ്ങളെ ഭീഷ്മർ നിശ്ശേഷം പരിഹരിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

എന്താധമ്മങ്ങരംക്കു മൂലം തന്നാരംക്കാക്കും ഗൃഹത്തിനും
പിതൃദൈവവിരുന്നാരംക്കുമെതു ചൊല്ലു പിതാമഹ! 1
ധമ്മത്തിലൊക്കയുംവെച്ച ചിന്ത്യമീധമ്മമുത്തമം
എമ്മട്ടല്ലോനേകിടേണ്ടു കന്യയെദ്ധരണീപതേ! 2

ഭീഷ്മൻ പറഞ്ഞു

അറിഞ്ഞു ശീലവൃത്തങ്ങരം വിദ്യയും ജന്മകമ്മവും
ഗുണവാനാം വരന്നേകിടേണം സത്തുക്കരം കന്യയെ. 3
സൽബ്രാഹ്മണക്കിതാണല്ലോ ബ്രാഹ്മം ധമ്മം യുധിഷ്ഠിര!
ചാച്ചയ്യോത്തോനൊടായ് ചാച്ച ചേരുംമാതിരി നല്ലതാൻ 4
ശിഷ്ടരാം ക്ഷത്രിയന്മാക്കുമിതു ധമ്മം സനാതനം.
തനിക്കിഷ്ടനെ വിട്ടിട്ടു കന്യയ്ക്കുങ്ങിഷ്ടനേവനോ 5
ആക്കിഷ്ടയവളായാരംക്കു നല്കിടേണം യുധിഷ്ഠിര!
ഗാന്ധവ്വമെന്നാധമ്മത്തെച്ചൊല്ലുന്നു വേദവേദികരം. 6
ധനങ്ങളാൽബ്ബാന്ധവരെ സന്തോഷിപ്പിച്ചു വാങ്ങൽതാൻ
അസുരക്കീധമ്മമത്രേ നൃപ, ചൊൽവൂ മനീഷികരം. 7
കൊന്നും തലയറുത്തിട്ടും കേഴ്മോർ ഗേഹത്തിൽ നിന്നുടൻ

കരയും പെണ്ണിനെക്കൊണ്ടുപോക രാക്ഷസമാം വിധി. 8
അഞ്ചിൽ മൂന്നെണ്ണമേ ധർമ്മ്യം രണ്ടധർമ്മ്യം യുധിഷ്ഠിര!
പൈശാചമാസുരമിതു രണ്ടും ചെയ്യൊല്ലൊരിക്കലും. 9
ധർമ്മ്യമീ ബ്രാഹ്മണം ക്ഷാത്രം ഗാന്ധർവ്വവുമിളാപതേ!
വെവ്വേറെയോ കലർത്തീട്ടോ ചെയ്യാമില്ലൊരു സംശയം. 10
മൂന്നു ഭാര്യകൾ വിപ്രന്നാം ക്ഷത്രിയന്നിരുഭാര്യകൾ
വൈശ്യൻ സ്വജാതിയിൽക്കൊൾക സന്താനമവരിൽ സമം. 11
ബ്രാഹ്മണി ജ്യേഷ്ഠയായീടും ക്ഷത്രിയ ക്ഷത്രിയന്നുമേ
രതിക്കു ശൂദ്രസ്ത്രീയാവാം വയ്യെന്നോതുന്നു മററുപേർ. 12
ശൂദ്രസ്ത്രീയിൽ സന്തതിയെ പ്രശംസിപ്പീല സജ്ജനം
ശൂദ്രയിൽ പുത്രവാൻ വിപ്രൻ പ്രായശ്ചിത്താർഹനായ്വരും. 13
ത്രിംശദ്വർഷൻ ദശവയോനഗ്നികസ്ത്രീയെ വേൾക്കുക
വയസ്സേഴായോളെ വേൾക്കാമിരുപത്തൊന്നുകാരനും. 14
ഭ്രാതാവച്ഛനുമില്ലാതുള്ളവളെബ് ഭരതർഷഭ!
വേൾക്കൊല്ലാ പുത്രികാധർമ്മത്തിന്നു നില്പവളാണവൾ. 15
മൂവാണ്ടു കാത്തിരിക്കേണം തിരണ്ടുള്ളവളാം സതി
നാലാമാണ്ടിൽ സ്വയം ഭർത്താവിനെത്തേടിപ്പിടിക്കണം. 16
പ്രജാരതിക്ഷയമവൾക്കുണ്ടാകാ ഭരതർഷഭ!
മട്ടുമാറി പ്രവർത്തിപ്പോൾ പ്രജേശന്നവൾ വാച്യയാം*. 17
സപിണ്ഡയല്ലാത്തോളമ്മയ്ക്കുസഗോത്ര പിതാവിനും
ഇമ്മട്ടുള്ളവളായ്ച്ചേരാമതോതീ ധർമ്മമായ് മനു. 18

യുധിഷ്ഠിരൻ പറഞ്ഞു

ശുല്കം മററൊരുവൻ നല്കീ തരാമെന്നോതി മററൊരാൾ
ബലാൽച്ചൊൽവൂ മററൊരുത്തൻ ധനം കാട്ടുന്നു മററൊരാൾ 19
കൈപിടിപ്പോൻ വേറെയൊരാളാർക്കാം ഭാര്യ പിതാമഹ!
തത്വം കാണേണ്ട ഞങ്ങൾക്കു കണ്ണായ് നില്ക്കേണമേ ഭവാൻ. 20

ഭീഷ്മൻ പറഞ്ഞു

മാനുഷ്യമായുള്ള കർമ്മം സംസ്ഥാനത്തിന്നു കാണ്മതാം
അവന്നു മന്ത്രം മന്ത്രാഢ്യം പാഴിൽച്ചൊൽവതു പാതകം. 21
ഭാര്യാപുത്രർത്വിഗാചാര്യർ ശിഷ്യോപാദ്ധ്യായരങ്ങനെ
പാഴോതിയാൽ ദണ്ഡ്യരെന്നാമില്ലെന്നോതുന്നു മററുപേർ. 22
അകാമനൊത്തു സംവാസം പ്രശംസിപ്പീലെടോ മനു
അയശസ്യമധർമ്മ്യംതാൻ പാഴിൽദ്ധർമ്മപ്രകോപനം. 23
ഒന്നിലെന്നും ദോഷമില്ലയെന്നാലുണ്ടാവതെങ്ങനെ
ധർമ്മത്താൽ നല്ലമെവളെക്കൊൾവൂ ഭാരത,യേവളെ. 24
ബന്ധുസമ്മതിയോടൊത്തു മന്ത്രഹോമങ്ങൾ ചെയ്യണം

---

* വാച്യ=നിന്ദ്യ.

അമ്മട്ടു പററും മന്ത്രങ്ങൾ നല്ലാത്തോൾക്കില്ലൊരിക്കലും. 25
ഭാര്യാഭർത്താക്കൾക്കു തമ്മിൽ ചെയ്യീലേ മന്ത്രനിശ്ചയം?
അതാണു വലുതാ ജ്ഞാതിക്കൂട്ടർ ചെയ്യിപ്പതാണിതും. 26
ഭർത്താവേല്പൂ ധർമ്മശാസ്ത്യാൽ ദൈവം നല്കുന്ന ഭാര്യയെ
അവൻ ദൈവം മാനുഷവും പാഴാം മൊഴിയൊഴിക്കുമേ. 27

യുധിഷ്ഠിരൻ പറഞ്ഞു

ശുല്ക്കം കൊണ്ടാക്കന്യകയിൽ ശ്രേഷ്ഠനാം നരനെത്തുകിൽ
ധർമ്മകാമാർത്ഥമുടയോൻ ചൊല്ലാമോ പൊളി വയ്യയോ? 28
രണ്ടു പക്ഷം ദോഷമതിൽച്ചെയ്യോൻ ശ്രേയസ്സു ചെയ്യണം
എല്ലാദ്ധർമ്മത്തിലുംവെച്ചീദ്ധർമ്മം ഞങ്ങൾക്കു ചിന്ത്യമാം. 29
തത്ത്വം കാണേണ്ടു ഞങ്ങൾക്കു കണ്ണായീടേണമേ ഭവാൻ
അതെല്ലാം ചൊല്ലു ഞാൻ തൃപ്തിപ്പെടുന്നീല കഥിക്ക നീ. 30

ഭീഷ്മൻ പറഞ്ഞു

വിലയ്ക്കാക്കുന്നില്ല ശുല്ക്കമതിൽ നേടീലറിഞ്ഞവൻ
സത്തുക്കൾ ശുല്ക്കപരരായ് നല്കമാറില്ല കന്യയെ. 31
മററുററ ഗുണവാനോടും ശുല്ക്കം യാചിപ്പു ബാന്ധവർ
ചമയിച്ചിട്ടു വേൾക്കെന്നായനുകൂലന്നു നല്കിലും. 32
അവളെത്താൻ കൊടുത്താലും ശുല്ക്കമല്ലല്ല വിക്രയം
കൊടുക്കേണം വേട്ടശേഷമിതു ധർമ്മം സനാതനം. 33
നിനക്കു കന്യയേ നല്കാമെന്നു മുൻപോതിടാത്തതാം
ചൊന്നാലും ചൊല്ലിടാഞ്ഞാലുമവശ്യം ചൊല്ലിയെങ്കിലും. 34
അതിനാൽ കൈ പിടിപ്പോളം യാചിക്കാറുണ്ടു തങ്ങളിൽ
വാനോർ കന്യാവരനെ മുൻപേകിയെന്നുണ്ടു കേൾപ്പു നാം. 35
നല്കൊല്ല കന്യയെയനിഷ്ടന്നെന്നാണൃഷിചോദിതം
കാമമൂലത്തിന്നു മൂലം സന്തതിക്കുമതെന്മതം. 36
പല ദോഷം പരിചയാൽ കണ്ടു കൊള്ളക്കൊടുക്കലിൽ
നിഷ്ഠാകരം ശുല്ക്കമല്ലെന്നായിട്ടുണ്ടതു കേൾക്ക നീ. 37
ഞാനാ വിചിത്രവീര്യന്നായ്ക്കൊണ്ടേൻ കന്യാദ്വയത്തിനെ
മററും മാഗധരേ വെന്നു കാശികോസലരേയുമേ. 38
കൈപിടിച്ചോളായൊരുവൾ മറേറാളോ പ്രാപ്തശുല്ക്കയാം
പിടിച്ച കന്യയെക്കൊണ്ടുവിടെന്നെന്നച്ഛനപ്പൊഴേ 39
ചൊന്നാൻ മറേറക്കന്യകയെപ്പ്രാപ്പിച്ചീടെന്നു കൗരവൻ.
അച്ഛന്റെ വാക്കിൽ ശങ്കിച്ചു ചോദിച്ചേൻ മററു പേരൊടും 40
ധർമ്മേച്ഛയച്ഛനേക്കാളുമെനിക്കുണ്ടിതിലേററവും.
അതുകൊണ്ടോതിനേനാചാരേച്ഛു ഞാൻ നൃപ,യിങ്ങനെ 41
ശരിക്കാചാരമറിവാനിച്ഛിപ്പേനെന്നു വീണ്ടുമേ.
ഞാനിങ്ങനെ പറഞ്ഞപ്പോൾ ധർമ്മിഷ്ഠന്മാരിലുത്തമൻ 42

എൻെറയച്ഛൻ മഹാരാജ, ചൊല്ലീ ബാൽഹീകനിങ്ങനെ:
''നിങ്ങാംക്കെങ്കിൽ ശുല്ക്കമൂലം നിഷ്ഠ പാണിഗ്രഹത്തിലും 43
ലാജാന്തരമുപാസിക്ക പ്രാപ്തശുല്ക്കനിതേ സ്മതി;
ധമ്മജ്ഞർ ചൊല്ലമാറില്ലാ പ്രമാണം വാക്യമൂലമായ്. 44
പാണിഗ്രഹത്തിലും ശുല്ക്കാൽ നിഷ്ഠയുള്ളവർതമ്മുടെ
പ്രസിദ്ധം മൊഴി ദാനത്തിൽ വിശ്വാസപ്രദമല്ലിഹ. 45
ശുല്ക്കത്തെ ക്രയമായ്ക്കാണുന്നവർ ധമ്മജ്ഞരല്ല താൻ
അവക്കു നല്ലൊല്ലമ്മട്ടുള്ളവളേ വേട്ടുപോകൊലാ. 46
വയ്യാ ക്രയം ഭാര്യയെത്താൻ വിക്രയം വയ്യൊരിക്കലും
ക്രയം ചെയ്യോർ ദാസിയെത്താൻ വിക്രയം ചെയ്യതങ്ങനെ? 47
ആപ്പാപചിത്തരാം ലുബ്ധക്കവ്വെണ്ണം നിഷ്ഠയായ്വരാം
സത്യവാനോടു ചോദിച്ചിതിക്കാര്യത്തിൽജ്ജനങ്ങാം പോൽ. 48
''ശുല്ക്കമൊക്കും കന്യയുടെ ശുല്ക്കദൻ ചത്തടങ്ങുകിൽ
വേറിട്ടൊരാാക്കു വോക്കാമോ ഞങ്ങാക്കീദ്ധമ്മസംശയം. 49
അതു തീർക്കു മഹാപ്രാജ്ഞ, നീയല്ലോ പ്രാജ്ഞസമ്മതൻ
തത്വം കാണേണ്ട ഞങ്ങാക്കു കണ്ണായീടേണമേ ഭവാൻ.'' 50
എന്നോതുമവരോടെല്ലാം സത്യവാൻ ചൊല്ലിയിങ്ങനെ:
''എങ്ങിഷ്ടമങ്ങു നല്കീടാം വിചാരിക്കേണ്ടതില്ലിതിൽ 51
ജീവിക്കിലും ചെയ്യുമേവം ചത്താലില്ലൊരു സംശയം.
കന്യ ദേവരനിൽച്ചെല്ലു വൻതപം ചെയ്യുയെന്നുമാം 52
അവനെത്താൻ പിൻതുടർന്നു പാണിഗ്രാഹകകാംക്ഷയാൽ.
ചിലക്കു ലേഖനം ചെയ്യും മററുപേക്കിതു മെല്ലയാം 53
എന്നാലിതിൽത്തക്കമുള്ളോക്കിതു നിശ്ചയമാണുപോൽ.
അവർ വോകുന്നതിൻ മുൻപിലിടയുണ്ടെന്നിരിക്കുകിൽ 54
സവ്വമംഗളമന്ത്രംതാൻ പാഴാകും മൊഴി പാതകം.
പാണിഗ്രഹണമന്ത്രങ്ങാംക്കേഴാം വാക്കിങ്കൽ നിഷ്ഠയാം 55
ഭാര്യയാം കൈപിടിച്ചാാക്കു വെള്ളം കൂട്ടിക്കൊടുക്കിലും;
ഇതിൽ ദേയം ചൊൽവതേവമിതു നിശ്ചയമാണു പോൽ. 56
ഇണങ്ങിക്കുലമൊത്തഗ്നിമുഖേ സോദരദത്തയെ
വലംവെച്ചു മുറയ്ക്കേല്ക്കു ഭാര്യയാക്കി ദ്വിജോത്തമൻ.'' 57

45. വിവാഹധമ്മം—യമഗാഥ

ശുല്കം വാങ്ങിക്കഴിഞ്ഞ കന്യകയ്ക്കു ഭത്താവുണ്ടായില്ലെങ്കിൽ കന്യാപിതാവ് എന്താണു ചെയ്യേണ്ടതെന്നും മററുമുള്ള ചോദ്യങ്ങൾക്കു ഭീഷ്മർ മറുപടി പറയുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ശുല്ക്കമൊക്കും കന്യകയ്ക്കൊത്തില്ലാരും പതിയെങ്കിലോ
അതിലെന്താണു നിവ്വാഹമതു ചൊല്ലു പിതാമഹ! 1

ഭീഷ്മർ പറഞ്ഞു

ശ്ശുദ്ധനാകും പുത്രകന്നാ[1]യ് പാല്യ[2]യാമപ്പൊഴായവരം
ശ്ശുല്ക്കമങ്ങാഹരിക്കാ[3]ഞ്ഞാൽ ക്രീത[4]യാം ശ്ശുല്ക്കദന്നവരം. 2
അവന്നപത്യമിച്ഛിക്ക പററും ന്യായവഴിക്കതാൻ
അവനാൽ മന്ത്രവൽകൃത്യമാരും നോക്കേണ്ടൊരിക്കലും. 3
സ്വയംവൃത[5]ന്ന സാവിത്രി പിതൃകല്പിത[6]യായിനാരം
അതവന്നന്യർ കൊണ്ടാടുമില്ലാ ധർമ്മജ്ഞർ മററുപേർ. 4
ഇതു ചെയ്യില്ലന്യർ ചെററും ചെയ്യും സാധുക്കരം മററുപേർ
സാധുക്കരംക്കേററമാചാരം വലുതാം ധർമ്മലക്ഷണം. 5
ഈ പ്രസംഗത്തിലീവണ്ണമുരചെയ്തിതു സുക്രതു
വിദേഹരാജന്റെ നപ്താ[7]വാ യോഗ്യൻ ജനകന്നുടെ. 8
അസത്തു ചെയ്യും വഴിയിൽ പ്രസംഗംതന്നെ പററുമോ?
ഇതിൽച്ചോദ്യം സംശയവും സത്തുക്കരംക്കൊരു നിന്ദയാം. 7
അസത്തുതന്നെ ധർമ്മത്തിൽ ഖണ്ഡനം ധർമ്മമാസുരം
ഇവളെപ്പൂർവ്വകർമ്മത്തിലറിഞ്ഞും കേരംപ്പതില്ല ഞാൻ. 8
സ്ത്രീപുമാന്മാക്കുള്ള ഭാര്യാഭർത്തൃബന്ധം സുസൂക്ഷ്മമാം
സാമാന്യധർമ്മം രതിയാണെന്നുമാ നൃപനോതിനാൻ. 9

യുധിഷ്ഠിരൻ പറഞ്ഞു

ധനം ഗ്രഹിപ്പു പുരുഷർന്നാലെന്തു പ്രമാണമായ്
പുത്രനില്ലാത്തോനു കന്യ പുത്രമട്ടായിടേണ്ടയോ? 10

ഭീഷ്മർ പറഞ്ഞു

ആത്മാവിനെപ്പോലെ മകൻ മകനെപ്പോലെയാ മകരം
ആത്മാവാമവരം നില്ക്കുമ്പോരം മററൊരാരം ധനമേല്ക്കുമോ? 11
അമ്മയ്ക്കു മുതലുണ്ടെങ്കിൽ കുമാരീഭാഗമാണതും
അപുത്രനാമച്ഛന്നുടെ വിത്തം ദൗഹിത്രനേല്ക്കുമേ. 12
അവൻ നല്കുന്നിതച്ഛന്നും പിണ്ഡം മുത്തച്ഛനും ശരി
പുത്രദൗഹിത്രർക്കു ധർമ്മംകൊണ്ടില്ലൊരു വിശേഷവും. 13
മററു ദിക്കിൽ പുത്രിയേക്കാരം പ്രജയിൽ പുത്രനിഷ്ടനാം
മററിടം പുത്രനേക്കാളും പുത്രിയാം മെച്ചമാവതും. 14
ദൗഹിത്രധർമ്മംകൊണ്ടെന്നാലിതിൽക്കാണ്മീല കാരണം
വിക്രീതമാരിലുണ്ടാകും മക്കളെച്ഛന്നുതന്നെയാം. 15
അധർമ്മിഷ്ഠരസൂയിപ്പോർ പരസ്വഹരരാം ശഠർ
ആസുരത്താൽപ്പിറന്നുള്ളോർ ധർമ്മം തെററിച്ചിടുന്നവർ. 16
പഴമക്കാർ ചൊല്ലുമാറുണ്ടിങ്ങുതാൻ യമഗാഥകരം

1 ശ്ശുദ്ധനാം പുത്രകൻ = ശ്ശുല്ക്കമായി നിശ്ചയിക്കപ്പെട്ട സംഖ്യ കൊടുത്ത ആൾ. 2 പാല്യ = സൂക്ഷിക്കപ്പെടേണ്ടവൾ. 3 ആഹരിക്ക = തിരികെ വാങ്ങുക. 4 ക്രീത = വില്ക്കപ്പെട്ടവൾ. 5 സ്വയംവൃതൻ = സ്വയം വരിക്കപ്പെട്ടവൻ. 6 പിതൃകല്പിത = പിതാവിനാൽ ദാനംചെയ്യപ്പെട്ടവൾ. 7 നപ്താവ് = പൗത്രൻ.

ധമ്മജ്ഞർ ധമ്മശാസ്ത്രത്തിൽധമ്മസേതുവിൽ നില്പവർ 17
ഏതവൻ തൻെറ മകനെ വിററിച്ചീക്കുന്നുവോ ധനം,
ജീവിതാത്ഥം കന്യകയെശ്ശുല്ക്കത്താൽ നല്കിടുന്നുവോ, 18
ഏഴ കീഴാം കാലസൂത്രകഠോരനരകത്തിലായ്
വിയപ്പു മലമൂത്രങ്ങളം തിന്നുമാ മൂഢനായതിൽ. 19
ആഷ്ത്തിൽ ഗോയുഗം ശുല്കം ചിലർ ചൊൽവതു ഭോഷ്കതാൻ
രാജൻ, കുറച്ചോ പെരുതോ വിക്രയം ശരിതന്നെയാം. 20
ചിലരായതു ചെയ്താലും ശാശ്വതം ധമ്മമാസ്സരാ
മററു പേക്കും കാണ്മതുണ്ടു ലോകത്താൽ സംപ്രവൃത്തികൾ. 21
ബലാൽബ്ഭുജിപ്പതാരുണ്ടോ വശ്യയാകും കുമാരിയെ
അവർ പാപം ചെയ്യുമവർ കൂരിരുട്ടിൽക്കിടക്കുമേ. 22
അന്യമത്ത്യനെയും വില്ക്കൊല്ലെന്തോ പിന്നെ സ്വസന്തതി
അധമ്മമൂലമാ ദ്രവ്യംകൊണ്ടൊക്കാ ധമ്മമൊന്നുമേ. 23

46. വിവാഹധമ്മം—സ്ത്രീപ്രശംസ

ഉത്തമസ്ത്രീകൾ കുലത്തിനു ഭൂഷണമാണെന്നും അവരെ ഒരിക്കലും ദുഃഖിപ്പിക്കരുതെന്നും ഭീഷ്മർ ഉപദേശിക്കുന്നു.

ഭീഷ്മൻ പറഞ്ഞു

പഴമക്കാർ ചൊല്ലിവരുന്നുണ്ടാ പ്രാചേതസോക്തിയെ[1]
ഒന്നും ജ്ഞാതികളേല്ക്കാഞ്ഞാലതു വിക്രയമാസ്സരാ. 1
കന്യാഭൂഷണമാണെന്നാലാനൃശംസ്യ[2]മതേററവും
അതൊട്ടുക്കാക്കന്യകയ്ക്കുതന്നെ നല്കീടവേണ്ടതാം. 2
പിതാക്കൾ സോദരന്മാരാ ശ്വശുരന്മാർകൾ ദേവരർ
ഇവർ കോപ്പണിയിക്കേണം കല്യാണാത്ഥികൾ കന്യയെ. 3
പുമാനിൽ സ്ത്രീ രുചിക്കായ്കിൽ പ്രമോദിപ്പിച്ചിടായ്കിലും
അപ്രമോദത്താൽ പുമാനു സന്താനം വാച്ചുവന്നിടാ. 4
പൂജിച്ചു ലാളിച്ചീടേണം നിത്യം സ്ത്രീകളെ മന്നവ!
സ്ത്രീകളിൽപ്പൂജയുള്ളേടം രമിച്ചീടുന്നു ദേവകൾ. 5
ഇവരെപ്പൂജിയാത്തേടം ക്രിയയൊട്ടുക്കു നിഷ്ഫലം
ജ്ഞാതിപ്പെണ്ണുങ്ങൾ മാഴ്കീടുന്നാകിലാക്കുലമില്ലതാൻ. 6
ജാമിശപ്തങ്ങൾ[3] ഗേഹങ്ങൾ കൃത്യാകൃത്തങ്ങൾ[4] പോലെയാം
ശോഭിക്കാ വളരാ മററും ശ്രീ നശിച്ചവ മന്നവ! 7
സ്ത്രീകളെപ്പുരുഷക്കേകീ സ്വർഗ്ഗം പൂകുമ്പൊഴാ മനു.

---

1 പ്രാചേതസോക്തി = പ്രചേതസ്സിൻെറ മകനായ ദക്ഷൻെറ വാക്ക്.
2 ആനൃശംസ്യം = അനിന്ദിതം. 3 ജാമിശപ്തം = കുലസ്ത്രീകളാൽ ശപിക്കപ്പെട്ടതു്.
4 കൃത്യാകൃത്തങ്ങൾ = കൃത്യയാൽ മുറിക്കപ്പെട്ടവ, തകക്കപ്പെട്ടവ.

സ്വല്പച്ഛലാഢ്യമാർ സ്ത്രീകൾ സത്യം വെൽവവരിഷ്ടകൾ 8
ഈഷ്യ്കക്കൾ[1] മാനാത്ഥിനികൾ ചണ്ഡാജ്ഞകൾ[2] വിരുദ്ധകൾ.
സ്ത്രീകൾ മാന്യകൾ മാനിച്ചുംകൊൾകായവരെ മത്ത്യരേ! 9
സ്ത്രീമൂലമാകുന്നു ധമ്മം രതി കേവലഭോഗവും
പരിചര്യാ നതികളും നിങ്ങൾക്കവർവശത്തിലാം. 10
സന്താനമുണ്ടായ് വരലുമുണ്ടായാൽപ്പിന്നെ രക്ഷയും
പ്രീതിക്കായ് ലോകയാത്രയ്ക്കു നോക്കുകിൽ സ്ത്രീനിബന്ധനം. 11
നിങ്ങൾ മാനിക്കിലിവരെ സവ്വകാര്യങ്ങൾ നേടുമേ
വിദേഹരാജന്റെ മകൾ പാടീ ശ്ലോകമിതൊന്നിതിൽ. 12
യജ്ഞക്രിയയുമില്ലില്ലാ ശ്രാദ്ധമില്ലുപവാസവും
ധമ്മം സ്വഭർത്തൃശുശ്രൂഷ വാനെത്തുമതുകൊണ്ടവർ. 13
അച്ഛൻ കാക്കുന്നു കൗമാരേ പതി കാക്കുന്നു യൗവനേ
മക്കൾ കാക്കുന്നു വാദ്ധക്യേ സ്ത്രീകൾക്കില്ലാ സ്വതന്ത്രത. 14
ശ്രീകളാണീ സ്ത്രീകൾ ഭൂതികാംക്ഷി പൂജിച്ചിടേണ്ടവർ
പാരിച്ചടക്കിക്കൊണ്ടീടിൽ സ്ത്രീയോ ശ്രീയാണു ഭാരത! 15

47. വിവാഹധമ്മം—ധനവിഭാഗം

നാലു വണ്ണങ്ങളിലുമുള്ള സ്ത്രീകളിൽ ജനിക്കുന്ന സന്താനങ്ങൾക്കു പിതൃസ്വത്ത് ഏതേതു രൂപത്തിലാണു ഭാഗിച്ചു കൊടുക്കേണ്ടതെന്നു് ഭീഷ്മൻ വിസ്തരിച്ചു പ്രതിപാദിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

സവ്വശാസ്ത്രവിധാനജ്ഞ, രാജധമ്മജ്ഞ സത്തമ!
ഏററവും സംശയം തീപ്പോൻ ഭവാനീ മന്നിൽ വിശ്രുതൻ. 1
എനിക്കുണ്ടൊരു സന്ദേഹമതു ചൊല്ലു പിതാമഹ!
ഈസ്സംശയം വന്നതന്യനോടു ചൊൽവീല മന്നവ! 2
ധമ്മമാർഗ്ഗം തുടന്നീടും നരൻ ചെയ്യേണ്ടതെങ്ങനെ?
ഇതൊക്കയും മഹാബാഹോ, വിവരിക്കേണമേ ഭവാൻ. 3
നാലു ഭാര്യകളേ വെപ്പു ബ്രാഹ്മണന്നു പിതാമഹ!
ബ്രാഹ്മണി ക്ഷത്രിയാ വൈശ്യ രതികാംക്ഷിക്കു ശൂദ്രയും. 4
അതിലെല്ലാക്കുമേ മക്കളുണ്ടായാൽ കുരുസത്തമ!
ക്രമത്തിലാരായവരിൽ പിതൃവിത്തത്തിനഹ്നാം? 5
ആരെന്തെടുക്കാമച്ഛന്റെ മുതലീന്നു പിതാമഹ!
അവക്കുള്ള വിഭാഗം നീയതിങ്ങോതീട്ടു കേൾക്കണം. 6

ഭീഷ്മൻ പറഞ്ഞു

ബ്രാഹ്മണൻ ക്ഷത്രിയൻ വൈശ്യൻ മൂന്നു ജാതി ദ്വിജാതിയാം

1 ഈഷ്യ്കകൾ=ഈഷ്യയുള്ളവർ. 2 ചണ്ഡാജ്ഞകൾ = ക്ഷിപ്രകോപിനികളും അറിവില്ലാത്തവരും.

ഇവരിൽ കല്പിതം ധമ്മം ബ്രാഹ്മണന്നു യുധിഷ്ഠിര! 7
വൈഷമ്യത്താൽ പിന്നെ ലോഭാൽ കാമത്താലും പരന്തപ!
ബ്രാഹ്മണന്നൊക്കിലാം ശൂദ്ര ശാസ്ത്രാനുസൃതമല്ലതും. 8
ശൂദ്രസ്ത്രീയേ മെത്ത കേറും വിപ്രന്നുണ്ടാമധോഗതി
വിധിയിൽ കണ്ട കമ്മത്താൽ പ്രായശ്ചിത്താഹ്നനായ്വരും; 9
അതിൽ സന്തതിയുണ്ടായാലിരട്ടിച്ചാം യുധിഷ്ഠിര!
ഒക്കുന്ന മുതൽഭാഗത്തെപ്പറയാമയി ഭാരത! 10
ലക്ഷണ്യം[1] ഗോവൃഷം യാനം പ്രധാനപ്പെട്ടതങ്ങനെ
അച്ഛന്റെ മുതൽ മുഖ്യാംശം ഹരിക്ക ബ്രാഹ്മണീസുതൻ. 11
ബ്രഹ്മസ്വം ശേഷമുള്ളോന്നു പത്താക്കേണം യുധിഷ്ഠിര!
അതിൽ നാലംശമച്ഛന്റെ മുതൽ നേടേണമായവൻ. 12
ക്ഷത്രിയയ്ക്കുള്ള മകനും ബ്രാഹ്മണൻതാനസംശയം
അമ്മയ്ക്കുള്ള വിശേഷത്താലവൻ മൂന്നംശമേല്ക്കുക. 13
മൂന്നാം ജാതിയിലാ വൈശ്യസ്ത്രീയിൽ ബ്രാഹ്മണനന്ദനൻ
രണ്ടംശം ബ്രാഹ്മണസ്വത്തിലായാളേല്ക്ക യുധിഷ്ഠിര! 14
ശൂദ്രയിൽ ബ്രാഹ്മണോൽപന്നനദേയധന[2]നെപ്പൊഴും
എന്നാലുമല്പം നല്കേണം ശൂദ്രാപുത്രന്നു ഭാരത! 15
പത്തായ് പങ്കിട്ട മുതലിൽ ഭാഗക്രമമിതിങ്ങനെ
സവണ്ണമാരിലുണ്ടായോക്കൊപ്പം ഭാഗങ്ങൾ വെയ്ക്കണം. 16
വിപ്രനല്ലെന്ന നൈപുണ്യാൽ കാണ്മൂ ശൂദ്രാകുമാരനെ
മൂന്നു ജാതിയിലും വിപ്രാൽ പിറന്നോൻ വിപ്രനായ്വരും. 17
ജാതി നാലായ് സ്മരിക്കുന്നൂ പിന്നെയഞ്ചാമതില്ലതാൻ
പത്താം ഭാഗം പിതൃധനം ശൂദ്രാപുത്രൻ ഹരിക്കുക. 18
ഹരിക്കാമച്ഛനേകീടി,ലതേകാഞ്ഞാലനഹ്നനാം;
തീച്ചയായ് മുതലേകണം ശൂദ്രാപുത്രന്നു ഭാരത! 19
ആനൃശംസ്യം[3] പരം ധമ്മമെന്നവന്നു കൊടുപ്പതാം;
എങ്ങുണ്ടാമങ്ങതു ഗുണത്തിന്നായിത്തന്നെ വന്നിടും. 20
ഇവന്നു മകനുണ്ടെങ്കിലുണ്ടായീലെന്നിരിക്കിലും
പത്തൊന്നിലേറെയേകേണ്ടാ, ശൂദ്രാപുത്രന്നു ഭാരത! 21
മൂവാണ്ടിഷ്ടിക്കുള്ളതിലുമധികം വിപ്രനൊക്കുകിൽ
ആ ദ്രവ്യത്താൽ യജിക്കേണം പാഴിൽ നേടീടൊലാ ധനം. 22
മൂവായിരംവരെ സ്ത്രീക്കു ധനത്തിൻ ഭാഗമേകണം
യഥാഹ്മുപഭോഗിക്ക ഭത്താവേകിയൊരാദ്ധനം. 23
സ്ത്രീകൾക്കു ഭത്തൃവിത്താംശം ചിലവിന്നുള്ളതാം സ്മൃതം
പതിവിത്തം സ്ത്രീകളപഹാരം ചെയ്യൊല്ലൊരിക്കലും. 24

1 ലക്ഷണ്യം = ലക്ഷണമൊത്ത. 2 അദേയധനൻ = ധനം കൊടുക്കാൻ പാടില്ലാത്തവൻ. 3 ആനൃശംസ്യം = ദയ.

സ്ത്രീക്കുള്ളൻ നല്കിയ മുതലുണ്ടെന്നാകിൽ യുധിഷ്ഠിര!
ബ്രാഹ്മണിക്കായതാക്കന്യയേല്ക്കു പുത്രൻ കണക്കവരം. 25
രാജാവേ, പുത്രനെപ്പോലാണവളും കുരുനന്ദന!
ഇപ്രകാരം സമുദ്ദിഷ്ടം ധർമ്മം ഹേ ഭരതർഷഭ! 26
ഇപ്പടിക്കാം ധർമ്മമോർത്തു നേടൊല്ലാ പാഴിലായ് ധനം.

യുധിഷ്ഠിരൻ പറഞ്ഞു

ശൂദ്രയിൽ ബ്രാഹ്മണോൽപന്നൻ ധനഭാക്കല്ലയെങ്കിലോ
ഇങ്ങെന്തൊരു വിശേഷത്താൽ പത്താം ഭാഗം കൊടുപ്പതും? 27
ബ്രാഹ്മണീങ്കൽ ബ്രാഹ്മണജൻ ബ്രാഹ്മണൻതാനസംശയം
ക്ഷത്രിയസ്ത്രീയിലും വൈശ്യസ്ത്രീയിലും ശരിയെങ്കിലോ, 28
എന്തിന്നു സമമല്ലാത്ത ഭാഗമേല്പൂ, നൃപോത്തമ!
ജാതി മൂന്നും ബ്രാഹ്മണരാണെല്ലാമെന്നല്ലി ചൊല്ലി നീ? 29

ഭീഷ്മൻ പറഞ്ഞു

ദാരങ്ങളെന്നു ചൊല്ലുന്നു പാരിൽ പേരാൽ പരന്തപ!
പറഞ്ഞോരീപ്പേരുകൊണ്ടു പെരുത്തുണ്ടു വിശേഷവും. 30
മുൻ മൂന്നു ഭാര്യയേ വേട്ടാ ബ്രാഹ്മണസ്ത്രീയെ വേൾക്കിലും
ജ്യേഷ്ഠയും പൂജ്യയുമവൾ വലിപ്പംകൊണ്ടു ഭാര്യയാം. 31
സ്നാനം പ്രസാധനം ദന്തധാവനം കാന്തനഞ്ജനം
ഹവ്യം കവ്യം ധർമ്മമായി ഗൃഹേ മററുള്ളതൊക്കയും 32
അവൾ നില്ക്കുമ്പൊൾ മററുള്ളോൾ ചെയ്തുപോകൊല്ലൊരിക്കലും
ബ്രാഹ്മണന്നാ ബ്രാഹ്മണിതാൻ ചെയ്തിടേണം യുധിഷ്ഠിര! 33
അന്നം പാനം മാല്യമേവം വസ്ത്രമാഭരണങ്ങളും
ബ്രാഹ്മണിക്കായി നല്കേണം ഭർത്താവിന്നവൾ മേലെയാം. 34
മനു ചൊല്ലിയൊരാശ്ശാസ്ത്രമില്ലയോ കുരുനന്ദന!
അതിലീദ്ധർമ്മമുർവ്വീശ, കാണുന്നുണ്ടു സനാതനം. 35
അതല്ല കാമാൽ മറിച്ചു ചെയ്തുപോയാൽ യുധിഷ്ഠിര!
മുൻ കണ്ടമട്ടിലാ വിപ്രചണ്ഡാലൻതന്നെയാണവൻ. 36
ബ്രാഹ്മണിക്കൊത്തോരു പുത്രൻ ക്ഷത്രിയസ്ത്രീക്കുമങ്ങനെ
ഈ രണ്ടു ജാതിക്കുമുള്ള വിശേഷം പിന്നെ മന്നവ! 37
ബ്രാഹ്മണസ്ത്രീക്കൊക്കുകില്ലാ ജാതിയാൽ ക്ഷത്രിയാംഗന
ബ്രാഹ്മണീപുത്രനൊന്നാമൻ മേലെയാം രാജസത്തമ! 38
വീണ്ടും വീണ്ടുമെടുക്കേണ്ടോൻ പിതൃവിത്തം യുധിഷ്ഠിര!
ബ്രാഹ്മണിക്കാ ക്ഷത്രിയസ്ത്രീ കിടയല്ലാത്തവണ്ണമേ. 39
ക്ഷത്രിയസ്ത്രീക്കു വൈശ്യസ്ത്രീ കിടയാകില്ലൊരിക്കലും.
ശ്രീ രാജ്യമേവം ഭണ്ഡാരം ക്ഷത്രിയക്കു യുധിഷ്ഠിര! 40
രാജൻ വിധിച്ചുകാണുന്നിതാഴി ചൂഴുന്നൊരൂഴിയും
സ്വധർമ്മത്താൽ ക്ഷത്രിയനോ ഭൂതിശ്രീ നേടിടുന്നതേ. 41
ഭൂപൻ ദണ്ഡധരൻ ഭൂപ, രക്ഷ ക്ഷത്രത്തിൽമാത്രമാം

ബ്രാഹ്മണന്മാർ യോഗ്യർ ദേവകൾക്കും ദേവകളാണവർ. 42
അവരിൽ പൂജ വിധിയാംവണ്ണം ചെയ്യേണമേ നൃപ!
ഋഷിപ്രണീതംതാൻ കണ്ടു ധർമ്മം ശാശ്വതമവ്യയം. 43
ലോപിക്കുകിൽ സ്വധർമ്മത്താൽ ക്ഷത്രിയൻ കാപ്പതുണ്ടിവൻ
ദസ്യുക്കൾ കവരും വിത്തദാരങ്ങളെയുമെങ്ങുമേ; 44
എല്ലാജ്ജാതിക്കാർക്കുമിഹ കാത്തുകൊള്ളുന്നു പാർത്ഥിവൻ.
വൈശ്യാപുത്രനിലും മേലേ ക്ഷത്രിയാപുത്രനാം ദൃഢം 45
വീണ്ടും ഹരിക്കേണമവൻ പിതൃവിത്തം യുധിഷ്ഠിര!

യുധിഷ്ഠിരൻ പറഞ്ഞു

രാജൻ, ഭവാൻ ബ്രാഹ്മണന്നു വിധിക്കോതീ പിതാമഹ!
മററു ജാതിക്കാർക്കെഴുന്ന നിയമം പിന്നെയെങ്ങനെ? 46

ഭീഷ്മൻ പറഞ്ഞു

ക്ഷത്രിയന്നോ രണ്ടു ഭാര്യ വിധിപ്പൂ കുരുനന്ദന!
മൂന്നാമതായ് ശൂദ്രയുമാം ശാസ്ത്രാനനുസൃതമല്ലതും. 47
ഈ ക്രമംതന്നെയാണല്ലോ ക്ഷത്രിയർക്കു യുധിഷ്ഠിര!
എട്ടായ് പങ്കിട്ടുകൊള്ളേണം ക്ഷത്രിയസ്വം ജനാധിപ! 48
പിതൃവിത്തത്തിൽ നാലംശമേല്ക്കേണം ക്ഷത്രിയാസുതൻ
അച്ഛന്റെ യുദ്ധംകൊണ്ടുള്ള നേട്ടവും വാങ്ങുകായവൻ. 49
വൈശ്യാപുത്രൻ മൂന്നു ഭാഗമെട്ടാമത്തു ശൂദ്രജൻ
അച്ഛൻ നല്കിലവൻ വാങ്ങൂ നല്കാഞ്ഞാലർഹനാസ്സരാ. 50
വൈശ്യന്നൊരുത്തിമാത്രംതാൻ ഭാര്യയാം കുരുനന്ദന!
രണ്ടാമതായ് ശൂദ്രയുമാം ശാസ്ത്രാനനുസൃതമല്ലതും. 51
വൈശ്യന്നു വൈശ്യസ്ത്രീയിങ്കൽ വർത്തിക്കെ ഭരതർഷഭ!
ശൂദ്രസ്ത്രീയിങ്കലും പാർത്ഥ, മാററമുണ്ടാമവർക്കുമേ. 52
വൈശ്യന്റെ മുതലഞ്ചാക്കിബ്ഭാഗിക്കു ഭരതർഷഭ!
അവർക്കപത്യത്തിലുള്ള ഭാഗം ചൊല്ലാം ജനാധിപ! 53
അച്ഛന്റെ മുതൽ നാലംശം വൈശ്യാപുത്രൻ ഹരിക്കണം
അഞ്ചാം ഭാഗം വെച്ചിരിപ്പൂ ശൂദ്രാപുത്രന്നു ഭാരത! 54
അച്ഛൻ നല്കിലവൻ വാങ്ങൂ നല്കാഞ്ഞാലർഹനാസ്സരാ.
മൂന്നു ജാതിക്കാർക്കുമുണ്ടാം ശൂദ്രനാദേയവിത്തനാം* 55
സ്വജാതിയിൽബ്ഭാര്യ ശൂദ്രന്നല്ലാത്തോരു വയ്യൊരിക്കലും
മക്കൾ നൂറുണ്ടെങ്കിലുമങ്ങെല്ലാർക്കും ഭാഗമൊപ്പമാം 56
സ്വജാതിക്കു പിറന്നുള്ള മക്കൾക്കൊക്കശ്ശരിക്കുതാൻ
സമജാതിയിലുള്ളോർക്കു ധനഭാഗവുമൊപ്പമാം. 57

---

* ശൂദ്രൻ+ആദേയവിത്തനാം എന്നാണല്ലോ ഇവിടെ പദച്ഛേദം. ആദേയവിത്തൻ എന്നതിന് 'സ്വത്തെടുക്കാവുന്നവൻ' എന്നാണർത്ഥം. അദേയവിത്തൻ എന്നാണു വാസ്തവത്തിൽ വേണ്ടതു്. 'ശൂദ്രോഽദേയധനോ ഭവേൽ' എന്നാണു് മൂലം.

ജ്യേഷ്ഠന്നുണ്ടാം ജ്യേഷ്ഠഭാഗമൊരംശം മെച്ചമാംവിധം
ഈദ്ധായവിധി പണ്ടേതാൻ പാർത്ഥ, ബ്രഹ്മാവു വെച്ചതാം. 58

സവർണ്ണകളിലുണ്ടായോക്കീ വിശേഷം പരം നൃപ!
വിവാഹത്തിൻ വിശേഷത്താൽ മുൻ മുൻ മെച്ചമിതിങ്ങനെ. 59

സമജാതരിലാ ജ്യേഷ്ഠനേല്ലുകംശം പ്രധാനമായ്
മദ്ധ്യമാംശം മദ്ധ്യമനമന്ത്യാംശംതാൻ കനിഷ്ഠനം. 60

ഏവം ജാതിയിലൊട്ടുകൾ മെച്ചമുണ്ടാം സവർണ്ണനം
മാരീചൻ കശ്യപമുനിതാനമീയിത്ഥ ചൊല്ലിനാൻ. 61

48. വർണ്ണസങ്കരകഥനം

വർണ്ണസങ്കരംകൊണ്ടുണ്ടാകുന്ന ജാതിഭേദങ്ങളെയും അവരുടെ സ്വഭാവാദികളെയും വിവരിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

അർത്ഥലോഭത്തിനാൽ കാമാൽ ജാതി തീർച്ചപ്പെടായ്കയാൽ
ജാതി വേർതിരിയാഞ്ഞിട്ടുമുണ്ടാമേ വർണ്ണസങ്കരം. 1

ഇച്ചൊന്ന വിധിയാൽ ജാതി കലന്നുണ്ടായവക്കിഹ
ധർമ്മമെന്തെന്തു കർമ്മങ്ങളതു ചൊല്ലു പിതാമഹ! 2

ഭീഷ്മൻ പറഞ്ഞു

നാലു ജാതിക്കുള്ള കർമ്മം കേവലം നാലു ജാതിയും
യജ്ഞത്തിനായിസ്സൃഷ്ടിച്ചു പണ്ടേതന്നേ പ്രജാപതി. 3

നാലു ഭാര്യകൾ വിപ്രന്നു രണ്ടിൽ താൻതാൻ പിറന്നിടും
രണ്ടിൽ ക്രമത്താൽത്താഴ്ന്നോരായ് പിറക്കും മാതൃജാതിജർ. 4

പരം ശവാൽ[1] ബ്രാഹ്മണന്നുള്ള പുത്രൻ
ശൂദ്രാപുത്രൻ പാരശവാഖ്യ[2]നത്രെ
ശുശ്രൂഷകൻതൻെറ കുലത്തിനായാൾ
സ്വചാരിത്രം നിത്യവും കൈവിടൊല്ലാ. 5

സർവ്വോപായങ്ങളുമേ താൻ ധരിച്ചു
സമുദ്ധരിപ്പൂ സ്വകുലത്തിൻെറ തന്ത്രം
ജ്യേഷ്ഠൻ കനിഷ്ഠൻ നിലയാം ദ്വിജന്നു
ശുശ്രൂഷയാൽ ദാനവാനായിരിക്ക. 6

ക്ഷത്രിയന്നോ മൂവരുണ്ടാം രണ്ടിൽ താൻതാൻ പിറന്നിടും
മൂന്നാമതിൽ ജാതി താഴ്ന്നോർ ശൂദ്രരുഗ്രരിതാം സ്മൃതി. 7

രണ്ടു ഭാര്യകൾ വൈശ്യന്നു രണ്ടിൽ താൻതാൻ പിറന്നിടും
ശൂദ്ര ശൂദ്രന്നൊരേ ഭാര്യ ശൂദ്രനെത്തന്നെ പെററിടും. 8

1 ശവാൽ = ശവസ്ഥാനതുല്യനായ ശൂദ്രനിൽനിന്ന് എന്നാണ് വ്യാഖ്യാതാക്കന്മാർ ആ വാക്കിന് അർത്ഥം പറഞ്ഞുകാണുന്നത്. 2 പാരശവാഖ്യൻ = പാരശവൻ എന്നു പേരുള്ളവൻ.

അതിലൊട്ടേറെയധമൻ ഗുരുദാരപ്രധൎഷകൻ
ജാതിബാഹ്യനെയുണ്ടാക്കും നാലു ജാതിക്കു ഗൎഹ്യ[1]നെ. 9
വിപ്രയിൽ ക്ഷത്രിയൻ ബാഹ്യനായീടും സ്തോത്രസൂതനെ[2]
വൈശ്യൻ മൗൽഗല്യനാം വൈദേഹകനെക്കൎമ്മഹീനനെ. 10
ശൂദ്രനുഗ്രപ്പറയനെപ്പുറത്താം കൊലയാളിയെ
ഉണ്ടാക്കും ബ്രാഹ്മണിയിലീപ്പറഞ്ഞോർ കുലപാംസനർ[3]. 11
ഇവർ ധീമാന്മാരിൽ വര പ്രഭോ, സങ്കീൎണ്ണവൎണ്ണരാം
ഉണ്ടാക്കും വൈശ്യനാൽ വന്ദി മാഗധൻ വാക്യജീവനൻ. 12
ശൂദ്രാൽ നിഷാദൻ മീൻകൊല്ലി ക്ഷത്രസ്ത്രീയിലതിക്രമാൽ
ആയോഗവൻ വൈശ്യയിങ്കൽ സംഭോഗിക്കുന്ന ശൂദ്രനാൽ. 13
ബ്രാഹ്മണക്ക്പ്രതിഗ്രാഹ്യൻ തച്ചൻ സ്വധനജീവനൻ
സ്വയോനിയിങ്കലിവരും ജനിപ്പിപ്പൂ സവൎണ്ണരെ. 14
അമ്മത്താവഴിയായ്ത്തീരും നീചന്മാർ നീചജാതിയിൽ
നാലു ജാതിയിലും രണ്ടിൽ താന്താനുണ്ടായിടുംവിധം. 15
ആനന്തര്യാൽ[4] പിറന്നീടും പ്രധാനാൽ പുറജാതികൾ
സ്വജാതീയരെയുണ്ടാക്കുമിവരും തന്റെ ജാതിയിൽ. 16
തമ്മിൽ മാറിബ്ഭാര്യകളിൽ ജനിപ്പിക്കും നികൃഷ്ടരെ
ശൂദ്രൻ ബ്രാഹ്മണിയിൽ ജാതിബാഹ്യനെത്തീൎത്തിടുംപടി. 17
ജാതി നാലാൽ പിറക്കുന്നു പുറംജാതിപ്പുറത്തുകാർ
പ്രതിലോമം വാൎദ്ധമേറെപ്പുറംജാതിപ്പുറത്തുകാർ. 18
ഹീനാൽ പിറക്കുന്നു ഹീനജാതിക്കാർ പതിനഞ്ചുതാൻ
അഗമ്യാഗമനംമൂലമുണ്ടാകും വൎണ്ണസങ്കരം. 19
പുറംജാതിക്കാർക്കു തീരും സൈരന്ധ്രീമാഗധാഖ്യരിൽ
മോടികൂട്ടറിവോർ ദാസരല്ലാത്തദ്ദാസവൃത്തികൾ. 20
പെറുമായോഗവനെയിങ്ങശ്വബന്ധനജീവിയെ
മൈരേയകനെ വൈദേഹനുണ്ടാക്കും മദ്യകൃത്തിനെ. 21
നിഷാദൻ മീൻപിടിയനെത്തോണിക്കൊററായ[5] ദാശനെ[6]
ചണ്ഡാലനോ ശവം കാക്കും നായെത്തിന്നുന്ന ജാതിയെ 22
ക്രൂരാൽ മാഗധി പെററീടും നാലു മായോപജീവരെ.
മാംസം വില്പോൻ ചാറെടുപ്പോൻ ക്ഷൗദ്രൻ സൗഗന്ധനിങ്ങനെ
വൈദേഹകാൽ പാപശീലക്രൂരൻ മായോപജീവിയെ.
നിഷാദാൽ കഴുതക്കാരനായീടും മദ്രനാഭനെ 24
ചണ്ഡാലനാൽ പുല്കസനെ ഖരാശ്വഗജഭോജിയെ.
ശവവസ്ത്രമുടപ്പോനെബ്ഭിന്നപാത്രാന്നഭോജിയെ 25

1 ഗർഹ്യൻ = നിന്ദ്യൻ. 2 സ്തോത്രസൂതൻ=സ്തുതിപാഠകൻ. 3 കുലപാംസനർ= കുലത്തിനു കളങ്കമായുള്ളവർ. 4 ആനന്തര്യാൽ = പരമ്പരമുറയ്ക്കു്. 5 തോണിക്കൊററായ = തോണികൊണ്ടു് ഉപജീവനം കഴിക്കുന്ന. 6 ദാശൻ=മുക്കുവൻ.

ആയോഗവികളിൽത്തീരും നീചജാതികരം മൂന്നുപേർ.
വൈദേഹകാൽ ക്ഷുദ്രനസ്രൻ ഗ്രാമം വിട്ടിട്ടു പാപ്പവൻ 26
കാരാവരൻ നിഷാദീകൽ തോല്ക്കാരനുളവാസ്സരും.
ചണ്ഡാലാൽ പാണ്ഡുസൗപാകൻ മൊളക്കച്ചോടമുള്ളവൻ 27
അഹിണ്ഡകൻ പിറന്നീടും വൈദേഹിയിൽ നിഷാദനാൽ.
ചണ്ഡാലനാലേ സൗപാകൻ ചണ്ഡാലസമവൃത്തിയാം 28
പെറും നിഷാദി ചണ്ഡാലാലൊട്ടുവാം നീചപുത്രനെ
പുറം കാക്കും പുറംതള്ളാം ചുടലക്കാട്ടുവാഴിയെ. 29
ഇവരത്രേ സങ്കരജരച്ഛനമ്മകരംതെററിനാൽ
ഒളിച്ചോർ വെളിവായോരും സ്വകമ്മാലറിയേണ്ടവർ. 30
നാലു ജാതിക്കാക്കുമാത്രം ധമ്മം മററാക്കുമില്ലതാൻ
ധമ്മമില്ലാത്ത ജാതിക്കാക്കിങ്ങില്ലാ സംഖ്യയൊന്നിനും. 31
യദൃച്ഛയാ കഴിഞ്ഞീടും യജ്ഞസാധുബഹിഷ്കൃതർ
ബാഹ്യന്മാർ ബാഹ്യരാലുണ്ടാം വ്യത്യാലംബാനുരൂപമായ്. 32
വഴി ശ്മശാനം ശൈലങ്ങരം മററും മാമരമെന്നതിൽ
കാരിരുമ്പാമലങ്കാരം ധരിച്ചുംകൊണ്ടു നിത്യവും 33
വെളിവായ്പ്പാത്തിട്ടുമിവർതൻ വേല വഴികൊററുമായ്
അലങ്കാരോപകരണങ്ങളെ നിമ്മിച്ചുമങ്ങനെ. 34
ഗോബ്രാഹ്മണക്കു തുണയും ചെയ്തുകൊണ്ടങ്ങസംശയം
ആനൃശംസ്യം കരുണയും ക്ഷമയും സത്യവാക്യവും 35
തന്മെയ്പോക്കിക്കാക്കലുമാം ബാഹ്യക്കും സിദ്ധികാരണം
അതിങ്കൽ മനുജവ്യാഘ്ര, സംശയം ചെററുമില്ല മേ. 36

> ഇഹോപദേശപ്പടി ചൊന്നവററിൽ
> നരൻ ജനിപ്പിക്കുകറിഞ്ഞു ബുദ്ധിമാൻ;
> നികൃഷ്ടജാതിക്കു പിറക്കിലാഴ്ത്തുമേ
> കടക്കുവോനെശ്ശില നീററിലാംവിധം. 37

അറിയാത്തോനെയും പാരിലറിഞ്ഞോനെയുമങ്ങനെ
സ്ത്രീകരം ദുമ്മാർഗ്ഗത്തിലാക്കും കാമക്രോധാനുവൃത്തിയെ. 38
നരക്കു ദൂഷണംചെയ്യു നാരികരംക്കോ സ്വഭാവമാം
ഏററെസ്സജ്ജിക്കു*മാറില്ലാ സ്ത്രീകളിൽ പ്രാജ്ഞരായവർ. 39

യുധിഷ്ഠിരൻ പറഞ്ഞു

അറിയാതിങ്ങു കലുഷയോനിജൻ നീചമത്ത്യനെ
ഞങ്ങളെങ്ങനെ കണ്ടെത്തുമാര്യരൂപനനാര്യനെ? 40

ഭീഷ്മൻ പറഞ്ഞു

യോനികാലുഷ്യോത്ഭവനിൽ നാനാഭാവങ്ങളൊക്കയാൽ
സജ്ജനാചാരകമ്മംകൊണ്ടറിയാം യോനിശുദ്ധിയെ. 41

---

* സജ്ജിക്കുക = പാറിച്ചേരുക.

അനാര്യത്വമനാചാരം ക്രൂരത്വം നിഷ്ക്രിയത്വവും
പാരിൽ കലുഷയോന്യുത്ഥമർത്ത്യനെ[1]ത്തെളിയിക്കുമേ. 42
അച്ഛന്റെ ശീലമേററീടുമങ്ങമ്മയുടെ, രണ്ടുമാം[2]
സങ്കീർണ്ണൻ സ്വപ്രകൃതിയെത്താനടക്കില്ലൊരിക്കലും. 43
അച്ഛനമ്മകൾ നേർചിത്രരൂപമൊത്തുളവാം പുലി
അവ്വണ്ണം പുരുഷൻ തന്റെ ജാതി കൈക്കൊണ്ടിരിക്കുമേ. 44
കുലപ്രവാഹം മറയേ യോനിസങ്കരമുള്ളവൻ
ആശ്ശീലത്തെത്താനെടുക്കും കുറച്ചെന്നാം പെരുത്തുമാം. 45
ആര്യരൂപാചാരമാന്നു കൃത്രിമം വഴി പോകിലും
സുവർണ്ണദുർവ്വർണ്ണർകളെ സ്വശീലം തീർച്ചയാക്കിടും. 46
പല വൃത്തം പലേ കർമ്മമേവം ജീവികൾ നില്ക്കവേ
ജന്മവൃത്തം പാരിലൊത്തുനിന്നീടും മാഞ്ഞുപോയിടാ. 47
ശരീരമിഹ സത്വത്താലവന്നു കളയപ്പെടാ
ജ്യേഷ്ഠമദ്ധ്യാവരം സത്വം തുല്യസത്വം സുഖിക്കുമേ. 48
മേൽജ്ജാതിയാകിലും ശീലഹീനനെപ്പൂജ ചെയ്യൊലാ
പൂജിക്കേണം ശൂദ്രനേയും ധർമ്മവിത്താം സുവൃത്തനെ. 49

ആത്മാവിനെക്കർമ്മവഴിക്കു ചൊല്ലുമേ
സുശീലചാരിത്രശുഭാശുഭാന്വയാൽ
നശിച്ചുപോകും കുലവും നരൻ പരം
സ്വകർമ്മമൊന്നാൽ തെളിയിച്ചുകൊള്ളുമേ. 50

സങ്കീർണ്ണകളിലും മററുമുള്ളെല്ലാജ്ജാതിയിങ്കലും
ആത്മോൽപാദനമൊക്കാത്തജ്ജാതി വിദ്വാനൊഴിക്കണം. 51

49. പുത്രപ്രതിനിധികഥനം

മക്കൾ എത്ര വിധമുണ്ടെന്നുള്ള ധർമ്മപുത്രന്റെ ചോദ്യത്തിന് ഭീഷ്മൻ വിസ്തരിച്ചു മറുപടി പറയുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ചൊല്ലു താത, കുരുശ്രേഷ്ഠ, ജാതിതോറും തിരിച്ചു നീ
ഏതിലേതുതരം മക്കളൊക്കെയ്ഴുന്നവരാരവർ? 1
വിപ്രവാദം[3] പലതരം കേൾക്കുന്നു പുത്രകല്പിതം[4]
ഇതിൽക്കുഴങ്ങും ഞങ്ങൾക്കു സംശയം തീർക്ക മന്നവ! 2

ഭീഷ്മൻ പറഞ്ഞു

ആത്മാവാം പുത്രനറിയുകങ്ങനന്തരജൻ[5] പരം;

---

1 കലുഷയോന്യുത്ഥമർത്ത്യൻ = കലുഷ(സങ്കര)യോനിയിൽ ജനിച്ച മനുഷ്യൻ. 2 അച്ഛന്റെയോ അമ്മയുടേയോ സ്വഭാവം കാണും. ഒരുപക്ഷേ രണ്ടുപേരുടെ സ്വഭാവവും കണ്ടു എന്നും വരാം. 3 വിപ്രവാദം=വാദഗതി. 4 പുത്രകല്പിതം = പുത്രന്മാരെപ്പററിയുള്ളതു്. 5 അനന്തരജൻ = ഔരസൻ; സ്വന്തം ബീജത്തിൽനിന്നുണ്ടായവൻ.

നിരുക്തജൻ[1] പുത്രനറികേവം പ്രസൃതജാ[2]ഖ്യനും. 3
പതിതൻ[3] തൻഭാര്യയിങ്കൽബ്ഭർത്താവോടൊത്തൊരുത്തിയിൽ;
അവ്വണ്ണം ദത്തകൃതകർ മക്കളെദ്ധ്യൂഢ[4]നന്യനും 4
അപധ്വംസജ[5]രാറുണ്ട് കാനീനാപസദാ[6]ഖ്യരും
എന്നു ചൊല്ലുന്നിതിവരെയറിഞ്ഞീടുക ഭാരത! 5

യുധിഷ്ഠിരൻ പറഞ്ഞു

അപധ്വംസജരാറാരാണാരാണപശദാഖ്യരും?
ഇതൊക്കത്തത്ത്വമാം മട്ടിൽ വിവരിക്കേണമേ ഭവാൻ. 6

ഭീഷ്മൻ പറഞ്ഞു

മൂന്നു ജാതിയിലും മക്കൾ ബ്രാഹ്മണന്നു യുധിഷ്ഠിര!
രണ്ടു ജാതിയിലങ്ങുണ്ടാം ക്ഷത്രിയന്നയി ഭാരത! 7
വൈശ്യജാതിക്കൊരാൾതന്നെയപ്പടിക്കിങ്ങു കണ്ടവൻ
ആറപധ്വംസജരവർ കേളങ്ങപസദാഖ്യരെ. 8
ചണ്ഡാലൻ വ്രാത്യവൈദ്യന്മാർ വിപ്രയിൽ ക്ഷത്രനാരിയിൽ
വൈശ്യയിങ്കലുമായ്ക്കാണ്മൂ ശൂദ്രന്നപശദത്രയം. 9
മാഗധൻ വാമകൻതാനും കാണ്മൂ വൈശ്യന്നു രണ്ടുപേർ
വിപ്രസ്ത്രീയിൽ ക്ഷത്രയോഗാൽ ക്ഷത്രിയന്നിങ്ങൊരുത്തനാം. 10
വിപ്രസ്ത്രീയിൽക്കാണ്മു സൂതനെന്നിങ്ങപസദാഖ്യരാം
മക്കളാണിവർ പററില്ലാ പാഴിലാക്കാൻ നരാധിപ! 11

യുധിഷ്ഠിരൻ പറഞ്ഞു

ക്ഷേത്രജൻ പുത്രനായ്ച്ചൊൽവൂ ചിലർ ശുക്ലജനേയുമേ
ഇവരൊപ്പം മക്കളാക്കാണതു ചൊല്ലൂ പിതാമഹ! 12

ഭീഷ്മൻ പറഞ്ഞു

രേതോജൻ പുത്രനായീടും ത്യക്തൻ ക്ഷേത്രജനേവമാം
അദ്ധ്യൂഢൻ സമയം വിട്ടാലിതുതന്നെ ധരിക്ക നീ. 13

യുധിഷ്ഠിരൻ പറഞ്ഞു

രേതോജൻ പുത്രനെന്നോർപ്പേൻ ക്ഷേത്രജൻ പററുമെങ്ങനെ?
അദ്ധ്യൂഢൻ പുത്രനെന്നോർപ്പേൻ സമയം തെററിയെങ്ങനെ? 14

ഭീഷ്മൻ പറഞ്ഞു

ആത്മജൻ പുത്രനെത്തീർത്തു കാരണത്താൽ ത്യജിക്കുകിൽ
നിമിത്തമാകാ രേതസ്സാക്ഷേത്രസ്വാമിക്കുതാനവൻ. 15
പുത്രാർത്ഥമായ് പുത്രകാമൻ വരിച്ചീടിൽ ധരാപതേ!
പ്രമാണം ക്ഷേത്രജനതിലാത്മജൻ മകനല്ലവൻ. 16

---

1 നിരുക്തജൻ = അന്യനെ വിളിച്ചുവരുത്തി സ്വന്തം ഭാര്യയിൽ ഉത്പാദിപ്പിക്കുന്ന പുത്രൻ. 2 പ്രസൃതജൻ = ഭർത്താവിൻെറ അനുവാദം കൂടാതെ ഭാര്യയിൽ അന്യനാൽ ഉത്പാദിപ്പിക്കപ്പെട്ട പുത്രൻ. 3 പതിതജൻ = പതിതനായ ഒരാൾ സ്വന്തം ഭാര്യയിൽ ഉത്പാദിപ്പിക്കുന്ന പുത്രൻ. 4 അദ്ധ്യൂഢൻ = ഗർഭിണിയായതിനു ശേഷം മറെറാരുത്തൻെറ ഭാര്യയായിത്തീർന്ന സ്ത്രീയിലുണ്ടാകുന്ന പുത്രൻ. 5. 6 അപധ്വംസർ, അപസദർ ഇവരെപ്പററിയുള്ള വിവരണം താഴെ വരുന്നുണ്ട്.

മററിടം ക്ഷേത്രജൻ പുത്രനായ്ക്കാണാം ഭരതഷ്ഭ!
ആത്മഗൂഹന പററില്ലാ പ്രത്യക്ഷപ്പെട്ടതാണിവൻ. 17
ചിലേടം കൃതകൻ പുത്രൻ സ്വീകാരംകൊണ്ടു കാണുമേ
രേതസ്സും ക്ഷേത്രവുമതിൽ നോക്കുമാറില്ല ഭാരത! 18

യുധിഷ്ഠിരൻ പറഞ്ഞു

സ്വീകാരംകൊണ്ടുതാൻ കാണും കൃതകൻ പുത്രനെങ്ങനെ
ശുക്ലം രക്തം പ്രമാണത്തിലാകാത്തപ്പടി ഭാരത! 19

ഭീഷ്മൻ പറഞ്ഞു

അച്ഛനമ്മകൾ മാർഗ്ഗത്തിൽ വിട്ടോനെപ്പുത്രനാക്കിയാൽ
അച്ഛനമ്മകളെക്കാണാത്തവനാകുന്നു കൃത്രിമൻ. 20
അനാഥനുടെ നാഥത്വം കാണപ്പെട്ടവതാരിലോ
ആപ്പോററുന്നോനേതുജാതിയാജ്ജാതിക്കാരനാമവൻ. 21

യുധിഷ്ഠിരൻപറഞ്ഞു

ഇവന്നു സംസ്കാരമേതുവിധം ചെയ്യേണ്ടതാരുവാൻ
കന്യാദാനവുമെമ്മട്ടാണതു ചൊല്ലു പിതാമഹ! 22

ഭീഷ്മൻ പറഞ്ഞു

തന്മട്ടവനു സംസ്കാരം ചെയ്യു തന്നുടയോൻപടി
മാതാപിതാക്കൾ കൈവിട്ടോൻ ജാതി കൈക്കൊള്ളുകങ്ങനെ. 23
തൽ ഗോത്രബന്ധുജമവന്നേകാം സംസ്കാരമച്യുത!
പിന്നെത്തൽ ജാതിയിൽക്കന്യാദാനമാവാം യുധിഷ്ഠിര! 24
സംസ്കരിപ്പോൻ ജാതി ഗോത്രം മാതൃജാതിക്കുറപ്പിലാം
കാനീനാദ്ധ്യൂഢജരറികവരോ പുത്രകില്ബിഷർ. 25
അവരെത്തൻ മക്കൾ മട്ടിൽ സംസ്കരിക്കേന്നു നിശ്ചയം
ക്ഷേത്രജൻ താനപശദനദ്ധ്യൂഢനിവരിൽപരം 26
തനിക്കാംപോലെ ചെയ്യേണം സംസ്കാരം ബ്രാഹ്മണാദികൾ.
ധർമ്മശാസ്ത്രേ ജാതികൾക്കീ നിശ്ചയം കണ്ടിരിപ്പതാം
നിന്നോടിതൊക്കയും ചൊന്നേനിനിക്കേൾക്കേണ്ടതെന്തുവാൻ?

50. ച്യവനോപാഖ്യാനം

കാഴ്ചകൊണ്ടോ സഹവാസംകൊണ്ടോ ഉണ്ടാകുന്ന സ്നേഹത്തിൻെറ സ്വഭാവത്തെപ്പററിയുള്ള ചോദ്യത്തിന് ച്യവനൻെറ കഥ വിവരിച്ച് ഭീഷ്മർ മറുപടി പറയാൻ ആരംഭിക്കുന്നു. ച്യവനൻ എന്ന മഹർഷി വെള്ളത്തിൽ കിടന്നുകൊണ്ടുള്ള ഒരു വ്രതം ആരംഭിക്കുന്നു. മുക്കുവന്മാർ മീൻ പിടിക്കാനായി വീശിയ വലയിൽ ച്യവനൻ അകപ്പെടുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

കാഴ്ച സംവാസമിവയിൽ സ്നേഹമെന്താം പിതാമഹ!
ഗോക്കൾക്കുമാം മഹാഭാഗ്യമതു ചൊല്ലീടവേണമേ. 1

ഭീഷ്മൻ പറഞ്ഞു

ഹന്ത നിന്നോടു പറയാം പൂർവ്വവൃത്തം മഹാദ്യുതേ!
സംവാദം നഹുഷൻേറയും മഹർഷി ച്യവനൻെറയും. 2
മുന്നം മഹർഷി ച്യവനൻ ഭാർഗ്ഗവൻ ഭരതർഷഭ!
ഉദവാസ*ത്തിനാരംഭിച്ചിരുന്നിതു മഹാവ്രതൻ. 3
മാനവും ക്രോധവും വെന്നു ഹർഷവും ശോകവും ശരി
പന്തീരാണ്ടാ മാമുനീന്ദ്രൻ ജലവാസധൃതവ്രതൻ 4
സർവ്വജീവിയിലും നല്ല വിശ്വാസമിയലുന്നവൻ
ജലചാരിയിലൊട്ടുക്ക ചന്ദ്രനെപ്പോലെയായ് പ്രഭു. 5
ശുണിമട്ടായ് ശുദ്ധനായിട്ടേവകൾക്കു വണങ്ങിയും
ഗംഗായമുനകൾക്കൊക്കും ജലത്തിങ്കലിറങ്ങിനാൻ. 6
ഗംഗായമുനകൾക്കുള്ള വേഗം ഭീമം മഹാസ്വനം
ഊക്കിൽക്കാററിന്നൊത്തതവനേററുവാങ്ങീ ശിരസ്സിനാൽ. 7
ഗംഗയമ്മട്ടു യമുന സരിത്തുകൾ സരസ്സുകൾ
വലംവെച്ചു മാമുനിയെപ്പീഡചെയ്തീലിവന്നഹോ! 8
കിടന്നു വെള്ളത്തിന്നുള്ളിൽ മുട്ടിപോലാ മഹാമുനി
പിന്നീടു ധീമാൻ മേല്പോട്ടെഴുന്നിരുന്നു ഭരതർഷഭ! 9
ജലജന്തുക്കൾക്കു പാരം പ്രിയദർശനനായിനാൻ
അവൻെറ ചുണ്ടത്തന്നേരം നാററീ ചിത്തം കുളുത്തവർ; 10
അവന്നവിടെ വാഴുമ്പോളേറെക്കാലം കഴിഞ്ഞുതേ.
പിന്നീടൊരിക്കലൊരുനാൾ മീൻ പിടിച്ചീടുമാളുകൾ 11
ആ പ്രദേശത്തു ചെന്നെത്തീ വലയുള്ളോർ മഹാദ്യുതേ!
പെരുത്തുപേർ നിഷാദന്മാർ മീൻപിടിക്കാനുറച്ചവർ. 12
നീണ്ടുള്ള ശക്തർ ശൂരന്മാർ വെള്ളത്തിലൊഴിയാത്തവർ
ആ പ്രദേശത്തടുത്തെത്തീ വലവേലയുറച്ചവർ 13
നരേന്ദ്ര, നിശ്ശേഷമവർ വല കെട്ടീടിനാരുടൻ.
മീനുള്ള വെള്ളത്തിൽച്ചെന്നിട്ടപ്പോൾബ് ഭരതസത്തമ! 14
അവർ നാനാകൗശലത്താൽ മീൻ കൊതിക്കുന്ന മുക്കുവർ
ഗംഗായമുനകൾക്കുള്ള വെള്ളത്തിൽ വല വീശിനാർ. 15
പുതുനൂലാൽത്തീർത്തവർ വീശിവിട്ടുള്ളൊരാ വല
വീതിയും നീളവും കൂടുമതാ വെള്ളത്തിലിട്ടുതേ. 16
പിന്നെ വൻപിച്ചുറപ്പൊത്തു നീർത്തി വീശിയൊരാ വല
വെള്ളത്തിങ്കലിറങ്ങിച്ചെന്നവരൊപ്പം വലിക്കയായ്. 17
പേടി വിട്ടു രസിച്ചുംകൊണ്ടന്യോന്യം പാട്ടിൽ നില്പവർ
ബന്ധിച്ചു മീൻകളേ മുററും ജലചാരികളേയുമേ. 18
അമ്മട്ടു മീൻകളോടൊത്താ ച്യവനൻ ഭാർഗ്ഗവർഷിയെ

* ഉദവാസം = വെള്ളത്തിൽ ഇരുന്നുകൊണ്ടനുഷ്ഠിക്കുന്ന ഒരു വ്രതം.

യദൃച്ഛയാലെ വലയാൽ വലിച്ചാരവർ മന്നവ! 19
പുഴച്ചണ്ടികൾ മേൽപ്പററി ഹരിശ്മശ്രുജടാഢ്യനായ്[1]
മെയ്യിൽ ശംഖനഖം ചിത്രം കൂട്ടപോലാണ്ട മൂർത്തിയെ. 20
വലകൊണ്ടു വലിച്ചിട്ടു കണ്ടിട്ടാ വേദവിത്തിനെ
ദാശരൊക്കക്കൈവണങ്ങിത്തലകുമ്പിട്ടു കൂപ്പിനാർ. 21
പരിഖേദം ഭീതി വല വലിക്കലിവയാലഹോ!
മത്സ്യങ്ങൾ ചത്തുപോയങ്ങു കരക്കേററുകയാലുമേ. 22
ആ മുനീന്ദ്രൻ മീൻകളുടെ കദനം പാർത്തു കണ്ടുടൻ
കനിവുൾക്കൊണ്ടുമട്ടായീ വീണ്ടും വീർപ്പിട്ടുകൊണ്ടഹോ! 23

നിഷാദന്മാർ പറഞ്ഞു

അറിയാതീച്ചെയ്ത തെററിൽ പ്രസാദിക്കുക ഞങ്ങളിൽ
നിന്നിഷ്ടമെന്തു ചെയ്യേണമതു ചൊല്ലുക മാമുനേ! 24
എന്നു കേട്ടാ മീൻനടുവിൽ വാഴും ച്യവനനോതിനാൻ:
''എനിക്കെഴും മുഖ്യകാംക്ഷ കേൾക്കുവിൻ ശ്രദ്ധവെച്ചിതാ 25
മത്സ്യങ്ങളോടൊത്തു ചാക്കോ[2] വില്ലലോ പൂണ്ടുകൊള്ളുവൻ;
സംവാസത്താൽ നീററിലൊത്തുവാണോരേ വിട്ടുകൂട മേ.'' 26
എന്നു കേട്ടാ നിഷാദന്മാർ പേടിച്ചേററം വിറച്ചവർ
മററും വിവർണ്ണമുഖരായ് നഹുഷന്നിതുണർത്തിനാർ. 27

51. ച്യവനോപാഖ്യാനം

ച്യവനോപാഖ്യാനം (തുടർച്ച). ച്യവനമഹർഷി മുക്കുവന്മാരുടെ വലയിൽപ്പെട്ട വർത്തമാനം കേട്ടു് രാജാവായ നഹുഷൻ അവിടെയെത്തുന്നു. താനെന്താണു വേണ്ടതെന്ന ചോദ്യത്തിനു് തനിക്കു നിശ്ചയിക്കുന്ന വില മുക്കുവന്മാർക്കു കൊടുക്കാൻ ച്യവനൻ പറയുന്നു. ഒടുവിൽ പശുക്കളെ കൊടുത്തു് രാജാവു മഹർഷിയെ തൃപ്തിപ്പെടുത്തുന്നു. മുക്കുവന്മാർ ച്യവനന്റെ അനുഗ്രഹത്താൽ വാനേറുന്നു.

ഭീഷ്മൻ പറഞ്ഞു

അമ്മട്ടിലായ് ച്യവനനെ നഹുഷൻ കേട്ടവാറുടൻ
പുരോഹിതാമാത്യരൊത്തു സംഭ്രമിച്ചങ്ങു ചെന്നുതേ. 1
ശൗചം ചെയ്തു യഥാന്യായം കൈകൂപ്പി പ്രയതൻ നൃപൻ
മഹാത്മാവാം ച്യവനനോടാത്മാവിനെയുണർത്തിനാൻ. 2
പൂജിച്ചുതാനമവനെയാ രാജാവിൻ പുരോഹിതൻ
സത്യവ്രതൻ മഹാത്മാവാം ദേവകല്പ[3]നെ മന്നവ! 3

നഹുഷൻ പറഞ്ഞു

നിന്നിഷ്ടമെന്തു ഞാൻ ചെയ്യേണ്ടതു ചൊല്ലു ദ്വിജോത്തമ!

---

1 ഹരിശ്മശ്രുജടാഢ്യൻ = പച്ചപിടിച്ച മീശയും ജടയുമുള്ളവൻ. 2 ചാക്ക് = മരണം. 3 ദേവകല്പൻ = ദേവതുല്യൻ.

ഭഗവാനേ, ചെയ്യുന്നെല്ലാമേററം ദുഷ്കരമെങ്കിലും. 4

ച്യവനൻ പറഞ്ഞു

ഏററം ശ്രമപ്പെട്ടവരീ മുക്കോന്മാർ മത്സ്യജീവികൾ
അങ്ങെൻ വിലയിവർക്കേകു മീൻകച്ചോടത്തോടൊപ്പമേ. 5

നഹുഷൻ പറഞ്ഞു

വിലയങ്ങായിരം നൽകു നിഷാദർക്കു പുരോഹിത!
ഭഗവാൻതൻ നിഷ്ക്രയമായ്ബ്ഭാർഗ്ഗവൻ ചൊന്നവണ്ണമേ. 6

ച്യവനൻ പറഞ്ഞു

ആയിരത്തിന്നർഹനല്ലാ ഞാനെന്തോർക്കുന്നു മന്നവ!
നല്ലിയാലും തക്ക വില ബുദ്ധികൊണ്ടോർത്തുകൊൾക നീ. 7

നഹുഷൻ പറഞ്ഞു

നിഷാദർക്കു കൊടുത്താലും വിപ്ര, നൂറായിരം ശരി
ഇതൊക്കും ഭഗവൻ, മൂല്യം ഭവാനെന്തു നിനപ്പതോ? 8

ച്യവനൻ പറഞ്ഞു

നൂറായിരത്താൽ കൈമാററം വയ്യെനിക്കു നൃപർഷഭ!
തക്ക മൂല്യം കൊടുത്താലും ചിന്തിക്കു മന്ത്രിമാരുമായ്. 9

നഹുഷൻ പറഞ്ഞു

മൂല്യം കോടി കൊടുത്താലും നിഷാദർക്കു പുരോഹിത!
വിലയായില്ലതെന്നാകിൽ കൊടുത്തീടുക വീണ്ടുമേ. 10

ച്യവനൻ പറഞ്ഞു

കോടിക്കുമധികത്തിന്നും ഞാനർഹിക്കാ മഹാദ്യുതേ!
തക്ക മൂല്യം കൊടുത്താലും ചിന്തിക്കു വിപ്രരൊത്തു നീ. 11

നഹുഷൻ പറഞ്ഞു

പാതി നാടോ മുഴുവനോ നിഷാദർക്കു കൊടുക്കുക
ഇതു ഞാൻ മൂല്യമായ് കാണ്മേൻ മറെറന്തോ നിന്മതം ദ്വിജ! 12

ച്യവനൻ പറഞ്ഞു

പാതി നാടോ മുഴുവനോ മൂല്യമൊക്കില്ല മന്നവ!
തക്ക മൂല്യം കൊടുത്താലും ചിന്തിക്കൃഷിമാരുമായ്. 13

ഭീഷ്മൻ പറഞ്ഞു

മഹർഷിതൻ വാക്കു കേട്ടു നഹുഷൻ ദുഃഖകശിതൻ
പുരോഹിതാമാത്യരുമായൊത്തു ചിന്തിച്ചിതപ്പൊഴേ. 14
അതിലന്യൻ വനചരൻ ഫലമൂലാശിയാമൊരാൾ
നില്പുണ്ടു നഹുഷോപാന്തേ ഗവിജാതൻ മഹാമുനി. 15
രാജാവിനെ വിളിച്ചപ്പോളുരച്ചാനാ ദ്വിജോത്തമൻ
"തോഷിപ്പിപ്പേൻ ഞാനുടനേ സന്തോഷിക്കുംപ്രകാരമേ. 16
ഭോഷ്കു ചൊല്വില്ല ഞാൻ നേരംപോക്കിലും പിന്നെയെന്തുവാൻ?
നിന്നോടു ഞാൻ ചൊല്വതു നിശ്ശങ്കം ചെയ്തുകൊള്ളണം." 17

നഹുഷൻ പറഞ്ഞു

ഭഗവാൻ ചൊല്ലു ഭൃഗുശ്രേഷ്ഠമഹർഷിക്കൊത്ത മൂല്യമേ
കാത്തുകൊൾകെന്നെയെൻ നാടുമെൻ കുലത്തിനെയും ഭവാൻ. 18

ഭഗവാൻ ക്രുദ്ധനായെങ്കിൽ മുടിക്കും മൂന്നു ലോകവും
പിന്നെയെന്തോ തപസ്സററുള്ളെന്നെക്കൈയ്യൂക്കുകാരനെ? 19

അമാത്യർത്ത്വിക്കുകളുമൊത്തഗാധാംഭസ്സിലാണ്ട മേ
മഹർഷേ, രൂപ്യവമായ് നില്ക്കു വില തീർച്ചപ്പെടുത്തുക. 20

ഭീഷ്മൻ പറഞ്ഞു

നഹുഷൻതൻ വാക്കു കേട്ടാഗ്ഗുവിജാതൻ പ്രതാപവാൻ
സർവ്വാമാത്യരെയും ഹർഷിപ്പിച്ചോതീ നൃപനേയുമേ. 21

"വിലയറേറാർ[1] മഹാരാജ, ജാതിശ്രേഷ്ഠർകളാം ദ്വിജർ
ഗോക്കളും പുരുഷവ്യാഘ്ര, ഗോമൂല്യം വെച്ചുകൊാരംക നീ." 22

മഹർഷി ചൊന്ന വചനം നഹുഷൻ കേട്ടുടൻ നൃപ!
പുരോഹിതാമാത്യരൊത്തു പെരുത്തും ഹർഷമാന്നവൻ 23

ചെന്നണഞ്ഞാ ഭൃഗുസുതച്യവനവ്രതിയോടുടൻ
വാക്കാൽ തൃപ്തിപ്പെടുത്തീടുംവണ്ണം ചൊല്ലീ നരാധിപ! 24

നഹുഷൻ പറഞ്ഞു

ഏറെറഴുന്നേല്ക്കു വിപ്രർഷേ, കൊണ്ടേൻ പയ്യാലെ ഭാർഗ്ഗവ!
ധർമ്മിഷ്ഠശ്രേഷ്ഠ, നിൻ മൂല്യമിതെന്നു കരുതുന്നു ഞാൻ. 25

ച്യവനൻ പറഞ്ഞു

രാജർഷേ, ഞാനെഴുന്നേല്ക്കേൻ ശരിക്കായ് വാങ്ങി സന്മതേ!
പൈക്കരംക്കു തുല്യം കാണ്മീലാ ധനം മറെറാന്നുമച്യുത! 26

ചൊല്ലു കേരംക്ക കൊടുത്തീടുകേവം കാണുക മന്നവ!
ഗോക്കളിൽ ശസ്തമാം വീര, സർവ്വപാപഹരം ശിവം. 27

ലക്ഷ്മിക്കെന്നും പൈക്കരം മൂലം പൈക്കളിൽ പാപമില്ലെടോ
അന്നമത്രേ ഗോക്കളെന്നും വാനോർക്ക്ഗ്ര്യഹവിസ്സുമാം. 28

സ്വാഹാകാരം വഷരംക്കാരം നില്പൂ പൈക്കളിൽ നിത്യവും
യജ്ഞം നടത്തുമേ പൈക്കരം യജ്ഞത്തിന്നവതാൻ മുഖം. 29

ദിവ്യാവ്യയാമൃതമിവ ചുരത്തീടും വഹിച്ചിടും
അമൃതാലംബനമിവ സർവ്വലോകർ നമിപ്പവ. 30

തേജസ്സാലും വപുസ്സാലും പൈക്കരം വഹ്നിക്കു തുല്യമാം
പ്രാണികരംക്കു സുഖം നല്കും വൻ തേജസ്സിണ്ടു പൈക്കളാം. 31

പൈക്കൂട്ടമെങ്ങിരുന്നിട്ടു നിശ്വസിക്കുന്നു നിർഭയം
ശോഭിപ്പിക്കുന്നിതാദ്ദേശമങ്ങു പോക്കുന്നു പാപവും. 32

പൈക്കരം വിണ്ണിന്നു സോപാനം വിണ്ണിലീപ്പൈക്കരം പൂജ്യ—
കാമധു[2]ദിവ്യമാർ പൈക്കരം മറെറാന്നില്ലിങ്ങിവക്കുമേൽ. [കരം

എന്നീഗ്ഗോക്കളിൽ മാഹാത്മ്യം ചൊന്നതും ഭരതർഷഭ!
ഗുണൈകദേശമൊഴിയാണൊക്കച്ചൊൽവാനസാദ്ധ്യമാം. 34

---

1 വിലയറേറാർ=വിലമതിക്കാൻ പാടില്ലാത്തവർ. 2 കാമധുക്=ആഗ്രഹിച്ചതെല്ലാം കറന്നെടുക്കാവുന്നതു്.

നിഷാദന്മാർ പറഞ്ഞു

ഞങ്ങളായ്ക്കണ്ടു സംസാരിച്ചില്ലയോ മാമുനേ, ഭവാൻ
സന്മൈത്രം സാപ്തപദ[1]മീ ഞങ്ങളിൽ കനിയൂ പ്രഭോ! 35

ഹവിസ്സോക്കയുമിങ്ങഗ്നി ഭുജിച്ചീടുമതേവിധം
ധർമ്മാത്മൻ, നിന്തിരുവടി പുരുഷാഗ്നിപ്രതാപവാൻ. 36

വിദ്വൻ, പ്രസാദിപ്പിക്കുന്നു ഭവാനെക്കുപ്പിയിജ്ജനം
ഞങ്ങൾക്കനുഗ്രഹത്തിന്നീഗ്ഗോദാനം വാങ്ങിടേണമേ! 37

ച്യവനൻ പറഞ്ഞു

നോട്ടം ദരിദ്രൻെറ മുനിയുടെ പാമ്പിനുടേയുമേ
ഉണക്കക്കാട്ടു തീ പോലെ സമൂലം നരനെച്ചുടും. 38

പാപം തീർന്നുള്ള മുക്കോരേ, വാങ്ങാം നിങ്ങടെ പൈയിനെ
നീററിലുള്ളീ മീനുകളൊത്തുടൻ വാനു കരേറുവിൻ. 39

ഭീഷ്മൻ പറഞ്ഞു

ഭാവിതാത്മാവാ മുനിതൻ പ്രഭാവംമൂലമപ്പൊഴേ
മത്സ്യങ്ങളൊത്താ നിഷാദരാ വാക്കാൽ വാനു കേറിനാർ. 40

അത്ഭുതപ്പെട്ടു നഹുഷരാജൻ മുക്കുവരങ്ങനെ
മത്സ്യങ്ങളൊത്തു വാനേറിക്കണ്ടിട്ടു ഭരതർഷഭ! 41

ഗവിജാതനുമപ്പോഴേ ച്യവനൻ ഭൃഗുമുഖ്യനും
നരേന്ദ്രനെത്തക്ക വരംകൊണ്ടു തൃപ്തിപ്പെടുത്തിനാർ. 42

പിന്നെ മന്നൻ മഹാവീര്യൻ നഹുഷൻ ധരണീപതി
പ്രീതനങ്ങനെയെന്നോതീ തദാ ഭരതസത്തമ! 43

ധർമ്മനിഷ്ഠ[2]യെ വാങ്ങിച്ചാനപ്പോളിന്ദ്രനിഭൻ നൃപൻ
ആവട്ടെയെന്നേററ മുനിമാരെപ്പൂജിച്ചു തുഷ്ടനായ്. 44

ച്യവനൻ ദീക്ഷ മുടിയെപ്പിന്നെപ്പുക്കാൻ നിജാശ്രമം
തന്നാശ്രമത്തേക്കു പോയീ തേജസ്വി ഗവിജാതനും. 45

മത്സ്യങ്ങളൊത്തു വിണ്ണെത്തീ നരാധിപ, നിഷാദരും
നഹുഷൻ വരവും വാങ്ങി സ്വപുരത്തേക്കു കേറിനാൻ. 46

ഇതു നിന്നോടു ചൊന്നേൻ ഞാൻ നീ ചോദിച്ചതിതല്ലയോ
കാഴ്ചയിൽ സഹവാസത്തിൽ സ്നേഹമട്ടും യുധിഷ്ഠിര! 47

ഗോക്കൾക്കുള്ള മഹാഭാഗ്യമവ്വണ്ണം ധർമ്മനിശ്ചയം
ഇനിയെന്തോതേണ്ടു വീര, നിന്നുള്ളിൽച്ചോദ്യമെന്തുവാൻ? 48

1 സന്മൈത്രം സാപ്തപദം = ഏഴ വാക്കു തമ്മിൽ സംസാരിച്ചുണ്ടാകുന്ന സ്നേഹമാണു് ഉത്തമമായ സ്നേഹം. 2 ധർമ്മനിഷ്ഠ = ധർമ്മത്തിലുള്ള ഉറച്ച വിശ്വാസം.

52. ച്യവനോപാഖ്യാനം

ച്യവനോപാഖ്യാനം (തുടർച്ച). ഭാർഗ്ഗവരാമൻ ക്ഷത്രിയകുലത്തിൽ ജനിച്ച് ഒടുവിൽ ബ്രാഹ്മണനായിത്തീർന്നതെങ്ങനെയാണെന്ന് ധർമ്മപുത്രൻ ചോദിക്കുന്നു. ഭീഷ്മർ തത്സംബന്ധമായ ഒരു കഥ പറയാനാരംഭിക്കുന്നു. ഒരിക്കൽ ച്യവനൻ കുശികരാജാവിനെ ചെന്നു കണ്ട് താൻ ഒരു വ്രതമനുഷ്ഠിക്കാനുദ്ദേശിക്കുന്നുണ്ടെന്നും കുശികനും ഭാര്യയും തന്നെ ശുശ്രൂഷിക്കണമെന്നും ആവശ്യപ്പെടുന്നു. ഇരുപത്തൊന്നു ദിവസം നിന്ന നില്പിൽനിന്നനങ്ങാതെ പട്ടിണികിടന്ന് ആ ദമ്പതിമാർ ച്യവനനെ ശുശ്രൂഷിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

സംശയം മേ മഹാപ്രാജ്ഞ, കടൽ പോലെ മഹത്തരം
അതു കേൾക്ക മഹാബാഹോ, കേട്ടൊന്നു വിവരിക്ക നീ. 1
കൗതുകം വലുതീജ്ജാമദഗ്ന്യനെപ്പററി മേ പ്രഭോ!
ധർമ്മിഷ്ഠൻ രാമനെപ്പററിയതൊന്നു വിവരിക്കണേ! 2
ഇദ്ദേഹമെമ്മട്ടുണ്ടായി രാമൻ സത്യപരാക്രമൻ
ബ്രഹ്മർഷിവംശ്യനെന്തേവം ക്ഷത്രധർമ്മസ്ഥനാകുവാൻ? 3
ഇവൻെറ സംഭവം ഭൂപ, മുഴുവൻ ചൊല്ലിടേണമേ
ക്ഷാത്രകൗശികവംശത്തിൽ ബ്രാഹ്മണോത്ഭവമെങ്ങനെ? 4
അമ്പോ! പ്രഭാവം മഹിതം മഹാത്മാവിൻെറ കേവലം
രാമൻെറയും നരവ്യാഘ്ര, വിശ്വാമിത്രൻെറയും ശരി. 5
മക്കൾക്കുമേലവർക്കുള്ള നപ്താക്കന്മാരിലെങ്ങനെ
ഈദ്ദോഷം മക്കളേ വിട്ടു തത്ത്വത്തേ വിവരിക്കണേ! 6

ഭീഷ്മർ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
സംവാദം കുശികൻേറയും ഭാരത, ച്യവനൻെറയും. 7
ഈദ്ദോഷം മുൻകണ്ടു ഭൃഗുപുത്രൻ ച്യവനനപ്പൊഴേ
ഭവിഷ്യത്തു മഹാബുദ്ധിതൻ വംശേ മുനിസത്തമൻ. 8
മനസ്സാൽ നിശ്ചയിച്ചോക്കുഗ്ഗുണദോഷബലാബലം
കുശികന്മാർ കുലം മുററും ദഹിപ്പിപ്പാൻ തപോധനൻ 9
ച്യവനൻ ചെന്നു കുശികൻതന്നോടിങ്ങനെ ചൊല്ലിനാൻ:
''പാർക്കാൻ മോഹമെനിക്കുണ്ടു നിന്നോടൊത്തനഘാശയ!'' 10

കുശികൻ പറഞ്ഞു

ഭഗവൻ, സഹധർമ്മത്തെപ്പണ്ഡിതന്മാർ ധരിപ്പതാം
കന്യാപ്രദാനകാലത്തിൽച്ചൊൽവതുണ്ടെപ്പൊഴും ബുധർ. 11
എന്നാലതിക്രമിച്ചോരാദ്ധർമ്മചാരം തപോധന!
ചെയ്യേണ്ടതീ ഞാൻ ചെയ്യുന്നേനതിന്നനുവദിക്കു നീ. 12

ഭീഷ്മർ പറഞ്ഞു

മഹാമുനി ച്യവനനു പീഠത്തേയുമെടുത്തുടൻ
കുശികൻ ഭാര്യയോടൊത്തു ചെന്നു മുനിയെഴുന്നിടം. 13

രാജാവു കിണ്ടി കൈക്കൊണ്ടിട്ടിവന്നായ് പാദ്യമേകിനാൻ
മഹാത്മാവാമിവന്നങ്ങു നടത്തീ ക്രിയയൊക്കയും. 14
പിന്നെ മന്നൻ ച്യവനനെ മധുപർക്കം യഥാവിധി
സ്വീകരിപ്പിച്ചിതവ്യഗ്രൻ മഹാത്മാവു യതവ്രതൻ. 15
ആ വിപ്രനെസ്സൽക്കരിച്ചു പിന്നെയിങ്ങനെ ചൊല്ലിനാൻ.

കുശികൻ പറഞ്ഞു

ഭഗവാനേ, പരാധീനർ ഞങ്ങൾ ചെയ്യേണ്ടതെന്തുവാൻ? 16
രാജ്യമോ ധനമോ പിന്നെഗ്ഗോക്കളോ സംശിതവ്രത!
യജ്ഞദാനങ്ങളോ ചൊല്ലു മുററുമങ്ങയ്ക്കു നല്കുവൻ. 17
ഇതാ ഗൃഹമിതാ രാജ്യമിതാ ധർമ്മാസനം തവ
രാജാവു നീ ഭൂമി കാക്കു ഞാൻ നിന്നിൽ പരതന്ത്രനാം. 18

ഭീഷ്മർ പറഞ്ഞു

എന്നീ വാക്കു പറഞ്ഞപ്പോൾ ച്യവനൻ ഭൃഗുനന്ദനൻ
ഏററം മോദിച്ചു കുശികൻതന്നോടിങ്ങനെ ചൊല്ലിനാൻ: 19
''രാജ്യം കാമിപ്പീല രാജൻ, ധനമില്ലില്ല പെണ്ണുങ്ങളെ
ഇല്ലാ ഗോക്കളെ നാടില്ലാ യജ്ഞമില്ലിതു കേൾക്ക നീ. 20
നിങ്ങൾക്കു ബോധിക്കിലൊരു നിയമം ഞാൻ തുടങ്ങുവൻ
ശുശ്രൂഷിച്ചീടണം നിങ്ങൾ സജ്ജരായ് ശങ്കയെന്നിയേ.'' 21
എന്നവൻ ചൊന്നതിൽ ഹർഷം പൂണ്ടു ദമ്പതിമാരവർ
ഉത്തരം ചൊല്ലി മുനിയോടതാവാമെന്നു ഭാരത! 22
ഉടനേ കുശികൻ ഹൃഷ്ടൻ കൊണ്ടുപോയീ ഗൃഹസ്ഥലം
അദ്ദേഹത്തിനു കാണിച്ചു കാണേണ്ടതു മഹത്തരം. 23
''ഭഗവാനുണ്ടിതാ ശയ്യയിഷ്ടംപോലിതിൽ വാണിടാം
പ്രീതിയുണ്ടാക്കുവാൻ ഞങ്ങൾ യത്നം ചെയ്യാം തപോധന!'' 24
അതിക്രമിച്ചിതവ്വണ്ണമവർ ചൊല്ലുമ്പൊളർക്കനും
പിന്നെച്ചോദിച്ചിതു മുനി പാനമന്നവുമങ്ങനെ. 25
ചോദിച്ചിതവനോടപ്പോൾ വണങ്ങിക്കുശികൻ നൃപൻ
''എന്തന്നമിഷ്ടമങ്ങയ്ക്കിങ്ങെന്തു കൊണ്ടുവരേണ്ടു ഞാൻ?'' 26
അവനേററം പ്രീതിയോടു നൃപനോടോതിയുത്തരം:
'ഉപപന്നമിഹാഹാരം തന്നുകൊൾകെ'ന്നു ഭാരത! 27
ആ വാക്കു കേട്ടു പൂജിച്ചിട്ടാവാമെന്നോതി മന്നവൻ
ഒത്തതിൻവണ്ണമാഹാരമവന്നേകീ ജനാധിപ! 28
ഉണ്ടാദ്ദമ്പതിമാരോടു ഭഗവാനോതി ധാർമ്മികൻ
''ഉറങ്ങാൻ മോഹമിന്നെന്നെ നിദ്ര ബാധിക്കയാം പ്രഭോ!'' 29
പിന്നെശ്ശയ്യാഗൃഹം പുക്കു ഭഗവാനൃഷിസത്തമൻ
കിടന്നാൻ നൃപനോ പത്നിയോടുമൊന്നിച്ചു നില്പുമായ്. 30
'ഉറങ്ങിയാലുണർത്തിടൊല്ലെന്നെ'യെന്നോതി ഭാർഗ്ഗവൻ
എൻ കാൽ തലോടണം നിത്യമുണർന്നമരണം ഭവാൻ. 31

അവിശങ്കം കുശികനുമാവാമെന്നോതി ധാർമ്മികൻ
ഉണർത്തീലാ ദമ്പതികൾ രാത്രി തീർന്നിരിക്കിലും. 32
ആജ്ഞപോലാ മഹർഷിക്കു ശുശ്രൂഷാപരരന്നവർ
പ്രയതന്മാർ ദമ്പതികൾ കാത്തിരുന്നിതു മന്നവ! 33
പിന്നെയാബ്ഭഗവാൻ വിപ്രനാജ്ഞാപിച്ചു നരേന്ദ്രനെ
ഉറങ്ങിയേകപാർശ്വത്തിലിരുപത്തൊന്നു വാസരം. 34
ആ നൃപൻ ഭാര്യയോടൊന്നിച്ചുണ്ണാതെ കുരുനന്ദന!
ശുശ്രൂഷിച്ചു ഹൃഷ്ടനായീ ച്യവനാരാധനോദ്യതൻ. 35
എഴുന്നേററൂ ഭാർഗ്ഗവനോ താനേതന്നെ തപോധനൻ
ഒന്നും മിണ്ടാതെ ഗേഹത്തിൽനിന്നിറങ്ങീ തപോനിധി. 36
അവൻെറ പിൻക്കൂടിയവർ വിശന്നേററം തളർന്നവർ
ഭാര്യാഭർത്താക്കളവരെ നോക്കിയില്ലാ മുനീശ്വരൻ. 37
അവർ നോക്കിക്കാണകവേതാൻ ഭാർഗ്ഗവന്മാർ കുലോദ്വഹൻ
മറഞ്ഞുപോയീ രാജേന്ദ്ര, രാജാവോ വീണു ഭൂമിയിൽ 38
മുഹൂർത്തമാശ്വസിച്ചിട്ടു ദേവിയൊത്തു മഹാദ്യുതി
വീണ്ടുമന്വേഷണത്തിന്നായേററം യതിച്ചിതപ്പൊഴേ. 39

53. ച്യവനോപാഖ്യാനം

ച്യവനോപാഖ്യാനം (തുടർച്ച). തന്നെ കയററിയ രഥം രാജാവും രാജ്ഞിയുംകൂടി നഗരമദ്ധ്യത്തിൽക്കൂടി വലിച്ചുകൊണ്ടുപോകണമെന്നു ച്യവനൻ പറയുന്നു. ആ ദമ്പതികൾ അതനുസരിക്കുന്നു. ഇങ്ങനെ പലവിധത്തിൽ നടത്തിയ പരീക്ഷകളിലെല്ലാം സഹിഷ്ണുതയും ക്ഷമയും പ്രദർശിപ്പിച്ച ആ രാജദമ്പതികളെ ച്യവനൻ അനുഗ്രഹിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ആ വിപ്രൻ മറവായപ്പോളെന്തു ചെയ്തിതു മന്നവൻ
അവൻെറ യോഗ്യയാം ഭാര്യതാനും ചൊല്ലു പിതാമഹ! 1

ഭീഷ്മൻ പറഞ്ഞു

ഭാര്യയൊത്താ മന്നവനാ മുനിയെക്കണ്ടിടായ്കയാൽ
തളർന്നുപോന്നു നാണംപൂണ്ടുള്ളവൻ ബുദ്ധികെട്ടവൻ. 2
അവൻ പുരം പുക്കു ദീനനൊന്നും മിണ്ടിയതില്ലഹോ!
അതു താൻ ചിന്തനം ചെയ്തു ച്യവനൻെറ വിചേഷ്ടിതം. 3
പിന്നെശ്ശൂന്യമനസ്സോടും സ്വഗൃഹം പുക്കു മന്നവൻ
കണ്ടാനാ മെത്തയിൽ പള്ളികൊള്ളുന്ന ഭൃഗുപുത്രനെ. 4
വിസ്മയിച്ചാ മാമുനിയെക്കണ്ടാശ്ചര്യം നിനച്ചവർ
അവനെക്കണ്ടു സന്തോഷംകൊണ്ടു വിശ്രാന്തിയേന്തിനാർ. 5
യഥാസ്ഥാനം വാണവൻെറ കാൽ തലോടീടിനാരവർ
പിന്നെ മറേറപ്പുറംവെച്ചു പള്ളികൊണ്ടിതു മാമുനി. 6

അത്രകാലം കഴിഞ്ഞിട്ടുതാനുണർന്നിതു വീര്യവാൻ
വികാരമൊന്നും കാണിച്ചീലിവർ പേടിച്ച ശങ്കയാൽ. 7
ഉണർന്നിരുന്നാ മുനീന്ദ്രനവരോടോതി ഭൂപതേ!
എണ്ണ തേക്കാനെനിക്കേകു കുളിപ്പേനെന്നു ഭാരത! 8
അവരവ്വണ്ണമെന്നേററു വിശന്നേററം തളർന്നവർ
നൂറാവർത്തിച്ച കാച്ചീട്ടുള്ളെണ്ണയും കൊണ്ടുചെന്നുതേ. 9
നന്നായിരുന്നു മുനിയെത്തേപ്പിച്ചു മൗനമാണ്ടവർ
പോരാ എന്നരുളിച്ചെയ്തു വൻതപസ്സുള്ള ഭാർഗ്ഗവൻ. 10
വികാരമില്ലാതവരെക്കണ്ടവാറങ്ങു ഭാർഗ്ഗവൻ
പിന്നീടെഴുന്നേററുടനേ കുളിപ്പുരയിലെത്തിനാൻ. 11
ഒരുക്കീട്ടുണ്ടതിന്നുള്ളിൽ മന്നവർക്കൊത്തിടും ജലം
അതൊന്നുമാദരിക്കാതെയവിടെത്താൻ മറഞ്ഞുതേ, 12
പിന്നേയുമാ മാമുനീന്ദ്രൻ മന്നവൻ കണ്ടുനില്ക്കവേ.
അസൂയ കാട്ടീലപ്പോഴുമാദ്ദമ്പതികൾ ഭാരത! 13
പിന്നെക്കുളിച്ചാബ്ഭഗവാൻ സിംഹാസനമെഴും പ്രഭു
സഭാര്യനാം കുശികനു കാണായീ കുരുനന്ദന! 14
സഭാര്യൻ കുശികൻ ഹൃഷ്ടമുഖൻ ഭൂപൻ മുനീന്ദ്രനെ
നിർവ്വികാരൻ വണങ്ങിച്ചോറൊരുങ്ങീയെന്നുണർത്തിനാൻ. 15
കൊണ്ടുവന്നീടുകെന്നോതിയാ മന്നവനൊടാ മുനി
ഭാര്യയൊന്നിച്ചന്നമങ്ങു കൊടുത്താനാ നരാധിപൻ. 16
പല മാതിരി മാംസങ്ങളിലക്കറി പലേ തരം
കൂട്ടാൻ പലേ തരം നല്ല ലഘുപാനകഭേദവും 17
രസാള പലമട്ടപ്പമട ഷാഡബമങ്ങനെ
രസങ്ങൾ പലമട്ടേവം വന്യമാം മുനിഭോജ്യവും 18
വിചിത്രക്കാര്യങ്ങൾ രാജാവേ, ഭക്ഷിക്കേണ്ടവയേറെയും
ബദരേംഗുദകാശ്മര്യഭല്ലാതക ഫലങ്ങളും 19
ഗൃഹസ്ഥർക്കൊത്തിടും ഭോജ്യം വനസ്ഥന്മാർക്കു തക്കതും
എല്ലാം വരുത്തീ രാജാവു പരം ശാപഭയത്തിനാൽ; 20
ഉടനെല്ലാം കൊണ്ടുവെച്ചു ച്യവനൻതന്റെ മുൻപിലായ്.
എല്ലാം കൂട്ടിച്ചേർത്തുവെച്ചാ ശയ്യാസനവുമാ മുനി 21
നല്ല വസ്ത്രങ്ങളാൽ മൂടിബ്ഭോജനോപസ്കരാന്വിതം
എല്ലാം കത്തിച്ചുകൊണ്ടാനാ ച്യവനൻ ഭൃഗുനന്ദനൻ. 22
ബുദ്ധിയേറും ദമ്പതികളവർ കോപിച്ചതില്ലതിൽ
അവർ കാണ്കെത്തന്നെ വീണ്ടും മറഞ്ഞാനവനങ്ങനെ. 23
ആ നിലയ്ക്കായ് നിന്നിതന്നാ രാത്രി രാജർഷിയങ്ങനെ
സഭാര്യൻ മൗനിയായ് ശ്രീമാൻ കോപം പൂണ്ടതുമില്ലവൻ. 24
നിത്യം സംസ്കൃതമാമന്നം പലതും രാജമന്ദിരേ

മുഖ്യ ശയ്യകളും ശ്രേഷ്ഠപരിഷേചനപാത്രവും 25
വസ്ത്രവും പല മട്ടുണ്ടു സംഭരിച്ചങ്ങിരിപ്പതായ്
അതിൽ പഴുതു കണ്ടെത്തീലേതും ച്യവനനപ്പൊഴേ. 26
വീണ്ടും പറഞ്ഞൂ വിപ്രർഷി കുശികോർവ്വീശനോടുതാൻ:
''ഭാര്യയൊത്തെന്നെ നീ തേരാലെത്തിക്കു ചൊല്ലിടുന്നിടം.'' 27
ആവാമെന്നോതി നിശ്ശങ്കം തപോധനനൊടാ നൃപൻ
''ഭഗവാനേ, കളിത്തേരോ പടത്തേരോ വരേണ്ടതും?'' 28
ഹൃഷ്ടനാം നൃപനീവണ്ണം ചൊന്നോരാ മാമുനീശ്വരൻ
ഹൃഷ്ടനായ് ച്യവനൻ ചൊല്ലീ ശത്രുജിത്തിനൊടിങ്ങനെ. 29

ച്യവനൻ പറഞ്ഞു

ഒരുക്കീടുകുടൻതന്നെ നിന്റെ യുദ്ധോചിതം രഥം
ആയുധം കൊടിയും വേലും പൊന്നിൻകാലുമെഴുംപടി. 30
കിങ്ങിണിസ്വനമോടൊത്തു തോരണച്ചാർത്തെഴുംവിധം
പൊന്നണിഞ്ഞുള്ളതായ് മുഖ്യബാണജാലമെഴുംവിധം. 31

ഭീഷ്മൻ പറഞ്ഞു

അവനോടങ്ങനേയെന്നു ചൊല്ലിക്കൂട്ടി മഹാരഥം
ഇടത്തു ഭാര്യയെപ്പൂട്ടി വലത്തായിട്ടു തന്നെയും. 32
ത്രിദണ്ഡം വജ്രസൂച്യഗ്രം ചമ്മട്ടിയതിൽവെച്ചു താൻ
അതൊക്കയെങ്ങു നല്കീട്ടു നൃപനിങ്ങനെ ചൊല്ലിനാൻ: 33
''ഭഗവാനേ, തേരു പോവതെങ്ങോട്ടു ഭൃഗുനന്ദന!
എങ്ങോ ചൊല്ലുന്നു വിപ്രർഷേ, ചെല്ലുമങ്ങോട്ടു നിന്റെ തേർ.'' 34
എന്നു കേട്ടിട്ടു ഭഗവാൻ നൃപനോടോതിയുത്തരം:
''ഇവിടംതൊട്ടു പോകട്ടേയടിക്കടി പതുക്കവേ. 35
എനിക്കലച്ചിൽ തട്ടാതെന്നിഷ്ടംപോലെ നടന്നുടൻ
സുഖപ്പടി വഹിക്കേണം കാണട്ടേ സർവ്വലോകരും. 36
വഴിപോക്കരെ മാററീടൊല്ലവർക്കേകീടുവേൻ ധനം
ബ്രാഹ്മണർക്കിങ്ങു കാമങ്ങൾ വഴിക്കർത്ഥിക്കുവോർക്കുടൻ. 37
എല്ലാം കൊടുപ്പേൻ നിശ്ശേഷം ധനം രത്നഗണങ്ങളും
ഇതൊക്കയും ചെയ്യുകൊൾക വിചാരിക്കൊല്ല പാർത്ഥിവ!'' 38
അവന്റെയാ വാക്കു കേട്ടു ഭൃത്യരോടോതി മന്നവൻ
മുനിയെന്തെന്തോതുമതു സർവ്വം നിശ്ശങ്കമേകണം. 39
പിന്നെപ്പെരുത്തു രത്നം സ്ത്രീജനം യുഗ്യമജാവികം
കൃത്രിമാകൃത്രിമസ്വർണ്ണം കുന്നൊക്കും കൊമ്പനാനകൾ 40
പിൻതുടർന്നൂ മാമുനിയെ രാജാമാത്യരുമേവരും;
ഹാഹായെന്നാർത്തമട്ടായിതപ്പോൾ നഗരമാകവേ. 41
മുന കൂർത്തുള്ള ചമ്മട്ടികൊണ്ടു തല്ലേല്ക്കുമായവർ
പുറത്തും കടിഭാഗത്തുമേറ്റേറ്റീ നിർവ്വികാരരായ്. 42
വിറച്ചൻപതു നാളൂണുമില്ലാതേററം മെലിഞ്ഞവർ

വീരദമ്പതിമാരേന്തി പണിപ്പെട്ടാ മഹാരഥം. 43
പലപാടേററമടികൊണ്ടേററം ചോരയൊലിച്ചുമേ
പൂത്തു നില്ക്കും മുരുക്കിൻെറ മട്ടിൽക്കാണായി മന്നവ! 44
അവരെക്കണ്ടു പൗരന്മാരേററം ശോകമിയന്നഹോ!
ശാപാപത്തിൽപ്പേടികൊണ്ടു ചൊല്ലിയില്ലൊരു വാക്കുമേ. 45
ഇണയായ്ച്ചൊല്ലിയെല്ലാരും ''കണ്ടുകൊൾവിൻ തപോബലം
ചൊടിക്കിലും നമുക്കിന്നു നോക്കാൻ വയ്യാ മുനീന്ദ്രനെ. 46
അമ്പോ! വീര്യം ഭാവിതാത്മമഹർഷി ഭഗവാനുടെ
സഭാര്യനാം മന്നവൻെറ ധൈര്യമെന്തുമോർക്കുവിൻ. 47
തളർന്നിട്ടും പണിപ്പെട്ടീത്തേർ വലിക്കുന്നതുണ്ടിവർ
ഇവർക്കൊരു വികാരത്തെക്കണ്ടീലാ ഭൃഗുനന്ദനൻ.'' 48
നിർവ്വികാരം കണ്ടവരെപ്പിന്നെബ്ഭൃഗുകുലോദ്വഹൻ
വിത്തം വാരിക്കോരി നല്കീ വിത്തനാഥൻ കണക്കിനെ. 49
അതിലും പ്രീതനരചൻ കല്പനപ്പടി ചെയ്യുതേ
അവൻെറനേരെ ഭഗവാൻ തെളിഞ്ഞൂ മുനിസത്തമൻ. 50
തേർ വിട്ടിറങ്ങീട്ടഴിച്ചു വിട്ടു ദമ്പതിമാർകളെ
മുറയ്ക്കഴിച്ചിട്ടവരോടുടനിങ്ങനെ ചൊല്ലിനാൻ 51
ഭാർഗ്ഗവൻ സുപ്രഭാതത്തിൽ സ്നിഗ്ദ്ധഗംഭീരവാക്കിനാൽ:
''നിങ്ങൾക്കേകാം ശ്രേഷ്ഠവരമതു ചൊല്ലെ''ന്നു ഭാരത! 52
സ്നേഹത്താൽ മുറിയേറേറാരെസ്സുകുമാരരെ മാമുനി
അമൃതൊക്കും കൈകൾകൊണ്ടു തലോടീ ഭരതോത്തമ! 53
പിന്നെച്ചൊല്ലീ നൃപൻ, ''ഞങ്ങൾക്കില്ലാ ചെററുമിതൽ ശ്രമം
വിശ്രാന്തരായ് നിൻ പ്രഭാവാ''ലെന്നാർ ഭാർഗ്ഗവനോടവർ. 54
അവരോടോതി ഭഗവാൻ ഹൃഷ്ടൻ ച്യവനനപ്പൊഴേ:
''പാഴായിട്ടില്ലെൻെറ മൊഴി ഞാൻ ചൊന്നാലതു പററിടും. 55
അഴകേറും ദേശമിതു ഗംഗാതീരം പരം ശുഭം
ഒട്ടു കാലം വ്രതം പൂണ്ടു പാർപ്പേനിവിടെ മന്നവ! 56
സ്വപുരം പൂകുകെന്നുണ്ണീ, ക്ഷീണം തീർത്തിനിയെത്തുക.
സഭാര്യനാം നിനക്കെന്നെ നാളെക്കാണാം നരേശ്വര! 57
മന്യു വേണ്ടാ നിനക്കേതും ശ്രേയസ്സുണ്ടാമടുത്തുടൻ
നിന്നുള്ളിലെന്തെന്തുണ്ടിഷ്ടമതൊക്കെസ്സിദ്ധമായ്‌വരും.'' 58
എന്നു കേട്ടിട്ടു കുശികൻ ഹർഷം പൂണ്ടു മനസ്സൊടും
മുനിശാർദ്ദൂലനോടോതീ പൊരുളാം മൊഴിയിങ്ങനെ: 59
''മന്യുവില്ലാ മഹാഭാഗ, ഭഗവൻ ഞങ്ങൾ ശുദ്ധരായ്
യൗവനം പൂണ്ടു മട്ടായീ മെയ്‌കൊണ്ടു ബലമാണ്ടവർ. 60
സഭാര്യനാമെനിക്കുണ്ടു ചെയ്തിട്ടുള്ള കശാവ്രണം*

* കശാവ്രണം = ചമ്മട്ടിയടി ഏററുണ്ടായ വ്രണം.

മെയ്യിൽക്കാണുന്നില്ല ഭാര്യയൊത്തിതാ സ്വസ്ഥനായി ഞാൻ. 61
വപുസ്സാലപ്സരസ്സൊത്തു കാണ്മേനീദ്ദേവിയേയുമേ
മഹാശ്രീയൊത്തു ഞാൻ മുൻപു കണ്ടിട്ടില്ലാത്തമാതിരി. 62
നിൻ പ്രസാദംകൊണ്ടതൊക്കസ്സാധിച്ചിതു മഹാമുനേ!
ഭഗവാനേ, ചിത്രമല്ലിതങ്ങയിൽ സത്യവിക്രമ!'' 63
എന്നു കേട്ടാക്കുശികനോടോതീ ച്യവനനപ്പൊഴേ:
''വരേണം ഭാര്യയൊത്തങ്ങുന്നിങ്ങോട്ടെന്നു നരാധിപ!'' 64
എന്നോതിസ്സമ്മതിച്ചോരു രാജർഷിയടി കുപ്പിയും
വപുസ്സാണ്ടോനെഴുന്നെള്ളീ പുരിക്കിന്ദ്രൻ കണക്കിനെ. 65
അപ്പോളവൻെറ മുൻപെത്തീ പുരോഹിതരമാത്യരും
ബലസ്ഥർ ഗണികായുക്തർ മറ്റും പ്രകൃതിമാർകളും. 66
അവരോടൊത്ത കുശികനൃപൻ ശ്രീയാൽ വിളങ്ങുവോൻ
ഹൃഷ്ടനായിപ്പുരം കേറീ വന്ദിമാർകരം പുകഴ്ത്തുവോൻ. 67
നഗരത്തിൽ കടന്നിട്ടു പൂർവ്വാഹ്നക്രിയ ചെയ്തവൻ
ഉണ്ടു ഭാര്യയൊടൊന്നിച്ചു രാത്രി പാർത്തു മഹാദ്യുതി. 68

അതിന്നുമേൽ പരമവർ കണ്ടു യൗവനം
പരസ്പരം രുജയൊഴിവായ് സുരോപമർ
രസിച്ചുതേ ശയനഗർ നല്ല മെയ്യുമായ്
ദ്വിജേന്ദ്രനങ്ങരുളിയ ലക്ഷ്മിയാണ്ടവർ. 69
അതിൽപ്പരം മുനി ഭൃഗുവംശവർദ്ധനൻ
തപോധനൻ രുചിരസമൃദ്ധമാം വനം
മനസ്സിനാൽ പലവക രത്നമൊത്തതായ്—
ച്ചമച്ചു വാസവപുരിയിൽപ്പെടാപ്പടി*. 70

54. ച്യവനോപാഖ്യാനം

ച്യവനോപാഖ്യാനം (തുടച്ച്). ച്യവനൻെറ പ്രഭാവത്താൽ കുശികനും ഭാര്യയും അത്ഭുതകരങ്ങളായ പല ദൃശ്യങ്ങളും കാണുന്നു. സന്തുഷ്ടനായ മഹർഷി വേണ്ട വരം ചോദിക്കാൻ കുശികനോടാവശ്യപ്പെടുന്നു.

ഭീഷ്മർ പറഞ്ഞു

പിന്നെ മന്നൻ നിശാന്തത്തിലുണർന്നിട്ടു മഹാശയൻ
പൂർവ്വാഹ്നികം ചെയ്തു ഭാര്യയൊത്താക്കാട്ടിൽ ഗമിച്ചുതേ. 1
അപ്പോഴക്കണ്ടു നരപതി പ്രാസാദം മറ്റുപൊന്മയം
മണിത്തൂണു പെരുത്തൊത്തു ഗന്ധർവ്വനഗരോപമം. 2
അതിൽ ദിവ്യമനോധർമ്മം കണ്ടു കുശികനപ്പൊഴേ
രൂപ്യസാനുക്കുന്നുകളും പൊയ്ത്താർപൊയ്കകളും പരം. 3

* വാസവപുരിയിൽപെടാപ്പടി=അമരാവതിയിൽപോലും ഇല്ലാത്ത തരത്തിൽ.

ചിത്രശാലകളും ചിത്രതോരണം ചേർന്ന ഭാരത!
പച്ചപ്പുല്ലണിയും ഭൂമി പൊന്നതിണ്ണയുമായഹോ! 4
പൂത്ത തേന്മാവു കൈനാറി നൽക്കവുങ്ങുകളങ്ങനെ
അശോകം പൂവിട്ട മുല്ലയതിമുക്തകജാതിയും. 5
ചമ്പകം മയിലെൾ കാച്ച പിലാവും വഞ്ജുളങ്ങളും
പൂത്തു നില്ക്കും കൊന്നകളും കണ്ടുകൊണ്ടാനതാതിടം. 6
ശ്യാമവാരണപുഷ്പങ്ങളങ്ങഷ്ടപതിവള്ളികൾ
അതാതിടത്തിലുണ്ടാക്കിക്കണ്ടുകൊണ്ടാൻ മഹീപതി. 7
നല്ല പത്മോല്പലം ചാർത്തിസ്സർവ്വർത്തുകുസുമാന്വിതം
വിമാനമൊക്കും പ്രാസാദജാലവും ശൈലസന്നിഭം. 8
കുളുത്ത വെള്ളങ്ങൾ ചെറുചൂടുള്ളവകൾ ഭാരത!
വിശേഷപ്പെട്ടാസനങ്ങൾ വിശിഷ്ടശയനങ്ങളും 9
രത്നസ്വർണ്ണക്കട്ടിലുകൾ നന്മേൽവിരികളുള്ളവ
പെരുത്തു ഭക്ഷ്യഭോജ്യങ്ങൾ വെച്ചിരിപ്പതതാതിടം. 10
വാക്കു ചൊല്ലും പെൺകിളികൾ ഭൃംഗരാജങ്ങൾ തത്തകൾ
ശതപത്രം കുയിൽ പരം കോഴി കോയഷ്ടികങ്ങളും. 11
മയിൽ കോഴികളും പിന്നെജ്ജീവഞ്ജീവങ്ങൾ നത്തുകൾ
ചകോരമർക്കടം ഹംസം ചക്രവാകങ്ങൾ സാരസം 12
ഇവ ചുററും ഭംഗിപൂണ്ടു രസിക്കുംപടി കണ്ടുതേ.
ചിലേടമപ്സരസ്ത്രീകൾ ഗന്ധർവ്വന്മാർകൾ ഭാരത! 13
ഭാര്യമാർ തഴുകിക്കൊണ്ടു നില്പതായ്ക്കണ്ടിതങ്ങനെ.
കണ്ടതില്ലവരെപ്പിന്നെ വീണ്ടും കണ്ടിതു മന്നവൻ 14
ഭംഗിയേറും പാട്ടുമേവമോത്തു ചൊല്ലിക്കുമൊച്ചയും.
മധുരം ഹംസരുതവുമങ്ങു കേട്ടിതു മന്നവ! 15
അത്യത്ഭുതമതവ്വണ്ണം കണ്ടു ചിന്തിച്ചു മന്നവൻ.
'സ്വപ്നമോ എൻ മതിഭ്രാന്തിഭേദമോയിതു സത്യമോ? 16
അമ്പമ്പോ! ഉടലോടേ ഞാൻ പരസൽഗതി പൂകിനേൻ.
പുണ്യോത്തരകുരുസ്ഥാനമല്ലെങ്കിലമരാവതി 17
ഇതെന്തൊരു മഹാശ്ചര്യം കാണുന്നേ'നെന്നുമോർത്തുതേ.
ഏവം ചിന്തിച്ചിട്ടുന്നേരം കണ്ടാനാ മുനിമുഖ്യനെ 18
മണിത്തൂണു പെരുത്തുള്ള പൊൻ വിമാനത്തിനുള്ളിലായ്
മഹാർഹദിവ്യക്കട്ടിന്മേൽ കിടക്കും ഭൃഗുപുത്രനെ. 19
ഹർഷിച്ചവന്റെ മുൻപെത്തീ നരേന്ദ്രൻ ഭാര്യയൊത്തവൻ
മറഞ്ഞിതപ്പോൾ പിന്നേയും ച്യവനൻ മണിമെത്തയും. 20
പിന്നെ മററു വനത്തിങ്കൽക്കണ്ടാനവനെ വീണ്ടുമേ
പട്ടുപല്ലായമേൽ വാണു ജപിപ്പോനായ് വ്രതീന്ദ്രനെ; 21
ഏവം യോഗബലാൽ വിപ്രൻ മോഹിപ്പിച്ചു മഹീശനെ.

ക്ഷണത്താലാക്കാട്ടമങ്ങുള്ളപ്സരസ്ത്രീഗണങ്ങളും 22
ഗന്ധർവ്വർ വൃക്ഷനിരയുമൊട്ടുക്കങ്ങു മറഞ്ഞുപോയ്.
നിശ്ശബ്ദമായ്ത്തീർന്നു വീണ്ടും പിന്നെ ഗംഗാതടം നൃപ! 23
ദർഭപ്പുല്ലും പുററുമായിക്കാണായീ മുൻപടിക്കുതാൻ.
ഉടൻ സഭാര്യൻ കുശികനൃപനാ ക്രിയ കണ്ടഹോ! 24
മഹാത്ഭുതം പാർത്തുകണ്ടു വിസ്മയപ്പെട്ടിതേററവും.
പിന്നെബ്ഭാര്യയൊടായ്ച്ചൊല്ലീ കുശികൻ ഹർഷമാർന്നവൻ: 25
“നോക്കു ഭദ്രേ, ചിത്രവസ്തു കണ്ടതില്ലേ സുദുർല്ലഭം?
ഭൃഗുമുഖ്യപ്രസാദത്താൽ മററെന്തെന്ന്യേ തപോബലാൽ. 26
മനോരഥംകൊണ്ടു സാദ്ധ്യം തപസ്സാൽ സാദ്ധ്യമാസ്സുരും
ത്രൈലോക്യരാജ്യത്തിനേക്കാൾ തപസ്സാണേററമുത്തമം. 27
നന്നായ്ച്ചെയ്ത തപസ്സാലേ മോക്ഷം നേടാം തപോബലാൽ
അമ്പോ! പ്രഭാവം വൻപേറും ബ്രഹ്മർഷിച്യവനന്നുടെ. 28
ഇച്ഛിക്കിൽത്താൻ തപോവീര്യാൽ വേറേ ലോകം ചമയ്ക്കുമേ
പുണ്യവാക് ബുദ്ധികർമ്മാക്കൾ വിപ്രരായ്ത്തന്നെ തീരണം. 29
മററാരിങ്ങനെ സൃഷ്ടിപ്പാൻ പോരും ച്യവനനെന്നിയേ?
ബ്രാഹ്മണ്യം ദുർല്ലഭം പാരിൽ നേടാം രാജ്യം നരക്കിഹ. 30
ബ്രാഹ്മണൻതൻപ്രഭാവത്താൽ ധുര്യമട്ടേ*ന്തി തേരു നാം.”
എന്നു ചിന്തിക്കുമവനെയറിഞ്ഞു ച്യവനൻ തദാ. 31
നോക്കിപ്പറഞ്ഞു രാജാവോടുടൻ വരികയെന്നുതാൻ
എന്നു കേട്ടിട്ടവൻ ഭാര്യയൊത്തെത്തീ മുനിസന്നിധൌ. 32
ശിരസ്സാൽ വന്ദ്യനവനെ വന്ദിച്ചിതു നരാധിപൻ
അവന്നാശിസ്സു നല്കീട്ടാ മുനി മന്നവനോടുടൻ 33
ഇരിക്കാമെന്നോതി ധീമാൻ സാന്ത്വത്തിൽ പുരുഷർഷഭ!
സ്വഭാവം പൂണ്ടു രാജാവേ, രാജാവോടഥ ഭാർഗ്ഗവൻ. 34
പറഞ്ഞു ശ്ലക്ഷ്ണവാക്കാലേ തൃപ്തിയാംപടി ഭാരത!

ച്യവനൻ പറഞ്ഞു

രാജൻ, നന്നായ് വെന്നിരിപ്പുണ്ടഞ്ചുമഞ്ചും സ്വയം ഭവാൻ; 35
മനഃഷഷ്ഠേന്ദ്രിയമതിൻ കഷ്ടപ്പാടുമൊഴിഞ്ഞുതേ.
നന്നായാരാധിച്ചിതെന്നെ നീയുണ്ണീ, വാഗ്മിസത്തമ! 36
നിനക്കു പാപമിങ്ങൊന്നുമില്ലാ ചെറുതുപോലുമേ.
അനുജ്ഞ നല്കു രാജാവേ, വന്നപാടു ഗമിക്കുവൻ 37
രാജേന്ദ്ര, നിങ്കൽ ഞാൻ പ്രീതനായി വാങ്ങിക്കെടോ വരം.

കുശികൻ പറഞ്ഞു

ഭഗവാനേ, നിന്നരികിൽ തീനടുക്കൊണ്ടമട്ടു ഞാൻ
നിന്നാല്ലോ ഭൃഗുശാർദ്ദൂല, ചൊല്ലെന്തേ വെന്തിടാത്തതും? 38

---

* ധുര്യമട്ട് = കാളകളെപ്പോലെ.

ഇതൊന്നുതാൻ വരം മുഖ്യം ഞാൻ നേടീ ഭൃഗുനന്ദന!
എന്നിൽ പ്രസന്നൻ നീ ബ്രഹ്മൻ, കാത്തു നിരഘ, മൽക്കുലം. 39
എനിക്കനുഗ്രഹമത്രേ വിപ്ര, ജീവിതകാര്യമോ
ഇതേ രാജ്യഫലം പിന്നെത്തപസ്സും ഫലവും മമ. 40
ഭവാനെങ്കൽ പ്രീതനായിതെങ്കിലോ ഭൃഗുനന്ദന!
എനിക്കുണ്ടൊരു സന്ദേഹമതൊന്നു വിവരിക്കണേ! 41

55. ച്യവനോപാഖ്യാനം

ച്യവനോപാഖ്യാനം (തുടർച്ച). ച്യവനൻ നടത്തിയ പരീക്ഷകളുടേയും താൻ കണ്ട അത്ഭുതദൃശ്യങ്ങളുടേയും രഹസ്യം അറിഞ്ഞാൽക്കൊള്ളാമെന്നു കുശികനാവശ്യപ്പെടുന്നു. ച്യവനൻ അതെല്ലാം വിവരിച്ചുകൊടുക്കുന്നു. കുശികന്റെ മൂന്നാംതലമുറയിലുണ്ടാകുന്ന സന്തതി ബ്രാഹ്മണനാകുമെന്നുള്ള വിവരംകൂടി ച്യവനൻ കുശികനോടു പറയുന്നു.

ച്യവനൻ പറഞ്ഞു

വരം വാങ്ങീടുകെന്നോടു നിന്നുള്ളിൽപ്പെട്ട സംശയം
എന്തതും ചൊല്ലു രാജേന്ദ്ര, നീനക്കൊപ്പിപ്പനൊക്കയും. 1

കുശികൻ പറഞ്ഞു

ഭഗവൻ, പ്രീതനായെങ്കിലെന്നോടോതുക ഭാർഗ്ഗവ!
എൻ ഗൃഹത്തിൽപ്പാർത്തതിന്റെ ഹേതു കേൾപ്പതിനാഗ്രഹം. 2
ഇരുപത്തൊന്നുനാളൊററപ്പുറംവെച്ചു കിടന്നതും
ഒന്നും മിണ്ടാതെ വെളിയിൽപ്പോയതും മുനിപുംഗവ! 3
ഉടൻ മറഞ്ഞതും പിന്നെക്കാണുമാറായിവന്നതും
പിന്നേയുമിരുപത്തൊന്നു ദിനം വിപ്ര, കിടന്നതും 4
എണ്ണതേച്ചാപ്പോയിയതുമെൻ ഗൃഹേ ഭോജനം ഭവാൻ
പല കൂട്ടം വരുത്തിച്ചു തീയിലിട്ടങ്ങു ചുട്ടതും 5
ഭവാൻ പിന്നെത്തേരിലേറിയുടനേ യാത്ര ചെയ്തതും
ധനം കൊടുത്തതും പിന്നെ വനം കാണിച്ചു തന്നതും 6
പലമട്ടിൽ സ്വർണ്ണമയപ്രാസാദനിരയും മുനേ!
മണിവിദ്രുമപാദാഢ്യ[1]ക്കട്ടിൽ കാണിച്ചുതന്നതും 7
പിന്നെക്കാണാതാക്കിയതുമെന്തിതിൻ ഹേതു കേൾക്കണം.
മയങ്ങുന്നേനിതിൽ പാരം ഞാനോർത്തോർത്തു ഭൃഗൂദ്വഹ! 8
ഇതിന്നൊക്കേയുമേതും ഞാൻ കാണുന്നില്ലൊരു നിശ്ചയം
ഇതൊക്കസ്സത്യമായ് കേട്ടുകൊൾവാൻ മോഹം തപോധന! 9

ച്യവനൻ പറഞ്ഞു

കേട്ടുകൊണ്ടാലുമൊട്ടുക്കിങ്ങെന്തു കാരണമെന്നതും

---

1 മണിവിദ്രുമപാദാഢ്യം = രത്നവും പവിഴവുംകൊണ്ടുള്ള കാലുകളോടുകൂടിയതു്.

പറയാസ്സാൻ വയ്യെനിക്കു ചോദിച്ചാലവനീപതേ! 10
പിതാമഹൻ പണ്ടു വാനോർനടുവേവെച്ചു ചൊന്നതും
രാജാവേ, ഞാൻ കേട്ടിരിപ്പുണ്ടതു ചൊൽവതു കേൾക്ക നീ. 11
ബ്രഹ്മക്ഷത്രവിരോധത്താലുണ്ടാകും കുലസങ്കരം
രാജാവേ, നിൻ പൗത്രനേററം തേജോവീര്യാഢ്യനായ്വരും. 12
തന്മൂലം നിൻ കുലദ്ധ്വംസം ചെയ്യാനായിട്ടു വന്നു ഞാൻ
കുശികോച്ഛേദനാകാംക്ഷി[1] നിൻ കുലം ചുട്ടെരിക്കുവാൻ. 13
പിന്നെ ഞാൻ നിൻ പുരത്തിങ്കൽ വന്നു ചൊന്നേൻ മഹീപതേ!
നിയമം ഞാനൊന്നു ചെയ്യേൻ ശുശ്രൂഷിച്ചാലുമെന്നെടോ. 14
നിൻ ഗൃഹത്തിൽ ദുഷ്കരമായൊന്നുമേ കണ്ടതില്ല ഞാൻ
അതേ ജീവിപ്പു രാജർഷേ, മറിച്ചായെങ്കിലില്ല നീ. 15
ഈവണ്ണം ബുദ്ധിവെച്ചുംകൊണ്ടിരുപത്തൊന്നു വാസരം
ഉറങ്ങിനേനെന്നെയാരാനുണർത്താൻവേണ്ടി മന്നവ! 16
സഭാര്യൻ നീ സുപ്തനെന്നെയുണർത്തീടാഞ്ഞതെപ്പൊഴോ
അപ്പൊഴേ ഞാൻ നിന്നിലുള്ളാൽ പ്രസാദിച്ചേൻ നൃപോത്തമ!
എഴുന്നേററു പുറപ്പെട്ടേൻ നീയെന്നോടവനീപതേ!
എങ്ങു പോകുന്നെന്നു കേട്ടാൽ ശപിപ്പേനെന്നുതാൻ പ്രഭോ! 18
മറഞ്ഞേൻ പിന്നെയും പിന്നെ നിന്റെയാബ് ഭവനത്തിൽ ഞാൻ
ഉറങ്ങിനേൻ യോഗമാണ്ടിട്ടിരുപത്തൊന്നു വാസരം 19
പൈ പൂണ്ടെന്നെയസൂയിക്കാം തളർന്നോനെന്നു മന്നവ!
ഈവണ്ണമോർത്തു ഞാൻ ക്ഷുത്താൽ ക്ലേശിപ്പിച്ചിതു നിങ്ങളെ. 20
മനസ്സിൽ ചെറുതും മന്യു[2] ഭാര്യയൊത്ത നിനക്കെടോ
നരേന്ദ്ര, പററീലതിനാൽ പ്രീതനായ് ത്തീർന്നു ഹന്ത ഞാൻ. 21
ഭോജനത്തെ വരുത്തീട്ടങ്ങതിനെച്ചുട്ടെരിച്ചു ഞാൻ
മാത്സര്യാൽ നിങ്ങൾ കോപിക്കിലായെന്നതു പൊറുത്തു നീ. 22
പിന്നെത്തേരേറി ഞാൻ നിന്നോടോതിനേനവനീപതേ!
സഭാര്യനായെന്നെ വഹിക്കെന്നതും ചെയ്തുതന്നു നീ. 23
നിശ്ശങ്കനായ് നരപതേ, പ്രീതനായതിനാലെ ഞാൻ
വിത്തം കോരിക്കൊടുത്തിട്ടും ക്രോധമുൾക്കൊണ്ടതില്ല നീ. 24
അതിനാൽ പ്രീതനായ് രാജൻ, പിന്നെ നിർമ്മിച്ചു ഞാൻ വനം
സഭാര്യനാം നിനക്കായി വീണ്ടുമോർക്കുക മന്നവ! 25
നിൻ പ്രീതിക്കായ് വേണ്ടി ഞാനീ സ്വർഗ്ഗം കാണിച്ചതന്നതാം
നീ വനത്തിൽക്കണ്ടതെന്നാൽ നൃപതേ, ദിവ്യദർശനം. 26
സ്വർഗ്ഗപ്രദേശം രാജാവേ, സഭാര്യനുടലോടെ നീ
മുഹൂർത്തമങ്ങനുഭവിച്ചിതു ഭൂപ, നൃപോത്തമ! 27

---

1 കുശികോച്ഛേദനാകാംക്ഷി=കുശികവംശത്തെ ഉന്മൂലനംചെയ്യാൻ ആഗ്രഹം പൂണ്ടവൻ. 2 മന്യു = കോപം.

ദൃഷ്ടാന്താർത്ഥം തപസ്സിൻെറ ധർമ്മത്തിനുടെയും നൃപ!
രാജൻ, നിനക്കതിൽ കാംക്ഷയുണ്ടായതുമറിഞ്ഞു ഞാൻ. 28
ബ്രാഹ്മണ്യം നീയാഗ്രഹിപ്പൂ തപസ്സും പൃഥിവീപതേ!
നരേന്ദ്രത്വം സുരേന്ദ്രത്വംതന്നെയും തള്ളി മന്നവ! 29
ശരിയാണുണ്ണി, നീ ചൊന്നതീ ബ്രാഹ്മണ്യം സുദുർല്ലഭം
ബ്രാഹ്മണ്യത്തിൽ മഹർഷിത്വമൃഷിത്വത്തിൽത്തപസ്സിതാ. 30
നിനക്കീക്കാമമൊത്തീടും കുശികാൽ കൗശികൻ ദ്വിജൻ
നിൻെറ മൂന്നാംതലമുറമുതൽ ബ്രാഹ്മണനായിടും. 31
ഭൃഗുക്കളുടെ തേജസ്സാൽത്തന്നെ നിൻെറ കുലം നൃപ!
നിൻ പൗത്രൻ ബ്രാഹ്മണർഷീന്ദ്രനായീടും പാവകദ്യുതി. 32
അവൻ ദേവമനുഷ്യന്മാരൊക്കും മൂപ്പാരിനൊക്കയും
ഭയമുണ്ടാക്കിടും ഞാനീപ്പറയുന്നതു സത്യമാം. 33
രാജർഷേ, നിന്നുള്ളിലുള്ള വരം വാങ്ങിച്ചുകൊൾക നീ
തീർത്ഥയാത്രയ്ക്കു പോകുന്നേൻ കാലം തെററീടുമിന്നിമേൽ. 34

കുശികൻ പറഞ്ഞു

മഹാമുനേ, നിൻ പ്രസാദമിതെനിക്കു പരം വരം
ഭവാൻ ചൊന്നപടിക്കുണ്ടാകെൻ പൗത്രനനഘാശയ! 35
ഭഗവാനേ,യെൻകുലത്തിൽ ബ്രാഹ്മണ്യമിതുതാൻ വരം
ഭഗവാനേ, വിസ്തരിച്ചു വീണ്ടും ചൊല്ലീടവേണമേ. 36
ഭൃഗുനന്ദന, വിപ്രത്വം നേടുമെൻ കുലമെങ്ങനെ
ഈബ്ബന്ധുവാരെനിക്കുണ്ടാമാരുവാനതി സമ്മതൻ? 37

56. ച്യവനോപാഖ്യാനം

ച്യവനോപാഖ്യാനം (തുടർച്ച). പരശുരാമൻെറ ജനനംവരെയുള്ള ഭാവി കഥകൂടി കുശികൻെറ അപേക്ഷയനുസരിച്ച് ച്യവനൻ വിവരിച്ചു കൊടുക്കുന്നു.

ച്യവനൻ പറഞ്ഞു

അവശ്യമിതു നിന്നോടു ചൊല്ലേണം നരപുംഗവ!
നിന്നേ മുടിപ്പാനെന്തിന്നു വന്നേനെന്നു നരാധിപ! 1
ഭൃഗുക്കൾക്കീ ക്ഷത്രിയന്മാരെന്നും യാജ്യർ[1] നരാധിപ!
അവർ തമ്മിൽ പിണങ്ങീടും ദൈവം കല്പിച്ച ഹേതുവാൽ. 2
ക്ഷത്രിയന്മാർ മുടിച്ചീടും ഭൃഗുക്കളെ നരാധിപ!
ഗർഭം മുതല്ക്കുരുത്തിട്ടു ദൈവദണ്ഡനിപീഡിതർ[2]. 3
പിന്നെ നമ്മുടെ വംശത്തിലുണ്ടാകും ഗോത്രവർദ്ധനൻ
ഔർവ്വനെന്നതിതേജസ്വി ജ്വലനാർക്കസമപ്രഭൻ. 4

---

1 യാജ്യർ = യാഗം ചെയ്യിക്കേണ്ടവർ. 2 ദൈവദണ്ഡനിപീഡിതർ = ദൈവ ശിക്ഷയാൽ പീഡിപ്പിക്കപ്പെട്ടവർ.

അവൻ മുപ്പാർ മുടിച്ചീടാൻ കോപത്തീയുളവാക്കിടും
അതു കാടും മാടുമൊക്കും പാരിടം ചാമ്പലാക്കുമേ. 5
ഒട്ടുകാലം പിന്നെയവനാത്തീയിനെയടക്കിടും
കടലിൽബ്ബഡവാസ്യ[1]ത്തിലാക്കീട്ടു മുനിസത്തമൻ. 6
മഹീപതേ, തത്സുതനാമൃചീകഭൃഗുപുത്രനെ
സാക്ഷാൽദ്ധനുർവ്വേദമൊട്ടുക്കുപാസിക്കുമിഹാനഘ! 7
ക്ഷത്രിയന്മാർ മുടിഞ്ഞീടാൻ ദൈവമൊക്കുന്ന ഹേതുവാൽ
അവനായതെടുത്തിട്ടു തൻപുത്രനുകൽ പകത്തിടും. 8
തപസ്സാൽബ്ഭാവിതാത്മാവായ് വൻപെഴും ജമദഗ്നിയിൽ
ആ വേദത്തെദ്ധരിച്ചീടും ഭൃഗുശാർദ്ദൂലനാമവൻ. 9
നിൻ കുലാൽക്കന്യയെയവൻ ധാർമ്മികൻ വേട്ടുകൊണ്ടിടും
ഉയച്ചു നിൻ കുലത്തിന്നു വരുത്താൻ ഭരതർഷഭ! 10
നിൻപൗത്രിയാം ഗാധിപുത്രിയാളെ നേടിത്തപോനിധി
ഉൽപ്പാദിപ്പിച്ചിടും ക്ഷത്രധർമ്മാവാകുന്ന പുത്രനെ. 11
വിപ്രകർമ്മക്ഷത്രിയനെ ശ്രീബൃഹസ്പതിവീര്യനെ
വിശ്വാമിത്രനെ നിൻ വംശേ ഗാധിക്കുത്തമപുത്രനെ 12
മഹാതപസ്സുള്ളവനെക്കൊടുത്തീടും മഹാദ്യുതി.
സ്ത്രീകളായ്ത്തീരുമവിടെയീ മാററത്തിന്നു കാരണം 13
പിതാമഹനിയോഗത്താലിതു മററിച്ചു വന്നിടാ[2].
നിൻെറ മൂന്നാം തലമുറ ബ്രാഹ്മണതപമണഞ്ഞിടും
ഭാവിതാത്മഭൃഗുക്കൾക്കു ഭവാൻ സംബന്ധിയായിടും. 14

ഭീഷ്മൻ പറഞ്ഞു

കുശികൻ മഹിതാത്മാവാം ച്യവനർഷീന്ദ്രഭാഷിതം
കേട്ടു ഹർഷം പൂണ്ടിവണ്ണമുരചെയ്തിതു മന്നവ! 15
എന്നാലങ്ങനെയെന്നപ്പോൾദ്ധർമ്മിഷ്ഠൻ ഭരതോത്തമ!
തേജസ്സേറും ച്യവനനോ പിന്നെയും നരനാഥനെ 16
പ്രേരിപ്പിച്ചു വനത്തിന്നായവനോടോതി മന്നവൻ:
"ഏവമാട്ടേ വാങ്ങുവേൻ ഞാൻ കാമം നിന്നോടു മാമുനേ! 17
എൻ കുലം ബ്രഹ്മമായ്ത്തീർന്നു ധർമ്മത്തിൽക്കരൾ വെയ്ക്കണം."
എന്നു കേട്ടേവമാമെന്നു ചൊല്ലി ച്യവനമാമുനി 18
നൃപനെസ്സമ്മതിപ്പിച്ചു തീർത്ഥയാത്രയ്ക്കു പോയിനാൻ.
ഇതൊക്കെ നിന്നോടൊട്ടുക്കു ചൊല്ലിനേനവനീപതേ! 19
കുശികർക്കും ഭൃഗുക്കൾക്കുമുള്ള ചാർച്ചയ്ക്കു കാരണം.
ഋഷി ചൊന്നവിധംതന്നെ സംഭവിച്ചിതു മന്നവ!
ജന്മം രാമൻെറയും വിശ്വാമിത്രമാമുനിതൻെറയും. 20

1 ബഡവാസ്യം=ബഡവാമുഖം. 2 മററിച്ചുവന്നിടാ=മററു പ്രകാരത്തിൽ സംഭവിക്കയില്ല. (മററിച്ച് എന്നതും ഒരസാധാരണപ്രയോഗമാണ്. ഈ കൃതിയിൽ വേറേ ദിക്കിലും അത്തരം പ്രയോഗം കാണുന്നുണ്ട്.)

57. വിവിധദാനഫലം

ച്യവനന്റെ ചരിതം കേട്ട് തപോനിഷ്ഠയിലേക്കു മനസ്സു തിരിഞ്ഞ ധർമ്മപുത്രരോട് ഭീഷ്മർ പലതരം ദാനധർമ്മങ്ങളെപ്പററി പ്രസംഗിക്കുന്നു. അതുകേട്ട പാണ്ഡവജ്യേഷ്ഠൻ, ലോകത്തിന് ഉപകാരം ചെയ്യാൻ പററിയ ലൗകികജീവിതംതന്നെയാണ് സർവ്വശ്രേഷ്ഠമെന്നു തീരുമാനിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

മോഹിക്കും മട്ടായി കേട്ടു വീണ്ടും ചിന്തയിലാണ്ടു ഞാൻ
ശ്രീമാന്മാരാം മന്നവന്മാരൊട്ടുക്കററൊരു ഭൂമിയെ 1

നേടി രാജ്യം പലവക ഭൂമി വെന്നിട്ടു ഭാരത!
കോടി പൂരുഷരെക്കൊന്നുംതപിപ്പേൻ ഞാൻ പിതാമഹ! 2

ഭർത്താക്കളും മക്കളമ്മാമന്മാർ സഗർഭ്യരു[1]മെന്നിയേ
ആ വരസ്ത്രീകളുടയ നിലയെന്തായിരിക്കുമോ? 3

നാമാകുരുക്കളെക്കൊന്നു സുഹൃത്തായാദിമാരെയും
തല കീഴായ്ച്ചെന്നു വീഴും നരകത്തിലസംശയം. 4

ദേഹമുഗ്രതപസ്സോടു ചേർപ്പാനിച്ഛിപ്പു ഭാരത!
തത്ത്വത്തോടാഗ്രഹിപ്പേൻ നിന്നുപദേശം ധരാപതേ! 5

വൈശമ്പായനൻ പറഞ്ഞു

യുധിഷ്ഠിരന്റെയാ വാക്കു കേട്ടു ഭീഷ്മൻ മഹാശയൻ
നന്നായി ബുദ്ധിയാൽക്കണ്ടു യുധിഷ്ഠിരനൊടോതിനാൻ. 6

ഭീഷ്മൻ പറഞ്ഞു

രഹസ്യമത്ഭുതം നിന്നോടോതീടുന്നതു കേൾക്ക നീ
ആർക്കെന്തു ഗതിയുണ്ടാകും മരിച്ചാലെന്നു മന്നവ! 7

തപസ്സാൽ കിട്ടിടും സ്വർഗ്ഗം തപസ്സാൽ പുകഴും കിട്ടിടും
വിഭോ, തപസ്സാൽ കിട്ടീടും ദീർഘായുസ്സും സുഖങ്ങളും. 8

ജ്ഞാനം വിജ്ഞാനമാരോഗ്യം രൂപം സമ്പത്തുമിങ്ങനെ
സൗഭാഗ്യവും തപസ്സാലേ കിട്ടീടും ഭരതർഷഭ! 9

ധനം കിട്ടും തപസ്സാലേ മൗനത്താലാജ്ഞ നല്കിടും
ദാനത്താൽ ഭോഗമാം ബ്രഹ്മചര്യത്താൽ ദീർഘജീവിതം. 10

അഹിംസയ്ക്കു ഫലം രൂപം ദീക്ഷയ്ക്കു കുലജന്മമാം
ഫലമൂലാന്നർ[2]ക്കു രാജ്യം സ്വർഗ്ഗം പർണ്ണാശികർ[3]ക്കുമേ; 11

പയസ്സുണ്ണോൻ[4] വിണ്ണിലെത്തും ദാനത്താൽ ധനനാഥനാം
ഗുരുശുശ്രൂഷയാൽ വിദ്യ ശ്രാദ്ധത്താൽ നിത്യസന്തതി. 12

ശാകദീക്ഷ[5]യ്ക്കു പൈയുണ്ടാം പുല്ലു തിന്നോർക്കു വിണ്ണുപോൽ
സ്ത്രീയെ ത്രിഷവണസ്നാനാൽ കാററുണ്ടാൽ ക്രതു[6] നേടിടാം. 13

---

1 സഗർഭ്യർ = കൂടപ്പിറപ്പുകൾ. 2 ഫലമൂലാന്നർ = ഫലമൂലങ്ങൾ ഭക്ഷിക്കുന്നവർ. 3 പർണ്ണാശികൾ = ഇലമാത്രം ഭക്ഷിക്കുന്നവർ. 4 പയസ്സുണ്ണോൻ = വെള്ളം മാത്രം കുടിച്ചു ജീവിക്കുന്നവൻ. 5 ശാകദീക്ഷ = ഇലക്കറിമാത്രം കഴിക്കൽ. 6 ക്രതു = യാഗഫലം.

നിത്യസ്നാനാൽ ദക്ഷനാകും സന്ധ്യാജപമെഴും ദ്വിജൻ
മരു[1] സാധിക്കിൽ നൃപതേ, വാനാമനശനവ്രതേ. 14
സ്ഥണ്ഡിലത്തിൽക്കിടപ്പോർക്കു ഗൃഹങ്ങൾ ശയനങ്ങളും
ചീരവല്ക്കലവസ്ത്രത്താൽ വസ്ത്രാഭരണജാലമാം. 15
ശയ്യാസനങ്ങൾ യാനങ്ങൾ യോഗമൊക്കും തപസ്വിയിൽ
അഗ്നിപ്രവേശേ നിയതം ബ്രഹ്മലോകത്തു പൂജ്യനാം. 16
രസങ്ങളെത്ത്യജിച്ചീടിൽ സൗഭാഗ്യം നേടുമിങ്ങവൻ
മാംസം ത്യജിക്കിൽ പ്രജകൾക്കായുസ്സുണ്ടായി വന്നിടും. 17
ജലാധിവാസം ചെയ്തീടിലവൻ വിണ്ണിന്നധീശനാം
സത്യം ചൊൽവേൻ നരശ്രേഷ്ഠ, വാനോരൊത്തു സുഖിച്ചിടും. 18
ദാനത്താൽ കീർത്തിയുണ്ടാമമ്മട്ടാരോഗ്യമഹിംസയാൽ
ദ്വിജശുശ്രൂഷയാൽ രാജ്യം പുഷ്കലം ദ്വിജഭാവവും. 19
വെള്ളം കൊടുത്താലെന്നേയ്ക്കും കീർത്തിയുണ്ടായി വന്നിടും
അന്നം കൊടുക്കുകിൽക്കാമഭോഗത്താൽ തൃപ്തരായിടും. 20
സർവ്വർക്കും സാന്ത്വനം ചെയ്താൽ സർവ്വശോകങ്ങളററുപോം
ദേവശുശ്രൂഷയാൽ രാജ്യം ദിവ്യരൂപവുമൊത്തിടും. 21
വിളക്കിൻ കാഴ്ച നല്കീടിൽ കണ്ണുള്ളോനായ്വരും നരൻ
കാണേണ്ടതു കൊടുത്തീടിൽ സ്മൃതിമേധകളാണ്ടിടും. 22
ഗന്ധമാല്യങ്ങൾ നല്കീടിൽ പെരുകും കീർത്തി നേടിടും
മുടി മീശ വളർത്തുന്നോർക്കഗ്ര്യ[2]സന്തതിയൊത്തിടും 23
ഉപവാസം ദീക്ഷയഭിഷേകവും ധരണീപതേ!
പന്തീരാണ്ടു കഴിച്ചീടിൽ വീരസ്ഥാനത്തിൽ മെച്ചമാം. 24
ദാസീദാസമലങ്കാരം ക്ഷേത്രങ്ങൾ ഭവനങ്ങളും
ബ്രഹ്മദേയ[3]പ്പെണ്മകളെ നല്കിയാൽ കിട്ടിടും നൃപ! 25
യജ്ഞോപവാസങ്ങളാലേ വാനേറും ഭരതർഷഭ!
ശിവമാം ജ്ഞാനമാർന്നീടും ഫലപുഷ്പദനാം നരൻ. 26

സുവർണ്ണശൃംഗങ്ങൾ വിളങ്ങിടുന്ന
പശുക്കളങ്ങായിരമേകിയെങ്കിൽ
പുണ്യം ഫലം വിണ്ണിലാം ദേവലോക—
മെന്നോതുന്നു വിണ്ണിലാദ്ദേവസംഘം. 27
കാംസ്യം[4] കറക്കും കനകാഗ്ര്യശൃംഗി[5]
സവത്സയാം[6] കപിലപ്പൈ കൊടുത്താൽ
തത്തൽഗ്ഗുണാൽ കാമധുക്കായ്[7] കൊടുത്ത
നരന്നു താനാപ്പശു വന്നുചേരും. 28

1 മരു = വെള്ളംപോലും കുടിക്കാത്ത നില. 2 അഗ്ര്യം = ശ്രേഷ്ഠം. 3 ബ്രഹ്മദേയ = ബ്രാഹ്മണർക്കു കൊടുക്കേണ്ടവൾ. 4 കാംസ്യം = പാൽ കറക്കാനുള്ള ഓട്ടുപാത്രം. 5 കനകാഗ്ര്യശൃംഗി = പൊന്നുകൊണ്ടു കൊമ്പു പൊതിഞ്ഞതു്. 6 സവത്സ = കുട്ടിയോടുകൂടിയ പശു. 7 കാമധുക് = ആഗ്രഹിക്കുന്നതെല്ലാം കറന്നെടുക്കാവുന്ന.

ഗോവിന്നു രോമങ്ങളെഴുന്നതെത്രെ
ഗോദാനമേകുന്നവനത്രകാലം
സപുത്രപൗത്രാന്വയമാൎന്നു മുററും
കേററും പരത്തിൽ പരമേഴുപേരേ. 29

സദക്ഷിണം പൊന്നണി കൊമ്പിയന്നു
കാംസ്യം കറക്കും ദ്രവിണാഢ്യ[1]ഗോവേ
എല്ലോട്ടുകൂടി ദ്വിജനേകിയെങ്കിൽ—
ക്കിട്ടും സുഭിക്ഷം വസുലോകലാഭം. 30

സ്വകൎമ്മത്താൽ തടവേററുള്ളോരാളെ—
ഘോരാന്ധകാരം നരകം പൂകുവോനെ
പയോധിയിൽ കാററടിക്കപ്പൽപോലെ
ഗോദാനംതാൻ പരലോകത്തു കേററും. 31

വിപ്രന്നേകേണ്ടും കന്യയേ നല്കുവോനും
വിപ്രന്നു ഭൂദാനമങ്ങേകുവോനും
വിധിക്കു താനന്നമേകീടുവോനും
പുരന്ദരൻ[2]തന്റെ സാലോക്യമേല്ക്കും. 32

പാൎപ്പാനിടം സൎവ്വഗുണാഢ്യമേററം
സ്വാദ്ധ്യായചാരിത്രമെഴും ദ്വിജന്നായ്
നല്കുന്നവന്നുത്തരമാം കുരുക്ഷ്മാ—
ഭാഗത്തു ലോകങ്ങളും കിടയ്ക്കുമല്ലോ. 33

ധുൎയ്യങ്ങ[3]ളെഗ്ഗോക്കളെയും കൊടുത്താ—
ലായാൾക്കു കിട്ടും വസുലോകമത്രേ
സ്വൎഗ്ഗത്തിനാകുന്ന ഹിരണ്യദാന—
മതിൽ പ്രശസ്തം കനകപ്രദാനം. 34

ഛത്രം കൊടുത്താൽ ഭവനം വരിഷ്ഠം
ചെരിപ്പു നല്കീടുകിൽ നല്ല യാനം
വസ്ത്രം കൊടുത്താൽ ഫലമാം സുരൂപം[4]
ഗന്ധം കൊടുത്താൽ സുരഭിതചമുണ്ടാം[5]. 35

പൂവിട്ടതും കാച്ചതുമായ വൃക്ഷം
ദ്വിജന്നു നല്കുന്ന മനുഷ്യനെങ്കിൽ
അവന്നു കിട്ടും ബഹുരത്നപൂൎണ്ണം
സ്ത്രീയാണ്ടു രത്നങ്ങളെഴുന്ന ഗേഹം. 36

ഭക്ഷ്യാന്നപാനീയരസങ്ങളും നല്കിൽ
മുററും രസം നേടുമവൻ യഥേഷ്ടം;

1 ദ്രവിണാഢ്യ=പണത്തോടു കൂടിയ. 2 പുരന്ദരൻ=ദേവേന്ദ്രൻ. 3 ധുൎയ്യങ്ങൾ=(ഭാരം വഹിക്കുന്ന) കാള, കുതിര മുതലായവ. 4 സുരൂപം=സൗന്ദൎയ്യം. 5 സുരഭിതം=സുഗന്ധം.

ഇരിപ്പിടം വസ്ത്രവുമേകിടുന്നോ—
നതൊക്കെ നേടും ദൃഢമില്ല വാദം. 37
സ്രഗ്ഗന്ധധൂപാംഗവിലേപനങ്ങൾ[1]
വസ്ത്രങ്ങൾ മാല്യങ്ങളുമേതൊരുത്തൻ
വിപ്രന്നു നല്കുന്നിതരോഗനായി—
സ്സുരൂപനാമായവനിന്ദ്രനാട്ടിൽ. 38
വിത്തേററമൊത്തും ശയനങ്ങളൊത്തു—
മുള്ളാഗ്ഗൃഹം ബ്രാഹ്മണനേകിടുന്നോൻ
പുണ്യം മനോജ്ഞം ബഹുരത്നപൂർണ്ണം
ഗൃഹം പരം നേടിടുമേ നരേന്ദ്ര! 39
സുഗന്ധി ചിത്രാസ്തരണോപധാനം[2]
വിപ്രന്നു നന്മെത്ത കൊടുത്തിടുന്നോൻ
ചന്തംപെടും കൂറുടയോരു നല്ല
തന്വംഗിയാളെപ്പണിവിട്ടു[3] നേടും. 40
താഴാ പിതാമഹനിലും വീരശയ്യയെഴും നരൻ
അതിലുംമേലെയൊന്നില്ലെന്നോതുന്നു പരമർഷികൾ. 41

വൈശമ്പായനൻ പറഞ്ഞു

അവൻെറയാ വാക്കു കേട്ടു നന്ദിച്ചു കുരുനന്ദനൻ
കൊതിച്ചീലാശ്രമാവാസം വീരമാർഗ്ഗാഭികാംക്ഷയാൽ. 42
പിന്നെപ്പാണ്ഡവരോടോതി നരർഷഭ, യുധിഷ്ഠിരൻ
രുചിക്ക നിങ്ങൾക്കീബ്ഭീഷ്മൻ ചൊന്ന വാക്കെന്നുമാ പ്രഭു. 43
അപ്പോൾ പാണ്ഡവരെല്ലാരും യശസ്സേറുന്ന കൃഷ്ണയും
യുധിഷ്ഠിരൻെറയാ വാക്കു കൊണ്ടാടീ ബാഢമെന്നു താൻ. 44

58. തടാകാരാമമാഹാത്മ്യം

ശുദ്ധജലങ്ങളായ തടാകങ്ങൾ നിർമ്മിക്കുന്നതുകൊണ്ടും വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതുകൊണ്ടും ഉള്ള സൽഫലങ്ങളെ ഭീഷ്മർ ധർമ്മപുത്രനു വിവരിച്ചു കൊടുക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

പൂങ്കാവു പൊയ്കകളുടെ ഫലമെന്തോ കുരൂദ്വഹ!
അതങ്ങു തത്ത്വമായോതിക്കേൾക്കേണം ഭരതർഷഭ! 1

ഭീഷ്മൻ പറഞ്ഞു

കണ്ടാൽ നന്നായുറച്ചേററം ചിത്രധാതു[4]ക്കളുള്ളതായ്

---

1 സ്രഗ്ഗന്ധധൂപാംഗവിലേപനങ്ങൾ=സ്രക്കും (മാല) ഗന്ധവും (കളഭം മുതലായതു്) ധൂപവും അംഗവിലേപനവും (ദേഹത്തിൽ പൂശാനുള്ള സുഗന്ധദ്രവ്യങ്ങൾ).
2 സുഗന്ധി ചിത്രാസ്തരണോപധാനം=നല്ല സുഗന്ധമുള്ളതും പല നിറം കലർന്നതുമായ വിരിപ്പോടും തലയണകളോടും കൂടിയതു്. 3 പണിവിട്ടു്=ബുദ്ധിമുട്ടു കൂടാതെ.
4 ചിത്രധാതുക്കൾ=പലതരം ധാതുപദാർത്ഥങ്ങൾ.

സർവ്വഭൂതാധ്യയാം ഭൂമി ശ്രേഷ്ഠയെന്നാണു ചൊൽവതും. 2
അതിൽ പലേ വയലുകൾ തടാകങ്ങടെ ബന്ധനം
ജലാശയങ്ങളൊക്കേയും പറയുന്നേൻ ക്രമത്തിൽ ഞാൻ. 3
തടാകങ്ങൾ ചമച്ചീടിൽ ചൊല്ലാമുള്ള ഗുണങ്ങൾ ഞാൻ
തടാകം തീർത്തവൻ മുററും മൂപ്പാരിൽ പൂജ്യനായ്‌വരും. 4
എന്നല്ല മിത്രസദനം[1] മൈത്രം[2] മിത്രവിവർദ്ധനം
കീർത്തിസമ്പാദനം ശ്രേഷ്ഠം തടാകങ്ങൾ ചമയ്ക്കലാം; 5
ധർമ്മാർത്ഥകാമങ്ങളുടെ ഫലമെന്നാർ മനീഷികൾ.
തടാകസുകൃതം നാട്ടിൽ ക്ഷേത്രമത്രേ മഹാശ്രയം 6
നാലു മാതിരി ഭൂതങ്ങൾക്കീത്തടാകം ധരിക്കണം
തടാകമൊക്കയും മുററും ശ്രീയുണ്ടാക്കിക്കൊടുത്തിടും. 7
വാനോർ മനുഷ്യർ ഗന്ധർവ്വർ പിതൃക്കളഹിരാക്ഷസർ
സ്ഥിരഭൂതങ്ങളും മുററും സംശ്രയിപ്പൂ ജലാശയം. 8
അതിനാൽച്ചൊല്ലുവേൻ നിന്നോടാത്തടാക ഗുണങ്ങളെ
അതിൻ ഫലാപ്തിയും മുററും മഹർഷികളുരച്ചതായ്. 9
വർഷക്കാലം തടാകത്തിൽ വെള്ളമാക്കുണ്ടു നില്പതായ്
അഗ്നിഹോത്രഫലം കിട്ടുമയാൾക്കെന്നാർ മനീഷികൾ. 10
ശരൽക്കാലം തടാകത്തിൽ വെള്ളമാക്കുണ്ടു നില്പതായ്
ഗോസഹസ്രഫലം മുഖ്യമായാൾക്കുണ്ടാം മരിക്കുകിൽ. 11
ഹേമന്തത്തിൽ തടാകത്തിൽ വെള്ളമാക്കുണ്ടു നില്പതായ്
അവൻ നാനാ സുവർണ്ണാഢ്യയജ്ഞത്തിൻ ഫലമേററിടും. 12
ശിശിരത്തിൽ തടാകത്തിൽ വെള്ളമാക്കുണ്ടു നില്പതായ്
അവന്നഗ്നിഷ്ടോമയജ്ഞഫലമെന്നാർ മനീഷികൾ. 13
മഹാശ്രയം വസന്തത്തിൽ തടാകം നില്പതേവനോ
അതിരാത്രമഖ[3]ത്തിൻെറ ഫലം നേടീടുമായവൻ. 14
വേനല്ക്കാലം തടാകത്തിൽ ജലം നില്ക്കുന്നതേവനോ
അവന്നുണ്ടാമശ്വമേധഫലമെന്നാർ മനീഷികൾ. 15
കുലം മുററും കയററീടുമാരു തീർത്ഥജലാശയേ
വെള്ളം കുടിക്കുന്നു പൈക്കളെന്നും സാധുജനങ്ങളും. 16
ദാഹിച്ചു പൈക്കളാർ തീർത്ത തടാകാംബു കുടിപ്പതോ
മൃഗപക്ഷിനരന്മാരുമശ്വമേധാഢ്യ[4]നാമവൻ. 17
വെള്ളം കുടിക്കയും സ്നാനം ചെയ്കയും വിശ്രമിക്കയും
ആരു തീർത്ത തടാകത്തിൽ ഫലമായാൾക്കനന്തമാം. 18
വിശേഷിച്ചും ഫലത്തിങ്കലുണ്ണീ, വെള്ളം സുദുർല്ലഭം

1 മിത്രസദനം = ചങ്ങാതികളുടെ ഗൃഹംപോലെ ഉപകാരപ്രദം. 2 മൈത്രം= മിത്ര(സുഹൃ)പ്രീതികരം. 3 അതിരാത്രമഖം = അതിരാത്രം എന്ന യാഗം. 4 അശ്വമേധാഢ്യൻ = അശ്വമേധം ചെയ്ത ഫലമുള്ളവൻ.

വെള്ളം കൊടുക്കിലോ പ്രീതിയെന്നേക്കും നിലനിന്നിടും. 19
തിലോദകം നല്ല ദീപം നല്ല ജാഗ്രത ചെയ്യുക
ജ്ഞാതിമാരൊത്തു നന്ദിക്ക പരത്തിലിതു ദുർല്ലഭം. 20
സർവ്വദാനാൽ ഗുരുതരം സർവ്വദാനത്തിൽ മെച്ചമാം
നരശാർദ്ദൂല, സലിലദാനം ചെയ്യേണമേററവും. 21
ഈവണ്ണമീത്തടാകത്തിൻ ഫലമുത്തമമോതിനേൻ
ഇതിന്നുമേൽ പറഞ്ഞീടാം വൃക്ഷം നട്ടുവളർത്തൽ ഞാൻ. 22
ആറുണ്ടല്ലോ സ്ഥാവരങ്ങൾ ഭൂതങ്ങൾക്കുള്ള ജാതികൾ
വൃക്ഷം ഗുല്മം ലതാ വല്ലി ത്വക്സാരം തൃണജാതിയും. 23
ഇവ ജാതികൾ വൃക്ഷങ്ങൾക്കിവ നട്ടാലിതാം ഗുണം
മർത്ത്യലോകത്തു നൽ കീർത്തി പരത്തിൽ ശുഭമാം ഫലം. 24
നേടും പാരിൽ പിതൃക്കൾക്കു പൂജ്യനായും ഭവിച്ചിടും
സ്വർഗ്ഗത്തിൽച്ചെല്ലിലുമവനുള്ള പേരു നശിച്ചിടാ. 25
പിതൃവംശം ഭാവി ഭൂതം രണ്ടും ഭാരത, കേററുമേ
മരങ്ങൾ നട്ടോനതിനാൽ നട്ടീടേണം മരങ്ങളെ. 26
അവനു മക്കളായ്ത്തീരുമീ വൃക്ഷങ്ങളസംശയം
പരലോകം പൂകിൽ വിണ്ണും നേടുമവ്യയലോകവും. 27
മരങ്ങൾ പൂവാൽ വാനോരെക്കായ്കളാലേ പിതൃക്കളെ
മന്നിൽ വാച്ചവ പൂജിപ്പൂ നിഴലാൽ പാന്ഥരേയുമേ. 28
കിന്നരാഹി നിശാടന്മാർ[1] ദേവ ഗന്ധർവ്വ മാനുഷർ
അവ്വണ്ണം മാമുനികളും സംശ്രയിപ്പൂ മരങ്ങളെ. 29
പൂത്തും കാച്ചും മാമരങ്ങൾ തൃപ്തിപ്പിപ്പൂ മനുഷ്യരെ
വൃക്ഷദായി[2]യെ വൃക്ഷങ്ങൾ പരത്തിൽ താത, കേററിടും. 30
തടാകവക്കിൽ നടണം ശ്രേയസ്സോർപ്പോൻ മരങ്ങളെ
മക്കളെപ്പോലെ കാക്കേണം ധർമ്മത്താൽ മക്കളാണവർ. 31
കുളം തീർപ്പോൻ മരം നട്ടോൻ യജ്ഞം ചെയ്യോനുമാ ദ്വിജൻ
ഇവർ വിണ്ണിൽ പൂജ്യരാകും സത്യവാദികളും ശരി. 32
എന്നാൽ തടാകം തീർക്കേണമാരാമങ്ങൾ വളർത്തണം
പല യജ്ഞം ചെയ്തിടേണം സത്യം ചൊല്ലേണമെപ്പൊഴും. 33

1 കിന്നരാഹിനിശാടന്മാർ=കിന്നരന്മാരും സർപ്പങ്ങളും രാക്ഷസന്മാരും. 2 വൃക്ഷദായി=വൃക്ഷങ്ങളെ ദാനം ചെയ്യുന്നവൻ.

59. ദാനപാത്രനിരൂപണം

ഉത്തമമായ ദാനത്തേയും ഉത്തമബ്രാഹ്മണരേയും പ്രശംസിച്ചുകൊണ്ടു് അത്തരത്തിലുള്ള ബ്രാഹ്മണരെ സൽക്കരിക്കാൻ ഭീഷ്മൻ ധർമ്മപുത്രരെ ഉപദേശിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

വേദികൾ വെളിയിൽ ദാനം പലതും ചൊൽവതില്ലയോ
അവററിൽ ശ്രേഷ്ഠമായേതു ദാനം കൗരവ നിർമ്മതം? 1
കൗതുഹലം പിന്നെയെനിക്കിതിലുണ്ടേററവും പ്രഭോ!
ദാതാവിനെപ്പിൻതുടരും ദാനമേതേതു ചൊല്ലു മേ. 2

ഭീഷ്മൻ പറഞ്ഞു

സർവ്വഭൂതാഭയം പിന്നെ വ്യസന[1]ത്തിലനുഗ്രഹം
അഭീഷ്ടവും നല്ല തൃഷ്ണയൊത്തു യാചിപ്പവന്നിഹ. 3
നല്കിയെന്നാൽ നല്കിയതാമാദ്ദാനം ശ്രേഷ്ഠമാണുപോൽ
ദാതാവിനെപ്പിൻതുടരുമാദ്ദാനം ഭരതർഷഭ! 4
രത്നദാനം പശുദ്ദാനം ഭൂമിദാനവുമങ്ങനെ
ഇവയത്രേ പവിത്രങ്ങൾ പാപിയേയും കയററുമേ. 5
ഇവയെപ്പുരുഷവ്യാഘ്ര, സാധുക്കൾക്കേകുകെന്നുമേ
ദാനങ്ങൾ നരനെപ്പാപം വിട്ടു മാററുമസംശയം. 6
പാരിലെന്തേററമിഷ്ടമെന്തിഷ്ടമവനാലയേ
ഗുണമുള്ളോനതേകേണമക്ഷയത്വം നിനപ്പവൻ. 7
പ്രിയങ്ങൾ നേടുമെപ്പോഴും പ്രിയദൻ പ്രിയകാരിയും
പ്രിയനാകും ജീവികൾക്കിങ്ങീ ലോകത്തിൽ പരത്തിലും. 8
അസക്തനായ് നിസ്വനാകുമർത്ഥിയെഗ്ഗർവ്വകാരണം
ശക്തിപോലാദരിക്കാത്തോൻ നൃശംസൻ[2] ഹേ യുധിഷ്ഠിര! 9
ശരണത്തിന്നു വന്നോരു ഹീനനാം വൈരിയേയുമേ
വ്യസനത്തിൽ കാത്തുകൊള്ളുമവൻ പുരുഷസത്തമൻ. 10
കൃശനു വിദ്യയുള്ളോനു വൃത്തി കെട്ടുഴൽവോ[3]നഹോ!
ക്ഷുത്തു തീർക്കുന്നവന്നില്ലാ കിടയായൊരു പൂരുഷൻ. 11
ക്രിയാവാന്മാർ ഭാര്യ മക്കളൊത്തുലഞ്ഞുള്ള യോഗ്യരെ
യാചിക്കാത്തവരെപ്പാർത്ഥ, സർവ്വോപായാൽ ക്ഷണിക്കണം. 12
ആശിസ്സു വാനോരിൽ നരന്മാരിലും കരുതാത്തവർ
അർഹന്മാർ നിത്യതുഷ്ടന്മാർ ലബ്ധജീവിക[4]ളങ്ങനെ 13
ആശീവിഷാഭ[5]രവരിൽനിന്നു കാക്കുക ഭാരത!
ഇച്ചൊന്നതാലായവരെയറികാ ദ്വിജമുഖ്യരെ 14

---

1 വ്യസനം = ആപത്തു്. 2 നൃശംസൻ = ക്രൂരൻ; നിന്ദ്യൻ. 3 വൃത്തികെട്ടുഴൽവോൻ = ഉപജീവനമാർഗ്ഗമൊന്നുമില്ലാതെ കഷ്ടപ്പെടുന്നവൻ. 4 ലബ്ധജീവികൾ = കിട്ടിയതുകൊണ്ടു കഴിഞ്ഞുകൂടുന്നവർ. 5 ആശീവിഷാഭർ = സർപ്പത്തെപ്പോലുള്ളവർ.

ദാസോപകരണോപേതം നിർമ്മിച്ച നിലയങ്ങളാൽ.
നിമന്ത്രിക്കുക കൗരവ്യ, സർവ്വകാമസുഖങ്ങളാൽ 15
അവരെന്നാൽ വാങ്ങിയേക്കാം ശ്രദ്ധാപൂതം[1] യുധിഷ്ഠിര!
വേണ്ടതെന്നോർത്തു ധർമ്മിഷ്ഠർ പുണ്യകർമ്മമിയന്നവർ 16
വിദ്യാവ്രതസ്നാതരായോരാശ്രയിക്കാതെ വാഴ്വവർ
തപഃസ്വാദ്ധ്യായശുദ്ധന്മാർ വിപ്രന്മാർ സംശിതവ്രതർ 17
സ്വദാരനിരതന്മാരാമവരിൽശ്ശുദ്ധദാന്തരിൽ
നീ കല്യാണം[2] ചെയ്കിലതു ലോകങ്ങളിലിരിക്കുമേ. 18
അഗ്നിഹോത്രം ദ്വിജൻ കാലത്തന്തിക്കും ചെയ്യുവണ്ണമേ
യഥാർത്ഥാക്കളിലൊത്തീടും വിപ്രന്മാർക്കു കൊടുത്തതും. 19
നിനക്കിതേ മഹായജ്ഞം ശ്രദ്ധാപൂതം സദക്ഷിണം
സർവ്വയജ്ഞത്തിലും ശ്രേഷ്ഠമുണ്ണീ, ദാതാവിനൊക്കണം. 20
തിലാംബുദാനാംബുവതിന്മട്ടുകാരിൽ യുധിഷ്ഠിര!
നിവസിപ്പോൻ പൂജചെയ്യോനവർക്കാനൃണ്യ[3]മാർന്നിടും. 21
ഏവം കോപിച്ചിടാത്തുള്ളോർ പുല്ലിലും കൊതിയാത്തവർ
നമുക്കു പൂജ്യരവരാണവ്വണ്ണം പ്രിയവാദികൾ. 22
ഇവരോ ബഹുമാനിക്കാ പ്രവർത്തിക്കില്ല മററുപേർ
പുത്രമട്ടിൽ പാല്യരവർ പേടിക്കുകവരെത്തൊഴാം. 23
ഋത്വിക് പുരോഹിതാചാര്യർ മൃദുബ്രാഹ്മണ്യരാമവർ
ക്ഷാത്രത്തോടൊക്കുകിൽ ബ്രഹ്മതേജസ്സൊന്നു ശമിക്കുമേ. 24
എനിക്കുണ്ടീ ഞാൻ ബലവാൻ രാജാവെന്നും യുധിഷ്ഠിര!
വിപ്രരേ വിട്ടു വസ്ത്രങ്ങളന്നവും താൻ ഭുജിക്കൊലാ. 25
അഴകിന്നോ ബലത്തിന്നോ വിത്തമാമനഘാശയ!
സ്വധർമ്മം ചെയ്യുവതതുകൊണ്ടു പൂജിക്ക വിപ്രരെ. 26
വന്ദ്യരാണാവിധം വിപ്രരാകുംവണ്ണം കഴിപ്പവർ
സുഖം യഥോദ്യമം നിന്നിൽ മക്കൾമട്ടായ് രമിക്കണം. 27
പ്രസാദമററിടാതല്പതുഷ്ടരാം സുജനങ്ങളിൽ
വൃത്തി നല്കാൻ നീയൊഴിഞ്ഞു മററാരു കുരുസത്തമ! 28
ഭർത്തൃശുശ്രൂഷണം ധർമ്മം പാരിൽ സ്ത്രീകൾക്കു ശാശ്വതം
നമ്മൾക്കവ്വണ്ണമേ മറെറാന്നല്ലെന്നും ഗതി വിപ്രരാം. 29
ഉണ്ണീ, പൂജിക്കാഞ്ഞു നമ്മെ വിപ്രർ വിട്ടെന്നിരിക്കലോ
ക്ഷത്രിയന്നെപ്പൊഴും ക്രൂരകർമ്മം നില്പതു കണ്ടവർ 30
വേദം പോയ് മംഗലവും കെട്ടു ലോകം പോയ് നില കെട്ടുമേ
അവർക്കു ജീവനെന്തിന്നാ ബ്രാഹ്മണാശ്രയമെന്നിയേ? 31
ഇതിൽ നിന്നോട്ടു പറയാം ധർമ്മമൊക്കും പഴേ നില

1 ശ്രദ്ധാപൂതം = ശ്രദ്ധയാൽ പരിശുദ്ധമായത്. 2 കല്യാണം = നല്ല പ്രവൃത്തി; ദാനധർമ്മാദി. 3 ആനൃണ്യം = അനൃണത്വം; കടപ്പാടില്ലായ്മ.

ക്ഷത്രിയൻ വിപ്രരെബ്ഭ്രുപ, ശ്ശുശ്രൂഷിച്ചിതു മുന്നമേ. 32
വൈശ്യൻ ക്ഷത്രിയനെശ്ശൂദ്രൻ വൈശ്യനേയെന്നമാം ശ്രുതി
ദൂരാൽ ശ്ശുശ്രൂഷിക്ക ശ്ശൂദ്രൻ കത്തും തീയൊത്ത വിപ്രനെ. 33
തൊട്ടു ശ്ശുശ്രൂഷണം ചെയ്യാം വൈശ്യൻ ക്ഷത്രിയനും ശരി
മൃദുക്കരാം സത്യശീലന്മാർ സത്യധമ്മാനുപാലരെ. 34
ചൊടിച്ചാൽ പാമ്പിനൊത്തോരെ ശ്ശുശ്രൂഷിപ്പിൻ ദ്വിജേന്ദ്രരെ
അപരക്കും പരന്മാക്കും പരരെക്കാരംപ്പരക്കുമേ. 35
തേജസ്സാലും ബലത്താലും തപിക്കും ക്ഷത്രിയക്കഹോ!
വിപ്രരിൽത്താൻ ശമിക്കുന്നു വൻ തേജസ്സും തപസ്സുമേ. 36
പ്രിയനല്ലിങ്ങെനിക്കച്ഛൻ പ്രിയയല്ലത്രയമ്മയും
എൻെറയച്ഛന്നച്ഛനുമെന്നാത്മാവും ജീവനും നൃപ! 37
നിന്നെക്കാളുമെനിക്കിഷ്ടൻ മന്നിൽ മററാരുമില്ലെടോ
ആ നിന്നേക്കാരം പ്രിയതരർ വിപ്രന്മാർ ഭരതഷ്ഭ! 38
നിന്നോടു സത്യം പറയുന്നുണ്ടു ഞാൻ പാണ്ഡുനന്ദന!
ആസ്സത്യത്താൽ ചെല്ലുവൻ ഞാനച്ഛൻ ശന്തനുവുള്ളിടം. 39
കാണ്മേൻ സജ്ജനലോകം ഞാൻ ശ്ശുദ്ധബ്രഹ്മപുരസ്സരം
ഉടനോ താമസിച്ചോ ഞാനവിടെച്ചെന്നുകൊള്ളുവൻ. 40
ആ ഞാനിമ്മട്ടു ലോകങ്ങരം കണ്ടിട്ടു ഭരതോത്തമ!
വിപ്രരിൽച്ചെയ്ത പുണ്യത്താലുരംത്തപിപ്പീല പാത്ഥിവ! 41

60. ത്രിഷവണാന്നദാനകഥനം

തുല്യ യോഗ്യതയുള്ള രണ്ടുപേർ വന്നാൽ അവരിൽ ചോദിക്കുന്നവനോ ചോദിക്കാത്തവനോ ദാനത്തിനർഹൻ എന്ന ചോദ്യത്തിനുള്ള ഉത്തരവും മൂന്നുനേരത്തും സവനം ചെയ്തുകൊണ്ടു് അനുഷ്ഠിക്കുന്ന അന്നദാനത്തിൻെറ ഫലവും ഭീഷ്മർ വിവരിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

രണ്ടാളുണ്ടിങ്ങൊപ്പമാചാരമുള്ളോർ
ജന്മംകൊണ്ടും വിദ്യകൊണ്ടും സമന്മാർ
ആ യോഗ്യരിൽദ്ദാനമാക്കാണു മെച്ചം
യാചിപ്പോനോ യാചിയാതുള്ളവന്നോ? 1

ഭീഷ്മൻ പറഞ്ഞു

യാചിപ്പോനെക്കാട്ടിൽ മെച്ചം യാചിക്കാത്തോനു ദാനമാം
ധൃതി[1]കെട്ടാക്കൃപണ[2]നെക്കാരം ധീരൻ പാണ്ഡവാഹനാം. 2
ക്ഷത്രിയൻ പടയിൽദ്ധീരനയാച്ഞാധീര[3]നാം ദ്വിജൻ
ധീരൻ തുഷ്ടൻ ദ്വിജൻ വിദ്വാൻ പ്രീതി വാനോക്കു നല്ലമേ. 3

1 ധൃതി=ധൈര്യം. 2 കൃപണൻ=ദരിദ്രൻ. 3 അയാച്ഞാധീരൻ=യാചിക്കാതിരിക്കുന്നതിൽ ധൈര്യമുള്ളവൻ.

ഇരക്കലോ തിരസ്കാരം ദരിദ്രന്നയി ഭാരത!
വെറുപ്പിക്കുമിരക്കുന്നോൻ ദസ്യു[1]മട്ടിൽ ജനങ്ങളെ. 4
ഇരക്കുന്നോൻ മരിക്കുന്നു മരിപ്പീലാ കൊടുപ്പവൻ
തന്നെത്താൻതന്നെയും നല്കിജ്ജീവിപ്പിപ്പു യുധിഷ്ഠിര! 5
ആനൃശംസ്യം പരം ധർമ്മം യാചകന്നു കൊടുപ്പതാം
കുഴങ്ങും യാചിയാത്തോരെയെല്ലാംകൊണ്ടും ക്ഷണിക്കണം. 6
നിൻ നാട്ടിലമ്മട്ടുള്ളോരു വിപ്രർ പാർക്കുന്നതാകിലോ
യത്നാൽദ്ധരിക്കുകവരെബ്ഭസ്മച്ഛന്നാഗ്നിതുല്യരെ[2]. 7
തപസ്സിനാൽദ്ദീപ്തരവർ ചുട്ടേക്കും ഭൂമിപോലുമേ
പൂജിക്കാഞ്ഞാൽ കുരുശ്രേഷ്ഠ! പൂജാർഹന്മാർകളാണവർ. 8
പൂജ്യരാം ജ്ഞാനവിജ്ഞാനതപോയോഗങ്ങളുള്ളവർ
ആ ബ്രാഹ്മണർക്കുണ്ടു പൂജ ചെയ്തീടേണം പരന്തപ! 9
യാചിക്കാത്തോർക്കുടത്തെത്തിപ്പല വിത്തങ്ങൾ നല്കുകിൽ
കാലത്തന്തിക്കുമെന്തഗ്നിഹോത്രം ഹോമിപ്പതിൻ ഫലം, 10
വിദ്യാവേദവ്രതാഢ്യന്നു നല്കിയാലാ ഫലം വരും.
വിദ്യാവ്രതസ്നാതരായോരാശ്രയിക്കാതെ വാഴ്വവർ 11
തപഃസ്വാദ്ധ്യായശുദ്ധന്മാർ സംശിതവ്രതവിപ്രരെ
പ്രേഷ്യോപകരണോപേതം[3] തീർത്ത ഹൃദ്യഗൃഹങ്ങളാൽ 12
നിമന്ത്രിക്കുക കൗരവ്യ, മററും കാമാൽ ദ്വിജേന്ദ്രരെ;
അവർ വാങ്ങിച്ചെന്നുവരാം ശ്രദ്ധോപേതം യുധിഷ്ഠിര! 13
വേണ്ടതെന്നോർത്തു ധർമ്മജ്ഞർ സൂക്ഷ്മദർശികളാമവർ
ആ വിപ്രരുണ്ടു ചെന്നേക്കാമംശം വെച്ച ഗൃഹങ്ങളിൽ 14
കൃഷിക്കാർ കാറിനെപ്പോലെ സ്ത്രീകൾ കാക്കുമിടങ്ങളിൽ.
അന്നം പ്രഭാതസവനേ നിയതബ്രഹ്മചാരികൾ 15
ഉണ്ണീ, ബ്രാഹ്മണരുണ്ടീടിൽ ത്രേതാഗ്നിപ്രീതി നല്കുമേ.
ഉണ്ണീ, മദ്ധ്യാഹ്നസവനേ വൃത്തിയുള്ളോർക്കു നല്കുകിൽ 16
പൈ പൊന്നു വസ്ത്രങ്ങളതിലിന്ദ്രൻ നികൽത്തെളിഞ്ഞിടും.
നിൻെറ മൂന്നാം സവനമേ വൈശ്വദേവം യുധിഷ്ഠിര! 17
ദേവകൾക്കും പിതൃക്കൾക്കും വിപ്രർക്കും നല്കിടുന്നതാം.
സർവ്വഭൂതാഹിംസയുമാപ്പങ്കുവെച്ചു കൊടുക്കലും 18
ദമം ത്യാഗം ധൃതി സത്യം നിനക്കവഭൃഥത്തിനാം.
നിനക്കിതു മഹായജ്ഞം ശ്രദ്ധാപൂതം സദക്ഷിണം 19
സർവ്വയജ്ഞത്തിലും ശ്രേഷ്ഠമുണ്ണീ, നിത്യം നടക്കണം.

---

1 ദസ്യു=കള്ളൻ. 2 ഭസ്മച്ഛന്നാഗ്നിതുല്യർ=ചാരംകൊണ്ടു മൂടിയ തീപോലെയുള്ളവർ. 3 പ്രേഷ്യോപകരണോപേതം=ദാസന്മാരോടും വേണ്ട ഉപകരണങ്ങളോടുംകൂടി.

61. രക്ഷാദാനം

യജ്ഞം ചെയ്യുകയാണ് രാജാവിൻെറ ഏററവും വലിയ ധർമ്മമെന്നും, യജ്ഞം ചെയ്യേണ്ടതു് പ്രജകളെ വേണ്ടപോലെ രക്ഷിച്ച് അവരിൽനിന്നു നേടുന്ന ധനംകൊണ്ടായിരിക്കണമെന്നും, പ്രജകളെ പീഡിപ്പിച്ചു സമ്പാദിക്കുന്ന പണംകൊണ്ടു ചെയ്യുന്ന യജ്ഞാദികൾ നിഷ്ഫലങ്ങളാണെന്നും ഭീഷ്മർ പറയുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ദാനം യജ്ഞം ക്രിയയിതിലേതു ചത്താൽ മഹാഫലം?
ഫലമേതിന്നു വലിയതെന്മട്ടെപ്പൊഴുതെങ്ങനെ? 1
ഇതറിഞ്ഞീടുവാനാശ ശരിയാംമട്ടു ഭാരത!
ജിജ്ഞാസുവാമെന്നൊടോതു ദാനധർമ്മങ്ങൾ പണ്ഡിത! 2
വേദിക്കകത്തേകിയതും ശ്രദ്ധയാൽ ദയയാലുമേ
ഏതു നൈശ്രേയസം[1] താത, ചൊല്ലുകായതു പിതാമഹ! 3

ഭീഷ്മൻ പറഞ്ഞു

രൗദ്രം കർമ്മം ക്ഷത്രിയന്നുണ്ടല്ലോ്ണീ, നിത്യം നടപ്പതായ്
അതിന്നു പാവനം വൈതാനികമാം[2] ക്രിയ ദാനവും. 4
പാപം ചെയ്യും ഭൂപരോടു ദാനം വാങ്ങില്ല സജ്ജനം
അതിനാൽ ഭൂപതേ, ദക്ഷിണാഢ്യയജ്ഞങ്ങൾ ചെയ്യണം. 5
അതല്ല വാങ്ങുമെന്നാകിൽ നാൾതോറും നല്കണം നൃപൻ
ഏററവും ശ്രദ്ധയുൾക്കൊണ്ടിട്ടിതു പാവനമുത്തമം. 6
സ്വത്താൽ തൃപ്തിക്ക യജ്ഞത്തിൽ സുവ്രതൻ പിന്നെ വിപ്രരെ
മൈത്രർ സാധുക്കൾ വേദജ്ഞർ ശീലവൃത്തതപസ്ഥരെ[3]. 7
നിനക്കതവർ ചെയ്യാഞ്ഞാൽ ചെയ്തതാകാ നിനക്കെടോ
സാധുക്കൾക്കായ് ചെയ്ക യജ്ഞം സ്വാദ്വന്നം[4] ഭൂരിദക്ഷിണം. 8
ദാനം യജ്ഞം തപമിവകൊണ്ടാത്മാവെന്നതോർക്ക നീ
പൂജിക്ക യാചകരെ നീ നിനക്കംശം[5] കിടയ്ക്കുമേ. 9
ഭരിക്ക നീ പ്രജയെഴും സ്വർഗ്ഗകാരിദ്വിജേന്ദ്രരെ
പ്രജയുള്ളോർ നാമതിനാൽ പ്രജാപതി കണക്കിനെ. 10
സത്തുക്കൾ സാധുധർമ്മങ്ങൾ വളർത്തുന്നവരെത്രയോ
ഭൂരികാരികളെ[6]പ്പോററു സർവ്വസ്വത്താലുമത്ര നീ. 11
സമൃദ്ധൻ നീ കൊടുക്കേണം ബ്രാഹ്മണർക്കു യുധിഷ്ഠിര!
പൈ കാളകളെയന്നങ്ങൾ ചെരിപ്പു കുട വസ്ത്രവും. 12
നെയ്യും യജിപ്പോർക്കുവെണ്ണമന്നവും ഭരതർഷഭ!

---

1 നൈശ്രേയസം=നിശ്രേയസ(മോക്ഷ)ത്തിനു പററിയതു്. 2 വൈതാനികം=യാഗത്തെസ്സംബന്ധിച്ചതു്. 3 ശീലവൃത്തതപസ്ഥർ=സൽസ്വഭാവവും സദാചാരതൽപരതയും തപോനിഷ്ഠയും ഉള്ളവർ. 4 സ്വാദ്വന്നം=രുചികരമായ അന്നത്തോടുകൂടിയതു്. 5 അംശം=അവരുടെ പുണ്യത്തിലെ ഒരു ഭാഗം. 6 ഭൂരികാരികൾ=വളരെ നന്മ ചെയ്യാൻ കഴിയുന്നവർ.

അശ്വങ്ങളുള്ള വാഹങ്ങൾ ഗൃഹങ്ങൾ ശയനങ്ങളും 13
വൃഷ്ടി[1]യൊത്തിവ നല്കേണം ലഘൂപായങ്ങൾ ഭാരത!
ജുഗുപ്സ വിട്ടറിഞ്ഞിട്ടു കഴിവില്ലാത്ത വിപ്രരെ. 14
കഴിവാൽക്കാക്കുകവരെയൊളിവായ് വെളിവായിയും
രാജസൂയാശ്വമേധത്താൽ ക്ഷത്രിയർക്കു നന്മയാം. 15
എന്നാൽ പാപങ്ങൾ വിട്ടോൻ നീ ശുദ്ധനായ് സ്വർഗ്ഗമെത്തിടും.
ഭണ്ഡാരത്തെ വളർത്തീട്ടു നാടു രക്ഷിപ്പതല്ലി നീ? 16
അതിനാൽ ബ്രാഹ്മണസ്വം നീ നേടിക്കൊള്ളും ധനങ്ങളും
തനിക്കുമന്യർക്കുമുള്ള വൃത്തി രക്ഷിക്ക ഭാരത! 17
മക്കൾമട്ടിൽ പ്രജകളെ ഭൃത്യരേയും ഭരിക്ക നീ
യോഗക്ഷേമം നിനക്കെന്നും വിപ്രരിൽത്തന്നെ ഭാരത! 18
അവർക്കാം നിൻ ജീവനവർ പാലിക്കാത്തവരാകൊലാ
പെരുത്ത വിത്തനിചയമനർത്ഥം ബ്രാഹ്മണന്റെയാം. 19
ശ്രീയോടൊന്നിച്ചു പാപ്പേറ്റം ഗർവ്വിപ്പിക്കും മയക്കിടും
ബ്രാഹ്മണന്മാർ മൂഢരായാൽ ധർമ്മം നാശപ്പെടും ദൃഢം. 20
ധർമ്മം കെട്ടാൽബ്ഭൂതജാലമില്ലാതാമില്ല സംശയം
നേടിവെപ്പോർക്കു നല്കീട്ടു രാഷ്ട്രം പാഴാക്കിടും നൃപൻ. 21
യജ്ഞത്തിനാ നാട്ടിൽനിന്നു ധനം നല്കാനരപ്പവൻ
കല്പിച്ചു ദാരുണം[2] പേടിച്ചേകിയോരാദ്ധനത്തിനാൽ 22
നൃപൻ യജിക്കിലാ യജ്ഞം പ്രശംസിക്കില്ല സജ്ജനം.
പീഡയെന്ന്യേ തുഷ്ടരായിട്ടനുകൂലിച്ചു നല്കുകിൽ 23
ആ വഴിക്കു യജിക്കേണം പീഡിപ്പിച്ചേറ്റുചെയ്യൊലാ.
നൃപനേറ്റം ഹിതം നാട്ടാർ വിധിപോലേകുമെപ്പൊഴോ, 24
അപ്പോൾ ചെയ്യു മഹായജ്ഞം ഭൂരിദക്ഷിണമായ് നൃപൻ.
വൃദ്ധബാലധനം കാക്കുകന്ധന്റെ കൃപണന്റെയും 25
കുഴിച്ചുണ്ടാം ധനം വയ്യാ കേഴുന്നോർമുതൽ വാങ്ങൊലാ.
ദരിദ്രസ്വത്തേറ്റ രാജ്യം മുടിക്കും രാജലക്ഷ്മിയെ 26
മഹാസുഖങ്ങൾ നല്കേണം നല്കോർക്കു പശി തീർക്കണം.
ആർക്കെഴും സ്വാദുഭോജ്യങ്ങൾ കണ്ടു നില്ക്കുന്ന കുട്ടികൾ 27
മുറയ്ക്കുതു ഭുജിക്കാറില്ലതിലും പാപമെന്തുവാൻ?
നിന്റെ രാഷ്ട്രത്തിലമ്മട്ടു വിദ്വാൻ ക്ഷുത്തേറ്റു കേഴുകിൽ 28
വൻ പാപം ചെയ്തവണ്ണം നീ ഭ്രൂണഹത്യയിലാപ്പെടും.
ആർക്കുള്ള നാട്ടിൽ മാഴ്കുന്നു വിപ്രനോ മറ്റു മർത്ത്യനോ 29
ആ മന്നനുയിർ മോശംതാനെന്നല്ലോ ശിബി ചൊല്ലിനാൻ.
ഏതു മന്നന്റെ നാട്ടിങ്കൽ സ്നാതകൻ ക്ഷുത്തിൽ മാഴ്കുമോ, 30
ആ നാടിടിഞ്ഞുപോയീടും രാജാവിനൊടുകൂടവേ.

---

1 വൃഷ്ടി=സമൃദ്ധി. 2 ദാരുണം=ഭയങ്കരമായ പീഡനം.

ഭർത്തൃപുത്രർ കരഞ്ഞാലും പെണ്ണുങ്ങളെ ഹരിപ്പതോ 31
ആക്കുള്ള നാട്ടിലാണായാം ജീവിയാ മൃതനാണവൻ.
രക്ഷിക്കാതെ ഹരിപ്പോനെ മുടിക്കും നീചനാഥനെ 32
ആ രാജകലിയെക്കൊല്ലും നാട്ടാർ നിർഘൃണനെബ്ബലാൽ.
ഞാൻ നിങ്ങളെക്കാപ്പനെന്നേററാരോ കാപ്പീല മന്നവൻ 33
പേപ്പട്ടിയെപ്പോലവനെക്കൂട്ടംകൂടീട്ടു കൊല്ലണം.
രാജാവു കാക്കാ പ്രജകൾ പാപം ചിലതു ചെയ്യുകിൽ 34
ആപ്പാപത്തിൻ നാലിലൊന്നു രാജാവേല്ക്കുന്നു ഭാരത!
അതല്ലെല്ലാമെന്നു ചൊൽവൂ നിശ്ചയം പാതിയെന്നുമേ 35
നാലാലൊന്നാണെൻെറ പക്ഷം മാനവസ്മൃതി[1] കേട്ടതിൽ.
രാജാവു നന്നായ് കാക്കുന്ന നാട്ടാർ പുണ്യം നടത്തുകിൽ 36
ആപ്പുണ്യത്തിൻ നാലിലൊന്നും രാജാവേല്ക്കുന്നു ഭാരത!
ജീവിക്കയനുജീവിക്ക നാട്ടാർ നിന്നെ യുധിഷ്ഠിര! 37
ജീവൗഘം കാറിനെപ്പോലെ വൃക്ഷത്തെപ്പോലെ പക്ഷികൾ,
വിത്തേശനേ രാക്ഷസർപോലിന്ദ്രനെസ്സുരർ പോലവേ
നിന്നെ ജ്ഞാതിസുഹൃത്തുക്കൾ സേവിക്കട്ടേ പരന്തപ! 38

62. ഭൂമിദാനപ്രശംസ—ഇന്ദ്രബൃഹസ്പതിസംവാദം

എല്ലാ ദാനങ്ങളിലുംവെച്ചു ശ്രേഷ്ഠതമമായതു് ഭൂമിദാനമാണെന്നു്, ഇന്ദ്രനും ബൃഹസ്പതിയും തമ്മിൽ നടന്ന ഒരു സംവാദത്തെ ഉദാഹരിച്ചു് ഭീഷ്മർ ധൎമ്മപുത്രനോടു പറയുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ഇതു നല്കുകിതും നല്കുകെന്നത്രേ ശ്രുതിയാദരാൽ
രാജാക്കൾ ദേയമേറുന്നോർ ദാനമെന്തതിലുത്തമം? 1

ഭീഷ്മൻ പറഞ്ഞു

എല്ലാദ്ദാനത്തിലും മേലേ ചൊൽവതാബ്ഭൂമിദാനമാം
നിശ്ചലാക്ഷയയാം ഭൂമിയഭീഷ്ടം വിളയുന്നതാം. 2
വിളയും വസ്ത്രരത്നങ്ങൾ പൈക്കൾ നെല്ലു യവങ്ങളും
ഏവക്കുംമേൽ ഭൂമിദായി[2] വാഴ്കുമൊട്ടേറെയാണ്ടഹോ! 3
ഭൂമിക്കായുസ്സെത്രയത്രകാലം വർദ്ധിപ്പു ഭൂമിദൻ
ഭൂമിദാനത്തിലും മേലെയൊന്നുമില്ലാ യുധിഷ്ഠിര! 4
അല്പമെങ്കിലുമെല്ലാരും ഭൂമി നല്കീട്ടു കേൾപ്പു നാം
ഭൂമി നല്കുന്നിതെല്ലാരും ഭുജിപ്പൂ ഭൂമിയെജ്ജനം. 5
സ്വകൎമ്മാൽക്കഴിവൂ മൎത്ത്യരീലോകത്തിൽ പരത്തിലും

1 മാനവസ്മൃതി = മനുവിൻെറ സ്മൃതി. 2 ഭൂമിദായി = ഭൂമി ദാനം ചെയ്യുന്നവൻ.

ഭൂമി ഭൂതി മഹാദേവി ദാതാവെ പ്രിയനാക്കുമേ. 6
ക്ഷയിക്കാത്തീട്ടക്ഷിണയെയാരു നല്കും നൃപോത്തമ!
വീണ്ടും മനുഷ്യനായ്ത്തീൎന്നിട്ടവൻ ഭൂമീശനാകുമേ. 7
ദാനംകണക്കുതാൻ ഭോഗമെന്നല്ലോ ധൎമ്മനിശ്ചയം
പോരിൽദ്ദേഹം ക്ഷയിക്കേണമീധരിത്രിയെ നല്കണം. 8
ഇതത്രേ ക്ഷത്രിയന്മാൎക്കു ചൊൽവൂ വലിയ ലക്ഷ്മിയായ്
ശുദ്ധമാക്കും കൊടുത്തോനെബ്ഭൂമിയെന്നുണ്ടു കേൾപ്പു നാം. 9
പാപം ചെയ്യവനെ ബ്രഹ്മഘാതിയെബ്ഭോഷ്കുകാരനെ
പാപിയെ പ്ലാവനംചെയ്യു[1]മവൾ പാപം വിടുത്തിടും. 10
പാപം ചെയ്യും മന്നരോടും വാങ്ങുമാറുണ്ടു സജ്ജനം
ഭൂവെ മററൊന്നുമിച്ഛിക്കില്ലമ്മമട്ടിതു പാവനി. 11
പ്രിയദത്തേ[2]തി പേർ ഗുഢമീദ്ദേവിക്കു സനാതനം
ദാനമാദാനവുമിവൾക്കാപ്പേരൊന്നാമതാം പ്രിയം. 12
ഈബ്ഭൂമിയെപ്പണ്ഡിതന്നു കൊടുക്കും ഭൂമിനായകൻ
ഭൂമിയിങ്കൽത്തനിക്കിഷ്ടം രാജ്യമങ്ങേല്ക്കുമാ നൃപൻ. 13
പിന്നെജ്ജനിച്ചാലുമവൻ രാജമട്ടാമസംശയം
അതിനാൽബ്ഭൂമിയേ നേടി ബ്രാഹ്മണന്നേകണം നൃപൻ. 14
ഭൂമീശനല്ലാതെ ഭൂമി വാഴാനാവില്ലൊരിക്കലും
പാത്രമല്ലാത്തവൻ വാങ്ങാ കൊടുത്തേടത്തു പോകിലാം. 15
അന്യരും ഭൂമിയിച്ഛിക്കിലേവം ചെയ്യുമസംശയം
സാധുവിൻ ഭൂമിയേററീടിൽ ഭൂമി നേടില്ലവൻ ദൃഢം. 16
സാധുക്കൾക്കീബ്ഭൂമിയേകിൽ മുഖ്യഭൂമിയെ നേടുമേ
ധൎമ്മിഷ്ഠൻ വൻ കീൎത്തി നേടുമിഹത്തിങ്കൽ പരത്തിലും. 17
ഏതു സാധുവിനുള്ളോരു ഭൂമി വാഴ്ത്തുന്നു സജ്ജനം
അവന്നു ശത്രുക്കളില്ലാ രാജൻ, വാഴ്ത്തുന്നു ഭൂമിയെ. 18
വല്ല പാതകവും വൃത്തികശിതൻ ചെയ്യുവെങ്കിലോ
പശുത്തോലിടമാത്രം[3] ഭൂദാനത്താൽശ്ശുദ്ധനായ്വരും. 19
സങ്കീൎണ്ണകൎമ്മാക്കളെവർ രൌദ്രകൎമ്മികൾ മന്നവർ
അവൎക്കോതിക്കൊടുക്കേണം ശുദ്ധം ഭൂദാനമുത്തമം. 20
ഇതല്പാന്തരമെന്നെന്നും പഴമക്കാർകൾ കണ്ടതാം
അശ്വമേധം ചെയ്കിലും നല്ലാൾക്കു ഭൂമി കൊടുക്കിലും. 21
സുകൃതം ചെയ്കിലും ചെററും ശങ്കിക്കാറില്ല പണ്ഡിതർ
അശക്യമാണിതൊന്നത്രേ ഭൂമിദാനം മഹത്തരം. 22
സുവൎണ്ണം വെള്ളി വസ്ത്രങ്ങൾ മണി മുത്തുകൾ വിത്തവും

---

1 പ്ലാവനംചെയ്ക=ശുദ്ധീകരിക്കുക. 2 പ്രിയദത്ത=ദാതാവിനും പ്രതിഗ്രഹീതാവിനും പ്രിയപ്പെട്ടവളായതുകൊണ്ടാണ് ഭൂമിക്ക് ഈ പേരുണ്ടായത്. 3 പശുത്തോലിടമാത്രം=പശുത്തോലിനോളം മാത്രം വിസ്താരമുള്ളത്.

ഇതൊക്കയും മഹാപ്രാജ്ഞൻ നല്കുന്നു ഭൂമി നല്കുവോൻ. 23
തപം യജ്ഞം ശ്രുതം ശീലമലോഭം സത്യസന്ധത
ഗുരുദേവാർച്ചനമിവ ഭൂമിദനെന്നാത്തിരിക്കുമേ. 24
സ്വാമിക്കു നന്മയ്ക്കായ് ദേഹം വിട്ടു പോരിൽ മരിച്ചവർ
ബ്രഹ്മലോകം പുക്ക സിദ്ധർ കടക്കാ ഭൂമിദായിയെ. 25
അമ്മതൻ മകനെപ്പാലാൽ പോററീടുംപോലെയെപ്പൊഴും
അനുഗ്രഹിപ്പു ദാതാവെബ് ഭൂമി സർവ്വരസങ്ങളാൽ. 26
മൃത്യുതാൻ കിങ്കരൻ ദണ്ഡം തമസ്സുത്യുഗ്രപാവകൻ
ഘോരദാരുണപാശങ്ങളടുക്കാ ഭൂമിദായിയിൽ. 27
പിതൃക്കളെപ്പിതൃപുരേ വിണ്ണിൽ വിണ്ണവരേയുമേ
തൃപ്തിച്ചീടുന്നു ശാന്താത്മാ ഭൂമി ദാനം കൊടുപ്പവൻ. 28
കൃശനായ്ച്ചാകുമാറായി വൃത്തി കെട്ടുഴൽവോനഹോ!
വൃത്തിക്കൊക്കും ഭൂമി നല്കിൽ സത്രം ചെയ്യവനാം നരൻ. 29
പാൽ ചുരത്തിക്കുട്ടിയുടെ പിൻപേ പൈ പാഞ്ഞിടുംപടി
ആയിരിക്കും മഹാഭാഗ, ഭൂമിദൻപിൻപു ഭൂമിയും. 30
നല്കീടലുഴുതോരൂഴി വിതച്ചതു ഫലിച്ചതോ
ഉയന്ന ഗൃഹമോ കാമദായിയെപ്പോലെയാമവൻ. 31
വൃത്തമൊത്തോനാഹിതാഗ്നിവിശുദ്ധവ്രതവിപ്രനെ
ഭൂമി വാങ്ങിപ്പിച്ച നരനാപത്തിൽപ്പെട്ടിടാ ദൃഢം. 32
തിങ്കളെങ്ങനെ നാളതോറും വൃദ്ധിയുണ്ടായിടുന്നുവോ,
ഭൂമിദാനവുമവ്വണ്ണം വിളതോറും വളന്നിടും. 33
പഴമക്കാർ ചൊൽവിതിഹ ഭൂമി പാടിയ ഗാഥകൾ
അവ കേട്ടാജ്ജാമദഗ്ന്യൻ കാശ്യപന്നേകി ഭൂമിയെ. 34
"എന്നേ വാങ്ങിൻ നല്കിനെന്നെയെന്നെത്താൻ നല്കി നേടുവിൻ
കൊടുത്തതേ വീണ്ടുമുണ്ടാമീ ലോകത്തിൽ പരത്തിലും." 35
വിപ്രൻ വേദത്തിനൊത്തീടുമീ വ്യാഹൃതി[1]യറിഞ്ഞവൻ
ശ്രാദ്ധം കഴിച്ചിടുന്നാകിൽ ബ്രഹ്മഭാവമണഞ്ഞിടും. 36
ബാധിച്ച കൃത്യകൾക്കൊക്കയരിഷ്ടശമനം പരം
പ്രായശ്ചിത്തം ഭൂമി നല്കിൽ രണ്ടിടം പത്തു[2] ശുദ്ധമാം. 37
ഇതറിഞ്ഞോൻ ശുദ്ധമാക്കും വേദവാദത്തെയും ശരി
സർവ്വഭൂതപ്രകൃതിയാണത്രേ വൈശ്വാനരീ മഹി. 38
അഭിഷേചിച്ചു കേൾപ്പിക്കുകിയാഗമമിളേശനെ
കേട്ടാൽ ഭൂമി കൊടുത്തേക്കാം നേടാ സാധുവൊട്ടുഴിയെ. 39
ഇതു മൂററും ബ്രാഹ്മണാർത്ഥം രാജാർത്ഥവുമസംശയം
രാജാവു ധർമ്മകുശലനാദ്യമാം ഭൂതിലക്ഷണം. 40

---

1 വ്യാഹൃതി=വാക്ക്. 2 രണ്ടിടം പത്ത് = അച്ഛൻവഴിക്കും അമ്മവഴിക്കുമുള്ള പത്തു തലമുറ.

ആകുണ്ടോ നാസ്തികൻ ധർമ്മമറിയാത്തുള്ളവൻ നൃപൻ
ഉണരില്ലാ സുഖമവർ സുഖമാമ്മട്ടുറങ്ങിടാ. 41
എന്നുമുദ്വിഗ്നരാമായാളുടെ ദുർവൃത്തിയാൽ നരർ
അവൻെറ നാട്ടിൽ കേറില്ലാ യോഗക്ഷേമം പലേതരം. 42
ആകുണ്ടോ ധാർമ്മികൻ പ്രാജ്ഞനായിരിക്കുന്നവൻ നൃപൻ
ഉണർന്നീടും സുഖമവർ സുഖമാമ്മട്ടുറങ്ങിടും. 43
ആ രാജാവിൻ പുണ്യകർമ്മാൽ നാട്ടിൽ സംതൃപ്തരാം നരർ
യോഗക്ഷേമം വൃത്തിയുമായ് സ്വകർമ്മത്താൽ വളർന്നിടും. 44
അവൻ കുലീനനവനാണവൻ ബന്ധുവവൻ ശുഭൻ
അവൻ ദാതാവവൻ വീരൻ ഭൂമി നല്കുന്നതേവനോ. 45
ആദിത്യമട്ടിൽ മിന്നുന്നു തേജസ്സാൽ മന്നിൽ മാനവർ
വേദജ്ഞനാം ബ്രാഹ്മണന്നു പുഷ്ടഭൂമിയെ നല്കുവോർ. 46
വിതച്ച സസ്യങ്ങൾ മന്നിൽ മുളച്ചീടുംപ്രകാരമേ
ഭൂമിദാനംകൊണ്ടു നേടുമാക്കാമങ്ങൾ മുളച്ചിടും. 47
ആദിത്യൻ വരുണൻ വിഷ്ണു ബ്രഹ്മാവിന്ദുവുമഗ്നിയും
ഭഗവാൻ ശൂലിയും പാരം കൊണ്ടാടും ഭൂമിദായിയെ. 48
മന്നിൽപ്പിറപ്പൂ പുരുഷർ നശിപ്പൂ മന്നിലങ്ങനെ
നാലുമട്ടുള്ളോരീ ലോകമൊക്കെയ്ക്ക് ഭൂമിഗുണാത്മകം. 49
ജഗത്തിന്നിവൾതാനമ്മയച്ഛനും ജഗതീപതേ!
ഇവൾക്കു കിടയാം വസ്തുവൊന്നുമില്ലാ ജനാധിപ! 50
ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
ബൃഹസ്പതിക്കുമിന്ദ്രന്നും സംവാദം ഹേ യുധിഷ്ഠിര! 51
വൻപിച്ച ദക്ഷിണയെഴും നൂറു യജ്ഞം കഴിച്ചവൻ
ഇന്ദ്രൻ ചോദിച്ചു വാഗ്മീവരൻ വ്യാഴത്തോടിങ്ങനെ. 52

ഇന്ദ്രൻ പറഞ്ഞു

ഭഗവൻ, ദാനമെന്തൊന്നാൽ സ്വർഗ്ഗത്തിൽ സുഖമാണ്ടിടും
മഹാത്ഭമൊത്തക്ഷയമെന്തതു വാഗ്മീന്ദ്ര, ചൊല്ലു നീ. 53

ഭീഷ്മൻ പറഞ്ഞു

എന്നു ദേവേന്ദ്രനോതിക്കേട്ടപ്പോൾ ദേവപുരോഹിതൻ
ശക്രനോടുത്തരം ചൊല്ലീ തേജസ്സേറും ബൃഹസ്പതി. 54

ബൃഹസ്പതി പറഞ്ഞു

സുവർണ്ണദാനം ഗോദാനം ഭൂദാനം വൃത്രനാശന!
ഇവ നല്കും മഹാപ്രാജ്ഞൻ പാപമൊട്ടുക്കൊഴിച്ചിടും. 55
ദേവേന്ദ്ര, ഭൂമിദാനത്തിന്മേലെയില്ലൊന്നുമേ പ്രഭോ!
മെച്ചമായെന്നോർത്തിടുന്നേനേവം ചൊൽവൂ മനീഷികൾ. 56
ശൂരർ പോരിൽ മരിച്ചുള്ളോർ വിണ്ണേററ രണകാംക്ഷികൾ
അവരാരും ബുധശ്രേഷ്ഠ, കടക്കാ ഭൂമിദായിയെ. 57

സ്വാമിക്കു നന്മയ്ക്കായ് ദേഹം വിട്ടു പോരിൽ മരിച്ചവർ
ബ്രഹ്മലോകം പുക്ക യോഗ്യർ കടക്കാ ഭൂമിദായിയെ. 58
അഞ്ചുപേർ പൂർവ്വർ മററാറു പുമാന്മാർ മന്നിൽ വന്നവർ
പതിനൊന്നാളെയിവരെക്കാക്കും ഭൂദായിയാം പുമാൻ. 59
രത്നം ചിന്നും ധരണിയെയാരേകുന്നു പുരന്ദര!
അവൻ കല്മഷമൊക്കപ്പോയ് സ്വർഗ്ഗലോകത്തു പൂജ്യനാം. 60
സർവ്വകാമാഢ്യരായ് പുഷ്ടഭൂമി നല്കുന്നവൻ നൃപ!
രാജാധിരാജനായ്ത്തീരുമതല്ലോ ദാനമുത്തമം. 61
സർവ്വകാമാഢ്യയായീടും ഭൂമി നല്കുന്നതാകിലോ
എന്നെ നല്കുന്നവന്നോർക്കുമേവരും ദേവനായക! 62
സർവ്വകാമം കറന്നീടും സർവ്വകാമാഢ്യഗോവിനെ
ആരേകുന്നു സഹസ്രാക്ഷ, സ്വർഗ്ഗമെത്തീടുമാ നരൻ. 63
തേൻ നൈ പാൽ തയിരും മററുമൊലിക്കുന്ന സരിത്തുകൾ
തൃപ്തിപ്പെടുത്തീടുമിഹ ഭൂമിദായിയെ വാസവ! 64
ഭൂദാനത്താൽ മന്നവന്നു പാപമൊക്കയൊഴിഞ്ഞുപോം
ഭൂമിദാനത്തിലും മേലേയില്ലാ മററൊരു ദാനവും. 65
ശസ്ത്രത്താൽ നേടിയോരാഴിചൂഴമൂഴി കൊടുക്കുകിൽ
ഈ ഭൂമി നില്ക്കുംവരെയുമവനെപ്പുകഴും ജനം. 66
പുണ്യയായ് പുഷ്ടരസയാം ഭൂമി നല്കുകിൽ വാസവ!
ഭൂമിദാനാഢ്യലോകങ്ങളൊടുങ്ങില്ലവനേതുമേ. 67
എന്നുമൈശ്വര്യമിച്ഛിക്കും മന്നനെപ്പൊഴുമങ്ങനെ
ശക്ര, സൗഖ്യാർത്ഥി സൽപാത്രത്തിങ്കൽബ് ഭൂമിയെ നല്കണം. 68
പാപം ചെയ്തീടിലും മർത്ത്യൻ വിപ്രന്നായ് ഭൂമി നല്കുവോൻ
ആപ്പാപത്തെക്കൈവെടിയുമുറയെപ്പാമ്പു പോലവേ. 69
സമുദ്രം പുഴ ശൈലങ്ങൾ മററുമേ കാനനങ്ങളും
എല്ലാം നരൻ കൊടുക്കുന്നു ശക്ര, ഭൂമി കൊടുക്കുവോൻ. 70
വൻ കുളം കിണറെന്നല്ല ചോല പൊയ്കകളങ്ങനെ
രസസ്നേഹങ്ങളൊക്കേയും നല്കുന്നു ഭൂമി നല്കുവോൻ. 71
വീര്യമുള്ളൗഷധം പൂത്തു കാച്ചു നില്ക്കും മരങ്ങളും
കാടും കല്ലും കുന്നുകളും നല്കുന്നു ഭൂമി നല്കുവോൻ. 72
ദക്ഷിണാപൂർണ്ണമായഗ്നിഷ്ടോമാദിക്രിയ ചെയ്കിലും
ഭൂമിദാനംകൊണ്ടു കിട്ടുമാ ഫലം നേടുകില്ലവൻ. 73
കൊടുപ്പോൻ പത്താളുകളെ നന്മ നല്കും പോക്കും ഹരിപ്പവൻ
മുൻ കൊടുത്താബ് ഭൂമി ഹരിപ്പവൻ നരകമാപ്പെടും. 74
ഏററുരച്ചിട്ടേകിടായ്കിൽ കൊടുത്തിട്ടു ഹരിക്കിലും
വാരുണക്കയർകെട്ടേററുംതപിക്കും മൃത്യുശാസനാൽ. 75
ആഹിതാഗ്നി സദായജ്ഞൻ കൊററരോരിഷ്ടപാന്ഥനെ

ദ്വിജേന്ദ്രനെബ്ഭജിച്ചീടിൽച്ചെല്ലാ യമനിലായവൻ. 76
വിപ്രക്കുള്ള കടം തീർത്തീടേണം ഭൂപൻ പുരന്ദര!
കൃശദുർബ്ബലരെക്കേററീടേണം മററുള്ള ജാതിയിൽ. 77
അന്യൻ കൊടുത്തുള്ള ഭൂമി ഹരിക്കൊല്ലാ സുരേശ്വര!
കൃശവൃത്തി* ബ്രാഹ്മണൻെറയൊരുനാളും സുരോത്തമ! 78
ദീനരായുഴലും വിപ്രക്കശ്രുപാതം പെടുംപടി
ക്ഷേത്രം ഹരിക്കിൽ കൊല്ലുന്നു മുപ്പുമാന്മാരെഴും കുലം. 79
രാജ്യം പോയോരരചനെ വാഴിച്ചീടുകിൽ മാനുഷൻ
അവൻെറ വാസം സ്വർഗ്ഗത്തിൽ മാന്യമാം ദേവനായക! 80
കരിമ്പു വിളയും ഭൂമി യവഗോധൂമമുള്ളതും
ഗവാശ്വവാഹമുള്ളോന്നും കൈവീര്യത്താൽ ജയിച്ചതും 81
നിധിയുൾപ്പെട്ടവനിയും രത്നോപകൃതമേകുകിൽ
കിട്ടുമക്ഷയലോകങ്ങൾ ഭൂമിസത്രമവന്നതാം. 82
കലുഷം തീർന്നു വിരജസ്സവൻ സജ്ജനസമ്മതൻ
ലോകത്തിൽ സാധുസമ്പൂജ്യനാകും ഭൂമി കൊടുപ്പവൻ. 83
വെള്ളത്തിൽ വീണിട്ടുള്ളെണ്ണത്തുള്ളി വ്യാപിച്ചിടുംപടി
ഭൂമിദാനഫലം ശക്ര, വിളതോറും വളർന്നിടും. 84
അടരിൽ ശൂരരരചരേവരോ പോരിൽ മിന്നുവോർ
ശക്ര, നേരിട്ടു ചാവുന്നു ബ്രഹ്മലോകത്തിലാമവർ. 85
ആടിപ്പാടി സ്ത്രീകൾ ദിവ്യമാല്യങ്ങളെയണിഞ്ഞവർ
ഉപാസിക്കുന്നു ദേവേന്ദ്ര, വിണ്ണിങ്കൽ ഭൂമിദായിയെ. 86
സുഖം സ്വർഗ്ഗത്തിൽ മോഹിക്കും ദേവഗന്ധർവ്വപൂജിതൻ
വിധിപ്രകാരം ഭൂദേവന്നിങ്ങു ഭൂമി കൊടുപ്പവൻ. 87
നൂററപ്സരസ്ത്രീകൾ ദിവ്യമാല്യങ്ങളണിയുന്നവർ
ഉപാസിക്കും ഭൂമിദനെ ബ്രഹ്മലോകത്തു വാസവ! 88
ഉപാസിക്കുന്നു പുഷ്പങ്ങളെന്നും ഭൂദായി മർത്ത്യനെ
ശംഖു ഭദ്രാസനം ഛത്രം നല്ലശ്വം നല്ല വാഹനം. 89
ഭൂമിപ്രദാനാൽ പുഷ്പങ്ങൾ സുവർണ്ണനിചയങ്ങളും
എന്നും തെററാത്താജ്ഞയുമാം ജയശബ്ദം ധനങ്ങളും. 90
പുണ്യങ്ങൾ ഭൂമി ദാനത്തിൻഫലം സ്വർഗ്ഗം പുരന്ദര!
ഹിരണ്യപുഷ്പൗഷധികൾ കുശ കാഞ്ചനശാദ്വലം 91
അമൃതം വിളയും ഭൂമി നേടും നല്കുന്ന പൂരുഷൻ.
ഭൂമിക്കൊക്കും ദാനമില്ലാ ഗുരുവില്ലമ്മപോലൊരാൾ 92
സത്യതുല്യം ധർമ്മമില്ലിങ്ങില്ലാ ദാനസമം നിധി.

ഭീഷ്മൻ പറഞ്ഞു

ഇതു വ്യാഴം ചൊന്ന കേട്ടിട്ടിന്ദ്രനീബ്ഭൂമിമണ്ഡലം

---

* കൃശവൃത്തി = കഷ്ടിച്ച് ഉപജീവനം കഴിക്കുന്നവൻ.

വസുരത്നം ചിന്നവോന്നൊന്നംഗിരസ്സിന്നു നല്കിനാൻ. 93
ശ്രാദ്ധത്തിലീബ്ഭൂമിദാനഫലം കേൾപ്പിപ്പതേവനോ
രക്ഷോഭാഗമിവന്നില്ലാ ദൈത്യഭാഗവുമങ്ങനെ. 94
ക്ഷയിക്കില്ലാ പിതൃക്കൾക്കു കൊടുത്തതുമസംശയം
ഇതു കേൾപ്പിക്കണം വിദ്വാൻ ചാത്തമുണ്ണുമ്പൊൾ വിപ്രരെ 95
എല്ലാദ്ദാനത്തിലും ശ്രേഷ്ഠം ചൊന്നേനിതനഘാശയ!
ഭരതശ്രേഷ്ഠ, ഞാനെന്നാലിനിക്കേൾക്കേണ്ടതെന്തുവാൻ? 96

63. അന്നദാനപ്രശംസ

നാരദന്റെ വാക്കുകളുദ്ധരിച്ചുകൊണ്ടു് ഭീഷ്മർ അന്നദാനത്തിന്റെ മഹിമാതിശയത്തെ വർണ്ണിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ഏതുദാനങ്ങളീപ്പാരിൽ നല്കാനുന്നുന്ന മന്നവൻ
ഗുണമേറും ബ്രാഹ്മണർക്കു നല്കേണ്ടു ഭരതോത്തമ! 1
എന്നാൽ[1] സന്തോഷിക്കുമുടൻ തുഷ്ടന്മാരെന്തു നല്കിടും?
ചൊല്ലെന്നോടു മഹാബാഹോ, വാച്ചും പുണ്യഫലത്തിനെ. 2
എന്തേകിൽ ഭൂപ, ഫലമുണ്ടീ ലോകത്തിൽ പരത്തിലും?
ഭവാൻ ചൊല്ലിക്കേട്ടിടേണം വിസ്തരിച്ചതു ചൊല്ലു നീ. 3

ഭീഷ്മൻ പറഞ്ഞു

പണ്ടിക്കാര്യം കേട്ടവാറു നാരദൻ ദേവദർശനൻ
ഇദ്ദേഹമെന്തോതിയതു ഞാൻ ചൊല്ലുന്നതു കേൾക്ക നീ. 4

നാരദൻ പറഞ്ഞു

അന്നത്തെത്താൻ പുകഴ്ത്തുന്നു വാനോരൃഷിമാർകളും
ലോകതന്ത്രം ബുദ്ധികളുമൊക്കയന്നത്തിൽ നില്പതാം. 5
അന്നത്തിൻ കിടയാം ദാനം മുൻപില്ലുണ്ടാകയില്ലിനി
വിശേഷിച്ചുമതാണന്നം നല്കാനിച്ഛിപ്പു മാനവർ. 6
അന്നമൂർജ്ജസ്സരം പാരിൽ പ്രാണനന്നത്തിൽ നില്പതാം
അന്നം താങ്ങുന്നിതീ വിശ്വജഗത്തൊട്ടുക്കയി പ്രഭോ! 7
അന്നാൽ ഗൃഹസ്ഥരീപ്പാരിൽ സന്യാസികൾ തപസ്വികൾ
പ്രത്യക്ഷമന്നാൽ പ്രാണങ്ങളുണ്ടാമില്ലിഹ സംശയം. 8
കുടുംബിയായ് കുഴങ്ങുന്ന മഹാത്മബ്രാഹ്മണന്നിഹ
ഭിക്ഷുവിന്നന്നമേകേണം തനിക്കൈശ്വര്യമോർപ്പവൻ. 9
യോഗ്യനാം ബ്രാഹ്മണന്നർത്ഥിക്കന്നത്തേ നല്കിടുന്നവൻ
പാരലൗകികമാം[2] ശ്രേഷ്ഠനിധി വെപ്പൂ തനിക്കുതാൻ. 10

---

1 എന്നാൽ=ഏതിനാൽ; ഏതു ദാനംകൊണ്ടു്. (കേന എന്നതിന്റെ തർജ്ജമയാണിതു്.) 2 പാരലൗകികം=പരലോകത്തിനു പററിയ.

തളർന്നെത്തും യോഗ്യനായ വൃദ്ധനാം വഴിപോക്കനെ
ഗൃഹസ്ഥനർച്ചിക്ക ഗൃഹാഗതനെബ്ഭൂതികാമുകൻ[1]. 11
ക്രോധം വന്നതു പോക്കീട്ടു സുശീലൻ വീതമത്സരൻ
അന്നദൻ സൗഖ്യമണയും വിണ്ണിലും മന്നിലും നൃപ! 12
നിന്ദിച്ചീടൊല്ലതിഥിയെ വിട്ടയയ്ക്കൊല്ലൊരിക്കലും
ശ്വപാകനിൽ[2] ശ്വാവിലുമേ ദാനം പാഴായിവന്നിടാ. 13
തളർന്നു വഴിപോക്കന്നു മുൻ കാണാതുള്ളവന്നഹോ!
അക്ലേശമന്നമേകുന്നോൻ മഹത്താം ധർമ്മമേററിടും. 14
പിതൃദേവർഷിഭൂദേവാതിഥിമാരെജ്ജനാധിപ!
ചോറാൽ തൃപ്തിപ്പെടുത്തോനു വൻ പുണ്യഫലമുണ്ടെടോ. 15
അതിപാതകകർമ്മം ചെയ്തർത്ഥിക്കന്നം കൊടുക്കുകിൽ,
ബ്രാഹ്മണന്നു വിശേഷിച്ചും, പാപംകൊണ്ടുഴലില്ലവൻ. 16
വിപ്രർക്കക്ഷയമാം ദാനം ശൂദ്രന്നന്നം മഹാഫലം
അന്നദാനം ശൂദ്രനിലും വിശിഷ്ടം ബ്രാഹ്മണങ്കലും. 17
കേൾക്കൊല്ലാചരണം ഗോത്രം സ്വാദ്ധ്യായം ദേശമൊന്നുമേ
ബ്രാഹ്മണൻ ഭിക്ഷയേല്ക്കുമ്പോൾ കേൾപ്പോനന്നം കൊടുക്കണം.
അന്നദന്നന്നവൃക്ഷങ്ങൾ സർവ്വകാമഫലങ്ങളും
ഇഹത്തിങ്കൽ പരത്തിങ്കൽ മന്നവന്നില്ല സംശയം. 19
പിതൃക്കൾ കാത്തിരിക്കുന്നു കൃഷിക്കാർ മഴ പോലവേ
നമ്മുടേ പുത്രനോ പൗത്രൻതാനോ ചോറു കൊടുക്കുമേ. 20
വിപ്രൻ മഹത്തായ ഭൂതം നല്ലെന്നായ്ത്താനിരക്കുകിൽ
അകാമൻതാൻ സകാമൻതാൻ നല്കിയാൽ പുണ്യമാർന്നിടും. 21
വിപ്രനേവർക്കുമതിഥി പ്രസൃതാഗ്രം ഭുജിപ്പവൻ
വിപ്രന്മാർ ഭിക്ഷയേററെന്നും ഗൃഹത്തിലണയുന്നവർ 22
സൽക്കാരമേററുപോയീടിലതൊട്ടേറെ വളർച്ചയാം.
മഹാഭാഗകുലേ ജന്മം ചത്താൽ ഭാരത, നേടുമേ 23
ലോകേ ചോറേകിയാൽ മർത്ത്യന്നവ്വണ്ണം സ്ഥാനമുത്തമം;
നിത്യമിഷ്ടാന്നമേകുന്നോൻ പൂജ്യനായ് വിണ്ണിൽ വാണിടും. 24
അന്നം പ്രാണൻ മനുഷ്യർക്കിങ്ങെല്ലാമന്നത്തിൽ നില്പതാം
അന്നദൻ പശുമാൻ പുത്രീ ധനവാൻ ഭോഗവാനുമാം. 25
പ്രാണവാനാം രൂപവാനാമിപ്രകാരം നരാധിപ!
അന്നദൻ പ്രാണദൻ പാരിൽ സർവ്വദൻ താനുമാണുപോൽ. 26
അതിഥിബ്രാഹ്മണന്നന്നം വഴിപോലെ കൊടുക്കുകിൽ
കൊടുത്തോൻ സുഖമേററീടും വാനോർക്കും പൂജ്യനായ്‌വരും. 27
വിപ്രൻ മഹത്തായ ഭൂതം വയലാണു യുധിഷ്ഠിര!

---

1 ഭൂതികാമുകൻ=തനിക്കു നന്മവേണമെന്നു വിചാരിക്കുന്നവൻ. 2 ശ്വപാകൻ=ചണ്ഡാലൻ.

അതിൽ വിത്തു വിതയ്ക്കുന്നുണ്ടതോ പുണ്യം മഹാഫലം. 28

പ്രത്യക്ഷം പ്രീതിജനനമുണ്ടോനും നല്കവോനുമേ
മററു ദാനങ്ങളൊക്കേയുമപ്രത്യക്ഷഫലങ്ങളാം. 29

അന്നത്താൽ പ്രസവംകൊാംവിതന്നാൽത്താൻ രതി ഭാരത!
ധർമ്മമത്ഥവുമന്നത്താലന്നാൽത്താൻ രോഗനാശവും. 30

അന്നമാണമൃതെന്നോതീ മുൻ കല്പത്തിൽ പ്രജാപതി
അന്നം ഭൂ വിണ്ണംബരവുമെല്ലാമന്നത്തിൽ നില്പതാം. 31

അന്നം പോയാൽ വേറിടുന്നിതുടലിൽ പഞ്ചധാതുവും
ബലവാനുള്ള ബലവുമന്നം പോയാൽ നശിക്കുമേ. 32

കൊള്ളക്കൊടുക്കലും യജ്ഞങ്ങളുമിങ്ങന്നഹാനിയിൽ
നശിച്ചുപോം നരശ്രേഷ്ഠ, വേദവും നില്പതായതിൽ. 33

അന്നത്തിൽനിന്നാണിക്കണ്ട ചരാചരമശേഷവും
മുപ്പാരിലുള്ള ധർമ്മാത്ഥമന്നം നല്കേണമേ ബുധർ. 34

അന്നം നല്കുന്ന മർത്ത്യന്നു ബലമോജസ്സു കീർത്തിയും
യശസ്സും വാച്ചു വന്നീടുമെന്നും മുപ്പാരിൽ മന്നവ! 35

പ്രാണങ്ങാംക്കധിപൻ വായു മേലേ നില്ക്കുന്ന കാർകളിൽ
ആ മേഘത്തിലെഴും വെള്ളം ശക്രൻ വർഷിപ്പു ഭാരത! 36

എടുക്കുന്നു ഭൗമരസം മുററുമക്കൻ സ്വരശ്മിയാൽ
വായുവാദിത്യനിൽച്ചെന്നു ദേവൻ വർഷിപ്പിതാ രസം. 37

മേഘത്തിൽ നിന്നിട്ടു വെള്ളം മന്നിൽ വീഴുന്നതെപ്പൊഴോ,
അപ്പോാംബ്ഭൂമീദേവിയേററം സ്നിഗ്ദ്ധയാകുന്നു ഭാരത! 38

പിന്നെസ്സസ്യം മുളയ്ക്കുന്നിതതു തിന്നുന്നു ജീവികാം
മാംസമേദോസ്ഥിശുക്ലങ്ങളുണ്ടാകുന്നിതതിന്നുമേൽ. 39

പിന്നെശ്ശുക്ലത്തിൽനിന്നുണ്ടാകുന്നു പ്രാണികാം ഭൂപതേ!
അഗ്നീഷോമർകളാശ്ശുക്ലം സൃഷ്ടിപ്പു പുഷ്ടമാർഗ്ഗമായ്. 40

ഇമ്മട്ടന്നത്തിനാൽ സൂര്യൻ വായു ശുക്ലവുമങ്ങനെ
ഒരു യോഗക്കാരതിങ്കൽനിന്നല്ലോ ഭൂതസംഭവം. 41

ഭൂതങ്ങാംക്കാ പ്രാണതേജസ്സുകാം നല്കുന്നു ഭാരത!
ഗൃഹത്തിൽ വന്നോരതിഥിക്കങ്ങന്നത്തെക്കൊടുപ്പവൻ. 42

ഭീഷ്മൻ പറഞ്ഞു

എന്നേവം നാരദൻ ചൊന്ന ഞാനന്നം നല്കിനേൻ നൃപ!
അസൂയവിട്ടങ്ങുമന്നം നല്കിക്കൊാംകല്പലെന്നിയേ. 43

രാജാവേ, വിധിപോലന്നം വിപ്രന്മാക്കീവിധം പ്രഭോ!
ശരിക്കു യോഗ്യക്കേകീടിലതിനാൽ സ്വഗ്ഗമെത്തുമേ. 44

അന്നദക്കുള്ള ലോകങ്ങളവ നീ കോംക്ക മന്നവ!
ആ മഹാത്മാക്കാംക്കു വിണ്ണിൽബ്ഭവനങ്ങാം തെളിഞ്ഞീടും. 45

നക്ഷത്രലോകാകൃതിയിൽ നാനാ സ്തംഭങ്ങളുള്ളവ

ചന്ദ്രമണ്ഡലശുഭ്രങ്ങൾ കിങ്ങിണിത്തൊങ്ങലൊത്തവ 46
തരുണാദിത്യവർണ്ണങ്ങൾ ചരങ്ങളചരങ്ങളും
അനേകശതഭൗമങ്ങളന്തർജ്ജലചരാന്വിതം 47
വൈഡൂര്യസ്ഫടികാഭങ്ങൾ വെള്ളി പൊന്മയമായവ
സർവ്വകാമഫലദ്രുക്കൾ[1] ഭവനങ്ങളിൽ നില്പവ 48
കുളങ്ങൾ സഭ മാർഗ്ഗങ്ങൾ കിണർ തോടുകളെങ്ങുമേ
മുഴക്കുമേ പൂട്ടിവിട്ട വാഹനങ്ങളസംഖ്യമേ 49
ഭക്ഷ്യഭോജ്യക്കുന്നുകളും വസ്ത്രമാഭരണങ്ങളും
പാലൊലിക്കും പുഴകളും ചോററുകുന്നുകളും ശരി 50
വെള്ളക്കാറെതിർസൗധങ്ങൾ പൊന്നിൻകട്ടിൽകളങ്ങനെ
അന്നദക്കിവയൊത്തീടുമെന്നാ[2]ലന്നദനാക നീ. 51
യോഗ്യരാമന്നദക്കുണ്ടു പുണ്യലോകങ്ങളങ്ങനെ
അതിനാൽ ശ്രദ്ധയോടന്നം നല്കേണം മന്നിൽ മാനവർ. 52

64. നക്ഷത്രയോഗദാനം

ഓരോ നക്ഷത്രത്തിൽ ഏതേതു പദാർത്ഥങ്ങൾ ദാനം ചെയ്താൽ ഇന്നയിന്ന ഫലങ്ങൾ കിട്ടുമെന്നു്, നാരദദേവകീസംവാദം ഉദ്ധരിച്ചുകൊണ്ടു് ഭീഷ്മർ ധർമ്മപുത്രരോടു പറയുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

അന്നദാനത്തിൻെറ വിധി ഭവാൻ ചൊല്ലീട്ടു കേട്ടു ഞാൻ
നക്ഷത്രയോഗത്തിന്നിപ്പോൾ ദാനകല്പ[3]മുരയ്ക്കു നീ. 1

ഭീഷ്മൻ പറഞ്ഞു

ഇതിന്നുദാഹരണമായു് ചൊല്ലാറുണ്ടീപ്പഴങ്കഥ
സംവാദമാദ്ദേവകിക്കും ശ്രീനാരദമുനിക്കുമേ. 2
ദ്വാരകാഗതനാം ദേവരൂപനാരദനോടുടൻ
ദേവകീദേവി ചോദിച്ചിതീച്ചോദ്യം ധർമ്മദർശനം. 3
ചോദിക്കുമവളോടപ്പോളുടൻ ദേവർഷി നാരദൻ
പറഞ്ഞു വിധിപോലെല്ലാമതു നീ കേൾക്ക മന്നവ! 4

നാരദൻ പറഞ്ഞു

മഹാഭാഗേ, കാർത്തികയിൽ നെയ്യൊക്കും പായസത്തിനാൽ
തൃപ്തി സൽബ്രാഹ്മണക്കേകിൽ മുഖ്യലോകങ്ങൾ നേടുമേ. 5
മൃഗമാംസം രോഹിണിനാൾ പ്രസൃതം[4] നെയ്യു് കലർന്നതാൻ
ദുഗ്ദ്ധാന്നപാന[5]വും നല്ല ബ്രാഹ്മണർക്കനൃണാർത്ഥമായു്. 6
കറക്കും പൈയിനെച്ചന്ദ്രനക്ഷത്രത്തിൽ കൊടുക്കുകിൽ

---

1 സർവ്വകാമഫലദ്രുക്കൾ = ആഗ്രഹിക്കുന്നതെല്ലാം നല്കുന്ന കാമ്യങ്ങളോടുകൂടിയ വൃക്ഷങ്ങൾ. 2 എന്നാൽ=അതിനാൽ. 3 ദാനകല്പം=ദാനവിധി. 4 പ്രസൃതം= പാകം ചെയ്തു; പൊരിച്ചു. 5 ദുഗ്ദ്ധാന്നപാനം=പാൽച്ചോറും പാനീയവും.

മൎത്ത്യലോകം വിട്ടു മുഖ്യസ്വൎഗ്ഗലോകം ഗമിക്കുമേ. 7
ആൎദ്രനാളുപവാസം ചെയ്തെള്ളിൻകൃസര[1]മേകുകിൽ
നരൻ ദുൎഗ്ഗം കടന്നീടും ക്ഷുരധാരാചല[2]ങ്ങളും. 8
ശോഭനേ, പുണർതംനാളിലമ്മട്ടപ്പം കൊടുക്കുകിൽ
പേർകേട്ടഴകിലന്നാഢ്യൻ സൽക്കുലത്തിൽ പിറന്നിടും. 9
കൃതാകൃതസ്വൎണ്ണമങ്ങു പൂയംനാളിൽ കൊടുക്കുകിൽ
സോമമട്ടിൽ സ്വപ്രകാശലോകങ്ങളിൽ വിളങ്ങുമേ. 10
ആയില്യംനാരം വെള്ളികൊണ്ടു വൃഷഭത്തെക്കൊടുക്കിലോ
അവൻ സൎവ്വഭയം തീൎന്നു സംഭവങ്ങളെയാൎന്നിടും. 11
മകംനാളെള്ളു നിറയ വൎദ്ധമാന[3]ങ്ങരം നല്കുവോൻ
മോദിക്കും പശുപുത്രാഢ്യനീ ലോകത്തിൽ പരത്തിലും. 12
ഉപവാസം ചെയ്തു പൂരംനാളിങ്കൽ ബ്രാഹ്മണൎക്കിഹ
ഗോരസാന്നങ്ങരം നല്കീടിൽ സൗഭാഗ്യം നേടുമായവൻ. 13
ഉത്രംനാരം നെയ്പ് പാൽ കലൎത്തു നവരച്ചോർ വിധിക്കുതാൻ
കൊടുത്തീടുന്നാകിലവൻ സ്വൎഗ്ഗലോകത്തു പൂജ്യനാം. 14
മനുഷ്യരെന്തെന്തു ദാനമുത്രംനാളിൽ കൊടുപ്പതോ
മഹാഫലമതൊക്കേയുമെന്നാകുന്നിതു നിശ്ചയം. 15
അത്തംനാളാന നാലശ്വത്തേരും നല്കിലുപോഷിതൻ[4]
പുണ്യകാമങ്ങളിയലും ശ്ലാഘ്യലോകങ്ങരം നേടിടും. 16
ചിത്രനാരം കാളയും ഗന്ധങ്ങളും ഭാരത, നല്കിയാൽ
ചരിക്കുമപ്സരോലോകനന്ദന[5]ത്തിൽ രമിച്ചിടും. 17
ചോതിനാളിൽ തനിക്കിഷ്ടപ്പെട്ടും വിത്തം കൊടുക്കുകിൽ
ശുഭലോകങ്ങളും നേടുമിഹത്തിൽ ബഹുകീൎത്തിയും. 18
ശാഖംനാളിൽ കാളയേയും കറക്കും പൈയിനേയുമേ
പത്തായം വണ്ടിയും നെല്ലും വസ്ത്രവും ചേൎത്തു നല്കിയാൽ 19
പിതൃദേവപ്രീതിയേല്ക്കും പരത്രാ[6]നന്ത്യ[7]മാൎന്നിടും;
ദുൎഗ്ഗങ്ങളിൽ ചെല്ലുകില്ലാ സ്വൎഗ്ഗലോകത്തിലെത്തിടും. 20
വിപ്രൎക്കു ചൊന്നമട്ടേകിലിഷ്ടയാം വൃത്തി നേടിടും
നരകാദിക്ലേശമൊന്നുമേല്ക്കില്ലെന്നാണു നിശ്ചയം. 21
അനിഴംനാരം പുതപ്പേവം വസ്ത്രാന്നമുപവാസിയായ്
കൊടുത്തെന്നാൽ നൂറു യുഗം സ്വൎഗ്ഗത്തിൽ പൂജ്യനാം നരൻ. 22
തൃക്കേട്ടനാരം ബ്രാഹ്മണൎക്കു ചേനയും കാളശാകവും
നല്കിയാൽ പുഷ്ടിയുള്ളിഷ്ടഗതി നേടീടുമായവൻ. 23

---

1 കൃസരം=എള്ളു്, അരി, പാൽ ഇവ ചേൎത്തു വേവിച്ചുണ്ടാക്കിയ ചോറു്. 2 ക്ഷുരധാരാചലങ്ങൾ=കത്തിപോലെ കൂൎത്തുമൂൎത്ത പാറക്കല്ലുകളോടുകൂടിയ പൎവ്വതങ്ങൾ. (പരലോകത്തിലെ പൎവ്വതങ്ങളെപ്പററിയുള്ള വിവരണമാണിതു്.) 3 വൎദ്ധമാനം=താലം. 4 ഉപോഷിതൻ=ഉപവസിച്ചവൻ. 5 നന്ദനം=നന്ദനോദ്യാനം. 6 പരത്ര=പരലോകത്തിൽ. 7 ആനന്ത്യം=നാശമില്ലാത്ത അവസ്ഥ; സ്വൎഗ്ഗം.

മൂലംനാളാദരാൽ മൂലഫലം വിപ്രക്കു നല്കിയാൽ
പിതൃപ്രീതി വരുത്തീടുമിഷ്ടയാം ഗതി നേടിടും. 24
പൂരാടം നാളുപവസിച്ചിട്ടനേകം തയിക്കുടം
കുലവൃത്താഢ്യനായ് വേദവേദിബ്രാഹ്മണനേകിയാൽ 25
പൈക്കളേറും കുലത്തിങ്കൽ മർത്ത്യൻ ചത്താൽ പിറന്നിടും.
പെരുത്തു ശക്കരച്ചോറും നെയ്യും തൈരുമതേവിധം 26
ഉത്രാടംനാളിൽ നല്കീടിൽ മുററും കാമങ്ങൾ നേടിടും.
അഭിജിത്തെന്ന കാലത്തു പാൽ നൈ തേൻ ചേർത്തു ധാർമ്മികൻ
മനീഷികൾക്കു നല്കീടിൽ സ്വർഗ്ഗലോകത്തു പൂജ്യനാം.
ഓണംനാളിൽ കംബളത്തെ വസ്ത്രത്തോടൊത്തു നല്കിയാൽ 28
വെളുത്ത വാഹനം കേറിത്തുറന്നാ സ്വർഗ്ഗമെത്തിടും.
അവിട്ടംനാളാദരത്താൽ ഗോവാഹനവുമങ്ങനെ 29
വസ്ത്രവും ധനവും നല്കിൽ മരിച്ചാൽ രാജ്യമെത്തിടും.
ചതയംനാൾ ഗന്ധമൊക്കമകിൽചന്ദനമേകിയാൽ 30
മരിച്ചാലപ്സരസ്സോത്തു നിത്യഗന്ധങ്ങളേററിടും.
പൂരുരുട്ടാതിനാളങ്ങു രാജമാഷങ്ങൾ[1] നല്കിയാൽ 31
മുററും ഭക്ഷ്യഫലോപേതം പരത്തിങ്കൽ സുഖിച്ചിടും.
ഉത്തിരിട്ടാതിനാളാട്ടിൻമാംസം നല്കുന്നതാകിലോ 32
പിതൃപ്രീതി വരുത്തീടും പരത്രാനന്ത്യമാർന്നിടും.
പാത്രം നിറെക്കറക്കുന്ന പൈയിനേ രേവതീദിനേ 33
കൊടുത്താൽ കാമമോടൊത്തു പരത്തിലതു പാട്ടിലാം.
അശ്വാഢ്യത്തേരശ്വതിനാൾ കൊടുത്തീടും നരോത്തമൻ 34
ഹസ്ത്യശ്വാഢ്യകുലത്തിങ്കൽ വച്ചസ്സാർ[2]ന്നു പിറന്നിടും.
ബ്രാഹ്മണക്കായ്‌ബ്ഭരണിനാൾ തിലധേനുക്കൾ നല്കിയാൽ 35
പെരുത്തു പൈക്കളേ നേടും പരത്തിൽ പേർ പുകഴ്‌ന്നിടും.

ഭീഷ്മർ പറഞ്ഞു

എന്നു നാൾതോറുമൊക്കുന്ന ലക്ഷണോദ്ദേശമോതിനാൻ
നാരദൻ ദേവകിയൊടായ് ചൊല്ലീ സ്നുഷകളോടവൾ. 36

65. പാനീയാദിദാനം

കുടിക്കാനുള്ള ശുദ്ധജലം ദാനംചെയ്യുയോ ശുദ്ധജലം കിട്ടാനുള്ള കൂപതടാകാദികൾ നിർമ്മിക്കയോ ചെയ്യാലുള്ള ഫലങ്ങളെപ്പററി വിവരിക്കയാണ് ഈ അദ്ധ്യായത്തിൽ.

ഭീഷ്മർ പറഞ്ഞു

കാമമൊട്ടുക്കു നല്കുന്നു കാഞ്ചനം നല്കിടുന്നവർ
എന്നാണത്രേ ബ്രഹ്മപുത്രൻ ഭഗവാനത്രി ചൊന്നതും. 1

1 രാജമാഷം = പെരുംപയർ. 2 വച്ചസ്സ് = തേജസ്സ്.

പവിത്രം പിന്നെയായുഷ്യം[1] പിതൃക്കൾക്കായതക്ഷയം
സ്വർണ്ണമെന്നു ഹരിശ്ചന്ദ്രൻ പറഞ്ഞിട്ടുണ്ടു മന്നവ! 2

ദാനങ്ങളിൽ ശ്രേഷ്ഠമംബുദാനമേ മനു ചൊല്ലിനാൻ
എന്നാൽ കുഴിപ്പിക്ക കിണർ വൻ തടാകം കുളങ്ങളും. 3

പുരുഷന്നിഹ കർമ്മത്തിൻ പാപം പാതി ഹരിച്ചിടും
നന്നായ് വെള്ളമെടുത്തീടാവുന്നോരു കിണറെപ്പൊഴും. 4

വംശമൊട്ടുക്കുയർത്തീടും താൻ കുഴിച്ച ജലാശയേ
ഗോബ്രാഹ്മണന്മാർ സാധുക്കളെന്നും വെള്ളം കുടിക്കുകിൽ. 5

ആക്കുള്ള വെള്ളം വേനല്ക്കു തടവില്ലാതെ നില്പതോ
മുറ്റുമേ വിഷമം ദുർഗ്ഗ[2]മവന്നേല്ക്കില്ലൊരിക്കലും. 6

ബൃഹസ്പതിക്കും ഭഗവാൻ പൂഷാവിന്നും ഭഗന്നുമേ
അശ്വികൾക്കും പാവകന്നും നെയ്യിനാൽ പ്രീതിയായ്‌വരും. 7

മുഖ്യഭേഷജ[3]മീയൊന്നു യജ്ഞങ്ങൾക്കുമിതുത്തമം
രസങ്ങളിൽ ശ്രേഷ്ഠമിതു ഫലങ്ങളിലിതുത്തമം. 8

ഫലകാമൻ കീർത്തികാമൻ പുഷ്ടികാമനുമെപ്പൊഴും
വിപ്രർക്കു നൈ കൊടുക്കേണം പുരുഷൻ ശുചിയാത്മവാൻ. 9

വിപ്രർക്കാശ്വിനമാസത്തിൽ നൈ കൊടുക്കുന്നതാകിലോ
അവന്നങ്ങശ്വിനീദേവർ സന്തോഷിച്ചഴകേകിടും. 10

നൈപ്പായസം ബ്രാഹ്മണർക്കു കൊടുത്തീടിലവന്നുടെ
ഗൃഹത്തിൽ വന്നാക്രമിക്കാ രാക്ഷസന്മാരൊരിക്കലും; 11

അവൻ ദാഹിച്ചു ചാകില്ലാ സർവ്വോപകരണാഢ്യനാം[4];
പാത്രങ്ങൾ നല്കുകിലവൻ വ്യസനത്തിങ്കലാപ്പെടാ. 12

പ്രയതൻ ബ്രാഹ്മണാഗ്ര്യർക്കു നല്കുവാൻ ശ്രദ്ധയുള്ളവൻ
കൊടുത്തതിന്നാറിരട്ടി നേടും പുരുഷനെപ്പൊഴും. 13

അവന്നർത്ഥങ്ങൾ സിദ്ധിക്കുമെപ്പോഴും പല കാര്യവും
ശത്രുക്കളുടെ മേലായി മെയ്യാൽ വിലസുമായവൻ. 14

ഭഗവാൻ വഹ്നിയും നിത്യം പ്രീതനായിബ്‌ഭവിച്ചിടും
അവന്നു പൈക്കളൊഴിയാ ജയം യുദ്ധത്തിലൊത്തിടും. 15

മക്കളും ശ്രീയുമുണ്ടാകും കുട നല്കുന്നതാകിലോ
കണ്ണിൽദ്ദീനം പിടിക്കില്ലാ യജ്ഞഭാഗവുമേറ്റിടും. 16

വേനല്ക്കും വർഷകാലത്തും കുട നല്കുന്നതാകിലോ
ആയവന്നു മനോദാഹമുണ്ടാവില്ലൊരുകാലവും; 17

വിഷമപ്പെട്ട കൃച്ഛ്റങ്ങൾ[5] വിട്ടുടൻ കേറുമായവൻ.
ദാനത്തിൽ മുഖ്യം ശകട[6]ദാനമെന്നു ധരാപതേ!
ചൊല്ലീട്ടുണ്ടു മഹാഭാഗൻ ശാണ്ഡില്യൻ ഭഗവാനൃഷി. 18

---

1 ആയുഷ്യം = ദീർഘായുസ്സുണ്ടാകാൻ പറ്റിയതു്. 2 ദുർഗ്ഗം = ആപത്തു്. 3 ഭേഷജം = ഔഷധം. 4 സർവ്വോപകരണാഢ്യൻ = എല്ലാ ഉപകരണങ്ങളും ധാരാളമുള്ളവൻ. 5 കൃച്ഛ്റം = കഷ്ടത; ശാരീരികമായ ദുഃഖം. 6 ശകടം = വണ്ടി.

66. അന്നഭൂതിലഗോദാനവിവരണം

അന്നം, ഭൂമി, എള്ളു്, പശുക്കൾ എന്നിവയിൽ ഓരോന്നും ദാനം ചെയ്താലുള്ള ഫലം പ്രത്യേകം പ്രത്യേകം വിവരിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ചുട്ടുപൊള്ളുന്ന വിപ്രന്നു കാൽച്ചെരിപ്പു കൊടുക്കുകിൽ
അവന്നെന്തു ഫലം കിട്ടുമതു ചൊല്ലു പിതാമഹ! 1

ഭീഷ്മൻ പറഞ്ഞു

ശ്രദ്ധയോടും ബ്രാഹ്മണക്കു കാൽച്ചെരിപ്പു കൊടുക്കുകിൽ
മുള്ളുകളും കണ്ടകം മറ്റും വിഷമങ്ങളും കടന്നിടും. 2
അവൻ ശത്രുക്കളുടെമേൽ നിന്നുകൊള്ളും യുധിഷ്ഠിര!
അവന്നശ്വതരീ[1]യുക്തം ശുഭ്രയാനം ധരാപതേ! 3
കൈവരും കൗന്തേയ, വെള്ളി പൊന്നണിഞ്ഞു മനോഹരം
കാളയെപ്പൂട്ടിടും വണ്ടി കൊടുത്ത ഫലമായ്‌വരും. 4

യുധിഷ്ഠിരൻ പറഞ്ഞു

തിലദാനം ഭൂമിദാനം ഗോദാനം ചോർ കൊടുക്കലും
ഇവയ്ക്കു ചൊന്നോരു ഫലം വിസ്തരിക്കുക കൗരവ! 5

ഭീഷ്മൻ പറഞ്ഞു

കേട്ടുകൊള്ളുക കൗന്തേയ, തിലദാനത്തിനാം ഫലം
കേട്ടറിഞ്ഞു യഥാന്യായം കൊടുക്കൂ നൃപസത്തമ! 6
പിതൃക്കൾക്കു പരം ഭോജ്യം ബ്രഹ്മൻ തീർത്തവയെള്ളുകൾ
അതിനാൽ തിലദാനത്താൽ പിതൃവർഗ്ഗം രസിച്ചിടും. 7
മാഘമാസത്തിലെള്ളാരോ ബ്രാഹ്മണക്കു കൊടുപ്പതും,
സർവ്വസത്വങ്ങളും ചിന്നും നരകം കാണുകില്ലവൻ. 8
സർവ്വസത്രം[2] ചെയ്തവനാം തിലത്താൽ പിതൃയാജകൻ
മനസ്സില്ലാതെ നല്ലോല്ലാ തിലശ്രാദ്ധമൊരിക്കലും. 9
കാശ്യപപക്ഷീന്ദ്രന്റെ മെയ്യിൽനിന്നുണ്ടായവയെള്ളുകൾ
അതിനാലെള്ളുകൾ കൊടുക്കുമ്പോൾ ദിവ്യങ്ങളാം പ്രഭോ! 10
പുഷ്ടി നല്ലും രൂപമേകും പാപം പോക്കീടുമങ്ങനെ
സർവ്വദാനത്തിലും മെച്ചമതിനാൽ തിലദാനമാം. 11
ആപസ്തംബൻ മേധയുള്ളോൻ ശംഖൻ ലിഖിതനങ്ങനെ
തിലദാനാൽ സ്വർഗ്ഗമെത്തി ശ്രീഗൗതമമഹർഷിയും. 12
തിലഹോമക്കാർ ദ്വിജന്മാർ മറ്റും സംയതമൈഥുനർ
സമം ഗവ്യ[3]ഹവിസ്സാലേ പ്രവൃത്തികളിൽ നില്പവർ. 13
എല്ലാദ്ദാനങ്ങളിലുമീത്തിലദാനം പ്രശസ്തമാം
അക്ഷയം സർവ്വദാനത്തിൽ ചൊല്ലുന്നു തിലദാനമേ. 14

---

1 അശ്വതരി=പെൺ കോവർകഴുത. 2 സത്രം=അന്നാദി ദാനം. 3 ഗവ്യം=പാൽ, നെയ് മുതലായവ.

പണ്ടു ഹവ്യം നശിച്ചിട്ടു കുശികർഷി പരന്തപൻ
മൂന്നഗ്നിയ്ക്കുള്ള ഹോമിച്ചു മുഖ്യയാം ഗതി നേടിനാൻ. 15
ഏവം ചൊന്നേൻ കുരുശ്രേഷ്ഠ, തിലദാനം മഹത്തരം
വിധാനമേതുവിധിയാൽ തിലങ്ങൾക്കഗ്ര്യമെന്നതും. 16
ഇനിമേല്ലോട്ടിതുൾക്കൊൾക വാനോർ യജ്ഞത്തിനുന്നിയോർ
സ്വയംഭൂവാം ബ്രഹ്മദേവൻ വന്നുചേർന്നപ്പൊൾ മന്നവ! 17
വാനോർ ചെന്നാ ബ്രഹ്മനോടു മന്നിൽ യജ്ഞത്തിനുന്നിയോർ
ശുഭപ്രദേശം യാചിച്ചു യജിപ്പാൻവേണ്ടി മന്നവ! 18

ദേവകൾ പറഞ്ഞു

ഭഗവാനേ, പ്രഭു ഭവാൻ മന്നിന്നും മുററുവിണ്ണിനും[1]
യജിക്കട്ടേ മഹാഭാഗ, ഞങ്ങൾ യജ്ഞം ത്വദാജ്ഞയാൽ. 19
ഭൂമിക്കനുജ്ഞയില്ലാത്തോൻ യജ്ഞത്തിൻ ഫലമേററിടാ
അങ്ങല്ലോ സ്ഥാവരചരജഗത്തിന്നങ്ങശേഷവും
പ്രഭുവായ് നില്പതതുകൊണ്ടനുവാദം തരേണമേ. 20

ബ്രഹ്മാവു പറഞ്ഞു

തരാം നിങ്ങൾക്കു ഭൂഭാഗം ഞാനെന്നാൽ സുരമുഖ്യരേ!
യജിക്കുമേതിടം നിങ്ങൾ യജ്ഞം കശ്യപപുത്രരേ! 21

ദേവകൾ പറഞ്ഞു

ഭഗവാനേ, കൃതാത്ഥന്മാർ യജിക്കാം ദക്ഷിണാഢ്യമായ്
ഈ പ്രദേശത്തെ മുനികളുപാസിക്കുന്നിതെപ്പൊഴും. 22
അപ്പോളഗസ്ത്യനാക്കണ്വൻ ഭൃഗുവത്രി വൃഷാകപി
അസിതൻ ദേവലൻതാനും ദേവയജ്ഞത്തിലെത്തിനാർ. 23
പിന്നെ വാനോർ മഹാത്മാക്കൾ യജിച്ചു യജ്ഞമച്യുത!
ഏവം സമാപനം ചെയ്തു കാലംപോലെ സുരർഷഭർ. 24
വൻപിയന്ന കുളക്കുന്നിൽ[2] യജ്ഞം ചെയ്തോരു ദേവകൾ
ആ യജ്ഞത്തിൻെറ ഷഷ്ഠാംശം ഭൂമിദാനം കൊടുത്തുതേ. 25
പ്രാദേശമാത്രം ഭൂഭാഗമനുപസ്കൃത[3]മേകിയോൻ
കഷ്ടപ്പാടിൽ കുഴങ്ങില്ലാ ദുർഗ്ഗങ്ങളിലകപ്പെടാ. 26
വെയിൽ മഞ്ഞും കാററുമേററു താങ്ങും സംസ്കൃതഭൂമിയെ
കൊടുത്താൽ വിണ്ണിലായ് പുണ്യം തീർന്നാലുമിളകില്ലവൻ. 27
രസിച്ചു പാർത്തിടും പ്രാജ്ഞൻ ശക്രനൊന്നിച്ചു മന്നവ!
ഇരിപ്പിടം കൊടുത്തീടിൽ പൂജ്യനാം വിണ്ണിലായവൻ. 28
ഓതിക്കോൻെറ കുലോൽപ്പന്നൻ ശ്രോത്രിയൻ നിയതേന്ദ്രിയൻ
ആർ ഗേഹത്തിൽ പാർപ്പു തുഷ്ടൻ മുഖ്യലോകത്തിലാമവൻ. 29
മഴ മഞ്ഞും താങ്ങിടുന്ന പൈത്തൊഴുത്താവിധം ദൃഢം
ഏഴു വംശത്തലമുറ കേററും ഭരതസത്തമ! 30

---

1 മുററുവിണ്ണ്=സ്വർഗ്ഗം മുഴുവൻ. 2 കുളക്കുന്ന്=ഹിമാലയപർവ്വതം. 3 അനുപസ്കൃതം=വേണ്ടുംപോലെ ഒരുക്കപ്പെടാത്ത.

പാരിൽ കണ്ടം കൊടുക്കുന്നോൻ ശുഭശ്രീയിനെ നേടിടും
രത്നഭൂമി കൊടുക്കുന്നോൻ കുലവംശം വളർത്തിടും. 31
വിളയാബ്ഭൂമി നല്ലൊല്ലാ വെന്തതേകൊല്ലൊരിക്കലും
ചുടലക്കാട്ടുള്ളതുമേ പാപന്മാർ പാർത്തിടുന്നതും 32
പരൻെറ ഭൂമിഭാഗത്തു പിതൃക്രിയ കഴിപ്പവൻ
പിതൃക്കളൊത്താബ് ഭൂവികൽ ശ്രാദ്ധകർമ്മം മുടിക്കയാം[1]. 33
അതിനാൽ സ്വല്പമെന്നാലും ഭൂ വാങ്ങീട്ടേകണം ബുധൻ
അതിൽ പിതൃക്കൾക്കു പിണ്ഡമേകിൽ ശാശ്വതമായ്‌വരും. 34
കാട്ടും മാടുകളും പിന്നെയാറും തീർത്ഥങ്ങളും ശരി
എല്ലാമുടമയില്ലാതുള്ളവ വാങ്ങേണ്ടതില്ലവ. 35
എന്നേവം ഭൂമിദാനത്തിൻ ഫലം ചൊല്ലീ ധരാപതേ!
ഇനിഗ്ഗോദാനമിവിടെപ്പറയാമനഘാശയ! 36
ഗോക്കൾ മെച്ചം താപസർക്കു സർവ്വത്തെക്കാളുമാകയാൽ
അവയൊത്തു തപം ചെയ്തുകൊണ്ടാൻ ദേവൻ മഹേശ്വരൻ. 37
ബ്രഹ്മലോകേ വാഴ്വതിവ സോമനോടൊത്തു ഭാരത!
സിദ്ധർഷിമാരിതൊന്നത്രേ പ്രാർത്ഥിപ്പൂ പരസൽഗതി. 38
പാലാൽ ഹവിസ്സാൽ തയിരാൽ തോലിനാൽ ചാണകത്തി—
എല്ലാൽ കൊമ്പാൽ വാലിനാലുമാവശ്യം ചെയ്വു ഭാരത! [നാൽ
ശീതാതപങ്ങളേല്ലാഞ്ഞാലിവ കർമ്മത്തിനാകുമേ
മഴകൊണ്ടുള്ളോരു ദുഃഖമവയ്ക്കൊക്കില്ലതേവിധം. 40
വിപ്രരോടൊത്തു ചെല്ലുന്നതതിനാൽ പരമാം പദം
അതിനാൽ ഗോബ്രാഹ്മണമെന്നൊന്നായ് ചൊൽവൂ മനീഷി—
രന്തിദേവൻെറ യജ്ഞത്തിൽ പശുത്വം പൂണ്ടിതായവ [കൾ.
അന്നേ ചർമ്മണ്വതി നൃപ, ഗോചർമ്മവഴി തീർന്നതും. 42
പശുത്വം വിട്ടൊഴിഞ്ഞിട്ടു ദാനത്തിന്നായി വെച്ചതും
ഇവററിനെ ബ്രാഹ്മണർക്കു കൊടുക്കുന്നോൻ മഹീപതേ! 43
വൈഷമ്യമേല്ക്കിലും കഷ്ടാപത്തു വിട്ടൊഴിയും നൃപ!
ഗോസഹസ്രം കൊടുത്തുള്ളോൻ ചത്താൽ നരകമേററിടാ; 44
എല്ലാടവും വിജയവും നേടീടും മനുജാധിപ!
പൈക്കൾക്കെഴും പാലമൃതെന്നരുളീ ദേവനായകൻ 45
അതിനാൽ പശുദാതാവങ്ങമൃതത്തെക്കൊടുക്കയാം.
അഗ്നികൾക്കവ്യയം[2] ഹൌമ്യ[3]മിതെന്നാർ വേദവേദികൾ 46
അതിനാൽദ്ധേനുദാതാവു ഹൌമ്യത്തെത്തന്നെ നല്കയാം.
സ്വർഗ്ഗത്തിൽ മൂർത്തിമാനാകും പൈക്കൾക്കു പതി കാളയെ 47

1 അന്യൻെറ സ്ഥലത്തുവെച്ചു പിതൃകർമ്മം നടത്തുകയോ അന്യന്റെ ഭൂമി പിതൃക്കൾക്കുവേണ്ടി ദാനംചെയ്കയോ ചെയ്താൽ, ആ പിതൃകർമ്മ(ശ്രാദ്ധ)വും ദാനവും നിഷ്പ്രയോജനമായിത്തീരും എന്നാണ് മൂലശ്ലോകത്തിലെ ആശയം. 2 അവ്യയം = ശാശ്വതഫലപ്രദം. 3 ഹൌമ്യം = ഹോമിക്കത്തക്കതു്; ഹവിസ്സ്.

ഗുണിബ്രാഹ്മണനേകുന്നോൻ സ്വർഗ്ഗത്തിൽ പൂജ്യനാമവൻ.
പ്രാണിപ്രാണങ്ങളിവയെന്നോതുന്നു ഭരതർഷഭ! 48
അതിനാൽധേനുദാതാവാ പ്രാണനെത്താൻ കൊടുക്കയാം.
ഗോക്കൾ ഭൂതശരണ്യങ്ങളെന്നാർ വേദജ്ഞരാമവർ 49
അതിനാൽധേനുദാതാവു ശരണത്തെക്കൊടുക്കയാം.
കൊലയ്ക്കേകൊല്ല കീനാശ[1]നെന്നല്ലാ നാസ്തികനുമേ 50
ഗോജീവി[2]ക്കും കൊടുക്കൊല്ലാ ഗോവിനെബ്ഭരതർഷഭ!
അമ്മട്ടെഴും പാപികൾക്കു ഗോവിനെത്താൻ കൊടുപ്പവൻ 51
ഒടുങ്ങാതുള്ള നരകമെത്തുമെന്നാർ മഹർഷികൾ.
മെലിഞ്ഞതു കിടാവററതേവം രോഗിണി മച്ചിയും 52
വ്യംഗ[3]യും ശ്രാന്തയിവയെ വിപ്രന്നേകൊല്ല പൈക്കളെ.
പത്തായിരം പൈ കൊടുപ്പോൻ ശക്രനൊത്തു സുഖിച്ചിടും 53
നേടുമക്ഷയലോകങ്ങൾ താൻ നൂറായിരമേകിയോൻ.
എന്നിപ്രകാരം ഗോദാനം തിലദാനവുമോതിനേൻ 54
ഭൂദാനവും, കേൾക്കുകന്നദാനത്തെബ്ഭരതർഷഭ!
അന്നദാനം മുഖ്യമെന്നു ചൊൽവു കുന്തീകുമാരക! 55
അന്നം കൊടുത്തിട്ടു രന്തിദേവൻ വിണ്ണു കരേറിനാൻ.
വിശന്നേററം തളർന്നോനു ചോറു നല്കുന്നവൻ നൃപ! 56
സ്വായംഭുവസ്ഥാനമതിലെത്തീടുമവനീപതേ!
പൊന്നു വസ്ത്രം മററുമോരോന്നേകിൽ നേടില്ല ഭാരത! 57
മർത്ത്യർ ചോറു കൊടുക്കുന്നോർ നേടും ശ്രേയസ്സിനെ പ്രഭോ!
അന്നമൊന്നാമതാം ദ്രവ്യമന്നം പരമലക്ഷ്മിയാം 58
പ്രാണനന്നത്തിൽനിന്നുണ്ടാം തേജസ്സും ബലവീര്യവും.
എന്നുമേകാഗ്രമതിയായെന്നും ചോറു കൊടുപ്പവൻ 59
ദുർഗ്ഗങ്ങളിൽ പെട്ടുപോകില്ലെന്നു ചൊല്ലീ പരാശരൻ.
മുറയ്ക്കു പൂജിച്ചമരർക്കന്നനൈവേദ്യമേകണം 60
നരർക്കേതന്നമുർവ്വീശ, തദ്ദേവകർ[4] തദന്നരാം[5].
കാർത്തികത്തിൽ ശുക്ലപക്ഷത്തിങ്കലന്നം കൊടുപ്പവൻ 61
ദുർഗ്ഗങ്ങളെക്കടന്നീടും പരത്രാനന്ത്യമാർന്നിടും.
ഉണ്ണാതെയതിഥിക്കന്നം ശ്രദ്ധയോടു കൊടുപ്പവൻ 62
ബ്രഹ്മജ്ഞർക്കുള്ള ലോകങ്ങളണയും ഭരതർഷഭ!
കഷ്ടാപത്തേററമേററാലും കേറും ചോറേകിടും നരൻ 63
പാപം കടക്കും താൻ മററും ദുഷ്കൃതത്തെയൊഴിച്ചിടും.
എന്നന്നദാനത്തിൻേറയും തിലദാനമതിൻേറയും 64
ഭൂദാനത്തിൻേറയും ചൊന്നേൻ ഗോദാനത്തിൻേറയും ഫലം.

---

1 കീനാശൻ = മാംസഭോജി; കൃഷിക്കാരൻ. 2 ഗോജീവി = പശുക്കളെ വിററു് ഉപജീവനം കഴിക്കുന്നവർ. 3 വ്യംഗ = അംഗഭംഗമുള്ളതു്. 4 തദ്ദേവകർ = അവൻേറ ദേവകൾ. 5 തദന്നർ = അതേ അന്നത്തോടുകൂടിയവർ.

67. പാനീയദാനമാഹാത്മ്യം

ദാഹിച്ചവനു വെള്ളം കൊടുത്താലുള്ള ഫലത്തെ വിവരിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

താത, കേട്ടേൻ ഭവാൻ ചൊല്ലിത്തന്ന ദാനഫലത്തെ ഞാൻ
അന്നദാനം വിശേഷിച്ചും പ്രശസ്തമിഹ ഭാരത! 1
വെള്ളം കൊടുക്കൽ താനെന്നാലിങ്ങെമ്മട്ടു മഹാഫലം?
ഇതു കേൾപ്പാനെനിക്കാശ വിസ്തരിച്ചു പിതാമഹ! 2

ഭീഷ്മൻ പറഞ്ഞു

ഹന്ത നിന്നോടു പറയാം ശരിക്കു ഭരതർഷഭ!
ഞാനിപ്പോൾ ചൊല്ലുവതിതു കേൾക്ക സത്യപരാക്രമ! 3
വെള്ളംകൊടുക്കൽതൊട്ടൊക്കപ്പറയാമനഘാശയ!
ചോറെന്നതും വെള്ളമതും നല്കീട്ടേകൻ ഭുജിക്കുകിൽ 4
അതിലും വലുതാം ദാനമൊന്നുമില്ലെന്നു മന്മതം.
ഉണ്ണീ, ജീവികളന്നത്താൽ പ്രവർത്തിക്കുന്നിതെങ്ങുമേ 5
ലോകത്തിലതിനാലന്നം സർവ്വലോകപ്രസിദ്ധമാം.
അന്നത്താൽ ബലവും പ്രാണികൾക്കു തേജസ്സുമേറിടും 6
അതുകൊണ്ടിട്ടന്നദാനം ശ്രേഷ്ഠമെന്നാൻ പ്രജാപതി.
കൗന്തേയ, കേട്ടിതല്ലോ നീ സാവിത്രീവചനം ശുഭം 7
ഏതിൽനിന്നേതെവ്വിധമോ ദേവസത്രത്തിൽ വന്നതേ!
നരനന്നം കൊടുത്തീടിൽ പ്രാണൻ നല്കിയതാസ്സരും 8
പ്രാണദാനത്തിലും മേലെയായിട്ടില്ലൊരു ദാനവും.
കേട്ടില്ലേ നീ മഹാബാഹോ, ലോമശൻ ചൊന്ന വാക്കുമേ 9
പ്രാണൻ മാടപ്രാവിനേകിശ്ശിബി പണ്ടേറെറാരാ ഗതി
ദ്വിജന്നന്നം കൊടുത്തീടിലവൻ നേടും ധരാപതേ! 10
അതിലും മേൽ ജീവനദൻ[1] ചെല്ലുമെന്നുണ്ടു കേൾപ്പു നാം.
അന്നമുണ്ടാവതും വെള്ളത്തിങ്കൽനിന്നാം കുരൂത്തമ! 11
വെള്ളമുണ്ടായിടാതൊന്നുമുണ്ടായീടുന്നതല്ലെടോ.
വെള്ളമാകുന്നു ഭഗവാൻ സോമൻ ഗ്രഹഗണേശ്വരൻ 12
അമൃതം താനാണു സുധ സുധതാനമൃതങ്ങനെ.
ജലോത്ഭവങ്ങൾ ചെടികളന്നൗഷധികളും നൃപ! 13
അവയാൽ പ്രാണികൾക്കൊക്ക പ്രാണലാഭം ധരാപതേ!
ദേവകൾക്കന്നമമൃതു നാഗങ്ങൾക്കാവിധം സുധ 14
പിതൃക്കൾക്കോ സ്വധ പശുക്കൾക്കു വീരുത്തു[2]മങ്ങനെ.
അന്നംതന്നെ മനുഷ്യർക്കും പ്രാണനെന്നാർ മനീഷികൾ 15
അതൊക്കയും നരവ്യാഘ്ര, വെള്ളംകൊണ്ടുളവായതാം.

---

1 ജീവനദൻ = വെള്ളം കൊടുക്കുന്നവൻ. 2 വീരുത്തു് = പുല്ലു്, വള്ളി മുതലായതു്.

അതുകൊണ്ടംബുദാനത്തേക്കാളും മേലില്ലൊരെണ്ണവും 16
തനിക്കൈശ്വര്യമിച്ഛിക്കിലതെന്നും നല്കണം നരൻ.
ധന്യം യശസ്യമായുഷ്യം ജലദാനം പ്രസിദ്ധമാം 17
കൗന്തേയ, ശത്രുക്കളെടെമേൽ നില്ക്കും ജലദായകൻ.
സവ്വകാമങ്ങളും നേടുമെന്നെയ്ക്കും കീത്തിയേയുമേ 18
പരത്തിലാനന്ത്യമേല്ക്കും പാപവും വിട്ടൊഴിച്ചിടും.
നീർ കൊടുപ്പോൻ നരവ്യാഘ്ര, സ്വഗ്ഗം പുക്ക മഹാദ്യുതേ! 19
ക്ഷയമില്ലാത്ത ലോകങ്ങരം നേടുമെന്നരുളീ മനു.

68. തിലദീപാന്നവസ്ത്രദാനമാഹാത്മ്യം

എള്ള്, ദീപം, അന്നം, വസ്ത്രം എന്നിവ ദാനം ചെയ്താലുള്ള ഫലം വിവരിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

തിലദാനവുമെമ്മട്ട ദീപദാനവുമെങ്ങനെ
വസ്ത്രാന്നദാനവും വീണ്ടും പറഞ്ഞീടുകവേണമേ. 1

ഭീഷ്മൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
സംവാദം ബ്രാഹ്മണൻേറയും യമൻേറയും യുധിഷ്ഠിര! 2
മഹാഗ്രാമം മദ്ധ്യദേശത്തുണ്ടായീ ബ്രാഹ്മണക്കുപോൽ
ഗംഗായമുനകരംക്കുള്ളിൽ യാമുനാദ്രിക്ക കീഴിലായ്. 3
പണ്ണശാലാഖ്യമാമൊന്നു രമണീയം നരാധിപ!
വിദ്വാന്മാരവിടെപ്പാത്തു ഭൂരിബ്രാഹ്മണരങ്ങനെ. 4
പിന്നെച്ചൊല്ലി യമൻ കാക്കക്കണ്ണങ്കാൽ കണ്ണു മൂക്കുമായ്
കറുപ്പുടുത്തുദ്ധ്വരോമൻ രക്താക്ഷൻ ഭൃത്യനോടുതാൻ. 5
"പോക നീ ബ്രാഹ്മണഗ്രാമത്തെന്നിട്ടിങ്ങോട്ടു കൊണ്ടുവാ
അഗസ്ത്യഗോത്രത്തിൽപ്പെട്ട ശമ്മിയെന്നുള്ള വിപ്രനെ 6
വെളിവായോത്തു ചൊല്ലിക്കും വിദ്വാനാം ശമനിഷ്ഠനെ
ആനയിക്കൊല്ലരികെഴും മററുള്ളോരു സഗോത്രനെ. 7
അവന്നൊക്കും തൽഗുണവാനോതിക്കോൻജാതിയാണവൻ
സന്താനം വൃത്തിയിവയിലാഢ്യമാനായവൻ സമൻ; 8
ചൊന്നമട്ടിൽക്കൊണ്ടുവരികവനെപ്പൂജ ചെയ്യണം."
അവൻ ചെന്നു മറിച്ചങ്ങു നടത്തീ യമശാസനം 9
യമൻ നിഷേധിച്ചവനെപ്പിടിച്ചിങ്ങാനയിച്ചതേ.
എഴുന്നേററവനെപ്പൂജ ചെയ്തുടൻ വീര്യവാൻ യമൻ 10
"കൊണ്ടുപോകിവനെ,ക്കൊണ്ടുവരൂ മറേറാനെ"യെന്നുമായ്
ഈവണ്ണമാധമ്മരാജൻ പറഞ്ഞളവിലാ ദ്വിജൻ 11

ധർമ്മരാജാവിനോടോതിയോർത്തു ചൊല്ലി വെറുത്തവൻ
"എനിക്കുള്ളാശ്ശേഷകാലമിങ്ങു പാർക്കുവനച്യുത!" 12

യമൻ പറഞ്ഞു

കാലത്തിൻ വിഹിതം കാണുന്നില്ല ഞാനിങ്ങൊരിക്കലും
ധർമ്മം ചരിക്കുന്നവനെക്കേവലം ഞാനറിഞ്ഞിടും. 13
പോകങ്ങിപ്പോൾത്തന്നെ വിപ്ര നിജ ഗേഹം മഹാദ്യുതേ!
എല്ലാം സ്വൈരം പോലെ ചൊല്ലു ഞാനെന്തോ വേണ്ടതച്യുത!

ബ്രാഹ്മണൻ പറഞ്ഞു

അവിടെപ്പെരുതാം പുണ്യം ചെയ്താലെന്തതു ചൊല്ലണം
എല്ലാററിനും പ്രമാണം നീ ത്രൈലോക്യത്തിന്നു സത്തമ! 15

യമൻ പറഞ്ഞു

തത്ത്വമായ് കേൾക്ക വിപ്രർഷേ, പ്രദാനവിധിയുത്തമം
എള്ളല്ലോ മുഖ്യമാം ദാനം പുണ്യമാണിങ്ങു ശാശ്വതം. 16
ശക്തിക്കൊത്തെള്ളു കൊടുത്തീടവേണം ദ്വിജർഷഭ!
തിലങ്ങൾ നിത്യദാനത്താൽ കാമമൊക്കെ നടത്തിടും. 17
ശ്രാദ്ധത്തിലെള്ളേറെ മുഖ്യമിതല്ലോ ദാനമുത്തമം
വിധിയിൽക്കണ്ട കർമ്മത്താലിതു വിപ്രർക്കു നല്കു നീ. 18
വൈശാഖത്തിൽ പൂർണ്ണിമ*യിൽ വിപ്രർക്കെള്ളു കൊടുക്കണം
എള്ളു ഭക്ഷിക്കണം നിത്യമതുകൊണ്ടിട്ടു തേയ്ക്കണം; 19
ചെയ്യേണമെന്നും ഗേഹത്തിലേവം ശ്രേയസ്സിനോർപ്പവർ.
വെള്ളവും നല്കണം നിത്യം തണ്ണീർപ്പന്തൽകളും ദൃഢം 20
കുഴിപ്പിച്ചീടണം പൊയ്ക തടാകം കിണറെന്നിവ.
ഇതേററവും ദുർല്ലഭമാണീ ലോകത്തിൽ ദ്വിജോത്തമ! 21
വെള്ളമെന്നും കൊടുക്കേണം നിനക്കുത്തമപുണ്യമാം.
തണ്ണീർപ്പന്തൽ ചമയ്ക്കേണം നല്ലാനെന്നും ദ്വിജോത്തമ!
ഉണ്ടാലുമന്നം നല്കേണം വിശേഷിച്ചിങ്ങു വെള്ളവും. 22

ഭീഷ്മൻ പറഞ്ഞു

അവനേവം പറഞ്ഞിട്ടു യമദൂതൻ നിജാലയം
എത്തിച്ചോരവനൊക്കേയും നടത്തീ യമശാസനം. 23
യമദൂതൻ പിടിച്ചിട്ടു ശർമ്മിയെക്കൊണ്ടുചെന്നുടൻ
ധർമ്മരാജാവിനവനെയുണർത്തിക്കൊണ്ടിതപ്പൊഴേ. 24
ആധർമ്മജ്ഞനെയാധർമ്മരാജൻ പൂജിച്ചു വീര്യവാൻ
നിശ്ചയംചെയ്തു വെച്ചിട്ടു വന്നപാടെയയച്ചുതേ; 25
ആയവനും യമൻ മുററുമുപദേശിച്ചിതങ്ങനെ.
തിരിച്ചെത്തി യമൻ ചൊന്നതൊക്കച്ചെയ്തീടിനാനവൻ 26
ദീപങ്ങളേവം വാഴ്ത്തുന്നു യമൻ പിതൃഹിതേച്ഛയാൽ
പിതൃക്കളെക്കേറുമെന്നാൽ നിത്യം ദീപം കൊടുപ്പവൻ. 27

---

* പൂർണ്ണിമ = വെളുത്തവാവ്.

ദീപങ്ങളെന്നും നല്കേണമെന്നാൽബ് ഭരതസത്തമ!
ദേവകൾക്കും പിതൃക്കൾക്കും തങ്ങൾക്കും ദൃഷ്ടിദം* പ്രഭോ! 28
പെരുത്തു പുണ്യമായ്ച്ചൊൽവൂ രത്നദാനവുമൂഴിപ!
അതിന്റെ വിലയാൽ വിപ്രൻ യജിപ്പൂ ഭയമെന്നിയേ. 29
വാങ്ങിച്ചിട്ടതു വിപ്രർക്കായ് ബ്രാഹ്മണൻ നല്കിയെങ്കിലോ
അക്ഷയ്യമതു രണ്ടാൾക്കും കൊടുത്തോനേററവന്നുമേ. 30
നിലയ്ക്കു നില്പോനമ്മട്ടുള്ളോനു നല്കുന്നതാകിലോ
രണ്ടാൾക്കുമക്ഷയം ധർമ്മമതെന്നാൻ ധാർമ്മികൻ മനു. 31
വസ്ത്രം കൊടുത്തിടുന്നാകിൽ സ്വദാരനിരതൻ നരൻ
സുവസ്ത്രനായ്സ്സുഷ്ഠുവേഷനാകുമെന്നുണ്ടു കേൾപ്പു നാം. 32
പൈക്കൾ പൊന്നെള്ളുമവ്വണ്ണം വർണ്ണിച്ചു പലവട്ടവും
പുരുഷവ്യാഘ്ര, വേദത്തിൻ പ്രാമാണ്യം കാണ്കകാരണം. 33
വിവാഹങ്ങൾ കഴിക്കേണം പുത്രോൽപാദന ചെയ്യണം
സർവ്വലാഭത്തിലും പുത്രലാഭം കൗരവ്യ, മേലെയാം. 34

69. ഗോദാനമാഹാത്മ്യം

പശുക്കളെ ദാനം ചെയ്താലുള്ള ഫലം. എങ്ങനെയുള്ള ആൾക്കാണ് ദാനം ചെയ്യേണ്ടതെന്നും ബ്രഹ്മസ്വാപഹാരം വലിയ പാപമാണെന്നും ഭീഷ്മർ ഉപദേശിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

വീണ്ടും കുരുശ്രേഷ്ഠ, ദാനങ്ങൾക്കുള്ള വിധിയുത്തമം
മഹാപ്രാജ്ഞ, പറഞ്ഞാലും വിശേഷാൽബ് ഭൂമിദാനവും. 1
ഇഷ്ടിയിങ്കൽ ബ്രാഹ്മണന്നായ് ക്ഷത്രിയൻ ഭൂമി നല്കണം
വിധിപോലേററുവാങ്ങേണം മററാളല്ല നല്കുവാൻ. 2
ഫലമോർക്കും സർവ്വജാതിക്കാക്കെന്തേകാൻ കഴിഞ്ഞിടും?
വേദത്തിലെന്തു ചൊല്ലുന്നിതതൊന്നു വിവരിക്കണേ. 3

ഭീഷ്മൻ പറഞ്ഞു

തുല്യനാമങ്ങൾ ദേയങ്ങൾ മൂന്നും തുല്യഫലങ്ങളാം
ഗോക്കൾ സർവ്വാഭീഷ്ടദകൾ പശു ഭൂമി സരസ്വതി. 4
ശിഷ്യനായ് ധർമ്മ്യയാം ബ്രാഹ്മി സരസ്വതിയെയോതുവോൻ
ഗോഭൂമിദാനകർത്താക്കന്മാർക്കൊക്കും ഫലമേല്ക്കുമേ. 5
ഏവം ഗോക്കളെ വാഴ്ത്തുന്നു ദേയമൊന്നില്ലതിന്നുമേൽ
അവയ്ക്കുടുത്താണു ഫലം സിദ്ധിപ്പതു യുധിഷ്ഠിര! 6
മാതാക്കൾ ഗോക്കളേവർക്കും സുഖമൊക്കക്കൊടുപ്പവ
വൃദ്ധികാംക്ഷി വലംവെച്ചുകൊള്ളുകെന്നും പശുക്കളെ. 7

* ദൃഷ്ടിദം = കാഴ്ച നല്കുന്നതു്.

കാലുകൊണ്ടു ചവിട്ടൊല്ലാ പൈക്കൾക്കിടയിലേറൊലാ
ശുഭം വാഴും ദേവികളാണെന്നും പൂജ്യകളെപ്പൊഴും. 8
പണിചെയ്യും കാളകളിൽ പ്രേരണം ദേവകല്പിതം;
മുൻപിൽത്താനക്ഷരം വേറിട്ടഭിധേയമതിന്നുമേൽ[1]. 9
ബുധൻ മേയ്ക്കാൻ മേയുവാനും വെറുപ്പിക്കൊല്ല പൈക്കളെ
ദാഹിച്ചുഴന്നവ സബാധമാളേ മുടിക്കുമേ. 10
പിതൃഗേഹങ്ങളെപ്പോഴും ദേവതായതനങ്ങളും
മലത്താൽ ശുദ്ധമാക്കീടുമെന്തവററിന്നുമേൽ ശുചി? 11
അന്യൻെറ പയ്യിന്നൊരു പുൽപ്പിടിയോരാണ്ടു നിത്യവും
താനുണ്ണുമ്മുൻപേകിലതു സർവ്വകാമദമാം വ്രതം. 12
അവൻ പുത്രൻ കീർത്തി വിത്തം ശ്രീയുമങ്ങനെ നേടിടും
അശുഭം തീർന്നിടും പിന്നെ ദുഃസ്വപ്നത്തെയൊഴിച്ചിടും. 13

യുധിഷ്ഠിരൻ പറഞ്ഞു

എന്തു ചിഹ്നമെഴും ഗോക്കൾ നല്ലാമേതവ നല്ലൊലാ
എമ്മട്ടുള്ളവനേകേണമെമ്മട്ടുള്ളവനേകൊലാ? 14

ഭീഷ്മൻ പറഞ്ഞു

അസദ്വൃത്തന്നു പാപന്നും ലുബ്ധന്നും ഭോഷ്കുകാരനും
ഹവ്യകവ്യങ്ങളററോനും ഗോദാനം വയ്യൊരിക്കലും. 15
മക്കളേറും ഭിക്ഷുവാഹിതാഗ്നിയാം ശ്രോത്രിയന്നുതാൻ
പത്തു പൈക്കളെ നല്കുന്നോൻ മുഖ്യലോകങ്ങൾ നേടിടും. 16
ധർമ്മം ചെയ്യുവനെന്തുണ്ടോ ധർമ്മത്തിന്നൊത്തിടും ഫലം
ദാതാവൊക്കയ്ക്കുംശഭാക്കാം ക്രിയ തന്മൂലമല്ലയോ? 17
ജനിപ്പിപ്പോനാരിവനെ, ഭയത്തിൽക്കാക്കുവോനെവൻ,
കൊററു കല്പിപ്പതെവ,നീ മൂന്നുപേരും പിതൃക്കളാം. 18
ഗുരുശുശ്രൂഷ പാപത്തെപ്പോക്കും ഗർവ്വു യശസ്സിനെ,
അപുത്രതയെ മുമ്മക്കൾ[2], പത്തു പൈക്കളെവൃത്തിയെ[3]. 19

വേദാന്തനിഷ്ഠന്നു ബഹുശ്രുതന്നു
വിജ്ഞാനതൃപ്തന്നു ജിതേന്ദ്രിയന്നും
ശിഷ്ടന്നു ദാന്തന്നു യതന്നു നിത്യം
ഭൂതങ്ങൾതോറും പ്രിയമോതുവോനും 20
ക്ഷുത്താൽ വികർമ്മം തുടരാത്തവന്നു
മൃദുന്നു ശാന്തന്നതിഥിപ്രിയന്നും
സപുത്രദാരന്നു സമാനശീല-
ന്നാ ബ്രാഹ്മണന്നായിഹ വൃത്തി[4] നല്കൂ. 21

---

1 വടി, ചാട്ട മുതലായവകൊണ്ടു കാളകളെ ജോലിയിൽ പ്രവർത്തിപ്പിക്ക എന്നതു് ഈശ്വരകല്പിതമാണു്. എന്നാൽ യജ്ഞാദികർമ്മങ്ങൾക്കുവേണ്ടിയുള്ള പ്രേരണമാണു് ശ്രേയസ്കരം (അക്ഷരം). മററു വിധത്തിൽ ചെയ്യുന്നതു നിന്ദ്യമത്രെ—ഇതാണു് മൂലത്തിലെ ആശയം. (അഭിധേയം=നിന്ദ്യം എന്നു വ്യാഖ്യാതാവു്). 2 മുമ്മക്കൾ= മൂന്നു പുത്രന്മാർ. 3 അവൃത്തി=ദാരിദ്ര്യം. 4 വൃത്തി=ജീവനോപായം.

ശുഭം പാത്രം കണ്ടു ഗോദാനപുണ്യ—
ത്തുല്യം ബ്രഹ്മസ്വാപഹാരിക്കു പാപം;[1]
എന്തായാലും ബ്രാഹ്മണസ്വാപഹാരം
തൽബ്ഭാര്യാസംസർഗ്ഗവും ദൂരെ നീക്ക. 22

70. നൃഗോപാഖ്യാനം

ബ്രാഹ്മണരുടെ സ്വത്തപഹരിച്ചാലുണ്ടാകുന്ന ദോഷഫലത്തെ വിവരിക്കുന്നകൂട്ടത്തിൽ ഭീഷ്മർ, നൃഗമഹാരാജാവിന്റെ കഥ—മറെറാരുത്തന്റെ പശു അബദ്ധത്തിൽ തന്റേതെന്നു വിചാരിച്ചു ദാനം ചെയ്തതിന്റെ ഫലമായി ആയിരം കൊല്ലം നരകത്തിൽ കിടക്കേണ്ടിവന്ന കഥ—പറഞ്ഞു കേൾപ്പിക്കുന്നു.

ഭീഷ്മൻ പറഞ്ഞു

ഇവിടെത്തന്നെ പറയാം ബ്രഹ്മസ്വഹരണത്തിനാൽ
നൃഗൻ വലിയ കഷ്ടപ്പാടേററതും ഞാൻ കുരുദ്വഹ! 1
കേൾപ്പൂ മുന്നം യാദവന്മാർ പാർത്തീടും ദ്വാരകയ്ക്കകം
കാണായി വൻപിച്ച കിണർ പുൽ വള്ളികൾ പടർന്നതായ്. 2
ആക്കിണററിന്നു തണ്ണീരിന്നേററം യത്നിച്ചിടുന്നവർ
ഏറെപ്പണിപ്പെട്ടവിടെ മൂടിനില്ക്കും ജലത്തിലായ്. 3
കണ്ടാരവർ പെരുംകൂററനായിനില്ക്കുന്നൊരോന്തിനെ;
അതിനെക്കേററുവാൻ യത്നം ചെയ്താരവർ പെരുത്തുപേർ. 4
കുന്നൊക്കുമതിനെത്തോൽവാറിട്ടു കെട്ടി വലിക്കിലും
കയററുവാനായതില്ലാ ചെന്നു കൃഷ്ണാന്തികത്തുടൻ. 5
"കിണററിലംബരം മൂടി വൻപിച്ചോന്തുണ്ടു നില്പതായ്
അതിനെക്കേററുവാനാളില്ലെ"ന്നു കൃഷ്ണനൊടോതിനാർ. 6
അവൻ മുകുന്ദൻ കര കേററിവിട്ടു
ചോദിക്കവേ കാര്യമോതീ നരേന്ദ്രൻ
നൃഗൻ പരം തന്നെയുരച്ചിതപ്പൊഴേ
പുരാണനാം യജ്ഞസഹസ്രയാജിയെ[2]. 7
അതോത്തമായാളൊടു ചൊല്ലി മാധവൻ:
"ശുഭം ഭവാൻ ചെയ്തു, നടത്തിയില്ലഘം;
ഭവാനമീദൃഗ്ഗതിപെട്ടതെങ്ങനെ?
നരേന്ദ്ര, ചൊല്ലീടണമെന്തിതിങ്ങനെ? 8
ശതം സഹസ്രം പശു നൂറു പിന്നെയും
ശതം മുറയ്ക്കഷ്ടശതായുതങ്ങളും

---

1 ഉത്തമപാത്രത്തിൽ ഗോദാനം ചെയ്താൽ എത്രമാത്രം പുണ്യം കിട്ടുമോ, അത്രമാത്രം പാപം ബ്രാഹ്മണന്റെ സ്വത്തപഹരിച്ചവനുണ്ടാകുമെന്നാശയം. 2 യജ്ഞസഹസ്രയാജി=ആയിരം യാഗം ചെയ്തവൻ.

ഭവാൻ കൊടുത്തെന്നതു കേട്ടിരിപ്പു നാം
നൃപ, ദ്വിജക്കായതുമെങ്ങു പോയിതേ?'' 9

നൃഗൻ ചൊല്ലീ കൃഷ്ണനോ''ടൊരഗ്നിഹോത്രദ്വിജന്നുടെ
വിപ്രോഷിതന്റെ പൈ കൈവിട്ടെൻ പൈക്കൂട്ടത്തിലെത്തിതേ.
എൻ പൈക്കൾ ഗോസഹസ്രത്തിലതിനെക്കൂട്ടിയെണ്ണിനാർ
പരലോകഫലാകാംക്ഷിയതിനെ ദ്വിജനേകിനേൻ. 11
തിരയും വിപ്രനതിനെക്കണ്ടു പരഗൃഹത്തിലായ്
'ഇതെന്റെ'യെന്നാനുടമയൊത്തിരുന്നാ ദ്വിജോത്തമൻ. 12
ഇരുപേരും വന്നുചേർന്നു തർക്കിച്ചല്ലലിയന്നവർ
'നീ നല്കീ നീ ഹരിച്ചാ'നെന്നവരെന്നോടു ചൊല്ലിനാർ. 13
നൂറുനൂറായിരം പൈക്കൾ മാററമായിട്ടു പിന്നെ ഞാൻ
വാങ്ങിയോനോടു യാചിച്ചേനവനിങ്ങനെ ചൊല്ലിനാൻ: 14
'ദേശകാലം ചേർന്നിണങ്ങിക്കറപ്പോളതിവത്സല
മധുരപ്പാൽ തരും നിത്യമെൻ ഗൃഹത്തിവൾ നിത്യവും. 15
മെലിഞ്ഞു മുല കിട്ടാത്തെൻ മകനെപ്പോററുമീപ്പശു
അതിനെത്തരുവാൻ വയ്യെ'ന്നോതിപ്പോയീടിനാനവൻ. 16
പിന്നെ മററേ ദ്വിജനോടു മാററം യാചിച്ചുനോക്കി ഞാൻ
'നൂറായിരം പൈക്കളതിൻപകരം വാങ്ങുകെ'ന്നുതാൻ. 17
'രാജാക്കളോടു വാങ്ങാ ഞാൻ സ്വത്തു നേടാൻ മുതിർന്നവൻ
എന്റെയാപ്പൈയിനെയുടൻ നല്കെ'ന്നു മധുസൂദന! 18
സുവർണ്ണമശ്വങ്ങൾ വെള്ളി തേരെന്നിവ കൊടുക്കിലും
വാങ്ങിച്ചില്ലാ പോയിനാനാ ബ്രാഹ്മണർഷഭനപ്പൊഴേ. 19
ഇക്കാലത്തിൽത്തന്നെ കാലധർമ്മചോദിതനായ ഞാൻ
പിതൃലോകം പുക്കു ധർമ്മരാജപാർശ്വത്തിലെത്തിനേൻ. 20
യമനെന്നെപ്പൂജചെയ്തു പിന്നെയിങ്ങനെ ചൊല്ലിനാൻ:
'ഭവാന്റെ പുണ്യകർമ്മത്തിന്നന്തം കാണ്മീല മന്നവ! 21
അറിയാതെ ഭവാൻ ചെയ്ത പാപമൊന്നുണ്ടിരിപ്പതായ്
പാപം ഭുജിക്ക നീ പിൻപോ മുൻപോ തന്നിഷ്ടമട്ടുതാൻ. 22
രക്ഷിപ്പേനെന്നു നീ ചൊല്ലീ പാഴിലായീ പ്രതിജ്ഞയും
ബ്രഹ്മസ്വാദനവും പററീ രണ്ടുണ്ടങ്ങയ്ക്കതിക്രമം.' 23
'മുൻപിൽ പാപം പിൻപു പുണ്യം ഭുജിപ്പേ'നെന്നു ഞാൻ പ്രഭോ!
ധർമ്മരാജനൊടോതുമ്പോഴത്തന്നെ മന്നിൽപ്പതിച്ചുപോയ്. 24
കേട്ടേൻ വീണോരു ഞാനുച്ചമുരക്കും യമഭാഷിതം
'നിന്നെക്കേററിവിടാനുണ്ടാം വാസുദേവൻ ജനാർദ്ദനൻ. 25
ആയിരത്താണ്ടു തികയെപ്പാപകർമ്മം ക്ഷയിക്കവേ
നീ തൻ കർമ്മംകൊണ്ടു വെന്ന നിത്യലോകങ്ങൾ നേടുമേ.' 26
കിണററിൽ തല കീഴായ് വീണാത്മാവെക്കണ്ടു പിന്നെ ഞാൻ

തിര്യഗ്യോനിയിലായിട്ടുമോമ്മവിട്ടതുമില്ല മേ. 27
നീ കേററിവിട്ടതിന്നെന്നെത്തപസ്സല്ലാതെ എന്തുവാൻ?
അനുവാദം തരൂ കൃഷ്ണ, പോകട്ടേ വിണ്ണിലേക്കു ഞാൻ.'' 28
കൃഷ്ണൻെറ സമ്മതത്തോടും മുകുന്ദനെ വണങ്ങിയും
ദിവ്യയാനം കേറി വിണ്ണു പുക്കാനവനരിന്ദമൻ. 29
നൃഗൻ സ്വർഗ്ഗം ഗമിച്ചോരുശേഷം ഭരതസത്തമ!
വാസുദേവൻ ശ്ലോകമിതു ചൊല്ലിനാൻ കുരുനന്ദന! 30
''അറിവുള്ളോരു പുരുഷൻ ബ്രഹ്മസ്വത്തെ ഹരിക്കൊലാ
വിപ്രഗോവാൽ നൃഗന്മട്ടാം ബ്രഹ്മസ്വഹരണാൽ ക്ഷയം.'' 31
സത്തുക്കരംക്കോ സാധുസംഗം പാൎത്ഥ, നിഷ്ഫലമാസ്സരാ
കാണ്ക സൽസംഗമംകൊണ്ടു നരകം വിട്ടു പോയ് നൃഗൻ. 32
ദാനത്തിൻെറ ഫലം പോലെ ദ്രോഹം ദുഷ്ടഫലത്തിനാം
വജ്ജിക്കേണം ഗോക്കളുടെയപചാരം യുധിഷ്ഠിര! 33

71. നാചികേതോപാഖ്യാനം

നാചികേതനും യമനും തമ്മിലുണ്ടായ സംഭാഷണം ഉദ്ധരിച്ച് ഭീഷ്മൻ വീണ്ടും ഗോദാനമാഹാത്മ്യം വിവരിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

പൈക്കളെ നല്കിയാലുള്ള ഫലം ചൊല്ലുനഘാശയ!
വിസ്തരിച്ചു മഹാബാഹോ, തൃപ്തിയായീല ചൊല്ലു മേ. 1

ഭീഷ്മൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
ഋഷിയുദ്ദാലകൻ നാചികേതനും ചൊന്ന ഭാഷിതം. 2
ഋഷിയുദ്ദാലകൻ ദീക്ഷ പൂണ്ടു തന്മകനോടു 'നീ
എന്നെ ശുശ്രൂഷിക്കുകെ'ന്നു നാചികേതനൊടോതിനാൻ. 3
മഹർഷിയങ്ങാ നിയമം തീൎന്നു പുത്രനൊടോതിനാൻ
ഉപസ്പൃശാഭിരതനായ്* സ്വാദ്ധ്യായാസക്തനായ ഞാൻ 4
ദർഭ മേലരിയും പൂവും കുടവും ഭോജ്യവസ്തുവും
മറന്നേൻ പുഴവക്കിങ്കൽനിന്നതിങ്ങാനയിക്ക നീ. 5
ചെന്നതെല്ലാം പുഴയൊഴുക്കിട്ടുപോയ്ക്കിട്ടിടായ്കയാൽ
അതു കണ്ടില്ലെന്നിവണ്ണമച്ഛനോടോതിയാ മുനി. 6
പൈദാഹശ്രാന്തിപൂണ്ടോരാ മുനിയുദ്ദാലകൻ തദാ
'യമനെക്കാണ്കെ'ന്നു മകന്നേകീ ശാപം തപോനിധി. 7
അച്ഛനങ്ങനെ വാഗ്വജ്രമേല്പിച്ചോൻ തൊഴുതങ്ങനെ
പ്രസാദിക്കെന്നോതിയുടൻ ചത്തു വീണിതു ഭൂമിയിൽ. 8

---

* ഉപസ്പൃശാഭിരതൻ = ആചമനത്തിൽ ഏൎപ്പെട്ടവൻ.

നാചികേതൻ വീണതായ്ക്കണ്ടച്ഛൻ ദുഃഖം മുഴുത്തവൻ
'ഞാനെന്തേ ചെയ്തതെ'ന്നോതിക്കൊണ്ടു വീണിതു ഭൂമിയിൽ. 9

ദുഃഖമുൾക്കൊണ്ടാത്മജനെപ്പററി മാഴ്കമവന്നഹോ!
അന്നത്തെപ്പകൽ ശേഷിപ്പും തീർന്നിതുൽക്കടരാത്രിയും. 10

അച്ഛൻെറ കണ്ണുനീർക്കുത്തിൽ നാചികേതൻ കുരൂദ്വഹ!
ചലിച്ചു ദർഭശയനേ മഴയിൽ സസ്യമാംവിധം. 11

അവൻ ചോദിച്ചു ചത്താശു ജീവിച്ചാപ്പുത്രനോടുടൻ
ദിവ്യഗന്ധം പൂശിയുണർന്നേററമട്ടെത്തിയോനൊടായ്. 12

"സ്വകർമ്മാൽ പുണ്യലോകങ്ങളുണ്ണീ, നേടിയതില്ലയോ?
ഭാഗ്യത്താൽ വീണ്ടുമിങ്ങെത്തീ നിൻ മെയ് മാനുഷമല്ലെടോ." 13

എല്ലാം കണ്ടോനവൻ യോഗ്യനച്ഛൻ ചോദിച്ചവാറുടൻ
മഹർഷിമാർനടുക്കച്ഛനോടാ വൃത്താന്തമോതിനാൻ: 14

നാചികേതൻ പറഞ്ഞു

ഉടൻ ഭവൽക്കല്പനയേററു ചെന്നു
വിശാലമേററം രുചിരപ്രഭാവം
വൈവസ്വതീസഭ നില്പോന്നു കണ്ടേ–
നസംഖ്യമേ യോജന പൊൻനിറത്തിൽ. 15

നേരിട്ടു ഞാനണവതു കണ്ടവൻ താൻ
പീഠം നല്കീടെന്നു കല്പിച്ചുകൊണ്ടാൻ;
വൈവസ്വതൻ പിന്നെയർഘ്യാദി പൂജ
ഭവാന്മൂലം ചെയ്തുകൊണ്ടാനെനിക്കായ്. 16

ഉടൻ ചൊന്നേനവനോടങ്ങു മെല്ലേ
പരം സദസ്യന്മാർകൾ പൂജിച്ചൊരീ ഞാൻ
"വന്നേനീ നിൻ നാട്ടിൽ ഞാൻ ധർമ്മരാജ!
ലോകങ്ങൾക്കേതേതിനർഹൻ വിധിക്കൂ." 17

യമൻ ചൊല്ലീ "നീ മരിച്ചില്ല സൗമ്യ,–
യമാന്തം പോയ്ക്കാണ്കയെന്നാൻ തപസ്വി
പിതാവു ദീപ്താഗ്നിസമാനതേജ–
സ്സതേതുമേ വിപ്ര, ഭോഷ്കാക്ക വയ്യാ. 18

എന്നെക്കണ്ടു താത, പൊയ്ക്കൊൾകെടോ നീ
മാഴ്കുന്നു നിൻ ദേഹകർത്താവിദാനീം;
തരേണ്ടതെന്താണു മനോഗതം തേ?
പ്രിയാതിഥിക്കീപ്സിതമൊക്കെ വാങ്ങാം." 19

എന്നായവൻ ചൊന്നളവോതിനേൻ ഞാൻ:
"വന്നേൻ നിൻ നാട്ടിങ്കൽ വയ്യിങ്ങൊഴിപ്പാൻ
ഇച്ഛിക്കുന്നേൻ പുണ്യവാന്മാർപദങ്ങൾ
കാണ്മാൻ വരത്തിന്നു ഞാനർഹനെങ്കിൽ." 20

എന്നെദ്ദേവൻ ദിവ്യവാഹങ്ങളൊത്തു
വിളങ്ങീടും വാഹനത്തിൽക്കരേററി
കാട്ടിത്തന്നാനാത്മലോകങ്ങൾ മററും
പുണ്യം ചെയ്തോർക്കുള്ളതെല്ലാം ദ്വിജേന്ദ്ര! 21
അവിടെക്കണ്ടു യോഗ്യന്മാർക്കുള്ള തേജോഗൃഹങ്ങളെ
നാനാ സംസ്ഥാകൃതികളായ് സർവ്വരത്നമയങ്ങളെ 22
ചന്ദ്രമണ്ഡലശുഭ്രങ്ങൾ കിങ്ങിണിത്തൊങ്ങലുള്ളവ
പെരുത്തു നൂറു നിലയായ് വെള്ളം വനവുമുള്ളവ 23
വൈഡൂര്യസ്ഫടികാഭങ്ങൾ വെള്ളി പൊന്മയമായവ
തരുണാർക്കപ്രകാശങ്ങൾ നില്ക്കുന്നവ നടപ്പവ 24
ഭക്ഷ്യഭോജ്യക്കുന്നുകളും വസ്ത്രങ്ങൾ ശയനങ്ങളും
ഗൃഹത്തിൽ നില്ക്കും സർവ്വേഷ്ടഫലം കാഴ്ക്കും ദ്രുമങ്ങളും 25
മാർഗ്ഗങ്ങളും പുഴകളും സഭ തോടു കുളങ്ങളും
പൂട്ടീട്ടുള്ള മുഴക്കീടുമസംഖ്യം വാഹനങ്ങളും. 26

പാലോലും നല്ലാർകൾ ശൈലങ്ങൾ നെയ്യു-
മതേവിധം നല്ല തെളിഞ്ഞ വെള്ളം
യമാജ്ഞയോടേവമോരോ പ്രദേശം
മുൻ കാണാത്തുള്ളവ കണ്ടേനനേകം. 27

അതൊക്കയും കണ്ടു ഞാനാപ്പുരാണ-
പ്രഭു ശ്രീമൽദ്ധർമ്മരാജാവൊടോതീ:
''പാൽ നെയ്യോലുന്നീസ്സരിത്തുക്കളെല്ലാ-
മാർക്കായ്ബ് ഭക്ഷിച്ചീടുവാൻ വെച്ചിരിപ്പൂ?'' 28

യമൻ ചൊന്നാനിവ ഭോജ്യങ്ങളല്ലോ
സത്തുക്കളാം ഗോരസം നല്കുവോർക്കേ
എന്നും ശോകം തീർന്ന പേരാണ്ട മററേ-
ലോകങ്ങളോ ഗോപ്രദന്മാർക്കുതന്നേ. 29

പ്രശസ്തമല്ലിവയേ നല്കമാത്രം
പാത്രം കാലം ഗോവിശേഷം വിധാനം
എല്ലാം കണ്ടും വിപ്ര, ഗോഭേദമേക
ദുർജ്ഞേയം താൻ പാവകാദിത്യഭ്രുതം. 30

സ്വാദ്ധ്യായവാനേവനേററം തപസ്വി
വൈതാനസ്ഥബ്രാഹ്മണൻ പാത്രമത്രേ
ക്ലേശം തീർത്തും പോററിയും കൊണ്ടുവന്ന
വഴിക്കേകും ഗോവിശേഷം പ്രശസ്തം. 31

മൂന്നാൾ വെള്ളംകൊണ്ടു പോഷിച്ചു മന്നിൽ
തൃപ്തിപ്പെട്ടാപ്പൈക്കൾ തൃപ്തർക്കു നല്കു
വത്സാന്വിതം സുപ്രജം സോപചാരം
മൂന്നാൾ നല്കിഗ്ഗോരസംതാൻ കഴിക്ക. 32

നൽകുട്ടിയൊത്തോട്ടമില്ലാതിണങ്ങി–
ക്കാംസ്യം ചുരത്തും സുവ്രതഗോപ്രദാനാൽ
ഉണ്ടിങ്ങിതിന്നെത്ര രോമങ്ങളത്ര–
കൊല്ലം പുണ്യം സ്വർഗ്ഗലോകം ഭുജിക്കും. 33
അതേവിധം കാളയേ ബ്രാഹ്മണക്കു
യുവാവായിദ്ധുര്യനായ് ശക്തിമത്തായ്
കുലം ചേരും കുററനേ നല്കിയെങ്കിൽ
ഗോദാതാവിന്നൊത്ത ലോകം ഭുജിക്കും. 34
ക്ഷമിക്കുന്നോൻ പൈക്കളിൽ ഗോശരണ്യൻ
കൃതജ്ഞൻ ക്ഷീണിച്ചവൻ പാത്രമത്രേ
വൃദ്ധൻ ക്ഷീണൻ വൻ മഹാത്മത്തിരക്കു
കൃഷിക്കാര്യം ഹോമകാര്യം പ്രസൂതി. 35
ഗുർവ്വർത്ഥമാബ്ബാലപുഷ്ടിക്കിവററിൽ–
ഗ്ഗോദാനത്തിൽക്കാലഭേദങ്ങളില്ലാ
അന്തര്യാനക്രിയ വിജ്ഞാനലബ്ധ
പ്രാണക്രീതാർജ്ജിത വേട്ടേററവല്ലും.'' 36

വൈവസ്വതോക്തി കേട്ടോതിയവനോടങ്ങു പിന്നെ ഞാൻ
ഗോപ്രദായികളില്ലെങ്കിലെത്തും ലോകങ്ങളെങ്ങനെ? 37
പിന്നെച്ചൊല്ലീ യമൻ ധീമാൻ ഗോപ്രദാനാന്യമാർഗ്ഗവും
''ഗോപ്രദാനത്തിന്നു ശരി ഗോവില്ലാതുണ്ടു ഗോപ്രദർ. 38
യതവ്രതൻ ഗോവില്ലാഞ്ഞു ഘൃതധേനുവെ നല്കിലും
അവന്നു വത്സലനിലയ്ക്കു നെയ്യാർകളൊലിക്കുമേ. 39
യതവ്രതൻ നെയ്യില്ലാഞ്ഞു തിലധേനുവെ നല്കിലും
ധേനുദുർഗ്ഗം കേററിവിട്ടു പാലാററിൽ പ്രീതനാമവൻ. 40
യതവ്രതൻ തിലം കിട്ടാഞ്ഞംബുധേനുവെ നല്കിലും
അവൻ കാമം വഹിപ്പോരീക്കുളർനീരാൽ ഭുജിക്കുമേ.'' 41
എന്നിതൊക്കയുമങ്ങെന്നെദ്ധർമ്മരാജാവു കാട്ടിനാൻ
കണ്ടിട്ടൊട്ടേറെയും ഹർഷം പൂണ്ടേനീ ഞാനമച്യുത! 42

ഉണർത്തുവേനീ പ്രിയമങ്ങയോടീ
മഹാമഖം സ്വല്പധനപ്രചാരം
ഞാൻ താത, ചെയ്യേനതു ഞാൻ നടത്തി–
സ്സാധിക്കുമേ വേദവിധിപ്രവൃത്തം. 43
ശാപം ഭവാൻ തന്നതനുഗ്രഹത്തി–
ന്നെനിക്കു ഞാൻ യമനെക്കണ്ടുവല്ലോ
ദാനത്തിനാം ഫലവും കണ്ടു പൂജ്യ!
നിസ്സന്ദേഹം ദാനധർമ്മം ചരിപ്പേൻ. 44
ഇത്തും ചൊന്നാനെന്നൊടാദ്ധർമ്മരാജൻ
വീണ്ടും വീണ്ടും ഹർഷമാണ്ടോൻ മഹർഷേ!

ദാനത്തിനാൽ പ്രയതൻതന്നെയെന്നും
വിശേഷിച്ചും ഗോപ്രദാനം കഴിക്ക. 45

അർത്ഥം ശുദ്ധം തള്ളിടൊല്ലാ സ്വധർമ്മം
പാത്രേ നൽകു ദേശകാലാനുരൂപം
എന്നാലോ നീ ഗോക്കളേ നല്ലകെന്നും
നിനക്കൊട്ടും ശങ്ക തോന്നൊല്ലിതിങ്കൽ. 46

പണ്ടേ കൊടുത്താരിതിനേ നിത്യവും താൻ
ശാന്തന്മാരാം ദാനമാർഗ്ഗങ്ങളാം കണ്ടോർ
തപസ്സുഗ്രം മുററുമെന്നാത്തശങ്കർ
ദാനം കൊടുത്താരവർ ശക്തിപ്രകാരം. 47

കാലേ ശക്ത്യാ മത്സരം വിട്ടൊഴിച്ചു
ശുദ്ധന്മാർ സശ്രദ്ധരായ് പുണ്യശീലർ
ഗോദാനം ചെയ്തിങ്ങു ലോകത്തിലെത്തി
വിളങ്ങുന്നു വിണ്ണിലാപ്പുണ്യശീലർ. 48

ഈട്ടാനമോ ന്യായലബ്ധം ദ്വിജക്കു
പാത്രം നോക്കീട്ടേകിയെത്തിച്ചിടേണം
കാമ്യാഷ്ടമീനാൾ തുടരേണം ദശാഹ-
മാഗ്ഗോരസത്താൽ മലമൂത്രങ്ങളാലും. 49

ദേവവ്രതത്വം വൃഷദാനത്തിലൊക്കും
വേദാപ്തിയാം ഗോയുഗം[1] നല്കിയെങ്കിൽ
തീർത്ഥാപ്തിയാം ഗോവെഴം വാഹദാനാൽ
പാപം തീരും കപിലാഗോപ്രദാനാൽ. 50

ഒന്നെന്നാലും കപിലാഗോപ്രദാനം
ന്യായാൽ ചെയ്താൽ പാപമെല്ലാം നശിക്കും
മറെറാന്നില്ലാ ഗോരസത്തിന്നു മേലേ
ഗോദാനം താൻ സുമഹത്തെന്നു ചൊൽവു. 51

ലോകം കേററും കറയുള്ളോരു പൈക്ക-
ളുന്നം പാരിൽ പൈക്കളുണ്ടാക്കിടുന്നു
ഇതങ്ങറിഞ്ഞും പൈക്കളെ സ്നേഹിയാത്തോ-
നവൻ പാപൻ നരകത്തിൽ പതിക്കും. 52

പൈയായിരം നല്കവോനാരു നൂറോ
പത്തോ അതിൽപ്പാതിയോ കുട്ടിയോടേ
എന്നല്ലൊന്നോ സാധു വിപ്രന്നതായാം-
ക്കങ്ങെത്തിയാൽ പുണ്യതീർത്ഥസ്രവന്തി[2]. 53

പ്രാപ്തിക്കു പുഷ്ടിക്കുലകിൻെറ രക്ഷ-
യ്ക്കൊക്കും സൂര്യാഭയ്ക്കുമേ പൈക്കൾ മന്നിൽ

---

1 ഗോയുഗം=രണ്ടു പശു. 2 പുണ്യതീർത്ഥസ്രവന്തി=പുണ്യതീർത്ഥമായ നദിയുടെ ഫലം ചെയ്യുമെന്നർത്ഥം.

പേരൊന്നുണ്ടാം സന്തതി സൗഖ്യഭോഗ-
മെന്നാൽ ഗോദൻ[1] സൂര്യമട്ടിൽജ്ജ്വലിപ്പൂ. 54
ശിഷ്യൻ വരിക്ക ഗുരുവെഗ്ഗോപ്രദാനേ
സ്വർഗ്ഗത്തിൽച്ചെന്നെത്തുമായാം ദൃഢംതാൻ
വിധിജ്ഞർക്കിങ്ങുള്ള വൻപിച്ച ധർമ്മം
വിധിപ്രജ്ഞം മുൻ വിധിയിങ്കൽക്കിടപ്പൂ. 55
ഈദ്ദാനമോ ന്യായലബ്ധാർജ്ജിതക്കു
പാത്രം നോക്കീട്ടേകിയെത്തിച്ചുകൊള്ളൂ
ആശംസിപ്പൂ പ്രഥിതൻ പുണ്യശാലി
നിങ്കൽസ്സുരന്മാർ മർത്ത്യരും പിന്നെ നാമും.'' 56
എന്നേവമാദ്ധർമ്മരാജൻ ദ്വിജശ്രേ
പറഞ്ഞ ഞാൻ ധർമ്മമൂർത്തിക്കു കൂപ്പി
വൈവസ്വതാനുജ്ഞ വാങ്ങിച്ചു പിന്നെ-
ത്തിരിച്ചെത്തീ ഭഗവൽപാദമൂലേ. 57

72. ശക്രപ്രശ്നം

ഗോലോകത്തെയും ഗോദാനത്തേയുംപററി ഇന്ദ്രൻ ബ്രഹ്മാവിനോടു ചില സംശയങ്ങൾ ചോദിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

നാചികേതർഷിവിഷയം ഗോപ്രദാനം പറഞ്ഞു നീ
ഗോമാഹാത്മ്യവുമങ്ങോതിയുദ്ദേശപ്പടിയിൽ പ്രഭോ! 1
മഹാത്മാവാകിന നൃഗന്നേററൂ വലിയ സങ്കടം
അറിയാത്തോരു തെററാലേ പിതാമഹ, മഹാമതേ! 2
നിവേശിക്കേ ദ്വാരകയിലവനുദ്ധൃതനായിനാൻ
മോക്ഷഹേതുവുമായ് കൃഷ്ണനതും കേട്ടു ധരിച്ചു ഞാൻ. 3
ഗോലോകത്തെപ്പററിയൊരു ശങ്കയുണ്ടു മമ പ്രഭോ!
തത്ത്വമായ്ക്കേൾക്കുവാൻ മോഹം ഗോപ്രദന്മാരെഴുന്നിടം. 4

ഭീഷ്മൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
ഇതിനെത്താൻ പത്മജനോടിന്ദ്രൻ ചോദിച്ചവണ്ണമേ. 5

ഇന്ദ്രൻ പറഞ്ഞു

നിജാർച്ചിസ്സാൽ[2] നാകവാസി ലക്ഷ്മിയേയും ജയിച്ചു താൻ
കാണ്മേൻ ഗോലോകസ്ഥർ ഗതിയതിലങ്ങൊരു സംശയം. 6
ഗോക്കൾക്കെന്തുണ്ടു ലോകങ്ങൾ ഭഗവൻ, ചൊല്ലു സന്മതേ!
ദാതാക്കളെങ്ങു വാഴുന്നിതതറിഞ്ഞീടുവാൻ കൊതി. 7
എന്മട്ടെന്തു ഫലം മുഖ്യമെന്തെന്തായവിടെഗ്ഗുണം

---

1 ഗോദൻ=പശുക്കളെ ദാനം ചെയ്യുന്നവൻ. 2 അർച്ചിസ്സ്=ശോഭ.

അതിലെമ്മട്ടു പുരുഷൻ ചെല്ലുന്നുണ്ടല്ലലെന്നിയേ? 8
ദാതാവു ദാനത്തിന്നുള്ള ഫലമേററീടുമെത്രനാറം
നാനാമട്ടെങ്ങനേ ദാനമല്പദാനവുമെങ്ങനെ? 9
എമ്മട്ടു ബഹുഗോദാനമല്പഗോദാനമെങ്ങനെ
നല്ലാതേയും ഗോപ്രദന്മാരാമതെങ്ങനെ ചൊല്ലു മേ. 10
എങ്ങനേ ബഹുദാതാവുമല്പദോപമനാം[1] പ്രഭോ!
അല്പദൻ ബഹുദാതാവാമെങ്ങനേ പരമേശ്വര! 11
ഗോപ്രദാനത്തിലെമ്മട്ടാം വിശേഷപ്പെട്ട ദക്ഷിണ?
ഭഗവാനേ, തത്ഥ്യമാംമട്ടിതു ചൊല്ലിത്തരേണമേ! 12

73. പിതാമഹേന്ദ്രസംവാദം

പിതാമഹേന്ദ്രസംവാദം (തുടർച്ച്). ഗോലോകത്തിൻെറയും ഗോദാനത്തിൻെറയും മഹിമാതിശയം ബ്രഹ്മാവു് ദേവേന്ദ്രനോടു വിസ്തരിച്ചു പറയുന്നു.

പിതാമഹൻ പറഞ്ഞു

ഗോപ്രദാനാദിവിഷയം നീ ചോദ്യം ചെയ്തതില്ലയോ
ലോകത്തിലിതു ചോദിപ്പാൻ നീയല്ലാതില്ല വാസവ! 1
നാനാമട്ടുണ്ട ലോകങ്ങറം ശക്ര, നീ കണ്ടിടാത്തവ
ആ ലോകങ്ങളെ ഞാൻ കാണ്മേനേകപത്നീ[2]വധുക്കളും. 2
ശുഭകർമ്മങ്ങളുടയ സുവ്രതന്മാർ മുനീന്ദ്രരും
ഉടലോടവയിൽച്ചെൽവൂ ശുദ്ധബുദ്ധികറം വിപ്രരും. 3
ശരീരന്യാസമോക്ഷത്താൽ മലമററ മനസ്സിനാൽ
സ്വപ്നത്തിലങ്ങാ ലോകങ്ങറം കാണുമാറുണ്ടു സുവ്രതർ. 4
ആ ലോകങ്ങറം സഹസ്രാക്ഷ, കേളെമ്മട്ടു ഗുണങ്ങളും
അതിൽക്കാലം കടക്കില്ലാ ജരയില്ലില്ല വഹ്നിയും. 5
അമ്മട്ടശുഭമില്ലൊട്ടും രോഗമില്ലില്ല വാട്ടവും
ഗോക്കളെന്തെന്തുള്ളുകൊണ്ടു വാഞ്ഛിച്ചീടുന്നു വാസവ! 6
അതൊക്കെ നേടുമാറുണ്ടെൻ പ്രത്യക്ഷക്കാഴ്ചയാലെടോ;
കാമം ചെയ്യും കാമഗകറം കാമാൽക്കാമം ഭുജിക്കുമേ. 7
കുളങ്ങറം പൊയ്കകറം പുഴ പലമാതിരി കാടുകറം
ഗൃഹങ്ങളും മലകളുമെന്താവാമത്ര വിത്തവും 8
സർവ്വഭൂതത്തിലും ശ്രേഷ്ഠം കാണുന്നുണ്ടങ്ങു മുററുമേ;
ഇമ്മട്ടുള്ള മഹാലോകംപോലെയില്ലൊരു ലോകവും. 9
ഒക്കസ്സഹിക്കും ക്ഷമികറം ഗുരുവർത്തികറം[3] വത്സലർ

---

1 അല്പദോപമൻ = അല്പംമാത്രം കൊടുക്കുന്നവനോടു തുല്യൻ. 2 ഏകപത്നി= ഒരേ പതിയെ സ്വീകരിക്കുന്നവൾ; പതിവ്രത. 3 ഗുരുവർത്തികൾ = ഗുരുശുശ്രൂഷാതൽപരന്മാർ.

നിരഹങ്കാരരവിടെച്ചെല്ലും ശക്ര, നരോത്തമർ. 10
തിന്നില്ലെവൻ സർവ്വമാംസങ്ങളേയും
പുമാൻ സദാ ഭാവിതൻ ധർമ്മമൊത്തോൻ
എന്നും മാതാപിതൃപൂജാനുഷക്തൻ
ശുശ്രൂഷിപ്പോൻ വിപ്രരെത്താനനിന്ദ്യൻ, 11
ക്രോധിക്കാത്തോൻ ഗോദ്വിജന്മാരിൽ മുററും
ധർമ്മാസക്തൻ ഗുരുശുശ്രൂഷയുള്ളോൻ
ജീവിപ്പോളം സത്യവൃത്തവ്രതസ്ഥൻ[1]
ദാതാവാരോ തെററുകാരിൽ ക്ഷമിപ്പോൻ, 12
മൃദ്ദു ദാന്തൻ ദേവപാരായണൻ താൻ
സർവ്വാതിത്ഥ്യം ചെയ്തിടുന്നോൻ ദയാവാൻ
എന്നീഗ്ഗുണം ചേർന്നിരിക്കും മനുഷ്യ—
നാശ്ശാശ്വതാവ്യയഗോലോക[2]മെത്തും. 13
പരസ്ത്രീസക്തൻ ലോകമിതങ്ങു കാണാ
ഗുരുഘ്നനില്ലാ പൊളി ചൊൽവോനുമില്ലാ.
സദാ പ്രവാദിദ്വിജരിൽ ദ്വേഷമുള്ളോ—
നെന്നീദ്ദോഷം മുററുമൊക്കുന്ന ദുഷ്ടൻ 14
മിത്രധ്രു[3]ക്കില്ലാ ചതിചെയ്യും കൃതഘ്നൻ
ശഠൻ വക്രൻ ധർമ്മവിദ്വേഷിതാനും
ബ്രഹ്മഘ്നനുംകൊണ്ടുമേ കണ്ടുകൂടാ
ഗോലോകമാപ്പുണ്യവാന്മാർ നിവാസം. 15
ഇതൊക്ക നിന്നോടു വെടിപ്പായിച്ചൊന്നേൻ സുരേശ്വര!
ഗോപ്രദാനപരർക്കുള്ള ഫലം കേൾക്ക ശതക്രതോ! 16
താഴ്വഴിക്കൊത്ത വിത്തത്താൽ ഗോക്കളേ വാങ്ങി നല്കുവോൻ
ധർമ്മാർജ്ജിതധനംകൊണ്ടുമക്ഷയം ലോകമേല്ക്കുമേ. 17
ചൂതാടീട്ടു ധനം നേടിഗ്ഗോക്കളേ വാങ്ങി നല്കിലും
ദിവ്യവർഷായുതമവൻ ദേവേന്ദ്ര, ഫലമേല്ക്കുമേ. 18
മുൻപുള്ളോൻ ന്യായമായ് നേടിത്താഴ്വഴിക്കൊത്ത പൈക്കളെ
കൊടുക്കുകിൽക്കൊടുത്തോർക്കു പരം ധ്രുവ[4]കളാമവ. 19
ദാനം വാങ്ങിപ്പൈകളെത്താൻ ശുദ്ധചിത്തത്തോടേകിയാൽ
അവനുമക്ഷയം ലോകം ധ്രുവമോർക്ക ശചീപതേ! 20
ജന്മംമുതല്ക്കു സത്യംതാൻ ചൊല്ലുമാരോ ജിതേന്ദ്രിയൻ
ഗുരുദ്വിജസഹൻ ക്ഷാന്തൻ ഗോതുല്യഗതിയാണവൻ. 21
ചൊല്ലവല്ലാത്തതോതൊല്ലാ വിപ്രനോടു ശചീപതേ
ഉൾക്കൊണ്ടും ദ്രോഹിയാ ഗോവിൽ ഗോവൃത്തൻ ഗോനുകമ്പകൻ[5]

---

1 സത്യവൃത്തവ്രതസ്ഥൻ = സത്യമാത്രതൽപരൻ. 2 ശാശ്വതാവ്യയഗോലോകം=സനാതനവും അനശ്വരവുമായ ഗോലോകം. 3 മിത്രധ്രുക്ക് = മിത്രത്തെ ദ്രോഹിക്കുന്നവൻ. 4 ധ്രുവ=ശാശ്വതഫലപ്രദ. 5 ഗോനുകമ്പകൻ = ഗോക്കളിൽ അനുകമ്പയുള്ളവൻ.

സത്യധർമ്മസ്ഥനവനോ ഫലം കേൾക്ക ശചീപതേ!
ഗോസഹസ്രത്തിനൊത്തീടും ധേനുവുണ്ടാമവന്നിഹ. 23
ഈഗ്ഗുണത്താൽ ക്ഷത്രിയന്നും കേൾക്ക തുല്യഫലത്തെ നീ
അവന്നും ദ്വിജനൊക്കും ഗോവുണ്ടാമെന്നാണു നിശ്ചയം. 24
വൈശ്യന്നീഗ്ഗുണമുണ്ടെങ്കിലവന്നഞ്ഞൂറു കിട്ടുമേ
വിനീതനാകും ശൂദ്രന്നും നാലാലൊന്നു ഫലം മതം. 25

ഇതിമ്മട്ടായാരനുഷ്ഠിപ്പതുണ്ടോ
സത്യസ്ഥനായ് ഗുരുശുശ്രൂഷ ചെയ്വോൻ
ദക്ഷൻ ക്ഷാന്തൻ ദേവതാർത്ഥി പ്രശാന്തൻ
ശുദ്ധൻ ബുധൻ ധർമ്മവാൻ മേനി വിട്ടോൻ 26

മഹാഫലം നേടുമവൻ ദ്വിജന്നു
നല്കിക്കറക്കും പശുവേ വേണ്ടവണ്ണം
നിത്യം നല്കീടേണമങ്ങേകഭക്തൻ
സത്യസ്ഥനെന്നും ഗുരുശുശ്രൂഷയുള്ളോൻ. 27

വേദം ചൊൽവോൻ ഗോക്കളിൽ ഭക്തിയുള്ളോൻ
നിത്യം നോക്കിഗ്ഗോക്കളേ നന്ദികൊൾവോൻ
ജന്മംതൊട്ടേ ഗോക്കളെക്കുമ്പിടുന്നോ—
നവന്നുമീ ഫലമെന്നോർക്ക ശക്ര! 28

എന്തോ ഫലം രാജസൂയം കഴിച്ചാ—
ലെന്തോ ഫലം വളരെപ്പൊൻ കൊടുത്താൽ
ഇതിന്നൊക്കും ഫലമോതുന്നു മുഖ്യം
സത്തുക്കൾ സിദ്ധർഷികളാകമാനം. 29

മുൻപിൽച്ചോറുണ്ണാതെ ഗോക്കൾക്കതാരോ
നല്കും നിത്യം ഗോവ്രതൻ സത്യവാദി
ശാന്താലുബ്ധൻ തേടുമേ ഗോസഹസ്ര—
പുണ്യം കൊല്ലംകൊണ്ടവൻ സത്യശീലൻ. 30

ഒരുണുണ്ണുന്നവൻ ഗോക്കൾക്കൊരു വട്ടം കൊടുപ്പവൻ
പത്താണ്ടനന്തമാംമട്ടിൽ ഗോവ്രതൻ ഗോനുകമ്പകൻ. 31
ഒരുണിന്നുള്ള ചോർകൊണ്ടു പശു വാങ്ങിക്കൊടുക്കുകിൽ
അതിൻെറ ദേഹത്തിലെത്ര രോമമുണ്ടോ ശതക്രതോ! 32
അവന്നത്രയ്ക്കു ഗോദാനഫലം ശാശ്വതമേററിടും.
ബ്രാഹ്മണന്നോ ഫലമിതാം ക്ഷത്രിയൻേറതു കേൾക്കെടോ 33
അയ്യാണ്ടീവണ്ണമാകുന്നു ക്ഷത്രിയന്നു ഫലം മതം;
അതിൽപ്പകുതി വൈശ്യന്നു വൈശ്യാർദ്ധം ശൂദ്രന്നും മതം. 34
ആരാത്മവിക്രയംചെയ്തു ഗോക്കളേ വാങ്ങി നല്കുമോ
അവൻ പൈക്കളെയങ്ങെത്ര കാണുമത്രയ്ക്കുതാൻ ഫലം; 35
രോമംതോറും മഹാഭാഗ, ഗോലോകം മതമക്ഷയം.
പോരാടിഗ്ഗോക്കളേ നേടിദ്ദാനംചെയ്യുന്നതാകിലോ 36

സ്വവിക്രയംപോലെന്നേക്കുമവയോൎക്കുക കൗശിക!
യതവ്രതൻ പയ്യില്ലാഞ്ഞു തിലധേനുവെ നല്കുകിൽ 37
ധേനുദുൎഗ്ഗം കടത്തീട്ടു പാലാററിൽ പ്രീതനാമവൻ.

പ്രശസ്തമല്ലിവയേ നല്ലമാത്രം
പാത്രം കാലം ഗോവിശേഷം വിധാനം
കാലജ്ഞാനം വിപ്രഗോഭേദമത്രേ
ദുൎജ്ഞേയംതാൻ പാവകാദിത്യഭൃതം. 38

സ്വാദ്ധ്യായവാൻ ശ്രദ്ധയോനി പ്രശാന്തൻ
വൈതാനസ്ഥൻ പാപഭീതൻ ബഹുജ്ഞൻ
ഗോവിൽ ക്ഷാന്തൻ തൈക്ഷ്ണ്യമററോൻ ശരണ്യൻ
കൊററില്ലാത്തമ്മട്ടവൻ പാത്രമത്രേ. 39

കൊററില്ലാഞ്ഞിട്ടുഴലുന്നോനിലേററം
കൃഷിക്കാര്യം ഹോമകാര്യം പ്രസൂതി
ഗുൎവ്വൎത്ഥവും ബാലപുഷ്ടിക്കിവററിൽ
ഗോദാനമാവാം ദേശകാലാവിശേഷം. 40

അന്തൎജ്ഞാനക്രിയവിജ്ഞാനലബ്ധ
പ്രാണക്രീതാൎജ്ജിത വേട്ടേററതേവം
ക്ലേശം തീൎത്തും പോററിയും കൊണ്ടുവന്ന
വഴിക്കേകും ഗോവിശേഷം പ്രശസ്തം. 41

ബലം ചേൎന്നും ശീലവയസ്സിയന്നും
മണം പൂണ്ടും പൈക്കളൊക്ക പ്രശസ്തം
നല്ലാൎകളിൽ ഗംഗയാംപോലെ വെള്ള—
പ്പയ്യേക്കാളും കപിലപ്പയ്യു മെച്ചം. 42

മൂന്നാം വെള്ളംകൊണ്ടു പോഷിച്ചു മന്നിൽ
തൃപ്തിപ്പെട്ടാ പൈക്കൾ തൃപ്ത്യൎക്കു നല്ല
കുടിക്കും നൽകാവുമായ് സോപചാരം
മൂന്നാം നല്ലിഗ്ഗോരസംതാൻ കഴിക്ക. 43

നല്കുട്ടിയൊത്തോട്ടമില്ലാതിണങ്ങി—
ക്കാംസ്യം കറക്കും സുവ്രതഗോപ്രദാനാൽ
ഇങ്ങുണ്ടിതിന്നെത്ര രോമങ്ങളത്ര—
കൊല്ലം വാഴും പരലോകത്തിലത്രേ. 44

അതേവിധം കാളയെ ബ്രാഹ്മണന്നു
യുവാവായിദ്ധുൎയ്യനായ് ശക്തിമത്തായ്
ഹലം താങ്ങും വീൎയ്യവാനെക്കൊടുത്താൽ
പൈ പത്തേകുന്നോൻെറ ലോകങ്ങൾ നേടും. 45

കാട്ടിൽ ബ്രാഹ്മണരെപ്പൈക്കളേയും കൗശിക, കാക്കുകിൽ
ക്ഷേമത്താൽ മുക്തരാം കേൾക്കുകവൻതൻ പുണ്യസൽഫലം; 46
അശ്വമേധത്തിന്നു തുല്യം ഫലം ശാശ്വതമൊത്തിടും.

ചാകുന്നേരം സഹസ്രാക്ഷ, വൃത്തിയെന്തു നിനപ്പതോ 47
പലതും ദിവ്യലോകങ്ങളേതേതായാം നിനപ്പതോ
അതൊക്ക നേടിക്കൊണ്ടീടുമീക്കർമ്മത്താലെ മാനവൻ; 48
ഗോസമ്മതത്തോടുകൂടിപ്പൂജ്യനാമേതുദിക്കിലും.
ആരീക്കല്പത്തൊടും കാട്ടിൽപ്പിൻതുണയ്ക്കുന്ന പൈക്കളെ 49
പുല്ലും ചാണകവും തിന്നും നിസ്പൃഹൻ നിയതൻ ശുചി
നിഷ്കാമൻ പാർത്തിടുമവൻ മോദം പൂണ്ടു ശതക്രതോ! 50
വാനോരൊത്തെന്റെ ലോകത്തിൽ മററുമിച്ഛിച്ചിടത്തിലും.

74. പിതാമഹേന്ദ്രസംവാദം

പിതാമഹേന്ദ്രസംവാദം (തുടർച്ച). ആഹാരത്തിനായോ വില്പനതിനവേണ്ടിയോ പശുവിനെ മോഷ്ടിക്കുന്നവന നേരിടുന്ന ഗതിയെപ്പററിയും ദക്ഷിണയോടുകൂടി പശുക്കളെ ദാനംചെയ്യേണ്ടതിന്റെ ആവശ്യകതയെപ്പററിയും ബ്രഹ്മാവ് ദേവേന്ദ്രനോടു പറഞ്ഞുകേൾപ്പിക്കുന്നു.

ഇന്ദ്രൻ പറഞ്ഞു

അറിഞ്ഞു പയ്യിനെക്കക്കിൽ ദ്രവ്യത്തിന്നായി വില്ക്കിലും
അവന്റെ ഗതിയെന്താണെന്നതറിഞ്ഞീടുവാൻ കൊതി. 1

പിതാമഹൻ പറഞ്ഞു

തീററിക്കോ വില്ക്കുവാനായോ കവന്നീടുന്നിതേതവർ
വിപ്രന്നു നല്കുവാനായുമതിൽക്കേട്ടാലുമീ ഫലം. 2
വില്പാനാരോ ഹരിക്കുന്നു തീററിക്കോ തടവെന്നിയേ
കൊല്ലുന്നോരെസ്സമ്മതിപ്പതാരുണ്ടവ്വണ്ണമർത്ഥികം? 3
കൊന്നവൻ തിന്നവൻ പിന്നെസ്സമ്മതം നല്കിയോനുമേ
അതിന്നു രോമമുണ്ടെത്രയത്രയാണ്ടേയ്ക്കു താണുപോം. 4
എന്തെന്തു ദോഷമെത്രയ്ക്കോ ദ്വിജയജ്ഞം മുടക്കുകിൽ
വിററെന്നാലും കവന്നാലുമത്ര ദോഷങ്ങളാം പ്രഭോ! 5
കവന്നു പയ്യിനെപ്പിന്നെ ബ്രാഹ്മണന്നു കൊടുക്കുകിൽ
ദാനത്തിനുണ്ടെത്ര ഫലമത്രനാരം നരകത്തിലാം. 6
സ്വർണ്ണം ദക്ഷിണയാണത്രേ ഗോദാനത്തിൽ മഹാദ്യുതേ!
സ്വർണ്ണം പ്രധാനമായ് ചൊൽവൂ ദക്ഷിണയ്ക്കിങ്ങസംശയം. 7
ഗോദാനത്താൽക്കേറുമേഴു മേല്ക്കീഴുള്ള ജനങ്ങളെ
സ്വർണ്ണം ദക്ഷിണ ചെയ്തീടിലത്രത്തോളമിരട്ടിയാം. 8
സുവർണ്ണം പരമാം ദാനം സുവർണ്ണം മുഖ്യദക്ഷിണ
സുവർണ്ണം പാവനങ്ങൾക്കും പരമം ശക്ര, പാവനം. 9
കുലങ്ങൾക്കും പാവനംപോൽ ജാതരൂപം* ശതക്രതോ!
ഇതാ ദക്ഷിണയും ചൊന്നേൻ ചുരുക്കത്തിൽ മഹാദ്യുതേ! 10

---

* ജാതരൂപം = സ്വർണ്ണം.

ഭീഷ്മൻ പറഞ്ഞു

ഇതിന്ദ്രനോടോതി പിതാമഹൻതാൻ ഭരതഷ്ഭ!
ഇന്ദ്രൻ ദശരഥന്നോതീ രാമനോടോതിയച്ഛനും. 11
രാമൻ പ്രിയാനുജൻ കീർത്തിമാനാം ലക്ഷ്മണനോടുമേ
ലക്ഷ്മണൻ കാടെഴുമൃഷിശ്രേഷ്ഠരോടോതിനാൻ പ്രഭോ! 12
ഇതു പാരമ്പര്യവഴിക്കൃഷിമാർ സംശിതവ്രതർ
സുദുർദ്ധരം ധരിച്ചാരാർദ്ധാമ്മികന്മാർ നരേന്ദ്രരും. 13
അതുരാംചെയ്തിതുപാധ്യായനെന്നോടിതു യുധിഷ്ഠിര!
ഇതെന്നും ബ്രാഹ്മണൻ ബ്രഹ്മസദസ്സിങ്കലുരയ്ക്കുകിൽ 14
യജ്ഞത്തിൽ ഗോപ്രദാനത്തിൽ രണ്ടും കൂടുന്നിടത്തിലും
അവന്നക്ഷയലോകങ്ങൾ വാനോരോടൊത്തു നിത്യവും. 15
എന്നാ ബ്രഹ്മാവു ഭഗവാൻ കല്പിച്ചൂ പരമേശ്വരൻ.

75. ദമാദിവ്രതനിയമം

ദമം, സത്യനിഷ്ഠ, ഗുരുശുശ്രൂഷ മുതലായവയുടെ മാഹാത്മ്യം ഭീഷ്മർ വിസ്തരിച്ചു പറഞ്ഞുകേൾപ്പിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ധർമ്മങ്ങൾ ചൊല്ലുമങ്ങെന്നെ വിശ്വസിപ്പിച്ചു ഹേ പ്രഭോ!
ചോദിപ്പേനൊരു സന്ദേഹമതു ചൊല്ലു പിതാമഹ! 1
വ്രതങ്ങൾക്കെന്തു ഫലമെന്മട്ടു ചൊൽവൂ മഹാദ്യുതേ!
നിയമങ്ങൾക്കു ഫലമെന്തധീത*ഫലമെന്തുവാൻ? 2
കൊടുത്താൽ ഫലമെന്തെന്തു വേദം ധാരണ ചെയ്കിലും
ഓതിക്കിൽ ഫലമെന്തെല്ലാം കേൾപ്പാൻ ചോദിച്ചിടുന്നു ഞാൻ.
ദാനം വാങ്ങാത്തോനു ലോകേ ഫലമെന്തു പിതാമഹ!
ശ്രുതം കൊടുക്കുന്നവനും ദ്രഷ്ടമാം ഫലമെന്തുവാൻ? 4
സ്വകർമ്മനിരതന്മാർക്കും ശൂരർക്കും ഫലമെന്തുവാൻ
ശൗചത്തിൻ ഫലമെന്തെന്താ ബ്രഹ്മചര്യത്തിനും ഫലം? 5
പിതൃശുശ്രൂഷയ്ക്കുമെന്തു മാതൃശുശ്രൂഷണത്തിനും
ആചാര്യഗുരുശുശ്രൂഷയ്ക്കാത്തരിൽക്കനിവിന്നുമേ? 6
ഇതൊക്കയും ശരിക്കായി മുററുമിങ്ങു പിതാമഹ!
അറിവാനാശ ധർമ്മജ്ഞ, പെരുത്തുണ്ടിഹ കൗതുകം. 7

ഭീഷ്മൻ പറഞ്ഞു

ചൊന്നവണ്ണംതന്നെയാരോ വ്രതം കൈക്കൊണ്ടിരിപ്പവൻ
മുടങ്ങാതെ മുററ്റായാൾക്കുണ്ടു ലോകം സനാതനം. 8
രാജൻ, പ്രത്യക്ഷമായ്ക്കാണ്മൂ നിയമങ്ങൾക്കെഴും ഫലം

---

* അധീതം=അദ്ധ്യയനംചെയ്യപ്പെട്ടതു്; വേദപാഠം.

നീയേററിരിപ്പൂ നിയമക്രതുക്കൾക്കെഴുമീപ്പ്ഫലം. 9
കാണ്മൂ സ്വധീത[1]ഫലവുമീ ലോകത്തിൽ പരത്തിലും
ഈ ലോകത്തിൽ ബ്രഹ്മലോകത്തിങ്കലും മോദമെന്നുമാം. 10
ദമ[2]ത്തിന്റെ ഫലം കേൾക്ക രാജാവേ, വിസ്തരിച്ചു നീ
ദാന്തരെങ്ങും സുഖിക്കുന്നോർ ദാന്തർ നിർവൃതരെങ്ങുമേ. 11
ദാന്തരിച്ഛിച്ചിടം ചൊൽവോർ സർവ്വശത്രുനിഷൂദന!
എന്തിച്ഛിപ്പൂ ദാന്തരതു നേടുമില്ലൊരു സംശയം 12
എങ്ങും കാമങ്ങളൊക്കെയും ദാന്തരേല്ക്കുന്നു പാണ്ഡവ!
വിണ്ണിൽ മോദിച്ചിടുന്നല്ലോ തപസ്സാൽ വിക്രമത്തിനാൽ 13
പല ദാനേജ്യയാലമ്മട്ടത്രേ ദാന്തർ പൊറുപ്പവർ.
ദാനാൽ ദമം മെച്ചമത്രേ ദാനമങ്ങൊരു വിപ്രനായ് 14
ദാതാ കോപിച്ചിടും ദാന്തനില്ലാ ദാനാൽ പരം ദമം.
കോപം കൂടാതെ നല്കുന്നോനുണ്ടു ലോകം സനാതനം 15
ക്രോധം ദാനം കൊടുക്കെന്നിതെന്നാൽ ദാനാൽ പരം ദമം.
വിണ്ണിൽ കാണാത്ത ലോകങ്ങളുണ്ടസംഖ്യം മഹീപതേ! 16
ഋഷികൾക്കെങ്ങുമുലകിലവ പൂകില്ല ദേവകൾ.
ദമത്താലിവയാൽച്ചെൽവൂ നൃപതേ, പരമർഷികൾ 17
മഹാസ്ഥാനം നിനപ്പോർകളെന്നാൽ ദാനാൽ പരം ദമം.
ഓതിക്കുവോൻ ക്ലേശമാണ്ടുമക്ഷയം ലോകമേല്ക്കുമേ 18
വിധിക്കഗ്നിയിൽ ഹോമിച്ചും ബ്രഹ്മലോകത്തു മന്നവ!
വേദങ്ങളെപ്പഠിച്ചിട്ടു ന്യായജ്ഞന്മാർക്കു നല്കുവോൻ 19
ഗുരുകർമ്മം വാഴ്ത്തുവോനും സ്വർഗ്ഗത്തിൽ പൂജയേററിടും.
ക്ഷത്രിയൻതാനോർത്തു ചൊല്ലിൽ യജിക്കിൽ ദാനമേകുകിൽ 20
യുദ്ധത്തിൽ കാക്കിലുമവൻ സ്വർഗ്ഗത്തിൽ പൂജയേററിടും.
വൈശ്യൻ സ്വകർമ്മനിരതൻ ദാനാൽ വൻ ഫലമേററിടും 21
ശൂദ്രൻ സ്വകർമ്മി ശുശ്രൂഷയാലേ സ്വർഗ്ഗത്തെ നേടിടും.
ശൂരന്മാർ പലമട്ടത്രേ കേളവർക്കിയലും ഫലം 22
ശൂരാന്വയക്കാർക്കുമുണ്ടു ശൂരന്നൊക്കുന്നൊരാ ഫലം.
യജ്ഞശൂരന്മാർകൾ ദമശൂരന്മാർ സത്യശൂരരും 23
യുദ്ധശൂരരുമവ്വണ്ണം ദാനശൂരരുമാം നരർ.
സാംഖ്യശൂരന്മാർകൾ പലർ യോഗശൂരർകൾ മററുപേർ 24
അരണ്യത്തിൽ ഗൃഹത്തിങ്കൽ ത്യാഗത്തിൽ ശൂരർ മററുപേർ.
വൃദ്ധിശൂരന്മാർകളന്യർ ക്ഷമാശൂരർകൾ മററുപേർ 25
ആർജ്ജവത്തിൽ ശൂരരേവം സമം വർത്തിക്കുവോരവർ
അതാതു നിയമാൽ ശൂരർ പെരുത്തുണ്ടിങ്ങു മററുപേർ. 26

---

1 സ്വധീതം = വേണ്ടപോലുള്ള അധീതം (സു + അധീതം). 2 ദമം = ബാഹ്യവൃത്തിനിഗ്രഹം.

വേദാദ്ധ്യയനശൂരന്മാർ ശൂരരദ്ധ്യയനത്തിലും
ഗുരുശുശ്രൂഷയാൽ ശൂരർ പിതൃശുശ്രൂഷയാലുമേ. 27
മാതൃശുശ്രൂഷയാൽ ശൂരർ ഭൈക്ഷ്യശൂരർകൾ മററുപേർ
കാട്ടിൽ ഗൃഹത്തിലതിഥിപൂജയിൽ ശൂരരങ്ങനെ; 28
സ്വകമ്മത്താൽ വെന്ന പരലോകം നേടീടുമേവരും.
സവ്വവേദം ധരിച്ചീടിൽ സവ്വതീത്ഥാവഗാഹവും 29
നിത്യം സത്യം ചൊല്ലുകയും സമമാമല്ലയെന്നുമാം.
അശ്വമേധസഹസ്രംതാൻ സത്യവും തൂക്കി നോക്കി പോൽ 30
അശ്വമേധസഹസ്രത്തേക്കാളും സത്യം വിശിഷ്ടമാം.
സത്യാൽ സൂര്യൻ തപിക്കുന്നൂ സത്യാൽ കത്തുന്നു വഹ്നിയും 31
സത്യാൽ കാററുകൾ വീശുന്നൂ സവ്വം സത്യത്തിൽ നില്പതാം.
സത്യാൽ സംപ്രീതരാകുന്നൂ വാനോർ വിപ്രർ പിതൃക്കളും 32
സത്യമല്ലോ മുഖ്യധമ്മം സത്യം ലംഘിച്ചുപോകൊലാ.
മുനിമാർ സത്യനിരതർ മുനിമാർ സത്യവിക്രമർ 33
മുനിമാർ സത്യശപഥരെന്നാൽ[1] സത്യം വിശിഷ്ടമാം.
സത്യവാന്മാർ വിണ്ണിലെത്തി മോദിപ്പൂ ഭരതഷ്ഭ! 34
ദമം സത്യഫലപ്രാപ്തിയെന്നെല്ലാംകൊണ്ടുമോതി ഞാൻ
തീച്ചയായും വിനീതാത്മാവായോൻ സ്വഗ്ഗത്തു പൂജ്യനാം. 35
ബ്രഹ്മചര്യത്തിൻെറ ഗുണം കേട്ടാലും ധരണീപതേ!
ജന്മം മുതല്ക്കു ചാവോളം ബ്രഹ്മചര്യം ചരിക്കുകിൽ 36
അവന്നു കിട്ടാതൊന്നില്ലെന്നറിഞ്ഞാലും നരേശ്വര!
ബ്രഹ്മലോകത്തു വാഴുന്നുണ്ടേറെക്കോടി മഹഷികൾ 37
സത്യസ്ഥരെപ്പൊഴും ദാന്തരൂദ്ധ്വരേതോവ്രത[2]സ്ഥിതർ.
ബ്രഹ്മചര്യമുപാസിച്ചാൽ പാപമെല്ലാം ചുടും നൃപ! 38
വിശേഷാൽ ബ്രാഹ്മണൻ വഹ്നിയത്രേ ബ്രാഹ്മണനായവൻ.
പ്രത്യക്ഷമാണിതവ്വണ്ണം തപസ്വി ബ്രാഹ്മണേന്ദ്രരിൽ 39
പേടിക്കുന്നൂ വാസവനും ബ്രഹ്മചാരിപ്രധഷിതൻ;
ബ്രഹ്മചര്യബലം കാണ്മിതപ്രകാരമൃഷീന്ദ്രരിൽ. 40
അച്ഛനമ്മകൾതൻ പൂജാകമ്മവും കേൾക്ക നീ നൃപ!
ശുശ്രൂഷിപ്പോനച്ഛനെയാരസൂയയിസ്സില്ലൊരിക്കലും 41
അമ്മയെസ്സോദരരെയും ഗുവ്വാചാര്യരെയും ശരി
അവന്നു നൃപതേ, വിണ്ണിൽ പൂജിതസ്ഥാനമാം ഫലം; 42
നരകം കാണുകില്ലായാൾ ഗുരുശുശ്രൂഷയുററവൻ.

---

1 എന്നാൽ = അതിനാൽ. 2 ഊദ്ധ്വരേതോവ്രതം = ബ്രഹ്മചര്യം.

76. ഗോദാനവിധികഥനം

ഗോദാനമാഹാത്മ്യവും ഗോദാനവിധിയും വിസ്തരിച്ച വിവരിച്ചിരിക്കയാണ് ഈ അദ്ധ്യായത്തിൽ.

യുധിഷ്ഠിരൻ പറഞ്ഞു

ഗോക്കൾക്ക വേണ്ടുന്ന വിധി കേൾക്കണം തത്ത്വമായ് നൃപ!
അതിനാലത്ഥികൾക്കുള്ള നിത്യലോകങ്ങൾ കിട്ടുമേ. 1

ഭീഷ്മൻ പറഞ്ഞു

ഗോദാനത്തെക്കാട്ടിൽ മേലെയൊന്നുമില്ലവനീപതേ!
മുറയ്ക്കൊക്കാപ്പെ കൊടുക്കിലുടൻ വംശം കെടുക്കുമേ. 2

സത്തുക്കൾക്കായ് നന്മയിൽ തീത്തതത്രേ
നന്നായിട്ടീ പ്രജകൾക്കായി വെച്ചു
എന്നാലാദ്യം പണ്ടുപണ്ടേ നടപ്പാം
ഗോദാനാത്ഥം വിധി കേൾക്കു നരേന്ദ്ര! 3

ഗോക്കളെക്കൊണ്ടു വന്നന്നാഗ്ഗോക്കളിൽ ശങ്കയാണ്ടവൻ
മാന്ധാതാവിതു ചോദിക്കെച്ചൊല്ലിനാൻ വ്യാഴമിങ്ങനെ: 4

''വിപ്രനെസ്സൽക്കരിച്ചിട്ടു നാളെ നേരം കുറിച്ചുമേ
ചുവത്തയേപ്പശ്ശുദ്ദാനത്തിന്നാക്കുക യതവ്രതൻ. 5

സമംഗേ, ബഹുളേ,യെന്നു വിളിച്ചീടേണമങ്ങനെ
പൈക്കൾക്കിടയിലുൾപ്പുക്കീ ശ്രുതിയേയുമുരയ്ക്കണം. 6

ഗോവെന്നമ്മ വൃഷമങ്ങെൻെറയച്ഛൻ
ഗോവെൻ ശമ്മം ജഗതി മൽപ്രതിഷ്ഠ
എന്നൾക്കൊണ്ടാ രാത്രി പയ്യൊത്തു പാത്തു
പരം ഗോദാനത്തിൽ വാക്കോതിടേണം. 7

അവനാ രാവു പയ്യൊത്തു സമസംഖ്യൻ സമവ്രതൻ
ഐക്യാത്മമേല്ക്കിലുടനേ കലുഷം വിട്ടൊഴിഞ്ഞിടും 8

കാളയും കുട്ടിയും ചേൻ പുലച്ച്ശ്ലേക പയ്യിനെ
വിണ്ണിൽച്ചെല്ലാമത്ഥവാദാൽ നിനക്കാശിസ്സുമാസ്സുതും. 9

ഊജ്ജസ്വ[1]മൊത്തൂജ്ജമേധങ്ങൾ[2] യജ്ഞേ
ഗർഭം സുധസ്സു[3]ജ്ജഗത്തിൻ പ്രതിഷ്ഠ[4]
ക്ഷിതിക്കു രോഹം[5] പ്രവഹം[6] നിത്യമത്രേ
പ്രജാപതിക്കെന്നൊക്കയാണത്ഥവാദം. 10

എൻ പാപത്തെസ്സൗര്യകൾ[7] ഗോക്കൾ തീക്ക
സ്വഗ്ഗം പൂകാൻ സൗമ്യകൾ മേ തുണയ്ക്കു

---

1 ഊജ്ജസ്വം = ബലം. 2 ഊജ്ജമേധങ്ങൾ = നല്ല മേധാശക്തിയുള്ളവ. 3 ഗർഭം സുധസ്സു് = (യാഗത്തിനു വേണ്ടതായതുകൊണ്ടു്) അമൃതതുല്യമായ ഘൃതക്ഷീരാദികളുടെ ഉത്ഭവസ്ഥാനം. 4 ജഗത്തിൻ പ്രതിഷ്ഠ = ലോകത്തിൻെറ നിലനില്പിനു കാരണം. 5 രോഹം = അങ്കുരം. 6 പ്രവഹം = പ്രവാഹം; ലോകപ്രവാഹം. 7 സൗര്യകൾ = സൂര്യൻെറ പ്രഭാവമുള്ളവ.

എന്നാത്മാവേയമ്മപോലാശ്രയിക്ക
ചൊല്ലാതാശിസ്സൊക്കയൊത്തീടണം മേ. 11

ശേഷോത്സഗ്ഗേ[1] ക്രിയയാൽ ദേഹമോക്ഷേ
സരസ്വതീമാർകരം നമ്മസ്സയന്നോർ
നിത്യം നിങ്ങൾ തെളിയെപ്പുണ്യമെല്ലാം
പൂണ്ടിഷ്ടയാം ഗതി നല്ലീടണം മേ. 12

ആരോ നിങ്ങളവനാകുന്നു ഞാനും
ഞാൻ നിങ്ങളേ നല്ലിയാത്മപ്രദൻതാൻ
ഉള്ളാൽ വിട്ടോരുള്ളിലെന്നും ശ്രയിച്ചു
വളത്തുവിൻ[2] സൌമ്യരൂപോഗ്രമാരേ! 13

എന്നായാരംതൻ മുൻപു പൂവ്വാദ്ധ്മോതു—
കാഗ്ഗോദാതാ വിധിയിൽ പൂവ്വദൃഷ്ടൻ
അങ്ങോട്ടു വിപ്രൻ ശേഷമുള്ളദ്ധ്മോതു—
കിങ്ങേല്ലുമ്പോരം ഗോപ്രദാനേ വിധിജ്ഞൻ. 14

ഗോവെത്തന്നേനെന്നു ചൊല്ലുകഘ്ല്യവസ്രൂപശ്രുപ്രദൻ
ഊദ്ധ്വാസ്യ[3]നായ് വൈഷ്ണവിയായ് നില്പാൻ പ്രേരിച്ചുകൊള്ള—
അതിൻെറ പേരും ചൊല്ലേണം സംഖ്യസ്സുപ്പുറമായവൻ [ണം.
ഫലം മുപ്പത്താറുമെട്ടുമായിരം പിന്നെ വിംശതി. 16

എന്നീഗ്ഗുണങ്ങളറികെഗ്ഗവാദികൾ യഥാക്രമം
പയ്യെക്കൊടുപ്പോനേററീടുമെല്ലാമെട്ടാമടികൾ താൻ. 17

ഗോദൻ ശീലാഢ്യൻ നിർഭയനഘ്ല്യദൻ താൻ
ദുഃഖം കൊള്ളൊല്ലേകണം വിത്തമേററം
ഉഷസ്യാഢ്യൻ ഭാരത, ജ്ഞാനമുള്ളോ—
രാക്കുട്ടരത്രേ വൈഷ്ണവർ ചന്ദ്രലോകർ. 18

ഗോദാനശേഷം ഗോവ്രതിതാൻ ത്രിരാത്രം
രാവൊന്നവറേറാടിടചേൻ വാഷ്ഠ
കാമാഷ്ടമീനാം തുടരേണം ത്രിരാത്ര—
മാഗ്ഗോരസത്താൽ മലമൂത്രങ്ങളാലും. 19

ദേവവ്രതത്വം വൃഷദാനത്തിലേല്ലും
വേദാപ്തിയാം ഗോയുഗം നല്ലിയെന്നാൽ
അതേവിധം ഗോവിധിയാണ്ടു യജ്വാ—
വേററീടുമേ മുഖ്യലോകം വിധിജ്ഞൻ. 20

കാമം മുററും പാത്ഥിവം ചേത്തുവെച്ചു
കൊടുത്തോനാം കാമദുഘേധനുദാനാൽ
അവററതാൻ ഹവ്യകവ്യൗഘമേകു—
മവററിന്നും മുഖ്യമുക്ഷപ്രദാനം[4]. 21

---

1 ശേഷോത്സഗ്ഗം = ക്ഷയരോഗാദിനിവൃത്തി. 2 ദാതാവായ എന്നെ ഐശ്വര്യസമൃദ്ധനാക്കിത്തീക്കവിൻ എന്നത്ഥം. 3 ഊദ്ധ്വാസ്യൻ = മുഖം മേലോട്ടുയത്തിയവൻ. 4 ഉക്ഷപ്രദാനം = കാളയെ ദാനം ചെയ്യൽ.

അശിഷ്യന്നും നല്ലിടൊല്ലവ്രതന്നു—
മശ്രദ്ധന്നും വക്രബുദ്ധിക്കുമേവം
മററും ലോകത്തിന്നിതോ ഗൂഢധർമ്മ—
മീധർമ്മത്തെച്ചൊല്ലൊലാ വല്ലിടത്തും. 22

ഉണ്ടേ പാരിൽ ശ്രദ്ധയേന്തും മനുഷ്യ—
രുണ്ടേ ക്ഷുദ്രന്മാർ മാനുഷരാക്ഷസന്മാർ
അവർക്കിതങ്ങേകിയെന്നാലനിഷ്ടം
നാസ്തികൃമുള്ളല്ലപുണ്യക്രമേവം. 23

വ്യാഴം[1] ചൊന്നോരീ വചസ്സങ്ങു കേട്ടു
ഗോദാനത്തെച്ചെയ്തു മന്നോർകളെന്നാൽ
ലോകങ്ങളും നേടിപ്പുണ്യവാന്മാർ നടപ്പു—
ണ്ടാ യോഗ്യരെച്ചൊൽവതും കേൾക്ക രാജൻ! 24

ഉശീനരൻ വിഷ്വഗശ്വൻ ശ്രുതൻ താൻ
ഭഗീരഥൻ യൗവനാശ്വൻ നൃഗൻ താൻ
മാന്ധാതാവാ മുചുകുന്ദൻ നരേന്ദ്രൻ
ഭൂരിദ്യുമ്നൻ നൈഷധൻ സോമകൻ താൻ 25

പുരൂരവൻ ഭരതൻ ചക്രവർത്തി
തദ്വംശ്യരല്ലോ ഭരതന്മാർകളെല്ലാം
ഏവം രാമൻ ദാശരഥിപ്രവീരൻ
മററും വേറേ വിശ്രുതർ കീർത്തിമാന്മാർ. 26

ഏവം ഭൂപൻ പൃഥുകർമ്മാ ദിലീപൻ
വിണ്ണേറിനാൻ ഗോപ്രദാനൻ വിധിജ്ഞൻ
യജ്ഞം ദാനം വൻതപം രാജധർമ്മം
ഗോദാനവും ചെയ്തു മാന്ധാതൃരാജൻ. 27

എന്നാൽ നീയും പാർത്ഥ, ഞാനീപ്പറഞ്ഞ
ബാർഹസ്പത്യം ഭാഷിത[2]ത്തെദ്ധരിക്ക
ദ്വിജാഗ്ര്യർക്കായ് പുണ്യഗോദാനമേകി
സന്തുഷ്ടനായ് കുരുരാജ്യത്തെ നേടി.'' 28

വൈശമ്പായനൻ പറഞ്ഞു

അമ്മട്ടൊക്കച്ചെയ്തിതാദ്ധർമ്മരാജൻ
ഭീഷ്മൻ ചൊന്നാ വിധിയിൽഗ്ഗോപ്രദാനേ
മാന്ധാതാവിന്നു ദേവോപദിഷ്ട—
ധർമ്മം നന്നായ്ത്താൻ ധരിച്ചു നരേന്ദ്രൻ. 29

ഇതി സതതമിളേശ, ഗോപ്രദാനേ
യവശകലങ്ങളെ ഗോമയത്തൊടുങ്ങും
ക്ഷിതിതലശയനൻ ശിഖീ യതാത്മാ—
വരചവൃഷൻ[3] വൃഷമട്ടിലായ്[4] വിളങ്ങി. 30

---

1 വ്യാഴം=ബൃഹസ്പതി. 2 ബാർഹസ്പത്യം ഭാഷിതം=ബൃഹസ്പതിയുടെ വാക്ക്.
3 അരചവൃഷൻ=രാജപുംഗവൻ. 4 വൃഷമട്ടിലായ്=കാളയെപ്പോലെ.

നരപതി ബഹുദൈവഭക്തനായി
പ്രയതമനസ്സ്[1]വയെപ്പുകഴ്ന്നുകൊണ്ടാൻ
നൃപതി ധുരിയിൽവെച്ചു ഗോവിനേയും
നൃപനെഴുനള്ളി ഹയങ്ങളാൽ പഥേടം. 31

77. ഗോപ്രഭവകഥനം

ഗോക്കളുടെ ഉൽഭവം, കപിലനിറത്തിലുള്ള പശുക്കളുടെ പ്രത്യേകത, അവയെ ദാനം ചെയ്യാലുള്ള മാഹാത്മ്യം മുതലായവയെപ്പററി ഭീഷ്മൻ ധർമ്മപുത്രരോടു പറയുന്നു.

വൈശമ്പായനൻ പറഞ്ഞു

യുധിഷ്ഠിരനൃപൻ പിന്നെ വീണ്ടും ഭീഷ്മനൊടിങ്ങനെ
ഗോദാനത്തിന്റെ വിസ്താരം ചോദിച്ചു വിനയത്തൊടും. 1

യുധിഷ്ഠിരൻ പറഞ്ഞു

ചൊല്ക ഭാരത, വീണ്ടും നൽഗ്ഗോപ്രദാനഗുണങ്ങളെ
ഇമ്മട്ടമൃതു[2] കേട്ടിട്ടു തൃപ്തിപ്പെട്ടീല വീര, ഞാൻ. 2

വൈശമ്പായനൻ പറഞ്ഞു

ധർമ്മരാജാവിപ്രകാരം ചൊന്ന ശാന്തനവൻ[3] നൃപൻ
നന്നായ്പ്പറഞ്ഞു ഗോദാനത്തിന്റെ മുഖ്യഗുണങ്ങളെ. 3

ഭീഷ്മൻ പറഞ്ഞു

ചെറുപ്പമായ് വത്സലയായ് ഗുണമൊത്തുള്ള പയ്യിനെ
വസ്ത്രത്തോടും വിപ്രനേകിൽ പാപമൊട്ടുക്കൊഴിഞ്ഞിടും. 4
അസൂര്യാഖ്യങ്ങൾ ലോകങ്ങൾ പൂകില്ലാ ഗോപ്രദായകൻ
വെള്ളം കുടിച്ചു പുൽ തിന്നും പാൽ നിന്നിന്ദ്രിയഹീനയായ് 5
ജരാരോഗാർത്ത പശുവെ നീർ വററും വാപി പോലവേ
നല്കിൽ തമസ്സിലാണ്ടീടും ദ്വിജനിൽ ക്ലേശമേകുവോൻ. 6

ദുഷ്ടാ ദുഷ്ടാ ദുർബ്ബലാ വ്യാധിയുക്ത
നല്ലാവല്ലാ വില നല്കാതെകണ്ടും
വിപ്രന്നേകം നിഷ്ഫലക്ലേശമാത്രം
വീര്യം കെട്ടോർ ലോകനൈഷ്ഫല്യമുള്ളോർ. 7
ബലംചേർന്നോർ വീര്യ വയസ്സിയന്നോർ
മണം പൂണ്ടോർ മററുമായാൽ പ്രശസ്തം
നല്ലാർകളിൽ ഗംഗയെമ്മട്ടു മെച്ചം.
വെൺപൈക്കളിൽക്കപിലപ്പയ്യു മെച്ചം. 8

യുധിഷ്ഠിരൻ പറഞ്ഞു

എന്തൊപ്പമാകും ബഹുളാപ്രദാനേ
സത്തുക്കൾ വാഴ്ത്താൻ കപിലാപ്രദാനം

---

1 പ്രയതമനസ്സ് = പരിശുദ്ധഹൃദയൻ. 2 അമൃതു് = അമൃതിനു തുല്യമായ വാക്കു്. 3 ശാന്തനവൻ=ശന്തനുവിന്റെ പുത്രൻ.

വിശേഷമിച്ഛിപ്പു മഹാപ്രഭാവം
കേൾപ്പാൻ ഭവാനോ പറവാൻ സമർത്ഥൻ. 9

ഭീഷ്മർ പറഞ്ഞു

പണ്ടു വൃദ്ധന്മാർകൾ ചൊല്ലുമ്പോളുണ്ണീ കേട്ടിരിപ്പു ഞാൻ
അതൊക്ക നിന്നോടോതീടാം രോഹിണീസൃഷ്ടിയെങ്ങനെ. 10
മുന്നം പ്രജകളെത്തീർക്കാൻ ബ്രഹ്മൻ കല്പിച്ച ദക്ഷനോ
മുൻപിട്ടു വൃത്തി സൃഷ്ടിച്ചു പ്രജകൾക്കു ഹിതത്തിനായ്. 11
അമൃതൊന്നാശ്രയിച്ചിട്ടു വാനോർ വർത്തിച്ചിടുംവിധം
വർത്തിപ്പു വൃത്തിയൊന്നാശ്രയിച്ചീ പ്രജകളും വിഭോ! 12
അചരത്തിൽ ചരം മെച്ചം മനുഷ്യരതിലെപ്പൊഴും
വിപ്രന്മാരതിൽ മെച്ചക്കാർ നില്പൂ യജ്ഞങ്ങളങ്ങുതാൻ. 13
യജ്ഞങ്ങളാൽപ്പെട്ടും സോമനവൻ ഗോക്കളിൽ നില്പതാം
അതിൽ വാനോർ പ്രമോദിപ്പു മുന്നം വൃത്തിയതിൽ പ്രജ. 14
പിറന്നവാറേ ഭൂതങ്ങളൊത്താർത്തു വൃത്തികാംക്ഷയാൽ
തുട്ടാൽ മാതാപിതൃനിലയ്ക്കണഞ്ഞൂ വൃത്തിദായിയിൽ. 15
ഇതങ്ങുകൊണ്ടു കണ്ടിട്ടു തൽ പ്രജാസൃഷ്ടി ചെയ്യുവാൻ
അമൃതത്തെക്കുടിച്ചാനാബ് ഭഗവാനാം പ്രജാപതി. 16
അവൻ സംതൃപ്തനായിട്ടു സുരഭ്യൽഗാര[1]മാണ്ടവൻ
ഉൽഗാരഭൂ സുരഭിയെക്കണ്ടു മുഖജപുത്രിയെ. 17
തീർത്താളാസ്സുരഭിപ്പുയ്യു ലോകമാതാക്കൾ ഗോക്കളെ
പൊൻനിറം പൂണ്ടു മഞ്ഞച്ച നാട്ടാർവൃത്തിക്കു ഗോക്കളെ. 18
അമൃതപ്രഭമാക്കുട്ടും ചുരത്തുമ്പൊഴുതെങ്ങമേ
ഉണ്ടായമൃതജം ഫേന[2]മാർകൾക്കൂർമ്മിജമാംവിധം[3]. 19
വത്സാസ്യവിഭ്രഷ്ട[4]മതു ഭവൽഭൂമിയിൽ നില്ക്കവേ
തലയ്ക്കു വീണു കോപംപൂണ്ടപ്പൊഴേ നോക്കിയാ പ്രഭു 20
നെററിക്കണ്ണാൽ രോഹിണിയെദ്ദഹിപ്പിക്കുംപ്രകാരമേ.
ആ രൗദ്രതേജസ്സുടനാക്കപിലപ്പൈക്കളെ പ്രഭോ! 21
നാനാനിറപ്പടിക്കാക്കീ സൂര്യൻ കാർകളെയാംവിധം.
അവയപ്പോൾ വിട്ടുമാറിസ്സോമനെത്താൻ ശ്രയിച്ചുതേ 22
സ്വവർണ്ണോൽപന്നമാരന്യവർണ്ണത്തിൽപ്പെട്ടിതങ്ങനെ.
ക്രുദ്ധനാകും രുദ്രനോടങ്ങരുൾചെയ്തു പ്രജാപതി: 23
"അമൃതാറാട്ടേ[5]ററതാം നീ പശുക്കൾക്കെച്ചിലില്ലെടോ.
അമൃതേന്തിസ്സോമനിങ്ങു വീണ്ടും സ്യന്ദിച്ചിടുംപടി[6] 24

---

1 സുരഭ്യൽഗാരം=സുരഭിയുടെ ഏമ്പക്കം. 2 ഫേനം=നുര. 3 ആർകൾക്കൂർമ്മിജമാംവിധം=നദികൾക്കു തിരമാലകളിൽനിന്നുണ്ടാകുന്നതുപോലെ. 4 വത്സാസ്യവിഭ്രഷ്ടം=പശുക്കുട്ടികളുടെ വായിൽനിന്നു വീണതു്. 5 അമൃതാറാട്ടു്=അമൃതാഭിഷേകം. 6 സ്യന്ദിക്കുക=ഒലിക്കുക.

ഈ രോഹിണി[1]കൾ പീയൂഷജാതക്ഷീരം[2] ചുരത്തുമേ.
ദൂഷിക്കാ വായുവും തീയും പൊന്നും കടലുമങ്ങനെ 25
അമൃതാപീതമമൃതും വത്സലാവത്സപീതയും
ഈ ലോകരെബ്ഭരിച്ചീടും ഹവിസ്സാൽ പ്രസ്രവത്തിനാൽ. 26
ഇവയ്ക്കൈശ്വര്യമിച്ഛിപ്പിതെല്ലാരുമമമൃതം ശുഭം
ഗോക്കളൊത്തുള്ള വൃഷഭമവന്നേകീ പ്രജാപതി. 27
പ്രസാദിപ്പിച്ചിതതിനാൽ രുദ്രൻെറ കരൾ ഭാരത!
പ്രീതനാകും മഹാദേവനാക്കീ കാളയെയപ്പൊഴേ 28
ധ്വജമായും കാളയായുമെന്നവൻ വൃഷഭധ്വജൻ.
പിന്നെ വാനോർ പശുപതിയാക്കിനാർ ദേവദേവനെ 29
ഈശ്വരൻ ഗോക്കൾനടുവിൽ വൃഷഭാങ്കൻ പ്രസിദ്ധനായ്.
ഏവം നിറക്കേടേറേറാജസ്സുള്ളാക്കപിലഗോക്കടെ
ദാനം പ്രധാനമായ്ക്കീന്നിതെല്ലാററിലുമിതോതിനേൻ. 30

ലോകജ്ജ്യേഷ്ഠം ലോകവൃത്തിപ്രദത്വം
രുദ്രാദ്ധ്യത്വം സോമനിഷ്യന്ദഭാവം
മററും ചേന്നാസ്സൗമ്യപുണ്യേഷ്ടജീവ—
നേല്ക്കും ഗോവേ നൾകുവോൻ കാമദായി. 31

ഇതിങ്ങു ഗോപ്രഭവവിധാനമുത്തമം
പഠിപ്പവൻ ശ്രുതിയതിമംഗളപ്രിയൻ
ഒഴിച്ചിട്ടും കലികലുഷം നരൻ പരം
ലഭിച്ചിടും പശുധനപുത്രലക്ഷ്മികൾ. 32

ഹവ്യം കവ്യം തപ്പണം ശാന്തികമ്മം
യാനം വസ്ത്രം വൃദ്ധബാലക്കു പുഷ്ടി
എന്നീ മററും നൽഗ്ഗുണം ഗോപ്രദാനാൽ
ദാതാവേല്ക്കും നിത്യവും മന്നവേന്ദ്ര! 33

വൈശമ്പായനൻ പറഞ്ഞു

പിതാമഹൻ ചൊന്നതു കേട്ട മന്നൻ
സഹോദരന്മാരൊടുമാജമീഢൻ
സുവണ്ണവണ്ണഷഭഗോക്കളെത്താ—
നേവം പാത്ഥൻ വിപ്രമുഖ്യക്കു നല്കി. 34

അതേവിധം ബ്രാഹ്മണക്കായ്ക്കൊടുത്തു
പരം സഹസ്രം ശതവും ഗോക്കളെത്താൻ
യജ്ഞത്തിനായ് ദക്ഷിണയ്ക്കായുമേവം
ലോകങ്ങൾ വെൽവാൻ കീത്തി നേടീടുവാനും. 35

1 രോഹിണി = ചുവന്ന നിറത്തിലുള്ള നല്ല പശു. 2 പീയൂഷജാതക്ഷീരം = അമൃതതുല്യമായ പാൽ.

78. ഗോപ്രദാനികം

വസിഷ്ഠൻ സൗദാസനുപദേശിച്ച ഗോദാനവിധിയും ഗോദാനമാഹാത്മ്യവും ഭീഷ്മൻ ധർമ്മപുത്രരെ വിസ്തരിച്ചു പറഞ്ഞുകേൾപ്പിക്കുന്നു.

ഭീഷ്മൻ പറഞ്ഞു

ഇതുകാലംതന്നെയത്രേ വസിഷ്ഠമുനിമുഖ്യനെ
ഇക്ഷ്വാകുവംശ്യനരചൻ സൗദാസൻ വാഗ്മിസത്തമൻ 1
ശാശ്വതബ്രഹ്മനിധിയാം ലോകസഞ്ചാരി സിദ്ധനെ
ആചാര്യനെത്താൻ കുമ്പിട്ടു ചോദിപ്പാനായ്ത്തുടങ്ങിനാൻ. 2

സൗദാസൻ പറഞ്ഞു

ഭഗവാനേ, മൂന്നുലകിൽ പവിത്രം ചൊൽവതെന്തുവാൻ?
എന്തുചൊല്ലീടിലനഘ, മർത്ത്യൻ നൽപ്പുണ്യമാർന്നിടും? 3

ഭീഷ്മൻ പറഞ്ഞു

വണങ്ങുമവനോടായി ഹിതവാക്കോതിയപ്പൊഴേ
ഗോക്കൾക്കു കുമ്പിട്ടു ഗോക്കൾക്കുള്ള സത്തറിയും ശുചി. 4

വസിഷ്ഠൻ പറഞ്ഞു

സുഗന്ധിനികളാം ഗോക്കളേവം ഗുൽഗ്ഗുലുഗന്ധികൾ
ഭൂതപ്രതിഷ്ഠയാം ഗോക്കൾ ഗോക്കൾ സ്വസ്ത്യയനം പരം 5
ഗോക്കൾ ഭൂതം ഭവ്യവുമാം ഗോക്കൾ ശാശ്വതപുഷ്ടിയാം
ലക്ഷ്മിക്കു ഗോക്കളേ മൂലം നല്കിൽ പാഴില്ല ഗോക്കളിൽ. 6
മുഖ്യാന്നമാകുന്നു ഗോക്കൾ വാനോർക്ക്ശ്രേഷ്ഠഹവിസ്സുമാം
സ്വാഹാകാരം വഷൾക്കാരം നില്പൂ ഗോക്കളിൽ നിത്യവും. 7
ഗോക്കൾ യജ്ഞത്തിന്റെ ഫലം നില്പൂ യജ്ഞങ്ങൾ ഗോക്കളിൽ
ഭൂതം ഭവിഷ്യവും ഗോക്കൾ നില്പൂ യജ്ഞങ്ങൾ ഗോക്കളിൽ. 8
എന്നും പുലർച്ച്ക്കുന്തിക്കും ഹോമകാലേ മഹാദ്യുതേ!
ഗോക്കൾ ഹൗമ്യം[1] മാമുനിമാർക്കേകുന്നു പുരുഷർഷഭ! 9
എന്തെല്ലാമുണ്ടു ദുർഗ്ഗങ്ങൾ ദുഷ്കൃതങ്ങൾ കൃതങ്ങളായ്
അത്താപത്തെക്കടന്നീടും പ്രഭോ, ഗോദാനമേകുവോൻ. 10
ഒന്നിനെപ്പത്തു പയ്യുള്ളോൻ നൂറുള്ളോൻ പത്തു നല്കുകിൽ
നൂറേകിലായിരക്കാരനേവർക്കും ഫലമൊപ്പമാം. 11
അനഗ്നി[2] നൂറു പയ്യുള്ളോനയജ്വാ[3] ഗോസഹസ്രവാൻ
സമൃദ്ധൻ ലുബ്ധനീ മൂവരർഘ്യത്തിന്നർഹരായ്‌വരാ. 12
കിടാവോടും കാംസ്യദോഹയാം നൽക്കപിലഗോവിനെ
വസ്ത്രം പുതപ്പിച്ചേകുന്നോർ ലോകം രണ്ടും ജയിക്കുമേ. 13
യുവാവിന്ദ്രിയവാൻ നൂറോടൊത്തു നൂറിന്നു നാഥനെ

---

1 ഹൗമ്യം=ഹോമത്തിനു വേണ്ട ക്ഷീരാദിദ്രവ്യം. 2 അനഗ്നി=പ്രതിദിനം അനുഷ്ഠിക്കേണ്ട ബ്രാഹ്മണകൃത്യങ്ങൾക്കുവേണ്ടി ഗാർഹപത്യാഗ്നിയെ സൂക്ഷിക്കാത്തവൻ. 3 അയജ്വാ=യാഗം ചെയ്യാത്തവൻ.

അണിഞ്ഞു വൻകൊമ്പൊക്കും ഗോനാഥനെ ബ്രാഹ്മണന്നു താൻ
വൃഷഭത്തെ ശ്രോത്രിയന്നു കൊടുത്തീടിൽ പരന്തപ!
ഐശ്വര്യം നേടിടുമവർ വീണ്ടും വീണ്ടും ജനിക്കിലും. 15
ഗോവെച്ചൊല്ലാതുറങ്ങൊല്ലാ സ്മരിക്കാതെഴുനേല്ലൊലാ
അന്തിക്കും പുലർകാലത്തും ഗോനമസ്കാരി പുഷ്ടനാം. 16
ഗോമൂത്രവും ചാണകവും വെറുക്കരുതൊരിക്കലും
ഈഗ്ഗോക്കളുടെ മാംസത്തെത്തിന്നൊല്ലെന്നാൽ വളച്ച്യയാം[1]. 17
നിത്യം ഗോക്കളെയോതേണം ധിക്കരിക്കൊല്ലവററിനെ
ദുഃസ്വപ്നം കാങ്കിലോ മർത്ത്യൻ ഗോവിൻനാമം ജപിക്കണം. 18
ഗോമയത്തിൽക്കളിക്കേണം കിടക്ക വരളിക്കുമേൽ
ശ്ലേഷ്മമൂത്രപുരീഷകൾ ചെയ്യൊല്ലാ പ്രതിഘാതവും[2]. 19
നനഞ്ഞ തോലിലുണ്ണേണം പടിഞ്ഞാട്ടുള്ള നോട്ടമായ്
മൗനിയായ് നെയ് ചേർത്തു മന്നിൽ ഗോക്കൾ തൻ പുഷ്ടി-
യേല്ലമേ. 20
നൈകൊണ്ടഗ്നിക്കു ഹോമിക്ക സ്വസ്തി ചൊല്ലിക്ക നെയ്യിനാൽ
നൈ നല്ല നെയ്താൻ പ്രാശിക്ക ഗോക്കൾതൻ പുഷ്ടിയേല്ലമേ.
ഗോമതീവിദ്യയെയഭിമന്ത്രിച്ചു തിലധേനുവെ
സവ്വരത്നം ചേർത്തു നല്കിൽ മാഴ്കില്ലായാൾ കൃതാകൃതേ. 22
"ഗോക്കളെന്നിലിണങ്ങട്ടേ പാലോലും ഹേമശൃംഗികൾ
സൗരഭേയീസുരഭികളാർകളാഴിയിലാംവിധം. 23
ഗോക്കളെക്കാണ്മനെന്നും ഞാൻ ഗോക്കൾ കാണട്ടെയെന്നെയും
ഗോക്കൾ നമ്മൾക്കവെക്കീ നാം ഗോക്കളെങ്ങുണ്ട നാമിഹ." 24
എന്നു രാപ്പകലും പിന്നെസ്സമത്തിൽ വിഷമത്തിലും
വൻ ഭയങ്ങളിലും ചൊല്ലും നരൻ ഭയമൊഴിഞ്ഞുപോം. 25

79. ഗോപ്രദാനികം

ഗോപ്രദാനികം (തുടർച്ച്). പശുക്കൾ തപസ്സുചെയ്തു വേണ്ട വരം വാങ്ങിയതു്. ഗോദാനമാഹാത്മ്യം. ഓരോ നിറത്തിലുള്ള പശുക്കളെ ദാനം ചെയ്താൽ ഇന്നിന്ന ലോകങ്ങളിൽ എത്താമെന്നു്.

വസിഷ്ഠൻ പറഞ്ഞു

നൂറായിരത്താണ്ടുകാലം ദുഷ്കരം ചെയ്തു വൻതപം
മുന്നം വിട്ടാഗ്ഗോക്കളു[3]മായ് 'ശ്രൈഷ്ഠ്യം നാമേല്ലുകെ'ന്നു താൻ. 1
"ഈ ലോകത്തിൽദ്ദക്ഷിണകൾക്കൊക്ക നാം മുഖ്യരാവണം

1 വളച്ച്യയാം = അഭിവൃദ്ധിയുണ്ടാകും. 2 പ്രതിഘാതം=നാശം. 3 ഗോക്കൾ എന്നാണു വേണ്ടതു്. 'നമുക്കു മററു ജീവികളേക്കാൾ ശ്രേഷ്ഠത ലഭിക്കണം' എന്നു വിചാരിച്ചു് പശുക്കൾ ആയിരം കൊല്ലം കഠിനമായ തപസ്സനുഷ്ഠിച്ചു എന്നാണർത്ഥം.

ദോഷം പററിപ്പോകരുതു ചെററു''മെന്നും പരന്തപ! 2
''ജനമസ്സൽപ്പുരീഷത്തിൽ കുളിച്ചാൽ ശുദ്ധികൊള്ളണം
ശകൃത്താ[1]ലേ പവിത്രാത്ഥം ചെയ്യേണം ദേവമാനുഷർ. 3
ഏവം ഭൂതങ്ങളൊക്കേയും ചരങ്ങളചരങ്ങളും
ദാതാക്കളും നമ്മളുടെ ലോകം പൂകെ''ന്നു മാനദ! 4
അവക്കിഷ്ടം വരം നല്കീ തപോന്തത്തിൽ വിധി പ്രഭു
'ഏവ'മെന്നും പ്രഭു പരം 'ലോകരെക്കേററുകെ'ന്നുമേ. 5
എഴുന്നേററു കാമമേററാ[2] ഭൂതഭവ്യത്തിനമ്മമാർ
കാലത്തു പൈക്കളെക്കൂപ്പുകെങ്കിലോ പുഷ്ടി വന്നിടും. 6
തപോന്തത്തിൽ മഹാരാജ, ഗോക്കരം വിശ്വാവലംബകരം
മഹാഭാഗകളാഗ്ഗോക്കരം പവിത്രം പരമം മതം; 7
അവ്വണ്ണം സവ്വഭൂതങ്ങരംക്കൊക്കയും മേലെ നില്പുമായ്.
കുട്ടിയോടൊത്തു പാലുള്ള നല്ലാക്കപിലധേനുവെ 8
വസ്ത്രം പുതപ്പിച്ചേകീടിൽ ബ്രഹ്മലോകത്തു പൂജ്യനാം.
കുട്ടിയോടൊത്തു പാലുള്ള ചുമപ്പാം നല്ല പയ്യിനെ 9
വസ്ത്രം പുതപ്പിച്ചേകീടിൽ സൂര്യലോകത്തു പൂജ്യനാം.
കുട്ടിയോടൊത്തു പാലുള്ള നല്ലാശ്ശബളധേനുവെ 10
വസ്ത്രം പുതപ്പിച്ചേകീടിൽ സോമലോകത്തു പൂജ്യനാം.
കുട്ടിയോടൊത്തു പാലുള്ള നല്ലൊരാ ശ്വേതധേനുവെ 11
വസ്ത്രം പുതപ്പിച്ചേകീടിലിന്ദ്രലോകത്തു പൂജ്യനാം.
കുട്ടിയോടൊത്തു പാലുള്ള നല്ലൊരാക്കൃഷ്ണധേനുവെ 12
വസ്ത്രം പുതപ്പിച്ചേകീടിലഗ്നിലോകത്തു പൂജ്യനാം.
കുട്ടിയോടൊത്തു പാലുള്ള നല്ലൊരാദ്ധൂമ്രധേനുവെ 13
വസ്ത്രം പുതപ്പിച്ചേകീടിൽ യമലോകത്തു പൂജ്യനാം.
കുട്ടിയോടും കാംസ്യദോഹ[3] ജലഫേനാഭധേനുവെ 14
വസ്ത്രം പുതപ്പിച്ചേകീടിൽ പാശി[4]ലോകത്തിലെത്തിടും.
കുട്ടിയോടും കാംസ്യദോഹ വാതരേണ്വാഭധേനുവെ 15
വസ്ത്രം പുതപ്പിച്ചേകീടിൽ വായുലോകത്തു പൂജ്യനാം.
കുട്ടിയോടും കാംസ്യദോഹ പിംഗാക്ഷി സ്വണ്ണവണ്ണയെ 16
(വസ്ത്രം പുതപ്പിച്ചേകീടിൽ കൗബേരം ലോകമെത്തുമേ.)
കുട്ടിയോടും കാംസ്യദോഹ പലാലാ ധൂമ്രവണ്ണയെ
വസ്ത്രം പുതപ്പിച്ചേകീടിൽ പിതൃലോകത്തു പൂജ്യനാം. 17
കുട്ടിയോടും താട തുങ്ങും തടിയൻപയ്യെ നല്കിയാൽ
വിശ്വേദേവകരം പാക്കുന്ന മുഖ്യസ്ഥാനത്തിലെത്തിടും. 18
കുട്ടിയോടൊത്തു പാലുള്ള നല്ലൊരാഗ്ഗൗരിധേനുവെ

---

1 ശകൃത്തു്=മലം; ചാണകം. 2 കാമമേററ=ആഗ്രഹം സാധിച്ച. 3 കാംസ്യദോഹ=കറക്കാനുള്ള വെള്ളോട്ടുപാത്രത്തോടുകൂടിയവൾ. 4 പാശി=വരുണൻ.

വസ്ത്രം പുതപ്പിച്ചേകീടിൽ വസുലോകത്തിലെത്തിടും. 19
കട്ടിയോടും കാംസ്യദോഹ ശ്ലക്ഷ്ണകംബളവർണ്ണയെ
വസ്ത്രം പുതപ്പിച്ചേകീടിൽ സാദ്ധ്യലോകത്തിലെത്തിടും. 20
സർവ്വരത്നങ്ങളണിയെപ്പിൻപുറം ചീർത്ത കാളയെ
കൊടുത്തീടിൽ മരുല്ലോകത്തെത്തിച്ചേരുമവൻ നൃപ! 21
സർവ്വരത്നം ചാർത്തി വയസ്സൊത്ത നീലനെ നല്കിയാൽ
മർത്ത്യൻ ഗന്ധർവ്വാപ്സരസ്ത്രീലോകത്തിൽച്ചെന്നു ചേർന്നിടും. 22
സർവ്വരത്നമണിഞ്ഞുള്ള താട തൂങ്ങിന കാളയെ
നല്കിൽ പ്രജാപതിയുടെ ലോകം പൂകും വിശോകനായ്. 23
ഗോപ്രദാനരതൻ പോകും മേഘജാലം പിളർന്നുടൻ
സൂര്യകാന്തിവിമാനത്താൽ വിളങ്ങും വിണ്ണിൽ മന്നവ! 24
അവനെസ്സുന്ദരികളാമായിരം സുരനാരികൾ
രമിപ്പിക്കും പശുദ്ദാനപരനാം നരമുഖ്യനെ. 25
ചിലമ്പു വല്ലകീ വീണാശിഞ്ജിതങ്ങളൊടൊത്തവൻ
മാൻകണ്ണിമാർചിരികൾ കേട്ടുറക്കം വിട്ടുണർന്നിടും. 26

രോമങ്ങൾ പൈയിന്നെഴമെത്രയത്ര—
യാണ്ടായവൻ പൂജിതനായിരിക്കും;
സ്വർഗ്ഗച്യുതൻ പിന്നെ മനുഷ്യലോകേ
പിറന്നിടും വൻപിയലും ഗൃഹത്തിൽ. 27

80. ഗോപ്രദാനികം

ഗോപ്രദാനികം (തുടർച്ച്). പശുക്കളുടെ മാഹാത്മ്യം വർണ്ണിച്ച് ഗോദാനംകൊണ്ടുള്ള ഗുണഗണങ്ങളെ വസിഷ്ഠൻ വീണ്ടും സൗദാസനോടു പറയുന്നു.

വസിഷ്ഠൻ പറഞ്ഞു

നെയ് പാൽ നല്കും പൈക്കൾ നെയ്യുണ്ടാക്കുവോർ നെയ്യിലുള്ളവ
നെയ്യാറുകളായ് നെയ്ച്ചുഴിയുമൊത്തു നില്ക്കട്ടെയെൻ ഗൃഹേ. 1
നെയ്യെൻ കരളിലെപ്പോഴും നെയ്യെൻ നാഭിയിൽ നില്പതാം
നെയ്യെൻഗാത്രത്തിലൊക്കേയും നെയ്യെന്നുള്ളത്തിൽ നില്പതാം. 2
ഗോക്കളെന്മുന്നിലെപ്പോഴും ഗോക്കൾ പിന്നിലുമങ്ങനെ
ഗോക്കളെൻ ചുറ്റുമവ്വണ്ണം വാഴ്കേൻ ഗോക്കൾനടുക്കു ഞാൻ.'' 3
എന്നാചമിച്ചു ചൊല്ലേണമന്തിക്കും പുലർകാലവും
പകൽ ചെയ്തിട്ടുള്ള പാപമെന്നാലവനൊഴിഞ്ഞുപോം. 4
വെൺമാടങ്ങളുമമ്മട്ടാ വസോർദ്ധാരയുമുള്ളിടം
അങ്ങു ഗന്ധർവ്വാപ്സരസ്ത്രീസ്ഥാനമെത്തും സഹസ്രദർ. 5
വെണ്ണച്ചേറൊത്തു പാൽ നീരായ് തയിർച്ചണ്ടി കലർന്നഹോ!

പലേ പുഴയൊലിക്കുന്ന ദിക്കിലെത്തും സഹസ്രദർ[1]. 6
നൂറായിരം പൈക്കളെത്താൻ വിധിപോലെ കൊടുക്കുകിൽ
ഏററവും വൃദ്ധിപൂണ്ടിട്ടാ സ്വർഗ്ഗലോകത്തു പൂജ്യനാം. 7
രണ്ടിടത്തും[2] പത്തുപേരെ[3]യച്ഛനമ്മകൾ പൂർവ്വരെ
പൂജ്യലോകത്താക്കി വംശം ശുദ്ധമാക്കീടുമാപ്പുമാൻ. 8

പയ്യിൻപ്രമാണത്തിനെഴും പ്രമാണ—
മെൾകൊണ്ടെഴും പൈയിനെ നല്കിയോനും
പാനീയ[4]മേകുന്നവനും യമന്റെ
ലോകത്തിലേല്ക്കില്ലൊരു യാതനാംശം. 9

പവിത്രമേററം ത്രിജഗൽപ്രതിഷ്ഠ
വാനോർക്കു മാതാക്കളെ മാന്യമാരെ
അനാലംഭം ചെയ്തിടേണം[5] വലംവെ—
ച്ചേണം പാത്രേ നല്കണം വേണ്ടകാലം. 10

കിടാവോടും വസ്ത്രമോടൊത്തു കാംസ്യ—
ദോഹക്കൊമ്പിക്കപിലപ്പയ്യിനെത്താൻ
കൊടുത്തവൻ ദുർവ്വിഗാഹം യമന്റെ
സദ്മേകം നിർഭയം കേറുമല്ലോ. 11

'അഴകിൽ പല രൂപത്തിൽ വിശ്വരൂപകളമ്മകൾ
ഗോക്കളെന്നിലിണങ്ങേണ'മെന്നു നിത്യവുമോതണം. 12
ഇല്ലിതേക്കാൾ പുണ്യദാനമില്ലിതേക്കാൾ ശുഭം ഫലം
ഇതേക്കാൾ മെച്ചമുലകിലുണ്ടാവാൻ വയ്യൊരെണ്ണവും. 13
രോമം തോൽ കൊമ്പു വാൽ പാലു മേദസ്സുമിവകൊണ്ടഹോ!
ചേർത്തു യജ്ഞം വഹിക്കുന്നുണ്ടെന്നതിൽ പരമെന്തിനി? 14
ചരാചരജഗത്തിങ്കലെല്ലാം വ്യാപിപ്പതേവല്ലോ
ആദ്ധേനുവെക്കുമ്പിടുന്നേൻ ഭൂതഭവ്യത്തിനമ്മയെ. 15

ഗുണവചനസമൂഹമൊട്ടുമാത്രം
നൃവര, പശുക്കളിലുള്ളതിങ്ങു ചൊന്നേൻ
അവയിലുമതിയായ ദാനമൊന്നി—
ല്ലവയിൽ മുതിന്ന്[6]വലംബമില്ല[7] വേറേ. 16

ഭീഷ്മൻ പറഞ്ഞു

ഇതു വരമിതു ഭൂമിദൻ[8] നിനച്ചാ
പ്രവരമഹർഷിവചസ്സു കേട്ട മാന്യൻ
നിയതമതി കൊടുത്തു ഭൂസുരർക്കായ്—
പ്പലപടി ഗോധനമങ്ങു നേടി ലോകം. 17

---

1 സഹസ്രദർ = ആയിരം പശുക്കളെ ദാനംചെയ്യുന്നവർ. 2 രണ്ടിടത്തും = അച്ഛൻവഴിക്കും അമ്മവഴിക്കും. 3 പത്തുപേരെ = പത്തു തലമുറക്കാരെ. 4 പാനീയം = ജലധേനു. 5 അനാലംഭം ചെയ്ക = ശുശ്രൂഷിക്ക. 6 അവയിൽ മുതിന്ന് = അതിനേക്കാൾ ഉൽകൃഷ്ടമായ. 7 അവലംബം = ആശ്രയം. 8 ഭൂമിദൻ = സൗദാസ രാജാവ്.

81. ഗോപ്രദാനികം

ഗോപ്രദാനികം (തുടച്ച്). വ്യാസൻ ശുകബ്രഹ്മർഷിക്കുപദേശിച്ച വിധത്തിൽ ഗോദാനമാഹാത്മ്യത്തെപ്പററി ഭീഷ്മർ വീണ്ടും ധർമ്മപുത്രരെ പറഞ്ഞു കേൾപ്പിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

പവിത്രൗഘപവിത്രം[1]താൻ ലോകത്തിൽ ശിഷ്ട[2]മെന്തുവാൻ
പരമം പാവനമതു പറഞ്ഞാലും പിതാമഹ! 1

ഭീഷ്മൻ പറഞ്ഞു

വിലയേറും പുണ്യഗോക്കൾ കയററീടുന്നു മർത്ത്യരെ
താങ്ങീടുന്നു പ്രജകളെ ഹവിസ്സാൽ പാലിനാലുമേ. 2
ഗോക്കളെക്കാൾപ്പുണ്യമൊന്നുമില്ലാ ഭരതസത്തമ!
പവിത്രപുണ്യകളിവ മൂപ്പാരിൽ ശ്രൈഷ്ഠ്യമുള്ളവ. 3
ദേവന്മാർക്കും മേലെയല്ലോ ഗോക്കൾ വാഴുന്നിതങ്ങനെ
ഇവ നല്കിക്കയററീടും സ്വർഗ്ഗമെത്തും മനീഷികൾ. 4
മാന്ധാതാവാ യൗവനാശ്വൻ യയാതി നഹുഷൻ പരം
നൂറായിരം കണക്കായിയെന്നും ഗോക്കളെ നല്കിയോർ. 5
മുഖ്യസ്ഥാനം പുക്കിതങ്ങു വാനവർക്കും സുദുർല്ലഭം
എന്നല്ലിതിൽ പൂർവ്വകഥ പറയാമനഘാശയ! 6
ഋഷികൾക്കുത്തമൻ വേദവ്യാസനെബ്ബുദ്ധിമാൻ ശുകൻ
കുമ്പിട്ടിട്ടാഹ്നികം ചെയ്തു ശുചി പ്രയതമാനസൻ 7
ചോദിച്ചു ലോകേ മേൽക്കീഴു കണ്ടോരച്ഛനൊടിങ്ങനെ:
"സർവ്വയജ്ഞത്തിലും ശ്രേഷ്ഠയജ്ഞം കാണുന്നതെന്തുവാൻ? 8
എന്തു ചെയ്താൽ ശ്രേഷ്ഠപദമെത്തിടുന്നു മനീഷികൾ?
വാനോരെന്തു പവിത്രത്താൽ വിണ്ണേററീടുന്നതാം വിഭോ! 9
യജ്ഞത്തിനെന്തു യജ്ഞത്വം യജ്ഞം നില്പതുമെങ്ങുവാൻ?
ദേവകൾക്കെന്തുത്തമമെന്തതിലും മുഖ്യസത്രവും? 10
പവിത്രൗഘപവിത്രംതാനെന്തെന്നോടച്ഛനോതണം."
ഈപ്പറഞ്ഞതു കേട്ടിട്ടാ വ്യാസൻ പരമധാർമ്മികൻ
പുത്രനോടോതിനാൻ മുററും തത്ത്വമായ് ഭരതർഷഭ! 11

വ്യാസൻ പറഞ്ഞു

ഗോക്കൾ ഭൂതൗഘപ്രതിഷ്ഠ ഗോക്കളത്രേ പരായണം
ഗോക്കൾ പുണ്യപവിത്രങ്ങൾ ഗോധനം പാവനം പരം. 12
പണ്ടു കൊമ്പില്ലാത്തവകൾ ഗോക്കളെന്നുണ്ടു കേൾപ്പു നാം
അവ്യയപ്രഭുവെക്കൊമ്പുകിട്ടാനായിബ്ഭജിച്ചുപോൽ. 13
ബ്രഹ്മൻ പ്രായോപവേശംപൂണ്ടങ്ങു കണ്ടിട്ടു പൈക്കളെ

---

1 പവിത്രൗഘപവിത്രം = പവിത്രങ്ങളിൽവെച്ചു പവിത്രം. 2 ശിഷ്ടം = ഇതേവരെ പറഞ്ഞതിനു പുറമേയുള്ളതു്.

ആഗ്ഗോക്കൾക്കീപ്സിതം[1] പിന്നെ പ്രത്യേകം നല്കിനാൻ പ്രഭു. 14

എവൾക്കേതു നിലയ്ക്കിഷ്ടമവൾക്കമ്മട്ടു കൊമ്പുമായ്
നാനാനിറത്തിൽ കൊമ്പൊത്തു ശോഭിച്ചു ഗോക്കൾ പുത്രക! 15

ബ്രഹ്മാവിൻെറ വരാൽ കവ്യഹവ്യം നല്കും ശുഭാംഗികൾ
പവിത്രപുണ്യസുഭഗപുണ്യപ്പംസ്ഥാനചിഹ്നകൾ. 16

ഗോക്കളോ പുണ്യതേജസ്സാണാഗ്ഗോദാനം പ്രശസ്തമാം
ആരിവറ്റെക്കൊടുക്കുന്നൂ സാധുക്കൾ ഗതമത്സരർ 17

അവരത്രേ സുകൃതികൾ സർവ്വദാനദ[2]രാണവർ
പുണ്യഗോലോകമെത്തീടുമവരങ്ങനഘാശയ! 18

അങ്ങു തേൻ കായ് മാമരങ്ങൾ ദിവ്യപുഷ്പഫലങ്ങളാം
സുഗന്ധിദിവ്യപുഷ്പങ്ങളങ്ങത്രേ ദ്വിജസത്തമ! 19

ഭൂമിയെല്ലാം രത്നമയം മുറ്റും പൊന്മണലുള്ളതാം
സർവ്വർത്തുസുഖസംസ്പർശം പൊടിയറ്റിളകാത്തതാം. 20

ചെന്താമരപ്പൂക്കൾ മണിഖണ്ഡം പൊന്മയമങ്ങനെ
തരുണാദിത്യവർണ്ണങ്ങളൊത്തുനില്പൂ ജലാശയം. 21

മഹാർഹമണിപത്രങ്ങൾ പൊൻഭാസ്സുള്ളല്ലിയുള്ളവ
നീലോല്പലങ്ങൾ കലരും പൊയ്ത്താരണിസരസ്സുകൾ. 22

സഹസ്രാവർത്തമുടയ പൂത്ത നീർമരുതിൻനിര
പൂത്ത സന്താനവൃക്ഷക്കാടിവകൊണ്ടുമണിഞ്ഞവ. 23

തെളിഞ്ഞ മുത്തു മിന്നുന്ന രത്നമെന്നിവയാലുമേ
പൊന്മണല്പുറവും പൊങ്ങിനില്ക്കും പുഴകളുണ്ടതിൽ. 24

സർവ്വരത്നമയം ചിത്രമാമരങ്ങൾ നിറഞ്ഞവ
പൊന്മയങ്ങളുമങ്ങഗ്നിപ്രഭങ്ങളുമതേവിധം. 25

പൊന്നിൻകുന്നുകളങ്ങുണ്ടു മണിരത്നശിലാഞ്ചിതം
സർവ്വരത്നാഢ്യോച്ചശൃംഗങ്ങളുമായ് വിലസുന്നതേ. 26

നിത്യം പൂത്തും കാച്ചുമങ്ങു നഗങ്ങൾ ഖഗസങ്കുലം
ദിവ്യഗന്ധരസപ്പൂ കായ്കളുമായ് ഭരതർഷഭ! 27

രമിപ്പൂ പുണ്യകർമ്മാക്കളങ്ങു നിത്യം യുധിഷ്ഠിര!
സർവ്വകാമസമൃദ്ധാർത്ഥർ മന്യു പോയ് മാലൊഴിഞ്ഞവർ. 28

വിചിത്രരത്നരുചിരവിമാനം പുക്കു ഭാരത!
മോദിപ്പൂ പുണ്യകർമ്മാക്കൾ വിഹരിച്ചു യശസ്വികൾ. 29

ശുഭാപ്സരസ്ത്രീകളവർക്കൊപ്പം ക്രീഡിപ്പൂ മന്നവ!
ഗോദാനംചെയ്തു നേടീടുമീ ലോകങ്ങൾ യുധിഷ്ഠിര! 30

അവർക്കധീശ്വരൻ പൂഷാ മാരുതൻ ബലവാൻ ബലി
ഐശ്വര്യേ വരുണൻ രാജാ പേർമാത്രം യുഗമെത്തുവോർ. 31

---

1 ഈപ്സിതം=ആഗ്രഹം. 2 സർവ്വദാനദർ=എല്ലാത്തരം ദാനങ്ങളും ചെയ്താലുള്ള ഫലം അനുഭവിക്കുന്നവർ.

ചന്തത്തിൽ പല രൂപത്തിൽ വിശ്വരൂപകളമ്മകാം
പ്രാജാപത്യമിതോ ബ്രഹ്മൻ വ്രതിയെന്നും ജപിക്കിലും, 32

ഗോശുശ്രൂഷ കഴിച്ചാലും പിൻതുടന്നാലുമങ്ങനെ
സന്തുഷ്ടമാരവന്നേകും സുദുർല്ലഭവരങ്ങളും. 33

ദ്രോഹിക്കൊല്ലാ മനസ്സാലും ഗോക്കാംക്കെന്നും സുഖപ്രദൻ
അച്ചിച്ചീടേണമെപ്പോഴും കുമ്പിട്ടും പൂജചെയ്യണം; 34

ദാന്തൻ പ്രീതമനസ്സെന്നമവൻ ഗോവൃഷ്ടി[1]യേററിടും.
മൂന്നാളുഷ്ണം മൂത്രപാനം മൂന്നാം ചൂടുള്ള പാൽകുടി 35

മൂന്നാളുഷ്ണം പാൽ കുടിച്ചു മൂന്നാം ചൂടുള്ള നൈകുടി
മൂന്നാളുഷ്ണം നൈ കുടിച്ചു കാററുണ്ടീടുക മൂന്നു നാം. 36

ശുദ്ധമാമേതിനാൽ വാനോർ മുഖ്യലോകം ഭുജിപ്പതോ,
ശുദ്ധാതിശുദ്ധമാ നെയ്യു ശിരസ്സിങ്കൽ വഹിക്കണം. 37

നെയ്യാലഗ്നിക്കു ഹോമിക്ക സ്വസ്തി ചൊല്ലിക്ക നെയ്യിനാൽ
നെയ് കുടിക്കുക നെയ് നല്ലകെന്നാൽ ഗോപുഷ്ടിയേററിടും. 38

ഗോമയോത്ഥയവം[2] വെച്ചു മാസം പ്രാശിതയാവകൻ[3]
ബ്രഹ്മഹത്യയ്ക്കൊത്ത പാപമെല്ലാമതിൽ വിശുദ്ധമാം. 39

പോരിൽ ദാനവർ തോല്പിച്ച വാനോരീശ്ശൗചമാന്തേ
ദേവതപവും നേടിയവർ സിദ്ധരായീ മഹാബലർ. 40

പവിത്രപുണ്യമാർ ഗോക്കാം മഹാപാവനമേററവും
അവയെ ബ്രാഹ്മണക്കേകിൽ നരൻ സ്വർഗ്ഗം ഭുജിക്കുമേ. 41

ശുചിയായ് പൈക്കാംനടുവിലുള്ളാൽ ഗോമതി[4] ചൊല്ലുക
ശുദ്ധാംഭസ്സാലാചമിച്ചു നിർമ്മലൻ ശുചിയാസ്സുരും. 42

തീനടുക്കും പൈനടുക്കും ബ്രാഹ്മണന്മാർസദസ്സിലും
വിദ്യാവേദവ്രതസ്നാതർ വിപ്രന്മാർ പുണ്യകർമ്മികാം 43

യജ്ഞമൊക്കും ഗോമതിയെപ്പഠിപ്പിക്കുക ശിഷ്യരെ.
മൂന്നാളുപവസിച്ചെന്നാൽ സിദ്ധമാം ഗോമതീവരം 44

പുത്രകാമൻ നേടിടുന്നു പുത്രനേയും ധനത്തെയും
ഭർത്തൃകാമിനി ഭർത്താവെക്കാമമൊട്ടുക്കുമേ നരൻ. 45

സന്തോഷിക്കും ഗോക്കളേകും സേവിച്ചാലില്ല സംശയം.
ഏവം യജ്ഞീയമാർ[5] ഗോക്കാം കാമം നല്ലുന്നു യോഗ്യകാം 46
പരം രോഹിണിമാരോക്കുകിവസ്സിലൊന്നു മേലെയായ്.

ഭീഷ്മർ പറഞ്ഞു

വൻപുള്ളച്ഛൻ ചൊല്ലിയിതു കേട്ട തേജസ്വിയാം ശുകൻ
പൂജിച്ചു ഗോക്കളേ നിത്യമെന്നാൽ പൂജിക്ക നീയുമേ. 47

---

1 ഗോവൃഷ്ടി=ഗോദാനഫലം. 2 ഗോമയോത്ഥയവം = ചാണകത്തിൽനിന്നു പെറുക്കിയെടുത്ത കോതമ്പ്. 3. പ്രാശിതയാവകൻ = കോതമ്പുചോറുണ്ണുന്നവൻ. 4 ഗോമതി= ആ പേരിലുള്ള ഒരു ഋക്ക്. 5 യജ്ഞീയമാർ = യജ്ഞത്തിന്ന് ഉപകരിക്കുന്നവർ.

82. ഗോശ്രീസംവാദം

പശുവിന്റെ മൂത്രവും ചാണകവും പവിത്രമായി കരുതുന്നതിനുള്ള കാരണം, ഗോക്കളും ലക്ഷ്മിയും തമ്മിൽ നടന്ന ഒരു സംവാദത്തെ അടിസ്ഥാനമാക്കി ഭീഷ്മൻ വിവരിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

പൈച്ചാണകം ശ്രീയോടൊത്തതെന്നായിക്കേട്ടിരിപ്പു ഞാൻ
ഇതു കേൾപ്പാനാശയിതിൽസ്സംശയം ഹേ പിതാമഹ! 1

ഭീഷ്മൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
നൃപ, ശ്രീയും ഗോക്കളുമായ് സംവാദം ഭരതോത്തമ! 2

കാന്തരൂപം പൂണ്ടെഴും ശ്രീ ഗോമദ്ധ്യത്തിൽക്കടന്നുതേ
അവൾക്കെഴുന്നഴകു കണ്ടാശ്ചര്യപ്പെട്ടു ഗോക്കളും. 3

ഗോക്കൾ പറഞ്ഞു

നീയാരു ദേവി,യെങ്ങുന്നാണഴകാലെതിരററവൾ?
വിസ്മയിപ്പൂ മഹാഭാഗേ, നിൻ സൗന്ദര്യത്തിലിജ്ജനം. 4

ഞങ്ങൾക്കു നിന്നെയറിവാൻ മോഹം പോവതുമെങ്ങു നീ?
തത്ത്വമായ് വരവർണ്ണിനീ, സർവ്വം ഞങ്ങളൊടോതണം. 5

ശ്രീ പറഞ്ഞു

നിങ്ങൾക്കു ഭദ്രം, ഞാൻ ലോകകാന്തയാം ശ്രീ പുകഴ്ന്നവൾ
ഞാൻ വെടിഞ്ഞുള്ള ദൈത്യന്മാരേറെയാണ്ടേകു നഷ്ടരായ്; 6

ഞാൻ കൈക്കൊണ്ടുള്ള വാനോർകളേറെയാണ്ടയ്യു തുഷ്ടരാം.
ഇന്ദ്രൻ വിവസ്വാനാസ്സോമൻ വിഷ്ണുവപ്പഗ്നിയങ്ങനെ 7

ഞാൻ കൈക്കൊണ്ടോർ സിദ്ധിയേല്പൂ, വാനോർകളുമൃഷീന്ദ്രരും;
ഗോക്കളേ, ഞാൻ ചെന്നിടാത്തോർ സർവ്വംകൊണ്ടും നശിക്കുമേ.

ധർമ്മമർത്ഥം കാമമിവ ഞാനേററു സുഖമാണ്ടവ
ഏവം പ്രഭാവ[1]ഞാനോർക്ക സുഖം നല്കുന്ന ഗോക്കളേ! 9

ഇച്ഛിപ്പേൻ നിത്യവും നിങ്ങളെല്ലാരിലുമിരിക്കുവാൻ
വന്നു നിങ്ങളൊടർത്ഥിപ്പേൻ ശ്രീയോടൊന്നിച്ചിരിക്കുവാൻ. 10

ഗോക്കൾ പറഞ്ഞു

ഉറയ്ക്കാത്തച്ചപല[2] നീ പലപേരിൽസ്സമാനയാം[3].
ഞങ്ങൾക്കു നീ വേണ്ട ശുഭം വരും പോകിഷ്ടമുള്ളിടം. 11

മെയ്യുള്ളോർ ഞങ്ങളെല്ലാരും നിന്നെക്കൊണ്ടെന്തുസാദ്ധ്യമാം?
യഥേഷ്ടം പോക നീ, വേണ്ടകാര്യമായീ നമുക്കിഹ. 12

ശ്രീ പറഞ്ഞു

നിങ്ങൾക്കു തക്കതോ എന്നെക്കൊണ്ടാടാത്തതു ഗോക്കളേ!
ലഭിക്കാൻ പാടെഴുന്നെന്നെ സ്വീകരിക്കാത്തതെന്തുവാൻ? 13

---

1 ഏവം പ്രഭാവ = ഇത്തരത്തിലുള്ള പ്രഭാവത്തോടു കൂടിയവൾ. 2 ചപല = അസ്ഥിര. 3 ഒരുപോലെ പലരോടും ചേർന്നിരിക്കുന്നവൾ.

സത്യമാണീ ലോകവാദം പാരിൽ സുവ്രതമാർകളേ!
താനേ ചെന്നാൽ പരിഭവമുണ്ടാമെന്നതു തീച്ചയായ്. 14
വൻപുള്ളുഗ്രതപം ചെയ്തിട്ടെന്നെസ്സേവിപ്പു മാനവർ
ദേവ ദാനവ ഗന്ധർവ്വ പിശാചാഹി നിശാടരും. 15
എൻ പ്രഭാവമിതാണെന്നെ സ്വീകരിക്കുക ഗോക്കളേ!
സൗമ്യമാരേ, സ്ഥിരചരത്രിലോകേ* നിന്ദ്യയല്ല ഞാൻ. 16

ഗോക്കൾ പറഞ്ഞു

നിന്ദിപ്പതില്ലാ ഹേ! ദേവി,യവമാനിക്കയല്ല നാം
ഉറപ്പറേറാം ചപല നീയതേ നിന്നെയൊഴിപ്പതും. 17
എന്തിനേറെച്ചൊല്ലിടുന്നൂ പോക നീയിഷ്ടമുള്ളിടം
മെയ്യുള്ളോർ ഞങ്ങളെല്ലാം നീയെന്തിനാണനഘാശയേ? 18

ശ്രീ പറഞ്ഞു

മാനപ്രദകളേ, സർവ്വലോകക്കും ഞാൻ വിനിന്ദ്യയാം
നിങ്ങളെന്നെയുപേക്ഷിച്ചാൽ പ്രസാദിക്കുവിനെൻെറ മേൽ. 19
ശരണ്യയോഗ്യമാർ നിങ്ങൾ ശരണംവന്നൊരുത്തിയെ
രക്ഷിച്ചുകൊൾവിനീയെന്നെ നിന്ദിക്കാത്തോരു ഭക്തയെ. 20
ഞാൻ മാനനത്തെയിച്ഛിപ്പു ശിവമാർ നിങ്ങളെപ്പൊഴും
വാഴേണം കീഴിലംഗത്തിൽ നിന്ദ്യമാമൊന്നിലെങ്കിലും. 21
അംഗത്തിൽ നിന്ദ്യമൊന്നില്ലാ നിങ്ങൾക്കനഘമാർകളേ!
പവിത്രപുണ്യസുഭഗമാരെനിക്കാജ്ഞ നല്കുവിൻ;
നിങ്ങൾക്കുടയ ദേഹത്തിലെങ്ങു വാഴേണ്ടു ചൊല്കുവിൻ. 22

ഭീഷ്മൻ പറഞ്ഞു

എന്നു കേട്ടിട്ടു കാരുണ്യവാത്സല്യാകുലഗോക്കളും
എല്ലാരുമൊത്തു മന്ത്രിച്ചാ ശ്രീയിനോടോതി മന്നവ! 23

ഗോക്കൾ പറഞ്ഞു

അവശ്യം നിന്നെ മാനിക്കവേണം ഞങ്ങൾ യശസ്വിനി!
മലമൂത്രം വാഴ്ക ഞങ്ങൾക്കായതും പുണ്യമാം ശുഭേ! 24

ശ്രീ പറഞ്ഞു

ഭാഗ്യം, പ്രസാദിച്ചു നിങ്ങളെന്നിലേററമനുഗ്രഹം
ഏവമാട്ടേ ശുഭം പൂജയേറേൻ സുഖദമാർകളേ! 25

ഭീഷ്മൻ പറഞ്ഞു

ഏവം കരാർ ചെയ്തു ലക്ഷ്മി ഗോക്കളായിട്ടു ഭാരത!
അവരെല്ലാം കണ്ടുനില്ക്കേയവിടെത്താൻ മറഞ്ഞുതേ. 26
എന്നീപ്പൈച്ചാണകത്തിൻെറ മാഹാത്മ്യം പുത്ര, ചൊല്ലിനേൻ;
ഗോക്കൾക്കുള്ളോരു മാഹാത്മ്യം ചൊല്കുവൻ കേൾക്ക വീണ്ടുമേ.

---

* സ്ഥിരചരത്രിലോകേ = സ്ഥാവരജംഗമാത്മകമായ മൂന്നു ലോകത്തിലും.

83. ഗോലോകവൎണ്ണനം

ബ്രഹ്മാവ് ഇന്ദ്രനോടു ഗോക്കളുടേയും ഗോലോകത്തിന്റേയും മഹിമാതിശയം വൎണ്ണിക്കുന്നതും ഗോക്കൾക്കു വരം കൊടുക്കുന്നതും.

ഭീഷ്മൻ പറഞ്ഞു

പശുദ്ദാനം ചെയ്യുവൎക്കും ഹുതശിഷ്ടാശികൾ[1]ക്കുമേ
സത്രങ്ങൾ യജ്ഞങ്ങളിവ നിത്യമുണ്ടു യുധിഷ്ഠിര![2] 1

തയിരും നെയ്യുമില്ലാതെ യജ്ഞമൊന്നും നടന്നിടാ
യജ്ഞത്തിന്നതിൽ യജ്ഞത്വമിതുമൂലമുറപ്പതാം 2

സൎവ്വദാനത്തിലുംവെച്ചു ഗോദാനംതാൻ പ്രശസ്തമാം
പവിത്രശ്രേഷ്ഠമാർ ഗോക്കളിതു പാവനമുത്തമം. 3

സേവിക്ക പുഷ്ടിക്കിവയെശ്ശാന്തിക്കുമതുപോലെതാൻ
ഇവയ്ക്കെഴും പാൽ തൈർ നെയ് മുററും പാപപ്രമോചനം. 4

ഗോക്കളത്രേ മുഖ്യതേജസ്സ്വി ലോകത്തിൽപ്പരത്തിലും
പവിത്രം ഗോക്കളെക്കാളും മേലെയൊന്നില്ല ഭാരത! 5

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
പിതാമഹന്റെ സംവാദമിന്ദ്രന്റേയും യുധിഷ്ഠിര! 6

ദൈത്യന്മാർ തോററുപോയാറേ ശക്രൻ മുപ്പാരിനീശനായ്
പ്രജയൊട്ടുക്കൊത്തുചേൎന്നു സത്യധൎമ്മത്തിൽ നില്പുമായ്. 7

പരം മുനീന്ദ്രർ ഗന്ധൎവ്വർ കിന്നരാഹിനിശാടരും
ദേവാസുരസുപൎണ്ണന്മാർ പ്രജാപതികളും ശരി 8

ചെന്നു സേവിച്ചിതൊരുനാൾ കുന്തീപുത്ര, വിരിഞ്ചനെ.
നാരദൻ പൎവ്വതൻ പിന്നെ വിശ്വാവസു ഹഹാ ഹുഹു 9

ദിവ്യതാനത്തോടും പാടിസ്സേവിച്ചു പ്രഭുവെപ്പരം.
അവിടെദ്ദിവ്യപുഷ്പങ്ങൾ വീശീ മാരുതനപ്പൊഴേ 10

വേറേ വേറേ സുഗന്ധങ്ങൾ കൊണ്ടുവന്നാൎത്തുക്കളും.
ആദ്ദേവസമവായ[3]ത്തിൽ സൎവ്വഭൂതങ്ങളൊത്തതിൽ 11

ദിവ്യവാദ്യം മുഴങ്ങുമ്പോൾ ദിവ്യസ്ത്രീചാരർ ചൂഴവേ
കുമ്പിട്ടു കൂപ്പിദ്ദേവേശനോടു ചോദിച്ചു വാസവൻ. 12

ഇന്ദ്രൻ ചോദിച്ചു

ഭഗവാനേ, ദേവകൾക്കും ലോകേശൎക്കും പിതാമഹ!
മേലാവാനെന്തു ഗോലോകമതു കേൾപ്പതിനാഗ്രഹം. 13

എന്തു ചെയ്തു ഗോക്കളിഹ തപസ്സോ ബ്രഹ്മചര്യമോ
രജസ്സെന്ന്യേ ദേവകൾക്കും മേലേ സുഖമിരിക്കുവാൻ? 14

---

1 ഹുതശിഷ്ടാശികൾ = ഹോമിച്ചു ശേഷിച്ചതു ഭക്ഷിക്കുന്നവർ. 2 ഗോദാനം ചെയ്യുന്നവൎക്കും ഹോമശേഷം ഭക്ഷിക്കുന്നവൎക്കും സത്രങ്ങളും യജ്ഞങ്ങളും ചെയ്ത ഫലം കിട്ടുമെന്നാണാശയം. 3 സമവായം = കൂട്ടം.

ഭീഷ്മൻ പറഞ്ഞു

ബ്രഹ്മാവപ്പോഴംച്ചൊല്ലി വലവൈരിയാം ശക്രനോടുടൻ:
''തിരസ്കരിപ്പൂ നീ നിത്യം ഗോക്കളേ വലസൂദന! 15
അതാണവററിൻ മാഹാത്മ്യമറിയാത്തതു കേൾ വിഭോ!
ഗോക്കൾക്കെഴും വൻ പ്രഭാവമാഹാത്മ്യങ്ങൾ സുരൎഷഭ! 16
യജ്ഞാംഗമാണപോൽ ഗോക്കൾ യജ്ഞംതാനാണ വാസവ!
ഇവയില്ലെന്നാകിൽ യജ്ഞം നടന്നീടില്ലൊരിക്കലും. 17
ധരിക്കുന്നു പ്രജകളെ ഹവിസ്സാൽ പാലിനാലുമേ
ഇവയ്ക്കെഴും മക്കൾ കൃഷിയോഗത്തേയും വഹിപ്പതാം. 18
ധാന്യങ്ങളും വിത്തുകളുമുണ്ടാക്കുന്നു പലേതരം
യജ്ഞം നടപ്പതതിനാൽ കവ്യം ഹവ്യവുമെങ്ങുമേ. 19
തയിർ പാൽ നെയ്യുമിവകൾ പുണ്യങ്ങൾ നരനായക!
വഹിപ്പൂ പല ഭാരങ്ങൾ പൈദാഹം പൂണ്ടുഴന്നുമേ. 20
മുനീന്ദ്രരേയും താങ്ങുന്നു കൎമ്മാൽ പ്രജകളേയുമേ
പരം സുകൃതകൎമ്മത്താൽ വാസവാച്ഛലമേന്തുവോർ*. 21
അതാണു നമ്മേക്കാൾ മേലെയിവ വാഴുന്നതെപ്പൊഴും
ഇപ്രകാരം ദേവകൾക്കും മേലേ പാൎപ്പിന്നു കാരണം. 22
ഗോക്കൾക്കുള്ളതു ഞാനിപ്പോളോതിക്കൊണ്ടേൻ ശതക്രതോ!
വരമേറേറാർ വരദകളിവയത്രേ പുരന്ദര! 23
പുണ്യം ചെയ്യും സുരഭികൾ ശുദ്ധമാർ ശുഭചിഹ്നകൾ
ഗോക്കൾ ഗോവിൽസ്സുരഭികൾ വന്ന ഹേതു സുരോത്തമ! 24
എന്തെന്നു ഞാൻ പറഞ്ഞീടാം വലസൂദന, കേൾക്ക നീ.
പണ്ടു ദേവയുഗത്തുണ്ണീ, യോഗ്യർ ദേവേന്ദ്രരങ്ങനെ 25
മൂപ്പാർ കാക്കുന്ന കാലത്തു വിഷ്ണുഗർഭത്തിലാണ്ടനാം,
സുദുശ്ചരം ഘോരതപസ്സമ്മട്ടദിതി ചെയ്യവേ 26
നിത്യമൊററക്കാലിൽനിന്നു പുത്രാൎത്ഥമമരൎഷഭ!
ആ മഹാദേവി വലിയ തപം ചെയ്യുതു കണ്ടുടൻ 27
ദക്ഷൻെറ പുത്രി സുരഭിയെന്നു പേരുള്ള ദേവിയാൾ
ഘോരം തപം ചെയ്തു ഹൃഷ്ടയായിധൎമ്മപരായണ. 28
ഗന്ധൎവ്വർ ചൂഴും നല്ലോരു കൈലാസശിഖരത്തിലായ്
ഒററക്കാലാൽ നിന്നുകൊണ്ടാൾ പരമം യോഗമാണ്ടവൾ 29
പതിനായിരമാണ്ടേവം പത്തു നൂറാണ്ടുമങ്ങനെ.
അവൾക്കെഴും തപംകൊണ്ടു തപ്തർ ദേവൎഷി പന്നഗർ 30
എന്നോടുമൊത്തങ്ങു ചെന്നാശ്ശുഭയ്ക്കരികിൽ നിന്നുതേ.
തപസ്സേന്തുന്നൊരാദ്ദേവിയോടു പിന്നെപ്പറഞ്ഞു ഞാൻ: 31

* വാസവാച്ഛലമേന്തുവോർ = വാസവ+അച്ഛലമേന്തുവോർ എന്നു പദച്ഛേദം. അച്ഛലമേന്തുവോർ=കളവറിഞ്ഞുകൂടാത്തവർ.

''എന്തിന്നു ദേവി, നീയുഗ്രതപം ചെയ്വതനിന്ദിതേ!
മഹാഭാഗേ, പ്രസാദിച്ചേനീത്തപംകൊണ്ടനിന്ദിതേ! 32
വരം വരിക്കു നീ ദേവി, തരാ''മെന്നായ് പുരന്ദര!

സുരഭി പറഞ്ഞു

ഭഗവാനേ, വരം പോരും മമ ലോകപിതാമഹ!
എനിക്കിതിപ്പോൾ വരമായ് നിൻ പ്രസാദമിഹാനഘ! 33

ബ്രഹ്മാവു പറഞ്ഞു

എന്നു ചൊല്ലുന്ന സുരഭീദേവിയോടമരേശ്വര!
ഉത്തരം ഞാൻ ചൊന്നതിന്ദ്ര, കേട്ടുകൊൾക ശചീപതേ! 34
അലോഭകാമ്യയാൽദ്ദേവി, തപസ്സാലും ശുഭാനനേ!
പ്രസാദിച്ചേൻ നിനക്കെന്നാലമരത്വം വരം തരാം. 35
മുപ്പാരിന്നും മേലെയായിട്ടിനിമേൽ പാൎത്തുകൊൾക നീ
എൻ പ്രസാദത്തിനാലെന്നാൽ ഗോലോകം പേർ പുകണ്ണിടും. 36
മൎത്ത്യരിൽ ശുഭകൎമ്മങ്ങൾ ചെയ്യും പ്രജകളും തവ
സ്ഥാനം വാഴും മഹാഭാഗേ, നിന്റെ മക്കളുമൊക്കയും. 37
നീയുള്ളിലോൎത്തിടുന്നെല്ലാദ്ദിവ്യമാനുഷഭോഗവും
വിണ്ണിലെസ്സുഖവും ദേവി,യതാതഞ്ഞൊത്തിടും ശുഭേ! 38
അവൾക്കു ലോകങ്ങളിന്ദ്ര, സൎവ്വകാമാനപിതങ്ങളാം
അവിടെയ്ക്കെത്തിടാ മൃത്യു ജരയും തീയുമങ്ങനെ. 39
ദൈവമില്ലിില്ലശുഭവുമൊന്നുമാട്ടിക്കിൽ വാസവ!
അങ്ങരണ്യങ്ങൾ ദിവ്യങ്ങൾ ദിവ്യാഭരണജാലവും. 40
കാമഗങ്ങൾ വിമാനങ്ങളോടുമൊത്തുണ്ടു വാസവ!
ബ്രഹ്മചര്യം തപം സത്യം ദമമെന്നിവയാലുമേ 41
പലമട്ടിൽ പുണ്യദാനാൽ തീൎത്ഥസേവനയാലുമേ
വൻ തപസ്സാലുമവ്വണ്ണം സുകൃതക്രിയയാലുമേ 42
ഗോലോകത്തിൽ ചെന്നുകൂടാൻ സാധിക്കും പുഷ്കരേക്ഷണ!
ചോദിച്ചീടും നിന്നൊടു ഞാനിതൊക്കശ്ശുക്ര, ചൊല്ലിനേൻ 43
ഗോക്കൾക്കു നീ പരിഭവം ചെയ്യൊല്ലസുരസൂദന!

ഭീഷ്മൻ പറഞ്ഞു

ഇതു കേട്ടു സഹസ്രാക്ഷൻ പൂജചെയ്തിതു നിത്യവും
ഗോക്കളെബ്ബഹുമാനിച്ചുകൊണ്ടാൻ നിത്യം യുധിഷ്ഠിര! 44
ഇതൊക്കച്ചൊല്ലി നിന്നോടു പാവനം ഞാൻ മഹാദ്യുതേ!
പവിത്രം പരമം ഗോക്കൾക്കുള്ള മാഹാത്മ്യമുത്തമം. 45
പറകിൽ പുരുഷവ്യാഘ്ര, സൎവ്വപാപവിനാശനം
ഇതു നിത്യം ശ്രദ്ധയൊത്തു വിപ്രരോടുരചെയ്യുകിൽ 46
ഹവ്യകവ്യങ്ങളിൽ മഖപ്പിതൃക്രിയകളിങ്കലും
സൎവ്വകാമദമക്ഷയ്യം തൽപ്പിതൃക്കൾക്കു സിദ്ധമാം. 47
ഗോക്കളിൽ ഭക്തിയുടയോൻ നേടുമിച്ഛിച്ചതൊക്കയും

ലോകങ്ങളിൽ ഭക്തമാർ കാമം നേടുമാ സ്ത്രീജനങ്ങളും. 48

പുത്രാർത്ഥി പുത്രനെ നേടും നേടും കന്യാർത്ഥി കന്യയെ
ധനാർത്ഥി ധനവും നേടും നേടും ധർമ്മാർത്ഥി ധർമ്മവും. 49

വിദ്യാർത്ഥി വിദ്യയും നേടും നേടും സൗഖ്യാർത്ഥി സൗഖ്യവും
ലോകങ്ങളിൽബ്ഭക്തിയുള്ളോർക്കു കിട്ടാതൊന്നില്ല ഭാരത! 50

84. സുവർണ്ണോത്പത്തി

ഭീഷ്മർ പിതൃപിണ്ഡം, തോൾവളയോടുകൂടി പ്രത്യക്ഷപ്പെട്ട ശന്തനുവിന്റെ കൈയിൽ വെയ്ക്കാതെ ദർഭയിൽ വെയ്ക്കുന്നു. സ്വർണ്ണത്തിന്റെ ഉൽപത്തിയെയും സ്വർണ്ണദാനത്തിന്റെ മാഹാത്മ്യത്തേയും പററിയുള്ള പ്രസ്താവത്തിൽ വസിഷ്ഠൻ പരശുരാമനോടു പറഞ്ഞ വാക്കുകൾ. പാർവ്വതി ദേവന്മാരെ ശപിക്കുന്നതു്. താരകാസുരന്റെ ദ്രോഹം സഹിക്കാതായ ദേവകൾ ബ്രഹ്മാവിനെ ശരണം പ്രാപിക്കുന്നതു്.

യുധിഷ്ഠിരൻ പറഞ്ഞു

പിതാമഹൻ ചൊല്ലിയല്ലോ പരം ഗോദാനമുത്തമം
വിശേഷിച്ചും ധർമ്മമൊന്നു നോക്കീടും മന്നവർക്കിഹ. 1

രാജ്യമെല്ലായ്പ്പൊഴും ദുഃഖമകൃതാത്മസുദുർദ്ധരം
മിക്കതും മന്നവന്മാർക്കു കിട്ടില്ലാ ശുഭയാം ഗതി. 2

നിയതം ഭൂമിദാനത്തെച്ചെയ്തീടിൽ ശുദ്ധരായ് വരും
ധർമ്മങ്ങളൊക്കയെന്നോടങ്ങരുളീ കുരുനന്ദന! 3

അവ്വണ്ണം ചൊല്ലി ഗോദാനം നൃഗൻ ചെയ്തതതേവിധം
നാചികേതമഹർഷീന്ദ്രൻ പണ്ടു കാണിച്ചതന്നതും. 4

വേദശുദ്ധക്കാതലല്ലോ ക്രിയയ്ക്കൊട്ടുക്കു ദക്ഷിണ
മുററും മഖത്തിലുദ്ദിഷ്ടം ഭൂമി ഗോക്കൾ സുവർണ്ണവും. 5

സുവർണ്ണമാം ദക്ഷിണയെന്നതിൽ പരമയാം ശ്രുതി
പിതാമഹ, യഥാതത്ത്വമിതു കേൾപ്പാനൊരാഗ്രഹം. 6

പൊന്നെന്തെങ്ങനെയുണ്ടായിതേതുകാലത്തിലെന്തിനാൽ
ഇതിന്നു ദൈവമെന്തെന്തു ഫലം മുഖ്യത്വമെങ്ങനെ? 7

എന്തേ സുവർണ്ണദാനത്തെപ്പൂജിക്കുന്തു മനീഷികൾ?
എന്തുകൊണ്ടതു യജ്ഞത്തിൽ ദക്ഷിണാർത്ഥം പ്രശസ്തമായ്? 8

എന്തിനാൽ ഭൂഗോക്കളേക്കാൾ പൊന്നേററം ശ്രേഷ്ഠപാവനം
പ്രധാനമായ് ദക്ഷിണയിലതു ചൊല്ലു പിതാമഹ! 9

ഭീഷ്മൻ പറഞ്ഞു

കേൾക്കു ശ്രദ്ധയൊടും രാജൻ, ബഹുകാരണവിസ്തരം
സുവർണ്ണോൽപത്തിയും പിന്നെ ഞാനങ്ങനുഭവിച്ചതും. 10

എന്നച്ഛനതിതേജസ്വിയവസാനിച്ചു ശന്തനു
അവനായ് ശ്രാദ്ധമേകീടാൻ ഗംഗാദ്വാരം ഗമിച്ചു ഞാൻ. 11

ഉണ്ണീ, ഞാനങ്ങു ചെന്നച്ഛന്നായി ശ്രാദ്ധം തുടങ്ങിനേൻ
എന്നമ്മ ഗംഗയവിടെസ്സഹായം ചെയ്യിതപ്പൊഴേ. 12
പിന്നെ മുന്നിൽ സിദ്ധമുനിമാരെയേറെയിരുത്തി ഞാൻ
ജലദാനം മുതല്ക്കുള്ള കമ്മമങ്ങു തുടങ്ങിനേൻ. 13
അതു ചെയ്തു യഥോദ്ദിഷ്ടം പൂവ്വകമ്മം സമാഹിതൻ[1]
മുറയ്ക്കു പിണ്ഡം നന്നായി വെയ്ക്കുവാനായ്ത്തുടങ്ങിനേൻ 14
അപ്പോഠം ദർഭവിരിസ്ഥാനം പിളന്നു രുചിരാംഗദം[2]
ഭൂഷണം തുങ്ങിടുന്നോരു കൈയുയർന്നൂ ധരാപതേ! 15
അതു പൊങ്ങിക്കണ്ടു നേരമേററം വിസ്മയമാന്നു ഞാൻ
പ്രത്യക്ഷമായിട്ടെന്നച്ഛൻ വാങ്ങുന്നുണ്ടെന്നു ഭാരത! 16
ഉടൻ പിന്നെബ്ബോധമാന്നേൻ ശാസ്ത്രപ്പടി നിനച്ചു ഞാൻ
കയ്യിലീ വിധി വേദത്തിൽ വിധിപ്പീലെന്നു താൻ പ്രഭോ!
പിണ്ഡം നരൻ കൊടുക്കേണമെന്നുറപ്പായി വന്നു മേ
നേരേ മനുഷ്യൻെറ പിണ്ഡം തൽപിതൃക്കളൊരിക്കലും 18
വാങ്ങാറില്ലെന്നു വിഹിതം പിണ്ഡം ദർഭയിൽ നല്കണം.
പിന്നെയച്ഛൻെറ കൈ കാട്ടിയതു കൂട്ടാക്കിടാതെ ഞാൻ 19
ശാസ്ത്രം പ്രമാണമായ് സൂക്ഷ്മം പിണ്ഡത്തിൻ വിധിയോത്തു-[താൻ
അതൊക്കെദ്ദർഭയിൽത്തന്നെ നല്കിനേൻ ഭരതഷ്ഭ!
ശാസ്ത്രമാഗ്ഗാനുസാരംകൊണ്ടാണതോക്ക നരഷ്ഭ!
ഉടൻ മറഞ്ഞിതെന്നച്ഛൻതൻെറ കൈയും നരാധിപ! 21
പിന്നെ സ്വപ്നാന്തത്തിലെൻെറ മുന്നിൽ കാണായ് പിതൃക്കളെ
പ്രീത്യാ ചൊന്നാർ ''ഞങ്ങളേററം പ്രീതരായ് ഭരതഷ്ഭ! 22
നിൻെറയീയറിവാൽ ധമ്മവ്യാമോഹം പെട്ടതില്ല നീ
ശാസ്ത്രം പ്രമാണമെന്നാക്കിവെയ്ക്കയാലയി മന്നവ! 23
ആത്മാവു ധമ്മം ശ്രുതവും വേദം മുനി പിതൃക്കളും
സാക്ഷാൽ പിതാമഹൻ ബ്രഹ്മൻ ഗുരുക്കന്മാർ പ്രജാപതി 24
പ്രമാണമാക്കിയിവരെയിളക്കീലേതുമേ സ്ഥിതി
നീയീത്തുടന്നതൊട്ടേറെ നന്നായീ ഭരതഷ്ഭ! 25
എന്നാൽ ഗോഭൂമികഠംക്കത്ഥം സുവണ്ണം നല്കകെന്നുമേ
എന്നു ധമ്മജ്ഞ, നാം മുററും നമ്മഠം മുത്തച്ഛരും ശരി. 26
പാവിതന്മാർകളായ്ത്തീരുമതല്ലോ മുഖ്യപാവനം
പത്തു മേലും പത്തു കീഴുമാഠംകളെക്കേററുമായവർ 27
സുവണ്ണം നല്കവോ''രെന്നു ചൊന്നാരെൻെറ പിതൃക്കഠംതാൻ.
ഉടൻ ഞാൻ വിസ്മിതൻ ഭൂപ, ബോധമാണ്ടു ധരാപതേ! 28
സുവണ്ണദാനത്തിന്നായിട്ടുറച്ചു ഭരതഷ്ഭ!
രാജാവേ, കേട്ടുകൊണ്ടാലുമെന്നാലൊന്നീപ്പഴങ്കഥ 29

1 സമാഹിതൻ = സശ്രദ്ധൻ. 2 രുചിരാംഗദം = മനോഹരമായ തോൾവള.

ജാമദഗ്ന്യന്റെ വിഷയം ധന്യമായുഷ്യവും വിഭോ!
ജാമദഗ്ന്യൻ രാമനേററമുഗ്രരോഷമിയന്നവൻ 30
മുന്നം മന്നിൽ ക്ഷത്രനാശം ചെയ്തു മൂവേഴുവട്ടമേ.
പിന്നെ മന്നൊക്ക വെന്നിട്ടു രാമൻ രാജീവലോചനൻ 31
ക്രതു ചെയ്തീടിനാൻ വീരൻ ബ്രഹ്മക്ഷത്രാഭിപൂജിതം.
അശ്വമേധം മഹാരാജ, സൎവ്വകാമങ്ങളൊത്തതാൻ 32
പാവനം സൎവ്വജീവികൾക്കും തേജോദ്യുതിവിവൎദ്ധനം.
നിഷ്പാപനായീ തേജസ്വിയങ്ങാ ക്രതുഫലത്തിനാൽ 33
ജാമദഗ്ന്യനറിഞ്ഞീലങ്ങാത്മാവിന്നൊരു ലാഘവം.
ദക്ഷിണാഢ്യ[1]മഹായജ്ഞം യജിച്ചിട്ടാ മഹാശയൻ 34
ചോദിച്ചിതാഗമജ്ഞൎഷി[2]ദേവന്മാരോടു ഭാൎഗ്ഗവൻ.
ഉഗ്രകൎമ്മത്തിൽ നില്ക്കുന്ന മൎത്ത്യൎക്കെന്തതിപാവനം? 35
അതു ചൊൽവിൻ യോഗ്യരേ,യെന്നായിഗ്ഘൃണയൊടോതി—
ഇതു കേട്ടാ വേദശാസ്ത്രപ്രാജ്ഞർ ചൊല്ലീ മഹൎഷികൾ [നാൻ.
'രാമ, വിപ്രരെയൎച്ചിക്ക വേദപ്രാമാണ്യദൃഷ്ടിയാൽ. 36
വീണ്ടും വിപ്രൎഷികളൊടു കേട്ടുകൊള്ളുക പാവനം
ആ പ്രാജ്ഞരെന്തു ചൊല്ലുന്നിതതിനെത്തന്നെ ചെയ്ക നീ.' 37
വസിഷ്ഠനോടഗസ്ത്യൻതന്നോടും കശ്യപനോടുമേ
ആക്കാര്യംതന്നെ തേജസ്വി ചോദിച്ചു ഭൃഗുനന്ദനൻ: 38
''വിപ്രേന്ദ്രരേ, കാംക്ഷയെനിക്കൎച്ചിച്ചീടേണ്ടതെങ്ങനെ
ഇങ്ങെന്തു കൎമ്മം യോഗത്താലെന്തു ദാനത്തിനാലുമാം? 39
നിങ്ങൾക്കെന്നിലനുഗ്രാഹ്യബുദ്ധിയുണ്ടെങ്കിൽ യോഗ്യരേ!
വിവരിപ്പിൻ പാവനമെന്തെനിക്കെന്നു മുനീന്ദ്രരേ!'' 40

ഋഷികൾ പറഞ്ഞു

ഗോക്കളെബ്ഭൂമിയെ ദ്രവ്യത്തേയും നല്കീട്ടു ഭാൎഗ്ഗവ!
പാപം ചെയ്താൽ പൂതനാകുമെന്നും ഭാൎഗ്ഗവ, കേൾപ്പു നാം. 41
വേറിട്ടു ദാനം വിപ്രൎഷേ, കേൾക്ക പാവനമേററവും
ദിവ്യമത്യത്ഭുതാകാരമഗ്നിദേവന്റെ സന്തതി 42
പണ്ടു ലോകം ചുട്ട വീര്യംകൊണ്ടുണ്ടായെന്നു കേൾപ്പു നാം
സുവൎണ്ണമെന്നു പേർകൊണ്ടതതു നീ നല്ക സിദ്ധനാം. 43
വസിഷ്ഠഭഗവാൻ ചൊന്നാനവനോടു ശിതവ്രതൻ.

വസിഷ്ഠൻ പറഞ്ഞു

രാമ, കേളഗ്നിനിറമാം സ്വൎണ്ണമുണ്ടായ മാതിരി 44
നിനക്കെന്തു ഫലം നല്കും ദാനത്താലതുമോതിടാം.
സുവൎണ്ണമെന്തെന്തിൽനിന്നു ഗുണവത്തായതെങ്ങനെ? 45
അതു കേൾക്ക മഹാബാഹോ, മുററും ഞാൻ പറയുന്നിതാ.

---

1 ദക്ഷിണാഢ്യം = ധാരാളം ദക്ഷിണകളോടുകൂടിയതു്. 2 ആഗമജ്ഞൎഷി = ശാസ്ത്രം അറിയാവുന്ന മഹൎഷി.

അഗ്നീഷോമാത്മകമിതു സുവർണ്ണം തീർപ്പിതോക്ക നീ 46
അജം തീ വരുണൻ മേഷം സൂര്യനശ്വമിതീക്ഷണം.
ആന മാൻ നാഗവും പോത്തും സുരന്മാർകളുമങ്ങനെ 47
കുക്കുടം പന്നി ചമരം രാക്ഷസന്മാർ ഭൃഗൂദ്വഹ!
ഇഡ ഗോവു പയസ്സേവം സോമൻ ഭൂവെന്നുമാം സ്മൃതി. 48
ജഗത്തൊക്കക്കടഞ്ഞിട്ടു തേജോരാശിയുയർന്നതേ
പൊന്നിവററീന്നു വിപ്രർഷേ, രത്നം പരമമുത്തമം. 49
ഇതിനാൽ ദേവ ഗന്ധർവ്വ നാഗ രാക്ഷസർ മർത്ത്യരും
പിശാചരും പ്രയതരായ് ധരിപ്പിതതിനെപ്പരം. 50
കിരീടം തോൾവളകൾതൊട്ടലങ്കാരം പലേ തരം
സുവർണ്ണത്താൽത്തീർത്തവയാൽ വിളങ്ങുന്നൂ ഭൃഗൂത്തമ! 51
എന്നാൽ മുററും പവിത്രത്തിൽപ്പവിത്രം പരമം മതം
ഗോഭൂരത്നങ്ങളെക്കാളുമതോക്ക മനുജർഷഭ! 52
ഭൂമിയെഗ്ഗോക്കളേ മററു വല്ലതും നല്കിയാലിഹ
വിശേഷിപ്പൂ സുവർണ്ണത്തിൻ ദാനം പരമമായ് വിഭോ! 53
അക്ഷയം പാവനം പിന്നെസ്സുവർണ്ണമമരദ്യുതേ!
കൊടുക്കു വിപ്രമുഖ്യർക്കിതു പാവനമുത്തമം. 54
സവർണ്ണംതന്നെ വിധിക്കുന്നൂ സർവ്വദക്ഷിണതോറുമേ
സുവർണ്ണം നല്കുകിലവർ സർവ്വദന്മാർകളായ്വരും. 55
സുവർണ്ണം നല്കുകിലവർ ദേവന്മാരെക്കൊടുക്കയായ്
സർവ്വദേവകളാണഗ്നിയഗ്നിയാണാസ്സുവർണ്ണവും. 56
എന്നാൽ[1] സുവർണ്ണം നല്കീടിൽ സർവ്വദേവപ്രദാനമായ്
ഇതിലും മേലെയൊന്നില്ലെന്നറിയൂ പുരുഷർഷഭ! 57
സുവർണ്ണത്തിൻെറ മാഹാത്മ്യമിനിയും കേട്ടുകൊൾക നീ
ഞാൻ ചൊല്ലുന്നതു വിപ്രർഷേ, സർവ്വശാസ്ത്രഭൃതാം വര! 58
ഇതു ഞാൻ കേട്ടിരിപ്പുണ്ടു മുന്നമേ ഭൃഗുനന്ദന!
പ്രജാപതി കഥിച്ചിട്ടു യഥാന്യായമതിൻ നില. 59
മഹാത്മാവായിടും രുദ്രനാശ്ശൂലി ഭഗവാനഹോ!
പ്രധാനമാം പനിമലയിങ്കൽ ഭൃഗുകുലോദ്വഹ! 60
രുദ്രാണിദേവിയേ വേട്ടശേഷമേ ഭൃഗുനന്ദന!
മഹാത്മാവായ ഭഗവാൻ ദേവിയായ് സംഗമിപ്പതിൽ 61
ഉദ്വിഗ്നർ[2]ായി വാനോർകളെല്ലാം രുദ്രാന്തമെത്തിനാർ.
അവർ ദേവൻ വരദയാമുമയോടൊത്തിരിക്കവേ 62
കുമ്പിട്ടു കനിയിച്ചോതീ രുദ്രനോടു ഭൃഗൂദ്വഹ!

ദേവന്മാർ പറഞ്ഞു

ദേവ, ദേവിയുമായുള്ളീസ്സംഗമങ്ങൾക്കിഹാനഘ! 63

---

1 എന്നാൽ = അതിനാൽ. 2 ഉദ്വിഗ്നർ = സംഭീതർ.

തപസ്വിക്കോ താപസിയായ് തേജസ്വിക്കതിതേജയായ്.
അമോഘതേജസ്സല്ലോ നീ ദേവോമാദേവിയും ശരി 64
ദേവ, നിങ്ങാംക്കുള്ളപത്യം[1] ബലവത്തായ്‌വരും വിഭോ!
അതു മൂപ്പാരിലിങ്ങൊന്നും ശേഷിപ്പിക്കില്ല നിശ്ചയം. 65
അതിനാൽ കുമ്പിടുന്നോരീ വാനോക്കായ് പൃഥുലോചന!
വരം നല്കുക ലോകേശ, ത്രൈലോക്യഹിതകാംക്ഷയാൽ. 66
അപത്യദമടക്കീട്ടു പുരുതേജസ്സു നീ വിഭോ!
ത്രൈലോക്യസാരന്മാർ നിങ്ങളീ ലോകത്തെത്തപിക്കുമേ[2]; 67
നിങ്ങാംക്കുണ്ടായോരപത്യം വാനോരെത്താഴ്ത്തീടും ദൃഢം.
നിൻേറതു ഭൂദേവി വാനും പരം ത്രിദിവവും വിഭോ! 68
ഇതു താങ്ങാനാകയില്ലാ കൂടിയാലുമിതെന്മതം.
തേജശ്ശക്തിയിനാൽ വേവുമതിനാലുലകൊക്കയും 69
ഭഗവാനേ, പ്രസാദിച്ചുകൊാംകെന്നാൽ ഞങ്ങളിൽ പ്രഭോ!
അങ്ങയല്ല ദേവിയിൽ പുത്രനുണ്ടാകൊല്ലാ സുരോത്തമ! 70
ജ്വലിക്കുമുഗ്രതേജസ്സു ധൈര്യംകൊണ്ടിട്ടടക്ക നീ.

വസിഷ്ഠൻ പറഞ്ഞു

എന്നായവരുരയ്ക്കുമ്പോാം ഭഗവാൻ വൃഷഭധ്വജൻ 71
ആട്ടെയെന്നായ് സുരരൊടു വിപ്രർഷേ, ചൊല്ലിയുത്തരം.
എന്നുരച്ചിട്ടു രേതസ്സു മേല്പോട്ടാക്കി വൃഷധ്വജൻ 72
ഊദ്ധ്വരേതസ്സായി വന്നിതതുനാാംമുതലായവൻ.
രുദ്രാണിയപ്പോാം കോപിച്ചു സന്താനോച്ഛേദമായതിൽ 73
വാനോരോടങ്ങോതിയപ്പോാം സ്ത്രീഭാവാൽ പരുഷോക്തിയാൽ.

പാർവ്വതി പറഞ്ഞു

അപത്യകാമനാമെൻെറ ഭത്താവെയൊഴിയിക്കയാൽ 74
സുരരേ, നിങ്ങളെല്ലാരുമനപത്യർകളായ്‌വരും.
പ്രജോച്ഛേദമെനിക്കിങ്ങു നിങ്ങാം ചെയ്കകകാരണം 75
വ്യോമഗന്മാർകളേ, നിങ്ങാംക്കാക്കും പ്രജകാം തീന്നിടാ.
അഗ്നിയാശ്ശാപകാലത്തില്ലവിടെബ്ഭൃഗുപുംഗവ! 76
വാനോർ ദേവീശാപമൂലമനപത്യർകളായിനാർ.
രുദ്രനങ്ങെതിരറേറാരാത്തേജസ്സങ്ങേന്തിയപ്പൊഴേ 77
അതിൽ കുറഞ്ഞൊന്നൊലിച്ചു വീണുപോയിതു ഭൂമിയിൽ.
ചെന്നു ചാടീ തീയിലപ്പോളതു വദ്ധിച്ചിതത്ഭുതം 78
തേജസ്സു തേജസ്സിലൊത്തിട്ടാത്മയോനിതപമാന്നതേ.
ഇതുകാലംതന്നെ പിന്നെയിന്ദ്രൻമുൻപായ ദേവകാം 79
അസുരൻ താരകനവനേററം താപപ്പെടുത്തിയോർ
ആദിത്യവസുരുദ്രന്മാർ മരുത്തുക്കളഥാശ്വികാം 80

1 അപത്യം = സന്താനം. 2 തപിക്കുക = തപിപ്പിക്കുക.

സാദ്ധ്യരും ത്രസ്തരായ[1] മററും ദൈതേയൻെറ പരാക്രമാൽ.
സ്ഥാനങ്ങളാസ്സുരരുടെ വിമാനങ്ങളും പുരങ്ങളും 81
ഋഷികൾക്കുള്ളാശ്രമങ്ങളിവ ദൈത്യർ ഹരിച്ചതേ.
അവരൊക്കദ്ദീനചിത്തരായിദ്ദേവമഹർഷികൾ 82
ശരണം പുക്കിതജരപ്രഭു[2]വാം ബ്രഹ്മദേവനെ.

85. സുവർണ്ണോത്പത്തി

സുവർണ്ണോൽപത്തി (തുടർച്ച്). അഗ്നിയിൽ ഒരു പുത്രനെ ജനിപ്പിച്ചാൽ അവൻ താരകനെ സംഹരിക്കുമെന്നു പറഞ്ഞു് ബ്രഹ്മാവു് ദേവന്മാരെ ആശ്വസിപ്പിക്കുന്നു. ദേവന്മാർ അഗ്നിയെ തിരയുന്നു. അഗ്നി തവളയേയും ആനയേയും ശുകത്തേയും ശപിക്കുന്നു. ഒടുവിൽ ശമിയിൽവെച്ച് കണ്ടുപിടിക്കപ്പെട്ട അഗ്നി ദേവന്മാരുടെ അപേക്ഷയനുസരിച്ച് ഗംഗയിൽ തേജസ്സു വിസർജ്ജിക്കുന്നു. ഗർഭവതിയായിത്തീർന്ന ഗംഗ താങ്ങാനാവാതെ ആ ഗർഭം മേരുവിൽ ഉപേക്ഷിക്കുന്നു. അതിൽനിന്നു് സുബ്രഹ്മണ്യൻെറയും സ്വർണ്ണത്തിൻെറയും ഉൽപത്തി. ശിവൻ വരുണരൂപിയായി ചെയ്ത യാഗത്തിൽനിന്നു് പ്രജാപതികളുടെ ആവിർഭാവം—താരകാസുരവധം.

ദേവകൾ പറഞ്ഞു

അസുരൻ താരകൻ മുന്നം നീ വരം നല്കിയോൻ പ്രഭോ!
സുരർഷിപീഡ ചെയ്യുന്നു ചെയ്കവൻെറ വധം ഭവാൻ. 1
അവങ്കൽനിന്നുണ്ടു ഭയം ഞങ്ങൾക്കേററം പിതാമഹ!
രക്ഷിക്ക ഞങ്ങളെദ്ദേവ, ഞങ്ങൾക്കില്ലന്യയാം ഗതി. 2

ബ്രഹ്മാവു പറഞ്ഞു

സമൻ ഞാൻ സർവ്വജീവിക്കുമധർമ്മം കൊൾകയില്ല ഞാൻ
ഉടൻ താരകനെക്കൊൽവിൻ സുരർഷിഗണതാപിയെ. 3
വേദധർമ്മങ്ങൾ മുടിയപ്പോകൊല്ലാ സുരമുഖ്യരേ!
വിധിച്ചിരിപ്പുണ്ടു പണ്ടേ ഞാൻ നിങ്ങൾക്കല്ലൽ വേണ്ടിതിൽ.

ദേവകൾ പറഞ്ഞു

ഭഗവാൻെറ വരംകൊണ്ടാദ്ദൈതേയൻ ബലഗർവ്വിതൻ
വാനോർ കൊല്ലാവൊരാളല്ലോ ശമിക്കുമവനെങ്ങനെ? 5
അവനെന്നാൽ ദേവ ദൈത്യ രാക്ഷസന്മാർക്കു കേവലം
അവദ്ധ്യനാമെന്നു വരം നിന്നോടേററു പിതാമഹ! 6
ഗൗരി മുന്നം പ്രജോച്ഛേദാൽ[3] ശപിച്ചിട്ടുണ്ടു വിണ്ണവരെ
'നിങ്ങൾക്കപത്യമൊക്കില്ലെ'ന്നേവരേയും ജഗൽപതേ! 7

ബ്രഹ്മാവു പറഞ്ഞു

അഗ്നിയാശ്ശാപകാലത്തിലങ്ങില്ലാ സുരമുഖ്യരേ!
അപത്യ[4]മുണ്ടാക്കുമവൻ ദേവദ്വേഷിവധത്തിനായ്. 8

---

1 ത്രസ്തർ=പേടിച്ചവർ. 2 അജരപ്രഭു=ദേവനാഥൻ. 3 പ്രജോച്ഛേദാൽ = സന്തതി ഉണ്ടാകാതിരുന്നതുകൊണ്ടു്. 4 അപത്യം = സന്താനം.

അതു കീഴാക്കീട്ടു മറ്റും ദേവദൈത്യനിശാടരെ
മനുഷ്യ ഗന്ധർവ്വ ഫണി പക്ഷിവർഗ്ഗങ്ങളേയുമേ. 9
അമോഘപാതാ[1]സ്ത്രമാകും വേൽകൊണ്ടവനെ വീഴ്ത്തിടും
നിങ്ങൾക്കു ഭയമുള്ളോനെ മറ്റു ദേവാരിമാരെയും. 10
സനാതനൻതാൻ സങ്കല്പൻ കാമനെന്നോതിടുന്നവൻ
രുദ്രരേതസ്സൊലിച്ചിട്ടു വീണിട്ടുണ്ടതുമഗ്നിയിൽ. 11
ആത്തേജസ്സഗ്നി വൻ ഭൂതം രണ്ടാമഗ്നി കണക്കിനെ
ഗംഗയിങ്കൽ ജനിപ്പിക്കും ദേവശത്രുവധത്തിനായ്. 12
ആശ്ശാപമവനേറ്റിട്ടില്ലക്കാലത്തഗ്നി നഷ്ടനാം
എന്നാലുണ്ടാം നിങ്ങളുടെ ഭയം തീർക്കുന്ന പാവകി[2]. 13
അന്വേഷിപ്പിൻ ജ്വലനനെ നിയോഗിക്കുവിനാവിധം
താരകന്റെ വധോപായം ചൊന്നേൻ ഞാനഘഹീനരേ! 14
തേജസ്വികടെ ശാപങ്ങൾ തേജസ്സുകളിലേറ്റിടാ
ദുർബ്ബലങ്ങൾ ബലാഢ്യത്തിൽച്ചെന്നാൽ ബലമിയന്നിടും[3]. 15
അവദ്ധ്യവരദന്മാരെ വധിച്ചീടും തപസ്വികൾ.
സങ്കല്പരുചിയാം കാമൻ സംഭവിച്ചു സനാതനൻ 16
ജഗൽപതിയനിർദ്ദേശ്യൻ സർവ്വഗൻ സർവ്വഭാവനൻ
ഹൃച്ഛയൻ സർവ്വജീവിക്കും ജ്യേഷ്ഠൻ രുദ്രനിലും പ്രഭു 17
വേഗം തിരയുവിൻ തേജോരാശിയായോരു വഹ്നിയെ.
അവൻ നിങ്ങൾക്കുള്ളിലുള്ള കാമത്തെസ്സിദ്ധമാക്കിടും 18
എന്നാ മഹാത്മാവു ചൊന്ന വാക്കു കേട്ടിട്ടു ദേവകൾ
സിദ്ധസങ്കല്പരായ്പ്പോന്നു വഹ്നിയെത്തേടുവാനുടൻ. 19
പിന്നെ മുപ്പാരിൽ മുനികൾ വാനോരൊത്തു തിരഞ്ഞുതേ
വഹ്നിയെക്കാണുവാൻവേണ്ടി താൽപ്പര്യത്തോടുമേവരും. 20
പെരുത്തു തപമാണ്ടീടും ശ്രീമാന്മാർ പേർ പുകഴ്ന്നവർ
ലോകങ്ങൾ ചുറ്റിനാർ ചുറ്റും സിദ്ധന്മാർകൾ ഭൃഗൂത്തമ! 21
കാണാതാത്മാവിലൊളിവാമഗ്നിയെക്കണ്ടതില്ലവർ
പിന്നെസ്സന്ത്രാസ[4]മോടഗ്നിദർശനാർത്ഥികളോടുടൻ 22
ജലവാസി പരം ക്ലാന്തനഗ്നിയാൽ പരിതാപിതൻ
വാനോരോടോതി പാതാളം വിട്ടുയന്നോരു ദർദ്ദുരം[5]. 23
'വാനോരേ, വഹ്നി പാതാളക്കുണ്ടിലുണ്ടെ'ന്നുതാൻ പ്രഭോ!
'അഗ്നികാരണമായുള്ള ചൂടുകൊണ്ടിങ്ങു വന്നു ഞാൻ 24

1 അമോഘപാതം=പ്രയോഗിച്ചാൽ ഒരിക്കലും നിഷ്ഫലമാകാത്തതു്. 2 പാവകി=അഗ്നിപുത്രൻ. 3 ദുർബ്ബലങ്ങളായ വസ്തുക്കൾ കൂടുതൽ ബലമുള്ളവയുടെ അടുത്തു ചെന്നാൽ ബലമുള്ളവയായിത്തീരും എന്നാണല്ലോ ഈ വരിയുടെ അർത്ഥം. ബലമുള്ള വസ്തുക്കൾ കൂടുതൽ ബലമുള്ളവയുടെ അടുക്കൽ ചെന്നാൽ ദുർബ്ബലങ്ങളായിത്തീരും എന്നാണു് മൂലത്തിലെ ആശയം. ''ബലാന്യതിബലം പ്രാപ്യ ദുർബ്ബലാനി ഭവന്തി ഹി.'' 4 സന്ത്രാസം=ഭയം. 5 ദർദ്ദുരം=തവള.

കിടപ്പൂ നീററിൽ വാനോരേ, ഭഗവാൻ ഹവ്യവാഹനൻ;
തേജസ്സപ്പിൽക്കലൎത്തിക്കൊണ്ടതിൽ സന്തപ്തരായി നാം. 25
ആ വഹ്നിയെക്കണ്ടിടേണമെന്നിരിക്കുകിൽ വിണ്ണോരേ!
അങ്ങു പോയ്ക്കാണുവിൻ നിങ്ങൾക്കഗ്നിയാൽ കാര്യമെങ്കിലോ
ചെൽവിൻ പോകുന്നു നാം വഹ്നിഭയംമൂലമമൎത്ത്യരേ!'
എന്നുരച്ചിട്ടു മണ്ഡൂകമുടൻ വെള്ളത്തിലാണ്ടുപോയ്. 27
അറിഞ്ഞുകൊണ്ടാനാ വഹ്നി മണ്ഡൂകത്തിൻെറയേഷണി
ശപിച്ചാനവനെച്ചെന്നു 'രസങ്ങളറിയില്ല നീ.' 28
മണ്ഡൂകത്തെശ്ശപിച്ചേവം മണ്ടിനാൻ ത്വരയോടുടൻ
മററിടം പാൎപ്പിനു വിഭു തന്നെക്കാട്ടിയതില്ലവൻ. 29
വാനോരനുഗ്രഹം ചെയ്തു ഭേകങ്ങൾക്കു ഭൃഗൂദ്വഹ!
എന്തെന്നും കേൾ മഹാബാഹോ, ഞാൻ ചൊല്ലുന്നതു മുററുമേ. 30

ദേവകൾ പറഞ്ഞു

അഗ്നിശാപാൽ രസജ്ഞാനമററു നാവില്ലയെങ്കിലും
ഉച്ചരിച്ചീടുമേ നിങ്ങൾ പലമാതിരി വാക്കിനെ. 31
ബിലത്തിലൂണുകൂടാതെ ചൈതന്യം കെട്ടിരിക്കിലും
ചത്തുണങ്ങുകിലും പിന്നെ നിങ്ങളെബ്ഭൂമി കേററിടും; 32
കൂരിരുട്ടു പെരുത്തുള്ള രാവിലും നിങ്ങൾ ചുററിടും.
എന്നവററയൊടോതീട്ടു വാനോർ പിന്നെയുമൂഴിയിൽ 33
അഗ്നിയെക്കാണുവാൻ ചുററീ കണ്ടുകിട്ടീല വഹ്നിയെ.
അവരോടന്നൊരു ഗജം ദേവരാജഗജോപമൻ 34
സുരരോടരയാൽ വാഴ്വീതഗ്നിയെന്നാൻ ഭൃഗൂദ്വഹ!
ശപിച്ചു വഹ്നിയും ക്രോധം മൂത്തു മുററും ഗജങ്ങളെ 35
'നിങ്ങൾക്കു നാവകത്തേക്കായ്ത്തീരുമെന്നു' ഭൃഗൂദ്വഹ!
എന്നുരച്ചാന സൂചിപ്പിച്ചഗ്നിയാൽ വിട്ടുപോന്നുടൻ 36
ശമീഗർഭം പുക്കിതുടൻ വഹ്നി മങ്ങിക്കിടക്കുവാൻ.
അനുഗ്രഹം ഗജങ്ങൾക്കു നന്ദിയാൽ സത്യവിക്രമർ 37
പ്രഭോ, വാനോർ നല്കിയതെന്തെന്നും കേൾക്കു ഭൃഗൂത്തമ!
''അകത്തേക്കായ നാവാലും നിങ്ങളെല്ലാം ഭുജിച്ചിടും 38
അവ്യക്താക്ഷരമത്യുച്ചവാക്കും നിങ്ങളുരച്ചിടും.''
എന്നുരച്ചഗ്നിയേ വീണ്ടും തേടിക്കൊണ്ടിതു ദേവകൾ. 39
'അശ്വത്ഥം വിട്ടുപോന്നഗ്നി ശമിക്കുള്ളിൽക്കടന്നുപോയ്''
എന്നേവം കിളി കേൾപ്പിച്ചോർ വിപ്ര, ചെന്നെത്തി വാനവർ.
ശപിച്ചിതഗ്നി കിളിയെ 'വാക്കില്ലാത്തവനാക നീ.'
അവൻെറയും നാവിനെയങ്ങകത്തേക്കാക്കി പാവകൻ 41
അഗ്നിയെക്കണ്ടോതി വാനോർ കിളിയോടു കനിഞ്ഞുടൻ
''ഭവിക്കില്ലാ ശുകത്വംകൊണ്ടത്യന്തം വാഗ്വിഹീനത 42

നാവകത്തേക്കാകിലും വാക്കൊട്ടേറെബ്ഭംഗിയായ്‌വരും
ബാലന്റെമട്ടിൽ വാച്ചോന്നു കളമവ്യക്തമത്ഭുതം.'' 43
എന്നങ്ങോതി ശമിക്കുള്ളിലഗ്നിയെക്കണ്ടു ദേവകൾ
അതു പുണ്യസ്ഥാനമാക്കിവെച്ചു സൽക്രിയയ്ക്കുമേ. 44
അന്നുതൊട്ടു ശമീഗർഭത്തിങ്കൽക്കാണുന്നു വഹ്നിയെ
ഉൽപാദനോപായ[1]മങ്ങു കണ്ടുകൊണ്ടിതു മാനവർ. 45
പാതാളത്തിൽച്ചിത്രഭാനു തൊട്ടോരപ്പു[2]കളില്ലയോ
ചൂടു തീക്കുന്നിതു മലച്ചോലയാലവ ഭാർഗ്ഗവ! 46
അഗ്നിയുമപ്പുക്കവനുടെ തേജസ്സാൽ സന്തപിച്ചവ.
പിന്നെ വാനവരെക്കണ്ടാ വഹ്നി സവ്യഥനപ്പൊഴേ 47
വന്നതെന്തെന്നവരൊടു ചോദ്യം ചെയ്തിതു പാവകൻ.
അവനോടോതിനാർ മുററും വാനോരും മുനിമാർകളും 48
''നിന്നെക്കാര്യത്തിനേല്പിപ്പു ഞങ്ങളായതു ചെയ്ക നീ
അതു ചെയ്തെങ്കിലുണ്ടാകും നിനക്കു വലുതാം ഗുണം.'' 49

അഗ്നി പറഞ്ഞു

ചൊൽവിൻ നിങ്ങൾക്കെന്തു കാര്യമതു ചെയ്യുന്നമർത്ത്യരേ!
നിങ്ങൾക്കാജ്ഞാപ്യനല്ലോ ഞാൻ വിചാരിക്കേണ്ടതില്ലിതിൽ.

ദേവകൾ പറഞ്ഞു

അസുരൻ താരകനവൻ ബ്രഹ്മാവിൻ വരഗർവ്വിതൻ
നമ്മെബ്ബാധിക്കുന്നു വീര്യാൽ ചെയ്കവന്റെ വധത്തെ നീ. 51
നീ വാനോർകളെയും താത, പ്രജാപതിഗണത്തെയും
മഹാഭാഗർഷികളെയും രക്ഷിച്ചീടുക പാവക! 52
തേജോവീര്യാഢ്യ[3]സന്താനം ജനിപ്പിക്കുക നീ പ്രഭോ!
അതാദ്ദൈത്യഭയം തീർത്തുതന്നീടും ഹവ്യവാഹന! 53
ഗൗരീശാപം പൂണ്ട ഞങ്ങൾക്കില്ലാ വേറിട്ടൊരാശ്രയം
ഭവാന്റെ വീര്യമൊഴിയെ പ്രഭോ, കാക്കുക ഞങ്ങളെ. 54
എന്നു കേട്ടായതേററോതിബ്ഭഗവാൻ ഹവ്യവാഹനൻ
ഭാഗീരഥീഗംഗയിങ്കൽച്ചെന്നുകൊണ്ടാൻ ദുരാസദൻ. 55
അവളോടിണക്കൂടീട്ടായവളിൽ ഗർഭമാക്കിനാൻ;
വളർന്നിതാഗ്ഗർഭമഗ്നിയുണക്കക്കാട്ടിലാംവിധം. 56
ആദ്ദേവനുടെ തേജസ്സാലുള്ളുഴന്നുള്ള ഗംഗയും
ഏററം സന്തപ്തയായ്ത്തീർന്നു താങ്ങാനാളായതില്ലവൾ. 57
തേജസ്സേറും ഗർഭമഗ്നി ഗംഗയിൽച്ചേർത്തനേരമേ
ഭൈരവാരാവ[4]മലറിക്കൊണ്ടാനൊരസുരർഷഭൻ. 58
ഒക്കാതെ വന്നേററ മഹാനാദംകൊണ്ടുടനായവർ

---

1 ഉൽപാദനോപായം = അഗ്നിയുണ്ടാക്കാനുള്ള ഉപായം. 2 അപ്പുകൾ = വെള്ളം. 3 തേജോവീര്യാഢ്യം = വളരെ തേജസ്സും ശക്തിയും ഉള്ളതു്. 4 ഭൈരവാരാവം = ഭയങ്കരമായ ശബ്ദത്തോടുകൂടി.

പേടിച്ചു കണ്ണിളകിയാഗ്ഗംഗ വിഹ്വലനേത്രയായ് 59
ബോധംകെട്ടാഗ്ഗർഭമേന്താനായീലാത്മാവിനേയുമേ.
തേജസ്സംഗത്തിലേറേറ്റം വിറപൂണ്ടോരു ജാഹ്നവി 60
അഗ്നിയോടോതിനാൾ വിപ്ര, ചലിക്കും ഗർഭമോടവൾ:
"ഭഗവാനേ, നിന്റെ തേജസ്സിതേന്താനാകയില്ല ഞാൻ 61
വിമൂഢയായ് ഞാനിതിനാൽ മുന്മട്ടിൽ സ്വാസ്ഥ്യമില്ല മേ.
ഭഗവാനേ, വിഹ്വലയായ് ചേതസ്സും കെട്ടു മേനഘ[1]! 62
ഈഗ്ഗർഭമേന്തുവാൻ ശക്തയല്ല ഞാൻ തപനോത്തമ!
ഇതു ദുഃഖാൽ ഞാൻ വിടുവേൻ കാമത്താലല്ലൊരിക്കലും. 63
തേജസ്സേൽക്കാൻ വയ്യെനിക്കു പരം ദേവ, വിഭാവസോ!
മഹാദ്യുതേ, വിപത്തിന്നാം സംബന്ധം സൂക്ഷ്മമാകിലും. 64
തികച്ചു ഗുണമിങ്ങെന്തു മറ്റതും ഹേ ഹുതാശന!
അതെല്ലാം നിങ്കലെന്നോർപ്പേൻ ധർമ്മാധർമ്മങ്ങളും ശരി." 65
'ധരിച്ചാലും ധരിച്ചാലു'മെന്നാനവളൊടഗ്നിയും.
"എൻ തേജസ്സാലൊത്ത ഗർഭം മഹാഗുണഫലപ്രദം 66
പോരും നീ ഭൂമിയൊട്ടുക്കു വഹിപ്പാനേന്തുവാനുമേ;
നിനക്കൊക്കാതില്ലയൊന്നുമന്യധാരണയെന്നിയേ." 67
അഗ്നിയും വാനവന്മാരും തടുത്താലും സരിദ്വര[2]
മേരുമാമലമേൽ വിട്ടാളാഗ്ഗർഭത്തിനെയങ്ങവൾ. 68
ധാരണയ്ക്കു മതി, പക്ഷേ, രുദ്രതേജഃപ്രധർഷണാൽ
ആളായീലവനാഗ്ഗർഭമോജസ്സാലേ ധരിക്കുവാൻ. 69
ദീപ്താഗ്നിക്കൊക്കുമാഗ്ഗർഭം ദുഃഖത്താൽ വിട്ടൊഴിഞ്ഞവൾ
ആഗ്ഗംഗയോടു നേരിട്ടിട്ടഗ്നിയപ്പോൾ ഭൃഗൂദ്വഹ! 70
ചോദിച്ചു വൻ നദിയോട"ല്ലല്ലീ ഗർഭം സുഖോദയം?
നിറമെന്താണെടോ ദേവി, രൂപമെന്താണു കാണ്മതും 71
തേജസ്സെന്തോന്നിരിപ്പുണ്ടതെല്ലാമെന്നോടു ചൊല്ലെടോ."

ഗംഗ പറഞ്ഞു

ആഗ്ഗർഭമോ ജാതരൂപം തേജസ്സാൽ നിന്റെ മട്ടിലാം
സുവർണ്ണം വിമലം ദീപ്തം ഭാസിപ്പിക്കുന്നു കുന്നിനെ. 72
പത്മോല്പലങ്ങൾ കലരും പൊയ്കകൾക്കൊത്തു ശീതളം
ഇതിൻ ഗന്ധം കടമ്പിൻപൂവൊത്തതാം തപനോത്തമ! 73
ആഗ്ഗർഭത്തിന്റെ തേജസ്സു സൂര്യന്റെ കതിർ പോലവേ
ഏതു വസ്തുവിലേല്ക്കുന്നു മന്നിൽ മാമലയിങ്കലും 74
അതൊക്കസ്സ്വർണ്ണമായ്ത്തന്നെ കാണാകുന്നുണ്ടു ചുറ്റുമേ.
പാഞ്ഞെത്തുന്നു മലകളിലാറ്റിൽച്ചോലകളിങ്കലും 75

---

1 മേനഘ = മേ+അനഘ! (മേ = എന്റെ; എനിക്കു്.) 2 സരിദ്വര = നദികളിൽ ശ്രേഷ്ഠയായ ഗംഗ.

തേജസ്സാൽ മിന്നുമാറാക്കി ത്രൈലോക്യം സചരാചരം.
ഇമ്മട്ടാം ഭഗവാനാണു നിൻ പുത്രൻ ഹവ്യവാഹന! 76
സൂര്യാഗ്ന്യാഭൻ കാന്തികൊണ്ടു രണ്ടാംസൂര്യൻ കണക്കിനെ.
എന്നുരച്ചപ്പോളാദ്ദേവിയവിടെത്താൻ മറഞ്ഞുതേ. 77
തേജസ്സേറും പാവകനോ ദേവകാര്യം കഴിച്ചുടൻ
പിന്നീടഭീഷ്ടദേശം പോയ്ക്കൊണ്ടാൻ ഭാർഗ്ഗവനന്ദന! 78
ചൊൽവതുണ്ടീക്കർമ്മഗുണംമൂലമഗ്നിക്കു നാമവും
ഹിരണ്യരേതസ്സെന്നേവം വാനോരും മുനിമാർകളും; 79
ഭൂദേവിയും വസുമതിയെന്നു വിഖ്യാതയായിതേ.
ആഗ്ഗർഭമതിതേജസ്വി ഗാംഗേയൻ പാവകാത്മജൻ 80
ദിവ്യമാകുമമ്മക്കാട്ടിൽ വളർന്നാനത്ഭുതാകൃതി.
ബാലാർക്കഭാസ്സാമവനെക്കണ്ടു കൃത്തികമാരുടൻ 81
ആബ്ബാലനെപ്പുത്രനാക്കി വളർത്തു മുല നല്കിയും.
അതിനാൽ കാർത്തികേയത്വം പൂണ്ടിതാപ്പരമദ്യുതി 82
സ്കന്ന[1]ത്വത്താൽ സ്കന്ദനായി ഗുഹനായ് ഗുഹ വാഴ്കയാൽ.
ഏവം സുവർണ്ണമുണ്ടായീ പാവകൻെറയപത്യമേ 83
അതിൽ ജാംബൂനദം[2] ശ്രേഷ്ഠം ദേവകൾക്കും വിഭൂഷണം.
അന്നേമുതല്ക്കിതോ ജാതരൂപമെന്നും പ്രസിദ്ധമാം. 84
രത്നങ്ങൾക്കുത്തമം രത്നം ഭൂഷണങ്ങൾക്കുമുത്തമം
പവിത്രങ്ങൾക്കും പവിത്രം മംഗളങ്ങൾക്കു മംഗളം. 85
സുവർണ്ണമെന്നാൽബ് ഭഗവാനഗ്നിയീശൻ പ്രജാപതി
പവിത്രങ്ങൾക്കും പവിത്രം കനകം ദ്വിജസത്തമ!
അഗ്നീഷോമാത്മകമിതു ജാതരൂപം പ്രസിദ്ധമാം. 86

വസിഷ്ഠൻ പറഞ്ഞു

എന്നല്ലിതും പണ്ടു രാമ, കേട്ടേൻ ഞാൻ ബ്രഹ്മദർശനം
പിതാമഹൻ മഹാത്മാവാം ബ്രഹ്മദേവൻെറയാക്കഥ. 87
ഉണ്ണീ, ദേവൻ മഹാദേവൻ വരുണാകൃതിപൂണ്ടനാൾ
പ്രഭോ, രുദ്രേശ്വരനുടെ വാരുണൈശ്വര്യമായതിൽ 88
അണഞ്ഞു മുനിമാർ മുററുമഗ്നിമുൻപാമമർത്ത്യരും.
മുററും യജ്ഞാംഗങ്ങൾ വഷൾക്കാരവും മൂർത്തി പൂണ്ടതായ് 89
മൂർത്തി പൂണ്ടുള്ള സാമങ്ങൾ യജുസ്സുകളസംഖ്യമേ.
ഋഗ്വേദവും ചെന്നിതതിൽ പദക്രമവിഭൂഷിതം 90
സ്വരം സ്തോഭം ലക്ഷണങ്ങൾ നിരുക്തം സുരപംക്തികൾ.
നേത്രത്തിൽ വാണിതോങ്കാരം നിഗ്രഹപ്രഗ്രഹങ്ങളും 91
വേദങ്ങൾ വിദ്യോപനിഷൽസ്സാവിത്രികളുമങ്ങനെ.
ഭൂതം ഭവ്യം ഭവിഷ്യത്തും ധരിച്ചു ഭഗവാൻ ശിവൻ 92

1 സ്കന്നം = ഒഴിച്ചതു്. 2 ജാംബൂനദം = സ്വർണ്ണം.

ആത്മാവാലവനാത്മാവെ സ്വയം ഹോമിച്ചുതാൻ പ്രഭോ!
ബഹുരൂപം യജ്ഞമിതു ശോഭിപ്പിച്ചു പിനാകിതാൻ 93
ദ്യോവാ നഭസ്സു പൃഥിവി ഖം ഭൂപതിയുമാണിവൻ.
സവ്വവിഘ്നേശ്വരൻ ശ്രീമാൻ വിഭാവസുവുമാണിവൻ 94
ഇവൻ ബ്രഹ്മൻ ശിവൻ രുദ്രൻ പാശി വഹ്നി പ്രജാപതി
പ്രസിദ്ധൻ ഭഗവാൻ ദേവൻ സവ്വഭൂതേശ്വരൻ ശിവൻ. 95
അങ്ങാപ്പശുപതിക്കങ്ങു തപം യജ്ഞം ക്രതുക്കളും
ദീക്ഷ ദീപ്തവ്രതാ ദേവി ദിക്പാലന്മാർകരം ദിക്കുകരം 96
ദേവപത്നീകന്യകളും ദേവമാതാക്കളും ശരി
ഒന്നിച്ചുവന്നിതവിടെയപ്പോരം ഭൃഗുകുലോദ്വഹ! 97
മഹാത്മാവാം പശുപതി വരുണൻെറ മഖേ രസാൽ
സ്വയംഭുവിന്നായവരെക്കണ്ടു രേതസ്സു വീണുപോയ്. 98
അവൻെറ രേതസ്സേററുള്ള പൊടി മന്നീന്നെടുത്തുടൻ
കരങ്ങരംകൊണ്ടു പൂഷാവു കൊണ്ടു വിട്ടിതു വഹ്നിയിൽ. 99
കത്തിജ്ജ്വലിച്ചഗ്നിയാളുമാറാസ്സത്രം നടക്കവേ
ഹോമിക്കും ബ്രഹ്മനന്നതിൽ പ്രാദുർഭാവം ഭവിച്ചുതേ. 100
ഒഴിച്ചമാത്രസ്സ്വാശുക്കും സ്രുവംകൊണ്ടിട്ടെടുത്തവൻ
മന്ത്രം ചൊല്ലീട്ടാജ്യമട്ടിലവൻ ഹോമിച്ചു ഭാഗ്ഗവ! 101
പിന്നെജ്ജനിപ്പിച്ചു ഭൂതഗ്രാമവും വീര്യവാനവൻ
അവൻെറ തേജസ്സാലുണ്ടായ് തൈജസം ഭുവനങ്ങളിൽ. 102
തമസ്സിൻ താമസം ഭാവം സത്വം വ്യാപിച്ചു രണ്ടുമേ
ആഗ്ണം തൈജസം നിത്യമതിന്നാകാശമങ്ങനെ 103
സവ്വഭൂതത്തിലും സത്വം തേജസ്സവ്വണ്ണമുത്തമം
ശുക്ലമഗ്നിയിൽ ഹോമിക്കെയുണ്ടായീ മൂന്നുപേർ വിഭോ! 104
പുരുഷന്മാരുടലൊടും തൻതൻ മൂലഗുണാന്വിതർ
ഭൃക്കെന്നു ഭൃഗു മുൻപംഗാരത്തിൽനിന്നംഗിരസ്സുമേ. 105
അംഗാരസംശ്രയാലുണ്ടായ് കവി വേറിട്ടൊരുത്തനം
ജ്വാലാന്വിതം ജനിച്ചോനാം ഭൃഗുവെന്നതിനാൽ ഭൃഗു. 106
മരീചിജൻതാൻ മരീചി മരീചിക്കഥ കശ്യപൻ
അംഗാരാലംഗിരസ്സുണ്ണീ, ബാലഖില്യർ കുശോച്ചയാൽ. 107
അത്രതാനത്രതാനത്രിയത്രിയെന്നോതുമേ വിഭോ!
ഏവം ഭസ്മക്കൂട്ടിൽനിന്നാ ബ്രഹ്മഷിഗണസമ്മതർ 108
വൈഖാനസന്മാരുണ്ടായീ തപശ്രുതഗുണാത്ഥികരം.
ഇവന്നശ്രുവിൽനിന്നുണ്ടായ് രൂപസമ്മതരശ്വികരം 109
ശേഷം പ്രജേശരുണ്ടായീ സ്രോതസ്സുകളിൽനിന്നുമേ.
രോമകൂപാൽ മാമുനികരം സ്വേദാൽ ഛന്ദോബലാൽ മനം 110
ഇക്കാരണാൽച്ചൊൽവിതഗ്നിയാണത്രേ സവ്വദേവകരം.

ശ്രുതവാന്മാരൃഷികളും വേദപ്രാമാണ്യദർശനാൽ 111
ദാരുനിര്യാസ*ങ്ങളത്രേ പക്ഷമാസങ്ങളങ്ങനെ.
അഹോരാത്രം മുഹൂർത്തങ്ങൾ പിത്തം ജ്യോതിസ്സു വാരുണം 112
രൗദ്രം ലോഹിതമാണത്രേ ലോഹിതാൽ കനകം മതം.
അതു മൈത്രം പുകയിൽനിന്നുണ്ടായ്‌വന്നു വസുക്കളും. 113
അർച്ചിസ്സുകൾ പരം രുദ്രർ ഭാസ്സുള്ളാദിത്യരും ശരി;
ദ്യോവിൻ സ്ഥാനത്തെഴമവരംഗാരങ്ങളുമാണപോൽ. 114
ലോകത്തിന്നാദികർത്താവതാപ്പരബ്രഹ്മമാം ധ്രുവം
സർവ്വകാമദമാണത്രേ ചൊന്നാനങ്ങാ രഹസ്യവും. 115
അപ്പോൾ ചൊന്നാൻ മഹാദേവൻ വരുണൻ പവനാത്മകൻ:
“ഇതെന്റേതാം ദിവ്യസത്രം ഞാൻ ഗൃഹേശ്വരനാണിഹ. 116
മുൻപുള്ള മൂന്നപത്യങ്ങളെന്റെയാണില്ല സംശയം
ഇതോർപ്പിൻ വ്യോമഗന്മാരെ,യെൻ യജ്ഞഫലമാണതും.” 117

അഗ്നി പറഞ്ഞു

എന്മേലുണ്ടായവകയെന്നാശ്രയത്താൽ ജനിച്ചവ
എന്നപത്യങ്ങൾ വരുണനെന്നാലവശനാണിതിൽ. 118
അപ്പോൾ ചൊല്ലീ ലോകഗുരു ബ്രഹ്മൻ വിശ്വപിതാമഹൻ:
“അതൊക്കയെന്നപത്യങ്ങൾ ഹുതമെൻ ശുക്ലമല്ലയോ? 119
ഞാനീ സത്രം ചെയ്യുവനീശുക്ലം ഹോമിച്ചോരാളുമാം
ശുക്ലം കാരണമാണെങ്കിൽ ബീജമാക്കുവനാം ഫലം.” 120
പിതാമഹാന്തികം പുക്ക ചൊന്നാർ വാനവരപ്പൊഴേ
കൈ കൂപ്പിനിന്നിട്ടെല്ലാരും തല കുമ്പിട്ടു കൂപ്പിയും. 121

ദേവകൾ പറഞ്ഞു

ഭഗവാനേ, ഞങ്ങൾ മുറ്റും ചരസ്ഥിരജഗത്തുമേ
ഏവരും നിൻ സന്തതികളെന്നാലഗ്നി വിഭാവസു 122
ദേവേശ്വരൻ വരുണനുമേല്ക്കാ കാമമഭീപ്സിതം.
ബ്രഹ്മാവേകീട്ടു വരുണൻ പരം യാദോഗണേശ്വരൻ 123
സ്വീകരിച്ചു ഭൃഗുവിനെ സൂര്യഭാസ്സാദ്യസൂനുവെ.
ഈശ്വരൻതാനംഗിരസ്സെയഗ്നി സന്താനമാക്കിനാൻ 124
അപത്യമാക്കീ കവിയെത്തത്ത്വവിത്താം പിതാമഹൻ.
വാരുണൻ ഖ്യാതനായപ്പോൾ ഭൃഗുപ്രസവകാരകൻ 125
ആഗ്നേയനായാംഗിരസ്സു കവി ബ്രാഹ്മൻ പുകഴ്ന്നവൻ.
ഭാർഗ്ഗവാംഗിരസന്മാരീപ്പാരിൽ സന്താനകാരികൾ 126
പ്രസവിച്ചോരേവരുമീ പ്രജാപതികൾ മൂവരും.
ഇക്കണ്ടതൊക്കയുമിവർക്കുള്ള സന്തതിയോർക്ക നീ 127
ഭൃഗുവിന്നുണ്ടേഴമക്കളേവരും ഭൃഗുസന്നിഭർ.

---

* ദാരുനിര്യാസങ്ങൾ=മരങ്ങളിൽനിന്നൊലിച്ചവ.

ച്യവനൻ വജ്രശീഷൻതാൻ ശുചിയൗർവ്വനുമങ്ങനെ 128
ശുക്രൻ വരേണ്യൻ വിഭുവാസ്സവനൻതാനുമേഴിവർ.
ഭാർഗ്ഗവന്മാർ വാരുണരീ വംശത്തിങ്കൽ ഭവാനുമേ 129
അംഗിരസ്സിന്നെട്ടു മക്കൾ വാരുണന്മാരുമാണവർ.
ബൃഹസ്പതിയുതത്ഥ്യൻതാൻ പയസ്യൻ ശാന്തിതാനുമേ 130
ഘോരൻ വിരൂപൻ സംവർത്തനങ്ങെട്ടാമൻ സുധന്വനും.
എട്ടുപേരിവരാഗ്നേയർ വിജ്ഞാനികൾ നിരാമയർ 131
ബ്രഹ്മാവിൻ കവി തൻ മക്കൾ വാരുണന്മാരുമാണവർ.
എട്ടുപേർ കാരണഗുണമൊത്ത നൽബ്രഹ്മവാദികൾ 132
കവി കാവ്യൻ ധൃഷ്ണ പിന്നെ ബുദ്ധിമാനുശനസ്സുമേ
ഭൃഗുവും വിരജസ്സുംതാൻ കാശിധർമ്മജ്ഞനുഗ്രനും 133
ഇവരെട്ടും കവി സുതരിവർ വിശ്വം പരത്തിയോർ;
ഈ പ്രജാപതിമാരത്രേ പ്രജാഭാഗാൽ പ്രജാമയർ. 134
ഈവണ്ണമംഗിരസ്സിൻെറ കുലത്താൽ കവിതൻെറയും
ഭൃഗുതന്നുടെയും വംശാൽ വിശ്വം വ്യാപ്തം ഭൃഗൂത്തമ! 135
ആദ്യമേ വരുണൻ വിപ്ര, ഗ്രഹിച്ചു പ്രഭുവീശ്വരൻ
കവിയേയും ഭൃഗുവെയുമതേ വാരുണരായവർ. 136
അവനോടഗ്നിയാം ദേവൻ വാങ്ങിച്ചാനംഗിരസ്സിനെ
അതുകൊണ്ടിട്ടാംഗിരസർ തദ്വംശ്യന്മാർകളേവരും. 137
തെളിയിച്ചു മുൻപു വാനോർ പിതാമഹവിരിഞ്ചനെ
ഞങ്ങളെക്കേററിടുമിവർ പ്രജയാൽ ജഗദീശ്വരർ 138
പ്രജാപതികളെല്ലാരുമെല്ലാരും വൻ തപസ്വികൾ
നിൻ പ്രസാദാലീയുലകു സാമ്പ്രതം കരകേററിടും. 139
അവ്വണ്ണം വംശകർത്താക്കൾ നിൻ തേജസ്സാൽ വളർന്നവർ
വേദവിത്തുകളെല്ലാരുമെല്ലാരും കൃതിമാർകളാം. 140
സൗമ്യന്മാർ ദേവപക്ഷക്കാർ പ്രാജാപത്യർ മഹർഷികൾ
തപസ്സുമേന്തിക്കൊണ്ടീടും പരമാം ബ്രഹ്മചര്യവും. 141
ഞങ്ങളെല്ലാരുമിവരും നിൻെറ സന്തതിയാം പ്രഭോ!
ദേവകൾക്കും ബ്രാഹ്മണർക്കും നീ കർത്താവു പിതാമഹ! 142
മരീചിയേ മുൻപിലാക്കിബ്ഭാർഗ്ഗവന്മാരുമേവരും
ക്ഷമിപ്പിപ്പിതപത്യങ്ങളേവം കണ്ടു പിതാമഹ! 143
അവരീ രൂപവും പൂണ്ടു ജനിപ്പിക്കും പ്രജാവ്രജം
തന്നെത്താൻ നില നിർത്തീടും യുഗാദി നിധനത്തിലും. 144

വസിഷ്ഠൻ പറഞ്ഞു

എന്നായവർ പറഞ്ഞോരാ ബ്രഹ്മൻ ലോകപിതാമഹൻ
ഏവമെന്നാൻ പ്രീതരവർ പോയീ വന്നവഴിക്കുതാൻ. 145
നടന്നിതീവിധം പണ്ടു മഹാത്മാവാമവന്നുടെ

ലോകാദിക്കാ വരുണമെയ് പൂണ്ട ദേവന്റെയദ്ധ്വരേ. 146
അഗ്നി ബ്രഹ്മൻ പശുപതി ശർവ്വൻ രുദ്രൻ പ്രജാപതി
അഗ്നിക്കപത്യമീ സ്വർണ്ണമെന്നാകുന്നിതു ധാരണ. 147
അഗ്നിയില്ലെങ്കിലൊപ്പിപ്പിതഗ്നിസ്ഥാനത്തു പൊന്നിനെ
ജാമദഗ്ന്യപ്രമാണജ്ഞൻ വേദശ്രുതിനിദർശനാൽ. 148
ഹോമിപ്പൂ ദർഭമേലഗ്നിക്കടുക്കൽ പൊന്നിരിക്കവേ
ആട്ടിൻ വലം ചെവിയിലോ വല്മീകവപ[1]യിങ്കലോ 149
ശകടോർവ്വിയിലോ തീർത്ഥാംബുവിലോ വിപ്രകരത്തിലോ
ഹോമിക്കിൽബ്ഭഗവാൻ പ്രീതിചെയ്യുമൃദ്ധി നിനക്കുമേ; 150
എന്നാൽ വാനോർ മുററുമഗ്നിപരരെന്നുണ്ടു കേൾപ്പു നാം.
ബ്രഹ്മാവിൽനിന്നഗ്നിയുണ്ടായഗ്നിമേൽനിന്നു കാഞ്ചനം 151
അതിനാലിസ്സുവർണ്ണത്തെക്കൊടുക്കും ധർമ്മദർശികൾ
സർവ്വദൈവതദാനത്തെച്ചെയ്തോരാണെന്നു കേൾപ്പു നാം. 152
അവന്നിരുട്ടററ ലോകം പരസൽഗതി പൂകവേ
സ്വർഗ്ഗത്തു രാജരാജ്യത്തിലാറാട്ടാ[2]യാൾക ഭാരത! 153
ആദിത്യോദയകാലത്തു വിധിമന്ത്രപുരസ്സരം
സുവർണ്ണം നല്കിടുമവൻ ദുഃസ്വപ്നക്കേടു പോക്കിടും. 154
ഉദിച്ചമാത്രയ്ക്കേകീടിലവന്നഘമൊഴിഞ്ഞിടും
സ്വർണ്ണമുച്ചയ്ക്കു നല്കീടിൽ കെടുക്കും ഭാവിപാപവും. 155
ധൃതവ്രതൻ സുവർണ്ണത്തെയന്തിയാമ്പോൾ കൊടുക്കുകിൽ
ബ്രഹ്മാ വായ്വഗ്നിസോമന്മാരുടെ സാലോക്യമാണ്ടിടും. 156
ഇന്ദ്രാദ്ധ്യലോകങ്ങളിലും നൽ പ്രതിഷ്ഠയെ നേടിടും
ഈലോകത്തിൽപ്പേർ പുകഴ്ന്നു പാപം തീർന്നു സുഖിച്ചിടും. 157
മററു ലോകങ്ങളിൽപ്പിന്നെയെതിരില്ലാത്ത മട്ടിലാം
ഗതികൾ തടവില്ലാതെ കാമചാരിയുമായ്വരും. 158
ക്ഷയിക്കില്ലവയേ വിട്ടു വൻപിച്ച പുകഴാണ്ടിടും
അക്ഷയം സ്വർണ്ണമേകീടിൽ നേടും പുഷ്കലലോകവും. 159
സൂര്യോദയത്തിങ്കലഗ്നിയുണ്ടാക്കീട്ടേതൊരുത്തനോ
വ്രതോദ്ദേശത്തൊടേകുന്നു സർവ്വകാമാഢ്യനാമവൻ. 160
അഗ്നിയെന്നാണു ചൊല്ലുന്നതാ പ്രദാനം സുഖാവഹം
യഥേഷ്ടഗുണസമ്പന്നം പ്രവർത്തകമതും മതം. 161
ഇതാ സ്വർണ്ണത്തിനുൽപത്തി പറഞ്ഞേനനഘാശയ!
ഭൃഗുനന്ദന, ബോധിക്ക കാർത്തികേയന്റെയും വിഭോ! 162
മഹത്തായോരു കാലത്താൽ കാർത്തികേയൻ വളർന്നതേ
ഇന്ദ്രാദി വിണ്ണോർ സേനേശനാക്കിയോൻ ഭൃഗുനന്ദന! 163

---

1 വല്മീകവപ = പുററിൻ ദ്വാരം. 2 രാജരാജ്യത്തിൽ ആറാട്ട് = കുബേരത്വത്തിലുള്ള അഭിഷേകം.

കൊന്നാനവൻ താരകനെ മററുള്ളസുരരേയുമേ
ബ്രഹ്മൻ, ദേവേന്ദ്രാജ്ഞയാലേ ലോകക്കു ഹിതകാംക്ഷയാൽ. 164
വിഭോ, ഞാൻ ചൊല്ലിനേൻ സ്വർണ്ണദാനത്തിൻെറ ഫലങ്ങളെ
എന്നാൽ സുവർണ്ണം വിപ്രക്കു കൊടുക്കു ദായകോത്തമ! 165

ഭീഷ്മൻ പറഞ്ഞു

എന്നാ വസിഷ്ഠൻ ചൊന്നോരു ജാമദഗ്ന്യൻ പ്രതാപവാൻ
നല്കീ സുവർണ്ണം വിപ്രക്കു വിട്ടൊഴിഞ്ഞിതു പാപവും. 166
ചൊന്നേൻ നിന്നോടിതൊക്കേയും സുവർണ്ണത്തിൻെറ മന്നവ!
ദാനത്തിൻെറ ഫലം പൊന്നിൻ ജന്മവും ഹേ യുധിഷ്ഠിര! 167
എന്നാലങ്ങും ബ്രാഹ്മണക്കു കൊടുക്കു ഭൂരി കാഞ്ചനം
സ്വർണ്ണം കൊടുത്താൽ നൃപ, നീ കല്ബിഷം വിട്ടൊഴിഞ്ഞിടും.

86. താരകവധോപാഖ്യാനം

സുബ്രഹ്മണ്യൻ താരകനെ വധിച്ച കഥ വിസ്തരിച്ചു പറഞ്ഞുകേട്ടാൽ കൊള്ളാമെന്നു ധർമ്മപുത്രൻ ആവശ്യപ്പെട്ടതനുസരിച്ച്, മേരുവിൽ ഉപേക്ഷിക്കപ്പെട്ട അഗ്നിഗർഭത്തെ സംരക്ഷിക്കാനായി ദേവന്മാർ ആറു കൃത്തികമാരെ പറഞ്ഞയച്ചതും അവരുടെ സംരക്ഷണയിൽ വളൎന്നുവന്ന ഷഡാനനൻ ഒടുവിൽ ദേവസേനാനിയായിത്തീൎന്ന് താരകനെ സംഹരിച്ചതുമായ കഥ ഭീഷ്മർ വിവരിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ചൊല്ലീ പിതാമഹൻ സ്വർണ്ണത്തിന്നു വേണ്ടും വിധിപ്പടി
വിസ്താരമായിട്ടാനത്തിൽ ശ്രുതിപ്രോക്തഗുണങ്ങളെ. 1
സുവർണ്ണമുണ്ടാവാനുള്ള കാരണത്തേയുമോതി നീ
ആത്താരകന്നെങ്ങനെയാം വധമൊത്തതതോതണേ. 2
വാനോൎക്കവദ്ധ്യനവനെന്നല്ലോ ചൊല്ലീ നരാധിപ!
അവനെങ്ങനെയാം മൃത്യു വിസ്തരിച്ചരുളേണമേ. 3
ഇതു കേൾപ്പാനുണ്ടൊരാശ തത്ത്വമായ് കുരുപുംഗവ!
മററുമേ താരകവധം പെരുത്തുണ്ടിങ്ങു കൗതുകം. 4

ഭീഷ്മൻ പറഞ്ഞു

കൃത്യക്കേടേററ* വാനോരും മുനിമാരും നരേശ്വര!
അപത്യഭരണത്തിന്നു വിട്ടു കൃത്തികമാർകളെ. 5
ഒരു ദേവതയും പോരാ ജാതവേദസ്സുതന്നുടെ
ഗർഭത്തെദ്ധാരണം ചെയ്യാനോജസ്സാലിവർ പോരുമേ. 6
അവൎക്കാറാൾക്കുമങ്ങഗ്നി തെളിഞ്ഞു ഗർഭധാരണാൽ
സ്വന്തം തേജോവിസർഗ്ഗത്താൽ മുഖ്യവീര്യത്തിനാലുമേ. 7
ആക്കൃത്തികകളാറാളുമഗ്നിഗർഭം വളർത്തിനാർ

---

* കൃത്യക്കേടേററ=ചെയ്യേണ്ട യാഗാദികർമ്മങ്ങൾക്കു തടസ്സം നേരിട്ട.

അഗ്നിതേജസ്സാറുവഴിയെല്ലാം നിഹിതമായ് പ്രഭോ! 8
അവർ പിന്നെ വളൎന്നീടും കുമാരൻെറ മഹാനുടെ
തേജസ്സംഗംതോറുമേററിട്ടെങ്ങും ശൎമ്മം പെടാതെയായ്. 9
തേജസ്സുടൽക്കേററവരങ്ങെല്ലാം കാലമണഞ്ഞനാം
നരൎഷഭ, സമം ഗർഭം പെററു കൃത്തികമാരുടൻ. 10
ഉടനാറു നിലയ്ക്കുള്ളാഗ്ഗർഭമൊന്നായ്ച്ചമഞ്ഞതും
ഏററുവാങ്ങിച്ചിതാബ്ഭൂമി സുവൎണ്ണത്തിന്നടുത്തുതാൻ. 11
ദിവ്യസംസ്ഥാനമാഗ്ഗർഭം ദീപ്തി പൂണ്ടനലപ്രഭം
ദിവ്യമാകുമമക്കാട്ടിൽ വളർന്നൂ ദിവ്യദൎശനം. 12
അൎക്കാഭനാമാശ്ശിശുവെക്കണ്ടു കൃത്തികമാരുടൻ
സ്നേഹം ജനിച്ചു സൗഹാൎദ്ദാൽ പോററീ മുലകൊടുത്തവർ. 13
ചരാചരാദ്ധ്യമപ്പാരിലായവൻ കാൎത്തികേയനായ്
സ്കന്നത്വത്താൽ സ്കന്ദനായി ഗുഹനായ് ഗുഹവാസയാൽ. 14
മുപ്പത്തിമൂന്നു വാനോർകൾ ദിക്പാലന്മാർകൾ ദിക്കുകൾ
രുദ്രൻ ധാതാ വിഷ്ണു യമൻ പൂഷാവങ്ങര്യമൻ ഭഗൻ 15
അംശൻ മിത്രൻ സാദ്ധ്യർ വസുക്കളാ വാസവനശ്വികൾ
അംബു വായു നഭസ്സിന്ദു ഗ്രഹനക്ഷത്രഭാസ്കരർ 16
മററും ഭൂതങ്ങളും വേറേ വാനോരിൽ ചേൎന്നുനില്പവ
വന്നെത്തിയത്ഭുതാഗ്നേയകുമാരാലോകനത്തിനായ്[1]. 17
സ്തുതിച്ചുകൊണ്ടാൎഷികൾ ഗന്ധൎവ്വന്മാർകൾ പാടിനാർ
പന്തീർ കണ്ണുള്ളാറുമുഖൻ ദ്വിജപ്രിയകുമാരനെ. 18
ചമൽ വീൎത്തീരാറു കൈയായ് പാവകാദിത്യഭാസ്സിനെ
അമക്കാട്ടിൽക്കിടപ്പോനെക്കണ്ടു വാനോർ മുനീന്ദ്രരും 19
ഹൎഷിച്ചിതേററം കരുതീ ചത്താനസുരനെന്നുമേ.
പിന്നെ വാനോരൊക്കയവന്നാഹരിച്ചു പ്രിയങ്ങളെ 20
കളിപ്പോനു കളിക്കോപ്പുകളെ നല്കീ ഖഗങ്ങളും.
സുപൎണ്ണനേകി മകനെച്ചിത്രബൎഹിമയൂരനെ 21
രാക്ഷസന്മാരവന്നേകീ പന്നിയെപ്പോത്തിനേയുമേ
അഗ്നിക്കൊക്കും കുക്കുടത്തെയരുണൻ താനെയേകിനാൻ 22
മേഷത്തിനെച്ചന്ദ്രനേകിയാദിത്യൻ നല്ല ശോഭയെ.
ഗോക്കൾക്കുള്ളമ്മയും നല്കീ ഗോക്കൾ നൂറായിരത്തിനെ 23
ഛാഗ[2]ത്തെയഗ്നി ഗുണവൽഫലം പുഷ്പഫലമൂഴിയും.
സുധന്വാവേകി ശകടം കൂബരാഢ്യരഥത്തെയും 24
വരുണൻ നല്കിനാൻ ദിവ്യവാരുണാഗ്ര്യഗജങ്ങളെ
ശക്രൻ സിംഹ വ്യാഘ്ര ഗജ നാനാപക്ഷികളേയുമേ 25

---

1 ആഗ്നേയകുമാരാലോകനത്തിനായ് = അഗ്നിപുത്രനായ കുമാരനെ കാണുന്നതിനുവേണ്ടി. 2 ഛാഗം = ആട്.

ഉഗ്രശാപപദജാലത്തെ നാനാച്ഛത്രങ്ങളേയുമേ;
രാക്ഷസാസുരസംഘങ്ങാം പിൻതുണച്ചാരധീശനെ. 26
വളരുന്നവനെക്കണ്ടു കൊല്ലാനായ് നോക്കി താരകൻ
നാനോപായംകൊണ്ടുമാളായീലാ വിഭുവിലേതുമേ. 27
വാനോർ സേനാനിയാക്കീട്ടു പൂജിച്ചാഗ്ഗുഹനെപ്പരം
താരകൻ ചെയ്തൊരാക്കുററമവനോടങ്ങുണത്തിനാർ. 28
വളന്നോരാ മഹാവീര്യൻ ദേവസേനാനിയാം പ്രഭു
അമോഘശക്തി[1]യാൽ കൊന്നു താരകാസുരനേ ഗുഹൻ. 29
കളിച്ചീടുന്നാക്കുമാരൻ ദൈത്യനെക്കൊന്ന നേരമേ
ദേവരാജ്യത്തു വാഴിച്ചിതീശനായി സുരേന്ദ്രനെ. 30
അവൻ വിളങ്ങീ സേനേശനായി സ്കന്ദൻ പ്രതാപവാൻ
ഈശൻ ഗോപ്താവു[2] വാനോക്കു ശങ്കരന്നിഷ്ടകൃത്തമൻ. 31
ഹിരണ്യമൂത്തി ഭഗവാനിവൻ പാവകനന്ദനൻ
കുമാരനെന്നും വാനോക്കു സേനാപതിയുമായിനാൻ. 32
എന്നാൽ സുവണ്ണം മംഗല്യമക്ഷയ്യം രത്നമുത്തമം
കാത്തികേയന്നു സഹജമഗ്നിതേജസ്സു മുഖ്യമാം. 33
എന്നു മുന്നം രാമനോടു വസിഷ്ഠൻ ചൊല്ലി കൗരവ!
അതിനാൽ സ്വണ്ണദാനത്തിനുദ്യമിക്കു നരാധിപ! 34
രാമൻ സുവണ്ണം നല്കീട്ടു സവ്വപാപവിമുക്തനായ്
വിണ്ണിൽ മത്ത്യക്കു കിട്ടാത്ത മഹാസ്ഥാനത്തെ നേടിനാൻ. 35

87. ശ്രാദ്ധകല്പം

ഓരോ തിഥിയിലും ശ്രാദ്ധം കഴിച്ചാലുള്ള ഫലം വിവരിച്ചിരിക്കയാണ് ഈ അദ്ധ്യായത്തിൽ.

യുധിഷ്ഠിരൻ പറഞ്ഞു

ചാതുവ്വണ്ണ്യത്തിൻെറ ധമ്മം ധമ്മാത്മൻ, ചൊന്നവണ്ണമേ
മററും ശ്രാദ്ധത്തിൻെറ വിധി ചൊല്ലിത്തരിക പാത്ഥിവ! 1

വൈശമ്പായനൻ പറഞ്ഞു

എന്നാ യുധിഷ്ഠിരൻ ചൊന്ന ഭീഷ്മൻ ശന്തനുനന്ദനൻ
അപ്പൊഴീ ശ്രാദ്ധവിധിയെയൊക്കച്ചൊൽവാൻ തുടങ്ങിനാൻ. 2

ഭീഷ്മൻ പറഞ്ഞു

ശ്രദ്ധിച്ചു കേൾക്ക രാജൻ, നീയീ ശ്രാദ്ധവിധിയുത്തമം
ധന്യം യശസ്യം പുത്രീയം പിതൃയജ്ഞം പരന്തപ! 3
ദേവാസുരമനുഷ്യാഹി ഗന്ധവ്വാശരർകൾക്കുമേ
പിശാചകിന്നരന്മാക്കും പൂജ്യരെന്നും പിതൃക്കൾപോൽ. 4

---

1 **അമോഘശക്തി = ഒരിക്കലും നിഷ്ഫലമാകാത്ത വേൽ. 2 ഗോപ്താവ് = രക്ഷിതാവ്.**

മുന്നം പിതൃക്കളെപ്പൂജിച്ചഥ തൃപ്തിച്ചു വിണ്ണവരേ
അതുകൊണ്ടവരേ യജ്ഞംതോറും പൂജിക്ക പൂരുഷൻ. 5

അന്വാഹാര്യം[1] പിതൃക്കൾക്കാ ശ്രാദ്ധമത്രേ നരേശ്വര!
എന്നാൽ വിശേഷവിധിയാൽ വിധിയുണ്ടാദ്യകല്പിതം. 6

എല്ലാ നാളും പ്രീതരാകും ശ്രാദ്ധം ചെയ്താൽ പിതാമഹർ
നിന്നോടു പറയാം മററും തിഥ്യാതിഥ്യഗുണാഗുണം[2]. 7

ഏതേതു നാൾകളിൽ ശ്രാദ്ധഫലമെന്തനഘാശയ!
അതൊക്കപ്പറയാമെന്നാൽ ശരിക്കതു ധരിക്ക നീ. 8

പിതൃശ്രാദ്ധാൽ പ്രതിപദേ സ്വഗൃഹേ സ്ത്രീകളൊത്തിടും
അഭിരൂപപ്പേറുടയോർ പ്രജ വാച്ചഴകുള്ളവർ. 9

ദ്വിതീയയിൽ സ്ത്രീകളുണ്ടാം നല്ലശ്വങ്ങൾ തൃതീയയിൽ
ചതുർത്ഥിയിൽ ഗൃഹത്തിങ്കലുണ്ടാം ക്ഷുദ്രപശു[3]വ്രജം. 10

ഉണ്ടാം പഞ്ചമിയിൽ ചെയ്താൽ മക്കളൊട്ടേറെ മന്നവ!
ദ്യുതിഭാക്കുകളായ്ത്തീരും ഷഷ്ഠിയിൽ ചെയ്തിടും നരർ. 11

കൃഷിയുണ്ടാം സപ്തമിയിൽ ശ്രാദ്ധം ചെയ്തീടിൽ മന്നവ!
അമ്മട്ടഷ്ടമിയിൽ ചെയ്താലുണ്ടാം കച്ചോടലാഭവും. 12

ശ്രാദ്ധം നവമിയിൽ ചെയ്താൽ പെരുത്തേകശഫം[4] ഫലം
ശ്രാദ്ധം ദശമിയിൽ ചെയ്താൽ പൈക്കളേയാൾക്കു കൂടിടും. 13

ഏകാദശീദിനം ചെയ്തിൽ കുപ്യഭാക്കാം[5] നരൻ നൃപ!
ബ്രഹ്മവർച്ചസ്സെഴും മക്കളില്ലത്തുണ്ടാമവന്നഹോ! 14

നടത്തുകിൽ ദ്വാദശിയിൽ നിത്യവും കണ്ടിടുന്നതാം
വെള്ളിയും വളരെ സ്വത്തും പൊന്നുമേററം മനോഹരം. 15

ത്രയോദശിദിനം ശ്രാദ്ധം ചെയ്താൽ ജ്ഞാതിവരിഷ്ഠനാം
അവശ്യമിവനില്ലത്തു യുവാക്കന്മാരെയെണ്ണിടാം. 16

ചതുർദ്ദശിയിലാ ശ്രാദ്ധം ചെയ്യുന്നോൻ യുദ്ധഭാഗിയാം
വാവുന്നാൾ ശ്രാദ്ധമൂട്ടീടിൽ സർവ്വകാമങ്ങൾ നേടിടും. 17

കൃഷ്ണപക്ഷം ദശമിതൊട്ടാച്ചതുർദ്ദശിയെന്നിയേ
ശ്രാദ്ധത്തിൽ മുഖ്യതിഥികളമ്മട്ടാവില്ല മററവ. 18

പൂർവ്വപക്ഷത്തിലപരപക്ഷം മെച്ചപ്പെട്ടുംപടി
പൂർവ്വാഹ്നത്തേക്കാട്ടിൽ മെച്ചം ശ്രാദ്ധത്തിന്നപരാഹ്നമാം. 19

---

1 അന്വാഹാര്യം = മാസംതോറുമുള്ള പിതൃകർമ്മം. 2 തിഥ്യാതിഥ്യഗുണാഗുണം = തിഥികളേയും അതിഥികളേയും സംബന്ധിച്ച ഗുണദോഷം. 3 ക്ഷുദ്രപശു = ആട്, ചെമ്മരിയാട് മുതലായ മൃഗങ്ങൾ. 4 ഏകശഫം = ഒററക്കുളമ്പുള്ളവ. 5 കുപ്യഭാക്ക് = പിച്ചള, ചെമ്പ് മുതലായ താഴ്ന്നതരം ലോഹങ്ങൾകൊണ്ടുണ്ടാക്കിയ പാത്രങ്ങളുള്ളവൻ.

൮൮. ശ്രാദ്ധകല്പം

ശ്രാദ്ധവിധി (തുടർച്ച). ശ്രാദ്ധത്തിൽ എന്തൊക്കെക്കൊടുത്താലാണു് പിതൃക്കൾക്കു തൃപ്തിയാവുക എന്നു ഭീഷ്മർ ഉപദേശിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

പിതൃക്കൾക്കു കൊടുത്തീടിലെന്തൊന്നക്ഷയമീശ്വര!
എന്തൊന്നൊട്ടേറെനാൾക്കാകുമെന്തൊന്നെന്നേക്കുമാസ്പദം? 1

ഭീഷ്മൻ പറഞ്ഞു

ശ്രാദ്ധജ്ഞന്മാർ ശ്രാദ്ധകല്പ[1]ത്തിങ്കൽക്കാണും ഹവിസ്സുകൾ
കാമ്യങ്ങൾ കേട്ടുകൊൾകെന്നാൽ ഫലവും ഹേ യുധിഷ്ഠിര! 2

തിലം വ്രീഹി[2] യവം മാഷം വെള്ളം മൂലഫലങ്ങളും
ശ്രാദ്ധേ നല്കിൽ പിതൃക്കൾക്കു മാസം സമ്പ്രീതിയാം നൃപ! 3

പെരുത്തെള്ളുള്ളൊരാ ശ്രാദ്ധമക്ഷയം മനു ചൊല്ലിനാൻ
എല്ലാ ഭോജ്യത്തിലും പാരം പ്രധാനപ്പെട്ടതെള്ളുകൾ. 4

മത്സ്യങ്ങളാൽ പിതൃക്കൾക്കു തൃപ്തിയാം രണ്ടു മാസമേ
ആവിക[3]ത്താൽ മൂന്നു മാസം മുയലാൽ നാലു മാസമാം 5

അജ[4]ത്തിനാൽ പിതൃക്കൾക്കുൾപ്രീതിയാമഞ്ചുമാസമേ.
വരാഹ[5]ത്താലാറുമാസം ശാക[6]ത്താലേഴമാസമാം 6

പൃഷത[7]ത്താലെട്ടു മാസമൊൻപതാം രുരു[8]വാൽ പ്രഭോ!
ഗവയ[9]ത്തിന്റെ മാംസത്താൽ തൃപ്തിയാം പത്തുമാസമേ 7

പോത്തിനാലേ പിതൃക്കൾക്കുൾപ്രീതിയാം പതിനൊന്നുമേ
ശ്രാദ്ധത്തിൽ പശുമാംസത്താലൊരാണ്ടേക്കെന്നു ചൊൽവതാം.

ഗവ്യം കലർത്തിടും വണ്ണം പായസം നെയ്യുമങ്ങനെ
വൻ കാളമാംസമിവയാൽ പന്തീരാണ്ടേയ്ക്കു തൃപ്തിയാം. 9

പിതൃഗേഹത്തൊടുങ്ങില്ലാ ഖഡ്ഗമാംസം[10] കൊടുക്കുകിൽ
കാലശാകം[11] ലൗഹ[12]മങ്ങൊടുങ്ങാത്താച്ഛാഗവും ശരി. 10

ഇതിൽ പിതൃക്കൾ ചൊന്നോരു ഗാഥ ചൊൽവു യുധിഷ്ഠിര!
സനൽക്കുമാരൻ ഭഗവാൻ പണ്ടിതെന്നോടു ചൊല്ലിനാൻ. 11

'സ്വകുലത്തിൽ ജനിക്കില്ലേ ത്രയോദശിമകങ്ങളിൽ
ദക്ഷിണായനകാലേ നെയ്യൊത്ത പായസമേകുവോൻ? 12

---

1 ശ്രാദ്ധകല്പം = ശ്രാദ്ധവിധി. 2 വ്രീഹി = നെല്ലു്. 3 ആവികം = ആടിനെ സംബന്ധിച്ച. 4 അജം = കോലാടു്. 5 വരാഹം = പന്നി. 6 ശാകം = ഇലക്കറി. മൂലത്തിൽ കാണുന്നതു് 'ശാകുലം' എന്നാണു്. ശകുലത്തെ സംബന്ധിച്ചതു് എന്നർത്ഥം (ശകുലം = പരൽ എന്ന മത്സ്യം). പലതരം മാംസങ്ങളെപ്പറ്റി പറയുന്ന കൂട്ടത്തിൽ 'ശാകുലം' എന്ന പാഠത്തിനല്ലേ കൂടുതൽ ഔചിത്യം? 7 പൃഷതം = കൃഷ്ണമൃഗം. 8 രുരു = കറുപ്പും ചാരനിറവും കലർന്ന മാൻ. 9 ഗവയം = മൃഗവിശേഷം; ആറ്റുമാൻ. 10 ഖഡ്ഗമാംസം = കാണ്ടാമൃഗത്തിന്റെ മാംസം. 11 കാലശാകം = ഒരു ജാതി പുല്ലു്. 12 ലൗഹം = കാഞ്ചനവൃക്ഷത്തിലുണ്ടാകുന്ന പൂവും കായും.

അജലോഹിത*മാംസങ്ങരം മകംനാളിൽ യതവ്രതൻ
വിധിപോലാനനിഴലിൽ ചെവിക്കാറേറ്റിടുന്നിടം. 13
പല മക്കളെ മോഹിക്ക ഗയപൂക്കെന്നെമാമൊരാരം
പാരിൽ പുകഴ്ന്നോനവിടെയല്ലോ നില്പക്ഷയം വടം. 14
വെള്ളം മൂലം ഫലം മാംസമന്നവും പിതൃമന്ദിരേ
വല്ലതും തേൻ ചേർത്തു നല്കിലതെന്നെന്നേക്കമാസ്സരും. 15

89. ശ്രാദ്ധകല്പം

ശ്രാദ്ധവിധി (തുടർച്ച). ഓരോ നക്ഷത്രത്തിലും പിതൃകർമ്മം നടത്തിയാലുള്ള ഫലം ഈ അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

ഭീഷ്മൻ പറഞ്ഞു

ശ്രാദ്ധങ്ങളേതൊക്ക യമൻ ശശബിന്ദുവൊടോതിയോ,
അവ കേരംക്കുക കാമ്യങ്ങരം നാരംതോറും വേറെവേറെയായ്. 1
ശ്രാദ്ധം കാർത്തികനാളിന്മേലെന്നും ചെയ്യുന്ന മാനുഷൻ
സാപത്യനഗ്ന്യാധാനാഢ്യനല്പലെന്യേ യജിക്കയാം. 2
സുതകാമൻ രോഹിണിനാരം തേജോർത്ഥി മൃഗശീർഷനാരം
ശ്രാദ്ധമാതിരനാരം നല്കിൽ ക്രൂരകർമ്മാവുമാമവൻ. 3
കൃഷികാമൻ നരൻ ശ്രാദ്ധം പുണർതംനാളിലൂട്ടണം
പൂയംനാളിൽ പുഷ്ടികാമൻ ശ്രാദ്ധമിച്ഛിക്കണം നരൻ. 4
ശ്രാദ്ധമായില്യമാം നാളിൽ ചെയ്തോൻ വീരസുതാഢ്യനാം
ശ്രാദ്ധം മകംനാരം ചെയ്യുന്നോൻ ജ്ഞാതിവർഗ്ഗപ്രധാനിയാം. 5
പൂരംനാളിൽ ശ്രാദ്ധമൂട്ടുന്നവൻ സുഭഗനായ്‌വരും
ഉത്രത്തുന്നാളപത്യാപ്തി,യത്തത്തുന്നാരം ഫലാപ്തിയാം. 6
ചിത്രയിൽ ശ്രാദ്ധമൂട്ടുന്നോൻ നേടും സുന്ദരപുത്രരെ
കച്ചോടത്താൽ വർത്തകനാം ചോതിയിൽപ്പിതൃപൂജകൻ. 7
പുത്രകാംക്ഷി വിശാഖംനാരം ബഹുപുത്രനമായ്‌വരും
അനിഴംനാളിലൂട്ടുന്നോൻ രാജചക്രം നടത്തിടും. 8
ആധിപത്യം നടത്തീടും കേട്ടനാളൂട്ടിടുന്നവൻ
നരൻ കുരുകുലശ്രേഷ്ഠ, ശ്രദ്ധാദമമിയന്നവൻ. 9
മൂലംനാരംക്കാരോഗ്യമുണ്ടാം പൂരാടംനാരംക്കു കീർത്തിയും
ഉത്രാടംനാളിലായീടിലല്ലലററൂഴി ചുററിടും. 10
അഭിജിത്തിൽ ശ്രാദ്ധമൂട്ടുന്നാകിൽ വൻ വിദ്യ നേടിടും
ഓണംനാളിൽ ശ്രാദ്ധമേകിൽ പരലോകത്തു സൽഗതി. 11
അവിട്ടംനാളിലോ രാജ്യഭാക്കാകും നിശ്ചയം നരൻ

* ലോഹിതം=ഒരുതരം മാൻ. (കാഞ്ചനവൃക്ഷം എന്നർത്ഥമുള്ള 'ലൗഹ'ശബ്ദമാണ് മൂലത്തിൽ.) "ആജേന ചാപി ലൗഹേന."

പരം ചതയമാംനാളിലെങ്കിൽബൈഷ്ഭഷജ്യസിദ്ധിയാം. 12
പൂരുരുട്ടാതിനാം ചെയ്യാൽ പെരുത്തുണ്ടാമജാവികം[1]
ഉത്തിരട്ടാതിനാം ചെയ്യിൽ കിട്ടും ഗോക്കളസംഖ്യമേ. 13
ബഹുകുപ്യ[2] ധനം നേടും രേവതിക്കേകിടുന്നവൻ
അശ്വങ്ങളശ്വതിയിൽ നല്ലായുസ്സു ഭരണിക്കമാം. 14
ഈ ശ്രാദ്ധകല്പം കേട്ടേവം ശശബിന്ദു നടത്തിനാൻ
ക്ലേശമെന്ന്യേ വെന്നു പിന്നെ ഭൂമി പാലിച്ചതായവൻ. 15

90. ശ്രാദ്ധകല്പം

ശ്രാദ്ധവിധി (തുടർച്ച). ശ്രാദ്ധത്തിനു് ഉത്തമബ്രാഹ്മണരെ മാത്രമേ ക്ഷണിക്കാവൂ എന്നു്. പരിശുദ്ധന്മാരും പംക്തിദൂഷകരുമായ ബ്രാഹ്മണരെ തിരിച്ചറിയാനുള്ള വഴി. കൊള്ളരുതാത്ത ലക്ഷം ബ്രാഹ്മണരെ ഊട്ടുന്നതിനേക്കാൾ ഒരൊററ ഉത്തമബ്രാഹ്മണനെ ഊട്ടുന്നതാണു് ഉത്തമമെന്നു്.

യുധിഷ്ഠിരൻ പറഞ്ഞു

എമ്മട്ടുകാക്കു നല്കീടവേണം ശ്രാദ്ധം പിതാമഹ!
ബ്രാഹ്മണർക്കു കുരുശ്രേഷ്ഠ, വിവരിച്ചീടവേണമേ. 1

ഭീഷ്മൻ പറഞ്ഞു

ക്ഷത്രിയൻ ദാനധർമ്മജ്ഞൻ പരീക്ഷിക്കൊല്ല വിപ്രരെ
ദൈവക്രിയയ്ക്കു പിത്ര്യത്തിൽ വേണംതാനും പരീക്ഷണം. 2
പൂജിക്കുന്നു ദേവതകൾ ദൈവതേജസ്സിനാലിഹ
അതിനാൽ ദേവകാർക്കായിട്ടേവർക്കും നല്കണം നരൻ. 3
ശ്രാദ്ധത്തിലോ ബ്രാഹ്മണരെ പരീക്ഷിക്ക ബുധൻ നൃപ!
കുലശീലവയോരൂപവിദ്യാഭിജനവൃത്തിയാൽ. 4
ചിലർ പന്തി ദൂഷിപ്പിക്കും പന്തിശുദ്ധി തരും ചിലർ
പന്തി കേററരുതാത്തോരാരോതാം കേൾവരേ നൃപ! 5
ഭ്രൂണഘ്നൻ കിതവൻ[3] യക്ഷ്മി[4] പൈ മേച്ചോൻ മുറവിട്ടവൻ[5].
ഗ്രാമപ്രേഷ്യൻ[6] വാർദ്ധുഷികൻ[7] പാടുന്നോൻ സർവ്വവിക്രയി 6
പുര ചുട്ടോൻ വിഷദനം കുണ്ഡാശി[8] സോമവിക്രയി
സാമുദ്രികൻ[9] രാജഭൃത്യനെണ്ണവില്പോൻ കൂടകാരിയും[10] 7
അച്ഛനായ്ക്കലഹിക്കുന്നോൻ ഗൃഹത്തിൽ ജാരനുള്ളവൻ
ശാപമേററോൻ കട്ടിടുന്നോൻ ശില്പംകൊണ്ടു കഴിപ്പവൻ 8

---

1 അജാവികം = ആടു്, പെണ്ണാടു മുതലായതു്. 2 കുപ്യം = പിച്ചള, ചെമ്പു് മുതലായ താണതരം ലോഹംകൊണ്ടുണ്ടാക്കിയ പാത്രങ്ങൾ. 3 കിതവൻ = ചതിയൻ. 4 യക്ഷ്മി = ക്ഷയരോഗി. 5 മുറ വിട്ടവൻ = ബ്രാഹ്മണവൃത്തി ഉപേക്ഷിച്ചവൻ. 6 പ്രേഷ്യൻ = ഭൃത്യൻ. 7 വാർദ്ധുഷികൻ = കടം പലിശയ്ക്കുകൊടുത്തു് ഉപജീവനം കഴിക്കുന്നവൻ. 8 കുണ്ഡാശി = വിടൻ. 9 സാമുദ്രികൻ = ലക്ഷണം പറയുന്നവൻ. 10 കൂടകാരൻ = കള്ളസ്സാക്ഷി പറയുന്നവൻ.

വേഷധാരീ സൂചകനും മിത്രധ്രുക് പാരദാരികൻ[1]
വ്രതമറേറാക്കുപാദ്ധ്യായൻ പിന്നെശ്ശൂദ്രോപജീവിയും 9
നായാട്ടുകാരനും പിന്നെ നായ് കടിച്ചവനും ശരി
പരിവിത്തി[2]യുമവ്വണ്ണം തഥദോഷി ഗുരുതല്പഗൻ 10
കുശീലവൻ[3] ശാന്തിചെയ്യോൻ ജ്യോതിഷത്താൽ കഴിപ്പവൻ
എന്നീപ്പന്തിക്കു ചേരാത്ത വിപ്രരുണ്ടാൽ യുധിഷ്ഠിര! 11
രാക്ഷസക്കാം ഹവ്യമെന്നു ചൊല്ലുന്നു ബ്രഹ്മവാദികൾ.
ചാത്തമുണ്ടോത്തു ചൊല്ലുന്നോൻ വൃഷലീവിട[4]നും ശരി 12
പിതൃക്കൾ തന്മലത്തിങ്കലൊരു മാസം കിടക്കുമേ.
സോമം[5] വില്പവനോ വിഷ്ഠ[6]ചലം ചോരകൾ വൈദ്യനും 13
നഷ്ടം ശാന്തിക്കാരനെങ്കിൽ വാദ്ധുഷിക്കപ്രതിഷ്ഠ[7]മാം.
കച്ചോടക്കാരനെങ്കീടിൽ കിട്ടില്ലാ രണ്ടു ലോകവും 14
പൗനർഭവദ്വിജ[8]നെങ്കിൽച്ചാമ്പലിൽച്ചെയ്ത ഹോമമാം.
ധർമ്മം വിട്ടവരിൽപ്പിന്നെച്ചാരിത്രം കെട്ട പേരിലും 15
ഹവ്യകവ്യങ്ങളേകീടിൽ പരലോകത്തിൽ നാസ്തിയാം.
അറിഞ്ഞുംകൊണ്ടവർക്കായിട്ടല്പബുദ്ധികൾ നല്കുകിൽ 16
പിതൃക്കൾ തൽ പുരീഷത്തെപ്പരത്തിൽത്തിന്നിടും ദൃഢം.
പന്തി കേററരുതാത്തോരു വിപ്രരീയിവരോക്ക നീ 17
ശൂദ്രോപദേശം ചെയ്യുന്നോരല്പബുദ്ധികളും ശരി.
കാണനറുപതു, ഷണ്ഡൻ നൂറാപ്പാണ്ടൻ കാഴ്ചയോളവും 18
താനിരിക്കും പന്തിയെത്താൻ ദൂഷിപ്പിച്ചീടുമേ നൃപ[9]!
തലക്കെട്ടോടുണ്ടിടുകിൽ തെക്കു നോക്കിയശിക്കുകിൽ 19
ചെരിപ്പിട്ടു ഭുജിച്ചീടിലതെല്ലാമറികാസുരം.
അസൂയയോടേകിയതും ശ്രദ്ധയെന്ന്യേ കൊടുത്തതും 20
അതെല്ലാമസുരേന്ദ്രന്നു വിരിഞ്ചൻ വെച്ച ഭാഗമാം.
കാണൊല്ലാ നായ്ക്കളും പന്തി ദൂഷിപ്പിപ്പോരുമൊട്ടുമേ 21
നല്കുകെന്നാൽ വിവിക്ത[10]ത്തിലെള്ളും തൂവിക്കൊടുക്കുക.
എള്ളില്ലാത്താച്ചാത്തവുമാ ക്രോധത്തോടൊത്തു ചെയ്തതും 22

---

1 പാരദാരികൻ = അന്യന്റെ ഭാര്യയെ സ്വീകരിക്കുന്നവൻ. 2 പരിവിത്തി = അനുജൻ വേട്ടതിനുശേഷവും അവിവാഹിതനായി കഴിയുന്ന ജ്യേഷ്ഠൻ. 3 കുശീലവൻ = നടൻ. 4 വൃഷലീവിടൻ = ശൂദ്രസ്ത്രീയുമായി കൂടിക്കഴിയുന്നവൻ. 5 സോമം = സോമരസം. (ഒരുതരം ലത പിഴിഞ്ഞെടുക്കുന്ന ലഹരിയുള്ള പാനീയം.) 6 വിഷ്ഠ = മലം. (സോമരസം വില്ക്കുന്ന ബ്രാഹ്മണന്നു ശ്രാദ്ധത്തിൽ നല്കുന്ന ആഹാരം പിതൃക്കളെ സംബന്ധിച്ചിടത്തോളം മലമായിത്തീരുമെന്നർത്ഥം.) 7 അപ്രതിഷ്ഠം = അപമാനകരം. 8 പൗനർഭവദ്വിജൻ = ഒരു സ്ത്രീക്ക് പുനർവ്വിവാഹത്തിലുണ്ടാകുന്ന ബ്രാഹ്മണപുത്രൻ. 9 കുരുടൻ (കാണൻ) പന്തിയിലിരിക്കുന്ന അറുപതുപേരെയും നപുംസകൻ (ഷണ്ഡൻ) പന്തിയിലെ നൂറുപേരെയും പാണ്ഡുരോഗി പന്തിയിൽ കണ്ണെത്തുന്നതുവരെയുള്ള ആളുകളെയും കളങ്കപ്പെടുത്തും എന്നു സാരം. 10 വിവിക്തം = ഒഴിഞ്ഞ (മറയ്ക്കപ്പെട്ട) സ്ഥലം.

ആയാലതിൻ ഹവിസ്സൊക്കപ്പിശാചാസുരർ പങ്കിടും.
പന്തിക്കൊക്കാത്തവൻ പന്തിക്കാരുൺ കാണുന്നിടംവരേ 23
ഉള്ളതിൻെറ ഫലം പോക്കും മൂഢനാം ദായകന്നഹോ!
ഇവരോ ഭരതശ്രേഷ്ഠ, പന്തിശുദ്ധി തരുന്നവർ 24
ആരെന്നാരവരെച്ചൊല്ലാം പരീക്ഷിക്കുക വിപ്രരെ.
വിദ്യാവേദവ്രതസ്നാതന്മാരാം ബ്രാഹ്മണരേവരും 25
സദാചാരപരന്മാരും സർവ്വപാവനരോർക്കണം.
പന്തിക്കാരേ ചൊൽവനവർ പന്തിശുദ്ധി വരുത്തുവോർ 26
തൃണാചികേതൻ പഞ്ചാഗ്നി ത്രിസുപർണ്ണൻ ഷഡംഗവാൻ
ഓതിക്കോൻ തൻ വംശജനാമോത്തുള്ളോൻ ജ്യേഷ്ഠസാമഗൻ[1] 27
മാതാപിതാക്കൾക്കു വശ്യൻ[2] ശ്രോത്രിയൻ ദശപൂരുഷൻ[3]
ഋതുകാല[4]ത്തു സംഗിപ്പോൻ ധർമ്മപത്നികളിൽ സദാ 28
വേദവിദ്യാവ്രതസ്നാതൻ വിപ്രൻ പംക്തിക്കു ശുദ്ധിദൻ.
അഥർവ്വശീർഷം ചൊല്ലുന്നോൻ ബ്രഹ്മചാരി യതവ്രതൻ 29
സത്യം ചൊൽവോൻ ധർമ്മശീലൻ സ്വകർമ്മപരനായവൻ
പുണ്യതീർത്ഥങ്ങളാറാടിപ്പരിശ്രമമിയന്നവർ 30
സമന്ത്രയജ്ഞാവഭൃഥസ്നാനം ചെയ്തവരങ്ങനെ
അക്രോധന്മാരചപലർ ക്ഷാന്തർ ദാന്തർ ജിതേന്ദ്രിയർ 31
സർവ്വഭൂതഹിതന്മാർകൾ ശ്രാദ്ധത്തിൽ ക്ഷണയോഗ്യരാം;
ഇവർക്കേകുകിലക്ഷയ്യമിവർതാൻ പങ്ക്തിപാവനർ. 32
ഇവർ മററും യോഗ്യരത്രേ പങ്ക്തിപാവനരോർക്ക നീ
മോക്ഷധർമ്മജ്ഞർ യതികൾ യോഗക്കാർ ചരിതവ്രതർ 33
ഇതിഹാസം പ്രയതരായ് ദ്വിജരോടോതുവോർകളും
ഭാഷ്യജ്ഞരാകുന്നവരും പരം വ്യാകരണജ്ഞരും 34
പുരാണത്തെച്ചൊല്ലുവോരും ധർമ്മശാസ്ത്രങ്ങളേയുമേ
യഥാന്യായം പഠിച്ചിട്ടു വിധിപോലതു ചെയ്യുവർ 35
ഒത്തുനിന്നോൻ ഗുരുകുലേ സത്യവാദി ബഹുപ്രദൻ
സർവ്വവേദത്തിലും മുൻപർ സർവ്വപ്രവചനത്തിലും 36
ഇവർ കാണുന്നിടത്തോളം ശുദ്ധി പന്തിക്കു നല്കിടും;
പന്തിക്കു പാവനം ചെയ്കെപ്പങ്ക്തിപാവനരെന്നു പേർ. 37
ഒരുവൻ മൂന്നര വിളിപ്പാടോളം ശുദ്ധിയാക്കിടും
ഓതിക്കോൻ തൻ വംശജരെന്നത്രേ വേദജ്ഞർ കാണ്മതും. 38
അനൂതപിക്കനെപാദ്ധ്യായനവൻ മുൻസ്ഥാന[5]മേല്ക്കിലും

---

1 ജ്യേഷ്ഠസാമഗൻ=സാമവേദത്തിലെ ഒരു ഭാഗം 'ജ്യേഷ്ഠസാമം' പാടുന്നവൻ. 2 വശ്യൻ=അധീനൻ. 3 ശ്രോത്രിയൻ ദശപൂരുഷൻ=പത്തു തലമുറയായി വേദം പഠിച്ചുകൊണ്ടിരിക്കുന്നവൻ. 4 ഋതുകാലം=ഋതുസ്നാനം കഴിഞ്ഞുവരുന്ന പതിനൊന്നു ദിവസം. 5 മുൻസ്ഥാനം=അഗ്രാസനം.

ഋത്വിക്ജനം സമ്മതിക്കിൽ പാപം പന്തിക്കു പോക്കിടും. 39
വേദജ്ഞൻ പന്തിദോഷങ്ങളെല്ലാമററവനാകിലോ
രാജൻ, പതിതനാവില്ലാ പന്തിപാവനനാണവൻ. 40

എന്നാൽ നന്നായ് പരീക്ഷിച്ചു വിപ്രന്മാരെ ക്ഷണിക്കണം
സ്വകർമ്മനിരതന്മാരെപ്പററിപ്പേറും കുലീനരെ. 41

മിത്രപ്രധാനമായ് ശ്രാദ്ധം ഹവിസ്സും നല്കിടുന്നവൻ
പിതൃദേവപ്രീതി നല്കാ സ്വർഗ്ഗത്തിലുമണഞ്ഞിടാ. 42

ശ്രാദ്ധത്തിങ്കൽ സഖ്യമോക്കുന്നൊരുത്തൻ
വാനോർ പോകുംവഴിയേ പോകയില്ലാ
അവൻ ഞെട്ടററാൽ പഴം പോലെ വിണ്ണിൽ—
നിന്നിട്ടുടൻ ഭ്രഷ്ടനാം ശ്രാദ്ധമിത്രൻ. 43

എന്നാൽ മിത്രത്തേ ശ്രാദ്ധകൃത്താദരിക്കൊ—
ല്ലേകാം മിത്രങ്ങൾക്കിണക്കാൻ ധനങ്ങൾ
ആരേക്കാണുന്നൂ ശത്രുമിത്രത്വമററാ—
മദ്ധ്യസ്ഥനേ ഹവ്യകവ്യങ്ങളൂട്ടൂ. 44

ഇങ്ങൂഷരേ[1] വിത്തു നട്ടാൽ മുളയ്ക്കാ
നട്ടോനേല്ക്കാ വിത്തുമെന്നപ്രകാരം
അനർഹന്മാരുണ്ടിടുന്നോരു ചാത്തം
പാഴാമിഹത്തിൽ പരലോകത്തുമേവം. 45

പുൽത്തീ പോലെ ശമിക്കുന്നു വേദം ചൊല്ലാതെഴും ദ്വിജൻ
അവനെച്ചാത്തമൂട്ടൊല്ലാ ഹോമിക്കാറില്ല ചാമ്പലിൽ. 46

അന്യോന്യമൂട്ടാണു പിശാചദക്ഷിണ
പിതൃക്കൾക്കും പററിടാ ദേവകൾക്കും
അതിങ്ങുതാൻ പുണ്യമെന്ന്യേ ഭ്രമിക്കും
കിടാവററോൾ ശാലയിൽ പൈ കണക്കെ. 47

കെട്ടാത്തീയിൽ ഘൃതഹോമം കണക്കെ—
പ്പിതൃക്കൾക്കും പററിടാ ദേവകൾക്കും
ആടുന്നവൻ പാടുവോൻ ഭോഷ്കുകാര—
നിവക്കുതാൻ ദക്ഷിണ ചെയ്ത ദാനം. 48

രണ്ടും കെടുക്കും ഫലമേകുന്നതല്ലാ
ഭോഷ്ക്കോതുന്നോനേകിടുന്നോരു ദാനം
നശിപ്പിപ്പു ഗർഹിതം വീഴ്ചതേ തൽ—
പ്പിതൃക്കളേ വീഴ്ത്തുമേ ദേവയാനാൽ[2]. 49

ഋഷിമാർക്കുള്ള മുറയിൽച്ചരിപ്പവർ യുധിഷ്ഠിര!
ഉറപ്പാം സർവ്വധർമ്മജ്ഞർ വിപ്രന്മാർ ദേവസമ്മതർ 50
സ്വാദ്ധ്യായനിഷ്ഠരൃഷികൾ ജ്ഞാനനിഷ്ഠരുമങ്ങനെ
തപോനിഷ്ഠരുമുണ്ടോക്ക നൃപതേ, കർമ്മനിഷ്ഠരും. 51

1 ഊഷരേ = ഓർനിലത്ത്. 2 ദേവയാനാൽ = ദേവമാർഗ്ഗത്തിൽനിന്ന്.

ജ്ഞാനനിഷ്ഠൎക്കു കവ്യങ്ങളം നല്കീടേണം യുധിഷ്ഠിര!
അതിൽ മുററും ബ്രാഹ്മണരെ നിന്ദിക്കാത്തവരാം നരർ. 52

ജല്പ[1]ത്തിൽ നിന്ദിപ്പവരെത്താൻ ചാത്തങ്ങളിലൂട്ടൊലാ
വിപ്രർ നിന്ദിക്കിലുർവ്വീശ, തീക്കും മൂന്നാംവരെക്കലം. 53

വൈഖാനസമുനീന്ദ്രന്മാർ ചൊല്ലിക്കേറപ്പുണ്ടു മന്നവ!
ദൂരാൽ പരീക്ഷ ചെയ്യേണം വേദപാരഗവിപ്രരെ 54

പ്രിയൻ ദ്വേഷ്യനമായാലുമവൎക്കായ് ശ്രാദ്ധമേകണം.
ആയിരത്തോളമനൃതക്കാരെയായിരമൂട്ടകിൽ
മന്ത്രജ്ഞൻ പ്രീതനൊരുവനവൎക്കു മതി ഭാരത! 55

91. ശ്രാദ്ധകല്പം

ശ്രാദ്ധവിധി (തുടച്ച്). ദുഃഖാകുലനായ നിമി പുത്രനുവേണ്ടി പിണ്ഡം വെക്കുന്നു. ശ്രാദ്ധത്തെപ്പററി അത്രി നിമിയോടു പറയുന്നതു്. വിശേ ദേവന്മാരുടെ പേരുകൾ. ശ്രാദ്ധത്തിൽ ഉപേക്ഷിക്കേണ്ട പദാർത്ഥങ്ങളുടെ ഒരു പട്ടിക.

യുധിഷ്ഠിരൻ പറഞ്ഞു

ശ്രാദ്ധം സങ്കല്പിച്ചതാരാണേതുകാലത്തതെന്തിനാം?
ഭൃഗ്വംഗിരസരുള്ളപ്പോളേതു മാമുനി മുഖ്യനാം? 1

ശ്രാദ്ധങ്ങളം വർജ്ജ്യങ്ങളേവ ഫലമൂലങ്ങളേതവ?
ധാന്യങ്ങളേവ വർജ്ജ്യങ്ങളതു ചൊല്ലു പിതാമഹ! 2

ഭീഷ്മൻ പറഞ്ഞു

ശ്രാദ്ധം തുടന്നതെമ്മട്ടാണേതുകാലത്തതെന്തിനാം
ആരു സങ്കല്പിച്ചതതും കേട്ടുകൊൾക നരാധിപ! 3

ബ്രഹ്മഭൂവത്രി കൗരവ്യ, പരമഷി പ്രതാപവാൻ
തൽക്കലത്തിൽ മഹാരാജ, ദത്താത്രേയൻ പുകഴ്ന്നവൻ. 4

ദത്താത്രേയന്നുണ്ണിയുണ്ടായ് നിമിയെന്ന തപോധനൻ
നിമിക്കുമുണ്ടായി മകൻ ശ്രീമാൻ ശ്രീയാണ്ടിടുന്നവൻ. 5

ആയിരത്താണ്ടു തികയെ ദുസ്സാദ്ധ്യതപമാണ്ടവൻ
കാലധർമ്മം വന്നു പെട്ടു നിധനത്തിലണഞ്ഞുപോയ്. 6

വിധിയിൽക്കണ്ട കർമ്മത്താൽ നിമി ശൗചങ്ങളം ചെയ്തുടൻ
തീവ്രസന്താപമുൾക്കൊണ്ടു പുത്രശോകപരായണൻ. 7

ഉപഹാര്യങ്ങ[2]ളും ചെയ്തു പതിന്നാലിൽ മഹാമതി
ആശ്ശോകമെണ്ണിക്കൊണ്ടങ്ങു വിരാത്ര[3]ത്തിലുണന്നുതേ. 8

ശോകവ്യഥിതധീയായിട്ടുണൎന്നോഴമവന്നഹോ!

1 ജല്പം = ജല്പനം; സംഭാഷണം. 2 ഉപഹാര്യങ്ങൾ = ചോറു്, മെതിയടി, തലയണ മുതലായ പാരിതോഷികങ്ങൾ. 3 വിരാത്രം = പ്രഭാതം.

മനസ്സടങ്ങി വിഷയേ ബുദ്ധി പാരം പരപ്പിലായ്. 9
പിന്നെച്ചിന്തിച്ചിതദ്ദേഹം ശ്രാദ്ധകല്പം സമാഹിതൻ
അവനന്നെന്തുണ്ട ഭോജ്യങ്ങളാ മൂലങ്ങൾ ഫലങ്ങളും 10
ചൊന്നോരന്നങ്ങളുമെവയവന്നിഷ്ടങ്ങളേതവ
അതൊക്കയും മനസ്സാലേ തീർച്ചയാക്കിത്തപോധനൻ 11
വാവുനാളിൽ മഹാപ്രാജ്ഞൻ ചേർത്തു പൂജിച്ച വിപ്രരെ
തെക്കോട്ടു തിരിയേ വെച്ചു മററു ദർഭാസനങ്ങളെ. 12
ഏഴ വിപ്രരെയൂണിന്നായൊപ്പം കൂട്ടീടിനാനവൻ;
ഉപ്പുകൂടാതെതാൻ ഭോജ്യം ചാമച്ചോറേകിനാൻ പ്രഭു. 13
തെക്കോട്ടു തലയായ് ദർഭ വിഷ്ടരങ്ങളിൽ വെച്ചതേ
അന്നമുണ്ണും ബ്രാഹ്മണർതൻ പാദങ്ങളിലുമങ്ങനെ. 14
തെക്കോട്ടു തലയായ് ദർഭ നിരത്തീ പ്രയതൻ ശുചി
ശ്രീമാനു നല്കീ പിണ്ഡങ്ങൾ നാമഗോത്രമുരച്ചവൻ. 15
അതു ചെയ്താ മുനിശ്രേഷ്ഠൻ തനിക്കാം ധർമ്മസങ്കരം
വൻപിച്ച പശ്ചാത്താപത്താൽ താപം പൂണ്ടോർത്തിതിങ്ങനെ. 16
'മുൻ മാമുനികൾ ചെയ്യാത്തതെന്തീച്ചെയ്തതു ഹന്ത ഞാൻ?
എന്നെശ്ശാപംകൊണ്ടു വിപ്രർ ദഹിപ്പീലല്ലി?'യെന്നുമേ. 17
പിന്നെത്തൻ വംശകർത്താവെച്ചിന്ത ചെയ്തീടിനാനവൻ
ധ്യാനിച്ചമാത്രയ്ക്കുവിടെയത്രിയെത്തീ തപോധനൻ. 18
പുത്രശോകാക്രാന്തനാകുമവനെക്കണ്ടൊരത്രിയും
ഏററമാശ്വാസനം ചെയ്തിതിഷ്ടവാക്കാലെയവ്യയൻ. 19

അത്രി പറഞ്ഞു

നിമേ, സങ്കല്പിപ്പിച്ചു നീയിപ്പിതൃയജ്ഞം തപോധന!
നീ പേടിക്കരുതീധർമ്മം മുന്നം ബ്രഹ്മാവു കണ്ടതാം. 20
സ്വയം സ്വയംഭുവിഹിത[1]മീധർമ്മം നീ കുറിച്ചതാം
ശ്രാദ്ധത്തിൻ വിധി കല്പിപ്പോൻ ബ്രഹ്മാവല്ലാതെയാരുവാൻ? 21
ഉണ്ണീ, നിന്നോടിനിച്ചൊല്ലാം ശ്രാദ്ധത്തിൻ വിധിയുത്തമം
സ്വയംഭു കല്പിച്ചതുണ്ണീ ചെയ്കതെന്നോടു കേൾക്ക നീ. 22
മുൻപഗ്നികരണംചെയ്തു[2] മന്ത്രപൂർവ്വം തപോധന!
പിന്നെയഗ്നിക്കു സോമന്നും നിത്യമായ് വരുണന്നുമേ 23
നിത്യം പിതൃക്കളോടൊത്ത വിശ്വേദേവകളില്ലയോ
അവർക്കുമങ്ങു ഭാഗങ്ങൾ താൻ സങ്കല്പിച്ചു പത്മജൻ. 24
ഇങ്ങൂഴിയെ സ്തുതിക്കേണം നിവാപം[3] താങ്ങിടുന്നവൾ
വൈഷ്ണവീ കാശ്യപീയെന്നുമമ്മട്ടക്ഷയയെന്നുമേ. 25
ഉദകാനയനത്തിങ്കൽ സ്തുത്യനാം വരുണൻ വിഭു

---

1 സ്വയംഭുവിഹിതം = ബ്രഹ്മാവിനാൽ വിധിക്കപ്പെട്ടതു്. 2 അഗ്നികരണം ചെയ്ക = അഗ്നിയെ ഉണ്ടാക്കുക. 3 നിവാപം = പിതൃപൂജ.

പിന്നെയഗ്നിക്കു സോമന്നും തൃപ്തി നല്ലനഘാശയ! 26
വാനോർ പിതൃക്കളെന്നല്ലോരില്ലേ ബ്രഹ്മൻ ചമച്ചവർ
ഉഷ്ണപന്മാർ മഹാഭാഗരവർക്കീബ്ഭാഗകല്പനം. 27
ശ്രാദ്ധത്താലർച്ചിതരവർ കില്ബിഷം വിട്ടൊഴിഞ്ഞിടും
പിതൃവംശമതേഴത്രേ സ്വയംഭൂ പണ്ടു കണ്ടതും. 28
അഗ്ന്യാസ്യർ വിശ്വദേവന്മാർ സംഖ്യാതരവർ മുന്നമേ
ഭാഗാർഹരാം മഹാത്മാക്കളവർതൻ പേർകൾ ചൊല്ലിടാം. 29
ബലം ധൃതി വിപാപ്മാവും പുണ്യകൃത്തഥ പാവനൻ
പാർഷ്ണിക്ഷേമൻ സമൂഹൻതാൻ ദിവ്യസാനുവുമങ്ങനെ 30
വിവസ്വാൻ വീര്യവാൻ ഹ്രീമാൻ കീർത്തിമാൻ കൃതനും ശരി
ജിതാത്മാ മുനിവീര്യൻതാൻ ദീപ്തരോമൻ ഭയങ്കരൻ 31
അനുകർമ്മൻ പ്രതീതൻതാൻ പ്രദാതാവംശുമാനുമേ
ശൈലാഭൻ പരമൻ ക്രോധി ധീരോഷ്ണീയഥ ഭൂപതി 32
സ്രജൻ വജ്രീ വരിയുമാ വിശ്വേദേവകൾ ശാശ്വതർ
വിദ്യുദ്വർച്ചൻ സോമവർച്ചൻ സൂര്യശ്രീ പേർ പുകഴ്ന്നവൻ 33
സോമപൻ സൂര്യസാവിത്രൻ ദത്താത്മാ പുണ്ഡരീയകൻ
ഉഷ്ണീനാഭൻ നഭോദനൻതാൻ വിശ്വായുസ്സഥ ദീപ്തിയും 34
ചമൂഹരൻ സുരേശൻതാൻ വ്യോമാരീ ശങ്കരൻ ഭവൻ
ഈശൻ കർത്താ കൃതീ ദക്ഷൻ ഭുവനൻ ദിവ്യകർമ്മകൃൽ 35
ഗണിതൻ പഞ്ചവീര്യൻതാനാദിത്യൻ രശ്മിമാനുമേ
സപ്തകൃൽ സോമവർച്ചസ്സു വിശ്വകൃത്തു പരം കവി 36
അനുഗോപ്താ സുഗോപ്താവു നപ്താവീശ്വരനങ്ങനെ;
ഇച്ചൊന്നവർ മഹാഭാഗർ കാലത്തിൻ ഗതിഗോചരർ[1]. 37
ശ്രാദ്ധത്തിനൊക്കാധാന്യങ്ങൾ വരകും പുലകങ്ങളും,
ദ്രവ്യങ്ങളിൽക്കായമുള്ളി രണ്ടും, ശാകഗണങ്ങളിൽ 38
മുരിങ്ങ കോവിദാരം[2] താനേവം ഗൃഞ്ജനകാ[3]ദികൾ.
കൂശ്മാണ്ഡ[4]ജാതിച്ചുരയ്ക്ക കാരുപ്പുമത്തുമാതിരി 39
പോക്കിന്റെ മാംസമവ്വണ്ണം പ്രോക്ഷിക്കാ[5]ത്തതുമങ്ങനെ[6].
ചുവന്നുള്ളാകന്നി കരിഞ്ചീരകം വിളയുപ്പുമേ 40
വർജ്ജ്യങ്ങളങ്കുരാദ്യങ്ങൾ വൻ കോട്ടകളുമങ്ങനെ.
ഉപ്പൊക്ക വർജ്ജിച്ചീടേണം ഞാവൽപ്പഴവുമങ്ങനെ 41

---

1 ഗതിഗോചരർ = ഗതി അറിയുന്നവർ. 2 കോവിദാരം = മലയകത്തി. 3 ഗൃഞ്ജനകം = വെള്ളുള്ളി. 4 കൂശ്മാണ്ഡം = കുമ്പളങ്ങ. 5 പ്രോക്ഷിക്ക = പരിശുദ്ധി വരുത്തുക. 6 ശൃംഗാടകം എന്ന മൂലശബ്ദമാണ്, ഇവിടെ 'വൻ കോട്ട' എന്നു തർജ്ജമ ചെയ്തിട്ടുള്ളതു്. ശ്രാദ്ധത്തിൽ വർജ്ജിക്കേണ്ട വസ്തുക്കളുടെ കൂട്ടത്തിൽ 'കോട്ട' ഉൾപ്പെട്ടുമോ? വല്ലജാതി ചെടിയുമായിരിക്കാം ഇതു്. ഭാരതത്തിന്റെ ഒരു ഇംഗ്ലീഷ് വ്യാഖ്യാതാവു് ഇതിനു് 'Trapa Bispinosa'എന്ന പേരു പറഞ്ഞു കാണുന്നു.

കരച്ചിൽ തുമ്മലേററുള്ളതൊക്ക ശ്രാദ്ധത്തിൽ വജ്ജ്യമാം.
നിവാപഹവ്യകവ്യങ്ങൾക്കിങ്ങു ഗഹ്യം[1] സുദർശനം[2] 42
ആ ഹവിസ്സിങ്ങു കൊണ്ടാടാ പിതൃദേവകളേത്തുമേ;
ചണ്ഡാളശ്വപചന്മാരും വജ്ജ്യർ ശ്രാദ്ധമടുക്കുകിൽ. 43
കാഷായവസ്ത്രവാൻ കുഷ്ഠി പതിതൻ ബ്രഹ്മഘാതിയും
സങ്കീണ്ണയോനിദ്വിജനും ഭ്രഷ്ടസംബന്ധിയങ്ങനെ 44
ബുധക്കു വജ്ജനീയന്മാരിവർ ചാത്തമടുക്കുകിൽ.

ഭീഷ്മൻ പറഞ്ഞു

എന്നാ സ്വവംശ്യഷിയോടാബ്ഭഗവാൻ പണ്ടുരച്ചുടൻ
ദിവ്യം ബ്രഹ്മസഭാസ്ഥാനം പുക്കാനത്രി തപോധനൻ. 45

92. ശ്രാദ്ധകല്പം

ശ്രാദ്ധവിധി (തുടച്ച്). നിമി ആരംഭിച്ചുവച്ച ഈ ശ്രാദ്ധകമ്മം മററു മഹഷിമാർ അനുകരിക്കുന്നു. പിതൃകമ്മം അഗ്നിക്കുമുൻപിൽ ചെയ്യേണ്ടതെന്നുകൊണ്ടാണെന്നു്. പിണ്ഡം കൊടുക്കേണ്ട ക്രമം.

ഭീഷ്മൻ പറഞ്ഞു

ഏവം നിമി തുടന്നപ്പോൾ മഹഷിവരരൊക്കയും
വിധിയിൽക്കണ്ട കമ്മത്താൽ പിതൃയജ്ഞം കഴിക്കയായ്. 1
ഋഷിമാർ ധമ്മനിത്യന്മാർ നിവാപക്രിയ ചെയ്തുടൻ
തീത്ഥാംഭസ്സാൽ തപ്പണവും കഴിച്ചിതു യതവ്രതർ. 2
ചാതുവ്വണ്ണ്യം നിവാപങ്ങൾ നല്കികൊണ്ടിട്ടു ഭാരത!
തൃപ്തരായ് പിതൃദേവന്മാർ ജരിപ്പിക്കു[3]ന്നിതന്നവും. 3
ദഹിക്കാത്തവയാൽ ദേവപിതൃക്കൾക്കഭിഘാതമായ്[4]
സോമനെശ്ശരണം പൂകിക്കൊണ്ടാരന്നനിപീഡിതർ. 4
സോമാന്തികം പുക്കു ചൊന്നാരജീണ്ണാത്തർ പിതൃക്കളും
''നിവാപാന്നാത്തരായ്[5] ഞങ്ങൾ നന്മ ഞങ്ങൾക്കു ചെയ്ക നീ.'' 5
സോമൻ ചൊന്നാൻ ''സുരർകളേ, ശ്രേയസ്സിച്ഛിപ്പതാകിലോ
ബ്രഹ്മഗേഹം പൂക നിങ്ങൾക്കവൻ ശ്രേയസ്സു ചെയ്തിടും.'' 6
സോമവാക്കാലപ്പിതൃക്കളൊത്ത ദേവകൾ ഭാരത!
മേരുശൃംഗത്തിൽ വാഴ്വോരാ ബ്രഹ്മാവെച്ചെന്നു കണ്ടുതേ. 7

പിതൃക്കൾ പറഞ്ഞു

ഭഗവാനേ, നിവാപാന്നംകൊണ്ടു പീഡിതരിജ്ജനം
പ്രസാദം ചെയ്ക ഞങ്ങൾക്കു ദേവ, ശ്രേയസ്സു ചൊല്ക നീ. 8
അവർ ചൊന്നാ വാക്കു കേട്ടാ ബ്രഹ്മാവിങ്ങനെ ചൊല്ലിനാൻ

---

1 ഗർഹ്യം = നിന്ദ്യം. 2 സുദശനം = ഒരുതരം ചീര. 3 ജരിപ്പിക്ക = ദഹിപ്പിക്ക. 4 അഭിഘാതം = ഉപദ്രവം. 5 നിവാപാന്നാത്തർ = പിതൃകമ്മത്തിൽ കിട്ടുന്ന അന്നം ദഹിക്കാതെ ദുഃഖിക്കുന്നവർ.

എൻ പാർശ്വത്തീ വഹ്നി നിങ്ങൾക്കെന്നാൽ ശ്രേയസ്സു ചെയ്തിടും.

അഗ്നി പറഞ്ഞു

താത, നമ്മൾക്കൊത്തു നിവാപാന്നം കിട്ടുമ്പൊളുണ്ടിടാം
നിവാപാന്നം ദഹിപ്പിക്കുമെന്നൊപ്പം നിങ്ങൾ നിർണ്ണയം. 10

ഭീഷ്മർ പറഞ്ഞു

പിതൃക്കളിതു കേട്ടപ്പോളല്ലൽ തീർന്നവരായിനാർ
ഇതുകാരണമഗ്നിക്കു മുൻപിൽ നല്കുന്നു മന്നവ! 11
അഗ്നി മുൻപായ് നിവാപത്തെച്ചെയ്തീടിൽ പുരുഷർഷഭ!
ആ നിവാപത്തിനെദ്ധർഷിക്കില്ലേതും ബ്രഹ്മരാക്ഷസർ. 12
ദേവൻ ഹുതാശനൻ നില്ക്കെ രക്ഷസ്സുകളൊഴിച്ചുപോം
പിതാവിനേക മുൻപിണ്ഡം പിതാമഹന്നു പിന്നെയാം 13
പ്രപിതാമഹനെന്നിട്ടെന്നിതാ ശ്രാദ്ധത്തിലാം വിധി.
സാവിത്രി ചൊല്ലു ശ്രാദ്ധത്തിൽ പിണ്ഡംതോറും സമാഹിതൻ
സോമന്നെന്നും ചൊല്ലിടേണം പിതൃമാനെന്നുമങ്ങനെ.
തീണ്ടാരിയായോരു പെണ്ണും കാതു പൊട്ടിയ പെണ്ണുമേ 15
ശ്രാദ്ധത്തിങ്കലടുക്കൊല്ലാ ചേക്കൊല്ലാ പരവംശ്യയെ.
വെള്ളം കൊടുക്കും നേരത്തും പിതാമഹരെയോതണം 16
നദി പുക്കാൽ പിതൃക്കൾക്കു ചെയ്യേണം പിണ്ഡതർപ്പണം.
മുന്നം സ്വവംശജന്മാർക്കു ജലതർപ്പണമേകിയും 17
സുഹൃൽസംബന്ധിവർഗ്ഗക്കാർക്കേകെ പിന്നെജ്ജലാഞ്ജലി.
ചിത്രവർണ്ണക്കാളവണ്ടിയൊത്തു വെള്ളം കടക്കുകിൽ 18
പിതൃക്കൾ കൊതികൊണ്ടീടും തോണിയിൽ കേറിടുന്നവർ.
എന്നും തോണിയിൽ വെള്ളത്തെത്തജ്ഞർ നല്കും സമാഹിതർ 19
കറുത്തവാവുന്നാൾ ചെയ്തുകൊൾക നിർവ്വപണങ്ങളേ*.
പുഷ്ടിയായുസ്സു വീര്യം ശ്രീയിവയാം പിതൃഭക്തിയാൽ. 20
പിതാമഹൻ പുലസ്ത്യൻതാൻ വസിഷ്ഠൻ പുലഹൻ പരം
അംഗിരസ്സാ ക്രതുവുമാ ശ്രീകാശ്യപമഹർഷിയും 21
ഇവരത്രേ കുരുശ്രേഷ്ഠ, മഹായോഗത്തിനീശ്വരർ
രാജൻ, പിതൃക്കളിവരാമിതാ ശ്രാദ്ധവിധാനമാം; 22
മരിച്ചോർ പിണ്ഡസംബന്ധാലാക്കർമ്മത്താലെ മുക്തരാം.
ഇതേവം പുരുഷശ്രേഷ്ഠ, ശ്രാദ്ധോൽപത്തി യഥാഗമം
വിവരിച്ചേൻ മുൻവിധിച്ച ദാനത്തെപ്പറയാമിനി. 23

---

* നിർവ്വപണം = ബലിദാനം.

93. ബിസസ്തൈന്യോപാഖ്യാനം

ഗൃഹസ്ഥധമ്മത്തിൻെറ രഹസ്യം. പ്രതിഗ്രഹത്തിൻെറ ദോഷം വിവരിക്കാനായി ഭീഷ്മർ വൃഷദർഭിയുടേയും സപ്തർഷികളുടേയും കഥ പറഞ്ഞു കേൾപ്പിക്കുന്നു. ഭിക്ഷുരൂപിയായ ഇന്ദ്രൻ കൃത്യയെ കൊന്നു് സപ്തർഷികളെ രക്ഷിക്കുന്നതു്. താമരത്തണ്ടു മോഷ്ടിച്ചവനെ സപ്തർഷികൾ ശപിക്കുന്ന കഥ പറഞ്ഞു ധമ്മത്തിൽനിന്നു് ഒരു കാരണവശാലും വ്യതിചലിക്കരുതെന്നു് ഭീഷ്മർ ഉപദേശിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

വ്രതമേന്തും[1] ബ്രാഹ്മണർകൾ ഹവിസ്സുണ്ണുന്നതാകിലോ
അന്നം ബ്രാഹ്മണകാമാത്ഥ[2]മിതെങ്ങനെ പിതാമഹ! 1

ഭീഷ്മൻ പറഞ്ഞു

വേദോക്തവ്രത[3]മില്ലാത്തോർ കാമത്തിന്നുണ്ണുവോർകളാം
വേദോക്തങ്ങളിലുണ്ടാലോ വ്രതലുപ്തർ[4] യുധിഷ്ഠിര! 2

യുധിഷ്ഠിരൻ പറഞ്ഞു

തപസ്സിതെന്നാൾകൾ ചൊൽവിതുപവാസം പലേതരം
ഇതോ തപസ്സു മററൊന്നു തപസ്സെന്നായിരിക്കുമോ? 3

ഭീഷ്മൻ പറഞ്ഞു

മാസാദ്ധമാസോപവാസാൽ തപസ്സായ്‌ കരുതും ജനം
തപസ്വിയല്ല ധമ്മജ്ഞനല്ലാ സ്വാതന്ത്ര്യഘാതിയാം. 4

ത്യാഗത്തിനുടെ സമ്പത്തു നില്പുണ്ടു തപമുത്തമം
സദോപവാസിയാകേണം ബ്രഹ്മചാരിയുമാകണം. 5

മുനിയാകേണമെപ്പോഴും വിപ്രനോത്തും ജപിക്കണം
കുടുംബിധമ്മം കാമിപ്പോൻ മത്ത്യനെന്നുമുണന്നവൻ. 6

മാംസം തിന്നൊല്ലെന്നുമെന്നും പവിത്രത്തെപ്പഠിക്കണം
നേരു ചൊല്ലേണമെപ്പോഴുമെന്നും നിയതനാവണം. 7

വിഘസാശി[5]യുമാകേണമെപ്പോഴുമതിഥിപ്രിയൻ
അമൃതാശിയുമാകേണം താൻ പവിത്രിയുമാവണം. 8

യുധിഷ്ഠിരൻ പറഞ്ഞു

സദോപവാസിയെമ്മട്ടാം വ്രതചാരിയുമൂഴിപ!
വിഘസാശിയുമെമ്മട്ടാമതിഥിപ്രിയനെങ്ങനെ? 9

ഭീഷ്മൻ പറഞ്ഞു

ഊണു കാലത്തുമന്തിക്കുമല്ലാതില്ലാതെയുള്ളവൻ
സദോപവാസിയായ്‌ത്തീരുമിടയ്ക്കുണ്ണാതെയുള്ളവൻ. 10

---

1 വ്രതമേന്തും = (ഉണ്ണാൻ പാടില്ലാത്ത) വ്രതമനുഷ്ഠിക്കുന്ന. 2 ബ്രാഹ്മണകാമാത്ഥം = യജമാനനായ ബ്രാഹ്മണൻെറ തൃപ്തിക്കുവേണ്ടി. 3 വേദോക്തവ്രതം = വേദങ്ങളിൽ വിധിച്ച യാഗം മുതലായവയെ സംബന്ധിക്കുന്ന വ്രതം. 4 വ്രതലുപ്തർ = വ്രതത്തിനു ഹാനി സംഭവിച്ചവർ. 5 വിഘസാശി = ദേവകൾ, പിതൃക്കൾ, ആശ്രിതർ മുതലായവക്കു കൊടുത്തതിൽ ബാക്കി ഭക്ഷിക്കുന്നവൻ.

ഋതുകാല[1]ത്താത്മഭാര്യാസംഗവാൻ ബ്രഹ്മചാരിയാം
നേരെപ്പോഴുമുരയ്ക്കുന്നോൻ ദാനശീലനുമാം നരൻ. 11
മാംസം പാഴായ് ഭുജിക്കാത്തോൻ മാംസം തിന്നാത്തൊരാളുമാം
ദാതാ പവിത്രി പകലങ്ങുറങ്ങാത്തോനുമന്നവൻ. 12
നിത്യം ഭൃത്യാതിഥികളുണ്ടിട്ടുതാനുണ്ടിടുന്നവൻ
കേവലം താനമൃതഭുക്കെന്നോർക്കുക യുധിഷ്ഠിര! 13
ബ്രാഹ്മണന്മാർകളുണ്ണാതെ താനുണ്ണാത്തുള്ള പൂരുഷൻ
അഭോജനമതൊന്നാലേ സ്വർഗ്ഗം വെന്നവനായ്‌വരും. 14
ദേവകൾക്കും പിതൃക്കൾക്കുമാശ്രിതർക്കുമതേവിധം
കൊടുത്തു ശേഷമുണ്ണുന്നോൻ വിഘസാശിയുമാണുപോൽ. 15
അവർക്കനന്തലോകങ്ങളുണ്ടാ ബ്രഹ്മാലയ[2]ത്തുപോൽ
അപ്സരസ്ത്രീകൾ ഗന്ധർവ്വന്മാരും ചേർന്നൊത്തു ഭാരത! 16
പിതൃദേവാതിഥികളോടൊത്തു ഭുക്തി കഴിക്കുകിൽ
രമിക്കും പുത്രപൗത്രാഢ്യമവർക്കു ഗതി മുഖ്യമാം. 17

യുധിഷ്ഠിരൻ പറഞ്ഞു

ബ്രാഹ്മണർക്കു കൊടുക്കുന്നു ദാനങ്ങൾ പലമാതിരി
കൊടുപ്പോനും വാങ്ങുവോനും ഭേദമെന്തു പിതാമഹ! 18

ഭീഷ്മൻ പറഞ്ഞു

ദ്വിജൻ നല്ലോനോടു വാങ്ങിലസാധുവോടു വാങ്ങിലും
ഗുണവാനിൽദ്ദോഷമല്പം ഗുണമറ്റോനിലാണ്ടുപോം[3]. 19
ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
സംവാദമാ വൃഷാദർഭിസപ്തർഷികടെ ഭാരത! 20
കശ്യപാത്രിവസിഷ്ഠന്മാർ ഭരദ്വാജർഷി ഗൗതമൻ
വിശ്വാമിത്രൻ ജമദഗ്നി സാദ്ധ്വിയാകുമരുന്ധതി 21
ഇവർക്കൊക്കെഗ്ഗണ്ഡയത്രേ കർമ്മങ്ങളെ നടത്തുവാൻ
അവൾക്കു ഭർത്താവു പശുസഖനെന്നൊരു ശൂദ്രനാം. 22
അവരൊക്കത്തപംചെയ്തീബ്ഭൂമിയിൽച്ചുറ്റി മുന്നമേ
സമാധിയാൽ ശാശ്വതമാം ബ്രഹ്മലോകം ഗമിക്കുവോർ 23
അന്നൊരിക്കലനാവൃഷ്ടിയുണ്ടായീ കുരുനന്ദന!
കഷ്ടപ്രാണനില[4]യ്ക്കായിതന്നീ ലോകം വിശന്നഹോ! 24
ശിബിപുത്രൻ ശൈബ്യനന്നാളൊരു യജ്ഞത്തിൽ മുന്നമേ
ദക്ഷിണയ്ക്കൃത്വിക്കുകൾക്കു പുത്രനെത്താൻ കൊടുത്തുപോൽ. 25
അക്കാലത്തവനല്പായുസ്സങ്ങു ചത്തീടിനാൻ പ്രഭു
വിശന്നുഴന്നായവരും ചുഴന്നങ്ങനെ കൂടിനാർ. 26

---

1 ഋതുകാലം = ഋതുസ്നാനം കഴിഞ്ഞു വരുന്ന പതിനൊന്നു ദിവസം. 2 ബ്രഹ്മാലയം = ബ്രഹ്മലോകം. 3 അസജ്ജനത്തിൽനിന്നാണു ദാനം വാങ്ങുന്നതെങ്കിൽ അയാൾ ദോഷത്തിൽ മുങ്ങിപ്പോകും. 4 കഷ്ടപ്രാണനില = പ്രാണനെ രക്ഷിക്കാൻ തന്നെ വളരെ വിഷമിക്കേണ്ട ഒരവസ്ഥ.

യാജ്യാത്മജൻ[1] ചത്തതായിക്കണ്ടിട്ടാ മുനിസത്തമർ
പചിച്ചപോൽ സ്ഥാലിയിങ്കൽ വിശന്നത്യാത്തർ ഭാരത! 27
മർത്ത്യലോകത്തന്നമില്ലാഞ്ഞാത്മരക്ഷയ്ക്കൊരുങ്ങിയോർ
അന്നത്തിന്നായ്ക്കഷ്ടവൃത്തി കൈക്കൊണ്ടിതു തപസ്വികരം. 28
വഴിക്കുപോമ്പോളവരെപ്പചിപ്പോരായ് ക്ഷിതീശ്വരൻ
ശൈബ്യരാജൻ വൃഷാദർഭി കണ്ടു ക്ലേശിക്കുവോർകളായ്. 29

വൃഷാദർഭി പറഞ്ഞു

പ്രതിഗ്രഹം കേററിവിടും നിങ്ങരം പുഷ്ടിയെ വാങ്ങുവിൻ
മുനീന്ദ്രരേയെനിക്കെന്തു വിത്തമുണ്ടതു കേരംക്കുവിൻ. 30

പ്രിയം നമുക്കത്ഥ്യനാം വിപ്രനത്രേ—
യീ ഞാൻ നല്ലാമശ്വതരീസഹസ്രം
ഓരോന്നുമേ വൃഷമോടൊത്തു പെററ—
തെല്ലാവക്കും ശീഘ്രഗം ശ്വേതരോമം[2]. 31

കുലം താങ്ങും വൃഷഭം നൂറുനൂറു
ധുര്യം[3] ശ്വേതം മുററുമേ നല്ലവൻ ഞാൻ
പഷ്ഠൗഹിമാർ[4] മെയ്തടിച്ചോന്നു പെററി—
ട്ടിണങ്ങീടും ശ്രേഷ്ഠപശുക്കളേയും. 32

വരഗ്രാമം വ്രീഹിയവങ്ങരം രത്നം
സുദുർല്ലഭം മററുമെന്തേകിടേണ്ടു?
ഭക്ഷിച്ചുകൂടാത്തതിനാശിച്ചിടായ്വിൻ
നിങ്ങരംക്കു പുഷ്ടിക്കെന്തു ഞാൻ തന്നിടേണ്ടു? 33

ഋഷികൾ പറഞ്ഞു

മധ്വാസ്വാദം[5] വിഷപ്രായം[6] രാജൻ, രാജപ്രതിഗ്രഹം
അതറിഞ്ഞങ്ങു ഞങ്ങരംക്കിങ്ങെന്തേ ചെയ്‌വൂ പ്രലോഭനം? 34
ക്ഷേത്രമോ ദൈവതമിതീ ബ്രാഹ്മണന്മാരിൽ നില്പതാം[7]
തപസ്സാൽ പ്രീതനമലൻ ദേവപ്രീതിദനാമിവൻ. 35
തപസ്സൊററപ്പകലിനാൽ ബ്രാഹ്മണന്നുളവായ്‌വരും
കാട്ടുതീപോലായതിനെച്ചുടും രാജപ്രതിഗ്രഹം. 36
രാജാവേ, തവ ദാനത്തോടൊത്തെന്നും കുശലം വരും
അതൊക്കയത്ഥികരംക്കേകുകെന്നോതീട്ടവർ പോയിനാർ. 37
ആ മഹാത്മാക്കരംക്കു മാംസമതു വേവാത്തമട്ടതാൻ
അതു വിട്ടവരെല്ലാരും തീററിക്കായ് കാടു കേറിനാർ. 38
പിന്നെ മന്നൻ ചൊല്ലി വിട്ട മന്ത്രിമാർ കാടു പുക്കുടൻ

---

1 യാജ്യാത്മജൻ = യാഗംചെയ്യിക്കുന്നവൻെറ പുത്രൻ. 2 പശുക്കളെയാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളതു്. 3 ധുര്യം = ഭാരം വഹിക്കുന്നതു്. 4 പഷ്ഠൗഹി = രണ്ടാമത്തെ തവണ ഗർഭമുള്ള പശു. 5 മധ്വാസ്വാദം = തേൻപോലെ രുചിയുള്ളതു്. 6 വിഷപ്രായം = (ഫലത്തിൽ) വിഷതുല്യം. 7 ബ്രാഹ്മണരുടെ ദേഹം ദേവതകളുടെ ആവാസസ്ഥാനമാണ് എന്നാണാശയം. "യാവതീർവൈ ദേവതാഃ താസ്സർവ്വാ വേദവിദി ബ്രാഹ്മണേ വസന്തി" എന്നു ശ്രുതി.

അത്തിപ്പഴക്കായ് പറിച്ചിട്ടവർക്കേകാൻ തുടങ്ങിനാർ. 39
പൊൻനിറച്ചത്തിപ്പഴങ്ങളാഹരിച്ചിതു വേറെയും
അവർക്കേഴും ഭൃത്യരതിങ്ങെടുപ്പാൻ ചെന്നിതായവർ. 40
കനത്തു കണ്ടെടുത്തീടാൻ വയ്യെന്നായത്രി ചൊല്ലിനാൻ:
''മന്ദവിജ്ഞാനരല്ലാ നാം മന്ദബുദ്ധികളല്ല നാം 41
ഇവ പൊന്നെന്നറിയുമേ തിരിഞ്ഞവരുണർന്ന നാം.
ഇതെടുത്താൽ പരത്തിങ്കൽക്കടുകോദയ[1]മായ്‌വരും 42
സുഖാർത്ഥി വാങ്ങിക്കരുതിങ്ങീ ലോകത്തിൽ പരത്തിലും.''

വസിഷ്ഠൻ പറഞ്ഞു

നൂറു നിഷ്കത്തുക്കമേവമായിരം ത്രുക്കമെങ്ങനെ
അമ്മട്ടൊട്ടേറെ വാങ്ങുന്നോൻ പാപിഷ്ഠഗതിയാണ്ടിടും. 43

കശ്യപൻ പറഞ്ഞു

മന്നിലൊക്കും വ്രീഹി യവം പൊന്നു പെണ്ണുങ്ങളും പൈക്കളും
ഒക്കച്ചേർന്നാൽ പോരൊരാൾക്കെന്നതോർത്തു ശമമേല്ക്കണം. 44

ഭരദ്വാജൻ പറഞ്ഞു

ഉണ്ടായ രുരുവിൻകൊമ്പു വളരുമ്പോൾ വളർന്നിടും
പുരുഷന്നാം പ്രാർത്ഥനപോലതിന്നൊരതിരില്ലഹോ! 45

ഗൗതമൻ പറഞ്ഞു

ലോകത്തെത്തൃപ്തിയാക്കീടും ദ്രവ്യം ലോകത്തിലല്ലതാൻ
സമുദ്രം പോലെ പുരുഷൻ പൂർണ്ണനാവില്ലൊരിക്കലും. 46

വിശ്വാമിത്രൻ പറഞ്ഞു

കാമം കാമിച്ചിടുന്നോനു കാമമെപ്പോൾ സമൃദ്ധമോ
കാമം വേറിട്ടങ്ങു തൃഷ്ണയമ്പുപോലെ തറയ്ക്കുമേ [2] 47

ജമദഗ്നി പറഞ്ഞു

വാങ്ങുന്നതിലടക്കംതാൻ ധ്രുവം താങ്ങും തപസ്സിനെ
ലോഭംകൊള്ളും ബ്രാഹ്മണന്നാദ്ധനമായതൊഴുക്കിടും. 48

അരുന്ധതി പറഞ്ഞു

ഒരുപക്ഷം സമ്മതമാം ധർമ്മാർത്ഥദ്രവ്യസഞ്ചയം
തപസ്സഞ്ചയമോ ദ്രവ്യസഞ്ചയത്തിന്നു മേലെയാം. 49

ഗണ്ഡ പറഞ്ഞു

ഉഗ്രമാമിബ്ഭയത്തിങ്കൽ പേടിപ്പോരെന്നധീശ്വരൻ
ബലവാന്മാർ ദുർബ്ബലമട്ടേറ്റം പേടിച്ചിടുന്നു ഞാൻ. 50

പശുസഖൻ പറഞ്ഞു

വിപ്രന്മാരറിവൂ ധർമ്മാൽ മേലെയില്ലാത്തതാം ധനം

---

1 കടുകോദയം = തിക്തകഫലം. 2 മനുഷ്യൻ എന്തെങ്കിലും ഒന്നിനെ ആഗ്രഹിക്കുന്നു എന്നു വെക്കുക. ആ ആഗ്രഹം സാധിച്ചാൽ അവന്റെ 'തൃഷ്ണ' അവിടെ നിലയ്ക്കുന്നില്ല. അതിനേക്കാൾ ബലവത്തരമായ മറ്റൊരാഗ്രഹം ഉടനേ അവനെ ബാധിക്കുന്നു. ഇതാണു ശ്ലോകത്തിന്റെ ആശയം. ആശയ്ക്കവസാനമില്ലെന്നും അതുകൊണ്ടു് ഒന്നിനേയും ആശിക്കാതിരിക്കയാണു് ഉത്തമമെന്നുമാണു് വിശ്വാമിത്രന്റെ വിവക്ഷ.

വിനയാത്ഥം പണ്ഡിതനെയുപാസിപ്പേനതേവിധം. 51

ഋഷികൾ പറഞ്ഞു

ദാനത്തോടും കുശലമീ പ്രജകരംക്കുടയോനഹോ!
ഫലം ഛല[1]ത്തോടും ഞങ്ങരംക്കവനല്ലോ തരുന്നതും. 52

ഭീഷ്മൻ പറഞ്ഞു

എന്നോതിപ്പൊൻനിറച്ചുള്ളോരാപ്പഴങ്ങരം വെടിഞ്ഞുടൻ
ഋഷിമാരൊക്ക വേറിട്ടോരിടം പുക്കാർ ധൃതവ്രതർ. 53

മന്ത്രികൾ പറഞ്ഞു

ഛലമുണ്ടെന്ന ശങ്കിച്ചീ ഫലങ്ങളെ വെടിഞ്ഞവർ
മററൊരേടത്തു പോകുന്നു ധരിച്ചാലും നരാധിപ! 54

ഭീഷ്മൻ പറഞ്ഞു

എന്നാ ഭൃത്യർ പറഞ്ഞോരാ വൃഷാദർഭി ചൊടിച്ചുതേ
അവക്കൊട്ടുക്ക പകരം ചെയ്യുവാൻ ഗൃഹമേറിനാൻ. 55

അണഞ്ഞാഹവനീയാഗ്നിയിങ്കൽത്തീവ്രവ്രതാമ്പിതൻ
ഹോമിച്ചു ഹവ്യം മന്ത്രത്തോടോരോരാഹുതി മന്നവൻ. 56

ആത്തീയിൽനിന്നേററുയർന്നു കൃത്യ ലോകഭയങ്കരി
വൃഷാദർഭിയവരംക്കിട്ടു യാതുധാനീതി നാമവും. 57

കാളരാത്രിക്കൊത്ത കൃത്യയവരം കൈക്കൂപ്പി നിന്നുടൻ
വൃഷാദർഭിക്ഷിതിപനോടെന്തു ഞാൻ വേണ്ടതെന്നുമായ്. 58

വൃഷാദർഭി പറഞ്ഞു

ചെല്ലരുന്ധതിയോടൊത്ത സപ്തർഷികളുടേയുമേ
ദാസീവരൻെറയും ദാസിതൻെറയും പേർ ധരിക്ക നീ. 59

അവർതൻ പേരറിഞ്ഞെല്ലാവരെയും നീ മുടിക്കെടോ
ഏവം മുടിഞ്ഞാൽ സ്വൈരം നീയിഷ്ടം പോലെ ഗമിക്കുക. 60

ഭീഷ്മൻ പറഞ്ഞു

അവളവ്വണ്ണമെന്നേററു യാതുധാനീസ്വരൂപമായ്
ആ മഹർഷികരം ചുററീടുമാ വനത്തിൽ ഗമിച്ചുതേ. 61

രാജാവേ, പിന്നെയക്കാട്ടിലത്രിമുൻപാം മഹർഷികരം
ഫലമൂലങ്ങരം ഭക്ഷിച്ചുകൊണ്ടുതാൻ സഞ്ചരിച്ചുതേ. 62

അപ്പോരംക്കണ്ടു ചീത്ത ചുമൽ കൈകാൽ വീത്ത മുഖത്തൊടും
മെയ് തടിച്ച പരിവ്രാട്ടു[2] നായൊടൊത്തു ഗമിപ്പതായ്. 63

സവ്വാംഗം ചീത്തു ശുനോമവനെക്കണ്ടരുന്ധതി
ഭവാന്മാരേവമാവില്ലേയെന്നാരം മുനികളോടവരം. 64

വസിഷ്ഠൻ പറഞ്ഞു

ഇവന്നു ഞങ്ങരംക്കാമ്പോലില്ലഗ്നിഹോത്രമനിർഹുതം
കാലത്തന്തിക്കുമാം ഹോമമതേ നായൊത്തു ചീക്കുവാൻ. 65

---

1 ഛലം = വ്യാജം. 2 പരിവ്രാട്ട് = സന്യാസി.

അത്രി പറഞ്ഞു

ഇവന്നു ഞങ്ങൾക്കാമ്പോലെ കെട്ടില്ലാ ക്ഷുത്തിൽ[1] വീര്യവും
കൃച്ഛ്രാധീതം[2] നശിച്ചിട്ടില്ലതേ നായൊത്തു ചീക്കുവാൻ. 66

വിശ്വാമിത്രൻ പറഞ്ഞു

ഇവന്നു ഞങ്ങൾക്കാമ്പോലെ ജരിയാ ഗോക്കൾ ശാസ്ത്രവും
ക്ഷുത്താൽ മൂത്തലസൻ മൂർഖനതേ നായൊത്തു ചീക്കുവാൻ. 67

ജമദഗ്നി പറഞ്ഞു

ഇവന്നു ഞങ്ങൾക്കാമ്പോലെ ചോറും വിറകുമങ്ങനെ
ആ ഒരാണ്ടേയ്ക്കു ചിന്തിക്കേണ്ടതേ നായൊത്തു ചീക്കുവാൻ. 68

കശ്യപൻ പറഞ്ഞു

ഇവന്നു ഞങ്ങൾക്കാമ്പോലെ നാലുപേർകൾ സഹോദരർ
'തരു തരു'യെന്നിരപ്പീലതേ നായൊത്തു ചീക്കുവാൻ. 69

ഭരദ്വാജൻ പറഞ്ഞു

ഇവന്നു ഞങ്ങൾക്കാമ്പോലെ മൂഢനീചദ്വിജന്നഹോ!
ശോകം ഭാര്യാപവാദാലില്ലതേ നായൊത്തു ചീക്കുവാൻ. 70

ഗൗതമൻ പറഞ്ഞു

ഇവന്നു ഞങ്ങൾക്കാമ്പോലെ മാൻതോലും മൂന്നു പട്ടമേ
മൂവാണ്ടു ചെന്നതല്ലോരോന്നതേ നായൊത്തു ചീക്കുവാൻ. 71

ഭീഷ്മൻ പറഞ്ഞു

നായൊടൊത്ത പരിവ്രാട്ടു കണ്ടു പിന്നെ മുനീന്ദ്രരെ
ന്യായംപോലെയടുത്തെത്തിക്കൈ പിടിച്ചീടിനാനുടൻ 72
ആ വനത്തിൽ ക്ഷുത്തു തീർപ്പാനെല്ലോരാപ്പരിചര്യവും
തമ്മിൽ പറഞ്ഞുവെച്ചൊപ്പം യാത്രയായീടിനാരവർ. 73
ഒരേ നിശ്ചയമോടോരോ കാട്ടിൽ ചുററീടിനാരവർ
ഫലമൂലങ്ങളും പൊട്ടിച്ചെട്ടക്കുന്നവരങ്ങനെ. 74
ഒരിക്കൽ ചുററിടുമവർ തിങ്ങി വൃക്ഷങ്ങൾ ചൂഴവേ
ശുദ്ധവെള്ളം തെളിഞ്ഞുള്ള നല്ലൊരാപ്പൊയ്ക കണ്ടുതേ 75
ബാലാദിത്യപ്രഭയെഴും പുഷ്കര[3]ങ്ങൾ വിളങ്ങിയും
വൈഡൂര്യവർണ്ണമൊക്കുന്ന പത്മപത്രങ്ങൾ തിങ്ങിയും, 76
നാനാമട്ടിലെഴും വെള്ളപ്പക്ഷിക്കൂട്ടമിണങ്ങിയും
ഒററമാർഗ്ഗമനാദേയം[4] ചേററു കടവൊത്തുമേ. 77
വൃഷാദർഭിയയച്ചോരു കൃത്യയോ വികൃതാകൃതി
യാതുധാനിപ്പേരുടയോൾ കാത്തിതാപ്പൊയ്കയങ്ങനെ. 78
തുണപ്പശുസഖൻ ചേന്നാ മഹർഷികൾ ബിസ[5]ത്തിനായ്
കൃത്യ കാക്കും പൊയ്കയിങ്കൽച്ചെന്നാരായവരേവരും. 79

---

1 ക്ഷുത്ത്=വിശപ്പ്. 2 കൃച്ഛ്രാധീതം=വളരെ ബുദ്ധിമുട്ടി പഠിച്ചതു്; വേദാദ്ധ്യയനമെന്നർത്ഥം. 3 പുഷ്കരം=താമരപ്പൂ. 4 അനാദേയം=സുഗമം. 5 ബിസം=താമരവളയം.

വികൃതാകൃതിയാം യാതുധാനിയാപ്പൊയ്കവക്കിലായ്
നില്പോന്ന കണ്ടാ മുനികളാക്കൃത്യയോടു ചൊല്ലിനാർ. 80

ഋഷികൾ പറഞ്ഞു

ഒററയ്ക്കു നില്പൂ, നീയാരാക്കായിട്ടാണെന്തു സാദ്ധ്യമാം?
ചൊല്ലു നീ പൊയ്കവക്കത്തുനിന്നെന്തിന്നുദ്യമിപ്പതും? 81

യാതുധാനി പറഞ്ഞു

ഞാനാരെങ്കിലുമാവട്ടേ ചോദിക്കേണ്ടൊരുമട്ടിലും
ഈപ്പൊയ്ക കാക്കുന്നവളെന്നോക്ക മുററും മുനീന്ദ്രരേ! 82

ഋഷികൾ പറഞ്ഞു

ഞങ്ങളൊക്കെ വിശന്നുള്ളോർ ഞങ്ങൾക്കൊന്നില്ല വേറെയായ്
നിൻ സമ്മതത്തോടെല്ലാരുമെടുക്കട്ടേ ബിസങ്ങളെ. 83

യാതുധാനി പറഞ്ഞു

ബിസങ്ങളെക്കരാർ ചെയ്തിട്ടിഷ്ടംപോലെയെടുക്കുവിൻ
എന്നോടോരോരുത്തരായ് പേർ ചൊല്ലി വേഗമെടുക്കുവിൻ. 84

ഭീഷ്മൻ പറഞ്ഞു

ആ യാതുധാനിയെയറിഞ്ഞൃഷിഘാതിനി കൃത്യയായ്
വിശന്നുഴന്നുള്ളൊരത്രിയുടനിങ്ങനെ ചൊല്ലിനാൻ. 85

അത്രി പറഞ്ഞു

അരാത്രിയത്രിയാ രാത്രി ത്രിരദ്ധ്യയനമററതാം
അരാത്രിയത്രിയെന്നെൻെറ പേർ ധരിക്കുക ശോഭനേ!* 86

യാതുധാനി പറഞ്ഞു

അങ്ങീയെന്നോടു ചൊന്നോരു പേരെനിക്കു മഹാദ്യുതേ!
ഉള്ളിൽധരിക്കാവോന്നല്ലാ പോകിറങ്ങുക പൊയ്കയിൽ. 87

വസിഷ്ഠൻ പറഞ്ഞു

വസിഷ്ഠൻ ഞാൻ വരിഷ്ഠൻ ഞാൻ വാസഗേഹം വസിക്കുവേൻ
വസിഷ്ഠതാവാസമൂലം വസിഷ്ഠൻ ഞാൻ ധരിക്ക നീ. 88

യാതുധാനി പറഞ്ഞു

കഷ്ടപ്പാടുള്ളക്ഷരമൊത്തങ്ങു വണ്ണിച്ച നിൻെറ പേർ
ധരിക്കുവാൻ വയ്യെനിക്കു പോകിറങ്ങുക പൊയ്കയിൽ. 89

കശ്യപൻ പറഞ്ഞു

കുലം കുലംതാൻ കുപപൻ കുപപൻ കശ്യപൻ ദ്വിജൻ
കാശ്യൻ കാശനി കാശതാലിതെൻ പേരു ധരിക്ക നീ. 90

യാതുധാനി പറഞ്ഞു

അങ്ങീയെന്നോടു ചൊന്നോരു പേരെനിക്കു മഹാദ്യുതേ!

---

* ഓരോരുത്തൻെറയും പേർ ചോദിച്ചു മനസ്സിലാക്കി എല്ലാവരേയും സംഹരിക്കാനാണല്ലോ 'വൃഷാദർഭി' കൃത്യയെ പറഞ്ഞയച്ചതു്. അതു മനസ്സിലാക്കിയ മഹർഷിമാർ ശബ്ദങ്ങളെക്കൊണ്ടു ചില ചെപ്പടിവിദ്യകൾ കാണിച്ചു് കൃത്യയെ വ്യാമോഹിപ്പിക്കയാണു്. എല്ലാവരുടെ ഉത്തരങ്ങളിലും ഈ 'വിദ്യ' കാണാം. സംസ്കൃതവ്യാഖ്യാതാക്കന്മാർ ഇതിനെല്ലാം ചില അർത്ഥങ്ങൾ പറയുന്നുണ്ടു്. അതെല്ലാം ഇവിടെ വിവരിക്കുക സാദ്ധ്യമല്ല.

ഉള്ളിൽധരിക്കാവോന്നല്ലാ പോകിറങ്ങുക പൊയ്കയിൽ. 91

ഭരദ്വാജൻ പറഞ്ഞു

അസ്തതാശിഷ്യഭൃത്തൽബ്ഭാരൻ ദേവഭാരൻ ദ്വിഭൃഭരൻ
ഭാര്യാഭാരൻ വാജഭാരൻ ഞാൻ ഭാരദ്വാജനാം ശുഭേ! 92

യാതുധാനി പറഞ്ഞു

കഷ്ടപ്പാടുള്ളക്ഷരമൊത്തങ്ങു വർണ്ണിച്ച നിന്റെ പേർ
ധരിക്കുവാൻ വയ്യെനിക്കു പോകിറങ്ങുക പൊയ്കയിൽ. 93

ഗൗതമൻ പറഞ്ഞു

ഗോദമൻ ഞാനധൂമൻ ഞാനദമൻ സമദർശനാൽ
ഞാൻ ജനിക്കെത്തമോദ്ധ്വംസം വന്നു ദേഹജഗോക്കളാൽ 94
ഓർക്ക ഞാൻ ഗൗതമൻ കൃത്യേ, യാതുധാനി, ധരിക്ക നീ.

യാതുധാനി പറഞ്ഞു

അങ്ങീയെന്നോടു ചൊന്നോരു പേരെനിക്കു മഹാമുനേ!
ധരിച്ചിടാവൊന്നതല്ലാ പോകിറങ്ങുക പൊയ്കയിൽ. 95

വിശ്വാമിത്രൻ പറഞ്ഞു

വിശ്വേദേവകളെന്മിത്രം ഗോക്കൾക്കും മിത്രമാണു ഞാൻ
വിശ്വാമിത്രാഖ്യനെന്നെന്നെ യാതുധാനി, ധരിക്ക നീ. 96

യാതുധാനി പറഞ്ഞു

കഷ്ടപ്പാടുള്ളക്ഷരമൊത്തങ്ങു വർണ്ണിച്ച നിന്റെ പേർ
ധരിക്കുവാൻ വയ്യെനിക്കു പോകിറങ്ങുക പൊയ്കയിൽ. 97

ജമദഗ്നി പറഞ്ഞു

ജാജ്ജ്ഞാനം കൊണ്ടുവതിപ്പോൾ ജ്ഞാനം കൊണ്ടുക ജനിപ്പു—
ജമദഗ്ന്യാഖ്യനെന്നെന്നെധരിച്ചീടുക ശോഭനേ! [ഞാൻ

യാതുധാനി പറഞ്ഞു

അങ്ങീയെന്നോടു ചൊന്നോരു പേരെനിക്കു മഹാമുനേ! 99
ധരിച്ചീടാവൊന്നതല്ല പോകിറങ്ങുക പൊയ്കയിൽ.

അരുന്ധതി പറഞ്ഞു

ധരാ ധരിത്രി വസുധ വാഴ്വേൻ ഭർത്താവിനൊപ്പമേ
ഭർത്തൃചിത്താനുരോധാഢ്യ ഞാനരുന്ധതിയോർക്ക നീ. 100

യാതുധാനി പറഞ്ഞു

കഷ്ടപ്പാടുള്ളക്ഷരമൊത്തങ്ങു വർണ്ണിച്ച നിന്റെ പേർ
ധരിക്കുവാൻ വയ്യെനിക്കു പോകിറങ്ങുക പൊയ്കയിൽ. 101

ഗണ്ഡ പറഞ്ഞു

വക്ത്രത്തിന്റെയൊരറ്റത്തീധാതുവെച്ചോൽവു ഗണ്ഡയായ്
അതുയർന്നോരു ഗണ്ഡയാം ഞാനതോർക്കുകനലോത്ഭവേ! 102

യാതുധാനി പറഞ്ഞു

കഷ്ടപ്പാടുള്ളക്ഷരമൊത്തങ്ങു വർണ്ണിച്ച നിന്റെ പേർ
ധരിക്കുവാൻ വയ്യെനിക്കു പോകിറങ്ങുക പൊയ്കയിൽ. 103

പശുസഖൻ പറഞ്ഞു

കണ്ടാൽ പശുക്കളേ രഞ്ജിപ്പിപ്പേൻ പശുസഖാവു ഞാൻ
ഗൗണം പശുസഖാവെന്നെൻ പേരോക്കകനലോത്തവേ! 104

യാതുധാനി പറഞ്ഞു

കഷ്ടപ്പാടുള്ളക്ഷരമൊത്തങ്ങു വണ്ണിച്ച നിന്റെ പേർ
ധരിക്കുവാൻ വയ്യെനിക്കു പോക്'റങ്ങുക പൊയ്കയിൽ. 105

ശുനസ്സഖൻ പറഞ്ഞു

ഇവർ ചൊന്നവിധം പേരു പറയാൻ ഞാനൊരുങ്ങിടാ
ശുനസ്സഖസഖാവീ ഞാൻ യാതുധാനി ധരിക്ക നീ. 106

യാതുധാനി പറഞ്ഞു

സന്ദിശ്ധവാക്കാം വാക്യത്താൽ നിന്റെ പേർ വിവരിച്ചു നീ
അതിനാൽ വീണ്ടുമിനിയൊന്നോതു നിൻപേരിനെ ദ്വിജ! 107

ശുനസ്സഖൻ പറഞ്ഞു

ഒരിക്കൽ ഞാൻ ചൊന്ന പേരു നീ ധരിച്ചില്ലയെങ്കിലോ
അതിനാലീ ത്രിദണ്ഡത്തല്ലേററുടൻ ചാമ്പലാക നീ. 108

ഭീഷ്മൻ പറഞ്ഞു

ബ്രഹ്മദണ്ഡാഭമതിനാൽ തലയ്ക്കൊരടി കൊണ്ടവരം
നിലത്തു വീണിതാകൃത്യ ഭസ്മമായ്പ്പോയിതങ്ങനെ. 109

ശുനസ്സഖാവുക്കെഴമാ യാതുധാനിയെ വീഴ്ത്തിയും
ത്രിദണ്ഡം ഭൂമിയിൽക്കുത്തിപ്പച്ചപ്പുല്ലിലിരുന്നതേ. 110

ഉടനാ മുനിമാരെല്ലാം പുഷ്കരങ്ങളം ബിസങ്ങളും
ഇഷ്ടംപോലെയെടുത്തിട്ടു മോദം പൂണ്ടു കരേറിനാർ. 111

ഏറെ ശ്രമം ചെയ്തു ബിസം കെട്ടുകെട്ടാക്കിയായവർ
പൊയ്കവക്കത്തു വെച്ചിട്ടും കഴിച്ചു ജലതർപ്പണം 112

പിന്നെ വെള്ളം വിട്ടു കേറീട്ടേവരും ചെന്നുകൂടിനാർ
ബിസങ്ങളെക്കണ്ടെത്തുമില്ലങ്ങപ്പോഠം പുരുഷർഷഭർ. 113

ഋഷികൾ പറഞ്ഞു

ക്ഷുത്തു ബാധിച്ചു ഭക്ഷിക്കാനുദ്യമിക്കുന്ന നമ്മുടെ
ബിസങ്ങളെക്കൊണ്ടുപോയീ നൃശംസൻ പാപകൃത്തെവൻ? 114

ഭീഷ്മൻ പറഞ്ഞു

പരസ്പരം ശങ്ക പൂണ്ടു ചോദിച്ചോരാ ദ്വിജോത്തമർ
'സത്യം ചെയ്യുക നാമെല്ലാ'മെന്നായിതരികശ്ന! 115

അവ്വണ്ണമെന്നേററുരച്ചിട്ടവരെല്ലാരുമൊപ്പമേ
പശി പൂണ്ടു തളന്നുള്ളോർ ശപഥത്തിനൊരുങ്ങിനാർ. 116

അത്രി പറഞ്ഞു

പയ്യേച്ചവിട്ടട്ടേയക്കൻനേക്കു വീഴ്ത്തട്ടെ മൂത്രവും
ഓത്തോതട്ടെയനദ്ധ്യായേ ബിസസ്തൈന്യം കഴിച്ചവൻ. 117

വസിഷ്ഠൻ പറഞ്ഞു

അനദ്ധ്യായേ പഠിക്കട്ടേ നായാട്ടേല്ക്കട്ടെയങ്ങനെ

സന്ന്യാസി കാമിയാവട്ടേ ബിസസ്തൈന്യം കഴിച്ചവൻ. 118
കൊല്ലട്ടെയാശ്രയിച്ചോനെയാശ്രയിക്കട്ടെ പുത്രിയെ
കീനാശ[1]സ്വത്തിരക്കട്ടേ ബിസസ്തൈന്യം കഴിച്ചവൻ. 119

കശ്യപൻ പറഞ്ഞു

എല്ലാടമെല്ലാം ചൊല്ലട്ടേ ചെയ്യട്ടേ ന്യാസലോപവും
കള്ളസ്സാക്ഷിയുമാവട്ടേ ബിസസ്തൈന്യം കഴിച്ചവൻ. 120
പാഴിൽ മാംസം ഭുജിക്കട്ടേ ചെയ്യട്ടേ പാഴ്ദാനവും
പകൽ സ്ത്രീസംഗമേല്ക്കട്ടേ ബിസസ്തൈന്യം കഴിച്ചവൻ. 121

ഭരദ്വാജൻ പറഞ്ഞു

നൃശംസൻ മുറ വിട്ടോട്ടേ സ്ത്രീജ്ഞാതിജനഗോക്കളിൽ
വിപ്രനെപ്പോരിൽ വെല്ലട്ടേ ബിസസ്തൈന്യം കഴിച്ചവൻ. 122
ആചാര്യനെക്കീഴിലാക്കീട്ടൃക്കോതട്ടേ യജുസ്സുമേ
ഹോമിക്കട്ടേ കാട്ടുതീയിൽ ബിസസ്തൈന്യം കഴിച്ചവൻ. 123

ജമദഗ്നി പറഞ്ഞു

മലം വിടട്ടെ വെള്ളത്തിൽ ദ്രോഹിച്ചീടട്ടെ പയ്യിനെ
ഋതുവെന്യേ സംഗിയാട്ടേ ബിസസ്തൈന്യം കഴിച്ചവൻ. 124
ദ്വേഷ്യൻ ഭാര്യാജീവി[2]യാട്ടേ വൈരവാൻ ദൂരബന്ധുവായ്
അന്യോന്യാതിഥിയാകട്ടേ ബിസസ്തൈന്യം കഴിച്ചവൻ. 125

ഗൗതമൻ പറഞ്ഞു

ഓത്തു ചൊല്ലിക്കളഞ്ഞോട്ടേ വിട്ടോട്ടേയഗ്നി മൂന്നുമേ
സോമം വിട്ടോട്ടെയവ്വണ്ണം ബിസസ്തൈന്യം കഴിച്ചവൻ. 126
ഒററക്കിണററെഴും ഗ്രാമത്തന്തണൻ വൃഷലീപതി
തത്സാലോക്യത്തെയേല്ക്കട്ടേ ബിസസ്തൈന്യം കഴിച്ചവൻ. 127

വിശ്വാമിത്രൻ പറഞ്ഞു

അന്യർ ചെയ്യട്ടെ താൻ നില്ക്കേഗ്ഗുരുഭൃത്യാനുപോഷണം
കൊററെന്യേ മക്കൾ വാച്ചാട്ടേ ബിസസ്തൈന്യം കഴിച്ചവൻ. 128
അശുദ്ധൻ വേദമോതട്ടേ ഗർവ്വേല്ക്കട്ടേ സമൃദ്ധിയാൽ
കർഷകൻ മത്സരിച്ചോട്ടേ ബിസസ്തൈന്യം കഴിച്ചവൻ. 129
വർഷാചരൻ ഭൃത്യനാവുകാക രാജപുരോഹിതൻ
അയാജ്യയാജിയുമാവട്ടേ ബിസസ്തൈന്യം കഴിച്ചവൻ. 130

അരുന്ധതി പറഞ്ഞു

നിന്ദിക്കട്ടേ ശ്വശ്രുവിനെ മുഷിഞ്ഞീടട്ടെ കാന്തനിൽ
താനേ സ്വാദുള്ളതുണ്ടോട്ടേ ബിസസ്തൈന്യം കഴിച്ചവൾ. 131
ജ്ഞാതിഗേഹത്തിൽ വാണിട്ടു സക്തു[3] തിന്നട്ടെ രാത്രിയിൽ
അഭോഗ്യ[4]വീരസൂ[5]വാട്ടേ ബിസസ്തൈന്യം കഴിച്ചവൾ. 132

---

1 കീനാശൻ = കർഷകൻ. 2 ഭാര്യാജീവി = ഭാര്യയെക്കൊണ്ടു് ഉപജീവനം കഴിക്കുന്നവൻ. 3 സക്തു = വറുത്തുപൊടിച്ച യവം. 4 അഭോഗ്യ=അനുഭവിക്കാൻ പററാത്തവൾ. 5 വീരസൂ = വീരനായ പുത്രന്റെ മാതാവു്. (ബ്രാഹ്മണിക്കു വീരനായ പുത്രനുണ്ടാകുന്നതു് ഒരയോഗ്യതയായിട്ടാണു കണക്കാക്കുന്നതു്. ശാന്തനും സാത്വികനുമായ പുത്രനാണു് ബ്രാഹ്മണിക്കു ചേർന്നതെന്നാണു് ശാസ്ത്രവിധി.)

ഗണ്ഡ പറഞ്ഞു

ഭോഷ്ണ ചൊല്ലട്ടെയെപ്പോഴം തെററട്ടേ ബന്ധുവർഗ്ഗമായ്
നല്ലട്ടേ കന്യയെയ്യല്ലാൽ ബിസസ്തൈന്യം കഴിച്ചവരം. 133
താനേ വെച്ചു കഴിച്ചോട്ടേ നരച്ചീടട്ടെ ദാസിയായ്
വികർമ്മത്താലടങ്ങട്ടേ ബിസസ്തൈന്യം കഴിച്ചവരം. 134

ശുനസ്സഖൻ പറഞ്ഞു

അദ്ധ്വര്യുവിന്നായ് മകളേ നല്കിടട്ടേ
ഛന്ദോഗത്തിൽ ബ്രഹ്മചര്യം ചരിച്ചും
ആഥർവ്വണം വേദമോതീട്ടു വിപ്രൻ
കുളിച്ചോട്ടേ താമരത്തണ്ടു കട്ടോൻ. 135

ഋഷികരം പറഞ്ഞു

നീ ചെയ്തുവെച്ച ശപഥം ബ്രാഹ്മണക്കിഷ്ടമാണെടോ
ഞങ്ങരംക്കുള്ള ബിസം കട്ടോൻ നീതാനാണു ശുനസ്സഖ! 136

ശുനസ്സഖൻ പറഞ്ഞു

തിന്നാൻ വെച്ചതു കാണാഞ്ഞു കർമ്മം ചെയ്തവർ ചൊന്നതും
നേരാണു പൊളിയല്ലേതും ബിസസ്തൈന്യം കഴിച്ചു ഞാൻ. 137
ഞാനൊളിപ്പിച്ചുവെച്ചേനീബ്ബിസങ്ങളിതു നോക്കുവിൻ
ഭഗവാന്മാർക്കനഘരേ, പരീക്ഷയ്ക്കിതു ചെയ്തു ഞാൻ. 138
നിങ്ങളെല്ലാരെയും കാത്തുകൊരംവാൻ വന്നവനാണു ഞാൻ
യാതുധാനിയതിക്രൂര യുഷ്മൽ ഘാതിനി കൃത്യയാം. 139
മുനീന്ദ്രരേ, വൃഷാദർഭി തീർത്തോരിവളെ വീഴ്ത്തി ഞാൻ
കൊന്നേക്കും നിങ്ങളെദ്ദുഷ്ട പാപ തീയിൽപ്പിറന്നവരം. 140
അതിനാൽ വന്ന ഞാൻ വിപ്രന്മാരേ, വാസവനോർക്കുവിൻ
അലോഭാൽ സർവ്വകാമാഢ്യാക്ഷയലോകങ്ങരം നേടിതേ.
എഴന്നേല്പിനടൻ നേടുകവയെല്ലാം ദ്വിജേന്ദ്രരേ! 141

ഭീഷ്മൻ പറഞ്ഞു

പരം മഹർഷിമാർ നന്ദിച്ചിന്ദ്രനോടേററുരച്ചുടൻ
ഇന്ദ്രനോടൊപ്പമെല്ലാരും സ്വർഗ്ഗത്തേക്കു ഗമിച്ചതേ. 142
ഈവണ്ണമീ മഹാത്മാക്കരം പല ഭോഗങ്ങരംകൊണ്ടുമേ
ഏററം ക്ഷുത്തു കലന്നിട്ടും മഹാത്മാക്കരം കൊടുക്കിലും 143
ലോഭം ചെയ്തീലപ്പൊഴതുമൂലം സ്വർഗ്ഗത്തിലെത്തിനാർ.
അതുകൊണ്ടെന്തു വന്നാലും നരൻ ലോഭമൊഴിക്കണം; 144
മുഖ്യധർമ്മമിതെന്നാലോ* നൃപ, ലോഭമൊഴിക്കണം.
നരനീ നല്ല ചരിതമാരംക്കൂട്ടത്തിലുരയ്ക്കുകിൽ 145
അർത്ഥഭാക്കായി വന്നീടും ദുർഗ്ഗങ്ങളിലകപ്പെടാ.
പിതൃക്കളും പ്രീതരാകുമവന്നൃഷികരം വിണ്ണരും
യശോധർമ്മാർത്ഥങ്ങരം നേടും പരലോകത്തിലാ നരൻ. 146

---

* എന്നാലോ = അതിനാൽ.

94. ശപഥവിധി

പല രാജർഷികളും ബ്രഹ്മർഷികളുംകൂടി ഒരിക്കൽ തീർത്ഥയാത്രയ്ക്കിടയിൽ ബ്രഹ്മസരസ്സിൻെറ കരയിലെത്തുന്നു. ആഹാരത്തിനായി സരസ്സിൽനിന്നു താമരവളയം പറിച്ചെടുക്കുന്നു. അഗസ്ത്യൻെറതുമാത്രം കാണാതായപ്പോൾ, ഓരോരുത്തനും താൻ അതെടുത്തില്ലെന്നു പറഞ്ഞു സത്യം ചെയ്യുന്നു. ഒടുവിൽ ഇന്ദ്രൻ താമരവളയം തിരികെ കൊടുക്കുന്നു. സത്യത്തിൻെറ മാഹാത്മ്യം തെളിയിക്കാനായി ഭീഷ്മർ ഈ ഉപാഖ്യാനം ധർമ്മപുത്രരെ പറഞ്ഞുകേൾപ്പിക്കുന്നു.

ഭീഷ്മൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
തീർത്ഥയാത്രയിലുണ്ടായ ശപഥക്കഥ കേൾക്ക നീ. 1

താമരക്കളവുണ്ടായീ മുന്നം ഭരതസത്തമ!
രാജർഷികളുമുർവ്വീശ, ദ്വിജർഷികളുമൊത്തു താൻ. 2

ഋഷീന്ദ്രർ കൂടിപ്പശ്ചിമമാം പ്രഭാസ-
ത്തെല്ലാരുമായ് മന്ത്രണം ചെയ്തു മന്ത്രം:
''മുററും മന്നിൽ പുണ്യതീർത്ഥങ്ങൾ തോറും
ചുററാം നമുക്കേവരുമൊത്തു പോക.'' 3

ശുക്രാംഗിരസ്സുകളതേവിധം കവി
വിദ്വാനഗസ്ത്യൻ നാരദപർവ്വതന്മാർ
ഭൃഗു വസിഷ്ഠൻ കശ്യപൻ ഗൗതമൻ താൻ
വിശ്വാമിത്രൻ ജമദഗ്നി ക്ഷിതീശ! 4

ഋഷീന്ദ്രനാഗ്ഗാലവനഷ്ടകൻ താൻ
ഭരദ്വാജാരുന്ധതീബാലഖില്യർ
ശിബി ദിലീപൻ നഹുഷാംബരീഷർ
യയാതി രാജൻ, പുരുവാദ്ധുന്ധുമാരൻ. 5

വൻപൻ വൃത്രാരാതിയാമിന്ദ്രനെത്താൻ
മുൻപാക്കീട്ടാ മന്നവന്മാർ ഗമിച്ചു
തീർത്ഥങ്ങൾ മുററും ചുററിയോർ മാഘമാസ-
ത്തിങ്കൽച്ചെന്നു കൗശികീപുണ്യതീർത്ഥേ. 6

തീർത്ഥങ്ങൾതോറും പരിധൂതപാപർ*
ചെന്നാപ്പുണ്യം ബ്രഹ്മസരസ്സിലെത്തീ
ദേവൻെറ തീർത്ഥേ വഹ്നിസങ്കാശർ നീററി-
ലിറങ്ങീട്ടാത്താമരപ്പൂ ഭുജിച്ചു. 7

ബിസം തിന്നു ചിലരമ്മട്ടു രാജൻ!
മൃണാളവും ചിലർ ഭക്ഷിച്ചു വിപ്രർ
ഉടൻ കണ്ടു പുഷ്കരം കട്ടതായി-
ട്ടുതങ്ങഗസ്ത്യൻ മുൻപു പൊട്ടിച്ചതത്രേ. 8

---

* പരിധൂതപാപർ = പാപം നശിപ്പിച്ചവർ.

ചൊന്നാൻ മററും മുനിമാരോടഗസ്ത്യൻ:
''ആരിങ്ങെൻ നൽപ്പുഷ്കരം കട്ടെടുത്തു?
ശങ്കിക്കുന്നേൻ നിങ്ങളെത്തന്നുകൊൾവിൻ
പത്മം ഹരിപ്പാൻ നിങ്ങളിന്നർഹരല്ലാ. 9

കേൾപ്പേൻ കാലം ധർമ്മവീര്യം കെടുക—
മതിപ്പൊഴാപ്പെട്ടുപോയ് ധർമ്മപീഡ
ഇങ്ങാധർമ്മം നിലനില്ലാതെയാം മു—
മ്പേറേക്കാലത്തേക്കു നാം വിണ്ണു പൂകും. 10

വേദങ്ങളെ ഗ്രാമമദ്ധ്യേ ദ്വിജന്മാർ
കേൾപ്പിച്ചീടും സുസ്വരം ശൂദ്രരേയും
നൃപൻ കാണും തർക്കമായിട്ടു ധർമ്മം
ഞാനെന്നാലോ പരലോകം ഗമിപ്പേൻ. 11

വരാവരന്മാർകളാം ശ്രേഷ്ഠരെത്താൻ
നിന്ദിച്ചേക്കും മാനുഷന്മാർകൾ മററും
തമസ്സുവെച്ചിത്തുമാം മുൻപിലേറെ—
ക്കാലത്തേക്കാപ്പരലോകം ഗമിപ്പേൻ. 12

കാണാറാകും ദുർബ്ബലന്മാരെ മററും
ബലിഷ്ഠനായോനാക്രമിക്കുന്നതായി
എന്നാൽ ചിരം പരലോകം ഗമിപ്പേൻ
കാണാൻ വയ്യിജ്ജീവലോകത്തെയേവം.'' 13

മഹർഷിയോടാർത്തർ ചൊല്ലീ മുനീന്ദ്രർ:
''കട്ടിട്ടില്ലാ നിൻെറ പത്മത്തെ ഞങ്ങൾ
പാഴിൽ ഭവാൻ ശങ്കകൊള്ളായ്ക തീക്ഷ്ണം
സത്യം ചെയ്യാം ശപഥത്താൽ മഹർഷേ!'' 14

അതിങ്കൽത്തീർപ്പുചെയ്താ മുനീന്ദ്ര—
രാധർമ്മത്തെക്കണ്ടിട്ടന്നോർ നരേന്ദ്ര!
സപുത്രപൗത്രോർവ്വിപരോടുകൂടി
ക്രമത്തിലായ് ശപഥം ചെയ്തു പിന്നെ. 15

ഭൃഗു പറഞ്ഞു

ശകാരിച്ചാൽ ശകാരിച്ചീടട്ടേ തല്ലട്ടെ തല്ലിയാൽ
പൃഷ്ഠമാംസങ്ങൾ തിന്നട്ടേ നിൻ താമര കവന്നവൻ. 16

വസിഷ്ഠൻ പറഞ്ഞു

സ്വാദ്ധ്യായമെന്നിയേ പാരിൽ നായാട്ടേല്ക്കട്ടെയങ്ങനെ
പുരത്തിൽബ് ഭിക്ഷുവാകട്ടേ നിൻ താമര കവന്നവൻ. 17

കശ്യപൻ പറഞ്ഞു

എല്ലാടമെല്ലാം വില്ക്കട്ടേ ചെയ്തോട്ടേ ന്യാസലോപ*വും
കള്ളസ്സാക്ഷി പറഞ്ഞോട്ടേ നിൻ താമര കവന്നവൻ. 18

* ന്യാസലോപം = സൂക്ഷിക്കാൻ ഏല്പിച്ച മുതൽ നശിപ്പിക്കുക.

ഗൗതമൻ പറഞ്ഞു

ബുദ്ധ്യാ ഗർവ്വിച്ചു വാണോട്ടേ സമത്തിൽ വിഷമത്തിലും
കർഷകൻ മത്സരിച്ചോട്ടേ നിൻ താമര കവന്നവൻ. 19

അംഗിരസ്സു പറഞ്ഞു

അശ്രദ്ധൻ വേദമോതട്ടേ നായാട്ടാവട്ടെയങ്ങനെ
ബ്രഹ്മഹാചിത്തനാവട്ടേ നിൻ താമര കവന്നവൻ. 20

ധുന്ധുമാരൻ പറഞ്ഞു

അകൃതജ്ഞൻ മിത്രർകളിൽ ശൂദ്രസ്ത്രീകട്ടെ സന്തതി
താനേ മൃഷ്ടാന്നമുണ്ണട്ടേ നിൻ താമര കവന്നവൻ. 21

പൂരു പറഞ്ഞു

ചികിത്സയിൽ നടക്കട്ടേ ഭാര്യ പോററുന്നൊരാളുമാം
ശ്വശുരാൽ കൊററുമേല്ക്കട്ടേ നിൻ താമര കവന്നവൻ. 22

ദിലീപൻ പറഞ്ഞു

ഒററക്കിണററെഴും ഗ്രാമത്തന്തണൻ വൃഷലീപതി
തത്സാലോക്യമണഞ്ഞോട്ടേ നിൻ താമര കവന്നവൻ. 23

ശുക്രൻ പറഞ്ഞു

പാഴിൽ മാംസം ഭുജിക്കട്ടേ ചെയ്യട്ടേ പകൽ മൈഥുനം
രാജാവിൻ പ്രേഷ്യനാകട്ടേ നിൻ താമര കവന്നവൻ. 24

ജമദഗ്നി പറഞ്ഞു

ഓത്തോതട്ടെയനദ്ധ്യായേ ചാത്തമൂട്ടട്ടെയിഷ്ടനെ
ശൂദ്രൻെറ ചാത്തമുണ്ണട്ടേ നിൻ താമര കവന്നവൻ. 25

ശിബി പറഞ്ഞു

അഗ്നിചെയ്യാതെ[1] ചാകട്ടേ ചെയ്യട്ടേ യജ്ഞവിഘ്നവും
തപസ്വിമാരായ് തെററട്ടേ നിൻ താമര കവന്നവൻ. 26

യയാതി പറഞ്ഞു

വ്രതമാണ്ടോന്നൃതുലെന്ന്യേ സംഗമിക്കട്ടെ ഭാര്യയെ
വേദത്തെദ്ധിക്കരിച്ചോട്ടേ നിൻ താമര കവന്നവൻ. 27

നഹുഷൻ പറഞ്ഞു

യതി ഗാർഹസ്ഥ്യമേല്ക്കട്ടേ കാമിയാവട്ടെ ദീക്ഷിതൻ
വിലയ്ക്കു വിദ്യ നല്കട്ടേ നിൻ താമര കവന്നവൻ. 28

അംബരീഷൻ പറഞ്ഞു

നൃശംസൻ മുറ വിട്ടോട്ടേ സ്ത്രീജ്ഞാതിജനഗോക്കളിൽ
കൊന്നീടട്ടേ ബ്രാഹ്മണനെ നിൻ താമര കവന്നവൻ. 29

നാരദൻ പറഞ്ഞു

ഗൃഹജ്ഞാനീ ശാസ്ത്രബാഹ്യം ചൊല്ലട്ടേ വിസ്വരം[2] പദം
യോഗ്യരെദ്ധിക്കരിക്കട്ടേ നിൻ താമര കവന്നവൻ. 30

നാഭാഗൻ പറഞ്ഞു

ഭോഷ്കു ചൊല്ലട്ടെയെപ്പോഴും തെററട്ടേ സജ്ജനങ്ങളായ്

---

1 അഗ്നിചെയ്യാതെ=അഗ്നിഹോത്രം ചെയ്യാതെ. 2 വിസ്വരം=സ്വരം തെററിയതു്.

ശൂദ്രാൽ കന്യയെ നല്കട്ടേ നിൻ താമര കവന്നവൻ. 31

കവി പറഞ്ഞു

പശ്ചാച്ചവിട്ടട്ടെ മൂത്രം വീഴ്ത്തട്ടേ രവിനേക്കുതാൻ
ശരണാഗതരെത്തള്ളും നിൻ താമര കവന്നവൻ. 32

വിശ്വാമിത്രൻ പറഞ്ഞു

ഭൃത്യൻ വൃത്തി തടഞ്ഞോട്ടേയാട്ടേ രാജപുരോഹിതൻ
അയാജ്യർത്ഥിക്കുമാവട്ടേ നിൻ താമര കവന്നവൻ. 33

പർവ്വതൻ പറഞ്ഞു

ഗ്രാമാധികാരിയാവട്ടേ പോട്ടേ കഴുത കേറിയും
കൊററിന്നു നായാട്ടാവട്ടേ നിൻ താമര കവന്നവൻ. 34

ഭരദ്വാജൻ പറഞ്ഞു

നൃശംസനും പൊളിയനും സർവ്വപാപവുമേല്ക്കുമേ
ആപ്പാപമെന്നുമേല്ക്കട്ടേ നിൻ താമര കവന്നവൻ. 35

അഷ്ടകൻ പറഞ്ഞു

അപ്രജ്ഞൻ കാമി പാപിഷ്ഠൻ നൃപനാവട്ടെയായവൻ
അധർമ്മാൽ ഭൂമി കാത്തോട്ടേ നിൻ താമര കവന്നവൻ. 36

ഗാലവൻ പറഞ്ഞു

അനഘാർഹൻ പാപികളെക്കാളും ചെയ്യട്ടെ പാതകം
ദാനം ചെയ്തു പുകഴ്ത്തട്ടേ നിൻ താമര കവന്നവൻ. 37

അരുന്ധതി പറഞ്ഞു

ശ്വശ്രൂന്ന കുററം ചൊല്ലട്ടേ രൂഷിഞ്ഞീടട്ടെ കാന്തനായ്
താനേ സ്വാദുള്ളതുണ്ടോട്ടേ നിൻ താമര കവന്നവം. 38

ബാലഖില്യർ പറഞ്ഞു

ഗ്രാമദ്വാരത്തു നില്ക്കട്ടെയൊററക്കാൽകൊണ്ടു കൊററിനായ്
ധർമ്മം വിടട്ടേ ധർമ്മജ്ഞൻ നിൻ താമര കവന്നവൻ. 39

ശുനസ്സഖൻ പറഞ്ഞു

അഗ്നിഹോത്രം നോക്കിടാതെയങ്ങുറങ്ങട്ടെയന്തണൻ
സന്യാസി കാമിയാവട്ടേ നിൻ താമര കവന്നവൻ. 40

സുരഭി പറഞ്ഞു

താൻ ബാലജനിദാനത്താ[1]ലേല്ക്കട്ടേ കാംസ്യദോഹനം
മറുക്കാ[2]വാൽ കറന്നോട്ടേ നിൻ താമര കവന്നവം. 41

ഭീഷ്മൻ പറഞ്ഞു

പരം പലേമട്ടു പലേ തരത്തി—
ലാ യോഗ്യർ ചെയ്തെശ്ശപഥം കൗരവേന്ദ്ര!
സഹസ്രാക്ഷൻ ദേവരാജൻ പ്രഹൃഷ്ടൻ
കോപി ബ്രഹ്മർഷീന്ദ്രനെപ്പാർത്തു നോക്കീ. 42

ഉടൻ ചൊല്ലീ തന്റെ സത്യം സുരേന്ദ്രൻ
കോപം പൂണ്ടാ മുനിയോടിപ്രകാരം.

---

1 ബാലജനിദാനത്താൽ=മനുഷ്യരുടെ മുടികൊണ്ടു പിരിച്ചുണ്ടാക്കിയ കയറു കൊണ്ടു പശുവിനെ കെട്ടിയിട്ട്. 2 മറുക്കാവ്=വേറേ പശുക്കളുടെ കുട്ടി.

ബ്രഹ്മഷിദേവഷി നൃപഷിമദ്ധ്യ–
ത്തതെന്നെന്നും നീ ധരിച്ചീട്ട രാജൻ! 43

''അദ്ധ്വര്യുവിന്നായ് മകളേ നല്കിടട്ടേ
ഛന്ദോഗത്തിൽ ബ്രഹ്മചര്യം ചരിച്ചും
ആഥവ്വണം വേദമോതീട്ട വിപ്രൻ
കുളിച്ചോട്ടേ താമരപ്പൂവു കട്ടോൻ. 44

വേദമൊക്കപ്പഠിക്കട്ടേ പുണ്യം ചെയ്യട്ടെ ധാമ്മികൻ
ബ്രഹ്മലോകം ഗമിക്കട്ടേ നിൻ താമര കവന്നവൻ.'' 45

അഗസ്ത്യൻ പറഞ്ഞു

ആശീവ്വാദം നീ പറഞ്ഞ ശപഥം വലസൂദന!
എനിക്കു താമര തരികിതു ധമ്മം സനാതനം. 46

ഇന്ദ്രൻ പറഞ്ഞു

ഭഗവാനേ, ലോഭമൂലമല്ലാ താമര കട്ടു ഞാൻ
ധമ്മം കേൾക്കാൻ വേണ്ടിയാണു ഹരിച്ചതു ചൊടിക്കൊലാ! 47

ധമ്മശ്രുതി സമുൽക്കഷം ധമ്മസേതുവനാമയം
ആഷം ശാശ്വതമെപ്പോഴുമവ്യയം കേട്ടിരിപ്പു ഞാൻ. 48

ഇതാ വിദ്വൻ, വാങ്ങിയാലും താമരപ്പൂ ദ്വിജോത്തമ!
ഭഗവാനേ, ക്ഷമിച്ചാലുമെന്നക്രമമനിന്ദിത! 49

ഭീഷ്മൻ പറഞ്ഞു

എന്നാ മഹേന്ദ്രൻ ചൊന്നോരു ഭൃശകോപനനാം മുനി
താമരപ്പൂ വാങ്ങി ധീമാൻ പ്രസാദം പൂണ്ടു മാമുനി. 50

വീണ്ടും തീത്ഥങ്ങളിൽച്ചുററി വനചാരികളാമവർ
പുണ്യതീത്ഥങ്ങളിൽ ഗാത്രങ്ങളെ മുക്കീടിനാരവർ. 51

ഈ മുഖ്യമാകുമാഖ്യാനം പവ്വംതോറും പഠിക്കുകിൽ
മൂർഖപുത്രൻ പിറക്കില്ലങ്ങപ്രായശ്ചിത്ത[1]നാസ്വരാ. 52

അവന്നാപത്തൊന്നുമേല്ക്കില്ലില്ലല്ലൽ ജരയൊത്തിടാ
വിരജസ്സായ്[2] നന്മയൊത്തു പരത്തിൽ സ്വഗ്ഗമെത്തിടും. 53

ഋഷിമാർ കാത്തു പോന്നീടുമാശ്ശാസ്ത്രത്തെപ്പഠിക്കുകിൽ
അവ്യയബ്രഹ്മലോകത്തിലവനെത്തും നരോത്തമ! 54

1 അപ്രായശ്ചിത്തൻ=പ്രായശ്ചിത്തമില്ലാത്തവൻ. 2 വിരജസ്സ്=പാപമെല്ലാം നശിച്ചവൻ.

95. ഛത്രോപാനഹദാനപ്രശംസ

സൂര്യരശ്മികളേററു രേണുകയുടെ തലയും കാലും ചുട്ടതുകണ്ടു് ക്രുദ്ധനായ ജമദഗ്നി സൂര്യന്റെ നേരെ അമ്പെയ്യാനുദ്യമിക്കുന്നു. ബ്രാഹ്മണവേഷധാരിയായ സൂര്യനും ജമദഗ്നിയും തമ്മിലുള്ള സംവാദം.

യുധിഷ്ഠിരൻ പറഞ്ഞു

ശ്രാദ്ധങ്ങളിൽക്കൊടുത്തീടാറില്ലയോ ഭരതർഷഭ!
ചെരിപ്പു കുടയും പിന്നെയിതാരാണു തുടങ്ങിയോൻ? 1

ഇതിങ്ങെങ്ങനെയുണ്ടായിതെന്തിനാണു കൊടുപ്പതും?
ശ്രാദ്ധത്തിൽ മാത്രമല്ലേകാറുണ്ടല്ലോ പുണ്യകങ്ങളി[1]ൽ. 2

നാനാ നിമിത്തങ്ങ[2]ളിലും നല്കുന്നു പുണ്യമോർത്തു താൻ
ഇതു വിസ്താരമായ് ബ്രഹ്മൻ, തത്ത്വമായ് കേട്ടിടേണമേ! 3

ഭീഷ്മൻ പറഞ്ഞു

സശ്രദ്ധം കേൾക്ക രാജാവേ, ഛത്രോപാനഹ[3]വിസ്തരം
പ്രസിദ്ധമെങ്ങനേ പാരിലിതെങ്ങനെ നടപ്പിലായ്? 4

അക്ഷയ്യമായതും പുണ്യമായതും സിദ്ധമാംവിധം
ഇതെല്ലാമിങ്ങശേഷം ഞാൻ പറഞ്ഞീടാം നരാധിപ! 5

ജമദഗ്നിക്കു സംവാദം മഹാത്മാ ഭാസ്കരന്നുമേ
മുന്നമാമ്പ് ഭഗവാൻ സാക്ഷാൽ വിൽകൊണ്ടു കളിയായ് പ്രഭു 6

വീണ്ടും തൊടുത്തമ്പുകളെയങ്ങു ഭാർഗ്ഗവനെയ്തു പോൽ.
എയ്തെയ്തമ്പുകളൊക്കേയും ദീപ്തതേജസ്സവന്നുടൻ 7

എടുത്തെടുത്തേകി പലവട്ടം രേണുക[4]യച്യുത!
പിന്നെ ഞാണൊലിയാലും തൻ ശരത്തിൻ ചീററലാലുമേ 8

പ്രഹൃഷ്ടനായെയ്തിതവൻ കൊണ്ടുവന്നീടിനാളവൾ.
പരം ത്വക്കേട്ടയൊത്തക്ക്നെദിച്ചുച്ചത്തിൽ നില്ക്കവേ 9

ദ്വിജനമ്പുകളെയ്തോതിയാ രേണുകയൊടിങ്ങനെ:
''ചെല്ലു വിശാലാക്ഷി, കൊണ്ടുവരൂ വിൽത്തുകമമ്പുകൾ 10

സുഭ്രു, വീണ്ടുമിവറേറ ഞാനെയ്തോട്ടേ''യെന്നു മന്നവ!
അവൾ പോകുംവഴി മരനിഴലിൽച്ചെന്നു ഭാമിനി 11

നിന്നാളവൾക്കു തലയും കാൽകളും ചുട്ടിതങ്ങനെ.
ഒട്ടു നിന്നിട്ടവൾ ശുഭ പതിശാപഭയത്തിനാൽ 12

അമ്പു കൊണ്ടുവരാൻ വീണ്ടും പോയിനാളസിതാക്ഷിയാൾ;
ആശുഗങ്ങളെയുംകൊണ്ടു തിരിച്ചെത്തീ പൃകഷ്ണവൾ. 13

തളർന്നവൾ മനോജ്ഞാംഗി കാലിൻ ദുഃഖമടക്കിയും
ഭർത്തൃപാർശ്വത്തിങ്കലെത്തീ ഭർത്തൃഭീത്യാ വിറച്ചവൾ. 14

---

1 പുണ്യകങ്ങൾ=സ്ത്രീകളനുഷ്ഠിക്കുന്ന വ്രതങ്ങൾ. 2 നാനാ നിമിത്തങ്ങൾ=ഓരോ കാരണവശാൽ ചെയ്യുന്ന ദാനങ്ങൾ. 3 ഛത്രോപാനഹം=കുടയും ചെരിപ്പും. 4 രേണുക=പരശുരാമന്റെ മാതാവു്; രേണുവിന്റെ പുത്രി.

ശ്രൂഭാസ്യയാ‍മവളോടു ചോദിച്ചാ മുനി ചൊല്ലിനാൻ:
''രേണുകേ, നീ താമസിച്ചുവരാനെന്തെ''ന്നു വീണ്ടുമേ. 15

രേണുക പറഞ്ഞു

ശിരസ്സും ചുട്ടുപോയെൻെറ കാലു രണ്ടും തപോനിധേ!
സൂര്യതേജോരുദ്ധയായ് ഞാൻ മരത്തണലിൽ നിന്നുപോയ്. 16
ഈക്കാരണത്തിനാൽ ബ്രഹ്മൻ, താമസിച്ചതുമാണു ഞാൻ
ഇതു കേട്ടു വിഭോ, ക്രോധം കൊള്ളൊല്ലെന്നിൽത്തപോധന! 17

ജമദഗ്നി പറഞ്ഞു

ഇപ്പൊഴീദ്ദീപ്തകരനാമക്കനെത്തവ രേണുകേ!
ദുഃഖദായിയെയസ്ത്രാഗ്നി തേജസ്സാലെയ്തു വീഴ്ത്തുവേൻ. 18

ഭീഷ്മർ പറഞ്ഞു

അവൻ ദിവ്യം വിൽ വലിച്ചു പിടിച്ചേറെശ്ശരങ്ങളെ
നിന്നു സൂര്യൻെറ നേക്കായിട്ടെങ്ങോട്ടക്കൻ ഗമിപ്പതോ. 19
സന്നദ്ധനായിട്ടവനെക്കണ്ടു ചെന്നക്കനോതിനാൻ
വിപ്രരൂപത്തിനാൽ, പാർത്ഥ, ''സൂര്യനെന്തു പിഴച്ചു തേ? 20
എടുപ്പൂ രശ്മിയാൽ സൂര്യൻ വാനിൽനിന്നെങ്ങുനിന്നുമേ
രസം* ഹരിച്ചു വർഷത്തിൽ വർഷിക്കുന്നു ദിവാകരൻ. 21
അതിനാലന്നമൊക്കുന്നു മനുഷ്യസുഖദം ദ്വിജ!
അന്നം പ്രാണങ്ങളെന്നല്ലോ പഠിച്ചീടുന്നതോത്തിലും. 22
പരം കാറിലൊളിച്ചിട്ടും കതിരോൻ കതിരൊത്തവൻ
ഈ ദ്വീപമേഴിലും ബ്രഹ്മൻ, വർഷം വർഷിപ്പിതായവൻ. 23
അതുകൊണ്ടൗഷധി ലതാപുഷ്പപത്രുജമിങ്ങനെ
മുററും വർഷത്തിനാൽസ്സിദ്ധമന്നമുണ്ടാവതാം പ്രഭോ! 24
ജാതകർമ്മങ്ങളും മുററും വ്രതോപനയനങ്ങളും
ഗോദാനങ്ങൾ വിവാഹങ്ങളേവം യജ്ഞസമൃദ്ധികൾ 25
ശാസ്ത്രങ്ങൾ ദാനങ്ങൾ സംയോഗങ്ങൾ വിത്തചയങ്ങളും
അന്നത്തിനാൽ നടപ്പോന്നെന്നറിവീലല്ലി ഭാർഗ്ഗവ! 26
രമണീയങ്ങളും മുററുമാരംഭിപ്പവയും ശരി
എല്ലാമന്നത്തിനാലുണ്ടാമങ്ങറിഞ്ഞതു ചൊല്ലിനേൻ. 27
അങ്ങയ്ക്കിതൊക്കയറിയാം ഞാൻ പറഞ്ഞതു ഹേ ദ്വിജ!
പ്രസാദിക്കുക വിപ്രർഷേ, വീഴ്ത്തുന്നെന്തിനു സൂര്യനെ?'' 28

---

* രസം = വെള്ളം.

96. ഛത്രോപാനഹദാനപ്രശംസ

ഛത്രോപാനഹദാനപ്രശംസ (തുടർച്ച). വെയിലത്തു നടക്കുമ്പോൾ തലയും കാലും ചുടാതിരിക്കാനായി സൂര്യൻ കുടയും ചെരിപ്പും ജമദഗ്നിക്കു സമ്മാനിക്കുന്നു. കുടയും ചെരിപ്പും ബ്രാഹ്മണർക്കു ദാനം ചെയ്യുന്നതിന്റെ മാഹാത്മ്യം.

യുധിഷ്ഠിരൻ പറഞ്ഞു

എന്നക്കനെങ്ങിരന്നീടുംനേരമാ മുനിസത്തമൻ
ജമദഗ്നി മഹാതേജോനിധി ചെയ്തതുമെന്തുവാൻ? 1

ഭീഷ്മൻ പറഞ്ഞു

അവനമ്മട്ടിരന്നിട്ടുംമുനിയഗ്നിസമപ്രഭൻ
ജമദഗ്നി ശമം പൂണ്ടതില്ലെടോ കുരുനന്ദന! 2

പിന്നെസ്സൂര്യൻ മധുരമാം വാക്കാലിങ്ങനെ ചൊല്ലിനാൻ
വിപ്രരൂപൻ കൈതൊഴുതു കുമ്പിട്ടവനൊട്ടഴിപ! 3

''ചഞ്ചലം ലാക്കു വിപ്രർഷേ, സൂര്യനെന്നും ഗമിക്കവേ,
ഭേദിപ്പതെങ്ങനേ നിത്യമിളകിപ്പോകുമക്കനെ?'' 4

ജമദഗ്നി പറഞ്ഞു

സ്ഥിരനോ ചലനോ നിന്നെയറിവേൻ ജ്ഞാനദൃഷ്ടിയാൽ
തീർച്ചയായ് വിനയാധാനം നിനക്കുണ്ടാക്കുമിന്നു ഞാൻ.* 5

മദ്ധ്യാഹ്നത്തിൽ നിമേഷാർദ്ധം നീ നില്ക്കില്ലേ ദിവാകര!
അപ്പോഴം സൂര്യ, പിളക്കും ഞാൻ നിന്നെയിങ്ങീഷലില്ല മേ. 6

സൂര്യൻ പറഞ്ഞു

തീർച്ചയായെന്നെ വിപ്രർഷേ, പിളക്കും ധന്വിവര്യ, നീ
ഭഗവാനേ, തെറ്റുകാരനോക്ക ഞാൻ ശരണാഗതൻ. 7

ഭീഷ്മൻ പറഞ്ഞു

അപ്പോഴം ചിരിച്ചു ഭഗവാൻ ജമദഗ്നി പറഞ്ഞുതേ:
''പേടിക്കേണ്ടാ സൂര്യ, ഭവാൻ കീഴടങ്ങിയതില്ലയോ? 8

ബ്രാഹ്മണർക്കുള്ളാർജ്ജവവും ഭൂമിക്കുള്ളോരുറപ്പുമേ
സൗമ്യത്വം സോമനും പിന്നെഗ്ഗാംഭീര്യം വരുണന്നുമേ 9

അഗ്നിക്കു ദീപ്തി മേരുന്നാ പ്രഭ സൂര്യന്നു ചൂടുമേ
ഇവയ്ക്കതിക്രമം ചെയ്യോൻ ശരണാഗതഘാതകൻ. 10

ഗുരുതല്പഗനായീടും ബ്രഹ്മഘാതിയുമായവരും
കള്ളു കുടിക്കുന്നോനുമാകും ശരണാഗതഘാതകൻ. 11

ഈദൃഗന്യായത്തിന്നു താത, സമാധാനം നിനക്കു നീ
നിന്നംശുവാൽ ചുടും മാർഗ്ഗം പരം സുഗമമാം വിധം.'' 12

ഭീഷ്മൻ പറഞ്ഞു

ഇത്രമാത്രം പറഞ്ഞിട്ടു മിണ്ടാതായീ ഭൃഗൂത്തമൻ
സൂര്യൻ കൊടുത്തു കുടയും ചെരിപ്പുമവനായുടൻ. 13

---

* ഇന്നു തീർച്ചയായും ഞാൻ നിന്നെ ഒരു പാഠം പഠിപ്പിക്കും.

സൂര്യൻ പറഞ്ഞു

മഹർഷേ, തല രക്ഷിപ്പാൻ കുടയെൻ കതിർ മാററുവാൻ
അങ്ങു വാങ്ങിക്കൊൾക പാദരക്ഷയ്ക്കീത്തോൽച്ചെരിപ്പുമേ. 14
ഇന്നുതൊട്ടു നടപ്പാകുമെല്ലാ ലോകത്തിലും ശരി
പുണ്യകക്രിയകൾക്കൊട്ടുക്കിതോ രക്ഷയ്ക്കുമുത്തമം. 15

ഭീഷ്മൻ പറഞ്ഞു

സൂര്യൻ തുടന്നിതു കുട ചെരിപ്പെന്നിതു രണ്ടുമേ
മുപ്പാരിൽ പേർപ്പുകണ്ടേററം പുണ്യമെന്നതു ഭാരത! 16
വിപ്രർക്കേകു കുട ചെരിപ്പിവയേററവുമുത്തമം
ധർമ്മം പെരുക്കുമവയിൽ വിചാരിക്കേണ്ടതില്ലിതിൽ. 17
കുടയെബ് ഭരതശ്രേഷ്ഠ, ബ്രാഹ്മണന്നു കൊടുക്കുകിൽ
ശുഭ്രം നൂറഴിയുള്ളോന്നു, മേലിൽ നേടിസ്സുഖിക്കുമേ. 18
ഇന്ദ്രലോകം വാഴുമവൻ വിപ്രന്മാർ പൂജചെയ്യവൻ
അപ്സരസ്സ്രീദേവകളോടൊത്തെന്നും ഭരതർഷഭ! 19
ചുട്ടുപൊള്ളും ബ്രാഹ്മണന്നു ചെരിപ്പുകൾ കൊടുക്കുകിൽ
സ്നാതകന്നു മഹാബാഹോ, സംശിതവ്രതവിപ്രനായ് 20
വാനോർ മാനിച്ച ലോകങ്ങൾ നേടുമായവനും പരം;
ഗോലോകത്തു രസംപൂണ്ടു മേലിൽ ഭാരത, മേവിടും. 21
ഇതെല്ലാം ഭരതശ്രേഷ്ഠ, നിന്നോടിങ്ങു പറഞ്ഞു ഞാൻ
കുടച്ചെരിപ്പുകൊട*യിൽ ഫലം ഭരതസത്തമ! 22

97. ബലിദാനവിധി

ഗൃഹസ്ഥാശ്രമി നടത്തേണ്ട പഞ്ചമഹായജ്ഞങ്ങളുടെ വിവരണവും അതുകൊണ്ടുള്ള ഫലവും, ശ്രീകൃഷ്ണനും ഭൂമിയും തമ്മിൽ നടന്ന സംവാദത്തെ ഉദ്ധരിച്ച് ഭീഷ്മർ വിവരിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ഗൃഹസ്ഥധർമ്മം മുഴുവൻ പറയൂ ഭരതർഷഭ!
എന്തു ചെയ്താലൃദ്ധി നേടും മനുഷ്യനിഹ മന്നവ! 1

ഭീഷ്മൻ പറഞ്ഞു

ഇതിൽ നിന്നോടു പറയാം പഴങ്കഥ ജനാധിപ!
കണ്ണന്റെ ഭൂമിയുടെയും സംവാദമയി ഭാരത! 2
ഭൂമീദേവിയെ വാഴ്ത്തീട്ടു വാസുദേവൻ പ്രതാപവാൻ
നീയിപ്പോൾ ചെയ്ത ചോദ്യത്തെച്ചോദിച്ചു ഭരതർഷഭ! 3

വാസുദേവൻ പറഞ്ഞു

ഗൃഹസ്ഥധർമ്മമേററിട്ടു ഞാനുമെന്മട്ടുകാരനും
അവശ്യം വേണ്ടതെന്തുഴിയെന്തു ചെയ്തതു ചെയ്തതാം. 4

---

* കുടച്ചെരിപ്പുകൊട=ഛത്രോപാനഹദാനം.

പൃഥിവി പറഞ്ഞു

ഋഷിമാർ ദേവകൾ പിതൃക്കളും മാധവ, മർത്ത്യരും
ഇജ്യ[1]ന്മാരർച്ചനീയ[2]ന്മാരതെങ്ങനെ ധരിക്ക നീ. 5
എന്നും യജ്ഞത്തിനാൽ വാനോരാതിത്ഥ്യത്താലെ മാനുഷർ
നിത്യമഹ്ക്കിച്ചു പോലെ യോജിപ്പിക്കേണമെന്നുമേ. 6
അതിനാലേ മുനിഗണം നന്ദിക്കും മധുസൂദന!
അഗ്നിശുശ്രൂഷ ചെയ്യെന്നുമുണ്ണാതെ ബലികർമ്മവും 7
ചെയ്യേണമെന്നാൽ വാനോർകൾ നന്ദിക്കും മധുസൂദന!
നാൾതോറും ചാത്തമൂട്ടേണമുദകാന്നാദികങ്ങളാൽ. 8
ഫലം മൂലം പാലിവയാൽ പിതൃപ്രീതി വരുത്തുവോൻ
സിദ്ധാന്നത്താൽ വൈശ്വദേവം വിധിയാൽ ചെയ്യുകഗ്നിയിൽ.
അഗ്നീഷോമം വൈശ്വദേവം ധാന്വന്തരമനന്തരം
പ്രജാപതിക്കും വേറിട്ടു ഹോമമുണ്ടു വിധിപ്പതായ്. 10
അവ്വണ്ണമേ ക്രമത്താലെ ബലികർമ്മം നടത്തണം
തെക്കാ യമന്നങ്ങു പടിഞ്ഞാറാ വരുണനും ശരി. 11
വടക്കു സോമന്നു പ്രജാപതിക്കങ്ങു നടുക്കുമേ
ധന്വന്തരിക്കീശകോണിൽക്കിഴക്കിന്ദ്രന്നു മാധവ! 12
മനുഷ്യർക്കു ഗൃഹദ്വാരത്തിങ്കലായ് ബലി ചൊൽവതാം
മരുൽദ്ദേവതകൾക്കേകെ ഗൃഹത്തിന്നുള്ളിലും ബലി. 13
ഏവം വിശ്വേദേവകൾക്കങ്ങാകാശത്തേകണം ബലി
നിശാടഭൂതങ്ങൾക്കായി രാത്രിയിൽ ബലി നല്കണം. 14
ഏവം ബലി കഴിച്ചിട്ടു വിപ്രന്നായ് ബലി നല്കുക
വിപ്രനെക്കിട്ടിയില്ലെന്നാലതെടുത്തിടുകഗ്നിയിൽ. 15
പിതൃക്കൾക്കായ് ശ്രാദ്ധദാനം മർത്ത്യനിച്ഛിപ്പതാകിലോ
ശ്രാദ്ധം കഴിച്ചതിൽപ്പിന്നീടിതു ചെയ്തീടവേണ്ടതാം. 16
പിതൃസന്തർപ്പണം ചെയ്തു വിധിയിൽബ്ബലി നല്കണം
വൈശ്വദേവം ചെയ്തു പിന്നെ പിന്നെ ബ്രാഹ്മണവാചനം. 17
വിശേഷിച്ചന്നമൂട്ടേണം പിന്നീടതിഥിമാർകളെ
മുൻപിട്ടർച്ചന പിന്നീടായ് പ്രീണനംചെയ്തു മർത്ത്യരെ; 18
അനിത്യമായ് നില്ക്കുകൊണ്ടിട്ടതിഥിപ്പേരുരപ്പതാം.
ആചാര്യന്നച്ഛന്നു സഖിക്കാപ്തന്നുമതിഥിക്കുമേ 19
ഇതെൻ ഗൃഹത്തിലുണ്ടെന്നു നിത്യം ചെയ്തു നിവേദനം;
അവരെന്തോതുമതിനെച്ചെയ്യുകെന്നതു ധർമ്മമാം; 20
ഗൃഹസ്ഥൻ കൃഷ്ണ, ശിഷ്ടാശി[3]യായിക്കൊള്ളുക നിത്യവും.
രാജർത്ത്വിക്സ്നാതകരെയും ഗുരുശ്വശുരരേയുമേ 21

1 ഇജ്യൻ=യാഗം ചെയ്യിക്കാൻ അർഹൻ. 2 അർച്ചനീയൻ=പൂജനീയൻ.
3 ശിഷ്ടാശി=ബാക്കിവന്നതു ഭക്ഷിക്കുന്നവൻ.

അച്ച്ചിക്ക മധുപക്ക്ത്താലാണ്ടോളം വാഴവോരെയും.
മന്നിൽത്തൂക്കുക നാസ്ഥ്ലാക്ക പറയക്കും ഖഗത്തിനും 22
വൈശവദേവമിതന്തിക്കും പുലച്ച്യ്ക്കും വിധിപ്പതാം.
ഗാഹ്സ്ഥ്യധമ്മങ്ങളിവ ചെയ്യുന്നോനനസൂയകൻ 23
ഇഹത്തിലേററൃഷിവരം പരത്തിൽ സ്വർഗ്ഗപൂജ്യനാം.

ഭീഷ്മൻ പറഞ്ഞു

എന്നു ഭൂമീവാക്കു കേട്ടു വാസുദേവൻ പ്രതാപവാൻ
അവ്വണ്ണം ചെയ്തിതെപ്പോഴും നീയുമങ്ങനെ ചെയ്യെടോ. 24
നീയിഗ്ഗൃഹസ്ഥധമ്മത്തെച്ചെയ്തുകൊൾകിൽ ജനാധിപ!
ഇഹത്തിൽ കീത്തി കേട്ടിട്ടു പരത്തിൽ സ്വർഗ്ഗമാണ്ടിടും. 25

98. സുവർണ്ണമനുസംവാദം

പൂവ്, ധൂപം, ദീപം, ഉപഹാരങ്ങൾ ഇവ ദാനം ചെയ്താലുള്ള ഫലത്തെപ്പററി, സുവണ്ണനും മനുവും തമ്മിൽ നടന്ന സംവാദം.

യുധിഷ്ഠിരൻ പറഞ്ഞു

വെളിച്ചം നല്ലകെന്നുള്ളതെമ്മട്ടു ഭരതഷ്ഭ!
ഇതിങ്ങെങ്ങനെയുണ്ടായീ ഫലവും പറയേണമേ. 1

ഭീഷ്മൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
മനുരാജസുവണ്ണന്മാർസംവാദമിഹ ഭാരത! 2
തപസ്വിയുണ്ടായൊരുവൻ സുവണ്ണനയി ഭാരത!
വണ്ണത്തിനാൽ സ്വണ്ണവണ്ണൻ സുവണ്ണാഭിധനായിനാൻ. 3
കുലശീലഗുണം ചേന്നോൻ സ്വാദ്ധ്യായം കരകണ്ടവൻ
സദ്വംശ്യരാം പലരെയും സ്വഗുണത്താൽ കടന്നവൻ. 4
ഒരിക്കലാ ദ്വിജൻ കണ്ടു മനുവെച്ചെന്നു സന്നിധൗ
കുശലപ്രശ്നവും തമ്മിൽ ചെയ്തുകൊണ്ടീടിനാരവർ. 5
മേരുവാം കനകക്കുന്നിൽ സത്യസങ്കല്പരാമവർ
നല്ല പാറപ്പുറത്തായിട്ടിരുന്നാർ പിന്നെയൊപ്പമേ. 6
അവർ നാനാമട്ടു കഥ പറഞ്ഞുംകൊണ്ടു കൂടിനാർ
പണ്ടുള്ള യോഗ്യബ്രഹ്മഷിദേവദൈത്യപ്രസംഗമായ്. 7
സ്വായംഭുവൻ മനുവൊടു സുവണ്ണൻ ചൊല്ലിയിങ്ങനെ
സവ്വഭൂതഹിതത്തിന്നീച്ചോദ്യത്തെ വിവരിക്ക നീ 8
"പൂവാൽ പൂജിപ്പതുണ്ടല്ലോ ദേവന്മാരെ പ്രജേശ്വര!
ഇതെന്തെങ്ങനെയുണ്ടായി ഫലവും ചൊല്ലുകെന്നൊടായ്." 9

മനു പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
സംവാദം യോഗ്യരാം ശുക്രബലിദാനവർ തങ്ങളിൽ. 10

മൂപ്പാർ പാലിച്ചുപോരുന്ന ബലി വൈരോചനന്നുടെ
അടുക്കലേക്കാശു ചെന്നു ശുക്രൻ ഭൃഗുകുലോദ്വഹൻ. 11
ആബ് ഭാർഗ്ഗവനെയർഘ്യാദികൊണ്ടർച്ചിച്ചസുരോത്തമൻ
ഇരുന്നു പിൻപു പീഠത്തിൽ മുറയ്ക്കാബ് ഭൂരിദക്ഷിണൻ. 12
നീ പറഞ്ഞോരീ പ്രസംഗം നടന്നിതവിടെത്തദാ
പുഷ്പധൂമം ദീപമിവ നല്കലിൻ ഫലസംശ്രയം. 13
കവീന്ദ്രനോടു ചോദിച്ചു ദൈത്യേന്ദ്രൻ ചോദ്യമുത്തമം.

ബലി പറഞ്ഞു

പൂ ധൂപദീപങ്ങൾക്കെന്തു ഫലമാം ബ്രഹ്മവിത്തമ!
കൊടുക്കുകിൽ ദ്വിജശ്രേഷ്ഠ, ഭവാനതരുളേണമേ! 14

ശുക്രൻ പറഞ്ഞു

ഉണ്ടായ് വന്നു തപസ്സാദ്യമതിൽപ്പിന്നീടു ധർമ്മവും
ലതൗഷധികളുണ്ടായിതതിന്നിടയിലങ്ങനെ. 15
സോമന്റെയാത്മാവു പലമട്ടായുണ്ടായി ഭൂമിയിൽ
അമൃതം വിഷവും മററു തൃണജാതികളും ശരി. 16
അമൃതം മാനസപ്രീതി നല്കുന്നു തൃപ്തിയും ക്ഷണം
മനസ്സു വാട്ടുന്ന തീവ്രം വിഷം നാററത്തിലെങ്ങുമേ. 17
അമൃതം മംഗളം വാച്ച വിഷമോർക്കുകമംഗളം
അമൃതൗഷധിയൊക്കേയും തേജസ്സഗ്നിഭവം വിഷം. 18
മനോഹ്ലാദം നല്കയാലും ശ്രീയുണ്ടാക്കുകയാലുമേ
സുമനസ്സുകളൊന്നായിച്ചൊൽവൂ സുകൃതിമാർ നരർ. 19
സുമനസ്സുകൾ വാനോർക്കു ശുചിയായ് നരനേകുകിൽ
തോഷിക്കും തുഷ്ടരവനു വാനോർ പുഷ്ടിയുമേകിടും. 20
ഏതേതു ദേവനുദ്ദേശിച്ചേകുന്നു പൂക്കളെ പ്രഭോ!
മംഗളാർത്ഥമവന്നായാൾ പ്രീതനാം ദൈത്യനായക! 21
അറികുഗ്രങ്ങൾ സൗമ്യങ്ങൾ തേജസ്സുള്ളവ വേറെയും
നാനാ വീര്യൗഷധികളോ നാനാ രൂപമിയന്നവ. 22
യജ്ഞാർഹവൃക്ഷങ്ങടെയും കേളയജ്ഞീയമായവ*
മാല്യങ്ങളുണ്ടാസുരങ്ങൾ ദേവകൾക്കു ഹിതങ്ങളും. 23
രാക്ഷസർക്കു സുരന്മാർക്കും യക്ഷർക്കും പ്രിയമായവ
മനുഷ്യർക്കും പിതൃക്കൾക്കും മനോജ്ഞങ്ങളനുക്രമാൽ. 24
വന്യഗ്രാമ്യങ്ങളുഴുതു വിതപ്പോന്നദ്രിജങ്ങളും
മുള്ളുള്ളതില്ലാത്തവയും മണമൊത്തഴകുള്ളവ. 25
പൂവിൻ മണം രണ്ടുവിധമിഷ്ടമമ്മട്ടനിഷ്ടവും
ദേവകൾക്കായ് സമർപ്പിക്കുകിഷ്ടഗന്ധസുമങ്ങളെ. 26
മുള്ളററ വൃക്ഷങ്ങളുടെ നിറം മുററും വെളുത്തവ

* അയജ്ഞീയം = യജ്ഞത്തിനു പററാത്തതു്.

അവററിൻ പൂക്കരം വാനോക്കു നിത്യമിഷ്ടങ്ങളാം പ്രഭോ! 27
വെള്ളത്തിലുണ്ടാം മാല്യങ്ങരം താമരപ്പൂ തുടന്നവ
ഗന്ധവ്വനാഗയക്ഷക്കങ്ങവ നല്ല വിചക്ഷണൻ. 28
തുട്ടത്ത പൂവായ് കട്ടകകണ്ടകൌഷധിജാതികരം
ശത്രുക്കരംക്കാഭിചാരാത്ഥമാഥവ്വത്തിൽ പറഞ്ഞവ 29
തീക്ഷ്ണവീര്യങ്ങരം ഭൂതങ്ങരംക്കുക്കേറുന്നുള്ളിയന്നവ
മിക്കതും രക്തവണ്ണങ്ങരം കറുത്തവയുമേകണം. 30
മനോഹൃദയസംഹ്ലാദമേകി മാധുര്യമാണ്ടവ
അഴകേറും പൂക്കളത്രേ മനുഷ്യക്കു മതം വിഭോ! 31
ചുടലക്കാട്ടിലേപ്പൂക്കരം ദേവാലയഭവങ്ങളും
വരുത്തൊല്ലാ തുഷ്ടിയൊക്കും വേളിയിങ്കൽ രഹസ്സിലും. 32
മലവാരത്തഴകിയ പൂക്കരം വാനോക്കു നല്ലണം
സൗമ്യങ്ങരം കഴകി പ്രോക്ഷിച്ചിട്ട യോഗ്യവിധിപ്പടി. 33
ഗന്ധത്താൽ തുഷ്ടർ വാനോർകരം കാഴ്ചയാൽ യക്ഷരാക്ഷസർ
നാഗങ്ങളുപഭോഗത്താലിവ മൂന്നാലെ മാനുഷർ. 34
ഉടൻ പ്രീതിപ്പെട്ടും വാനോർ പ്രീതർ നല്കുമനുഗ്രഹം
സങ്കല്പസിദ്ധർ മത്ത്യന്മാക്കീപ്പിതേഷ്ടങ്ങളാലഹോ! 35
പ്രീതന്മാർ പ്രീണനം ചെയ്യും മാനിച്ചാൽ മാനമേകിടും
ധിക്കാരത്താൽത്തള്ളിവിട്ടാലെരിക്കും നീചമത്ത്യരെ. 36
ഇനിച്ചൊല്ലാം ധൂപദാനവിധിക്കുള്ള ഫലത്തെ ഞാൻ
ധൂപം പലതരം നന്മതിന്മയുള്ളവ കേരംക്ക നീ. 37
പശച്ചുള്ളിക്കോലു പിന്നെ കൂട്ട ചേത്തു മൂന്നിവ
ഗന്ധമിഷ്ടാനിഷ്ടമാകും വിസ്തരിച്ചതു കേരംക്ക നീ. 38
പശ ചിററീന്തലൊഴിയെദ്ദേവകരംക്കിഷ്ടമുള്ളതാം
ഗുൽഗുലുപ്രവരം മററുമവക്കെന്നാണു നിശ്ചയം. 39
അകിൽച്ചുള്ളികളിൽ ശ്രേഷ്ഠം രക്ഷോയക്ഷാഹികരംക്കുമേ
ദൈത്യക്കു ചിററീന്തലുമങ്ങിഷ്ടമമ്മട്ട മററുമേ. 40
ചെഞ്ചല്യംതൊട്ട ഗന്ധങ്ങരം പാത്ഥിവം[1] ദാരുജങ്ങളും[2]
ഫാണിതാ[3]സവവും ചേത്തു മനുഷ്യക്കു വിധിപ്പതാം. 41
ദേവദാനവഭൂതങ്ങരംക്കുടൻ തുഷ്ടികരം മതം
പുഷ്പദാനത്തിലോതീലേ ഗുണഹേതുക്കളായവ. 42
ധരിക്ക ധൂപങ്ങളിലും പ്രീതിവാച്ചിപ്പതാണവ
ദീപദാനത്തിലും ചൊല്ലാം ഫലയോഗം മഹത്തരം; 43
എമ്മട്ടാരെപ്പൊളെമ്മട്ടുള്ളവ നല്ലേണമെന്നുമേ.
തേജഃപ്രകാശം ജ്യോതിസ്സു ചൊൽവൂ മേല്പോട്ടു പോവതായ് 44

1 പാത്ഥിവം — ഭൂമിയിൽനിന്നുണ്ടായതു്. 2 ദാരുജം = വൃക്ഷങ്ങളിൽനിന്നുണ്ടായതു്. 3 ഫാണിതം = ഒരുതരം ശക്കര.

എന്നാൽ തേജോദാനമേററം തേജസ്സേററും നരക്കിഹ.
അന്ധം തമസ്സു താമിസ്രം ദക്ഷിണായനമങ്ങനെ 45
ഉത്തരായണമാണെന്നാൽ ജ്യോതിർദ്ദാനം പ്രശസ്തമാം.
മേല്പോട്ടു പോയിടുമതു തമോഭേഷജമാകയാൽ 46
മേല്പോട്ടു ഗതി നല്കുന്നോൻ ദാതാവെന്നാണു നിശ്ചയം.
വാനോർ തേജസ്വിമാരല്ലോ പ്രഭാവന്മാർ പ്രകാശകർ 47
രാക്ഷസന്മാർ താമസന്മാരതേ ദീപം കൊടുപ്പതും.
കണ്ണുള്ളോനാം ദീപദാനാൽ പ്രഭയുള്ളോനുമാം നരൻ 48
ദ്രോഹിക്കൊല്ലതു നല്കീട്ടു ഹരിക്കൊല്ലാ കെടുക്കൊലാ.
ദീപഹർത്താവന്ധനാകുമിരുൾ പൂകും വിരൂപിയാം 49
ദീപദൻ വിണ്ണിലും ദീപമാല പോലെ വിളങ്ങിടും.
നെയ്യാലത്രേ മുഖ്യകല്പം രണ്ടാമൊന്നൗഷധീരസം 50
വസാമേദോസ്ഥിപശകളാലേ പുഷ്ടീച്ഛു[1] നല്കൊലാ.
കുന്നിടുക്കിൽ കാട്ടിൽ വഴിക്കൂട്ടിൽ ചൈത്യസ്ഥലത്തിലും 51
ദീപം കൊടുക്കണം നിത്യം തനിക്കൈശ്വര്യമോപ്പവൻ.
കുലോദ്യോതൻ വിശുദ്ധാത്മാവവനാത്മപ്രകാശനാം 52
നക്ഷത്രസാലോക്യമേല്ക്കുമെന്നും ദീപദനാം നരൻ.
ബലികർമ്മങ്ങളിൽച്ചൊല്ലാം ഗുണം കർമ്മഫലോദയം 53
ദേവയക്ഷോരഗനരഭൂതരാക്ഷസർക്കുകമേ.
ആക്ഗ്രമുണ്ടിടാ[2] വിപ്രർ ദേവതാതിഥിബാലരും 54
അവർ രാക്ഷസരെന്നോക്ക നിശ്ശങ്കന്മാരമംഗളർ.
അതിനാൽ മുൻപു നല്കേണം പൂജിച്ചാദ്ദേവകർക്കുതാൻ 55
ശിരസ്സിനാൽ പ്രയതനായ് ബലി നല്കുകതന്ദ്രിതൻ[3].
നിത്യം ദേവകൾ വാങ്ങിക്കുമാശംസിക്കും ഗൃഹങ്ങളെ 56
പുറത്തു വഴിപോക്കന്മാർ യക്ഷരക്ഷോഭുജംഗരും
ഇങ്ങു നല്കീട്ടു ജീവിപ്പൂ ദേവന്മാരും പിതൃക്കളും 57
പ്രീതരിങ്ങും പ്രീതിനല്കുമായുഃകീർത്തിധനങ്ങളാൽ.
ദേവകൾക്കുള്ള ബലികൾ പൂക്കളോടൊത്തു നല്കണം 58
തൈർ പാലും ചേർത്തു പുണ്യമണമൊത്തഴകാംവിധം.
രക്തമാംസാഢ്യമായ് യക്ഷരക്ഷോബലി കൊടുക്കണം 59
സുരാസവങ്ങൾ മുൻപാക്കി മലർമേൽ വിതറീട്ടുമേ.
നാഗങ്ങൾക്കിഷ്ടമെപ്പോഴും പത്മോല്പല വിമിശ്രിതം 60
എള്ളും ശർക്കരയും ചേർത്തു ഭൂതങ്ങൾക്കു കൊടുക്കണം.
അഗ്രദാതാ[4]വഗ്രഭുക്കാം[5] ബലവീര്യമിയന്നവൻ 61

1 പുഷ്ടീച്ഛു — അഭിവൃദ്ധി ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നവൻ. 2 അഗ്രമുണ്ണുക = ആദ്യം ഊണുകഴിക്കുക. 3 അതന്ദ്രിതൻ = മടികൂടാത്തവൻ. 4 അഗ്രദാതാവ് = ദേവബ്രാഹ്മണർക്ക് ആദ്യമായി കൊടുക്കുന്നവൻ; ബ്രാഹ്മണർക്കും മററും കൊടുക്കാതെ ഭക്ഷണം കഴിക്കാത്തവൻ. 5 അഗ്രഭുക്കാം = (പരലോകത്തിൽ) ആദ്യം ഭക്ഷിക്കുന്നവനായിത്തീരും.

അതിനാൽ ദേവകാൎയ്യാഗ്രം[1] പൂജചെയ്തിട്ടു നല്ലണം.
ഗൃഹം വിളങ്ങും നാൾതോറും ഗൃഹദേവതമാർകളാൽ 62
പൂജിക്ക ഭൂതിക്കവരെ പ്രസ്തുതാഗ്രം[2] കൊടുപ്പവൻ.
എന്നിതാ ദൈത്യരാജാവോടോതിനാൻ കാവ്യഭാൎഗ്ഗവൻ 63
സുവൎണ്ണനോടു മനു നാരദനോടു സുവൎണ്ണനും.
എന്നോടു നാരദൻ ചൊല്ലിയീഗ്ഗുണങ്ങൾ മഹാദ്യുതേ! 64
നീയിതെന്നാലറിഞ്ഞുണ്ണീ, സൎവ്വവും ചെയ്തുകൊള്ളുക.

99. അഗസ്ത്യഭൃഗുസംവാദം

നഹുഷൻ മഹൎഷിമാരെ ദ്രോഹിക്കുന്നതു്. ആ നടവടിയെ എതിൎക്കുന്നതിനെപ്പററി ഭൃഗുവും അഗസ്ത്യനും തമ്മിലുള്ള കൂടിയാലോചന.

യുധിഷ്ഠിരൻ പറഞ്ഞു

കേട്ടേൻ ഞാൻ ഭരതശ്രേഷ്ഠ, പുഷ്പധൂപപ്രദൎക്കിഹ
ഫലം ബലിവിധാനത്താലതു വീണ്ടുമുരയ്ക്കണം. 1
ധൂപദാനത്തിൻെറ ഫലം ദീപത്തിൻേറയുമങ്ങനെ
എന്നാൽ ബലികളെന്തിന്നു തൂകുന്നു ഗൃഹമേധികൾ? 2

ഭീഷ്മൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
നഹുഷന്നുടെ സംവാദം ഭൃഗ്വഗസ്ത്യരുടേയുമേ. 3
ഹേ മഹാരാജ, നഹുഷൻ രാജൎഷി തപമേറിയോൻ
ദേവരാജ്യം നേടിയല്ലോ സുകൃതക്രിയകൊണ്ടുതാൻ. 4
അവിടെ പ്രയതൻ ഭൂപ, നഹുഷൻ വിണ്ണിൽ വാഴുവൻ
ദിവ്യമാനുഷമട്ടുള്ള നാനാക്രിയ നടത്തിയും. 5
ആ മഹാത്മാവിനവിടെ മാനുഷക്രിയ മുററുമേ
നടന്നു വിണ്ണിൽ നൃപതേ, ശാശ്വതം ദിവ്യവും ശരി. 6
അഗ്നികാൎയ്യങ്ങൾ ചമത ദർഭ പുഷ്പങ്ങളങ്ങനെ
അന്നകാൎയ്യങ്ങൾ ബലികൾ ധൂപവും ദീപകൎമ്മവും 7
എല്ലാം വൻപേറുമാബ്ഭൂപഗൃഹത്തിങ്കൽ നടന്നുതേ;
ജപയജ്ഞം മനോയജ്ഞമിവ ചെയ്തിതു വിണ്ണിലും. 8
വാനോരെപ്പൂജയും ചെയ്തു വിധിപോലാസ്സുരേശ്വരൻ
ഏവരേയും യഥാന്യായം യഥാക്രമമരിന്ദമ! 9
പിന്നെ ഞാനിന്ദ്രനെന്നോൎത്തിട്ടഹങ്കാരം കടന്നുപോയ്
ആ മന്നവന്നാ ക്രിയകളൊക്കപ്പിന്നെ ക്ഷയിച്ചുപോയ്. 10
അവൻ മുനീന്ദ്രരെപ്പല്ലക്കേററിച്ചു വരഗൎവ്വിതൻ
ക്രിയയില്ലാതെയായിട്ടു ദുൎബ്ബലതവുമേന്തിനാൻ. 11

1 അഗ്രം = ആദ്യം. 2 പ്രസ്തുതാഗ്രം = പാകം ചെയ്തതിൻെറ ആദ്യഭാഗം.

അവനു പല്ലക്കേറ്റിക്കെത്തപസ്വി മുനിമുഖ്യരെ
അഹങ്കാരം പെരുത്തോനങ്ങേറെക്കാലം കഴിഞ്ഞുപോയ്. 12
ഊഴമിട്ടവരെക്കൊണ്ടും പല്ലക്കേറ്റിക്കുകെന്നുമായ്
ഊഴം പിന്നെയഗസ്ത്യന്നു വന്നുചേർന്നിതു ഭാരത! 13
പിന്നെച്ചെന്നതിതേജസ്വി ഭൃഗു ബ്രഹ്മജ്ഞസത്തമൻ
അഗസ്ത്യനാശ്രമം വാഴ്കെച്ചെന്നു കണ്ടോതിയിങ്ങനെ: 14
"ഏവം നാം ദുഷ്ടനഹുഷദേവേന്ദ്രന്റെയസൽക്കൃതി[1]
എന്തു കാര്യത്തിനായിട്ടു പൊറുക്കുന്നു മഹാമുനേ!" 15

അഗസ്ത്യൻ പറഞ്ഞു

ഇവനേ ഞാൻ ശപിച്ചീടാനാകുവോനോ മഹാമുനേ!
ഇവന്നു വരദൻ നല്കീ വരമങ്ങതറിഞ്ഞതാം. 16
"ആരെൻ കണ്ണിൻനേരയെത്തുമവനെൻ പാട്ടിലാവണം"
എന്നിവൻ വിണ്ണു കേറുമ്പോൾ വരം ദേവനൊടേറ്റുതേ. 17
അതേ ചുടാഞ്ഞതവനെ ഞാനുമങ്ങുമസംശയം
മുനിമുഖ്യൻ മറ്റൊരാളും ചുടാഞ്ഞു വീഴ്ത്തീടാഞ്ഞതും. 18
പാനത്തിനമൃതും നല്കീ വിഭോ, മുന്നമിവന്നഹോ!
മഹാത്മാവതുകൊണ്ടിട്ടും നമ്മൾ വീഴ്ത്താതിരിക്കയാം. 19
കൊടുത്തിതു വരം ദേവൻ പ്രജകൾക്കാർത്തികാരണം
ദ്വിജന്മാരിലധർമ്മങ്ങൾ ചെയ്യുന്നുണ്ടീ നരാധമൻ. 20
അതിൽ നമ്മൾക്കെന്തു യുക്തം ചൊന്നാലും വാഗ്മിസത്തമ!
ഭവാൻ ചൊല്ലുന്നതെന്തെന്നാലതു ചെയ്യുന്നസംശയം. 21

ഭൃഗു പറഞ്ഞു

പിതാമഹൻ ചൊല്ലുകൊണ്ടിട്ടാ ഞാൻ നിൻമുന്നിൽ വന്നതാം
ദൈവം മയക്കും ബലിയാം നഹുഷന്നെതിർ ചെയ്യുവാൻ. 22
ഇന്നു നിന്നെദ്ദുഷ്ടബുദ്ധി തേരേന്തിക്കും സുരേശ്വരൻ
ഞാനിന്നുദ്വൃത്ത[2]നവനെയിന്ദ്രനല്ലാതെയാക്കുവൻ. 23
ഞാനിന്ദ്രനാക്കുവേനിന്നു നീ കാണ്കെത്തന്നെ ശക്രനെ
ഇന്ദ്രസ്ഥാനാൽ പാപി ദുഷ്ടബുദ്ധിയെത്തള്ളിവിട്ടുടൻ. 24
ഇന്നീക്കുത്സിതദേവേന്ദ്രൻ നിന്നെക്കാലാൽ ചവിട്ടിടും
ദൈവത്താൽ ബുദ്ധികെട്ടാത്മനാശത്തിനു ജളാശയൻ. 25
ധർമ്മം തെറ്റിച്ചൊരവനെധർഷണാമർഷിതൻ[3] ഭൃശം
ദ്വിജദ്രോഹിപ്പാപിയെപ്പാമ്പാകെന്നും നീ ശപിക്കുമേ. 26
ഉടൻ ദുർബ്ബുദ്ധിയെധിക്കുവാക്കാൽ[4] നിഹതഭാസ്സിനെ[5]
മന്നിൽ വീഴ്ത്തിക്കൊള്ളുവതുണ്ടു നീ കാണ്കെത്തന്നെ മാമുനേ! 27

---

1 അസൽക്കൃതി = നിന്ദ്യവൃത്തി. 2 ഉദ്വൃത്തൻ = സന്മാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചവൻ. 3 ധർഷണാമർഷിതൻ = അതിക്രമംകൊണ്ടു ദ്വേഷ്യപ്പെട്ടവൻ. 4 ധിക്കുവാക്കാൽ = ധിക് എന്ന വാക്കിനാൽ. (നിന്ദാസൂചകമായി ഉച്ചരിക്കുന്ന ഒരു വ്യാക്ഷേപകശബ്ദമാണിതു്.) 5 നിഹതഭാസ്സ് = നഷ്ടമായ തേജസ്സോടുകൂടിയവൻ.

പാപം ചെയ്യും നഹുഷനെയൈശ്വര്യബലമൂഢനെ
അങ്ങയ്ക്കു ബോദ്ധ്യമാംവണ്ണം ഞാൻ ചെയ്യുന്നുണ്ട മാമുനേ! 28
എന്നാ മുനി പറഞ്ഞോരു മൈത്രാവരുണിയവ്യയൻ
അഗസ്ത്യൻ പരമപ്രീതിപൂണ്ടാനല്പലൊഴിഞ്ഞവൻ. 29

100. അഗസ്ത്യഭൃഗുസംവാദം

നഹുഷചരിതം (തുടച്ച്). നഹുഷൻ അഗസ്ത്യമഹഷിയെക്കൊണ്ടു വണ്ടി വലിപ്പിക്കുന്നു. സന്ദഭം കിട്ടിയപ്പോൾ ഭൃഗു നഹുഷനെ ശപിക്കുന്നു. ഭൃഗുവിൻെറ ശാപമോക്ഷം. ദീപദാനമാഹാത്മ്യം.

യുധിഷ്ഠിരൻ പറഞ്ഞു

അവനെങ്ങനെയാപത്തായ് മന്നിൽ വീഴ്ത്തിയതെങ്ങനെ?
ഇന്ദ്രനല്ലാതായിയതുമെങ്ങനേ ചൊല്ലിടേണമേ. 1

ഭീഷ്മൻ പറഞ്ഞു

അവരേവം ചൊല്ലെ മഹാത്മാവാമവനെഴും ക്രിയ
ദിവ്യമാനുഷമായുണ്ടായിരുന്നിതു സമസ്തവും. 2
അമ്മട്ടു ദീപദാനങ്ങൾ സവ്വോപകരണാന്വിതം
ബലികമ്മം മററു നാനോത്സവങ്ങളുമതേവിധം. 3
മഹാത്മാവായ ദേവേന്ദ്രന്നെല്ലാമുണ്ടവനങ്ങനെ
വിണ്ണിലും മന്നിലും സാദ്ധ്വാചാരങ്ങൾ* ബുധസമ്മതം. 4
അവയുള്ളപ്പൊളുവ്വീശ, വദ്ധിക്കും ഗൃഹമേധികൾ
ധൂപദാനം ദീപദാനം നമസ്കാരമിവററിനാൽ. 5
സിദ്ധാന്നം ബ്രാഹ്മണന്നായി മുൻപിൽ നല്കും പ്രകാരമേ
ഗൃഹത്തിങ്കൽബ്ബലികളുമതിൽ തോഷിപ്പു ദേവകൾ. 6
ഗൃഹിക്കു ബലികമ്മത്തിൽ തോഷമുണ്ടേപ്രകാരമോ,
അക്കണക്കിൽ നൂറിരട്ടി പ്രീതിയാം ദേവകൾക്കുമേ. 7
ഇപ്പടിക്കാം ധൂപദാനം സജ്ജനം ദീപദാനവും
നമസ്കാരവുമേകുന്നു തക്കതൊത്തഗുണാവഹം. 8
സ്നാനത്താലംബുവാൽ കമ്മം പണ്ഡിതൻ ചെയ്തിടുന്നതിൽ
നമസ്കാരത്താലുമതിൽ പ്രീതരാകുന്നു ദേവകൾ. 9
പിതൃക്കളും മഹാഭാഗർ തപസ്വി മുനിമാർകളും
ഗൃഹദൈവങ്ങളും മററും പ്രീതരാം വിധിപൂജയാൽ. 10
എന്നുള്ളിൽ ബുദ്ധിയുൾക്കൊണ്ടാ നഹുഷൻ നരനായകൻ
വൻപുള്ളിന്ദ്രത്വമാണ്ടിട്ടും ചെയ്തുകൊണ്ടാനിതത്ഭുതം. 11
ഒട്ടുകാലം കഴിഞ്ഞപ്പോൾ ഭാഗ്യക്ഷയമടുത്തതിൽ
ഇതൊക്കെ നിരസിച്ചിട്ടു ചെയ്തിതായവനീവിധം. 12

* സാദ്ധ്വാചാരങ്ങൾ = നല്ല ആചാരങ്ങൾ.

പിന്നീടവൻ ക്ഷയം പൂണ്ടു സുരേന്ദ്രൻ ബലഗർവ്വിതൻ
ധൂപദീപോദകവിധി ശരിയായ്ച്ചെയ്യിടാതെയായ്. 13
അപ്പോളിവൻെറ യജ്ഞത്തിൽ ബാധചെയ്തിതു രാക്ഷസർ
പിന്നീടഗസ്ത്യമുനിയെ വിളിച്ചു വാഹമേന്തുവാൻ*. 14
സരസ്വതിയതിൻവക്കിൽ സ്ഥിതം പൂണ്ടു മഹാബലൻ
മൈത്രാവരുണിയോടോതിയുടൻ തേജസ്വിയാം ഭൃഗു. 15
കണ്ണടച്ചീടെടോ നിൻെറ ജടയിൽ കേറിടുംവരെ
തൂണായ് നില്പോരവനുടെ ജടയിൽക്കേറിയച്യുതൻ. 16
ഭൃഗുവത്യന്തതേജസ്വി നൃപനെത്താഴെ വീഴ്ത്തുവാൻ
ഉടനാദ്ദേവരാട്ടെത്തീ മുനിയേ വാഹമാക്കുവാൻ. 17
അപ്പോളഗസ്ത്യൻ ദേവേശനോടു ചൊല്ലീ ധരാപതേ!
"എന്നെപ്പൂട്ടിക്കൊള്ളുകുടനെങ്ങോട്ടെത്തിച്ചിടേണ്ടു ഞാൻ? 18
എങ്ങോട്ടുന്നുണ്ടങ്ങു നിന്നെയെത്തിക്കാമമരാധിപ!"
എന്നു ചൊന്നോരു നഹുഷൻ പൂട്ടിനാനാ മുനീന്ദ്രനെ 19
അവൻെറ ജടയിൽപ്പൂണ്ടോൻ ഭൃഗു ഹർഷിച്ചിതേററവും.
ഭൃഗുവായാംകൾ നല്ലീലാ ദർശനത്തെയുമപ്പൊഴേ 20
മഹാത്മാവാം നഹുഷനു വരശക്തിയറിഞ്ഞവൻ.
അഗസ്ത്യനോ ചൊടിച്ചില്ലാ നഹുഷൻ പൂട്ടിയെങ്കിലും 21
മന്നൻ ചമ്മട്ടിയാൽ പ്രേരിപ്പിച്ചുകൊണ്ടിതു ഭാരത!
ചൊടിച്ചതില്ലാധർമ്മിഷ്ഠൻ ദേവേശനുടനപ്പൊഴേ 22
ചൊടിച്ചഗസ്ത്യൻെറ തലയ്ക്കിടംകാലാൽ ചവിട്ടിനാൻ.
ചവിട്ടിയോരു നേരത്തു ജടയ്ക്കുള്ളിലെഴും ഭൃഗു 23
പാപിയാകും നഹുഷനെപ്പാരം കോപാൽ ശപിച്ചതേ:
"ഈ മഹാമുനിയേ ക്രോധാൽ ചവിട്ടീലേ ശിരസ്സിൽ നീ 24
അതിനാലാശു നീ പാമ്പായ് ഭൂമിയിൽച്ചെല്ലു ദുർമ്മതേ!"
എന്നവൻ ചൊല്ലിയോരവൻ പാമ്പായിട്ടങ്ങു വീണപ്പോയ് 25
കാണാതെഴും ഭൃഗുച്ചൊല്ലാൽ ഭൂമിയിൽ ഭരതർഷഭ!
ഭൃഗുവേ നഹുഷൻ കണ്ടെന്നിരിക്കിൽധരണീപതേ! 26
ശക്തനാവില്ലായിരുന്നു വീഴ്ത്താൻ തേജോബലത്തിനാൽ.
അവൻ നാനാ ദാന തപോനിയമങ്ങൾനിമിത്തമേ 27
മന്നിൽ വീണിട്ടുമങ്ങോർമ്മയുള്ളോനായിതു മന്നവ!
പ്രസാദിപ്പിച്ചു ഭൃഗുവെശ്ശാപാന്തം തരികെന്നുതാൻ 28
അപ്പോൾ കനിഞ്ഞഗസ്ത്യൻതാൻ ഭൃഗുവെക്കനിയിച്ചതേ
ശാപമോക്ഷത്തിനുർവ്വീശ, കൊടുത്താൻ കനിവാണ്ടവൻ. 29

ഭൃഗു പറഞ്ഞു

യുധിഷ്ഠിരാഖ്യനാം രാജാവുണ്ടായീടും കുലോദ്വഹൻ

---

* വാഹമേന്തുക = വാഹനം ചുമക്കുക.

അവൻ തരും ശാപമോക്ഷം നിനക്കെന്നായ് മറഞ്ഞുതേ. 30
അഗസ്ത്യനതിതേജസ്വി ശക്രകാര്യം നടത്തിയും
നിജാശ്രമത്തേക്കു പോയീ ദ്വിജന്മാർ പൂജ ചെയ്യവേ. 31
ഹേ രാജാവേ, നഹുഷനോ നീ ശാപം തീർത്തു വിട്ടവൻ
ബ്രഹ്മലോകം പുക്കിതല്ലോ നീ കാണ്കെത്താൻ ജനാധിപ! 32
അന്നാ നഹുഷനെബ് ഭൂമിയിങ്കൽ വീഴ്ത്തീട്ടുടൻ ഭൃഗു
ബ്രഹ്മലോകത്തേക്കു ചെന്നു ബ്രഹ്മാവോടിതുണർത്തിനാൻ. 33
വരുത്തിശ്ശക്രനെ ബ്രഹ്മാവോതീ ദേവകളോട്ടുടൻ:
"വാനോരേയെൻ വരംകൊണ്ടു നഹുഷൻ രാജ്യമേററതാം 34
ചൊടിച്ചഗസ്ത്യനവനെത്തള്ളി വീഴിച്ചു ഭൂമിയിൽ.
രാജാവില്ലാതെ വാനോരേ, വർത്തിക്കാൻ വയ്യൊരേടവും 35
എന്നാൽ വീണ്ടും ശക്രനേകു ദേവരാജാഭിഷേചനം."
എന്നു ചൊല്ലും ബ്രഹ്മനോടു കുന്തീനന്ദന, ദേവകൾ 36
ആവാമെന്നായ് പ്രഹൃഷ്ടന്മാരുത്തരം ചൊല്ലിനാർ നൃപ!
ബ്രഹ്മാവു ഭഗവാൻ ദേവരാജ്യം വാഴിച്ച വാസവൻ 37
രാജശാർദ്ദൂല, മുമ്മട്ടിൽ വിശേഷിച്ചും വിളങ്ങിനാൻ.
ഇതീവണ്ണം മുന്നമുണ്ടായ് നഹുഷൻെറയതിക്രമാൽ 38
ആക്കർമ്മതതിയാൽ വീണ്ടും നഹുഷൻ സിദ്ധനായിനാൻ.
അതിനാൽ ദീപമേകേണമന്തിക്കു ഗൃഹമേധികൾ 39
ദിവ്യചക്ഷുസ്സമേന്തീടും പരത്തിൽ ദീപദായകൻ.
പൂർണ്ണചന്ദ്രപ്രകാശങ്ങളാകും ദീപങ്ങളാന്നിടും 40
നിമേഷം കണ്ണിനുണ്ടെത്രയത്രയാണ്ടു വിളങ്ങിടും;
രൂപവാൻ ബലവാനാകും നരൻ ദീപം കൊടുത്തവൻ. 41

101. ക്ഷത്രിയചണ്ഡാലസംവാദം

ബ്രഹ്മസ്വം അപഹരിച്ചാലുള്ള ദോഷത്തെപ്പററി ക്ഷത്രിയനും ചണ്ഡാലനും തമ്മിലുള്ള സംവാദം. ബ്രഹ്മസ്വസംരക്ഷണത്തിനുവേണ്ടി യുദ്ധത്തിൽ പ്രാണത്യാഗം ചെയ്ത ചണ്ഡാലൻെറ മോക്ഷപ്രാപ്തി.

യുധിഷ്ഠിരൻ പറഞ്ഞു

ബ്രഹ്മസ്വത്തെ ഹരിച്ചീടിലാ മന്ദർ പുരുഷർഷഭ!
നൃശംസം ചെയ്തിടും മൂഢർ ഗതിയെന്തെത്തിടും നരർ? 1

ഭീഷ്മൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
സംവാദം പറയൻേറയും ഭാരത, ക്ഷത്രിയൻെറയും. 2

ക്ഷത്രിയൻ പറഞ്ഞു

നീ വൃദ്ധനല്ലോ ചണ്ഡാല, ചേഷ്ടിപ്പൂ ബാലമട്ടിൽ നീ

ശ്വഖര[1]പ്പൊടിയേല്ക്കുന്നോൻ വെറുപ്പോനെന്തു പൈക്കളേ? 3
സാധുഗർഹിതമാം കർമ്മം ചണ്ഡാലന്നു വിധിച്ചതാം
എന്തേ ഗോധൂളിയേററൊന്നു വെള്ളത്തിൽക്കുഴകുന്നു നീ? 4

ചണ്ഡാലൻ പറഞ്ഞു

വിപ്രൻെറ ഗോക്കളെ ഹരിച്ചീടുമ്പോഠം ധൂളി മന്നവ!
മുന്നം സോമത്തിലും തട്ടിയാസ്സോമം മോന്തിയോർ ദ്വിജർ, 5
ആട്ടീക്ഷപൂണ്ട രാജാവും ക്ഷിപ്രം നരകമെത്തിനാൻ
മുററുമാ യാജകരുമായ്[2] ബ്രഹ്മസ്വത്തെക്കഴിക്കയാൽ. 6
അവിടെപ്പാൽ നെയ് തയിരും കുടിച്ചുള്ളോരു മാനവർ
വിപ്രരും മന്നവന്മാരുമെല്ലാം നരകമേറിനാർ. 7
കുടയുന്നവ ഹിംസിച്ചു പയസ്സാൽ പുത്രപൗത്രരെ
പശുക്കളെസ്സാധുവൃത്താൽ കാക്കും ദമ്പതിമാരെയും[3] 8
രാജാവേ, ഞാനങ്ങു പാർത്തേൻ ബ്രഹ്മചാരി ജിതേന്ദ്രിയൻ
അവററിൻ പൊടിയെൻ ഭിക്ഷാന്നത്തിലേററു നരാധിപ! 9
രാജാവേ, ഞാൻ പറയനായാച്ചോറുണ്ടിട്ടു മന്നവ!
നിലയററ ഗതിക്കെത്തീ ബ്രഹ്മസ്വഹരനാ നൃപൻ. 10
അതുകൊണ്ടു ഹരിച്ചീടൊല്ലെന്നും ബ്രഹ്മസ്വമൊന്നുമേ
ബ്രഹ്മസ്വപ്പൊടിയേററുണ്ടോരെൻെറയീ നില കാണ്ക നീ. 11
എന്നാൽ വിപശ്ചിത്തു[4] പുമാൻ ചെയ്യൊല്ലാ സോമവിക്രയം
ഗർഹിക്കുമാറുണ്ടു സോമവിക്രയത്തെ മനീഷികഠം. 12
ഇതിനെത്താത, കൊഠംവോരും കൊടുക്കുന്ന ജനങ്ങളും
വൈവസ്വതാന്തികം പൂകീട്ടേവരും രൗരവത്തിലാം. 13
വിധിപൂർവ്വകമാം സോമപ്പൊടിയേററു വില്ക്കുകിൽ
ശ്രോത്രിയൻ വാർദ്ധുഷികനായ് വൈകാതെ മുടിയും ദൃഢം; 14
നരകം മുപ്പതാണ്ടാണ്ടു തൻെറ വിഷ്ഠ കഴിച്ചിടും.
ശ്വവൃത്തി[5]യും ഗർവ്വമേവം സഖിഭാര്യോപഭോഗവും 15
തൂക്കിനോക്കിക്കണ്ടധർമ്മമഭിമാനി[6]ക്കു കൂടുമേ.
പാപിയാം നായിനെക്കാണ്ക നിറം മാറി മെലിഞ്ഞിതാ 16
ഭൂതങ്ങളിൽ ഗർവ്വുകൊണ്ടിട്ടിവനീഗ്ഗതിയാണ്ടതാം.
താത, വിത്തം പെരുത്തുള്ള വൻകുലത്തിൽ പിറന്നു ഞാൻ 17
മുജ്ജന്മത്തിൽ വിഭോ, ജ്ഞാനവിജ്ഞാനക്കര കണ്ടവൻ.

---

1 ശ്വഖരങ്ങൾ = പട്ടിയും കഴുതയും. 2 യാജകർ = യാഗം ചെയ്യിച്ചവർ. 3 (അപഹരിക്കപ്പെട്ട പശുക്കൾ) ദേഹം കുടഞ്ഞു്, തങ്ങളുടെ പാൽകൊണ്ടു്, അപഹർത്താക്കളുടെ പുത്രപൗത്രന്മാരേയും, പശുക്കളെ വേണ്ടപോലെ കാത്തുസൂക്ഷിച്ചവരാണെങ്കിലും രാജദമ്പതിമാരേയും അല്പായുസ്സുകളാക്കിത്തീർത്തു എന്നാണു് ഈ ശ്ലോകത്തിലെ ആശയം. 4 വിപശ്ചിത്തു് = വിദ്വാൻ. 5 ശ്വവൃത്തി = നീചസേവ. 6 അഭിമാനി = ഗർവ്വിഷ്ഠൻ. (അഹങ്കാരമാണു് കൂടുതൽ അധർമ്മ്യമായി കാണപ്പെട്ടതെന്നർത്ഥം).

അറിഞ്ഞുകൊണ്ടുമവിടെയീദ്ദോഷങ്ങൾ മദാൽ തദാ 18
ചൊടിച്ചു ഭൂതങ്ങടെമേൽ പൃഷ്ഠമാംസമശിച്ചു ഞാൻ.
ആ ഞാനാവൃത്തികൊണ്ടിട്ടുമാബ്ഭുക്തിയതിനാലുമേ 19
ഈ നിലയ്ക്കാപ്പെട്ടുകൊണ്ടേൻ കാണ്ക കാലവിപര്യയം.
വസ്ത്രത്തിൽ തീ പിടിച്ചോണം കടന്നൽ ചുഴലുംപടി 20
രജസ്സാണ്ടതിസംരബ്ധൻ ഞാനോടുന്നതു കാണ്ക നീ.
സ്വാദ്ധ്യായത്താൽ മഹാപാപം ഹരിപ്പൂ ഗൃഹമേധികൾ 21
പല ദാനങ്ങളാലാമ്പോലെന്നു ചൊൽവൂ മനീഷികൾ.
അമ്മട്ടു പാപംചെയ്തോനെയാശ്രമിദ്വിജനേ നൃപ! 22
സർവ്വസംഗം വിട്ടവനെച്ഛന്ദസ്സുകൾ കയററുമേ.
പാപയോനിയിലീ ഞാനോ പിറന്നോൻ ക്ഷത്രിയർഷഭ! 23
നിശ്ചയം കാണ്മതില്ലെത്തും മുക്തിക്കു വഴിയൊന്നുമേ.
മുജ്ജന്മമറിവുണ്ടെന്നോ പൂർവ്വകർമ്മത്തിനാൽ മമ 24
എനിക്കെന്തു ശുഭംകൊണ്ടു മോക്ഷം കിട്ടും നരാധിപ!
കുമ്പിട്ടു ചോദിക്കുമെനിക്കരുൾകീസ്സംശയത്തെ നീ 25
ചണ്ഡാലത്വം വിട്ടെനിക്കൊരൊഴിവെങ്ങനെ സത്തമ!

ക്ഷത്രിയൻ പറഞ്ഞു

ചണ്ഡാല, നീ ധരിച്ചാലും മോക്ഷം കിട്ടുന്നൊരാ വഴി
ബ്രാഹ്മണാർത്ഥം പ്രാണമുക്തികൊണ്ടിഷ്ടഗതിയാണ്ടിടും. 26
ക്രവ്യാത്തുകൾ*ക്കു മെയ്യേകി ദ്വിജാർത്ഥം രണവഹ്നിയിൽ
പ്രാണൻ ഹോമിക്കിലാം മോക്ഷം നിനക്കല്ലാതെ കിട്ടിടാ. 27

ഭീഷ്മർ പറഞ്ഞു

എന്നവൻ ചൊല്ലിയൊരവൻ ബ്രഹ്മസ്വാർത്ഥം പരന്തപ!
പോരിൽ പ്രാണനെ ഹോമിച്ചിട്ടിഷ്ടയാം ഗതി നേടിനാൻ. 28
അതിനാൽ നീ കാക്കുകുണ്ണീ, ബ്രഹ്മസ്വം ഭരതർഷഭ!
മഹാബാഹോ, തനിക്കെന്നും ഗതിയിച്ഛിച്ചിരിക്കുകിൽ. 29

102. ഹസ്തികൂടം

പുണ്യം ചെയ്യുന്നവർക്കു വിഭിന്നങ്ങളായ പല ലോകങ്ങൾ ഫലമായി കിട്ടുമെന്നു തെളിയിക്കാനായി, ഒരു ആനക്കുട്ടിയെ വളർത്തിയ ഗൗതമമുനിയും ധൃതരാഷ്ട്രൻ എന്ന രാജാവിന്റെ വേഷം ധരിച്ച ഇന്ദ്രനും തമ്മിൽ നടന്ന സംവാദത്തെ ഭീഷ്മർ ഉദാഹരിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ലോകമൊന്നേ സുകൃതികൾക്കൊക്കെയെന്നോ പിതാമഹ!
അതാതിടം വേർതിരിഞ്ഞോ ചൊല്ലായതു പിതാമഹ! 1

* ക്രവ്യാത്തുകൾ = രാക്ഷസന്മാർ.

ഭീഷ്മൻ പറഞ്ഞു

കർമ്മങ്ങളാൽ പലേ ലോകം പൂകുന്നു പാർത്ഥ, മാനവർ
പുണ്യക്കാർ പുണ്യലോകത്തു പാപലോകത്തു പാപികൾ. 2
ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
സംവാദമാർഗ്ഗൗതമർഷിതൻെറയും വാസവൻെറയും. 3
ഗൗതമൻ വിപ്രനൊരുവൻ മൃദു ദാന്തൻ ജിതേന്ദ്രിയൻ
വൻ കാട്ടിലമ്മയില്ലാതെ തളരും കുട്ടിയാനയെ 4
കണ്ടു ജീവിപ്പിച്ചുകൊണ്ടാൻ കനിവാണ്ടോൻ ധൃതവ്രതൻ;
അവനൊട്ടേറെനാൾകൊണ്ടു വളർന്നു ബഹുശക്തനായ്. 5
ചോല ചാടും കുന്നിനൊത്ത മദം ചാടുന്ന കൊമ്പനെ
ധൃതരാഷ്ട്രാകാര[1]നിന്ദ്രൻ പിടിച്ചാനാഗ്ഗജത്തിനെ. 6
ഹരിക്കുമവനെക്കണ്ടു ഗൗതമൻ സംശിതവ്രതൻ
ധൃതരാഷ്ട്രക്ഷിതിപനോടോതിനാൻ വൻ തപോനിധി. 7

ഗൗതമൻ പറഞ്ഞു

ഹരിക്കൊല്ലെൻ മകനേബ്ബുദ്ധിമുട്ടി-
പ്പോററും ഗജത്തെദ്ധൃതരാഷ്ട്രാകൃതജ്ഞ![2]
സന്മൈത്രമോ സാപ്തപദം കഥിപ്പൂ
മിത്രദ്രോഹം നിന്നിലേല്ക്കൊല്ല രാജൻ! 8

വിറകും വെള്ളവും തന്നെന്നാശ്രമക്കാവലാനയെ
ഗുരുക്കീഴിൽപ്പാറിച്ചോനെഗ്ഗുരുകർമ്മവിദഗ്ദ്ധനെ 9
ശിഷ്യൻ ദാന്തൻ കുറിയന്നെൻ പ്രിയപ്പെട്ടോനെയെപ്പൊഴും
ഞാൻ വിളിച്ചാക്കവേ രാജൻ, ഹരിച്ചീടരുതാനയെ. 10

ധൃതരാഷ്ട്രൻ പറഞ്ഞു

തരാമങ്ങയ്ക്കായിരം പൈക്കൾ, നൂറു
ദാസീജനം, നിഷ്കമഞ്ഞൂറുമേവം
വേറേ ധനം പലതും ഹേ മഹർഷേ!
വിപ്രന്നെന്താണാനയെക്കൊണ്ടു കാര്യം? 11

ഗൗതമൻ പറഞ്ഞു

നിനക്കു നില്ക്കട്ടെ പശുക്കൾ ദാസീ-
ജനം രാജൻ, നിഷ്കമൊട്ടേറെ രത്നം
വേറേ വിത്തം പലതും മന്നവേന്ദ്ര!
ബ്രഹ്മസ്വംകൊണ്ടെന്തിതങ്ങയ്ക്കു കാര്യം? 12

ധൃതരാഷ്ട്രൻ പറഞ്ഞു

ബ്രാഹ്മണർക്കില്ലാനകൾകൊണ്ടു കാര്യം
മന്നോർക്കല്ലോ ഹസ്തികുലങ്ങൾ വിപ്ര!
സ്വവാഹത്തെദ്ദോഷമില്ലാനയിച്ചാൽ
ഗജേന്ദ്രനെഗ്ഗൗതമ, നീയൊഴിക്കൂ. 13

---

1 ധൃതരാഷ്ട്രാകാരൻ = ധൃതരാഷ്ട്രൻ എന്ന രാജാവ്. 2 അകൃതജ്ഞൻ = കൃതഘ്നൻ.

ഗൗതമൻ പറഞ്ഞു

ചത്തോനെങ്ങോ പുണ്യവാൻ നന്ദി[1]യേല്പൂ ,
ചത്തോനെങ്ങോ പാപവാൻ ശോകമേല്പൂ,
വൈവസ്വതൻതൻ ഭവനേ[2] മഹാത്മൻ!
നിന്നോടങ്ങീയാനയേ വാങ്ങുവൻ ഞാൻ. 14

ധൃതരാഷ്ട്രൻ പറഞ്ഞു

കർമ്മം വിട്ടോർ നാസ്തികന്മാർ കൊതിപ്പോർ
പാപം കൊൾവോരിന്ദ്രിയാർത്ഥാഭിസക്തർ
യമന്റെയാ യാതനയിൽപ്പെടുന്നി—
തതിങ്കലീദ്ധൃതരാഷ്ട്രൻ ഗമിക്കാ. 15

ഗൗതമൻ പറഞ്ഞു

വൈവസ്വതീ സംയമനീ[3] ജനങ്ങൾ—
ക്കെങ്ങോ ഭോഷ്ടില്ലിങ്ങു നില്ക്കുന്നു സത്യം,
എങ്ങാർത്തി നല്കും ബലിയിൽദ്ദുർബ്ബലന്മാർ,
നിന്നോടങ്ങീയാനയേ വാങ്ങുവൻ ഞാൻ. 16

ധൃതരാഷ്ട്രൻ പറഞ്ഞു

ജ്യേഷ്ഠസ്വസാവെ[4]ത്താതനെയമ്മയേയും
ശത്രുപ്രകാരം മത്തരു[5]ണ്ടാചരിപ്പൂ
ഈ ലോകമമ്മട്ടുകാക്കാം മുനേ, കേ—
ളതിങ്കലീദ്ധൃതരാഷ്ട്രൻ ഗമിക്കാ. 17

ഗൗതമൻ പറഞ്ഞു

മന്ദാകിനീ വിത്തരാജ[6]ന്റെയാറു[7]
വൻപാന്നൊന്നാബ്‌ഭോഗികൾ ചെൽവതെങ്ങോ,
ഗന്ധർവ്വയക്ഷാപ്സരസ്ത്രീകളൊത്തും
നിന്നോടങ്ങീയാനയേ വാങ്ങുവൻ ഞാൻ. 18

ധൃതരാഷ്ട്രൻ പറഞ്ഞു

അതിഥിവ്രതവ്രതിമാ[8]രാം ജനങ്ങ—
ളിരിപ്പിടം ബ്രാഹ്മണർക്കേകിടുന്നോർ
നിജാശ്രിതന്മാർക്കു പങ്കിട്ട ശിഷ്ടം
ഭുജിപ്പോർതാൻ ഗംഗയിൽ[9] ഭംഗി കൂട്ടും. 19

ഗൗതമൻ പറഞ്ഞു

മേരുത്തലയ്ക്കൽക്കാനനം രമ്യമെങ്ങോ
നൽപ്പൂവൊത്തും കിന്നരർ പാടുവോന്നായ്

---

1 നന്ദി = സന്തോഷം. 2 വൈവസ്വതൻതൻ ഭവനേ = യമപുരിയിൽ. 3 സംയമനി=യമപുരി. 4 സ്വസാവ്=സഹോദരി. 5 മത്തർ=മദിച്ചവർ; അഹങ്കരിച്ചവർ. 6 വിത്തരാജൻ=വൈശ്രവണൻ. 7 ആറ് എന്ന അർത്ഥം വരുന്ന ഒരു ശബ്ദം മൂലത്തിലില്ല. മന്ദാകിനി എന്നതു കുബേരന്റെ പുരി എന്നാണ് വ്യാഖ്യാതാക്കന്മാർ പറയുന്നതു്. 8 അതിഥിവ്രതവ്രതിമാർ=അതിഥിസൽക്കാരം ഒരു വ്രതമായി സ്വീകരിച്ചിട്ടുള്ളവർ. 9 മൂലത്തിൽ മന്ദാകിനി എന്നതന്നെയാണ് ഈ ശ്ലോകത്തിലും പ്രയോഗിച്ചിട്ടുള്ളതു്. പരിഭാഷകൻ അതിനെ ഗംഗയാക്കി എന്നുമാത്രം.

വിശാലം നൽജ്ജംബു നില്പോരിടംതാൻ
നിന്നോടങ്ങീയാനയേ വാങ്ങുവൻ ഞാൻ. 20

ധൃതരാഷ്ട്രൻ പറഞ്ഞു

മുദ്ധക്കളാം ബ്രാഹ്മണർ സത്യശീലർ
ബഹുശ്രുതന്മാർ സർവ്വഭൂതപ്രിയന്മാർ
ഓത്തോതുന്നോർ സപുരാണേതിഹാസം
മധ്വാഹുതി[1] ബ്രാഹ്മണർക്കേകിടുന്നോർ 21

ഈലോകമമ്മട്ടുകാക്കാം മുനേ, കേ-
ളതിങ്കലീധൃതരാഷ്ട്രൻ ഗമിക്കാ
അറിഞ്ഞുള്ളാ സ്ഥാനമുണ്ടെന്നിരിക്കി-
ലതോതെടോ ചെൽവനങ്ങോട്ടുടൻ ഞാൻ. 22

ഗൗതമൻ പറഞ്ഞു

നന്നായ് പൂത്തും കിന്നരരാജരൊത്തും
പ്രിയം വനം നന്ദനം നാരദന്നും
ഗന്ധർവ്വദിവ്യാംഗനകൾക്കുമങ്ങു
നിന്നോടങ്ങീയാനയേ വാങ്ങുവൻ ഞാൻ. 23

ധൃതരാഷ്ട്രൻ പറഞ്ഞു

ആരോ നിത്യം നൃത്തഗീതാദിദക്ഷർ
യാചിക്കാത്തോർ കൂട്ടമായിച്ചരിപ്പൂ
ഈ ലോകമമ്മട്ടുകാക്കാം മുനേ, കേ-
ളതിങ്കലീധൃതരാഷ്ട്രൻ ഗമിക്കാ. 24

ഗൗതമൻ പറഞ്ഞു

എങ്ങോ നല്ലോരുത്തരകൗരവോർവ്വി
വാനോരോരോടൊത്തങ്ങു മോദിപ്പു രാജൻ!
ആഗ്നേയരാം ലോകരും പാർത്തിടുന്നു
ജലോത്ഥരും ശൈലജന്മാരുമേവം 25

വർഷിപ്പിതെങ്ങോ സർവ്വകാമങ്ങളിന്ദ്രൻ
സ്ത്രീകൾക്കെങ്ങോ കാമചാരം ഭവിപ്പൂ
എങ്ങോ നാരീനരർകൾക്കീർഷ്യയില്ലാ
നിന്നോടങ്ങീയാനയേ വാങ്ങുവൻ ഞാൻ. 26

ധൃതരാഷ്ട്രൻ പറഞ്ഞു

ആരുണ്ടെല്ലാവരിലും സിദ്ധകാമർ
മാംസം തിന്നാതേ ന്യസ്തദണ്ഡം[2] ചരിപ്പൂ
ചരാചരത്തിൽ ചെറുമേ ഹിംസയെന്യേ
ഭൂതൗഘത്തിൽ സർവ്വഭൂതാത്മഭൂതർ 27

നിരീഹന്മാർ നിർമ്മമർ വീതരാഗർ
ലാഭാലാഭേ തുല്യനിന്ദാപ്രശംസർ

---

1 മധ്വാഹുതി=മധുവാകുന്ന ആഹുതി. (ബ്രാഹ്മണർക്കു തേൻ കൊടുക്കുന്നവർ എന്നുസാരം.) 2 ന്യസ്തദണ്ഡം=ശിക്ഷ വേണ്ടിവരാത്ത വിധത്തിൽ.

ഈ ലോകമമ്മട്ടുകാക്കാം മുനേ, കേ—
ളതിങ്കലീദ്ധൃതരാഷ്ട്രൻ ഗമിക്കാ. 28

ഗൗതമൻ പറഞ്ഞു

അതിന്നു മേൽ പലതും നിത്യലോകം
സുപുണ്യഗന്ധം വിരജം വീതശോകം
ആസ്സോമരാജൻെറ ഗൃഹേ മഹാത്മൻ!
നിന്നോടങ്ങീയാനയേ വാങ്ങുവൻ ഞാൻ. 29

ധൃതരാഷ്ട്രൻ പറഞ്ഞു

ദാതാക്കന്മാർ ദാനമേ വാങ്ങിടാത്തോർ
പരദ്രവ്യം തൊട്ടിടാത്തോർകളാരോ
അഹ്ന്നദേയം* ചെററുമില്ലാതെയുള്ളോർ
സവ്വാതിത്ഥ്യവ്രതരേററം പ്രസന്നർ 30
ക്ഷാന്തന്മാർ താൻ പരരായ് മിണ്ടിടാത്തോർ
സത്രസ്ഥന്മാരെപ്പൊഴും പുണ്യശീലർ
ഈ ലോകമമ്മട്ടുകാക്കാം മുനേ, കേ—
ളതിങ്കലീദ്ധൃതരാഷ്ട്രൻ ഗമിക്കാ. 31

ഗൗതമൻ പറഞ്ഞു

അതിന്നുമേൽ പലതും നിത്യലോകം
രജസ്തമസ്സററു ശോകങ്ങളെന്യേ
ആദിത്യദേവൻെറ പദം മഹാത്മൻ!
നിന്നോടങ്ങീയാനയേ വാങ്ങുവൻ ഞാൻ. 32

ധൃതരാഷ്ട്രൻ പറഞ്ഞു

സ്വാദ്ധ്യായശീലർ ഗുരുശുശ്രൂഷകന്മാർ
തപസ്വിമാർ സുവ്രതർ സത്യസന്ധർ
ആചാര്യക്കപ്രിയമോതാതെയുള്ളോർ
നിവ്വാദമായ്ഗ്ഗുരുകമ്മോദ്യതന്മാർ 33
ഈ ലോകമമ്മട്ടുകാക്കാം മുനേ, കേഠ
വിശുദ്ധരാം വാഗ്യതക്കുള്ളതത്രേ
സത്യസ്ഥക്കാ വേദവിജ്ഞക്കു യോഗ്യ—
ക്തിങ്കലീദ്ധൃതരാഷ്ട്രൻ ഗമിക്കാ. 34

ഗൗതമൻ പറഞ്ഞു

അതിന്നുമേൽ പലതും നിത്യലോകം
സുപുണ്യഗന്ധം വിരജസ്സം വിശോകം
രാജാവാകം വരുണൻതൻ ഗൃഹത്തിൽ
നിന്നോടങ്ങീയാനയേ വാങ്ങുവൻ ഞാൻ. 35

ധൃതരാഷ്ട്രൻ പറഞ്ഞു

ചാതുമ്മാസ്യംതാൻ യജിക്കുന്നതേവ—
രങ്ങിഷ്ടിയും പത്തുനൂറേറ്റിടുന്നോർ

* അദേയം = ദാനംചെയ്യാൻ പാടില്ലാത്തതു്.

ആരഗ്നിഹോത്രാഹൂതി ചെയ്‌വു നിബദ്ധ—
ശ്രദ്ധം ശാസ്ത്രം പോലെ മൂവാണ്ടു വിപ്രർ 36
ധർമ്മം ധരിപ്പോരു മഹാശയക്കു
വിധിച്ച മാർഗ്ഗത്തിലമന്നവക്കും
ധർമ്മിഷ്ഠർകയംക്കാഗ്ഗതി നിത്യമെന്നാ—
ലതിങ്കലീദ്ധൃതരാഷ്ട്രൻ ഗമിക്കാ. 37

ഗൗതമൻ പറഞ്ഞു

ഇന്ദ്രൻെറ ലോകം വിരജസ്സം വിശോകം
ദുഷ്പ്രാപമീമാനുഷരാഗ്രഹിപ്പൂ
തേജസ്സേറുന്നായവൻതൻ ഗൃഹത്തിൽ
രാജൻ, നിന്നോടാനയേ വാങ്ങുവൻ ഞാൻ. 38

ധൃതരാഷ്ട്രൻ പറഞ്ഞു

നൂറാണ്ടിരിപ്പോൻ ശൂരനാകും മനുഷ്യൻ
വേദാദ്ധ്യായീ മഖകൃത്തപ്രമത്തൻ
ഇക്കൂട്ടരൊക്കശ്ശക്രലോകം ഗമിപ്പി—
തതിങ്കലീദ്ധൃതരാഷ്ട്രൻ ഗമിക്കാ. 39

ഗൗതമൻ പറഞ്ഞു

ഉണ്ടാ പ്രാജാപത്യലോകം പരപ്പിൽ
സ്വർഗ്ഗത്തിങ്കൽ പുഷ്ടലം വീതശോകം
ഇഷ്ടം പരം സർവ്വലോകോത്ഭവക്കും
നിന്നോടങ്ങീയാനയേ വാങ്ങുവൻ ഞാൻ. 40

ധൃതരാഷ്ട്രൻ പറഞ്ഞു

രാജാക്കളോരോ രാജസൂയാഭിഷിക്തർ
ധർമ്മിഷ്ഠന്മാർ നാട്ടുകാരെബ്ഭരിപ്പോർ
ആരശ്വമേധാവഭൃഥം കുളിച്ചോ—
രവക്കാ ലോകം ധൃതരാഷ്ട്രൻ ഗമിക്കാ. 41

ഗൗതമൻ പറഞ്ഞു

അതിന്നുമേൽ പലതും നിത്യലോകം
സുപുണ്യഗന്ധം വിരജസ്സം വിശോകം
ആ ദുർല്ലഭാധൃഷ്യമായീടുവോരു
ഗോലോകത്തീയാനയേ വാങ്ങുവൻ ഞാൻ. 42

ധൃതരാഷ്ട്രൻ പറഞ്ഞു

പയ്യായിരം നൂറുമാണ്ടിൽ കൊടുപ്പോൻ
നൂറുള്ളവൻ പത്തു നല്കീടുവോനും
പത്തുള്ളോനൊന്നേകുവോനപ്രകാര—
മഞ്ചുള്ളോനായതിലൊന്നേകുവോനും 43
ജരിക്കുന്നോർ ബ്രഹ്മചര്യത്തിൽ വിപ്ര—
രാ ബ്രാഹ്മിയാം വാക്കി*നെക്കാത്തിടുന്നോർ

---

* ബ്രാഹ്മിയാം വാക്ക്=ബ്രാഹ്മണ വാക്ക്.

മനസ്വിമാർ തീർത്ഥയാത്രാപരന്മാ—
രാഗ്ഗോലോകത്തങ്ങു മോദിച്ചിരിപ്പൂ. 44

പ്രഭാസം മാനസം തീർത്ഥം പുഷ്കരങ്ങൾ സരസ്സുമേ
പുണ്യം നൈമിശമാം തീർത്ഥം ബാഹുദാ കരതോയയും 45

ഗംഗാ ഗയശിരസ്സേവം വിപാശ സ്ഥൂലവാലുക
കൃഷ്ണ, ഗംഗാ, പഞ്ചനദം മഹാഹ്രദവുമങ്ങനെ 46

ഗൗതമീ കൗശികീ ചമ്പ സരസ്വതി ദൃഷദ്വതി
കാളിന്ദിയും പൂകുമെവർ മഹാത്മാക്കൾ ധൃതവ്രതർ 47

അവിടെദ്ദിവ്യസംസ്ഥാനർ ദിവ്യമാല്യാന്വരായ് ശിവർ
എത്തുന്നു പുണ്യഗന്ധാഢ്യർ ധൃതരാഷ്ട്രൻ ഗമിച്ചിടാ. 48

ഗൗതമൻ പറഞ്ഞു

എങ്ങു പററാ ശീതഭീതിയുഷ്ണഭീതിയുമെങ്ങുമേ
പൈദാഹവും വാട്ടവുമേ സുഖവും ദുഃഖവും ശരി 49

ദ്വേഷ്യനില്ലില്ലിഷ്ടനൊരാൾ ബന്ധുവില്ലില്ല ശത്രുവും
ജരയില്ലാ മൃത്യുവില്ലാ പുണ്യമില്ലില്ല പാപവും 50

വിരജസ്സായ് സ്ഥിതമായി പ്രജ്ഞാസത്വസ്ഥമാമതിൽ
പുണ്യസ്വയംഭൂഗേഹത്തിൽ നീയെനിക്കാനയെത്തരും. 51

ധൃതരാഷ്ട്രൻ പറഞ്ഞു

സർവ്വസംഗവിമുക്തന്മാർ കൃതാത്മാക്കൾ യതവ്രതർ
അദ്ധ്യാത്മയോഗമുക്തന്മാർ സ്വർഗ്ഗത്തിൽ ഗതിയാണ്ടവർ 52

പുണ്യബ്രഹ്മാലയം പൂകും സാത്വികന്മാർകളാമവർ
മുനേ, പററില്ലങ്ങു കാണ്മാനങ്ങയ്ക്കു ധൃതരാഷ്ട്രനെ. 53

ഗൗതമൻ പറഞ്ഞു

ബൃഹദ്രഥന്തരമെങ്ങുച്ചരിപ്പ—
തെങ്ങാ വേദി[1]ക്കാസ്തരം പുണ്ഡരീകം[2]
എങ്ങെത്തുമശ്വങ്ങളാൽ സോമപീഥി[3]
നിന്നോടങ്ങീയാനയേ വാങ്ങുവൻ ഞാൻ. 54

അറിഞ്ഞേൻ ഞാൻ വൃത്രഹാവിന്ദ്രനാം നീ
വിശ്വം മുററും കയറിക്കൊണ്ടു നില്പോൻ
നിനക്കു വാക്കാൽത്തെററു ഞാൻ ചെററുമൊന്നും
ചെയ്തിട്ടില്ലാ ചിത്തസംഗത്തിനാലും. 55

ഇന്ദ്രൻ പറഞ്ഞു

ഞാനിന്ദ്രനാം ലോകമാർഗ്ഗം ജനങ്ങൾ—
ക്കായിച്ചെയ്താനാനവാദത്തിനാലേ
എന്നാൽ ക്രുപ്പന്നെന്നിൽ നീ നന്മ ചൊല്ലു
നീയെന്തോതും ചെയ്യുനിങ്ങായതെല്ലാം. 56

---

1 വേദി=യജ്ഞവേദി. 2 ആസ്തരം പുണ്ഡരീകം=താമരപ്പൂക്കൾ വിതറിയതു്.
3 സോമപീഥി=സോമരസം കുടിക്കുന്നവൻ.

ഗൗതമൻ പറഞ്ഞു

ശ്വേതം കരേണു[1] പരമെന്നുണ്ണിയാന
വയസ്സു പത്താം കുട്ടിയേ നീ ഹരിച്ചു
എനിക്കവൻ കാട്ടിൽ വാഴ്കെത്തുണസ്സാ-
ണാക്കൊമ്പനെത്തന്നെ തരു സുരേന്ദ്ര! 57

ഇന്ദ്രൻ പറഞ്ഞു

ഇതാ ദ്വിജശ്രേഷ്ഠ, ഭവാൻെറ പുത്രൻ
നിന്നേച്ചുററം നോക്കിയെത്തുന്നു നാഗം[2]
നിൻ കാൽ തുമ്പിക്കൈയിനാൽ നാററിടുന്നു
ശ്രേയസ്സെനിക്കോക്ക നമസ്കരിക്കാം. 58

ഗൗതമൻ പറഞ്ഞു

ശിവം സുരാധീശ, ഭവാനു നിത്യം
ധ്യാനിച്ചെന്നും പൂജയും ചെയ്തിടുന്നേൻ;
എനിക്കും നീ ശക്ര, ശിവം തരേണം
നീ തന്നുള്ളോരാനയേ വാങ്ങുവൻ ഞാൻ. 59

ഇന്ദ്രൻ പറഞ്ഞു

മനീഷിമാർ സത്യവാന്മാർ മഹാന്മാർ
വേദം ഗുഹയ്ക്കുള്ളിലായ് വെപ്പതാരോ,
ആക്കൂട്ടിൽ ശ്രേഷ്ഠനാം നീയൊരാളാൽ
വൃദ്ധൻ[3] ഞാനീ നിന്നിൽ നന്ദിച്ചിരിപ്പൂ. 60

ഹന്ത, വിപ്ര, വരൂ വേഗം ഹസ്തിയാം പുത്രനൊത്തു നീ
ശുഭലോകാഹ്നനല്ലോ നീ വെക്കമെല്ലെങ്കിൽ മെല്ലെയും. 61

ഭീഷ്മർ പറഞ്ഞു

മുൻപിലാക്കിഗ്ഗൗതമനെ മകനാമാനയോടുമേ
ഒപ്പം വാനേറിനാൻ വജ്രീ സത്തരൊത്തു ദുരാസദം. 62
ഇതു നിത്യം ചൊല്ലുവോനും കേൾക്കുവോനും ജിതേന്ദ്രിയൻ
ഗൗതമബ്രാഹ്മണന്മട്ടിൽ ബ്രഹ്മലോകത്തിലെത്തിടും. 63

103. ബ്രഹ്മഭഗീരഥസംവാദം

യജ്ഞം, തപസ്സ്, ദാനം എന്നിവയെക്കാൾ മഹത്ത്വം കൂടതലുള്ളത് ഉപവാസത്തിനാണെന്നു തെളിയിക്കാനായി, ബ്രഹ്മാവും ഭഗീരഥനും തമ്മിൽ നടന്ന സംവാദത്തെ ഭീഷ്മർ ഉദാഹരിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ദാനം പലതരം പിന്നെശ്ശാന്തി സത്യമഹിംസയും
സ്വദാരതുഷ്ടിയും ചൊല്ലീ ഭവാൻ ദാനഫലത്തെയും. 1
പിതാമഹന്നുണ്ടറിവു തപസ്സല്ലാതെയെന്തുവാൻ?
തപസ്സിന്നും മുഖ്യമെന്തെന്നതൊന്നു വിവരിക്കണേ! 2

1 കരേണു = ആന. 2 നാഗം = ആന. 3 വൃദ്ധൻ = അഭിവന്ദ്യൻ.

ഭീഷ്മൻ പറഞ്ഞു

തപസ്സെത്രത്തോളമത്ര ലോകമെന്നും യുധിഷ്ഠിര!
തപസ്സനശനാൽ[1] മേലെയില്ലെന്നാം പാർത്ഥ, മന്മതം. 3
ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
ഭഗീരഥൻെറ സംവാദം മഹാൻ ബ്രഹ്മാവുതൻെറയും. 4
ദേവലോകം കടന്നിട്ടാഗ്ഗോലോകം വിട്ടു ഭാരത!
ഋഷിലോകം പുക്കു ഭഗീരഥനെന്നുണ്ടു കേൾപ്പു നാം. 5
ആബ്ഭഗീരഥനേ നോക്കി ബ്രഹ്മാവരുളി മന്നവ!
"ദുഷ്പ്രാപമീ ലോകമെത്തിയെങ്ങനേ നീ ഭഗീരഥ! 6
പരം ദേവകൾ ഗന്ധർവ്വർ മർത്ത്യരും ഹേ ഭഗീരഥ!
എത്താ തപം ചെയ്യിടാത്തോർ നീയിങ്ങെത്തിയതെങ്ങനെ?" 7

ഭഗീരഥൻ പറഞ്ഞു

നിഷ്കം[2]ങ്ങളെ ബ്രാഹ്മണർക്കേകിനേൻ ഞാൻ
നൂറായിരം പതിവായിട്ടു ദാനം
ബ്രാഹ്മം വ്രതം നിത്യവും പൂണ്ടു വിദ്വൻ!
ഞാനിങ്ങിതിൻ ഫലമായല്ല വന്നു. 8
ദശൈകരാത്രം ദശപഞ്ചരാത്ര-
മേകാദശൈകാദശകം മഖങ്ങൾ
ജ്യോതിഷ്ടോമങ്ങളെയും നൂറു ചെയ്തേൻ
ഞാനിങ്ങതിൻ ഫലമായല്ല വന്നു. 9
ഗംഗാതീരത്തെപ്പൊഴും വാണിതല്ലോ
നൂറാണ്ടോളം വൻതപം ചെയ്തുകൊണ്ടേ
കൊടുത്തേനങ്ങശ്വതരീ സഹസ്രം
നാരീപുരത്തേയുമതല്ല വന്നു. 10
അശ്വങ്ങളേപ്പത്തയുതം ഗോയുഗങ്ങളെ വിംശതി
പുഷ്കരത്തിൽ ബ്രാഹ്മണർക്കും നല്കീ നൂറായിരം തരം. 11
പൊൻതിങ്കൾ ചാർത്തീടിന നല്ല കന്യാ-
സഹസ്രവും നല്കി ഞാനപ്രകാരം
പൊൻകോപ്പണിഞ്ഞർവ്വതിനായിരം താ-
നിങ്ങോട്ടെന്നാലതുകൊണ്ടല്ല വന്നു. 12
പത്തർബ്ബുദം നല്കിനേൻ ഗോസവേജ്യ-
സ്തോരോ പേക്കായ് പത്തു പൈ ലോകനാഥ!
കിടാവൊത്തും സ്വർണ്ണകാംസ്യം നിറച്ച
പാലുള്ളവറ്റേയതുകൊണ്ടുമല്ലാ. 13
സോമയാഗംതോറുമേകിയോരോരുത്തർക്കു പത്തു ഞാൻ
ഒററപ്പേറായ് പാൽ പെരുത്ത ചുവത്തപ്പൈക്കൾ നൂറിനെ. 14

---

1 അനശനാൽ = ഉപവാസത്തേക്കാൾ. 2 നിഷ്കം = സ്വർണ്ണംകൊണ്ടുള്ള ഒരു നാണയം.

കറക്കും പൈക്കളെപ്പിന്നെ പ്രയുതം പത്തുമേകിനേൻ
ബ്രഹ്മാവേ, പത്തിരട്ടിച്ചുമതുകൊണ്ടല്ല വന്നു ഞാൻ. 15
ബാൽഹിജാശ്വങ്ങളെപ്പത്തുപതിനായിരമേകിനേൻ
പൊൻ ചാർത്തിടും വെള്ളവകയതുകൊണ്ടല്ല വന്നു ഞാൻ. 16
എട്ടുകോടിപ്പൊന്നു പത്തു നല്കീ ബ്രഹ്മൻ, ദിനംപ്രതി
ഓരോ ക്രതുക്കളിലതിൻ ഫലമല്ലിങ്ങു വന്നു ഞാൻ. 17
ഹരിതാശ്വങ്ങളാക്കാതു കറുത്തവ പിതാമഹ!
പൊന്മാലച്ചാർത്തണിഞ്ഞേകീ കോടി പത്തേഴമങ്ങനെ. 18
അച്ചുതണ്ടെതിർകൊമ്പുള്ള വൻപിയന്ന ഗജങ്ങളെ
മാലയിട്ടവയേ നല്കിയായിരം പത്തുമേഴമേ. 19
ദിവ്യപ്പൊൻചാർത്തുകളണിഞ്ഞവയെദ്ദൈവതേശ്വര!
പൊന്നണിത്തേർകളെയും ഞാൻ കൊടുത്തേൻ പതിനായിരം. 20
ഏഴുമങ്ങനെ വേറിട്ട കോപ്പണിഞ്ഞശ്വമൊത്തവ
ദക്ഷിണാംശങ്ങളും ചിലതു വേദങ്ങളിലുരച്ചവ 21
വാജപേയം പത്തിലുമേ കൊടുത്തേനവയിങ്കൽ ഞാൻ.
ക്രതുതുല്യപ്രഭാവന്മാരിജ്യാവിക്രമശീലരെ 22
നിഷ്കകണ്ഠന്മാരെയോരായിരം ദക്ഷിണ നല്കിനേൻ.
പോരിങ്കൽ വെന്ന മന്നോരെയർത്ഥം നല്കിപ്പിതാമഹ! 23
രാജസൂയത്തിലങ്ങെട്ടിലതുകൊണ്ടല്ല വന്നു ഞാൻ.
ഗംഗയ്ക്കൊക്കുമൊഴുക്കങ്ങു മൂടിപ്പോയീ ധരാപതേ! 24
ഞാൻ കൊടുക്കും ദക്ഷിണ കൊാണ്ടതുകൊണ്ടല്ല വന്നു ഞാൻ.
പൊൻകോപ്പണിഞ്ഞുള്ളശ്വങ്ങളീരായിരമതേവിധം 25
വരഗ്രാമം നൂറുമേകിയോരോരുത്തർക്കു മൂന്നുരു.
തപസ്വി നിയതാഹാരൻ ശമവും പൂണ്ട വാഗ്യതൻ 26
ഏറെക്കാലം ഹിമാദ്രീങ്കൽ ഗംഗയ്ക്കുള്ള സുദുസ്സഹം
നീർച്ചാട്ടം തലയിൽത്താങ്ങി ശിവൻ മൂർദ്ധാവിലേററുതേ 27
ആ ഫലംകൊണ്ടുമല്ലിങ്ങു ഞാൻ വന്നതു പിതാമഹ!

ശമ്യാക്ഷേപാ[1]ൽ സുരരെത്താൻ യജിച്ചു
സാദ്യസ്ക[2]മങ്ങയുതം[3] ചെയ്തിതേവം
ത്രയോദശദ്വാദശാഹങ്ങളും ദേവ!
സപുണ്ഡരീകം തൽഫലംകൊണ്ടുമല്ലാ. 28
നൽപ്പുഞ്ഞിക്കെട്ടുള്ള ശുക്ലർഷഭങ്ങ[4]—
ളെണ്ണായിരം ബ്രാഹ്മണർക്കേകിനേൻ ഞാൻ
ഓരോന്നിന്നും പൊന്നണിക്കൊമ്പിവയ്ക്കായ്
നിഷ്കം ചാർത്തും പത്നിമാരെക്കൊടുത്തേൻ. 29

---

1 ശമ്യാക്ഷേപാൽ=ശമിയുടെ കൊമ്പു വലിച്ചെറിഞ്ഞാൽ ചെന്നു വീഴുന്നതു വരെയുള്ള സ്ഥലത്തു യാഗവേദി തീർത്തു നടത്തുന്ന യജ്ഞം ചെയ്തു്. 2 സാദ്യസ്കം= ഒരുതരം യാഗം. 3 അയുതം=പതിനായിരം. 4 ശുക്ലർഷഭം=വെള്ളക്കാള.

ഹിരണ്യരത്നക്കൂട്ടങ്ങൾ നല്കി രത്നാചലങ്ങളും
ധനധാന്യങ്ങൾ നിറയെയേറെ ഗ്രാമങ്ങൾ വേറെയും. 30
ഒററപ്പേറാം ഗോശതം നൂറേകിനേൻ ഞാനതന്ദ്രിതൻ
പല യജ്ഞം ചെയ്തു വിപ്രർക്കതുകൊണ്ടിട്ടല്ലിഹ. 31

ഏകാദശാഹം ചെയ്തു സദക്ഷിണം ഞാൻ
ദ്വിദ്വാദശാഹാശ്വമേധങ്ങൾ ദേവ!
ആക്കായണം പതിനാറും വിധേ, ഞാ—
നതിൻഫലംകൊണ്ടുമല്ലിങ്ങു വന്നു. 32

നിഷ്കം[1] കഴുത്തിൽ ചാർത്തുവോന്നായ് കൊടുത്തേൻ
ഞാൻ യോജനം ദീർഘവിസ്താരമോടും
രത്നാഢ്യഹേമദ്രുമമാം വനത്തെ—
യതിൻ ഫലംകൊണ്ടുമല്ലിങ്ങു വന്നു. 33

തുരായണം വ്രതമങ്ങപ്രധൃഷ്യ—
മക്രോധനൻ മുപ്പതാണ്ടങ്ങു ചെയ്തേൻ
പൈ നൂറുമെണ്ണൂറുമതേവിധം താൻ
നാൾതോറുമേ നല്കിനേൻ ബ്രാഹ്മണർക്കായ്. 34

പാലേറീടും നൽച്ചവത്സപ്പശുക്ക—
ളേവം വേറേ കാളകൾ വിശ്വനാഥ!
വിപ്രർക്കേകീ നിത്യവും ഞാൻ സുരേശ!
ഞാനിങ്ങതിൻഫലമായല്ല വന്നു. 35

മുപ്പതഗ്നികളെ ബ്രഹ്മൻ യജിച്ചേൻ നിത്യമായി ഞാൻ
എട്ടു ചെയ്തു സർവ്വമേധമേഴേവം നരമേധവും. 36
പത്തു ചെയ്തു വിശ്വജിത്തും നൂറും മേൽ പതിനെട്ടുമേ
ദേവേശ, ഞാനിവററിൻെറ ഫലമല്ലിങ്ങു വന്നതും. 37
സരയൂ ബാഹുദാ ഗംഗകളിലും നൈമിഷത്തിലും
ഗോശതായുതമേകീ ഞാനതുകൊണ്ടിട്ടല്ലിഹ. 38

ഇന്ദ്രൻ ഗുഹയ്ക്കുള്ളിലണച്ചതേതോ,—
ഞാമ്പ് ഭാർഗ്ഗവൻ തപമാണ്ടേതു നേടി,
തേജസ്സിനാലുജ്ജ്വലിപ്പോന്ന ശുക്ര—
നതും സാധിച്ചീടിനേൻ ഞാൻ വരേണ്യ![2] 39

ആക്കർമ്മം സിദ്ധമായപ്പോളെന്നിൽത്തോഷിച്ചിതന്തണർ
ആയിരം മുനിമാരുണ്ടാക്കർമ്മത്തിങ്കലണഞ്ഞവർ. 40
അവർ ചൊല്ലീ 'ബ്രഹ്മലോകം പൊയ്ക്കൊൾകെ'ന്നെന്നൊടായ്—
പ്രഭോ!
ആയിരം ബ്രാഹ്മണർ തെളിഞ്ഞോതും വാക്കാലെ ഞാൻ പ്രഭോ!

---

1 നിഷ്കം = പതക്കം. 2 അനശന(ഉപവാസ)ത്തെയാണ് ഈ ശ്ലോകത്തിൽ വിവക്ഷിച്ചിട്ടുള്ളത്. ഇന്ദ്രൻ രഹസ്യമായി സൂക്ഷിച്ചിരുന്നതും മററും ഉപവാസത്തിൻെറ മാഹാത്മ്യമാണ്.

ഈ ലോകത്തെത്തിനേൻ വേണ്ടാ ഭവാനിതിൽ വിചാരണ. 41

കാമം വിധാതാവു വിധിച്ചവണ്ണം
ചോദിക്കിൽത്താൻ ശരിയായ് ചൊല്ലിടേണം
തപസ്സില്ലാനശനത്തിന്നു മേലെ–
ന്മതം തൊഴാം തെളിയ്ക്ക ദേവനാഥ! 42

ഭീഷ്മൻ പറഞ്ഞു

എന്നുരയ്ക്കുന്നൊരു ഭഗീരഥരാജനെയാ വിധി
വിധിയിൽക്കണ്ട കർമ്മത്താൽ പൂജിച്ചു പൂജനാർഹനെ. 43
എന്നാലനശനം പൂണ്ട വിപ്രരെപ്പൂജ ചെയ്ക നീ
വിപ്രർ ചൊല്ലുകിലൊക്കേയും പരലോകത്തു സിദ്ധമാം. 44
വസ്ത്രമന്നം പൈക്കളും നല്ല ഗൃഹമെന്നിവയാലുമേ
ശുഭദൈവഗണത്താലും തോഷിപ്പിക്കുക വിപ്രരെ. 45
ഇതുതന്നെ പരം ഗുഹ്യം ലോഭംകൂടാതെ ചെയ്ക നീ.

104. ആയുഷ്യാഖ്യാനം

മനുഷ്യരുടെ ആയുസ്സിനെ വർദ്ധിപ്പിക്കുന്നവയും ക്ഷയിപ്പിക്കുന്നവയുമായ ശുഭാശുഭകർമ്മങ്ങളുടെ വിവരണം. ഗൃഹസ്ഥാശ്രമികൾ അനുഷ്ഠിക്കേണ്ടവയും വർജ്ജിക്കേണ്ടവയുമായ ആചാരങ്ങളുടെ ഒരു നീണ്ട പട്ടിക.

യുധിഷ്ഠിരൻ പറഞ്ഞു

ശതായുസ്സായ് പിറക്കുന്നു ശതവീര്യനുമായ് പുമാൻ
ബാല്യത്തിലും പൂരുഷന്മാർ ചാകാനെന്തേ പിതാമഹ! 1
ദീർഘായുസ്സാമെന്തുകൊണ്ടിട്ടല്പായുസ്സായുമാം നരൻ
എന്തുകൊണ്ടാം കീർത്തിലാഭം ശ്രീലാഭം കിട്ടുമെന്തിനാൽ? 2
തപസ്സാൽ ബ്രഹ്മചര്യത്താൽ ജപഹോമൗഷധങ്ങളാൽ
മനോവാക്കായകർമ്മങ്ങളാലോ ചൊല്ലു പിതാമഹ! 3

ഭീഷ്മൻ പറഞ്ഞു

നീയീച്ചോദിച്ച കാര്യത്തിൽ നിന്നോടു പറയാമെടോ
അല്പായുസ്സാവതെന്താണു ദീർഘായുസ്സാവതും നരൻ? 4
എന്തുകൊണ്ടാം കീർത്തിലാഭം ശ്രീലാഭം കിട്ടുമേതിനാൽ
എമ്മട്ടു ചെയ്യും പുരുഷൻ ശ്രേയസ്സാർന്നീടുമെന്നതും. 5
ആയുസ്സു കിട്ടുമാചാരാൽ ശ്രീയാചാരത്തിനാൽ വരും
ആചാരത്താൽ കീർത്തിയുണ്ടാം പുരുഷന്നങ്ങുമിങ്ങുമേ. 6
ദുരാചാരൻ പുരുഷനോ ദീർഘായുസ്സേല്ക്കയില്ലിഹ
അതിൽ ജീവികൾ പേടിക്കുമവമാനിക്കുമങ്ങനെ. 7
എന്നാൽ ചെയ്യേണമാചാരമാത്മൈശ്വര്യം നിനപ്പവൻ
പാപദേഹികളുമാചാരമലക്ഷണവിനാശനം. 8

ആചാരലക്ഷണം ധർമ്മം സത്തർ ചാരിത്രചിഹ്നരാം
സാധുക്കൾക്കുള്ളൊരു നടപ്പേതതാചാരലക്ഷണം. 9
കാണാഞ്ഞിലും കേൾവിയാൽത്താൻ ധർമ്മാചാരിമനുഷ്യനെ
ഭൂതികർമ്മം[1] ചെയ്യുവനെ പ്രിയനാക്കീടുമേ ജനം. 10
നാസ്തികന്മാർ ദുഷ്ക്രിയന്മാർ ഗുരുശാസ്ത്രാതിലംഘികൾ
അധർമ്മജ്ഞർ ദുരാചാരരല്പായുസ്സുകളാമവർ. 11
ദുശ്ശീലർ മര്യാദവിട്ടോർ നിത്യം സങ്കരമൈഥുനർ
അല്പായുസ്സുകളാം മർത്ത്യർ നിരയം പൂകുമായവർ 12
സർവ്വലക്ഷണമററാലും സദാചാരമെഴും നരൻ
ശ്രദ്ധയുള്ളോനീർഷ്യയററോൻ ജീവിക്കും നൂറു വത്സരം. 13
ചൊടിക്കാത്തോൻ സത്യവാദി ഭൂതഹിംസ പെടാത്തവൻ
അജിഹ്മൻ[2]നസൂയൻ താൻ ജീവിക്കും നൂറു വത്സരം. 14
മണ്ണുടപ്പോൻ പുല്ലറുപ്പോൻ നഖത്താൽ തിന്നുവോനുമേ
നിത്യോച്ഛിഷ്ടാസ്ഥിരനിഹ ദീർഘായുസ്സിനെ നേടിടാ. 15
ബ്രാഹ്മം മുഹൂർത്തത്തിലുണർന്നോർക്കേണം ധർമ്മമർത്ഥവും
ആദ്യസന്ധ്യയ്ക്കെഴുന്നേററു കൈക്കുപ്പിപ്പൂജചെയ്യണം. 16
അമ്മട്ടൊട്ടുവിലന്തിക്കും മിണ്ടാതേ സേവചെയ്യണം
ഉദിപ്പോതക്കനേ നോക്കൊല്ലസ്തമിപ്പോതുമങ്ങനെ 17
ഉപരാഗ[3]ത്തിലും വെള്ളത്തിലും നട്ടുച്ചനില്പിലും.
ഋഷിമാർ നിത്യസന്ധ്യാസ്ഥർ ദീർഘായുസ്സിനെ നേടിനാർ 18
എന്നാൽ സേവിക്കണം മൗനി പൂർവ്വപശ്ചിമസന്ധ്യകൾ.
അന്തിക്കും പുലർകാലത്തും സന്ധ്യചെയ്യാഞ്ഞിലോ ദ്വിജർ 19
അവരെദ്ധാർമ്മികനൃപൻ ശൂദ്രവേലയ്ക്കയയ്ക്കണം.
പരസ്ത്രീസംഗമം വയ്യാ സർവ്വജാതിക്കുമെന്നുമേ 20
ഇതുപോലെയനായുഷ്യ[4]മില്ലാ ലോകത്തിലൊന്നുമേ.
പുരുഷന്നിവിടെപ്പററും പരസ്ത്രീസംഗമാതിരി 21
സ്ത്രീകൾക്കുടലിലങ്ങെത്ര രോമകൂപങ്ങൾ കാണുമോ
അത്ര വർഷസഹസ്രങ്ങൾ നരകത്തിൽ കിടന്നിടും. 22
മുടികെട്ടും കണ്ണെഴുത്തും പല്ലുതേയ്ക്കലുമങ്ങനെ
പൂർവ്വാഹ്നത്തിൽത്തന്നെ വേണം ദേവകൾക്കുള്ള പൂജയും. 23
മലമൂത്രങ്ങൾ നോക്കൊല്ലാ ചവിട്ടീടൊല്ലൊരിക്കലും
ഏറെക്കാലത്തേറെയന്തിക്കേറെയുച്ചയ്ക്കുമാകൊലാ. 24
അറിയാത്തോരൊത്തു പോകൊല്ലൊററയ്ക്കും ശൂദ്രരൊത്തുമേ.
വിപ്രന്നു വഴി മാറേണം പൈക്കൾക്കും മന്നവർക്കുമേ 25

---

1 ഭൂതികർമ്മം = ഐശ്വര്യത്തിനുള്ള പ്രവൃത്തി. 2 അജിഹ്മൻ = വക്രത അറിഞ്ഞുകൂടാത്തവൻ. 3 ഉപരാഗം = ഗ്രഹണം. 4 അനായുഷ്യം = ആയുസ്സിനു പററാത്തതു്.

വൃദ്ധന്നും ചുമടേററോനും ഗർഭിണിക്കുമശക്തനും.
വലം വെച്ചീടണമറിഞ്ഞുള്ള മുഖ്യദ്രുമങ്ങളെ 26
ചതുഷ്പഥങ്ങൾക്കൊക്കേയും വലംവെയ്ക്കുക വേണ്ടതാം.
ഉച്ചയ്ക്കും രാത്രികാലത്തുമദ്ധ്യരാത്രിക്കുമെങ്ങുമേ 27
ചതുഷ്പഥത്തെസ്സേവിക്കൊല്ലിരുസന്ധ്യയ്ക്കുമങ്ങനെ.
ചെരിപ്പും വസ്ത്രവും മററൊരാളെടുത്തതെടുക്കൊലാ 28
ബ്രഹ്മചര്യം വേണമെന്നും കാലിൽക്കാലാൽ ചവിട്ടൊലാ.
അമാവാസിയിലും പൗർണ്ണമാസിയിൽപ്പതിനാലിലും 29
പക്ഷമൊട്ടുക്കഷ്ടമിക്കും ബ്രഹ്മചര്യമെടുക്കണം.
പാഴിൽ മാംസം ഭുജിക്കൊല്ലാ പൃഷ്ഠമാംസവുമങ്ങനെ 30
വർജ്ജിക്കേണം ശകാരിക്കൽ കുററം ചൊല്ലേഷണിപ്പണി.

മർമ്മം തുളയ്ക്കൊല്ലനൃശംസമോതൊ—
ല്ലെടുക്കൊല്ലാ നീചനിൽനിന്നൊരെണ്ണം
പരന്നൊരുദ്വേഗദമായി രൂക്ഷം
പാപം പെടും വാക്കു പറഞ്ഞിടൊല്ലാ. 31
വാക്സായകം വായിൽനിന്നുൽപതിക്കു—
മതേററവൻ രാപ്പകൽ മാഴ്കിടുന്നു.
പരന്റെ മർമ്മത്തിലൊഴിഞ്ഞതേല്ക്കി—
ല്ലാ വാക്കന്യന്മാരിൽ വിദ്വാൻ വിടൊല്ലാ. 32

അമ്പേററാൽ നികന്നീടും മഴുവെട്ടേല്ക്കിലും വനം
ബീഭത്സദുർവ്വാക്കേററാലോ തുരുവോന്നല്ല വാഗ്വ്രണം. 33
കർണ്ണിനാളീകനാരാചം[1] മെയ്യിലേററാൽ പറിച്ചിടാം
പറിക്ക വയ്യാ വാക്ശല്യം കരളിൽക്കേറിനില്പതാം. 34
ഹീനാംഗരധികാംഗന്മാർ വിദ്യാഹീനർ വിഗർഹിതർ
സത്വരൂപദ്രവ്യഹീനരിവർക്കാക്ഷേപമോതൊലാ. 35
നാസ്തികത്വം വേദനിന്ദ ദേവതാജനകുത്സനം
ദ്വേഷം സ്തംഭം[2] ഗർവ്വു തൈക്ഷ്ണ്യ[3]മിവയും വിട്ടൊഴിക്കണം. 36
പരന്നു ദണ്ഡമേന്തൊല്ലാ ചൊടിച്ചവനെ വീഴ്ത്തൊലാ
പഠിപ്പിൽ പുത്രശിഷ്യന്മാർക്കൊഴിച്ചരുതു താഡനം. 37
കുററം ചൊല്ലൊല്ലന്തണരെ നക്ഷത്രത്തെയുരയ്ക്കൊലാ
പക്ഷത്തിൽത്തിഥിയും ചൊല്ലൊല്ലായുസ്സെന്നാൽക്കുറഞ്ഞിടാം.
മലമൂത്രങ്ങൾ വിട്ടാലും നിരത്തിന്മേൽ ചവിട്ടിലും
പിന്നെക്കാൽ കഴുകീടേണം സ്വാദ്ധ്യായത്തിലുമൂണിലും. 39
വാനോർ കല്പിച്ചു വിപ്രർക്കു മൂന്നെണ്ണത്തെപ്പവിത്രമായ്
അദൃഷ്ടവും[4] നീർകഴുകി[5]യതും വാക്കാൽ പുകഴ്ന്നതും. 40

---

1 കർണ്ണിനാളീകനാരാചം = ഉടക്കുള്ള അമ്പും കുന്തവും കൂരമ്പും. 2 സ്തംഭം = വിരോധം. 3 തൈക്ഷ്ണ്യം = എടുത്തുചാടുന്ന സ്വഭാവം. 4 അദൃഷ്ടം = അശുദ്ധിയുണ്ടെന്നു് സ്പഷ്ടമായി അറിയാത്തതു്. 5 നീർകഴുകിയതു് = വെള്ളംകൊണ്ടു കഴുകിയതു്.

സംയാവം[1] കൃസരം[2] മാംസം മുറുക്കം പായസത്തെയും
തനിക്കായിച്ചമയ്ക്കൊല്ലാ ദേവകാംക്കായ് ചമയ്ക്കണം. 41
അഗ്നിശ്രുശ്രൂഷ ചെയ്യെന്നും ഭിക്ഷ നല്കുക നിത്യവും
മൗനിയായ് കോലുകൊണ്ടിട്ടു നിത്യവും പല്ലുതേയ്ക്കണം. 42
ഉദിച്ചിട്ടു കിടക്കൊല്ലാ പ്രായശ്ചിത്താഹ്നമതിൽ
ഉണന്നു മുൻപച്ഛനമ്മമാക്കു ചെയ്യഭിവാദനം. 43
ആചാര്യന്നന്യനം ദീഘമായുസ്സുണ്ടാകുമായതിൽ
വജ്ജ്യങ്ങളാം ദന്തകാഷ്ഠങ്ങളാം വജ്ജിച്ചീടുക നിത്യവും. 44
ശാസ്ത്രദൃഷ്ടങ്ങളാം ഭക്ഷിക്ക വാവുന്നാളതൊഴിക്കണം
വടക്കോട്ടു തിരിഞ്ഞെന്നും ശൗചം ചെയ്യു സമാഹിതൻ. 45
ദേവപൂജ കഴിക്കാതെ ചെയ്യൊല്ലാ ദന്തധാവനം
ദേവപൂജ കഴിക്കാതെ നേരേ ചെല്ലൊല്ലൊരിക്കലും. 46
ഗുരു വൃദ്ധൻ ധമ്മശീലൻ വിദ്വാനിവരിലെന്നിയേ
പൊടിയേററുള്ള കണ്ണാടി നോക്കൊല്ലാ ബുദ്ധിയുള്ളവർ. 47
സംഗിക്കൊല്ലറിയാസ്ത്രീയെച്ചെററും ഗർഭിണിയേയുമേ
വടക്കോട്ടും പടിഞ്ഞാട്ടും തലവെച്ചിട്ടുറങ്ങൊലാ. 48
കിഴക്കോ തലതാൻ തെക്കോ വെച്ചു വിദ്വാനുറങ്ങണം
ഒടിഞ്ഞോ ജീണ്ണമോ കട്ടിൽ മെത്ത കേറിയുറങ്ങൊലാ. 49
ഇരുട്ടത്തും പെട്ടയായും വിലങ്ങിയുമൊരിക്കലും
കാര്യത്തിന്നോ കരാറിന്നോ നാസ്തികന്മാരൊടൊക്കൊലാ. 50
പീഠം കാലാൽ വലിച്ചിട്ടു താനിരുന്നീടൊലാ നരൻ
നഗ്നനായിക്കുളിക്കൊല്ലാ രാവിങ്കലുമൊരിക്കലും. 51
കുളിക്കു ശേഷമുഴിയൊല്ലംഗങ്ങളിൽ വിചക്ഷണൻ
കുളിച്ചേ കുറിയാവാവൂ കുളിച്ചാൽ മുണ്ടു വീശൊലാ. 52
നനഞ്ഞ വസ്ത്രങ്ങളാം നിത്യമുടുത്തീടൊല്ല മാനവർ
പൂമാലകളിഴയ്ക്കൊല്ലാ പുറത്താക്കിദ്ധരിക്കൊലാ. 53
തീണ്ടാരിയാം നാരിയോടു സംസാരിക്കൊല്ലൊരിക്കലും
മലം വിടൊല്ലാ കണ്ടത്തിൽ ഗ്രാമത്തിൻെറയടുത്തുമേ. 54
മലമൂത്രങ്ങളാം വെള്ളത്തിൽ വിട്ടുപോകൊല്ലൊരിക്കലും
ഉണ്ണാറാമ്പോളം മൂന്നുവട്ടം വെള്ളംകൊണ്ടാചമിക്കണം. 55
ഉണ്ടിട്ടും മൂന്നുരു പരം രണ്ടുവട്ടം തുടയ്ക്കണം
കിഴക്കു നോക്കിയുണ്ണേണം മൗനിയായ് കുത്സയെന്നിയേ[3]. 56
എച്ചിൽ ശേഷിപ്പിച്ചീടേണമുണ്ടാൽ തീയുള്ളിലോക്കണം
കിഴക്കുനോക്കിയുണ്ടീടിലായുസ്സാം തെക്കു കീത്തിയാം. 57
ധന്യം[4] പടിഞ്ഞാട്ടെയ്യാകിൽ വടക്കോട്ടാകിലാണൃതം

1 സംയാവം=നെയ്യിൽ വറുത്ത ഒരുജാതി അപ്പം. 2 കൃസരം=ഒരുതരം പായസം.
3 കുത്സയെന്നിയേ=കുററം പറയാതെ. 4 ധന്യം=ധനത്തിനു ഹിതം; പണമുണ്ടാകുമെന്നത്ഥം.

അഗ്ന്യാലംഭം ചെയ്തു നീരാൽ തൊടണം പ്രാണനൊക്കയും. 58
ഗാത്രമൊട്ടുക്കമവ്വണ്ണം നാഭിയും കൈത്തലങ്ങളും
ചവിട്ടൊല്ലുമിയും ചെററു കേശം ഭസ്മം കപാലവും. 59
അന്യൻ കുളിച്ച ജലവും ദൂരെത്താൻ വിട്ടൊഴിക്കണം
ശാന്തിഹോമങ്ങരം ചെയ്യേണം സാവിത്രങ്ങരം[1] ധരിക്കണം. 60
ഇരുന്നു തിന്നണം വയ്യാ നടന്നുംകൊണ്ടൊരിക്കലും
നിന്നു മൂത്രം വീഴ്ത്തിടൊല്ല ഭസ്മത്തിങ്കൽ തൊഴുത്തിലും. 61
കാൽ നനച്ചിട്ടുണ്ടിടേണമീറൻകാലായ് കിടക്കൊലാ
കാൽ നനച്ചുണ്ണുവോൻ നൂറു കൊല്ലും ജീവിച്ചിരുന്നിടും. 62
മൂന്നു തേജസ്സശുചിയായ്ത്തൊട്ടുപോകൊല്ലൊരിക്കലും
തീയെപ്പയ്യെ ബ്രാഹ്മണനെയെന്നാലായുസ്സു കെട്ടിടാ. 63
മൂന്നു തേജസ്സശുചിയായ് നോക്കിപ്പോകൊല്ലൊരിക്കലും
സൂര്യനെച്ചന്ദ്രനെപ്പിന്നെ നക്ഷത്രങ്ങളെയെങ്ങുമേ. 64
മേല്പോട്ടാകും യുവാവിന്നാ പ്രാണൻ വൃദ്ധൻ വരുമ്പൊഴേ
എഴുന്നേററഭിവാദ്യത്താലതു വീണ്ടുമൊതുങ്ങിടും. 65
അഭിവാദ്യം ചെയ്തു വൃദ്ധക്കാസനംതാൻ കൊടുക്കുക
കൈകൂപ്പി നിന്നുപാസിക്ക പോകുമ്പോരം പിൻപു ചെല്ലുക. 66
ഭിന്നപീഠത്തിൽ വാഴൊല്ലാ ഭിന്നകാംസ്യമൊഴിക്കണം
ഒററവസ്ത്രത്തൊടുണ്ണൊല്ലാ നഗ്നനായിക്കുളിക്കൊലാ. 67
നഗ്നനായിട്ടുറങ്ങൊല്ലാ ശുദ്ധംമാറിക്കിടക്കൊലാ
അശുദ്ധനായ് തല തൊടൊല്ലല്ലാ പ്രാണനുമങ്ങുതാൻ. 68
കേശഗ്രഹം പ്രഹരവും ശിരസ്സിങ്കലൊഴിക്കണം
കൈ രണ്ടും കൂട്ടിയൊന്നിച്ചു തന്നുടേ തല മാന്തൊലാ. 69
ഏറെ വയ്യാ ശിരസ്സ്നാനമെന്നാലായുസ്സു കെട്ടിടാ
തല മുങ്ങിക്കുളിച്ചംഗങ്ങളിൽത്തൈലം പുരട്ടൊലാ. 70
എരം വറുത്തു തിന്നീടൊല്ലെന്നാലായുസ്സു കിട്ടിടാ
അശുദ്ധനോത്തു ചൊല്ലിക്കൊല്ലോത്തു ചൊല്ലൊല്ലൊരിക്കലും.
വാതത്തിൽപ്പൂതിഗന്ധ[2]ത്തിൽ മനസ്സാലും നിനയ്ക്കൊലാ[3]
പഴമക്കാരിങ്ങുരപ്പു യമൻ ചൊല്ലിയ ഗാഥകരം. 72
ആയാരംക്കായുസ്സു പോക്കും ഞാൻ സന്താനത്തെക്കെടുത്തിടും
അശുദ്ധനായ് പായുകിലും സ്വാദ്ധ്യായം ചെയ്കിലും ശരി. 73
അനദ്ധ്യായത്തിൽ മൗഢ്യത്താൽ ദ്വിജനോത്തഭ്യസിക്കിലും
അവന്നോത്തു നശിച്ചീടുമായുസ്സിന്നും ക്ഷയം വരും; 74
എന്നാലനദ്ധ്യായകാലത്തോത്തു ചൊല്ലൊല്ലൊരിക്കലും.
ആദിത്യൻ നേക്കഗ്നിനേക്കും പൈനേക്കും വിപ്രർനേക്കുമേ 75

---

1 സാവിത്രങ്ങൾ = സവിതാവിനെ സംബന്ധിച്ച മന്ത്രങ്ങൾ. 2 പൂതിഗന്ധം = ദുർഗ്ഗന്ധം. 3 വേദത്തെ എന്നർത്ഥം.

മൂത്രം വഴിക്കും വീഴ്ത്തീടിലവർക്കായുസ്സു കെട്ടുപോം.
വടക്കുനോക്കിപ്പകലോ മലമൂത്രമൊഴിക്കണം 76
രാത്രിയിൽത്തെക്കു നോക്കീട്ടുമെന്നാലായുസ്സു കെട്ടിടാ.
കൃശർ മൂവരെ നിന്ദിക്കൊല്ലായുസ്സേററം കൊതിപ്പവൻ 77
വിപ്രൻ നൃപൻ പാമ്പിവരെയിങ്ങാശീവിഷർ[1] മൂവരും;
ആശീവിഷം ചൊടിച്ചൊന്നു നോക്കിയാൽ ചുട്ടെരിക്കുമേ. 78
ചുട്ടും ക്രുദ്ധൻ ക്ഷത്രിയനും തേജസ്സാൽ നോക്കിടുമ്പൊഴേ
കുലം മുടിക്കുമേ വിപ്രൻ ധ്യാനത്താൽ നോക്കിനാലുമേ 79
അതിനാലീ മൂന്നിനേയുമുപാസിക്കുക പണ്ഡിതൻ.
നിർബ്ബന്ധം ഗുരുവോടൊട്ടും ചെയ്യുപോകൊല്ലൊരിക്കലും 80
ക്രോധിക്കിൽഗ്ഗുരുവേ മാനാൽ തെളിയിക്ക യുധിഷ്ഠിര!
പാഴിൽച്ചെയ്യും ഗുരുവിലും നന്നായിത്തന്നെ നില്ക്കണം 81
ആയുസ്സെരിക്കും മർത്ത്യർക്കു ഗുരുനിന്ദയസംശയം.
ഗൃഹാൽ ദൂരത്തുതാൻ മൂത്രം ദൂരെക്കാൽകഴുകുന്നതും 82
എച്ചിൽകൊണ്ടിടലും ദൂരെച്ചെയ്യേണം ഹിതമോർപ്പവൻ.
തുടുത്ത പൂവ[2]ണിയൊലാ വെള്ളപ്പൂവണിവൂ ബുധർ 83
താമരപ്പൂവാമ്പലിവ വിട്ടൊഴിച്ചിട്ടു താൻ പ്രഭോ!
രക്തവും തലയിൽച്ചൂടാം വാനേയ[3]വുമതേവിധം 84
കാഞ്ചനപ്പൂമാലയുമേ ദോഷമാവില്ലൊരിക്കലും.
കുളിച്ചവന്നാർദ്രമാകും കുറിക്കൂട്ടേകണം നൃപ! 85
വസ്ത്രം മറിച്ചുടുക്കൊല്ലാ ബുദ്ധിമാനായിട്ടും നരൻ.
അന്യൻ ധരിച്ചതും വയ്യാ വക്കു കാണാതെയുള്ളതും 86
മെത്തക്കു വിരിയാം വസ്ത്രം മറെറാന്നായീടണം നൃപ!
രഥ്യ[4]കൾക്കും വേറെ വേറെ ദേവതാർച്ചനകൾക്കുമേ. 87
കുങ്കുമം ചന്ദനം വിലം തകരം[5] കേസരം[6] പരം
ഇവ വെവ്വേറെയായിട്ടു പൂശേണം ബുദ്ധിയുള്ളവൻ. 88
ഉപവാസം ചെയ്തിടേണം കുളിച്ചു ശുചി ഭൂഷിതൻ
പർവ്വകാലത്തിലൊക്കേയും ബ്രഹ്മചാരിയുമാവണം. 89
ഒന്നിച്ചൊരൊററപ്പാത്രത്തിൽ ചോറുണ്ണൊല്ലാ ജനേശ്വര!
ഋതുസ്നാത ചമച്ചോന്നും ഭക്ഷിച്ചീടൊല്ലൊരിക്കലും. 90
സത്തെടുത്തതുമവ്വണ്ണം കാണുന്നോനേകിടാതെയും
അടുത്തുമശുചിക്കാകാ പരം സത്തുക്കളാകിലും; 91

---

1 ആശീവിഷർ=സർപ്പങ്ങൾ. 2 'രക്തമാല്യ'ത്തെ പരിഭാഷകൻ 'തുടുത്ത പൂ' വാക്കിയിരിക്കയാണ്. 'രക്തവും തലയിൽ ചൂടാം' എന്ന് അടുത്ത പദ്യത്തിൽ കാണുന്ന സ്ഥിതിക്ക് ഇവിടെ മാല എന്നുതന്നെ പറയേണ്ടിയിരുന്നു. 3 വാനേയം=വെള്ളത്തിലുണ്ടായത്. 4 രഥ്യ=യാത്ര. 5 തകരം=ഒരുതരം വാസനാദ്രവ്യം. 6 കേസരം=കുങ്കുമപ്പൂവ്.

ചോറുണ്ണാത്തോർ കാണ്കെ വയ്യാ പിന്നിൽവെച്ചുണ്ണണം ബുധൻ.
പിപ്പലം വടവും പിന്നെച്ചണ ശാകവുമങ്ങനെ 92
തിന്നൊല്ലുദുംബരവുമേ ജീവകാംക്ഷി നരോത്തമൻ.
വയ്യാട്ടുമാംസങ്ങളെ വിട്ടൊഴിക്ക മയിൽമാംസവും. 93
ഉണക്കമാംസം വജ്ജിക്ക പഴക്കം ചെന്നതും ശരി.
വിദ്വാൻ കയ്യുപ്പു കൂട്ടൊല്ലാ കഴിച്ചീടൊല്ല രാത്രിയിൽ 94
ദധിസക്തു* ഭുജിക്കൊല്ലാ പാഴിൽ മാംസമൊഴിക്കണം.
ഉണ്ണാം കാലത്തുമന്തികം വയ്യിടസ്സു സമാഹിതൻ 95
രോമം കിട്ടിയതുണ്ണൊല്ലാ ശത്രുശ്രാദ്ധവുമങ്ങനെ.
മിണ്ടാതെയാമൊററമുണ്ടായ് വയ്യിരിക്കാതൊരിക്കലും 96
നിലത്തിരുന്നുമുണ്ണൊല്ലാ നിന്നുമൊച്ചപ്പെടുത്തിയും.
വെള്ളം മുൻപായതിഥികൾക്കന്നം നല്കിദ്ധരാപതേ! 97
ബുദ്ധിമാൻ പിന്നെയുണ്ണേണം മററൊന്നോക്കാതെ മാനവൻ.
ഒരു പന്തിയിലൊന്നിച്ചേ ചോറുണ്ണാവൂ നരേശ്വര! 98
ഹാലാഹലവിഷം തിന്മൂ സുഹൃത്തിന്നേകിടായ്കിലോ.
പാനീയം പായസം സക്തു തൈരു നൈ തേനുമങ്ങനെ 99
ഒഴിച്ചു വേറേ ശേഷിച്ചതൊരുത്തന്നു കൊടുക്കൊലാ.
ഉണ്ണുമ്പോൾ മനുജവ്യാഘ്ര, ശങ്കിച്ചീടരുതേതുമേ 100
അനുപാനം തൈർ കഴിക്കൊല്ലായുസ്സുതൃപ്തിച്ചിടുന്നവൻ.
ഒരു കൈകൊണ്ടാചമിച്ചു വെള്ളത്തിൽക്കഴുകീടണം 101
വലങ്കാലിൻ പെരുവിരൽ കഴുകിക്കൊണ്ടിടേണ്ടതാം.
തലയിൽക്കൈവെച്ചു പിന്നെത്തീ തൊട്ടിട്ടു സമാഹിതൻ 102
ജ്ഞാതിശ്രേഷ്ഠത നേടീടും പ്രയോഗകുശലൻ നരൻ.
വെള്ളംകൊണ്ടിന്ദ്രിയസ്ഥാനങ്ങളിൽത്തൊട്ടിട്ടു നാഭിയും 103
സ്പൃശിച്ചുകൊണ്ടു ലാത്തേണ,മീറൻകയ്യായി വയ്യതും.
ബ്രാഹ്മം തീർത്ഥം പെരുവിരൽക്കിടയ്ക്കെന്നാണു ചൊൽവതും 104
ദൈവം തീർത്ഥം ചെറുവിരൽക്കിടയ്ക്കാണെന്നു ചൊൽവതാം.
ചൂണ്ടാണിക്കും പെരുവിരലിന്നുമുള്ളിടകൊണ്ടു താൻ 105
പിതൃക്കൾക്കു നല്കണം നിത്യം ന്യായമായിട്ടു ഭാരത!
പരാപവാദം ചൊല്ലൊല്ല ചൊല്ലൊല്ലപ്രിയമൊട്ടുമേ 106
മന്യുവുണ്ടാക്കിടൊല്ലൊട്ടുമായുസ്സുതൃപ്തിച്ചിടും പുമാൻ.
ഭ്രഷ്ടരായ് മിണ്ടുവാൻ നോക്കൊല്ലൊഴിച്ചീടുക കാഴ്ചയും 107
സംസർഗ്ഗവും ചെയ്തുപോകൊല്ലെന്നാലായുസ്സു ദീർഘമാം.
ദിവാസുരതവും വയ്യാ കന്യാധൂർത്താരതങ്ങളും 108
കുളിയാസ്ത്രീസുരതവുമെന്നാലായുസ്സു ദീർഘമാം.
സ്വസ്വതീർത്ഥത്താചമിച്ചു കാര്യമുള്ളതിലോർത്തമേൽ 109

* ദധിസക്തു = തൈരു കൂട്ടിയ അരിമാവ്.

നീർ കുടിച്ചും മൂന്നു, രണ്ടു തുടച്ചും ശുചിയാവണം.
തൊട്ടിന്ദ്രിയങ്ങളേ മുററും മർത്ത്യൻ മൂന്നു തളിച്ചുമേ[1] 110
പിതൃവും ദൈവവും ചെയ്ക വേദോക്തക്രിയയാലെതാൻ.
ബ്രാഹ്മണാർത്ഥത്തിലാം ശൗചമെന്നെന്നും കേൾ കുരുദ്വഹ! 111
പവിത്രം ഹിതവും പാരമൂണിന്നാദ്യമൊടുക്കവും.
എല്ലാശ്ശൗചത്തിലും ബ്രാഹ്മതീർത്ഥംകൊണ്ടാചമിക്കണം 112
ഉണ്ടാൽ കുലുക്കുഴിഞ്ഞംബുസ്പർശത്താൽ ശുദ്ധിയായ്വരും.
വൃദ്ധൻ ജ്ഞാതി പരം മിത്രം ദാരിദ്ര്യംപൂണ്ടിരിക്കുകിൽ 113
ഗൃഹം വാഴിക്കുകവരെദ്ധന്യമായുഷ്യമേററവും.
ഗൃഹത്തിൽ ശ്രീകരം മാടപ്രാവു പൈങ്കിളി തത്തകൾ 114
ദോഷത്തിന്നല്ലിവ; ഗൃഹത്താ നരച്ചീൽകളങ്ങനെ
ഉദ്ദീപക[2]ങ്ങൾ ഗൃധ്രങ്ങൾ കപോതഭ്രമരങ്ങളും 115
കടന്നുകൂടിയാലപ്പോൾ ശാന്തികർമ്മം നടത്തണം;
അമംഗല്യങ്ങളിവകൾ യോഗ്യക്രോശവും ശരി. 116
മഹാന്മാരുടെ ഗുഹ്യങ്ങൾ ചൊല്ലിപ്പോകൊല്ലൊരിക്കലും
അഗമ്യമാരായ് ചേരൊല്ലാ രാജസ്ത്രീസഖിമാരൊടും. 117
വൈദ്യന്മാർ ബാലവൃദ്ധന്മാർ ഭൃത്യന്മാർകൾ യുധിഷ്ഠിര!
ബന്ധുക്കൾ വിപ്രരവ്വണ്ണം സംബന്ധി ശരണാഗതൻ 118
ഇവർതൻ സ്ത്രീകളായ്ച്ചേരൊല്ലെന്നാലായുസ്സു ദീർഘമാം.
വിപ്രൻ തച്ചനുമായിട്ടു നിർമ്മിച്ചോരില്ലമായതിൽ 119
എന്നും പാർത്തീടണം പ്രാജ്ഞനായുസ്സിച്ഛിക്കിൽ മന്നവ!
സന്ധ്യയ്ക്കുറങ്ങൊല്ല വിദ്യ ശീലിക്കൊല്ലാ നരേശ്വര! 120
ഭക്ഷിച്ചീടൊല്ല മേധാവിയെന്നാലായുസ്സു ദീർഘമാം.
രാത്രി പിതൃങ്ങൾ ചെയ്തീടൊല്ലുണ്ടിട്ടേവം പ്രസാധനം 121
വെള്ളത്തിൽ ക്രിയയും[3] രാത്രി ചെയ്യൊല്ലൈശ്വര്യമോർപ്പവൻ.
വർജ്ജിച്ചുകൊള്ളണം നിത്യം രാത്രി സക്തുക്കൾ ഭാരത! 122
മററുള്ളവ വിശുദ്ധങ്ങളുണിന്നിടയിൽ വെള്ളവും.
അതിതൃപ്തിപ്പെടുത്തൊ[4]ല്ലാ വയ്യാ രാത്രിയിലങ്ങനെ 123
ദ്വിജച്ഛേദം ചെയ്യരുതു[5] താനുണ്ടിട്ടതു ചെയ്യൊലാ.
മഹാകുലത്തിലുണ്ടായി ശ്രേഷ്ഠലക്ഷണമൊത്തഹോ! 124
യൗവനം പൂണ്ടെഴും കന്യയാളെത്താൻ വേൾക്കണം ബുധൻ.
പിന്നെസ്സന്താനമുണ്ടാക്കിത്തൻ കുലം നിലനിർത്തിയും 125
കുലധർമ്മജ്ഞാനസിദ്ധിക്കേകെ ഭാരത, മക്കളെ.
ജനിപ്പിച്ചേകണം ധീമാൻ കുലപുത്രന്നു കന്യയെ 126

1 തളിക്ക = പ്രോക്ഷണംചെയ്ക. 2 ഉദ്ദീപകം = മിന്നാമിനുങ്ങ്. 3 വെള്ളത്തിൽ ക്രിയ = മുങ്ങിക്കുളി. 4 അതിതൃപ്തിപ്പെടുത്തുക = വേണ്ടതിലധികം ആഹാരംകൊടുത്തു തൃപ്തിപ്പെടുത്തുക. 5 ദ്വിജച്ഛേദം ചെയ്ക = പക്ഷികളെ കൊല്ലുക.

വേറംപ്പിക്ക മക്കളെച്ചേർക്ക് കുലാൽ ഭൃത്യരെ ഭാരത!
മുങ്ങിക്കുളിച്ചിട്ടു ചെയ്യൂ ദൈവം പിത്ര്യവുമങ്ങനെ 127

താൻ ജനിച്ചുള്ള നാളിന്മേലത്തു ചെയ്യരുതിടൊലാ നരൻ.
ചെയ്യൊല്ലാ പ്രോഷ്ഠപദിയിൽ ഭാരതാഗ്നേയനാളിലും[1] 128

ദാരുണങ്ങ[2]ളിലൊട്ടുക്കും വർജ്ജിക്ക പ്രത്യര[3]ത്തിലും.
ജ്യോതിഷത്തിൽച്ചൊന്നവകളൊക്കെ വർജ്ജിച്ചുകൊള്ളണം 129

കിഴക്കു നോക്കിച്ചെയ്യേണം മുഖക്ഷൗരം സമാഹിതൻ.
വടക്കു പാർത്തുമാം ഭൂപ, ദീർഘായുസ്സാകുമെങ്കിലോ 130

പരിവാദം ചെയ്യരുതിടൊല്ലാ പരന്മാർക്കും തനിക്കുമേ;
പരിവാദമധർമ്മത്തിന്നാണപോൽ ഭരതർഷഭ! 131

അംഗഹീനപ്പെണ്ണിനെ വർജ്ജിക്ക കന്യയെയും നൃപ!
സഗോത്രയെ വ്യംഗ[4]യേയും മാതൃവംശജയേയുമേ 132

വൃദ്ധയെസ്സന്യസിച്ചോളെപ്പതിവ്രതയെയും ശരി
നീചജാതിയെയുൽക്കൃഷ്ടജാതിയേയുമൊഴിക്കണം. 133

വിചക്ഷണൻ ഗമിച്ചീടൊല്ലയോനിയെ വിയോനിയെ
നീ വേറംക്കൊലാ പിംഗളയെക്കുഷ്ഠമുള്ളോളെയും ശരി. 134

അപസ്മാരകുലക്കാരി നീചയേയുമൊഴിക്കണം
പാണ്ടുള്ളോർതൻ ക്ഷയക്കാർതൻ വംശജാതയെയും നൃപ! 135

ലക്ഷണം ചേർന്നവളതിശ്ശ്ലാഘ്യലക്ഷണയേവളോ
മനോജ്ഞ കണ്ടാൽ നല്ലോളുണ്ടവളേ വേറംക്കണം ഭവാൻ. 136

കിടയ്ക്കൊക്കും വൻകുലത്തിൽനിന്നു വേറംക്ക യുധിഷ്ഠിര!
താഴ്ന്നോളെയും ഭ്രഷ്ടയേയുമേല്ലൊല്ലൈശ്വര്യമോപ്പവൻ. 137

ശ്രദ്ധിച്ചഗ്നികളുണ്ടാക്കി വേദോക്തക്രിയയങ്ങനെ
ബ്രാഹ്മണന്മാർ ചൊല്ലിയവയൊക്കയും ചെയ്തുകൊള്ളണം. 138

ഈർഷ്യ വയ്യാ നാരികളിൽ മുററും രക്ഷിക്ക ഭാര്യയെ
അനായുഷ്യയുമാമീർഷ്യയെന്നാലീർഷ്യയൊഴിക്കണം. 139

അനായുഷ്യം ദിവാസ്വപ്നമുദിച്ചിട്ടു കിടക്കലും
കാലത്തന്തിക്കുമവ്വണ്ണമശുദ്ധരുമുറങ്ങിടാ. 140

അനായുഷ്യം പാരദാര്യം ക്ഷുരകാശുദ്ധിയും ശരി
യതിച്ചഭ്യാസമമ്മട്ടു ചെയ്തുപോകൊല്ല ഭാരത! 141

അന്തിക്കുണ്ണൊല്ലപ്രകാരം കുളിക്കൊല്ലാ പഠിക്കൊലാ.
അതിൽ പ്രയതനായ് നില്ക്കുകൊന്നുമേ ചെയ്തുപോകൊലാ. 142

വിപ്രരെപ്പൂജ ചെയ്യേണം കുളിച്ചിട്ടു നരാധിപ!
കുളിച്ചു ദേവപ്രണതി ചെയ്താചാര്യാഭിവാദ്യവും. 143
ക്ഷണിക്കാതെ ഗമിക്കൊല്ലാ യാഗം കാണ്മാൻ ഗമിച്ചിടാം

1 ആഗ്നേയനാള് = കൃത്തിക. 2 ദാരുണങ്ങൾ = ക്രൂരനക്ഷത്രങ്ങൾ. 3 പ്രത്യരം = അഷ്ടമിരാശിക്കുറും മററും വരുന്ന നക്ഷത്രങ്ങൾ. 4 വ്യംഗ = അംഗഭംഗമുള്ളവൾ.

അൎച്ചിക്കായ്കിലനായുഷ്യമങ്ങോട്ടാപ്പോക്ക ഭാരത! 144
താനേ ദേശാന്തരം പോകൊല്ലേവം രാത്രി നടക്കൊലാ
ഒടുക്കത്തെസ്സന്ധ്യ വരുംമുൻപു ഗേഹത്തിൽ വാഴണം. 145
അച്ഛനമ്മ ഗുരുക്കന്മാർ ചൊന്ന കല്പന ചെയ്യണം
ഹിതമോ ചെററഹിതമോ ചിന്തിക്കൊല്ലാ നരൎഷഭ! 146
ആയുൎവ്വേദം വേദമിവയ്ക്കേററം യത്നിക്കണം നൃപ!
ആനപ്പുറത്തശ്വപൃഷ്ഠത്തവ്വണ്ണം രഥയാത്രയിൽ. 147
യത്നം ചെയ്യുക രാജേന്ദ്ര, യത്നിപ്പോൻ സുഖമാണ്ടിടും
അധൃഷ്യനാം വൈരികൾക്കും ഭൃത്യൎക്കും സ്വജനത്തിനും. 148
പ്രജാരക്ഷയ്ക്കൊരുമ്പെട്ടോർ ക്ഷതിയേല്ക്കില്ലൊരേടവും
യുക്തിശാസ്ത്രം ശബ്ദശാസ്ത്രം നീയറിഞ്ഞീടു ഭാരത! 149
ഗാന്ധൎവ്വശാസ്ത്രം കലകളറിയേണ്ടവ മന്നവ!
ഇതിഹാസപുരാണങ്ങളാഖ്യാനങ്ങളുമങ്ങനെ; 150
മഹച്ചരിതവും നിത്യം കേട്ടുകൊണ്ടീടണം ഭവാൻ.
തീണ്ടാരിയാം പത്നിയെങ്കിൽ ഗമിക്കൊല്ല വിളിക്കൊലാ 151
നാലാന്നാളിൽക്കുളിച്ചോളായ് രാത്രി ചേരുക പണ്ഡിതൻ.
അഞ്ചാന്നാളിൽ പെണ്ണിവണ്ണമാറാംദിവസമാണുമാം 152
ഈവിധിക്കപ്പത്നിയോടു സംഗമിക്കുക പണ്ഡിതൻ.
ജ്ഞാതിസംബന്ധിമിത്രങ്ങൾ പൂജിക്കേണ്ടവർ മററുമേ 153
ഭൂരിദക്ഷിണയജ്ഞങ്ങൾ യഥാശക്തി കഴിക്കണം.
അതിനുമേലരണ്യത്തെ സേവിക്കേണം നരാധിപ! 154
ആയുഷ്യലക്ഷണോദ്ദേശമിതാ നിന്നോടു ചൊല്ലിനേൻ;
ത്രൈവിദ്യ വൃദ്ധരൊടിനിശ്ശേഷം നേടു യുധിഷ്ഠിര! 155
ആചാരമൈശ്വര്യകരമാചാരം കീൎത്തിവൎദ്ധനം
ആചാരാൽ വാഴ്കമായുസ്സുമാചാരം ദോഷനാശനം. 156
ആഗമങ്ങളിലെല്ലാററിലാചാരം ശ്രേഷ്ഠമാണുപോൽ
ആചാരമൂലമാം ധൎമ്മം ധൎമ്മമായുൎവ്വിവൎദ്ധനം. 157
ഇതോ യശസ്യമായുഷ്യം സ്വൎഗ്ഗ്യം സ്വസ്ത്യയനം പരം
ബ്രഹ്മാവെല്ലാജ്ജാതിയിലും കനിവാന്നരുൾ ചെയ്തതാം. 158

105. ജ്യേഷ്ഠകനിഷ്ഠവൃത്തി

ജ്യേഷ്ഠാനുജന്മാർ തമ്മിൽ പെരുമാറേണ്ട രീതി. അച്ഛൻ മരിച്ചാൽ ജ്യേഷ്ഠനെ അച്ഛനെപ്പോലെ കരുതണമെന്നു്.

യുധിഷ്ഠിരൻ പറഞ്ഞു

അണ്ണൻ നില്പു, തമ്പികളിലെങ്ങനേ ഭരതൎഷഭ!
തമ്പിമാരങ്ങണ്ണനിലും ചൊല്ലു നില്ക്കേണ്ടതെങ്ങനെ? 1

ഭീഷ്മൻ പറഞ്ഞു

ജ്യേഷ്ഠൻെറ മട്ടിലായ് നില്ക്ക നിത്യം നീ ജ്യേഷ്ഠനല്ലയോ?
ഗുരുവിൽ ഗൗരവനില ശിഷ്യന്നെന്തയി ഭാരത! 2
അകൃതജ്ഞൻ[1] ഗുരുവിലോ നില്പാനാവില്ല ശിഷ്യനാൽ
ഗുരുവിൽ ദീർഘദർശിത്വമത്തു ശിഷ്യന്നു ഭാരത! 3
അന്ധനാമന്ധകാലത്തു[2] ജഡനെന്നതുമാം ബുധൻ
അതിക്രമ[3]മവർക്കെന്തുണ്ടതൊഴിപ്പാനുരയ്ക്കണം. 4
പ്രത്യക്ഷമുള്ള ഭേദിച്ചോർ കൃതം[4] തെററിക്കുമേ നരർ[5]
ശ്രീ കണ്ടു തപ്പർ കൗന്തേയ, തെററാൻ നോക്കുന്നു വൈരികൾ. 5
ജ്യേഷ്ഠൻ കുലം വളർത്തുന്നു നശിപ്പിക്കുന്നിതങ്ങനെ
താനുണ്ടായ കുലം ജ്യേഷ്ഠൻ മുടിച്ചീടുന്നു മുററുമേ. 6
ജ്യേഷ്ഠഭ്രാതാവനുജനിൽ വിനികാരം[6] തുടർന്നവൻ
ജ്യേഷ്ഠനാവില്ല തൽഭാഗഭാക്കല്ലാ രാജശാസ്യനാം. 7
വികാരം ചെയ്യുവോൻ പാപലോകം പൂകുമസംശയം
ആററുവഞ്ഞിപ്പൂകണക്കെപ്പൊഴിലാം ജനകന്നവൻ. 8
പാപപൂരുഷനുണ്ടാകും വംശത്തൊട്ടുക്കനർത്ഥമാം
അകീർത്തിയുണ്ടാകുമവൻ കീർത്തി കാണാതെയാക്കിടും. 9
സോദരന്മാർ വികർമ്മസ്ഥ[7]രാരും ഭാഗാർഹരല്ലരാ
കനിഷ്ഠർക്കു കൊടുക്കാതെ ജ്യേഷ്ഠൻ ചെയ്യൊല്ല യൗതകം[8]. 10
അച്ഛൻെറ മുതൽ പോക്കാതെ കാൽകഴച്ചു നടന്നവൻ
താനിച്ഛയാൽ നേടിയതു നല്കേണ്ടാ മനമെന്നിയേ. 11
ഭാഗിക്കാത്താസ്സോദരന്മാരൊത്തെതിർത്തുദ്യമിക്കിലും
വിഷമം[9] പുത്രഭാഗത്തെയച്ഛൻ നല്കേണ്ടൊരിക്കലും[10]. 12
നിന്ദ്യനായി വരാ ജ്യേഷ്ഠൻ പുണ്യവാൻ പാപിയെങ്കിലും
പെണ്ണെന്നാൽ തമ്പിയെന്നാലും ശ്രേയസ്സെന്തതു ചെയ്യണം. 13
ധർമ്മം ശ്രേയസ്സെന്നു ചൊൽവൂ ധർമ്മവിത്തുക്കളാം ജനം

---

1 അകൃതജ്ഞൻ=കൃതഘ്നൻ. [അകൃതപ്രജ്ഞൻ (അറിവില്ലാത്തവൻ) എന്നാണു മൂലം. ആ അർത്ഥമാണ് ഇവിടെ കൂടുതൽ യോജിക്കുക]. 2 അന്ധനാമന്ധകാലത്ത്=അനുജൻ വല്ല അന്ധകൃത്യം ചെയ്താലും ജ്യേഷ്ഠൻ അതു കണ്ടില്ലെന്നു നടിക്കണമെന്നർത്ഥം. 3 അതിക്രമം=അകൃത്യം. 4 കൃതം=മിത്രം. 5 ജ്യേഷ്ഠാനുജന്മാർ യോജിച്ചു നടക്കുന്നതുകണ്ട് ഹൃദയം പിളർന്ന ശത്രുക്കൾ അവർ തമ്മിലുള്ള മൈത്രിയെ നശിപ്പിക്കാൻ ശ്രമിക്കുമെന്നർത്ഥം. 6 വിനികാരം=ദ്രോഹം. 7 വികർമ്മസ്ഥർ=കർമ്മം വേണ്ടതുപോലെ അനുഷ്ഠിക്കാത്തവർ; തെറ്റായ കർമ്മം ചെയ്യുന്നവർ. 8 യൗതകം=സ്വത്ത്. (അനുജൻ വികർമ്മസ്ഥനാണെങ്കിൽ പൈതൃകസ്വത്ത് അവനു നല്കാതെ ജ്യേഷ്ഠനു തനിച്ച് ഉപയോഗിക്കാം എന്നാണ് മൂലത്തിലെ ആശയം. "നാപ്രദായ കനിഷ്ഠേഭ്യോ ജ്യേഷ്ഠഃ കുർവ്വീത യൗതകം." പരിഭാഷയിൽ അതു നേരെ വിപരീതമായിരിക്കുന്നു). 9 വിഷമം=സമമല്ലാത്തത്. (സോദരന്മാർ തമ്മിൽ കലഹിച്ചു ഭാഗത്തിനുവേണ്ടി അച്ഛനോടെതിർത്തു പ്രവർത്തിച്ചാൽത്തന്നെ അച്ഛൻ തൻെറ സ്വത്ത് എല്ലാവർക്കും സമമായി ഭാഗിച്ചുകൊടുക്കേണ്ടതാണെന്നു സാരം. 10 നല്കേണ്ടൊരിക്കലും=ഒരിക്കലും നല്കാൻ പാടില്ല.

പത്താചാര്യക്കുപാദ്ധ്യായൻ പത്തുപാദ്ധ്യായനച്ഛനാം. 14
പത്തച്ഛന്മാക്കമ്മെ മുററും പൃഥിവിക്കുമതേവിധം
ഗൗരവത്താൽ മേലെ നില്ക്കുമമ്മമട്ടില്ലൊരാരം ഗുരു. 15
അമ്മയത്രേ ശ്രേഷ്ഠയെന്നമതുകൊണ്ടോക്കുമേ ജനം
അച്ഛന്മരിച്ചീടിലണ്ണനച്ഛനെപ്പോലെ ഭാരത! 16
ഇവക്കവൻ വൃത്തി നല്കുകിവരെക്കാത്തുകൊരംകവൻ
കനിഷ്ഠരെല്ലാമവനെപ്പാട്ടിൽനിന്നു വണങ്ങണം. 17
അച്ഛനെപ്പോലവനെയങ്ങുപജീവിച്ചുകൊള്ളണം
ശരീരസൃഷ്ടിചെയ്യോരാണച്ഛനമ്മകരം ഭാരത! 18
ആചാര്യർ ശാസിച്ച ജന്മം സത്യമാമജരാമരം.
ജ്യേഷ്ഠത്തിയമ്മയെപ്പോലെതന്നെയാം ഭരതഷ്ഭ!
ബാല്യത്തിൽത്താൻ മുല കുടിച്ചുള്ളോരാ ഭ്രാതൃഭാര്യയും. 19

106. ഉപവാസവിധി

ഓരോ മാസത്തിലും ഓരോ തിഥിയിലും വിധിപ്രകാരം ഉപവസിച്ചാലുള്ള ഫലം വിവരിച്ചിരിക്കയാണ് ഈ അദ്ധ്യായത്തിൽ.

യുധിഷ്ഠിരൻ പറഞ്ഞു

എല്ലാജ്ജാതിക്കാക്കുമേവം മ്ലേച്ഛന്മാക്കും പിതാമഹ!
നോൽമ്പിനീബ്ബുദ്ധികാണുന്നുണ്ടറിയുന്നില്ല കാരണം. 1
ബ്രഹ്മക്ഷത്രങ്ങരം നിയമം ചെയ്യെന്നും കേട്ടിരിപ്പു ഞാൻ
അവക്കു നോററിരിക്കുമ്പോരം കൃത്യമെന്തു പിതാമഹ! 2
ഏവക്കും നിയമം നോൽമ്പെന്നിവ ചൊല്ലുക മന്നവ!
നോൽമ്പു നോല്ക്കുന്നവൻ താത, ഗതിയെന്തോന്നു നേടിടും? 3
ഉപവാസം പരം പുണ്യമുപവാസം പരായണം
നരശ്രേഷ്ഠ, ലഭിപ്പോന്നെന്തുപവാസത്തിനാൽ ഫലം? 4
അധമ്മമെങ്ങനെ വിടും ധമ്മമെങ്ങനെ കിട്ടിടും?
എങ്ങനേ പുണ്യമാം സ്വർഗ്ഗം നേടും ഭരതസത്തമ! 5
എന്തു നല്കീടണം നോൽമ്പുനോററിട്ടു നരനായക!
ധമ്മത്തിനാൽ സുഖാത്ഥാപ്തിയെന്തുകൊണ്ടതു ചൊല്ലു നീ. 6

വൈശമ്പായനൻ പറഞ്ഞു

എന്നോതും പാത്ഥധമ്മജ്ഞധമ്മപുത്ര*നൊടപ്പൊഴേ
ധമ്മതത്ത്വജ്ഞനാം ഭീഷ്മൻ ചൊല്ലീ ശന്തനുനന്ദനൻ. 7

ഭീഷ്മൻ പറഞ്ഞു

രാജാവേ, ഞാൻ കേട്ടിരിപ്പുണ്ടിതു പാരം പുരാതനം
ഉപവാസത്തിലെ ശ്രേഷ്ഠഗുണങ്ങരം ഭരതഷ്ഭ! 8

---

* പാത്ഥധമ്മജ്ഞധമ്മപുത്രൻ=കുന്തിയുടെ പുത്രനും ധമ്മമറിയുന്നവനുമായ ധമ്മപുത്രൻ.

അംഗിരസ്സാമൃഷിയോടു മുന്നം ഞാൻ കേട്ടു ഭാരത!
നീയെന്നോടെന്നതിൻവണ്ണം കേട്ടേനാ മുനിയോടു ഞാൻ. 9
ഈച്ചോദ്യം ഞാൻ ചെയ്തവാറു ഭഗവാനഗ്നിസംഭവൻ
പുണ്യോപവാസവിധിയെപ്പറഞ്ഞു ഭരതർഷഭ! 10

അംഗിരസ്സു പറഞ്ഞു

ബ്രഹ്മക്ഷത്രത്തിൽ വിഹിതം ത്രിരാത്രം കുരുനന്ദന!
ദ്വിത്രിരാത്രവുമേകാഹം നിർദ്ദേശിപ്പൂ നരർഷഭ! 11
വൈശ്യരും ശൂദ്രരുമുപവാസം മോഹാൽ കഴിക്കുകിൽ
ത്രിരാത്രംതാൻ ദ്വിരാത്രംതാനവർക്കു ഫലമില്ലെടോ. 12
നാലാമൂണില്ലാതെയാക്കൽ വിധിപ്പൂ വൈശ്യശൂദ്രരിൽ
ധർമ്മജ്ഞന്മാർ വിധിപ്പീലാ ത്രിരാത്രം ധർമ്മദർശികൾ. 13
പഞ്ചമീഷഷ്ഠികളിൽ വെൺവാവിലും ഭരതർഷഭ!
ഒരിക്കലുപവാസത്താൽ ജിതാത്മാവു ജിതേന്ദ്രിയൻ 14
ക്ഷമയുള്ളോനഴകിയോനറിവുള്ളോനുമായ്വരും;
പ്രാജ്ഞൻ സന്താനമില്ലാതെ നിസ്വനാകില്ലൊരിക്കലും. 15
യജിപ്പോൻ പഞ്ചമീഷഷ്ഠികളിലൂട്ടുക വിപ്രനെ
കൗരവ്യാഷ്ടമിയിൽക്കൃഷ്ണപക്ഷത്തിൽപ്പതിനാലിലും 16
നോൽമ്പുനോല്ക്കുകിൽ നീരോഗൻ വീര്യവാനഭിജാതനാം.
ഒരിക്കലായ് മാർഗ്ഗശീർഷമാസമൊക്കെക്കഴിച്ചവൻ 17
ഭക്ത്യാ വിപ്രരെയൂട്ടുന്നോൻ രോഗപാപവിഹീനനാം.
സർവ്വകല്യാണസമ്പൂർണ്ണൻ സർവ്വൗഷധിയുമൊത്തവൻ 18
നോൽമ്പു നോല്ക്കുകിൽ നീരോഗൻ വീര്യവാനഭിജാതനാം.
കൃഷിയേല്ക്കും ധനം വായ്ക്കും ധാന്യം വാച്ചവനായ്വരും 19
ഒരിക്കലായ് പൗഷ്യമാസം കഴിച്ചീടിൽ പൃഥാസുത!
സുഭഗൻ സുന്ദരാകാരൻ യശോഭാഗിയുമായ്വരും. 20
ഒരിക്കലായ് മാഘമാസം നിയതൻതാൻ കഴിക്കുകിൽ
ശ്രീമൽക്കുലത്തിൽത്താൻ ജ്ഞാതിശ്രേഷ്ഠനായിപ്പിറന്നിടും. 21
ഒരിക്കലായ് ഫാൽഗുനമാം മാസമങ്ങു കഴിക്കുകിൽ
സ്ത്രീകളിൽ പ്രിയനാം പാട്ടിലാകുമായാൾക്കു നാരികൾ. 22
ഒരിക്കലായ് ചൈത്രമാസം നിയതൻതാൻ കഴിക്കുകിൽ
മുത്തു പൊന്മണിയൊത്തുള്ള വൻകുലത്തിൽ ജനിച്ചിടും. 23
ഒരിക്കലായി വൈശാഖം കഴിച്ചീടിൽ ജിതേന്ദ്രിയൻ
നരനാട്ടേ നാരിയാട്ടേ ജ്ഞാനിക്കൂട്ടത്തിൽ മേലെയാം. 24
ഒരിക്കലായിട്ടാ ജ്യേഷ്ഠാമൂലമാസം കഴിക്കുകിൽ
ആണും പെണ്ണും ശ്രേഷ്ഠമാകുമതുലൈശ്വര്യമാർന്നിടും. 25
ഒരിക്കലായിട്ടാഷാഢമാസം വാഴ്കിലതന്ദ്രിതൻ
ധനധാന്യങ്ങൾ പെരുകിബ്ബഹുസന്താനനായ്വരും. 26

ഒരിക്കലായ് ശ്രാവണത്തെ നിയതൻതാൻ കഴിക്കുകിൽ
അതാതിടത്തിലാറാടി ജ്ഞാതിവർദ്ധനനായ്വരും. 27
ഒരിക്കലായ് പ്രോഷ്ഠപദമാസം ജീവിച്ചിടും നരൻ
പൈക്കളം കൂട്ടം സ്ഫീതനിശ്ചലൈശ്വര്യ[1]ത്തിനെ നേടിടും. 28
ഒരിക്കലായാശ്വിനമാം മാസത്തെത്താൻ കഴിക്കുകിൽ
മൃജ[2]യുള്ളോൻ വാഹനാഢ്യൻ ബഹുസന്താനനായ്വരും. 29
ഒരിക്കലായ് കാർത്തികമാം മാസം സാധിപ്പതാകിലോ
ബഹുഭാര്യൻ ശൂരനവൻ കീർത്തിയുള്ളോനുമായ്വരും. 30
എന്നു ചൊന്നേനൊരിക്കൽക്കീ മാസങ്ങളെ നരർഷഭ!
കേട്ടാലും തിഥികൾക്കുള്ള നിയമങ്ങളെയും നൃപ! 31
ഓരോ പക്ഷം കഴിഞ്ഞിട്ടുണ്ണുകിൽബ് ഭരതർഷഭ!
ഗോധനാഢ്യൻ ബഹുസുതൻ ദീർഘായുസ്സായുമായ്വരും. 32
മാസംതോറും ത്രിരാത്രങ്ങൾ പന്തീരാണ്ടു കഴിക്കുകിൽ
അനാവിലം നിസ്സപത്നം[3] ഗണാധീശത്വമേററിടും. 33
ഇച്ചൊന്ന നിയമം മുററും പതിററാണ്ടു നടത്തണം
ഈരാണ്ടും ഭരതശ്രേഷ്ഠ, പ്രവൃത്തിയെ നടത്തുവോൻ. 34
കാലത്തുമന്തിക്കുമുണ്ടിട്ടിടയ്ക്കു കുടിയാത്തവൻ
അഹിംസാനിരതൻ നിത്യമഗ്ന്യാഹുതി കഴിപ്പവൻ 35
ആറാണ്ടുകൊണ്ടവൻ ഭൂപ, സിദ്ധനാമില്ല സംശയം;
അഗ്നിഷ്ടോമമഖത്തിൻെറ ഫലം നേടീടുമായവൻ. 36
നൃത്യഗീതം മുഴങ്ങീടുമപ്സരസ്ത്രീഗൃഹത്തവൻ
രമിക്കും സ്ത്രീസഹസ്രാഢ്യൻ രജസ്സേല്ക്കാതെ പുണ്യവാൻ. 37
ഉരുക്കുപൊൻനിറമെഴും വിമാനത്തിൽക്കരേറിടും
ആയിരത്താണ്ടു തികയെ ബ്രഹ്മലോകത്തു പൂജ്യനാം; 38
അതു തീർന്നാലിങ്ങു വന്നു മാഹാത്മ്യത്തേയുമേററിടും.
ഒരിക്കലുണ്ണൊരാണ്ടോളം തികച്ചൊപ്പിച്ചിടും നരൻ 39
അതിരാത്രമഖത്തിൻെറ ഫലമേററീടുമായവൻ
പതിനായിരമാണ്ടോളം സ്വർഗ്ഗലോകത്തു പൂജ്യനാം 40
അതു തീർന്നാലിങ്ങു വന്നു മാഹാത്മ്യത്തെയുമേററിടും.
തികച്ചൊരാണ്ടു താൻ നാലാമൂണുണ്ടിട്ടു കഴിപ്പവൻ 41
അഹിംസാനിരതൻ നിത്യം സത്യം ചൊൽവോൻ ജിതേന്ദ്രി–
വാജപേയമഖത്തിൻെറ ഫലമേററീടുമായവൻ [യൻ
പതിനായിരമാണ്ടോളം സ്വർഗ്ഗലോകത്തു പൂജ്യനാം.
ആറാം കാലത്തുണ്ടു പാർത്ഥ, കൊല്ലമൊന്നു കഴിപ്പവൻ 43

---

1 സ്ഫീതനിശ്ചലൈശ്വര്യം=വർദ്ധിച്ചതും നശിക്കാത്തതുമായ ഐശ്വര്യം.
2 മൃജ=(ബാഹ്യവും ആഭ്യന്തരവുമായ) പരിശുദ്ധി. 3 നിസ്സപത്നം=ശത്രുക്കളാരുമില്ലാത്ത.

അശ്വമേധമഖത്തിന്റെ ഫലമേറ്റീടുമായവൻ
ചക്രവാകങ്ങളെപ്പൂട്ടും വിമാനത്താലെ പോയിടും; 44
നാല്പതിറ്റായിരത്താണ്ടു വിണ്ണിൽ മോദിക്കുമായവൻ.
എട്ടാമൂണിൻനേരമുണ്ടോരാണ്ടു ജീവിപ്പവൻ നൃപ! 45
ഗവാമയമഖത്തിന്റെ ഫലം നേടീടുമാ നരൻ
അരയന്നങ്ങളേ പൂട്ടും വിമാനത്താലെ പോയിടും; 46
അൻപതായിരമാണ്ടോളമവൻ വിണ്ണിൽ സുഖിച്ചിടും.
ഒരാണ്ടു പക്ഷം കഴിയുംനേരമുണ്ണുകിൽ മന്നവ! 47
നോൽമ്പാറുമാസമായാൾക്കങ്ങംഗിരോമുനി ചൊല്ലിനാൻ.
സ്വർഗ്ഗത്തിൽ പാർത്തിടുമവൻ കൊല്ലമർവ്വതിനായിരം 48
വേണുവീണാവല്ലകികളുടെയും ധരണീപതേ!
മുഴങ്ങും നല്ലൊച്ച കേട്ടായാളുറങ്ങിയുണർന്നിടും. 49
ഒരാണ്ടു മുഴവൻ മാസം ചെന്നാൽ വെള്ളം കുടിപ്പവൻ
വിശ്വജിത്തിൻ ഫലം നേടുമുണ്ണി, മന്നവ, മാനവൻ. 50
സിംഹവ്യാഘ്രങ്ങളെപ്പൂട്ടും വിമാനത്താലെ പോയിടും
എഴുപതായിരമാണ്ടോളമവൻ വിണ്ണിൽ സുഖിച്ചിടും. 51
മാസത്തിന്മേൽ നരവ്യാഘ്ര, വിധിച്ചീലുപവാസമേ
നോൽമ്പിൻ മുറയുരയ്ക്കുന്നു പാർത്ഥ, ധർമ്മജ്ഞരാം ജനം. 52
ആർത്തിവ്യാധികളില്ലാത്തോൻ നോൽമ്പു നോല്ക്കുന്നതാകിലോ
അടിക്കടിക്കവൻ യജ്ഞഫലം നേടുമസംശയം. 53
അരയന്നങ്ങളെപ്പൂട്ടും വിമാനാൽ വിണ്ണു പൂകിടും
നൂറായിരത്താണ്ടു വിണ്ണിൽ സുഖിച്ചീടുമവൻ പ്രഭോ! 54
രമിപ്പിച്ചീടുമവനെ നൂറുപേരപ്സരസ്സുകൾ
ആർത്തനോ രോഗിയോ പിന്നെ നോൽമ്പു നോല്ക്കുന്നതാകിലോ
നൂറായിരത്താണ്ടു വിണ്ണിൽ സുഖിച്ചീടുമവൻ പ്രഭോ!
കാഞ്ചീനൂപുരശബ്ദം കേട്ടുറങ്ങിത്താനുണർന്നിടും 56
ആയിരം ഹംസമുടയ വിമാനത്താലെ പോയിടും;
ചെന്നസംഖ്യം സ്ത്രീകളൊത്തു രമിക്കും ഭരതർഷഭ! 57
ക്ഷയിച്ചാൽ വർദ്ധനം കാണ്മൂ മുറിക്കേവെമുണക്കവും
രോഗിക്കൗഷധിവർഗ്ഗം താൻ ക്രുദ്ധന്നേവം പ്രസാദനം. 58
ദുഃഖിപ്പോനർത്ഥകാമങ്ങൾകൊണ്ടു ദുഃഖനിവൃത്തിയാം
സുഖമേധസ്വർഗ്ഗകാമന്നിവയൊന്നും രുചിച്ചിടാ. 59
എന്നാലവൻ കാമമൊത്തു പൊൻവിമാനത്തിലങ്ങനെ
രമിക്കും സ്ത്രീശതം ചേർന്നു ചമഞ്ഞു ശുചിയാം പുമാൻ. 60
സ്വസ്ഥൻ സഫലസങ്കല്പൻ സുഖി കല്മഷമറ്റവൻ
നോറ്റോനുടൽ വെടിഞ്ഞിട്ടു ഫലം നേടീടുമാ നരൻ. 61
ബാലാർക്കശ്രീ പൊന്മയമാം വിമാനത്തിങ്കലങ്ങനെ

വൈഡൂ്യമുത്തൊത്തു വീണാമുരജാരാവ[1]മുള്ളതിൽ 62
കൊടി ദീപം ദിവ്യഘണ്ടാരവവും കലരുന്നതിൽ
ആയിരം സ്ത്രീകളുള്ളോന്നിലാ മനുഷ്യൻ സുഖിക്കുമേ. 63
അവന്റെ ഗാത്രങ്ങളിലുണ്ടെത്ര രോമങ്ങൾ മന്നവ!
അത്രതാനായിരത്താണ്ടു സുഖിക്കും വിണ്ണിലായവൻ. 64
വേദത്തിന്മേൽ[2] ശാസ്ത്രമില്ലില്ലമ്മയ്ക്കും മേലൊരാൾ ഗുരു
ധമ്മത്തിന്മേലില്ല ലാഭമില്ലാ നോൽമ്പിന്നു മേൽ തപം. 65
വിപ്രക്കുമേൽ പാവനമൊന്നില്ലാ വിണ്ണിലുമിങ്ങുമേ
നോൽമ്പുകൾക്കൊപ്പമവ്വണ്ണം തപസ്സാം കമ്മമില്ലെടോ. 66
വിധിക്കു നോൽമ്പു നോററിട്ടു വിണ്ണു പൂക്കിതു വിണ്ണവർ
ഋഷിമാരും മുഖ്യസിദ്ധി നേടീ നോൽമ്പുകൾകൊണ്ടു താൻ. 67
ദിവ്യവഷ്സഹസ്രങ്ങൾ വിശ്വാമിത്രൻ മഹാമുനി
കഴിച്ചിതൊററയൂണാലേ വിപ്രത്വം നേടി താനതിൽ. 68
ജമദഗ്നി ച്യവനനാ വസിഷ്ഠൻ ഗൗതമൻ ഭൃഗു
വിണ്ണേറിയവരെല്ലാരും ക്ഷമാവാന്മാർ മഹഷികൾ. 69
ഇതംഗിരസ്സാലാദ്യംതാൻ മുനീന്ദ്രക്കായ് പ്രദശിതം
നിത്യം പ്രദശിപ്പിച്ചീടിലായവൻ ദുഃഖമേററിടാ. 70

ഇതങ്ങു കൗന്തേയ, വിധിക്രമത്തിലം–
ഗിരസ്സു താനങ്ങു നടത്തി മാമുനി
പഠിക്കിലും താനിതു കേൾക്കിലും സദാ
പെടുന്നതല്ലാപ്പുരുഷന്നു കില്ബിഷം. 71
ഒഴിഞ്ഞുപോം സങ്കടമൊക്കയായവ–
ന്നവന്റെ ചിത്തത്തിലഘങ്ങളേററിടാ
വിയോനിജാരാവ[3]വുമിങ്ങറിഞ്ഞിടും
ധ്രുവം[4] യശസ്സേന്തിടുമാ നരോത്തമൻ. 72

107. ഉപവാസവിധി

ഉപവാസവിധി (തുടച്ച്). യജ്ഞങ്ങൾ വളരെ ചെലവുള്ളവയാകയാൽ അവ ധനവാന്മാക്കു മാത്രമേ ചെയ്യാൻ സാധിക്കയുള്ളുവെന്നും, ദരിദ്രന്മാക്കു യജ്ഞഫലം കിട്ടത്തക്കവിധത്തിലുള്ള വിധി ഉപദേശിച്ചാൽ കൊള്ളാമെന്നും ധമ്മപുത്രർ ആവശ്യപ്പെട്ടതനുസരിച്ച്, യജ്ഞഫലപ്രദമായ അനശനവ്രതത്തിന്റെ വിധി ഭീഷ്മർ വിസ്തരിച്ചുപദേശിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

യജ്ഞങ്ങൾ വിധിപോലോതീ മഹാത്മാവാം പിതാമഹൻ
ശരിക്കിവയ്ക്കു ഗുണവുമിഹത്തിങ്കൽ പരത്തിലും. 1

---

1 മുരജാരാവം = മൃദംഗത്തിന്റെ ശബ്ദം. 2 വേദത്തിന്മേൽ = വേദത്തേക്കാൾ ഉപരിയായിട്ട്. 3 വിയോനിജാരാവം = പക്ഷിവഗ്ഗത്തിൽപ്പെട്ടവയുടെ ശബ്ദം. 4 ധ്രുവം = തീച്ചയായും.

ആ യജ്ഞങ്ങൾ ദരിദ്രന്നു ചെയ്യാൻ പററാ പിതാമഹ!
യജ്ഞം ബഹൂപകരണം നാനാസംഭാരവിസ്തരം. 2
രാജാക്കൾ രാജപുത്രന്മാരിവർക്കാവാം കുരൂദ്വഹ!
നിസ്വർക്കാകാ നിർഗ്ഗുണർക്കു കൂട്ടർ വിട്ടൊററകൾക്കിഹ. 3
നിസ്വർക്കു നിർഗ്ഗുണന്മാർക്കു കൂട്ടർ വിട്ടൊററകൾക്കിഹ
ദരിദ്രർക്കും സദാ ചെയ്യാൻ പററുന്ന വിധിയെന്തുവാൻ? 4
ഈ യജ്ഞഫലമൊത്തൊന്നിങ്ങതു ചൊല്ക പിതാമഹ!

ഭീഷ്മൻ പറഞ്ഞു

ഇതംഗിരസ്സരുളിയോരുപവാസഫലാത്മകം
വിധി യജ്ഞഫലങ്ങൾക്കു തുല്യം കേൾക്ക യുധിഷ്ഠിര! 5
കാലത്തുമന്തിക്കുമുണ്ടിട്ടിടയ്ക്കു കുടിയാത്തവൻ
അഹിംസാനിരതൻ നിത്യമഗ്ന്യാഹുതി കഴിപ്പവൻ 6
ആറാണ്ടുകൊണ്ടവൻ സിദ്ധനാകുമില്ലൊരു സംശയം;
ഉരുകും പൊൻനിറമെഴും വിമാനം നേടുമായവൻ. 7
നൃത്യഗീതം മുഴങ്ങുന്ന ദിവ്യസ്ത്രീവാസഭൂമിയിൽ
പത്മം വർഷം വഹ്നിതുല്യപ്രാജാപത്യത്തിൽ വാണിടും. 8
മൂവാണ്ടൊരിക്കലായിട്ടു ഭക്ഷണം ചെയ്തിടുന്നവൻ
ധർമ്മപത്നിരതൻ നിത്യമഗ്നിഷ്ടോമഫലാഢ്യനാം. 9
യജ്ഞം ബഹുസുവർണ്ണം താനിന്ദ്രപ്രീതിക്കു ചെയ്കയാം
സത്യമുള്ളോൻ ദാനശീലൻ ബ്രഹ്മണ്യനനസൂയകൻ 10
ക്ഷാന്തൻ ദാന്തൻ ജിതക്രോധൻ പരസൽഗതി നേടിടും.
വെള്ളക്കാറെതിർഹംസാഢ്യവിമാനത്തിങ്കലങ്ങനെ 11
രണ്ടു പത്മങ്ങൾ തികയെ വാഴുമങ്ങപ്സരസ്സുമായ്.
ദിവസം രണ്ടു കഴിയെത്താനൊരിക്കൽ കഴിപ്പവൻ 12
നിത്യം പന്തീരുമാസം താനഗ്ന്യാഹുതി കഴിപ്പവൻ
അഗ്നികാര്യപരൻ നിത്യം പുലർച്ചയ്ക്കുണരുന്നവൻ 13
അഗ്നിഷ്ടോമമഖത്തിൻെറ ഫലമേററീടുമാ നരൻ;
അന്നങ്ങളെപ്പൂട്ടിയോരു വിമാനം നേടുമായവൻ 14
ഇന്ദ്രലോകത്തിലും വാഴും വരസ്ത്രീകളുമൊത്തു താൻ.
ഒരിക്കലായ് മൂന്നു ദിനം കൂടുമ്പോളുണ്ടിടുന്നവൻ 15
എന്നും പന്തീരുമാസം താനഗ്ന്യാഹുതി കഴിപ്പവൻ
അഗ്നികാര്യം പരം നിത്യം പുലർച്ചയ്ക്കുണരുന്നവൻ 16
അതിരാത്രമഖത്തിൻെറ ഫലമേററീടുമുത്തമം;
പരം മയിൽകളെപ്പൂട്ടും വിമാനം നേടുമായവൻ. 17
സപ്തർഷിലോകം വാണീടുമപ്സരസ്സുകളൊത്തിവൻ
മൂന്നു പത്മം കാലമങ്ങു നിയമാൽ വാണിടും വിഭു. 18
ഒരിക്കലായ് നാലുനാളു കൂടുമ്പോളുണ്ടിടുന്നവൻ

എന്നും പന്തീരുമാസം താനഗ്ന്യാഹുതി കഴിപ്പവൻ 19
വാജപേയമഖത്തിൻെറ ഫലമേററീടുമാ നരൻ
ഇന്ദ്രകന്യകളേറീടും വിമാനം നേടുമായവൻ. 20
സാഗരത്തിന്നടുത്തിന്ദ്രലോകത്തങ്ങനെ വാണിടും
ദേവരാജൻെറ കളിയും കണ്ടിടും നിത്യകാലവും. 21
ഒരിക്കലായഞ്ചു നാള കൂടുമ്പോളുണ്ടിടുന്നവൻ
എന്നും പന്തീരുമാസം താനഗ്ന്യാഹുതി കഴിപ്പവൻ 22
ലോഭമേററോൻ സത്യവാദി ബ്രഹ്മണ്യൻ ഹിംസിയാത്തവൻ
അനസൂയനപാപസ്ഥൻ വാജപേയഫലാഢ്യനാം. 23
ദിവ്യം ജാംബൂനദമയം[1] വിമാനം ഹംസലക്ഷണം
സൂര്യമാലാഭാസ്സേ[2]ഴും വെണ്മാടമുള്ളതു കേറിടും. 24
വർഷങ്ങളം നാലും പത്തങ്ങളവ്വണ്ണം പന്തിരണ്ടുമേ
ശരാഗ്നിസംഖ്യയും പിന്നെസ്സുഖമോടങ്ങു വാണിടും. 25
മുനിയായാറു നാം ചെന്നാലൊരിക്കൽ ഭുക്തി ചെയ്യുവൻ
എന്നും പന്തീരുമാസംതാനഗ്ന്യാഹുതി കഴിപ്പവൻ 26
എന്നും ത്രിഷവണസ്നായി ബ്രഹ്മചാര്യനസൂയകൻ
ഗോമേധയജ്ഞത്തിനുള്ള ഫലമേററീടുമുത്തമം. 27
അന്നം മയിൽകളെപ്പൂട്ടിയഗ്നിജ്ജ്വാലാസമപ്രഭം
അത്യുത്തമം പൊന്മയമാം വിമാനം നേടുമായവൻ 28
അപ്സരസ്ത്രീജനാങ്കത്തിലുറങ്ങീട്ടുണർന്നിടും
കാൽച്ചിലമ്പൊലിയാലും താൻ മേഖലാരുതി[3]യാലുമേ. 29
കോടിയായിരമാണ്ടേവം മൂന്നു കോടി ശതങ്ങളും
പത്തങ്ങളം പതിനെട്ടും താൻ പതാകാദ്വയവും ശരി 30
അയുതം താനൻപതൃക്ഷത്തുകിൽ നൂററിന്നു കേവലം
രോമങ്ങടെ കണക്കും താൻ ബ്രഹ്മലോകത്തു പൂജ്യനാം. 31
ഒരിക്കലായേഴു നാള കൂടുമ്പോളുണ്ടിടുന്നവൻ
എന്നും പന്തീരുമാസംതാനഗ്ന്യാഹുതി കഴിപ്പവൻ 32
സരസ്വതീഗുപ്തിയുള്ളോൻ ബ്രഹ്മചര്യം ചരിപ്പവൻ
പൂ കറിക്കൂട്ട മധുവും മാംസവും വിട്ടൊഴിപ്പവൻ 33
മരുത്തുക്കടെ ലോകത്തുമിന്ദ്രലോകത്തുമെത്തിടും;
അതാതിടത്തു സിദ്ധാർത്ഥൻ ദേവകന്യാച്ചയേററിടും. 34
യജ്ഞം ബഹുസുവർണ്ണംതാൻ ചെയ്തതിൻ ഫലമേററിടും
ഏറെപ്പെരുത്തു സംഖ്യയ്ക്കാ ലോകംതോറും സുഖിച്ചിടും. 35
ക്ഷാന്തിയോടുമൊരാണ്ടെട്ടാം നാളിലുണ്ണുന്ന മന്നവൻ
ദേവകാര്യപരൻ നിത്യമഗ്ന്യാഹുതി കഴിപ്പവൻ 36

---

1 ജാംബൂനദമയം = സ്വർണ്ണമയം. 2 സൂര്യമാലാഭാസ്സ് = അനേകം സൂര്യന്മാരുടെ ശോഭ. 3 മേഖലാരുതി = അരഞ്ഞാണിൻെറ ഒച്ച.

പുണ്ഡരീകമഖത്തിൻെറ ഫലം നേടീടുമുത്തമം
താമരപ്പൂനിറമെഴും വിമാനം കേറുമങ്ങനെ. 37
കറുത്തും പൊൻനിറം പൂണ്ടും ശ്യാമസ്ത്രീകളെ വേറെയും
വയോരൂപവിലാസാഢ്യമാരെ നേടുമസംശയം. 38
ഒൻപതാംദിവസംതോറുമൊരാണ്ടുണ്ടീടുമായവൻ
എന്നും പന്തീരുമാസംതാനഗ്ന്യാഹുതി കഴിപ്പവൻ 39
അശ്വമേധസഹസ്രത്തിൻ ഫലമേററീടുമുത്തമം
പുണ്ഡരീകാഭകലരും വിമാനം നേടുമായവൻ. 40
ദീപ്താർക്കാഗ്നിപ്രഭകളായ് ദിവ്യമാലയണിഞ്ഞവർ
രുദ്രകന്യകളെത്തിക്കുമന്തരീക്ഷം സനാതനം. 41
പതിനെണ്ണായിരത്താണ്ടുകാലം കല്പവുമങ്ങനെ
കോടിനൂറായിരത്താണ്ടാ ലോകംതോറും സുഖിക്കുമേ. 42
ഒരാണ്ടു പത്തുനാം ചെന്നാൽ പിന്നീടുണ്ടീടുമായവൻ
എന്നും പന്തീരുമാസംതാനഗ്ന്യാഹുതി കഴിപ്പവൻ 43
ഏവർക്കുമുള്ളം കവരും ബ്രഹ്മകന്യാഗൃഹത്തിലാം.
അശ്വമേധസഹസ്രത്തിൻ ഫലമേല്ക്കുമസംശയം 44
രമിപ്പിക്കും കന്യകകളവനെച്ചന്തമേന്തിയോർ
നീലോല്പലനിറത്തിൽച്ചെന്താമരപ്പൂനിറത്തിലും. 45
വിമാനം മണ്ഡലാവർത്ത[1]മാവർത്തഗഹനാകുലം
കടൽത്തിരയ്ക്കൊക്കുവോന്നതായാം നേടീടുമുത്തമം. 46
വിചിത്രമണിമാല്യാഢ്യം ശംഖനാദവിനാദിതം
വജ്രസാരസ്ഫാടികത്തൂണൊത്ത വേദി മനോഹരം 47
മഹായാനം കേറുമവൻ ഹംസസാരസനാദിതം
കോടിനൂറായിരത്താണ്ടു മോദിക്കും വിണ്ണിലങ്ങനെ. 48
പതിനൊന്നാംദിനം വന്നാൽ ഹവിസ്സുണ്ടീടുമാ നരൻ
എന്നും പന്തീരുമാസംതാനഗ്ന്യാഹുതി കഴിപ്പവൻ 49
മനോവാക്കുകളാലന്യസ്ത്രീയെക്കാമിച്ചിടാത്തവൻ
അമ്മയച്ഛൻക്കായുമൊരു പൊളിവാക്കോതിടാത്തവൻ 50
മഹാബലൻ വിമാനസ്ഥമഹാദേവൻെറ മുൻപിലാം
അശ്വമേധസഹസ്രത്തിൻ ഫലമേററീടുമുത്തമം 51
അടുത്തെത്തുന്നതായ്ക്കാണും സ്വായംഭുവവിമാനവും.
അവനെക്കൊണ്ടുപോം ചന്തമേന്തും പൊന്മേനികന്യകൾ 52
രുദ്രന്മാർക്കുള്ളായതനം[2] വിണ്ണിൽ ദിവ്യം മനോഹരം
കണക്കെത്താത്താണ്ടുകാലം പ്രളയാഗ്നിസമപ്രഭൻ 53
കോടിനൂറായിരം പത്തുകോടിയും നൂറുമങ്ങനെ

---

1 മണ്ഡലാവർത്തം = വട്ടത്തിൽ ചുററുന്നതു്. 2 ആയതനം = ഗൃഹം; സ്ഥാനം; ലോകം.

രുദ്രനെക്കുമ്പിടും നിത്യം ദേവദാനവസമ്മതൻ; 54
അവനു കാണുമാറാകും ദിവസംതോറുമാശ്ശിവൻ.
പന്തിരണ്ടാം ദിനംവന്നാൽ ഹവിസ്സുണ്ടീടുമായവൻ 55
എന്നും പന്തീരുമാസംതാൻ സവ്വമേധഫലാഢ്യ[1]നാം;
ദ്വാദശാദിത്യമായുള്ള വിമാനമവനൊത്തിടും. 56
വിലയേറും മുത്തുമണിപ്പവിഴങ്ങളും വിളങ്ങിയും
ഹംസമാല ചുഴന്നൊത്തും നാഗവീഥി കലന്നുമേ 57
ചക്രവാകങ്ങളും മയിൽകളിവ ശബ്ദിച്ചുമങ്ങനെ
പെരുംതട്ടുകളുള്ളോന്നായ് ബ്രഹ്മലോകപ്രതിഷ്ഠിതം 58
നിത്യം നാരീനരരെഴുമിരിപ്പിടമിളാപതേ!
എന്നാ മുനി മഹാഭാഗനംഗിരസ്സോതി ധാമ്മികൻ. 59
പതിമ്മൂന്നാംദിനം വന്നാൽ ഹവിസ്സുണ്ടീടുമായവൻ
എന്നും പന്തീരുമാസംതാൻ ദേവസത്രഫലാഢ്യനാം 60
രക്തപത്മോദയാഖ്യാനവിമാനം നേടുമായവൻ
സുവണ്ണമയമായ് മുററും രത്നസഞ്ചയഭൂഷിതം 61
ദേവകന്യകളുള്ളോന്നു ദിവ്യാഭരണമണ്ഡിതം
പുണ്യഗന്ധം പൂണ്ടു ദിവ്യം വായവ്യന്മാരെഴുന്നിടും 62
രണ്ടു ശംകുപതാകം[2]താൻ യുഗാന്തം കല്പവും ശരി
അയുതായുതവും പത്മമതിൽ പാക്കും സമുദ്രവും. 63
ഗീതഗന്ധവ്വഘോഷങ്ങളും ഭേരീപണവനാദവും
ചേന്നാഹ്ലാദിച്ചെന്നുമതിൽ പൂജിക്കും ദേവകന്യകൾ. 64
പതിന്നാലാംദിനം വന്നാൽ ഹവിസ്സുണ്ടീടുമായവൻ
എന്നും പന്തീരുമാസംതാൻ മഹാമേധഫലാഢ്യനാം. 65
അപ്രമേയവയോരൂപമണിഞ്ഞ സുരകന്യകൾ
മിന്നും തോളുവളയിട്ടുള്ളോർ വിമാനങ്ങളിലെത്തിടും. 66
അരയന്നസ്വനം ചേരും കാൽച്ചിലമ്പൊച്ചയാലുമേ
കാഞ്ചീരവത്താലുമവനതാതിടമുണന്നിടും. 67
ദേവകന്യകൾ പാക്കുന്നോരതിൽ പാത്തിടുമാ നരൻ
ഗംഗാമണൽത്തരികണക്കൊക്കും സമ്പൂണ്ണവത്സരം. 68
ഒരിക്കലായിത്താൻ പക്ഷം തികഞ്ഞുണ്ണോൻ ജിതേന്ദ്രിയൻ
എന്നും പന്തീരുമാസംതാനഗ്ന്യാഹുതി കഴിപ്പവൻ 69
രാജസൂയസഹസ്രത്തിൻ ഫലമേററീടുമുത്തമം
മയിലന്നമെഴും ദിവ്യവിമാനം കേറുമായവൻ. 70
മണിമണ്ഡലമുള്ളോന്നു പൊൻ പതിച്ചു മനോഹരം
ദിവ്യാഭരണഭാസ്സുള്ള വരസ്ത്രീജനമണ്ഡിതം 71

---

1 സവ്വമേധഫലാഢ്യൻ = എല്ലാ യാഗങ്ങളും ചെയ്ത ഫലമുള്ളവൻ. 2 ശംകുപതാകം = ഓരോ വലിയ സംഖ്യകളാണിവ (ശംകുവും പതാകയും).

ഒററത്തൂണായ് നാലു വാതിൽ നിലയേഴുള്ളതുത്തമം
ആയിരം കൊടിയുള്ളൊന്നു ഗീതസ്വനവിനാദിതം 72
ദിവ്യം ദിവ്യഗുണം ചേൎന്ന വിമാനം കേറുമായവൻ
മണിമുക്താപ്രവാളങ്ങളൊത്തു മിന്നിലെതിർപ്രഭം; 73
പാൎക്കും യുഗസഹസ്രംതാൻ ഖഗംഗകുഞ്ജരവാഹനൻ.
പതിനാറാംദിനം വന്നാൽത്താനൊരിക്കൽ കഴിപ്പവൻ 74
എന്നും പന്തീരുമാസംതാൻ സോമയജ്ഞഫലാഢ്യനാം.
സോമകന്യാലയംതോറും പാൎത്തീടും നിത്യമായവൻ 75
സൗമ്യഗന്ധാനുലേപാഢ്യൻ താൻ കാമഗതിയായിടും.
കണ്ടാൽ നല്ലഴകേറീടും വരനാരികളാലവൻ 76
വിമാനം വാണർച്ചിതനായ്ക്കാമഭോഗങ്ങളേററിടും.
പരപത്മശതം പത്തു മഹാകല്പവുമങ്ങനെ 77
ആവൎത്തനം നാലുവട്ടം സാധിക്കുംതാനുമീ നരൻ.
പതിനേഴാം ദിനം വന്നാൽ ഹവിസ്സുണ്ടീടുമായവൻ 78
എന്നും പന്തീരുമാസംതാനഗ്ന്യാഹുതി കഴിപ്പവൻ
സ്ഥാനം വാരുണമൈന്ദ്രം രൗദ്രവും പൂകുമങ്ങനെ 79
മാരുതം താനൗശനസം ബ്രഹ്മലോകവുമെത്തിടും
അങ്ങാസനം വാണു ദേവകന്യാശുശ്രൂഷയേററിടും. 80
കാണും ഭൂർഭുവവും വിശ്വരൂപദേവർഷിയേയുമേ
അങ്ങായാളെ രമിപ്പിക്കും ദേവദേവകുമാരികൾ 81
മുപ്പത്തിരണ്ടാളഴകിൽ ചന്തമേന്തിച്ചമഞ്ഞവർ.
ചന്ദ്രാദിത്യർ നഭസ്സിങ്കൽച്ചുററുമെന്നേവരെ പ്രഭോ! 82
ചുററുമന്നേവരെദ്ധീമാൻ സുധാമൃതരസാശനൻ.
പതിനെട്ടാംദിനം വന്നാൽത്താനൊരിക്കൽ കഴിപ്പവൻ 83
എന്നും പന്തീരുമാസംതാൻ സപ്തലോകങ്ങൾ കാണുമേ.
നന്ദിഘോഷത്തേർകളവന്നുണ്ടാം പിൻതുണയങ്ങനെ 84
ദേവകന്യകമാർ കേറിശ്ശോഭയാണ്ടു ചമഞ്ഞവ.
വ്യാഘ്രസിംഹങ്ങളെപ്പൂട്ടി മേഘസ്വനനിനാദിതം 85
ദിവ്യമുഖ്യവിമാനംതാൻ സുഖമാണ്ടു കരേറിടും.
അതിങ്കലായിരം കല്പം മോദിക്കും കന്യമാരുമായ് 86
സുധാരസം ഭുജിച്ചീടുമമൃതോപമമുത്തമം.
പത്തൊൻപതു ദിനം ചെന്നാൽത്താനൊരിക്കൽ കഴിപ്പവൻ 87
എന്നും പന്തീരുമാസംതാൻ സപ്തലോകങ്ങൾ കണ്ടിടും.
ഉത്തമസ്ഥാനവും നേടുമപ്സരോഗണസംയുതം. 88
ഗന്ധൎവ്വന്മാർ പാട്ടുപാടും വിമാനം സൂര്യസന്നിഭം
അതിൽ ദേവസ്ത്രീകളൊത്തു മോദിക്കും വിഗതജ്വരൻ; 89
ദിവ്യാംബരധരൻ ശ്രീമാൻ നൂറുനൂറയുതം ശരി.

നാളങ്ങളിരുപതൊക്കുമ്പോഠംത്താനൊരിക്കൽ കഴിപ്പവൻ 90
എന്നും പന്തീരുമാസംതാൻ സത്യവാദി ധൃതവ്രതൻ
മാംസം തിന്നാ ബ്രഹ്മചാരി സർവ്വഭൂതഹിതോദ്യതൻ 91
അവൻ നേടും നല്ല വൻപുള്ളാദിത്യായതന*ങ്ങളെ.
ഗന്ധർവ്വരപ്സരസ്ത്രീകഠം ദിവ്യമാല്യാനുലേപനർ 92
നൽപ്പൊൻവിമാനങ്ങളേറീട്ടവനെപ്പിൻതുണച്ചിടും.
ഇരുപത്തൊന്നു നാഠം ചെന്നാൽത്താനൊരിക്കൽ കഴിപ്പവൻ 93
എന്നും പന്തീരുമാസംതാനഗ്ന്യാഹൂതി കഴിപ്പവൻ
ദിവ്യമൗശനസം ലോകം ശക്രലോകവുമെത്തിടും. 94
മരുദശ്വിസ്ഥാനമെങ്ങും സുഖാഭിരതനെപ്പൊഴും
ദുഃഖങ്ങളറിയാതഗ്ര്യവിമാനം കേറി വാണവൻ 95
ക്രീഡിക്കുമമരന്മട്ടു വരസ്ത്രീസേവ്യനായ് പ്രഭു.
ഇരുപന്തീരുനാഠംചെന്നാൽത്താനൊരിക്കൽ കഴിപ്പവൻ 96
എന്നും പന്തീരുമാസംതാന ന്യാഹൂതി കഴിപ്പവൻ
അഹിംസാനിരതൻ ധീമാൻ സത്യവാക്കനസൂയകൻ 97
വസുലോകങ്ങളിൽച്ചെല്ലും ദിവാകരസമപ്രഭൻ.
സുധാശനൻ കാമചാരി വിമാനശ്രേഷ്ഠമാണ്ടവൻ 98
രമിക്കും ദേവിമാരൊത്തു ദിവ്യാഭരണഭൂഷിതൻ.
ഒരിക്കലായിരുപതും മൂന്നും നാഠം ചെന്നശിപ്പവൻ 99
എന്നും പന്തീരുമാസംതാൻ മിതാഹാരൻ ജിതേന്ദ്രിയൻ
വായവ്യമൗശനസവും രുദ്രലോകവുമെത്തിടും. 100
കാമചാരൻ കാമഗമനപ്സരസ്ത്രീഗണാർച്ചിതൻ
അനേകയുഗപര്യന്തം വിമാനശ്രേഷ്ഠമാണ്ടവൻ 101
രമിക്കും ദേവിമാരൊത്തു ദിവ്യാഭരണഭൂഷിതൻ.
ഹവിസ്സുതാനിരുപതും നാലും നാഠം ചെന്നശിപ്പവൻ 102
എന്നും പന്തീരുമാസംതാനഗ്ന്യാഹൂതി കഴിപ്പവൻ
ആദിത്യർക്കുള്ളാലയത്തിൽ മുത്തൊടും പാർത്തിടും ദൃഢം. 103
ദിവമാല്യാംബരം ചാർത്തിട്ടിവ്യഗന്ധാനുലേപനൻ
അന്നങ്ങഠം പൂട്ടിടും ദിവ്യപ്പൊൻവിമാനത്തിലങ്ങനെ 104
ഗമിച്ചീടും ദേവകന്യാസഹസ്രായുതമൊത്തവൻ.
ഒരിക്കലായിട്ടിരുപത്തഞ്ചു നാഠം ചെന്നശിപ്പവൻ 105
എന്നും പന്തീരുമാസംതാൻ, പുഷ്കലം യാനമേറിടും.
സിംഹവ്യാഘ്രങ്ങളെപ്പൂട്ടി മേഘസ്വനരവത്തൊടും 106
നന്ദിഘോഷമെഴും തേർകളവനെപ്പിൻതുണച്ചിടും
ദേവകന്യകഠം കേറീട്ടു നൽപ്പൊൻകാന്തി കലർന്നവ. 107
അഴകേറും ദിവ്യമുഖ്യവിമാനം കേറുമായവൻ

* ആദിത്യായതനം = ആദിത്യലോകം.

അസംഖ്യം സ്ത്രീകളൊത്തങ്ങു പാക്കും കല്പങ്ങളായിരം; 108
അമൃതിന്നൊത്തിടും മുഖ്യസുധാരസമശിച്ചിടും.
ഇരുപത്താറുനാൾ ചെന്നാൽത്താനൊരിക്കൽ കഴിപ്പവൻ 109
എന്നും പന്തീരുമാസം താൻ നിയതൻ നിയതാശനൻ
ജിതേന്ദ്രിയൻ വീതരാഗനഗ്ന്യാഹുതി കഴിപ്പവൻ 110
മഹാഭാഗനവൻ പൂകുമപ്സരസ്ത്രീഗണാനപിതൻ
പരം സപ്തമരുല്ലോകം വസുലോകവുമേറിടും. 111
ദിവ്യസ്വാടികരത്നാഢ്യവിമാനനിചയങ്ങളാൽ
അപ്സരോഗന്ധർവ്വർ പൂജചെയ്യവൻ മോദമാർന്നിടും 112
ദിവ്യതേജസ്സോടും ദിവ്യയുഗസാഹസ്രകദ്വയം.
ഇരുപത്തേഴു നാൾ ചെന്നാൽത്താനൊരിക്കൽ കഴിപ്പവൻ 113
എന്നും പന്തീരുമാസംതാനഗ്ന്യാഹുതി കഴിപ്പവൻ
വൻപിച്ച ഫലമേററീടും ദേവലോകത്തു പൂജ്യനാം 114
അമൃതാശിയുമായങ്ങു മോദിക്കും തൃഷ്ണയെന്നിയേ.
ദേവർഷിചരിതം രാജൻ, രാജർഷികളെഴുന്നിടും 115
ദിവ്യാത്മാവായ് പാർത്തുകൊള്ളും വിമാനശ്രേഷ്ഠമാണ്ടവൻ.
മനോരമസ്ത്രീകളൊത്തു രമിപ്പോൻ മദനോൽക്കടൻ 116
യുഗകല്പസഹസ്രം മൂന്നവിടെപ്പാർത്തിടും സുഖം.
ഇരുപത്തെട്ടു നാൾ ചെന്നാൽത്താനൊരിക്കൽ കഴിപ്പവൻ 117
എന്നും പന്തീരുമാസംതാൻ ജിതാത്മാവു ജിതേന്ദ്രിയൻ
വൻപിൽ ദേവർഷിചരിതമായീടും ഫലമേററിടും; 118
ഭോഗവാൻ വിലസും തേജസ്സാലേ ശുദ്ധൻ രവിപ്രഭൻ.
സുകുമാരിസ്ത്രീകൾ രമിപ്പോർകളായാളെ മിന്നുവോർ 119
പീനസ്തനോരുകടികൾ ദിവ്യാഭരണമാണ്ടവർ
രമിപ്പിക്കും കാമഗമായ് നല്പതായ് ദിവ്യമായതിൽ 120
സൂര്യന്നൊക്കും വിമാനത്തിൽ കല്പായുതശതം ശരി.
ഇരുപത്തൊൻപതാം നാളിൽത്താനൊരിക്കൽ കഴിപ്പവൻ 121
എന്നും പന്തീരുമാസംതാൻ സത്യവ്രതപരായണൻ
ദേവരാജർഷിസമ്പൂജ്യദിവ്യലോകങ്ങളാണ്ടിടും 122
ദിവ്യം സൂര്യേന്ദുതുല്യാഭവിമാനം കേറി വാണിടും.
സന്നദ്ധം കാഞ്ചനമയം സവ്വരത്നവിഭൂഷിതം 123
അപ്സരസ്ത്രീഗണം തിങ്ങിഗ്ഗന്ധർവ്വജനനാദിതം.
അങ്ങയാളെശ്ശുഭസ്ത്രീകൾ ദിവ്യാഭരണമാണ്ടവർ 124
അഴകേറും ചന്തമുള്ളോർ രമിപ്പിക്കും മദിച്ചവർ.
ഭോഗവാനതിതേജസ്സോടൊത്തഗ്നിസദൃശപ്രഭൻ 125
ദിവ്യൻ ദിവ്യവപുസ്സാലേ ശോഭിക്കുമമരോപമൻ.
വസുസാദ്ധ്യാശ്വികളുടെ മരുത്തുക്കളുടേയുമേ 126

രുദ്രന്മാരുടെയും ലോകം ഗമിക്കും ബ്രഹ്മലോകവും.
ഒരുമാസം ചെന്നൊരിക്കലുണ്ടീടുന്നോൻ ശമാത്മകൻ 127
എന്നും പന്തീരുമാസം താൻ ബ്രഹ്മലോകത്തു നേടിടും.
സുധാരസമശിക്കുന്നോൻ ശ്രീമാൻ സർവ്വമനോഹരൻ 128
തേജോലക്ഷ്മീവപുസ്സാലേ വിളങ്ങും സൂര്യമട്ടുതാൻ.
ദിവ്യമല്യാംബരധരൻ ദിവ്യഗന്ധാനുലേപനൻ 129
സുഖതൽപരനായ് യോഗി ദുഃഖങ്ങളറിയാത്തവൻ
സ്വയംപ്രഭസ്ത്രീകളാൽത്താൻ വിമാനം വാണു പൂജ്യനാം. 130
എപ്പോഴും പൂജ്യനാം രുദ്രദേവർഷിപ്പെൺകിടാങ്ങളായ്
നാനാ മധുരവാക്കോതും നാനാ രതികളാലഹോ! 131
വ്യോമാകാരവിമാനത്തിൽ വൈഡൂര്യാക്താഭയുള്ളതിൽ
പിൻപിന്ദുകാന്തിയുള്ളൊന്നിലിടത്തഭ്രാഭമായതിൽ 132
വലത്തേററം തുടുത്തോന്നിൽ ചോടു നീലച്ചെഴുന്നതിൽ
മേൽവിചിത്രാഭമായോന്നിൽ പാർക്കും കൂട്ടൊത്തു പൂജിതൻ 133
ജംബൂദ്വീപത്തിൽ വർഷിപ്പൂ വർഷസാഹസ്രമെത്രയോ
ഈദ്ധീമാനാ ബ്രഹ്മലോകത്തത്രയാണ്ടുകരം ചൊൽവതാം. 134
വ്യോമത്തിൽനിന്നംബുവിന്ദുവിങ്ങു വീഴുന്നതെത്രയോ
മഴ പെയ്യുമ്പൊഴാണ്ടത്ര വാണീടുമമരപ്രഭൻ. 135
മാസോപവാസി പത്താണ്ടുകൊണ്ടുതാൻ സ്വർഗ്ഗമുത്തമം
മഹർഷിത്വം പൂണ്ടുകൊണ്ടിട്ടുടലോടേ ഗമിച്ചിടും. 136
മുനി ദാന്തൻ ജിതക്രോധൻ ജിതശിശ്നോദരൻ* സദാ
അഗ്ന്യാഹുതിപരൻ നിത്യം സന്ധ്യോപവാസന ചെയ്യുവൻ 137
നിയമം പലതൊത്തേവം ശുചിയായുണ്ടിടും നരൻ
അഭ്രാവകാശഭാക്കായാരംക്കിൻമട്ടാണു ഭാസ്സുകരം. 138
സ്വന്തം ദേഹത്തൊടും സ്വർഗ്ഗം പുക്കു ദേവനിഭൻ നൃപ!
അമ്മട്ടിൽപ്പുണ്യമാം സ്വർഗ്ഗം കാമം പോലെ ഭുജിക്കുമേ. 139
ഇതുത്തമം യജ്ഞവിധി നിന്നോടു ഭരതർഷഭ!
വിവരിച്ചേൻ ക്രമത്താലെയുപവാസഫലാത്മകം 140
ദരിദ്രന്മാർ പാർത്ഥ, യജ്ഞഫലം നേടുംപ്രകാരമേ.
ഇച്ചൊന്നോരുപവാസങ്ങരം ചെയ്താൽ സൽഗതി നേടിടും 141
ദേവദ്വിജാതിപൂജയ്ക്കു സശ്രദ്ധൻ ഭരതോത്തമ!
വിസ്തരിച്ചുപവാസത്തിൻ വിധിയിങ്ങിതു ചൊല്ലിനേൻ. 142
തെററുകൂടാത്ത നിയതന്മാരാകും ശുദ്ധയോഗ്യരിൽ
ദംഭദ്വേഷം വിട്ടു ബുദ്ധിയൊത്തോരിൽ ഭരതർഷഭ!
ഇളകാതെയുറച്ചോരിലങ്ങയ്ക്കുരുതു സംശയം. 143

---

* ജിതശിശ്നോദരൻ = കാമത്തേയും വിശപ്പിനേയും കീഴടക്കിയവൻ.

108. ശൗചകഥനം

മാനസങ്ങളും പാർത്ഥിവങ്ങളുമായ തീർത്ഥങ്ങളിൽ സ്നാനംചെയ്യുന്നതു കൊണ്ടുള്ള ഫലം.

യുധിഷ്ഠിരൻ പറഞ്ഞു

മുററും തീർത്ഥങ്ങളിൽ ശ്രേഷ്ഠമേതതോതു പിതാമഹ!
എന്തു ശൗചം മുഖ്യമായതതെന്തു വിവരിക്കണേ! 1

ഭീഷ്മൻ പറഞ്ഞു

തീർത്ഥങ്ങളൊട്ടുക്കു ഗുണമുള്ളവററ ബുധന്നിഹ
ഏതു തീർത്ഥം ശൗചവുമെന്നതു കേൾക്ക സമാഹിതൻ. 2
അഗാധം വിമലം ശുദ്ധം സത്യതോയം[1] ധൃതിഹ്രദം[2]
മാനസം തീർത്ഥമാടേണം സത്വ[3]മൂലംകൊണ്ടു ശാശ്വതം. 3
തീർത്ഥശൗചമിരക്കായ്കയാർജ്ജവം നിത്യമാർദ്ദവം
സർവ്വഭൂതാഹിംസ പരമാനൃശംസ്യം ദമം ശമം 4
നിഷ്പരിഗ്രഹർ നിർദ്വന്ദ്വർ നിരഹങ്കാരർ നിർമ്മമർ
ശുചിമാർ തീർത്ഥമായോ[4]രാം ഭിക്ഷയേററു ഭുജിപ്പവർ. 5
തത്ത്വവിത്തനഹങ്കാരി തീർത്ഥപ്രവരനാണപോൽ
ശൗചലക്ഷണമങ്ങയ്ക്കിതെന്നും നോക്കുകതന്നെയാം. 6
രജസ്തമസ്സത്വമാക്കുണ്ടാത്മാവിന്നിഹ ധൗതമായ്
ശൗചാശൗചമിയന്നുള്ളോർ തൻകാര്യം നോക്കിടുന്നവർ[5] 7
സർവ്വസന്യാസമുടയോർ സർവ്വജ്ഞർ സമദർശികൾ
ശൗചത്താൽ സിദ്ധശൗചാർത്ഥർ തീർത്ഥങ്ങൾ ശുചിമാരവർ. 8
വെള്ളത്താൽ മെയ് നനഞ്ഞോനെ സ്നാതനെന്നു പറഞ്ഞിടാ
ദമസ്നാതൻ[6] സ്നാതനവനുള്ളിൽ പുറമെയും ശരി. 9
കഴിഞ്ഞവ കൊതിക്കാത്തോർ കിട്ടുന്നവയിൽ നിർമ്മമർ
അവർക്കത്രേ പരം ശൗചമാശയില്ലാത്തവർക്കിഹ. 10
പ്രജ്ഞാനം ശൗചമിവിടെ വിശേഷിച്ചുടലിന്നഹോ!
നിഷ്കിഞ്ചനത്വ[7]മവ്വണ്ണം മനസ്സിന്നാ പ്രസാദവും. 11
വൃത്തശൗചം മനശ്ശൗചം തീർത്ഥശൗചമതിന്നുമേൽ
ജ്ഞാനശൗചവുമെന്നെന്നാലതു ശൗചം പരം മതം. 12
പ്രകാശിക്കും മനസ്സാലേ ബ്രഹ്മജ്ഞാനജലത്തിനാൽ
സ്നാനം മാനസതീർത്ഥത്തിൽ സ്നാനം തത്ത്വജ്ഞർ ചൊൽവതാം.

---

1 സത്യതോയം = സത്യമാകുന്ന വെള്ളമുള്ളതു്. 2 ധൃതിഹ്രദം = വിവേകമാകുന്ന കയമുള്ളതു്. 3 സത്വം = ആത്മബലം. 4 തീർത്ഥമായോർ = സ്വയം തീർത്ഥമായിത്തീർന്നവർ. 5 തൻകാര്യം നോക്കിടുന്നവർ = ലൗകികവിഷയങ്ങളിൽ ഏർപ്പെടാതെ ആത്മീയവിഷയത്തിൽ മാത്രം ശ്രദ്ധിക്കുന്നവർ. 6 ദമസ്നാതൻ = ബാഹ്യേന്ദ്രിയനിഗ്രഹമാകുന്ന സ്നാനം കഴിച്ചവൻ. 7 നിഷ്കിഞ്ചനത്വം = തനിക്കുവേണ്ടി ഒന്നും സമ്പാദിക്കാതിരിക്കൽ.

ശൗചാരോപണ ചെയ്തിട്ടു നിത്യം ഭാവമിയന്നവൻ
കേവലം ഗുണസമ്പന്നൻ ശുചിതാൻ നരനെപ്പൊഴും. 14
ദേഹത്തിലുള്ള തീത്ഥങ്ങരം ചൊല്ലിനേനിവ ഭാരത!
ഭൂമിയിൽ പുണ്യതീത്ഥങ്ങളേതെല്ലാമവ കേരംക്ക നീ. 15
ദേഹോദ്ദേശങ്ങരം ശുചികളിങ്ങു ചൊല്ലിയവണ്ണമേ
ഭൂമിഭാഗങ്ങരം പുണ്യങ്ങളാണത്രേ സലിലങ്ങളും. 16
തീത്ഥത്തെച്ചൊല്ലയാൽ സ്നാനാലെന്നല്ല പിതൃതപ്പണാൽ
പാപം തീത്ഥങ്ങളിൽ പോകുന്നോർകരം വിണ്ണേറിടും സുഖം.17
സാധുക്കളൊക്കയാൽ ഭൂമിക്കുള്ള തേജസ്സിനാലുമേ
ജലതേജസ്സാലുമേററം പുണ്യഭാഗങ്ങളാണവ. 18
മനസ്സിന്നും മന്നിനുമാം പുണ്യതീത്ഥങ്ങരം വേറെയായ്
രണ്ടിലും സ്നാനമാണ്ടുള്ളോനുടനേ സിദ്ധി നേടിടും. 19
ക്രിയയും ബലമില്ലാതെ ബലവും ക്രിയയെന്നിയേ
കാര്യം നടത്തിടാ കൂടിച്ചേന്നാൽ സാധിക്കുമങ്ങനെ. 20
ഈവണ്ണമാദ്ദേഹശൗചം തീത്ഥശൗചവുമൊത്തവൻ
ശുചിയായ് സിദ്ധി നേടീടും ദ്വിവിധം ശൗചമുത്തമം. 21

109. വിഷ്ണുദ്വാദശമാസികം

ഓരോ മാസത്തിൽ വിധിപ്രകാരം വിഷ്ണുവിനെ ആരാധിച്ചാൽ കിട്ടുന്ന ഫലമാണ് ഈ അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നത്.

യുധിഷ്ഠിരൻ പറഞ്ഞു

ഉപവാസത്തിലെല്ലാംവെച്ചെന്തു മുഖ്യം മഹാഫലം
നിസ്സംശയം പാരിലെന്താണതു ചൊല്ലു പിതാമഹ! 1

ഭീഷ്മൻ പറഞ്ഞു

സ്വയം സ്വയംഭൂ കല്പിച്ചതിതു കേരംക്കുക മന്നവ!
യാതൊന്നു ചെയ്താൽ പുരുഷൻ തൃപ്തനാമില്ല സംശയം. 2
മാർഗ്ഗശീർഷദ്വാദശിരാപ്പകൽ കേശവനെസ്സ്വയം
അച്ചിച്ചാലശ്വമേധത്തിൻ ഫലമാം പാപമററുപോം. 3
പൗഷ്യമാസത്തിലച്ചിച്ചാൽ നാരായണനെയങ്ങനെ
വാജപേയഫലം കിട്ടും പരയാം സിദ്ധി നേടിടും. 4
മാഘമാസദ്വാദശി രാപ്പകൽ മാധവനെപ്പരം
രാജസൂയഫലം നേടും കുലത്തേയും കയററിടും. 5
ഗോവിന്ദനെപ്ഫാൽഗുനമാം മാസത്തിൽ പൂജചെയ്യുകിൽ
അതിരാത്രഫലം കിട്ടും സോമലോകത്തിലെത്തിടും. 6
ചൈത്രദ്വാദശിനാരം വിഷ്ണുവിനേ രാപ്പകലോക്കുകിൽ
പുണ്ഡരീകഫലം കിട്ടും ദേവലോകത്തുമെത്തിടും. 7

വൈശാഖദ്വാദശി മധുസൂദനാച്ചന ചെയ്യുകിൽ
അഗ്നിഷ്ടോമഫലം കിട്ടും സോമലോകത്തുമെത്തിടും. 8
ത്രിവിക്രമനെയാ ജ്യേഷ്ഠമാസദ്വാദശി രാപ്പകൽ
ഗോമേധമാമപ്സരസ്സ്രീകളുമൊത്തു രമിച്ചിടും. 9
ആഷാഢത്തിൽ ദ്വാദശിയിൽ വാമനാച്ചന ചെയ്യുകിൽ
നരമേധഫലം കിട്ടുമപ്സരസ്സായ് സുഖിച്ചിടും. 10
ശ്രാവണത്തിൽ ദ്വാദശിരാപ്പകൽ ശ്രീധരനെപ്പരം
പഞ്ചയജ്ഞഫലം കിട്ടും വിമാനം വാണ തുഷ്ടനാം. 11
ഏവം ഭാദ്രപദത്തിൽത്താൻ ഹൃഷീകേശാച്ച ചെയ്യുകിൽ
സൗത്രാമണിഫലം കിട്ടും വിശുദ്ധാത്മാവുമായ്പരും. 12
ആശ്വിനത്തിൽ ദ്വാദശിയിൽ പത്മനാഭാച്ച ചെയ്യുകിൽ
ഗോസഹസ്രഫലം പുണ്യം നേടുമില്ലൊരു സംശയം. 13
കാത്തികത്തിൽ ദ്വാദശി ദാമോദരാച്ചന ചെയ്യുകിൽ
സവ്വയജ്ഞഫലം പുണ്യം നേടുമില്ലൊരു സംശയം. 14
ഒരാണ്ടു പുണ്ഡരീകാക്ഷസേവയിങ്ങനെ ചെയ്യുകിൽ
മുജ്ജന്മമോമ്മയുണ്ടാകും നേടും ബഹുസുവണ്ണകം. 15
നാളംതോറും തത്ഭാവമോടുമുപേന്ദ്രനെ നിനപ്പവൻ
അന്തേ വിപ്രരെയൂട്ടേണമല്ലാഞ്ഞാൽ നെയ് കൊടുക്കണം. 16
ഉപവാസമതിന്മേലെയൊന്നുമില്ലെന്ന നിശ്ചയം
അരുളംചെയ്തു സ്വയം വിഷ്ണുഭഗവാനിതു മുന്നമേ. 17

110. താരകാംഗസ്മരണം

മാഗ്ഗശീഷമാസത്തിൽ ചന്ദ്രവ്രതം അനുഷ്ഠിക്കേണ്ട ക്രമവും അതിന്റെ ഫലവും.

വൈശമ്പായനൻ പറഞ്ഞു

ശരതല്പമെഴും ഭീഷ്മകുരുവൃദ്ധനൊടിങ്ങനെ
അടുത്തുപോയ് മഹാപ്രാജ്ഞൻ ചോദിച്ചിതു യുധിഷ്ഠിരൻ. 1

യുധിഷ്ഠിരൻ പറഞ്ഞു

ഇങ്ങംഗരൂപസൗഭാഗ്യം കിട്ടുമെന്താൽ പ്രിയത്വവും?
ധമ്മാത്ഥകാമമൊത്തേററം സുഖഭാക്കാകുമെങ്ങനെ? 2

ഭീഷ്മൻ പറഞ്ഞു

മാഗ്ഗശീഷാഖ്യമാസത്തിൽ ചന്ദ്രൻ മൂലത്തൊടൊത്തനാം
കാക്കൽ മൂലം നരപതേ, കണങ്കാലിങ്കൽ രോഹിണി. 3
സക്ഥിയശ്വതിയിൽ പിന്നെത്തുടയാഷാഢകങ്ങളിൽ
ഗുഹ്യം ഫാൽഗുനിയായ്ക്കാങ്ക കടി കാത്തികയായിയും. 4
നാഭി ഭാദ്രപദം പിന്നെ രേവതിക്കക്ഷമണ്ഡലം

പുറം ധനിഷ്ഠയിൽ വയറനുരാധയിലങ്ങനെ. 5
കൈ വിശാഖങ്ങളിൽക്കാണുകത്തത്തിൽ കൈത്തലങ്ങളും
പുണർതംതാൻ വിരലുകളായിലല്യം നഖമങ്ങനെ. 6
കഴുത്തിൽക്കേട്ട രാജേന്ദ്ര, കണ്ണുത്തിൽ തിരുവോണവും
മുഖത്തു പൂയം രാജേന്ദ്ര, പൽ ചുണ്ടും ചോതിയങ്ങനെ. 7
ഹാസം ചതയമായിട്ടും മകം മൂക്കായുമങ്ങനെ
മകേരം കണ്ണുകളിൽ കാണുക നെററിമേൽ ചിത്രയങ്ങനെ 8
ശിരസ്സുതാൻ ഭരണിയിൽ മുടിയാതിര മന്നവ!
കഴിഞ്ഞാൽ നെയ്യ് കൊടുക്കേണം വേദജ്ഞബ്രാഹ്മണന്നു താൻ.
കാണേണ്ടോനാം സുഭഗനാം ജ്ഞാനമുള്ളോനുമാസ്സുരും
പരിപൂർണ്ണാംഗനാം പൗർണ്ണമാസിയിൽ തിങ്കൾ പോലവേ. 10

111. സംസാരചക്രം

ജീവികളുടെ ജനനരീതി, ജന്മഭേദം ഇവയെപ്പററിയും ഓരോതരം പാപങ്ങൾ ചെയ്യുന്നവർ അടുത്ത ജന്മങ്ങളിൽ ഏതേതു യോനികളിൽ ജന്മമെടുക്കുന്നു എന്നതിനെപ്പററിയും ബൃഹസ്പതി ധർമ്മപുത്രനോടു വിസ്തരിച്ചു പറയുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

പിതാമഹ, മഹാപ്രാജ്ഞ, സർവ്വശാസ്ത്രവിചക്ഷണ!
കേൾപ്പാനുണ്ടാശ മർത്ത്യർക്കു സംസാരവിധിയുത്തമം. 1
എന്തു വൃത്തിയൊടും മന്നിൽ വാഴും നരർ നരേശ്വര!
ഉത്തമസ്വർഗ്ഗമെത്തുന്നു പരം നരകവും നൃപ! 2
മുട്ടിമണ്ണുകട്ടകൾക്കൊത്ത ചത്ത മെയ്യ് വിട്ടുടൻ ജനം
പരലോകം പൂകുമെന്നാലിവർക്കു തുണയാരുവാൻ? 3

ഭീഷ്മർ പറഞ്ഞു

ഇതാ വരുന്നു ഭഗവാൻ ശ്ലാഘ്യബുദ്ധി ബൃഹസ്പതി
ഈ യോഗ്യനോടു ചോദിക്കുകീ രഹസ്യം സനാതനം. 4
മറെറാരുത്തനിതോതീടാൻ മതിയാകുന്നതല്ലെടോ
ബൃഹസ്പതിക്കൊത്ത വാഗ്മി മറെറാരാളില്ലൊരേടവും. 5

വൈശമ്പായനൻ പറഞ്ഞു

ആപ്പാർത്ഥഗംഗാപുത്രന്മാരേവം ചൊല്ലിവരുമ്പോഴേ
വിശുദ്ധാത്മാവെഴുന്നള്ളി വിണ്ണിൽനിന്നു ബൃഹസ്പതി. 6
ഉടൻ രാജാവെഴുന്നേററു ധൃതരാഷ്ട്രപുരസ്സരൻ
എതിരില്ലാപ്പൂജചെയ്തു മററുള്ളെല്ലാസ്സദസ്യരും. 7
പിന്നെദ്ധർമ്മസുതൻ ഭൂപൻ ഭഗവാൻ വ്യാഴനോടുടൻ
അടുത്തുപോയ് ന്യായമട്ടിൽ ചോദ്യം ചോദിച്ചു തത്ത്വമായ്. 8

യുധിഷ്ഠിരൻ പറഞ്ഞു

ഭഗവൻ, സൎവ്വധൎമ്മജ്ഞ, സൎവ്വശാസ്ത്രവിചക്ഷണ!
മനുഷ്യന്നാരൊരുതുണയച്ഛനമ്മ മകൻ ഗുരു 9
ജ്ഞാതിസംബന്ധിവൎഗ്ഗം താൻ മിത്രവൎഗ്ഗവുമങ്ങനെ
മുട്ടിമരക്കട്ടകൾക്കൊത്ത ചത്ത മെയ് വിട്ടുടൻ ജനം
പരലോകം പൂകുമെന്നാലിവന്നു തുണയാരുവാൻ? 10

ബൃഹസ്പതി പറഞ്ഞു

ഒററയ്ക്കുതാൻ പിറന്നീടും ചാകുമൊററയ്ക്കു മന്നവ!
ഒററയ്ക്കു ദുൎഗ്ഗം കേറുന്നിതൊററയ്ക്കെത്തുന്നു ദുൎഗ്ഗതി. 11
തുണയാവില്ലച്ഛനമ്മ സോദരൻ തനയൻ ഗുരു
ജ്ഞാതിസംബന്ധിവൎഗ്ഗങ്ങൾ മിത്രവൎഗ്ഗവുമങ്ങനെ. 12
മുട്ടിമരക്കട്ടകൾക്കൊത്ത ചത്ത മെയ് വിട്ടുടൻ ജനം
ഒട്ടുനേരം കരഞ്ഞിട്ടു പിന്നെപ്പോം പിൻതിരിഞ്ഞുതാൻ. 13
അവരാ മെയ് വിട്ടുമുടൻ ധൎമ്മമൊന്നു തുണച്ചിടും
അതിനാൽ തുണയാം ധൎമ്മം നരർ സേവിക്കുകെപ്പൊഴും. 14
ധൎമ്മമൊക്കും പ്രാണിയെന്നാൽ പരം സ്വൎഗ്ഗമണഞ്ഞിടും
അധൎമ്മമുള്ളോനവ്വണ്ണം നരകത്തിങ്കലാപ്പെടും. 15
എന്നാൽ ന്യായാൎജ്ജിതസ്വത്താൽ ധൎമ്മം സേവിക്കണം ബുധൻ
ധൎമ്മമൊന്നേ മനുഷ്യൎക്കു സഹായം പാരലൗകികം. 16
ലോഭം മോഹം ദയ ഭയമിവയാലറിവററവൻ
നരൻ ചെയ്യുമകാൎയ്യങ്ങൾ പരസ്വാശാവിമോഹിതൻ[1]. 17
ധൎമ്മമൎത്ഥം കാമമിവ മൂന്നും ജീവിപ്പതിൻ ഫലം
ഇതു മൂന്നും നേടിടേണമധൎമ്മമൊഴിയുംവിധം. 18

യുധിഷ്ഠിരൻ പറഞ്ഞു

ഭഗവാൻതൻ വാക്കു കേട്ടു ധൎമ്മമൊത്തേററവും ഹിതം
ശരീരനിചയം[2] കേൾപ്പാൻ ബുദ്ധിയുണ്ടായിടുന്നു മേ. 19
ചത്ത ദേഹം മനുഷ്യൎക്കു സൂക്ഷ്മമവ്യക്തമട്ടിലാം
കണ്ണെത്താത്തതിനെദ്ധൎമ്മം പിൻതുണയ്ക്കുന്നതെങ്ങനെ? 20

ബൃഹസ്പതി പറഞ്ഞു

ഭൂമി കാററാകാശമംബു തേജസ്സു മനമന്തകൻ[3]
ബുദ്ധിയാത്മാവുമൊന്നിച്ചു ധൎമ്മം കാണുന്നു നിത്യവും. 21
എല്ലാ പ്രാണിക്കുമിവിടെസ്സാക്ഷിഭൂതങ്ങളെപ്പൊഴും
ഇവരൊന്നിച്ചുതാൻ ധൎമ്മം ജീവനെപ്പിൻതുണയ്ക്കുമേ. 22
തോലെല്ലു മാംസവും ശുക്ലും രക്തവും ഹേ മഹാമതേ!
ഇവ ജീവൻ വിട്ടൊഴിഞ്ഞ ദേഹത്തെക്കൈവെടിഞ്ഞിടും. 23
പിന്നെദ്ധൎമ്മത്തൊടൊത്തുള്ള ജീവൻ മാത്രം ഗമിച്ചിടും

---

1 പരസ്വാശാവിമോഹിതൻ=അന്യന്റെ സ്വത്തിലുള്ള ആഗ്രഹംകൊണ്ടു മതിമയങ്ങിയവൻ. 2 നിചയം=അവസ്ഥ. 3 അന്തകൻ=യമൻ.

ഇവൻെറ കർമ്മം കണ്ടീടുമപ്പുറം നന്മതിന്മയും 24
പഞ്ചഭൂതസ്ഥദൈവങ്ങളിനിക്കോംക്കേണ്ടതെന്തുവാൻ?
പിന്നെധർമ്മത്തോടൊത്തുള്ള ജീവനോ സുഖമാണ്ടിടും 25
ഇഹത്തിങ്കൽ പരത്തിങ്കലിനിച്ചൊല്ലേണ്ടതെന്തുവാൻ?

യുധിഷ്ഠിരൻ പറഞ്ഞു

കാണിച്ചതന്യ ഭഗവാൻ ധർമ്മം പിൻതുണയാംവിധം
ഇതു കേംപ്പാനുണ്ടൊരാശ രേതസ്സൊക്കുന്നതെങ്ങനെ? 26

ബൃഹസ്പതി പറഞ്ഞു

അന്നം ഭുജിക്കുമേ ദേഹം വാഴും ദേവകംമന്നവ!
ഭൂമി കാററാകാശമംബു തേജസ്സേവം മനസ്സുമേ. 27
മനഃഷഷ്ഠങ്ങളാം പഞ്ചഭൂതങ്ങളവനീപതേ!
തൃപ്തി പൂണ്ടാൽ മഹാത്മാവേ, രേതസ്സുണ്ടാം മഹത്തരം. 28
പിന്നെഗ്ഗർഭം സ്ത്രീപുരുഷസംഗംകൊണ്ടുളവാം നൃപ!
ഇതൊക്കച്ചൊല്ലിനേൻ നിന്നോടിനിക്കോംക്കേണ്ടതെന്തുവാൻ?

യുധിഷ്ഠിരൻ പറഞ്ഞു

എന്നോടു ചൊല്ലീ ഭഗവാൻ ഗർഭമുണ്ടായിടും വിധം
ഉണ്ടായാലതൊരാളാവുംമട്ടും ചൊല്ലിത്തരേണമേ. 30

ബൃഹസ്പതി പറഞ്ഞു

ആസന്നമാത്രനാം ജീവനാബ്ഭൂതങ്ങൾക്കു പാട്ടിലാം
ആബ്ഭൂതങ്ങളൊഴിഞ്ഞീടിൽപ്പിന്നെ മറേറഗ്ഗതിക്കു പോം. 31
സർവ്വഭൂതങ്ങളോടൊത്തു നിന്നീടുന്നതു ജീവനാം
ഇവൻെറ കർമ്മം കണ്ടീടുമപ്പുറം നന്മതിന്മയും 32
പഞ്ചഭൂതസ്ഥദൈവങ്ങളിനിക്കോംക്കേണ്ടതെന്തുവാൻ?

യുധിഷ്ഠിരൻ പറഞ്ഞു

തോലെല്ലു മാംസവും വിട്ടാബ്ഭൂതങ്ങളുമൊഴിഞ്ഞവൻ
ഭഗവാനേ, ജീവനെങ്ങു സുഖദുഃഖങ്ങളേററിടും? 33

ബൃഹസ്പതി പറഞ്ഞു

കർമ്മത്തോടൊത്തിടും ജീവൻ തേജസ്സായിച്ചമഞ്ഞുടൻ
സ്ത്രീകംക്കെഴും പുഷ്പമാണ്ടു കാലാൽ ഭാരത, ജാതനാം 34
യമപൂരുഷരാൽ ക്ലേശം യമപൂരുഷരാൽ വധം
ദുഃഖസംസാരചക്രംതാൻ ക്ലേശവും നരനേററിടും. 35
ഇഹലോകത്തിലാ പ്രാണിജന്മംതൊട്ടിട്ടു മന്നവ!
സുകൃതം കർമ്മമേററീടും ധർമ്മത്തിൻ ഫലമാണ്ടവൻ. 36
ജന്മംതൊട്ടു യഥാശക്തി ധർമ്മം സേവിപ്പതാകിലോ
പിന്നെപ്പുരുഷനായ്ത്തീർന്നിട്ടേററിടും നിത്യവും സുഖം. 37
അല്ലാ ധർമ്മത്തിന്നിടയ്ക്കുധർമ്മം ചെയ്യതാകിലോ
സുഖത്തിന്നപ്പുറം ദുഃഖമാജ്ജീവൻ പരമേററിടും. 38
അധർമ്മമൊത്തോനായാലോ യമൻതൻ പാട്ടിലായുടൻ
പെരുത്തു ദുഃഖമേററിട്ടു തിര്യഗ്യോനിയിലാപ്പെടും. 39

ഏതേതു കൎമ്മംകൊണ്ടേതു യോനിയിൽത്താൻ പിറക്കുമോ
മോഹമാണ്ടുള്ളൊരാജ്ജീവനതോതുന്നതു കേൾക്ക നീ. 40

ഇതു ശാസ്ത്രത്തിലോതുന്നു സേതിഹാസത്തിലോത്തിലും
ഘോരം യമന്റെ വിഷയമേററീടും മൎത്ത്യലോകമേ. 41

സ്ഥാനങ്ങളിഹ പുണ്യങ്ങൾ ദേവതുല്യങ്ങൾ മന്നവ!
തിൎയ്യഗ്യോനിയൊഴിഞ്ഞിട്ടു ഗതിയുള്ളവയൊക്കയും. 42

ഗുണത്താൽ ബ്രഹ്മലോകാദദിവ്യമാം യമമന്ദിരേ
താൻ ചെയ്ത കൎമ്മക്കേടേ[1]ററു ജീവി ദുഃഖങ്ങളേററിടും. 43

ഏതേതു ഭാവംകൊണ്ടാണു കൎമ്മത്താൽ പുരുഷൻ ഗതി
പരുഷം ഘോരമേല്ക്കുന്നതതു ചൊല്ലാമിതിന്നുമേൽ. 44

നാലു വേദം പഠിച്ചിട്ടാ ദ്വിജൻ മോഹമിയന്നവൻ
പതിതാൽ ദാനമേററീടിൽ പിറക്കും ഖര[2]യോനിയിൽ. 45

ഖരമായിട്ടു ജീവിക്കും പതിനയ്യാണ്ടു ഭാരത!
ഖരം ചത്താൽ കാളയായിപ്പിന്നെയേഴാണ്ടിരുന്നിടും. 46

കാള ചത്താൽ ബ്രഹ്മരക്ഷസ്സായിപ്പിന്നെപ്പിറന്നിടും
മൂന്നു മാസം ബ്രഹ്മരക്ഷസ്സപ്പുറം വിപ്രനായിടും. 47

യജിപ്പിച്ചാൽപ്പതിതനെപ്പിറക്കും കൃമിയോനിയിൽ
ജീവിക്കുമവിടെപ്പിന്നെപ്പതിനയ്യാണ്ടു ഭാരത! 48

കൃമിഭാവം വിട്ടു പിന്നെപ്പുറം കഴുതയായിടും
അയ്യാണ്ടു കാലം കഴുത പിന്നെയയ്യാണ്ടു പന്നിയാം. 49

അയ്യാണ്ടു കോഴിയയ്യാണ്ടു കാലം പിന്നെക്കുറുക്കനാം
ഒരാണ്ടു നായുമാം പിന്നെ മൎത്ത്യനായിപ്പിറന്നിടും. 50

അറിഞ്ഞിടാതുപാദ്ധ്യായന്നഘം ശിഷ്യൻ നടത്തുകിൽ
ആജ്ജീവന്നിഹ സംസാരം മൂന്നു പാററുമസംശയം. 51

മുൻപു നായാം നൃപ, പരം ക്രവ്യാത്താ[3]മപ്പുറം ഖരം
പിന്നെച്ചത്തു പരിക്ലിഷ്ടൻ[4] വിപ്രനായിപ്പിറന്നിടും. 52

ഗുരുദാരങ്ങളെപ്പാപി ശിഷ്യനുള്ളാൽ ഗമിക്കിലും
ഉഗ്രസംസാരങ്ങളേല്ക്കും മാനസാധൎമ്മകാരണം. 53

നായായ് പിറന്നു മൂവാണ്ടുകാലം ജീവിക്കുമായവൻ
അവിടെക്കൊലയേററിട്ടു പിറക്കും കൃമിയോനിയിൽ. 54

കൃമിയായിത്തീൎന്നൊരാണ്ടുകാലം ജീവിച്ചിരുന്നിടും
അവിടെക്കൊലയേററിട്ടു പിറക്കും ബ്രഹ്മയോനിയിൽ. 55

പുത്രനൊക്കും ശിഷ്യനെത്താൻ വെറുതേ ഗുരു തല്ലുകിൽ
തൻ തോന്നിവാസംകൊണ്ടായാൾ ഹിംസ്രനായിപ്പിറന്നിടും. 56

അച്ഛനമ്മകളെത്താനങ്ങവമാനിക്കിലോ മകൻ

---

1 കൎമ്മക്കേട് = അകൎമ്മ; കൎമ്മദോഷം. 2 ഖരം = കഴുത. 3 ക്രവ്യാത്ത് = രാക്ഷസൻ. 4 പരിക്ലിഷ്ടൻ = വളരെ ക്ലേശിച്ചവൻ

അവൻ ചത്തിട്ടു രാജാവേ, മുൻപിൽ കഴുതയായിടും. 57
ഗർഭഭേദം പൂണ്ടു പത്തു വർഷം ജീവിച്ചിരുന്നിടും
ഒരാണ്ടു നക്രമായ്ത്തീരും പിറക്കും പിന്നെ മർത്ത്യനായ്. 58
അച്ഛനമ്മകളിങ്ങേതു മകനിൽ ക്രുദ്ധരാവതോ
ഗുരുശാപംമൂലമവൻ ചത്താൽ കഴുതയായിടും. 59
പത്തു മാസം കഴുതയാം പതിന്നാലഥ നായുമാം
ഏഴു മാസം പൂച്ചയുമാം പിറക്കും പിന്നെ മർത്ത്യനായ്. 60
ശകാരിച്ചാലച്ഛനമ്മമാരേ മീനായ് പിറന്നിടും
അവരെത്തല്ലിയാലാമയായ് പിറന്നീടുമേ നൃപ! 61
ആമയാം പത്താണ്ടു മുള്ളൻപന്നിയാം മൂന്നു വത്സരം
ആറുമാസം വ്യാളമായിപ്പിറക്കും പിന്നെ മർത്ത്യനായ്. 62
സ്വാമി നല്കും ചോറു തിന്നു രാജദ്വേഷങ്ങൾ ചെയ്യുകിൽ
മോഹമാണ്ടോനവൻ ചത്തു കുരങ്ങായിപ്പിറന്നിടും. 63
പത്താണ്ടു മർക്കടം പിന്നെയയ്യാണ്ടെയ്ക്കെലിയങ്ങനെ
ആറു മാസം നായുമായിപ്പിറക്കും പിന്നെ മർത്ത്യനായ്. 64
ന്യാസാപഹാരി*യാം മർത്ത്യൻ യമൻതൻ പാട്ടിലായുടൻ
നൂറു സംസാരമേററിട്ടു പിറക്കും കൃമിയോനിയിൽ. 65
ജീവിച്ചിരിക്കുമവിടെപ്പതിനയ്യാണ്ടു ഭാരത!
ദുഷ്കൃതത്തെ ക്ഷയിപ്പിച്ചു പിറക്കും പിന്നെ മർത്ത്യനായ്. 66
അസൂയിക്കും നരൻ ചത്താൽ ജനിക്കും ശാർങ്ഗമായുടൻ
വിശ്വാസഹാരിയാം മർത്ത്യൻ ദുഷ്ടൻ മീനായ് പിറന്നിടും. 67
എട്ടാണ്ടു മീനായ് ചത്തിട്ടു പിറക്കുമഥ ഭാരത!
മൃഗമായ് നാലു മാസംതാൻ പിന്നെയാടായ് പിറന്നിടും. 68
ആടായോരാണ്ടു തികയെക്കൊലയേററിട്ടതിന്നുമേൽ
പുഴുവായ്ത്തീർന്നിടും ജന്തു പിറക്കും പിന്നെ മർത്ത്യനായ്. 69
ഏവം നെല്ലെള്ളു മുതിരയുഴുന്നു കടുകും ചണം
കടലക്കായ് ചെറുപയർ കോതമ്പതസിയങ്ങനെ 70
മററും സസ്യം ഹരിച്ചീടിൽ മോഹാൽ ജന്തുവചേതനൻ
അവൻ നാണം കെട്ടെലിയായ് പിറക്കുമവനീപതേ! 71
പിന്നെച്ചത്തു മഹാരാജ, പന്നിയായിപ്പിറന്നിടും
പിറന്ന മാത്രയിൽ പന്നി രോഗത്താൽ ചത്തിടും നൃപ! 72
നായായ്ത്തീരും പിന്നെ മൂഢനാക്കർമ്മത്താലെ മന്നവ!
അയ്യാണ്ടു നായായ് പിന്നീടു മർത്ത്യനായിപ്പിറന്നിടും. 73
പരസ്ത്രീസംഗമമേല്ക്കുന്നോൻ ചെന്നായായിപ്പിറന്നിടും.
നായ് കുറുക്കൻ കഴുകുമാ വ്യാളം കങ്കം പരം ബകം 74
ഭ്രാതാവിൻ ഭാര്യയിൽപ്പാപി മോഹാൽ ധർഷണചെയ്യുകിൽ

* ന്യാസാപഹാരി = സൂക്ഷിക്കാനേല്പിച്ച മുതൽ അപഹരിക്കുന്നവൻ.

പുംസ്ലോകിലതപമാണ്ടീടുമവനോരാണ്ടു മന്നവ! 75
സഖിപത്നീ രാജപത്നീ ഗുരുപത്നികളിൽ പരം
കാമത്താൽ ധർഷണം ചെയ്കിൽ ചത്താൽ സൂകരമായിടും. 76
അയ്യാണ്ടവൻ പന്നിയായിച്ചെന്നായാം പത്തു വത്സരം
അയ്യാണ്ടു പൂച്ചയാം പിന്നെക്കോഴിയാം പത്തു വത്സരം. 77
മൂന്നു മാസമെറുമ്പാകും പുഴവാമൊരു മാസവും
ഈസ്സംസാരങ്ങളേററിട്ടു പിറക്കും കൃമിയോനിയിൽ. 78
മാസം പതിന്നാലു ജീവിച്ചീടുമാക്കൃമിയോനിയിൽ
പിന്നീടധർമ്മം തീർന്നിട്ടു മർത്ത്യനായിപ്പിറന്നിടും. 79
അടുത്ത വേളിക്കു മഖത്തിന്നു ദാനത്തിനും വിഭോ!
മോഹാൽ മുടക്കം ചെയ്യുന്നോൻ മരിച്ചാൽ കൃമിയായിടും. 80
കൃമിയായിട്ടു ജീവിക്കും പതിനയ്യാണ്ടു ഭാരത!
അധർമ്മത്തെ ക്ഷയിപ്പിച്ചു പിറക്കും പിന്നെ മർത്ത്യനായ്. 81
കന്യയേ മുൻപേകി രണ്ടാംവട്ടം നല്കാനൊരുങ്ങുകിൽ
അവനും നൃപതേ, ചത്താൽ പിറക്കും കൃമിയോനിയിൽ. 82
പതിമ്മൂവാണ്ടായവിടെജ്ജീവിച്ചീടും യുധിഷ്ഠിര!
അധർമ്മം തീർന്നതിൽപ്പിന്നെ മർത്ത്യനായിപ്പിറന്നിടും. 83
ദേവകാര്യം ചെയ്തിടാതെ പിതൃകാര്യവുമങ്ങനെ
കഴിച്ചീടാതുണ്ടിടുന്നോൻ മരിച്ചാൽ കാക്കയായിടും. 84
കാക്കയാം നൂറാണ്ടു പിന്നെക്കോഴിയായിപ്പിറന്നിടും
ഒരു മാസം വ്യാളവുമാമതിൽപ്പിന്നീടു മർത്ത്യനാം. 85
അച്ഛന്നു തുല്യനാം ജ്യേഷ്ഠഭ്രാതാവെദ്ധിക്കരിക്കുകിൽ
അവൻ മരിച്ചാൽ പിന്നീടു പിറക്കും ക്രൗഞ്ചയോനിയിൽ. 86
പത്തു മാസം ക്രൗഞ്ചമാകും രണ്ടേഴഞ്ചുമതേവിധം
അപ്പുറം കൊലയേററിട്ടു മർത്ത്യനായിപ്പിറന്നിടും. 87
വിപ്രസ്ത്രീസംഗിയാം ശൂദ്രൻ പിറക്കും കൃമിയോനിയിൽ
അവിടെക്കൊലയേററിട്ടു പന്നിയായിപ്പിറന്നിടും. 88
പിറന്നമാത്രയ്ക്കാപ്പന്നി രോഗത്താൽ ചത്തിടും നൃപ!
നായായ് പിറക്കുമാ മൂഢനാക്കർമ്മത്താലെ മന്നവ! 89
നായായ് കർമ്മം തീർന്നു പിന്നെ മർത്ത്യനായ്ത്തീരുമീയിവൻ
അതിൽ സന്താനമുണ്ടാക്കിച്ചത്തിട്ടെങ്ങെലിയായിടും. 90
കൃതഘ്നൻ ചത്തു രാജാവേ, യമൻതൻ പാട്ടിലായുടൻ
ദാരുണം വധമേററീടും ക്രുദ്ധരാം യമഭൃത്യരാൽ. 91
ദണ്ഡം മുൽഗരവും ശൂലമഗ്നികുംഭം സുദാരുണം
അസിപത്രവനം ഘോരം വാലുകാ കൂടശാല്മലി 92
ഇവയും മററു പലതും യമൻതൻ പാട്ടിലെത്തിയോൻ
കൊല്ലപ്പെടും യാതനകളുഗ്രമേററിട്ടു ഭാരത! 93

അങ്ങുഗ്രന്മാർ കൊന്നു വിട്ട കൃതഘ്നൻ ഭരതർഷഭ!
സംസാരചക്രമേററിട്ടു പിറക്കും കൃമിയോനിയിൽ 94
പതിനയ്യാണ്ടുകാലംതാൻ കൃമിയാം ഭരതർഷഭ!
പിന്നെക്കഴുതയായങ്ങു കട്ടിക്കാലത്തു ചത്തിടും. 95
അസംഖ്യം ഗർഭശതമാജ്ജന്തു പിന്നെയുമേററിടും
സംസാരം പലതേററങ്ങു തിര്യക്കായിപ്പിറന്നിടും. 96
പിന്നെയൊട്ടേറെയാണ്ടേയ്ക്കു പെരുകും ദുഃഖമേററവൻ
പൗനർഭവത്വമാർന്നാമയായിപ്പിന്നെപ്പിറന്നിടും. 97
തൈർ കട്ടാൽ കൊററിയാം പച്ചമീൻ കട്ടാലങ്ങു ദർദ്ദുരം[1]
ദുർബ്ബുദ്ധി തേൻ കട്ടുവെങ്കിലീച്ചയായിപ്പിറന്നിടും. 98
അപൂപ[2]ഫലമൂലങ്ങൾ കട്ടെന്നാകിലെറുമ്പുമാം
ഹലഗോളക[3]മാം രാജമാഷം[4] കട്ടീടിലായവൻ. 99
പായസം കട്ടുവെന്നാകിൽ തിത്തിരിപ്പുള്ളുമായ്വരും
പിഷ്ടാപൂപം[5] കട്ടുവെങ്കിൽ കുംഭോലൂക[6]നുമായ്വരും. 100
ഇരുമ്പു കട്ടാൽ ദുർബ്ബുദ്ധി കാക്കയായ്ത്തീരുമാ നരൻ
ദുർബ്ബുദ്ധി ഹരിതപ്പക്ഷിയാകുമോടിങ്ങു കക്കുകിൽ. 101
വെള്ളിപ്പാത്രം കട്ടുവെങ്കിൽ മാടപ്രാവായ് പിറന്നിടും
പൊൻപാത്രം കക്കുകിലവൻ പിറക്കും കൃമിയോനിയിൽ. 102
പത്രോർണ്ണപ്പട്ടു കട്ടീടിൽ പരം കൃകലമായ്വരും
കൗശികപ്പട്ടു കട്ടാലാ നരൻ വർത്തകമായ്വരും. 103
അംശുകം കക്കിലാ മർത്ത്യൻ ശുകമായിപ്പിറന്നിടും,
ദുകൂലം കക്കുകിൽച്ചത്താലന്നമായിപ്പിറന്നിടും. 104
കാർപ്പാസികം[7] കക്കിലവൻ മരിച്ചാൽ ക്രൗഞ്ചമായ്വരും
ആവികം പട്ടു കട്ടീടിലാ നരൻ ഭരതർഷഭ! 105
ക്ഷൗമവസ്ത്രം കട്ടുവെങ്കിൽ മുയലായിപ്പിറന്നിടും
ചായം കട്ട പുമാൻ ചത്താൽ മയിലായിപ്പിറന്നിടും. 106
രക്തവസ്ത്രങ്ങൾ കട്ടീടിൽ ജീവഞ്ജീവകമായ്വരും
അരിതാലാദി ഗന്ധങ്ങളിങ്ങു കട്ടീടിലാപ്പുമാൻ 107
ഛുച്ഛുന്ദരിത്വമാണ്ടീടും രാജാവേ, ലോഭമാണ്ടവൻ.
പതിനയ്യാണ്ടുകാലത്തേക്കങ്ങു ജീവിച്ചിരുന്നിടും 108
അധർമ്മത്തെക്ഷയിപ്പിച്ചു മർത്ത്യനായിപ്പിറന്നിടും
പയസ്സു കട്ടുവെന്നാകിൽ വലാകപ്പക്ഷിയായിടും. 109
മനുഷ്യനെണ്ണ കട്ടീടുമേതവൻ മോഹമാണ്ടവൻ

---

1 ദർദ്ദുരം = തവള. 2 അപൂപം = അപ്പം. 3 ഹലഗോളകം = വാൽ നീണ്ടതും ഉരുണ്ടതുമായ ഒരുതരം കീടം. 4 രാജമാഷം = പെരുമ്പയർ. 5 പിഷ്ടാപൂപം = ഒരുജാതി അപ്പം. 6 കുംഭോലൂകൻ = ഒരുജാതി കൂമൻ. 7 കാർപ്പാസികം = പഞ്ഞി കൊണ്ടുണ്ടാക്കിയ വസ്ത്രം.

അവൻ ചത്തിട്ടു രാജാവേ, നരിച്ചീലായ്പ്പിറന്നിടും. 110
അശസ്ത്രനെശ്ശസ്ത്രമേന്തിക്കൊന്നോരു പുരുഷാധമൻ
അത്ഥാത്ഥി വൈരിയെന്നാലും ചത്താൽ കഴുതയായിടും. 111
രണ്ടാണ്ടു ഖരമായ്നിന്നു ശസ്ത്രത്താൽ കൊലയേററിടും
അവൻ ചത്തെപ്പൊഴും പേടിപൂണ്ടോൻ മാനായ്പ്പിറന്നിടും. 112
മാനാമവനൊരാണ്ടെത്തിശ്ശസ്ത്രത്താൽ ഹതനായിടും
മാനായ് ചത്തോൻ പിന്നെ മീനായവൻ വലയിലാപ്പെടും. 113
നാലു മാസം ചെന്നുവെന്നാൽ പിന്നെ ശ്വാപദ[1]മായിടും
പത്താണ്ടു ചെന്നായായ്പ്പിന്നെ ദ്വീപി[2]യാമഞ്ചു വത്സരം. 114
പിന്നീടൻ കൊലപ്പെട്ടു കാലപര്യയചോദിതൻ
അധമ്മക്ഷയമേററിട്ടു മത്ത്യനായിപ്പിറന്നിടും. 115
പെണ്ണിനെക്കൊന്ന ദുബ്ബുദ്ധി യമൻപാട്ടിലണഞ്ഞുടൻ
പല ക്ലേശങ്ങളേററിട്ടു സംസാരംപെട്ടു വിംശതി 116
അതിൽപ്പിന്നെ മഹാരാജ, പിറക്കും കൃമിയോനിയിൽ
കൃമിയായിട്ടിരുപതാണ്ടെത്തിത്താൻ മത്ത്യനായിടും. 117
ചോറു കട്ടാലാ മനുഷ്യനീച്ചയായിപ്പിറന്നിടും
ഈച്ചക്കൂട്ടത്തിൻെറ പാട്ടിൽ പല മാസമിരുന്നിടും; 118
പിന്നെപ്പാപക്ഷയം ചെയ്തു മനുഷ്യനിലയേററിടും.
നെല്ലു കട്ടാലാപ്പുരുഷൻ പരം ലോമശ[3]മായിടും 119
പിണ്ണാക്കു ചേത്തുള്ള തീററി മനുഷ്യൻ കട്ടുവെങ്കിലോ
ആ മനുഷ്യൻ കീരിയൊക്കും ക്രൂരമൂഷികനായിടും. 120
മനുഷ്യനെക്കടിപ്പോനായ് പാപാത്മാവാമവൻ നൃപ!
കൊമ്പൻ വെള്ളപ്പക്ഷിയാകും നൈ കവന്നോരു ദുമ്മതി. 121
മത്സ്യമാംസം കട്ട ദുഷ്ടബുദ്ധിയോ കാക്കയായിടും
ഉപ്പു കട്ടാലവൻ പിന്നെപ്പിറക്കും ചീരികാകനായ്. 122
വിശ്വസിച്ചേല്പിച്ച മുതലൊളിപ്പിക്കുകിൽ മാനവൻ
ചത്താലവൻ പിന്നെയുണ്ണീ, പിറക്കും മത്സ്യയോനിയിൽ. 123
മത്സ്യയോനിയിലാപ്പെട്ടു ചത്തു പിന്നീടു മത്ത്യനാം
മനുഷ്യനായ്പ്പിറന്നിട്ടുമല്പായുസ്സായ് മരിച്ചിടും. 124
പാപം ചെയ്താൽ മത്ത്യർ തിര്യക്‌ജാതിയാമയി ഭാരത!
ആത്മപ്രമാണമാം ധമ്മമറിയില്ലവ ചെററുമേ. 125
മത്ത്യർ പാപങ്ങളും ചെയ്തെന്നും വ്രതംകൊണ്ടവ പോക്കിയാൽ
സുഖദുഃഖങ്ങളോടൊത്തു രോഗം പൂണ്ടവരായ്വരും. 126
സംവാസ[4]മരുതാത്തോരാം മ്ലേച്ഛരാമില്ല സംശയം
പാപം ചെയ്യും നരർ പരം ലോഭമോഹങ്ങളാണ്ടവർ. 127

1 ശ്വാപദം = ചെന്നായ. 2 ദ്വീപി = കടുവ. 3 ലോമശം = മുട്ടാട്.
4 സംവാസം = സഹവാസം.

ജന്മംമുതല്ക്കേ പാപങ്ങരം വിട്ടൊഴിക്കുന്ന മത്ത്യരോ
രോഗമെന്ന്യേ സുരൂപന്മാർ ധനികന്മാരുമാസ്സുരും. 128
ഈക്കണക്കിൽ പാപമെല്ലും സ്ത്രീകളാണെന്നിരിക്കിലോ
ഈജ്ജന്തുക്കരംക്കുള്ള ഭാര്യമാരായ്ത്തീന്നീടുമായവർ. 129
പരസ്വഹരണത്തിങ്കൽ ചൊല്ലീ ദോഷങ്ങളൊക്കയും
ഇതു ലേശം മാത്രമേ ഞാൻ പറഞ്ഞേനനഘാശയ! 130
അന്യപ്രസംഗത്തിൽ വീണ്ടും കേരംക്കും നീയയി ഭാരത!
ഇതു ഞാൻ നൃപതേ, മുന്നം ബ്രഹ്മാവങ്ങരുരംചെയ്യവേ 131
കേട്ടു സുരഷിമദ്ധ്യത്തിൽ ചോദിച്ചിട്ടു ശരിക്കുതാൻ.
ഞാനതൊട്ടൊഴിയാതേകണ്ടെല്ലാം ചൊല്ലീ മുറയ്ക്കിഹ 132
ഇതു കേട്ടു മഹാരാജ, ധമ്മത്തിൽക്കരരം വെയ്ക്കു നീ.

112. സംസാരചക്രം, അന്നദാനം

അറിഞ്ഞോ അറിയാതെയോ ചെയ്തുപോയ അധമ്മത്തിൻെറയും പാപത്തിൻെറയും പരിഹാരത്തിനുള്ള ഉപായം. അന്നദാനമാഹാത്മ്യവണ്ണനം.

യുധിഷ്ഠിരൻ പറഞ്ഞു

അധമ്മഗതിയെ ബ്രഹ്മൻ, പറഞ്ഞിതനഘാശയ!
ധമ്മത്തിൻഗതി കേരംപ്പാനുണ്ടാഗ്രഹം വാഗ്മിസത്തമ! 1
പാപങ്ങരം ചെയ്തോൻ ശുഭയാം ഗതിയെത്തുന്നതെങ്ങനെ?
എന്തു കമ്മം ചെയ്തുവെങ്കിൽ ശുഭയാം ഗതി കിട്ടിടും? 2

ബൃഹസ്പതി പറഞ്ഞു

പാപകമ്മങ്ങരം ചെയ്തിട്ടങ്ങധമ്മവശമാണ്ടവൻ
വിപരീതമനസ്സായോൻ നിരയത്തിങ്കലാപ്പെടും. 3
മൗഢ്യമൂലമധമ്മം ചെയ്തതിൽ പശ്ചാത്തപിപ്പവൻ
മനസ്സമാധിയുടയോനേല്ക്കില്ലാ ദുഷ്കൃതത്തിനെ. 4
എമ്മട്ടെമ്മട്ടവനുള്ളം ഗഹിപ്പൂ ദുഷ്കൃതത്തിനെ
അമ്മട്ടമ്മട്ടധമ്മംകൊണ്ടുള്ള ദേഹമൊഴിഞ്ഞുപോം. 5
രാജാവേ, ധമ്മമറിയും വിപ്രന്മാരോടു ചൊല്ലിയാൽ
പെട്ടെന്നധമ്മകൃതമാമപവാദമൊഴിഞ്ഞുപോം. 6
എമ്മട്ടെമ്മട്ടധമ്മത്തെ മത്ത്യൻ വെളിയിലോതുമോ
സമാഹിതമനസ്സോടമമ്മട്ടമ്മട്ടൊഴിഞ്ഞിടും. 7
പാമ്പു മുൻപേ വിട്ട ജീണ്ണനിമ്മോക*ങ്ങരം കണക്കിനെ
വിപ്രന്നു പല ദാനങ്ങരം കൊടുത്തിട്ടു സമാഹിതൻ 8
മനസ്സമാധിയുടയോൻ പരം സൽഗതിയേററിടും.
ദാനങ്ങരം ചൊല്ലാമെവകരം കൊടുത്തിട്ടു യുധിഷ്ഠിര! 9

* നിമ്മോകം=(പാമ്പിൻ) ചട്ട.

അകൃത്യം ചെയ്തിലും മർത്ത്യൻ ധർമ്മമേല്ക്കുമവററ ഞാൻ.
എല്ലാദ്ദാനത്തിലും ശ്രേഷ്ഠമന്നമെന്നാണ ചൊൽവതും 10
മുന്നമന്നം നല്കിടേണമൃജുധർമ്മാർത്ഥിയാമവൻ.
അന്നം പ്രാണൻ മനുഷ്യക്കു ജീവിയുണ്ടാവതായതിൽ 11
ലോകം നില്ക്കുന്നിതന്നത്തിലെന്നാലന്നം പ്രശസ്തമാം.
അന്നത്തെത്താൻ പുകഴ്ത്തുന്നു ദേവർഷിപിതൃമാനുഷർ 12
അന്നദാനംകൊണ്ടു രന്തിദേവൻ വിണ്ണു കരേറിനാൻ.
ന്യായലബ്ധം[1] കൊടുക്കേണം ബ്രാഹ്മണക്കന്നമുത്തമം 13
സ്വാദ്ധ്യായമുള്ളോർക്കേറ്റേറെ ഹർഷിച്ചോരു മനസ്സൊടും.
ആക്കുള്ളന്നം പത്തു ശതം ബ്രാഹ്മണന്മാർ ഭുജിപ്പതോ 14
ഹൃഷ്ടചിത്തത്തൊടും ദത്തം തിര്യക്കായിവരില്ലവൻ.
ഊട്ടിയെന്നാൽ നരശ്രേഷ്ഠ, വിപ്രരെപ്പതിനായിരം 15
അധർമ്മം വിട്ടുപോം മർത്ത്യൻ യോഗാഭിരതനെപ്പൊഴും.
ഭിക്ഷയേററന്നമുണ്ടാക്കി വിപ്രൻ ദേവപുരസ്കൃതൻ 16
സ്വാദ്ധ്യായപരനാം വിപ്രന്നേകിയാൽ സുഖമേററിടും.
അഹിംസ്ര[2]നായ് ബ്രാഹ്മണസ്വം ന്യായത്താൽ കാത്തുകൊണ്ടുമേ
ഊക്കാൽ നേടിയൊരന്നത്തെ ക്ഷത്രിയൻ നല്കിയെങ്കിലോ
വേദവൃദ്ധബ്രാഹ്മണക്കായ് പ്രയതൻ സുസമാഹിതൻ 18
അതിനാൽ പാപകർമ്മത്തെപ്പോക്കും ധാർമ്മിക, പാണ്ഡവ!
ഷഡ്ഭാഗ[3]ശുദ്ധമർമ്മട്ടു നേടീടും കൃഷിഭാഗമേ 19
വൈശ്യൻ വിപ്രർക്കേകിയെങ്കിൽ പാതകങ്ങളൊഴിഞ്ഞുപോം.
പ്രാണസംശയമേററിട്ടു[4]മന്നം കാക്ക്ശ്യസംഭൃതം 20
ദ്വിജന്മാർക്കേകിയാൽ ശൂദ്രൻ പാതകം വിട്ടൊഴിഞ്ഞുപോം.
നെഞ്ഞൂക്കിനാൽ നേടിയന്നമവിഹിംസകനാമെവൻ 21
ബ്രാഹ്മണക്കേകിടുമവൻ പരം ദുർഗ്ഗങ്ങളം കണ്ടിടാ.
ന്യായത്താൽ നേടിയോരന്നം നരൻ ഹർഷമിയന്നവൻ 22
വേദവൃദ്ധദ്വിജർക്കേകിയെന്നാൽ പാപമൊഴിഞ്ഞുപോം.
അന്നമൂർജ്ജസ്കരം ലോകത്തേകിലൂർജ്ജസ്വിയാം നരൻ 23
സന്മാർഗ്ഗത്തിൽക്കടന്നിട്ടു പാപമൊക്കെയൊഴിഞ്ഞുപോം.
ദാനവന്മാർ വെച്ചവഴിക്കങ്ങു ചെല്ലും മനീഷികൾ 24
പ്രാണദാതാക്കളവരിൽ നില്പു, ധർമ്മം സനാതനം.
എല്ലാംകൊണ്ടും ന്യായവഴിക്കാർജ്ജിതാന്നത്തെ മാനുഷൻ 25
സൽപാത്രത്തെന്നുമാക്കേണമന്നമോ പരയാം ഗതി.
അന്നം കൊടുത്തുവെന്നാലോ രൗദ്ര[5]മേല്ക്കില്ല മാനവൻ 26

---

1 ന്യായലബ്ധം = ന്യായമായ വഴിക്കു കിട്ടിയതു്. 2 അഹിംസ്രൻ = ഹിംസിക്കാത്തവൻ; ആരെയും ദ്രോഹിക്കാത്തവൻ. 3 ഷൾഭാഗം = ആറിലൊന്നു്. 4 പ്രാണസംശയമേററിട്ടും = ജീവൻതന്നെ അപകടത്തിലാകത്തക്കവണ്ണം കഷ്ടപ്പെട്ടുണ്ടാക്കിയതു്. 5 രൗദ്രം = ഭയങ്കരമായ നരകം.

അതുകൊണ്ടന്നമേകേണമന്യായമൊഴിവാക്കിയും.
വിപ്രരുണ്ടിട്ട ശേഷാന്നം ഗൃഹസ്ഥൻ നിത്യമുണ്ണണം 27
അന്നദാനത്തിനാൽ മത്ത്യൻ പാഴല്ലാതാക്കണം ദിനം.
പതിനായിരമേ വേദജ്ഞരെയൂട്ടിയവൻ നൃപ! 28
ന്യായജ്ഞൻ ധമ്മവാന്മാരെയിതിഹാസവിദശ്ധരെ
ഘോരം നരകമെത്തില്ലാ സംസാരങ്ങളുമേററിടാ; 29
സവ്വകാമങ്ങളോടൊത്തു പരത്തിൽ സുഖമേററിടും.
ഇമ്മട്ട താനൊത്തിരിപ്പോൻ രമിക്കും വിഗതജ്വരൻ 30
രൂപവാനാം കീത്തിമാനാം ധനമുള്ളോനുമാസ്സരും.
അന്നദാനഫലം മുഖ്യമിതെല്ലാം നിന്നൊടോതിനേൻ
ദാനധമ്മങ്ങൾക്കു മൂലമിതുതാനാണു ഭാരത! 31

113. ധമ്മസാരോപദേശം

അഹിംസാമാഹാത്മ്യം. അഹിംസയാണ് ഏററവും വലിയ ധമ്മമെന്നും തനിക്ക് അഹിതമായിട്ടുള്ളതു മററുള്ളവക്കും അഹിതമായിരിക്കുമെന്നു വിചാരിച്ചാൽ മതിയെന്നും ഉപദേശിച്ച് ബൃഹസ്പതി തിരികെപ്പോകുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

അഹിംസ വൈദികം കമ്മം ധ്യാനമിന്ദ്രിയസംയമം
തപസ്സു ഗുരുശുശ്രൂഷ ശ്രേയസ്സെന്തു പുമാനിതിൽ? 1

ബൃഹസ്പതി പറഞ്ഞു

ധമ്മ്യങ്ങളിവയൊക്കേയും ഭിന്നദ്വാരങ്ങളെങ്ങുമേ
കേൾക്ക ചൊല്ലിത്തരുന്നോരീയാറെണ്ണം ഭരതഷ്ഭ! 2
ഹന്ത നിശ്രേയസം[1] ജീവിക്കുത്തരം ഞാൻ പറഞ്ഞിടാം
അഹിംസാശ്രയമാം ധമ്മം സാധിക്കും നരനേവനോ. 3
സവ്വഭൂതത്തിലും മൂന്നു ദോഷംവെച്ചപ്പൊഴും പുമാൻ
കാമക്രോധങ്ങളേ വെന്നിട്ടപ്പുറം സിദ്ധി നേടിടും. 4
ഹിംസിയാബ്ഭൂതനിരയെദ്ദണ്ഡത്താൽ ഹിംസചെയ്യവൻ
തനിക്കു സുഖമിച്ഛിപ്പോൻ പരത്തിൽ സുഖമേററിടാ. 5
ഭൂതങ്ങളിൽത്തന്നിലെന്നപോലെ നില്ക്കുന്ന പൂരുഷൻ
ന്യസ്തദണ്ഡൻ[2] ജിതക്രോധൻ പരത്തിൽ സുഖമേററിടും. 6
സവ്വഭൂതാത്മഭൂതൻെറ സവ്വഭൂതേക്ഷക[3]ന്നുടെ
വഴിക്കു മൂഢർ[4] വാനോരുമപദ[5]ൻെറ പദാത്ഥികരം[6]. 7

1 നിശ്രേയസം = ശ്രേയസ്കരം. 2 ന്യസ്തദണ്ഡൻ = ശിക്ഷിക്കാത്തവൻ. 3 സവ്വഭൂതേക്ഷകൻ = എല്ലാ ജീവികളേയും സമമായി വീക്ഷിക്കുന്നവൻ. 4 മൂഢർ = മോഹിക്കുന്നവർ. 5 അപദൻ = ഒരു സ്ഥാനവും ഇല്ലാത്തവൻ; ബ്രഹ്മസായുജ്യം പ്രാപിച്ചവൻ. 6 പദാത്ഥികൾ = ആ നില കിട്ടാൻ ആഗ്രഹിക്കുന്നവർ.

തനിക്കഹിതമാമൊന്നു മററൊരാറക്കും പിണയ്യൊലാ
ചതുരക്കത്തിൽധമ്മമിതു ശേഷം കാമപ്രവൃത്തമാം. 8

തള്ളൽ ദാനം സുഖം ദുഃഖം പ്രിയമപ്രിയമെന്നതിൽ
തന്നെപ്പോലോത്തു പുരുഷൻ പ്രമാണം കണ്ടുകൊാംകയാം.

അന്യൻ മററുള്ളോരിലെമ്മട്ടു ചെയ്യ്—
തന്യങ്കൽ മററവരെമ്മട്ടു ചെയ്‌വൂ
അതേ ദൃഷ്ടാന്തം ജീവലോകത്തിലങ്ങ—
യ്ക്കിതേ വെടിപ്പുള്ള ധമ്മോപദേശം. 10

വൈശമ്പായനൻ പറഞ്ഞു

സുരാചാര്യൻ ധമ്മരാജയുധിഷ്ഠിരനൊടിങ്ങനെ
പറഞ്ഞു ധീമാൻ വിണ്ണേറീ ഞങ്ങൾ കാണ്കെവെയപ്പൊഴേ. 11

114. മാംസവജ്ജനകഥനം

അഹിംസാമാഹാത്മ്യം (തുടച്ച്). അഹിംസ ഏററവും വലിയ ധമ്മമാകയാൽ മാംസഭക്ഷണം വജ്ജ്യമാണെന്നും സ്വന്തം ജീവനെ ബലികഴിച്ചും മററു ജീവികളെ രക്ഷിച്ച പലരും സ്വഗ്ഗസുഖം അനുഭവിച്ചിട്ടുണ്ടെന്നും ഭീഷ്മർ ഉപദേശിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

ശരതല്പമെഴും ഭീഷ്മനോടു പിന്നെ യുധിഷ്ഠിരൻ
മഹാതേജസ്വി ചോദിച്ചു വീണ്ടുമേ വാഗ്മിസത്തമൻ. 1

യുധിഷ്ഠിരൻ പറഞ്ഞു

ഋഷിമാർ വിപ്രർ വാനോരും പ്രശംസിപ്പൂ മഹാമതേ!
അഹിംസാലക്ഷണം ധമ്മം വേദപ്രാമാണ്യദൃഷ്ടിയാൽ. 2

മനോവാക്കായകമ്മങ്ങൾകൊണ്ടു ഹിംസിച്ചിടും നരൻ
നൃപസത്തമ, ദുഃഖത്തിൽനിന്നൊഴിഞ്ഞീടുമെങ്ങനെ? 3

ഭീഷ്മൻ പറഞ്ഞു

അഹിംസയീ നാലു വിധം ചൊല്ലുന്നു ബ്രഹ്മവാദികൾ
ഓരോന്നു വിട്ടാൽ വിട്ടെന്നതാവില്ലാ രിപുസൂദന! 4

നാല്ക്കാലിയൊന്നും കാൽ മൂന്നുകൊണ്ടു നില്ക്കാത്തതെങ്ങനെ?
അമ്മട്ടിതും ചൊൽവൂ മൂന്നു കാരണത്താൽ മഹീപതേ! 5

ആന പോയടിയിൽ ശേഷം കാൽനടക്കാക്കെഴുന്നടി
എല്ലാമൊതുങ്ങുമാനയ്ക്കുള്ളടിമേലെന്നവണ്ണമേ. 6

ഏവം ധമ്മത്തിന്നഹിംസ ചൊൽവൂ ലോകരിൽ മുന്നമേ
ലിപ്തനാം ജീവികമ്മത്താൽ വാക്കാലേവം മനസ്സിനാൽ. 7

മുന്നം മനസ്സാൽ വിട്ടിട്ടു വാക്കാലും ക്രിയയാലുമേ
മാംസം ഭക്ഷിച്ചിടാതുള്ളോൻ ത്രിവിധം വിട്ടൊഴിക്കുമേ. 8

ബ്രഹ്മവാദികൾ ചൊല്ലീട്ടു കേൾക്കുന്നു മൂന്നു കാരണം
മനസ്സു വാക്കു തീനെന്നീ മൂന്നിൽ ദോഷങ്ങൾ നില്പതാം. 9

അതേ മാംസം തിന്നിടാത്തു തപസ്സുള്ള മനീഷികൾ
മാംസാശനത്തിൽ ദോഷങ്ങളിങ്ങു കേൾക്കുക മന്നവ! 10
പുത്രമാംസംപോലെതന്നെ രാജൻ, മാംസമപണ്ഡിതൻ
തിന്മോൻ മോഹമിയന്നുള്ളോനവൻതാൻ പുരുഷാധമൻ. 11
അച്ഛനമ്മകൾ സംഗിച്ചാൽ പുത്രനുണ്ടായിടുംപടി
ഹിംസിച്ചാൽ പാട്ടിലായ് പാപമേററവും വന്നുകൂടിടും[1]. 12
രസത്തെപ്പററി നാവിന്നൊരറിവുണ്ടായിടുംപടി
ശാസ്ത്രത്തിൽ നിയതം രാഗമാസ്വദിച്ചാൽ ജനിച്ചിടും. 13
സംസ്കൃതാസംസ്കൃതം വെച്ചതുപ്പില്ലാത്തതുമുള്ളതും
ഭാവമുണ്ടാകുമവ്വണ്ണം നിരോധിക്കും മനസ്സിനെ. 14
ഭേരീമൃദംഗശബ്ദങ്ങൾ നല്ല തന്ത്രീസ്വനങ്ങളും
നിഷേവിപ്പു മർത്ത്യർ മന്ദർ മാംസം ഭക്ഷിപ്പതെങ്ങനെ?[2] 15
അചിന്തിതമനിർദ്ദിഷ്ടമസങ്കല്പിതമീവിധം[3]
രസക്കൊതി മുഴുത്തുള്ളോർ പുകഴ്ത്തുന്നു ഫലാർത്ഥികൾ; 16
ദോഷകർമ്മഫലാഢ്യംതാൻ മാംസത്തിൻെറ പുകഴ്ത്തലും.
ജീവിതത്തെക്കൈവെടിഞ്ഞും പലർ സാധുക്കളാം ജനം 17
പരമാംസം സ്വമാംസത്താൽ കാത്തു വിണ്ണു കരേറിനാർ.
ഈവണ്ണമേ മഹാരാജ, നാലു കാരണമൊത്തതാം 18
നിനക്കു കാട്ടിനേൻ സർവ്വധർമ്മക്കൂട്ടാമഹിംസ ഞാൻ.

115. മാംസഭക്ഷണനിഷേധം

അഹിംസാമാഹാത്മ്യം (തുടർച്ച). മാംസഭക്ഷണം വർജ്ജിക്കേണ്ടതിൻെറ ആവശ്യകത. മാംസം ഭക്ഷിക്കുന്നവൻ മാത്രമല്ല, കൊല്ലുന്നവനും കൊല്ലിക്കുന്നവനും ഹിംസയുള്ള കഠിനപാപം അനുഭവിക്കേണ്ടിവരുമെന്ന്. മാംസത്തെപ്പോലെതന്നെ മദ്യത്തിൻേറയും വർജ്ജനീയത. ഈ രണ്ടു കാര്യങ്ങളിലും ചെയ്യുന്ന ത്യാഗം ഉൽകൃഷ്ടഫലപ്രദമായിരിക്കുമെന്നും.

യുധിഷ്ഠിരൻ പറഞ്ഞു

അഹിംസ പരമം ധർമ്മമെന്നോതീ പലപാടു നീ
പിതൃക്കൾ മാംസാർത്ഥികളെന്നോതീ ശ്രാദ്ധങ്ങളിൽബ്ഭവാൻ.

---

1 ഹിംസിക്കുന്നവൻ പലരെ ജന്മങ്ങളിൽ പാപിയായി ദുഃഖം അനുഭവിക്കും എന്നാണാശയം. 2 ഈ ശ്ലോകത്തിൻെറ തർജ്ജിമയിൽ അല്പം പിശകു പററിയിട്ടുണ്ട്. 'മാംസം ഭക്ഷിക്കുന്നവർ ദിവ്യങ്ങളായ ഭേരീമൃദംഗാദിശബ്ദങ്ങൾ എങ്ങനെയാണ് കേൾക്കുക?' എന്നാണ് മൂലപദ്യത്തിലെ ആശയം.(അവർ സ്വർഗ്ഗത്തിലെത്തുകയില്ലെന്നർത്ഥം. ഈ വക വാദ്യവിശേഷങ്ങൾ സ്വർഗ്ഗത്തിലാണല്ലോ ഉള്ളത്!) മൂലശ്ലോകം:

"ഭേരീമൃദംഗശബ്ദാംശ്ച തന്ത്രീശബ്ദാംശ്ച പുഷ്കലാൻ
നിഷേവിഷ്യന്തി വൈ മന്ദാ മാംസഭക്ഷാഃ കഥം നരാഃ?"

3 'വിചാരിക്കാനോ ഇന്നവിധത്തിലാണെന്നു പറയാനോ സങ്കല്പിക്കാനോ സാധിക്കാത്തതാണ് അതിൻെറ സ്വാദ് എന്നും മററും.'

പല മാംസങ്ങളിൽ ശ്രാദ്ധവിധിയും മുൻപു ചൊല്ലി നീ
കൊല്ലാതെ മാംസമെങ്ങേവമിതു തമ്മിൽ വിരുദ്ധമാം. 2
മാംസവർജ്ജനധർമ്മത്തിൽ ഞങ്ങൾക്കുണ്ടിങ്ങു സംശയം
തിന്നുവോനെന്തുവാൻ ദോഷം തിന്നാത്തോനെന്തുവാൻ ഗുണം?
കൊന്നു തിന്മോനുമന്യൻ കൊന്നതു തിന്മോനുമങ്ങനെ
അന്യന്നുവേണ്ടിക്കൊൽവോനും വാങ്ങിത്തിന്നുന്നവന്നുമേ? 4
ഇതു തത്ത്വത്തോടങ്ങോതിക്കേൾക്കേണമനഘാശയ!
തീർപ്പായിച്ചെയ്യുവാനിച്ഛിപ്പേനീദ്ധർമ്മം സനാതനം 5
ആയുസ്സെങ്ങനെയുണ്ടാകും സത്ത്വവാനാകുമെങ്ങനെ?
അവ്യംഗനാമേതുവിധം ലക്ഷണാഢ്യനുമെങ്ങനെ? 6

ഭീഷ്മർ പറഞ്ഞു

മാംസം തിന്നായ്കയിൽദ്ധർമ്മം രാജാവേ, കുരുനന്ദന!
യഥാതത്ത്വം കേൾക്കുകിതിൽ മുഖ്യമാം വിധിയേയുമേ. 7
രൂപമവ്യംഗനായുസ്സു ബുദ്ധി സത്ത്വം ബലം സ്മൃതി
ഇവയിച്ഛിച്ചിടും യോഗ്യർ വിട്ടൊഴിക്കുന്നു ഹിംസയെ. 8
ഋഷിമാർക്കിഹ സംവാദം പലതും കുരുനന്ദന!
ഉണ്ടായിട്ടുണ്ടവർക്കുള്ള മതം കേൾക്ക യുധിഷ്ഠിര! 9
അശ്വമേധം യജിപ്പോനും മാസംതോറും യതവ്രതൻ
മധുമാംസമൊഴിപ്പോനും രണ്ടും തുല്യം യുധിഷ്ഠിര! 10
സപ്തർഷിമാർ ബാലഖില്യരപ്രകാരം മരീചിപർ
അമാംസഭക്ഷണം ഭൂപ, പ്രശംസിപ്പൂ മനീഷികൾ. 11
മാംസം തിന്നാത്തവൻ കൊല്ലാത്തവൻ കൊല്ലിച്ചിടാത്തവൻ
സർവ്വർക്കും മിത്രമെന്നോതീട്ടുണ്ടാ സ്വായംഭുവൻ മനു. 12
അധൃഷ്യനേവർക്കുമിങ്ങു വിശ്വാസ്യൻ സർവ്വജീവിയിൽ
സാധുസമ്മതനാമെന്നും മാംസം വർജ്ജിച്ചിടുന്നവൻ. 13
സ്വമാംസം പരമാംസത്താൽ വർദ്ധിപ്പിപ്പാൻ നിനയ്ക്കുകിൽ
അവൻ താഴ്ന്നീടുമെന്നോതീ ധർമ്മാത്മാവായ നാരദൻ 14
കൊടുത്തീടും യജിച്ചീടും താൻ തപസ്വിയുമായ്വരും
മധുമാംസങ്ങൾ വർജ്ജിച്ചോനെന്നു ചൊല്ലീ ബൃഹസ്പതി. 15
അശ്വമേധത്തെ നൂററാണ്ടു മാസംതോറും യജിപ്പവൻ
മാംസം തിന്നാത്തോനുമൊപ്പമെന്നാകുന്നിതു മന്മതം. 16
എന്നും സത്രം യജിപ്പോനാമെന്നും ദാതാവുമായ്വരും
എന്നും തപസ്വിയായ്ത്തീരും മധുമാംസമൊഴിക്കുകിൽ. 17
ഏല്പെട്ടാ സർവ്വവേദങ്ങൾ സർവ്വയജ്ഞങ്ങൾ ഭാരത!
മാംസങ്ങളെത്തിന്നു പിന്നെ നിവർത്തിച്ചീടുമെന്നതിൽ. 18
സ്വാദറിഞ്ഞാൽ പിന്നെ മാംസമൊഴിച്ചീടുക ദുഷ്കരം
ചെയ്ക ശ്രേഷ്ഠം വ്രതമിതു സർവ്വപ്രാണ്യഭയപ്രദം. 19

ഏതു വിദ്വാൻ സർവ്വഭൂതാഭയദക്ഷിണ നല്കുമോ,
ലോകത്തിൽ പ്രാണദാതാവാണവനില്ലൊരു സംശയം. 20
ഈ ശ്രേഷ്ഠമായ ധർമ്മത്തെപ്പുകഴ്ത്തുന്നു മനീഷികൾ
പ്രാണൻ തനിക്കെന്നതുപോലിഷ്ടം ഭൂതതതിക്കുമേ. 21
തന്നെപ്പോലെ കൃതാത്മാക്കൾ ബുദ്ധിയുള്ളോർ നിനയ്ക്കണം
അറിഞ്ഞൈശ്വര്യമിച്ഛിപ്പോർക്കുണ്ടെന്നും മൃത്യുവിൽ ഭയം. 22
എന്തു കാര്യം കൊന്നു വിട്ടു ജീവിതാർത്ഥികളെപ്പരം
അരോഗർ കുററമററോരെപ്പാപർ മാംസാശിമാർകളാൽ? 23
എന്നാലോർക്ക മഹാരാജ, മാംസത്തിൻെറ വിവർജ്ജനം
ധർമ്മത്തിന്നോ മുഖ്യപദം സ്വർഗ്ഗത്തിന്നും സുഖത്തിനും. 24
അഹിംസ പരമം ധർമ്മമഹിംസ പരമം തപം
അഹിംസ പരമം സത്യമതിൽദ്ധർമ്മപ്രവൃത്തിയാം. 25
മാംസം കിട്ടാ പുൽ വിറകു കല്ലെന്നിവയിൽനിന്നെടോ
ജന്തുവെക്കൊല്ലിലാം മാംസമെന്നാൽ[1] തിന്നുക ദോഷമാം. 26
സ്വാഹാസ്വധാമൃതാശന്മാർ വാനോർ സത്യാർജ്ജവപ്രിയർ
ജിഹ്വാരസാലംബ[2]രോർക്ക ക്രവ്യാദന്മാർകൾ രാക്ഷസർ. 27
കാന്താരഘോരദുർഗ്ഗങ്ങൾ ഗഹനങ്ങളിവററിലും
സന്ധ്യയ്ക്കു രാവും പകലും സഭയിൽ ചത്വര[3]ത്തിലും 28
ശസ്ത്രമേന്തീടിലും വ്യാളമൃഗജാലഭയത്തിലും
മാംസം തിന്നായ്കിൽ നൃപതേ, പററില്ലാ ഭയമന്യരാൽ. 29
ശരണ്യൻ സർവ്വജീവികൾക്കും വിശ്വാസ്യൻ സർവ്വജീവിയിൽ
ലോകർക്കുദ്വേഗ[4]മേകാത്തോനെന്നുമുദ്വേഗമേററിടാ. 30
തിന്നാത്തോനാണെന്നിരിക്കിൽ കൊല്ലാത്തവനുമായ് വരും
കൊല്ലുവോൻ തിന്നുവാനായിക്കൊലയേല്പിക്കയാം നരൻ. 31
ഇതു തിന്നരുതെന്നായാൽ ഹിംസയും നിന്നുപോയിടും
മൃഗാദി ഹിംസ തീററിക്കുവേണ്ടിയല്ലോ നടപ്പതും. 32
ഹിംസിപ്പവർക്കുണ്ടായുസ്സു കുറഞ്ഞീടും മഹാദ്യുതേ!
മാംസം വർജ്ജിക്കുകതിനാലാത്മൈശ്വര്യം നിനപ്പവൻ. 33
ത്രാതാ[5]വിനെക്കാണുകില്ലാ രൗദ്രന്മാർ ജന്തുഹിംസകർ
പരം വ്യാളമൃഗപ്രായം[6] ഭൂതോദ്വേഗപ്രതാദികൾ. 34
ലോഭത്താൽ ബുദ്ധിമോഹത്താൽ ബലവീര്യത്തിനായിയും
സംസർഗ്ഗത്താലുമാം ദുഷ്ടാത്മ[7]ധർമ്മരുചി മർത്ത്യരിൽ. 35
സ്വമാംസം പരമാംസത്താൽ വർദ്ധിപ്പിപ്പാൻ നിനപ്പവൻ
എങ്ങു ചെന്നു ജനിച്ചാലുമുദ്വേഗപ്പാർപ്പു പാർത്തിടും. 36

1 എന്നാൽ = അതിനാൽ. 2 ജിഹ്വാരസാലംബർ = നാവിൻെറ രുചിയെ ആശ്രയിച്ചു കഴിയുന്നവർ. 3 ചത്വരം = നാല്ക്കവല. 4 ഉദ്വേഗം = ഭയം; വ്യാകുലത. 5 ത്രാതാവ് = രക്ഷിതാവ്. 6 വ്യാളമൃഗപ്രായം = സിംഹം, കടുവ മുതലായവയെപ്പോലെ. 7 ദുഷ്ടാത്മ = പാപമുള്ള.

ധന്യം യശസ്യമായുഷ്യം സ്വർഗ്ഗ്യം സ്വസ്ത്യയനം പരം
മാംസം വർജ്ജിക്കുകെന്നോതീ നിയതന്മാർ മഹർഷികൾ. 37

ഇതെന്നാലയി കൗന്തേയ, പണ്ടു ഞാൻ കേട്ടറിഞ്ഞതാം
മാംസഭക്ഷണദോഷങ്ങൾ മാർക്കണ്ഡേയനുരച്ചുവേ. 38

ജീവിതാർത്ഥിപ്രാണികടെ മാംസം തിന്മവനേവനോ,
കൊന്നവർക്കും ചത്തവർക്കും കൊലയാൾപോലെയാണവൻ. 39

ധനത്താൽ കൊള്ളുവോൻ കൊൽവൂ, തിന്നുവോൻ ഭാഗവൃത്തി-
ഘാതകൻ വധബന്ധത്താ,ലേവം മൂന്നുവിധം വധം. [യാൽ,

തിന്നാഴ്കിലും ഭാവദോഷാലനുമോദിച്ചിടുന്നവൻ
കൊല്ലുന്നതിൽ സമ്മതിപ്പോനവനും ദോഷമേററിടും. 41

അധൃഷ്യൻ സർവ്വജീവിക്കുമായുഷ്മാൻ നീരുജൻ[1] സുഖി
ജീവകാരുണ്യവാനെന്നും മാംസം തിന്നാതെയുള്ളവൻ. 42

സുവർണ്ണദാനം ഗോദാനം ഭൂമിദാനമിവററിലും
ശ്രേഷ്ഠം മാംസം തിന്നിടാത്ത ധർമ്മമെന്നുണ്ടു കേൾപ്പു നാം. 43

പ്രോക്ഷിക്കാത്ത[2]പ്പാഴമാംസം വിധിക്കൂടാതെ തിന്നൊലാ
ഭക്ഷിച്ചാൽ നരകം പൂകുമതിനില്ലൊരു സംശയം. 44

പ്രോക്ഷിച്ചഭ്യക്ഷിതം മാംസമെന്നാൽ ബ്രാഹ്മണകാമ്യ[3]യാൽ
അല്പദോഷമിതോർക്കേണം തെററിയാലഘമേററിടും. 45

തിന്മോനാവശ്യമായ് ജന്തുഘാതിയേതൊരു നീചനോ
മഹാദോഷക്കാരനതിൽക്കൊല്ലുവോ,നല്ല തിന്നുവോൻ. 46

ഇജ്യായജ്ഞശ്രുതിവഴിക്കബുധാധമനേവനോ
മാംസാർത്ഥി ജന്തുവെക്കൊൽവതവൻ നരകമേററിടും[4]. 47

മാംസം തിന്നിട്ടു പിന്നീടു വേണ്ടെന്നായ് വെപ്പതാകിലും
പെരുത്തു ധർമ്മമായാൾക്കു പാപം വിട്ടവനാമവൻ. 48

ആഹരിപ്പോൻ[5] സമ്മതിപ്പോൻ കൊൽവോൻ വില്പവനേല്പവൻ
വെപ്പോൻ തിന്മോനുമവ്വണ്ണമിവർ തിന്മവരേവരും. 49

ഇതു വേറിട്ടു ഞാൻ ചൊല്ലാം പ്രമാണം വിധിനിർമ്മിതം
പണ്ടേ മുനീന്ദ്രരേല്ലോന്നു വേദങ്ങളിലുരച്ചതാം. 50

പ്രവൃത്തിലക്ഷണം ധർമ്മം പ്രജാർത്ഥിജനഭാഷിതം
ചെന്നോണം രാജശാർദ്ദൂല, മോക്ഷാർത്ഥിക്കുള്ളതല്ലെടോ. 51

ഹവിസ്സെന്നാൽ മന്ത്രപൂതം പ്രോക്ഷിച്ചഭ്യക്ഷിതം ശുചി
വേദോക്തമാം പ്രമാണത്താൽ പിതൃക്കൾക്കും ക്രിയയ്ക്കുമേ. 52

അതല്ലാഞ്ഞാൽ പാഴിൽ മാംസം തിന്നൊല്ലെന്നരുളീ മനു

---

1 നീരുജൻ = അരോഗി. 2 പ്രോക്ഷിക്കാത്ത = യാഗത്തിനോ പിതൃക്കൾക്കോ വിധിപ്രകാരം അർപ്പണം ചെയ്യാത്ത. 3 ബ്രാഹ്മണകാമ്യ = ബ്രാഹ്മണർക്കു കൊടുക്കണമെന്നുള്ള വിചാരം. 4 മാംസക്കൊതിയനായ ഒരാൾ യാഗത്തിന്റെ പേരും പറഞ്ഞു് ജന്തുക്കളെ കൊന്നു ഹോമശിഷ്ടമായ മാംസം ഭക്ഷിക്കുന്നപക്ഷം അയാളും നരകദുഃഖമനുഭവിക്കുമെന്നാണു് ആശയം. 5 ആഹരിക്ക = കൊണ്ടുവരിക.

അസ്സ്വാഗ്ഗ്യമയശസ്യം താൻ രാക്ഷസന്മട്ട ഭാരത! 53
വിധിയെന്യേ മുൻപു മാംസം മനുഷ്യൻ തിന്നൊലാ നൃപ!
പ്രോക്ഷിക്കാത്തപ്പോഴമാംസം വിധിക്കൂടാതെ തിന്നൊലാ. 54
ഇച്ഛിക്കുന്നു മത്ത്യനെങ്കിൽത്തനിക്കൊരനുപദ്രവം
ആയവൻ പ്രാണിമാംസങ്ങളം വജ്ജിച്ചീടേണമെന്നുമേ. 55
കേരംപ്പൂ മത്ത്യക്ക മുൻ കല്പകാലേ വ്രീഹിമയം പശു
അതാൽ യജിച്ചു യജ്വാക്കരം പുണ്യലോകപരായണർ. 56
ഋഷിമാർസംശയം കേട്ട ചേദീശൻ വസു മുന്നമേ
അഭക്ഷ്യമാകിലും മാംസം ഭക്ഷ്യമെന്നോതിനാൻ പ്രഭോ! 57
അതിനാൽ വിണ്ണിൽനിന്നെത്തീ മന്നിലാപ്പൃഥിവീപതി
ഇതുതാൻ വീണ്ടുമോതീട്ടു ധരണിക്കുള്ളിലേറിനാൻ. 58
മഹാത്മാവായുള്ളഗസ്ത്യൻ പ്രജകരംക്ക ഹിതത്തിനായ്
തപസ്സാൽ സവ്വദേവക്കായ് പ്രോക്ഷിച്ചിതു മൃഗങ്ങളെ. 59
പിതൃദൈവക്രിയകളും ക്ഷയിക്കാതായിതിങ്ങനെ
പിതൃക്കരം നന്ദികൊള്ളുന്നു ന്യായത്താൽ മാംസതപ്പിതർ. 60
ഇതു കേരംക്കുക രാജേന്ദ്ര, ഞാൻ ചൊൽവതനഘാശയ!
മാംസം തിന്നായ്കിലോ സവ്വസുഖമാം മനുജാധിപ! 61
നൂററാണ്ടുകാലമത്യുഗ്ര വൻ തപം ചെയ്കിലും ശരി
മാംസം വജ്ജിക്കിലും രണ്ടും തുല്യമാണെന്നിതെന്മതം. 62
കൗമുദ*ത്തിൽ വിശേഷിച്ചും ശുക്ലപക്ഷത്തിൽ മന്നവ!
മധുമാംസങ്ങളം വജ്ജിക്കുകതിൽദ്ധമ്മം വിധിപ്പതാം. 63
മഴക്കാലം നാലു മാസം മാംസം വജ്ജിച്ചിടുന്നവൻ
നാലു ഭദ്രം നേടുമായുരൃശസ്സു ബലകീത്തികരം. 64
അതല്ലാ മാസമൊന്നേതു മാംസവും തിന്നിടാത്തവൻ
സവ്വദുഃഖം വിട്ടു സുഖം ജീവിച്ചീടും നിരാമയൻ. 65
വജ്ജിക്കാറുണ്ടു മാംസങ്ങളം മാസപക്ഷക്കണക്കിലായ്
മാംസം വിട്ടുള്ളായവക്കോ ബ്രഹ്മലോകം വിധിപ്പതാം. 66
മാംസം കൗമുദപക്ഷത്തിൽ വജ്ജിപ്പൂ പാത്ഥ, പാത്ഥിവർ
സവ്വഭൂതാത്മഭൂതസ്ഥർ പരാപരമറിഞ്ഞവർ. 67
നാഭാഗനാമംബരീഷൻ മഹാത്മാവാകുമാഗ്ഗയൻ
അനരണ്യനമായുസ്സും ദിലീപൻ രഘു പൂരുവും 68
കാത്തവീര്യാനിരുദ്ധന്മാർ നഹുഷൻതാൻ യയാതിയും
വിഷ്വഗശ്വൻ നൃഗൻ പിന്നെയവ്വണ്ണം ശശബിന്ദുവും 69
യുവനാശ്വൻ പിന്നെയൗശീനരനാം ശിബിതാനുമേ
മാന്ധാതാ മുചുകുന്ദൻതാനാ ഹരിശ്ചന്ദ്രനും വിഭോ! 70
സത്യം ചൊൽവിനസത്യം വയ്യാസ്സത്യം ധമ്മമെന്നുമേ

* കൗമുദം = കാത്തികമാസം.

സത്യാൽ ചെൽവൂ ഹരിശ്ചന്ദ്രൻ വാനിൽച്ചന്ദ്രൻ കണക്കിനെ. 71
ശ്യേനചിത്രൻ നരപതേ, സോമകൻ വൃകനും ശരി
രൈവതൻ രന്തിദേവൻതാൻ വസു സൃഞ്ജയനങ്ങനെ 72
ഇവരും മററുമുർവ്വീശ, കൃപൻ ഭരതനും പരം
ദുഷ്യന്തൻതാൻ കരൂഷൻതാൻ രാമാളക്നളാഖ്യരും 73
വിരൂപാശ്വൻ നിമി പരം ധീമാൻ ജനകരാജനും
ഐളനും പൃഥുവും പിന്നെ വീരസേനനുമങ്ങനെ 74
ഇക്ഷ്വാകുവും ശംഭുവുമാ ശ്വേതൻ സഗരനും ശരി.
അജൻ ധുന്ധുവുമവ്വണ്ണമപ്രകാരം സുബാഹുവും 75
ഹര്യശ്വനും നരപതേ, ക്ഷുപൻ ഭരതനും ശരി.
ഇവരും മററുമുർവ്വീശ, മാംസം തിന്നില്ല മുന്നമേ 76
ശരൽക്കൗമുദമാസത്തിലതിൽ വിണ്ണേറിനാരവർ;
ബ്രഹ്മലോകത്തിലും നില്പു, ശ്രീയൊടൊത്തുജ്ജ്വലിച്ചവർ. 77
ഗന്ധർവ്വന്മാരുപാസിച്ചുമസംഖ്യം സ്ത്രീകളും ചേർന്നുമേ
ഈയൊരുത്തമമാം ധർമ്മമഹിംസാധർമ്മലക്ഷണം 78
ആചരിച്ചാൽ മഹാത്മാക്കൾ നാകപൃഷ്ഠത്തു പാർക്കുമേ.
മധുമാംസങ്ങളെപ്പോഴും വർജ്ജിച്ചീടുന്ന ധാർമ്മികർ 79
മദ്യവും ജനനംതൊട്ടിട്ടവർ മററും മുനീശ്വരർ.
മാംസം തിന്നായ്കയീധർമ്മം ചെയ്യോൻ കേൾപ്പിക്കുവോനുമേ 80
സുദുരാചാരനായാലുമൊട്ടും നിരയ*മേററിടാ.
ഇതു ചൊല്ലുകിലും രാജൻ, വീണ്ടും വീണ്ടും ശ്രവിക്കിലും 81
അമാംസഭക്ഷണവിധി പവിത്രമൃഷിപൂജിതം
സർവ്വപാപങ്ങളും വിട്ടു സർവ്വകാമാഭിപൂജ്യനാം 82
ശ്രേഷ്ഠത്വവും ജ്ഞാനികളിൽ നേടുമില്ലൊരു സംശയം.
ആപന്നനാപത്തൊഴിയും ബദ്ധൻ ബന്ധനമുക്തനാം 83
രോഗി രോഗം വിട്ടൊഴിയും ദുഃഖി ദുഃഖമൊഴിച്ചിടും.
തിര്യഗ്യോനിയിലെത്തില്ലാ രൂപവാനാകുമാ നരൻ 84
ഋദ്ധിമാനാം കുരുശ്രേഷ്ഠ, നേടും പെരിയ കീർത്തിയും.
ഇതു നിന്നോടു ചൊന്നേൻ ഞാൻ മാംസത്തെയൊഴിവാക്കലിൽ
പ്രവൃത്തിക്കും നിവൃത്തിക്കും വിധാനമൃഷിനിർമ്മിതം. 85

* നിരയം = നരകം.

116. അഹിംസാഫലകഥനം

അഹിംസാമാഹാത്മ്യം (തുടച്ച്). മാംസഭക്ഷണത്തിന്റെ ദോഷങ്ങളും മാംസം വജ്ജിച്ചാലുള്ള ഗുണങ്ങളും വിസ്തരിച്ചു പ്രതിപാദിച്ചിരിക്കയാണ് ഈ അദ്ധ്യായത്തിൽ. അവസാനത്തിൽ ഭീഷ്മർ അഹിംസയെ അങ്ങേയററം പുകഴ്ത്തുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ഇവരീ മത്ത്യലോകത്തു മാംസാശികരം നൃശംസരാം[1]
പല ഭക്ഷ്യങ്ങളും വിട്ടു മഹാരാക്ഷസർ പോലവേ. 1
പലമട്ടിലപൂപങ്ങരം ശാകങ്ങരം പലമാതിരി
ഖാണ്ഡവം[2] രസയോഗങ്ങളിച്ഛിക്കാ മാംസമട്ടിവർ. 2
എനിക്കീ വിഷയത്തിങ്കൽ മോഹിക്കുന്നുണ്ടു മാനസം
മാംസത്തേക്കാരം മേലെയൊന്നും സ്വാദായ്ക്കാണ്മീല മാനവർ.
ഗുണങ്ങരം മാംസം തിന്നായ്കിലെന്തെന്നാൽ കേരംക്കണം പ്രഭോ!
തിന്നാലെന്തുണ്ടു ദോഷങ്ങളെന്നതും ഭരതഷ്ഭ! 4
ധമ്മജ്ഞ, തത്ത്വമാമ്മട്ടിൽ ധമ്മമായിട്ടിതൊക്കയും
ഭക്ഷ്യമെന്താണെന്തഭക്ഷ്യമിതൊക്കപ്പറയേണമേ. 5
ഇതെമ്മട്ടെന്തുവിധമാം വജ്ജനത്തിൽ ഗുണങ്ങളും
തിന്നാൽ ദോഷങ്ങളും മററും ചൊല്ലെന്നോടു പിതാമഹ! 6

ഭീഷ്മൻ പറഞ്ഞു

ശരിയാണു മഹാബാഹോ, നീ ചൊല്ലുന്നതു ഭാരത!
മാംസത്തേക്കാരം സ്വാദിൽ മേലേ മന്നിൽ മറ്റൊന്നുമില്ലെടോ. 7
കൃശക്ഷീണാഭിതപ്തക്കും ഗ്രാമ്യധമ്മരതക്കുമേ
അദ്ധ്വക്ലിഷ്ടക്കുമില്ലൊന്നും മാംസത്തേക്കാട്ടിൽ മേലെയായ്. 8
ഉടൻ പ്രാണങ്ങരം വാഴ്ത്തിക്കും നല്ല പുഷ്ടി വരുത്തിടും
ഭക്ഷ്യം മാംസത്തിലും മേലെയൊന്നുമില്ലാ പരന്തപ! 9
വജ്ജിച്ചെന്നാൽ പെരുത്തുണ്ടു ഗുണം കൗരവനന്ദന!
മനുഷ്യക്കവയെന്തെന്നു ഞാൻ ചൊല്ലുന്നതു കേരംക്ക നീ. 10
സ്വമാംസം പരമാംസത്താൽ വദ്ധിപ്പിപ്പാൻ നിനയ്ക്കുകിൽ
അവനെക്കാരം ക്ഷുദ്രനില്ലാ നൃശംസതര[3]നാ നരൻ. 11
പ്രാണനെക്കാരം പ്രിയപ്പെട്ടതില്ലാ ലോകത്തിലൊന്നുമേ
അതിനാൽ ദയ ചെയ്യേണം തന്നിലാംപോലെയന്യനിൽ. 12
ഉണ്ണീ, ശുക്ലത്തിൽനിന്നല്ലോ മാംസോൽപ്പത്തിയസംശയം
തിന്നാൽ പെരുത്തുണ്ടു ദോഷമൊഴിച്ചാൽ ചൊൽവു പുണ്യവും;
വേദത്തിൽക്കണ്ട വിധിയിലതു തിന്നാൽ ദൂഷിച്ചിടാ.
പശുവിൻസൃഷ്ടി യജ്ഞത്തിന്നെന്നായും കേരംപ്പതാം ശ്രുതി 14

---

1 നൃശംസൻ = ക്രൂരൻ. 2 ഖാണ്ഡവം = കല്ക്കണ്ടം. 3 നൃശംസതരൻ = കൂടുതൽ ക്രൂരതയുള്ളവൻ.

അതല്ലാതെ തുടന്നോർക്ക്[1] ചൊൽവൂ രാക്ഷസമാം വിധി.
ക്ഷത്രിയന്മാർക്കു കാണുന്ന വിധിയെന്തു കേൾക്ക നീ 15
വീര്യോപാർജ്ജിതമാം മാംസം തിന്നെന്നാലും ദൂഷിച്ചിടാ.
ആരണ്യം സർവ്വദൈവാർത്ഥം പ്രോക്ഷിതം മൃഗമൊക്കയും 16
അഗസ്ത്യനാൽ പണ്ടതിനാൽ പൂജിപ്പൂ വേട്ടയേ നൃപ!
ആത്മത്യാഗം ചെയ്തിടാതെ നായാട്ടെന്നുള്ളതില്ല താൻ 17
സമഭാവം പൂണ്ടു ഭൂതം കൊല്ലയാം കൊലയേല്ക്കയാം.
അതാണു വേട്ട രാജർഷിമാരൊക്കെച്ചെയ്‌വൂ ഭാരത! 18
പാപമേല്ക്കാറുമില്ലെന്നാലിതു പാതകമല്ലപോൽ.
ഇതുപോലിഹ ലോകത്തിലൊന്നുമില്ലാ പരത്തിലും 19
സർവ്വഭൂതങ്ങളിലുമാർദ്രയ കൗരവനന്ദന!
ദയയുള്ള മനുഷ്യന്നു ഭയമിങ്ങില്ലൊരേടവും 20
ഈ ലോകമാർദ്രയാലുക്കൾക്കപ്പുറം താപസർക്കുമാം.
അഹിംസാലക്ഷണം ധർമ്മമെന്നു ധർമ്മജ്ഞർ ചൊൽവതാം 21
ആത്മവാനാം നരനഹിംസാത്മകക്രിയ ചെയ്യണം.
പിതൃദൈവതയജ്ഞത്തിൽ പ്രോക്ഷിച്ചതു ഹവിസ്സുപോൽ! 22
സർവ്വജീവിക്കുമഭയം ദയാശീലൻ കൊടുക്കുകിൽ
ഭൂതങ്ങളായാൾക്കഭയം നല്ലമെന്നുണ്ടു കേൾപ്പു നാം. 23
മുറിപെട്ടാലിടറിയാൽ വീണാൽ തച്ചാലിഴയ്ക്കിലും
സർവ്വഭൂതങ്ങളും കാക്കും സമത്തിൽ വിഷമത്തിലും. 24
കൊല്ലില്ലവനെയാ വ്യാളമൃഗപൈശാചരാക്ഷസർ
ഭയകാലത്തൊഴിഞ്ഞീടും മോചിപ്പോൻ പരരെബ്ഭയാൽ. 25
പ്രാണദാനാൽ പരം ദാനമുണ്ടായീലുളവായിടാ
തന്നെക്കാളും പ്രിയതരമൊന്നുമില്ലെന്നു തീർച്ചയാം. 26
അനിഷ്ടം സർവ്വജീവിക്കും ചാക്കെന്നുള്ളതു ഭാരത!
ചാക്കടുത്താൽ ജീവികൾക്കുടനേ വിറ വന്നിടും. 27
ഗർഭജന്മജരാദുഃഖാൽ സംസാരാബ്ധിയിൽ നിത്യവും
മറിയുന്നൂ ജീവജാലം പേടിച്ചീടുന്നു ചാക്കിനെ. 28
വേവുന്നു ഗർഭവാസത്തിൽ പുളിയുപ്പെരിവെന്നിവ
മലമൂത്രശ്ലേഷ്മവഴി പട്ടു ദാരുണമേററുമേ. 29
ജനിച്ചാലവശപ്പെട്ടു മുറിക്കപ്പെട്ടു വീണ്ടുമേ
പചിക്കപ്പെട്ടു കാണുന്നു വിവശം മാംസകാംക്ഷികൾ. 30
കുംഭീപാക[2]ത്തിൽ വേവുന്നു പെട്ടിട്ടതതു യോനിയിൽ
കേറിക്കൊല്ലപ്പെട്ടുമേററമുഴന്നീടുന്നു വീണ്ടുമേ. 31

1 അതല്ലാതെ തുടന്നോർ = യജ്ഞത്തിനായിട്ടല്ലാതെ പശുക്കളെ ഹിംസിക്കുന്നവർ. 2 കുംഭീപാകം = ആ പേരിലുള്ള ഒരു ഭയങ്കര നരകം. (കുശവൻ കലം ചുട്ടെടുക്കുന്നതുപോലെ പാപികളെ നീററുന്നതു് ഇവിടെവെച്ചാണത്രേ.)

നിലത്തു വന്നാൽ തന്നേക്കാളിഷ്ടപ്പെട്ടില്ലൊരെണ്ണവും
അതിനാൽ ജീവിതോറും താനാത്മവാൻ ദയ വെക്കണം. 32

ജീവനല്ലുന്നാരുടെയും മാംസം തിന്നാത്തതേവനോ,
അവൻ വിണ്ണിങ്കൽ വൻപേറും സ്ഥാനം നേടുമസംശയം. 33

ജീവാർത്ഥിജീവികളുടെ മാംസം തിന്നുന്നതേതവർ,
ഭൂതങ്ങളവരെത്തിന്നുമില്ലെനിക്കിഹ സംശയം. 34

എന്റെ മാംസം തിന്നുകയാൽ തിന്മേനവനെ ഞാനുമേ
മാംസത്തിന്നിതു മാംസത്വം ധരിച്ചീടുക ഭാരത! 35

കൊല്ലപ്പെട്ടും ഘാതകനും തിന്മോനും വധമേററിടും
നിന്ദിപ്പോൻ നിന്ദയേററീടും ദ്വേഷിപ്പോൻ ദ്വേഷ്യനാം നൃപ!

ഏതേതുടലിലേതേതു കർമ്മം ചെയ്യുന്നിതേതവൻ
അതാതുടലിലേററീടുമതാതിൻ ഫലമായവൻ. 37

അഹിംസ പരമം ധർമ്മമഹിംസ പരമം ദമം
അഹിംസ പരമം ദാനമഹിംസ പരമം തപം. 38

അഹിംസ പരമം യജ്ഞമഹിംസ പരമം ബലം
അഹിംസ പരമം മിത്രമഹിംസ പരമം ശ്രുതം. 39

സർവ്വയജ്ഞത്തിലും ദാനം സർവ്വതീർത്ഥത്തിലും കുളി
സർവ്വദാനഫലം മററുമഹിംസയ്ക്കു കിടപ്പെടാ. 40

അഹിംസ്രന്നക്ഷയതപമഹിംസ്രന്നെപ്പൊഴും ജയം
അഹിംസ്രൻ സർവ്വജീവിക്കുമച്ഛനമ്മകളാം പോലെയാം. 41

അഹിംസയ്ക്കോ ഫലമിതുമേറെയും കുരുനന്ദന!
ഗുണങ്ങളൊക്കപ്പറയാൻ പററാ നൂററാണ്ടുകൊണ്ടുമേ. 42

117. കീടോപാഖ്യാനം

മനുഷ്യർക്കും ഇതരജീവികൾക്കും മരണത്തിൽ ഇത്ര പേടി തോന്നാൻ കാരണമെന്താണെന്നുള്ള ചോദ്യത്തിനുത്തരമായി, ഒരു പുഴവും വ്യാസനും തമ്മിൽ നടന്ന സംഭാഷണമുദ്ധരിച്ചുകൊണ്ടു് ഭീഷ്മർ മറുപടി പറഞ്ഞുതുടങ്ങുന്നു. താൻ മുജ്ജന്മത്തിൽ സ്വാർത്ഥപരനും അസൂയാലുവുമായ ഒരു മനുഷ്യനായിരുന്നു എന്നു പുഴ പറയുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

മനസ്സാലും മനസ്സററും വൻ പോരിങ്കൽ മരിച്ചവർ
ഗതിയെന്തോന്നു നേടീടുമതു ചൊല്ലു പിതാമഹ! 1

പ്രാണത്യാഗം ദുഃഖമത്രേ വൻ പോരിങ്കൽ നരക്കിഹ
ഭവാനറിയുമേ പ്രാജ്ഞ, പ്രാണത്യാഗം സുദുഷ്കരം 2

അപുഷ്ടിയിൽ പുഷ്ടിയിലുമശുഭത്തിൽ ശുഭത്തിലും
അതിന്നു കാരണം ചൊല്ലു ഭവാൻ സർവ്വജ്ഞനെന്മതം. 3

ഭീഷ്മൻ പറഞ്ഞു

അപുഷ്ടിയിൽ പുഷ്ടിയിലും ശുഭത്തിലശുഭത്തിലും
ഈസ്സംസാരത്തിൽ വന്നോരാ പ്രാണിമാർ പൃഥിവീപതേ! 4
എന്തു ഭാവാൽ നിരത[1]രിങ്ങതിങ്കൽ കേൾക്ക കാരണം
നല്ല ചോദ്യമിതങ്ങുന്നു ചോദിച്ചതു യുധിഷ്ഠിര! 5
ഇവിടെപ്പറയാമൊന്നീ മുൻ നടന്നതു മന്നവ!
സംവാദം പുഴുവിന്റെയും വ്യാസന്റെയും യുധിഷ്ഠിര! 6
മുൻ ബ്രഹ്മഭൂതനായ് ചുറ്റും കൃഷ്ണദ്വൈപായനദ്വിജൻ
കണ്ടു വണ്ടിവഴിക്കാശു മണ്ടും പുഴുവെയൊന്നിനെ. 7
സർവ്വഭൂതഗതിജ്ഞാനി പ്രാണിഭാഷയറിഞ്ഞവൻ
സർവ്വജ്ഞനന്നാപ്പുഴുവെപ്പാർത്തിട്ടിങ്ങനെ ചൊല്ലിനാൻ. 8

വ്യാസൻ പറഞ്ഞു

പുഴുവേ, പേടി പൂണ്ടോൻ നീ മണ്ടുംമട്ടാണു കാണ്മതും
ചൊല്ലുകെങ്ങോട്ടു മണ്ടുന്നു നിനക്കു ഭയമെന്തുവാൻ? 9

പുഴു പറഞ്ഞു

ഈക്കൂറ്റനാം വണ്ടിയുടെ ഘോഷം കേട്ടാണു പേടി മേ
വന്നടുത്തു മഹാബുദ്ധേ, ഘോഷ[2]മുണ്ടിത ഭീഷണം 10
കേൾക്കുന്നിതെന്നെക്കൊന്നീടൊല്ലെന്നുവെച്ചൊഴിയുന്നു ഞാൻ
കേൾപ്പേൻ ചമ്മട്ടിയേറ്റിട്ടു ചീറ്റും കാളകടേയുമേ 11
ഭാരമേറുന്നവറ്റിന്റെയൊച്ച പാർശ്വത്തിലായ് പ്രഭോ!
ഓടിക്കും മർത്ത്യരുടെയും കേൾക്കുന്നു പല നിസ്വനം. 12
പുഴുവാമെൻ തരക്കാരനാളാവില്ലിതു കേൾക്കുവാൻ
അതാണീദ്ദാരുണഭയം വിട്ടൊഴിക്കുന്നതിന്നു ഞാൻ. 13
ചാക്കോ ദുഃഖം ജീവികൾക്കു ജീവിതം ബഹുദുർല്ലഭം
അതാണു പേടിച്ചോടുന്നേൻ സുഖം പോയ് ദുഃഖമേല്ലൊലാ. 14

ഭീഷ്മൻ പറഞ്ഞു

എന്നു കേട്ടതിനോടോതീ "പുഴുവേ, സുഖമെങ്ങെടോ?
നിനക്കു ചാക്കാണു സൗഖ്യം തിര്യഗ്യോനിയിലല്ലയോ? 15
ശബ്ദം സ്പർശം രസം ഗന്ധം പലമാതിരി ഭോഗവും
പുഴുവേ, നീയറികയില്ലല്ലോ ചാക്കാണെടോ ഗുണം." 16

പുഴു പറഞ്ഞു

ജീവൻ സജ്ജിക്കുമെല്ലാടമെനിക്കു സുഖമിങ്ങുമാം.
എന്നോർക്കുന്നേൻ മഹാപ്രാജ്ഞ, ജീവിപ്പാൻ കൊതിയുണ്ടതിൽ.
ഇതിലും വിഷയം മുറ്റുമുണ്ടു ദേഹാനുരൂപമായ്
സ്ഥിരങ്ങളും മാനുഷരും വിശേഷാൽ ഭിന്നഭോഗരാം. 18
മനുഷ്യനായിരുന്നു ഞാൻ ശൂദ്രൻ ഭൂരിധനൻ പ്രഭോ!

---

1 നിരതൻ = തൽപരൻ. 2 ഘോഷം = മുഴക്കം.

അബ്രഹ്മണ്യൻ[1] നൃശംസൻതാൻ പിശുക്കൻ വൃദ്ധിജീവനൻ[2]. 19
വാക്കാൽത്തീക്ഷ്ണൻ ചതിക്കാരൻ ദ്വേഷിപ്പോനേവരേയുമേ
ഗൂഢം കുറിച്ച മുറയാൽ പരസ്വഹരണോദ്യതൻ. 20
വീട്ടിൽ മുൻപിട്ടുണ്ണുവോൻ ഞാൻ ഭൃത്യാതിഥിജനങ്ങളിൽ
മാത്സര്യത്താൽ സ്വാദുകാമൻ നൃശംസൻ ഭരണപ്രിയൻ. 21
ശ്രദ്ധാഹൃതം ദേവപിതൃയജ്ഞത്തിന്നുള്ള ചോറു ഞാൻ
അർത്ഥകാമാൽ കൊടുക്കാറില്ലന്നേകേണ്ടന്നവും പ്രഭോ! 22
ഗുപ്തമാമൊരിടം വാണ ശരണാഗതഭീതരെ
വിട്ടു പെട്ടെന്നു ഞാൻ കാത്തീലഭയാർത്ഥിജനങ്ങളെ. 23
ധനം ധാന്യം പ്രിയപ്പെട്ട ഭാര്യ വാസസ്സു വാഹനം
ശ്രീയും മനുഷ്യർക്കു കണ്ടിട്ടസൂയപ്പെട്ട പാഴിൽ ഞാൻ. 24
പരസൗഖ്യം കാങ്കിലീർഷ്യ പരൈശ്വര്യക്ഷയപ്രിയൻ
ത്രിവർഗ്ഗഘ്നാതിയന്യർക്കു താന്തോന്നിത്തം തുടർന്നവൻ 25
നൃശംസഗുണമേറുന്ന കർമ്മം ചെയ്തിതു പണ്ടു ഞാൻ
പ്രിയാത്മജനെ വിട്ടോണമതോർത്തുംത്താപമേല്ക്കുവേൻ. 26
കാണുന്നില്ലാ നല്ല കർമ്മം ചെയ്തതിന്നൊന്നുമേ ഫലം
പൂജിച്ചേൻ വൃദ്ധമാതാവെയർച്ചിച്ചേനൊരു വിപ്രനെ. 27
ഒരിക്കൽജ്ജാതിഗുണവാൻ ലോകത്താലെൻ ഗൃഹാഗതൻ
പൂജിക്കപ്പെട്ടിതതിഥിയതാണോർമ്മവിടാത്തു ഞാൻ. 28
കർമ്മത്തിനാൽ സുഖം വീണ്ടും കിട്ടുവാൻ കാത്തിടുന്നു ഞാൻ
എന്നാലങ്ങോ നന്മ ചൊല്ലിക്കേൾപ്പാൻ മോഹം തപോധന! 29

118. കീടോപാഖ്യാനം

കീടോപാഖ്യാനം (തുടർച്ച). വണ്ടിയുടെ അടിയിൽപ്പെട്ടു ചതഞ്ഞരഞ്ഞ കീടം അടുത്ത ജന്മത്തിൽ രാജപുത്രനായി ജനിക്കുന്നു. പൂർവ്വജന്മസ്മരണയോടുകൂടി ആ രാജപുത്രൻ വ്യാസനെ ചെന്നു കാണുന്നു. ഭാവിജന്മത്തിൽ ബ്രാഹ്മണനായി ജനിക്കുമെന്നു പറഞ്ഞു് വ്യാസൻ രാജപുത്രനെ അനുഗ്രഹിക്കുന്നു.

വ്യാസൻ പറഞ്ഞു

ശുഭകർമ്മത്തിനാൽ തിര്യക്കായും മോഹിപ്പതില്ല നീ
അതെന്റെ കർമ്മം പുഴവേ, നീ മോഹത്തിൽപ്പെടാത്തതും. 1
നിന്നെ ഞാൻ കാഴ്ചയിൽത്തന്നെ കേററിക്കൊൾവൻ തപോ—
തപശ്ശക്തിയിലും ശക്തിയുള്ളതാം ശക്തിയില്ലെടോ. [ബലാൽ
അറിവേൻ പുഴവേ, നീ ചെയ്തഘ[3]ത്താൽ പുഴവായതും

1 അബ്രഹ്മണ്യൻ = ബ്രാഹ്മണരാൽ വെറുക്കപ്പെട്ടവൻ. 2 വൃദ്ധിജീവനൻ = പണം പലിശയ്ക്കു കൊടുത്തു ജീവിക്കുന്നവൻ. 3 അഘം = പാപം.

വീണ്ടും ധർമ്മം നേടിടും നീ ധർമ്മമിച്ഛിപ്പതാകിലോ. 3
കർമ്മം ഭൂവിൽച്ചെയ്യതേല്ലാം വാനോർ തിര്യക്കുജാതിയും
മനുഷ്യരിൽധർമ്മവുമാം കാമമർത്ഥം ഗുണങ്ങളും. 4
വാക്ബുദ്ധി കൈകാൽകൾ വിട്ട വിപശ്ചിത്താം നരന്നിഹ
മന്ദന്നു ജീവിതാർത്ഥിക്കു വിട്ടവാനുള്ളതെന്തിനി? 5
ജീവിപ്പവൻ ചന്ദ്രസൂര്യപൂജചെയ്‌വു ദ്വിജോത്തമൻ
പുണ്യയാം കഥ ചൊല്ലുന്നോൻ പുഴുവേ, ചെല്ലുമങ്ങു നീ. 6
ഗുണഭൂതങ്ങൾ ഭൂതങ്ങളുപഭോഗിക്കുമങ്ങു നീ
അവിടയ്ക്കെത്തിടും നിന്നെ ബ്രഹ്മത്വത്തിലണയ്ക്കുവൻ. 7
അവ്വണ്ണമെന്നേററു ചൊല്ലിപ്പുഴു നിന്നു വഴിക്കുതാൻ
യദൃച്ഛയാൽ വന്നു കേറി വൻപിച്ചീടുന്ന വണ്ടിയും. 8
ചക്രം കേറിത്തകർന്നിട്ടാപ്പുഴു ചത്തിതു കേവലം
പിറന്നു ക്ഷത്രവംശത്തിൽ ഭൂര്യൗജസ്സിൻ കൃപാബലാൽ. 9
ചെന്നാനാ മുനിയെക്കാണ്മാൻ മുററും ജന്മത്തിലായവൻ
മുള്ളൻപന്നിയുടുമ്പേവം മൃഗപക്ഷിപ്പിറപ്പിലും 10
ശ്വപാകശൂദ്രവൈശ്യോർവ്വീപതിജന്മത്തിലും ശരി.
സത്യവാക്കാമാ മഹർഷിയേവം ചൊല്ലിയൊരാപ്പുഴു
ഓർമ്മയോടും കാൽ പിടിച്ചു തലയിൽ കൈകൾ കൂപ്പിയും. 11

പുഴു പറഞ്ഞു

ഇതല്ലോ വലുതാം സ്ഥാനമിഷ്ടം പത്തു ഗുണങ്ങളാൽ
പുഴുവായിട്ടിരുന്നിട്ടു രാജപുത്രത്വമേററു ഞാൻ. 12
എന്നെയേററുന്നിതുക്കേറും പൊന്നണിഞ്ഞുള്ളൊരാനകൾ
തേരിൽ പൂട്ടിയ കാംബോജമുഖ്യാശ്വങ്ങളുമങ്ങനെ 13
ഉഷ്ട്രാശ്വതരയുക്തങ്ങൾ വഹിപ്പൂ വാഹനങ്ങളും
ബാന്ധവാമാത്യരൊത്തീ ഞാനുണ്ണുന്നു മാംസഭോജനം. 14
സുവാസഭവനംതോറും സുഖത്തിൽ ശ്ലാഘ്യമെത്തകൾ
കേറിസ്സുഖിച്ചുറങ്ങുന്നേൻ മഹാഭാഗ, സുപൂജിതൻ. 15
പുലർകാലംതോറുമെത്തി സൂതമാഗധവന്ദികൾ
ഇന്ദ്രനെസ്സുരർമട്ടെന്നെ വാഴ്ത്തുന്നു പ്രിയവാദികൾ. 16
തേജസ്സേറും സത്യസന്ധൻ ഭവാൻ കരുണവെക്കയാൽ
പുഴുവായിട്ടിരുന്നിട്ടു രാജപുത്രത്വമേററു ഞാൻ. 17
നമസ്കാരം മഹാപ്രാജ്ഞ, ചെയ്യേനെന്തരുൾ ചെയ്യണേ
നിൻ തപോബലനിർദ്ദിഷ്ടമിതു നേടിയതാണു ഞാൻ. 18

വ്യാസൻ പറഞ്ഞു

എന്നെയർച്ചിച്ചു രാജാവേ, വാക്കാലങ്ങു യദൃച്ഛയാൽ
നിനക്കിന്നും പുഴുനിലയോർമ്മയുണ്ടു ജുഗുപ്സിതം. 19
നീ പണ്ടു നേടിവെച്ചുള്ള പാപം മുടിയുകില്ലെടോ
നൃശംസൻ ഘാതകൻ ദ്രവ്യപരനാം ശൂദ്രനായവൻ. 20

എന്നെക്കണ്ടെത്തി നീയെന്നാലതേ നല്ലതു ചെയ്തു നീ.
തിര്യഗ്യോനിയിലാപ്പെട്ടിട്ടെന്നെയർച്ചിക്കയാലുമേ. 21

ഇനി നീ രാജപുത്രത്വം വിട്ടേല്ക്കും ബ്രാഹ്മണത്വവും
ഗോബ്രാഹ്മണാർത്ഥം യുദ്ധത്തിൽ ഹോമിച്ചും പ്രാണനെ സ്വയം

രാജപുത്ര, സുഖം നേടിബ്ഭൂരിദക്ഷിണയജ്ഞവും
പിന്നെ മോദിച്ചിടും വിണ്ണിലവ്യയൻ ബ്രഹ്മമായ് സുഖി. 23

തിര്യക്ത്വം വിട്ടേല്പതാം ശൂദ്രഭാവം
ശൂദ്രൻ വൈശ്യം വൈശ്യനോ ക്ഷത്രിയത്വം
വൃത്തശ്ലാഘി ക്ഷത്രിയൻ ബ്രാഹ്മണത്വം
സ്വർഗ്ഗം പുണ്യം ബ്രാഹ്മണൻ സാധുവൃത്തൻ. 24

119. കീടോപാഖ്യാനം

കീടോപാഖ്യാനം (തുടർച്ച). ബ്രാഹ്മണത്വം കൊതിച്ച് കാട്ടിൽ പോയി തപസ്സനുഷ്ഠിക്കാൻ ആരംഭിച്ച ആ രാജകുമാരനെ, ക്ഷത്രിയധർമ്മം പ്രജാപാലനമാണെന്നും സ്വധർമ്മമാണ് പരധർമ്മത്തേക്കാൾ ഉൽകൃഷ്ടമെന്നും പറഞ്ഞ് വ്യാസൻ നാട്ടിലേക്കു മടക്കി അയയ്ക്കുന്നു. രാജകുമാരൻ അടുത്ത ജന്മത്തിൽ ബ്രാഹ്മണനായി ബ്രഹ്മസായുജ്യം പ്രാപിക്കുന്നു.

ഭീഷ്മൻ പറഞ്ഞു

ക്ഷത്രധർമ്മം നേടിയവനോർമ്മയോടൊത്തു വീര്യവാൻ
കീടത്വം വിട്ടു രാജാവേ, വൻതപം ചെയ്തിതേററവും. 1

ധർമ്മാർത്ഥമൊത്തവനുള്ള വൻ തപം പാർത്തു കണ്ടതിൽ
അങ്ങു ചെന്നു ദ്വിജശ്രേഷ്ഠൻ ശ്രീവേദവ്യാസനപ്പൊഴേ. 2

വ്യാസൻ പറഞ്ഞു

ക്ഷാത്രം ദേവവ്രതം കീട, ഭൂതങ്ങളുടെ രക്ഷയാം
ക്ഷാത്രം ദേവവ്രതം ധ്യാനിച്ചങ്ങു വിപ്രത്വമേല്ക്കുമേ. 3

മററും പ്രജകളെക്കാക്കു പുണ്യപാപജ്ഞനാത്മവാൻ
ശുഭകാമങ്ങളാൽ പങ്കിട്ടും പാപഫലം ശുദ്ധിചെയ്തുമേ. 4

ആത്മവാനായ് വാഴ്ക നന്ദ്യാ സ്വധർമ്മാചരണോദ്യതൻ
ക്ഷാത്രദേഹത്തെ വിട്ടിട്ടു പിന്നെ വിപ്രത്വമേല്ക്ക നീ. 5

ഭീഷ്മൻ പറഞ്ഞു

അവൻ പിന്നെക്കാടുകേറിയെന്നിട്ടും ഹേ യുധിഷ്ഠിര!
മഹർഷിച്ചൊൽ കേട്ടു ധർമ്മാൽ പ്രജാരക്ഷ കഴിച്ചുതാൻ. 6

ഏറെക്കാലം വൈകിടാതാപ്പുഴ പാർത്ഥിവസത്തമ!
പ്രജാപലനധർമ്മത്താൽ ചത്തു വിപ്രത നേടിനാൻ. 7

അവനേ വിപ്രനായ്ക്കണ്ടു വീണ്ടുമാപ്പേർ പുകഴ്ന്നവൻ
എഴുന്നള്ളീ മഹാപ്രാജ്ഞൻ ശ്രീവേദവ്യാസനപ്പൊഴേ. 8

വ്യാസൻ പറഞ്ഞു

ഹേ ഹേ! ശ്രീമൻ, ബ്രാഹ്മണേന്ദ്ര, തെറ്റിപ്പോകൊല്ലൊരിക്കലും
ശുഭം ചെയ്താൽ ശുഭം ജന്മം പാപത്താൽ പാപയോനിയാം. 9
ധർമ്മജ്ഞ, വന്നുകൂടീടും പാപത്തിൻ ഫലമാതിരി
പുഴുവേ, നീ മൃത്യുഭയാൽ നടുങ്ങിടേണ്ടൊരിക്കലും. 10
ധർമ്മലോപഭയം വേണം നീ ചെയ്യുത്തമധർമ്മമേ.

പുഴു പറഞ്ഞു

ഭഗവാനേ, ഭവാന്മൂലം സുഖാൽ സുഖവുമേററു ഞാൻ
ധർമ്മമൂലം ശ്രീയുമേറേറൻ പാപം തീർന്ന വിധത്തിലായ്. 11

ഭീഷ്മൻ പറഞ്ഞു

ഭഗവന്മൊഴിയാൽ കീടം ബ്രാഹ്മണ്യം പൂണ്ടു ദുർല്ലഭം
യജ്ഞയൂപശതം[1] നാട്ടിയായവൻ മന്നിൽ മന്നവ! 12
പിന്നീടാ ബ്രഹ്മസാലോക്യം നേടിനാൻ ബ്രഹ്മവിത്തമൻ
സനാതനബ്രഹ്മപദം പാർത്ഥ, നേടീടിനാൻ പുഴു 13
സ്വകർമ്മഫലസംസിദ്ധം വ്യാസവാക്കാലെയപ്പൊഴേ.
ഹതരായീ പ്രഭാവത്താൽ ക്ഷത്രപുംഗവരാമവർ 14
പുണ്യസൽഗതിയും നേടീ മകനേ, മാഴ്കിടേണ്ട നീ.

120. മൈത്രേയഭിക്ഷ

വ്യാസനും മൈത്രേയനും തമ്മിലുള്ള സംവാദം. തപസ്സ്, വിദ്യ, ദാനം ഇവയിൽ ഏതിനാണു മാഹാത്മ്യം കൂടുതലെന്നു ധർമ്മപുത്രൻ ചോദിക്കുന്നു. വ്യാസമൈത്രേയസംവാദം ഉദ്ധരിച്ച് ദാനത്തിനാണ് പ്രാധാന്യമെന്ന് ഭീഷ്മർ പറയുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

തപസ്സു വിദ്യ ദാനംതാനിവയിൽ ശ്രേഷ്ഠമെന്തുവാൻ?
ചോദിക്കുന്നേൻ സത്തമ, ഞാനതു ചൊല്ലു പിതാമഹ! 1

ഭീഷ്മൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
മൈത്രേയനുടെ സംവാദം കൃഷ്ണദ്വൈപായനന്റെയും. 2
രാജാവേ വ്യാസനജ്ഞാതചരിതം[2] സഞ്ചരിക്കവേ
മൈത്രേയനെച്ചെന്നു കണ്ടു കാശിയിൽ സ്വൈരിണീകുലേ[3]. 3
ആ മുനിപ്രവരൻ വന്നതറിഞ്ഞിട്ടങ്ങിരുത്തിയും
പൂജചെയ്തിട്ടു മൈത്രേയനൂട്ടിനാൻ മുഖ്യഭോജനം. 4
ഗുണമേറും സർവ്വകാമമുഖ്യാന്നത്തെബ്ഭുജിച്ചവൻ

---

1 യജ്ഞയൂപശതം = നൂറു യജ്ഞസ്തംഭം. 2 അജ്ഞാതചരിതം = മററുള്ളവരുടെ ദൃഷ്ടിയിൽപെടാത്ത വിധത്തിൽ; രഹസ്യമായി. 3 സ്വൈരിണീകുലേ = മഹർഷികൾ താമസിക്കുന്ന ദിക്കിൽ.

പോകുമ്പോൾ പുഞ്ചിരിക്കൊണ്ടു പ്രീതൻ കൃഷ്ണൻ മഹാശയൻ. 5

ചിരിക്കുമാക്കൃഷ്ണനെപ്പാർത്തോതീ മൈത്രേയനിങ്ങനെ:
''ധർമ്മാത്മാവേ, ഹേതു ചൊല്ലു ചിരിക്കുന്നുണ്ടിതെന്തുവാൻ? 6

ധൃതിമാനാം തപസ്വിക്കീ പ്രമോദം വന്നതെന്തുവാൻ?
അഭിവാദ്യം ചെയ്തു നമിച്ചിതു ചോദിക്കുവേൻ ദ്വിജ! 7

എനിക്കുള്ള തപോഭാഗ്യം മഹാഭാഗ്യം ഭവാൻെറയും.
ഭിന്നാചാരത്തൊടും താത, ഭിന്നസൗഖ്യാത്മവൃത്തിയാൽ 8

കുറച്ചന്തരമായ് കാണ്മേൻ വിശിഷ്ടപ്പെടുമനപായാൽ.''

വ്യാസൻ പറഞ്ഞു

അതിച്ഛന്ദാതിവാദങ്ങൾ*കൊണ്ടാണീച്ചിരി വന്നതും
അസത്യം വേദവചനം വേദവും പൊളി ചൊല്ലുയോ? 9

സ്ഥാനങ്ങൾ മൂന്നുതാൻ ചൊൽവൂ പുരുഷന്നുത്തമം വ്രതം
ദ്രോഹിക്കൊല്ലാ കൊടുക്കേണം പരം സത്യമുരയ്ക്കണം. 10

എന്നു വേദോക്തമൃഷികൾ പണ്ടേ ചൊല്ലിയിരിപ്പതാം
നമുക്കിന്നും കൃത്യമിതു മുന്നമേ കേട്ടിരിപ്പതാം. 11

മഹാഫലവുമായ്ത്തീരുമമ്മട്ടാം സ്വല്പദാനവും
തൃഷ്ണയുള്ളോനങ്ങു നല്കിയസൂയിക്കാത്തൊരുള്ളൊടും. 12

തൃഷിതൻ നീ തൃഷിതനാമെനിക്കീബ്ഭുക്തി തന്നതിൽ
മഹാലോകം നേടി മഹായജ്ഞങ്ങൾവഴി നീ പ്രഭോ! 13

എന്നാൽ ദാനപവിത്രാഢ്യതപസ്സാലും തെളിഞ്ഞു ഞാൻ
പുണ്യത്തിൻേറതു നിൻ സത്വം പുണ്യത്തിൻേറതു കാര്യവും. 14

പുണ്യത്തിൻേറതു നിൻ ഗന്ധം കാണ്മേൻ കർമ്മവിധാനജം
സ്നാനാനുലേപങ്ങളേക്കാൾ താത, മെച്ചപ്പെട്ടംപടി. 15

ശുഭം മുററും പവിത്രത്തിൽ ദാനംതാനുത്തമം ദ്വിജ!
മുററും പവിത്രത്തിൽവെച്ചു ദാനംമേലല്ലയെങ്കിലോ 16

ഇങ്ങു വേദോക്തങ്ങളേവ മേലെയായ്പ്പറയുന്നു നീ;
അവററിൽ ശ്രേഷ്ഠമാം ദാനമിതിലിങ്ങില്ല സംശയം. 17

ദാനവാന്മാർ തീർത്ത വഴിയല്ലോ ചെൽവൂ മനീഷികൾ
പ്രാണദാതാക്കളവർതാനവരിൽദ്ധർമ്മനില്പമാം. 18

വേദാദ്ധ്യയനമെമ്മട്ടാണെമ്മട്ടിന്ദ്രിയനിഗ്രഹം
സർവ്വത്യാഗവുമെമ്മട്ടമ്മട്ടു ദാനവുമുത്തമം. 19

ഭവാൻ താത, മഹാബുദ്ധേ, ശോഭനം സുഖമേല്ക്കുമേ
സുഖാൽ സുഖതരം നേട്ടം നേടീടും മതിമാൻ നരൻ. 20

എന്നാൽ നമുക്കും പ്രത്യക്ഷം കാണാവുന്നതസംശയം
ശ്രീമാന്മാർ മുതൽ നേടുന്നു ദാനം യജ്ഞം പരം സുഖം. 21

സുഖത്തിന്നപ്പുറം ദുഃഖം ദുഃഖത്തിന്നപ്പുറം സുഖം

---

* അതിച്ഛന്ദാതിവാദങ്ങൾ = അതിശയോക്തിയും അത്യുക്തിയും.

കാണുന്നുണ്ടു മഹാപ്രാജ്ഞ, സ്വഭാവപ്പടി തീർച്ചയായ്. 22
ഇങ്ങു വൃത്തം മൂന്നുവിധം നരന്നെന്നാർ മനീഷികൾ
പുണ്യമൊന്നും പാപമൊന്നും പുണ്യാപുണ്യമൊഴിഞ്ഞതും. 23
അവന്നു വൃത്തം കാണ്മീലാ കാണ്മീലവന്നു പാതകം
ഏവം സ്വകർമ്മസംസിദ്ധം പുണ്യമില്ലില്ല പാതകം. 24
യജ്ഞദാനതപശ്ശീലർ നരന്മാർ പുണ്യകർമ്മികൾ
ഭൂതദ്രോഹം ചെയ്യുവെങ്കിൽ പാപം ചെയ്യവരാമവർ. 25
ദ്രവ്യം നേടുകയാം ദുഃഖമേല്ലുയാം താൻ പതിക്കയാം
അതിൽനിന്നന്യമാം കർമ്മം പുണ്യമല്ലല്ല പാപവും. 26
രമിക്ക വാഴ്ക മോദിക്ക കൊടുക്കുക യജിക്ക നീ
നിന്നെത്തോല്പിക്കില്ല വിദ്വാന്മാരും താപസരും ശരി. 27

121. മൈത്രേയഭിക്ഷ

മൈത്രേയഭിക്ഷ (തുടർച്ച്). വേദവിത്തും സദാചാരസമ്പന്നനുമായ ബ്രാഹ്മണന്റെ മഹത്ത്വം. അങ്ങനെയുള്ള ആൾക്കു് അന്നദാനം ചെയ്താലുള്ള സവിശേഷത.

ഭീഷ്മൻ പറഞ്ഞു

എന്നു കേട്ടുത്തരം ചൊല്ലീ മൈത്രേയൻ കർമ്മപൂജിതൻ
പുരുശ്രീയുള്ള വംശത്തിൽ പിറന്നോൻ സുശ്രുതൻ ബുധൻ. 1

മൈത്രേയൻ പറഞ്ഞു

തർക്കമില്ലാ മഹാപ്രാജ്ഞ, ഭവാൻ ചൊന്നതതിങ്ങനെ
ഭവാന്റെ സമ്മതത്തോടും തെല്ലു ചൊല്ലീടുവൻ വിഭോ! 2

വ്യാസൻ പറഞ്ഞു

എന്തെന്തിച്ചിപ്പു മൈത്രേയ,യെത്രയ്ക്കെങ്ങനെയെങ്ങനെ
തത്ത്വം ചൊല്ലു മഹാപ്രാജ്ഞ, കേൾപ്പേൻ നിന്നുടെ വാക്കു-
[ഞാൻ. 3

മൈത്രേയൻ പറഞ്ഞു

നിർദ്ദോഷം നിർമ്മലം ദാനപരമായോരു ഭാഷിതം
വിദ്യാതപങ്ങളാലല്ലോ ഭാവിതാത്മാവു നീ ദൃഢം. 4
ഭവാന്റെ ഭാവിതാത്മത്വംകൊണ്ടീ ലാഭം പെരുത്തുമേ
വീണ്ടും ബുദ്ധിയൊടോർക്കുന്നേൻ സ്വസമൃദ്ധതപസ്സുമായ്. 5
ഭവാനെക്കാൺകയാൽത്തന്നെ ഞങ്ങൾക്കഭ്യുദയം വരും
നിൻ പ്രസാദമിതോർക്കുന്നേനെന്നാൽക്കർമ്മം സ്വഭാവമാം. 6
തപം ശ്രുതം ജന്മമെന്നിതത്രേ ബ്രാഹ്മണ്യകാരണം
ഗുണം മൂന്നും തികഞ്ഞുള്ളോനെന്നാലായവനാം ദ്വിജൻ. 7
അവന്നു തൃപ്തിയായീടിൽ തൃപ്തരാം പിതൃദേവകൾ
അറിവുള്ളോർക്കധികമൊന്നില്ലാ ബ്രാഹ്മണനെന്നിയേ. 8
ഇതൊക്കെയുള്ളരിരുട്ടാണിങ്ങറിയാവല്ലൊരെണ്ണവും

ചാതുവ്വണ്ണ്യം നടക്കില്ലാ ധമ്മാധമ്മമൃതാനൃതം. 9
വിളയേറുന്ന വയലിൽ ഫലം നേടീടുമേ നരർ
അമ്മട്ടറിവെഴുന്നോനിൽ കൊടുപ്പോൻ ഫലമേററിടും 10
ശ്രുതവൃത്തങ്ങളുടയ വിപ്രനെക്കിട്ടിടായ്കിലോ
ദാനം വാങ്ങാൻ, ധനികർതൻ ധനം നിഷ്ഫലമായിടും. 11
അജ്ഞനുണ്ണ്മോൻ പോക്കുമത്ഥമത്തുണ്ണ്മോനെക്കെടുക്കുമേ
പതിക്കുമന്നമതിനെക്കെടുപ്പോൻ കെട്ടുപോം ജളൻ. 12
അന്നമുണ്ണും പ്രഭു ബുധൻ വീണ്ടുമുണ്ടാക്കുമീശ്വരൻ
അന്നത്താലവനുണ്ടാകുമതിൽ സൂക്ഷ്മം വ്യതിക്രമം*. 13
കൊടുപ്പോനെന്തുവാൻ പുണ്യമതുതാൻ വാങ്ങുവോനുമേ
ഒററച്ചക്രം നടത്താവല്ലെന്നു ചൊൽവൂ മഹഷികൾ. 14
ശ്രുതവൃത്തങ്ങളുടയ വിപ്രന്മാരെങ്ങിരിപ്പതോ
അങ്ങു പുണ്യം ദാനഫലമേല്ലുമിങ്ങും പരത്തിലും. 15
ജന്മസംശുദ്ധരെവരോ നിത്യമേററം തപസ്വികൾ
ദാനാദ്ധ്യയനസമ്പന്നരവർതാൻ പൂജ്യരെപ്പൊഴും. 16
ആസ്സജ്ജനം തീത്ത വഴി ചെല്ലുന്നോർ മോഹമേററിടാ
സ്വർഗ്ഗത്തെത്തിപ്പവരവർ യജ്ഞവാഹർ സനാതനർ. 17

122. മൈത്രേയഭിക്ഷ

മൈത്രേയഭിക്ഷ (തുടച്ച്). തപസ്സും ദാനധമ്മവും തമ്മിലുള്ള താരതമ്യ പഠനം. ദാനധമ്മശീലമാണ് ഗൃഹസ്ഥാശ്രമികൾക്കു മുഖ്യമായ മോക്ഷ സാധനമെന്ന് ഭീഷ്മർ ഉപദേശിക്കുന്നു.

ഭീഷ്മർ പറഞ്ഞു

എന്നോതിയോരാബ്ഭഗവാൻ മൈത്രേയനൊടു ചൊല്ലിനാൻ
ഭാഗ്യം നീയറിയുന്നുണ്ടു ഭാഗ്യം നിൻ ബുദ്ധിയിങ്ങനെ. 1
ലോകരിങ്ങു പുകഴ്ത്തുന്നു മുററുമാര്യഗുണങ്ങളെ
രൂപഗവ്വ വയോഗവ്വ സ്ത്രീഗവ്വങ്ങളസംശയം. 2
ഭാഗ്യാൽ ബാധിപ്പീല നിന്നെദ്ദൈവാനുഗ്രഹമാണിതും
നിന്നോടേററമെഴും ദാനാൽ പറയുന്നതു കേൾക്ക നീ. 3
ഇങ്ങുള്ളാഗമശാസ്ത്രങ്ങൾ പരം മുററും പ്രവൃത്തികൾ
ഇവ വേദത്തെ മുൻപാക്കിത്തുടന്നവ യഥാക്രമം. 4
ഞാൻ ദാനത്തെപ്പുകഴ്ത്തുന്നു ശ്രുതവും തപവും ഭവാൻ
തപം പവിത്രം വേദത്തിന്നാത്തപം സ്വർഗ്ഗസാധനം. 5
തപസ്സിനാൽ മഹൽപ്രാപ്തി നാം കേൾപ്പു വിദ്യയാലുമേ
തപസ്സുകൊണ്ടു താൻ പോക്കാം മററുള്ള ദുരിതങ്ങളെ. 6

---

* വ്യതിക്രമം = പാപം.

എന്തെന്തു ഫലമിച്ഛിച്ചു തപം ചെയ്യുന്ന പൂരുഷൻ
അതൊക്ക നേടിടാം വിദ്യയാലുമെന്നുണ്ടു കേൾപ്പു നാം. 7
ചേരാത്തതേററുകൂടാത്തതെത്താത്തതുമജയ്യവും
എല്ലാം തപസ്സാൽ നേടീടാം തപസ്സോ ബലവത്തരം. 8
കള്ളു കുടിപ്പോൻ കവരുവോൻ ഭ്രൂണഘ്നൻ ഗുരുതല്പഗൻ
തപസ്സാലവരെല്ലാരും പാതകം വിട്ടൊഴിഞ്ഞിടും. 9
സർവ്വവിദ്യൻ നോട്ടമുള്ളോനേതേതു നിലയാകുമോ,
തപസ്വിയുമതിന്മട്ടാണവർക്കെന്നും വണങ്ങണം. 10
പൂജ്യർ മുററും ജ്ഞാനധനർ തപസ്വികളുമങ്ങനെ
ദാതാക്കൾ സുഖമേല്ക്കുന്നു പരത്തിൽ ശ്രീയിവററിലും. 11
ബലവത്തരമീ ലോകം ബ്രഹ്മലോകവുമങ്ങനെ
അന്നദാനാൽ സുകൃതികൾ നേടീടുന്നിതു ലൗകികം. 12
പൂജിച്ചാലിവർ പൂജിപ്പൂ മാനിച്ചാൽ ചെയ്‌വു മാനനം
എന്നും ദാതാവെങ്ങവിടെയൊക്കസ്സംസ്തുതനായിടും. 13
ചെയ്യാത്തോനും ചെയ്യുവോനും നേടുമാക്കേതതങ്ങനെ
മേലെയോ താഴെയോ സ്വന്തലോകങ്ങളവനേററിടും. 14
നീ നേടുമന്നപാനങ്ങളേതെല്ലാം നീ നിനപ്പതോ
മേധാവിയാം കുലീനൻ നീ ശ്രുതവാനാനൃശംസ്യവാൻ. 15
മൈത്രേയ, കൗമാരചാരി വ്രതിയായ് സ്ഥൈര്യമേല്ക്കു നീ
ഇതെടുക്കുക മുൻപിട്ടു ഗൃഹസ്ഥരുടെ ധർമ്മമേ. 16
പതി വേട്ടവളിൽ തുഷ്ടൻ പതിയിൽ തുഷ്ട വേട്ടവൾ
ഇതേതൊരു കുലത്തിങ്കലതിൽ കല്യാണമൊക്കയും. 17
വെള്ളത്താൽ ഗാത്രമലമട്ടഗ്നിയാലിരുൾ പോലെയും
ദാനത്താലും തപസ്സാലും പാപമൊക്കക്കളഞ്ഞിടാം. 18
സ്വസ്തിയേല്ക്കുക മൈത്രേയ, ഗൃഹം പൂകുന്നു സാധു ഞാൻ
ഇതുള്ളിൽ വെച്ചുകൊള്ളേണമെന്നാൽ ശ്രേയസ്സു വന്നിടും. 19
മൈത്രേയനവനെക്കുപ്പി പ്രദക്ഷിണമണഞ്ഞുടൻ
ഭഗവൻ, സ്വസ്തിയേററാലുമെന്നോതീ തൊഴുതങ്ങനെ. 20

123. ശാണ്ഡിലിസുമനാസംവാദം

ഏതുതരത്തിലുള്ള പ്രവൃത്തികൊണ്ടാണ് സ്വർഗ്ഗത്തിലെത്തിയതെന്ന് സുമന ശാണ്ഡിലിയോടു ചോദിക്കുന്നു. താൻ പ്രത്യേകിച്ച യാതൊരു തരത്തിലുള്ള വ്രതങ്ങളും അനുഷ്ഠിച്ചിട്ടില്ലെന്നും ഭർത്തൃശുശ്രൂഷകൊണ്ടു മാത്രമാണു തനിക്ക് ഈ നില കിട്ടിയതെന്നും ശാണ്ഡിലി മറുപടി പറയുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

സൽസ്ത്രീജനസമാചാരം സർവ്വധർമ്മജ്ഞസത്തമ!
അങ്ങോതിക്കേൾക്കുവാൻ മോഹമുണ്ടു ചൊല്ലു പിതാമഹ! 1

ഭീഷ്മൻ പറഞ്ഞു

സർവ്വജ്ഞ സർവ്വതത്ത്വജ്ഞ വീരശാണ്ഡിലിയോടുതാൻ
വിണ്ണിൽവെച്ചിട്ടു ചോദിച്ചൂ സുമനാഭിധ കൈകയി. 2
കല്യാണി,യെന്തു വൃത്തത്താലെന്താചാരത്തിനാലുമാം
സർവ്വപാപങ്ങളും പോക്കി വിണ്ണിൽ നീ വന്നണഞ്ഞതും? 3
അഗ്നിജ്ജ്വാല കണക്കുണ്ടു തേജസ്സാലുജ്ജ്വലിപ്പു നീ
തിങ്കൾപ്പെൺമകളെപ്പോലെ ഭാസ്സോടും വിണ്ണിൽ വന്നവൾ. 4
പൊടി പററാത്ത വസ്ത്രങ്ങൾ ധരിച്ചോൾ തളരാത്തവൾ
വിമാനമേറിശ്ശോഭിപ്പൂ സഹസ്രഗുണവീര്യയായ്. 5
ചെറുതാകും തപോദാനവിനയംവഴിയാസ്സുരാ
ഈ ലോകത്തിങ്കൽ നീ വന്നതെന്നോടോതുക തത്ത്വമായ്. 6
എന്നാസ്സുമന ചോദിക്കേ മധുരം ചാരുഹാസിനി
മെല്ലെസ്സുമനയോടായിച്ചൊല്ലിനാളിതു ശാണ്ഡിലി. 7
"കാഷായം ചുററിയിട്ടല്ലാ വല്ക്കലം ചാർത്തിയല്ല ഞാൻ
മുണ്ഡയായ് ജടിലത്വം പൂണ്ടല്ലാ വിണ്ണിലണഞ്ഞതും. 8
ഹിതമല്ലാത്ത വാക്യങ്ങൾ പരുഷങ്ങളുമൊന്നുമേ
അപ്രമത്ത പറഞ്ഞിട്ടില്ലെൻ ഭർത്താവോടൊരിക്കലും. 9
ദേവകൾക്കും പിതൃക്കൾക്കും പൂജയിൽ ബ്രാഹ്മണർക്കുമേ
പ്രമാദമെന്യേ ഞാൻ നിന്നേൻ ശ്വശ്രൂശ്വശുരവശ്യ*യായ്. 10
ഏഷണിപ്പണി ചെയ്യാറില്ലിതെന്നുള്ളിൽപ്പെടില്ലെടോ
പടിക്കൽ ചെന്നു നില്ക്കാറില്ലേറെച്ചൊല്ലാറുമില്ല ഞാൻ. 11
കള്ളച്ചിരി ചിരിക്കാറില്ലഹിതം ക്രിയയാലെ ഞാൻ
ഒളിവായ് വെളിവായിട്ടും ചെയ്യുമാറില്ല ചെററുമേ. 12
കാര്യത്തിന്നായ്പ്പോയ് ഗൃഹത്തിൽ വന്ന ഭർത്താവിനെ സ്വയം
ആസനത്തിലിരുത്തി സശ്രദ്ധം പൂജിപ്പതുണ്ടു ഞാൻ. 13
സമ്മതിക്കാതെയുള്ളന്നം കൊണ്ടാടാത്തുള്ള ഭോജ്യവും
ഭക്ഷ്യവും ലേഹ്യവും മററും വർജ്ജിച്ചീടാറുമുണ്ടു ഞാൻ. 14
കുടുംബകാര്യമേതാനുമദ്ദേഹം പാർത്തിരിക്കവേ
കാലത്തെഴുന്നേററതൊക്കച്ചെയ്യിക്കും ചെയ്യുമങ്ങു ഞാൻ. 15
ഭർത്താവു വല്ല കാര്യാർത്ഥം നാടു വിട്ടു ഗമിക്കിലോ
പല മംഗളവും ചെയ്തു നിയതം വാഴുമപ്പൊൾ ഞാൻ. 16
അഞ്ജനം രോചന സ്നാനം പൂമാലയനുലേപനം
മോടിയും കണവൻ പോയവാറു കൊണ്ടാടുകില്ല ഞാൻ. 17
സുഖിച്ചുറങ്ങും പതിയെയുണർത്തീടാറുമില്ല ഞാൻ
ഇടയ്ക്കു കാര്യങ്ങളിലുമതേ തോഷിപ്പിതെന്മനം. 18
കുഴക്കാറില്ല പതിയെക്കുടുംബാർത്ഥം സദാപ്പൊഴും

* ശ്വശ്രൂശ്വശുരവശ്യ=ഭർത്താവിന്റെ അമ്മയ്ക്കും അച്ഛനും വിധേയ.

രഹസ്യമൊളിവായ് വെയ്ക്കും ഗൃഹം വൃത്തിവരുത്തി ഞാൻ. 19
ഈഢധർമ്മമാർഗ്ഗം സശ്രദ്ധം പാലിച്ചീടുന്നൊരംഗന
സ്ത്രീകളിൽ പൂജ്യയാം വാനിലരുന്ധതി കണക്കിനെ.'' 20

ഭീഷ്മൻ പറഞ്ഞു

ഇതാസ്സുമനയോടോതിദ്ധീരയാകുന്ന ദേവിയാം
പതിധർമ്മം യോഗ്യയവം മറഞ്ഞാളുടനപ്പൊഴേ. 21
ഈയാഖ്യാനം പാണ്ഡുപുത്ര, പർവ്വംതോറും പഠിപ്പവൻ
ദേവലോകത്തിലെത്തീട്ട നന്ദനം വാണിടും സുഖം. 22

124. ഹരിണകൃശകാഖ്യാനം

ദാനമോ സാമമോ മഹത്തരമെന്നു ചോദിച്ച യുധിഷ്ഠിരനോട് ഒരു രാക്ഷസൻെറയും ബ്രാഹ്മണൻെറയും ചരിത്രം ഉദാഹരിച്ച് ഭീഷ്മർ മറുപടി പറയുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

സാമം ദാനമിവററിങ്കൽ ശ്രേഷ്ഠമെന്തു ഭവന്മതം
ചൊന്നാലും ഭരതശ്രേഷ്ഠ, മേലെയായ് നില്പതെന്തുവാൻ? 1

ഭീഷ്മൻ പറഞ്ഞു

സാമത്താൽ പ്രീതനാമേകൻ ദാനത്താൽ പിന്നെയന്യനും
ആ സ്വഭാവം കണ്ടുവേണമതിലൊന്നു നടത്തുവാൻ. 2
ഭരതർഷഭ, കേട്ടാലും രാജൻ, സാന്ത്വഗുണങ്ങളെ
ക്രൂരജീവികളും സാന്ത്വംകൊണ്ടു തൃപ്തിപ്പെടുംപടി. 3
ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
രാക്ഷസൻ പിടികൂടീട്ടും കാട്ടിൽ വിട്ടിതു വിപ്രനെ. 4
വിജനക്കാട്ടിൽ വാക്ബുദ്ധിവിഭവം പൂണ്ടൊരന്തണൻ
കഷ്ടമേ തിന്നുവാനുന്നം രക്ഷസ്സാലേ ഗൃഹീതനായ്. 5
ആബ്ഭീമരൂപനെക്കണ്ടു ബുദ്ധിശ്രുതിയെഴുന്നവൻ
സാമം പ്രയോഗിച്ചു മോഹം വ്യഥയും പെട്ടതില്ലവൻ. 6
രാക്ഷസൻ വാക്കു കൊണ്ടാടിച്ചോദിച്ചു ദ്വിജനോടുടൻ
'വിടാം ചൊല്ലെൻ ചോദ്യ,മെന്തേ വിളത്തേറ്റം മെലിഞ്ഞു-
ഒട്ടോത്തിട്ടാ രാക്ഷസൻെറ ചോദ്യത്തിനുടനന്തണൻ [ഞാൻ?''
അവ്യഗ്രനീഗ്ഗാഥകളാൽ സത്വരം ചൊല്ലിയുത്തരം. 8

ബ്രാഹ്മണൻ പറഞ്ഞു

വിദേശസ്ഥൻ വിലോകസ്ഥൻ നീ സുഹൃത്തുക്കളെന്നിയേ
വൻ ഭോഗമേററുകൊാംകെന്നാം വിളത്തിൽ മെലിഞ്ഞു നീ. 9
സാധൂപഹാരം ചെയ്താലും* നിൻെറ മിത്രങ്ങളാം രാക്ഷസ!
വെറുക്കാം തൻ തെററിനാലേ വിളത്തിൽ മെലിഞ്ഞു നീ. 10

---

* ഉപഹാരം ചെയ്യ=സൽകരിക്ക (സാധു+ഉപഹാരം).

ധനൈശ്വര്യാഢ്യരാം സ്തബ്ധർ താഴ്ന്നോർ നിൻെറ ഗുണങ്ങളാൽ
നിന്ദിച്ചേക്കാം നിന്നെയെന്നാൽ വിളർത്തിൽ മെലിഞ്ഞു നീ.

ഗുണവാൻ നീ വിഗുണരെക്കണ്ടേക്കാം മാനമേററുമേ
അജ്ഞരെ പ്രാജ്ഞവിനയി വിളർത്തിൽ മെലിഞ്ഞു നീ. 12

കൊററില്ലാഞ്ഞു കുഴങ്ങീട്ടു വൃത്ത്യപായവിഗർഹി[1] നീ
നടുങ്ങിയേക്കാം മാഹാത്മ്യാൽ വിളർത്തിൽ മെലിഞ്ഞു നീ. 13

നീ ബാധിച്ചുള്ളൊരാളാത്മപീഡയേററാര്യനാകയാൽ
നിന്നെജ്ജയിച്ചെന്നോർത്തേക്കാം വിളർത്തിൽ മെലിഞ്ഞു നീ.

വിമാർഗ്ഗക്ലിഷ്ട[2]രായ് കാമക്രോധാക്രാന്തജനങ്ങളെ
നീ ചിന്തിക്കുന്നിതെന്നാവാം വിളർത്തിൽ മെലിഞ്ഞു നീ. 15

താൻ പ്രാജ്ഞനെന്നോർത്തിടും നീയജ്ഞന്മാർ കൂട്ടിനുള്ളവൻ
ദുർവൃത്തിയാൽ ക്ഷീണനാവാം വിളർത്തിൽ മെലിഞ്ഞു നീ. 16

മിത്രാകാരൻ ശത്രുവാകുമൊരാളാര്യനടപ്പിനാൽ
നിന്നെച്ചതിച്ചോടിയെന്നാം വിളർത്തിൽ മെലിഞ്ഞു നീ. 17

കാര്യം വെളിക്കാക്കിയേക്കാം രഹസ്യകുശലൻ കൃതി
തജ്ജ്ഞർ[3]തൻ പൂജയേല്ക്കാതാം വിളർത്തിൽ മെലിഞ്ഞു നീ. 18

അസത്തുക്കളിരിക്കുമ്പോഴം നിശ്ശങ്കമുരചെയ്കിലും
നിൻ ഗുണം തെളിവീലെന്നാം വിളർത്തിൽ മെലിഞ്ഞു നീ. 19

ധനേച്ഛുവറിവില്ലാത്തോൻ കേവലം വീര്യമുള്ളവൻ
മഹത്തതിച്ഛിച്ചിരിക്കാം വിളർത്തിൽ മെലിഞ്ഞു നീ. 20

തപസ്സുക്താശനാം നിന്നെയാരണ്യവ്രതകാംക്ഷിയെ[4]
ബന്ധുക്കൾ കൊണ്ടാടിടാതാം വിളർത്തിൽ മെലിഞ്ഞു നീ. 21

ഭാര്യയിൽ പ്രിയനാം നിൻെറയയൽക്കാരൻ മഹാധനൻ
യുവാവോമൽക്കാമിയാവാം വിളർത്തിൽ മെലിഞ്ഞു നീ. 22

ധനികന്മാർനടുക്കണ്ടു പറയും മുഖ്യവാക്കുമേ
കാലോചിതം വിളങ്ങാതാം വിളർത്തിൽ മെലിഞ്ഞു നീ. 23

ഉറപ്പായ് കേട്ട സഖിയാം മൂർഖനെക്കോപമേല്ക്കവേ
അടക്കാനായതില്ലെന്നാം വിളർത്തിൽ മെലിഞ്ഞു നീ. 24

നിന്നെയീപ്സിതകൃത്യത്തിലൊന്നിൽക്കൊണ്ടേപ്പെട്ടുത്തിയും
ഒരാളെന്നും കാത്തിരിക്കാം വിളർത്തിൽ മെലിഞ്ഞു നീ. 25

സൽഗുണാഢ്യൻ പൂജ്യനാകും നിന്നെ നൂനം സുഹൃത്തൊരാൾ
എൻ കാര്യമെന്നോർത്തിരിക്കാം വിളർത്തിൽ മെലിഞ്ഞു നീ. 26

ഉള്ളിലുള്ളോരഭിപ്രായം ലജ്ജയാൽ വെളിവാക്കുവാൻ
പോരാഞ്ഞു വയ്യെന്നായേക്കാം വിളർത്തിൽ മെലിഞ്ഞു നീ. 27

---

1 വൃത്ത്യപായവിഗർഹി = ഉപജീവിക്കാനുള്ള ഉപായത്തെ നിന്ദിക്കുന്നവൻ.
2 വിമാർഗ്ഗക്ലിഷ്ടർ = വഴിപിഴച്ചു ക്ലേശിക്കുന്നവർ. 3 തജ്ജ്ഞർ = അതറിഞ്ഞവർ.
4 ആരണ്യവ്രതകാംക്ഷി = പ്രാപഞ്ചികവിഷയങ്ങളിൽ ആഗ്രഹമില്ലാതെ കാട്ടിൽ ചെന്നു തപസ്സു ചെയ്യാൻ ആഗ്രഹിക്കുന്നവൻ.

പാരിൽ നാനാ ബുദ്ധിരുചിക്കാർ മനുഷ്യരെയൊക്കെ നീ
ഗുണാൽ നേടാനോർത്തിരിക്കാം വിളർത്തതിൽ മെലിഞ്ഞു നീ. 28
അവിദ്വാൻ ഭീരുവല്ലാർത്ഥാൽ വിദ്യാവിക്രമദാനജം[1]
യശസ്സിച്ഛിപ്പതുണ്ടെന്നാം വിളർത്തതിൽ മെലിഞ്ഞു നീ. 29
നീയേറെ നാളും കൊതിക്കുന്ന ഫലം നേടാതിരിക്കവേ
അന്യർ ചെയ്തു ഹരിച്ചേക്കാം വിളർത്തതിൽ മെലിഞ്ഞു നീ. 30
താൻ ചെയ്ത ദോഷംതാൻ തന്നിലൊന്നു കാണാതെയുള്ള നീ
വെറുതേ ശപ്ത[2]നായേക്കാം വിളർത്തതിൽ മെലിഞ്ഞു നീ. 31
ഗൃഹസ്ഥരായും നല്ലോരെക്കണ്ടു കാടാണ്ടു ദുഷ്ടരെ
മുക്തരെഗ്ഗൃഹമാണ്ടിട്ടും വിളർത്തതിൽ മെലിഞ്ഞു നീ. 32
ക്ഷയം പൂണ്ടഴലാണ്ടർത്ഥഗുണമറ്റുള്ളോരിഷ്ടരെ
മോചിപ്പിക്കാനായിടാതാം വിളർത്തതിൽ മെലിഞ്ഞു നീ. 33
ധർമ്മ്യമർത്ഥം കാമ്യമൊത്ത കാലത്തോതിയ നിന്മൊഴി
ഫലിക്കുന്നില്ലെന്നുമാവാം വിളർത്തതിൽ മെലിഞ്ഞു നീ. 34
മൂഢർ തന്നുള്ള മുതൽകരം മനീഷി കഴിവിന്നു നീ
വാങ്ങിക്കഴികയാണെന്നാം വിളർത്തതിൽ മെലിഞ്ഞു നീ. 35
ദുഷ്ടർ വർദ്ധിപ്പതായ്ക്കണ്ടും നല്ലോർ താഴ്പതു കണ്ടുമേ
നിത്യം ഗർഹിപ്പൂ നീയെന്നാം വിളർത്തതിൽ മെലിഞ്ഞു നീ. 36
തമ്മിൽപ്പിണഞ്ഞുമിഷ്ടർക്കായ് പ്രിയം ചെയ്വാൻ നിനപ്പൂ നീ
തടസ്സത്തിൽപ്പെട്ടിരിക്കാം വിളർത്തതിൽ മെലിഞ്ഞു നീ. 37
വികർമ്മസ്ഥശ്രോത്രിയ[3]രെയജിതേന്ദ്രിയവിജ്ഞരെ[4]
അനുകമ്പിച്ചോർക്കയുമാം വിളർത്തതിൽ മെലിഞ്ഞു നീ. 38
ഏവം പൂജിച്ച രക്ഷസ്സങ്ങെതിർപൂജിച്ചു വിപ്രനെ
സഖിയാക്കുകയും ചെയ്തു സ്വത്തും നല്കിയയച്ചുതേ. 39

125. പിതൃരഹസ്യം

ശ്രാദ്ധവിഷയകമായ ചില കാര്യങ്ങളെപ്പററി ദേവദൂതനും പിതൃക്കളും തമ്മിലും, പാപത്തിൽനിന്നു മുക്തിനേടുന്നതിനെപ്പററി ഇന്ദ്രനും വിദ്യുൽപ്രഭനും തമ്മിലും, ധർമ്മരഹസ്യത്തെപ്പററി ബൃഹസ്പതിയും ഇന്ദ്രനും തമ്മിലും, കാളകളെ ദാനം ചെയ്താലുള്ള ഫലത്തെപ്പററി ദേവർഷികളും പിതൃക്കളും തമ്മിലും, നടന്ന സംഭാഷണങ്ങൾ.

യുധിഷ്ഠിരൻ പറഞ്ഞു

മനുഷ്യജന്മം നേടീട്ടു കർമ്മക്ഷേത്രം സുദുർല്ലഭം
ശ്രേയോർത്ഥിയദ്ദരിദ്രനെന്തു ചെയ്തീടേണ്ടു പിതാമഹ! 1

---

1 വിദ്യാവിക്രമദാനജം = വിദ്യയും പരാക്രമവും കൊടുത്തു കിട്ടുന്നതു്. 2 ശപ്തൻ = ശപിക്കപ്പെട്ടവൻ. 3 വികർമ്മസ്ഥശ്രോത്രിയർ = തങ്ങൾക്കു വിധിക്കാത്ത കർമ്മം ചെയ്യുന്ന വേദജ്ഞൻ. 4 അജിതേന്ദ്രിയവിജ്ഞർ = ഇന്ദ്രിയങ്ങളെ ജയിക്കാൻ കഴിയാത്ത വിദ്വാന്മാർ.

ദാനങ്ങളിൽ ശ്രേഷ്ഠമേതു ദേയമേതു ശരിക്കിഹ
മാന്യപൂജ്യരെയും ഭീഷ്മ, രഹസ്യമരുളേണമേ. 2

വൈശമ്പായനൻ പറഞ്ഞു

എന്നു ചോദിക്കവേ പാണ്ഡുപുത്രൻ പുകളെഴും നൃപൻ
ധർമ്മങ്ങളിൽ പരം ഗുഹ്യം ഭീഷ്മൻ നൃപനൊടോതിനാൻ. 3

ഭീഷ്മൻ പറഞ്ഞു

സശ്രദ്ധം കേൾക്ക രാജാവേ, ധർമ്മഗുഹ്യങ്ങൾ ഭാരത!
മുന്നമെന്നോടു ഭഗവാൻ വ്യാസൻ കല്പിച്ചവണ്ണമേ. 4
ദേവഗുഹ്യമിതുർവ്വീശ, യമനക്ലിഷ്ടകൃത്തമൻ
നിയമസ്ഥൻ യോഗി കണ്ടു വൻ തപസ്സിന്നെഴും ഫലം. 5
ആക്കേന്താൽ പ്രീതനാം ദേവനതിൽ പ്രീതർ പിതൃക്കളും
ഋഷിപ്രമഥരും ശ്രീയും ദിഗ്ഗജം ചിത്രഗുപ്തനും. 6
ഋഷിധർമ്മം സ്മൃതമിഹ രഹസ്യം സുമഹാഫലം
മഹാദാനഫലം പിന്നെസ്സർവ്വയജ്ഞഫലം പരം. 7
ആരിതേവമറിഞ്ഞിട്ടു ചെയ്യുന്നിതനഘാശയ!
ദോഷവാൻ ദോഷമറ്റോനുമാ ഗുണങ്ങളൊടൊത്തിടും. 8
പത്തു പൈക്കൊല[1]നേർ ചക്ക പത്തു ചക്കിന്നു കൾകുടി
പത്തു കൾകുടിനേർ വേശ്യ പത്തു വേശ്യക്കുനേർ നൃപൻ; 9
പകുതിക്കിവയൊക്കെയ്ക്കും നൃപൻ മേലെന്നു ചൊൽവതാം.
ത്രിവർഗ്ഗമൊത്തിടും ശാസ്ത്രം പവിത്രം പുണ്യലക്ഷണം 10
ധർമ്മവ്യാകരണം പുണ്യം രഹസ്യശ്രവണം പരം.
ധർമ്മമൊത്തതു കേൾക്കേണം ദേവന്മാർകൾ വിധിച്ചതാം 11
പിതൃഗുഹ്യങ്ങളെയതിൽ ശ്രാദ്ധകർമ്മത്തിലോതുമേ.
സർവ്വദേവരഹസ്യംതാൻ പറയപ്പെട്ടുമൊക്കയും 12
ഋഷിധർമ്മം സ്മൃതമതിൽ സരഹസ്യം മഹാഫലം
മഹായജ്ഞഫലംതാനും സർവ്വദാനഫലം ശരി. 13
എന്നും ചൊല്ലും മർത്ത്യരെവരെവർക്കൊക്കുമുപസ്ഥിതി[2].
കേട്ടാൽ ഫലം ചൊൽവതങ്ങു താനേ നാരായണൻ പ്രഭു. 14
ഗോവിൻ ഫലം തീർത്ഥഫലം യജ്ഞങ്ങൾക്കിയലും ഫലം
ഈ ഫലം മുറ്റുമേ നേടും പുമാനതിഥിപൂജകൻ. 15
കേൾപ്പോരും ശ്രദ്ധവെപ്പോരും ശുദ്ധമാനസരും ശരി
അവർക്കെഴും ലോകമെല്ലാം നേടും ശ്രദ്ധിച്ച നല്ലവൻ. 16
കില്ബിഷങ്ങളൊഴിച്ചീടും പാപമേല്ക്കുകയില്ലവൻ
ധർമ്മവും നേടുമെപ്പോഴും പരത്തിൽ പോകിലാ നരൻ. 17
ഒരിക്കലൊരുകാലത്തു ദേവദൂതൻ യദൃച്ഛയായ്
മറഞ്ഞുനിന്നു ചോദിച്ചു ദേവരാജനൊടിങ്ങനെ: 18

---

1 പൈക്കൊല=ഗോവധം. 2 ഉപസ്ഥതി=ഓർമ്മ.

''ഇല്ലേ കാമഗുണംചേരുമശ്വിമാർ വൈദ്യസത്തമർ
അവർ ചൊല്ലീട്ടു ഞാൻ വന്നേൻ പിതൃദൈവതമർത്ത്യരിൽ. 19
എന്തിനാൽ മൈഥുനം വയ്യാ ശ്രാദ്ധമൂട്ടുകിലുണ്ണുകിലും?
എന്തിന്നു മൂന്നു പിണ്ഡങ്ങൾ വെവ്വേറേ വെച്ചിടുന്നതും? 20
ആർക്കൊന്നാമത്തതേകേണം മദ്ധ്യമം ചെൽവതാരിലാം?
ഒടുക്കത്തേതുമാർക്കാണെന്നതു കേൾപ്പാനൊരാഗ്രഹം.'' 21
ശ്രദ്ധയേറും ദൂതനേവം ധർമ്മമൊത്തുരചെയ്തതിൽ
മുൻ നിന്ന വിണ്ണോർ ഖചര*ന്നാദരിച്ചു പിതൃക്കളും. 22

പിതൃക്കൾ പറഞ്ഞു

സ്വാഗതം തേ നന്മ വരും കേട്ടുകൊള്ളുക ഖേചര!
ഭവാൻ ചോദിച്ചൊരീച്ചോദ്യം ഗൂഢാർത്ഥം മുഖ്യമാണെടോ. 23
ശ്രാദ്ധമൂട്ടീട്ടുമുണ്ടിട്ടും പുമാൻ സ്ത്രീസംഗമേല്ക്കുകിൽ
ആ രേതസ്സിൽക്കിടന്നീടുമാ മാസം തൽ പിതൃവ്രജം. 24
പിണ്ഡം തിരിച്ചതും ചൊല്ലാം ക്രമത്താൽ കേട്ടുകൊൾക നീ
പിണ്ഡം താഴേ ചെല്ലുവതു ജലത്തിൽച്ചെന്നു പോററുമേ. 25
നടുക്കുള്ളാപ്പിണ്ഡമതിൽ പത്നിമാത്രമശിക്കുമേ
അതിൽ മൂന്നാം പിണ്ഡമെന്നാലഗ്നിയിങ്കൽക്കൊടുക്കണം. 26
ഈ ശ്രാദ്ധവിധിയെച്ചൊല്ലീ ധർമ്മലോപം പെടാപ്പടി
പിതൃക്കളവനിൽത്തുഷ്ടരാമെന്നും ഹൃഷ്ടമാനസർ;
പ്രജയും വാസ്തുമിവനു കിട്ടുമക്ഷയമായതും. 27

ദേവദൂതൻ പറഞ്ഞു

ക്രമത്തിലായിട്ടീപ്പിണ്ഡവിഭാഗം വേറെ വേറെയായ്
മൂന്നിൽപ്പിതൃക്കൾക്കൊട്ടുക്കായ് വിവരിച്ചു പറഞ്ഞു നീ. 28
ഒരു പിണ്ഡമെടുത്തീടിൽ താഴത്താർക്കായ് ഗമിച്ചിടും?
ഏതു ദേവന്നതിൽ പ്രീതി പിതൃതാരണമെങ്ങനെ? 29
നടുക്കുള്ളതുതാൻ പത്നി സമ്മതത്തോടുമുണ്ണുമേ
പിതൃക്കളെന്തിന്നിവൻെറ കവ്യത്തെത്താൻ ഭുജിപ്പതും? 30
ഇങ്ങൊടുക്കത്തെയാപ്പിണ്ഡമഗ്നിയിൽ ചെൽവതല്ലയോ
അവന്നു ഗതിയെന്തെന്നാലാരിൽച്ചെല്ലുവതാണതും? 31
ഇതു കേൾപ്പാനുണ്ടു മോഹം പിണ്ഡം മൂന്നിലുമാം ഗതി
ഫലവും വൃത്തിവഴിയുമിതാരേല്ക്കുന്നുവെന്നതും. 32

പിതൃക്കൾ പറഞ്ഞു

നീ ചെയ്തോരീച്ചോദ്യമേററം വലുതായുള്ളതാണെടോ
രഹസ്യമത്ഭുതം ചോദിച്ചിതു നീ ഗഗനേചര! 33
ഇതിനെത്താൻ പ്രശംസിപ്പൂ ദേവന്മാരും മുനീന്ദ്രരും
അവർക്കുമറിയാവല്ലീപ്പിതൃകാര്യവിനിശ്ചയം 34

---

* ഖചരൻ = ആകാശസഞ്ചാരി.

മഹാത്മാവാം മുഖ്യ ചിരംജീവിക്കൊരുവനെന്നിയേ.
പിതൃഭക്തൻ വരം പൂണ്ട പുകഴം വിപ്രനായവൻ 35
ഭഗവാൻ ചൊല്ലിയാ മൂന്നു പിണ്ഡത്തിൻ ഗതി കേട്ടവൻ.
ദേവദൂതൻ കേട്ടതോതീ ശ്രാദ്ധത്തിൻ വിധിനിശ്ചയം 36
ശ്രദ്ധയോടും കേട്ടുകൊൾക മൂന്നു പിണ്ഡത്തിനും ഗതി.
വെള്ളത്തിൽച്ചെന്നിടുമതു ശശിപ്രീണനമേകിടും 37
മഹാമതേ, പ്രീതരാക്കും ശശി ദേവപിതൃക്കളെ.
സമ്മതത്തോടുമാപ്പത്നിയുണ്ണും മദ്ധ്യമപിണ്ഡമോ 38
പിതാമഹന്മാർ നല്കീടും പുത്രകാമന്നു പുത്രനെ.
അഗ്നിയിങ്കൽക്കൊടുത്തീടും പിണ്ഡമുള്ളതു കേൾക്ക നീ 39
പിതൃക്കളതിനാൽ തൃപ്തരാകും കാമങ്ങൾ നല്കിടും;
നിന്നോടിതൊക്കയും ചൊന്നേൻ മൂന്നു പിണ്ഡത്തിനും ഗതി. 40
യജമാനപിതൃത്വം പോയെത്തുമൃത്വിക് ജനങ്ങളിൽ
അന്നത്തെ നാളൊഴിച്ചീടവേണമെന്നോപ്പു മൈഥുനം; 41
ശുചിയായോൻ ശ്രാദ്ധമുണ്ടീടേണ്ടതാകുന്നു ഖേചര!
ഞാൻ ചൊന്ന ദോഷമവ്വണ്ണം പററും മററിച്ചു* വന്നിടാ 42
എന്നാൽ സ്നാതൻ ശുചി ക്ഷാന്തൻ ശ്രാദ്ധമുണ്ടീടണം ദ്വിജൻ.
പ്രജ വദ്ധിക്കുമിവനുമീവണ്ണം നല്കവോനുമേ 43
പരം വിദ്യുൽപ്രഭന്നൃഷി പറഞ്ഞിതു തപോനിധി.
അവന്നാദിത്യതേജസ്സിന്നൊത്തരൂപം പ്രകാശമാം 44
അവൻ ധമ്മരഹസ്യങ്ങൾ കേട്ട ശക്രനൊടോതിനാൻ.
തിര്യക്ജന്തുക്കളേ മർത്ത്യർ ഹിംസിക്കുന്നു വിമോഹിതർ 45
എറുമ്പു പുഴ പാമ്പാട്ട മൃഗപക്ഷികളേയുമേ.
പെരുത്തു കില്ബിഷം നേടുമിവക്കെന്തോം പ്രതിക്രിയ? 46
അപ്പോൾ ദേവകളെല്ലാരും തപോധനമുനീന്ദ്രരും
പിതൃക്കളും മഹാഭഗർ പൂജിച്ചാരാ മുനീന്ദ്രനെ. 47

ശക്രൻ പറഞ്ഞു

കുരുക്ഷേത്രം ഗംഗ ഗയ പ്രഭാസം പുഷ്കരങ്ങളും
ഇവയുൾകൊണ്ടോത്തുകൊണ്ടു വെള്ളത്തിങ്കലിറങ്ങണം. 48
പാപത്താൽ മുക്തനാമെന്നാൽ രാഹുവാൽ തിങ്കൾ പോലവേ
മുന്നാൾ കുളിച്ചവനുമാമുപവാസിയുമാമവൻ 49
പയ്യിൻപുറം തൊടുമവൻ വാനിന്നായും നമിപ്പവൻ.
അപ്പോൾ വിദ്യുൽപ്രഭൻ ചൊല്ലീ ദേവരാജനൊടിങ്ങനെ: 50
"ഇതു സൂക്ഷ്മതരം ധമ്മമതു കേൾക്ക ശതക്രതോ!
ആലിൻവേടിൻചാററിൽ വേവിച്ചുഴന്നു കലരുംപടി 51
പാൽ കൂട്ടി നവരച്ചോറുണ്ടെന്നാൽപ്പോമഘമൊക്കയും.

---

* മററിച്ചു് = മററുവിധത്തിൽ.

കേട്ടാലും വേറെയും ഗുഹ്യം രഹസ്യമൃഷിചിന്തിതം 52
ഞാൻ സ്ഥാണസ്ഥാനമതിലാ വ്യാഴം ചൊല്ലീട്ടു കേട്ടതാം
രുദ്രനോടൊത്തു ദേവേശ, കേളതും നീ ശചീപതേ! 53
മലയിൽക്കേറിയൊററക്കാലൂന്നി നിന്നിട്ടു സൂര്യനെ
കൈ പൊക്കിത്തൊഴുതാഹാരം കൂടാതേകണ്ടു നോക്കണം. 54
ഉപവാസഫലം നേടും വൻ തപസ്സോക്കുമായവൻ
അക്കരശ്മികളാൽ തപ്തൻ പാപമൊക്കെയൊഴിച്ചിടും. 55
വേനല്ക്കു കുളിർകാലത്തുമേവം പാപമൊഴിഞ്ഞുപോം
പിന്നെപ്പാപമൊഴിഞ്ഞോനു ശാശ്വതീദ്യുതി കിട്ടിടും 56
തേജോദീപ്തൻ സൂര്യമട്ടിൽ ഭ്രാജിക്കും ശശി പോലവേ.''

ഭീഷ്മൻ പറഞ്ഞു

ദേവകാംക്ഷ നടുക്കായിദ്ദേവരാതൻ ശതക്രതു
മുഖ്യം ബൃഹസ്പതിയൊടു ചൊന്നാൻ മധുരമിങ്ങനെ. 57

ഇന്ദ്രൻ പറഞ്ഞു

ഭഗവാനേ, ധർമ്മഗുഹ്യം മനുഷ്യക്കു സുഖാവഹം
ഗൂഢദോഷങ്ങളും പിന്നെശ്ശരിയായരുളേണമേ! 58

ബൃഹസ്പതി പറഞ്ഞു

അക്കന്റെ നേരിട്ടു മൂത്രം വീഴ്ത്തുവോർ വായുവൈരികൾ
കത്തുന്ന തീയിൽ ചമത ഹോമിക്കാതുള്ള കൂട്ടരും 59
കുട്ടിക്കിടാവുള്ള പയ്യേപ്പാലെടുപ്പാൻ കറപ്പവർ
ഇവക്കെഴും ദോഷമോതാം ധരിക്കുക ശചീപതേ! 60
അക്കനും വായുവും ഹവ്യവാഹനും ദേവനായക!
ബ്രഹ്മാവു സൃഷ്ടിച്ചവർകൾ ലോകമാതാക്കൾ പൈക്കളും 61
ലോകതാരണശക്തന്മാർ ദൈവതങ്ങൾ നരക്കിഹ
നിങ്ങളെല്ലാവരും കേൾപ്പിനോരോന്നായ് ധർമ്മനിശ്ചയം. 62
എണ്പത്തയ്യാണ്ടു ദുർവൃത്തർ കുലപാംസനരാമവർ
സ്ത്രീകളും രവിനേർ മൂത്രം വിട്ടാൽ ദുർവൃത്തമാർകളാം. 63
അനിലദ്വേഷിക്കു ശക്ര, ഗർഭത്തിലലസും പ്രജ
കത്തുന്ന തീയിൽ ചമത ഹോമിക്കാത്തവരാകിലോ 64
അവക്കുള്ളഗ്നികാര്യത്തിൽ ഹവിസ്സേല്ക്കില്ല പാവകൻ.
കുട്ടിക്കിടാവുള്ള പയ്യിൻ പാൽ കുടിക്കുന്നതാകിലോ 65
അവക്കാരും പാൽ കുടിപ്പോർ പിറക്കാ വംശവർദ്ധനർ.
പ്രജാക്ഷയം വന്നുകൂടും കുലവംശവിനാശവും 66
എന്നു പണ്ടേ കണ്ടതത്രേ കുലവൃദ്ധദ്വിജാതികൾ.
എന്നാൽ വർജ്ജ്യങ്ങൾ വർജ്ജിക്ക ചെയ്യേണ്ടുന്നതു ചെയ്യുക 67
ഭൂരികാമൻ മർത്ത്യനെന്നുമിതു നിന്നോടു ചൊല്ലി ഞാൻ.
പിന്നെ മററും മഹാരാജ, സമരുൽഗണദേവകൾ 68
മഹാന്മാരാമൃഷികളും പിതൃക്കളൊടു ചോദ്യമായ്.

ദേവകൾ പറഞ്ഞു

പിതൃക്കളെന്താൽ തോഷിക്കുമല്പബുദ്ധികം മർത്ത്യരിൽ
ഔദ്ധ്വദേഹികമാം ദാനം ക്ഷയിക്കാതാകുമെങ്ങനെ? 69

എന്തു കർമ്മംകൊണ്ടു മർത്ത്യർ കടപ്പാടുമൊഴിച്ചിടും?
ഇതു കേൾപ്പാനിങ്ങു മോഹം ഞങ്ങൾക്കുണ്ടതികൗതുകം. 70

പിതൃക്കൾ പറഞ്ഞു

യോഗ്യരേ, ഞായമാമ്മട്ടിൽ ചൊല്ലിവെച്ചിതു സംശയം
കേൾപ്പിൻ സൽക്കർമ്മിനരരിലെന്താൽ തോഷിക്കുമിജ്ജനം. 71

നീലഷണ്ഡക്കാളദാനം കൃഷ്ണവാവിൽ തിലോദകം
മഴക്കാലം ദീപമിവകൊണ്ടാനൃണ്യം പിതൃക്കളിൽ. 72

ഈദ്ദാനമക്ഷയം പാരം നിർവ്യളീകം മഹാഫലം
ഞങ്ങൾക്കു സന്തോഷവുമേ പരികല്പിപ്പതക്ഷയം. 73

ശ്രദ്ധയോടും മർത്ത്യരാരോ സമ്പാദിക്കുന്ന സന്തതി
ദുർഗ്ഗമാം നരകാൽ കേററും പിതാമഹരെയായവർ. 74

പിതൃക്കൾമൊഴി കേട്ടിട്ടു കുളർമെയ്ക്കൊണ്ടു താപസൻ
തേജസ്വിയാം വൃദ്ധഗാർഗ്ഗ്യനവരോടേവമോതിനാൻ. 75

ഗാർഗ്ഗ്യൻ പറഞ്ഞു

നീലഷണ്ഡക്കാളദാനാലെന്തു താപസരേ, ഗുണം?
വർഷത്തിൽ ദീപദാനത്താൽ തിലാംബുവതിനാലുമേ? 76

പിതൃക്കൾ പറഞ്ഞു

നീലഷണ്ഡക്കാളയുടെ വാലിൽ വെള്ളമെടുക്കുകിൽ
പിതൃക്കൾ തൃപ്തരായീടും വർഷമർവ്വതിനായിരം. 77

കൊമ്പിൽപ്പററും ചേറു വക്കിൽനിന്നെടുത്തങ്ങു നില്ക്കുകിൽ
പിതൃക്കളതിനാൽ ചെല്ലും സോമവംശമസംശയം. 78

വർഷത്തിൽ ദീപദാനത്താൽ വിളങ്ങും തിങ്കൾപോലവൻ
ദീപം കൊടുക്കുന്നവന്ന തമോരൂപം പെടാ ദൃഢം. 79

കറുത്തവാവിൽ മർത്ത്യന്മാർ നല്ലമാരോ തിലോദകം
അത്തിപ്പാത്രമെടുത്തിട്ടു തേൻ കലത്തിത്തപോധന! 80

അവർ ചെയ്യുന്നതുമാം ശ്രാദ്ധം സരഹസ്യം യഥാർത്ഥമേ;
അവർക്കുണ്ടാം ഹൃഷ്ടപുഷ്ടമനസ്സാം പ്രജയെപ്പൊഴും. 81

കുലവംശത്തിന്നു വൃദ്ധി പിണ്ഡദന്നൊത്തിടും ഫലം
ശ്രദ്ധയോടും ചെയ്യിലുണ്ടാമനൃണത്വം പിതൃക്കളിൽ. 82

ഇപ്രകാരം ശ്രാദ്ധകാലക്രമം നിർദ്ദിഷ്ടമായിതേ
വിധിയും പാത്രവും ചൊല്ലീ ഫലവും ശരിയാംവിധം. 83

126. ദേവമുനിരഹസ്യം

ധർമ്മരഹസ്യകഥനം (തുടർച്ച). വിഷ്ണു, ബലദേവൻ, ദേവന്മാർ, ധർമ്മൻ, അഗ്നി, വിശ്വാമിത്രൻ, ഗോക്കൾ, ബ്രഹ്മാവു് എന്നിവർ ധർമ്മരഹസ്യത്തെപ്പററി താന്താങ്ങൾക്കുള്ള അഭിപ്രായം പ്രകടിപ്പിക്കുന്നു.

ഭീഷ്മൻ പറഞ്ഞു

അങ്ങയ്ക്കെന്തിൽ പ്രീതിയുണ്ടാം തുഷ്ടിയേററീടുമെങ്ങനെ?
എന്നിന്ദ്രൻ ചെയ്ത ചോദ്യം കേട്ടോതിനാനീശ്വരൻ ഹരി. 1

വിഷ്ണു പറഞ്ഞു

വിപ്രന്മാരിൽക്കുററമോതലെന്നിൽ വിദ്വേഷണം പരം
വിപ്രന്മാരെപ്പൂജചെയ്തിൽ പൂജിതൻ ഞാനസംശയം. 2
നിത്യാഭിവാദ്യരാം വിപ്രരുണ്ടിട്ടാത്മപദങ്ങളും[1]
തോഷിക്കും ഞാൻ ചക്ര[2]മതിൽ ബലി നല്കീടുവോരിലും. 3
വാമനദ്വിജനെക്കണ്ടു ജലോദ്ധൃൽക്കിടി[3]യേയുമേ
എടുത്തു ഭൂമി തലയിൽദ്ധരി[4]ച്ചീടുന്നതേവനോ 4
അവർക്കശുഭമില്ലൊട്ടും ചെററും കല്മഷമേററിടാ.
അശ്വത്ഥഗോരോചനഗോപൂജ ചെയ്യുവനേവനോ 5
അവൻ ദേവാസുരനരരൊക്കും വിശേഷകപൂജകൻ.
ആ രൂപത്താലവരുടെ പൂജ തത്ത്വമൊടേല്ക്കുവൻ 6
എനിക്കാണീപ്പൂജ മററല്ലീ ലോകം നിന്നിടുംവരെ.
മറിച്ചു പഴതേ മർത്ത്യർ പൂജിപ്പൂ സ്വല്പബുദ്ധികൾ 7
അതു ഞാനേററിടാ തുഷ്ടിയാകയില്ലയെനിക്കതിൽ.

ചന്ദ്രൻ പറഞ്ഞു

ചക്രം പാദങ്ങളാപ്പന്നി വാമനദ്വിജനങ്ങനെ
ഉദ്ധരിച്ചോരുഴിയിവയെന്തേ വാഴ്ത്തുന്നതും ഭവാൻ? 8
ഭവാൻ ഭൂതങ്ങൾ സൃഷ്ടിപ്പൂ സംഹരിപ്പൂ പ്രജാവ്രജം
മർത്ത്യരൊക്കും സർവ്വഭൂതനിത്യപ്രകൃതിയല്ലയോ? 9

ഭീഷ്മൻ പറഞ്ഞു

ചിരിച്ചുംകൊണ്ടപ്പൊൾ വിഷ്ണുവരുളിച്ചെയ്തിതിങ്ങനെ:
"ചക്രത്താൽ ദൈത്യരെക്കൊന്നു കാലാൽ കയറി ഭൂമിയെ 10
പന്നിരൂപം പൂണ്ടു ഹിരണ്യാക്ഷനെക്കൊലചെയ്തു ഞാൻ.
വാമനാകാരമാണ്ടല്ലോ ജയിച്ചേൻ ബലിരാജനെ 11
ഇമ്മട്ടായാൽ തുഷ്ടനാം ഞാൻ മഹാന്മാരാം മനുഷ്യരിൽ;
എന്നാലെന്നെപ്പൂജചെയ്തിലവർക്കില്ലൊരു തോല്വിയും. 12

---

1 ആത്മപദങ്ങൾ = സ്വന്തം കാലുകൾ. (അവയും അഭിവാദ്യങ്ങളാണെന്നാശയം.)
2 ചക്രം = ചാണകം പൂശിയതും സുദർശനമന്ത്രംകൊണ്ടു പൂജിതവുമായ മണ്ഡലാകൃതിയിലുള്ള ചക്രം. 3 ജലോദ്ധൃൽക്കിടി = നീർപ്പന്നി. 4 ഭൂമി തലയിൽ ധരിക്ക = കുറച്ചു മണ്ണെടുത്തു തലയിൽ വെക്ക. (വാമനാവതാരവും വരാഹാവതാരവുമാണു് ഇവിടെ സൂചിപ്പിച്ചിട്ടുള്ളതു്.)

ബ്രഹ്മചാരിബ്രാഹ്മണൻ വന്നെത്തീടുന്നതു കണ്ടുടൻ
ബ്രാഹ്മണാഗ്ര്യാഹുതി കൊടുത്തുണ്ടാലമൃതുഭോജനം. 13

കിഴക്കൻസന്ധ്യയെസ്സേവിച്ചക്ക്ൻതൻ മുൻപിൽ നിന്നവൻ
സവ്വതീത്ഥസ്നാതനവനൊഴിക്കും സവ്വപാപവും. 14

ഈഗ്ഗുഹ്യം നിങ്ങളോടെല്ലാം ചൊന്നേൻ ഞാൻ താപസേന്ദ്രരേ!
ശങ്ക ചോദിച്ചിടുന്നോരൊടിനിയെന്തോതിടേണ്ടു ഞാൻ?'' 15

ബലദേവൻ പറഞ്ഞു

കേരംപ്പിൻ പരമമാം ഗുഹ്യം മാനുഷക്കു സുഖാവഹം
ഇതു കാണാതെ മൂഢന്മാർ ക്ലേശിപ്പൂ ഭൂതപീഗ്നിതർ. 16

കാലത്തേററാരു തൊട്ടമോ നരൻ പയ്യേപ്പരം ദധി
കടുകും തിനയും പാപം വിട്ടൊഴിഞ്ഞീടുമായവൻ. 17

സവ്വഭൂതങ്ങളും മുൻപിട്ടല്ലെങ്കിൽ പിൻപുറത്തുമാം
ഉച്ഛിഷ്ടവും ശൂദ്രർകളിൽ വജ്ജിക്കുന്നു തപോധനർ. 18

ദേവകൾ പറഞ്ഞു

അത്തിപ്പാത്രം നീർ നിറച്ചു കൈക്കൊണ്ടിട്ടുദങ്മുഖൻ[1]
ഉപവാസം കൊള്ളുകേവം സങ്കല്പിക്ക വ്രതത്തെയും. 19

അവനിൽ സുരർ തോഷിക്കും സിദ്ധിക്കും കാമമൊക്കയും
മറിച്ചു പഴതേ മത്ത്യർ ചെയ്യുന്നു സ്വല്പബുദ്ധികൾ. 20

ഉപവാസബലിക്കേററം താമ്രപാത്രം വിശേഷമാം
ബലിഭിക്ഷാർഘ്യമവ്വണ്ണം പിതൃക്കൾക്കു തിലോദകം. 21

താമ്രപാത്രത്തിനാൽ നല്കുകല്ലെങ്കിൽ ഫലമല്പമാം
ഗുഹ്യമാണീച്ചൊല്ലിയതു ദേവന്മാർ തുഷ്ടരാംവിധം. 22

ധമ്മൻ പറഞ്ഞു

രാജപൂരുഷനാം വിപ്രൻ ഘാണ്ടികൻ[2] പരിചാരകൻ
പൈ മേപ്പോൻ വാണിഭക്കാരനേവം ശില്പി കുശീലവൻ[3] 23

മിത്രധ്രുക്കോത്തു ചൊല്ലാത്തോൻ വൃഷലീപതിയങ്ങനെ
ഇവരിൽ ദൈവപിത്ര്യങ്ങൾ കൊടുത്തീടൊല്ലൊരിക്കലും; 24

തീരും[4] പിണ്ഡദരായാൾക്കു പിതൃപ്രീതിയുമൊത്തിടാ.
ആശ കെട്ടാരുടെ ഗൃഹം വിട്ടു പാന്ഥനൊഴിക്കുമോ 25

അവന്നു പിതൃദേവന്മാരവ്വണ്ണംതന്നെയഗ്നിയും
നിരാശരായൊഴിച്ചീടുമതിഥിക്കേകിടായ്കയാൽ. 26

സ്ത്രീഘ്നർ ഗോഘ്നർ കൃതഘ്നന്മാർ ബ്രഹ്മഘ്നർ ഗുരുതല്പഗർ
ഇവക്കൊപ്പം ദോഷമേല്ക്കുമതിഥിക്കച്ച് വിട്ടവൻ. 27

അഗ്നി പറഞ്ഞു

കാലുയത്തീട്ടേതു മത്ത്യൻ ദുഷ്ടൻ പയ്യേച്ചവിട്ടുമോ
യോഗ്യനാം ബ്രാഹ്മണനെയോ കത്തും തീയിനെയോ ശരി, 28

---

1 ഉദങ്മുഖൻ = വടക്കോട്ടു നോക്കിയവൻ. 2 ഘാണ്ടികൻ = മണിയടിക്കുന്നവൻ. 3 കുശീലവൻ = നടൻ. 4 തീരും = നശിക്കും; ക്ഷയിച്ചുവരും.

അവൻെറ ദോഷങ്ങരം ചൊല്ലാം ശ്രദ്ധവെച്ചതു കേരംക്കുവിൻ.
അവൻെറ ദ്വേഷ്ടർ വാനെത്തും ത്രസിച്ചീടും പിതൃക്കളും 29
ദേവകരംക്കും വൈമനസ്യം പെരുത്തുണ്ടാക്കിയെന്നുമാം.
തേജസ്സേറും പാവകനും ഹവിസ്സിങ്ങേററു വാങ്ങിടാ 30
നൂറു ജന്മം വെന്തുകൊള്ളും നരകത്തിങ്കലായവൻ.
പ്രായശ്ചിത്തമവന്നൊട്ടും സമ്മതിക്കില്ലൊരേടവും 31
അതിനാൽ പൈക്കളെക്കാലാൽ തൊട്ടുപോകൊല്ലൊരിക്കലും
തേജസ്സേറും വിപ്രനേയും കത്തും തീയിനെയും ശരി 32
ശ്രദ്ധയേറുന്നോരു മത്ത്യൻ തനിക്കു ഹിതമോപ്പവൻ.
മൂവരിൽ കാൽ വെപ്പവക്കുള്ളീദ്ദോഷങ്ങരം പറഞ്ഞു ഞാൻ. 33

വിശ്വാമിത്രൻ പറഞ്ഞു

കേട്ടാലും പരമം ഗുഹ്യം രഹസ്യം ധമ്മസംഹിതം
പായസത്താൽ പിതൃക്കരംക്കാരേകുന്നുണ്ടൗപഹാരികം. 34
കിഴക്കുള്ളാനനിഴലിൽ കുതപേ[1] തെക്കു നോക്കിയോൻ
മാസം ഭാദ്രപദം കൃഷ്ണപക്ഷത്തിൽ മകമായ നാരം 35
അവന്നു കേരംപ്പിനാദ്ദാനത്തിന്നുള്ള ഗുണവിസ്തരം
പതിമ്മൂവാണ്ടേക്കു നല്ലീ മഹാശ്രാദ്ധത്തെയായവൻ. 36

ഗോക്കരം പറഞ്ഞു

ബഹുളേ സമംഗേ ഭയമേതുമെന്ന്യേ
ക്ഷേമത്തിങ്കൽ സഖിയാരം വൻപിയന്നോരം
സവത്സയാരം ബ്രഹ്മപുരത്തിൽ മുന്നം
ശ്രീവജ്രിയാം ശതയജ്ഞൻെറ യജ്ഞേ 37

വീണ്ടും പരം വിഷ്ണുപദത്തിൽ നിന്നോരം
വിഭാവസുനുള്ള വഴിക്കു നിന്നോരം
വാനോർ മുററും നാരദനോടുകൂടി
കല്പിച്ചപോൽ സവ്വസഹാഖ്യയെന്നായ്. 38

ഈ മന്ത്രത്താൽ സേവചെയ്യുന്നൊരുത്തൻ
വിമുക്തനാം പാപകമ്മത്തിനാൽ താൻ
പുരന്ദരൻതന്നുടെ ലോകമെത്തും
ഗോവിൻ ഫലം ചന്ദ്രസമാഭയേയും. 39

ഈ മന്ത്രമെന്നാൽ ത്രിദശാഭിജുഷ്ടം[2]
പവ്വങ്ങളിൽഗ്ഗോഷ്ഠമെത്തിജ്ജപിക്കിൽ
അവന്നഘം ഭയമില്ലല്ലലില്ലാ
സഹസ്രനേത്രൻെറ പദത്തിലെത്തും. 40

ഭീഷ്മൻ പറഞ്ഞു

പരം സപ്തഷികരം മഹാഭാഗന്മാർ വിശ്വവിശ്രുതർ

---

1 കുതപേ = പകൽ പതിനഞ്ചായി പകുത്താൽ അതിൽ എട്ടാമത്തെ അംശത്തിൽ. (നട്ടുച്ചകഴിഞ്ഞ സമയമെന്നത്ഥം. പിതൃകമ്മത്തിനു വിധിച്ചിട്ടുള്ള സമയമാണിതു്.)

2 ത്രിദശാഭിജുഷ്ടം = ദേവന്മാരാൽ ഉപാസിക്കപ്പെട്ടതു്.

വസിഷ്ഠാദികളെല്ലാരും പത്മജൻ ബ്രഹ്മദേവനെ 41
വലംവെച്ചേവരുംകൂടി നിന്നു കൈതൊഴുതങ്ങനെ.
ചൊന്നാനവരിൽവെച്ചേവം വസിഷ്ഠൻ ബ്രഹ്മവിത്തമൻ 42
സവ്വപ്രാണിഹിതം ചോദ്യം ബ്രഹ്മക്ഷേത്രേ വിശേഷമായ്.
''എങ്ങനേ നിസ്വരാം മത്ത്യർ സദ്വൃത്തികരം ദരിദ്രർകരം 43
നേടും യജ്ഞത്തിൻെറ ഫലമെന്തു കമ്മത്തിനാലിഹ?''
അവർ ചൊന്നാ വാക്കു കേട്ടാ ബ്രഹ്മാവരുളിയിങ്ങനെ. 44

ബ്രഹ്മാവു പറഞ്ഞു

അമ്പമ്പോ! യോഗ്യരേ, ചോദ്യം ഗൂഢാത്ഥം പരമം ശുഭം
സൂക്ഷ്മം മത്ത്യക്കു നന്മയ്ക്കാം ഭവാന്മാരുരചെയ്യതും. 45
കേരംപ്പിനൊട്ടൊഴിയാതേകണ്ടെല്ലാം ചൊല്ലാം മുനീന്ദ്രരേ!
മത്ത്യൻ യജ്ഞഫലം നേടുംവഴി സംശയമില്ലിതിൽ. 46
പൗഷ്യമാസം ശുക്ലപക്ഷം പരം രോഹിണിയായ നാരം
ആ നക്ഷത്രമെഴുംനേരം തുറന്നേടം കിടക്കണം. 47
ഏകവസ്ത്രൻ ശുചി സ്നാതൻ ശ്രദ്ധയുള്ളോൻ സമാഹിതൻ
സോമരശ്മി കുടിച്ചീടിൽ മഹായജ്ഞഫലം പെടും. 48
നിങ്ങളോടീ മഹാഗുഹ്യം പറഞ്ഞേൻ ദ്വിജമുഖ്യരേ!
സൂക്ഷ്മാത്ഥം കണ്ടിടും നിങ്ങരം ചോദിച്ചതുമിതല്ലയോ? 49

127. ദേവമുനിരഹസ്യം

ധമ്മരഹസ്യകഥനം (തുടച്ച്). ദേവന്മാരും മുനിമാരും ഓരോരോ ധമ്മങ്ങളെപ്പററിയുള്ള സ്വന്തം അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നു.

വിഭാവസു പറഞ്ഞു

ജലാഞ്ജലി നിറച്ചിട്ടങ്ങക്ഷതം നെയ്യുമങ്ങനെ
സോമൻ വന്നുയരുന്നേരമാ വെള്ളത്തോടുമക്ഷയം 1
മത്ത്യൻ നേരേ നിന്നു പൗണ്ണമാസിയിൽ ബലി നല്കുകിൽ
അഗ്നികാര്യം ചെയ്തിതവൻ ഹോമിച്ചാനഗ്നി മൂന്നിലും. 2
മാമരത്തെക്കൃഷ്ണപക്ഷവാവിൽ വെട്ടുമബുദ്ധിമാൻ
ഒററപ്പത്രംകൊണ്ടുപോലും ബ്രഹ്മഹത്യാവലിപ്തനാം[1]. 3
അമാവാസിദിനം ദന്തകാഷ്ഠം[2] തിന്നുമബുദ്ധിമാൻ
ചന്ദ്രഹിംസ കഴിച്ചോ[3]നാം വെറുത്തീടും പിതൃക്കളും. 4
പവ്വങ്ങളിലവന്നുള്ള ഹവ്യം വാങ്ങില്ല ദേവകരം
പിതൃക്കളും ചൊടിച്ചീടും കുലവംശം ക്ഷയിച്ചുപോം. 5

---

1 ബ്രഹ്മഹത്യാവലിപ്തൻ=ബ്രഹ്മഹത്യാപാപം പററിയവൻ. 2 ദന്തകാഷ്ഠം=പല്ലുതേക്കാനുള്ള കമ്പ്. (ദന്തകാഷ്ഠം തിന്നുക എന്നുവെച്ചാൽ പല്ലുതേക്കുക എന്നത്ഥം). 3 ചന്ദ്രഹിംസ കഴിച്ചോൻ=ചന്ദ്രൻ എന്ന ദേവതയെ ദ്രോഹിച്ചവൻ.

ശ്രീ പറഞ്ഞു

എങ്ങോ പാത്രങ്ങൾ ചിന്നുന്നു സാമാനം പീഠമങ്ങനെ
കശ്മലപ്പെട്ട ഗേഹത്തിൽ തല്ലുന്നു സ്ത്രീകളേയുമേ 6

പിതൃക്കളും ദേവകളുമുത്സവത്തിങ്കൽ വാവിലും
കശ്മലപ്പെട്ടൊരാ വീടു വിട്ടു പോകും നിരാശരായ്. 7

അംഗിരസ്സു പറഞ്ഞു

ഒരാണ്ടുങ്ങിങ്കലായ് ദീപം കൊടുത്തീടുന്നതേവനോ
സുവർച്ചലാമൂലഹസ്തൻ[1] പ്രജയായാൾക്കു വാഴ്ചമേ. 8

ഗാർഗ്ഗ്യൻ പറഞ്ഞു

ആതിത്ഥ്യമെന്നും ചെയ്യേണം ഗൃഹത്തിൽ ദീപമേകണം
ഒഴിക്കണം ദിവാസ്വപ്നം മാംസം ഭക്ഷിച്ചുപോകൊലാ. 9

ഗോബ്രാഹ്മണരെ ഹിംസിക്കൊല്ലോതേണം പുഷ്കരങ്ങളെ[2]
ഇതേററം ശ്രേഷ്ഠമാം ധർമ്മം സരഹസ്യം മഹാഫലം. 10

നൂറു യജ്ഞം ചെയ്കിലുമാ ഹവിസ്സിന്നു വരും ക്ഷയം
ശ്രദ്ധയുള്ളോർ ചെയ്യുകിലാധർമ്മങ്ങൾക്കോ ക്ഷയം വരാ. 11

ഇതും പരമമാം ഗുഹ്യം സരഹസ്യം ധരിക്കുവിൻ
ശ്രാദ്ധദൈവങ്ങളിൽ തൈർത്ഥികത്തിൽ പർവ്വണിയിങ്കലും 12

തീണ്ടാരിയായിടും പെണ്ണും പാണ്ടിയും മച്ചിയും ശരി
ഇവർ കണ്ടാൽ കണ്ട ഹവിസ്സശിച്ചീടില്ല ദേവകൾ; 13

പിതൃക്കളും തുഷ്ടിയേല്ക്കാ പതിമ്മൂവാണ്ടു കാലമേ.
ശുക്ലവസ്ത്രൻ ശൗചമാണ്ടോൻ സ്വസ്തി ചൊല്ലിക്ക വിപ്രരെ
ഭാരതം ചൊല്ലുകായാൾക്കു ഹവിസ്സക്ഷയമായ്വരും. 14

ധൗമ്യൻ പറഞ്ഞു

ഉടഞ്ഞ സാമാനമേവം കട്ടിലും കോഴി പട്ടിയും
അപ്രശസ്തങ്ങളാണെല്ലാം വീട്ടിലുണ്ടായ വൃക്ഷവും. 15
കലിയാം ഭിന്നഭാണ്ഡ[3]ത്തിൽ കട്ടിലിങ്കൽ ധനക്ഷയം
കോഴി പട്ടിയുമായെന്നാൽ ഹവിസ്സുണ്ണില്ല ദേവകൾ. 16
വൃക്ഷച്ചോട്ടിൽ സത്വമുണ്ടാമെന്നാൽ വൃക്ഷം വളർത്തൊലാ.

ജമദഗ്നി പറഞ്ഞു

അശ്വമേധം വാജപേയശതവും ചെയ്യുവോനുമേ
തല കീഴായ് തൂങ്ങുവോനും സ്ഫീതസത്രവിധായി[4]യും 17

ഹൃദയം ശുദ്ധമല്ലെങ്കിൽ ധ്രുവം നരകമെത്തിടും;
തുല്യം യജ്ഞം സത്യവുമാ ഹൃദയത്തിൻെറ ശുദ്ധിയും. 18

സക്തുപ്രസ്ഥം ബ്രാഹ്മണനു ശുദ്ധചിത്തത്തൊടേകിയാൽ
ബ്രഹ്മലോകം നേടുമവൻ ദൃഷ്ടാന്തമിതു പോരുമേ. 19

---

1 സുവർച്ചലാമൂലഹസ്തൻ = സുവർച്ചല എന്ന വള്ളിയുടെ വേര് കൈയിൽ ധരിച്ചവൻ. 2 പുഷ്കരങ്ങൾ = പുഷ്കരം മുതലായ തീർത്ഥങ്ങളുടെ പേരുകൾ. 3 ഭിന്നഭാണ്ഡം = ഉടഞ്ഞ പാത്രം. 4 സ്ഫീതസത്രവിധായി = ധാരാളം യാഗങ്ങൾ നടത്തിയവൻ.

128. വായുരഹസ്യം

ധർമ്മരഹസ്യകഥനം (തുടച്ച്). ധർമ്മവിഷയകമായി വായുവിനുള്ള അഭിപ്രായം.

വായു പറഞ്ഞു

ചെററു ധർമ്മം ഞാൻ പറയാം മനുഷ്യർക്കു സുഖാവഹം
രഹസ്യദോഷങ്ങളെയും സശ്രദ്ധം കേട്ടുകൊള്ളുവിൻ. 1
അഗ്നികാര്യം ചെയ്തിടേണം മുഖ്യാന്നംകൊണ്ടു ഭോജനം
ചെയ്തിടേണം ദീപകവും പിതൃക്കൾക്കു തിലോദകം. 2
ഇച്ചൊന്ന വിധിയാൽ മർത്ത്യൻ ദേവതുല്യൻ സമാഹിതൻ
വർഷക്കാലം നാലു മാസം നല്കിയെങ്കിൽ തിലോദകം 3
ശക്തി നോക്കിബ്ഭോജനവും വേദജ്ഞബ്രാഹ്മണന്നിഹ
പശുബന്ധശത[1]ത്തിൻെറ ഫലം പുഷ്കല[2]മേററിടും. 4
ഇതു വേറേ ഗുഹ്യമൊന്നുണ്ടപ്രശസ്തം[3] ധരിക്കുവിൻ
അഗ്നിക്കു വൃഷലൻ നേതാ ഹവിർമ്മൂഢകൾ നാരികൾ.[4] 5
ധർമ്മം താനെന്നോർക്കുമതുമധർമ്മാലിപ്തമായിടും.
അവനഗ്നികൾ കോപിക്കും ശൂദ്രയോനിയിലാമവൻ 6
പിതൃക്കളും തുഷ്ടിയേല്ക്കാ വിശേഷാൽ സുരരൊത്തു താൻ.
അതിൽ പ്രായശ്ചിത്തമിങ്ങു ഞാൻ ചൊല്ലുന്നതു കേൾക്കുക 7
അതു നന്നായ്ച്ചെയ്കിൽ നരൻ സുഖിയാമല്ലലെന്നിയേ.
ഗോമൂത്രവും ചാണകവും പാലും നെയ്യുമിവററിനാൽ 8
അഗ്നികാര്യം ത്ര്യഹം[5] ചെയ്തു നിരാഹാരൻ സമാഹിതൻ.
പിന്നെയോരാണ്ടു തികയേ വാങ്ങിക്കുമിഹ ദേവകൾ 9
പിതൃക്കളും ഹൃഷ്ടരാകും ശ്രാദ്ധകാലമടുത്തനാൾ.
അധർമ്മം ധർമ്മവുമിതു സരഹസ്യം പറഞ്ഞു ഞാൻ
സ്വർഗ്ഗകാംക്ഷി മനുഷ്യർക്കു ചത്താൽ സ്വർഗ്ഗം സുഖാവഹം. 10

129. ലോമശരഹസ്യം

ധർമ്മരഹസ്യകഥനം (തുടച്ച്). പ്രസ്തുത വിഷയത്തെപ്പററി ലോമശൻ തനിക്കുള്ള അഭിപ്രായം വിശദീകരിക്കുന്നു.

ലോമശൻ പറഞ്ഞു

പരദാരാസക്തർ വേളി കഴിക്കാത്തവരേവരോ
അവർക്കുള്ളോരാപ്പിതൃക്കൾ ചാത്തം വന്നാൽ നിരാശരാം. 1

---

1 പശുബന്ധശതം=മൃഗങ്ങളെ ബലികൊടുത്തു നടത്തുന്ന നൂറു യാഗം. 2 പുഷ്കലം=സമൃദ്ധം. 3 അപ്രശസ്തം=അപ്രസിദ്ധം. 4 ബ്രാഹ്മണഗൃഹത്തിലെ അഗ്നി ശൂദ്രൻ ജ്വലിപ്പിച്ചുകൂടെന്നും അനർഹകളായ സ്ത്രീകൾ ഹവിസ്സുണ്ടാക്കിക്കൂടെന്നുമാണ് ഈ വരിയുടെ അർത്ഥമെന്നു വ്യാഖ്യാതാക്കൾ പറയുന്നു. 5 ത്ര്യഹം=മൂന്നു ദിവസം.

പരദാരരതിക്കാരൻ മച്ചിയായ് സംഗമേല്പവൻ
ബ്രഹ്മസ്വഹരണം ചെയ്വോൻ സമദോഷർകളാമവർ. 2
ഇവരെന്നാൽ പിതൃക്കൾക്കങ്ങസംഭാഷ്യ*രസംശയം
ഇവർ നല്കും ഹവിസ്സേല്ക്കാ ദേവന്മാരും പിതൃക്കളും. 3
എന്നാലൊഴിക്കുകന്യന്റെ ഭാര്യയേ മച്ചിയേയുമേ
ബ്രഹ്മസ്വവും ഹരിക്കൊല്ലാ തനിക്കൈശ്വര്യമോപ്പവൻ. 4
കേട്ടാലും വേറെയും ഗുഹ്യം രഹസ്യം ധർമ്മസംഹിതം
ശ്രദ്ധയോടൊത്തു ചെയ്യേണം ഗുരുക്കൾമൊഴിയെപ്പൊഴും. 5
മാസംതോറും ദ്വാദശി വെൺവാവിലുംതാൻ ഘൃതാക്ഷതം
ബ്രാഹ്മണർക്കേകണമവന്നുള്ള പുണ്യം ധരിക്കുവിൻ. 6
അവനാൽ വാച്ചിടും സോമൻ മഹോദധിസമുദ്രവും
അശ്വമേധഫലം നാലാലൊന്നവന്നിന്ദ്രനേകിടും. 7
ഈദ്ദാനംകൊണ്ടു തേജസ്വി വീര്യവാനായ്വരും നരൻ
പ്രീതനായ് ഭഗവാൻ സോമനിഷ്ടകാമങ്ങൾ നല്കിടും. 8
കേട്ടാലും വേറെയും ധർമ്മം സരഹസ്യം മഹാഫലം
ഇതാക്കലിയുഗം വന്നാൽ മനുഷ്യർക്കു സുഖാവഹം. 9
കാലത്തെഴുന്നേററു മർത്ത്യൻ സ്നാതൻ വെള്ളയുടുത്തു താൻ
തിലപാത്രം ബ്രാഹ്മണർക്കു നല്കിയെങ്കിൽ സമാഹിതൻ 10
പിതൃക്കൾക്കായ് നല്കിയെങ്കിൽ തേനോടൊത്തു തിലോദകം
ദീപകം കൃസരംതാനും കേളവന്നൊത്തിടും ഫലം. 11
തിലപത്രഫലം ചൊല്ലീ ഭഗവാൻ പാകശാസനൻ
ഗോപ്രദാനം ചെയ്കിലേവം ശാശ്വതം ഭൂമിദാനവും. 12
ഭൂരിദക്ഷിണമാമഗ്നിഷ്ടോമയജ്ഞം കഴിക്കിലും
തിലപാത്രമതിന്നൊപ്പമെന്നു കാണുന്നു ദേവകൾ. 13
പിതൃക്കളക്ഷയം കാണ്മൂ ശ്രാദ്ധത്തിങ്കൽ തിലോദകം
പിതാമഹന്മാർ തോഷിപ്പൂ ദീപത്തിൽ കൃസരത്തിലും. 14
സ്വർഗ്ഗത്തിൽ പിതൃലോകത്തും പിതൃദേവാഭിപൂജിതം
ഇതീവണ്ണം ചൊല്ലിനേൻ ഞാൻ ഋഷിമാർ പണ്ടു കണ്ടതാം. 15

130. അരുന്ധതീചിത്രഗുപ്തരഹസ്യം

ധർമ്മരഹസ്യകഥനം (തുടർച്ച). അരുന്ധതിക്കും ചിത്രഗുപ്തനും ധർമ്മരഹസ്യത്തെപ്പററി പറയാനുള്ള അഭിപ്രായങ്ങൾ.

ഭീഷ്മൻ പറഞ്ഞു

പരം മററും മുനികളും ദേവന്മാരും പിതൃക്കളും
തപോവൃദ്ധാരുന്ധതിയോടായിച്ചോദിച്ചു സാദരം. 1

* അസംഭാഷ്യർ = യാതൊരിടപാടുമില്ലാത്തവർ.

അരുന്ധതി തപോവൃദ്ധ സമാനവ്രതമാണവൾ
മഹാൻ വസിഷ്ഠന്നു വീര്യാൽ തുല്യശീലയുമാണവൾ. 2

"ശ്രദ്ധകർമ്മം നീ പറഞ്ഞു കേൾപ്പാൻ ഞങ്ങൾക്കൊരാഗ്രഹം
ഭദ്രേ, ഗുഹ്യതമം നീ കണ്ടതു ചൊല്ലിത്തരേണമേ." 3

അരുന്ധതി പറഞ്ഞു

ഭവാന്മാരെ സ്മരിച്ചീ ഞാൻ തപോവൃദ്ധിയെ നേടിനേൻ
ചൊല്ലാം ഭവൽപ്രസാദത്താൽ നിത്യധർമ്മങ്ങളിന്നു ഞാൻ. 4

രഹസ്യഗുഹ്യങ്ങളവ കേട്ടുകൊൾവിനശേഷവും
ചെയ്യേണം ശ്രദ്ധയുള്ളോനിലേവം ശുദ്ധമനസ്സിലും. 5

ശ്രദ്ധയില്ലാത്തവൻ മാനി ബ്രഹ്മഘ്നൻ ഗുരുതല്പഗൻ
ഈ നാൽവരോടു മിണ്ടൊല്ലാ ധർമ്മം കാട്ടൊല്ലവററിനെ. 6

നാൾതോറുമേ കപിലയെപ്പന്തീരാണ്ടു കൊടുക്കിലും
മാസംതോറും സദാ സത്രം യജിച്ചീടുകിലും നരൻ 7

നൂറായിരം പശുദ്ദാനം ചെയ്കിലും ജ്യേഷ്ഠപുഷ്കരേ
അതിഥിപ്രീതിയോടൊക്കില്ലാധർമ്മഫലമൊട്ടുമേ. 8

കേട്ടാലും വേറെയും ധർമ്മം മനുഷ്യർക്കു സുഖാവഹം
സരഹസ്യം ശ്രദ്ധയോടു ചെയ്യേണ്ടതു മഹാഫലം. 9

കാലത്തെഴുന്നേററു പൈക്കൂട്ടത്തിൽ ദർഭയിനാൽ ജലം
ഗോശൃംഗത്തിൽ നനയ്ക്കേണം ശിരസ്സാൽ പിന്നെയാജ്ജലം 10

ഏററീടണം നിരാഹാരൻ കേളാധർമ്മഫലത്തിനെ
ത്രൈലോക്യത്തിങ്കലെന്തെല്ലാമുണ്ടോ തീർത്ഥങ്ങളായവ 11

സിദ്ധചാരണരോടൊത്തു മഹർഷികൾ ഭജിപ്പവ
അവററിലാറാട്ടിനൊക്കും ഗോശൃംഗാംബുനിഷേചനം*. 12

നന്നുനന്നെന്നു കൊണ്ടാടീ ദേവന്മാരും പിതൃക്കളും
ചെയ്തു ഭൂതങ്ങളും ഹർഷിച്ചങ്ങരുന്ധതിപൂജനം. 13

പിതാമഹൻ പറഞ്ഞു

അമ്പോ! ധർമ്മം മഹാഭാഗേ, സരഹസ്യമുരച്ചു നീ
ധന്യേ, വരം തരാമൊന്നു നിൻ തപസ്സു വളർന്നിടും. 14

യമൻ പറഞ്ഞു

ഭംഗിയേറും ദിവ്യകഥ നിങ്ങൾ ചൊല്ലീട്ടു കേട്ടു ഞാൻ
കേട്ടാലും ചിത്രഗുപ്തന്റെ വാക്കെനിക്കും പരം പ്രിയം. 15

രഹസ്യധർമ്മമൊത്തൊന്നു കേട്ടീടേണം മഹർഷികൾ
ശ്രദ്ധയോടൊത്തിടും മർത്ത്യൻ തനിക്കു ഹിതമോർപ്പവൻ. 16

പുണ്യവും പാപവും ചെയ്താലൊന്നുംതന്നെ നശിച്ചിടാ
പർവ്വകാലത്തിലെന്തുണ്ടോ സൂര്യങ്കൽച്ചെന്നു നില്പതും 17

മർത്ത്യൻ പ്രേതപുരം പുക്കാലതൊക്കേയും വിഭാവസു

---

* ഗോശൃംഗാംബുനിഷേചനം = പശുവിന്റെ കൊമ്പിന്മേലുള്ള വെള്ളം കൊണ്ടുള്ള പ്രോക്ഷണം.

തിരിച്ചു നല്കും പുണ്യാത്മാവായതേററീടുമങ്ങവൻ. 18
ചെററു ധമ്മം പറഞ്ഞീടാം ചിത്രഗുപ്തമതം ശുഭം
വെള്ളവും ദീപവും നല്കീടേണമെപ്പോഴുമങ്ങനെ. 19
കാൽച്ചെരിപ്പും കുടയുമേ കപിലപ്പൈയിനേയുമേ
പുഷ്കരത്തിൽ കപിലയെ വേദജ്ഞദ്വിജനേകണം. 20
ശ്രദ്ധയോടഗ്നിഹോത്രത്തെ മുററും രക്ഷിച്ചുകൊള്ളണം
ഇതു ധമ്മം വേറെയൊന്നു ചിത്രഗുപ്തൻ പറഞ്ഞതാം. 21
ഇതിൻെറ ഫലവും വേറേ കേൾക്കുവിൻ സജ്ജനങ്ങളേ!
സവ്വജീവിക്കുമേ കാലമാററത്തിൽ മരണം വരും. 22
അപ്പോൾ ദുഗ്ഗത്തിലാപ്പെട്ടു പൈദാഹാത്തികലന്നവർ
ദാഹിച്ചു വേകുമവിടെപ്പററില്ലോടിയൊഴിക്കുവാൻ. 23
കടുത്ത കൂരിരുട്ടിങ്കൽ പെട്ടുമങ്ങല്പബുദ്ധികൾ
അങ്ങു ദുഗ്ഗം കടക്കാനുള്ളോരു ധമ്മം പറഞ്ഞിടാം. 24
അല്പവ്യയം ബഹുഫലം പരത്തിങ്കൽ സുഖോദയം
പാനീയത്തിൻ ഗുണം ദിവ്യം പ്രേതലോകത്തു മെച്ചമാം. 25
അങ്ങു പുണ്യോദകനദിയവക്കായി വിധിപ്പതാം
ഒടുങ്ങില്ലാ കുളുർജലമമൃതോപമമങ്ങതിൽ. 26
പാനീയത്തെക്കൊടുക്കുന്നോനങ്ങാ വെള്ളം കുടിച്ചിടും
കേട്ടാലും ദീപദാനംകൊണ്ടുണ്ടാകും ഗുണവിസ്തരം. 27
നിയതം കൂരിരുട്ടൊട്ടും കാണില്ലാ ദീപമേകിയോൻ
വെളിച്ചമായവന്നേകും സോമനാദിത്യനഗ്നിയും. 28
കൊണ്ടാടിടും ദേവകളും തെളിയും ദിക്കശേഷവും
വിളങ്ങുമക്കനെപ്പോലെ പ്രേതലോകത്തിലാ നരൻ. 29
അതിനാൽ ദീപവും പാനീയവും നല്ല വിശേഷമായ്
കപിലാഗോവിനേ വേദവേദിവിപ്രന്നു നല്കിയാൽ 30
പുഷ്കരത്തിൽ വിശേഷിച്ചും കേളവന്നുള്ളൊരാപ്ഫലം;
കാളയോടും ശാശ്വതം ഗോശതം നല്കിയതാമവൻ. 31
എന്തെങ്കിലും ബ്രഹ്മഹത്യാസമം പാപമിരിക്കുകിൽ
അതു തീക്കും കപിലയൊന്നേകും ഗോശതതുല്യമേ. 32
കൗമുദീങ്കൽക്കപിലയെ നല്കേണം ജ്യേഷ്ഠപുഷ്കരേ
അവക്കു വിഷമം പററാ ദുഃഖമില്ലില്ല കണ്ടകം. 33
പാത്രമാകും ബ്രാഹ്മണന്നു കാൽച്ചെരിപ്പുകൾ നല്കിയാൽ
ഛത്രം കൊടുത്താൽ കിട്ടീടും പരലോകത്തു നന്നിഴൽ. 34
കൊടുത്ത ദാനത്തിന്നേതും നാശം പററില്ലൊരിക്കലും
ചിത്രഗുപ്തോക്തി കേട്ടിട്ടു രോമാഞ്ചത്താൽ വിഭാവസു 35
പിതൃദേവകളോടെല്ലാമുരചെയ്തു മഹാദ്യുതി.
കേട്ടില്ലേ യോഗ്യനാം ചിത്രഗുപ്തൻതൻ ധമ്മഗുഹ്യവും 36

മഹാന്മാരാം ബ്രാഹ്മണരിൽ ശ്രദ്ധയേറുന്ന മാനവർ
ഈട്ടാനത്തെക്കൊടുത്തീടിലവർക്കു ഭയമേററിടാ. 37
കർമ്മദോഷങ്ങളഞ്ചുണ്ടാം പ്രായശ്ചിത്തം പെടാപ്പടി
അസംഭാഷ്യരനാചാരർ വർജ്ജ്യരാണീ നരാധമർ. 38
ബ്രഹ്മഘ്നനും ഗോഘ്നനുമാപ്പാരദാരികനും ശരി
ശ്രദ്ധയില്ലാത്ത നരനും സ്ത്രീയെസ്സേവിക്കുവോനുമേ. 39
പ്രേതലോകത്തു നരകത്തീപ്പാപം ചെയ്തിടുന്നവൻ
പചിക്കപ്പെട്ടിടും ചോര ചലവും തിന്നു മീൻപടി. 40
അസംഭാഷ്യർ പിതൃക്കൾക്കും വാനോർക്കുമിവരഞ്ചുപേർ
സ്നാതകബ്രാഹ്മണന്മാർക്കും മററും താപസർകൾക്കുമേ. 41

131. പ്രമഥരഹസ്യം

ധർമ്മരഹസ്യകഥനം (തുടർച്ച). ദേവന്മാരും പിതൃക്കളും ആവശ്യപ്പെട്ടതനുസരിച്ച്, പ്രമഥന്മാർ, ധർമ്മവിഷയകമായി തങ്ങൾക്കുള്ള അഭിപ്രായം വിശദീകരിക്കുന്നു.

ഭീഷ്മൻ പറഞ്ഞു

പിന്നെ മററും മഹാഭാഗർ ദേവന്മാരും പിതൃക്കളും
മഹാഭാഗർഷിവരരും പ്രമഥന്മാരൊടോതിനാർ: 1
"നിങ്ങളല്ലോ മഹാഭാഗരപ്രത്യക്ഷനിശാചരർ
ക്ഷുദ്രോച്ഛിഷ്ടാശുചിനരന്മാരെ ഹിംസിപ്പതെങ്ങനെ? 2
നിങ്ങൾ മർത്ത്യരെ ഹിംസിക്കാത്താ പ്രതീഘാതമെന്തുവാൻ?
ഗൃഹത്തിൽ നിങ്ങൾ മുടിയും രക്ഷോഘ്നങ്ങളുമേതവ? 3
നിങ്ങൾ ചൊല്ലിക്കേൾക്കണമിങ്ങിതൊക്കേയും നിശാടരേ!"

പ്രമഥന്മാർ പറഞ്ഞു

മൈഥുനോച്ഛിഷ്ടരായാലും മേൽകീഴായിട്ടു ചെയ്യിലും
മോഹാൽ മാംസം തിന്നുകിലും മരച്ചോട്ടിൽ കിടക്കിലും 4
മാംസം തലയ്ക്കൽ വെച്ചാലും കാല്ക്കൽച്ചെന്നു കിടക്കിലും
ഉച്ഛിഷ്ടരാം മർത്ത്യർ മററും ബഹുച്ഛിദ്രമെഴുന്നവർ 5
വെള്ളത്തിങ്കലമേദ്ധ്യങ്ങൾ കഫവും വിട്ടുകൊൾകിലും
ഈ മനുഷ്യന്മാർകൾ തിന്നാൻതക്ക വദ്ധ്യരസംശയം. 6
ഈശ്ശീലാചാരനരരെ ഞങ്ങൾ ബാധിച്ചുകൊള്ളുമേ;
ഞങ്ങൾക്കു ഹിംസയാകാത്ത മറുകൈ കേട്ടുകൊള്ളുവിൻ. 7
ഗോരോചനസമാലംഭം വയമ്പും കൈയിലുള്ളവൻ
ഘൃതാക്ഷതം തലയ്ക്കാക്കിക്കിടപ്പോൻ തൽപരായണൻ 8
മാംസം തിന്നാത്തോരിവരെ ഹിംസിക്കാനെളുതല്ല നാം.
ആക്കുള്ള ഗേഹത്തിലഗ്നി കത്തിക്കൊള്ളുന്ന രാപ്പകൽ 9

പുലിത്തോലും പുലിപ്പല്ലുമവ്വണ്ണം മലയാമയും
നെയ്യിന്റെ പുകയും പൂച്ച ഛാഗവും കൃഷ്ണപിംഗളം 10
ഇവയേത്തു ഗൃഹസ്ഥർക്കു ഗൃഹങ്ങളിലിരിപ്പതോ
ആഗ്ഗൃഹങ്ങളധൃഷ്യങ്ങൾ ഘോരരാം പിശിതാശരാൽ. 11
പാരിൽ സുഖം സഞ്ചരിക്കും നാം കൂട്ടക്കാർകളാലുമേ
എന്നാലിവ ഗൃഹംതോറും രക്ഷോഘ്നങ്ങളിളാപതേ! 12
ചൊല്ലീ നിങ്ങൾക്കു വലിയ ശങ്കയുള്ളോന്നിതൊക്കയും.

132. ദിഗ്ഗജരഹസ്യം

ധർമ്മരഹസ്യകഥനം (തുടർച്ച). ധർമ്മവിഷയകമായി ദിഗ്ഗജങ്ങൾക്കുള്ള അഭിപ്രായം.

ഭീഷ്മൻ പറഞ്ഞു

പിന്നെപ്പത്മപ്രഭയെഴും പത്മയോനി പിതാമഹൻ
പറഞ്ഞു ദേവകളൊടും ശചീശൻ ശക്രനോടുമേ. 1

പിതാമഹൻ പറഞ്ഞു

ഇതാ മഹാബലൻ നാഗം രസാതലചരൻ ബലി
തേജസ്വി രേണുകൻ പാരം മഹാസത്വപരാക്രമൻ. 2
അതിതേജസ്വിമാർ മുററും വീര്യവാന്മാർ മഹാഗജർ
കാടും മാടും പെടും ഭൂമി പാടേ താങ്ങിദ്ധരിപ്പവർ. 3
ഭവാന്മാർ സമ്മതിച്ചിട്ടീ രേണുകൻ വൻ ഗജങ്ങളിൽ
ചെന്നുടൻ ധർമ്മഗുഹ്യങ്ങൾ ചോദിച്ചീടട്ടെയൊക്കയും. 4
പിതാമഹൻ ചൊന്നു കേട്ടിട്ടാ രേണുകനെ വാനവർ
പറഞ്ഞയച്ചിതവ്യഗ്രരാബ്ഭൂധാരികളുള്ളിടം. 5

രേണുകൻ പറഞ്ഞു

മഹാബലന്മാർകളേ, ഞാൻ പിതൃദേവകൾ ചൊല്കയാൽ
നിങ്ങൾക്കെഴും ധർമ്മഗുഹ്യം കേൾപ്പാനിച്ഛിപ്പു തത്ത്വമായ്
കഥിക്കുവിൻ മഹാഭാഗന്മാരേ, തത്ത്വം മനോഗതം. 6

ദിഗ്ഗജങ്ങൾ പറഞ്ഞു

കാർത്തികത്തിങ്കലായില്യം കൃഷ്ണപക്ഷശിവാഷ്ടമി
ആത്താരായോഗമുള്ളപ്പോളാരേകുന്നു ഗുഡോദനം 7
ശ്രാദ്ധത്തിലീ മന്ത്രമോതി യതാഹാരനകോപനൻ
ബലദേവപ്രഭൃതികൾ നാഗങ്ങൾ ബലശാലികൾ 8
അനന്താക്ഷയരെപ്പോഴും സുമഹാബലർ ഭോഗികൾ
തൽക്കുലത്തിൽപ്പിറന്നുള്ള വൻപേറും ഭുജഗങ്ങളും 9
ബലതേജോവളർച്ചയ്ക്കെന്നു ബലിയേല്ക്കട്ടെയായവർ.
എന്നാൽ നാരായണൻ ശ്രീമാനുദ്ധരിച്ചു ധരിത്രിയെ 10

ആദ്ദേവന്നപ്പൊഴാബ്ഭൂമിയുദ്ധരിച്ചുള്ളൊരാബ്ബലം.
എന്നുരച്ചിട്ടു പുററിങ്കലവിടെബ്ബലി നല്ലണം 11
ഗജേന്ദ്ര, പുഷ്പം വിതറി നീലവസ്ത്രാനുലേപനം.
പുററിങ്കൽ നിർവ്വഹിക്കേണമക്കനെങ്ങസ്തമിക്കവേ 12
എന്നാൽ സന്തുഷ്ടരാം മുററും ചുവട്ടിൽബ്ഭാരപീഡിതർ.
ആശ്രമം ഞങ്ങളറിയാ ഭൂമിയെത്താങ്ങി നില്പവർ 13
ഏവം കാണ്മൂ ഞങ്ങളെല്ലാം ഭാരാത്തർ നിരപേക്ഷികരം.
ബ്രാഹ്മണൻ ക്ഷത്രിയൻ വൈശ്യൻ ശൂദ്രൻതാനുമുപോഷിതർ 14
ഒരാണ്ടേവം ദാനമേകിലേല്ലും ബഹുഫലം പരം.
പുററിൽ ഞങ്ങരംക്കു ബലി തന്നീടിൽ ബഹുഫലം മതം 15
വീര്യമേറുന്ന നാഗങ്ങരം മൂന്നു ലോകത്തിൽ മുററുമേ
കൃതാതിഥ്യന്മാരുമാകും നൂററാണ്ടേക്കിഹ തത്ത്വമായ്. 16
ദിഗ്ഗജച്ചൊല്ലാവിധം കേട്ടാദ്ദേവകരം പിതൃക്കളും
മഹാന്മാരാമൃഷികളും രേണുകന്നേകി പൂജയെ. 17

133. മഹാദേവരഹസ്യം

ധർമ്മരഹസ്യകഥനം (തുടർച്ച). ഈ വിഷയത്തെപ്പററി മഹാദേവനുള്ള അഭിപ്രായം.

മഹേശ്വരൻ പറഞ്ഞു

പറഞ്ഞു സത്തെടുത്തിട്ടു സാധുധർമ്മത്തെ നിങ്ങളോ
ധർമ്മഗുഹ്യമിതീയെങ്കൽനിന്നും കേരംക്കുവിനേവരും. 1
ധർമ്മത്തിൽ ബുദ്ധിയാക്കുണ്ടോ ശ്രദ്ധയുള്ളവരേവരോ
അവക്കിതുപദേശിക്കാം സരഹസ്യം മഹാഫലം. 2
നിരുദ്വിഗ്നൻ നല്ലമേവനൊരു മാസം ഗവാഹ്നികം*
ഒരിക്കലുണ്ണുമവനു ഫലമെന്തെന്നു കേരംക്കുക. 3
മഹാഭാഗകളീഗ്ഗോക്കരം പവിത്രം പരമം മതം
ദേവാസുരമനുഷ്യന്മാരൊത്ത മൂപ്പാരു താങ്ങുമേ. 4
ആ ഗോക്കളിൽ മഹാപുണ്യം ശുശ്രൂഷ സുമഹാഫലം
നാരംതോറും ധർമ്മമേററീടുമാഗ്ഗവാഹ്നികമുള്ളവൻ. 5
ഇവക്കേകീ സമ്മതവും പണ്ടാകൃതയുഗത്തിൽ ഞാൻ
അന്നെന്നെസ്സമ്മതിപ്പിച്ചു പത്മയോനി വിരിഞ്ചനും. 6
അതേ വ്രജസ്ഥാനമാണ്ടോനെങ്കൽ നില്ക്കുന്നതും വൃഷം
ഗോക്കളൊത്തു രമിപ്പേൻ ഞാനിവ പൂജ്യകളെപ്പൊഴും. 7
ഉപാസിച്ചാൽ വരദകരം പ്രഭാവാൽ വരമേകിടും

* ഗവാഹ്നികം=പശുക്കൾക്കുവേണ്ട നിത്യാഹാരം.

ആശ്ലോക്കളിവനേല്പിക്കും സവ്വകമ്മത്തിലും ഫലം.
ഗവാഹ്നികം നല്കവോന്ന ചതുർഭാഗമതിൽ ഫലം. 8

134. സ്കന്ദരഹസ്യം

ധമ്മരഹസ്യകഥനം (തുടച്ച്) സ്കന്ദനും വിഷ്ണുവും ധമ്മരഹസ്യവിഷയകമായി തങ്ങൾക്കുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നു.

സ്കന്ദൻ പറഞ്ഞു

എനിക്കു മതമാം ധമ്മമതും ശ്രദ്ധിച്ചു കേൾക്കുവിൻ
നീലഷണ്ഡവൃഷക്കൊമ്പിൽനിന്നുതാൻ മണ്ണെടുത്തവൻ 1
അഭിഷേകം ത്ര്യഹം ചെയ്യോനുള്ള ധമ്മം ധരിക്കുവിൻ
അശുഭം കളയും മററുമാധിപത്യം പരത്തിലാം. 2
മത്ത്യനായിപ്പിറക്കുമ്പോളൊക്കയും ശൂരനാമവനും
ഇതു വേറിട്ടുണ്ടു ഗുഹ്യം സരഹസ്യം ധരിക്കുവിൻ. 3
അത്തിപ്പാത്രമെടുത്തിട്ടു പകാന്നം തേൻ കലത്തുതാൻ
ഉദിക്കും ചന്ദ്രനായ് പൗണ്ണമാസിയിൽ ബലി നല്കിയാൽ 4
അയാൾക്കെന്നും ധമ്മഫലം ശ്രദ്ധയോടൊത്തു കേൾക്കുവിൻ.
രുദ്രന്മാർ സാദ്ധ്യരാദിത്യർ വിശേദേവകളശ്വികൾ 5
വസുക്കളാ മരുത്തുക്കളിവരാബ്ബലിയേററിടും.
സോമൻ വദ്ധിക്കുമതിനാൽ മഹോദധിസമുദ്രവും
ഇതു ഞാൻ കണ്ടോരു ധമ്മം സരഹസ്യം സുഖാവഹം. 6

വിഷ്ണു പറഞ്ഞു

മഹാന്മാർ ദേവകളുടെ ധമ്മഗുഹ്യങ്ങളൊക്കയും
ഋഷിഗുഹ്യങ്ങളും നിത്യമാഹ്നികം ചൊല്ലിയെങ്കിലും 7
അനസൂയൻ കേൾക്കുകിലും ശ്രദ്ധയൊത്തു സമാഹിതൻ
ഇവന്നു വിഘ്നമുണ്ടാവില്ലിവന്നു ഭയമേററിടാ. 8
പുണ്യങ്ങൾ ശുഭകമ്മങ്ങൾ സരഹസ്യമുരച്ചവ
ജിതേന്ദ്രിയൻ ചൊല്ലിലവന്നവററിൻ ധമ്മസൽഫലം. 9
ഇവന്നു പാപമുണ്ടാവില്ലേല്ക്കില്ലാ പാപമൊട്ടുമേ
ചൊല്കിൽ കേൾപ്പിക്കിലും കേട്ടുവെങ്കിലും ഫലമേററിടും. 10
ഭുജിക്കും പിതൃദേവന്മാർ കവ്യം ഹവ്യവുമക്ഷയം
പവ്വംതോറും ബ്രാഹ്മണരെക്കേൾപ്പിക്കിൽ പ്രയതൻ നരൻ. 11
ഋഷികൾക്കും ദേവകൾക്കും പിതൃക്കൾക്കും സദാപ്പൊഴും
ഇഷ്ടനായ് ത്തീന്നിടും ശ്രീമാൻ ധമ്മപ്രയതനെപ്പൊഴും. 12
പാപകമ്മം ചെയ്കിലുംതാൻ മഹാപാതകമെന്നിയേ
രഹസ്യധമ്മമിതു കേട്ടെന്നാൽ പാപങ്ങൾ വിട്ടുപോം. 13

ഭീഷ്മൻ പറഞ്ഞു

ദേവകാംക്കളെല്ലാരീധമ്മരഹസ്യത്തെ നരാധിപ!
വ്യാസൻ ചൊന്നതു ഞാൻ ചൊന്നേൻ സവ്വദേവനമസ്കൃതം. 14
രത്നസമ്പൂണ്ണയാം ഭൂമിയീ മുഖ്യജ്ഞാനമെന്നതിൽ
ഇതുതാൻ കേശംക്കേണ്ടതെന്നു കാണും ധമ്മജ്ഞനായവൻ. 15

ശ്രദ്ധിച്ചിടാത്തോനിഹ നാസ്തികന്നും
ധമ്മം നശിച്ചോനിഹ നിഘ്ൃണന്നും
ദവ്വാദികം ഗുരുവിദ്വേഷകന്നു–
മനാത്മഭൂതന്നുമിതേകിടൊല്ലാ. 16

135. ഭോജ്യാഭോജ്യാന്നകഥനം

ആരു് ആരെയൊക്കെയാണു് ഊട്ടേണ്ടതെന്നും, എങ്ങനെയുള്ളവരുടെ ആഹാരമാണു് വജ്ജിക്കേണ്ടതെന്നും വിവരിച്ചിരിക്കയാണു് ഈ അദ്ധ്യായത്തിൽ.

യുധിഷ്ഠിരൻ പറഞ്ഞു

ഊട്ടേണ്ടോരെവർ വിപ്രന്നാർ ക്ഷത്രിയന്നൂട്ടിടേണ്ടവർ
വൈശ്യന്നൂട്ടേണ്ടവരെവർ ശൂദ്രന്നുമയി ഭാരത! 1

ഭീഷ്മൻ പറഞ്ഞു

വിപ്രന്നു വിപ്രരൂട്ടേണ്ടോർ പരം ക്ഷത്രിയരും ശരി
ഊട്ടേണ്ടോരാം വൈശ്യരുമേ ശൂദ്രന്മാർ വജ്ജ്യരാണിഹ. 2
വിപ്രക്ഷത്രിയ വൈശ്യന്മാർ ക്ഷത്രിയന്നൂട്ടിടേണ്ടവർ
വജ്ജിക്കേണ്ടവർ ശൂദ്രന്മാർ സവ്വഭക്ഷ്യർ[1] വികമ്മികശം. 3
ഊട്ടേണ്ടോർ വൈശ്യർ വിപ്രക്കും ക്ഷത്രിയക്കുമതേവിധം
നിത്യാഗ്നികശം വിവിക്തന്മാർ ചാതുമ്മാസ്യവിധായികശം. 4
ശൂദ്രന്മാക്കുള്ളതുണ്ണുന്നോൻ പൃഥിവീമല[2]മുണ്കയാം
മനുഷ്യമലവും തിന്മൂ തിന്മൂ ജനമലത്തെയും. 5
ശൂദ്രന്മാക്കുള്ളതുണ്ണുന്നോൻ പൃഥിവീമലമുണ്കയാം
പൃഥിവീമലമുണ്ണുന്നൂ ശൂദ്രഭോജികളാം ദ്വിജർ. 6
ശൂദ്രൻെറ കമ്മനിഷ്ഠ[3]കൽ വികമ്മസ്ഥൻ[4] വിപാകിയാം[5]
ബ്രാഹ്മണൻ ക്ഷത്രിയൻ വൈശ്യൻ വികമ്മസ്ഥൻ വിപാ–
സ്വാദ്ധ്യായപരരാം വിപ്രർ നരക്കാശിസ്സു നല്ലലിൽ [കിയാം.
രക്ഷയിങ്കൽ ക്ഷത്രിയനാം പുഷ്ടിക്കാകുന്നു വൈശ്യനും. 8
എന്തു കമ്മം ചെയ്‌വു വൈശ്യനതേററാണുപജീവനം
കൃഷി പൈമേയ്ക്കൽ കച്ചോടം വൈശ്യത്തൊഴിലകുത്സിതം. 9

1 സവ്വഭക്ഷ്യർ = എന്തും ഭക്ഷിക്കുന്നവർ. 2 പൃഥിവീമലം = ഭൂമിയിലെ അശുദ്ധവസ്തുക്കൾ. 3 കമ്മനിഷ്ഠ = സേവ. 4 വികമ്മസ്ഥൻ = സന്ധ്യാവന്ദനാദി വിശിഷ്ടകമ്മങ്ങൾചെയ്യുന്നവനായാലും. 5 വിപാകി=നരകദുഃഖമനുഭവിക്കുന്നവൻ.

സ്വകർമ്മം വിട്ടാരു ശൂദ്രകർമ്മത്തെച്ചെയ്തിടുന്നുവോ
കാണ്ക ശൂദ്രന്മട്ടിലവൻ ഭോജ്യനാവില്ലൊരിക്കലും. 10
ചികിത്സകൻ കാണ്ഡപൃഷ്ഠൻ[1] പുരാദ്ധ്യക്ഷൻ പുരോഹിതൻ
സാംവത്സരൻ വൃഥാദ്ധ്യായി[2] ശൂദ്രമട്ടിവരൊക്കയും. 11
ശൂദ്രകർമ്മങ്ങളിവയിൽ നാണം വിട്ടു ഭുജിപ്പവൻ
അഭക്ഷ്യഭക്ഷണം ചെയ്തു ദാരുണം ഭയമേററിടും. 12
കുലം വീര്യം പരം തേജസ്സേവം തിര്യക്കജന്മവും
അവനേല്ക്കും നായ് കണക്കെ നിഷ്ക്രിയൻ ധർമ്മവർജ്ജിതൻ. 13
ചികിത്സകൻെറ ചോറുണ്ടാലാച്ചോറു മലതുല്യമാം.
കുലടച്ചോർ മൂത്രമത്രേ ശില്പിച്ചോറതു ചോരയാം. 14
വിദ്യോപജീവികളുള്ളന്നം സാധുസമ്മതനുണ്ണുകിൽ
ആച്ചോറു ശൂദ്രാന്നതുല്യമതും സാധുവൊഴിക്കണം. 15
വചനീയ[3]ൻെറ ചോറുണ്ടാലതത്രേ ശോണിതഹ്രദം
പിശുന[4]ച്ചോറുണ്കിലതും ബ്രഹ്മഹത്യയ്ക്കു തുല്യമാം. 16
സൽക്കാരമററു നിന്ദിച്ചുള്ളന്നമുണ്ണൊല്ലൊരിക്കലും
രോഗം കുലപ്രക്ഷയവുമുടൻ ബ്രാഹ്മണനേററിടും; 17
പുരരക്ഷി[5]യുടേതുണ്ടാൽ പറയപ്രായനായ്വരും.
ഗോഘ്നൻ വിപ്രഘ്നനാക്കള്ളു കുടിപ്പോൻ ഗുരുതല്പഗൻ 18
ഇവർചോറുണ്കിലോ രക്ഷോവംശവർദ്ധനനാം ദ്വിജൻ.
ന്യാസഹാരി കൃതഘ്നക്ലീബാന്നമുണ്ണുന്നതാകിലോ 19
പിറക്കും മദ്ധ്യദേശത്തിൻ പുറത്തു ശബരാലയേ.
അഭോജ്യരെബ് ഭോജ്യരെയും യഥാവിധി പറഞ്ഞു ഞാൻ 20
ഇനിക്കൗന്തേയ, ഞാനെന്തു ചൊല്ലിക്കേൾപ്പാൻ കൊതിപ്പു നീ?

136. പ്രായശ്ചിത്തവിധി

പ്രതിഗ്രഹത്തിനും അഭോജ്യഭോജനത്തിനുമുള്ള പ്രായശ്ചിത്തങ്ങളാണ് ഈ അദ്ധ്യായത്തിലെ പ്രതിപാദ്യം.

യുധിഷ്ഠിരൻ പറഞ്ഞു

ഭോജ്യാഭോജ്യന്മാരെയൊക്കപ്പറഞ്ഞു സാമ്പ്രതം ഭവാൻ
ഇതിലെൻ ചോദ്യസന്ദേഹം പറഞ്ഞാലും പിതാമഹ! 1
ബ്രാഹ്മണർക്കു വിശേഷിച്ചും ഹവ്യകവ്യങ്ങൾ വാങ്ങലിൽ
നാനാ ഭോജ്യങ്ങളിലുമേ പ്രായശ്ചിത്തങ്ങൾ ചൊല്ലു മേ. 2

1 കാണ്ഡപൃഷ്ഠൻ = യുദ്ധംകൊണ്ടു് ഉപജീവിക്കുന്നവൻ. 2 സാംവത്സരൻ വൃഥാദ്ധ്യായി = ഒരു കൊല്ലം മുഴുവൻ പഠിച്ചിട്ടു യാതൊരു പ്രയോജനവും സിദ്ധിക്കാത്തവൻ. 3 വചനീയൻ = എല്ലാവരും കുററപ്പെടുത്തുന്നവൻ. 4 പിശുനൻ = ഏഷണിക്കാരൻ. 5 പുരരക്ഷി = നഗരരക്ഷകൻ.

ഭീഷ്മർ പറഞ്ഞു

ഹന്ത ഞാൻ പറയാം യോഗ്യബ്രാഹ്മണർക്ക് മഹീപതേ!
പ്രതിഗ്രഹങ്ങളിൽ ഭോജ്യത്തിങ്കലും പാപമോചനം. 3
ഘൃതപ്രതിഗ്രഹത്തിങ്കൽ സാവിത്രീ സമിദാഹുതി
തിലപ്രതിഗ്രഹത്തിങ്കലിതു തുല്യം യുധിഷ്ഠിര! 4
മാംസപ്രതിഗ്രഹത്തിങ്കൽ തേനുപ്പിവയുടേയുമേ
സൂര്യോദയത്തിൽ[1] നിന്നീടിൽ ബ്രാഹ്മണൻ പൂതനായിടും. 5
സുവർണ്ണം വാങ്ങിയാൽ പിന്നെ ഗുരുശ്രുതി[2] ജപിച്ചുതാൻ
കാരിരുമ്പു മലത്തിത്താൻ[3] ധരിച്ചാൽ മുക്തനാം ദ്വിജൻ. 6
ഏവം സ്ത്രീവിത്തവസ്ത്രങ്ങൾ വാങ്ങിച്ചീടുന്നതാകിലും
സ്വർണ്ണപ്രതിഗ്രഹത്തിന്നുള്ളിമ്മട്ടത്രേ നരോത്തമ! 7
അന്നം വാങ്ങിക്കലിൽ പായസത്തിലിക്ഷുരസത്തിലും
ഇക്ഷുതൈലപവിത്രങ്ങൾക്കായും മൂവന്തി മുങ്ങലാം. 8
വ്രീഹി പുഷ്പം ഫലം വെള്ളം വിഷമെന്നിവയിൽ ശരി
യാവകം തയിർ പാലെന്നിവയ്ക്കും ഗായത്രി നൂറുരു. 9
ചാത്തത്തിങ്കൽ കുട ചെരിപ്പിവ വാങ്ങിച്ചുവെങ്കിലോ
ജപിക്കേണം നൂറുരുതാനെന്നാൽ പാപമൊഴിഞ്ഞുപോം. 10
ക്ഷേത്രപ്രതിഗ്രഹം[4] കൊൾകിൽ തടവിൽ സൂതകത്തിലും
മൂന്നാളുപവസിച്ചീടിലാപ്പാതകമൊഴിഞ്ഞുപോം. 11
പിതൃശ്രാദ്ധാന്നത്തെ വിപ്രൻ കൃഷ്ണപക്ഷത്തിലുണ്ണുകിൽ
ഈ രാപ്പകലിനാലങ്ങാ ബ്രാഹ്മണൻ പരിശുദ്ധനാം. 12
സന്ധ്യോപാസനയും വയ്യാ ജപവും താൻ നടത്തൊലാ
ആച്ചോററിമ്മീതെയുണ്ടീടൊല്ലെന്നാൽ സംശുദ്ധനാം ദ്വിജൻ. 13
ഇതിന്നാണപരാഹ്നത്തിൽ പിതൃശ്രാദ്ധമുരപ്പതും
ചൊന്നവണ്ണം മുൻ ക്ഷണിച്ച വിപ്രരുണ്ണേണമെന്നുതാൻ. 14
മൃതകത്തിൻെറ മൂന്നാംനാളന്നം ബ്രാഹ്മണനുണ്ണുകിൽ
പന്തീരുനാൾ മൂന്നുനേരമുന്മാജ്ജിച്ചാൽ[5] വിശുദ്ധനാം. 15
പന്തീരുനാൾ കഴിഞ്ഞിട്ടു വിശേഷാൽ കൃതശൗചനായ്
ബ്രാഹ്മണർക്കു ഹവിസ്സേകിയെന്നാലാപ്പാപമററുപോം. 16
മൃതകത്തിൻ ദശാഹത്തിൽ പ്രായശ്ചിത്തങ്ങൾ നല്ലണം
സാവിത്രിയാ രേവതീഷ്ടി കൂശ്മാണ്ഡമഘമർഷണം. 17
മൃതകത്തിൽ ത്രിരാത്രത്തിലുദ്ദിഷ്ടപ്പടിയുണ്ണുകിൽ
ആ ബ്രാഹ്മണൻ ത്രിഷവണസ്നാനം ചെയ്താൽ വിശുദ്ധനാം; 18
വൻപിച്ച സിദ്ധി നേടീടുമാപത്തേല്ക്കയുമില്ലവൻ.

1 സൂര്യോദയത്തിൽ = അടുത്ത സൂര്യോദയം വരെ എന്നർത്ഥം. 2 ഗുരുശ്രുതി = ഗായത്രി. 3 മലത്തിത്താൻ = പരസ്യമായിത്തന്നെ. 4 ക്ഷേത്രപ്രതിഗ്രഹം = ഭൂദാനം വാങ്ങിക്കൽ. 5 ഉന്മാജ്ജിക്ക = സ്നാനം ചെയ്ക.

ബ്രാഹ്മണൻ ശൂദ്രരോടൊന്നിച്ചേകഭോജനമുണ്ണുകിൽ 19
വിധിപോലവനാശൗചം ശൗചമിങ്ങു വിധിപ്പതാം.
ബ്രാഹ്മണൻ വൈശ്യരോടൊന്നിച്ചേകഭോജനമുണ്ണുകിൽ 20
അവൻ മൂന്നാം ഭിക്ഷയേററാലാക്കർമ്മം വിട്ടൊഴിഞ്ഞിടും.
ബ്രാഹ്മണൻ ക്ഷത്രിയരൊടൊത്തേകഭോജനമുണ്ണുകിൽ 21
സചേലസ്നാനമാന്നേന്നാലാപ്പാതകമൊഴിഞ്ഞിടും.
നശിക്കും ശൂദ്രനു കുലം വൈശ്യന്നു പശുബാന്ധവർ 22
ശ്രീ നശിക്കും ക്ഷത്രിയന്നു സുവർച്ചസ്സന്തണന്നുമേ.
പ്രായശ്ചിത്തം ശാന്തി ഹോമമിവ ചെയ്താലൊഴിഞ്ഞുപോം 23
സാവിത്രിയാ രേവതീഷ്ടീ കൂശ്മാണ്ഡ[1]മഘമർഷണം.
അമ്മട്ടുഷ്ടിഷ്ടമന്യോന്യമുണ്ടാലില്ലൊരു സംശയം
രോചനാ വിരജാ രാത്രി മംഗളാലംഭനങ്ങളും[2]. 24

137. ദാനാനുകീർത്തനം

ദാനത്തിനോ തപസ്സിനോ ശ്രേഷ്ഠത കൂടുതൽ എന്നു ധർമ്മപുത്രൻ ചോദിച്ചതിനു്, അനവധി രാജാക്കന്മാർ ഓരോതരം ദാനങ്ങൾകൊണ്ടു സിദ്ധി നേടിയ കഥകളുദ്ധരിച്ചു്, ഭീഷ്മർ, ദാനത്തിന്റെ മഹിമാതിശയത്തെ വർണ്ണിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ദാനത്താലും വാഴ്ച തപസ്സാലുമെന്നോതി ഭാരത!
എന്നാലെന്റെ മനോദുഃഖം പോക്കിക്കൊൾക പിതാമഹ!
മന്നിലേതാണിതിലതു ഭവാൻ ചൊല്ലിത്തരേണമേ. 1

ഭീഷ്മൻ പറഞ്ഞു

കേൾക്ക ധർമ്മപരന്മാർകൾ തപസ്സാൽ ഭാവിതാശയർ
ലോകങ്ങൾ നേടീ നിശ്ശങ്കം ദാനപുണ്യാഢ്യരാം നൃപർ. 2
സൽകൃതൻ പരമാത്രേയൻ ശിഷ്യർക്കായ് ബ്രഹ്മനിർഗ്ഗുണം
ഉപദേശിച്ചു രാജാവേ, മുഖ്യലോകങ്ങൾ നേടിനാൻ. 3
ഔശീനരൻ ശിബി നിജ പ്രിയപുത്രന്റെ ജീവനെ
ബ്രാഹ്മണക്കായ്ക്കൊടുത്തിട്ടു നാകപൃഷ്ഠം കരേറിനാൻ. 4
പ്രതർദ്ദനൻ കാശിരാജൻ വിപ്രന്നു നിജ പുത്രനെ
നല്കീട്ടേല്ക്കുന്നു വൻ കീർത്തിയീലോകത്തിൽ പരത്തിലും. 5
സാംകൃത്യനാം രന്തിദേവൻ മഹാത്മാവാം വസിഷ്ഠനായ്
വിധിക്കർഘ്യം കൊടുത്തിട്ടു മുഖ്യലോകങ്ങൾ നേടിനാൻ. 6
ദിവ്യം നൂറഴിയുള്ളോരു നല്ലൊൻകട മഖാർത്ഥമായ്
ദേവാവൃധൻ ബ്രാഹ്മണന്നു നല്കി സ്വർഗ്ഗം കരേറിനാൻ. 7

---

1 കൂശ്മാണ്ഡം = ഒരുതരം വ്രതം. 2 ഗോരോചനം, ദർഭ (വിരജ), മഞ്ഞൾ (രാത്രി) എന്നീ മംഗളദ്രവ്യങ്ങൾ ദേഹത്തു പൂശുക.

ഭഗവാനാമംബരീഷനോജസ്വി ബ്രാഹ്മണന്നു താൻ
രാഷ്ട്രമൊക്കക്കൊടുത്തിട്ടു സുരലോകത്തെ നേടിനാൻ. 8
ദിവ്യമാം കുണ്ഡലം കർണ്ണൻ, വാഹനം ജനമേജയൻ
വിപ്രന്നു ഗോക്കളും നല്കി മുഖ്യലോകം കരേറിനാർ. 9
രാജർഷിയാം വൃഷാദർഭി രത്നങ്ങൾ പലമാതിരി
നല്ല ഗേഹങ്ങളും വിപ്രർക്കേകി സ്വർഗ്ഗം കരേറിനാൻ. 10
നിമി രാഷ്ട്രത്തെ വൈദർഭി കന്യയേയുമഗസ്ത്യനായ്
നല്കി സ്വർഗ്ഗം പുക്കിതല്ലോ സപുത്രപശുബാന്ധവൻ. 11
ജാമദഗ്ന്യൻ രാമനൂഴി വിപ്രന്നേകിപ്പുകഴ്ന്നവൻ
മനസ്സിലും കവിഞ്ഞുള്ള നിത്യലോകങ്ങൾ നേടിനാൻ. 12
പർജ്ജന്യൻ[1] മഴ പെയ്യാഞ്ഞു ദേവരാട്ടു[2] വസിഷ്ഠനോ
മുറ്റും ഭൂതങ്ങളെജ്ജീവിപ്പിച്ചേറ്റാൻ ഗതിയക്ഷയം. 13
യജ്ഞങ്ങളിൽ ദാശരഥി രാമൻ വിത്തങ്ങൾ തൂകിയോൻ
പുക്കാനക്ഷയലോകങ്ങൾ പേരവന്നുലകിൽപ്പരം. 14
രാജർഷിയാം കക്ഷസേനൻ മഹാത്മാവാം വസിഷ്ഠനായ്
നിക്ഷേപം കാഴ്ചവെച്ചിട്ടു ഗതി നേടീ പുകഴ്ന്നവൻ. 15
കരന്ധമൻതന്റെ പൗത്രനാവിക്ഷിതമരുത്തനും
കന്യയെത്താനംഗിരസ്സിന്നേകി വിണ്ണേറിനാനുടൻ. 16
പാഞ്ചാല്യനാം ബ്രഹ്മദത്തരാജാവുത്തമധാർമ്മികൻ
ശംഖന്നു നിധി നല്കീട്ടു പരയാം ഗതി പൂകിനാൻ. 17
രാജാവു മിത്രസഹനും മഹാത്മാവാം വസിഷ്ഠനായ്
മദയന്തീവല്ലഭയെ നല്കി സ്വർഗ്ഗം കരേറിനാൻ. 18
മഹാത്മാവാം ലിഖിതന്നു സുദ്യുമ്നൻ മനുനന്ദനൻ
ധർമ്മത്താൽ ശിക്ഷ നല്കീട്ടു മുഖ്യലോകങ്ങൾ നേടിനാൻ. 19
സഹസ്രചിത്തൻ രാജർഷി പ്രിയപ്രാണങ്ങൾ കീർത്തിമാൻ
ബ്രാഹ്മണാർത്ഥമുപേക്ഷിച്ചു മുഖ്യലോകങ്ങൾ നേടിനാൻ. 20
മൗൽഗല്യനായ് സർവ്വകാമപൂർണ്ണം പൊന്മയമാം ഗൃഹം
കൊടുത്തു വിണ്ണു കയറീ ശതദ്യുമ്നക്ഷിതീശ്വരൻ. 21
ഭക്ഷ്യഭോജ്യങ്ങളെക്കുന്നുപോലെ കൂട്ടിയതൊക്കയും
മന്നം ശാണ്ഡില്യന്നു നല്കി സ്വർഗ്ഗം കേറീ സുമന്യുവും. 22
ദ്യുതിമാനെന്നു പേർകൊണ്ട സാല്വരാജൻ മഹാദ്യുതി
ഋചീകന്നായ് നാടു നല്കി മുഖ്യലോകങ്ങൾ നേടിനാൻ. 23
രാജർഷി മദിരാശ്വൻതാനാസ്സുമദ്ധ്യമകന്യയെ
ഹിരണ്യഹസ്തന്നേകീട്ടു ദേവലോകങ്ങൾ നേടിനാൻ. 24
രാജർഷിയാം ലോമപാദൻ ശാന്തയാം മകളെ പ്രഭു
ഋശ്യശൃംഗന്നു നല്കീട്ടു സർവ്വകാമങ്ങൾ നേടിനാൻ. 25

1 പർജ്ജന്യൻ = ഇന്ദ്രൻ. 2 ദേവരാട്ട് = ഭൂദേവ(ബ്രാഹ്മണ)ശ്രേഷ്ഠൻ.

ഹംസിയെന്ന പുകഴ്ന്നുള്ള കന്യയെക്കൗത്സനേകിയും
പുക്കാനക്ഷയലോകങ്ങളാ രാജർഷി ഭഗീരഥൻ. 26
നൂറായിരം വത്സരൊത്ത ഗോക്കളെത്താൻ ഭഗീരഥൻ
നൃപൻ കോഹളനായ് നല്കി മുഖ്യലോകങ്ങൾ പുകിനാൻ. 27
ഇവരും മററു പലരും ദാനം തപമിവററിനാൽ
യുധിഷ്ഠിര, സ്വർഗ്ഗമെത്തി നിവർത്തിക്കുന്നു വീണ്ടുമേ. 28
അവർക്കുറച്ചിതാക്കീർത്തി ഭൂമി നില്ക്കുന്നനാൾവരെ
ഗൃഹസ്ഥരവർ ലോകങ്ങൾ നേടീ ദാനതപങ്ങളാൽ. 29
ശിഷ്ടന്മാർക്കുള്ളിച്ചരിതം ഞാൻ പറഞ്ഞു യുധിഷ്ഠിര!
ദാനയജ്ഞപ്രജാസർഗ്ഗങ്ങളാൽ വിണ്ണേറിനാരിവർ. 30
നിനക്കെന്നും ദാനമൊത്തു കൗരവർക്കു ധുരന്ധര!
ദാനയജ്ഞക്രിയാബുദ്ധി നില്ക്കട്ടേ ധർമ്മവാസ്സൊടും. 31
രാജശാർദ്ദൂല, സന്ദേഹം നിനക്കുണ്ടെന്നിരിക്കുകിൽ
നാളെക്കാലത്തു പറയാം സന്ധ്യയായ് വന്നിതിപ്പൊഴേ. 32

138. പഞ്ചവിധദാനം

അഞ്ചുതരത്തിലുള്ള ദാനങ്ങളെപ്പററി ഈ അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ഭവാൻ ചൊല്ലിക്കേട്ടു താത, സത്യവ്രതപരാക്രമ!
മഹത്താം ദാനധർമ്മത്താൽ വിണ്ണേറിന നരേന്ദ്രരെ. 1
ഈദ്ധർമ്മങ്ങളെയും കേൾപ്പാൻ മോഹം ധാർമ്മികപുംഗവ!
ദാനമെത്രവിധം ദേയമെന്തുവാനായതിൻ ഫലം? 2
ആക്കെങ്ങനേ ധർമ്മ്യമായ ദാനം നല്കീടവേണ്ടതാം?
എന്തു ഹേതുക്കളാലെത്രവിധം തത്ത്വം ശ്രവിക്കണം. 3

ഭീഷ്മൻ പറഞ്ഞു

കേൾക്ക കൗന്തേയ, ദാനത്തിൻ തത്ത്വമിങ്ങനഘാശയ!
സർവ്വജാതിയിലും ദാനം നല്കേണ്ടുമ്മട്ടു ഭാരത! 4
ധർമ്മമർത്ഥം ഭയം കാമം കൃപയീക്കാരണങ്ങളാൽ
ദാനമഞ്ചുവിധം കണ്ടുകൊൾക കേളതു ഭാരത! 5
ഇങ്ങു കീർത്തിയുമുണ്ടാകും പരത്തിൽ പെരുതാം സുഖം
എന്നോർത്തു ദാനം നല്കേണം ബ്രാഹ്മണർക്കനസൂയുവായ്. 6
നല്കുന്നു നല്കിടുമെനിക്കീയിവൻ നല്കിയെന്നുമേ
അർത്ഥിമാർ ചൊൽവതായ് കേട്ടിട്ടെല്ലാമർത്ഥികൾ നല്കണം. 7
ഇവന്റെയല്ല ഞാനെന്റെയല്ലിവൻ, നിരസിക്കുകിൽ
പാപം ചെയ്യേക്കു,മെന്നോർത്തും നല്കാം മൂഢനു പണ്ഡിതൻ. 8

എനിക്കീയാളിഷ്ടനിവന്നിഷ്ടൻ ഞാനെന്നു ബുദ്ധിമാൻ
തോഴക്കിഷ്ടമായ് ദാനം നല്ലേണം മടിയെന്നിയേ. 9
ദീനൻ യാചിക്കുന്നിതിവ,നല്പത്താൽ തുഷ്ടനായിടും,
എന്നായ് ദരിദ്രന്നേകേണം കാരുണ്യത്താലെയെപ്പൊഴും. 10
എന്നഞ്ചുവിധമീദ്ദാനം പുണ്യകീർത്തിവിവർദ്ധനം
യഥാശക്തി കൊടുക്കേണമെന്നു ചൊല്ലീ പ്രജാപതി. 11

139. മുനിഗണകൃഷ്ണസംവാദം

ഒരിക്കൽ വ്രതാനുഷ്ഠാനത്തിലേർപ്പെട്ടിരുന്ന കൃഷ്ണന്റെ അടുക്കൽ ചില മഹർഷികൾ ചെല്ലുന്നു. കൃഷ്ണന്റെ വായിൽനിന്നു പുറപ്പെട്ട അഗ്നി അടുത്തുള്ള കാടും മലയും ദഹിപ്പിച്ച് ശ്രീകൃഷ്ണനിൽത്തന്നെ ചെന്നു ലയിക്കുന്നു. ആശ്ചര്യകരമായ ഈ സംഭവത്തെപ്പററി കൃഷ്ണനും മഹർഷിമാരും തമ്മിൽ നടന്ന സംവാദം.

യുധിഷ്ഠിരൻ പറഞ്ഞു

പിതാമഹ, മഹാപ്രാജ്ഞ, സർവ്വശാസ്ത്രവിചക്ഷണ!
ഭവാൻ നമ്മുടെ വംശത്തിൽ നാനാഗമവിവർദ്ധനൻ. 1
ധർമ്മാർത്ഥയുക്തം നിങ്കന്നു മേലാലേക്കും സുഖാവഹം
ലോകത്തിലാശ്ചര്യഭൂതം കേൾപ്പാൻ മോഹമരിന്ദമ! 2
ഈക്കാലവും വന്നടുത്തു ജ്ഞാതിബാന്ധവദുർല്ലഭം
ഞങ്ങൾക്കു ശാസ്താ*വില്ലാരുമങ്ങെന്യേ പുരുഷർഷഭ! 3
അങ്ങയ്ക്കനുജരോടൊത്ത ഞാനനുഗ്രാഹ്യനാകിലോ
ഞങ്ങളോടോതുകീച്ചെയ്ക ചോദ്യമൊന്നയി പാർത്ഥിവ! 4
ഇതാ നാരായണൻ ശ്രീമാൻ സർവ്വപാർത്ഥിവസമ്മതൻ
ഭവാനെബ്ബഹുമാനിച്ചു വണങ്ങിസ്സേവചെയ്കയാം. 5
ഇവന്റെ മുൻപാകെവെച്ചീ മുററും പാർത്ഥിവർ കേൾക്കവേ
ഭ്രാതാക്കൾക്കും പ്രിയത്തിന്നായ് സ്നേഹത്തോടരുളേണമേ. 6

വൈശമ്പായനൻ പറഞ്ഞു

അവന്റെയാ വാക്കു കേട്ടാസ്സ്നേഹത്താൽ സംഭ്രമത്തൊടും
ഭീഷ്മൻ ഭാഗീരഥീപുത്രൻ പറഞ്ഞാനപ്പൊളിങ്ങനെ. 7

ഭീഷ്മൻ പറഞ്ഞു

നിന്നോടു ഞാൻ പറഞ്ഞീടാമീ മനോഹരയാം കഥ
മുന്നം ഞാനീ വിഷ്ണുവിന്റെ പ്രഭാവം കേട്ടതും നൃപ! 8
കേട്ടാലുമാഗ്ഗോവൃഷാങ്കപ്രഭാവം കേട്ടിരിപ്പതും
ഗൗരിക്കുള്ളാസ്സംശയവും കേളാ ദമ്പതിമാർകളിൽ. 9
വ്രതം ചരിച്ചു ധർമ്മിഷ്ഠൻ കൃഷ്ണൻ പന്തീരുവത്സരം
ദീക്ഷിച്ചോരിവനെക്കാണ്മാനെത്തീ നാരദപർവ്വതർ. 10

* ശാസ്താവ്=രക്ഷിതാവ്.

കൃഷ്ണദ്വൈപായനൻ ധൗമ്യൻ ജപിപ്പവരിലുത്തമൻ
ദേവലൻ കശ്യപൻ പിന്നെ ഹസ്തികാശ്യപനങ്ങനെ 11
മററും മഹർഷിമാർ സത്തർ ദീക്ഷാബലമിയന്നവർ
ദേവകല്പതപസ്സിദ്ധശിഷ്യർ പിൻതുണയുള്ളവർ. 12
അവർക്കതിഥിസൽക്കാരമർച്ചനീയം കുലോചിതം
പ്രീതനായ് ദേവകീപുത്രൻ കല്പിച്ചു ദേവകല്പമേ. 13
സുവർണ്ണഹരിതപ്പൂത്തൻ ദർഭപ്പുൽകളിലങ്ങനെ
അടുത്തിരുന്നു മുനികൾ ഹൃഷ്ടരായ് വിഷ്ടര[1]ങ്ങളിൽ. 14
പ്രസംഗിച്ചു പിന്നെയവർ മധുരം ധർമ്മസംഹിതർ
രാജർഷിദേവചരിതമങ്ങു വാഴും തപോധനർ. 15
അപ്പോൾ നാരായണമഹസ്സാ വ്രതേന്ധനസംഭവം[2]
തീയുണ്ടായത്ഭുതം കാട്ടും കൃഷ്ണൻതൻ വായിൽനിന്നുടൻ. 16
ആത്തീയാപ്പർവ്വതം ചുട്ടു മരം വള്ളികൾ പുല്ലുകൾ
പരം പക്ഷിമൃഗക്കൂട്ടം ചെന്നായ് പാമ്പുകളിങ്ങനെ 17
നാനാ മൃഗങ്ങളിവയൊത്താഹായെന്നായചേതനം
ആ വൻ കുന്നിൻ കൊടുമുടിയുടഞ്ഞു ദീനദർശനം. 18
ആജ്ജ്വാല പെരുകും വഹ്നിയെല്ലാം ചുട്ടു പൊടിച്ചുടൻ
വിഷ്ണുവിന്നരികിൽപ്പോയ് കാൽ പിടിച്ചു ശിഷ്യമട്ടതാൻ. 19
ഉടനാ വിഷ്ണു വെന്തോരാ മല കണ്ടരികർശനൻ
സൗമ്യദൃഷ്ടിനിപാത[3]ത്താൽ വീണ്ടും മുൻനിലയാക്കിനാൻ. 20
വീണ്ടുമവ്വണ്ണമാശ്ശൈലം പൂത്ത വൃക്ഷലതാന്വിതം
പരം പക്ഷിരവം ചേർന്നു ചെന്നായ് പാമ്പുകളൊത്തതായ്. 21
അചിന്ത്യമത്ഭുതമതു കണ്ടപ്പോൾ മുനിമണ്ഡലം
അത്ഭുതപ്പെട്ടു കുളുർമെയ് പൂണ്ടു കണ്ണീരൊഴുക്കിതേ. 22
അപ്പോൾ നാരായണൻ വിസ്മയിച്ചു കണ്ടാ മുനീന്ദ്രരെ
വണങ്ങി സ്നിഗ്ദ്ധമധുരം ചോദിച്ചു വാഗ്മിപുംഗവൻ. 23

വിഷ്ണു പറഞ്ഞു

എല്ലായ്പ്പോഴും മുക്തസംഗരാകും മാമുനികൾക്കിഹ
നിർമ്മമന്മാർക്കുമുണ്ടായിതെന്തുകൊണ്ടിപ്പോൾ വിസ്മയം? 24
എനിക്കുള്ളീസ്സംശയത്തെത്തഥ്യമാംമട്ടനിന്ദിതർ
ചൊല്ലേണം മുനിമാരെല്ലാം തീർപ്പാർന്നമട്ടു തപസ്വികൾ. 25

ഋഷികൾ പറഞ്ഞു

ഭവാൻ സൃഷ്ടിക്കുന്നു ലോകം സംഹരിക്കുന്നു വീണ്ടുമേ
ഭവാൻ മഞ്ഞും ഭവാൻ ചൂടും പരം വർഷിപ്പതും ഭവാൻ. 26
മന്നിലെന്തൊക്കയിങ്ങുണ്ടു ഭൂതജാതം ചരാചരം
അവറ്റക്കച്ഛനങ്ങമ്മ പ്രഭു പ്രഭവവും ഭവാൻ. 27

---

1 വിഷ്ടരം = പീഠം. 2 വ്രതേന്ധനസംഭവം = വ്രതമാകുന്ന വിറകിൽനിന്നുണ്ടായതു്. 3 ദൃഷ്ടിനിപാതം = നോട്ടം.

ഞങ്ങൾക്കീ വിസ്മയകരം സംശയം മധുസൂദന!
കല്യാണമൂർത്തേ, നീതന്നെ ചൊല്ലു വഹ്നിവിനിർഗ്ഗമം[1]. 28
പിന്നെസ്സന്ത്രാസവും തീർന്നീ ഞങ്ങളും രിപുകർശന!
കേട്ടതും കണ്ടതുമിഹ പറയുന്നുണ്ടു ഹേ ഹരേ! 29

വിഷ്ണു പറഞ്ഞു

ഇതു വൈഷ്ണവതേജസ്സെൻ വായിൽനിന്നുളവായവൻ
യുഗാന്താഭൻ കൃഷ്ണവർത്മാ[2]വീ വൻ മല മുടിച്ചവൻ. 30
ഋഷിമാരാത്തരായല്ലോ ജിതക്രോധർ ജിതേന്ദ്രിയർ
ഭവാന്മാർ വ്യഥയാണ്ടല്ലോ ദേവകല്പർ തപസ്വികൾ. 31
വ്രതചര്യയിലാണ്ടെൻെറ തപസ്വിവ്രതസേവയാൽ
വഹ്നിയുണ്ടായതാണല്ലോ നിങ്ങളൊട്ടും നടുങ്ങൊലാ. 32
വ്രതം ചരിക്കുവാൻ വന്നേനിങ്ങീ നന്മലയിങ്കൽ ഞാൻ
വന്നേനാത്മാഭസ്സുതനെ തപംകൊണ്ടിങ്ങു നേടുവാൻ. 33
പിന്നെയെന്മെയ്യിലുള്ളാത്മാവഗ്നിയായ് നിർഗ്ഗമിച്ചതാം
കാണാൻ പോയീ വരദനാം ലോകനാഥൻ വിരിഞ്ചനെ. 34
അവൻ കല്പിച്ചിതെൻ പുത്രനായിട്ടു മുനിമുഖ്യരേ!
തേജോർദ്ധത്താൽ നിന്മകനാമാ വൃഷധ്വജനെന്നതും. 35
ആ വഹ്നി വന്നെന്നടുക്കൽ കാല്ക്കലായ് ശിഷ്യമട്ടുതാൻ
പരിചര്യാർത്ഥമായ് നിന്നു ശമിച്ചു മുൻ നിലയ്ക്കുമായ്. 36
ഇതാദ്ധീമാൻ പത്മനാഭനേടയോതു രഹസ്യമേ
നിങ്ങളോടു പറഞ്ഞേൻ ഞാൻ പേടിക്കേണ്ടാ മുനീന്ദ്രരേ! 37
ദീർഘദർശികളാം നിങ്ങൾക്കെന്നുമവ്യഗ്രയാം ഗതി
തപസ്വിവ്രതവിജ്ഞന്മാർ ജ്ഞാനവിജ്ഞാനശോഭികൾ 38
മന്നിലോ വിണ്ണിലോ നിങ്ങൾ കേട്ടതോ കണ്ടിരിപ്പതോ
പരമാശ്ചര്യമൊന്നെന്നാൽ നിങ്ങളെന്നോടു ചൊല്ലുവിൻ. 39
അമൃതൊത്തീടുമാ വാക്യമധുവിൽക്കൊതിയുണ്ടു മേ
തപോവനസ്ഥരായീടും ഭവാന്മാർ പറയുന്നതിൽ. 40
നിങ്ങൾ കാണാത്തതെന്നാലും ദിവ്യമത്ഭുതദർശനം
വിണ്ണിലോ മന്നിലോ ഞാൻ കണ്ടിരിക്കാം സുരമുഖ്യരേ! 41
അതെൻ മുഖ്യപ്രകൃതിയാം തടവില്ലതിനെങ്ങുമേ
എനിക്കിങ്ങെന്നിലൈശ്വര്യമാശ്ചര്യം പോലെ തോന്നിടാ. 42
ശ്രദ്ധേയമായ് ചൊന്ന കാര്യം സജ്ജനം കേട്ടിരിക്കുകിൽ
ചിരം ഭൂമിയിൽ നിന്നീടും ശിലാരേഖ കണക്കിനെ. 43
എന്നാൽ സമാഗമത്തിങ്കൽ ഞാൻ സജ്ജനമുഖോൽഗതം
കഥിപ്പേൻ ഞാനഹോ! മർത്ത്യക്കേറ്റവും ബുദ്ധിദീപകം. 44

1 വഹ്നിവിനിർഗ്ഗമം = അഗ്നിയുടെ ആവിർഭാവത്തെപ്പററിയുള്ളതു്. 2 കൃഷ്ണവർത്മാവു് = അഗ്നി.

ഭീഷ്മർ പറഞ്ഞു

പിന്നെ മാമുനിമാർ കൃഷ്ണന്മുന്നിൽ വിസ്മിതരേവരും
പൊയ്ത്താരിതളെതിർക്കണ്ണുകൾകൊണ്ടു നോക്കീ മുകുന്ദനെ. 45
വാഴ്ത്തിയും ചിലർ മററുള്ളോർ പൂജനംചെയ്തുമങ്ങനെ
പൊരുൾകോലും വാക്കുകളാൽ സ്തുതിച്ചു മധുവൈരിയെ. 46
മുററും മാമുനിമാർ ദേവർഷി നാരദനെപ്പരം
പറയാനായ് നിയോഗിച്ചു പറഞ്ഞീടാൻ മിടുക്കനെ. 47

മുനികൾ പറഞ്ഞു

അചിന്ത്യമെന്തൊരാശ്ചര്യം ഹിമവന്മലയിൽ പ്രഭോ!
കണ്ടുവോ തീർത്ഥയാത്രയ്ക്കു പോയ മാമുനിമാർ മുനേ! 48
അതെല്ലാം മുനിമാർക്കിങ്ങു ഹിതത്തിന്നാദിതൊട്ടു നീ
കണ്ടവണ്ണം ഹൃഷീകേശനോടൊക്കപ്പറയേണമേ. 49

ഭീഷ്മർ പറഞ്ഞു

എന്നു മാമുനിമാർ ചൊന്ന നാരദൻ ഭഗവാൻ മുനി
പറഞ്ഞുകൊണ്ടാൻ ദേവർഷി മുൻ നടന്നുള്ളോരീക്കഥ. 50

140. ആശ്ചര്യദർശനം

ആശ്ചര്യദർശനം (തുടർച്ച). ഭൂതഗണങ്ങളോടുകൂടി ഹിമവാന്റെ മുകളിൽ വിശ്രമിച്ചിരുന്ന ശിവന്റെ കണ്ണുകൾ പാർവ്വതി പെട്ടെന്നു വന്നു പൊത്തിയപ്പോൾ ലോകം മുഴുവൻ ഇരുട്ടിൽ ആണ്ടുപോയതും, ആ അന്ധകാരത്തിൽനിന്നു ലോകത്തെ രക്ഷിക്കാനായി ശിവന്റെ മൂന്നാം തൃക്കണ്ണിൽനിന്നു് അഗ്നി പുറപ്പെട്ടതും, കഠോരമായ ആ അഗ്നി പക്ഷിമൃഗാദികളോടുകൂടിയ ഹിമവൽപർവ്വതത്തെ ചുട്ടുകളഞ്ഞതുമായ കഥ നാരദൻ വിവരിക്കുന്നു.

ഭീഷ്മർ പറഞ്ഞു

പിന്നെ നാരായണസഖി നാരദൻ ഭഗവാനൃഷി
ശങ്കരനുമയോടൊത്തുണ്ടായ സംവാദമോതിനാൻ. 1

നാരദൻ പറഞ്ഞു

തപസ്സു ചെയ്തു ബ്രഹ്മാത്മാ വൃഷഭാങ്കൻ[1] സുരേശ്വരൻ
സിദ്ധചാരണർ സേവിക്കും പുണ്യമാം തുഹിനാദ്രി[2]യിൽ 2
നാനൗഷധിയെഴുന്നോന്നിൽ നാനാ പുഷ്പങ്ങളുള്ളതിൽ
അപ്സരസ്ത്രീകളുള്ളോന്നിൽബ്ഭൂതസംഘമെഴുന്നതിൽ. 3
അതിൽദ്ദേവൻ മോദമാണ്ടു ഭൂതസംഘങ്ങൾ ചേർന്നവൻ
നാനാ രൂപർ വിരൂപന്മാർ ദിവ്യരത്ഭുതദർശനർ 4
സിംഹവ്യാഘ്രഗജാഭന്മാർ സർവ്വജാതിയുമൊത്തവർ
ജംബുകദ്വീപിമുഖരുമൃക്ഷർഷഭനിഭാസ്യരും 5

---

1 വൃഷഭാങ്കൻ = ശിവൻ. 2 തുഹിനാദ്രി = ഹിമാലയപർവ്വതം.

ഉലൂകമുഖരും ക്രൂരർ വൃകശ്യേനഗജാസ്യരും
നാനാ നിറം മൃഗമുഖർ സർവ്വജാതിയുമൊത്തവർ 6
യക്ഷ കിന്നര ഗന്ധർവ്വ രക്ഷോ ഭൂതഗണാന്വിതം
ദിവ്യപുഷ്പങ്ങളും ചിന്നിദ്ദിവ്യജ്ജ്വാല കലർന്നഹോ! 7
ദിവ്യചന്ദനവും പൂശിദ്ദിവ്യധൂപം പുകച്ചുമേ.
ആസ്സദസ്സു വൃഷാങ്കന്റെ ദിവ്യവാദ്യം മുഴങ്ങിയും 8
മൃദംഗ പണവാദ്യഘോഷ ശംഖ ഭേരീരവാഢ്യമായ്
നൃത്തം വെയ്ക്കും ഭൂതസംഘമയിലാട്ടങ്ങളും ചൂഴവേ 9
അപ്സരസ്ത്രീനൃത്തമൊത്തു ദിവ്യമാമുനിസേവിതം
ദിവ്യം കാണ്മാൻ നല്ലതോതവല്ലാതത്ഭുതദർശനം. 10
ഗിരീശന്റെ തപസ്സാലാഗ്ഗിരി ശോഭിപ്പിതേററവും
സ്വാദ്ധ്യായം ചെയ്തിടും വിപ്രരൊത്തു ഘോഷിച്ചിടുന്നിടം. 11
വണ്ടിനങ്ങളും മുരണ്ടീടുമെതിരററദ്രി മാധവ!
മഹോത്സവം പോലെയത്തു പിന്നെബ്ഭീഷണരൂപവും 12
കണ്ടു മാമുനികൾക്കുണ്ടായേററം പ്രീതി ജനാർദ്ദന!
ഊർദ്ധ്വരേതസ്സുകളും പരം സിദ്ധർ യോഗ്യമഹർഷികൾ 13
വസുക്കളാ മരുത്സാദ്ധ്യവിശ്വേദേവകളിന്ദ്രനും
യക്ഷർ നാഗർ പിശാചുക്കൾ ലോകപാലർകളഗ്നികൾ 14
വാതങ്ങളും മററും ഭൂതങ്ങളങ്ങുണ്ടൊന്നിച്ചുകൂടിയോർ.
ഋതുക്കൾ വിതറീ മററുമത്ഭുതപ്പൂക്കളെങ്ങനെ 15
ജ്വലിക്കമൗഷധികളുമാക്കാട്ടു തെളിയിച്ചുതേ.
പക്ഷിക്കൂട്ടം നന്ദിപൂണ്ടിട്ടാടി നന്ദിച്ചിതേററവും 16
ജനപ്രിയങ്ങളും നൽക്കുന്നിന്മുകളിൽക്കൂകിയങ്ങനെ.
അങ്ങു ദേവൻ ദിവ്യധാതുച്ചാർത്തുള്ളദ്രിതടത്തിലായ് 17
കട്ടിലിന്മേൽപ്പോലെ ശോഭിച്ചിരിപ്പുണ്ടു മഹാശയൻ
പുലിത്തോലാടയും ചാർത്തിസ്സിംഹചർമ്മോത്തരീയനായ് 18
പാമ്പാകും പൂണുനൂലിട്ടു ലോഹിതാംഗദഭൂഷണൻ
ഭീമൻ ഹരിശ്മശ്രു ജടി ദേവാരാതി ഭയങ്കരൻ 19
ഭക്തരാം സർവ്വഭൂതർക്കുമഭയൻ വൃഷഭദ്ധ്വജൻ.
കണ്ടു മാമുനിമാരെല്ലാം തല കുമ്പിട്ടു കൂപ്പിനാർ 20
പാപമൊട്ടുക്കൊഴിഞ്ഞുള്ളോർ ക്ഷാന്തർ കല്മഷമററവർ.
ഭീഷണാകാരമാബ്ഭൂതിപതിസ്ഥാനം വിളങ്ങിതേ 21
അപ്രധൃഷ്യതരം പാരം മഹോരഗഗണാകുലം.
ക്ഷണംകൊണ്ടൊക്കയമ്മട്ടായത്ഭുതം മധുസൂദന! 22
വൃഷഭാങ്കസദസ്സേററം വിളങ്ങീ ഭീമരൂപമായ്.
ഭൂതസ്ത്രീഗണമൊത്തങ്ങോട്ടണഞ്ഞൂ മലമങ്കയാൾ 23
ഹരതുല്യാംബരം ചാർത്തിസ്സമാനവ്രതമാർന്നവൾ

സൎവ്വതീൎത്ഥജലംകൊണ്ടു പൊന്നുംകുടമെടുത്തവർ 24
ശുഭയാം ശൈലനദികളൊക്കപ്പിൻതുണയുള്ളവർ
നാനാ ഗന്ധങ്ങളോടൊത്തു പുഷ്പവൃഷ്ടി പൊഴിച്ചവർ 25
സേവിപ്പോർ ഹിമവൽപ്പാൎശ്വത്തീശപാൎശ്വത്തിലെത്തിനാർ.
പിന്നെച്ചിരിച്ചു കളിയായ് കൈകളാൽ ചാരുദൎശന 26
ഹരന്റെ നൽക്കണ്ണു രണ്ടും ദേവി പെട്ടെന്നു പൊത്തിനാൾ.
കണ്ണു രണ്ടും പൊത്തിയപ്പോളിരുട്ടായിട്ടചേതനം 27
ഉടൻ ഹോമവഷൾക്കാരം നിന്നമട്ടായ് ജഗത്തഹോ!
ജനം മുറ്റും മനം കെട്ടു പേടിയുൾക്കൊണ്ടിതപ്പൊഴേ 28
ഭൂതേശ്വരൻ കണ്ണടയ്ക്കെസ്സൂൎയ്യനില്ലാത്ത മട്ടിലായ്.
അപ്പോൾ ക്ഷണംകൊണ്ടീ ലോകമിരുളില്ലാതെയായിതേ 29
അവന്റെ നെറ്റിമേൽനിന്നുണ്ടായീ ജ്വാലയുമുൾക്കടം.
അവന്നുണ്ടായ്വന്നു മൂന്നാംതൃക്കണ്ണാദിത്യസന്നിഭം 30
യുഗാന്താഭം[1] ദീപ്തമതുകൊണ്ടാ മല മുടിഞ്ഞുപോയ്.
ഉടൻ കണ്ടാശ്ശൈലപുത്രി ദീപ്താഗ്നിസമദൃഷ്ടിയെ 31
ഹരനെത്തലകുമ്പിട്ടു നോക്കിനാളായതാക്ഷിയാൾ.
ആക്കാടു വെന്തിടുന്നേരം സസാലസരളദ്രുമം 32
നൽച്ചന്ദനദ്രുമത്തോടും ദിവ്യൗഷധിവിദീപിതം
പേടിച്ചോടും മൃഗകുലം ഹരപാൎശ്വത്തിലങ്ങുടൻ 33
ശരണം കിട്ടിടാതെത്തീട്ടാസ്സദസ്സൊന്നുഴന്നുപോയ്.
പിന്നെജ്ജ്വാല നഭസ്സെത്തി മിന്നൽപോലുൽക്കടാനലൻ 34
പന്തിരണ്ടൎക്കർ പോലെ പ്രളയാഗ്നി കണക്കിലായ്.
ക്ഷണത്തിലാത്തീയിനാലേ വെന്തിതാത്തുഹിനാചലം 35
ധാതുകോലും മുടിനിര വനൗഷധികൾ വെന്തുമേ.
ആശ്ശൈലം മുടിയെക്കണ്ടിട്ടുടനേ മലമങ്കയാൾ 36
ഭഗവാനെശ്ശരണമെന്നായിക്കൈക്കൂപ്പി നില്പമായ്.
സ്ത്രീത്വംകൊണ്ടലിവാണ്ടീടുമുമയെക്കണ്ടു ശൎവ്വനും 37
താതാൎത്തി[2]കണ്ടുഴന്നോളെപ്പാൎത്താശ്ശൈലത്തെ നോക്കിനാൻ.
ക്ഷണത്താൽ ഹിമവാൻ മുറ്റും മുന്മട്ടായ് നല്ല കാഴ്ചയിൽ 38
ഹൃഷ്ടപക്ഷികളോടൊത്തു പുഷ്പിതദ്രുവനാഢ്യമായ്.
മുന്മട്ടായദ്രിയെക്കണ്ടു നന്ദിച്ചീശ്വരനോടുടൻ
സൎവ്വേശനാം പതിയൊടു ചൊന്നാളുമയനിന്ദിത. 39

ഉമ പറഞ്ഞു

ഭഗവൻ, സൎവ്വഭൂതേശ, ശൂലപാണേ, മഹാവ്രത!
എനിക്കുണ്ടൊരു വൻപിച്ച സംശയം വിവരിക്കണേ! 40

---

1 യുഗാന്താഭം = പ്രളയാഗ്നിയെപ്പോലുള്ളതു്. 2 താതാൎത്തി=അച്ഛനു നേരിട്ട ദുഃഖം (ഹിമവാൻ പാൎവ്വതിയുടെ അച്ഛനാണല്ലൊ).

എന്തിന്നു നിൻ നെററിയതിൽ മൂന്നാംതൃക്കണ്ണുയന്നതും
എന്തിന്നു പക്ഷികളണിക്കാടൊത്തീ മല ചുട്ടതും? 41

എന്തിന്നു പിന്നെയും ദേവ, മുന്മട്ടാക്കിച്ചമച്ചതും
അവ്വണ്ണം തരുസംച്ഛന്ന*മാക്കിയങ്ങെൻെറയച്ഛനെ? 42

മഹേശ്വരൻ പറഞ്ഞു

എൻെറ കണ്ണുകഠം നീ പൊത്തീ ബാല്യംകൊണ്ടിട്ടനിന്ദിതേ!
അപ്പോഠം ക്ഷണംകൊണ്ടീ ലോകം കാഴ്ചയില്ലാതെയായിതേ. 43

ലോകമാദിത്യനില്ലാതെയിരുട്ടായതിലദ്രിജേ!
പ്രജാരക്ഷയ്ക്കു സൃഷ്ടിച്ചേൻ ദീപ്തം മൂന്നാം വിലോചനം. 44

ആക്കണ്ണിൻെറ മഹാതേജസ്സതിനാൽ വെന്തിതീഗ്ഗിരി
നിൻ പ്രിയത്തിന്നു ഞാൻ ദേവി, വീണ്ടും മുന്മട്ടിലാക്കിനേൻ. 45

ഉമ പറഞ്ഞു

ഭഗവാനേ, നിൻ വദനം ചന്ദ്രനെപ്പോലെ സുന്ദരം
പൂവ്വം ശ്രീകാന്തമവ്വണ്ണമുത്തരം പശ്ചിമം ശരി. 46

മുഖം ദക്ഷിണമോ രൗദ്രമെന്തൂദ്ധ്വം ജട മഞ്ഞയായ്
എന്തേ കറുത്തു നിൻ കണ്ഠം മയിൽപ്പീലി കണക്കിനെ? 47

ദേവ, നിൻ കൈയിലെന്തെന്നും പിനാകം നില്പതിങ്ങനെ
അങ്ങെന്തേ ജടിലൻ നിത്യം ബ്രഹ്മചാരിയുമാകുവാൻ? 48

എനിക്കീസ്സംശയം മുററും വിവരിക്കുകിനി പ്രഭോ!
ഞാൻ സധമ്മിണി കൂറാണ്ടോളെന്നു കണ്ടു വൃഷദ്ധ്വജ! 49

നാരദൻ പറഞ്ഞു

എന്നു പാവ്വതി ചൊന്നോരാപ്പിനാകി ഭഗവാനുടൻ
അവഠംക്കെഴും ബുദ്ധിധൃതികളാൽ നന്ദിച്ചിതാ പ്രഭു. 50

അവളോടോതിനാൻ ദേവൻ 'സുഭഗേ, കേഠംക്കുകെന്നുമേ
എന്തുകാരണമീവണ്ണമെനിക്കെ'ന്നു ശുഭാനനേ! 51

141. ആശ്രമധമ്മം

ധമ്മവിഷയകമായി ശിവനും പാവ്വതിയും തമ്മിൽ നടന്ന സംവാദം. ചതുവ്വർണ്ണികഠം, ഗൃഹസ്ഥന്മാർ, സാധാരണന്മാർ, മഹഷികഠം മുതലായവരുടെ ധമ്മങ്ങളെപ്പററിയുള്ള പ്രതിപാദനം.

മഹേശ്വരൻ പറഞ്ഞു

തിലോത്തമാഖ്യയാം മുന്നമുത്തമസ്ത്രീ വിരിഞ്ചനാൽ
രത്നങ്ങടെ തിലാംശത്താൽ സൃഷ്ടിക്കപ്പെട്ടു നല്ലവഠം. 1

അവളെന്നോടണഞ്ഞില്ലാ ചന്തംകൊണ്ടെതിരററവഠം
എന്നെശ്ശുഭേ, വലംവെച്ചു കൊതിപ്പിച്ചു ശുഭാനന. 2

---

* തരുസംച്ഛന്നം = വൃക്ഷങ്ങളാൽ മൂടപ്പെട്ടതു്.

ഏതേതിടത്താസ്സുദതിയെന്നടുത്തു കിടന്നുവോ
അതാതിടം ദേവി, ചാരുമുഖം നിൎമ്മിച്ചതാണു ഞാൻ 3
അവളേ നോക്കുവാൻ യോഗാൽ ചതുൎമ്മൂൎത്തിത്വമാണ്ടു ഞാൻ
മുഖ്യയോഗം കാട്ടിയങ്ങു ചതുൎമ്മുഖത നേടിനേൻ. 4
കിഴക്കുള്ള മുഖംകൊണ്ടിട്ടിന്ദ്രശാസനചെയ്യുവൻ
വടക്കുള്ളതിനാൽ നീയായ് രമിപ്പേൻ ഞാനനിന്ദിതേ! 5
എൻ പടിഞ്ഞാർമുഖം സൗമ്യം സൎവ്വപ്രാണിസുഖാവഹം
തെക്കേതു രൗദ്രം ഭീമാഭം പ്രജാസംഹാരകാരിയാം. 6
ജടിലൻ താൻ ബ്രഹ്മചാരി ലോകൎക്കു ഹിതകാംക്ഷയാൽ
ദേവകാര്യം നടത്താനായ് പിനാകം കൈയിൽവെച്ചു ഞാൻ. 7
മുന്നം ശ്രീകാംക്ഷീന്ദ്രനുടെ ദീപ്തമാം വജ്രമെന്നുടേ
കണ്ഠം ദഹിപ്പിച്ചതു പോയതിൽ ശ്രീകണ്ഠനായി ഞാൻ. 8

ഉമ പറഞ്ഞു

മററും ശ്രീമദ്വാഹനങ്ങൾ മററുണ്ടെന്നിട്ടു വാഹനം
എന്താണു ദേവ, വൃഷഭം നിന്റെറ വാഹനമാകുവാൻ? 9

മഹേശ്വരൻ പറഞ്ഞു

ബ്രഹ്മൻ, തീൎത്തു സുരഭിയെപ്പാൽ ചുരത്തുന്ന ധേനുവെ
അമൃതപ്പാൽ ചുരത്തുന്നോളവൾ നാനാത്വമേന്തിനാൾ. 10
അവൾക്കെഴും വത്സമുഖഫേനമെന്മെയ്യിൽ വീണുതേ
അപ്പൊഴേ ഞാൻ ചുട്ടു[1] ഗോക്കളെ നാനാവൎണ്ണത്വമാണ്ടുപോയ് 11
ശമിപ്പിച്ചു ലോകഗുരുവെന്നെയന്നൎത്ഥവിത്തമൻ
ഈ വൃഷത്തെദ്ധ്വജാൎത്ഥം[2] മേ നല്കീ വാഹനമായിയും. 12

ഉമ പറഞ്ഞു

വിണ്ണിൽ സൎവ്വഗുണം ചേൎന്ന ഗൃഹം പലതുമുണ്ടു തേ
അവ വിട്ടെന്തു ഭഗവൻ, ശ്മശാനത്തിൽ രമിപ്പു നീ? 13
മുടിയെല്ലും കലൎന്നുഗ്രം തലയോടും പെടുന്നതിൽ
കുറുക്കൻ കഴുകം ചിന്നിച്ചുടലത്തീ പെരുത്തതിൽ 14
അശുദ്ധമായ് മാംസവസച്ചോരച്ചേറു പെടുന്നതിൽ
എല്ലും കുടൽകളും ചിന്നിക്കുറുക്കൻ കൂകിടുന്നതിൽ. 15

മഹേശ്വരൻ പറഞ്ഞു

മേദ്ധ്യ[3]ങ്ങളെത്തേടി മന്നിലൊക്കയും സഞ്ചരിച്ചു ഞാൻ
ചുടലക്കാട്ടിലും മേദ്ധ്യം മററൊന്നും കണ്ടതില്ലെടോ. 16
സൎവ്വഗേഹങ്ങളെക്കാളും ശ്മശാനം പ്രിയമിങ്ങതാം
പേരാലിൻകൊമ്പു വിരിയെ മാലച്ചാൎത്തുമൊഴിഞ്ഞതിൽ. 17
അവിടെ പ്രീതികൊൾവോരീബ്ഭൂതൗഘങ്ങൾ ശുചിസ്മിതേ!
ഈബ്ഭൂതഗണമില്ലാതെ പാൎക്കാൻ നോക്കില്ല ദേവി, ഞാൻ. 18

---

1 ചുട്ടു=തൃക്കണ്ണുകൊണ്ടു നോക്കി ദഹിപ്പിച്ചു. 2 ധ്വജാൎത്ഥം=കൊടിയടയാളം.
3 മേദ്ധ്യം=പവിത്രം.

ഈപ്പാപ്പിടം ദേവി മേദ്ധ്യം സ്വകീയം മേ മതം ശുഭേ!
മേദ്ധ്യകാമരുപാസിപ്പൂ പുണ്യമേററവുമുത്തമം. 19

ഉമ പറഞ്ഞു

ഭഗവൻ, സർവ്വഭൂതേശ, സർവ്വധർമ്മജ്ഞസത്തമ!
പിനാകപാണേ, വരദ, സംശയം വാച്ചിടുന്നു മേ. 20
മുററുമീ മാമുനിഗണം തപം ചെയ്തിതയി പ്രഭോ!
തപോവേഷം പൂണ്ടുലകിൽ ചുററുന്നു പലമാതിരി. 21
ഈ മഹർഷിഗണത്തിന്നുമെനിക്കും പ്രിയകാംക്ഷയാൽ
എനിക്കുള്ളീസ്സംശയത്തെച്ചൊല്ലിത്തരികരിന്ദമ! 22
ധർമ്മലക്ഷണമെന്താണു നരന്മാർക്കാചരിക്കുവാൻ?
അറിയാത്തോർക്കേതുവഴി ധർമ്മജ്ഞ, പറക പ്രഭോ! 23

നാരദൻ പറഞ്ഞു

അപ്പോൾ മുററും മുനിഗണമേററു പൂജിച്ചു ദേവിയെ
പൊരുളൊക്കും സ്തുതികളാലൃഗർത്ഥോക്തികളാലുമേ. 24

മഹേശ്വരൻ പറഞ്ഞു

അഹിംസ സത്യമൊഴിയും സർവ്വഭൂതാനുകമ്പയും
ശമം യഥാശക്തി ദാനം ഗാർഹസ്ഥ്യം ധർമ്മമുത്തമം. 25
പരസ്ത്രീസംഗമില്ലായ്ക ന്യാസസ്ത്രീപരിരക്ഷണം
കൊടുക്കാത്തതെടുക്കായ്ക മധുമാംസവിവർജ്ജനം 26
ഇതഞ്ചുവിധമാം ധർമ്മം ബഹുശാഖം സുഖോദയം
ദേഹിമാർ ധർമ്മപരമർ ചെയ്യേണം പുണ്യകാരണം. 27

ഉമ പറഞ്ഞു

ഭഗവൻ, സംശയം കേൾപ്പിതതു ചൊല്ലിത്തരേണമേ!
ചാതുർവ്വർണ്ണ്യത്തിൻെറ ധർമ്മം സ്വജാതിക്കു സുഖാവഹം. 28
ബ്രാഹ്മണന്നെന്തുവാൻ ധർമ്മം ക്ഷത്രിയന്നെന്തുമട്ടിലാം?
വൈശ്യന്നെമ്മട്ടാണു ധർമ്മം ശൂദ്രന്നെമ്മട്ടിലാസ്വരും? 29

മഹേശ്വരൻ പറഞ്ഞു

ന്യായപ്പടി മഹാഭാഗേ, മുററും ചോദിച്ചിരിപ്പു നീ
ഭൂമിദേവർ മഹാഭാഗരെന്നും പാരിൽ ദ്വിജാതികൾ. 30
ഉപവാസം സദാ ധർമ്മം ബ്രാഹ്മണന്നില്ല സംശയം
അവൻ ധർമ്മാർത്ഥസമ്പന്നൻ ബ്രഹ്മഭാവത്തിലാസ്സരും. 31
അവൻെറ ധർമ്മമാം ദേവി, മുറക്കാ ബ്രഹ്മചര്യവും
വ്രതോപനയനം താനും ദ്വിജത്വം കിട്ടുമായതിൽ. 32
ഗുരുദൈവതപൂജയ്ക്കായ് സ്വാദ്ധ്യായാഭ്യാസമാമതും
ദേഹിമാർ ധർമ്മപരമർ ചെയ്യേണം പുണ്യകാരണം. 33

ഉമ പറഞ്ഞു

ഭഗവാനേ, സംശയമുണ്ടെനിക്കു വിവരിക്കണേ!
ചാതുർവ്വർണ്ണ്യത്തിൻെറ ധർമ്മം വെടിപ്പായരുൾ ചെയ്ക നീ. 34

മഹേശ്വരൻ പറഞ്ഞു

രഹസ്യശ്രവണം ധർമ്മം വേദവ്രതനിഷേവണം
അഗ്നികാര്യവുമാം ധർമ്മം ഗുരുകാര്യം നടത്തലും. 35
ഭിക്ഷയേററുണ്ണററ ധർമ്മം നിത്യം പൂണൂൽ ധരിക്കലും
നിത്യം സ്വാദ്ധ്യായവും ധർമ്മം ബ്രഹ്മചര്യാശ്രമക്രമം. 36
ഗുരുവിൻ സമ്മതത്തോടും സമാവർത്തിക്കണം ദ്വിജൻ
പിന്നെബ്ഭാര്യയെ വേൾക്കേണം വിധിപോലനുരൂപയെ. 37
ശൂദ്രാന്നവർജ്ജനം ധർമ്മമേവം സന്മാർഗ്ഗസേവനം
നിത്യോപവാസവും ധർമ്മം ബ്രഹ്മചര്യവുമങ്ങനെ. 38
ആഹിതാഗ്ന്യദ്ധ്യയനവാൻ ഹോമിപ്പോൻ സംയതേന്ദ്രിയൻ
വിഘസാശി യതാഹാരൻ ഗൃഹസ്ഥൻ സത്യവാക് ശുചി 39
അതിഥിവ്രതവും ധർമ്മം ധർമ്മം ത്രേതാഗ്നിധാരണം
പശുബന്ധേഷ്ടിക*ളെയും വിധിപോലാചരിക്കണം. 40
യജ്ഞവും മുഖ്യമാം ധർമ്മം ദേഹിതോറുമഹിംസയും
മുൻപിട്ടുണ്ണായ്കയും ധർമ്മം വിഘസാശിത്വവും ശരി. 41
ആൾക്കാരുണ്ടിട്ടു പിന്നീടു ഭോജനം ധർമ്മമാണുപോൽ
ബ്രാഹ്മണന്നു ഗൃഹസ്ഥന്നു വിശേഷാൽ ശ്രോത്രിയന്നിഹ. 42
ശീലം ദമ്പതികൾക്കൊപ്പം ധർമ്മമത്രേ ഗൃഹിക്കിഹ
ഗൃഹദേവതകൾക്കെല്ലാം നിത്യം പുഷ്പബലിക്രിയ. 43
നിത്യോപലേപനം ധർമ്മമേവം നിത്യോപവാസവും
നന്നായടിച്ചു മെഴകിസ്സാജ്യധൂമം ഗൃഹസ്ഥിതി. 44
ഇതു വിപ്രന്മാർക്കു ധർമ്മം ഗാർഹസ്ഥ്യം ലോകധാരണം
സത്തരാകും ദ്വിജന്മാർക്കു നടപ്പാണിതു നിത്യവും. 45
ക്ഷത്രിയന്മാർക്കേഴും ധർമ്മം ദേവി, നീ കേട്ടതില്ലയോ
അതു നിന്നോടു വർണ്ണിക്കാം ശ്രദ്ധയോടൊത്തു കേൾക്ക നീ. 46
ക്ഷത്രിയന്നു മതം ധർമ്മം പ്രജാപാലനമാദ്യമേ
ഷൾഭാഗഫലമേല്ക്കുന്നോൻ രാജധർമ്മത്തൊടൊത്തിടും. 47
ധർമ്മത്താലേ പ്രജകളെപ്പാലിക്കിൽ മനുജാധിപൻ
പ്രജാരക്ഷാർജ്ജിതം ലോകം ധർമ്മസിദ്ധമവന്നെടോ. 48
ആ രാജാവിന്നുററ ധർമ്മം ദമം സ്വാദ്ധ്യായമങ്ങനെ
അഗ്നിഹോത്രം ചെയ്കയേവം ദാനമദ്ധ്യയനം ശരി. 49
പൂണൂൽ ധരിക്കലും യജ്ഞം ധർമ്മക്രിയകളും ശരി
ഭൃത്യരെപ്പോററലും ധർമ്മം ചെയ്താൽ പാഴാക്കിടായ്കയും. 50
നന്നായ് ദണ്ഡംചെയ്ക ധർമ്മം ധർമ്മം വേദക്രതുക്രിയ
വ്യവഹാരേ നീതിധർമ്മം സത്യവാക്പ്രീതിയും ശരി. 51

---

* പശുബന്ധേഷ്ടികൾ = പശുബന്ധവും ഇഷ്ടിയും.

ആർത്തർക്കു കൈകൊണ്ടു[1]രചൻ പൂജ്യനാമങ്ങുമെങ്ങുമേ;
ഗോബ്രാഹ്മണാർത്ഥം വിക്രാന്തി[2] കാട്ടിപ്പോരിൽ മരിച്ചവൻ 52
അശ്വമേധംകൊണ്ടു കിട്ടും ലോകം സ്വർഗ്ഗത്തിൽ നേടുമേ.
വൈശ്യന്നെല്ലായ്പ്പൊഴും ധർമ്മം പൈമേയ്ക്കൽ കൃഷിയങ്ങനെ 53
അഗ്നിഹോത്രംചെയ്യലേവം ദാനമദ്ധ്യയനം ശരി.
കച്ചോടം നൽവഴിനിലയാതിത്ഥ്യം പ്രശമം ദമം 54
വിപ്രർക്കായ് സ്വാഗതം ദാനം വൈശ്യധർമ്മം സനാതനം.
എള്ളു ഗന്ധം രസമിവ വിററുപോകൊല്ലൊരിക്കലും 55
കച്ചോടത്തിനിരിക്കുന്ന വൈശ്യൻ സൽപഥമേല്ക്കണം.
സർവ്വാതിത്ഥ്യം ത്രിവർഗ്ഗത്തിന്നാകും പോലെ യഥാർഹമേ 56
ശൂദ്രധർമ്മം പരം നിത്യം ദ്വിജശുശ്രൂഷയും ശരി.
ആ ശൂദ്രൻ തപമാർന്നുള്ളോൻ സത്യവാദി ജിതേന്ദ്രിയൻ 57
വന്നോരതിഥിയെ ശുശ്രൂഷിപ്പോൻ വൻ തപമേററിടും.
അവൻ നിത്യം ശുഭാചാരൻ ദേവതാദ്വിജപൂജകൻ 58
ശൂദ്രനിഷ്ടം ധർമ്മഫലമേററീടും ബുദ്ധിയുള്ളവൻ.
ചാതുർവ്വർണ്ണ്യത്തിന്നിതെല്ലാമോരോരുത്തർക്കു ശോഭനേ! 59
ചൊന്നേൻ നിന്നോടു സുഭഗേ, കേൾപ്പാനിച്ഛിപ്പതെന്തിനി?

ഉമ പറഞ്ഞു

ചാതുർവ്വർണ്ണ്യഹിതം ധർമ്മം തിരിച്ചങ്ങോതി കേട്ടു ഞാൻ
എല്ലാർക്കും നികരും ധർമ്മം ഭഗവൻ, വിവരിക്കണേ. 60

മഹേശ്വരൻ പറഞ്ഞു

ലോകസാരത്തിനാൽ തീർത്തു ഗുണാർത്ഥി വിധി വിപ്രരെ
മുററും ലോകങ്ങളെക്കേററാൻ മർത്ത്യരിൽ ഭൂമിദേവരെ. 61
വിവരിക്കാമവർക്കീ ഞാൻ ധർമ്മകർമ്മഫലോദയം
വിപ്രന്മാരിലെഴും ധർമ്മമെന്തതോ മുഖ്യധർമ്മമാം. 62
ലോകധർമ്മത്തിനിവകൾ മൂന്നു സൃഷ്ടിച്ചു പത്മജൻ
മന്നിൽ സൃഷ്ടിയിലെന്നേയ്ക്കും കേൾക്ക സൃഷ്ടിച്ചവററിനെ. 63
വേദോക്തം മുഖ്യമാം ധർമ്മം മററൊന്നാ സ്മൃതിശാസ്ത്രഗം
വേറിട്ടു ശിഷ്ടാചരിതം മൂന്നു ധർമ്മം സനാതനം. 64
ത്രൈവിദ്യനാം[3] ദ്വിജൻ വിദ്വാൻ ജീവികയ്ക്കോതിടാത്തവൻ[4]
മൂന്നു ചെയ്യോൻ[5] മൂന്നൊഴിച്ചോൻ[6] മൈത്ര[7]നാമിവനാം ദ്വിജൻ.
ആറു കർമ്മങ്ങളിവകളരുളീ ഭുവനേശ്വരൻ
വിപ്രർക്കു വൃത്തിക്കു കേൾക്ക നിത്യകർമ്മങ്ങളായവ. 66

1 ആർത്തർക്കു കൈകൊണ്ടു=ദുഃഖിതന്മാർക്കു കൈകൊടുത്ത; ദുഃഖിതന്മാരെ രക്ഷിക്കുന്ന. 2 വിക്രാന്തി=വിക്രമം. 3 ത്രൈവിദ്യൻ=മൂന്നു വേദങ്ങൾ അഭ്യസിച്ചവൻ. 4 ജീവികയ്ക്കോതിടാത്തവൻ=ഉപജീവനത്തിനുവേണ്ടി വേദം വില്ക്കാത്തവൻ. 5 മൂന്നു ചെയ്യോൻ=സ്വാദ്ധ്യായം, യാഗം, ദാനം എന്നിവ അനുഷ്ഠിക്കുന്നവൻ. 6 മൂന്നൊഴിച്ചോൻ=കാമം, ക്രോധം, ലോഭം എന്നിവയെ ഉപേക്ഷിച്ചവൻ. 7 മൈത്രൻ=ലോകബന്ധു.

യജ്ഞം ചെയ്ക യജിപ്പിക്ക ദാനംചെയ്യുക വാങ്ങുക
ഓത്തുചൊല്ലുക ചൊല്ലിക്കുകാറുള്ളോൻ ധർമ്മവാൻ ദ്വിജൻ. 67
നിത്യസ്വാദ്ധ്യായമേ ധർമ്മം ധർമ്മം യജ്ഞം സനാതനം
ദാനം പ്രശസ്തമിവനു യഥാശക്തി യഥാവിധി. 68
ശമമെന്നാലുപരമം[1] ധർമ്മം സാധുപ്രവൃത്തമാം
വിശുദ്ധരാം ഗൃഹസ്ഥർക്കു വൻപിക്കും ധർമ്മനേട്ടമാം. 69
പഞ്ചയജ്ഞവിശുദ്ധാത്മാ സത്യവാക്കനസൂയകൻ
വിപ്രസൽക്കാരി ദാതാവു ഗൃഹം വൃത്തിവരുത്തുവോൻ 70
ഗർവ്വില്ലാത്തോനകുടിലൻ സ്നിഗ്ദ്ധവാക്കു കൊടുപ്പവൻ
വിരുന്നാളിൽ പ്രീതിയുള്ളോൻ ശേഷാന്നത്തെബ്ഭുജിപ്പവൻ 71
യഥാന്യായം പാദ്യമർഘ്യമാസനം ശയനം പരം
വിളക്കു പാർപ്പിടമിവ കൊടുപ്പോനാണു ധാർമ്മികൻ. 72
കാലത്തേററാചമിച്ചിട്ടു ഭോജനത്താൽ ക്ഷണിച്ചുതാൻ
സൽക്കരിച്ചനുയാനം ചെയ്യവന്നാം ധർമ്മമെപ്പൊഴും. 73
സർവ്വാതിത്ഥ്യം ത്രിവർഗ്ഗ[2]ത്തിന്നാകുംപോലെ നിദാനവും
ശൂദ്രധർമ്മം ചൊല്ലിയല്ലോ ത്രിവർഗ്ഗപരിചര്യ[3]താൻ. 74
പ്രവൃത്തിലക്ഷണം ധർമ്മം വിധിപ്പിതു ഗൃഹസ്ഥരിൽ
അതു ഞാൻ പറയാമെന്നാൽ സർവ്വഭൂതഹിതം ശുഭം. 75
പലവട്ടം നല്ല ശക്ത്യാ യജിക്ക പലവട്ടവും
ചെയ്യേണം ഭൂതി കാംക്ഷിപ്പോൻ പുഷ്ടികർമ്മവിധാനവും. 76
ധർമ്മത്തൊടർത്ഥം നേടേണം, മൂന്നായ് ധർമ്മ്യവുമാം ധനം
പങ്കിടേണം, പരം ധർമ്മം പ്രയത്നത്തോടു മാനവൻ. 77
ഐശ്വര്യാർത്ഥിയൊരംശത്താൽ ധർമ്മാർത്ഥങ്ങൾ നടത്തണം
കാമം പിന്നെയൊരംശത്താലൊരംശത്തെ വളർത്തണം. 78
നിവൃത്തിധർമ്മം വേറിട്ടു നില്പൂ മോക്ഷത്തിനായിയും
അതിന്റെ വൃത്തി പറയാം തത്ത്വമായ് ദേവി, കേൾക്ക നീ. 79
ധർമ്മം മുററും ഭൂതദയയൊരേടം പാർത്തിടായ്കയും
പ്രശസ്തം മോക്ഷമിച്ഛിപ്പോർക്കാശാപാശവിമോക്ഷവും. 80
സംഗം കുടി[4]യിൽ വെള്ളത്തിൽ വയ്യുടുപ്പിലിരുപ്പിലും
ത്രിദണ്ഡത്തിൽ ശയ്യയിലഗ്നിയിലഗ്ന്യാലയ[5]ത്തിലും 81
അദ്ധ്യാത്മഗതിയോർക്കുന്നോൻ തച്ചിത്തൻ തൽപരായണൻ
യോഗത്തിൽ പ്രതിസംഖ്യാനത്തിങ്കലും യോഗമാണ്ടവൻ 82
നിത്യം മരച്ചോട്ടിൽ വാഴ്വോൻ ശൂന്യാഗാരനിവേശനൻ
പുഴത്തട്ടിൽക്കിടക്കുന്നോൻ നദീതീരപരൻ പരം 83
സ്നേഹബന്ധമെഴും സർവ്വസംഗവും വിട്ടെഴും ദ്വിജൻ

---

1 ഉപരമം = സന്തോഷപ്രദം. 2 ത്രിവർഗ്ഗം=ബ്രാഹ്മണ ക്ഷത്രിയ വൈശ്യന്മാർ.
3 പരിചര്യ=ശുശ്രൂഷ. 4 കുടി=പാർപ്പിടം. 5 അഗ്ന്യാലയം = അഗ്നിശാല.

ആത്മാവിലാത്മഭാവത്തെയണപ്പിച്ചീടണം ദ്വിജൻ 84
ത്തുണപോലെ നിരാഹാരൻ മോക്ഷദൃഷ്ടപ്രവൃത്തിയാൽ;
പരിവ്രാട്ടാ യോഗിയവന്നത്രേ ധർമ്മം സനാതനം. 85
ഒന്നിലും സക്തിയില്ലാത്തോനൊരേടം പാർത്തിടാത്തവൻ
ഒരു ദിക്കിൽ കിടക്കാത്തോൻ മുക്തൻ ചുററും വിമുക്തനായ്. 86
സന്മാർഗ്ഗിമോക്ഷവിത്തുക്കൾക്കിതു വേദോക്തധർമ്മമാം
ഈവഴിക്കായ്പ്പിൻതുടന്നാലവന്നു പദമൊത്തിടാ[1]. 87
ഭിക്ഷുക്കൾ നാലുവിധമാം കുടീചകബഹൂദകർ
ഹംസൻ പരമഹംസൻതാൻ പിൻപിൽച്ചൊന്നവനുത്തമൻ. 88
ഇതിന്നുമേലെയൊന്നില്ലാ താഴ്ന്നും മുൻപു വിലങ്ങുമേ
അദുഃഖമസുഖം സൗമ്യമജരാമരമവ്യയം. 89

ഉമ പറഞ്ഞു

ഭവാൻ സത്തുക്കൾ ചെയ്തീടും ഗാർഹസ്ഥ്യം മോക്ഷധർമ്മവും
പറഞ്ഞു ജീവലോകത്തിൻ മാർഗ്ഗം ശ്രേയസ്കരം പരം. 90
ഋഷിധർമ്മം ധർമ്മവിജ്ഞ, കേൾപ്പാനിച്ഛിപ്പതുണ്ടിനി
എനിക്കെന്നും രുചി തപോവനം വാഴും ജനങ്ങളിൽ 91
ആജ്യധൂമത്തിൻെറ ഗന്ധം മൂടമല്ലോ തപോവനം
അതുകണ്ടെന്മനം നിത്യം തെളിയുന്നു മഹേശ്വര! 92
എനിക്കു മുനിധർമ്മത്തിൽ സംശയം ദേവ, ഹേ വിഭോ!
സർവ്വധർമ്മാർത്ഥതത്ത്വജ്ഞ, ദേവദേവ, വദിക്കണേ
ഒട്ടുക്കിങ്ങെൻെറ ചോദ്യത്തെ മഹാദേവ, ശരിക്കു നീ. 93

മഹേശ്വരൻ പറഞ്ഞു

ഹന്ത നിന്നോടു പറയാം മുനിധർമ്മം മഹത്തരം
എന്തു ചെയ്തു തപസ്സിദ്ധരാകുന്നു മുനിമാർ ശുഭേ! 94
ധർമ്മജ്ഞരായ് ഫേനപ[2]രാമൃഷികൾക്കുള്ള ധർമ്മമേ
കേട്ടുകൊൾക മഹാഭാഗേ, ധർമ്മജ്ഞേ, ധർമ്മമാദിയിൽ. 95
എന്നുമല്പാല്പമേല്പോർകൾ ബ്രാഹ്മ്യം ഫേനോൽക്കരം[3] ശുഭം
അദ്ധ്വരപ്രസൃതം[4] വിണ്ണിലമൃതം ബ്രഹ്മപീത[5]മാം;
ഇതാ വിശുദ്ധരാകുന്ന ഫേനപർക്കു തപോധനേ![6]
ധർമ്മചര്യാമാർഗ്ഗമിനിബ്ബാലഖില്യർക്കു കേൾക്ക നീ 9,7
ബാലഖില്യർ തപസ്സിദ്ധർ മുനിമാർ സൂര്യമണ്ഡലേ

---

1 അവന്നു പദമൊത്തിടാ=അങ്ങനെയുള്ളവൻെറ ഒരടയാളവും ഇഹലോകത്തിൽ ബാക്കിയാവുകയില്ല; അവൻ ലോകത്തോടുള്ള ബന്ധം നിശ്ശേഷം വിട്ടുമെന്നു സാരം. 2 ഫേനപർ=ഒരുതരം മഹർഷികൾ. (അക്കൂട്ടർക്ക് ആ പേരു വരാനുള്ള കാരണം അടുത്ത വരികളിൽ വിവരിക്കുന്നുണ്ട്). 3 ബ്രാഹ്മ്യം ഫേനോൽക്കരം=ബ്രഹ്മാവിനെ സംബന്ധിച്ച (പരിശുദ്ധമായ) പതക്കൂട്ടം. 4 അദ്ധ്വരപ്രസൃതം=യാഗത്തിൽ നിന്നൊഴുകിയതു്. 5 ബ്രഹ്മപീതം=ബ്രഹ്മാവിനാൽ പാനംചെയ്യപ്പെട്ടതു്. 6 വിശുദ്ധരായ ഫേനപന്മാർ എന്ന മഹർഷികൾ ഈ ഫേനമാണ് ഭക്ഷിക്കുന്നതെന്നു സാരം.

ഉഞ്ഛ[1]ത്തിൽ നില്പു, ധർമ്മജ്ഞർ പക്ഷിവൃത്തിയെടുപ്പവർ. 98
മൃഗത്തുകിലുടുക്കുന്നോർ ചീരവല്കലധാരികൾ
നിർദ്വന്ദ്വർ സന്മാർഗ്ഗമാണ്ടോർ ബാലഖില്യർ തപോധനർ 99
അംഗുഷ്ഠപർവ്വപ്രായന്മാർ[2] സ്വധർമ്മത്തിങ്കൽ നില്പവർ
തപമിച്ഛിപ്പവരവർക്കുള്ള ധർമ്മം മഹാഫലം. 100
അവർ വാനോർക്കൊപ്പമേല്പൂ, സുരകാര്യം നടത്തുവാൻ
ദ്യോതിപ്പിപ്പൂ ദിക്കശേഷം തപസ്സാൽ ശുദ്ധകില്ബിഷർ. 101
മററുള്ള ശുദ്ധചിത്തന്മാർ ദയാധർമ്മപരായണർ
ചക്രചാരികൾ[3] സൽപുണ്യർ സോമലോകാധിവാസരും 102
പിതൃലോകാന്തമാണ്ടോരുമുഞ്ഛം ചെയ്വൂ[4] യഥാവിധി.
സംപ്രക്ഷാള[5]ശ്മകുട്ടന്മാർ[6] ദന്തോലൂഖലിമാർകളും[7] 103
ദേവന്മാരാം സോമപർക്കുമൂഷ്മപന്മാർക്കുമങ്ങനെ
അടുത്തുഞ്ഛം ചെയ്യുമവർ സദാരർ നിയതേന്ദ്രിയർ. 104
അവർക്ക്ഗ്ന്യാധാനമേവം പിതൃപൂജയുമങ്ങനെ
ധർമ്മമായ്ച്ചൊല്ലിടുന്നുണ്ടു പഞ്ചയജ്ഞം യജിക്കലും. 105
ചക്രചാരികളും ദേവലോകചാരിദ്വിജേന്ദ്രരും
ഋഷിധർമ്മം ചെയ്വതിതു വേറിട്ടുള്ളതു കേൾക്ക നീ. 106
ഋഷിധർമ്മം മുററുമാത്മജ്ഞാനംകൊൾക യതേന്ദ്രിയർ
കാമക്രോധങ്ങൾ വെല്ലേണം പിന്നെയെന്നാണു മന്മതം. 107
അഗ്നിഹോത്രപരിസ്പന്ദം ധർമ്മസത്രമിരിക്കലും
സോമയജ്ഞാനുമതിയും യജ്ഞദക്ഷിണയഞ്ചിവ. 108
നിത്യം യജ്ഞം ചെയ്ക ധർമ്മം പിതൃദേവാർച്ചനാദരം
സർവ്വാതിഥ്യവുമൊപ്പിക്കുകുഞ്ഛാന്നംകൊണ്ടു കേവലം. 109
ഉപഭോഗം നിവർത്തിക്ക ഗോരസത്താൽ ശമസ്പൃഹ
നിലത്തു ശയനം യോഗം ശാകപർണ്ണനിഷേവനം 110
ഫലമൂലാശനം കാററു തണ്ണീർച്ചുണ്ടികൾ ഭക്ഷണം
ഋഷികൾക്കീ നിയമമാം നേടാത്തഗ്ഗതി നേടുവാൻ. 111
ഉലക്ക വെച്ചു പുക പോയ് തീകെട്ടാളുണ്ടശേഷമേ
പാത്രം നടത്താതെ പിച്ചക്കാരൊഴിഞ്ഞോരു ശേഷമേ 112
പാന്ഥനെക്കാത്തു ശേഷാന്നംകൊണ്ടു ഭുക്തി കഴിപ്പവൻ

---

1 ഉഞ്ഛം = ഉഞ്ഛവൃത്തി (ഉതിർമണികളെക്കൊണ്ടുള്ള ഉപജീവനസമ്പ്രദായത്തിനാണ് ഉഞ്ഛവൃത്തിഎന്നു പറയുന്നത്). 2 അംഗുഷ്ഠപർവ്വപ്രായന്മാർ = പെരുവിരലിൻെറ ഒരു മുട്ടോളംമാത്രം വലുപ്പമുള്ളവർ. 3 ചക്രചാരികൾ = ചുററിസ്സഞ്ചരിക്കുന്നവർ. 4 ഉഞ്ഛംചെയ്വൂ = ചന്ദ്രകിരണങ്ങളെക്കൊണ്ടു ജീവിക്കുക. 5 സംപ്രക്ഷാളർ = പാത്രങ്ങളൊക്കെ അന്നന്നുതന്നെ കഴുകുന്നവർ. 6 അശ്മകുട്ടന്മാർ = രണ്ടു ശിലാഖണ്ഡങ്ങൾകൊണ്ടു മാത്രം ധാന്യത്തിന്റെ ഉമി കളയുന്നവർ. 7 ദന്തോലൂഖലിമാർ = പല്ലുകളെ ഉരലാക്കി ഉപയോഗിക്കുന്നവർ; പല്ലുകൾകൊണ്ടു ധാന്യങ്ങളുടെ ഉമി കളയുന്നവർ.

സത്യധമ്മപരൻ ശാന്തൻ മുനിധമ്മത്തൊടൊക്കുമേ. 113
സ്തംഭ[1]മററോൻ ഗവ്വൊഴിഞ്ഞോൻ തെളിവാണ്ടോനവിസ്മിതൻ
മിത്രാമിത്രസമൻ മൈത്രനവൻ ധമ്മജ്ഞനുത്തമൻ. 114

142. ഋഷിധമ്മം

ഉമാമഹേശ്വരസംവാദരൂപത്തിൽ വാനപ്രസ്ഥന്മാരെസ്സംബന്ധിച്ച ധമ്മങ്ങളെ വിവരിക്കുന്നു.

ഉമ പറഞ്ഞു

ഭംഗിയേറും ദിക്കുകളിൽ നദീനിർഝരഭൂമിയിൽ
ആററിൽ വള്ളിക്കുടിൽകളിൽ പവ്വതത്തിൽ വനത്തിലും 1
ശുദ്ധദേശങ്ങളിൽക്കായുള്ളവററിങ്കൽ സമാഹിതർ
കിഴങ്ങൊക്കും മേദ്ധ്യദിക്കുകളിൽ പാർപ്പൂ യതവ്രതർ. 2
അവക്കെഴും പുണ്യവിധി കേൾപ്പാനുണ്ടാശ ശങ്കര!
ദേവേശ, ദേഹോപജീവി[2] വാനപ്രസ്ഥജനങ്ങളിൽ. 3

മഹേശ്വരൻ പറഞ്ഞു

വാനപ്രസ്ഥക്കെഴും ധമ്മം ശ്രദ്ധയോടൊത്തു കേൾക്ക നീ
ദേവി,യുള്ളംവെച്ചു കേട്ടു ധമ്മബുദ്ധിയുമേല്ക്ക നീ. 4
സംസിദ്ധർ നിയമം പൂണ്ടോർ സത്തുക്കൾ വനമേറിയോർ
വാനപ്രസ്ഥർ നടത്തേണ്ടും കമ്മമെങ്ങനെ കേൾക്ക നീ. 5
മൂന്നുനേരവുമാറാട്ടു പിതൃദേവസമച്ചനം
അഗ്നിഹോത്രം ചെയ്തുകൊള്ളലിഷ്ടി ഹോമവിധാനവും 6
വരിനെല്ലേല്ക്കലവ്വണ്ണം ഫലമൂലനിഷേവണം
ആവണക്കോടമിവതൻ മെഴുക്കാൽ സ്നേഹസേവനം 7
യോഗചര്യാസിദ്ധരായിക്കാമക്രോധങ്ങളെന്നിയേ
വീരശയ്യക്കിടപ്പേറും വീരാസനമിരുന്നുമേ 8
യോഗവട്ടം ചേന്നു വേനല്ക്കാലം പഞ്ചതപസ്സൊടും
യഥാന്യായം നിഷേവിച്ചു മണ്ഡൂകനിയമ[3]ത്തൊടും 9
വീരാസനം വാണു നിത്യം സ്ഥണ്ഡില[4]ത്തിൽ കിടപ്പൊടും
ശീതതോയാഗ്നിയോഗ[5]ത്തെച്ചെയ്യേണം ധമ്മബുദ്ധികൾ. 10
നീർ കുടിപ്പോർ കാററശിപ്പോർ ചണ്ടിമേലായ് ഭുജിപ്പവർ
അശ്മകുട്ടർ പരം ദാന്തർ സംപ്രക്ഷാളരുമങ്ങനെ. 11
ചീരവല്ക്കലവസ്ത്രക്കാർ മാന്തോൽവസ്ത്രമുടുപ്പവർ

---

1 സ്തംഭം = ജളത്വം. 2 ദേഹോപജീവി = സ്വന്തം ദേഹംകൊണ്ടുമാത്രം കഴിഞ്ഞുകൂടുന്നവർ; ഭൃത്യന്മാരും മററുമില്ലാത്തവർ. 3 മണ്ഡൂകനിയമം = ഹഠയോഗപ്രസിദ്ധമായ ഒന്നാണിതു്. 4 സ്ഥണ്ഡിലം = മെഴുകിയ തറ. 5 മഴക്കാലത്തു പെരുമഴയത്തു നില്ക്കുക, മഞ്ഞുകാലത്തു വെള്ളത്തിലിരിക്കുക, വേനല്ക്കാലത്തു് പഞ്ചാഗ്നിമദ്ധ്യത്തിലിരിക്കുക—ഇതാണു് ശീതതോയാഗ്നിയോഗം.

കഴിക്കേണം യഥാകാലം യഥാധമ്മം യഥാവിധി. 12

വനേചരർ വനാസക്തർ വനസ്ഥർ വനഗോചരർ
വനത്തെഗ്ഗുരുവെപ്പോലെ സേവിക്ക വനവാസികഠം. 13

അവക്കു ഹോമവും ധമ്മം പഞ്ചയജ്ഞനിഷേവണം
വേദോക്തപഞ്ചധമ്മത്തിൻ ഭാഗത്തെക്കാത്തുകൊള്ളലും 14

അഷ്ടമീയജ്ഞപരത ചാതുമ്മാസ്യനിഷേവണം
പൌണ്ണമാസാദിയജ്ഞങ്ങഠം നിത്യയജ്ഞങ്ങിളങ്ങനെ. 15

ദാരസംഗം വിട്ടൊഴിഞ്ഞോർ സവ്വസങ്കരവജ്ജിതർ
സവ്വപാപങ്ങളും വിട്ടു ചരിപ്പൂ മുനിമാർ വനേ. 16

സ്രുഗ്ഭാണ്ഡപര[1]രെപ്പോഴും ത്രേതാഗ്നിഗൃഹർ നിത്യവും
സത്തർ സൽപഥനിത്യന്മാർ പരസൽഗതി പോമവർ. 17

ബ്രഹ്മലോകം മഹാപുണ്യം ശാശ്വതം സോമലോകവും
ഗമിക്കും സിദ്ധർ മുനികഠം സത്യധമ്മസമാശ്രയർ. 18

വാനപ്രസ്ഥക്കുള്ള ധമ്മം ശുഭം ദേവി, പറഞ്ഞു ഞാൻ
വിസ്തരത്തോടു സമ്പൂണ്ണം സ്ഥൂലമാമ്മട്ടുരച്ചതാം. 19

ഉമ പറഞ്ഞു

ഭഗവൻ, സവ്വഭൂതേശ, സവ്വഭൂതനമസ്കൃത!
മുനിസംഘത്തിലാം സിദ്ധിവാദധമ്മമുരയ്ക്ക നീ. 20

സിദ്ധിവാദങ്ങളിൽ സിദ്ധരവ്വണ്ണം വനവാസികഠം
സ്വതന്ത്രർ ഭാര്യമാരൊത്തങ്ങവക്കും ധമ്മമെന്തുവാൻ? 21

മഹേശ്വരൻ പറഞ്ഞു

തപഃസ്വതന്ത്രരോ ദേവി, മററും ദാരവിഹാരികഠം
അവക്കു മുണ്ഡം കാഷായം കാരണം,[2] രാത്രി വാസവും[3]. 22

ത്രികാലസ്നാനവും മുഖ്യമൃഷികല്പിതഗോത്രവും
സമാധിസൽപ്പഥനില യഥോദ്ദിഷ്ടം നിഷേവണം. 23

മുൻ ചൊന്ന ധമ്മങ്ങളുമാം വാനപ്രസ്ഥക്കു കേവലം
ആ ധമ്മങ്ങളെടുത്തീടിലവർ നേടും തപഃഫലം. 24

ദാമ്പത്യധമ്മങ്ങളെന്നാൽ സ്വദാരനിയതേന്ദ്രിയർ
വിധിയിൽക്കണ്ടതേ ചെയ്വൂ കാലം നോക്കിഗ്ഗമിപ്പവർ. 25

ആ ധമ്മികഠക്കും കിട്ടീടുമൃഷികല്പിതധമ്മമേ
കാമകാരാൽ[4] മററു ധമ്മം ധമ്മദശികളേല്ലൊലാ. 26

---

1 സ്രുഗ്ഭാണ്ഡപരർ = ഹോമത്തിൽ നെയ്യൊഴിക്കാനുള്ള കരണ്ടിയും (സ്രുക്) ജലപാത്രവും (ഭാണ്ഡം) വളരെ കായ്യമായി കരുതുന്നവർ. 2 കാരണം = തിരിച്ചറിയാനുള്ള ലക്ഷണം 3 യഥേഷ്ടം എവിടേയും സഞ്ചരിക്കാവുന്ന സ്വതന്ത്രരായ തപസ്വികൾക്ക് ശിരോമുണ്ഡനവും കാഷായവസ്ത്രവുമാണ് പ്രധാന ലക്ഷണം. ദാരവിഹാരികൾ(ഭായ്യമാരോടുകൂടി താമസിക്കുന്നവർ)ക്കാകട്ടേ, രാത്രി ആശ്രമങ്ങളിൽത്തന്നെ താമസിക്കിലും. (രണ്ടാമത്തെ കൂട്ടക്ക് ആദ്യം പറഞ്ഞവരെപ്പോലെ സ്വൈരസഞ്ചാരത്തിനധികാരമില്ലെന്നത്ഥം. വാനപ്രസ്ഥരെ ഉദ്ദേശിച്ചാണ് ഈ പറയുന്നത്.) 4 കാമകാരാൽ = ചാപല്യം നിമിത്തം.

സർവ്വജീവികൾക്കഭയദാനം നന്നായ്ക്കൊടുപ്പവൻ
ഹിംസാദോഷം വിട്ടൊഴിഞ്ഞോനവൻ ധർമ്മത്തൊടൊത്തിടും. 27

സർവ്വഭൂതദയാശീലൻ സർവ്വഭൂതാർജ്ജവവ്രതൻ
സർവ്വഭൂതാത്മഭൂതൻതാനവൻ ധർമ്മത്തൊടൊത്തിടും. 28

സർവ്വവേദങ്ങളിൽ സ്നാനം സർവ്വഭൂതഗണാർജ്ജവം
ഇതു രണ്ടും സമംതന്നെ മേലേയാർജ്ജവ[1]മെന്നുമാം. 29

ആർജ്ജവം ധർമ്മമായ്ച്ചൊൽവിതധർമ്മം ജിഹ്മ[2]മാണപോൽ
ആർജ്ജവത്തോടൊത്തിരിക്കും നരൻ ധർമ്മത്തൊടൊത്തിടും. 30

നിത്യമാർജ്ജവവാൻ ദേവസന്നിധാനത്തിൽ വാണിടും
തനിക്കു ധർമ്മമിച്ഛിപ്പോനെന്നാലാർജ്ജവമേല്ക്കണം. 31

ക്ഷാന്തൻ ദാന്തൻ ജിതക്രോധൻ ധർമ്മഭൂതനഹിംസകൻ
ധർമ്മത്തിൽ നിത്യമാസക്തനവൻ ധർമ്മത്തൊടൊത്തിടും. 32

മടി വിട്ടോൻ ധർമ്മനിഷ്ഠൻ ഭക്തിയാൽ സൽപ്പഥാശ്രയൻ
ചാരിത്രപരമൻ ബുദ്ധൻ ബ്രഹ്മമായിച്ചമഞ്ഞിടും. 33

ഉമ പറഞ്ഞു

ആശ്രമസ്ഥന്മാർക്കും ദേവ, താപസന്മാർ തപോധനർ
എന്തു ചര്യയിനാൽ ദീപ്തിയുള്ളോരായിച്ചമഞ്ഞിടും? 34

രാജാക്കളും രാജപുത്രന്മാർ നിർദ്ധനന്മാർ ധനാഢ്യരും
എന്തു കർമ്മത്തിനാൽ നേടും ഭഗവാനേ, മഹാഫലം? 35

നിത്യം സ്ഥാനമണഞ്ഞിട്ടാ ദിവ്യചന്ദനഭൂഷിതർ
ആകുമെന്തൊരു കർമ്മത്താൽ ദേവ, കാനനവാസികൾ? 36

എനിക്കീസ്സംശയം ദേവ, തപശ്ചര്യാപരം ശുഭം
എല്ലാം നിശ്ശേഷമായ് ചൊല്ലു മുക്കണ്ണ, ത്രിപുരാന്തക! 37

മഹേശ്വരൻ പറഞ്ഞു

അഹിംസർ ദാന്തർ നേർ ചൊൽവോരുപവാസവ്രതങ്ങളാൽ
സിദ്ധർ ഗന്ധർവ്വരൊത്തങ്ങു മോദിച്ചീടുമനാമയർ. 38

മണ്ഡൂകയോഗശയനൻ യഥാന്യായം യഥാവിധി
ദീക്ഷപൂണ്ടോൻ ധർമ്മനിഷ്ഠൻ മോദിക്കും നാഗരൊത്തുതാൻ. 39

മാൻവായ് കൊഴിഞ്ഞ പച്ചപ്പുൽ മാൻകൂട്ടം ചേർന്നു തിന്മവൻ
ദീക്ഷിതൻ യോഗമുകൊണ്ടോനമരാവതി പൂകിടും. 40

ചണ്ടി കീഴ്വീണൊരിലയോ തിന്മോനാ വ്രതമാണ്ടവൻ
ശീതയോഗവഹൻ നിത്യം പരയാം ഗതി നേടിടും. 41

കാററുണ്ടോൻ നീർ കുടിപ്പോനും ഫലമൂലാശിതാനുമേ
അപ്സരസ്സൊത്തു മോദിക്കും യക്ഷൈശ്വര്യമെടുത്തുതാൻ. 42

വേനല്ക്കു വിധിയാംവണ്ണമഗ്നിയോഗം വഹിപ്പ[3]വൻ

1 ആർജ്ജവം = സത്യം; നേർവഴി. 2 ജിഹ്മം = വക്രഗതി. 3 അഗ്നിയോഗം വഹിക്ക = പഞ്ചാഗ്നിമദ്ധ്യത്തിൽ ഇരിക്ക.

പന്തീരാണ്ടതു ചെയ്തീടിൽ മന്നിൽ മന്നവനായ്‌വരും. 43
ആഹാരനിയമം ചെയ്തു പന്തിരണ്ടാണ്ടു മൗനിയായ്
മരുഭ്രസാധനം ചെയ്‌വോൻ മന്നിൽ മന്നവനായ്‌വരും. 44
നിലത്തു ചുററുമേ ശുദ്ധമാകാശം കണ്ടുകൊണ്ടു താൻ
കിടന്നു മുത്തൊടും പന്തീരാണ്ടു ദീക്ഷ കഴിപ്പവൻ 45
ഇടിത്തീയിനു മെയ് നല്കി[1] സ്വർഗ്ഗത്തിൽ സുഖമാണ്ടിടും.
സ്ഥണ്ഡിലത്തിൻ ഫലം ചൊൽവൂ യാനങ്ങൾ ശയനങ്ങളും 46
ഹേ, ഭാമിനി, മഹാർഹങ്ങൾ ചന്ദ്രശുഭ്രഗൃഹങ്ങളും.
ആത്മോപജീവിയായ് നിത്യം നിയതൻ നിയതാശനൻ 47
ഉണ്ണാതെ ദേഹം പോക്കീടിലായവൻ സ്വർഗ്ഗമേററിടും.
ആത്മോപജീവിയായ് പന്തീരാണ്ടു ദീക്ഷ കഴിപ്പവൻ 48
ദേഹമാഴിയിൽ വിട്ടെന്നാൽ വാരുണം ലോകമേററിടും.
ആത്മോപജീവിയായ് പന്തീരാണ്ടു ദീക്ഷ കഴിപ്പവൻ 49
കൽകൊണ്ടു കാലുടച്ചീടിൽ മോദിക്കും ഗുഹ്യകാലയേ.
ആത്മോപജീവിയായ് സിദ്ധൻ നിർദ്വന്ദ്വൻ നിഷ്പരിഗ്രഹൻ 50
ഈ മനോഗതയാം ദീക്ഷ പന്തീരാണ്ടു കഴിപ്പവൻ
സ്വർഗ്ഗലോകം നേടുമങ്ങു വാനോരൊത്തു സുഖിച്ചിടും. 51
ആത്മോപജീവിയായ് പന്തീരാണ്ടു ദീക്ഷ കഴിപ്പവൻ
ഉടലഗ്നിയിൽ ഹോമിച്ചാൽ ബ്രഹ്മലോകത്തു പൂജ്യനാം. 52
യഥാന്യായം ദേവി, ദീക്ഷ പൂണ്ടവൻ നിയതൻ ദ്വിജൻ
ആത്മാവാത്മാവിലാക്കീട്ടു നിർമ്മമൻ ധർമ്മലാലസൻ 53
ഈ മനോഗതയാം ദീക്ഷ പന്തീരാണ്ടു കഴിപ്പവൻ
കഴുത്തിലരണീമന്ഥം കെട്ടിച്ചെൽവോനനാവൃതൻ[2]. 54
വീരാദ്ധ്വഗാമിയെപ്പോഴും വീരാസനമിരിപ്പവൻ
വീരസ്ഥനെപ്പൊഴും വീരഗതി നേടീടുമായവൻ. 55
ശക്രലോകം പുക്കു നിത്യം സർവ്വകാമാഢ്യനാമവൻ
ദിവ്യപുഷ്പങ്ങളണിയെദ്ദിവ്യചന്ദനചർച്ചിതൻ 56
ധർമ്മാത്മാവു സുഖം വാഴും വിണ്ണിൽ വിണ്ണോർകളൊത്തു താൻ.
വീരലോകം പുക്കു വീരൻ വീരയോഗവഹൻ സദാ 57

1 'ദേഹം ചാനശനേ ത്യക്ത്വാ' എന്നാണു മൂലം. ഉപവസിച്ച് ദേഹം ഉപേക്ഷിച്ചാൽ എന്നർത്ഥം. പരിഭാഷകൻ 'ഇടിത്തീ' എന്നു പ്രയോഗിച്ചതു് എങ്ങനെയാണെന്നു മനസ്സിലാകുന്നില്ല. സന്ദർഭത്തിനു് ആ അർത്ഥം ഉചിതമായി തോന്നുന്നുമില്ല.
2 'അഗ്നിയെ വൃക്ഷസ്കന്ധത്തിൽ വിട്ടു നടക്കുന്നവനും ദിഗംബരനും' എന്നാണു് 'നീലകണ്ഠൻ' ഈ വരിയെ വ്യാഖ്യാനിച്ചിട്ടുള്ളതു്. 'അരണീസഹിതം സ്കന്ധേ ബദ്ധ്വാ ഗച്ഛത്യനാവൃതഃ' എന്നു മൂലം. അരണീസഹിതൻ = അഗ്നി. സ്കന്ധം = വൃക്ഷസ്കന്ധം. ബദ്ധ്വാ = ലയിപ്പിച്ചിട്ടു്. എന്നർത്ഥവും. ബ്രാഹ്മണർ സാഗ്നികളാണല്ലോ. ഇവിടെ പറയുന്നതരം ബ്രാഹ്മണരാകട്ടേ, ആ ഗൃഹ്യാഗ്നിയെപ്പോലും ഉപേക്ഷിക്കുന്നവരാണെന്നർത്ഥം.

സത്വസ്ഥൻ സർവ്വവും വിട്ട· ദീക്ഷിതൻ നിയതൻ ശുചി
വീരമാർഗ്ഗം പൂകിലവന്നെന്നും ശാശ്വതലോകമാം. 58
വിമാനം കാമഗം കേറിച്ചരിക്കും സ്വേച്ഛ പോലവൻ
ശ്രീമാൻ ശക്രപുരം പൂക്ക മോദിച്ചീടും നിരാമയൻ. 59

143. ജാത്യുൽഗത്യധോഗതി

ബ്രാഹ്മണാദിവർണ്ണങ്ങളിൽ ജനിച്ചവർ തങ്ങളുടെ കർമ്മഫലമനുസരിച്ച ഭാവിജന്മങ്ങളിൽ മററു വർണ്ണങ്ങളിൽ ജനിച്ചേക്കാമെന്നും. യോനിയല്ല, ആചാരമാണ് പ്രധാനമെന്നും അതുകൊണ്ട് എല്ലാവരും സദാചാരത്തിൽ ശ്രദ്ധിക്കണമെന്നും ശിവൻ പാർവ്വതിയോട്ട പറയുന്നു.

ഉമ പറഞ്ഞു

ഭഗവൻ, ഭഗനേത്രഘ്ന[1], പൂഷദന്തനിപാതന[2]!
ദക്ഷയജ്ഞഹര, ത്ര്യക്ഷ, സംശയം പെരുതൊന്നു മേ. 1
സ്വയംഭൂ ഭഗവാൻ നാലു ജാതി നിർമ്മിച്ചു മുന്നമേ
എന്തു കർമ്മവിപാകത്താൽ വൈശ്യൻ ശൂദ്രത്വമേററിടും? 2
ക്ഷത്രിയൻ വൈശ്യനാമെന്തിൽ വിപ്രൻ ക്ഷത്രിയനായ്വരും?
ദേവേശ, പ്രാതിലോമ്യത്തിൽ ധർമ്മം മാററുന്നതെങ്ങനെ? 3
എന്തു കർമ്മംകൊണ്ട വിപ്രൻ പിറക്കും ശൂദ്രയോനിയിൽ?
ക്ഷത്രിയൻ ശൂദ്രനാമെന്തു കർമ്മംകാരണമായ് വിഭോ? 4
എൻെറയീസ്സംശയം ഭൂതപതേ, ചൊല്ലുനഘാശയ!
സ്വഭാവാലീ മൂന്നു ജാതി ബ്രാഹ്മണ്യം നേടുമെങ്ങനെ? 5

മഹേശ്വരൻ പറഞ്ഞു

ബ്രാഹ്മണ്യം ദേവി, ദുഷ്പ്രാപം സ്വഭാവാൽ ബ്രാഹ്മണൻ ശുഭേ!
സ്വഭാവാലെന്നെൻെറ മതം ക്ഷത്രിയൻ വൈശ്യശൂദ്രരും. 6
ഇഹ സ്ഥാനഭ്രംശമേല്ക്കും ദുഷ്കൃതം ചെയ്കയാൽ ദ്വിജൻ
ജ്യേഷ്ഠജാതി ലഭിച്ചെന്നാൽ കാത്തുകൊണ്ടീടണം ദ്വിജൻ. 7
വിപ്രധർമ്മത്തൊടും നിന്നാ ബ്രാഹ്മണ്യത്തെബ്ഭജിക്കുകിൽ
ക്ഷത്രിയൻ വൈശ്യനും ബ്രഹ്മഭാവം നേടീടുമായവൻ. 8
വിപ്രത്വത്തെക്കൈവെടിഞ്ഞാ ക്ഷാത്രധർമ്മമെടുക്കുകിൽ
ബ്രാഹ്മണ്യഭ്രഷ്ടനായായാൾ പിറക്കും ക്ഷത്രജാതിയിൽ. 9
ബ്രാഹ്മണൻ വൈശ്യകർമ്മത്തെ ലോഭമോഹമിയന്നവൻ
ദുർല്ലഭബ്രാഹ്മണ്യമാണ്ടോനല്പബുദ്ധി നടത്തുകിൽ 10

---

1 ഭഗനേത്രഘ്നൻ=(ദക്ഷയാഗത്തിൽ) ഭഗൻെറ കണ്ണു തകർത്തവൻ. 2 പൂഷദന്ത നിപാതനൻ=പൂഷാവ് എന്ന ദേവൻെറ പല്ലുകൾ അടിച്ചു വീഴ്ത്തിയവൻ. (ദക്ഷ യാഗത്തിൽ തൻ്റെ നേരേ പല്ലുകാട്ടി ചിരിച്ചതുകൊണ്ട്, ശിവൻ പൂഷാവിൻെറ പല്ല് അടിച്ചുവീഴ്ത്തിയതായി പുരാണകഥയുണ്ട്. ഈ കഥകൾ ഇതേ പർവ്വത്തിലെ 'ഈശ്വരപ്രശംസ' എന്ന തലക്കെട്ടിലുള്ള 160-ാമദ്ധ്യായത്തിൽ സംക്ഷേപിച്ചു വിവരിച്ചിട്ടുള്ളതു നോക്കുക.)

ആ ദ്വിജൻ വൈശ്യനായ്ത്തീരും വൈശ്യനും ശൂദ്രനായിടും;
സ്വധമ്മഭ്രഷ്ടനാം വിപ്രൻ ശൂദ്രനായിജ്ജനിച്ചിടും. 11

നരകം പുക്കിവനതിൽ ജാതിഭ്രഷ്ടൻ പുറത്തുപോയ്
ബ്രഹ്മലോകപരിഭ്രഷ്ടൻ ശൂദ്രനായിജ്ജനിച്ചിടും. 12

മഹാഭാഗേ, ക്ഷത്രിയനും വൈശ്യനും ധമ്മചാരിണി!
നിജകമ്മങ്ങളേ വിട്ടു ശൂദ്രകമ്മമെടുക്കുകിൽ 13

സ്വസ്ഥാനഭ്രഷ്ടനായിട്ടു വണ്ണസങ്കരമേററുതാൻ
ബ്രാഹ്മണൻ ക്ഷത്രിയൻ വൈശ്യനമ്മട്ടുള്ളാള ശൂദ്രനാം. 14

സ്വധമ്മത്താൽ ബോധമാണ്ടോൻ ജ്ഞാനവിജ്ഞാനവാൻ ശുചി
ധമ്മജ്ഞൻ ധമ്മനിരതൻ ധമ്മത്തിൻഫലമേല്ക്കുമേ.

ഇതു മറെറാന്നുണ്ടു ദേവി, ബ്രഹ്മാവനരുളംചെയ്തതായ് 16
അദ്ധ്യാത്മം നൈഷ്ഠികം ധമ്മകാമർ സത്തുക്കളം ചെയ്യതും.

ഉഗ്രാന്നം[1] ഗഹിതം ദേവി, ഗണാന്നം[2] ശ്രാദ്ധസൂതകം[3] 17
ദുഷ്ടാന്നമിവയുണ്ണൊല്ലാ ശൂദ്രാന്നമൊരുകാലവും.

ശൂദ്രാന്നം യോഗ്യരാം ദേവന്മാരാൽ ദേവി, വിഗഹിതം[4] 18
പിതാമഹമുഖോൽസൃഷ്ടം പ്രമാണമിതു മന്മതം.

ശൂദ്രാന്നം വയറിൽ ശേഷിച്ചേതു വിപ്രൻ മരിപ്പതോ 19
ആഹിതാഗ്നി പരം യജ്വാവവൻ ശൂദ്രഗതിക്കു പോം.

ശൂദ്രാന്നശേഷമതിനാൽ ബ്രഹ്മസ്ഥാനാൽ നിരാകൃതൻ 20
ബ്രാഹ്മണൻ ശൂദ്രനായ്ത്തീരും വിചാരിക്കേണ്ടതില്ലതിൽ.

ആക്കുള്ളന്നം കുക്ഷിയിൽവെച്ചേതു വിപ്രൻ മരിപ്പതോ 21
ആ ജാതിയിൽപ്പെടും വിപ്രനാക്കുള്ളന്നം ഭുജിപ്പതോ.

ശുഭദുർല്ലഭവിപ്രത്വം നേടീട്ടു നിരസിപ്പവൻ 22
അഭോജ്യാന്നങ്ങളുണ്ണുന്നോൻ ദ്വിജത്വം വിട്ടു വീണുപോം.

ക്ഷുദ്രൻ ദുരാപൻ ബ്രഹ്മഘ്നൻ ചോരൻ ഭഗ്നവ്രതൻ ശുചി[5] 23
സ്വാദ്ധ്യായം വിട്ടവൻ പാപി ലുബ്ധുള്ളോൻ ചതിയൻ ശഠൻ

സോമവിക്രയി[6] കുണ്ഡാശി[7]യവ്രതൻ വൃഷലീപതി 24
നീചസേവിയുമാം വിപ്രൻ ബ്രാഹ്മണ്യം വിട്ടു വീണുപോം.

ഗുരുതല്പി[8] ഗുരുദ്രോഹി ഗുരുനിന്ദകനും ശഠി 25
ബ്രഹ്മവിത്താകിലും വിപ്രൻ ബ്രാഹ്മണ്യം വിട്ടു വീണുപോം.

ശുഭകമ്മങ്ങളിവകളം ദേവി, ചെയ്യുന്നതാകിലോ 26

---

1 ഉഗ്രാന്നം = ക്രൂരന്മാരുടെ ചോറ്. 2 ഗണാന്നം = വളരെപ്പേക്കായി ഒരുക്കി വെച്ചിട്ടുള്ള ആഹാരം. 3 ശ്രാദ്ധസൂതകം = ശ്രാദ്ധത്തിന് ഒരുക്കിയ ആഹാരം. 4 വിഗർഹിതം = നിന്ദിക്കപ്പെട്ടത്. 5 'അശുചി' എന്നാണു മൂലത്തിൽ "ഭഗ്നവ്രതോf ശുചിഃ" അങ്ങനെയാണു വേണ്ടതും. മനുഷ്യനിലുള്ള തിന്മകളെപ്പററി പറയുന്നതാണല്ലോ സന്ദർഭം. 6 സോമവിക്രയി=ലഹരിസാധനങ്ങൾ വില്ക്കുന്നവൻ. 7 കുണ്ഡാശി=പാകംചെയ്ത പാത്രത്തിൽനിന്നുതന്നെ എടുത്തു ഭക്ഷിക്കുന്നവൻ. 8 ഗുരുതല്പി= ഗുരുവിൻെറ ശയ്യയിൽ കിടക്കുന്നവൻ.

ശൂദ്രൻ ബ്രാഹ്മണനായ്ത്തീരും വൈശ്യൻ ക്ഷത്രിയനായ്‌വരും.
മുറവുമേ ശൂദ്രകർമ്മങ്ങൾ യഥാന്യായം യഥാവിധി 27
മേലേ ജാതിയിൽ യത്നിച്ചു ശുശ്രൂഷ പരിചര്യയും
മടങ്ങാതെ ചെയ്യണം ശൂദ്രനെപ്പോഴും സൽപഥോദ്യതൻ. 28
ദേവദ്വിജാതിസൽക്കാരി സർവ്വാതിഥ്യവ്രതാന്വിതൻ
ഋതുകാലത്തു സംഗിപ്പോൻ നിയതൻ നിയതാശനൻ 29
ശുദ്ധൻ ശുദ്ധരെ നോക്കുന്നോൻ ശേഷാന്നത്തെബ്ഭുജിപ്പവൻ
പാഴിൽ മാംസം തിന്നിടാത്ത ശൂദ്രൻ വൈശ്യത്വമാർന്നിടും. 30
ഞാനെന്നോതാതെ നേർചൊൽവോൻ നിർദ്വന്ദ്വൻ സമശീല-
നിത്യം യജിക്കണം യജ്ഞം സ്വാദ്ധ്യായപരമൻ ശുചി. [വാൻ.
ദാന്തൻ ബ്രാഹ്മണസൽക്കാരി സർവ്വജാതിസുഖോദ്യതൻ
ഗൃഹസ്ഥവ്രതമായ് നില്പോൻ രണ്ടുനേരം ഭുജിപ്പവൻ 32
ശേഷമുണ്മോൻ ജിതാഹാരൻ ഞാനെന്നോതാതകാമനായ്
അഗ്നിഹോത്രമുപാസിച്ചു ഹോമിക്കുന്നോൻ യഥാവിധി 33
സർവ്വാതിഥ്യം ചെയ്തിടുന്നോൻ ശേഷാന്നത്തെബ്ഭുജിപ്പവൻ
ത്രേതാഗ്നിമന്ത്രങ്ങളുള്ളോൻ വൈശ്യനും ദ്വിജനാകുമേ; 34
ആ വൈശ്യൻ ശുചിയാം ക്ഷത്രവംശത്തിങ്കൽ പിറന്നിടും.
വൈശ്യൻ ക്ഷത്രിയനായ്ത്തീർന്നോൻ ജന്മം തൊട്ടങ്ങു സംസ്കൃതൻ
ഉപനീതൻ വ്രതപരൻ സൽക്കൃതൻ ദ്വിജനായിടും.
ദാനം ചെയ്തു സമൃദ്ധാഢ്യദക്ഷിണാപ്തമഖങ്ങളും 36
ഓത്തും ചൊല്ലി സ്വർഗ്ഗകാംക്ഷി ത്രേതാഗ്ന്യാശ്രയനെപ്പൊഴും
ആർത്തർക്കെന്നും കൈ കൊടുപ്പോൻ ധർമ്മത്താൽ പ്രജ കാപ്പവൻ
സത്യൻ സത്യങ്ങൾ ചെയ്യുന്നോൻ നിത്യവും ശുഭദർശനൻ
ധർമ്മദണ്ഡാലനിർദ്ദണ്ഡൻ ധർമ്മകാര്യം നടത്തുവോൻ 38
കാര്യകൃത്യക്കെട്ടു പെട്ടോൻ ഷൾഭാഗം കൊണ്ടിടുന്നവൻ
ഗ്രാമ്യധർമ്മം* സേവിയാത്തോൻ സ്വച്ഛന്ദേനാർത്ഥകോവിദൻ 39
ധർമ്മാത്മാവൃതുകാലത്തിൽ പത്നിയായ്ച്ചേരുവോൻ സദാ
നിത്യോപവാസി നിയതൻ സ്വാദ്ധ്യായനിരതൻ ശുചി 40
പുറത്താൾമറവാമഗ്നിഗേഹത്തെന്നും ശയിപ്പവൻ
സർവ്വാതിഥ്യം ത്രിവർഗ്ഗത്തിന്നെന്നും ചെയ്വോൻ തെളിഞ്ഞവൻ 41
ചോറിച്ഛിക്കും ശൂദ്രർകൾക്കുമെന്നുമുണ്ടെന്നു ചൊൽവവൻ
അർത്ഥകാമങ്ങൾവഴിയായൊന്നും കാണാതെയുള്ളവൻ 42
പിതൃദേവാതിഥിപരമൊരുക്കം ചെയ്തിടുന്നവൻ
സ്വഗൃഹത്തിൽ യഥാന്യായം ഭൈക്ഷ്യവൃത്തി നടത്തുവോൻ 43
അഗ്നിഹോത്രം മൂന്നു നേരം ഹോമിക്കുന്നോൻ യഥാവിധി
ഗോബ്രാഹ്മണഹിതത്തിന്നായ് പോരിൽ നേരിട്ടു ചാകുവോൻ

---

* ഗ്രാമ്യധർമ്മം = സ്ത്രീസംഗം.

ത്രേതാഗ്നിമന്ത്രപൂതാത്മാവങ്ങേറി ദ്വിജനായിടും.
ജ്ഞാനവിജ്ഞാനസമ്പന്നൻ സംസ്കൃതൻ വേദപാരഗൻ 45
ധർമ്മാത്മാവാത്മകർമ്മത്താൽ ക്ഷത്രിയൻ വിപ്രനായിടും.
എന്നീക്കർമ്മഫലാൽ ദേവി, താഴ്ന്നജാതിജനാകിലും 46
ശൂദ്രനും ശാസ്ത്രമുടയ സംസ്കൃതദ്വിജനായിടും.
ദുർവൃത്തനാം ബ്രാഹ്മണനും സർവ്വസങ്കരഭക്ഷണൻ 47
ബ്രാഹ്മണ്യത്തെക്കളഞ്ഞിട്ടങ്ങമ്മട്ടിൽ ശൂദ്രനാകുമേ.
ശുചികർമ്മങ്ങളാൽ ദേവി, ശുദ്ധാത്മാവു ജിതേന്ദ്രിയൻ 48
ശൂദ്രനും വിപ്രനെപ്പോലെ സേവ്യനെന്നോതി പത്മജൻ.
ശൂദ്രരാകിലുമാർക്കുണ്ടോ സ്വഭാവം ശുഭകർമ്മവും 49
അവൻ ദ്വിജനിലും മേലെയെന്നു കാണ്കെന്നു മന്മതം.
ജന്മമല്ലല്ല സംസ്കാരമറിവല്ലല്ല സന്തതി 50
ദ്വിജത്വത്തിൻ കാരണങ്ങൾ കാരണം വൃത്തിയൊന്നു താൻ.
ലോകത്തെല്ലാം ബ്രാഹ്മണനായ് വൃത്തികൊണ്ടു വിധിപ്പതാം
വൃത്തിക്കു നിന്നിടും ശൂദ്രൻപോലും ബ്രാഹ്മണ്യമേററിടും.
ബ്രാഹ്മ്യം സ്വഭാവം സുശ്രോണി, സർവ്വത്തിൽ സമമെന്മതം 52
നിർഗ്ഗുണം നിർമ്മലം ബ്രഹ്മമെങ്ങു നില്പതവൻ ദ്വിജൻ.
ദേവീ, സ്ഥാനവിഭാഗം കാണിച്ചീ യോനിഫലങ്ങളെ 53
പ്രജാസർഗ്ഗത്തിൽ വരദൻ സ്വയം ബ്രഹ്മാവു ചൊല്ലിനാൻ.
ലോകത്തിൽ ബ്രാഹ്മണൻ കാലാൽ നടക്കും വയലാണെടോ 54
അതിൽ വിത്തു വിതച്ചീടിൽ പരത്തിൽ കൃഷി ഭാമിനി!
വിഘസാശിയുമാകേണം സൽപഥാലംബിയാകണം 55
ശ്രുതിക്കിച്ഛിപ്പവൻ ബ്രാഹ്മമാർഗ്ഗം കയറി നില്ക്കണം.
സംഹിതാദ്ധ്യായി*യാകേണം ഗൃഹസ്ഥൻ ഗൃഹമായതിൽ 56
നിത്യം സ്വാദ്ധ്യായിയാകേണമോത്തു ജീവനമാകൊലാ.
ഇമ്മട്ടെഴും വിപ്രനത്രേ നിത്യവും സൽപഥസ്ഥിതൻ 57
ഓത്തു ചൊല്ലുന്നാഹിതാഗ്നി ബ്രഹ്മമായിച്ചമഞ്ഞിടും.
ബ്രാഹ്മണ്യം നേടിയാൽ ദേവി, യതാത്മാവതു കാക്കണം 58
ജാതിപ്രതിഗ്രഹാദാനകർമ്മംവഴി ശുചിസ്മിതേ!
നിന്നോടീഗ്ഗുഹ്യവും ചൊന്നേൻ ശൂദ്രനും ദ്വിജനാംവിധം
ധർമ്മച്യുതൻ ബ്രാഹ്മണനും ശൂദ്രനാകുംപ്രകാരവും. 59

* സംഹിതാദ്ധ്യായി = വേദസംഹിതകൾ പഠിക്കുന്നവൻ.

144. കർമ്മവിപാകകഥനം

ബന്ധനം, ബന്ധനവിമുക്തി, സ്വർഗ്ഗം, നരകം, ദീർഘായുസ്സ്, അല്പായുസ്സ് മുതലായവയ്ക്ക് മനോവാക്കായങ്ങളെക്കൊണ്ടു ചെയ്യുന്ന കർമ്മങ്ങൾ തന്നെയാണു നിദാനമെന്നും ഹിംസ വലിയ പാപമാണെന്നും ശിവൻ പാർവ്വതിയോടു പറയുന്നു.

ഉമ പറഞ്ഞു

ഭഗവൻ, സർവ്വഭൂതേശ, ദേവാസുരർതൊഴും വിഭോ!
നരർക്കു ധർമ്മാധർമ്മങ്ങൾ ചൊല്ലെനിക്കുണ്ടു സംശയം. 1

മനോവാക്കായകർമ്മങ്ങൾവഴി മൂന്നുവിധം നരൻ
ബന്ധമേല്ക്കുന്ന പാശങ്ങൾ വിട്ടൊഴിക്കുന്നു വീണ്ടുമേ. 2

എന്തു ശീലത്തിനാലെന്തു വൃത്തത്താൽ ക്രിയയെന്തിനാൽ
സ്വർഗ്ഗം നേടും മർത്ത്യരെന്തു സദാചാരഗുണങ്ങളാൽ? 3

മഹേശ്വരൻ പറഞ്ഞു

ദേവി, ധർമ്മാർത്ഥതത്ത്വജ്ഞേ, ധർമ്മനിത്യേ, ദമപ്രിയേ!
സർവ്വപ്രാണിഹിതം ചോദ്യം കേട്ടാലും ബുദ്ധിവർദ്ധനം. 4

സത്യധർമ്മസ്ഥർ സത്തുക്കൾ സർവ്വലിംഗങ്ങൾ* വിട്ടവർ
ധർമ്മലബ്ധാർത്ഥഭോക്താക്കൾ വിണ്ണിലെത്തീടുമാ നരർ. 5

അധർമ്മം ധർമ്മമിവയാൽ ബന്ധിയാ ശങ്ക തീർന്നവർ
പ്രളയോൽപത്തിതത്ത്വജ്ഞർ സർവ്വജ്ഞർ സമദർശികൾ 6

പുരുഷന്മാർ വീതരാഗർ കർമ്മബന്ധവിമുക്തരാം
മനോവാക്കായകർമ്മങ്ങൾകൊണ്ടൊന്നും ഹിംസിയാത്തവർ. 7

ഒന്നിലും സക്തിയില്ലാത്തോർ കർമ്മത്താൽ ബദ്ധരാകാത്തോരാ
പ്രാണാതിപാതം തീർന്നുള്ളോർ ശീലവാന്മാർ ദയാന്വിതർ. 8

ദാന്തർ തുല്യപ്രിയദ്വേഷ്യർ കർമ്മബന്ധവിമുക്തരാം
സർവ്വഭൂതദയാവാന്മാർ സർവ്വവിശ്വാസ്യരാമവർ. 9

ഹിംസാചാരം വിട്ടെഴുന്നോർ വിണ്ണിലെത്തീടുമാ നരർ.
നിർമ്മമന്മാർ പരസ്വത്തിൽ പരഭാര്യാവിവർജ്ജകർ 10

ധർമ്മലബ്ധാന്നഭോക്താക്കൾ വിണ്ണിലെത്തീടുമാ നരർ.
അമ്മമട്ടിൽ പെങ്ങൾമട്ടിൽ നിത്യം തന്മകൾമട്ടിലും 11

പരസ്ത്രീകളിൽ നില്ക്കുന്നോർ വിണ്ണിലെത്തീടുമാ നരർ.
ചൗര്യം വിട്ടോർ നിത്യമാത്മവിത്തത്താൽ തൃപ്തികൊൾവവർ

സ്വഭാഗ്യമുപജീവിപ്പോർ വിണ്ണിലെത്തീടുമാ നരർ.
സ്വഭാര്യാതല്പരരൃതുകാലത്തിൽ സംഗമേല്പവർ 13

അഗ്രാമ്യസുഖഭോക്താക്കൾ വിണ്ണിലെത്തീടുമാ നരർ.
ചാരിത്രത്താൽ പരസ്ത്രീയിൽ നിത്യം കൺ പിൻവലിപ്പവർ 14

---

* സർവ്വലിംഗങ്ങൾ = എല്ലാ തരത്തിലുമുള്ള ജാതിചിഹ്നങ്ങൾ.

യതേന്ദ്രിയർ സുശീലന്മാർ വിണ്ണിലെത്തീടുമാ നരർ.
ഈദ്ദേവകൃതമാം മാർഗ്ഗം നിത്യം സേവിക്കണം നരൻ. 15
കലക്കമററുള്ള മാർഗ്ഗം നിത്യം സേവിക്കണം ബുധർ.
ദാനധർമ്മതപോയുക്തൻ ശീലശൗചദയാമയൻ 16
വൃത്തിക്കും ധർമ്മസിദ്ധിക്കും ബുധരാൽ സേവ്യനെപ്പൊഴും;
സേവ്യനല്ലാ സ്വർഗ്ഗമിച്ഛിപ്പോരാലീമട്ടു വിട്ടവർ. 17

ഉമ പറഞ്ഞു

എന്തു വാക്കാൽ ബദ്ധനാകും മുക്തനാം പിന്നെയെന്തിനാൽ?
ചൊല്ലാക്കർമ്മങ്ങൾ ഭൂതേശ, ദേവദേവാനഘാശയ! 18

മഹേശ്വരൻ പറഞ്ഞു

തനിക്കായ് പരനായിട്ടും നേരമ്പോക്കിന്നു വേണ്ടിയും
ഭോഷ്കു ചൊല്ലാത്തതെവരോ വിണ്ണിലെത്തീടുമാ നരർ. 19
വൃത്തിക്കും ധർമ്മസിദ്ധിക്കും കാമകാരത്തിനായിയും
ഭോഷ്കു ചൊല്ലാത്തതെവരോ വിണ്ണിലെത്തീടുമാ നരർ. 20
ശ്ലക്ഷ്ണവാക്കു നിരാബാധം മധുരം പാപമെന്നിയേ
സ്വാഗതത്തോടോതുമെവർ വിണ്ണിലെത്തീടുമാ നരർ. 21
പരുഷം ചൊല്ലിടാത്തോർകൾ കടു നിഷ്ഠുരവും ശരി
സത്തരേഷണികൂട്ടാത്തോർ വിണ്ണിലെത്തീടുമാ നരർ. 22
മിത്രഭേദം ചെയ്തിടുമേഷണിവാക്കോതിടാത്തവർ
ഇണക്കും നേരു ചൊല്ലുന്നോർ വിണ്ണിലെത്തീടുമാ നരർ. 23
പരദ്രോഹം പരുഷമേ വിട്ടു മാനവരേവരോ
സമർ സർവ്വരിലും ദാന്തർ വിണ്ണിലെത്തീടുമാ നരർ. 24
ശംപ്രലാപം കൂടാത്തോർ വിരുദ്ധം വിട്ടൊഴിച്ചവർ
എന്നും സൗമ്യം ചൊല്ലിടുന്നോർ വിണ്ണിലെത്തീടുമാ നരർ. 25
ചൊടിച്ചു ഹൃത്തു പിളരും വാക്കു ചൊല്ലാതെയുള്ളവർ
കോപിച്ചും സാന്ത്വമോതുന്നോർ വിണ്ണിലെത്തീടുമാ നരർ. 26
ദേവി, വാണീധർമ്മമിതു സേവിക്ക നരരെപ്പൊഴും
ശുഭം സത്യഗുണം നിത്യം പൊളി വർജ്ജിക്കണം ബുധർ. 27

ഉമ പറഞ്ഞു

മനസ്സാലെന്തു കർമ്മത്താൽ പുരുഷൻ ബദ്ധനാം സദാ?
അതു ചൊല്ലു മഹാഭാഗ, പിനാകിൻ, ദേവദേവ, നീ. 28

മഹേശ്വരൻ പറഞ്ഞു

ഇങ്ങു മാനസധർമ്മത്തോടൊക്കും പുരുഷനെപ്പൊഴും
കല്യാണി, സ്വർഗ്ഗമെത്തുന്നു ഞാൻ ചൊല്ലുവതു കേൾക്ക നീ. 29
ദുർമ്മാർഗ്ഗം പെട്ടൊരുള്ളാലേ ദുർമ്മാർഗ്ഗിനിലയാസ്ഥരും
മനസ്സെന്താൽ ബദ്ധമാകുമതു കേൾക്ക ശുഭാനനേ! 30
വിജനക്കാട്ടിലന്യന്റെ മുതലുള്ളതു കാങ്കിലും
മനസ്സാലും ഹിംസിയാത്തോർ വിണ്ണിലെത്തീടുമാ നരർ. 31

ഗ്രാമത്തിങ്കൽ ഗൃഹത്തിങ്കൽ പരസ്വം വിജനസ്ഥിതം
നിത്യം കൊണ്ടാടിടാതുള്ളോർ വിണ്ണിലെത്തീടുമാ നരർ. 32
രഹസ്സിങ്കൽ കാമവൃത്ത*പരദാരങ്ങളേയുമേ
മനസ്സാലും ബാധിയാത്തോർ വിണ്ണിലെത്തീടുമാ നരർ. 33
മിത്രത്തേയും ശത്രുവേയും തുല്യമാനസരേവരോ
മൈത്രൻ ചേൎന്ന ഭജിക്കുന്നു വിണ്ണിലെത്തീടുമാ നരർ. 34
ശ്രുതവാന്മാർ ദയാവാന്മാർ ശുചിമാർ സത്യസംഗരർ
സ്വസ്വത്തിനാൽ തൃപ്തികൊാംവോർ വിണ്ണിലെത്തീടുമാ നരർ.
അവൈരന്മാരനായാസർ മൈത്രീചിത്തർ സദാപ്പൊഴും
സൎവ്വഭൂതദയാവാന്മാർ വിണ്ണിലെത്തീടുമാ നരർ. 36
ശ്രദ്ധയുള്ളോർ ദയാവാന്മാർ ശുദ്ധർ ശുദ്ധജനപ്രിയർ
ധമ്മാധമ്മജ്ഞരെപ്പോഴും വിണ്ണിലെത്തീടുമാ നരർ. 37
ശുഭാശുഭക്രിയകാംതൻ ഫലസഞ്ചയമായതിൽ
വിപാകജ്ഞന്മാർകാം ദേവി, വിണ്ണിലെത്തീടുമാ നരർ. 38
ന്യായം പൂണ്ടോർ ഗുണം പൂണ്ടോർ നിത്യം ദേവദ്വിജപ്രിയർ
ഉത്സാഹം പൂണ്ടിരിക്കുന്നോർ വിണ്ണിലെത്തീടുമാ നരർ. 39
ശുഭാശുഭഫലംകൊണ്ടു വിണ്ണിലെത്തുന്ന യോഗ്യരെ
ദേവി,ഞാൻ ചൊല്ലിനേനെന്നാലിനിക്കേംക്കേണ്ടതെന്തുവാൻ?

ഉമ പറഞ്ഞു

എനിക്കു മത്ത്യരെപ്പററി മഹാശങ്ക മഹേശ്വര!
അതുകൊണ്ടു വെടിപ്പായിത്തത്ത്വത്തെ വിവരിക്ക നീ. 41
എന്തു കമ്മത്തിനാൽ ദീഘായുസ്സേല്ക്കും പുരുഷൻ പ്രഭോ!
മഹായുസ്സെന്തൊരു തപസ്സാലും ദേവേശ, നേടിടും? 42
ക്ഷീണായുസ്സാമെന്തു കമ്മംകൊണ്ടു മാനുഷനൂഴിയിൽ?
ചൊല്ലു കമ്മങ്ങളുടയ വിപാകം മാന്യ, ദേവ, നീ. 43
ചിലപേർകാം മഹാഭാഗ്യർ മററുപേർ മന്ദഭാഗ്യരാം
അകുലീനന്മാർകാം ചിലർ വേറേ ചിലർ കുലീനരാം. 44
ചിലർ ദുദ്ദശരായ് നില്പൂ നരന്മാർ മുട്ടി പോലവേ
പ്രിയദശനരാമന്യർ കാഴ്ചയിൽത്തന്നെ മാനവർ. 45
ചിലർ ദുഷ്പ്രജ്ഞരായുണ്ടു ചിലർ പണ്ഡിതരായിയും
വേറേ ചിലർ മഹാപ്രാജ്ഞർ ജ്ഞാനവിജ്ഞാനമൊത്തവർ. 46
അല്പരോഗക്കാർകാം ചിലർ മഹാരോഗികാം മററുപേർ
കാണാകുന്നു ദേവ, നരരതൊന്നു വിവരിക്കണേ. 47

മഹേശ്വരൻ പറഞ്ഞു

ഹന്ത നിന്നോടു പറയാം ദേവി, കമ്മഫലോദയം
മത്ത്യലോകേ നിജഫലം മത്ത്യനേവനുമേല്പതേ. 48

---

* കാമവൃത്തർ = തന്നിഷ്ടംപോലെ നടക്കുന്നവർ.

രൗദ്രൻ പ്രാണാതിപാത[1]ത്തിൽ ദണ്ഡഹസ്തോദ്യതൻ[2] സദാ
നിത്യമുദ്യതശസ്ത്രൻതാൻ കൊൽവു ജീവികളേ നരൻ. 49
നിർദ്ദയൻ സർവ്വജീവിക്കുമെന്നുമുദ്വേഗകാരകൻ
എറുമ്പു പുഴുകൾക്കുംതാനശരണ്യൻ സുനിർഘൃണൻ 50
ഇമ്മട്ടുള്ള നരൻ ദേവി, നിരയത്തിങ്കലെത്തിടും;
വിപരീതൻ ധർമ്മബുദ്ധി രൂപവാനായ് ജനിച്ചിടും. 51
പാപകർമ്മത്തിനാൽ ദേവി, ബദ്ധൻ ഹിംസാപരൻ നരൻ
അപ്രിയൻ സർവ്വജീവിക്കുമല്പായുസ്സായ് പിറന്നിടും. 52
ഹിംസകൻ നിരയം പൂകും സ്വർഗ്ഗമെത്തുമഹിംസകൻ
നിരയത്തിൽ കഷ്ടമേല്ക്കും രൗദ്രയാതനനാ നരൻ. 53
ഒരാളാ നിരയം വിട്ടിട്ടൊരിക്കൽക്കേറിയെങ്കിലോ
മനുഷ്യനായ് വരാമെന്നിട്ടല്പായുസ്സായ് പിറന്നിടും. 54
പാപകർമ്മത്തിനാൽ ദേവി, ബദ്ധൻ ഹിംസാപരൻ നരൻ
അപ്രിയൻ സർവ്വജീവിക്കുമല്പായുസ്സായ് പിറന്നിടും. 55
ശുക്ലാഭിജാത്യനായോ[3]നോ പ്രാണിഹിംസയൊഴിപ്പവൻ
ശസ്ത്രം വെച്ചോൻ ദണ്ഡിയാത്തോൻ ഹിംസ ചെയ്യൊല്ലൊരിക്ക-
കൊല്ലിക്കില്ലാ കൊല്ലുകില്ലാ കൊൽവതിൽ സമ്മതിച്ചിടാ [ല്ലും
തങ്കലെന്നോണമന്യങ്കൽ സ്നേഹിപ്പോൻ സർവ്വജീവിയിൽ 57
ഇമ്മട്ടുൽകൃഷ്ടപുരുഷൻ ദേവ, ദേവതവമേല്ലുമേ;
ഒക്കുന്ന സുഖഭോഗങ്ങൾ മോദമോടു ഭുജിക്കുമേ. 58
പിന്നെ മാനുഷലോകത്തിലൊരുകാലം പിറക്കുകിൽ
ദീർഘായുസ്സായ്ത്തീർന്നവിടെസ്സുഖം വാച്ചീടുമാ നരൻ. 59
സുവൃത്തസൽക്കർമ്മി ദീർഘായുസ്സുകൾക്കുള്ളൊരീ വഴി
പ്രാണിഹിംസാവിമോക്ഷത്താൽ ബ്രഹ്മാവങ്ങരുൾചെയ്തതാം. 60

145. കർമ്മവിവരണം

സ്വർഗ്ഗസുഖത്തിനും നരകദുഃഖത്തിനും ഉത്തമാധമകുലങ്ങളിലുള്ള ജനനത്തിനും ഹേതുഭൂതങ്ങളായ പലതരം കർമ്മങ്ങളെപ്പററിയുള്ള ഉമാമഹേശ്വര സംവാദം.

ഉമ പറഞ്ഞു

ശീലമെന്തെന്തൊരാചാരം ചേരുമാക്കർമ്മമെന്തിനാൽ?
സ്വർഗ്ഗമെത്തീടുമങ്ങേതു സമ്പ്രദായത്തിനാലുമേ? 1

---

1 പ്രാണാതിപാതം = ജന്തുവധം. 2 ദണ്ഡഹസ്തോദ്യതൻ = കൊല്ലാനുള്ള ദണ്ഡം കൈയിലെടുത്തു് ഒരുങ്ങിയവൻ. 3 ശുക്ലാഭിജാത്യനായോൻ = നല്ല ജാതിയിൽ ജനിച്ചവൻ.

മഹേശ്വരൻ പറഞ്ഞു

ദാതാവു വിപ്രസൽക്കാരി ദീനാർത്തകൃപണാദ്യരിൽ
ഭക്ഷ്യഭോജ്യാന്നപാനങ്ങൾ വസ്ത്രവും നല്കിടുന്നവൻ 2
ഇരിപ്പിടം സഭ കിണർ തണ്ണീർപ്പന്തൽ കുളങ്ങളും
നിത്യം വേണ്ടവയൊക്കേയുമിച്ഛിക്കുംപോലെയങ്ങനെ. 3
ആസനം ശയനം യാനം ഗൃഹം രത്നം ധനം പരം
മുററും സസ്യങ്ങൾ പൈക്കൂട്ടം ക്ഷേത്രം സ്ത്രീജനമെന്നിവ 4
തെളിഞ്ഞോരുള്ളോടും നിത്യം കൊടുപ്പോനേതു മാനവൻ
ഇമ്മട്ടുള്ള നരൻ ദേവി, ദേവലോകത്തിലായ്വരും. 5
ഒട്ടേറെ നാളങ്ങു വാണു മുഖ്യഭോഗങ്ങളേററുമേ
അപ്സരസ്ത്രീയൊത്തു നന്ദ്യാ രമിക്കും നന്ദനാദിയിൽ. 6
ആ സ്വർഗ്ഗലോകം വിട്ടിട്ടു പിറക്കും മർത്ത്യജാതിയിൽ
ധനധാന്യാന്വിതൻ ദേവി, മഹാഭോഗകുലത്തിലായ്. 7
അഞ്ചു കാമഗുണം മുററുമൊത്തു മോദമിയന്നവൻ
മഹാഭാഗൻ മഹാകോശൻ ധനിയായമരും നരൻ. 8
ഇവർ ദേവി, മഹാഭാഗർ ദാനം ശീലിച്ച ജീവികൾ
സർവ്വപ്രിയാലോകരാമെന്നന്നാ ബ്രഹ്മാവു ചൊല്ലിനാൻ. 9
മററു മാനുഷരോ ദേവി, ദാനേ ലോഭാൽ ദ്വിജാതികൾ
യാചിച്ചാലും കൊടുക്കുന്നില്ലുണ്ടായിട്ടുമബുദ്ധികൾ. 10
കണ്ടു ദീനാന്ധകൃപണഭിക്ഷുകാതിഥിമാർകളെ
ഇരക്കുമ്പോൾ പിന്തിരിപ്പു ജിഹ്വാലോഭമിയന്നവർ.* 11
ധനങ്ങൾ വസ്ത്രങ്ങൾ ഭോഗഭേദം കാഞ്ചനമങ്ങനെ
ഗോക്കളന്നവികാരങ്ങളൊന്നും നല്കില്ലൊരിക്കലും. 12
പ്രവർത്തിക്കാത്ത ലുബ്ധന്മാർ ദാനം ചെയ്യാത്ത നാസ്തികർ
ഇമ്മട്ടാം മർത്ത്യരോ ദേവി, നരകംപോമബുദ്ധികൾ. 13
അവർ പിന്നെക്കാലമാററംകൊണ്ടു മാനുഷരാവുകിൽ
ധനമില്ലാത്ത വംശത്തിൽ പിറക്കും സ്വല്പബുദ്ധികൾ. 14
പൈദാഹം പൂണ്ടെഴുന്നെല്ലാവരും തള്ളിവിടുന്നവർ
സർവ്വഭോഗാശ കെട്ടേവം ജീവിപ്പു പാപവൃത്തിയിൽ. 15
സ്വല്പഭോഗകുലോൽപ്പന്നരല്പഭോഗമെഴും നരർ
ഈക്കർമ്മത്താൽ ദേവി, നരർ നിർദ്ധനന്മാർകളാകുമേ. 16
മററുപേർ നിത്യവും സ്തബ്ധർ ധനത്താൽ നരർ മാനികൾ
ആസനാർഹന്നു പീഠത്തെ നല്കില്ലാരല്പചേതനർ, 17
മാർഗ്ഗാർഹന്നങ്ങു മാർഗ്ഗത്തെ നല്കില്ലാരല്പബുദ്ധികൾ
പാദ്യാർഹന്നങ്ങു പാദ്യത്തെ നല്കില്ലാരല്പബുദ്ധികൾ 18

* ജിഹ്വാലോഭമിയന്നവർ=സ്വന്തം നാവിന്റെ ദുരയെപ്പററി മാത്രം ചിന്തിക്കുന്നവർ.

അർഘ്യാഹ്രെസ്സൽക്കരിച്ചു പൂജിക്കില്ലാർ യഥാവിധി
അർഘ്യമാചമനീയംതാൻ നല്കില്ലാരല്പബുദ്ധികൾ 19
ഗുരു വന്നാൽ പ്രേമമോടും ഗുരുമട്ടാചരിച്ചിടാ
അഭിമാനംകൊണ്ടുയർന്നു ലോഭത്തോടൊത്തിരിപ്പവർ 20
മാന്യരെദ്ധിക്കരിക്കുന്നോ നിന്ദിച്ചീടുന്നു വൃദ്ധരെ;
ഇമ്മട്ടുകാർ ദേവി, നരർ മുററും നരകമെത്തുമേ. 21
ആ നരന്മാരാ നരകം വിട്ടു കേറുന്നതാകിലോ
ഏറെയാണ്ടിന്നുമേൽ നീചകുലത്തിങ്കൽപ്പിറന്നിടും. 22
പറയൻ പുല്ക്കസൻതൊട്ടു കുത്സിതാബുദ്ധിമാരുടെ
കുലങ്ങളിൽ പിറന്നീടും ഗുരുവൃദ്ധാവമാനികൾ. 23
അസ്തബ്ധൻ ഗർവ്വുകൂടാത്തോൻ ദേവബ്രാഹ്മണപൂജകൻ
ലോകപൂജ്യൻ വണങ്ങുന്നോൻ മധുരച്ചൊല്ലു ചൊൽവവൻ 24
സർവ്വജാതിപ്രിയകരൻ സർവ്വഭൂതഹിതൻ സദാ
അദ്വേഷി സുമുഖൻ ശ്ലക്ഷ്ണനെന്നും നന്മൊഴി നല്കുവോൻ 25
സ്വാഗതം ചെയ്യുവൻ സർവ്വജീവിഹിംസയൊഴിപ്പവൻ
യഥാർഹം സൽക്രിയയൊടും പൂജിച്ചുംകൊണ്ടു നില്പവൻ 26
മാർഗ്ഗാർഹന്നായ് മാർഗ്ഗദായി ഗുരുവിൽ ഗുരുപൂജകൻ
അതിഥിസ്വീകാരപരൻ വന്നോരെപ്പൂജചെയ്യുവൻ 27
ഇമ്മട്ടുള്ള നരൻ ദേവി, സ്വർഗ്ഗത്തിങ്കൽ ഗമിച്ചിടും;
പിന്നെ മാനുഷനായ് ശ്രേഷ്ഠവംശത്തിങ്കൽപ്പിറന്നിടും. 28
അവിടെബ്ഭൂരിഭോഗാഢ്യസർവ്വരത്നസമന്വിതൻ
യഥാർഹമർഹർക്കേകുന്നോൻ ധർമ്മം ചെയ്യുവനാസ്ഥരും. 29
സമ്മതൻ സർവ്വജീവിക്കും സർവ്വരും കുമ്പിടുന്നവൻ
സ്വകർമ്മത്തിൻ ഫലം നേടും സ്വയമേ നരനെപ്പൊഴും 30
ഉൽകൃഷ്ടകുലജാതീയനുയർന്നുള്ളാഭിജാത്യവാൻ;
ഇതാ സ്വയം വിധാതാവു ചൊന്ന ധർമ്മം പറഞ്ഞു ഞാൻ. 31
രൗദ്രപ്രവൃത്തി ചെയ്യുന്നോൻ സർവ്വസത്വഭയങ്കരൻ
കൈകാൽകളാലും കയറിനാലും ദണ്ഡത്തിനാലുമേ 32
മങ്കട്ട ത്തൂണായുധങ്ങളാലുമേ ജന്തുബാധകൻ
ഹിംസ്സ്യായ് ചതി ചെയ്യുന്നോൻ പാരമുദ്വേഗമേകുവോൻ 33
ജന്തുക്കളെച്ചവിട്ടുന്നോനെന്നുമുദ്വേഗമേകുവോൻ
ഇമ്മട്ടു ശീലമുടയോൻ നരകത്തിൽ പതിച്ചിടും. 34
ആയവൻ കാലമാററത്താൽ മർത്ത്യനായിപ്പിറന്നിടും
പല രോഗമെഴും നീചവംശത്തിങ്കൽപ്പിറന്നിടും. 35
താൻ ചെയ്ത ദുഷ്കർമ്മഫലാൽ ലോകദ്വേഷ്യൻ നരാധമൻ
ജ്ഞാതിബന്ധുക്കളിൽബ്ബോദ്ധ്യനിവൻ ദേവി, മനുഷ്യരിൽ. 36
മററൊരുത്തൻ സർവ്വജീവികളെക്കാണും കനിഞ്ഞു താൻ

മൈത്രദൃക്കായ് പിതൃസമൻ നിർവ്വൈരൻ നിയതേന്ദ്രിയൻ. 37
പേടിപ്പിക്കാ ജീവികളെ ഹനിച്ചീടുകയില്ല താൻ
അടക്കും കൈകാൽകളാലേ വിശ്വാസ്യൻ സർവ്വജീവിയിൽ. 38
കയർ ദണ്ഡും പിന്നെ മണ്ണാങ്കട്ട ശസ്ത്രമിവററിനാൽ
ഭൂതോദ്വേഗം ചെയ്യയില്ലാ ശ്ലക്ഷ്ണകാരി ദയാപരൻ. 39
എന്നീശ്ശീലാചാരമുള്ളോൻ സ്വർഗ്ഗലോകത്തിലാസ്സരും
അവിടെദ്ദിവ്യഗേഹത്തിൽ മോദാൽ വാഴും സുരോപമൻ. 40
അവൻ കർമ്മക്ഷയംകൊണ്ടു മർത്ത്യനായിപ്പിറക്കുകിൽ
അല്പബാധൻ നിരാതങ്കനായി വാഴ്കും സുഖത്തോടും 41
സുഖമേല്ലോൻ നിരായാസൻ നിരുദ്വേഗൻ സദാ നരൻ;
ഇതു സന്മാർഗ്ഗമാം ദേവി, ബാധയില്ലിതിലൊട്ടുമേ. 42

ഉമ പറഞ്ഞു

കാണപ്പെടുന്നുണ്ടു മർത്ത്യരൂഹാപോഹവിദഗ്ദ്ധരായ്
ജ്ഞാനവിജ്ഞാനമുടയോർ പ്രാജ്ഞന്മാരർത്ഥകോവിദർ 43
ദുഷ്പ്രജ്ഞർ വേറെയും ദേവ, ജ്ഞാനവിജ്ഞാനവർജ്ജിതർ
എന്തു കർമ്മവിശേഷത്താൽ പ്രജ്ഞാവാനായിടും പുമാൻ? 44
വിരൂപാക്ഷ, നരൻ സ്വല്പപ്രജ്ഞനായ്ത്തീരുമെങ്ങനെ?
എനിക്കീസ്സംശയം തീർക്ക സർവ്വധർമ്മജ്ഞസത്തമ! 45
ജാത്യന്ധരാം ദേവ, ചിലർ രോഗാർത്തന്മാരുമാം ചിലർ
ക്ലീബരായും കാണ്മു, നരർ കാരണം ചൊല്ലുതിന്നു നീ. 46

മഹേശ്വരൻ പറഞ്ഞു

സിദ്ധരായ് ധർമ്മമറിയും വേദജ്ഞദ്വിജരോടുതാൻ
നാളുതോറും കുശലം ചോദിച്ചീടും കുശലരായവർ 47
അശുഭക്രിയ വിട്ടുള്ളോർ ശുഭം സേവിച്ചിടുന്നവർ
സ്വർഗ്ഗം നേടും നിത്യമിഹ ലോകത്തിങ്കൽ സുഖത്തെയും. 48
അവൻ മനുഷ്യനായ്ത്തീർന്നാൽ പരം മേധാവിയാസ്സരും
അറിവും പ്രജ്ഞയാണായാളുക്കേററം കല്യാണമാസ്സരും. 49
പരദാരങ്ങളിൽ ദുഷ്ടദൃഷ്ടി വിട്ടീടു[1]മജ്ഞർ
ആ ദുഷ്ടഭാവംകൊണ്ടിട്ടു ജാത്യന്ധന്മാർകളാസ്സരും. 50
ഇഷ്ടചിത്തത്തൊടും നഗ്നപ്പെണ്ണിനെക്കണ്ടിടുന്നവർ
രോഗാർത്തരായ്ത്തീരുമിഹ നരർ ദുഷ്കർമ്മകാരികൾ. 51
മൂഢരായോർ ദുഷ്ടചാരർ വിയോനിരതി[2] ചെയ്യുവർ
ദുഷ്പ്രജ്ഞന്മാർ പുരുഷരിൽ ക്ലീബത്വം നേടിടും നരർ. 52
പശുഘാതം[3] ചെയ്തിടുന്നോർ ഗുരുതല്പഗരും ശരി
പ്രകീർണ്ണമൈഥുന[4]ന്മാരും ക്ലീബത്വം നേടിടും നരർ. 53

---

1 ദുഷ്ടദൃഷ്ടി വിടുക = ചീത്ത വിചാരത്തോടുകൂടി നോക്കുക. 2 വിയോനിരതി = വിജാതീയസ്ത്രീകളുമായുള്ള സംയോഗം. 3 പശുഘാതം = മൃഗവധം. 4 പ്രകീർണ്ണമൈഥുനൻ = അമിതഭോഗി.

ഉമ പറഞ്ഞു

ദോഷമൊക്കും കർമ്മമെന്തു ദോഷമൊക്കാതെയുള്ളതും
ശ്രേയസ്സു ചെയ്വോനേല്ക്കുന്നു മാനവൻ ദേവസത്തമ! 54

മഹേശ്വരൻ പറഞ്ഞു

ശ്രേയോമാർഗ്ഗാർത്ഥിയെപ്പോഴും ചോദിപ്പോൻ ദ്വിജരോടു താൻ
ധർമ്മം തേടും ഗുണാകാംക്ഷി സ്വർഗ്ഗമേറീടുമായവൻ. 55

ഒരിക്കലായവൻ ദേവി, മർത്ത്യനായിപ്പിറക്കുകിൽ
മേധാവി ധാരണാശാലി പ്രാജ്ഞനായ് തീരുമായവൻ. 56

ധരിക്ക ദേവി, സദ്ധർമ്മമിതു താൻ ഭൂതികാരകം
മനുഷ്യർക്കു ഹിതത്തിന്നായ് നിന്നോടിതു പറഞ്ഞു ഞാൻ. 57

ഉമ പറഞ്ഞു

അല്പജ്ഞരാം മററു ചിലർ ധർമ്മദ്വേഷികളാം നരർ
ഇച്ഛിക്കാ വേദമറിയും വിപ്രരെച്ചെന്നു കാണുവാൻ. 58

വ്രതവാന്മാർ ചില നരർ ധർമ്മശ്രദ്ധാപരായണർ
നിയമം കെട്ടവ്രതരായ് രാക്ഷസോപമർ മററുപേർ. 59

യജ്വാക്കളമ്മട്ടന്യന്മാർ ഹോമമററവർ മററുപേർ
എന്തു കർമ്മവിപാകത്താലിമ്മട്ടാമിങ്ങു ചൊല്ലു മേ. 60

മഹേശ്വരൻ പറഞ്ഞു

ആഗമാലോകധർമ്മങ്ങൾക്കുണ്ടു മര്യാദയേവനും
പ്രാമാണ്യത്താൽച്ചെയ്തു കണ്ടുകൊള്ളുന്നു സുദൃഢവ്രതർ. 61

അധർമ്മത്തെദ്ധർമ്മമെന്നു മോഹത്താലെവർ ചൊൽവതോ
മര്യാദകെട്ടവ്രതരാമവരാം ബ്രഹ്മരാക്ഷസർ. 62

അവർ കാലോദ്യോഗമൂലം മർത്ത്യരായിപ്പിറക്കുകിൽ
ഹോമം വഷൾക്കാരമിവയററുള്ളോരാം നരാധമർ. 63

ഇതാ മുററും ദേവി, നിന്റെ സംശയം തീർത്തുകൊള്ളുവാൻ
കുശലാകുശലം മർത്ത്യർക്കോതിനേൻ ധർമ്മസാഗരം. 64

146. സ്ത്രീധർമ്മകഥനം

ശിവന്റെ ചോദ്യത്തിനുത്തരമായി പാർവ്വതി സ്ത്രീധർമ്മങ്ങളെപ്പററി വിസ്തരിച്ചു വിവരിക്കുന്നു. പതിശുശ്രൂഷയും അതിഥിസൽക്കാരവുമാണ് ഉത്തമസ്ത്രീകളുടെ ലക്ഷണമെന്ന്.

നാരദൻ പറഞ്ഞു

എന്നുരച്ചു മഹാദേവൻ കേൾപ്പാൻവേണ്ടിസ്സ്വയംപ്രഭു
ചാരത്തിണങ്ങിനില്ക്കുന്നോരിഷ്ടഭാര്യയൊടോതിനാൻ. 1

മഹേശ്വരൻ പറഞ്ഞു

പരാവരജ്ഞേ, ധർമ്മജ്ഞേ, തപോവനനിവാസിനി!
സാധ്വി, സുഭ്രു, സുകേശാന്തേ, ഹിമാദ്രിയുടെ നന്ദിനി! 2

ദക്ഷേ, ശമദമാധീനേ, നിർമ്മമേ, ധർമ്മചാരിണി!
വരാരോഹേ, നിന്നൊടു ഞാൻ ചോദിപ്പേൻ ചൊല്ലഭീപ്സിതം. 3
ബ്രഹ്മന്നു സാദ്ധ്വി സാവിത്രി കൗശികന്നു[1] പരം ശചി
മാർക്കണ്ഡേയന്നു ധൂമോർണ്ണ വിത്തനായകന്നൃദ്ധിയും 4
വരുണന്നാവിധം ഗൗരി ഭാസ്കരന്നു സുവർച്ചല
ശശിക്കു രോഹിണി സതി വഹ്നിക്കാ സ്വാഹയങ്ങനെ 5
കശ്യപന്നങ്ങദിതിയും പതിവ്രതകളേവരും
നിന്നാൽച്ചോദിച്ചുപാസിക്കപ്പെട്ടോരാം ദേവി, നിത്യവും. 6
അതേ നിന്നോടു ചോദിപ്പൂ ധർമ്മജ്ഞേ, ധർമ്മവാദിനി!
നീയാദ്യംതൊട്ടുരയ്ക്കു സ്ത്രീധർമ്മം കേൾപ്പാനൊരാഗ്രഹം. 7
എൻ സധർമ്മിണിയല്ലോ നീ സമശീല സമവ്രത
സമാനസാരവീര്യാഢ്യ വൻതപം ചെയ്തിരിപ്പു നീ. 8
നീ ചൊല്ലിയാൽ വിശേഷിച്ചും ഗുണവത്തരമായ്‌വരും
ലോകത്തിലും ദേവി, പരം പ്രമാണതവമണഞ്ഞിടും. 9
സ്ത്രീകളല്ലോ വിശേഷിച്ചും സ്ത്രീകൾക്കു പരയാം ഗതി
സുശ്രോണി ഗൗരിയിൽച്ചെല്ലുമെന്നും ലോകങ്ങളിൽ ഗതി. 10
എന്മെയ് പകുതി നിന്മെയ്യിൻ പാതിയാൽ തീർത്തതല്ലയോ?
സുരകാര്യം ചെയ്‌വവൾ നീ ലോകസന്താനകാരിണി. 11
നിനക്കെങ്ങറിയാം മുറ്റും സ്ത്രീധർമ്മം ശാശ്വതം ശുഭേ!
എന്നാൽ നിശ്ശേഷമായ് ചൊല്ലു സ്വധർമ്മം വിസ്തരിച്ചു നീ. 12

ഉമ പറഞ്ഞു

ഭഗവൻ, സർവ്വഭൂതേശ, ഭൂതഭവ്യഭവോത്ഭവ!
നിൻ പ്രഭാവാൽ ദേവ, വാക്കിതൊന്നു തോന്നുന്നതുണ്ടു മേ. 13
ദേവേശ, സർവ്വതീർത്ഥാംബുവൊക്കും നദികളീയിവർ
ഉപസ്പർശ[2]ത്തിനായ് നിന്റെ സമീപത്തുണ്ടു നില്പതായ്. 14
ഇവരോടൊത്തു ചിന്തിച്ചു പറയാം ഞാൻ ക്രമത്തിലായ്
പോന്നോൻ ഞാനെന്നോതിടാത്തോനവൻ പുരുഷനാണു പോൽ.
സ്ത്രീയും ഭൂതേശ, സതതം സ്ത്രീയിനെപ്പിൻതുടർന്നിടും
ഞാൻ മാനിച്ചവരായ്ത്തീരും സരിദ്വരകളേവരും. 16
നദികൾക്കുത്തമനദിയിതാ പുണ്യസരസ്വതി
ആറുകൾക്കൊക്കയും മുൻപാം നദി സാഗരഗാമിനി. 17
വിപാശാഖ്യ വിതസ്താഖ്യ ചന്ദ്രഭാഗയിരാവതി
ശതദ്രു ദേവികാ സിന്ധു പരം കൗശികി ഗൗതമി 18
അവ്വണ്ണമീദ്ദേവനദി സർവ്വതീർത്ഥങ്ങളൊത്തവൾ
വിണ്ണിൽനിന്നും മന്നിൽ വന്ന ഗംഗാദേവി സരിദ്വര. 19

---

1 കൗശികൻ=ഇന്ദ്രൻ. 2 ഉപസ്പർശം = ആചമനം; സ്നാനം.

നാരദൻ പറഞ്ഞു

എന്നുരച്ചാദ്ദേവദേവപത്നി ധർമ്മജ്ഞസത്തമ
ചിരിച്ചുതാൻ വിളിച്ചിട്ടു മുററും നദികളോടുടൻ 20
ചോദിച്ചു ദേവമഹിഷി സ്ത്രീധർമ്മം ധർമ്മവത്സല
സ്ത്രീധർമ്മദക്ഷമാരല്ലോ ഗംഗാദി നദിമാർ പരം. 21

ഉമ പറഞ്ഞു

സ്ത്രീധർമ്മത്തെപ്പററിയിങ്ങു ചോദിച്ചു ഭഗവാനിതാ
നിങ്ങളൊത്തോർത്തീശനോടു പറവാനാഗ്രഹിപ്പു ഞാൻ. 22
ഒരാളാൽ സാദ്ധ്യമാവില്ലാ വിജ്ഞാനം മന്നിലാക്കുമേ
വിണ്ണിലും ഹേ നദികളേ, മാനിപ്പേനതിൽ നിങ്ങളെ. 23
ശിവപുണ്യസരിത്തുക്കളേവം കേട്ടവരേവരും
പൂജചെയ്തു നിയോഗിച്ചു പരം സ്വർന്നദി ഗംഗയെ. 24
പല ബുദ്ധി നിറഞ്ഞുള്ളോരു സ്ത്രീധർമ്മജ്ഞ ശുചിസ്മിത
ശൈലപുത്രീദേവി പുണ്യയായോരു പാപഭയാപഹ 25
ബുദ്ധിയാൽ വിനയം പൂണ്ടോരു സർവ്വധർമ്മവിശാരദ
സസ്മിതം ബഹുധീയൊത്ത ഗംഗയിങ്ങനെ ചൊല്ലിനാൾ. 26

ഗംഗ പറഞ്ഞു

ധന്യയായ് ഞാനനുഗൃഹീതയായീ ദേവി, ധാർമ്മികേ!
അനഘേ, നദിയേ മാനിക്കുന്നല്ലോ സർവ്വമാന്യ നീ. 27
പോന്നോൻ ജനത്തോടു ചോദിച്ചിട്ടു മാനിച്ചിടുന്നവൻ
അദുഷ്ടാത്മാവു നിയതം പണ്ഡിതപ്പേരെടുത്തിടും. 28
ജ്ഞാനവിജ്ഞാനമാണ്ടൂഹാപോഹകോവിദരോടു താൻ
പറവോരോടു ചോദിക്കിലാപത്തേല്ക്കുകയില്ലവൻ. 29
മറിച്ചു ബഹുബുദ്ധ്യാഢ്യൻ സഭയിൽച്ചൊൽവതാകിലോ
മറിച്ചു താനഹംവാദി ചൊല്ലും ദുർബ്ബലവാക്കവൻ. 30
ദിവ്യജ്ഞാനേ, ദിവ്യമുഖ്യേ, ദിവ്യപുണ്യസമുത്ഥിതേ!
നീതന്നെ വേണം ഹേ ദേവി, സ്ത്രീധർമ്മങ്ങളുരയ്ക്കുവാൻ. 31

നാരദൻ പറഞ്ഞു

പരം ബഹുഗുണംകൊണ്ടു ഗംഗ പൂജിച്ച ദേവിയാൾ
ചൊല്ലീ നിശ്ശേഷമായ് സർവ്വം സ്ത്രീധർമ്മം സുരസുന്ദരി. 32

ഉമ പറഞ്ഞു

എനിക്കു തോന്നും സ്ത്രീധർമ്മം വിധിയാംവണ്ണമിന്നു ഞാൻ
പറയുന്നുണ്ടപ്രകാരം പ്രശ്രയം പൂണ്ടിരിക്ക നീ. 33
സ്ത്രീധർമ്മം മുന്നമിതു താൻ വേൾക്കുമ്പോൾ ബന്ധുകല്പിതം.
അഗ്നിക്കടുത്തു ഭർത്താവിൻ സഹധർമ്മിണിയാവണം 34
സുസ്വഭാവാ സുവചന സുവൃത്ത സുഖദർശന.
അവൾതാൻ ധർമ്മപരയാളവൾതാൻ ധർമ്മമേല്പവൾ 35
ദേവനെപ്പോലെയെപ്പോഴും ഭർത്താവെപ്പാർത്തു കാണ്മവൾ,

ദേവങ്കലാമ്പോലെ ചെയ്യോൾ ശുശ്രൂഷ പരിചര്യയും 36
അനന്യഭാവ മാഷ്ലാത്തോൾ സുഖദർശന സുവ്രത,
മുററും പുത്രമുഖംപോലെ ഭർത്തൃവക്ത്രത്തെ നോക്കുവോൾ 37
സാദ്ധ്വിയാൾ നിയതാചാര ധർമ്മചാരിണിയാമവൾ.
കേട്ട ദമ്പതിധർമ്മംതാൻ സഹധർമ്മം പരം ശുഭം 38
ധർമ്മതൽപരയാം നാരിയവൾ ഭർത്തൃസമവ്രത
ദേവനെപ്പോലെയെപ്പോഴും ഭർത്താവെപ്പാർത്തുകൊള്ളുമേ; 39
ദാമ്പത്യധർമ്മമിതുതാൻ സഹധർമ്മം പരം ശുഭം.
ദേവമട്ടിൽ ചെയ്യുമവൾ ശുശ്രൂഷ പരിചര്യയും 40
വശ്യത്വംകൊണ്ടുൾ തെളിഞ്ഞോൾ സുഖദർശന സുവ്രത
അനന്യചിത്ത സുമുഖിയവൾതാൻ ധർമ്മചാരിണി. 41
പരുഷം ചൊല്ലിലും ക്രുദ്ധദൃഷ്ടിയാൽ നോക്കിയെങ്കിലും
ഭർത്താവിങ്കൽ സുപ്രസന്നമുഖിയാം സ്ത്രീ പതിവ്രത. 42
ചന്ദ്രാർക്കവൃക്ഷങ്ങളേയുമാൺപേരായ് നോക്കിടാത്തവൾ
വരാരോഹ സ്വഭർത്താവെയെന്യേ താൻ ധർമ്മചാരിണി. 43
ദരിദ്രനെദ്ദീനനെയങ്ങാധ്വക്ലിഷ്ടനെ രോഗിയെ
പതിയെപ്പുത്രനെപ്പോലെ നോക്കുന്നോൾ ധർമ്മചാരിണി. 44
ഏതു പെണ്ണോ ശുദ്ധദക്ഷപുത്രനുള്ളവളേതവൾ
പതിവ്രത പതിപ്രാണ ധർമ്മഭാഗിനിയാണവൾ. 45
വൈമനസ്യം വിട്ടു ചെയ്യോൾ ശുശ്രൂഷ പരിചര്യയും
വിനീതയായയോൾ സുപ്രീത ധർമ്മഭാഗിനിയാണവൾ. 46
അന്നദാനംകൊണ്ടു നിത്യം കുടുംബത്തെബ്ഭരിപ്പവൾ
(കാമത്തിലിഹ ഭോഗത്തിലൈശ്വര്യത്തിൽ സുഖത്തിലും)
പതിയിൽപ്പോലാശിയാത്തോൾ ധർമ്മഭാഗിനിയാണവൾ. 47
നിത്യം കാലത്തെഴുന്നേല്പോൾ ഗൃഹശുശ്രൂഷ ചെയ്യുവൾ
ഗൃഹം നന്നായ് ചാണകത്താൽ മെഴുകീട്ടു തുടപ്പവൾ 48
അഗ്നികാര്യവ്യഗ്രയെന്നുമെന്നും പൂ ബലി നല്കുവോൾ
ദേവതാതിഥിഭൃത്യർക്കു കൊടുത്തു പതിയൊത്തുതാൻ 49
ശേഷാന്നത്തെബ്ഭുജിക്കുന്നോൾ യഥാന്യായം യഥാവിധി
സന്തുഷ്ടപുഷ്ടജനയാം നാരി ധർമ്മത്തൊടൊത്തിടും. 50
ശ്വശ്രൂശ്വശുരപാദങ്ങൾ ശുശ്രൂഷിപ്പോൾ ഗുണാഢ്യയാൾ
അച്ഛനമ്മകളിൽ ശ്രദ്ധയുള്ളോളവൾ തപോധന. 51
വിപ്രരെദ്ദുർബ്ബലാനാഥ ദീനാന്ധകൃപണാദ്യരെ
അന്നത്താൽ പോററിടും നാരിതാൻ പതിവ്രത ഭാഗിനി. 52
ലഘുസത്വയ്ക്കു ദുസ്സാദ്ധ്യം വ്രതം നിത്യം ചരിപ്പവൾ
പതിചിത്താ പതിഹിതതാൻ പതിവ്രതമേല്പവൾ. 53
ഇതു പുണ്യം തപമിതേ സ്വർഗ്ഗ്യമത്രേ സനാതനം

സ്ത്രീ ഭർത്തൃപരയായ്ബ്ഭർത്തൃവ്രതയായ് സതിയാവുകിൽ. 54
സ്ത്രീകൾക്കു പതിതാൻ ദൈവം പതിതാൻ ഗതി ബന്ധുവും
പതിപോലില്ലൊരു ഗതി പതിപോലില്ല ദൈവവും. 55
പതിപ്രസാദം സ്വർഗ്ഗംപോലല്ലോ സ്ത്രീയ്ക്കുത്രയല്ലതാൻ;
സ്വർഗ്ഗമിച്ഛിപ്പീല മഹേശ്വരൻ നീ തെളിയായ്കിൽ ഞാൻ. 56
അകാര്യംതാനധർമ്മംതാൻ പ്രാണനാശനമെന്നതാൻ
പതി ചൊല്ലിൽ കൃപണനായ് രോഗിയായ് വല്ലമട്ടിലും 57
ആപന്നനായ് ശത്രുവശൻ ബ്രഹ്മശാപാർത്തനാകിലും
ആപദ്ധർമ്മം പാർത്തു ചെയ്ക നിശ്ശങ്കമതു താനുടൻ. 58
ഇതാ ചൊന്നേൻ ദേവ, നിൻെറ വാക്കാൽ സ്ത്രീധർമ്മമിന്നു ഞാൻ
ഇമ്മട്ടു നിന്നിടും നാരിതാൻ പതിവ്രതമേല്പവൾ. 59

നാരദൻ പറഞ്ഞു

എന്നു കേട്ടിട്ടു ദേവേശൻ കൊണ്ടാടിശ്ശൈലപുത്രിയെ
ലോകങ്ങളേ വിട്ടയച്ചു മുററും തുണയൊടൊപ്പമേ. 60
പിന്നെബ്ഭൂതഗണം പോയീ വന്നോരു വഴിയാർകളും
ശിവനെക്കുമ്പിട്ടു ഗന്ധർവ്വാപ്സരസ്ത്രീഗണങ്ങളും. 61

147. പുരുഷോത്തമമാഹാത്മ്യം

മനുവിൻെറ പുത്രനായ അംഗൻെറ വംശപരമ്പര. അതു് വസുദേവപുത്രനായ കൃഷ്ണനിൽ ചെന്നവസാനിക്കുന്നു. കൃഷ്ണൻെറ മാഹാത്മ്യം.

ഋഷികൾ പറഞ്ഞു

പിനാകിൻ, ഭഗനേത്രഘ്ന, സർവ്വലോകനമസ്കൃത!
വാസുദേവൻെറ മാഹാത്മ്യം കേൾപ്പാനുണ്ടാശ ശങ്കര! 1

മഹേശ്വരൻ പറഞ്ഞു

പിതാമഹനിലുംമേലേ ശാശ്വതൻ പുരുഷൻ ഹരി
കൃഷ്ണൻ ജാംബൂനദനിഭൻ കാറ്റുള്ളക്സന്നിഭൻ. 2
കൈ പത്തുള്ളതിതേജസ്വി ദേവവൈരിനിഷൂദനൻ.
ശ്രീവത്സാങ്കൻ ഹൃഷീകേശൻ സർവ്വദേവസമർച്ചിതൻ. 3
തൻ കുക്ഷിയിൽ ബ്രഹ്മനുണ്ടായ് തന്മൂർദ്ധാവിൽപ്പിറന്നു ഞാൻ
കേശങ്ങളിൽ ജ്യോതിരോഘം രോമംതോറും സുരാസുരർ. 4
ഋഷിമാരും ദേഹജരാണവന്നീ ലോകമൊക്കയും
അവൻ ബ്രഹ്മഗൃഹം സാക്ഷാൽ സർവ്വദേവനിവാസവും. 5
ഈബ്ഭൂമിയൊക്കസ്സൃഷ്ടിച്ചോനവൻ മുപ്പാരിനീശ്വരൻ
ചരാചരങ്ങളാം ഭൂതമൊക്കയും സംഹരിപ്പവൻ. 6
അവൻ ദേവവരൻ സാക്ഷാൽ ദേവനാഥൻ പരന്തപൻ
സർവ്വജ്ഞൻ സർവ്വസംശ്ലിഷ്ടൻ സർവ്വഗൻ സർവ്വതോമുഖൻ. 7

പരാത്മാവു ഹൃഷീകേശൻ സർവ്വവ്യാപി മഹേശ്വരൻ
അവനെക്കാൾ മേലെയില്ലാ മുപ്പാരിലൊരു വസ്തുവും. 8
സനാതനൻ മധുദ്വേഷി ഗോവിന്ദൻ പേർ പുകഴ്ന്നവൻ
അവൻ മന്നോരെയൊട്ടുക്കു കൊല്ലിക്കുമിഹ മാനദൻ 9
സുരകാര്യത്തിനുണ്ടായോൻ മർത്ത്യദേഹമെഴുന്നവൻ.
ത്രിവിക്രമനൊഴിഞ്ഞീടിൽ ശക്തരാവില്ല ദേവകൾ 10
ഉലകിൽദ്ദേവകാര്യങ്ങൾ ചെയ്യാൻ നായകനെന്നിയേ;
നായകൻ സർവ്വജീവിക്കും സർവ്വദേവനമസ്കൃതൻ. 11
ഈദ്ദേവനാഥനു ദേവകാര്യതൽപരനെപ്പൊഴും
ബ്രഹ്മഭൂതനു സതതം ബ്രഹ്മർഷിശരണന്നഹോ! 12
ബ്രഹ്മാവിരിപ്പൂ ഗർഭത്തിൽ ദേഹത്തിൽ സുഖമാണ്ടവൻ.
ശർവ്വൻ സുഖം സംശ്രയിപ്പൂ ദേഹത്തിൽ സുഖമാണ്ടവൻ 13
അവന്റെ ദേഹത്തിൽ മുററും സുഖം വാഴുന്നു ദേവകൾ.
ആദ്ദേവൻ പുണ്ഡരീകാക്ഷൻ ശ്രീഗർഭൻ ശ്രീയൊടൊത്തവൻ 14
ശാർങ്ഗചക്രായുധൻ ഖഡ്ഗി സർവ്വനാഗാരികേതനൻ.
മുഖ്യമാം ശീലവും പിന്നെദ്ദമവും ശൗചവും ശരി 15
പരാക്രമം വീര്യവും തൻ വപുസ്സും കാഴ്ചയും ശരി.
നീളവും വണ്ണവും പിന്നെദ്ധൈര്യമാർജ്ജവപുഷ്ടിയും 16
ആനൃശംസ്യം രൂപവുമാബ്ബലവും ചേർന്നിരിപ്പവൻ.
ദിവ്യാത്ഭുതക്കാഴ്ചയുള്ള സർവ്വാസ്ത്രങ്ങളുമൊത്തവൻ 17
യോഗമായൻ സഹസ്രാക്ഷൻ നിരവദ്യൻ മഹാശയൻ
വീരൻ മിത്രജനശ്ലാഘി ജ്ഞാതിബന്ധുജനപ്രിയൻ 18
ക്ഷമിപ്പോനനഹങ്കാരി ബ്രഹ്മണ്യൻ ബ്രഹ്മനായകൻ
ഭയാർത്തർക്കു ഭയം തീർപ്പോൻ മിത്രർക്കാനന്ദവർദ്ധനൻ 19
ശരണ്യൻ സർവ്വജീവിക്കും ദീനപാലനതൽപരൻ
ശ്രുതവാനർത്ഥമുടയോനേവരും കുമ്പിടുന്നവൻ 20
ആശ്രിതർക്കിഷ്ടദൻ ശത്രുക്കൾക്കും ധർമ്മമറിഞ്ഞവൻ
നീതിജ്ഞൻ നീതിയുടയോൻ ബ്രഹ്മവാദി ജിതേന്ദ്രിയൻ 21
ദേവകൾക്കിന്നു നന്മയ്ക്കായ് പരയാം ബുദ്ധിയൊത്തവൻ
പ്രാജാപത്യം ശുഭം മാർഗ്ഗം മാനവം ധർമ്മമാംവഴി 22
വൻപെഴും മനുവംശത്തിൽ ഗോവിന്ദൻതാൻ പിറന്നിടും.
അംഗനാം മനുവിൻ പുത്രനന്തർദ്ധാമാവതിൽപ്പരം 23
അന്തർദ്ധാമാവിനു ഹവിർദ്ധാമാ മാന്യൻ പ്രജാപതി.
പ്രാചീനബർഹിസ്സുണ്ടാകും ഹവിർദ്ധാമാത്മജൻ മഹാൻ 24
അവനുണ്ടാം പത്തു മക്കൾ പ്രചേതസ്സുകളെന്നവർ.
പ്രാചേതസൻ ദക്ഷനിഹ പ്രജാപതി പിറന്നിടും 25
ദാക്ഷായണിയിലാദിത്യനാദിത്യനു മകൻ മനു.

മനുവംശത്തിങ്കലിളയാകും സുദ്യുമ്നനായവൻ 26
ബുധാൽ പുത്രരവസ്സായാരാംക്കവന്നായുസ്സു പുത്രനാം.
അവന്നുണ്ടാം നഹുഷനായാരാംക്കു പുത്രൻ യയാതിയാം 27
അവന്നു യദു സത്വാഢ്യൻ ക്രോഷ്ടാവവനു നന്ദനൻ.
ക്രോഷ്ടാവിന്നു മഹാൻ പുത്രൻ വൃജിനീവാൻ പിറന്നിടും 28
വൃജിനീവാനുമുണ്ടാകുമുഷൽഗുവപരാജിതൻ.
ഉഷൽഗുവിന്നു മകനാം ശൂരൻ ചിത്രരഥൻ പരം 29
അവന്നുതാഴെയാം പുത്രനുണ്ടാകും ശൂരനെന്നവൻ.
അവക്കു വീര്യവാന്മാക്കു വിചിത്രഗുണികരാംക്കഹോ! 30
വിശുദ്ധയജ്വാക്കരാംകളല്ലാ ബ്രഹ്മസമ്മതമാം കുലേ,
ആശ്ശൂരൻ ക്ഷത്രിയശ്രേഷ്ഠൻ മഹാവീര്യൻ പ്രകഷ്ടനവൻ 31
മാനദൻതാൻ ജനിപ്പിക്കും വംശവിസ്താരകാരിയെ
വസുദേവാഖ്യാനകദുന്ദുഭിയെന്നുള്ള പുത്രനെ. 32
തൽസൂനുവായ് ചതുബ്ബാഹു വാസുദേവൻ പിറന്നിടും
ദാതാ ബ്രാഹ്മണസൽക്കാരി ബ്രഹ്മഭൂതൻ ദ്വിജപ്രിയൻ. 33
മാഗധാരുദ്ധമന്നോരെ വിടത്തും യദുനന്ദനൻ;
ജരാസന്ധക്ഷിതിപനെജ്ജയിച്ചു ഗിരിഗഹ്വരേ 34
സവ്വപാത്ഥിവരത്നാഢ്യനായീടും വീര്യവാനവൻ.
വീര്യത്തിനാൽ ഭൂമിയിങ്കൽ തടവററവനാസ്സുരും 35
വിക്രമം പൂണ്ടവൻ സവ്വമന്നവന്മാക്കു മന്നവൻ.
ശൂരസേനേ ദ്വാരകയിൽ വാച്ചവൻ വാഴുമാ പ്രഭു 36
കാക്കും ഭൂദേവിയേ വെന്നു നയവിത്തവനെപ്പൊഴും.
അവനെപ്പോയ്ക്കണ്ടു നിങ്ങരം വാങ്മാല്യാച്ചവരങ്ങളാൽ 37
ശാശ്വതബ്രഹ്മനെപ്പോലെയച്ചിപ്പിൻ ന്യായമാംവിധം.
എന്നെപ്പിതാമഹബ്രഹ്മനേയും കാണ്മാൻ നിനപ്പവൻ 38
കാണേണ്ടതാണാ പ്രതാപി ഭഗവാൻ വാസുദേവനെ.
അവനെക്കാണ്കിലങ്ങെന്നെക്കണ്ടതായ് വാദമില്ലതിൽ 39
ദേവേശനാം ബ്രഹ്മനേയുമെന്നു കാണ്മിൻ മുനീന്ദ്രരേ!
ആപ്പുണ്ഡരീകാക്ഷനാക്കോ പ്രീതനായിബ്ഭവിപ്പതും 40
ബ്രഹ്മാദിദേവകളവന്നേവരും പ്രീതരായ് വരും.
ലോകത്തിലാക്കേശവനെയാശ്രയിപ്പവനേവനോ 41
ആ മത്ത്യന്നോ കീത്തി ജയം സ്വഗ്ഗവും സിദ്ധമായിടും.
ധമ്മഭാക്കാമവൻ സാക്ഷാൽ ധമ്മദേശികനാസ്സുരും 42
ആദ്ദേവേശന്നു കുപ്പേണം ധമ്മജ്ഞന്മാർ സദോദ്യതർ;
പരമാം ധമ്മമാദ്ദേവൻ വിളവച്ചിതനാവുകിൽ. 43
ആദ്ദേവനതിതേജസ്വി പ്രജകരാംക്കു ഹിതത്തിനായ്
ധമ്മാത്ഥം പുരുഷവ്യാഘ്രൻ സൃഷ്ടിച്ചാനൃഷികോടികരം. 44

വിഭുവാമായവൻ തീർത്ഥോർ ഗന്ധമാദനമായതിൽ
സനൽക്കുമാരപ്രമുഖർ നില്ക്കുന്നു തപമാണ്ടവർ. 45
അതിനാൽ വാഗ്മി ധർമ്മജ്ഞനവൻ വന്ദ്യൻ ദ്വിജേന്ദ്രരേ!
വിണ്ണിൽ പ്രധാനി ഭഗവാൻ ഹരി നാരായണൻ പ്രഭു. 46
വന്ദിച്ചാൽ വന്ദനംചെയ്യും മാനിച്ചാൽ മാനമേകിടും
അർഹിച്ചാലർഹണംചെയ്യും പൂജിച്ചാൽ പൂജ ചെയ്തിടും. 47
കണ്ടാൽ കാണും നാളുതോറുമാശ്രയിച്ചാൽ ശ്രയിച്ചിടും
അർച്ചിച്ചാലർച്ചനംചെയ്യുമാദ്ദേവൻ ദ്വിജമുഖ്യരേ! 48
ഇതാണാക്കുറവറ്റോരു വിഷ്ണുവിൻ പരമവ്രതം
മഹാനാമാദിദേവന്നു നിത്യവും സജ്ജനാദൃതം. 49
ഭുവനത്തിൽദ്ദേവകളങ്ങർച്ചിപ്പോനാം സനാതനൻ
അനുരൂപാഭയം നേടുമവനെസ്സേവചെയ്യുവർ. 50
മനോവാക്കായകർമ്മത്താൽ വന്ദ്യനെന്നും ദ്വിജക്കവൻ
പ്രയത്നപ്പെട്ടു പോയ് കണ്ടുകൊള്ളേണ്ടോൻ ദേവകീസുതൻ. 51
ഇതാ ചൊന്നേൻ നിങ്ങളോടു മാർഗ്ഗം ഞാൻ മുനിമുഖ്യരേ!
ആദ്ദേവനെക്കാണ്കിൽ മുറ്റും കണ്ടു വിബുധമുഖ്യരെ. 52
മഹാവരാഹനെസ്സർവ്വക്കാപ്പിതാമഹദേവനെ
ഞാനും നമിക്കുമാറുണ്ടാജ്ജഗൽപ്പതിയെ നിത്യവും. 53
മൂന്നു[1]മായവിടെക്കണ്ടെതാകുമില്ലൊരു സംശയം
ഞങ്ങളെല്ലാദ്ദേവകളുമവൻമെയ്യിലിരിക്കയാം. 54
അവൻെറയണ്ണനായിട്ടു വെള്ളക്കുന്നിൻനിറത്തിലായ്
ഹലിയാകുന്ന ബലനായ് പിറക്കും ഭൂമി താങ്ങുവോൻ[2]. 55
അവന്നു മൂന്നു കൊമ്പുള്ള ദിവ്യപ്പൊന്മയമാം മരം
ദേവന്നു തേർത്തടത്തിങ്കൽ ധ്വജമായിവരും പന. 56
മഹാത്മാക്കൾ മഹാഭാഗർ നാഗങ്ങൾ നിറയുംപടി
ആ മഹാബാഹുവാം സർവ്വലോകേശൻെറ ശിരസ്സുമാം. 57
ചിന്തിച്ചാലെത്തുമസ്ത്രങ്ങൾ ശസ്ത്രങ്ങളുമതേവിധം
അനന്തനെന്നു ചൊൽവോനാബ്ഭഗവാൻ ഹരിയവ്യയൻ. 58
പ്രഭോ, കാണ്കെന്നു വിബുധന്മാർകൾ ചൊല്ലിയയച്ചവൻ
ഗരുഡൻ കശ്യപസുതൻ വീര്യത്താൽ ബലവാനവൻ. 59
ആപ്പരാത്മാവു ദേവൻെറയന്തം കണ്ടെത്തിയില്ലഹോ!
ഭോഗത്താൽ ഭൂമിയെപ്പുല്കിയുള്ളിൽ വാഴുന്നതുണ്ടവൻ. 60
ആശ്ശേഷൻ സഞ്ചരിക്കുന്നു പരം മോദമിയന്നവൻ
വിഷ്ണുവാണീയനന്തൻതാൻ ഭഗവാൻ ഭൂമിതാങ്ങുവോൻ 61
രാമൻതന്നെ ഹൃഷീകേശനച്യുതൻതാൻ ധരാധരൻ.

---

1 മൂന്ന് = ത്രിമൂർത്തികൾ. (ശ്രീകൃഷ്ണനെ കണ്ടാൽ ത്രിമൂർത്തികളേയും കണ്ട ഫലം സിദ്ധിക്കുമെന്നർത്ഥം.) 2 ഭൂമി താങ്ങുവോൻ = അനന്തൻ.

അവരാപ്പുരുഷവ്യാഘ്രർ ദിവ്യർ ദിവ്യപരാക്രമർ 62
കാണേണ്ടോർ മാനനീയന്മാർ ചക്രലാംഗലധാരികൾ*.
മുനീന്ദ്രരേ, ഞാൻ നിങ്ങൾക്കങ്ങേറിയനുഗ്രഹമോതിനേൻ
യതിച്ചു പൂജിക്കുമല്ലോ നിങ്ങളാ യദുമുഖ്യരെ. 63

148. മഹാപുരുഷപ്രസ്താവം

ഭീഷ്മൻ ശ്രീകൃഷ്ണൻെറ ബഹുമുഖമായ മഹിമാതിശയത്തെ വർണ്ണിക്കുന്നു. യുദ്ധത്തിൽ മരിച്ചുപോയ രാജാക്കന്മാരെപ്പററി അനുശോചിക്കേണ്ടതില്ലെന്നും, അവർ സ്വധർമ്മാനുഷ്ഠാനംകൊണ്ടു കൃതകൃത്യരായിത്തീർന്നിരിക്കയാണെന്നും, രാജ്യഭാരം ഏററു പ്രജകളെ വേണ്ടപോലെ ഭരിക്കയാണ് ധർമ്മപുത്രൻെറ അടുത്ത കർത്തവ്യമെന്നും ഭീഷ്മർ ഉപദേശിക്കുന്നു.

നാരദൻ പറഞ്ഞു

ഉടൻ വാനിൽ കടുതരമിടിമിന്നൽ പെടുമ്പടി
നെടുംകാർനിരയാൽ നീലച്ചുടയപ്പെട്ടിതംബരം. 1
മഴക്കാലം പോലെ മേഘം പെയ്തു നിർമ്മലവാരിയെ
കൂരിരുട്ടും വന്നുകൂടീ ദിക്കെങ്ങും തെളിയാതെയായ്. 2
ദേവ, പിന്നെപ്പുണ്യരമ്യശാശ്വതാചലമായതിൽ
ശർവ്വനെബ്ഭൂതസംഘത്തെപ്പോലും കണ്ടില്ല താപസർ. 3
ക്ഷണംകൊണ്ടംബരം കാറു നീങ്ങിയപ്പോൾ തെളിഞ്ഞുതേ
വിപ്രർ മററും തീർത്ഥയാത്ര പോയീ വന്നവഴിക്കുടൻ. 4
അചിന്ത്യമത്ഭുതമതു കണ്ടു വിസ്മയമാണ്ടുപോയ്
ശങ്കരനുമയോടൊത്തു നിൻ പ്രസംഗമിതിങ്ങനെ. 5
ആബ്ഭവാൻ പുരുഷവ്യാഘ്ര, ബ്രഹ്മഭൂതൻ സനാതനൻ
മഹാത്മാവദ്രിപൃഷ്ഠത്തിലിതാജ്ഞാപിച്ചു ഞങ്ങളിൽ. 6
രണ്ടാമതത്ഭുതം നിൻെറ തേജസ്സൊപ്പിച്ചിതിപ്പൊഴേ
കണ്ടത്ഭുതപ്പെട്ടു കൃഷ്ണ, മുമ്പത്തേക്കഥയോർമ്മയായ്. 7
നിന്നോടോതീ ദേവനുടെ മാഹാത്മ്യമിതു ഹേ, പ്രഭോ!
കപർദ്ദിയാം ഗിരീശൻെറ മഹാബാഹോ, ജനാർദ്ദന! 8

ഭീഷ്മൻ പറഞ്ഞു

എന്നാത്തപോവനസ്ഥന്മാർ ചൊന്നോരാക്കൃഷ്ണനപ്പൊഴേ
മററും മുനികളേ മാനിച്ചീടിനാൻ ദേവകീസുതൻ. 9
ഉടൻ ഹർഷിച്ചു മുനികൾ വീണ്ടും കണ്ണനൊടോതിനാർ.

മുനിമാർ പറഞ്ഞു

വീണ്ടും ഞങ്ങൾക്കു കണ്ടീടാറാക നീ മധുസൂദന! 10
ഞങ്ങൾക്കില്ലാ വിണ്ണിലും നിൻ കാഴ്ചയ്ക്കൊക്കും രുചി പ്രഭോ!
ഭഗവാനാം ഭവൻ ചൊന്നതതു സത്യം മഹാഭുജ! 11

* ചക്രലാംഗലധാരികൾ=സുദർശനചക്രവും കലപ്പയും ധരിക്കുന്നവർ.

ചൊല്ലീ നിന്നോടീ രഹസ്യമെല്ലാമിങ്ങരികശ്ന!
ചോദിച്ചു നീ പൊരുളറിഞ്ഞവൻ ചോദിക്ക കാരണം. 12
ഈഗ്ഗുഹ്യം നിൻ പ്രിയത്തിന്നായ് ഞങ്ങളിപ്പോൾ പറഞ്ഞതാം
മുപ്പാരിൽ നീയറിഞ്ഞീടാതില്ലല്ലോ ചൊററൊരെണ്ണവും. 13
ജന്മം പ്രസൂതിയും പിന്നെ മററു കാരണവും വിഭോ!
ചാപല്യത്താൽ ഞങ്ങൾ ഗുഹ്യം ധരിപ്പതിനശക്തരാം. 14
അതാം വിഭോ, ഭവാൻ നിർല്ലേച്ചാപലാൽ പ്രലപിച്ചതും
ആശ്ചര്യമായിട്ടില്ലൊന്നുമങ്ങുന്നിങ്ങറിയാത്തതായ്. 15
വിണ്ണിലും മന്നിലും ദേവ, സർവ്വമങ്ങുന്നറിഞ്ഞതാം
ഹേ കൃഷ്ണ, ഞങ്ങൾ പോകട്ടേ ബുദ്ധിപുഷ്ടികളേല്ക്ക നീ. 16
പുത്രൻ നിനക്കു സമനോ പിറന്നീടും വിശിഷ്ടനോ
മഹാപ്രഭാവമുടയോൻ ദീപ്തകീർത്തിപരൻ പ്രഭു. 17

ഭീഷ്മൻ പറഞ്ഞു

പുരുഷോത്തമദേവേശയാദവന്നു നമിച്ചുടൻ
പ്രദക്ഷിണംവെച്ചു പിന്നെപ്പോയ്ക്കൊണ്ടാരാ മഹർഷികൾ. 18
ഈ നാരായണനാ ശ്രീമാൻ പരയാം ദീപ്തിയുള്ളവൻ
മുറയ്ക്കാ വ്രതവും തീർത്താ ദ്വാരകയ്ക്കു മടങ്ങിനാൻ. 19
പത്തു മാസം കഴിഞ്ഞിട്ടിദ്ദേഹത്തിന്നത്ഭുതൻ സുതൻ
ഉണ്ടായ് രുക്മിണിയിൽ ശൂരൻ സമ്മതൻ വംശദൻ പ്രഭോ! 20
അവൻ കാമൻ ജീവജാലസർവ്വ ഭാവഗതൻ നൃപ!
സുരാസുരന്മാരുടെയുമുള്ളിലെന്നും ചരിപ്പവൻ. 21
ആയിവൻ നരശാർദ്ദൂല, മുകിൽവണ്ണൻ ചതുർഭുജൻ
പാണ്ഡവാശ്രിതനാം പ്രേമാൽ നിങ്ങളങ്ങോട്ടുമാശ്രിതർ. 22
കീർത്തിയും ലക്ഷ്മിയും പിന്നെദ്ധൃതിയും സ്വർഗ്ഗമാർഗ്ഗവും
എങ്ങിവൻ നില്പിതങ്ങുണ്ടു ദേവൻ വിഷ്ണു ത്രിവിക്രമൻ. 23
ഇന്ദ്രാദി മുപ്പത്തിമൂന്നു വാനോരിവനസംശയം
ആദിദേവൻ മഹാദേവൻ സർവ്വഭൂതത്തിനാശ്രയം. 24
ആദ്യന്തഹീനനവ്യക്തൻ മഹാത്മാ മധുസൂദനൻ
ഇവൻ പിറന്നു തേജസ്വി സുരകാര്യം നടത്തുവാൻ. 25
സുദുസ്തരാർത്ഥതത്ത്വത്തെച്ചൊൽവോൻ കർത്താവു മാധവൻ
അങ്ങയ്ക്കെങ്ങും പാർത്ഥ, ജയമങ്ങയ്ക്കതുലകീർത്തിയും. 26
അങ്ങയ്ക്കീപ്പൃഥിവീദേവി മുററും നാരായണാശ്രയാൽ
അങ്ങയ്ക്കചിന്ത്യനീ നാഥൻ ഗതി നാരായണൻ പരൻ. 27
യുദ്ധാഗ്നിയിലുപാദ്ധ്വര്യു ഭവാൻ ഹോമിച്ചു മന്നരെ
യുഗാന്താഗ്നിക്കെതിർപെട്ടും മഹാകൃഷ്ണസ്രുവത്തിനാൽ. 28
ഈദ്ദുര്യോധനനോ ശോച്യൻ സപുത്രഭ്രാതൃബാന്ധവൻ

അജ്ഞൻ ക്രോധാൽ ചെയ്തുവല്ലോ ഹരിഗാണ്ഡീവിവിവിഗ്രഹം[1] 29
ദൈതേയദാനവേന്ദ്രന്മാർ മഹാകായർ മഹാബലർ
കാട്ടുതീയിൽ പാററകംപോലേററു ചക്രാഗ്നിയിൽ ക്ഷയം. 30
ഇവൻ മനുഷ്യർക്ക പോരിലെതിർക്കാനെളുതായ്വരാ
സത്വം ശക്തി ബലം മുററും കുറഞ്ഞോർക്ക നരർഷഭ! 31
ജയൻ യോഗി യുഗാന്താഗ്നി സവ്യസാചി രണാഗ്രഗൻ
തേജസ്സാൽ കൊന്നു മുച്ചൂടും ദുര്യോധനബലം നൃപ! 32
വൃഷാങ്കൻ ഹിമവൽപൃഷ്ഠത്തിങ്കൽ മാമുനിമാരൊടായ്
അരുൾചെയ്ത പുരാണം ഞാൻ പറയുന്നതു കേൾക്ക നീ. 33
അവന്നുണ്ടെത്രയോ പുഷ്ടി തേജോദീപ്തി പരാക്രമം
പ്രഭാവം സന്നതി[2] ജന്മം കൃഷ്ണനിൽ ത്രിഗുണം പ്രഭോ! 34
മറിച്ചാക്കാനാർക്ക പററുമതുള്ളപടി കേൾക്ക നീ
ഭഗവാൻ കൃഷ്ണനെങ്ങുണ്ടങ്ങുണ്ടു വൻപിച്ച പുഷ്ടിയും. 35
അല്പബുദ്ധികളീ ഞങ്ങളസ്വതന്ത്രർ സുവിക്ലബർ
അറിഞ്ഞുംകൊണ്ടുതാൻ ചാടി മൃത്യുമാർഗ്ഗമതവ്യയം. 36
ഭവാനാർജ്ജവമാണ്ടല്ലോ മുന്നം ചെയ്തു പ്രതിശ്രവം[3]
രാജവൃത്തം[4]കൊൾവതില്ലാ പ്രതിജ്ഞാപാലനോദ്യതൻ. 37
ലോകത്തിലാത്മവധവും രാജൻ, മാനിച്ചിടുന്നു നീ
പ്രതിജ്ഞ നല്കിയതുപേക്ഷിക്കാവോന്നല്ലരിന്ദമ! 38
പടത്തലയ്ക്കൽ കാലത്താൽ ഹതരായ് മുററുമിജ്ജനം
കാലത്താൽ ഹതരല്ലോ നാം കാലമോ പരമേശ്വരൻ. 39
കാലജ്ഞൻ കാലസംസ്പൃഷ്ടൻ ശോചിക്കരുതു നീയെടോ
കാലൻ രോഹിതരക്താക്ഷൻ കൃഷ്ണൻ ദണ്ഡധരൻ ഹരി. 40
എന്നാൽ പാർത്ഥ, ജ്ഞാതികളെപ്പററിശ്ശോചിച്ചിടായ്ക നീ
നിത്യം മന്യുവൊഴിഞ്ഞങ്ങു വാഴ്ക കൗരവനന്ദന! 41
ഞാൻ ചൊന്നൊരീ മാധവന്റെ മാഹാത്മ്യം കേട്ടതില്ലയോ
അതുതാൻ പോരുമേ സജ്ജനത്തിന്നിങ്ങു നിദർശനം. 42
വ്യാസന്റെ മൊഴിയും കേട്ടു ധീമാനാം നാരദന്റെയും
സ്വയമർഹത്തമൻ കൃഷ്ണൻതന്റെയും ധരണീപതേ! 43
ഞാൻ പറഞ്ഞോരു മഹിതമുനിവർഗ്ഗപ്രഭാവവും
മഹേശ്വരന്റെ സംവാദം ഗൗരിയോടൊത്തു ഭാരത! 44
ഇതാരുണ്ടോ ധരിക്കുന്നൂ മഹാപുരുഷസംഭവം
ആരു കേൾക്കുന്നു ചൊല്ലുന്നിതവൻ ശ്രേയസ്സു നേടിടും. 45
യഥേഷ്ടമായവന്നൊത്തുവരും കാമങ്ങളൊക്കയും

1 ഹരിഗാണ്ഡീവിവിവിഗ്രഹം=ശ്രീകൃഷ്ണനും അർജ്ജുനനുമായുള്ള യുദ്ധം. 2 സന്നതി=വണക്കം. 3 പ്രതിശ്രവം=പ്രതിജ്ഞ. 4 രാജവൃത്തംകൊള്ളുക=രാജ്യഭാരം ഏറെടുക്കുക.

പരത്തിൽ സ്വർഗ്ഗവും നേടും നരൻ സംശയമില്ലതിൽ. 46
ശ്രേയോർത്ഥികൾ ഭജിക്കേണ്ടുന്നവനാണീജ്ജനാർദ്ദനൻ
രാജാവേ, വിപ്രർ വാഴ്ത്തീടുമക്ഷയൻതാൻ ജനാർദ്ദനൻ. 47
മഹേശ്വരൻ ചൊല്ലിയവയാകും ധർമ്മഗുണങ്ങളെ
മനസ്സാൽ നീ ധരിക്കേണം കുരുരാജ, സദായ്പൊഴും. 48
നീയീവണ്ണം പ്രവർത്തിച്ചു നന്നായ് ദണ്ഡം ധരിച്ചുമേ
പ്രജാരക്ഷ നടത്തീടിൽ സ്വർഗ്ഗലോകം കിടച്ചിടും. 49
രാജാവേ, നീ പ്രജകളെദ്ധർമ്മത്താൽക്കാക്കുകെപ്പൊഴും
അവന്നു പെരുതാം ദണ്ഡം നന്നായ് ചൊല്ലുന്നു ധർമ്മമായ്. 50
രാജാവേ, ഞാൻ സജ്ജനത്തിൻമുൻപാകെച്ചൊല്ലിയില്ലയോ
ശങ്കരന്നുമയോടുള്ള സംവാദം ധർമ്മസംഹിതം. 51
കേട്ടും കേൾപ്പാനാശപൂണ്ടും പൂജിക്കേണം വൃഷാങ്കനെ
വിശുദ്ധഭാവമുടയോനാത്മൈശ്വര്യം നിനപ്പവൻ. 52
ഇതാക്കുററം വിട്ട മഹാത്മാവാം ശ്രീനാരദന്നുടെ
സന്ദേശം ദേവപൂജാർത്ഥമവ്വണ്ണം ചെയ്ക പാണ്ഡവ! 53
ഇതത്ഭുതം പുണ്യഹിമാദ്രിയിലെച്ചരിതം പ്രഭോ!
വാസുദേവൻെറയും പാർത്ഥ, ശിവൻേറയും സ്വഭാവജം. 54
പതിനായിരമാണ്ടങ്ങീശ്ശാശ്വതം ബദരീസ്ഥലേ
വൻപിയന്ന തപം ചെയ്തു ഗാണ്ഡീവിയൊടുമൊപ്പമേ. 55
ത്രിയുഗന്മാരംബുജാക്ഷർ വാസുദേവധനഞ്ജയർ
അറിഞ്ഞേനിവരേ വ്യാസനാരദോക്തികളാൽ നൃപ! 56
ബാല്യത്തിൽത്താൻ മഹാബാഹു മഹത്താം കംസനിഗ്രഹം
ജ്ഞാതിരക്ഷയ്ക്കുവേണ്ടീട്ടു ചെയ്താനീപ്പങ്കജേക്ഷണൻ. 57
ഇവൻെറ കർമ്മങ്ങൾക്കന്തമെണ്ണാനാളല്ല പാർത്ഥ, ഞാൻ
ശാശ്വതൻേറ ശ്രീപുരാണപുരുഷൻെറ യുധിഷ്ഠിര! 58
ഉണ്ണീ, നിനക്കുത്തമമാം ശ്രേയസ്സുണ്ടായ്വരും ദൃഢം
നിനക്കീപ്പുരുഷവ്യാഘ്രൻ സഖിയല്ലോ ജനാർദ്ദനൻ. 59
പരത്തിലും ദുർഗ്ഗതിയാം ദുര്യോധനനിൽ മാഴ്കവേൻ
അവന്മൂലം ഗജാശ്വാഢ്യം ഭൂമിയൊട്ടുക്കു കെട്ടുപോയ്. 60
ദുര്യോധനൻെറ കുററത്താൽ കർണ്ണൻേറ സൗബലൻെറയും
ദുശ്ശാസനചതുർത്ഥന്മാ*രുടെ കൗരവർ തീർന്നുപോയ്. 61

വൈശമ്പായനൻ പറഞ്ഞു

പുരുഷർഷഭനാം ഗംഗാപുത്രനേവമുരയ്ക്കവേ
ആ മഹാത്മാക്കൾനടുവിൽ കൗരവൻ മൗനമാണ്ടുതേ. 62
അതു കേട്ടത്ഭുതപ്പെട്ടു ധൃതരാഷ്ട്രാദി മന്നവർ

* ദുശ്ശാസനചതുർത്ഥന്മാർ=ദുശ്ശാസനനാകുന്ന നാലാമനോടുകൂടിയവർ (ദുരാലോചനക്കാരിൽ ദുശ്ശാസനൻ നാലാമനായിരുന്നു എന്നു സാരം).

മനസ്സാൽ കൃഷ്ണനെ പൂജിച്ചുടൻ കൈകൂപ്പിയേവരും. 63
അപ്പോഠം ശ്രീനാരദമുഖന്മാരാം മുനികളേവരും
ആ വാക്കു കേട്ടു കൊണ്ടാടിക്കൊണ്ടാർ പൂജിച്ചുകൊണ്ടുടൻ. 64
ഇതെല്ലാം മുററുമനുജന്മാരോടൊന്നിച്ചു പാണ്ഡവൻ
പുണ്യമൊട്ടേറെയാശ്ചര്യം കേട്ടു ഭീഷ്മാനുശാസനം. 65
യുധിഷ്ഠിരൻ വിശ്രമിച്ചു ദാതാവാം ഭീഷ്മനോട്ടടൻ
വീണ്ടും പിന്നെ മഹാബുദ്ധി ചോദിച്ചിതു മഹീപതി. 66

149. വിഷ്ണുസഹസ്രനാമം

കൃഷ്ണൻെറ മഹാത്മ്യം വർണ്ണിക്കുന്നകൂട്ടത്തിൽ ഭീഷ്മൻ വിഷ്ണുവിൻെറ ആയിരം പേരുകൾ (വിഷ്ണുസഹസ്രനാമം) വിവരിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

നിശ്ശേഷം കേട്ടു ധർമ്മങ്ങളൊക്കപ്പാവനമായവ
യുധിഷ്ഠിരൻ ഭീഷ്മനോടു വീണ്ടും ചോദിച്ചിതിങ്ങനെ: 1
"ലോകത്തെന്താണേകദൈവമെന്താണേകാവലംബനം?
ആരെ സ്തുതിച്ചാരെയച്ചിച്ചെങ്കിൽ നേടും ശുഭം നരർ? 2
എല്ലാദ്ധർമ്മത്തിലും ശ്രേഷ്ഠം ധർമ്മമെന്തു ഭവന്മതം?
ജീവിക്കെന്തു ജപിച്ചാൽപ്പോം ജന്മസംസാരബന്ധനം?" 3

ഭീഷ്മൻ പറഞ്ഞു

ജഗദീശാനപുരുഷോത്തമനാം ദേവദേവനെ
സഹസ്രനാമത്താൽ വാഴ്ത്തും പുരുഷൻ കേറുമെപ്പൊഴം. 4
അച്ചിച്ചായവനെബ്ഭക്ത്യാ പുരുഷാവ്യയനെസ്സദാ
ധ്യാനിച്ചു വാഴ്ത്തിക്കുമ്പിട്ടായവനെത്താൻ യജിപ്പവൻ 5
അനാദ്യന്തൻ വിഷ്ണുവിനെസ്സർവ്വലോകമഹേശനെ
ലോകാദ്ധ്യക്ഷനെ വാഴ്ത്തീടിൽ ദുഃഖമൊക്കക്കടന്നിടും, 6
ബ്രഹ്മണ്യൻ സർവ്വധർമ്മജ്ഞൻ ലോകത്തിൽക്കീർത്തികാരിയെ
ലോകനാഥൻ മഹൽഭൂതൻ സർവ്വോൽഭൂതികൾ വിത്തിനെ. 7
എല്ലാദ്ധർമ്മത്തിലുമിതു മേലെയാം ധർമ്മമെന്മതം
പുണ്ഡരീകാക്ഷനെബ്ഭക്ത്യാ നരനച്ചിപ്പതെപ്പൊഴം. 8
ഏതവൻ മുഖ്യവൻതേജസ്സേതവൻ മുഖ്യവൻതപം
ഏതവൻ മുഖ്യമാം ബ്രഹ്മമേവൻ മുഖ്യാവലംബനം, 9
പവിത്രങ്ങാഠക്കാർ പവിത്രം മംഗളങ്ങാഠക്കു മംഗളം
ദൈവതം ദൈവതങ്ങാഠക്കും ഭൂതങ്ങാഠക്കവ്യയൻ പിതാ, 10
യുഗാദിയിങ്കൽബ്ഭൂതങ്ങളാരിൽനിന്നുത്ഭവിപ്പതോ
യുഗക്ഷയത്തിൽ പിന്നീടങ്ങാരിൽ ചെന്നു ലയിപ്പതോ, 11
ലോകപ്രധാനനായോരാജ്ജഗന്നാഥൻെറ മന്നവ!

വിഷ്ണുവിൻേറ കേരം സഹസ്രനാമം പാപഭയാപഹം. 12
മഹാത്മാവിൻെറ ഗൗണങ്ങരം നാമങ്ങരം പുകഴാണ്ടവ
ഋഷിമാർ പാടിട്ടമവ ഭൂതിക്കായ് പറയുന്നു ഞാൻ. 13

വിഷ്ണുസഹസ്രനാമം

ഓം, വിശ്വം വിഷ്ണു വഷഠംക്കാരം ഭൂതഭവ്യഭവൽപ്രഭു
ഭൂതകൃൽ ഭൂതഭൃൽ ഭാവൻ ഭൂതാത്മാ ഭൂതഭാവനൻ 14
പൂതാത്മാ പരമാത്മാവു മുക്തക്കു പരയാം ഗതി
അവ്യയൻ പുരുഷൻ സാക്ഷി ക്ഷേത്രജ്ഞൻ പിന്നെയക്ഷരം 15
യോഗം(താൻ)യോഗവിന്നേതാ പ്രധാന പുരുഷേശ്വരൻ
നാരസിംഹവപുഃ ശ്രീമാൻ കേശവൻ പുരുഷോത്തമൻ 16
സവ്വൻ ശവ്വൻ ശിവൻ സ്ഥാണു ഭൂതാദിനിധിയവ്യയൻ
സംഭവൻ ഭാവനൻ ഭത്താ പ്രഭവൻ പ്രഭുവീശ്വരൻ 17
സ്വയംഭു ശംഭുവാദിത്യൻ പുഷ്കരാക്ഷൻ മഹാസ്വനൻ
അനാദിനിധനൻ ധാതാ വിധാതാ ധാതുരുത്തമൻ 18
അപ്രമേയൻ ഹൃഷീകേശൻ പത്മനാഭാ,മരപ്രഭു
വിശ്വകമ്മാ മനു ത്വഷ്ടാ സ്ഥവിഷ്ഠൻ സ്ഥവിരൻ ധ്രുവൻ 19
അഗ്രാഹ്യൻ ശാശ്വതൻ കൃഷ്ണൻ ലോഹിതാക്ഷൻ പ്രതദ്ദനൻ
പ്രഭൂതൻ ത്രികകുപ്ധാമം പവിത്രം മംഗളം പരം 20
ഈശാനൻ പ്രാണദൻ പ്രാണൻ ജ്യേഷ്ഠൻ ശ്രേഷ്ഠൻ പ്രജാപതി
ഹിരണ്യഗർഭൻ ഭൂഗർഭൻ മാധവൻ മധുസൂദനൻ 21
ഈശ്വരൻ വിക്രമീ ധന്വീ മേധാവീ വിക്രമൻ ക്രമം
അനുത്തമൻ ദുരാധഷൻ കൃതജ്ഞൻ കൃതിയാത്മവാൻ 22
സുരേശൻ ശരണം ശമ്മം വിശ്വരേതൻ പ്രജാഭവൻ
അഹസ്സംവത്സരം വ്യാളം പ്രത്യയം സവ്വദശ്നൻ 23
അജൻ സവ്വേശ്വരൻ സിദ്ധൻ സിദ്ധി സവ്വാദിയച്യുതൻ
വൃഷാകപിയമേയാത്മാ സവ്വയോഗവിനിസ്സൃതൻ 24
വസു വസുമനസ്സത്യൻ സമാത്മാ സമ്മിതൻ സമൻ
അമോഘൻ പുണ്ഡരീകാക്ഷൻ വൃഷകമ്മാ വൃഷാകൃതി 25
രുദ്രൻ ബഹുശിരാ ബഭ്രു വിശ്വയോനി ശുചിഃശ്രവൻ
അമൃതൻ ശാശ്വതൻ സ്ഥാണു വരാരോഹൻ മഹാതപൻ 26
സവ്വഗൻ സവ്വവിൽ ഭാനു വിഷ്വക്സേനൻ ജനാദ്ദനൻ
വേദം വേദവിദവ്യംഗൻ വേദാംഗൻ വേദവിൽ കവി 27
ലോകാദ്ധ്യക്ഷൻ സുരാദ്ധ്യക്ഷൻ ധമ്മാദ്ധ്യക്ഷൻ കൃതാകൃതൻ
ചതുരാത്മാ ചതുവ്യൂഹൻ ചതുദ്ദംഷ്ട്രൻ ചതുർഭുജൻ 28
ഭ്രാജിഷ്ണു ഭോജനം ഭോക്താ സഹിഷ്ണു ജഗദാദിജൻ

അനഘൻ വിജയൻ ജേതാ വിശ്വയോനി പുനർവ്വസു 29
ഉപേന്ദ്രൻ വാമനൻ പ്രാംശുവമോഘൻ ശുചിയൂർജ്ജിതൻ
അതീന്ദ്രൻ സംഗ്രഹം സർഗ്ഗം ധൃതാത്മാ നിയമൻ യമൻ 30
വേദ്യൻ വൈദ്യൻ സദായോഗി വീരഹാ മാധവൻ മധു
അതീന്ദ്രിയൻ മഹാമായൻ മഹോത്സാഹൻ മഹാബലൻ 31
മഹാബുദ്ധി മഹാവീര്യൻ മഹാശക്തി മഹാദ്യുതി
അനിർദ്ദേശ്യവപുഃ ശ്രീമാനമേയാത്മാ മഹാദ്രിധൃക് 32
മഹേഷ്വാസൻ മഹീഭർത്താ ശ്രീനിവാസൻ സതാംഗതി
അനിരുദ്ധൻ സുരാനന്ദൻ ഗോവിന്ദൻ ഗോവിദാംപതി 33
മരീചി ദമനൻ ഹംസൻ സുപർണ്ണൻ ഭുജഗോത്തമൻ
ഹിരണ്യനാഭൻ സുതപൻ പത്മനാഭൻ പ്രജാപതി 34
അമൃത്യു സർവ്വദൃക് സിംഹൻ സന്ധാതാ സന്ധിമാൻ സ്ഥിരൻ
അജൻ ദുർമ്മർഷണൻ ശാസ്താ വിശ്രുതാത്മാ സുരാരിഹാ 35
ഗുരു ഗുരുതമൻ ധാമം സത്യം സത്യപരാക്രമൻ
നിമിഷാനിമിഷൻ സ്രഗ്വി വാചസ്പതിയുദാരധീ 36
അഗ്രണീ ഗ്രാമണീ ശ്രീമാൻ ന്യായം നേതാ സമീരണൻ
സഹസ്രമൂർദ്ധാ വിശ്വാത്മാ സഹസ്രാക്ഷൻ സഹസ്രപാൽ 37
ആവർത്തനൻ നിവൃത്താത്മാ സംവൃതൻ സംപ്രമർദ്ദനൻ
അഹസ്സംവർത്തകൻ വഹ്നിയനിലൻ ധരണീധരൻ 38
സുപ്രസാദൻ പ്രസന്നാത്മാ വിശ്വധൃഗ്വിശ്വഭുഗ്വിഭു
സൽക്കർത്താ സൽകൃതൻ സാധുജപൻ നാരായണൻ നരൻ 39
അസംഖ്യേയാ,പ്രമേയാത്മാ വിശിഷ്ടൻ ശിഷ്ടകൃൽ ശുചി
സിദ്ധാർത്ഥൻ സിദ്ധസങ്കല്പൻ സിദ്ധിദൻ സിദ്ധിസാധനൻ 40
വൃഷാഹീ വൃഷഭൻ വിഷ്ണു വൃഷപർവ്വൻ വൃഷോദരൻ
വർദ്ധനൻ വർദ്ധമാനൻ(താൻ) വിവിക്തൻ ശ്രുതിസാഗരൻ 41
സുഭുജൻ ദുർദ്ധരൻ വാഗ്മി മഹേന്ദ്രൻ വസുദൻ വസു
നൈകരൂപൻ ബൃഹദ്രൂ പൻ ശിപി വിഷ്ടൻ പ്രകാശനൻ 42
ഓജസ്തേജോദ്യുതിധരൻ പ്രകാശാത്മാ പ്രതാപവാൻ
ഋദ്ധൻ സ്പഷ്ടാക്ഷരം മന്ത്രം ചന്ദ്രാംശു ഭാസ്കരദ്യുതി 43
അമൃതാംശൂത്ഭവൻ ഭാനു ശശബിന്ദു സുരേശ്വരൻ
ഔഷധം(താൻ) ജഗത്സേതു സത്യധർമ്മപരാക്രമൻ 44
ഭൂതഭവ്യഭവന്നാഥൻ പവനൻ പവനാ,നലൻ
കാമഹാ കാമകൃൽ കാന്തൻ കാമൻ കാമപ്രദൻ പ്രഭു 45
യുഗാദികൃൽ യുഗാവർത്തൻ നൈകമായൻ മഹാശനൻ
അദൃശ്യാവ്യക്തരൂപൻ(താൻ) സഹസ്രജിദനന്തജിൽ 46
ഇഷ്ടൻ വിശിഷ്ടൻ ശിഷ്ടേഷ്ടൻ ശിഖണ്ഡി നഹുഷൻ വൃഷൻ
ക്രോധഹാ ക്രോധകൃൽകർത്താ വിശ്വബാഹു മഹീധരൻ 47

അച്യുതൻ പ്രഥിതൻ പ്രാണൻ പ്രാണദൻ വാസവാനുജൻ
അപാംനിധിയധിഷ്ഠാനമപ്രമത്തൻ പ്രതിഷ്ഠിതൻ 48

സ്കന്ദൻ സ്കന്ദധരൻ ധുര്യൻ വരദൻ വായുവാഹനൻ
വാസുദേവൻ ബൃഹത്ഭാനുവാദിദേവൻ പുരന്ദരൻ 49

അശോകൻ താരണം താരം ശൂരൻ ശൗരി ജനേശ്വരൻ
അനുകൂലൻ ശതാവത്തൻ പത്മി പത്മനിഭേക്ഷണൻ 50

പത്മനാഭാരവിന്ദാക്ഷൻ പത്മഗർഭൻ ശരീരഭൃൽ
മഹദ്ധിയൃദ്ധൻ വൃദ്ധാത്മാ മഹാക്ഷൻ ഗരുഡദ്ധ്വജൻ 51

അതുലൻ ശരഭൻ ഭീമൻ സമയജ്ഞൻ ഹവി,ഹ്‌രി
സവ്വലക്ഷണലക്ഷണ്യൻ ലക്ഷ്മീവാൻ സമിതിഞ്ജയൻ 52

വിക്ഷരൻ രോഹിതൻ മാഗ്ഗം ഹേതു ദാമോദരൻ സഹൻ
മഹീധരൻ മഹാഭാഗൻ വേഗവാനമിതാശനി 53

ഉത്ഭവൻ ക്ഷോഭണൻ ദേവൻ ശ്രീഗർഭൻ പരമേശ്വരൻ
കരണം കാരണം കത്താ വികത്താ ഗഹനൻ ഗുഹൻ 54

വ്യവസായം വ്യവസ്ഥാനം സംസ്ഥാനൻ സ്ഥാനദൻ ധ്രുവൻ
പരദ്ധി പരമൻ സ്പഷ്ടൻ തുഷ്ടൻ പുഷ്ടൻ ശുഭേക്ഷണൻ 55

രാമൻ വിരാമൻ വിരജൻ മാഗ്ഗം നേയൻ നയാ,നയൻ
വീരൻ(താൻ) ശക്തിമച്ഛ്രേഷ്ഠൻ ധമ്മൻ ധമ്മവിദുത്തമൻ 56

വൈകുണ്ഠൻ പുരുഷൻ പ്രാണൻ പ്രാണദൻ പ്രണവൻ പൃഥു
ഹിരണ്യഗർഭൻ ശത്രുഘ്നൻ വ്യാപ്തൻ വായുവധോക്ഷജൻ 57

ഋതു സുദശനൻ കാലൻ പരമേഷ്ഠി പരിഗ്രഹൻ
ഉഗ്രൻ സംവത്സരൻ ദക്ഷൻ വിശ്രമൻ വിശ്വദക്ഷിണൻ 58

വിസ്താരൻ സ്ഥാവരൻ സ്ഥാണു പ്രമാണം ബീജമവ്യയം
അത്ഥാ,നത്ഥൻ മഹാകോശൻ മഹാഭോഗൻ മഹാധനൻ 59

അനിവ്വിണ്ണൻ സ്ഥവിഷ്ഠൻ ഭ്രൂ ധമ്മയൂപൻ മഹാമഖൻ
നക്ഷത്രനേമി നക്ഷത്രി ക്ഷമൻ ക്ഷാമൻ സമീഹനൻ 60

യജ്ഞമീജ്യൻ മഹേജ്യൻ(താൻ) ക്രതു സത്രം സതാംഗതി
സവ്വദശി വിമുക്താത്മാ സവ്വജ്ഞൻ ജ്ഞാനമുത്തമൻ 61

സുവ്രതൻ സുമുഖൻ സൂക്ഷ്മൻ സുഘോഷൻ സുമുഖൻ സുഹൃൽ
മനോഹരൻ ജിതക്രോധൻ വീരബാഹു വിദാരണൻ 62

സ്വാപനൻ സ്വവശൻ വ്യാപി നൈകാത്മാ നൈകകമ്മകൃൽ
വത്സരൻ വത്സലൻ വത്സി രത്നഗർഭൻ ധനേശ്വരൻ 63

ധമ്മഗുപ് ധമ്മകൃദ്ധമ്മി സത്തസൽ ക്ഷരമക്ഷരം
അവിജ്ഞാതാ സഹസ്രാംശു വിധാതാ കൃതലക്ഷണൻ 64

ഗഭസ്തിനേമി സത്വസ്ഥൻ സിംഹം ഭൂതമഹേശ്വരൻ
ആദിദേവൻ മഹാദേവൻ ദേവേശൻ ദേവഭൃൽ ഗുരു 65

ഉത്തരൻ ഗോപതീ ഗോപ്താ ജ്ഞാനഗമ്യൻ പുരാതനൻ

ശരീരഭൃത്ഭൃൽ ഭോക്താ കപീന്ദ്രൻ ഭൂരിദക്ഷിണൻ 66

സോമപാ,മൃതപൻ സോമൻ പുരുജിൽ പുരുസത്തമൻ
വിനയൻ ജയൻ സത്യസന്ധൻ ദാശാർഹൻ സാത്വതാംപതി 67

ജീവൻ വിനയിതാ സാക്ഷി മുകുന്ദാ,മിതവിക്രമൻ
അംഭോനിധിയനന്താത്മാ മഹോദധിശയാ,ന്തകൻ 68

അജൻ മഹാർഹൻ സ്വാഭാവ്യൻ ജിതാമിത്രൻ പ്രമോദനൻ
ആനന്ദം നന്ദനൻ നന്ദൻ സത്യധർമ്മാ ത്രിവിക്രമൻ 69

മഹർഷി കപിലാചാര്യൻ കൃതജ്ഞൻ മേദിനീപതി
ത്രിപദൻ ത്രിദശാദ്ധ്യക്ഷൻ മഹാശൃംഗൻ കൃതാന്തകൃൽ 70

മഹാവരാഹൻ ഗോവിന്ദൻ സുഷേണൻ കനകാംഗദി
ഗുഹ്യൻ ഗഭീരൻ ഗഹനൻ ഗുപ്തൻ ചക്രഗദാധരൻ 71

വേധാ സ്വാംഗാ,ജിതൻ കൃഷ്ണൻ ദൃഢൻ സങ്കർഷണാച്യുതൻ
വരുണൻ വാരുണൻ വൃക്ഷം പുഷ്കരാക്ഷൻ മഹാമനൻ 72

ഭഗവാൻ ഭഗഹാ നന്ദി വനമാലി ഹലായുധൻ
ആദിത്യൻ ജ്യോതിരാദിത്യൻ സഹിഷ്ണു ഗതിസത്തമൻ 73

സുധന്വാ ഖണ്ഡപരശു ദാരുണൻ ദ്രവിണപ്രദൻ
ദിവസ്പൃക് സർവ്വദൃഗ്വ്യാസൻ വാചസ്പതിയയോനിജൻ 74

ത്രിസാമാ സാമഗൻ സാമം നിർവ്വാണം ഭേഷജം ഭിഷക്
സന്യാസകൃൽ ശമം ശാന്തൻ നിഷ്ഠാ ശാന്തിപരായണൻ 75

ശുഭാംഗൻ ശാന്തിദൻ സ്രഷ്ടാ കുമുദൻ കുവലേശയൻ
ഗോഹിതൻ ഗോപതീ ഗോപ്താ വൃഷഭാക്ഷൻ വൃഷപ്രിയൻ 76

അനിവർത്തി നിവൃത്താത്മാ സംക്ഷേപ്താ ക്ഷേമകൃൽ ശിവൻ
ശ്രീവത്സവക്ഷാ ശ്രീവാസൻ ശ്രീപതി ശ്രീമതാംവരൻ 77

ശ്രീദൻ ശ്രീശൻ ശ്രീനിവാസൻ ശ്രീനിധി ശ്രീവിഭാവനൻ
ശ്രീധരൻ ശ്രീകരൻ ശ്രേയഃ ശ്രീമാൻ ലോകത്രയാശ്രയൻ 78

സ്വക്ഷൻ സ്വംഗൻ ശതാനന്ദൻ നന്ദി ജ്യോതിർഗ്ഗണേശ്വരൻ
വിജിതാത്മാ വിധേയാത്മാ സൽക്കീർത്തിച്ഛിന്നസംശയൻ 79

ഉദീർണ്ണൻ സർവ്വതശ്ചക്ഷു,സ്സനീശൻ ശാശ്വതൻ സ്ഥിരൻ
ഭൂശയൻ ഭൂഷണം ഭൂതി വിശോകൻ ശോകനാശനൻ 80

അർച്ചിഷ്മാനർച്ചിതൻ കുംഭൻ വിശുദ്ധാത്മാ വിശോധനൻ
അനിരുദ്ധാ,പ്രതിരഥൻ പ്രദ്യുമ്നാ,മിതവിക്രമൻ 81

കാലനേമിനിഹാ വീരൻ ശൗരി ശൂരജനേശ്വരൻ
ത്രിലോകാത്മാ ത്രിലോകേശൻ കേശവൻ കേശിഹാ ഹരി 82

കാമദേവൻ കാമപാലൻ കാമി കാന്തൻ കൃതാഗമൻ
അനിർദ്ദേശ്യവപു വിഷ്ണു വീരാ,നന്തൻ ധനഞ്ജയൻ 83

ബ്രഹ്മണ്യൻ ബ്രഹ്മകൃൽ ബ്രഹ്മൻ ബ്രഹ്മം ബ്രഹ്മവിവർദ്ധനൻ
ബ്രഹ്മവിൽ ബ്രാഹ്മണൻ ബ്രഹ്മി ബ്രഹ്മജ്ഞൻ ബ്രാഹ്മണപ്രിയൻ

മഹാക്രമൻ മഹാകർമ്മാ മഹാതേജാ മഹോരഗൻ
മഹാക്രതു മഹായജ്വാ മഹായജ്ഞൻ മഹാഹവി 85
സ്തവ്യൻ സ്തവപ്രിയൻ സ്തോത്രം സ്തുതൻ സ്തോതാ രണപ്രിയൻ
പൂർണ്ണൻ പൂരയിതാ പുണ്യൻ പുണ്യകീർത്തിയനാമയൻ 86
മനോജവൻ തീർത്ഥകരൻ വസുരേതൻ വസുപ്രദൻ
വസുപ്രദൻ വാസുദേവൻ വസു വസുമനാ ഹരി 87
സൽഗതി സൽകൃതീ സത്ത സൽഭൂതീ സൽപരായണൻ
ശൂരസേനൻ യദുശ്രേഷ്ഠൻ സന്നിവാസൻ സുയാമുനൻ 88
ഭൂതാവാസൻ വാസുദേവൻ സർവ്വാസുനിലയാ,നലൻ
ദർപ്പഹാ ദർപ്പദൻ ദൃപ്തൻ ദുർദ്ധരൻ അപരാജിതൻ 89
വിശ്വമൂർത്തി മഹാമൂർത്തി ദീപ്തമൂർത്തിയമൂർത്തിമാൻ
അനേകമൂർത്തീയവ്യക്തൻ ശതമൂർത്തി ശതാനനൻ 90
ഏകൻ നൈകൻ സവൻ കൻ കിം യത്തൽ പദമനുത്തമം
ലോകബന്ധു ലോകനാഥൻ മാധവൻ ഭക്തവത്സലൻ 91
സുവർണ്ണവർണ്ണൻ ഹേമാംഗൻ വരാംഗൻ ചന്ദനാംഗദി
വീരഹാ വിഷമൻ ശൂന്യൻ ഘൃതാശീയചലൻ ചലൻ 92
അമാനി മാനദൻ മാന്യൻ ലോകസ്വാമി ത്രിലോകധൃക്
സുമേധാ മേധജൻ ധന്യൻ സത്യമേധാ ധരാധരൻ 93
തേജോ വൃഷൻ ദ്യുതിധരൻ സർവ്വശസ്ത്രഭൃതാംവരൻ
പ്രഗ്രഹൻ നിഗ്രഹൻ വ്യഗ്രൻ നൈകശൃംഗൻ ഗദാഗ്രജൻ 94
ചതുർമ്മൂർത്തി ചതുർബ്ബാഹു ചതുർവ്യൂഹൻ ചതുർഗ്ഗതി
ചതുരാത്മാ ചതുർഭാവൻ ചതുർവ്വേദവി,ദേകപാൽ 95
സമാവർത്തൻ നിവൃത്താത്മാ ദുർജ്ജയൻ ദുരതിക്രമൻ
ദുർല്ലഭൻ ദുർഗ്ഗമൻ ദുർഗ്ഗൻ ദുരാവാസൻ ദുരാരിഹാ 96
ശുഭാംഗൻ ലോകസാരംഗൻ സുതന്തു തന്തുവർദ്ധനൻ
ഇന്ദ്രകർമ്മാ മഹാകർമ്മാ കൃതവർമ്മാ കൃതാഗമൻ 97
ഉത്ഭവൻ സുന്ദരൻ സുന്ദൻ രത്നനാഭൻ സുലോചനൻ
അർക്കൻ വാജസനൻ ശൃംഗി ജയന്തൻ സർവ്വവിൽ ജയി 98
സുവർണ്ണബിന്ദുവക്ഷോഭ്യൻ സർവ്വവാഗീശ്വരേശ്വരൻ
മഹാഹ്രദൻ മഹാഗർത്തൻ മഹാഭൂതം മഹാനിധി 99
കുമുദൻ കുന്ദരൻ കുന്ദൻ പർജ്ജന്യൻ പവനാ,നിലൻ
അമൃതാശാ,മൃതവപുസ്സർവ്വജ്ഞൻ സർവ്വതോമുഖൻ 100
സുലഭൻ സുവ്രതൻ സിദ്ധൻ ശത്രുജിൽ ശത്രുതാപനൻ
ന്യഗ്രോധോദുംബരാശ്വത്ഥൻ ചാണൂരാന്ധ്രനിഷൂദനൻ 101
സഹസ്രാർച്ചീ സപ്തജിഹ്വൻ സപ്തൈധൻ സപ്തവാഹനൻ
അമൂർത്തിയനഘാ,ചിന്ത്യൻ ഭയകൃൽ ഭയനാശനൻ 102
അണു ബൃഹൽ കൃശൻ സ്ഥൂലൻ ഗുണഭൃൽ നിർഗ്ഗുണൻ മഹാൻ

അധൃതൻ സ്വധൃതൻ സ്വാസ്യൻ പ്രാഗ്വംശൻ വംശവദ്ധനൻ 103
ഭാരഭൃൽ കഥിതൻ യോഗി യോഗീശൻ സർവ്വകാമദൻ
ആശ്രമം ശ്രമണൻ ക്ഷാമൻ സുപർണ്ണൻ വായുവാഹനൻ 104
ധനുർദ്ധരൻ ധനുർവ്വേദം ദണ്ഡം ദമയിതാ ദമൻ
അപരാജിൽ സർവ്വസഹൻ നിയന്താ നിയമൻ യമൻ 105
സത്വവാൻ സാത്വികൻ സത്യൻ സത്യധർമ്മപരായണൻ
അഭിപ്രായൻ പ്രിയാർഹൻ,ഹൻ പ്രിയകൃൽ പ്രീതിവദ്ധനൻ 106
വിഹായസഗതീ ജ്യോതിസ്സുരുചീ ഹുതഭുഗ് വിഭു
രവീ വിരോചനൻ സൂര്യൻ സവിതാ രവിലോചനൻ 107
അനന്തൻ ഹുതഭുക് ഭോക്താ സുഖദൻ നൈകദാ,ഗ്രജൻ
അനിർവ്വിണ്ണൻ സദാമർഷി ലോകാധിഷ്ഠാനമത്ഭുതം 108
സനൻ സനാതനതമൻ കപിലൻ കപിയവ്യയൻ
സ്വസ്തിദൻ സ്വസ്തികൃൽ സ്വസ്തി സ്വസ്തിഭുക് സ്വസ്തിദക്ഷിണൻ
അരൗദ്രൻ കുണ്ഡലീ ചക്രി വിക്രമ്യൂർജ്ജിതശാസനൻ
ശബ്ദാതിഗൻ ശബ്ദസഹൻ ശിശിരൻ ശർവ്വരീകരൻ 110
അക്രൂരൻ പേശലൻ ദക്ഷൻ ദക്ഷിണൻ ക്ഷമിമാർവരൻ
വിദ്വത്തമൻ വീതഭയൻ പുണ്യശ്രവണകീർത്തനൻ 111
ഉത്താരണൻ ദുഷ്കൃതിഹാ പുണ്യൻ ദുഃസ്വപ്നനാശനൻ
വീരഹാ രക്ഷണൻ സന്തൻ ജീവനൻ പര്യവസ്ഥിതൻ 112
അനന്തരൂപാ,നന്തശ്രീ ജിതമന്യുർഭയാപഹൻ
ചതുരശ്രൻ ഗഭീരാത്മാ വിദിശൻ വ്യാദിശൻ ദിശൻ 113
അനാദിർഭൂർഭുവോലക്ഷ്മി സുവീരൻ രുചിരാംഗദൻ
ജനനൻ ജനജന്മാദി ഭീമൻ ഭീമപരാക്രമൻ 114
ആധാരനിലയൻ ധാതാ പുഷ്പഹാസൻ പ്രജാഗരൻ
ഊർദ്ധ്വഗൻ സൽപഥാചാരൻ പ്രാണദൻ പ്രണവം പണം 115
പ്രമാണം പ്രാണനിലയം പ്രാണഭൃൽ പ്രാണിജീവനൻ
തത്ത്വം തത്ത്വവിദേകാത്മാ ജന്മമൃത്യുജരാതിഗൻ 116
ഭൂർഭുവസ്വസ്തരുസ്താരൻ സവിതാ പ്രപിതാമഹൻ
യജ്ഞൻ യജ്ഞപതീ യജ്വാ യജ്ഞാംഗൻ യജ്ഞവാഹനൻ 117
യജ്ഞഭൃൽ യജ്ഞകൃൽ യജ്ഞി യജ്ഞഭുക് യജ്ഞസാധനൻ
യജ്ഞാന്തകൃൽ യജ്ഞഗുഹ്യമന്നമന്നാദനങ്ങനെ 118
ആത്മയോനി സ്വയംജാതൻ വൈഖാനൻ സാമഗായനൻ
ദേവകീനന്ദനൻ സ്രഷ്ടാ ക്ഷിതീശൻ പാപനാശനൻ 119
ശംഖഭൃൽ നന്ദകീ ചക്രി ശാർങ്ഗ്ഗധന്വാ ഗദാധരൻ
രഥാംഗപാണിയക്ഷോഭ്യൻ സർവ്വപ്രഹരണായുധൻ. 120
(ശ്രീസർവ്വപ്രഹരണായുധ ഓം നമസ്കാരം)
എന്നേവമീ മഹാത്മാവാം വാർഷ്ണേയണ്ടെ കേശവന്നുടെ

ദിവ്യനാമസഹസ്രത്തെയശേഷമുരചെയ്തു ഞാൻ. 121
ഇതെന്നും കേട്ടിടുന്നോനും ചൊല്ലിക്കൊണ്ടീടുവോനുമേ
അശുഭം ചെററുമേററീടില്ലങ്ങുമിങ്ങും സുഖിച്ചിടും. 122
ബ്രാഹ്മണൻ വേദാന്തിയാകും ക്ഷത്രിയൻ ജയമേററിടും
വൈശ്യൻ ധനം വാച്ചവനാം ശൂദ്രനോ സുഖമാന്നിടും. 123
ധമ്മാത്ഥി ധമ്മം നേടീടുമത്ഥാത്ഥിക്കത്ഥമൊത്തിടും
കാമി കാമങ്ങളേററീടും പ്രജാത്ഥിക്കുളവാം പ്രജ. 124
ഭക്തിയോടെന്നുമേററിട്ടു ശുചിയായ് തന്മനസ്സുമായ്
വാസുദേവൻെറയീ നാമസഹസ്രത്തെ ജപിക്കുകിൽ 125
പെരുത്തു പുകഴാണ്ടീടും ജ്ഞാതിമാരിൽ പ്രധാനിയാം
ഇളകാത്ത ശ്രീയുമേല്ക്കും മുഖ്യശ്രേയസ്സുമേററിടും. 126
എങ്ങും ഭയം പററുകില്ലാ വീര്യം തേജസ്സുമേററിടും
നീരോഗൻ ദ്യുതിമാനാകും ബലരൂപഗുണാഢ്യനാം. 127
രോഗാത്തന്നൊഴിയും രോഗം ബദ്ധൻ ബന്ധമൊഴിഞ്ഞുപോം
ഭയം ഭയാത്തന്നൊഴിയുമാപത്താപന്നനററുപോം. 128
ദുഗ്ഗങ്ങളാശു കേറീടും പുരുഷോത്തമനെപ്പുമാൻ
നിത്യം ഭക്തിയൊടും നാമസഹസ്രത്താൽ സ്തുതിക്കുകിൽ. 129
വാസുദേവാശ്രയൻ മത്ത്യൻ വാസുദേവപരായണൻ
സവ്വപാപവിശുദ്ധാത്മാ നിത്യബ്രഹ്മത്തിലെത്തിടും. 130
വാസുദേവൻെറ ഭക്തന്മാക്കശുഭം ചെററുമേററിടാ
ജന്മമൃത്യുജരാവ്യാധിഭയവും വന്നുകൂടിടാ. 131
ഈ സ്തവത്തെ ജപിക്കുന്നോൻ ഭക്തിശ്രദ്ധ കലന്നവൻ
നേടുമാത്മസുഖക്ഷാന്തി ധൃതി ശ്രീ സ്മൃതി കീത്തികൾ 132
ക്രോധമില്ലില്ല മാത്സര്യം ലോഭമില്ലശുഭബുദ്ധിയും
പററില്ല പുണ്യം ചെയ്തോരു പുരുഷോത്തമഭക്തരിൽ. 133
സചന്ദ്രതാരദ്യോവഭ്രം ദിക്കു ഭൂമി സമുദ്രവും
മഹാനാം വാസുദേവൻെറ വീര്യത്താൽ നിലനില്പവ. 134
ദേവദാനവഗന്ധവ്വരക്ഷോയക്ഷോരഗാന്വിതം
ചരാചരജഗത്തിങ്ങീകൃഷ്ണൻതൻ പാട്ടിൽ നില്പതാം. 135
ഇന്ദ്രിയങ്ങൾ മനം ബുദ്ധി സത്വം തേജോബലം ധൃതി
വാസുദേവാത്മകം മുററും ക്ഷേത്രം ക്ഷേത്രജ്ഞനും ശരി. 136
സവ്വാഗമങ്ങൾക്കാചാരം മുൻപിട്ടു പരികല്പിതം
ആചാരമാദ്യമാം ധമ്മം ധമ്മത്തിൻ പ്രഭുവച്യുതൻ. 137
പിതൃദേവഷിസുമഹാഭൂതധാതുക്കളും ശരി
നാരായണോത്ഭവം മുററുമീച്ചരാചരലോകവും. 138
യോഗം ജ്ഞാനം സാംഖ്യമേവം ശില്പാദിത്തൊഴിൽവിദ്യകൾ
വേദശാസ്ത്രങ്ങൾ വിജ്ഞാനമിതു മുററും ജനാദ്ദനാൽ. 139

ഏകൻ വിഷ്ണു മഹാഭൂതം നാനാഭൂതഗണങ്ങളെ
ഭൂതാത്മാവീ മൂന്നുലകം നിറഞ്ഞേല്ക്കുന്നിതവ്യയൻ. 140

ഭഗവാനാം വിഷ്ണുവിൻെറയീ സ്തവം വ്യാസകീർത്തിതം
ശ്രേയസ്സുഖങ്ങളിച്ഛിക്കിൽ പുരുഷൻതാൻ പഠിക്കണം. 141

വിശ്വേശ്വരനജൻ ദേവൻ ജഗൽസൃഷ്ടിക്ഷയേശനെ
പുഷ്കരേക്ഷണനെസ്സേവിപ്പവർ തോല്ക്കില്ലൊരിക്കലും. 142

150. സാവിത്രീവ്രതകഥനം

സാവിത്രീമന്ത്രജപത്തെപ്പററിയുള്ള വിവരണം; നിത്യവും സ്മരിക്കയും പ്രകീർത്തിക്കുകയും ചെയ്യേണ്ട ദേവർഷികളുടേയും രാജർഷികളുടേയും പേരുകൾ, ഗായത്രീജപത്തിൻെറ ഫലം—എന്നിവയാണ് ഈ അദ്ധ്യായത്തിലെ പ്രതിപാദ്യവിഷയങ്ങൾ.

യുധിഷ്ഠിരൻ പറഞ്ഞു

പിതാമഹ, മഹാപ്രാജ്ഞ, സർവ്വശാസ്ത്രവിചക്ഷണ!
എന്തു മന്ത്രം ജപിച്ചെന്നാൽ നിത്യം കിട്ടും മഹാഫലം? 1

പോകുമ്പോഴും ചെന്നിടുമ്പോഴും ദൈവകർമ്മക്രിയയ്ക്കുമേ
ശ്രാദ്ധകാലത്തിലും കർമ്മസാധനം മന്ത്രമെന്തുവാൻ? 2

ശാന്തികം പൗഷ്ടികം രക്ഷ ശത്രുഘ്നം ഭയനാശനം
എന്തു മന്ത്രം ബ്രഹ്മകല്പമതങ്ങുന്നരുളേണമേ. 3

ഭീഷ്മൻ പറഞ്ഞു

വ്യാസൻ ചൊല്ലിയൊരീ മന്ത്രം കേളുള്ളംവെച്ചു മന്നവ!
ദിവ്യം സാവിത്രി നിർമ്മിച്ചതുടൻ പാപവിനാശനം. 4

കേൾക്ക മററും മന്ത്രമുറ ഞാൻ ചൊൽവതനഘാശയ!
കേട്ടീടിൽ പാണ്ഡവശ്രേഷ്ഠ, പാപമൊക്കയുമററുപോം. 5

ധർമ്മജ്ഞ, രാവും പകലും ജപിച്ചാൽ പാപമേററിടാ
ആ മന്ത്രം നിന്നൊടോതാം ഞാൻ കേളുള്ളംവെച്ചു മന്നവ! 6

അതു കേട്ടെങ്കിലായുഷ്മാനാസ്സരും പാണ്ഡവാത്മജ!
സിദ്ധാർത്ഥനായി മോദിക്കുമീ ലോകത്തിൽ പരത്തിലും. 7

രാജാവേ, കേൾ പണ്ടു രാജശ്രേഷ്ഠർ സേവിച്ചിരിപ്പതാം
നിത്യവും ക്ഷത്രധർമ്മസ്ഥർ സത്യധർമ്മപരായണർ. 8

അവ്യഗ്രമാഹ്നിക*മിതു ചെയ്യോർ നിയതരെപ്പൊഴും
മന്നോർ ഭരതശാർദ്ദൂല, മുഖ്യശ്രീയിനെ നേടിടും. 9

തൊഴാം വസിഷ്ഠന്നു മഹാവ്രതന്നു
തൊഴാം മറക്കാതൽ പരാശരന്നും
തൊഴാമനന്തന്നു മഹോരഗന്നു
തൊഴാം ക്ഷയിക്കാത്തൊരു സിദ്ധർകൾക്കും. 10

---

* ആഹ്നികം = പ്രതിദിനം ചെയ്യേണ്ടതു്.

തൊഴാം പരക്കും പരമഷ്ഠികൾക്കും
ദേവാദിദേവൻ വരദന്നുമെന്നും
സഹസ്രശീർഷന്നു തൊഴാം ശിവന്നു
സഹസ്രനാമന്നു ജനാർദ്ദനന്നും. 11

അജൈകപാത്തഹിർബ്ബുധ്ന്യൻ പിനാകിയപരാജിതൻ
ഋതൻതാൻ പിതൃരൂപൻതാൻ ത്ര്യംബകൻതാൻ മഹേശ്വരൻ 12
വൃഷാകപി പരം ശംഭു ഹവനൻ പിന്നെയീശ്വരൻ
ഈയേകാദശരുദ്രന്മാർ മൂപ്പാരിന്നീശർ വിശ്രുതർ. 13
മഹാത്മാക്കൾക്കുള്ള ശതം ശതരുദ്രപ്രസിദ്ധമാം
അംശൻ ഭഗൻ മിത്രനേവം വരുണൻതാൻ ജലേശ്വരൻ 14
ധാതാവമ്മട്ടര്യമാവു ജയന്തൻ ഭാസ്കരൻ ശരി
ത്വഷ്ടാവു പൂഷാവിന്ദ്രൻതാൻ ദ്വാദശൻ വിഷ്ണുവാണപോൽ 15
പന്തിരണ്ടാദിത്യരിവർ കാശ്യപേയരിതി ശ്രുതി
ധരൻ ധ്രുവൻതാൻ സോമൻതാൻ സാവിത്രനനിലാനലർ 16
പ്രത്യൂഷൻതാൻ പ്രഭാസൻതാനിവരെട്ടു വസുക്കളാം
രണ്ടശ്വിനീദേവകളാം നാസത്യൻ ദസ്രനിങ്ങനെ 17
സംജ്ഞാനാസാനിസ്സൃതന്മാർ മാർത്താണ്ഡനുടെ നന്ദനർ.
ഇനി ലോകങ്ങൾക്കു കർമ്മസാക്ഷിമാരെപ്പറഞ്ഞിടാം: 18
യജ്ഞത്തെയറിയുന്നോർകൾ ദത്തത്തെസ്സുകൃതത്തെയും
സർവ്വഭൂതാദൃശ്യരവർ കാണുന്നു ത്രിദശേശ്വരർ. 19
ശുഭാശുഭങ്ങളൊട്ടുക്കു മൃത്യു കാലനുമെങ്ങുമേ
വിശ്വേദേവന്മാർ പിതൃക്കൾ മൂർത്തിമാന്മാർ തപോധനർ 20
സിദ്ധന്മാരും മുനികളും തപോമോക്ഷപരായണർ
ശുചിസ്മിതന്മാർ പേർ ചൊല്ലും നരക്കു ശുഭമേകിടും. 21
ദിവ്യതേജസ്സിനാൽ ബ്രഹ്മകൃതലോകങ്ങൾ വാഴുവർ
സർവ്വലോകങ്ങളിൽ സർവ്വകർമ്മപ്രയതരായവർ. 22
പ്രാണങ്ങൾക്കീശരിവരെ പ്രയതൻ പുകഴും നരൻ
ധർമ്മാർത്ഥകാമങ്ങൾ പെരുത്തേററീടും നിത്യവും ദൃഢം; 23
വിശ്വേശ്വരൻ തീർത്ത പുണ്യശുഭലോകങ്ങൾ നേടിടും.
മൂപ്പത്തിമൂന്നു ദേവന്മാർ സർവ്വഭൂതേശരാണവർ 24
നന്ദീശ്വരൻ മഹാകാളൻ ഗ്രാമണീ വൃഷഭധ്വജൻ
സർവ്വലോകക്കീശ്വരന്മാർ ഗണേശ്വരവിനായകർ 25
സൗമ്യരൗദ്രഗണം മററും യോഗഭൂതഗണങ്ങളും
വ്യോമം ജ്യോതിസ്സരിത്തുക്കൾ സുപർണ്ണൻ പതഗേശ്വരൻ 26
ഭൂമിയിങ്കൽത്തപസ്സിദ്ധർ ചരസ്ഥിരരുമങ്ങനെ
ഹിമവാൻ സർവ്വശൈലങ്ങൾ നാലാഴികളുമങ്ങനെ 27
ഭവാനുചരരെല്ലാരും ഹരതുല്യപരാക്രമർ.

വിഷ്ണു ദേവൻ ജിഷ്ണു പിന്നെ സ്കന്ദനംബികയോടുമേ 28
ഇവരെല്ലാരെയും ചൊല്ലിൽ പാപമൊട്ടുക്കൊഴിഞ്ഞുപോം.
ഇനി മേല്പോട്ടു പറയാം മാനവർഷിവരിഷ്ഠരെ 29
യവക്രീതൻ രൈഭ്യനേവമർവ്വാവസു പരാവസു
കക്ഷീവാനൗശിജൻ പിന്നെബ്ബലൻതാനംഗിരസ്സുതാൻ 30
ഋഷി മേധാതിഥിസുതൻ കണ്വൻതാൻ ബർഹിഷത്തുകൾ
ബ്രഹ്മതേജോമയർ പരം ലോകഭാവനർ കീർത്തിതർ 31
ഏവരും ശുഭമേല്ക്കുന്നു രുദ്രാനലവസുപ്രഭർ
മന്നിൽ പുണ്യം ചെയ്തു വിണ്ണിൽ വിണ്ണോരൊത്തു സുഖിക്കയാം.
ഏഴമിന്ദ്രഗുരുക്കന്മാർ കിഴക്കൻദിക്കിൽ വാഴുവർ
ഇവരെശ്ശുചിയായ് ചൊല്ലിൽ ശക്രലോകത്തു പൂജ്യനാം. 33
ഉന്മുചു പ്രമുചു സ്വസ്ത്യാ,ത്രേയനങ്ങനെ വീര്യവാൻ
ദൃഢവ്യൻ താനൂർദ്ധ്വബാഹു തൃണസോമാം,ഗിരസ്സുമേ 34
അമ്മട്ടു മൈത്രാവരുണിയഗസ്ത്യൻതാൻ പ്രതാപവാൻ
ധർമ്മരാജർത്ത്വിക്കുകളാണേഴപേർ തെക്കു വാഴുവർ. 35
ദൃഢേയുവർമ്മട്ടൃതേയു പരിവ്യാധൻ പുകഴ്ന്നവൻ
ഏകതൻതാൻ ദ്വിതൻ പിന്നെത്രിതനാദിത്യസന്നിഭൻ 36
ധർമ്മാത്മാവാമത്രിപുത്രൻ സാരസ്വതമഹർഷിയും
വരുണർത്ത്വിക്കുകൾ പടിഞ്ഞാറിരിപ്പവരേഴപേർ. 37
വസിഷ്ഠഭഗവാനത്രി ശ്രീകാശ്യപമഹർഷിയും
ഗൗതമൻതാൻ ഭരദ്വാജൻ വിശ്വാമിത്രാഖ്യകൗശികൻ 38
ഋചീകപുത്രനത്യുഗ്രൻ ജമദഗ്നി പ്രതാപവാൻ
ധനേശന്റെ ഗുരുക്കന്മാർ വടക്കുള്ളവരേഴപേർ. 39
വേറിട്ടു സപ്തർഷികളുണ്ടെല്ലാ ദിക്കിലുമാണ്ടവർ
കീർത്തിസ്വസ്തിദർ മർത്ത്യർക്കു വാഴ്ത്തിയാൽ വിശ്വപാവനർ*. 40
ധർമ്മൻ കാമൻ കാലനേവം വസു വാസുകിയങ്ങനെ
അനന്തൻ കപിലൻതാനുമിവരേഴുഴി താങ്ങുവോർ. 41
രാമൻ വ്യാസൻ ദ്രൗണിയാകുമശ്വത്ഥാമാവു ലോമശൻ
എന്നുള്ളീദ്ദിവ്യമുനികളോരോരാളേഴപേർ നൃപ! 42
ശാന്തിസ്വസ്തിദർ ലോകത്തിൽ ദിക്പാലന്മാർ പുകഴ്ന്നവർ
ഇവർ വാഴും ദിക്കുതോറും ശരണം പൂകവേണ്ടതാം. 43
മററും ഭൂതങ്ങൾ നിർമ്മിപ്പോർ വാഴ്ത്തിയാൽ വിശ്വപാവനർ
സംവർത്തൻ മേരുസാവർണ്ണൻ മാർക്കണ്ഡേയൻ സുധാർമ്മികൻ 44
നാരദൻ സാംഖ്യയോഗന്മാർ ദുർവ്വാസാവുമഹർഷിയും
ദാന്തരേററം തപസ്സുള്ളോർ മൂപ്പാരിൽ പേർ പുകഴ്ന്നവർ. 45
മററും രുദ്രാഭരവരെ ബ്രഹ്മലോകരെ വാഴ്ത്തിയാൽ

* വിശ്വപാവനർ = ലോകത്തെ മുഴുവൻ ശുദ്ധീകരിക്കുന്നവർ.

അപുത്രൻ പുത്രനേ നേടും ദരിദ്രൻ ധനമേററിടും; 46
ധർമ്മാർത്ഥകാമങ്ങളിലും സിദ്ധി നേടീടുമേ നരൻ.
പൃഥ്വി തൻപുത്രിയായോരു വൈന്യൻ പൃഥുനരേന്ദ്രനെ 47
കീർത്തിക്കേണം ഭൂപതിയെസ്സാർവ്വഭൗമപ്രജേശനെ.
ആദിത്യവംശോത്ഭവനെദ്ദേവേന്ദ്രസമവീര്യനെ 48
മുപ്പാരിൽ പേർ പുകഴ്ന്നീടുമാപ്പുരൂരവനൈളനെ
ബുധന്റെയിഷ്ടസുതനെക്കീർത്തിക്ക ധരണീശനെ 49
കീർത്തിക്ക മുപ്പാർ പുകഴും വീരൻ ഭരതരാജനെ.
ഗവാമയം കൃതയുഗേ യജ്ഞം ചെയ്തോരു വീരനെ 50
കീർത്തിക്കേണം ദ്യുതിയെഴും ദേവനാം രന്തിദേവനെ.
വിശ്വജിത്താം തപം പൂണ്ട ലക്ഷണ്യൻ ലോകപൂജ്യനെ 51
കീർത്തിക്ക ദ്യുതിയേറീടും ശ്വേതരാജർഷിയേയുമേ.
ആർക്കായന്ധകനെക്കൊന്നിതാരിൽ സ്ഥാണു തെളിഞ്ഞിതോ 52
കീർത്തിക്കുകാ ദ്യുതിയെഴും ഭഗീരഥനൃപർഷിയെ
മുക്കിസ്സഗരജന്മാരെക്കയററിക്കൊണ്ട വീരനെ. 53
മഹാരൂപർ മഹൗജസ്സാർന്നിവരെപ്പാവകാഭരെ
കീർത്തിക്ക കീർത്തികരരെ മഹാസത്വോഗ്രകായരെ 54
ദേവന്മാരേ മുനികളെബ്ഭൂപരെജ്ജഗദീശരെ.
സാംഖ്യം യോഗം പരമമാം ഹവ്യം കവ്യവുമങ്ങനെ 55
കീർത്തിതം പരമം ബ്രഹ്മം സർവ്വശ്രുതിപരായണം
മംഗല്യം സർവ്വജീവിക്കും പവിത്രം ബഹു കീർത്തിതം 56
വ്യാധിപ്രശമനം ശ്രേഷ്ഠം ക്രിയയ്ക്കൊട്ടുക്കു പൗഷ്ടികം
കാലത്തന്തിക്കുമിവരെശ്ശുദ്ധൻ കീർത്തിക്ക ഭാരത! 57
ഇവർ കാക്കും പെയ്യുമേററം മിന്നും വീശും ചമച്ചിടും
വിനായകശ്രേഷ്ഠരിവർ ക്ഷാന്തർ ദക്ഷർ ജിതേന്ദ്രിയർ. 58
നരർക്കശുഭമൊട്ടുക്കും കീർത്തിച്ചാൽ തീർത്തുകൊള്ളുമേ
മഹാത്മാക്കൾ പരം പാപപുണ്യസാക്ഷികളാണിവർ. 59
കാലത്തെഴുന്നേററിവരെക്കീർത്തിപ്പോൻ ശുഭമേററിടും
അഗ്നിചോരഭയം പററില്ലേല്ക്കില്ലാ മാർഗ്ഗരോധവും. 60
ഇവരെക്കീർത്തനംചെയ്യോർക്കെന്നും ദുഃസ്വപ്നമററുപോം
സർവ്വപാപങ്ങളുമററും സ്വസ്തിമാൻ ഗൃഹമെത്തിടും. 61
ദീക്ഷാകാലത്തിലൊക്കേയും പഠിക്കിൽ നിയതൻ ദ്വിജൻ
ന്യായവാനാത്മനിരതൻ ക്ഷാന്തൻ ദാന്തനനീർഷ്യകൻ 62
രോഗാർത്തൻ വ്യാധിയുള്ളോനും പഠിക്കിൽ പാപമററുപോം
ഗൃഹത്തിൽവെച്ചു ചൊല്ലീടിൽ കുലസ്വസ്ത്യയനം വരും. 63
കണ്ടത്തിൽവെച്ചു ചൊല്ലീടിൽ സർവ്വസസ്യങ്ങൾ വാച്ചിടും
ഗ്രാമാന്തരത്തിൽ ചൊല്ലീടിൽ ക്ഷേമമാം വഴിയാത്രയും. 64

തനിക്കും തന്റെ മക്കൾക്കും ഭാര്യകൾക്കും ധനത്തിനും
വിത്തുകൾക്കൗഷധങ്ങൾക്കും ചെയ്യുകീയൊരു രക്ഷയെ. 65

യുദ്ധകാലത്തീയിവരെപ്പഠിക്കും ക്ഷത്രിയന്നിഹ
ശത്രുക്കൾ നാശമേററീടും ക്ഷേമമിങ്ങോട്ടു കിട്ടിടും. 66

ഇവരെദ്ദേവപിത്ര്യങ്ങൾതോറും ചൊല്ലും നരന്നുടെ
കവ്യവും ഹവ്യവും നന്നായ് ഭുജിക്കും പിതൃദേവകൾ. 67

വ്യാധിയില്ലില്ലൊരാപത്തും രാജതസ്കരഭീതിയും
കശ്മലം ലഘുവായ്ത്തീരും പാപവും വിട്ടൊഴിഞ്ഞിടും. 68

കപ്പലിൽപ്പിന്നെ യാനത്തിൽ രാജഗേഹത്തിൽ യാത്രയിൽ
പരയാം സിദ്ധി നേടീടും മുഖ്യസാവിത്രി ചൊല്ലുവോൻ. 69

രാജഭീതിയവർക്കില്ലാ പിശാചാശരഭീതിയും
അവന്നു തീ കാററു ജലവ്യാളഭീതിയുമേററിടാ. 70

നാലു ജാതിക്കുമവ്വണ്ണം വിശേഷിച്ചാശ്രമത്തിനും.
എന്നും ശാന്തി വരുത്തീടും മുഖ്യസാവിത്രി ചൊല്ലുവോൻ. 71

അഗ്നി കാഷ്ഠങ്ങൾ ചുട്ടീടാ സാവിത്രീപാഠമുള്ളിടം
ബാലമൃത്യുവുമങ്ങേല്ലാ വന്നുകൂടില്ല പാമ്പുകൾ. 72

അവർക്കു ദുഃഖം പററില്ലാ പരയാം ഗതി കിട്ടിടും
ജപിക്കുകിൽ മഹാബ്രഹ്മം സാവിത്രീഗുണകീർത്തനം. 73

ഗോമദ്ധ്യത്തോതിയാൽ ഗോക്കൾ ബഹുവത്സലമാർകളാം
പുറപ്പാടിൽ പ്രവേശത്തിൽ ചൊല്ലു മുററുമവസ്ഥയിൽ. 74

ജപിച്ചു ഹോമം ചെയ്യോർക്കു നിത്യം പ്രയതർകൾക്കഹോ!
ഋഷികൾക്കു പരം ഗുഹ്യമന്ത്രമാണിതു മന്നവ! 75

ശരിയാമ്മട്ടു സിദ്ധന്നു സിദ്ധമാണീപ്പഴങ്കഥ
പരാശരമതം പണ്ടു ദിവ്യം ശക്രന്നു ചൊന്നതാം. 76

അതു നിന്നോടു ചൊന്നേൻ ഞാൻ തത്ഥ്യം ബ്രഹ്മം സനാതനം
ഹൃദയം സർവ്വജീവിക്കും ശാശ്വതശ്രുതിയാണിതും. 77

സോമാർക്കവംശ്യന്മാർ മുററും രാഘവന്മാർ കുരുക്കളും
പരസൽഗതി സാവിത്രി ചൊൽവൂ ശുചികൾ നിത്യവും. 78

അഭ്യാസം ധ്രുവസപ്തർഷിദേവന്മാരുടെ നിത്യവും
ഒഴിക്കുമശുഭം നിത്യം കൃച്ഛ്രങ്ങൾക്കൊക്ക മോചനം. 79

മൂപ്പാം കാശ്യപഗൗതമാദികൾ പരം
ഭൃഗവംഗിരോത്ര്യാദ്യരും
ശുക്രാദിത്യബൃഹസ്പതിപ്രഭൃതിസൽ—
ബ്രഹ്മർഷിമാർ ചൊൽവതാം
ഭാരദ്വാജമതം വസിഷ്ഠവഴിയാ—
യാർച്ചീകരേററാ മുറ—
യ്ക്കീസ്സാവിത്രി പഠിച്ചു ശക്രവസുമാർ
തോല്പിച്ചു ദൈത്യേന്ദ്രരെ. 80

വേദജ്ഞനായറിവെഴുന്നൊരു വിപ്രനായി
പൊൻകോപ്പെഴും പശുശതത്തിനെ നല്കുവോനും
മുട്ടാതെ ഭാരതമഹാകഥ ചൊല്ലുവോനും
കിട്ടീടുമേ ഫലമവന്നുമവന്നുമൊപ്പം. 81

ധർമ്മം വളർന്നുവരുമേ ഭൃഗുകീർത്തനത്താൽ
വീര്യം പെരുപ്പിതു വസിഷ്ഠനു കൂപ്പിയെങ്കിൽ
പോരിൽജ്ജയം രഘുപതിക്കു നമിക്കിലുണ്ടാ—
മിങ്ങാശ്വിനേയരെയുരസ്സിൽ വരില്ല രോഗം. 82

ശാശ്വതി ബ്രഹ്മസാവിത്രിയിതു നിന്നോടു ചൊല്ലിനേൻ
എന്തിനിക്കേൾക്കുവാൻ മോഹമതും ഭാരത, ചൊല്ലുവേൻ. 83

151. ബ്രാഹ്മണപ്രശംസ

ഉത്തമബ്രാഹ്മണരുടെ ലക്ഷണം. അങ്ങനെയുള്ളവർ സംപൂജ്യരും ആദരണീയരുമാണെന്നു്.

യുധിഷ്ഠിരൻ പറഞ്ഞു

പൂജ്യരാരാർ വണങ്ങേണ്ടോരാരിലെങ്ങനെ നില്ക്കണം?
എന്തെമ്മട്ടാൾകളിൽ ചെയ്താൽ നശിക്കില്ലാ പിതാമഹ! 1

ഭീഷ്മൻ പറഞ്ഞു

വിപ്രന്മാർതൻ പരിഭവം താഴ്ത്തും വാനവരേയുമേ
വിപ്രന്മാരെ വണങ്ങീടിൽ യുധിഷ്ഠിര, നശിച്ചിടാ. 2

അവർ പൂജ്യർ വണങ്ങേണ്ടോർ മകന്മട്ടങ്ങു നില്ക്ക നീ
അവരാണീ ലോകമൊക്കത്താങ്ങുന്നവർ മനീഷികൾ. 3

ഏവർക്കും ധർമ്മസേതുക്കൾ വിപ്രന്മാർ മേലെയാണെടോ
ധനധാന്യത്യാഗപരർ മൗനവ്രതികളും ശരി. 4

ജീവികൾക്കഴകേറുന്ന നിധാനം നിയതവ്രതർ
ലോകങ്ങൾക്കും പ്രണേതാക്കൾ ശാസ്ത്രങ്ങൾക്കും യശസ്വികൾ.

തപോധനന്മാരെപ്പോഴും വൻ വാക്കാം ബലമുള്ളവർ
ധർമ്മജ്ഞർ ധർമ്മങ്ങൾക്കൊക്കയുടയോർ സൂക്ഷ്മദർശികൾ. 6

ധർമ്മസേതുക്കൾ കർമ്മത്താൽ ധർമ്മത്തിൽ പാർപ്പു ധാർമ്മികർ
നാലു ജാതി പ്രജകളും ജീവിപ്പാനവരാശ്രയം. 7

പന്ഥാക്കൾ സർവ്വനേതാക്കൾ യജ്ഞവാഹർ സനാതനർ
പിതൃപൈതാമഹമഹാഭാരം താങ്ങുന്നിതെപ്പൊഴും. 8

വിഷമത്തിൽ കാളകൾപോലുലയാ ഭാരമേററവർ
പിതൃദേവാതിഥിമുഖർ ഹവ്യകവ്യാഗ്രഭോജികൾ. 9

ഭോജനംകൊണ്ടു മൂപ്പാരും വൻ ഭയം തീർത്തു കാപ്പവർ
സർവ്വലോകത്തിനും ദീപം കണ്ണുള്ളോർക്കൊരു കണ്ണുമാം. 10

സർവ്വദീക്ഷാശ്രുതിധനർ ദക്ഷന്മാർ മോക്ഷദർശികൾ
സർവ്വഭൂതഗതിജ്ഞന്മാരദ്ധ്യാത്മഗതിയോർപ്പവർ. 11
ആദിമദ്ധ്യാവസാനങ്ങൾ കാണ്മോർ സംശയമററവർ
പരാപരവിശേഷജ്ഞർ പരസൽഗതിയെത്തുവോർ. 12
നിഷ്പരിഗ്രഹർ നിർദ്ദ്വന്ദ്വർ വിമുക്തരഘഹാരികൾ
ജ്ഞാനമൊക്കും യോഗ്യർ നിത്യം മാനിക്കും മാന്യരാണവർ. 13
ചന്ദനത്തിൽ ചേററിലേവമുണ്ടാലുണ്ണായ്കിലും സമർ
ദ്ദുകൂലം സമമായുള്ളോർ ക്ഷൗമം തോലുകളും ശരി. 14
ഉണ്ണാതെകണ്ടും വളരെദ്ദിവസം നിന്നിടുന്നവർ
സ്വാദ്ധ്യായത്താൽ ദേഹശോഷം ചെയ്യുന്നോർ സംയതേന്ദ്രിയർ.
അദൈവത്തെദ്ദൈവമാക്കും ദൈവം നിർദ്ദൈവമാക്കിടും
ലോകങ്ങൾ വേറേ സൃഷ്ടിക്കും കോപേ ലോകേശരേയുമേ. 16
ആ മഹാന്മാർ ശപിച്ചിട്ടു കുടിക്കാതായി സാഗരം
അവർക്കെഴുന്ന കോപാഗ്നിയിന്നും കെട്ടില്ല ദണ്ഡകേ. 17
ദേവകൾക്കും ദേവരവർ കാരണത്തിന്നു കാരണം
പ്രമാണത്തിൻ പ്രമാണം നിന്ദിക്കുമാരവരെബ്ബുധൻ? 18
അവരിൽക്കിഴവൻ കുട്ടി മററും മാനത്തിനർഹനാം
തപോവിദ്യാവിശേഷത്താൽ മാനിക്കുന്നു പരസ്പരം. 19
അവിദ്വാൻ ബ്രാഹ്മണൻ ദേവൻ പാത്രം പാവനമുത്തമം
വിദ്വാനൊട്ടേറെയും ദേവൻ നിറഞ്ഞ കടൽ പോലവേ. 20
വിദ്വാനവിദ്വാനായാലും ബ്രാഹ്മണൻ മുഖ്യദൈവമാം
പ്രണീതനപ്രണീതൻതാനഗ്നിപോലഗ്ര്യദൈവതം. 21
തേജസ്വിയഗ്നി ദൂഷിയാ ചുടലക്കാട്ടിലും ശരി
വിധിപോലെ ഹവിര്യജ്ഞേ ഗൃഹത്തിൽ ശോഭയേറെയാം. 22
ഇമ്മട്ടനിഷ്ടമായ് മററും കർമ്മം ചെയ്യുന്നതാകിലും
സർവ്വഥാ ബ്രാഹ്മണൻ മാന്യൻ കാണുകവൻ മുഖ്യദൈവതം. 23

152. ബ്രാഹ്മണമാഹാത്മ്യം

ബ്രാഹ്മണപ്രശംസ (തുടർച്ച). ബ്രാഹ്മണരെ പൂജിച്ചാലുള്ള ഫലം വിവരിക്കുന്നതിനായി, ഭീഷ്മർ പണ്ട് വായുവും കാർത്തവീര്യാർജ്ജുനനും തമ്മിലുണ്ടായുള്ളൊരു സംഭാഷണം ഉദാഹരിക്കുന്നു. വരലാഭംകൊണ്ടു ഗർവ്വിഷ്ഠനായി ബ്രാഹ്മണനിന്ദയ്ക്കു മുതിർന്ന കാർത്തവീര്യാർജ്ജുനനോട് അങ്ങനെ ചെയ്യുന്നതു വിഡ്ഢിത്തമാണെന്നു വായു പറയുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

വിപ്രപൂജയിലെന്തൊന്നു ഫലം കണ്ടു ജനാധിപ!
എന്തു കർമ്മോദയം പാർത്തിട്ടവർക്കർച്ചിപ്പു സന്മതേ! 1

ഭീഷ്മൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
വായുവിന്നർജ്ജുനനുമായ് സംവാദമയി ഭാരത! 2
ശ്രീമാനുണ്ടായ് കാർത്തവീര്യനായിരം കൈയെഴും പ്രഭു
മാഹിഷ്മതിയിലീ ലോകക്കടച്ചീശൻ മഹാബലൻ. 3
ആയവൻ ദ്വീപുകളേഴുമാഴി ചൂഴുമൊരൂഴിയെ
അടച്ചു ശാസിച്ചുകൊണ്ടാൻ ഹൈഹയൻ സത്യവിക്രമൻ. 4
ഒരു കാര്യത്തിനായ് ദത്താത്രേയന്നായ് വിത്തമേകിനാൻ
ക്ഷത്രധർമ്മം വിനയവും ശ്രുതവും മുൻപിൽവെച്ചവൻ. 5
ആരാധിച്ചാനാ മുനിയെക്കൃതവീര്യന്റെ നന്ദനൻ
ഏറ്റുരച്ചു മൂന്നു വരം തുഷ്ടനായാളൊടാ ദ്വിജൻ. 6
വരം തരാനേറ്റുരച്ചോരവനോടോതി മന്നവൻ:
''കൈയായിരം പടയിൽ മേ മറ്റു മട്ടിൽ ഗൃഹത്തിലും. 7
കൈയായിരം കാണണം മേ പോരിങ്കൽപ്പടയാളികൾ
വിക്രമാൽ ഭൂമിയെല്ലാം ഞാൻ വെല്ലേണം സംശിതവ്രത! 8
ധർമ്മത്താലതു നേടീട്ടു ഞാൻ കാക്കേണമതന്ദ്രിതൻ
നാലാമതു വരം നിന്നോടർത്ഥിപ്പേൻ ദ്വിജസത്തമ! 9
എനിക്കനുഗ്രഹത്തിന്നായതും നല്കുക മാന്യ, നീ
നിന്നാശ്രയം പൂണ്ടൊരെന്നെത്തെറ്റിൽ ശാസിക്ക സജ്ജനം.''10
എന്നു കേട്ടേവമാമെന്നാൻ മന്നനോടാ ദ്വിജോത്തമൻ
പ്രതാപിയാമവന്നേവം സിദ്ധിച്ചിതു വരങ്ങളും. 11
പിന്നീടക്കാഗ്നിതേജസ്സാം തേരിൽക്കയറിയായവൻ
വീര്യവ്യാമൂഢനായ് ചൊന്നാ''നെൻ കിടയ്ക്കിപ്പൊഴാരുവാൻ 12
ധൈര്യം വീര്യം കീർത്തി ശൗര്യം വിക്രമൗജസ്സിവറ്റിനാൽ?''
ചൊല്ലിത്തീർന്നപ്പൊളാകാശത്തശരീരോക്തി കേട്ടുതേ: 13
''മൂഢ, നീയറിയുന്നീലേ ക്ഷത്രിയാൽ ബ്രാഹ്മണൻ മഹാൻ
ശാസിക്കുന്നു പ്രജകളെ ക്ഷത്രിയൻ ബ്രാഹ്മണാന്വിതൻ.'' 14

അർജ്ജുനൻ പറഞ്ഞു

തുഷ്ടൻ ഭൂതങ്ങളെ സൃഷ്ടിപ്പേൻ ക്രുദ്ധനായാൽ മുടിക്കുവേൻ
മനോവാക്കായകർമ്മങ്ങൾകൊണ്ടെന്മേലില്ലൊരന്തണൻ. 15
വിപ്രശ്രൈഷ്ഠ്യം പൂർവ്വപക്ഷം ക്ഷത്രിയശ്രൈഷ്ഠ്യമുത്തരം
നീ ചൊന്ന യുക്തിക്കൊത്തോരിൽ വിശേഷം കാണ്മതുണ്ടി—
ക്ഷത്രിയാശ്രയർ വിപ്രന്മാരാ ക്ഷത്രം വിപ്രർ കീഴ്പ്പെടാ [ത്തിൽ.
വൈദികവ്യാജമായ് വിപ്രർ പറ്റിത്തിന്നുന്നു മന്നരെ. 17
ധർമ്മം നില്പൂ ക്ഷത്രിയരിൽ പ്രജകൾക്കുള്ള പാലനം
ക്ഷത്രിയാൽക്കൊറ്റു വിപ്രർക്കിങ്ങവർക്കും മേലെയോ ദ്വിജൻ? 18
സർവ്വഭൂതാദ്യരാം ഭൈക്ഷ്യവൃത്തിക്കാർകളെയെപ്പൊഴും

ആത്മാഭിമാനിദ്വിജരെ നിർത്തുമെന്നുടെ കീഴിൽ ഞാൻ. 19
വാനിലീയൊരു ഗായത്രിക്കന്യ ചൊന്നതു സത്യമോ?
തോലുടക്കം ബ്രാഹ്മണരെയൊക്ക ഞാൻ വെന്നുകൊള്ളുവൻ 20
മുപ്പാരിലാരുമിങ്ങെന്നെ നാട്ടിൽനിന്നിട്ടു വീഴ്ത്തിടാ
ദേവനോ മർത്ത്യനോ എന്നാൽ ദ്വിജനെക്കാട്ടിൽ മേലെ ഞാൻ.
ബ്രഹ്മോത്തരം ലോകമിപ്പോഴാം ക്ഷത്രിയശ്രേഷ്ഠമാക്കുവൻ
സംയുഗത്തിങ്കലില്ലാരുമെൻ ബലത്തെസ്സഹിക്കുവാൻ. 22
അർജ്ജുനൻ ചൊന്ന കേട്ടൊന്നു നടുങ്ങിപ്പോയ് നിശാചരി
അപ്പോളവനൊടാ വാനിൽനിന്നിട്ടാ വായു ചൊല്ലിനാൻ. 23

വായു പറഞ്ഞു

വിടുകീക്കലുഷം ഭാവം ബ്രാഹ്മണക്കായ് നമിക്ക നീ
ഇവക്കു കുററം ചെയ്യോൻെറ നാട്ടിൽ ക്ഷോഭം ഭവിക്കുമേ. 24
അല്ലെങ്കിൽ നിന്നെ നൃപതേ, ശമിപ്പിക്കും ദ്വിജാതികൾ
നിൻ നാടു വിട്ടൊഴിച്ചേക്കും ഹതോത്സാഹർ മഹാബലർ. 25

ഭീഷ്മർ പറഞ്ഞു

അവനോടാരു നീയെന്നാൻ മന്നവൻ, വായു ചൊല്ലിനാൻ:
"വായുവാം ദേവദൂതൻ ഞാൻ നിൻ ഹിതം ചൊല്ലിടുന്നു ഞാൻ."

അർജ്ജുനൻ പറഞ്ഞു

അമ്പോ! ബ്രാഹ്മണരിൽബ്ഭക്തി രാഗം കാണിച്ചിടുന്നു നീ
പൃഥിവീഭൃത്തമെമ്മട്ടാമമ്മട്ടിൽച്ചൊല്ലു വിപ്രനെ. 27
വായുസന്നിഭനായിട്ടും ചൊല്ലൊന്നാ ബ്രാഹ്മണേന്ദ്രനെ
വെള്ളം തീ സൂര്യനാകാശമിവയ്ക്കു സമനായിയും. 28

153. ബ്രാഹ്മണമാഹാത്മ്യം

ബ്രാഹ്മണപ്രശംസ (തുടർച്ച). ബ്രാഹ്മണപ്രസാദംകൊണ്ടു നന്മ നേടിയവരും ബ്രാഹ്മണശാപമേററു ദുരിതമനുഭവിച്ചവരുമായ പലരുടെയും കഥകൾ വായു ചൂണ്ടിക്കാണിക്കുന്നു.

വായു പറഞ്ഞു

കേൾക്കുക വിഡ്ഢീ, യോഗ്യരാകും വിപ്രർക്കുള്ള ഗുണങ്ങളെ
നീ ചൊന്നോരവയെക്കാളും ബ്രാഹ്മണൻ മേലെയാണെടോ. 1
അംഗരാജസ്പർദ്ധയാലേ മഹീത്വം വിട്ടു ഭൂമിയാൾ
നശിച്ചിതവളേ വിപ്രൻ സ്തംഭിപ്പിച്ചിതു കശ്യപൻ. 2
അജേയർ വിപ്രരുർവ്വീശ, നിത്യം വിണ്ണിലുമിങ്ങുമേ
തേജസ്സാൽ പണ്ടംഗിരസ്സു കുടിച്ചാനംബുവൊക്കയും. 3
തൃപ്തനായീല പാൽ പോലെ കുടിച്ചിട്ടാ മഹാശയൻ
വൻപുള്ളൊഴുക്കാൽ മന്നൊക്ക നിറച്ചാൻ പിന്നെ മന്നവ! 4

അവൻ മുന്നം ചൊടിച്ചിട്ടീ ലോകം വിട്ടു ഗമിച്ചു ഞാൻ
അഗ്നിഹോത്രത്തിങ്കൽ വാണോനേറെനാളംഗിരോഭയാൽ. 5

പിന്നെശ്ശപിച്ചു ഭഗവാനിന്ദ്രനെത്തന്നെ ഗൗതമൻ
അഹല്യാകാമിയെദ്ധർമ്മം പാർത്തു കൊന്നതുമില്ലിവൻ. 6

അവ്വണ്ണം മുന്നമേ മൃഷ്ടജല[1]മാഴന്നൊരാഴിയും
ബ്രാഹ്മണന്മാർ ശപിച്ചിട്ടു വെറുമുപ്പുസമുദ്രമായ്. 7

പുകയെന്ന്യേ പൊൻനിറത്തിൽ ജ്വാല മേല്പോട്ടെഴും കവി[2]
ചൊടിച്ചോരംഗിരശ്ശാപംകൊണ്ടീഗ്ഗുണമൊഴിഞ്ഞുപോയ്. 8

മഹോദധി ചമച്ചോരെച്ചാമ്പലായ്ക്കാണ്ക വൻപരെ
സുവർണ്ണധാരിയാം വിപ്രൻ[3] ശപിച്ചവരെ നിത്യവും. 9

വിപ്രർക്കും നീ കിടപെടാ നന്മ കേൾക്ക നരാധിപ!
ഗർഭസ്ഥദ്വിജരേ നിത്യം നമിക്കുന്നുണ്ടുപോൽ പ്രഭു. 10

ദണ്ഡകക്കുള്ള വൻ നാടു മുടിച്ചു ബ്രാഹ്മണൻ പരം
താലജംഘക്ഷത്രവർഗ്ഗം മുടിച്ചാനൗർവ്വനെന്നൊരാൾ. 11

നീയും വൻപിച്ച രാജ്യത്തെബ്ബലധർമ്മശ്രുതങ്ങളെ
ദത്താത്രേയപ്രസാദത്താൽ ദുർല്ലഭം നേടിയില്ലയോ? 12

വിപ്രനാമഗ്നിയേ നിത്യം യജിപ്പോന്നെന്തിതജ്ജ്ഞന!
സർവ്വലോകത്തിന്നുമവൻ ഹവ്യവാഹൻ ധരിപ്പിതോ? 13

എന്നല്ല നീ ബ്രാഹ്മണനെബ്ഭൂതപോഷണകാരിയെ
ജീവലോകം ചമപ്പോനെയെന്തറിഞ്ഞും മയങ്ങുവാൻ? 14

ബ്രഹ്മൻ പ്രജാപതി പരമവ്യക്തൻ പ്രഭുവവ്യയൻ
അവനല്ലോ തീർത്തു മുറ്റും ചരാചരജഗത്തിനെ. 15

അണ്ഡജൻ ബ്രഹ്മനെന്നായിക്കാണുന്നു ചില പണ്ഡിതർ
അണ്ഡം ഭേദിച്ചുദിച്ചു ദിക് ശൈലാംബു ക്ഷ്മാ നഭസ്സുകൾ. 16

ഇതേവമോർക്കുതജൻ ജനിച്ചീടുന്നതെങ്ങനെ
ആകാശമണ്ഡമതിൽനിന്നുണ്ടായോരു പിതാമഹൻ? 17

നില്ക്കുമെങ്ങനെ നീ ചൊല്ലുകില്ലൊന്നുംതന്നെയന്നെടോ
അഹംകാരംതന്നെയത്രേ സർവ്വതേജോമയൻ പ്രഭു. 18

തദണ്ഡാൽ ബ്രഹ്മനുണ്ടായി രാജാവേ, ലോകകൃത്തവൻ;
അടങ്ങിയിതു കേട്ടായാൾ, പറഞ്ഞു വായു പിന്നെയും. 19

1 മൃഷ്ടജലം = ശുദ്ധജലം. 2 കവി = അഗ്നി. 3 സുവർണ്ണധാരിയാം വിപ്രൻ = കപിലൻ.

154. കശ്യപോതത്ഥ്യമാഹാത്മ്യം

ബ്രാഹ്മണപ്രശംസ (തുടച്ച്). ഭൂമി 'കാശ്യപി'യായതെങ്ങനെയെന്ന്. ഉതത്ഥ്യൻ സോമപുത്രിയായ ഭദ്രയെ വേട്ടതും വരുണൻ അവളെ അപഹരിച്ചതും ഉതത്ഥ്യൻ സമുദ്രത്തിലെ വെള്ളം വററിച്ചതും വിനീതനായ വരുണൻ ഭദ്രയെ ഉതത്ഥ്യനു തിരികെ കൊടുത്തതുമായ കഥ വിവരിച്ച് വായു ബ്രാഹ്മണമഹിമയെ പുകഴ്ത്തുന്നു.

വായു പറഞ്ഞു

ഈബ്ഭൂമിയെ ബ്രാഹ്മണക്കു ദക്ഷിണയേകുന്നി മുന്നമേ
അംഗരാജാവനു രാജൻ, ചിന്തിച്ചു ഭൂമിയപ്പൊഴേ. 1
'സർവ്വലോകം താങ്ങുമെന്നെ നേടീട്ടീ ശ്രേഷ്ഠമന്നവൻ
ബ്രഹ്മനന്ദിനിയേ വിപ്രക്കേകുവാനായ് നിനയ്ക്കുയോ? 2
ഭൂമിതപം ഞാൻ വിട്ടൊഴിഞ്ഞാ ബ്രഹ്മസ്ഥാനം ഗമിക്കുവേൻ
നാടോടി നൃപനില്ലാതാകെ'ന്നോർത്തവൾ നടക്കയായ്. 3
അപ്പൊഴാബ്ഭൂമി പോകുന്നതായ്ക്കണ്ടിട്ടാശു കാശ്യപൻ
ആത്മാവിനേ വിട്ടു സമാഹിതനായ്പ്പുക്കു ഭൂമിയിൽ. 4
എങ്ങും തൃണൗഷധികളൊത്തവളപ്പോൾ സമൃദ്ധയായ്
ധർമ്മം വാച്ചു ഭയം തീർന്നു മട്ടായീ ഭൂമി മന്നവ! 5
മഹാവ്രതൻ ദിവ്യവർഷമേവം മുപ്പതിനായിരം
രാജാവേ, കാശ്യപൻ ഭൂമിയായിനാനിളവെന്നിയേ. 6
പിന്നെച്ചെന്നു മഹാരാജ, കാശ്യപനു വണങ്ങിയും
ആ മഹാൻതൻെറ മകളായ് ഭൂമി കാശ്യപിയായിനാൾ. 7
രാജാവേ, ബ്രാഹ്മണനിതേവിധമാകുന്നു കാശ്യപൻ
ചൊല്ലു കാശ്യപനേക്കാളും മേലെ ക്ഷത്രിയനെബ്ഭവാൻ. 8
മിണ്ടാതടങ്ങീ നൃപതി, പറഞ്ഞൂ വായു പിന്നെയും
രാജാവേ, കേളുതത്ഥ്യൻെറയംഗിരോവംശ്യജൻെറയും 9
ഭദ്ര സോമൻെറ തനയ രൂപത്താലമരോപമ!
അവൾക്കു പതിയായ് സോമൻ കണ്ടുവെച്ചിതുതത്ഥ്യനെ. 10
അവൾ തീവ്രതപം ചെയ്തു മഹാഭാഗ പുകഴ്ന്നവൾ
ഉതത്ഥ്യാർത്ഥം ചാരുഗാത്രി പരം നിയമമാണ്ടവൾ. 11
പിന്നീടുതത്ഥ്യനെ വിളിച്ചേകിയത്രി പ്രസിദ്ധയെ
വിധി പോലേററു വാങ്ങിച്ചു ഭാര്യയായ് ഭൂരിദക്ഷിണൻ. 12
കാമിച്ചിരുന്നിതവളെ ശ്രീമാൻ വാരുണനാദ്യമേ
അവൻ കാടാണ്ടന്നവളെ ഹരിച്ചൂ യമുനാതടേ. 13
ജലേശനവളേയുംകൊണ്ടുടൻ തൻ പുരി പൂകിനാൻ
പരമാത്ഭുതസങ്കാശം ഷൾസഹസ്രശതഹ്രദം. 14
അതിനെക്കാൾ മേലെയായി മററൊന്നില്ലുത്തമം പുരം
വെണ്മേടയപ്സരോ ദിവ്യകാമങ്ങളിയലുന്നതാം. 15

രമിച്ചിതവിടെദ്ദേവനവളൊത്തംബുപൻ നൃപ!
പിന്നീടുതത്ഥ്യനോടോതീ പരം പത്ന്യവമർദ്ദനം[1]. 16

ഉതത്ഥ്യൻ നാരദൻ ചൊല്ലീക്കേട്ടു നാരദനോട്ടുടൻ
ചൊല്ലീ ചെല്ലു ചൊല്ലു രൂക്ഷവാക്കാ വരുണനോട്ടുടൻ. 17

എൻ വാക്കെൻ ഭാര്യയെ വിടുകവളെക്കട്ടതെന്തു നീ?
ലോകർക്കു ലോകപാലൻ നീ ലോകലോപക[2]നല്ലെടോ. 18

നീ ഹരിച്ചില്ലയോ സോമൻ നല്കിയോരെൻെറ ഭാര്യയെ?
എന്നു കേട്ടാ വാക്കു ചൊല്ലീ ജലേശനൊടു നാരദൻ 19

'ഉതത്ഥ്യഭാര്യയെ വിടുകെന്തുകൊണ്ടു ഹരിച്ചു നീ?'
എന്നു ചൊല്ലിക്കേട്ടവനോടോതീ വരുണനപ്പൊഴേ: 20

'എനിക്കിഷ്ടപ്രിയയിവളിവളേ വിടുകില്ല ഞാൻ.'
എന്നേവം വരുണൻ ചൊന്ന നാരദൻ പോന്നണഞ്ഞുടൻ 21

ഉതത്ഥ്യമുനിയോടോതിയതിഹർഷം പെടാപ്പടി:
'കണ്ഠം പിടിച്ചു വരുണനെന്നെത്തള്ളീ മഹാമുനേ! 22

നിൻ ഭാര്യയെത്തരുന്നില്ലാ നീ ചെയ്യേണ്ടതു ചെയ്യെടോ.'
നാരദൻ ചൊന്നകേട്ടാളിയംഗിരസ്സു ചൊടിച്ചുടൻ 23

വെള്ളം കുടിച്ചു തേജസ്സാൽ സ്തംഭിപ്പിച്ചു തപോനിധി.
വെള്ളമൊക്കെക്കുടിച്ചങ്ങു വററിച്ചിട്ടും ജലേശ്വരൻ 24

സുഹൃൽപ്രാർത്ഥന കേട്ടിട്ടും വിട്ടീലവളെയപ്പൊഴേ.
ചൊടിച്ചൂഴിയൊടായ്ച്ചൊന്നാനുതത്ഥ്യൻ ബ്രാഹ്മണോത്തമൻ

'ഭദ്രേ, സ്ഥലം കാട്ടുക നീ ഷൾസഹസ്രശതഹ്രദം.'
അതങ്ങൂഷരമായ്ത്തീർന്നു സമുദ്രം വാങ്ങിയപ്പൊഴേ 26

ആ സ്ഥലത്തിൽപ്പുഴയൊടും പറഞ്ഞാനാ ദ്വിജോത്തമൻ:
'കാണാതെയായ്പ്പോക ഭീരു, സരസ്വതി മരുസ്ഥലേ 27

ശുഭേ, നീ വിട്ടൊരീദ്ദേശമപുണ്യമയമാവണം.'
ശോഷിക്കെയാ സ്ഥലം ഭദ്രയേയുംകൊണ്ടു ജലാധിപൻ 28

ശരണം പുക്കാംഗിരസന്നായിബ്ഭാര്യയെ നല്കിനാൻ.
ആബ്ഭാര്യയെ സ്വീകരിച്ചു തെളിഞ്ഞാനങ്ങുതത്ഥ്യനും 29

ലോകർദ്ദുഃഖം വരുണനും വിട്ടൊഴിഞ്ഞിതു ഹേഹയ!
ധർമ്മജ്ഞൻ ഭാര്യയേ വാങ്ങിച്ചൊന്നാൻ വരുണനോട്ടുടൻ 30

ഉതത്ഥ്യനതിതേജസ്വിയെന്തെന്നും കേൾക്ക മന്നവ!
'തപസ്സാലിവളേ നേടീ ഞാൻ നീയാക്രേശ്ജലാധിപ!' 31

എന്നുരച്ചവളേയുംകൊണ്ടേറീ സ്വഗൃഹമായവൻ.
രാജാവേ,യിവനിമ്മട്ടാണുതത്ഥ്യൻ ബ്രാഹ്മണർഷഭൻ 32

ചൊൽവേൻ ഞാൻ ചൊല്ലുതത്ഥ്യൻെറമേലെ നീയൊരു മന്നനെ.

---

1 അവമർദ്ദനം = പീഡനം. 2 ലോകലോപകൻ = നല്ല ലോകങ്ങളെ നശിപ്പിക്കുന്നവൻ.

155. അഗസ്ത്യവസിഷ്ഠമാഹാത്മ്യം

ബ്രാഹ്മണപ്രശംസ (തുടർച്ച). ദേവന്മാരുടെ സങ്കടംകേട്ട് ദേവപീഡകന്മാരായ അനേകം അസുരന്മാരെ സംഹരിച്ച അഗസ്ത്യന്റെയും, 'ഖലി'വർഗ്ഗത്തിൽപ്പെട്ട ദാനവന്മാരാൽ പീഡിതനായ ഇന്ദ്രനെ രക്ഷിക്കാനായി ആ വർഗ്ഗത്തെ മുഴുവൻ നാമാവശേഷരാക്കിയ വസിഷ്ഠന്റെയും ചരിത്രം വിവരിച്ച് വായു ബ്രാഹ്മണമഹിമയെ പുകഴ്ത്തുന്നു.

ഭീഷ്മൻ പറഞ്ഞു

എന്നു കേട്ടരചൻ നിന്നു, പറഞ്ഞൂ വായു പിന്നെയും
രാജാവേ, കേൾക്ക മാഹാത്മ്യമഗസ്ത്യബ്രാഹ്മണന്റെയും. 1

ദൈത്യർ തോല്പിച്ച വിണ്ണോർകളുത്സാഹം കെട്ടമട്ടിലായ്
അവർക്കു യജ്ഞം പോയ് മറ്റും പിതൃസ്വധയുമങ്ങനെ. 2

കർമ്മേജ്യകൾ മനുഷ്യർക്കും ദൈത്യരാൽ ഹേഹയർഷഭ!
ഭൂമിയിൽ ചുററിനാർ നഷ്ടൈശ്വര്യർ വാനോരിതാം ശ്രുതി. 3

പിന്നീടൊരിക്കൽ നൃപതേ, ദീപ്താദിത്യപ്രകാശനെ
അവർ കണ്ടിതു തേജസ്സാർന്നതിവ്രതനഗസ്ത്യനെ. 4

അഭിവാദ്യം ചെയ്തവനെ വാനോർ കുശലമോതിയും
ആ മഹാത്മാവൊടീ വാക്കു കാലേ ചൊല്ലീ ജനാധിപ! 5

''ഞങ്ങൾ പോരിൽദ്ദൈത്യർ തോല്പിച്ചൈശ്വര്യഭ്രഷ്ടരായിതേ
എന്നാൽ നീ പ്രഭയാൽ കാക്ക ഞങ്ങളേ മുനിപുംഗവ!'' 6

എന്നു വാനോർ ചൊന്നഗസ്ത്യനുടൻ കോപിച്ചിതപ്പൊഴേ
ജ്വലിച്ചിതതിതേജസ്വി കല്പാന്താഗ്നി കണക്കിനെ. 7

ദീപ്താംശു ചൂഴമവനാൽ ദഗ്ദ്ധരായ്ത്തീർന്നു ദാനവർ
മഹീപതേ, വീണുകൊണ്ടാർ വാനിൽനിന്നിട്ടസംഖ്യമേ. 8

ആ മഹാഗസ്ത്യതേജസ്സാൽ വെന്തു വീഴുന്ന ദൈത്യരോ
രണ്ടു ലോകങ്ങളും വിട്ടു പുക്കാർ തെക്കോട്ടു കേവലം. 9

ഭൂമിയിൽബ്ബലി വാണശ്വമേധയജ്ഞം കഴിക്കയാം
മന്നിലും താഴെയുമെഴും ദൈത്യരെച്ചുട്ടതില്ലവൻ. 10

ഉടൻ ഭയം തീർന്നു വാനോർ നേടീ ലോകങ്ങൾ മന്നവ!
പിന്നെ വാനോർ ചൊല്ലി മററും ദൈത്യരെസ്സംഹരിക്ക നീ. 11

കേട്ടോതി വാനോരൊടവൻ വയ്യാ ഭൂവാണ്ട ദൈത്യരെ
ചുടാനെന്റെ തപം പോകുമതു വയ്യെന്നു മന്നവ! 12

ഏവം ദാനവരെച്ചുട്ടു തേജസ്സാൽ ഭഗവാനുടൻ
അഗസ്ത്യനന്നു രാജാവേ, തപസ്സംസിദ്ധിയുള്ളവൻ. 13

ഇമ്മട്ടുള്ളോനാണഗസ്ത്യൻ ചൊന്നേൻ ഞാനനഘാശയ!
ചൊൽവേൻ ഞാൻ ചൊല്ലഗസ്ത്യനും മേലെയായൊരു മന്നനെ.
എന്നു കേട്ടർജ്ജുനൻ നിന്നു, പറഞ്ഞൂ വായു പിന്നെയും.

വായു പറഞ്ഞു

രാജാവേ, കേറം പേർപുകഴ്ണ വസിഷ്ഠൻതൻെറ നൽക്രിയ. 15
ആദിത്യർ മാനസസരസ്സിങ്കൽ സത്രം നടത്തിനാർ
ഉള്ളാൽ വസിഷ്ഠനിൽച്ചെന്നം തൽഗൗരവമറിഞ്ഞുമേ. 16
ദീക്ഷാകാൎയ്യം പൂണ്ട കണ്ട യജിക്കുമവരെത്തദാ
ഒട്ടുക്ക കൊൽവാനിച്ഛിച്ചു കുന്നൊക്കും ഖലിദാനവർ. 17
അവൎക്കെട്ടത്തുണ്ടാ ബ്രഹ്മൻ വരം നല്കിയ പൊയ്കയും
ചത്തോർചത്തോരങ്ങു മുങ്ങിയെങ്കിൽ ജീവിപ്പു ദാനവർ. 18
അവർ കൈകൊണ്ടുഗ്രശൈലം പരിഘം മാമരങ്ങളും
നൂറുയോജന വിസ്താരമുള്ള വെള്ളം കലക്കിയും 19
പാഞ്ഞേററു ദേവകളൊടു പതിനായിരമായവർ
അവരർദ്ദിപ്പിച്ച വിണ്ണോർ ശരണം പുക്കു ശക്രനെ. 20
അവരാലാർത്തനാം ശക്രൻ ശരണംപോയ് വസിഷ്ഠനെ
അവൎക്കഭയം നല്കീ വസിഷ്ഠൻ ഭഗവാനൃഷി. 21
അവർ ദുഃഖിപ്പതുമറിഞ്ഞാനൃശംസ്യപരൻ മുനി
നിഷ്പ്രയാസം സ്വതേജസ്സാൽ ചുട്ടു മുററും ഖലിവ്രജം. 22
കൈലാസം പൂകിട്ടും ഗംഗാനദിയേ വൻ തപോനിധി
ആട്ടിവിട്ടപ്പൊയ്കയിൽക്കേററിയതിനാൽപ്പൊട്ടി പൊയ്കയും. 23
സരോഭംഗംചെയ്ക നദി പിന്നെസ്സരയുവായിതേ
ഖലിമാർ ചത്തൊരാദ്ദേശം ഖലിനാഭിധമായിതേ. 24
ഏവം വസിഷ്ഠൻ രക്ഷിച്ചു വിണ്ണോർകോനാദി വിണ്ണരെ
ബ്രഹ്മദത്തവരന്മാരെക്കൊന്നു ദൈത്യരെയാ മഹാൻ. 25
ഇതാ വസിഷ്ഠൻെറ കമ്മം ചൊന്നേൻ ഞാനനഘാശയ!
ചൊൽവേൻ ഞാൻ ചൊല്ലുക വസിഷ്ഠനുംമേലൊരു മന്നനെ. 26

156. അത്രിച്യവനമാഹാത്മ്യം

ബ്രാഹ്മണപ്രശംസ (തുടൎച്ച). വായു കഥാകഥനം തുടരുന്നു. ദേവാസുരയുദ്ധത്തിൽ അസുരന്മാരുടെ അമ്പുകൾ കൊണ്ടു സൂൎയ്യചന്ദ്രന്മാർ മൂടപ്പെടുന്നു. ഇരുട്ടത്ത് അനവധി ദേവന്മാർ വധിക്കപ്പെടുന്നു. അത്രിമഹർഷി തപഃപ്രഭാവംകൊണ്ടു സൂൎയ്യചന്ദ്രന്മാരെ പണ്ടത്തെപ്പോലെ പ്രകാശവാന്മാരാക്കുന്നു. ആ വെളിച്ചത്തിൽ ദേവന്മാർ അസുരന്മാരെ കൊന്നൊടുക്കുന്നു. അശ്വിനീദേവകളെക്കൂടി സോമപാനംചെയ്യിക്കണമെന്ന തൻെറ അഭിപ്രായത്തെ ധിക്കരിച്ച ഇന്ദ്രനെ ഒരു നല്ല പാഠം പഠിപ്പിച്ച് ച്യവനൻ ആ ദേവരാജനെക്കൊണ്ട് അശ്വിനീദേവന്മാരെ സോമപരാക്കിക്കുന്നു.

ഭീഷ്മൻ പറഞ്ഞു

എന്നു കേട്ടർജ്ജുനൻ നിന്നു, പറഞ്ഞു വായു പിന്നെയും
മഹാത്മാവാമത്രിയുടെ കമ്മം കേറം ഹേഹയാധിപ! 1

ഘോരക്കൂരിരുളിൽത്തമ്മിൽ പൊരുതീ ദേവദാനവർ
സോമാക്കന്മാരിലമ്പേററമെയ്തു സ്വർഭാനുവപ്പൊഴേ. 2
പരം തമോഗ്രസ്തരവർ ഹനിക്കപ്പെട്ടു ദൈത്യരാൽ
ദേവന്മാർ നൃപശാർദ്ദൂല, സമം ബലികളാലഹോ! 3
അസുരന്മാർ കൊന്നൊടുക്കി പ്രാണനാശം പെടും സുരർ
കണ്ടു തപം ചെയ്യുമത്രി വിപ്രതാപസമുഖ്യനെ. 4
കോപം ശമിച്ചിന്ദ്രിയം വെന്നവനോടോതി വിണ്ണവർ:
''ദൈത്യന്മാരമ്പെയ്തു മൂടീ ചന്ദ്രാക്കരിരുപേരെയും. 5
കൂരിരുട്ടത്തു ശത്രുക്കൾ ബാധിച്ചീടുന്ന ഞങ്ങളെ
ശാന്തി കാണ്മീലിങ്ങു ഭയാൽ ഞങ്ങളെക്കാക്കുക പ്രഭോ!'' 6

അത്രി പറഞ്ഞു

''കാക്കേണ്ടതെങ്ങനേ'' ചൊന്നാരവർ ''നീ ചന്ദ്രനാവുക
തമോഘ്നനാമക്കനാക ദസ്യുഹന്താവുമാക നീ.'' 7

വായു പറഞ്ഞു

എന്നു കേട്ടപ്പൊഴങ്ങത്രിയിരുൾ പോക്കുന്ന തിങ്കളായ്
സൗമ്യഭാവത്തൊടും നോക്കീ സോമാഭപ്രിയദശനൻ. 8
പ്രഭ മങ്ങിച്ചന്ദ്രനേയും കണ്ടു സൂര്യനെയും നൃപ!
അത്രി പ്രകാശമുണ്ടാക്കീ പോരിൽത്തന്റെ തപസ്സിനാൽ. 9
ഇരുട്ടൊഴിച്ചിട്ടുലകു വെളിവാക്കീടിനാനുടൻ
സ്വതേജസ്സാൽ സുരരിപുവ്രജത്തേയും ജയിച്ചതേ. 10
അത്രി ചുട്ടീടുമാ ദൈത്യന്മാരെക്കണ്ടിട്ടു ദേവകൾ
വിക്രമിച്ചവരെക്കൊന്നിതത്രി രക്ഷിച്ചിടുന്നവർ. 11
തെളിഞ്ഞൂ രവി വാനോക്കു രക്ഷയായ് ദൈത്യർ ചത്തുപോയ്
ചെയ്തിതുത്തമതേജസ്സാമത്രിസാമത്ഥ്യമങ്ങനെ. 12
ദ്വിജനഗ്നി തുണയ്ക്കുന്നോൻ ജപിപ്പോൻ തോലുടപ്പവൻ
രാജഷേ, കായ്കൾ തിന്നുന്നോനത്രി ചെയ്തതു കാണ്ക നീ 13
വിസ്തരിച്ചോതിനേൻ യോഗ്യനത്രി ചെയ്തൊരു കമ്മവും
ചൊൽവേൻ നീ ചൊല്ലത്രിയേക്കാൾ മേലെയായൊരു മന്നനെ.

ഭീഷ്മൻ പറഞ്ഞു

എന്നു കേട്ടജ്ജുനൻ നിന്നു പറഞ്ഞൂ വായു പിന്നെയും:
''രാജാവേ, കേൾ മഹാത്മാവാം ച്യവനൻ ചെയ്ത കമ്മവും. 15
ആശ്വിനേയരൊടേറേറാതി ച്യവനൻ ശക്രനോടുടൻ
ചൊന്നാനശ്വികളേ, വാനോരൊത്തു സോമപരാക്കണം.'' 16

ഇന്ദ്രൻ പറഞ്ഞു

ഞങ്ങൾ വജ്ജിച്ചിടുമിവർ സോമപന്മാർകളാകയോ?
ഇവർ വാനോക്കൊപ്പമല്ലാ ഞങ്ങളോടിതു ചൊല്ലൊലാ. 17
ഇച്ഛിപ്പീലശ്വിമാരൊത്തു സോമപാനം മഹാവ്രത!
വേറിട്ടെന്തോതുന്നു വിപ്ര, ചെയ്യാമാ നിന്റെ വാക്കു ഞാൻ. 18

ച്യവനൻ പറഞ്ഞു

നിങ്ങളൊന്നിച്ചശ്വികളും സോമപാനം കഴിക്കണം
ഇരുപേരും സുരരിവർ സൂര്യപുത്രർ സുരേശ്വര! 19
ഞാൻ പറഞ്ഞപടിക്കെന്റെ വാക്കു ദേവകൾ ചെയ്യണം
ഇതു ചെയ്താൽ നന്മ വരും നിങ്ങൾക്കില്ലാശ്ശിലിലില്ലതാൻ. 20

ഇന്ദ്രൻ പറഞ്ഞു

സോമമശ്വികളൊന്നിച്ചു ഞാൻ കുടിക്കാ ദ്വിജോത്തമ!
മററുള്ളവർ കുടിച്ചോട്ടേ ഞാൻ കുടിക്കാനൊരുങ്ങിടാ. 21

ച്യവനൻ പറഞ്ഞു

ചെയ്യില്ലാ ഞാൻ പറഞ്ഞോരു വാക്കെന്നാൽ വലസൂദന!
ഞാൻ മഥിച്ചോന്നുടനെ നീ യജ്ഞേ സോമം കഴിച്ചിടും. 22

വായു പറഞ്ഞു

അശ്വികൾക്കു ഹിതത്തിന്നായ് പിന്നെക്കർമ്മം തുടങ്ങിനാൻ
ച്യവനൻ പിന്നെ മന്ത്രങ്ങൾകൊണ്ടു കീഴ്‌വന്നു ദേവകൾ. 23
ആക്കർമ്മം ചെയ്തതായ്ക്കണ്ടിട്ടിന്ദ്രൻ കോപം മുഴുത്തവൻ
മഹാശൈലവുമേന്തിപ്പാഞ്ഞേററു ച്യവനനോട്ടുടൻ. 24
വജ്രത്താൽബ് ഭഗവാനമർത്തമർഷാകുലലോചനൻ
അവൻ വരുന്നതായ്ക്കണ്ടാ ച്യവനൻ തപമാണ്ടവൻ 25
വെള്ളം തളിച്ചു വജ്രാദ്രിധരനെ സ്തബ്ധനാക്കിനാൻ.
ഉടനിന്ദ്രന്റെ നേർക്കുഗ്രശത്രുവേ വിട്ടിതായവൻ 26
മദാഖ്യനെ ഹുതാത്മാവെ വാ തുറന്നോനെ മാമുനി.
അവന്നുണ്ടായിരം പല്ലു നൂറു യോജന നീളമായ് 27
ഇരുനൂർ യോജനപ്പാടുണ്ടുഗ്രദംഷ്ട്രകളങ്ങനെ.
അവന്റെ താടിയോ മന്നിൽ വായ് മുട്ടുന്നിതു വിണ്ണിലും 28
അവന്റെ ജിഹ്വാമൂലത്തായ് മററുമിന്ദ്രാദിദേവകൾ.
കടലിൽത്തിമിതൻ വായിൽപ്പെട്ട മത്സ്യങ്ങൾ പോലവേ 29
മദന്റെ വായിലാപ്പെട്ട വാനോർ മന്ത്രിച്ചുറച്ചുടൻ
ഒപ്പം ചൊന്നാരിന്ദ്രനോടീ ബ്രാഹ്മണന്നു വണങ്ങുക. 30
സോമമശ്വികളൊന്നിച്ചു പാനം ചെയ്യുമല്ലലെന്നിയേ
വണങ്ങിച്ചെയ്തിതാ ശക്രൻ ച്യവനൻ ചൊന്നതങ്ങനെ. 31
ച്യവനൻ സോമപന്മാരാക്കീടിനാനാശ്വിനേയരെ
പിന്നെക്കർമ്മം സംഹരിച്ചു പങ്കിട്ടു മദവും മുനി. 32
വീര്യവാൻ ചൂതിൽ നായാട്ടിൽപ്പാനത്തിൽ സ്ത്രീജനത്തിലും
രാജാവേ, നരരീദ്ദോഷങ്ങളാൽ നാശപ്പെട്ടും ദൃഢം; 33
അതിനാലിവയെദ്ദൂരേ വിട്ടൊഴിച്ചീടണം നരൻ.
ഇതാ ഞാൻ ച്യവനന്റേയും കർമ്മം ചൊന്നേൻ നരാധിപ!
ചൊൽവോൻ നീ ചൊല്ലുന്തണനിൽ മേലെയായൊരു മന്നനെ.

157. കപധ്വംസം

ബ്രാഹ്മണപ്രശംസ (തുടർച്ച). ബ്രാഹ്മണരും കപന്മാരും തമ്മിൽ നടന്ന കലഹവും ബ്രാഹ്മണനിൽനിന്നു പുറപ്പെട്ട ജ്വലനാഗ്നികൾ തട്ടി കപന്മാർ മുഴവൻ ദഹിച്ചുപോയതുമായ കഥകൂടി വിവരിച്ച് വായുവും കാർത്തവീര്യാർജ്ജുനനും തമ്മിലുണ്ടായ സംവാദത്തെ ഭീഷ്മർ ഉപസംഹരിക്കുന്നു.

ഭീഷ്മൻ പറഞ്ഞു

മിണ്ടാതങ്ങർജ്ജുനൻ നിന്നു, പറഞ്ഞു വായു പിന്നെയും:
''കേൾക്കെടോ വിപ്രരിലെഴും മുഖ്യകർമ്മം ജനാധിപ! 1

മദവക്ത്രത്തിലിന്ദ്രാദിവാനോരാപ്പെട്ടതെപ്പൊഴോ
അപ്പോൾ ഹരിച്ചു ച്യവനനായവർക്കുള്ളൊരുർവ്വിയെ. 2

രണ്ടു ലോകങ്ങളും പോയിക്കണ്ടു മാൽ പൂണ്ടു വിണ്ണവർ
ഉഴന്നു മാന്യബ്രഹ്മാവെശ്ശരണം പുക്കിതങ്ങുടൻ.'' 3

ദേവകൾ പറഞ്ഞു

മദവക്ത്രത്തിലായ് ഞങ്ങൾ നില്ക്കവേ ലോകപൂജിത!
ഹരിച്ചു ച്യവനൻ ഭൂമി കപന്മാർ സ്വർഗ്ഗവും പ്രഭോ! 4

ബ്രഹ്മാവു പറഞ്ഞു

വിപ്രരെശ്ശരണം പൂകിൻ വിണ്ണോർകോനൊത്തു വിണ്ണരേ!
പ്രസാദിപ്പിക്കിലവരെ മുമ്മട്ടാം രണ്ടു ലോകവും. 5

ശരണം പുക്ക വിപ്രന്മാർ ചൊന്നാരാരെജ്ജയിപ്പു നാം
എന്നു കേട്ടാ ബ്രാഹ്മണരോടോതീ കപരെ വെല്ലുവിൻ. 6

മന്നിൽ വന്നാൽ ജയിക്കുന്നുണ്ടെന്നാരപ്പോൾ ദ്വിജാതികൾ
പിന്നെത്തുടങ്ങീ വിപ്രന്മാർ കപന്മാർ മുടിയും ക്രിയ. 7

അതു കേട്ടാക്കപർ ധനി ദൂതനേ വിട്ടു വിപ്രരിൽ
കപന്മാർ ചൊന്നവിധമേ ധനി വിപ്രരൊടോതിനാൻ. 8

ധനി പറഞ്ഞു

കപന്മാരൊക്ക നിങ്ങൾക്കു തുല്യരെന്തീത്തുടന്നതും
വേദജ്ഞരേവരും പ്രാജ്ഞരേവരും ക്രതുയാജികൾ. 9

സത്യവ്രതന്മാരൊട്ടുക്കു മററും ബ്രഹ്മർഷിസന്നിഭർ
അവരിൽ ശ്രീ രമിക്കുന്നു ശ്രീയേന്തീടുന്നിതായവർ. 10

പാഴായ് ഭാര്യാസംഗമേല്ലാ പാഴായ് മാംസം ഭുജിച്ചിടാ
കത്തുമഗ്നിയിൽ ഹോമിപ്പു ഗുരുവാക്യത്തിൽ നില്പവർ. 11

ഏവരും നിയതാത്മാക്കൾ ബാലർക്കായ് പങ്കിടുന്നവർ
ചെന്നാൽ മെല്ലെപ്പോകുമവർ തീണ്ടാരിയൊടിണങ്ങിടാ. 12

എത്തുന്നു സ്വർഗ്ഗതിയവരവ്വണ്ണം ശുഭകർമ്മികൾ
ഗർഭിണീവൃദ്ധർതൊട്ടുള്ളോരുണ്ണാതായവരുണ്ടിടാ. 13

പൂർവ്വാഹ്നത്തിൽക്കളിക്കാ ചെററുറങ്ങാ പകലായവർ
ഇവ മററും ഗുണം ചേരും കപന്മാർകളെയെങ്ങനെ

നിങ്ങരം വെല്ലം? പിൻതിരിപ്പിൻ, പിൻതിരിച്ചാൽ ശുഭം—
ബ്രാഹ്മണർ പറഞ്ഞു [വരും. 14
ജയിച്ചോളാം കപന്മാരെ വിണ്ണോരാരവർ ഞങ്ങളാം
കപർ ഞങ്ങരംക്കു വദ്ധ്യന്മാർ ധനീ, വന്നവഴിക്കു പോ. 15
വായു പറഞ്ഞു
ധനി പോയ്ക്കപരോടോതീ 'നിങ്ങരംക്കിഷ്ടപ്പെടാ ദ്വിജർ.'
അസ്ത്രമേന്തിക്കപന്മാർകരം മുററും വിപ്രരൊടേററുതേ. 16
ഉയന്ന കൊടിയോടെത്തും കപരെക്കണ്ടു ഭൂസുരർ
ജ്വലിതാഗ്നികളേ വിട്ടു കപന്മാരെ മുടിക്കുവാൻ. 17
വിപ്രർ വിട്ടാ വഹ്നികളോ കപരെക്കൊന്നു ശാശ്വതർ
വാനിൽ കാറുകരംപോലങ്ങു ശോഭിച്ചിതു ധരാധിപ! 18
വാനോർ ദാനവരെപ്പോരിൽ മുററും ചേന്നു വധിച്ചുമേ
അറിഞ്ഞില്ലാ ബ്രാഹ്മണരാക്കപരെക്കൊന്നതപ്പൊഴേ. 19
അപ്പോരംച്ചെന്നതിതേജസ്വി നാരദൻ ചൊല്ലിനാൻ വിഭോ!
യോഗ്യബ്രാഹ്മണർ തേജസ്സാൽ കപരെക്കൊന്ന മാതിരി. 20
നാരദൻ ചൊന്നതായ്ക്കേട്ടു നന്ദിച്ചാ വിണ്ണരൊക്കയും
പുകഴ്ത്തിനാർ ദ്വിജന്മാരെപ്പുകഴും ബ്രാഹ്മണേന്ദ്രരെ. 21
ആദ്ദേവകരംക്കു വദ്ധിച്ചു തേജോവീര്യങ്ങളങ്ങവർ
അമരത്വത്തെയും നേടീ മൂപ്പാരിൽ ബഹുപൂജിതം. 22
ഭീഷ്മൻ പറഞ്ഞു
എന്നുരച്ചാ വായുവോടങ്ങുത്തരം ചൊല്ലിയജ്ജുനൻ
പൂജിച്ചിട്ടു മഹാബാഹോ, കേളതും ഹേ, യുധിഷ്ഠിര! 23
അർജ്ജുനൻ പറഞ്ഞു
ജീവിപ്പേൻ ബ്രാഹ്മണക്കായിട്ടെല്ലാംകൊണ്ടും സദാ പ്രഭോ!
ബ്രഹ്മണ്യൻ ബ്രാഹ്മണക്കായി നിത്യവും ഞാൻ നമിക്കുവേൻ. 24
ദത്താത്രേയപ്രസാദത്താൽ നേടിനേനീബ്ബലത്തെ ഞാൻ
ലോകത്തിൽ മുഖ്യയാം കീത്തി മഹാധമ്മവുമേററു ഞാൻ. 25
അമ്പോ! ബ്രാഹ്മണകമ്മങ്ങരം തത്ത്വമായ് നീ പറഞ്ഞവ
വായോ, മുഴുവനും കേട്ടേൻ പരം പ്രയതനായ ഞാൻ. 26
വായു പറഞ്ഞു
വിപ്രരെ ക്ഷത്രധമ്മത്താൽ കാത്തുകൊരംകിന്ദ്രിയങ്ങളും
കാലാൽ ഭവാനുഗ്രഹയം ഭൃഗുക്കരംവഴി പററുമേ. 27

158. മഹാപുരുഷമാഹാത്മ്യം

ഭീഷ്മൻ ശ്രീകൃഷ്ണന്റെ മഹിമാതിശയത്തെ വണ്ണിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു
അങ്ങെന്നുമച്ചിപ്പു രാജൻ, സംശിതവ്രതവിപ്രരെ
എന്തു കമ്മോദയം കണ്ടിങ്ങച്ചിപ്പിതവരേ നൃപ! 1

വിപ്രപൂജയ്ക്കെന്തു ഫലം കണ്ടിട്ടാണു മഹാവ്രത!
മഹാബാഹോ, ഭവാനച്ഛിപ്പതും ചൊല്ലായതൊക്കയും. 2

ഭീഷ്മൻ പറഞ്ഞു

ഈ കേശവൻ മുഴവനും പറഞ്ഞീടും മഹാമതി
വിപ്രപൂജയ്ക്കുള്ള ഫലം ഫലം കണ്ടോൻ മഹാവ്രതൻ. 3

ബലം ശ്രോത്രം വാക്കു ദൃക്കും മനസ്സു–
മെനിക്കിപ്പോഠം ജ്ഞാനവും ശുദ്ധമല്ലാ
ഉടൻ ദേഹത്യാഗവും സമ്മതം മേ
പരം വേഗം വിട്ടുപോകുന്നു സൂര്യൻ. 4

രാജാവേ, ഞാൻ മുഖ്യധമ്മം പുരാണം
വിപ്രന്മാക്കും ക്ഷത്രിയക്ക്വാര്യർകഠക്കും
ശൂദ്രക്കുമുള്ളതു കേഠപ്പിച്ച ധമ്മം
ശേഷം കേഠക്കു കൃഷ്ണനോടങ്ങു പാത്ഥ! 5

അറിഞ്ഞേൻ ഞാൻ കൃഷ്ണനെത്തത്ത്വമോടു–
മാരാണിതെന്തോ ബലമെന്നും പുരാണം
അമേയനാം കേശവൻ സംശയത്തിൽ–
ധമ്മം ചൊല്ലിത്തന്നിടും കൗരവേന്ദ്ര! 6

കൃഷ്ണൻ സൃഷ്ടിച്ചു ഭൂമി ഖം വിണ്ണുമേവം
കൃഷ്ണൻെറ മെയ്യിങ്കൽനിന്നൂഴിയുണ്ടായ്
വരാഹനീ ഭീമബലൻ പുരാണൻ
ശൈലങ്ങളൊത്തീയിവൻ ദിക്കു തീത്തു. 7

ഇവന്നു കീഴംബരം വിണ്ണു നാലു–
ദിക്കുവ്വണ്ണംതന്നെ നാലാ വിദിക്കും
അവ്വണ്ണമിസ്സൃഷ്ടി തുടന്നതെന്നാ–
ലവൻ തീർത്തു പഴയോരജ്ജഗത്തും. 8

ഇവൻെറ നാഭിക്കുളവായ് താമരപ്പൂ–
വതിങ്കലുണ്ടായമിതൗജസ്സു താനേ
ഘോരം തമസ്സവനല്ലോ മുടിപ്പൂ
മഹാണ്ണവം തജ്ജനം ചെയ്യുതത്രേ. 9

കൃതത്തിങ്കൽ പൂണ്ണമാം ധമ്മമത്രേ
ത്രേതാകാലേ ജ്ഞാനമോടൊത്തിരിപ്പൂ
ബലം പരം പാണ്ഡവ, ദ്വാപരത്തിൽ
കൃഷ്ണൻ മന്നിൽക്കലികാലത്തധമ്മം. 10

അവൻ മുന്നേ ദൈത്യരെക്കൊന്നു വിട്ടി–
തവൻ സമ്രാഠ പൂവ്വദേവത്വമാർന്നു
ഭൂതങ്ങഠക്കോ ഭാവനൻ ഭൂതഭവ്യ–
നവൻ ജഗത്തൊക്കയും കാത്തിടുന്നോൻ. 11

സുരാമ്പയേ ഗ്ലാന*മാം ധമ്മമെപ്പോ—
ളുപ്പോരം കൃഷ്ണൻ മത്ത്യരിൽ ജാതനാകും
ധമ്മത്തിൽനിന്നിട്ടായവൻ ഭാവിതാത്മാ
പരാപരം ലോകമെല്ലാം ഭരിപ്പൂ. 12

ത്യാജ്യം ത്യജിച്ചസുരദ്ധ്വംസനാത്ഥം
കാര്യാകാര്യം കാരണം പാത്ഥ, മുററും
ചെയ്യു ചെയ്യം ചെയ്യുകൊള്ളുന്ന ദേവ—
നിവൻതാനാ രാഹ്ഹ ചന്ദ്രൻ സുരേന്ദ്രൻ. 13

താൻ വിശ്വകമ്മം താനിവൻ വിശ്വരൂപൻ
വിശ്വം ഭുജിപ്പോൻ വിശ്വസൃഗ്വിശ്വജിത്തും
താൻ ശൂലി താൻ ശോണിതഭൃൽ കരാള—
നദ്ദേഹത്തെപ്പുകഴ്‌വൂ കമ്മബോധാൽ. 14

ഗന്ധവ്വരങ്ങപ്പുരസ്സരക്കാം ഭൂരി
വാനോരുമുണ്ടവനെസ്സേവചെയ്‌വൂ
അദ്ദേഹത്തേ രാക്ഷസന്മാർ ധരിപ്പൂ
രായസ്പോഷൻ താനവനേകൻ ജിഗീഷു. 15

അദ്ദേഹത്തേ സ്തോതർ യജ്ഞേ സ്തുതിപ്പൂ
രഥന്തരേ പുകഴ്‌വൂ സാമഗന്മാർ
മന്ത്രങ്ങളാൽ ബ്രാഹ്മണന്മാർ സ്തുതിപ്പി—
തവന്നദ്ധ്വര്യുക്കരം ഹവ്യം കൊടുപ്പൂ. 16

അവൻ പൗരാണബ്രഹ്മഗുഹാന്തരസ്ഥൻ
മഹീ സത്രം കണ്ടിതു ഭാരതാഗ്രേ
അഗ്ര്യക്രിയൻ ഗോവിനെയുദ്ധരിച്ചാൻ
വിക്ഷോഭിപ്പിച്ചഹിദൈത്യാസുരൗഘം. 17

അദ്ദേഹത്തെ ഗോക്കളൊത്തിന്ദ്രർ വാഴ്ത്തീ
ഘോഷാത്ഥമേകൻതാൻ പശുക്കരംക്കൊരീശൻ
അവന്നു ഭക്ഷ്യം പലമദ്ദേകുമാജി—
യദ്ദേഹത്തേ വാഹനമെന്നു കാണ്മൂ. 18

അവന്നാകാശം മന്നു വിണ്ണെന്നിതെല്ലാം
നില്ക്കുന്നു പാട്ടിൽ ശാശ്വതനെന്നുമേവം
കുംഭത്തിങ്കൽ സുരരേതസ്സുണച്ചി—
തവൻ വസിഷ്ഠഷിയതിൽ ജനിച്ചു. 19

അവൻ വായു വിഭുവങ്ങശ്വവാജി—
യവൻ സരശ്മി സവിതാവാദിദേവൻ
അവൻ വെന്നു ദൈത്യരേ മുററുമെന്ന—
ല്ലവൻ നേടീ വിക്രമത്താൽ ത്രിലോകം. 20

* ഗ്ലാനം = ക്ഷയിച്ചതു്.

അവൻ പിതൃക്കൾക്കു നരാമരക്കും
യജ്ഞജ്ഞരായോക്കു വിതാനമത്രേ
അവൻ കാലം വേർതിരിച്ചിട്ടദിപ്പി-
തത്രായനം ദക്ഷിണമുത്തരംതാൻ. 21

അവന്നു മേൽ കീഴു വിലങ്ങുമുണ്ടു
ഭ്രുഭാസനം ചെയ്യു ഗഭസ്തിസംഘം
അങ്ങച്ചിപ്പു വേദവിൽ ബ്രാഹ്മണന്മാ-
രവൻെറ ഭാസ്സാൽ വിലസ്സുന്നിതക്കൻ. 22

മാസംതോറും യജ്ഞകൃത്തായവൻതാൻ
തൽപ്പാഠമേല്ലുണ്ടദ്ധ്വരേ വേദവിജ്ഞർ
ത്രിനാഭി സപ്താശ്വമെഴും ത്രിധാമ-
ചക്രം വഹിപ്പോനവനെന്നു ചൊൽവൂ. 23

തേജസ്സാന്നോൻ സവ്വഗൻ സവ്വസിംഹൻ
കൃഷ്ണൻ നീതാനീ ലോകമെല്ലാം ഭരിപ്പോൻ
ഹംസൻ തമോഘ്നൻ കൃഷ്ണനെപ്പാത്ഥവീര!
നിത്യം കത്താവെശ്ശരണം പൂണ്ടുകൊൾക. 24

അവൻ കാട്ടിൽപ്പെട്ടു തുഷ്ടൻ മഹാത്മാ-
വാക്ഖാണ്ഡവേ വിഭുവാം ധൂമകേതു
മഹാഹിരക്ഷോവിജയം കഴിച്ചു
സവ്വം സവ്വവ്യാപി ഹോമിച്ചു തീയിൽ. 25

അവൻ പാത്ഥന്നായ് ശ്വേതമശ്വം കൊടുത്തി-
തശ്വങ്ങൾ മുററുംതാൻ നടത്തിച്ചിതേകൻ
തേർക്കൂട്ടുള്ളാത്തേരിനോ മൂന്നു ചക്രം
ത്രിവൃച്ഛിരസ്സു ചതുരശ്വം ത്രിനാഭി. 26

താൻ നിമ്മിച്ചൂ മന്നു വിണ്ണന്തരീക്ഷ-
മവൻ വ്യോമം തീത്തവൻ പഞ്ചനാഭി
വനങ്ങൾ ശൈലങ്ങളവൻ ചമച്ചൂ
ഹൃഷീകേശൻ ഭൂരിദീപ്താഗ്നിവീര്യൻ. 27

കടന്നു താൻ പുഴയെല്ലാം ജിഘാംസു
വജ്രം വിടും ശക്രനെത്താൻ തടുത്തു
അവൻ മഹേന്ദ്രൻ സ്തുതനാമദ്ധ്വരത്തി-
ലേകൻ പുരാണക്കിനാൽ വിപ്രരാലേ. 28

ദുവ്വാസസ്സിന്നവനല്ലാതൊരാളി-
ല്ലോജസ്വിക്കാ ഗൃഹവാസം നടത്താൻ
അവൻ പുരാണഷിയൊരുത്തനത്രേ
വിശ്വം ചമപ്പോനാത്മഭാവങ്ങൾ ചെയ്യോൻ. 29

വേദങ്ങൾ വേദിപ്പിതിഹാദിദേവൻ
പുരാണനാനാവിധിയാശ്രയിപ്പൂ

കാമ്യം ദൈവം ലൗകികമീപ്ഫലങ്ങരം
വിഷ്വക്സേനൻ മുററുമെന്നോത്തുകൊരംക. 30

ശുക്ലജ്യോതിസ്സുകളീ ലോകമെങ്ങും
ലോകം മൂന്നും ലോകപന്മാർകരം മൂന്നും
മൂന്നഗ്നിയും വ്യാഹൃതി മൂന്നുമെല്ലാ—
വേദങ്ങളും ദേവകീപുത്രനേകൻ. 31

സംവത്സരംതാനൃതുവൾമാസം
മാസംതാൻ രാപ്പകൽ കാഷ്ഠാ കലൈവം
മാത്രാ മുഹൂത്തം ലവമേവം ക്ഷണംതാൻ
വിഷ്വക്സേനൻ സവ്വമെന്നോത്തുകൊരംക. 32

ചന്ദ്രാക്കന്മാർ ഗ്രഹനക്ഷത്രതാര—
പവ്വങ്ങരം മുററും പരമാപ്പൗണ്ണമാസം
നക്ഷത്രയോഗങ്ങളൃതുക്കരം പാത്ഥ!
വിഷ്വക്സേനാൽ സവ്വമീസ്സൃഷ്ടിജാലം. 33

രുദ്രാദിത്യന്മാർകരം വസ്വശ്വിമാരും
വിശ്വേദേവന്മാർ മരുൽസാദ്ധ്യവഗ്ഗം
പ്രജാപതീയദിതീ ദേവമാതാ—
വെല്ലാം കൃഷ്ണോൽഭൂതർ സപ്തഷിമാരും. 34

താൻ വായുവായ് വീശിടും വിശ്വമേവം
താനഗ്നിയായ് വെന്തിടും വിശ്വരൂപൻ
താൻ വെള്ളമായ് മുക്കിടും മുററുമേവം
താൻ ബ്രഹ്മാവായ് വിശ്വസംഘം ചമപ്പൂ. 35

വേദ്യം വേദിപ്പോന്നങ്ങു വേദ്യം വിധാനം
വിധേയത്തെസ്സംശ്രയിപ്പോനുമേവം
ധമ്മം വേദം ബലമെല്ലാററിൽ മുററും
ചരാചരം കേശവനെന്നു കാണ്ക. 36

ജ്യോതിർഭൂതൻ പരമൻ മുന്നമിവ്വാം
പ്രകാശിപ്പൂ പ്രഭയാൽ വിശ്വരൂപൻ
ജലം തീത്തീസ്സവ്വഭൂതാത്മയോനി
മുന്നം സൃഷ്ടിച്ചു മുററുമീക്കണ്ട വിശ്വം. 37

ഉല്പാതം പലമട്ടത്ഭുതങ്ങരം
മേഘം മിന്നൽപ്പിണരൈരാവതം താൻ
മുററും സവ്വസ്ഥാവരജംഗമങ്ങരം
വിശ്വാത്മാവീ വിഷ്ണുവെന്നോത്തുകൊരംക. 38

വിശ്വാവാസൻ നിഗ്ഗുണൻ വാസുദേവൻ
സങ്കഷ്ണൻ ജീവനെന്നും കഥിപ്പൂ
പരം പ്രദ്യുമ്നനനിരുദ്ധൻ ചതുത്ഥ—
നിവക്കാജ്ഞാപകനാണാത്മയോനി. 39

അഞ്ചായിവൻ പഞ്ചജനോപപന്നം
സഞ്ചോദനം ചെയ്വു വിശപം ചമപ്പോൻ
പിന്നെച്ചമപ്പൂ ഭ്രമിവായുക്കളേയും
വ്യോമം ജ്യോതിസ്സും ജലവും പാൎത്ഥ, പിന്നെ. 40
ചരാചരം നാലു മററുള്ള ലോക-
മിതീവിധം താൻ ചമച്ചിട്ടു പിന്നെ
ഭ്രവേത്തീർത്തു പഞ്ചബീജാഢ്യയെത്താൻ
ദ്യോവീ ഭ്രവിൽച്ചേൎക്കുമേ ഭ്രരിവാരി. 41
അവൻ തീൎത്താനീജ്ജഗത്തിങ്ങു രാജൻ
ജീവിപ്പിപ്പൂ സ്വാത്മനാ സ്വാത്മയോനി
പിന്നെദ്ദേവാസുരമൎത്ത്യൎഷിലോകം
പിതൃപ്രജാജാലവുമപ്രകാരം. 42
കൂട്ടിച്ചേൎത്തീ വിവിധപ്രാണിവൎഗ്ഗം
മററും പരം ഭ്രതനാഥൻ ചമപ്പോൻ
ശുഭാശുഭം സ്ഥാവരജംഗമംതാൻ
വിഷ്വക്സേനാൽ മററുമെന്നോൎത്തുകൊൾക. 43
ഇന്നുള്ളതിങ്ങിനിയുണ്ടാവതും താൻ
മററും പരം കേശവനെന്നു കാൺക
അന്തത്തിങ്കൽ പ്രാണികൾക്കുള്ള മൃത്യു
സാക്ഷാൽക്കൃഷ്ണൻ ശാശ്വതൻ ധൎമ്മവാഹൻ. 44
കഴിഞ്ഞതും നാമറിയാതുള്ളതും താൻ
വിഷ്വക്സേനൻ മററുമെന്നോൎത്തുകൊൾക.
പ്രശസ്തമുലകിൽപ്പുണ്യമെന്തെന്തുണ്ടോ ശുഭാശുഭം
അതചിന്ത്യം കേശവൻതാൻ വിപരീതമതിൽ പരം. 45
ഇമ്മട്ടുള്ളോൻ കേശവനത്ര പോരാ
നാരായണൻതാൻ പരമവ്യയൻതാൻ
മദ്ധ്യാദ്യന്തത്തോടു നില്ക്കും ജഗത്തിൽ
കഴിച്ചിലോൎപ്പോൎക്കുത്ഭവനവ്യയൻതാൻ. 46

159. ദുർവ്വാസോഭിക്ഷ

ബ്രാഹ്മണരെ പൂജിക്കേണ്ടതെന്തിനാണെന്നു ചോദിച്ച പ്രദ്യുമ്നനോട്, ദുർവ്വാസാവിൻെറ പൂജകൊണ്ടു തനിക്കും രുക്മിണിക്കുമുണ്ടായ അനുഭവം വിവരിച്ചുകൊണ്ട് ശ്രീകൃഷ്ണൻ പറഞ്ഞ മറുപടിയെ ഉദാഹരിച്ച് ഭീഷ്മർ ബ്രാഹ്മണമഹത്വത്തെ വിശദീകരിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ചൊല്ലു ബ്രാഹ്മണപൂജയ്ക്കു ഫലത്തെ മധുസൂദന!
ഇക്കാര്യമറിവോനങ്ങെന്നറിയുന്നു പിതാമഹൻ. 1

കൃഷ്ണൻ പറഞ്ഞു

സശ്രദ്ധം കേൾക്ക രാജാവേ, ദ്വിജക്ക് ഭരതർഷഭ!
കുരുസത്തമ, തത്ത്വത്താൽ ഞാൻ ചൊല്ലുന്ന ഗുണങ്ങളെ. 2
മുന്നം ഞാനാ ദ്വാരകയിൽ വാഴുമ്പോൾ കുരുനന്ദന!
പ്രദ്യുമ്നൻ ബ്രാഹ്മണർ ചൊടിപ്പിച്ചോൻ ചോദിച്ചിതിങ്ങനെ. 3

പ്രദ്യുമ്നൻ പറഞ്ഞു

വിപ്രരിൽ പൂജകൊണ്ടെന്തുഫലമാം മധുസൂദന!
ഈശ്വരത്വമവർക്കെന്താണീലോകത്തിൽ പരത്തിലും? 4
എന്നും വിപ്രരെയർച്ചിച്ചാൽ ഫലമെന്തുണ്ടു മാനദ!
ഇതെല്ലാം വെളിവായ് ചൊല്ലു പെരുത്തുണ്ടിങ്ങു സംശയം. 5

കൃഷ്ണൻ പറഞ്ഞു

എന്നാ പ്രദ്യുമ്നനെന്നോടു ചോദിച്ചപ്പോൾ മുറയ്ക്കു ഞാൻ
ഉത്തരം ചൊന്നതുർവ്വീശ, സശ്രദ്ധം കേട്ടുകൊൾക നീ. 6
വിപ്രപൂജയ്ക്കുള്ള ഫലം രൗക്മിണേയ, ധരിക്ക നീ
ഇവരോ സോമരാജാക്കൾ സുഖദുഃഖപ്രഭുക്കളാം. 7
ഈ ലോകത്തും രൗക്മിണേയ, ശരിക്കുണ്ണീ, പരത്തിലും
ബ്രാഹ്മണപ്രഭവം സൗമ്യം ചിന്തിപ്പാനില്ലെനിക്കിതിൽ. 8
വിപ്രപൂജയിലായുസ്സു കീർത്തി പാരം യശോബലം
ലോകം ലോകേശ്വരന്മാരും മുററും ബ്രാഹ്മണപൂജകർ. 9
ത്രിവർഗ്ഗത്തിങ്കൽ മോക്ഷത്തിൽ യശഃശ്രീരോഗശാന്തിയിൽ
ദേവതാപിതൃപൂജയ്ക്കും നമുക്കഭ്യർച്ച്യരാം ദ്വിജർ. 10
എന്നാ[1]ലാദരിയായെന്നെയീശനെന്നോർത്തു വത്സ, ഞാൻ
മഹാബാഹോ, മന്യുവൊക്കാ നിനക്കേതും ദ്വിജേന്ദ്രരിൽ.[2] 11
ബ്രാഹ്മണന്മാർ മഹൽഭൂതമീലോകത്തിൽ പരത്തിലും
ക്രുദ്ധർ മുററും ഭസ്മമാക്കും വിശ്വം പ്രത്യക്ഷദർശികൾ. 12
വേറേ ലോകങ്ങൾ സൃഷ്ടിക്കും ലോകപാലരെയും ശരി
നന്മ ചെയ്യില്ലവരിലെന്നാമോ തേജസ്വിയന്നവർ. 13
ഉണ്ണീ, വാണാനെൻഗൃഹത്തിൽ ബ്രാഹ്മണൻ ഹരിപിംഗളൻ
ചീരാംബരൻ വില്വദണ്ഡി താടി നീണ്ടോൻ കൃശൻ മഹാൻ. 14
നീളം കൂട്ടം മർത്ത്യരെക്കാൾ മന്നിലൊട്ടേറെ നീണ്ടവൻ.
ദിവ്യമാനുഷലോകങ്ങൾ മുററുമേ ചുററിനാനവൻ 15
സഭാചത്വരഭാഗങ്ങൾതോറുമീഗ്ഗാഥ പാടുവോൻ:
"ദുർവ്വാസോവിപ്രനെഗ്ഗേഹത്താരുണ്ടർച്ചിച്ചിരുത്തുവാൻ? 16
ചെറുകററത്തിലും സർവ്വജീവിയിൽക്കോപിയാണവൻ.
ഞാൻ ചൊല്ലുമീ വാക്കു കേട്ടിട്ടാരുണ്ടേകാനിരിപ്പിടം 17

1 എന്നാൽ = എന്തുകൊണ്ട്. 2 എന്തുകൊണ്ടാണ് എന്നെ ഇവർ ബഹുമാനിക്കാത്തതു്? ഞാൻ ഇവിടത്തെ നാഥനാണല്ലോ. എന്നോർത്ത്, അല്ലയോ ഉണ്ണീ, ബ്രാഹ്മണരുടെ നേരെ ഒരിക്കലും കോപിക്കരുതു് എന്നാണ് ശ്ലോകത്തിലെ ആശയം.

പാപ്പിക്കുമാരെന്നെയവർ കോപിപ്പിക്കാതിരിക്കുമോ?''
ആദരിപ്പീലാരുമെന്നിട്ടങ്ങു പാപ്പിച്ചിതന്നു ഞാൻ 18
അവനുണ്ണും പെരുത്തേറെസ്സഹസ്രാന്നമൊരിക്കലേ.
ഒരിക്കൽ സ്വല്പമുണ്ടീടും പിന്നെഗ്ഗൃഹമണഞ്ഞിടാ 19
അകാരണം ചിരിച്ചീടും കരഞ്ഞീടുമകാരണം;
വയസ്സിന്നവനോടൊത്തോനില്ല മന്നിലൊരുത്തനും. 20
പിന്നെത്തൻ പാപ്പിടം പുക്കു പരം മെത്തവിരിപ്പുകൾ
ചമഞ്ഞ കന്യകളെയും ചുട്ടു വീണ്ടും ഗമിക്കയായ്. 21
പിന്നെയെന്നോടോതി വീണ്ടുമാ മഹർഷി ശിതവ്രതൻ:
''കൃഷ്ണ, പായസമുണ്ടീടാൻ മോഹമുണ്ടെ''ന്നു സത്വരം. 22
അപ്പൊഴേ ഞാനുള്ളറിഞ്ഞു ഗൃഹത്തിങ്കൽജ്ജനങ്ങളേ
മുററുമന്നങ്ങൾ പാനങ്ങൾ ഭക്ഷ്യങ്ങൾ പലമാതിരി 23
വെച്ചുണ്ടാക്കിയിരിക്കേണമെന്നേൽപ്പിച്ചിതു മുന്നമേ.
ഒലിക്കും പായസമുടൻതന്നേ കൊണ്ടുകൊടുത്തു ഞാൻ 24
അതുണ്ടിട്ടായവനുടൻ പിന്നെയെന്നോടു ചൊല്ലിനാൻ:
''മേലൊക്കപ്പായസം വേഗം തേച്ചുകൊണ്ടീടുകെ''ന്നവൻ 25
ആലോചിക്കാതതുടനെയവ്വണ്ണംതന്നെ ചെയ്തു ഞാൻ.
ആയെച്ചിൽകൊണ്ടു മേൽ മുററും പൂശിനേൻ ഞാൻ ശിരസ്സിലും
അപ്പോൾക്കണ്ടാനടുത്തായ് നിന്നമ്മയെശ്ശോഭനാസ്യയെ;
പുഞ്ചിരിക്കൊണ്ടവളെയുമവൻ തേപ്പിച്ചു പായസം. 27
പായസം തേച്ചോരവളെത്തേരിൽപ്പൂട്ടിയുടൻ മുനി
ആത്തേരിലേറീട്ടെൻ ഗേഹം വിട്ടായവനിറങ്ങിനാൻ. 28
തീപോലാളും ദ്വിജൻ ധീമാൻ രഥാശ്വത്തെക്കണക്കിനെ
ചമ്മട്ടികൊണ്ടു ഞാൻ കാൺകെത്തച്ചു രുക്മിണി ബാലയെ. 29
എനിക്കുണ്ടായീല ചെററുമീർഷ്യയാൽ ദുഃഖമപ്പൊഴേ
അവ്വണ്ണം രാജമാർഗ്ഗത്താൽ പുറത്തേക്കങ്ങു യാത്രയായ്. 30
അതത്യാശ്ചര്യമേ കണ്ടു ദാശാർഹരഥ മന്യുവാൽ
മെല്ലെപ്പറഞ്ഞാരവിടെച്ചിലർ തമ്മിൽ വിളിച്ചുതാൻ. 31
''വിപ്രരായ്ത്തന്നെ തീരേണം മററു ജാതിയിലാകൊലാ
മററാരീത്തേരിലേറീട്ടു ജീവിച്ചീടും പുമാനിഹ? 32
ആശീവിഷവിഷം തീക്ഷ്ണമതിലും തീക്ഷ്ണനാം ദ്വിജൻ
ബ്രഹ്മാശീവിഷദഗ്ദ്ധന്നു ചികിത്സിപ്പവനില്ലൊരാൾ.'' 33
ദുർദ്ധർഷനാമവൻ പോകെ വഴിക്കിടറി രുക്മിണി
പൊറുത്തില്ലതുമാ ശ്രീമാനുടനോടിച്ചു പിന്നെയും. 34
പരം ചൊടിച്ചാത്തേർ വിട്ടു താഴെച്ചാടിയുമാ ദ്വിജൻ
കാൽനടയ്ക്കുൽപഥ*ത്താലേ തെക്കു നോക്കീട്ടു പാഞ്ഞുപോയ്. 35

* ഉൽപഥം = നടവഴിയില്ലാത്ത നിലം.

ഉൽപഥംവഴി പാഞ്ഞീടും ദ്വിജനെപ്പിൻതുടന്നു ഞാൻ
അമ്മട്ടു പായസം തേച്ചോൻ ഭഗവൻ, തെളികെന്നുമായ്. 36
പിന്നെ നോക്കീട്ടു തേജസ്വി വിപ്രനെന്നോടു ചൊല്ലിനാൻ:
"കൃഷ്ണ, ക്രോധം ജയിച്ചു നീ സ്വഭാവത്താൽ മഹാഭുജ! 37
നിനക്കു തെറ്റൊന്നിവിടെ ഞാനും കണ്ടില്ല സുവ്രത!
ഗോവിന്ദ, ഞാൻ പ്രസാദിച്ചേൻ വരം വാങ്ങു യഥേഷ്ടമേ; 38
ഞാൻ പ്രസാദിച്ചതിന്നുണ്ണീ, ഫലം കാണ്ക യഥാവിധി.
എത്ര ദേവമനുഷ്യർക്കിങ്ങന്നത്തിൽ കാംക്ഷയൊക്കുമോ 39
അന്നത്തിലാംപോലവർക്കു നിന്നിൽ ഭാവം* ഭവിച്ചിടും.
പുണ്യലോകംതോറുമത്ര കീർത്തിയുണ്ടാം നിനക്കെടോ 40
മൂപ്പാരിലെത്രയായീടിൽ മെച്ചം നേടീടുമേ ഭവാൻ.
ഏവർക്കും നീ സുപ്രിയനായ് ഭവിച്ചീടും ജനാർദ്ദന! 41
ഉടച്ചതും ചുട്ടതും ഞാനീ നിൻ മുതൽ മുടിച്ചതും
എല്ലാമവ്വണ്ണമേ കാണും മെച്ചമായിജ്ജനാർദ്ദന! 42
ഇങ്ങീ മെയ്യിൽപ്പൂശിയതിങ്ങില്ലയോ മധുസൂദന!
അതിനാൽ മൃത്യുഭയമില്ലിച്ഛിക്കുംവരെയച്യുത! 43
എന്താണുണ്ണീ കാലടികൾ രണ്ടിലും പൂശിടാഞ്ഞു നീ?"
അതെനിക്കിഷ്ടമില്ലെന്നും നന്ദിച്ചെന്നോടു ചൊല്ലിനാൻ. 44
അതു കേട്ടെന്റെ മെയ് നോക്കിയപ്പോൾ ശ്രീയാണ്ടു കണ്ടു ഞാൻ.
പ്രീതൻ രുക്മിണിയോടോതീ "സർവ്വ സ്ത്രീമെച്ചമാം പുകൾ 45
പാരിൽ മെച്ചം കീർത്തിയും നീ ശോഭനേ, നേടുമേററവും.
ജരയും രോഗവും വൈവർണ്ണ്യവും ഭാമിനി, നിൻെറ മേൽ 46
തട്ടില്ല, നീ പുണ്യഗന്ധ കൃഷ്ണാരാധന ചെയ്തിടും.
കേശവന്നുള്ള പതിനാറായിരം ഭാര്യമാർകളിൽ 47
വരിഷ്ഠയായ് കേശവൻെറ സാലോക്യം നീയണഞ്ഞിടും."
നിന്നമ്മയോടേവമോതിപ്പിന്നെയെന്നോടുമോതിനാൻ 48
ദുർവ്വാസാവതിതേജസ്വി പോകുമ്പോളഗ്നിസന്നിഭൻ:
"നിനക്കൊക്കട്ടെയീബ്ബുദ്ധിയെന്നും കേശവ, വിപ്രരിൽ" 49
എന്നുരച്ചവനങ്ങുണ്ണീ, മറഞ്ഞാനുടനപ്പൊഴേ.
അവൻ മറഞ്ഞതിൽപ്പിന്നെ ഗൂഢമാം വ്രതമേററു ഞാൻ 50
പ്രഭോ, ബ്രാഹ്മണനെന്തോതുമതു ഞാൻ ചെയ്യുമെന്നു താൻ.
ഉണ്ണീ, ഞാനീവ്രതംകൊണ്ടു നിന്നമ്മയൊടുമൊത്തുടൻ 51
പിന്നെപ്പരമഹൃഷ്ടത്തോടൊത്തുടൻ ഗൃഹമേറിനേൻ.
ഗൃഹം പുക്കപ്പൊഴേ കണ്ടേൻ പുത്തനായ്ത്തന്നെയൊക്ക ഞാൻ
ഉണ്ണീ, വിപ്രൻ തച്ചുടച്ചു വിട്ടതും ചുട്ടതും ശരി.
അപ്പൊഴൊക്കപ്പുത്തനായ്ക്കണ്ടാശ്ചര്യപ്പെട്ടുപോയി ഞാൻ 53

* ഭാവം = താൽപര്യം; ഭക്തി.

എന്നും മനസ്സാൽ ദ്വിജരെപ്പൂജിച്ചേൻ രുക്മിണീസുത!''
എന്നേവമാ രൗക്മിണേയൻ ചോദിക്കെബ്ഭരതർഷഭ! 54
ദ്വിജമുഖ്യൻെറ മാഹാത്മ്യമന്നിതൊക്കയുമോതിനേൻ.
അവ്വണ്ണമങ്ങും കൗന്തേയ, വിപ്രരെസ്സതതം പ്രഭോ! 55
പൂജിക്കു യോഗ്യരേ നിത്യം വാക്കാൽ ദാനങ്ങളാലുമേ.
ഏവം ഫലം നേടി വിപ്രപ്രസാദത്തിങ്കൽനിന്നു ഞാൻ
ഭീഷ്മരെന്നിൽ ചൊന്നതെല്ലാം നേരാണു ഭരതർഷഭ! 56

160. ഈശ്വരപ്രശംസ

ശിവൻ ത്രിപുരന്മാരെ സംഹരിച്ച കഥ വിവരിച്ച്, അന്നു ക്രുദ്ധനായ ആ ശിവനാണ് അടുത്ത ജന്മത്തിൽ ദുർവ്വാസാവായി ജനിച്ചു തന്നെ പരീക്ഷിക്കാൻ വന്നതെന്ന് ശ്രീകൃഷ്ണൻ പറയുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ദുർവ്വാസാവിൻ പ്രസാദത്താലന്നു നീ മധുസൂദന!
നേടിയില്ലല്ലി വിജ്ഞാനമതൊന്നു വിവരിക്കണേ. 1
ആയവൻെറ മഹാഭാഗ്യം മഹാത്മാവിൻെറ പേർകളും
തത്ത്വമായറിവാൻ മോഹം സർവ്വം ബുദ്ധിമതുത്തമ! 2

വാസുദേവൻ പറഞ്ഞു

ഹന്ത നിന്നോടു പറയാം കപർദ്ദിക്കു വണങ്ങി ഞാൻ
രാജാവേ, ഞാൻ നേടിയതും യശസ്സാർജ്ജിച്ചതും ശരി. 3
കാലത്തെഴുന്നേററു ശുദ്ധൻ ചൊല്ലാറുണ്ടു ധരാപതേ!
കൈക്കൂപ്പിശ്ശതരുദ്രീയമതു ചൊൽവതു കേൾക്ക നീ. 4
തപോന്തത്തിൽ തപോരാശിയതു തീർത്തു പ്രജാപതി
ശങ്കരൻ താത, സൃഷ്ടിച്ചു ചരാചരജനങ്ങളെ. 5
മഹാദേവനുമേൽ ഭൂതമൊന്നുമില്ലാ ധരാപതേ!
മൂപ്പാരിലിങ്ങു ഭൂതങ്ങൾക്കൊക്ക പ്രവരനാണവൻ. 6
മഹാത്മാവിൻെറ മുൻപിട്ടു നില്ക്കാനാവില്ലൊരുത്തനും
അവനു കിടയായിട്ടിങ്ങൊന്നും മൂപ്പാരിലില്ലെടോ. 7
ചൊടിച്ചവൻെറ ഗന്ധത്താൽപ്പോലും പോരിലരാതികൾ
ബോധം കെട്ടും ചത്തമട്ടായ് വിറച്ചീടും പതിച്ചിടും. 8
അവൻെറ ഘോരനിനദമിടിനാദത്തിനൊപ്പമായ്
കേട്ടാൽ വിറയ്ക്കും ഹൃദയമടരിൽദ്ദേവകൾക്കുമേ. 9
പിനാകി ക്രുദ്ധനായ് ഘോരരൂപം പൂണ്ടാരെ നോക്കുമോ
സുരരെന്നല്ലസുരരും പാരിൽ ഗന്ധർവ്വനാഗരും 10
ഭവൻ ചൊടിക്കിൽസ്സുഖമേല്ക്കില്ലല്ലോ ഗുഹ പൂകിലും.
ദക്ഷപ്രജാപതി യജിച്ചീടും യജ്ഞം നടക്കവേ 11

പൊടിചെയ്തിതു യജ്ഞത്തെ നിർഭയം ഭവനപ്പൊഴേ;
വില്ലാലമ്പു വലിച്ചെയ്തു ഘോരമാർത്തീടിനാനവൻ 12
അവർക്കു ശർമ്മമില്ലെന്നു ശാന്തി വാനോർ വിഷണ്ണരായ്.
ഉടനെയ്തേൽക്കവേ യജ്ഞം ചൊടിക്കവെ മഹേശ്വരൻ 13
ആ ജ്യാതലസ്വനം[1]കൊണ്ടു ലോകരൊട്ടുക്കുഴന്നുപോയ്.
അവശപ്പെട്ടു ഹേ പാർത്ഥ, വിഷാദിച്ചു സുരാസുരർ 14
കലങ്ങിപ്പോയ് വെള്ളമൊന്നു കലുങ്ങിപ്പോയി ഭൂമിയും.
അലിഞ്ഞുപോയ് പർവ്വതങ്ങൾ തകർന്നു ദ്യോവശേഷവും 15
കൂരിരുട്ടാണ്ടു ലോകങ്ങൾ മറഞ്ഞു തെളിയാതെയായ്.
ജ്യോതിർഭാസ്സുകളും പോയി സൂര്യനോടൊത്തു ഭാരത! 16
ഏററം പേടിച്ചുടൻ ശാന്തി ചെയ്തു സ്വസ്ത്യയനങ്ങളും.
ഋഷിമാർ സർവ്വജീവിക്കും തനിക്കും ഹിതകാംക്ഷികൾ 17
ഉടൻ ദേവകളിൽ പാഞ്ഞു, രുദ്രൻ രൗദ്രപരാക്രമൻ
ക്രുദ്ധൻ ഭഗന്റെ നേത്രങ്ങളവൻ തല്ലിപ്പൊഴിച്ചുതേ. 18
പൂഷാവിൻ നേർക്കു പാഞ്ഞേററു പാദംകൊണ്ടു ചൊടിച്ചവൻ
പുരോഡാശം കഴിപ്പോന്റെ പല്ലും തല്ലിക്കൊഴിച്ചുതേ. 19
അപ്പോൾ ശങ്കരനെക്കുപ്പി വിറച്ചുംകൊണ്ടു ദേവകൾ
വീണ്ടും തൊടുത്തിതാ രുദ്രൻ ദീപ്തം നിശിതമാം ശരം. 20
രുദ്രന്റെ വിക്രമം കണ്ടു പേടിച്ചൃഷികൾ വിണ്ണരും
പരം പ്രസാദിപ്പിച്ചാരാശ്ശർവ്വനേ വിബുധോത്തമർ. 21
ജപിച്ചു ശതരുദ്രീയം വിണ്ണോർ കൈക്കൂപ്പിയപ്പൊഴേ
ത്രിദശന്മാർ പുകഴ്ത്തുമ്പോൾ പ്രസാദിച്ചു മഹേശ്വരൻ. 22
രുദ്രനു ഭാഗം യജ്ഞത്തിൽ വിശേഷാൽ വെച്ചിതായവർ
ശരണം പൂകയുംചെയ്തു രാജാവേ, പേടിയാൽ സുരർ. 23
കൂട്ടിച്ചേർത്തിതു യജ്ഞത്തെപ്പിന്നെസ്സന്തുഷ്ടനാമവൻ
ഹരിച്ചുകൊണ്ടാനെന്തെല്ലാമതങ്ങുണ്ടാക്കി വീണ്ടുമേ. 24
വിണ്ണിൽ പണ്ടുണ്ടു വീര്യം പൂണ്ടസുരന്മാർക്കു മുപ്പുരം
ഇരുമ്പാലും വെള്ളിയാലും പിന്നെസ്സ്വർണ്ണത്തിനാലുമേ. 25
സർവ്വായുധംകൊണ്ടുമവ വെല്ലാനായീല വാസവൻ
മുററുമാർത്തിപ്പെട്ടു വാനോർ ശരണം പുക്കു രുദ്രനേ 26
പരം ചൊല്ലീ മഹാത്മാക്കൾ മുററുമൊന്നിച്ചു ദേവകൾ:
'രുദ്ര, രൗദ്രങ്ങളാം കർമ്മംതോറുമെല്ലാപ്പശുക്കളും;[2] 27
പുരത്തോടും കൊല്ലിവരെ ലോകം കാക്കുക മാനദ!'
എന്നു കേട്ടവനേററോതീ വിഷ്ണുവെശ്ശരമാക്കിയും 28
അഗ്നിയേ മുനയാക്കീട്ടു യമനെപ്പുംഖ[3]മാക്കിയും

1 ജ്യാതലസ്വനം = ഞാണൊലി. 2 പശുക്കൾ — അസുരന്മാർ എന്നാണ് നീലകണ്ഠൻ ഈ പദത്തെ വ്യാഖ്യാനിച്ചിട്ടുള്ളത്. 3 പുംഖം = അമ്പിന്റെ കട.

വേദമൊട്ടുകൾ വില്ലാക്കി ഞാണായ് സാവിത്രിയേയുമേ 29
ബ്രഹ്മാവിനെസ്സൂതനാക്കി വിനിയോഗിച്ചു മററുമേ
ആ ത്രിപർവ്വത്രിശല്യത്താലവ ഭേദിച്ചിതായവൻ. 30
ആദിത്യകാലാഗ്നിതേജസ്സിയന്നോരു ശരത്തിനാൽ
ആദൈത്യരെപ്പുരത്തോടും രുദ്രൻ ചുട്ടിതു ഭാരത! 31
അവനേ മടിയിൽപ്പഞ്ചശിഖനായ്ക്കണ്ടു ബാലനായ്
പരീക്ഷയ്ക്കായ് വേണ്ടിയുമയിതാരെന്നപ്പോളോതിനാൾ. 32
അസൂയിക്കുന്ന ദേവേന്ദ്രൻ വജ്രത്താൽ പ്രഹരിക്കവേ
സ്തംഭിപ്പിച്ചാൻ വജ്രമേന്തും പരിഘോപമമാം ഭുജം. 33
അറിഞ്ഞില്ലാ ദേവകളുമവനെബ്ഭുവനേശനെ
പ്രജാപതികളും മററുമീശ്വരങ്കൽ വിമൂഢരായ്. 34
പിന്നെദ്ധ്യാനിച്ചു ഭഗവാൻ ബ്രഹ്മാവാത്തിമവീര്യനെ
ശ്രേഷ്ഠൻതാനിവനെന്നും കണ്ടങ്ങു കൂപ്പിയുമേശനെ. 35
പ്രസാദിപ്പിച്ചിതുമയെ രുദ്രനേയും പരം സുരർ
വലാരിക്കുള്ള കൈയപ്പോളം മുൻപിലുള്ള വിധത്തിലായ്. 36
അവൻ ബ്രാഹ്മണനായിട്ടു ദുർവ്വാസാവായ വീര്യവാൻ
എൻ ഗൃഹത്തിൽ ദ്വാരകയിലേറെക്കാലം വസിച്ചുതാം. 37
വിപ്രകാരങ്ങളും ചെയ്താനെൻഗൃഹത്തിൽ പലേതരം
സുദുസ്സഹങ്ങളവയുമൗദാര്യത്താൽ ക്ഷമിച്ചു ഞാൻ. 38
അവൻ രുദ്രൻ ശിവൻ വഹ്നി സർവ്വൻതാൻ സർവ്വജിത്തവൻ
അവനിന്ദ്രൻ വായുവവൻ വിദ്യുത്തശ്വികളാണവൻ 39
അവൻതാൻ ചന്ദ്രനീശാനൻ സൂര്യൻ വരുണനാണവൻ
കാലനങ്ങന്തകൻ മൃത്യു തമസ്സും പിന്നെ രാപ്പകൽ 40
മാസാർദ്ധമാസങ്ങളൃതു സന്ധ്യ വത്സരമാണവൻ
അവൻ ധാതാ വിധാതാവു വിശ്വകർമ്മാവു വിശ്വഗൻ 41
ഗ്രഹനക്ഷത്രങ്ങളവൻതാൻ ദിക്കുകൾ വിദിക്കുകൾ
വിശ്വമൂർത്തിയമേയാത്മാ ഭഗവാൻ പരമദ്യുതി 42
ഒന്നായ് രണ്ടായ് പലതുമായ് നിന്നീടുന്നവനാണവൻ
നൂറായായിരമായ് പിന്നെ നൂറായിരവുമായിയും. 43
ഇമ്മട്ടുള്ളോൻ മഹാദേവൻ ഭഗവാനജനേറെയും
ഗുണങ്ങളെപ്പറഞ്ഞീടാൻ പററാ നൂറാണ്ടുകൊണ്ടുമേ. 44

161. മഹേശ്വരമാഹാത്മ്യം

ചില ശിവപര്യായങ്ങളുടെ അന്വർത്ഥതയെ വിവരിച്ചും ശിവലിംഗപൂജയുടെ മാഹാത്മ്യത്തെ സൂചിപ്പിച്ചും കൃഷ്ണൻ ശിവന്റെ പരമപൂജനീയതയെ വ്യക്തമാക്കുന്നു.

വാസുദേവൻ പറഞ്ഞു

മഹാത്മാവിൻ മഹാഭാഗ്യം മഹാബാഹോ, യുധിഷ്ഠിര!
രുദ്രന്നു ബഹുരൂപന്നു ബഹുനാമന്നു കേൾക്ക നീ. 1
ചൊൽവൂ മഹാദേവനഗ്നി സ്ഥാണുവെന്നും മഹേശനേ!
ഏകാക്ഷൻ ത്ര്യംബകൻ വിശ്വരൂപൻതാൻ ശിവനെന്നുമേ. 2
ആദ്ദേവന്നോ രണ്ടു മൂർത്തി വേദജ്ഞദ്വിജർ കാണ്മതാം
ഘോരയൊന്നൊന്നു ശിവയുമാ മൂർത്തികൾ പലേതരം. 3
ഉഗ്രയാകും ഘോരമൂർത്തിയഗ്നി വിദ്യുത്തു ഭാസ്കരൻ
ഇവന്റെ ശിവയാം സൗമ്യമൂർത്തി ധർമ്മം ജലം ശശി. 4
അവന്റെയാത്മാവിനഗ്നിയർദ്ധം സോമനൊരർദ്ധമാം
ഇവന്റെ ശിവയാം മൂർത്തി ബ്രഹ്മചര്യം ചരിക്കയാം. 5
ഇവന്റെ ഘോരയാം മൂർത്തി വിശ്വത്തെസ്സംഹരിക്കുമേ
ഈശ്വരത്വാൽ മഹത്വത്താലിവനത്രേ മഹേശ്വരൻ. 6
ദഹിപ്പിപ്പോൻ തീക്ഷ്ണനുഗ്രൻ പ്രതാപിയവനാകയാൽ
മാംസശോണിതമജ്ജാദനാകയാൽ രുദ്രനാണുപോൽ. 7
മഹാൻ വാനോരിൽ വിഷയം മഹത്താവുകകാരണം
മഹാവിശ്വം കാക്കയാലും മഹാദേവനവൻ മതം. 8
അവന്നു ധൂമ്രരൂപത്വംകൊണ്ടു ധൂർജ്ജടിയെന്നുപേർ
സർവ്വകാമങ്ങളാൽ സർവ്വന്മാരെ വാഴ്ത്തിപ്പതുണ്ടവൻ. 9
മനുഷ്യർക്കു ശിവം കാംക്ഷിച്ചതിനാൽ ശിവനാണവൻ
ദഹിപ്പിപ്പൂ മേലെ നിന്നു നരപ്രാണങ്ങളെ സ്ഥിരൻ. 10
സ്ഥിരലിംഗനവൻ നിത്യനതിനാൽ സ്ഥാണുവാണുപോൽ
ഇവന്നു പലതാം രൂപം ഭൂതം ഭവ്യം ഭവിപ്പതും. 11
ചരാചരജഗത്തെല്ലാം ബഹുരൂപനതാണവൻ
അവങ്കൽ വിശ്വദേവന്മാർ വിശ്വരൂപനതാണവൻ. 12
സഹസ്രാക്ഷൻ പിന്നെയയുതാക്ഷൻ സർവ്വഗതാക്ഷനാം
ചക്ഷുസ്സിലുണ്ടാം തേജസ്സു ചക്ഷുസ്സിന്നില്ലൊരന്തവും. 13
നിത്യം പശുക്കളെക്കാപ്പിതവയൊത്തു രമിക്കയാം
അവയ്ക്കധിപനാണെന്നാലതിൽ പശുപതി സ്മൃതൻ. 14
ഇവന്റെ ലിംഗമോ നിത്യബ്രഹ്മചര്യത്തിൽ നില്പതാം
പൂജിപ്പൂ ലോകരിവനെ മഹാത്മാവിന്നിതോ പ്രിയം. 15
മഹാത്മാവിൻ വിഗ്രഹമോ ലിംഗമോ പൂജചെയ്യുവൻ

ലിംഗം പൂജിപ്പവൻ നിത്യം മഹിതശ്രീയണഞ്ഞിടും. 16
ഋഷിദേവകൾ ഗന്ധർവ്വരപ്സരസ്ത്രീകളും ശരി
ലിംഗത്തെത്തന്നെ പൂജിപ്പൂ പരമൂർദ്ധ്വമുഖസ്ഥിതം. 17
അതിനെപ്പൂജചെയ്യീടിൽ മോദിച്ചീടും മഹേശ്വരൻ
സുഖം നല്കും പ്രീതചിത്തൻ ഭക്തർക്കാബ്ഭക്തവത്സലൻ. 18
ശ്മശാനങ്ങളിലീദ്ദേവൻ പാർക്കുന്നു ചുട്ടെരിപ്പവൻ
ആ സ്ഥലത്തു യജിപ്പോർകൾ വീരസ്ഥാനനിഷേവികൾ. 19
വിഷയസ്ഥൻ മൃത്യുവവൻ പ്രാണികൾക്കു ശരീരഗൻ
പ്രാണാപാനൻ ദേഹികൾക്കു ദേഹഗൻ വായുവാണവൻ. 20
അവന്റെ ഘോരരൂപങ്ങൾ ദീപ്തങ്ങൾ പല മാതിരി
പൂജിപ്പതുണ്ടു ലോകത്തിലറിവൂ വിപ്രർ പണ്ഡിതർ. 21
നാമങ്ങളുണ്ടു വാനോരിൽപ്പൊരുളൊത്തവ വേറെയും
വിവരിപ്പൂ ബഹുത്വത്താൽ വിഭുത്വാൽ കർമ്മവൃത്തിയാൽ. 22
വേദത്തിലറിവൂ വിപ്രർ ശതരുദ്രീയ[1]മുത്തമം
വ്യാസപ്രോക്തം മഹാത്മാവിന്നുപസ്ഥാനവുമാണതും. 23
പ്രദാതാ സർവ്വലോകർക്കും മഹത്താം വിശ്വമെന്നുമാം
ജ്യേഷ്ഠഭൂതനിവൻ താനെന്നുരപ്പൂ ബ്രാഹ്മണർഷികൾ. 24
ദേവകൾക്കാദിമനിവൻ മുഖാൽ സൃഷ്ടിച്ചു വഹ്നിയെ
നാനാഗ്രഹങ്ങളാൽ രുദ്ധപ്രാണോത്സർഗ്ഗം[2] കഴിക്കുമേ; 25
വിടാ ശരണ്യൻ ശരണാഗതരെപ്പുണ്യവാനിവൻ.
ആയുസ്സാരോഗ്യമൈശ്വര്യം വിത്തം കാമങ്ങളേറെയും 26
അവൻ മനുഷ്യർക്കേകീടുമവൻ വീണ്ടും ഹരിച്ചിടും.
ഇന്ദ്രാദിവാനോർകളിലുമിവന്നൈശ്വര്യമുണ്ടുപോൽ 27
മൂപ്പാരിന്നാം നന്മതിന്മയ്ക്കൊരുക്കമവനെപ്പൊഴും.
ഐശ്വര്യത്താലെ കാമങ്ങൾക്കീശ്വരൻതന്നെയാണുപോൽ 28
മഹേശ്വരൻ മഹാലോകങ്ങൾക്കൊരീശ്വരനാണവൻ.
പലമട്ടുള്ള രൂപങ്ങൾകൊണ്ടു വിശ്വം നിറഞ്ഞവൻ
ആദ്ദേവന്നുള്ളൊരാ വക്ത്രം കടലിൽ ബഡവാമുഖം. 29

---

1 ദ്രോണപർവ്വത്തിലെ 203-ാമദ്ധ്യായത്തിൽ 'ശതരുദ്രീയ'ത്തെപ്പറ്റി വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. 'ശതരുദ്രീയം' എന്നുതന്നെയാണ് ആ അദ്ധ്യായത്തിന്റെ തലക്കെട്ട്. 2 രുദ്ധപ്രാണോത്സർഗ്ഗം=പ്രതിരുദ്ധമായ പ്രാണങ്ങളുടെ വിസർജ്ജനം.

162. ധർമ്മപ്രമാണകഥനം

പ്രത്യക്ഷപ്രമാണത്തേക്കാൾ വേദവാക്യങ്ങൾക്കാണ് പ്രാമാണ്യം കല്പിക്കേണ്ടതെന്നു്. സജ്ജനങ്ങളുടെ ആചാരവും ആദരണീയമാണെന്നു്. സജ്ജനങ്ങളുടേയും ദുർജ്ജനങ്ങളുടേയും ലക്ഷണം. ശ്രേയോലബ്ധി ആഗ്രഹിക്കുന്നവർ അനുഷ്ഠിക്കേണ്ട ചില ധർമ്മങ്ങൾ.

വൈശമ്പായനൻ പറഞ്ഞു

ദേവകീനന്ദനൻ കൃഷ്ണനീവണ്ണം ചൊന്നശേഷമേ
വീണ്ടും ഭീഷ്മൻ ശാന്തനവനോടു കേട്ടു[1] യുധിഷ്ഠിരൻ. 1

യുധിഷ്ഠിരൻ പറഞ്ഞു

നിശ്ചയത്തിൽ മഹാബുദ്ധേ, സർവ്വധർമ്മജ്ഞസത്തമ!
പ്രത്യക്ഷമാഗമമിതു രണ്ടിലേതാണു കാരണം? 2

ഭീഷ്മൻ പറഞ്ഞു

ഇതിൽ സംശയമില്ലൊട്ടുമെന്നാണെന്നുടെ നിശ്ചയം
കേൾക്ക ചൊല്ലാം മഹാപ്രാജ്ഞ, നന്നായ് ചോദിച്ചിടുന്നു നീ.
സംശയം വേഗമിങ്ങുണ്ടാം നിശ്ചയം കിട്ടുവാൻ പണി
ദൃഷ്ടം ശ്രുതമനന്തംതാനിതിൽ സംശയദർശനം. 4
പ്രത്യക്ഷം കാരണം കണ്ടാൽ തർക്കിക്കും പ്രാജ്ഞമാനികൾ[2]
ഇല്ലെന്നും തീർച്ചയാക്കീടും സത്യം സംശയമാക്കിയും; 5
അതു തെററായ് ധരിക്കുന്നു ബാലന്മാർ ബുധമാനികൾ.
ഒന്നു കാരണമുണ്ടെന്നാലതെന്തെന്നോർപ്പതാകിലോ 6
സാധിക്കാം ദീർഘകാലത്താലൊരുങ്ങി മടിയെന്നിയേ.
പ്രാണയാത്ര പലേമട്ടിൽക്കല്പിപ്പവനു ഭാരത! 7
തൽപരന്നോ പററുമതിൻ കാഷ്ഠ മറേറാന്നു പററിടാ.
യുക്തികൾക്കതിർ കണ്ടിട്ടു വൻപികും ജ്ഞാനമുത്തമം 8
ലോകത്തിനെല്ലാം ജ്യോതിസ്സു[3] വിപുലം പ്രതിപന്നമാം[4].
രാജാവേ, ഗമനം[5] പററാ യുക്തിയാൽ ഗമനം ശരി 9
പിടികിട്ടാതുറയ്ക്കാത്തതൊഴിച്ചീടുക വാക്കിനാൽ.

യുധിഷ്ഠിരൻ പറഞ്ഞു

പ്രത്യക്ഷസിദ്ധി ലോകത്താൽ ലോകമാഗമപൂർവ്വകം
ശിഷ്ടാചാരം പലവിധമതു ചൊല്ലു പിതാമഹ! 10

ഭീഷ്മൻ പറഞ്ഞു

ബലമേറും ദുരാത്മാക്കൾ ധർമ്മത്തിനെ ഹരിക്കവേ
ഉറപ്പു യത്നാൽ ചെയ്താലും കാലത്താൽ ഭിന്നമായ്വരും. 11

---

1 കേട്ടു = ചോദിച്ചു. 2 പ്രാജ്ഞമാനികൾ = അറിവുള്ളവരെന്നു നടിക്കുന്നവർ. 3 ജ്യോതിസ്സ് = ചൈതന്യം. 4 പ്രതിപന്നം = പ്രാപ്തം. 5 ഗമനം = അധിഗമനം; പ്രാപ്തി. (ലോകത്തിൻെറ ആദികാരണമായ ദിവ്യചൈതന്യത്തെ യുക്തികൊണ്ടു കണ്ടെത്താൻ കഴിയുകയില്ലെന്നും, വേദാദിവാക്യങ്ങളെയാണ് അവിടെ പ്രമാണമായി കരുതേണ്ടതെന്നും സാരം.)

അധർമ്മം ധർമ്മരൂപത്തിലുള്ളൽ മൂടം കിണർപോലെയാം
വൃത്തം തെററിച്ചീടുമവർ കേട്ടുകൊൾക യുധിഷ്ഠിര! 12

ഭേദിപ്പിപ്പൂ വൃത്തിഹീനർ ശ്രുതിത്യാഗപരായണർ[1]
ധർമ്മവിദ്വേഷിമാർ മന്ദരവരിൽച്ചൊന്ന സംശയം. 13

സാധുക്കളിലതൃപ്തന്മാ[2]രെവരാഗമബുദ്ധികൾ
പരമെന്നായ് തുഷ്ടരവർകളെസ്സേവിക്ക കേൾക്ക നീ. 14

ലോഭമോഹത്തുണയെഴും കാമാർത്ഥം പിന്നിലാക്കിയും
ധർമ്മംതാനെന്നറിഞ്ഞുള്ളോർകളെസ്സേവിക്ക കേൾക്ക നീ. 15

അവർക്കു വൃത്തം[3] തെററില്ലാ യജ്ഞം സ്വാദ്ധ്യായകർമ്മവും;
ആചാരം[4] കാരണം[5] ധർമ്മമൊന്നുതാനിതു മൂന്നമേ. 16

യുധിഷ്ഠിരൻ പറഞ്ഞു

വീണ്ടുമെൻബുദ്ധി മോഹിച്ചീടുന്നു സംശയമായതിൽ
അപാരത്തിൽ തേടിയങ്ങേക്കര കാണാതിരിക്കവേ. 17

വേദം പ്രത്യക്ഷമാചാരം പ്രമാണം മൂന്നമെങ്കിലോ
വേറെയാമിവയിൽദ്ധർമ്മം മൂന്നുമൊന്നാവതെങ്ങനെ? 18

ഭീഷ്മർ പറഞ്ഞു

ബലമേറും ദുരാത്മാക്കൾ ധർമ്മത്തിനെ ഹരിക്കവേ
ഏവം കാണുകിൽ രാജാവേ, മൂന്നിനം ധർമ്മചിന്തനം. 19

ഒന്നു താനെന്നറിഞ്ഞാലും മൂന്നിനം ധർമ്മദർശനം
മൂന്നും വെവ്വേറെയെന്നെൻെറ ബുദ്ധിയില്ലായതങ്ങനെ. 20

മൂന്നിന്നും വഴി ചൊല്ലീട്ടുണ്ടതങ്ങനെ നടക്കുക
ധർമ്മത്തിന്നിഹ തർക്കത്താൽ ചെയ്യരുതാലില്ലാ പരീക്ഷണം. 21

എന്നുമേ ഭരതശ്രേഷ്ഠ, നിനക്കൊക്കില്ല സംശയം
അശങ്കമന്ധജഡമട്ടീ ഞാൻ ചൊൽവതു ചെയ്യു നീ. 22

അഹിംസ സത്യമക്രോധം ദാനമെന്നിവ നാലുമേ
അജാതശത്രോ, സേവിക്കുകിതു ധർമ്മം സനാതനം. 23

പിതൃപൈതാമഹമുറയുള്ളല്ലോ വിപ്രരിൽ വൃത്തിയും
അതു ചെയ്യു മഹാബാഹോ, ധർമ്മദേശികരാണിവർ. 24

പ്രമാണമപ്രമാണംതാനറിയാത്തവർ ചെയ്യുകിൽ
പ്രമാണമാക്കരുതതങ്ങതല്ലോ വാദകാരണം 25

സൽക്കാരം ചെയ്തു മാനിച്ചു സേവിച്ചീടുക വിപ്രരെ
ഈ ലോകമൊട്ടുക്കവരിലെന്നായവരെയോർക്ക നീ. 26

---

1 ശ്രുതിത്യാഗപരായണർ = വേദങ്ങളെ അവഗണിക്കുന്നതിൽ തൽപരന്മാർ. 2 അതൃപ്തന്മാർ = കിട്ടിയ അറിവുകൊണ്ടു തൃപ്തിപ്പെടാതെ വേദപാരായണാദികൾ കൊണ്ടു കൂടുതൽ കൂടുതൽ അറിവു സമ്പാദിക്കാൻ ശ്രമിക്കുന്നവർ. 3 വൃത്തം = സ്വഭാവം. 4 ആചാരം = ശൗചാദി. 5 കാരണം = വേദം.

യുധിഷ്ഠിരൻ പറഞ്ഞു

ധർമ്മത്തിനെയസൂയിക്കിലതിനെസ്സേവചെയ്കിലും
അമ്മട്ടുള്ളോരെങ്ങു ചെല്ലും ഭവാനിതരുളേണമേ! 27

ഭീഷ്മൻ പറഞ്ഞു

രജസ്സാലും തമസ്സാലും മനസ്സു കലരുന്നവർ
നരകത്തിൽച്ചെന്നുകൊള്ളും ധർമ്മദ്വേഷികളായവർ. 28
ധർമ്മത്തിനെ മഹാരാജ, സതതം സേവചെയ്കിലോ
സത്യാർജ്ജവം പൂണ്ട സത്തർ[1] നരന്മാർ സ്വർഗ്ഗഭുക്കുകൾ. 29
അവർക്കു ധർമ്മം ഗതിയാം ഗുരുശുശ്രൂഷണത്തിനാൽ
ദേവലോകത്തിലെത്തീടും ധർമ്മത്തെസ്സേവചെയ്യുവർ. 30
മനുഷ്യരും ദേവകളും തപിപ്പിച്ചുടലങ്ങനെ
ധർമ്മത്താൽ സുഖമേല്ക്കുന്നു ലോഭദ്വേഷങ്ങളററവർ. 31
ഒന്നാമതാം ബ്രഹ്മഭവം ധർമ്മം ചൊൽവൂ മനീഷികൾ
ധർമ്മിഷ്ഠരതുപാസിപ്പൂ പഴം ഭക്ഷ്യാർത്ഥി പോലവേ. 32

യുധിഷ്ഠിരൻ പറഞ്ഞു

അസത്തുക്കൾക്കെന്തു രൂപമെന്തു സാധുക്കൾ ചെയ്തിടും?
ഭവാൻ ചൊല്ലുക സത്തുക്കളസത്തുക്കളുമെങ്ങനെ? 33

ഭീഷ്മൻ പറഞ്ഞു

ദുരാചാരർ ദുരാധർഷർ ദുർമ്മുഖന്മാരസത്തുകൾ
സാധുക്കൾ ശീലമുടയോർ വിശിഷ്ടാചാരലക്ഷണം. 34
രാജമാർഗ്ഗം പൈക്കളിട നെൽക്കൂട്ടമിവയിൽ പ്രഭോ!
മലമൂത്രവിസർഗ്ഗത്തെച്ചെയ്യാ ധാർമ്മിക, സജ്ജനം. 35
അഞ്ചുപേർക്കിഷ്ടി നല്കീട്ടു ശേഷം സാധുക്കളുണ്ടിടും
മിണ്ടില്ലുണ്ണുമ്പൊളീറൻകൈയായിട്ടവരുറങ്ങിടാ. 36
അഗ്നി കാള പരം ദേവൻ പൈത്തൊഴുത്തു ചതുഷ്പഥം
ബ്രാഹ്മണൻ ധാർമ്മികൻ വൃദ്ധൻ വലംവെയ്ക്കുമിവയ്ക്കവർ. 37
വൃദ്ധർക്കും ചുമടേററോർക്കും സ്ത്രീകൾക്കും ചക്രഭൃത്തി[2]നും
ബ്രാഹ്മണർക്കും പശുക്കൾക്കും മന്നോർക്കും വഴി നല്കിടും. 38
മുററുമാതിഥ്യമാണ്ടോർക്കും പ്രേഷ്യ[3]ർക്കും സ്വജനത്തിനും
ശരണാർത്ഥിജനത്തിന്നും ഗോപ്താവാം സ്വാഗതപ്രദൻ. 39
കാലത്തന്തിക്കുമേ മർത്ത്യർക്കശനം ദേവകല്പിതം
ഇടയ്ക്കുണ്ണെന്നു കാണുന്നില്ലതെന്നാലുപവാസമാം. 40
ഹോമകാലത്തഗ്നി പരം കാലത്തേത്തന്നെ കാക്കുമേ
ഋതുകാലത്തു പെണ്ണേവം കാത്തീടുമൃതുകാലമേ; 41
അപ്പോഴെന്ന്യേ സംഗിയായ്കിലായതും ബ്രഹ്മചര്യമാം.
അമൃതും വിപ്രരും പൈയുമിത്തു മൂന്നുമൊരേടമാം 42

---

1 സത്തർ = സജ്ജനങ്ങൾ. 2 ചക്രഭൃത്ത് = നഗരാദ്ധ്യക്ഷൻ. 3 പ്രേഷ്യർ = ഭൃത്യർ അഥവാ ദൂതന്മാർ.

ഗോബ്രാഹ്മണരെയർച്ചിക്കുകെന്നാൽ[1] നിത്യം യഥാവിധി.
യജുസ്സാൽ സംസ്കൃതം മാംസം ഭുജിച്ചാൽ ദോഷമേററിടാ 43

പൃഷ്ഠമാംസം പാഴിൽമാംസം പുത്രമാംസവുമൊപ്പമാം.
സ്വദേശത്തന്യദേശത്തും പാന്ഥനേകൊല്ല പട്ടിണി 44

കർമ്മം സഫലമായ് ചെയ്തു ഗുരുക്കൾക്കു കൊടുക്കണം.
ഗുരുക്കൾക്കാസനം നല്കി കുമ്പിട്ടർച്ചിച്ചുകൊണ്ടുതാൻ 45

ഗുരുപൂജയിൽ വർദ്ധിക്കും ശ്രീയായുസ്സും യശസ്സുമേ.
വൃദ്ധരേയവമാനിക്കൊല്ലവരെ പ്രേഷ്യരാക്കൊലാ 46

ഇരിക്കൊല്ലവർ നില്ക്കുമ്പോളെന്നാലായുസ്സിടിഞ്ഞിടാ.
നഗ്നപ്പെണ്ണിനെ നോക്കൊല്ലാ നഗ്നപൂരുഷരേയുമേ 47

ഗുപ്തമായ് ചെയ്യുകെപ്പോഴും മൈഥുനം ഭുക്തിയും ശരി.
തീർത്ഥതീർത്ഥം[2] ഗുരുക്കന്മാർ, ഹൃത്തു[3] ശുദ്ധങ്ങളിൽ ശുചി 48

ജ്ഞാനം ദൃശ്യങ്ങളിൽ ശ്രേഷ്ഠം സന്തോഷം പരമം സുഖം.
കാലത്തന്തിക്കുമേ വൃദ്ധർ ചൊല്ലും നൽവാക്കു കേൾക്കണം 49

ശ്രുതം നേടീടുമേ മർത്ത്യനെപ്പോഴും വൃദ്ധസേവയാൽ.
സ്വാദ്ധ്യായത്തിൽബ്ഭുക്തിയിലും വലംകൈതാനുയർത്തണം 50

അടക്കേണം വാക്കുമുള്ളും നിത്യമഞ്ചിന്ദ്രിയങ്ങളും.
സംസ്കൃതം[4] പായസം നിത്യം കഞ്ഞിയെൾച്ചോർ ഹവിസ്സുകരം

അഷ്ടകാപിതൃദൈവത്യം[5] ഗ്രഹങ്ങൾക്കഭിപൂജനം
ക്ഷൗരക്രിയയിൽ നൽവാക്കു തുമ്മിയാലഭിനന്ദനം 52

രോഗികൾക്കൊക്കയായുസ്സുകൾക്കായുമഭിനന്ദനം.
ആപത്തിലും മേലെയാളെ നീയെന്നോതൊല്ലൊരിക്കലും 53

നീയെന്നു ചൊല്ലൽ വധവും വിദ്വാന്മാരിൽ സമാനമാം.
താഴ്ന്നോർ കിടക്കാർ ശിഷ്യന്മാരിവർക്കും നന്മ ചൊല്ലണം 54

പാപകർമ്മാവിന്നു പാപം ചൊൽവൂ ഹൃദയമെപ്പൊഴും.
അറിഞ്ഞുകൊണ്ടും കർമ്മത്തെദ്ദുഷ്ടന്മാർ മൂടിവെയ്ക്കുമേ 55

അറിഞ്ഞുകൊണ്ടു യോഗ്യന്മാരിടം മൂടുകിൽ നാശമാം.
മനുഷ്യരെന്നെക്കാണ്മീല കാണ്മതില്ലെന്നെ വാനവർ 56

പാപാഭിഹിതനാം പാപി പാപിയായ്ത്തീരുമിങ്ങനെ.
വൃദ്ധി വാർദ്ധുഷികൻ നാളുമാററത്തിൽ കാത്തിടുംപടി 57

ധർമ്മത്താൽ മൂടിടും പാപം ധർമ്മത്തെത്താൻ വളർത്തുമേ.
ഉപ്പു വെള്ളത്തിലിട്ടീടിലലിഞ്ഞീടുംപ്രകാരമേ 58

പ്രായശ്ചിത്തം ചെയ്തു പാപമുടൻതന്നെ നശിച്ചുപോം.
എന്നാൽ പാപം മറയ്ക്കൊല്ലാ മറച്ചീടിൽ വളർന്നിടും 59

---

1 എന്നാൽ = അതിനാൽ. 2 തീർത്ഥതീർത്ഥം = ഏററവും വലിയ തീർത്ഥം. 3 ഹൃത്ത് = ഹൃദയം. 4 സംസ്കൃതം = നല്ലപോലെ പാകം ചെയ്തത്. 5 അഷ്ടകാപിതൃദൈവത്യം = അഷ്ടക എന്ന പേരുള്ള ശ്രാദ്ധത്തിൽ ചെയ്യേണ്ട പിതൃപൂജയും ദേവപൂജയും.

ചെയ്താൽ സത്തുക്കളോടൊത്തുകതായവരടക്കിടും.
ദ്ദരയാൽ മുതൽ നേടീടിൽ കാലത്താലവനേററിടാ 60
അവൻെറ ദേഹനാശത്തിൽ മററുള്ളവരതേററിടും.
മാനസം സർവ്വജീവികൾക്കും ധർമ്മമെന്നാർ മനീഷികൾ 61
ധർമ്മത്തെത്താനാശ്രയിപ്പതതിനാൽ സർവ്വജീവികൾ.
ധർമ്മം തനിച്ചുതാൻ ചെയ്തു താൻ ധർമ്മധ്വജ[1]നാകൊലാ 62
ധർമ്മംകൊണ്ടുപജീവിപ്പോർ ധർമ്മവത്തക[2]രാണെടോ.
അദംഭം[3] ചെയ്തു ദേവാർച്ചയമായം[4] ഗുരുപൂജയും
യാത്രസ്സു ദാനമെന്നുള്ള നിധി വെയ്ക്കു പരത്തിലും. 63

163. ധർമ്മപ്രശംസ

വിദ്യയോ ഉത്സാഹമോ ആണു് ധനത്തിനും സുഖത്തിനും കാരണമെങ്കിൽ എല്ലാ വിദ്വാന്മാരും ഉത്സാഹികളും, ധനവാന്മാരും സുഖികളുമായി ത്തീരേണ്ടിയിരുന്നുവെന്നും അങ്ങനെ സംഭവിച്ചു കാണാത്തതിനാൽ 'കാല'ത്തിനാണു് പ്രാധാന്യം കല്പിക്കേണ്ടിയിരിക്കുന്നതെന്നും, കാലത്തെ പ്രതീക്ഷിച്ചു ധർമ്മിഷ്ഠനായി ജീവിക്കയാണു് വേണ്ടതെന്നും ഭീഷ്മർ ഉപദേശിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ഭാഗ്യമറേറാൻ ധനം നേടാ ബലവാനെന്നിരിക്കിലും
ഭാഗ്യമുള്ളോൻ ധനം നേടും കൃശനും ബാലനും ശരി. 1
കിട്ടാ കിട്ടാത്ത കാലത്തു യത്നം ചെയ്യെന്നിരിക്കിലും
കിട്ടുംകാലം യത്നമെന്ന്യേ കിട്ടും വിപുലവിത്തവും. 2
യത്നിച്ചു ഫലമേറേറാരെക്കാണാം വളരെയാളുകളെ
യത്നമെന്ന്യേ വളർന്നിട്ടും കാണാം വളരെയാളുകളെ. 3
മർത്ത്യൻ, യത്നം പോരുമെങ്കിലുടനേ ഫലമേല്ക്കണം;
(അലഭ്യമായോന്നു, പക്ഷേ, നരർക്കു കിടയാ നൃപ!) 4
പ്രയത്നം ചെയ്കിലും കാണാം ഫലിക്കാത്ത മനുഷ്യരെ.
അർത്ഥമൊക്കാ നൂറു വഴി, വഴി വിട്ടോൻ പരൻ സുഖി[5]. 5
അകാര്യം പലതും ചെയ്തും[6] കാണാം നിർദ്ധനമർത്ത്യരെ
ധനാഢ്യരായ് സ്വകർമ്മത്താൽ കാണാം മററു ദരിദ്രരെ. 6
നീതിശാസ്ത്രം പഠിച്ചോനെക്കാണാം നീതിപെടാതെയും
മൂഢനേ മന്ത്രിയായ് വെച്ചുമതിനെന്താണു കാരണം? 7

1 ധർമ്മധ്വജൻ = താൻ ചെയ്ത ധർമ്മത്തെപ്പററി പെരുമ്പറയടിച്ചു നടക്കുന്നവൻ. 2 ധർമ്മവത്തകൻ = ധർമ്മംകൊണ്ടു കച്ചവടം ചെയ്യുന്നവൻ. 3 അദംഭം = അഹങ്കാരം കൂടാതെ. 4 അമായം = ആത്മാർത്ഥമായിട്ടു്. 5 ഒരാൾ നൂറുവിധത്തിൽ ശ്രമിച്ചാലും ധനവാനാകുന്നില്ല; മറെറാരാൾ ഒന്നും ചെയ്യാതെതന്നെ—അഥവാ വഴിവിട്ടു് സഞ്ചരിക്കുന്നവനായാൽപോലും—സുഖം അനുഭവിക്കുന്നു എന്നർത്ഥം. 6 അകാര്യം പലതും ചെയ്തും = (ധനസമ്പാദനത്തിനായി) പല അകൃത്യം ചെയ്തിട്ടും.

വിദ്വാൻ വിദ്യ പെടാത്തോനാം ധനവാനും ദരിദ്രനാം*
വിദ്യയാലംബമാണെങ്കിലാ നരൻ സുഖിയാവണം; 8
സേവിക്കയില്ലാ കൊററിന്നു വിദ്വാൻ വിദ്യാവിഹീനനെ.
വെള്ളം കിടച്ചാൽ പുരുഷൻ ദാഹം തീർക്കും പ്രകാരമേ 9
ഇഷ്ടാർത്ഥം വിദ്യയാലെങ്കിൽ വിടില്ലാ വിദ്യയേ നരൻ.
കാലംവരാതെ ചാകില്ലാ നൂറമ്പുകൾ തറയ്ക്കിലും;
പുല്ക്കൊടിത്തുമ്പു കൊണ്ടോനും ജീവിക്കാ കാലമെത്തുകിൽ. 10

ഭീഷ്മൻ പറഞ്ഞു

പ്രയത്നിപ്പാൻ തുനിഞ്ഞുള്ളോൻ ധനം നേടാതിരിക്കുകിൽ
ഉഗ്രമാം തപമേല്ക്കേണം വിതയ്ക്കാതെ മുളച്ചിടാ. 11
ദാനത്താൽ ഭോഗിയായ്ത്തീരും വിദ്വാനാം വൃദ്ധസേവയാൽ
അഹിംസയാൽ ദീർഘമായുസ്സുണ്ടാമെന്നാർ മനീഷികൾ. 12
എന്നാൽ നല്കുകിരക്കൊല്ലാ ധർമ്മിഷ്ഠർക്കേകുകർച്ചനം
നൽവാക്കാർന്നിഷ്ടദൻ ശാന്തൻ സർവ്വസത്വാവിഹിംസകൻ. 13
കർമ്മം പ്രമാണമെന്നാകിൽ സുഖദുഃഖസ്വഭാവവും
കൊതുപ്പുഴുവെറുമ്പിന്നും സ്ഥിരനാവൂ യുധിഷ്ഠിര! 14

164. ധർമ്മതത്ത്വകഥനം

സുഖദുഃഖങ്ങൾക്കു കാരണമായിത്തീരുന്നതു് അവനവൻ ചെയ്യു കർമ്മം തന്നെയാണെന്നും, അതിനാൽ ധർമ്മ്യമായ കർമ്മം അനുഷ്ഠിക്കയാണു് നമ്മുടെ കർത്തവ്യമെന്നും, ഭീഷ്മർ ഉപദേശിക്കുന്നു.

ഭീഷ്മൻ പറഞ്ഞു

ചെയ്യിപ്പതും ചെയ്യതുമാം സത്തസത്തും കൃതാകൃതം
സത്തു ചെയ്യിട്ടാശ്വസിക്കുകസത്തേ വിശ്വസിക്കൊലാ. 1
കാലംതാൻ സർവ്വകാലത്തും നിഗ്രഹാനുഗ്രഹപ്രദം
ജീവികൾക്കുള്ളിലുൾപ്പുക്കു ധർമ്മാധർമ്മം നടത്തുമേ. 2
ധർമ്മാർത്ഥകാഴ്ചയാൽ വൃദ്ധിയിവന്നുണ്ടായിടുമ്പൊഴേ
ആശ്വസിപ്പൂ ധർമ്മബുദ്ധി ദൃഢധീ വിശ്വസിച്ചിടാ. 3
ഇത്രമാത്രംതന്നെ ജീവികൾക്കെഴും പ്രാജ്ഞ ലക്ഷണം
രണ്ടും കണ്ടോൻ കാലമേററോൻ ശേഷം യുക്തം നടത്തുമേ. 4
രാജസന്മാർകളൈശ്വര്യമേല്പോർ ചെയ്യാത്തവണ്ണമേ
തന്നാത്മാവിനെയാത്മാവാൽ പൂജിച്ചീടുന്നു ധാർമ്മികർ. 5

---

* 'വിദ്വാൻ ധനവാനായിട്ടും അവിദ്യൻ ദരിദ്രനായിട്ടും തീരുന്നു എന്നുവരാം' എന്നാണാശയം. ഇങ്ങനെ കാണുന്നതുകൊണ്ടു്, വിദ്യയ്ക്കും ധനത്തിനും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നു വിചാരിക്കാമോ എന്നാണു് ധർമ്മപുത്രന്റെ സംശയം. അത്തരത്തിലുള്ള വിചാരം അടിസ്ഥാനമില്ലാത്തതാണെന്നു് അടുത്ത വരികൾകൊണ്ടു് അദ്ദേഹം സ്ഥാപിക്കുന്നുമുണ്ടു്.

അധർമ്മമെന്നു ധർമ്മത്തെക്കാലം നല്കില്ലൊരിക്കലും
വിശുദ്ധനാകുമാത്മാവെക്കൊണ്ടെന്നാൽ ധർമ്മചാരിയായ്. 6
ജ്വലിക്കുമഗ്നിയെപ്പോലെ തൊടാനും മതിയാസ്സുരാ
കാലം കാക്കുന്ന ധർമ്മത്തെ വാർച്ചനില്ക്കുമധർമ്മവും. 7
കാര്യങ്ങളിതു രണ്ടെന്നാൽ ധർമ്മാൽ ധർമ്മം ജയാവഹം
മൂന്നു ലോകത്തിനും കാർഷ്ണ നല്ലും കാരണമായ്വരും. 8
പ്രാജ്ഞനാമാരുമെത്തിക്കാ കൈപിടിച്ചോരു മർത്ത്യനെ
സർവ്വലോകഭയവ്യാജത്തിങ്കൽ ധർമ്മമുരച്ചതാൻ. 9
ശൂദ്രൻ ഞാൻ ചാതുരാശ്രമ്യസേവയ്ക്കില്ലധികാരിത
എന്നു വിജ്ഞാനമാത്മാവിൽ കൊള്ളുമാറില്ല മററുപേർ. 10
വിശേഷാൽ പറയാം ചാതുർവ്വർണ്ണ്യം ചിഹ്നംവഴിക്കു ഞാൻ
സദൃശാത്മാവെഴും പഞ്ചഭൂതദേഹിക്കശേഷവും 11
ലോകധർമ്മം ധർമ്മമിവയ്ക്കുള്ള ഭേദവിധാനവും.
ഒന്നായ്ത്തീരും പ്രാണികൾക്കായതിലാണീപ്പരപ്പെടോ 12
ഏകത്വം പ്രാണികൾ പരം പൂകുമ്പോലതിവിസ്തരം.
അധ്രുവം ലോകമെന്നെന്തേ ധർമ്മമോ ധ്രുവമെങ്ങനെ? 13
ലോകമധ്രുവമായുണ്ണീ, ധർമ്മം ശാശ്വതമാവതോ?
ഏവർക്കും തുല്യദേഹന്മാർക്കേവർക്കും സദൃശർക്കഹോ! 14
കാലം ധർമ്മത്തൊടൊത്തൊന്നു ശേഷമത്രേ സ്വയം ഗുരു.
എങ്കിൽദ്ദോഷം ജീവികൾക്കു പററില്ലാ ധർമ്മസേവയിൽ 15
തിര്യഗ്യോനിയിലുള്ളോർക്കും ലോകംതന്നെ പരം ഗുരു.

165. വംശാനുകീർത്തനം

ദേവന്മാർ, ദേവർഷികൾ, രാജർഷികൾ, മഹർഷികൾ, പുണ്യതീർത്ഥങ്ങൾ എന്നിങ്ങനെ നിത്യസ്മരണീയതയെ അർഹിക്കുന്ന പലരെപ്പററിയും പലതിനെപ്പററിയും ഭീഷ്മർ ധർമ്മപുത്രരോടു പറയുന്നു.

വൈശമ്പായനൻ പറഞ്ഞു
ശരതല്പമെഴും ഭീഷ്മനോടു പാർത്ഥൻ കുരൂദ്വഹ!
യുധിഷ്ഠിരൻ ഹിതാകാംക്ഷി ചോദിച്ചു കല്മഷാപഹം. 1
യുധിഷ്ഠിരൻ പറഞ്ഞു
ശ്രേയസ്സെന്താണു പുരുഷന്നെന്തു ചെയ്താൽ സുഖം വരും?
എന്തു ചെയ്താൽ പാപമറുമെന്തു കല്മഷനാശനം? 2
വൈശമ്പായനൻ പറഞ്ഞു
ശുശ്രൂഷുവാമവനൊടു വീണ്ടും ശാന്തനവൻ തദാ
ദേവം വംശം യഥാന്യായം പറഞ്ഞു പുരുഷർഷഭ! 3
ഭീഷ്മൻ പറഞ്ഞു
ഇതു ദൈവതമാം വംശമൃഷിവംശത്തൊടൊത്തുതാൻ

ത്രിസന്ധ്യവും ജപിച്ചീടിലുണ്ണീ, കല്മഷനാശനം. 4
പകൽ ചെയ്‌വു പുമാൻ പാപം ചരിപ്പോനിന്ദ്രിയങ്ങളാൽ
അറിഞ്ഞുമറിയാതേയും രാത്രിക്കും സന്ധ്യ രണ്ടിലും. 5
വിട്ടുപോമാപ്പാപമെല്ലാം സദാ ശുചി ജപിക്കുകിൽ
ആന്ധ്യം ബാധിര്യവും പററാ കാലേ ചെയ്യിൽ ശുഭാഢ്യനാം. 6
തിര്യഗ്യോനി പെടാ പൂകാ നരകം സങ്കരങ്ങളും
അവന്നേല്ലാ ഭയം ദുഃഖം മോഹിക്കാ ചാക്കിലായവൻ. 7
ദേവൻ ദേവാസുരഗുരു സർവ്വരും കുമ്പിടുന്നവൻ
അചിന്ത്യൻ താനനിർദ്ദേശ്യൻ സർവ്വപ്രാണിയയോനിജൻ 8
പിതാമഹൻ ജഗന്നാഥൻ സാവിത്രീ ബ്രഹ്മവല്ലഭ
വേദഭൂവായ കർത്താവു വിഷ്ണു നാരായണൻ പ്രഭു 9
ഉമാപതി വിരൂപാക്ഷൻ സ്കന്ദൻ സേനാനിയങ്ങനെ
വിശാഖനനലൻ വായു ചന്ദ്രാർക്കന്മാർ പ്രഭാകരർ 10
ശക്രൻ ശചീശ്വരൻ ദേവൻ യമൻ ധൂമോർണ്ണയൊത്തവൻ
ഗൗരിയോടൊത്ത വരുണനൃദ്ധിയൊത്ത ധനേശ്വരൻ 11
സൗമ്യപ്പൈ സുരഭീദേവി വിശ്രവസ്സുമഹർഷിയും
സങ്കല്പം സാഗരം ഗംഗ സരിത്തുക്കൾ മരുൽഗണം 12
ബാലഖില്യർ തപസ്സിദ്ധർ കൃഷ്ണദ്വൈപായനർഷിയും
നാരദൻ പർവ്വതൻ പിന്നെ വിശ്വാവസു ഹഹാഹുഹു 13
ചിത്രസേനൻ തുംബുരുവും വിശ്രുതൻ ദേവദൂതനും
ദേവകന്യകൾ വൻപുള്ളോർ ദിവ്യമാരപ്സരോഗണം 14
ഉർവ്വശീ മേനകാ രംഭ മിശ്രകേശിയലംബുഷാ
ഘൃതാചി വിശ്വാചി പിന്നെപ്പഞ്ചചൂഡ തിലോത്തമ 15
ആദിത്യർ വസുരുദ്രന്മാരശ്വിമാർകൾ പിതൃക്കളും
ധർമ്മം ശ്രുതം തപം ദീക്ഷ വ്യവസായം പിതാമഹൻ 16
രാവും പകലുമവ്വണ്ണം മാരീചൻ കാശ്യപർഷിയും
ശുക്രൻ ബൃഹസ്പതി കുജൻ ബുധൻ രാഹു ശനൈശ്ചരൻ 17
നക്ഷത്രങ്ങളൃതുക്കൂട്ടം മാസപക്ഷങ്ങൾ വത്സരം
വൈനതേയർ സമുദ്രങ്ങൾ കദ്രുജന്മാർ ഭുജംഗമർ 18
ശതദ്രുതാൻ വിപാശാഖ്യ ചന്ദ്രഭാഗ സരസ്വതി
സിന്ധുദേവികയവ്വണ്ണം പ്രഭാസം പുഷ്കരങ്ങളും 19
ഗംഗാ മഹാനദീ വേണ പരം കാവേരി നർമ്മദ
കുലംപുന വിശലാഖ്യ കരതോയാംബുവാഹിനി 20
സരയൂ ഗണ്ഡകി പരം ലോഹിതാഖ്യം മഹാനദം
താമ്രാരുണാ വേത്രവതി പർണ്ണാശയഥ ഗൗതമി 21
ഗോദാവരീ വേണ്യ കൃഷ്ണവേണയവ്വണ്ണമദ്രിജ
ആ ദൃഷദ്വതി കാവേരി ചക്ഷുർമ്മന്ദാകിനീ നദി 22

പ്രയാഗംതാൻ പ്രഭാസംതാൻ പുണ്യം നൈമിഷമങ്ങനെ
വിശേശ്വരസ്ഥാനമായ സരസ്സങ്ങനെ നിൎമ്മലം 23
പുണ്യതീൎത്ഥം സുസലിലം കുരുക്ഷേത്രം പ്രസിദ്ധമാം
സിന്ധൂത്തമം തപോദാനം ജംബൂമാൎഗ്ഗവുമങ്ങനെ 24
ഹിരണ്വതി വിതസ്താഖ്യയേവം പ്ലക്ഷവതീ നദി
വേദസ്മൃതീ വേദവതി മാളവാശ്വവതീ നദി 25
ഭൂമിഭാഗങ്ങൾ പുണ്യങ്ങൾ ഗംഗാദ്വാരവുമങ്ങനെ.
മേദ്ധ്യഷികുല്യങ്ങൾ പരം നദി ചിത്രവഹാഖ്യയും 26
ചൎമ്മണ്വതീനദീ പുണ്യ കൗശികീ യമുനാനദീ
നദി ഭീമരഥീ പിന്നെബ്ബാഹുദാഖ്യ മഹാനദി 27
മഹേന്ദ്രവാണി ത്രിദിവ നീലികാഖ്യ സരസ്വതി
നന്ദാഖ്യ പരനന്ദാഖ്യയേവം തീൎത്ഥമഹാഹ്രദം. 28
ഗയയാ ഫൽഗുനീതീൎത്ഥം ധൎമ്മാരണ്യം സുരാവൃതം
ഏവം പുണ്യാ ദേവനദി പരം ബ്രഹ്മസരസ്സുമേ. 29
പുണ്യം മുപ്പാർ പുകഴ്ന്നോന്ന മുററും പാപഹരം ശിവം
ദിവ്യൗഷധികളുള്ളോരു ഹിമവാനെന്ന പൎവ്വതം 30
തീൎത്ഥൗഷധാന്വിതം ധാതുചിത്രാംഗം വിന്ധ്യശൈലവും
മഹേന്ദ്രം മലയം മേരു ശ്വേതവും രജതാവൃതം 31
ശൃംഗവാൻ മന്ദരം നീലൻ നിഷധം പിന്നെ ദൎദ്ദുരം
അഞ്ജനാഭം ചിത്രകൂടം പൎവ്വതം ഗന്ധമാദനം 32
പുണ്യമാകും സോമഗിരിയന്മുട്ടന്യ ഗിരീന്ദ്രരും
ദിക്കും വിദിക്കുമൊക്കേയും ഭൂമി വൃക്ഷങ്ങളൊക്കയും 33
വിശ്വേദേവന്മാർ നഭസ്സു നക്ഷത്രങ്ങൾ ഗ്രഹങ്ങളും
നമ്മെദ്ദേവകൾ പാലിക്കും ചൊന്നോർ ചൊല്ലാത്തപേർകളും. 34
ഇവരെച്ചൊല്ലുകിൽ നരൻ വിട്ടും കില്ബിഷമൊക്കയും
സ്തുതിപ്പോൻ പ്രതിനന്ദിപ്പോൻ മുററും ഭയമൊഴിച്ചിടും 35
മുററും സങ്കരപാപങ്ങൾ ദേവതാസ്തവനന്ദകൻ.
ദേവതാനന്തരം ഭൂരിതപസ്സിദ്ധദ്വിജേന്ദ്രരെ 36
കീൎത്തിപ്പേൻ ഞാൻ കീൎത്തിതരെപ്പാപം തീൎക്കുന്ന യോഗ്യരെ.
യവക്രീതൻ രൈഭ്യനേവം കക്ഷീവാനൗഷിജൻ പരം 37
ഭൃഗ്വംഗിരസ്സു കണ്വൻ മേധാതിഥി പ്രഭു
ഗുണസമ്പന്നനാം ബൎഹി കിഴക്കൻദിക്കു വാഴ്വവർ. 38
തെക്കൻദിക്കിൽ മഹാഭാഗരുന്മുചപ്രമുച സ്വയം
മഹാഭാഗൻ മുമുചവും സ്വസ്ത്യാത്രേയൻ സുവീര്യവാൻ 39
മൈത്രാവരുണിയായീടുമാ പ്രതാപിയഗസ്ത്യനും
ഊൎദ്ധ്വബാഹു ദൃഢായുസ്സും പേർ കേട്ടോരൃഷിസത്തമർ. 40
പടിഞ്ഞാറൻദിക്കിൽ വാണുകൊള്ളുവോരെക്കേട്ടുകൊൾക നീ

ഉഷംഗു സോദരരുമായ് പരിവ്യാധൻ സുവീര്യവാൻ 41
ഋഷി ദീർഘതമസ്സേവം ഗൗതമൻ കാശ്യപൻ പരം
ഏകതൻ ദ്വിതനവ്വണ്ണം ത്രിതനെന്ന മഹർഷിയും 42
അത്രിപുത്രൻ ധർമ്മനിഷ്ഠനേവം സാരസ്വതൻ പ്രഭു.
വടക്കൻദിക്കിൽ വാണീടുന്നോരെയും കേട്ടുകൊൾക നീ. 43
അത്രീ വസിഷ്ഠനാശ്ശക്തി പാരാശര്യൻ സുവീര്യവാൻ
വിശ്വാമിത്രൻ ഭരദ്വാജൻ ജമദഗ്നിയുമങ്ങനെ 44
ഋചീകപുത്രനാ രാമനൃഷിയൗദ്ദാലകി സ്വയം
ശ്വേതകേതു കഹോളൻതാൻ വിപുലൻ ദേവലൻ പരം 45
ദേവശർമ്മാവു ധൗമ്യൻതാൻ ഹസ്തി കാശ്യപനങ്ങനെ
ലോമശൻ നാചികേതൻതാൻ ലോമഹർഷണനങ്ങനെ 46
ഋഷിയുഗ്രശ്രവസ്സേവം ഭാർഗ്ഗവൻ ച്യവനൻ പരം
ഈക്കൂട്ടമൃഷിദേവന്മാർ കലർന്നുള്ളതു കേവലം. 47
ആദ്യം പറഞ്ഞേൻ രാജാവേ, സർവ്വപാപവിനാശനം
നൃഗൻ യയാതി നഹുഷൻ യദുവാപ്പൂരുവീര്യവാൻ 48
ധുന്ധുമാരൻ ദിലീപൻതാൻ സഗരൻതാൻ പ്രതാപവാൻ
കൃശാശ്വൻ യൗവനാശ്വൻതാൻ ചിത്രാശ്വൻ സത്യവാനുമേ. 49
ദുഷ്യന്തൻ ഭരതൻ പിന്നെച്ചക്രവർത്തി മഹാശയൻ
യവനൻ ജനകൻ പിന്നെയേവം ധൃഷ്ടരഥൻ നൃപൻ 50
രഘുരാജാവപ്രകാരം പിന്നെദ്ദശരഥൻ നൃപൻ
വീരൻ രക്ഷോഹാരി രാമൻ ശശബിന്ദു ഭഗീരഥൻ 51
ഹരിശ്ചന്ദ്രൻ മരുത്തൻതാനേവം ദൃഢരഥൻ നൃപൻ
മഹോദയനളർക്കൻതാനൈളനാകും നരാധിപൻ 52
കരന്ധമൻ നരശ്രേഷ്ഠൻ കാശ്മീരൻ നരനായകൻ
ദക്ഷനമ്മട്ടംബരീഷൻ കുകുരൻ രൈവതൻ ശ്രുതൻ 53
കുരു സംവരണൻ മാന്ധാതാവേവം സത്യവിക്രമൻ
മുചുകുന്ദൻ രാജർഷി ജഹ്നു ജാഹ്നവിസേവിതൻ 54
ആദിരാജൻ വൈന്യപൃഥു മിത്രഭാനു പ്രിയംകരൻ
രാജാവകം ത്രസദസ്യു ശ്വേതൻ രാജർഷിസത്തമൻ 55
മഹാഭിഷൻ പേർപ്പുകഴ്ന്നോൻ രാജാവു നിമിയഷ്ടകൻ
ആയുസ്സാ ക്ഷുപരാജർഷി കക്ഷേയു നരനായകൻ 56
പ്രതർദ്ദനൻ ദിവോദാസൻ സുദാസൻ കോസലേശ്വരൻ
ഐളൻ നളൻതാൻ രാജർഷി മനു സാക്ഷാൽ പ്രജാപതി 57
ഹവിർദ്ധ്രൻതാൻ വൃഷദ്ധ്രുതൻതാൻ പ്രതീപനഥ ശന്തനു
അജൻ പ്രാചീനബർഹിസ്സുമിക്ഷ്വാകു ബഹു കീർത്തിമാൻ 58
അനരണ്യൻ നരപതി ജാനുജംഘനുമങ്ങനെ
കക്ഷസേനാഖ്യരാജർഷി മററു പേർ പറയാത്തവർ 59

കാലത്തെഴന്നേററു രണ്ടു സന്ധ്യയ്ക്കസ്തോദയങ്ങളിൽ
ചൊല്ലിൽ ശ്രദ്ധനനാവൃത്തൻ* സവ്വധമ്മഫലാഢ്യനാം. 60
ദേവദേവഷികരം പരം രാജഷികളുമങ്ങനെ
പുഷ്ടിയായുസ്സു പേർ വിണ്ണുമെനിക്കേകീടുമീശ്വരർ. 61
എനിക്കു വിഘ്നം പററൊല്ലാ പാപവും വൈരിമാർകളും
ധ്രുവം ജയമെനിക്കെന്നും പരത്തിൽ ശുഭയാം ഗതി. 62

166. ഭീഷ്മാനുജ്ഞ

ധമ്മപുത്രനെ നാട്ടിലേക്കു പോകാനനുവദിക്കണമെന്നു വ്യാസൻ പറഞ്ഞതനുസരിച്ച്, ധമ്മത്തിൽനിന്നു വ്യതിചലിക്കാതെ രാജ്യം ഭരിക്കണമെന്നുപദേശിച്ചും, ഉത്തരായണം വന്നാൽ തന്നെ വന്നു കാണണമെന്നാവശ്യപ്പെട്ടും, ഭീഷ്മർ ധമ്മപുത്രനെ ഹസ്തിനാപുരിയിലേക്കു യാത്രയാക്കുന്നു.

ജനമേജയൻ പറഞ്ഞു

ശരതല്പത്തിലാബ്ഭീഷ്മൻ കൗരവക്കു പിതാമഹൻ
പാണ്ഡവന്മാർച്ചുഴെ വീരശയനത്തിൽക്കിടക്കവേ, 1
യുധിഷ്ഠിരൻ മഹാപ്രാജ്ഞനെൻെറ പൂവ്വപിതാമഹൻ
ധമ്മങ്ങരംക്കാഗമം കേട്ടു സന്ദേഹം തീത്തറിഞ്ഞുമേ, 2
ദാനങ്ങരംക്കും ക്രമം കേട്ടു ധമ്മാത്ഥാശങ്ക തീന്നവൻ
മറെറന്തു ചെയ്തു ഹേ വിപ്ര, ഭവാനതരുളേണമേ. 3

വൈശമ്പായനൻ പറഞ്ഞു

മുഹൂത്തം സ്തബ്ധമായ് നിന്നു മററുമാ രാജമണ്ഡലം
അവൻ മിണ്ടാതെയായപ്പോരം പടത്തിൽ ചിത്രമാംവിധം. 4
ഒട്ടുനേരം ധ്യാനമാണ്ടാ വ്യാസൻ സത്യവതീസുതൻ
കിടക്കും നൃപനാം ഗംഗാപുത്രനോടോതിയിങ്ങനെ. 5

വ്യാസൻ പറഞ്ഞു

രാജാവേ, സ്വസ്ഥനായ്ത്തീർന്നു കുരുരാജൻ യുധിഷ്ഠിരൻ
മററും സോദരർ മന്നോർകരം തുണയാളികളൊത്തവൻ. 6
നൃസിംഹ, നിന്നെസ്സേവിപ്പൂ ധീമാൻ കൃഷ്ണനുമൊത്തിഹ
ഇവന്നു പുരയാത്രയ്ക്കങ്ങനുവാദം കൊടുക്കണം. 7

വൈശമ്പായനൻ പറഞ്ഞു

എന്നേവം ഭഗവാൻ വ്യാസൻ ചൊന്നോരാ പൃഥിവീപതി
സാമാത്യധമ്മജന്നേകിയനുവാദം നദീസുതൻ. 8
ആ രാജാവോടു മധുരം ചൊല്ലീ ശാന്തനവൻ നൃപൻ.

ഭീഷ്മൻ പറഞ്ഞു

പുരം കേറുക രാജാവേ, മനസ്സിന്നല്ലൽ വേണ്ടെടോ 9

---

* അനാവൃത്തൻ = മററു വിഷയങ്ങളിൽ ശ്രദ്ധ ചെലുത്താത്തവൻ; ഏകാഗ്രമായ മനസ്സോടുകൂടിയവൻ.

ചെയ്യൂ പല തരം യജ്ഞം ഭൂര്യന്നം ഭൂരിദക്ഷിണം
യയാതിയെപ്പോലെ രാജൻ ദമശ്രദ്ധാപുരസ്സരം. 10
ക്ഷത്രധർമ്മരതൻ പാർത്ഥ, തർപ്പിക്കു പിതൃദൈവതം
ശ്രേയസ്സുണ്ടാകുമങ്ങയ്ക്കു മനസ്സിന്നല്ലൽ വേണ്ടെടോ. 11
രഞ്ജിപ്പിക്കു പ്രജകളെച്ചെയ്യൂ പ്രകൃതിസാന്ത്വനം
യഥാർഹം ഫലസൽക്കാരാൽ നീ ചെയ്യൂ സുഹൃദർച്ചനം. 12
അനുജീവിക്കട്ടെ നിന്നെസ്സുഹൃന്മിത്രങ്ങളൊക്കെയും
ഫലമൊത്തും തറയെഴും വൃക്ഷത്തെ ദ്വിജർ പോലവേ. 13
സമയത്തെന്റെയരികിൽ ഭവാൻ വരിക പാർത്ഥിവ!
ആദിത്യൻ തിരിയേ വെ*ച്ചിട്ടുത്തരായണമാം വിധൗ. 14

വൈശമ്പായനൻ പറഞ്ഞു

ആവാമെന്നേറ്റു കൗന്തേയൻ മുത്തച്ഛനെ വണങ്ങിയും
പരിവാരത്തൊടുംകൂടി ഹസ്തിനാപുരി പൂകിനാൻ. 15
ആപ്പതിവ്രത ഗാന്ധാരീധൃതരാഷ്ട്രർകരംമുൻപിലായ്
മഹർഷിമാരനുജരും കണ്ണനും കൂടെയുള്ളവൻ 16
പൗരജാനപദശ്രേഷ്ഠമന്ത്രിമാർകളുമായ് നൃപ!
കടന്നു കൗരവശ്രേഷ്ഠൻ ഹസ്തിനാപുരമായതിൽ. 17

* തിരിയേ വെക്കുക = വടക്കോട്ടേക്കു തിരിയുക.

ഭീഷ്മസ്വർഗ്ഗാരോഹണപർവ്വം

167. ഭീഷ്മപ്രാർത്ഥന

ഉത്തരായണത്തിന്റെ ആരംഭത്തിൽ ധർമ്മപുത്രൻ സപരിവാരം ഭീഷ്മന്റെ അടുക്കലേക്കു പോകുന്നു. ധർമ്മപുത്രരോടും ധൃതരാഷ്ട്രരോടും ശ്രീകൃഷ്ണനോടുമുള്ള ഭീഷ്മരുടെ അവസാനവാക്കുകൾ. ആ കൗരവപിതാമഹന്റെ ദേഹത്യാഗത്തിനു കൃഷ്ണന്റെ അനുമതി.

വൈശമ്പായനൻ പറഞ്ഞു

പിന്നെക്കുന്തീസുതനൃപൻ പൗരജാനപദാളിയെ
ന്യായപ്രകാരം പൂജിച്ചു യാത്രയാക്കീ പുരങ്ങളിൽ. 1
വീരരും നാഥരും ചത്ത നാരികൾക്കേകി സാന്ത്വനം
പെരുത്തു മുതൽ നല്കീട്ടാപ്പാണ്ഡവൻ നൃപനപ്പൊഴേ 2
അഭിഷിക്തൻ മഹാപ്രാജ്ഞൻ രാജ്യമേറ്റു യുധിഷ്ഠിരൻ
നരശ്രേഷ്ഠൻ നിലസ്ഥാക്കി മറ്റും പ്രകൃതിമാർകളെ. 3
ഗുണമേറും ദ്വിജരൊടും നൈഗ*ന്മാരോടുമങ്ങനെ
മുഖ്യാശീർവ്വാദവും വാങ്ങിയേവം ധർമ്മിഷ്ഠസത്തമൻ 4
ശ്രീമാനൻപതു രാവഗ്ര്യനഗരത്തിങ്കൽ വാണവൻ
കൗരവാഗ്ര്യന്റെ സമയം സ്മരിച്ചു പുരുഷർഷഭൻ. 5
പുറപ്പെട്ടു ഹസ്തിപുരാൽ യാജകന്മാർ ചുഴന്നവൻ
ആദിത്യൻ തിരിയേ വെച്ചിട്ടുത്തരായണമാംവിധൗ. 6
നെയ്യ് മാല്യം പല ഗന്ധങ്ങൾ പട്ടും മറ്റും യുധിഷ്ഠിരൻ
നല്ലകിൽച്ചന്ദനം പിന്നെക്കാരകിൽക്കൂട്ടമെന്നിവ 7
ഭീഷ്മസംസ്കാരത്തിനായി മുൻപയച്ചു പൃഥാസുതൻ
വിലയേറുന്ന മാല്യങ്ങൾ പല രത്നങ്ങളങ്ങനെ 8
ധൃതരാഷ്ട്രൻ പുകളെഴും ഗാന്ധാരിയിവർ മുൻപിലായ്
അമ്മയാം കുന്തിയും തമ്പിമാരുമായ് പുരുഷർഷഭൻ 9
ജനാർദ്ദനൻ പിൻതുണയായ് ധീമാൻ വിദുരനങ്ങനെ
കൗരവ്യനാമാ യുയുത്സുതാനും സാത്യകിയും വിഭോ! 10
മഹാരാജോപഭോഗാഢ്യപരിവാരങ്ങളൊത്തവൻ
തേജസ്വി സ്തുതി കേൾക്കുന്നോൻ ഗാംഗേയാഗ്നിക്കു പിൻപുറം

* 'നൈഗ'ന്മാരെന്നല്ല, 'നൈഗമന്മാ'രെന്നാണു് മൂലം. നൈഗമന്മാർ = നിഗമം (വേദം) അറിയാവുന്നവർ. 'നൈഗമന്മാരൊടങ്ങനെ' എന്നോ മറ്റോ മാററിയാലേ അർത്ഥം ശരിയാകയുള്ളൂ.

പുരം വിട്ടു പുറപ്പെട്ടു ദേവരാജൻ കണക്കിനെ.
കുരുക്ഷേത്രം പുക്കണഞ്ഞു നൃപൻ ശന്തനുപുത്രനെ 12
അടുത്തു ബുദ്ധിമാൻ പാരാശര്യൻ വ്യാസനിരിക്കവേ.
രാജർഷേ, നാരദൻ പിന്നെയസിതൻ ദേവലർഷിയും 13
നാനാ ദേശാഗതന്മാരാം ചത്തു ശേഷിച്ച മന്നരും
കാവൽക്കാരും മഹാത്മാവെച്ചുററും കാത്തങ്ങു നില്ക്കവേ 14
വീരശയ്യാശയനനെക്കണ്ടു പിന്നെ നരാധിപൻ
ഉടൻ തേർ വിട്ടിറങ്ങീട്ടു തമ്പിമാരൊത്തു ധർമ്മജൻ 15
അഭിവാദ്യംചെയ്തു പാർത്ഥൻ പിതാമഹനെ വീരനെ.
ദ്വൈപായനാദി വിപ്രന്മാരവർ കൊണ്ടാടിയോരവൻ 16
ബ്രഹ്മാഭർത്വിക്ജനഭ്രാതൃയുക്തനച്യുതനൊത്തവൻ
ഋഷിസേവിതനെബ്ബാണശയ്യാസ്ഥനെയണഞ്ഞുടൻ 17
യുധിഷ്ഠിരൻ ധർമ്മരാജനണത്തീ ഭരതാഗ്ര്യനെ
ഭ്രാതാക്കളൊത്തു കൗരവ്യൻ കിടപ്പാമാപഗേയനെ[1]. 18

യുധിഷ്ഠിരൻ പറഞ്ഞു

യുധിഷ്ഠിരൻ ഞാൻ നൃപതേ, വന്ദനം ജാഹ്നവീസുത!
കേൾപ്പുണ്ടെങ്കിൽ[2] മഹാബാഹോ, ചൊല്ലു ചെയ്യേണ്ടതെന്തു–
സമയത്തെത്തിനേൻ രാജൻ, നിന്നഗ്നികളുമായ് വിഭോ! [ഞാൻ
ആചാര്യർ വിപ്രര്ത്വിക്കുകളുമെൻ തമ്പിമാർകളും 20
മഹാമതേ, നിന്മകനാം ധൃതരാഷ്ട്രനരേശനും.
സാമാത്യനായ് വന്നിരിപ്പൂ വീര്യവാൻ വാസുദേവനും 21
ചത്തു ശേഷിച്ചരചരും കുരുജാംഗലരേവരും.
നരേന്ദ്ര, നോക്കുകവരെ മിഴിച്ചീടുക കണ്ണുകൾ 22
വരുത്തീട്ടുണ്ടു ഞാനങ്ങയ്ക്കിങ്ങു വേണ്ടുന്നതൊക്കയും.
കാലേ ഭവാൻ ചൊന്നവണ്ണമൊക്കയും ചെയ്തിരിപ്പു ഞാൻ. 23

വൈശമ്പായനൻ പറഞ്ഞു

ധീമാൻ കുന്തീപുത്രനേവം പറഞ്ഞോരാപഗാസുതൻ
നോക്കീ ചുററും ഭാരതന്മാർ ചുഴന്നവരെയങ്ങനെ. 24
പിന്നെയാബ്ബലിയാം ഭീഷ്മരുയർത്തിപ്പെരുതാം ഭുജം
ഉദ്യന്മേഘസ്വനൻ വാഗ്മി കാലേ കല്പിച്ചിതിങ്ങനെ. 25

ഭീഷ്മൻ പറഞ്ഞു

ഭാഗ്യം സാമാത്യനായെത്തീ കുന്തീപുത്ര, യുധിഷ്ഠിര!
തിരിച്ചിതല്ലോ ഭഗവാൻ സഹസ്രാംശു ദിവകാരൻ. 26
ഞാൻ കിടപ്പായിട്ടൊരൻപത്തെട്ടു രാത്രി കഴിഞ്ഞുപോയ്
കൂർത്തമൂർത്ത ശരത്തിന്മേലൊരു നൂററാണ്ടുപോലെ താൻ. 27

---

1 ആപഗേയൻ = നദീപുത്രൻ; ഭീഷ്മൻ. 2 കേൾപ്പുണ്ടെങ്കിൽ = ഞാൻ പറയുന്നതു് അങ്ങയ്ക്കു കേൾക്കാമെന്നുണ്ടെങ്കിൽ.

സൗമ്യമാകും മാഘമാസം വന്നുവല്ലോ യുധിഷ്ഠിര!
ഈ ശുക്ലപക്ഷം മൂന്നാലൊരംശം ശേഷിപ്പതാവണം. 28

വൈശമ്പായനൻ പറഞ്ഞു

യുധിഷ്ഠിരൻ ധർമ്മജനോടേവം ചൊല്ലിസ്സരിത്സുതൻ
കാലത്തിങ്കലിതങ്ങോതീ വിളിച്ചു ധൃതരാഷ്ട്രനെ. 29

ഭീഷ്മൻ പറഞ്ഞു

രാജാവേ, ധർമ്മവിത്തല്ലോ സംശയത്തീർപ്പു കണ്ട നീ
സേവിച്ചിരിപ്പുണ്ടറിവുള്ളസംഖ്യം വിപ്രരെബ്ഭവാൻ. 30
ശാസ്ത്രങ്ങളും മററും ധർമ്മങ്ങളറിവൂ മനുജേശ്വര!
നാലു വേദങ്ങളും മുഴുവൻ മററും ബോധിച്ചിരിപ്പു നീ. 31
വ്യസനിക്കൊല്ല കൗരവ്യ, വരാനുള്ളതതങ്ങനെ
നീ കേട്ടിരിപ്പുണ്ടു ദേവരഹസ്യം വ്യാസർ ചൊല്ലിയും. 32
പാണ്ഡുവിൻ മക്കളും രാജാവേ, ധർമ്മാൽ നിന്മക്കളുംതന്നെയാം
ധർമ്മം വാണവരെക്കാക്കു ഗുരുശുശ്രൂഷിമാർകളെ. 33
ധർമ്മരാജൻ ശുദ്ധബുദ്ധി നിന്നാജ്ഞപ്പടി നിന്നിടും
ആനൃശംസ്യാഢ്യനിവനോ ഗുരുഭക്തൻ ധരിപ്പു ഞാൻ. 34
നിന്മക്കളോ ദുരാത്മാക്കൾ ക്രോധലോഭപരായണർ
ഈർഷ്യ ബാധിച്ച ദുർവൃത്തരവരെപ്പററി മാഴ്കൊലാ. 35

വൈശമ്പായനൻ പറഞ്ഞു

മനീഷിയാകുന്ന ധൃതരാഷ്ട്രനോടിതു ചൊന്നമേൽ
മഹാഭുജൻ വാസുദേവനോടാക്കൗരവനോതിനാൻ. 36

ഭീഷ്മൻ പറഞ്ഞു

ഭഗവൻ, ദേവദേവേശ, സുരാസുരനമസ്കൃത!
ത്രിവിക്രമ, നമസ്കാരം ശംഖചക്രഗദാധര! 37
വാസുദേവൻ ഹിരണ്യാത്മാ സവിതാവു വിരാൾപ്പുമാൻ
ജീവഭൂതാനുരൂപൻ നീ പരമാത്മാ സനാതനൻ. 38
നിൻ ഭക്തൻ നിന്നിലുള്ളാണ്ടോൻ സദാരനമദാരനും
രക്ഷിക്ക പുണ്ഡരീകാക്ഷ, പുരുഷോത്തമ, നിത്യവും. 39
അനുജ്ഞ നൽകു മേ കൃഷ്ണ, വൈകുണ്ഠ, പുരുഷോത്തമ!
അങ്ങാലംബനമാം പാണ്ഡുപുത്രരെക്കാത്തുകൊൾക നീ. 40
ദുർബ്ബുദ്ധി മന്ദനാം ദുര്യോധനനോടന്നു ചൊല്ലി ഞാൻ
'കൃഷ്ണനെങ്ങവിടെദ്ധർമ്മം ധർമ്മമെങ്ങവിടെജ്ജയം. 41
വാസുദേവൻവഴിക്കുണ്ണീ, യോജിക്കു പാണ്ഡുപുത്രരായ്;
സന്ധിക്കു മുഖ്യമാം കാലം നിനക്കി'ന്നായി വീണ്ടുമേ 42
എൻെറയാ വാക്കന്നു മൂഢൻ മന്ദധീ ചെയ്കതില്ലവൻ
ഈബ്ഭൂമിയെ മുടിച്ചിട്ടു മുടിഞ്ഞു പിന്നെയായവൻ 43
നിന്നെ ഞാനറിവേൻ ദേവൻ പുരാണൻ മുനിമുഖ്യനെ
നരനൊത്താബ്ബദരിയിൽ ചിരം വാണോരു ദേവനെ. 44

എന്നോടേവം നാരദനും ചൊല്ലീ വ്യാസമുനീന്ദ്രനും
നരനാരായണരിവർ മർത്ത്യരായവരെന്നതാൻ. 45
ആ നീയനുജ്ഞ നല്കുക മേ കൃഷ്ണ, ദേഹം ത്യജിക്കുവാൻ
ഞാൻ നിൻെറയനുവാദത്താൽ പരസൽഗതി പൂകുവൻ. 46

കൃഷ്ണൻ പറഞ്ഞു

സമ്മതിച്ചേൻ ഭീഷ്മ, നിന്നെ നൃപ, ചെല്ലു വസുക്കളിൽ
നിനക്കു പാപമില്ലൊട്ടുമീ ലോകത്തിൽ മഹാദ്യുതേ! 47
രാജർഷേ, പിതൃഭക്തൻ നീ മാർക്കണ്ഡേയൻ കണക്കിനെ
അതിനാൽ മൃത്യു നിൻപാട്ടിൽ നില്പൂ, ഭൃത്യൻ കണക്കിനെ. 48

വൈശമ്പായനൻ പറഞ്ഞു

എന്നു കേട്ടിട്ടു ഗാംഗേയൻ പാണ്ഡവന്മാരൊടോതിനാൻ
ധൃതരാഷ്ട്രാദ്യരാം മറ്റും സുഹൃത്തുക്കളൊടും ശരി. 49

ഭീഷ്മൻ പറഞ്ഞു

പ്രാണൻ ത്യജിപ്പാനിച്ഛിപ്പേനതിന്നനുവദിക്കുവിൻ
സത്യത്തിൽ നിങ്ങൾ യത്നിക്ക, സത്യമോ പരമാം ബലം. 50
ആനൃശംസ്യാഢ്യരാവേണം നിയതാത്മാക്കളെപ്പൊഴും
ബ്രഹ്മണ്യർ ധർമ്മിഷ്ഠർ തപോനിത്യരായ് ബ് ഭരതാഗ്ര്യരേ! 51

വൈശമ്പായനൻ പറഞ്ഞു

എന്നാസ്സുഹൃത്തുക്കളോടു മറ്റും ചൊല്ലിപ്പുണർന്നുടൻ
പിന്നെയും ചൊല്ലിനാൻ ധീമാൻ യുധിഷ്ഠിരനൊടിങ്ങനെ: 52
''ബ്രാഹ്മണന്മാർ നിനക്കെന്നും വിശേഷാൽ പ്രാജ്ഞരായവർ
ആചാര്യരൃത്വിക്കുകളും പൂജ്യരാണേ ജനാധിപ!'' 53

168. ഭീഷ്മമുക്തി

ഭീഷ്മൻ ദേഹം വെടിഞ്ഞു ബ്രഹ്മസായുജ്യം പ്രാപിക്കുന്നു. ഗംഗാദേവിയുടെ പരിദേവനം; കൃഷ്ണൻെറയും വ്യാസൻെറയും സാന്ത്വനം. ധർമ്മപുത്രാദികളുടെ പ്രതിഗമനം.

വൈശമ്പായനൻ പറഞ്ഞു

എന്നു ഭീഷ്മൻ ശാന്തനവൻ കുരുക്കന്മാരൊടൊക്കയും
പറഞ്ഞടങ്ങീ കൗരവ്യൻ മുഹൂർത്തംതാനരിന്ദമ! 1
ക്രമത്തിൽദ്ധാരണകളിൽ ചെയ്താനങ്ങാത്മധാരണ
ആ മഹാത്മാവിന്നടക്കം പ്രാണൻ മേല്പോട്ടു കേററമായ്. 2
ആശ്ശാന്തനവനേതേതു ഗാത്രമപ്പോൾ വിട്ടന്നിതോ
യോഗമാണ്ടോരായവൻെറയതാതംഗം വിശല്യമായ്*. 3
ആ മഹാത്മാക്കളിടയിലിതൊരാശ്ചര്യമായിതേ
ക്ഷണംകൊണ്ടവർ കാണ്കെത്താനവനപ്പോൾ വിശല്യനായ്. 4

* വിശല്യൻ = വേദനയില്ലാത്തവൻ; പീഡയറിയാത്തവൻ.

അതു കണ്ടത്ഭുതപ്പെട്ടു മററും ദേവാസുരോരഗർ
മററും വ്യാസാദി മുനികളോടുമൊന്നിച്ചു മന്നവ! 5
സർവ്വസ്ഥാനം തോറുമവൻ തടഞ്ഞാത്മാവു കേവലം
മൂർദ്ധാവു ഭേദിച്ചുപോയി ദ്യോവിലേക്കുൽപതിച്ചുതേ. 6
ദേവദുന്ദുഭി ശബ്ദിച്ചു പുഷ്പവൃഷ്ടിയൊടും സമം
നന്നുനന്നെന്നു ഹർഷിച്ചു വാഴ്ത്തീ സിദ്ധമഹർഷികൾ. 7
ഭീഷ്മൻെറ മൂർദ്ധാവിൽനിന്നു കൊള്ളിമീൻ പോലെ മന്നവ!
പോന്നാകാശത്തിങ്കലെത്തി ക്ഷണംകൊണ്ടു മറഞ്ഞുതേ. 8
ഇമ്മട്ടു രാജശാർദ്ദൂല, നൃപൻ ശന്തനുനന്ദനൻ
കാലത്തിനോടു യോജിച്ചു ഭരതർക്കു കുലോദ്വഹൻ. 9
ഉടൻ വിറകെടുത്തിട്ടു പല ഗന്ധഗണങ്ങളും
ചിത കൂട്ടി മഹാത്മാക്കൾ വിദുരൻ പാണ്ഡുപുത്രരും 10
യുയുത്സു കൗരവ്യനുമേ; കണ്ടുനിന്നിതു മററുപേർ.
ഗാംഗേയനെദ്ധർമ്മപുത്രൻ ധീമാൻ വിദുരർതാനുമേ 11
കൗരവ്യനെപ്പട്ടുപൂമാലകളാൽ മൂടിനാരുടൻ.
യുയുത്സുവവനന്നേരം വെങ്കൊററക്കുടയേന്തിനാൻ 12
ഭീമാർജ്ജുനന്മാരിരുപേർ വെഞ്ചാമരകളങ്ങനെ;
മാദ്രേയന്മാരിരുവരും തലപ്പാവിൽ പിടിച്ചുതേ. 13
യുധിഷ്ഠിരനൊടൊന്നിച്ചു കാൽപ്പാട്ടിൽധൃതരാഷ്ട്രനും
ആലവട്ടമെടുത്തിട്ടു വീശിക്കൊണ്ടിതു വീണ്ടുമേ. 14
ആ മഹാത്മാവിന്നു പിതൃമേധം ചെയ്തു വിധിപ്പടി
യജനം പലതും തീയിൽ പാടീ സാമങ്ങൾ സാമഗർ. 15
പിന്നീടു ചന്ദനം മുട്ടികളും കാലീയകങ്ങളും
നൽക്കാരകിൽകളും മററും ഗന്ധങ്ങൾ പലമാതിരി 16
ഇട്ടു ഗാംഗേയനേ മൂടിത്തീകത്തിച്ചെരിയിച്ചുടൻ
കഴിച്ചു ധൃതരാഷ്ട്രാദ്യർ പട്ടടയ്ക്കു പ്രദക്ഷിണം. 17
സംസ്കരിച്ചു കുരുശ്രേഷ്ഠ, ഭീഷ്മരെക്കുരുസത്തമർ
ഋഷിമാർ ചുഴലും പുണ്യഗംഗ പുക്കാർ കുരൂദ്വഹർ. 18
പിൻതുണയ്ക്കായ് വ്യാസനാരദാസിതന്മാർകളുള്ളവർ
കൃഷ്ണനും ഭാരതസ്ത്രീകൾ കൂട്ടം പൗരരുമങ്ങനെ. 19
മഹാത്മാവായ ഗാംഗേയന്നുദകം ചെയ്തിതായവർ
ഭരതശ്രേഷ്ഠ, വിധിപോലാസ്സർവ്വജനവും ശരി. 20
തനയന്നുദകം ചെയ്കെദ്ദേവി ഭാഗീരഥീനദി
ആജ്ജലത്തിങ്കൽനിന്നേററു കരഞ്ഞല്ലലിയന്നവൾ. 21
വിലപിച്ചുംകൊണ്ടവിടെക്കൗരവന്മാരൊടോതിനാൾ.

ഗംഗ പറഞ്ഞു

ഞാൻ ചൊൽവതനഘന്മാരേ, നടന്നപടി കേൾക്കുവിൻ. 22

രാജവൃത്തം പ്രജ്ഞയാഭിജാത്യവും പൂർണ്ണമായവൻ
കുരുവൃദ്ധർക്കു സൽക്കാരി പിതൃഭക്തൻ മഹാവ്രതൻ 23
പണ്ടു രാമൻ ജാമദഗ്ന്യൻപോലും തോല്പിച്ചിടാത്തവൻ
ദിവ്യാസ്ത്രത്താൽ മഹാവീര്യൻ ഹതനായി ശിഖണ്ഡിയാൽ. 24
കാരിരുമ്പാണെന്റെ കരൾ നിശ്ചയം ഭൂമിപാലരേ!
കാണാഞ്ഞുമിഷ്ടസുതനെയിതിന്നു തകരായ്കയാൽ. 25
സ്വയംവരത്തിൽക്കാശികൾ ചേർന്നോരാ ക്ഷത്രമണ്ഡലം
ഒറ്റത്തേരാലിവൻ വെന്നു ഹരിച്ചു കന്യമാർകളെ. 26
ആർക്കോ ബലത്തിന്നു തുല്യനില്ലാ മന്നിലൊരുത്തനും
ശിഖണ്ഡിയവനെക്കൊന്നു കേട്ടുള്ളുടവതില്ല മേ. 27
കുരുക്ഷേത്രത്തിലാജ്ജാമദഗ്ന്യനെപ്പോരിൽ വീര്യവാൻ
അയത്നം പീഡനം ചെയ്തോൻ ഹതനായീ ശിഖണ്ഡിയാൽ. 28

വൈശമ്പായനൻ പറഞ്ഞു

ഏവം പലതരം കേഴും മഹാനദിയെയപ്പൊഴേ
ദാമോദരൻ വിഭു പരമാശ്വസിപ്പിച്ചു ഗംഗയെ. 29

കൃഷ്ണൻ പറഞ്ഞു

ഭദ്രേ, സമാശ്വസിച്ചാലും മാഴ്കൊല്ലാ പുണ്യദർശനേ!
നിൻ പുത്രൻ മുഖ്യമാം ലോകം പുക്കാനില്ലൊരു സംശയം. 30
തേജസ്വി വസുവിദ്ദേഹം ശാപംകൊണ്ടിട്ടു ശോഭനേ!
മനുഷ്യനായതാണേതുമിവനെപ്പറ്റി മാഴ്കൊലാ. 31
ആയിവൻ പോർക്കളത്തിങ്കൽ പൊരുമ്പോൾ ക്ഷത്രധർമ്മമായ്
ശിഖണ്ഡിയല്ലർജ്ജുനനാണിവനെദ്ദേവി, കൊന്നതും 32
കുരുശാർദ്ദൂലനെപ്പോരിലമ്പെടുക്കുന്ന ഭീഷ്മരെ
പോരിൽക്കൊൽവാനാകയില്ലാ സാക്ഷാൽ ദേവേന്ദ്രനാകിലും.
സ്വച്ഛന്ദനായ് നിന്റെ മകൻ സ്വർഗ്ഗം പുക്കിതു ശോഭനേ!
അവനെസ്സർവ്വവാനോരും പോരിൽക്കൊൽവാനശക്തരാം. 34
കുരുനന്ദനനെപ്പറ്റിഗ്ഗംഗേ, മാഴ്കാതിരിക്ക നീ
വസുക്കളിൽച്ചെന്നു ദേവി, നിന്മകൻ മാഴ്കിടായ്ക നീ. 35

വൈശമ്പായനൻ പറഞ്ഞു

എന്നു കൃഷ്ണൻ വ്യാസനുമങ്ങോതിയോരാസ്സരിദ്വര
ശോകം വിട്ടു മഹാരാജ, സ്വന്തം വെള്ളത്തിലാണ്ടുപോയ്. 36
ആ മഹാനദിയെക്കൃഷ്ണമുഖ്യർ മാനിച്ചു മന്നവ!
അവരുംതൻ സമ്മതത്തോടും തിരിച്ചു നൃപരേവരും. 37

അശ്വമേധപർവ്വം

ആശ്വമേധികപർവ്വം

നാരായണനെയും സാക്ഷാൽ നരനാം നരനേയുമേ
സരസ്വതീദേവിയേയും നമിച്ചു ജയമോതുക.

1. യുധിഷ്ഠിരശോകം

ഭീഷ്മരുടെ ഉദകക്രിയ കഴിച്ച് ഗംഗയിൽനിന്നു കയറിയ ഉടനേ മോഹാലസ്യപ്പെട്ട ധർമ്മപുത്രനെ ധൃതരാഷ്ട്രൻ സമാശ്വസിപ്പിക്കുന്നു. വിദുരന്റെ ഉപദേശം സ്വീകരിക്കാതെ താൻ ദുര്യോധനനെ അനുസരിച്ചതുകൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിച്ചതെന്നും ധർമ്മപുത്രൻ ഇതിൽ നിരപരാധിയാണെന്നുംകൂടി ധൃതരാഷ്ട്രൻ പറയുന്നു.

വൈശമ്പായനൻ പറഞ്ഞു

ഉദകംചെയ്തു[1] ധൃതരാഷ്ട്രോർവ്വീശനെ യുധിഷ്ഠിരൻ
മഹാഭുജൻ മുൻപിലാക്കിക്കേറിനാനാകുലേന്ദ്രിയൻ. 1

കയറീട്ടു മഹാബാഹു കണ്ണിൽ കണ്ണീർ നിറഞ്ഞവൻ
ഗംഗാതീരത്തിങ്കൽ വീണിതെയ്യേററാന കണക്കിനെ. 2

തളരുന്നവനെത്താങ്ങി കൃഷ്ണൻ ചൊല്ലിയ മാരുതി
ഇവനോടിതു വയ്യെന്നാൻ കൃഷ്ണൻ പരബലാർദ്ദനൻ. 3

ആർത്തനായ് മന്നിൽ വീണേററം വീർപ്പിടുന്നവനെത്തദാ
യുധിഷ്ഠിരൻ ധർമ്മജനെക്കണ്ടു പാണ്ഡവർ മന്നവ! 4

ബോധം കെട്ടു തളർന്നോരാ മന്നനെപ്പാർത്തുകണ്ടവർ
വീണ്ടുമേ ശോകമുൾക്കൊണ്ടു പാണ്ഡവന്മാരിരുന്നുപോയ്. 5

പുത്രശോകാർത്തനായോരു ധൃതരാഷ്ട്രക്ഷിതീശ്വരൻ
പ്രജ്ഞാദൃഷ്ടി മഹാബുദ്ധി നൃപനോടോതിയിങ്ങനെ. 6

ധൃതരാഷ്ട്രൻ പറഞ്ഞു

എണീക്കു കുരുശാർദ്ദൂല, മേൽ വേണ്ടുന്നതു ചെയ്ക നീ
കൗന്തേയ, ക്ഷത്രധർമ്മത്താലീധരിത്രി ജയിച്ചു നീ. 7

സുഹൃൽഭ്രാതാക്കളോടൊത്തു ഭുജിക്കുകതു മന്നവ!
നിനക്കു മാഴ്കേണ്ടതു ഞാൻ കണ്ടില്ലാ ധർമ്മഭൃത്തമ! 8

ഞങ്ങൾക്കു പോയ് മക്കൾ നൂറും സ്വപ്നലബ്ധധനോപമം[2]
മാഴ്കേണ്ടതുണ്ടിങ്ങെനിക്കും ഗാന്ധാരിക്കും മഹീപതേ! 9

---

1 ഉദകംചെയ്തു = ഉദകക്രിയ ചെയ്തു. 2 സ്വപ്നലബ്ധധനോപമം = സ്വപ്നത്തിൽ കിട്ടിയ ധനംപോലെ.

ഹിതമിച്ഛിച്ചിട്ടും യോഗ്യൻ വിദുരൻ ചൊന്ന വാക്കുകൾ
പൊരുളൊത്തവ കേൾക്കാഞ്ഞു ഞാനോ ദുർമ്മതി മാഴ്കുവൻ. 10
എന്നോടു ചൊല്ലീ വിദുരൻ ധർമ്മാത്മാ ദിവ്യദർശനൻ

വിദുരൻ പറഞ്ഞു

ദുര്യോധനന്റെ കുററത്താൽ നിന്റെ വംശം നശിച്ചുപോം. 11
രാജാവേ, സ്വസ്തി വംശത്തിന്നിച്ഛിക്കിൽച്ചെയ്യുകെന്മൊഴി
ത്യജിക്ക ദുഷ്ടെഴും വിഡ്ഢിയീദുര്യോധനമന്നനെ. 12
കർണ്ണൻ ശകുനിയും കാണൊല്ലിവനെച്ചെററൊരിക്കലും
ഇവർക്കുള്ളീച്ചൂതുയോഗം തെററില്ലാതെ തടുക്ക നീ. 13
അഭിഷേചിക്ക രാജാവായ് ധർമ്മിഷ്ഠൻ ധർമ്മപുത്രനെ
വശിയാകുമവൻ കാക്കും ധർമ്മത്താലീധരിത്രിയെ. 14
കൗന്തേയനാം ധർമ്മപുത്രൻ രാജാവാവരുതെങ്കിലോ
മേലാളായിബ്ഭവാൻതന്നെ രാജ്യം കൈയേല്ക്ക മന്നവ! 15
എല്ലാജ്ജീവിയിലും തുല്യനായി നില്ക്ക നരാധിപ!
നിന്നെസ്സേവിക്കട്ടെ മുററും ജ്ഞാതിമാർ ജ്ഞാതിവർദ്ധന! 16

ധൃതരാഷ്ട്രൻ പറഞ്ഞു

ഏവം കൗന്തേയ, വിദുരൻ ദീർഘദർശിയുരയ്ക്കവേ
പിൻതുടർന്നേൻ പാപി ദുര്യോധനനെബ്ബുദ്ധി തെററി ഞാൻ. 17
ആധീരൻ ചൊന്ന മധുരമൊഴി കേൾക്കായ്കകാരണം
മഹാദുഃഖം ഫലം നേടിദ്ദുഃഖക്കടലിലാണ്ടു ഞാൻ. 18
രാജാവേ, വൃദ്ധരായ് മാഴ്കും നിൻ പിതാക്കളെ* നോക്കെടോ
ഭവാനു മാഴ്കുവാനൊന്നും ഞാൻ കാണ്മീലിങ്ങു മന്നവ! 19

2. കൃഷ്ണദ്വൈപായനസാന്ത്വനം

ധൃതരാഷ്ട്രരുടെ വാക്കു കേട്ടിട്ടും മിണ്ടാതിരിക്കുന്ന ധർമ്മപുത്രനെ കൃഷ്ണൻ സമാശ്വസിപ്പിക്കുന്നു. കാട്ടിൽ പോകാൻ തന്നെ അനുവദിക്കണമെന്നു ശോകാകുലനായ പാണ്ഡവജ്യേഷ്ഠൻ കൃഷ്ണനോടപേക്ഷിക്കുന്നു. ഇതു കേട്ട് വ്യാസൻ, ബുദ്ധിമാന്മാർക്കു ചേരാത്ത വ്യാകുലത ഉപേക്ഷിക്കാൻ ധർമ്മപുത്രനെ ഉപദേശിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

എന്നു ധീമാനായ ധൃതരാഷ്ട്രരാജാവു ചൊന്നവൻ
മൗനം പൂണ്ടിതു മേധാവിയവനോടോതി കേശവൻ. 1

കൃഷ്ണൻ പറഞ്ഞു

മനസ്സാലതിയായ് ശോകം കൊൾവതാകിൽ ജനാധിപ!
തപിപ്പിക്കുമവന്നുള്ള മുൻമരിച്ച പിതൃക്കളെ. 2
ചെയ്തു നീ പല യജ്ഞങ്ങൾ ഭൂരിദക്ഷിണമാംവിധം

* നിൻപിതാക്കൾ = നിന്റെ പിതാക്കളായ ഞാനും ഗാന്ധാരിയും എന്നർത്ഥം.

സോമസ്വധകളാൽ തൃപ്തരാക്കൂ ദേവപിതൃക്കളെ. 3
അന്നപാനാൽ പാന്ഥർകളെ മററിഷ്ടത്താൽ ദരിദ്രരെ
നിന്മട്ടുള്ള മഹാബുദ്ധിക്കിതിപ്പോൾ ചേരുകില്ലെടോ. 4
അറിയേണ്ടതറിഞ്ഞൂ നീ ചെയ്യേണ്ടുന്നതു ചെയ്തു നീ
രാജധർമ്മങ്ങളും കേട്ടു ഗാംഗേയൻ ഭീഷ്മർ ചൊല്ലി നീ. 5
വേദവ്യാസൻ നാരദനവ്വണ്ണം വിദുരർ ചൊന്നതും
പിൻതുടർന്നീടരുതു നീയീ മൂഢർക്കുള്ള വൃത്തിയെ. 6
പിതൃപൈതാമഹമുറയേററു ഭാരം വഹിക്ക നീ
യശസ്സോടൊത്തൊരാ ക്ഷത്രം സ്വർഗ്ഗം പുക്കിതസംശയം; 7
പിൻതിരിഞ്ഞു വധിക്കപ്പെട്ടില്ലാ ശൂരരിലാരുമേ.
മഹാരാജ, വിട്ടു ശോകമതങ്ങനെ വരേണ്ടതാം 8
ഈപ്പോരിൽ ചത്തവർകളെക്കാണാൻ പററാ നിനക്കിനി.

വൈശമ്പായനൻ പറഞ്ഞു

യുധിഷ്ഠിരൻ ധർമ്മജനോടിത്രയും ചൊല്ലി മാധവൻ 9
മിണ്ടാതടങ്ങീ തേജസ്വിയങ്ങോട്ടോതീ യുധിഷ്ഠിരൻ.

യുധിഷ്ഠിരൻ പറഞ്ഞു

എങ്കൽഗ്ഗോവിന്ദ, നിൻ പ്രീതിയെനിക്കിങ്ങറിവുള്ളതാം
നീയെങ്കൽ സൗഹൃദപ്രേമങ്ങളാൽ കനിവിതെപ്പൊഴും. 10
എനിക്കേററം പ്രിയം ചെയ്തതാകും ചക്രഗദാധര!
ശ്രീമൻ, പ്രീതമനസ്സോടും മുററും യാദവനന്ദന! 11
ഭഗവാനേ, വനം പൂകാനെന്നെ നീ സമ്മതിക്കുകിൽ.
ശാന്തി കാണുന്നതില്ലാ ഞാൻ പിതാമഹനെ വീഴ്ത്തിയും 12
പോരിൽ പിന്മാററാത്ത വീരനാകുമക്കർണ്ണനേയുമേ.
ഈ ക്രൗര്യത്തിന്നെന്തു കർമ്മംകൊണ്ടൊഴിച്ചിലരിന്ദമ! 13
കർമ്മത്താലതു കല്പിക്കുകെന്മനം ശുദ്ധമാംവിധം.

വൈശമ്പായനൻ പറഞ്ഞു

എന്നു ചൊല്ലും പാർത്ഥനോടു ധർമ്മജ്ഞൻ വ്യാസനോതിനാൻ 14
സാന്ത്വനം ചെയ്തു തേജസ്വി ശുഭം പൊരുളെഴും മൊഴി.

വ്യാസൻ പറഞ്ഞു

നിനക്കുറപ്പു വന്നില്ലാ വീണ്ടും ബാല്യാൽ ഭ്രമിപ്പു നീ 15
ഉണ്ണീ, നാമെന്തിതാകാശേ[1] പ്രലപിപ്പതു വീണ്ടുമേ.
ക്ഷത്രധർമ്മജ്ഞനല്ലോ നീ യുദ്ധം വൃത്തിയെവർക്കഹോ! 16
അമ്മട്ടു ചെയ്യും നൃപതിയാധിബന്ധ[2]ത്തിലാപ്പെടാ.
മോക്ഷധർമ്മങ്ങളൊട്ടുക്കും ശരിയാമ്മട്ടു കേട്ടു നീ 17
പലവട്ടം കാമജങ്ങൾ നിൻ സന്ദേഹങ്ങൾ പോക്കി ഞാൻ.

---

1 അർത്ഥം വ്യക്തമല്ല. ആകാശശബ്ദം മൂലത്തിൽ കാണുന്നില്ല. "കിമാകാരാ വയം താത, പ്രലപാമോ മുഹുർമ്മുഹുഃ" ഇതാണു മൂലം. 2 ആധിബന്ധം = ദുഃഖവുമായിട്ടുള്ള ബന്ധം.

ദുർമ്മേധസ്സോർമ്മ കേട്ടുള്ളോൻ ശ്രദ്ധ വിട്ടോൻ ഭവാൻ ദൃഢം 18
ഇമ്മട്ടാകൊല്ല നന്നല്ലാ നിനക്കജ്ഞതപമിങ്ങനെ.
പ്രായശ്ചിത്തങ്ങളൊക്കേയുമറിയും നീ ശുഭാശയ! 19
രാജധർമ്മങ്ങളും മററും കേട്ട നീ ദാനധർമ്മവും.
എന്നിട്ടും സർവ്വധർമ്മജ്ഞൻ സർവ്വാഗമവിചക്ഷണൻ 20
അറിയാത്തപ്പോലെ വീണ്ടുമെന്തേ മോഹിപ്പൂ ഭാരത!

3. അശ്വമേധാലോചന—മരുത്തപ്രസംഗം

പശ്ചാത്തപിക്കത്തക്കവണ്ണം ധർമ്മപുത്രൻ പാപമൊന്നും ചെയ്തിട്ടില്ലെന്നും, അഥവാ അങ്ങനെ വല്ലതും ചെയ്തിട്ടുണ്ടെങ്കിൽത്തന്നെ അശ്വമേധയാഗംകഴിച്ചാൽ ആ പാപംപരിഹരിക്കാമെന്നും വ്യാസൻ ഉപദേശിക്കുന്നു. തന്റെ കൈയിൽ യാഗം കഴിക്കുന്നതിനുമാത്രം ധനമില്ലെന്നു ധർമ്മപുത്രൻ പറഞ്ഞപ്പോൾ, ഹിമവാനിൽ പണ്ടു ബ്രാഹ്മണർ നിക്ഷേപിച്ച ധനം ധാരാളം കിടപ്പുണ്ടെന്നും അതു വരുത്തിയാൽ മതിയെന്നും വ്യാസൻ സമാധാനം പറയുന്നു.

വ്യാസൻ പറഞ്ഞു

യുധിഷ്ഠിര, ഭവൽപ്രജ്ഞ നന്നായില്ലെന്നു മന്മതം
സ്വതന്ത്രനായൊരുവനും സ്വയം ക്രിയ നടത്തിടാ. 1
ഈശ്വരൻ വിട്ടയച്ചിട്ടു നന്മതിന്മയുമീ നരൻ
കർമ്മം ചെയ്യുന്ന പുരുഷനതിലെന്താവലാതിയാം? 2
ആത്മാവു പാപകർമ്മാവെന്നൊട്ടവിൽക്കരുതുന്നു നീ
എന്നാൽ കേളായതിൽ പാപമൊഴിയുംപടി ഭാരത! 3
തപങ്ങൾ യജ്ഞങ്ങൾ ദാനമിവയാലെ യുധിഷ്ഠിര!
പാപം ചെയ്യുന്ന പുരുഷരുണ്ടു കേറുന്നു* നിത്യവും. 4
യജ്ഞത്താലും തപസ്സാലും ദാനത്താലും നരാധിപ!
ദുഷ്കർമ്മം ചെയ്ത മർത്ത്യന്മാർ നരശാർദ്ദൂല, ശുദ്ധരാം. 5
അസുരന്മാർ സുരന്മാരും പുണ്യത്തിന്നായ് മഖക്രിയ
ചെയ്യാറുണ്ടു മഹാത്മാക്കളതിനാൽ യജ്ഞമാശ്രയം. 6
യജ്ഞങ്ങളാൽ മഹാത്മാക്കൾ മേലെയായ്വന്നു ദേവകൾ
ക്രിയ ചെയ്താദ്ദേവകളോ തോല്പിച്ചു ദാനവേന്ദ്രരെ. 7
രാജസൂയാശ്വമേധങ്ങൾ സർവ്വമേധം നരേശ്വര!
നരമേധം, ഭാരത, നീ ചെയ്തുകൊൾക യുധിഷ്ഠിര! 8
വിധിക്കു ദക്ഷിണയൊടുമശ്വമേധം യജിക്ക നീ
ഭൂരികാമാന്നവിത്താഢ്യം രഘുരാമൻ കണക്കിലും, 9
രാജാവു ഭരതൻ ദുഷ്യന്താത്മജൻ പൃഥിവീപതി
നിൻ മുൻ പിതാമഹൻ ശാകുന്തളൻ വീരൻ കണക്കിലും. 10

---

* കേറുക = പാപത്തിൽനിന്നു മുക്തനാവുക.

യുധിഷ്ഠിരൻ പറഞ്ഞു

അശ്വമേധം തീർച്ചയായും ഭൂപനെശ്ശുദ്ധനാക്കുമേ
എനിക്കുണ്ടൊരഭിപ്രായമതുമങ്ങുന്നു കേൾക്കണേ. 11

ദ്വിജോത്തമ, മഹത്താമീ ജ്ഞാതിദ്ധ്വംസം കഴിച്ചുടൻ
സ്വല്പം ദാനം വയ്യെനിക്കു നല്ലാനിങ്ങില്ല വിത്തവും. 12

ഈദ്ദീനരാം ബാലരോടു വിത്തം യാചിച്ചുകൂട മേ
ആർദ്രവ്രണം[1] പൂണ്ടു കേഴും രാജപുത്രരൊടേതുമേ. 13

താനേ ഭൂമി മുടിച്ചിട്ടു യജ്ഞാർത്ഥം ദ്വിജസത്തമ!
ശോകമാണ്ടുള്ള ഞാനിങ്ങു കരം വാങ്ങുന്നതെങ്ങനെ? 14

ദുര്യോധനൻെറ കുററത്താൽ മന്നിൽ മന്നവരൊക്കയും
നമുക്കു കീർത്തിയുണ്ടാക്കി നശിച്ചു മുനിസത്തമ! 15

ദുര്യോധനൻ സ്വത്തിനായി ക്ഷയിപ്പിച്ചു ധരിത്രിയെ
ഉടഞ്ഞുപോയ് ദുഷ്ടധാർത്തരാഷ്ട്രന്നുള്ളോരു കോശവും. 16

ഭൂമി ദക്ഷിണയാണിങ്ങു വിധിപ്രഥമകല്പിതം
വിദ്വാന്മാർ കണ്ടിരിപ്പോന്നു ശേഷം വിധിവിപര്യയം. 17

ചെയ്യാൻ വയ്യാ പ്രതിനിധിയായിട്ടിങ്ങു തപോധന!
ഇവിടെബ്ഭഗവാൻ നന്നായ് സാചിവ്യം ചെയ്തുകൊൾക മേ. 18

വൈശമ്പായനൻ പറഞ്ഞു

എന്നു പാർത്ഥൻ ചൊന്ന കൃഷ്ണദ്വൈപായനനുമങ്ങുടൻ
ഒട്ടുനേരം വിചാരിച്ചു ധർമ്മരാജനൊടോതിനാൻ. 19

വ്യാസൻ പറഞ്ഞു

ഉടഞ്ഞുപോയ ഭണ്ഡാരം പൂർണ്ണമായിബ്ഭവിച്ചിടും.
ദ്രവ്യം കിടപ്പുണ്ടു പാർത്ഥ, പനിമാമലയിൽ പരം. 20

മഹാത്മാവാം മരുത്തൻെറ യജ്ഞേ ബ്രാഹ്മണർ വിട്ടതായ്
വരുത്തുകതു കൗന്തേയ, പരം സമ്പൂർണ്ണമായ്‌വരും. 21

യുധിഷ്ഠിരൻ പറഞ്ഞു

മരുത്തനുടെ യജ്ഞത്തിൽ വിത്തം കൂട്ടിയതെങ്ങനെ?
ആ രാജാവേതുകാലത്തായിരുന്നു വാഗ്മിസത്തമ! 22

വ്യാസൻ പറഞ്ഞു

കേൾക്കേണമെങ്കിലോ രാജൻ, കേൾ കാരന്ധമരാജനെ[2]
ആ മന്നൻ വാണതെന്നെന്നും മഹാവീര്യൻ മഹാധനൻ. 23

---

1 ആർദ്രവ്രണം = ഇനിയും ഉണങ്ങിട്ടില്ലാത്ത വ്രണം. 2 കാരന്ധമരാജൻ = മരുത്തൻ എന്ന രാജാവു്. (ഇക്ഷ്വാകുവംശീയനായ കരന്ധമരാജാവിൻെറ പുത്രനായ അവിക്ഷിത്തിൻെറ മകനാണ് മരുത്തൻ. ഈ രാജാവിൻെറ കഥ ദ്രോണപർവ്വം 55-ാമദ്ധ്യായത്തിലും ശാന്തിപർവ്വം 29-ാമദ്ധ്യായത്തിലും ചുരുക്കി വിവരിച്ചിട്ടുണ്ട്. ആ കഥതന്നെ വിസ്തരിച്ചു വിവരിച്ചിരിക്കയാണ് ഇവിടെ.

4. സംവത്തമരുത്തീയം—മരുത്തവംശകഥനം

ഹിമവാനിലെ നിക്ഷേപത്തെപ്പററിയുള്ള പ്രസംഗത്തിൽ വ്യാസൻ മരുത്തൻെറ കഥ പറഞ്ഞുതുടങ്ങുന്നു. മരുത്തൻെറ വംശപരമ്പര. അവിക്ഷിത്തിൻെറ പുത്രനായ മരുത്തൻ ഹിമവാൻെറ വടക്കുഭാഗത്തുള്ള മഹാമേരുപർവ്വതത്തിൽവെച്ച് ഒരു യാഗത്തിനൊരുങ്ങുന്നു. യജ്ഞശാലയിലെ പാത്രങ്ങൾ മാത്രമല്ല, പീഠങ്ങൾപോലും സ്വർണ്ണനിർമ്മിതങ്ങളായിരുന്നു എന്നു പറഞ്ഞ് വ്യാസൻ മരുത്തൻെറ ദാനശീലത്തെ പുകഴ്ത്തുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ധർമ്മജ്ഞ, കേൾപ്പാനുണ്ടാശയാ രാജർഷീന്ദ്രകീർത്തനം
ദ്വൈപായന, മരുത്തൻെറ കഥ ചൊല്ലുനഘാശയ! 1

വ്യാസൻ പറഞ്ഞു

ഉണ്ടായ് കൃതയുഗത്തുണ്ണീ, മനു ദണ്ഡധരൻ പ്രഭു
തൽ പുത്രനായ് മഹാബാഹു പ്രസന്ധി പുകഴാണ്ടവൻ. 2

പ്രസന്ധിക്കുളവായ് പുത്രൻ ക്ഷുപനെന്നു പുകഴ്ന്നവൻ
ക്ഷുപന്നു പുത്രനിക്ഷ്വാകുക്ഷ്മാപനുണ്ടായിനാൻ പ്രഭു. 3

അവന്നുണ്ടായ് നൂറു മക്കൾ രാജാവേ, മുഖ്യധാർമ്മികർ
ഭൂപാലരാക്കിയവരെയൊക്കയിക്ഷ്വാകുവാം പ്രഭു. 4

അവരിൽ ജ്യേഷ്ഠനാം വിംശൻ വില്ലാളികളിലുത്തമൻ
വിംശൻെറ പുത്രൻ കല്യാണൻ വിവിംശൻ ഭരതർഷഭ! 5

വിവിംശന്നുണ്ടായി പതിനഞ്ചു മക്കളിളാപതേ!
ബ്രഹ്മണ്യർ വില്ലിൽ വിക്രാന്തരേവരും സത്യവാദികൾ 6

ശാന്തന്മാർ ദാനധർമ്മസ്ഥരെപ്പൊഴും പ്രിയവാദികൾ;
അവർക്കുണ്ണൻ ഖനീനേത്രൻ സർവ്വർക്കും നല്കി പീഡനം. 7

വിക്രാന്തനാം ഖനീനേത്രൻ രാജ്യം നേടിയകണ്ടകം
രാജ്യം കാക്കാനായതില്ലാ രഞ്ജിച്ചില്ലങ്ങു നാട്ടുകാർ. 8

അവനെത്തള്ളി രാജ്യത്തു സുവർച്ചസ്സായ പുത്രനെ
അഭിഷേചിച്ചു രാജേന്ദ്ര, മോദിച്ചാരവരപ്പൊഴേ. 9

അച്ഛൻെറ വൈകൃതം കണ്ടു രാജ്യഭ്രംശവുമായവൻ
നടത്തിനാൻ നിയതനായ് പ്രജാഹിതവഴിക്കുതാൻ. 10

ബ്രഹ്മണ്യൻ സത്യമോതുന്നോൻ ശുദ്ധൻ ശമദമാന്വിതൻ
പ്രജ രഞ്ജിച്ചിതവനിൽ ധർമ്മനിത്യൻ മനസ്വിയിൽ. 11

ധർമ്മം ചെയ്തീടുമവനൊന്നുടഞ്ഞു കോശവാഹനം
സാമന്തന്മാർ കോശമൊഴിഞ്ഞവനിൽ പീഡ ചെയ്തുതേ. 12

ആയവൻ പലർ ബാധിക്കെ ക്ഷീണകോശാശ്വവാഹനൻ
പുരത്തോടും ഭൃത്യരോടുമൊത്താർത്തിപ്പെട്ടിതേററവും. 13

ബലക്ഷയത്തിലവനെക്കൊൽവാനാളായതില്ലവർ
സുവൃത്തനാണാ രാജാവു ധർമ്മനിത്യൻ യുധിഷ്ഠിര! 14

പുരത്തോടൊപ്പം പെരികെയാത്തിപ്പെട്ടപ്പൊഴാ നൃപൻ
കൈക്കൊണ്ണൂതീടിനാനപ്പോൾ ബലമുണ്ടായിതേററവും. 15
ജയിച്ചാനയൽമന്നോരെയൊക്കയും പിന്നെയായവൻ
ഇക്കാരണംകൊണ്ടു കരന്ധമനായിതവൻ നൃപ! 16
ത്രേതാദ്യത്തിലവന്നുണ്ടായ് മകൻ കാരന്ധമൻ പരം
ശ്രീമാനിന്ദ്രന്നു കിടയായ് ദേവകൾക്കു സുദുജ്ജയൻ. 17
അവന്നു മുററും മന്നോർകൾ പാട്ടിലായ് നിന്നിതപ്പൊഴേ
വൃത്തത്താലും ബലത്താലും സമ്രാട്ടായിതവക്കവൻ. 18
അവിക്ഷിത്തെന്ന ധമ്മജ്ഞൻ ശൗര്യംകൊണ്ടിന്ദ്രസന്നിഭൻ
യജ്വാവായ്ത്തീന്നു ധമ്മജ്ഞൻ ധൃതിമാൻ സംയതേന്ദ്രിയൻ 19
തേജസ്സാലക്കസദൃശൻ ക്ഷമയാൽ ക്ഷമയൊത്തവൻ
ബുദ്ധ്യാ ബൃഹസ്പതിസമൻ ഹിമവാന്മട്ടുറച്ചവൻ 20
മനോവാക്കായകമ്മത്താൽ ദമത്താൽ പ്രശമത്തിനാൽ
മനോരഞ്ജനയുണ്ടാക്കീ പ്രജകൾക്കാ മഹീപതി. 21
നൂറശ്വമേധം വിധിപോലങ്ങു ചെയ്താനവൻ പ്രഭു
പ്രഭു വിദ്വാനംഗിരസ്സു താനേ ചെയ്തിതു യാജനം. 22
അവന്റെ പുത്രനച്ഛന്നും മേലെയായീ ഗുണങ്ങളാൽ
മരുത്തനെന്ന ധമ്മജ്ഞൻ ചക്രവത്തി പുകഴ്ന്നവൻ 23
നാഗായുതബലൻ സാക്ഷാൽ വിഷ്ണുവെന്ന കണക്കിനെ.
അവൻ യജിപ്പോൻ ധമ്മാത്മാവൊക്കസ്സ്വണ്ണമയങ്ങളായ് 24
ഉണ്ടാക്കിച്ചു വിളങ്ങീടും പാത്രങ്ങളെയസംഖ്യമേ.
ഹിമവാന്റെ വടക്കായി മേരുമാമല പുക്കവൻ 25
പൊന്മയം പെരുതാം പാദമങ്ങവൻ ചെയ്തു കമ്മവും.
അങ്ങു കുണ്ഡങ്ങൾ പാത്രങ്ങൾ പീഠങ്ങൾ പിഠര*ങ്ങളും 26
പണിഞ്ഞു പൊൻ പണിക്കാർകളൊടുങ്ങില്ലവയെണ്ണിയാൽ.
അതിന്നടുത്തായിരുന്നു കേവലം യജ്ഞശാലയും 27
യജിച്ചാനങ്ങു ധമ്മജ്ഞൻ വിധിക്കാ പൃഥിവീപതി
മരുത്തൻ മററു മന്നോർകൾ മുററും ചേന്നു നരാധിപൻ. 28

5. സംവത്തമരുത്തീയം—ഇന്ദ്രബൃഹസ്പതിസംവാദം

ബൃഹസ്പതിയുടെ ഉപദ്രവംമൂലം സംവത്തൻ കാട്ടിലേക്കു പോകുന്നു. മരുത്തനിൽ അസൂയാലുവായ ഇന്ദ്രൻ, മരുത്തന്റെ യാഗത്തിൽ പുരോഹിതനാകയില്ലെന്നു ബൃഹസ്പതിയെക്കൊണ്ടു സത്യം ചെയ്യിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ആ രാജാവെന്തു വീര്യത്തോടൊത്തവൻ വാഗ്മിസത്തമ!
സ്വണ്ണമെങ്ങനെ സമ്പാദിച്ചീടിനാനായവൻ ദ്വിജ! 1

* പിഠരം = മൂടിയുള്ള ഒരുതരം പാത്രം; കലം.

ഭഗവാനേ, കിടക്കുന്നതിപ്പോഴാ ദ്രവ്യമെങ്ങുവാൻ?
അതെങ്ങനെ നമുക്കിങ്ങു നേടാൻ പററും തപോധന! 2

വ്യാസൻ പറഞ്ഞു

ദക്ഷപ്രജാപതിക്കുണ്ടായ്വന്നു ദേവകൾ ദൈത്യരും
പെരുത്തപത്യ*മങ്ങുണ്ണീ, സ്പർദ്ധിച്ചിതു പരസ്പരം. 3
അംഗിരസ്സിൻ മക്കൾ രണ്ടാളുണ്ടായീ വ്രതതുല്യരായ്
ബൃഹസ്പതി ബൃഹത്തേജസ്സാസ്സംവർത്തൻ തപസ്വിയും. 4
അവർ തമ്മിൽ തിരക്കുന്നോർ വേറേ നിന്നിതു മന്നവ!
വീണ്ടും സംവർത്തനെപ്പാരം ബാധിച്ചാനാ ബൃഹസ്പതി. 5
ജ്യേഷ്ഠഭ്രാതാവെപ്പൊഴും ബാധിക്കുമായാള ഭാരത!
അർത്ഥങ്ങൾ വിട്ടു ദിഗ്വാസസ്സായിക്കാട്ടു കരേറിനാൻ. 6
വാസവൻ ദൈത്യരേ മുററും ജയിച്ചും കൊന്നു വീഴ്ത്തിയും
ഇന്ദ്രത്വം നേടിയുലകിൽ പുരോധസ്സായ് വരിച്ചതേ 7
അംഗിരസ്സിൻ ജ്യേഷ്ഠപുത്രൻ വിപ്രാഗ്ര്യൻ വ്യാഴനെ സ്വയം.
പണ്ടംഗിരസ്സിന്നു യാജ്യനല്ലോ ഭൂപൻ കരന്ധമൻ 8
പാരിലപ്രതിമൻ വീര്യം വൃത്തം ബലമിവററിനാൽ.
ശക്രനെപ്പോലെയോജസ്വി ധർമ്മാത്മാവു ശിതവ്രതൻ 9
അവന്നു വാഹനം യോധർ മിത്രങ്ങൾ പല മാതിരി.
വിലയേറും നല്ല നല്ല ശയനങ്ങളുമൊക്കയും 10
ധ്യാനത്താൽ മുഖവാതംകൊണ്ടുണ്ടായീ മുററുമേ നൃപ!
ഗുണങ്ങളാൽ കീഴടക്കീ മുററും മന്നോരെയാ നൃപൻ 11
ഇഷ്ടപ്രകാരം ജീവിച്ചു വിണ്ണേറിയുടലോടവൻ.
അവന്നൊത്തു തനയനും യയാതിപ്പടി ധാർമ്മികൻ 12
അവിക്ഷിത്തരിജിത്തായാൾ പാട്ടിലാക്കീ ധരിത്രിയെ;
ഗുണവീര്യങ്ങളാലച്ഛന്മട്ടിലായ്ത്തീർന്നു പാർത്ഥിവൻ. 13
ഇന്ദ്രനൊക്കുമവന്നുണ്ടായ് മരുത്തൻ വീര്യമേറിയോൻ
പുത്രൻ കൂറാണ്ടിതവനിലാഴിചൂഴുമൊരൂഴിയും. 14
നിത്യവും ദേവരാജാവായ്ത്തിരക്കിക്കൊണ്ടിതായവൻ
മരുത്തനായ് വാസവനും തിരക്കീ പാണ്ഡുനന്ദന! 15
വിശുദ്ധൻ ഗുണവാനല്ലോ മരുത്തൻ പൃഥിവീപതി
കിണഞ്ഞെന്നാലുമവനിൽ മെച്ചം നേടീല വാസവൻ. 16
മെച്ചം നേടാനായിടാഞ്ഞു വ്യാഴത്തെത്താൻ വിളിച്ചുടൻ
പറഞ്ഞൂ വാനവരൊട്ടുമൊന്നിച്ചു ഹരിവാഹനൻ. 17

ഇന്ദ്രൻ പറഞ്ഞു

ബൃഹസ്പതേ, മരുത്തന്നു ഭവാൻ ചെയ്യൊല്ലൊരിക്കലും
ദൈവവും പിത്ര്യവുമെനിക്കങ്ങിഷ്ടം ചെയ്വതാകിലോ. 18

---

* അപത്യം = സന്താനം.

ബൃഹസ്പതേ, ഞാൻ മുപ്പാരിനെന്നല്ലാ ദേവകാംക്കുമേ
ഇന്ദ്രത്വം നേടിയൊരുവൻ മരുത്തൻ ഭൂമിപാലനാം. 19
ബ്രഹ്മൻ, ഭവാനമരനെ യജിപ്പിച്ച സുരേന്ദ്രനെ
യജിപ്പിപ്പോനെങ്ങനെയാച്ചാക്കുള്ളോരു മരുത്തനെ? 20
വരിക്കുകെന്നെയോ മന്നൻ മരുത്തൻതന്നെയോ ശുഭം
മരുത്തനെ വെടിഞ്ഞെന്നെ സ്വസ്ഥമട്ടിൽബ്ഭജിക്ക നീ. 21

വ്യാസൻ പറഞ്ഞു

ഏവം കൗരവ്യ, ദേവേന്ദ്രൻ പറഞ്ഞോരാ ബൃഹസ്പതി
മുഹൂത്തനേരം ചിന്തിച്ചു ദേവരാജനൊടോതിനാൻ. 22

ബൃഹസ്പതി പറഞ്ഞു

നീ ഭൂതങ്ങാംക്കധിപതി നിങ്കൽ നില്പ്പലകൊക്കയും
നീ വിശ്വരൂപനമുചിവലന്മാരെ വധിച്ചവൻ. 23
നീയൊരാളീദ്ദേവകാംക്കള്ളഗ്ര്യശ്രീയാഹരിച്ചവൻ
മന്നും വിണ്ണും ഭരിപ്പോൻ നീയെപ്പോഴും വലസൂദന! 24
നിൻ പൗരോഹിത്യമേററിട്ടെങ്ങനെ ദേവഗണേശ്വര!
യജിപ്പിപ്പേൻ പാകരിപോ, മത്ത്യനാകും മരുത്തനെ? 25
ആശ്വസിക്കുക ദേവേന്ദ്ര, ഞാൻ മനുഷ്യനൊരിക്കലും
യജ്ഞത്തിൽ സ്രുവമേന്തില്ലാ കേളീയെന്നുടെ വാക്കിനെ. 26
തീയിന്നു ചൂടൊഴിഞ്ഞേക്കാം തിരിഞ്ഞേക്കാം ധരിത്രിയും
സൂര്യൻ രശ്മി വെടിഞ്ഞേക്കാമെന്നിൽ സത്യമുലഞ്ഞിടാ. 27

വൈശമ്പായനൻ പറഞ്ഞു

വ്യാഴത്തിൻ വാക്കു കേട്ടിന്ദ്രൻ മത്സരം വിട്ടൊഴിഞ്ഞവൻ
പ്രശംസിച്ചിവനെപ്പിന്നെ സ്വഗൃഹം പുക്കിതപ്പൊഴേ. 28

6. സംവത്തമരുത്തീയം—സംവത്തദശ്നം

സംവത്തമരുത്തീയം (തുടച്ച്). തൻെറ യാഗത്തിൽ ഋത്വിക്കായിരിക്കണമെന്ന മരുത്തൻെറ അപേക്ഷ ബൃഹസ്പതി നിരസിക്കുന്നു. ദുഃഖിതനായി രാജധാനിയിലേക്കു മടങ്ങുന്ന വഴി മരുത്തൻ നാരദനെ കാണുന്നു. കാര്യം മനസ്സിലാക്കിയ ആ ദേവഷി സംവത്തനെ ചെന്നു കാണാൻ ഉപദേശിക്കുന്നു. മരുത്തൻ ആ തപസ്വിയെ ചെന്നു കാണുന്നു.

വ്യാസൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
ധീമാൻ മരുത്തനുടെയും സംവാദം ഗുരുവിൻെറയും. 1
ദേവരാജന്നാംഗിരസൻ കരാർചെയ്തുകൊടുത്തതായ്
മരുത്തമന്നവൻ കേട്ടു പരം യജ്ഞമൊരുക്കിനാൻ. 2
സങ്കല്പിച്ചുള്ളിനാൽ യജ്ഞം കരന്ധമസുതാത്മജൻ*

---

* കരന്ധമസുതാത്മജൻ = കരന്ധമൻെറ പൗത്രൻ.

വ്യാഴത്തിന്നരികിൽച്ചെന്നു പറഞ്ഞൂ വാഗ്മിയിങ്ങനെ. 3

മരുത്തൻ പറഞ്ഞു

ഭഗവാനേ, മുന്നമീ ഞാനാശ്രയിച്ചു തപോധന!
യജ്ഞത്തെയും നിശ്ചയിച്ചു ഗുരോ, നിന്നുടെ വാക്കിനാൽ. 4
ആ യജ്ഞത്തിന്നാഗ്രഹിപ്പേൻ സംഭാരങ്ങളൊരുക്കി ഞാൻ
സാധോ, ഭവാനു യാജ്യൻ ഞാനങ്ങെത്തുക നടത്തുക. 5

ബൃഹസ്പതി പറഞ്ഞു

ഞാൻ നിനയ്ക്കുന്നില്ല നിന്നെ യജിപ്പിപ്പാൻ ധരാപതേ!
വരിച്ചിതെന്നെദ്ദേവേന്ദ്രനവനോടേററു ചൊല്ലിനേൻ. 6

മരുത്തൻ പറഞ്ഞു

പിത്ര്യം നിൻ ക്ഷേത്രം[1]മല്ലോ ഞാൻ ബഹുമാനിപ്പനേററവും
നിൻ യാജ്യനായ് വന്നിതു ഞാൻ കുറുള്ളെന്നെബ്ഭജിക്ക നീ. 7

ബൃഹസ്പതി പറഞ്ഞു

അമർത്ത്യനെ യജിപ്പിച്ചു യജിപ്പിക്കാ മനുഷ്യനെ
മരുത്ത, പോയ്ക്കൊൾകിലെങ്കിൽ വേണ്ടാ, ഞാൻ വിട്ടു യാജനം.
യജിപ്പിക്കില്ല ഞാൻ നിന്നെയിഷ്ടംപോലെ വരിക്ക നീ
നിൻെറ യജ്ഞം കഴിപ്പിക്കുമാചാര്യനെ മഹാഭുജ! 9

വ്യാസൻ പറഞ്ഞു

എന്നു കേട്ടിട്ടു നൃപതി മരുത്തൻ നാണമാണ്ടുപോയ്
തിരിച്ചുപോമ്പോളുദ്വിഗ്നൻ[2] കണ്ടെത്തീ നാരദർഷിയെ. 10
ദേവർഷിയാം നാരദനോടടുത്തെത്തീട്ടു മന്നവൻ
വിധിക്കു കൈകൂപ്പി നിന്നിതവനോടോതി നാരദൻ. 11

നാരദൻ പറഞ്ഞു

രാജർഷേ, ലുപ്തഹർഷൻ[3] നീ ക്ഷേമമല്ലല്ലി സന്മതേ!
നീയെങ്ങുപോയെങ്ങുനിന്നീയപ്രീതിനില[4] വന്നതും? 12
ഞാൻ കേൾക്കാമെങ്കിൽ രാജാവേ, പറയൂ പാർത്ഥിവർഷഭ!
മററും യജ്ഞം ചെയ്യു നിൻെറ മന്യു തീർപ്പേൻ നരാധിപ! 13

വ്യാസൻ പറഞ്ഞു

ഈവണ്ണം നാരദമുനി പറഞ്ഞോരു മരുത്തനും
വിപ്രലംഭ[5]മുപാദ്ധ്യായൻ ചെയ്തതൊക്കെയുണർത്തിനാൻ. 14

മരുത്തൻ പറഞ്ഞു

ചെന്നേനംഗിരസൻ ദേവാചാര്യൻ വ്യാഴൻെറ മുൻപിൽ ഞാൻ
കാണ്മാൻ യജ്ഞത്തിനൃത്വിക്കെയെന്നെക്കൊണ്ടാടിയില്ലവൻ. 15
അവൻ തിരസ്കരിച്ചോൻ ഞാൻ ജീവിപ്പാനാഗ്രഹിച്ചിടാ
ഗുരുവാൽ ത്യക്തനായീ ഞാൻ ദൂഷിക്കപ്പെട്ടു നാരദ! 16

---

1 പിത്ര്യം നിൻ ക്ഷേത്രം = അച്ഛൻവഴി നിനക്കു യാഗം ചെയ്യിക്കാൻ അവകാശപ്പെട്ടവൻ. 2 ഉദ്വിഗ്നൻ = ദുഃഖിതൻ. 3 ലുപ്തഹർഷൻ = സന്തോഷമില്ലാത്തവൻ. 4 അപ്രീതിനില = അസന്തുഷ്ടി. 5 വിപ്രലംഭം = വഞ്ചന.

വ്യാസൻ പറഞ്ഞു

എന്നു രാജാവോതിയോരു നാരദൻ ചൊല്ലിയുത്തരം
ആവിക്ഷിതക്ഷിതിപനെ ജീവിപ്പിക്കും പ്രകാരമേ. 17

നാരദൻ പറഞ്ഞു

രാജാവേ, കേളാംഗിരസൻ സംവത്താഖ്യൻ സുധാമ്മികൻ
ദിക്കൊക്കച്ചുററിടുന്നുണ്ടു ദിഗ്വാസസ്സായ് മയക്കുവോൻ. 18
അവനിൽച്ചെല്ലെടോ വ്യാഴൻ യാജ്യനാക്കാതിരിക്കിൽ നീ
പ്രസന്നൻ യോഗി സംവത്തൻ നിൻെറ യജ്ഞം നടത്തിടും. 19

മരുത്തൻ പറഞ്ഞു

ഭവാൻ ജീവിപ്പിച്ചിതെന്നെയീ വാക്കാലയി നാരദ!
എങ്ങു സംവത്തനെക്കാണ്മേൻ ചൊന്നാലും വാഗ്മിസത്തമ! 20
അവനെങ്ങനെ നില്ക്കേണ്ടു കൈവിടില്ലെന്നെയെങ്ങനെ?
അവനും കൈവെടിഞ്ഞെന്നാൽ ജീവിപ്പാനാഗ്രഹിച്ചിടാ. 21

നാരദൻ പറഞ്ഞു

ഭ്രാന്തവേഷം ധരിച്ചിട്ടു ചുററുന്നു സുഖമായവൻ
ശ്രീകാശിയിൽ മഹാരാജ, ശിവനെക്കണ്ടുകൊള്ളുവാൻ. 22
ആപ്പുരദ്വാരമെത്തീട്ടങ്ങൊരേടം വെയ്ക്കെടോ ശവം
അതു കണ്ടാലൊഴിക്കുന്നോൻ സംവത്തൻതാൻ മഹീപതേ! 23
ആ വീര്യവാൻ പോകുമിടം പിൻപേ പോയീടണം ഭവാൻ
വിജനത്തിൽച്ചെന്നവനെക്കുപ്പിശ്ശരണമേല്ക്കണം. 24
നിന്നോടെന്നെച്ചൊന്നതാരാണെന്നു ചോദിപ്പതാകിലോ
സംവത്ത, നാരദൻ ചൊല്ലിയങ്ങെയിങ്ങെന്നുമോതണം. 25
അവനെന്നെപ്പിൻതുടരാൻവേണ്ടിച്ചോദിപ്പതാകിലോ
ഞാൻ വഹ്നിയിൽപ്പൂക്കിതെന്നു നിശ്ശങ്കം നീയുരയ്ക്കണം. 26

വ്യാസൻ പറഞ്ഞു

ആവാമെന്നായ് നാരദനോടേററോതിപ്പൂജചെയ്തവൻ
സമ്മതം വാങ്ങി രാജഷി ശ്രീകാശീപുരി പൂകിനാൻ. 27
അവിടെച്ചെന്നു ചൊന്നോണം പുരദ്വാരി പുകഴ്ന്നവൻ
ശവം വെച്ചു നാരദൻെറ മൊഴിയോമ്മിച്ചുകൊണ്ടു താൻ. 28
ഒപ്പമേ വിപ്രനും വന്നു പുരദ്വാരം കരേറിനാൻ
അപ്പോഠം ശവം പാത്തുകണ്ടിട്ടുടൻ പിന്മാറിനാനുടൻ. 29
തിരിക്കുമവനെക്കണ്ടു കുപ്പിപ്പിന്നാലെ കൂടിനാൻ
ആവിക്ഷിതമഹീപാലൻ സംവത്തൻ ശിഷ്യനാകുവാൻ. 30
വിജനത്തവനെക്കണ്ടിട്ടുവൻ പൊടികഠം ചേറുമേ
കഫവും തുപ്പലും മററുമേല്പിച്ചു മന്നവൻെറമേൽ. 31
സംവത്തനേവം ബാധിച്ചെന്നാലുമാദ്ധരണീപതി
കുപ്പി പ്രസാദിപ്പിപ്പോനായ് മുനിയെപ്പിൻതുടന്നുതേ. 32
പിന്നെത്തിരിച്ചു സംവത്തൻ തളന്നിട്ടങ്ങിരിപ്പുമായ്
കുളത്ത നിഴലൊത്തേറെക്കൊമ്പുള്ളാലിൻചുവട്ടിലായ്. 33

7. സംവത്തമരുത്തീയം—സംവത്തസ്വീകാരം

സംവത്തമരുത്തീയം (തുടച്ച്). സംവത്തൻ മരുത്തനെ പലവിധത്തിൽ പരീക്ഷിക്കുന്നു. ഒടുവിൽ ഇന്ദ്രനും ബൃഹസ്പതിക്കും പരാഭവം പററത്തക്കവിധം പ്രവത്തിക്കാമെന്ന് ഏററുപറഞ്ഞ സംവത്തൻ മരുത്തന്റെ യാഗത്തിൽ ഋത്വിക്കായിരിക്കാമെന്നു വാഗ്ദാനം ചെയ്യുന്നു.

സംവത്തൻ പറഞ്ഞു

എന്നെ നീയെങ്ങനെയറിഞ്ഞതിതാരാണു ചൊന്നവൻ?
ഇതെന്നോടു ശരിക്കോതുകെന്നിഷ്ടം നിരൂപിക്കിൽ നീ. 1
സത്യം ചൊന്നാൽ നിനക്കൊക്കും മനോരാജ്യങ്ങളൊക്കയും;
പൊളി ചൊന്നാൽ നിന്റെ തല നൂറായിട്ടു തകന്നിടും. 2

മരുത്തൻ പറഞ്ഞു

ഭവാനെ നാരദൻ ചൊല്ലിയെന്നോടു വഴിപോകവോൻ
ഗുരുപുത്രനെനിക്കങ്ങെന്നുത്തമപ്രീതിയുണ്ടു മേ. 3

സംവത്തൻ പറഞ്ഞു

സത്യം നീ ചൊല്ലി ഞാൻ ഛന്നനെന്നദ്ദേഹമറിഞ്ഞിടും
എന്നാലിതെന്നോടു ചൊല്ലുകിപ്പോളെവിടെ നാരദൻ? 4

മരുത്തൻ പറഞ്ഞു

ഭവാനെയെന്നോടരുളിച്ചെയ്ത ദേവഷിസത്തമൻ
പിന്നെയെന്നെസ്സമ്മതിപ്പിച്ചഗ്നിയിൽക്കയറീടിനാൻ. 5

വ്യാസൻ പറഞ്ഞു

ഇതു മന്നൻ ചൊന്ന കേട്ടു സംവത്തൻ മോദമാണ്ടവൻ
'ഇത്രത്തോളം ചെയ്യുവാൻ ഞാൻ പോരു'മെന്നരുളീടിനാൻ. 6
മരുത്തനോടുടൻ ഭ്രാന്തബ്രാഹ്മണൻ രൂക്ഷവാക്കിനാൽ
ഭർത്സിച്ചീടുംപോലെ വീണ്ടുവീണ്ടും മന്നവ, ചൊല്ലിനാൻ. 7

സംവത്തൻ പറഞ്ഞു

വാതക്കാരൻ തോന്നിവാസി വികൃതാകൃതിയാണു ഞാൻ
ഈയെന്നെക്കൊണ്ടു നീ യാഗംചെയ്യിക്കാനോപ്പതെങ്ങനെ? 8
എന്നണ്ണൻ മതിയായുള്ളോനിന്ദ്രനോടൊത്തു ചെന്നവൻ
യജിപ്പിപ്പാനിരിപ്പുണ്ടായവനാൽ ക്രിയ ചെയ്യുക. 9
ഗാർഹസ്ഥ്യവും യാജ്യതയും ഗൃഹദേവതമാരെയും
എന്നോടെന്നഗ്രജൻ തട്ടി വിട്ടതീയുടൽ മാത്രമേ. 10
അവന്റെ സമ്മതംകൂടാതാവിക്ഷിത, ഭവാനെ ഞാൻ
ഒരിക്കലും യജിപ്പിക്കില്ലദ്ദേഹം പൂജ്യനാണു മേ. 11
നീ ബൃഹസ്പതിയെക്കണ്ടു സമ്മതം വാങ്ങിയെത്തെടോ
പിന്നെ നിന്നെ യജിപ്പിക്കാം യജിക്കാനാഗ്രഹിക്കിൽ ഞാൻ.

മരുത്തൻ പറഞ്ഞു

മുന്നം വ്യാഴത്തിനെക്കണ്ടേനീ ഞാൻ സംവത്ത, കേളതും
യാജ്യനായെന്നെയിച്ഛിപ്പീലവൻ വാസവകാമ്യ*യാൽ. 13

* വാസവകാമ്യ = ഇന്ദ്രന്റെ അപേക്ഷ.

"അമർത്ത്യൻ യാജ്യനല്ലോൻ ഞാൻ യജിപ്പിക്കില്ല മർത്ത്യനെ."
ഇന്ദ്രൻ തടുത്തിതു 'യജിപ്പിക്കൊലാ നീ മരുത്തനെ. 14
വിപ്ര, ഞാനായ്‌ത്തിരക്കീടുന്നുണ്ടാപ്പാർത്ഥിവനെപ്പൊഴും.'
ആവട്ടെയെന്നു നിന്നങ്ങുന്നാ വലാരിയോടോതിനാൻ. 15
പ്രേമത്താൽച്ചെന്നിടുന്നെന്നെ യാജ്യനായ്ക്കൊൾവതില്ലവൻ
ദേവേന്ദ്രനെപ്പറ്റിനിന്നിട്ടതോർക്ക മുനിപുംഗവ! 16
ആ ഞാൻ ഭവാനാൽ സർവ്വംകൊണ്ടിച്ഛിക്കുന്നേൻ യജിക്കുവാൻ
ഇന്ദ്രനെക്കയറാ[1]നോർപ്പേൻ നീ വരുത്തും ഗുണങ്ങളാൽ. 17
ബ്രഹ്മൻ, വ്യാഴത്തിന്റെ മുൻപിൽച്ചെൽവാൻ തോന്നുന്ന—
കുറ്റംകൂടാതെയദ്ദേഹം തള്ളിവിട്ടവനാണു ഞാൻ. [തില്ലമേ

സംവർത്തൻ പറഞ്ഞു

ആട്ടേ, നീയേവമോർത്തീടിൽ നിനക്കൊക്കയുമൊത്തിടും
എനിക്കൊക്കുമഭിപ്രായമൊക്ക നീ ചെയ്കിൽ മന്നവ! 19
ഞാൻ യജിപ്പിച്ചിടും നിന്നെ വ്യാഴവും ദേവരാജനും
ദ്വേഷിച്ചീടും ക്രുദ്ധരായിട്ടിതൊന്നങ്ങു നടത്തണം. 20
എനിക്കുറപ്പാംവണ്ണം നീ നിശ്ശങ്കം ചെയ്തുകൊള്ളണം
ഞാൻ സബാന്ധവനാം നിന്നെ ക്രുദ്ധനായ് ഭസ്മമാക്കൊലാ. 21

മരുത്തൻ പറഞ്ഞു

സൂര്യൻ തപിക്കുംവരെ മാമല നില്ക്കുന്ന നാൾവരെ
എനിക്കു വേണ്ടാ ലോകങ്ങൾ സംഗത[2]ത്തെ ത്യജിക്കുകിൽ. 22
ശുഭബുദ്ധിതപമെനിക്കുണ്ടായീടേണ്ടൊരിക്കലും
വിഷയാസംഗിയായ്ക്കോട്ടേ സംഗതത്തെ ത്യജിക്കുകിൽ. 23

സംവർത്തൻ പറഞ്ഞു

ആവിക്ഷിത, ക്രിയകളിൽ ശുഭബുദ്ധി നിനക്കു കേൾ
ഈ യാജനമെനിക്കുള്ളിലുള്ളതാകുന്നു മന്നവ! 24
രാജാവേ, നിന്നൊടോതാം ഞാനുത്തമദ്രവ്യമക്ഷയം
അതിനാൽ നീ കീഴിലാക്കും ദേവഗന്ധർവ്വശക്രരെ. 25
എനിക്കർത്ഥത്തിലും യാജ്യന്മാരിലും കാംക്ഷയില്ലെടോ
വിപ്രിയം ചെയ്തുകൊൾവേൻ ഞാനെന്നാലണ്ണനുമിന്ദ്രനും 26
നിന്നെദ്ദേവേന്ദ്രനു കിടയാക്കീടുന്നുണ്ടു ഞാൻ ദൃഢം
നിനക്കിഷ്ടം ചെയ്തുകൊൾവേൻ സത്യമേറ്റു പറഞ്ഞു ഞാൻ. 27

1 കയറുക=അതിക്രമിക്കുക. 2 സംഗതം=പറഞ്ഞ വാക്ക്; കൂട്ടുകെട്ട്.

8. സംവത്തമരുത്തീയം—മഹാദേവസ്തവം

സംവത്തമരുത്തീയം (തുടച്ച്). സംവത്തൻ ഉപദേശിച്ച മഹാദേവസ്തവംകൊണ്ടു പ്രീതനായ ശിവനിൽനിന്ന മരുത്തൻ ധാരാളം സമ്പത്തു സമ്പാദിക്കുന്നു. സഹോദരനായ സംവത്തൻെറ ഉത്കഷത്തെപ്പററിക്കേട്ടു് അസൂയാലുവായി സങ്കടപ്പെട്ടുകൊണ്ടിരുന്ന ബൃഹസ്പതിയെ ദേവേന്ദ്രൻ ചെന്നു കാണുന്നു.

സംവത്തൻ പറഞ്ഞു

ഹിമാചലത്തിന്മേലുണ്ടു മുഞ്ജവാനെന്ന പവ്വതം
അങ്ങുണ്ടെന്നും തപിക്കുന്നൂ ഭഗവാനാമുമാപതി. 1
മാമരങ്ങടെ മൂലത്തിൽക്കടശ്രുംഗങ്ങളിങ്കലും
ശൈലേന്ദ്രഗത്തങ്ങളിലും കാമം പോലെ യഥാസുഖം. 2
ഉമാസഹായൻ ഭഗവാനങ്ങു നിത്യം മഹേശ്വരൻ
തേജസ്വിയാം ശൂലി വാഴ്വൂ പല ഭൂതഗണത്തൊടും. 3
അവിടെസ്സാദ്ധ്യരുദ്രന്മാർ വിശേവദേവവസുക്കളും
യമൻ വരുണനവ്വണ്ണം കൂട്ടരൊത്തു കുബേരനും 4
പരം ഭൂതപിശാചുക്കൾ നാസത്യന്മാർകളശ്വികൾ
ഗന്ധവ്വപ്സരസ്ത്രീകൾ യക്ഷർ ദേവഷിമാർകളും 5
ആദിത്യന്മാർ മരുത്തുക്കൾ മുററുമേ യാതുധാനരും
ഉപാസിപ്പൂ മഹാത്മാവാം ബഹുരൂപനുമേശനെ. 6
രമിപ്പിതങ്ങു ഭഗവാൻ കുബേരന്നനുയായികൾ
വികൃതാകാരർ വികൃതർ കളിപ്പോരൊത്തു മന്നവ! 7
ശ്രീയാൽ ജ്വലിപ്പോൻ കാണാകും ബാലാദിത്യസമപ്രഭൻ.
അവൻെറ രൂപം സംസ്ഥാനമിവയൊന്നുമൊരിക്കലും 8
ചൊല്ലാവല്ലാ മാംസദൃഷ്ടിപ്രാകൃതപ്രാണിമാർകളാൽ.
ചൂടില്ലങ്ങു തണുപ്പില്ലാ കാററില്ലില്ലാ ദിവാകരൻ 9
ജരയില്ലില്ല പൈദാഹം ചാക്കില്ലില്ലാ ഭയം നൃപ!
മുററുമാശ്ശൈലപാശ്ശങ്ങൾതോറുമേ ജയിസത്തമ! 10
സുവണ്ണധാതുക്കളുണ്ടിങ്ങക്കരശ്മികൾ പോലവേ
അവ കാപ്പൂ കുബേരൻെറ തുണക്കാരുദ്യതായുധർ* 11
മഹാത്മാവാം കുബേരൻതൻ പ്രിയം ചെയ്വാൻ മുതിന്നവർ.
നമിച്ചാമ്പ് ഭഗവാനങ്ങു വേധസ്സിന്നങ്ങു ശവ്വനും 12
രുദ്രന്നു ശിതികണ്ഠന്നു സുരൂപന്നു സുവച്ചനും
കപദ്ദിക്കു കരാളന്നു ഹര്യക്ഷൻ വരദന്നുമേ 13
ത്ര്യക്ഷന്നു പൂഷദന്തഘ്നൻ വാമനന്നു ശിവന്നുമേ
യാമ്യന്നവ്യക്തരൂപന്നു സദ്വൃത്തൻ ശങ്കരന്നുമേ 14
ക്ഷേമ്യന്നു ഹരികേശന്നാ സ്ഥാണുവന്ന പുരുഷന്നുമേ

---

* ഉദ്യതായുധർ = ആയുധം ഓങ്ങി നില്ക്കുന്നവർ; ആയുധധാരികൾ.

ഹരിനേത്രന്നു മുണ്ഡന്നാ കൃശന്നുത്താരണന്നുമേ 15
ഭാസ്വരന്നു സുതീൎത്ഥന്നു ദേവദേവന്നു ബ്രഹ്മനും
ഉഷ്ണീഷിക്കു സുവക്ത്രന്നു സഹസ്രാക്ഷന്നു മീഢ്വനും 16
ഗിരീശന്നാ പ്രശാന്തന്നു യതിക്കും ചീരവാസനും
വില്വദണ്ഡന്നു സിദ്ധന്നു സൎവ്വദണ്ഡധരന്നുമേ 17
മൃഗവ്യാധന്നാ മഹാന്നു ധന്വിക്കേവം ഭവന്നുമേ
വരന്നു സോമവക്ത്രന്നു സിദ്ധമന്ത്രന്നു ദൃക്കിനും 18
രാജൻ, ഹിരണ്യബാഹ്വന്നുഗ്രന്നും ദിക്പതിക്കുമേ
ലേലിഹാനന്നു ഗോഷ്ഠന്നു വിഷ്ണുവെസ്സിദ്ധമന്ത്രനും 19
നമസ്കാരം പശുപതിക്കേവം ഭൂതപതിക്കുമേ
വൃഷന്നു മാതൃഭക്തന്നു സേനാന്യൻ മദ്ധ്യമന്നുമേ 20
സ്രുവഹസ്തന്നാപ്പതിക്കും ധന്വിക്കും ഭാൎഗ്ഗവന്നുമേ
അജന്നു കൃഷ്ണനേത്രന്നു വിരൂപാക്ഷന്നുമങ്ങനെ 21
തീക്ഷ്ണദംഷ്ട്രന്നു തീക്ഷ്ണന്നു വൈശ്വാനരമുഖന്നുമേ
മഹാദ്യുതിക്കനംഗന്നു ശൎവ്വന്നാ ദിക്പതിക്കുമേ 22
വിലോഹിതന്നു ദീപ്തന്നു ദീപ്താക്ഷന്നു മഹൌജനും
വസുരേതസ്സിന്നു പൃഥുവപുസ്സാം കൃത്തിവാസനും 23
കപാലമാലിക്കവ്വൎണ്ണം സുവൎണ്ണമകുടന്നുമേ
മഹാദേവന്നു കൃഷ്ണന്നും ത്ര്യംബകന്നനഘന്നുമേ 24
ക്രോധനന്നനൃശംസന്നും ബാഹുശാലി മുദ്ഗനുമേ
ദണ്ഡിക്കു തപ്തതപനും ക്രൂരകൎമ്മാവിനും ശരി 25
സഹസ്രശീൎഷന്നവ്വൎണ്ണം സഹസ്രചരണന്നുമേ
നമസ്കാരം സ്വധാത്മന്നു ദംഷ്ട്രിക്കു ബഹുരൂപനും 26
പിനാകിയാം മഹാദേവൻ മഹായോഗീശനവ്യയൻ
ത്രിശൂലഹസ്തൻ വരദൻ ത്ര്യംബകൻ ഭുവനേശ്വരൻ 27
ത്രിപുരഘ്നൻ ത്രിനയനൻ ത്രിലോകേശൻ മഹൌജനും
സൎവ്വഭൂതപ്രഭവനാദ്ധാരണൻ ധരണീധരൻ 28
ഈശാനൻ ശങ്കരൻ സൎവ്വൻ ശിവൻ വിശ്വേശ്വരൻ ഭവൻ
ഉമാപതീ പശുപതി വിശ്വരൂപൻ മഹേശ്വരൻ 29
വിരൂപാക്ഷൻ ദശഭുജൻ ദിവ്യഗോവൃഷഭധ്വജൻ
ഉഗ്രൻ സ്ഥാണു ശിവൻ രൌദ്രൻ ശൎവ്വൻ ഗൌരീശനീശ്വരൻ 30
ശിതികണ്ഠനജൻ ശുക്രൻ പൃഥു, പൃഥുഹരൻ ഹരൻ
വിശ്വരൂപൻ വിരൂപാക്ഷൻ ബഹുരൂപനുമാപതി 31
ചതുൎമ്മുഖൻ മഹാദേവനനംഗാംഗഹരൻ ഹരൻ
ശരണ്യൻ ശരണംതാനെന്നണയൂ തല താഴ്ത്തി നീ. 32
രംഹസ്സാമാ മഹാദേവന്നേവം ചെന്നു നമിക്കിലോ
മഹാത്മാവിന്നു ഭൂപാല, നീയാ സ്വൎണ്ണത്തെ നേടിടും; 33

സ്വർണ്ണം കൊണ്ടുവരാനങ്ങു ചെല്ലട്ടേ നിൻെറയാളുകൾ.

വ്യാസൻ പറഞ്ഞു

എന്നവൻ ചൊല്ലിയ മൊഴി ചെയ്തു കാരന്ധമാത്മജൻ 34
അതിമാനുഷമായ് മുററും താൻ ചെയ്തു യജ്ഞസംവിധി;
സുവർണ്ണംകൊണ്ടു ഭാണ്ഡങ്ങ*ളുണ്ടു നിർമ്മിച്ചു ശില്പികൾ. 35
ആ മരുത്തക്ഷിതീശനു വാനോരെക്കാട്ടിൽ മേലെയായ്
സമൃദ്ധി കേട്ടു സന്താപം പൂണ്ടാനേവം ബൃഹസ്പതി. 36
അവൻ തപിച്ചു വിളറി മെലിഞ്ഞായ്ത്തീർന്നിതേററവും
'എൻ ശത്രുവായ സംവർത്തൻ ധനിയായ്ത്തീരു'മെന്നു താൻ. 37
ആ ബൃഹസ്പതി സന്താപം പൂണ്ടതായ് കേട്ടു വാസവൻ
വാനോരുമൊന്നിച്ചു ചെന്നു കണ്ടിട്ടിങ്ങനെ ചൊല്ലിനാൻ. 38

9. സംവർത്തമരുത്തീയം—അഗ്നിശക്രസംവാദം

സംവർത്തമരുത്തീയം (തുടച്ച്). സംവർത്തനെക്കൊണ്ടു മരുത്തൻെറ യാഗം നടത്തിക്കരുതെന്നു് ബൃഹസ്പതി ഇന്ദ്രനോടപേക്ഷിക്കുന്നു. ബൃഹസ്പതിയെക്കൊണ്ടുതന്നെ യാഗം നടത്തിക്കണമെന്നുള്ള സന്ദേശവുമായി ഇന്ദ്രൻ അഗ്നിയെ മരുത്തൻെറ അടുക്കലേക്കയയ്ക്കുന്നു. ദേവന്മാരുടെ യാഗം നടത്തിക്കാറുള്ള ബൃഹസ്പതി ഒരു മനുഷ്യൻെറ യാഗം നടത്തുന്നതു ശരിയല്ലെന്നുള്ള പരിഹാസഗർഭമായ മറുപടിയുംകൊണ്ടു് അഗ്നി തിരിയെപ്പോകുന്നു. ഒരിക്കൽക്കൂടി മരുത്തൻെറ അടുക്കലേക്കു് അഗ്നിയെ പറഞ്ഞയയ്ക്കാനുള്ള ഇന്ദ്രൻെറ ശ്രമം വിഫലമാകുന്നു.

ഇന്ദ്രൻ പറഞ്ഞു

ബൃഹസ്പതേ, സുഖമല്ലല്ലി നിദ്ര?
നിൻ ഭൃത്യന്മാർ നല്ലവരല്ലയല്ലീ?
വാനോർക്കു വിപ്ര, സുഖമിച്ഛിപ്പതല്ലീ?
വാനോർ നിന്നെക്കാത്തിടുന്നില്ലയല്ലീ? 1

ബൃഹസ്പതി പറഞ്ഞു

സുഖം കിടപ്പേൻ മെത്തമേൽ ദേവരാജ!
മൽ ഭൃത്യന്മാർ നല്ലവർതന്നെയെല്ലാം
വാനോർക്കും ഞാൻ സുഖമിച്ഛിപ്പു നിത്യം
വാനോരെന്നെദ്ദൃഢമായ് കാത്തിടുന്നു. 2

ഇന്ദ്രൻ പറഞ്ഞു

എന്തേ ദുഃഖം മാനസം ദൈഹികം താ—
നങ്ങെന്തിപ്പോൾ വാടി വിളർത്തു പോയീ?
എന്നോടോതു ബ്രാഹ്മണ, നിൻെറ ദുഃഖ—
കർത്താക്കളെക്കൊല്ലുവൻ മുററുമീ ഞാൻ. 3

---

* ഭാണ്ഡങ്ങൾ = പാത്രങ്ങൾ.

ബൃഹസ്പതി പറഞ്ഞു

കേശംപ്പൂ മരുത്തൻ മഘവാവേ, യജിപ്പൂ
മഹായജ്ഞം മുഖ്യമായ് ദക്ഷിണാഢ്യം
കേട്ടേൻ യജിപ്പിപ്പൂ സംവത്തനെന്നും
യജിപ്പിക്കൊല്ലവനെന്നെൻെറ മോഹം. 4

ഇന്ദ്രൻ പറഞ്ഞു

മുററും കാമം പൂണ്ടവനങ്ങു വിപ്ര!
വാനോക്കു നീ മാന്ത്രികാചാര്യനല്ലോ;
ഒഴിഞ്ഞവൻ ജരയും മൃത്യുവും നീ
സംവത്തനങ്ങെന്തു ചെയ്യുന്നു വിപ്ര! 5

ബൃഹസ്പതി പറഞ്ഞു

വാനോരൊടും നീ ദൈത്യരെത്തച്ചൊഴിച്ചു
കൊൽവാനുന്നുന്നില്ലയോ കൂട്ടമോടേ
അങ്ങായതിൽ പുഷ്ടരായ്ക്കാണുവോരെ
സപത്നരിൽപ്പുഷ്ടിതാൻ ദുഃഖമല്ലോ. 6
അതാണു ദേവേന്ദ്ര, വിവർണ്ണനായ് ഞാ–
നങ്ങെൻ സപത്നൻ* വളരുന്നെന്നു കേശക്കേ
എല്ലാംകൊണ്ടും മഘവൻ, നീയടക്കൂ
സംവത്തനെത്താൻ മന്നമരുത്തനെത്താൻ. 7

ഇന്ദ്രൻ പറഞ്ഞു

വത്രു ചെയ്യൂ, ഞാനയച്ചഗ്നിദേവൻ
മരുത്തന്നായ് വ്യാഴനേ നല്ലവാനായ്
''യജിപ്പിക്കും നിന്നെയീ വ്യാഴമെന്നു–
മമർത്ത്യനാക്കിക്കൊള്ളുമേ നിന്നെ''യെന്നും. 8

അഗ്നി പറഞ്ഞു

ഞാൻ പോകുന്നേൻ ഭഗവൻ, ദൂതിനിപ്പോശം
മരുത്തന്നായ് വ്യാഴനെ നല്ലവാനായ്
ഇന്ദ്രൻെറ വാക്യം സത്യമാക്കീടുവാനും
ബൃഹസ്പതിക്കും സുപ്രിയം ചെയ്യുവാനും. 9

വ്യാസൻ പറഞ്ഞു

പിന്നെച്ചെന്നു മഹിതൻ ധൂമകേതു
വനം മുററും വള്ളികളും മഥിപ്പോൻ
കാമാൽ വേനൽക്കിളകിപ്പാരമേന്തി–
പ്പരന്നീടും കാററിനെപ്പോലെയാത്തും. 10

മരുത്തൻ പറഞ്ഞു

ആശ്ചര്യമിപ്പോശംക്കാണുന്നേൻ മൂർത്തിമാൻ വഹ്നി വന്നതായ്
ആസനം സലിലം പാദ്യം ഗോവും നല്കുക മാമുനേ! 11

---

* സപത്നൻ=എതിരാളി.

അഗ്നി പറഞ്ഞു

ആസനം സലിലം പാദ്യം സ്വീകരിച്ചേനിഹാനഘ!
അറികിന്ദ്രൻ ചൊല്ലിവിട്ട ദൂതനായ് വന്നതാണു ഞാൻ. 12

മരുത്തൻ പറഞ്ഞു

ശ്രീമാൻ ദേവേന്ദ്രൻ സുഖിയല്ലല്ലിയെന്നിൽ
പ്രീതിപ്പെട്ടുന്നില്ലയോ ധൂമകേതോ!
ഇവന്നു വാനോർ ശരിയായ് പാട്ടിലല്ലീ
ചൊന്നാലുമെന്നോടൊക്കയുമങ്ങു ദേവ! 13

അഗ്നി പറഞ്ഞു

ശക്രൻ പാരം സുഖിതൻ മന്നവേന്ദ്ര!
നീയായ് നിനപ്പുണ്ടജരപ്രീതിയേയും
വാനോരെല്ലാം പാട്ടിലവന്നു രാജൻ!
സന്ദേശം നീ കേൾക്ക ദേവേശ്വരൻെറ. 14
എന്തിന്നെന്നേ നിന്നടുക്കൽക്കയച്ചൂ
മരുത്തന്നായ് വ്യാഴനെ നല്കുവാനായ്
ഈയാചാര്യൻ നൃപ, നിന്നേ യജിപ്പി–
ക്കമർത്ത്യനാക്കും മർത്ത്യനാം നിന്നെയെന്നാൽ. 15

മരുത്തൻ പറഞ്ഞു

ഈസ്സംവർത്തദ്വിജനെന്നേ യജിപ്പി–
ച്ചീടും വ്യാഴന്നിത ഞാൻ കൈതൊഴുന്നേൻ
ദേവേന്ദ്രനെത്താൻ യജിപ്പിച്ച യോഗ്യൻ
യജിപ്പിച്ചാൽ മർത്ത്യനെബ്ഭംഗിയാകാ. 16

അഗ്നി പറഞ്ഞു

വാനോർനാട്ടിൽ ശ്ലാഘ്യലോകങ്ങളെല്ലാം
നീ നേടുമേ ദേവരാജപ്രസാദാൽ
നിന്നേ വ്യാഴം യാജനംചെയ്യതായാൽ
സ്വർഗ്ഗം ജയിക്കും നിയതം കീർത്തിമാൻ നീ. 17
പരം ലോകം മാനുഷം ദിവ്യമേവം
വൻപിൽ പ്രാജാപത്യവും മററുമെല്ലാം
നീ നേടുമേ ദേവരാജ്യം മുഴക്കെ
വ്യാഴം യജിപ്പിപ്പതായാൽ നരേന്ദ്ര! 18

സംവർത്തൻ പറഞ്ഞു

നീ ചെററുമേവം വന്നുപോകൊല്ല മേലിൽ
മരുത്തനായ് വ്യാഴനേ നല്കുവാനായ്
സംക്രുദ്ധൻ ഞാൻ ക്രൂരനോട്ടത്തിനാലേ
നിന്നെച്ചുടേണ്ടാ പാവക, നീ ധരിക്കു. 19

വ്യാസൻ പറഞ്ഞു

ഉടൻ വാനോരിൽച്ചെന്നിതാധൂമകേതു
ദാഹത്രാസാ*ലാലിലപോലുലഞ്ഞോൻ

* ദാഹത്രാസാൽ = ദഹിച്ചുപോകുമെന്ന പേടികൊണ്ട്.

ശക്രൻ ചൊന്നാനവനെപ്പാർത്തു വൻപൻ
വ്യാഴത്തിന്റെ മുന്നിലാ വഹ്നിയോടായ്. 20

ഇന്ദ്രൻ പറഞ്ഞു

നീ ചെന്നല്ലോ ചൊല്ലിവിട്ടിട്ടു വഹ്നേ!
മരുത്തന്നായ് വ്യാഴനേ നല്കുവാനായ്
യജ്ഞം തുടങ്ങുന്നായവനെന്തു ചൊല്ലീ
പറഞ്ഞോരാ വാക്കു കൈക്കൊൾവതില്ലേ? 21

അഗ്നി പറഞ്ഞു

നിൻ വാക്കു കൈക്കൊൾവതില്ലാ മരുത്തൻ
ബൃഹസ്പതിക്കഞ്ജലി തന്നിതായാം
സംവർത്തനെന്നേ യാജനം ചെയ്യുമെന്നാൻ
വീണ്ടും വീണ്ടും ഞാനിരന്നോതുവോതും. 22
പറഞ്ഞിതേവം 'മാനുഷം ദിവ്യമേററം
മഹൽപ്രാജാപത്യലോകം സമസ്തം
കിടക്കിലും ഞാനവനായ്ക്കരാറു
ചെയ്തിട്ടിച്ഛിപ്പീല'യെന്നങ്ങുറച്ചോൻ. 23

ഇന്ദ്രൻ പറഞ്ഞു

വീണ്ടും പോയാ മന്നനെച്ചെന്നു കണ്ടീ
സ്വാർത്ഥം ചേരുന്നെന്റെ വാക്കങ്ങു നൽകു
വീണ്ടും ചൊല്ലെച്ചൊല്ല കേളാതിരിക്കി—
ലാ നിന്റെമേൽ വിട്ടവേൻ വജ്രമീ ഞാൻ. 24

അഗ്നി പറഞ്ഞു

ഗന്ധർവ്വരാജൻ ദൂതനായങ്ങു പോട്ടേ
പേടിപ്പേൻ ഞാനങ്ങു ചെൽവാൻ സുരേന്ദ്ര!
സംരബ്ധനെന്നോടോതിനാൻ തീക്ഷ്ണരോഷൻ
വാക്കാസ്സംവർത്തൻ ബ്രഹ്മചര്യം ചരിച്ചോൻ. 25
''നീ വീണ്ടുമെങ്ങാനുമിങ്ങോട്ടു വന്നാൽ
മരുത്തന്നായ് വ്യാഴനെ നല്കുവാനായ്
സംക്രുദ്ധനായ് ക്രൂരനോട്ടത്തിൽ നിന്നെ—
ദ്ദഹിപ്പിപ്പേ''നെന്നതൊന്നോക്ക ശക്ര! 26

ശക്രൻ പറഞ്ഞു

നീയന്യരെച്ചുടവോനാണു വഹ്നേ!
നിന്നേ മററില്ലാരുമേ ഭസ്മമാക്കാൻ
പേടിച്ചു നീയേല്പതിൽ സർവ്വലോക—
മവിശ്വാസ്യം ചൊല്ലി നീ ഹവ്യവാഹ! 27

അഗ്നി പറഞ്ഞു

ദേവേന്ദ്ര, വിണ്ണും ഭൂമിയും മററുമേ നീ
വ്യാപിപ്പീലേ സ്വബലത്താലെ ശക്ര!
ഇമ്മട്ടെഴും നിന്നിൽനിന്നെന്തുകൊണ്ടി—
ട്ടീ വൃത്രൻതാൻ ത്രിദിവം പണ്ടെടുത്തു? 28

ഇന്ദ്രൻ പറഞ്ഞു

ഞാൻ കൈക്കൊള്ളാ ഗണ്ഡികാകാരയോഗം
കുടിക്കാ ഞാനരിസോമത്തെ വഹ്നേ!
ബലം കുറഞ്ഞോനിൽ വിടില്ല വജ്ര—
മാരെൻ സുഖാർത്ഥം പ്രഹരിക്കുന്നു മർത്ത്യൻ. 29

മന്നിൽക്കാലേയരെയോടിക്കുവേൻ ഞാൻ
ദൈത്യന്മാരേ വാനിൽനിന്നിട്ടൊഴിപ്പേൻ
പ്രഹ്ലാദനും വിണ്ണു ഞാൻ പോക്കിവിട്ടേ—
നാരെൻ സുഖാർത്ഥം പ്രഹരിക്കുന്നു മർത്ത്യൻ. 30

അഗ്നി പറഞ്ഞു

ശര്യാതിയെച്ച്യവനൻ യാജനംചെ—
യ്തന്നശ്വിമാരൊത്തു നീ സോമമേററൂ
ചൊടിച്ചു നീ മുൻപവനെത്തടഞ്ഞൂ
മഹേന്ദ്ര, ശര്യാതിമഖത്തെയോർക്കൂ. 31

വജ്രം കഠോരം ച്യവനന്റെ നേരേ
പുരന്ദര, പ്രഹരിച്ചില്ലയോ നീ?
ആ വിപ്രനോ വജ്രമോടൊത്തു നിൻ കൈ
തടഞ്ഞില്ലേ തൻ തപസ്സാൽ ചൊടിച്ചോൻ? 32

പരം രോഷാൽ മുററുമേ ഘോരരൂപ—
സപത്നനെത്തീർത്തില്ലേ നിനക്കായ്?
നീയാ മദാസുരനേ വിശ്വരൂപ—
മാണ്ടുള്ളോനെക്കണ്ടു കൺ ചിമ്മിയല്ലോ. 33

ആ ദൈത്യന്നോ താടിയൊന്നൂഴിയിങ്കൽ
വായിന്റെ മറേറപ്പുറമോ വാനിലല്ലോ
പല്ലായിരം യോജന നൂറു നീളെ
മഹാതീക്ഷ്ണം ഘോരരൂപത്തിലല്ലോ. 34

തടിച്ചുരുണ്ടും രജതത്തൂണുപോലെ—
യാർത്തംഷ്ട്ര നാലുണ്ടിരുനൂർ യോജനത്താൽ
പല്ലും കടിച്ചവനോ നിന്റെ നേക്കു
കൊല്ലാൻ പാഞ്ഞൂ ഘോരമാം ശൂലമോങ്ങി. 35

ആഘോരനെക്കണ്ടിതല്ലോ ഭവാന—
ന്നെല്ലാരുമാക്കാഴ്ചയിൽക്കണ്ടു നിന്നെ
തത്ഭീതനായ് നീ ശരണം പുക്കിതല്ലോ
കൈക്കൂപ്പിയാ മുനിയെദ്ദാനവഘ്ന! 36

ക്ഷാത്രത്തേക്കാൾ മേലെയാം ബ്രഹ്മവീര്യം
ബ്രഹ്മത്തിലും മേലെയായൊന്നുമില്ലാ;
ആ ഞാൻ ശരിക്കാ ബ്രഹ്മതേജസ്സറിഞ്ഞോൻ
സംവർത്തനേ വെൽവതോപ്പീല ശക്ര! 37

10. സംവത്തമരുത്തീയം—മരുത്തയജ്ഞകഥനം

സംവത്തമരുത്തീയം (തുടച്ച്). ഇന്ദ്രന്റെ സന്ദേശവുംകൊണ്ടു് ധൃതരാഷ്ട്രൻ എന്ന ഗന്ധർവ്വൻ മരുത്തനെ സമീപിച്ച് ഭഗ്നാശനായിമടങ്ങുന്നു. ക്രുദ്ധനായ ഇന്ദ്രൻ യജ്ഞം മുടക്കാനായി സപരിവാരം യജ്ഞവാടത്തിലേക്കു പുറപ്പെടുന്നു. സംവത്തൻ അവരെയെല്ലാം സ്തംഭിപ്പിക്കുന്നു. ഒടുവിൽ സംവത്തനാൽ സൽകൃതനും പൂജിതനുമായ ഇന്ദ്രൻ ദേവന്മാരോടുകൂടി നേരിട്ടു് ഹവിർഭാഗം സ്വീകരിക്കുന്നു. അന്നു മരുത്തൻ ശേഖരിച്ച ധനം ഇന്നും അവിടെ കിടപ്പുണ്ടെന്നും അതു വരുത്തി അശ്വമേധം നടത്തിയാൽ മതിയെന്നും പറഞ്ഞു് വ്യാസൻ മരുത്തോപാഖ്യാനം ഉപസംഹരിക്കുന്നു.

ഇന്ദ്രൻ പറഞ്ഞു

ഇമ്മട്ടുതാൻ മേലെയാം ബ്രഹ്മവീര്യം
ബ്രഹ്മത്തെക്കാൾ മേലെയായൊന്നുമില്ലാ
ആവിക്ഷിതൻതന്റെ ബലം പൊറുക്കി-
ല്ലവന്റെമേൽ ഘോരവജ്രം വിടും ഞാൻ. 1

ധൃതരാഷ്ട്ര*, ചെല്ലു ഞാനയച്ചോൻ, മരുത്തൻ
സംവത്തനോടൊത്തിരിപ്പോത്തു ചൊല്ലു
''രാജൻ, വ്യാഴത്തെഗ്ഗുരുവാക്കീടെടോ നീ-
യല്ലെങ്കിലോ ഘോരവജ്രം വിടും ഞാൻ.'' 2

വ്യാസൻ പറഞ്ഞു

ഉടൻ ചെന്നാ ധൃതരാഷ്ട്രൻ നരേന്ദ്രൻ-
തന്നോടോതീ വാസവൻ ചൊന്ന വാക്യം. 3

ധൃതരാഷ്ട്രൻ പറഞ്ഞു

ഗന്ധർവ്വൻ ഞാൻ ധൃതരാഷ്ട്രൻ ധരിക്ക
നിന്നോടു ചൊൽവാൻ വന്നിരിപ്പു നരേന്ദ്ര!
ദേവേന്ദ്രവാക്യം കേൾക്ക നീ രാജസിംഹ!
മഹാത്മാവാം ലോകനാഥന്റെയാജ്ഞ: 4

''വ്യാഴത്തെ നീ യാജകനായ് വരിക്ക-
കല്ലെങ്കിലോ ഘോരവജ്രം വിടും ഞാൻ
നീയീ ഞാൻ ചൊന്നതു ചെയ്യായ്കിലെന്ന-
മചിന്ത്യകർമ്മാവി''തിവണ്ണമോതി. 5

മരുത്തൻ പറഞ്ഞു

അറിഞ്ഞിരിപ്പുണ്ടങ്ങുമിതിന്ദ്രനും താൻ
വിശ്വേദേവാശ്വികളേവം വസുക്കൾ
മിത്രദ്രോഹത്തിൽ മറുകൈയില്ല പാരിൽ
മഹാപാപം ബ്രഹ്മഹത്യയ്ക്കു തുല്യം. 6

യജിപ്പിപ്പു വ്യാഴമാദ്ദേവരാജ-
മഹേന്ദ്രനേ വജ്രഭൃദ്വര്യനെത്താൻ

* ധൃതരാഷ്ട്രൻ = ആ പേരുള്ള ഒരു ദേവഗന്ധർവ്വൻ.

സംവർത്തനെന്നേ യാജനം ചെയ്‌വൂ രാജൻ!
നിൻ വാക്കവൻ ചൊന്നതു ഞാനെടുക്കാം. 7

ഗന്ധർവ്വൻ പറഞ്ഞു

ആകാശത്തങ്ങാർത്തിടും വാസവന്റെ
ഘോരാരാവം കേളെടോ രാജസിംഹ!
വജ്രം വിടും സുദൃഢം നിങ്കലിന്ദ്രൻ
ക്ഷേമം ചിന്തിക്കു നൃപ, നീ കാലമായീ. 8

വ്യാസൻ പറഞ്ഞു

എന്നീവണ്ണം ധൃതരാഷ്ട്രൻ പറഞ്ഞോ–
നാക്കുന്നിന്ദ്രാരാവവും കേട്ടു മന്നൻ
തപോനിത്യൻ ധർമ്മവാന്മാരിൽ മുൻപാ–
മാസ്സംവർത്തൻ തന്നോടിക്കാര്യമോതീ. 9

മരുത്തൻ പറഞ്ഞു

ഈയാത്മാവുണ്ടുഴലും മട്ടിലേററം
കാണുന്നില്ലാ വഴി ദൂരത്തിലിപ്പോം
വിപ്രേന്ദ്ര, നിന്നാൽ ശർമ്മമേല്ക്കേണമേ ഞാൻ
തന്നാലുമിങ്ങഭയം വിപ്രമുഖ്യ! 10

ഇതാ വരുന്നുണ്ടു വജ്രി പത്തു ദിക്കും വിളക്കിയും
ഘോരമാനുഷനിങ്ങുണ്ടു വിറപ്പിപ്പൂ സദസ്യരെ. 11

സംവർത്തൻ പറഞ്ഞു

ഭയം വേണ്ടാ ശക്രനിൽനിന്നു രാജൻ!
ഞാനിപ്പോഴീഘോരഭയം കെടുക്കാം
സംസ്തംഭിനീവിദ്യയാലിക്ഷണത്തിൽ
പേടിക്കേണ്ടീയാക്രമത്തിൽ സ്ഥിരൻ നീ. 12

സ്തംഭിപ്പിപ്പേൻ ശക്രനെ നീ പേടിച്ചീടേണ്ട മന്നവ!
വാനോർക്കൊട്ടുക്കായുധങ്ങളൊടുക്കീടുന്നതുണ്ടു ഞാൻ. 13

ദിക്കെത്തട്ടേ വജ്രമെത്തട്ടെ വായു
വർഷം ചിന്നിക്കാട്ടിൽ വർഷിച്ചിടട്ടേ
വെള്ളം വാനിൽ പാഴിലായേന്തിടട്ടേ
കാണുന്നല്ലോ മിന്നൽ നീ പേടിയായ്കു. 14

പാലിക്കട്ടേ പാവകൻ നിന്നെ മററും
വർഷിക്കട്ടേ കാമമൊട്ടുക്കു ശക്രൻ
വധത്തിന്നാം വജ്രവും നിന്നിടട്ടേ
വെള്ളച്ചാട്ടംകൊണ്ടൊലിച്ചും സുഘോരം. 15

മരുത്തൻ പറഞ്ഞു

ഘോരം ശബ്ദം കേൾപ്പിതത്യുച്ചഘോഷം
കാറെറാത്ത വജ്രത്തിന്റെയാകുന്നിതെന്നാൽ
നടുങ്ങുന്നു വീണ്ടുമാത്മാവെനിക്കു
പെടുന്നില്ലാ സ്വാസ്ഥ്യമിങ്ങിന്നു വിപ്ര! 16

സംവത്തൻ പറഞ്ഞു

ഉഗ്രം വജ്രം കണ്ടു പേടിച്ചിടേണ്ട
കാററായ് വജ്രം ഞാൻ മുടിപ്പേൻ നരേന്ദ്ര!
ഭയം കളഞ്ഞന്യവരം വരിക്കു
നിൻ കാമമെന്തുള്ളൊടൊപ്പിച്ചിടേണ്ടു? 17

മരുത്തൻ പറഞ്ഞു

പ്രത്യക്ഷമായുടനിന്ദ്രൻ വരട്ടെ
യജ്ഞേ ഹവിസ്സേററുവാങ്ങട്ടെ വിപ്ര!
സ്വസ്വസ്ഥാനം വാണുകൊള്ളട്ടെ വാനോർ
ഹോമിച്ച സോമത്തിനെയിങ്ങേററിടട്ടേ. 18

സംവത്തൻ പറഞ്ഞു

ഇതാ ശക്രൻ ഹരിവാഹൻ വരുന്നു
മുററും വാനോർ സത്വരം വാഴ്ത്തിടുന്നോൻ
ഞാൻ മന്ത്രത്താലാഹരിച്ചോൻ മഖത്തിൽ
കാൺകീ മന്ത്രത്രസ്തനാമിന്ദ്രനേ നീ. 19

വൈശമ്പായനൻ പറഞ്ഞു

ഉടൻ ദേവന്മാരുമായ് ദേവരാജൻ
തേരിൽ പരം ഹരിവാഹങ്ങളം പൂട്ടി
യജ്ഞത്തിൽ വന്നാനെതിരില്ലാത്ത രാജാ—
വാവിക്ഷിതൻതൻെറ സോമം കഴിപ്പാൻ. 20

ദേവന്മാരൊത്തവനെത്തുമ്പൊഴേററു
ചെന്നു പുരോഹിതനൊത്താ മരുത്തൻ
ചെയ്തു ദേവാധീശനങ്ങഗ്ര്യപൂജ
ശാസ്ത്രോക്തമാം വിധിയിൽ പ്രീതിപൂണ്ടോൻ. 21

സംവത്തൻ പറഞ്ഞു

സ്വാഗതം ഹേ, പുരുഹൂതേഹ വിദ്വൻ!
ദേവേന്ദ്ര, നീ വന്നതിലിങ്ങു യജ്ഞം
ഏററം ശോഭിപ്പു വലവൃത്രഘ്ന, വീണ്ടും
ഞാൻ ഹോമിക്കും സോമമങ്ങാസ്വദിക്കു. 22

മരുത്തൻ പറഞ്ഞു

ശിവത്തൊടും കാൺകെന്നെത്തൊഴാം ഞാൻ
യജ്ഞം സിദ്ധം സഫലം ജീവനും മേ
സുരേന്ദ്ര, ചെയ്‌വു പരമെൻ യാഗമെങ്ങീ
വ്യാഴത്തിനുള്ളനുജൻ വിപ്രമുഖ്യൻ. 23

ഇന്ദ്രൻ പറഞ്ഞു

അറിഞ്ഞിരിപ്പേൻ നിൻ ഗുരുവിത്തപസ്വിയേ
വ്യാഴത്തിനുള്ളനുജൻ തിഗ്മശക്തിയാം
ഇയ്യാളാഹ്വാനം ചെയ്തു ഞാൻ വന്നു രാജൻ!
നിങ്കൽ പ്രീതൻ ഞാനെൻെറയാ മന്യു തീർന്നു. 24

സംവർത്തൻ പറഞ്ഞു

പ്രീതൻ ഭവാനെങ്കിലോ ദേവരാജ!
സ്വയം ശാസിച്ചീട്ട യജ്ഞേ വിധാനം
സ്വയം ഭാഗം വെയ്ക്കു മററും സുരേന്ദ്ര!
ധരിക്കട്ടേ ലോകമൊട്ടുക്ക ദേവ! 25

വ്യാസൻ പറഞ്ഞു

എന്നേവമാംഗിരസൻ ചൊന്ന ശക്രൻ
സ്വയം കല്പിച്ചൂ വാനവന്മാരെയെല്ലാം:
"തീർപ്പിൻ സഭാവസഥം മുഖ്യമേററ—
മസംഖ്യമേ ചിത്രമട്ടിൽ സമൃദ്ധം. 26

ഉണ്ടാക്കുവിൻ തൂൺകളാരോഹണങ്ങൾ
ഗന്ധർവ്വക്കൂട്ടപ്സരസ്ത്രീനിരയ്ക്കും
നൃത്തം ചെയ്യാനിങ്ങപ്സരസ്ത്രീകൾ മററും
സ്വർഗ്ഗംപോലാക്കീടുവിൻ യജ്ഞവാടം." 27

ഏവം കേട്ടിട്ടുടനേ ചെയ്തു നന്ദ്യാ
വിണ്ണോർകളാശ്ശക്രവാക്യം നരേന്ദ്ര!
പിന്നീടിന്ദ്രൻ പ്രീതനായ്ച്ചൊല്ലി രാജൻ!
മരുത്തരാജാവൊടുതാൻ പൂജയേററോൻ: 28

"രാജാവേ, ഞാനിത നിന്നോടു ചേർന്നു
നിൻ പൂർവ്വന്മാരോടുമേ മന്നവേന്ദ്ര!
മററും വാനോർകളുമേ പ്രീതി പൂണ്ടു
രാജൻ, നിന്നോടീ ഹവിസ്സേററു വാങ്ങും. 29

ആഗ്നേയമാം ലോഹിതാലംഭമോട്ടേ
പലേ തരം നൃപതേ, വൈശ്വദേവം
ശിഷ്ടം ചലിക്കും മേദ്ധ്യനീലഷഭത്തെ—
കല്പിച്ചാലംഭിച്ചിടട്ടേ ദ്വിജാഗ്ര്യർ." 30

യജ്ഞം തുടങ്ങീ പിന്നെയവന്നു രാജൻ!
വാനോരതിൽ സ്വയമന്നം ഹരിച്ചു
അതിൽ ശക്രൻ വിപ്രർ പൂജിച്ചിടുന്നോൻ
സദസ്യനായ് ഹരിമാൻ ദേവരാജൻ. 31

പിന്നെസ്സംവർത്തൻ ചൈത്യ[1]മാണ്ടോൻ മഹാത്മാ
ജ്വലിപ്പോൻ രണ്ടാമനാമഗ്നിപോലേ
ഉച്ചാഹ്വാനം[2] വാനവർക്കേകി ഹവ്യം
ഹോമിച്ചു മന്ത്രത്തോടുമങ്ങഗ്നിയിങ്കൽ. 32

അഗ്ര്യം സോമം വലഭിത്താ[3]സ്വദിച്ചു
മററും വിണ്ണോർ സോമപന്മാർകളായീ

1 ചൈത്യം = ബലിപീഠം. 2 ഉച്ചാഹ്വാനം = ഉറക്കെ വിളിച്ചിട്ട്. 3 വലഭിത്ത് = ഇന്ദ്രൻ.

നരേശ്വരാനുജ്ഞയുമേററു പോന്നു
യഥേഷ്ടമേ തൃപ്തരായ് പ്രീതിമാന്മാർ. 33
പരം രാജാവങ്ങു പൊന്നിൻെറ കൂട്ട—
മടിക്കടിക്കങ്ങു ചെയ്യിച്ചു ഹൃഷ്ടൻ
വിപ്രന്മാക്കായ് നല്കവോൻ ഭൂരി വിത്തം
വിത്തേശമട്ടായ്[1] വിലസീ വൈരിഘാതി. 34
പരം വിത്തം പലമട്ടങ്ങുവെച്ചു
യഥോത്സാഹം തീൎത്തു ഭണ്ഡാരമേററം
ആചാര്യാനുജ്ഞപ്പടിക്കിങ്ങു പോന്നു
ശാസിച്ചിതൊട്ടുക്കാഴി ചൂഴന്നൊരുൎവ്വി. 35
ഏവം ഗുണം പൂണ്ടവനാ നരേന്ദ്ര—
നവൻെറ യജ്ഞത്തിങ്കലാപ്പൊന്നു വാച്ചു
നരേന്ദ്ര, നീയാദ്ധനംതാനെടുത്തു
യജിക്ക വാനോക്കിഹ തൃപ്തി നല്കി. 36

വൈശമ്പായനൻ പറഞ്ഞു

പരം ഭൂപൻ പാണ്ഡവൻ ഹൃഷ്ടമട്ടായ്
വാക്യം കേട്ടാസ്സത്യവത്യാത്മജൻെറ[2]
മനംവെച്ചാനദ്ധനത്താൽ യജിപ്പാ—
നമാത്യരൊത്തങ്ങു മന്ത്രിച്ചു വീണ്ടും. 37

11. കൃഷ്ണധമ്മസംവാദം

പണ്ടു് തൻെറ ദേഹത്തിൽ കടന്നുകൂടിയ വൃത്രനെ ഇന്ദ്രൻ ചൊടിച്ചു നാമാവശേഷനാക്കിയ കഥ വിവരിച്ചു് വൈമനസ്യം ഉപേക്ഷിച്ചു കത്തവ്യോന്മുഖനാകാൻ കൃഷ്ണൻ ധമ്മപുത്രനെ ഉപദേശിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

എന്നിതത്ഭുതകമ്മാവാം വ്യാസൻ നൃപനൊടോതവേ
തേജസ്സേറും വാസുദേവൻ പിന്നെച്ചൊൽവാൻ തുടങ്ങിനാൻ. 1
ജ്ഞാതിബാന്ധവരെക്കൊന്നാ നൃപനുള്ളം തളൎന്നുടൻ
ഗ്രഹണത്തിൽ സൂര്യമട്ടും പുകയുള്ളഗ്നി പോലെയും 2
നിൎവ്വിണ്ണ[3]നാപ്പാൎത്ഥനെന്നു പാൎത്തു വൃഷ്ണികുലോത്തമൻ
ആശ്വാസം ധമ്മപുത്രന്നു ചെയ്യാൻ ചൊല്ലിത്തുടങ്ങിനാൻ. 3

വാസുദേവൻ പറഞ്ഞു

മുററും ജിഹ്മം മൃത്യുപദമാ ബ്രഹ്മപദമാജ്ജവം
ഇത്രതാൻ ജ്ഞാനവിഷയം പ്രലാപം ചെയ്യതെന്തുവാൻ? 4
നിൻെറ കമ്മം നിലച്ചില്ലാ നീ വെന്നില്ലരിമാർകളെ

---

1 വിത്തേശമട്ടായ് = കുബേരനെപ്പോലെ. 2 സത്യവത്യാത്മജൻ=വ്യാസൻ.
3 നിൎവ്വിണ്ണൻ = നിൎവ്വേദം പൂണ്ടവൻ; വിരക്തൻ.

അറിയാത്തതു നീയെന്തേ മെയ്യിലുള്ളാത്മവൈരിയെ? 5
ഇതിൽ നിന്നോടു പറയാം ധർമ്മം കേട്ടപടിക്കു ഞാൻ
ഇന്ദ്രന്നു വൃത്രനോടേററ യുദ്ധമുണ്ടായവണ്ണമേ. 6
മുന്നം വ്യാപിച്ചുപോൽ വൃത്രൻ ഭൂമിയൊക്ക നരാധിപ!
ഭൂമി വ്യാപിച്ചുകണ്ടായാൾ ഗന്ധസ്ഥാനം* ഹരിക്കവേ 7
ധരാഹരണനിർഗ്ഗന്ധമായീ വിഷയമപ്പൊഴേ.
ശതക്രതു ചൊടിച്ചാനാഗ്ഗന്ധസ്ഥാനം ഹരിക്കവേ 8
ഘോരവജ്രം വൃത്രനുടെമേൽ വിട്ടു ക്രുദ്ധനാമവൻ.
ഭൂരിതേജസ്സെഴും വജ്രമേററമേററു വധിപ്പവൻ 9
ഉടൻ കടന്നു വെള്ളത്തിലെടുത്തു വിഷയത്തെയും.
വൃത്രൻ വെള്ളം ഗ്രഹിച്ചാറേ രസസ്ഥാനം ഹരിക്കവേ 10
ശതക്രതു ചൊടിച്ചങ്ങു വിട്ടയച്ചിതു വജ്രവും.
അതിതേജസ്സെഴും വജ്രമതിൽച്ചെന്നു വധിപ്പവൻ 11
ഉടൻ കടന്നു തേജസ്സിൽ ഗ്രഹിച്ചു വിഷയത്തെയും.
വൃത്രൻ ജ്യോതിസ്സിൽ നിറയേ രൂപസ്ഥാനം ഹരിക്കവേ 12
ശതക്രതു ചൊടിച്ചങ്ങു വിട്ടയച്ചിതു വജ്രവും.
അതിതേജസ്സെഴും വജ്രമതിൽച്ചെന്നു വധിപ്പവൻ 13
ഉടൻ കടന്നു കാററിങ്കൽ ഗ്രഹിച്ചു വിഷയത്തെയും.
കാററിൽ വൃത്രൻ നിറഞ്ഞാറേ സ്പർശസ്ഥാനം ഹരിക്കവേ 14
ശതക്രതു ചൊടിച്ചങ്ങു വിട്ടയച്ചിതു വജ്രവും.
അതിതേജസ്സെഴും വജ്രമതിൽച്ചെന്നു വധിപ്പവൻ 15
ആകാശത്തേക്കു പാഞ്ഞേറീ ഗ്രഹിച്ചു വിഷയത്തെയും.
വ്യോമം വൃത്രപ്രായമായി ശബ്ദസ്ഥാനം ഹരിക്കവേ 16
ശതക്രതു ചൊടിച്ചിട്ടു വിട്ടയച്ചിതു വജ്രവും.
അതിതേജസ്സെഴും വജ്രമതിൽച്ചെന്നു വധിപ്പവൻ 17
ഉടനേ ശക്രനിൽക്കേറീ ഗ്രഹിച്ചു വിഷയത്തെയും.
വൃത്രൻ ഗ്രഹിച്ചോരവനു മോഹം പെട്ടു മഹത്തരം 18
രഥന്തരംകൊണ്ടു താത, വസിഷ്ഠൻതാനുണർത്തിനാൻ.
ദേഹസ്ഥൻ വൃത്രനെപ്പിന്നെ വധിച്ചു ഭരതർഷഭ! 19
അദൃശ്യവജ്രംകൊണ്ടിന്ദ്രനെന്നു നാം കേട്ടിരിപ്പതാം.
ധർമ്മ്യം രഹസ്യമിതുതാനിന്ദ്രനോതീ മുനീന്ദ്രരിൽ 20
മഹർഷിമാരെന്നോടോതിയതുമോർക്കുക ജനാധിപ!

* ഗന്ധസ്ഥാനം = പൃഥിവിയുടെ പ്രധാന ഗുണമായ ഗന്ധത്തെ.

12. കൃഷ്ണധർമ്മസംവാദം

ശാരീരികമെന്നും മാനസികമെന്നും വ്യാധി രണ്ടു തരത്തിലുണ്ടെന്നും മാനസികവ്യാധിയെ ജയിച്ചാൽ മാത്രമേ ഒരു മനുഷ്യന് കർത്തവ്യനിരതനാകാൻ സാധിക്കയുള്ളുവെന്നും കഴിഞ്ഞ അനുഭവങ്ങളെ ഓർത്ത് മാനസികമായ വൈക്ലബ്യം ഉപേക്ഷിക്കണമെന്നും കൃഷ്ണൻ ധർമ്മപുത്രനോടു പറയുന്നു.

വാസുദേവൻ പറഞ്ഞു

ഉണ്ടാം രണ്ടുവിധം വ്യാധി ശാരീരം പിന്നെ മാനസം
പരസ്പരം ജന്മമവയ്ക്കിണയില്ലാതെ കണ്ടിടാ. 1
ശരീരത്തുളവാം വ്യാധി ശാരീരമിതി ചൊൽവതാം
മനസ്സിലുളവാം വ്യാധി ചൊൽവൂ മാനസമെന്നുമേ. 2
രാജൻ, ശീതോഷ്ണവായുക്കൾ ശരീരജഗുണങ്ങളാം
ആഗ്ഗുണങ്ങൾ സമം നില്ക്കിലതത്രേ സ്വസ്ഥലക്ഷണം. 3
ബാധിക്കുമുഷ്ണം ശീതത്തെ ശീതമുഷ്ണത്തെയങ്ങനെ
സത്വം രജസ്തമസ്സെന്നു മൂന്നാണാത്മഗുണങ്ങൾപോൽ. 4
ആഗ്ഗുണങ്ങൾ സമം നില്ക്കിലതത്രേ സ്വസ്ഥലക്ഷണം
അവററിലൊന്നു വർദ്ധിക്കിൽ ചികിത്സാവിധി ചൊൽവതാം. 5
ശോകത്തെ ഹർഷം ബാധിക്കും ശോകം ഹർഷത്തെയങ്ങനെ
ഒരാൾ ദുഃഖത്തിൽ വാഴുമ്പോൾ സുഖമോർപ്പാൻ നിനച്ചിടും 6
ഒരാൾ സുഖത്തിൽ വാഴുമ്പോൾ ദുഃഖമോർപ്പാൻ നിനച്ചിടും.
ദുഃഖിയല്ലങ്ങു ദുഃഖത്തെസ്സുഖിയല്ലാ സുഖത്തെയും 7
ഓർപ്പാനിച്ഛിപ്പു കൗന്തേയ, ദുഃഖച്ചുറെറന്യയെന്തുവാൻ.
അതല്ലിതോ നിൻ സ്വഭാവം പാർത്ഥ, വ്യാകൃഷ്യനങ്ങളിൽ?* 8
സഭയിൽത്തീണ്ടാരിയേകവസ്ത്രയായ് കണ്ടു കൃഷ്ണയെ
പാണ്ഡവന്മാർ നോക്കിനില്ക്കേയതോർപ്പാൻ നീ നിനച്ചിടാ. 9
പുരം വിട്ടു പുറത്താക്കൽ തോലുടുക്കലുമങ്ങനെ
കൊടുങ്കാട്ടിങ്കലാപ്പാർപ്പുമതോർപ്പാൻ നീ നിനച്ചിടാ. 10
ക്ലേശം ജടാസുരമൂലം ചിത്രസേനനൊടാഹവം
ക്ലേശം ജയദ്രഥമൂലമതോർപ്പാൻ നീ നിനച്ചിടാ. 11
വീണ്ടുമജ്ഞാതവാസത്തിൽ പാർത്ഥ, പാഞ്ചാലപുത്രിയെ
ചവിട്ടീ കീചകൻ കാൽകൊണ്ടതോർപ്പാൻ നീ നിനച്ചിടാ. 12
ദ്രോണഭീഷ്മന്മാരൊടങ്ങയ്ക്കുണ്ടായീ പോരരിന്ദമ!
മനസ്സൊന്നായ്യൊരുതണമാപ്പോരങ്ങയ്ക്കുടുത്തതാം. 13
അതുകൊണ്ടേററുകൊണ്ടാലും പോരിന്നു ഭരതർഷഭ!
പരമവ്യക്തരൂപത്തിൽ പാരം യുക്തിക്രിയാവശാൽ. 14
കാര്യമില്ലിങ്ങമ്പുകളാൽ ബന്ധുമിത്രർകളാലുമേ

---

* വ്യാകൃഷ്യനം = വലിച്ചിഴയ്ക്കൽ.

ആത്മാവൊരാളായ്പ്പൊരുതുകാപ്പോരങ്ങുമ്മുടത്തതാം. 15
അപ്പോരിൽ ജയമേല്ലാഞ്ഞാലങ്ങെന്തു നിലയാകുമേ?
ഇതറിഞ്ഞിട്ടു കൗന്തേയ, കൃതകൃത്യതയേല്ക്കു നീ. 16
ഈബ്ബുദ്ധിയെയുറപ്പിച്ചു ഭൂതങ്ങൾക്കു ഗതാഗതം
പിതൃപൈതാമഹനിലയ്ക്കുഴി കാക്കു യഥോചിതം. 17

13. കൃഷ്ണധർമ്മസംവാദം

മമത ശക്തിമത്തും ദുർജ്ജയവുമാണെന്നു വിവരിച്ച് അശ്വമേധം കൊണ്ടു് ആ മമതയെ കീഴടക്കാൻ കൃഷ്ണൻ ഉപദേശിക്കുന്നു.

വാസുദേവൻ പറഞ്ഞു

പുറംമുതൽ വെടിഞ്ഞാലും സിദ്ധി കിട്ടില്ല ഭാരത!
ശാരീരദ്രവ്യമോക്ഷത്താൽ സിദ്ധിയാമില്ലയെന്നുമാം. 1
പുറംമുതൽ വെടിഞ്ഞോനിൽ ശാരീരദ്രവ്യലുബ്ധനിൽ
ധർമ്മമെന്തെന്തു സുഖമുണ്ടതുണ്ടാക രിപുക്കളിൽ. 2
ദ്വ്യക്ഷരംതന്നെയാം മൃത്യു ത്ര്യക്ഷരം ബ്രഹ്മ ശാശ്വതം
എന്റെയെന്നാ മൃത്യു,വല്ലെന്റെയെന്നാകുന്നു ശാശ്വതം.[1] 3
രാജാവേ, ബ്രഹ്മമൃത്യുക്കളാത്മാവിൽത്തന്നെ നില്പവ
ഭൂതങ്ങളെയദൃശ്യങ്ങൾ പൊരുതിക്കു[2]മസംശയം. 4
നാശം ഭാരത, സത്വത്തിന്നില്ലാ നിശ്ചയമേല്ക്കിലോ
ദേഹം ഭേദിച്ചു ഭൂതങ്ങൾക്കഹിംസയിലണഞ്ഞിടും.[3] 5
ചരാചരങ്ങളുടയ ഭൂമിയൊട്ടുക്കു നേടിടും
മമത്വമാർക്കില്ലവനെന്തതുകൊണ്ടിട്ടു ചെയ്കിടും? 6
അതല്ലാ പാർത്ഥ, കാടാണ്ടു വന്യവൃത്തി കഴിക്കിലും
മമത്വം സ്വത്തിലുടയോൻ മൃത്യുവിൻ വായിൽ നില്ക്കയാം. 7
ബാഹ്യാന്തരാരികൾ[4]ക്കുള്ളീ സ്വഭാവം കാണ്ക മന്നവ!
അതുള്ളതായ് കണ്ടിടാത്തോൻ വൻ ഭയം വിട്ടൊഴിഞ്ഞിടും. 8

കാമാത്മാവെ[5]പ്പാരിൽ വാഴ്ത്തുന്നതില്ലാ
കാമം കൂടാതില്ല ചെററും പ്രവൃത്തി
കാമം മുററും കരളിന്നംഗമെന്നാ–
ലതൊക്കയും പണ്ഡിതനോർത്തടക്കും. 9

വീണ്ടും വീണ്ടും ജനനാഭ്യാസയോഗാൽ
യോഗീ യോഗം സാരമാർഗ്ഗം നിനച്ചും

1 'മമ' എന്ന രണ്ടക്ഷരം മൃത്യുസൂചകമത്രെ. 'ന മമ' എന്നതു് ശാശ്വതബ്രഹ്മസാമീപ്യസൂചകവും. 2 പൊരുതിക്കുക = മത്സരിപ്പിക്കുക. 3 ആത്മാവിനു നാശമില്ലെന്നുള്ളതു തീർച്ചയാണെങ്കിൽ, ദേഹങ്ങളെ പിളർന്നാലും അതു് ഹിംസയാകയില്ലെന്നർത്ഥം. 4 ബാഹ്യാന്തരാരികൾ = ബാഹ്യശത്രുവും ആഭ്യന്തരശത്രുവും. 5 കാമാത്മാവു് = ആഗ്രഹശീലൻ.

ദാനം വേദാദ്ധ്യയനംതാൻ തപസ്സും
കാമ്യം കർമ്മം പലതും വൈദികങ്ങൾ. 10
വ്രതം യജ്ഞം നിയമം ധ്യാനയോഗ–
മറിഞ്ഞു കാമാലിവയെച്ചെയ്കിടായ്കിൽ
കാമിപ്പതെന്തെന്തതു ധർമ്മമല്ലോ
ധർമ്മത്തിന്നോ നിയമംതന്നെ മൂലം. 11
പഴമക്കാരിങ്ങു ചൊൽവൂ കാമഗീതകൾ ഗാഥകൾ
അവയെല്ലാം ചൊല്ലുവതു കേട്ടുകൊൾക യുധിഷ്ഠിര! 12
''ഉപായമില്ലാതീയെന്നെക്കൊൽവാൻ പററില്ലൊരാൾക്കുമേ
ശസ്ത്രത്തിങ്കൽ ബലംകൊണ്ടാരെന്നെക്കൊൽവാനൊരുങ്ങുമോ, 13
അവൻെറയാശ്ശസ്ത്രമതിൽ വീണ്ടും ഞാനനുഭവിക്കുവൻ.
ദക്ഷിണാഢ്യമഖംകൊണ്ടാരെന്നെക്കൊൽവാനൊരുങ്ങുമോ, 14
ജംഗമേ ധർമ്മിമട്ടങ്ങു വീണ്ടും ഞാനനുഭവിക്കുവൻ.
വേദവേദാംഗങ്ങൾകൊണ്ടാരെന്നെ വെൽവാനൊരുങ്ങുമോ, 15
സ്ഥാവരത്തിൽധർമ്മരൂപിപോലെയങ്ങനുഭവിക്കുവൻ.
എന്നെദ്ധൃതിയിനാൽക്കൊൽവാനാരുന്നും സത്യവിക്രമൻ 16
അവനു ഭാവമാവും ഞാനവനെന്നെയറിഞ്ഞിടാ.
ആരെന്നെക്കൊല്ലുവാനുന്നും തപസ്സാൽ സംശിതവ്രതൻ 17
ആയവൻെറ തപസ്സിങ്കൽ വീണ്ടും ഞാനനുഭവിക്കുവൻ.
ആരെന്നെക്കൊല്ലുവാനുന്നും മോക്ഷമാണ്ടിട്ടു പണ്ഡിതൻ 18
മോക്ഷപ്രിയനവന്നീ ഞാൻ നൃത്തം വെപ്പൻ ഹസിക്കുവൻ
അവദ്ധ്യൻ സർവ്വജീവിക്കും ഞാനൊരുത്തൻ സനാതനൻ.'' 19
എന്നാലങ്ങാക്കാമനേയും ദക്ഷിണാഢ്യമഖങ്ങളാൽ
ധർമ്മത്തിലാക്കുള രാജാവേ, നിനക്കതിലവൻ വരും. 20
അശ്വമേധം യജിച്ചാലും ദക്ഷിണാഢ്യം വിധിപ്പടി
മററും പലതരം യജ്ഞം സമൃദ്ധം ഭൂരിദക്ഷിണം. 21
ബന്ധുക്കളെക്കണ്ടുകൊണ്ടു വീണ്ടുമിണ്ടൽപ്പെടേണ്ട നീ
ഈപ്പോർക്കളത്തിൽക്കൊന്നോരെയിനിക്കാണാൻ കിടച്ചിടാ. 22
പല ശ്ലാഘ്യമഖം ചെയ്തു സമൃദ്ധം ഭൂരിദക്ഷിണം
പാരിൽ പരം കീർത്തി നേടി ശ്ലാഘ്യയാം ഗതി പൂക നീ. 23

14. ഹസ്തിനപ്രവേശം

വ്യാസനാരദാദികളാൽ സമാശ്വസിപ്പിക്കപ്പെട്ട ധർമ്മപുത്രൻ ഭീഷ്മാദികളുടെ ശ്രാദ്ധകർമ്മം നിർവ്വഹിച്ച് ഹസ്തിനാപുരത്തിൽ പ്രവേശിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

ഏവം പല വചസ്സാലുമാത്തപസ്വിമുനീന്ദ്രരാൽ
ആശ്വാസമേററു രാജർഷി ഹതബന്ധു യുധിഷ്ഠിരൻ. 1

ശ്രീവിഷ്ടരശ്രുവസ്സാകം[1] ഭഗവാൻ സാന്ത്വമോതിയോൻ
കൃഷ്ണദ്വൈപായനൻ ദേവസ്ഥാനനും ചൊന്നവൻ വിഭു 2
നാരദൻ ഭീമനും പിന്നെ നകുലൻതാനുമേ നൃപ!
സഹദേവൻ ദ്രൗപദിയും ധീമാനർജ്ജുനനും ശരി 3
മററുള്ള പുരുഷവ്യാഘ്രർ ശാസ്ത്രജ്ഞന്മാർകളും വിപ്രരും
ചൊന്നോൻ ലോകോത്ഭവം ദുഃഖം വിട്ടു മാനസതാപവും. 4
അർച്ചിച്ചു ദേവകളെയും വിപ്രരേയും യുധിഷ്ഠിരൻ
ബന്ധുക്കൾക്കായ് പ്രേതകാര്യം ചെയ്തുടൻ പിന്നെയാ നൃപൻ 5
അനുശാസിച്ചു ധർമ്മിഷ്ഠനാഴിചൂഴമൊരൂഴിയെ.
പ്രശാന്തചിത്തൻ കൗരവ്യൻ സ്വരാജ്യം നേടിയങ്ങനെ 6
വ്യാസനാരദരോടന്യന്മാരോടും ചൊല്ലി മന്നവൻ:
''എന്നെയിങ്ങാശ്വസിപ്പിച്ചു നിങ്ങൾ വൃദ്ധമുനീശ്വരർ 7
വ്യളീകം[2]മിപ്പോൾച്ചെറുതുമെനിക്കിങ്ങില്ല ലേശവും.
പെരുത്തേററുള്ള മുതലാൽ ദേവന്മാരെ യജിക്കുവൻ 8
ഭവാന്മാരേ മുൻപിലാക്കി ഞാൻ നടത്തീടുവൻ മഖം.
ഭവാൻെറ രക്ഷയിൽ ചെൽവേൻ ഹിമാദ്രിക്കു പിതാമഹ! 9
അവ്വണ്ണം ചെയ്തു വിപ്രർഷേ, നിന്നധീനത്തിലെൻ ക്രതു.
പെരുത്താശ്ചര്യമാദ്ദേശമെന്നു കേൾപ്പു ദ്വിജോത്തമ! 10
അമ്മട്ടു ഭഗവാൻ ചിത്രം കല്യാണം ചൊല്ലിയേററവും
ദേവർഷിയാം നാരദനും ദേവസ്ഥാനനുമങ്ങനെ. 11
ഭാഗ്യമില്ലാത്തോരു പുമാനിമ്മട്ടുള്ള ഗുരുക്കളെ
കിട്ടില്ലാ വ്യസനിക്കുമ്പോൾ സൗഹാർദ്ദാൽ സാധുമാന്യരെ.'' 12
എന്നു രാജാവു ചൊന്നോരാ മഹർഷിവരരേവരും
രാജാവിനെസ്സമ്മതിപ്പിച്ചാക്കൃഷ്ണാർജ്ജുനരേയുമേ 13
എല്ലാവരും കണ്ടുനില്ക്കെയവിടെത്താൻ മറഞ്ഞുപോയ്.
പിന്നെദ്ധർമ്മജരാജാവങ്ങിരുന്നാനവിടെ പ്രഭു 14
ഇപ്പടിക്കങ്ങൊട്ടു കാലമവർക്കങ്ങു കഴിഞ്ഞുതേ.
ഭീഷ്മകർണ്ണാദികകുരുക്കൾക്കായിക്കുരുസത്തമൻ 15
ധൃതരാഷ്ട്രനൊടൊന്നിച്ചു കൊടുത്താനൗർദ്ധ്വദേഹികം[3].
വിപ്രർക്കു ധനമൊട്ടേറെക്കൊടുത്തപ്പാണ്ഡവർഷഭൻ 16
ധൃതരാഷ്ട്രനെ മുൻപാക്കി ഹസ്തിനാപുരമേറിനാൻ.
ആശ്വസിപ്പിച്ചപ്പനെത്താൻ പ്രജ്ഞാദൃക്കാം[4]മധീശനെ 17
അനുശാസിച്ചു[5] ധർമ്മിഷ്ഠൻ തമ്പിമാരൊത്തു ഭൂമിയെ.

---

1 വിഷ്ടരശ്രുവസ്സ് = വിഷ്ണു; കൃഷ്ണൻ. 2 വ്യളീകം = വ്യസനം. 3 ഔർദ്ധ്വദേഹികം = പിതൃക്രിയ. 4 പ്രജ്ഞാദൃക്ക് = ബുദ്ധിയാകുന്ന കണ്ണോട്ടുകൂടിയവൻ. 5 അനുശാസിക്ക = രക്ഷിക്ക.

15. കൃഷ്ണാജ്ജുനവിനോദം

കൃഷ്ണൻ അജ്ജുനനോടുകൂടി പൂർവ്വകഥകൾ അയവിറക്കിക്കൊണ്ടു കുറേ ദിവസം സുഖമായി താമസിക്കുന്നു. പിന്നീട് തനിക്കു ദ്വാരകയിലേക്കു പോയാൽ കൊള്ളാമെന്നുണ്ടെന്നും വിവരം ധർമ്മപുത്രനെ അറിയിക്കണമെന്നും അജ്ജുനനോടു പറയുന്നു.

ജനമേജയൻ പറഞ്ഞു

പാണ്ഡവന്മാർ ജയിച്ചിട്ടു നാട്ടിൽ ശാന്തിയുദിക്കവേ
ദ്വിജ, ചെയ്തോരെന്തു വീരർ വാസുദേവധനഞ്ജയർ? 1

വൈശമ്പായനൻ പറഞ്ഞു

പാണ്ഡവന്മാർ ജയിച്ചിട്ടു നാട്ടിൽ ശാന്തിയുദിക്കവേ
ധരാപതേ, ഹൃഷ്ടരായി വാസുദേവധനഞ്ജയർ. 2

വിഹരിച്ചു മോദമാണ്ടു വിണ്ണിൽദ്ദേവേശർ പോലവർ
വിചിത്രക്കാടുകളിലും മലവാരങ്ങളിങ്കലും. 3

പുണ്യതീർത്ഥങ്ങളിൽപ്പലപലങ്ങളിൽപ്പുഴയിങ്കലും
ഹൃഷ്ടരായ് നന്ദനത്തിങ്കലശ്വിമാർ പോലെ ചുററിനാർ. 4

ഇന്ദ്രപ്രസ്ഥത്തിലാ യോഗ്യർ കളിച്ചു കൃഷ്ണപാണ്ഡവർ
ആ രമ്യസഭയിൽച്ചെന്നു വിഹരിച്ചിതു ഭാരത! 5

അവിടെപ്പോർക്കഥകളും ചിത്രക്ലേശങ്ങളും നൃപ!
കഥാപ്രസംഗങ്ങൾതോറും പ്രസംഗിച്ചീടിനാരവർ. 6

ഋഷിദൈവതവംശങ്ങൾ പറഞ്ഞാരവരപ്പൊഴേ
പ്രീതിപൂണ്ട മഹാത്മാക്കൾ പുരാണമുനിസത്തമർ. 7

വിചിത്രരമ്യകഥകൾ ചിത്രപ്പൊരുളുറച്ചവ
പറഞ്ഞാനാപ്പാർത്ഥനോടു നിശ്ചയം കണ്ട കേശവൻ. 8

പുത്രശോകജ്ഞാതിശോകമാണ്ടോരജ്ജുനനെത്തദാ
ആശ്വസിപ്പിച്ചു കഥകൾകൊണ്ടാശ്ശൗരി ജനാർദ്ദനൻ. 9

ആശ്വസിപ്പിച്ചായവനെ വിജ്ഞാനജ്ഞൻ തപോനിധി
ആത്മഭാരം തീർത്തു വെച്ചു വിശ്രമിച്ചിതു സാത്വതൻ. 10

ഗോവിന്ദനാക്കഥാന്തത്തിൽ ഗുഡാകേശനൊടോതിനാൻ
സാന്ത്വം ചെയ്തോൻ ശ്ലക്ഷ്ണമായി യുക്തിക്കൊത്തോണമിങ്ങനെ.

വാസുദേവൻ പറഞ്ഞു

ഈബ്ഭൂമിയൊക്കയും നേടി സവ്യസാചിൻ പരന്തപ!
നിൻ കൈയൂക്കവലംബിച്ചു രാജാവാം ധർമ്മനന്ദനൻ. 12

നിസ്സപത്നം ഭൂമിയേല്പു ധർമ്മരാജൻ യുധിഷ്ഠിരൻ
ഭീമസേനയമന്മാർതൻ മിടുക്കാലും നരോത്തമ! 13

ധർമ്മരാജാവു ധർമ്മജ്ഞ, രാജ്യം നേടിയകണ്ടകം;
ധർമ്മത്താൽ ചത്തു യുദ്ധത്തിലാ രാജാവു സുയോധനൻ. 14

ലുബ്ധന്മാർകളധർമ്മക്കാർ നിത്യമപ്രിയവാദികൾ

ധാർത്തരാഷ്ട്രർ ദുരാത്മാക്കൾ കൂട്ടത്തോടേ നശിച്ചുപോയ്. 15
പ്രശമം പൂണ്ടൊരീബ്ഭൂമി മുഴുവൻ പാർത്ഥഭൂപതി
നീ കാക്കുന്നോൻ ഭുജിക്കുന്നു ധർമ്മരാജൻ കുരൂദ്വഹ! 16
ഞാനോ രമിപ്പേൻ നിന്നൊപ്പം കാട്ടിലും പാണ്ഡുനന്ദന!
കുന്തി കൂട്ടരുമുള്ളേടം ചൊല്ലാനെന്തരികൾഘ്ന! 17
എങ്ങോ ധർമ്മജരാജാവുണ്ടെങ്ങോ ഭീമൻ മഹാബലൻ
എങ്ങോ മാദ്രേയരുമെനിക്കൊട്ടേറെ പ്രീതിയങ്ങുതാൻ. 18
അമ്മട്ടീ സ്വർഗ്ഗമൊക്കുന്ന സഭാഭാഗത്തു കൗരവ!
രമ്യപുണ്യസ്ഥലംതോറും നിന്നോടൊത്തനഘാശയ! 19
പെരുത്തുനാം കഴിഞ്ഞല്ലോ കാണാതേ ശൂരസൂനുവെ
ബലനേയും മററു വൃഷ്ണിവര്യരേയും കുരൂദ്വഹ! 20
ആ ഞാനിച്ഛിച്ചുകൊള്ളുന്നേൻ ദ്വാരകാപുരി പൂകുവാൻ
എൻ യാത്ര ബോധിച്ചീടേണം ഭവാനും പുരുഷർഷഭ! 21
യുധിഷ്ഠിരോർവ്വീശനോടു പലതോതിയതാതിടം
നാമാബ്ഭീഷ്മനൊടുംകൂടി ശോകപ്രശമനത്തിനായ്. 22
നാം ശാസിച്ചു ശാസകനാം പാണ്ഡുഭൂ ധർമ്മപുത്രനെ
സ്വീകരിക്കുകയും ചെയ്തു മഹാത്മാവവനാ മൊഴി. 23
ധർമ്മജ്ഞനാം ധർമ്മജനിൽ കൃതജ്ഞൻ സത്യവാദിയിൽ
സത്യം ധർമ്മം മുഖ്യതീപ്പും നിലയും സ്ഥിരമെപ്പൊഴും. 24
അങ്ങു ചെന്നാ യോഗ്യനോടു നിൻ ബോദ്ധ്യപ്പടി യർജ്ജുന!
മന്നനോടീ നമ്മുടയ യാത്രാകാര്യമുരയ്ക്കെടോ. 25
ഞാനവന്നപ്രിയം ചെയ്യാ പ്രാണത്യാഗം വരുമ്പൊഴും
ദ്വാരകാപുരിയാത്രയ്ക്കായ് പിന്നെയെന്തോ മഹാഭുജ! 26
പാർത്ഥ, ഞാനിങ്ങിതൊക്കെയും നിൻ പ്രീതിഹിതകാംക്ഷയാൽ
സത്യം പറഞ്ഞേൻ കൗരവ്യ, മിത്ഥ്യയല്ലിതു ചെററുമേ. 27
ഞാനിങ്ങു പാർത്തിട്ടുള്ളോരു കാര്യവും തീർന്നിതർജ്ജുന!
ധാർത്തരാഷ്ട്രനൃപൻ ചത്തു പടക്കൂട്ടരുമൊത്തവൻ. 28
താത, ധീമാൻ ധർമ്മജന്നു പാട്ടിലായ്‌വന്നു പാരിടം
ആഴി ചൂഴുന്നിടം മററും കാടും മാടും പെടുന്നിടം. 29
പല രത്നം ചിന്നുമിടം കുരുരാജന്നു പാണ്ഡവ!
ധർമ്മജ്ഞൻ ധർമ്മജനൃപൻ കാക്കട്ടേ ഭൂമി മററുമേ. 30
പല സിദ്ധ മഹാത്മാക്കൾ വന്നുപാസിച്ചിടുന്നവൻ
എപ്പോഴും വന്ദിമാർ വാഴ്ത്തിക്കൊള്ളുവോൻ ഭരതർഷഭ! 31
ഞാനൊത്തു ചേർന്നു കണ്ടിട്ടാക്കുരുവർദ്ധനമന്നനെ
ദ്വാരകാഗമനത്തിന്നു ചോദിക്ക കുരുപുംഗവ! 32

ഈദ്ദേഹമെൻ ഗേഹമെഴുന്ന വിത്തവും
യുധിഷ്ഠിരന്നേകിയിരിപ്പു പാർത്ഥ, ഞാൻ

പ്രിയൻ പരം മാന്യനെനിക്കു ധർമ്മജൻ
സദാ കുരുക്കൾക്കധിപൻ മഹാമതി. 33
പ്രയോജനം ഞാനിഹ പാർക്കിലില്ലെടോ
ഭവാനൊടീക്കുട്ടൊഴിയേ നൃപാത്മജ!
ധരിത്രി നിന്നാജ്ഞയിൽ നില്പു പാർത്ഥ, നിൻ
സുവൃത്തനാകും ഗുരു ധർമ്മജൻെറയും. 34

വൈശമ്പായനൻ പറഞ്ഞു

ഇതീവിധം വൻപിയലും ജനാർദ്ദനൻ
പറഞ്ഞവാറങ്ങതിവീരനർജ്ജുനൻ
''അതാട്ടെ''യെന്നല്പലൊടേററു ചൊല്ലിനാൻ
ജനാർദ്ദനന്നർച്ചന ചെയ്തു പാർത്ഥിവ! 35

അനുഗീതാപർവ്വം

16. സിദ്ധകാശ്യപസമാഗമം

ഭാരതയുദ്ധാരംഭകാലത്തു് കൃഷ്ണൻ ഉപദേശിച്ച കാര്യങ്ങളെല്ലാം താൻ വിസ്മരിച്ചുവെന്നും അതെല്ലാം ഒരിക്കൽക്കൂടി പറഞ്ഞുകേട്ടാൽ കൊള്ളാമെന്നും, അർജ്ജുനൻ ചോദിച്ചതു കേട്ട കൃഷ്ണൻ, സിദ്ധകാശ്യപസംവാദത്തെ ഉദാഹരിച്ച് ബ്രഹ്മസ്വരൂപം വിവരിക്കുന്നു.

ജനമേജയൻ പറഞ്ഞു

ശത്രുക്കളെക്കൊന്നു മഹാത്മാക്കളാസ്സഭ വാഴ്കവേ
കൃഷ്ണാർജ്ജുനന്മാർക്കെന്തുണ്ടായ് പ്രസംഗമവിടെ ദ്വിജ! 1

വൈശമ്പായനൻ പറഞ്ഞു

കൃഷ്ണനോടൊന്നിച്ചു പാർത്ഥൻ സ്വരാജ്യം നേടി മുററുമേ
ആ ദിവ്യസഭയിൽപ്പാർത്തു വിഹരിച്ചു രസത്തോടും. 2

പരം സ്വർഗ്ഗാഭമായോരു സഭാഭാഗത്തു മന്നവ!
യദൃച്ഛയാൽ മുത്തൊടവർ ഗമിച്ചു സ്വജനാന്വിതർ. 3

പിന്നെ പ്രീതൻ കൃഷ്ണനോടു ചേർന്നാപ്പാണ്ഡവനർജ്ജുനൻ
ആ നല്ല സഭയെപ്പാർത്തു കണ്ടിട്ടിങ്ങനെ ചൊല്ലിനാൻ. 4

അർജ്ജുനൻ പറഞ്ഞു

അറിഞ്ഞേൻ ഞാൻ മഹാബാഹോ, യുദ്ധം തുടരുമപ്പൊഴേ
മാഹാത്മ്യം ദേവകീപുത്ര, നിന്റെയൈശ്വരരൂപവും. 5

സൗഹൃദാൽ ഭഗവാൻ മുന്നം ചൊല്ലിത്തന്നതു കേശവ!
എനിക്കെല്ലാം നരവ്യാഘ്ര, ഭ്രഷ്ടബുദ്ധിക്കു കെട്ടുപോയ്. 6

എനിക്കു കൗതുകം വീണ്ടുമുണ്ടിന്നാപ്പൊരുളോർതോറുമേ
ഭവാൻ ദ്വാരക പൂകീടുമേറെ വൈകാതെ മാധവ! 7

വൈശമ്പായനൻ പറഞ്ഞു

എന്നു കേട്ടാ കൃഷ്ണനുടനാ ഫൽഗുനനൊടോതിനാൻ
പുണർന്നിട്ടു മഹാതേജസ്സീവണ്ണം വാഗ്മിസത്തമൻ. 8

വാസുദേവൻ പറഞ്ഞു

ഗുഹ്യം കേൾപ്പിച്ചു ഞാൻ നിന്നെയറിയിച്ചു സനാതനം
ധർമ്മസ്വരൂപം ഹേ പാർത്ഥ, മുററും ശാശ്വതലോകവും. 9

ബുദ്ധികേടാൽ നീ ഗ്രഹിച്ചില്ലതെനിക്കേറെയപ്രിയം
ഉണ്ടാകയില്ലെനിക്കിന്നു വീണ്ടുമാ സ്മൃതിയങ്ങനെ. 10

നൂനം ശ്രദ്ധിച്ചിടാത്തോൻ നീ ദുർമ്മേധസ്സാണു പാണ്ഡവ!
അതൊട്ടുക്കിനിയും ചൊല്ലാൻ പററുകില്ലാ ധനഞ്ജയ! 11

ആധർമ്മം പോരുമേ ബ്രഹ്മപദത്തെയറിയിക്കുവാൻ
അതൊട്ടുക്കിനിയും ചൊല്ലാൻ പററീടുന്നതുമല്ലെടോ. 12
പരം ബ്രഹ്മത്തിനെച്ചൊന്നേനപ്പോഴാ യോഗമാണ്ടു ഞാൻ
ഇതിഹാസം മാത്രമോതാമാക്കാര്യത്തിൽ പുരാതനം. 13
ആബ്ബുദ്ധിപൂണ്ടഗ്ര്യഗതി ഭവാൻ നേടുംപ്രകാരമേ
കേൾക്ക ധർമ്മിഷ്ഠരിൽ ശ്രേഷ്ഠ, ഞാൻ ചൊല്ലുന്നതശേഷവും. 14
വന്നെത്തീ ബ്രാഹ്മണനൊരാൾ സ്വർഗ്ഗാൽ ശത്രുനിഷൂദന!
ബ്രഹ്മലോകാൽ സുദുർദ്ധർഷനവനർച്ചിച്ചു നാമെടോ. 15
ഞാൻ ചോദ്യംചെയ്തവനവനെന്തോതീ ഭരതർഷഭ!
ദിവ്യമാം വിധിയാൽ പാർത്ഥ, കേളതും ശങ്കയെന്നിയേ. 16

ബ്രാഹ്മണൻ പറഞ്ഞു

എന്നോടു കൃഷ്ണ, മോക്ഷത്തെപ്പററിച്ചോദിച്ചതില്ലയോ
ഭൂതാനുകമ്പയുള്ളായിട്ടും മോഹവിച്ഛേദനം വിഭോ! 17
അതു നിന്നോടു ഞാൻ ചൊല്ലാം ശരിക്കു മധുസൂദന!
ശ്രദ്ധവെച്ചിട്ടു കേട്ടാലും ഞാൻ ചൊല്ലുന്നതു മാധവ! 18
തപസ്സേറുന്നൊരു വിപ്രൻ കാശ്യപൻ ധർമ്മവിത്തമൻ
ധർമ്മാഗമമറിഞ്ഞോരു വിപ്രനെക്കണ്ടുകൂടിനാൻ— 19
ഗതാഗതത്തിൽ പലവും ജ്ഞാനവിജ്ഞാനശാലിയെ
സുഖദുഃഖങ്ങളറിയും ലോകതത്ത്വാർത്ഥവേദിയെ 20
ജന്മമൃത്യുക്കാമ്പു കണ്ട പുണ്യപാപവിദഗ്ദ്ധനെ
കർമ്മങ്ങളാലുച്ചനീചദേഹിമാർഗതിദൃക്കിനെ 21
ചുററും മുക്തപ്രായസിദ്ധവിജിതേന്ദ്രിയശാന്തനെ
ബ്രഹ്മതേജസ്സിനാലെങ്ങും വ്യാപിച്ചീടുന്ന യോഗ്യനെ 22
അന്തർദ്ധാനഗതിജ്ഞൻതാനെന്നായ് കേട്ടിട്ടു കശ്യപൻ
അമ്മട്ടു മറയും ചക്രധരസിദ്ധാനുയാതനെ 23
സല്ലപിപ്പോനെയവരൊത്തേകാന്തം വാഴ്വൊരുത്തനെ
അസക്തനായ്പ്പോകുവോനെക്കാററു പോലെ യദൃച്ഛയായ്. 24
അവനെക്കണ്ടു മേധാവിയപ്പൊഴാ ദ്വിജസത്തമൻ
ഇവന്റെ കാൽക്കൽ ധർമ്മാർത്ഥി തപസ്സാണ്ടോൻ സമാഹിതൻ 25
പിടിച്ചു ന്യായമാംവണ്ണമാശ്ചര്യമതു കണ്ടവൻ.
വിസ്മയിച്ചത്ഭുതം കണ്ടാക്കാശ്യപൻ ദ്വിജമുഖ്യനെ 26
തോഷിപ്പിച്ചാനാഗ്ഗുരുവെ മഹത്താം പരിചര്യയാൽ.
അതൊക്കത്തക്കതാണെന്നാൽ ശ്രുത ചാരിത്രശാലിയെ. 27
ഭാവാൽ തോഷിപ്പിച്ചു ഗുരുവൃത്തികൊണ്ടു പരന്തപ!
ആശ്ശിഷ്യനോടു സന്തുഷ്ടൻ പ്രസാദിച്ചരുളീടിനാൻ
പരയാം സിദ്ധിയെപ്പാർത്തിട്ടതു കേൾക്ക ജനാർദ്ദന! 28

സിദ്ധൻ പറഞ്ഞു

പല കർമ്മങ്ങളാലുണ്ണ്ടീ, പുണ്യയോഗങ്ങളാലുമേ
ഗതിയേല്പൂ, മർത്ത്യരിങ്ങു ദൈവലോകത്തു വാസവും. 29
എങ്ങുമില്ലെപ്പൊഴും സൗഖ്യമെങ്ങുമില്ലെപ്പൊഴും നില
ദുഃഖിച്ചേററ മഹാസ്ഥാനം വിട്ടു വീണ്ടും പതിച്ചിടും. 30
പല കഷ്ടാശുഭഗതിയേറേറാൻ ഞാൻ പാപസേവയാൽ
കാമമന്യക്കളൊണ്ടുള്ളോൻ തൃഷ്ണയാൽ മോഹമേററവൻ. 31
വീണ്ടും വീണ്ടും ചാകുക വീണ്ടും വീണ്ടും ജന്മവുമങ്ങനെ.
ഭക്ഷിച്ചു പലതാഹാരം കുടിച്ചു പലവും മുല 32
പല മാതാക്കളെക്കണ്ടു കണ്ടു പല പിതാക്കളെ.
സുഖങ്ങളീ ഞാൻ ചിത്രങ്ങൾ ദുഃഖങ്ങളനഘാശയ! 33
പലപാടിഷ്ടവേർപാടുമനിഷ്ടസഹവാസവും
ധനം ദുഃഖിച്ചു നേടീട്ടു ധനനാശവുമേററു ഞാൻ. 34
കഷ്ടാവമാനം പലതും രാജാവാൽ സ്വജനത്തിനാൽ
ശരീരം മാനസവുമായ് പലതും ക്രൂരവേദന 35
അവമാനവുമത്യുഗ്രം ദാരുണം വധബന്ധവും
നരകത്തിൽ പതനവുമാർത്തിയും കാലനൂരിൽ ഞാൻ. 36
ജരാരോഗങ്ങളെപ്പോഴുമസംഖ്യം വ്യസനങ്ങളും
ദ്വന്ദ്വങ്ങളിങ്ങീ ലോകത്തിലേററമുണ്ടേററിരിപ്പു ഞാൻ. 37
പിന്നീടൊരിക്കലവമാനത്തിലായി വെറുക്കയാൽ
ലോകതന്ത്രം വിട്ടൊഴിച്ചേനേററം ദുഃഖാർത്തനായ ഞാൻ. 38
ഇഹലോകാനുഭവമേററീ മാർഗ്ഗത്തെത്തുടർന്നു ഞാൻ
പിന്നെയാത്മപ്രസാദത്താൽ ഞാനീസ്സിദ്ധിയെ നേടിനേൻ. 39
ഇനിയിങ്ങു വരില്ലാ ഞാൻ കാണ്മൂ ലോകങ്ങളിങ്ങു ഞാൻ
സൃഷ്ടിതൊട്ടാസ്സിദ്ധിവരെശ്ശുഭാത്മഗതി മുററുമേ. 40
നേടിക്കൊണ്ടേൻ ദ്വിജശ്രേഷ്ഠ, പരമീ മുഖ്യസിദ്ധിയും,
ഇനി മേല്പോട്ടു ചെൽവേൻ ഞാൻ, വീണ്ടുമായതിനപ്പുറം 41
ബ്രഹ്മത്തിൻ പദമവ്യക്തം, സംശയിക്കേണ്ട നീയതിൽ;
ഇനി ഞാനീ മർത്ത്യലോകത്തണയില്ലാ പരന്തപ! 42
മഹാപ്രാജ്ഞ, പ്രീതനായ് ഞാൻ നിങ്കൽച്ചൊല്ലെന്തു വേണ്ടു—
അഭീപ്സ്യുവുപപന്നൻ നീയെങ്കിൽക്കാലമതിന്നിതാം. [ഞാൻ
അറിഞ്ഞേൻ ഞാനെന്നരികിലെന്തിന്നണഞ്ഞെത്തിയെന്നതും
ഉടൻ ഞാൻ പോകുമതിനാൽ നിന്നെ പ്രേരിപ്പതാണു ഞാൻ. 44
ഒട്ടേറെ പ്രീതനായ് നിൻെറ ചാരിത്രത്താൽ വിചക്ഷണ!
ചോദിക്കുകാത്മകുശലം നിന്നഭീപ്സിതമോതുവൻ. 45
നിൻ ബുദ്ധി ബഹുമാനിപ്പേനേററം പൂജിച്ചുകൊള്ളുവൻ
എന്നെത്തിരിച്ചറിഞ്ഞോൻ നീ നല്ല മേധാവി കാശ്യപ! 46

17. സിദ്ധകാശ്യപസംവാദം

കാശ്യപന്റെ അഭ്യർത്ഥനയനുസരിച്ച് സിദ്ധൻ പ്രാണികളുടെ ദേഹനാശം, പുനർജ്ജന്മം, കർമ്മം, കർമ്മഫലം മുതലായവയെപ്പററി വിവരിച്ചു തുടങ്ങുന്നു.

വാസുദേവൻ പറഞ്ഞു

അവന്റെ കാൽ പിടിച്ചോതവല്ലാച്ചോദ്യങ്ങളങ്ങനെ
ചോദിച്ചിതാധർമ്മമൊക്കച്ചൊന്നാനാധർമ്മവിത്തമൻ. 1

കാശ്യപൻ പറഞ്ഞു

ദേഹമെങ്ങനെ പോകുന്നിതുണ്ടായീടുന്നതെങ്ങനെ?
കഷ്ടമാകുന്ന സംസാരം പെട്ടോനെങ്ങനെ മുക്തനാം? 2

ആത്മാവുതാൻ പ്രകൃതിയെവിട്ടാദ്ദേഹം വെടിഞ്ഞിടും
ശരീരം വിട്ടവൻ വീണ്ടും മറെറാന്നേല്ക്കുന്നതെങ്ങനെ? 3

ശുഭാശുഭങ്ങളാം കർമ്മങ്ങളാം നരൻതാൻ ചെയ്യതെങ്ങനെ?
ഭുജിക്കുമുടൽവിട്ടോനാക്കർമ്മം നില്ക്കുന്നതെങ്ങുവാൻ? 4

ബ്രാഹ്മണൻ പറഞ്ഞു

എന്നു ചോദ്യം ചെയ്ത സിദ്ധൻ ചോദ്യങ്ങൾക്കോതിയുത്തരം
ക്രമപ്പടികേൾ വാർഷ്ണേയ, ഞാൻ ചൊല്ലുവതു കേൾക്ക നീ. 5

സിദ്ധൻ പറഞ്ഞു

ആയുര്യശഃകരം കർമ്മമിങ്ങു സേവിപ്പതേതവ,
ഏതു ദേഹമെടുത്താലുമവയൊക്ക ക്ഷയിക്കവേ 6

ആയുഃക്ഷയത്തിലാപ്പെട്ട മറിച്ചുള്ളവയേല്ക്കുമേ
ബുദ്ധി മാറീടുമിവനു വിനാശം വന്നടുക്കുകിൽ. 7

സത്വം ബലം കാലമിവയറിഞ്ഞാത്മാവിനങ്ങനെ
ഏററമങ്ങേററുകൊണ്ടീടും വിരുദ്ധങ്ങളനാത്മവാൻ. 8

അതികഷ്ടങ്ങളെയിവൻ മുററുമേല്ക്കുന്നതാകിലോ
ഏററം ഭുജിച്ചെന്നുമൊട്ടും ഭുജിച്ചീലെന്നുമാസ്ഥരാം. 9

ദുഷ്ടാന്നാമിഷപാനങ്ങളിങ്ങന്യോന്യവിരോധികൾ
ഭുജിക്കും ഗുരുവായേററം ദഹിക്കുംമുൻപു വീണ്ടുമേ. 10

ആയാസം ചെയ്യുമധികം സേവിക്കും മൈഥുനത്തെയും
എപ്പോഴും കർമ്മലോഭത്താൽ വന്ന വേഗമടക്കിടും. 11

രസം കലന്നുള്ള ചോറുമേല്ക്കും പകലുറക്കവും
പചിക്കാതെയകാലത്തു ദോഷകോപം വളർത്തിടും. 12

രോഗം സ്വദോഷകോപത്താൽ ചാകുമ പററുവതേററിടും
അല്ലെങ്കിൽ തൂങ്ങിമരണംതൊട്ടവയ്യുമൊരുങ്ങിടും. 13

ഈക്കാരണങ്ങളാൽദ്ദേഹമാ പ്രാണിക്കങ്ങു വിട്ടുപോം
ജീവനെന്നുള്ളതുമതു ശരിയായിദ്ധരിക്ക നീ. 14

ഊഷ്മാവു കോപിച്ചുടലിൽ തീവ്രവായു സമീരണാൽ

ദേഹത്തിലെങ്ങും ചെന്നെത്തി പ്രാണനൊക്കത്തടുത്തിടും. 15
ഏററമൂക്കുള്ളൊരൂഷ്മാവു ദേഹത്തിൽക്കോപമാണ്ടഹോ!
ജീവസ്ഥാനങ്ങൾ മർമ്മങ്ങൾ ഭേദിക്കും തത്ത്വമോർക്ക നീ. 16
പിന്നെ നൊന്തുടനേ ജീവൻ ജഡം വിട്ടങ്ങൊഴിച്ചിടും
ജന്തുദേഹം ത്യജിച്ചീടും മർമ്മച്ഛേദം വരുംവിധൗ. 17
പരം വേദനയാണ്ടുള്ളോനതോർക്ക ദ്വിജസത്തമ!
ജന്മമൃത്യുവിവിഗ്നന്മാർ[1] നിത്യം ജന്തുക്കളൊക്കയും 18
കാണ്മൂ ദേഹങ്ങൾ കൈവിട്ടുകൊൾവതായി ദ്വിജർഷഭ!
മർമ്മങ്ങൾ വിട്ടു കേറീടും ഗർഭസംക്രമണത്തിലും 19
അമ്മട്ടുള്ളാ വേദനതാൻ വീണ്ടും നേടുന്നു മാനവൻ.
സന്ധിഭേദം പൂണ്ടു ജലക്ലേദമേററീടുമാ നരൻ 20
പഞ്ചഭൂതങ്ങളിലെഴും കൂട്ടില്ലാതായിടുംപടി.
ശൈത്യത്താൽ കുപിതൻ മെയ്യിൽ തീവ്രവായുസമീരിതൻ 21
പഞ്ചഭൂതങ്ങളിൽ പ്രാണാപാനസ്ഥാനത്തിരിപ്പവൻ
കൃച്ഛ്രാൽ ദേഹികളേ വിട്ടാദ്ദേഹിസ്ഥാനത്തു പോയിടും. 22
ശരീരം വിടുമീവണ്ണം കാണാം നിശ്വാസമെന്നിയേ
നിരൂഷ്മാവു നിരുച്ഛ്വാസൻ നിഃശ്രീകൻ ഹതചേതനൻ; 23
ബ്രഹ്മം വെടിഞ്ഞോരു മർത്ത്യൻ മൃതനെന്നാണു ചൊൽവതും.
ഏതിന്ദ്രിയങ്ങളാൽ ദേഹിയിന്ദ്രിയാർത്ഥങ്ങൾ കാണ്മതോ 24
അവയാലറിയാതാവും; പ്രാണമാഹാരസംഭവം;
ദേഹത്തിൽച്ചെല്ലുവവനെവനവൻ ജീവൻ സനാതനം. 25
അമ്മട്ടോരോരിടത്തേതേതുണ്ടു കൂട്ടുമ്മൽ നില്പതായ്,
അതാതിടം മർമ്മമോർക്ക ശാസ്ത്രത്തിൽക്കാണ്മതങ്ങനെ. 26
ആ മർമ്മങ്ങൾ പിളർന്നീടിലവിടം വിട്ടുയർന്നവൻ
ജന്തുവിൻ ഹൃദയം പുക്കു സത്വത്തേയും തടഞ്ഞിടും. 27
പിന്നെസ്സചേതനൻ ജന്തുവറിഞ്ഞീടില്ലൊരെണ്ണവും
മർമ്മങ്ങൾ മറയെ ജ്ഞാനം തമസ്സാലെ മറഞ്ഞവൻ. 28
ആജ്ജീവൻ നിലയില്ലാത്തോൻ വായുവാലിളകപ്പെടും
പിന്നീടവൻ മഹോച്ഛ്വാസമുച്ഛ്വസിച്ചതിദാരുണം 29
നിഷ്ക്രമിപ്പോനിളക്കീടുമുടൻ ദേഹമചേതനം.
ആജ്ജീവനുടൽ വിട്ടിട്ടു നിജകർമ്മങ്ങളൊത്തവൻ 30
മുററും താൻ ചെയ്തൊരാപ്പുണ്യപാപങ്ങളൊടു കൂടുമേ.
ബ്രാഹ്മണന്മാർ ജ്ഞാനവാന്മാർ ശരിയായ് ശ്രുതനിശ്ചയർ 31
മറേറാനെപ്പുണ്യവാനേയുമറിയും ലക്ഷണങ്ങളാൽ.
ഇരുട്ടത്തങ്ങിങ്ങുമേല്ലും ഖദ്യോത[2]ത്തിനെയെങ്ങനെ 32

1 ജന്മമൃത്യുവിവിഗ്നന്മാർ = ജനനമരണങ്ങളിൽ സുഖദുഃഖാദി വികാരങ്ങൾക്കടിപ്പെടുന്നവർ. 2 ഖദ്യോതം = മിന്നാമിനുങ്ങ്.

കണ്ണുള്ളോർ കാണുമവ്വണ്ണം ജ്ഞാനചക്ഷുസ്സെഴുന്നവർ.
ഇമ്മട്ടാം ജീവനെക്കാണും സിദ്ധന്മാർ ദിവ്യദൃഷ്ടിയാൽ 33
പോമ്പോതുമുളവാമ്പോതും യോനിയിൽച്ചെല്ലുവോതുമേ.
അവനു കാണ്മൂ ശാസ്ത്രത്താൽ പരം സ്ഥാനങ്ങൾ മൂന്നിഹ 34
ജന്തുക്കൾ നിന്നുപോരുന്നീ ഭൂമിയോ കർമ്മഭൂമിയാം.
അതിൽ ശുഭാശുഭം ചെയ്തു നേടുന്നൂ സർവ്വദേഹികൾ 35
ഉണ്ടുച്ചാവചഭോഗങ്ങളെല്ലുന്നൂ സ്വക്രിയാവശാൽ.
ഇങ്ങുതാൻ പാപകർമ്മാക്കൾ കർമ്മത്താൽ നരകത്തിലാം 36
മനുഷ്യരെപ്പചിച്ചീടും കഷ്ടാധോഗതിയാണിതും;
അതിൽപ്പെട്ടാൽ പാടൊഴിവാനാത്മാവെക്കാക്കുകേററവും. 37
ജന്തുക്കൾ മേല്പോട്ടു പോയാൽ നില്പതേതേതിടങ്ങളിൽ
അവയെച്ചൊല്ലിടുവതും തത്ത്വമായ് കേട്ടുകൊൾക നീ; 38
കേട്ടാൽ നൈഷ്ഠികമാം ജ്ഞാനമറിയാം കർമ്മനിശ്ചയം.
താരാകാരങ്ങളൊക്കേയും ചന്ദ്രമണ്ഡലമേതിടം 39
ഏതു ലോകത്തു ഭാസിപ്പൂ സ്വഭാസ്സാൽ സൂര്യമണ്ഡലം
പുണ്യകർമ്മിജനങ്ങൾക്കാം സ്ഥാനങ്ങളവയോർക്ക നീ; 40
കർമ്മക്ഷയാൽ വീണുപോകും വീണ്ടുമായവരൊക്കയും;
വിശേഷമുണ്ടവിടെയും വിണ്ണിൽ നീചോച്ചമദ്ധ്യമം. 41
സന്തോഷമില്ലവിടെയും ദീപ്തശ്രീ കണ്ടുവെങ്കിലോ
എന്നീ മററും ഗതികളെ വേർതിരിച്ചിട്ടു ചൊല്ലിനേൻ. 42
പറയാം ഞാൻ ഗർഭമതിന്നുപപത്തിയെയിന്നിമേൽ
അവ്വണ്ണം ഞാൻ ചൊല്ലുവതു സശ്രദ്ധം ദ്വിജ, കേൾക്ക നീ. 43

18. ബ്രാഹ്മണോപദേശം

ശുഭാശുഭകർമ്മങ്ങൾക്ക് ഒരിക്കലും നാശമില്ലെന്നും അവ ആത്മാവിനെ പിൻതുടൎന്നുകൊണ്ടിരിക്കുമെന്നും സുഖദുഃഖങ്ങൾ ശാശ്വതങ്ങളല്ലെന്നു മനസ്സിലാക്കി കർമ്മവിമുഖനായി പരസൽഗതി പ്രാപിച്ചാൽ മാത്രമേ പുനർജ്ജന്മം കൂടാതെ കഴിക്കാൻ പററുകയുള്ളുവെന്നും ബ്രാഹ്മണൻ പറയുന്നു.

ബ്രാഹ്മണൻ പറഞ്ഞു

ശുഭാശുഭങ്ങളാം കർമ്മങ്ങൾക്കു നാശം വരില്ലിഹ
ക്ഷേത്രംതോറും ചെന്നു ചെന്നു പചിക്കപ്പെട്ടുമങ്ങനെ. 1
ഉണ്ടായാൽ മാമരം ഭൂരിഫലം നല്കീടുമെങ്ങനെ,
അവ്വണ്ണമേ ശുദ്ധചിത്തകൃതമാം ഭൂരിപുണ്യവും. 2
അവ്വണ്ണം താൻ പാപചിത്തകൃതമായോരു പാപവും
മനം മുൻപായ് ദ്ദേഹിയാത്മാവിങ്ങു കർമ്മങ്ങൾ ചെയ്തിടും. 3
കർമ്മാനുഗുണമാപ്പെട്ടു കാമമന്യൂക്കളാണ്ടവൻ

നരൻ ഗർഭത്തിലെത്തീടുമത്തും നീ കേട്ടുകൊൾകിനി. 4
ശുക്ലം രക്തത്തോടുംകൂടി സ്ത്രീഗർഭാശയമാണ്ടഹോ!
കർമ്മജം ക്ഷേത്രമെത്തുന്നൂ പുണ്യവും പാപവും ശരി; 5
അവ്യക്തഭാവാൽ സൂക്ഷ്മത്വാൽ തങ്ങുകില്ലൊരിടത്തുമേ.
ബ്രാഹ്മണൻ കാമമേറ്റെന്നാലതത്രേ ബ്രഹ്മശാശ്വതം 6
അതു ബീജം ജീവികൾക്കിങ്ങതിൽജ്ജീവിപ്പു ജീവികൾ.
ആജ്ജീവൻ പുക്കു വെവ്വേറെ ഗർഭാംഗങ്ങളിലെങ്ങുമേ 7
ഉടൻ ധരിപ്പൂ ചേതസ്സാൽ പ്രാണസ്ഥാനങ്ങളാണ്ടവൻ
ഇളക്കും പിന്നെയംഗങ്ങളാഗ്ഗർഭം ചേതനാന്വിതം. 8
ലോഹത്തിൽ വിട്ട നിഷ്യന്ദം ബിംബദേഹത്തെയെങ്ങനെ
ഏല്ക്കുമമ്മട്ടറിഞ്ഞാലും ഗർഭേ ജീവപ്രവേശവും. 9
ലോഹപിണ്ഡത്തിലങ്ങഗ്നിപുക്കു ചൂടേകുമെങ്ങനെ
അമ്മട്ടമങ്ങറിഞ്ഞാലും ഗർഭത്തിൽജ്ജീവസംസ്ഥിതി. 10
കത്തും വിളക്കു ഗേഹത്തിൽ പ്രകാശിക്കുന്നതെങ്ങനെ
ദേഹങ്ങളെ പ്രകാശിപ്പിച്ചീടുമങ്ങനെ ചേതനം. 11
ശുഭമോതാനശുഭമോ കർമ്മമെന്തെന്തു ചെയ്തതോ
മുജ്ജന്മം ചെയ്തതൊക്കേയുമിങ്ങവശ്യം ഭുജിക്കുമേ. 12
അതുമൂലം ക്ഷയിച്ചീടും പിന്നെ മറ്റൊന്നു വാച്ചിടും
അതു വിട്ടൊഴിവാൻ തക്ക ധർമ്മം കാണാത്തനാൾവരെ. 13
അതിൽക്കർമ്മം പറഞ്ഞീടാം യാതൊന്നാൽ സുഖിയാകുമോ
അന്യയോനികൾ പുക്കന്യനുഴൽവോനയി സത്തമ! 14
ദാനം വ്രതം ബ്രഹ്മചര്യം ചൊന്നോണം ബ്രഹ്മധാരണം
ദമം പ്രശാന്തതയതിൻവണ്ണം ഭൂതാനുകമ്പയും 15
ആനൃശംസ്യം സംയമവും പരസ്വം വിട്ടൊഴിക്കലും
മനസ്സാലും ഭൂതജാലവ്യളീകം ചെയ്തിടായ്കയും 16
അച്ഛനമ്മകൾശുശ്രൂഷ ദേവാതിഥിപൂജയും
ഗുരുപൂജ ഘൃണാശൗചമെന്നുമിന്ദ്രിയനിഗ്രഹം 17
ശുഭങ്ങൾ ചെയ്യലുമിവ സത്തുക്കളുടെ വൃത്തിയാം.
എന്നും പ്രജകളെക്കാക്കും ധർമ്മമുണ്ടാമതേവഴി 18
ഏവം സത്തുക്കളിൽക്കാണ്കീ നിലയങ്ങുണ്ടുറപ്പോടും.
ആചാരം ധർമ്മമതുതാൻ ശാന്തന്മാരങ്ങു നില്പവർ 19
ആക്കർമ്മം നില്പതവരിലതു ധർമ്മം സനാതനം.
അതിനെത്താനാശ്രയിപ്പോൻ ദുർഗ്ഗതിങ്കലകപ്പെടാ 20
അതാണു ധർമ്മവഴികൾ വിടുന്നോരെത്തടുപ്പതും.
അവരേക്കാൾ മേലെയാണീ യോഗി മുക്തനുമങ്ങനെ 21
ശുഭമെങ്ങുണ്ടപ്രകാരം ധർമ്മം ചെയ്യുമവന്നഹോ!
ഏറെക്കാലംകൊണ്ടു പറ്റും സംസാരത്തെക്കടക്കുവാൻ. 22

ഏവം മുൻചെയ്ത കർമ്മത്തെജ്ജന്തു നിത്യവുമേററിടും
വൈകൃതപ്പെട്ടിങ്ങണവാൻ മുററുമായതു കാരണം. 23
ഇവന്നു ദേഹഗ്രഹണം മുൻപു കല്പിച്ചതാരുവാൻ
ലോകത്തിലെന്നുണ്ടു ശങ്കയതും ഞാനിനിയോതിടാം. 24
ആത്മാവിന്നുടൽ നിർമ്മിച്ചു സർവ്വലോകപിതാമഹൻ
മൂപ്പാർ ചമച്ചൂ ബ്രഹ്മാവു മുററും സ്ഥാവരജംഗമം. 25
പരം പ്രധാനം പ്രകൃതി സൃഷ്ടിച്ചു ദേഹികൾക്കിഹ
എങ്ങും വ്യാപിച്ചതതുതാൻ ലോകേ പരമമാണപോൽ. 26
ക്ഷരമെന്നോതുവതിതു മറേറതമൃതമക്ഷരം
മൂന്നിന്നും മൈഥുനം മുററുമോരോന്നിന്നിഹ വേറെയാം. 27
സർവ്വഭൂതങ്ങളെത്തീർത്തു മുൻ കണ്ടുള്ളോൻ പ്രജാപതി
ചരാചരങ്ങൾ ഭൂതങ്ങളെന്നാണീ മുൻപെഴം ശ്രുതി. 28
കാലക്കണക്കുമതിനു കല്പിച്ചാനാപ്പിതാമഹൻ
പ്രവൃത്തിയും ഭൂതജാലങ്ങളിൽപ്പിന്നെ നിവൃത്തിയും. 29
ദൃഷ്ടാത്മാവായ മേധാവിയൊരാൾ മുജ്ജന്മമായതിൽ
ഞാനീച്ചൊല്ലുന്നതൊക്കേയും ശരിയാംവണ്ണമേല്ക്കുമേ. 30
സുഖദുഃഖങ്ങൾ നിത്യങ്ങളല്ലെന്നുള്ളതു കാണ്മവൻ
അമേദ്ധ്യക്കൂട്ടമുടലും കർമ്മസ്ഥം ക്ഷയിയെന്നുമേ, 31
സൗഖ്യമായ്ക്കാണ്മതൊക്കേയും ദുഃഖമാണെന്നുമോർപ്പവൻ
കടക്കുമേ ദുസ്തരമാം ഘോരസംസാരസാഗരം 32
പ്രധാനജ്ഞൻ ജരാമൃത്യുരോഗങ്ങളിടപെട്ടവൻ
ചൈതന്യവൽജ്ജീവികളിൽ ചൈതന്യം കണ്ടിടും സമം. 33
പിന്നെ നിർവ്വിണ്ണനാം മുററും തിരവോൻ പരമം പദം
ചൊല്ലാമതുപദേശം ഞാൻ ശരിയാമ്മട്ടു സത്തമ! 34
ശാശ്വതാവ്യയമായീടുമിതിന്റെ ജ്ഞാനമുത്തമം
എന്തെന്നു ഞാൻ ചൊല്ലുമിതു മുററും വിപ്ര, ധരിക്ക നീ. 35

19. യോഗവിചാരം

കർമ്മവൈമുഖ്യവും വൈരാഗ്യവുംകൊണ്ടു മോക്ഷംപ്രാപിക്കാനുള്ള ഉപായത്തെ ഉപദേശിച്ച് കൃഷ്ണൻ ആ ഉപാഖ്യാനം ഉപസംഹരിക്കുന്നു.

ബ്രാഹ്മണൻ പറഞ്ഞു

ഏകായനവിലീനൻ* താനൊന്നുമോക്കാത്തവൻ മുനി
മുൻപുമുൻപുള്ളതൊഴിയെബ്ബന്ധനം വിട്ടു കേറിടും. 1
സർവ്വമിത്രൻ സർവ്വസഹൻ ശമസക്തൻ ജിതേന്ദ്രിയൻ
ഭയമന്യൂക്കളെററുള്ളോൻ മുക്തനാകുന്നിതാത്മവാൻ. 2

* ഏകായനവിലീനൻ = ബ്രഹ്മത്തിൽ ലയിച്ചവൻ.

തന്നിലാംപോലേവനിലും ചരിപ്പോൻ നിയതൻ ശുചി
അമാനി* നഷ്ടാഭിമാനനെങ്ങുമേ മുക്തനാണവൻ. 3
ജീവിതം മരണം രണ്ടും സുഖം ദുഃഖവുമങ്ങനെ
ലാഭാലാഭം പ്രിയദ്വേഷ്യം തുല്യമായോൻ വിമുക്തനാം. 4
ആഗ്രഹിക്കില്ലൊന്നിലുമേ ധിക്കരിക്കില്ലൊരെണ്ണവും
നിർദ്വന്ദ്വൻ വീതരാഗാത്മാ മുററുമേ മുക്തനാണവൻ. 5
ശത്രുഹീനൻ ബന്ധുഹീനൻ പുത്രഹീനനൊരേടവും
ത്യക്തധർമ്മാർത്ഥകാമൻതാൻ നിരാകാംക്ഷി വിമുക്തനാം. 6
അധർമ്മിയല്ലല്ല ധർമ്മി മുൻ നേടിയതു തള്ളുവോൻ
ധാതുക്ഷയാൽ പ്രശാന്താത്മാ നിർദ്വന്ദ്വൻ മുക്തനാമവൻ. 7
കർമ്മമററോൻ കാംക്ഷ വിട്ടോൻ കാണ്മോൻ വിശ്വം ക്ഷയി–
അസ്വസ്ഥമവശം മൂഢം ജന്മമൃത്യുജരാന്വിതം [പ്പതായ്
വൈരാഗ്യബുദ്ധിയെപ്പോഴുമാത്മദോഷങ്ങൾ നോക്കുവോൻ
ആത്മബന്ധവിമോക്ഷത്തെച്ചെയ്യും താമസിയാതവൻ. 9
രസ ഗന്ധ സ്പർശ ശബ്ദ രൂപബന്ധങ്ങളെന്നിയേ
അനഭിജ്ഞേയനാമാത്മാവിനെക്കണ്ടാൽ വിമുക്തനാം. 10
പഞ്ചഭൂതഗുണം വിട്ട മൂർത്തികൂടാത ഹേതുവെ
നിർഗ്ഗുണൻ ഗുണഭോക്താവെന്നാർ കാണും മുക്തനാണവൻ. 11
ജ്ഞാനാൽ മാനസ ശാരീര സങ്കല്പങ്ങൾ തെളിഞ്ഞവൻ
മെല്ലെ നിർവ്വാണമണയും വിറകററഗ്നി പോലവേ. 12
സർവ്വസംസ്കാരവും വിട്ടോൻ നിർദ്വന്ദ്വൻ നിഷ്പരിഗ്രഹൻ
തപസ്സാലിന്ദ്രിയഗ്രാമം ചരിപ്പോൻ മുക്തനാണവൻ. 13
സർവ്വസംസ്കാരവും വിട്ടോൻ പിന്നെ ബ്രഹ്മം സനാതനം
പ്രാപിക്കും പരമം ശാന്തമചലം നിത്യമക്ഷയം. 14
ഇതിന്നുമേൽ ഞാൻ പറയാം യോഗശാസ്ത്രം മഹത്തരം
യോഗം കൊള്ളും യോഗികൾ സിദ്ധാത്മാവെക്കാണ്മതെങ്ങനെ?
ഉപദേശമതിന്നോതാം ശരിക്കതു ധരിക്ക നീ.
ആ വഴിക്കാക്കിലാത്മാവിലാത്മാവെക്കാണുമെപ്പൊഴും 16
ഇന്ദ്രിയങ്ങളടക്കീട്ടു മനസ്സാത്മാവിൽ നിർത്തണം.
മുൻപു തീവ്രതപം ചെയ്തു മോക്ഷയോഗം ചരിക്കണം 17
തപസ്വിയെന്നും യോഗസ്ഥൻ യോഗശാസ്ത്രം ചരിക്കണം.
മനീഷി വിപ്രനാത്മാവിൽ മനസ്സാലാത്മദർശകൻ 18
ആത്മാവെയാത്മാവിൽ നന്നായടക്കാൻ ശക്തനെങ്കിലോ
ആത്മാവിൽക്കാണുമാത്മാവെപ്പരമേകാന്തിയാമവൻ. 19
എപ്പൊഴും സംയതൻ യോഗിയാത്മവാൻ വിജിതേന്ദ്രിയൻ
ആത്മാവെയമ്മട്ടാത്മാവാൽക്കണ്ടീടും യോഗമാണ്ടവൻ. 20

* അമാനി = അഹങ്കാരമില്ലാത്തവൻ.

സ്വപ്നത്തിൽ പുരുഷൻ കണ്ടിട്ടവനെന്നോർക്കുമെങ്ങനെ
അമ്മട്ടു സാധുയോഗസ്ഥനാത്മാവെക്കണ്ടുകൊണ്ടിടും. 21
ഇഷീക[1] മുഞ്ജ[2]ത്തിൽനിന്നു തിരിച്ചറിയുമാവിധം
തിരിച്ചു കാണുമാത്മാവെ യോഗി ദേഹത്തിൽനിന്നുമേ. 22
മുഞ്ജം ശരീരമാകുന്നിതാത്മാവെന്നതിഷീകയാം
ഇതു ദൃഷ്ടാന്തമായ്ച്ചൊൽവൂ യോഗവിത്തുക്കളുത്തമം. 23
ദേഹിയാത്മാവിനെ നന്നായ്ക്കണ്ടുകൊള്ളുന്നതാകിലോ
അവന്നീശ്വരനില്ലാരും ത്രൈലോക്യപ്രഭുവാണവൻ. 24
മററു മററു ശരീരങ്ങൾ യഥേഷ്ടം സ്വീകരിച്ചുമേ
ജരാമൃത്യുക്കൾ വിട്ടേററും മാഴ്കില്ലാ ഹർഷമേററിടാ; 25
ദേവകൾക്കും ദേവനില വശിയാം യോഗി ചെയ്തിടും.
ശരീരം നശ്വരം കൈവിട്ടവ്യയബ്രഹ്മമെത്തിടും 26
ഭൂതങ്ങൾ നാശമേററാലുമവന്നു ഭയമേററിടാ;
ക്ലേശം ഭൂതങ്ങളേററാലും ക്ലേശിക്കില്ലവനെങ്ങുമേ. 27
സംഗസ്നേഹോൽഭൂത ഘോരദുഃഖ ശോക ഭയങ്ങളാൽ
ഇളക്കപ്പെട്ടിടാ യോഗി നിസ്പൃഹൻ ശാന്തമാനസൻ. 28
ശസ്ത്രങ്ങൾ ചെല്ലില്ലിവനിലിവന്നേല്ക്കില്ല മൃത്യുവും
ലോകത്തിലിതിലും മേലേ കാണില്ലാ സുഖമൊന്നുമേ. 29
അവൻ നന്നായാത്മയോഗമാണ്ടാത്മാവിലമന്നിടും
ജരാദുഃഖങ്ങൾ വിട്ടുള്ളോൻ സുഖമായിട്ടുറങ്ങിടും. 30
യഥേഷ്ടമെല്ലാം ദേഹങ്ങളീ മർത്ത്യതനു വിട്ടുമേ
വെറുപ്പു തോന്നുവാൻ വയ്യാ ഭുജിപ്പവനൊരിക്കലും[3]. 31
എപ്പൊഴാത്മാവെയാത്മാവിൽക്കാണ്മൂ സദ്യോഗമാണ്ടവൻ
സാക്ഷാൽദ്ദേവേന്ദ്രനിൽപ്പോലുമപ്പോൾത്താനാഗ്രഹിച്ചിടാ. 32
ഏകാന്തശീലൻ യോഗത്തെ നേടുന്നെങ്ങനെ കേളതും
മുൻ കണ്ട ദിക്കു ചിന്തിച്ചു വാഴ്വതേതു പുരത്തിലോ 33
ആപ്പുരത്തിന്നുള്ളിൽ നിർത്തുകുള്ളം വെളിയിലാക്കൊലാ.
പുരത്തിന്നുള്ളിൽ വാഴുന്നോർ പാർപ്പതേതു ഗൃഹത്തിലോ 34
ആ ഗൃഹത്തിലുറപ്പിക്ക സബാഹ്യാഭ്യന്തരം മനം.
ഗൃഹത്തിൽ മുററും ചിന്തിച്ചിട്ടേതുകാലത്തു കാണ്മതോ 35
അവന്നക്കാലത്തു മനം ചെററും വെളിയിലെന്നിയേ.
നിർഘോഷം നിർജ്ജനക്കാട്ടിലടക്കീട്ടിന്ദ്രിയവ്രജം 36
മുററുമഭ്യന്തരം കായമേകാഗ്രം ചിന്ത ചെയ്യണം.
ദന്തങ്ങൾ താലു[4] നാവേവം ഗളം ഗ്രീവയുമങ്ങനെ 37

---

1 ഇഷീക = നേരിയ നാര്. 2 മുഞ്ജം = മേഖലപ്പുല്ല്. 3 യോഗത്തിൻെറ ഫലം ഭുജിച്ചുകൊണ്ടിരിക്കുമ്പോഴും യോഗത്തിൽ വെറുപ്പു തോന്നരുതെന്നാണ് വിവക്ഷ. 4 താലു = അണ്ണാക്ക്.

കരളും ചിന്തചെയ്യേണമേവം ഹൃദയബന്ധവും.
ഞാനേവം ചൊന്നൊരാശ്ശിഷ്യൻ മേധാവി മധുസൂദന! 38
ചൊല്ലവല്ലാത്തൊരീ മോക്ഷധമ്മം ചോദിച്ചു വീണ്ടുമേ:
''വയററിലുണ്ടൊരീച്ചോറു പചിച്ചീടുന്നതെങ്ങനെ? 39
രസമാമെങ്ങനെയതു ചോരയാം പിന്നെയെങ്ങനെ?
മാംസം മേദസ്സുമവ്വണ്ണം ഞരമ്പസ്ഥികളും പോററിടും 40
ദേഹികൾക്കുള്ള ദേഹങ്ങളിവയൊക്കയുമെങ്ങനെ?
വളരും വളരുന്നോനു ബലം വളരുമെങ്ങനെ? 41
ഓജസ്സററ മലങ്ങൾക്കു വെവ്വേറേ നിഗ്ഗമിക്കലും?
ഇവനെന്തേ നിശ്വസിപ്പതുച്ഛ്വസിപ്പതുമെങ്ങനെ? 42
ഏതു ദേശത്തിലായിട്ടാണാത്മാവാത്മാവിൽ നില്പതും?
ദേഹത്തിനെ വഹിക്കുന്നു ചേഷ്ടിക്കും ജീവനെങ്ങനെ? 43
എന്തു വണ്ണമൊടെമ്മട്ടുണ്ടതിൽക്കാണുന്നു വീണ്ടുമേ?
ഭഗവൻ ശരിയായെന്നോടരുൾചെയ്യുനഘാശയ!'' 44
എന്നേവമാ ദ്വിജൻ ചോദ്യം ചെയ്തു ഞാനയി മാധവ!
എതിർചൊന്നേൻ മഹാബാഹോ, കേട്ടവണ്ണമരിന്ദമ! 45
സാമാനം തൻ നിലവരമ്പുൾവെച്ചതറിയുംവിധം
തന്മെയ്യിൽവെച്ചൊരാത്മാവെ നിശ്ചലം ചിത്തമാഗ്ഗമേ 46
തേടിക്കാണേണമവിടെത്തെററു പററാതിരിക്കണം.
ഇമ്മട്ടെപ്പൊഴുമുദ്യുക്തൻ പ്രീതൻ താമസിയാതെതാൻ 47
ആ ബ്രഹ്മത്തെക്കണ്ടുകൊള്ളും കണ്ടാൽക്കാണും പ്രധാനവും.
കണ്ണാൽക്കാണാവല്ലവനെപ്പററാ മററിന്ദ്രിയങ്ങളാൽ 48
മനോദീപത്തിനാൽക്കാണപ്പെടുമാത്മാവഹോ! മഹാൻ.
എങ്ങും കൈകാലടിയുമായെങ്ങും കൺ തല വായുമായ് 49
എങ്ങും ചെവിയുമായ് ലോകത്തെങ്ങും വ്യാപിച്ചു നില്ക്കുയാം.
ജീവനാത്മാവിനെദ്ദേഹാൽ വേർവിട്ടിങ്ങനെ കണ്ടിടും 50
ആ സ്വദേഹം വിട്ടൊരവൻ കേവലബ്രഹ്മധാരിയായ്
മനസ്സാൽക്കാണുമാത്മാവെ പ്രഹസിക്കുംപ്രകാരമേ 51
അതേവമാശ്രയിച്ചെത്തും മോക്ഷമപ്പുറമെന്നിലായ്.
ഇതു സവ്വരഹസ്യം ഞാൻ നിന്നോടോതീ ദ്വിജോത്തമ! 52
യാത്ര ചൊല്ലുന്നു പോകട്ടേ വിപ്ര, ചെല്ലു യഥാസുഖം.
എന്നു ഞാൻ ചൊന്നൊരാശ്ശിഷ്യൻ കൃഷ്ണ, വൻതപമാണ്ടവൻ 53
യഥേഷ്ടമായിപ്പൊയ്ക്കൊണ്ടാൻ ബ്രാഹ്മണൻ സംശിതവ്രതൻ.

വാസുദേവൻ പറഞ്ഞു

എന്നെന്നോടു പറഞ്ഞിട്ടു പാത്ഥ, ബ്രാഹ്മണസത്തമൻ
നന്നായി മോക്ഷധമ്മത്തിലാണ്ടോനങ്ങു മറഞ്ഞുപോയ്. 54
പാത്ഥ, നീയിതുമേകാഗ്രചിത്തനായ് കേട്ടതില്ലയോ

അന്നു തേർത്തട്ടിൽവെച്ചിട്ടുമിതുതാൻ കേട്ടിരിപ്പു നീ. 55
ഇതു നന്നായറിഞ്ഞീടാ പാർത്ഥ, വ്യാമിശ്ര[1]നെന്മതം
സംജ്ഞയററ നരൻ പാരം വിദഗ്ദ്ധനകൃതാത്മവാൻ. 56
ദേവകൾക്കു രഹസ്യംതാനിതോതീ ഭരതർഷഭ!
ഇതു കേട്ടീലയോ പാർത്ഥ, മനുഷ്യനിഹ ചെററുമേ.[2] 57
ഇതു കേൾപ്പാനന്യമർത്ത്യൻ നീയല്ലാതില്ല സന്മതേ!
വ്യാമിശ്രമാം മനസ്സാലിതത്ര സുഗ്രാഹ്യമല്ലെടോ. 58
ക്രിയാവാന്മാർ[3]കളാൽ പാർത്ഥ, ദേവലോകം സമാവൃതം
ഇഷ്ടമല്ലാ ദേവകൾക്കീ മർത്ത്യരൂപനിവർത്തനം. 59
പരസൽഗതിയാം പാർത്ഥ, പരം ബ്രഹ്മസനാതനം
അമൃതത്വം നേടുമങ്ങു ദേഹംവിട്ടെപ്പൊഴും സുഖി. 60
ഈ ധർമ്മം പൂണ്ടുകൊണ്ടെങ്കിൽ പാപയോനികളാകിലും
സ്ത്രീവൈശ്യശൂദ്രനായാലും പരസൽഗതി നേടിടും. 61
പിന്നെയെന്തോ വിപ്രർ പാർത്ഥ, നൃപന്മാരും ബഹുശ്രുതർ
സ്വധർമ്മപരരെപ്പോഴും ബ്രഹ്മലോകപരായണർ. 62
ഇതുദ്ദിഷ്ടം ഹേതുമത്താമുപായങ്ങളിതേല്ലവാൻ
സിദ്ധി പിന്നെ ഫലം ദുഃഖത്തിൻെറ മോക്ഷം വിനിർണ്ണയം 63
മറെറാന്നുമില്ലിതിന്മേലേ സുഖം ഹേ, ഭരതർഷഭ!
ബുദ്ധിമാൻ ശ്രദ്ധയുടയോൻ പാണ്ഡുപുത്ര, പരാക്രമി 64
ലോകസാരമസാരംപോലുപേക്ഷിപ്പവനേവനോ
ഈയുപായംവഴിയവൻ പരസൽഗതി നേടിടും. 65
ചൊല്ലേണ്ടതിത്രമാത്രംതാനൊന്നുമില്ലിതിനപ്പുറം
നിത്യമുക്തനാറുമാസംകൊണ്ടുണ്ടാം പാർത്ഥ, യോഗവും. 66

20. ബ്രഹ്മഗീത

ജ്ഞാനയോഗത്തെപ്പററിയുള്ള വിവരണം.

വാസുദേവൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
പാർത്ഥ, ദമ്പതിമാർ ചെയ്ത സംവാദം ഭരതർഷഭ! 1
ബ്രാഹ്മണി ജ്ഞാനവിജ്ഞാനനിധി ബ്രാഹ്മണനേകനെ
ഭർത്താവിനെ വിവിക്തത്തിൽക്കണ്ടുതാൻ ഭാര്യ ചൊല്ലിനാൾ: 2
"ഏതു ലോകം പൂകുവേൻ ഞാൻ പതിയങ്ങെശ്രയിച്ചവൾ
കർമ്മം കൈവിട്ടിരിപ്പോനെദ്ദയയില്ലാത്ത മൂഢനെ? 3

1 വ്യാമിശ്രൻ = ബ്രഹ്മജ്ഞാനം വേണ്ടപോലെ ഉറയ്ക്കാത്തവൻ. 2 മനുഷ്യൻ ഇതു് ഒരിക്കലും കേട്ടിട്ടില്ല എന്നാണ് മൂലത്തിലെ ആശയം. 3 ക്രിയാവാന്മാർ = പ്രവൃത്തിമാർഗ്ഗത്തിൽ ഏർപ്പെട്ടവർ.

ഭാര്യമാർ ഭർത്തൃലോകങ്ങൾ പൂകുമെന്നുണ്ടു കേൾപ്പു ഞാൻ
അങ്ങു ഭർത്താവായൊരു ഞാൻ ഗതിയെന്തു ഗമിക്കുമോ?'' 4

എന്നു കേട്ടു ചിരിക്കുമ്മാറാശ്ശാന്താത്മാവു ചൊല്ലിനാൻ:
''സുഭഗേ, നിന്റെയീ വാക്കിലസൂയിപ്പീല സമ്മതേ! 5

ഗ്രാഹ്യം ദൃശ്യം സത്യമായിക്കർമ്മമുണ്ടെന്നിരിക്കുകിൽ,
ഇതു കർമ്മം കർമ്മമെന്നു ചെയ്യുമാറുണ്ടു കർമ്മികൾ. 6

മോഹത്തെത്താനടക്കുന്നു കർമ്മത്താൽ ജ്ഞാനവർജ്ജിതർ
നൈഷ്കർമ്മ്യമില്ലീയുലകിൽ കിട്ടീടുന്നു മൂർഖത്വവും. 7

മനോവാക്കായകർമ്മങ്ങൾവഴിയായിശ്ശുഭാശുഭം
ജന്മാദിമൂർത്തിഭേദാന്തം കർമ്മം ജീവികളിൽപ്പെടും. 8

ദൃശ്യദ്രവ്യങ്ങൾ മാർഗ്ഗങ്ങൾ രക്ഷോബാധകളേല്ക്കവേ
അവസ്ഥാത്മസ്ഥമാത്മാവാൽ ഞാൻ കണ്ടെത്തിയിരിപ്പിടം. 9

അനിർദ്വന്ദ്വബ്രഹ്മമെങ്ങുണ്ടെങ്ങുവാൻ സോമമഗ്നിയും
വ്യവായ[1]മങ്ങേല്ലു നിത്യം ധൈര്യവാൻ ഭൂതധാരകൻ[2]. 10

ബ്രഹ്മാദികൾക്കെങ്ങു യോഗമുപാസിപ്പതതക്ഷരം,
എങ്ങു സുവ്രതർ വിദ്വാന്മാർ ശാന്താത്മാക്കൾ ജിതേന്ദ്രിയർ, 11

മൂക്കാൽ നാററാവല്ലതു നാവാലാസ്വാദ്യമല്ലെടോ
ത്വക്കാൽത്തൊടാവല്ലതു മനസ്സാൽ കണ്ടറിഞ്ഞിടാം. 12

കൺകൾക്കെത്താതെന്തുണ്ടോ ചെവികൾക്കപ്പുറത്തിലായ്
രസഗന്ധസ്പർശരൂപശബ്ദാലക്ഷ്യമലക്ഷണം, 13

എങ്ങുനിന്നീത്തന്ത്രമുണ്ടാമെങ്ങുതാൻ നിലനില്പതോ
പ്രാണാപാനസമാനന്മാർ വ്യാനോദാനരുമങ്ങനെ 14

അതിൽനിന്നുളവായീടുമവിടെത്താൻ കടന്നിടും
സമാനവ്യാനമദ്ധ്യത്തിൽ പ്രാണാപാനപ്രചാരമാം. 15

അതു നിന്നാലങ്ങുനിന്നു സമാനൻ വ്യാനനും ശരി
അപാനപ്രാണമദ്ധ്യത്തിലുദാനൻ വിങ്ങിനില്പതാം. 16

എന്നാൽക്കിടക്കും നരനെ പ്രാണാപാനർ വെടിഞ്ഞിടാ
പ്രാണങ്ങൾക്കായതത്വത്താലുദാനാഭിധനാണവൻ. 17

അതിനാൽത്തത്വമേല്ക്കുന്നു മൽസ്ഥമായ് ബ്രഹ്മവാദികൾ
ആദ്ദേഹചാരികൾക്കങ്ങു തമ്മിൽത്തിന്മോക്കു മുററുമേ. 18

നടുക്കിടസ്ഥഗ്നി വൈശ്വാനരനേഴായ് ജ്വലിക്കയാം;
മൂക്കും നാക്കും ത്വക്കു ദൃക്കും ശ്രോത്രമഞ്ചാമതിങ്ങനെ 19

മനസ്സു ബുദ്ധിയെന്നഗ്നിക്കർച്ചിർജ്ജിഹ്വകളേഴിവ.
ഘ്രേയം ദൃശ്യം പേയമേവം സ്പൃശ്യം ശ്രവ്യവുമങ്ങനെ 20
മന്തവ്യമേവം ബോദ്ധവ്യമിവയേഴിന്ധനങ്ങൾ മേ.

---

1 വ്യവായം = സഞ്ചാരം. 2 ഭൂതധാരകൻ = വായു.

നാററുവോൻ തിന്നുവോൻ കാണ്മോൻ തൊടുവോനഞ്ച്വു കേൾ—
മന്താവു ബോദ്ധാവെന്നു്, തൃപ്തികൾകളുണ്ടേഴുപേരിവർ. [പ്രവൻ
ഘ്രേയം പേയം ദൃശ്യമേവം സ്പൃശ്യം ശ്രവ്യവുമങ്ങനെ 22
മന്തവ്യം ബോദ്ധവ്യമിതിൽക്കണ്ടാലും സുഭഗേ, സദാ.
ഏഴഗ്നികളിലങ്ങേഴു ഹവ്യം ഹോമിച്ചിടുന്നവർ 23
നന്നായ് വിട്ടിട്ടു വിദ്വാന്മാർ ജനിപ്പിപ്പൂ സ്വയോനിയിൽ.
ഭൂമി കാററാകാശമംബു ജ്യോതിസ്സഞ്ചാമതങ്ങനെ 24
മനസ്സു ബുദ്ധിയെന്നേഴു യോനിയെന്നു പറഞ്ഞവ.
ഹവിസ്സെല്ലാം ഭൂതഗണമെല്ലാമഗ്നിജമാം ഗുണം 25
ഉള്ളിൽ വാണു ജനിക്കുന്നു സ്വയോനികളിലങ്ങനെ.
രുദ്ധങ്ങളാകും പ്രളയത്തിങ്കൽ ഭൂതോത്ഭവത്തിലോ 26
അതിൽനിന്നുളവാം ഗന്ധമതിൽനിന്നുളവാം രസം
അതിൽനിന്നുളവാം രൂപമതിൽ സ്പർശം ജനിച്ചിടും 27
അതിൽനിന്നുളവാം ശബ്ദമുണ്ടാം സംശയ[1]മായതിൽ
അതിൽനിന്നുളവാം നിഷ്ഠ[2] ജന്മമേഴേവമാണുപോൽ. 28
ഇപ്രകാരംതന്നെയാണു പണ്ടുള്ളവർ ഗ്രഹിച്ചതും
മൂന്നു പൂർണ്ണാഹുതികളാൽ തേജസ്സാൽ നിറയപ്പെടും.'' 29

21. ബ്രാഹ്മണഗീത—ദശഹോതൃവിധാനം

ജ്ഞാനേന്ദ്രിയങ്ങളേയും കർമ്മേന്ദ്രിയങ്ങളേയുംപററിയുള്ള വിവരണം. വാക്കിന്റെയും മനസ്സിന്റെയും ഉൽകൃഷ്ടത.

ബ്രാഹ്മണൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
ദശഹോതൃവിധാനത്തെയെന്മട്ടെന്നതു കേൾക്ക നീ. 1
ശ്രോത്രം ത്വക്കും ദൃക്കു നാക്കും മൂക്കും കാൽ കൈയുമങ്ങനെ
ഉപസ്ഥം ഗുദവും പത്തു ഹോതാക്കളിഹ ഭാമിനി! 2
ശബ്ദം സ്പർശം രൂപരസഗന്ധം ചൊൽ തൊഴിൽ യാത്രകൾ
ശുക്ലം മൂത്രം മലമിവ വിടൽ പത്തു ഹവിസ്സുകൾ[3]. 3
പരം ദിക്കുകൾ കാററർക്കൻ തിങ്കൾ ഭൂവഗ്നി വിഷ്ണുവും
ഇന്ദ്രൻ പ്രജാപതീമിത്രനിവർ പത്തഗ്നി ഭാമിനി! 4
പത്തിന്ദ്രിയങ്ങൾ ഹോതൃക്കൾ ഹവിസ്സും പത്തു ഭാമിനി!
വിഷയങ്ങൾ സമിത്തുക്കൾ ഹോമിപ്പൂതഗ്നി പത്തിലും. 5
ചിത്തം സ്രുവം, വിത്തമത്രേ പവിത്രം ജ്ഞാനമുത്തമം

1 സംശയം = സംശയാത്മകമായമനസ്സ്. 2 നിഷ്ഠ = നിശ്ചയാത്മികയായ ബുദ്ധി.
3 രസജ്ഞാനവും വാക്കും നാക്കിന്റെ ധർമ്മങ്ങളായി സ്വീകരിച്ചതുകൊണ്ടാണ് കർമ്മേന്ദ്രിയങ്ങളുടെ കൂട്ടത്തിൽ ഒരെണ്ണം കുറഞ്ഞുപോയതെന്നു തോന്നുന്നു.

വേർതിരിച്ചിട്ടിജ്ജഗത്തു മുററുമെന്നുണ്ട കേഠംപ്പു ഞാൻ. 6
അറിയേണ്ടവയാണെല്ലാം ജ്ഞാനം നോക്കുന്ന ചിത്തമേ
രേതോദേഹി ശരീരത്തിൽ ദേഹഭൃത്തറിയുന്നവൻ. 7
ദേഹഭൃത്തോ ഗാർഹപത്യനതിൽനിന്നന്യസിദ്ധിയാം
മനസ്സാഹവനീയം താൻ ഹവ്യമുക്തിയതിങ്കലാം. 8
വാചസ്പതിയതീന്നുണ്ടായ് മനസ്സതിനെ നോക്കുമേ
രൂപമത്രേ വർണ്ണ്യമതു പിൻതുടർന്നീടുമേ മനം. 9

ബ്രാഹ്മണി പറഞ്ഞു

വാക്കെന്തേ മുന്നമുണ്ടായീ മനസ്സെങ്ങനെ പിന്നെയായ്
മനസ്സാൽ ചിന്തചെയ്യല്ലോ വാക്യമുണ്ടായിടുന്നതും? 10
എന്തു വിജ്ഞാനയോഗത്താൽ മതി ചിത്തത്തിൽ നില്ക്കിലും
ഉന്നയിച്ചിട്ടു കിട്ടുന്നില്ലതു ബാധിപ്പതാരുവാൻ? 11

ബ്രാഹ്മണൻ പറഞ്ഞു

അതങ്ങപാനൻ പതിയായപാനത്വം നയിക്കുമേ
അതോ മനസ്സിൻ ഗതിപോൽ മനോപേക്ഷ*മതങ്ങനെ. 12
വാങ്മനസ്സുകളെപ്പററി നീ ചോദ്യം ചെയ്തതില്ലയോ
അതിനാൽ നിന്നോടോതീടാമവയ്ക്കുടയ പേരു ഞാൻ. 13
വാങ്മനസ്സുകഠം ഭൂതാത്മാവോടു ചെന്നങ്ങു ചോദ്യമായ്
'ഞങ്ങളിൽ ശ്രേഷ്ഠമേതോതു തീർക്കു ഞങ്ങടെ സംശയം.' 14
മനസ്സെന്നായി ഭഗവാനപ്പോഠംച്ചൊല്ലീ സരസ്വതി
'ഞാനങ്ങയ്ക്കും കാമധുക്കെ'ന്നവനോടോതി വാക്കുടൻ. 15

ബ്രാഹ്മണൻ പറഞ്ഞു

സ്ഥാവരം ജംഗമം രണ്ടുമെന്മനസ്സുകളോർക്ക നീ
സ്ഥാവരം മത്സമീപത്തിൽ ജംഗമം നിൻെറ പാട്ടിലാം. 16
എന്താ വിഷയമെത്തുന്നു മന്ത്രം വർണ്ണം സ്വരം ശരി
ആ മനസ്സോ ജംഗമമാണതിനാൽ മേലെയാണു നീ. 17
നിനക്കു ശോഭനത്തിങ്കൽ സമാധി സ്വയമേല്ക്കുമേ
അതാണുച്ഛ്വാസമേററീ ഞാൻ ചൊല്ലുന്നതു സരസ്വതി. 18
പ്രാണാപാനാന്തരത്തിങ്കൽ നില്പൂ വാഗ്ദേവിയെപ്പൊഴും
പ്രേരിപ്പവഠം മഹാഭാഗേ, പ്രാണൻകൂടാതപാനയായ്. 19
ഭഗവാനേ, പ്രസാദിക്കെന്നാശ്രയിച്ചു പ്രജേശനെ
അപ്പൊഴേ പ്രാണനുണ്ടായീ വാക്പോഷം ചെയ്തുകൊണ്ടുടൻ. 20
അതിനാലുച്ഛ്വസിച്ചുംകൊണ്ടോതില്ലാ വാക്കൊരിക്കലും
നിർഘോഷയായ് ഘോഷിണിയായ് പ്രവർത്തിക്കുന്നു നിത്യവും.
അവയിൽ ഘോഷിണിയിലും പരം നിർഘോഷ മേലെയാം
ചുരത്തുമർത്ഥങ്ങഠം രസം ഗോമട്ടുത്തമശാലിനി; 22

* മനോപേക്ഷം=മനസ്സിനെ ആശ്രയിച്ചതു്.

എന്നും സ്യന്ദിപ്പിപ്പതിവരം ശാശ്വതം ബ്രഹ്മവാദിനി.
ദിവ്യദിവ്യപ്രഭാവത്താൽ ഗോഭാരതി ശുചിസ്മിതേ! 23
സൂക്ഷ്മങ്ങളായിസ്യന്ദിക്കമിവയിൽ കാണുകന്തരം.

ബ്രാഹ്മണി പറഞ്ഞു

വാക്യങ്ങളുണ്ടാകാത്തപ്പോഠം പ്രേരിപ്പിപ്പോഠം വിവക്ഷയാൽ
അപ്പോഠം മുൻപെണ്ണുവാൻ ദേവി വ്യാഹരിപ്പൂ സരസ്വതി? 24

ബ്രാഹ്മണൻ പറഞ്ഞു

പ്രാണൻവഴിക്കുടലിൽത്താൻ ജനിപ്പൂ
പ്രാണൻ വിട്ടങ്ങേല്പിതപാനനേയും
ഉദാനനായ് നിന്നുടൽവിട്ടു മററും
വ്യാപിക്കുന്നു വ്യാനനോടൊത്തു വാനിൽ. 25

പിന്നെസ്സമാനങ്കലിരുന്നിടുന്നു—
വെന്നാദ്യമേ ചൊല്ലിവരുന്ന വാണി
എന്നാൽ മനം മേലെയാം സ്ഥാവരത്വാ—
ലേവം മേലേ ദേവിയും ജംഗമത്വാൽ. 26

22. ബ്രാഹ്മണഗീത—സപ്തഹോതൃവിധാനം

അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി എന്നിവയുടെ പ്രവൃത്തികളെപ്പററിയുള്ള വിവരണം. മനസ്സാണ് ഇന്ദ്രിയങ്ങളെ പ്രവർത്തിപ്പിക്കുന്നതെന്നും.

ബ്രാഹ്മണൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
സുഭഗേ, സപ്തഹോതൃക്കഠം വിധാനത്തിൻെറ മാതിരി. 1

മൂക്കും ദൃക്കും നാക്കുമേവം ത്വക്കമഞ്ചാമതായ് ചെവി
മനം ബുദ്ധിയുമേഴത്രേ നില്പൂ ഹോതാക്കഠം വേറെയായ്. 2

സൂക്ഷ്മാവകാശത്തിൽ നില്പൂ, തമ്മിൽക്കാണില്ലവററകം
സ്വഭാവാൽ സപ്തഹോതൃക്കളിവയെന്നോക്ക് ശോഭനേ! 3

ബ്രാഹ്മണി പറഞ്ഞു

സൂക്ഷ്മസ്ഥാനം വാഴമവതമ്മിൽക്കാണാത്തതെങ്ങനെ?
ഭഗവാനേ, സ്വഭാവം ചൊല്ലുവയ്യെന്തെന്നതും പ്രഭോ! 4

ബ്രാഹ്മണൻ പറഞ്ഞു

ഗുണാജ്ഞാനമഭിജ്ഞാനം ഗുണജ്ഞാനമഭിജ്ഞത
തമ്മിൽഗ്ഗുണങ്ങളെയിവയറിയുന്നീലൊരിക്കലും. 5

നാക്കും ദൃക്കും ചെവി ത്വക്കും മനസ്സും ബുദ്ധിയും ശരി
ഗന്ധങ്ങളിൽച്ചെല്ലയില്ലാ മൂക്കവെററിങ്കലെത്തിടും. 6

മൂക്കും ദൃക്കും ചെവി ത്വക്കും മനസ്സും ബുദ്ധിയും ശരി
രസങ്ങളിൽച്ചെല്ലയില്ലാ നാക്കവെററിങ്കലെത്തിടും. 7

മൂക്കും നാക്കും ചെവി ത്വക്കും മനസ്സും ബുദ്ധിയും ശരി
രൂപങ്ങളിൽച്ചെല്ലയില്ലാ ദൃക്കവററിങ്കലെത്തിടും. 8
മൂക്കും നാക്കും ദൃക്കുമേവം ശ്രോത്രം ബുദ്ധി മനസ്സുമേ
സ്പൎശങ്ങളിൽച്ചെല്ലയില്ലാ ത്വക്കവററിങ്കലെത്തിടും. 9
മൂക്കും നാക്കും ത്വക്കു ദൃക്കും മനസ്സും ബുദ്ധിയും ശരി
ശബ്ദങ്ങളിൽച്ചെല്ലയില്ലായവററിൽ ശ്രോത്രമെത്തിടും. 10
മൂക്കും നാക്കും ത്വക്കു ദൃക്കും ശ്രോത്രവും ബുദ്ധിയും ശരി
സംശയത്തിൽച്ചെല്ലകില്ലാ മനസ്സായതിലെത്തിടും. 11
മൂക്കും നാക്കും ത്വക്കു ദൃക്കും ശ്രോത്രവും മനവും ശരി
നിശ്ചയിക്കൽച്ചെല്ലയില്ലാ ബുദ്ധിയായതിലെത്തിടും. 12
ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
മനസ്സിന്നിന്ദ്രിയങ്ങൾക്കും സംവാദമയി ഭാരത! 13

മനസ്സു പറഞ്ഞു

ഞാനെന്ന്യേ മൂക്കു നാററില്ലാ രസം നാക്കുമറിഞ്ഞിടാ
ദൃക്കും രൂപം ഗ്രഹിക്കില്ലാ ത്വക്കും സ്പൎശമറിഞ്ഞിടാ. 14
ശ്രോത്രം ശബ്ദം ഗ്രഹിക്കില്ലാ ഞാനില്ലാഞ്ഞാലൊരിക്കലും
സൎവ്വഭൂതത്തിലും മേലേ ഞാനാകുന്നു സനാതനം. 15
ശൂന്യാഗാരങ്ങളെപ്പോലെ കെട്ടഗ്നികൾ കണക്കിനെ
ഇന്ദ്രിയങ്ങൾ തെളിഞ്ഞീടാ ഞാനൊഴിഞ്ഞെങ്കിൽ നിത്യവും. 16
ശുഷ്കാൎദ്രകാഷ്ഠങ്ങൾപോലെയിന്ദ്രിയങ്ങളിണക്കിയും
ഞാനില്ലാഞ്ഞാൽ ഗുണാൎത്ഥങ്ങളറിയാ സൎവ്വജീവികൾ. 17

ഇന്ദ്രിയങ്ങൾ പറഞ്ഞു

ശരിയാണിതു സത്യംതാൻ ഭവാനോക്കുംപ്രകാരമേ
ഞങ്ങളില്ലാതൎത്ഥഭോഗജാലമങ്ങു ഭുജിക്കുകിൽ. 18
ലയിക്കിൽ ഞങ്ങളങ്ങുന്ന തൎപ്പണം പ്രാണധാരണം
ഭോഗങ്ങളും ഭുജിച്ചീടിലങ്ങോക്കുംപടി സത്യമാം. 19
അതല്ലാ ഞങ്ങൾ വിഷയങ്ങളിൽപ്പററിയിരിക്കവേ
സങ്കല്പമാത്രാൽ ശരിയായങ്ങു ഭോഗങ്ങളേല്ക്കിലാം. 20
അല്ലാ ഞങ്ങടെയൎത്ഥത്തിൽ സിദ്ധി നീ നിത്യമോക്കുകിൽ
രൂപം ഗ്രഹിക്കു മൂക്കാൽ നീ രസം ദൃക്കാലെടുക്കെടോ. 21
ശ്രോത്രത്താലേല്ക്കു ഗന്ധങ്ങൾ നാക്കാൽ സ്പൎശങ്ങളേല്ക്കെടോ
ത്വക്കാൽ ശബ്ദം നീയെടുക്കു ബുദ്ധിയാൽ സ്പൎശമെങ്കിലും. 22
ദുൎബ്ബലക്കുള്ള നിയമം സ്വതന്ത്രം ബലവത്തരം
പുതുതായ് നീ ഭോഗമേല്ക്കുകച്ഛിഷ്ടം നീ ഭുജിക്കൊലാ. 23
ശ്രുതിക്കുവേണ്ടിശ്ശാസ്ത്രാവെശ്ശിഷ്യൻ ചെന്നേല്ക്കുമപ്പുറം
ശ്രുതം നേടിപ്പുറം ശ്രുത്യൎത്ഥവും സേവിക്കുമാവിധം 24
ഞങ്ങൾ കാണിച്ച വിഷയങ്ങളെത്താൻ കരുതുന്ന നീ

ഭൂതഭാവികളെ സ്വപ്നത്തിങ്കൽ ജാഗരണത്തിലും. 25
വൈമനസ്യം പെട്ടൊരല്പചേതോജന്തുജനത്തിനും
ഞങ്ങൾ ചെയ്യുന്നത്കാര്യത്തിൽ കാണുന്നു പ്രാണധാരണം. 26
പല സങ്കല്പങ്ങളൊത്തും പല സ്വപ്നങ്ങളേററുമേ
ബുഭുക്ഷയാൽ പീഡിതനായ് വിഷയങ്ങളിലെത്തുമേ. 27

ദാരം പെടാ വീടുകണക്കു പുക്കു
സങ്കല്പഭോഗം വിഷയോപബദ്ധം
പ്രാണക്ഷയേ ശമമേല്ക്കുന്നു നിത്യം
ദാരുക്ഷയേ കത്തിയൊരഗ്നി പോലെ. 28

ഞങ്ങൾക്കു മുററും ഗുണസംഗമെന്നാൽ—
ത്തമ്മിൽപ്പിരിഞ്ഞില്ല ഗുണോപലബ്ധി
അങ്ങയ്ക്കു നാമെന്നിയെയില്ല ലാഭ—
മങ്ങൊത്തിടാതേല്ക്കുകില്ലാ പ്രഹർഷം. 29

23. ബ്രാഹ്മണഗീത—പഞ്ചഹോതൃവിധാനം

പ്രാണാപാനാദി പഞ്ചപ്രാണങ്ങളെപ്പററിയുള്ള വിവരണം.

ബ്രാഹ്മണൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
സുഭഗേ, പഞ്ചഹോതാക്കൾവിധാനത്തിൻെറ മാതിരി. 1
പ്രാണാപാനരുദാനൻതാൻ സമാനൻ വ്യാനനങ്ങനെ
പഞ്ചഹോതാക്കളിവരെക്കാണ്മൂ ഭാവം പരം ബുധർ. 2

ബ്രാഹ്മണി പറഞ്ഞു

സ്വഭാവാൽ സപ്തഹോതാക്കളെന്നോൻ മുന്നമെഴും മതി
എന്മട്ടു പഞ്ചഹോതാക്കൾ പരം ഭാവമതോതുക. 3

ബ്രാഹ്മണൻ പറഞ്ഞു

പ്രാണനാൽ സംഭൃതൻ വായു തീരും പിന്നെയപാനനായ്
അപാനസംഭൃതൻ വായു വ്യാനനായിപ്പുറപ്പെടും. 4
വ്യാനനാൽ സംഭൃതൻ വായു പുറപ്പെടുമുദാനനായ്
ഉദാനസംഭൃതൻ വായു സമാനാഭിധനായിടും. 5
അവർ ചോദിച്ചു പണ്ടാദ്യപിതാമഹനൊടൊപ്പമേ
ഞങ്ങളിൽ ശ്രേഷ്ഠനാരോതുകവൻ ഞങ്ങൾക്കു മേലെയാം. 6

ബ്രഹ്മാവു പറഞ്ഞു

എവൻ ലയിച്ചാൽ വിലയിക്കുമെല്ലാ
പ്രാണങ്ങളും പ്രാണികൾക്കുള്ള മെയ്യിൽ
എവൻ ചരിച്ചാലുടനേ ചരിക്കു—
മവൻ ശ്രേഷ്ഠൻ പോക കാമിച്ച ദിക്കിൽ. 7

പ്രാണൻ പറഞ്ഞു

ഈ ഞാൻ ലയിച്ചാൽ വിലയിക്കുമെല്ലാ
പ്രാണങ്ങളും പ്രാണികൾതൻെറ മെയ്യിൽ
ഞാൻ സഞ്ചരിച്ചാലുടനേ ചരിക്കും
ഞാനേ ശ്രേഷ്ഠൻ കാണ്ക ലയിക്കുമെന്നെ. 8

ബ്രാഹ്മണൻ പറഞ്ഞു

പ്രാണൻ ലയിച്ചിതുടനേ പ്രചരിച്ചിതു പിന്നെയും
ശുഭേ, ചൊന്നാർ പിന്നെയങ്ങു സമാനനുമുദാനനും. 9
'നീ ഞങ്ങളെപ്പോലെയെങ്ങും വ്യാപ്തനായ് നില്പതില്ലെടോ
പ്രാണ, മേലല്ല നീ ഞങ്ങൾക്കപാനൻ നിൻെറ പാട്ടിലാം.' 10
ചരിച്ചു പിന്നെയും പ്രാണനപാനൻ ചൊല്ലിയപ്പൊഴേ.

ഈ ഞാൻ ലയിച്ചാൽ വിലയിക്കുമെല്ലാ
പ്രാണങ്ങളും പ്രാണികൾതൻെറ മെയ്യിൽ
ഞാൻ സഞ്ചരിച്ചാലുടനേ ചരിക്കും
ഞാനേ ശ്രേഷ്ഠൻ കാണ്ക ലയിക്കുമെന്നെ. 11

ബ്രാഹ്മണൻ പറഞ്ഞു

അവനോടോതിനാരപ്പോൾ വ്യാനൻതാനുമുദാനനും
''അപാന, നീ ശ്രേഷ്ഠനല്ലാ പ്രാണൻ നിന്നുടെ പാട്ടിലാം.'' 12
അപാനൻ ചുററിനാൻ വ്യാനനവനോടുടനോതിനാൻ:
''ഏവർക്കും ശ്രേഷ്ഠനാണീ ഞാനെന്തുകൊണ്ടെന്നു കേൾക്കുവിൻ. 13

ഈ ഞാൻ ലയിച്ചാൽ വിലയിക്കുമെല്ലാ
പ്രാണങ്ങളും പ്രാണികൾതൻെറ മെയ്യിൽ
ഞാൻ സഞ്ചരിച്ചാലുടനേ ചരിക്കും
ഞാനേ ശ്രേഷ്ഠൻ കാണ്ക ലയിക്കുമെന്നെ.'' 14

ബ്രാഹ്മണൻ പറഞ്ഞു

ലയിച്ചിതുടനേ വ്യാനൻ പ്രചരിച്ചിതു പിന്നെയും
പ്രാണാപാനസമാനോദാനന്മാരവനൊടോതിനാർ: 15
''വ്യാന, നീ ശ്രേഷ്ഠനല്ലിങ്ങു സമാനൻ നിൻെറ പാട്ടിലാം.''
ചരിച്ചു പിന്നെയും വ്യാനൻ സമാനനുടനോതിനാൻ: 16
''എല്ലാരിലും ശ്രേഷ്ഠനീ ഞാനെന്തുകൊണ്ടെന്നു കേൾക്കുവിൻ.

ഈ ഞാൻ ലയിച്ചാൽ വിലയിക്കുമെല്ലാ
പ്രാണങ്ങളും പ്രാണികൾതൻെറ മെയ്യിൽ
ഞാൻ സഞ്ചരിച്ചാലുടനേ ചരിക്കും
ഞാനേ ശ്രേഷ്ഠൻ കാണ്ക ലയിക്കുമെന്നെ.'' 17

സമാനൻ ചുററിയവനോടുദാനൻ പിന്നെയോതിനാൻ:
''ഏവർക്കും ശ്രേഷ്ഠനാണീ ഞാനെന്തുകൊണ്ടെന്നു കേൾക്കുവിൻ. 18

ഈ ഞാൻ ലയിച്ചാൽ വിലയിക്കുമെല്ലാ
പ്രാണങ്ങളും പ്രാണികൾതൻെറ മെയ്യിൽ

ഞാൻ സഞ്ചരിച്ചാലുടനേ ചരിക്കും
ഞാനേ ശ്രേഷ്ഠൻ കാണ്ക ലയിക്കുമെന്നെ. 19
ലയിച്ചിതപ്പോളുദാനൻ സഞ്ചരിച്ചിതു പിന്നെയും
പ്രാണാപാനസമാനന്മാർ വ്യാനനും ചൊല്ലിയപ്പൊഴേ:
''ഉദാന, നീ ശ്രേഷ്ഠനല്ലാ വ്യാനൻ നിന്നുടെ പാട്ടിലാം.'' 20

ബ്രാഹ്മണൻ പറഞ്ഞു

ഒന്നിക്കുമവരോടപ്പോൾ ബ്രഹ്മാവോതീ പ്രജാപതി
ഏവരും ശ്രേഷ്ഠരാം ശ്രേഷ്ഠരല്ലിങ്ങന്യോന്യധർമ്മികൾ. 21
സ്വസ്ഥാനശ്രേഷ്ഠരേല്ലാരുമെല്ലാമന്യോന്യധർമ്മികൾ
എന്നൊപ്പം നില്ക്കുമവരൊടൊക്കച്ചൊല്ലീ പ്രജാപതി. 22
സ്ഥിരനസ്ഥിരനങ്ങേകൻ വിശേഷാൽ പഞ്ചമാരുതർ
എൻെറയാത്മാവുതാനേകൻ പലമട്ട വിവൃദ്ധനാം. 23
തമ്മിൽ സുഹൃത്തുക്കൾ നിങ്ങൾ തമ്മിൽ ബ്ഭാവന ചെയ്യുമേ
സ്വസ്തി, പൊയ്ക്കൊള്ളുവിൻ ഭദ്രം താങ്ങിക്കൊൾവിൻ പരസ്പരം.

24. ബ്രാഹ്മണഗീത—പഞ്ചഹോതൃവിധാനം

സൃഷ്ടിക്രമത്തെപ്പററി ബ്രാഹ്മണൻ ബ്രാഹ്മണിയെ ഉപദേശിക്കുന്നു.

ബ്രാഹ്മണൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
സംവാദം നാരദൻേറയുമൃഷി ദേവതമൻേറയും. 1

ദേവതമൻ പറഞ്ഞു

പിറന്നീടും ജന്തുവിന്നു മുൻപിലുണ്ടാവതെന്തുവാൻ
പ്രാണാപാനസമാനവ്യാനോദാനന്മാരിലങ്ങനെ? 2

നാരദൻ പറഞ്ഞു

എന്തായ് സംസൃഷ്ടനാം ജന്തു തദന്യൻ മുന്നമെത്തുമേ
പ്രാണദ്വന്ദ്വം ധരിച്ചാലും മേലും കീഴും വിലങ്ങുമേ. 3

ദേവതമൻ പറഞ്ഞു

ആരാൽ സംസൃഷ്ടനാം ജന്തുവാരന്യൻ മുന്നമേല്പവൻ?
പ്രാണദ്വന്ദ്വത്തെയും ചൊല്ലു മേലും കീഴും വിലങ്ങുമേ. 4

നാരദൻ പറഞ്ഞു

സങ്കല്പത്താൽ ഹഷ്മുണ്ടാം ശബ്ദത്താലും ജനിച്ചിടും
രസത്താലും ജനിച്ചീടും രൂപത്താലും ജനിച്ചിടും. 5
രക്തം കലന്നുള്ള ശുക്ലാൽ മുൻപിൽ പ്രാണൻ പുറപ്പെടും
പ്രാണൻ ശുക്ലം വികൃതമാക്കീടിലുണ്ടാമപാനനും 6
ശുക്ലത്താലുളവായീടും രസത്താലും ജനിച്ചിടും
ഇതു രൂപമപാനന്നു ഹഷ്ംതാൻ മിഥുനാന്തരേ. 7
കാമാൽ ശുക്ലം ജനിച്ചീടും കാമാലുണ്ടാം രജസ്സുമേ

സമാനവ്യാനജനിതം സാമാന്യം ശുക്ലശോണിതം. 8
പ്രാണാപാനങ്ങളീ ദ്വന്ദ്വം മേലും കീഴും ചരിച്ചിടും
വ്യാനൻ സമാനനിവകൾ തിര്യഗ്ദ്വന്ദ്വത്വമേല്പപോൽ. 9
അഗ്നി മററും ദേവതകളെന്ന ദേവൻെറ ശാസനം
ബ്രാഹ്മണന്നുളവായീടും ജ്ഞാനം ബുദ്ധിയൊടൊത്തു താൻ. 10
ധൂമം തമസ്സു തേജസ്സിൻ രൂപം ഭസ്മരജസ്സുമാം
ഹവിസ്സെങ്ങുണ്ട ഹോമിപ്പതവന്നുണ്ടാമതൊക്കയും. 11
സത്വാൽ സമാനവ്യാനന്മാരെന്നു യജ്ഞജ്ഞർ കാണ്മതാം
പ്രാണാപാനങ്ങളാണാജ്യഭാഗമഗ്നിനടുക്കിഹ. 12
ഇതുദാനൻെറ പരമരൂപം ബ്രാഹ്മണർ കാണുമേ
നിർദ്വന്ദ്വമെന്നതെന്തെന്നാലതു ചൊൽവതു കേൾക്ക നീ. 13
അഹോരാത്രമിതീ ദ്വന്ദ്വമവറ്റിടയിലഗ്നിയാം
ഇതുദാനൻെറ പരമരൂപം ബ്രാഹ്മണർ കാണുമേ. 14
സത്തസത്തെന്നതാ ദ്വന്ദ്വമവറ്റിടയിലഗ്നിയാം
ഇതുദാനൻെറ പരമരൂപം ബ്രാഹ്മണർ കാണുമേ. 15
മേൽ സമാനൻ വ്യാനനുമാക്കർമ്മം വേറുതിരിക്കുമേ
മൂന്നാമതും സമാനൻതാൻ വീണ്ടും വേറുതിരിക്കുമേ. 16
ശാന്തിക്കാ വ്യാനനെത്തന്നെ ശാന്തി ബ്രഹ്മം സനാതനം
ഇതുദാനൻെറ പരമരൂപം ബ്രാഹ്മണർ കാണുമേ. 17

25. ബ്രാഹ്മണഗീത—ചാതുർഹോത്രവിധാനം

ജ്ഞാനേന്ദ്രിയങ്ങളും മനസ്സും ബുദ്ധിയുംകൂടി ചെയ്യുന്ന കർമ്മങ്ങളുടെ സ്വഭാവം.

ബ്രാഹ്മണൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
ചാതുർഹോത്രവിധാനത്തിൻ വിധാനത്തിൻെറ മാതിരി. 1
വിധിക്കതിൻെറയൊക്കേയും വിധാനം ഞാൻ പറഞ്ഞിടാം
ഞാൻ ചൊല്ലുന്നതു കേൾ ഭദ്രേ, രഹസ്യം പരമത്ഭുതം. 2
കാരണം ക്രിയ കർത്താവു മോക്ഷമെന്നിഹ ഭാമിനി!
നാലു ഹോതാക്കളിവരാലീജ്ജഗത്തു നിറഞ്ഞതാം. 3
ഒട്ടുക്ക കേട്ടുകൊണ്ടാലും ഹേതുക്കളുടെ സാധനം
മൂക്കും നാക്കും ത്വക്കു ദൃക്കും ശ്രോത്രമഞ്ചാമതങ്ങനെ. 4
മനസ്സും ബുദ്ധിയറിക ഗുണഹേതുക്കളേഴിവ
ഗന്ധം രസം രൂപമേവം സ്പർശശബ്ദവുമഞ്ചിവ. 5
മന്തവ്യമേവം ബോദ്ധവ്യം കർമ്മഹേതുക്കളേഴിവ

നാററുവോൻ തിന്നുവോൻ കാണ്മോൻ കേഠംപ്പോൻ-
ചൊൽവോനുമഞ്ചിവ. 6
മന്താവു ബോദ്ധാവെന്നോക്ക കർത്തൃഹേതുക്കളേഴിവ
ഭക്ഷിപ്പൂ സ്വഗുണം മുററും ഗുണവാന്മാർ ശുഭാശുഭം. 7
അനന്തൻ നിർഗ്ഗുണൻ ഞാനും മോക്ഷഹേതുക്കളേഴിവ
യഥാവിധി സ്വസ്ഥാനങ്ങളറിയുന്ന ബുധർക്കിഹ. 8
ഗുണങ്ങഠം ദേവതകളായ് ഹവിസ്സെന്നും ഭുജിക്കുമേ
അന്നങ്ങളെത്തിന്നുമജ്ഞൻ മമത്വപ്പടിയേററിടും. 9
തനിക്കന്നം പചിപ്പിപ്പോൻ മമത്വംകൊണ്ടു കെട്ടിടും
ഹനിക്കുമവനേ മദ്യപാനഭക്ഷ്യാന്നഭുക്തിയും. 10
അന്നം കെട്ടത്തോനെയന്നം കെടുക്കും കെടുമായവൻ
ഈയന്നത്തെക്കൊല്ലിൽ വീണ്ടുമുണ്ടാക്കും ബുധനീശ്വരൻ; 11
അന്നാൽ ജനിക്കില്ലവനിൽ സൂക്ഷ്മമാകും വ്യതിക്രമം.
മനസ്സാലെന്തിലെത്തുന്നു വാക്കാലെന്തുരചെയ്യതോ, 12
ശ്രോത്രത്താൽ കേഠംപ്പതെന്തേവമെന്തു കണ്ണാലെ കാണ്മതോ,
സ്പർശത്താലെന്തേല്ലുവതോ മൂക്കാൽ നാററുവതെന്തുവാൻ, 13
മനഃഷഷ്ഠങ്ങളീ ഹവ്യങ്ങളെയൊക്കയടക്കിയും
ജ്വലിപ്പൂ ഗുണവാനഗ്നി നമുക്കെന്നും ശരീരഗൻ. 14
ഉണ്ടെനിക്കോ യോഗയജ്ഞം ജ്ഞാനവഹ്നിപ്രദോത്ഭവം
പ്രാണസ്തോത്രാപാനശസ്ത്രം സർവ്വത്യാഗാഗ്രദക്ഷിണം. 15
കർത്താനുമന്താ ബ്രഹ്മാത്മാ ഹോതാദ്ധ്വര്യുകൃതസ്തുതി
ഋതം പ്രശസ്താവു ശസ്ത്രം മുക്തിയാണിങ്ങു ദക്ഷിണ. 16
ഋക്കിങ്ങത്രേ പ്രശംസിപ്പൂ ശ്രീനാരായണവേദികഠം
ശ്രീനാരായണദേവന്നു മുൻപച്ച്ചിച്ചു പശുക്കളെ. 17
അതിൽ സാമങ്ങഠം പാടുന്നിതതിൽ ചൊൽവൂ നിദർശനം
ദേവൻ നാരായണൻ ഭീരു, സർവ്വാത്മാവാണതോക്ക നീ. 18

26. ബ്രാഹ്മണഗീത—ആത്മൈക്യകഥനം

തങ്ങഠംക്കു നന്മയുള്ള മാർഗ്ഗം ഉപദേശിക്കണമെന്നു പറഞ്ഞ് ദേവർഷി നാഗാസുരന്മാക്ക് പ്രജാപതി ഓംകാരമുപദേശിക്കുന്നതും ഓരോരുത്തരും താന്താങ്ങഠംക്കനുകൂലമായവിധം അതിനെ പലതരത്തിൽ വ്യാഖ്യാനിക്കുന്നതും.

ബ്രാഹ്മണൻ പറഞ്ഞു

ഏകൻ ശാസ്താവിങ്ങു രണ്ടില്ല ശാസ്താ—
വാരുള്ളിൽ വാഴ്വോനവനെച്ചൊല്ലുവേൻ ഞാൻ
അവൻ ചേർന്നോൻ താണിടത്തംബുപോലെ
കല്പിച്ചതിന്മട്ടു വഹിച്ചിടുന്നേൻ. 1

ഇങ്ങേകൻ താൻ ഗുരു രണ്ടാമനിങ്ങി–
ല്ലാരുള്ളിൽ വാഴ്വോനവനെച്ചൊല്ലുവൻ ഞാൻ
അവൻ നിത്യം ഗുരു കല്പിക്കയാലേ
ലോകേ ദ്വേഷികളന്നു സർപ്പങ്ങൾ മുററും. 2

ഏകൻ താനേ ബന്ധു രണ്ടാമനിങ്ങി–
ല്ലാരുള്ളിൽ വാഴ്വോനവനെച്ചൊല്ലുവൻ ഞാൻ
അവൻചൊല്ലാൽ ബാന്ധവർ ബന്ധുമാന്മാർ
സപ്തർഷിമാർ പാർത്ഥ, ശോഭിപ്പു വാനിൽ. 3

ഏകൻ കേൾക്കുന്നോനിതിൽ രണ്ടാമനിങ്ങി–
ല്ലാരുള്ളിൽ വാഴ്വോനവനെച്ചൊല്ലുവൻ ഞാൻ
ഗുരുവിങ്കലങ്ങു ഗുരുവാസം വസിച്ചു
ശക്രൻ നേടീ സർവ്വലോകാമരത്വം. 4

ഏകൻ ദ്വേഷിപ്പോനിതിൽ രണ്ടാമനിങ്ങി–
ല്ലാരുള്ളിൽ വാഴ്വോനവനെച്ചൊല്ലുവൻ ഞാൻ
അവൻ ശാസിക്കെഗ്ഗുരുലോകത്തിലെന്നും
ദ്വിഷ്ടന്മാരായ് പന്നഗന്മാർകൾ മുററും. 5

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
പ്രജാപതിയിലാ നാഗദേവർഷിജനനിശ്ചയം. 6

ദേവർഷിനാഗാസുരന്മാർ ചെന്നു കണ്ടാ പ്രജേശനെ
സേവിച്ചു ചോദിച്ചു 'നന്മ ഞങ്ങൾക്കരുളുകെന്നു' താൻ. 7

ശ്രേയസ്സു ചോദിച്ചവരോടരുളീ ഭഗവാനുടൻ
ഓമെന്നേകാക്ഷരം ബ്രഹ്മമവർ കേട്ടോടിയെങ്ങുമേ. 8

ആത്മോപദേശാത്ഥമങ്ങു കേട്ടേററോട്ടമവർക്കഹോ!
സർപ്പങ്ങൾക്കാദ്യംശബുദ്ധിയുണ്ടായ്വന്നിതു മുന്നമേ. 9

അസുരന്മാർക്കുമുണ്ടായീ ദംഭഭാവം സ്വഭാവജം
ദാനം വാനോർ തീർച്ചയാക്കീ ദമംതന്നെ മഹർഷികൾ. 10

ഒരേ ശാസ്താവിങ്കലെത്തിയൊരേ വാക്കാലെ സംസ്കൃതർ
പല തീർപ്പേററിതെല്ലാരും സർപ്പദേവർഷിദാനവർ. 11

ചൊന്നാൽ കേൾക്കുമവൻ പിന്നെ ഗ്രഹിക്കും ശരിയാംവിധം
ചോദിപ്പോനിവനേ വിട്ടു വേറിട്ടു ഗുരുവില്ലെടോ. 12

അവന്റെ സമ്മതാൽ കർമ്മമതിൽപ്പിന്നെത്തുടന്നിടും
ഗുരു ബോദ്ധാവു കേൾപ്പോനും ദ്വേഷ്ടാവും ഹൃത്തിൽ നില്പവൻ.

പാപം ചരിച്ചാലുലകിൽ പാപചാരിയുമാമിവൻ
ശുഭം ചരിച്ചാലുലകിൽ ശുഭചാരിയുമായ്വരും. 14

കാമമൊത്താൽ കാമചാരിയിന്ദ്രിയാനന്ദതൽപരൻ
ബ്രഹ്മചാരിയവൻ നിത്യമിങ്ങിന്ദ്രിയജയോദ്യതൻ. 15

വ്രതകർമ്മങ്ങൾ കൈവിട്ടും മുററും ബ്രഹ്മത്തിൽ നില്പവൻ
ബ്രഹ്മമായ് ചെല്ലുവോൻ പാരിൽ ബ്രഹ്മചാരിയുമാമിവൻ. 16

ബ്രഹ്മം സമിത്തഗ്നി ബ്രഹ്മം ബ്രഹ്മമായാംകള സംഭവം
വെള്ളം ബ്രഹ്മം ഗുരു ബ്രഹ്മമവൻ ബ്രഹ്മസമാഹിതൻ. 17

ഇതീവിധം ബ്രഹ്മചര്യം സൂക്ഷ്മമായറിവൂ ബുധർ
അറിഞ്ഞതേററുകൊള്ളുന്നൂ ക്ഷേത്രജ്ഞൻ കാട്ടിവിട്ടവർ. 18

27. ബ്രാഹ്മണഗീത—ആരണ്യകം

ബ്രഹ്മവിദ്യയെ ഒരു മഹാരണ്യമായി രൂപണംചെയ്തു ബ്രാഹ്മണൻ അതിൻെറ സ്വരൂപം വിവരിക്കുന്നു.

ബ്രാഹ്മണൻ പറഞ്ഞു

സങ്കല്പമൂട്ടക്കൊതുവായ് ശോകഹർഷഹിമാതപം
മോഹക്കൂരിരുളുള്ളോന്നായ് ലോഭവ്യാധിഭുജംഗമം 1

വിഷയൈകാത്യയദ്ധ്വാവായ് കാമക്രോധാരിഭീഷണം
ആ മഹാദുർഗ്ഗവും കേറി വൻ വനത്തിൽക്കടന്നു ഞാൻ. 2

ബ്രാഹ്മണി പറഞ്ഞു

എങ്ങാ വനം മഹാപ്രാജ്ഞ, മരങ്ങളെവയാറെവ?
ഗിരിശൈലങ്ങളുമെവയെത്ര പോയെങ്കിലാ വനം? 3

ബ്രാഹ്മണൻ പറഞ്ഞു

വേറിട്ടുണ്ടെന്നുള്ളതില്ലിങ്ങതല്ലാതൊന്നു താൻ സുഖം
വേറിട്ടില്ലെന്നുള്ളതില്ലിങ്ങതല്ലാതൊന്നു ദുഃഖവും. 4

അതിലും ചെറുതൊന്നില്ലിങ്ങതിലും വലുതില്ലതാൻ
അതിലും സൂക്ഷ്മമില്ലില്ലാ വേറിട്ടതു സമം സുഖം. 5

അതിൽച്ചെന്നാൽ മാഴ്കുകില്ലാ ഹർഷിക്കില്ലാ ദ്വിജാതികൾ
പേടിക്കില്ലാരെയും പേടിക്കില്ലാരുമവനേയുമേ. 6

ആക്കാട്ടിലുണ്ടേഴു മഹാദ്രുമങ്ങൾ
ഫലങ്ങളേഴേഴിഹ പാന്ഥരത്രേ
ഏഴാശ്രമം തത്ര സമാധിയേഴാ-
ണാട്ടീക്ഷയേഴെന്നതരണ്യരൂപം. 7

പഞ്ചവർണ്ണങ്ങൾ ദിവ്യങ്ങൾ പൂക്കളും കായ്കളും ശരി
സൃജിച്ചീടുന്ന വൃക്ഷങ്ങൾ നില്പുണ്ടാക്കാട്ടിലെങ്ങുമേ. 8

സുവർണ്ണങ്ങൾ ദ്വിവർണ്ണങ്ങൾ പൂക്കളും കായ്കളും ശരി
സൃജിച്ചീടുന്ന വൃക്ഷങ്ങൾ നില്പുണ്ടാക്കാട്ടിലെങ്ങുമേ. 9

സുഗന്ധികൾ ദ്വിവർണ്ണങ്ങൾ പൂക്കളും കായ്കളും ശരി
സൃജിച്ചീടുന്ന വൃക്ഷങ്ങൾ നില്പുണ്ടാക്കാട്ടിലെങ്ങുമേ. 10

സുഗന്ധിയേകവർണ്ണങ്ങൾ പൂക്കളും കായ്കളും ശരി
സൃജിച്ചീടുന്ന വൃക്ഷങ്ങൾ നില്പുണ്ടാക്കാട്ടിലെങ്ങുമേ. 11

പലതവ്യക്തവർണ്ണങ്ങൾ പൂക്കളും കായ്കളും ശരി
വിസർജ്ജിക്കും രണ്ടു മഹാവൃക്ഷമാക്കാട്ടിൽ നില്പതാം. 12

ഏകൻ വഹ്നി സുമനസ്സുണ്ടു വിപ്രൻ
പഞ്ചേന്ദ്രിയങ്ങരം ചമതക്കുട്ടമത്രേ
അവക്കു ദീക്ഷാഗ്ഗുണമേഴു മോക്ഷം
ഫലം ഫലാകാംക്ഷികരം പാന്ഥരത്രേ. 13
ആതിത്ഥ്യമേററുകൊള്ളുന്നു മഹഷിമാരിതാതിടം
ലയിക്കെയച്ചിതരവർ രുചിപ്പു വേറെയും വനം. 14
വൃക്ഷം പ്രജ്ഞ ഫലം മോക്ഷം നിഴൽ ശാന്തിയുമൊത്തഹോ!
ജ്ഞാനാശ്രയം തൃപ്തിജലമുരംക്ഷേത്രജ്ഞാക്കനൊത്തിടും. 15
അതുകണ്ടെത്തുമാസ്സത്തന്മാക്കില്ലതിനുമേൽ ഭയം
അതിന്നന്തം കാണകില്ലാ മേലും കീഴും വിലങ്ങുമേ. 16
ഏഴുണ്ടതിൽ സ്ത്രീകളിരിപ്പു വക്ത്രം
താഴ്ത്തിപ്പരം ഭാനുവുള്ളമ്മയാർകരം
ഊർദ്ധ്വം രസം പ്രജതോറും ഗ്രഹിപ്പു
മുററും സത്യാനിത്യഭാവാനുരൂപം. 17
അവിടെത്തന്നെ നില്ക്കുന്നിതവിടെപ്പിന്നെയെത്തിടും
ഏഴു സപ്തഷിമാർ സിദ്ധർ വസിഷ്ഠാദികളൊത്തുതാൻ. 18
യശസ്സു വച്ചസ്സു ഭഗൻ വിജയൻ സിദ്ധഭാസ്സുകരം
ഈഞ്ഞ്ഭാസ്സരനു ചുററുന്നിതാ ജ്യോതിസ്സുകളേഴുമേ. 19
ഗിരിശൈലങ്ങളും നില്പിതവിടെച്ചേന്നു മുററുമേ
ബ്രഹ്മജാംബു വഹിക്കുന്ന നദിയാറുകളും ശരി. 20
വൈതാനസന്നിധാനത്തിൽ നദികരംക്കുള്ള സംഗമം
സ്വാത്മതൃപ്തരതിൽച്ചെൽവു സാക്ഷാത്താം ബ്രഹ്മദേവനിൽ 21
കൃശാശർ[1] സുവ്രതാശന്മാർ[2] തപസ്സാലഘലമററവർ
ആത്മാവാത്മാവിലാക്കീട്ടു സേവിപ്പു ബ്രഹ്മദേവനെ. 22
ശമമിങ്ങുണ്ടു വാഴ്ത്തുന്നു വിദ്യാരണ്യജ്ഞരായവർ
അങ്ങരണ്യത്തിനെപ്പാത്തു ജനിപ്പൂ ധീരമാംവിധം. 23
പുണ്യാരണ്യമിതിമ്മട്ടു കാണ്മു ബ്രാഹ്മണരങ്ങനെ
അറിഞ്ഞതുണ്ടനുഷ്ഠിപ്പൂ ക്ഷേത്രജ്ഞൻ കാട്ടിവിട്ടവർ. 24

28. ബ്രാഹ്മണഗീത—അദ്ധ്വര്യുയതിസംവാദം

യാഗത്തിനുവേണ്ടി ചെയ്യുന്ന ഹിംസ അധർമ്മ്യമോ പാപപങ്കിലമോ അല്ലെന്നു് യതിയും അദ്ധ്വര്യുവും തമ്മിൽ നടന്ന സംവാദം ഉദ്ധരിച്ചുകൊണ്ടു് ബ്രാഹ്മണൻ ബ്രാഹ്മണിയോടു പറയുന്നു.

ബ്രാഹ്മണൻ പറഞ്ഞു

ഗന്ധത്തെയേല്ക്കാ രസവും ഗ്രഹിക്കാ
രൂപം കാണാ സ്പർശവും കൊണ്ടിടാ ഞാൻ

---

1 കൃശാശർ=ആശ ചുരുക്കിയവർ. 2 സുവ്രതാശന്മാർ=നല്ല വ്രതങ്ങളിൽ ആശ വെച്ചവർ.

പലേതരം ശബ്ദവും കേട്ടിടാ ഞാൻ
സങ്കല്പമേല്ക്കുന്നതുമില്ല ചെററും. 1

ഇഷ്ടാർത്ഥമിച്ഛിപ്പു പരം സ്വഭാവം
ദ്വേഷ്യം ദ്വേഷിപ്പു മുററുമത്രേ സ്വഭാവം
കാമദ്വേഷാത്മകമേല്പൂ, സ്വഭാവാൽ
പ്രാണാപാനന്മാർ ജന്തുദേഹത്തിലെത്തി. 2

അവസ്ഥ വേറായവയിൽച്ചേർന്ന ഭാവം
ഭൂതാത്മാവായ് കാണുമാറുണ്ടു മെയ്യിൽ
അതിങ്കൽ നില്പോൻ സക്തനല്ലിങ്ങു ചെററും
കാമം ക്രോധം ജര ചാക്കെന്നിവററിൽ. 3

കാമം മുററും കാമിയാതുള്ളവന്നു
ദോഷം മുററും ദ്വേഷിയാത്തോനു ചെററും
എനിക്കു ഭാവങ്ങളിലില്ല ലേപം[1]
പെയ്ത്താർപത്രങ്ങളിൽ നീർത്തുള്ളിമട്ടിൽ. 4

നിത്യന്നിവന്നിവ നിത്യങ്ങളാകും
നോക്കിക്കാണുന്നോനു ഭൂരിസ്വഭാവം
കർമ്മത്തിൽത്തങ്ങിടാ ഭോഗജാലം
വാനിങ്കലർക്കാംശുജാലം കണക്കെ. 5

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
അദ്ധ്വര്യുയതിസംവാദമതു കേൾക്ക യശസ്വിനി! 6

യജ്ഞത്തിൽപ്പശുവെ പ്രോക്ഷിപ്പതു കണ്ടിട്ടു ചൊല്ലിനാൻ
അദ്ധ്വര്യുവോടിതോ ഹിംസയെന്നു നിന്ദിച്ചുടൻ യതി. 7

അദ്ധ്വര്യുവവനോടോതീയീച്ഛാഗം[2] നാശമേററിടാ
ശ്രേയസ്സേല്ക്കും ജന്തുവിങ്ങീ ശ്രുതിയങ്ങനെയാവുകിൽ. 8

ഇതിൻെറ ഭൂമിയാം ഭാഗം ഭൂമിയിൽ ചെന്നുചേരുമേ
ഇതിൻെറ ജലമാമംശം ജലത്തിൽ ചെന്നു ചേർന്നിടും. 9

കണ്ണർക്കനിൽ ദിക്കുകളിൽ ശ്രോത്രം ദ്യോവിങ്കൽ മൂക്കുമേ
ആഗമസ്ഥിതനായീടുമെനിക്കില്ലൊരു ദോഷവും. 10

യതി പറഞ്ഞു

ഛാഗത്തിനുയിർ പോയീടിൽ ശ്രേയസ്സെന്നങ്ങു കാണുകിൽ
ഛാഗത്തിന്നല്ലയോ യജ്ഞം ഭവാനെന്തൊരു കാര്യമാം? 11

ഇതിൽ നിന്നെസ്സമ്മതിക്ക പിതാക്കൾ സഖി സോദരർ[3]
എന്നോർത്തു മന്ത്രമിവനെയേന്തീട്ടു പരതന്ത്രനെ. 12

ഇമ്മട്ടു സമ്മതിച്ചീടിലവരെക്കാണണം ഭവാൻ
അവർക്കു സമ്മതം കേട്ടാൽ പിന്നെച്ചെയ്യാം വിചാരണ. 13

---

1 ലേപം = പററിച്ചേരൽ. 2 ഛാഗം = ആട്ട്. 3 ഈ ആടിൻെറ പിതാക്കന്മാരും സഹോദരങ്ങളും ഈ ബലികർമ്മം സമ്മതിക്കുമോ എന്നാണ് യതിയുടെ ചോദ്യം.

ഊഷ്മാഗത്തിൻ പ്രാണനേയും സ്വയോനികളിലാക്കി നീ
ശേഷിപ്പു കേവലം ദേഹം നിശ്ചേഷ്ടമിതു മന്മതം. 14

വിറകിൻതുല്യമായ് ചേതസ്സററ ദേഹത്തിനാലിഹ
ഹിംസാനിൎവ്വേശകാമ[1]ക്കോരിന്ധനം പശുസംജ്ഞിതം. 15

അഹിംസ സൎവ്വധൎമ്മാഗ്ര്യ[2]മെന്നു വൃദ്ധാനുശാസനം
ഹിംസകൂടാതുള്ള കൎമ്മം ചെയ്ക നന്നെന്നു കാണ്മു നാം. 16

അഹിംസയെന്നീ പ്രതിജ്ഞയെന്നാൽ ചൊല്ലാമിതിന്നുമേൽ
അങ്ങയ്ക്കു ചെയ്യാൻ കഴിയും പലതും കാൎയ്യദൂഷണം. 17

സൎവ്വഭൂതാഹിംസ നമുക്കെല്ലായ്പോഴും രുചിപ്പതാം
പ്രത്യക്ഷം ചെയ്യുനിങ്ങപ്രത്യക്ഷം ഞാനും ശ്രയിച്ചിടാം. 18

അദ്ധ്വൎയ്യു പറഞ്ഞു

ഭുജിപ്പൂ ഭൂഗുണം ഗന്ധം കുടിപ്പൂ നീർഗ്ഗുണം രസം
കാണ്മൂ ജ്യോതിർഗ്ഗുണം രൂപം സ്പൎശിപ്പൂ നീ മരുൽഗ്ഗുണം 19

കേൾപ്പൂ വ്യോമഗുണം ശബ്ദം മനസ്സാൽ മതിയോൎപ്പൂ നീ
ഈബ്ഭൂതമൊക്ക പ്രാണങ്ങളെന്നുമല്ലല്ലി കാണ്മു നീ? 20

പ്രാണാദാനം വിട്ടു നില്പോൻ ഭവാൻ ഹിംസയിൽ നില്ക്കയാം
ഹിംസകൂടാതില്ല ചേഷ്ടയെന്നോൎക്കുന്നു ഭവാൻ ദ്വിജ! 21

യതി പറഞ്ഞു

അക്ഷരം ക്ഷരമെന്നാത്മാവിന്നുണ്ടു നില രണ്ടെടോ
സൽഭാവമക്ഷരമതിൽ സ്വഭാവം ക്ഷരമാണുപോൽ. 22

പ്രാണൻ ജിഹ്വ മനം സത്വം സൽഭാവംതാൻ രജസ്സൊടും
ഈബ്ഭാവങ്ങളൊഴിഞ്ഞും നിൎദ്വന്ദ്വനായി നിരീഹനായ് 23

ജിതാത്മാവായ് നിൎമ്മമനായ് സമനായ് സൎവ്വജീവിയിൽ
മുററുമേ വിട്ടൊഴിഞ്ഞോനു ഭയം പററില്ലൊരേടവും. 24

അദ്ധ്വൎയ്യു പറഞ്ഞു

സത്തുക്കളൊത്തു സംവാസം ചെയ്യേണം മതിമത്തമ!
ഭവാന്റെയീ മതം കേട്ടിട്ടെനിക്കു വെളിവായ് മതി. 25

ഭഗവൻ, ഭഗവൽബുദ്ധി കൈക്കൊണ്ടു പറയുന്നു ഞാൻ
മന്ത്രക്ലൃപ്തവ്രതം ചെയ്തെത്തെറെറനിക്കു വരാ ദ്വിജ! 26

ബ്രാഹ്മണൻ പറഞ്ഞു

യതി മൌനം പൂണ്ടിതുപപത്തിയാലതിനപ്പുറം
അദ്ധ്വൎയ്യുവും മോഹമററു ചരിച്ചിതു മഹാദ്ധ്വരേ. 27

എന്നിത്തരം സൂക്ഷ്മമോക്ഷമറിവൂ ബ്രാഹ്മണോത്തമർ
അറിഞ്ഞിട്ടതനുഷ്ഠിപ്പൂ ക്ഷേത്രജ്ഞൻ കാട്ടിവിട്ടവർ. 28

---

1 ഹിംസാനിൎവ്വേശകാമർ = ഹിംസ ചെയ്യരുതെന്നു വിചാരിക്കുന്നവർ. 2 സൎവ്വധൎമ്മാഗ്ര്യം = എല്ലാ ധൎമ്മങ്ങളിലുംവെച്ചു ശ്രേഷ്ഠം.

29. ബ്രാഹ്മണഗീത—ക്ഷാത്രോച്ഛേദനം

ബ്രാഹ്മണഗീത (തുടർച്ച). തന്നെപ്പോലെ വില്ലാളിയായി ലോകത്തിൽ വല്ലവരുമുണ്ടായിട്ടുണ്ടോ എന്ന കാർത്തവീര്യാർജ്ജുനന്റെ ചോദ്യത്തിനുത്തരമായി സമുദ്രം പരശുരാമന്റെ ചരിത്രം ചുരുക്കി വിവരിക്കുന്നു.

ബ്രാഹ്മണൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
കാർത്തവീര്യാബ്ധികളുടെ സംവാദമയി ഭാമിനി! 1
കാർത്തവീര്യാർജ്ജുനൻ രാജാവായിരം കൈകളുള്ളവൻ
ആഴി ചൂഴെച്ചുഴന്നുള്ളൊരൂഴി വില്ലാൽ ജയിച്ചവൻ 2
ഒരിക്കൽ കടൽവക്കത്തു ചുറ്റുന്നോൻ ബലദർപ്പിതൻ
സമുദ്രത്തിൽ ശരശതം പെരുത്തെയ്തെന്നു കേൾപ്പു നാം. 3
സമുദ്രമവനെക്കുമ്പിട്ടുണർത്തീ തൊഴുതങ്ങനെ:
''വീര, നാരാചങ്ങളെയ്തീടേണ്ടാ ചെയ്യേണ്ടതെന്തുവാൻ? 4
എന്നിൽ വാഴും ജീവജാലം നീയെയ്ത വിശിഖങ്ങളാൽ
ചാകുന്നു നരശാർദ്ദൂല, നല്ലവർക്കഭയം വിഭോ!'' 5

അർജ്ജുനൻ പറഞ്ഞു

പോരിലെൻകിടയായുള്ള വില്ലൻ വല്ലൊരിടത്തിലും
ഉണ്ടെങ്കിൽച്ചൊല്ലെന്നൊടുടൻ പൊരുതാൻ തക്ക യോഗ്യനെ. 6

സമുദ്രം പറഞ്ഞു

രാജാവേ, നീ കേട്ടിരിക്കാം ജമദഗ്നിമഹർഷിയെ
തൽപുത്രനങ്ങയ്ക്കു ശരിക്കാതിഥ്യം ചെയ്യുവാൻ മതി. 7

ബ്രാഹ്മണൻ പറഞ്ഞു

ഉടനാ മന്നവൻ പോയീ നെടുതാം ക്രോധമാണ്ടവൻ
അവനങ്ങാശ്രമം പുക്കു രാമനോടെയ്തുയെന്നുമായ്. 8
രാമങ്കൽ പ്രതികൂലങ്ങൾ ചെയ്തു ബന്ധുക്കളൊത്തവൻ
മഹാത്മാവായ രാമനുമായാസമുളവാക്കിനാൻ. 9
തേജസ്സേറുന്ന രാമന്റെ തേജസ്സേറ്റം ജ്വലിച്ചതേ
ശത്രുസൈന്യം ചുട്ടെരിക്കുമ്മാറപ്പോൾക്കമലേക്ഷണേ! 10
ഉടൻ മഴുവെടുത്തോരായിരം കൈയുള്ള മന്നനെ
രാമൻ കണ്ടിച്ചു പല കൊമ്പുള്ള വൃക്ഷം കണക്കിനെ. 11
ചത്തു വീണവനെക്കണ്ടു മുറ്റുമൊന്നിച്ചു ബാന്ധവർ
വാളും വേലുമെടുത്തിട്ടു പാഞ്ഞേറ്റൂ ഭൃഗുവര്യനെ. 12
രാമനും വില്ലെടുത്തിട്ടു തേരിലാണ്ടിട്ടു സത്വരം
ശരവർഷങ്ങൾ വർഷിച്ചു മഥിച്ചു മന്നവപ്പട. 13
അപ്പോൾ ചില ക്ഷത്രിയന്മാർ ജാമദഗ്ന്യഭയാർത്തരായ്
സിംഹാർദ്ദിതമൃഗപ്രായം* ഗിരിദുർഗ്ഗങ്ങൾ പൂകിനാർ. 14

---

* സിംഹാർദ്ദിതമൃഗപ്രായം = സിംഹത്താൽ പീഡിപ്പിക്കപ്പെട്ട മാനുകളെപ്പോലെ.

തനിക്കൊക്കും കർമ്മമവർ തത്തുയാൽ ചെയ്യീടായ്കയാൽ
പ്രജ[1]യ്ക്കേററു വൃഷലത[2] വിപ്രരെക്കണ്ടിടായ്കയാൽ. 15

ഏവം ദ്രവിഡരാഭീരർ പുണ്ഡ്രന്മാർ ശബരാഖ്യരും
വൃഷലത്വം പൂണ്ടു മുറതെററലാൽ ക്ഷത്രധർമ്മികൾ. 16

ഹതവീരക്ഷത്രിയസ്ത്രീകളിൽപ്പിന്നീടു വീണ്ടുമേ
വിപ്രോൽപാദിതമാം ക്ഷത്രം ജാമദഗ്ന്യനറുത്തുതേ. 17

രാമനോടിരുപത്തൊന്നു പോർ തീർന്നനശരീരിണി
ദിവ്യവാക്കോതി മധുരം സർവ്വലോകങ്ങൾ കേൾക്കവേ: 18

''രാമ, രാമ, നിറുത്തുന്നു്, ഗുണമെന്തൊന്നു കാണ്മു, നീ
വീണ്ടുമേ ക്ഷത്രബന്ധുക്കൾക്കുയിർ പോക്കിവിടുന്നതിൽ?'' 19

ആ മഹാത്മാവൊടവ്വണ്ണമൃചീകാദികളപ്പൊഴേ
പിതാമഹർ മഹാഭാഗേ, മതിയാക്കെന്നു ചൊല്ലിനാർ. 20

പിതൃഘാതാമർഷി രാമനൃഷിമാരോടു ചൊല്ലിനാൻ:
''ഭവാന്മാരിതിലിങ്ങെന്നെത്തടുത്തീടരുതെ''ന്നു താൻ. 21

പിതൃക്കൾ പറഞ്ഞു

ക്ഷത്രബന്ധു[3]ധ്വംസനം നീ ചെയ്യൊല്ലാ ജയിസത്തമ!
ചേർന്നതല്ലാ ബ്രാഹ്മണനാം നിനക്കീ നൃപതിഗ്രഹം[4]. 22

30. ബ്രാഹ്മണഗീത—ഇന്ദ്രിയജയം

ബ്രാഹ്മണഗീത (തുടർച്ച). അളർക്കൻെറ ധ്യാനയോഗത്തെ ഉദാഹരിച്ച് പിതൃക്കൾ തപസ്സിനെപ്പററി പരശുരാമനെ ഉൽബോധിപ്പിക്കുന്നു. പരശുരാമൻ ക്ഷത്രിയവധത്തിൽനിന്നു വിരമിച്ച് കഠിനമായ തപസ്സുകൊണ്ടു് ഉദ്ദിഷ്ടമായ ലക്ഷ്യത്തിൽ എത്തിച്ചേരുന്നു.

പിതൃക്കൾ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
അതു കേട്ടപ്രകാരം നീ ചെയ്യാലും ദ്വിജസത്തമ! 1

അളർക്കനെന്ന രാജർഷിയുണ്ടായീ വൻ തപോനിധി
ധർമ്മജ്ഞൻ സത്യമോതുന്നോൻ മഹാത്മാവു ദൃഢവ്രതൻ 2

ആഴിചൂഴുന്നൊരീയൂഴിയൊക്ക വില്ലാൽ ജയിച്ചവൻ
കർമ്മം സുദുഷ്കരം ചെയ്തു മനം സൂക്ഷ്മത്തിലാക്കിനാൻ. 3

ചിന്തയുണ്ടായിതു മരച്ചോട്ടിൽ വാഴുന്നവന്നഹോ!
മഹാകർമ്മം വിട്ടൊഴിച്ചു സൂക്ഷ്മത്തിങ്കൽ മഹാമതേ! 4

അളർക്കൻ പറഞ്ഞു

എൻ മനസ്സിന്നുണ്ടു ബലം മനം വെന്നാൽ ജയം ധ്രുവം
അമ്പെയ്യുവേൻ മറെറാരിടം ശത്രുക്കൾ ചുഴലുന്ന ഞാൻ. 5

---

1 പ്രജ = സന്തതി. 2 വൃഷലത = ശൂദ്രത്വം. 3 ക്ഷത്രബന്ധു = താഴ്ന്നതരം ക്ഷത്രിയർ. 4 നൃപതിഗ്രഹം = രാജവധം.

ഇതെന്നാൽ ചാപലാൽ കമ്മം ചെയ്‌വൂ മുററും മനുഷ്യരിൽ
മനസ്സിൽ ഞാൻ കൂർത്തുമൂത്ത വിശിഖങ്ങളയയ്ക്കുവൻ. 6

മനസ്സു പറഞ്ഞു

അളക്ക് ചെററുമിങ്ങെന്നിലീബ്ബാണങ്ങൾ കടന്നിടാ
നിൻ മമ്മംതാൻ കീറുമങ്ങു മമ്മം പൊട്ടി മരിച്ചുപോം. 7

നോക്കുകെന്നെക്കൊന്നിടുവാൻ തക്ക മററു ശരങ്ങളെ;
അതു കേട്ടിട്ടു ചിന്തിച്ചു പിന്നെയും ചൊല്ലിനാനവൻ. 8

അളക്കൻ പറഞ്ഞു

പല ഗന്ധങ്ങൾ നാററീട്ടുമവയിൽത്തന്നെ ചെല്ലുയാം
അതിനാൽത്താൻ മൂക്കിലേക്കു ശിതബാണങ്ങളെയ്യുവൻ. 9

മൂക്കു പറഞ്ഞു

അളക്ക്, ചെററുമിങ്ങെന്നിലീബ്ബാണങ്ങൾ കടന്നിടാ
നിൻ മമ്മംതാൻ കീറുമങ്ങു മമ്മം പൊട്ടി മരിച്ചുപോം. 10

നോക്കുകെന്നെക്കൊന്നിടുവാൻ തക്ക മററു ശരങ്ങളെ;
അതു കേട്ടിട്ടു ചിന്തിച്ചു പിന്നെയും ചൊല്ലിനാനവൻ. 11

അളക്കൻ പറഞ്ഞു

ഇതോ സ്വാദുരസം ഭക്ഷിച്ചവയിൽത്തന്നെ ചെല്ലുയാം
അതിനാൽ ഞാൻ നാക്കിലേക്കു ശിതബാണങ്ങളെയ്യുവൻ. 12

നാക്കു പറഞ്ഞു

അളക്ക്, ചെററുമിങ്ങെന്നിലീബ്ബാണങ്ങൾ കടന്നിടാ
നിൻ മമ്മംതാൻ കീറുമങ്ങു മമ്മം പൊട്ടി മരിച്ചുപോം. 13

നോക്കുകെന്നെക്കൊന്നിടുവാൻ തക്ക മററു ശരങ്ങളെ;
അതു കേട്ടിട്ടു ചിന്തിച്ചു പിന്നെയും ചൊല്ലിനാനവൻ. 14

അളക്കൻ പറഞ്ഞു

ത്വക്കനേകം സ്പശ്മേററിട്ടവയിൽത്തന്നെ ചെല്ലുയാം
അതിനാൽ കങ്കപത്രങ്ങൾ തൂകി ത്വക്കു പിളക്കുവൻ. 15

ത്വക്കു പറഞ്ഞു

അളക്ക്, ചെററുമിങ്ങെന്നിലീബ്ബാണങ്ങൾ കടന്നിടാ;
നിൻ മമ്മംതാൻ കീറുമങ്ങു മമ്മം പൊട്ടി മരിച്ചുപോം. 16

നോക്കുകെന്നെക്കൊന്നിടുവാൻ തക്ക മററു ശരങ്ങളെ;
അതു കേട്ടിട്ടു ചിന്തിച്ചു പിന്നെയും ചൊല്ലിനാനവൻ. 17

അളക്കൻ പറഞ്ഞു

പല ശബ്ദങ്ങളെക്കേട്ടുമവയിൽത്തന്നെ ചെല്ലുയാം
അതിനാൽ ഞാൻ ചെവിയിലായ് ശിതബാണങ്ങളെയ്യുവൻ. 18

ചെവി പറഞ്ഞു

അളക്ക്, ചെററുമിങ്ങെന്നിലീബ്ബാണങ്ങൾ കടന്നിടാ
നിൻ മമ്മംതാൻ കീറുമങ്ങു മമ്മം പൊട്ടി മരിച്ചുപോം. 19

നോക്കകെന്നെക്കൊന്നിടുവാൻ തക്ക മററു ശരങ്ങളെ;
അതു കേട്ടിട്ടു ചിന്തിച്ചു പിന്നെയും ചൊല്ലിനാനവൻ. 20

അളൎക്കൻ പറഞ്ഞു

പല രൂപങ്ങളം കണ്ടിട്ടുമവയിൽത്തന്നെ ചെല്ലയാം
അതിനാൽ കണ്ണിനെക്കൊൽവേൻ ശിതബാണങ്ങളെയ്തു ഞാൻ.

കണ്ണു പറഞ്ഞു

അളൎക്ക, ചെററുമിങ്ങെന്നിലീബ്ബാണങ്ങളം കടന്നിടാ
നിൻ മൎമ്മംതാൻ കീറുമങ്ങു മൎമ്മം പൊട്ടി മരിച്ചുപോം. 22
നോക്കകെന്നെക്കൊന്നിടുവാൻ തക്ക മററു ശരങ്ങളെ;
അതു കേട്ടിട്ടു ചിന്തിച്ചു പിന്നെയും ചൊല്ലിനാനവൻ. 23

അളൎക്കൻ പറഞ്ഞു

ഇതു നിഷ്ഠ പലേമട്ടിൽ പ്രജ്ഞയാൽ കരുതുന്നതാം
അതിനാലീബ്ബുദ്ധിയിൽ ഞാൻ ശിതബാണങ്ങളം തൂകുവേൻ.

ബുദ്ധി പറഞ്ഞു

അളൎക്ക, ചെററുമിങ്ങെന്നിലീബ്ബാണങ്ങളം കടന്നിടാ;
നിൻ മൎമ്മംതാൻ കീറുമങ്ങു മൎമ്മം പൊട്ടി മരിച്ചുപോം. 25
നോക്കകെന്നെക്കൊന്നിടുവാൻ തക്ക മററു ശരങ്ങളെ.

ബ്രാഹ്മണൻ പറഞ്ഞു

അളൎക്കൻ ചെയ്തു പിന്നീടു ഘോരദുഷ്കരമാം തപം
ഇവയേഴിലുമൂക്കെത്തും ബാണത്തെക്കണ്ടതില്ലവൻ. 26
മനസ്സിരുത്തിപ്പിന്നീടു ചിന്ത ചെയ്തീടിനാൻ പ്രഭു
ഏറെക്കാലം ചിന്ത ചെയ്തിട്ടളൎക്കൻ ദ്വിജസത്തമ! 27
കണ്ടില്ല യോഗാൽ പരമാം ശ്രേയസ്സു മതിമത്തമൻ
മനസ്സേകാഗ്രമാക്കീട്ടു നിശ്ചലൻ യോഗമാണ്ടവൻ 28
ഒററബ്ബാണംകൊണ്ടു കൊന്നാനിന്ദ്രിയങ്ങളെ വീര്യവാൻ
യോഗംകൊണ്ടാത്മാവിലെത്തിപ്പരയാം സിദ്ധി നേടിയോൻ. 29
വിസ്മയിച്ചിട്ടു രാജൎഷി പരമീഗ്ഗാഥ പാടിനാൻ
'അയ്യോ! കഷ്ടം! നാമനുഷ്ഠിച്ചുള്ളതൊട്ടുക്ക ബാഹ്യമാം. 30
ഭോഗതൃഷ്ണയുമായ് മുന്നം രാജ്യോപാസന ചെയ്തുപോയ്
ഇതു പിന്നെക്കണ്ടു യോഗത്തെക്കാളില്ലാ പരം സുഖം. 31
ഇതു നീയറിയൂ രാമ, കൊന്നീടരുതു മന്നരെ
ഘോരമാം തപമാണ്ടാലുമെന്നാൽ ശ്രേയസ്സു കിട്ടിടും.' 32
എന്നാപ്പിതാമഹന്മാർകൾ ചൊന്നോരാജ്ഞമദഗ്നിജൻ
ഘോരം തപം ചെയ്തു യോഗ്യൻ നേടീ ദുൎല്ലഭസിദ്ധിയും. 33

31. ബ്രാഹ്മണഗീത—അംബരീഷഗാഥ

ബ്രാഹ്മണഗീത (തുടച്ച്). ലോഭത്തിൻെറ ദോഷങ്ങളെപ്പററിയുള്ള വിവരണം.

ബ്രാഹ്മണൻ പറഞ്ഞു

മൂന്നു വൈരികരം ലോകത്തിൽപ്പെരുക്കീട്ടോൻപതായ്പരും
പ്രഹഷം പ്രീതിയാനന്ദം മൂന്നു സാത്വികമാം ഗുണം. 1

തൃഷ്ണ ക്രോധം വാശിയെന്നു മൂന്നു രാജസമാം ഗുണം
തളച്ച് മടിയുംമോഹം മൂന്നു താമസമാം ഗുണം. 2

ഇവയെദ്ധൃതിമാൻ വെന്നു ശരൗഘംകൊണ്ടതന്ദ്രിതൻ
പരരേ വെല്ലുവാനേല്ലു പ്രശാന്താത്മാ ജിതേന്ദ്രിയൻ. 3

ഇതിൽ ഗാഥകരം പാടുന്നു മുൻ കല്പമറിയും ജനം
ശമം കൊള്ളുന്നംബരീഷമന്നവൻ പണ്ടു ചൊന്നവ. 4

ദോഷങ്ങരം വന്നുയൻറിട്ടും ബാധ സാധുക്കളേല്ലുവേ
രാജ്യം കൈയേററിളുക്കോട്ടമംബരീഷൻ പുകഴ്നവൻ. 5

ആത്മദോഷങ്ങളേ വെന്നു സാധുപൂജ കഴിച്ചവൻ
നേടീ വൻപിയലും സിദ്ധി പാടീ ഗാഥകളങ്ങനെ. 6

'വെന്നേൻ ഞാൻ മിക്ക ദോഷങ്ങരം കൊന്നേൻ മുററും രിപുക്കളെ
ഒന്നുണ്ടു വലുതാം ദോഷമതിനെത്തീർത്തതില്ല ഞാൻ. 7

എന്തിൻ പ്രേരണയാൽ ജീവി വൈതൃഷ്ണ്യ*മണയാത്തുവോ,
തൃഷ്ണാത്തനെപ്പോലെ കുണ്ടിൽ പാഞ്ഞുവീണറിയാത്തുവോ, 8

എന്തിൻ പ്രേരണയാൽ മർത്ത്യനകൃത്യം തുടരുന്നുവോ,
ആ ലോഭം തീക്ഷ്ണഖഡ്ഗംകൊണ്ടറുക്കവിനറുക്കവിൻ. 9

ലോഭത്താൽ തൃഷ്ണയുണ്ടാവും പിന്നെച്ചിന്ത തുടന്നിടും
അവൻ കൊതിച്ചു നേടീടും മിക്കതിങ്ങു രജോഗുണം.
അതാപ്പെട്ടാൽ പെട്ടുകൊള്ളും മിക്കതിങ്ങു തമോഗുണം. 10

ഗുണങ്ങളീക്കണ്ടവകൊണ്ടു മെയ്യാ—
ണ്ടുടൻ പിറക്കും ക്രിയചെയ്തു നോക്കും
ജന്മം കഴിഞ്ഞാലുടലററു ചിന്നി—
ജ്ജന്മത്തൊടും മൃത്യുവിലേക്കു ചെല്ലും. 11

എന്നാൽ നന്നായ് നോക്കിയീ ലോഭമേ വെ—
ന്നിച്ഛിക്കേണം ധൃതിയാലാത്മരാജ്യം
ഇതേ രാജ്യം പിന്നെ മററില്ല രാജ്യ—
മാത്മാ രാജാവിതു നന്നായറിഞ്ഞേൻ.' 12

എന്നു പേർ കേട്ടംബരീഷരാജൻ ഗാഥകരം പാടിനാൻ
ആധിരാജ്യം മുൻപിലാക്കി മുഖ്യലോഭമറുത്തവൻ. 13

---

* വൈതൃഷ്ണ്യം = ആഗ്രഹമില്ലായ്മ.

32. ബ്രാഹ്മണഗീത—ജനകബ്രാഹ്മണസംവാദം.

ബ്രാഹ്മണഗീത (തുടർച്ച). മമത്വത്യാഗമാണ് ആത്മജ്ഞാനത്തിന്റെ ആദ്യത്തെ പടിയെന്ന് ജനകരാജാവും ബ്രാഹ്മണനും തമ്മിലുള്ള സംവാദത്തിലൂടെ ഉപദേശിക്കുന്നു.

ബ്രാഹ്മണൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
ജനകബ്രാഹ്മണരുടെ സംവാദമയി ഭാമിനി! 1
ഒരു കുററത്തിലാപ്പെട്ട വിപ്രനെജ്ജനകൻ നൃപൻ
'പാർക്കൊല്ലെൻ വിഷയത്തിങ്ക'ലെന്നു ശിക്ഷയ്ക്കു ചൊല്ലിനാൻ.
എന്നു കേട്ടാ രാജമുഖ്യനോടാ ബ്രാഹ്മണനോതിനാൻ:
"രാജാവേ, ചൊല്ലേതുവരെ വിഷയം നിന്റെ പാട്ടിലായ്? 3
മററു മന്നന്റെ വിഷയം പൂകാനോക്കുന്നു ഞാൻ വിഭോ!
നിൻ വാക്കു ചെയ്യാനിച്ഛിപ്പേൻ ശാസ്യംപോലെ മഹീപതേ!"
എന്നാ യശസ്വിയായീടും ബ്രാഹ്മണൻ ചൊന്ന മന്നവൻ
വീണ്ടും ചുടുന്ന നെടുവീർപ്പിട്ടു മിണ്ടീലൊരക്ഷരം. 5
ധ്യാനവുംപൂണ്ടമരുമീയോജസ്സേറുന്ന രാജനിൽ
ഉടൻ കശ്മലമാപ്പെട്ടു സൂര്യനിൽ ഗ്രഹമാംവിധം. 6
പിന്നെ രാജാവാശ്വസിച്ചാക്കശ്മലം തീർന്നതിന്നുമേൽ
ഒട്ടുനേരം കഴിഞ്ഞിട്ടാ വിപ്രനോടോതിയിങ്ങനെ. 7

ജനകൻ പറഞ്ഞു

പിതൃപൈതാമഹം രാജ്യം നാടും പാട്ടിലിരിക്കവേ
വിഷയം കണ്ടതില്ലൂഴിയൊക്കെ നോക്കിത്തിരഞ്ഞു ഞാൻ. 8
ഊഴിയെങ്ങും കണ്ടിടാഞ്ഞു തിരഞ്ഞേൻ മിഥിലയ്ക്കകം
അതിലും കണ്ടിടാഞ്ഞിട്ടു നിജ പ്രജയിൽ നോക്കിനേൻ. 9
അതിലും കണ്ടിടാഞ്ഞപ്പോളെനിക്കുണ്ടായി കശ്മലം
കശ്മലം തീർന്നപ്പൊളുണ്ടായ് മതി വീണ്ടുമെനിക്കതിൽ. 10
എനിക്കു വിഷയം കണ്ടീലെല്ലാം വിഷയമെന്നുമാം
എന്റെയല്ലീയൊരാത്മാവും ഭൂമിയൊക്കെയുമെന്റെയാം. 11
എന്റേതുപോലന്യരുടെയെന്നും കാണ്മേൻ ദ്വിജോത്തമ!
പാർക്കാമുത്സാഹമുള്ളോളം ഭുജിക്കാമൊത്തിടുംവരെ. 12

ബ്രാഹ്മണൻ പറഞ്ഞു

പിതൃപൈതാമഹം രാജ്യം നാടും പാട്ടിലിരിക്കവേ
ചൊല്ലെന്തുമതികൊണ്ടാണു മമത്വം വിട്ടൊഴിച്ചു നീ? 13
എന്തു ബുദ്ധിയെടുത്തങ്ങല്ലെല്ലാം വിഷയമായതും
എന്തേ കാണാഞ്ഞു വിഷയമെല്ലാം വിഷയമായതും? 14

ജനകൻ പറഞ്ഞു

എല്ലാ ക്രിയയ്ക്കുമറുതിനിലയൊട്ടുക്കു കണ്ടു ഞാൻ

അതിനാൽ കണ്ടതില്ലെൻെറയിതെന്നായുള്ളതൊന്നതാൻ. 15
ഇതാരുടേതാരുടേ സ്വത്തെന്നു വേദോക്തിയങ്ങനെ
ബുദ്ധിയാൽക്കണ്ടതില്ലെൻേറതിതെന്നായുള്ളതൊന്നു ഞാൻ. 16
ഈ ബുദ്ധിയവലംബിച്ചു മമത്വം വിട്ടൊഴിച്ചു ഞാൻ
കേളെന്റു ബുദ്ധികണ്ടെല്ലാമിങ്ങെൻ വിഷയമായതും. 17
ഞാനാത്മാത്ഥം നിനപ്പീലാ മൂക്കിലേല്ക്കുന്ന ഗന്ധവും
അതിനാൽ ഞാൻ വെന്ന ഭൂമി നിത്യമെൻ പാട്ടിൽ നില്പതാം.
ഞാനാത്മാത്ഥം നിനപ്പീലാ നാക്കിലേല്ക്കും രസത്തെയും
അതിനാൽ ഞാൻ വെന്ന ജലം നിത്യമെൻ പാട്ടിൽ നില്പതാം.
ഞാനാത്മാത്ഥം നിനപ്പീലാ കണ്ണിൽ ജ്യോതിസ്സു രൂപവും
അതിനാൽ ഞാൻ വെന്നു നിത്യം ജ്യോതിസ്സെൻ പാട്ടിൽ നി—
ഞാനാത്മാത്ഥം നിനപ്പീലാ ത്വക്കേല്ക്കും സ്പശമെന്നതും [ല്പതാം.
അതിനാൽ ഞാൻ വെന്ന വായു നിത്യമെൻ പാട്ടിൽ നില്പതാം.
ഞാനാത്മാത്ഥം നിനപ്പീലാ ചെവിക്കേല്ക്കുന്ന ശബ്ദവും
അതിനാൽ ഞാൻ വെന്ന ശബ്ദം നിത്യമെൻ പാട്ടിൽ നില്പതാം.
ഞാനാത്മാത്ഥം നിനപ്പീലാ മനഃസ്ഥാനേ മനസ്സമേ
അതിനാൽ ഞാൻ വെന്ന മനസ്സെന്നുമെൻ പാട്ടിൽ നില്പതാം. 23
പിതൃദൈവതഭൂതങ്ങൾക്കുമ്മട്ടതിഥികൾക്കുമേ
ആവശ്യമായിട്ടാണൊട്ടുക്കെന്നാരംഭം നടക്കയാം. 24
അപ്പോൾ ചിരിച്ചു ജനകൻതന്നോടാ വിപ്രനോതിനാൻ:
'ധരിക്ക നിൻ പരീക്ഷയ്ക്കായ് വന്നോരാധമ്മമാണു ഞാൻ. 25
നീയൊഴിക്കില്ല ദുവ്വാരബ്രഹ്മലാഭത്തിനങ്ങനെ
സത്വനേമിസ്ഥചക്രത്തിന്നൊരു മുഖ്യപ്രവത്തകൻ.' 26

33. ബ്രാഹ്മണഗീത—തത്ത്വസംഗ്രഹം.

ബ്രാഹ്മണഗീത (തുടച്ച്). പരലോകത്തെപ്പററിയുള്ള ഭായ്യയുടെ സംശയം അസ്ഥാനസ്ഥമാണെന്നും അവൾ ഭത്താവിൻെറ ആത്മാവിൽത്തന്നെ ലയിക്കുമെന്നും ബ്രാഹ്മണൻ ബ്രാഹ്മണിയോടു പറയുന്നു.

ബ്രാഹ്മണൻ പറഞ്ഞു

ഞാൻ ഭീരു, ചെയ്യീലതുമോത്തു പാരിൽ
സ്വബുദ്ധിയാൽ നീ നിരസിക്കുമാറായ്
വിപ്രൻ മുക്തൻ വനസഞ്ചാരിയീ ഞാൻ
ഗൃഹസ്ഥധമ്മവ്രതവാനുമല്ലോ. 1

ശുഭാശുഭത്തിൽ നീ കാണുംപോലെയുള്ളവനല്ല ഞാൻ
ഈജ്ജഗത്തിങ്കലുള്ളോന്നിലെന്നും വ്യാപിച്ചിരിപ്പു ഞാൻ. 2
ലോകത്തിലിങ്ങുള്ള ചരാചരഭാവത്തിനൊക്കയും

ദാരുക്കൾക്കഗ്നിപോലോൎക്കുകീ ഞാനന്തകനാണെടോ. 3
മുററും ഭൂമിയിലെന്നല്ലാ രാജ്യം സൎഗ്ഗത്തിലും ശരി
ഈബ്ബുദ്ധി കാത്തിരിപ്പുണ്ടെൻ ധനമീബ്ബുദ്ധിതന്നെയാം. 4
ബ്രാഹ്മണർക്കൊററവഴിയാം തജ്ഞർ ചെല്ലുന്നതേ വഴി
ഗൃഹത്തിൽ വനവാസത്തിൽ ഭിക്ഷയിൽ ബ്രഹ്മവൃത്തിയിൽ. 5
അവ്യഗ്രം പല ലിംഗത്താലൊരേബുദ്ധിയുപാസ്യയാം
നാനാലിംഗാശ്രമസ്ഥന്മാൎക്കാക്കോ ബുദ്ധിസമാത്മിക 6
ഒരേ ഭാവം പൂകുമവരാഴിക്കാറുകൾ പോലവേ.
ബുദ്ധികൊണ്ടെത്തിന വഴി ദേഹംകൊണ്ടിട്ടുമെത്തുമേ 7
ആദ്യന്താദ്ധ്യങ്ങൾ കൎമ്മങ്ങൾ ശരീരം കൎമ്മബന്ധനം.
അതിനാൽ സുഭഗേ, വേണ്ടാ പരലോകഭയം തവ
തത്ഭാവഭാവപരയായ് നീയെന്നാത്മാവിലെത്തുമേ. 8

34. ബ്രാഹ്മണഗീത—ബ്രാഹ്മണഗീതാവസാനം

ബ്രാഹ്മണഗീത (തുടൎച്ച). ഇതേവരെ പറഞ്ഞ ഉപാഖ്യാനത്തിലെ ബ്രാഹ്മണൻ തൻെറ മനസ്സും ബ്രാഹ്മണി തൻെറ ബുദ്ധിയും ക്ഷേത്രജ്ഞൻ താൻ തന്നെയും ആണെന്നു വെളിപ്പെടുത്തി കൃഷ്ണൻ ആ കഥ ഉപസംഹരിക്കുന്നു.

ബ്രാഹ്മണി പറഞ്ഞു

ഇതല്ലാത്മാവിനകൃതാത്മാവിന്നറിയുവാൻ പണി
പെരുത്തല്പം ചുരുക്കത്തിൽ കലൎന്നോന്നെന്നു മന്മതം. 1
ഈബ്ബുദ്ധിയുളവായീടുമുപായമതു ചൊല്ലു മേ
നിങ്കൽനിന്നിട്ടിതു തുടൎന്നുള്ള ഹേതു ധരിക്കണം. 2

ബ്രാഹ്മണൻ പറഞ്ഞു

അരണി ബ്രാഹ്മണി ഗുരുവുത്തരാരണിയോൎക്ക നീ
തപഃശ്രുതങ്ങൾ കടയുമതിൽ ജ്ഞാനാഗ്നി കിട്ടിടും. 3

ബ്രാഹ്മണി പറഞ്ഞു

ബ്രഹ്മത്തിനുള്ളോരു ലിംഗം ക്ഷേത്രജ്ഞാഭിധമല്ലയോ
അതറിഞ്ഞീടുവാൻ തക്കതാകും ലക്ഷണമെങ്ങുവാൻ? 4

ബ്രാഹ്മണൻ പറഞ്ഞു

അലിംഗം നിൎഗ്ഗുണം കാണാൻ കിട്ടില്ലിതിനു കാരണം
ഉപായം ചൊൽവനതിനാൽ ഗ്രഹിക്കാമില്ലയെന്നുമാം. 5
നല്ലുപായം കണ്ടിരിപ്പൂ കാണ്മൂ ഭ്രമരരീതിയിൽ
കൎമ്മബുദ്ധിയബുദ്ധിത്വാൽ ജ്ഞാനലിംഗസമാശ്രിതം. 6
ഇതു ചെയ്യിതു വയ്യെന്നു മോക്ഷത്തിന്നല്ല ചൊൽവഴി
കണ്ടും കേട്ടും ബുദ്ധിയാത്മാവിന്നിവററിൽപ്പെട്ടുംപടി 7
ഇവിടെക്കഴിവുള്ളോളമംശങ്ങൾ വെളിവാക്കണം
അവ്യക്തവ്യക്തരൂപങ്ങൾ നൂറുമായിരവും ശരി. 8

മുററും നാനാർത്ഥയുക്തങ്ങൾ മുററും പ്രത്യക്ഷയുക്തികൾ
എങ്ങു ചെന്നാലില്ല മേല്പോട്ടങ്ങഭ്യാസത്തിലാസ്ഥരും. 9

ശ്രീഭഗവാൻ പറഞ്ഞു

പിന്നെയാ ബ്രാഹ്മണിക്കുള്ള മതി ക്ഷേത്രജ്ഞസംശയേ
ക്ഷേത്രജ്ഞാനത്തിനാൽ ക്ഷേത്രജ്ഞന്മാർക്കപ്പുറമേല്ലുയായ്. 10

അർജ്ജുനൻ പറഞ്ഞു

എങ്ങാ ബ്രാഹ്മണി ഹേ, കൃഷ്ണ, താനെങ്ങീ ബ്രാഹ്മണർഷഭൻ?
ഈസ്സിദ്ധി നേടിക്കൊണ്ടുള്ളോരിവരെച്ചൊല്ലുകച്യുത! 11

ശ്രീഭഗവാൻ പറഞ്ഞു

എന്മനം ബ്രാഹ്മണനറികറികെൻ ബുദ്ധി ബ്രാഹ്മണി
ക്ഷേത്രജ്ഞനെന്നു ചൊന്നോനും ഞാൻതാനാണു ധനഞ്ജയ! 12

35. ഗുരുശിഷ്യസംവാദം—തത്ത്വനിർവ്വചനം

ഒരു ഗുരുവും ശിഷ്യനും തമ്മിൽ നടന്ന സംവാദത്തെ അടിസ്ഥാനമാക്കി ശ്രീകൃഷ്ണൻ മോക്ഷധർമ്മത്തെപ്പററിയും തൽപ്രാപ്തിക്കുള്ള മാർഗ്ഗങ്ങളെപ്പററിയും പ്രതിപാദിക്കുന്നു.

അർജ്ജുനൻ പറഞ്ഞു

അറിയേണ്ടും പരബ്രഹ്മമതൊന്നു വിവരിക്കണേ
ഭവാൻെറയീ പ്രസാദത്താൽ സൂക്ഷ്മത്തിൽച്ചെൽവിതെന്മതി. 1

വാസുദേവൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
ശിഷ്യന്നു ഗുരുവോടുള്ള സംവാദം മോക്ഷസംയുതം. 2
സംശിതവ്രതനാചാര്യൻ ബ്രാഹ്മണൻ വാണിടുംവിധൗ
മേധാവി ശിഷ്യൻ ചോദിച്ചു "ശ്രേയസ്സെന്തു പരന്തപ! 3
ഭഗവാനെസ്സംശ്രയിച്ചേൻ നിഃശ്രേയസപരായണൻ
കുമ്പിട്ടിരപ്പേൻ ഞാൻ വിപ്ര, ഞാൻ ചോദിപ്പതു ചൊല്ല നീ."
എന്നു ചൊല്ലും ശിഷ്യനോടു പാർത്ഥ, ചൊല്ലീടിനാൻ ഗുരു:
"നിനക്കു ശങ്കയുള്ളേടമൊക്കച്ചൊല്ലിത്തരാം ദ്വിജ!" 5
ഗുരുവത്സലനീവണ്ണം ഗുരു ചൊല്ലിക്കുരുദ്വഹ!
കൈക്കൂപ്പി നിന്നു ചോദിച്ചതെന്തെന്നും കേൾ മഹാമതേ! 6

ശിഷ്യൻ പറഞ്ഞു

ഞാനെങ്ങുനി,ന്നങ്ങെങ്ങുന്നു, പരമാം സത്യമേന്തുക
ഭൂതങ്ങളെങ്ങുനിന്നുണ്ടായ് ചരങ്ങളചരങ്ങളും? 7
എന്താൽജ്ജീവിപ്പു ഭൂതങ്ങളവർക്കായുസ്സുമെന്തിലാം?
സത്യമെന്തു തപസ്സെന്തു വിപ്ര, ചൊല്ലും ഗുണങ്ങളും? 8
ശിവമാർഗ്ഗങ്ങളെന്താണു സുഖമെന്തെന്തു ദുഷ്കൃതം?
ഭഗവാനേ, ചോദ്യമിതു ശരിയാമ്മട്ടു സുവ്രത! 9

അരുളിച്ചെയ്യു വിപ്രർഷേ, തത്ത്വപ്പടി മുറയ്ക്കിഹ
ഈച്ചോദ്യങ്ങളാക്കൊഴിഞ്ഞു വിവരിപ്പവനില്ലൊരാം. 10

ചൊല്ലു ധർമ്മജ്ഞരിൽ ശ്രേഷ്ഠ, പെരുത്തുണ്ടിഹ കൗതുകം
മോക്ഷധർമ്മാർത്ഥകുശലൻ ഭവാൻ പാരിൽ പ്രസിദ്ധനാം. 11

സംശയം മുഴുവൻ തീർപ്പാനങ്ങല്ലാതില്ലൊരുത്തനും
സംസാരഭീരുക്കൾ പരം ഞങ്ങളോ മോക്ഷകാംക്ഷികൾ. 12

വാസുദേവൻ പറഞ്ഞു

വന്നാശ്രയിച്ചു വേണ്ടുന്നവണ്ണം ചോദിക്കുവോനൊടായ്
പ്രശാന്തനായ് പിൻതുടന്ന് ഗുണിയാം ശിഷ്യനോടഹോ! 13

നിഴൽപോലാം ദാന്തയതിബ്രഹ്മചാരിയൊടപ്പൊഴേ
പാർത്ഥ, ചൊന്നാൻ ചോദ്യമൊട്ടുക്കാ മേധാവി ധൃതവ്രതൻ
ഗുരു നന്നായ് മുഴുവനുമരിന്ദമ, കുരൂദ്വഹ! 14

ഗുരു പറഞ്ഞു

ബ്രഹ്മോക്തമാമിതൊക്കെയുമൃഷിപ്രവരസേവിതം
വേദവിദ്യയെയുംകൊണ്ടു തത്ത്വഭൂതാർത്ഥഭാവനം. 15

ജ്ഞാനംതന്നെ പരം കാണ്മേൻ സന്യാസം തപമുത്തമം
ബാധക്കൂടാതാരറിവൂ ജ്ഞാനതത്ത്വമുറപ്പൊടും 16

സർവ്വഭൂതസ്ഥനാത്മാവെന്നവൻ സർവ്വഗനായ്വരും.
സംവാസമാരുണ്ടറിവൂ കണ്ടീടുന്നു വിവാസവും 17

ഏകത്വ നാനാത്വവുമമ്മട്ടവൻ ദുഃഖമുക്തനാം.
കാമിക്കയില്ലൊന്നുമാരോ താനൊന്നുമഭിമാനിയാ 18

ഇഹലോകസ്ഥനവനോ ബ്രഹ്മഭാവത്തിലേല്ക്കുമേ.
പ്രധാനഗുണതത്ത്വജ്ഞൻതാൻ ഭൂതവിധിവിത്തമൻ 19

നിർമ്മമൻ നിരഹങ്കാരൻ മുക്തനാമില്ല സംശയം.
അവ്യക്തവിത്തിലുളവായ് ബുദ്ധിത്തടി പെരുത്തഹോ! 20

മഹാഹങ്കാരശാഖാഢ്യമിന്ദ്രിയക്കുമ്പുപോടുമായ്
മഹാഭൂതവിശേഷാഢ്യം വിശേഷച്ചില്ലയുള്ളതായ് 21

നിത്യപർണ്ണം നിത്യപുഷ്പം നിത്യം ശുഭഫലോദയം
ആശ്രയം സർവ്വജീവികൾക്കും ബ്രഹ്മബീജം സനാതനം. 22

ഇതു തത്ത്വങ്ങളറിയെ ജ്ഞാനമാകും വരാസിയാൽ
അറുത്തമരനായീടിൽ മൃത്യുജന്മങ്ങൾ വിട്ടുപോം. 23

ഭൂതഭവ്യഭവിഷ്യാദി ധർമ്മകാമാർത്ഥനിർണ്ണയം
സിദ്ധസംഘമറിഞ്ഞീടും പൂർവ്വകല്പം സനാതനം. 24

മഹാപ്രാജ്ഞ, പറഞ്ഞീടാമുത്തമം പദമിന്നു ഞാൻ
ബുദ്ധിയാലിഹ സംസിദ്ധരായീടുന്നു മനീഷികൾ. 25

ഒത്തുകൂടിപ്പണ്ടു തമ്മിൽ പരീക്ഷിക്കും മഹർഷികൾ
പ്രജാപതി ഭരദ്വാജൻ ഗൗതമൻ ഭാർഗ്ഗവൻ പരം 26

വസിഷ്ഠൻ കശ്യപൻ പിന്നെ വിശ്വാമിത്രനമത്രിയും
പല മാർഗ്ഗങ്ങളും ചുററി സ്വകർമ്മത്താൽത്തളന്നവർ 27
ഋഷി വൃദ്ധാംഗിരസനെ മുൻപാക്കീട്ടാ ദ്വിജാതികൾ
ബ്രഹ്മാലയേ കണ്ടു വീതകല്മഷൻ ബ്രഹ്മദേവനെ. 28
സുഖം വാഴന്നാ മഹാനെക്കമ്പിട്ടങ്ങു മഹർഷികൾ
ചോദിച്ചു വിനയത്തോടുമിതു നൈശ്രേയസം പരം: 29
''ചെയ്യതെങ്ങനെ സൽക്കർമ്മം കില്ബിഷം തീരുമെങ്ങനെ?
ശിവമാർഗ്ഗങ്ങളെന്തിങ്ങു സത്യമെന്തെന്തു ദുഷ്കൃതം? 30
ദക്ഷിണോത്തരഭാഗങ്ങൾ കർമ്മങ്ങൾക്കേല്പതെങ്ങനെ?
പ്രളയം മുക്തിയും ഭൂതങ്ങൾക്കു ജന്മം വിനാശവും?'' 31
എന്നാ മുനീന്ദ്രർ ചൊന്നോരാ ബ്രഹ്മാവെന്തു പറഞ്ഞുവോ
അതു നിന്നോടു പറയാം ശിഷ്യ, കേൾക്ക യഥാശ്രുതം. 32

ബ്രഹ്മാവു പറഞ്ഞു

സത്യാൽ ഭൂതങ്ങളുണ്ടായീ ചരങ്ങളചരങ്ങളും
തപസ്സാലവ ജീവിപ്പിതിതു സുവ്രതരോർക്കുവിൻ. 33
സ്വയോനിയെക്കടന്നിട്ടു വർത്തിപ്പൂ സ്വക്രിയാവശാൽ
സത്യം ഗുണനയോടൊത്തു നിയതം പഞ്ചലക്ഷണം. 34
ബ്രഹ്മം സത്യം തപം സത്യം സത്യമത്രേ പ്രജാപതി
ഭൂതങ്ങൾ സത്യോൽഭൂതങ്ങൾ സത്യം വിശ്വം ജഗന്മയം. 35
എന്നാൽ സത്യാത്മാക്കൾ വിപ്രർ നിത്യം യോഗപരായണർ
ക്രോധസന്താപങ്ങൾ വിട്ടോർ നിഷ്ഠക്കാർ ധർമ്മസേവികൾ 36
അന്യോന്യനിഷ്ഠർ വൈദ്യന്മാർ ധർമ്മസേതുപ്രവർത്തകർ
അവരെപ്പറയാമീ ഞാൻ ലോകഭാവനർ നിത്യരെ. 37
ചാതുർവ്വിദ്യം നാലു ജാതി നാലാശ്രമവഴിക്കുമേ
നാലുകാലാം ധർമ്മമൊന്നു നിത്യമെന്നാർ മനീഷികൾ. 38
നിങ്ങളോടാ നല്ല മോക്ഷവഴി ചൊല്ലാം ദ്വിജേന്ദ്രരേ!
നിയതം ബ്രഹ്മസിദ്ധിക്കു മുൻ മനീഷികൾ പോയതാം. 39
ഞാൻ ചൊല്ലുവോരീദുർബ്ബോധ*മാകുന്ന വഴിയുത്തമം
ധരിക്കുവിൻ മഹാഭാഗന്മാരേ, മുററും പരം പദം. 40
ബ്രഹ്മചര്യാശ്രമംതന്നെ ചൊൽവിതൊന്നാമതാം പദം
രണ്ടാമതാണു ഗാർഹസ്ഥ്യം വാനപ്രസ്ഥമതിന്നുമേൽ. 41
അതിന്നപ്പുറമായോർക്കുകധ്യാത്മം പരമം പദം
ജ്യോതിസ്സാകാശമാദിത്യൻ വായുവിന്ദ്രൻ പ്രജാപതി 42
ഇവരെക്കാണുകില്ലദ്ധ്യാത്മത്തിലെത്തുന്നതേവരെ;
അതിന്നുപായം പറയാം മുൻപിട്ടതു ധരിക്കുവിൻ. 43
ഫലമൂലങ്ങളും തിന്നു കാടാണ്ട മുനികൾക്കഹോ!

---

* ദുർബ്ബോധം = മനസ്സിലാക്കാൻ വളരെ പ്രയാസമുള്ളത്.

വാനപ്രസ്ഥം ദ്വിജന്മാക്കു മൂവക്കുമുപദിഷ്ടമാം. 44
വിധിച്ചിട്ടുണ്ടു ഗാർഹസ്ഥ്യമെല്ലാജ്ജാതിക്കുമൊപ്പമേ
ധർമ്മം ശ്രദ്ധാലക്ഷണമെന്നോതുന്നു ധീരരായവർ. 45
എന്നു നിങ്ങളൊടാദ്ദേവയാനമാർഗ്ഗങ്ങൾ ചൊല്ലിനേൻ
ധർമ്മസേതുക്കൾ കർമ്മങ്ങൾവഴിയായ് ധീരരാണ്ടവ. 46
ഇവയ്ക്കു വേർതിരിച്ചിട്ടു ധർമ്മമാണ്ടു ശിതവ്രതർ
കാലാൽക്കാണും സദാ ഭൂതപ്രഭവപ്രക്ഷയങ്ങളെ. 47
ഇനിത്തത്ത്വങ്ങൾ പറയാം ശരിയാമ്മട്ടു യുക്തിയാൽ
മുററുമേ വിഷയസ്ഥങ്ങൾ വേർതിരിച്ചിട്ടിരിപ്പവ. 48
മഹാത്മാവാകുമവ്യക്തമഹങ്കാരമതങ്ങനെ
ഇന്ദ്രിയം പത്തൊന്നുമേവം മഹാഭൂതങ്ങളഞ്ചുമേ 49
പഞ്ചഭൂതവിശേഷങ്ങളെന്നു സർഗ്ഗം സനാതനം
തത്ത്വക്കണക്കുണ്ടിരുപത്തിനാലും പിന്നെയൊന്നുമേ. 50
തത്ത്വങ്ങൾക്കൊക്കയുൽഭൂതിക്ഷയങ്ങളറിയുന്നവൻ
സർവ്വഭൂതത്തിലും ധീരനവൻ വ്യാമോഹമേററിടാ. 51

തത്ത്വങ്ങളാരുണ്ടറിവൂ ശരിക്കുതാൻ
ഗുണങ്ങളൊട്ടുക്കിഹ ദേവതാത്മകം
വിധൂതപാപൻ പരിമുക്തബന്ധനൻ
ഭുജിക്കുമായാൾ ശുഭലോകമൊക്കയും. 52

36. ഗുരുശിഷ്യസംവാദം—തമോഗുണനിരൂപണം

ഗുരുശിഷ്യസംവാദം (തുടർച്ച). ബ്രഹ്മാവു് തമോഗുണത്തിന്റെ സ്വഭാവത്തെ വിസ്തരിച്ചു വിവരിക്കുന്നു.

ബ്രഹ്മാവു പറഞ്ഞു

അതവ്യക്തമനദ്രിക്തം സർവ്വവ്യാപി ധ്രുവം സ്ഥിരം
നവദ്വാരം പുരം കാണ്ക ത്രിഗുണം പഞ്ചധാതുകം. 1
പതിനൊന്നേ ചുററു മനോവ്യാകൃതിപ്പാടൊടൊത്തതായ്
ബുദ്ധിസ്വാമിയുമൊത്തോന്നു പരമേകാദശാത്മകം. 2
സ്രോതസ്സു മൂന്നുണ്ടവിടെയവ പൂരിപ്പതെപ്പൊഴും
ഓവു മൂന്നുണ്ടവ പരം പ്രവർത്തിപ്പു ഗുണാത്മകം. 3
തമോരജസ്സത്വമെന്നു ചൊൽവൂ മൂന്നു ഗുണങ്ങളെ
അന്യോന്യമിണയായന്യോന്യോപജീവികളൊക്കയും. 4
അന്യോന്യാലംബങ്ങളുമ്മട്ടന്യോന്യം പിൻതുടർന്നവ
അന്യോന്യസക്തം ത്രിഗുണം പഞ്ചധാതുക്കളങ്ങനെ. 5
തമസ്സിന്നിണയാം സത്വം സത്വത്തിന്നു രജസ്സിണ
രജസ്സിന്നും സത്വമേവം സത്വത്തിന്നു തമസ്സിണ. 6

തമസ്സടക്കിടുന്നേടം രജസ്സുണ്ടു തുടന്നിടും
രജസ്സടക്കിടുന്നേടം സത്വമങ്ങു തുടന്നിടും. 7
നൈശാത്മകം തമസ്സോക്ക് ത്രിഗുണം മോഹസംജ്ഞിതം
അധമ്മലക്ഷണം പാപകമ്മങ്ങളിലുറച്ചതാം. 8
താമസം രൂപമിതുതാൻ കാണുമാറുണ്ടു സംഗതം
പ്രകൃത്യാത്മകമാണത്രേ രജസ്സോ മാററമേല്പതാം; 9
സവ്വഭൂതത്തിലും ചേന്നു കാണാമുൽപ്പത്തിലക്ഷണം.
തെളിവായ്സ്സവ്വജീവിക്കും ലാഘവം ശ്രദ്ധാനത 10
സാത്വികം രൂപമീവണ്ണം ലാഘവം സാധുസമ്മിതം.
ഇവയ്ക്കു ഗുണതത്ത്വങ്ങൾ ചൊല്ലുന്നു തത്ത്വയുക്തിയാൽ 11
കൂട്ടിയും വേർതിരിച്ചിട്ടും ശരിയായവ കേൾക്കുവിൻ.
മോഹമജ്ഞാനമത്യാഗം കമ്മങ്ങൾക്കു ദൃഢത്വവും 12
സ്വപ്നം സ്തംഭം ഭയം ലോഭം ശോകം സുകൃതദൂഷണം
ഓമ്മകേടവിപാകംതാൻ നാസ്തിക്യം വൃത്തി തെററലും 13
ഭേദം നോക്കായ്കയന്ധത്വം നീചവൃത്തിയെടുക്കലും
ചെയ്യാതെ ചെയ്തെന്ന മാനമജ്ഞാനേ ജ്ഞാനിഭാവവും 14
അമൈത്രി കമ്മമില്ലായ്കയശ്രദ്ധ ജളഭാവവും
നേരില്ലായ്ക ധരിക്കായ്ക പാപകമ്മമബോധവും 15
ഗൗരവം സന്നഭാവംതാനവശിത്വമധോഗതി
എന്നീഗ്ഗുണങ്ങളൊക്കേയും താമസങ്ങൾ പറഞ്ഞു ഞാൻ. 16
മററുമീയുലകിൽബ്ഭാവമെന്ന ഭാവങ്ങളില്ലയോ
അതാതിടം പെട്ടിരിക്കും മററും താമസമാം ഗുണം. 17
ദേവബ്രാഹ്മണവേദങ്ങൾക്കെന്നും കുററമുരയ്ക്കലും
നല്ലായ്ക ഗവ്വം വ്യാമോഹം മന്യു പിന്നെപ്പൊറായ്കയും 18
മാത്സര്യവും ജീവികളിലിവ താമസവൃത്തിയാം.
പാഴിൽക്കാര്യങ്ങളും പിന്നെപ്പാഴിൽ ദാനങ്ങളും ശരി 19
പാഴിൽബ്ഭക്ഷണവും മററുമിതു താമസവൃത്തിയാം.
അതിവാക്കു പൊറുക്കായ്ക മാത്സര്യമഭിമാനവും 20
ശ്രദ്ധയില്ലായ്കയും മററുമിതു താമസവൃത്തിയാം.
ഇത്തരക്കാരീയുലകിൽ പാപകമ്മങ്ങൾ ചെയ്വവർ 21
മനുഷ്യർ മര്യാദ വിട്ടുള്ളവർ താമസരേവരും.
ആപ്പാപികൾക്കു ദൃഢമായ് പററും ജന്മങ്ങൾ ചൊല്ലിടാം 22
കീഴേ നിരയമേല്പാനായ് തിര്യങ്ങ്നരകമെത്തിടും.
സ്ഥിരഭൂതങ്ങളവ്വണ്ണം വാഹനങ്ങൾ പശുക്കളും 23
ക്രവ്യാദസപ്പകൃമികൾ പുഴുക്കൾ വിഹഗങ്ങളും
അണ്ഡജങ്ങളുമവ്വണ്ണം മററും നാല്ക്കാലിവഗ്ഗവും 24
ഭ്രാന്തന്മാരുമ പൊട്ടന്മാർ മററുപേർ പാപരോഗികൾ

തമസ്സാണ്ടവർ ദുർവൃത്തർ സ്വകർമ്മകൃതലക്ഷണർ 25
കീഴ്പ്പോട്ടൊഴുകുവോരത്രേ തമസ്സാണ്ടവർ താമസർ.
അവക്കു കേററമാം പുണ്യം പറയാമിതിനപ്പുറം 26
അവർ പുണ്യം ചെയ്തു പുണ്യലോകം നേടുംപ്രകാരമേ.
മറിച്ചേററുവരായുള്ളോർ കമ്മംകൊണ്ടു വളന്നവർ 27
സ്വകർമ്മനിരതന്മാരാം ശുഭബ്രാഹ്മണർതമ്മുടെ
സംസ്കാരംകൊണ്ടു യത്നിച്ചു മേലേ സാലോക്യമേററിടും; 28
വാനവർക്കുള്ള വാനെത്തുമെന്നത്രേ വൈദികശ്രുതി.
മറിച്ചേററുവരായുള്ളോർ സ്വകർമ്മങ്ങളറിഞ്ഞവർ 29
വീണ്ടും തിരിഞ്ഞുകൊണ്ടീടുന്നവരാമിഹ മാനുഷർ.
പാപയോനികൾ ചണ്ഡാലർ പരമൂമകൾ കൊഞ്ഞരും 30
ജാതിമാററവുമേററീടും മേലേ മേലേ ക്രമത്തിലായ്.
ശൂദ്രയോനി കടന്നിട്ടു മററു താമസമാം ഗുണം 31
ഒഴുക്കിൽ നടുവേ നില്ക്കും തമോഗുണമതിൽ പരം.
കാമങ്ങളിലഭിഷ്വംഗം മഹാമോഹമിതാം മതം 32
ഋഷി മാമുനി വാനോരും മോഹിക്കുന്നു സുഖാത്ഥികൾ.
തമോമോഹം മഹാമോഹം താമിസ്രം ക്രോധമാണുപോൽ 33
ചാക്കെന്നതന്ധതാമിസ്രം താമിസ്രം ക്രോധമാണുപോൽ.
വണ്ണത്താലും ഗുണത്താലും ജന്മത്താലും യഥാത്ഥമായ് 34
ഈത്തമസ്സിനെ ഞാൻ വിപ്രന്മാരേ, ചൊന്നേൻ യഥാവിധി.
ഇതാരറിവതും നന്നായ് നന്നായാരിതു കാണ്മതും
അതത്ത്വത്തിൽ തത്ത്വദൃഷ്ടി തമസ്സിൻ തത്ത്വലക്ഷണം. 35

തമോഗുണത്തെപ്പലമട്ടുരച്ചു ഞാൻ
ശരിക്കു ഞാൻ ചൊല്ലി തമസ്സുടക്കവും
ഗുണങ്ങളിമ്മട്ടറിയുന്നതേവനോ
തമോഗുണം മുററുമവന്നൊഴിഞ്ഞുപോം. 36

37. ഗുരുശിഷ്യസംവാദം—രജോഗുണനിരൂപണം

ഗുരുശിഷ്യസംവാദം (തുടച്ച്). രജോഗുണത്തിൻെറ സ്വഭാവവും രജോഗുണപ്രധാനികളുടെ പ്രവൃത്തിയും വിവരിക്കുന്നു.

ബ്രഹ്മാവു പറഞ്ഞു

രജസ്സിനെപ്പറഞ്ഞീടാം ശരിയാംമട്ടു സത്തരേ!
മഹാഭാഗർകളേ, കേൾപ്പിൻ രജോഗുണനിരൂപണം. 1
സംഘാതം രൂപമായാസം സുഖം ദുഃഖം ഹിമാതപം
ഐശ്വര്യം വിഗ്രഹം സന്ധി ഹേതുവാദാരതി ക്ഷമ 2
ബലം ശൗര്യം മദം രോഷം വ്യായാമകലഹങ്ങളും

ഈർഷ്യേപ്പയേഷണി രണം മമത്വം കാത്തുകൊള്ളലും 3
വധം ബന്ധം പരിക്ലേശമേവം കൊള്ളൽ കൊടുക്കലും
അറക്ക വെട്ടു കീറെന്നു പരമർമ്മം പിളക്കലും 4
ഉഗ്രം ദാരുണമാക്രോശം പരച്ഛിദ്രാനുശാസ്യവും
ലോകചിന്താനുചിന്തൈവം മത്സരം കാത്തുകൊള്ളലും 5
പാഴവാദം പാഴ്ദാനം വികല്പം ധിക്കരിക്കലും
നിന്ദാസ്തുതിപ്രശംസൈവം പ്രതാപം പരമാക്രമം 6
ശുശ്രൂഷ പരിചര്യൈവം സേവ തൃഷ്ണ വ്യപാശ്രയം
കൂട്ടം നയം തെറ്റു പിന്നെക്കുററംചൊല്ലൽ പരിഗ്രഹം 7
ലോകത്തിൽ പലതായ് വേറേ നില്ക്കും സംസാരമേല്ക്കലും
ആണു പെണ്ണു ഗൃഹം ദ്രവ്യമിവയിങ്കലശേഷവും 8
സന്തോഷമങ്ങവിശ്വാസം വ്രതങ്ങൾ നിയമങ്ങളും
ആശിസ്സൊത്തുള്ള കർമ്മങ്ങൾ പലമാതിരി പൂർത്തവും 9
സ്വാഹാകാരം നമസ്കാരം സ്വധാകാരം വഷൾക്രിയ
യജിപ്പിക്ക പഠിപ്പിക്ക യജിക്കുക പഠിക്കുക 10
ദാനം കൊടുക്കൽ വാങ്ങിക്കൽ പ്രായശ്ചിത്തങ്ങൾ മംഗളം
ഇതെനിക്കിതെനിക്കെന്നാം സ്നേഹം ഗുണസമുത്ഭവം 11
അഭിദ്രോഹം മായ പിന്നെച്ചതി മാനവുമങ്ങനെ
ചൗര്യം ഹിംസ ജുഗുപ്സൈവം പരിതാപം പ്രജാഗരം 12
ഛലം ദർപ്പം രാഗമേവം ഭക്തി പ്രീതി പ്രമോദനം
ചൂതേവം ജനവാദങ്ങൾ സ്ത്രീസംബന്ധങ്ങളങ്ങനെ 13
ആട്ടം കൊട്ടും പാട്ടുമെന്നീ പ്രസംഗങ്ങളുമങ്ങനെ
വിപ്രന്മാരേ, രാജസമാണീച്ചൊന്ന ഗുണമൊക്കയും. 14
ഭുവിൽബ് ഭൂതഭവൽബ് ഭവ്യഭാവങ്ങളുടെ ഭാവന
ത്രിവർഗ്ഗപരമായ് ധർമ്മമർത്ഥം കാമവുമങ്ങനെ. 15
പ്രമോദിപ്പു കാമവൃത്തർ മുററും കാമസമൃദ്ധിയാൽ
നടുക്കൊഴുക്കിൽപ്പെട്ടോരീ രജസ്സു കലരും നരർ. 16
ഈ ലോകത്തിൽ പ്രമോദിപ്പൂ വീണ്ടും വീണ്ടും ജനിപ്പവർ
പരലോകത്തിലിച്ഛിപ്പിതിഹലോകത്തിലും ശരി;
കൊടുക്കും വാങ്ങിടും തപ്പിച്ചീടുമാഹുതി ചെയ്തിടും. 17

രജോഗുണത്തെപ്പലമട്ടരച്ചു ഞാൻ
ശരിക്കു ഞാൻ ചൊല്ലി ഗുണപ്രവൃത്തിയും
ഗുണങ്ങളിമ്മട്ടറിയുന്നതേവനോ
രജോഗുണം മുററുമവന്നൊഴിഞ്ഞുപോം. 18

38. ഗുരുശിഷ്യസംവാദം—സത്വഗുണനിരൂപണം

ഗുരുശിഷ്യസംവാദം (തുടർച്ച). ബ്രഹ്മാവ് കാശ്യപൻ തുടങ്ങിയ മഹർഷികളോടു സത്വഗുണത്തിന്റെ സ്വഭാവം വിവരിക്കുന്നു.

ബ്രഹ്മാവു പറഞ്ഞു

ഇനി ഞാൻ പറയാം മൂന്നാമത്തേതാം ഗുണമുത്തമം
സർവ്വഭൂതഹിതം പാരിൽ സദ്ധർമ്മമവിഗർഹിതം. 1

ആനന്ദം പ്രീതിയുദ്രേകം തെളിവവ്വണ്ണമേ സുഖം
അകാർപ്പണ്യമസംരംഭം സംതൃപ്തി ശ്രദ്ധയങ്ങനെ 2

ക്ഷമ ധൈര്യമഹിംസൈവം സമത്വം സത്യമാർജ്ജവം
ക്രോധാസൂയകളില്ലായ്ക ശൗചം ദാക്ഷ്യം പരാക്രമം 3

വെറും ജ്ഞാനം വെറും വൃത്തി വെറും സേവ വെറും ശ്രമം
ഇമ്മട്ടു കർമ്മമുടയോൻ പരാനന്ത്യ[1]ത്തെയേററിടും. 4

നിർമ്മമൻ നിരഹങ്കാരൻ നിരാശിസ്സെങ്ങുമേ സമൻ
അകാമനായോനെന്നത്രേ സാധുധർമ്മം സനാതനം. 5

വിസ്രംഭം ഹ്രീ തിതിക്ഷൈവം ത്യാഗം ശൗചമതന്ദ്രിത
ആനൃശംസ്യമസമ്മോഹമെങ്ങും ദയയപൈശുനം 6

തുഷ്ടി ഹർഷം വിസ്മയവും വിനയം സാധുവൃത്തിയും
ശാന്തികർമ്മങ്ങളിൽ ശുദ്ധി ശുഭബുദ്ധി വിമുക്തിയും 7

ഔദാസീന്യം ബ്രഹ്മചര്യം വിട്ടൊഴിക്കലു[2]മെങ്ങുമേ
നിർമ്മമത്വമനീഹത്വം[3] ധർമ്മക്കെട്ടു വിടായ്കയും 8

വെറും ദാനം വെറും യജ്ഞം വെറും മറ വെറും വ്രതം
വെറും പ്രതിഗ്രഹം പിന്നെ വെറും ധർമ്മം വെറും തപം 9

ഇമ്മട്ടുള്ളവരീപ്പാരിൽ സത്വസംശ്രയരായവർ.
ബ്രഹ്മയോനികൾ ധീരന്മാർ സാധുദർശികൾ ബ്രാഹ്മണർ. 10

സർവ്വപാപങ്ങളും വിട്ടു ശോകമററവർ മാനവർ.
ആദ്ധീരർ വിണ്ണിലെത്തീട്ടങ്ങെടുക്കും പിന്നെ മൂർത്തികൾ 11

ഈശിത്വംതാൻ വശിത്വംതാൻ മനസ്സിന്നു ലഘുത്വവും.
മാററിയേല്ലും മഹാത്മാക്കൾ വിണ്ണിൽ വിണ്ണവർപോലവേ 12

മേല്പോട്ടൊഴുകുവോരത്രേ താൻ വൈകാരികർ ദേവകർ.
പ്രകൃത്യാ മാററമേല്ക്കുന്നോർ വിണ്ണിൽ ചെന്നങ്ങുമിങ്ങുമേ 13

എന്തിച്ഛിക്കുമതൊക്കേയും നേടും പങ്കിട്ടുകൊണ്ടിടും.
ഇതേവം സാത്വികം വൃത്തം ചൊന്നേൻ ഞാൻ ദ്വിജമുഖ്യരേ!
ഇതറിഞ്ഞീടിൽ നേടീടും മുററുമിച്ഛിപ്പതൊക്കയും. 14

---

1 പരാനന്ത്യം = പരമായ ആനന്ത്യം; പാരത്രികസുഖം. 2 വിട്ടൊഴിക്കൽ = ത്യാഗം. 3 അനീഹത്വം = ആഗ്രഹമില്ലായ്ക.

പറഞ്ഞു ഞാൻ സത്വഗുണം വിശേഷമായ്
ശരിക്കു ഞാൻ ചൊല്ലി ഗുണപ്രവൃത്തിയും
ഗുണങ്ങളിമ്മട്ടറിയുന്നതേവനോ
ഗുണം ഭുജിക്കും ഗുണമേല്ക്കയില്ലവൻ. 15

39. ഗുരുശിഷ്യസംവാദം—ഗുണത്രയനിരൂപണം

ഗുരുശിഷ്യസംവാദം (തുടർച്ച). ത്രിഗുണങ്ങൾ ലോകത്തിൽ മനുഷ്യരിൽ മാത്രമല്ല, എല്ലാ സ്ഥാവരജംഗമങ്ങളിലും വ്യാപിച്ചിട്ടുണ്ടെന്നും, അവ എവിടെയും വ്യാമിശ്രരൂപത്തിലാണ് കാണപ്പെടുന്നതെന്നും ബ്രഹ്മാവു വിശദമാക്കുന്നു.

ബ്രഹ്മാവു പറഞ്ഞു

എല്ലാം വേറുതിരിച്ചിട്ടു ചൊല്ലാവല്ല ഗുണങ്ങളെ
അവിച്ഛിന്നം കാണ്മു രജസ്സേവം സത്വം തമസ്സുമേ. 1
തമ്മിൽ രഞ്ജിക്കുന്നു തമ്മിലർത്ഥജീവികളാമവ
മുററും തമ്മിൽ സംശ്രയിച്ചു തമ്മിൽപ്പിൻതുടരുന്നവ. 2
സത്വമെത്രയ്ക്കുത്ര രജസ്സുണ്ടിങ്ങില്ലൊരു സംശയം
തമസ്സത്വങ്ങളെത്രയ്ക്കു രജസ്സത്രയ്ക്കു ചൊൽവതാം. 3
കലർന്നുതാൻ നടത്തുന്നു കൂടിക്കൂട്ടായ് നടപ്പവ
ഹേത്വഹേതുക്കളാൽക്കൂട്ടുകൂടിക്കൊണ്ടാണു നില്പതും. 4
തമ്മിൽക്കലർന്നൊത്തു ബോധവൃത്തിയില്ലാത്തവയ്ക്കിഹ
ശരിക്കു ചൊല്ലാമെല്ലാടം കുറവും കുറയായ്കയും. 5
തിര്യഗ്ഭാവം പൂണ്ട തമസ്സേങ്ങോ വർദ്ധിച്ചു നില്പതും
അങ്ങുണ്ടല്പം രജസ്സോർക്ക സത്വമല്പതരം പരം. 6
മദ്ധ്യസ്രോതസ്സാണ്ട രജസ്സേങ്ങോ വർദ്ധിച്ചു നില്പതും
അങ്ങുണ്ടല്പം തമസ്സോർക്ക സത്വമല്പതരം പരം. 7
ഊർദ്ധ്വസ്രോതസ്സാണ്ട സത്വമെങ്ങോ വർദ്ധിച്ചു നില്പതും
അങ്ങുണ്ടല്പം തമസ്സോർക്ക രജസ്സല്പതരം പരം. 8
സത്വം വൈകാരികീയോനിയിന്ദ്രിയക്കാഴ്ച നല്കിടും
സത്വത്തെക്കാൾ മേലെയായിദ്ധർമ്മം മറെറാന്നുമില്ലിഹ. 9
മേല്പോട്ടു ചെല്ലും സത്വസ്ഥർ നടുക്കായ് നില്പു രാജസർ
താഴ്ന്നുള്ള ഗുണമുള്ളോർകരം താഴേ ചെല്ലുന്നു താമസർ. 10
തമഃ ശൂദ്രേ രജഃ ക്ഷത്രേ വിപ്രനിൽ സത്വമുത്തമം
എന്നേവം മൂന്നു വർണ്ണത്തിൽ വർത്തിക്കുന്നു ഗുണത്രയം. 11
കാണപ്പെടുന്നു ദൂരത്തും കൂട്ടമായ് കൂട്ടുചേർന്നവ
വേറേ തമസ്സുമാസ്സത്വം രജസ്സുമിതി കേൾപ്പു നാം. 12

ഉദിക്കുമക്കനെക്കണ്ടാൽ മന്നാണ്ടോ[1]ക്കുളവായ് ഭയം
തപിക്കും വഴിപോക്കന്മാരുഷ്ണത്താൽ ദുഃഖമേല്ക്കുവോർ. 13

വദ്ധിച്ച സത്വമാദിത്യൻ തമസ്സൂഴിയിൽ വാഴ്വവർ[2].
വഴിപോക്കക്കുള്ള താപം രജോഗുണവുമാണപോൽ. 14

തെളിവാം സത്വമാദിത്യൻ ചൂടായത്തു രജോഗുണം
അവന്നുപപ്ലവം വാവുതോറും താമസമോക്കുക. 15

ഏവം ജ്യോതിസ്സിലൊട്ടുക്കും വത്തിക്കുന്നു ഗുണത്രയം
അതാതുവിധമായ് മാറി വത്തിക്കുന്നുണ്ടതാതിടം. 16

തിര്യഗ്ഭാവം പൂണ്ട തമസ്സുണ്ടു മുററും സ്ഥിരങ്ങളിൽ
തിരിയുന്നു രാജസങ്ങൾ സാത്വികം സ്നേഹഭാവവും. 17

പകൽ മൂന്നായറിയണം മൂന്നായ് രാത്രി വിധിപ്പതാം
മാസാദ്ധമാസങ്ങളൃതുവഷങ്ങളിഹ സന്ധികൾ. 18

മൂന്നായ് ദാനങ്ങൾ ചെയ്യുന്നു മൂന്നായ്ച്ചെയ്യുന്നു യജ്ഞവും
മൂന്നേ വേദം മൂന്നു ലോകം മുമ്മൂന്നേ ശരി വിദ്യയും. 19

ഭൂതം ഭവ്യം ഭവിഷ്യത്തും ധമ്മമങ്ങത്ഥകാമവും
പ്രാണാപാനോദാനരുമിവ്വണ്ണം മൂന്നു ഗുണങ്ങളാം. 20

അതാതു വിധമായ് മാറി വത്തിക്കുന്നുണ്ടതാതിടം
ഈ ലോകത്തിങ്കലുടയതൊക്കയും ത്രിഗ്ഗുണങ്ങളാം. 21

പ്രവത്തിക്കുന്നിതവ്യക്തത്രിഗ്ഗുണങ്ങൾ സദാപ്പൊഴും
സത്വം രജസ്സാത്തമസ്സും ഗുണസഗ്ഗം സനാതനം. 22

തമോവ്യക്തം ശിവം ധാമം രജോയോനി സനാതനം
പ്രകൃതീ വികാരം പ്രളയം പ്രധാനം പ്രഭവം ക്ഷയം. 23

അനുദ്രിക്തമനൂനം താനകമ്പമചലം ധ്രുവം
സത്തസത്തൊക്കയവ്യക്തം കേവലം ത്രിഗ്ഗുണം മതം;
അദ്ധ്യാത്മചിന്തകർ നരരറിയും നാമമൊക്കയും. 24

അവ്യക്തനാമങ്ങൾ ഗുണങ്ങൾ തത്ത്വമായ്
മുററും ധരിപ്പോൻ ഗതിയൊക്കയും ശരി
വിമുക്തദേഹൻ വക വേർതിരിച്ചറി—
ഞ്ഞവൻ ഗുണം വിട്ടൊഴിയും നിരാമയൻ. 25

---

1 'മന്നാണ്ടോർ' എന്നതിനു 'ഭൂവാസികൾ' എന്നേ അത്ഥമുള്ളു. 'കുചരന്മാർ' എന്ന മൂലശബ്ദത്തിൻെറ അനുഗതതജ്ജമയായിരിക്കാം ഇതു്. പക്ഷേ, 'കുചരന്മാർ' എന്ന വാക്കിനു് കുത്സിതമായ മാഗ്ഗത്തിൽക്കൂടി ചരിക്കുന്നവർ—കള്ളന്മാർ മുതലായവർ—എന്നാണു് ഉദ്ദിഷ്ടമായ അത്ഥം. 2 ഊഴിയിൽ വാഴ്വവർ=കുചരന്മാർ.

40. ഗുരുശിഷ്യസംവാദം—മഹത്തത്ത്വനിരൂപണം

ഗുരുശിഷ്യസംവാദം (തുടർച്ച). മഹത്തത്ത്വമെന്ന പേരിനാൽ വ്യവഹരിക്കപ്പെടുന്ന ആത്മാവിനെപ്പററിയുള്ള നിരൂപണം.

ബ്രഹ്മാവു പറഞ്ഞു

അവ്യക്തൽ മുന്നമുണ്ടായീ മഹാനാത്മാ മഹാമതി
എല്ലാ ഗുണങ്ങൾക്കുമാദ്യനൊന്നാം സർഗ്ഗവുമാണവൻ. 1

മഹാനാത്മാ മതീ വിഷ്ണു ജിഷ്ണുതാൻ ശംഭു വീര്യവാൻ
ബുദ്ധി പ്രജ്ഞോപലബ്ധ്യേവം ഖ്യാതിയത്രേ ധൃതി സ്മൃതി. 2

മഹാനാത്മാവിനെച്ചൊല്ലുമേവം പര്യായവാക്കിനാൽ
അവനെക്കണ്ടിടും വിദ്വാൻ ബ്രാഹ്മണൻ മോഹമേററിടാ. 3

എങ്ങും കൈ കാലടിയുമായെങ്ങും കൺ തല വായുമായ്
എങ്ങും ചെവിയുമായ് ലോകമെങ്ങും വ്യാപിച്ചു നില്പവൻ 4

മഹാപ്രഭാവൻ പുരുഷൻ സർവ്വത്തിൻ ഹൃത്തിലാണവൻ
അണിമാ ലഘിമാ പ്രാപ്തി ജ്യോതിസ്സീശാനനവ്യയൻ. 5

അതിൽ ബുദ്ധിപെടും ലോകർ സൽഭാവമിയലുന്നവർ
ധ്യാനിപ്പോർ നിത്യയോഗക്കാർ സത്യസന്ധർ ജിതേന്ദ്രിയർ 6

ജ്ഞാനവാന്മാർ ലോഭമററുള്ളവർ മന്യു ജയിച്ചവർ
പ്രസന്നചിത്തർ ധീരന്മാർ നിരഹങ്കാരർ നിർമ്മമർ 7

വിമുക്തരിവരൊക്കേയും മഹത്ത്വത്തിനെ നേടിടും
മഹാനാത്മാവിൻെറ പുണ്യമുഖ്യസൽഗതി കാണുകയാൽ. 8

അഹങ്കാരപ്രസൂതങ്ങൾ മഹാഭൂതങ്ങളഞ്ചുമേ
ഭൂമി കാററാകാശമംബു ജ്യോതിസ്സഞ്ചാമതിങ്ങനെ 9

യോജിച്ചീടുന്നു ഭൂതങ്ങളാ മഹാഭൂതമഞ്ചിലും.
അവ ശബ്ദസ്പർശരൂപരസഗന്ധപ്രവൃത്തിയിൽ 10

മഹാഭൂതവിനാശത്തിൽ പ്രളയം വന്നിടുമ്പൊഴേ
ധീരരേ, ജീവികൾക്കൊക്കു മഹത്താം ഭയമാപ്പെടും. 11

മുററും ലോകത്തിലാ വീരൻ മോഹമേല്ക്കില്ല ചെററുമേ
വിഷ്ണുതാനാദിസർഗ്ഗത്തിൽ സ്വയംഭൂവാസ്സുരും പ്രഭു. 12

എന്നാരു കാണുന്നു ഗുഹാശയൻ പ്രഭു
പരൻ പുരാണൻ വിശ്വരൂപൻ പുമാനെ
ഹിരണ്മയൻ ബുദ്ധിമാന്മാർ പദത്തെ—
യാ ബുദ്ധിമാൻ ബുദ്ധിയിൽ കേറിനില്പൂ. 13

41. ഗുരുശിഷ്യസംവാദം—സൃഷ്ടിക്രമം

ഗുരുശിഷ്യസംവാദം (തുടർച്ച). അഹങ്കാരതത്ത്വനിരൂപണം.

ബ്രഹ്മാവു പറഞ്ഞു

ആരുണ്ടായോ മഹാൻ മുന്നമഹങ്കാരവുമാമവൻ
അഹമെന്നായ് സംഭവിപ്പൂ രണ്ടാം സർഗ്ഗവുമങ്ങനെ. 1
ഭൂതാദിയാമഹങ്കാരംതന്നെ വൈകാരികം മതം
തേജസ്സു ചേതനാ ധാതു പ്രജാസർഗ്ഗവുമായിടും. 2
ദേവൗഘപ്രഭവൻ ദേവൻ മനസ്സാൽ ചിത്രവിശ്വകൃൽ
അഹംതാനെന്ന സർവ്വത്തെയഭിമാനിക്കുവോനവൻ. 3
അദ്ധ്യാത്മജ്ഞാനസംതൃപ്തഭാവിതാത്മർഷികൾക്കഹോ!
സ്വാദ്ധ്യായക്രതുസിദ്ധന്മാർക്കിവൻ ലോകം സനാതനം. 4
അഹങ്കാരംകൊണ്ടു പെടും ഗുണങ്ങളെ
ഭൂതാദിയാബ്ഭൂതകരൻ ചമയ്ക്കുമേ
വൈകാരികൻ ചേഷ്ട കൊൾവൂ സമസ്തം
സ്വതേജസ്സാൽ രഞ്ജനം ചെയ്വൂ വിശ്വം. 5

42. ഗുരുശിഷ്യസംവാദം—അദ്ധ്യാത്മവിവേചനം

ഗുരുശിഷ്യസംവാദം (തുടർച്ച). അഹങ്കാരത്തിൽനിന്ന് മഹാഭൂതങ്ങൾ എന്ന ക്രമത്തിൽ സൃഷ്ടിക്രമത്തെ വിവരിക്കുന്നു. മഹാഭൂതങ്ങളുടെ വിവരണം. അണ്ഡജം, ഉൽഭിജം, സ്വേദജം, ജരായുജം എന്നിങ്ങനെ നാലുതരം സൃഷ്ടിയുടെ വിവരണം. അദ്ധ്യാത്മജ്ഞാനത്തിനും പരസൽഗതിക്കുമുള്ള ഉപായങ്ങൾ.

ബ്രഹ്മാവു പറഞ്ഞു

അഹങ്കാരാൽ ജനിക്കുന്നൂ മഹാഭൂതങ്ങളഞ്ചുമേ
ഭൂമി കാററാകാശമംബു മഹാഭൂതങ്ങളിങ്ങനെ.* 1
ഭൂതങ്ങൾ മോഹിച്ചീടുന്നിതാ മഹാഭൂതമഞ്ചിലും
ശബ്ദം സ്പർശം രസം ഗന്ധം രൂപമെന്നീ പ്രവൃത്തിയിൽ. 2
മഹാഭൂതവിനാശത്തിൽ പ്രളയം വന്നിടുമ്പൊഴേ
ധീരരേ, ജീവികൾക്കൊക്ക മഹത്താം ഭയമാപ്പെടും. 3
എന്തെന്തിലുണ്ടാമാബ്ഭൂതമതിൽത്തന്നെ ലയിച്ചിടും
ലയിക്കും പ്രതിലോമങ്ങളായ്ത്തീരും പിന്നെ മേല്ക്കുമേൽ. 4
പിന്നെച്ചരാചരജഗത്തിതൊട്ടുക്കു ലയിക്കവേ
ഓർമ്മയുള്ളവർ ധീരന്മാർ ലയിച്ചീടില്ലൊരിക്കലും. 5

---

* 'പൃഥിവീ വായുരാകാശമാപോ ജ്യോതിശ്ച പഞ്ചമം' എന്നാണ് മൂലം. തർജ്ജമയിൽ 'ജ്യോതിസ്സ്' ചോർന്നുപോയിരിക്കുന്നു.

ശബ്ദം സ്പൎശം രൂപമഥ രസം ഗന്ധവുമഞ്ചിവ
ക്രിയ നില്ക്കും കരണമായനിത്യം മോഹസംജ്ഞിതം. 6
ലോഭപ്രജനജാതന്മാർ[1] നിൎവ്വിശേഷരകിഞ്ചനർ
മാംസശോണിതജാതന്മാരന്യോന്യമുപജീവികൾ 7
ബഹിരാത്മാക്കളീവണ്ണം മാഴ്കും കൃപണജീവികൾ.
പ്രാണാപാനോദാനരുമാസ്സമാനൻ വ്യാനനും ശരി 8
ഈപ്പഞ്ചവായുക്കളന്തരാത്മാവിൽ നിയതങ്ങളാം
വാങ്മനോബുദ്ധികളൊട്ടുമൊന്നിച്ചീ ലോകമൊട്ടുമേ. 9
ത്വക്കും മൂക്കും ദൃക്കു ചെവി നാക്കും വാക്കുമടക്കമായ്
വിശുദ്ധമാമാ മനസ്സും തെററാതാക്കുണ്ടു ബുദ്ധിയും 10
ആക്കീയെട്ടഗ്നികൾ മനം ദഹിപ്പിക്കില്ല നിത്യവും
അവൻ ശുഭബ്രഹ്മമെത്തുമതിൽനിന്നില്ലതിന്നുമേൽ. 11
വിശേഷിച്ചും ചൊൽവതല്ലോ പതിനൊന്നിന്ദ്രിയങ്ങളെ
അഹങ്കാരോത്ഥങ്ങളവ പറയാം ഞാൻ ദ്വിജേന്ദ്രരേ! 12
ശ്രോത്രം ത്വക്കും ദൃക്കു നാക്കും മൂക്കുമഞ്ചാമതങ്ങനെ
കാലുപസ്ഥം ഗുദം കൈയും വാക്കും പത്താമതങ്ങനെ. 13
ഇന്ദ്രിയഗ്രാമമീവണ്ണം പതിനൊന്നാമതാം മനം
മുൻപീ ഗ്രാമം ജയിക്കേണം പിന്നെ ബ്രഹ്മം തെളിഞ്ഞിടും. 14
ബുദ്ധീന്ദ്രിയങ്ങളെപ്പോലിങ്ങഞ്ചു കൎമ്മേന്ദ്രിയങ്ങളും
ശ്രോത്രം തുടങ്ങിയുള്ളഞ്ചും തത്ത്വത്താൽ ബുദ്ധിയൊത്തവ. 15
അവിശേഷങ്ങൾ മററഞ്ചും കൎമ്മമൊത്തവയാണിഹ
രണ്ടിടത്തും മനം ബുദ്ധി പന്തിരണ്ടാമതങ്ങനെ. 16
എന്നു ചൊന്നേനിന്ദ്രിയങ്ങൾ പതിനൊന്നും യഥാക്രമം
ഇമ്മട്ടിവയറിഞ്ഞീടിൽ സിദ്ധമെന്നോൎക്കു[2]മേ ബുധർ. 17
ഇനിമേൽ പറയാം മററും പലമാതിരിയിന്ദ്രിയം
ആകാശം പ്രഥമം ഭൂതം ശ്രോത്രമദ്ധ്യാത്മമാണു പോൽ; 18
അധിഭൂതം ശബ്ദമതിൽ ദിക്കൊട്ടുക്കധിദൈവതം.
വായു രണ്ടാമതാം ഭൂതം ത്വക്കദ്ധ്യാത്മം പ്രസിദ്ധമാം 19
അധിഭൂതം സ്പൃശ്യമത്രേ വിദ്യുത്തങ്ങധിദൈവതം.
ജ്യോതിസ്സു മൂന്നാംഭൂതംതാൻ ചക്ഷുസ്സദ്ധ്യാത്മമാണു പോൽ 20
അധിഭൂതം രൂപമതിൽ സൂര്യനങ്ങധിദൈവതം.
നാലാമതപ്പെന്നറിക നാക്കിങ്ങദ്ധ്യാത്മമാണു പോൽ 21
അധിഭൂതം രസമിതിൽ സോമനങ്ങധിദൈവതം.
ഭൂമിയഞ്ചാമതാം ഭൂതം മൂക്കിങ്ങദ്ധ്യാത്മമാണു പോൽ 22
അധിഭൂതം ഗന്ധമിതിൽ വായുവങ്ങധിദൈവതം.

---

1 ലോഭപ്രജനജാതന്മാർ = ഫലേച്ഛാപൂൎവ്വകമായ കൎമ്മത്തിന്റെ ഫലമായി ജനിച്ചവർ. 2 സിദ്ധമെന്നോൎക്കും = സ്വയം കൃതകൃത്യരാണെന്നഭിമാനിക്കും.

ഈയഞ്ചു ഭൂതങ്ങളിലും മുമ്മൂന്നിലിയലും വിധി 23
ഇനിമേൽ പറയാം മുററും പലമാതിരിയിന്ദ്രിയം.
കാല്കളദ്ധ്യാത്മമാണെന്നാർ വിപ്രന്മാർ തത്ത്വദർശികൾ 24
അധിഭൂതം പോകമിടം വിഷ്ണുവങ്ങധിദൈവതം.
കീഴേ പോവതപാനൻതാൻ ഗുദമദ്ധ്യാത്മമാണുപോൽ 25
അധിഭൂതം വിസർഗ്ഗം താൻ മിത്രനങ്ങധിദൈവതം.
സർവ്വഭൂതോത്ഭവമുപസ്ഥമങ്ങദ്ധ്യാത്മമാണുപോൽ 26
അധിഭൂതം ശുക്ലമതിൽ വിധിദൈവം പ്രജാപതി.
കൈകളദ്ധ്യാത്മമാണെന്നാരദ്ധ്യാത്മജ്ഞർകളാം ജനം 27
അധിഭൂതം കർമ്മജാലം ശക്രനങ്ങധിദൈവതം.
വൈശ്വദേവി പരം മുന്നം വാക്കങ്ങദ്ധ്യാത്മമാണുപോൽ 28
ചൊല്ലേണ്ടതധിഭൂതംതാനഗ്നിയങ്ങധിദൈവതം.
പഞ്ചഭൂതാത്മസഞ്ചാരി മനസ്സദ്ധ്യാത്മമാണുപോൽ 29
സങ്കല്പമധിഭൂതംതാൻ ചന്ദ്രനങ്ങധിദൈവതം.
അദ്ധ്യാത്മമാണഹങ്കാരം സർവ്വസംസാരകാരകം 30
അധിഭൂതമഭിമാനം രുദ്രനങ്ങധിദൈവതം.
ആറിന്ദ്രിയം നടത്തിക്കും ബുദ്ധിയദ്ധ്യാത്മമാണുപോൽ 31
അധിഭൂതം ജ്ഞേയമതിൽ ബ്രഹ്മാവാണധിദൈവതം.
ഭൂതങ്ങൾക്കോ മൂന്നു നില,യില്ലാ നാലാമതൊന്നുമേ, 32
സ്ഥലം, ജലം, വ്യോമമേവം, ജന്മം നാലു വിധത്തിലാം
അണ്ഡജം പിന്നെയുൽഭിജ്യം സ്വേദജാതം ജരായുജം; 33
ഈ നാലു മട്ടിലായ് ജന്മം ജീവികൾക്കിങ്ങു കാണ്മതാം.
മററു ജീവികളുവ്വണ്ണം ഖേചരങ്ങളുമങ്ങനെ 34
അണ്ഡജങ്ങളറിഞ്ഞാലും മുററുമങ്ങിഴജാതിയും.
കൃമിജന്തുക്കളോ സ്വേദജങ്ങളത്രേ യഥാക്രമം 35
രണ്ടാമതീജ്ജന്മമേററം താഴ്ചയെന്നാണു ചൊൽവതും.
കാലമാററത്തിനാൽ ഭൂമി പിളർന്നുണ്ടായിടുന്നവ 36
ഉത്ഭിജ്യഭൂതങ്ങളെന്നു ചൊല്ലുന്നു ദ്വിജമുഖ്യരേ!
കാൽ രണ്ടായ് പലതായ് തിര്യഗ്ഗതിയുള്ളവയായിയും 37
ജരായുജങ്ങൾ ഭൂതങ്ങൾ വികൃതങ്ങൾ മുനീന്ദ്രരേ!
രണ്ടുമട്ടായറിയണം ശാശ്വതബ്രഹ്മയോനിയെ 38
തപസ്സും പുണ്യമാം കർമ്മവുമെന്നു ബുധോദിതം
കർമ്മം പലതരം കാണ്ക യജ്ഞം യജ്ഞേ പ്രദാനവും. 39
ജാതന്നദ്ധ്യയനം പുണ്യമെന്നു വൃദ്ധാനുശാസനം
ഇതു നന്നായറിയുവോൻ യോഗിയാം ദ്വിജമുഖ്യരേ! 40
സർവ്വപാപം വിട്ടൊഴിഞ്ഞോനാകുമെന്നും ധരിക്കുവിൻ.
ശരിക്കദ്ധ്യാത്മവിധിയെപ്പറഞ്ഞേൻ നിങ്ങളോടു ഞാൻ 41

ധർമ്മജ്ഞരേ, ജ്ഞാനികൾക്കിങ്ങിതിൽ ജ്ഞാനമെഴുന്നതാം.
ഇന്ദ്രിയേന്ദ്രിയവസ്തുക്കൾ മഹാഭൂതങ്ങളഞ്ചുമേ 42
ഇതൊക്കയും കൂട്ടിയിങ്ങു മനംകൊണ്ടു ധരിക്കണം.
മനം മുററും ക്ഷയിച്ചീടിലൊക്കാ ജന്മസുഖം പരം 43
ജ്ഞാനസമ്പന്നസത്വന്മാർക്കാസ്സുഖം ബുധസമ്മതം.
ഇനിമേൽ പറയാം സൂക്ഷ്മഭാവം ചെയ്യോരു ഗീരിനെ 44
മൃദുവായ് ദാരുണവുമായ് സർവ്വഭൂതനിവൃത്തിയെ.
ഗുണാഗുണം സംഗമേലാതേകചര്യമനന്തരം 45
ഇതാണത്രേ ബ്രഹ്മമയം വൃത്തമേകപദം സുഖം.
ആമയംഗങ്ങൾ പോലെങ്ങും വിദ്വാൻ കാമം ചുരുക്കിയും 46
വിരജസ്സായ് സർവ്വമുക്തനാരവൻ സുഖിയെപ്പൊഴും.
കാമങ്ങളെത്താനടക്കിത്തൃഷ്ണയററോൻ സമാഹിതൻ 47
സർവ്വഭൂതസുഹൃന്മിത്രൻ ബ്രഹ്മമായിച്ചമഞ്ഞിടും.
വിഷയാർത്ഥീന്ദ്രിയഗണമൊക്കയും താനടക്കയാൽ 48
മുനിക്കു നാടുവിട്ടെങ്കിലദ്ധ്യാത്മാഗ്നി തെളിഞ്ഞിടും.
വിറകാലഗ്നിയെമ്മട്ടോ വൻ ജ്യോതിസ്സായ്ത്തെളിഞ്ഞിടും 49
അമ്മട്ടിന്ദ്രിയരോധത്താൽ മഹാത്മാവു തെളിഞ്ഞിടും.
പ്രസന്നാത്മാവാത്മഹൃത്തിൽ ഭൂതൗഘം കണ്ടിടുമ്പൊഴേ 50
സ്വയം ജ്യോതിസ്സു സൂക്ഷ്മത്തിൽ സൂക്ഷ്മമെത്തുമനുത്തമം.
അഗ്നിരൂപം ജലമൊലി വായു സ്പർശനമങ്ങനെ 51
ഭൂ പങ്കമേല്പതത്യുഗ്രമാകാശശ്രവണാന്വിതം.
രോഗശോകങ്ങളുൾക്കൊണ്ടു പഞ്ചസ്രോതസ്സോടൊത്തഹോ! 52
പഞ്ചഭൂതങ്ങളുള്ളോന്നു നവദ്വാരം ദ്വിദൈവതം.
രജസ്വലം ദുർദ്ദർശംതാൻ ത്രിഗുണംതാൻ ത്രിധാതുകം 53
സന്ദേഹസക്തം ജഡമീ ദേഹമെന്നുള്ള ധാരണ.
ദുശ്ചരം മുററുമുലകിൽ സത്വത്തെപ്പററി നില്പതാം 54
ഈ ലോകത്തിലിതൊന്നത്രേ കാലചക്രം നടപ്പതും.
ഇതോ മഹാർണ്ണവം ഘോരമഗാധം മോഹസംജ്ഞകം 55
വാനോരൊത്തുലകിൽ സൃഷ്ടി ക്ഷയം ബോധവുമേകുമേ.
കാമം ക്രോധം ഭയം ലോഭമഭിദ്രോഹമിഹാനൃതം 56
ഇന്ദ്രിയങ്ങൾ നിരോധിച്ചാൽ ത്യജിക്കാമതു ദുസ്ത്യജം.
ത്രിഗുണം പഞ്ചധാതുക്കളിവ വെന്നവനേവനോ 57
വ്യോമത്തിലവനാനന്ത്യമേന്തും സ്ഥാനം ലഭിക്കുമേ.
പഞ്ചേന്ദ്രിയക്കരയുമായ് ചിത്തനീരോട്ടമാം പുഴ 58
മോഹക്കയം കടന്നിട്ടും കാമക്രോധങ്ങൾ വെല്ലണം;
മുററും ദോഷം വിട്ടോരവൻ പിന്നെക്കാണും പരത്തിനെ. 59
മനം മനസ്സേററിയാത്മാവാത്മാവിൽ കണ്ടുകൊണ്ടിടും

സവ്വജ്ഞനെങ്ങുമാത്മാവെയാത്മാവിൽ കണ്ടുകൊണ്ടിടും. 60
ഒന്നായ് പലതുമായിട്ടു വികാരം പൂണ്ടിടുന്നവൻ
ദീപാൽ ദീപശതംപോലെ പല രൂപങ്ങളാം കണ്ടിടും. 61
അവൻ വിഷ്ണുവവൻ മിത്രൻ പാശിയഗ്നി പ്രജാപതി
അവൻ ധാതാ വിധാതാവും പ്രഭുവാം സവ്വതോമുഖൻ 62
സവ്വഭൂതത്തിൻെറ ഹൃത്താം മഹാത്മാവു തെളിഞ്ഞിടും.

ഭൂദേവദേവാസുരയക്ഷരക്ഷോ—
ഭൂതങ്ങളാം നാഗങ്ങളാം പിശാചവർഗ്ഗം
ഖഗങ്ങളൊട്ടുക്കു മഹഷിമാരു—
മെപ്പോഴുമങ്ങായവനെ സ്തുതിക്കും. 63

43. ഗുരുശിഷ്യസംവാദം—വിഭൂതിധമ്മജ്ഞാനനിരൂപണം

ഗുരുശിഷ്യസംവാദം (തുടച്ച്). സ്ഥാവരജംഗമങ്ങളിൽ ഓരോന്നിലും ആധിപത്യം ആക്കാണെന്നും, ധമ്മാദികളുടെ ലക്ഷണങ്ങളെന്താണെന്നും ക്ഷേത്രജ്ഞൻെറ സ്വരൂപം ഇന്നതെന്നും ബ്രഹ്മാവു വിവരിക്കുന്നു.

ബ്രഹ്മാവു പറഞ്ഞു

മനുഷ്യന്മാരിലരചൻ ക്ഷത്രിയൻ മദ്ധ്യമം ഗുണം*.
വാഹനങ്ങളിലങ്ങാന സിംഹം കാട്ടുമൃഗങ്ങളിൽ. 1
പശുക്കളിൽ ചെമ്മരിയാടുളവാഴ്ചവയിൽ ഫണി
പൈക്കളിൽക്കാളയവ്വണ്ണം സ്ത്രീകളിൽ പുരുഷൻ പരം. 2
പേരാൽ ഞാഴൽമരം പിന്നെയരയാൽ പൂളയങ്ങനെ
ഇലഞ്ഞി മേഷശൃംഗംതാൻ കീചകം മുളജാതിയും 3
ഇവയാം വൃക്ഷരാജാക്കളീ ലോകത്തില്ല സംശയം.
ഹിമവാൻ പാരിയാത്രംതാൻ സഹ്യം വിന്ധ്യൻ ത്രികൂടവും 4
ശ്വേതൻ നീലൻ ഭാസനേവം കോഷ്ഠവാനെന്ന ശൈലവും
ഗുരുസ്കന്ധൻ മഹേന്ദ്രൻതാൻ മാല്യവാനെന്ന ശൈലവും 5
ഇവ പവ്വതരാജാക്കളാം ഗണങ്ങളാംക്കു മരുത്തുകളാം.
ഗ്രഹങ്ങളാംക്കധിപൻ സൂര്യൻ നക്ഷത്രങ്ങളാംക്കു ചന്ദ്രനും 6
യമൻ പിതൃക്കളാംക്കധിപൻ പുഴകളാംക്കാഴിയങ്ങനെ.
വരുണൻ വാരികളാംക്കീശൻ മരുത്തുക്കളാംക്കു വാസവൻ 7
ഉഷ്ണങ്ങളാംക്കെന്നധിപൻ ചന്ദ്രൻ ജ്യോതിസ്സുകളാംക്കുമേ.
ഭൂതങ്ങളാംക്കഗ്നിയധിപൻ ബ്രാഹ്മണക്കു ബൃഹസ്പതി 8
സോമനൗഷധികളാംക്കീശൻ ബലവാന്മാക്കു വിഷ്ണുവും.
ത്വഷ്ടാവു രൂപങ്ങളാംക്കീശൻ പശുക്കളാംക്കീശ്വരൻ ശിവൻ 9
ദീക്ഷിതക്കാവിധം യജ്ഞം വിണ്ണോർകോൻ വിണ്ണവക്കുമേ.

* മദ്ധ്യമം ഗുണം=രജോഗുണം.

ദിക്കുകൾക്കു കിഴക്കന്തെണക്കു സോമൻ പ്രതാപവാൻ 10
രത്നങ്ങൾക്കൊക്ക വിത്തേശൻ ദേവകൾക്കു പുരന്ദരൻ.
ഇതു ഭൂതാധീശസൃഷ്ടി പ്രജകൾക്കോ പ്രജാപതി 11
സർവ്വഭൂതങ്ങൾക്കുമീ ഞാനത്രേ ബ്രഹ്മമയൻ മഹാൻ.
എന്നേക്കാൾ വിഷ്ണുവെക്കാളും ഭൂതമൊന്നില്ല മേലെയായ് 12
രാജാധിരാജനേവർക്കും വിഷ്ണു ബ്രഹ്മമയൻ മഹാൻ;
ഈശത്വമൊട്ടുക്കറിവിൻ കർത്താവകൃതനാം ഹരി. 13
നര കിന്നര യക്ഷാഹി രക്ഷോ ഗന്ധർവ്വർകൾക്കുമേ
ദേവ ദാനവ നാഗങ്ങൾക്കൊട്ടുക്കീശ്വരനാണവൻ. 14
കാമുകന്മാർ പിൻതുടരും കൂട്ടക്കാ വാമലോചന
മഹേശ്വരി മഹാദേവിയത്രേ മാമലമങ്കയാം. 15
ശുഭയാകുമുമാദേവി സ്ത്രീകളിൽ ശ്രേഷ്ഠയോർക്കുവിൻ
സമ്പന്നമാർ സുഖിപ്പോരാം പെണ്ണുങ്ങൾക്കപ്പുരസ്സുകൾ. 16
ധർമ്മകാംക്ഷികൾ മന്നോർകൾ ധർമ്മസേതുക്കളന്തണർ
അതിനാൽ ദ്വിജരെക്കാപ്പാൻ പ്രയതിച്ചീടണം നൃപൻ. 17
ഏതു രാജാക്കളുടയ നാട്ടിൽ ക്ഷീണിപ്പു സജ്ജനം
അവർ മുററും ഗുണം കെട്ട ചത്താലുന്മാർഗ്ഗമേല്ക്കുമേ*. 18
ഏതു രാജാക്കളുടയ നാട്ടിൽ പാലിതർ സജ്ജനം
ഈ ലോകത്തവർ മോദിക്കും പരത്തിൽ സുഖമേററിടും; 19
എത്തിക്കൊള്ളും മഹാത്മാക്കളെന്നോർപ്പിൻ ദ്വിജമുഖ്യരേ!
ഇനി മേല്പോട്ടു പറയാം നിയതം ധർമ്മലക്ഷണം 20
അഹിംസ പരമം ധർമ്മം ഹിംസയെന്നതധർമ്മമാം.
പ്രകാശചിഹ്നർ വാനോർകൾ കർമ്മലക്ഷണർ മാനവർ 21
ശബ്ദലക്ഷണമാകാശം കാററത്രേ സ്പർശലക്ഷണം.
രൂപലക്ഷണമാം ജ്യോതിസ്സംഭസ്സോ രസലക്ഷണം 22
ഗന്ധലക്ഷണയാം സർവ്വഭൂതധാരിണിയാം മഹി.
സ്വരം വ്യഞ്ജന സംസ്കാരവാക്കത്രേ ശബ്ദലക്ഷണം 23
മനസ്സിൻ ലക്ഷണം ചിന്ത ചിന്തയോ ബുദ്ധിലക്ഷണം.
മനസ്സാലോർക്കുമർത്ഥങ്ങൾ ബുദ്ധിയാൽത്തീർച്ചയാക്കുമേ 24
വ്യവസായം ലക്ഷണമാം ബുദ്ധിക്കില്ലൊരു സംശയം.
മനസ്സിൻ ലക്ഷണം ധ്യാനമവ്യക്തം സാധുലക്ഷണം 25
പ്രവൃത്തിലക്ഷണം യോഗം ജ്ഞാനം സന്യാസലക്ഷണം.
എന്നാൽ ജ്ഞാനത്തെ മുൻപാക്കിസ്സന്യസിക്കുക ബുദ്ധിമാൻ 26
ജ്ഞാനമുള്ളോരു സന്യാസി പരസൽഗതിയേല്ക്കുമേ;
ദ്വന്ദ്വം കടന്നു ചെന്നീടും തമോമൃത്യുജരാതിഗൻ. 27
വിധികൾ ലക്ഷണം ചേർന്ന ധർമ്മം നിങ്ങളൊടോതിനേൻ;

* ഉന്മാർഗ്ഗമേല്ക്കുക = ദുർഗ്ഗതിയെ പ്രാപിക്കുക.

ഗുണഗ്രഹണവും നന്നായിനിമേൽ പറയുന്നു ഞാൻ. 28
പൃഥിവിക്കുള്ളൊരാഗ്ഗന്ധം ഗ്രഹിപ്പൂ മൂക്കുകൊണ്ടുതാൻ
മൂക്കിൽ നില്ക്കുന്നൊരാ വായു ഗന്ധം കൊൾവാൻ തുണയ്ക്കുമേ. 29
ജലങ്ങൾക്കാം ധാതു രസം ഗ്രഹിപ്പൂ നാക്കുകൊണ്ടുതാൻ
നാക്കിൽനില്ക്കുന്നൊരാസ്സോമൻ രസംകൊൾവാൻ തുണയ്ക്കുമേ. 30
ജ്യോതിസ്സിൻെറ ഗുണം രൂപം ഗ്രഹിക്കുന്നിതു കണ്ണിനാൽ
കണ്ണിൽ നില്ക്കുന്നൊരാസ്സൂര്യൻ രൂപം കൊൾവാൻ തുണയ്ക്കുമേ. 31
വായവ്യമായിടും സ്പർശം ഗ്രഹിപ്പൂ ത്വക്കുകൊണ്ടുതാൻ
ത്വക്കിൽ നില്ക്കുന്നൊരാ വായു സ്പർശത്തിന്നു തുണയ്ക്കുമേ. 32
ആകാശത്തിന്നുള്ള ഗുണം ഗ്രഹിപ്പൂ ചെവികൊണ്ടുതാൻ
ചെവി വാഴും ദിക്കു മുറ്റും ശബ്ദം കൊൾവാൻ തുണയ്ക്കുമേ. 33
മനസ്സിൻെറ ഗുണം ചിന്ത ഗ്രഹിപ്പൂ പ്രജ്ഞയാലെ താൻ
ഹൃത്തെഴും ചേതനാ ധാതു മനോബോധസഹായിയാം. 34
ബുദ്ധിയദ്ധ്യവസായത്താൽ ജ്ഞാനത്താലേ മഹാനുമേ
ഉറച്ചുകൊൾകയാൽ വ്യക്തമവ്യക്തം ശങ്കയില്ലിതിൽ. 35
അലിംഗഗ്രഹണൻ നിത്യൻ ക്ഷേത്രജ്ഞൻ നിർഗ്ഗുണാത്മകൻ
എന്നാലലിംഗൻ ക്ഷേത്രജ്ഞൻ കേവലം ജ്ഞാനലക്ഷണൻ. 36
അവ്യക്തം ക്ഷേത്രമാണത്രേ ഗുണങ്ങൾക്കുത്ഭവക്ഷയം
എന്നും കാണ്മേൻ ലീനമായ് ഞാനറിവേൻ കേട്ടുകൊള്ളുവിൻ.
പുരുഷൻതാനതറിവതതിൽ ക്ഷേത്രജ്ഞനെന്നു പേർ
ഗുണവൃത്തം തഥാവൃത്തം ക്ഷേത്രജ്ഞൻ കണ്ടുകൊള്ളുമേ. 38
ആദിമദ്ധ്യാവസാനാന്തം സൃഷ്ടിപ്പോന്നാമചേതനം
ഗുണങ്ങൾ കാണില്ലാത്മാവെ വീണ്ടും സൃഷ്ടിച്ചിടുന്നവ. 39
സത്യം ഗ്രഹിപ്പതില്ലാരും ക്ഷേത്രജ്ഞൻതാൻ ഗ്രഹിക്കുമേ
ഗുണം പൂണ്ട ഗുണങ്ങൾക്കു മഹത്തു പരമം പരം. 40
അതിനാൽ ഗുണസത്വങ്ങൾ വിട്ടു ധർമ്മജ്ഞനാമവൻ
ദോഷം തീർന്നോൻ ഗുണം വിട്ടോൻ ക്ഷേത്രജ്ഞനിലണഞ്ഞിടും.
നിർദ്വന്ദ്വൻ നിർന്നമസ്കാരൻ നിസ്സ്വാഹാകാരനങ്ങനെ
അസ്ഥാനനചലൻതാനാ ക്ഷേത്രജ്ഞൻ പരനാം വിഭു. 42

44. ഗുരുശിഷ്യസംവാദം—ഭൂതാദ്യന്തനിരൂപണം

ഗുരുശിഷ്യസംവാദം (തുടർച്ച്). ഓരോ ജാതിയിലും പ്രാധാന്യമുള്ള വസ്തുക്കളെ വിവരിച്ച് ആത്മജ്ഞാനം അനശ്വരവും ശ്രേയസ്സാധകവുമാണെന്നു ബ്രഹ്മാവു സ്ഥാപിക്കുന്നു.

ബ്രഹ്മാവു പറഞ്ഞു

ആദിമദ്ധ്യാന്തമുള്ളോന്നാം ഗ്രഹണോപായമങ്ങനെ
നാമലക്ഷണമൊത്തെല്ലാം തത്ത്വമായിക്കഥിക്കുവൻ. 1

പകൽ മുൻപപ്പുറം രാത്രി മാസം ശുക്ലാദി മുററുമേ
ഓണംമുതല്ലാം താരങ്ങളൃതുക്കൾ ശിശിരംമുതൽ. 2
ഗന്ധങ്ങൾക്കാദിയാം ഭൂമി രസങ്ങൾക്കംബുവങ്ങനെ
രൂപങ്ങൾക്കോ ജ്യോതിരർക്കൻ സ്പർശങ്ങൾക്കങ്ങു വായുവും. 3
ശബ്ദത്തിന്നാദിയാകാശമിത്തു ഭൂതോത്ഭവം ഗുണം
ഇനിമേൽ ഞാൻ പറഞ്ഞീടാം ഭൂതങ്ങൾക്കാദിയുത്തമം. 4
ജ്യോതിസ്സുകൾക്കെന്നാദിയഗ്നി ഭൂതാദിയാണുപോൽ
സാവിത്രി വിദ്യകൾക്കെല്ലാം ദേവകൾക്കാ പ്രജാപതി. 5
വേദങ്ങൾക്കൊക്കെയോങ്കാരം പ്രാണനാം വാക്കുകൾക്കുമേ
ലോകത്തിൽ മുററും നിയതമിങ്ങു സാവിത്രിയാണുപോൽ. 6
ഛന്ദസ്സുകൾക്കു ഗായത്രി പശുക്കൾക്കജമാദിയാം
നല്ലാലികൾക്കു പയ്യാദി മനുഷ്യർക്കോ ദ്വിജാതികൾ. 7
പക്ഷികൾക്കു പരുന്താദി യജ്ഞങ്ങൾക്കുത്തമം ഹുതം
ഇഴജാതിവകയ്ക്കൊക്കസ്സർപ്പം ശ്രേഷ്ഠം ദ്വിജേന്ദ്രരേ! 8
കൃതം യുഗങ്ങൾക്കൊട്ടുക്കുമാദിയാണില്ല സംശയം
സ്വർണ്ണം രത്നങ്ങൾക്കു സസ്യങ്ങൾക്കവ്വണ്ണം യവങ്ങളും. 9
മുററുമേ ഭക്ഷ്യഭോജ്യങ്ങൾക്കന്നമുത്തമമാണുപോൽ
പേയങ്ങളാം ദ്രവദ്രവ്യങ്ങൾക്കെല്ലാം വെള്ളമുത്തമം. 10
പരം സ്ഥാവരഭൂതങ്ങൾക്കൊക്കെയും ഭേദമെന്നിയേ
ബ്രഹ്മക്ഷേത്രം സദാ പുണ്യം വൃക്ഷം പ്രഥമമാണുപോൽ. 11
പ്രജാപതിവരർക്കൊക്കെ ഞാനാണില്ലൊരു സംശയം
എനിക്കെന്നാലചിന്ത്യാത്മാ സ്വയംഭുവായ വിഷ്ണുവാം. 12
മലകൾക്കൊട്ടുക്കു മഹാമേരുവാദിമനാണുപോൽ
പ്രദിക്കു ദിക്കുകൾക്കൊക്ക മേലാദ്യം പൂർവ്വദിക്കുതാൻ. 13
നദികൾക്കാ ത്രിപഥഗ ഗംഗയഗ്രജയാണുപോൽ
ഏവം കൂപസരസ്സുകൾക്കൊക്കെയ്ക്കാദിയിലാഴിയാം. 14
ദേവ ദാനവ ഭൂതാഹി പിശാചാസുരർകൾക്കുമേ
നര കിന്നര യക്ഷർക്കും മുററുമങ്ങീശ്വരൻ പ്രഭു. 15
ആദിവിശ്വജഗത്തിന്നും വിഷ്ണു ബ്രഹ്മമയൻ മഹാൻ
അവനെക്കാൾ മേലെയൊരു ഭൂതം മുപ്പാരിലല്ലഹോ! 16
ഗാർഹസ്ഥ്യമാണാശ്രമങ്ങൾക്കൊട്ടുക്കില്ലൊരു സംശയം
ലോകങ്ങൾക്കാദിയവ്യക്തം സർവ്വത്തിന്നുമതന്തവും. 17
അന്തം പകൽക്കസ്തമയമുദയം ശർവ്വരിക്കുമേ
സുഖത്തിനന്തം ദുഃഖംതാൻ ദുഃഖത്തിന്നന്തമോ സുഖം. 18
ക്ഷയം വളർച്ചയ്ക്കുറുതിയുയർച്ചയ്ക്കുതിർ വീഴ്ചയാം
കൂട്ടിന്നറുതി വേർപാടു ജീവന്നറുതി ചാകുമാം. 19
നാശം കൃതത്തിന്നറുതി ജാതന്നു മരണം ധ്രുവം

ഈ ലോകത്തിൽ ശാശ്വതമല്ലെന്നുമേതും ചരാചരം. 20
യജ്ഞം ദാനം മുറ തപം വ്രതങ്ങൾ നിയമങ്ങളും
ഇവയ്ക്കറുതി നാശംതാൻ ജ്ഞാനത്തിന്നന്തമില്ലഹോ! 21
എന്നാൽ ശുദ്ധജ്ഞാനമൊന്നാൽ ശാന്താത്മാവു ജിതേന്ദ്രിയൻ
നിർമ്മമൻ നിരഹങ്കാരൻ സർവ്വപാപവിമുക്തനാം. 22

45. ഗുരുശിഷ്യസംവാദം—ഗൃഹസ്ഥാശ്രമവിധി

ഗുരുശിഷ്യസംവാദം (തുടർച്ച്). ദേഹരൂപമായ കാലചക്രം, ഗാർഹസ്ഥ്യം, ബ്രാഹ്മണ്യം എന്നിവയുടെ ധർമ്മരൂപനിർണ്ണയം. ഗാർഹസ്ഥ്യമാണ് മററു മൂന്നാശ്രമങ്ങളെ അപേക്ഷിച്ച് ശ്രേയസ്കരമെന്ന്.

ബ്രഹ്മാവു പറഞ്ഞു

ബുദ്ധി സത്തായ് മനം തൂണായിന്ദ്രിയക്കൂട്ടുകെട്ടുമായ്
മഹാഭൂതപ്പിരിവുമായ് നിവേശാവരണാഢ്യമായ് 1
ജരാശോകാവേശമോടും വ്യാധിവ്യസനമുള്ളതായ്
ദേശകാലനടപ്പൊത്തും ശ്രമവ്യായാമഘോഷമായ് 2
രാപ്പകൽത്തിരിവുള്ളൊന്നായ് ശീതോഷ്ണം ചുഴലുന്നതായ്
സുഖദുഃഖച്ചേർപ്പുമൊത്തു പൈദാഹാർത്തികളാണിയായ് 3
ഛായാതപവിലേപാഢ്യം നിമേഷോന്മേഷവിഹ്വലം
ഘോരമോഹാംബു നിറയെ നിന്നീടുന്നതചേതനം. 4
മാസാർദ്ധമാസസംഖ്യാഢ്യം വിഷമം ലോകസഞ്ചയം
തമസ്സാം ചേറുമുള്ളൊന്നായ് രജസ്സാകുമൊഴുക്കുമായ് 5
മഹാഹങ്കാരമെരിയെഗ്ഗുണവർത്തനമുള്ളതായ്
അരതിഗ്രഹസൈന്യാഢ്യം ശോകസംഘാതമൊത്തതായ് 6
ക്രിയാകാരണമൊത്തൊന്നു രാഗവിസ്തീർണ്ണമായതം
ലാഭേച്ഛാക്ഷോഭമുള്ളൊന്നു വിചിന്താജ്ഞാനസംഭവം 7
ഭയമോഹക്കൂട്ടമൊത്തു ഭൂതസമ്മോഹകാരകം
ആനന്ദപ്രീതിചാരാഢ്യം കാമക്രോധപരിഗ്രഹം 8
മഹത്താദിവിശേഷാന്തമസക്തപ്രഭവാക്ഷയം
മനോജവം മനോരമ്യം കാലചക്രം നടക്കയാം. 9
ഇതോ ദ്വന്ദ്വത്തൊടൊത്തൊന്നു കാലചക്രമചേതനം
വാനോരൊത്തുലകിൽ സൃഷ്ടിക്ഷയബോധങ്ങൾ നല്കുമേ. 10
തത്ത്വമായിക്കാലചക്രപ്രവൃത്തികൾ നിവൃത്തികൾ
നിത്യമങ്ങറിയും മർത്ത്യൻ ഭൂതങ്ങളിൽ മയങ്ങിടാ. 11
സർവ്വസംസ്കാരവും വിട്ടു സർവ്വദ്വന്ദ്വമൊഴിച്ചുമേ
സർവ്വപാപങ്ങളൊഴിയെപ്പരസൽഗതി നേടുമേ. 12
ഗൃഹസ്ഥൻ വർണ്ണിയും വാനപ്രസ്ഥൻ ഭിക്ഷുവുമങ്ങനെ

നാലാശ്രമങ്ങളുണ്ടൊക്കഗ്ഗാഹ്സ്ഥ്യം മൂലമായവ. 13
ഈ ലോകത്തിങ്കലെന്തുണ്ടോ പ്രസിദ്ധപ്പെട്ടൊരാഗമം
ശ്രേയസ്സതിൻെറയന്താപ്തിയെന്നെസ്സുമിത്തു കീത്തിയാം. 14
സംസ്കാരസംസ്കൃതൻ മൂന്നം ശരിയായ് വ്രതമാണ്ടവൻ
ഗുണമൊക്കും ജാതിയിങ്കൽ സമാവത്തിക്കു തത്ത്വവാൻ. 15
സ്വദാരനിരതൻ നിത്യം ശിഷ്ടാചാരൻ ജിതേന്ദ്രിയൻ
ശ്രദ്ധയോടും പഞ്ചമഹായജ്ഞങ്ങളെ യജിക്കുക. 16
ദേവതാതിഥിശിഷ്ടാശി വേദകമ്മാതിതൽപരൻ
യഥാശക്തി യഥാസൗഖ്യമിജ്യാദാനങ്ങളുള്ളവൻ 17
കൈകാൽ ചാപല്യമററോൻ കൺചാപല്യം വിട്ടവൻ മുനി
വാഗംഗചാപല്യമററോനെന്നാൽ ശിഷ്ടന്ന ഗോചരൻ. 18
യജ്ഞോപവീതിയാകെന്നും ശുക്ലവസ്ത്രൻ ശുചിവ്രതൻ
യമദാനങ്ങളുടയോൻ ശിഷ്ടരൊത്തു വസിക്കണം. 19
ജിതശിശ്നോദരൻ മൈത്രൻ ശിഷ്ടാചാരമിയന്നവൻ
വെള്ളമൊക്കും കിണ്ടി മുളങ്കോലും കൈയിലെടുക്കണം. 20
ഓത്തു ചൊല്ലുക ചൊല്ലിക്ക യജിപ്പിക്ക യജിക്കുക
ദാനം കൊടുക്ക വാങ്ങിക്കെന്നാറു വൃത്തികൾ ചെയ്യണം. 21
ധരിക്കുവിൻ ബ്രാഹ്മണക്കു മൂന്നു കമ്മങ്ങൾ ജീവികൾ
യജിപ്പിക്ക പഠിപ്പിക്ക ശുദ്ധൻ തന്നതു വാങ്ങുക. 22
ഇനി വേറിട്ടുമിവിടെ മൂന്നു കമ്മങ്ങളില്ലയോ
ദാനമദ്ധ്യയനം യാഗം ധമ്മയുക്തങ്ങളാണവ. 23
ആ മൂന്നു കമ്മങ്ങളിലും തെററിപ്പോകൊല്ല ധാമ്മികൻ
ദാന്തൻ മൈത്രൻ ക്ഷമിക്കുന്നോൻ സവ്വഭൂതസമൻ മുനി. 24
ഇതൊക്കയും യഥാശക്തി ശുചി വിപ്രൻ നടത്തണം
ഇമ്മട്ടായാൽ വിണ്ണു നേടും ഗൃഹസ്ഥൻ സംശിതവ്രതൻ. 25

46. ബ്രഹ്മചര്യവാനപ്രസ്ഥസന്യാസാശ്രമവിധി

ഗുരുശിഷ്യസംവാദം (തുടച്ച്). ബ്രഹ്മചര്യം, വാനപ്രസ്ഥം, സന്യാസം എന്നീ ആശ്രമങ്ങളെപ്പററിയുള്ള വിവരണം.

ബ്രഹ്മാവു പറഞ്ഞു

ഇപ്രകാരം മുൻപറഞ്ഞോരീവഴിക്കു യഥാവിധി
പഠിച്ചുള്ളോൻ യഥാശക്തിയവ്വണ്ണം ബ്രഹ്മചര്യവാൻ 1
സ്വധമ്മനിരതൻ വിദ്വാൻ സവ്വേന്ദ്രിയയതൻ മുനി
ഗുരുപ്രിയഹിതോദ്യുക്തൻ സത്യധമ്മപരൻ ശുചി 2
ഗുരുസമ്മതിയാൽക്കുററം ചൊല്ലാതന്നം ഭുജിക്കണം
ഹവിഷ്യഭൈക്ഷ്യഭുക്തിക്കായ് സ്ഥാനാസനവിഹാരവാൻ. 3
ശുദ്ധൻ യതൻ രണ്ടുനേരമഗ്ന്യാഹുതി കഴിപ്പവൻ

പിലാശോ നൽക്കൂവളമോ ദണ്ഡെടുക്കേണമെപ്പൊഴും. 4
പട്ടല്ലെങ്കിൽ പഞ്ഞിവസ്ത്രമായതല്ലെങ്കിൽ മാൻതുകിൽ
ദ്വിജന്നറിഞ്ഞുകൊണ്ടാലും മുററും കാഷായവസ്ത്രമോ. 5
മൗഞ്ജി മേഖലയും വേണം ജടി നിത്യോദകവ്രതൻ
യജ്ഞോപവീതി സ്വാദ്ധ്യായിയലുബ്ധൻ നിയതവ്രതൻ 6
ശുദ്ധിയുള്ള ജലംകൊണ്ടു നിത്യം ദൈവതതർപ്പണം
ഭാവനിഷ്ഠയൊടും ചെയ്വോൻ ബ്രഹ്മചാരി പ്രശസ്തനാം. 7
ഈ യോഗമൊത്തൂർദ്ധ്വരേതസ്സായോൻ സ്വർഗ്ഗം ജയിച്ചിടും
ജന്മങ്ങളിൽപ്പെട്ടുപോകാ പരമസ്ഥാനമാണ്ടവൻ. 8
മുററും സംസ്കൃതസംസ്കാരനവർണ്ണം ബ്രഹ്മചര്യവാൻ
ഗ്രാമം വിട്ടിട്ടരണ്യത്തിൽ വാഴ്ക പ്രവ്രജിതൻ മുനി. 9
തോൽ വല്ക്കലങ്ങളും ചാർത്തുന്നോൻ രണ്ടന്തിക്കാചമിക്കണം
അരണ്യഗോചരൻ നിത്യം പിന്നെ ഗ്രാമത്തിലേറൊലാ. 10
കാലേ പാന്ഥർക്കുച്ചെയ്തു നല്കീടേണമിരിപ്പിടം
കിഴങ്ങു കായിലകളോ ചാമയോ താൻ കഴിപ്പവൻ. 11
വെള്ളം കാററന്നിതൊക്കേയും വന്യം താനാശ്രയിക്കണം
ക്രമത്തിൽ പ്രാശനം ചെയ്ക ദീക്ഷപോലെയതന്ദ്രിതൻ. 12
ഭിക്ഷയാം ഫലമൂലത്താലർച്ചിക്കാഗതപാന്ഥനെ
തന്റെ ഭക്ഷ്യം ഭിക്ഷയായി നിത്യം നല്കുകതന്ദ്രിതൻ. 13
ദേവതാതിഥിപൂർവ്വം താനെന്നും ഭക്ഷിക്ക വാഗ്യതൻ
സ്പർദ്ധ വിട്ടുള്ളമായ് കിട്ടുമതുണ്ണോൻ ദേവതാശ്രയൻ. 14
ദാന്തൻ മൈത്രൻ ക്ഷമിക്കുന്നോൻ മുടി മീശ വളർത്തുവോൻ
സ്വാദ്ധ്യായശീലൻ ഹോമിപ്പോൻ സത്യധർമ്മപരായണൻ 15
ശുദ്ധദേഹൻ സദാ ദക്ഷൻ വനനിത്യൻ സമാഹിതൻ
വിണ്ണു നേടും യോഗിയേവം വാനപ്രസ്ഥൻ ജിതേന്ദ്രിയൻ. 16
ഗൃഹസ്ഥൻതാൻ ബ്രഹ്മചാരി വാനപ്രസ്ഥനുമങ്ങനെ
മോക്ഷം നേടാനുദ്യമിക്കിലേല്ക്കുകുത്തമവൃത്തിയെ. 17
അഭയം സർവ്വജീവിക്കും നല്കി നൈഷ്കർമ്മ്യമേല്ക്കണം
സർവ്വഭൂതസുഖൻ മൈത്രൻ സർവ്വേന്ദ്രിയയതൻ മുനി. 18
ഇരക്കാതെ പചിക്കാതെ യദൃച്ഛാലബ്ധമങ്ങനെ
അഗ്നിചെയ്താളുണ്ടു പുക നിന്നേടം ഭിക്ഷയേല്ക്കണം. 19
മുമുക്ഷു ഭിക്ഷയിച്ചീക്ക പാത്രവ്യാപാരമററിടും
ഹർഷിക്കൊല്ലാ കിട്ടിയെങ്കിൽ കിട്ടാഞ്ഞാൽ ബുദ്ധി മങ്ങൊലാ.
യാത്രാർത്ഥി[1] കാലം കാക്കുന്നോൻ ഭിക്ഷയേല്ക്കു സമാഹിതൻ
സാമാന്യം ലാഭമാശിക്കൊല്ലുണ്ടീടൊല്ലഭിപൂജിതൻ[2]; 21

1 യാത്രാർത്ഥി = ജീവിതയാത്രയെ കൊതിക്കുന്നവൻ. 2 അഭിപൂജിതൻ = പുകഴ്ത്തപ്പെട്ടവൻ.

അഭിപൂജിതലാഭത്തിൽ ഭിക്ഷുവേററം വെറുക്കണം.
ഭുക്തങ്ങൾ തിക്തകടുകകഷായാന്നങ്ങളങ്ങനെ 22

ഉണ്ണുമ്പോളാസ്വദിക്കൊല്ലാ രസങ്ങൾ മധുരങ്ങളും.
യാത്രയ്ക്കു മാത്രമുണ്ണേണം കേവലം പ്രാണധാരണം 23

മോക്ഷജ്ഞൻ ഭൂതസംരോധംകൂടാതിച്ഛിക്ക വൃത്തിയെ.
മററന്നമിച്ഛിച്ചീടൊല്ലാ ഭിക്ഷയേല്പോനൊരിക്കലും 24

ആരും കാണ്കെച്ചെയ്യൊലാ ധർമ്മം വിരജൻ ചെയ്ക നിർജ്ജനേ.
ശൂന്യാലയം കാടു മരച്ചുവടോ പുഴയോ പരം 25

പർവ്വതത്തിന്റെ ഗുഹയോ താനിരിപ്പിടമാക്കണം.
ഗ്രാമത്തിൽ വേനല്ക്കൊരു രാവൊരേടം പാർക്ക വാർഷികം 26

സൂര്യൻ കാണിച്ച വഴിയേ പുഴ പോലൂഴി ചുററുക.
സർവ്വഭൂതദയാമൂലം ഭൂമി നോക്കി നടക്കണം 27

നേട്ടം നേടിക്കൊണ്ടിടൊല്ലാ സ്നേഹവാസമൊഴിക്കണം.
ശുദ്ധവെള്ളംകൊണ്ടു ചെയ്ക മോക്ഷജ്ഞൻ കർമ്മമെപ്പൊഴും 28

വെള്ളം മുക്കിയെടുത്തെന്നുമുപസ്പൃശിക്കണം പുമാൻ.
അഹിംസ ബ്രഹ്മചര്യംതാൻ സത്യമാർജ്ജവമങ്ങനെ 29

അക്രോധമനസൂയയെവം ദമമെന്നുമപൈശുനം[1]
ഈയെട്ടെണ്ണം വ്രതം പൂണ്ടുകൊള്ളണം നിയതേന്ദ്രിയൻ. 30

അപാപമശഠം[2] നിത്യമജിഹ്മം[3] ചെയ്തുകൊള്ളണം
കിടച്ച ഭോജ്യം മിണ്ടാതെയെന്നുമുണ്ണേണമസ്പൃഹൻ. 31

യാത്രയ്ക്കു മാത്രമുണ്ണേണം പ്രാണയാത്രയ്ക്കു കേവലം
ധർമ്മലബ്ധമശിക്കേണം കാമമായിത്തുടങ്ങൊലാ. 32

ഗ്രാസ[4]മാച്ഛാദന[5]മിതല്ലാതെ വാങ്ങൊല്ലൊരിക്കലും
ഉണ്ണുമെത്രയ്ക്കത്ര വാങ്ങാമതിൽക്കവിയെ വാങ്ങൊലാ. 33

പര[6]ന്മാരോടു വാങ്ങൊല്ലാ കൊടുത്തീടൊല്ലൊരിക്കലും
ദൈന്യഭാവാൽ ജീവികൾക്കു പങ്കിട്ടിട്ടെപ്പൊഴും ബുധൻ. 34

പരദ്രവ്യമെടുക്കൊല്ലാ ചോദിച്ചീടാതെടുക്കൊലാ
ഭക്ഷിച്ചവന്റെ വിഷയമൊന്നും താനാഗ്രഹിക്കൊലാ. 35

മണ്ണു വെള്ളം ചോറു പാത്രം പുഷ്പം ഫലവുമങ്ങനെ
വെളിവാക്കാതെ വാങ്ങേണം പ്രവർത്തിപ്പവ കാര്യവാൻ. 36

ശില്പിജീവിക ചെയ്യൊല്ലാ സ്വർണ്ണം കാമിച്ചുപോകൊലാ
ദ്വേഷ്ടാവുമുപദേഷ്ടാവുമാകൊല്ലാ നിരുപസ്കൃതൻ[7]. 37

ശ്രദ്ധാപൂതങ്ങളേല്ക്കേണം നിമിത്തങ്ങളൊഴിക്കണം

---

1 അപൈശുനം = ഏഷണി പറയാണ്ടിരിക്കൽ. 2 അശഠം = സജ്ജനോചിതം.
3 അജിഹ്മം = അവക്രം. 4 ഗ്രാസം = ഉരുള; ചോറ്. 5 ആച്ഛാദനം = വസ്ത്രം.
6 പരൻ = ശത്രു. 7 നിരുപസ്കൃതൻ = ക്ഷണിക്കപ്പെടാത്തവൻ.

സുധാവൃത്തി[1]യസക്തൻതാനൊരേപ്പോടേവരോടുമേ. 38
ആശിസ്സ്തോത്തവ[2]യായ് മുററും ഹിംസയൊത്തവയും ശരി
ലോകസംഗ്രഹധർമ്മ[3]ത്തെച്ചെയ്യിച്ചീടൊല്ല ചെയ്യൊലാ. 39
സർവ്വഭാവം വിട്ടു പരിവ്രജിക്ക ലഘുമാത്രനായ്
ചരാചരങ്ങളാം സർവ്വജീവജാലങ്ങളിൽ സമൻ. 40
പരന്നുദ്വേഗമേകീടൊല്ലുദ്വേഗിക്കൊല്ലൊരിക്കലും
വിശ്വാസ്യനേവർക്കുമഗ്ര്യൻ മോക്ഷവിത്തെന്നു ചൊല്ലുമേ. 41
വരാനുള്ളതുമോക്കൊല്ലാ കഴിഞ്ഞതു നിനയ്ക്കൊലാ
വർത്തമാനം വിട്ടൊഴിക്ക കാലകാംക്ഷി സമാഹിതൻ. 42
കണ്ണാൽ മനസ്സാൽ വാക്കാലും ദൂഷിപ്പിക്കൊല്ലൊരേടവും
വെളിവായൊളിവായിട്ടും ചെയ്യൊല്ലാ ദുഷ്ടമൊന്നുമേ. 43
ആമയംഗങ്ങളാംപോലെങ്ങുമിന്ദ്രിയങ്ങളടക്കിയും
ക്ഷീണേന്ദ്രിയ മനോബുദ്ധി നിരീഹൻ തത്ത്വവിത്തമൻ 44
നിർദ്വന്ദ്വൻ നിർന്നമസ്കാരൻ നിസ്സ്വാഹാകാരനങ്ങനെ
നിർമ്മമൻ നിരഹങ്കാരൻ നിര്യോഗക്ഷേമനാത്മവാൻ 45
നിരീഹൻ നിർഗ്ഗുണൻ ശാന്തൻ നിരാസക്തൻ നിരാശ്രയൻ
തത്ത്വജ്ഞനാത്മസംസക്തൻ മുക്തനാമില്ല സംശയം. 46
കൈ കാൽ പുറം തല വയറിവയൊക്കയുമെന്നിയേ
ഗുണകർമ്മക്രിയാഹീനം കേവലം വിമലം സ്ഥിരം 47
രസം ഗന്ധം പരം രൂപം ശബ്ദം സ്പർശവുമെന്നിയേ
അനുഗമ്യമനാസക്തം മാംസമില്ലാത്തതെന്നുവാൻ 48
നിശ്ചിന്തമവ്യയം ദിവ്യമെല്ലാപ്പോഴും ഗൃഹസ്ഥമാം
ആബ്ഭൂതവ്യാപിയാത്മാവെക്കാണുന്നോർ മൃതരാസ്സരാ. 49
അങ്ങു ചെല്ലാ ബുദ്ധിയിന്ദ്രിയങ്ങളാം ദേവതമാർകളും
ദേവയജ്ഞങ്ങളാം ലോകങ്ങളാം തപസ്സേവം വ്രതങ്ങളും. 50
ജ്ഞാനവാന്മാരെത്തുമിടമലിംഗഗ്രഹണം മതം
എന്നാലലിംഗധർമ്മജ്ഞൻ ധർമ്മതത്ത്വം ചരിക്കണം. 51
ഗൃഹധർമ്മാശ്രിതൻ വിദ്വാൻ വിജ്ഞാനാചാരമേല്ക്കണം
അമൂഢൻ മൂഢമട്ടേല്ക്ക ധർമ്മം ദൂഷ്യപ്പെടാതെതാൻ. 52
പരന്മാരെന്നുമിവനെയവമാനിച്ചിടുംപടി
ചെയ്തു ചുററീടണം ശാന്തൻ സദ്ധർമ്മം നിന്ദിയാതെതാൻ. 53
ഇമ്മട്ടു വൃത്തമുടയോൻ ശ്രേഷ്ഠനാം മുനിയാണപ്പോൾ
ഇന്ദ്രിയങ്ങളാം വിഷയം മഹാഭൂതങ്ങളഞ്ചുമേ 54
മനം ബുദ്ധിയഹങ്കാരമവ്യക്തൻ പുരുഷൻ പരൻ

1 സുധാവൃത്തി = നല്ല വൃത്തി അനുഷ്ഠിക്കുന്നവൻ. 2 ആശിസ്സ്തോത്തവ = ഫലേച്ഛയോടു കൂടിയവ. 3 ലോകസംഗ്രഹധർമ്മം = ലൗകികജീവിതത്തിനുവേണ്ട സാധനങ്ങൾ സംഭരിക്കൽ.

ഇതൊക്കെയും കണക്കാക്കിശ്ശരിയായ്ത്തത്ത്വനിശ്ചയാൽ 55
പിന്നെ സ്വർഗ്ഗത്തിലെത്തീടും സർവ്വബന്ധമൊഴിഞ്ഞവൻ.
കണക്കാക്കീട്ടിതൊട്ടവിൽത്തത്ത്വവിത്തമനാമവൻ 56
ധ്യാനിക്ക വിജനം വാണു നിരാലംബൻ വിമുക്തനാം.
സർവ്വസംഗങ്ങളും വിട്ടോൻ വാനിൽ കാററു കണക്കിനെ 57
ക്ഷീണകോശൻ നിരാതങ്കനമ്മട്ടെത്തും പരം പദം.

47. ഗുരുശിഷ്യസംവാദം—മുക്തിമാർഗ്ഗം

ഗുരുശിഷ്യസംവാദം (തുടച്ച്). സന്യാസവും ജ്ഞാനദയാഗവും തപോനുഷ്ഠാനവും ഒരുപോലെ ശ്രേയസ്കരവും മോക്ഷസാധനവുമാണെന്നു ബ്രഹ്മാവു പറയുന്നു.

ബ്രഹ്മാവു പറഞ്ഞു

സന്യാസം തപമെന്നാർകളും വൃദ്ധന്മാർ തീർപ്പുരപ്പവർ
ജ്ഞാനം ബ്രഹ്മ പരം ചൊൽവൂ ബ്രഹ്മയോനിസ്ഥർ ബ്രാഹ്മണർ.
അതിദൂരാത്മകം ബ്രഹ്മം വേദവിദ്യാവലംബനം
നിർദ്വന്ദ്വം നിർഗ്ഗുണം നിത്യമചിന്ത്യഗുണമുത്തമം. 2
തപോജ്ഞാനങ്ങളാൽധീരരാപ്പരം കണ്ടുകൊള്ളുമേ
മനസ്സു കഴുകിശ്ശുദ്ധർ രജസ്സററവർ നിർമ്മലർ. 3
തപസ്സാൽ ക്ഷേമവഴിയായെത്തുന്നു പരമേശനിൽ
സന്യാസനിഷ്ഠന്മാരെന്നും ബ്രഹ്മവേദികളായവർ. 4
തപം പ്രദീപമെന്നാർകളാചാരം ധർമ്മസാധകം
ജ്ഞാനം ധരിക്ക പരമം സന്യാസം പരമുത്തമം. 5
നിരാധാരം ജ്ഞാനമാരോ കാണുന്നു തത്ത്വനിശ്ചയാൽ
സർവ്വജീവിയിലാത്മാവെസ്സർവ്വഗാമിയുമാമവൻ. 6
സഹവാസവിഹാസങ്ങളും കാണുന്നുണ്ടേതു പണ്ഡിതൻ
ഒന്നായിപ്പലതായിട്ടുമവൻ ദുഃഖമൊഴിഞ്ഞുപോം. 7
ഒന്നും കാമിച്ചിടാതുള്ളോനൊന്നും നിന്ദിച്ചിടാത്തവൻ
ഇഹലോകം വാണുമവൻ ബ്രഹ്മഭാവമണഞ്ഞിടും. 8
വിധാനഗുണതത്ത്വജ്ഞൻ സർവ്വപ്രാധാന്യവിത്തമൻ
നിർദ്വന്ദ്വൻ നിരഹങ്കാരൻ മുക്തനാമില്ല സംശയം. 9
നിർദ്വന്ദ്വൻ നിർന്നമസ്കാരൻ നിസ്വധാകാരനങ്ങനെ
നിർഗ്ഗുണം നിത്യമദ്വൈതം ശമത്താലെയണഞ്ഞിടും. 10
മുററും ഗുണമയം കർമ്മം ജീവി വിട്ടു ശുഭാശുഭം
വിട്ടു സത്യാനൃതം രണ്ടും മുക്തനാമില്ല സംശയം. 11
അവ്യക്തയോനിപ്രഭവം ബുദ്ധിസ്കന്ധം മഹത്തരം
മഹാഹങ്കാരവിടപമിന്ദ്രിയാങ്കുരകോടരം 12

മഹാഭ്രൂതവിശാലംതാൻ മാമരങ്ങളിൽ മെച്ചമാം
എന്നും പൂവും കായുമായി ശുഭാശുഭഫലോദയം 13
സർവ്വജീവിക്കുമാജീവ്യം ബ്രഹ്മവൃക്ഷം സനാതനം
ഏവം വെട്ടിപ്പിളന്നിട്ടു തത്ത്വജ്ഞാനാസിയാൽ ബുധൻ 14
സംഗപാശം വിട്ടു മുററും മൃത്യുജന്മജരോദയം
നിർമ്മമൻ നിരഹങ്കാരൻ മുക്തനാമില്ല സംശയം. 15
രണ്ടു പക്ഷികളം നിത്യങ്ങളിണ ചേതനയററവ
ഇവറ്റും മേലെയായൊന്നുണ്ടതു ചൈതന്യമുള്ളതാം. 16
അചേതനൻ സത്വസംഖ്യാവിമുക്തൻ
സത്വാൽ പരം ചേഷ്ടയാണ്ടന്തരാത്മാ
ആ ക്ഷേത്രവിത്തോ സർവ്വസംഖ്യാതബുദ്ധി
ഗുണാതിഗൻ വിട്ടുപോം പാപമെല്ലാം. 17

48. ഗുരുശിഷ്യസംവാദം—പുരുഷവിവേചനം

ഗുരുശിഷ്യസംവാദം (തുടച്ച്). ജീവാത്മപരമാത്മാക്കളുടെ സ്വരൂപ വിവരണം.

ബ്രഹ്മാവു പറഞ്ഞു

ബ്രഹ്മം മരം ചിലർ ചിലർ ബ്രഹ്മം വൻപിച്ച കാനനം
ചിലരോ ബ്രഹ്മമവ്യക്തം പരമാനാമയം ചിലർ. 1
സർവ്വമെന്നും കാണ്മു ചിലരവ്യക്തപ്രഭവാവ്യയം
ഒററശ്ശ്വാസമിടയ്ക്കുന്തകാലത്തിൽ സമനായവൻ 2
ആത്മാവിൽ ചെന്നു ചേർന്നിട്ടങ്ങമൃതത്വമണഞ്ഞിടും
നിമേഷമാത്രമാത്മാവിലാത്മാവിനെയടക്കുകിൽ. 3
ആത്മപ്രസാദംകൊണ്ടെത്തും വിദ്വൽസ്ഥാനമതവ്യയം
പ്രാണായാമങ്ങളാൽ പ്രാണനടക്കിക്കൊണ്ടു വീണ്ടുമേ. 4
പത്തു പിന്നെപ്പന്തിരണ്ടും ചതുർവ്വിംശത്തിലപ്പുറം
ഏവം മുന്നം പ്രസന്നാത്മാവെന്തോക്കുമതു നേടിടും. 5
അവ്യക്താൽ മേലെയാം സത്വമമൃതത്വത്തിനാസ്സദം
സത്വത്തേക്കാൾ മേലെയൊന്നും വാഴ്ത്താറില്ലതറിഞ്ഞവർ. 6
അനുമാനംകൊണ്ടറിവൂ പുമാനെസ്സത്വസംസ്ഥനെ
അല്ലാതെ ചൊല്ലാൻ പററില്ലാ പുമാനിൽ ദ്വിജമുഖ്യരേ! 7
ധൃതി ക്ഷമയഹിംസൈവം സമത്വം സത്യമാർജ്ജവം
ജ്ഞാനം ത്യാഗം പരം സന്യാസവും സാത്വികവൃത്തമാം. 8
ഇച്ചൊന്നോരനുമാനംകൊണ്ടറിയുന്നു മനീഷികൾ
സത്വം പുരുഷനെന്നേവം വിചാരിക്കേണ്ടതില്ലിതിൽ. 9
ചൊല്ലുന്നു ചില വിദ്വാന്മാർ ജ്ഞാനത്തിങ്കലുറച്ചവർ

ക്ഷേത്രജ്ഞസത്വങ്ങൾക്കൈക്യമിതു യോജിപ്പതില്ലിഹ. 10
അതിൽനിന്നും വേറെയാണു സത്വമെന്നതു നിശ്ചയം
വേറെയാമ്മട്ടറിയണം സത്വത്താൽ സഹജം പരം. 11
അമ്മട്ടേകത്വനാനാത്വം സമ്മതം ബുദ്ധരീതിയാം
കൊതുകത്തി*യുമൊന്നെന്നാൽക്കാണുന്നുണ്ടതു വേറെയായ്. 12
വെള്ളത്തിൽ മത്സ്യം മറ്റൊന്നാം സംപ്രയോഗമിവയ്ക്കിതാം
ചെന്താമരയിലയ്ക്കുള്ളിൽ ജലബിന്ദുക്കൾ പോലെയാം. 13

ഗുരു പറഞ്ഞു

എന്നു ചൊല്ലിക്കേട്ടു ലോകപിതാമഹനൊടാ ദ്വിജൻ
പിന്നെയും സംശയം പൂണ്ടു ചോദിച്ചു മുനിസത്തമൻ. 14

49. ഗുരുശിഷ്യസംവാദം—ഋഷിപ്രശ്നം

ഗുരുശിഷ്യസംവാദം (തുടർച്ച). ധർമ്മസ്വരൂപത്തെപ്പറ്റി പലരും പല തരത്തിലാണു പറയുന്നതെന്നും അക്കാര്യത്തിൽ ശരിയായതേതാണെന്നറിഞ്ഞാൽ കൊള്ളാമെന്നുമുള്ള മഹർഷികളുടെ അഭ്യർത്ഥന.

ഋഷികൾ പറഞ്ഞു

ഇങ്ങു ധർമ്മങ്ങളിൽ പാരം ചെയ്യീടേണ്ടതുമെന്തുവാൻ?
ധർമ്മത്തിന്നു പലേമട്ടാം ഗതികേടേറു കാണ്മൂ നാം. 1
ദേഹത്തിന്നപ്പുറം ചൊൽവൂ ചിലരില്ലെന്നു മറ്റുപേർ
ചിലർ മുറ്റും സംശയിച്ചും മറ്റുപേർ തീർച്ചയാക്കിയും. 2
അനിത്യം നിത്യമെന്നായിച്ചിലരില്ലെന്നു മറ്റുപേർ
ചിലർ രണ്ടെന്നേകരൂപം കലർന്നാണെന്നു മറ്റുപേർ. 3
കാണ്മൂ ബ്രാഹ്മണർതാൻ ബ്രഹ്മമറിയാ തത്ത്വദർശികൾ
ഒന്നായ് ചിലർ തിരിച്ചന്യർ പലതായിട്ടു മറ്റുപേർ. 4
ദേശകാലം രണ്ടു ചിലരിതില്ലെന്നാണു മറ്റുപേർ
ജടാജിനാഢ്യന്മാരന്യർ മുണ്ഡർ മൂടാതെയാം ചിലർ 5
അസ്നാനം ചിലരിച്ഛിപ്പൂ സ്നാനമങ്ങനെ മറ്റുപേർ.
ഓർപ്പൂ ബ്രാഹ്മണർ ദേവന്മാർ തത്ത്വജ്ഞബ്രഹ്മദർശികൾ 6
ചിലരിച്ഛിപ്പിതാഹാരമുപവാസസ്ഥരാം ചിലർ.
കർമ്മത്തെച്ചിലർ വാഴ്ത്തുന്നു മറ്റുപേർ ശാന്തിയെയുമേ 7
മോക്ഷത്തെച്ചിലർ വാഴ്ത്തുന്നു പല ഭോഗങ്ങളും ചിലർ.
ധനങ്ങൾ ചിലരിച്ഛിപ്പൂ നിർദ്ധനത്വത്തെ മറ്റുപേർ 8
ഉപാസ്യതത്ത്വം ചിലപേരായതില്ലെന്നു മറ്റുപേർ.
അഹിംസാതത്പരർ ചിലർ ചിലർ ഹിംസാപരായണർ 9
അന്യർ പുണ്യപ്പുകഴിനാലായതില്ലെന്നു മറ്റുപേർ.

* കൊതുക് + അത്തി.

സൽഭാവതൽപരർ ചിലർ ചിലർ സംശയമാണ്ടവർ 10
ദുഃഖാൽ ചിലർ സുഖാൽ മറേറാർ ധ്യാനംതാനെന്നു മററുപേർ.
യജ്ഞമെന്നന്യവിപ്രന്മാർ ദാനംതാനെന്നു മററുപേർ 11
തപസ്സന്യർ പുകഴ്ത്തുന്നു സ്വാദ്ധ്യായമിഹ മററുപേർ.
ജ്ഞാനം സന്യാസമെന്നന്യർ സ്വഭാവം ഭൂതചിന്തകർ 12
ചിലർ സർവ്വം പ്രശംസിപ്പൂ സർവ്വമില്ലെന്നു മററുപേർ.
ഏവം ധർമ്മം പുറപ്പെട്ടു പലമട്ടറിയിക്കവേ 13
തീർപ്പു കാണുന്നീല ഞങ്ങൾ മൂഢന്മാർ സുരസത്തമ!
ഇതേ ശ്രേയസ്സിതേ ശ്രേയസ്സെന്നേറേറപ്പെട്ടിടും ജനം 14
ആരേതു ധർമ്മമേല്ക്കുന്നിതതു പൂജിക്കുമായവർ.
ഞങ്ങൾക്കെന്നാൽ പ്രജ്ഞയൊക്കാ മനസ്സും പലമട്ടിലായ് 15
ശ്രേയസ്സെന്തെന്നതൊന്നോതിക്കേൾപ്പാനുണ്ടാശ സത്തമ!
ഇതിന്നുമേൽ ഗുഹ്യമെന്തുണ്ടതങ്ങുന്നരുളേണമേ 16
സത്വക്ഷേത്രജ്ഞസംബന്ധമെന്തു ഹേതുവിലെന്നതും.
എന്നാ ബ്രാഹ്മണർ ചോദിച്ച ഭഗവാൻ ലോകഭാവനൻ 17
ധർമ്മാത്മാവവരോടോതീ ശരിയാമ്മട്ടു ബുദ്ധിമാൻ.

50. ഗുരുശിഷ്യസംവാദം—തത്ത്വഗുണവിസ്താരം

ഗുരുശിഷ്യസംവാദം (തുടച്ച്). ധർമ്മത്തെപ്പററി പ്രസംഗിച്ചതുകൊണ്ടു ഫലമില്ലെന്നും അറിവുള്ളതു പ്രവൃത്തിയിൽ വരുത്തുകയാണു വേണ്ടതെന്നും പരമപുരുഷാർത്ഥം സാധിക്കാൻ അതാണു വഴിയെന്നും ബ്രഹ്മാവു മഹർഷിമാരോട് പറയുന്നു. ക്ഷേത്രക്ഷേത്രജ്ഞർക്കു തമ്മിലുള്ള ബന്ധം. പൃഥിവ്യാദിപഞ്ചഭൂതങ്ങളെപ്പററിയുള്ള പ്രതിപാദനം.

ബ്രഹ്മാവു പറഞ്ഞു

ഹന്ത നിങ്ങളൊടോതാം ഞാനീച്ചോദിച്ചതു സത്തരേ!
ധരിപ്പിൻ ശിഷ്യനോടായിഗ്ഗുരു ചൊല്ലിയവണ്ണമേ. 1
സമസ്തമിവിടെക്കേട്ടു നന്നായിട്ടു ധരിക്കണം
സർവ്വഭൂതാഹിംസയിതുതന്നെ ചെയ്യേണ്ടതേററവും. 2
ഇതുദ്വേഗം വിട്ട നില വരിഷ്ഠം ധർമ്മലക്ഷണം
നിശ്രേയസം ജ്ഞാനമെന്നാർ വൃദ്ധന്മാർ തത്ത്വദർശികൾ; 3
എന്നാൽ വിശുദ്ധജ്ഞാനത്താൽക്കില്ബിഷം മുററുമററുപോം.
ഹിംസാപരന്മാരുമേവം നാസ്തികന്മാരുമില്ലയോ 4
ലോഭമോഹാനുഗതരവർ നരകത്തിൽ ഗമിച്ചിടും.
ആശിസ്സു ചേരും കർമ്മങ്ങളിളവില്ലാതെ ചെയ്യുവർ 5
ഈ ലോകത്തിൽ പ്രമോദിക്കും വീണ്ടും വീണ്ടും ജനിപ്പവർ.
കർമ്മങ്ങൾ ചെയ്യുതെവരോ ശ്രദ്ധയോടൊത്തു പണ്ഡിതർ 6

ആശിസ്സില്ലാതെഴം ധീരർ സാധുദർശികളാണവർ.
ഇനിമേൽ പറയാം സത്വക്ഷേത്രജ്ഞന്മാർക്കു തങ്ങളിൽ 7
യോഗം വിയോഗവുമതു സത്തന്മാരേ, ധരിക്കുവിൻ.
വിഷയം വിഷയിത്വംതാൻ സംബന്ധമിവ ചൊല്ലിടാം. 8
പുരുഷൻ വിഷയീ നിത്യം സത്വം വിഷയവും മതം
മുൻ കല്പത്താൽ വിവൃതമായ് കൊതുകത്തി കണക്കിനെ. 9
അറിയില്ലാ ഭുജിക്കുന്നതെന്നും സത്വമചേതനം
അതിമ്മട്ടാരറിയുവോൻ ഭുജിപ്പോനാരു ഭോജ്യവും. 10
നിത്യവും ദ്വന്ദ്വമായ് നില്ക്കും സത്വമെന്നാർ മനീഷികൾ
നിർദ്വന്ദ്വൻ നിഷ്കളൻ നിത്യൻ ക്ഷേത്രജ്ഞൻ നിർഗ്ഗുണാത്മകൻ
സമൻ സംജ്ഞാനഗനവനെല്ലാടവുമിരിപ്പവൻ
സത്വത്തെയുപഭോഗിപ്പൂ നീർ പൊഷ്ക്കാരില പോലവേ. 12
മുററും ഗുണങ്ങളേററാലും വിദ്വാൻ വ്യാലിപ്തനായ്വരാ
പൊഷ്ക്കാരിലയ്ക്കുള്ളിൽനിന്നു തുള്ളും നീർത്തുള്ളിയെങ്ങനെ; 13
ഇമ്മട്ടസംയുക്തനല്ലോ പുരുഷൻ ശങ്കയില്ലതിൽ.
ദ്രവ്യമാത്രം സത്വമത്രേ പുഷന്നെന്നു നിശ്ചയം 14
ദ്രവ്യം കർത്താവവയ്ക്കുള്ള സംയോഗവുമതേവിധം.
ഒരാൾ വിളക്കെടുത്തിട്ടങ്ങിരുട്ടിൽ പോയിടുംപടി 15
സത്വപ്രദീപവുംകൊണ്ടു പോകുന്നു പരമാർത്ഥികൾ.
ദ്രവ്യമെത്രയ്ക്കത്ര ഗുണമൊത്തു ദീപം തെളിഞ്ഞിടും 16
ഗുണദ്രവ്യക്ഷയത്തിങ്കൽ ജ്യോതിസ്സുണ്ടു മറഞ്ഞുപോം.
ഏവം വ്യക്തം സത്വഗുണമവ്യക്തൻ പുരുഷൻ പരൻ 17
ഇതുൾക്കൊൾവിൻ ബ്രാഹ്മണരേ, ഹന്ത ഞാൻ വീണ്ടുമോതിടാം.
ദുർമ്മേധസ്സായിരംകൊണ്ടും നേടിക്കൊള്ളില്ല ബുദ്ധിയെ 18
നാലാലൊരംശംകൊണ്ടിട്ടും ബുദ്ധിമാൻ സുഖമേററിടും.
എന്നുപായംകൊണ്ടറിക ധർമ്മസാധനമെന്നതും 19
ഉപായംകണ്ട മേധാവിയത്യന്തസുഖമേല്ക്കുമേ.
വഴിച്ചെലവുക്കൂടാതെ വഴിയാത്ര തുടന്നോരാൾ 20
ഏറെ ക്ലേശത്തൊടും പോകുമിടയ്ക്കുണ്ടു നശിക്കിലാം.
ഏവം കർമ്മങ്ങളിൽക്കാണ്ക ഫലമുണ്ടില്ലയെന്നുമാം 21
തന്നിൽ ശ്രേയസ്സു പുരുഷന്നാശ്ശുഭാശുഭദർശനം.
ഏറെ നീളംകൊണ്ട വഴി കാൽനടയ്ക്കേല്ക്കിലെങ്ങനെ 22
മുൻ കാണാത്തതുടൻതന്നെ തത്ത്വദർശനമെന്നിയേ.
അമ്മട്ടാവഴിതാൻ പാഞ്ഞുപോകും തേരാലെ പോകുകിൽ, 23
അശ്വം നടത്തീട്ടെത്തുന്നു ജ്ഞാനിമാർഗതിയങ്ങനെ.
കുന്നു മേല്പോട്ടു കേറീട്ടു നോക്കുമാറില്ല മന്നിടം 24
തേരാൽത്തേരാളിയെക്കാണ്ക ക്ലേശിച്ചുഴലുമാറഹോ!

എത്രയ്ക്കുണ്ടോ തേർവഴിയങ്ങത്രയ്ക്കെത്തീടുമായവൻ 25
തേർമാഗ്ഗം നില്ക്കിലാ വിദ്വാൻ തേർ വെടിഞ്ഞു ഗമിക്കയാം.
തത്ത്വയോഗവിധാനജ്ഞൻ പോകും മേധാവിയിങ്ങനെ 26
പാത്തറിഞ്ഞു ഗുണജ്ഞൻതാൻ മേല്പോട്ടങ്ങനെ മേല്ക്കുമേൽ.
തോണികൂടാതുൽക്കടമാം കടലിൽ ചെന്നിറങ്ങുകിൽ 27
സമ്മോഹാൽ കൈകളാൽ നീന്തി വധമേല്ക്കുമസംശയം.
പ്രാജ്ഞൻ വഴിയറിഞ്ഞുള്ളോൻ നല്ല തണ്ടുള്ള തോണിയാൽ 28
വെള്ളത്തിൽത്തളരാതെത്തും കയം കയറുമങ്ങുടൻ.
കടന്നെത്തും മറുകര തോണി വിട്ടിട്ടു നിർമ്മമൻ 29
മുൻകല്പത്താൽ വിവൃതമായ് തേർ കാലാളുടെ മാതിരി.
സ്നേഹാൽ സമ്മൂഢനായ്ത്തോണിയിങ്കൽ മുക്കോൻകണക്കിനെ
മമത്വംകൊണ്ടു ബാധിച്ചിട്ടവിടെത്താൻ തിരിഞ്ഞുപോം.
പററില്ലാ തോണിയിൽക്കേറിക്കരയിങ്കൽത്തിരിഞ്ഞിടാൻ 31
അവ്വണ്ണം തേരിലേറീട്ടു പററാ വെള്ളത്തിൽ യാത്രയും.
ഏവം കർമ്മം ചെയ്‌വു ചിത്രം വിഷയസ്ഥം പലേ തരം 32
ലോകത്തിൽ ചെയ്യതെമ്മട്ടു കർമ്മമമ്മട്ടതേല്ക്കുമേ.
ഗന്ധം രസം രൂപമേവം സ്പശം ശബ്ദമിതെന്നിയേ 33
മുനിമാർ ബുദ്ധിയാൽ കാണ്മൂ പ്രധാനമതുതന്നെയാം.
അതിൽ പ്രധാനമവ്യക്തമവ്യക്തത്തിൽ ഗുണം മഹാൻ 34
മഹാപ്രധാനഭൂതത്തിന്നഹങ്കാരം പരം ഗുണം.
അഹങ്കാരാൽ ജാതമത്രേ മഹാഭൂതകൃതം ഗുണം 35
ഭൂതങ്ങൾക്കിങ്ങു വെവ്വേറെ വിഷയങ്ങൾ ഗുണങ്ങളാം.
ബീജധർമ്മമതവ്യക്തം പ്രസവാത്മകമങ്ങനെ 36
ബീജധർമ്മം മഹാനാത്മാ പ്രസവം കേട്ടിരിപ്പു നാം.
ബീജധർമ്മമഹങ്കാരം പ്രസവം പിന്നെ വീണ്ടുമേ 37
ബീജപ്രസവധർമ്മങ്ങൾ മഹാഭൂതങ്ങളഞ്ചുമേ.
ബീജധർമ്മികളാണത്രേ ചെയ്യുന്നൂ പ്രസവത്തെയും 38
പഞ്ചഭൂതവിശേഷങ്ങളിഹ ചിത്തം വിശേഷണം.
ആകാശത്തിന്നൊരു ഗുണം രണ്ടത്രേ വായുവിൻ ഗുണം 39
ജ്യോതിസ്സിന്നു ഗുണം മൂന്നു നാലു വെള്ളത്തിനും ഗുണം.
ശുഭാശുഭങ്ങൾ കാണിച്ചു സർവ്വഭൂതവിധാത്രിയായ് 40
ചരാചരങ്ങൾ കലരും ഭൂമിക്കഞ്ചു ഗുണം പരം.
ശബ്ദം സ്പശം പരം രൂപം രസം ഗന്ധവുമഞ്ചിവ 41
ഭൂമിക്കീയഞ്ചുഗുണവുമറിക ദ്വിജമുഖ്യരേ!
എപ്പോഴും പാത്ഥിവം ഗന്ധം ഗന്ധം പല വിധത്തിലാം 42
ആഗ്ഗന്ധത്തിന്നു ഞാൻ ചൊല്ലാം വിസ്തരിച്ചു പലേ ഗുണം.
ഗന്ധമിഷ്ടമനിഷ്ടംതാൻ മധുരം കടുവമ്ലവും 43

നിഹാരി സംഹതം സ്നിഗ്ദ്ധം രൂക്ഷം വിശദമങ്ങനെ
എന്നു പാർത്ഥിവമാം ഗന്ധം പത്തുമട്ടായ് ധരിക്കണം. 44
ശബ്ദം സ്പർശം പരം രൂപം ദ്രവമംബുഗുണങ്ങളാം
രസജ്ഞാനത്തിനെച്ചൊല്ലാം രസം പലവിധത്തിലാം. 45
മധുരം പുളി കയ്പേവം ചവർപ്പുപ്പെരുവിങ്ങനെ
എന്നാറു വിധവിസ്താരമുള്ളതംബുമയം രസം. 46
ശബ്ദം സ്പർശം രൂപമെന്നായ് ജ്യോതിസ്സിന്നു ഗുണത്രയം
ജ്യോതിസ്സിൻെറ ഗുണം രൂപം രൂപമോ പലമാതിരി. 47
ശുക്ലം കൃഷ്ണം രക്തമേവം നീലം പീതമിഹാരുണം
ഹ്രസ്വം ദീർഘം കൃശം സ്ഥൂലം വൃത്തവും ചതുരശ്രവും 48
തേജോരൂപം പന്തിരണ്ടു വിസ്താരം പൂണ്ടിതിങ്ങനെ
അറിവൂ വിപ്രർ വൃദ്ധന്മാർ സത്യവാദികൾ ധാർമ്മികർ. 49
ശബ്ദം സ്പർശം രണ്ടു ഗുണമാണു വായുവിനുള്ളതും
വായുവിൻെറ ഗുണം സ്പർശം സ്പർശമോ പലമട്ടിലാം. 50
രൂക്ഷം ശീതം പിന്നെയുഷ്ണം സ്നിഗ്ദ്ധം വിശദമങ്ങനെ
കഠിനം ചിക്കണം ശ്ലക്ഷ്ണം പിച്ഛിലം ദാരുണം മൃദു 51
ഈപ്പന്തിരണ്ടു വിസ്താരാൽ ചൊൽവൂ വായവ്യമാം ഗുണം
വിധിയാംമട്ടു വിപ്രന്മാർ തത്ത്വദർശികൾ ധാർമ്മികർ. 52
അങ്ങേകഗുണമാകാശം ശബ്ദമാകുന്നിതാഗ്ഗുണം
ആശ്ശബ്ദത്തിന്നു പറയാം വിസ്താരാൽ പലതും ഗുണം. 53
ഷഡ്ജർഷഭങ്ങൾ ഗാന്ധാരം മദ്ധ്യമം പഞ്ചമം പരം
അതിന്നുശേഷമറിക നിഷാദമഥ ധൈവതം 54
ശബ്ദമിഷ്ടമനിഷ്ടം താൻ സംഹതം ഭിന്നമങ്ങനെ
ഏവം പത്തുവിധം ശബ്ദമൂൾക്കൊൾകാകാശസംഭവം. 55
ആകാശമുത്തമം ഭൂതമഹങ്കാരമതിന്നുമേൽ
അഹങ്കാരാൽ ബുദ്ധി മേലേ ബുദ്ധിക്കാത്മാവു മേലെയാം 56
അതിലും മേലെയവ്യക്തമവ്യക്താൽ പരനാം പുമാൻ.
പരാപരജ്ഞൻ ഭൂതങ്ങൾക്കെങ്ങും കർമ്മമറിഞ്ഞവൻ
സർവ്വഭൂതാത്മഭൂതാത്മാവവ്യയാത്മാവിലെത്തിടും. 57

51. ഗുരുശിഷ്യസംവാദോപസംഹാരം

തപസ്സിൻെറ പ്രഭാവം, ആത്മസ്വരൂപം, ആത്മജ്ഞാനമാഹാത്മ്യം എന്നിവയെപ്പററി കൃഷ്ണൻ പ്രതിപാദിക്കുന്നു. അർജ്ജുനൻെറ ചോദ്യത്തിനു് ശിഷ്യൻ തന്റെ മനസ്സും ഗുരു താനുമാണെന്നു് ശ്രീകൃഷ്ണൻ മറുപടി പറയുന്നു. തനിക്കു ദ്വാരകയിലേക്കു പോകണമെന്നു കൃഷ്ണൻ അർജ്ജുനനോടു പറയുന്നു.

ബ്രഹ്മാവു പറഞ്ഞു

ഈപ്പഞ്ചഭൂതങ്ങൾക്കൊക്ക മനസ്സാകുന്നിതീശ്വരൻ
അടക്കാനുമയപ്പാനും ഭൂതാത്മാവാം മനസ്സുതാൻ. 1

മഹാഭൂതങ്ങൾക്ക നിത്യമധിഷ്ഠാതാവുമാം മനം
ബുദ്ധിയൈശ്വര്യമോതുന്നു ക്ഷേത്രജ്ഞനവനാണു പോൽ. 2
ചേർപ്പൂ മനസ്സിന്ദ്രിയങ്ങൾ സൂതനശ്വങ്ങൾ പോലവേ
ഇന്ദ്രിയങ്ങൾ മനം ബുദ്ധി ചേർപ്പൂ ക്ഷേത്രജ്ഞനിൽ സദാ. 3
മഹദശ്വങ്ങളോടൊത്ത ബുദ്ധി സംയമനം രഥം
കയറിക്കൊണ്ടു ഭൂതാത്മാവെങ്ങുമേ സഞ്ചരിക്കുമേ. 4
ഇന്ദ്രിയഗ്രാമാശ്വയുക്തം മനസ്സാം സൂതനുള്ളതായ്
ബുദ്ധിസംയമനം നിത്യം മഹൽബ്രഹ്മമയം രഥം. 5
ഇമ്മട്ടറിയുവോനേത്തു വിദ്വാൻ ബ്രഹ്മമയം രഥം
അവൻ ധീരൻ സവ്വഭൂതങ്ങളിലും ഭയമേററിടാ. 6
അവ്യക്താദിവിശേഷാന്തം ചരാചരസമന്വിതം
സൂര്യചന്ദ്രക്കാഴ്ചയൊത്തു നക്ഷത്രഗ്രഹമണ്ഡിതം 7
പുഴ കുന്നിൻനിരകളാലെല്ലാടം പരിഭൂഷിതം
പലമട്ടുള്ള വെള്ളങ്ങൾകൊണ്ടെപ്പോഴമലംകൃതം 8
ഭൂതങ്ങൾക്കൊക്കയാജീവ്യം പ്രാണികൾക്കൊക്കയും ഗതി
ഇതാ ബ്രഹ്മവനം നിത്യം ക്ഷേത്രജ്ഞൻ ചുററുമായതിൽ. 9
ഈ ലോകത്തിങ്കലുണ്ടല്ലോ തത്ത്വജാലം ചരാചരം
അവ മുൻപേ ലയിച്ചീടും പിന്നെബ്ഭൂതഗണങ്ങളും 10
ഗുണാൽ പരം പഞ്ചഭൂതമിതു ഭൂതസമുച്ചയം.
ദേവ മാനുഷ ഗന്ധവ്വ പിശാചാസുര രാക്ഷസർ 11
ക്രിയാഹേതുക്കളാലല്ലാ സ്വഭാവാൽ സൃഷ്ടരേവരും.
വിശ്വസ്രഷ്ടാക്കളിവരോ പിറക്കുന്നിതു വീണ്ടുമേ 12
അവർ പെററവയാപ്പഞ്ചമഹാഭൂതങ്ങൾ തോറുമേ
ലയിച്ചീടും കാലമായാൽ കടലിൽത്തിര പോലവേ. 13
വിശ്വസൃക്ഭൂതവഴിയായ് മഹാഭൂതങ്ങളൊക്കയും
പഞ്ചഭൂതങ്ങളും വിട്ടോൻ പരസൽഗതി പൂകുമേ. 14
പ്രജാപതിയിതൊക്കേയും മനസ്സാൽത്തീത്തിതാ പ്രഭു
അമ്മട്ടൃഷികൾ വാനോരെത്തപസ്സാലേററുകൊണ്ടുതേ. 15
തപസ്സിൻെറ മുറയ്ക്കായി ഫലമൂലങ്ങൾ തിന്നവർ
ഈ ത്രൈലോക്യം തപസ്സിദ്ധർ കണ്ടീടുന്നു സമാഹിതർ. 16
അഗദം തൊട്ടൗഷധങ്ങൾ നാനാവിദ്യകൾ മുററുമേ
തപസ്സാൽത്തന്നെ സാധിപ്പൂ തപസ്സുവഴി സാധനം. 17
ദുരാപംതാൻ ദുരാമ്നായം ദുരാധഷം ദുരന്വയം
എന്തതൊക്കത്തപസ്സാദ്ധ്യം തപസ്സോ ദുരതിക്രമം. 18
സുരാപബ്രഹ്മഘ്നചോരഭ്രൂണഘ്നഗുരുതല്പഗർ
നന്നായ് തപസ്സു ചെയ്തീടിൽ കില്ബിഷം വിട്ടൊഴിഞ്ഞു—
മനുഷ്യപിതൃദേവന്മാർ പശു പക്ഷിമൃഗങ്ങളും [പോം.

മററുള്ള ഭൂതജാലങ്ങരം ചരങ്ങളചരങ്ങളും 20
തപസ്സൽപരരായ് നിത്യം സിദ്ധിയേല്പൂ തപസ്സിനാൽ;
ഏവം വാനോർ മഹാമായർ തപസ്സാൽ വിണ്ണിലെത്തിനാർ. 21
ആശിസ്സോടൊത്ത കമ്മങ്ങരം മടിക്കൂടാതെ ചെയ്യവർ
അഹങ്കാരാഢ്യരവരോ പ്രജാപതിസമീപഗർ. 22
വിശുദ്ധജ്ഞാനയോഗത്താൽ നിരഹങ്കാരർ നിമ്മമർ
നേടുന്നിതു മഹാത്മാക്കരം മഹത്താം ലോകമുത്തമം. 23
ധ്യാനയോഗം പൂണ്ട മതി തെളിഞ്ഞുള്ളവരെപ്പൊഴും
സുഖം വാച്ചിടുമവ്യക്തം പോകുമങ്ങാത്മവിത്തമർ. 24
ധ്യാനയോഗാൽച്ചെന്നണഞ്ഞു നിരഹങ്കാരർ നിമ്മമർ
പ്രവേശിക്കുന്നിതവ്യക്തം മഹത്താം ലോകമുത്തമം. 25
അവ്യക്തോൽഭൂതനായ് വീണ്ടും സമസംജ്ഞയിലാണ്ടവൻ
തമോരജസ്സുക്കരം വിട്ടു സത്വമാണ്ടിട്ടു കേവലം 26
സവ്വപാപങ്ങളും വിട്ടോൻ സവ്വം സൃഷ്ടിപ്പു നിഷ്കളം
അവൻ സവ്വജ്ഞനെന്നോക്ക തജ്ജ്ഞൻ ദേവജ്ഞനാണു പോൽ. 27
ചിത്തം ചിത്താൽത്താനണഞ്ഞു മുനിയായ് വാഴ്ക സംയതൻ
എന്തു ചിത്തം മനമതാണിതു ഗുഹ്യം സനാതനം. 28
അവ്യക്താദിവിശേഷാന്തമവിദ്യാലക്ഷണം മതം
ധരിപ്പിനങ്ങനെയിതു ലക്ഷണം താൻ ഗുണങ്ങളാൽ. 29
ദ്വ്യക്ഷരം മൃത്യുവായീടും ത്ര്യക്ഷരം ബ്രഹ്മശാശ്വതം
എൻെറയെന്നാം മൃത്യു,വല്ലെൻെറയെന്നാകുന്നു ശാശ്വതം. 30
കമ്മം ചിലർ പുകഴ്ത്തുന്നു മന്ദബുദ്ധികളാം നരർ
വൃദ്ധന്മാരാം മഹാത്മാക്കളൊക്കമ്മത്തെപ്പുകഴ്ത്തീടാ. 31
കമ്മത്താൽ ജാതനാം ജന്തു മൂത്തിമാൻ ഷോഡശാത്മകൻ
വിദ്യ തിന്മു പുരുഷനെയമൃതാശക്താശ്രയം. 32
അതാണു കമ്മസ്നേഹത്തെ വിടുന്നു കര കാണ്മവർ
വിദ്യാമയൻതാൻ പുരുഷൻ കമ്മാത്മാവല്ല കേവലം. 33
ആരേവമമൃതൻ നിത്യനഗ്രാഹ്യാക്ഷരനിഷ്ഠനെ
കൂട്ടററു പാട്ടിലാത്മാവെക്കാണ്മോനമൃതനാണവൻ. 34
അപൂവ്വനകൃതൻ നിത്യനവിചാരിയെയേവനോ
അറിഞ്ഞീടുന്നിതാത്മാവെയഗ്രാഹ്യനമൃതാശിയെ 35
അഗ്രാഹ്യാമൃതനായ്ത്തീരുമവനീക്കാരണങ്ങളാൽ
സവ്വസംസ്കാരവും കൂട്ടിയാത്മാവാത്മാവിലാക്കിയോൻ. 36
ആശ്ശുഭബ്രഹ്മമറിയുമൊന്നുമില്ലതിനപ്പുറം
സത്വപ്രസാദമൊത്തീടിൽ പ്രസാദത്തിനെ നേടിടും; 37
പ്രസാദത്തിൻ ലക്ഷണമോ സ്വപ്നക്കാഴ്ചയ്ക്കു തുല്യമാം.
ഇതാണു മുക്തക്കു ഗതി ജ്ഞാനനിഷ്ഠിതരായവർ 38

കാണും നിശ്ചയമാണ്ടുള്ളോർ പരിണാമജമൊക്കയും.
ഇതോ വിരക്തക്കു ഗതിയിതു ധമ്മം സനാതനം 39
ജ്ഞാനവാന്മാക്കിതേ ലാഭമിതനന്ദിതവൃത്തമാം.
സവ്വഭൂതങ്ങളിൽത്തുല്യൻ നിരാശ്ശിസ്സായി നിസ്പൃഹൻ 40
എല്ലാററിലും തുല്യദശി നേടിക്കൊണ്ടീടുമീഗ്ഗതി.
ഇതൊക്ക നിങ്ങളോടോതിക്കൊണ്ടേൻ ബ്രഹ്മഷിമുഖ്യരേ!
ഏവം ചെയ്യീടുവിനുടനെന്നാൽ സിദ്ധി ലഭിച്ചിടും. 41

ഗുരു പറഞ്ഞു

എന്നേവമാഗ്ഗുരു ബ്രഹ്മാവുരച്ച മുനിമാരവർ
ചെയ്യാരേവം മഹാത്മാക്കൾ പിന്നെ ലോകങ്ങൾ നേടിനാർ. 42
ഇമ്മട്ടങ്ങും മഹാഭാഗ, ഞാൻ ചൊന്നാ ബ്രഹ്മഭാഷിതം
ശുദ്ധാത്മാവേ, ചെയ്യ നന്നായ് പരം നീ സിദ്ധി നേടിടും. 43

വാസുദേവൻ പറഞ്ഞു

എന്നേവം ഗുരുവാ മുഖ്യധമ്മം ചൊല്ലിയ ശിഷ്യനോ
എല്ലാം ചെയ്യിതു കൗന്തേയ, പിന്നെ മോക്ഷത്തെ നേടിനാൻ.
കൃതകൃത്യനുമായ് ശിഷ്യനപ്പോൾ കുരുകുലോദ്വഹ!
എങ്ങു ചെന്നാലല്ലലേല്ക്കില്ലാപ്പദത്തിങ്കലെത്തിനാൻ. 45

അർജ്ജുനൻ പറഞ്ഞു

ആരാണീ ബ്രാഹ്മണൻ കൃഷ്ണ, ശിഷ്യനാരു ജനാദ്ദന!
എനിക്കു കേൾക്കാമെന്നാകിൽ തത്ത്വം ചൊല്ലേണമേ വിഭോ! 46

വാസുദേവൻ പറഞ്ഞു

ഞാനാഗ്ഗുരു മഹാബാഹോ, മനസ്സോ ശിഷ്യനോക്ക മേ
നിൻ പ്രീതിയാൽ ഗുഹ്യമിതു പറഞ്ഞേൻ ഞാൻ ധനഞ്ജയ! 47
നിനക്കെങ്കൽ പ്രീതി നിത്യമെങ്കിൽ കുരുകുലോദ്വഹ!
ഈയദ്ധ്യാത്മം കേട്ടു നന്നായാചരിക്കുക സുവ്രത! 48
ഈധമ്മം നീ നല്ലവണ്ണം ചെയ്യീടിലരികശ്ന!
സവ്വപാപങ്ങളും വിട്ടു കേവലം മോക്ഷമേററിടും. 49
മുന്നം ഞാനിതുതാൻ ചൊന്നേൻ യുദ്ധകാലത്തുടച്ചയിൽ
മഹാബാഹോ, മനംവെയ്ക്കുകതുകൊണ്ടിട്ടിതിങ്കൽ നീ. 50
ഭരതശ്രേഷ്ഠ, ഞാൻ കണ്ടിട്ടേറെനാളായിതച്ഛനെ
നിൻ സമ്മതത്തോടവനെക്കാണ്മാനുണ്ടാശ ഫൽഗുന! 51

വൈശമ്പായനൻ പറഞ്ഞു

എന്നു ചൊന്നാകൃഷ്ണനോടങ്ങുത്തരം ചൊല്ലിയജ്ജുനൻ:
"ഇപ്പോൾ കൃഷ്ണ, നമുക്കെന്നാൽ ഹസ്തിനാപുരി പൂകയാം 52
അങ്ങു പോയ്ക്കണ്ടു ധമ്മിഷ്ഠയുധിഷ്ഠിരനരേന്ദ്രനെ
രാജാവിൻ സമ്മതം വാങ്ങിപ്പോയാലും സ്വപുരിക്കു നീ." 53

52. കൃഷ്ണപ്രയാണം

കൃഷ്ണാർജ്ജുനന്മാർ ധർമ്മപുത്രന്റെ അടുത്തു ചെല്ലുന്നു. ദ്വാരകയിലേക്കു പോയാൽ കൊള്ളാമെന്നുള്ള കൃഷ്ണന്റെ ആഗ്രഹം അർജ്ജുനൻ ജ്യേഷ്ഠനെ അറിയിക്കുന്നു. തങ്ങളെ ഒരിക്കലും മറന്നുകളയരുതെന്നും അശ്വമേധത്തിനു തീർച്ചയായും വന്നുചേരണമെന്നുമുള്ള അഭ്യർത്ഥനയോടുകൂടി ധർമ്മപുത്രൻ കൃഷ്ണനെ പോകാനനുവദിക്കുന്നു. ശ്രീകൃഷ്ണന്റെ പുറപ്പാട്.

വൈശമ്പായനൻ പറഞ്ഞു

പൂട്ടുകെന്നായ് ദാരുകന്നു കൃഷ്ണൻ കല്പന നല്കിനാൻ
മുഹൂർത്തത്താൽ പൂട്ടിയെന്നു വന്നുണർത്തിച്ചു ദാരുകൻ. 1

അവ്വണ്ണം പിൻതുണക്കാരെ പ്രേരിപ്പിച്ചിതു പാണ്ഡവൻ
'ഒരുക്കുവിൻ നമുക്കിന്നു ഹസ്തിനാപുരി പൂകണം.' 2

എന്നു കേട്ടാബ്ഭടന്മാർകൾ തയ്യാറായിദ്ധരാപതേ!
തേജസ്സേറും പാർത്ഥനോടു തയ്യാറായെന്നുണർത്തിനാർ. 3

അവർ പിന്നെത്തേരിലേറിപ്പോയിനാർ കൃഷ്ണപാണ്ഡവർ
നന്ദിച്ചു ചിത്രകഥകൾ ചൊല്ലിക്കൊണ്ടു ധരാപതേ! 4

തേരാണ്ടേഴും കൃഷ്ണനോടു തേജസ്സേറും ധനഞ്ജയൻ
പറഞ്ഞുകൊണ്ടാൻ പിന്നേയുമേവം ഭരതസത്തമ! 5

അർജ്ജുനൻ പറഞ്ഞു

നിൻ പ്രസാദാൽ ജയം നേടീ നൃപൻ വൃഷ്ണികുലോത്തമ!
കൊന്നു മുററും വൈരികളെ നേടീ രാജ്യമകണ്ടകം. 6

പാണ്ഡവന്മാർ നാഥവാന്മാർ ഭവാനാൽ മധുസൂദന!
ഭവാനാകും പ്ലവംകൊണ്ടു കടന്നു കുരുസാഗരം. 7

വിശ്വകർമ്മൻ, നമസ്കാരം! വിശ്വാത്മൻ, വിശ്വസത്തമ!
ഞാൻ ഭവാനായിടുംവണ്ണം ഭവാനെയറിയുന്നു ഞാൻ. 8

ത്വത്തേജസ്സുംഭവൻ നിത്യം ഭൂതാത്മാ മധുസൂദന!
ഈ ഭൂവാകാശവും നിന്റെ രതിക്രീഡാത്മമായയാം. 9

ഈച്ചരാചരമാം വിശ്വമൊക്കയും നിങ്കലുള്ളതാം
വികരിപ്പിപ്പു നീ മുററും ഭൂതഗ്രാമം ചതുർവ്വിധം. 10

ഭൂവന്തരിക്ഷവും ദ്യോവുമവ്വണ്ണം മധുസൂദന!
നിൻ പുഞ്ചിരിനിലാവാം നിന്നിന്ദ്രിയങ്ങളൃതുക്കളും. 11

പ്രാണൻ സതതഗൻ വായു ക്രോധം മൃത്യു സനാതനം
പ്രസാദത്തിൽ പത്മയാം ശ്രീ നിങ്കലെന്നും മഹാമതേ! 12

രതി തുഷ്ടി ക്ഷാന്തി ധൃതി മതി കാന്തി ചരാചരം
യുഗാന്തങ്ങളിൽ നീതന്നെ നിധാനം നിരഘാശയ! 13

ഏറെക്കാലംകൊണ്ടുമാകാ നിൻ ഗുണങ്ങളുരയ്ക്കുവാൻ
ആത്മാവും പരമാത്മാ നീ വന്ദനം നളിനേക്ഷണ! 14

ദുർദ്ധർഷ, നിന്നെയറിവേൻ നാരദൻ മുനി ചൊല്ലിയും

ദേവലൻ ചൊല്ലിയും വ്യാസൻ ചൊല്ലിയും ഭീഷ്മർ ചൊല്ലിയും.
നിങ്കലെല്ലാം നിന്നിടുന്നു നീയൊരുത്തൻ ജനേശ്വരൻ
അനുഗ്രഹത്തൊടുമിതു നീ ചൊല്ലിയനഘാശയ! 16
ഇതൊക്ക ഞാൻ നല്ലവണ്ണമാചരിക്കാം ജനാർദ്ദന!
ഇതുമത്യത്ഭുതം ചെയ്തു ഞങ്ങൾക്കിഷ്ടത്തിനായ്ബ്ഭവാൻ 17
പോരിൽക്കൊന്നതുമാപ്പാപി കൗരവ്യൻ ധാർത്തരാഷ്ട്രനെ.
നീ ദഹിപ്പിച്ച സൈന്യത്തെ സംഗരത്തിൽ ജയിച്ചു ഞാൻ 18
ഞാൻ ജയം നേടിയതിനുള്ളാക്കർമ്മം ചെയ്തതോ ഭവാൻ.
ദുര്യോധനൻെറ യുദ്ധത്തിൽ നിൻെറ ധീവിക്രമങ്ങളാൽ 19
കർണ്ണൻെറയും വധോപായം കാണിക്കപ്പെട്ടു നന്മയിൽ
പാപിയാം സൈന്ധവൻെറയും സോമദത്തസുതൻെറയും. 20
ഞാനെന്നാൽ ദേവകീപുത്ര, പ്രീതിപൂണ്ടരുളും ഭവാൻ
എന്തുരച്ചീടിലും ചെയ്യുമെനിക്കില്ലൊരു സംശയം. 21
ചെന്നു കണ്ടാധർമ്മപുത്രയുധിഷ്ഠിരനരേന്ദ്രനെ
ധർമ്മജ്ഞ, പ്രേരണം ചെയ്യേൻ നിൻെറ യാത്രയ്ക്കു സമ്മതേ! 22
എനിക്കു സമ്മതം നിൻെറ ദ്വാരകാഗമനം പ്രഭോ!
അമ്മാമനെത്താമസിയാതങ്ങു കാണും ജനാർദ്ദന! 23
ദുർദ്ധർഷനാം ബലനെയും മററു വൃഷ്ണീന്ദ്രരേയുമേ.

വൈശമ്പായനൻ പറഞ്ഞു

എന്നോതി പ്രീതരായെത്തീ ഹസ്തിനാപുരമായതിൽ 24
സംഹൃഷ്ടനരരുള്ളോരാപ്പുരം കയറിനാരവർ.
ഇന്ദ്രാലയാഭം ധൃതരാഷ്ട്രൻെറ ഗേഹം ഗമിച്ചവർ 25
കണ്ടുകൊണ്ടാർ മഹാരാജ, ധൃതരാഷ്ട്രനരേന്ദ്രനെ.
ധീമാൻ വിദുരനെദ്ധർമ്മപുത്രരാജാവിനേയുമേ 26
ദുർദ്ധർഷനാം ഭീമനെയാ മാദ്രീനന്ദനരേയുമേ.
ധൃതരാഷ്ട്രാന്തികേ തോല്ക്കാത്താ യുയുത്സുവിനേയുമേ 27
പ്രാജ്ഞ ഗാന്ധാരിയെക്കുന്തീദേവിയെക്കൃഷ്ണയേയുമേ.
സുഭദ്രതൊട്ടു മററുള്ള ഭരതസ്ത്രീകളേയുമേ 28
കണ്ടു ഗാന്ധാരിയെശ്ശുശ്രൂഷിക്കും സ്ത്രീകളെയൊക്കയും.
ധൃതരാഷ്ട്രക്ഷിതിപനെച്ചെന്നുകണ്ടിട്ടരിന്ദമർ 29
താന്താങ്ങൾതൻ പേർ പറഞ്ഞു കാൽപിടിച്ചീടിനാരവർ.
ഗാന്ധാരിതൻെറയും കുന്തിയുടെയും ധർമ്മജൻെറയും 30
ഭീമൻെറയും മഹാത്മാക്കൾ കാൽപിടിച്ചാരതേവിധം.
ക്ഷത്താവിനേയും കൈക്കൊണ്ടു കേട്ടും കുശലമവ്യയം 31
അവരോടൊപ്പമാ വൃദ്ധനൃപശ്ശുശ്രൂഷ ചെയ്തുതേ.
ധൃതരാഷ്ട്രനൃപൻ പിന്നെ രാത്രിയിൽക്കുരുമുഖ്യനെ 32
കൃഷ്ണനേയും ഗൃഹംതോറും വിട്ടു മേധാവിയാമവൻ.

താന്താങ്ങടെ ഗൃഹം പുക്കു രാജാനുമതരാമവർ 33
കൃഷ്ണൻ ധനഞ്ജയഗൃഹത്തേക്കുതാൻ പോയി വീര്യവാൻ.
അവിടെസ്സർവ്വകാമങ്ങളാലുമർച്ചിതനായവൻ 34
ഉറങ്ങി മേധാവി കണ്ണൻ ധനഞ്ജയനൊടൊപ്പമേ.
നേരം പ്രകാശമായപ്പോൾ പൂർവ്വാഹ്നക്രിയ ചെയ്തവർ 35
ധർമ്മരാജന്റെ ഭവനം പൂകിനാർ പരമർച്ചിതർ;
അമാത്യരൊത്തെഴുന്നിരിപ്പൂ ധർമ്മരാജൻ മഹാബലൻ. 36
ആഗ്ഗേഹത്താ മഹാത്മാക്കൾ ചെന്നേററർച്ചിതനാംവിധം
ധർമ്മരാജാവിനെക്കണ്ടു ശക്രനെദ്ദസ്രർ[1] പോലവേ. 37
രാജാവിന്നരുകിൽച്ചെന്നു വാർഷ്ണേയകുരുപുംഗവർ
പ്രീതനാമായവനനുവദിച്ചിട്ടങ്ങിരുന്നുതേ. 38
മേധാവിയാ നൃപൻ ചൊൽവാനിച്ഛിക്കുമവരോടുടൻ
പറഞ്ഞു വാഗ്മിപ്രവരൻ രാജസത്തമനിങ്ങനെ. 39

യുധിഷ്ഠിരൻ പറഞ്ഞു

കണ്ടേൻ, ചൊൽവാനൊരുപ്പു നിങ്ങൾ പരം യദുകുരൂദ്വഹർ
ചൊൽവിൻ ചെയ്യുൻ ചൊന്നതെല്ലാമുടൻ വേണ്ടൊരു സംശയം.
എന്നു കേട്ടർജ്ജുനനതിൽദ്ധർമ്മരാജനൊടോതിനാൻ
വിനയത്തോടടുത്തിട്ടു വാക്യം വാക്യവിശാരദൻ. 41

അർജ്ജുനൻ പറഞ്ഞു

ഈ വാസുദേവൻ രാജാവേ, ചിരം പാർത്തു പ്രതാപവാൻ
ഭവാന്റെ സമ്മതം വാങ്ങീട്ടിച്ഛിപ്പൂ താതദർശനം. 42
അങ്ങു ചൊന്നാലവൻ പോകുമങ്ങയ്ക്കു മതമെങ്കിലോ
വീരനാനർത്തനഗര[2]ത്തേക്കങ്ങനുവദിക്കണേ! 43

യുധിഷ്ഠിരൻ പറഞ്ഞു

പുണ്ഡരീകാക്ഷ, ശുഭമാം പൊയ്ക്കൊൾക മധുസൂദന!
ദ്വാരകയ്ക്കിപ്പൊഴാശ്ശൂരസൂനുവെക്കാണ്മവാൻ പ്രഭോ! 44
മഹാബാഹോ, ഭവാൻ പോവതിങ്ങു കേശവ, സമ്മതം
ചിരമമ്മാമനെക്കണ്ടിട്ടങ്ങു ദേവകിയേയുമേ 45
അമ്മാമനെച്ചെന്നു കണ്ടു ബലനേയും സുമാനദ!
പൂജിച്ചാലും മഹാപ്രാജ്ഞ,യെൻ വാക്കാലെ യഥാർഹമേ. 46
എന്നെയോർക്കേണമേ നിത്യമൂക്കേറും ഭീമനേയുമേ
ഹേ! മാനദാ,ർജ്ജുനനെയും മാദ്രീനന്ദനരേയുമേ. 47
ആനർത്തരാജ്യവും കണ്ടിട്ടച്ഛനേയും മഹാഭുജ!
വൃഷ്ണീന്ദ്രരേയും പിന്നീടെന്നശ്വമേധത്തിനെത്തണേ! 48
രത്നങ്ങളും കൊണ്ടുപോകാം പലമട്ടു വസുക്കളും
എടുത്തുകൊൾക മററങ്ങയ്ക്കിഷ്ടമുള്ളതു സാത്വത! 49

---

1 ദസ്രർ = അശ്വിനീദേവകൾ. 2 ആനർത്തനഗരം = ദ്വാരക.

നിൻ പ്രസാദത്തിനാലിങ്ങീബ്ഭൂമിയൊട്ടുക്ക കേശവ!
വീര, ഞങ്ങൾക്ക കൈവന്നു കൊല്ലപ്പെട്ടു രിപുക്കളും. 50

വൈശമ്പായനൻ പറഞ്ഞു

യുധിഷ്ഠിരൻ ധർമ്മരാജൻ കൗരവ്യനിതു ചൊല്ലവേ
പുരുഷശ്രേഷ്ഠനാം വാസുദേവനിങ്ങനെ ചൊല്ലിനാൻ. 51

കൃഷ്ണൻ പറഞ്ഞു

ഭവാനു രത്നങ്ങൾ ധനങ്ങൾ കേവലം
ധരിത്രിയൊട്ടുക്കയി തേ മഹാഭുജ!
ധനങ്ങളുണ്ടെൻെറ ഗൃഹത്തിലുള്ളവ-
യ്ക്കുടച്ചു നീയീശ്വര, നിത്യമീശ്വരൻ. 52

വൈശമ്പായനൻ പറഞ്ഞു

അതാട്ടെയെന്നേററതിർപൂജ ധർമ്മജൻ
കഴിച്ചൊരാ വീര്യമെഴും ഗദാഗ്രജൻ
പിതൃഷ്വസാ[1]വോടരചെയ്തു വേണ്ടപോ-
ലച്ച്ചിച്ചവൻ ചെയ്തു പരം പ്രദക്ഷിണം. 53

മുറയ്ക്കു നന്നായവളാദരിച്ചവൻ
ശരിക്കു മററും വിദുരാദ്യരങ്ങനെ
ഇറങ്ങിനാൻ ഹസ്തിപുരാൽ ഗദാഗ്രജൻ[2]
ചതുർഭുജൻ ദിവ്യരഥത്തിനാൽ സ്വയം. 54

രഥത്തിലാബ്ഭാമിനിയാം സുഭദ്രയെ
പിതൃഷ്വസാവിൻെറ യുധിഷ്ഠിരൻെറയും
അനുജ്ഞയോടേററി മഹാഭുജൻ മുറ-
യ്ക്കിറങ്ങിനാൻ പൗരജനങ്ങൾ ചൂഴവേ. 55

അവൻെറ പിൻചെന്നു കപീന്ദ്രകേതനൻ
ശിനീന്ദ്രനും മാദ്രവതീകുമാരരും
അഗാധധീ വിദുരൻതാനുമൊപ്പ-
മാബ്ഭീമനും ഭീമഗജേന്ദ്രവിക്രമൻ. 56

തിരിച്ചയച്ചാക്കുരുരാജമുഖ്യരെ-
പ്പരം വീരൻ വിദുരൻതന്നെയും താൻ
ജനാർദ്ദനൻ ദാരുകനോടു ചൊല്ലിനാ-
നശ്വം നടത്താൻ ശിനിപുത്ര[3]നോടുമേ. 57

ഉടൻ ഗമിച്ചു രിപുവർഗ്ഗമർദ്ദനൻ
ശിനിപ്രവീരൻ തുണയായ് ജനാർദ്ദനൻ
സുരാരിജിത്താം[4] ഹരി[5] വിണ്ണു പൂകിടും
പ്രകാരമാനർത്തപുരം പ്രതാപവാൻ. 58

---

1 പിതൃഷ്വസാവ് = അച്ഛൻപെങ്ങൾ; കുന്തി. 2 ഗദാഗ്രജൻ = കൃഷ്ണൻ. 3 ശിനിപുത്രൻ = സാത്യകി 4 സുരാരിജിത്ത് = അസുരന്മാരെ ജയിച്ചവൻ. 5 ഹരി = ഇന്ദ്രൻ.

53. ഉതങ്കോപാഖ്യാനം—കൃഷ്ണോതങ്കസമാഗമം

ദ്വാരകയിലേക്കുള്ള മാർഗ്ഗമദ്ധ്യത്തിൽ ഒരു മരുഭൂമിയിൽവെച്ച് കൃഷ്ണൻ ഉതങ്കൻ എന്ന മഹർഷിയെ കണ്ടുമുട്ടുന്നു. പാണ്ഡവന്മാരും കൗരവന്മാരും സുഖമായിരിക്കുന്നില്ലേ എന്നു മഹർഷി ചോദിക്കുന്നു. നടന്ന സംഭവമെല്ലാം കൃഷ്ണൻ പറഞ്ഞുകേൾപ്പിക്കുന്നു, മഹർഷി ഇതുകേട്ടു കൃഷ്ണനെ ശപിക്കാൻ ഭാവിക്കുന്നു. കാര്യം മുഴുവൻ മനസ്സിലാക്കി ശപിച്ചാൽ മതിയെന്ന് കൃഷ്ണൻ മറുപടി പറയുന്നു.

വൈശമ്പായനൻ പറഞ്ഞു

ഏവം കൃഷ്ണൻ ദ്വാരകയ്ക്കു പോകുമ്പോളംബ് ഭരതർഷഭർ
പുണർന്നു പിൻതിരിച്ചു തൻ തുണയൊത്തു പരന്തപർ. 1

വീണ്ടും വീണ്ടും മാധവനെത്താൻ പുണർന്നിതു ഫൽഗുനൻ
കണ്ണെത്തുവോളമവനെ നോക്കിനിന്നിതു വീണ്ടുമേ. 2

പാർത്ഥൻ പണിപ്പെട്ടു ഗോവിന്ദനിലേല്പിച്ച ദൃഷ്ടിയെ
സംഹരിച്ചു കണ്ണനമവ്വണ്ണംതാനപരാജിതൻ. 3

ആ മഹാത്മാവു പോകുമ്പോൾ നിമിത്തങ്ങൾ പലേതരം
അത്യത്ഭുതങ്ങളുണ്ടായിതവ ചൊൽവതു കേൾക്ക നീ. 4

കാറ്റേറ്റം വേഗമായ് വീശിയാത്തേരിൻ മുന്നിലപ്പൊഴേ
ചരലും പൊടിയും മുള്ളും വഴിക്കില്ലാതെയാംവിധം. 5

വർഷിച്ചിതാ വാസവനും മണത്തു ശുചിയാം ജലം
ശാർങ്ഗധന്വാവിന്റെ മുന്നിൽ ദിവ്യപുഷ്പങ്ങളങ്ങനെ. 6

ചെന്നണഞ്ഞാ മഹാബാഹു മരുധന്വപ്പരപ്പിലായ്[1]
കണ്ടു മുനിശ്രേഷ്ഠനാകുമോജസ്സേറുമുതങ്കനെ. 7

തേജസ്വിയാ മാമുനിയെപ്പൂജിച്ചു പൃഥുലോചനൻ
അവൻ പൂജിച്ചതിങ്ങേററു ചോദിച്ചാനങ്ങനാമയം. 8

കുശലം കേട്ടൊരവനും പൂജിച്ചു മധുമാഥിയെ[2]
ചോദിച്ചു വിപ്രേന്ദ്രനുതങ്കനാ മാധവനോട്ടടൻ. 9

ഉതങ്കൻ പറഞ്ഞു

കുരുപാണ്ഡവസത്മത്തിലയി ശൗരേ, ഗമിച്ചു നീ
സൗഭ്രാത്രമിളകാതാക്കീലല്ലീ ചൊല്ലെന്നൊടായതും. 10

ആ വീരരെയിണക്കീട്ടു തിരിച്ചീലല്ലി കേശവ!
സംബന്ധികളെയെന്നും തന്നിഷ്ടരേ വൃഷ്ണിപുംഗവ! 11

അഞ്ചു പാണ്ഡുസുതന്മാരും ധൃതരാഷ്ട്രന്റെ മക്കളും
ലോകങ്ങളിൽ കളിക്കില്ലേ നിന്നോടൊത്തു പരന്തപ! 12

ആ മന്നോരും സ്വരാഷ്ട്രത്തിൽ സുഖം നേടീട്ടമില്ലയോ
കൗരവന്മാർ കേശവ, നീ നാഥനായ് ശമമേല്ക്കവേ. 13

ഉണ്ണീ, നിന്നിലെനിക്കെന്നും സംഭാവനയതെങ്ങനെ

---

1 മരുധന്വപ്പരപ്പ്=പരന്ന മരുഭൂമി. 2 മധുമാഥി=കൃഷ്ണൻ.

അതുണ്ണീ, ഭാരതന്മാരിൽ ഫലിപ്പിച്ചില്ലയോ ഭവാൻ? 14

ശ്രീഭഗവാൻ പറഞ്ഞു

മുന്നം ശമിപ്പാൻ ഞാൻ യത്നം ചെയ്തു നോക്കീ കുരുക്കളിൽ
സമസ്ഥിതിക്കാക്കി വിടാൻ സാധിക്കാഞ്ഞപ്പൊളങ്ങുടൻ 15

മുടിഞ്ഞിതവരൊട്ടുക്കു മക്കൾ ബന്ധുക്കളൊത്തവർ
ബുദ്ധികൊണ്ടോ ബലംകൊണ്ടോ പറ്റാ ദൈവത്തെ വെല്ലുവാൻ.

മഹർഷേ, വീണ്ടുമറിയാമങ്ങയ്ക്കുനഘ, മുറ്റുമേ
അവരെന്മതി തെറ്റിച്ചു ഭീഷ്മന്റെ വിദുരന്റെയും. 17

കാലന്നൂർ പൂക്കിതതിനാൽ തമ്മിലേറ്റെതിരിട്ടഹോ!
അഞ്ചു പാണ്ഡവർ ശേഷിച്ചു ഹതമിത്രർ ഹതാത്മജർ. 18
മുറ്റും ചത്തു ബന്ധുപുത്രയുക്തരാം ധൃതരാഷ്ട്രജർ.

വൈശമ്പായനൻ പറഞ്ഞു

എന്നു കൃഷ്ണൻ ചൊല്ലിയപ്പോളേറ്റം ക്രോധമിയന്നവൻ 19
ഉതങ്കനവനോടോതീ രോഷാൽ കണ്ണു തുറിച്ചവൻ.

ഉതങ്കൻ പറഞ്ഞു

ശക്തൻ നീ കൃഷ്ണ, കാത്തീടാഞ്ഞതിനാൽ കുരുമുഖ്യരെ
ചാച്ചവേഴ്ക്കാരെയതിൽ ശപിപ്പേൻ നിന്നെ നിശ്ചയം. 20
പെട്ടെന്നവരെ നീയുക്കിൽത്തടുത്തീടായ്കകാരണം
ചൊടിച്ചു നിന്നെ ഞാനിപ്പോൾ ശപിപ്പേൻ മധുസൂദന! 21
ശക്തനാണെങ്കിലും മിഥ്യാചാരൻ നീ കൊന്നു മാധവ!
തെറ്റിനില്ക്കും കുരുശ്രേഷ്ഠർ നശിക്കേ വിട്ടൊഴിക്കയാൽ. 22

വാസുദേവൻ പറഞ്ഞു

വിസ്തരിച്ചതു ഞാൻ ചൊല്ലുന്നതു കേൾ ഭൃഗുനന്ദന!
കൈക്കൊൾകനനയം ഭാർഗ്ഗവേന്ദ്ര, താപസനല്ലയോ? 23
എന്റെയദ്ധ്യാത്മവും കേട്ടിട്ടിപ്പോൾ ശാപമയയ്ക്കു നീ
എന്നെയല്പതമസ്സാലേ ബാധിപ്പാനാകയില്ലൊരാൾ. 24
നിൻ തപസ്സു നശിക്കാൻ ഞാനിച്ഛിപ്പീലാ തപോധന!
ഉണ്ടങ്ങയ്ക്കു തപസ്സുഗ്രം ഗുരുക്കളുടെ തുഷ്ടിയും. 25
നിൻ കൗമാരബ്രഹ്മചര്യമറിവേൻ ഞാൻ ദ്വിജോത്തമ!
ക്ലേശിച്ചേറ്റ തപസ്സിന്നീ വ്യയമിച്ഛിപ്പതില്ല ഞാൻ. 26

54. ഉതങ്കോപാഖ്യാനം—കൃഷ്ണാദ്ധ്യാത്മകഥനം

കൃഷ്ണൻ തന്റെ യഥാർത്ഥസ്വരൂപത്തെപ്പറ്റി ഉതങ്കനെ പറഞ്ഞുകേൾപ്പിക്കുന്നു. താൻ തന്നെക്കൊണ്ടു കഴിവുള്ളതൊക്കെ ചെയ്തുനോക്കിയെന്നും, അതൊന്നാമനുസരിക്കാതെ കൗരവർ സ്വയം നശിക്കയാണു ചെയ്തതെന്നും കൃഷ്ണൻ പറഞ്ഞു കേൾപ്പിക്കുന്നു.

ഉതങ്കൻ പറഞ്ഞു

ചൊല്ലു കേശവ! തത്ത്വത്താൽ നീയദ്ധ്യാത്മമനിന്ദിതം
ശ്രേയസ്സോ ശാപമോ ചെയ്യേൻ കേട്ടു നിങ്കൽ ജനാർദ്ദന! 1

വാസുദേവൻ പറഞ്ഞു

തമസ്സേവം രജസ്സത്വമെങ്കൽ ഭാവങ്ങളോക്ക് നീ
ഏവം രുദ്രന്മാർ വസുക്കളോക്കെങ്കലുളവായ് ദ്വിജ! 2
എങ്കൽബ് ഭൂതങ്ങളൊക്കേയും ഞാൻ ഭൂതങ്ങളിലൊക്കയും
നില്പുണ്ടെന്നു ധരിച്ചാലുമങ്ങയ്ക്കരുതു സംശയം. 3
ഏവം മററും ദൈത്യയക്ഷഗന്ധർവ്വാശരനാഗരും
അപ്സരസ്സുകളെമറികെങ്കലുണ്ടായതായ് ദ്വിജ! 4
സത്തസത്തും ചൊൽവതെന്തിങ്ങവ്യക്തം വ്യക്തമെന്നതും
അക്ഷരം ക്ഷരമെന്നുള്ളതതൊട്ടുക്കു മദാത്മകം. 5
നാലായാശ്രമധർമ്മങ്ങളറിവുള്ളവയും മുനേ!
വൈദികങ്ങളുമൊക്കേയുമറികെല്ലാം മദാത്മകം. 6
സദസൽപരമാം വിശ്വം സത്തസത്തുമതേവിധം
സനാതനൻ ദേവദേവൻ ഞാനൊഴിഞ്ഞില്ലൊരെണ്ണവും 7
ഓങ്കാരംമുതൽ വേദങ്ങളം ഞാനെന്നോർക്കു ഭൃഗൂദ്വഹ!
യൂപം സോമം ചരു ഹോമം മഖത്തിൽ ദേവപോഷണം 8
ഹോതാവും ഹവ്യവും ഞാനെന്നറിയൂ ഭൃഗുനന്ദന!
അദ്ധ്വര്യു കല്പകം പിന്നെ ഹവിസ്സും മുഖ്യസംസ്കൃതം 9
ഉൽഗാതാവും ഗീതഘോഷാലെന്നെ വാഴ്ത്തുന്നിതദ്ധ്വരേ.
പ്രായശ്ചിത്തംതോറുമെന്നെശ്ശാന്തിമംഗളവാചകർ 10
സ്തുതിപ്പൂ വിശ്വകർമ്മാവെയെപ്പൊഴും ദ്വിജസത്തമ!
അറികെന്മകനാം ധർമ്മമഗ്രജൻ ദ്വിജസത്തമ! 11
മാനസൻ ദയിതൻ വിപ്ര, സർവ്വഭൂതദയാത്മകൻ.
ഞാൻ പ്രവൃത്തിനിവൃത്തിസ്ഥന്മാരാം മാനവരാലിഹ 12
സംസാരിപ്പോൻ പലതരം ജന്മമൊപ്പിപ്പു സത്തമ!
ധർമ്മസംരക്ഷണത്തിന്നും ധർമ്മസംസ്ഥാപനത്തിനും 13
അതാതു വേഷരൂപത്തിൽ മൂപ്പാരിൽ ഭൃഗുനന്ദന!
ഞാൻ വിഷ്ണു ഞാൻതാൻ ബ്രഹ്മാവു ശക്രൻ ഞാൻ പ്രഭവക്ഷയം
ഭൂതഗ്രാമത്തിനൊട്ടുക്കു സൃഷ്ടിപ്പോൻ സംഹരിപ്പവൻ.
അധർമ്മത്തിങ്കൽ നില്ക്കുന്നോക്കൊട്ടുക്കച്യുതനായ ഞാൻ 15
യുഗത്തിലിളകുന്നേരം കെട്ടുന്നേൻ ധർമ്മസേതുവെ
അതാതു യോനി പുക്കങ്ങീ പ്രജകൾക്കു ഹിതത്തിനായ്. 16
ദേവയോനിയിൽ ഞാനെപ്പോഴം നില്ക്കുന്നു ഭൃഗുനന്ദന!
അപ്പോഴം ഞാൻ ദേവനെപ്പോലെയെല്ലാം ചെയ്യുന്നസംശയം. 17
ഭൃഗുനന്ദന, ഞാനെപ്പോഴം നില്പേൻ ഗന്ധർവ്വയോനിയിൽ
അപ്പോഴം ഗന്ധർവ്വനെപ്പോലെയെല്ലാം ചെയ്യുന്നസംശയം. 18
നാഗയോനിയിൽ നില്ക്കുമ്പോഴം നാഗംപോലെ ചരിക്കുവൻ
യക്ഷരാക്ഷസയോനിക്കും ശരികു വിചരിക്കുവൻ. 19

മത്ത്യയോനിയിൽ നില്ക്കുമ്പോഴം ഞാൻ കാപ്പണ്യാ*ലിരക്കിലും
അവരാ വാക്കു കേട്ടീലാ സമ്മോഹം പൂണ്ടു മോഹിതർ. 20
പെരുതാകും ഭയത്തിന്നായ് പേടിപ്പിച്ചേൻ കുരുക്കളെ
ക്രുദ്ധനായ് നിന്നു പിന്നേയും ശരിയാമ്മട്ടു കാട്ടിനേൻ. 21
അധമ്മമൊത്തുള്ളവരോ കാലധമ്മത്തിലെത്തിയോർ
ധമ്മത്താലടരിൽക്കൊന്നോർ ചെന്നു വിണ്ണിലസംശയം. 22
ലോകത്തിൽ പാണ്ഡവർ പരം പേർ കേട്ടു ദ്വിജസത്തമ!
എന്നോടിതല്ലോ ചോദിച്ചു ചൊന്നേൻ നിന്നോടിതൊക്കയും.

55. ഉതങ്കോപാഖ്യാനം—വരപ്രദാനം

പരമാത്മം മനസ്സിലാക്കിയ ഉതങ്കൻ കൃഷ്ണന്റെ വിശ്വരൂപം കണ്ടാൽ കൊള്ളാമെന്നാവശ്യപ്പെടുന്നു. വിശ്വരൂപം പ്രദർശിപ്പിച്ചുകൊണ്ടു് എന്തെങ്കിലും വരം ചോദിക്കാൻ കൃഷ്ണൻ ഉതങ്കനോടു പറയുന്നു. ഈ മരുഭൂമിയിൽ വേണ്ടസമയത്തു് വെള്ളം കിട്ടിയാൽ കൊള്ളാമെന്നു് ഉതങ്കൻ പറയുന്നു. കൃഷ്ണൻ അതു സമ്മതിക്കുന്നു. ഒരിക്കൽ ദാഹിച്ചു വലഞ്ഞ ഉതങ്കൻ, പട്ടികളോടൊന്നിച്ചു നിലം കുഴിക്കുന്ന ഒരു ചണ്ഡാലനെ കാണുന്നു. ചണ്ഡാലൻ താൻ കുഴിച്ച കുഴിയിൽനിന്നു് വെള്ളമെടുത്തു കുടിക്കാൻ ഉതങ്കനോടു പറയുന്നു. ഉതങ്കൻ അതു നിഷേധിക്കുന്നു. ചണ്ഡാളൻ ഉടനേ അപ്രത്യക്ഷനാകുന്നു. താമസിയാതെ അവിടെ പ്രത്യക്ഷപ്പെട്ട കൃഷ്ണൻ, ആ ചണ്ഡാളൻ ഇന്ദ്രനായിരുന്നുവെന്നും ഉതങ്കനെ അമൃതപ്രാശനംകൊണ്ടു് അമത്ത്യനാക്കിത്തീക്കാനാണു് ഇന്ദ്രൻ വന്നതെന്നും ഉതങ്കനോടു പറയുന്നു. കൃഷ്ണൻ മരുഭൂമിയിൽ 'ഉതങ്കമേഘ'ങ്ങളെക്കൊണ്ടു മഴ പെയ്യിക്കുന്നു.

ഉതങ്കൻ പറഞ്ഞു

ജഗൽക്കത്താവാണു ഭവാനറിവേൻ ഞാൻ ജനാദ്ദന!
നിൻ പ്രസാദംതന്നെ നൂനമിതെനിക്കില്ല സംശയം. 1
ഏററം തെളിഞ്ഞു നിൻ ഭാവമാണ്ടേൻ ചിത്തവുമച്യുത!
ശാപത്തിൽനിന്നും പിൻവാങ്ങിയെന്നോക്കുക പരന്തപ! 2
അനുഗ്രഹം നിങ്കൽനിന്നു ഞാനഹിക്കിൽ ജനാദ്ദന!
കാണ്മാൻ മോഹം കാട്ടുക നിന്നൈശ്വരം രൂപമൊന്നു നീ. 3

വൈശമ്പായനൻ പറഞ്ഞു

അവന്നു പിന്നെ പ്രീതാത്മാവാ വപുസ്സങ്ങു കാട്ടിനാൻ
ശാശ്വതം വൈഷ്ണവം ധീമാനജ്ജുനൻ കണ്ടതങ്ങനെ. 4
അവൻ കണ്ടു മഹാത്മാവാ വിശ്വരൂപൻ മഹാഭുജൻ
സഹസ്രസൂര്യസദൃശൻ കത്തും പാവകസന്നിഭൻ 5
സവ്വതോമുഖനായ് മുററുമാകാശം തിങ്ങി നില്പതായ്.
വിഷ്ണുവിൻ വൈഷ്ണവാശ്ചര്യമാ രൂപം പാത്തു കണ്ടുടൻ 6
വിസ്മയം പൂണ്ടിതാ വിപ്രൻ കണ്ടിട്ടാപ്പരമേശനെ.

---

* കാപ്പണ്യാൽ = ദയയോടുകൂടി; ദീനതയോടുകൂടി.

ഉതങ്കൻ പറഞ്ഞു

വിശ്വകർമ്മൻ, നമസ്കാരം വിശ്വാത്മൻ, വിശ്വസംഭവ!
നിൻ കാലാൽ ഭൂമി നിറവായ് വ്യോമം മൂടീ ശിരസ്സിനാൽ. 7
ഭൂവിണ്ണുകൾക്കുള്ളിടയും വയറാൽ മൂടിനില്പതാം
ദിക്കൊക്കക്കൈകളാൽ മൂടി നീതാൻ സർവ്വവുമച്യുത! 8
സംഹരിക്കുകിനിദ്ദേവ, രൂപമക്ഷയ്യമുത്തമം
വീണ്ടും ശാശ്വതനാം നിന്നെ സ്വരൂപാൽ കണ്ടിടേണമേ! 9

വൈശമ്പായനൻ പറഞ്ഞു

തെളിഞ്ഞായവനോടോതീ ഗോവിന്ദൻ ജനമേജയ!
വരം വരിക്കുകെന്നപ്പോളുതങ്കൻ ചൊല്ലിയിങ്ങനെ: 10
''നിങ്കൽനിന്നീ വരംതന്നെ മതിയായീ മഹാദ്യുതേ!
കൃഷ്ണ, ഞാൻ നിന്റെയീ രൂപം കണ്ടല്ലോ പുരുഷോത്തമ!'' 11
അവനോടോതി പിന്നേയും കൃഷ്ണൻ ''ചിന്തിച്ചിടേണ്ട നീ
അവശ്യമിതു ചെയ്യേണം പാഴാകില്ലെന്റെ ദർശനം.'' 12

ഉതങ്കൻ പറഞ്ഞു

അവശ്യമിതു ചെയ്യേണമെന്നങ്ങോർക്കുകിലോ വിഭോ!
വെള്ളം വേണം വേണ്ടിടത്തു ദുർല്ലഭം മരുഭൂമിയിൽ. 13

വൈശമ്പായനൻ പറഞ്ഞു

ഉതങ്കനോടാത്തേജസ്സങ്ങടക്കിച്ചൊല്ലിയീശ്വരൻ
'വേണ്ടപ്പോളെന്നെയോർക്കെ'ന്നും ചൊല്ലി ദ്വാരക പൂകിനാൻ. 14
പിന്നീടൊരിക്കൽ ഭഗവാനുതങ്കൻ ജലകാംക്ഷയാൽ
ദാഹിച്ചു ചുററീ മരുവിലന്നച്യുതനെയോർത്തുതേ. 15
അപ്പോൾദ്ധീമാൻ നഗ്നനായ് ചേറാണ്ട ചണ്ഡാലനേകനെ
കണ്ടാനാ മരുഭൂവിങ്കൽ നായ്ക്കൾ ചൂഴുമൊരുത്തനെ. 16
ഭീഷണൻ ഖഡ്ഗവും കെട്ടി വില്ലമ്പേന്തുമൊരുത്തനെ
അവന്റെ കീഴെ സ്രോതസ്സിൽ കണ്ടാനേറെജ്ജലം ദ്വിജൻ. 17
ആച്ചണ്ഡാലൻ സ്മരിച്ചൊന്നു ചിരിച്ചവനൊടോതിനാൻ.

ചണ്ഡാലൻ പറഞ്ഞു

വരൂ ഉതങ്ക, വാങ്ങിക്കുകെന്നോടങ്ങു ദ്വിജോത്തമ! 18
ദാഹിച്ചു തളരുന്നങ്ങെക്കണ്ടേറെദ്ദയ തോന്നി മേ.

വൈശമ്പായനൻ പറഞ്ഞു

എന്നവൻ ചൊല്ലിയ മുനി കൊണ്ടാടീലാ ജലത്തിനെ 19
ധീമാനാക്ഷേപിച്ചിതുഗ്രവാക്കാലച്യുതനെപ്പരം.
കുടിക്കുകെന്നാച്ചണ്ഡാലനവനോടോതി വീണ്ടുമേ 20
ചൊടിച്ചവൻ കുടിച്ചില്ലാ ക്ഷുത്തിയന്നുള്ളൊരുള്ളൊടും.
ആ മഹാത്മാവപ്രകാരം തീർച്ചയായ്ത്തള്ളിവിട്ടവൻ 21
നായ്ക്കളൊത്തു മഹാരാജ, മറഞ്ഞാനങ്ങുവെച്ചുതാൻ.
ഉതങ്കനവനെക്കണ്ടമ്മട്ടു നാണമിയന്നവൻ 22

ഓർത്തു ശത്രുഹരൻ കൃഷ്ണൻ ചതിച്ചാനെന്നെയെന്നുമേ.
ഉടനാവഴിയേതന്നെ ശംഖചക്രഗദാധരൻ 23
എത്തീ മഹാബുദ്ധി ചൊന്നാനുതങ്കനവനോടുടൻ.

ഉതങ്കൻ പറഞ്ഞു

അമ്മട്ടുള്ളതു നീ തന്നാലൊക്കില്ലാ പുരുഷോത്തമ! 24
ജലം വിപ്രക്കു ചണ്ഡാലസ്രോതസ്സുവഴിയായ് വിഭോ!

വൈശമ്പായനൻ പറഞ്ഞു

എന്നുരച്ചോരവനൊടു മഹാബുദ്ധി ജനാർദ്ദനൻ 25
ഉതങ്കനോടു നൽവാക്കായ് സാന്ത്വനംചെയ്തു ചൊല്ലിനാൻ.

കൃഷ്ണൻ പറഞ്ഞു

ഏതുമട്ടുള്ള രൂപത്തെദ്ധരിച്ചേകുക യോഗ്യമോ 26
അമ്മട്ടുതാൻ തന്നു നിനക്കതറിഞ്ഞതുമില്ല നീ.
നിനക്കുവേണ്ടി ഞാൻ വജ്രമേന്തുമിന്ദ്രനൊടോതിനേൻ 27
'ഉതങ്കനമൃതംഭസ്സായ് നല്കേ'ന്നാ പ്രഭുവോടുടൻ.
എന്നോടു ചൊന്നാൻ ദേവേന്ദ്രൻ മർത്ത്യന്നൊക്കൊല്ലമർത്ത്യത 28
വരം മറെറാന്നിവന്നേകുകെന്നു വീണ്ടും ഭൃഗൂത്തമ!
അമൃതേകേണമെന്നായ് ഞാൻ ശചീപതിയൊടോതിനേൻ 29
എന്നെ പ്രസാദിപ്പിച്ചിട്ടു വീണ്ടും ചൊന്നാൻ സുരേശ്വരൻ.

ഇന്ദ്രൻ പറഞ്ഞു

നല്കേണമെങ്കിൽച്ചണ്ഡാലനായിട്ടീ ഞാൻ മഹാമതേ! 30
മഹാത്മാവാം ഭാർഗ്ഗവന്നായമൃതങ്ങു കൊടുക്കുവൻ.
ഏവമായാൽ ഭാർഗ്ഗവൻതാനമൃതം വാങ്ങുമെങ്കിലോ 31
കൊടുപ്പാനിത പോകുന്നേൻ ഭാർഗ്ഗവന്നമൃതം വിഭോ!
അവൻ തള്ളിക്കളഞ്ഞീടിൽ ഞാൻ കൊടുക്കില്ലൊരിക്കലും. 32

കൃഷ്ണൻ പറഞ്ഞു

അപ്രകാരം കരാർ ചെയ്തിട്ടാ വേഷത്താലെ വാസവൻ
നിൻ മുന്നിൽ വന്നിതമൃതു നല്കുമ്പോളും തള്ളിവിട്ടു നീ. 33
ചണ്ഡാലനാം ദേവനെ നീ ചെയ്തതേററമതിക്രമം
എനിക്കു ചെയ്യാൻ കഴിയും വീണ്ടും നിൻെറയഭീപ്സിതം. 34
ദുർദ്ധർഷയാം നിൻ തോയേച്ഛ ഫലിപ്പിക്കുന്നതുണ്ടു ഞാൻ
അങ്ങേയ്ക്കേതേതുനാൾ ബ്രഹ്മൻ, ജലേച്ഛയുളവാകുമോ 35
അന്നന്നു മരുഭൂവിങ്കലുണ്ടാം നീരുററ കാറുകൾ.
സ്വാദേറും ജലമങ്ങേയ്ക്കു നല്കീടും ഭൃഗുനന്ദന! 36
ഉതങ്കമേഘങ്ങളെന്നു പാരിൽ പേർ കേൾക്കുമായവ.

വൈശമ്പായനൻ പറഞ്ഞു

എന്നു കൃഷ്ണൻ ചൊന്ന വിപ്രൻ പ്രീതനായ്ത്തീർന്നിതായവൻ
ഉതങ്കക്കാർകൾ മരുവിലിന്നും വർഷിപ്പു ഭാരത! 37

56. ഉതങ്കോപാഖ്യാനം—കുണ്ഡലാഹരണം

കൃഷ്ണനെപ്പോലും ശപിക്കാൻ പുറപ്പെടുന്ന ഉതങ്കൻ ആരാണെന്നു ജനമേജയൻ വൈശമ്പായനനോടു ചോദിക്കുന്നു. ഉതങ്കോപാഖ്യാനത്തിന്റെ ആരംഭം: ഗൗതമശിഷ്യനായ ഉതങ്കൻ വാർദ്ധക്യംവരെ ഗുരുവിനെ ശുശ്രൂഷിക്കുന്നു. ഒടുവിൽ വീട്ടിലേക്കു മടങ്ങാൻ ഗുരുവിനോട് അനുമതിക്കപേക്ഷിക്കുന്നു. ഗുരുദക്ഷിണയെപ്പററി ചോദിച്ചപ്പോൾ ശുശ്രൂഷകൊണ്ടു തൃപ്തനായ തനിക്കു വേറെ ഗുരുദക്ഷിണ ആവശ്യമില്ലെന്നു ഗൗതമൻ പറയുന്നു. സൗദാസപത്നി അണിയുന്ന രത്നകുണ്ഡലങ്ങൾ കിട്ടിയാൽ കൊള്ളാമെന്നു ഗുരുപത്നിയായ അഹല്യ പറയുന്നു.

ജനമേജയൻ പറഞ്ഞു

ഉതങ്കനെന്തൊരു തപസ്സുള്ളൊരുത്തൻ മഹാശയൻ
പ്രഭാവിയാം വിഷ്ണുവിന്നു ശാപം നല്കാനൊരുങ്ങിയോൻ? 1

വൈശമ്പായനൻ പറഞ്ഞു

ഉതങ്കൻ വൻ തപസ്സുള്ളോനാകുന്നു ജനമേജയ!
തേജസ്വി ഗുരുഭക്തൻതാൻ മറെറാന്നർച്ചിച്ചതില്ലവൻ. 2
മററുള്ള മുനിപുത്രന്മാർക്കുണ്ടായ്പോലീ മനോരഥം
എനിക്കുതങ്കന്റെ ഗുരുവൃത്തിയാകെന്നു ഭാരത! 3
ഗൗതമന്നു പെരുത്തുള്ള ശിഷ്യരിൽ ജനമേജയ!
ഉതങ്കനിൽ പ്രീതിയേറെ സ്നേഹവും വാച്ചിതപ്പൊഴേ. 4
അവന്റെ ദമശൗചങ്ങൾ വിക്രമം പൂണ്ട കർമ്മവും
നല്ല ശുശ്രൂഷയും മൂലം പ്രീതനായ്ത്തീർന്നു ഗൗതമൻ. 5
അസംഖ്യം ശിഷ്യരെപ്പിന്നെത്താനയച്ചു മഹാമുനി
ഉതങ്കനെ പ്രീതിമൂലം താനിച്ഛിച്ചില്ലയയ്ക്കുവാൻ. 6
ക്രമത്താലാ മാമുനിക്കു ജരവന്നു പിടിച്ചുപോയ്
അറിഞ്ഞതില്ലുതക്കാലം ഗുരുവത്സലനാം മുനി. 7
പിന്നീടൊരിക്കൽ ഭൂപേന്ദ്ര, പോയീ വിറകിനായവൻ
ഉതങ്കൻ വിറകിൻകെട്ടു കൊണ്ടുവന്നു മഹത്തരം. 8
അതിൻ കനംകൊണ്ടുഴന്നാ വിറകിൻകെട്ടരിന്ദമ!
നിലത്തിട്ടു നരപതേ, തളർന്നേററം വിശന്നവൻ. 9
അവന്റെ വെള്ളിനിറമാം മുടിയോ പററി കൊള്ളിയിൽ,
പരം വിറകൊടുംകൂടിപ്പതിച്ചിതു ധരിത്രിയിൽ. 10
അവൻ ഭാരംകൊണ്ടുഴന്നു വിശന്നോനഥ ഭാരത!
ആ വയസ്സായ നിലയെക്കണ്ടുറക്കെക്കരഞ്ഞുപോയ്. 11
ഉടനായാളുടെ ഗുരുപുത്രി പങ്കജവക്ത്രയാം
സുശ്രോണി കണ്ണുനീർ കൈയിൽ വാങ്ങിനാൾ വിപുലാക്ഷി—
അച്ഛന്റെ വാക്കാൽ ധർമ്മജ്ഞ തല കുമ്പിട്ടു നിന്നവൾ. [യാൾ
കണ്ണുനീർ വീണവൾക്കുള്ള കൈകളോ വെന്തു വീണുപോയ് 13

ആക്കണ്ണുനീർത്തുള്ളി വാങ്ങാൻ മതിയായവില്ല ഭൂമിതാൻ.
ഉതങ്കവിപ്രനോടോതിയുടൻപ്രീതിയൊടു ഗൗതമൻ: 14
''എന്താണുണ്ണീ, നിനക്കിപ്പോളുള്ളിൽ ശോകം പെരുക്കുവാൻ?
സ്വൈരം ചൊല്ലുക വിപ്രർഷേ, തത്ത്വം കേൾപ്പതിനാഗ്രഹം.''

ഉതങ്കൻ പറഞ്ഞു

ഭവച്ചിത്തൻ ഭവൽപ്രീതി ചെയ്യുവാനാഗ്രഹിച്ചു ഞാൻ
ഭവൽഭക്തിയിലാണ്ടുള്ളോൻ ഭവൽഭാവാനുവർത്തകൻ 16
അറിഞ്ഞില്ലീജ്ജരയെയുമറിഞ്ഞിട്ടില്ല സൗഖ്യവും
നൂറാണ്ടു വാണൊരീയെന്നെയയപ്പീലങ്ങു പോകുവാൻ. 17
എൻെറ താഴെ ശിഷ്യരേയും പോകുവാൻ സമ്മതിച്ചു നീ
വന്നൊരാത്തോരെ ദ്വിജശ്രേഷ്ഠ, നൂറുമായിരവും ശരി. 18

ഗൗതമൻ പറഞ്ഞു

നിന്നിൽ പ്രീതിയൊടും നിൻെറ ഗുരുശുശ്രൂഷയാലെ ഞാൻ
ഏറെക്കാലം കഴിച്ചേനിങ്ങറിഞ്ഞില്ലാ ദ്വിജർഷഭ! 19
എന്നാൽ പോവാൻ ശ്രദ്ധ നിനക്കുണ്ടെന്നാലയി ഭാർഗ്ഗവ!
സമ്മതം വാങ്ങി നീ നന്നായ് സ്വഗൃഹം പൂക വൈകൊലാ. 20

ഉതങ്കൻ പറഞ്ഞു

ഗുരുദക്ഷിണ നല്കേണ്ടതെന്തു ചൊല്ലു ദ്വിജോത്തമ!
അതാഹരിച്ചു പോയ്ക്കൊൾവൻ നിൻ സമ്മതിയൊടും വിഭോ! 21

ഗൗതമൻ പറഞ്ഞു

സത്തർ ചൊൽവൂ ഗുരുക്കൾക്കു സന്തോഷംതന്നെ ദക്ഷിണ
ബ്രഹ്മൻ, നന്നായ്ച്ചെയ്തു നിന്നിൽ ഞാനോ തുഷ്ടനസംശയം. 22
ഇമ്മട്ടു പരിതുഷ്ടൻ ഞാനെന്നോർക്കുക ഭൃഗൂത്തമ!
പതിനാറു വയസ്സോർക്കും യുവാവാമെങ്കിലിന്നു നീ. 23
നിൻ പത്നിയായെന്മകളാം കന്യയെത്തരുവൻ ദ്വിജ!
നിൻ തേജസ്സിവളല്ലാതെ സേവിപ്പാനില്ലൊരുത്തിയും. 24

വൈശമ്പായനൻ പറഞ്ഞു

ആ യശസ്വിനിയെപ്പിന്നെ യുവാവായ് വേട്ടിതായവൻ
ഗുരുവിൻ സമ്മതത്തോടും ഗുരുപത്നിയൊടോതിനാൻ. 25

ഉതങ്കൻ പറഞ്ഞു

ഭവതിക്കെന്തു നല്കേണ്ടു കല്പിക്ക ഗുരുദക്ഷിണ?
പ്രാണവിത്തങ്ങളെക്കൊണ്ടുമിച്ഛിപ്പേൻ ഞാൻ പ്രിയം ഹിതം.
ഈ ലോകത്തിൽ ദുർല്ലഭമാമത്യത്ഭുതമഹാ ധനം
എന്തതിങ്ങു തപസ്സാൽ ഞാനാനയിപ്പനസംശയം. 27

അഹല്യ പറഞ്ഞു

തുഷ്ടയായ് ഞാൻ വിപ്ര, നിത്യം ഭക്തിയാലനഘാശയ!
ഇതു പോരും നന്മ വരും പൊയ്ക്കൊൾകുണ്ണീ, യഥേഷ്ടമേ. 28

വൈശമ്പായനൻ പറഞ്ഞു

ഉതങ്കനോ മഹാരാജ, വീണ്ടുമിങ്ങനെ ചൊല്ലിനാൻ:
'അമ്മേ, കല്പിച്ചുകൊൾകെന്നെ ഞാൻ ചെയ്യേണ്ടതു നിൻ—

അഹല്യ പറഞ്ഞു
[പ്രിയം.''

സൗദാസപത്നിയണിയും ദിവ്യമാം രത്നകുണ്ഡലം
രണ്ടും കൊണ്ടുവരൂ ഭദ്രം ഗുരുദക്ഷിണ ചെയ്യതാം. 30

വൈശമ്പായനൻ പറഞ്ഞു

അവനമ്മട്ടേററുരച്ചു ഗമിച്ചു ജനമേജയ!
ഗുരുപത്നിപ്രിയത്തിന്നായവയെക്കൊണ്ടുവന്നിടാൻ. 31

ശീഘ്രം നടന്നുകൊണ്ടാനങ്ങുതങ്കൻ ബ്രാഹ്മണർഷഭൻ
സൗദാസമർത്ത്യാദ*നോടു കുണ്ഡലങ്ങളിരക്കുവാൻ. 32

ഗൗതമൻ പത്നിയോടോതീ 'കാണുന്നില്ലിന്നുതങ്കനെ.'
'കുണ്ഡലത്തിന്നു പോയാ'നെന്നിതു കേട്ടോതിനാളവൾ. 33

അപ്പോൾ ചൊന്നാൻ പത്നിയോടു ''നല്ലതല്ലിതു ചെയ്തു നീ
കൊല്ലും നൂനം ശാപമുള്ളാ മന്നവൻ ബ്രാഹ്മണേന്ദ്രനെ.'' 34

അഹല്യ പറഞ്ഞു

ഭഗവാനേ, ഞാനറിയാതങ്ങയച്ചിതു വിപ്രനെ
നിൻ പ്രസാദംകൊണ്ടവന്നങ്ങൊന്നുമുണ്ടാകൊലാ ഭയം. 35

വൈശമ്പായനൻ പറഞ്ഞു

എന്നു കേട്ടാപ്പത്നിയോടങ്ങാട്ടെയെന്നോതി ഗൗതമൻ;
ശൂന്യക്കാട്ടിൽ കണ്ടുകൊണ്ടാനാ മന്നനെയുതങ്കനും. 36

57. ഉതങ്കോപാഖ്യാനം—കുണ്ഡലമാഹാത്മ്യം

ഉതങ്കൻ ഭയങ്കരവും വിജനവുമായ കാട്ടിൽ ചെന്നു സൗദാസനെക്കണ്ടു വിവരം പറയുന്നു. താൻ പറഞ്ഞതായി ചെന്നറിയിച്ചാൽ ഭാര്യ കുണ്ഡലങ്ങൾ എടുത്തു തരുമെന്നു പറഞ്ഞു് സൗദാസൻ ഉതങ്കനെ ഭാര്യയുടെ അടുക്കലേക്കു പറഞ്ഞയയ്ക്കുന്നു. എന്തെങ്കിലും 'അടയാളം' കൊണ്ടുവന്നാൽ മാത്രമേ താൻ കുണ്ഡലങ്ങൾ തരികയുള്ളു എന്നു് സൗദാസപത്നി ഉതങ്കനോടു പറയുന്നു.

വൈശമ്പായനൻ പറഞ്ഞു

അവൻ കണ്ടമ്മട്ടു ഘോരമൂർത്തിയാമാ നരേന്ദ്രനെ
വളർന്ന താടിയോടൊത്തു നരച്ചോരയണിഞ്ഞുമേ. 1

നടുങ്ങീലേതുമേ വിപ്രൻ രാജാവവനൊടോതിനാൻ
എഴുന്നേററതിതേജസ്വി യമതുല്യൻ ഭയങ്കരൻ. 2

---

* മർത്ത്യാദൻ=മനുഷ്യരെ ഭക്ഷിക്കുന്നവൻ; രാക്ഷസൻ. (ഋതുപർണ്ണൻെറ പൗത്രനും സുദാസൻെറ പുത്രനുമായ ഒരു ഇക്ഷ്വാകുവംശരാജാവാണു് സൗദാസൻ. കല്മാഷപാദനെന്നായിരുന്നു സ്വതേയുള്ള നാമധേയം. ഇടയ്ക്കു മഹർഷിമാരുടെ ശാപംനിമിത്തം രാക്ഷസപ്രകൃതിയായിത്തീർന്നു. (ആദിപർവ്വം 176-ാമദ്ധ്യായത്തിൽ ഈ കഥ വിസ്തരിച്ചു വിവരിച്ചിട്ടുണ്ടു്.)

സൗദാസൻ പറഞ്ഞു

കല്യാണ, ഭാഗ്യം നീയെത്തിയാറാം കാലത്തടുത്തു മേ
തീററിക്കു തേടുമെൻ മുന്നിൽ വന്നല്ലോ ദ്വിജസത്തമ! 3

ഉതങ്കൻ പറഞ്ഞു

രാജൻ, ഗുർവ്വർത്ഥിയായോക്ക് നടന്നിവിടെ വന്നു ഞാൻ
ഗുർവ്വർത്ഥോദ്യുക്തനെക്കൊല്ലൊല്ലെന്നു ചൊൽവൂ മനീഷികരം. 4

സൗദാസൻ പറഞ്ഞു

ആറാംകാലത്തെനിക്കഷ്ടി വെച്ചിരിപ്പൂ ദ്വിജോത്തമ!
വിശന്നുള്ളോരെനിക്കിപ്പോരം പററില്ലാ നിന്നെ വിട്ടിടാൻ. 5

ഉതങ്കൻ പറഞ്ഞു

അമ്മട്ടാവാം മഹാരാജ, കരാർ ചെയ്യുകെനിക്കു നീ
ഗുരുദക്ഷിണ ചെയ്തിട്ടു പിന്നെ നിൻ പാട്ടിലെത്തുവൻ. 6

ഗുരുവിന്നായി ഞാനേററു ചൊന്ന കാര്യം നൃപോത്തമ!
നിൻ കൈയിലാണു രാജൻ, ഞാനതിരപ്പേൻ നരേശ്വര! 7

വിപ്രമുഖ്യർക്കു രത്നങ്ങരം നീയെപ്പോഴും കൊടുക്കുമേ
ദാതാവു നീ നരവ്യാഘ്ര, ഭൂമിയിൽ പാത്രഭൂതനാം. 8

പാത്രം പ്രതിഗ്രഹത്തിങ്കൽ ഞാനെന്നോക്ക് നൃപോത്തമ!
നിൻ പക്കലുള്ള ഗുർവ്വർത്ഥമാഹരിച്ചിട്ടരിന്ദമ! 9

കരാറുപോലെ രാജേന്ദ്ര, പിന്നെ നിൻ പാട്ടിലെത്തുവൻ.
സത്യം നിന്നോടേററുചൊന്നേനിതിൽ പാഴില്ലൊരിക്കലും 10

ഭോഷ്കു ചൊല്ലില്ല ഞാൻ നേരംപോക്കിലും മററതെന്തുവാൻ?

സൗദാസൻ പറഞ്ഞു

നിൻ ഗുർവ്വർത്ഥമതെൻ പാട്ടിലെങ്കിലായതു ചെയ്തതാം
ഞാൻ പ്രതിഗ്രാഹ്യനെന്നാകിലിപ്പോളായതു ചൊല്ലു നീ. 11

ഉതങ്കൻ പറഞ്ഞു

എൻ മതം നീ പ്രതിഗ്രാഹ്യനെപ്പൊഴും പുരുഷർഷഭ!
ആ ഞാൻ വന്നേൻ നിന്നരികിൽ കുണ്ഡലങ്ങളിരക്കുവാൻ. 12

സൗദാസൻ പറഞ്ഞു

വിപ്രർഷേ,യെൻെറ പത്നിക്കു ചേർന്നതാക്കുണ്ഡലദ്വയം
മറെറാരർത്ഥം വരിച്ചാലുമതു സുവ്രത, നല്കുവേൻ. 13

ഉതങ്കൻ പറഞ്ഞു

തട്ടിപ്പു പോരുമങ്ങയ്ക്കു പ്രമാണം ഞങ്ങളെങ്കിലോ
കുണ്ഡലങ്ങളെനിക്കേകു സത്യവാക്കാക മന്നവ! 14

വൈശമ്പായനൻ പറഞ്ഞു

എന്നു കേട്ടോതി രാജാവങ്ങുതങ്കനൊടു വീണ്ടുമേ:
"പോകെൻ വാക്കാൽ ദേവിയോടു ചൊല്ലു സത്തമ, നല്കുമേ. 15

അവളെൻ വാക്കിൻപ്രകാരം ചൊന്നാൽ നൂനം ശുചിവ്രത
തന്നുകൊള്ളും ദ്വിജശ്രേഷ്ഠ, കുണ്ഡലങ്ങളസംശയം." 16

ഉതങ്കൻ പറഞ്ഞു

നിൻ പതിയെക്കണ്ടുകിട്ടുമെനിക്കെങ്ങു നരേശ്വര!
പതിക്കരികിലങ്ങെന്തേ തനിയേ ചെന്നിടാത്തതും? 17

സൗദാസൻ പറഞ്ഞു

അവളെക്കാണുമങ്ങിപ്പോളൊരു കാട്ടരുവിക്കരേ
ആറാംകാലത്തിപ്പൊളെനിക്കവളെക്കാണുക വയ്യെടോ. 18

വൈശമ്പായനൻ പറഞ്ഞു

ഉതങ്കനതു കേട്ടിട്ടു ഗമിച്ചു ഭരതർഷഭ!
മദയന്തിയെയും കണ്ടു കേൾപ്പിച്ചു തന്റെ കാര്യവും. 19

സൗദാസവാക്കിനെക്കേട്ടിട്ടപ്പൊഴാപ്പൃഥുദൃഷ്ടിയാം
ധീമാനുതങ്കനോടോതിയുത്തരം ജനമേജയ! 20

മദയന്തി പറഞ്ഞു

ഇതു നേരോതുക ബ്രഹ്മൻ, നീ ഭോഷ്ക്കോതില്ല സന്മതേ!
അഭിജ്ഞാനമെനിക്കൊന്നു കൊണ്ടുവന്നീടണം ഭവാൻ. 21

ദിവ്യങ്ങളാമീ മണികുണ്ഡലങ്ങൾ
വാനോർ യക്ഷന്മാർകൾ മഹർഷിമാരും
ഹരിക്കുവാനോപ്പിതതാതുപായാൽ
ഛിദ്രങ്ങളിൽ കാത്തുവരുന്നു നിത്യം. 22

നിലത്തു വച്ചാലിതു പന്നഗങ്ങൾ
രത്നം കടന്നേററു പിടുങ്ങിയേക്കും
ഉച്ഛിഷ്ടരേന്തീടുകിലങ്ങു യക്ഷർ
നിദ്രാവശാൽ വാനവരും ഹരിക്കും. 23

ഈ ഛിദ്രങ്ങളിലെപ്പോഴം ഹരിക്കുമിവയെ ദ്വിജ!
ദേവരക്ഷോനാഗർകളിൽത്തെററില്ലാതെ ധരിപ്പതാം. 24

പൊന്നൊലിക്കും പകൽ പരം രാത്രിയും ദ്വിജസത്തമ!
രാത്രി നക്ഷത്രതാരാഭ പോക്കിക്കൊണ്ടിവ നിന്നിടും. 25

ഭഗവാനേ,യിതണിയെപ്പൈദാഹഭയമെങ്ങുവാൻ?
വിഷാഗ്നിശാപദഭയംപോലും പററില്ലൊരിക്കലും. 26

ഹ്രസ്വനാണിവ ചാർത്തുന്നതെന്നാൽ ഹ്രസ്വങ്ങളായ്വരും
അനുരൂപനണിഞ്ഞീടിലാ വലിപ്പത്തിലായ്വരും. 27

ഇമ്മട്ടുള്ളെൻ കുണ്ഡലങ്ങളേററമച്ചിതമായവ
മൂപ്പാർ പുകഴ്ത്തവ,യടയാളം കൊണ്ടുവരൂ ഭവാൻ. 28

58. ഉതങ്കോപാഖ്യാനം—കുണ്ഡലപ്രദാനം

ഉതങ്കൻ സൗദാസൻെറ അടുക്കൽ ചെന്ന് 'അടയാളവാക്യ'ത്തോടുകൂടി മടങ്ങിയെത്തി കുണ്ഡലങ്ങളും വാങ്ങി ഗുരുഗൃഹത്തിലേക്കു തിരിക്കുന്നു. മാർഗ്ഗമദ്ധ്യേ ഒരു നാഗം കുണ്ഡലങ്ങളപഹരിച്ചു പുററിലൊളിക്കുന്നു. ഉതങ്കൻ ഭൂമി കുഴിക്കുന്നു. ബ്രാഹ്മണവേഷധാരിയായിവന്ന ഇന്ദ്രൻെറ സഹായത്തോടുകൂടി പാതാളലോകത്തിലെത്തി രത്നകുണ്ഡലങ്ങൾ വീണ്ടെടുത്ത ഉതങ്കൻ അവ ഗുരുപത്നിക്കു കാഴ്ചവെച്ച് ഗുരുവിൻേറയും ഗുരുപത്നിയുടേയും അനുഗ്രഹങ്ങൾക്കു പാത്രീഭൂതനാകുന്നു.

വൈശമ്പായനൻ പറഞ്ഞു

അവൻ പോയ് മിത്രസഹ[1]നോടഭിജ്ഞാനമിരന്നുതേ
അവന്നേകിയഭിജ്ഞാനമിക്ഷ്വാകുവരനപ്പൊഴേ. 1

സൗദാസൻ പറഞ്ഞു

ക്ഷേമ്യ[2]യല്ലീഗ്ഗതി, പരമില്ലാ മററൊന്നുമേ ഗതി,
ഇതെന്മതമറിഞ്ഞിട്ടു കുണ്ഡലങ്ങൾ കൊടുക്ക നീ. 2

വൈശമ്പായനൻ പറഞ്ഞു

ഉതങ്കനിതു കേട്ടോതീ ഭർത്തൃവാക്കവളോടവൻ
കേട്ടപ്പൊളവളാ രത്നകുണ്ഡലങ്ങളെ നല്കിനാൾ. 3

ആക്കുണ്ഡലങ്ങൾ വാങ്ങിച്ചു വീണ്ടും രാജാവൊടോതിനാൻ:
"എന്താണീഗ് ഗൂഢവചനം? കേൾപ്പാൻ മോഹം മഹീപതേ!"

സൗദാസൻ പറഞ്ഞു

ക്ഷത്രിയന്മാർ പ്രജാസർഗ്ഗാൽ പൂജിച്ചീടുന്നു വിപ്രരെ
വിപ്രന്മാർവഴി ദോഷങ്ങളുണ്ടാകുന്നു പലേതരം. 5

ആ ഞാൻ വിപ്രർക്കു കുമ്പിട്ടോൻ വിപ്രനാൽ ദോഷമേററതാം
ഗതി മററൊന്നു കാണ്മീല മദയന്തീസഹായി ഞാൻ. 6

മററൊന്നു ഗതിയായിട്ടു കാണ്മീലാ ഗതിമത്തമ!
സ്വർഗ്ഗദ്വാരം പൂകുവാനുമിങ്ങു നില്പതിനും ദ്വിജ! 7

വിശേഷിച്ചും വിപ്രരോടു വിരോധിച്ചോരു മന്നവൻ
ലോകത്തിൽ നില്പാനാവില്ലാ സുഖമെല്ലാൻ പരത്തിലും. 8

എന്നാലിഷ്ടങ്ങളങ്ങയ്ക്കു തന്നേനെൻ കുണ്ഡലങ്ങൾ ഞാൻ
ചെയ്തുവെച്ചാക്കരാറിന്നു സഫലത്വം വരുത്തണേ! 9

ഉതങ്കൻ പറഞ്ഞു

രാജാവേ, ചെയ്തനവണ്ണം വീണ്ടും നിൻ പാട്ടിലെത്തുവൻ;
ഒരു ചോദ്യം നിന്നൊടോതാൻ നിനയ്ക്കുന്നേൻ പരന്തപ! 10

സൗദാസൻ പറഞ്ഞു

ചൊല്ലു വിപ്ര, യഥേഷ്ടം നീ ചൊല്ലുവേനുത്തരത്തെ ഞാൻ
നിൻ സംശയം തീർപ്പനെനിക്കതിലില്ലാ വിചാരണ. 11

---

1 മിത്രസഹൻ = സൗദാസൻ. 2 ക്ഷേമ്യം = ക്ഷേമത്തിനു ചേർന്നതു്; മംഗളകരം.

ഉതങ്കൻ പറഞ്ഞു

വാക്സംഗമൻ മിത്ര*മെന്നാർ ധർമ്മനൈപുണ്യദർശികൾ
വൈഷമ്യം മിത്രരിൽച്ചെയ്യോൻ കള്ളനെന്നാണു കാണ്മതും. 12
ആബ് ഭവാൻ മിത്രമായ്ത്തീർന്നിതെനിക്കിപ്പോൾ മഹീപതേ!
എനിക്കു സമ്മതപ്പെട്ട ബുദ്ധി നൽകു നരർഷഭ! 13
സിദ്ധാർത്ഥനായി ഞാനിപ്പോൾ ഭവാനോ പുരുഷാദനാം.
നിന്മുന്നിൽ ഞാൻ വരുവതു തക്കതോ ചേർന്നിടാത്തതോ? 14

സൗദാസൻ പറഞ്ഞു

തക്കതോതേണമിപ്പോൾ ഞാൻ നിന്നോടെന്നാൽ ദ്വിജോത്തമ!
എന്നടുക്കൽ ദ്വിജശ്രേഷ്ഠ, വന്നുപോകൊല്ലൊരിക്കലും. 15
എന്നാൽബ് ഭവാനു ഞാൻ വിപ്ര, നന്മ കാണ്മേൻ ഭൃഗൂദ്വഹ!
വന്നാൽ വിപ്ര, ഭവാനുണ്ടാം മൃത്യുവില്ലൊരു സംശയം. 16

വൈശമ്പായനൻ പറഞ്ഞു

ധീമാനാം നൃപനീവണ്ണം ഹിതം തക്കതുരച്ചവൻ
രാജാവിൻ സമ്മതം വാങ്ങിയഹല്യാന്തം ഗമിക്കയായ്. 17
ദിവ്യകുണ്ഡലവുംകൊണ്ടു ഗുരുപത്നീപ്രിയങ്കരൻ
ഗൗതമാശ്രമഭൂമിക്കു പോന്നു പാരം ജവത്തൊടും. 18
മദയന്തിയവർക്കുള്ളാ രക്ഷണം ചൊല്ലിയെങ്ങനെ
അമ്മട്ടാക്കുണ്ഡലം കൃഷ്ണാജിനത്തിൽക്കെട്ടി യാത്രയായ്. 19
അവൻ വിശന്നോനൊരിടം ഫലഭാരങ്ങളുള്ളതായ്
വില്വം കണ്ടിതു വിപ്രർഷിയതിൽക്കയറിനാനുടൻ. 20
അതിൻെറ കൊമ്പത്താക്കൃഷ്ണാജിനം തൂക്കീട്ടരിന്ദമ!
ദ്വിജപുംഗവനാ വില്വഫലജാലം കൊഴിക്കയായ്. 21
ദൃഷ്ടി വില്വഫലത്തിങ്കൽത്തട്ടുമ്മാറു കൊഴിക്കവേ
ആത്തോലിലാ വില്വഫലങ്ങളും വീണു പരം വിഭോ! 22
ഏതിന്മേലാക്കുണ്ഡലങ്ങൾ കെട്ടിയാ ദ്വിജപുംഗവൻ
വില്വക്കായ്കൊണ്ടതിന്നുള്ള ബന്ധം പിന്നെയഴിഞ്ഞുപോയ്;
മരത്തിൽനിന്നാത്തോൽ വീണു, കുണ്ഡലത്തോടുകൂടവേ.
ബന്ധനം വിട്ടൊരാക്കൃഷ്ണാജിനം ഭൂമിയിൽ വീഴവേ 24
കണ്ടെത്തിയൊരു നാഗത്താനതിലാക്കുണ്ഡലങ്ങളെ.
ഐരാവതകുലോൽഭൂതൻ വേഗം കൈക്കൊണ്ടുകൊണ്ടവൻ 25
കുണ്ഡലങ്ങൾ കടിച്ചുംകൊണ്ടവൻ പുററിൽ കരേറിനാൻ.
ഭുജംഗം കുണ്ഡലം രണ്ടും ഹരിക്കുന്നതു കണ്ടുടൻ 26
വൃക്ഷാൽ പതിച്ചാനുഴറിദ്ദുഃഖാൽ പരമകോപനൻ.

* വാക്സംഗമൻ മിത്രം = ഏതാനും വാക്കുകൾ പരസ്പരം സംസാരിക്കുവാൻ അവസരംകിട്ടുന്നവൻ ; ചങ്ങാതിയാകും. ('സാപ്തപദീനം മൈത്രം' എന്ന ശ്രുതിവാക്യം സൂചിപ്പിക്കുന്ന തത്ത്വംതന്നെയാണിതു്.)

വിറകിൻകോലെടുത്തായാറം കുഴിച്ചു പുററുമപ്പൊഴേ 27
അവ്യഗ്രൻ മുപ്പത്തും പിന്നെയഞ്ചും നാളുകരം ഭാരത!
ക്രോധാമർഷാഭിസന്തപ്തനപ്പോറം ബ്രാഹ്മണസത്തമൻ. 28
അവൻെറ താങ്ങാത്തുള്ളുകള സഹിക്കാഞ്ഞിട്ടു പാരിടം
വിറകിൻകോൽക്കുത്തുകൊണ്ടിട്ടാകുലപ്പെട്ടുലഞ്ഞുപോയ്. 29
വിപ്രർഷി ഭൂതലം വീണ്ടും കുത്തിക്കൊണ്ടങ്ങു നില്ക്കവേ
നാഗലോകത്തിന്നു വഴിയുണ്ടാക്കാൻ നിശ്ചയത്തൊടും 30
ഹരിയുക്തരഥത്തിങ്കൽക്കേറീട്ടങ്ങെഴുനെള്ളിനാൻ
തേജസ്സേറും വജ്രപാണി കണ്ടാനാ ദ്വിജമുഖ്യനെ. 31

വൈശമ്പായനൻ പറഞ്ഞു

അവൻ ബ്രാഹ്മണനായ്ച്ചെന്നു തദ്ദുഃഖംകൊണ്ടു ദുഃഖിതൻ
ഉതങ്കനോടോതിയിതു 'നിന്നാലാവില്ല'യെന്നുമേ. 32
ഇവിടുന്നാ നാഗലോകമസംഖ്യം യോജനാൽ പരം
ഇക്കാര്യം വിറകിൻകോലാൽ സാദ്ധ്യമാകാ നിനക്കെടോ. 33

ഉതങ്കൻ പറഞ്ഞു

ബ്രഹ്മൻ, ഞാൻ നാഗലോകത്താക്കുണ്ഡലങ്ങളെ നേടുവാൻ
പററായ്കിലങ്ങു കാണ്കെത്താൻ പ്രാണൻ പോക്കും ദ്വിജോത്തമ!

വൈശമ്പായനൻ പറഞ്ഞു

അവൻെറ നിശ്ചയം മാററിവെയ്ക്കാനാകാഞ്ഞവാറുടൻ
വജ്രി വജ്രത്തെയാദ്ദണ്ഡത്തിങ്കൽക്കൂട്ടിയിണക്കിനാൻ. 35
പിന്നെ വജ്രപ്രഹാരത്താൽ പിളൎന്നീടുന്ന പാരിടം
നാഗലോകത്തിന്നു വഴിയുണ്ടാക്കീ ജനമേജയ! 36
ആ വഴിക്കവനാ നാഗലോകത്തിങ്കൽക്കടന്നുതേ
കണ്ടുകൊണ്ടാൻ നാഗലോകം യോജനങ്ങളസംഖ്യമേ. 37
ദിവ്യമുക്താമണിയണിപ്പൊന്മയങ്ങളറം ചുഴന്നഹോ!
മതിൽക്കെട്ടുകളുള്ളോന്നായ് മഹാഭാഗ, മഹത്തരം. 38
സ്ഫടികക്കൽപ്പടയെഴും തെളിനീർപ്പുഴ വാപികരം
കണ്ടു നാനാ പക്ഷിഗണമൊക്കും നാനാ ദ്രുമങ്ങളും. 39
ആ ലോകത്തിൻെറ വഴിയുമങ്ങു കണ്ടു ഭൃഗൂത്തമൻ
അഞ്ചു യോജന വിസ്താരമഞ്ചുയോജന നീണ്ടതായ്. 40
ഉതങ്കൻ നാഗലോകത്തെക്കണ്ടപ്പോറംദ്ദീനനായിനാൻ
കുണ്ഡലാഹരണത്തിങ്കൽ വീണ്ടുമങ്ങു നിരാശനായ്. 41
വാൽ വെളുത്തു കറുത്തശ്വമവനോടോതിയപ്പൊഴേ
മുഖം കണ്ണും ചുമന്നൊന്നു ദീപ്തതേജസ്സു കൗരവ! 42

അശ്വം പറഞ്ഞു

അങ്ങെൻെറയീഗ്ഗുദത്തിങ്കലൂതു വിപ്ര, കിടയ്ക്കുമേ
ഐരാവതസുതൻ കൊണ്ടുപോന്ന നിൻ കുണ്ഡലങ്ങളെ. 43

ഉണ്ണീ, ജുഗുപ്സ തോന്നേണ്ടാ നിനക്കിതിലൊരിക്കലും
ഇതു ചെയ്തിട്ടുണ്ടു ഗൗതമാശ്രമത്തിങ്കലന്നു നീ. 44

ഉതങ്കൻ പറഞ്ഞു

അങ്ങാരെന്നറിയേണ്ടു ഞാനുപാദ്ധ്യായാശ്രമത്തിൽ ഞാൻ
ആചരിച്ചതുമെന്തെന്നും കേൾക്കുവാനുണ്ടൊരാഗ്രഹം. 45

അശ്വം പറഞ്ഞു

ഗുരുവിൻ ഗുരു ഞാനോർക്ക ജ്വലിപ്പോരഗ്നിദേവനാം
എന്നെ നീ ഗുരുവിന്നായിപ്പൂജിച്ചിതു സദാപ്പൊഴും. 46
വിധിപോലെന്നുമേ വിപ്ര, ശുചിയായ് ഭൃഗുനന്ദന!
അതിനാൽ നിൻ നന്മചെയ്തേനേവം ചെയ്യുക വൈകൊലാ. 47

വൈശമ്പായനൻ പറഞ്ഞു

അഗ്നിയേവം പറഞ്ഞുള്ളോരുതങ്കൻ ചെയ്തിതങ്ങനെ
ഘൃതാർച്ചിസ്സോ പ്രീതനായിജ്ജ്വലിച്ചു ചുട്ടെരിക്കുവാൻ. 48
അവന്റെ രോമകൂപത്തിൽനിന്നൂതുമ്പോതു ഭാരത!
പുക തിങ്ങിപ്പുറപ്പെട്ടു നാഗലോകഭയങ്കരം. 49
ആ വൻപിച്ചു വളർന്നീടും പുകകൊണ്ടിട്ടു ഭാരത!
നാഗലോകത്തിങ്കലൊന്നുമറിയാതായി മന്നവ! 50
ഹാഹാകാരത്തിലായ് മുററുമൈരാവതനിവേശനം
വാസുകിപ്രമുഖാഹീന്ദ്രരുടെയും ജനമേജയ! 51
തെളിയാതായി ഗേഹങ്ങൾ പുക തിങ്ങീട്ടു ഭാരത!
മഞ്ഞുവന്നു മറഞ്ഞുള്ള മലകാടുകൾ പോലവേ. 52
പുകയാൽക്കൺ ചുവന്നിട്ടു തീയിൻ ചൂടേററുഴന്നവർ
മഹാത്മാവാം ഭാർഗ്ഗവന്റെ തീർപ്പു കേൾപ്പതിനെത്തിനാർ. 53
തേജസ്സേറുന്നാ മഹർഷിക്കുള്ള തീർപ്പുണ്ടു കേട്ടവർ
കണ്ണുഴന്നവരെല്ലാരും പൂജചെയ്തു യഥാവിധി. 54
നാഗങ്ങളൊക്കക്കൈക്കൂപ്പി വൃദ്ധബാലപുരസ്സരം
ഭഗവാനേ, പ്രസാദിക്കെന്നോതി കുമ്പിട്ടു വീണവർ. 55
പ്രസാദിപ്പിച്ചന്തണനെപ്പാദ്യാർഘ്യങ്ങൾ കൊടുത്തവർ
നല്കീ നാഗങ്ങളർച്ചിച്ച ദിവ്യകുണ്ഡലയുഗ്മവും. 56
പിന്നെ നാഗങ്ങൾ പൂജിച്ചതേററുതങ്കൻ പ്രതാപവാൻ
അഗ്നിക്കു താൻ വലംവെച്ചു ഗുരുഗേഹം ഗമിച്ചതേ. 57
രാജാവേ, ഗൗതമഗൃഹത്തേക്കു വേഗം ഗമിച്ചവൻ
നല്കിനാൻ ഗുരുപത്നിക്കു സന്മതേ, ദിവ്യകുണ്ഡലം. 58
വാസുകിപ്രമുഖാഹീന്ദ്രകഥയും ജനമേജയ!
എല്ലാം ശരിക്കു ഗുരുവോടുണർത്തിച്ചു ദ്വിജോത്തമൻ. 59
ഈവണ്ണമാ മഹാത്മാവു മൂപ്പാരും ജനമേജയ!
സഞ്ചരിച്ചാദ്ദിവ്യമണികുണ്ഡലങ്ങളെ നല്കിനാൻ. 60

ഏവം പ്രഭാവൻ[1] മുനിയീയുതങ്കൻ ഭരതർഷഭ!
മഹാതപസ്വിയാണങ്ങു ചോദിച്ചതുമിതല്ലയോ? 61

59. കൃഷ്ണന്റെ ദ്വാരകാപ്രവേശം

ഉതങ്കനു വരംകൊടുത്തു് മരുഭൂമിയിൽനിന്നു തിരിച്ച കൃഷ്ണൻ പരിവാരസമേതം ദ്വാരകയിലെത്തി മാതാപിതാക്കളെയും ബന്ധുക്കളെയും കണ്ടു് തമ്മിൽ പിരിഞ്ഞതിനുശേഷമുള്ള ഓരോ കഥകൾ പറഞ്ഞു് ആ ദിവസം കഴിക്കുന്നു.

ജനമേജയൻ പറഞ്ഞു

ഉതങ്കനു വരം നല്കിഗ്ഗോവിന്ദൻ ദ്വിജസത്തമ!
പിന്നെയെന്താ മഹാബാഹു ചെയ്തു കീർത്തി പെരുത്തവൻ? 1

വൈശമ്പായനൻ പറഞ്ഞു

ഉതങ്കനു വരം നല്കിപ്പോയീ സാത്യകിയൊത്തുതാൻ
ദ്വാരകയ്ക്കങ്ങു ഗോവിന്ദൻ വേഗമോടും ഹയങ്ങളാൽ. 2

പുഴ പൊയ്കകളെന്നല്ല കാടും മലകളും ശരി
കടന്നഴകെഴുന്നോരാ ദ്വാരകാപുരിയെത്തിനാൻ. 3

മഹാരാജ, തുടന്നാറേ പരം രൈവതകോത്സവം
അങ്ങെത്തീ പുണ്ഡരീകാക്ഷൻ യുയുധാനൻ തുണപ്പവൻ. 4

നാനാരൂപവിചിത്രങ്ങൾ രത്നകോശങ്ങളൊത്തഹോ!
ആശ്ശൈലമണി[2]യോ പാരം ശോഭിച്ചു പുരുഷർഷഭ! 5

നല്ല പൊന്മാലകൾ പരം പൂമാലകളുമങ്ങനെ
വസ്ത്രങ്ങൾ കല്പവൃക്ഷങ്ങളിവകൊണ്ടും മഹാഗിരി 6

വീണ്ടും വീണ്ടും പൊൻവിളക്കുമരംകൊണ്ടും വിളങ്ങിയും
ഗുഹ ചോലസ്ഥലംതോറും പകലാമ്മട്ടിലായിതേ. 7

ചുററും മണിയണിച്ചിത്രക്കൊടിക്കൂറകളാലുമേ
സ്ത്രീപുമാന്മാർ ഘോഷമോടും പാട്ടു പാടും പ്രകാരമായ്; 8

മണിക്കൂട്ടം മേരുപോലെയേററം കാണേണ്ടമട്ടിലായ്.
മദിച്ചു ഹൃഷ്ടരൂപന്മാർ സ്ത്രീപുമാന്മാർകൾ ഭാരത! 9

മലയേപ്പുകഴേപ്പാടുമൊച്ച വിണ്ണേററമട്ടിലായ്.
പ്രമത്തമത്തസമ്മത്തക്ഷ്വേളിതോൽക്കൃഷ്ടമിശ്രമായ് 10

പരം കിലുകിലാരാവം ചേർന്നദ്രിയഴകാന്നുതേ.
ഭക്ഷ്യഭോജ്യവിഹാരാഢ്യം വാണിഭത്തെരുവൊത്തഹോ! 11

വീണാവേണുമൃദംഗാഢ്യം വസ്ത്രമാല്യഗണാന്വിതം,
സുരാമൈരേയസമ്മിശ്രഭക്ഷ്യഭോജ്യങ്ങളങ്ങനെ 12

---

1 ഏവം പ്രഭാവൻ = ഇത്തരത്തിലുള്ള മാഹാത്മ്യമുള്ളവൻ. 2 ശൈലമണി = ശ്രേഷ്ഠമായ പർവ്വതം.

ദീനാന്ധകൃപണാദ്യക്കു നിത്യം വാരിക്കൊടുത്തുമേ,
ശോഭിച്ചിതേററം കല്യാണമാഗ്ഗിരീന്ദ്രമഹോത്സവം 13
പുണ്യാലയാഢ്യമായ് വീര, പുണ്യവാന്മാരെഴുന്നതായ്.
വൃഷ്ണിവീരവിഹാരം വൻ മഹാരൈവതകോത്സവേ 14
ആക്കുന്ന മന്ദിരം ചിന്നി മിന്നീ വിണ്ണു കണക്കിനെ.
അപ്പോൾ കൃഷ്ണൻെറ സാന്നിദ്ധ്യമണഞ്ഞു ഭരതർഷഭ! 15
ശക്രസത്മംപോലെയായിശ്ശോഭിച്ചു പർവ്വതാധിപൻ.
പിന്നെപ്പൂജിതനായിട്ടു ശുഭമന്ദിരമേറിനാൻ 16
ഗോവിന്ദനും സാത്യകിയും ചെന്നു സ്വഭവനത്തിലും.
ഏറെനാളുകളെപ്പാർത്തു ഹൃഷ്ടനായിക്കടന്നുതേ 17
ദാനവന്മാരിലിന്ദ്രൻപോലസാദ്ധ്യക്രിയ ചെയ്തവൻ.
വാർഷ്ണേയൻ വന്നിടുന്നേരം ഭോജവൃഷ്ണ്യന്ധകോത്തമർ 18
എതിരേററു മഹാത്മാവെ വാനോരിന്ദ്രനെയാംവിധം.
മേധാവി മാനിച്ചവരെച്ചോദിച്ചു കുശലത്തെയും 19
അഭിവാദ്യംചെയ്തു വന്ദിച്ചച്ഛനെപ്പിന്നെയമ്മയെ.
അവർ പുല്കിസ്സാന്ത്വവാക്കു പറഞ്ഞോരു മഹാഭുജൻ 20
അടുത്തിരുന്നോരു മുററും വൃഷ്ണിമാർ ചുഴലുന്നവൻ
വിശ്രമിച്ചതിതേജസ്വി തൃക്കാൽ കഴുകിയാപ്പുരം 21
അച്ഛൻ ചോദിക്കയാൽ ചൊന്നാനാ മഹായുദ്ധമൊക്കയും.

60. വാസുദേവവാക്യം

പതിനെട്ടുദിവസം നീണ്ടുനിന്ന ഭാരതയുദ്ധത്തിൻെറ രത്നച്ചുരുക്കം കൃഷ്ണൻ അച്ഛനെ പറഞ്ഞുകേൾപ്പിക്കുന്നു. വൃഷ്ണികളെല്ലാം ആ കഥ കേട്ട് ശോകാകുലരായിത്തീരുന്നു.

വാസുദേവൻ പറഞ്ഞു

ഞാൻ കേട്ടിരിപ്പു വാർഷ്ണേയ, യുദ്ധമേററവുമത്ഭുതം
നരരോരോ പ്രസംഗത്തിൽ ചൊൽവതങ്ങനെ നിത്യവും. 1
നീയോ പ്രത്യക്ഷമായ് കണ്ടോൻ സ്വരൂപജ്ഞൻ മഹാഭുജ!
അതിനാലാ രണം ചൊല്ക ശരിയായനഘാശയ! 2
മഹാന്മാരാം പാണ്ഡവർക്കാ യുദ്ധമുണ്ടായതെങ്ങനെ
ഭീഷ്മകർണ്ണകൃപദ്രോണശല്യാദികളൊടുത്തമം 3
നാനാ വേഷാകൃതിയൊടും നാനാ വേഷസ്ഥരായഹോ!
കൃതാസ്ത്രരാം മററു പല ക്ഷത്രിയന്മാർക്കുമങ്ങനെ? 4

വൈശമ്പായനൻ പറഞ്ഞു

എന്നച്ഛനമ്മയരികെച്ചോദിച്ചാപ്പങ്കജേക്ഷണൻ
പറഞ്ഞൂ കുരുവീരർക്കു പോരിൽ ചാക്കൊത്തവണ്ണമേ. 5

വാസുദേവൻ പറഞ്ഞു

വൻപെഴും ക്ഷത്രിയർക്കുള്ള കർമ്മം മുററും മഹാത്ഭുതം
പെരുത്തുണ്ടാകയാൽ ചൊൽവാൻ പററാ നൂററാണ്ടുകൊണ്ടുമേ. 6
പ്രാധാന്യം പാർത്തു ഞാൻ ചൊല്ലാം ചുരുക്കീട്ടതു കേൾക്കുക
മന്നവർക്കുള്ള കർമ്മങ്ങൾ ശരിക്കിങ്ങമരദ്യുതേ! 7
പതിനൊന്നു പടയ്ക്കീശൻ ഭീഷ്മൻ സേനാനിയായിനാൻ
കൗരവ്യൻ കൗരവേന്ദ്രർക്കു ദേവകൾക്കിന്ദ്രനാംവിധം. 8
ശിഖണ്ഡി പാണ്ഡവന്മാർക്കും പടയേഴിന്നു നായകൻ
നേതാവായ് ശ്രീയെഴും സവ്യസാചി കാക്കുന്ന ബുദ്ധിമാൻ. 9
അവർക്കാ യുദ്ധമുണ്ടായി പത്തുനാൾ യോഗ്യർകൾക്കഹോ!
കുരുക്കൾക്കും പാണ്ഡവർക്കുമേററവും രോമഹർഷണം. 10
പിന്നെശ്ശിഖണ്ഡി വൻ പോരിൽ പൊരുതുന്നാപഗേയനെ
ഹനിച്ചു പല ബാണത്താൽ ഗാണ്ഡീവിയൊടുമൊത്തവൻ. 11
കാലം കഴിച്ചി[1]തവനും ശരതല്പത്തിലായ് മുനി
ആദ്ദക്ഷിണായനം തീർന്നിട്ടുത്തരായണമാംവിധൗ. 12
ദ്രോണർ സേനാനിയായ് പിന്നെ സർവ്വാസ്ത്രജ്ഞരിലുത്തമൻ
വീരൻ കൗരവരാജന്നു കാവ്യൻ[2] ദൈത്യേശനാംവിധം, 13
ശേഷിച്ചിട്ടുള്ളൊൻപതക്ഷൗഹിണിയൊത്താ ദ്വിജോത്തമൻ
സമരശ്ലാഘി കൃപകർണ്ണാദ്യർ പാലിച്ചിടുന്നവൻ. 14
ധൃഷ്ടദ്യുമ്നൻ മഹാസ്ത്രജ്ഞൻ നേതാവായ് പാണ്ഡവർക്കുമേ
ധീമാൻ മിത്രൻ കാത്ത പാശിപോലെ ഭീമൻ ഭരിപ്പവൻ. 15
പടയോടൊത്തവൻ ദ്രോണപ്രേപ്സു[3]വായ മഹാശയൻ
അച്ഛനിൽ ദ്രോഹമോർത്തിട്ടു പോരിൽ ചെയ്തു കൊടുംക്രിയ. 16
ആ ദ്രോണപാർഷതപ്പോരിലാദ്ധാത്രീപതിപുംഗവർ
വീരർ നാനാ നാട്ടിൽനിന്നു വന്നോർ തീർന്നിതു മിക്കതും. 17
രോമാഞ്ചമഞ്ചുമാ യുദ്ധമഞ്ചു നാളു നടന്നതേ
പിന്നെത്തളർന്നൊരാ ദ്രോണൻ ധൃഷ്ടദ്യുമ്നന്റെ പാട്ടിലായ്. 18
പിന്നെദ്ദുര്യോധനബലേ സേനേശൻ കർണ്ണനായിതേ
ശേഷിച്ചു നിന്നിടുന്നഞ്ചക്ഷൗഹിണിപ്പടയൊത്തവൻ. 19
മൂന്നുണ്ടു പാർത്ഥർക്കു പട ഫൽഗുനൻ കാത്തിടുന്നവ
മിക്കതും വീരർ ചത്തിട്ടു പോരിന്നായിട്ടു നില്പവ. 20
പിന്നെപ്പാർത്ഥനിലേററിട്ടു തീയിലിയ്യാൻ കണക്കിനെ
മരിച്ചിതാസ്സൂതപുത്രൻ രണ്ടാം നാളിൽ സുദാരുണൻ. 21
കർണ്ണൻ മരിക്കെക്കൗരവ്യരോജസ്സററു ഹതോദ്യമർ

---

1 കാലം കഴിക്കുക=ജീവിതം അവസാനിപ്പിക്കുക; സ്വർഗ്ഗാരോഹണം ചെയ്യുക.
2 കാവ്യൻ=ശുക്രൻ. 3 ദ്രോണപ്രേപ്സു=ദ്രോണനെ പിടിക്കാനാഗ്രഹിക്കുന്നവൻ.

മൂന്നക്ഷൗഹിണിയോടൊത്തു പിൻതാങ്ങീ മദ്രരാജനെ*. 22
മിക്ക വാഹനവും ചത്ത പാർത്ഥരാദ്ധർമ്മപുത്രനെ
അക്ഷൗഹിണിയൊടും ശിഷ്ടർ പിൻതുണച്ചു നിരുദ്യമർ 23
മദ്രരാജാവിനെക്കൊന്നൂ കുരുരാജൻ യുധിഷ്ഠിരൻ
അന്നത്തെപ്പകൽപാതിക്കു ദുഷ്കരക്രിയ ചെയ്തവൻ. 24
ശല്യൻ ചാകെശ്ശകുനിയെസ്സഹദേവൻ മഹാശയൻ
കലിയെക്കൊണ്ടുവന്നോനെക്കൊന്നാനമിതവിക്രമൻ. 25
ധാർത്തരാഷ്ട്രനൃപൻ ബുദ്ധി കെട്ടോൻ ശകുനി ചാകവേ
ഒഴിച്ചുപോയ് ഗദാപാണി മിക്കതും പട തീർന്നവൻ. 26
അവനെപ്പിൻതുടർന്നെത്തീ ക്രുദ്ധൻ ഭീമൻ പ്രതാപവാൻ
ദ്വൈപായനഹ്രദത്തിങ്കൽ കണ്ടെത്തീ നീററിനുള്ളിലായ്. 27
ചത്തു ശേഷിച്ച സൈന്യത്താൽ ചുഴന്നവനെ ചുററുമേ
ഹ്രദസ്ഥനരികിൽക്കൂടീ ഹൃഷ്ടരായിട്ടു പാണ്ഡവർ. 28
വെള്ളത്തിലങ്ങിറങ്ങീട്ടു വാക്‌ശല്യങ്ങൾ തറച്ചവൻ
എഴുന്നേററു ഗദാപാണി യുദ്ധത്തിന്നായൊരുങ്ങിനാൻ. 29
പിന്നെപ്പോരിൽ കൊന്നുവിട്ടു ധാർത്തരാഷ്ട്രക്ഷിതീശനെ
മന്നവന്മാർ കണ്ടുനില്ക്കെയാബ്ഭീമൻ വിക്രമിച്ചവൻ. 30
പിന്നെക്കൈനിലയിൽ പാണ്ഡുസൈന്യം രാത്രി കിടക്കവേ
കൊന്നൊടുക്കീ താതവധം പൊറാഞ്ഞാ ദ്രോണനന്ദനൻ. 31
മക്കളും പടയും മിത്രങ്ങളും ചത്തവർ പാണ്ഡവർ
എന്നോടും സാത്യകിയൊടുംകൂടെശ്ശേഷിച്ചു കേവലം. 32
കൃപഭോജന്മാരുമൊത്താ ദ്രൗണി പോർ വിട്ടു കേറിനാൻ
യുയുത്സു കൗരവ്യനമിങ്ങൊഴിഞ്ഞു പാണ്ഡവാശ്രയാൽ. 33
സുയോധനൻ കൗരവേന്ദ്രൻ കൂട്ടത്തോടെ നശിക്കവേ
വിദുരൻ സഞ്ജയൻതാനും സേവിച്ചു ധർമ്മപുത്രനെ. 34
ഇമ്മട്ടുണ്ടായിതാ യുദ്ധം പതിനെട്ടു ദിനം പ്രഭോ!
അതിൽ മന്നോർ മരിച്ചിട്ടാ സ്വർഗ്ഗലോകത്തിൽ മേവിനാർ. 35

വൈശമ്പായനൻ പറഞ്ഞു

രോമാഞ്ചമഞ്ചിടുമ്മാറാക്കഥ കേൾക്കുമ്പൊൾ മന്നവ!
ദുഃഖശോകപരിക്ലേശമുണ്ടായീ വൃഷ്ണികൾക്കുടൻ. 36

---

* മദ്രരാജൻ = ശല്യൻ.

61. വസുദേവസാന്ത്വനം

യുദ്ധകഥ വിവരിച്ച കൂട്ടത്തിൽ അഭിമന്യുവിൻെറ വധത്തെപ്പററി പറയാതിരുന്നതെന്തുകൊണ്ടാണെന്ന് സുഭദ്ര ചോദിക്കുന്നു. ശ്രീകൃഷ്ണൻ ആ സംഭവം വിവരിക്കുന്നു. ശോകാന്തമായ ആ സംഭവം കേട്ട് ദുഃഖാകുലനായിത്തീർന്ന വസുദേവനെ കൃഷ്ണൻ സാന്ത്വനം ചെയ്യുന്നു.

വൈശമ്പായനൻ പറഞ്ഞു

പറഞ്ഞുവരുമന്നേരം വാസുദേവൻ പ്രതാപവാൻ
മഹാഭാരതയുദ്ധത്തെയച്ഛന്മുന്നിൽ കഥാന്തരേ, 1
അഭിമന്യുവധം വീരൻ വിട്ടിരുന്നു മഹാമതി
വസുദേവന്നപ്രിയമുണ്ടാകൊല്ലെന്നായ് മഹാമതി. 2
ദൗഹിത്രൻെറ വധം കേട്ട വസുദേവൻ മഹാത്യയം
ദുഃഖശോകോത്തപ്തനായിത്തീരൊല്ലെന്നു മഹാമതി. 3
സുഭദ്രയോ പുത്രവധം പോരിലങ്ങനെ വിട്ടതിൽ
കൃഷ്ണ, സൗഭദ്രവധവും ചൊല്ലെന്നായ് വീണു ഭൂമിയിൽ. 4
നിലത്തു വീണൊരവളെക്കണ്ടിതാ വസുദേവനും
കണ്ടിട്ടുടൻ മന്നിൽ വീണു ദുഃഖാൽ മൂർച്ഛിതനായവൻ. 5
പിന്നെദ്ദൗഹിത്രനിധനദുഃഖശോകാർത്തനാമവൻ
വസുദേവൻ മഹാരാജ, കൃഷ്ണനോടോതിയിങ്ങനെ. 6

വസുദേവൻ പറഞ്ഞു

പുണ്ഡരീകാക്ഷ, നീ സത്യവാക്കായ് വിശ്രുതനല്ലയോ?
ശത്രുഘ്ന, ദൗഹിത്രവധമെന്നോടോതിയതില്ല നീ. 7
തത്ത്വമായിച്ചൊല്ലു മരുമകൻെറ വധവും പ്രഭോ!
നിന്നെതിക്കുന്നെപ്പോരിൽക്കൊന്നു ശത്രുക്കളെങ്ങനെ? 8
വാർഷ്ണേയ, കാലമാകാതെ ചാകാൻ പററാ നരക്കിഹ
അതാണെൻ കരം ദുഃഖത്താൽ നൂറായിത്തകരാത്തതും. 9
സുഭദ്രയമ്മയെപ്പററി പോരിലെന്തോതിനാനവൻ?
എന്നെക്കുറിച്ചും പത്മാക്ഷ, ചപലാക്ഷൻ മമ പ്രിയൻ. 10
യുദ്ധത്തിൽ പിൻതിരിഞ്ഞോനെക്കൊന്നതില്ലല്ലി വൈരികൾ?
കാട്ടിലല്ലല്ലി ഗോവിന്ദ, യുദ്ധത്തിൽ വികൃതം മുഖം? 11
തേജസ്വിയാമവൻ കൃഷ്ണ,യെന്മുന്നിൽ ശ്ലാഘിയാംവിധം
ബാലഭാവാൽ തൻ വിനയം കഥിച്ചിട്ടുണ്ടവൻ പ്രഭു. 12
ബാലൻ വഞ്ചിതനല്ലല്ലീ ദ്രോണകർണ്ണകൃപാദ്യരാൽ
മന്നിൽ ചത്തു കിടക്കുന്നോ? പറകെന്നോടു കേശവ! 13
ദ്രോണനോടും ഭീഷ്മനോടും ശക്തനാം കർണ്ണനോടുമേ
പോരിൽ തിരക്കിനാൻ നിത്യമെന്മകൾക്കുള്ളൊരാ മകൻ. 14

വൈശമ്പായനൻ പറഞ്ഞു

എന്നായ് പല വിലാപങ്ങൾ ചൊല്ലിദ്ദുഃഖിച്ചിരിക്കവേ

അച്ഛനോടതിദുഃഖത്താൽ ഗോവിന്ദൻ ചൊല്ലിയിങ്ങനെ. 15

കൃഷ്ണൻ പറഞ്ഞു

പടത്തലയ്ക്കൽ കാട്ടീട്ടില്ലവൻ വികൃതമാം മുഖം
കടന്നുകൂടാത്തടരിൽ പിൻതിരിഞ്ഞിട്ടുമില്ലവൻ. 16
നൂറുമായിരവും മന്നോർകളെക്കൊന്നു മുടിച്ചവൻ
ദ്രോണകർണ്ണർ കുഴക്കുന്നോൻ ദൗശ്ശാസനിവശത്തിലായ്. 17
ഒററയ്ക്കൊരുവനോടെന്നും പൊരുതിക്കൊള്ളുകിൽ പ്രഭോ!
പോരിലായവനെക്കൊൽവാനാവില്ലാ വജ്രപാണിയും. 18
പാർത്ഥനെപ്പോരിൽനിന്നിട്ടു സംശപ്തകരകററവേ
വളഞ്ഞൂ പോരിലവനെ ക്രുദ്ധരാം ദ്രോണരാദികൾ. 19
പിതാവേ, പിന്നെ വളരെശ്ശത്രുക്കളെ വധിച്ചവൻ
വാർഷ്ണേയ, നിന്മകൾമകൻ ദൗശ്ശാസനിവശത്തിലായ്. 20
അവൻ ദൃഢം വിണ്ണിലെത്തീ ശോകം പോക്കു മഹാമതേ!
വ്യസനത്തിൽപ്പെട്ടു തളർന്നീടാറില്ലറിവുള്ളവർ. 21
ദ്രോണകർണ്ണാദ്യരെക്കൂടിയെതിരിട്ടു തടുത്തവൻ
മഹേന്ദ്രതുല്യരെപ്പോരിലവൻ വിണ്ണെത്തുകില്ലയോ? 22
ശോകം കളക ദുർദ്ധർഷ, മന്യുവിൻ പാട്ടിലാകൊലാ
ശസ്ത്രശുദ്ധപദം* പുക്കാനവൻ പരപുരഞ്ജയൻ. 23
വീരനാമായവൻ ചത്തിട്ടെൻ സോദരി സുഭദ്രയും
ദുഃഖാർത്ത കുന്തീപാർശ്വംപുക്കാർത്തു കുരരി പോലവേ. 24
ദ്രൗപദീപാർശ്വമെത്തീട്ടു ചോദിച്ചു ദുഃഖമാണ്ടവൾ:
"എങ്ങാര്യേ, മക്കളൊക്കേയും കാണ്മാനുണ്ടാഗ്രഹിപ്പു ഞാൻ." 25
അവൾ ചൊന്നതു കേട്ടിട്ടാക്കുരുനാരികളൊക്കയും
ഇവളെക്കൈകളാൽത്താങ്ങീട്ടേററമാർത്തിയൊടാർത്തുപോൽ. 26
ചൊല്ലിനാളുത്തരയോടും "ഭദ്രേ, നിൻ കാന്തനെങ്ങുപോയ്?
അവൻ വേഗം വന്നതായി നീയെന്നെയറിയിക്കണം. 27
വിരാടപുത്രി,യിങ്ങെൻെറ വാക്കു കേട്ടീടിലെപ്പൊഴും
ഗൃഹത്തിൽനിന്നെത്തുമുടനിന്നെന്തെത്താത്തു നിൻ പതി? 28
അഭിമന്യോ, കുശലികൾ നിന്മാതുലർ മഹാരഥർ
എല്ലാരും കുശലം ചൊല്ലീ പോരിനായ്‌വന്ന നിന്നോടായ്. 29
മുന്മട്ടിന്നത്തെ യുദ്ധത്തെയെന്നോടോതുകരിന്ദമ!
ഏവം കേണീടുമെന്നോടിന്നെന്തൊന്നും മിണ്ടിടാത്തു നീ?" 30
എന്നു തൊട്ടുള്ള വാർഷ്ണേയീപരിദേവിതമങ്ങനെ
കേട്ടു കുന്തീദേവി മാഴ്കി മെല്ലെയിങ്ങനെ ചൊല്ലിനാൾ. 31

കുന്തി പറഞ്ഞു

ഹേ സുഭദ്രേ, വാസുദേവനേവം സാത്യകിയും രണേ

* ശസ്ത്രശുദ്ധപദം = വീരസ്വർഗ്ഗം.

അച്ഛനും ലാളനം ചെയ്യുമവൻ കാലവഴിക്കുപോയ്. 32
ഇമ്മട്ടല്ലോ മർത്ത്യധർമ്മം മാഴ്കൊല്ലാ യദുനന്ദിനി!
ദുർദ്ധർഷനാം നിന്റെ പുത്രൻ പരസൽഗതി നേടിനാൻ. 33
വൻപെഴും ക്ഷത്രിയർക്കുള്ള വൻ കുലത്തിൽ പിറന്ന നീ
പത്മപത്രാക്ഷി, മാഴ്കൊല്ലാ ചപലാക്ഷനെയോർത്തു നീ. 34
ഗർഭമുള്ളോരുത്തരയെ നോക്കു മാഴ്കൊല്ല നീ ശുഭേ!
അവന്റെ പുത്രനെയിവരം പെറും ഭാമിനിയായവരം. 35

കൃഷ്ണൻ പറഞ്ഞു

എന്നാശ്വാസമിവരുക്കേകി കുന്തിതന്നെ യദൂദ്വഹ!
ദുർദ്ധർഷ്, ദുഃഖം വിട്ടിയ്യാരുക്കായി ശ്രാദ്ധം കുറിച്ചതേ. 36
സമ്മതിപ്പിച്ചു ധർമ്മജ്ഞനൃപനെബ് ഭീമനേയുമേ
യമാഭരാം യമരെയും ദാനം നല്കിയസംഖ്യമേ. 37
വിപ്രന്നേറെപ്പശുദ്ദാനം ചെയ്തു പിന്നെ യദൂദ്വഹ!
സമാഹരിച്ചു വാർഷ്ണേയി വൈരാടിയോടു ചൊല്ലിനാരം. 38

കുന്തി പറഞ്ഞു

വൈരാടി[1]യിങ്ങു സന്താപം നീ ചെയ്യരുതനിന്ദിതേ!
സുശ്രോണി, കാന്തനെപ്പററിക്കാക്കു ഗർഭസ്ഥബാലനെ. 39

കൃഷ്ണൻ പറഞ്ഞു

എന്നുരച്ചിട്ടുടൻ കുന്തി വിരമിച്ചു മഹാദ്യുതേ!
അവളെസ്സമ്മതിപ്പിച്ചാനയിച്ചേനീസ്സുഭദ്രയെ. 40
ഏവം കഴിഞ്ഞു നിൻ പുത്രീപുത്രൻ മാനദ, കേവലം
ദുർദ്ധർഷ്, താത, സന്താപം വിട്ടു ശോകം നിനയ്ക്കൊലാ. 41

62. വ്യാസസാന്ത്വനം

കൃഷ്ണന്റെ വാക്കുകേട്ട് ആശ്വാസംപൂണ്ട വസുദേവാദികൾ അഭിമന്യുവിനുവേണ്ടി ദാനധർമ്മാദികൾ നടത്തുന്നു. ഉത്തരയുടെ ദുഃഖം അവളുടെ ഗർഭത്തെ ബാധിക്കുമെന്നു കണ്ട വ്യാസൻ അവിടെ പ്രത്യക്ഷപ്പെട്ട് ഉത്തരയേയും മററുള്ളവരേയും ആശ്വസിപ്പിക്കുന്നു. താമസിയാതെ അശ്വമേധം കഴിക്കണമെന്നു ധർമ്മപുത്രനോടു പറഞ്ഞ് വ്യാസൻ അപ്രത്യക്ഷനാകുന്നു.

വൈശമ്പായനൻ പറഞ്ഞു

എന്നു പുത്രൻ ചൊന്ന വാക്കു കേട്ടു ശൂരജൻ[2]പ്പൊഴേ
ശോകം വെടിഞ്ഞു ധർമ്മിഷ്ഠൻ കൊടുത്തു ശ്രാദ്ധമുത്തമം. 1
അവ്വണ്ണമേ വാസുദേവൻ വൻപെഴും ഭാഗിനേയനായ്
അച്ഛനെന്നും പ്രിയനായിക്കഴിച്ചാനൗർദ്ധ്വദേഹികം. 2
ഓജസ്സാർന്നുള്ള ശതസഹസ്രം ബ്രാഹ്മണേന്ദ്രരെ

1 വൈരാടി=വിരാടപുത്രി; ഉത്തര. 2 ശൂരജൻ=വസുദേവൻ.

വിധിപോലൂട്ടിനാൻ ഭോജ്യം മററും സൽഗുണാന്വിതം. 3
ആച്ഛാദിച്ച മഹാബാഹു ധനത്തിൽത്തൃഷ്ണ പോക്കിനാൻ
ബ്രാഹ്മണർക്കപ്പൊഴേ കൃഷ്ണനതത്രേ രോമഹർഷണം. 4
സുവർണ്ണം പൈക്കൾ ശയനം വസ്ത്രങ്ങളുമതേവിധം
കൊടുക്കവേ വിപ്രർ 'വർദ്ധിച്ചീടുകെ'ന്നോതിനാരവർ. 5
ദാശാർഹനാം വാസുദേവൻ ബലൻ സാത്യകിതാനുമേ
അഭിമന്യുവിനായ് ശ്രാദ്ധം ചെയ്തു സത്യകനും തദാ. 6
ഏററവും ദുഃഖമാണ്ടുള്ളോർ ശമം നേടിയതില്ലവർ;
അവ്വണ്ണം പാണ്ഡവന്മാരും ഹസ്തിനാപുരമായതിൽ 7
ശമം നേടിയതില്ലേതുമഭിമന്യു പിരിഞ്ഞവർ.
രാജേന്ദ്ര, പിന്നെ വളരെദ്ദിവസങ്ങൾ വിരാടജ* 8
ഉണ്ടില്ലാ ഭർത്തൃദുഃഖത്താലതിൽക്കരുണമേറെയായ്.
വയററിലായവൾക്കുള്ള ഗർഭമങ്ങു ലയിച്ചുപോയ് 9
അറിഞ്ഞെഴുന്നള്ളി ദിവ്യചക്ഷുസ്സാൽ വ്യാസനപ്പൊഴേ.
ചെന്നു കണ്ടോതിനാൻ ധീമാൻ ദീർഘലോചനി പൃഥയോടുടൻ 10
തേജസ്വിയുത്തരയൊടു "മീശ്ശോകത്തെ ത്യജിക്ക നീ.
തേജസ്വിയായിത്തീർന്നീടും നിൻെറ പുത്രൻ യശസ്വിനി! 11
വാസുദേവപ്രഭാവത്താൽ ഞാനീപ്പറകയാലുമേ.
പാണ്ഡവർക്കൊടുവിൽ ഭൂമിപാലനം ചെയ്യുമീയിവൻ." 12
ധനഞ്ജയനെയും നോക്കിദ്ധർമ്മജൻ കേട്ടു നില്ക്കവേ
ഹർഷിപ്പിക്കുംവിധം വ്യാസൻ ചൊന്നാനിങ്ങനെ ഭാരത! 13

വ്യാസൻ പറഞ്ഞു

നിൻെറ പൗത്രൻ മഹാഭാഗനായിത്തീരുമസംശയം
ധർമ്മം വഴിക്കാഴി ചൂഴുമൂഴിയെക്കാത്തുകൊണ്ടിടും. 14
എന്നാൽ കുരുശ്രേഷ്ഠ, ശോകം വിട്ടുകൊൾകരികർശന!
നിനക്കിതിൽ വിചാരിപ്പാനില്ലിതോ സത്യമാസ്ഥരും. 15
വൃഷ്ണിവീരൻ കൃഷ്ണനന്നു ചൊല്ലീലേ കുരുനന്ദന!
അതവ്വണ്ണം വരും വേണ്ടാ നിനക്കിതിൽ വിചാരണ. 16
താൻ നേടിയോരക്ഷയങ്ങൾ ദേവലോകങ്ങൾ പൂകിനാൻ
ആ വീരനെപ്പററി മാഴ്കൊല്ലങ്ങും മററു കുരുക്കളും. 17

വൈശമ്പായനൻ പറഞ്ഞു

എന്നാപ്പിതാമഹൻ ചൊന്ന ധർമ്മാത്മാവാം ധനഞ്ജയൻ
ശോകം വിട്ടു മഹാരാജ, ഹൃഷ്ടനായ്ത്തീർന്നിതപ്പൊഴേ. 18
ധർമ്മജ്ഞ, നിന്നച്ഛനുമാഗ്ഗർഭത്തിങ്കൽ മഹാമതേ!
യഥേഷ്ടം വാച്ഛയായ് ശുക്ലപക്ഷത്തിൽ തിങ്കൾ പോലവേ. 19
വ്യാസൻ പ്രേരിപ്പിച്ചു പിന്നെദ്ധർമ്മാത്മജ നരേന്ദ്രനെ

* വിരാടജ = വിരാടപുത്രി.

അശ്വമേധത്തിനായപ്പോൾ മറഞ്ഞാൻ പിന്നെയായവൻ. 20
ധർമ്മരാജാവു മേധാവിയാ വ്യാസമൊഴി കേട്ടടൻ
ഉണ്ണീ, വിത്തം കൊണ്ടുവരാൻ പോകുവാൻ തീർച്ചയാക്കിനാൻ.

63. ദ്രവ്യാനയനാരംഭം

അശ്വമേധം കഴിക്കാൻ നിശ്ചയിച്ച ധർമ്മപുത്രാദികൾ, മരുത്തൻ ഹിമവാനിൽ നിക്ഷേപിച്ച നിധി കൊണ്ടുവരുന്നതിനായി ധൃതരാഷ്ട്രന്റെ അനുമതി വാങ്ങി നാട്ടിൽനിന്നു പുറപ്പെടുന്നു.

ജനമേജയൻ പറഞ്ഞു

ബ്രഹ്മൻ, മഹാൻ വ്യാസമുനി ചൊന്നോരീ വാക്കു കേട്ടടൻ
അശ്വമേധത്തിനെപ്പററി വീണ്ടും ചെയ്തതുമെന്തുവാൻ? 1
മരുത്തൻ ഭൂതലത്തിങ്കൽ വെച്ചോരാ രത്നമില്ലയോ
അതെങ്ങനേ നേടിയെന്നും പറഞ്ഞാലും ദ്വിജോത്തമ! 2

വൈശമ്പായനൻ പറഞ്ഞു

വ്യാസൻ ചൊന്നതു കേട്ടിട്ടു ധർമ്മരാജൻ യുധിഷ്ഠിരൻ
വരുത്തിത്തമ്പിമാരോടു കാലത്തിൽ ചൊല്ലിയിങ്ങനെ 3
അർജ്ജുനൻ ഭീമനാ മാദ്രീപുത്രരെന്നിവരോടടൻ:
''കേട്ടില്ലേ വീരരേ, നിങ്ങൾ സൗഹൃദത്താൽ മഹാശയൻ 4
കുരുക്കൾക്കു ഹിതം നോക്കും ധീമാൻ കൃഷ്ണൻ പറഞ്ഞതും
തപോവൃദ്ധൻ മഹാത്മാവു സുഹൃൽഭൂതി നിനപ്പവൻ 5
ഗുരു വ്യാസൻ ധീമൽശീലനത്ഭുതക്രിയ ചെയ്യവൻ
ഭീഷ്മൻ ധീമാൻ മഹാപ്രാജ്ഞൻ ഗോവിന്ദൻതാനുമങ്ങനെ? 6
അതോർത്തു നന്നായ്ച്ചെയ്യാൻ ഞാനിച്ഛിപ്പൂ പാണ്ഡുപുത്രരേ!
നമ്മൾക്കൊട്ടുക്കു മേലേക്കുമിന്നയ്ക്കും ഹിതമേററവും. 7
ഫലത്തിലും ശുഭം ബ്രഹ്മവാദി ചൊല്ലിയൊരാ മൊഴി
ഈ ഭൂമിയൊക്കയും ക്ഷീണരത്നയാം കുരുമുഖ്യരേ! 8
ചൊല്ലീ മന്നവരേ, വ്യാസൻ മരുത്തന്റെ ധനത്തെയും
നിങ്ങൾക്കു ബോദ്ധ്യമെന്നാകിൽത്തക്കതെന്നായ് നിനയ്ക്കുകിൽ.
ധർമ്മത്താൽച്ചൊന്നമട്ടാട്ടേ ഭീമ, നിയോഗിപ്പതെന്തുവാൻ?''
എന്നാ മന്നൻ ചൊല്ലിവെച്ചനേരം കുരുകുലോദ്വഹ! 10
ഭീമസേനൻ കൈതൊഴുതു രാജേന്ദ്രനൊടു ചൊല്ലിനാൻ.

ഭീമൻ പറഞ്ഞു

മഹാബാഹോ, ബോദ്ധ്യമെനിയ്ക്കുവിടുന്നീപ്പറഞ്ഞതും 11
വ്യാസൻ ചൊല്ലിയ വിത്തത്തെക്കൊണ്ടുവന്നീടുകെന്നതും.
നമുക്കാവിക്ഷിതധനം നേടാവൊന്നാവുകിൽ പ്രഭോ! 12
മഹാരാജ, ദൃഢംചെയ്തതാകുമെന്നാണു മന്മതം.

എന്നാൽ മഹാത്മാവാകുന്ന ഗിരീശനു വണങ്ങി നാം 13
അതാനയിക്ക ശുഭമായർച്ചിച്ചിട്ടു കപർദ്ദിയെ[1].
ആ സ്വാമി ദേവദേവേശനേയും തൽഭൃത്യനേയുമേ 14
നേടാം പ്രസാദിപ്പിച്ചർത്ഥം മനോവാക്ക്രിയകൊണ്ടുടൻ
ആ ദ്രവ്യം കാത്തിടും രൗദ്രാകാരകിന്നരരില്ലയോ 15
വൃഷദ്ധ്വജൻ പ്രസാദിച്ചാലവരും പാട്ടിലായ്വരും.

വൈശമ്പായനൻ പറഞ്ഞു

എന്നു ഭീമൻ ചൊല്ലിയോരാ വാക്കു കേട്ടിട്ടു ഭാരത! 16
പ്രീതനായേററവും ധർമ്മപുത്രഭൂപതി ഭാരത!
അർജ്ജുനാദികളെല്ലാരുമതമ്മട്ടെന്നു ചൊല്ലിനാർ. 17
ഉറച്ചെല്ലാപ്പാണ്ഡവരും രത്നാഹരണനിശ്ചയം
സേനയ്ക്കാജ്ഞാപിച്ചു നല്ല നാളുമാഴ്ചയുമുള്ള നാം. 18
പിന്നെയാപ്പാണ്ഡുപുത്രന്മാർ സ്വസ്തി ചൊല്ലിച്ചു വിപ്രരെ
പൂജിച്ചു ദേവവരനെ മുന്നംതന്നെ മഹേശനെ 19
മോദകം പായസം മാംസമപൂപമിവകൊണ്ടുടൻ
പ്രാർത്ഥിച്ചിട്ടു മഹാത്മാവെപ്പുറപ്പെട്ടു രസത്തൊടും. 20
അവർ പോകുമ്പൊളവിടെ മംഗളങ്ങളും ശുഭങ്ങളും
ചൊല്ലീ പ്രഹൃഷ്ടചിത്തന്മാർ വിപ്രപ്രവരർ പൗരരും. 21
പിന്നെ പ്രദക്ഷിണംവെച്ചു തല കുമ്പിട്ടു കൂപ്പിയും
അഗ്നി ചേരും ബ്രാഹ്മണരെ,പ്പോയിനാർ പാണ്ഡുനന്ദനർ. 22
സഭാര്യനായ് പുത്രദുഃഖി ധൃതരാഷ്ട്ര നരേന്ദ്രനെ
സമ്മതിപ്പിച്ചു പൃഥുദ്ദക്കാകുമാപ്പൃഥയേയുമേ. 23
മൂലത്തി[2]ലാക്കിക്കൗരവ്യൻ ധാർത്തരാഷ്ട്രയുയുത്സുവെ
പൗരരും ബുദ്ധിമാന്മാരാം വിപ്രരും സൽക്കരിച്ചവർ. 24

64. ദ്രവ്യാനയനോപക്രമം

യുധിഷ്ഠിരൻ പരിവാരസമേതം ഉദ്ദിഷ്ടസ്ഥലത്തെത്തിച്ചേരുന്നു. അധികം താമസത്തിനിടവരാത്തവിധം വേണ്ടതൊക്കെ ഉടനേതന്നെ ചെയ്യണമെന്നു ധർമ്മപുത്രൻ പുരോഹിതനോടു പറയുന്നു. എല്ലാവരും അന്നു രാത്രി ഉപവസിച്ചു വ്രതാനുഷ്ഠാനത്തിൽ കഴിയുന്നു.

വൈശമ്പായനൻ പറഞ്ഞു

ഉടൻ പോയീ ഹൃഷ്ടരവർ സംഹൃഷ്ടനരവാഹനർ
വൻപിച്ചീടും തേരൊലിയാൽ ഭൂമിയൊക്ക മുഴക്കുവോർ. 1
വന്ദിമാഗധസൂതന്മാർ പരം വാഴ്ത്തി സ്തുതിപ്പവർ

---

1 കപർദ്ദി=ശിവൻ. 2 മൂലത്തിൽ=കുടുംബത്തിൻെറ നാരായവേരായ ഗാന്ധാരീധൃതരാഷ്ട്രന്മാരുടെ അടുക്കൽ.

രശ്മിയൊത്താദിത്യർപോലെ സ്വന്തം സൈന്യത്തൊടൊത്തവർ.
തലയ്ക്കുമേൽ പിടിച്ചീടും വെൺകൊററക്കുടയാലഹോ!
വാവുന്നാളിന്ദുവെപ്പോലെ ശോഭിച്ചിതു യുധിഷ്ഠിരൻ. 3
വഴിക്കു ഹൃഷ്ടനരർതൻ ജയാശിസ്സുകളം പാണ്ഡവൻ
ഏററു വാങ്ങീ യഥാന്യായം മുറയ്ക്കു പുരുഷർഷഭൻ. 4
അമ്മട്ടു സൈന്യം രാജാവേ, പിൻതുടർന്നു നരേന്ദ്രനെ
ആയതിന്നുടെയാരാവം വാനടച്ചു നിരന്നതേ. 5
പുഴ പൊയ്കകളെന്നല്ല കാടും മലകളും ശരി
കടന്നിട്ടു മഹാരാജൻ ചെന്നെത്തീ പർവ്വതത്തിലും. 6
രാജേന്ദ്ര, മുഖ്യമാ ദ്രവ്യമിരിക്കുന്നൊരിടത്തിലായ്
കൂടാരം കെട്ടി രാജാവു പാണ്ഡവപ്പടയൊത്തവൻ 7
നന്നായ് പരപ്പുള്ളൊരിടത്തായിബ് ഭരതസത്തമ!
മുൻപിലാക്കിത്തപോവിദ്യാദമമാണ്ടുള്ള വിപ്രരെ 8
കൗരവ്യ, വേദവേദാന്തവിത്താമാചാര്യനേയുമേ
അഗ്നിവേശ്യനെയും മന്നോർ വിപ്രന്മാർ സപുരോഹിതർ 9
ശാന്തി ചെയ്തു യഥാന്യായം ചുററുമേ ചെന്നുകൂടിനാർ.
നടുക്കാക്കീട്ടരചനെ മുറയ്ക്കാ മന്ത്രിമാരെയും. 10
വഴിയാറൊൻപതിടവുമായ്ത്തീർത്തു പാർപ്പിടം ദ്വിജർ.
വിധിയാംവണ്ണമേതന്നെ മത്തേഭങ്ങൾക്കു പാർപ്പിടം 11
ഉണ്ടാക്കിച്ചിട്ടു രാജേന്ദ്രൻ വിപ്രന്മാരോടിതോതിനാൻ:
"ശുഭനക്ഷത്രമാം നാളിലിക്കാര്യത്തിൽ ദ്വിജേന്ദ്രരേ! 12
ഭവാന്മാരെങ്ങനെ നിനയ്ക്കുന്നതങ്ങനെ ചെയ്യണം.
ഇങ്ങു പാർത്തിട്ടു നമ്മൾക്കു കാലതാമസമാകൊലാ 13
എന്നുറച്ചിട്ടു മേൽ വീണ്ടും ക്രിയ ചെയ്യിൻ ദ്വിജേന്ദ്രരേ!"
എന്നാ മന്നൻ ചൊന്ന കേട്ടു പുരോഹിതയുതദ്വിജർ 14
ഹൃഷ്ടരായ് ചൊല്ലിനാരേവം ധർമ്മരാജപ്രിയാർത്ഥികൾ.

ബ്രാഹ്മണർ പറഞ്ഞു

ഇന്നാഴ്ചയും നാളുമേ പുണ്യമല്ലോ
പ്രയതിക്കാം ശ്രേഷ്ഠകർമ്മത്തിനായി
വെള്ളം കുടിച്ചിന്നു കഴിക്ക ഞങ്ങൾ;
നിങ്ങൾക്കുമിന്നുപവാസം നരേന്ദ്ര! 15

വൈശമ്പായനൻ പറഞ്ഞു

ആ ബ്രാഹ്മണശ്രേഷ്ഠർ പറഞ്ഞു കേട്ടു
രാവങ്ങു മന്നോരുപവാസമായി
പാർത്തീടിനാർ ദർഭ വിരിച്ചു ശുദ്ധർ
യജ്ഞേ ജ്വലിച്ചഗ്നികളെന്നപോലെ. 16

പരം കഴിഞ്ഞു നിശ വിപ്രർ ചൊല്ലീടും
വരോക്തി[1] കേൾക്കുന്ന മഹത്തരർ[2]ക്കഹോ!
പരം പ്രകാശിച്ചു പുലർച്ചയിങ്കലാ
ദ്വിജേന്ദ്രർ ധർമ്മാത്മജനോടു ചൊല്ലിനാർ. 17

65. ദ്രവ്യാനയനം

വ്യാസന്റെ ഉപദേശപ്രകാരം ശിവനെയും മററു ഭൂതഗണങ്ങളെയും വേണ്ടപോലെ പൂജിച്ചു തൃപ്തരാക്കി, ധർമ്മപുത്രൻ മരുത്തന്റെ നിധി കുഴിപ്പിച്ചെടുത്ത് ആ ദ്രവ്യവുംകൊണ്ടു നാട്ടിലേക്കു പുറപ്പെടുന്നു.

ബ്രാഹ്മണൻ പറഞ്ഞു

മഹാത്മാവാം ത്ര്യംബകന്നിങ്ങുപഹാരം കഴിക്കണം
ഉപഹാരം ചെയ്തു പിന്നെ രാജൻ, സ്വാർത്ഥത്തിനുന്നിടാം. 1

വൈശമ്പായനൻ പറഞ്ഞു

ആ ബ്രാഹ്മണന്മാർ ചൊന്നോരു വാക്കു കേട്ടു യുധിഷ്ഠിരൻ
ന്യായംപോലെ ഗിരീശന്നങ്ങുപഹാരം കഴിച്ചുതേ. 2
വിധിസംസ്കൃതമാം നെയ്യാൽ ചെയ്തിട്ടങ്ങഗ്നിതർപ്പണം
മന്ത്രസിദ്ധം ഹവ്യവും തീർത്തങ്ങിറങ്ങീ പുരോഹിതൻ. 3
രാജാവേ, മന്ത്രസംശുദ്ധപുഷ്പങ്ങളുമെടുത്തുടൻ
മോദകം പായസം മാംസമിവയാൽ ബലി നല്കിനാൻ. 4
വിചിത്രപ്പൂമാല മലർ പലമട്ടിവയാലുമേ
വിധിക്കെല്ലാം ശിഷ്ടതമം ചെയ്തിട്ടാ വേദപാരഗൻ 5
കിങ്കരർക്കും പിന്നെയങ്ങു മുഖ്യമാം ബലി നല്കിനാൻ.
യക്ഷേന്ദ്രനാം കുബേരനും മണിഭദ്രനുമങ്ങനെ 6
മററു യക്ഷർക്കുമാ ഭൂതപതികൾക്കും യഥോചിതം.
കൃസരം മാംസമവ്വണ്ണം തിലോദകവുമൊത്തഹോ! 7
ചോറും കുടത്തിലാക്കീട്ടു കൊടുത്തിതു വൃകോദരൻ.
ബ്രാഹ്മണർക്കായ് ഗോസഹസ്രം കൊടുത്തിട്ടവനീപതി 8
നക്തഞ്ചരങ്ങളാം ഭൂതങ്ങൾക്കേകീ ബലിയങ്ങനെ.
ധൂപഗന്ധം വിങ്ങിയങ്ങു പൂക്കൾ ചിന്നിയുമങ്ങനെ 9
ദേവദേവന്റെയാസ്ഥാനമേററം ശോഭിച്ചു മന്നവ!
രുദ്രനും പൂജ ചെയ്തിട്ടു ഗണങ്ങൾക്കുമശേഷവും 10
നൃപൻ വ്യാസനെ മുൻപാക്കിച്ചെന്നു രത്നനിധിസ്ഥലേ.
ധനാദ്ധ്യക്ഷനെ വന്ദിച്ചു കൂപ്പിച്ചെയ്തഭിവാദ്യവും 11
വിചിത്രപ്പൂക്കൾ കൃസരമപൂപമിവയാലഹോ!
മററും ശംഖാദിനിധികൾക്കാ നിധീശർക്കുമൊക്കയും 12

---

2 വരോക്തി = നല്ലവാക്ക്. 2 മഹത്തരർ = മഹാത്മാക്കൾ.

അച്ചനംചെയ്യന്തണരെ സ്വസ്തി ചൊല്ലിച്ച വീര്യവാൻ.
അവർ ചൊല്ലുന്ന പുണ്യാഹഘോഷം തേജസ്സമൊത്തവൻ 13
പ്രീതനായിക്കരുശ്രേഷ്ഠൻ കുഴിപ്പിച്ചീടിനാൻ നിധി.
പിന്നെപ്പാത്രങ്ങരം പലമട്ടഴകിൽ കരകങ്ങളും 14
ഭൃംഗാരങ്ങരം കടാഹങ്ങരം കലങ്ങരം പല ചട്ടികരം
വിചിത്ര പാത്രങ്ങരം പലതരത്തിൽ സംഖ്യയെന്നിയേ 15
എടപ്പിച്ചീടിനാനപ്പോരം ധമ്മരാജൻ യുധിഷ്ഠിരൻ.
വൻപിച്ചീടും കരപുടമവയ്ക്കൊത്തിതു ലക്ഷണം 16
കെട്ടുള്ള ഭാണ്ഡം രാജാവേ, തുലാദ്ധംതന്നെയായ് നൃപ!
വാഹനം പാണ്ഡുപുത്രന്നങ്ങുണ്ടായിതു ധരാപതേ! 17
ഒട്ടകം ഷഷ്ടിസാഹസ്രം നൂറിരട്ടി ഹയങ്ങളും
ഗജങ്ങളും മഹാരാജ, നൂറായിരമതേവിധം 18
വണ്ടി തേരുകളവ്വണ്ണമത്രതാൻ പിടിയാനകരം
ഖരങ്ങരംക്കും മനുഷ്യക്കും കാണുകില്ല കഥിക്കുവാൻ. 19
യുധിഷ്ഠിരനെടുപ്പിച്ചുകൊണ്ടോരാ ദ്രവ്യമങ്ങനെ
പതിനാറെട്ടിരുപതും നാലും ഭാരസഹസ്രമാം. 20
ഇവററിലാ ദ്രവ്യമേററി മഹാദേവനു പാണ്ഡവൻ
അച്ചനം ചെയ്യടൻ ഹസ്തിനഗരത്തേക്കു യാത്രയായ്. 21
ദ്വൈപായനാനുജ്ഞയോടും പുരോഹിതപുരസ്സരൻ
ഗവ്യൂതി ഗവ്യൂതിതോറും പാത്തിതാപ്പുരുഷഷ്ഭൻ. 22
രാജാവേ, നഗരത്തേക്കു നോക്കിപ്പോന്നു പെരുംപട
ദ്രവ്യഭാരാൽ പണിപ്പെട്ടു ഹഷിപ്പിച്ചും കുരുക്കളെ. 23

66. പരീക്ഷിജ്ജന്മകഥനം

പറഞ്ഞിരുന്നതനുസരിച്ച്, അശ്വമേധത്തെപ്പററിയുള്ള വത്തമാനം കേട്ടു കൃഷ്ണൻ ഹസ്തിനപുരത്തിലെത്തുന്നു. ഉത്തര ഒരു മൃതശിശുവിനെ പ്രസവിച്ച വത്തമാനം കുന്തി മുതലായവർ കൃഷ്ണനെ അറിയിച്ച് എങ്ങനെയെങ്കിലും ആ ശിശുവിനെ ജീവിപ്പിക്കണമെന്നപേക്ഷിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

ഇതുകാലംതന്നെ വീര്യമേറീടും വാസുദേവനും
വൃഷ്ണിപ്രവരരോടൊത്തു ഹസ്തിനാപുരമെത്തിനാൻ. 1
അശ്വമേധത്തിൻെറ കാലമറിഞ്ഞു പുരുഷഷ്ഭൻ
സ്വപുരം പൂകവേ ധമ്മരാജൻ ചൊല്ലിയവണ്ണമേ 2
രൗക്മിണേയനൊടുംകൂടി യുയുധാനനൊടും സമം
ചാരുദേഷ്ണനൊടും സാംബ ഗദ ഹാദ്ദിക്യരോടുമേ 3
വീരനാം സാരണനൊടും നിശഠോന്മുകരോടുമേ

ബലദേവനെ മുൻപാക്കിസ്സുഭദ്രയോടുമൊപ്പമേ. 4

പാഞ്ചാലിയുത്തര പൃഥയിവരെക്കണ്ടുകൊള്ളുവാൻ
ഭർത്താക്കൾ ചത്തോരാ ക്ഷത്രസ്ത്രീകൾക്കാശ്വാസനത്തിനും. 5

അവർ വന്നതറിഞ്ഞിട്ടാധൃതരാഷ്ട്രക്ഷിതീശനും
മഹാത്മാവാം വിദുരനും സ്വീകരിച്ചു യഥാവിധി. 6

അവിടെപ്പാർത്തിതാകൃഷ്ണനച്യുതൻ പുരുഷോത്തമൻ
തേജസ്വിയാം വിദുരനാലാ യുയുത്സുവിനാലുമേ. 7

വൃഷ്ണിവീരന്മാരവിടെപ്പാർക്കുമ്പോൾ ജനമേജയ!
പിറന്നു നൃപ, നിന്നച്ഛൻ പരീക്ഷിത്തരിനാശനൻ. 8

ആ രാജാവു മഹാരാജ, ബ്രഹ്മാസ്ത്രംകൊണ്ടു പീഡിതൻ
ശവമായ്ത്തീർന്നു നിശ്ചേഷ്ടൻ ഹർഷശോകവിവർദ്ധനൻ. 9

ഹൃഷ്ടരാമാൾകളുടയ സിംഹനാദമഹാസ്വനം
പ്രദിക്കെങ്ങും പുക്കവിടെയുടൻതന്നെ നശിച്ചുപോയ്. 10

ഉടൻ വെമ്പലൊടും കൃഷ്ണനങ്ങന്തഃപുരമേറിനാൻ
യുയുധാനൻ തുണയുമായ് വ്യഥിതേന്ദ്രിയമാനസൻ. 11

ഉടൻ കണ്ടു വന്നണയുമച്ഛൻപെങ്ങളെയപ്പൊഴേ
വാസുദേവനൊടായ് വീണ്ടും പാഞ്ഞെത്താനാർത്തിടുംപടി. 12

പിൻപേ പാഞ്ചാലിയെപ്പിന്നെപ്പേർ കേട്ടോരു സുഭദ്രയെ
ദുഃഖിച്ചാർക്കും ബാന്ധവസ്ത്രീകളേയുമവനീപതേ! 13

ഉടൻ കൃഷ്ണന്റെ മുൻപെത്തി കുന്തിഭോജന്റെ നന്ദിനി
പറഞ്ഞു രാജശാർദ്ദൂല, തൊണ്ടയങ്ങിടറുംപടി. 14

കുന്തി പറഞ്ഞു

വാസുദേവ, മഹാബാഹോ, നിന്നാൽ ദേവകി സുപ്രജ
നീ ഞങ്ങൾക്കോ ഗതി നില നിന്നധീനത്തിലീക്കുലം. 15

യദുവീര, പ്രഭോ, നിന്റെ ഭാഗിനേയന്റെയീ മകൻ
ദ്രൗണി കൊന്നോൻ പിറന്നല്ലോ ജീവിപ്പിക്കുക കേശവ! 16

ഐഷീകത്തിങ്കൽ നീ സത്യംചെയ്തില്ലേ യദുനന്ദന!
'മൃതജാതനെ ഞാൻ ജീവിപ്പിക്കുവേ'നെന്നുതാൻ പ്രഭോ! 17

ജാതൻ മൃതനിവൻ താത, നീ നോക്കു പുരുഷർഷഭ!
അങ്ങുത്തര സുഭദ്ര ദ്രൗപദി ഞാനിവരേ ഹരേ! 18

ധർമ്മഭ്രു ഭീമാർജ്ജുനരെയേവം നകുലനേയുമേ
സഹദേവനെയും വീര, കാത്തുകൊൾകേവരേയുമേ. 19

പ്രാണങ്ങൾ നില്പതിവനിൽ പാണ്ഡവർക്കുമെനിക്കുമേ
ദാശാർഹ, പാണ്ഡുവിൻ പിണ്ഡമമ്മട്ടെൻ ശ്വശുരന്റെയും. 20

നന്നായ് വരും, പ്രിയപ്പെട്ട തുല്യനാമാർജ്ജുനിക്കുമേ
മരിച്ചുപോയെങ്കിലും നീ പ്രിയം ചെയ്യു ജനാർദ്ദന! 21

മുൻചൊന്നതായുത്തരതാൻ ചൊല്ലാറുണ്ടരികർശന!

അഭിമന്യുച്ചൊല്ലു കൃഷ്ണ, പ്രിയത്വത്താലസംശയം. 22
പറഞ്ഞുപോലും ദാശാർഹ, താൻ വൈരാടിയൊടാർജ്ജുനി:
''മാതുലൻെറ കുലം പൂകും ഭദ്രേ, നിന്നുടെ നന്ദനൻ 23
വൃഷ്ണ്യന്ധകഗൃഹം പൂകു ധനുർവ്വേദം ഗ്രഹിച്ചിടും;
വിചിത്രാസ്ത്രങ്ങളും പിന്നെക്കേവലം നീതിശാസ്ത്രവും.'' 24
എന്നേവമുണ്ണ്ടി, പ്രണയാൽ സൗഭദ്രൻ ശത്രുനാശനൻ
പറഞ്ഞിരിപ്പൂ ദുർദ്ധർഷനമ്മട്ടാമില്ല സംശയം. 25
ഞങ്ങൾ നിന്നോടു കുമ്പിട്ടുണ്ടിരപ്പൂ മധുസൂദന!
കല്യാണമുത്തമം ചെയ്യുകിക്കുലത്തിൻ ഹിതത്തിനായ്. 26

വൈശമ്പായനൻ പറഞ്ഞു

എന്നു വാർഷ്ണേയനോടോതി പൃഥുലോചനയാം പൃഥ
നിലത്തു വീണു കൈ പൊക്കി ദുഃഖിച്ചന്യവധുക്കളും. 27
ഏവരും ചൊല്ലി രാജാവേ, കണ്ണിൽക്കണ്ണീർ നിറഞ്ഞവർ
മൃതജാതൻ വാസുദേവസ്വസ്രീയനിതിതാൻ പ്രഭോ! 28
എന്നരച്ചെക്കുന്തിയെത്താൻ താങ്ങിക്കൊണ്ടു ജനാർദ്ദനൻ
നിലത്തു വീണോരവളെസ്സാന്ത്വനംചെയ്തു ഭാരത! 29

67. സുഭദ്രാവാക്യം

കുന്തിയുടെ അഭ്യർത്ഥനതന്നെ കുറെക്കൂടി ദയനീയമായ രീതിയിൽ സുഭദ്ര ആവർത്തിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

കുന്തിയേല്ക്കേ സോദരനെപ്പാർത്തു കണ്ടു സുഭദ്രയും
ദുഃഖാർത്തയായോർത്തുകൊണ്ടാൾ പറഞ്ഞാളുടനിങ്ങനെ. 1

സുഭദ്ര പറഞ്ഞു

പുണ്ഡരീകാക്ഷ, നീ കാൺക ധീമാൻ പാർത്ഥൻെറ പൗത്രനെ
കുരുക്കന്മാർ ക്ഷയിച്ചാറേ ക്ഷയിച്ചായുസ്സുമററിതാ. 2
ഭീമസേനൻെറ നേർക്കായി ദ്രൗണി വിട്ടോരിഷീകതാൻ
പതിച്ചിതിങ്ങുത്തരയിൽ വിജയങ്കലുമെങ്കലും. 3
ഇവളോ കരം പൊട്ടിട്ടീ ഞാൻ നില്ക്കുമ്പോതു കേശവ!
ദുർദ്ധർഷ, കാണുന്നില്ലല്ലോ പുത്രനൊത്തവനെ പ്രഭോ! 4
ധർമ്മാത്മാവെന്തു പറയും ധർമ്മരാജൻ യുധിഷ്ഠിരൻ
ഭീമനർജ്ജുനനും പിന്നെ യമർ മാദ്രീകുമാരരും 5
അഭിമന്യുസുതൻ ജാതൻ മൃതനെന്നായ് ശ്രവിക്കുകിൽ?
വാർഷ്ണേയ, വഞ്ചിതന്മാരായ് ദ്രൗണിയാൽ പാണ്ഡുനന്ദനർ. 6
അഭിമന്യു പ്രിയൻ കൃഷ്ണ, ഭ്രാതാക്കന്മാർക്കസംശയം
അവർ കേട്ടാലെന്തു ചൊല്ലും ദ്രോണപുത്രാസ്ത്രനിർജ്ജിതർ? 7

ഇതിലും വലുതാം ദുഃഖം മറെറന്തുണ്ടു ജനാർദ്ദന!
അഭിമന്യുസുതൻ കൃഷ്ണ, മൃതജാതനരിന്ദമ! 8
പ്രസാദിപ്പിക്കുവേൻ കൃഷ്ണ, തല കുമ്പിട്ടു നിന്നെ ഞാൻ
ഈക്കുന്തിയും ദ്രൗപദിയും കാണ്കിന്തു പുരുഷോത്തമ! 9
ദ്രൗണി പാണ്ഡുസുതക്കുള്ള ഗർഭം കൊല്ലുമ്പൊഴം മാധവ!
ക്രുദ്ധനായ് നീ ചൊല്ലിയല്ലോ ദ്രൗണിയോടരിമർദ്ദന! 10
''അകാമനാക്കും ഞാൻ നിന്നെ ബ്രഹ്മബന്ധോ, നരാധമ!
ഞാൻ ജീവിപ്പിച്ചുകൊണ്ടീടും കിരീടിസുതസൂനുവെ.'' 11
എന്നുള്ളോരീ വാക്കു കേട്ടു നിൻ ബലത്തെയറിഞ്ഞ ഞാൻ
പ്രസാദിപ്പിക്കുവേൻ വീര, ജീവിക്കുകഭിമന്യുജൻ. 12
ഈശ്ശുഭച്ചൊല്ലേററുചൊല്ലീട്ടെല്ലാം നീ ചെയ്യിടായ്കിലോ
വൃഷ്ണിശാർദ്ദൂല, ഞാൻ ചത്തിതെന്നുതന്നെ ധരിക്ക നീ. 13
അഭിമന്യുസുതൻ വീര, ജീവിക്കായ്കിലരിന്ദമ!
ദുദ്ധർഷ, നീയിരുന്നിട്ടും നിന്നെക്കൊണ്ടെന്തു ചെയ്‌വു ഞാൻ? 14
ജീവിപ്പിക്കുക ദുദ്ധർഷ, ചത്ത സൗഭദ്രപുത്രനെ
വീര, തുല്യാക്ഷസുത*നെ സസ്യത്തെക്കാർ കണക്കിനെ. 15
നീയോ കേശവ, ധർമ്മിഷ്ഠൻ സത്യവാൻ സത്യവിക്രമൻ
ആ വാക്കു സത്യമാക്കീടവേണമങ്ങരിമർദ്ദന! 16
വേണമെങ്കിൽബ്‌ഭവാൻ ജീവിപ്പിക്കും ചത്താ ത്രിലോകവും
പിന്നെയെന്തോ ജാതമൃതസ്വസ്രീയപ്രിയപുത്രനെ? 17
കൃഷ്ണ, ഞാൻ നിൻ പ്രഭാവജ്ഞയാണതാണിതിരപ്പു ഞാൻ
ചെയ്ക നീ പാണ്ഡവന്മാർക്കീ വലുതായോരനുഗ്രഹം. 18
പെണ്ണുങ്ങളെന്നോ മകൻ ചത്തോളെന്നോ വീണ്ടും മഹാഭുജ!
ആശ്രയിച്ചോരെങ്കലങ്ങു ദയ ചെയ്യീടവേണമേ! 19

68. ഉത്തരാവിലാപം

ഭർത്താവും മകനും മരിച്ചതുകൊണ്ടു രണ്ടുവിധത്തിലും അനാഥയായിത്തീർന്ന ഉത്തര സങ്കടം സഹിക്കവഹിയാതെ അല്പം പരുഷമായ ഭാഷയിൽ കൃഷ്ണനോടാവലാതി പറയുന്നു.

വൈശമ്പായനൻ പറഞ്ഞു

എന്നു കേട്ടിട്ടു രാജേന്ദ്ര, കേശിഘ്നൻ ദുഃഖമൂർച്ഛിതൻ
ആവാമെന്നോതിയുച്ചത്തിലവർക്കാഹ്ലാദമാംവിധം. 1
ആ വാക്കുകൊണ്ടിട്ടവരെയപ്പൊഴാപ്പുരുഷർഷഭൻ
ഉഷ്ണിച്ചോരെജ്ജലത്താൽപ്പോലാഹ്ലാദിപ്പിച്ചിതാ പ്രഭു. 2
നിന്നച്ഛനുടെയീററില്ലം കേറിനാനുടനായവൻ

---
* തുല്യാക്ഷസുതൻ=(അഭിമന്യുവിൻെറ)കണ്ണുകളെപ്പോലുള്ള കണ്ണുകളുള്ള പുത്രൻ.

പുരുഷവ്യാഘ്ര, വിധിയിൽ ഗന്ധമാല്യസമർച്ചിതം. 3
എല്ലാദ്ദിക്കിങ്കലും പൂർണ്ണജലം കുംഭങ്ങളും വെച്ചുമേ
നൈ തിന്ദുക[1]ക്കൊള്ളി കടുകിവയൊത്തു മഹാഭുജ! 4
ചുററും തെളിഞ്ഞുള്ളസ്ത്രങ്ങളും വിളക്കും വെച്ചതേവിധം.
പരിചര്യയ്ക്കു വൃദ്ധസ്ത്രീജനങ്ങളുമെഴുന്നിടം 5
ശീലമേറും ധീരപടുവൈദ്യന്മാരൊത്തുമങ്ങനെ
കണ്ടാനങ്ങതി തേജസ്വി രക്ഷോഘ്നങ്ങളുമെങ്ങുമേ 6
കുശലന്മാർ വിധിക്കൊത്തു വെച്ചാ ദ്രവ്യങ്ങളും ശരി.
നിന്നച്ഛനുടെയീററില്ലമമ്മട്ടങ്ങനെ കണ്ടുടൻ 7
ഹർഷം പൂണ്ടു ഹൃഷീകേശൻ നന്നുനന്നെന്നു ചൊല്ലിനാൻ:
അമ്മട്ടു ഹൃഷ്ടമുഖനാം വാർഷ്ണേയൻ ചൊല്ലിടുമ്പൊഴേ 8
പാഞ്ചാലി വെമ്പിച്ചെന്നിട്ടു ചൊന്നാളുത്തരയോടുടൻ.
''ഇതാ വരുന്നു ഭദ്രേ, നിൻ ശ്വശുരൻ മധുസൂദനൻ 9
പുരാണർഷിയചിന്ത്യാത്മാവടുത്തിങ്ങപരാജിതൻ.''
അവളും ബാഷ്പംകൊണ്ടു വാക്കും കണ്ണുനീരുമടക്കിയും 10
സുസംവീത[2]യുമായ്ദ്ദേവമട്ടിൽ കൃഷ്ണന്റെ നേർക്കു പോയ്.
അമ്മട്ടു ദുഃഖമുടയ ഹൃത്തോടൊത്തു തപസ്വിനി 11
എത്തും ഗോവിന്ദനെപ്പാർത്തു ദുഃഖത്തോടാവലാതിയായ്.

ഉത്തര പറഞ്ഞു

പുണ്ഡരീകാക്ഷ, കണ്ടാലും ബാലൻ വേർപെട്ട ഞങ്ങളെ 12
അഭിമന്യുവെയെന്നേയുമൊപ്പം കെട്ടു ജനാർദ്ദന!
മധുഘ്ന, വാർഷ്ണേയവീര, കുമ്പിട്ടു കനിയിപ്പു ഞാൻ 13
ജീവിപ്പിക്കു ദ്രോണജാസ്ത്രദഗ്ദ്ധനാമെന്റെ പുത്രനെ.
ധർമ്മാത്മജക്ഷിതിപനോ പിന്നെയാബ് ഭീമസേനനോ 14
ഭവാനോ പുണ്ഡരീകാക്ഷ, ചൊന്നതിങ്ങനെയാവുകിൽ
‘ഇഷീക കൊല്ലുകറിയാത്തമ്മയേ’യെന്നതാൻ പ്രഭോ! 15
നശിക്കുമായിരുന്നു ഞാ,നിതിമ്മട്ടായിവന്നിടാ.
ഗർഭത്തിൽ വാഴും ബാലന്നീ ബ്രഹ്മാസ്ത്രത്താലെ പാതനം 16
നൃശംസ ചെയ്ത ദുർബ്ബുദ്ധി ദ്രൗണിയെന്തേല്ക്കുമോ ഫലം?
ശത്രുനാശനനാം നിന്നെക്കുമ്പിട്ടർച്ചിച്ചിടുന്നു ഞാൻ 17
ഗോവിന്ദ, ഞാനിവൻ ജീവിക്കാഞ്ഞാൽ പ്രാണൻ കളഞ്ഞിടും.
സാധോ, പെരുത്തിവനിൽ വാച്ചിരുന്നെന്റെ മനോരഥം 18
ദ്രോണപുത്രൻ നശിപ്പിച്ചു ജീവിച്ചിട്ടെന്തു കേശവ!
നിനച്ചിരുന്നേൻ ഞാൻ കൃഷ്ണ, പൂർണ്ണോത്സംഗ ജനാർദ്ദന! 19
ഹൃഷ്ടനായഭിവാദ്യം ചെയ്തീടുമെന്നതു പാഴിലായ്

---

1 തിന്ദുകം = പനച്ചി. 2 സുസംവീത = നല്ലപോലെ ദേഹം മറച്ചവൾ.

ചപലാക്ഷൻെറയീപ്പുത്രൻ മരിക്കെപ്പുരുഷഷ്ഭ! 20
പാഴിലായീ കൃഷ്ണ, മുററുമെന്നുള്ളിലെ മനോരഥം.
ചപലാക്ഷൻ നിനക്കിഷ്ടനല്ലയോ മധുസൂദന! 21
കാണ്കവന്നുള്ളീ മകനെ ബ്രഹ്മാസ്ത്രംകൊണ്ടു ചത്തിതാ.
കൃതഘ്നൻ താൻ നൃശംസൻതാനിവനച്ഛൻ കണക്കിനെ 22
പാണ്ഡവശ്രീയിനേ വിട്ടു കാലനുക്കു് ഗമിക്കയാൽ.
ഞാൻ സത്യം ചെയ്തു യുദ്ധത്തിലഭിമന്യു മരിക്കവേ 23
'വീര, നിന്നരികത്താശു ഞാൻ വരാ'മെന്നു കേശവ!
അതു ചെയ്തീല ഞാൻ കൃഷ്ണ, ക്രൂര ജീവിതകാംക്ഷിണി 24
ഇന്നു ഞാനവിടെച്ചെന്നാലെന്തോതും ഫൽഗുനാത്മജൻ?

69. പരീക്ഷിൽസംജീവനം

ഉത്തര തൻെറ ആവലാതി ആവർത്തിക്കുന്നു. ഈവക സങ്കടങ്ങളെല്ലാം കേട്ടു് ആർദ്രഹൃദയനായിത്തീർന്ന കൃഷ്ണൻ അശ്വത്ഥാമാവിൻെറ ബ്രഹ്മാസ്ത്രത്തെ ഉപസംഹരിച്ചു കുട്ടിയെ ജീവിപ്പിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

കരുണം വിലപിച്ചേവം പാവമുന്മത്തപോലവൾ
നിലത്തു വീണു കൃപണ പുത്രകാംക്ഷിണിയുത്തര. 1
പുത്രോപകരണം കെട്ടോരവൾ വീണതു കണ്ടുടൻ
ആർത്തു ദുഃഖാർത്തയായ് കുന്തി ഭരതസ്ത്രീകൾ മുററുമേ. 2
മുഹൂർത്തനേരം രാജേന്ദ്ര, പാണ്ഡവക്കുള്ളൊരാഗൃഹം
കാണാൻ നന്നല്ലാതെയായിതാർത്തസ്വരവിനാദിതം*. 3
മുഹൂർത്തനേരം രാജേന്ദ്ര, പുത്രശോകാർത്തയാമവൾ
കശ്മലപ്പെട്ടുപോയ് വീര, വിരാടനുടെ നന്ദിനി. 4
പിന്നെയുത്തര തൻേറടമുണ്ടായിബ്ഭരതഷ്ഭ.
മകനേ മടിയിൽക്കേററിവെച്ചിട്ടിങ്ങനെ ചൊല്ലിനാൾ. 5

ഉത്തര പറഞ്ഞു

ധർമ്മജ്ഞൻെറ മകൻ ധർമ്മമറിയുന്നീല നീയെടോ
വൃഷ്ണിപ്രവീരനഭിവാദനം ചെയ്യാതിരിക്കയാൽ. 6
ഉണ്ണീ, ചെന്നെൻെറ വാക്കായി ചൊല്ലുകച്ഛനൊടിങ്ങനെ:
വീര, ചാകാവല്ലൊരാൾക്കും കാലമാകാതൊരിക്കലും. 7
ഈ ഞാനിപ്പോൾ നീ പിരിഞ്ഞോരു പതി പുത്രനുമെന്നിയേ
ചാവേണ്ടപോതും ജീവിപ്പൂ സ്വസ്തി കെട്ടവൾ നിസ്വയായ്. 8
അതല്ല ഞാൻ ധർമ്മരാജൻ സമ്മതിച്ചാൽ മഹാഭുജ!
വിഷം തിന്നേൻ ഘോരമല്ലെന്നാകിൽ ചാടുവനഗ്നിയിൽ. 9

---

* ആർത്തസ്വരവിനാദിതം = ആർത്തസ്വരംകൊണ്ടു മുഴങ്ങിയതു്.

അല്ലെങ്കിൽ ചാകുക വിഷമമുണ്ണീ,യെന്നുടെയീക്കരൾ
പതിപുത്രർ മരിച്ചിട്ടായിരമായ്ത്തകരുകയാൽ. 10
ഉണ്ണീ,യെഴുന്നേല്ക്കു മാഴ്കുമീ മുത്തശ്ശിയെ നോക്കെടോ
മാഴ്കി മങ്ങിക്കുഴങ്ങീട്ടു ദുഃഖക്കടലിൽ മുങ്ങിയും. 11
ആര്യ, പാഞ്ചാലിയെക്കാണുക മാഴ്കും സാത്വതി*യേയുമേ
കാണുക വേടന്റെയമ്പേറ്റു മാഴ്കും മാൻപോലെയെന്നെയും. 12
എഴുന്നേൽക്കു കാണുക ധീമാൻ ലോകനാഥന്റെയാനനം
മുന്നമാച്ചപലാക്ഷന്റെ മട്ടംബുജദളേക്ഷണം. 13

വൈശമ്പായനൻ പറഞ്ഞു

ഏവം കരഞ്ഞു പിന്നേയുമവൾ വീണതു കണ്ടുടൻ
ആ സ്ത്രീകൾ മുറ്റുമെഴുനേല്പിച്ചിതുത്തരയെത്തദാ. 14
ധൈര്യത്തോടെഴുനേറ്റിട്ടു മത്സ്യനന്ദിനിയുത്തര
കൈകൂപ്പിക്കണ്ണനെബ്ഭുവിൽച്ചെയ്താളങ്ങഭിവാദനം. 15
അവൾതൻ വൻവിലാപത്തെക്കേട്ടിട്ടു പുരുഷർഷഭൻ
ആചമിച്ചിട്ടുടൻ കൃഷ്ണൻ ബ്രഹ്മാസ്ത്രം സംഹരിക്കയായ്. 16
ഏറ്റുരച്ചിതു ദാശാർഹനവന്റെയുയിരച്യുതൻ
അരുൾചെയ്തു വിശുദ്ധാത്മാവേവരും കേട്ടിടും വിധം. 17

കൃഷ്ണൻ പറഞ്ഞു

ഉത്തരേ, ഞാൻ ഭോഷ്കു ചൊല്ലില്ലിതു നേരായ് ഭവിച്ചിടും
ജീവിപ്പിപ്പേനിവനെ ഞാൻ സർവ്വജീവികൾ കാണുകവേ. 18
ഭോഷ്കുരച്ചിട്ടില്ല നേരമ്പോക്കിലും ഞാനൊരിക്കലും
യുദ്ധത്തിൽ പിൻവലിച്ചിട്ടില്ലെന്നാൽ ജീവിക്കുകിങ്ങിവൻ. 19
എനിക്കിഷ്ടം ധർമ്മമെന്നാൽ വിശേഷാൽ ബ്രാഹ്മണേന്ദ്രരും
അഭിമന്യുസുതൻ ജാതമൃതൻ ജീവിക്കുകങ്ങനെ 20
വിജയങ്കൽ വിരോധം ഞാനറിഞ്ഞിട്ടില്ലൊരിക്കലും
ആസ്സത്യത്താൽ മരിച്ചുള്ളോരീക്കിടാവുയിർകൊള്ളണം. 21
സത്യവും ധർമ്മവും നിത്യമെന്നിൽ നില്ക്കുന്നതാകിലോ
അമ്മട്ടു ചത്തോരിക്കുട്ടി ജീവിക്കുകഭിമന്യുജൻ. 22
കംസനേയും കേശിയേയും ഞാൻ ധർമ്മാൽ കൊന്നതാകിലോ
ആസ്സത്യത്താൽ ബാലനിപ്പോൾ വീണ്ടും ജീവിച്ചുകൊൾകിവൻ.

വൈശമ്പായനൻ പറഞ്ഞു

എന്നുരച്ചു വാസുദേവനാബ്ബാലൻ ഭരതർഷഭ!
മെല്ലെ മെല്ലെ മഹാരാജ, ചലിച്ചിതു സചേതനൻ. 24

---

* സാത്വതി=സുഭദ്ര.

70. പാണ്ഡവാഗമനം

കുട്ടിക്കു ജീവൻ വീണതുകണ്ടു് രാജധാനി മുഴുവൻ സന്തോഷത്തിൽ മുഴുകുന്നു. കൃഷ്ണൻ, കുട്ടിക്കു 'പരീക്ഷിത്തു്' എന്നു പേരിടുന്നു. പരീക്ഷിത്തിനു് ഒരു മാസം പ്രായമായപ്പോൾ ധർമ്മപുത്രാദികൾ ഹിമവാനിൽനിന്നു സമ്പാദിച്ച നിധിയുമായി തിരിച്ചെത്തുന്നു.

വൈശമ്പായനൻ പറഞ്ഞു

ബ്രഹ്മാസ്ത്രത്തെക്കൃഷ്ണനെപ്പോൾ സംഹരിച്ചിതു മന്നവ!
അപ്പോൾ ദീപിച്ചു നിന്നച്ഛനാലാത്തേജസ്സോടാ ഗൃഹം. 1
ഉടൻ ഗൃഹം വിട്ടു മുറ്റും രക്ഷസ്സുകൾ നശിച്ചുപോയ്
നന്നു, കേശവ, നന്നെന്നു കേൾക്കായാകാശവാക്കുമേ. 2
ജ്വലിച്ചുകൊണ്ടപ്പൊഴസ്ത്രം ബ്രഹ്മപാർശ്വം ഗമിച്ചുതേ
ഉടൻ വീണ്ടുമുയിർക്കൊണ്ടു നിൻെറയച്ഛൻ നരേശ്വര! 3
ഇബ്ബാലനങ്ങിളകിനാൻ യഥോത്സാഹം യഥാബലം
പിന്നെയാബ് ഭരതസ്ത്രീകൾ മോദമാർന്നിതു മന്നവ! 4
വിപ്രന്മാരും സ്വസ്തി ചൊല്ലീ ഗോവിന്ദനുടെ ശാസനാൽ.
എല്ലാരും പിന്നെ മോദിച്ചു ജനാർദ്ദനനെ വാഴ്ത്തിനാർ 5
ഭരതേന്ദ്രസ്ത്രീകൾ തോണിയൊത്ത പാരഗർ പോലവേ.
കുന്തി പാഞ്ചാലിയവ്വണ്ണം സുഭദ്ര പരമുത്തര 6
മറ്റുമേ നൃവരസ്ത്രീകളും കുളുർത്തവരായിതേ.
നടർ ദൈവജ്ഞർ മല്ലന്മാർ സുഖശയ്യാനുപൃച്ഛകർ 7
സൂതമാഗധരും വാഴ്ത്തീ ജനാർദ്ദനനെയങ്ങുടൻ
കുരുവംശസ്തവാഖ്യാശിസ്സുക്കളാൽ ഭരതർഷഭ! 8
എഴുന്നേറ്റുത്തര യഥാകാലമാ യദുവീരനെ
അഭിവാദ്യം ചെയ്തു നന്ദ്യാ പുത്രനോടൊത്തു ഭാരത! 9
അവന്നേകീ ഭൂരി രത്നം ഹൃഷ്ടൻ കൃഷ്ണൻ വിശേഷമായ്
മറ്റു വൃഷ്ണിപ്രവരരും; പേരിട്ടിതവനാ പ്രഭു 10
നിന്നച്ഛനു മഹാരാജ, സത്യസന്ധൻ ജനാർദ്ദനൻ.
"കുലം പരിക്ഷയിച്ചാറേ ജാതനീയഭിമന്യുജൻ 11
പരീക്ഷിത്തെന്നു പേരാകുമിവന്നെ"ന്നരുളീടിനാൻ.
വർദ്ധിച്ചിതു യഥാകാലം നിൻെറയച്ഛൻ ജനാധിപ! 12
ചിത്താഹ്ലാദനനായ്നന്നു ലോകർക്കൊട്ടുക്കു ഭാരത!
വീര, ഭാരത, നിന്നച്ഛനുണ്ടായ് മാസം തികഞ്ഞുതേ 13
അപ്പൊഴെയ്യെത്തി വളരെ രത്നവുംകൊണ്ടു പാണ്ഡവർ.
അവരെത്തിയടുത്തെന്നു കേട്ടു ചെന്നിതു വൃഷ്ണികൾ 14
അലങ്കരിച്ചു മാലൗഘംകൊണ്ടാൾക്കാർ ഹസ്തിനാപുരം.
ചിത്രക്കൊടിക്കൂറകൊണ്ടും ധ്വജംകൊണ്ടും പലേതരം 15
അലങ്കരിച്ചു ഗേഹങ്ങൾ പൗരന്മാരും ജനേശ്വര!

പലമാതിരിയവ്വണ്ണം ദേവതാലയപൂജകം 16
കല്പിച്ചുകൊണ്ടാൻ വിദുരൻ പാണ്ഡവപ്രിയകാംക്ഷയായ്.
അലങ്കരിച്ചിരുന്നു പൂകൊണ്ടു രാജപഥങ്ങളും 17
ശോഭിച്ചിതാപ്പുരം വാരിരാശിഗംഭീരനിസ്വനം.
നൃത്തം വെയ്ക്കും നത്തകരാൽ ഗായകധ്വനിയാലുമേ 18
അന്നാപ്പുരം വിത്തനാഥപ്പാപ്പിടം പോലെയായിതേ.
വന്ദിമാർ നരരും ഭൂപ, മുററും സ്ത്രീകളൊടൊപ്പമേ 19
അതാതിടം വിവിക്തത്തിൽ ചുററും ശോഭിച്ചിട്ടുംപടി.
ചുററും കാറേറ്റിളകിടും കൊടിക്കൂറകളങ്ങനെ 20
കാണിക്കുംപോലെയായ് ദക്ഷിണോത്തരങ്ങളാം കുരുക്കളെ.
പരസ്യംചെയ്തു രാജാവിൻ ധൂരിലുള്ളോരു പൂരുഷർ 21
സവ്വരാഷ്ട്രവിഹാരം[1]താൻ രത്നാഭരണലക്ഷണം.

71. വ്യാസകൃഷ്ണാനുജ്ഞ

കൃഷ്ണാദികളും ഹസ്തിനാപുരവാസികളുംകൂടി നഗരത്തിൻെറ അതിത്തിയിൽചെന്ന പാണ്ഡവന്മാരെ സ്വീകരിക്കുന്നു. രാജധാനിയിലെത്തിയ വ്യാസനോട്ട് അശ്വമേധത്തിനുവേണ്ടതെന്തൊക്കെയാണെന്നു് രാജാവു ചോദിക്കുന്നു. അതിനു വ്യാസൻെറ മറുപടി.

വൈശമ്പായനൻ പറഞ്ഞു

പാണ്ഡവന്മാരടുത്തെന്നു കേട്ടുടൻ ശത്രുകശ്നൻ
വാസുദേവൻ പുറപ്പെട്ടു സാമാത്യൻ സസുഹൃൽഗണൻ. 1
പാണ്ഡവന്മാർ വൃഷ്ണികളോടൊത്തു ധമ്മപ്രകാരമേ
ഒന്നിച്ചു ചെന്നു രാജാവേ, ഹസ്തിനാപുരി പൂകിനാർ. 2
ആ വൻപെഴും പടയുടെ ഖുരനേമിസ്വനത്തിനാൽ[2]
വിണ്ണും മന്നും ഗഗനവുമൊട്ടുക്കങ്ങു നിറഞ്ഞുതേ. 3
അവർ കോശങ്ങളാം മുൻപാക്കി സ്വപുരം കയറീടിനാർ
പ്രീതന്മാരാം പാണ്ഡവന്മാർ സാമാത്യർ സസുഹൃൽഗണർ. 4
ന്യായംപോലവർ പോയ്ക്കണ്ടു ധൃതരാഷ്ട്രനരേന്ദ്രനെ
താന്താങ്ങളുടെ പേർ ചൊല്ലി വന്ദിച്ചു ചരണങ്ങളിൽ. 5
ധൃതരാഷ്ട്രൻ പരം സൗബലേയി ഗാന്ധാരിയേയുമേ
കുന്തിയേയും നൃപവ്യാഘ്ര, പരം ഭരതസത്തമർ 6
പൂജിച്ചിട്ടാ വിദുരനെച്ചേൎന്നു വൈശ്യാതനുജനായ്

---

1 സവ്വരാഷ്ട്രവിഹാരം=രാജ്യം മുഴുവനുമുള്ള സന്തോഷം. (രത്നങ്ങളും ആഭരണങ്ങളും നിറഞ്ഞ നിധി കൊണ്ടുവന്നതിൻെറ സൂചകമായി രാജ്യവാസികളെല്ലാം ഉത്സവത്തിലെപ്പോലെ ആനന്ദിച്ചു കഴിയണമെന്നു് രാജാവിനാൽ നിയുക്തരായ ഉദ്യോഗസ്ഥന്മാർ വിളംബരംചെയ്തു എന്നാണാശയം.) 2 ഖുരനേമിസ്വനം=കുളമ്പുകളുടേയും രഥചക്രങ്ങളുടേയും ശബ്ദം.

പൂജയേററുള്ളോരാ വീരർ ശോഭിച്ചിതു ധരാപതേ! 7

പിന്നെയൊട്ടേറെയാശ്ചര്യം ചിത്രം പരമമത്ഭുതം
ആ വീരർ നിൻെറയച്ഛൻെറ ജന്മം കേട്ടിതു ഭാരത! 8

ധീമാനാം വാസുദേവൻെറയാക്കർമ്മം കേട്ടറിഞ്ഞുടൻ
പൂജാർഹനെപ്പൂജചെയ്തു ദേവകീസൂനു കൃഷ്ണനെ. 9

പിന്നെയൊട്ടുദിനം ചെല്ലേ വ്യാസൻ സത്യവതീസുതൻ
മഹാതേജസ്സുടയവൻ ഹസ്തിനാപുരമെത്തിനാൻ. 10

മുററുച്ചിച്ചിതവനെക്കുരുപ്രവരരൊക്കയും
വൃഷ്ണ്യന്ധകശ്രേഷ്ഠരുമൊത്തുപാസിച്ചീടിനാരുടൻ. 11

അവിടെപ്പലമട്ടുള്ള കഥയോരോന്നു ചൊല്ലിയും
യുധിഷ്ഠിരൻ ധർമ്മപുത്രൻ വ്യാസനോടോതിയിങ്ങനെ. 12

ധർമ്മപുത്രൻ പറഞ്ഞു

ഭഗവാനേ, നിൻ പ്രസാദാലീ രത്നം കൊണ്ടുവന്നതും
ഉപയോഗിക്കുവാൻ മോഹമശ്വമേധമഖാന്തരേ. 13

നിന്നനുജ്ഞയ്ക്കാഗ്രഹിച്ചീടുന്നു ഞാൻ മുനിസത്തമ!
നിൻ പാട്ടിലീ ഞങ്ങളെല്ലാം വൻപെഴും കേശവൻെറയും. 14

വ്യാസൻ പറഞ്ഞു

രാജാവേ, സമ്മതിക്കുന്നേനിനി വേണ്ടതു ചൊല്ലുക
വിധിക്കു ദക്ഷിണയൊടുമശ്വമേധം യജിക്കുക. 15

അശ്വമേധം രാജരാജ, സർവ്വപാതകപാവനം
അതു ചെയ്താൽ പാപമററോനാകും നീയില്ല സംശയം. 16

വൈശമ്പായനൻ പറഞ്ഞു

അതു കേട്ടാദ്ധർമ്മനിഷ്ഠൻ കുരുരാജൻ യുധിഷ്ഠിരൻ
കൗരവ്യ, വാജിമേധത്തെക്കഴിച്ചീടാനുറച്ചുതേ. 17

സമ്മതിപ്പിച്ചതൊക്കേയും വേദവ്യാസനെയാ നൃപൻ
വാസുദേവാന്തികം പുക്കു വാഗ്മിയിങ്ങനെ ചൊല്ലിനാൻ. 18

ധർമ്മപുത്രൻ പറഞ്ഞു

പുരുഷോത്തമ, നിന്നാലേ ദേവകീദേവി സുപ്രജ
മഹാബാഹോ, നിന്നൊടു ഞാൻ ചൊൽവതൊപ്പിക്കുകച്യുത! 19

നിൻ പ്രഭാവാർജ്ജിതം ഭോഗമേല്പൂ നാം യദുനന്ദന!
വിക്രമത്താൽ ബുദ്ധിയാലും നീയാണീബ്ഭൂമി വെന്നതും. 20

ദീക്ഷിപ്പിച്ചീടുകാത്മാവെ നീ ഞങ്ങൾക്കുത്തമൻ ഗുരു
ദാശാർഹ, നീ യജിച്ചാൽ ഞാൻ പാപമററവനായ്‌വരും. 21

നീ യജ്ഞമക്ഷരൻ സർവ്വം നീ ധർമ്മം നീ പ്രജാപതി
ഗതി നീ സർവ്വജീവിക്കുമെന്നുറച്ചാണിരുപ്പു ഞാൻ. 22

വാസുദേവൻ പറഞ്ഞു

നീതാനേവം മഹാബാഹോ, ചൊൽവാനർഹനരിന്ദമ!
ഗതി നീ സർവ്വജീവിക്കുമെന്നുറച്ചാണിരിപ്പു ഞാൻ. 23

കുരുവീരരിൽ നീയല്ലോ ധർമ്മത്താൽ വിലസുന്നതും
രാജാവേ, നിൻ കീഴിൽ ഞങ്ങൾ നീ ഞങ്ങൾക്കരചൻ ഗുരു. 24
യജിക്കുകെൻ സമ്മതത്താൽ നീ സാധിക്കേണ്ടതീ ക്രതു[1]
ഞങ്ങളേ നീ നിനയ്ക്കുന്ന കാര്യമേല്പിക്ക ഭാരത! 25
സത്യമേററോതിനേനെല്ലാം ചെയ്യേൻ ഞാനനഘാശയ!
ഭീമസേനാർജ്ജുനന്മാരുമേവം മാദ്രീകുമാരരും 26
രാജാവാം നീ യജിച്ചീടിൽ യജ്ഞം ചെയ്യവരാസ്സുരും.

72. യജ്ഞസാമഗ്രീസമ്പാദനം

അശ്വമേധത്തിനു വേണ്ട സാമഗ്രികളൊക്കെ ശേഖരിക്കുന്നു. ഹോമത്തിനുവേണ്ട പാത്രങ്ങളും മററും സ്വർണ്ണനിർമ്മിതമായിരിക്കണമെന്നു ധർമ്മപുത്രൻ കല്പിക്കുന്നു. അശ്വമേധാശ്വത്തെ രക്ഷിക്കേണ്ട ചുമതല അർജ്ജുനനേയും മററു ചുമതലകൾ ഭീമാദികളേയും ഏല്പിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

എന്നു കൃഷ്ണൻ പറഞ്ഞോരു ധർമ്മപുത്രൻ യുധിഷ്ഠിരൻ
മേധാവി വ്യാസനെ വിളിച്ചുടനിങ്ങനെ ചൊല്ലിനാൻ: 1
"തത്ത്വമായശ്വമേധത്തിൻ കാലം നീ കാണ്മതെപ്പൊഴോ
അപ്പോൾ ദീക്ഷിപ്പിക്കുകെന്നെ നിന്നധീനത്തിലെൻ ക്രതു." 2

വ്യാസൻ പറഞ്ഞു

കൗന്തേയ, ഞാൻ പൈല[2]നേവം യാജ്ഞവല്ക്യനുമങ്ങനെ
കാലാനുരൂപം വിധിയെന്തതു ചെയ്യുമസംശയം. 3
ചൈത്രമാസം പൗർണ്ണമാസീദിനം നിന്നുടെ ദീക്ഷയാം
യജ്ഞത്തിന്നുള്ള സംഭാരമൊരുക്കു പുരുഷർഷഭ! 4
അശ്വവിദ്യയറിഞ്ഞുള്ള സൂതരും തജ്ഞർ വിപ്രരും
മേദ്ധ്യാശ്വത്തേ പരീക്ഷിക്ക നിൻെറ യജ്ഞം നടത്തുവാൻ. 5
ആഴി ചൂഴന്നൂഴി ചുററും ശാസ്ത്രംപോലതിനേ വിട്ടു
അതു ചുററട്ടെ നിൻ ദീപ്തകീർത്തി കാണിച്ചു മന്നവ! 6

വൈശമ്പായനൻ പറഞ്ഞു

എന്നു കേട്ടാട്ടെയെന്നോതിപ്പാണ്ഡവൻ പൃഥിവീപതി
ബ്രഹ്മവാദി പറഞ്ഞോണമെല്ലാം ചെയ്തു നരേശ്വര! 7
രാജേന്ദ്ര, മററും സംഭാരമൊരുക്കിക്കൊണ്ടിതങ്ങനെ
സംഭാരങ്ങളൊരുക്കീട്ടു നൃപൻ ധർമ്മജനപ്പൊഴേ 8
അമേയാത്മാവുണർത്തിച്ചു വേദവ്യാസനൊടങ്ങനെ.
തേജസ്സേററം വ്യാസനോതീ ധർമ്മജോർവ്വീശനോടുടൻ. 9

1 ക്രതു=യാഗം. 2 പൈലൻ=വ്യാസൻെറ ശിഷ്യനായ ഒരു മഹർഷി. (ആദിപർവ്വം 63-ാമദ്ധ്യായത്തിൽ പൈലനെപ്പററിയുള്ള ഒരു ചെറിയ പരാമർശമുണ്ട്.)

വ്യാസൻ പറഞ്ഞു

യഥാകാലം യഥായോഗം സജ്ജർ നിൻ ദീക്ഷണത്തിൽ നാം
സ്ഫ്യം[1] കൂർച്ചവും[2] പൊന്മയംതാൻ മററും കൗരവനന്ദന! 10
അതിൽ വേണ്ടുന്നതൊക്കേയുമുണ്ടാക്കിക്കുക പൊന്മയം.
അശ്വത്തെയിന്നു വിടണം മന്നിൽ പിന്നെ യഥാക്രമം 11
രക്ഷ പൂണ്ടതു ചുററട്ടേ ശാസ്ത്രം പോലെ യഥാവിധി.

യുധിഷ്ഠിരൻ പറഞ്ഞു

ബ്രഹ്മൻ, വിട്ടുള്ളൊരീയശ്വമീ മന്നിൽ ചുററുമെങ്ങനെ?
ചുററീടുമിഷ്ടമാംമട്ടിലതിന്നേപ്പാടു ചെയ്യുക. 12
കാമസഞ്ചാരിയായ് ഭൂമി ചുററുമീത്തുരഗത്തിനെ
ആരു രക്ഷിക്കേണമെന്നു ഭവാൻ ചൊല്ലുക മാമുനേ! 13

വൈശമ്പായനൻ പറഞ്ഞു

എന്നു കേട്ടിട്ടു രാജേന്ദ്ര, വ്യാസമാമുനി ചൊല്ലിനാൻ:
“ഭീമസേനൻെറയനുജൻ വില്ലാളികളിലുത്തമൻ 14
സഹിഷ്ണു ധൃഷ്ണുവാജ്ജിഷ്ണുവിതിനെക്കാത്തുകൊണ്ടിടും.
അവൻ ശക്തൻ ഭൂമി വെൽവാൻ നിവാതകവചാന്തകൻ. 15
ദിവ്യാസ്ത്രങ്ങളവന്നുണ്ടു ദിവ്യം സംഹനനം[3] പരം;
വില്ലാവനാഴിയും ദിവ്യമവൻ പിന്നാലെ പോയിടും. 16
അവൻ ധർമ്മാത്ഥകുശലൻ സർവ്വവിദ്യാവിശാരദൻ
നൃപശ്രേഷ്ഠ, യഥാശാസ്ത്രം നിന്നശ്വത്തെ നടത്തിടും. 17
രാജപുത്രൻ മഹാബാഹു ശ്യാമൻ രാജീവലോചനൻ
വീരൻ സൗഭദ്രജനകനിതിനെക്കാത്തുകൊണ്ടിടും. 18
തേജസ്സേററം ഭീമസേനൻ കൗന്തേയൻ ഭൂരിവിക്രമൻ
രാഷ്ട്രം രക്ഷിക്കുവാൻ പോരും പരം നകുലനും നൃപ! 19
സഹദേവൻ കാത്തുകൊള്ളും കൗരവ്യ, ബഹുബുദ്ധിമാൻ
കുടുംബതന്ത്രം വിധിപോലൊക്കയും പേർ പുകഴ്ന്നവൻ. 20

വൈശമ്പായനൻ പറഞ്ഞു

അതൊക്കയും യഥാന്യായം ചൊല്ലിക്കേട്ടു കുരൂദ്വഹൻ
ചെയ്തു ഹയത്തിനായ് സന്ദേശിച്ചു ഫൽഗുനനേയുമേ. 21

യുധിഷ്ഠിരൻ പറഞ്ഞു

വരികർജ്ജുന, നീ വീര, പരിപാലിക്ക വാജിയെ
രക്ഷിപ്പാൻ നീയഹ്നല്ലോ മററില്ലൊരു മനുഷ്യനും. 22
മഹാബാഹോ, നിന്നൊടെതിർത്തേല്ക്കും മന്നവരെങ്കിലോ
അവരായ് വിഗ്രഹം പററാതാക്കേണമനഘാശയ! 23
ഭവാൻ പറഞ്ഞുകൊള്ളേണമെൻെറ യജ്ഞത്തെയെങ്ങുമേ

---

1 സ്ഫ്യം=യജ്ഞത്തിൽ ജന്തുക്കളെ ഹിംസിക്കാനുള്ള വാൾ. 2 കൂർച്ചം=ദർഭപിടി കുശ. 3 സംഹനനം=ശരീരം അഥവാ ബലം.

മന്നോരൊട്ടു മഹാബാഹോ, സമയത്തെത്തുകെന്നുമേ. 24

വൈശമ്പായനൻ പറഞ്ഞു

എന്നു ധർമ്മാത്മാവു സവ്യസാചി ഭ്രാതാവൊടോതിയും
പുരരക്ഷയ്ക്കാക്കി ഭീമനേയും നകുലനേയുമേ. 25

കുടുംബതന്ത്രത്തിന്നേവം യോധേന്ദ്രൻ സഹദേവനെ
സമ്മതിപ്പിച്ചു ധൃതരാഷ്ട്രോർവ്വീശനെ യുധിഷ്ഠിരൻ. 26

73. അശ്വാനുസരണാരംഭം

ധർമ്മപുത്രൻ യജ്ഞത്തിനുവേണ്ടി ദീക്ഷ സ്വീകരിക്കുന്നു. അർജ്ജുനൻ അശ്വരക്ഷകനായി പോകുന്നതു കാണാൻ കൂടിയ പുരുഷാരത്തിൻെറ വർണ്ണന. അർജ്ജുനനു മാർഗ്ഗമദ്ധ്യേ എതിരിടേണ്ടിവന്ന രാജാക്കന്മാർ.

വൈശമ്പായനൻ പറഞ്ഞു

ദീക്ഷാകാലം വന്നളവിലൃത്വിക്പ്രവരരാമവർ
വിധിപോലശ്വമേധത്തിൽ ദീക്ഷിപ്പിച്ചു നരേന്ദ്രനെ. 1

പശുബന്ധ[1]ങ്ങളും ചെയ്തു ദീക്ഷിച്ചോൻ പാണ്ഡുനന്ദനൻ
ഋത്വിക്ജനാന്വിതൻ ശോഭ തേടീ തേജസ്വി ധർമ്മജൻ. 2

അശ്വമേധത്തിനശ്വത്തെ സ്വയമേ ധർമ്മവിത്തമൻ
തേസ്സേറുന്നൊരാ വ്യാസൻ വിട്ടു ശാസ്ത്രപ്രകാരമേ. 3

ആധർമ്മപുത്രരാജാവു ശോഭിച്ചു ദീക്ഷയാണ്ടവൻ
രുക്മകണ്ഠൻ ഹേമമാലി കത്തുമഗ്നി കണക്കിനെ. 4

കൃഷ്ണാജിനം ദണ്ഡുമേന്തിപ്പട്ടുടുത്തോരു ധർമ്മജൻ
ശോഭിച്ചു ദ്യുതിമാൻ വീണ്ടും പ്രജേശൻ[2]പോലെയദ്ധ്വരേ. 5

അവൻെറയൃത്വിക്കുകളും തുല്യവേഷത്തിലേവരും
വിളങ്ങീ പാർത്ഥനും ഭൂപ, കത്തുമഗ്നി കണക്കിനെ. 6

ശ്വേതാശ്വൻ കൃഷ്ണസാര[3]ത്തെപ്പിൻതുടർന്നു ധനഞ്ജയൻ
വിധിപോലവനീപാല, ധർമ്മരാജൻെറയാജ്ഞയാൽ 7

ഗാണ്ഡീവം വില്ലുലച്ചുർവ്വീപതേ, ഗോധാംഗുലിത്രവാൻ[4]
ആ ഹയത്തെക്ഷിതിപതേ, മുത്തൊടും പിൻതുടർന്നുതേ. 8

ആബാലമപ്പോഴം നഗരം വന്നൊത്തു മന്നവ, പ്രഭോ!
ധനഞ്ജയൻ കുരുശ്രേഷ്ഠൻ പോയീടുന്നതു കാണ്മവാൻ. 9

ആ വാജിയേയുമാ വാജിപരിചാരകനേയുമേ
കാണ്മാൻ തമ്മിൽത്തിക്കുമവർക്കുഷ്മാവുമുളവായിപോൽ. 10

---

1 പശുബന്ധം=യാഗത്തിൽ കൊല്ലേണ്ട ജീവികളെ പിടിച്ചുകെട്ടുന്ന കർമ്മം. 2 പ്രജേശൻ=പ്രജാപതി. 3 കൃഷ്ണസാരം = കരിമാനിൻെറ നിറമുള്ള കുതിര. "ശ്വേതാശ്വഃ കൃഷ്ണസാരം തം സസാരാശ്വം ധനഞ്ജയഃ" എന്നു മൂലം. പരിഭാഷകൻ ഒരശ്വശബ്ദം വിട്ടുകളഞ്ഞു. 4 ഗോധാംഗുലിത്രവാൻ = ഉടുമ്പിൻതോലുകൊണ്ടുണ്ടാക്കിയ വിരലുറ ധരിച്ചവൻ.

ഉടൻ ദിക്കുകളാകാശമെങ്ങും വിങ്ങുംവിധം നൃപ!
കൗന്തേയനാമർജ്ജുനനെക്കാണ്മോക്കുണ്ടായിതാരവം. 11
''ഇതാ പോകുന്നു കൗന്തേയൻ ദീപ്തിയേറീടുമശ്വവും
അതിനെപ്പിൻതുടന്നല്ലോ വൻ വില്ലേന്തും മഹാഭുജൻ.'' 12
ഇമ്മട്ടു കേട്ടിതാദ്ധീമാൻ ജിഷ്ണു ചൊൽവോർകൾചൊല്ലുകൾ
''സ്വസ്തി പോക ക്ലേശമെന്ന്യേ വീണ്ടും വരിക ഭാരത!'' 13
വേറേ ചിലർ മനുഷ്യേന്ദ്ര, പറഞ്ഞാരങ്ങു പൂരുഷർ:
''കാണ്മീലിവനെയീത്തിക്കിൽ വില്ലു കാണുന്നതുണ്ടിതാ 14
ഇതല്ലോ ഭീമനിർഹ്രാദം ഗാണ്ഡീവം വില്ലു വിശ്രുതം.
സ്വസ്തി പൊയ്ക്കോട്ടെയക്ലേശം പേടിയററ വഴിക്കുതാൻ 15
തിരിച്ചുവന്നിട്ടിവനെക്കാണാം വരുമുടൻ ദൃഢം.''
എന്നും മററും സ്ത്രീകൾ പുമാന്മാരുമേ ഭരതർഷഭ! 16
ചൊല്ലും നൽവാക്കു കേട്ടു താൻ വീണ്ടുമുൽകൃഷ്ടബുദ്ധിമാൻ.
യാജ്ഞവല്ക്യന്നുള്ള ശിഷ്യൻ യജ്ഞകർമ്മവിചക്ഷണൻ 17
പാർത്ഥനെൻറയൊന്നിച്ചു പോയീ ശാന്തിക്കായ് വേദപാരഗൻ.
വിപ്രന്മാരും മഹാഭാഗ, പലപേർ വേദപാരഗർ 18
മഹാത്മാവെപ്പിൻതുടർന്നൂ മന്നോരും പൃഥിവീപതേ!
വിധിപ്രകാരം ഭൂപാല, ധർമ്മരാജൻെറയാജ്ഞയാൽ 19
അശ്വം പാണ്ഡവരസ്ത്രത്തിൻ തേജസ്സാൽ വെന്ന ഭൂമിയിൽ
സഞ്ചരിച്ചൂ മഹാരാജ, ദേശംതോറും ശുഭാശയ! 20
അതിൽ പാണ്ഡവനുണ്ടായിവന്ന യുദ്ധങ്ങൾ ചൊല്ലുവൻ
വീര, പാരം വൻപിയന്നു വിചിത്രതരമായവ. 21
ആ വാജി ഭൂമിക്കു വലംവെച്ചുകൊണ്ടിതു മന്നവ!
വടക്കോട്ടേക്കു പോയ് മുന്നമതു കേൾക്ക മഹീപതേ! 22
മന്നവർക്കുള്ള രാഷ്ട്രങ്ങൾ മട്ടിപ്പോരാ ഹയോത്തമം
മെല്ലെപ്പോയീ നടന്നുംകൊണ്ടാ ശ്വേതാശ്വരഥീന്ദ്രനും. 23
അതിലെണ്ണപ്പെടാവല്ലാ മന്നോർകൾ പതിനായിരം
കൂടിപ്പൊരുതതുർവ്വീശ, ഹതബാന്ധവരാം നൃപർ. 24
രാജൻ, കിരാതർ യവനർ പലർ വാൾ വില്ലുമേന്തിയോർ
മററും പലതരം മ്ലേച്ഛർ മുന്നം പോരിൽ മടക്കിയോർ. 25
ആര്യന്മാരാം മന്നവരും പ്രഹൃഷ്ടനരവാഹനർ
പാണ്ഡുപുത്രനൊടങ്ങേററു പലപേർ യുദ്ധദുർമ്മദർ. 26
ഏവം നടന്നൂ യുദ്ധങ്ങളങ്ങുമിങ്ങും മഹീപതേ!
അർജ്ജുനന്നു പലേ ദിക്കിൽനിന്നെത്തും മന്നരോടഹോ! 27
ഇരുപക്ഷം തപിച്ചേററം വൻപിയന്നവ മന്നവ!
കൗന്തേയന്നുള്ള യുദ്ധങ്ങൾ നിന്നോടനഘ, ചൊല്ലിടാം. 28

74. അശ്വാനുസരണം—ത്രിഗർത്തപരാഭവം

വിരാടനഗരത്തിലും ഭാരതയുദ്ധത്തിലും കൊല്ലപ്പെട്ട ത്രിഗർത്തരാജാക്കന്മാരുടെ പുത്രപൗത്രാദികൾ പ്രതികാരബുദ്ധിയോടെ അർജ്ജുനനോടെതിർക്കുന്നു. ഒടുവിൽ എല്ലാവരും തോൽവി സമ്മതിക്കേണ്ടിവരുന്നു.

വൈശമ്പായനൻ പറഞ്ഞു

കിരീടിക്കടരുണ്ടായി പകയേറും ത്രിഗർത്തരായ്
മഹാരഥർകളായ് കൊല്ലപ്പെട്ടോർതൻ പുത്രപൗത്രരായ്. 1
അവരുത്തമമാം യജ്ഞീയാശ്വം[1] വന്നതറിഞ്ഞുടൻ
വിഷയാന്ത[2]ത്തിൽ വീരന്മാർ ചട്ടയിട്ടോർ വളഞ്ഞുതേ. 2
തേരാണ്ടോർ തൂണി[3]യുടയോർ ചമഞ്ഞശ്വങ്ങളോടുമേ
വളഞ്ഞശ്വത്തിനെബ്ഭൂപ, പിടിപ്പാനായ്ത്തുടങ്ങിനാർ. 3
അപ്പോൾ കിരീടി ചിന്തിച്ചിട്ടവർക്കുള്ളാച്ചികീർഷിതം
ആ വീരരെത്താൻ തടുത്തു സാന്ത്വം മുൻപായരിന്ദമൻ. 4
അതു കൂട്ടാക്കാതെ മുററുമവരമ്പുകൾ തൂകിനാർ
തമോരജസ്സാണ്ടവരെത്തടുത്തിതു കിരീടിയും. 5
അവരോടോതിനാൻ ജിഷ്ണു ചിരിച്ചുംകൊണ്ടു ഭാരത!
''ഒഴിപ്പിൻ ധർമ്മമററോരേ, ശ്രേയസ്സാകുന്നു ജീവിതം.'' 6
ആ വീരൻ പോയിടുന്നേരം തടുത്തിട്ടുണ്ടു ധർമ്മജൻ:
''ബന്ധുക്കൾ ചത്ത മന്നോരെപ്പാർത്ഥ, കൊല്ലൊല്ല''യെന്നുതാൻ.
ധീമാനാം ധർമ്മരാജൻെറയാച്ചൊൽപ്പടിയിലന്നവൻ
അവരോടങ്ങൊഴിക്കെന്നാൻ വിട്ടൊഴിച്ചതുമില്ലവർ. 8
പിന്നെ ത്രിഗർത്തരാജാവാം സൂര്യവർമ്മനെയാഹവേ
ശരജാലത്തിനാൽ മൂടിച്ചിരിച്ചിതു ധനഞ്ജയൻ. 9
അവർ തേരൊലികൊണ്ടിട്ടും തേരുരുൾധ്വനികൊണ്ടുമേ
ദിക്കൊട്ടുക്കു മുഴക്കീട്ടാദ്ധനഞ്ജയനൊടേററുതേ. 10
സൂര്യവർമ്മാവു പാർത്ഥങ്കൽ മൊട്ടുഴിഞ്ഞ ശരങ്ങളെ
നൂറെണ്ണമെയ്തു രാജേന്ദ്ര, കാട്ടിക്കൊണ്ടസ്ത്രലാഘവം. 11
അമ്മട്ടു മററു വില്ലന്മാരവൻെറ തുണയാളുകൾ
ശരവർഷങ്ങൾ വർഷിച്ചു ധനഞ്ജയവധാർത്ഥികൾ. 12
ഞാൺ വലിച്ചെയ്തുവിട്ടോരാപ്പല ബാണങ്ങളേയുമെ
അറുത്തു പാണ്ഡവൻ ഭൂപ, വീണു ഭൂമിയിലായവ. 13
കേതുവർമ്മാവു തേജസ്വി യുവാവവനു സോദരൻ
അണ്ണന്നുവേണ്ടിപ്പൊരുതീ പേരെഴും പാണ്ഡുപുത്രനായ്. 14
ആക്കേതുവർമ്മാവടരിലെതിർത്തേല്പതു കണ്ടുടൻ

---

1 യജ്ഞീയാശ്വം = യാഗത്തെ സംബന്ധിച്ച കുതിര. 2 വിഷയാന്തം = രാജ്യത്തിൻെറ അതിർത്തി. 3 തൂണി = ആവനാഴി.

ക്ഷുരമ്പുകം വലിച്ചെയ്തു ബീഭത്സു രിപുനാശനൻ. 15
കേതുവർമ്മനെയെയ്തപ്പോൾധൃതവർമ്മൻ മഹാരഥൻ
തേരോടിച്ചെത്തി വളരെയമ്പു വർഷിച്ചു ജിഷ്ണുവിൽ. 16
അവന്റെയാക്കൈവേഗത്തെക്കണ്ടു നന്ദിച്ചു വീര്യവാൻ
ബാലനാം ധൃതവർമ്മന്റെ ഗുഡാകേശൻ പ്രതാപവാൻ 17
തൊടുപ്പതും കണ്ടതില്ലിങ്ങെടുപ്പതുമതേവിധം
ബാണങ്ങളെത്തുകുവതേ കണ്ടുള്ളു പാകശാസനി. 18
അവൻ പൂജിച്ചു യുദ്ധത്തിൽ പരമാദ്ധൃതവർമ്മനെ
മനസ്സുകൊണ്ടൊട്ടുനേരം പോരിൽ ഹർഷിച്ചിടുംപടി. 19
പാമ്പു പോലെ ചൊടിച്ചോനെക്കുരുവീരൻ ചിരിച്ചുതാൻ
പ്രീതിപൂർവ്വം മഹാബാഹു കൊന്നതില്ലവനെത്തദാ. 20
തേജസ്സേറും പാർത്ഥനേവം കാത്തുകൊണ്ടീടുമായവൻ
ധൃതവർമ്മൻ തീക്ഷ്ണബാണം വിട്ടു വിജയനിൽത്തദാ. 21
അതുടൻ കൈയിൽവന്നേറ്റമൂക്കിൽക്കേറിയൊരർജ്ജുനൻ
ഗാണ്ഡീവം വിട്ടുപോയ് മോഹാലതു വീണിതു ഭൂമിയിൽ. 22
സവ്യസാചിക്കൈയിൽനിന്നു വീഴും വില്ലിന്നുടൻ വിഭോ!
ശക്രചാപത്തിനൊക്കുന്ന രൂപമായ്ത്തീർന്നു ഭാരത! 23
ആദ്ദിവ്യമാം പെരുംവില്ലു വീണവാറങ്ങു പാർത്ഥിവ!
മഹാഹവത്തിലത്യുച്ചം ചിരിച്ചു ധൃതവർമ്മനും. 24
ഉടൻ ചൊടിച്ചിടും ജിഷ്ണു കൈയിൻചോര തുടച്ചഹോ!
ദിവ്യചാപം താനെടുത്തു വർഷിച്ചു ശരവർഷവും. 25
ഉടൻ ഹലഹലാശബ്ദം വിണ്ണെത്തുംവണ്ണമായിതേ
ആക്കർമ്മത്തെപ്പുകഴ്ത്തുന്ന നാനാ ഭൂതഗണങ്ങടെ. 26
ചൊടിച്ചാ ജിഷ്ണുവെക്കണ്ടു കാലാന്തകയമാഭനെ
പരം ത്രിഗർത്തയോധന്മാർ പരീതന്മാർ[1] വളഞ്ഞുതേ. 27
പാഞ്ഞടുത്തിട്ടു ധൃതവർമ്മാവിനെക്കാത്തുകൊള്ളുവാൻ
ഗുഡാകേശച്ചുറ്റുമെത്തീ ചൊടിച്ചാനപ്പൊളർജ്ജുനൻ. 28
ഉടൻ വധിച്ചാനവരിൽ ഭടരെപ്പത്തുമെട്ടുമേ
അനേകമിന്ദ്രവജ്രംപോലുള്ളിരുമ്പമ്പുകൊണ്ടുടൻ. 29
ഉടഞ്ഞോരവരെപ്പാർത്തു വെമ്പലോടും ധനഞ്ജയൻ
പാമ്പൊക്കുമമ്പേറ്റമെയ്താനത്യുച്ചത്തിൽച്ചിരിച്ചവൻ. 30
മുറ്റും മനസ്സു കെട്ടിട്ടാ ത്രൈഗർത്തകർ മഹാരഥർ
ധനഞ്ജയശരാർത്തന്മാർ ദിക്കെങ്ങും പാഞ്ഞു മന്നവ! 31
സംശപ്തകാരി പുരുഷവ്യാഘ്രനോടോതിനാരവർ:
"നിൻ കിങ്കരന്മാരീ ഞങ്ങളൊക്കെ നിന്നുടെ പാട്ടിലാം 32
വണങ്ങി പ്രേഷ്യ[2]രായ് നില്പോരോടു കല്പിക്ക പാർത്ഥ, നീ.

1 പരീതന്മാർ=ചുറ്റും കൂടിയവർ. 2 പ്രേഷ്യർ=ഭൃത്യർ; വിധേയർ.

ഞങ്ങളം ചെയ്യാം മുററുമേ നിൻ പ്രിയം കൗരവനന്ദന!'' 33

എന്നു ചൊല്ലിക്കേട്ടവരോടോതിനാനേവരോടുമേ
''ജീവൻ കാപ്പിൻ മന്നവരേ, ശാസനം സ്വീകരിക്കുവിൻ.'' 34

75. അശ്വാനുസരണം—വജ്രദത്തയുദ്ധം

പ്രാഗ്ജ്യോതിഷത്തിൽവെച്ച് ഭഗദത്തപുത്രനായ വജ്രദത്തൻ യജ്ഞാശ്വത്തെ തടുത്തുനിർത്തുന്നു. പരിചയസമ്പന്നമായ ഒരു മത്തഗജത്തെ അർജ്ജുനന്റെ നേരെ അയയ്ക്കുന്നു. അർജ്ജുനൻ അതിനെ അമ്പുകൾകൊണ്ടു മൂടുന്നു.

വൈശമ്പായനൻ പറഞ്ഞു

പ്രാഗ്ജ്യോതിഷത്തിലെത്തീട്ടു സഞ്ചരിച്ചു ഹയോത്തമം
ഭഗദത്താത്മജനതിലിറങ്ങീ രണകർക്കശൻ. 1

തൻ നാട്ടിലാപ്പാണ്ഡുപുത്രഹയം വന്നപ്പൊളായവൻ
പൊരുതീ ഭരതശ്രേഷ്ഠ, വജ്രദത്തൻ മഹീപതി. 2

പുരത്തിൽനിന്നിറങ്ങീട്ടാ ഭഗദത്തസുതൻ നൃപൻ
പിടിച്ചെത്തീടുമശ്വത്തെക്കൊണ്ടുപോയ് നഗരിക്കുടൻ. 3

അതു കണ്ടു മഹാബാഹു കുരുപ്രവരനപ്പൊഴേ
ഗാണ്ഡീവം വില്ലുലച്ചുംകൊണ്ടുടനുക്കിട്ടു കേറിനാൻ. 4

ഗാണ്ഡീവം വില്ലിൽനിന്നേന്തുമമ്പേററുഴലുമാ നൃപൻ
ആ വാജിയേ വിട്ടു വീരനുടൻ പാഞ്ഞേററു പാർത്ഥനിൽ. 5

പരം പുരിക്കകം പുക്കു ചട്ടയിട്ടാ നൃപോത്തമൻ
ആനപ്പുറത്തു കയറീട്ടിറങ്ങീ രണകർക്കശൻ. 6

തലയ്ക്കുമേൽ പിടിച്ചീടും വെങ്കൊററക്കുടയോടുമേ
വീശും വെൺചാമരയൊടും വിലസീടും മഹാരഥൻ 7

പാണ്ഡവന്മാരിൽ വൻ തേരാളിയാം പാർത്ഥനൊടേററുടൻ
ബീഭത്സുവെത്താൻ വിളിച്ചു ബാല്യാൽ മൗഢ്യാൽ പടയ്ക്കുഹോ!

കന്നം പൊട്ടി മദം ചാടും കുന്നൊത്താനയെയായവൻ
ചൊടിച്ചു ധവളാശ്വ[1]ന്റെ നേർക്കു വിട്ടിതു പാർത്ഥിവൻ, 9

ഒലിച്ചീടും മഹാമേഘപ്രതിദന്തിവിഘാതിയെ[2]
പോരിൽശ്ശാസ്ത്രംപോലൊരുക്കിപ്പാട്ടിലാം രണഗർവ്വിയെ[3]. 10

ആ മന്നവനയച്ചീടുമുക്കേറീടുമൊരാഗ്ഗജം
ദന്താങ്കുശത്താൽ ശോഭിച്ചു വാനിൽ പാഞ്ഞേറിടുംവിധം. 11

രാജാവേ, പായുമവനെപ്പാർത്ഥ കോപി ധനഞ്ജയൻ
നിലത്തുനിന്നാനയാണ്ടോ[4]നോടായ്പ്പൊരുതി ഭാരത! 12

---

1 ധവളാശ്വൻ = അർജ്ജുനൻ. 2 മഹാമേഘപ്രതിദന്തിവിഘാതി = വലിയ കാർമേഘം പോലുള്ള എതിർഭാഗത്തെ ആനകളെ തടുത്തുനിർത്തുന്നതു്. 3 രണഗർവ്വി = യുദ്ധത്തിൽ തടുക്കാൻ കഴിയാത്തതു്. 4 ആനയാണ്ടോൻ = ആനപ്പുറത്തു കയറിയവൻ.

വജ്രദത്തൻ ചൊടിച്ചിട്ടു ധനഞ്ജയനിൽ വിട്ടുതേ
അഗ്നിക്കൊക്കും തോമരങ്ങൾ[1] പാററകൾക്കൊപ്പമൂക്കൊടും. 13
അവയെത്തും മുൻപു പാർത്ഥൻ ഗാണ്ഡീവോത്ഥശരങ്ങളാൽ
രണ്ടുമൂന്നായറുത്തിട്ടു വ്യോമത്തിൽ ഖഗമങ്ങ[2]ളാൽ. 14
ആത്തോമരങ്ങൾ കണ്ടിച്ചു കണ്ടിട്ടു ഭഗദത്തജൻ
തടയാത്തുള്ള ബാണങ്ങളയച്ചു പാണ്ഡുപുത്രനിൽ. 15
ഉടനർജ്ജുനനും വെക്കം പൊൻകെട്ടുള്ള ശരങ്ങളെ
സംക്രുദ്ധനായ് വലിച്ചെയ്തു ഭഗദത്തന്റെ പുത്രനിൽ. 16
തേജസ്സേറും വജ്രദത്തൻ പോരിലായവയേററുടൻ
ഏററമെയ്യേററു താഴത്തു വീണു കെട്ടില്ല ബോധവും. 17
ഉടൻ പോരിൽക്കേറി വീണ്ടും വൻപേറും കൊമ്പനാനയെ
പ്രേഷണം ചെയ്തിതവ്യഗ്രൻ വിജയങ്കൽ ജയത്തിനായ്. 18
അവന്റെ നേക്കുടൻ ജിഷ്ണു പാമ്പൊക്കും വിശിഖങ്ങളെ
എയ്തുവിട്ടിതു സംക്രുദ്ധൻ കത്തും തീയൊത്തവററിനെ. 19
അവയേററിട്ടു കുംഭീന്ദ്രൻ വിളങ്ങീ ചോര ചോന്നവൻ
മനയോലയലിച്ചോലയോലും മല കണക്കിനെ. 20

76. അശ്വാനുസരണം—വജ്രദത്തപരാജയം

യുദ്ധത്തിൽ തോററുപോയ വജ്രദത്തനു് ജ്യേഷ്ഠന്റെ വാക്കോർത്തു് അർജ്ജുനൻ അഭയം നല്കുകയും ആ പ്രാഗ്ജ്യോതിഷാധിപതിയെ അശ്വമേധത്തിനു ക്ഷണിക്കുകയും ചെയ്യുന്നു.

വൈശമ്പായനൻ പറഞ്ഞു

ഈവണ്ണം മൂന്നുനാൾ നിന്നിതാ യുദ്ധം ഭരതർഷഭ!
ആ രാജാവോടർജ്ജുനനു വൃത്രനോടിന്ദ്രനാംവിധം. 1
പിന്നെ നാലാം ദിനത്തിങ്കൽ വജ്രദത്തൻ മഹാബലൻ
ചിരിച്ചാനേററമുച്ചത്തിൽ പറഞ്ഞാൻ പിന്നെയിങ്ങനെ. 2

വജ്രദത്തൻ പറഞ്ഞു

അർജ്ജുനാർജ്ജുന, നീ നില്ക്കു ജീവനോടേ വിടില്ല ഞാൻ
നിന്നെക്കൊന്നച്ഛനു വിധിക്കേകുവൻ ഞാൻ തിലോദകം. 3
നീ വൃദ്ധനച്ഛന്റെ സഖി[3]യെന്നച്ഛൻ ഭഗദത്തനെ
വൃദ്ധനാവുകയാൽ കൊന്നു ബാലനോടിന്നെതിർക്ക നീ. 4

വൈശമ്പായനൻ പറഞ്ഞു

എന്നുരച്ചു ചൊടിച്ചിട്ടു വജ്രദത്തൻ നരാധിപൻ
ആനയെപ്പാണ്ഡവനുടെ നേർക്കു വിട്ടിതു കൗരവ! 5

---

1 തോമരം = വേൽ. 2 ഖഗമങ്ങൾ = ആകാശത്തിൽക്കൂടി പായുന്നവ (പക്ഷിതുല്യങ്ങൾ). 3 അച്ഛന്റെ സഖി = അർജ്ജുനന്റെ അച്ഛനായ ഇന്ദ്രന്റെ ചങ്ങാതി.

ധീമാനാകും വജ്രദത്തൻ വിട്ടയച്ച ഗജോത്തമൻ
ആകാശത്തിൽ ചാടുമാറു പാഞ്ഞേററു പാണ്ഡുപുത്രനിൽ. 6
തുമ്പിക്കൈത്തുമ്പിനാൽ ചീററും ശീകരത്താൽ ഗജോത്തമൻ
ഗുഡാകേശനെയാറാടീ കാർ നീലാദ്രിയെയാംവിധം. 7
ആ മന്നവൻ വിട്ടൊരവൻ കാറുപോലലറുന്നവൻ
മുഖാഡംബരഘോഷത്തോടേററൂ ഫൽഗുനനോടുടൻ. 8
വജ്രദത്തനയച്ചോരാഗ്ഗജേന്ദ്രൻ തുള്ളിടുംപടി
കൗരവത്തേരാളിയുടെ നേക്കടുത്തീടിനാനുടൻ. 9
വജ്രദത്തന്റെ ഹസ്തീന്ദ്രൻ വന്നെത്തുന്നതു കണ്ടുടൻ
ഗാണ്ഡീവം വില്ലുള്ള ബലി കല്പങ്ങീലരിമർദ്ദനൻ. 10
ഏററം ചൊടിച്ചാനാബ്ഭൂമീപതിയിൽ പാണ്ഡുനന്ദനൻ
കാര്യവിഘ്നം മുൻ പകയുമോർമ്മവെച്ചിട്ടു ഭാരത! 11
ഉടനാക്കുംഭിയെ ക്രുദ്ധനമ്പു വർഷിച്ചു പാണ്ഡവൻ
തടുത്തുകൊണ്ടാനന്നേരമാഴിയെക്കര പോലവേ. 12
ശ്രീമാനാമാ ദന്തിരാജനർജ്ജുനൻതാൻ തടുക്കവേ
നിന്നുപോയമ്പു നിറയെ മുള്ളൻപന്നി കണക്കിനെ. 13
നിറുത്തിക്കണ്ടാനയെയാബ്ഭഗദത്തസുതൻ നൃപൻ
ക്രൂരമെയ്തീടിനാനേററമർജ്ജുനങ്കൽ ചൊടിച്ചുടൻ. 14
മഹാഭുജൻ ഫൽഗുനനും ശത്രുഘാതി[1] ശരങ്ങളാൽ
തടുത്തിതാശ്ശരൗഘത്തെയതൊരത്ഭുതമായിതേ. 15
പിന്നെ വീണ്ടും ചൊടിച്ചിട്ടാ മന്നൻ പ്രാഗ്ജ്യോതിഷാധിപൻ
ഊക്കോടേ വിട്ടു മലപോലുള്ളോരാ ഗജരാജനെ. 16
ഊക്കിലായവനെത്തുന്ന കണ്ടുടൻ പാകശാസനി[2]
അഗ്നിക്കൊക്കുന്ന നാരാചമെയ്തുകൊണ്ടിതു ദന്തിയിൽ. 17
ആബ്ബാണം നൃപതേ, മർമ്മങ്ങളിലേററുള്ളൊരാഗ്ഗജം
വജ്രമേററുള്ളൊരചലംപോലുടൻ വീണു ഭൂമിയിൽ. 18
ധനഞ്ജയശരംകൊണ്ടാക്കൊമ്പൻ ശോഭിച്ചിതേററവും
വജ്രപീഡിതമാം ശൈലം മന്നിൽത്താഴും പ്രകാരമേ. 19
വജ്രദത്തന്റെയാ നാഗം വീണവാറങ്ങു പാണ്ഡവൻ
പേടിക്കേണ്ടെന്നു താഴത്തു നില്ക്കും നൃപനൊടോതിനാൻ. 20

അർജ്ജുനൻ പറഞ്ഞു

എന്നോടു ചൊല്ലി തേജസ്വി യാത്രയാമ്പോൾ യുധിഷ്ഠിരൻ: 21
"ധനഞ്ജയ, വധിക്കൊല്ലാ നീ മന്നോരെയൊരിക്കലും.
നരവ്യാഘ്ര, ഭവാനിത്രയൊക്കച്ചെയ്തതു പോരുമേ 22
യോധരേയും വധിക്കൊല്ലാ നീ യുദ്ധത്തിൽധനഞ്ജയ!

1 ശത്രുഘാതി=ശത്രുക്കളെ കൊല്ലുന്നതു്. 2 പാകശാസനി=പാകശാസന (ഇന്ദ്ര)ന്റെ പുത്രൻ; അർജ്ജുനൻ.

ചൊല്ല മററും നൃപരൊടു സുഹൃത്തുക്കളൊടൊപ്പമേ
യുധിഷ്ഠിരാശ്വമേധത്തെ നിങ്ങൾ വന്നേററുകൊള്ളണം.'' 23
എന്നണ്ണൻചൊല്ലപടിക്കാം ഞാൻ നിന്നെക്കൊല്ലില്ല മന്നവ!
എഴന്നേൽക്കു ഭയം വേണ്ടാ സ്വസ്തിയായ്പ്പോക മന്നവ! 24
എത്തേണമേ മഹാരാജ, ചൈത്രമാസത്തുടച്ചയിൽ
ധീമാനാം ധമ്മരാജൻെറയശ്വമേധം നടക്കവേ. 25

വൈശമ്പായനൻ പറഞ്ഞു

എന്നു ചൊല്ലിയൊരാബ്ഭൂപൻ ഭഗദത്തജനപ്പൊഴേ
അവ്വണ്ണമാവാമെന്നോതീ പാണ്ഡവൻ പോരിൽ വെന്നവൻ. 26

77. അശ്വാനുസരണം—സൈന്ധവയുദ്ധം

യജ്ഞാശ്വത്തെ തടുത്തുനിത്തിയ സിന്ധുദേശാധിപതിയുമായി ഏററുമുട്ടിയ അർജ്ജുനൻെറ കൈയിൽനിന്നു ഗാണ്ഡീവം താഴെ വീഴുകയും അർജ്ജുനൻ മോഹാലസ്യപ്പെടുകയും ചെയ്യുന്നു. മഹഷിമാരുടെയും ദേവന്മാരുടേയും അനുഗ്രഹത്തിൻെറ ഫലമായി ലബ്ധവീര്യനായ ആ മദ്ധ്യമപാണ്ഡവൻ പൂവ്വാധികം ശക്തിയോടുകൂടി ശത്രുക്കളോടെതിരിടുന്നു.

വൈശമ്പായനൻ പറഞ്ഞു

നടന്നിതാക്കിരീടിക്കു പരം സൈന്ധവരായ് രണം
ഹതശിഷ്ടരൊടും ചത്തോരുടെ മക്കളൊടും നൃപ! 1
ശ്വേതാശ്വൻ നാട്ടിൽ വന്നെത്തീട്ടുണ്ടെന്നായ്ക്കേട്ടറിഞ്ഞുടൻ
പാണ്ഡവഷഭനോടേററു പൊറുക്കാത്തവർ മന്നവർ. 2
വിഷയാന്തത്തിലശ്വത്തെപ്പിടിച്ചവർ വിഷോപമർ
പേടിച്ചീലാ ഭീമനുടെ തമ്പിയായോരു പാത്ഥനെ. 3
അവർ യജ്ഞഹയത്തിൻെറയരികേ വില്ലെടുത്തഹോ!
കാൽനടയ്ക്കായ് നിന്നിടുന്ന ബീഭത്സുവൊടെതിത്തുതേ. 4
അവരായവനെബ്ഭൂരിവീര്യർ ഭൂപർ വളഞ്ഞുതേ
നരവ്യാഘ്രനെ വെൽവാനായ് മുന്നം പോരിൽ മടക്കിയോർ. 5
അവർ നാമങ്ങൾ ഗോത്രങ്ങൾ പല കമ്മങ്ങളങ്ങനെ
വിളിച്ചുചൊല്ലിപ്പാത്ഥങ്കൽ ശരവഷങ്ങൾ തൂകിനാർ. 6
ആനയേയും തടുക്കുന്ന ശരജാലം ചൊരിഞ്ഞവർ
പോരിൽ ജയം കൊതിക്കുന്നോർ കൗന്തേയനെ വളഞ്ഞുതേ. 7
പോരിലത്യുഗ്രകമ്മാവാം കൃഷ്ണനെപ്പാത്ത്ഥു കണ്ടവർ
തേരാണ്ട വീരരൊട്ടുക്കാക്കാലാളായ് പൊരുതീടിനാർ. 8
ആ വീരരെയ്തിതവനെ നിവാതകവചാരിയെ
സംശപ്തകനിഹന്താവെസ്സിന്ധുരാജവിഘാതിയെ. 9
ഉടനോരായിരം തേരും പതിനായിരമശ്വവും
കൂടിബ്ബീഭത്സുവെക്കോട്ടകെട്ടി നിത്തീട്ടു ഹൃഷ്ടരായ്. 10

പോരിലാസ്സൈന്ധവജയദ്രഥൻതന്നുടെയാ വധം
സവ്യസാചി കഴിച്ചുള്ളതോർമ്മിക്കും വീരരാമവർ 11
ഉടൻ കാർ പോലേവരുമേ ശരവർഷങ്ങൾ തൂകിനാർ;
ശോഭിച്ചു കാറേറ്റക്കുന്നേറ്റവർ മൂടീടുമർജ്ജുനൻ. 12
ശരങ്ങളാൽ മറഞ്ഞുള്ളോൻ പ്രകാശിച്ചിതു പാണ്ഡവൻ
കൂട്ടിന്നുള്ളിൽ സഞ്ചരിക്കും പക്ഷിയെപ്പോലെ ഭാരത! 13
ഹാഹായെന്നാർത്തിതൊക്കേയും പാർത്ഥനമ്പേററുഴന്നതിൽ
ത്രൈലോക്യമങ്ങു രാജാവേ, സൂര്യൻ നിഷ്പ്രഭനായിനാൻ. 14
ഉടൻ മഹാരാജ, കാററു വീശി രോമാഞ്ചമാം പടി
ഗ്രസിച്ചു രാഹു രവിയെ ചന്ദ്രനേയുമഹോ! സമം. 15
എങ്ങും ചിന്നിക്കൊള്ളിമീൻകൾ വന്നടിച്ചിതു സൂര്യനിൽ
കൈലാസാദ്രിക്കുമന്നേരം വിറയുണ്ടായി മന്നവ! 16
ചുടുന്ന നെടുവീർപ്പിട്ടു നെടുതാം ശോകമാണ്ടവർ
സപ്തർഷികൾ ഭയപ്പെട്ടു ദേവർഷികളുമങ്ങനെ. 17
ശശം[1] വീണു ശശിയുടെ മണ്ഡലത്തെപ്പിളർന്നുടൻ
വിപരീതത്തിലായ് മററും പുക ചിന്നിന ദിക്കുകൾ. 18
രാസഭാരുണവർണ്ണ[2]ത്തിൽ വില്ലും മിന്നലുമൊത്തഹോ!
ആകാശം മൂടി മേഘങ്ങൾ ചൊരിഞ്ഞൂ ചോര മാംസവും. 19
ഇമ്മട്ടായീ വീരനപ്പോൾ ശരവർഷത്തിലർജ്ജുനൻ
ഭരതശ്രേഷ്ഠ, മറയെയതൊരത്ഭുതമായിതേ. 20
ശരജാലം ചുററുമേററു തറച്ചീടുമവന്നുടെ
മോഹാൽ ഗാണ്ഡീവവും ഹസ്താവാപ[3]വും കൈയിൽനിന്നു—
അവൻ മോഹമിയന്നപ്പോൾ ശരജാലം മഹത്തരം [പോയ്.
ഉടൻ തൂകീ സൈന്ധവന്മാരാത്തേരാളി[4] മയങ്ങവേ. 22
ഉടൻ പാർത്ഥൻ മോഹമാണ്ടിതെന്നറിഞ്ഞിട്ടു വിണ്ണവർ
ഏവരും ത്രസ്തരാ[5]യ് ശാന്തിവിധി ചെയ്തിതവന്നഹോ! 23
ഉടൻ ദേവർഷിമാർ മററും സപ്തർഷികളുമങ്ങനെ
ബ്രഹ്മർഷികളുമാധീമാൻ പാർത്ഥന്നു ജയമോതിനാർ. 24
പിന്നെ വിണ്ണോർ പാർത്ഥതേജസ്സൊന്നാളിച്ചപ്പൊൾ മന്നവ!
പോരിലസ്ത്രജ്ഞനാം ധീമാൻ നിന്നു കുന്നു കണക്കിനെ. 25
പിന്നെയാദ്ദിവ്യമാം വില്ലിട്ടുലച്ചു കുരുനന്ദനൻ
യന്ത്രനാദംപോലതിൻെറ വൻ നാദം വാച്ചു വീണ്ടുമേ. 26
ഉടനേ ശരവർഷങ്ങൾ വർഷിച്ചു വൈരിമാർകളിൽ
പ്രഭു വില്ലാൽ വർഷമിന്ദ്രൻ വർഷിക്കുംപോലെയർജ്ജുനൻ. 27

---

1 ശശം=മുയൽ. 2 രാസഭാരുണവർണ്ണം=കഴുതയുടെ നിറവും ചുവപ്പുനിറവും കൂടിയ മിശ്രവർണ്ണം. 3 ഹസ്താവാപം=കൈയുറ. 4 തേരാളി=മഹാരഥൻ.
5 ത്രസ്തർ=ഭയപ്പെട്ടവർ.

ഉടൻ സൈന്ധവയോധന്മാർ മനോരോടൊപ്പമേവരും
പാററ ചിന്നും മരം പോലെ കാണാതായമ്പു ചിന്നിയോർ. 28
ത്രസിച്ചാർ തത്സ്വനത്താലോ പേടിച്ചുഴറിയോടിനാർ
മാഴ്കിക്കണ്ണീരൊലിപ്പിച്ചാർ ശോചിച്ചാരങ്ങു സൈന്ധവർ. 29
മുററുമാസ്സൈന്ധവന്മാരിൽച്ചുററീ ബലി നരഷഭൻ
തീക്കൊള്ളി പോലെ രാജാവേ, ശരജാലങ്ങൾ തൂകുവോൻ. 30
ഇന്ദ്രജാലം പോലെ ബാണജാലമാശ്ശത്രുകശ്നൻ
ദിക്കിലൊട്ടുക്ക വിതറീ വജ്രി ശക്രൻ കണക്കിനെ. 31
കാർനിരയ്യൊത്തൊരു പട പിളന്നു ശരമായയാൽ
ശോഭിച്ചു കൗരവശ്രേഷ്ഠൻ ശരൽസൂര്യൻ കണക്കിനെ. 32

78. അശ്വാനുസരണം—സൈന്ധവപരാജയം

അർജ്ജുനൻ നാട്ടിലെത്തിയ വർത്തമാനം കേട്ട ഉടനെ ജയദ്രഥൻെറ പുത്രനായ സുരഥൻ പെട്ടെന്നു മൃതിയടയുന്നു. സൈന്ധവന്മാരുമായുള്ള യുദ്ധത്തിൽനിന്ന് അർജ്ജുനനെ വിരമിപ്പിക്കണമെന്നു വിചാരിച്ച്, മരിച്ചുപോയ സുരഥൻെറ കൊച്ചു കുട്ടിയേയുംകൊണ്ട് ജയദ്രഥപത്നിയായ ദുശ്ശള അർജ്ജുനനെ സമീപിച്ച്, കൗരവന്മാരും തൻെറ ഭർത്താവും ചെയ്ത കുററങ്ങളെല്ലാം മറന്നു യുദ്ധം മതിയാക്കണമെന്ന് അർജ്ജുനനോടപേക്ഷിക്കുന്നു. അർജ്ജുനൻ യുദ്ധം മതിയാക്കി ദുശ്ശളയെ സമാശ്വസിപ്പിച്ച് തിരികെ അയയ്ക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

ശൂരൻ ഗാണ്ഡീവിയുടനേ പോരിന്നായ് വന്നു നില്പവൻ
പോരിൽ ശോഭിച്ചു ദുർദ്ധർഷൻ ഹിമവാന്മല പോലവേ. 1
പിന്നെസ്സൈന്ധവയോധന്മാർ വീണ്ടുമങ്ങൊത്തുനിന്നവർ
ശരവർഷങ്ങൾ വർഷിച്ചു വാശി പൂണ്ടവർ ഭാരത! 2
വീണ്ടുമൊത്തേററവരൊടു ചിരിച്ചിട്ടു മഹാഭുജൻ
ചാവാനൊരുങ്ങുന്നോരോടു ചൊല്ലിനാൻ നല്ല വാക്കിനെ. 3

അർജ്ജുനൻ പറഞ്ഞു

ഏററമൂക്കോടു പൊരുവിനെന്നെ വെൽവാൻ ശ്രമിക്കുവിൻ
കാര്യങ്ങളൊക്കയും ചെയ്വിൻ നിങ്ങൾക്കെത്തീ മഹാഭയം. 4
ഇതാ പൊരുതുവൻ മുററും ശരജാലം തടുത്തു ഞാൻ
ഒരുങ്ങി നില്പിൻ പോരിന്നു തീർപ്പേൻ നിങ്ങടെ ഗർവ്വു ഞാൻ. 5

വൈശമ്പായനൻ പറഞ്ഞു

എന്നുരച്ചിട്ടു കൗരവ്യൻ ഗാണ്ഡീവി ചൊടിയോടുടൻ
പിന്നെയണ്ണൻെറയരുളപ്പാടതോർത്തിട്ടു ഭാരത! 6
“ഉണ്ണീ, കൊല്ലൊല്ല വെൽവാനായെത്തും ക്ഷത്രിയരെബ്ഭവാൻ
വെല്ലുകെ”ന്നായ് മഹാത്മാവാം ധർമ്മരാജൻെറ വാക്കിനെ 7

വിചാരിച്ചീടിനാനപ്പോൾ ഫൽഗുനൻ പുരുഷർഷഭൻ
'മന്നോരെക്കൊന്നിടൊല്ലെ'ന്നായെന്നോടോതീ നരേശ്വരൻ. 8
ആ ധർമ്മജൻെറ ശുഭവാക്കെങ്ങനേ പാഴിലാവ്വരാ
കൊല്ലപ്പെടൊല്ലാ രാജാക്കൾ രാജാജ്ഞയെ നടത്തണം. 9
എന്നു ചിന്തിച്ചുകൊണ്ടപ്പോൾ ഫൽഗുനൻ പുരുഷർഷഭൻ
ധർമ്മജ്ഞനടരിൽഗ്ഗർവ്വുള്ളാസ്സൈന്ധവരൊടോതിനാൻ. 10

അർജ്ജുനൻ പറഞ്ഞു

നിങ്ങൾക്കു നന്മ ചൊല്ലുന്നേൻ ഞാൻ കൊല്ലില്ലെതിരാളുകളെ
പോരിൽ തോററിട്ടു ഞാൻ നിൻെറയെന്നു ചൊല്ലുന്നതാകിലോ
എൻെറയീച്ചൊല്ലു കേട്ടിട്ടു ചെയ്യിനാത്മഹിതത്തിനെ
അതല്ലെങ്കിൽക്കുഴങ്ങീടും നിങ്ങൾ ഞാൻ പീഡ ചെയ്യവർ. 12

വൈശമ്പായനൻ പറഞ്ഞു

എന്നാ വീരന്മാരൊടോതീ പൊരുതും കുരുപുംഗവൻ
അർജ്ജുനൻ പടു സംക്രുദ്ധൻ ജയാർത്ഥി ക്രുദ്ധരോടുടൻ. 13
നൂറും നൂറായിരവുമായ് മൊട്ടുഴിഞ്ഞ ശരങ്ങളെ
രാജാവേ, സൈന്ധവന്മാരുമെയ്തു ഗാണ്ഡീവപാണിയിൽ. 14
ആശീവിഷോഗ്രബാണങ്ങൾ വന്നെത്തുന്നതു കണ്ടുടൻ
ക്ഷുരമ്പു തുകീട്ടിടയിലറുത്താനാദ്ധനഞ്ജയൻ. 15
ചാണയിട്ടുവെച്ചുള്ള കങ്കച്ചിറകമ്പുകൾ കൊയ്തുടൻ
പോരിലോരോരുത്തരെയായ് ക്ഷുരമെയ്തു പിളർന്നതേ. 16
ഉടൻ വീണ്ടും കത്തി വേലും മററുമങ്ങർജ്ജുനൻെറ മേൽ
വിട്ടു ജയദ്രഥവധമോർത്തു സൈന്ധവമന്നവർ. 17
അവർസങ്കല്പമാശ്ശക്തൻ പാഴിലാക്കീ കിരീടിയും
ഇടയ്ക്കുതൊക്കെക്കണ്ടിച്ചിട്ടപ്പൊളാർത്തിതു പാണ്ഡവൻ. 18
ജയകാംക്ഷികളാ യോധരേവം യത്നിച്ചിടുമ്പൊഴേ
മൊട്ടുഴിഞ്ഞുള്ള ഭല്ലങ്ങൾകൊണ്ടു കണ്ടിച്ചു മൗലികൾ. 19
അവരോടിയുമവ്വണ്ണം പിന്നെയും പാഞ്ഞണഞ്ഞുമേ
പിൻവാങ്ങിയുമെഴും ഘോഷം പൊങ്ങീ കടലൊലിപ്പടി. 20
തേജസ്സേറും പാർത്ഥനപ്പോൾ കൊന്നുവിട്ടീടുമായവർ
പൊരുതാരർജ്ജുനനൊടു യഥോത്സാഹം യഥാബലം. 21
അവരെപ്ഫൽഗുനൻ പിന്നെ മൊട്ടുഴിഞ്ഞ ശരങ്ങളാൽ
ബോധം കെട്ടോരാക്കി മററും ക്ലാന്തവാഹനസൈന്യരെ[1]. 22
അവരെല്ലാമുഴന്നെന്നതറിഞ്ഞു ധൃതരാഷ്ട്രജ!
അപ്പോൾ പൗത്രക്കുട്ടിയേയും കൊണ്ടുചെന്നിതു ദുശ്ശള. 23
തേരിനാലേ കൊണ്ടുചെന്നു വീരൻ സുരഥപുത്രനെ
യോധന്മാർക്കൊട്ടു ശാന്തിക്കായ് പാണ്ഡവാന്തികമെത്തിനാൾ.

---

1 ക്ലാന്തവാഹനസൈന്യർ=വാഹനങ്ങളും സേനയും ക്ഷീണിച്ചവശായവർ.

അവളർജ്ജുനപാർശ്വം പുക്കാർത്തനാദം[1] കരച്ചിലായ്
അവളെക്കണ്ടർജ്ജുനനും വിൽ വെടിഞ്ഞീടിനാൻ പ്രഭു. 25
വിൽ വെടിഞ്ഞാപ്പാർത്ഥനപ്പോൾ പെങ്ങളോടു വിധിപ്പടി
ഞാനെന്തു വേണമെന്നായീ പറഞ്ഞോളവളുത്തരം. 26

ദുശ്ശള പറഞ്ഞു

ഭരതശ്രേഷ്ഠ, നിൻ ഭാഗിനേയൻെറ മകനീശ്ശിശു
അഭിവാദ്യം ചെയ്‌വു പാർത്ഥ, കാൺക നീ പുരുഷർഷഭ! 27

വൈശമ്പായനൻ പറഞ്ഞു

എന്നു കേട്ടർജ്ജുനൻ ചോദിച്ചാനവൻതൻെറയച്ഛനെ
അവനെങ്ങെന്നു രാജാവേ, പിന്നെദ്ദുശ്ശള ചൊല്ലിനാൾ. 28

ദുശ്ശള പറഞ്ഞു

ഇവൻെറയച്ഛൻ പിതൃശോകാർത്തനേററം വിഷണ്ണനായ്
വീരൻ മരിച്ചുപോയെന്നാലായതെങ്ങനെ കേൾക്ക നീ. 29
അവൻ നീ മുൻപച്ഛനെക്കൊന്നതു കേട്ടനഘാശയ!
അശ്വാനുസാരി[2] നീ പോരിന്നെത്തിയെന്നും ശ്രവിച്ചുടൻ 30
അച്ഛൻ മരിച്ച ദുഃഖാർത്തൻ പ്രാണൻ വിട്ടു ധനഞ്ജയ!
വന്നു ബീഭത്സുവെന്നാപ്പേർ കേട്ടപ്പോളനഘാശയ! 31
വിഷാദാർത്തൻ മന്നിൽ വീണു ചാകയും ചെയ്തിതെന്മകൻ.
അങ്ങവൻ വീണതായ്ക്കണ്ടിട്ടിവൻെറ മകനെ പ്രഭോ! 32
കൊണ്ടുവന്നേൻ നീ ശരണമെന്നുവെച്ചിവിടേക്കു ഞാൻ.

വൈശമ്പായനൻ പറഞ്ഞു

എന്നുരച്ചാർത്തനാദത്തിൽ വാവിട്ടു ധൃതരാഷ്ട്രജ[3] 33
മാഴ്കി മാലാണ്ടു തല താഴ്ത്തുന്ന പാർത്ഥനൊടോതിനാൾ.

ദുശ്ശള പറഞ്ഞു

സ്വസാവെക്കാത്തുകൊണ്ടാലും സ്വസ്രീയാത്മജനേയുമേ 34
ധർമ്മജ്ഞ, ദയ ചെയ്തീടവേണമേ നീ കുരൂദ്വഹ!
മറന്നാക്കുരുരാജാവെ മന്ദൻ സൈന്ധവനേയുമേ. 35
അഭിമന്യുവിനെമ്മട്ടാപ്പരീക്ഷിത്തരിമർദ്ദനൻ
അമ്മട്ടു സുരഥന്നുണ്ടായെൻെറ പുത്രൻ മഹാഭുജൻ. 36
അവനെക്കൊണ്ടുവന്നേൻ നിൻ മുന്നിൽ ഞാൻ നരപുംഗവ!
യോധക്കോക്കശ്ശമത്തിന്നായെൻെറ വാക്കിതു കേൾക്ക നീ. 37
ഇതാ വന്നു മഹാബാഹോ, ആ മന്ദനുടെ നന്ദനൻ
അതിനാലീക്കുട്ടിയിൽ നീ പ്രസാദിച്ചീടവേണമേ. 38
ഇവനോ തല കുമ്പിട്ടു ശമത്തിന്നായരിന്ദമ!
യാചിക്കുന്നു മഹാബാഹോ, ശമിക്കുക ധനഞ്ജയ! 39

---

1 ആർത്തനാദം=ദീനസ്വരത്തിൽ. 2 അശ്വാനുസാരി=കുതിരയെ പിൻതുടരുന്നവൻ. 3 ധൃതരാഷ്ട്രജ=ധൃതരാഷ്ട്രപുത്രി; ദുശ്ശള.

ബന്ധു ചത്തൊന്നുമറിയാതുള്ള ബാലനിലജ്ജുന!
പ്രസാദിക്കുക ധർമ്മജ്ഞ, മന്യുവിൽ പെട്ടിടൊല്ല നീ. 40
അനാര്യനായ് ക്രൂരനാമാ മുത്തച്ഛനെ മറന്നുമേ
ഏററം കുററം ചെയ്തവനെ പ്രസാദിച്ചീടവേണമേ! 41

വൈശമ്പായനൻ പറഞ്ഞു

എന്നു ദുശ്ശള ദുഃഖിച്ചു പറയുമ്പോഠംധനഞ്ജയൻ
ഗാന്ധാരീദേവി ധൃതരാഷ്ട്രോർവ്വീശന്മാരെയോർത്തുടൻ 42
പറഞ്ഞൂ ദുഃഖശോകാത്തൻ ഗർഹിച്ചും ക്ഷത്രധർമ്മമേ:
''മോശം ദുര്യോധനൻ ക്ഷുദ്രൻ മാനി രാജ്യം കൊതിച്ചവൻ 43
അതല്ലോ ബാന്ധവന്മാരെയൊക്കയും കൊന്നൊടുക്കി ഞാൻ.''
എന്നോതിപ്പല സാന്ത്വാദിപ്രസാദം ചെയ്തിതാജ്ജയൻ 44
അവളെത്തഴുകി പ്രീതൻ ഗൃഹത്തേക്കങ്ങയച്ചതേ.
ആയോധരെദ്ദുശ്ശള വൻപോരിൽനിന്നു തടുത്തുടൻ 45
പാർത്ഥനെപ്പൂജ ചെയ്തിട്ടു ഗൃഹം പുക്കാരു ശുഭാനന.
എന്നു മററും സൈന്ധവരെ ജയിച്ചിട്ടു ധനഞ്ജയൻ 46
പിൻ പാഞ്ഞിതിച്ഛയിൽപ്പാഞ്ഞു പോകുന്നോരാ ഹയത്തിനെ.
ദേവൻ പിനാകി വാനിങ്കൽ മാനിനെപ്പോലെയങ്ങനെ 47
പിൻതുടന്നീടിനാൻ വീരനാ യജ്ഞീയഹയത്തിനെ.
ആ വാജിയോ യഥേഷ്ടം താനോരോ ദേശം യഥാക്രമം 48
സഞ്ചരിച്ചു യഥാകാമം പാർത്ഥകർമ്മം വളർത്തിയും.
ക്രമത്തിൽസ്സഞ്ചരിച്ചീടുമാ ഹയം പുരുഷർഷഭ!
മണലൂരേശദേശത്തു ചെന്നു പാണ്ഡവനോടുമേ. 49

79. അശ്വാനുസരണം—അർജ്ജുനബഭ്രുവാഹനയുദ്ധം

മണലൂർ എന്ന രാജ്യത്തെത്തിയപ്പോഠം സ്വപുത്രനായ ബഭ്രുവാഹനനു മായി അർജ്ജുനനു് ഏററുമുട്ടേണ്ടിവരുന്നു. ആ യുദ്ധത്തിൽ അർജ്ജുനൻ നിർജ്ജീവനായി നിലംപതിക്കുന്നു. ബഭ്രുവാഹനമാതാവായ ചിത്രാംഗദയുടെ വിലാപം.

വൈശമ്പായനൻ പറഞ്ഞു

അച്ഛനെത്തിയതായ്ക്കേട്ടു ബഭ്രുവാഹനമന്നവൻ
വിനയത്താൽ പുറപ്പെട്ടു ബ്രാഹ്മണാർത്ഥപുരസ്സരൻ. 1
ഈവണ്ണം മണലൂരേശനണഞ്ഞപ്പോഠംധനഞ്ജയൻ
കൊണ്ടാടിയില്ലാ മേധാവി ക്ഷത്രധർമ്മത്തെയോർത്തവൻ. 2
പറഞ്ഞുതാനും ധർമ്മാത്മാവർജ്ജുനൻ മന്യുവാണ്ടവൻ.

അർജ്ജുനൻ പറഞ്ഞു

നിൻെറയീത്തൊഴിൽ നന്നല്ലാ ക്ഷത്രധർമ്മപ്പുറത്തു നീ*. 3

* ക്ഷത്രധർമ്മപ്പുറത്തു നീ = നീ ക്ഷത്രിയധർമ്മത്തിൽനിന്നു ബാഹ്യനായിരിക്കയാണ്.

യുധിഷ്ഠിരൻെറയീ യജ്ഞീയാശ്വത്തെക്കാത്തുകൊണ്ടുതാൻ
നിൻ നാട്ടിൽ വന്നിട്ടെന്നോടെന്തുണ്ണീ, പൊരുതിടാഞ്ഞു നീ? 4
ക്ഷത്രധർമ്മപ്പുറത്തല്ലൽ ദുർബ്ബുദ്ധേ, മോശമാണു നീ
പൊരുതാൻ വന്നൊരെന്നോടു സാന്ത്വമല്ലേ തുടർന്നു നീ? 5
ജീവിച്ചിരിക്കും നിന്നാലില്ലൊരൊററപ്പുരുഷാർത്ഥവും
പെണ്ണിനെപ്പോലെ വന്നെന്നെസ്സാമംകൊണ്ടല്ലിയേല്ല നീ? 6
സുദുർമ്മതേ, ന്യസ്തശസ്ത്രനായ ഞാൻ വന്നിരിക്കുകിൽ
നിനക്കീത്തൊഴിൽ ചേർന്നീടുമായിരുന്നു നരാധമ! 7

വൈശമ്പായനൻ പറഞ്ഞു

ഭർത്താവേവം ചൊന്നവനെയറിഞ്ഞിട്ടുരഗാത്മജ!
പൊറാഞ്ഞൂഴി പിളർന്നിട്ടു ചെന്നണഞ്ഞാളുലൂപിയാം. 8
തലതാഴ്ത്തിച്ചിന്തചെയ്യും മകനെക്കണ്ടിതായവൾ
വീണ്ടും പോരിന്നുന്നമച്ഛൻ തർജ്ജിക്കുംവണ്ണമായ് പ്രഭോ! 9
ഉടനാച്ചാരുസർവ്വാംഗിയടുത്തിട്ടുരഗാത്മജ
ഉലൂപി ധർമ്മവിത്തോടു പറഞ്ഞൂ ധർമ്മമിങ്ങനെ: 10
‘‘പന്നഗാത്മജ, നിന്നമ്മ ഞാനുലൂപി ധരിക്ക നീ
ഉണ്ണീ, ചൊന്നതു ചെയ്യുണ്ടാം പരം ധർമ്മം നിനക്കെടോ. 11
കുരുശ്രേഷ്ഠൻ യുദ്ധദൃപ്ത[1]നച്ഛനായ്പ്പൊരുതീടു നീ
എന്നാലിവൻ പ്രീതനാകും നിന്നിലില്ലൊരു സംശയം.’’ 12
എന്നമ്മ ചൊടി കൂട്ടീട്ടും ബഭ്രുവാഹനമന്നവൻ
മഹാതേജസ്വി പോരിന്നായുറച്ചൂ ഭരതർഷഭ! 13
പൊൻചട്ടയിട്ടു മിന്നുന്ന കിരീടവുമണിഞ്ഞുടൻ
ആവനാഴി പെരുത്തുള്ള നല്ല തേരേറിനാനവൻ. 14
സർവ്വോപകരണം ചേർന്നു മനോവേഗാശ്വമൊത്തഹോ!
ശ്രീമാൻ ചക്രോപസ്കരാഢ്യം പൊന്നിൻകോപ്പൊത്തതുത്തമം. 15
ഏററം പൂജിതമാം സ്വർണ്ണസിംഹക്കൊടിയുയർത്തിയും
പാർത്ഥൻെറ നേർക്കു ചെന്നാനാബ്ബഭ്രുവാഹനമന്നവൻ. 16
വീരൻ ചെന്നർജ്ജുനൻ കാക്കുമാ യജ്ഞീയഹയത്തിനെ
പിടിപ്പിച്ചാനശ്വശിക്ഷക്കാരാമാൾക്കാർകളാലുടൻ. 17
പിടിച്ചു കണ്ടിട്ടശ്വത്തെ പ്രീതാത്മാവാം ധനഞ്ജയൻ
പോരിൽത്തടുത്തു തേരാണ്ട മകനേ മന്നിൽ നില്പവൻ. 18
അസംഖ്യം ശരസംഘത്താലാ വീരനെ നരേശ്വരൻ
അർദ്ദിപ്പിച്ചിതു[2] പാമ്പൊക്കും ക്രൂരമ്പുനിരയെയ്തുടൻ. 19
അച്ഛൻമക്കൾക്കവർക്കപ്പോൾ ബഹളപ്പോർ നടന്നതേ
ദേവാസുരരണപ്രായം പ്രീതരാമിരുപേർക്കുമേ. 20
മൊട്ടഴിഞ്ഞ ശരംകൊണ്ടു നരവ്യാഘ്രൻ കിരീടിയെ

1 ദൃപ്തൻ=ഗർവ്വിഷ്ഠൻ. 2 അർദ്ദിപ്പിക്ക=പീഡിപ്പിക്ക.

കഴുത്തിൻ കീഴെല്ലിനെയ്തു ചിരിക്കും ബഭ്രുവാഹനൻ. 21
അതാണ്ടുപോയ് കടയൊടും പുററിൽ പാമ്പു കണക്കിനെ
കൗന്തേയനെപ്പിളർന്നിട്ടു ഭൂമിയിങ്കൽക്കടന്നുപോയ്. 22
ആധീമാനേററവും നൊന്തു മുഖ്യവില്ലവലംബമായ്
ദിവ്യതേജസ്സാണ്ടുകൊണ്ടു ചത്തമാതിരി നിന്നുപോയ്. 23
പിന്നെസ്സ്വബോധമുണ്ടായിപ്പുകഴ്ത്തിപ്പുരുഷർഷഭൻ
മകനോടിന്ദ്രതനയൻ ചൊന്നാനേവം മഹാദ്യുതി: 24
''നന്നു നന്നു മഹാബാഹോ, വത്സ, ചിത്രാംഗദാത്മജ!
നിനക്കു തക്ക തൊഴിൽ കണ്ടുണ്ണീ, സംപ്രീതനായി ഞാൻ. 25
ഇതാ ശരങ്ങളെയ്യേൻ ഞാനുണ്ണീ, പോരിലുറച്ചിരി.''
എന്നോതി നാരാചനിര വർഷിച്ചാനരികർശനൻ 26
ഗാണ്ഡീവം തൂകീടുമിടിത്തീനേർ നാരാചമൊക്കെയും
മന്നൻ ഭല്ലങ്ങളാൽ രണ്ടും മൂന്നുമായി നുറുക്കിനാൻ. 27
അവന്റെ പൊന്നണിഞ്ഞുള്ളാദ്ധ്വജം ദിവ്യശരങ്ങളാൽ
ക്ഷുരത്താൽ പൊൻപനപ്രായം പാർത്ഥൻ തേർവിട്ടു വീഴ്ത്തിനാൻ.
വേഗമേറുന്ന വൻപിച്ച ഹയങ്ങളെയരിന്ദമ!
കൊന്നു വിട്ടു നരപതേ, ചിരിച്ചുംകൊണ്ടു പാണ്ഡവൻ. 29
തേർവിട്ടിറങ്ങിയാ രാജാവേററം കോപമിയന്നവൻ
ചൊടിച്ചച്ഛൻപാണ്ഡവനായ് പൊരുതീ താൻ പദാതിയായ്.
പാർത്ഥരിൽ പ്രവരൻ പുത്രവിക്രമാൽ പ്രീതിപൂണ്ടവൻ
ഏറെപ്പീഡിപ്പിച്ചതില്ലാ വജ്രിനന്ദനനുണ്ണിയെ. 31
അച്ഛൻ വിമുഖനായെന്നു നിനച്ചാബ്ഭ്രുവാഹനൻ
വീണ്ടും സർപ്പോഗ്രബാണങ്ങൾകൊണ്ടർദ്ദിപ്പിച്ചിതാബ്ബലി. 32
ബാല്യംകൊണ്ടച്ഛനെപ്പിന്നെയാഞ്ഞെയ്തു ഹൃദയത്തിലായ്
സുപുംഖമായ് മൂർച്ചകൂട്ടുമൊരമ്പാൽ ബഭ്രുവാഹനൻ; 33
മർമ്മം കീറിപ്പാണ്ഡവനിൽക്കേറീ മാലേകുമാശ്ശരം.
അതുകൊണ്ടാ മകൻ ഗാഢമെയ്തോരാക്കുരുനന്ദനൻ 34
നിലത്തു വീണു മോഹാർത്തനുടൻ ഭൂപ, ധനഞ്ജയൻ.
ആ വീരനാം കുരുധുരന്ധരൻ വീണോരുനേരമേ 35
ഉടൻ ചിത്രാംഗദാപുത്രനവനും മോഹമാണ്ടുപോയ്.
പോരിൽക്കിണഞ്ഞാ രാജാവങ്ങച്ഛൻ ചത്തതു കണ്ടുമേ 36
അർജ്ജുനൻ മുന്നമേ ഗാഢം ബാണജാലങ്ങളെയ്തവൻ
പോർക്കളത്തവനും ഭൂമി പുണരുമ്മാറു വീണുപോയ്! 37
ഭർത്താവിനെക്കൊന്നു കണ്ടും പുത്രൻ വീണതു കണ്ടുമേ
ചിത്രാംഗദ ഭയപ്പെട്ടു പോർക്കളത്തിങ്കലെത്തിനാൾ. 38
ശോകത്താൽക്കരൾ ചുട്ടേററം കരഞ്ഞു വിറപൂണ്ടവൾ
മണലൂരേശന്റെയമ്മ കണ്ടു കൊന്നോരു കാന്തനെ. 39

80. അശ്വാനുസരണം—അർജ്ജുനപ്രത്യുജ്ജീവനം

അർജ്ജുനപത്നിയും ഇരാവാൻെറ മാതാവുമായ ഉലൂപി എന്ന നാഗകന്യയോട്, അർജ്ജുനനെ എങ്ങനെയെങ്കിലും ജീവിപ്പിച്ചില്ലെങ്കിൽ താൻ പ്രായോപവേശം ചെയ്യുമെന്ന് ചിത്രാംഗദ പറയുന്നു. ഉലൂപി ദിവ്യമായ നാഗമണി കൊണ്ടുവന്ന് അർജ്ജുനനെ പുനർജ്ജീവിപ്പിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

ഉടൻ പലതരം പാരം വിലപിച്ചംബുജാക്ഷിയാം
മോഹിച്ചു ദുഃഖസന്തപ്ത വീണു ഭൂമിയിലങ്ങനെ. 1
സ്വബോധം പൂണ്ടു പിന്നീടു ദേവി ദിവ്യവപുസ്സൊടും
നാഗകന്യോലൂപിയെത്താൻ നോക്കിക്കണ്ടോതിയിങ്ങനെ. 2

ചിത്രാംഗദ പറഞ്ഞു

ഉലൂപി, കാണ്ക യുദ്ധത്തിൽ ചത്തുവീണോരു കാന്തനെ
നീ മൂലമെന്നുണ്ണിയമ്പാൽ കൊന്നോരു ജയശീലനെ. 3
ആര്യധർമ്മജ്ഞയല്ലോ നീ പതിവ്രതയുമല്ലയോ?
നീ മൂലം നിന്നുടെ പതി പോരിൽ ചത്തുകിടക്കയായ്. 4
നിന്നിൽധനഞ്ജയൻ മുററും കുററംചെയ്തവനെങ്കിലും
ക്ഷമിക്ക ഞാനിരക്കും നീ ജീവിപ്പിക്കുക പാർത്ഥനെ. 5
ആര്യേ, ധർമ്മജ്ഞയല്ലോ നീ ശുഭേ, മുപ്പാർ പുകഴ്ന്നവം
മകനെക്കൊണ്ടു പതിയെക്കൊല്ലിച്ചും കേഴ്ന്നതില്ലയോ? 6
ഹതനാം മകനെപ്പററി മാഴ്കാ ഞാൻ പന്നഗാത്മജേ!
പതിയെപ്പററി മാഴ്കുന്നേനവന്നാതിത്ഥ്യമിങ്ങനെ. 7

വൈശമ്പായനൻ പറഞ്ഞു

എന്നേവമാ നാഗകന്യയുലൂപിയൊടുരച്ചമേൽ
പതിപാർശ്വം പുക്കു ദേവി ചൊന്നാളേവം യശസ്വിനി. 8

ചിത്രാംഗദ പറഞ്ഞു

എഴുന്നേൽക്കു കുരുശ്രേഷ്ഠന്നിഷ്ടൻ നീയല്ലിയെൻ പ്രിയ!
ഇതാ ഹയം മഹാബാഹോ, ഭവാനായ് വിട്ടു തന്നു ഞാൻ. 9
വിഭോ, ഭവാൻ ധർമ്മരാജന്നുള്ളീ യജ്ഞഹയത്തിനെ
പിൻതുടർന്നീടേണ്ടതല്ലേ മന്നിലെന്തേ കിടപ്പതും? 10
നിന്നിൽ പ്രാണൻ കുരുക്കൾക്കുമെനിക്കും കുരുനന്ദന!
മററുള്ളോർക്കും പ്രാണദൻ നീയെന്തേ പ്രാണൻ ത്യജിക്കുവാൻ? 11
ഉലൂപി, നന്നായ് നീ നോക്കു മന്നിൽ വീണോരു കാന്തനെ
ഉത്സാഹിപ്പിച്ചീ മകനെക്കൊല്ലിച്ചും കേഴ്ന്നതില്ല നീ. 12
ഈബ്ബാലൻ ഭൂമിയിൽ ചത്തു കിടന്നീടട്ടെ സമ്മതം
ലോഹിതാക്ഷൻ ഗുഡാകേശൻ വിജയൻ ജീവനേല്ക്കണം. 13
നരർക്കു ബഹുഭാര്യത്വം സുഭഗേ, കുററമല്ലെടോ
സ്ത്രീകൾക്കു കുററമാം നിൻെറ ബുദ്ധിയിങ്ങനെയാകൊലാ. 14

സഖ്യം ധാതാവു കല്പിച്ചു ശാശ്വതം പരമവ്യയം
സഖ്യം നിനക്കു സത്യംതാനാക നിന്നുടെ സംഗമം. 15
പുത്രനെക്കൊണ്ടു കൊല്ലിച്ചിട്ടീയെൻ പതിയെയിന്നു നീ
ജീവിപ്പിക്കില്ലയെന്നാകിൽ ജീവൻകളയുമിന്നു ഞാൻ. 16
ആ ഞാൻ ദുഃഖം പൂണ്ടു ദേവി, പതിപുത്രർ പിരിഞ്ഞവൾ
പ്രായോപവേശംചെയ്യേൻ[1] നീ കാണ്കെത്താനില്ല സംശയം. 17
സപത്നീനാഗിയോടേവം ചൊല്ലീട്ടാച്ചൈത്രവാഹനി[2]
പിന്നെ പ്രായോപവേശംചെയ്തടങ്ങീ മനുജാധിപ! 18

വൈശമ്പായനൻ പറഞ്ഞു

പിന്നെക്കരഞ്ഞടങ്ങീട്ടു ഭർത്തൃപാദം പിടിച്ചവൾ
ഇരുന്നു ദീനയായ് വീർപ്പിട്ടുണ്ണിയെപ്പാർത്തുകണ്ടവൾ. 19
അപ്പോൾ വീണ്ടും ബോധമാണ്ടിട്ടാ നൃപൻ ബഭ്രുവാഹനൻ
അമ്മയെപ്പോർക്കളത്തിങ്കൽ പാർത്തുകണ്ടോതിയിങ്ങനെ. 20

ബഭ്രുവാഹനൻ പറഞ്ഞു

ഇതിലും ദുഃഖമെന്തെന്റെയമ്മ സൗഖ്യം വളർന്നവൾ
കൂടെക്കിടപ്പൂ മൃതനായ് മന്നിൽ വീണോരു കാന്തനെ. 21
പോരിൽ ശത്രുക്കളെക്കൊല്ലും സർവ്വശസ്ത്രധരാഗ്ര്യനെ
ഞാൻ കൊന്നോനെക്കാണ്മു, പോരിൽ ചാകാനും ദുർഘടം ദൃഢം.
അമ്പോ! ദൃഢം താനീദ്ദേവിക്കുള്ള ഹൃത്തുടയാത്തയാൽ
കൈ നീണ്ടു മാർ വിരിഞ്ഞുള്ള പതിയെക്കൊന്നുകാൺകിലും. 23
കാലമെത്താതെ മർത്ത്യന്നു ചാകാൻ വയ്യെന്നു കാണ്മു, ഞാൻ
ഞാനുമെന്നമ്മയുമതാണല്ലോ ജീവൻ വിടാത്തതും. 24
ഹാ കഷ്ടം! കുരുവീരന്റെ പൊന്നുംമെയ്ക്കോപ്പു ഭൂമിയിൽ
ഞാൻ മകൻ കൊന്നുവിട്ടോന്റെ ചിന്നീട്ടുണ്ടിത കാണുവിൻ. 25
ഹേ ഹേ! കാണ്മിൻ വീരനാമെന്നച്ഛൻ ഭൂമിയിൽ വിപ്രരേ!
ഞാൻ മകൻ കൊന്നവൻ വീരശയനത്തിൽക്കിടപ്പതും. 26
വിപ്രരേ, കുരുമുഖ്യന്റെ വിട്ടൊരാ ഹയസാരികൾ[3]
പോരിൽ ഞാൻ കൊന്നൊരിവനു ശാന്തിയെന്തോന്നു ചെയ്തിടും?
കല്പിപ്പിൻ വിപ്രരേ, പ്രായശ്ചിത്തമെന്തോന്നെനിക്കിനി
യുദ്ധത്തിലച്ഛനെക്കൊന്ന പാപിക്കങ്ങനൃശംസമായ്. 28
പോരിലിന്നച്ഛനെക്കൊന്ന നൃശംസൻ തോലുടുത്തിനി
ദുശ്ചരം പന്തിരണ്ടാണ്ടു കഴിച്ചീടുന്നതുണ്ടു ഞാൻ. 29
ഇങ്ങീയച്ഛൻതന്റെ തലയോടിങ്കലുപജീവനം[4]
പ്രായശ്ചിത്തം വേറെയൊന്നില്ലച്ഛനെക്കൊന്നതിന്നു മേ. 30
നോക്കു നാഗേന്ദ്രതനയേ, ഞാൻ വധിച്ചോരു കാന്തനെ

1 പ്രായോപവേശംചെയ്ക = മരിക്കുന്നതുവരെ പട്ടിണികിടക്കുക. 2 ചൈത്രവാഹിനി = ചിത്രവാഹനപുത്രി. 3 ഹയസാരികൾ = കുതിരയെ പിൻതുടരുന്നവർ. 4 തലയോടിൽനിന്നെടുത്തു ഭക്ഷിക്കൽ.

പോരിലർജ്ജുനനെക്കൊന്നു നിന്നിഷ്ടം ചെയ്തുവെച്ചു ഞാൻ. 31
ആ ഞാനിപ്പോൾ ഗമിക്കുന്നേനച്ഛനേററുള്ളൊരാഗ്ഗതി
ആത്മാവിനാലെയാത്മാവെത്താങ്ങാനാളല്ല ഞാൻ ശുഭേ! 32
ഞാനും ഗാണ്ഡീവധന്വാവും മരിച്ചീടുകകൊണ്ടു നീ
ദേവി, പ്രീതി കലന്നാലുമാത്മാവാണിതു സത്യമാം. 33

വൈശമ്പായനൻ പറഞ്ഞു

എന്നുരച്ചും നാഗഭ്രൂപൻ ദുഃഖശോകങ്ങളേററവൻ
ആചമിച്ചു മഹാരാജ, ദുഃഖത്താലോതിയിങ്ങനെ. 34

ബഭ്രുവാഹനൻ പറഞ്ഞു

സർവ്വഭൂതങ്ങളും കേൾപ്പിൻ ചരങ്ങളചരങ്ങളും
നീയുമമ്മേ, സത്യമായ് ഞാൻ ചൊല്ലുന്നേൻ ഭുജഗോത്തമേ! 35
എന്നച്ഛനാം ജയനെഴുന്നേററില്ലെങ്കിൽ നരോത്തമൻ
ഈപ്പോർക്കളത്തിൽ ഞാൻ ദേഹം ശോഷിപ്പിക്കുന്നതുണ്ടിതാ. 36
എനിക്കില്ലച്ഛനെക്കൊല്ലെ പ്രായശ്ചിത്തമൊരേടവും
ഗുരുഹിംസാർത്തിതൻ നൂനം നരകത്തിൽ ഗമിക്കുവൻ. 37
വീരക്ഷത്രിയനെക്കൊന്നാൽ ഗോശതത്താൽ വിമുക്തനാം
എനിക്കിങ്ങച്ഛനെക്കൊല്ലെ പ്രായശ്ചിത്തം സുദുർല്ലഭം. 38
ഇവനോ മുഖ്യതേജസ്വി പാണ്ഡുപുത്രൻ ധനഞ്ജയൻ
എന്നച്ഛൻ ധാർമ്മികൻ പ്രായശ്ചിത്തമെങ്ങുണ്ടെനിക്കിനി? 39

വൈശമ്പായനൻ പറഞ്ഞു

എന്നുരച്ചിട്ടു രാജാവേ, ധനഞ്ജയസുതൻ നൃപ!
ആചമിച്ചിട്ടു മിണ്ടാതായ് പ്രായമാണ്ടോൻ* മഹീപതി. 40
പ്രായോപവേശം മണലൂരേശമന്നവനപ്പൊഴേ
പിതൃശോകാർത്തനായമ്മയൊത്തു ചെയ്തെപ്പരന്തപ! 41
മൃതസംജീവനമണി ചിന്തിച്ചാളങ്ങുലൂപിയും
നാഗങ്ങൾക്കാശ്രയമതും കൈയിൽ വന്നെത്തിയപ്പൊഴേ. 42
അതെടുത്തിട്ടു കൗരവ്യ, നാഗരാജൻെറ നന്ദിനി
സൈന്യങ്ങൾക്കുള്ളിലാഹ്ലാദമേകുമ്മാറുടനോതിനാൾ. 43

ഉലൂപി പറഞ്ഞു

ഉണ്ണീ, മാഴ്കൊല്ലെഴുന്നേൽക്കു നീ ജയിച്ചില്ല ജിഷ്ണുവെ
അജേയനിവനാണങ്ങൾക്കിന്ദ്രാദി വിബുധർക്കുമേ. 44
ഞാനോ മോഹിനിയെന്നുള്ള മായ കാണിച്ചതാണെടോ
യശസ്വി പുരുഷശ്രേഷ്ഠൻ നിന്നച്ഛൻതൻ പ്രിയത്തിനായ്. 45
ഇവൻ കൗരവ്യ, യുദ്ധത്തിൽ മകനാം നിൻെറ ശക്തിയെ
രാജാവേ, പൊരുതിക്കാണ്മാൻ വന്നതാണരിനാശനൻ. 46
അതാണു നിന്നെ ഞാനുണ്ണീ, പോരിൽ പ്രേരണ ചെയ്തതും

* പ്രായമാണ്ടോൻ=പ്രായോപവേശം ചെയ്തവൻ.

മകനേ, പാപമണവും തന്നിൽ ശങ്കിക്കൊലാ പ്രഭോ! 47
ഇവൻ മഹാത്മാവു പുരാണർഷി ശാശ്വതനക്ഷരൻ
ഇവനെപ്പോരിൽ വെന്നീടാൻ മകനേ, പോര ശക്രനും. 48
എൻെറ ദിവ്യം മണിയിതാ കൊണ്ടുവന്നിതു മന്നവ!
ചത്ത നാഗങ്ങളേ നിത്യം ജീവിപ്പിപ്പതിതാണെടോ. 49
ഇതു നിന്നച്ഛൻെറ മാറിൽ വെച്ചുകൊണ്ടീടുക പ്രഭോ!
അപ്പോൾ കാണാം ജീവനിട്ട പാണ്ഡുഭ്രൂവായ പാർത്ഥനെ. 50

വൈശമ്പായനൻ പറഞ്ഞു

എന്നു കേട്ടാപ്പാർത്ഥനുടെ മാറിലാ മണി വെച്ചതേ
തേജസ്സേററുമവൻ സ്നേഹാലച്ഛനിൽക്കുററമററവൻ. 51
ആ രത്നം വെയ്ക്കവേ വീരൻ ജിഷ്ണു ജീവിച്ചുടൻ പ്രഭു
ചിരസുപ്തൻ പോലെഴുന്നേററു രക്തദൃഷ്ടി[1] തുടച്ചുടൻ. 52
മനസ്വിയാ മഹാത്മാവു ബോധമാണ്ടെഴുന്നേല്ക്കവേ
സ്വസ്ഥനാമച്ഛനെപ്പാർത്തു വന്ദിച്ചു ബഭ്രുവാഹനൻ. 53
വീണ്ടുമാപ്പുരുഷവ്യാഘ്രൻ ലക്ഷ്മീവാനേല്ക്കവേ പ്രഭോ!
പുണ്യങ്ങൾ ദിവ്യപുഷ്പങ്ങൾ വർഷിച്ചു പാകശാസനൻ. 54
കൊട്ടാതെ മേഘനാദത്തിൽ മുഴങ്ങീ ദേവദുന്ദുഭി
നന്നു നന്നെന്നുമാകാശത്തുണ്ടായീ വിപുലാരവം. 55
എഴുന്നേററു മഹാബാഹുവാശ്വസിച്ചു ധനഞ്ജയൻ
ബഭ്രുവാഹനനെപ്പുല്കി ഘ്രാണനംചെയ്തു മൗലിയിൽ. 56
കണ്ടാനൊട്ടകലെശ്ശോകമാണ്ടായാളുടെയമ്മയെ
ഉലൂപിയൊത്തു നില്പോളെയുടൻ ചോദിച്ചിതർജ്ജുനൻ. 57

അർജ്ജുനൻ പറഞ്ഞു

ശോകവിസ്മയഹർഷാഢ്യം കാണ്മതെന്താണിതൊക്കയും?
പോർക്കളം ശത്രുജിത്തേ, നീയറിഞ്ഞെന്നാലുരയ്ക്കെടോ. 58
നിന്നമ്മയും പോർക്കളത്തിലെന്തിനായിട്ടു വന്നതാം?
നാഗേന്ദ്രനന്ദിനിയുലൂപിയുമെന്തിന്നു വന്നതാം? 59
അറിവേൻ ഞാൻ പറഞ്ഞിട്ടീപ്പോരിന്നേപ്പെട്ടതാണു നീ
പെണ്ണുങ്ങൾ വരുവാനുള്ള ഹേതു കേൾപ്പാനൊരാഗ്രഹം. 60

വൈശമ്പായനൻ പറഞ്ഞു

ചോദിക്കുമവനോടോതീ മണലൂരേശനപ്പൊഴേ
പ്രസാദിപ്പിച്ചു കുമ്പിട്ടുണ്ടുലൂപിയൊടു കേൾക്കുക[2]. 61

---

1 രക്തദൃഷ്ടി = കണ്ണു ചുവന്നവൻ. 2 കേൾക്കുക = ചോദിക്കുക.

81. അശ്വാനുസരണം—അർജ്ജുനശാപകഥനം

വീണ്ടും ജീവിച്ചെഴുന്നേററ അർജ്ജുനൻ, ചിത്രാംഗദ, ഉലൂപി മുതലായവരെക്കണ്ടു് അത്ഭുതപ്പെട്ടു് അവരെല്ലാം ഈ പോക്കളത്തിലെത്തിയതെങ്ങനെയാണെന്നു ചോദിക്കുന്നു. വസുക്കളുടെ ശാപത്തെസ്സംബന്ധിച്ച ഒരു പൂർവ്വകഥ ഉദ്ധരിച്ചു്, പിതാമഹനും ഗുരുവുമായ ഭീഷ്മരെ കൊന്നതുകൊണ്ടുണ്ടായ പാപത്തിൽനിന്നു് അർജ്ജുനനെ വിമുക്തനാക്കുന്നതിനുവേണ്ടിയാണു താൻ ഇങ്ങനെയൊക്കെ പ്രവർത്തിച്ചതെന്നു് ഉലൂപി പറയുന്നു.

അർജ്ജുനൻ പറഞ്ഞു

എന്തിനായിട്ടു നീ വന്നു കൗരവ്യകുലനന്ദിനി!
പോക്കളത്തിങ്കൽ മണലൂരേശമാതാവുമങ്ങനെ? 1
ഈ രാജാവിന്നു കുശലകാമയല്ലീ ഭുജംഗജേ!
എനിക്കും ചപലാപാംഗി, ശുഭമിച്ഛിപ്പതല്ലി നീ? 2
നിനക്കപ്രിയമേതാനും സുശ്രോണി, പ്രിയദർശനേ!
ഞാൻ ചെയ്തില്ലറിയാതല്ലോ ബഭ്രുവാഹനനും ശരി. 3
നിൻ സപത്നീരാജപുത്രി ചിത്രവാഹനനന്ദിനി
വരാംഗി ചിത്രാംഗദയും പിഴച്ചില്ലല്ലി ചെററുമേ? 4
അവനോടോതിയുരഗപുത്രി പുഞ്ചിരി പൂണ്ടുടൻ.

ഉലൂപി പറഞ്ഞു

എനിക്കുണ്ടും പിഴച്ചീലാ ബഭ്രുവാഹനനും ശരി 5
ഇവൻെറയമ്മയും ഭൃത്യമട്ടിലാണെന്നിൽ നില്പതും
കേട്ടാലും ഞാനിതൊക്കേയും ചെയ്തതെവ്വണ്ണമെന്നതും 6
എന്നിൽക്കോപിക്കരുതു നീ കുമ്പിട്ടു കനിയിപ്പു ഞാൻ. 7
കൗരവ്യ, നിൻ പ്രസാദത്തിന്നിതു ഞാൻ ചെയ്തതാം വിഭോ!
കേൾക്കുകെന്നാലതൊക്കേയും മഹാബാഹോ, ധനഞ്ജയ! 8
മഹാഭാരതയുദ്ധത്തിൽ നീ ശാന്തനവ[1]രാജനെ
അധർമ്മത്താൽക്കൊന്നു പാർത്ഥ, പ്രായശ്ചിത്തമതിന്നിതാം 9
വീര, നീ പൊരുതുന്നേരമല്ലോ വീഴ്ത്തതു ഭീഷ്മനെ
ശിഖണ്ഡിയോടൊത്തവനെയാശ്രയിച്ചാണു കൊന്നു നീ. 10
അതിന്നു ശാന്തി ചെയ്യാതെ ഭവാൻ ജീവൻ ത്യജിക്കുകിൽ
ആപ്പാപകർമ്മംകൊണ്ടിട്ടു നരകത്തിൽപ്പെടും ധ്രുവം; 11
പുത്രങ്കൽനിന്നു നീയേറേറാരിതു കല്പിച്ച ശാന്തിയാം[2].
വസുക്കൾ വസുധാപാല, ഗംഗയും ഹേ, മഹാമതേ! 12
മുന്നം വസുക്കൾ നിൻപേരിലിതു ചൊന്നതു കേട്ടു ഞാൻ.
ഗംഗാതീരത്തിൽവെച്ചിട്ടു ഭീഷ്മനെക്കൊന്നനാൾ നൃപ! 13
കുളിച്ചു വസുവാനോർകൾ മഹാനദിയൊടൊത്തുടൻ

---

1 ശാന്തനവൻ = ശന്തനുവിൻെറ മകൻ, ഭീഷ്മൻ. 2 ശാന്തി = പ്രതിവിധി; പ്രായശ്ചിത്തം.

ഭാഗീരഥീമതത്തോടുമീശേലാരമൊഴി ചൊല്ലിനാർ:
''വധിച്ചിതീശ്ശാന്തനവൻ ഭീഷ്മനെസ്സവ്യസാചിതാൻ 14
പോരിൽ പൊരുതിടാത്തോനെയനാസക്തനെ മാനിനി
ഈക്കാരണത്തിനാൽ ഞങ്ങളീയർജ്ജുനനെയപ്പൊഴേ 15
ശാപമേല്പിച്ചീടുമെന്നാ''രാട്ടെയെന്നോതിനാളവരം.
അതു ഞാൻ ചെന്നച്ഛനോടങ്ങുണർത്തീ വ്യഥിതേന്ദ്രിയ 16
നിന്നേനായതു കേട്ടേററം വിഷാദിച്ചീടിനാനവൻ.
വസുക്കളോടങ്ങെന്നച്ഛൻ നിനക്കായിട്ടിരന്നുതേ 17
വീണ്ടും വീണ്ടും പ്രസാദിപ്പിച്ചവരിങ്ങോട്ടു ചൊല്ലിനാർ:
''അവന്നുണ്ണി, മഹാഭാഗ, മണലൂരേശ്വരൻ യുവാ 18
പോക്കളെത്തവനീയാളെയമ്പെയ്തുഴിയിൽ വീഴ്ത്തിടും.
ഇതു ചെയ്താലവൻ ശാപംവിട്ടുപോമുരഗേശ്വര! 19
പൊയ്ക്കൊൾകെ''ന്നായാ വസുക്കൾ ചൊന്നോനെന്നോടിതോതി–
അതു കേട്ടാശ്ശാപമതിൽനിന്നു നിന്നെ വിടുത്തു ഞാൻ [നാൻ.
നിന്നെപ്പോരിൽ മടക്കീടാനാവില്ലാ സുരരാജനും.
ആത്മാവുതാൻ പുത്രനതാണവൻ നിന്നെജ്ജയിച്ചതും 21
എനിക്കതിൽ ദോഷമില്ലാ വിഭോ നിന്മതമെന്തുവാൻ?
എന്നു കേട്ടിട്ടു വിജയൻ പ്രസന്നാത്മാവിതോതിനാൻ: 22
''ദേവി, നീ ചെയ്തതൊക്കേയുമെനിക്കൊട്ടേറെയും പ്രിയം.''

വൈശമ്പായനൻ പറഞ്ഞു

എന്നോതി മണലൂരേശൻ പുത്രനൊടോതിനാൻ ജയൻ 23
കേൾക്കെച്ചിത്രാംഗദയുമാക്കൗരവ്യന്റെ പുത്രിയും.

അർജ്ജുനൻ പറഞ്ഞു

യുധിഷ്ഠിരന്നശ്വമേധം വരും ചൈത്രത്തിലാസ്സുരും 24
സാമാത്യനതിലേക്കെത്തുകമ്മമാരൊത്തു നീ നൃപ!

വൈശമ്പായനൻ പറഞ്ഞു

എന്നു പാർത്ഥൻ പറഞ്ഞപ്പോളാ മന്നൻ ബഭ്രുവാഹനൻ 25
അച്ഛനോടോതിനാൻ ധീമാൻ കണ്ണിൽക്കണ്ണീർ നിറഞ്ഞവൻ.

ബഭ്രുവാഹനൻ പറഞ്ഞു

ധർമ്മജ്ഞ, വന്നുകൊണ്ടീടാം ഭവാൻ കല്പിക്കയാലെ ഞാൻ 26
അശ്വമേധമഖത്തിങ്കൽ വിപ്രർക്കു പരിവേഷകൻ*.
എനിക്കനുഗ്രഹത്തിന്നായ് സ്വപുരം കേറണം ഭവാൻ 27
ഭാര്യമാരൊത്തു ധർമ്മജ്ഞ, വിചാരിക്കരുതിങ്ങിതിൽ.
ഒരു രാവീ സ്വഗേഹത്തിൽ സുഖം വാണിട്ടുടൻ പ്രഭോ! 28
പിന്നെയശ്വാനുഗമനം ചെയ്താലും ജയിപുംഗവ!

വൈശമ്പായനൻ പറഞ്ഞു

എന്നു പുത്രൻ പറഞ്ഞപ്പോളവൻ വാനരകേതനൻ 29

---

* പരിവേഷകൻ=വിളമ്പുകാരൻ.

ചിത്രാംഗദാപുത്രനോടു കൗന്തേയൻ ചൊല്ലി സസ്മിതം.

അർജ്ജുനൻ പറഞ്ഞു

മഹാബാഹോ, നീയറിയും ദീക്ഷയുണ്ടാചരിപ്പു ഞാൻ 30
അതിനാൽ നിൻപുരം കേറുന്നില്ലിപ്പോൾ പൃഥുലോചന!
യഥേഷ്ടമീ യജ്ഞീയാശ്വം നടക്കുന്നൂ നരർഷഭ! 31
സ്വസ്തിയങ്ങയ്ക്കു ഞാൻ പോട്ടേ താമസിക്കാവതല്ല മേ.

വൈശമ്പായനൻ പറഞ്ഞു

വിധിപോലവിടെത്തന്നെയവൻ പൂജിച്ചു വാസവി 32
ഭാര്യമാർസമ്മതത്തോടും പോന്നൂ ഭരതസത്തമ!

82. അശ്വാനുസരണം—മാഗധപരാജയം

മഗധത്തിലെ രാജാവും സഹദേവപുത്രനുമായ മേഘസന്ധി അർജ്ജുനനെ പോരിനു വിളിക്കുന്നു. ഗദായുദ്ധവിശാരദനായ മേഘസന്ധിയെ അർജ്ജുനൻ പോരിൽ പരാജയപ്പെടുത്തുന്നു.

വൈശമ്പായനൻ പറഞ്ഞു

ആ വാജിയാഴിവരെയീയൂഴിയിൽച്ചുററിയങ്ങനെ
രാജാവേ, ഹസ്തിനപുരത്തിന്നുനേരേ തിരിച്ചുതേ. 1
അശ്വത്തിനെപ്പിൻതുടർന്നു തിരിച്ചിതു കിരീടിയും
യദൃച്ഛയായ് രാജഗൃഹ[1]പുരത്തിൽച്ചെന്നിതപ്പൊഴേ. 2
അവൻ ചാരേ വന്നു കണ്ടു സഹദേവാത്മജൻ പ്രഭോ!
ക്ഷത്രധർമ്മസ്ഥിതൻ വീരൻ വിളിച്ചു പൊരുതീടുവാൻ. 3
ഉടൻ പുരം വിട്ടിറങ്ങിത്തേർ വിൽ കൈയുറയമ്പുമായ്
കാൽനടയ്ക്കാ മേഘസന്ധി ധനഞ്ജയനൊടേററുതേ. 4
തേജസ്സേറും മേഘസന്ധിയടുത്തർജ്ജുനനോടുടൻ
ബാല്യത്താൽ നൃപതേ, ചൊന്നാനേവം കൗശലമെന്നിയേ: 5
"പെൺകൂട്ടത്തിൽപ്പോലെയെന്തീ ഹയം ചുററുന്നു ഭാരത!
ഈയശ്വത്തെപ്പിടിപ്പേൻ ഞാൻ യത്നിക്കു വിടുവിക്കുവാൻ. 6
എൻ പിതാക്കന്മാർ[2]കളം നിന്നെപ്പോരിൽസ്സമ്മതി[3]യായ്കിലോ
നിനക്കാതിത്ഥ്യ[4]മേകാം ഞാനെയ്തുകൊൾകെയ്തുകൊള്ളുവൻ." 7
എന്നു കേട്ടത്തരം ചൊല്ലി ചിരിച്ചുംകൊണ്ടു പാണ്ഡവൻ:
"വിഘ്നം ചെയ്യോനെ ഞാൻ നിർത്തുമെന്നെനിക്കുണ്ടെടോ വ്രതം
ജ്യേഷ്ഠഭ്രാതാവു കല്പിക്കെ നിനക്കതറിയാം നൃപ!
എയ്തുകൊൾക യഥാശക്തിയെനിക്കില്ലൊരു മന്യുവും." 9

1 രാജഗൃഹം=ഒരു പ്രാചീന നഗരിയുടെ പേര്. മഗധരാജ്യത്തിൻെറ തല
സ്ഥാനമായിരുന്നു ഇതു്. സഹദേവപുത്രനായ മേഘസന്ധി ഒരുകാലത്തു് ഇതിനെ
ഭരിച്ചിരുന്നു. 2 എൻ പിതാക്കന്മാർ = എൻെറ പൂർവ്വികന്മാർ. 3 പോരിൽ സമ്മ
തിക്ക = യുദ്ധസമർത്ഥനാണെന്ന് അംഗീകരിക്കുക. 4 ആതിഥ്യം = യുദ്ധാതിത്ഥ്യം.

എന്നു കേട്ടാപ്പാണ്ഡവനെ മുൻപെയ്തു മഗധേശ്വരൻ
സഹസ്രാക്ഷൻ മാരി പോലെ ശരസാഹസ്രമെയ്തവൻ. 10

ശൂരൻ ഗാണ്ഡീവിയും പിന്നെ ഗാണ്ഡീവോത്ഥശരങ്ങളാൽ
ആ ശരൗഘങ്ങൾ പാഴാക്കീ കിണഞ്ഞു ഭരതർഷഭ! 11

അബ്ബാണൗഘം പാഴിലാക്കി വിട്ടിട്ടാക്കപികേതനൻ
വായെരിപ്പാമ്പുകൾക്കൊക്കും ദീപ്തബാണങ്ങൾ തൂകിനാൻ. 12

ധ്വജത്തിങ്കൽക്കൊടിക്കാലിൽ തേരിൽ യന്ത്രത്തിൽ വാജിയിൽ
മററും രഥാംഗങ്ങളിലും, മെയ്യിലില്ലില്ല സൂതനിൽ. 13

ആസ്സവ്യസാചിയാം പാർത്ഥൻ മെയ്‌നോക്കിക്കാത്തിടുന്നവൻ
സ്വവീര്യമെന്നോർത്തു തൂകീ മാഗധൻ വിശിഖങ്ങളെ. 14

പിന്നെഗ്ഗാണ്ഡീവധന്വാവു മാഗധൻ ഗാഢമെയ്തവൻ
വസന്തത്തിൽ പൂത്ത പിലാശെന്നപോലെ വിളങ്ങിതേ. 15

എയ്താനിങ്ങേർക്കേററിടാത്തോൻ മാഗധൻ പാണ്ഡവേന്ദ്രനെ
അതിനാൽ നിന്നു കൗരവ്യ, ലോകവീരന്റെ കാഴ്ചയിൽ. 16

സവ്യസാചി ചൊടിച്ചിട്ടു വില്ലൂക്കോടെ വലിച്ചുടൻ
അശ്വങ്ങളെക്കൊന്നു വിട്ടു സൂതന്റെ തല പോക്കിനാൻ. 17

അവന്റെ നല്ല വൻ വില്ലും കത്തിയമ്പെയ്തറുത്തുതേ
കൈകൾക്കുറ കൊടിക്കൂറ ധ്വജവും പിന്നെ വീഴ്ത്തിനാൻ. 18

ആ രാജാവശ്വങ്ങൾ സൂതൻ വില്ലുമങ്ങു നടുങ്ങിയോൻ
ഗദ കൈക്കൊണ്ടു കൗന്തേയനോടു പാഞ്ഞേററിളുക്കൊടും. 19

അവനെത്തുമ്പൊഴേതന്നെ പൊന്നു കെട്ടിച്ചൊരാഗ്ഗദ
കഴച്ചിറകെഴുന്നേറെയമ്പെയ്തിട്ടു നുറുക്കിനാൻ. 20

തകർന്നുപോയാഗ്ഗദയോ മണിബന്ധം തകർന്നുടൻ
ഉറയൂരും പാമ്പു പോലെ നിലത്തേക്കങ്ങു വീണതേ. 21

തേരും വില്ലും ഗദയുമങ്ങൊഴിഞ്ഞോരവനെപ്പരം
എയ്യാൻ നിനച്ചീല ധീമാൻ പോരാളിവരനർജ്ജുനൻ. 22

മാനം കെട്ടും ക്ഷത്രധർമ്മനിലയാണ്ടവനോടുടൻ
സാന്ത്വമായിട്ടിപ്രകാരം പറഞ്ഞൂ കപികേതനൻ. 23

അർജ്ജുനൻ പറഞ്ഞു

കാണിച്ചോരീ ക്ഷത്രധർമ്മം പോരും പോയ്ക്കൊള്ളുകുണ്ണി, നീ
നിനക്കു ബാലന്നീക്കർമ്മം പോരിൽപ്പെരുതു പാർത്ഥിവ! 24

മന്നോരെക്കൊന്നിടൊല്ലെന്നാകുന്നൂ ധർമ്മജശാസനം
എനിക്കു പോരിൽ പിഴചെയ്തതേ ജീവിപ്പൂ നീ നൃപ! 25

വൈശമ്പായനൻ പറഞ്ഞു

എന്നു തന്നെദ്ധിക്കരിച്ചുവിട്ടതായ്ക്കണ്ടു മാഗധൻ
ശരിയെന്നോർത്തിങ്ങിവനെക്കൈകൂപ്പിപ്പൂജ ചെയ്തുതേ. 26

“ഞാൻ തോററൂ ശുഭമങ്ങയ്ക്കു പോരിന്നുന്നതില്ല ഞാൻ

എന്തു ഞാൻ വേണ്ടതുണ്ടെന്നാലതു ചൊല്ലുക ചെയ്യതാം.'' 27
ആശ്വസിപ്പിച്ചവനൊടു വീണ്ടുമജ്ജുനനോതിനാൻ:
''ചൈത്രേ നമ്മുടെ ഭൂപൻെറയശ്വമേധത്തിനെത്തണം.'' 28
എന്നു കേട്ടായതേറേറാതിപ്പൂജിച്ചാനാ ഹയത്തെയും
പോരിൽ ശ്രേഷ്ഠൻ പാത്ഥനെയും മുറയ്ക്കു സഹദേവജൻ. 29
യഥേഷ്ടമായതിൽപ്പിന്നെ വീണ്ടും പൊയ്ക്കൊണ്ടു കേസരി
പരം കടൽക്കരവഴി വംഗപുണ്ഡ്രങ്ങളം കോസലം. 30
അതാതിടത്തു പെരുകും മ്ലേച്ഛസൈന്യമസംഖ്യമേ
രാജാവേ, ഗാണ്ഡിവം വില്ലാൽ ജയിച്ചിതു ധനഞ്ജയൻ. 31

83. അശ്വാനുസരണം—ചേദിനിഷാദാദിപരാജയം

ചേദി, കാശി, അംഗം, കോസലം മുതലായ രാജ്യങ്ങളിൽ സഞ്ചരിച്ച് യജ്ഞീയാശ്വം ഗാന്ധാരദേശത്തിലെത്തുന്നു. മഗധാധിപനായ ശകുനിയുടെ പുത്രൻ കുതിരയെ തടുത്തുനിത്തുന്നു.

വൈശമ്പായനൻ പറഞ്ഞു

മാഗധൻ പൂജ ചെയ്തോരാ ശ്വേതാശ്വൻ പാണ്ഡവൻ നൃപ!
തെക്കൻദിക്കു പിടിച്ചിട്ടാ ഹയത്തിനെ നടത്തിനാൻ. 1
പിന്നെയും തിരിയേ വന്നു യഥേഷ്ടം ചുററുമാ ഹയം
ശുക്തികാഹ്വയമാം ചേദിപുരിയിൽ ചെന്നു കേറിനാൻ. 2
അവിടെശ്ശരഭൻ പൂജ ചെയ്യവേ ശിശുപാലജൻ
യുദ്ധം മുൻപായവൻ പിന്നെപ്പൂജചെയ്തു മഹാബലൻ. 3
പിന്നെയച്ചിതനായ് പുക്കു രാജാവേ, തുരഗോത്തമൻ
കാശിയംഗം കോസലമാക്കിരാതമഥ തങ്കണം. 4
അതാതിടം യഥാന്യായം പൂജയേററു ധനഞ്ജയൻ
വീണ്ടും തിരിച്ചു കൗന്തേയൻ ദശാണ്ണം പുക്കിതപ്പൊഴേ. 5
ചിത്രാംഗദാഖ്യനുണ്ടങ്ങു ബലവാൻ ശത്രുമദ്ദനൻ
വിജയന്നവനോടുണ്ടായ്‌വന്നു യുദ്ധം ഭയങ്കരം. 6
അവനേയും പാട്ടിലാക്കിക്കിരീടി പുരുഷർഷഭൻ
നിഷാദരാജനാമേകലവ്യൻതൻ നാട്ടിലെത്തിനാൻ. 7
ഏകലവ്യസുതൻ പോർകൊണ്ടിവനെ സ്വീകരിച്ചുതേ
നിഷാദരോടായവിടെപ്പോർചെയ്തു രോമഹർഷണം. 8
പാത്ഥൻ പിന്നീടവനെയുമടരിൽത്തോററിടാത്തവൻ
യജ്ഞവിഘ്നത്തിനേറേറാനെദ്ദുദ്ധർഷൻ പോരിൽ വെന്നുതേ. 9
ആ നൈഷാദിയെ രാജേന്ദ്ര, ജയിച്ചാപ്പാകശാസനി
പൂജയേറേറാൻ ചെന്നു വീണ്ടും തെക്കൻവെള്ളക്കടൽക്കരെ. 10
ദ്രവിഡാന്ധ്രന്മാരൊടങ്ങു രൗദ്രമാഹിഷരോടുമേ

കോലാചലക്കാരൊടുമാക്കിരീടിക്കുളവായ് രണം. 11
അവരേയും വെന്നു പെരുത്തുഗ്രമല്ലാത്ത പോരിനാൽ
അശ്വത്തിൻ പാട്ടിലായ് പിന്നെസ്സുരാഷ്ട്രത്തേക്കു പോയിനാൻ.
ഗോകർണ്ണത്തിങ്കലും ചെന്നു പ്രഭാസത്തിങ്കലെത്തിനാൻ
പിന്നെ വൃഷ്ണീന്ദ്രർ കാത്തീടും രമ്യദ്വാരകയിങ്കലും. 13
അണഞ്ഞു കുരുരാജന്റെ ശ്രീമത്താം യജ്ഞിയം ഹയം
ആ ഹയശ്രേഷ്ഠനെ യദുകുമാരന്മാർ പിടിച്ചുടൻ 14
കൊണ്ടുപോയാരുഗ്രസേനൻ തടഞ്ഞിതവരേ നൃപ!
ഉടൻ പുരം വിട്ടിറങ്ങി വൃഷ്ണ്യന്ധകപുരേശ്വരൻ 15
കിരീടിയുടെയമ്മാമൻ വസുദേവനൊടൊത്തവൻ.
അവരെത്തി പ്രീതിയൊടും മുറസ്സാക്കുരുമുഖ്യനെ 16
ഭരതശ്രേഷ്ഠനെ ശ്രേഷ്ഠപൂജയോടാദരിച്ചുതേ;
അവർതൻ സമ്മതത്തോടുമശ്വം പോംവഴി പോയിനാൻ. 17
പിന്നെക്കടൽ പടിഞ്ഞാറൻപ്രദേശന്തോറുമാ ഹയം
ക്രമാൽ ചുറ്റിസ്സമൃദ്ധമാകുമാപ്പഞ്ചാബിലണഞ്ഞുതേ. 18
അവിടംവിട്ടു ഗാന്ധാരനാട്ടിലാ വാജി കൗരവ!
കൗന്തേയൻപിൻതുണയൊടും സഞ്ചരിച്ചു യഥേഷ്ടമേ. 19
പിന്നെക്കിരീടിക്കു ഘോരയുദ്ധമുണ്ടായിതപ്പൊഴേ
മുൻവൈരമേറ്റ ശകുനിപുത്രഗാന്ധാരരാജനായ്. 20

84. അശ്വാനുസരണം—ശകുനിപുത്രപരാജയം

ഗാന്ധാരന്മാരും അർജ്ജുനനുമായി ഭയങ്കരമായ പോർ നടക്കുന്നു. അർജ്ജുനൻ ഗാന്ധാരഭടന്മാരിൽ പലരേയും കൊന്നൊടുക്കുന്നു. ശകുനിയുടെ ഭാര്യ യുദ്ധരംഗത്തിലെത്തി അർജ്ജുനനോടഭ്യർത്ഥിച്ച് മകന്റെ ജീവൻ രക്ഷിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

വീരൻ ശകുനിതൻ പുത്രൻ ഗാന്ധാരരിൽ മഹാരഥൻ
ഗുഡാകേശന്റെ നേർക്കേറ്റു പെരുംപടയൊടൊത്തവൻ. 1
തേരാനയശ്വങ്ങളും കൊടിക്കൂറ കേതുക്കളും ചൂഴവേ
ആബ്ഭടന്മാർ ശകുനിഭൂപാലദ്ധ്വംസം പൊറാത്തവർ 2
പാർത്ഥനോടൊത്തെതിർത്തേറ്റു വില്ലുയർത്തിപ്പിടിച്ചവർ.
ബീഭത്സുവവരോടോതീ മടങ്ങാത്തൊരു ധാർമ്മികൻ 3
യുധിഷ്ഠിരന്റെ വാക്കെന്നോലതു കൈക്കൊണ്ടതില്ലവൻ.
പാർത്ഥൻ സാന്ത്വം മുൻപിലാക്കിത്തടുത്താലും പൊറാത്തവൻ 4
അശ്വത്തിൻ ചുറ്റുമേ ചെന്നിതതിൽ കോപിച്ചു പാണ്ഡവൻ.
അവർക്കെഴും തലകളെക്കൊയ്തിതമ്പെയ്തു പാണ്ഡവൻ. 5

ഗാണ്ഡീവത്താൽ ക്ഷുരം തൂകീ യത്നംകൂടാതെയര്‍ജ്ജുനൻ
പാർത്ഥൻ കൊല്ലുമ്പൊഴുതവരശ്വത്തേ വിട്ടഴന്നുടൻ 6
തിരിച്ചിതു മഹാരാജ, ശരവർഷാർത്തരേററവും.
ആഗ്ഗാന്ധാരന്മാർ തടുത്തുകൊണ്ടീടും പാണ്ഡുനന്ദനൻ 7
തേജസ്വിയെണ്ണിയെണ്ണിക്കൊണ്ടവർതൻ തല വീഴ്ത്തിനാൻ.
ആഗ്ഗാന്ധാരരെ യുദ്ധത്തിൽച്ചുററും കൊന്നുവിട്ടമ്പൊഴേ 8
മന്നൻ ശകുനിതൻ പുത്രൻ തടുത്തു പാണ്ഡുപുത്രനെ.
ക്ഷത്രധർമ്മാൽ പൊരുതിടുമാ മന്നവനൊടപ്പൊഴേ 9
പാർത്ഥൻ ചൊല്ലീ 'മന്നവരെക്കൊല്ലില്ലാ രാജശാസനാൽ
പോരും യുദ്ധം വീര, നിനക്കിപ്പോഴാം തോല്വയുമില്ലെടോ'. 10
എന്നു ചൊല്ലിയ വാക്കൊട്ടും കേൾക്കാതജ്ഞാനമോഹിതൻ
അവനിന്ദ്രാഭകർമ്മാവിൽത്തൂകിനാൻ വിശിഖങ്ങളെ. 11
അവൻെറയാത്തലപ്പാവതർദ്ധചന്ദ്രശരത്തിനാൽ
പോക്കീ ജയദ്രഥശിരസ്സാംപോലാ യോഗ്യനര്‍ജ്ജുനൻ. 12
അതു കണ്ടത്ഭുതപ്പെട്ടു ഗാന്ധാരന്മാർകളേവരും
അവൻ കരുതി രാജാവെക്കൊന്നില്ലെന്നും നിനച്ചതേ. 13
ഗാന്ധാരരാജൻെറ മകൻ പായുവാൻ ലാക്കു നോക്കുവോൻ
ക്ഷുദ്രമാന്മട്ട്[1] പേടിച്ചോനവരോടൊത്തു മണ്ടിനാൻ. 14
പാർത്ഥനായവിടെപ്പാഞ്ഞെത്തീടുമായവർതമ്മുടെ
മൂർദ്ധാക്കളം മൊട്ടഴിഞ്ഞുള്ള ഭല്ലം തൂകീട്ടു പോക്കിനാൻ. 15
ഉയർന്ന കൈകളമ്പേററററതറിഞ്ഞില്ലഹോ! ചിലർ
പാർത്ഥനെയ്യുന്ന ഗാണ്ഡീവമുക്തദീർഘശരങ്ങളാൽ. 16
ആനയാളശ്വവുമൂഴന്നോടും പട പതിച്ചുപോയ്
മിക്കപേരും ചത്തു വീണ്ടും വീണ്ടുമങ്ങു തിരിച്ചുപോയ്. 17
കണ്ടതില്ലുഗ്രകർമ്മാവാമാ വീരനുടെ മുൻപിലായ്
ആധനഞ്ജയനെത്താങ്ങും[2] വൈരിമാർ വീഴ്പതും ചിലർ. 18
പിന്നെഗ്ഗാന്ധാരരാജൻെറ മന്ത്രിവൃദ്ധർകൾ മുൻപിലായ്
പേടിച്ചിറങ്ങിനാളമ്മ മുഖ്യാർഘ്യം[3] മുൻപിലാക്കിയും. 19
തടുത്താളവളവ്യഗ്രയുദ്ധദൃഢധർമ്മപുത്രനെ[4]
പ്രസാദിപ്പിച്ചിതക്ലിഷ്ടകാരി ജിഷ്ണുവിനേയുമേ. 20
പ്രഭു ബീഭത്സുവവളെപ്പൂജിച്ചേററം പ്രസന്നനായ്
സാന്ത്വനംചെയ്തു ശകുനിപുത്രനോടോതിയിങ്ങനെ: 21
''മഹാബാഹോ, നിനക്കുള്ളീബ്ബുദ്ധി സന്തോഷമല്ല മേ

---

1 ക്ഷുദ്രമാന്മട്ട്=ചെറിയ മാനിനെപ്പോലെ. 2 ധനഞ്ജയനെത്താങ്ങുക=അര്‍ജ്ജുനൻെറ ശക്തിയെ എതിർക്കുക. 3 മുഖ്യാർഘ്യം=വിശിഷ്ടമായ പൂജാദ്രവ്യം. (അര്‍ജ്ജുനനെ ബഹുമാനിച്ചു സ്വീകരിക്കാനുള്ള കാഴ്ചദ്രവ്യം എന്നർത്ഥം. 4 അവ്യഗ്രയുദ്ധദൃഢധർമ്മപുത്രൻ=സ്ഥിരചിത്തനും യുദ്ധവീരനുമായ പുത്രൻ.

എതിർപോരിന്നു മിത്രഘ്ന, നീയെൻ ഭ്രാതാവു സന്മതേ! 22
ഗാന്ധാരിയമ്മയേയോർത്തും ധൃതരാഷ്ട്രനു വേണ്ടിയും
നീ ജീവിക്കുന്നു രാജാവേ, കൊന്നു നിൻ തുണയാളുകളെ. 23
മേലാലിതരുതീ വൈരം വിട്ടു തോന്നരുതിങ്ങനെ
ചൈത്രേ നമ്മുടെ ഭൂപൻെറയശ്വമേധത്തിനെത്തണം.'' 24

85. അശ്വമേധാരംഭം

അർജ്ജുനൻ ദിഗ്വിജയംകഴിഞ്ഞു മടങ്ങിവരുന്നുണ്ടെന്നു മനസ്സിലാക്കിയ ധർമ്മപുത്രൻ അശ്വമേധത്തിനുവേണ്ട ഒരുക്കങ്ങൾ ചെയ്യാൻ ഭീമസേനനോടാജ്ഞാപിക്കുന്നു. ഭീമൻ വേണ്ടതൊക്കെ ചെയ്യുന്നു. അശ്വമേധത്തിനായി വന്നുചേർന്ന ബ്രാഹ്മണരേയും മററും യഥാർഹം സ്വീകരിച്ചു സൽക്കരിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

എന്നോതിയജ്ജുനൻ കാമഗാശ്വ[1]ത്തെപ്പിൻതുടന്നുപോയ്
തിരിച്ചു ഹസ്തിനപുരത്തേക്കുതാൻ പിന്നെയാ ഹയം. 1
അവൻ തിരിച്ചതായ്ക്കേട്ടു ചാരന്മാരാൽ യുധിഷ്ഠിരൻ
കേട്ടർജ്ജുനൻ കുശലിയെന്നേററം ഹർഷിച്ചിതായവൻ. 2
വിജയൻ തൻെറയാക്കർമ്മം ഗാന്ധാരവിഷയത്തിലും
മററു ദേശങ്ങളിലുമേ കേട്ടു സന്തുഷ്ടനായി താൻ. 3
ഇതുകാലംതന്നെ മാഘമാസത്തിൽ ദ്വാദശീദിനം
ഇഷ്ടം പുഷ്യം[2] നാളുമേററു ധർമ്മരാജൻ യുധിഷ്ഠിരൻ 4
തേജസ്വി മുററുമനുജന്മാരെക്കൂട്ടി മഹീപതി
ഭീമനേയും നകുലനെസ്സഹദേവനെയും നൃപ! 5
കാലേ ചൊന്നാനിപ്രകാരം ധർമ്മിഷ്ഠന്മാരിലുത്തമൻ
വാഗ്മി ശ്രേഷ്ഠൻ വിളിച്ചിട്ടാ യോധപ്രവരഭീമനെ. 6

ധർമ്മപുത്രൻ പറഞ്ഞു

ഭീമസേന, വരുന്നുണ്ടു നിൻെറ തമ്പി ഹയത്തൊടും
ധനഞ്ജയാനുഗതരെന്നാളുക്കാരിങ്ങനെ ചൊല്ലിനാർ. 7
കാലവും വന്നിതരികത്തായി വന്നിതു വാജിയും
മാഘേ വെളുത്തവാവിന്നു മാസമൊന്നിനി മാരുതേ! 8
എന്നാലയയ്ക്കു ബുധരാം വേദജ്ഞബ്രാഹ്മണേന്ദ്രരെ
അശ്വമേധം നടത്തീടാൻ നോക്കട്ടേ യജ്ഞിയസ്ഥലം. 9

വൈശമ്പായനൻ പറഞ്ഞു

എന്നു കേട്ടാമ്പ്ഭീമസേനൻ ചെയ്തു ഭൂപതിശാസനം
പുരുഷേന്ദ്ര, ഗുഡാകേശാഗമം കേട്ടതിഹൃഷ്ടനായ്. 10

1 കാമഗാശ്വം=സ്വതന്ത്രമായി സഞ്ചരിക്കുന്ന കുതിര. 2 ഇഷ്ടം പുഷ്യം = അനുകൂലം.

പിന്നെച്ചെന്നു ഭീമസേനൻ പ്രാജ്ഞരാം തച്ചരൊത്തുതാൻ
യജ്ഞക്രിയാദക്ഷരാകും വിപ്രരേ മുൻപിലാക്കിയോൻ. 11
ശ്രീയൊത്തു ശാല[1] ശയനം വഴി വാതല്യമൊത്തഹോ!
വിധിപോലേ യജ്ഞവാടമളപ്പിച്ചിതു കൗരവൻ. 12
അനേകം മേടനില വെണ്മണിത്തിണ്ണയുമൊത്തഹോ!
ഹേമരത്നാഞ്ചിതം നന്നായ്ത്തീർപ്പിച്ചിതു യഥാവിധി. 13
പൊന്നണിത്തൂണുനിരകൾ വൻ കമാനങ്ങളും ശരി
യജ്ഞസ്ഥാനസ്ഥലംതോറും ശുദ്ധസ്വർണ്ണത്തെ നല്കിയും. 14
അന്തഃപുരങ്ങൾക്കരചർക്കന്യദേശാഗതർക്കിഹ
നിർമ്മിപ്പിച്ചിതു ധർമ്മിഷ്ഠൻ വിധിപോലെയതാതിടം. 15
ബ്രാഹ്മണർക്കും നികേതങ്ങൾ നാനാദേശാഗതർക്കിഹ
ഉണ്ടാക്കിച്ചിതു കൗന്തേയൻ വിധിപോലെയസംഖ്യമേ. 16
അവ്വണ്ണമേ ചൊല്ലിവിട്ടു ദൂതരെബ്ഭൂപശാസനാൽ
അക്ലിഷ്ടകാരി മന്നോർക്കു ഭീമസേനൻ മഹാഭുജ! 17
കുരുരാജപ്രിയത്തിന്നായവരെത്തീ നൃപോത്തമ!
പല രത്നങ്ങൾ പെണ്ണശ്വമായുധങ്ങളുമായഹോ! 18
ആ യോഗ്യന്മാർ കൈനിലകൾ കേറിപ്പാർക്കുന്നനേരമേ
ഇരമ്പീടും കടൽക്കൊപ്പം വിണ്ണിൽ മുട്ടീ മഹാസ്വനം. 19
അവർക്കതിഥികൾക്കപ്പോളാ മന്നൻ കുരുനന്ദനൻ
കൊടുത്തിതന്നപാനങ്ങൾ ദിവ്യശയ്യാഗണങ്ങളും. 20
നല്കരിമ്പിൻ ചാറുമൊത്ത നാനാവാഹനശാലകൾ
കൊടുത്തിതാധർമ്മരാജൻ ഭരതശ്രേഷ്ഠനപ്പൊഴേ. 21
ധീമാനാം ധർമ്മരാജൻെറ മഹായജ്ഞത്തിലങ്ങനെ
മുനിമാരും വന്നുചേർന്നു പലരും ബ്രഹ്മവാദികൾ. 22
ദ്വിജാതിപ്രവരന്മാരുമവിടെപ്പൃഥിവീപതേ!
ശിഷ്യരൊത്തെത്തിയവരെ സ്വീകരിച്ചിതു കൗരവൻ. 23
പിൻതുടർന്നാനായവരെയൊക്കയൊാവസഥം[2]വരെ
മഹാതേജസ്വി താൻ തന്നെ ദംഭംവിട്ടു യുധിഷ്ഠിരൻ. 24
പിന്നെത്തച്ചന്മാരുമപ്പോൾ മററു ശില്പിജനങ്ങളും
മുററും യജ്ഞവിധാനത്തെയുണർത്തീ ധർമ്മരാജനെ. 25
അതൊക്കത്തീർത്തതായ് ധർമ്മരാജൻ കേട്ടളവെന്നിയേ
ഹൃഷ്ടനായീ തമ്പിമാരൊത്താദരിച്ചോരു മന്നവൻ. 26
ആ യജ്ഞം തുടരുന്നേരം ഹേതുവാദികൾ[3] വാഗ്മികൾ
പല വാദങ്ങളും ചെയ്തു പരസ്പരജയാർത്ഥികൾ. 27
ആ യജ്ഞമുഖ്യവിധിയെക്കണ്ടുകൊണ്ടിതു മന്നവർ

---

1 ശാല = വിശാലമായ മുറി. 2 ആവസഥം = വസതി. 3 ഹേതുവാദികൾ = താർക്കികന്മാർ.

ഇന്ദ്രൻേറതാംപോലെ ഭീമൻ സംഭരിച്ചതു ഭാരത! 28
അവർ കണ്ടാരായവിടെപ്പൊന്നണിത്തോരണങ്ങളും
ശയ്യാസനവിഹാരങ്ങൾ ഭൂരിരത്നങ്ങളൊത്തഹോ! 29
കുടം പാത്രം കടാഹങ്ങൾ കലം പത്തായമെന്നിവ
പൊന്നല്ലാതൊന്നുമവിടെക്കണ്ടതില്ലവനീശ്വരർ. 30
ശാസ്ത്രത്തിൽ മരമായ്ച്ചൊന്ന യൂപം പലതു പൊന്മയം
തീർത്തു കണ്ടു യഥാകാലം വർച്ചസ്വി[1]കൾ യഥാവിധി. 31
നീററിൽ കരയ്ക്കുമുടയ പശുക്കൾ[2] പലതും പ്രഭോ!
മററും വരുത്തീട്ടവിടെക്കണ്ടുകൊണ്ടിതു മന്നവർ. 32
പൈക്കളെമ്മട്ടെരുമകൾ വൃദ്ധസ്ത്രീകളുമങ്ങനെ
ജലജന്തുക്കളും മററും ശ്വാപദങ്ങൾ ഖഗങ്ങളും 33
ജരായുജാണ്ഡജസ്വേദജോത്ഭിജ്യങ്ങൾ പലേതരം
പർവ്വതാനൂപജാത[3]ങ്ങൾ കണ്ടു ഭൂതങ്ങളായവർ. 34
പശു ഗോധനധാന്യത്താൽ മററും മുദിതമിങ്ങനെ
യജ്ഞവാടം കണ്ടു നൃപരേററം വിസ്മയമാണ്ടുതേ 35
സമൃദ്ധമേറെ മൃഷ്ടാന്നം വിപ്രർക്കും വൈശ്യർകൾക്കുമേ.
നൂറായിരം വിപ്രരതിലുണ്ടുകൊണ്ടീടിലപ്പൊഴേ 36
അടിക്കപ്പെട്ടു തുടരെയിടിക്കൊക്കുന്ന ദുന്ദുഭി.
ദിവസംതോറുമവിടെ മുഴങ്ങിക്കൊണ്ടു വീണ്ടുമേ 37
ധീമാനാം ധർമ്മരാജൻെറ യജ്ഞമേപ്പെട്ടിതിങ്ങനെ.
രാജാവേ, കുന്നുപോലേറെച്ചോറുകൂട്ടിയ കുന്നുകൾ 38
തയിർത്തോടുകളും നെയ്യിൻ കയവും കണ്ടിതാളുകൾ.
നാനാജനപദം കൂടും ജംബുദ്വീപമശേഷവും 39
ആ രാജാവിൻ മാമഖത്തിൽ കാണായൊന്നിച്ചവണ്ണമേ.
അവിടെപ്പുരുഷരങ്ങുമിങ്ങും ജാതിസഹസ്രവും 40
പല പാത്രങ്ങളും കൊണ്ടു നടന്നൂ ഭരതർഷഭ!
പൂമാല ചാർത്തിയെല്ലാരും മണികുണ്ഡലമണ്ഡിതർ 41
വിളമ്പിയാ ദ്വിജന്മാർക്കു നൂറുമായിരവും ശരി.
പലമട്ടന്നപാനങ്ങളനയായികളാളുകൾ 42
അവർ ഭൂപോപഭോജ്യങ്ങൾ കൊടുത്തു ബ്രാഹ്മണർക്കുടൻ.

---

1 വർച്ചസ്വി=തേജസ്വി. 2 പശുക്കൾ=ജന്തുക്കൾ. 3 അനൂപജാതങ്ങൾ= ഈർപ്പമുള്ള ഭൂമിയിൽ ജനിച്ചവ.

86. അശ്വമേധാരംഭം—ശ്രീകൃഷ്ണാഗമനം

അശ്വമേധത്തിനു വന്നുചേർന്ന രാജാക്കന്മാരെ പാണ്ഡവന്മാർ യഥോചിതം ബഹുമാനിച്ചു സ്വീകരിക്കുന്നു. ശ്രീകൃഷ്ണന്റെ വരവ്. അർജ്ജുനൻ പറഞ്ഞയച്ച സന്ദേശം കൃഷ്ണൻ ധർമ്മപുത്രനെ അറിയിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

വേദജ്ഞരേയും വന്നൊത്ത ഭൂമീശനൃപരേയുമേ
യുധിഷ്ഠിരനൃപൻ കണ്ടു ഭീമസേനനൊടോതിനാൻ. 1

ധർമ്മപുത്രൻ പറഞ്ഞു

എത്തിയല്ലോ നരവ്യാഘ്രരിവർ ഭൂമിക്കധീശരർ
ഇവർക്കു പൂജ ചെയ്താലും പൂജ്യരല്ലോ നരാധിപർ. 2

വൈശമ്പായനൻ പറഞ്ഞു

എന്നാ യശസ്വി രാജേന്ദ്രൻ ചൊന്നവൻ ചെയ്തിതങ്ങനെ
മഹാതേജസ്വിയാം ഭീമൻ യമന്മാരൊത്തു പാണ്ഡവൻ. 3

വൃഷ്ണിമാരൊത്തു ഗോവിന്ദനങ്ങെത്തീ ധർമ്മജാന്തികം
ബലദേവനെ മുൻപാക്കി സർവ്വപ്രാണിജനോത്തമൻ. 4

കൂടെസ്സാത്യകിയും പ്രദ്യുമ്നനും ഗദനുമങ്ങനെ
നിശഠൻ സാംബനവ്വണ്ണം കൃതവർമ്മാവുമുള്ളവൻ. 5

അവർക്കും പെരുതാം പൂജ ചെയ്തു ഭീമൻ മഹാരഥൻ
രത്നങ്ങളുള്ള വേശ്മങ്ങളിൽ കേറിനാരവരേവരും. 6

യുധിഷ്ഠിരന്റെയരികിൽ പ്രസംഗാന്തത്തിൽ മാധവൻ
'അർജ്ജുനൻ പല പോർ ചെയ്തു കശിച്ചാ'നെന്നു ചൊല്ലിനാൻ. 7

കൗന്തേയനവനെക്കേട്ടു വീണ്ടും വൈരിവിഘാതിയെ
ഐന്ദ്രി*യാം ജിഷ്ണുവെദ്ധർമ്മരാജൻ ചൊന്നാൻ ജഗൽപതി. 8

കൃഷ്ണൻ പറഞ്ഞു

ദ്വാരകക്കാരനെന്നാപ്തനൊരുവൻ പോയി മന്നവ!
അവൻ കണ്ടു ഭൂരിയുദ്ധകശിതൻ പാണ്ഡുപുത്രനെ. 9

മഹാഭുജനടുത്തെന്നും ചൊന്നാനെന്നോടവൻ പ്രഭോ!
കൗന്തേയ, ഹയമേധത്തിൽ വേണ്ട കാര്യങ്ങൾ ചെയ്ക നീ. 10

വൈശമ്പായനൻ പറഞ്ഞു

ഇതു കേട്ടുത്തരം ചൊല്ലീ ധർമ്മരാജൻ യുധിഷ്ഠിരൻ
"ഭാഗ്യം, കുശലിയായ് ജിഷ്ണു വന്നെത്തീടുന്നു മാധവ! 11

എന്തു സന്ദേശിച്ചിതിങ്ങു പാണ്ഡവപ്പടനായകൻ?
അതങ്ങു ചൊല്ലിക്കേൾപ്പാനുണ്ടാഗ്രഹം യദുനന്ദന!" 12

എന്നേവമാദ്ധർമ്മരാജൻ ചൊന്ന വൃഷ്ണ്യന്ധകേശ്വരൻ
വാഗ്മി ചൊന്നാൻ ധർമ്മനിഷ്ഠയുധിഷ്ഠിരനൊടിങ്ങനെ. 13

---

* ഐന്ദ്രി = ഇന്ദ്രപുത്രൻ.

കൃഷ്ണൻ പറഞ്ഞു

ഇതു ചൊല്ലീ മഹാരാജ, പാർത്ഥവാക്കൊത്തൊരായവൻ
കൃഷ്ണ, കാലേ ധർമ്മജനോടെൻെറ വാക്കിതുണർത്തണം. 14
''രാജാക്കളൊക്കയും വന്നുചേർന്നീടും കൗരവർഷഭ!
വന്നോർക്കു വൻപിച്ച പൂജ ചെയ്യു നമ്മൾക്കു തക്കതാം. 15
എന്നീയെൻ വാക്കരചനെയുണർത്തീടുക മാനദ!
അർഘ്യാഹരണനാം വന്നമട്ടാപത്തു വരാപ്പടി.'' 16
അതു രാജാവു ചെയ്യേണം ഭവാനും സമ്മതിക്കണം
രാജദ്വേഷാൽ നശിച്ചീടൊല്ലിങ്ങീ പ്രജകൾ വീണ്ടുമേ. 17
ഇതു വേറിട്ടു കൗന്തേയ, വാക്കാപ്പുരുഷനോതിനാൻ
ധനഞ്ജയോക്തം നൃപതേ, കേൾക്ക ചൊൽവതതും ഭവാൻ. 18
''എത്തും നമ്മുടെ യജ്ഞത്തിൽ മണലൂരേശ്വരൻ നൃപൻ
എൻ പുത്രനേററം തേജസ്വി ദയിതൻ ബഭ്രുവാഹനൻ. 19
എനിക്കുവേണ്ടിയവനെ വിധിക്കച്ചിക്കണം ഭവാൻ
അവൻ ഭക്തനെനിക്കെന്നും കൂറുള്ളോനെന്നുമായ് പ്രഭോ!'' 20

വൈശമ്പായനൻ പറഞ്ഞു

എന്നുള്ളീ വാക്കു കേട്ടിട്ടു ധർമ്മരാജൻ യുധിഷ്ഠിരൻ
ഇവൻെറയാ വാക്കു പാരം കൊണ്ടാടിച്ചൊല്ലിയിങ്ങനെ. 21

87. അർജ്ജുനപ്രത്യാഗമനം

അർജ്ജുനൻ പരാക്രമശാലിയും സർവ്വലക്ഷണസമ്പൂർണ്ണനമായിരുന്നിട്ടും കൂടുതൽ കഷ്ടപ്പാടനുഭവിക്കേണ്ടിവരുന്നതെന്തുകൊണ്ടാണെന്ന് ധർമ്മപുത്രൻ കൃഷ്ണനോടു ചോദിക്കുന്നു. കൃഷ്ണൻെറ മറുപടി. ദിഗ്വിജയം കഴിഞ്ഞ അർജ്ജുനൻെറ പ്രത്യാഗമനവും ഗംഭീരമായ സ്വീകരണവും. ബഭ്രുവാഹനൻെറ വരവ്.

യുധിഷ്ഠിരൻ പറഞ്ഞു

കേട്ടേൻ കൃഷ്ണ, ഭവാൻ ചൊല്ലീടേണ്ടുമീ പ്രിയമിങ്ങു ഞാൻ
അതെനിക്കമൃതച്ചാർപോലുള്ളം കുളൂർപ്പിപ്പു ഹേ പ്രഭോ! 1
വിജയന്നരചന്മാരായ് പല യുദ്ധങ്ങളങ്ങനെ
അതാതിടം വീണ്ടുമുണ്ടായ് ഹേ ഹൃഷീകേശ, കേട്ടു ഞാൻ. 2
എന്തു കാരണമാണെന്നുമാപ്പാർത്ഥൻ സുഖമെന്നിയേ
ധീമാൻ കേഴുന്നു വിജയനെന്നെന്നുള്ളിനൊരിണ്ടലാം. 3
കൗന്തേയനാം ജിഷ്ണുവെ ഞാൻ ഗൂഢമോർപ്പേൻ ജനാർദ്ദന!
ഏററം ദുഃഖിപ്പവനവനെപ്പൊഴും പാണ്ഡുനന്ദനൻ. 4
അവൻെറ മെയ്യിലെന്തുണ്ടു സർവ്വലക്ഷണമാണ്ടതിൽ
അനിഷ്ടലക്ഷണം കൃഷ്ണ, ദുഃഖമിങ്ങനെയേല്ക്കുവാൻ? 5
ഏററം ദുഃഖിപ്പവനവനെപ്പൊഴും കുന്തിനന്ദനൻ

ബീഭത്സുവിന്നു കാണ്മീലാ നിന്ദ്യം ഗാത്രത്തിലൊന്നുമേ. 6
എനിക്കു കേൾക്കാമെന്നാകിലതൊന്നു വിവരിക്കണേ!

വൈശമ്പായനൻ പറഞ്ഞു

എന്നു കേട്ടു ഹൃഷീകേശനോർത്തു വൻപിച്ചൊരുത്തരം 7
നൃപനോടോതിനാൻ ഭോജവർദ്ധനൻ വിഷ്ണുവിങ്ങനെ:
''ഇവന്നു നൃപതേ, ചെററും സംശ്ലിഷ്ടം* കാണ്മതില്ല ഞാൻ 8
നരസിംഹന്നു കാല്പിണ്ടി പെരുത്തെന്നുള്ളതെന്നിയേ.
അതുകൊണ്ടാ നരവ്യാഘ്രനെന്നും വഴിയിൽ വാഴ്വതാം 9
കാണ്മീല മറെറാന്നുമവൻ ദുഃഖഭാജനമാംവിധം.''
എന്നു ധീമാൻ കൃഷ്ണനോതിക്കേട്ടിട്ടാപ്പുരുഷർഷഭൻ 10
വൃഷ്ണിശാർദ്ദൂലനോടിതു ശരിയെന്നോതിനാൻ പ്രഭോ!
കൃഷ്ണ പാഞ്ചാലി പെരിയെസ്സാസൂയം നോക്കി കൃഷ്ണനെ 11
അവർക്കുള്ളോരാ പ്രണയമേററു കേശിനിഷൂദനൻ.
തോഴർക്കു തോഴർ സാക്ഷാത്താമർജ്ജുനന്മേട്ടു കേശവൻ 12
ഭീമാദി കൗരവന്മാരുമങ്ങു യാജകരും ശരി
രമിച്ചു ചിത്രശ്രുഭയാപ്പാർത്ഥന്റെ കഥ കേട്ടവർ. 13
അവരർജ്ജുനവൃത്താന്തം ചൊല്ലി വാഴുമ്പൊളങ്ങൊരാൾ
മഹാത്മാവാമർജ്ജുനന്റെ വാക്കിനാൽ ദൂതനെത്തിനാൻ. 14
അവൻ ചെന്നാക്കുരുശ്രേഷ്ഠൻ തന്നെക്കുമ്പിട്ടു ബുദ്ധിമാൻ
നരവ്യാഘ്രൻ ഫൽഗുനൻ വന്നെത്തീടുന്നതുണർത്തിനാൻ. 15
അവന്നാ വാക്കു കേട്ടിട്ടു സന്തോഷാശ്രുവൊടും നൃപൻ
പ്രിയം പറഞ്ഞതിന്നായിക്കൊടുത്തു വളരെദ്ധനം. 16
പിന്നെ രണ്ടാംദിനത്തിങ്കൽ വാച്ചു വലിയൊരാരവം
നരവ്യാഘ്രൻ കുരുധുരന്ധരൻ വന്നണയുമ്പൊഴേ. 17
ഉടനാ വാജിയുടയ പൊടി പൊങ്ങി വിളങ്ങിതേ
ചുററും പായുമ്പൊഴങ്ങുച്ചൈശ്രവസ്സിന്നെന്നവണ്ണമേ. 18
ഹർഷം വാച്ചും നരരുടെ വചനം കേട്ടിതർജ്ജുനൻ
''നീ പാർത്ഥ, ഭാഗ്യാൽ കുശലി ധന്യൻ ഭൂപൻ യുധിഷ്ഠിരൻ. 19
മററാരീ ഭൂമിയൊട്ടുക്കു പോരിൽ വെന്നു നരേന്ദ്രരെ
മുഖ്യാശ്വത്തെ നടത്തീട്ടിങ്ങെത്തുമർജ്ജുനനെന്നിയേ? 20
കഴിഞ്ഞ യോഗ്യർ സഗരാദികൾ മന്നവരില്ലയോ,
അവർക്കുമീവിധം കർമ്മം ഞങ്ങൾ കേൾപ്പീലൊരിക്കലും. 21
ഇതു ചെയ്യില്ല മററാരുമിനി മേലുള്ള മന്നരും
കുരുശ്രേഷ്ഠ, ഭവാൻ ചെയ്ത ദുഷ്കരക്രിയ പോലവേ.'' 22
എന്നാർക്കും കർണ്ണസുഖമാംവണ്ണം ചൊല്ലുന്ന വാക്കുകൾ
കേട്ടുംകൊണ്ടാ യജ്ഞശാല കേറീ ധർമ്മിഷ്ഠനർജ്ജുനൻ. 23

---

* സംശ്ലിഷ്ടം = ദുർല്ലക്ഷണം.

ഉടൻ സാമാത്യനൃപനും യദുനന്ദനകൃഷ്ണനും
ധൃതരാഷ്ട്രനെ മുൻപാക്കീട്ടെതിരിട്ടിതു പാർത്ഥനെ. 24
അവനച്ഛൻെറ കാൽക്കൂപ്പിദ്ധീമാനാം ധർമ്മജൻെറയും
ഭീമാദ്യരേയും പൂജിച്ചു പുല്കീ കേശവനെ സ്വയം. 25
അവരായ് ചേർന്നർച്ചിതനായ് പ്രത്യർച്ചിച്ചു യഥാവിധി
പാരഗൻ കരയേററോണം[1] വിശ്രമിച്ചു മഹാഭുജൻ. 26
ഇതുകാലം തന്നെയങ്ങു മന്നവൻ ബഭ്രുവാഹനൻ
ബുദ്ധിമാനമ്മമാരൊത്താക്കുരുരാജ്യത്തിലെത്തിനാൻ. 27
വൃദ്ധന്മാരെക്കൗരവരെ മററു മന്നോരെയും ക്രമാൽ
കുമ്പിട്ടിട്ടാ മഹാബാഹുവവർ കൊണ്ടാടിടുന്നവൻ 28
ചെന്നു മുത്തശ്ശിയാം കുന്തിയുടെ മുഖ്യഗൃഹത്തിലും.

88. അശ്വമേധക്രിയ

അശ്വമേധോപക്രമം. ശാസ്ത്രവിധിയനുസരിച്ച് അനുഷ്ഠിക്കപ്പെട്ട അശ്വമേധത്തിൻെറ വർണ്ണന.

വൈശമ്പായനൻ പറഞ്ഞു

പാണ്ഡവർക്കുള്ള ഭവനം പ്രവേശിച്ചു മഹാഭുജൻ
മുത്തശ്ശിയെപ്പോയ് വന്ദിച്ചു ഭംഗിയിൽ സാമവാക്കൊടും. 1
പിന്നെച്ചിത്രാംഗദാദേവി കൗരവ്യനുടെ പുത്രി[2]യും
കുന്തിയേയും കൃഷ്ണയേയും പോയ്ക്കണ്ടു വിനയത്തൊടും 2
സുഭദ്രയേയും മററന്യകുരുസ്ത്രീകളെയും ക്രമാൽ.
അവർക്കുടൻ കുന്തി നല്കീ പല രത്നങ്ങളേയുമേ 3
കൊടുത്തു ദ്രൗപദി സുഭദ്രയും മററു വധുക്കളും.
യഥാർഹശയ്യാസനമാരങ്ങു ദേവികൾ മേവിനാർ 4
അർജ്ജുനൻെറ ഹിതം പാർത്തു കുന്തിതാനാദരിച്ചവർ.
തേജസ്വി പൂജയേററോരാബ്ബഭ്രുവാഹനരാജനും 5
ധൃതരാഷ്ട്രക്ഷിതിപനെസ്സേവിച്ചിതു യഥാവിധി.
ധർമ്മജോർവ്വീശനെബ്ഭീമനാദി പാണ്ഡവരേയുമേ 6
ചെന്നു കണ്ടതിതേജസ്വി കുമ്പിട്ടു വിനയത്തൊടും.
അവരായവനെ പ്രേമാൽ പുല്കിപ്പൂജിച്ചു ന്യായമായ് 7
അവന്നേകീ ഭൂരിധനം പ്രേമത്തോടും മഹാരഥർ.
അമ്മട്ടാ മന്നവൻ ചക്രഗദാധൃത്തായ കൃഷ്ണനെ 8

1 പാരഗൻ കരയേററോണം = "തീരം ലബ്ധ്വേവ പാരഗഃ" എന്നതുതന്നെയാണു മൂലവും. കപ്പൽ മുങ്ങി തിരമാലകളിൽ കിടന്നു കഷ്ടപ്പെടുന്ന ഒരാൾ കരപററി വിശ്രമിക്കുന്നതുപോലെ എന്നാണർത്ഥം പറയേണ്ടതെന്ന് ഒരു വ്യാഖ്യാതാവു പറയുന്നു. 2 കൗരവ്യനുടെ പുത്രി = കൗരവ്യൻ എന്നു പേരുള്ള ഒരു സർപ്പത്തിൻെറ പുത്രി; ഉലൂപി.

ഗോവിന്ദനേ രൗക്മിണേയൻപോലേ സേവിച്ചു സാദരം.
കൃഷ്ണനാ മന്നവന്നേകീ വിലയുള്ളതു പൂജിതം 9
പൊന്നണിഞ്ഞതു ദിവ്യാശ്വയുക്തമാമുത്തമം രഥം.
ധർമ്മരാജൻ ഭീമസേനൻ ജിഷ്ണു മാദ്രീകുമാരരും 10
വെവ്വേറെ മാനവിത്തങ്ങൾ നല്കിനാരായവന്നുടൻ.
പിന്നീട്ടു മൂന്നാംദിവസം മുനി സത്യവതീസുതൻ 11
യുധിഷ്ഠിരന്റെ മുൻപിൽച്ചെന്നുരച്ചു വാഗ്മിയിങ്ങനെ.

വ്യാസൻ പറഞ്ഞു

ഇന്നു തൊട്ടിട്ടു കൗന്തേയ, യജിച്ചീടുക കാലമായ് 12
മുഹൂർത്തമായീ യജ്ഞത്തിന്നെന്നുണർത്തുന്നു യാജകർ.
അഹീനമായി[1]ട്ടീ യജ്ഞം ചെയ്ക മന്നവമന്നവ! 13
സുവർണ്ണമേറീടുകയാൽ ഖ്യാതം ബഹു സുവർണ്ണകം.
ഇമ്മട്ടിതിൽച്ചെയ്ക രാജൻ, മൂന്നിരട്ടിച്ചു ദക്ഷിണ 14
മൂന്നായ്ത്തീരട്ടെ രാജാവേ, വിപ്രന്മാരിഹ കാരണം.
മൂന്നശ്വമേധം നീയിങ്ങു നേടിസ്സുബഹുദക്ഷിണം 15
ജ്ഞാതിഹിംസോത്ഥമാം പാപം വിട്ടൊഴിക്കും ജനേശ്വര!
പവിത്രമേററവും പിന്നെയത്തു പാവനമുത്തമം 16
അശ്വമേധാവഭൃഥമങ്ങേല്പതും കുരുനന്ദന!

വൈശമ്പായനൻ പറഞ്ഞു

എന്നേററം ബുദ്ധിമാൻ വ്യാസൻ ചൊന്ന തേജസ്വിയാമവൻ 17
ധർമ്മാത്മാവശ്വമേധത്തിന്നായിട്ടീക്ഷിച്ചിതപ്പൊഴേ.
പിന്നെച്ചെയ്തു മഹാബാഹു വാജിമേധമഹാമഖം 18
ഭൂര്യന്നദക്ഷിണം സർവ്വകാമസമ്പൂർണ്ണമായ് നൃപൻ.
വേദജ്ഞരവിടെച്ചെയ്തു കർമ്മങ്ങൾ നൃപർ യാജകർ 19
പരിക്രമിപ്പോർ ധർമ്മജ്ഞർ സാധുശിക്ഷിതമാംവിധം.
അവർക്കേതും സ്ഖലിത[2]വും പററീലാ വിട്ടുപോവതും 20
യുക്തമായി ക്രമംപോലെയങ്ങു ചെയ്തു ദ്വിജർഷഭർ.
പ്രവർഗ്യം ചെയ്തു ധർമ്മാഖ്യം ശരിക്കായ് ദ്വിജസത്തമർ 21
വിധിക്കഭിഷവം[3] ചെയ്തിതവ്വണ്ണം ദ്വിജർ മന്നവ!
രാജൻ സോമാഭിഷവണം[4] ചെയ്തു സോമപസത്തമർ 22
സവന[5]ങ്ങൾ മുറയ്ക്കങ്ങു ചെയ്തു ശാസ്ത്രാനുസാരികൾ.
പിശുക്കനാരുമവിടെയുണ്ടായീലാ ദരിദ്രനും 23
വിശന്നോനല്ലലാണ്ടോനും വെറും പ്രാകൃതനും നരൻ.
ചോർ വേണ്ടവർക്കു ചോറങ്ങു നല്കിച്ചു ശത്രുശാസനൻ 24

---

1 അഹീനമായി = കുറവൊന്നും തട്ടാത്ത വിധത്തിൽ. 2 സ്ഖലിതം = തെററ്.
3 അഭിഷവം = യാഗത്തിൽ സോമലത ഇടിച്ചുപിഴിയുന്ന ക്രിയ. 4 സോമാഭിഷവണം = സോമവും അഭിഷവണവും; സോമവല്ലി പിഴിഞ്ഞു നീരെടുക്കലും പ്രാതഃകാലത്തെ ഹോമാദികളും. 5 സവനം = യാഗം.

തേജസ്സേറും ഭീമസേനനെപ്പോഴും രാജശാസനാൽ.
സംസ്കാര[1]ത്തിൽ സമർത്ഥന്മാർ കാര്യമൊട്ടുക്കു യാജകർ 25
ദിവസംതോറുമേ ചെയ്തു ശാസ്ത്രത്തിൽ കണ്ടവണ്ണമേ.
ഷഡംഗ[2]മറിയാത്തോനില്ലാബുദ്ധിമാനെന്റെ സദസ്യനായ് 26
വ്രതമറ്റോനനാചാര്യൻ വാദാപടു[3]വുമില്ലൊരാൾ.
പിന്നെ യൂപം[4] നാട്ടലിൽ കുവലമായാറു ഭാരത 27
വില്വത്തോളം കരിങ്ങാലി പലാശങ്ങളുമത്രതാൻ.
തേവതാരം രണ്ടു യൂപം കുരുരാജന്റെയദ്ധ്വരേ 28
ശ്ലേഷ്മാതകം[5] പിന്നെയൊന്നു പരികല്പിച്ചു യാജകർ.
സ്വർണ്ണയൂപങ്ങളും വേറിട്ടും ഭംഗിയായ് ഭരതർഷഭ! 29
ഉണ്ടാക്കിയാൻ ഭീമസേനൻ ധർമ്മരാജന്റെയാജ്ഞയാൽ.
അവ ശോഭിച്ചു രാജർഷേ, വസ്ത്രംകൊണ്ടഴകാണ്ടവ 30
വാനിൽ സപ്തർഷിമാരൊന്നിച്ചിന്ദ്രാദി സുരർ പോലവേ.
പടുക്കവാനിഷ്ടികകളുണ്ടതിൽ പൊന്മയങ്ങളായ് 31
ശോഭിച്ചു ചയനം[6] ദക്ഷപ്രജേശന്റെ കണക്കിനെ.
ആയതിന്റെ ചതുശ്ചിത്യം[7] പതിനെട്ടു ഭുജാത്മകം[8] 32
പടുക്കപ്പെട്ടു പൊൻപക്ഷഗരുഡാഭം ത്രികോണമായ്.
പിന്നെപ്പശുക്കളെ വിട്ടു യഥാശാസ്ത്രം മനീഷികൾ 33
അതാതു ദേവനുദ്ദേശിച്ചാപ്പക്ഷികൾ പശുക്കളും.
ശാസ്ത്രോക്തമായ് കാളകളും ജലജന്തുക്കളും ശരി 34
അതൊട്ടുക്കുപയോഗിച്ചാരവരഗ്നിചയത്തിലായ്.
യൂപങ്ങളിൽക്കെട്ടിയങ്ങു മുപ്പതോളം പശുക്കളെ 35
അശ്വരത്നം മുൻപിലായി വൻപൻ പാർത്ഥന്റെയദ്ധ്വരേ.
അവന്റെ യജ്ഞം ശോഭിച്ചു സാക്ഷാൽ ദേവർഷിസങ്കുലം 36
ഗന്ധർവ്വന്മാർ പാട്ടുപാടിയപ്സരസ്ത്രീകളാടിയും
കിന്നരന്മാർ കിമ്പുരുഷന്മാരും കൂടിയുമങ്ങനെ 37
ചുററുമേ സിദ്ധവിപ്രന്മാരൊത്തുകൂടിയിരുന്നുമേ.
ആസ്സദസ്സിങ്കലെപ്പോഴും[9] വ്യാസശിഷ്യദ്വിജർഷഭർ 38
സർവ്വശാസ്ത്രപ്രണേതാക്കൾ യജ്ഞസംസ്കാരദക്ഷകർ.
അതിലുണ്ടാ നാരദൻ തുംബുരുവും സുമഹാദ്യുതി 39
വിശ്വാവസു ചിത്രസേനൻ മററും സംഗീതകോവിദർ.
ഗന്ധർവ്വർ ഗീതകുശലർ നൃത്യങ്ങളിൽ വിശാരദർ
രമിപ്പിച്ചു ബ്രാഹ്മണരെ യജ്ഞകർമ്മാന്തരങ്ങളിൽ. 40

1 സംസ്കാരം = യാഗവിധി. 2 ഷഡംഗം = ആറു വേദാംഗങ്ങൾ. 3 വാദാപടു = വാദത്തിൽ അസമർത്ഥൻ. 4 യൂപം = യജ്ഞസ്തംഭം. 5 ശ്ലേഷ്മാതകം = വൃക്ഷവിശേഷം. 6 ചയനം = അഗ്നിസംസ്കാരം. 7 ചതുശ്ചിത്യം = ചുറ്റളവ്. 8 ഭുജാന്തരം = മുഴം. 9 സന്നിഹിതരായിരുന്നു എന്നു സാരം. "നിത്യാഃ" എന്നാണു മൂലം. അതിന് നിത്യന്മാരായിരുന്നു എന്നാണർത്ഥം.

89. അശ്വമേധസമാപ്തി

അശ്വമേധത്തിൻെറ അവസാനം. യാഗത്തിന വന്ന രാജാക്കന്മാരെയും മററും വേണ്ടവിധം ബഹുമാനിച്ചു പാണ്ഡവന്മാർ തിരിച്ചയയ്ക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

മററും പശുക്ക[1]ളെ വിധിപോലെ വെന്താ ദ്വിജോത്തമർ
ശാസ്ത്രംപോലാത്തുരംഗത്തെയാലംഭിച്ചു[2] ദ്വിജാതികൾ. 1
വിധിപോലാത്തുരംഗത്തെപ്പിന്നെ വേവിച്ചു യാജകർ
ഉപസംവേശനം[3] ചെയ്യിതാപ്പാഞ്ചാലിയെ മന്നവ! 2
മനസ്വിനിയെ വേണ്ടുന്നവിധം കലന മൂന്നൊടും
അതിൻെറ വപ ശാസ്ത്രംപോലെടുത്തിട്ടാ ദ്വിജാതികൾ 3
പാകം ചെയ്തു വിധിച്ചോണമവ്യഗ്രർ ഭരതർഷഭ!
ആ വപാധൂമഗന്ധംതാൻ തമ്പിമാരൊത്തു ധർമ്മജൻ 4
നാററിക്കൊണ്ടാർ യഥാശാസ്ത്രം സർവ്വപാപാപഹം പരം.
ആ വാജിയുടെ മററുള്ളംഗങ്ങളേയും നരാധിപ! 5
ധീരരഗ്നിയിൽ ഹോമിച്ചു ഷോഡശർത്വിക്ജനം സമം.
ഇന്ദ്രാഭനാമാ നൃപൻെറയാ യാഗം ചെയ്തിവണ്ണമേ 6
സശിഷ്യൻ ഭഗവാൻ വ്യാസൻ വർദ്ധിപ്പിച്ചു നരേന്ദ്രനെ.
യുധിഷ്ഠിരൻ പിന്നെ നല്കി ബ്രാഹ്മണർക്കു യഥാവിധി 7
ആയിരം കോടി നിഷ്കങ്ങൾ വ്യാസന്നായ് ഭൂമിയേയുമേ.
രാജാവേ, ഭൂമി വാങ്ങിച്ചാ വ്യാസൻ സത്യവതീസുതൻ 8
ധർമ്മജ്ഞ ഭരതശ്രേഷ്ഠയുധിഷ്ഠിരനൊടോതിനാൻ.

വ്യാസൻ പറഞ്ഞു

ഈ ഭൂമി നിന്നെയേല്പിച്ചുതന്നു ഞാൻ രാജസത്തമ! 9
എനിക്കു വില തന്നാലും വിപ്രന്മാരോ ധനാർത്ഥികൾ.

വൈശമ്പായനൻ പറഞ്ഞു

ആ വിപ്രന്മാരൊടു യുധിഷ്ഠിരൻ ചൊല്ലീ ശുഭാശയൻ 10
ഭ്രാതാക്കളോടൊത്തു ധീമാൻ യോഗ്യമന്നോർക്കിടസ്സുതാൻ:
"മഹായജ്ഞാശ്വമേധത്തിൽ ഭൂമി ദക്ഷിണയാണപോൽ 11
അർജ്ജുനൻ വെന്നൊരിതിനെ നല്കിയൃത്വിക്കുകൾക്കു ഞാൻ.
കാടേറുവൻ ബ്രാഹ്മണരേ, ഭൂമി പങ്കിട്ടെടുക്കുവിൻ 12
ചാതുർഹോത്രപ്രമാണത്തിൽ ഭൂമി നാലായ്പകുത്തുടൻ.
നിനയ്ക്കുന്നീലേററെടുപ്പാൻ ബ്രഹ്മസ്വത്തെ ദ്വിജേന്ദ്രരേ! 13
തമ്പിമാർക്കുമിതെപ്പോഴും മനസ്സാകുന്നു വിപ്രരേ!"
എന്നവൻ ചൊല്ലവേ തമ്പിമാരും പാഞ്ചാലപുത്രിയും 14

---

1 പശുക്കൾ = ജീവികൾ. 2 ആലംഭിക്ക = വധിക്ക. 3 ഉപസംവേശനം ചെയ്ക = അടുത്തിരുത്തുക.

ഇതേവമാണെന്നു ചൊന്നാരതത്രേ രോമഹർഷണം.
അപ്പോഴാകാശവാക്കുണ്ടായ് നന്നു നന്നെന്നു ഭാരത! 15
അവ്വണ്ണമേ പ്രശംസിക്കും വിപ്രർക്കും വാച്ചിതാരവം.
ദ്വൈപായനൻ കൃഷ്ണനേവം വീണ്ടും ധർമ്മജനോടുടൻ 16
പറഞ്ഞൂ വിപ്രമദ്ധ്യത്തിൽ പൂജിച്ചു മുനിയങ്ങനെ:
''ഭവാൻ തന്നിതെനിക്കായിട്ടിതങ്ങയ്ക്കു തരുന്നു ഞാൻ 17
സ്വർണ്ണമീ ബ്രാഹ്മണർക്കേകുകൂഴിയങ്ങയ്ക്കു നില്ക്കണം.''
അപ്പോൾ കണ്ണൻ ധർമ്മരാജയുധിഷ്ഠിരനൊടോതിനാൻ: 18
''ഭഗവാൻ വ്യാസനരുളുംവണ്ണം ചെയ്യേണ്ടതാണു നീ.''
എന്നു കേട്ടാക്കുരുശ്രേഷ്ഠൻ പ്രീതാത്മാവനുജാന്വിതൻ 19
കോടി കോടി കൊടുത്തു മൂന്നിരട്ടി മഖദക്ഷിണ.
അതു ചെയ്തില്ല മറ്റാരുമുലകിങ്കൽ നരാധിപൻ 20
മരുത്തനെപ്പോലെ കുരുമന്നവൻ ചെയ്തവണ്ണമേ.
ആ രത്നത്തെ സ്വീകരിച്ചു കൃഷ്ണദ്വൈപായനൻ മുനി 21
വിദാനൃത്വിക്കുകൾക്കേകീ നാലായ്പ്പങ്കിട്ടിതായവൻ.
ഭൂമിക്കു വിലയായ് സ്വർണ്ണം കൊടുത്തിട്ടു യുധിഷ്ഠിരൻ 22
പാപം വിട്ടോൻ ജാതസ്വർഗ്ഗൻ മോദിച്ചു തമ്പിമാരുമായ്.
അന്തമറ്റാ സ്വർണ്ണഭാരമൃത്വിക്കുകളുമങ്ങനെ 23
ബ്രാഹ്മണർക്കങ്ങു പങ്കിട്ടു യഥോത്സാഹം യഥാബലം.
എന്തുണ്ടോ യജ്ഞവാടത്തു പൊന്നു ഭൂഷണമങ്ങനെ 24
തോരണം യൂപമവ്വണ്ണം കുടം പാത്രങ്ങളിഷ്ടിക
അതൊക്കെ വിപ്രർ പങ്കിട്ടു യുധിഷ്ഠിരമതത്തിനാൽ. 25
പിന്നെ ദ്വിജർക്കാഹരിച്ചു ക്ഷത്രിയന്മാർ ധനത്തിനെ
അവ്വണ്ണം വൈശ്യശൂദ്രന്മാരവ്വണ്ണം മ്ലേച്ഛജാതിയും. 26
പിന്നെസ്സന്തുഷ്ടരായ് വിപ്രർ മുറ്റും ഗേഹങ്ങൾ പൂകിനാർ
വിത്തത്താൽ ബുദ്ധിമാൻ ധർമ്മരാജൻ തൃപ്പിച്ചുവിട്ടവർ. 27
സ്വാംശത്തെ ഭഗവാൻ വ്യാസൻ സാക്ഷാൽ കുന്തിക്കളന്നുടൻ
കൊടുത്തിതാപ്പെരുത്തുള്ള ഹിരണ്യത്തെ മഹാദ്യുതി. 28
ശ്വശുരൻ പ്രീതിയാൽത്തന്നോരതു വാങ്ങിത്തെളിഞ്ഞവൾ
അതിനാൽച്ചെയ്തു വലിയ പുണ്യകം സംഘമായ് പൃഥ. 29
രാജാവവഭൃഥം പുക്കു നിഷ്പാപനനുജാന്വിതൻ
വാനോരൊത്തിന്ദ്രനെപ്പോലെ ശോഭിച്ചു പൂജയേറ്റവൻ. 30
പാണ്ഡവന്മാർ വന്നുചേർന്ന മന്നവന്മാരൊടൊത്തവർ
ശോഭിച്ചു നൃപ, താരൗഘമൊത്തൊരാ ഗ്രഹഭംഗിയിൽ. 31
പിന്നെ രാജാക്കൾക്കുമേകീ പല രത്നങ്ങളങ്ങനെ
ഗജാശ്വങ്ങളലങ്കാരം സ്ത്രീകൾ വസ്ത്രങ്ങൾ കാഞ്ചനം. 32

പാത്ഥൻ പാത്ഥിവയോഗത്തിലന്തമററാദ്ധനോച്ചയം[1]
നല്കിശ്ശോഭിച്ചു വിത്തേശനെന്നമാതിരി മന്നവ! 33
വരുത്തി വീരനായീട്ടം ബഭ്രുവാഹനരാജനെ
പെരുത്തു വിത്തവും നല്കി ഗൃഹത്തേക്കങ്ങയച്ചതേ. 34
ദുശ്ശളാപൗത്രനായോരാബ്ബാലനെബ്ഭരതഷ്ഭ!
ധീമാൻ സ്വസൃപ്രീതിമൂലം താതരാജ്യത്തിരുത്തിനാൻ. 35
ആ മന്നവന്മാരെയൊക്കപ്പൂജിച്ചു മുതൽ നല്കിയും
പറഞ്ഞയച്ചു വശിയാം കുരുരാജൻ യുധിഷ്ഠിരൻ. 36
മഹാത്മാവാം മാധവനെബ്ബലിയാം ബലനേയുമേ
പ്രദ്യുമ്നൻതൊട്ട മററുള്ള വൃഷ്ണിവീരരെ മുറ്റുമേ 37
വിധിപോലെ മഹാരാജ, സൽക്കരിച്ചു മഹാദ്യുതി
തമ്പിമാരൊത്തരാ രാജാവയച്ചാനരിമദ്ദനൻ. 38
ധീമാനാം ധമ്മരാജന്റെ യജ്ഞമിങ്ങനെ തീന്നുതേ
ബഹ്വന്നധനരത്നൗഘം സുരാമൈരേയസാഗരം[2]. 39
നെയ്ക്കയങ്ങളുമാച്ചോററാറുപവ്വതങ്ങളുമായഹോ!
രസാളച്ചേററാറുകളുമുണ്ടങ്ങു ഭരതഷ്ഭ! 40
ഭക്ഷ്യഷാഡബരാഗങ്ങൾ വെച്ചു തിന്നുന്നതിന്നുമേ
പശുക്കളെക്കൊൽവതിന്നുമന്തം കണ്ടില്ലതിൽ ജനം. 41
മത്തപ്രമത്തമുദിതം സന്തുഷ്ടയുവതീജനം
മൃദംഗശംഖനാദങ്ങൾകൊണ്ടേതേററം മനോജ്ഞമായ്. 42
കൊടുക്കാം തിന്നിടാമിഷ്ടം തടവില്ലാതെ രാപ്പകൽ
മഹോത്സവംപോലെയത്തു ഹൃഷ്ടപുഷ്ടജനാകുലം 43
വണ്ണിച്ചു വന്നു ലോകങ്ങൾ നാനാദേശനിവാസികൾ.
ധനധാരാകാമരത്നരസവഷം കഴിച്ചഹോ!
നിഷ്പാപൻ ഭരതശ്രേഷ്ഠൻ കൃതാത്ഥൻ പുരമേറിനാൻ. 44

90. നകുലോപാഖ്യാനം

തലയും ദേഹത്തിന്റെ ഒരു പാൾശ്വവും സ്വണ്ണമയമായ ഒരു കീരി അശ്വമേധം നടന്ന ശാലയിൽ പ്രത്യക്ഷപ്പെടുന്നു. ഇത്ര വലിയ അശ്വമേധത്തിന് ഒരിടങ്ങഴി സക്തുവിനുള്ള വിലപോലുമില്ലെന്നു പറഞ്ഞ ആ കീരിയോട് ബ്രാഹ്മണർ അങ്ങനെ പറയുന്നതിനുള്ള കാരണമന്വേഷിക്കുന്നു. കീരിയുടെ മറുപടി. ഉഞ്ഛവൃത്തിബ്രാഹ്മണന്റെ കഥ.

ജനമേജയൻ പറഞ്ഞു

എന്റെ മുത്തച്ഛനാം ധീമാൻ ധമ്മരാജന്റെയദ്ധ്വരേ
ആശ്ചര്യമെന്തോന്നുണ്ടായിതതുമങ്ങരുളേണമേ. 1

1 ധനോച്ചയം=ധനരാശി. 2 സുരാമൈരേയസാഗരം=പലതരം മദ്യങ്ങൾ കടലുപോലെ ശേഖരിച്ചിരുന്നു.

വൈശമ്പായനൻ പറഞ്ഞു

കേട്ടാലും രാജശാർദ്ദൂല, മഹത്താശ്ചര്യമുത്തമം
അശ്വമേധമഹായജ്ഞം തീർന്നനുണ്ടായതായ് പ്രഭോ! 2

വിപ്രരും ജ്ഞാതിസംബന്ധിമിത്രരും തൃപ്തികൊൾകവേ
ദീനാന്ധകൃപണന്മാരുമപ്പോൾ ഭരതസത്തമ! 3

ദിക്കൊട്ടുക്കു മഹാഘോഷം മുഴങ്ങുമ്പോളു ഭാരത!
ധർമ്മരാജന്റെ മൂർദ്ധാവിൽ പുഷ്പവർഷം പതിക്കവേ, 4

കണ്ണു നീലച്ചുള്ള കീരി പാർശ്വം പൊന്നായിഹാനഘ!
ഇടിവെട്ടുംപോലെ നാദം വിട്ടുകൊണ്ടാൻ ധരാപതേ! 5

ഒരിക്കലെങ്ങു ശബ്ദിച്ചു മൃഗദ്വിജഭയപ്രദൻ
മനുഷ്യവാക്കിനാൽ ചൊല്ലീ ധൃഷ്ടൻ ബിലശയൻ[1] മഹാൻ: 6

"സക്തുപ്രസ്ഥ[2]ത്തിനൊക്കാ നിങ്ങടെ യജ്ഞം നരേന്ദ്രരേ!
കുരുക്ഷേത്രം വാണ ദാതാവുഞ്ഛവൃത്തിദ്വിജ[3]ന്നുടെ." 7

ആക്കീരി ചൊന്നൊരാ വാക്കു കേട്ടിട്ടു ധരണീപതേ!
ഏററവും വിസ്മയപ്പെട്ടു മററുമാ ബ്രാഹ്മണർഷഭർ. 8

പിന്നെച്ചെന്നാക്കീരിയോടു ചോദിച്ചാരാ ദ്വിജോത്തമർ.

ബ്രാഹ്മണർ പറഞ്ഞു

സാധുക്കൾ കൂടും യജ്ഞത്തിലെങ്ങുനിന്നു വരുന്നു നീ? 9

നിനക്കെന്തു ബലം പിന്നെയറിവെന്തെന്തൊരാശ്രയം?
നീ ഞങ്ങടെ മഖം ഗർഹിപ്പോനാരെന്നറിയേണ്ടു നാം. 10

ശാസ്ത്രം തെററാതെ വിവിധയജ്ഞവസ്തുക്കളാൽ കൃതം
യഥാഗമം യഥാന്യായം ചെയ്തു ചെയ്യേണ്ടമാതിരി. 11

ശാസ്ത്രത്തിൽക്കണ്ട മുറയിലിങ്ങു പൂജിച്ചു പൂജ്യരെ
ഹോമിച്ചു തീയിൽ മന്ത്രത്തോടേകീ ദാനമമത്സരം. 12

പല ദാനങ്ങളാലിങ്ങു സന്തോഷിച്ചു ദ്വിജാതികൾ
സുയുദ്ധത്താൽ ക്ഷത്രിയരും ശ്രാദ്ധത്താലെ പിതൃക്കളും. 13

രക്ഷയാൽ വൈശ്യർ തോഷിച്ചു കാമാൽ തോഷിച്ചു നാരികൾ
കനിവാൽ ശൂദ്രരവ്വണ്ണം ദാനശേഷത്തിൽ മററുപേർ. 14

ജ്ഞാതിബാന്ധവർ തോഷിച്ചു ശൗചത്താലീ നൃപന്നുടെ
വാനോർ പുണ്യഹവിഷ്യത്താൽ ശരണാഗതർ പാലനാൽ. 15

ഇതിൽ സത്യം ചൊല്ലു സത്യം വിപ്രരിൽ സത്യമാണെടോ
യഥാശ്രുതം യഥാദൃഷ്ടം കേൾക്കവേ ബ്രാഹ്മണാത്മമായ്. 16

ശ്രദ്ധേയവാക്യൻ പ്രാജ്ഞൻ നീ ദിവ്യം രൂപം ധരിപ്പു നീ
വിപ്രന്മാരൊത്തു ചേർന്നോൻ നീയെന്നാൽ ചൊല്ലിത്തരേണമേ!

---

1 ബിലശയൻ=പൊത്തിൽ കിടക്കുന്നവൻ. 2 സക്തുപ്രസ്ഥം=ഇടങ്ങഴി സക്തു. (സക്തു=വറുത്തു പൊടിച്ച യവം.) 3 ഉഞ്ഛവൃത്തിദ്വിജൻ=പെറുക്കിയെടുത്ത ധാന്യമണികൾകൊണ്ട് ഉപജീവനം കഴിക്കുന്ന ബ്രാഹ്മണൻ.

എന്നാ ബ്രാഹ്മണർ ചോദിക്കെച്ചിരിച്ചാക്കീരി ചൊല്ലിനാൻ.

കീരി പറഞ്ഞു

പൊളിയല്ലീച്ചൊന്നതു ഞാൻ ഗർവ്വംകൊണ്ടല്ല വിപ്രരേ! 18
കേട്ടില്ലയോ നിങ്ങൾ ഞാനിങ്ങുരചെയ്തോരു വാക്കിനെ.
സക്തുപ്രസ്ഥത്തിനീ യജ്ഞം കിടയല്ലാ ദ്വിജേന്ദ്രരേ! 19
എന്നു ഞാൻ തീർച്ചയായിട്ടും ചൊല്ലേണമിതു വിപ്രരേ!
അവ്യഗ്രചിത്തരായ് കേൾപ്പിൻ നടന്നപടിയെൻമൊഴി. 20
കണ്ടേനനുഭവിച്ചേൻ ഞാനെന്തൊന്നത്ഭുതമുത്തമം
കുരുക്ഷേത്രമെഴും ദാതാവുഞ്ഛവൃത്തിദ്വിജന്നുടെ. 21
ഭാര്യാപുത്രസ്നുഷോപേതനവൻ സ്വർഗ്ഗം ഗമിച്ചതും
എന്റെ ദേഹം പാതിയോളമിതു പൊന്നായ് ഭവിച്ചതും. 22
ഹന്ത! നിങ്ങളൊടോതാം ഞാൻ ദാനത്തിന്റെ മഹാഫലം
ന്യായാപ്തം സൂക്ഷ്മമായ് വിപ്രദത്തത്തിന്നിഹ വിപ്രരേ! 23
ധർമ്മക്ഷേത്രം കുരുക്ഷേത്രമതിൽദ്ധർമ്മജ്ഞരുള്ളതിൽ
കപോതമട്ടിലായ് വാണിതുഞ്ഛവൃത്തിയൊരന്തണൻ. 24
ഭാര്യ, പുത്രൻ, പുത്രഭാര്യയിവരൊത്തു തപസ്ഥിതൻ
അവനത്രേ ശുദ്ധവൃത്തൻ ധർമ്മാത്മാവു യതേന്ദ്രിയൻ 25
അവരൊന്നിച്ചുണ്ണുമവനാറാംകാലത്തു സുവ്രതൻ.
ഒരിക്കലാറാംകാലത്താഹാരം കിട്ടാതെയായവൻ 26
പിന്നത്തെയാറാംകാലത്താ ദ്വിജനുണ്ണുമൊരിക്കലേ.
ഒരിക്കലാദ്ധാർമ്മികന്നു ഘോരദുർഭിക്ഷമാണ്ടതിൽ 27
നേട്ടമില്ലാതെയായ്വന്നു കേട്ടുകൊള്ളുക വിപ്രരേ!
കൊയ്തുള്ളേടം ക്ഷയിച്ചാറേ മുതലില്ലാതെയായവൻ 28
അവന്നു കാലമാംപോതു സാപ്പാടിന്നില്ലൊരെണ്ണവും.
വിശന്നുഴന്നിതെല്ലാരും പുറപ്പെട്ടീടിനാരവർ 29
ശുക്ലപക്ഷത്തിൽ നട്ടുച്ചനേരത്തുഞ്ഛം നടത്തുവാൻ.
ഉഷ്ണിച്ചേറ്റം വിശന്നാർത്തനാ വിപ്രൻ തപമാണ്ടവൻ 30
ഉഞ്ഛം കിട്ടാതന്തണൻതാൻ വിശന്നേറ്റം തളർന്നവൻ
അമ്മട്ടു പശിപൂണ്ടുള്ളോൻ തൻകൂട്ടക്കാരൊടൊത്തവൻ 31
കഴിച്ചുകൂട്ടിയാക്കാലം കൃച്ഛ്രപ്രാണൻ ദ്വിജോത്തമൻ.
പിന്നെയാറാംകാലമതിൽ നേടീ യവമിടങ്ങഴി 32
ഇടങ്ങഴി യവം പിന്നെപ്പൊടിയാക്കീ തപസ്വികൾ.
ജപാഹ്നികം ചെയ്തു വിധിക്കഗ്ന്യാഹുതി കഴിച്ചവർ 33
ഓരോ കൊടന്ന*യെല്ലാരും പങ്കിട്ടിതു തപസ്വികൾ.
അവരുണ്ണാൻ തുടങ്ങുമ്പോൾ വന്നാനൊരതിഥി ദ്വിജൻ 34
ആ വന്നതിഥിയെക്കണ്ടു ഹൃഷ്ടരായ്ത്തീർന്നിതായവർ.

* കൊടന്ന = ഒരു മുഷ്ടി.

അഭിവാദ്യം ചെയ്തു ശുഭം ചോദിച്ചതിഥിയോടവർ 35
വിശുദ്ധചിത്തർ ദാന്തന്മാർ ദമശ്രദ്ധകളുള്ളവർ
അനസൂയുക്കളക്രോധർ നൽ സാധുക്കളമത്സരർ 36
മദമാനക്രോധഹീനർ ധർമ്മജ്ഞന്മാർ ദ്വിജോത്തമർ.
അവന്നുതമ്മിലായ് ബ്രഹ്മചര്യം ഗോത്രവുമോതിയും 37
വിശന്നുഴന്നതിഥിയെക്കുടിലിൽക്കേററിയപ്പൊഴേ.
'അങ്ങയ്ക്കർഘ്യമിതാ പാദ്യം ദർഭപ്പായയനഘാശയ! 38
നിയമോപാർജ്ജിതം ശുദ്ധം മലപ്പൊടിയിതാ പ്രഭോ!
ദ്വിജർഷഭ, സ്വീകരിക്ക ഞാൻ തന്നതു ശുഭം വരും.' 39
എന്നു കേട്ടാ ദ്വിജൻ വാങ്ങിയാക്കൊടന്ന മലപ്പൊടി
ഭക്ഷിച്ചുകൊണ്ടാൻ രാജേന്ദ്ര, തൃപ്തനായതുമില്ലവൻ. 40
വിശപ്പുള്ളാ ബ്രാഹ്മണനെപ്പാർത്തുകണ്ടുഞ്ഛവൃത്തിയും
എങ്ങനെ തുഷ്ടനാമെന്നോർത്താഹാരത്തെ നിനച്ചുതേ. 41
അവന്റെ ഭാര്യയാൾ ചൊന്നാ'ളെൻഭാഗം നല്കു'കെന്നുടൻ
'യഥാകാമം തുഷ്ടനായിപ്പോകട്ടേയീ ദ്വിജോത്തമൻ.' 42
എന്നു ചൊല്ലും സാധ്വിയാമാപ്പത്നിയേയാ ദ്വിജോത്തമൻ
വിശന്നുഴന്നോളെന്നായ്ക്കണ്ടാദരിച്ചിതു സക്തുവെ. 43
തന്നെപ്പോലാമെന്നു കണ്ടിട്ടാ വിദ്വാനാം ദ്വിജർഷഭൻ
വിശന്നുഴന്നുലഞ്ഞുള്ളോൾ വൃദ്ധയേററം തപസ്വിനി 44
വിറച്ചെല്ലും തൊലിയുമാമാബ്ഭാര്യയൊടു ചൊല്ലിനാൻ:
"പുഴു പാററ മൃഗങ്ങൾക്കുപോലുമിങ്ങയി ശോഭനേ! 45
സ്ത്രീകളെക്കാത്തുപോറേറണ്ടതാണേവം ചൊല്ലിടായ്കു നീ.
കനിയേണ്ടോൻ നരൻ പത്നി പോററി രക്ഷിച്ചിടേണ്ടവൻ 46
കർത്തും യശസ്സുപോയ് വീഴും ലോകങ്ങളിലുമെത്തിടാ.
ധർമ്മകാമാർത്ഥകാര്യങ്ങൾ ശുശ്രൂഷ കുലസന്തതി 47
ഭാര്യാധീനം പിതൃക്കൾക്കും തനിക്കും തക്ക ധർമ്മവും.
തൊഴിലാൽ ഭാര്യയെക്കാക്കാനറിയാത്തക്ക പൂരുഷൻ 48
പെരുത്തു ദുഷ്പ്പേരു നേടും നരകത്തിലുമെത്തിടും."
അവൾ കേട്ടോതി "നമ്മൾക്കു ധർമ്മാർത്ഥങ്ങൾ സമം ദ്വിജ! 49
ഈ യവപ്പൊടി നാലൊന്നു വാങ്ങൂ കനിയുകെന്നിൽ നീ.
സത്യവും രതിയും ധർമ്മം സ്വർഗ്ഗവും ഗുണനിർജ്ജിതം 50
പതിക്കധീനം സ്ത്രീകൾക്കു കാമവും ഹേ ദ്വിജർഷഭ!
ഋതു മാതാവിന്റെ ബീജമച്ഛന്റെ പതി ദൈവമാം 51
ഭർത്തൃപ്രസാദാൽ സ്ത്രീകൾക്കും രതിപുത്രഫലാപ്തിയാം.
പാലനാൽ പതിയങ്ങെന്റെ ഭർത്താവു ഭരണത്തിനാൽ 52
പുത്രപ്രദാനാൽ വരദനെന്നാലെൻ സക്തു നല്കു നീ.
ജര പൂണ്ടോൻ വൃദ്ധനേററം വിശന്നോനതി ദുർബ്ബലൻ 53

ഉപവാസാൽത്തളർന്നോനാമങ്ങും കശിതനല്ലയോ?''
അവളേവം ചൊന്നൊരവൻ സക്തു വാങ്ങിച്ചിതോതിനാൻ: 54

''ദ്വിജ, വീണ്ടും സക്തുവിതു വാങ്ങിക്കൊള്ളുക സത്തമ!''
അതു വാങ്ങിച്ചു തിന്നിട്ടും തൃപ്തിപ്പെട്ടീലയാ ദ്വിജൻ
അവനെപ്പാർത്തുഞ്ഛവൃത്തി വീണ്ടും ചിന്തയിലാണ്ടുപോയ്. 55

മകൻ പറഞ്ഞു

ഈസ്സക്തു വാങ്ങിച്ചങ്ങുന്നു വിപ്രന്നേകുക സത്തമ!
ഇതുതാൻ സുകൃതം കാണ്മേനതിനാലിതു ചെയ്യുവേൻ. 56

ഭവാനെനിക്കെപ്പൊഴുമേ യത്നത്താൽക്കാത്തിടേണ്ടവൻ
വൃദ്ധനാമച്ഛന്റെ രക്ഷ സാധുകാംക്ഷിതമാകയാൽ. 57

പുത്രന്നായ്ക്കല്പിതമിതു വാർദ്ധക്യത്തിലെ രക്ഷണം
വിപ്രർഷേ, മൂന്നുലകിലുമെന്നും നില്ക്കുന്നതീ ശ്രുതി. 58

പ്രാണധാരണമൊന്നാലേ തപം പററൂ ഭവാനിഹ
പ്രാണന്നോ പരമം ധർമ്മം ദേഹി ദേഹത്തിൽ നില്പതാം. 59

അച്ഛൻ പറഞ്ഞു

ആയിരത്താണ്ടിരുന്നാലും നീ ബാലൻതാനെനിക്കെടോ
പുത്രോല്പാദന ചെയ്തച്ഛൻ പുത്രനാൽ കൃതകൃത്യനാം. 60

വിശപ്പേറും കിടാങ്ങൾക്കെന്നറിയുന്നുണ്ടു ഞാൻ പ്രഭോ!
വൃദ്ധൻ ജീവിച്ചിരിപ്പേൻ ഞാൻ മകനേ, ബലിയാക നീ. 61

ഉണ്ണീ, ജീർണ്ണവയസ്സാലേ ക്ഷുത്തു ബാധിപ്പതില്ല മേ
ഏറെക്കാലം തപം ചെയ്തേൻ ചാകിൽ പേടിയുമില്ല മേ. 62

മകൻ പറഞ്ഞു

ഞാൻ നിന്നപത്യം പുംലോകത്രാണത്താൽ പുത്രനാണപോൽ
ആത്മാവു പുത്രനാത്മാവെയാത്മാവാൽ കാത്തുകൊൾക നീ. 63

അച്ഛൻ പറഞ്ഞു

നീയെനിക്കൊത്തവൻ രൂപം ശീലം ദമമിവററിനാൽ
പല മട്ടും പരീക്ഷിച്ചേനുണ്ണീ, നിൻ സക്തു വാങ്ങുവേൻ. 64

കീരി പറഞ്ഞു

എന്നോതീട്ടാസ്സക്തു വാങ്ങീ പ്രീതാത്മാവായിയാ ദ്വിജൻ
ചിരിച്ചീടുംവണ്ണമായിട്ടാ വിപ്രന്നങ്ങു നല്കിനാൻ. 65

ആസ്സക്തു തിന്നിട്ടുമവൻ തൃപ്തനായതുമില്ലഹോ!
ധർമ്മാത്മാവാമുഞ്ഛവൃത്തി നാണം പൂണ്ടിതു കേവലം. 66

അങ്ങു നില്ക്കും സാധ്വി വധു* ബ്രാഹ്മണപ്രിയകാമ്യയാൽ
ഹൃഷ്ടയായ് സക്തുകൈക്കൊണ്ടാ ശ്വശുരൻ തന്നൊടോതിനാൾ.

സ്നുഷ പറഞ്ഞു

വിപ്ര നിന്നുടെ സന്താനാൽ സന്താനമുളവാം മമ
എന്റെയീസ്സക്തു വാങ്ങിച്ചിട്ടതിഥിക്കായ്ക്കൊടുക്ക നീ. 68

---

* വധു = പുത്രഭാര്യ.

എനിക്കക്ഷയലോകങ്ങ൪ നിൻപ്രസാദാൽ കിടയ്ക്കുമേ
എങ്ങെത്തിയാലല്ലലില്ലങ്ങെത്തിക്കുടുന്ന പുത്രനാൽ. 69

ധമ്മാദിത്രേത*യും വഹ്നിത്രേതയെന്ന കണക്കുതാൻ
അവ്വണ്ണമേ പുത്രപൗത്രത്രേതയും സ്വഗ്ഗമക്ഷയം. 70

പിതൃക്കളെയൃണാൽക്കാക്കും പുത്രനെന്നുണ്ടു കേ൪പ്പു ഞാൻ
പുത്രപൗത്രർകളാൽ നിത്യം സാധുലോകങ്ങളേല്ക്കുമേ. 71

ശ്വശുരൻ പറഞ്ഞു

വെയിൽകാററുക൪ മെയ്യേററു നിന്നെക്കണ്ടു വിവണ്ണയായ്
മെലിഞ്ഞും സുവ്രതാചാരേ പശികൊണ്ടുള്ളുഴന്നുമേ. 72

സക്തുവെങ്ങനെ വാങ്ങേണ്ടു ധമ്മഘാതകനായി ഞാൻ?
കല്യാണവൃത്തേ, കല്യാണി, നീയുരയ്ക്കുരുതിങ്ങനെ. 73

ആറാംകാലം വ്രതം പൂണ്ടു ശൗചം ശീലം തപസ്സുമായ്
കാറ്റേററുണ്ണാതെഴം നിന്നെശ്ശുഭേ, ഞാൻ കാണുമെങ്ങനെ? 74

വിശന്നുഴന്ന പെൺകുട്ടി ഞാൻ കാക്കേണ്ടവ൪ നീ സദാ
ഉപവാസശ്രാന്തയല്ലോ നിയോ ബാന്ധവനന്ദിനി. 75

സ്നുഷ പറഞ്ഞു

ഗുരുവിൻ ഗുരുവങ്ങെൻെറ ദൈവത്തിന്നൊരു ദൈവതം
ദേവാതിദേവനതിനാൽ സക്തു കൈക്കൊ൪ക മേ പ്രഭോ! 76

ദേഹം പ്രാണൻ ധമ്മവുമേ ഗുരുശുശ്രൂഷണത്തിനാം
ഹേ വിപ്ര, നിൻപ്രസാദത്താൽ ശുഭലോകങ്ങ൪ നേടുവൻ. 77

നോക്കേണ്ടുമവ൪ ഞാൻ കൂറാണ്ടവളെന്നോ ദ്വിജോത്തമ!
എനിക്കും ചിന്ത്യയാണെന്നോ സക്തു കൈക്കൊണ്ടിടേണമേ! 78

ശ്വശുരൻ പറഞ്ഞു

ഈശ്ശീലവൃത്തംകൊണ്ടിട്ടു നിത്യം ശോഭിപ്പു സാദ്ധ്വി, നീ
ധമ്മവ്രതം പൂണ്ടു ഗുരുവൃത്തി നോക്കുന്നതുണ്ടു നീ. 79

അതിനാൽ സക്തു വാങ്ങാം ഞാൻ വഞ്ചനാഹ്യമല്ല നീ
നിന്നെച്ചേത്തു മഹാഭാഗേ, ധമ്മം ചെയ്യോരിലുത്തമേ! 80

കീരി പറഞ്ഞു

എന്നുരച്ചാസ്സക്തു വാങ്ങി ബ്രാഹ്മണന്നായി നല്കിനാൻ
പരം തോഷിച്ചിതാസ്സാധു മഹാത്മാവിങ്കലാ ദ്വിജൻ. 81

ആ ദ്വിജഷഭനോടായി പ്രീതാത്മാവവനോതിനാൻ
വാഗ്മിയപ്പോ൪ ദ്വിജശ്രേഷ്ഠൻ ധമ്മം പുരുഷവിഗ്രഹൻ. 82

ധമ്മം പറഞ്ഞു

ശുദ്ധമാം നിൻെറ ദാനത്താൽദ്ധമ്മന്യായാജ്ജിതത്തിനാൽ
ശക്തിപോലേകിയതിനാൽ ഞാൻ തെളിഞ്ഞേൻ ദ്വിജോത്തമ!

അമ്പോ! വാഴ്ത്തുന്നു നിൻ ദാനം സ്വഗ്ഗത്തിൽ സ്വഗ്ഗവാസിക൪ 84
വാനിൽനിന്നീപ്പുഷ്പവഷം മന്നിൽ വീണതു കാണ്ക നീ.

---

* ത്രേത = ത്രയം.

ദേവഷിദേവഗന്ധവ്വർ പരം ദേവപുരസ്സരർ
ദാനവിസ്മിതരായ് വാഴ്ത്തി നില്ക്കുന്നു ദേവദൂതരും. 85
ബ്രഹ്മഷികൾ വിമാനത്തിൽ ബ്രഹ്മലോകപ്രചാരികൾ
കാംക്ഷിപ്പൂ നിൻ ദർശനത്തെ വിണ്ണിൽ ചെല്ലു ദ്വിജഷഭ! 86
കയററീ പിതൃലോകത്തിലാപ്പിതൃക്കളെയൊക്ക നീ
പെരുത്തനാഗത[1]രെയും പെരുത്തു യുഗകാലമേ. 87
ബ്രഹ്മചര്യത്തിനാൽ ദാനാൽ യജ്ഞത്താൽ വൻതപസ്സിനാൽ
കലരാതുള്ള ധമ്മത്താൽ ചെല്ലെന്നാൽ ദ്വിജ, വിണ്ണിൽ നീ. 88
പരയാം ശ്രദ്ധയാലേ നീ തപം ചെയ്യുന്നു സുവ്രത!
എന്നാൽ ദാനത്തിനാൽ വാനോർ പ്രീതരായ് ബ്രാഹ്മണോത്തമ!
ശ്രദ്ധചേതസ്സൊടു ഭവാനിതൊട്ടുക്കു കൊടുക്കയാൽ
കൃച്ഛ്റത്തിൽ ചെയ്ത കമ്മത്താൽ സ്വഗ്ഗമങ്ങയ്ക്കു നേട്ടമായ്. 90
പ്രജ്ഞയെപ്പശി പോക്കീടും തെററിക്കും ധമ്മബുദ്ധിയെ
വിശന്നറിവുകെട്ടുള്ളോൻ ധൃതിയേയും വെടിഞ്ഞിടും. 91
ബുഭുക്ഷയെജ്ജയിക്കുന്നോൻ ജയിപ്പൂ സ്വഗ്ഗവും ധ്രുവം
എപ്പൊഴോ ദാനരുചിയാമപ്പോൾ ധമ്മമിടിഞ്ഞിടാ. 92
നോക്കീടാതെ സുതസ്നേഹം ഭാര്യാസ്നേഹവുമങ്ങനെ.
ധമ്മം വലിയതെന്നോത്തു നീ ഗണിച്ചില്ല തൃഷ്ണയെ. 93
സൂക്ഷ്മം ദ്രവ്യാപ്തി മത്ത്യക്കു പാത്രദാനമതിന്നുമേൽ
കാലം ദാനത്തിലും മേലേ ശ്രദ്ധയെന്നതതിന്നുമേൽ. 94
സ്വഗ്ഗദ്വാരം മഹാസൂക്ഷ്മം മൗഢ്യാൽ കാണ്മീല മാനുഷർ
സ്വഗ്ഗാഗ്ഗളം[2] ലോഭബീജം രാഗഗുപ്തം ദുരാസദം. 95
അതു കാണുന്നു പുരുഷർ ജിതക്രോധർ ജിതേന്ദ്രിയർ
ബ്രാഹ്മണന്മാർ തപസ്സാണ്ടോർ യഥാശക്തി കൊടുപ്പവർ. 96
ആയിരം പോന്നവൻ നൂറും നൂറു പോന്നാളു പത്തുമേ
ശക്ത്യാ വെള്ളം കൊടുപ്പോനും ഫലത്തിൽ തുല്യരേവരും. 97
രന്തിദേവൻ നരപതി വെള്ളം നല്കിയകിഞ്ചനൻ
ശ്രദ്ധചിത്തത്തൊടും വിപ്ര, പിന്നെ സ്വഗ്ഗം കരേറിനാൻ. 98
മഹാഫലപ്രദാനങ്ങൾ കൊണ്ടും ധമ്മം തെളിഞ്ഞിടാ
ശ്രദ്ധാപൂതം ന്യായലബ്ധസൂക്ഷ്മദാനത്തിലാംവിധം. 99
ഗോപ്രദാനസഹസ്രങ്ങൾ വിപ്രക്കേകീ നൃഗൻ നൃപൻ
അന്യന്റെയൊന്നിനേ നല്കീട്ടവൻ നരകമാണ്ടുപോയ്. 100
തന്റെ മാംസം കൊടുത്തിട്ടു ശിബിയൗശീനരൻ നൃപൻ
മോദിപ്പൂ പുണ്യലോകങ്ങൾ വിണ്ണിൽ നേടീട്ടു സുവ്രതൻ. 101
വിഭവം പുണ്യമല്ലാത്മശക്ത്യാ സാധു ശുഭാജ്ജിതം

1 അനാഗതർ=പിതൃത്വം കിട്ടാത്ത പരേതർ. 2 സ്വഗ്ഗാഗ്ഗളം = സ്വഗ്ഗദ്വാരത്തിന്റെ സാക്ഷ.

പല യജ്ഞങ്ങളാൽ വിപ്ര, പററാ ന്യായാജ്ജിതപ്പടി. 102
ക്രോധാൽ ദാനഫലം പോകും ലോഭാൽ വിണ്ണെത്തിടാതെയാം.
ന്യായവൃത്തി തപസ്സാലേ ദാനജ്ഞൻ സ്വഗ്ഗമേററിടും. 103
ഭൂരിദക്ഷിണമാം രാജസൂയം പലതു ചെയ്കിലും
ഭൂര്യശ്വമേധം ചെയ്താലുമീ നിൻഫലമൊടൊത്തിടാ. 104
സക്തുപ്രസ്ഥത്തിനാൽ ബ്രഹ്മലോകം നീ നേടിയക്ഷയം
രജസ്സററാ ബ്രഹ്മലോകം പൂക വിപ്ര, യഥാസുഖം. 105
നിങ്ങൾക്കെല്ലാം ദിവ്യയാനം വന്നെത്തീ ദ്വിജപുംഗവ!
യഥേഷ്ടം കേറുവിൻ ധമ്മം ഞാനെന്നെക്കാണുക ഭൂസുര! 106
നീ ദേഹത്തെക്കേററി വിട്ടു പാരിൽക്കീത്തിയുറച്ചു തേ
ഭാര്യാപുത്രസ്നുഷകളോടൊത്തു വിണ്ണു ഗമിക്ക നീ. 107

കീരി പറഞ്ഞു

എന്നു ധമ്മൻ ചൊന്നവാറു വിമാനം കേറിയാ ദ്വിജൻ
ഭാര്യാപുത്രസ്നുഷകളോടൊത്തു വിണ്ണു കരേറിനാൻ. 108
സുതനും സ്നുഷയും നാലാമതു ഭാര്യയുമൊത്തവൻ
ധമ്മജ്ഞൻ വിണ്ണു പുക്കപ്പോൾ മടവിട്ടങ്ങു ചെന്നു ഞാൻ. 109
ഉടനാസ്സക്തുഗന്ധത്താൽ ജലക്ലേദത്തിനാലുമേ
ദിവ്യപുഷ്പത്തിങ്ങലാൽ സാധുദത്തത്തരികളാലുമേ 110
ആ വിപ്രൻെറ തപസ്സാലും പൊന്നായിത്തീന്നിതെൻ തല.
ആസ്സത്യസന്ധനുടയ സക്തുദാനത്തിനാലുമേ 111
പൊന്നായിത്തീന്നിതീയെൻെറ ദേഹം പകുതി വിപ്രരേ!
നോക്കുവിൻ വൻപെഴമിതാദ്ധീമാനുടെ തപസ്സിനാൽ. 112
ഇമ്മട്ടാകും മററു പാശ്വമെങ്ങനേയെന്നു വിപ്രരേ!
തപോവനങ്ങൾ യജ്ഞങ്ങൾ പുക്കേൻ വീണ്ടും പ്രഹൃഷ്ടനായ്.
ധീമാനാം കുരുരാജൻെറയീ യജ്ഞം കേട്ടറിഞ്ഞു ഞാൻ
പെരുത്താശയൊടും വന്നേൻ പൊന്നായീയതുമില്ല ഞാൻ. 114
അതുകൊണ്ടാവിധം ചൊന്നേൻ പ്രഹസിച്ചന്തണേന്ദ്രരേ!
സക്തുപ്രസ്ഥത്തിനീ യജ്ഞം കിടയല്ലെന്നു മുററുമേ. 115
സക്തുപ്രസ്ഥത്തരികളാലന്നു പൊന്നായ്ച്ചമഞ്ഞു ഞാൻ
ഈ മഹായജ്ഞവുമവയ്ക്കൊക്കുകില്ലെന്നു മന്മതം. 116

വൈശമ്പായനൻ പറഞ്ഞു

എന്നുരച്ചാക്കീരി മുററും യജ്ഞത്തിൽ ദ്വിജരോടുടൻ
അവക്കു മറവായ്പ്പോയീ ഗൃഹം പുക്കിതു വിപ്രരും. 117
നിന്നോടിതൊക്കയും ചൊല്ലിത്തന്നേൻ പരപുരഞ്ജയ!
ആ മഹായജ്ഞാശ്വമേധത്തിങ്കലുണ്ടായൊരത്ഭുതം. 118
രാജാവേ, നീ യജ്ഞമതിൽ വിസ്മയിക്കേണ്ട ചെററുമേ
ഋഷികോടിസഹസ്രങ്ങൾ വിണ്ണു പുക്കാർ തപസ്സിനാൽ. 119

അദ്രോഹം സവ്വഭൂതത്തിൽ സന്തോഷം ശീലമാജ്ജവം
തപം ദമം സത്യവുമാട്ടാനവും സമമിങ്ങനെ. 120

91. ഹിംസാമിശ്രധമ്മനിന്ദ

ഇന്ദ്രൻ കഴിച്ച ഒരു യാഗത്തിൻെറ കഥ വിവരിച്ച്, ഹിംസയോടു കൂടാത്ത യാഗവും ധമ്മവുമാണ് ശ്രേഷ്ഠതരമെന്നു വൈശമ്പായനൻ ഉപപാദിക്കുന്നു.

ജനമേജയൻ പറഞ്ഞു

രാജാക്കരം യജ്ഞസക്തന്മാർ തപസ്സക്തർ മഹഷികരം
വിപ്രർ ശാന്തിസ്ഥിതർ ശമം ദമമെന്നിതിലും പ്രഭോ! 1
എന്നാൽ യജ്ഞഫലങ്ങരംക്കു കിട കാണ്മീലൊരെണ്ണവും
എന്നു തോന്നുന്നുണ്ടെനിക്കു ശരിയാണതസംശയം. 2
യജ്ഞങ്ങരം ചെയ്തു വളരെ മന്നോരും ദ്വിജമുഖ്യരും
ഇവിടെക്കീത്തി നേടീട്ടു പരത്തിൽ സ്വഗ്ഗമെത്തിനാർ. 3
ദേവരാജൻ സഹസ്രാക്ഷൻ ദക്ഷിണാഢ്യമഖങ്ങളാൽ
തേജസ്വി ദേവരാജ്യത്തെ മുററും നേടീടിനാൻ പ്രഭു. 4
യുധിഷ്ഠിരനൃപൻ ഭീമാജ്ജുനന്മാർ മുൻപെഴുന്നവൻ
ഋദ്ധവീര്യങ്ങളാലിന്ദ്രതുല്യനാണെന്നിരിക്കവേ 5
പിന്നെയെന്താക്കീരി പരം ശഹിച്ചിതു മഹാക്രതു
മഹാത്മാവാമാ നൃപൻെറ മഹായജ്ഞാശ്വമേധവും? 6

വൈശമ്പായനൻ പറഞ്ഞു

യജ്ഞത്തിൻ മുഖ്യവിധിയും ഫലവും ഹേ നരാധിപ!
രാജാവേ, ചൊല്ലുവേൻ കേരംക്ക ശരിയാമ്മട്ടു ഭാരത! 7
പണ്ടു ശക്രൻ യജിക്കുമ്പോരം ചൊന്നാർ മുററും മഹഷികരം
കമ്മമൃത്വിഗ്ജനം ചെയ്യെ യജ്ഞകമ്മം നടക്കവേ, 8
അഗ്ന്യാഹുതി തുടന്നാറേ ഹോത്രവും ഗുണമേല്ക്കവേ
ദേവാഹ്വാനം തുടന്നാറേ പരമഷികരം നില്ക്കവേ, 9
സുപ്രീതർ വിപ്രരവ്വണ്ണം നൃപ, സ്വാഗമർ സുസ്വരർ
ലഘുക്കളശ്രാന്തരാകുമദ്ധ്വര്യുശ്രേഷ്ഠരങ്ങനെ 10
ആലംഭസമയ*ത്തിങ്കൽ പിടിച്ചാറേ പശുക്കളെ
മഹഷിമാർ മഹാരാജ, കനിവാണ്ടീടിനാരവർ. 11
പശുക്കളെദ്ദൈന്യമാണ്ടു കണ്ടിട്ടാത്താപസഷികരം
ചൊല്ലീ ചെന്നാശ്ശക്രനോടു "ശുഭമല്ലീ ക്രതുക്രമം 12
മഹാധമ്മത്തെയിച്ഛിക്കുമങ്ങയ്ക്കിതറിയായ്മയാം.
യജ്ഞത്തിങ്കൽപ്പശുഗ്രഹണവിധി കാണാ പുരന്ദര! 13

---

* ആലംഭസമയം = ജന്തുക്കളെ കൊല്ലേണ്ട സമയം.

ഈ നിന്നുടെ സമാരംഭം പ്രഭോ, ധർമ്മോപഘാത[1]മാം.
ഈ യജ്ഞം ധർമ്മമല്ലേതും ഹിംസനാ ധർമ്മമല്ല പോൽ 14
ആഗമപ്പടി നിൻ യജ്ഞം ചെയ്യട്ടേ ബോദ്ധ്യമെങ്കിലോ.
വിധിയിൽക്കണ്ട യജ്ഞത്താൽ ധർമ്മം വായ്ക്കും നിനക്കെടോ 15
മൂവാണ്ടു വെച്ച ബീജത്താൽ സഹസ്രാക്ഷ! യജിക്ക നീ.
ഇതാണിന്ദ്ര, മഹാധർമ്മം മഹാഗുണഫലോദയം 16
തത്ത്വം കാണും മാമുനികൾ ചൊന്ന വാക്കും ശതക്രതോ!''
സ്വീകരിച്ചില്ല മാനത്താൽ മോഹത്തിൻ പാട്ടിലായവൻ. 17
വൻവാദമായ് ശക്രയജ്ഞത്തിങ്കലാത്താപസർക്കഹോ!
ചരത്താലചരത്താലോ യജിപ്പോന്നെന്നു ഭാരത! 18
വാദംകൊണ്ടു തളർന്നിട്ടാത്തത്ത്വം കാണും മഹർഷികൾ
ഇന്ദ്രനായ് ചേർന്നു ചോദിച്ചു വസുരാജാവിനോടഹോ: 19
''ധർമ്മസംശയമാണ്ടോരോടോതു സത്യം മഹാമതേ!
യജ്ഞാഗമം മഹാഭാഗ, ചൊല്ലേണ്ടതെങ്ങനെ നൃപോത്തമ! 20
പശുക്കളാൽ ബീജരസത്താലോ ചെയ്യേണ്ടതദ്ധ്വരം?''
അവർ ചൊന്നതു കേട്ടോർത്തീടാതേ വസു ബലാബലം 21
'ഉപനീത[2]ങ്ങളാൽ യജ്ഞം ചെയ്യേ'ന്നായ് ചൊല്ലി മന്നവൻ.
എന്നുരച്ചിട്ടാ നൃപതിയുൾപ്പുക്കിതു രസാതലം 22
പ്രശ്നം വിതഥ[3]മോതീട്ടു ചേദികൾക്കീശ്വരൻ പ്രഭു.
എന്നാൽ ബഹുജ്ഞനായാലും തനിച്ചോതൊല്ല ശങ്കയിൽ 23
പ്രജാപതി പ്രഭു പരം സ്വയംഭൂമാത്രമെന്നിയേ.
അശുദ്ധബുദ്ധിയാപ്പാപി പരം ദാനങ്ങൾ നല്കിലും 24
പെരുത്തെന്നാലുമവകൾ പാഴിലായ്ക്കെട്ടുമൊക്കയും.
ദുരാത്മാവായ് ഹിംസകനാമധർമ്മിഷ്ഠന്നവന്നഹോ! 25
ദുഷ്ടന്നു കീർത്തി ദാനത്താൽ കിട്ടില്ലിങ്ങും പരത്തിലും.
അന്യായാർജ്ജിതമാം ദ്രവ്യം വീണ്ടും വീണ്ടുമപണ്ഡിതൻ 26
ധർമ്മാശങ്കി യജിച്ചാലും ധർമ്മത്തിൻ ഫലമേററിടാ.
ധർമ്മവൈതംസിക[4]നവൻ പാപാത്മാവു നരാധമൻ 27
ലോകവിശ്വാസത്തിനായിട്ടാനം വിപ്രർക്കു നല്കയാം.
പാപകർമ്മത്തിനാൽ വിപ്രൻ ധനം നേടി നിരങ്കുശൻ 28
രാഗമോഹാന്ധനൊടുവിൽ കലുഷം ഗതിയേററിടും.
നേടി വെപ്പാൻ ബുദ്ധിയുള്ളോൻ ലോഭമോഹവശാനുഗൻ 29
അശുദ്ധബുദ്ധി പാപത്താൽ ഭൂതോദ്വേഗം പെടുത്തിടും.

---

1 ധർമ്മോപഘാതം=ധർമ്മത്തിനു ചേരാത്തതു്. 2 ഉപനീതം=കൊണ്ടുവരപ്പെട്ടതു്. (രണ്ടുതരം വസ്തുക്കളിൽ ഏതുകൊണ്ടാണു് യാഗംചെയ്യേണ്ടതു് എന്നാണല്ലോ ചോദ്യം. അവയിൽ ഏതാണു് കൈയിൽ കിട്ടിയതെന്നുവെച്ചാൽ അതുകൊണ്ടു യാഗംചെയ്യുക എന്നാണു് വസു പറഞ്ഞ ഉത്തരം.) 3 വിതഥം=അസത്യം. 4 ധർമ്മവൈതംസികൻ=വ്യാജംകൊണ്ടു ധർമ്മിഷ്ഠനാണെന്നു നടിക്കുന്നവൻ.

ഏവം ധനം നേടി മൗഢ്യാൽ കൊടുത്താലും യജിക്കിലും 30
പരത്തിൽത്തൻ ഫലം നേടില്ലവൻ പാപധനാഗമാൽ.
ഉഞ്ഛം മൂലം ഫലം ശാകം ജലപാത്രം തപസ്വികൾ 31
വിഭവംപോലെ ദാനം ചെയ്തെത്തും സ്വർഗ്ഗത്തു ധാർമ്മികർ.
ഇതു ധർമ്മം മഹായോഗം ദാനം ഭൂതാനുകമ്പയും 32
ബ്രഹ്മചര്യം സത്യമേവമനുക്രോശം ധൃതി ക്ഷമ
ഇതു ശാശ്വതധർമ്മത്തിന്മൂലമത്രേ സനാതനം. 33
കേട്ടിരിപ്പുണ്ടു പണ്ടുള്ള വിശ്വാമിത്രാദിമന്നരെ
വിശ്വാമിത്രൻതാനസിതൻ ജനകൻ നരനായകൻ 34
കക്ഷസേനാർഷ്ടിഷേണന്മാർ സിന്ധുദ്വീപൻ ക്ഷിതീശ്വരൻ
ഇവരും മററു പലരും പരയാം സിദ്ധി നേടിനാർ. 35
മന്നോർ സത്യത്തിനാൽ ദാനാൽ ന്യായലബ്ധാൽ തപോധനർ
വിപ്രക്ഷത്രിയവൈശ്യന്മാർ ശൂദ്രരും തപമാണ്ടവർ
ദാനധർമ്മാഗ്നിയാൽ ശുദ്ധർ വിണ്ണിൽ ചെല്ലുന്നു ഭാരത! 36

92. നകുലോപാഖ്യാനം

ജന്തുഹിംസ കൂടാതെ ധ്യാനദാനാദികൾകൊണ്ടുതന്നെ യജ്ഞഫലം സിദ്ധിക്കുമെന്നു സ്ഥാപിക്കുന്നതിനായി, വൈശമ്പായനൻ, പണ്ട് അഗസ്ത്യ മഹർഷി നടത്തിയ ഒരു യാഗത്തിൻെറ കഥ വിവരിക്കുന്നു. ജനമേജയൻെറ ചോദ്യത്തിനുത്തരമായി, വൈശമ്പായനൻ കീരിയുടെ പൂർവ്വജന്മകഥ വിസ്തരിച്ചു പറഞ്ഞുദ്ഘോഷിക്കുന്നു.

ജനമേജയൻ പറഞ്ഞു

ഭഗവാനേ, ധർമ്മസിദ്ധസത്യത്താൽ സ്വർഗ്ഗമൊക്കുകിൽ
എന്നോടിതൊക്കച്ചൊന്നാലും ചൊൽവാൻ കുശലനല്ലയോ? 1
ഉഞ്ഛവൃത്തിയവന്നുള്ള സക്തുദാനമഹാഫലം
എന്നോടു ചൊന്നതും ബ്രഹ്മൻ, സത്യമാണില്ല സംശയം. 2
ഒത്തതെങ്ങനെ യജ്ഞങ്ങൾക്കൊക്കയും മുഖ്യനിശ്ചയം
ഇതങ്ങൊട്ടൊഴിയാതേകണ്ടോതിടേണം ദ്വിജർഷഭ! 3

വൈശമ്പായനൻ പറഞ്ഞു

ഇതിന്നുദാഹരണമായ് ചൊല്ലാറുണ്ടീപ്പഴങ്കഥ
അഗസ്ത്യൻതൻ മഹായജ്ഞേ പണ്ടുണ്ടായതരിന്ദമ! 4
പണ്ടഗസ്ത്യൻ ദീക്ഷ പന്തിരണ്ടാണ്ടാണ്ടു മഹീപതേ!
മഹാതേജസ്വിയന്നുള്ളോൻ സർവ്വഭൂതഹിതോദ്യതൻ. 5
ഹോതാക്കളായ് മഹാത്മാവിൻ സത്രത്തിൽ പാവകോപമർ
കിഴങ്ങു തിന്മോർ കായ് തിന്മോരശ്മകുട്ടർ മരീചിപർ 6
പൃഷ്ഠികന്മാർ വൈഘസികർ പ്രസംഖ്യാനരുമങ്ങനെ
യതിമാർ ഭിക്ഷുക്കളുമങ്ങുണ്ടത്രേ വന്നിരിപ്പവർ. 7

എല്ലാം പ്രത്യക്ഷധമ്മാക്കരം ജിതക്രോധർ ജിതേന്ദ്രിയർ
എല്ലാവരും ദമസ്ഥന്മാർ ഹിംസാദംഭങ്ങരം വിട്ടവർ. 8
ശുദ്ധവൃത്തിക്കാർകരം നിത്യമിന്ദ്രിയാബാധ വിട്ടവർ
ആ യജ്ഞത്തെയുപാസിച്ചു യജിപ്പോരാ മഹഷികരം. 9
ഭഗവാനും യഥാശക്തിയന്നമാജ്ജിച്ചിതങ്ങനെ
ആ യജ്ഞത്തിൽ നടപ്പോന്നു യോഗ്യമായ്ത്തീന്നിതായതും; 10
അമ്മട്ടനേകം മുനികരം യോഗ്യർ ചെയ്തു ക്രതുക്കളെ.
ഇമ്മട്ടായിട്ടഗസ്ത്യൻെറ യജ്ഞമങ്ങു നടക്കവേ, 11
വഷിച്ചില്ലാ സഹസ്രാക്ഷനന്നാം ഭരതസത്തമ!
പിന്നെ രാജൻ, മഹാത്മാവാമഗസ്ത്യൻതൻ ക്രിയാന്തരേ 12
ഭാവിതാത്മമുനീന്ദ്രക്കുണ്ടായീ സംസാരമിങ്ങനെ.

മഹഷിമാർ പറഞ്ഞു

അന്നം നല്ലന്നുണ്ടഗസ്ത്യൻ യജമാനൻ വിമത്സരൻ 13
വഷിക്കുന്നില്ല പജ്ജന്യമന്നമുണ്ടാവതെങ്ങനെ?
ഈ സത്രമോ മാമുനികള പന്തീരാണ്ടേക്കു വിപ്രരേ! 14
ഈപ്പന്തീരാണ്ടു മുഴുവൻ ദേവൻ വഷിക്കയില്ലിഹ.
ഇതു നിങ്ങരം വിചാരിച്ചു ധീമാനാ മാമുനിക്കിഹ 15
തപസ്സേറുമഗസ്ത്യന്നായ് പ്രസാദം ചെയ്തുകൊള്ളുവിൻ.

വൈശമ്പായനൻ പറഞ്ഞു

എന്നു ചൊന്നപ്പൊഴുടനെയങ്ങഗസ്ത്യൻ പ്രതാപവാൻ 16
കുമ്പിട്ടിട്ടാ മുനികളെ പ്രസാദിപ്പിച്ചു ചൊല്ലിനാൻ.

അഗസ്ത്യൻ പറഞ്ഞു

പന്തീരാണ്ടേക്കിന്ദ്രനിങ്ങു വഷിക്കില്ലെന്നിരിക്കിലോ 17
ചിന്തായജ്ഞം കഴിപ്പേൻ ഞാൻ ശാശ്വതം വിധിയാണിതും.
പന്തീരാണ്ടേക്കിന്ദ്രനിങ്ങു വഷിക്കില്ലെന്നിരിക്കിലോ 18
സ്പശയജ്ഞം കഴിപ്പേൻ ഞാൻ ശാശ്വതം വിധിയാണിതും.
പന്തീരാണ്ടേക്കിന്ദ്രനിങ്ങു വഷിക്കില്ലെന്നിരിക്കിലോ 19
ധ്യേയാത്മാവാലാഹരിപ്പേനീ യജ്ഞങ്ങരം യതവ്രതൻ.
ഏറെയാണ്ടേക്കു ഞാൻ നേടീട്ടുണ്ടിങ്ങീബ്ബീജയജ്ഞവും 20
ബീജങ്ങളാൽ ചെയ്യുന്നതു വിഘ്നമുണ്ടാകയില്ലിതിൽ.
ഈയെൻെറ സത്രം പാഴാക്കിവിടാൻ പററില്ലൊരിക്കലും 21
ദേവൻ വഷിക്കിലാമിങ്ങു വഷമില്ലെങ്കിലങ്ങനെ.
അല്പഭൃത്ഥന കാമത്താലിന്ദ്രൻ ചെയ്യാതിരിക്കിലോ 22
സ്വയം ഞാനിന്ദ്രനാം ജീവിപ്പിക്കും പ്രജകളേയുമേ.
ആഹാരജാതമേതെപ്പോളതുണ്ടാകുമതെങ്ങനെ 23
വിശേഷിച്ചും ചെയ്യുവൻ ഞാൻ വീണ്ടും വീണ്ടും മികച്ചുമേ.
ഇന്നെത്തട്ടേ സ്വണ്ണമിങ്ങു മററുള്ള മുതലും ശരി 24

മുപ്പാരിലെന്തുണ്ടതുതാൻ തനിച്ചിവിടെയെത്തണം.
ദിവ്യാപ്സരസ്ത്രീസംഘങ്ങൾ ഗന്ധർവ്വന്മാർകൾ കിന്നരർ 25
ആ വിശ്വാവസുവും മററുമുപാസിക്കട്ടെയെന്മഖം.
എന്തുണ്ടങ്ങുത്തരകുരുക്ഷോണിയിൽപ്പെട്ടെഴും ധനം 26
അതൊക്കയിന്നു യജ്ഞങ്ങൾക്കിങ്ങു താൻതന്നെയെത്തണം
സ്വർഗ്ഗം സ്വർഗ്ഗത്തിലുള്ളോരും സ്വയമേതന്നെ ധർമ്മവും. 27

വൈശമ്പായനൻ പറഞ്ഞു

എന്നു ചൊന്നപ്പൊളൊക്കേയുമുണ്ടായ്വന്നൂ തപസ്സിനാൽ
ദീപ്താഗ്നിഭാസ്സാം തേജസ്വിയഗസ്ത്യമുനിതന്നുടെ 28
തപോബലം കണ്ടിതപ്പോൾ ഹൃഷ്ടരായി മഹർഷികൾ
വിസ്മയിച്ചവരൊക്കേയും പൊരുളൊത്തോതിയിങ്ങനെ. 29

ഋഷികൾ പറഞ്ഞു

പ്രീതരായ് ഞങ്ങൾ നിൻ വാക്കാലിച്ഛിപ്പീലാ തപോവ്യയം
ആ യജ്ഞത്താൽ തുഷ്ടർ ഞങ്ങളിച്ഛിപ്പൂ ന്യായമാംവിധം. 30
യജ്ഞവും ദീക്ഷയും ഹോമം മററും തേടുന്നതൊക്കയും
ന്യായോപാർജ്ജിതഭോജ്യന്മാർ സ്വകർമ്മരതരിജ്ജനം. 31
വേദങ്ങളെ ബ്രഹ്മചര്യാൽ പ്രാർത്ഥിക്കും ന്യായമാംവിധം
ന്യായത്താൽ മേൽഗൃഹം വിട്ടു പോന്നിട്ടുള്ളവരിജ്ജനം. 32
ധർമ്മം കാണും വിധിവഴി തപം ചെയ്യുവരിജ്ജനം
ഹിംസയില്ലാത്തൊരു ബുദ്ധി നന്നായങ്ങയ്ക്കുമിഷ്ടയാം. 33
ഈയഹിംസയെ യജ്ഞത്തിലെന്നും നീ ചൊല്ലണം പ്രഭോ!
ഞങ്ങളെന്നാൽ പ്രീതരായിക്കൊള്ളുമേ ദ്വിജസത്തമ! 34
ഈസ്സത്രം തീർന്നയച്ചിട്ടു പൊയ്ക്കൊള്ളാം പിന്നെയിജ്ജനം.

വൈശമ്പായനൻ പറഞ്ഞു

അവരേവം ചൊല്ലിടുമ്പോൾ ദേവരാജൻ പുരന്ദരൻ 35
തേജസ്വി വർഷിച്ചിതവന്നങ്ങു കണ്ടാത്തപോബലം.
ആ യജ്ഞം കഴിയുംകാലംവരെയ്ക്കമിതവിക്രമൻ 36
നികാമവർഷിയായ്ത്തീർന്നു പർജ്ജന്യൻ ജനമേജയ!
ത്രിദശേശൻ പ്രസാദിപ്പിച്ചീടിനാനങ്ങഗസ്ത്യനെ 37
രാജർഷേ, ഗുരുവേ മുൻപിലാക്കിത്താൻതന്നെ ചെന്നുമേ.
പിന്നെ യജ്ഞം കഴിഞ്ഞിട്ടു വിട്ടയച്ചു മുനീന്ദ്രരെ 38
അഗസ്ത്യനേററവും പ്രീതൻ പൂജചെയ്തു യഥാവിധി.

ജനമേജയൻ പറഞ്ഞു

ആരാണീത്തല പൊന്നായ കീരിരൂപത്തിലുള്ളവൻ
മനുഷ്യവാക്കിനാൽ ചൊല്ലീ? ചോദിപ്പേനിതു ചൊല്ലു മേ. 39

വൈശമ്പായനൻ പറഞ്ഞു

ഇതെന്നോടാദ്യമേ ചോദിച്ചില്ലാ ചൊന്നതുമില്ല ഞാൻ
കേൾക്കകാരീക്കീരിയെന്നും മർത്ത്യവാക്കെന്തിതെന്നുമേ. 40

ശ്രാദ്ധം കല്പിച്ചു ജമദഗ്നിമാമുനി പണ്ടുപോൽ
ഹോമധേനുവുമങ്ങെത്തീ കറന്നാനവളെ സ്വയം. 41

ശുദ്ധപ്പുതുക്കലംതന്നിലാപ്പാൽ വെച്ചീടിനാനവൻ
ക്രോധരൂപത്തൊടാപ്പാത്രംതന്നിൽദ്ധർമ്മം കരേറിനാൻ. 42

ഋഷീന്ദ്രനെപ്പരീക്ഷിപ്പാൻ വിപ്രിയം ചെയ്യിലെന്നിവൻ
ചെയ്യുമെന്നോർത്തുടൻ ധർമ്മമാപ്പാലൊക്കക്കെഴിച്ചതേ; 43

ആ ക്രോധത്തെയറിഞ്ഞിട്ടാ മുനി കോപിച്ചതില്ലഹോ!
ആ ക്രോധം പിന്നെ രാജാവേ, ബ്രാഹ്മണാകൃതി പൂണ്ടുടൻ 44
തോററവാറേ ഭൃഗുശ്രേഷ്ഠൻ തന്നോടോതിയമർഷണൻ.

ക്രോധം പറഞ്ഞു

തോററുപോയ് ഞാൻ ഭൃഗുശ്രേഷ്ഠ, ഭൃഗുക്കളതികോപികൾ 45
പാരിലിപ്പേർ പാഴിലത്രേ ഭവാനെന്നെജ്ജയിക്കയാൽ.
ക്ഷമാവാനായ് മഹാത്മാവാം നിൻെറ പാട്ടിലിരിപ്പു ഞാൻ 46
സാധോ, തപസ്സേപ്പേടിപ്പേൻ പ്രസാദിക്കേണമേ പ്രഭോ!

ജമദഗ്നി പറഞ്ഞു

ക്രോധ, നേരേ കണ്ടു നിന്നെ നീ പൊയ്ക്കൊൾകല്ലലെന്നിയേ
നീ തെററു ചെയ്തില്ലെനിക്കു മന്യുവില്ലിങ്ങെനിക്കെടോ. 47
ഈപ്പാലിനുള്ള സങ്കല്പം ഞാനാരെപ്പററിയോർത്തുവോ,
ആപ്പിതൃക്കൾ മഹാഭാഗരവരിൽക്കാണ്ക പോക നീ. 48

വൈശമ്പായനൻ പറഞ്ഞു

എന്നു കേട്ടു ഭയപ്പെട്ടിട്ടവിടെത്താൻ മറഞ്ഞുതേ
പിതൃക്കളുടെ ശാപത്താൽ കീരിയായ്ത്തീർന്നിതായവൻ. 49
പ്രസാദിപ്പിച്ചിതവരെശ്ശാപാന്തം തരികെന്നു താൻ
അവർ ചൊല്ലീ "ശാപമോക്ഷം ധർമ്മാക്ഷേപം കഴിക്കിലാം." 50
അവർ ചൊന്നോൻ യജ്ഞദേശം ധർമ്മാരണ്യവുമങ്ങനെ
വെറുത്തു കൊണ്ടാടിയിവനാ യജ്ഞത്തിങ്കലെത്തിനാൻ. 51
സക്തുപ്രസ്ഥത്തിനാൽദ്ധർമ്മപുത്രാക്ഷേപം കഴിച്ചവൻ
ക്രോധം നേടീ ശാപമോക്ഷം ധർമ്മനല്ലോ യുധിഷ്ഠിരൻ. 52
ഇമ്മട്ടിലാ മഹാത്മാവിൻ യജ്ഞത്തിങ്കൽ നടന്നമേൽ
ഞങ്ങളൊക്കക്കണ്ടുനില്ക്കെക്കീരിയങ്ങു മറഞ്ഞുപോയ്. 53

ആശ്രമവാസികപൎവ്വം

ആശ്രമവാസപർവ്വം

നാരായണനെയും സാക്ഷാൽ നരനാം നരനേയുമേ
സരസ്വതീദേവിയേയും നമിച്ചു ജയമോതുക.

1. ധൃതരാഷ്ട്രനിൽ പാണ്ഡവന്മാരുടെ വൃത്തി

ധർമ്മപുത്രാദികൾ ധൃതരാഷ്ട്രന്റെ ഹിതാനുവർത്തികളായി കഴിഞ്ഞുകൂടുന്നു. കുന്തിപാഞ്ചാലീപ്രഭൃതികൾ ഗാന്ധാരിയേയും സേവിക്കുന്നു. ചൂതുകളിയെത്തുടർന്നുണ്ടായ സംഭവങ്ങൾ മറക്കാൻ കഴിയാത്ത ഭീമസേനൻ മാത്രം ഇതിൽനിന്നെല്ലാം ഒഴിഞ്ഞുമാറി നില്ക്കുന്നു.

ജനമേജയൻ പറഞ്ഞു

രാജ്യം നേടി മഹാത്മാക്കളെൻ പിതാമഹർ പാണ്ഡവർ
നിന്നതെങ്ങനെ വൻപേറും ധൃതരാഷ്ട്രക്ഷിതീശനിൽ? 1
ആ രാജാവു ഹതാമാത്യൻ ഹതപുത്രൻ ഹതാശ്രയൻ
ഹതൈശ്വര്യൻ നിന്നതെന്തോട്ടാഗ്ഗാന്ധാരിയുമങ്ങനെ? 2
എത്രകാലം പിന്നെയവരെന്റെ പൂർവ്വപിതാമഹർ
രാജ്യം വാണു മഹാത്മാക്കളായതും വിവരിക്കണേ! 3

വൈശമ്പായനൻ പറഞ്ഞു

രാജ്യം നേടി മഹാത്മാക്കൾ ഹതവൈരികൾ പാണ്ഡവർ
ധൃതരാഷ്ട്രനെ മുൻപാക്കിപ്പാലനം ചെയ്തു പാരിടം. 4
വിദുരൻ സഞ്ജയൻതാനും സേവിച്ചു ധൃതരാഷ്ട്രനെ
കുരുസത്തമ, മേധാവി വൈശ്യാപുത്രൻ യുയുത്സുവും. 5
കാര്യങ്ങളൊക്കച്ചോദിച്ചിതാ മന്നനൊടു പാണ്ഡവർ
അവന്റെ സമ്മതാൽ ചെയ്തു പതിനയ്യാണ്ടു കാലമേ. 6
എന്നുമാ വീരർ ചെന്നിട്ടു സേവിച്ചാരാ നരേന്ദ്രനെ
കാല്ക്കൽക്കുമ്പിട്ടുമേ ധർമ്മരാജച്ചൊല്പടി നില്പവർ 7
മൂർദ്ധാവിൽ ഘ്രാണനംചെയ്തുവിട്ടോർ കാര്യം നടത്തിനാർ.
ഗാന്ധാരിയെപ്പിൻതുടർന്നു കുന്തിഭോജന്റെ പുത്രിയും; 8
പാഞ്ചാലിയും സാത്വതി*യും പാണ്ഡവസ്ത്രീകൾ മററുമേ
ഒരേനിലയ്ക്കായാ ശ്വശ്രുക്കളിൽ നിന്നു യഥാവിധി. 9
വിലയേറുന്ന ശയനം വസ്ത്രമാഭരണങ്ങളും

* സാത്വതി=സുഭദ്ര.

മററും രാജാർഹങ്ങൾ ഭക്ഷ്യഭോജ്യങ്ങളുമസംഖ്യമേ 10
ധൃതരാഷ്ട്രന്നാഹരിച്ചു[1] മഹാരാജ, യുധിഷ്ഠിരൻ;
കുന്തി ഗാന്ധാരിയിൽ ചെയ്തു ഗുരുവൃത്തിയതേവിധം. 11
വിദുരൻ സഞ്ജയൻതാനും ഹേ, കൗരവ, യുയുത്സുവും
ഉപാസിച്ചു മക്കൾ ചത്ത വൃദ്ധനാകും നരേന്ദ്രനെ. 12
ദ്രോണന്റെ ഭാര്യാസഹജൻ പ്രിയനാം വിപ്രനില്ലയോ,
ആ വില്ലാളി കൃപൻതാനും നിന്നാനവനിലങ്ങനെ. 13
ഭഗവാൻ വ്യാസനും നിത്യം നൃപനൊന്നിച്ചു മേവിനാൻ
പുരാണനൃഷിദേവർഷി പിതൃരക്ഷഃപ്രസംഗമായ്[2]. 14
ധർമ്മമൊക്കുന്ന കാര്യങ്ങൾ വ്യവഹാരങ്ങളൊത്തവ
ധൃതരാഷ്ട്രാനുവാദത്താൽ ചെയ്യിച്ചു വിദുരൻ പരം. 15
പ്രിയകാര്യങ്ങളിവനു സാമന്തർവഴിയേറെയും
കിട്ടീ സ്വല്പം സ്വത്തുകൊണ്ടും വിദുരന്റെ നയത്തിനാൽ. 16
ചെയ്താനവൻ ബന്ധമോക്ഷം വധ്യരേ വിട്ടയയ്ക്കലും
രാജാവു ധർമ്മജനതിലൊന്നും ചൊല്ലീലൊരിക്കലും. 17
വിഹാരയാത്രകളിലാക്കുരുരാജൻ യുധിഷ്ഠിരൻ
തേജസ്വി കാമമൊക്കേയുമംബികാസുത[3]നേകിനാൻ. 18
പരിപ്പുകാർ കറിക്കാരും രാഗഷാഡബ[4]കാരരും
ധൃതരാഷ്ട്രക്ഷിതിപനെസ്സേവിച്ചു മുൻപടിക്കുതാൻ. 19
വിലയേറുന്ന വസ്ത്രങ്ങൾ മാല്യങ്ങൾ പലമാതിരി
മുറയ്ക്കുപാഹരിച്ചാരാധൃതരാഷ്ട്രന്നു പാണ്ഡവർ. 20
മൈരേയ[5]മത്സ്യമാംസങ്ങൾ പാനകങ്ങൾ മധുക്കളും
ചിത്രഭക്ഷ്യങ്ങൾ പലതുമവന്നുണ്ടാക്കി മുൻപടി. 21
ഓരോരിടത്തിൽനിന്നെത്തും മന്നവന്മാരുമങ്ങനെ
എല്ലാരും ചെന്നു സേവിച്ചു കൗരവേന്ദ്രനെ മുൻപടി. 22
കുന്തി പാഞ്ചാലി പേർകേട്ടുള്ളാസ്സുഭദ്രയുമങ്ങനെ
നാഗാംഗനോലൂപി ചിത്രാംഗദാദേവിയുമാവിധം 23
ധൃഷ്ടകേതുസ്വസാവേവം ജരാസന്ധകുമാരിയും
ഇവരും മററു പലരും നാരിമാർ പുരുഷർഷഭ! 24
ദാസിമാർ പോലെ സേവിച്ചു മററും സുബലപുത്രിയെ.
"മക്കളെല്ലാം പോയൊരിവനേല്ക്കൊല്ലാ ദുഃഖമൊന്നുമേ" 25
എന്നാ ഭ്രാതാക്കളോടെന്നുമാജ്ഞാപിച്ചു യുധിഷ്ഠിരൻ.
ഇമ്മട്ടു പൊരുളൊത്തോരാദ്ധർമ്മരാജാജ്ഞ കേട്ടവർ 26

---

1 ആഹരിക്ക=എത്തിച്ചുകൊടുക്കുക. 2 ഋഷിദേവർഷിപിതൃരക്ഷഃപ്രസംഗമായ്= രാജർഷികളുടേയും ദേവർഷികളുടേയും പൂർവ്വപിതാമഹന്മാരുടേയും രാക്ഷസന്മാരുടേയും കഥകൾ പറഞ്ഞുകൊണ്ട്. 3 അംബികാസുതൻ=ധൃതരാഷ്ട്രൻ. 4 രാഗഷാഡബം=ഒരുതരം രസം. 5 മൈരേയം=ഒരുതരം മദ്യം.

വിശേഷിച്ചും നോക്കിനിന്നിതൊരുവൻ ഭീമനെന്നിയേ.
ആ വീരന്നോ കരളിൽനിന്നൊഴിയുന്നില്ല ചെററുമേ 27
ധൃതരാഷ്ട്രൻെറ ദുഷ്ടാലാച്ചൂതിലുണ്ടായൊരാക്കഥ.

2. ധൃതാരഷ്ട്രനിൽ പാണ്ഡവന്മാരുടെ വൃത്തി

ധൃതരാഷ്ട്രന് നാട്ടുകാരിൽ ഒരാളും ഒരപ്രിയവും ചെയ്യപോകരുതെന്നു ധർമ്മപുത്രൻ പ്രഖ്യാപനം ചെയ്യുന്നു. കഴിഞ്ഞതെല്ലാം മറന്നു് എല്ലാവരും ആ് കൗരവപിതാവിനെ ബഹുമാനിക്കുന്നു. ഭീമസേനനും മനസ്സില്ലാമനസ്സോടെ ജ്യേഷ്ഠനെ അനുസരിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

ഏവം പാണ്ഡവർ പൂജിച്ചുപോരുന്നോരംബികാസുതൻ
വിഹരിച്ചു മുൻപടിക്കു മുനിമാരൊത്തുകൂടിയോൻ. 1
ബ്രഹ്മദേയാഗ്രഹാരങ്ങൾ കൊടുത്താനാകുരുദ്വഹൻ
കുന്തീനന്ദനരാജാവു സമ്മതിച്ചാനതൊക്കയും. 2
ആനൃശംസ്യപരൻ[1] ഭൂപൻ പ്രീതി പൂണ്ടു യുധിഷ്ഠിരൻ
ചൊന്നാനപ്പോൾത്തമ്പിമാരോടമാത്യരൊടുമാ നൃപൻ. 3

ധർമ്മപുത്രൻ പറഞ്ഞു

എനിക്കുമേവം നിങ്ങൾക്കും മാന്യനാണീ നരേശ്വരൻ
ധൃതരാഷ്ട്രച്ചൊല്പടിക്കു നില്പോനെൻെറ സുഹൃത്തവൻ; 4
മറിച്ചായാൽ ശത്രുവെനിക്കാ മനുഷ്യൻ നിയമ്യ[2]നാം.

വൈശമ്പായനൻ പറഞ്ഞു

പിതൃവൃത്തി ദിനംതോറും മക്കൾക്കും ശ്രാദ്ധകർമ്മമേ 5
മററും സുഹൃത്തുക്കൾക്കും താനിവനെപ്പോൾ നിനച്ചുവോ
അപ്പൊഴാക്കൗരവനൃപൻ ധൃതരാഷ്ട്രൻ മഹാശയൻ 6
യഥാർഹരാം ബ്രാഹ്മണർക്കു നല്കീ വിത്തമസംഖ്യമേ.
ധർമ്മജൻ ഭീമനാസ്സവ്യസാചി മാദ്രീകുമാരരും 7
അതൊക്കയും സമ്മതിച്ചിതവന്നിഷ്ടം നിനയ്ക്കയാൽ.
'എങ്ങനേ മന്നവൻ വൃദ്ധൻ പുത്രപൗത്രവധാർത്തിതൻ 8
ഞങ്ങൾമൂലം ശോകമേററു ചാകാതാ'മെന്നുമോർക്കയാം.
'കുരുവീരന്നു പുത്രന്മാർ ജീവിക്കെസ്സുഖമെത്രയോ 9
അത്ര ഭോഗങ്ങളേല്ക്കട്ടെ'യെന്നുറപ്പിച്ചു നില്ക്കയാം.
പിന്നെയൊന്നിച്ചുകൂടീട്ടാപ്പഞ്ചഭ്രാതാക്കൾ പാണ്ഡവർ 10
അമ്മട്ടു ശീലമായ് നിന്നൂ ധൃതരാഷ്ട്രൻെറയാജ്ഞയിൽ.
ധൃതരാഷ്ട്രൻ വിനയമായ് നില്ക്കുന്നവരെയൊക്കയും 11
ശിഷ്യവൃത്തിയെടുത്തോരെ സ്വീകരിച്ചു ഗുരുക്രമാൽ[3].

---

1 ആനൃശംസ്യപരൻ = അത്യന്തം ദയാലു. 2 നിയമ്യൻ = ശിക്ഷാർഹൻ.
3 ഗുരുക്രമാൽ = ഗുരുവിനെപ്പോലെ.

ഗാന്ധാരിയും സുതന്മാർക്കു പലേ ശ്രാദ്ധപ്രവൃത്തിയാൽ 12
ആനൃണ്യമേററു കാമംപോലന്തണർക്കു കൊടുത്തവൾ.
ഏവം ധർമ്മിഷ്ഠരിൽ ശ്രേഷ്ഠൻ ധർമ്മരാജൻ യുധിഷ്ഠിരൻ 13
ധീമാൻ ഭ്രാതാക്കളോടൊത്തു പൂജിച്ചാനാ നരേന്ദ്രനെ.
ആ രാജാവതിതേജസ്വി വൃദ്ധൻ കുരുകുലോദ്വഹൻ 14
കണ്ടതില്ലന്നു ചെറുതുമപ്രിയം പാണ്ഡുപുത്രനിൽ.
സദ്വൃത്തിപൂണ്ടിരിപ്പോരാ യോഗ്യരാം പാണ്ഡുപുത്രരിൽ 15
പ്രീതിപൂണ്ടാനാംബികേയൻ ധൃതരാഷ്ട്രക്ഷിതീശ്വരൻ.
സുബലാത്മജ ഗാന്ധാരിയാപ്പുത്രാർത്തി കളഞ്ഞുമേ 16
എപ്പോഴും പ്രീതയായ്ത്തീർന്നു തൻെറ മക്കളിലാംവിധം.
പ്രിയങ്ങൾ താനപ്രിയങ്ങളെന്ന്യേ കുരുകുലോദ്വഹൻ 17
വൈചിത്ര്യവീര്യനൃപ*നിലാചരിച്ചിതു വീര്യവാൻ.
എന്തെന്തോരോന്നു ചൊല്ലുന്നു ധൃതരാഷ്ട്രജനാധിപൻ 18
വലുതോ ചെറുതോ കാര്യം ഗാന്ധാരീദേവിതാനുമേ
അങ്ങാ നൃപൻ മഹാരാജ, പാണ്ഡവർക്കു ധുരന്ധരൻ 19
പൂജിച്ചതാതു വാക്കപ്പോൾ ചെയ്തു ശത്രുവിനാശനൻ.
അവൻെറയാ വൃത്തിയാലാ മന്നവൻ പ്രീതനായിനാൻ 20
മന്ദധീയാമാ മകനെയോർത്തിട്ടനുതപിച്ചുതേ.
എന്നും കാലത്തെഴുന്നേററു ജപിച്ചു ശുചിയാം നൃപൻ 21
പ്രാർത്ഥിക്കുന്നു 'പാണ്ഡവർക്കു തോലി പററായ്ക പോർകളിൽ.'
വിപ്രരിൽ സ്വസ്തി ചൊല്ലിച്ചുമഗ്ന്യാഹുതി കഴിച്ചുമേ 22
പാണ്ഡവന്മാർക്കു ദീർഘായുസ്സാശംസിച്ചു നരാധിപൻ.
മക്കൾമൂലവുമാ പ്രീതിയേററിട്ടില്ലാ കുരൂദ്വഹൻ 23
പാണ്ഡവന്മാർമൂലമന്നാ പ്രീതിയേററവിധം നൃപൻ.
ബ്രാഹ്മണർക്കിങ്ങെപ്രകാരം ക്ഷത്രിയർക്കെപ്രകാരമോ 24
അപ്രകാരം വൈശ്യശൂദ്രക്കൂട്ടർക്കും പ്രിയനായിനാൻ.
അന്നെന്തു കുററമാധാർത്തരാഷ്ട്രന്മാർ ചെയ്തിരുന്നുവോ 25
ആക്കുററമോർക്കാതവനാ മന്നനെപ്പിൻതുടർന്നുതേ.
ഒരാളാരാനുമേതാനുമപ്രിയം ധൃതരാഷ്ട്രനിൽ 26
ചെയ്യുകിൽ ദ്വേഷ്യനാം ധീമാനാകും കൗന്തേയനായവൻ.
ധൃതരാഷ്ട്രനൃപൻേറയുമങ്ങു ദുര്യോധനൻെറയും 27
ദുഷ്കൃതം ചൊല്ലിയില്ലാരും യുധിഷ്ഠിരഭയത്തിനാൽ.
ധൃതി ശൗചങ്ങളാൽ മന്നൻ ഗാന്ധാരി വിദുരൻ തഥാ 28
സന്തോഷിച്ചു ധർമ്മജനിലില്ലാ ശത്രുഘ്ന, ഭീമനിൽ.
ചിന്തയെന്ന്യേ പിൻതുടർന്നു ഭീമനും ധർമ്മപുത്രനെ 29

* വൈചിത്ര്യവീര്യനൃപൻ=വിചിത്രവീര്യൻെറ പുത്രനായ രാജാവ്; ധൃതരാഷ്ട്രൻ.

ധൃതരാഷ്ട്രനെ നോക്കുമ്പോഴും ദുർമ്മനസ്സാകുമായവൻ.
രാജാവിനെപ്പിൻതുടർന്നോരണ്ണനെശ്ശത്രുമർദ്ദനൻ 30
പിൻതുടർന്നിതു കൗരവ്യൻ കരളാൽ പിൻതിരിഞ്ഞവൻ.

3. ധൃതരാഷ്ട്രനിർവ്വേദം

പക വിട്ടുമാറാത്ത ഭീമൻ ധൃതരാഷ്ട്രനെ രഹസ്യമായി പീഡിപ്പിക്കുന്നു. ഒരിക്കൽ, താൻ ദുര്യോധനാദികളെ കൊന്നൊടുക്കിയതിനെപ്പററി ഭീമൻ വീരവാദം മുഴക്കിയതുകേട്ട കൗരവപിതാവു് പശ്ചാത്തപിച്ചു പട്ടിണി കിടക്കുന്നു. കുറെ കഴിഞ്ഞശേഷം കാട്ടിൽ പോയി ആയുശ്ശേഷം അവിടെ കഴിച്ചുകൂട്ടാൻ തന്നെ അനുവദിക്കണമെന്നു ധൃതരാഷ്ട്രൻ ധർമ്മപുത്രനോടു പറയുന്നു. അവർ രണ്ടുപേരും തമ്മിലുള്ള സംവാദം. യാദൃച്ഛികമായി വ്യാസൻ അവിടെ വന്നുചേരുന്നു.

വൈശമ്പായനൻ പറഞ്ഞു

യുധിഷ്ഠിരക്ഷിതിപനും ദുര്യോധനപിതാവിനും
രാജ്യത്തിൽ പ്രണയത്തിങ്കലാരുക്കാർ കണ്ടീലൊരന്തരം. 1
എപ്പോഴും കൗരവരാജാവാദ്ദുഷ്ടപുത്രനെയോർക്കുമോ
അപ്പോഴും ഭീമനെയുംകൊണ്ടു[1] ശപിച്ചാനാ നൃപൻ നൃപ! 2
അപ്രകാരം ഭീമനുമാദ്ധൃതരാഷ്ട്രക്ഷിതീശനെ
പൊറുത്തതില്ലാ രാജേന്ദ്ര, ദുഷ്ടമട്ടെന്നുമുള്ളിനാൽ. 3
ഇവന്നഞ്ഞൊളിവായു് ചെയ്തിതപ്രിയങ്ങൾ വൃകോദരൻ
ആജ്ഞ തെററിച്ചു കൃതകഭൃത്യന്മാരാലെയെപ്പൊഴും. 4
അവന്റെ ദുർമ്മന്ത്രിതവും തൊഴിലും ചിലതോർത്തവൻ
പിന്നെബ്ഭീമൻ സുഹൃന്മദ്ധ്യത്തിങ്കൽ കൈയൊച്ച കൂട്ടിനാൻ.
ഗാന്ധാരീധൃതരാഷ്ട്രന്മാർ കേൾക്കുംദിക്കിലമർഷണൻ
ഓർത്തും ദുര്യോധനൻ കർണ്ണൻ ദുശ്ശാസനനിവററിനെ 6
ചൊല്ലീ ചൊടിയൊടാബ്ഭീമൻ പരം പരുഷമിങ്ങനെ.

ഭീമൻ പറഞ്ഞു

ഇരുമ്പുലക്കൈയെൻ ഞാനന്ധഭൂപന്റെ മക്കളെ 7
ഒട്ടുക്കു കാലന്നൂർ കേററീ നാനാശസ്ത്രാസ്ത്രയോധരെ.
ദുരാസദങ്ങളെൻ കൈകൾ പരിഘാഭങ്ങൾ[2]ളാണിവ 8
ഇവയ്ക്കിടയിലാപ്പെട്ടു മുടിഞ്ഞു ധൃതരാഷ്ട്രജർ.
എന്റെയാക്കൈകളിവ നൽച്ചന്ദനം പൂശിടേണ്ടവ 9
മുടിഞ്ഞതിവയാലല്ലോ സബാന്ധവസുയോധനൻ.

വൈശമ്പായനൻ പറഞ്ഞു

ഇവയും മററു പലതും ശല്യപ്രായം നരാധിപൻ 10
വൃകോദരന്റെ മൊഴികൾ കേട്ടു നിർവ്വേദമാണ്ടുപോയു്.

---

1 ഉൾകൊണ്ടു് = മനസ്സുകൊണ്ടു്. 2 പരിഘാഭങ്ങൾ = ഇരിമ്പുലക്കപോലുള്ളവ.

കാലമാററത്തെയറിയുമാബ്ബുദ്ധിമതി ദേവിയാം 11
സവ്വധമ്മജ്ഞ ഗാന്ധാരി കേട്ടാളീയപ്രിയങ്ങളെ.
പിന്നീടു പതിനയ്യാണ്ടു കഴിഞ്ഞളവിലാ നൃപൻ 12
നിവ്വേദം പൂണ്ടിതരചൻ ഭീമവാഗ്ബാണപീഡിതൻ.
അതറിഞ്ഞില്ല രാജാവു കുന്തീപുത്രൻ യുധിഷ്ഠിരൻ 13
ശ്വേതാശ്വൻ കുന്തിയും പേർകേട്ടുള്ള പാഞ്ചാലിയും ശരി.
ധമ്മജ്ഞർ മാദ്രീസുതരും തച്ചിത്തം പിൻതുടന്നതേ 14
നൃപൻെറയുള്ള കാക്കുന്നോർ പറഞ്ഞില്ലൊന്നുമപ്രിയം.
സുഹൃജ്ജനത്തിനെപ്പിന്നെദ്ധൃതരാഷ്ട്രൻ വരുത്തിനാൻ
ഏററവും തൊണ്ടയിടറീട്ടവരോടിതുമോതിനാൻ. 15

ധൃതരാഷ്ട്രൻ പറഞ്ഞു

നിങ്ങൾക്കിതറിവുണ്ടല്ലോ കുരുവംശക്ഷയക്രമം
എൻ കുററത്താലതൊക്കേയും സമ്മതിച്ചിതു കൗരവർ. 16
ഞാനല്ലോ മന്ദനാ ജ്ഞാതിഭയകൃത്തായ ദുഷ്ടനെ
കൗരവന്മാക്കധിപനായ് ദുര്യോധനനെ വധിച്ചതും[1] 17
പൊരുളൊക്കും വാസുദേവവാക്കു കേൾക്കാതിരുന്നതും
''വധിക്ക പാപി സാമാത്യനാമീ ദുഷ്ടനെ''യെന്നുമേ. 18
പുത്രസ്നേഹാക്രാന്തനാം ഞാൻ ഹിതം പണ്ഡിതർ ചൊല്കിലും
വിദുരൻ ഭീഷ്മരാ ദ്രോണാചാര്യൻ കൃപരുമങ്ങനെ 19
അടിക്കടി മഹാത്മാവാം ഭഗവാൻ വ്യാസനും ശരി
സഞ്ജയൻ ഗാന്ധാരിയുമന്നതോത്തിന്നുതപിപ്പു ഞാൻ. 20
ഗുണമേറും മഹാത്മാക്കൾ പാണ്ഡുപുത്രരിലന്നു ഞാൻ
പിതൃപൈതാമഹമുറ ദീപ്തശ്രീയേകിയില്ലഹോ! 21
മന്നവന്മാക്കൊക്ക നാശം പാത്തു കാണും ഗദാഗ്രജൻ
മുഖ്യശ്രേയസ്സൊന്നിതുതാനെന്നു കണ്ടു ജനാദ്ദനൻ. 22
ആ ഞാനാത്മാവിനന്നുണ്ടായുള്ളളീക[2]ങ്ങളൊക്കയും
കരളിൽ ശല്യമട്ടായിദ്ധരിക്കുന്നുണ്ടസംഖ്യമേ. 23
വിശേഷിച്ചും കാണ്മനിപ്പോൾ പതിനയ്യാമതാണ്ടിതും
ഇപ്പാപത്തിൻെറ ശുദ്ധിക്കായ് നിയതൻ ഞാൻ സുദുമ്മതി 24
നാലാംകാലത്തു ചിലപോതെട്ടാംകാലത്തുമങ്ങനെ
ദാഹം തീപ്പാൻ ഭുജിപ്പൂ ഞാൻ ഗാന്ധാരിക്കറിവുണ്ടതും. 25
ഉണ്ണാറുണ്ടെന്നെന്നുമെന്നെയെല്ലാപ്പരിജനങ്ങളും
യുധിഷ്ഠിരഭയാൽ കാണ്മൂ തപിപ്പൂ പാണ്ഡവൻ ഭൃശം. 26
മന്നിൽക്കിടപ്പേൻ ജപമായ് ദർഭയിൽത്തോൽവിരിച്ചു ഞാൻ

---

1 ഇവിടെ എന്തോ പിശകുപററീട്ടുണ്ട്. 'ദുര്യോധനം കൗരവാണാമാധിപത്യേഭ്യഷേചയം' എന്നാണു മൂലം. 'വാഴിച്ചതു്' എന്നത്ഥമുള്ള വല്ല വാക്കും തമ്പുരാൻ പറഞ്ഞതു് പകപ്പെഴുത്തുകാരൻ 'വധിച്ചതു്' എന്നെഴുതിപ്പോയതാണെന്നുള്ളതു തീച്ച്. പരിഭാഷകൻ ഉദ്ദേശിച്ച വാക്ക് എന്താണെന്നു വ്യക്തമല്ല. 2 അളീകം = അപ്രിയം.

വ്രതാപദേശാൽ[1] പേർ കേട്ട ഗാന്ധാരിയുമതേവിധം. 27

പോരിൽ പിന്മാറിടാതുള്ള നൂറു മക്കൾ മരിച്ചവർ
അതിൽ ഞാൻ തപിയാ ക്ഷത്രധർമ്മം കാണുന്നതുണ്ടവർ. 28

എന്നോതിക്കൗരവൻ ധർമ്മരാജാവിനോടു ചൊല്ലിനാൻ:
"യാദവീപുത്ര, നന്നായിവരുമെൻ വാക്കു കേൾക്ക നീ. 29

ഉണ്ണീ, സുഖം പാർത്തിതു ഞാൻ നീ നന്നായ് കാത്തുകൊണ്ടവൻ
മഹാദാനങ്ങളും നല്കീ പരം ശ്രാദ്ധങ്ങൾ വീണ്ടുമേ. 30

ഉണ്ണീ, പ്രകൃഷ്ടമാം പുണ്യം[2] യഥാശക്തി കഴിച്ചു ഞാൻ
മക്കൾ ചത്തോരു ഗാന്ധാരി ധൈര്യാൽ നോക്കുന്നിതെന്നെയും.

ദ്രൗപദീദ്രോഹകർത്താക്കൾ നിന്റെയൈശ്വര്യഹാരികൾ
ആ നൃശംസന്മാർ കഴിഞ്ഞു സ്വധർമ്മാൽ പോരിൽ വീഴ്കീയോർ.

മറുകെ വേണ്ടതായ്ക്കാണ്മീലവരിൽ കുരുനന്ദന!
അവരെത്തീ ശസ്ത്രധരലോകം നേരിട്ടു ചത്തവർ. 33

ആത്മാവിന്നു ഹിതം പുണ്യമിപ്പോൾ ചെയ്യേണ്ടതുണ്ടു മേ.
ഗാന്ധാരിക്കും മഹാരാജ, സമ്മതിക്കുകതിന്നു നീ. 34

നീയോ ശസ്ത്രധരശ്രേഷ്ഠനെപ്പൊഴും ധർമ്മവത്സലൻ
രാജാവു ഗുരു ഭൂതങ്ങൾക്കതിനാൽ പറയുന്നു ഞാൻ. 35

വീര, നിൻ സമ്മതത്തോടും കാട്ടിൽ പോയ് പാർത്തിടട്ടെ ഞാൻ
ചീരവല്ക്കലവും ചുറ്റിഗ്ഗാന്ധാരീസഹിതൻ നൃപ! 36

നിനക്കാശിസ്സുമേകിക്കൊണ്ടരണ്യചരനാകുവൻ
ഉണ്ണീ, നമ്മുടെ വംശത്തിലേവർക്കും ഭരതർഷഭ! 37

മക്കൾക്കൈശ്വര്യമാക്കിക്കാടൊടുക്കം ചേരുമേ നൃപ!
അങ്ങു ഞാൻ കാറ്റുണ്ടുകൊണ്ടോ പാർക്കാം ഭക്ഷിച്ചിടാതെയോ. 38

തപഃഫലം നീയുമേല്ക്കുമുണ്ണീ മന്നവനല്ലയോ
ശുഭാശുഭങ്ങളുടയ ഫലം രാജാക്കളേല്ക്കുമേ." 39

യുധിഷ്ഠിരൻ പറഞ്ഞു

എനിക്കു രാജ്യം പ്രിയമല്ലങ്ങിത്ഥം മാഴ്കവേ നൃപ!
ഞാൻ മോശമേറ്റം ദുർബ്ബുദ്ധി രാജ്യസക്തൻ പ്രമാദവാൻ. 40

ഈ ഞാൻ ദുഃഖം പൂണ്ടു ഭവാനുപവാസകൃശൻ ഭൃശം
ജിതാഹാരൻ[3] ഭൂശയ[4]നെന്നറിഞ്ഞില്ലനുജാന്വിതൻ. 41

അയ്യോ! ഭവാൻ ഗൂഢബുദ്ധിയെന്നെ വഞ്ചിച്ചു മൂഢനെ
മുൻപെന്നെ വിശ്വസിപ്പിച്ചീ ദുഃഖമേല്ക്കുകയല്ലയോ? 42

എനിക്കു രാജ്യം ഭോഗങ്ങൾ യജ്ഞം സുഖവുമെന്തിനാം?
ഈ ഞാൻമൂലം മഹീപാല, നീയീദ്ദുഃഖങ്ങളേല്ക്കയാം. 43

---

1 വ്രതാപദേശാൽ = വ്രതം എന്ന കളവു പറഞ്ഞു്. 2 പുണ്യം = പുണ്യകർമ്മങ്ങൾ. 3 ജിതാഹാരൻ = ആഹാരം കഴിക്കാത്തവൻ. 4 ഭൂശയൻ = നിലത്തു കിടന്നുറങ്ങുന്നവൻ.

കാണ്മേൻ പീഡപ്പെട്ട രാജ്യമാത്മാവിനെയുമിങ്ങു ഞാൻ
ദുഃഖം പൂണ്ട ഭവാൻ ചൊന്നോരീ വാക്കാലെ നരേശ്വര! 44
ഭവാനച്ഛൻ ഭവാനമ്മ ഭവാൻ ഞങ്ങൾക്കു വൻ ഗുരു
ഭവാൻ വേർവിട്ടു പോയീടിൽ ഞങ്ങൾ നില്ക്കുന്നതെങ്ങുവാൻ? 45
ഭവാന്റെയൗരസസുതൻ യുയുത്സു നൃപസത്തമ!
രാജാവാട്ടേ മഹാരാജ, ഭവാനോർത്തീടുമന്യനോ. 46
ഞാൻ കാടു പൂകുവേൻ നാടു പരിപാലിച്ചുകൊൾക നീ.
അയശസ്സാൽ വെന്തൊരെന്നെ വീണ്ടും വേവിച്ചിടൊല്ല നീ. 47
ഞാൻ രാജാവല്ലങ്ങു രാജാവങ്ങയ്ക്കടിമയാണു ഞാൻ
ധർമ്മജ്ഞ, ഗുരുവാമങ്ങയ്ക്കനുജ്ഞയിവനേകയോ? 48
മന്യു ദുര്യോധനമൂലം ഞങ്ങൾക്കില്ലനഘാശയ!
വരാനുള്ളതതവ്വണ്ണം, മോഹിച്ചു ഞങ്ങളന്യരും. 49
ഞങ്ങൾ നിർമ്മക്ക,ളാദ്ദുര്യോധനാദികൾ കണക്കിനെ
ഗാന്ധാരിയും കുന്തിയും രണ്ടാളും വ്യത്യാസമില്ല മേ. 50
ആബ്‌ഭവാനെന്നെ രാജേന്ദ്ര, കൈവെടിഞ്ഞു ഗമിക്കുകിൽ
പിന്നാലെ പോന്നിടും ഞാനുമാത്മാവാണിതു സത്യമാം. 51
വസുസമ്പൂർണ്ണയായോരീയാഴിചൂഴുമൊരുഴിയും
ഭവാൻ വേർപെട്ടോരെനിക്കു സന്തോഷമുളവാക്കിടാ. 52
ഭവാന്റെയാണിതൊക്കെയും കുമ്പിട്ടു കനിയിക്കുവേൻ
നിൻപാട്ടിൽ ഞങ്ങൾ രാജേന്ദ്ര, പോകട്ടേ നിൻ മനോജ്വരം. 53
വരാനുള്ളതു വന്നേറ്റോൻ ഭവാൻ നൂനം ധരാപതേ!
ഭാഗ്യാൽ ഭവാനെശ്ശുശ്രൂഷിച്ചുള്ളിലുള്ളല്ലൽ പോക്കുവൻ. 54

ധൃതരാഷ്ട്രൻ പറഞ്ഞു

ഉണ്ണീ, തപസ്സിലെന്നുള്ളം നില്ക്കുന്നു കുരുനന്ദന!
ചേരും നമ്മുടെ വംശക്കാർക്കരണ്യഗമനം പ്രഭോ! 55
ഉണ്ണീ, ചിരം പാർത്തു ചിരം നിന്റെ ശുശ്രൂഷയേറ്റു ഞാൻ
വൃദ്ധനാകുമെനിക്കങ്ങുന്നനുജ്ഞ തരണേ നൃപ! 56
എന്നു ധർമ്മജനോടോതി വിറച്ചു തൊഴുതങ്ങനെ
ധൃതരാഷ്ട്രക്ഷിതിപതി പറഞ്ഞാനംബികാസുതൻ 57
വൻപെഴും സഞ്ജയനൊടും തേരാളി കൃപനോടുമേ:
“ഭവാന്മാരീ മന്നവനെസ്സമ്മതിപ്പിച്ചിടേണമേ! 58
തളരുന്നുണ്ടെന്മനസ്സു ശോഷിച്ചീടുന്നു വക്ത്രവും
മൂത്തുപോയ വയസ്സാലും വാഗായാസത്തിനാലുമേ.” 59

വൈശമ്പായനൻ പറഞ്ഞു

എന്നുരച്ചാദ്ധർമ്മബുദ്ധി വൃദ്ധൻ ഭൂപൻ കുരൂദ്വഹൻ
ധീമാൻ ഗാന്ധാരിയിൽച്ചാഞ്ഞു പ്രാണൻപോയപടിക്കുടൻ. 60
ബോധം കെട്ടാക്കൗരവേന്ദ്രനിരിപ്പായതു കണ്ടുടൻ
ഏറ്റം രാജാവാർത്തനായീ കൗന്തേയൻ ശത്രുനാശനൻ. 61

യുധിഷ്ഠിരൻ പറഞ്ഞു

നൂറായിരം ഗജങ്ങൾക്കു ശരിയാം ബലമേവനോ
ആ നൃപൻ നാരിയിൽച്ചാഞ്ഞു കിടപ്പൂ ചത്തപോലവേ. 62

മുന്നമാരോ കാരിരുമ്പുകൊണ്ടുള്ളാബ്‌ഭീമവിഗ്രഹം
പൊടിയാക്കീ ബലിയവൻ ചാഞ്ഞു ദുർബ്ബലനാരിയിൽ. 63

മോശമീ ഞാനധർമ്മജ്ഞൻ ധീ മോശം മോശമെൻ ശ്രുതം
ഞാൻമൂലമല്ലോ ഭൂപാലനിങ്ങനർഹൻ കിടപ്പതും. 64

ഉപവാസം ചെയ്യുവൻ ഞാനീയെൻെറ ഗുരു പോലവേ
രാജാവും പുകഴും ഗാന്ധാരിയുമുണ്ണാതിരിക്കുകിൽ. 65

വൈശമ്പായനൻ പറഞ്ഞു

ധർമ്മജ്ഞൻ പാണ്ഡവൻ പിന്നെ നീർ നനച്ചുള്ള കൈയിനാൽ
ഇവൻെറ മാറും മുഖവും മെല്ലെത്തൊട്ടു തലോടിനാൻ. 66

രാജാവു രത്നൗഷധിഗന്ധാഢ്യക്കൈകൊണ്ടു തൊട്ടതിൽ
ആ രാജാവിന്നു തൻേറടമുണ്ടായ്‌വന്നിതു തൽക്ഷണം. 67

ധൃതരാഷ്ട്രൻ പറഞ്ഞു

കൈകൊണ്ടു വീണ്ടും തൊട്ടീടുകെന്നെപ്പുല്കുക പാണ്ഡവ!
രാജീവലോചന, ഭവാൻ തൊട്ടപ്പോളുയിർകൊണ്ടു ഞാൻ. 68

നിൻ തലയ്ക്കൊന്നു നാററാനമിച്ഛിപ്പേൻ മനുജാധിപ!
കൈകൾകൊണ്ടു തലോടാനുമതെനിക്കേററവും പ്രിയം. 69

എനിക്കുണ്ടിട്ടിപ്പോളെട്ടാമത്തതാം കാലമാണെടോ
അതിനാൽ കുരുശാർദ്ദൂല, ചേഷ്ടിപ്പാനെളുതല്ല മേ. 70

നിന്നോടു യാചനം ചെയ്യും ഞാൻ പണിപ്പെട്ടിതേററവും
അതാണുണ്ണീ, മനംവാടിബ്ബോധം കെട്ടതുമിങ്ങു ഞാൻ. 71

അമൃതച്ചാറിനെതിരാം നിൻ കരസ്പർശനം പ്രഭോ!
ഏററപ്പോൾ ജീവനിട്ടേൻ ഞാനെന്നോർക്കുന്നു കുരൂദ്വഹ! 72

വൈശമ്പായനൻ പറഞ്ഞു

കൗന്തേയൻ വലിയച്ഛൻെറ വാക്കേവം കേട്ടു ഭാരത!
സൗഹാർദ്ദാലവനെദ്ദേഹമെങ്ങും മെല്ലെത്തലോടിനാൻ. 73

ഉടൻ വീണ്ടും പ്രാണനാണ്ടു ധൃതരാഷ്ട്രക്ഷിതീശ്വരൻ
കൈയാൽ പുല്കീട്ടു തലയിൽ ഘ്രാണിച്ചു പാണ്ഡുപുത്രനെ. 74

ഏററെദ്ദുഃഖിച്ചു വിദുരാദികളൊക്കെക്കരഞ്ഞുപോയ്
അതിദുഃഖാൽ ഭൂപനോടുമോതീലാ പാണ്ഡുഭൂവൊട്ടും. 75

ധർമ്മജ്ഞയാകും ഗാന്ധാരി മനോദുഃഖങ്ങളേററവും
ഏററു താങ്ങീട്ടു രാജാവേ, വയ്യിമ്മട്ടെന്നുമോതിനാൾ. 76

ദുഃഖത്തോടും കുന്തിയൊത്ത മററു നാരികളൊക്കയും
അടുത്തു ചുററുമായ് നിന്നു കണ്ണിൽ കണ്ണീർ നിറഞ്ഞവർ. 77
യുധിഷ്ഠിരനൊടായ് വീണ്ടും ധൃതരാഷ്ട്രൻ പറഞ്ഞുതേ.

ധൃതരാഷ്ട്രൻ പറഞ്ഞു

രാജൻ, തപസ്സിന്നനുജ്ഞ തരൂ മേ ഭരതർഷഭ! 78
ഉണ്ണീ, വീണ്ടും ചൊല്ലുമെൻെറ കരൾ വാടുന്നിതേററവും
ഇനിമേലെന്നെ മകനേ, ക്ലേശിപ്പിക്കാതിരിക്കണേ! 79

വൈശമ്പായനൻ പറഞ്ഞു

ആക്കൗരവേന്ദ്രനവ്വണ്ണം പാണ്ഡുഭൂവോടുരച്ചുവേ
ഭടന്മാക്കൊക്കയുണ്ടായിതാത്തനാദം മഹത്തരം. 80
മെലിഞ്ഞു വിളറിക്കണ്ടുമഹ്നല്ലാത്ത മന്നനെ
എല്ലും തൊലിയുമായേററമുപവാസാൽത്തളന്നഹോ! 81
തന്നച്ഛനെദ്ധമ്മപുത്രൻ തഴുകി പ്രഭുവെപ്പുരം
ശോകക്കണ്ണീരൊലിപ്പിച്ചു വീണ്ടുമിങ്ങനെ ചൊല്ലിനാൻ. 82

ധമ്മപുത്രൻ പറഞ്ഞു

ഞാൻ കാമിപ്പീല രാജേന്ദ്ര, ജീവനും ഭൂമിയും ശരി
രാജാവേ, നിൻ പ്രിയം ചെയ്യാനോക്കുംപോലെ പരന്തപ! 83
അങ്ങയ്ക്കു ഞാനനുഗ്രാഹ്യൻ പ്രിയനാണെന്നിരിക്കുകിൽ
ഊൺ കഴിക്കുക പിന്നീടു വേണ്ട കാര്യം നിനയ്ക്കുവൻ. 84

ധൃതരാഷ്ട്രൻ പറഞ്ഞു

പിന്നെദ്ധമ്മജനോടോതീ തേജസ്വി ധൃതരാഷ്ട്രനും
നീ സമ്മതിച്ചാലുണ്ണീ, ഞാനുണ്ണാമെന്നെൻെറയാഗ്രഹം. 85

വൈശമ്പായനൻ പറഞ്ഞു

ധൃതരാഷ്ട്രോവ്വീശനേവം ധമ്മഭൂവോടുരച്ചുവേ
ഋഷി സത്യവതീപുത്രൻ വ്യാസൻ ചെന്നോതിയിങ്ങനെ. 86

4. വ്യാസാനുജ്ഞ

ബന്ധുബാന്ധവാദികൾ മരിച്ച ധൃതരാഷ്ട്രക്ക് അധികംകാലം രാജധാനിയിൽ താമസിക്കാൻ സാധിക്കയില്ലെന്നും അതിനാൽ അദ്ദേഹത്തിൻെറ ഇഷ്ടംപോലെ പ്രവത്തിക്കാൻ അനുവദിക്കയാണു നല്ലതെന്നും വ്യാസൻ ഉപദേശിക്കുന്നു. ധമ്മപുത്രൻ അതനുസരിക്കുന്നു.

വ്യാസൻ പറഞ്ഞു

യുധിഷ്ഠിര, മഹാബാഹോ, ധൃതരാഷ്ട്രൻ കുരൂദ്വഹ!
തേജസ്വി ചൊന്നതിൻവണ്ണം ചെയ്തുകൊള്ളുകശങ്കിതം. 1
വൃദ്ധൻ ക്ഷിതീശ്വരനിവൻ വിശേഷിച്ചും ഹതാത്മജൻ
ഈക്കഷ്ടപ്പാടു താങ്ങില്ലാ ചിരമെന്നാണു മന്മതം. 2
ഗാന്ധാരിയും മഹാഭാഗ, പ്രാജ്ഞ, ദുഃഖമറിഞ്ഞവൾ
പുത്രശോകം പരം ധൈര്യംകൊണ്ടു താങ്ങുന്നു മന്നവ! 3
നിന്നോടു ഞാനുമിതുതാൻ ചൊല്ലുന്നു ചെയ്യുകെന്മൊഴി
രാജാവനുജ്ഞ വാങ്ങട്ടേ പഴതേ ചത്തിടൊല്ലിഹ. 4

പൂർവ്വരാജർഷിമാർ പോയ വഴി പോകട്ടെ മന്നവൻ
ഒടുക്കമെല്ലാ രാജർഷികൾക്കും കാടാണൊരാശ്രയം. 5

വൈശമ്പായനൻ പറഞ്ഞു

എന്നത്ഭുതക്രിയയെഴും വ്യാസൻ ചൊല്ലിയ മന്നവൻ
തേജസ്വിയാം ധർമ്മരാജൻ മുനിയോടോതിയുത്തരം. 6

ധർമ്മപുത്രൻ പറഞ്ഞു

ഞങ്ങൾക്കു ഭഗവാൻ മാന്യൻ ഞങ്ങൾക്കു ഭഗവാൻ ഗുരു
ഭഗവാനീ നാടിനുമീക്കുലത്തിന്നുമൊരാശ്രയം. 7

ഭഗവാനേ, ഞാൻ മകനെന്നച്ഛൻ ഗുരു നരേശ്വരൻ
ധർമ്മത്താൽ മകനച്ഛൻെറ കല്പനപ്പടി നില്ക്കുമേ. 8

വൈശമ്പായനൻ പറഞ്ഞു

എന്നു കേട്ടവനോടോതീ വ്യാസൻ ധർമ്മജ്ഞപുംഗവൻ
ധർമ്മഭൃത്തോടു തേജസ്വിയാ വ്യാസകവി പിന്നെയും. 9

വ്യാസൻ പറഞ്ഞു

ശരിയാണു മഹാബാഹോ, നീ ചൊല്ലുന്നതു മന്നവ!
ഈ രാജാവോ വൃദ്ധനേററം പ്രമാണപ്പടി നില്പവൻ. 10

ഇവൻ ഞാനും നീയുമനുവാദം നല്കിയ മന്നവൻ
സ്വാഭിപ്രായം ചെയ്തിടട്ടേ വിഘ്നം ചെയ്യൊല്ലിവന്നു നീ. 11

രാജർഷികൾക്കിതാണല്ലോ മുഖ്യധർമ്മം യുധിഷ്ഠിര!
യുദ്ധത്തിലോ മൃത്യുവേല്ക്കു വിധിയാംവണ്ണം കാട്ടിലോ. 12

രാജേന്ദ്ര, നിന്നുടെ പിതാവാകുമാപ്പാണ്ഡുമന്നവൻ
ശിഷ്യന്മട്ടിൽ ഗുരുനിലയ്ക്കുപാസിച്ചവനീ നൃപൻ. 13

രത്നങ്ങൾ കുന്നുപോലൊക്കും ദക്ഷിണാഢ്യമഖങ്ങളും
വൻപിൽ ചെയ്തു ഭൂമിയേററു കാത്തു പ്രജകളേയുമേ. 14

വൻപിച്ച രാജ്യം മകനിലാക്കി നീ വിട്ടുപോകവേ
പതിമ്മൂവാണ്ടേററു വാണു കൊടുത്തു പല വിത്തവും. 15

ഇവൻ നിന്നാൽ നരവ്യാഘ്ര, സന്മതേ, ഗുരുസേവയാൽ
സദ്ഭൃത്യനാലർച്ചിതനായ് ഖ്യാത ഗാന്ധാരി ദേവിയും. 16

അച്ഛന്നു സമ്മതം നല്കു തപം ചെയ്യേണ്ട കാലമായ്
നിന്നിൽച്ചെററും മന്യുവിവന്നില്ലാതാനും യുധിഷ്ഠിര! 17

വൈശമ്പായനൻ പറഞ്ഞു

ഇത്രമാത്രം പറഞ്ഞിട്ടു സമ്മതിപ്പിച്ചു മന്നനെ
ആവട്ടെയെന്നാക്കൗന്തേയൻ ചൊന്നവൻ കാടു പൂകിനാൻ. 18

ഭഗവാൻ വ്യാസർ പോയാറേ നൃപൻ പാണ്ഡവനപ്പൊഴേ
വൃദ്ധനാമച്ഛനോടോതീ മെല്ലെമെല്ലെ വണങ്ങിയോൻ. 19

ധൃതരാഷ്ട്രൻ പറഞ്ഞു

ഭഗവാൻ വ്യാസനെവ്വണ്ണം ചൊല്ലീ നിന്മതമെങ്ങനെ
വില്ലൻ കൃപൻ വിദുരനും പറഞ്ഞീടുന്നതെങ്ങനെ 20

യുയുത്സുവും സഞ്ജയനും ചെയ്യേൻ ഞാനപ്പടിക്കുടൻ;
എനിക്കെല്ലാവരും മാന്യർ കുലത്തിന്നു ഹിതൈഷികൾ. 21
യാചിപ്പേനിതു രാജാവേ, തല കുമ്പിട്ടു കുപ്പി ഞാൻ
ഭക്ഷണം ചെയ്യുണ്ടു പിന്നീടാശ്രമത്തേക്കു പോയിടാം. 22

5. ധൃതരാഷ്ട്രോപദേശം

വനത്തിലേക്കു പോകാൻ നിശ്ചയിച്ച ധൃതരാഷ്ട്രൻ ധർമ്മപുത്രർക്ക് രാജനീതിയെ സംബന്ധിച്ച ചില വിലയേറിയ തത്ത്വങ്ങൾ ഉപദേശിക്കുന്നു. വിശ്വസ്തരായ മന്ത്രിമാരെ നിയമിക്കുക, സമർത്ഥരായ ചാരന്മാരെ ഏർപ്പെടുത്തുക, പ്രജകളെ ദ്രോഹിക്കാതിരിക്കുക മുതലായവയാണ് അക്കൂട്ടത്തിൽ പ്രധാനപ്പെട്ടവ.

വൈശമ്പായനൻ പറഞ്ഞു

രാജാവിൻ സമ്മതം വാങ്ങി ധൃതരാഷ്ട്രൻ പ്രതാപവാൻ
രാജാവുതൻ ഗൃഹം കേറീ ഗാന്ധാരി തുണയുള്ളവൻ, 1
മന്ദപ്രാണൻ മന്ദഗതി ധീമാൻ കഷ്ടപ്പെടുംപടി
കാൽനടയ്ക്കു മഹീപാലൻ വൃദ്ധനാന കണക്കിനെ. 2
അവൻെറ പിൻപേ വിദുരൻ വിദ്വാൻ സഞ്ജയസൂതനും
വില്ലാളി ശാരദ്വതനാകൃപരും ചെന്നിതങ്ങനെ. 3
ഗൃഹത്തിൽച്ചെന്നു രാജാവേ, പൂർവ്വാഹ്നക്രിയ ചെയ്തവൻ
വിപ്രേന്ദ്രർക്കും തൃപ്തിചെയ്തിട്ടപ്പൊളൂണു കഴിച്ചുതേ. 4
ധർമ്മജ്ഞയാകും ഗാന്ധാരി കുന്തിയൊത്തു മനസ്വിനി
വധുക്കളുപചാരത്താൽ പൂജിച്ചോളുണ്ടു ഭാരത! 5
ഊൺ കഴിച്ചുള്ളൊരു കുരുശ്രേഷ്ഠനാമാ നരേന്ദ്രനെ
ഉണ്ടു മററും പാണ്ഡവരും സേവിച്ചു വിദുരാദ്യരും. 6
പിന്നെച്ചൊന്നാൻ മഹാരാജ, കൗന്തേയനൊടു ഗൂഢമായ്
അടുത്തിരുത്തിക്കൈകൊണ്ടു പുറംതൊട്ടംബികാസുതൻ. 7

ധൃതരാഷ്ട്രൻ പറഞ്ഞു

എപ്പോഴും തെററുപററാതെ നീ ചെയ്യു കുരുനന്ദന!
ധർമ്മം മുൻപിട്ടൊരഷ്ടാംഗരാജ്യ*ത്തു നൃപപുംഗവ! 8
ധർമ്മത്തിനാൽ മഹാരാജ, രാജ്യം കാക്കേണ്ട മാതിരി
പാണ്ഡുനന്ദന, കൗന്തേയ വിദ്വാനല്ലോ ധരിക്ക നീ. 9
വിദ്യാവൃദ്ധരെയെപ്പോഴും നീ സേവിക്ക യുധിഷ്ഠിര!
അവർ ചൊല്ലുന്നതും കേൾക്കു ചെയ്യു നീ ചിന്തയെന്നിയേ. 10

---

* രാജ്യത്തെ സാധാരണമായി 'സപ്താംഗ'മായിട്ടാണു പറയുക. രാജാവ്, മന്ത്രി, ബന്ധുക്കൾ, ഭണ്ഡാരം, രാജ്യം, കോട്ട, സൈന്യം ഇവയാണ് ആ ഏഴ് അംഗങ്ങൾ. ചിലർ പൗരന്മാരേയും ഇക്കൂട്ടത്തിൽ ചേർക്കാറുണ്ട്. ആ അഭിപ്രായം സ്വീകരിച്ചുകൊണ്ടായിരിക്കാം, ഇവിടെ 'അഷ്ടാംഗരാജ്യം' എന്നു പറഞ്ഞിട്ടുള്ളത്.

കാലത്തേററവരെബ്ഭൂപ, പൂജിച്ചിട്ടു യഥാവിധി
കൃത്യകാലം വരുന്നേരം തൻ കാര്യം കേട്ടുകൊൾക നീ. 11
രാജാവേ, നീ കാര്യഹിതകാംക്ഷി മാനിക്കിലായവർ
എല്ലാംകൊണ്ടും നിനക്കുണ്ണി, ഹിതം ഭാരത, ചൊല്ലുമേ. 12
ഇന്ദ്രിയങ്ങളെയൊക്കേയും കാക്കുകശ്വങ്ങൾ പോലെ നീ
കാത്തീടും ദ്രവിണംപോലെ ഹിതത്തിന്നൊക്കുമായവ. 13
അച്ഛൻമുത്തച്ഛർവഴിയായ് ശുദ്ധാച്ഛല[1]രമാത്യരെ
ദാന്തർ സൽക്കർമ്മവരരെ വെയ്ക്കു നല്ലോരെയെങ്ങുമേ. 14
ചാരണം ചാരരാൽ ചെയ്ക പരന്മാരറിയാതെ നീ
നാനാ പരീക്ഷ ചെയ്തോരാൽ സ്വരാഷ്ട്രസ്ഥിതികാരരാൽ[2]. 15
കമാൻകോട്ടയുറപ്പിച്ചു പുരം രക്ഷിച്ചുകൊൾക നീ
അട്ടാലട്ടങ്ങളൊത്തേഴു കോട്ടക്കെട്ടുള്ളതെങ്ങുമേ. 16
ദ്വാരങ്ങളെല്ലാമതിനു വൻപിച്ചു മതിയായവ
എല്ലാടവും വേർതിരിച്ചു യന്ത്രരക്ഷകളൊത്തവ. 17
കുലശീലങ്ങളറിയുമാൾക്കാരാൽ നിൻെറയർത്ഥവും
ഭോജനാദിയിലാത്മാവുമെന്നും സൂക്ഷിക്ക ഭാരത! 18
വിഹാരാഹാരകാലത്തും മാല്യശയ്യാസനത്തിലും
സൂക്ഷിക്ക നീ സ്ത്രീകളെയും വൃദ്ധരാമാപ്തർ കാവലായ്[3]. 19
ശീലവാന്മാർ കുലീനന്മാരറിവുള്ളോർ യുധിഷ്ഠിര!
വിദ്യാവിദഗ്ദ്ധദ്വിജരെ മന്ത്രിമാരാക്കി വെയ്ക്കു നീ. 20
വിനീതന്മാർ കുലീനന്മാർ നേരുള്ളർത്ഥപടുക്കളെ
അവരോടൊത്തു മന്ത്രിക്ക പെരുത്താളുകളെന്നിയേ. 21
ഒന്നിച്ചു വേർതിരിച്ചിട്ടുമോരോ കൗശലവിദ്യയാൽ
മന്ത്രിക്ക മറവാം മന്ത്രഗൃഹസ്ഥാനം കരേറി നീ. 22
നിശ്ശലാക[4]ക്കാട്ടിലുമാം, ചെററും ചെയ്യൊല്ല രാത്രിയിൽ
വാനരന്മാർ പക്ഷികളും മററും മർത്ത്യാനുസാരികൾ; 23
എല്ലാം മന്ത്രഗൃഹത്തിങ്കൽ വയ്യാ പംഗുജഡാദ്യരും.
മന്നോർക്കു മന്ത്രഭേദത്തിലുള്ള ദോഷങ്ങളില്ലയോ 24
ആയവയ്ക്കു സമാധാനമൊന്നുമില്ലെന്നു മന്മതം.
മന്ത്രഭേദത്തിൻെറ ദോഷം ചൊല്ലു മന്ത്രിനടുക്കു നീ 25
ഭേദിക്കാഞ്ഞാലാം ഗുണവും വീണ്ടും ശത്രുഹര, പ്രഭോ!
പൗരജാനപദർക്കുള്ള ശൗചാശൗചം യുധിഷ്ഠിര! 26
അറിയുമ്മട്ടു രാജാവേ, ചെയ്തുകൊൾക കുരൂദ്വഹ!

1 ശുദ്ധാച്ഛലർ = സൽസ്വഭാവികളും അവഞ്ചകന്മാരുമായിട്ടുള്ളവർ; വംശപരമ്പരവഴി ഈ ഗുണങ്ങൾ ഉള്ളവരെ നോക്കി വേണം നിയമിക്കാൻ എന്നാണ് ധൃതരാഷ്ട്രർ പറയുന്നതു്. 2 സ്വരാഷ്ട്രസ്ഥിതികാരർ = നിൻെറ രാജ്യത്തു താമസിക്കുന്നവർ. 3 ആപ്തർ കാവലായ് = വിശ്വസ്തന്മാരെ കാവൽ നിർത്തീട്ടു്. 4 നിശ്ശലാകം = പുല്ലില്ലാത്തതു്.

വ്യവഹാരവുമുർവ്വീശ, നിത്യരാപ്തരൊടൊത്തുതാൻ 27
കൂട്ടേണം തുഷ്ടഹിതരാം ചാരന്മാരൊത്തു മന്നവ!
പരിമാണമറിഞ്ഞിട്ടു ദണ്ഡം ഭാരത! ദണ്ഡ്യരിൽ 28
ന്യായപ്പടിക്കാപ്പുരുഷർ ചെയ്യുംവണ്ണം യുധിഷ്ഠിര!
കൈക്കൂലി കളവുള്ളോർകൾ പരസ്ത്രീസംഗിമാർകളും 29
ഉഗ്രദണ്ഡക്കാർകൾ കള്ളവ്യവഹാരികളും ശരി
ആക്രോശിപ്പവർ ലുബ്ധന്മാർ കവർവോർ സാഹസപ്രിയർ 30
സഭാവിഹാരം ഭഞ്ജിപ്പോർ വർണ്ണദൂഷകരും ശരി
ദേശകാലംപോലെ ഹേമദണ്ഡഹിംസാർഹ[1]രാണെടോ. 31
നീ പുലർച്ചയ്ക്കു നോക്കേണം ചിലവിന്റെ കണക്കിനെ
അലങ്കാരം ഭോജ്യവുമങ്ങതിൽപ്പിന്നീടു ചെയ്ക നീ. 32
പിന്നെ യോധരെ നോക്കേണമെന്നും ഹർഷിച്ചിടുംപടി
ദൂതന്മാർക്കും ചരന്മാർ[2]ക്കും കാലമന്തിക്കു വെയ്ക്കു നീ. 33
എപ്പോഴും രാത്രിയറുതിക്കാക്കു കാര്യാർത്ഥനിർണ്ണയം
അർദ്ധരാത്രിക്കുമുച്ചയ്ക്കും നിനക്കു കളിയാമെടോ. 34
കാലങ്ങളൊക്കെക്കാര്യങ്ങൾക്കുപയോഗിക്ക ഭാരത!
കാലേ ചമഞ്ഞുനില്ക്കേണമാ മട്ടിൽബ്ഭൂരിദക്ഷിണ! 35
ഉണ്ണീ, കാര്യങ്ങൾക്കു മാററം കാണ്മൂ ചക്രക്രമത്തിലായ്
ഭണ്ഡാരം കൂട്ടുവാൻ യത്നം ന്യായമായ് ചെയ്യുകെപ്പൊഴും; 36
പലമട്ടും മഹാരാജ, മറിച്ചുള്ളതൊഴിക്കണേ.
ചാരരാൽക്കണ്ടു മന്നോരിൽത്തരം നോക്കും രിപുക്കളെ 37
അവരെദ്ദൂരെവെച്ചാപ്തന്മാരാൽത്തീർക്കുക മന്നവ!
കർമ്മം കണ്ടു വരിക്കേണം ഭൃത്യന്മാരെക്കുരൂദ്വഹ! 38
തക്ക മേലാളൊത്തവരാൽ കർമ്മം ചെയ്യിക്ക മന്നവ!
ദൃഢവ്രതൻ നിനക്കുണ്ണീ, പടനായകനാവണം 39
ശൂരൻ ക്ലേശം സഹിക്കുന്നോൻ ഹിതൻ കൂറുള്ള പൂരുഷൻ.
നാട്ടുകാരൊക്കയും നിന്റെ കർമ്മങ്ങളയി ഭാരത! 40
കാളക്കഴുതമട്ടായിപ്പണിക്കാർ ചെയ്തുകൊള്ളണം.
തന്നാൾക്കാരിൽ പരരിലും സ്വരന്ധ്രം പരരന്ധ്രവും 41
നീ നോക്കിക്കൊണ്ടിരിക്കേണം നിത്യവും ഹേ യുധിഷ്ഠിര!
സ്വകർമ്മവിക്രാന്തരായി നാട്ടിലുള്ള മനുഷ്യരിൽ 42
തക്ക യാത്ര[3]കളിൽച്ചെയ്യു ഹിതരാമ്മാറനുഗ്രഹം.
ഗുണാർത്ഥികൾക്കു ഗുണവും ചെയ്യറിഞ്ഞു ജനേശ്വര! 43
അവിചാര്യർകളാം നിത്യമചലപ്പടിയായവർ.

---

1 ഹേമദണ്ഡഹിംസാർഹർ=സ്വർണ്ണംപിഴയിടുന്നതിനും കൊലയ്ക്കു വിധിക്കുന്നതിനും അർഹതയുള്ളവർ. 2 ചരന്മാർ=ചാരന്മാർ. 3 യാത്ര=ഉപജീവനമാർഗ്ഗം.

6. ധൃതരാഷ്ട്രോപദേശം

ധൃതരാഷ്ട്രോപദേശം (തുടർച്ച്). തൻെറയും ശത്രുവിൻെറയും ബലാബലങ്ങളെ ബുദ്ധിമാനായ ഒരു രാജാവ് എപ്പോഴും താരതമ്യപ്പെടുത്തിക്കൊണ്ടിരിക്കണമെന്നും വേണ്ടിവന്നാൽ വൈതസീവൃത്തി സ്വീകരിക്കണമെന്നും ധൃതരാഷ്ട്രർ ഉപദേശിക്കുന്നു.

ധൃതരാഷ്ട്രൻ പറഞ്ഞു

അറിയേണം മണ്ഡലങ്ങൾ പരന്മാരുടെ തൻെറയും
ഭാരതോദാസീനരുടെ മദ്ധ്യസ്ഥന്മാരുടേയുമേ. 1

ആതതായികളാം നാലു ശത്രുക്കളുടെയൊക്കയും*
അറിയേണം ശത്രുഹര, മിത്രവും ശത്രുമിത്രവും. 2

അമ്മട്ടമാത്യരുൾനാടു ദുർഗ്ഗങ്ങൾ പലമാതിരി
ബലങ്ങളുമിവക്കുണ്ടാം കുരുശ്രേഷ്ഠ, യഥേഷ്ടമേ 3

പന്തിരണ്ടവ കൗന്തേയ, മന്നോക്കു വിഷയങ്ങളാം.
ഗുണങ്ങൾ മന്ത്രിമുഖ്യങ്ങളറുപത്തും പന്തിരണ്ടുമേ 4

ഇതു മണ്ഡലമെന്നത്രേ നീതിജ്ഞാചാര്യർ ചൊൽവതും
ഇതിങ്കൽ നില്പു ഷാൾഗുണ്യം യുധിഷ്ഠിര, ധരിക്ക നീ. 5

വൃദ്ധിക്ഷയങ്ങളറിക സ്ഥാനവും കുരുസത്തമ!
ദ്വിസപ്തതിസ്ഥ ഷാൾഗുണ്യഗുണം പിന്നെ മഹാഭുജ! 5

സ്വപക്ഷം ബലവത്തെപ്പോൾ ദുർബ്ബലം പരപക്ഷവും
ശത്രുക്കളോടെതിർത്തപ്പോൾ വെല്ലു കൗന്തേയ, മന്നനെ. 7

എപ്പോൾ പരന്മാർ ബലികൾ ദുർബ്ബലം നിജപക്ഷവും
അപ്പോൾ ശത്രുക്കളായ് സന്ധിചെയ്യേണം ക്ഷീണനാം ബുധൻ.

ഉണ്ടാക്കിക്കൊൾകയും വേണം പെരുത്തും ധനസഞ്ചയം
യാനത്തിനെപ്പോൾ പോന്നോനാമുടനേതന്നെ ഭാരത! 9

അപ്പൊഴെല്ലാം ചെയ്തിടേണം സ്ഥാനംകൊണ്ടവനോക്കണം
ഫലം കുറഞ്ഞൂഴി നല്ല വിപരീതന്നു ഭാരത! 10

ഹിരണ്യം നാണയപ്രായം മിത്രം ക്ഷീണം ബലം പരം
മറിച്ചുള്ളാളൊടേല്ക്കേണം താനേ സന്ധിവിശാരദൻ. 11

സന്ധിക്കു രാജസുതനെയിച്ഛിക്ക ഭരതർഷഭ!
വിപരീതനെ നന്നല്ലതുണ്ണീ, വല്ല വിപത്തിലും. 12

അതിൻെറ മുക്തിക്കു മന്ത്രോപായജ്ഞൻ ചെയ്ക യത്നവും
നാട്ടാരിൽദ്ദീനരെപ്പോലും രാജാവങ്ങാദരിക്കണം. 13

---

* 'ചതുർണ്ണാം ശത്രുജാതാനാം സർവ്വേഷാമാതതായിനാം' എന്നാണു മൂലം. ശത്രുപക്ഷത്തിൽപ്പെട്ട നാലുതരക്കാരായ എല്ലാ ആതതായികളുടെയും എന്നർത്ഥം. (ആതതായി = കൊല്ലാൻ ഒരുമ്പെട്ടു നില്ക്കുന്നവൻ. ശത്രു, ശത്രുമിത്രം, ഇരുകൂട്ടരും ജയിക്കണമെന്നു വിചാരിക്കുന്നവൻ, തോല്ക്കണമെന്നു കരുതുന്നവൻ—ഇവരാണ് നാലു ശത്രുപക്ഷീയർ. പരിഭാഷയിൽ ഈ വിഭജനം വ്യക്തമല്ല)

ക്രമത്തിലൊപ്പമോ മുററും വ്യവസായം മഹാബലൻ
പീഡനം സ്തംഭനം കോശഭംഗവും പിന്നെയങ്ങനെ 14

യത്നാൽ ശത്രുക്കറംക്കു ചെയ്യു സ്വരാജ്യം കാത്തുകൊറംവവൻ.
വൃദ്ധികാംക്ഷിക്കു സാമന്തൻ കീഴ്പ്പന്നോൻ ഹിംസ്യനല്ലെടോ 15

കൗന്തേയ, ഹിംസിക്കരുതായവനെബ്ഭുജയോദ്യതൻ.
ഗണഭേദത്തിന്നു വഴി നോക്കേണം മന്ത്രിമാരുമായ് 16

സാധുസംഗ്രഹണം പാപനിഗ്രഹം രണ്ടിനാലുമേ.
ദുബ്ബലന്മാരെയെപ്പോഴുമനേപഷിച്ചീടൊലാ ബലി 17

നില്ക്കേണം രാജശാർദ്ദൂല, പരം വൈതസവൃത്തി[1]യിൽ.
ബലംകെട്ടോരിവനൊട്ടു ബലവാൻ നൃപനേല്ക്കുകിൽ 18

സാമാദ്യുപായങ്ങറംവഴി ക്രമാലവനെ മാററണം.
സാധിക്കാഞ്ഞാൽ പോരിനായി മന്ത്രിമാരൊത്തിറങ്ങണം 19

കോശം ദണ്ഡം പൗരരാത്മപ്രിയരായോരുമൊത്തുമേ.
എല്ലാം കൂട്ടുന്നതല്ലെങ്കിൽ മുഖ്യംകൊണ്ടങ്ങിറങ്ങണം 20
ഈ ക്രമത്താൽ മുക്തി കിട്ടും ശരീരംകൊണ്ടു കേവലം.

7. ധൃതരാഷ്ട്രോപദേശം

ധൃതരാഷ്ട്രോപദേശം (തുടച്ച്). ദേശകാലാദികൾ നോക്കീട്ടു വേണം സന്ധിവിഗ്രഹാദി ഗുണഷൾക്കങ്ങളിൽ ഒന്നിനെ സ്വീകരിക്കാനെന്നും, രാജാവു പ്രധാനമായി ദൃഷ്ടിവെയ്ക്കേണ്ടതു പ്രജാരഞ്ജനത്തിലാണെന്നും, പ്രജകളെ ശരിക്കു പാലിക്കുന്ന രാജാവിന്നും ആയിരം അശ്വമേധം കഴിച്ചവനും കിട്ടുന്ന ഫലം ഒന്നുതന്നെയാണെന്നും പറഞ്ഞു് ധൃതരാഷ്ട്രൻ ഉപസംഹരിക്കുന്നു.

ധൃതരാഷ്ട്രൻ പറഞ്ഞു

സന്ധി വിഗ്രഹവും നോക്കിക്കൊള്ളേണം രാജസത്തമ!
ദ്വിയോനി[2] വിവിധോപായം ബഹുകല്പം യുധിഷ്ഠിര! 1

കൗരവ്യ, നീ തന്റെ നില രണ്ടും കണ്ടേല്ക്കു സേവനം
തുഷ്ടപുഷ്ടബലൻ[3] ശത്രുവാത്മവാനെന്നുമോക്കണം. 2

പര്യുപാസനകാലത്തു മററുള്ളോനോടെതിക്കണം
ആമദ്ദകാലത്തുവ്വീശ, ചെയ്യുടൻ വ്യപസപ്പണം. 3

---

1 വൈതസി എന്നാൽ ആററുവഞ്ഞി എന്നത്ഥം. നദീതീരങ്ങളിൽ വളരുന്ന തൃണവഗ്ഗത്തിൽപ്പെട്ട ഒരുതരം ചെടിയാണിതു്. ശക്തിയായ ജലപ്രവാഹമുണ്ടാകുന്ന സമയത്തു് അതു ചാഞ്ഞുകൊടുക്കും. പ്രവാഹത്തിന്റെ ശക്തി കുറഞ്ഞാൽ അതു പണ്ടത്തെപ്പോലെ തല ഉയത്തുകയും ചെയ്യും. ഇതുപോലെ, തനിക്കു ശക്തിയില്ലാത്തപ്പോൾ പ്രബലന്റെ മുൻപിൽ തല കുനിക്കുകയും, ശക്തി വീണ്ടുകിട്ടിയാൽ പണ്ടത്തെപ്പോലെ തല ഉയത്തുകയും ചെയ്യുന്ന സമ്പ്രദായമാണു് 'വൈതസീവൃത്തി.'
2 ദ്വിയോനി=രണ്ടു തരത്തിലുള്ളതു് (പ്രബലനായ പ്രതിയോഗിയോടു സന്ധിയും ദുബ്ബലനായ പ്രതിയോഗിയോടു വിഗ്രഹവുമാണു വേണ്ടതെന്നത്ഥം). 3 തുഷ്ടപുഷ്ടബലൻ=സന്തുഷ്ടവും സംഖ്യയിൽ അധികം വരുന്നതുമായ സൈന്യത്തോടുകൂടിയവൻ.

വ്യസനം ഭേദനമിവ ശത്രുക്കൾക്കുളവാക്കണം
അറുക്കൽ പേടിയുണ്ടാക്കലടരിൽബ്ബലനാശവും. 4

പുറപ്പെടുന്ന നൃപതി മൂന്നുമട്ടുള്ള ശക്തിയും[1]
ആത്മാവിന്നും ശത്രുവിന്നും ശാസ്ത്രജ്ഞൻ നിരൂപിക്കണം. 5

പ്രഭുമന്ത്രോത്സാഹശക്തിത്രയവാനായി ഭാരത!
നൃപൻ പോരിന്നു പോകെന്നാലൊഴിക്ക വിപരീതമേ. 6

നൃപൻ മൂലബലം മിത്രബലവും സ്വീകരിക്കുക
അടവീബലം ഭൃതബലം ശ്രേണീബലവുമാം പ്രഭോ! 7

അതിൽ മിത്രബലം മൂലബലവും ശ്രേഷ്ഠമാം പ്രഭോ!
ശ്രേണീബലം ഭൃതബലം രണ്ടും തുല്യമിതെന്മതം 8

അവ്വണ്ണം ചാരബലവുമിരുവർക്കും സമം നൃപ!
ഓർക്ക കാലം പലതിലും നൃപൻ കാലമടുക്കവേ 9

പലമട്ടെഴുമാപത്തുമറിയേണം നരാധിപ!
മന്നോർക്കുണ്ടാമാവകകൾ വേർതിരിച്ചിട്ടു കേൾക്ക നീ 10

ആപത്തുകൾക്കു പലതും വികല്പം പാണ്ഡുനന്ദന!
സാമാദിയാൽ പ്രസംഗിച്ചിട്ടവയെണ്ണീടണം നൃപൻ 11

നൃപൻ സൽബലമൊന്നിച്ചു യാത്രപോക പരംതപ!
ദേശകാലങ്ങളും ചേർന്നു ബലാത്മഗുണമൊത്തവൻ. 12

ഹൃഷ്ടപുഷ്ടബലൻ പോക നൃപൻ വൃദ്ധ്യുദയോദ്യതൻ
അകൃശന്നങ്ങകാലത്തും പോകയാം പാണ്ഡുനന്ദന! 13

തൂണാശ്മം[2] തേർ വാജിരാജിപ്രവാഹം[3]
ധ്വജദ്രുമം[4] തിങ്ങിന വക്കു[5]മൊത്തഹോ!
പദാതിനാഗച്ചളി ചേരുമാറിനെ-
സ്സപത്നനാശത്തിനയയ്ക്കണം നൃപൻ. 14

പിന്നെയാമ്പോലെ ശകടം പത്മം ഭാരത, വജ്രവും
ഉശനസ്സു[6]റിയും ശാസ്ത്രമിതിങ്കൽ കല്പിതം വിഭോ! 15

ചാരരാൽക്കണ്ടരിബലം സ്വബലം കാട്ടിയങ്ങനെ
സ്വഭൂമിയിൽപ്പോർ നടത്താം പരഭൂമിയിലും ശരി. 16

ബലപ്രസാദനം ചെയ്തു[7] നൃപൻ ശക്തരെ നിർത്തുക
പരം സ്വവിഷയം കണ്ടു സാമാദികൾ നടത്തുക. 17

എന്തായാലും മഹാരാജ, ദേഹത്തെ നില നിർത്തണം
ആത്മനിഃശ്രേയസം ചെയ്തു പരത്തിങ്കലിഹത്തിലും. 18

---

1 മൂന്നു മട്ടുള്ള ശക്തി = പ്രഭുശക്തി, മന്ത്രശക്തി, ഉത്സാഹശക്തി—എന്നിവ.
2 തൂണാശ്മം = ആവനാഴിയാകുന്ന കല്ല്. 3 തേർ വാജിരാജിപ്രവാഹം = രഥങ്ങളും കുതിരകളുമാകുന്ന ഒഴുക്ക്. 4 ധ്വജദ്രുമം = കൊടിമരങ്ങളാകുന്ന വൃക്ഷം. 5 വക്ക് = കര. 6 ഉശനസ്സ് = ശുക്രൻ. (ശകടം, പത്മം, വജ്രം എന്നിവ വ്യൂഹസംജ്ഞകളാണ്. ശുക്രനീതിയിൽ ഇവയെപ്പറ്റി വിശദമായി വിവരിച്ചിട്ടുണ്ട്). 7 ബലപ്രസാദനം ചെയ്തു = സൈന്യത്തെ സന്തോഷിപ്പിക്ക.

ഇമ്മട്ടിത്തു മഹാരാജ, നന്നായ് ചെയ്യുന്ന മന്നവൻ
പരത്തിൽ സ്വർഗ്ഗമെത്തീടും ധർമ്മാൽ നാടു ഭരിപ്പവൻ. 19
ഏവം കുരുശ്രേഷ്ഠ, നാട്ടാർഹിതമായ് ചെയ്തുകൊൾക നീ
ഉണ്ണീ, നിത്യം രണ്ടു ലോകത്തിങ്കലും സിദ്ധി കിട്ടുവാൻ. 20
ഭീഷ്മനെല്ലാം ചൊല്ലിയല്ലോ കൃഷ്ണൻ വിദുരർതാനുമേ
അവശ്യം ഞാനുമോതേണം നന്ദ്യാ തേ നൃപസത്തമ! 21
ഇതൊക്കെയും യഥാന്യായം ചെയ്ക നീ ഭൂരിദക്ഷിണ!
എന്നാൽ പ്രജാപ്രീതി പൂണ്ടു വിണ്ണിൽ നീ സുഖമേററിടും. 22
അശ്വമേധസഹസ്രത്താൽ യജിക്കും നരനാഥനും
ധർമ്മത്തോടും പ്രജകളെപ്പാലിപ്പോനും ഫലം സമം. 23

8. ധൃതരാഷ്ട്രവനഗമനപ്രാർത്ഥന

കല്പിച്ചതുപോലൊക്കെ പ്രവർത്തിച്ചുകൊള്ളാമെന്നു് ധർമ്മപുത്രൻ ഏററു പറയുന്നു. പ്രജകളെയൊക്കെ ക്ഷണിച്ചുവരുത്തി താൻ വനവാസത്തിനു നിശ്ചയിച്ചിരിക്കയാണെന്നും അതിന് എല്ലാവരും അനുമതി നല്കണമെന്നും ധൃതരാഷ്ട്രൻ ആവശ്യപ്പെടുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

ഇതീവിധം ചെയ്തുകൊള്ളാം നീ ചൊന്നപടി മന്നവ!
വീണ്ടുമെന്നെബ്ഭവാൻ ശാസിക്കേണമേ പാർത്ഥിവർഷഭ! 1
ഭീഷ്മൻ സ്വർഗ്ഗം പുക്കിരിക്കേ മധുവൈരി ഗമിക്കവേ
വിദുരൻ സഞ്ജയനുമേ മററാരുണ്ടെന്നൊടോതിടാൻ? 2
ഇന്നെന്നുടെ ഹിതം കാക്കും ഭവാൻ കല്പിച്ചിടുംപടി
അതു ചെയ്യേൻ മഹീപാല, തൃപ്തിപ്പെടുക മന്നവ! 3

വൈശമ്പായനൻ പറഞ്ഞു

എന്നു ധീമാൻ ധർമ്മരാജൻ ചൊന്ന രാജർഷിയാമവൻ
കൗന്തേയന്നനുവാദത്തിന്നിച്ഛിച്ചു ഭരതർഷഭ! 4
"ഉണ്ണീ, പോയിച്ചെററടങ്ങുകെ*നിക്കും ശ്രമമേറെയാം"
എന്നുരച്ചിട്ടു ഗാന്ധാരീഭവനം പൂകിനാൻ നൃപൻ. 5
ധർമ്മചാരിണി ഗാന്ധാരിയവൻ പീഠത്തിൽ വാഴ്കവേ
പ്രജേശാഭൻ പതിയൊടു കാലേ കാലജ്ഞ ചൊല്ലിനാൾ. 6

ഗാന്ധാരി പറഞ്ഞു

സ്വയം വ്യാസമുനിശ്രേഷ്ഠൻ സമ്മതംതന്നെഴും ഭവാൻ
യുധിഷ്ഠിരാനുവാദത്തോടെപ്പോൾ കാടു കരേറിടും? 7

ധൃതരാഷ്ട്രൻ പറഞ്ഞു

ഹേ ഗാന്ധാരി, മഹാത്മാവാം പിതാവനുവദിച്ചു ഞാൻ

---

* ചെററടങ്ങുക = അല്പം വിശ്രമിക്കുക.

താമസിക്കാതെ കാടേറും ധർമ്മജാനുമത[1]ത്തോടും. 8
ഞാൻ കള്ളച്ചൂതുകളിയന്മാരാം മക്കൾക്കശേഷവും
ഇച്ഛിപ്പേൻ പ്രേതതൃപ്ത്യോത്ത വിത്തദാനം കൊടുക്കുവാൻ 9
സർവ്വപ്രകൃതിസാന്നിദ്ധ്യം[2] സ്വഗേഹത്തിലണച്ചിനി.

വൈശമ്പായനൻ പറഞ്ഞു

എന്നോതിധർമ്മരാജന്നായാളെ വിട്ടീടിനാനുടൻ
അവന്റെ വാക്കാലൊക്കേയുമണച്ചാനാ മഹീപതി. 10
ഉടൻ സന്തുഷ്ടരാം വിപ്രർ കുരുജാംഗലവാസികൾ
ക്ഷത്രിയന്മാർ വൈശ്യർകളും ശൂദ്രരും വന്നു കൂടിനാർ. 11
പിന്നെയന്തഃപുരത്തിങ്കൽനിന്നിറങ്ങീട്ടു മന്നവൻ
മുറ്റും മാലോകരെപ്പാർത്തു മുറ്റും പ്രകൃതിമാരെയും 12
പുരക്കാരും നാട്ടുപുറക്കാരുമവ്വണ്ണമങ്ങനെ
അണഞ്ഞുകണ്ടഖിലമാം സുഹൃജ്ജനവുമങ്ങനെ 13
നാനാ ദേശാൽ വന്ന വിപ്രന്മാരെയും പാർത്തു മന്നവ!
ചൊന്നാൻ ധീമാനാംബികേയൻ ധൃതരാഷ്ട്രക്ഷിതീശ്വരൻ. 14

ധൃതരാഷ്ട്രൻ പറഞ്ഞു

ഭവാന്മാരും കൗരവരും ചിരമൊന്നിച്ചു പാർത്തവർ
പരസ്പരം സുഹൃത്തുക്കൾ പരസ്പരഹിതോദ്യതർ. 15
ഈക്കാലം വന്ന സമയം ഞാനിപ്പോളെന്തു ചൊൽവതോ,
അവ്വണ്ണം ചെയ്യണം നിങ്ങളാലോചിക്കാതെയെന്മൊഴി. 16
ഗാന്ധാരിയോടൊത്തു കാടും പൂകാനിവനൊരാഗ്രഹം
വ്യാസന്റെയും സമ്മതാൽ മേ കുന്തീപുത്രനൃപന്റെയും; 17
ഭവാന്മാരും സമ്മതിപ്പിൻ വിചാരിക്കേണ്ടതില്ലിതിൽ.
ഞങ്ങൾക്കുമിഹ നിങ്ങൾക്കും ശാശ്വതപ്രീതിയാംവിധം 18
മറ്റു ദേശത്തുള്ള മന്നോർക്കില്ലെന്നാകുന്നു മന്മതം.
ഈ വയസ്സാൽ ശാന്തനായ് ഞാനേവം മക്കളുമറ്റവൻ 19
ഉപവാസകൃശൻ സത്തന്മാരേ, ഗാന്ധാരിയൊത്തവൻ
രാജ്യം യുധിഷ്ഠിരൻ കൊൾകെപ്പാർത്തേൻ ബഹുസുഖത്തോടും 20
ഓർപ്പേൻ ദുര്യോധനൈശ്വര്യാൽ മെച്ചമെന്നയി സത്തരേ!
വയസ്സായ് കണ്ണു കാണാതെ മക്കൾ ചത്തോരെനിക്കിനി 21
കാടെന്ന്യേ ഗതി മറ്റെന്തു യോഗ്യരേ, സമ്മതിക്കുവിൻ.

വൈശമ്പായനൻ പറഞ്ഞു

അവന്റെയാ വാക്കു കേട്ടു കുരുജാംഗലരേവരും 22
ബാഷ്പത്തിനാൽ വാക്കിടറിക്കരഞ്ഞു ഭരതർഷഭ!
ഒന്നും മിണ്ടാതെ ദുഃഖിച്ചു നില്ക്കുമായവരോടുടൻ 23
തേജസ്വി ധൃതരാഷ്ട്രൻതാൻ പറഞ്ഞു വീണ്ടുമിങ്ങനെ.

1 ധർമ്മജാനുമതം = ധർമ്മപുത്രന്റെ സമ്മതം. 2 സർവ്വപ്രകൃതിസാന്നിദ്ധ്യം = എല്ലാ പൗരന്മാരുടേയും സാന്നിദ്ധ്യം.

9. ധൃതരാഷ്ട്രപ്രാർത്ഥന

തന്റെ മക്കളോ ബന്ധുക്കളിൽ വല്ലവരുമോ പൗരന്മാരോടു വല്ല അപരാധവും ചെയ്തുപോയിട്ടുണ്ടെങ്കിൽ അതൊക്കെ ക്ഷമിക്കണമെന്നു് ധൃതരാഷ്ട്രൻ പൗരന്മാരോടഭ്യർത്ഥിക്കുന്നു. ധർമ്മപുത്രരെ നാട്ടുകാരുടെ കൈയിലും നാട്ടുകാരെ ധർമ്മപുത്രന്റെ കൈയിലും ഏല്പിച്ചിരിക്കുന്നുവെന്നുള്ള ധൃതരാഷ്ട്രന്റെ പ്രഖ്യാപനം പൗരന്മാരെ ബാഷ്പാർദ്രനയനരാക്കിത്തീർക്കുന്നു.

ധൃതരാഷ്ട്രൻ പറഞ്ഞു

പരിപാലിച്ചിതീബ്ഭൂമി ശരിയാമ്മട്ടു ശന്തനു
വിചിത്രവീര്യനുമതിൻവണ്ണം ഭീഷ്മന്റെ രക്ഷയിൽ. 1
പരിപാലിച്ചിതെൻ താതൻ കാര്യം കണ്ടോനസംശയം
എൻ തമ്പി പാണ്ഡു നിങ്ങൾക്കൊരിഷ്ടനായ് വന്നിടുംവിധം 2
അവനും കാത്തു നിങ്ങൾക്കതറിയാം ശരിയാംവിധം;
ഞാനും നിങ്ങളെ നന്നായോ ശുശ്രൂഷിച്ചതു സത്തരേ! 3
തെറ്റായോ യോഗ്യരേ, നിങ്ങളിളവെന്ന്യേ ക്ഷമിക്കുവിൻ.
രാജ്യം നിഷ്കണ്ടകം ദുര്യോധനനന്നു ഭുജിച്ചനാൾ 4
മന്ദൻ ദുർബ്ബുദ്ധിയെന്നാലും ദ്രോഹിച്ചിട്ടില്ല നിങ്ങളെ.
ആദ്ദുഷ്ടനുടെ കുറ്റത്താൽ ഗർവ്വാൽ മന്നോർക്കു തങ്ങളിൽ 5
മഹാവിമർദ്ദമുണ്ടായീ താൻ ചെയ്തോരനയത്തിനാൽ.
നല്ലതോ ചീത്തയോ ഞാനിതവ്വണ്ണം ചെയ്തുപോകിലും 6
നിങ്ങൾക്കതുള്ളിൽത്തോന്നീടൊല്ലിതാ കൈ കൂപ്പിടുന്നു ഞാൻ.
ഇവൻ വൃദ്ധനിവന്മക്കൾ ചത്തോൻ ദുഃഖിയിവൻ നൃപൻ 7
ഇവൻ പൂർവ്വനൃപാപത്യമെന്നോർത്തനുവദിക്കുവിൻ.
ഇവളും വൃദ്ധ കൃപണ പാവം മക്കൾ മരിച്ചവൾ 8
പുത്രദുഃഖാർത്ത ഗാന്ധാരി യാചിപ്പൂ ഞാന്മുഖാന്തരം.
മക്കൾ ചത്തുള്ളീക്കിഴവർ കേഴ്പോരാണെന്നുവെച്ചിനി 9
സമ്മതിപ്പിൻ നന്മ വരും ശരണം പൂണ്ടു നിങ്ങളെ.
ഇവനോ കൗരവനൃപൻ കുന്തീപുത്രൻ യുധിഷ്ഠിരൻ 10
മുറ്റുമേ നിങ്ങൾ നോക്കേണ്ടോൻ സമത്തിൽ വിഷമത്തിലും.
തീർച്ചയായ് വിഷമത്തിങ്കൽപ്പെട്ടുപോകില്ലൊരിക്കലും 11
ഇവന്നോജസ്വിമാർ തമ്പിമാരല്ലോ നാലു മന്ത്രികൾ;
അവരോ ലോകപാലാഭർ സർവ്വധർമ്മാർത്ഥദർശികൾ. 12
ഭഗവാൻ സർവ്വഭൂതേശൻ ബ്രഹ്മദേവൻ കണക്കിനെ
തേജസ്വിയീധർമ്മരാജൻ നിങ്ങളെക്കാത്തുകൊണ്ടിടും. 13
അവശ്യം നിങ്ങളോടോതീടേണ്ടതെന്നോതിടുന്നു ഞാൻ:
യുധിഷ്ഠിരനെ നിങ്ങൾക്കെല്ലാർക്കുമേല്പിച്ചുതന്നു ഞാൻ; 14
ഈ വീരനു ഭവാന്മാരെയങ്ങോട്ടേല്പിച്ചിരിപ്പൂ ഞാൻ.
എന്മക്കളവർ ചെറ്റൊന്നാ വ്യളീകം ചെയ്തിരിക്കിലും 15

എൻെറയാളാം മററൊരുവനന്നതും സമ്മതിക്കുവിൻ.
എനിക്കേതും മന്യു നിങ്ങളുണ്ടാക്കീട്ടില്ലൊരിക്കലും 16
അത്യന്തഗുരുഭക്തന്മാർക്കിതാ കൈകൂപ്പു വന്ദനം.
ലുബ്ധരസ്ഥിരചിത്തന്മാരാത്താന്തോന്നികാം കാരണം
നിങ്ങളോടൊക്കയർത്ഥിപ്പേൻ ഗാന്ധാരിയോടുമൊത്തു ഞാൻ.17

വൈശമ്പായനൻ പറഞ്ഞു

എന്നവൻ ചൊല്ലുവേ മുററും പൗരരും നാട്ടുകാർകളും
ബാഷ്പാർദ്രരൊന്നും മിണ്ടീലാ നോക്കി നിന്നു പരസ്പരം. 18

10. പ്രകൃതിസാന്ത്വനം

പ്രജകളുടെ സങ്കടം കണ്ട ധൃതരാഷ്ട്രൻ, മക്കൾ മുഴുവൻ മരിച്ചുപോയ തന്നെ കാട്ടിലേക്കു പോകാനനുവദിക്കണമെന്നു പൗരന്മാരോടു വീണ്ടും അഭ്യർത്ഥിക്കുന്നു. പൗരന്മാരുടെ പ്രതിനിധിയായി സാംബൻ എന്ന ബ്രാഹ്മണൻ മുന്നോട്ടുവന്ന്, സംഭവിക്കേണ്ടതു സംഭവിച്ചു എന്നു മാത്രം വിചാരിച്ചാൽ മതിയെന്നും ദുര്യോധനനോ ശകുനിയോ ഒന്നും അക്കാര്യത്തിൽ കുററക്കാരല്ലെന്നും, ദുര്യോധനാദികൾക്കു തീർച്ചയായും വീരക്ഷത്രിയന്മാർക്കുള്ള ഗതി കിട്ടുമെന്നും മററും പറഞ്ഞ് ധൃതരാഷ്ട്രരെ സമാശ്വസിപ്പിക്കുകയും അദ്ദേഹത്തിനു വനയാത്രാനുമതി നല്കുകയും ചെയ്യുന്നു.

വൈശമ്പായനൻ പറഞ്ഞു

ഈവണ്ണമാ വൃദ്ധനൃപനുരചെയ്തപ്പൊഴാം മന്നവ!
പൗരന്മാരും നാട്ടുകാരും ബോധം കെട്ട വിധത്തിലായ്. 1
മിണ്ടാതെ തൊണ്ടയിടറി നില്ക്കുന്നവരൊടാ നൃപൻ
ധൃതരാഷ്ട്രൻ മഹീപാലൻ വീണ്ടുമിങ്ങനെ ചൊല്ലിനാൻ. 2

ധൃതരാഷ്ട്രൻ പറഞ്ഞു

വൃദ്ധനായ് മക്കളും ചത്തീധർമ്മപത്നിയൊടൊപ്പമേ
കൃപണം പലമട്ടായി വിലപിപ്പോരു സത്തരേ! 3
അച്ഛനാം വ്യാസനും ധർമ്മവേദി ധർമ്മജരാജനും
ധർമ്മജ്ഞരേ, കാട്ടിൽ വാഴ്വാൻ സമ്മതിച്ചുമിരിക്കവേ 4
ആ ഞാൻ വീണ്ടും വീണ്ടുമിതാ കുമ്പിടുന്നുണ്ടു യോഗ്യരേ!
ഗാന്ധാരിയോടൊത്തൊരെന്നെ നിങ്ങളും സമ്മതിക്കുവിൻ. 5

വൈശമ്പായനൻ പറഞ്ഞു

കുരുരാജൻ പറഞ്ഞോരാക്കരുണോക്തികൾ കേട്ടവർ
മുററും കരഞ്ഞു രാജാവേ, കൂട്ടമായ്ക്കുരുജാംഗലർ. 6
ഉത്തരീയം കൈയിവയാൽ മുഖം പൊത്തിയുമായവർ
കേണു ദുഃഖിച്ചൊട്ടുനേരമച്ഛനമ്മകൾ പോലവേ. 7
ശൂന്യമാം ഹൃദയത്തോടും ധൃതരാഷ്ട്രപ്രവാസജം
ദുഃഖം സഹിച്ചീടുമവർ ബോധംകെട്ട വിധത്തിലായ്. 8
ധൃതരാഷ്ട്രൻെറ വേർപാടിലുള്ളായാസം സഹിച്ചവർ

മെല്ലെ മെല്ലെത്തമ്മിലപ്പോൾ സമ്മതങ്ങളുമോതിനാർ. 9
പിന്നെക്കൂട്ടിച്ചേർത്തു ചൊല്ലേണ്ടവയെല്ലാരുമൊപ്പമേ
രാജാവേ, നൃപനോടോതിയൊരു വിപ്രൻ മുഖാന്തരം. 10
പിന്നെ സ്വാചാരനാം വിപ്രൻ സമ്മതൻ കാര്യകോവിദൻ
സാംബാഖ്യൻ ബഹ്വൃചൻ ഭൂപ, പറവാനായ്ത്തുടങ്ങിനാൻ.
സമ്മതിപ്പിച്ചരചനെ പ്രസാദിപ്പിച്ചു സഭ്യരെ
വിപ്രൻ പ്രഗല്ഭൻ മേധാവിയാ രാജാവിനൊടോതിനാൻ. 12

സാംബൻ പറഞ്ഞു

രാജാവേ,യിജ്ജനത്തിന്റെ വാക്കൊട്ടുക്കെന്നിലുണ്ടിതാ
അതു ഞാൻ പറയാം വീര, ധരിക്കുക നരാധിപ! 13
രാജാവേ, നീ ചൊല്ലിടുന്നതെല്ലാമവ്വണ്ണമാം പ്രഭോ!
മിത്ഥ്യാവാക്കില്ലതിൽച്ചെറ്റും സുഹൃത്വം നമ്മിലൊപ്പമാം. 14
ഈക്കുലത്തിലെ രാജാക്കന്മാരിലാരുമൊരിക്കലും
ഉണ്ടായീലാ പ്രജാപാലൻ പ്രജകൾക്കപ്രിയൻ നൃപൻ. 15
അച്ഛന്മട്ടണ്ണനാമ്മട്ടും നിങ്ങൾ പാലിച്ചു ഞങ്ങളെ
അപ്രിയം ചെറ്റുമേ ചെയ്തിട്ടില്ലാ ദുര്യോധനൻ നൃപൻ. 16
ധർമ്മാത്മാവാം സത്യവതീസുതർഷി പറയുംവിധം
ചെയ്തുകൊൾക മഹാരാജ, ഗുരു ഞങ്ങൾക്കവൻ മഹാൻ. 17
ഞങ്ങളോ നീ വിട്ടുപോയാൽ ദുഃഖശോകാർത്തരാകുമേ
രാജാവേ, വളരെക്കാലം ഭവൽഗുണശതാന്വിതർ. 18
ശന്തനുക്ഷിതിപൻ ചിത്രാംഗദനും കാത്തവണ്ണമേ
ഭീഷ്മവീര്യം തുണച്ചീടും നിന്നച്ഛനുമതേവിധം 19
നിൻ നോട്ടത്താലുമാപ്പാണ്ഡുമന്നവൻതാനുമങ്ങനെ
അമ്മട്ടു ഞങ്ങളെക്കാത്തു ദുര്യോധനനരേന്ദ്രനും; 20
ചെറ്റും വ്യളീകം നിൻ പുത്രൻ ചെയ്തിട്ടില്ലയി മന്നവ!
അച്ഛനിൽപ്പോലെ വിശ്വസ്തരാ രാജാവിലുമങ്ങനെ 21
ഞങ്ങൾ നന്നായ് വാണു ഭവാനറിഞ്ഞിട്ടുള്ളതാണതും.
അവ്വണ്ണമായിരത്താണ്ടു ധീമാൻ കുന്തീകുമാരകൻ 22
ധൃതിമാൻ കാത്തിടും ഞങ്ങൾ സുഖമേല്ക്കും നരാധിപ!
പുരാണരാജർഷികടെ പുണ്യം ചെയ്യുന്ന നിങ്ങടെ 23
കുരുസംവരുണൻ ധീമാൻ ഭരതൻ മുതൽപേരുടെ
വൃത്തം പിൻതുടരുന്നുണ്ടീധർമ്മിഷ്ഠൻ ഭൂരിദക്ഷിണൻ; 24
ഹേ മഹാരാജ, ചെറുതും കുറ്റമില്ലിഹ ചൊല്ലുവാൻ.
ഞങ്ങൾ നിത്യം സുഖം പൂണ്ടു വാണൂ നിന്നുടെ രക്ഷയിൽ 25
സപുത്രനാം നിനക്കില്ലാ വ്യളീകം ചെറുതെങ്കിലും.
ദുര്യോധനനിലീ ജ്ഞാതിധ്വംസനം ചൊല്ലിയില്ലയോ, 26
സമ്മതിപ്പിക്കുവേൻ നിന്നെയതിലും കുരുനന്ദന!

ദുര്യോധനൻ ചെയ്തത,ല്ലായതു നീയല്ല ചെയ്തതും 27
കർണ്ണനല്ലാ ശകുനിയല്ലാക്കളുക്കും മുടിഞ്ഞതിൽ
ദൈവം താനെന്നു നാം കാണ്മു ബാധിപ്പാ[1]നെളുതല്ലതും 28
ദൈവത്തെപ്പൗരുഷംകൊണ്ടു ബാധിപ്പാനെളുതാർന്നരാ.
ഒത്തുചേർന്നുള്ള പതിനെട്ടക്ഷൗഹിണി മഹീപതേ! 29
പതിനെട്ടു ദിനംകൊണ്ടു മുടിച്ചു കുരുപുംഗവർ.
ഭീഷ്മദ്രോണകൃപാദ്യന്മാർ മഹാത്മാവായ കർണ്ണനും 30
വീരൻ സാത്യകിയും പിന്നെദ്ധൃഷ്ടദ്യുമ്നനുമങ്ങനെ
ഭീമാർജ്ജുനയമന്മാരാം നാലു പാണ്ഡുകുമാരരും 31
ഈ ക്ഷയം നൃപതേ, ദൈവബലത്താലെന്നിയേ വരാ.
അവശ്യം സംഗരത്തിങ്കൽ വിശേഷാൽ ക്ഷത്രിയൻ പരം 32
നിധനം ചെയ്യണം കാലേ ക്ഷത്രബന്ധു[2] മരിക്കണം.
ആ നരവ്യാഘ്രർ വലിയ വിദ്യാബാഹുബലാന്വിതർ 33
തേരാനയശ്വങ്ങളൊത്തീ ഭൂമിയൊക്ക മുടിച്ചുതേ.
ആ യോഗ്യനൃപർ ചത്തീടാൻ ഹേതു നിന്മകനല്ലെടോ 34
നീയല്ല നിൻ ഭൃത്യരല്ലാ കർണ്ണനല്ലല്ല സൗബലൻ.
നരശ്രേഷ്ഠ, നൃപശ്രേഷ്ഠരസംഖ്യംപേർ മരിച്ചതിൽ 35
എല്ലാം ദൈവം ചെയ്തതോർക്ക ചൊല്ലാനാരാരൊടുണ്ടിതിൽ?
ഗുരുവാണു ഭവാനിങ്ങീജ്ജഗത്തിന്നൊക്കയും പ്രഭു 36
ധർമ്മാത്മാവാം നിന്മകന്നു ഞങ്ങൾ നല്കുന്നു സമ്മതം.
വീരലോകം നേടിടട്ടേ തുണയൊത്താ നരാധിപൻ 37
ദ്വിജശ്രേഷ്ഠാനുവാദത്താൽ വിണ്ണിൽ വാഴട്ടെ സൗഖ്യമായ്.
ഭവാൻ പുണ്യം തേടുമേററം ധർമ്മത്തിങ്കലുറപ്പു മേ 38
ധർമ്മമെല്ലാം നീയറിയും നന്നായ് സുവ്രതനാക നീ.
പാഴാവല്ലാപ്പാണ്ഡവരിൽ നിൻെറ ദൃഷ്ടിപ്രദാനവും 39
പോരുമേ വിണ്ണു കാപ്പാനും പാർ കാപ്പാൻ പിന്നെയെന്തുവാൻ?
അനുവർത്തിച്ചിടും ധീമൻ, സമത്തിൽ വിഷമത്തിലും 40
നാട്ടാർ കുരുശ്രേഷ്ഠ, ശീലം കോലുമിപ്പാണ്ഡുപുത്രരെ.
ബ്രഹ്മദേയാഗ്രഹാരങ്ങൾ പാരിബർഹങ്ങളും നൃപൻ 41
മുൻ മന്നോരേററതിൻവണ്ണം കാക്കുമീപ്പാണ്ഡുനന്ദനൻ.
മൃദു ദാന്തൻ ദീർഘദർശിയെന്നും വൈശ്രവണോപമൻ 42
ഇവനക്ഷുദ്രസചിവൻ[3] കുന്തീപുത്രൻ മഹാശയൻ.
പിന്നെ മിത്രദയാശാലി ശുചിയീബ്ഭരതർഷഭൻ 43
നേരേ കാണുന്നു മേധാവി പുത്രനെപ്പോലെ പാലിതൻ.
ധർമ്മജന്നുടെ സംസർഗ്ഗാലിജ്ജനത്തിന്നു വിപ്രിയം 44

1 ബാധിക്ക = തടുക്കുക. 2 ക്ഷത്രബന്ധു = നീചനായ ക്ഷത്രിയൻ. 3 അക്ഷുദ്രസചിവൻ = മഹാന്മാരായ മന്ത്രിമാരോടു കൂടിയവൻ.

ചെയ്യയില്ലയി രാജഷേ്, പരം ഭീമാജ്ജുനാദികം.
മന്ദന്മാർ മാറ്റവക്കാരിൽ നൃപ, സപ്പാഭർ തീക്ഷ്ണരിൽ 45
വീര്യവാന്മാർ മഹാത്മാക്കൾ പൗരക്ക് ഹിതകാരികൾ.
കുന്തി പാഞ്ചാലിയവ്വണ്ണമുലൂപിയിഹ സാത്വതി 46
ഇവർ ചെയ്യില്ലിജ്ജനത്തിൽ പ്രതികൂലമൊരിക്കലും.
നീയുണ്ടാക്കിയൊരീ സ്നേഹം യുധിഷ്ഠിര, വിവദ്ധിതം 47
പിന്നോട്ടാക്കുകയില്ലേതും പൗരരും നാട്ടുകാർകളും.
സത്തുക്കൾ തെററു ചെയ്താലും കൗന്തേയന്മാർ മഹാരഥർ 48
ആ മത്ത്യരെക്കാത്തുകൊള്ളും ധമ്മാലംബനരാമവർ.
രാജാവേ, നീ മനോദ്ദുഃഖം യുധിഷ്ഠിരനിൽ വിട്ടിനി 49
ധമ്മ്യകമ്മങ്ങൾ ചെയ്താലും വന്ദനം പുരുഷഷ്ഭ!

വൈശമ്പായനൻ പറഞ്ഞു

അവൻെറയാധമ്മമൊഴി കൊണ്ടാടീട്ടു ഗുണോത്തരം
നന്നു നന്നെന്നു സകലജനവും സ്വീകരിച്ചതേ. 50
ധൃതരാഷ്ട്രനമാ വാക്കു കൊണ്ടാടിക്കൊണ്ടു വീണ്ടുമേ
വിട്ടയച്ചു മെല്ലെ മെല്ലെ പരം പ്രകൃതിമാർകളെ. 51
അവർ പൂജിച്ചു ശുഭമാമ്മട്ടു കണ്ണിട്ടു മന്നവൻ
കൈ കൂപ്പീട്ടാ ജനത്തെത്താൻ പൂജിച്ചു ഭരതഷ്ഭ! 52
പിന്നെഗ്ഗാന്ധാരിയോടൊത്തു നിജ ഗേഹം കരേറിനാൻ;
ആ രാത്രി തീന്നതിൽപ്പിന്നെച്ചെയ്തതെന്തെന്നു കേൾക്ക നീ. 53

11. ഭീമക്രോധം

ഭീഷ്മദുര്യോധനാദികളുടെ ശ്രാദ്ധത്തിനു വേണ്ട പണം കിട്ടിയാൽ കൊള്ളാമെന്നു ധൃതരാഷ്ട്രൻ വിദുരൻ മുഖാന്തരം ധമ്മപുത്രരോടപേക്ഷിക്കുന്നു. ഭീമൻ ഈ അഭിപ്രായത്തെ ശക്തിയായി എതിക്കുകയും, ദുര്യോധനൻ അതിരററ അപനയങ്ങൾ കാണിച്ച അവസരത്തിലും തങ്ങൾ വനവാസാദിക്ലേശങ്ങളനുഭവിച്ച അവസരത്തിലും ഈ വലിയച്ഛൻ എവിടെയായിരുന്നു എന്നു ക്രുദ്ധനായി ചോദിക്കയും ചെയ്യുന്നു.

വൈശമ്പായനൻ പറഞ്ഞു

പിന്നെപ്പുലച്ചയ്ക്കു ധൃതരാഷ്ട്രനങ്ങംബികാസുതൻ
ധമ്മജൻെറ ഗൃഹത്തേക്കു വിട്ടു വിദുരനെ സ്വയം. 1
കേടററോരീശനാം ധമ്മപുത്രരോടങ്ങു ചെന്നവൻ
രാജവാക്കാലെ തേജസ്വി ബുദ്ധിമത്തമനോതിനാൻ. 2

വിദുരൻ പറഞ്ഞു

ധൃതരാഷ്ട്രൻ മഹാരാജൻ കാട്ടിൽ വാഴ്ചയ്ക്കു ദീക്ഷിതൻ
ഈ വരും കാത്തികത്തിങ്കൽ രാജാവേ, കാടു പൂകുമേ. 3
കുരുശ്രേഷ്ഠ, ഭവാനോടൊരത്ഥമിച്ഛിപ്പതുണ്ടവൻ

ശ്രാദ്ധം കൊടുപ്പാനിച്ഛിപ്പൂ വൻപനാമാപഗേയനും[1] 4
ദ്രോണനും സോമദത്തനും ധീമാൻ ബാൽഹീകരാജനും
മക്കൾക്കൊട്ടുക്കുമാച്ചത്ത മററു മിത്രജനത്തിനും; 5
നീ സമ്മതിക്കുന്നതാകിൽ സൈന്ധവാപസദനുമേ[2].

വൈശമ്പായനൻ പറഞ്ഞു

വിദുരൻ ചൊന്നൊരാ വാക്കു കേട്ടവാറു യുധിഷ്ഠിരൻ 6
ഹർഷിച്ചു പൂജിച്ചു ഗുഡാകേശനാം പാണ്ഡുപുത്രനും.
ദൃഢക്രോധൻ ഭീമനാ വാക്കപ്പോൾക്കൈക്കൊണ്ടതില്ലഹോ! 7
ദുര്യോധനൻ ചെയ്തതോർത്തു തേജസ്വി വിദുരോദിതം[3].
അഭിപ്രായമറിഞ്ഞിട്ടാബ്ഭീമസേനന്റെ ഫൽഗുനൻ 8
കിരീടിയൊന്നു കുമ്പിട്ടാ നരർഷഭനൊടോതിനാൻ.

അർജ്ജുനൻ പറഞ്ഞു

ഭീമ, ഭൂപൻ വൃദ്ധനച്ഛൻ കാട്ടിൽ വാഴ്വൂ ദീക്ഷിതൻ 9
ഇച്ഛിക്കുന്നു സുഹൃത്തുക്കൾക്കൊട്ടുക്കിങ്ങൗർദ്ധ്വദേഹികം.
ഭവാൻ നേടിയ വിത്തത്തെ നല്കാനിച്ഛിപ്പു കൗരവൻ 10
ഭീഷ്മാദ്യർക്കായ് മഹാബാഹോ, ഭവാനനുവദിക്കണം
ഭാഗ്യമിപ്പോളിരക്കുന്നു ധൃതരാഷ്ട്രൻ മഹാഭുജ! 11
മുന്നം നാം ചെന്നിരന്നുള്ളോൻ കാണ്ക കാലവിപര്യയം.
ഭൂമിക്കൊട്ടുക്കു ഭർത്താവായ് വാണുള്ളോരാ നരാധിപൻ 12
പരരാൽ നിഹതാമാത്യൻ കാടു പൂകാൻ നിനയ്ക്കയാം.
ദാനമല്ലാതെ മററൊന്നും ഭവാൻ കാണേണ്ടതില്ലിഹ 13
അയശസ്യം മറിച്ചായാലതധർമ്മം മഹാഭുജ!
ജ്യേഷ്ഠഭ്രാതാവീശ്വരനാം രാജാവൊടു പഠിക്ക നീ 14
കൊടുപ്പാനങ്ങർഹനിങ്ങോട്ടെടുപ്പാനല്ല ഭാരത!

വൈശമ്പായനൻ പറഞ്ഞു

എന്നു ചൊല്ലുന്നർജ്ജുനനെപ്പൂജിച്ചു ധർമ്മരാജനും 15
ഭീമസേനൻ ചൊടിച്ചുംകൊണ്ടന്നേരം ചൊല്ലിയിങ്ങനെ.

ഭീമൻ പറഞ്ഞു

ഭീഷ്മന്നായ് പ്രേതകാര്യത്തെ നല്കാം നമ്മൾക്കു ഫൽഗുന! 16
സോമദത്തക്ഷിതിപനുമേവം ഭൂരിശ്രവസ്സിനും
രാജർഷി ബാല്ഹീകനുമാ വൻപൻ ദ്രോണർക്കുമങ്ങനെ 17
മററെല്ലാവർക്കുമവ്വണ്ണം കുന്തി കണ്ണിന്നു നല്കുമേ.
ശ്രാദ്ധങ്ങൾ പുരുഷവ്യാഘ്ര, നല്കേണ്ടാ കൗരവൻ നൃപൻ 18
എന്നെന്റെ ബുദ്ധി, നന്ദിച്ചീടൊല്ലാ നമ്മുടെ വൈരികൾ.
കഷ്ടാൽ കഷ്ടത്തിലെത്തട്ടേ മുററും ദുര്യോധനാദികൾ 19

---

1 ആപഗേയൻ = ഭീഷ്മൻ. 2 സൈന്ധവാപസദൻ = നീചനായ ജയദ്രഥൻ.
3 ഭീമൻ വിദുരോദിതം കൈക്കൊണ്ടതില്ല എന്നാണന്വയം.

കുലപാംസനരിബ്ഭൂമി മുഴക്കനെ മുടിച്ചവർ.
നീയെന്തേവം മറന്നിട്ടു പന്തീരാണ്ടത്തെ വൈരവും 20
അജ്ഞാതവാസം വിഷമം ദ്രൗപദീശോകവദ്ധനം?
അന്നെങ്ങു പോയിതാ സ്നേഹം ധൃതരാഷ്ട്രന്നു നമ്മളിൽ? 21
കൃഷ്ണാജിനം തോളിലിട്ടു ഹൃതാഭരണഭൂഷണൻ
പാഞ്ചാലിയൊത്തരചനെപ്പിൻതുടന്നീലയോ ഭവാൻ? 22
അന്നെങ്ങാ ദ്രോണഭീഷ്മന്മാർ സോമദത്തനമെങ്ങുപോയ്?
പതിമ്മൂവാണ്ടടവിയിൽ പാത്ഥീലേ വന്യവൃത്തിയായ് 23
വലിയച്ഛൻ നിന്നെയന്നൊരച്ഛനെപ്പോലെ നോക്കിയോ?
അതും മറന്നുവോ പാത്ഥ, കുലപാംസനനാമിവൻ 24
ക്ഷത്താവിനോടെന്തു നേടിയെന്നു ദുബ്ബുദ്ധി കേട്ടതും?

വൈശമ്പായനൻ പറഞ്ഞു

എന്നു ചൊല്ലുന്നിവനൊടു കൗന്തേയൻ ധമ്മജൻ നൃപ! 25
ധീമാൻ മിണ്ടാതിരിക്കെന്നു ഭർത്സിച്ചുംകൊണ്ടു ചൊല്ലിനാൻ.

12. യുധിഷ്ഠിരാനുമോദനം

അജ്ജുനൻ നല്ലവാക്കു പറഞ്ഞിട്ടും ഭീമൻ അനുസരിക്കുന്നില്ലെന്നു കണ്ടപ്പോൾ, തൻേറയും അർജ്ജുനൻേറയും സ്വത്തു മുഴുവൻ ധൃതരാഷ്ട്രരുടെ ഇഷ്ടംപോലെ വിനിയോഗിക്കാനായി വിട്ടുതന്നിരിക്കുന്നു എന്ന വിവരം ആ വലിയച്ഛനെ അറിയിക്കാൻ ധമ്മപുത്രൻ വിദുരനോടു പറയുന്നു.

അർജ്ജുനൻ പറഞ്ഞു

എന്നണ്ണൻ ഗുരു നീ ഭീമ, മറെറാന്നും ചൊൽവതില്ല ഞാൻ
മാനിക്കുകെല്ലാംകൊണ്ടിട്ടും രാജഷി ധൃതരാഷ്ട്രനെ. 1
അപകാരങ്ങളോക്കാറില്ലുപകാരങ്ങളോക്കുമേ
ആര്യമര്യാദ തെററാത്ത സത്തുക്കൾ പുരുഷോത്തമർ. 2

വൈശമ്പായനൻ പറഞ്ഞു

മഹാത്മാവാമജ്ജുനനീവണ്ണം ചൊന്നതു കേട്ടുടൻ
ക്ഷത്താ*വൊടോതീ ധമ്മിഷ്ഠൻ കുന്തീപുത്രൻ യുധിഷ്ഠിരൻ. 3

ധമ്മപുത്രൻ പറഞ്ഞു

ഇതെൻെറ വാക്കാൽ വിദുര, കുരുരാജാവൊടോതണം
ശ്രാദ്ധമിച്ഛിപ്പതെത്രയ്ക്കോ മക്കൾക്കത്രയ്ക്കു നല്കുവൻ. 4
ഭീഷ്മാദ്യരാമാപ്തകാരിസുഹൃത്തുക്കൾക്കുമൊക്കയും
എൻ ഭണ്ഡാരാൽ വിഭോ, എന്നും വേണ്ടാ ഭീമന്നു കുണ്ഠിതം. 5

വൈശമ്പായനൻ പറഞ്ഞു

എന്നോതിദ്ധമ്മരാജാവു കൊണ്ടാടീ ജിഷ്ണുവെപ്പരം
ഭീമസേനൻ കടക്കണ്ണിട്ടൊന്നജ്ജുനനെ നോക്കിനാൻ. 6

---

* ക്ഷത്താവ് = വിദുരൻ.

ധീമാൻ യുധിഷ്ഠിരൻ പിന്നെച്ചൊന്നാൻ വിദുരനോടുടൻ:
"ഭീമസേനനങ്കലാബൽഭൂപൻ കോപം കൊള്ളരുതേതുമേ 7
ബുദ്ധിമുട്ടിയവൻ ഭീമൻ വെയിലും മഞ്ഞു മാരിയും
കാട്ടിൽ മററും ദുഃഖമേറേറാൻ ധീമാനങ്ങയ്ക്കു ബോദ്ധ്യമാം. 8
എന്നാലെൻ വാക്കിനാൽ രാജാവോടോതു ഭരതർഷഭ!
എന്തെന്തുഭ്യാശയത്രയ്ക്കെൻ ഗൃഹാലങ്ങെടുത്തിടാം. 9
ഏററം ദുഃഖിച്ചവൻ ഭീമൻ മാത്സര്യം കാട്ടിടുന്നതും
മനസ്സിൽ വെച്ചീടരുതെന്നാ മന്നവനൊടോതണം. 10
എൻേറയുമജ്ജുനൻേറയും ഗൃഹത്തിൽ സ്വത്തിനൊക്കയും
ഉടമസ്ഥൻ മഹാരാജനെന്നാ രാജാവൊടോതണം. 11
രാജാവു വിപ്രർക്കേകട്ടേ യഥേഷ്ടം ചെലവിട്ടിടാം
മക്കൾക്കുമിഷ്ടക്കുമവനാനൃണ്യം പൂണ്ടുകൊൾകയാം. 12
എൻെറയീദ്ദേഹവുംകൂടി നിന്നധീനം ജനേശ്വര!
ധനങ്ങളും ധരിച്ചാലുമെനിക്കില്ലിഹ സംശയം. 13

13. വിദുരവചനം

ഭീമൻെറ നേരെ വലിയ വിരോധം തോന്നാത്തവിധത്തിൽ നടന്ന സംഭവങ്ങളെല്ലാം അല്പമൊന്നു മയപ്പെടുത്തി വിദുരൻ ധൃതരാഷ്ട്രനെ അറിയിക്കുന്നു. കാർത്തികമാസത്തിൽ ശ്രാദ്ധദാനാദികൾ കഴിച്ചു കാട്ടിലേക്കു പുറപ്പെടാൻ ധൃതരാഷ്ട്രൻ തീരുമാനിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

എന്നാ രാജാവു ചൊന്നോരു വിദുരൻ ബുദ്ധിസത്തമൻ
ധൃതരാഷ്ട്രാന്തികത്തിൽച്ചോന്നോതീ പൊരുളെഴും മൊഴി. 1

വിദുരൻ പറഞ്ഞു

നിൻ വാക്കാദ്യംതൊട്ടു യുധിഷ്ഠിരരാജാവൊടോതി ഞാൻ
അവൻ നിൻ വാക്കേറെറുരച്ചും പ്രശംസിച്ചു മഹാദ്യുതി. 2
തേജസ്വിയാമജ്ജുനനുമങ്ങയ്ക്കപ്പിച്ചു തൻ ഗൃഹം
ഗൃഹത്തിലുള്ള മുതലും കേവലം പ്രാണനേയുമേ. 3
നിന്നുണ്ണിയാം ധമ്മരാജൻ രാജ്യം പ്രാണൻ ധനങ്ങളും
സമ്മതിക്കുന്നു രാജർഷേ, പിന്നെ മററുള്ളതൊക്കയും. 4
ഭീമനോ പലമട്ടുള്ള സവ്വദുഃഖങ്ങളോത്തുമേ
സമ്മതിച്ചൂ പണിപ്പെട്ടു വീപ്പിട്ടിട്ടു മഹാഭുജൻ. 5
അവനെദ്ധാമ്മികൻ ഭൂപനവ്വണ്ണംതന്നെ ജിഷ്ണുവും
സമ്മതിപ്പിച്ചിട്ടു മഹാബാഹുവേ നിത്തി വേഴ്ചയിൽ. 6
മന്യുവുണ്ടാകൊല്ല ഭവാനെന്നും ധമ്മജനോതിനാൻ
ഭീമനാ വൈരമോത്തിട്ടങ്ങന്യായംപോലെ ചെയ്തതിൽ. 7

ഇപ്പടിക്കല്ലയോ ധമ്മം ക്ഷത്രിയക്കു നരാധിപ!
പോരിൽ ക്ഷത്രിയധമ്മത്തിൽ നില്പോനാണീ വൃകോദരൻ. 8
ഭീമനു വേണ്ടിട്ടീ ഞാനും വീണ്ടും വീണ്ടും കിരീടിയും
പ്രസാദിക്കുകിരക്കുന്നിതിങ്ങുള്ളതിനു നീ പ്രഭു. 9
എന്നാൽ ഭവാൻ ധനം നല്കുകിച്ഛിക്കുന്നോളവും നൃപ!
അങ്ങുന്നീശ്വരനീ രാജ്യത്തിന്നും ഭാരത, ജീവനും. 10
ബ്രഹ്മദേയാഗ്രഹാരങ്ങൾ മക്കൾക്കിങ്ങൗർദ്ധ്വദേഹികം
ഇങ്ങുള്ള ഗോക്കൾ രത്നങ്ങൾ ദാസീദാസമജാവികം 11
വരുത്തീട്ടു കുരുശ്രേഷ്ഠൻ ബ്രാഹ്മണക്ക്ായ് കൊടുക്കയാം.
ദീനാന്ധകൃപണന്മാക്കുമങ്ങുമിങ്ങും നൃപാജ്ഞയാൽ 12
തീപ്പിച്ചുകൊൾക വിദുര, പാനാന്നാദ്ധ്യങ്ങളൂട്ടുകൾ;
പശുക്കൾക്കു നിപാനങ്ങൾ* മററും കല്പിക്ക പുണ്യകം. 13
എന്നെന്നോടോതി രാജാവും പാത്ഥൻ ജിഷ്ണുവുമങ്ങനെ
ഇനി മേല്പോട്ടു വേണ്ടുന്നതൊക്കച്ചെയ്യേണമേ ഭവാൻ. 14

വൈശമ്പായനൻ പറഞ്ഞു

ഈവണ്ണം വിദുരൻ ചൊല്ലിക്കൊണ്ടാടിദ്ധൃതരാഷ്ട്രനും
കാത്തികത്തിൽ മഹാദാനമുറച്ചു ജനമേജയ! 15

14. ദാനയജ്ഞം

നിശ്ചിതസമയത്തു് ധൃതരാഷ്ട്രരുടെ അഭിമതമനുസരിച്ച ധമ്മപുത്രൻ ദാനയജ്ഞം നിവ്വഹിക്കുന്നു. ഇങ്ങനെ യുദ്ധത്തിൽ മരിച്ചുപോയ പുത്രപൗത്രാദികളോടുള്ള കടപ്പാടിൽനിന്നു ധൃതരാഷ്ട്രൻ മുക്തനാകുന്നു.

വൈശമ്പായനൻ പറഞ്ഞു

ഈവണ്ണം വിദുരൻ ചൊന്ന ധൃതരാഷ്ട്രൻ ജനാധിപൻ
പ്രീതനായീ ധമ്മപുത്രജിഷ്ണുത്തൊഴിലിൽ മന്നവ! 1
പിന്നെ ഭീഷ്മാത്ഥമായ് പ്രാജ്ഞബ്രാഹ്മണഷിവരിഷ്ഠരെ
സുഹൃൽപുത്രാത്ഥമായിട്ടും പാത്തു കണ്ടിട്ടസംഖ്യമേ, 2
ഉണ്ടാക്കിച്ചന്നപാനങ്ങൾ വാഹനാച്ഛാദനങ്ങളും
സുവണ്ണമണിരത്നങ്ങൾ ദാസീദാസമജാവികം 3
രത്നങ്ങൾ കമ്പിളികളും ഗ്രാമം ക്ഷേത്രം ധനങ്ങളും
കോപ്പണിഞ്ഞാനയശ്വങ്ങൾ വരസ്ത്രീകന്യമാരെയും 4
ആൾപ്പേർ കുറിച്ചിട്ടേവക്കും നല്കിനാനാ നൃപോത്തമൻ
ചൊല്ലിബ്ഭീഷ്മദ്രോണസോമദത്തബാല്ഹീകരേയുമേ. 5
ദുര്യോധനക്ഷിതിപനെ വെവ്വേറേ മററു മക്കളെ
ജയദ്രഥപ്രഭൃതികൾ സുഹൃത്തുക്കളെയൊക്കയും. 6

---

* നിപാനം=കൽത്തൊട്ടി.

നടന്നിതാ ശ്രാദ്ധയജ്ഞം പ്രഭൃതധനദക്ഷിണം
അനേകധനരത്നൗഘം യുധിഷ്ഠിരമതത്തൊടും. 7

എപ്പോഴുമാറുക്കാർ ഗണകർ ലേഖകന്മാരുമങ്ങനെ
യുധിഷ്ഠിരൻ ചൊല്ലുകയാൽ ചോദിച്ചു നൃപനോടതിൽ. 8

'കല്പിക്കുകെന്തിവക്കായിട്ടാനം നല്ലേണ്ടതെ'ന്നുമേ
പറഞ്ഞുവെന്നാലവിടെയുണ്ടതായവരേകിനാർ. 9

ആയിരം നൂറു വേണ്ടേടം സഹസ്രത്തിനിഹായുതം
നല്കുന്നു ധീമാൻ നൃപതി കുന്തീപുത്രൻെറയാജ്ഞയാൽ. 10

ഈവണ്ണം വിത്തവർഷത്തെ വർഷിച്ചാ നൃപവാരിദം[1]
തപ്പിച്ചു[2] വിപ്രരെപ്പെയ്യും കാർ സസ്യത്തിനെയാംവിധം. 11

അതിൽപ്പിന്നെ സർവ്വജാതിക്കാർകളേയും മഹാമതേ!
അന്നപാനരസൗഘംകൊണ്ടാറാടിക്കൊണ്ടിതാ നൃപൻ. 12

വസ്ത്രരത്നധനൗഘാഢ്യമൃദംഗപടഹാദിതം
ഗവാശ്വമകരാവർത്തം നാനാ രത്നമഹാകരം 13

ഗ്രാമാഗ്രഹാരദ്വീപാഢ്യം മണിപ്പൊന്നു ജലാർണ്ണവം
ലോകത്തെ മുപ്ലാവനം ചെയ്തു ധൃതരാഷ്ട്രേന്ദുവർദ്ധിതം. 14

ഈവണ്ണം പുത്രപൗത്രർക്കും പിതൃക്കൾക്കും തനിക്കുമേ
ഗാന്ധാരിക്കും മഹാരാജ, കൊടുത്താനൗർദ്ധ്വദേഹികം. 15

അനേക ദാനങ്ങൾ നല്കീട്ടവനെപ്പോൾ തളൎന്നുവോ
മതിയാക്കീടിനാനപ്പോൾ ദാനയജ്ഞം നരാധിപൻ. 16

ആ നൃപൻ ചെയ്തു കൗരവ്യ, ദാനയജ്ഞമിതിങ്ങനെ
നടനർത്തകലാസ്യാഢ്യം ബഹ്വന്നരസദക്ഷിണം. 17

ദാനങ്ങൾ പത്തുനാളിമ്മട്ടേകീട്ടങ്ങംബികാസുതൻ
പുത്രപൗത്രർക്കുള്ള കടം തീർത്തു ഭൂപതി ഭാരത! 18

15. ധൃതരാഷ്ട്രനിര്യ്യാണം

പിറ്റെദിവസം പുലർച്ചയ്ക്കു ധൃതരാഷ്ട്രൻ രാജധാനിയിൽനിന്നു പുറപ്പെടുന്നു. ഗാന്ധാരി കണ്ണു കെട്ടിക്കൊണ്ടു ഭർത്താവിൻെറ മുൻപിൽ നടക്കുന്നു. ഗാന്ധാരിയുടെ കൈ തൻെറ തോളത്തു വെച്ചുകൊണ്ടു കുന്തി ഏററവും മുൻപിൽ നടക്കുന്നു. ഈ വനയാത്ര പൗരന്മാരേയും പാണ്ഡവാദികളേയും ശോകാകുലരാക്കിത്തീർക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

പുലർച്ചയ്ക്കംബികാപുത്രൻ ധൃതരാഷ്ട്രക്ഷിതീശ്വരൻ
വനവാസത്തിനുദ്യുക്തൻ വിളിച്ചാപ്പാണ്ഡുപുത്രരെ. 1

ഗാന്ധാരിയോടൊത്ത ധീമാൻ താൻ കൊണ്ടാടീ യഥാവിധി

---

1 നൃപവാരിദം=രാജമേഘം. 2 തപ്പിക്ക=തൃപ്തരാക്കുക.

വേദജ്ഞവിപ്രരെക്കൊണ്ടിട്ടിഷ്ടി[1] ചെയ്യിച്ചു കാത്തികേ. 2

അഗ്നിഹോത്രത്തെ മുൻപാക്കി വല്ക്കലാജിനധാരിയായ്
വധുക്കളോടൊത്തരചൻ ഭവനം വിട്ടിറങ്ങിനാൻ. 3

ഉടൻ പിന്നെക്കൗരവപാണ്ഡവസ്ത്രീ—
ജനങ്ങളും കൗരവവംശ്യമാരും
അവക്കെഴും നാദമുണ്ടായിതപ്പോഠം
വൈചിത്ര്യവീര്യക്ഷിതിപൻെറ പോക്കിൽ. 4

ഉടൻ പൂവും മലരും മററുമായി
ഗൃഹത്തിനെപ്പൂജചെയ്തിട്ടു ഭൂപൻ
അത്ഥങ്ങളാൽ ഭൃത്യവഗ്ഗത്തെയൊക്ക—
പ്പൂജിച്ചുതാൻ വിട്ടുപോയീ നരേന്ദ്രൻ. 5

ഉടൻ ഭൂപൻ കൈതൊഴുതും വിറച്ചും
യുധിഷ്ഠിരൻ സസ്വരം ബാഷ്പകണ്ഠൻ
ഉറക്കെ വാവിട്ടു കരഞ്ഞു സാധോ!
പോകുന്നതെങ്ങെന്നു നിലത്തു വീണു. 6

ദുഃഖം മുഴുത്തജ്ജുനനതിപ്രകാരം
വീണ്ടും വീണ്ടും വീത്തുമേ ഭാരതാഗ്ര്യൻ
'ധമ്മാത്മഭൂവേ,യിതു വയ്യെ'ന്നുരച്ചു
പിടിച്ചു താൻ ദീനനായ് ക്ഷീണമോടും. 7

വൃകോദരൻ ഫൽഗുനൻ വീരർ മാദ്രീ—
പുത്രന്മാരും വിദുരൻ സഞ്ജയൻതാൻ
വൈശ്യാപുത്രൻ കൃപരോടൊത്തു ചെന്നു
ധൗമ്യൻ വിപ്രന്മാരുമേ ബാഷ്പകണ്ഠർ. 8

ആകുന്തി കൺ കെട്ടിന സൗബലേയി
പോകുന്നേരം ചുമലിൽ കൈയുമേന്തി;
ഗാന്ധാരിതൻ ചുമലിൽ കൈകൊടുത്തു
നടന്നിതാ ധൃതരാഷ്ട്രൻ പ്രതീതൻ[2]. 9

ആകൃഷ്ണയാം ദ്രൗപദീ സാത്വതേയി
ബാലാപത്യോത്തര[3] കൗരവ്യകന്യ
ചിത്രാംഗദൈവം സ്ത്രീകളമ്മട്ടു മററും
രാജാവിനോടൊത്തിറങ്ങീ വധുക്കഠം. 10

കരഞ്ഞീടുന്നവർകഠംക്കൊച്ച പൊങ്ങീ
രാജൻ, ദുഃഖാൽ കുരരീപ്രായമുച്ചം

---

1 ഇഷ്ടി=ഹോമം; യാഗം. 2 ഗാന്ധാരി സ്വന്തം കണ്ണുകൾ കെട്ടിക്കൊണ്ടാണ് അന്ധനായ ഭത്താവിൻെറ മുന്നിൽ നടന്നതു്. ഗാന്ധാരിയുടെ കൈ തൻെറ തോളിൽ വെച്ചുകൊണ്ടു് ആ രണ്ടുപേരുടേയും മുൻപിലായി കുന്തിയും നടന്നു എന്നത്ഥം. 3 ബാലാപത്യോത്തര=(ബാലാപത്യ + ഉത്തര) ഒരു കൊച്ചു കുഞ്ഞിനോടുകൂടിയ ഉത്തര.

ഉടൻ കൂടീ ബ്രാഹ്മണക്ഷത്രവൈശ്യ—
ശൂദ്രന്മാർതൻ ഭാര്യമാർ ചുററുമപ്പോൾ. 11
അവൻ പോകും പോക്കിലാപ്പൗരവർഗ്ഗം
ദുഃഖിച്ചുപോയ് ഹസ്തിപുരേ നരേന്ദ്ര!
മുന്നം ചൂതിൽ കൗരവച്ചൂതരങ്ങിൽ
നിന്നിട്ടു പാണ്ഡവർ പോമ്പോതുപോലെ 12
ഒരിക്കലും ചന്ദ്രനെസ്സൂര്യനേയും
കാണാത്തുള്ളാ സ്ത്രീകളാ മന്നവേന്ദ്രൻ
മഹാവനം കൗരവേന്ദ്രൻ ഗമിക്കെ—
ശ്ശോകാകുലം രാജമാർഗ്ഗത്തിലെത്തീ. 13

16. കുന്തീവനപ്രസ്ഥാനം

വിദുരനും സഞ്ജയനും വനയാത്രയിൽ ധൃതരാഷ്ട്രനെ അനുഗമിക്കുന്നു. പാണ്ഡവന്മാരും അന്തഃപുരസ്ത്രീകളും വളരെയൊക്കെ നിർബ്ബന്ധിച്ചിട്ടും അതൊന്നും വകവെക്കാതെ കുന്തി ഗാന്ധാരീധൃതരാഷ്ട്രരൊന്നിച്ചു കാട്ടിലേക്കു പോകാൻതന്നെ തീരുമാനിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

പ്രാസാദഹർമ്മ്യങ്ങളിലും താഴത്തുമുടനേ നൃപ!
സ്ത്രീകൾക്കും പുരുഷന്മാർക്കുമൊച്ചയുണ്ടായിതുച്ചമായ്. 1
ആ മന്നവൻ സ്ത്രീപുരുഷർ തിങ്ങുമാ രാജമാർഗ്ഗമേ
ധീമാൻ പണിപ്പെട്ടു പോന്നു വിറച്ചു തൊഴുതങ്ങനെ. 2
ഗജാഹ്വയം വിട്ടിറങ്ങി വർദ്ധമാനവഴിക്കവൻ
ആജ്ജനൗഘത്തിനെപ്പിന്നെ വിട്ടയച്ചിതു വീണ്ടുമേ. 3
രാജാവോടൊത്തു വിദുരൻ കാടു പൂകാനൊരുങ്ങിനാൻ
മഹാമാത്യൻ സഞ്ജയനെന്നാഗ്ഗാവൽഗണി സൂതനും. 4
കൃപരെപ്പിൻതിരിപ്പിച്ചു യുയുത്സു രഥിയേയുമേ
ധൃതരാഷ്ട്രക്ഷിതിപതിയേല്പിച്ചാ ധർമ്മപുത്രനിൽ. 5
പൗരവർഗ്ഗമൊഴിച്ചാറേ രാജാവന്തഃപുരത്തൊടും
ധൃതരാഷ്ട്രാനുജ്ഞയാലേ നിനച്ചു പിൻതിരിക്കുവാൻ. 6
അവൻ വനം പിൻതുടരും കുന്തിയമ്മയൊടോതിനാൻ:
"ഞാൻ രാജാവിൻ പിൻപു പോകാമിവിടുന്നിങ്ങൊഴിക്കുക 7
വധുക്കളൊത്തു ഹേ രാജ്ഞി, നഗരത്തേക്കു ചെല്ലുക;
എഴുന്നള്ളട്ടെ ധർമ്മിഷ്ഠൻ തപസ്സിന്നുന്നമീ നൃപൻ." 8
എന്നു ധർമ്മസുതൻ ചൊല്ലെക്കണ്ണിൽ കണ്ണീർ നിറഞ്ഞവൾ
ഗാന്ധാരിയെപ്പിടിച്ചുംകൊണ്ടപ്പോൾ കുന്തി നടന്നുതേ. 9

കുന്തി പറഞ്ഞു

സഹദേവങ്കൽ മുഷിയൊല്ലൊരിക്കലുമിളാപതേ!

ഇവനെങ്കൽക്കുറെഴന്നോൻ നിങ്കലും നിത്യവും നൃപ! 10
എന്നുമോർക്കേണമേ പോരിൽ പിന്മാറാത്തുള്ള കർണ്ണനെ
പോരിൽ വീരനവൻ പ്രജ്ഞ കെട്ട ഞാനന്നു തള്ളിയോൻ. 11
മകനേ, കാരിരുമ്പാണു മന്ദയാമെൻെറയീക്കരം
കാണാഞ്ഞുമാസ്സൂര്യജനെ നൂറായിത്തകരാഞ്ഞയാൽ. 12
ഇപ്രകാരം പോയതിൽ ഞാനെന്തു ചെയ്യുമരിന്ദമ!
എൻെറ വൻ തെററു വെളിവാക്കാഞ്ഞതാസ്സൂര്യപുത്രനെ. 13
അവന്നായി മഹാബാഹോ, മുഖ്യദാനം കൊടുക്കണേ!
എപ്പോഴും തമ്പിമാരൊത്താസ്സൂര്യപുത്രന്നരിന്ദമ! 14
പാഞ്ചാലിക്കിഷ്ടമാമ്മട്ടിൽ നില്ക്കേണ്ണമരികർശന!
ഭീമാർജ്ജുനന്മാർ നകുലൻതാനുമേവം കുരൂദ്വഹ! 15
നീയിണക്കേണ്ടവർ നൃപ, നിന്നിലാം കുലഭാരവും.
ശ്വശ്രൂശ്വശുരപാദങ്ങൾ ശുശ്രൂഷിച്ചു വനത്തിൽ ഞാൻ
ഗാന്ധാരിയൊത്തു പാർക്കട്ടേ ചേരണിഞ്ഞു തപസ്സൊടും. 16

വൈശമ്പായനൻ പറഞ്ഞു

എന്നു കേട്ടാധർമ്മബുദ്ധി വശി തമ്പികളൊത്തവൻ
വിഷാദം പൂണ്ടുപോയ് ധീമാൻ പറഞ്ഞില്ലൊരു വാക്കുമേ. 17
മുഹൂർത്തനേരം ധ്യാനിച്ചു ധർമ്മരാജൻ യുധിഷ്ഠിരൻ
ദീനനായമ്മയോടോതീ ചിന്താശോകപരായണൻ. 18

ധർമ്മപുത്രൻ പറഞ്ഞു

ഇതെന്തുറപ്പാണിവിടെയ്ക്കേവം ചെയ്യാതിരിക്കണേ!
സമ്മതിപ്പീലിവിടെ ഞാൻ പ്രസാദിച്ചീടവേണമേ. 19
പുരം വിട്ടും ഞങ്ങളെ മുൻപിളക്കി പ്രിയദർശനേ!
വിദുലാവാക്കുവഴി നീ ഞങ്ങളെസ്സന്ത്യജിക്കൊലാ. 20
മന്നവന്മാർകളെക്കൊന്നീ രാജ്യം നേടിയിരിപ്പു ഞാൻ
നരർഷഭൻ വാസുദേവൻ ചൊല്ലി നിൻ പ്രജ്ഞയേല്ക്കയാൽ. 21
അന്നു ഞാൻ കേട്ടൊരാ നിൻെറ ബുദ്ധിയിപ്പൊഴതെങ്ങുപോയ്?
ക്ഷത്രധർമ്മസ്ഥിതി പറഞ്ഞതു നീ വിട്ടൊഴിക്കയോ? 22
ഞങ്ങളേയുമുപേക്ഷിച്ചീ രാജ്യവും സ്നുഷമാരെയും
ദുർഗ്ഗാരണ്യം വാഴ്വതെന്തേ പ്രസാദിക്ക യശസ്വിനി! 23

വൈശമ്പായനൻ പറഞ്ഞു

കുന്തിയേവം തൊണ്ടയിടറിച്ചൊന്നതു കേൾക്കിലും
അശ്രുപൂർണ്ണാക്ഷി പൊയ്ക്കൊണ്ടാൾ പറഞ്ഞു ഭീമനിങ്ങനെ. 24

ഭീമൻ പറഞ്ഞു

കുന്തി, പുത്രൻ നേടിയൊരീ രാജ്യമേററു ഭുജിച്ചുതാൻ
രാജധർമ്മങ്ങൾ നേടേണ്ടും കാലമെന്തിതു തോന്നുവാൻ? 25
മുൻപെന്തുകൊണ്ടു ചെയ്യിച്ചു ഞങ്ങളാൽ പൃഥിവീക്ഷയം?
എന്തുകൊണ്ടിന്നുപേക്ഷിച്ചു കാടു കേറാനുറച്ചു നീ? 26

കാട്ടിൽനിന്നെന്തിനായ് കൊണ്ടുവന്നു ബാലകർ ഞങ്ങളെ
ദുഃഖശോകാർത്തരായോരീ മാദ്രീനന്ദനരേയുമേ? 27

അമ്മേ, പ്രസാദിക്ക കാടു പൂകൊല്ലിന്നു യശസ്വിനി!
അമ്മേ, ബലാർജ്ജിതയുധിഷ്ഠിരശ്രീയേററുകൊൾക നീ. 28

വൈശമ്പായനൻ പറഞ്ഞു

എന്നാവലാതി പലതും ചൊല്ലും മക്കടെ വാക്കുകൾ
കേട്ടതില്ലാ കാടു പൂകാനുറച്ചോരവൾ ഭാമിനി. 29

വിഷണ്ണമുഖി പാഞ്ചാലി ശ്വശ്രുവെപ്പിൻതുടന്നുതേ
കാടു വാഴാൻ പോകുമപ്പോൾ ഭദ്രയൊത്തു കരഞ്ഞവൾ. 30

കരയും മക്കളേ മുററും വീണ്ടുമേ പാർത്തു കണ്ടവൾ
പൊയ്ക്കൊണ്ടാളാ മഹാപ്രാജ്ഞ വനവാസമുറച്ചവൾ. 31

അവളെത്താൻ പിൻതുടന്നു സ്ത്രീഭൃത്യാനപിതർ പാണ്ഡവർ
പിന്നെക്കണ്ണീർ തുടച്ചിട്ടായവൾ മക്കളൊടോതിനാൾ. 32

17. കുന്തീവാക്യം

ഒരിക്കൽ ദുര്യോധനാദികളിൽനിന്നുണ്ടായ അവമാനം സഹിക്കവഹിയാതെ, പുത്രന്മാരുടെ നന്മയെ ഉദ്ദേശിച്ചു താൻ മക്കളെ ചൊടിപ്പിച്ചു യുദ്ധത്തിനു പ്രേരിപ്പിച്ചതു ശരിയാണെന്നും, പക്ഷേ, ഇന്നു പുത്രാർജ്ജിതമായ സമ്പത്തനുഭവിക്കാൻ താൻ ഇഷ്ടപ്പെടുന്നില്ലെന്നും പറഞ്ഞു് കുന്തി ധർമ്മപുത്രാദികളോടു വിടവാങ്ങുന്നു.

കുന്തി പറഞ്ഞു

ശരിയാണു മഹാബാഹോ, നീ ചൊല്ലുന്നതു പാണ്ഡവ!
ഇളക്കിത്തീർത്തു ഞാൻ മുന്നമങ്ങു നിങ്ങളെ മന്നരേ! 1

രാജ്യം ചൂതിൽത്തോററു സുഖഭ്രഷ്ടരായ് ജ്ഞാതിമാർകളാൽ
അവമാനിതരായപ്പോളിളക്കിത്തീർത്തിതന്നു ഞാൻ. 2

നശിക്കൊല്ലാ പാണ്ഡുവിൻെറ സന്താനം പുരുഷേന്ദ്രരേ!
നിങ്ങൾക്കു പേരും പോകൊല്ലെന്നിളക്കിത്തീർത്തിതന്നു ഞാൻ.

നിങ്ങളിന്ദ്രസമന്മാർകളേവരും ദേവവിക്രമർ
ശത്രുക്കടെ മുഖം നോക്കി നില്ലൊല്ലെന്നിതു ചെയ്തു ഞാൻ. 4

ധർമ്മിഷ്ഠശ്രേഷ്ഠനരചൻ നീയോ വാസവസന്നിഭൻ
വീണ്ടും കാട്ടിൽക്കേണിടൊല്ലെന്നിളക്കിത്തീർത്തിതന്നു ഞാൻ. 5

പതിനായിരമാനയ്ക്കുള്ളുക്കുള്ളോൻ ഖ്യാതവിക്രമൻ
ഈബ്ഭീമൻ കഷ്ടമേല്ക്കൊല്ലെന്നിളക്കിത്തീർത്തിതന്നു ഞാൻ. 6

ഭീമസേനൻെറ സഹജനിവൻ വാസവസന്നിഭൻ
വിജയൻ താണുപോകൊല്ലെന്നിളക്കിത്തീർത്തിതന്നു ഞാൻ. 7

നകുലൻ സഹദേവൻതാൻ ഗുരുവർത്തികളാമവർ
വിശന്നുഴന്നീടരുതെന്നിളക്കിത്തീർത്തിതന്നു ഞാൻ. 8

ഇവളും ബൃഹതീശ്യാമയമ്മട്ടായതനേത്രയാം
വെറുതേ സഭയിൽ ക്ലിഷ്ടയാവൊല്ലെന്നതു ചെയ്തു ഞാൻ. 9

നിങ്ങളം കാണ്കെത്തന്നെ ഭീമ, വാഴ പോലെ വിറച്ചവരം
തീണ്ടാരി ശത്രുക്ലിഷ്ടാംഗിയിവളെച്ചൂതിൽ വെന്നഹോ! 10

മൗർഖ്യാൽ ദുശ്ശാസനനിഴച്ചില്ലയോ ദാസി പോലവേ,
അന്നെനിക്കറിവായ് തോററുപോയിതീക്കുലമൊക്കയും. 11

ഇരിപ്പുണ്ട കുരുക്കന്മാരപ്പോളെൻ ശ്വശുരാദികൾ
അവരം ദൈവം നാഥനെന്നായ് കുരരീപ്പടിയാക്കവേ. 12

ബുദ്ധി കെട്ടുള്ളൊരാപ്പാപി ദുശ്ശാസനനതേവിധം
മുടി ചുററി വലിച്ചന്നു ഞാൻ വ്യാമോഹിച്ചു മന്നരേ! 13

നിങ്ങൾക്ക തേജസ്സുയരാനിളക്കിത്തീർത്തിതന്നു ഞാൻ
വിദുളാവാക്കുകൊണ്ടപ്പോളെന്നുമോക്കുക മക്കളേ! 14

ഈപ്പാണ്ഡുരാജാനപവായമെൻെറ മക്കൾ നിമിത്തമായ്
നശിക്കൊല്ലെന്നുണ്ണികളേ,യിളക്കിത്തീർത്തിതന്നു ഞാൻ. 15

ആരിൽനിന്നിടിവൂ വംശം വംശം കെട്ടോരവന്നുടെ
പുത്രപൗത്രന്മാർക്കു പുണ്യലോകം കിട്ടില്ല മന്നവ! 16

എൻ ഭർത്താവിൻെറ വൻ രാജ്യഫലം പണ്ടേററു മക്കളേ!
മഹാദാനം നല്കി വിധി പോലെ സോമം കഴിച്ചു ഞാൻ 17

എനിക്കുവേണ്ടിയല്ലാ ഞാൻ പ്രേരിപ്പിച്ചിതു കൃഷ്ണനെ
വിദുളാവാക്കുവഴിയായ് പാലനസ്കതു ചെയ്തു ഞാൻ. 18

പുത്രാജ്ജിതം രാജ്യഫലം ഞാനിച്ഛിപ്പീല മക്കളേ!
തപസ്സാൽ ഞാൻ പുണ്യപതിലോകമിച്ഛിക്കയാം വിഭോ! 19

വനവാസികളാം ശ്വശ്രൂശ്വശുരോപാസ്യ* ചെയ്തു ഞാൻ
ശോഷിപ്പിപ്പേൻ തപംകൊണ്ടു ശരീരത്തെ യുധിഷ്ഠിര! 20

ഭീമാദിസോദരരുമായ് കുരുശ്രേഷ്ഠ. തിരിക്ക നീ
നീ ധർമ്മത്തിൽ ബുദ്ധിവെയ്ക്കു മനസ്സു വലുതായ്‌വരും. 21

18. വനപ്രവേശം

കുന്തി നല്ലവാക്കു പറഞ്ഞ് ഒരുവിധം മടക്കി അയച്ച ധർമ്മപുത്രാദികൾ ശോകാകുലരായി രാജധാനിയിലേക്കു മടങ്ങുന്നു. ധൃതരാഷ്ട്രർ വിദുരാദികളോടുകൂടി കാട്ടിലെത്തി ഗംഗാതീരത്തിൽ ആ രാത്രി കഴിച്ചുകൂട്ടുന്നു.

വൈശമ്പായനൻ പറഞ്ഞു

കുന്തി ചൊന്നതു കേട്ടിട്ടാപ്പാണ്ഡവന്മാർ നൃപോത്തമ!
നാണിച്ചു പാഞ്ചാലിയൊത്തു പിൻതിരിച്ചിതു നല്ലവർ. 1

* ശ്വശ്രൂശ്വശുരോപാസ്യ = ശ്വശ്രുവിൻേറയും ശ്വശുരൻേറയും ശുശ്രൂഷ.

ഉടനന്തഃപുരമടച്ചാക്രന്ദിക്കുന്നൊരാരവം
ഉണ്ടായീ കുന്തിയമ്മട്ടു പോയീടുന്നതു കാൺകയാൽ. 2
ഉടൻ രാജാവിനെ വലംവെച്ചു പാണ്ഡവരപ്പൊഴേ
അഭിവാദ്യം ചെയ്തൊഴിച്ചു പിൻവാങ്ങിക്കാതെ കുന്തിയെ. 3
അപ്പോളുരച്ചു തേജസ്വി ധൃതരാഷ്ട്രാംബികാസുതൻ
ഗാന്ധാരിയോടും വിദുരനോടുംകൂടി വിളിച്ചുതാൻ. 4

ധൃതരാഷ്ട്രൻ പറഞ്ഞു

യുധിഷ്ഠിരന്റെ പെററമ്മ ദേവി നല്ല തിരിക്ക താൻ
യുധിഷ്ഠിരൻ ചൊല്ലിയതു മുഴവൻ സത്യമാണിഹ. 5
മഹാഫലം വലിയൊരിപ്പൈശ്വര്യം വെടിഞ്ഞുമേ
മക്കളേയും വിട്ടു മൂഢമട്ടിൽ കാടേറുമേതവരം? 6
രാജ്യം വാണു തപം ദാനം വ്രതവും ചെയ്തുകൊള്ളുവാൻ
ഇവരാംകു സാധിക്കുമിപ്പോരാം കേരാക്കട്ടേയെന്റെ വാക്കിനെ. 7
ഗാന്ധാരി, തുഷ്ടനായ്ത്തീർന്നേൻ വധൂശ്ശുശ്രൂഷയാലെ ഞാൻ
എന്നാലിവളെ നീ പോകാൻ ധർമ്മജ്ഞേ, സമ്മതിക്കെടോ. 8

വൈശമ്പായനൻ പറഞ്ഞു

എന്നു മന്നൻ ചൊന്ന ഗാന്ധാരിയും കുന്തിയൊടോതിനാരം
ആ രാജവാക്കു മുഴവൻ വിശേഷാൽ തന്റെ വാക്യവും. 9
ആ ദേവി വനവാസത്തിന്നുറച്ചോരവളെത്തദാ
തിരിപ്പിപ്പാനായതില്ലാ ധർമ്മിഷ്ഠ, സതി കുന്തിയെ. 10
അവരാംക്കാ നിലയും തീർപ്പുമറിഞ്ഞു കുരുനാരികരം
കുരുശ്രേഷ്ഠരൊഴിച്ചെന്നു കണ്ടു വീണ്ടും കരഞ്ഞുപോയ്. 11
പാർത്ഥന്മാരും സർവ്വവധുക്കളും പോയോരുശേഷമേ
ധൃതരാഷ്ട്രനൃപൻ പ്രാജ്ഞൻ വനത്തേക്കങ്ങു പോയിനാൻ. 12
പാണ്ഡവന്മാർ ദീനരവർ ദുഃഖശോകപരായണർ
യാനം കേറി സ്ത്രീകളോടൊത്തേവരും പുരമേറിനാർ. 13
ഹർഷം കെട്ടാനന്ദവുമററുത്സവം തീർന്ന പോലെയായ്
ബാലവൃദ്ധസ്ത്രീകളോടുമൊത്തൊരാ ഹസ്തിനാപുരം. 14
ഉത്സാഹം വിട്ടിതെല്ലാരുമിണ്ടലാണ്ടവർ പാണ്ഡവർ
കുന്തി വേർവിട്ട ദുഃഖാൽ പൈവിട്ട കുട്ടികരം പോലവേ. 15
ധൃതരാഷ്ട്രനമന്നത്തെപ്പകലാൽ ചെന്നു ദൂരവേ
പിന്നെഗ്ഗംഗാതടത്തിങ്കലെത്തിപ്പാർത്തീടിനാൻ പ്രഭു. 16
വേദജ്ഞബ്രാഹ്മണർ മുറയ്ക്കിട്ടു കത്തിച്ചൊരഗ്നികരം
തപോവനത്തിങ്കലതാതിടം ശോഭിച്ചിതേററവും. 17
അഗ്നിയുണ്ടാക്കിയവിടെയാ വൃദ്ധനരനാഥനും
അഗ്ന്യുപാസന ചെയ്തിട്ടു ഹോമിച്ചു വിധിയാൽ നൃപൻ. 18
അന്തിക്കാദിത്യനെയുടനുപാസിച്ചിതു ഭാരത!

നൃപന്നു ദർഭപ്പുൽമെത്ത പരം വിദുരസഞ്ജയർ 19
തീർത്തിതാക്കുരുവീരന്നും ഗാന്ധാരിക്കുമെട്ടുത്തു താൻ.
ഗാന്ധാരിക്കരികിൽ ദർഭവിരിപ്പിലരുളീ സുഖം 20
യുധിഷ്ഠിരൻെറ പെററമ്മ കുന്തി സാധ്വ വ്രതസ്ഥയാം.
അവർ ചൊന്നാൽക്കേക്കുമിടത്തിരുന്നു വിദുരാദികൾ 21
യഥാസ്ഥാനം യാജകരും പിൻതുണക്കാർകൾ വിപ്രരും.
വിപ്രന്മാരോത്തു ചൊല്ലിക്കൊണ്ടഗ്നി കത്തിജ്ജ്വലിച്ചുമേ 22
ബ്രാഹ്മിപോലാ രാത്രിയവക്കൊത്തു പ്രീതിപെട്ടപടി.
പിന്നെ രാത്രി കഴിഞ്ഞിട്ടു പൂർവ്വാഹ്നക്രിയ ചെയ്തവർ 23
അഗ്ന്യാഹുതി കഴിച്ചെല്ലാവരും പോയീ യഥാക്രമം
വടക്കോട്ടയ്ക്കു നോക്കിക്കൊണ്ടുപവാസികളാമവർ 24
അവക്കാദ്യത്തെ നാളുള്ളാപ്പാപ്പേററം ദുഃഖമായിതേ
നഗരക്കാർ നാട്ടുകാരും ശോചിക്കെശ്ശോകമേററുമേ. 25

19. ശതയൂപാശ്രമവാസം

ധൃതരാഷ്ട്രൻ വിദുരാദികളോട്ടുകൂടി ഗംഗാതീരത്തിൽനിന്നു പുറപ്പെട്ടു കുരുക്ഷേത്രത്തിലെത്തി, ശതയൂപൻ എന്ന രാജർഷിയുടെ ആശ്രമത്തിൽ വ്യാസൻ ഉപദേശിച്ച വിധിയനുസരിച്ചു തപസ്സനുഷ്ഠിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

പിന്നെപ്പുണ്യജനം വാഴും മേധ്യ[1]ഗംഗാതടത്തിലായ്
പാർത്തുകൊണ്ടീടിനാൻ ഭൂപൻ വിദുരൻെറ മതപ്പടി. 1
ചെന്നു കണ്ടാരങ്ങവനെ വനവാസികളന്തണർ
പെരുത്തുപേർ ക്ഷത്രവൈശ്യശൂദ്രന്മാരിവർ ഭാരത!
അവർ ചൂഴെപ്പലകഥ ചൊല്ലിക്കൊണ്ടാടി മന്നവൻ
വിധിപോലച്ചിച്ചു വിട്ടിതവരെശ്ശിഷ്യരോടുമേ. 3
അന്തികാലത്താ നരേന്ദ്രൻ പിന്നെച്ചെന്നിട്ടു ഗംഗയിൽ
വിധിപോലേ ശുദ്ധിചെയ്തു പുകഴും സൗബലേയിയും. 4
വെവ്വേറെയായ് മററെല്ലാരും തീർത്ഥത്തിങ്കൽ കുളിച്ചുടൻ
വിദുരാദികളാംക്കാരും ചെയ്തു കർമ്മങ്ങൾ ഭാരത! 5
കുന്തീ ഭോജാത്മജ കൃതശൗചശ്വശുരവൃദ്ധനെ[2]
ഗംഗാതീരത്തിലെത്തിച്ചു കുന്തി ഗാന്ധാരിയേയുമേ. 6
വേദീപരിസ്തരം ചെയ്തു രാജയാജകരങ്ങുടൻ
കഴിച്ചിതഗ്ന്യാഹുതിയുമാ നൃപൻ സത്യസംഗരൻ. 7
ഗംഗാതീരം വിട്ടു ചെന്നു കുരുക്ഷേത്രത്തിലായവൻ

---

1 മേധ്യം=പരിശുദ്ധം. 2 കൃതശൗചശ്വശുരവൃദ്ധൻ=ദേഹശുദ്ധി വരുത്തിയ വൃദ്ധനായ ശ്വശുരൻ.

ആരംക്കാരുമായ് വൃദ്ധനൃപൻ നിയതൻ സംയതേന്ദ്രിയൻ. 8

അവിടെത്താനാശ്രമത്തിൽധീമാൻ ചെന്നാ നരേശ്വരൻ
ചെന്നു കണ്ടിതു ധീമാനാം രാജർഷി ശതയൂപനെ. 9

കേകയം വാണ രാജാവായിരുന്നാനാപ്പരന്തപൻ
സ്വപുത്രനെ ജനൈശ്വര്യമേല്പിച്ചു വനമേറിനാൻ. 10

അവനോടൊപ്പമാ ഭൂപൻ ചെന്നു വ്യാസാശ്രമത്തിലും
സ്വീകരിച്ചാനങ്ങുവെച്ചീക്കുരുമുഖ്യനെ മന്നവൻ. 11

അവിടെദ്ദീക്ഷ പൂണ്ടിട്ടാ നൃപൻ കൗരവനന്ദനൻ
ശതയൂപാശ്രമത്തിങ്കൽ പാപ്പുറപ്പിച്ചിതപ്പൊഴേ. 12

ആരണ്യകവിധാനത്തെയൊട്ടുക്കാ മന്നവന്നുടൻ
മഹാരാജ, വ്യാസമതാലാ മഹാമതിയോതിനാൻ. 13

ഏവം തപസ്സാലാബ്ഭൂപൻ ധൃതരാഷ്ട്രൻ മഹാശയൻ
ഇണക്കിയാത്മാവിനെയുമപ്പൊളാക്കൂട്ടുകാരെയും. 14

അവ്വണ്ണം ദേവി ഗാന്ധാരി വല്ക്കലം തോലുമേന്തിയോരം
കുന്തിയൊത്തു മഹാരാജ, സമാനവ്രതവൃത്തിയായ്. 15

നൃപ, കർമ്മം മനം വാക്കു കണ്ണെന്നിവകളാലവൻ
ഇന്ദ്രിയഗ്രാമവും വെന്നു വൻ തപം ചെയ്തുകൊണ്ടതേ. 16

തോലസ്ഥി ശേഷിച്ചു വിശുഷ്കമാംസൻ
ജടാജിനം വല്ക്കലവും ധരിച്ചോൻ
ആ മന്നവൻ നൽത്തപമങ്ങു ചെയ്തു
മഹർഷിയെപ്പോലെ വിമോഹമെന്യേ. 17

ധർമ്മാർത്ഥവിത്താം വിദുരൻ സുബുദ്ധി
സഭാര്യനാം നൃപനെസ്സഞ്ജയാഢ്യൻ
ശുശ്രൂഷിച്ചു വൻതപസ്സാൽ ജിതാത്മാ—
വപ്പോഴംകൃശൻ വല്ക്കലചീരധാരി. 18

20. നാരദവാക്യം

ധൃതരാഷ്ട്രനെ കാണാനായി പല മഹർഷിമാരും ശതയൂപാശ്രമത്തിൽ എത്തിച്ചേരുന്നു. പല രാജർഷിമാരും മഹർഷിമാരും ഈ ആശ്രമത്തിൽ തപസ്സു ചെയ്തു സൽഗതി പ്രാപിച്ചിട്ടുണ്ടെന്നും ധൃതരാഷ്ട്രനും ഒടുവിൽ ആ ഗതി തന്നെ സിദ്ധിക്കുമെന്നും പറഞ്ഞു് നാരദൻ കൗരവപിതാവിന്റെ തപോനിഷ്ഠയെ പുകഴ്ത്തുന്നു. ഇനി മൂന്നുകൊല്ലത്തെ ആയുസ്സു മാത്രമേ ധൃതരാഷ്ട്രർക്കും ഗാന്ധാരിക്കും അവശേഷിച്ചിട്ടുള്ളൂ എന്നുകൂടി ഒരു ചോദ്യത്തിനുത്തരമായി ആ ദേവർഷി പറയുന്നു.

വൈശമ്പായനൻ പറഞ്ഞു

പിന്നീടങ്ങാ മന്നവനെക്കാണ്മാൻ വന്നു മഹർഷികരം
നാരദൻ പർവ്വതൻ ഭൂരിതപസ്സേറിന ദേവലൻ. 1

ശിഷ്യരോടൊത്തെഴും വ്യാസൻ മററും സിദ്ധർ മനീഷികരം
വൃദ്ധൻ ധാർമ്മികനായീടും രാജർഷി ശതയൂപനും. 2
അവർക്കു കുന്തി വിധിയിൽ പൂജ ചെയ്തിതു മന്നവ!
ആത്താപസന്മാർ തോഷിച്ചിതവരംതൻ പരിചര്യയാൽ. 3
അവിടെദ്ധർമ്മ്യകഥകരം ചൊന്നാരുണ്ണീ, മഹർഷികരം
രമിപ്പിച്ചും മഹാത്മാവാം ധൃതരാഷ്ട്രക്ഷിതീശനെ. 4
കഥാപ്രസംഗമൊന്നിങ്കലങ്ങു ദേവർഷി നാരദൻ
എല്ലാം പ്രത്യക്ഷമായ്ക്കണ്ടോനരുളിച്ചെയ്തിതിക്കഥ. 5

നാരദൻ പറഞ്ഞു

കേകയാധീശനുണ്ടായീ ശ്രീമാൻ രാജാവു നിർഭയൻ
സഹസ്രചിത്യാഖ്യനത്രേ ശതയൂപപിതാമഹൻ. 6
ധർമ്മിഷ്ഠനാം ജ്യേഷ്ഠപുത്രന്നവൻ രാജ്യം കൊടുത്തഹോ!
സഹസ്രചിത്യൻ ധർമ്മാത്മാവരണ്യം കേറി മന്നവൻ. 7
ദീപ്തമാകും തപസ്സിൻെറ കര പുക്കാദ്ധരാധിപൻ
പുരന്ദരൻെറ സംസ്ഥാനത്തിങ്കൽ ചെന്നു മഹാദ്യുതി. 8
കണ്ടിരിപ്പൂ പലകുറി ഭൂപ, സഞ്ചാരിയായ ഞാൻ
തപസ്സാലഘമററിന്ദ്രഗേഹം വാണാ നരേന്ദ്രനെ. 9
ഏവം ശൈലാലയൻ ഭൂപൻ ഭഗദത്തപിതാമഹൻ
തപോബലത്താലരചൻ ദേവേന്ദ്രഗൃഹമെത്തിനാൻ. 10
ഏവം പൃഷദ്ധ്രൻ നൃപനായ് വാണു വജ്രസമൻ നൃപ!
തപസ്സാലവനും നേടി വിണ്ടലം ഭൂമി വിട്ടവൻ. 11
ഈക്കാട്ടിൽത്തന്നെ നൃപതേ, മാന്ധാതാവിൻെറ നന്ദനൻ
പുരുകുത്സൻ നൃപൻ വൻപു കൂടീടും സിദ്ധി നേടിനാൻ. 12
ആക്കോ വല്ലഭയായ് നിന്നു സരിൽപ്രവര നർമ്മദ
ആ മന്നനീയരണ്യത്തിൽ തപംചെയ്തെത്തി വിണ്ടലം. 13
രാജാവാം ശശലോമാവും രാജാവേ, ബഹുധാർമ്മികൻ
ഈ വനത്തിൽ തപം ചെയ്തു പിന്നെ വിണ്ടലമെത്തിനാൻ. 14
വേദവ്യാസപ്രസാദത്താലീത്തപോവനമെത്തി നീ
ദുഷ്പ്രാപമാം മുഖ്യപദമെത്തുമേ നരനായക! 15
നീയും നൃപവ്യാഘ്ര, തപോന്ത[1]ത്തിൽ ശ്രീകലരുംപടി
ഗാന്ധാരിയൊത്തു നേടീടുമാ മഹാത്മാക്കരംതൻ ഗതി. 16
പാണ്ഡു നിന്നെ സ്മരിക്കുന്നു നിത്യമിന്ദ്രാന്തികസ്ഥിതൻ[2]
നിന്നെയെന്നുമവൻ ശ്രേയസ്സോടു ചേർക്കും നരേശ്വര! 17
നിൻെറ ശുശ്രൂഷയാൽ പേരുള്ളീഗ്ഗാന്ധാരിയുടേയുമേ
നിൻെറയീ വധുവും ഭർത്തൃസാലോക്യത്തെയണഞ്ഞിടും 18

1 തപോന്തം=തപസ്സിൻെറ അവസാനം. 2 ഇന്ദ്രാന്തികസ്ഥിതൻ=ഇന്ദ്രൻെറ അടുത്തിരിക്കുന്നവൻ.

യുധിഷ്ഠിരൻെറ ജനനി,യവൻ ശാശ്വതധമ്മനാം
ദിവ്യചക്ഷുസ്സിനാൽ ഞങ്ങളിതു കാണുന്നു മന്നവ! 19
ചെന്നുചേരും വിദുരനാ വൻപെഴും ധമ്മപുത്രനിൽ
ഇങ്ങുനിന്നീസ്സഞ്ജയനും തൽദ്ധ്യാനാൽ സ്വഗ്ഗമെത്തിടും. 20

വൈശമ്പായനൻ പറഞ്ഞു

ഏവം കേട്ടാക്കൗരവേന്ദ്രൻ മഹാത്മാ–
വേററം പ്രീതിപ്പെട്ടു തൻ പത്നിയോടും
വിദ്വാൻ കേട്ടാ നാരദോക്തം പുകഴ്ത്തി–
ച്ചെയ്തു പാരം പൂജയാ നാരദന്നും. 21
ഉടൻ മുററും വിപ്രരാ നാരദന്നു
ചെയ്താരേററം പൂജയേററം നരേന്ദ്ര!
വീണ്ടും വീണ്ടും ധൃതരാഷ്ട്രക്ഷിതീശൻ–
പേരിൽ പ്രീത്യാ ഹൃഷ്ടരായ്ത്തീന്നിതപ്പോാം. 22

നാരദൻ ചൊന്നൊരാ വാക്കു പുകഴ്ത്തീ ദ്വിജസത്തമൻ
രാജഷി ശതയൂപൻതാൻ ചൊല്ലീ നാരദനോടുടൻ. 23

ശതയൂപൻ പറഞ്ഞു

കുരുരാജന്നു ഭഗവാൻ ശ്രദ്ധ കേററീ പെരുത്തഹോ!
ഇന്നീസ്സവ്വജനത്തിന്നുമിന്നെനിക്കും മഹാദ്യുതേ! 24
എനിക്കൊന്നുണ്ടു ചോദിപ്പാൻ ചോദിക്കുമതു കോംക്ക നീ
ധൃതരാഷ്ട്രനൃപൻപേരിൽ ദേവഷേ ലോകപൂജിത! 25
സവ്വവൃത്താന്തതത്ത്വജ്ഞൻ ദിവ്യദൃഷ്ടിയെഴും ഭവാൻ
കാണ്മൂ നരക്കു വിപ്രഷേ, ഗതി നാനാപ്രകാരവും. 26
മന്നവക്കിന്ദ്രസാലോക്യമരുളിച്ചെയ്തിതിങ്ങു നീ
ഈ നരേന്ദ്രൻെറ ലോകങ്ങാം നീ ചൊല്ലീലാ മഹാമുനേ! 27
ഈ രാജാവിൻ സ്ഥാനവും ഞാൻ കോംപ്പാനിച്ഛിക്കുവേൻ പ്രഭോ!
നിൻ വാക്കാലേതുമട്ടെന്നെന്നതും ചൊല്ലുക തത്ത്വമായ്. 28

വൈശമ്പായനൻ പറഞ്ഞു

എന്നേവക്കും ഹൃൽഗതമങ്ങവൻ ചോദിച്ച നാരദൻ
സഭാമദ്ധ്യത്തിങ്കലോതീ ദിവ്യദൃക്കാം തപോനിധി. 29

നാരദൻ പറഞ്ഞു

യദൃച്ഛയാൽ ശക്രസദസ്സെത്തിശ്ശക്രൻ ശചീശനെ
രാജഷേ, കണ്ടു ഞാനങ്ങു പാണ്ഡുമന്നവനേയുമേ. 30
അവിടെദ്ധൃതരാഷ്ട്രൻെറ കഥയുണ്ടായി മന്നവ!
ഈ നൃപൻ ചെയ്യുമീയുഗ്ര വൻ തപസ്സിൻ പ്രസംഗമായ്. 31
അതിൽ സ്വയം ദേവരാജൻ ചൊല്ലിക്കേട്ടേനതിങ്ങനെ
മൂവാണ്ടീ മന്നവന്നായുസ്സുണ്ടു ശേഷിച്ചു നില്പതായ്. 32
പിന്നെഗ്ഗാന്ധാരിയോടൊത്തു കുബേരഭവനം നൃപൻ
എത്തുമീദ്ധൃതരാഷ്ട്രോവ്വീപതി വിത്തേശസൽകൃതൻ 33

കാമഗാമി വിമാനത്താൽ ദിവ്യാഭരണഭൂഷിതൻ
ഋഷിപുത്രൻ-മഹാഭാഗൻ തപസ്സാൽ ദഗ്ദ്ധകില്ബിഷൻ[1] 34
ദേവഗന്ധവ്വാശരേശലോകംതോറും ചരിക്കുമേ
യഥേഷ്ടമെന്നും ധമ്മിഷ്ഠൻ നീ ചോദിച്ചതിതല്ലയോ? 35
നിങ്ങളോടീ മഹാദേവഗുഹ്യം പ്രീത്യാ പറഞ്ഞു ഞാൻ
നിങ്ങളെന്നാൽ ശ്രുതധനർ[2] തപസ്സാൽ ദഗ്ദ്ധകില്ബിഷർ. 36

വൈശമ്പായനൻ പറഞ്ഞു

എന്നാദ്ദേവഷി ചൊന്നോരാ മധുരച്ചൊല്ലു കേട്ടവർ
തെളിഞ്ഞിതേവരും പ്രീതനായിനാനാ നരേന്ദ്രനും. 37
ഏവം പ്രസംഗിച്ചു ധൃതരാഷ്ട്രോപാന്തേ മനീഷികൾ
യഥേഷ്ടം പോയിനാർ സിദ്ധഗതിയാണ്ടേഴമായവർ. 38

21. പാണ്ഡവപരിതാപം

കാട്ടിലേക്കു പോയ ധൃതരാഷ്ട്രാദികളെപ്പററിയും മരിച്ചുപോയ അഭിമന്യു മുതലായവരെപ്പററിയും ഓത്ത് പാണ്ഡവന്മാർ നിരുന്മേഷന്മാരും പ്രവൃത്തിവിമുഖന്മാരുമായിത്തീരുന്നു.

വൈശമ്പായനൻ പറഞ്ഞു

കൗരവേന്ദ്രൻ കാടു പൂകെദ്ദുഃഖശോകാത്തരായിനാർ
പാണ്ഡവന്മാർ മഹാരാജ, മാതൃശോകവുമാണ്ടവർ. 1
ഏവം പൗരജനം മുററും മന്നനെപ്പററി മാഴ്കയായ്
നൃപനെപ്പററിയവിടെ പ്രസംഗിച്ചിതു വിപ്രരും. 2
നിജ്ജനക്കാട്ടിലാ വൃദ്ധനൃപൻ പാക്കുന്നതെങ്ങനെ?
ഗാന്ധാരിയും മഹാഭാഗ പൃഥ കുന്തിയുമെങ്ങനെ? 3
സുഖാഹനാമാ രാജഷി സുഖം കെട്ടു മഹാവനം
പുക്കെന്തെനിലയാണാവോ പ്രജ്ഞാദൃഷ്ടി ഹതാത്മജൻ? 4
ദുഷ്കരം ചെയ്തിതാക്കുന്തി മക്കളെക്കണ്ടിടാതെയും
രാജശ്രീയും വിട്ടു വനവാസത്തിൽ പ്രീതികൊണ്ടതിൽ. 5
എന്തുമട്ടാണു വിദുരൻ ഭ്രാതൃശുശ്രൂഷവാത്മവാൻ
ആഗ്ഗാവൽഗണിയും ധീമാൻ സ്വാമിച്ചോർ കാത്തുനില്പവൻ? 6
കിടാങ്ങളുംവരെയാപ്പൗരർ ചിന്താശോകസമാകുലർ
പരസ്പരം ചെന്നുകൂടി പ്രസംഗിച്ചാരതാതിടം. 7
ആപ്പാണ്ഡവന്മാരെല്ലാരുമേററം ശോകപരായണർ
വൃദ്ധയമ്മയെയോത്തേറെനാളം പുരം വാണതില്ലവർ. 8
അമ്മട്ടു മക്കളം ചത്തുള്ളാ വൃദ്ധമന്നവനേയുമേ

---

1 ദഗ്ദ്ധകില്ബിഷൻ = പാപമെല്ലാം നശിച്ചവൻ. 2 ശ്രുതധനർ=ജ്ഞാനധനന്മാർ; ജ്ഞാനസമ്പന്നന്മാർ.

യോഗ്യഗാന്ധാരിയെയുമാദ്ധീമാൻ വിദുരനേയുമേ. 9
പ്രീതിയുണ്ടാവില്ലവർക്കായവനെച്ചിന്ത ചെയ്യവേ
രാജ്യത്തിലും സ്ത്രീകളിലുമോർത്തു ചൊല്ലുന്നതിങ്കലും. 10
നിർവ്വേദം പൂണ്ടിതൊട്ടേറെയാ മന്നവനെയോർപ്പവർ
ആ ഘോരജ്ഞാതിവധവും വീണ്ടും വീണ്ടും സ്മരിപ്പവർ. 11
പോർക്കളത്തിൽ ബാലനഭിമന്യുവിന്റെ വിനാശവും
പോരിൽ പിന്മാറിടാത്തോരാക്കർണ്ണന്റേയും മഹാഭുജ! 12
ദ്രൗപദീപുത്രരുടെയും മററുള്ളിഷ്ടരുടേയുമേ
വധമോർത്താ വീരരതിപ്രഹർഷം വിട്ട മട്ടിലായ്. 13
വീരന്മാർ ചത്തു രത്നങ്ങൾ കെട്ട പാർത്ഥർ ഭാരത!
എപ്പോഴും ചിന്തചെയ്തോർത്തും ശമമുൾക്കൊണ്ടതില്ലവർ. 14
മക്കൾ ചത്തോരു പാഞ്ചാലിയാബ്ഭാമിനി സുഭദ്രയും
പ്രീതി പോരാഞ്ഞപ്രഹൃഷ്ടമട്ടിലായ്ത്തീർന്നു ദേവികൾ. 15
ഉത്തരാസൂനു നിന്നച്ഛൻ പരീക്ഷിത്തിനെ നോക്കിയും
പ്രാണൻ ധരിച്ചുകൊണ്ടാരാ നിന്റെ പൂർവ്വപിതാമഹർ. 16

22. യുധിഷ്ഠിരയാത്ര

ധൃതരാഷ്ട്രനേയും അമ്മയേയും മററും കാണാനുള്ള മോഹംകൊണ്ട് പാണ്ഡവന്മാർ കാട്ടിലേക്കു പുറപ്പെടുന്നു. പാഞ്ചാലി മുതലായ അനവധി അന്തഃപുരസ്ത്രീകളും അനേകം പൗരന്മാരും അവരെ അനുഗമിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

ഇമ്മട്ടാപ്പുരുഷവ്യാഘ്രർ മാതൃനന്ദനർ പാണ്ഡവർ
അമ്മയെത്താനോർത്തു വീരരേററം ദുഃഖിച്ചു കൂടിനാർ. 1
രാജ്യകാര്യത്തിലെപ്പോഴും മുന്നമാസക്തരാമവർ
രാജ്യകാര്യങ്ങൾ ചെയ്യാതെയായീ പുരിയിലെങ്ങുമേ. 2
ശോകത്തിലാണ്ടമട്ടായിട്ടൊന്നും കൊണ്ടാടിയില്ലവർ
അങ്ങോട്ടു ചൊല്ലിലുമവരൊന്നും കൊണ്ടാടിടാതെയായ്. 3
വീരരേററം ദുരാധർഷരബ്ധിഗംഭീരരാമവർ
ശോകോപഹതവിജ്ഞാനരോർമ്മകെട്ട വിധത്തിലായ്. 4
ഓർത്തുകൊണ്ടാർ ജനനിയെപ്പിന്നെയാപ്പാണ്ഡുനന്ദനർ:
"കൃശയാം കുന്തിയാ വൃദ്ധമിഥുനം* താങ്ങുമെങ്ങനെ? 5
മക്കൾ ചത്താശ്രയം കെട്ടാ മഹീപാലകനെങ്ങനെ
ചെന്നായ്ക്കൾ കൂടിടും കാട്ടിൽ പത്നിയൊത്തു വസിപ്പതും? 6
ആ മഹാഭാഗ ഗാന്ധാരീദേവി ബാന്ധവർ ചത്തവൾ
വൃദ്ധാന്ധഭർത്തൃപ്പിൻനില്പൂ വിജനക്കാട്ടിലെങ്ങനെ?" 7

* വൃദ്ധമിഥുനം = ധൃതരാഷ്ട്രരേയും ഗാന്ധാരിയേയും.

ഏവം കഥിച്ചീടുമവക്കൗത്സുക്യമുളവായിതേ
പോകുവാനും ബുദ്ധി തോന്നീ ധൃതരാഷ്ട്രദിദൃക്ഷയാൽ[1]. 8
സഹദേവൻ മന്നവനെക്കുമ്പിട്ടങ്ങിതുണത്തിനാൻ:
''അഹോ! കണ്ടു ഭവാനെന്റെ ഹൃദയം ഗമനത്തിനായ് 9
ഗൗരവത്താലുടനതിങ്ങുണത്താനായതില്ല ഞാൻ.
യാത്രയെപ്പററി രാജേന്ദ്ര, വന്നടുത്തിതതിപ്പൊഴേ 10
ഭാഗ്യമാക്കുന്തിയെക്കാണാം തപം ചെയ്തങ്ങിരിക്കവേ.
ജടയോടും കാശകുശക്ഷത താപസി വൃദ്ധയെ 11
ഏററം സുഖം പൂണ്ടു ഹമ്മ്യപ്രാസാദപരിവൃദ്ധയെ[2].
എന്നമ്മയെ ശ്രാന്തയായ് ഞാൻ കാണ്മേൻ ദുഃഖിച്ചുകൊണ്ടിനി
മത്ത്യക്കു ഗതിയൊട്ടുകു നിത്യമല്ലയി ഭാരത!
രാജനന്ദിനിയാം കുന്തി കാട്ടിൽ ദുഃഖിച്ചിരിക്കയാം.'' 13

വൈശമ്പായനൻ പറഞ്ഞു

സഹദേവൻ ചൊന്ന കേട്ടു നാരീപ്രവര പാഷ്തി
ചൊല്ലീ മന്നവനെപ്പൂജിച്ചഭിനന്ദിച്ചു ദേവിയാം. 14

പാഞ്ചാലി പറഞ്ഞു

ആദ്ദേവിയെക്കാണുമനെന്നാക്കുന്തി ജീവിച്ചിരിപ്പതോ?
ജീവിക്കിലവളിൽ പ്രീതിയെനിക്കുണ്ടാം ജനാധിപ! 15
അങ്ങേക്കീ മതിയെന്നേക്കും ധമ്മത്തിൽ കരം നില്ക്കുക
രാജേന്ദ്ര, ഞങ്ങളേ ശ്രേയസ്സോടു ചേത്തീടുമേ ഭവാൻ. 16
അടിത്തലപ്പിലാം നില്പിതറികങ്ങീ വധുജനം
കുന്തിഗാന്ധാരീശ്വശുരദശ്നം കാത്തുകൊണ്ടിതാ. 17

വൈശമ്പായനൻ പറഞ്ഞു

എന്നേവം ദ്രൗപദീദേവി ചൊന്ന ഭൂപതി ഭാരത!
മുററും സേനാധിപന്മാരെ വരുത്തിച്ചൊല്ലിയിങ്ങനെ: 18
''തേരാനകരം പെരുത്തുള്ളെൻ പട കൂട്ടിയിറക്കുവിൻ
കാണവേൻ കാട്ടിലരുളും ധൃതരാഷ്ട്രക്ഷിതീശനെ.'' 19
സ്ത്രീജനാദ്ധ്യക്ഷരോടോതീ നൃപൻ യാനം പലേതരം
ഒരുക്കുകെല്ലാം പല്ലക്കുകളുമിപ്പോളസംഖ്യമേ. 20
''വണ്ടി വാണിഭവേശ്മങ്ങരം ഭണ്ഡാരം ശില്പിമാർകളും
കുരുക്ഷേത്രാശ്രമത്തേക്കു പോരട്ടേ കോശപാലരും[3]. 21
ആരെന്നാലും പൗരജനമിച്ഛിക്കിൽ നൃപദശ്നം
തുറന്നൊരുങ്ങിയവനും പോരട്ടേ നല്ല രക്ഷയിൽ. 22
സൂദപൗരോഗവന്മാരും മടപ്പിള്ളിയടച്ചുമേ
എൻ ഭക്ഷ്യഭോജ്യം പലതും വണ്ടികേററട്ടെയിപ്പൊഴേ. 23

1 ദിദൃക്ഷ = കാണാനുള്ള ആഗ്രഹം. 2 ഹമ്മ്യപ്രാസാദപരിവൃദ്ധ = കൊട്ടാരത്തിലും ബംഗ്ലാവിലും വളന്നവൾ. 3 കോശപാലർ = ഭണ്ഡാരം സൂക്ഷിക്കുന്നവർ.

പരസ്യം ചെയ്യണം യാത്ര നാളെയാണെന്നു വൈകൊലാ
വഴിക്കുമുണ്ടാക്കീടേണം കൂടാരം പലമാതിരി.'' 24

എന്നു കല്പിച്ചാ നൃപതി തമ്പിമാരൊത്തു പാണ്ഡവൻ
പിറെറന്നാം യാത്രയായ് ഭൂപ, നാരീവൃദ്ധപുരസ്സരൻ. 25

ജനൗഘത്തെക്കാത്തുകൊണ്ടു വെളിക്കഞ്ചു ദിനങ്ങൾ താൻ
വഴിക്കു പാർത്തു നൃപതി പിന്നെയാക്കാട്ടു പൂകിനാൻ. 26

23. ധൃതരാഷ്ട്രാശ്രമഗമനം

ധർമ്മപുത്രൻ രാജോചിതമായ പരിവാരത്തോടും സൈന്യവിഭാഗത്തോടുമൊന്നിച്ചു ശതയൂപൻെറ ആശ്രമത്തിലെത്തിച്ചേരുന്നു.

വൈശമ്പായനൻ പറഞ്ഞു

കല്പിച്ചുകൊണ്ടാൻ നൃപതിയുടൻ ഭരതസത്തമൻ
ലോകപാലാഭാർജ്ജുനാദി വീരർ കാക്കുന്ന സേനയെ. 1

പ്രീതിയാൽ കൂട്ടു കൂട്ടെന്നുമുടൻ ശബ്ദം മുഴുത്തുതേ
ഒരുക്കൊരുക്കെന്നു വിളിച്ചാർക്കും സാദികടേയുമേ. 2

ചിലർ യാനങ്ങളാൽ ചെന്നു ചിലർ പായും ഹയങ്ങളാൽ
കത്തും തീപോലെ വിലസി മിന്നും പൊൻതേർകളാൽച്ചിലർ.

ചിലരാനകളാൽ ഭൂപ, മററുപേരൊട്ടകങ്ങളാൽ
കാലാൾകളായ് മററു ചിലർ നഖരപ്രാസയോധികൾ. 4

നഗരക്കാർ നാട്ടുകാരും പല യാനങ്ങളാലുമേ
പിൻതുടർന്നു കുരുശ്രേഷ്ഠർ ധൃതരാഷ്ട്രദിദൃക്ഷയാൽ. 5

രാജവാക്കാലെയാചാര്യനവനാഗ്ഗൗതമൻ കൃപൻ
പട കൂട്ടീട്ടാശ്രമത്തേക്കിറങ്ങി പടനായകൻ. 6

പിന്നെ വിപ്രരൊടൊന്നിച്ചു കുരുരാജൻ യുധിഷ്ഠിരൻ
വന്ദിമാഗധസൂതന്മാർ പലപേർ വാഴ്ത്തിടുംപടി 7

തലയ്ക്കുമേൽപ്പിടിച്ചുള്ള വെണ്കൊററക്കുടയോടുമേ
പെരുന്തേർനിരയോടൊത്തങ്ങെഴുന്നള്ളീ കുരൂദ്വഹൻ. 8

കുന്നൊക്കുമാനകളുമായ് ഭീമകർമ്മാവു ഭീമനും
യന്ത്രായുധങ്ങൾ തയ്യാറാമ്മട്ടു പോയീ മരുത്സുതൻ. 9

മാദ്രീപുത്രരുമവ്വണ്ണമശ്വം കേറിസ്സുസംവൃതർ
ഉടനോടിച്ചു പൊയ്ക്കൊണ്ടാർ ചട്ടയിട്ടുന്നതദ്ധ്വജർ. 10

മഹാത്മാവാമർജ്ജുനനും വെള്ളക്കുതിരയുള്ളതായ്
സൂര്യാഭദിവ്യതേരേറി വശി പിൻപുക്കു മന്നനെ. 11

പാഞ്ചാലി മുൻപാം പെണ്ണുങ്ങളൊക്കപ്പല്ലക്കിലേറിയും
വിത്തം തൂകിക്കൊണ്ടു പോയീ സ്ത്രീജനാദ്ധ്യക്ഷരക്ഷയിൽ. 12

സമൃദ്ധഹസ്ത്യശ്വരഥം വേണുവീണാപ്രണാദിതം

പാണ്ഡവപ്പട ശോഭിച്ചിതതപ്പോരം ഭരതഷ്ഭ! 13
അഴകുള്ളാററുവക്കത്തും പൊയ്ക്കവക്കത്തുമായ് നൃപ!
പാത്തുകൊണ്ടു മുറയ്ക്കങ്ങു പോയിനാർ കുരുപുംഗവർ. 14
തേജസ്സേറുന്നാ യുയുത്സുവാപ്പുരോഹിതധൗമ്യനും
യുധിഷ്ഠിരൻ ചൊല്ലുകയാൽ നടത്തീ പുരഗുപ്തിയെ[1]. 15
യുധിഷ്ഠിരനൃപൻ പിന്നെക്കുരുക്ഷേത്രത്തിലെത്തിനാൻ
ക്രമാൽ പാവനയായോരാ യമുനാനദി കേറിയും. 16
ധീമാനായോരു രാജഷീ ശതയൂപൻെറയാശ്രമം
ദൂരത്തായിക്കണ്ടിതവൻ ധൃതരാഷ്ട്രനൃപൻെറയും. 17
പിന്നെസ്സന്തോഷമാണ്ടെല്ലാജ്ജനവും കാട്ടിലങ്ങുടൻ
കടന്നിതു മഹാനാദം മുഴക്കിബ്ഭരതഷ്ഭ! 18

24. യുധിഷ്ഠിരധൃതരാഷ്ട്രസമാഗമം

പാണ്ഡവന്മാരിൽ ഓരോരുത്തരും പാഞ്ചാലിപ്രഭൃതികളും സ്വന്തം പേരുകൾ എടുത്തു പറഞ്ഞു ധൃതരാഷ്ട്രനെ വണങ്ങുന്നു. തൻെറ നില കണ്ടു സങ്കടപ്പെടുന്ന അവരെ ധൃതരാഷ്ട്രൻ സമാശ്വസിപ്പിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

പിന്നെപ്പാണ്ഡവർ ദൂരത്തുന്നിറങ്ങിക്കാൽനടയ്ക്കു താൻ
നൃപൻെറയാശ്രമത്തേക്കു പോയിനാർ വിനയാനതർ[2]. 1
ആ യോധജനമൊക്കേയും നാട്ടിൽപ്പാക്കുന്ന കൂട്ടരും
കാൽനടയ്ക്കായ് പിൻതുടർന്നു കുരുമുഖ്യവധുക്കളും. 2
ധൃതരാഷ്ട്രാശ്രമം പുക്കു പിന്നെയാപ്പാണ്ഡുനന്ദനർ
ശൂന്യം മൃഗഗണം ചിന്നി വാഴക്കാടാൽ മനോഹരം. 3
അവിടെപ്പിന്നെ വന്നെത്തു താപസന്മാർ യതവ്രതർ
എത്തും പാണ്ഡവരെക്കാണ്മാൻ കൗതുഹലമിയന്നവർ. 4
രാജാവു കേട്ടിതവരോ'ടെങ്ങാക്കുരുകുലോദ്വഹൻ?
ഞങ്ങൾക്കെഴും ജ്യേഷ്ഠപിതാ'വെന്നു ബാഷ്പത്തൊടാകുലാൽ. 5
അവർ ചൊന്നാർ യമുനയിൽച്ചെന്നിറങ്ങിക്കുളിക്കുവാൻ
ജലകുംഭം പൂവിവയ്ക്കായ് പോയിട്ടുണ്ടെന്നുടൻ പ്രഭോ! 6
അവർ ചൊന്നോരു വഴിയേ പിന്നെച്ചെന്നീടിനാരവർ
ഒട്ടു ദൂരത്തായവരേ മുററും കണ്ടാർ പദാതികൾ. 7
പിന്നെ വെമ്പിച്ചെന്നിതവർ പിതൃദശ്നകാംക്ഷികൾ
സഹദേവൻ കുന്തി നില്ക്കും ദിക്കിലേക്കുടനോടിനാൻ; 8
ധീമാൻ മാതാവിൻെറ കാലു പിടിച്ചുച്ചം കരച്ചിലായ്.
കണ്ണീർ മുഖത്തേല്ക്കുമവൾ നോക്കിനാളിഷ്ടപുത്രനെ 9

1 പുരഗുപ്തി = നഗരരക്ഷ. 2 വിനയാനതർ = വിനയംകൊണ്ടു തലകുനിച്ചവർ.

കൈകളാൽ തഴുകിക്കൊണ്ടു തല പൊന്തിച്ചു പുത്രനെ
സഹദേവൻ വന്നിതെന്നു ഗാന്ധാരിയോടു ചൊല്ലിനാൻ. 10
അനന്തരം മന്നവനെബ്ഭീമനെജ്ജിഷ്ണുവേയുമേ
പരം നകുലനേയും കണ്ടുടൻ പോന്നീടിനാൻ പൃഥ. 11
മക്കൾ ചത്താദ്ദമ്പതികൾക്കവർ മുൻപേ നടന്നുതേ
അവരേയുംകൊണ്ടവളെക്കണ്ടു വീണൂ നിലത്തവർ. 12
അവരെബ്ഭൂപനഞ്ഞൊച്ച കേട്ടും തൊട്ടും മഹാശയൻ
തിരിച്ചറിഞ്ഞു മേധാവിയാശ്വസിപ്പിച്ചിതാ പ്രഭു. 13
ഗാന്ധാരിയൊത്താ നൃപനെപ്പിന്നെക്കണ്ണീർ ചൊരിഞ്ഞവർ
ഉപാസിച്ചു മഹാത്മാക്കൾ വിധിപോലമ്മയേയുമേ. 14
എല്ലാവരുടെയും വാരികലശം വാങ്ങിയേന്തിനാർ
ബോധം വന്നാപ്പാണ്ഡവന്മാരമ്മയാശ്വാസമേകിയോർ. 15
നരാഗ്ര്യരുടെ പെണ്ണുങ്ങളന്തഃപുരജനങ്ങളും
നഗരക്കാർ നാട്ടുകാരും കണ്ടാരാ നരനാഥനെ. 16
നാമവും ഗോത്രവും ചൊല്ലിയറിയിച്ചു യുധിഷ്ഠിരൻ
ആജ്ജനത്തെ സൽക്കരിച്ചു മുറയ്ക്കുവനമപ്പൊഴേ. 17
അവർ ചുററും ചെന്നൊരവനോർത്തു ബാഷ്പാകുലേക്ഷണൻ
പണ്ടു താൻ ഹസ്തിപുരിയിൽ രാജാവായ് വാണവണ്ണമേ. 18
പാഞ്ചാലിമുതലായുള്ള വധുക്കളടി കൂപ്പിയോൻ
ഗാന്ധാരിയും കുന്തിയുമായ്ദ്ധീമാൻ കൊണ്ടാടിയാ നൃപൻ. 19
സിദ്ധചാരണർ സേവിക്കുമാശ്രമം കേറിനാനുടൻ
നക്ഷത്രങ്ങളെഴും വ്യോമം പോലെ കാണികൾ നില്പിടം. 20

25. ഋഷികളോടു യുധിഷ്ഠിരാദിനിവേദനം

ധർമ്മപുത്രനും മററും കാട്ടിലെത്തിയ വിവരമറിഞ്ഞു് ആ വനത്തിലുണ്ടായിരുന്ന പല താപസന്മാരും ശതയൂപാശ്രമത്തിലെത്തിച്ചേരുന്നു. കൂട്ടത്തിൽ ഏതാണു് ധർമ്മപുത്രൻ എന്നു ചിലർ ചോദിക്കുന്നു. പ്രത്യേകം പ്രത്യേകം ചൂണ്ടിക്കാണിച്ചു് സഞ്ജയൻ പാണ്ഡവന്മാരേയും പാഞ്ചാലീപ്രഭൃതികളേയും താപസന്മാർക്കു പരിചയപ്പെടുത്തിക്കൊടുക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

ആപ്പങ്കജാക്ഷരാമണ്ണൻതമ്പിമാർ നരപുംഗവർ
ചേർന്നാ രാജാവാശ്രമത്തിലിരുന്നു ഭരതർഷഭ! 1
മാർ വിരിഞ്ഞാപ്പാണ്ഡവരെക്കുരുശ്രേഷ്ഠൻെറ മക്കളെ
കാണ്മാൻ നാനാ ദിക്കിൽനിന്നു വന്ന താപസർ ചൂഴവേ. 2
അവർ ചൊന്നാ''രറിയണമിതിലാരു യുധിഷ്ഠിരൻ
ഭീമാർജ്ജുനന്മാർ യമരും പേർ പുകഴ്ന്നോരു കൃഷ്ണയും?'' 3

ചൊന്നാനവരെയൊക്കേയും സൂതൻ പേരടയാളമായ്
സഞ്ജയൻ കൃഷ്ണയേ മററു കുരുസ്ത്രീകളെ മുററുമേ. 4

സഞ്ജയൻ പറഞ്ഞു

ഇതാ പരം തങ്കനിറം കലന്നി–
ട്ടൊത്തുങ്ങി വൻപിച്ചൊരു സിംഹമട്ടിൽ
കനത്ത മൂക്കായി വിടൎന്നു നീണ്ട
തുടുത്ത കണ്ണായ് കുരുരാജനീയാൾ. 5

ഇവൻ പരം മത്തഗജേന്ദ്രഗാമി–
യുരുക്കുപൊന്നിൻപടി ശുദ്ധവൎണ്ണൻ
വൻപിക്കുമംസ*ത്തൊടു കൈകൾ നീണ്ടോൻ
വൃകോദരൻ കാങ്കിത കാങ്കിയാളെ. 6

ഇവന്നടുത്തായ് പെരിയോരു വില്ലൻ
ശ്യാമൻ യുവാവുത്തമഹസ്തിതുല്യൻ
സിംഹോന്നതാംസൻ ഗജഖേലഗാമി
പത്മാക്ഷനിങ്ങൎജ്ജുനവീരനീയാൾ. 7

കുന്തിക്കടുത്തായ് പുരുഷോത്തമന്മാ–
രിതാ യമന്മാർ ഹരിവിഷ്ണുതുല്യർ
മനുഷ്യലോകത്തിലിവൎക്കു രൂപം
ബലം ശീലം മൂന്നിനും തുല്യനില്ലാ. 8

ഇതാ പരം പത്മദളായതാക്ഷി
ചെററൊന്നു താൻ മദ്ധ്യവയസ്സിൽ നില്പോൾ
സൗന്ദര്യദേവിപ്പടിയുല്പലാഭ
പാഞ്ചാലി സാക്ഷാലിത ലക്ഷ്മി പോലെ. 9

ഇവൾക്കടുത്തായ്ക്കനകോല്പലാഭ
മൂൎത്തിപ്പെട്ടും തിങ്കളിൻ കാന്തി പോലെ
വിപ്രേന്ദ്രരേ, മദ്ധ്യവയസ്സ സാക്ഷാൽ
ചക്രായുധൻതന്നുടെ പെങ്ങളത്രെ. 10

ഇതാ പരം സ്വൎണ്ണനിറത്തിലുള്ളോൾ
ഭുജംഗകന്യാൎജ്ജുനഭാര്യയല്ലോ
ഇതാണു ചിത്രാംഗദ രാജകന്യ–
യിരിപ്പതൻ പൂക്കൾനിറത്തിലുള്ളോൾ. 11

ശ്രീകൃഷ്ണനോടൊത്തു തിരക്കിനിന്ന
സേനേശരാജൻെറ സഗൎഭ്യയല്ലോ
വിടൎന്ന നീലോല്പലകാന്തിയുള്ളോൾ
വൃകോദരപ്രേയസിയാണിതല്ലോ. 12

ഇതാജ്ജരാസന്ധസമാഖ്യയോടും
പ്രസിദ്ധനാം മാഗധനുള്ള പുത്രി

* അംസം = തോൾ.

നൽച്ചെമ്പകപ്പൂനിറമുള്ളൊരുത്തി
മാദ്രേയരിൽത്താനിളയോൻെറ ഭാര്യ. 13

ഇന്ദീവരം പോലെ കറുത്ത ദേഹം
പൂണ്ടിങ്ങു ചാരത്തമരുന്നൊരുത്തി
മാദ്രേയരിൽ ജ്യേഷ്ഠനു ചേർന്ന ഭാര്യ-
യാകുന്നിതല്ലോ കമലായതാക്ഷി. 14

ഉരുക്കുപൊന്നിൻ നിറമാണ്ടു കൂടെ-
ക്കിടാവുമായിട്ടു വിരാടപുത്രി
ദ്രോണാദി തേരാളികൾ തേരു പോകെ-
ക്കൊന്നാർജ്ജുനി*ക്കുള്ളൊരു ഭാര്യയത്രേ. 15

സീമന്തമാത്രം തലമേൽ വെളുത്ത
വസ്ത്രത്തൊടും മന്നവപത്നിമാർകൾ
ഈ വൃദ്ധഭൂപസ്നുഷമാർകൾ ഭർത്തൃ-
കുമാരർ ചത്തുള്ളവർ നൂററിൽ മേലേ. 16

പ്രധാനമാമ്മട്ടിവരെപ്പറഞ്ഞേൻ
ബ്രഹ്മണ്യമോടൊത്തുജ്ജ്വലബുദ്ധിമാരേ!
മററും ഭവാന്മാരൊടു നിങ്ങൾ കേട്ടു
വിശുദ്ധരാജേന്ദ്രപരിഗ്രഹത്തെ. 17

വൈശമ്പായനൻ പറഞ്ഞു

ഇമ്മട്ടു ഭൂപൻ കുരുവൃദ്ധമുഖ്യ-
നാ രാജപുത്രോത്തമരോടു ചേർന്നോൻ
ആത്താപസന്മാർകൾ ഗമിച്ചശേഷം
ചോദിച്ചു മററും കുശലത്തെയപ്പോൾ. 18

ആ യോധരങ്ങാശ്രമമണ്ഡലത്തെ
വിട്ടിട്ടു വാഹങ്ങളഴിച്ചിരിക്കേ
സ്ത്രീ വൃദ്ധ ബാലാദ്യർ യഥാർഹമായി-
ട്ടിരുന്നശേഷം കുശലങ്ങൾ കേട്ടു. 19

26. വിദുരനിര്യ്യാണം

'വിദുരനെ കാണുന്നില്ലല്ലോ' എന്നു ചോദിച്ച ധർമ്മപുത്രനോടു്, ആ സഹോദരൻ തപസ്സനുഷ്ഠിക്കയാണെന്നു ധൃതരാഷ്ട്രൻ മറുപടി പറയുന്നു. പെട്ടെന്നു വികൃതവേഷധാരിയായ വിദുരൻ അവിടെ പ്രത്യക്ഷപ്പെടുന്നു. ജനക്കൂട്ടം കണ്ടു സ്ഥലം വിടാൻ ഭാവിച്ച വിദുരനെ ധർമ്മപുത്രൻ അനുഗമിക്കുന്നു. വിദുരസൽഗതിയും അശരീരിയും.

ധൃതരാഷ്ട്രൻ പറഞ്ഞു

യുധിഷ്ഠിര, മഹാബാഹോ, ഭവാൻ കുശലിയല്ലയോ
മററും ഭ്രാതാക്കൾ പൗരന്മാർ നാട്ടുകാരിവരൊത്തുതാൻ. 1

---

* ആർജ്ജുനി = അർജ്ജുനപുത്രനായ അഭിമന്യു.

നിന്നെസ്സേവിച്ചുനില്പോർകളനാമയികളല്ലയോ
സചിവന്മാർ ഭൃത്യരുമേ ഗുരുക്കന്മാർകളും നൃപ! 2
അവർ നിന്നുടെ രാജ്യത്തു ബാധ വിട്ടല്ലി വാഴ്‌വതും?
പൂർവ്വരാജർഷികൾക്കൊത്ത വൃത്തി വർത്തിപ്പിതല്ലി നീ? 3
ന്യായം തെററിച്ചിടാതെ നിൻ ഭണ്ഡാരം വാഴ്വതില്ലയോ?
തക്കമെട്ടല്ലി നീ നില്പൂ ശത്രുമദ്ധ്യസ്ഥമിത്രരിൽ? 4
വിപ്രർക്കുള്ളഗ്രഹാരങ്ങൾ നന്നായ് നോക്കുന്നതില്ലയോ?
അവർ നിന്നുടെ ശീലത്താൽ തോഷിപ്പീലല്ലി ഭാരത! 5
ശത്രുക്കളും പൗരരെന്തോ ഭൃത്യരും സ്വജനങ്ങളും
യജിപ്പീലേ ശ്രദ്ധയോടും പിതൃദേവകളേ നൃപ! 6
അന്നപാനാൽ പാന്ഥപൂജ ചെയ്യുന്നില്ലല്ലി ഭാരത!
സ്വകർമ്മനിഷ്ഠരല്ലല്ലീ വിപ്രരും നിൻെറ നീതിയാൽ? 7
ക്ഷത്രിയന്മാർ വൈശ്യർകളും ശൂദ്രന്മാരും കുടുംബികൾ
ശോചിക്കുന്നില്ലിരക്കുന്നില്ലല്ലീ സ്ത്രീബാലവൃദ്ധർ തേ? 8
പൂജിപ്പീലേ ജാമിക[1]ളേ നീ ഗേഹത്തിൽ നരർഷഭ!
ഈ രാജർഷികുലം രാജാവാകും നിങ്കലിരിക്കവേ 9
യഥോചിതം മഹാരാജ, താഴ്പീലല്ലോ യശസ്സിനാൽ?

വൈശമ്പായനൻ പറഞ്ഞു

എന്നുരയ്ക്കുന്നവനൊടാ ന്യായജ്ഞൻ ചൊല്ലിയുത്തരം
കുശലപ്രശ്നമോടൊത്തു വാക്കിൽ കുശലനാമവൻ. 10

യുധിഷ്ഠിരൻ പറഞ്ഞു

രാജാവേ, വാച്ചിടുന്നില്ലേ നിൻ തപസ്സു ശമം ദമം
എന്നമ്മയിവൾ ശുശ്രൂഷിച്ചീലയോ ക്ലമമെന്നിയേ? 11
വനവാസം സഫലമാമിവൾക്കെന്നാൽ നരേശ്വര!
ഇവളെൻ ജ്യേഷ്ഠയാമമ്മ ശീതവാതാദ്ധ്വകർശിത[2] 12
ദേവി ഘോരതപം പൂണ്ടോൾ ശോചിക്കാറില്ലയല്ലയോ?
ക്ഷത്രധർമ്മസ്ഥരായ് ചത്ത വീര്യമേറുന്ന മക്കളെ 13
കുററപ്പെടുത്താറില്ലല്ലോ കുററം ചെയ്തോരു ഞങ്ങളെ?
രാജൻ വിദുരനെങ്ങിപ്പോളവനെക്കാണ്മതില്ല നാം 14
ഈസ്സഞ്ജയൻ കുശലിയാത്തപസ്സിൽ സ്ഥിരനല്ലയോ?

വൈശമ്പായനൻ പറഞ്ഞു

എന്നു ചൊല്ലിക്കേട്ടു ധൃതരാഷ്ട്രൻ ഭൂപനൊടോതിനാൻ:
"വിദുരൻ പുത്ര, കുശലി ഘോരമാം തപമേല്ക്കയാം 15
കാററുണ്ണുവോൻ നിരാഹാരൻ ഞരമ്പേന്തി മെലിഞ്ഞവൻ;
കാണാം ചിലപ്പോൾ വിപ്രർക്കീശ്ശൂന്യാരണ്യത്തിൽ വല്ലിടം." 16

---

1 ജാമികൾ=കുലസ്ത്രീകൾ. 2 ശീതവാതാദ്ധ്വകർശിത=തണുപ്പ്, കാററു്, വഴിനടപ്പ് എന്നിവകൊണ്ടു ക്ഷീണിച്ചവൾ.

എന്നവൻ ചൊല്ലീടുന്നേരം ജടി വീടാമുഖൻ[1] കൃശൻ
ദിഗംബരൻ ചേറണിഞ്ഞോൻ കാട്ടിലാപ്പൊടിയേററവൻ 17
ദൂരേക്കാണായി വിദുരൻ നൃപന്നാഖ്യാതൻ[2]ആയിതേ.
ആശ്രമം നോക്കിയുടനേ പിൻതിരിക്കുമ്പൊഴേ നൃപ! 18
അവനെപ്പിൻതുടന്നോടീ താനേ ഭൂപൻ യുധിഷ്ഠിരൻ.
കണ്ടും ചിലേടം കാണാതെകണ്ടും വൻ കാടു കേറവേ 19
''ഹേ ഹേ! വിദുര, ഞാൻ രാജാവങ്ങയ്ക്കിഷ്ടൻ യുധിഷ്ഠിരൻ''
എന്നോതി യത്നാലവനെപ്പിൻതുടന്നോടി മന്നവൻ. 20
വിജനൈകാന്തമതിലായ് നിന്നാനാ ബുദ്ധിമത്തമൻ
ആക്കാട്ടിനുള്ളിൽ വിദുരനൊരു വൃക്ഷമണഞ്ഞുടൻ. 21
ഏററം ക്ഷീണിച്ചാകൃതിയാൽ സൂചിക്കുമവനേ നൃപൻ
അറിഞ്ഞു വൻ ബുദ്ധിമാനെബ്ബുദ്ധിയേറും യുധിഷ്ഠിരൻ. 22
യുധിഷ്ഠിരൻ ഞാനെന്നോതി നിന്നു നേരിട്ടു മുൻപിലായ്
വിദുരൻ കേൾക്കവേ പൂജചെയ്താനവനെയങ്ങനെ. 23
അവനപ്പോൾക്കണ്ണടയ്ക്കാതാ രാജാവിനെ നോക്കിനാൻ
വിദുരൻ ദൃഷ്ടിയെദ്ദൃഷ്ടികൊണ്ടു ചേർത്തു സമാഹിതൻ. 24
ഗാത്രങ്ങൾകൊണ്ടു ഗാത്രങ്ങൾ പുക്കാൻ വിദുരർ ബുദ്ധിമാൻ
ചേർത്തും പ്രാണൻ പ്രാണനിലങ്ങിന്ദ്രിയങ്ങളിലിന്ദ്രിയം. 25
അവൻ യോഗബലം പൂണ്ടു ധർമ്മരാജനൃപന്നുടെ
ഉടലുൾപ്പുക്കു വിദുരൻ തേജസ്സാലുജ്ജ്വലിപ്പവൻ. 26
വിദുരൻ തന്റെയുടലവ്വണ്ണമേ സ്തബ്ധലോചനം[3]
മരത്തിൽച്ചാഞ്ഞു നൃപതി കണ്ടു ചൈതന്യമെന്നിയേ; 27
ഒട്ടേറെബ്ബലവാനായീ താനെന്നുമവനോർത്തുതേ.
തേജസ്സേറും ധർമ്മരാജനതുമോർത്തിതു പാണ്ഡവൻ 28
തന്റെ മുമ്പെട്ടൊക്കെയുമേ വിദ്യയാണ്ടോനവൻ നൃപ!
തേജസ്സുള്ളോൻ യോഗധർമ്മം വ്യാസൻ മുൻ ചൊന്നവണ്ണമേ. 29
അവിടെത്താൻ ധർമ്മരാജൻ സംസ്കരിപ്പാൻ നിനപ്പവൻ
ദഹിപ്പിപ്പാനോർത്തു വിദ്വാനപ്പോൾക്കേൾക്കായി വാക്കുടൻ: 30
''ഹേ ഹേ! ദഹിപ്പിച്ചീടൊല്ലാ രാജാവേ, വിദുരാഭിധം
ഈദ്ദേഹമിങ്ങേവമങ്ങയ്ക്കിതു ശാശ്വതധർമ്മമാം. 31
സന്താനികാഖ്യലോകങ്ങളുണ്ടാമിവനു ഭാരത!

---

1 വീടാമുഖൻ = ഒരു തടിക്കഷണം വായിൽ കടിച്ചുപിടിച്ചവൻ. (വീട എന്നതു് തടിക്കഷണമാണെന്നും പാറക്കഷണമാണെന്നും പക്ഷാന്തരമുണ്ടു്. നിരാഹാരപദവിയിലെത്തിയ മഹർഷികൾ, ശ്വാസോച്ഛ്വാസസൗകര്യത്തിനുവേണ്ടി ഒരു പാറക്കഷണമോ തടിക്കഷണമോ എപ്പോഴും കടിച്ചുപിടിച്ചുകൊണ്ടിരിക്കുമെന്നാണു് പറയപ്പെടുന്നതു്. അവർ വായുഭക്ഷകന്മാരായിത്തീരുന്നതു് ഇങ്ങനെയാണു്.) 2 ആഖ്യാതൻ = അറിയിക്കപ്പെട്ടവൻ. 3 സ്തബ്ധലോചനം = അനങ്ങാത്ത കണ്ണുകളോടുകൂടി.

യതിധർമ്മം പൂണ്ടോരിവൻ ശോച്യനല്ലാ പരന്തപ!'' 32
എന്നു കേട്ടാദ്ധർമ്മരാജനവിടം വിട്ടുപോന്നുടൻ
വൈചിത്ര്യവീര്യനൃപനോടിതൊക്കെയുമുണർത്തിനാൻ. 33
അപ്പൊഴാ ദ്യുതിമാൻ രാജാവാസ്സർവ്വജനവും ശരി
ഭീമസേനാദികളുമങ്ങേററം വിസ്മയമാണ്ടുപോയ്. 34
അതു കേട്ടാ നൃപൻ പ്രീതൻ ധർമ്മപുത്രനൊടോതിനാൻ:
''എൻെറ വെള്ളം ഫലം മൂലമിതൊക്കെ സ്വീകരിക്ക നീ 35
മർത്ത്യന്നു മുതലെന്തായാലതിഥിക്കുമതാം നൃപ!''
എന്നു കേട്ടാദ്ധർമ്മപുത്രൻ നൃപനോടേററുരച്ചതേ 36
ഭുജിച്ചു മന്നവൻ തന്ന ഫലമൂലാംബു സാനുജൻ.
അങ്ങു വൃക്ഷച്ചുവടിലായ് പാർപ്പുറപ്പിച്ചുകൊണ്ടവർ 37
ആ രാത്രി പാർത്തിതെല്ലാരും ഫലമൂലജലാശികൾ.

27. വ്യാസാഗമനം

ധർമ്മപുത്രൻ ശതയൂപാശ്രമത്തിനടുത്തുള്ള മഹർഷിമാരുടെ ആശ്രമങ്ങൾ ചുററിക്കാണുന്നു. യാദൃച്ഛികമായി ശിഷ്യസമേതം വന്നെത്തിയ വ്യാസനുമൊന്നിച്ച് എല്ലാവരും ധൃതരാഷ്ട്രാശ്രമത്തിലേക്കു മടങ്ങുന്നു.

വൈശമ്പായനൻ പറഞ്ഞു

രാജാവേ, പിന്നെയാപ്പുണ്യകർമ്മം ചെയ്തുമിവർക്കഹോ!
നക്ഷത്രം ചിന്നുമാ നല്ല രാത്രിയും തീർന്നിതങ്ങനെ. 1
അപ്പോളവർക്കു ധർമ്മാർത്ഥപ്രസംഗങ്ങൾ നടന്നുതേ
വിചിത്രപദസഞ്ചാരനാനാശ്രുതികളൊത്തഹോ! 2
അമ്മയ്ക്കു ചുററുമേ മണ്ണിൽക്കിടന്നു പാണ്ഡുനന്ദനർ
നൃപതേ, കേവലം വിട്ടു മഹാർഹ*ശയനങ്ങളെ. 3
എന്തു ഭക്ഷിച്ചുവോ ഭൂപൻ ധൃതരാഷ്ട്രൻ മഹാശയൻ
അതു ഭക്ഷിച്ചാ നൃവീരർ പാർത്തിതാ രാത്രിയങ്ങനെ. 4
ആ രാത്രി തീർന്നതിൽപ്പിന്നെപ്പൂർവ്വാഹ്നക്രിയ ചെയ്തവൻ
ഭ്രാതാക്കളൊത്ത രാജാവു കണ്ടാനാശ്രമമണ്ഡലം. 5
അന്തഃപുരാനുചരരും ഭൃത്യാചാര്യരുമൊത്തവൻ
സുഖംപോലെ യഥോദ്ദേശം ധൃതരാഷ്ട്രൻെറ സമ്മതാൽ. 6
അഗ്നി കത്തും വേദികളെയവിടെക്കണ്ടിതങ്ങനെ
കുളിച്ചഗ്ന്യാഹുതി കഴിച്ചെഴും മുനികൾ ചൂഴവേ. 7
കാട്ടുപൂനിരയാലും നെയ് ഹോമിച്ച പുകയാലുമേ
ബ്രാഹ്മദേഹം പൂണ്ടു മുനിനിരയ്ക്കൊത്തവയാണവ. 8
പേടികൂടാതങ്ങുമിങ്ങും നില്ക്കും മാൻനിരയാലുമേ

* മഹാർഹം=വിലയേറിയ.

പ്രഭോ, നിശ്ശങ്കമായ് കൂകിക്കൂട്ടും പക്ഷികളാലുമേ, 9
മയിലിൻ കേകയാൽ നത്തുനിരതൻ കത്തലാലുമേ
കുയിൽക്കൂട്ടം കുഹകുഹ കൂകും നല്ലൊച്ചയാലുമേ, 10
വിപ്രവേദാരവത്താലുമങ്ങുമിങ്ങുമലംകൃതം
ഫലമൂലങ്ങൾ ഭക്ഷിക്കും മഹാന്മാർ വിലസുന്നിടം. 11
പിന്നെയാ മന്നവൻ നല്കീ താപസക്കാനയിച്ചവ
കാഞ്ചനോദുംബരപ്രായകലശ[1]ങ്ങളിളാപതേ! 12
തോൽകളും കഥ[2]യും സ്രുക്കും സ്രുവവും ധരണീപതി
കിണ്ടിയും കിണ്ണവും താലങ്ങളുമങ്ങനെ ഭാരത! 13
ലോഹപാത്രങ്ങൾ ചെറിയ പാത്രം പലതരം നൃപ!
എന്തെന്തിച്ഛിപ്പതെത്രുള്ളതത്രയും മററു പാത്രവും. 14
ഇമ്മട്ടു മന്നൻ ധർമ്മാത്മാവാശ്രമം ചുററിയങ്ങനെ
മുററും ദ്രവ്യം കൊടുത്തിട്ടു തിരിച്ചെത്തീ മഹീപതി. 15
ആഹ്നികം ചെയ്തരചനാം ധൃതരാഷ്ട്രക്ഷിതീശനെ
കണ്ടു ഗാന്ധാരിയോടൊത്തവ്യഗ്രം വാഴ്വോനെയപ്പൊഴേ. 16
ഒട്ടു ദൂരെശ്ശിഷ്യനിലയ്ക്കമ്മയാം കുന്തിയേയുമേ
ശിഷ്ടാചാരം പൂണ്ടൊതുങ്ങിനില്പതായ് കണ്ടു ധാർമ്മികൻ. 17
ആ രാജാവിനെയർച്ചിച്ചു തന്റെ പേരറിയിച്ചവൻ
ഇരിക്കുകെന്നാജ്ഞ കേട്ടു പുല്പായിലിരുന്നതേ. 18
ഭീമസേനാദ്യരാം പാണ്ഡുപുത്രരും ഭരതർഷഭ!
കുമ്പിട്ടു കാൽ പിടിച്ചിട്ടങ്ങിരുന്നു മന്നവാജ്ഞയാൽ. 19
അവരോടൊപ്പമൊട്ടേറെശ്ശോഭിച്ചു കൗരവൻ നൃപൻ
വാനോരൊക്കും വ്യാഴമട്ടിൽ ബ്രാഹ്മിയാം ശ്രീവിളങ്ങുവോർ. 20
അവരമ്മട്ടിരിക്കുമ്പോൾ വന്നുചേർന്നു മഹർഷികൾ
ശതയൂപപ്രഭൃതികൾ കുരുക്ഷേത്രത്തിൽ വാഴ്വവർ. 21
ദേവർഷിക്കൂട്ടർ സേവിക്കും ഭഗവാൻ വ്യാസവിപ്രരും
തേജസ്വിശിഷ്യരോടൊത്തു കാണാമ്പുന്നു നൃപന്നുടൻ. 22
പിന്നെയാക്കൗരവനൃപൻ വീരൻ കുന്തീകുമാരനും
ഭീമാദ്യരും ചെന്നെതിരേററഭിവാദ്യം കഴിച്ചതേ. 23
അവരായ് ചേർന്നുടൻ വ്യാസൻ ശതയൂപാദ്യരൊത്തവൻ
ധൃതരാഷ്ട്രക്ഷിതിപനോടിരിക്കാമെന്നു ചൊല്ലിനാൻ. 24
നല്ല ദർഭപ്പുല്ലുപായ് നൽകൃഷ്ണാജിനകുശാന്വിതം
അവന്നുണ്ടാക്കിവെച്ചോന്നാ വ്യാസനും കേറി വാണതേ. 25
ആ ദ്വിജശ്രേഷ്ഠരെല്ലാരും ചുററുമേ വിഷ്ടര[3]ങ്ങളിൽ
വേദവ്യാസാനുവാദത്താലോജസ്വികളിരുന്നതേ. 26

---

1 കാഞ്ചനോദുംബരപ്രായകലശങ്ങൾ=സ്വർണ്ണംകൊണ്ടും ചെമ്പുകൊണ്ടും ഉണ്ടാക്കിയ കുടങ്ങൾ. 2 കഥ=വീരവാളിപ്പട്ട്. 3 വിഷ്ടരം=പീഠം.

28. വ്യാസവാക്യം

പരസ്പരമുള്ള കുശലപ്രശ്നാദികൾക്കുശേഷം, വ്യാസൻ വിദുരന്റെ യഥാർത്ഥ ചരിത്രം വിവരിക്കുന്നു. മാണ്ഡവ്യമഹർഷിയുടെ ശാപംനിമിത്തം സാക്ഷാൽ ധർമ്മരാജാവുതന്നെ വിദുരന്റെ രൂപം കൈക്കൊണ്ടതാണെന്നും വിദുരന്റെ ആത്മാവ് ഇപ്പോൾ ധർമ്മപുത്രനിൽ പ്രവേശിച്ചിട്ടുണ്ടെന്നും വ്യാസൻ പറയുന്നു.

വൈശമ്പായനൻ പറഞ്ഞു

പരം മഹാത്മാക്കളാകും പാണ്ഡവന്മാരിരിക്കവേ
വ്യാസൻ സത്യവതീപുത്രനരുളിച്ചെയ്തിതിങ്ങനെ. 1

വ്യാസൻ പറഞ്ഞു

ധൃതരാഷ്ട്ര, മഹാബാഹോ, തപസ്സോക്കുന്നതില്ലയോ!
തെളിയുന്നില്ലയോ കാട്ടിൽ പാർപ്പിനാൽ നിന്മനം നൃപ! 2

പുത്രനാശജമാം ശോകമുള്ളിലില്ലല്ലയോ നൃപ!
ജ്ഞാനങ്ങളൊട്ടുക്കു തെളിഞ്ഞില്ലല്ലീയനഘാശയ! 3

ദൃഢബുദ്ധിയൊടാരണ്യവിധി ചെയ്യുന്നതല്ലീ നീ?
വധു ഗാന്ധാരി മാലാണ്ടു കേണീടുന്നില്ലയല്ലയോ? 4

പ്രജ്ഞയേറും ബുദ്ധിമതി ദേവി ധർമ്മാർത്ഥദർശിനി
ആഗമാപായതത്ത്വജ്ഞ മാഴ്കുന്നില്ലല്ലയോയിവരം? 5

രാജാവേ, കുന്തിയും ശുശ്രൂഷിപ്പീലേ ഗർവ്വമെന്നിയേ
സ്വന്തം പുത്രനെ വിട്ടിട്ടും ഗുരുശുശ്രൂഷ ചെയ്യുവരം? 6

ധർമ്മപുത്രക്ഷിതിപനെ നീ കൊണ്ടാടുന്നതില്ലയോ
ഭീമാർജ്ജുനയമന്മാരെ സാന്ത്വനം ചെയ്യുതല്ലീ നീ? 7

ഇവരെക്കണ്ടു നന്ദിപ്പതല്ലീയുള്ളല്ലി നിർമ്മലം
ശുദ്ധഭാവനമല്ലല്ലീ ജ്ഞാനം പൂണ്ട ഭവാൻ നൃപ! 8

സർവ്വഭൂതത്തിലും ശ്രേഷ്ഠമിതു മൂന്നാണു ഭാരത!
നിർവ്വൈരത്വം മഹാരാജ, സത്യമക്രോധവും ശരി. 9

നിനക്കു മൗഢ്യമില്ലല്ലോ കാട്ടിൽ വാണിട്ടു ഭാരത!
തൻ പാട്ടിൽ വന്യാന്നവുമിങ്ങുപവാസവുമില്ലയോ? 10

അറിഞ്ഞിരിപ്പു രാജേന്ദ്ര, വൻപെഴും വിദുരന്നുടെ
മഹാത്മാവാം ധർമ്മനുടെയീ വിധിക്കുള്ളൊരാഗ്ഗതി. 11

അവൻ മാണ്ഡവ്യശാപത്താൽ ധർമ്മൻ വിദുരനായവൻ
മഹാബുദ്ധി മഹായോഗി മഹാത്മാവു മഹാശയൻ. 12

വ്യാഴം വാനോരിലും ശുക്രനസുരന്മാരിലും ശരി
ഈ നരശ്രേഷ്ഠനെപ്പോലെ ബുദ്ധിസമ്പന്നനല്ലെടോ. 13

ചിരം താൻ നേടിവച്ചുള്ള തപസ്സു ചെലവിട്ടുമേ
മാണ്ഡവ്യർഷി ശപിച്ചുള്ളോനവൻ ധർമ്മൻ സനാതനൻ.* 14

---

* മാണ്ഡവ്യമഹർഷിയുടെ ഈ ശാപത്തെപ്പററി ആദിപർവ്വം 107-ം 108-ം അദ്ധ്യായങ്ങളിൽ വിസ്തരിച്ചു വിവരിച്ചിട്ടുണ്ട്.

മുന്നം ബ്രഹ്മനിയോഗത്താലെന്നാലാത്മബലത്തിനാൽ
വൈചിത്ര്യവീര്യക്ഷേത്രത്തിൽ ജാതനാണാ മഹാമതി. 15
നിൻെറ തമ്പി മഹാരാജ, ദേവദേവൻ സനാതനൻ
മനോധാരണയാൽ ധ്യാനാൽ ധർമ്മനെന്നാര്യർ ചൊൽവവൻ. 16
സത്യത്താലും ദമത്താലും ശമത്താലും വളർത്തുവോൻ
അഹിംസയാലും ദാനത്തിനാലും ശാശ്വതതാപസൻ. 17
യോഗത്താലവനാൽ ജാതൻ കുരുരാജൻ യുധിഷ്ഠിരൻ
ധർമ്മൻതാനിവനുർവ്വീശ, പ്രജ്ഞാനാൽ ഭൂരിബുദ്ധിയാൽ. 18
തീ കാററു സലിലം ഭൂമിയാകാശം താനുമെങ്ങനെ
അങ്ങനേ ധർമ്മനും നില്പിതീ ലോകത്തിൽ പരത്തിലും. 19
അവൻ സർവ്വഗനുർവ്വീശ, മുററും തിങ്ങിച്ചരാചരം
കാണപ്പെട്ടും ദേവദേവന്മാരാൽ നിഷ്പാപസിദ്ധരാൽ. 20
ധർമ്മൻതാനാ വിദുരനാ വിദുരൻതന്നെ പാണ്ഡവൻ
അപ്പാണ്ഡവൻ നിൻ പ്രത്യക്ഷദാസനെപ്പോലെ നില്പയാം. 21
ആ നിൻ തമ്പി മഹാത്മാവിലുൾപ്പൂക്കാൻ ബുദ്ധിമത്തമൻ
കൗന്തേയനെപ്പാർത്തു മഹാത്മാവു യോഗബലാന്വിതൻ. 22
ശ്രേയസ്സങ്ങൾക്കുമൊപ്പിക്കാം വൈകാതെ ഭരതർഷഭ!
സംശയം തീർക്കുവാൻവേണ്ടി മകനേ, വന്നിതോർക്ക ഞാൻ. 23
മുന്നം മഹർഷിമാരാരും ലോകത്തിൽ ചെയ്തിടാത്തതായ്
ആശ്ചര്യകർമ്മം നിങ്ങൾക്കു കാട്ടുവേൻ ഞാൻ തപഃഫലം. 24
എന്തിച്ഛിപ്പൂ മന്നവ, നീയിഷ്ടമെന്നോടു വാങ്ങുവാൻ
കാണ്മാൻ തൊടാൻ കേൾക്കുവാനോ ചെയ്യേൻ ഞാനനഘാശയ!

പുത്രദർശനപർവ്വം

29. ഗാന്ധാരീവാക്യം

താൻ എന്താഗ്രഹമാണ് സാധിച്ചുതരേണ്ടതു് എന്ന വ്യാസന്റെ ചോദ്യത്തിനു്, ഭർത്താവും താനും മരിച്ചുപോയ മക്കളുടെ വിരഹംനിമിത്തം അത്യന്തം ദുഃഖിതരായി കഴിഞ്ഞുകൂടുകയാണെന്നും ആ മക്കളെ ഒരുകണ്ണു കണ്ടാൽ കൊള്ളാമെന്ന മോഹമുണ്ടെന്നും ഗാന്ധാരി പറയുന്നു. കുന്തിയുടെ മോഹമെന്താണെന്നു് വ്യാസൻ ആ പാണ്ഡവമാതാവിനോടു ചോദിക്കുന്നു.

ജനമേജയൻ പറഞ്ഞു

ധൃതരാഷ്ട്രക്ഷിതിപതി ഭാര്യയൊത്തു നൃപർഷഭൻ
വധുവാം കുന്തിയും ചേർന്നു വിപ്ര, കാട്ടിലിരിക്കവേ, 1
വിദുരൻ സിദ്ധനായ് ധർമ്മരാജനിൽ ചേർന്നിരിക്കവേ
പാണ്ഡവന്മാരൊക്കെയുമങ്ങാശ്രമത്തിലിരിക്കവേ, 2
യാതൊരാശ്ചര്യമോ ചെയ്തുകൊള്ളുന്നുണ്ടെന്നു ചൊല്ലിനാൻ
വ്യാസൻ മഹർഷി തേജസ്വിയതൊന്നെന്നോടു ചൊല്ലു നീ. 3
കേടററുള്ളോരു കൗരവ്യൻ വനവാസത്തിലെത്രനാൾ
യുധിഷ്ഠിരൻ നരപതി പാർത്തിതാൾക്കാരൊടൊപ്പമേ? 4
എന്തു ഭക്ഷിച്ചങ്ങു പാർത്തു പ്രഭോ, സൈന്യത്തോടൊത്തവർ
അന്തഃപുരത്തോടാ യോഗ്യരതും ചൊല്ലുനഘാശയ! 5

വൈശമ്പായനൻ പറഞ്ഞു

രാജാവേ, കുരുരാജന്റെയനുജ്ഞപ്പടി പാണ്ഡവൻ
പലമട്ടന്നപാനങ്ങളാൾ വിശ്രമിച്ചുണ്ടിതായവർ. 6
ഒരു മാസം സസൈന്യാന്തഃപുരന്മാർ കാട്ടിൽ മേവിനാർ
അപ്പോഴെത്തീ ഞാൻ പറഞ്ഞവണ്ണം വ്യാസനിഹാനഘ! 7
അവ്വണ്ണമവരെല്ലാരും കഥയാലേ നൃപാന്തികേ
നൃപ, വ്യാസന്റെ കീഴ് വാഴ്കെ വന്നു മററും മഹർഷികൾ. 8
നാരദൻ പർവ്വതൻ പിന്നെത്തപസ്സേറിന ദേവലൻ
വിശ്വാവസു ചിത്രസേനൻ പിന്നെത്തുംബുരു ഭാരത! 9
ആയവർക്കും മുറയ്ക്കങ്ങു പൂജ ചെയ്തു തപോനിധി
ധൃതരാഷ്ട്രാനുവാദത്താൽ കുരുരാജൻ യുധിഷ്ഠിരൻ. 10
ഇരുന്നിതവരെല്ലാരും ധർമ്മജാർച്ചനയേററവർ
പുണ്യാസനങ്ങളിൽ പുണ്യദർഭപ്പായ്കളിലും ശരി. 11
അവരെല്ലാമിരുന്നിട്ടാ രാജാവങ്ങു മഹാമതി
അരികിൽപ്പാണ്ഡവരുമായിരുന്നിതു കുരൂദ്വഹ! 12

ഗാന്ധാരി കുന്തി പാഞ്ചാലി സുഭദ്രയുമതേവിധം
മററു നാരികളും മററുള്ളവരൊന്നിച്ചിരുന്നുതേ. 13
അവർക്കുണ്ടായിതവിടെദ്ധർമ്മിഷ്ഠം ദിവ്യമുത്തമം
ദേവാസുരർ കലർന്നുള്ള പുരാണർഷികൾതൻ കഥ. 14
ബുദ്ധിക്കണ്ണാം[1] മന്നനോടാക്കഥാന്തേ വ്യാസമാമുനി
പറഞ്ഞു വാഗ്മിപ്രവരൻ വീണ്ടുമാച്ചൊന്ന വാക്കിനെ 15
പ്രീതിപൂണ്ടതി തേജസ്വി സർവ്വവേദജ്ഞസത്തമൻ.

വ്യാസൻ പറഞ്ഞു

രാജേന്ദ്ര, ഞാനറിഞ്ഞു നിന്നുള്ളിലുള്ള വിവക്ഷിതം. 16
മക്കൾകാരണമായ് ശോകംകൊണ്ടു വേവും നിനക്കുമേ
ഗാന്ധാരിക്കും ഹൃത്തിൽ നില്ക്കുന്നില്ലയോ ദുഃഖമിപ്പൊഴും? 17
കുന്തിക്കും ഹൃത്തിൽ നില്പില്ലേ ദ്രൗപദിക്കും മഹീപതേ!
പുത്രനാശജമാം തീവ്രദുഃഖമേന്തുന്നതില്ലയോ 18
സുഭദ്ര കൃഷ്ണഭഗിനി,യതുമിങ്ങറിയുന്നു ഞാൻ.
നിങ്ങളെല്ലാമൊത്തുകൂടിയെന്നു കേട്ടിട്ടു മന്നവ! 19
സംശയം തീർക്കുവാൻവേണ്ടി വന്നേൻ ഞാൻ കുരുനന്ദന!
ഈദ്ദേവഗന്ധർവ്വരുമീ മഹർഷികളുമേവരും 20
കാണട്ടെയേറെനാൾ നേടിവെച്ചോരെന്റെ തപോബലം.
എന്നാൽ ചൊല്ലു മഹാപ്രാജ്ഞ, കാമമെന്തു തരേണ്ടു ഞാൻ? 21
വരം തരാൻ പോന്നവൻ ഞാൻ കാണ്കെന്നുടെ തപഃഫലം.

വൈശമ്പായനൻ പറഞ്ഞു

ബുദ്ധിയേറും വ്യാസനേവമുരച്ചോരാ നരേശ്വരൻ 22
മുഹൂർത്തനേരം ചിന്തിച്ചു പറവാനായ്ത്തുടങ്ങിനാൻ.

ധൃതരാഷ്ട്രൻ പറഞ്ഞു

ധന്യനായ് ഞാനനുഗൃഹീതനായ് ജന്മം ഫലിച്ചു മേ 23
സാധുക്കൾ നിങ്ങളൊടെനിക്കീസ്സമാഗമമൊക്കയാൽ.
ഇന്നു കാണുന്നു ഞാനാത്മാവിന്നിഷ്ടഗതിയേയുമേ 24
മുനീന്ദ്രരേ, ഞാൻ ബ്രഹ്മാഭർ നിങ്ങളായ് ചേർന്നകാരണം.
നിങ്ങളെക്കാൺകയാൽത്തന്നെ പൂതനായ് ഞാനസംശയം 25
പരലോകഭയം ചെററുമെനിക്കില്ലഘഹീനരേ[2]!
എന്നാലിങ്ങാ മന്ദബുദ്ധിയുടെയാദുർന്നയങ്ങളാൽ 26
പുത്രഗൃദ്ധി[3]ക്കെനിക്കോർത്തിട്ടെന്നും മാഴ്കുന്നു മാനസം.
നിഷ്പാപർ പാണ്ഡവരെയാപ്പാപിയല്ലോ ചതിപ്പതും 27
നരനാഗാശ്വനിരയൊത്തൂഴിയൊക്കയുമങ്ങനെ
നാനാനാട്ടുടയോർ വൻപർ മന്നോരേയും മുടിച്ചതും; 28

---

1 ബുദ്ധിക്കണ്ണ് = ബുദ്ധിയാകുന്ന കണ്ണുകളുള്ളവൻ. 2 അഘഹീനർ = പാപരഹിതർ. 3 പുത്രഗൃദ്ധി = പുത്രസ്നേഹമുള്ള.

ഒത്തുകൂടീട്ടെന്റെ പുത്രൻനിമിത്തം ചത്തിതേവരും.
അവരുംപ്രിയമുള്ളച്ഛൻ ഭാര്യ ജീവനിതൊക്കയും 29
വെടിഞ്ഞും ശൂരരാ പ്രേതരാജഗേഹം കരേറിനാർ.
മിത്രാർത്ഥമടരിൽച്ചത്തോരവർക്കു ഗതിയെന്തുവാൻ? 30
അമ്മട്ടു പോരിൽ ചത്തോരെൻ പുത്രപൗത്രജനത്തിനും?
മാഴ്കുന്നുണ്ടെൻ മനസ്സേററം കൊല്ലിച്ചിട്ടാബ്ബലിഷ്ഠനെ 31
വൃദ്ധനാകും ശാന്തനവഭീഷ്മനെ ദ്രോണനേയുമേ.
പാപിയാം മൂഢനെന്നുണ്ണി സുഹൃദ്വിദ്വേഷിയാമവൻ 32
ധരിത്രീരാജ്യമിച്ഛിച്ചു മുടിച്ചു ദീപ്തമാം കുലം.
ഇതൊക്കയോർത്തുള്ളു വെന്തുകൊണ്ടു രാപ്പകലിങ്ങു ഞാൻ 33
ശമം കൊള്ളുന്നതില്ലേതും ദുഃഖശോകസമാഹിതൻ.
ഇതോർത്തീടുമെനിക്കച്ഛാ, ശമമില്ലൊരു ലേശവും. 34

വൈശമ്പായനൻ പറഞ്ഞു

എന്നാ രാജർഷിയുടയോരാവലാതികൾ കേട്ടുടൻ
വീണ്ടും ഗാന്ധാരിക്കു ശോകം പുത്തനായ് ജനമേജയ! 35
കുന്തിക്കുമാ ദ്രൗപദിക്കും സുഭദ്രയ്ക്കുമതേവിധം
ആക്കൗരവവധുക്കൾക്കും വരനാരീജനത്തിനും. 36
പുത്രശോകം കലർന്നിട്ടിങ്ങനെ ഗാന്ധാരി ചൊല്ലിനാൾ
കൺ കെട്ടിടും ദേവിയേററു കൂപ്പി ശ്വശുരനോടുടൻ. 37

ഗാന്ധാരി പറഞ്ഞു

ഇവ്വണ്ണം പതിനാറാണ്ടു കഴിഞ്ഞൂ മുനിപുംഗവ!
ഹതപുത്രരിൽ മാഴ്കുന്ന മന്നന്നില്ലാ ശമം വിഭോ! 38
പുത്രശോകം പൂണ്ടു നെടുവീർപ്പിട്ടിട്ടീ ക്ഷിതീശ്വരൻ
കിടപ്പീലാ പാർപ്പിലെങ്ങും ധൃതരാഷ്ട്രൻ മഹാമുനേ! 39
തപോബലാൽ മററു ലോകം മുററും തീർപ്പാൻ മതീ ഭവാൻ
ലോകാന്തരസ്ഥാത്മജരെക്കാട്ടാനീബ്ഭൂപനോതണോ? 40
ജ്ഞാതിപുത്രന്മാർ മരിച്ചുള്ളവൾ പാർഷതി കൃഷ്ണയും
മുററും സ്നുഷകളിൽ പ്രേഷ്ഠ സ്നുഷ മാഴ്കുന്നിതേററവും. 41
അവ്വണ്ണം കൃഷ്ണഭഗിനി ഭദ്രവാണി സുഭദ്രയും
സൗഭദ്രവധസന്തപ്തയേററം മാഴ്കുന്നു ഭാമിനി. 42
ഭൂരിശ്രവസ്സിന്നൊട്ടേറെ പ്രിയവല്ലഭയാമിവൾ
ഭർത്തൃവ്യസനശോകാർത്തയേററം മാഴ്കുന്നു ഭാമിനി. 43
ഇവൾതൻ ശ്വശുരൻ ധീമാൻ ബാല്ഹീകൻ കുരുമുഖ്യനും
ഹതനായീ പിതാവൊത്തു സോമദത്തനുമാഹവേ. 44
ശ്രീമാൻ മഹാബുദ്ധിമാനായീടുമീ നിന്മകനുടെ
പോരിൽ പിന്മാറാത്ത മക്കൾ നൂറും പോരിൽ മരിച്ചുപോയ്. 45
ആ നൂററിൻഭാര്യമാർ നൂറും ദുഃഖശോകാർത്തിപൂണ്ടിതാ
വീണ്ടും ശോകം വളർത്തുന്നു രാജാവിന്നുമെനിക്കുമേ; 46

അതിനാൽ വൻ ക്രിയയ്ക്കുന്നീട്ടെന്നെസ്സേവിപ്പു മാമുനേ!*
ശൂരരെൻ ശ്വശുരന്മാർകരം മഹാത്മാക്കരം മഹാരഥർ 47
സോമദത്താദികളവക്കെന്തുവാൻ ഗതി ഹേ പ്രഭോ!
ഭഗവാനേ, നിൻ പ്രസാദത്താലീ ഭൂപൻ വിശോകനായ് 48
തീരുമെങ്ങനെയീ ഞാനുമീ നിൻെറ വധു കുന്തിയും?

വൈശമ്പായനൻ പറഞ്ഞു

എന്നു ഗാന്ധാരി ചൊന്നാറേ കുന്തീ വ്രതകൃശാസ്യയാം 49
ഒളിവിൽ പെററ മകനെയോർത്തിതാദിത്യതുല്യനെ.
വരദൻ വ്യാസനവളെദ്ദൂരശ്രവണദർശനൻ 50
മാഴ്കിക്കണ്ടു സവ്യസാചിക്കമ്മയായോരു ദേവിയെ.
അവളോടോതിനാൻ വ്യാസൻ 'നീയോക്കും കാര്യമെന്തുവാൻ?
മഹാഭാഗേ, നിന്മനസ്സിലിരിക്കുമതു ചൊല്ലു നീ.'
അപ്പോരം ശ്വശുരനോടായിക്കുന്തി കുമ്പിട്ടു കൂപ്പിയും 52
നാണത്തോടും പൂർവ്വകഥ വെളിവാക്കീട്ടു ചൊല്ലിനാരം.

30. കുന്തീവാക്യം

കർണ്ണനെപ്പററിയുള്ള വിചാരം ഉള്ളിൽ വെച്ചുകൊണ്ടു്, കുന്തി, കർണ്ണൻെറ ജനനത്തെസ്സംബന്ധിച്ച ബാല്യചരിത്രം വിവരിക്കുന്നു. കുന്തി അതിൽ നിരപരാധിയാണെന്നു പറഞ്ഞു വ്യാസൻ അവരെ സമാധാനിപ്പിക്കുന്നു.

കുന്തി പറഞ്ഞു

ഭഗവൻ, നീ ശ്വശുരനെൻ ദൈവതത്തിന്നു ദൈവതം
എനിക്കു ദേവാദിദേവൻ കേരംക്കുകെൻ സത്യവാക്കിനെ. 1
തപസ്വി കോപനൻ വിപ്രൻ ദുർവ്വാസാവെൻ പിതാവുടെ
ഭിക്ഷാന്നമുണ്ണുവാൻ വന്നിതവനെ പ്രീതനാക്കി ഞാൻ. 2
ശൗചത്തോടപരാധങ്ങളെന്യേ ശുദ്ധമനസ്സൊടും
വൻ കോപം വേണ്ടിടത്തുംതാൻ കോപിച്ചീലങ്ങൊരിക്കലും. 3
പ്രീതൻ വരദനായ്ത്തീർന്നു കൃതകൃത്യൻ മഹാമുനി
'തീർച്ചയായും വാങ്ങണം നീ'യെന്നെന്നോടോതിനാനവൻ. 4
അപ്പോരം ശാപഭയംകൊണ്ടു ചൊന്നേനാ വിപ്രനോടു ഞാൻ

* ഈ വരി അല്പം ക്ലിഷ്ടാർത്ഥമായിത്തോന്നുന്നു. "തേനാരംഭേണ മഹതാ മാമുപാസ്സേ മഹാമുനേ!" എന്നാണു് മൂലം. ആരംഭശബ്ദത്തിനു് വധം എന്നർത്ഥമാണിവിടെ സ്വീകരിക്കേണ്ടതെന്നു ഭാരതവ്യാഖ്യാതാവായ നീലകണ്ഠൻ പറയുന്നു. "ആരംഭ ഉദ്യമേ ദർപ്പേ ത്വരായാം ച വധേപി ച" എന്ന കോശം അദ്ദേഹം ഉദ്ധരിക്കയും ചെയ്യുന്നു. ഭർത്താക്കന്മാരുടെ വൻ കൊല നിമിത്തം ദുഃഖിതരായ പുത്രഭാര്യമാർ കരഞ്ഞുകൊണ്ടു് തൻെറ ചുററും കൂടിയിരിക്കുന്നു എന്നു ഗാന്ധാരി പറയുന്നതായി അദ്ദേഹം ഈ വരി വ്യാഖ്യാനിക്കയും ചെയ്യുന്നു. "മഹതാ ആരംഭേണ" എന്നതിനെ 'വൻ ക്രിയയ്ക്കുന്നീട്ടു്' എന്നാണു് തമ്പുരാൻ തർജ്ജിമ ചെയ്തിട്ടുള്ളതു്.

ആവാമെന്നായ് വീണ്ടുമപ്പോളെന്നോടാ ദ്വിജനോതിനാൻ: 5
"ഭദ്രേ, ധർമ്മത്തിന്റെയമ്മയാസ്സതും നീ ശുഭാനനേ!
നിൻ പാട്ടിൽ നില്ക്കും വാനോർകൾ നീയാഹ്വാനം കഴിപ്പവർ."
എന്നും ചൊല്ലി മറഞ്ഞാനാ വിപ്ര,നത്ഭുതമാണ്ടു ഞാൻ
എന്തവസ്ഥയിലും ചെററുമോർമ്മക്കേടേല്പതില്ല മേ. 7
പിന്നെ ഹർമ്മ്യത്തിൽ വാഴും ഞാനുദിച്ചർക്കനെ നോക്കിയും
ആ മുനിച്ചൊല്ലോർമ്മവെച്ചിട്ടാകാംക്ഷിച്ചു ദിനേശനെ 8
നിന്നേൻ ബാല്യത്തിനാൽ ദോഷമതിങ്കലറിയാത്തവൾ.
ഉടൻ ദേവൻ സഹസ്രാംശുവെന്നടുക്കലണഞ്ഞുതേ 9
മന്നിലും വാനിലും തന്റെ ദേഹം രണ്ടാക്കിവെച്ചവൻ
തപിച്ചിതൊന്നുകൊ,ണ്ടൊന്നുകൊണ്ടെന്നരികിലെത്തിനാൻ. 10
വിറപൂണ്ടെന്നൊടു വരം വാങ്ങുകെന്നോതിനാനവൻ
പൊയ്ക്കൊള്ളുകെന്നവനൊടു തല കുമ്പിട്ടു ചൊല്ലിനേൻ. 11
തിഗ്മാംശു ചൊന്നാനെന്നോ"ടെൻ വൃഥാഹ്വാനമയുക്തമാം
എരിപ്പേൻ നിന്നെയും നിന്റെ വരദദ്വിജനേയുമേ." 12
തെററില്ലാത്താ ബ്രാഹ്മണനെശ്ശാപാൽ കാക്കുന്നതിന്നു ഞാൻ
"ദേവ, നിൻ തുല്യനാം പുത്രനിങ്ങുണ്ടാകെ"ന്നു ചൊല്ലിനേൻ.
തേജസ്സാലെന്നിലുൾപ്പുക്കു മയക്കിബ്ഭാനുമാനുടൻ
"നിനക്കു പുത്രനുണ്ടാകു"മെന്നോതി ദ്യോവു പൂകിനാൻ. 14
പിന്നെഗ്ഗൃഹാന്തത്തിലച്ഛനീ വൃത്തമറിയാതെ ഞാൻ
ഗൂഢജാതൻ മകൻ ബാലൻ കർണ്ണനേ വിട്ടു വാരിയിൽ. 15
ആദ്ദേവൻതൻ പ്രസാദത്താൽത്തന്നെയാം വീണ്ടുമിങ്ങു ഞാൻ
കന്യയായിത്തീർന്നു വിപ്ര, മുനീന്ദ്രൻ ചൊന്നവണ്ണമേ. 16
മൂഢയാം ഞാനാ മകനെയറിഞ്ഞുംകൊണ്ടു തള്ളിനേൻ
അതാണിങ്ങെന്നെ വിപ്രർഷേ, നീ കണ്ടോണമെരിപ്പതും. 17
ആപ്പാപം പാപമായാലുമതിപ്പോൾ വെളിവാക്കി ഞാൻ
അവനെക്കാണുവാൻ മോഹം ഭഗവൻ തീർത്തുകൊൾക നീ. 18
ഈ രാജാവിന്നുള്ളിലുള്ളതങ്ങു കണ്ടിതു സന്മതേ!
ആക്കാമമിപ്പോളിവനും നേടട്ടേ മുനിസത്തമ! 19
എന്നുകേട്ടുത്തരം ചൊല്ലീ വ്യാസൻ വേദജ്ഞസത്തമൻ.

വ്യാസൻ പറഞ്ഞു

നന്നിതെല്ലാമിപ്രകാരമാവതെന്നോടു ചൊല്ലി നീ 20
നിനക്കു കുററമില്ലേതും കന്യയായ്ത്തീർന്നതില്ലയോ?
ഐശ്വര്യവാന്മാർ ദേഹത്തിലാവേശിക്കുന്നു ദേവകൾ. 21
ഉണ്ടു വാനോർ ജനിപ്പിപ്പൂ സങ്കല്പിച്ചിട്ടുമങ്ങനെ
ചൊല്ലി നോക്കിത്തൊട്ടു സംഘർഷിപ്പിച്ചെന്നവിധത്തിലും. 22
മനുഷ്യധർമ്മമാദ്ദൈവധർമ്മംകൊണ്ടു ദുഷിച്ചിടാ

ദോഷമില്ലാ മർത്ത്യധർമ്മത്തിങ്കൽ നില്ക്കും നിനക്കിതിൽ; 23
എന്നു കുന്തി, ധരിച്ചാലും പോട്ടേ നിൻ മാനസജ്വരം.

ബലികൾക്കൊക്കയും പത്ഥ്യം ബലികൾക്കൊക്കയും ശുചി 24
ബലികൾക്കൊക്കയും ധർമ്മം ബലികൾക്കൊക്കയും സ്വകം.

31. അംശകഥനം

പാണ്ഡവന്മാരും മററും ദേവാംശംകൊണ്ടു ജനിച്ചവരാണെന്നും ദുര്യോധനശകുനിമാർ കലിദ്വാപരന്മാരാണെന്നും ജന്മോദ്ദേശം സാധിച്ചുകഴിഞ്ഞതുകൊണ്ട് അവർ പോയി എന്നുമാത്രമേയുള്ളുവെന്നും യുദ്ധത്തിൽ മരിച്ചവരെയെല്ലാം രാത്രി ഗംഗാതീരത്തിൽ കാണിക്കാമെന്നും വ്യാസൻ പറഞ്ഞതുകേട്ട് എല്ലാവരും ഗംഗാതീരത്തിലെത്തുന്നു.

വ്യാസൻ പറഞ്ഞു

ഭദ്രേ, ഗാന്ധാരി, നീ കാണും ഭ്രാതൃപുത്രരെയിഷ്ടരെ
സ്നുഷമാരെക്കാന്തരൊത്തും രാവുണർന്നേററിടുംപടി. 1

കർണ്ണനെക്കുന്തിയും കാണും സുഭദ്രയഭിമന്യുവെ
പാഞ്ചാലിയഞ്ചും സുതരെപ്പിതൃഭ്രാതൃക്കളേയുമേ. 2

മുന്നം താനെന്നുള്ളിലിങ്ങീ വ്യവസായമുദിച്ചുതേ
മന്നൻ നീയും കുന്തിതാനും പ്രേരണം ചെയ്ത മാത്രയിൽ. 3

ശോച്യരല്ലാ മഹാത്മാക്കളാ നരഷ്ഭരേവരും
ക്ഷത്രധർമ്മസ്ഥരായിട്ടു നിധനംപൂണ്ടതാണവർ. 4

അതവശ്യം ഭവിക്കേണ്ടും ദേവകാര്യമനിന്ദിതേ!
അതിനാലേവരും മന്നിൽപ്പിറന്നു ദേവഭാഗർതാൻ. 5

ഗന്ധർവ്വഗുഹ്യകപിശാചാശരന്മാരുമങ്ങനെ
ദേവർഷികളുമവ്വണ്ണം സിദ്ധർ പുണ്യജനങ്ങളും 6

ദേവന്മാരും ദാനവരും സിദ്ധദേവർഷിമാർകളും
കുരുക്ഷേത്രപ്പോർക്കളത്തിലവിടെസ്സിദ്ധികൂടിനാർ. 7

ധൃതരാഷ്ട്രാഭിധൻ ധീമാൻ ഗന്ധർവ്വാധീശനില്ലയോ*
അവൻതാൻ നിൻപതി ധൃതരാഷ്ട്രൻ മാനുഷനാട്ടിലും. 8

മരുൽഗണത്തിലാപ്പാണ്ഡു വിശിഷ്ടനറികച്യുതൻ
ധർമ്മാംശമല്ലോ വിദുരൻ യുധിഷ്ഠിരനരേന്ദ്രനും. 9

കലി ദുര്യോധനൻ ദ്വാപരാഖ്യൻ ശകുനിയോർക്ക നീ
രാക്ഷസന്മാർകൾ ദുശ്ശാസനാദ്യരോർക്ക ശുചിസ്മിതേ! 10

മരുൽഗണത്തിൽ ബലവാൻ ഭീമസേനനരിന്ദമൻ
ധരിക്ക നീ നരനൃഷി കുന്തീപുത്രൻ ധനഞ്ജയൻ. 11

---

* ഈ ഗന്ധർവ്വനെപ്പററി അശ്വമേധപർവ്വം പത്താമദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

നാരായണൻ ഹൃഷീകേശൻ യമജന്മാർകളശ്വികരം
ദേഹം രണ്ടാക്കിവെച്ചിട്ടുള്ളാദിത്യൻ തപനോത്തമൻ 12
ലോകങ്ങളെത്തപിപ്പിപ്പോൻ കണ്ണനെന്നോക്ക ശോഭനേ!
പാത്ഥങ്കൽനിന്നിട്ടുണ്ടായോൻ സംഹഷപ്രദനങ്ങനെ 13
ആറു തേരാളിമാർ കൊന്ന പാണ്ഡുദായാദനില്ലയോ,
ആ സൗഭദ്രൻ സോമനത്രേ യോഗാൽ രണ്ടായി നിന്നവൻ. 14
ധൃഷ്ടദ്യുമ്നൻ ദ്രൗപദിയോത്തഗ്നിയിങ്കൽ പിറന്നവൻ
ശുഭാഗ്നിഭാഗരറിക ശിഖണ്ഡിയൊരു രാക്ഷസൻ. 15
ദ്രോണൻ വ്യാഴത്തിൻെറയംശം രുദ്രാംശം ദ്രൗണിയോക്ക നീ
ഗാംഗേയനാം ഭീഷ്മർ വസു മത്ത്യനായവനോക്ക നീ. 16
ഇമ്മട്ടിവർ മഹാപ്രാജ്ഞേ, മത്ത്യരായ് നിന്ന ദേവകരം
കമ്മം കഴിച്ചിട്ടു പിന്നെ സ്വഗ്ഗം പുക്കിതു ശോഭനേ! 17
ഏവക്കുമുള്ളിലൊട്ടേറെനാരം നില്ക്കും ദുഃഖമില്ലയോ
അതിപ്പോരംതീക്കുവനിഹപരലോകഭയത്തൊടും. 18
ഭാഗീരഥീനദീതീരത്തെത്തുവിൻ നിങ്ങളേവരും
അവിടെക്കാണുമീപ്പോരിൽ കൊന്നുള്ളവരെയൊക്കയും. 19

വൈശമ്പായനൻ പറഞ്ഞു

എന്ന വേദവ്യാസവാക്കു കേട്ടെല്ലാവരുമപ്പൊഴേ
വൻപിച്ച സിംഹനാദത്തോടൊത്തു ഗംഗയ്ക്കുനേക്കുപോയ്. 20
പാണ്ഡവന്മാരൊത്തു പോയീ സാമാത്യൻ ധൃതരാഷ്ട്രനും
വന്നൊത്ത മാമുനികളും ഗന്ധവ്വന്മാരുമൊത്തവൻ. 21
പിന്നെഗ്ഗംഗയ്ക്കുടത്തെത്തി മുറയ്ക്കങ്ങാജ്ജനാണ്ണവം
മുററുമേ പാപ്പുറപ്പിച്ചു യഥാപ്രീതി യഥാസുഖം. 22
രാജാവും പാണ്ഡവരൊടൊത്തിഷ്ടദേശത്തു സാനുഗൻ
പാത്തുകൊണ്ടീടിനാൻ ധീമാൻ നാരീവൃദ്ധപുരസ്സരൻ. 23
അന്നത്തെപ്പകൽ നൂററാണ്ടു പോലെ പോയിതവക്കഹോ!
ചത്ത മന്നവരെക്കാണാൻ രാത്രിയെക്കാത്തിരിക്കവേ. 24
പിന്നെയക്കൻ പുണ്യമാകുമസ്തശൈലമണഞ്ഞുതേ
ഉടൻ കുളിച്ചവർ നിശാമുഖകമ്മം നടത്തിനാർ. 25

32. ഭീഷ്മാദിദശ്നം

വ്യാസൻ ഗംഗാജലത്തിലിറങ്ങിനിന്നു് പേരു പറഞ്ഞു വിളിച്ചപ്പോൾ, യുദ്ധത്തിൽ ഹതരായ ആളുകളെല്ലാം അതാതുരൂപത്തിലും വേഷത്തിലും പ്രത്യക്ഷപ്പെടുന്നു. ധൃതരാഷ്ട്രൻ, ഗാന്ധാരി മുതലായവർ അതു കണ്ടു് അത്ഭുതപ്പെടുന്നു.

വൈശമ്പായനൻ പറഞ്ഞു

പിന്നെ രാത്രിയണഞ്ഞപ്പോരം സായാഹ്നക്രിയ ചെയ്തവർ
അവിടെക്കൂടിയോരെല്ലാം വ്യാസപാശ്വത്തിലെത്തിനാർ. 1

ധൃതരാഷ്ട്രൻ മഹാത്മാവു പാണ്ഡവന്മാരൊടൊത്തുതാൻ
ശുചിയേകാഗ്രമതിയങ്ങിരുന്നു മുനിമാരുമായ്. 2
ഗാന്ധാരിയോടൊത്തുകൂടിച്ചേർന്നിരുന്നിതു നാരികൾ
നഗരക്കാർ നാട്ടുകാരും വയസ്സിൻപടിയേവരും. 3
പിന്നെത്തേജസ്വിയാം വ്യാസൻ പുണ്യഗംഗാജലത്തിലായ്
ഇറങ്ങിപ്പോയ് വിളിച്ചാനാസ്സർവ്വലോകരെയും മുനി. 4
പാണ്ഡവർക്കും കൗരവർക്കുമുള്ള യോധരെ മറ്റുമേ
നാനാദേശം വാണിരുന്ന യോഗ്യരാജാക്കളേയുമേ. 5
കുരുപാണ്ഡുപ്പടകടെ ബഹളാരാവമപ്പൊഴേ
വെള്ളത്തിൽനിന്നിട്ടുണ്ടായീ മുന്മട്ടിൽ ജനമേജയ! 6
പിന്നെബ്ഭീഷ്മദ്രോണർ മുൻപായ് രാജാക്കളവരേവരും
സൈന്യങ്ങളൊത്തു വെള്ളത്തിൽനിന്നുയർന്നിതസംഖ്യമേ. 7
വിരാടദ്രുപദന്മാരും മക്കളൊത്തു സസൈനികർ
പാഞ്ചാലീപുത്രർ സൗഭദ്രർ ഘടോൽക്കചനിശാടനും 8
കർണ്ണദുര്യോധനർ മഹാരഥൻ ശകുനിയങ്ങനെ
ദുശ്ശാസനാദികൾ മഹാബലരാം ധാർത്തരാഷ്ട്രരും 9
ഭഗദത്തൻ ജരാസന്ധനന്ദനൻ ജലസന്ധനും
യൂപധ്വജൻ ശലൻ ശല്യൻ സാനുജൻ വൃഷസേനനും 10
രാജപുത്രൻ ലക്ഷ്മണനും ധൃഷ്ടദ്യുമ്നന്റെ മക്കളും
ശിഖണ്ഡിപുത്രരും മറ്റും സാനുജൻ ധൃഷ്ടകേതുവും 11
അചലൻ വൃഷകൻതാനുമലായുധനിശാടനും
ബാല്ഹീകനാസ്സോമദത്തൻ ചേകിതാനനരേന്ദ്രനും 12
ഇവരും മറ്റു പലരും ബഹുത്വാൽ പറയാത്തവർ
എല്ലാം ഭാസുരദേഹന്മാരുയർന്നാർ നീററിൽനിന്നുടൻ. 13
ഏതു വീരന്നേതുവേഷം കൊടിയേതേതു വാഹനം
അതാതോടൊത്തു വന്നെത്തിക്കാണായീ നരനാഥരെ. 14
മറ്റും ദിവ്യാംബരധരർ മറ്റുമേ ദീപ്തകുണ്ഡലർ
നിർവ്വൈരർ നിരഹങ്കാരർ മത്സരക്രോധവർജ്ജിതർ, 15
ഗന്ധർവ്വന്മാർ പാട്ടു പാടി വന്ദിമാർവാഴ്ത്തിടുന്നവർ
ദിവ്യമാല്യാംബരധരരപ്സരസ്ത്രീകളൊത്തവർ. 16
ധൃതരാഷ്ട്രന്നുമന്നേരം ദിവ്യം ചക്ഷുസ്സു മന്നവ!
പ്രീതൻ സത്യവതീപുത്രൻ മുനി നല്കീ തപോബലാൽ. 17
ദിവ്യജ്ഞാനബലത്തോടും ഗാന്ധാരി പുകഴാണ്ടവൾ
കണ്ടാൾ മക്കളെയും മറ്റും പോരിൽച്ചത്തന്യരേയുമേ. 18
അചിന്ത്യമത്ഭുതമതു പെരുത്തും രോമഹർഷണം
വിസ്മയിച്ചാജ്ജനം മറ്റും കണ്ണടയ്ക്കാതെ കണ്ടതേ. 19
ഉത്സവോദഗ്രമാമ്മട്ടതാണും പെണ്ണും കലർന്നഹോ!

പടത്തിൽ ചിത്രമാമ്മട്ട കണ്ടിതാശ്ചര്യമങ്ങനെ. 20
ധൃതരാഷ്ട്രൻ ദിവ്യദൃക്കാലവരെക്കണ്ട മുററുമേ
ആ മുനീന്ദ്രപ്രസാദത്താൽ മോദിച്ചു ഭരതഷ്ഭ! 21

33. പതിമാക്കു ഭർത്തൃലോകപ്രദാനം

പാണ്ഡവാദികളും, ഗംഗാജലത്തിൽനിന്നു പൊന്തിവന്ന പരേതന്മാരും ആ രാത്രി കളിയും ചിരിയുമായി കഴിഞ്ഞുകൂട്ടുന്നു. വിധവകളായ ധൃതരാഷ്ട്രസ്നുഷമാരും മററും ഭർത്താക്കന്മാരെ നേരിട്ടു കണ്ട സന്തോഷസമുദ്രത്തിൽ മുഴുകുന്നു. പ്രഭാതമായതോടുകൂടി പരസ്പരം കെട്ടിപ്പിടിച്ചു യാത്ര പറഞ്ഞ് ഇരുകൂട്ടരും പിരിയുന്നു. ചില വിധവകൾ വ്യാസൻെറ വാക്കനുസരിച്ച് ഗംഗയിലിറങ്ങി ഭർത്തൃലോകം പ്രാപിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

പിന്നെയാപ്പുരുഷശ്രേഷ്ഠരൊത്തുകൂടി പരസ്പരം
ക്രോധമാത്സര്യങ്ങൾ വിട്ടു ഗതകല്മഷരേവരും. 1
ബ്രഹ്മർഷി കല്പിച്ച മുഖ്യവിധി കൈക്കൊണ്ടുകൊണ്ടവർ
ഏവരും ഹൃഷ്ടരായ് നിന്നൂ വിണ്ണിൽ വിണ്ണവർ പോലവേ. 2
മാതാപിതാക്കളായ് പുത്രർ ഭാര്യമാർ പതിമാരുമായ്
അണ്ണൻ തമ്പിയുമായിഷ്ടനിഷ്ടനായ്ച്ചേർന്നു മന്നവ! 3
പാണ്ഡവന്മാർ വീരകർണ്ണനോടും സൗഭദ്രനോടുമേ
ഹർഷാൽ ചേർന്നീടിനാർ മുററും പാഞ്ചാലീപുത്രരോടുമേ. 4
പിന്നെ പ്രീതി കലർന്നിട്ടാക്കർണ്ണനോടൊത്തു പാണ്ഡവർ
കൂടിച്ചേർന്നു മഹീപാല, നിന്നൂ സൗഹാർദ്ദവൃത്തിയിൽ. 5
പരസ്പരം ചേർന്നുകൊണ്ടാ യോധന്മാർ ഭരതഷ്ഭ!
മുനിപ്രസാദംകൊണ്ടേവം മന്യു തീർന്നുള്ള മന്നവർ 6
കേവലം പക കൈവിട്ടു നിന്നൂ സൗഹാർദ്ദവൃത്തിയിൽ.
ഇമ്മട്ടെല്ലാവരും ചേർന്നു ഗുരുബാന്ധവരോടുമേ 7
മക്കളോടും നരവ്യാഘ്രർ കുരുക്കളും മററു മന്നരും.
ആ രാത്രിയൊക്കയവ്വണ്ണം പ്രീതരായ് വിഹരിച്ചുമേ 8
നിനച്ചു പരിതോഷത്താൽ വിണ്ണാണ്ടപടി മന്നവർ.
ശോകം ഭയം ത്രാസമയശസ്സില്ല രതിയില്ലിഹ 9
പരസ്പരം ചേർന്നുനില്ക്കും യോധക്കു ഭരതഷ്ഭ!
ഭർത്താക്കളും മക്കളച്ഛന്മാർ ഭ്രാതാക്കളിവരൊത്തവർ 10
ഏററവും മോദമാണ്ടിട്ടു ദുഃഖം കൈവിട്ടു നാരികൾ.
ഒരു രാവേവമാ വീരർ കളിച്ചാ സ്ത്രീജനങ്ങളും 11
തമ്മിൽപ്പറഞ്ഞു തഴുകിപ്പോയീ വന്നവഴിക്കുതാൻ.
വിട്ടയച്ചിതു ലോകങ്ങൾക്കവരേ മുനിപുംഗവൻ 12
നോക്കിക്കാണ്കെത്തന്നെയവർ മറഞ്ഞിതുടനങ്ങനെ.

പുണ്യഗംഗപ്പുഴയിലേക്കിറങ്ങീട്ടു മഹാശയർ 13
തേരും കൊടിയുമായ് സ്വന്തഗേഹങ്ങളിലണഞ്ഞുതേ.
ദേവലോകം പുക്കു ചിലർ ചിലർ ബ്രഹ്മസദസ്സുമേ 14
ചിലർ വാരുണമാം ലോകം വിത്തേശഗൃഹവും ചിലർ.
പരം വൈവസ്വതം ലോകം പൂകിനാർ ചില മന്നവർ 15
ചിലരങ്ങുത്തരകുരുപിശാചാശരലോകവും.
വിചിത്രഗതിമാർ മററും വാനോരോടൊപ്പമേററുമേ 16
ചെന്നണഞ്ഞു മഹാത്മാക്കൾ ഭൃത്യവാഹങ്ങളൊത്തവർ.
അവരെല്ലാം പോയശേഷം വെള്ളത്തിലമരും മുനി 17
തേജസ്സേറും ധർമ്മശീലൻ കുരുക്കൾക്കു ഹിതപ്രദൻ
ഭർത്താക്കൾ ചത്തൊരാ ക്ഷത്രസ്ത്രീകളോടുടനോതിനാൻ: 18
''ആരാരെല്ലാം ഭർത്തൃലോകമിച്ഛിപ്പൂ മുഖ്യനാരികൾ
അവർ ഗംഗാജലത്തിങ്കലിറങ്ങാം മടിവിട്ടുടൻ.'' 19
അവൻെറ വാക്കു കേട്ടേററം ശ്രദ്ധയാൽ മുഖ്യനാരികൾ
ഗംഗാജലത്തിങ്കൽ മുങ്ങി ശ്വശ്രുരാനുമതത്തൊടും. 20
മനുഷ്യദേഹം കൈവിട്ടു ഭർത്താക്കന്മാരൊടങ്ങവർ
ചേർന്നു സാദ്ധ്വികളെല്ലാരുമന്നേരത്തു ധരാപതേ! 21
ഏവം മുററും ശീലമുള്ള പതിവ്രതകളാമവർ
എത്തീ മുക്തകളായ് ഭർത്തൃസാലോക്യം ക്ഷത്രനാരികൾ. 22
ദിവ്യരൂപമെടുത്തിട്ടു ദിവ്യാഭരണധാടിയിൽ
ദിവ്യമാല്യാംബരം ചാർത്തിത്തൻ ഭർത്താക്കൾക്കു തുല്യമേ 23
ശീലാഢ്യമാർ വിമാനത്തിൽ കയറീട്ടവരക്ലമം*
മുററും ഗുണം ചേർന്നു മുററും സ്വസ്ഥാനത്തിങ്കലെത്തിനാർ. 24
ആക്കാക്കേതേതു കാമം താനക്കാലമുളവായിതോ
അതൊക്കെ നല്കിനാൻ വ്യാസൻ വരദൻ ധർമ്മവത്സലൻ. 25
നരദേവന്മാർകൾ വീണ്ടും വന്നോരാക്കഥ കേട്ടവർ
മോദിച്ചു കുളുർമെയ്ക്കൊണ്ടു നാനാനാടാണ്ട മർത്ത്യരും. 26
ഇഷ്ടന്മാരൊത്തവർക്കുള്ളാസ്സംഗമം കേട്ടിടും നരൻ
ഇഷ്ടങ്ങൾ നേടീടുമിഹലോകത്തിങ്കൽ പരത്തിലും. 27
ഇഷ്ടബാന്ധവസംയോഗമനായാസമനാമയം
ഇതങ്ങനെ ബുധന്മാരെക്കേൾപ്പിക്കും ധർമ്മവിത്തമൻ 28
ഈ ലോകത്തിൽ പേരു കേട്ടു പരത്തിൽ ശുഭമാണ്ടിടും.
സ്വാദ്ധ്യായമൊക്കും മർത്ത്യന്മാർ തപസ്സൊത്തവർ ഭാരത! 29
സാദ്ധ്വാചാരർ ദമം പൂണ്ടോർ ദാനത്താൽ പാപമററവർ
ഋജുക്കൾ ശുദ്ധർ ദാന്തന്മാർ ഹിംസ ഭോഷ്കമൊഴിച്ചവർ 30

* അക്ലമം = ക്ഷീണംകൂടാതെ; നിഷ്പ്രയാസം.

ആസ്തികന്മാർ ശ്രദ്ധയുള്ളോർ ധൃതിയും ചേർന്ന മന്നവർ
ഇയ്യോരാശ്ചര്യപർവ്വത്തെക്കേട്ടാൽ സൽഗതി നേടിടും. 31

34. നിത്യാനിത്യനിരൂപണം

ഒരിക്കൽ ദേഹമുപേക്ഷിച്ച ഭീഷ്മദ്രോണാദികൾ വീണ്ടും സദേഹരായി പ്രത്യക്ഷപ്പെട്ടതെങ്ങനെയാണെന്നുള്ള ജനമേജയന്റെ ചോദ്യത്തിനും വൈശമ്പായനന്റെ മറുപടി.

സൂതൻ പറഞ്ഞു

ഇതു കേട്ടരചൻ വിദ്വാൻ ഹർഷിച്ചു ജനമേജയൻ
മുററും പിതാമഹരുടെ ഗമനാഗമനം പരം. 1

പുനരാഗമനം പററിപ്പറഞ്ഞു മുത്തൊടിങ്ങനെ:
"ദേഹം വെടിഞ്ഞോർക്കു വീണ്ടുമാ രൂപം കണ്ടതെങ്ങനെ?" 2

എന്നു കേട്ടാ മുനിശ്രേഷ്ഠൻ വ്യാസശിഷ്യൻ പ്രതാപവാൻ
ജനമേജയരാജാവോടോതീ വാഗ്മികുലോത്തമൻ. 3

വൈശമ്പായനൻ പറഞ്ഞു

എല്ലാക്കർമ്മങ്ങൾക്കുമില്ലാ നാശമെന്നാണു നിശ്ചയം
കർമ്മജങ്ങൾ ശരീരങ്ങളിങ്ങാകൃതികളും നൃപ! 4

മഹാഭൂതങ്ങൾ നിത്യങ്ങൾ ഭൂതാധിപതിസംശ്രയാൽ
അവർക്കു നിത്യസംവാസം പിരിവോർക്കില്ല നാശമേ. 5

അനായാസകൃതം കർമ്മം സത്യം ശ്രേഷ്ഠം ഫലാഗമം
ആത്മാവിവകളോടൊത്തു സുഖദുഃഖങ്ങളേല്ക്കയാം. 6

അമ്മട്ടു ചേരും ക്ഷേത്രജ്ഞൻ നശിക്കില്ലെന്നു തീർച്ചയാം
ഭൂതങ്ങൾക്കിങ്ങാത്മഭാവം വേർവിടാതുള്ള മാതിരി. 7

അവന്നുണ്ടാം സ്വരൂപിത്വം കർമ്മനാശം വരുംവരെ
കർമ്മം ക്ഷയിക്കിലോ മർത്ത്യൻ രൂപം മാറിയെടുക്കയാം. 8

നാനാത്വമേകത്വവുമീദ്ദേഹത്തിൽച്ചേർന്നു നില്ക്കയാം
വെവ്വേറെയാണെന്നറിയുന്നോർക്കു നിത്യങ്ങളിങ്ങനെ. 9

അശ്വമേധത്തിലശ്വത്തെക്കൊല്ലലിൽ ശ്രുതിയിങ്ങനെ
'ലോകാന്തരം പുക്കു നിത്യം ദേഹികൾക്കുയിർ നിത്യമാം.' 10

ഹിതം ഞാൻ പറയാമങ്ങയ്ക്കിഷ്ടമാണെങ്കിൽ മന്നവ!
ദേവയാത്രാവഴികൾ നീ കേട്ടീലേ യാഗശാലയിൽ? 11

നീ യജ്ഞം ചെയ്യവേ നിന്റെ ഹിതരായ്വന്നു ദേവകൾ
പശുയാനേശർ* ദേവന്മാരൊത്തുകൂടിയവാറെടോ. 12

എന്നാൽ യജിച്ചാൽ ഗതിയാ മററുള്ളോർക്കില്ലനിത്യത
പഞ്ചവർഗ്ഗം നിത്യമാണാത്മാവുമെന്നിട്ടു പൂരുഷൻ 13

---

* പശുയാനേശർ = ജീവനെ പരലോകത്തിലേക്കു കൊണ്ടുപോകുന്ന ഈശ്വരന്മാർ.

നാനാ സമായോഗമിതിന്നിങ്ങു കാണ്മോൻ വൃഥാമതി;
വേർവാടിലേററം മാഴ്കുന്നു ബാലനെന്നാണു മന്മതം. 14
വേർവാടിൽ ദോഷദൃക്കെങ്കിൽ സംയോഗം വിട്ടൊഴിക്കണം
അസംഗനിൽ സംഗമില്ലാ ദുഃഖം മന്നിൽ വിയോഗജം. 15
പരാപരജ്ഞനപരൻ മാനാൽ ചൊല്ലപ്പെടാത്തവൻ
അപരജ്ഞൻ പരം ബോധമാണ്ടു മോഹമൊഴിച്ചിടും. 16
അദർശനാൽ വന്നു വീണ്ടുമദർശനമണഞ്ഞവൻ
അവനേ ഞാനെന്നെയവൻ കാണ്മീലില്ല വിരക്തി മേ. 17
ഏതേതുടലിനാലെന്തോന്നസ്വതന്ത്രൻ നടത്തുമോ
അതാതുടലിനാൽ പിന്നെയതു താനേല്ക്കുമായവൻ; 18
മനസ്സാൽ മാനസം കൊാംവു ദേഹത്താലിങ്ങു ദൈഹികം.

35. ശ്രീപരീക്ഷിദ്ദർശനം

അങ്ങനെയാണെങ്കിൽ തനിക്കു തൻെറ പിതാവായ പരീക്ഷിത്തിനെ ഒന്നു കണ്ടാൽകൊള്ളാമെന്നു് ജനമേജയൻ അപേക്ഷിച്ചതനുസരിച്ച് വ്യാസൻ ജനമേജയനു പരീക്ഷിത്തിനെ കാണിച്ചുകൊടുക്കുന്നു. പരീക്ഷിത്തിനെ മാത്രമല്ല, ശമീകൻ, ശൃംഗി, അവരുടെ മന്ത്രിമാർ മുതലായവരേയും തൽസ്വരൂപത്തിൽ നേരിട്ടു കണ്ടു ജനമേജയൻ അത്ഭുതപരതന്ത്രനാകുന്നു.

വൈശമ്പായനൻ പറഞ്ഞു

മക്കളെക്കാണാതെയായി വീണ്ടും കണ്ടിതു മന്നവൻ
ഋഷിപ്രസാദാൽ മക്കൾക്കുള്ളാ രൂപത്തിൽക്കുരൂദ്വഹ! 1
ആ നൃപൻ രാജധർമ്മങ്ങളാ ബ്രാഹ്മോപനിഷത്തുമേ
സമ്പാദിച്ചു നരശ്രേഷ്ഠൻ ബുദ്ധിനിശ്ചയവും ശരി. 2
മഹാപ്രാജ്ഞൻ വിദുരനും സിദ്ധി നേടീ തപോബലാൽ
ധൃതരാഷ്ട്രനുമാ വ്യാസതപോനിധിസമാശ്രയാൽ. 3

ജനമേജയൻ പറഞ്ഞു

എനിക്കും വരദൻ വ്യാസൻ പ്രായരൂപത്തൊടച്ഛനെ
കാട്ടിത്തന്നാലങ്ങു ചൊന്നതൊക്കെയും വിശ്വസിക്കുവേൻ. 4
പ്രിയമാകുമെനിക്കും ഞാൻ കൃതാർത്ഥൻ തീർപ്പുകൊള്ളുമേ
ഋഷിമുഖ്യപ്രസാദത്താലെൻെറ കാമം ഫലിക്കണം. 5

സൂതൻ പറഞ്ഞു

എന്നാ രാജാവു ചൊന്നപ്പോൾ വേദവ്യാസൻ പ്രതാപവാൻ
ധീമാൻ പ്രസാദിച്ചു പരീക്ഷിത്തിനേയും വരുത്തിനാൻ. 6
ആ പ്രായരൂപത്തിൽ വിണ്ണിൽനിന്നു വന്ന നരേന്ദ്രനെ
ശ്രീയാണ്ടോരച്ഛനെക്കണ്ടൂ രാജാവു ജനമേജയൻ. 7
മഹാൻ ശമീകനേയും തൽ പുത്രനാം ശൃംഗിയേയുമേ

കണ്ടിതാ മന്നവനുടെയമാത്യന്മാർകളേയുമേ. 8

പിന്നെ മുത്തോടവഭൃഥേ മന്നവൻ ജനമേജയൻ
ആറാടിച്ചാനച്ഛനെയും താനുമാറാടിനാൻ നൃപൻ. 9

ആറാടീട്ടാ നൃപൻ ചൊന്നാനാസ്തീകദ്വിജനോടുടൻ
യായാവരകുലോൽപന്നജരൽക്കാരുജനോടുതാൻ. 10

"ആസ്തീക, വിവിധാശ്ചര്യമെൻെറ യാഗമിതെന്മതം
എൻെറ ശോകം തീർക്കമച്ഛനിങ്ങു വന്നെത്തിയില്ലയോ?" 11

ആസ്തീകൻ പറഞ്ഞു

തപോനിധി പുരാണർഷി വ്യാസനേത്തു മഖത്തിലോ
ആയവന്നു കുരുശ്രേഷ്ഠ, ലോകം രണ്ടും ജയിച്ചതാം. 12

വിചിത്രാഖ്യാനവും കേട്ടു ഭവാൻ പാണ്ഡവനന്ദന!
സർപ്പങ്ങളെച്ചുട്ടിതെത്തിയച്ഛൻെറ പദവിക്കുമേ. 13

നിൻ സത്യത്താൽ തക്ഷകന്നൊരൊഴിവും കിട്ടി മന്നവ!
പൂജിച്ചു താപസരെയാ യോഗ്യൻെറ ഗതി കണ്ടു നീ. 14

വൻപിച്ച ധർമ്മവും നേടീ കേട്ടു പാപവിനാശനം
ഹൃദയഗ്രന്ഥിയും തീർന്നിതുദാരജനദർശനാൽ. 15

ധർമ്മക്കുറാണ്ടവർ പരം സദ്വൃത്തരുചിയുള്ളവർ
പാപം തീർപ്പോർകളവരെ വണങ്ങിക്കൊണ്ടിടേണമേ. 16

സൂതൻ പറഞ്ഞു

എന്നാ ദ്വിജേന്ദ്രമൊഴി കേട്ടാ നൃപൻ ജനമേജയൻ
പൂജിച്ചിതാ മാമുനിയെബ്ബഹുമാനിച്ചു പിന്നെയും. 17

ചോദിച്ചു കേടററ വൈശമ്പായനർഷിയോടങ്ങുടൻ
ധർമ്മജ്ഞൻ വനവാസത്തിൻ കഥശ്ശുള്ളോരു ശേഷവും. 18

36. യുധിഷ്ഠിരപ്രത്യാഗമനം

പുത്രപൗത്രാദികളെ നേരിട്ടു കണ്ടതിനുശേഷം ധൃതരാഷ്ട്രയുധിഷ്ഠിരാദികൾ ആശ്രമത്തിലേക്കു തിരിച്ചെത്തുന്നു. പാണ്ഡവന്മാരേയും കൂട്ടരേയും തിരികെ ഹസ്തിനപുരത്തിലേക്കു പറഞ്ഞയയ്ക്കാൻ വ്യാസൻ ധൃതരാഷ്ട്രരെ ഉപദേശിക്കുന്നു, കുന്തിയും ഗാന്ധാരിയും ധൃതരാഷ്ട്രനും ഉപദേശിച്ചതനുസരിച്ചു പാണ്ഡവന്മാർ പരിവാരത്തോടുകൂടി ഹസ്തിനപുരത്തിലേക്കു മടങ്ങുന്നു.

ജനമേജയൻ പറഞ്ഞു

പുത്രപൗത്രന്മാരെയനുബന്ധാഢ്യം* കണ്ടു മന്നവൻ
ധൃതരാഷ്ട്രൻ ചെയ്തതെന്തു യുധിഷ്ഠിരനരേന്ദ്രനും? 1

വൈശമ്പായനൻ പറഞ്ഞു

മഹാശ്ചര്യം മക്കളുടെ ദർശനം കണ്ടു മന്നവൻ
ശോകം തീർന്നിട്ടു രാജർഷി വീണ്ടുമാശ്രമമെത്തിനാൻ. 2

---

* അനുബന്ധാഢ്യം = ധാരാളം അനുയായികളോടുകൂടി.

മററുള്ളാളുകളെല്ലാരുമാ മഹർഷിജനങ്ങളും
ധൃതരാഷ്ട്രാനുവാദത്താൽ പൊയ്ക്കൊണ്ടിതു യഥേഷ്ടമേ. 3
പാണ്ഡവന്മാർ മഹാത്മാക്കളല്പം ഭടരൊടും സമം
വീണ്ടും ചെന്നു ഭാര്യയൊത്താ മാന്യമന്നൻെറ സന്നിധൗ. 4
ധീമാനങ്ങാശ്രമം പുക്കാ ബ്രഹ്മർഷി ജനപൂജിതൻ
മുനി സത്യവതീപുത്രൻ ധൃതരാഷ്ട്രനൊടോതിനാൻ. 5

വ്യാസൻ പറഞ്ഞു

ധൃതരാഷ്ട്ര, മഹാബാഹോ, കേൾക്ക കൗരവനന്ദന!
കേട്ടല്ലോ നീ ജ്ഞാനവൃദ്ധർ പുണ്യകർമ്മി മഹർഷികൾ 6
ഋദ്ധാഭിജനവൃദ്ധന്മാർ വേദവേദാംഗവേദികൾ
ധർമ്മജ്ഞർ പഴമക്കാർകൾ ചൊന്ന നാനാ ചരിത്രവും. 7
ശോകത്തിൽ കരൾ വെയ്ക്കൊല്ലാ ദൈവ*ത്തിലുഴലാ ബുധൻ
കേട്ടല്ലോ നീ ദേവഗുഹ്യം ദേവജ്ഞൻ നാരദൻവഴി. 8
ക്ഷത്രധർമ്മാൽ ശസ്ത്രപൂതഗതി പുക്കീടിനാരവർ
മക്കൾ നീ കണ്ടതിൻവണ്ണംതന്നെ കാമവിഹാരികൾ. 9
ധീമാനീദ്ധർമ്മജൻ നിന്നെയനുകൂലിച്ചു നില്ക്കയാം
ഭാര്യാസുഹൃജ്ജനത്തോടും മററും ഭ്രാതാക്കളൊത്തവൻ. 10
വിട്ടയച്ചാലുമിവനെ രാജ്യം കാക്കട്ടെയങ്ങിവൻ
അവർ കാട്ടിലിരിപ്പായിട്ടൊരു മാസത്തിലേറെയായ്. 11
ഈ സ്ഥാനമോ പ്രയത്നത്താൽ നിത്യം കാക്കേണ്ടതാം നൃപ!
രാജ്യമെന്നതു ശത്രുക്കളുള്ളതാണു കുരൂദ്വഹ! 12

വൈശമ്പായനൻ പറഞ്ഞു

തേജസ്വിയാം വ്യാസനേവം ചൊന്നോരാക്കുരുമന്നവൻ
വിളിച്ചു ധർമ്മസുതനോടോതിനാൻ വാഗ്മിയിങ്ങനെ. 13

ധൃതരാഷ്ട്രൻ പറഞ്ഞു

അജാതശത്രോ, ശുഭമാം കേൾക്കു ഭ്രാതാക്കളൊത്തു നീ
ഭൂപ, ശോകം നിൻ പ്രസാദാൽ നമ്മെബ്ബാധിപ്പതില്ലെടോ. 14
ഹസ്തിനാപുരിയിൽപ്പോലെ ഞാനിങ്ങുണ്ണീ, രമിക്കുവൻ
പ്രിയാനുവർത്തിയാം നാഥൻ തുണയുണ്ടെന്നു കണ്ടവൻ. 15
നിന്നാൽ പുത്രഫലം നേടി നിങ്കൽ പ്രീതി പെരുത്തു മേ
എനിക്കില്ലാ മന്യു പോക മകനേ, വൈകിടാതെ നീ. 16
നിന്നെ നോക്കീട്ടിന്നെനിക്കു കുറയുന്നു തപസ്സെടോ
തപസ്സൊടൊത്തൊരെൻ ദേഹം നിന്നെപ്പാർത്തേന്തിടുന്നു ഞാൻ.
ഈ നിന്നമ്മകളീവണ്ണം കൊഴിഞ്ഞില കഴിപ്പവർ
എൻ തുല്യവ്രതമാരുണ്ണീ, നില്ക്കയില്ലധികം ദിനം. 18
ദുര്യോധനാദികളെ ഞാൻ കണ്ടേൻ ലോകാന്തരസ്ഥരായ്
വേദവ്യാസതപോവീര്യാൽ ഭവാൻ വരികയാലുമേ. 19

---

* ദൈവം=വിധി.

എനിക്കു ജീവിച്ചിട്ടുള്ള കാര്യവും തീൎന്നു സന്മതേ!
കടുംതപസ്സു ചെയ്യേൻ ഞാനനുജ്ഞ തരണം ഭവാൻ. 20
പിണ്ഡവും കീൎത്തിയും നിങ്കലീക്കുലം നിലനില്പതും
പൊയ്ക്കൊൾകിന്നോ നാളെയോ നീ വൈകൊല്ലുണ്ണീ, മഹാഭുജ!
രാജനീതി പലേമട്ടിൽ കേട്ടല്ലോ ഭരതൎഷഭ!
ചൊല്ലാനൊന്നും കണ്ടതില്ല, ചെയ്തിതെല്ലാം പ്രഭോ, ഭവാൻ. 22

വൈശമ്പായനൻ പറഞ്ഞു

എന്നരച്ചോരരചനോടറിയിച്ചിതു മന്നവൻ
''ധൎമ്മജ്ഞ, കുററമില്ലാതുള്ളെന്നെക്കൈവിട്ടിടൊല്ല നീ. 23
ഭ്രാതാക്കളൊക്കപ്പൊയ്ക്കോട്ടേ കൂടെയുള്ളവരും ശരി
നിന്നെസ്സേവിക്കുവേനമ്മമാരെയും ഞാൻ യതവ്രതൻ.'' 24
ഗാന്ധാരിയവനോടോതി''യതല്ലെന്നുണ്ണീ, കേൾക്ക നീ
നിന്നധീനം കുരുകുലം ശ്വശുരന്നുള്ള പിണ്ഡവും. 25
പൊയ്ക്കൊൾകുണ്ണീ, പോരുമിതു നീ പൂജിച്ചിതു ഞങ്ങളെ
ചെയ്ക രാജാവോതിയതു മകനേ, താതവാക്കു നീ.'' 26
എന്നു ഗാന്ധാരി ചൊന്നപ്പോൾ കണ്ണിൽ കണ്ണീർ തുടച്ചുടൻ
കരയും കുന്തിയോടായിപ്പറഞ്ഞാനവനിങ്ങനെ. 27

ധൎമ്മപുത്രൻ പറഞ്ഞു

അയപ്പിതെന്നെ രാജാവും പുകഴും സൗബലേയിയും
ചിത്തം ഭവതിയിൽപ്പററി മാൎഗ്ഗം ഞാൻ പോവതെങ്ങനെ? 28
തപോവിഘ്നം ചെയ്യുവാനും വയ്യല്ലോ ധൎമ്മചാരിണി!
തപസ്സിന്മേലെയൊന്നില്ലാ മഹത്തേല്പം, തപസ്സിനാൽ. 29
എനിക്കും രാജ്ഞി, മുന്മട്ടിൽ ബുദ്ധി രാജ്യത്തിലില്ലതാൻ
എല്ലാംകൊണ്ടും തപസ്സിങ്കൽ സക്തമാണെന്റെ മാനസം. 30
ശൂന്യമീപ്പാരിടം മുററും പ്രീതി ചെയ്യീല മേ ശുഭേ!
ക്ഷയിച്ചു ബാന്ധവർ നമുക്കില്ലാ മുന്മട്ടു സൈന്യവും. 31
ഏററം ക്ഷയിച്ച പാഞ്ചാലർ കഥാമാത്രാവശേഷരായ്
ശുഭേ, കാണ്മീലവൎക്കാററ വംശകൃത്തിനെയിങ്ങു ഞാൻ. 32
പോൎക്കളത്തിൽ ദ്രോണരെല്ലാവരെയും ഭസ്മമാക്കിനാൻ
അവരിൽ ശിഷ്ടമുള്ളോരെ ദ്രൗണിയും കൊന്നു രാത്രിയിൽ; 33
നമ്മൾ മുന്നം കണ്ടിരുന്നാച്ചേദിമത്സ്യരുമിങ്ങനെ.
വൃഷ്ണിചക്രം മാത്രമുണ്ടു വാസുദേവസമാശ്രയാൽ . 34
ധൎമ്മത്തിന്നാണതഥമെന്നോൎത്തവരെക്കണ്ടു നില്പു ഞാൻ.
നന്മയിൽക്കാങ്കിജ്ജനത്തെദ്ദുർല്ലഭം നിന്റെ ദൎശനം 35
രാജാവു തീവ്രാവിഷഹ്യതപം ചെയ്യാൻ തുടങ്ങയാം.

വൈശമ്പായനൻ പറഞ്ഞു

ഇതു കേട്ടു മഹാബാഹു സഹദേവൻ ഭടോത്തമൻ 36
കണ്ണീർകിളമ്പും കണ്ണോടും യുധിഷ്ഠിരനൊടോതിനാൻ:

''അമ്മയേ വിട്ടു പോകാൻ ഞാനാളല്ലാ ഭരതഷ്ഭ! 37
ഭവാൻ പൊയ്ക്കൊൾകടൻ ഞാനോ വൻ തപം ചെയ്യുവൻ വിഭോ!
ശോഷിപ്പിപ്പേൻ തപംചെയ്തിട്ടീശ്ശരീരവുമിങ്ങു ഞാൻ 38
നൃപനുമീയമ്മമാക്കും പാദശ്ശുശ്രൂഷ ചെയ്യുമേ.''
ആ മഹാഭുജനെപ്പുല്കിക്കുന്തിയിങ്ങനെ ചൊല്ലിനാൾ: 39
''ഉണ്ണീ, പൊയ്ക്കൊൾകിപ്രകാരം ചൊല്ലൊല്ലെൻ വാക്കു ചെയ്ക—
ആഗമം നന്നു നിങ്ങൾക്കു മക്കളേ, സ്വസ്ഥരാകുവിൻ. [നീ
ഇമ്മട്ടായാൽ ഞങ്ങളുടെ തപസ്സിന്നു തടസ്ഥമാം
നിന്നിൽ സ്നേഹക്കെട്ടെഴും ഞാൻ തപസ്സിങ്കലിടിഞ്ഞുപോം. 41
പൊയ്ക്കൊൾകായതുകൊണ്ടുണ്ണീ, ഞങ്ങൾക്കോ ശേഷമല്പമാം.''
ഏവം ചിത്തമുറപ്പിച്ചു കുന്തി നാനാ വചസ്സിനാൽ 42
നരേന്ദ്ര, സഹദേവനും വിശേഷിച്ചു നൃപനുമേ.
രാജാവുമമ്മയുമനുവദിച്ചാക്കുരുപുംഗവർ 43
കുരുശ്രേഷ്ഠന്നു കുമ്പിട്ടു യാത്രചെയ്യാൻ തുടങ്ങിനാർ.

യുധിഷ്ഠിരൻ പറഞ്ഞു

നന്നായ്ക്കൊണ്ടാടിടും ഞങ്ങൾ പോകട്ടേ നാട്ടിലേക്കിനി
നിൻ സമ്മതത്താൽ രാജാവേ, പോകുന്നു ഗതകല്മഷർ. 44

വൈശമ്പായനൻ പറഞ്ഞു

ഏവം രാജഷിയാ യോഗ്യൻ ധമ്മരാജനരച്ചവൻ
സമ്മതിച്ചു കൗരവനെക്കൊണ്ടാടീ ധമ്മപുത്രനെ. 45
ബലവാനാം ഭീമനേയും സാന്ത്വനംചെയ്തു മന്നവൻ
ഇവൻെറ വാക്കു മേധാവിയവൻ കൈക്കൊണ്ടു വീര്യവാൻ. 46
തഴകീട്ടജ്ജുനനെയും വീരരാം യമരേയുമേ
സമ്മതിച്ചിതു കൗരവ്യൻ പുല്കിക്കൊണ്ടാടിയങ്ങനെ. 47
കാല്ക്കൽക്കുമ്പിട്ടു ഗാന്ധാരീസമ്മതം വാങ്ങിയായവർ
ശിരസ്സിൽ ഘ്രാണനംചെയ്തിട്ടമ്മ വിട്ടവർ മന്നനെ 48
വലം വെച്ചു മുറവുമവർ വത്സർമട്ടിൽത്തടുക്കുവാൻ
വീണ്ടും വീണ്ടും വലംവെച്ചുനോക്കിക്കൊണ്ടീടിനാരവർ. 49
പാഞ്ചാലിമുതലായുള്ള കുരുനാരികളേവരും
ശ്വശ്രൂരങ്കൽ മുറയ്ക്കുള്ള വൃത്തി ചെയ്തിട്ടു യാത്രയായ്. 50
ശ്വശ്രുക്കളും സമ്മതിച്ചു പുല്കിക്കൊണ്ടാടി വിട്ടവർ
ഭത്താക്കളൊത്തു ചെയ്യേണ്ടതുപദേശിച്ചയച്ചവർ. 51
പിന്നെക്കേൾക്കായ് സൂതരുടെ പൂട്ടിക്കൊൾകെന്ന നിസ്വനം
അശ്വഹ്രേഷിതവും പിന്നെയൊട്ടകത്തിൻ കരച്ചിലും. 52
യുധിഷ്ഠിരനൃപൻ പിന്നെ ഭാര്യാഭടജനാന്വിതൻ
വീണ്ടും ഹസ്തിപുരത്തേക്കു പോന്നുകൊണ്ടാൻ സബാന്ധവൻ. 53

നാരദാഗമനപവ്വം

37. കാട്ടുതീയിൽ ധൃതരാഷ്ട്രാദികളുടെ ദഹനം

ധൃതരാഷ്ടനും ഗാന്ധാരിയും കുന്തിയും കാട്ടുതീയിൽപ്പെട്ടു മരിച്ചുവപായ കഥ നാരദൻ ധർമ്മപുത്രനോടു പറയുന്നു. ഈ വർത്തമാനം കേട്ടു രാജധാനി മുഴുവൻ ശോകസന്തപ്തമായിത്തീരുന്നു.

വൈശമ്പായനൻ പറഞ്ഞു

രണ്ടാണ്ടാപ്പാണ്ഡുപുത്രന്മാർ വാണശേഷം യദൃച്ഛയാൽ
രാജാവേ, ധർമ്മജൻമുന്നിൽ ചെന്നൂ ദേവർഷി നാരദൻ. 1

മഹാഭജൻ പൂജചെയ്തു കുരുരാജൻ യുധിഷ്ഠിരൻ
വാഗ്മി ചൊന്നാനിരുന്നിട്ടൊന്നാശ്വസിച്ചവനോടുടൻ. 2

''ഭഗവാൻ വന്നു കണ്ടിട്ടിങ്ങേറെ നാളായി ഹന്ത ഞാൻ
കുശലംതന്നെയല്ലല്ലീ ഭവാനു ശുഭമല്ലയോ? 3

അങ്ങേതെല്ലാം നാടു കണ്ടു ഞാൻ ചെയ്യേണ്ടതുമെന്തിനി?
ദ്വിജശ്രേഷ്ഠ, പറഞ്ഞാലും ഞങ്ങൾക്കങ്ങാണൊരാശ്രയം.'' 4

നാരദൻ പറഞ്ഞു

നിന്നെക്കണ്ടിട്ടേറെനാളെന്നോർത്തു വന്നേൻ തപോവനാൽ
തീർത്ഥങ്ങളും ഗംഗയും ഞാൻ കണ്ടുകൊണ്ടിതു മന്നവ! 5

യുധിഷ്ഠിരൻ പറഞ്ഞു

ഗംഗാതീരം വാഴുമാൾക്കാരെന്നോടോതുന്നതുണ്ടിഹ
ധൃതരാഷ്ടൻ മഹാത്മാവു വൻതപം ചെയ്തിരിപ്പതായ്. 6

ഭവാനും കണ്ടുവോ ക്ഷേമിയല്ലയോ കുരുപുംഗവൻ?
ഗാന്ധാരിയും കുന്തിയുമാസ്സഞ്ജയൻ സൂതപുത്രനും? 7

കഴിപ്പതിന്നെങ്ങനെയെന്നച്ഛനാമാ നരേശ്വരൻ
കേൾപ്പാനുണ്ടാശ ഭഗവൻ, ഭവാൻ കണ്ടെങ്കിൽ മന്നനെ. 8

നാരദൻ പറഞ്ഞു

സ്ഥിരനായ് കേൾക്ക രാജാവേ, നടന്നപടിയാക്കഥ
ഞാനാത്തപോവനത്തിങ്കൽ കേട്ടതും കണ്ടു പോന്നതും. 9

വനവാസം വിട്ടു നിങ്ങൾ പോന്നശേഷം കുരൂദ്വഹ!
കുരുക്ഷേത്രം വിട്ടു ഗംഗാദ്വാരം നിന്നച്ഛനെത്തിനാൻ. 10

ധീമാൻ ഗാന്ധാരിയോടൊപ്പം വധുവാം പൃഥയൊത്തുതാൻ
സൂതൻ സഞ്ജയനും ചേർന്നു യാജകാഗ്നി പുരസ്സരൻ. 11

പിന്നെത്തീവ്രതപം ചെയ്തു നിൻെറയച്ഛൻ തപോധനൻ

വീടാമുഖന[1]മായ്ക്കാററുണ്ടങ്ങനേ മുനിയായിനാൻ. 12
വനത്തിൽ മുററും മുനികൾ പൂജിപ്പോനായ് തപോനിധി
എല്ലും തൊലിയുമായ് നിന്നിതാറുമാസം തപോധനൻ. 13
വെള്ളം കുടിച്ചു ഗാന്ധാരി കുന്തി മാസോപവാസമായ്
ആറാംനേരത്തിങ്കലുണ്ടാസ്സഞ്ജയൻ പാർത്ഥ ഭാരത! 14
യാജകന്മാരഗ്നികളെ ഹോമിച്ചു വിധിയിൽ പ്രഭോ!
കാട്ടിൽ കാണാതെയും കണ്ടും വാഴും മന്നന്നു ഭാരത! 15
ഗൃഹമില്ലാതെയാബ്ഭൂപൻ കഴിച്ചു വനഗോചരൻ
ആദ്ദേവിമാരുമൊന്നിച്ചു പോയീ സഞ്ജയനും ശരി. 16
നൃപന്നു സഞ്ജയൻ നേതാ സമത്തിൽ വിഷമത്തിലും
രാജൻ, ഗാന്ധാരിക്കു കുന്തി കണ്ണായ് നിന്നിതനിന്ദിത. 17
ഗംഗാതടത്തിങ്കലായിട്ടൊരുനാളാ നരോത്തമൻ
ഗംഗാസ്നാനം ചെയ്തു ധീമാനാശ്രമം നോക്കി യാത്രയായ്. 18
ഉടനേ കാററടിച്ചിട്ടു കാട്ടുതീയേററിതുൽക്കടം
ആക്കാടൊക്കച്ചുട്ടെരിച്ചു ചുററും കൂടിപ്പിടിച്ചുടൻ. 19
മാൻകൂട്ടവും പാമ്പുകളും ചുററും വേവുന്നനേരമേ
പന്നിക്കൂട്ടങ്ങൾ വെള്ളം കണ്ടേടം ചെന്നണയുമ്പൊഴേ 20
കാടൊക്കപ്പാടെയൊന്നാളി മഹാവ്യസനമാണ്ടതിൽ
ഉണ്ണായ്കയാൽ നൃപൻ മന്ദപ്രാണചേഷ്ടിതനായവൻ 21
ഒഴിച്ചുപോകാനാകാതായ് മെലിഞ്ഞുള്ളമ്മമാർകളും.
കാട്ടുതീയരികത്തെത്തിക്കണ്ടപ്പോളാ നരാധിപൻ 22
ജയം നേടും സഞ്ജയനാം സൂതനോടോതിയിങ്ങനെ:
“പോക സഞ്ജയ, തീയാളിച്ചുട്ടെരിക്കാതെയുള്ളിടം 23
ഞങ്ങളിങ്ങീത്തീയിലേററു പരസൽഗതി നേടിടാം.”
അവനോടോതിയുഴറിസ്സഞ്ജയൻ വാഗ്മിസത്തമൻ: 24
“രാജാവേ,യീ വെറും തീയിൽ മൃത്യുവങ്ങയ്ക്കനിഷ്ടമാം;
തീയിൽനിന്നിട്ടൊഴിപ്പാനും വഴി കാണുന്നതില്ല ഞാൻ 25
ഇനിമേൽ വേണ്ടകാര്യത്തെയിവിടുന്നരുൾചെയ്യണം.”
എന്നേവം സഞ്ജയൻ ചൊന്ന മന്നവൻ വീണ്ടുമോതിനാൻ: 26
“അനിഷ്ടമല്ലാ ഭവനം വിട്ട ഞങ്ങൾക്കൊരീ മൃതി.
വെള്ളമോ വഹ്നിയോ കാററോ താൻ വികർഷണ[2]മിങ്ങനെ 27
പ്രശസ്തം താപസന്മാർക്കു, പോക സഞ്ജയ, വൈകൊലാ.”
എന്നു സഞ്ജയനോടോതീട്ടുള്ളുറപ്പിച്ചു മന്നവൻ 28
കിഴക്കു നോക്കിഗ്ഗാന്ധാരീകുന്തിമാരൊത്തിരിപ്പുമായ്.
അമ്മട്ടാം മന്നനെക്കണ്ടു വലംവെച്ചിതു സഞ്ജയൻ 29

---

1 വീടാമുഖൻ = വായിൽ പാറക്കഷണം കടിച്ചുപിടിച്ചവൻ. 2 വികർഷണം = ഭക്ഷണം ഉപേക്ഷിച്ച് ദേഹം ശോഷിപ്പിക്കൽ.

മേധാവിയിവനോടോതീ യോഗം കൊാകെന്നമായ് പ്രഭോ!
ഋഷിപുത്രൻ ബുദ്ധിമാനാ നൃപൻ ചെയ്തിതിവന്മൊഴി 30
ഇന്ദ്രിയങ്ങളടക്കീട്ടങ്ങിരുന്നൂ മുട്ടിപോലവൻ.
യോഗ്യയാം ഗാന്ധാരിയുമേ നിൻെറ പെററമ്മ കുന്തിയും 31
കാട്ടുതീയിൽ പെട്ടുപോയിതാ നിന്നച്ഛൻ നരേന്ദ്രനും.
മഹാമാത്രൻ സഞ്ജയനാക്കാട്ടു തീ വിട്ടു പോന്നുതേ 32
താപസന്മാരൊത്തവനെക്കണ്ടേൻ ഗംഗാതടത്തിൽ ഞാൻ.
ആയാം തേജസ്വിയവരോടിതൊക്കച്ചൊല്ലി യാത്രയും 33
ഉണർത്തിസ്സഞ്ജയൻ ധീമാൻ പനിമാമല കേറിനാൻ.
ഏവം കാലം കഴിച്ചാനാക്കുരുരാജൻ മഹാശയൻ 34
നിന്നമ്മമാർകം ഗാന്ധാരീ കുന്തിയും ധരണീപതേ!
യദൃച്ഛയാ ചെന്നൊരു ഞാനെല്ലങ്ങാ* മന്നവൻെറയും 35
ആദ്ദേവിമാർകളിരുപേരുടെയും കണ്ടു മന്നവ!
അങ്ങാത്തപോവനത്തിങ്കൽ പിന്നെച്ചെന്നൂ മഹർഷികം 36
രാജാവിൻ നില കേട്ടിട്ടു മാഴ്കീലാ ഗതിയോർത്തവർ.
ഇതൊക്കയവിടെക്കേട്ടുകൊണ്ടേൻ പുരുഷസത്തമ! 37
ആ രാജാവും ദേവികളും വെന്തമാതിരി മന്നവ!
വ്യസനിക്കൊല്ല രാജേന്ദ്ര, സ്വയമാദ്ധരണീശ്വരൻ
തീയേററതാണാഗ്ഗാന്ധാരീദേവിയും നിൻെറയമ്മയും. 38

വൈശമ്പായനൻ പറഞ്ഞു

ധൃതരാഷ്ട്രൻെറ നിര്യാണമിത്തു കേട്ടതിലപ്പൊഴേ
യോഗ്യരാം പാണ്ഡവക്കൊക്കയുണ്ടായീ ശോകമുൽക്കടം. 39
അന്തഃപുരങ്ങളാക്കമുടനാർത്തനാദം മുഴത്തുതേ
പൗരന്മാക്കും മന്നവൻെറ ഗതി കേട്ടപ്പൊാം മന്നവ! 40
അയ്യയ്യോ! കഷ്ടമെന്നാർത്തിട്ടേററം ദുഃഖിച്ച മന്നവൻ
കൈപൊക്കിയമ്മയേയോർത്തു കരഞ്ഞിതു യുധിഷ്ഠിരൻ. 41
ഭീമൻതുടങ്ങിയുള്ളോരാ ഭ്രാതാക്കന്മാരുമേവരും
അപ്പോളന്തഃപുരംതോറും വൻപിച്ച രുദിതസ്വനം 42
ഉണ്ടായീ ഭൂപതേ, കുന്തിയമ്മട്ടായെന്നു കേട്ടതിൽ.
മക്കാം ചത്തോരു കിഴവനാബ്ഭൂപതിയുമങ്ങനെ 43
പാവം ഗാന്ധാരിയും വെന്തെന്നതിൽ ദുഃഖിച്ചിതേവരും.
ആശ്ശബ്ദമൊട്ടുനേരംകൊണ്ടുടൻ ഭാരത, നിന്നമേൽ
ബാഷ്പം ധൈര്യംകൊണ്ടടക്കിദ്ധർമ്മജൻ ചൊല്ലിയിങ്ങനെ. 44

* ഞാനെല്ലങ്ങാ = ഞാൻ + എല്ല് + അങ്ങ് + ആ.

38. യുധിഷ്ഠിരവിലാപം

വലിയച്ഛൻെറയും അമ്മയുടേയും ചരമവാർത്തയറിഞ്ഞ ധർമ്മപുത്രൻെറ വിലാപം.

യുധിഷ്ഠിരൻ പറഞ്ഞു

അമ്മട്ടു വൻതപം ചെയ്യുമാ മഹാത്മാവിനിങ്ങനെ
അനാഥമട്ടിലായ്ക്കാട്ടിൽ ഞങ്ങൾ ബന്ധുക്കൾ നില്ക്കവേ 1
ബ്രഹ്മൻ, മർത്ത്യക്കുള്ള ഗതി കാണാവല്ലെന്നു മന്മതം.
വൈചിത്ര്യവീര്യനീവണ്ണം കാട്ടുതീയേററു വെന്തതിൽ 2
ശ്രീമാന്മാർ മക്കളാക്കോർത്തു ബാഹുശാലിക്കു നൂറുപേർ.
കാട്ടുതീയേററു വെന്താനാ നാഗായുതബലൻ നൃപൻ 3
ആലവട്ടംകൊണ്ടു മുന്നമാരെയോ വീശി നാരികൾ
കാട്ടുതീ വെന്തൊരവനെ ഹാ! വീശീ കഴവാറകൾ. 4
ഉറങ്ങുമേവനെസ്സൂതമാഗധന്മാരുണർത്തിയോ
പാപിയാമെൻെറ കർമ്മത്താൽ കിടപ്പു മണ്ണിലാ നൃപൻ. 5
മാഴ്കുന്നില്ലാ മക്കൾ ചത്താപ്പുകഴ്ം സൗബലേയിയെ
പാതിവ്രത്യം പൂണ്ടു പതിലോകം പൂക്കോളെയോർത്തു ഞാൻ. 6
കുന്തിയെപ്പററി മാഴ്കുന്നേൻ പുത്രൈശ്വര്യസമൃദ്ധിയെ
ജ്വലിപ്പോന്നിനെ വിട്ടിട്ടും വനം പൂക്കീടിനാളവൾ. 7
ഞങ്ങൾക്കു മോശമീ രാജ്യം, മോശമീബ്ബലവിക്രമം,
ക്ഷത്രധർമ്മം മോശ,മവൾ ചത്തു ജീവിച്ചിരുപ്പു നാം. 8
കാലത്തിൻ ഗതിയോ സൂക്ഷ്മമത്രേ ദ്വിജവരോത്തമ!
രാജ്യം വെടിഞ്ഞവൾ വനം വാഴ്വാനല്ലോ നിനച്ചതും. 9
യുധിഷ്ഠിരൻെറ പെററമ്മ ഭീമൻെറ വിജയൻെറയും
അനാഥമട്ടിൽ വെന്തെന്നോ? മോഹിക്കുന്നേനിതോർത്തു ഞാൻ. 10
ഖാണ്ഡവത്തിൽ സവ്യസാചി പാഴിൽ തൃപ്തിച്ചിതഗ്നിയെ
ഉപകാരം നിനയ്ക്കാത്തോൻ കൃതഘ്നനവനെന്മതം. 11
ചുട്ടല്ലോ ഭഗവാൻ സവ്യസാചിക്കടയൊരമ്മയെ
വിപ്രവ്യാജത്തൊടും ഭിക്ഷയ്ക്കായി വന്നവനേവനോ 12
ആയഗ്നി മോശം പാർത്ഥൻെറ സത്യസന്ധത മോശമേ
ഭഗവാനേ, മഹാകഷ്ടം! മറെറാന്നിതു നിനപ്പു ഞാൻ. 13
പെട്ടിതല്ലോ പാഴിലഗ്നിയോഗമാ മന്നവന്നഹോ!
തപസ്വിയാമാക്കൗരവ്യരാജർഷിക്കപ്രകാരമേ. 14
ഇമ്മട്ടെന്തേ മൃത്യു വരാനീപ്പാരൊക്കബ്ഭരിച്ചമേൽ
അവന്നു മന്ത്രപൂതാഗ്നിയുണ്ടെന്നിട്ടും മഹാവനേ? 15
അമ്മട്ടു തീയിലാപ്പെട്ടെന്നച്ഛൻ നിഷ്ഠയിലെത്തിനാൻ.
ഞരമ്പേററു മെലിഞ്ഞോററം വിറച്ചാക്കുന്തിയങ്ങനെ 16

ന്യൂനം കരഞ്ഞിതാപത്തിലുൾണ്ണീ, ധർമ്മജ,യെന്നുമേ.
വത്സ ഭീമ, ഭയാൽക്കാക്കുകെന്നുമാർത്തീടുമായവ൪ 17
എന്നമ്മ ചുഴലും കാട്ടുതീയിൽ പെട്ടീടിനാളവ൪.
സഹദേവൻ മക്കളിൽവെച്ചവ൪ക്കൊട്ടേറെയിഷ്ടനാം 18
വിട്ടതീലവളേ വീരനവൻ മാദ്രീകുമാരകൻ.

വൈശമ്പായനൻ പറഞ്ഞു

എന്നു കേട്ടവരെല്ലാരും തമ്മിൽപ്പുല്കിക്കരഞ്ഞുപോയ് 19
പഞ്ചപാണ്ഡവർ കല്പാന്തേ മാർത്ഥം ജീവികൾ പോലവേ.
കരയുന്നാ നരേന്ദ്രക്കു പെരുകും രുദിതസ്വനം
പ്രാസാദത്തിൽ തടഞ്ഞെങ്ങും ഭൂവാകാശങ്ങൾ വിങ്ങിതേ. 20

39. ധൃതരാഷ്ട്രാദിശ്രാദ്ധം

വ്യസനിക്കുന്ന ധർമ്മപുത്രനെ നാരദൻ സമാശ്വസിപ്പിക്കുന്നു. നാരദന്റെ നിർദ്ദേശമനുസരിച്ച് ധർമ്മപുത്രൻ വലിയച്ഛന്റേയും മററും ശ്രാദ്ധകർമ്മം യഥാവിധി നിർവ്വഹിക്കുന്നു.

നാരദൻ പറഞ്ഞു

വൈചിത്ര്യവീര്യനീബ്ഭൂപൻ വെന്തതില്ലാ വൃഥാഗ്നിയാൽ
അതിൽ ഞാൻ കേട്ടതിവിടെപ്പറയുന്നുണ്ടു ഭാരത! 1
വായുഭക്ഷനവൻ ധീമാൻ വനം കേറീടുമപ്പൊഴേ
ഇഷ്ടിചെയ്തിട്ടഗ്നികളെ വിട്ടിതെന്നുണ്ടു കേ൪പ്പു നാം. 2
അവന്റെ യാജകന്മാരാ നിർജ്ജനക്കാട്ടിലഗ്നിയെ
വെടിഞ്ഞിട്ടു യഥേഷ്ടംതാൻ പോയീ ഭരതസത്തമ! 3
ആ വഹ്നിയപ്പോ൪ വദ്ധിച്ചാക്കാട്ടിലാപ്പെട്ടതാണുപോൽ
അതുകൊണ്ടാക്കാടു വെന്തിതെന്നാത്താപസർ ചൊല്ലിനാർ. 4
ആ രാജാവാഗ്ഗംഗവക്കിൽ ഞാൻ മുന്നം ചൊന്നവണ്ണമേ
ആ സ്വന്തമഗ്നിയാൽത്തന്നെ വെന്തതാം ഭരതർഷഭ! 5
എന്നെന്നോടു പറഞ്ഞാരാ മുനിമാരനഘാശയ!
ഗംഗാതടത്തിങ്കൽവെച്ചു ഞാൻ കണ്ടവർ യുധിഷ്ഠിര! 6
ഏവം നിജാഗ്നിയായ്ച്ചേർന്നിതാ നൃപൻ ധരണീപതേ!
മാഴ്കൊല്ലാ നൃപനെപ്പററിയവൻ സൽഗതി പൂകിനാൻ. 7
ഗുരുശുശ്രൂഷയാൽ നിന്റെയമ്മയും ഹേ നരാധിപ!
വൻപിച്ച സിദ്ധി പൂണ്ടാളിങ്ങെനിക്കില്ലൊരു സംശയം. 8
രാജേന്ദ്ര, നീയവക്കെന്നാലുദകക്രിയ ചെയ്യെടോ
മററും ഭ്രാതാക്കളോടൊന്നിച്ചതാണിവിടെ വേണ്ടതും. 9

വൈശമ്പായനൻ പറഞ്ഞു

പിന്നെയാപ്പൃഥിവീപാലൻ പാണ്ഡവക്കു ധുരന്ധരൻ
ഇറങ്ങീ തമ്പിമാരൊത്തു സഭാര്യൻ മനുജർഷഭ! 10

നഗരക്കാർ നാട്ടുകാരും രാജഭക്തിയെഴുന്നവർ
ഗംഗയിൽച്ചെന്നിതെല്ലാരുമൊററവസ്ത്രമുടുത്തവർ. 11
വെള്ളത്തിങ്കലിറങ്ങീട്ടാ നരപുംഗവരേവരും
യുയുത്സുവിനെ മുൻപാക്കി വൻപന്നുദകമേകിനാർ. 12
ഗാന്ധാരിക്കും പൃഥയ്ക്കും താൻ നാമഗോത്രവിധിപ്പടി
പുലകൊണ്ടാപ്പുരത്തിന്നു പുറത്തായ് പാർത്തിതായവർ. 13
വിധിജ്ഞരാമാപ്തനരന്മാരെ വിട്ടീടിനാരവർ
നൃപൻ ദഹിച്ചോരാഗ്ഗംഗാദ്വാരത്തേക്കു നരേശ്വര! 14
ഗംഗാദ്വാരത്തിങ്കലവർക്കാജ്ഞാപിച്ചിതു മുററുമേ
വേണ്ട കൃത്യം സ്വത്തു കൊടുത്തയച്ചവരൊടാ നൃപൻ. 15
പന്തീരാംനാൾ പുല കഴിഞ്ഞന്നവർക്കാ നരേശ്വരൻ
ശ്രാദ്ധങ്ങൾ ദക്ഷിണയൊടും വിധിയിൽ ചെയ്തു പാണ്ഡവൻ. 16
ധൃതരാഷ്ട്രന്റെ പേർക്കായിക്കൊടുത്തിതു നരാധിപൻ
പൊൻവെള്ളി പൈക്കളെവ്വണ്ണം വിലയേറുന്ന ശയ്യകൾ. 17
തേജസ്വി ഗാന്ധാരിയുടെ വേറേ കുന്തിയുടേയുമേ
പേർ പറഞ്ഞിട്ടു രാജാവു കൊടുത്തു ദാനമുത്തമം. 18
ആരെന്തെത്രയ്ക്കാഗ്രഹിപ്പൂ നേടിയത്രയ്ക്കതാ നരൻ
ശയനം ഭോജനം സ്ഥാനം മണി രത്നം പരം ധനം. 19
യാനം വസ്ത്രങ്ങൾ ഭോഗങ്ങൾ മോടിയിൽ ദാസിമാരെയും
അമ്മമാരുടെ പേർക്കേകിയാ രാജാവവനീശ്വരൻ. 20
പിന്നെയാദ്ധരണീപാലൻ ശ്രാദ്ധം നല്കിയസംഖ്യമേ
രാജാവു ഹസ്തിനപുരപട്ടണത്തിൽ കരേറിനാൻ. 21
രാജാജ്ഞയാലായവിടെയ്ക്കങ്ങു പോയോരു പൂരുഷർ
അവർക്കു കുല്യങ്ങൾ സങ്കല്പി*ച്ചിങ്ങെത്തീ തിരിച്ചു താൻ. 22
പലവും ഗന്ധമാല്യങ്ങൾകൊണ്ടർച്ചിച്ചു യഥാവിധി
അവർക്കു കുല്യങ്ങൾ കൂട്ടിയെന്നുണർത്തീ നരേന്ദ്രനെ. 23
ആശ്വസിപ്പിച്ചു ധർമ്മിഷ്ഠയുധിഷ്ഠിരനരേന്ദ്രനെ
മഹർഷി നാരദൻ പോയീ യഥേഷ്ടം ധരണീപതേ! 24
ധീമാനാം ധൃതരാഷ്ട്രന്നീവണ്ണമേതന്നെയാണ്ടുകൾ
കാട്ടിൽ മൂന്നും ചെന്നു പുരത്തിങ്കലായ് പതിനഞ്ചുമേ. 25
പോരിൽ മക്കൾ മരിച്ചോനു നിത്യം ദാനദനങ്ങനെ
ജ്ഞാതിസംബന്ധിസഹജമിത്രാർത്ഥം സ്വജനാർത്ഥവും. 26
യുധിഷ്ഠിരൻ നൃപനതിപ്രീതികൂടാതെയങ്ങനെ
ആ രാജ്യമേററു പാലിച്ചു ജ്ഞാതിബന്ധുക്കൾ ചത്തവൻ. 27
അവ്വണ്ണമീയാശ്രമവാസികപർവ്വത്തിലാദരാൽ
ഗന്ധമാലാഢ്യമാം ഹവ്യമൂട്ടേണം ബ്രാഹ്മണേന്ദ്രരെ. 28

* കുല്യങ്ങൾ സങ്കല്പിക്ക = അസ്ഥികൾ പെറുക്കിക്കൂട്ടുക.

മൗസലപർവ്വം

മൗസലപർവ്വം

നാരായണനെയും സാക്ഷാൽ നരനാം നരനേയുമേ
സരസ്വതീദേവിയേയും നമിച്ചു ജയമോതുക.

1. മുസലോത്പത്തി

ധർമ്മജാദികൾ പല ദുശ്ശകുനങ്ങളും കണ്ടു് ഉൽകണ്ഠാകുലരാകുന്നു. അങ്ങനെയിരിക്കേ, കൃഷ്ണബലരാമന്മാരുൾപ്പടെയുള്ള യാദവന്മാരുടെ ചരമഗതിയെപ്പററിക്കേട്ടു വ്യസനാക്രാന്തരാകുന്നു. സ്ത്രീവേഷധാരിയായ സാംബൻെറ വയററിൽനിന്നു് മഹർഷിശാപംനിമിത്തം ഒരു ലോഹഖണ്ഡം പിറന്നതും, ശാപഭയംനിമിത്തം അതു രാകി നദിയിൽ ഒഴുക്കിയതും, നാട്ടിലാരും മദ്യം കുടിക്കരുതെന്നു യാദവനേതാക്കന്മാർ വിലക്കിയതും.

വൈശമ്പായനൻ പറഞ്ഞു

മുപ്പത്താറാമാണ്ടുകാലം വന്നപ്പോൾ കുരുനന്ദനൻ
വിപരീതനിമിത്തങ്ങളുണ്ടു കണ്ടു യുധിഷ്ഠിരൻ. 1
ഇരമ്പിച്ചരലും തൂകി വീശീ കാററുകൾ രൂക്ഷമായ്
അപ്രദക്ഷിണമായ് വട്ടം ചുററീ പക്ഷികളങ്ങനെ. 2
പുഴ മേല്പോട്ടൊഴുക്കിട്ടു മൂടീ ദിക്കൊക്കെ മഞ്ഞിനാൽ
പൊരി തൂകും കൊള്ളിമീൻകൾ വീണു വാനീന്നു ഭൂമിയിൽ. 3
ആദിത്യമണ്ഡലം മൂടിക്കാണായീ പൊടിയാൽ നൃപ!
കബന്ധങ്ങളുമായ് രശ്മിക്കുടാതുദയമാംവിധൗ. 4
പരിവേഷങ്ങളുഗ്രങ്ങൾ കാണായീ ചന്ദ്രസൂര്യരിൽ
നിറം മൂന്നായ് ശ്യാമരൂക്ഷവക്കായ്[1] ഭസ്മാരുണാഭയിൽ. 5
ഇവയും മററു പലതും ഭയോൽപാതങ്ങ[2]ളങ്ങനെ
ഹൃദയോദ്വേഗമേകുന്മാറേറെക്കാണായി മന്നവ! 6
ഒട്ടുനാളു കഴിഞ്ഞിട്ടു കുരുരാജൻ യുധിഷ്ഠിരൻ
വൃഷ്ണിചക്രം[3] മൗസലത്തിൽ നശിച്ച കഥ കേട്ടുതേ. 7
കൃഷ്ണനും രാമനും ദേഹം വിട്ടതായ്ക്കേട്ടു പാണ്ഡവൻ
ഭ്രാതാക്കളെ വരുത്തീട്ടു വേണ്ടതെന്തെന്നു ചോദ്യമായ്. 8
തമ്മിലേററാ ബ്രഹ്മദണ്ഡബലത്തിൻ പാട്ടിലായഹോ!
തീർന്നു വൃഷ്ണികളെന്നായ്ക്കേട്ടിണ്ടലാണ്ടിതു പാണ്ഡവർ. 9

---

1 ശ്യാമരൂക്ഷവക്കായ് = ശ്യാമവർണ്ണവും രൂക്ഷവുമായ അഗ്രഭാഗത്തോടുകൂടി.
2 ഭയോൽപാതങ്ങൾ = ഭയജനകങ്ങളായ ദുർന്നിമിത്തങ്ങൾ. 3 ചക്രം = സമൂഹം.

വാസുദേവൻെറ നിധനം കടൽ വററുംപ്രകാരമേ
ആ വീരർ വിശ്വസിച്ചില്ലാ നാശമാശ്ശാർങ്ഗിതന്നുടെ. 10
മൗസലത്തെപ്പററിയവർ ദുഃഖശോകങ്ങളാണ്ടവർ
വിഷാദം പൂണ്ടാശ കെട്ട പാണ്ഡവന്മാരിരുന്നുപോയ്. 11

ജനമേജയൻ പറഞ്ഞു

എങ്ങനേ വൃഷ്ണ്യന്ധകന്മാർ ഭഗവാനേ, നശിച്ചുപോയ്
വാസുദേവൻ കണ്ടുനില്ക്കേ്ബ്ഭോജന്മാരും മഹാരഥർ? 12

വൈശമ്പായനൻ പറഞ്ഞു

മുപ്പത്താറാമാണ്ടിലങ്ങു വൃഷ്ണികൾക്കേററു ദുർന്നയം
അന്യോന്യം മുസലംകൊണ്ടു കൊന്നു കാലപ്രചോദിതർ. 13

ജനമേജയൻ പറഞ്ഞു

ആ വൃഷ്ണ്യന്ധകവീരന്മാരാർ ശപിച്ചു നശിച്ചുപോയ്
ഭോജന്മാരും ദ്വിജശ്രേഷ്ഠ, വിസ്തരിച്ചെന്നൊടോതണം. 14

വൈശമ്പായനൻ പറഞ്ഞു

വിശ്വാമിത്രനെയും കണ്വനേയും നാരദനേയുമേ
ദ്വാരകയ്ക്കായ് വന്നു കണ്ടു വീരരാം സാരണാ[1]ദികൾ. 15
അവർ സാംബനെ മുൻനിർത്തിപ്പെണ്ണാക്കിച്ചമയിച്ചഹോ!
അടുത്തു ചെന്നു ചോദിച്ചു ദൈവദണ്ഡനിപീഡിതർ: 16
"പുത്രാർത്ഥിയാകും തേജസ്വി ബഭ്രുവിൻ ഭാര്യയാണിവൾ
ഋഷീന്ദ്രരേ, പാർത്തറിവിനിവളെന്തൊന്നു പെററിടും?" 17
വഞ്ചനാധർഷിതര്[2]വരിതു കേട്ടപ്പൊൾ മന്നവ!
ഉത്തരം ചൊല്ലി മുനികളതു കേൾക്ക നരാധിപ! 18
"വൃഷ്ണ്യന്ധകർ മുടിഞ്ഞീടാൻ ഘോരം മുസലമായസം[3]
പെററീടും വാസുദേവൻെറ ദായാദൻ സാംബനീയിവൻ. 19
ഇതിനാൽ ദുർവൃത്തർ നിങ്ങൾ നൃശംസർ ചൊടി പൂണ്ടുടൻ
കുലമൊക്ക മുടിച്ചീടും രാമകൃഷ്ണരെയെന്നിയേ. 20
ശ്രീമാൻ കടലിലാണ്ടീടും ദേഹം വിട്ടു ഹലായുധൻ
മന്നിൽക്കിടന്നിടും മാന്യൻ കൃഷ്ണനെജ്ജര[4]യെയ്തിടും." 21
എന്നു ചൊന്നാരുടൻ ഭൂപ, ദുർബ്ബുദ്ധികൾ ചതിച്ചവർ
ക്രോധരക്താക്ഷർ മുനികളന്യോന്യം നോക്കിയങ്ങുടൻ; 22
എന്നാ മുനികൾ ചൊല്ലീട്ടു പിന്നെക്കൃഷ്ണാന്തമെത്തിനാർ.
ഇതു കേട്ടാ വൃഷ്ണികളോടങ്ങോതി മധുസൂദനൻ 23
അന്തജ്ഞൻ[5] മതിമാനായതവ്വണ്ണം വരുമെന്നുതാൻ.
എന്നുരച്ചു ഹൃഷീകേശൻ സ്വഗൃഹം പൂകിനാനവൻ 24

---

1 സാരണൻ = വസുദേവനു ദേവകിയിലുണ്ടായ ഒരു പുത്രൻ. 2 ധർഷിതർ = അധിക്ഷേപിക്കപ്പെട്ടവർ. 3 ആയസം മുസലം = ഇരുമ്പുലയ്ക്ക. 4 ജര = ആ പേരുള്ള ഒരു വേടൻ. 5 അന്തജ്ഞൻ = അവസാനത്തെപ്പററി (മുൻകൂട്ടി) അറിയാവുന്നവൻ.

കൃതാന്തനെ മറിച്ചാക്കാൻ നിനച്ചില്ലാ ജഗൽപ്രഭു.
ഇരുമ്പുലക്കയെപ്പററു പിറേറന്നാറം സാംബനങ്ങനെ 25
അതാണല്ലോ ഭസ്മമാക്കീ വൃഷ്ണ്യന്ധകഭടപ്പട.
വൃഷ്ണ്യന്ധകക്ഷയത്തിന്നു യമകിങ്കരസന്നിഭം 26
ശാപത്താൽ മുസലം പെററതറിയിച്ചു നരേന്ദ്രനെ.
വിഷാദമുററക്കൊണ്ടരചനതു രാവിപ്പൊടിച്ചുടൻ 27
ആററക്കാരെക്കൊണ്ടാപ്പൊടി കൊണ്ടിട്ടു കടലിൽ മന്നവ!
പരസ്യം ചെയ്തു പുരിയിലാഹുകൻ[1] രാമകൃഷ്ണരും 28
വൻപെഴും ബഭ്രുവും ചൊന്നമാതിരിക്കപ്പൊഴായവർ.
''ഇന്നേമുതല്ക്കിന്നുമിങ്ങു വൃഷ്ണ്യന്ധകകുലങ്ങളിൽ 29
സുരാസവം തീക്കരുതു പുരവാസികളാരുമേ.
പേയ[2]മാരാനുമെങ്ങാനും തീർത്തതിങ്ങറിവാകുകിൽ 30
ജീവനോടായവൻ ശൂലം കേറും ബാന്ധവരൊത്തു താൻ.''
പിന്നെ രാജഭയംമൂലം നിയമം ചെയ്തിതേവരും 31
അക്ലിഷ്ടകാരി രാമൻെറ ശാസനം കേട്ടു പൂരുഷർ.

2. ഉൽപാതദർശനം

ദ്വാരകയിൽ അകാരണമായി പല ദുർന്നിമിത്തങ്ങളും പ്രത്യക്ഷപ്പെടുന്നു. ഇതു കണ്ടു കൃഷ്ണൻ എല്ലാവരോടും തീർത്ഥയാത്രയ്ക്കു ഒരുങ്ങാൻ ആവശ്യപ്പെടുന്നു.

വൈശമ്പായനൻ പറഞ്ഞു

ഏവം പ്രയത്നം ചെയ്തീടും വൃഷ്ണ്യന്ധകജനങ്ങളിൽ
എല്ലാരുടെ ഗൃഹംതോറും കാലൻ ചെന്നിതു നിത്യവും. 1
കരാളൻ വികടൻ മുണ്ഡൻ പുരുഷൻ കൃഷ്ണപിംഗളൻ
വൃഷ്ണിഗേഹങ്ങളോരോന്നിൽ കാണാം കാണാതെകണ്ടുമാം. 2
അവൻെറമേൽ മഹേഷ്വാസരമ്പങ്ങെയ്താരസംഖ്യമേ
എയ്തേല്പിപ്പാനായതില്ലാ സർവ്വഭൂതാന്തകൻെറമേൽ. 3
മഹോൽപാതങ്ങൾ[3] ഘോരങ്ങളുണ്ടായീ നാളുതോറുമേ
വൃഷ്ണ്യന്ധകക്ഷയത്തിന്നു പലതും രോമഹർഷണം. 4
എലി വർദ്ധിച്ചു വഴികൾ മണി[4] പൊട്ടിയ മട്ടിലായ്
നഖകേശങ്ങളെലികൾ കരണ്ടു രാവുറങ്ങവേ. 5
വൃഷ്ണിഗേഹങ്ങളിൽത്തത്ത ചീചീകൂചീതി കൂകയായ്
രാവും പകലുമീശ്ശബ്ദം ശമിക്കാറില്ലൊരിക്കലും. 6
സാരസപ്പക്ഷി കൂമൻെറ മൂളക്കം മൂളിയങ്ങനെ

1 ആഹുകൻ = ഉഗ്രസേനൻ. 2 പേയം = പാനീയം (ഇവിടെ മദ്യം). 3 മഹോൽപാതങ്ങൾ = വലിയ ദുർന്നിമിത്തങ്ങൾ. 4 മണി = മൺകുടം.

ആട്ടം കുറുക്കന്മാക്കുള്ള ശബ്ദം ശബ്ദിച്ചു ഭാരത! 7
വെളുത്തു കാൽ ചുവന്നുള്ള കപോതവിഹഗങ്ങളും
കാലപ്രേരണയാൽ വൃഷ്ണിഗൃഹംതോറും ചരിച്ചുതേ. 8
പയ്യിൽക്കഴുതയുണ്ടായി കോവക്കഴുതയിങ്കലും
പൂച്ചയുണ്ടായി പട്ടികളിലെലി കീരിയിനത്തിലും. 9
പാപം ചെയ്തീടിലും നാണിച്ചീടാതായ്ത്തീൻ വൃഷ്ണികരം
പിതൃദേവബ്രാഹ്മണരെ ദ്വേഷിച്ചാരവരങ്ങനെ. 10
രാമകൃഷ്ണന്മാരൊഴിയെയദ്ധിക്കരിച്ചു ഗുരുക്കളെ
വഞ്ചിച്ചു ഭാര്യ പതിയെബ്ഭാര്യയെപ്പതിയും ശരി. 11
അപ്രദക്ഷിണമായ് ചുററി ജ്വലിച്ചീടുന്ന പാവകൻ
ചുവപ്പുമണി നീലപ്പായ് വെവ്വേറേ ജ്വാല ചിന്നിയും. 12
ഉദയാസ്തമനംതോറുമാപ്പുരത്തിൽ ദിവാകരൻ
കാണായി പുരുഷന്മാക്കു കബന്ധങ്ങരം ചുഴന്നഹോ! 13
ഹേ ഭാരത, മടപ്പിള്ളികളിൽവെച്ചുള്ള ചോററിലും
കാണായിതു വിളമ്പുമ്പോളസംഖ്യം കൃമിയങ്ങനെ. 14
പുണ്യാഹം ചൊല്ലുമ്പൊരം യോഗ്യർ ജപിച്ചീടുന്ന നേരവും
പാഞ്ഞോട്ടമൊച്ച കേരംപ്പുണ്ട കണ്ടെത്തുന്നില്ലൊരാളെയും. 15
വീണ്ടും ഗ്രഹങ്ങളന്യോന്യം നക്ഷത്രത്തെയടിപ്പതായ്
അവരൊക്കക്കണ്ടു കണ്ടതില്ലാ തൻേറതൊരേടവും*. 16
വൃഷ്ണ്യന്ധകഗൃഹത്തിങ്കൽ പാഞ്ചജന്യം മുഴങ്ങവേ
ക്രൂരസ്വരക്കഴുതകളെതിർശബ്ദിച്ചിതെങ്ങുമേ. 17
ഹൃഷീകേശൻ കാലമേററമേവം വന്നതു കണ്ടുമേ
ത്രയോദശിയിൽ വാവായിക്കണ്ടോതിയവരോട്ടുടൻ: 18
"പതിന്നാലതു വാവാക്കിത്തീത്തല്ലോ രാഹു വീണ്ടുമേ
ഭാരതപ്പോർ വന്നകാല,മിന്നോ നാം മുടിയാനമായ്." 19
ആലോചിച്ചാക്കാലനില വിചാരിച്ചു ജനാദ്ദനൻ
മുപ്പത്താറാമാണ്ടു വന്നിതെന്നോർത്തു കേശിസൂദനൻ. 20
"ബന്ധുക്കരം ചത്ത ഗാന്ധാരി പുത്രശോകാഭിതപ്തയായ്
ആത്തി പൂണ്ടന്നു ചൊല്ലീട്ടുള്ളതിതാ വന്നണഞ്ഞുതേ. 21
സൈന്യം വ്യൂഹം കെട്ടി നിന്നന്നുഗ്രോൽപാതങ്ങരം കണ്ടുടൻ
യുധിഷ്ഠിരൻ ചൊല്ലിവെച്ചിട്ടുള്ളതിപ്പോളടുത്തുതേ." 22
എന്നോതി വാസുദേവൻതാനതിനെസ്സത്യമാക്കുവാൻ
അപ്പൊഴേ തീത്ഥയാത്രയ്ക്കുങ്ങാജ്ഞാപിച്ചിതരിന്ദമൻ. 23
ആരംക്കാർ പരസ്യവും ചെയ്തിതങ്ങുടൻ കേശവാജ്ഞയാൽ
"നിങ്ങളാഴിത്തീത്ഥയാത്ര വീരരേ, ചെയ്യുകെ'ന്നുതാൻ. 24

* തൻേറതു് = തൻെറ നക്ഷത്രം. (തൻെറ നക്ഷത്രം കാണാതാകുന്നതു് മരണസൂചകമാണെന്നു ശാസ്ത്രവിധി)

3. ഭോജവൃഷ്ണ്യന്ധകധ്വംസനം

യാത്രയ്ക്കൊരുങ്ങിയ കൂട്ടത്തിൽ തയാറാക്കിയ മദ്യം കഴിച്ചു മതിമറന്ന യാദവന്മാർ തമ്മിൽ നിസ്സാരമായ കാരണത്തിൽനിന്നു പൊട്ടിപ്പുറപ്പെട്ട വാക്കുതർക്കം അടിപിടിയിൽ കലാശിച്ച് അവരിൽ മിക്കവരും ചത്തു വീഴുന്നു.

വൈശമ്പായനൻ പറഞ്ഞു

കറുത്തൊരുത്തി വെള്ളപ്പല്ലിളിച്ചങ്ങനെ രാത്രിയിൽ
കിനാവിൽ സ്ത്രീകളെക്കട്ടു കൊണ്ടോടീ ദ്വാരകയ്ക്കകം. 1

അഗ്നിഹോത്രഗൃഹം വാസ്തുമദ്ധ്യം ഗേഹമിവയ്ക്കകം
കിനാവിൽ വൃഷ്ണ്യന്ധകരെത്തിന്നിതുഗ്രക്കഴുകളും. 2

അലങ്കാരം കുട കൊടി ചട്ടയെന്നിവ രാക്ഷസർ
ഭയങ്കരാകാരർ കൊണ്ടുപോയിക്കാണായിതങ്ങനെ. 3

കൃഷ്ണന്നഗ്നി കൊടുത്തോരു വജ്രനാഭമയോമയം[1]
ചക്രം വ്യോമത്തേക്കു പോയിതപ്പോൾ വൃഷ്ണികൾ കാണ്കവേ. 4

സൂര്യാഭമാം ദിവ്യരഥം ഹയങ്ങൾ
കൊണ്ടോടിയാദ്ദാരുകൻ കണ്ടു നില്ക്കേ
മനോവേഗം കൂടുമശ്വങ്ങൾ നാലു-
മാഴിക്കുമേൽബ്ഭാഗമുഴന്നു ചുററി. 5

മാന്യങ്ങളായീടിന രാമകൃഷ്ണ-
ധ്വജങ്ങൾ രണ്ടും പന[2] പക്ഷിരാജൻ
ഇതപ്സരസ്ത്രീകൾ ഹരിച്ചു മേലേ
തീർത്ഥാടനം ചെയ്യുകെന്നും പറഞ്ഞു. 6

പിന്നെ യാത്രയ്ക്കൊരുങ്ങീട്ടാ വൃഷ്ണ്യന്ധകമഹാരഥർ
അന്തഃപുരത്തോടും തീർത്ഥയാത്രയ്ക്കുന്നീ നരർഷഭ! 7

ഭോജ്യം ഭക്ഷ്യം പേയമിവ പിന്നീടന്ധകവൃഷ്ണികൾ
പെരുത്തു പലതുണ്ടാക്കിയനേകം മദ്യമാംസവും. 8

പടക്കൂട്ടക്കാരുമുടൻ നഗരം വിട്ടിറങ്ങിനാർ
തേരാനയശ്വമിവയാൽ ശ്രീമാന്മാർ തിഗ്മഭാസ്സുകൾ. 9

പ്രഭാസത്തിൽ പാർത്തു പിന്നെ യഥോദ്ദിഷ്ടം ഗൃഹങ്ങളിൽ
പ്രഭൂതഭക്ഷ്യപേയാഢ്യരാ യാദവർ സഭാര്യരായ്. 10

കടൽവക്കത്തവർ വസിച്ചപ്പോൾ യോഗജ്ഞനാമവൻ
പോയാനാ വീരരോടോതീട്ടുദ്ധവൻ കാര്യകോവിദൻ. 11

കുമ്പിട്ടു തൊഴുതാ യോഗ്യൻ പുറപ്പെട്ടോരുനേരമേ
തടുക്കാൻ നോക്കീല വൃഷ്ണിനാശം കണ്ടറിയും ഹരി. 12

പിന്നെക്കാലം പിഴച്ചോരാ വൃഷ്ണ്യന്ധകമഹാരഥർ

---

1 അയോമയം=ഇരുമ്പുകൊണ്ടുണ്ടാക്കിയതു്. 2 ബലരാമൻ താലാങ്കനാണല്ലോ; കൃഷ്ണൻ ഗരുഡധ്വജനും.

കണ്ടു തേജസ്സലകിലാണ്ടുദ്ധവൻ പോയിടുന്നതും. 13
ആ മഹാത്മാക്കളുടയ വിപ്രർക്കായ് വെച്ച ചോറഹോ!
മദ്യഗന്ധാഢ്യമതുടൻ വാനരർക്കായി നല്കിനാർ. 14
പിന്നെത്തൂര്യ[1]ശതം ചേർന്നു നടനർത്തകരൊത്തഹോ!
പെരും കൾകുടിയുണ്ടായീ പ്രഭാസത്തിലവർക്കുടൻ. 15
കൃഷ്ണന്റെ മുന്നിലായ് രാമൻ കൃതവർമ്മാവൊടൊപ്പമേ
കുടിച്ചിതാസ്സാത്യകിയും ഗദനും ബഭ്രുവും ശരി. 16
പിന്നെസ്സദസ്യർനടുവിൽ മത്തു മൂത്തോരു സാത്യകി
ഹസിച്ചങ്ങവമാനിച്ചു കൃതവർമ്മാവൊടോതിനാൻ: 17
"ചത്തമട്ടിൽ സുപ്തരെത്താൻ ക്ഷത്രിയൻ കൊല്ലുമേതവൻ?
നീയാച്ചെയ്തതു ഹാർദ്ദിക്യ,[2] പൊറുക്കുന്നില്ല യാദവർ." 18
എന്നു സാത്യകി ചൊന്നപ്പോൾ കൊണ്ടാടിക്കൊണ്ടിതാ മൊഴി
ഹാർദ്ദിക്യനെദ്ധിക്കരിച്ചും പ്രദ്യുമ്നൻ രഥിപുംഗവൻ. 19
ഉടൻ പാരം ചൊടിച്ചിട്ടു കൃതവർമ്മാവുമോതിനാൻ
ഇടംകൈകൊണ്ടു പുച്ഛിച്ചു ചൂണ്ടിക്കാട്ടിയുമങ്ങനെ: 20
"കൈ പോയ് പ്രായോപവേശത്തിലെഴും ഭൂരിശ്രവസ്സിനെ
നൃശംസക്കൊലയാൽപ്പോരിൽ വീരൻ നീ കൊന്നതെങ്ങനെ?"
അവന്റെയാ വാക്കു കേട്ടു കേശവൻ വൈരിനാശനൻ
ചൊടിയോടും ചെരിഞ്ഞൊന്നു നോക്കിനാൻ മന്യുവാണ്ടവൻ.
സത്രാജിത്തിന്നുടയൊരാ സ്യമന്തകമണിക്കഥ
ശൈനേയനങ്ങു കേൾപ്പിച്ചിതപ്പൊഴാ മധുമാഥിയെ. 23
അതു കേട്ടാക്കേശവന്റെയങ്കം പുക്കു കരഞ്ഞുടൻ
കോപം കൊള്ളും സത്യഭാമ കോപിപ്പിച്ചു മുകുന്ദനെ. 24
ഉടൻ ചൊടിച്ചെഴുന്നേറ്റു ചൊന്നാൻ സാത്യകിയിങ്ങനെ:
"പാഞ്ചാലീപുത്രരഞ്ചാളും ധൃഷ്ടദ്യുമ്നൻ ശിഖണ്ഡിയും 25
ഇവർക്കു തുണചെയ്യാം ഞാൻ സത്യമാണിപ്പറഞ്ഞതും.
അവരെസ്സൗപ്തികത്തിങ്കൽ കൊന്നതേതൊരു ദുഷ്ടനോ 26
ദ്രോണപുത്രന്നു തുണയാം കൃതവർമ്മാവു പാതകി.
ഇവന്നായുസ്സിന്നു തീർന്നു യശസ്സും ഹേ സുമദ്ധ്യമേ!" 27
എന്നുരച്ചിട്ടു വാൾകൊണ്ടു കണ്ണന്നരികിൽവെച്ചുതാൻ
പാഞ്ഞേറ്റു കൃതവർമ്മാവിൻ തല വെട്ടീ ചൊടിച്ചവൻ. 28
ചുറ്റുമേറ്റന്യരെക്കൂടി വധിക്കും യുയുധാനനെ[3]
ഹൃഷീകേശൻ തടുപ്പാനായ് പാഞ്ഞുചെന്നീടിനാനുടൻ. 29
കാലപ്പിഴപ്രേരണകൊണ്ടൊന്നായ്ച്ചേർന്നവരേവരും
ഭോജാന്ധകർ മഹാരാജ, വളഞ്ഞു ശിനിപുത്രനെ[4]. 30

---

1 തൂര്യം=പെരുമ്പറ. 2 ഹാർദ്ദിക്യൻ=കൃതവർമ്മാവ്. 3 യുയുധാനൻ=സാത്യകി. 4 ശിനിപുത്രൻ=സാത്യകി.

ചൊടിച്ചായവരെത്തീടുന്നതു കണ്ടു ജനാർദ്ദനൻ
പാരം ചൊടിച്ചു തേജസ്വി കാലമാററമറിഞ്ഞവൻ. 31
കുടിച്ചു മത്തെഴുമവർ കാലധർമ്മപ്രചോദിതർ
എച്ചിൽപ്പാത്രങ്ങളെക്കൊണ്ടു തച്ചിതാശ്ശിനിപുത്രനെ. 32
ശൈനേയനെത്തച്ചിടുമ്പോൾ ചൊടിച്ചാ രുക്മിണീസുതൻ
ശൈനേയനൊഴിവിന്നായി[1]ട്ടിടയിൽച്ചെന്നു കേറിനാൻ; 33
ഭോജരോടേററിതവനന്ധകരോടേററു സാത്യകി.
പൊരുതിക്കൊണ്ടിടുന്നോരാക്കയ്യൂക്കേറുന്ന വീരരെ 34
കൊന്നു പെരുത്ത മാററാർകൾ കണ്ണൻ കണ്ടങ്ങു നില്ക്കവേ.
ശൈനേയനെപ്പുത്രനേയും കൊന്നു കണ്ടു യദൂത്തമൻ 35
ഉടൻ ചൊടിച്ചേരകപ്പുൽപ്പിടി കൈക്കൊണ്ടു കേശവൻ.
ഇരിമ്പുലയ്ക്കയായ്ത്തീർന്നു ഘോരം വജ്രംകണക്കതും 36
അതുകൊണ്ടാ മുന്നിൽ നില്ക്കുന്നവരെക്കൊന്നു കണ്ണനും.
പിന്നെയന്ധകർ ഭോജന്മാർ ശൈനേയന്മാർകൾ വൃഷ്ണികൾ 37
കാലചോദിതരന്യോന്യം കൊന്നിതാ മുസലങ്ങളാൽ.
ചൊടിച്ചവരിലാരാനുമേരകപ്പുല്ലെടുക്കുകിൽ 38
അതുടൻ വജ്രമായിട്ടു കാണായ്വന്നു പ്രഭോ നൃപ!
കാണായിവന്നിതവിടെപ്പുല്ലുപോലുമുലയ്ക്കയായ് 39
അതൊക്കെയും ബ്രഹ്മദണ്ഡപ്പണിയെന്നോർക്ക മന്നവ
വേണ്ടാത്തോരിലുമേല്ക്കുന്നു പുല്ലെറിഞ്ഞീടിൽ മന്നവ! 40
അതു കാണാകുന്നിതപ്പോൾ വജ്രപ്രായമുലയ്ക്കയായ്.
വധിച്ചിതച്ഛനെ മകനച്ഛൻ മകനെയും നൃപ! 41
ഉന്മത്തരായേററുചെന്നു തമ്മിൽപ്പൊരുതിടുന്നവർ.
തീയിലിയ്യാൻപാററ പോലെ വീണിതാക്കുകുരാന്ധകർ 42
പിന്നാക്കമോടാൻ തോന്നീലാ കൊല്ലപ്പെട്ടുമൊരാൾക്കുമേ.
അങ്ങു കണ്ടു മഹാബാഹു കാലപ്പിഴയറിഞ്ഞവൻ 43
മുസലത്തെക്കുത്തിയൂന്നിനിന്നിതാ മധുസൂദനൻ.
സാംബനേയും കൊന്നു കണ്ടു ചാരുദേഷ്ണനെയും ഹരി 44
പ്രദ്യുമ്നപ്രാദ്യുമ്നി[2]കളെയുടൻ കോപിച്ചു ഭാരത!
ഗദനേയും വീണു കണ്ടു കടുംകോപമിയന്നുടൻ 45
നിശ്ശേഷമാക്കിനാനപ്പോൾ ശാർങ്ഗചക്രഗദാധരൻ.
അവൻ കൊല്ലുമ്പൊളമിതതേജസ്സരിപുരഞ്ജയൻ 46
ബഭ്രുവും ദാരുകൻതാനും ചൊന്നതെന്തെന്നു കേൾക്ക നീ.
''ഭഗവാനേ, കൊന്നുവല്ലോ മററുമേവരെയും ഭവാൻ 47
രാമന്റെ വഴി കാണ്കങ്ങു പോക നാമവനുള്ളിടം.''

1 ശൈനേയനൊഴിവിന്നായി=സാത്യകിയെ വിടുവിക്കാനായി. 2 പ്രാദ്യുമ്നി=പ്രദ്യുമ്നന്റെ മകൻ; അനിരുദ്ധൻ.

4. രാമകൃഷ്ണന്മാരുടെ പരഗതി

യാദവനാശവാർത്ത അർജ്ജുനനെ അറിയിക്കാനായി ദാരുകനെ ഹസ്തിനപുരിയിലേക്ക പറഞ്ഞയച്ചതിനുശേഷം കൃഷ്ണനും രാമനും സ്വസ്ഥാനങ്ങളിലേക്ക തിരികെപ്പോകുന്നു.

വൈശമ്പായനൻ പറഞ്ഞു

ഉടൻ പോന്നു ദാരുകൻ വാസുദേവ—
നാബ്ബ്രുവും രാമനെത്തേടി വേഗം
പരം കണ്ടു രാമനനന്തവീര്യൻ
മരച്ചോട്ടിൽത്തനിയേ ചിന്തചെയ്യേ. 1

മഹാനുഭാവൻെറയടുത്തു ചെന്നി—
ട്ടപ്പോൾക്കൃഷ്ണൻ ദാരുകന്നാജ്ഞ നല്കി
ഉടൻ പോയിക്കുരുരാജ്യത്തു ചെന്നീ
യദുപ്രണാശം പാർത്ഥനോടോതുകെന്നായ്. 2

''ഉടൻ പാർത്ഥൻ ബ്രഹ്മശാപംനിമിത്തം
യദുക്കൾ ചത്തതു കേട്ടെത്തിടട്ടേ''
എന്നായ്ക്കേട്ടാദ്ദാരുകൻ ബുദ്ധി കെട്ട
തേരോടിച്ചാക്കുരുരാജ്യം ഗമിച്ചു. 3

പരം കൃഷ്ണൻ ദാരുകൻ പോയവാറേ
ചാരേ നില്ക്കും ബഭ്രുവെപ്പാർത്തു ചൊന്നാൻ:
''നീ പോയുടൻ സ്ത്രീകളെക്കാത്തുകൊൾക
ലോഭാൽ കൊല്ലൊല്ലവരേ ദസ്യുവർഗ്ഗം.'' 4

ഉടൻ കൃഷ്ണൻ ചൊല്ലിവിട്ടോരവൻ പോ—
ന്നിരുന്നു മത്തൻ ജ്ഞാതിഘാതാർത്തി പെട്ടോൻ;
ദുരന്തനായ്ത്തനിയേ കൃഷ്ണപാർശ്വേ
ക്ഷീണം തീർത്തങ്ങമരും ബഭ്രുവേയും 5

ക്ഷണത്തിലാ ബ്രഹ്മശാപാൽ വധിച്ചു
വേടൻെറ കൂടത്തിലിരിമ്പുലക്കു;
ഉടൻ കണ്ടാബ്ബ്രുവെക്കൊന്നതപ്പോൾ
കണ്ണൻ ചൊന്നാനണ്ണനോടുഗ്രവീര്യൻ: 6

''ഭവാനെന്നെക്കാത്തുകൊൾകിങ്ങു രാമ!
ജ്ഞാതിപ്പാട്ടിൽ സ്ത്രീകളെച്ചേർത്തു പോരാം.''
ഉടൻ പിന്നെ ദ്വാരകയ്ക്കുങ്ങു ചെന്നു
കണ്ണൻ ചൊന്നാനച്ഛനോടിപ്രകാരം: 7

''രക്ഷിക്കകീ സ്ത്രീകളേ മുററുമങ്ങു
ധനഞ്ജയൻ വന്നു കാണുംവരെയ്ക്കും
രാമൻ കാട്ടിൽ കാത്തിരിക്കുന്നിതെന്നെ
ഞാനദ്ദേഹത്തോടു പോയ്ച്ചേർന്നിടട്ടേ. 8

കണ്ടേൻ ഞാനീ യാദവക്കുള്ള നാശം
മുന്നം കുരുപ്രവരന്മാക്കുമേവം
യദുക്കളില്ലാതെയീ യാദവേന്ദ്ര—
പുരം കാണ്മാനിങ്ങെനിക്കില്ല മോഹം. 9

തപം ചെയ്യേൻ രാമനോടൊപ്പമീ ഞാൻ
വനത്തിൽച്ചെന്നെന്നറിഞ്ഞീടവേണം.''
എന്നും ചൊല്ലീട്ടടി കുമ്പിട്ടു കൂപ്പി
കൃഷ്ണൻ പരം ത്വരയോടൊത്തു പോന്നു. 10

ഉടൻ നാരീബാലകന്മാരെഴുന്നാ—
പ്പുരത്തിൽ മൂത്തു പെരുതാമാർത്തനാദം
പറഞ്ഞിതപ്പോഴത്താൻ തിരിഞ്ഞിട്ടു കൃഷ്ണൻ
കരഞ്ഞീടും സ്ത്രീരവം കേട്ടവാറേ. 11

''വരും ജവാലിപ്പുരത്തേക്കു ജിഷ്ണു—
വവൻ നിങ്ങൾക്കല്ലൽ തീർക്കും നരാഗ്ര്യൻ.''
ഉടൻ പോന്നക്കേശവൻ ചെന്നു കണ്ടു
രാമൻ കാട്ടിൽത്തനിയേ വാഴ്വതായി. 12

പരം കണ്ടു യോഗിയാമായവൻെറ
വായിങ്കൽ നിന്നൊരു പാമ്പേന്തുവോന്നായ്
ശ്വേതദീപം പൂകിനാൻ നോക്കിനില്ക്കെ—
പ്പയോധിയിൽക്കൂടി മഹാനുഭാവൻ. 13

ഓരായിരം പടമൊത്തദ്രിതുല്യൻ
രക്താസ്യനായ് തൻെറ മുൻമെയ് വെടിഞ്ഞും
അദ്ദേഹത്തെസ്സാഗരം സ്വീകരിച്ചു
സരിദ്വർഗ്ഗം ദിവ്യനാഗങ്ങൾതാനും. 14

കാർക്കോടകൻ വാസുകി തക്ഷകൻതാൻ
പൃഥുശ്രവസ്സാ വരുണൻ കുഞ്ജരാഖ്യൻ
മിത്രൻ ശംഖൻ കുമുദൻ പുണ്ഡരീകൻ
മഹാത്മാവാം ധൃതരാഷ്ട്രോരഗേന്ദ്രൻ 15

ഹ്രാദൻ ക്രാഥൻ ശിതികണ്ഠൻ പ്രതാപി
നാഗങ്ങളാൽച്ചക്രമന്ദാദി ഷണ്ഡർ
നാഗശ്രേഷ്ഠൻ ദുർമ്മുഖനംബരീഷൻ
രാജാവാകും വരുണൻതാനുമേവം 16

നേരേ ചെന്നാ സ്വാഗതംകൊണ്ടു വാഴ്ത്തി—
പ്പൂജിച്ചാരങ്ങർഘ്യപാദ്യാദിയാലേ.
നിജാഗ്രജൻ പോയവാറങ്ങു കണ്ണൻ
ദിവ്യക്കണ്ണാൽ ഗതിയൊട്ടുക്കു കണ്ടോൻ 17

ശൂന്യക്കാട്ടിൽച്ചിന്തയോടൊത്തു ചുററി—
ത്തേജസ്സാണ്ടോൻ ഭൂമിഭാഗത്തിരുന്നു.

അവന്നപ്പോൾ ചിന്തയിൽപ്പെട്ടിതെല്ലാം
ഗാന്ധാരി തന്നോടന്നു കല്പിച്ച വാക്കും 18

ദുർവ്വാസസ്സാപ്പായസം തേച്ച നാളിൽ–
പ്പറഞ്ഞോരാ വാക്കുമുൾക്കാമ്പിലോർത്തു.
ചിന്തിച്ചു താനന്ധകവൃഷ്ണിനാശം
കുരുക്ഷയം പിന്നെ മഹാനുഭാവൻ. 19

ഉറച്ചു താൻ സംക്രമിക്കേണ്ടകാലം
പരം ചെയ്യാനിന്ദ്രിയനിഗ്രഹത്തെ
മുറയ്ക്കു മുപ്പാർ ഭരണത്തിനായു–
മാത്രേയവാക്കങ്ങനെ കാക്കുവാനും 20

ആദ്ദേവനും സംശയം തീർത്തുറയ്ക്കാ–
നിച്ഛിച്ചുപോൽ സർവ്വതത്ത്വാർത്ഥവേദി.
അടക്കിവെച്ചിന്ദ്രിയം വാക്കുമുള്ളും
കിടന്നു വൻ യോഗമുൾക്കൊണ്ടു കണ്ണൻ 21

അണഞ്ഞിതാ ദിക്കിലേക്കങ്ങു വേടൻ
ജരാഭിധൻ മാനിനെത്തേടിയുഗ്രൻ.
അവൻ യോഗം പൂണ്ടെഴും കണ്ണനെത്താൻ
ജരാഭിധൻ മൃഗമെന്നോർത്തു വേടൻ 22

അടിക്കാലിൽപ്പരമമ്പെയ്തു വെക്കം
പിടിച്ചീടാനവിടെയ്ക്കോടിയെത്തി;
പരം കണ്ടു യോഗമാണ്ടുള്ള പീതാം–
ബരൻ ചതുർഭുജനെത്തന്നെ വീരൻ. 23

താൻ തെറ്റു ചെയ്തേനിതിലെന്നവന്റെ
തൃക്കാൽ പിടിച്ചാൻ ജര ശങ്കയോടും.
മഹാത്മാവങ്ങവനാശ്വാസമേകി
മേല്പോട്ടു പോയ് ലക്ഷ്മിയാൽ* വിശ്വപൂർണ്ണൻ. 24

വിണ്ണേറുമ്പോൾ വസുരുദ്രാശ്വിവിശ്വേ–
ദേവാദിത്യന്മാരുമങ്ങണ്ടർകോനും
നേരേ ചെന്നു മുനിമാർ സിദ്ധർ മുഖ്യ–
ഗന്ധർവ്വന്മാരപ്സരസ്ത്രീകൾ മറ്റും. 25

ഉടൻ പ്രഭോ, ഭഗവാനുഗ്രവീര്യൻ
നാരായണൻ പ്രഭവൻ പ്രക്ഷയാത്മാ
യോഗാചാര്യൻ ലക്ഷ്മിയാൽ വിശ്വപൂർണ്ണൻ
മഹാത്മാവാ സ്വപദത്തിങ്കലെത്തീ. 26

പരം വാനോർ മുനിമാർ ചാരണന്മാ–
രീക്കൂട്ടരായ്ച്ചേർന്നു കൃഷ്ണൻ നരേന്ദ്ര!

---

* ലക്ഷ്മിയാൽ = ലക്ഷ്മിയോടൊത്തുചേർന്ന്.

ഗന്ധർവ്വന്മാരപ്സരസ്ത്രീകളം മററും
സാദ്ധ്യന്മാരും പൂജ ചെയ്യുന്ന പൂജ്യൻ. 27
കൊണ്ടാടിനാർ വിണ്ണവരാപ്പമാനെ
മുനീന്ദ്രന്മാരൃക്കുകൊണ്ടർച്ച് ചെയ്തു
ഗന്ധർവ്വന്മാർ വാഴ്ത്തിനിന്നു നരേന്ദ്ര!
നന്ദിച്ചിന്ദ്രൻ കണ്ടു കൊണ്ടാടിയേററം. 28

5. അർജ്ജുനാഗമനം

ദ്വാരകയിലെത്തിയ അർജ്ജുനൻ കൃഷ്ണഭാര്യമാരുടെ വിലാപം കേട്ടു വിഷാദഗ്രസ്തനാകുന്നു.

വൈശമ്പായനൻ പറഞ്ഞു

ദാരുകൻ കുരുനാട്ടിൽപ്പോയ്ക്കണ്ടു കൗന്തേയവീരരെ
പറഞ്ഞു മൗസലത്തിങ്കൽ തമ്മിൽ വൃഷ്ണികളം കൊന്നതും. 1
വൃഷ്ണിഭോജാന്ധകുകുരർ മുടിഞ്ഞെന്നതു കേട്ടുടൻ
ശോകസന്തപ്തർ വിത്രസ്തചിത്തരായ്ത്തീർന്നു പാണ്ഡവർ. 2
അർജ്ജുനൻ യാത്ര ചൊല്ലീട്ടു കേശവന്നിഷ്ടനാം സഖി
പോയാനമ്മാമനെക്കാണ്മാനില്ലിതെന്നും പറഞ്ഞുതേ. 3
അവൻ വൃഷ്ണിപുരം പുക്കു ദാരുകാന്വിതനായ് പ്രഭോ!
വീരൻ ദ്വാരകയെക്കണ്ടു നാഥൻ ചത്തോരു പെണ്ണടി. 4
ലോകനാഥൻ നാഥനായി മുന്നമേ വാണിരുന്നവർ
അനാഥമാർ നാഥനായിക്കണ്ടു പാർത്ഥനെയാർത്തുതേ. 5
പതിനാറായിരം സ്ത്രീകളത്രേ കൃഷ്ണന്റെ ഭാര്യമാർ
ആർത്തനാദമവർക്കുണ്ടായർജ്ജുനൻ വന്നു കണ്ടതിൽ 6
അവരെക്കണ്ടു കൗരവ്യൻ കണ്ണിൽക്കണ്ണീർ നിറഞ്ഞവൻ
നോക്കാനാളായീല കണ്ണൻ മക്കളും വിട്ട കൂട്ടരെ. 7
വൃഷ്ണ്യന്ധകജലം വാജിമത്സ്യം രഥമയോഡുപം
വാദിത്രരഥഘോഷൗഘം ഗേഹതീർത്ഥമഹാഹ്രദം 8
രത്നച്ചണ്ടിക്കൂട്ട വജ്രപ്രാകാരനിരയങ്ങനെ
ജലാവർത്തം രഥ്യയൊലി വൻ ചത്വരനിലക്കയം 9
രാമകൃഷ്ണഗ്രാഹവുമാം ദ്വാരകപ്പുഴയപ്പൊഴേ
കാലപാശഗ്രഹം ഘോരം നദി വൈതരണിപ്പടി 10
കണ്ടു ധീമാനിന്ദ്രപുത്രൻ വൃഷ്ണിപുംഗവരെന്നിയേ
ശ്രീ പോയാനന്ദവും കെട്ടു മഞ്ഞിൽ പൊയ്ത്താർ കണക്കിനെ. 11
പാർത്ഥൻ കണ്ടാ ദ്വാരകയെയാക്കൃഷ്ണസ്ത്രീകളേയുമേ
ഉച്ചത്തിൽക്കണ്ണുനീർ തൂകിക്കരഞ്ഞൂഴിയിൽ വീണുപോയ്. 12
സത്രാജിത്തിൻ പുത്രി സത്യ രുക്മിണീദേവിയും നൃപ!

കരഞ്ഞിതോടിച്ചെന്നിട്ടു ധനഞ്ജയനു ചുററുമേ. 13
പൊന്നുംപീഠത്തിലവനെയെഴുനേല്പിച്ചിരുത്തിയും
മഹാത്മാവോടൊന്നുമോതാതങ്ങു നിന്നിതു ചുററുമേ. 14
പിന്നെഗ്ഗോവിന്ദനേ വാഴ്ത്തിപ്പറഞ്ഞാപ്പാണ്ഡുനന്ദനൻ
സ്ത്രീകരംക്കാശ്വാസമേകിപ്പോയ് മാതുലാലോകനത്തിനായ്. 15

6. വസുദേവനിർവ്വേദം

അർജ്ജുനൻ അത്യാസന്നനിലയിൽ കിടക്കുന്ന വസുദേവനെച്ചെന്നുകണ്ടു സമാധാനപ്പെടുത്തുന്നു. വസുദേവൻ അർജ്ജുനനോടു് അന്ത്യയാത്ര ചോദിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

കിടപ്പാകും മഹാത്മാവാമാ വീരവസുദേവനെ
പുത്രശോകാർത്തനെച്ചെന്നു കണ്ടിതാക്കുരുപുംഗവൻ. 1
കണ്ണിൽക്കണ്ണീർ നിറഞ്ഞുള്ളോൻ കൈ നീണ്ടോൻ മാർ വിരി–
ഞ്ഞവൻ
ആർത്തനാർത്തന്റെ കാൽ പാർത്ഥൻ പോയ് പിടിച്ചതു ഭാരത! 2
ആബ്ഭാഗിനേയന്റെ മൗലി നാററാനാനകദുന്ദുഭി
ഇച്ഛിച്ചിതു മഹാബാഹു ശക്തനായീലരിന്ദമ! 3
കൈകരംകൊണ്ടിട്ടർജ്ജുനനെപ്പുല്കി വൃദ്ധൻ മഹാഭുജൻ
കരഞ്ഞു മക്കളേയോർത്തു വിലപിച്ചിതു വിഹ്വലൻ 4
സഖി സോദര ദൗഹിത്ര പുത്ര പൗത്രരെയോർത്തുമേ.

വസുദേവൻ പറഞ്ഞു

ആരസംഖ്യം ഭൂപദൈത്യന്മാരെത്തോല്പിച്ചിതർജ്ജുന!
അവരെക്കണ്ടു കാണാതായ് നില്പേൻ ചാകാതെയർജ്ജുന! 5
നിന്നിഷ്ടശിഷ്യരെവരോ* സമ്മതന്മാർകളർജ്ജുന!
അവർ ചെയ്യുനയാൽ പാർത്ഥ, മുടിഞ്ഞൂ ഹന്ത! വൃഷ്ണികൾ. 6
വൃഷ്ണിപ്രവീരരിൽ മഹാരഥർ സമ്മതരേവരോ
പ്രദ്യുമ്നനും സാത്യകിയും നീ വാഴ്ത്തിപ്പറയുന്നവർ 7
അവർതാൻ കുരുശത്രൂല, കൃഷ്ണനിഷ്ടപ്പെടുന്നവർ
അവർതാൻ വൃഷ്ണിനാശത്തിൻ മുഖ്യരായ് നിന്നിതർജ്ജുന! 8
ഗർഹിക്കാ സാത്യകികൃതവർമ്മാക്കന്മാരെയർജ്ജുന!
അക്രൂരപ്രദ്യുമ്നരെയും ശാപമാണിഹ കാരണം. 9
കേശിയേയും കംസനേയുമൂക്കേറും ചൈദ്യനേയുമേ
വിക്രമിച്ചു വധിച്ചാനന്നല്ലോ പാർത്ഥ, ജഗൽപ്രഭു. 10
ഏകലവ്യകലിംഗേശമാഗധന്മാരെയും ശരി
ഗാന്ധാരകാശീശരെയും മരുഭൂമന്നരേയുമേ 11

---

* പ്രദ്യുമ്നനേയും സാത്യകിയേയുമാണു് ഇവിടെ വിവക്ഷിച്ചിട്ടുള്ളതു്.

ദാക്ഷിണാത്യപ്രാച്യപാർവ്വതീയരേയും ജയിച്ചവൻ
ഔദാസീന്യം കാട്ടിയതിലനയാൽ മധുസൂദനൻ. 12
നീ നാരദൻ മുനികളുമവനേ നിത്യനെന്നുമേ
ഗോവിന്ദനനഘൻ ദേവനെന്നും കാണുന്നു കേവലം. 13
പാർത്ഥ കണ്ടു വിഭുവവൻ ജ്ഞാതിക്ഷയമധോക്ഷജൻ
താനുദാസീനനായ് നിന്നു സ്വയമെന്നുടെ നന്ദനൻ. 14
ഗാന്ധാരിയും മുനികളും ചൊന്നതെന്തോ പരന്തപ!
അതൊന്നു മാററിവെച്ചീടാൻ നിനച്ചില്ലാ ജഗൽപ്രഭു. 15
പ്രത്യക്ഷം നീ കണ്ടതല്ലോ നിൻെറ പൗത്രൻ പരന്തപ!
ദ്രൗണി കൊന്നോനവനുടെ തേജസ്സാലുയിർകൊണ്ടതും; 16
ഇച്ഛിച്ചില്ലീ ജ്ഞാതികളെക്കാപ്പാൻ നിൻ തോഴരാമവൻ.
പിന്നീടിവൻ സഖി ഭ്രാതൃ പുത്ര പൗത്ര ജനങ്ങളെ 17
ചത്തു വീണങ്ങു കണ്ടിട്ടു ചൊന്നാനെന്നോടിതിങ്ങനെ:
''ഈ വംശമിപ്രകാരത്തിൽ നശിച്ചു ഭരതർഷഭ! 18
ധനഞ്ജയൻ വന്നുചേരുമീ ദ്വാരകയിലേക്കുടൻ;
അവനോടീ വൃഷ്ണിവംശനാശമുണ്ടായതോതുക. 19
ആത്തേജസ്വി യദുക്കൂട്ടനാശം കേട്ടീടുകിൽ പ്രഭോ!
ഉടനേതന്നെ വന്നീടും വിചാരിക്കേണ്ടതില്ലതിൽ. 20
ഞാനെന്നർജ്ജുനനെക്കാണുകർജ്ജുനൻതന്നെയാണു ഞാൻ
അവൻ ചൊന്നതു ചെയ്യേണമെന്നുമോർക്കുക ഭാരത! 21
കാലോചിതം സ്ത്രീകളിലും കിടാങ്ങളിലുമർജ്ജുനൻ
പാണ്ഡവൻ ചെയ്യുമിവിടെയ്യൗർദ്ധ്വദേഹികകർമ്മവും. 22
ധനഞ്ജയൻ തിരിച്ചങ്ങു പോയാലിപ്പുരിയങ്ങുടൻ
കോട്ടകൊത്തളമുള്ളൊന്നു കടൽ വന്നേററു മുക്കിടും. 23
പുണ്യമാമൊരു ദേശത്തിൽ നിയമംപൂണ്ടിരുന്നു ഞാൻ
കാലം കഴിക്കുവേൻ സത്യം ധീമാൻ രാമനൊടൊപ്പമേ.'' 24
എന്നുരച്ചു ഹൃഷീകേശനെന്നോടമിതവിക്രമൻ
കിടാങ്ങളൊത്തെന്നെ വിട്ടിട്ടെങ്ങോട്ടോ പോയിനാൻ പ്രഭു. 25
ഞാനാ മഹാത്മാക്കളാകും നിൻ ഭ്രാതാക്കളെയും പരം
ജ്ഞാതിധ്വംസത്തെയും ചിന്തിച്ചുണ്ണാറില്ലിണ്ടലാണ്ടവൻ. 26
ഉണ്ണില്ല ജീവിക്കില്ലാ ഞാൻ ഭാഗ്യാൽ പാണ്ഡവ, വന്നു നീ
പാർത്ഥ, കൃഷ്ണൻ ചൊന്നവണ്ണമൊക്കെയും ചെയ്തുകൊൾക നീ. 27
നിനക്കീ രാജ്യവും പാർത്ഥ, സ്ത്രീകളും രത്നജാലവും;
ഇഷ്ടപ്രാണൻ ത്യജിക്കുന്നേൻ ഞാനിപ്പോളരിസൂദന! 28

7. ദസ്യുകൃതവൃഷ്ണികളത്രാപഹരണം

അൎജ്ജുനൻ യദുക്കളിൽ ശേഷിച്ച സ്ത്രീപുരുഷന്മാരോടുകൂടി ഹസ്തിനപുരത്തിലേക്കു പുറപ്പെടുന്നു. അൎജ്ജുനൻ സ്ഥലംവിട്ട ഉടനേ ദ്വാരക സമുദ്രത്തിൽ മുങ്ങിപ്പോകുന്നു. ഹസ്തിനപുരത്തിലേക്കുള്ള യാത്രാമദ്ധ്യേ ദസ്യുക്കൾ യാദവസ്ത്രീകളെ അപഹരിച്ചുകൊണ്ടുപോകുന്നു. ശേഷിച്ച ആൾക്കാരോടുകൂടി അൎജ്ജുനൻ ഹസ്തിനപുരിയിലെത്തുന്നു.

വൈശമ്പായനൻ പറഞ്ഞു

എന്നമ്മാമൻ ചൊന്ന വാക്കു കേട്ടു ജിഷ്ണു പരന്തപൻ
മനം മങ്ങി മുഖം വാടി വസുദേവനൊടോതിനാൻ: 1

"വൃഷ്ണിപ്രവീരരും ബന്ധുക്കളുമില്ലാതെ മാതുല!
ഒഴിഞ്ഞ ഭൂമിയെക്കാണ്മാൻ ഞാനാളാവില്ലൊരിക്കലും. 2

രാജാവും ഭീമനും പിന്നെ നകുലൻ സഹദേവനും
പാഞ്ചാലിയും ഞങ്ങളാറുപേരുമേ സമബുദ്ധികൾ. 3

രാജാവിന്നും സംക്രമിപ്പാനുള്ള കാലമിതാം ധ്രുവം
ആക്കാലം വന്നിതെന്നോൎക്ക കാലജ്ഞന്മാരിലുത്തമ! 4

എല്ലാംകൊണ്ടും വൃഷ്ണിജനനാരീബാലകവൃദ്ധരെ
ഇന്ദ്രപ്രസ്ഥത്തിലേക്കായിക്കൊണ്ടുപോവേനരിന്ദമ!" 5

എന്നുരച്ചാദ്ദാരുകനോടിതു ചൊല്ലീ ധനഞ്ജയൻ:
"വൃഷ്ണിവീരാമാത്യരെ ഞാൻ കാണ്മാനിച്ഛിപ്പു വൈകൊലാ." 6

എന്നുരച്ചാ യദുസഭ സുധൎമ്മയതിലേക്കുടൻ
കടന്നിതൎജ്ജുനൻ ശൂരൻ വീരരെപ്പററി മാഴ്കുവോൻ. 7

സിംഹാസനം വാണവനെ മുററും പ്രകൃതിമാൎകളും
വിപ്രരും വാൎത്തകന്മാ[1]രും വന്നു സേവിച്ചു മുററുമേ. 8

മനസ്സു മങ്ങിച്ചൈതന്യം കെട്ടുള്ളവരൊടൊക്കയും
ഏററവും ദീനനാം പാൎത്ഥൻ കാലം പാൎത്തോതിയിങ്ങനെ: 9

"ഇന്ദ്രപ്രസ്ഥം നയിക്കുന്നേൻ വൃഷ്ണ്യന്ധകജനത്തെ ഞാൻ
ഈപ്പട്ടണം മുഴുവനും കടൽ വന്നേററു മുക്കിടും. 10

ഒരുക്കുവിൻ വാഹനങ്ങൾ പല രത്നങ്ങളും ശരി
ഇന്ദ്രപ്രസ്ഥത്തിലീ വജ്രൻ[2] നിങ്ങൾക്കരചനായ്വരും. 11

ഏഴാംദിവസമാദിത്യൻ തെളിഞ്ഞുയരുമപ്പൊഴേ
പുറത്തുപോക നാമെല്ലാമൊരുക്കിക്കൊൾക വൈകൊലാ." 12

അക്ലിഷ്ടകാരിയാപ്പാൎത്ഥനേവം ചൊന്നവരേവരും
ഒരുക്കിനാരുടൻതന്നെ സ്വസിദ്ധിക്കായ് സമുത്സുകർ. 13

കൃഷ്ണഗേഹത്തിലന്നത്തെ രാത്രി പാൎത്തിതു പാൎത്ഥനും
വീണ്ടും നീണ്ടാണ്ടുകൊണ്ടീടുമിണ്ടലാണ്ടാണ്ടുകൊണ്ടവൻ. 14

---

1 വാൎത്തകന്മാർ = വാൎത്ത അറിയിക്കുന്നവർ; ദൂതന്മാർ. 2 വജ്രൻ = അനിരുദ്ധന്റെ പുത്രൻ.

പിറേറന്നാൾ പുലരെശ്ശൗരി വസുദേവൻ പ്രതാപവാൻ
തേജസ്വിയാത്മയോഗംപൂണ്ടഗ്ര്യയാം ഗതി പൂകിനാൻ. 15

ഉടൻ മൂത്തു മഹാഘോഷം വസുദേവഗൃഹത്തിലും
ഘോരമാർത്തുവിളിച്ചേററം കരയും സ്ത്രീജനാരവം. 16

മുടിചിന്നിബ്ഭൂഷമാലകളും വിട്ടവരേവരും
മാറത്തടിച്ചു കരുണം കരഞ്ഞാരങ്ങു നാരികൾ. 17

ദേവകീദേവി മദിര[1] ഭദ്ര രോഹിണിയെന്നിവർ
ആബ്ഭർത്താവിൻകൂടെ മുഖ്യസ്ത്രീകൾ പട്ടട കേറിനാർ. 18

ആശ്ശൗരിയേ മർത്ത്യരേന്തും പൂചിന്നും വാഹനത്തിലായ്
പുറത്തേക്കങ്ങെടുത്താനാ ഫൽഗുനൻ ഭരതർഷഭ! 19

അവനെപ്പിൻതുടന്നാർ വൻ ദുഃഖാർത്തന്മാരതാതിടം
മുററും ദ്വാരക വാണീടും പൗരർ നാട്ടാരുമൊപ്പമേ. 20

അശ്വമേധച്ഛത്രമവന്നാളുമഗ്നികളും ശരി
ആ വാഹനത്തിൻ മുൻപേന്തി യാജകന്മാർ നടന്നുതേ. 21

ആ വീരനെപ്പിൻ തുടന്നാർ ചമഞ്ഞിട്ടുള്ള ദേവികൾ
സ്ത്രീസഹസ്രം ഭൂരിവധൂജനവും കൂടെയുള്ളവർ. 22

ജീവിച്ചിരിക്കുമാ വൻപന്നേതുദേശത്തിനിഷ്ടമോ
അവിടെത്തന്നെയവനു പിതൃമേധം[2] നടത്തിനാർ. 23

ചിതാഗ്നിപുക്കൊരാ വീരശ്ശൂരപുത്രനെ നാരികൾ
അങ്ങന്വാരോഹണംചെയ്തു[3] സാലോക്യാൽ നാലു പത്നികൾ. 24

നാലു പത്നികളോടൊന്നിച്ചവനെപ്പാണ്ഡുനന്ദനൻ
ദഹിപ്പിച്ചു പലതരം ഗന്ധചന്ദനരാജിയാൽ. 25

അപ്പോളുണ്ടായ്വന്ന കത്തിക്കാളും തീയിൻെറ ശബ്ദവും
സാമഗന്മാർ ഘോഷവും കേണാക്കുമാൾക്കാർനിനാദവും. 26

പിന്നെ വജ്രൻ മുൻപെഴുമാ വൃഷ്ണ്യന്ധകകുമാരകർ
ഏവരും സ്ത്രീകളും ചെയ്തിതാ യോഗ്യന്നുദകക്രിയ. 27

അലുപ്തധർമ്മ[4]നാധർമ്മം നടത്തിച്ചിട്ടു ഫൽഗുനൻ
വൃഷ്ണിക്കൂട്ടം മുടിഞ്ഞോരാട്ടിക്കു പുക്കിതു ഭാരത! 28

കദനത്തിൽ ചത്തവരെക്കണ്ടേററം മാഴ്കിനാനവൻ
കൗരവ്യനവിടെക്കാലോചിതകർമ്മം നടത്തിനാൻ. 29

പ്രധാനമുറയാംവണ്ണം ചെയ്തു ക്രിയകളൊക്കയും
ഏരകപ്പുൽകളാൽ ബ്രഹ്മശാപത്താൽ ചത്തവർക്കുടൻ. 30

രാമകൃഷ്ണന്മാരുടയ ശരീരം രണ്ടുമങ്ങനെ
തേടിദ്ദഹിപ്പിച്ചിതാപ്തകാരിപൂരുഷ[5]രാലവൻ. 31

---

1 മദിര=വസുദേവൻെറ ഒരു ഭാര്യ. 2 പിതൃമേധം=പിതൃക്രിയ. 3 അന്വാരോഹണംചെയ്ക=ഉടന്തടി ചാടുക. 4 അലുപ്തധർമ്മൻ=ചെയ്യേണ്ടതെല്ലാം ചെയ്തവൻ. 5 ആപ്തകാരിപൂരുഷർ=ശവദാഹാദികളിൽ പരിചയമുള്ളവർ.

അവക്കു വിധിയിൽ പ്രേതകാര്യം ചെയ്തിട്ടു പാണ്ഡവൻ
ഏഴാംദിനം പുറപ്പെട്ടു തേരിൽക്കേറീട്ടു സത്വരം. 32
ഖരോഷ്ട്രാശ്വങ്ങളെപ്പൂട്ടും തേർകളാലപ്രകാരമേ
വൃഷ്ണിവീരസ്ത്രീകൾ കരഞ്ഞിണ്ടലാണ്ടു മെലിഞ്ഞവർ 33
പിൻതുടർന്നു മഹാത്മാവാം പാണ്ഡവൻ ജിഷ്ണുവെത്തദാ.
വൃഷ്ണ്യന്ധകക്കുള്ള ഭൃത്യർ തേരശ്വങ്ങളിലാണ്ടവർ 34
വീരരററാബാലവൃദ്ധം സ്ത്രീജനത്തെച്ചുഴന്നുതാൻ
പൗരന്മാരും നാട്ടുകാരും നടന്നു പാത്ഥശാസനാൽ. 35
ആനക്കാർ മലയൊത്താനപ്പുറം കേറീട്ടു യാത്രയായ്
പാദരക്ഷകർ ചേന്നന്തരായുധക്കാരുമൊത്തവർ. 36
വൃഷ്ണ്യന്ധകകുമാരന്മാരെല്ലാം പാത്ഥൻെറ കൂടെയാം
മഹാധനമെഴും വിപ്രക്ഷത്രവൈശ്യകർ ശൂദ്രരും. 37
പതിനാറായിരം വാസുദേവഭാര്യാജനം പരം
കൃഷ്ണപൗത്രൻ വജ്രനെത്താൻ മുൻപിലാക്കീട്ടു യാത്രയായ്. 38
പെരുത്തായിരമെന്നല്ലാ പ്രയുതം പിന്നെയബ്ബുദം
വൃഷ്ണ്യന്ധകസ്ത്രീകൾ ഹതനാഥമാരങ്ങിറങ്ങിനാർ. 39
ഋദ്ധി കൂടുന്നൊരാ വൃഷ്ണിചക്രം വൻകടൽ പോലവേ
വഹിച്ചിതാ രഥിശ്രേഷ്ഠൻ പാത്ഥൻ പരപുരഞ്ജയൻ. 40
ആജ്ജനം പോന്നളവിലേ സാഗരം മകരാലയം
വെള്ളംകൊണ്ടാ രത്നപൂണ്ണദ്വാരകാപുരി മുക്കിതേ. 41
പുരുഷവ്യാഘ്രനാബ്ഭൂമി വിട്ടതേതേതു ഭാഗമോ
അതാതുഭാഗം വെള്ളത്തിൽ മുക്കിക്കൊണ്ടിതു സാഗരം. 42
ഇയ്യൊരത്ഭുതം കണ്ടാ ദ്വാരകാപുരവാസികൾ
പോന്നു വേഗാൽ വേഗമമ്പോ ദൈവമെന്നും പറഞ്ഞവർ. 43
ഭംഗിയേറും കാനനത്തിൽ കുന്നിലും പുഴവക്കിലും
പാത്ഥു വൃഷ്ണിപ്രിയകളെക്കൊണ്ടുപോന്നു ധനഞ്ജയൻ. 44
സമൃദ്ധമാം പഞ്ചനദമണഞ്ഞു മതിമാനവൻ
പശു ഗോധാന്യമുള്ളേടം പാത്ഥുകൊണ്ടീടിനാൻ പ്രഭു. 45
ലോഭമുണ്ടായി ദസ്യുക്കൾക്കനാഥസ്ത്രീജനങ്ങളെ
ഒരുവൻ ഫൽഗുനൻ കൊണ്ടുപോവതായ്ക്കണ്ടു ഭാരത! 46
ഉടനാപ്പാപകമ്മാക്കളുള്ളിൽ ദുര മുഴുത്തവർ
ആഭീരന്മാരൊത്തുകൂടിയോത്താരശുഭദൃഷ്ടികൾ. 47
'ഈയജ്ജുനനൊരാൾ വില്ലൻ വിധവാവൃദ്ധബാലരെ
നയിപ്പൂ നമ്മെ നോക്കാതീബ്ഭടരോ ശക്തി കെട്ടവർ.' 48
ഉടൻ വടിക്കാരാദ്ദസ്യുഭടന്മാർകളസംഖ്യമേ
പാഞ്ഞേററിതാ വൃഷ്ണികുലപ്പെണ്ണുങ്ങളൊരുങ്ങിയോർ. 49

മററുള്ളോക്കാ ഘോരസിംഹനാദത്താൽ ത്രാസ*മേകിയും
വധിക്കാനായ് പാഞ്ഞണഞ്ഞൂ കാലപര്യായചോദിതർ. 50
ഉടൻ തിരിഞ്ഞു കൗന്തേയൻ പിൻതുണക്കാരൊടൊത്തവൻ
അവരോടു മഹാബാഹു വിഹസിച്ചോതിയർജ്ജുനൻ: 51
"തിരിപ്പിൻ ധർമ്മമററോരേ, ജീവിപ്പാനാഗ്രഹിക്കുകിൽ
ഇപ്പോളമ്പേററു മാഴ്കീടും നിങ്ങൾ ഞാൻ നിഹനിപ്പവർ." 52
ആ വീരനമ്മട്ടോതീട്ടുമാ വാക്കും ധിക്കരിച്ചവർ
ആക്കൂട്ടത്തിൽക്കേറി മൂഢർ വീണ്ടും വീണ്ടും തടുക്കിലും. 53
ഗാണ്ഡീവമജരം ദിവ്യം പെരുംവില്ലുടനർജ്ജുനൻ
കുലയേററീടുവാൻ നോക്കീ പണിപ്പെട്ടൊരുമാതിരി. 54
ഞാണു കെട്ടീ ഞെരുങ്ങീട്ടാബ്ബഹളത്തിൽത്തിടുക്കിലായ്
അസ്ത്രങ്ങളെ വിചാരിച്ചിതവയോർമ്മപ്പെടാതെയായ്. 55
ഈ മഹാവൈകൃതം കണ്ടു പോരിലാബ്ഭുജവീര്യവും
ദിവ്യാസ്ത്രനാശവുമറിഞ്ഞവൻ നാണിച്ചിതപ്പൊഴേ.
തേരാനകുതിരക്കാരാമാ വൃഷ്ണിഭടരാരുമേ 56
തടുക്കുവാനായതില്ലാ സ്ത്രീകളെക്കവരുമ്പൊഴേ. 57
കളത്രം വളരെപ്പാഞ്ഞു ചെല്ലുന്നുണ്ടങ്ങുമിങ്ങുമേ
ആജ്ജനത്തിനെ രക്ഷിപ്പാൻ പ്രയത്നം ചെയ്തിതർജ്ജുനൻ. 58
ഭടർ മുററും കണ്ടുനില്ക്കെയാ മുഖ്യസ്ത്രീജനത്തിനെ
വലിച്ചിഴച്ചിതങ്ങിങ്ങും പോയീ സമ്മതമായ് ചിലർ. 59
ഗാണ്ഡീവമുക്തവിശിഖനിരയാൽ പാർത്ഥനർജ്ജുനൻ
കൊന്നൂ ദസ്യുക്കളേ വൃഷ്ണിഭടരൊത്തുഴറി പ്രഭു. 60
ക്ഷണംകൊണ്ടവനുള്ളമ്പുമൊടുങ്ങിപ്പോയി മന്നവ!
പണ്ടക്ഷയങ്ങളിവിടെത്തീർന്നൂ ചോര കുടിപ്പവ. 61
അവനങ്ങമ്പൊടുങ്ങീട്ടു ദുഃഖശോകങ്ങളാണ്ടവൻ
വിൽക്കോലാൽ ദസ്യുവർഗ്ഗത്തെ വധിച്ചു ശക്രനന്ദനൻ. 62
പാർത്ഥൻ നോക്കിക്കാണ്കവേതാൻ വൃഷ്ണ്യന്ധകവധുക്കളെ
ആ മ്ലേച്ഛന്മാർ കൊണ്ടുപോയീ ചുററുമേ ജനമേജയ! 63
ധനഞ്ജയൻ ദൈവമതെന്നുള്ളിൽ ചിന്തിച്ചിതാ പ്രഭു
ശോകാവേശം പൂണ്ടു വീണ്ടും നെടുവീർപ്പിട്ടു നിന്നുതേ. 64
അസ്ത്രങ്ങളുടെ നാശത്താൽ ബാഹുവീര്യക്ഷയത്തിനാൽ
വില്ലൊതുങ്ങായ്കയാൽ പിന്നെയമ്പൊടുങ്ങുകയാലുമേ 65
ബുദ്ധിക്ഷയം പൂണ്ടു പാർത്ഥൻ ദൈവമെന്നും നിനച്ചവൻ
പിന്നെപ്പോന്നൂ പരമിതില്ലെന്നും ചൊല്ലീടിനാൻ നൃപ! 66
മിക്ക രത്നം തീർന്ന ശിഷ്ടം സ്ത്രീജനത്തെ മഹാമതി
പിന്നെക്കൊണ്ടിങ്ങുപോന്നിട്ടു കുരുക്ഷേത്രത്തിലെത്തിനാൻ. 67

---

* ത്രാസം=ഭയം.

ഹൃതശിഷ്ടം വൃഷ്ണിനാരീജനവുംകൊണ്ടിവണ്ണമേ
പാപ്പിച്ചിതങ്ങു കൗരവ്യൻ ധനഞ്ജയനതാതിടം. 68
ഹാർദ്ദിക്യപുത്രനെപ്പാത്ഥൻ വാഴിച്ചു മാത്തികാവതേ
ഹൃതശേഷം ഭോജരാജസ്ത്രീകളേയും നരോത്തമൻ. 69
ബാലവൃദ്ധസ്ത്രീകളേയുംകൊണ്ടു പിന്നീടു പാണ്ഡവൻ
വീരർ വിട്ടവരേ മററുമിന്ദ്രപ്രസ്ഥത്തിരുത്തിനാൻ. 70
സരസ്വതിയിലാ യൗയുധാനി സാത്യകിപുത്രനെ
വാഴിച്ചിതാധമ്മനിഷ്ഠൻ വൃദ്ധബാലപുരസ്സരം. 71
വജ്രന്നിന്ദ്രപ്രസ്ഥരാജ്യം കൊടുത്തിതരിസൂദനൻ
വജ്രൻ തടുക്കിലും പ്രവ്രജിച്ചിതക്രൂരഭാര്യമാർ. 72
ശൈബ്യ രുക്മിണി ഗാന്ധാരിയാ ഹൈമവതിയും ശരി
ദേവിയാജ്ജാംബവതിയും ചെയ്തിതഗ്നിപ്രവേശനം. 73
മററുള്ള സത്യഭാമാദി കേശവപ്രിയഭാര്യമാർ
തപംചെയ്യാനുറച്ചിട്ടു കാടു കേറീടിനാർ നൃപ! 74
ഫലമൂലാദി ഭക്ഷിച്ചു ഹരിദ്ധ്യാനമുറച്ചവർ
പനിമാമല കേറീട്ടു കലാപഗ്രാമമെത്തിനാർ. 75
പാത്ഥൻെറക്കൂടെപ്പോന്നോരാ ദ്വാരകാവാസിമർത്ത്യരെ
യഥാർഹം സ്വത്തു നല്കീട്ടു വജ്രന്നേല്പിച്ചിതജ്ജുനൻ. 76
കാലോചിതം ചെയ്തിവണ്ണം ബാഷ്പവ്യാകുലനജ്ജുനൻ
ആശ്രമം വാണിടും വേദവ്യാസനെച്ചെന്നു കണ്ടുതേ. 77

8. അജ്ജുനവ്യാസസമാഗമം

അജ്ജുനൻ വ്യാസമഹർഷിയെച്ചെന്നുകണ്ടു് യാദവന്മാരുടെ അവസാനത്തെപ്പററി പറഞ്ഞറിയിക്കുന്നു. വരേണ്ടതുവന്നു എന്നേയുള്ളുഎന്നും അതിൽ വ്യസനിക്കേണ്ടതായിട്ടൊന്നുമില്ലെന്നും പറഞ്ഞു് വ്യാസൻ അജ്ജുനനെ സാന്ത്വപ്പെടുത്തി മടക്കി അയയ്ക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

രാജാവേ, സത്യവാദികളുള്ളാശ്രമം കേറുമജ്ജുനൻ
കണ്ടാനൊററയ്ക്കേഴം സത്യവതീപുത്രമഹർഷിയെ. 1
ആധമ്മജ്ഞനെൻെറ മുൻ പുക്കു സേവിച്ചാനാ വ്രതീന്ദ്രനെ
അജ്ജുനൻ ഞാനെന്നവനെപ്പേർ പറഞ്ഞു വണങ്ങിനാൻ. 2
'സ്വാഗതം ഹേ ഭവാനെ'ന്നാൻ മുനി സത്യവതീസുതൻ
ഇരിക്കുകെന്നും കല്പിച്ചു പ്രസന്നാത്മാവു മാമുനി. 3
അപ്രീതചിത്തനായ് വീണ്ടും വീണ്ടും വീർപ്പിട്ടുകൊണ്ടഹോ!
നിർവ്വിണ്ണനായ് പാത്ഥനെപ്പാത്താ വ്യാസൻ ചൊല്ലിയിങ്ങനെ.

വ്യാസൻ പറഞ്ഞു

നഖകേശദശാകുംഭനീരാറാട്ടേററിതോ ഭവാൻ?

ആ വീരജാസംഗമേററോ വിപ്രനെക്കൊലചെയ്തിതോ? 5
യുദ്ധത്തിൽത്തോററിതെന്നുണ്ടോ കാണ്മൂ ശ്രീ കെട്ടമട്ടു നീ
നിന്നെ പ്രഭിന്നനായ്ക്കാണ്മീലിതെന്തു ഭരതർഷഭ! 6
എനിക്കു കേൾക്കാമെന്നാകിൽ പാർത്ഥ, വേഗമുരയ്ക്കു നീ.

അർജ്ജുനൻ പറഞ്ഞു

ശ്രീമാനാകും കൊണ്ടൽവർണ്ണൻ വൻ പൊൽത്താർദളലോചനൻ
ആക്കൃഷ്ണൻ രാമനോടൊത്തു മെയ്പോക്കിസ്സ്വർഗ്ഗമേറിനാൻ. 7
ബ്രഹ്മശാപാൽ മൗസലത്തിൽ വൃഷ്ണിവീരർക്കു നാശവും
പ്രഭാസത്തിൽപ്പററി വീരനാശനം രോമഹർഷണം. 8
ആശ്ശൂരരോ മഹാത്മാക്കൾ സിംഹദർപ്പർ മഹാബലർ
ഭോജവൃഷ്ണ്യന്ധകരെതിർത്തേററു കൊന്നിതു തങ്ങളിൽ. 9
ഗദ വേൽ പരിഘം താങ്ങും പരിഘക്കൈയെഴുന്നവർ
ഏരകപ്പുല്ലേററു ചത്തു കാണ്ക കാലവിപര്യയം. 10
ചത്തുപോയവരഞ്ഞൂറു സഹസ്രം ബാഹുശാലികൾ
പരസ്പരമെതിർത്തേററു മുഴുവൻ തീർന്നിതങ്ങനെ. 11
വീണ്ടും വീണ്ടും പൊറുക്കാതായോജസ്വികൾ നശിച്ചതിൽ
യദുക്ഷയം കീർത്തിശാലി കൃഷ്ണനാശവുമോർത്തു ഞാൻ. 12
കടൽവററുംപോലെ മലയിളകീടുംപ്രകാരവും
ആകാശം വീണെഴുമ്മട്ടും തീ തണുത്ത കണക്കിലും 13
ശാർങ്ഗധന്വാവിൻെറ നാശം വിശ്വസിക്കാവതല്ല മേ
ഇങ്ങു നില്പാൻ വയ്യെനിക്കു ലോകത്തിൽക്കൃഷ്ണനെന്നിയേ. 14
ഇതിലും കഷ്ടമായിട്ടു മറെറാന്നുണ്ടു തപോധന!
വീണ്ടും വീണ്ടും ചിന്തചെയ്യുമെന്നുള്ളു തകരുന്നിതാ. 15
ഞാൻ കണ്ടുനില്ക്കവേ ബ്രഹ്മൻ, വൃഷ്ണിദാരൗഘമാകവേ
കവർന്നിതടരിൽക്കേറീട്ടായർ പഞ്ചനദാലയർ 16
വില്ലെടുത്തിട്ടായവിടെപ്പൂട്ടാനാളായതില്ല ഞാൻ
മുന്മട്ടിലെൻെറ കൈവീര്യമില്ലാതായ്ത്തീർന്നിതപ്പൊഴേ. 17
അസ്ത്രങ്ങൾ പലമട്ടുള്ളതെനിക്കില്ലാതെയായ് മുനേ!
ശരങ്ങളൊക്കയുമെനിക്കപ്പൊഴങ്ങു നശിച്ചുപോയ്. 18
അപ്രമേയശ്രീപുരുഷൻ ശംഖചക്രഗദാധരൻ
പീതാംബരൻ ചതുർബ്ബാഹു ശ്യാമൻ പത്മദളേക്ഷണൻ 19
ആക്കണ്ണനിങ്ങു കാണാതായ് മാഴ്കിജ്ജീവിപ്പതെന്തു ഞാൻ? 20
എൻെറ തേരിന്മുന്നിലായിശ്ശത്രുപ്പട ചുടുംപടി
മുൻ നടന്നോരച്യുതനെക്കാണ്മീലാ ദ്യുതിശാലിയെ. 21
അവൻ മുൻപിട്ടു തേജസ്സാൽച്ചുട്ടൊരാ ശത്രുസേനയെ
ഗാണ്ഡീവമുക്തബാണങ്ങൾകൊണ്ടു പിന്നെ മുടിച്ചു ഞാൻ.
വിഷാദിക്കുന്നിതവനെക്കാണാഞ്ഞിട്ടുലയുന്നു ഞാൻ 22

നിർവ്വിണ്ണചിത്തനായ് ശാന്തി കിട്ടാതായ്ത്തീൻ സത്തമ!
വീരനാം കൃഷ്ണനില്ലാതെ ജീവിപ്പാനാകയില്ല ഞാൻ 23
വിഷ്ണു പോയ്പ്പോയതായ്ക്കേട്ട ദിങ്മോഹം പെട്ടിടുന്നു മേ.
ജ്ഞാതിവീര്യങ്ങളും കെട്ടു ശൂന്യനായുഴലുംവിധൗ 24
ശ്രേയസ്സെനിക്കങ്ങു ചൊല്ലിത്തന്നുകൊള്ളുക സത്തമ!

വ്യാസൻ പറഞ്ഞു

ബ്രഹ്മശാപംകൊണ്ടു വെന്തു വൃഷ്ണ്യന്ധകമഹാരഥർ
നശിച്ചു കുരുശാർദ്ദൂല, മാഴ്കൊല്ലവരെയോർത്തു നീ. 25
അതങ്ങനെവരാനുള്ളതാ മഹാത്മാക്കൾ കണ്ടതാം
മാററുവാൻ ശക്തനെന്നാലുമാ കൃഷ്ണൻ വിട്ടൊഴിച്ചതാം. 26
ചരാചരം മുഴുവനീ മൂപ്പാർ ഗോവിന്ദനാമവൻ
മാററാൻ പോരും മഹാത്മാക്കളുടെയീ ശാപമെന്തുവാൻ? 27
നടന്നു നിൻെറ തേർമുന്നിലവൻ ചക്രഗദാധരൻ
നിന്നിൽ സ്നേഹാൽ പുരാണഷി വാസുദേവൻ ചതുർഭുജൻ. 28
ഭൂമിക്കു ഭാരവും തീർത്തുകൊടുത്താപ്പൃഥുലോചനൻ
ദേഹത്യാഗം ചെയ്തു കൃഷ്ണൻ മുഖ്യസ്വസ്ഥാനമെത്തിനാൻ. 29
ദേവകാർയ്യം മഹാകർമ്മം നീയും ചെയ്തു നരഷഭ!
ഭീമസേനൻ യമന്മാരും തുണയുള്ളോൻ മഹാഭുജ! 30
നിങ്ങൾ നൂനം കൃതാർത്ഥന്മാർ സിദ്ധന്മാർ കുരുപുംഗവ!
പോകേണ്ടകാലമതിതാണത്രേ ശ്രേയസ്കരം വിഭോ! 31
ബുദ്ധിയും ഭരതശ്രേഷ്ഠ, തേജസ്സും പ്രതിപത്തിയും
ബുദ്ധികാലത്തേവമുണ്ടാം മറിച്ചായാൽ നശിച്ചുപോം. 32
കാലമൂലം സർവ്വമെന്നീജ്ജഗൽബീജം ധനഞ്ജയ!
കാലംതന്നെയെടുത്തീടുമിതു വീണ്ടും യദൃച്ഛയാൽ. 33
അവൻതാൻ ബലവാനായിപ്പിന്നെദ്ദുർബ്ബലനായിടും
അവൻതാനീശനായിട്ടു പരക്കാജ്ഞാപ്യനായിടും. 34
കൃതകൃത്യങ്ങളസ്ത്രങ്ങൾ പോയീ വന്നവഴിക്കുതാൻ
ഇനിയും നിൻ കൈയിൽ വരും കാലം വന്നണയുമ്പൊഴേ. 35
കാലമായീ മുഖ്യഗതി പോകാൻ നിങ്ങൾക്കു ഭാരത!
നിങ്ങൾക്കിതേററവും ശ്രേയസ്സെൻകാഴ്ച ഭരതഷഭ! 36

വൈശമ്പായനൻ പറഞ്ഞു

എന്നാത്തേജസ്വിയാം വ്യാസൻ ചൊന്ന വാക്കു ധരിച്ചുടൻ
അനുജ്ഞ വാങ്ങിച്ചാപ്പാർത്ഥൻ ഹസ്തിനാപുരി പൂകിനാൻ. 37
പുരത്തിലുൾപ്പുക്കു വീരൻ ചെന്നു ധർമ്മജനോടുടൻ
വൃഷ്ണ്യന്ധകാന്വയകഥ നടന്നപടി ചൊല്ലിനാൻ. 38

മഹാപ്രസ്ഥാനികപർവ്വം

മഹാപ്രസ്ഥാനികപർവ്വം

നാരായണനെയും സാക്ഷാൽ നരനാം നരനേയുമേ
സരസ്വതീദേവിയേയും നമിച്ചു ജയമോതുക.

1. പാണ്ഡവപ്രസ്ഥാനം

യുദ്ധത്തിൽ മരിച്ച ബന്ധുബാന്ധവാദികളെ ഉദ്ദേശിച്ചു ചെയ്യേണ്ട ശ്രാദ്ധാദികർമ്മങ്ങളൊക്കെ നിർവ്വഹിച്ച് പാണ്ഡവന്മാർ പാഞ്ചാലിയാൽ അനുഗതരായി മഹാപ്രസ്ഥാനത്തിനു പുറപ്പെടുന്നു. ഒരു പട്ടി അവരെ അനുഗമിക്കുന്നു. മാർഗ്ഗമദ്ധ്യത്തിൽവെച്ചു പ്രത്യക്ഷപ്പെട്ട അഗ്നിഭഗവാൻ ആവശ്യപ്പെട്ടതനുസരിച്ച് അർജ്ജുനൻ ഗാണ്ഡീവവും ആവനാഴിയും സമുദ്രത്തിൽ നിക്ഷേപിക്കുന്നു.

ജനമേജയൻ പറഞ്ഞു

എന്നു വൃഷ്ണ്യന്ധകകുലമൗസലപ്പോരു കേൾക്കവേ
കണ്ണൻ വിണ്ണേറവേ പിന്നെയെന്തേ ചെയ്തതു പാണ്ഡവർ? 1

വൈശമ്പായനൻ പറഞ്ഞു

ഇമ്മട്ടുക്കൻ വൃഷ്ണിനാശം കേട്ടു കൗരവമന്നവൻ
പ്രസ്ഥാനത്തിന്നുറച്ചിട്ടു ചൊന്നാൻ പാർത്ഥനൊടിങ്ങനെ: 2

''കാലം പചിക്കുന്നു ഭൂതജാലമെല്ലാം മഹാമതേ!
നീയും കാണേണമാക്കാലപാശമെന്നോർത്തിടുന്നു ഞാൻ.'' 3

എന്നു കേട്ടർജ്ജുനൻ കാലം കാലമെന്നു പറഞ്ഞവൻ
ധീമാനേട്ടൻ പറഞ്ഞുള്ള വാക്കു കൈക്കൊണ്ടിതപ്പൊഴേ. 4

അർജ്ജുനന്റെ മതം കണ്ടു ഭീമനും യമരും ശരി
സവ്യസാചി പറഞ്ഞോരാ വാക്കു കൈക്കൊണ്ടിതപ്പൊഴേ. 5

യുയുത്സുവെ[1] വരുത്തീട്ടു ധർമ്മാർത്ഥം പ്രവ്രജിപ്പവൻ[2]
വൈശ്യാപുത്രങ്കലാ രാജ്യമേല്പിച്ചിതു യുധിഷ്ഠിരൻ. 6

പരീക്ഷിത്തിനെ രാജാവായഭിഷേചിച്ചു വെച്ചവൻ
മാഷ്ടിസ്സുഭദ്രയോടോതി മന്നവൻ പാണ്ഡവാഗ്രജൻ: 7

''നിന്മകൻതൻ മകനിവൻ കുരുമന്നവനാസ്ഥരും
രാജാവാക്കീട്ടുണ്ടു യദുക്കൾക്കു ശേഷിച്ച വജ്രനെ. 8

---

1 യുയുത്സു = ധൃതരാഷ്ട്രർക്കു വൈശ്യസ്ത്രീയിൽ ജനിച്ച പുത്രൻ. കൗരവന്മാരുടെ കൂടെയായിരുന്നു താമസം. യുദ്ധാരംഭത്തിൽ പാണ്ഡവപക്ഷത്തിൽ ചേർന്നു. 2 പ്രവ്രജിക്കുക = സന്യസിക്കുക.

പരീക്ഷിത്തീ ഹസ്തിപുരത്തിന്ദ്രപ്രസ്ഥത്തു യാദവൻ
രാജാവു വജ്രനിവരെക്കാക്കുകോക്കൊല്ലുധർമ്മമേ.'' 9
എന്നുരച്ചാധർമ്മരാജൻ ധീമാനാം വാസുദേവനും
വൃദ്ധനമ്മാമനും രാമനാദികൾക്കുമഥേവിധം 10
തമ്പിമാരൊത്തു ധർമ്മിഷ്ഠനുദകം ചെയ്തതന്ദ്രിതൻ
ഏവർക്കും ശ്രാദ്ധവുംചെയ്തു വിധിയാംവണ്ണമപ്പൊഴേ. 11
വ്യാസനേ നാരദനെയും മാർക്കണ്ഡേയർഷിയേയുമേ
ഭാരദ്വാജനെയാ യാജ്ഞവല്ക്യനേയും മുകുന്ദനായ് 12
സ്വാദേറുമന്നമൂട്ടീ ശാർങ്ഗിയെച്ചൊല്ലിയങ്ങനെ.
നല്കീ രത്നങ്ങൾ വസ്ത്രങ്ങൾ ഗ്രാമമശ്വം രഥങ്ങളും 13
സ്ത്രീകളേയും ദ്വിജർക്കായി നൂറുമായിരവും ശരി.
ഗുരുവാം കൃപരെപ്പൂജിച്ചങ്ങു പൗരപുരസ്സരം 14
ശിഷ്യൻ പരീക്ഷിത്തിനെയങ്ങേകി ഭരതസത്തമ!
മുററും പ്രകൃതിവർഗ്ഗ[1]ത്തെ വരുത്തീട്ടു യുധിഷ്ഠിരൻ 15
രാജർഷി ചൊല്ലിനാൻ തന്റെ ചികീർഷിതമശേഷവും.
അവന്റെയാ വാക്കു കേട്ടാപ്പൗരരും നാട്ടുകാർകളും 16
ഏററമുദ്വേഗമുൾക്കൊണ്ടാ വാക്കു കൊണ്ടാടിയില്ലഹോ!
ഇതു ചെയ്യരുതെന്നായിട്ടാ രാജാവോടു ചൊല്ലിനാർ; 17
കാലപര്യായധർമ്മജ്ഞനതു കേട്ടില മന്നവൻ
പൗരജാനപദന്മാരെസ്സമ്മതിപ്പിച്ചു താനുടൻ 18
പോകുവാനായ്ത്തീർച്ചയാക്കീ തൽസോദരരുമങ്ങനെ.
പിന്നെയാക്കൗരവനൃപൻ ധർമ്മപുത്രൻ യുധിഷ്ഠിരൻ 19
ദേഹാലങ്കാരങ്ങൾ വെടിഞ്ഞെടുത്തു വല്ക്കലങ്ങളും.
ഭീമാർജ്ജുനയമന്മാരും പേർ പുകഴ്ന്നോരു കൃഷ്ണയും 20
വല്ക്കലങ്ങളെടുത്താരവ്വണ്ണമെല്ലാരുമേ നൃപ!
വിധിക്കു താൻ നൈഷ്ഠികേഷ്ടി[2] ചെയ്യിച്ചു ഭരതർഷഭ! 21
വെള്ളത്തിലഗ്നികൾ വെടിഞ്ഞാ നരർഷഭർ യാത്രയായ്.
കരഞ്ഞു സ്ത്രീകളെല്ലാരും പാർത്തുകണ്ടാ നരോത്തമർ 22
പാഞ്ചാലീഷഷ്ഠർ പോമ്പോൾ മുൻ ചൂതിൽത്തോററ കണക്കിനെ.
ആ ഭ്രാതാക്കൾക്കൊക്കെ യാത്രയ്ക്കുണ്ടായ്വന്നിതു ഹർഷവും 23
യുധിഷ്ഠിരമതം കണ്ടും വൃഷ്ണിനാശം നിനച്ചുമേ
ഭ്രാതാക്കളഞ്ചു പാഞ്ചാലിയാ,രേഴാമതു നായുമായ്, 24
താനൊത്തേഴാളുമായ് മന്നനിറങ്ങീ ഹസ്തിനാപുരാൽ.
പൗരരൊത്ത തുണക്കാരും ദൂരം പിന്നാലെ ചെല്ലുയായ് 25
തിരിക്കുകെന്നവരോടു ചൊല്ലാനായീലൊരുത്തനും.
പിന്നെത്തിരിച്ചു നഗരംവാഴുമാളുകളേവരും 26

1 പ്രകൃതിവർഗ്ഗം=പ്രജാസമൂഹം. 2 നൈഷ്ഠികേഷ്ടി=വിധിപ്രകാരമുള്ള യാഗം.

യുയുത്സുവിന്നു ചുഴലെക്കൂടിക്കൊണ്ടാർ കൃപാദികരം.
ഗംഗയിൽച്ചാടി കൗരവ്യ നാഗപുത്രിയുലൂപിയാരം 27
മണലൂരപുരത്തേക്കു ചിത്രാംഗദ ഗമിച്ചുതേ;
പരീക്ഷിത്തിൻകൂടെനിന്നു മററുപേർ ശേഷമമ്മമാർ. 28
പാണ്ഡവന്മാർ മഹാത്മാക്കരം പേർ പുകഴ്ന്നോരു കൃഷ്ണയും
കൃതോപവാസർ* കൗരവ്യ, കിഴക്കോട്ടയ്ക്കു യാത്രയായ്. 29
യോഗം പൂണ്ടോർ മഹാത്മാക്കരം ത്യാഗധർമ്മമെഴുന്നവർ
പല ദേശങ്ങളും പുക്കു പുഴയാഴികളും ശരി. 30
യുധിഷ്ഠിരൻ മുൻനടന്നിതതിൻപിന്നീടു ഭീമനും
അവൻെറ പിൻപർജ്ജുനനും യമന്മാരും ക്രമപ്പടി. 31
പിൻപുറത്തു വരാരോഹ ശ്യാമ പൊയ്ക്കാർദളാക്ഷിയാരം
നാരീപ്രവര പാഞ്ചാലി പോയീ ഭരതസത്തമ! 32
ഒരു നായും പിൻതുടൻു കാടേറും പാണ്ഡുപുത്രനെ
ക്രമത്തിലാ വീരർ ചേൻു പരം ചെങ്കടൽവക്കിലായ്. 33
ദിവ്യം ഗാണ്ഡീവമാം വില്ലു വിട്ടതില്ലാ ധനഞ്ജയൻ
രത്നലോഭാൽ നൃപ, ശരമൊടുങ്ങാത്താവനാഴിയും. 34
അവരങ്ങഗ്നിയെക്കണ്ടു മുന്നിലായ് മല പോലവേ
മാർഗ്ഗം തടഞ്ഞുനില്പോനെസ്സാക്ഷാൽ പുരുഷമൂർത്തിയെ. 35
സപ്താർച്ചിസ്സാം ദേവനപ്പോരം പാണ്ഡവന്മാരൊടോതിനാൻ:
"ഹേ! ഹേ! പാണ്ഡവരേ, വഹ്നി ഞാനെന്നോക്കുക വീരരേ!
യുധിഷ്ഠിര, മഹാബാഹോ, ഭീമസേന, പരന്തപ!
അർജ്ജുനാശ്വിസുതന്മാരേ, കേരംക്കുകെന്നുടെ വാക്കിനി. 37
ഞാനഗ്നിയാം കൗരവരേ, ഞാൻ ദഹിപ്പിച്ചു ഖാണ്ഡവം
പ്രഭാവാലർജ്ജുനൻേറയും നാരായണനുടേയുമേ. 38
ഈയർജ്ജുനൻ നിങ്ങളുടെ ഭ്രാതാവീഗ്ഗാണ്ഡിവായുധം
ജലത്തിൽ വിട്ടു പൊയ്ക്കോട്ടേ കാര്യമില്ലിതുകൊണ്ടിനി. 39
മഹാത്മാവായ കൃഷ്ണങ്കലിരുന്നാച്ചക്രരത്നവും
പോയീ കാലംകൊണ്ടവൻെറ കൈയിൽ പിന്നെയുമെത്തിടും.
പാർത്ഥനായ് ഞാൻ വരുണനോടിതു വാങ്ങിച്ചു മുന്നമേ
ഗാണ്ഡീവമാം മുഖ്യചാപം കൊടുക്ക വരുണന്നുതാൻ." 41
ഭ്രാതാക്കളെല്ലാമുടനേ പ്രേരിപ്പിച്ചിതു പാർത്ഥനെ
വെള്ളത്തിലിട്ടാനാ വില്ലുമൊടുങ്ങാത്താവനാഴിയും. 42
ഉടനേ ഭരതശ്രേഷ്ഠ, മറഞ്ഞാനങ്ങു പാവകൻ
വീരന്മാരാപ്പാണ്ഡവന്മാർ പിന്നെത്തെക്കോട്ടു പോയിനാർ. 43
അവരുപ്പുസമുദ്രത്തിൻ വടക്കേ വക്കിലൂടവേ
പോയീ തെക്കുപടിഞ്ഞാറുദിക്കിൽബ് ഭരതസത്തമ! 44

* കൃതോപവാസർ=ഉപവാസം ഏറെറടുത്തവർ.

പിന്നെത്തിരിച്ചിട്ടു പടിഞ്ഞാറൻദിക്കിലണഞ്ഞവർ
കണ്ടു കടലടിച്ചേററു മുങ്ങിയാ ദ്വാരകാപുരി. 45
വടക്കോട്ടു തിരിച്ചങ്ങു പോയീ ഭരതസത്തമർ
ഭൂപ്രദക്ഷിണമിച്ഛിച്ച യോഗധമ്മികളാമവർ. 46

2. ദ്രൗപദ്യാദിപതനം

ധമ്മപുത്രരെ അനുഗമിച്ചിരുന്നവരിൽ പാഞ്ചാലിതൊട്ട് ഓരോരുത്തരായി വീണുപോകുന്നു. ഭീമൻെറ ചോദ്യത്തിനുത്തരമായി അവരിൽ ഓരോരുത്തരും വീണതു് എന്തുകൊണ്ടാണെന്നു ധമ്മപുത്രൻ വിവരിക്കുന്നു. ഒടുവിൽ ഭീമനും വീണുപോകുന്നു. പട്ടിയാൽ അനുഗതനായി പാണ്ഡവജ്യേഷ്ഠൻ ഒററയ്ക്കു മുന്നോട്ടു നീങ്ങുന്നു.

വൈശമ്പായനൻ പറഞ്ഞു

വടക്കോട്ടേക്കു പോയിട്ടു നിയതാത്മാക്കളാമവർ
യോഗമാണ്ടവർ കണ്ടാരാപ്പനിമാമലയേയുമേ. 1
അതും കടന്നു ചെന്നിട്ടങ്ങവർ കണ്ടു മണൽക്കടൽ
കണ്ടു മലകളിൽ ശ്രേഷ്ഠമേരു മാമലയേയുമേ. 2
യോഗധമ്മികളായീടുമവർ വേഗം ഗമിക്കവേ
യോഗപ്രഭ്രഷ്ടയായിട്ടു വീണു പാഞ്ചാലി ഭൂമിയിൽ. 3
അവരും വീണതു കണ്ടിട്ടു ഭീമസേനൻ മഹാബലൻ
പാഞ്ചാലിയെപ്പാത്തുനോക്കിദ്ധമ്മരാജനൊടോതിനാൻ: 4

ഭീമൻ പറഞ്ഞു

അധമ്മമൊന്നും ചെയ്തീലീ രാജപുത്രി പരന്തപ!
കൃഷ്ണ ഭൂമിയിൽ വീണീടാൻ ചൊല്ലു കാരണമെന്തുവാൻ? 5

യുധിഷ്ഠിരൻ പറഞ്ഞു

വിശേഷിച്ചും പക്ഷപാതമിവൾക്കുണ്ടജ്ജുനൻെറമേൽ
ഇവളേല്ക്കുന്നുണ്ടതിൻെറ ഫലം പുരുഷസത്തമ! 6

വൈശമ്പായനൻ പറഞ്ഞു

എന്നുരച്ചിങ്ങു നോക്കാതെ നടന്നു ഭാരതോത്തമൻ
ധീമാൻ മനസ്സുറപ്പിച്ചു ധമ്മിഷ്ഠൻ പുരുഷഷഭൻ. 7
സഹദേവൻ പിന്നെ വിദ്വാൻ വീണുപോയിതു ഭൂമിയിൽ
അവനും വീണു കണ്ടിട്ടു ഭീമൻ രാജാവൊടോതിനാൻ. 8

ഭീമൻ പറഞ്ഞു

ശുശ്രൂഷിപ്പോൻ നമ്മെയൊട്ടുക്കഹങ്കാരമൊഴിഞ്ഞവൻ
ഈ മാദ്രീപുത്രനിങ്ങെന്തേ വീണുപോയിതു ഭൂമിയിൽ? 9

യുധിഷ്ഠിരൻ പറഞ്ഞു

തനിക്കൊപ്പം പ്രാജ്ഞനാരുമില്ലെന്നോത്തീടിനാനിവൻ
ആദ്ദോഷംകൊണ്ടു താഴത്തു വീണതാണീ നൃപാത്മജൻ. 10

വൈശമ്പായനൻ പറഞ്ഞു

എന്നുരച്ചു വെടിഞ്ഞിട്ടാസ്സഹദേവനെ യാത്രയായ്
ഭ്രാതാക്കളം നായും തുണയാം കുന്തീപുത്രൻ യുധിഷ്ഠിരൻ. 11

കൃഷ്ണയും പാണ്ഡവസഹദേവനും വീണു കണ്ടതിൽ
ആർത്തൻ ബന്ധുപ്രിയൻ ശൂരൻ നകുലൻ വീണിതങ്ങനെ. 12

ആ വീരൻ നകുലൻ ചാരുദർശനൻ വീണവാറുടൻ
വീണ്ടും പറഞ്ഞുകൊണ്ടാനാമ്പ് ഭീമൻ രാജാവൊടിങ്ങനെ. 13

ഭീമൻ പറഞ്ഞു

ധർമ്മം കേടുപെട്ടുത്താത്തോൻ ഭ്രാതാവിൻ മൊഴി കേൾപ്പവൻ
പാരിൽ നിസ്തുല്യസൗന്ദര്യൻ നകുലൻ വീണു ഭൂമിയിൽ. 14

വൈശമ്പായനൻ പറഞ്ഞു

എന്നു ഭീമൻ ചൊന്നു കേട്ടമേൽ പറഞ്ഞു യുധിഷ്ഠിരൻ
ധർമ്മാത്മാവാ നകുലനെപ്പററിബ്ബുദ്ധി തികഞ്ഞവൻ. 15

യുധിഷ്ഠിരൻ പറഞ്ഞു

അഴകിന്നെൻ കിടയ്ക്കാരുമില്ലെന്നായ് കാണ്മതുണ്ടിവൻ
ഞാനൊരുത്തൻ മേലെയെന്നുമിവന്നുള്ളിലിരിപ്പതാം. 16

നകുലൻ വീണിതതിനാൽ വൃകോദര, നടക്കെടോ
ആർക്കെന്തു വിഹിതം വീര, ഫലമേല്ക്കുമതിന്നവൻ. 17

വൈശമ്പായനൻ പറഞ്ഞു

അവർ വീണതു കണ്ടിട്ടു പാണ്ഡവൻ ശ്വേതവാഹനൻ
ശോകസന്തപ്തനായ് വീണു പിന്നെശ്ശത്രുനിഷൂദനൻ. 18

പുരുഷവ്യാഘ്രനാശ്ശക്രവീര്യനങ്ങനെ വീണുടൻ
ദുരാധർഷൻ മരിക്കുമ്പോൾ ഭീമൻ രാജാവൊടോതിനാൻ. 19

ഭീമൻ പറഞ്ഞു

ഓർമ്മയില്ലീ മഹാത്മാവിന്നനൃതം കളിയിങ്കലും
ഇവൻ ഭൂമിയിൽ വീണെന്നതെന്തിന്നുള്ള വികാരമാം? 20

യുധിഷ്ഠിരൻ പറഞ്ഞു

ഒററപ്പകൽക്കരികളെച്ചുടാമെന്നോതിയർജ്ജുനൻ
ചെയ്തീലതീശ്ശൂരമാനിയതിനാൽ വീണതാണിവൻ. 21

അവമാനിച്ചു വില്ലാളികളെയൊട്ടുക്കു ഫൽഗുനൻ;
അവ്വണ്ണമാണി,തവ്വണ്ണം ചെയ്യൊല്ലൈശ്വര്യമോപ്പവൻ. 22

വൈശമ്പായനൻ പറഞ്ഞു

എന്നുരച്ചു നടന്നാനാമ്പ് ഭൂപൻ വീണിതു ഭീമനും
വീണ ഭീമൻ ധർമ്മരാജയുധിഷ്ഠിരനൊടോതിനാൻ. 23

ഭീമൻ പറഞ്ഞു

ഹേ ഹേ, രാജേന്ദ്ര, നീ നോക്കു വീണു നിന്നിഷ്ടനായ ഞാൻ
ഞാനെന്തേ വീണതതുമിങ്ങറികിൽ പറയേണമേ. 24

യുധിഷ്ഠിരൻ പറഞ്ഞു

ഭവാനധികമുണ്ടീടു, മൂക്കിനും മേനി ചൊല്ലിടും

മററൊരുത്തനെ നോക്കാതെയതിനാൽപ്പാർത്ഥ, വീണു നീ. 25

വൈശമ്പായനൻ പറഞ്ഞു

എന്നോതിപ്പോയിയവനെ നോക്കീടാതെ മഹാഭുജൻ
പലവട്ടം ചൊന്നൊരൊരൊററ നായും പിന്നാലെ പോയിതേ. 26

3. യുധിഷ്ഠിരസ്വർഗ്ഗാരോഹണം

ഇന്ദ്രൻ പ്രത്യക്ഷപ്പെട്ട് ധർമ്മപുത്രനെ സ്വർഗ്ഗത്തിലേക്കു ക്ഷണിക്കുന്നു. പട്ടിയെക്കൂടാതെ താൻ സ്വർഗ്ഗത്തിലേക്കില്ലെന്നു ധർമ്മപുത്രൻ ശാഠ്യംപിടിക്കുന്നു. പട്ടി ധർമ്മരാജാവിൻെറ രൂപം കൈക്കൊണ്ട് ധർമ്മപുത്രരുടെ ധർമ്മനിഷ്ഠയെ പുകഴ്ത്തുന്നു. സ്വർഗ്ഗത്തിലെത്തിയ ധർമ്മപുത്രൻ ഭീമാർജ്ജുനാദികളെ അവിടെയെങ്ങും കാണായ്കയാൽ, അവരുള്ള ദിക്കിൽ മാത്രമേ താൻ താമസിക്കയുള്ളുവെന്നും തന്നെ അങ്ങോട്ടേക്കു കൊണ്ടുപോകണമെന്നും പറയുന്നു.

വൈശമ്പായനൻ പറഞ്ഞു

പരം ഭൂവംബരം ദിക്കും മുഴക്കിക്കൊണ്ടു വാസവൻ
എത്തിനാൻ തേരുമായ് കേറാമെന്നും പാർത്ഥനൊടോതിനാൻ. 1

ഭ്രാതാക്കൾ വീണതായ്ക്കണ്ടു ധർമ്മരാജൻ യുധിഷ്ഠിരൻ
ശോകസന്തപ്തനായ് ചൊല്ലീ സഹസ്രാക്ഷനൊടിങ്ങനെ. 2

യുധിഷ്ഠിരൻ പറഞ്ഞു

എൻ തമ്പിമാർ വീണുപോയിതെന്നൊപ്പമവർ പോരണം
ഭ്രാതാക്കളെന്ന്യേ വിണ്ണേറാനിച്ഛിക്കാ ഞാൻ സുരേശ്വര! 3

സുകുമാരി സുഖാർഹ്രവം രാജപുത്രി പുരന്ദര!
ഞങ്ങളൊത്തവൾ പോരേണമതങ്ങനുവദിക്കണം. 4

ഇന്ദ്രൻ പറഞ്ഞു

വിണ്ണിൽ ഭ്രാതാക്കളെക്കാണാം മുൻ വിണ്ണേറിയ കൂട്ടരെ
കൃഷ്ണയൊന്നിച്ചേവരേയും മാഴ്കേണ്ടാ ഭരതർഷഭ! 5

അവർ മർത്ത്യശരീരത്തെ വിട്ടെത്തീ ഭരതർഷഭ!
അങ്ങയ്ക്കീയുടലോടെത്താം വിണ്ണിലില്ലൊരു സംശയം. 6

യുധിഷ്ഠിരൻ പറഞ്ഞു

ഈ നായും ഭൂതഭവ്യേശ, നിത്യമെൻ കൂറെഴുന്നതാം
ഇവൻ പോരേണമെന്നൊപ്പമെൻ ബുദ്ധിയനൃശംസയാം. 7

ഇന്ദ്രൻ പറഞ്ഞു

അമർത്ത്യത്വം നൃപതേ, മത്സമത്വം
മുററും ശ്രീയും വൻപെഴും സിദ്ധിയും നീ
നേടുന്നല്ലോ സ്വർഗ്ഗസൗഖ്യങ്ങളും നീ
വിട്ടു നായേച്ചെററുമില്ലാ നൃശംസം*. 8

---

* നൃശംസം = ക്രൂരത; നിർദ്ദയത്വം.

യുധിഷ്ഠിരൻ പറഞ്ഞു

അനാര്യമാര്യന്നു സഹസ്രനേത്ര!
ചെയ്യെന്നതോ ദുഷ്ക്കരമാണിതാര്യ!
ശ്രീയോടെനിക്കങ്ങനെ വേണ്ട യോഗ–
മതിന്നായിബ്ഭക്തനെത്തള്ളുകെങ്കിൽ. 9

ഇന്ദ്രൻ പറഞ്ഞു

നായ്ക്കാക്കില്ലാ സ്വർഗ്ഗലോകത്തു വാസ–
മിഷ്ടാപൂർത്തം ക്രോധവശാളി നേടും
പരം നിനച്ചും ചെയ്യെടോ ധർമ്മരാജ!
വിട്ടു നായെച്ചെററുമില്ലാ നൃശംസം. 10

യുധിഷ്ഠിരൻ പറഞ്ഞു

ഭക്തത്യാഗം ചൊൽവിതത്യന്തപാപം
ലോകത്തിങ്കൽ ബ്രഹ്മഹത്യയ്ക്കു തുല്യം
എന്നാലോ ഞാനെന്തുവന്നാലുമിപ്പോൾ
വിടാ നായെ സ്വസുഖത്തിന്നു ശക്ര! 11

ഭീതൻ ഭക്തൻ വേറെയില്ലാത്തൊരാർത്തൻ
വന്നോൻ ക്ഷീണൻ പ്രാണരക്ഷാർത്ഥിയേ ഞാൻ
പ്രാണത്യാഗം ചെയ്കിലും കൈവിടാനായ്
നോക്കില്ലെനിക്കിതു നിത്യം വ്രതം താൻ. 12

ഇന്ദ്രൻ പറഞ്ഞു

നായ് കണ്ടതാ ക്രോധവശാളി നേടു–
മിഷ്ടം ദത്തം വിവൃതംതാൻ ഹുതംതാൻ
എന്നാലീ നായിനെ നീ വിട്ടുകൊൾക
നായേ ത്യജിച്ചാൽ കിട്ടുമേ ദേവലോകം. 13

ഭ്രാതാക്കളെ പ്രിയയാം കൃഷ്ണയേയും
വിട്ടേല്ലൊ നീ കർമ്മവഴിക്കു ലോകം
ഈ നായിനേ വീര, വിടാത്തതെന്തേ
ത്യാഗം മുററും ചെയ്തു മോഹിക്കയെന്നോ? 14

യുധിഷ്ഠിരൻ പറഞ്ഞു

മൃതന്മാരായ് സന്ധിയില്ലില്ല പോരി–
ല്ലെന്നാണല്ലോ ലോകഭേദത്തിൽ നിഷ്ഠ
എനിക്കാവില്ലവരിൽജ്ജീവനേകാ–
നതേ ത്യജിച്ചേൻ ജീവനുള്ളപ്പൊളല്ലാ. 15

ഭീതിപ്രദാനം ശരണാഗതന്നു
നാരീവധം ബ്രാഹ്മണസ്വാപഹാരം
മിത്രദ്രോഹം നാലിവ ശക്ര, ഭക്ത–
ത്യാഗം താനും തുല്യമെന്നെന്റെ പക്ഷം. 16

വൈശമ്പായനൻ പറഞ്ഞു

ആ ധർമ്മരാജന്റെ വചസ്സു കേട്ട
ധർമ്മസ്വരൂപൻ ഭഗവാൻ പറഞ്ഞു
യുധിഷ്ഠിരക്ഷോണിപനോടു പാരം
സമ്പ്രീതനായ് നല്ല വാക്കാൽ പുകഴ്ത്തി. 17

ധർമ്മരാജൻ പറഞ്ഞു

അച്ഛന്നു ചേർന്നോൻ നീ രാജൻ, വൃത്തത്താൽ മേധയാലുമേ
സർവ്വജീവിയിലും ഭാരതേന്ദ്ര,യീക്കനിവാലുമേ. 18
മുന്നം ദ്വൈതവനത്തുണ്ണീ, പരീക്ഷിച്ചിതു നിന്നെ ഞാൻ
വെള്ളത്തിന്നായ് വിക്രമിച്ച നിൻ തമ്പികൾ പതിച്ചനാൾ. 19
അതിൽ ഭ്രാതാക്കളാം ഭീമാർജ്ജുനന്മാരെ വെടിഞ്ഞു നീ
മാതൃസാമ്യാർത്ഥി നകുലൻ ജീവിപ്പാനാഗ്രഹിച്ചതേ. 20
ഈ നായ് നിൻ ഭക്തനെന്നോർത്തു വിട്ടു ദേവരഥത്തെ നീ
എന്നാൽ സ്വർഗ്ഗത്തു നിൻ തുല്യനാരുമില്ലാ നരാധിപ! 21
നിനക്കക്ഷയലോകങ്ങളുടലോടൊത്തു ഭാരത!
ദിവ്യയാം മുഖ്യഗതിയെ നീ നേടീ ഭരതർഷഭ! 22

വൈശമ്പായനൻ പറഞ്ഞു

പിന്നെദ്ധർമ്മൻ ശക്രനേവം മരുദശ്വികളങ്ങനെ
ദേവർഷിമാർ ദേവകളും തേരേററിപ്പാണ്ഡുപുത്രനെ 23
സ്വ വിമാനങ്ങളാൽ പോയീ സിദ്ധന്മാർ കാമചാരികൾ
മുററും രജോഹീനർ പുണ്യർ പുണ്യവാക്ബുദ്ധികർമ്മികൾ. 24
ആ രാജാവാത്തേരിലങ്ങു കേറിക്കുരുകുലോദ്വഹൻ
ഭൂവാകാശങ്ങൾ തേജസ്സാൽ വിങ്ങി മേല്പോട്ടു പൊങ്ങിനാൻ. 25
അപ്പോൾ വാനോക്കിടയിലായ് നാരദൻ ലോകവിത്തമൻ
വൻത പസ്വി ബൃഹദ്വാദിയുച്ചത്തിൽ ചൊല്ലിയിങ്ങനെ. 26

നാരദൻ പറഞ്ഞു

മുററും രാജർഷിമാരില്ലേ വന്നിട്ടുണ്ടവരൊക്കയും
അവർക്കെഴും കീർത്തി മൂടി മേൽ നില്പൂ കുരുമന്നവൻ. 27
ലോകം നിറഞ്ഞു പുകഴാൽ തേജസ്സാൽ വൃത്തിയാലുമേ
ഉടലോടേ വന്നറിവീലന്യൻ പാണ്ഡവനെന്നിയേ. 28
വിഭോ, നീ മന്നിൽ നില്ക്കുമ്പോൾ തേജസ്സായ്ക്കണ്ടിരുന്നവ
വിണ്ണിൽ വിണ്ണോർ മന്ദിരങ്ങളിവ കാൺകസംഖ്യമേ. 29

വൈശമ്പായനൻ പറഞ്ഞു

നാരദൻ ചൊന്നതായ്ക്കേട്ടു ചൊന്നാൻ മന്നവനിങ്ങനെ
വാനോരൊടും ധർമ്മശീലൻ സ്വപക്ഷോർവ്വീശനോടുമേ. 30
"നല്ലതോ ചീത്തയോ ഭ്രാതാക്കൾക്കുള്ളിടമെനിക്കുമാം
അങ്ങു ചെൽവാനാഗ്രഹിപ്പേൻ മററു ലോകങ്ങൾ വേണ്ട മേ." 31

രാജാവിൻ വാക്കു കേട്ടിട്ടു ദേവരാജൻ പുരന്ദരൻ.
ആനൃശംസ്യാന്വിതം ചൊല്ലീ യുധിഷ്ഠിരനൊടുത്തരം. 32

ഇന്ദ്രൻ പറഞ്ഞു

ഈ സ്ഥാനം വാഴ്ക രാജേന്ദ്ര, സ്വകർമ്മശുഭമൊത്തു നീ
എന്തിപ്പൊഴും മാനുഷമാം സ്നേഹമിട്ടു വലിപ്പു നീ? 33
മററാരുമെങ്ങും നേടാത്തപ്പരയാം സിദ്ധി നേടി നീ
ഈ സ്ഥാനമെത്തീട്ടില്ലാ നിൻ തമ്പിമാർ കുരുനന്ദന! 34
ഇപ്പോഴും മാനുഷം ഭാവം നിന്നിൽത്തട്ടുന്നു മന്നവ!
ഇതോ സ്വർഗ്ഗം കാണ്ക വിണ്ണിൽ സിദ്ധദേവർഷിമാർകളെ. 35

വൈശമ്പായനൻ പറഞ്ഞു

ഏവം ചൊല്ലും ദേവരാജസ്വാമിയോടു യുധിഷ്ഠിരൻ
ധീമാൻ പൊരുളെഴും ശ്ലാഘ്യവാക്കോതീ വീണ്ടുമിങ്ങനെ. 36

യുധിഷ്ഠിരൻ പറഞ്ഞു

അവർ കൂടാതിങ്ങു വാഴ്വാൻ ഞാനില്ലസുരസൂദന!
എൻ തമ്പിമാരുള്ളിടത്തു പോകാനിച്ഛിച്ചിടുന്നു ഞാൻ. 37
എങ്ങുണ്ടോ ബൃഹതി[1] ശ്യാമ[2] ബുദ്ധിസത്ത്വഗുണാഢ്യയാം
നാരീപ്രവര, പാഞ്ചാലിയെനിക്കും ഗതിയങ്ങുതാൻ. 38

1 ബൃഹതി = നല്ല പൊക്കവും വണ്ണവുമുള്ളവൾ. 2 ശ്യാമ = കറുത്ത നിറമുള്ളവൾ.

സ്വർഗ്ഗാരോഹണികപർവ്വം

സ്വർഗ്ഗാരോഹണപർവ്വം

നാരായണനെയും സാക്ഷാൽ നരനാം നരനേയുമേ
സരസ്വതീദേവിയേയും നമിച്ചു ജയമോതുക.

1. ദുര്യോധനാദിദർശനം

സ്വർഗ്ഗത്തിൽ ദുര്യോധനൻ വലിയ പദവിയിൽ സിംഹാസനത്തിൽ ഇരിക്കുന്നതു് ധർമ്മപുത്രൻ കാണുന്നു. കൗരവജ്യേഷ്ഠൻെറ ആ ഉൽകർഷം കണ്ടു സഹിക്കാൻ കഴിയാതെ പാണ്ഡവജ്യേഷ്ഠൻ യാദൃച്ഛികമായി കണ്ടുമുട്ടിയ നാരദനോടു് തൻെറ സഹോദരന്മാരെ കണ്ടാൽക്കൊള്ളാമെന്നു പറയുന്നു.

ജനമേജയൻ പറഞ്ഞു

ത്രിവിഷ്ടപം* സ്വർഗ്ഗമണഞ്ഞെൻെറ പൂർവ്വപിതാമഹർ
പുക്കതേതേതിടം പാണ്ഡുപുത്രരും ധാർത്തരാഷ്ട്രരും? 1

ഇതു കേൾപ്പാൻ മോഹമെനിക്കുണ്ടു സർവ്വജ്ഞനെന്മതം
അത്ഭുതക്രിയനാം വ്യാസമുനീന്ദ്രൻെറയനുഗ്രഹാൽ. 2

വൈശമ്പായനൻ പറഞ്ഞു

ത്രിവിഷ്ടപം സ്വർഗ്ഗമെത്തി നിൻെറ പൂർവ്വപിതാമഹർ
യുധിഷ്ഠിരപ്രഭൃതികൾ ചെയ്തതെന്തെന്നു കേൾക്ക നീ. 3

ത്രിവിഷ്ടപം സ്വർഗ്ഗമെത്തിദ്ധർമ്മരാജൻ യുധിഷ്ഠിരൻ
ശ്രീയാണ്ടു ദുര്യോധനനെക്കണ്ടു സിംഹാസനത്തിലായ്. 4

സൂര്യനെപ്പോലെ വിലസി വീരലക്ഷ്മീവിലാസിയായ്
വിളങ്ങും പുണ്യകർമ്മാക്കൾ വാനോർ സാദ്ധ്യർകളൊത്തുതാൻ. 5

കണ്ടു ദുര്യോധനനെയങ്ങമർഷിച്ചു യുധിഷ്ഠിരൻ
ദുര്യോധനനിലാ ശ്രീ കണ്ടുടനേ പിൻതിരിച്ചുതേ. 6

ഉച്ചത്തിലവരോടോതീ "ലോകങ്ങൾക്കാശയില്ല മേ
അദീർഘദർശിയാം ലുബ്ധൻ ദുര്യോധനനൊടൊപ്പമേ. 7

ഇവൻമൂലം ഭൂമിയൊക്കസ്സുഹൃൽബ്ബാന്ധവരേയുമേ
മുൻ കാട്ടിൽ ക്ലിഷ്ടർ നാം പോരിലൂക്കിൽ കൊല്ലേണ്ടിവന്നതാം.

പാഞ്ചാലി ദ്രൗപദി സഭാമദ്ധ്യത്തിൽദ്ധർമ്മചാരിണി
ഗുരുമുന്നിൽ ക്ലിഷ്ടയായീ നല്ലോരം നമ്മുടെ പതിയാം. 9

ഈദ്ദുര്യോധനനെക്കാണ്മാൻ കാമമില്ലിങ്ങു വിണ്ണരേ!

---

* ത്രിവിഷ്ടപം=മൂന്നാമത്തെ ലോകം.

എങ്ങെൻ ഭ്രാതാക്കളെവിടെപ്പോകാനിച്ഛിച്ചിടുന്നു ഞാൻ.'' 10
അതു വേണ്ടെന്നവനൊടു ചിരിച്ചരുളി നാരദൻ.

നാരദൻ പറഞ്ഞു

രാജേന്ദ്ര, സ്വർഗ്ഗവാസത്തിൽ നശിക്കുന്നു വിരോധവും 11
യുധിഷ്ഠിര, മഹാബാഹോ, ചൊല്ലൊല്ലിമ്മട്ടൊരിക്കലും
ദുര്യോധനക്ഷിതിപനെപ്പററിയെന്മൊഴി കേൾക്ക നീ. 12
പൂജിക്കുന്നുണ്ടിതാ ദുര്യോധനരാജനെ വിണ്ണവർ
സ്വർഗ്ഗം വാഴുന്ന സത്തുക്കൾ രാജവര്യരുമങ്ങനെ 13
പോരിൽ ദേഹത്തെ ഹോമിച്ചു വീരലോകത്തിലാംവിധം.
വാനോർക്കൊക്കും നിങ്ങളെയിങ്ങെല്ലാം പോരിലണച്ചവൻ 14
ആയിവൻ ക്ഷത്രധർമ്മത്താലീ സ്ഥാനത്തിനെ നേടിനാൻ.
മഹാഭയത്തിലും പേടി തേടാത്തബ്ഭൂപനാണിവൻ 15
അതുള്ളിൽ വെച്ചിടൊല്ലുണ്ണീ, ചൂതിലുണ്ടായതങ്ങനെ.
ആപ്പാഞ്ചാലീപരിക്ലേശം ചിന്തിച്ചീടരുതിങ്ങു നീ 16
മററും ജ്ഞാതികൃതം നിങ്ങൾക്കാപ്പെട്ടാ ക്ലേശജാലവും;
പോരിലും മററുമുണ്ടായതൊന്നുമിങ്ങോർത്തിടൊല്ല നീ. 17
ദുര്യോധനക്ഷിതിപനായ്ച്ചേർന്നു ന്യായപ്രകാരമേ
സ്വർഗ്ഗമാണിതു വൈരങ്ങളിങ്ങില്ലാ മനുജാധിപ! 18

വൈശമ്പായനൻ പറഞ്ഞു

എന്നാ ശ്രീനാരദൻ ചൊന്ന കുരുരാജൻ യുധിഷ്ഠിരൻ
മേധാവിയനുജന്മാരെപ്പററി ചോദിച്ചിതോതിനാൻ. 19

യുധിഷ്ഠിരൻ പറഞ്ഞു

ദുര്യോധനന്നുമീ നിത്യവീരലോകങ്ങളെങ്കിലോ
ഭൂമീസുഹൃൽദ്രോഹി പാപിക്കധർമ്മജ്ഞന്നു കേവലം— 20
ആനയാളശ്വമൊത്തൂഴി മുടിയാൻ മൂലമാണിവൻ
പകവീട്ടാനുന്നി മന്യുവേന്തി നാം വെന്നതിന്നുമേ— 21
ആ മഹാത്മാക്കൾ വീരന്മാരെൻ തമ്പികൾ മഹാവ്രതർ
സത്യപ്രതിജ്ഞരുലകിൽ ശൂരന്മാർ സത്യവാദികൾ 22
അവർക്കിങ്ങേതു ലോകങ്ങളവരെക്കാണണം മമ.
കുന്തീപുത്രൻ സത്യനിഷ്ഠൻ വൻപനാം കർണ്ണനേയുമേ 23
ശൈനേയനെപ്പാർഷതനെ പാർഷതാത്മജരേയുമേ
ക്ഷത്രധർമ്മത്തിനാൽ ശസ്ത്രഹതരാം മന്നരേയുമേ. 24
ആ മന്നോരെങ്ങുവാൻ ബ്രഹ്മൻ, കാണ്മീലവരെ നാരദ!
വിരാടദ്രുപദന്മാരെദ്ധൃഷ്ടകേതുപ്രധാനരെ. 25
ശിഖണ്ഡി പാഞ്ചാല്യനെയും ദ്രൗപദീപുത്രരേയുമേ
ദുർദ്ധർഷസൗഭദ്രനെയും കാണ്മാനിച്ഛിപ്പു നാരദ! 26

2. യുധിഷ്ഠിരൻെറ നരകദർശനം

ധർമ്മപുത്രരാവശ്യപ്പെട്ടതനുസരിച്ച് ഇന്ദ്രൻ ഭീമസേനാദികൾ കിടക്കുന്ന ദിക്കു കാണിക്കാൻ ഒരു ദേവദൂതനെ ഏർപ്പാടു ചെയ്യുന്നു. മായാനരകദർശനം. നരകത്തിൽ സഹോദരന്മാരുടെ ദീനാക്രന്ദനം കേട്ട്, താൻ അവിടെനിന്നു തിരികെ വരുന്നില്ലെന്ന് ഇന്ദ്രനോടു പറയാനായി ധർമ്മപുത്രൻ ദൂതനെ തിരികെ അയയ്ക്കുന്നു. ധർമ്മപുത്രൻ അനുജന്മാരോടൊത്ത് അവിടെത്തന്നെ കഴിച്ചുകൂട്ടാൻ തീരുമാനിക്കുന്നു.

യുധിഷ്ഠിരൻ പറഞ്ഞു

വിബുധന്മാർകളെക്കാണ്മീലിങ്ങത്യൗജസ്വി കർണ്ണനെ
യുധാമന്യൂത്തമൗജസ്സീ യോഗ്യഭ്രാതാക്കളേയുമേ. 1

യുദ്ധത്തീയിൽ ശരീരത്തെ ഹോമം ചെയ്ത രഥീന്ദ്രരെ
എനിക്കായടരിൽ ചത്ത മന്നോർ മന്നോർകുമാരരെ 2

രഥീന്ദ്രരവരെല്ലാരുമെങ്ങു ശാർദ്ദൂലവിക്രമർ
ഈ ലോകമവരും നേടിയില്ലയോ പുരുഷോത്തമർ? 3

ആ മഹാരഥരെല്ലാരുമീ ലോകം നേടി വാഴ്കിൽ
ആ മഹാത്മാക്കളോടൊപ്പം വിണ്ണോരേ, വാഴ്വനിങ്ങു ഞാൻ. 4

ആ മന്നോരക്ഷയശ്ശുഭമീ ലോകം നേടിടായ്കിലോ
ആ ഭ്രാതൃജ്ഞാതിവീരന്മാരില്ലാതേ വാഴ്കയില്ല ഞാൻ. 5

ഉദകക്രിയ ചെയ്യുമ്പോളമ്മ ചൊന്നതു കേട്ടതിൽ
കർണ്ണന്നു ചെയ്യുകുദകമെന്നതോർത്തുതാപിച്ചു ഞാൻ. 6

ഇതുമോർത്തുതാപിക്കുന്നേൻ വീണ്ടും വീണ്ടുമമർത്ത്യരേ!
ആ വൻപൻതൻ കാലടികളമ്മയ്ക്കുള്ളതു പോലവേ 7

കണ്ടപ്പോളരിസംഹാരി കർണ്ണനായ്ച്ചേർന്നിടായ്കയാൽ.
ഇന്ദ്രനും പോരിൽ വെല്ലില്ലാ കർണ്ണനോടൊത്ത ഞങ്ങളെ 8

അവനെങ്ങവിടെച്ചെന്നു കാണ്മേനാസ്സൂര്യസൂനുവെ.
ഞാൻ സവ്യസാചിയാൽ കൊല്ലിച്ചോനെപ്പിന്നെയറിഞ്ഞു– [ഞാൻ

പ്രാണനെക്കാരം പ്രിയപ്പെട്ട ഭീമവിക്രമഭീമനെ
ഇന്ദ്രാഭനാമർജ്ജുനനെ യമാഭർ യമരേയുമേ 10

ധർമ്മിഷ്ഠയാം കൃഷ്ണയേയും കാണ്മാനുണ്ടാഗ്രഹിപ്പു ഞാൻ.
ഇങ്ങു വാഴ്വാൻ മോഹമില്ലാ സത്യം നിങ്ങളൊടോതിടാം 11

ഭ്രാതാക്കളോടുകൂടാതീ സ്വർഗ്ഗമെന്തിന്നമർത്ത്യരേ!
അവരെങ്ങതുതാൻ സ്വർഗ്ഗം സ്വർഗ്ഗമല്ലിതിതെന്മതം. 12

ദേവകൾ പറഞ്ഞു

അങ്ങയ്ക്കതിൽ ശ്രദ്ധയെങ്കിൽ മകനേ, പോക വൈകൊലാ
നിന്നിഷ്ടപ്പടി നില്പൂ നാം ദേവരാജൻെറയാജ്ഞയാൽ. 13

വൈശമ്പായനൻ പറഞ്ഞു

വാനോരിതവനോടോതിക്കല്പിച്ചു ദേവദൂതനെ
കാട്ടു യുധിഷ്ഠിരന്നിഷ്ടന്മാരെയെന്നും പരന്തപ! 14

കൗന്തേയരാജനും പിന്നെ നടന്നൂ ദേവദൂതനും
രാജശാർദ്ദൂല, സമമാപ്പുരുഷർഷഭരുള്ളിടം. 15
ദേവദൂതൻ മുൻ നടന്നൂ രാജാവവനു പിൻപുറം
പാപം ചെയ്യുവർ സേവിക്കുമശുഭം ദുർഗ്ഗമാം വഴി 16
ഘോരമായ്ക്കൂരിരുട്ടാണ്ടു മുടിച്ചുണ്ടി കലർന്നഹോ!
മാംസച്ചോരച്ചേറു കെട്ടിപ്പാപിദുർഗ്ഗന്ധമേന്തിയും 17
കടന്നൽ പാഞ്ഞു കീടങ്ങൾ കൊതുകീച്ചകൾ കൂടിയും
അങ്ങുമിങ്ങും ശവനിര ചിന്നിച്ചിതറിയും പരം 18
എല്ലും മുടികളും ചിന്നിക്കൃമികീടങ്ങൾ കൂടിയും
ചുറ്റും ചിന്നിപ്പടർന്നാളിച്ചെന്തീ കത്തിയെരിഞ്ഞുമേ 19
ഇരുമ്പുകൊക്കുള്ള കൊക്കു കഴുകീവക പാഞ്ഞുമേ
സൂചീമുഖങ്ങളും വിന്ധ്യംപോലെ ചിന്നിശ്ശവാചിതം* 20
ചോര മേദസ്സുമായ് പാണി തുട കൈത്തണ്ടുമറ്റവ
വയർ കാലും മുറിച്ചിട്ടുമങ്ങുമിങ്ങും പിടച്ചുമേ 21
ആ മാർഗ്ഗം ശവദുർഗ്ഗന്ധമശിവം രോമഹർഷണം.
നടുവേ ചെന്ന ധർമ്മാത്മവരചൻ പലതോർപ്പവൻ 22
ചുടുവെള്ളം നിറഞ്ഞുള്ള പുഴയും കണ്ടു ദുർഗ്ഗമം.
കൂർത്ത കത്തി നിറഞ്ഞുള്ളോരസിപത്രവനത്തെയും 23
പഴുത്ത വെണ്മണൽനിരപ്പിരുമ്പിൻപാറ വേറെയും
ചുറ്റുമിട്ടു തിളപ്പിക്കും ലോഹകുംഭങ്ങളേയുമേ 24
കടുമുള്ളായ് തൊടാവല്ലാക്കൂടശാല്മലിയേയുമേ
പാപികൾക്കാം യാതനകൾ കണ്ടു കുന്തീകുമാരകൻ. 25
ആദ്ദുർഗ്ഗം പാർത്തു കണ്ടോതീ ദേവദൂതനൊടായവൻ:
"നമ്മളിമ്മട്ടുള്ള വഴിയിനിയെത്രയ്ക്കു പോകണം? 26
എങ്ങെൻ ഭ്രാതാക്കളവരെന്നതുമെന്നോടു ചൊല്ലു നീ
ദേവകൾക്കീ ദേശമേതെന്നതും കേൾപ്പാനൊരാഗ്രഹം." 27
പിൻതിരിഞ്ഞൂ ധർമ്മരാജൻ ചൊന്നൊരാ വാക്കു കേട്ടവൻ
ഇവനോടാദ്ദേവദൂതൻ ചൊല്ലീ "നിൻ ഗതിയിത്രതാൻ. 28
ഞാൻ തിരിപ്പിക്കേണമിനിയെന്നത്രേ ദേവകല്പന
രാജേന്ദ്ര, നീ തളർന്നെങ്കിലിനിയിങ്ങോട്ടു പോരിക." 29
യുധിഷ്ഠിരൻ വെറുപ്പോടുമാദ്ഗന്ധംകൊണ്ടുഴന്നവൻ
തിരിക്കുവാൻ തീർച്ചയാക്കിപ്പിൻതിരിഞ്ഞിതു ഭാരത! 30
തിരിച്ചോരാദ്ധർമ്മശീലൻ ദുഃഖശോകങ്ങളാണ്ടവൻ
അവിടെദ്ദീനർ ചൊല്ലീടും വാക്കു കേട്ടിതു ചുറ്റുമേ. 31
"ഹേ ഹേ, ധർമ്മജ, രാജർഷേ, പുണ്യാഭിജന, പാണ്ഡവ!
ഞങ്ങൾക്കനുഗ്രഹത്തിന്നായ്ക്കുറച്ചോരിട നില്ക്കണേ! 32

* ശവാചിതം = ശവങ്ങൾ പരന്നുകിടക്കുന്നതു്.

ദുർദ്ധർഷൻ നീ വരുന്നേരം വീശുന്നു പുണ്യമാരുതൻ
താത, നിൻ ഗന്ധമൊടതിൽ ഞങ്ങൾക്കു സുഖമുണ്ടിതിൽ. 33
ആ ഞങ്ങൾ പാർത്ഥ, വളരെനാൾക്കുള്ളിൽ പുരുഷർഷഭ!
ശുഭമേല്ക്കുന്നുണ്ടു നിന്നെക്കണ്ടിട്ടു നൃപസത്തമ! 34
നിന്നുകൊൾക മഹാബാഹോ, കുറച്ചൊരിട ഭാരത!
കൗരവ്യ, നീ നില്ക്കിൽ ഞങ്ങൾക്കേല്പീലാ തീവ്രവേദന.'' 35
ഏവം പലതരം വേദനാർത്തന്മാർ കൃപണോക്തികൾ*
ആ സ്ഥലത്തെങ്ങുമേ ചൊല്ലുന്നതു കേട്ടിതു മന്നവ! 36
ആദ്ദീനവാദികളുടെ വാക്കു കേട്ടു കനിഞ്ഞവൻ
അയ്യോ! മഹാകഷ്ടമെന്നു ചൊല്ലി നിന്നു യുധിഷ്ഠിരൻ. 37
അവൻ മുൻപേ കേട്ടറിഞ്ഞുള്ളാ വചസ്സുകൾ വീണ്ടുമേ
അറിഞ്ഞില്ലാ വാടി മാഴ്കുന്നവർ ചൊന്നവ പാണ്ഡവൻ. 38
ആച്ചൊൽകളറിയാഞ്ഞിട്ടാദ്ധർമ്മപുത്രൻ യുധിഷ്ഠിരൻ
ചോദിച്ചു 'നിങ്ങളാരെന്തുകൊണ്ടാണിവിടെ നില്പതും?' 39
എന്നു കേട്ടവരെല്ലാരും ചുററുമൊന്നിച്ചു ചൊല്ലിനാർ:
''കർണ്ണൻ ഞാൻ ഭീമസേനൻ ഞാനർജ്ജുനൻ ഞാനിതാ പ്രഭോ! 40
നകുലൻ സഹദേവൻ ഞാൻ ധൃഷ്ടദ്യുമ്നനിതെന്നുമേ
ദ്രൗപദീദ്രൗപദേയന്മാരെ''ന്നാക്രോശിച്ചിതായവർ. 41
ആദ്ദേശത്തിന്നൊത്തമട്ടാച്ചൊൽകൾ കേട്ടിട്ടു മന്നവ!
ഉടൻ വിചാരിച്ചു നൃപ''നിതെന്തോ ദൈവകല്പിതം? 42
എന്തുവാൻ പാപമാം കർമ്മമീ മഹാത്മാക്കൾ ചെയ്തതും
കർണ്ണനെൻതമ്പികൾ പരം ദ്രൗപദീദ്രൗപദേയരും? 43
ഇവരീപ്പാപദുർഗ്ഗന്ധിക്രൂരദേശത്തു നില്ക്കയാം
ഈപ്പുണ്യകർമ്മാക്കൾക്കാക്കും ഞാനറിഞ്ഞീല ദുഷ്കൃതം. 44
എന്തു ചെയ്തിട്ടാണു ധാർത്തരാഷ്ട്രൻ മന്നൻ സുയോധനൻ
മററും പാപിത്തുണക്കാർകളൊത്തേററം ശ്രീയൊടങ്ങനെ 45
ഇന്ദ്രനെപ്പോലെയായ് ലക്ഷ്മിയൊത്തിരിക്കുന്നു പൂജ്യനായ്?
ഇതെന്തിന്റെ വികാരംതാൻ നരകം വാഴ്വതുണ്ടിവർ 46
സർവ്വധർമ്മജ്ഞർ ശൂരന്മാർ സത്യാഗമപരായണർ
സത്യധർമ്മസ്ഥർ സത്തന്മാർ യജ്വാക്കൾ ബഹുദക്ഷിണർ? 47
ഉറങ്ങീട്ടോ ഞാനുണർന്നോ ചേഷ്ടിച്ചോ ചേഷ്ടിയാതെയോ
അമ്പോയെനിക്കീയുൾമാററം ചിത്തവിഭ്രമമെന്നതോ?'' 48
എന്നു രാജാവു പലതും വിചാരിച്ചു യുധിഷ്ഠിരൻ
ദുഃഖശോകങ്ങളാണ്ടുള്ളോൻ ചിന്താവ്യാകലിതേന്ദ്രിയൻ 49
തീവ്രകോപം പൂണ്ടു പിന്നെദ്ധർമ്മനന്ദനനാം നൃപൻ
ഗർഹിച്ചു ദേവകളെയും ധർമ്മത്തേയും യുധിഷ്ഠിരൻ. 50

* കൃപണോക്തി = ദീനന്മാരുടെ വാക്കു്.

തീവ്രഗന്ധോത്തപ്തനവൻ ദേവദൂതനൊടോതിനാൻ:
"പൊയ്ക്കൊൾക നീയേവരുടെ ദൂതൻ ചൊല്ലുവർമുന്നിൽ നീ 51
ഞാനങ്ങോട്ടേക്കില്ലിവിടെ നില്പാണെന്നുമുരയ്ക്ക നീ;
എന്നാശ്രയാൽ സുഖിപ്പുണ്ടെൻ ഭ്രാതാക്കളഴലാണ്ടവർ." 52
എന്നു ധീമാൻ പാണ്ഡുപുത്രൻ ചൊന്നോനാ ദൂതനപ്പൊഴേ
ദേവരാജൻ ശതമുഖനരുളുന്നിടമെത്തിനാൻ. 53
ഉണർത്തിച്ചീടിനാനങ്ങാധർമ്മരാജചികീർഷിതം
എല്ലാം ധർമ്മസുതൻ ചൊന്നവണ്ണംതന്നെ ജനാധിപ! 54

3. യുധിഷ്ഠിരദേഹത്യാഗം

യുധിഷ്ഠിരന്റെ പരീക്ഷയിൽ സന്തുഷ്ടരായ ഇന്ദ്രനും ധർമ്മരാജനും ആ അജാതശത്രുവിന്റെ മുൻപിൽ പ്രത്യക്ഷപ്പെടുന്നു. മായാനരകദൃശ്യം പെട്ടെന്നു് അപ്രത്യക്ഷമാകുന്നു. ധർമ്മരാജൻ പുത്രനെ പ്രശംസിക്കുന്നു. യുധിഷ്ഠിരൻ ദേവഗംഗയിൽ അവഗാഹനംചെയ്തു ഭൗതികശരീരമുപേക്ഷിച്ചു ദിവ്യസ്ഥാനം പ്രാപിക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

പാർത്ഥനൊട്ടിട നിന്നാറേ ധർമ്മരാജൻ യുധിഷ്ഠിരൻ
കൗരവ്യ, ചെന്നാരവിടെദ്ദേവേന്ദ്രാദികൾ ദേവകൾ. 1
മൂർത്തിമാൻ ധർമ്മനും രാജാവിനെക്കാണുന്നതിന്നുടൻ
യുധിഷ്ഠിരൻ കുരുനൃപൻ നില്ക്കുന്നേടത്തിലെത്തിനാൻ. 2
പുണ്യാഭിജനകർമ്മാക്കൾ ഭാസ്വന്മൂർത്തികളാമവർ.
ആദ്ദേവകളണഞ്ഞപ്പോളിരുട്ടും പോയി മന്നവ! 3
പാപികൾക്കാം യാതനകളവിടെക്കണ്ടീടാതെയായ്.
കൂടശാല്മലിയോടൊപ്പമാ വൈതരണിയാറുമേ 4
കാണാതായീ പേടിയാകും ലോഹകുംഭങ്ങൾ പാറകൾ
വികൃതാകൃതിദേഹങ്ങളവിടെച്ചുററുമങ്ങനെ 5
കുരുരാജൻ കണ്ടിരുന്നതൊന്നും കാണാതെയായിതേ.
ഉടൻ സുഖം തട്ടിടുന്ന പുണ്യഗന്ധശുഭാനിലൻ 6
വീശീ ദേവസമീപത്തിൽ കുളുർക്കുംപടി ഭാരത!
ഇന്ദ്രനൊത്തു മരുത്തുക്കൾ വസുക്കന്മാർകളശ്വികൾ 7
സാദ്ധ്യരുദ്രാദിത്യർകളും പിന്നെ മററുള്ള വിണ്ണരും
ഒട്ടുക്കവിടെ വന്നെത്തീ സിദ്ധന്മാരാം മുനീന്ദ്രരും 8
തേജസ്സേറും ധർമ്മപുത്രമന്നവൻ നിന്നിടുന്നിടം.
പിന്നെശ്ശക്രൻ സുരപതി പരയാം ശ്രീയൊടൊത്തവൻ 9
യുധിഷ്ഠിരനൊടീവണ്ണം സാന്ത്വനം ചെയ്തു ചൊല്ലിനാൻ.

ഇന്ദ്രൻ പറഞ്ഞു

യുധിഷ്ഠിര, മഹാബാഹോ, പ്രീതർ ദേവകൾ നിന്റെമേൽ 10

വരൂ വരൂ നരവ്യാഘ്ര, വിഭോ, ചെയ്തതു പോരുമേ.
സിദ്ധി നേടീ മഹാബാഹോ, നിനക്കക്ഷയലോകമാം 11
മന്യുവുംകൊണ്ടിടൊല്ലങ്ങു കേട്ടുകൊൾകെൻെറയീ മൊഴി.
സർവ്വരാജാക്കളും താത, നരകം കണ്ടിടേണ്ടതാം 12
ശുഭാശുഭങ്ങൾക്കു കൂട്ടം രണ്ടല്ലോ ഭരതർഷഭ!
മുന്നം സുകൃതമേല്ക്കുന്നോൻ നരകം പിന്നെയേല്ക്കണം 13
മുന്നം നരകമേല്ക്കുന്നോൻ പിന്നെ സ്വർഗ്ഗത്തിലെത്തിടും.
അധികം പാതകം ചെയ്തോൻ മുൻപിൽ സ്വർഗ്ഗം ഭുജിച്ചിടും 14
ശ്രേയോർത്ഥി ഞാനതാണേവം നിന്നെയെത്തിച്ചതും നൃപ!
ദ്രോണനിൽ പുത്രനെപ്പററി വ്യാജത്തൊഴിലെടുത്തു നീ 15
വ്യാജത്താൽ നരകം കാട്ടീ നിന്നെ ഞാനതിനാൽ നൃപ!
നീയെമ്മട്ടമ്മട്ടു ഭീമൻ പാർത്ഥൻ യമരുമങ്ങനെ 16
പാഞ്ചാലിയാം കൃഷ്ണതാനും വ്യാജാൽ നരകമേററതാം.
വരൂ നരവ്യാഘ്ര, പാപം വിട്ടൊഴിഞ്ഞീടിനാരവർ 17
നിൻ കൂററുകാരായടരിൽ മരിച്ച നൃപരില്ലയോ
അവരൊക്കെ സ്വർഗ്ഗമെത്തീ കാൺക നീ ഭരതർഷഭ! 18
ആ മഹേഷ്വാസനാം* കർണ്ണൻ സർവ്വശസ്ത്രധരോത്തമൻ
വൻ സിദ്ധി നേടിയവനെപ്പററിയല്ലല്ലി കേഴ്വു നീ? 19
ആ നരവ്യാഘ്രനെക്കാൺക വിഭോ, സൂര്യകുമാരനെ
സ്വസ്ഥാനത്തിൽ മഹാബാഹോ, ശോകം പോക്കു നരർഷഭ! 20
ഭ്രാതാക്കളെക്കാൺക മററും തൻ കൂററാർ മന്നരേയുമേ
സ്വസ്ഥാനത്തിങ്കൽ നീ തള്ളിക്കളയൂ മാനസജ്ജ്വരം 21
കഷ്ടപ്പാടാദ്യമേററിന്നിമുതല്ക്കു ഭരതർഷഭ!
വിഹരിച്ചാലുമെന്നൊപ്പം ശോകമററു നിരാമയം. 22
ഉണ്ണീ, നേടിയൊരാപ്പുണ്യകർമ്മങ്ങൾക്കും തപസ്സിനും
ദാനങ്ങൾക്കും മഹാബാഹോ, ഫലമേല്ക്കുക പാർത്ഥിവ! 23
ഇന്നു നിന്നെദ്ദേവഗന്ധർവ്വാപ്സരസ്സുകൾ വിണ്ണിലായ്
സേവിക്കട്ടേ മംഗളമായ് വിരജോംബരഭൂഷണർ. 24
ഋദ്ധി കൂടും രാജസൂയജിതലോകങ്ങളെബ്ഭവാൻ
ഏററുകൊൾക മഹാബാഹോ, തപസ്സിൻ വൻഫലത്തെയും. 25
നിൻെറ ലോകങ്ങൾ മന്നോർക്കു മേലെയാണു യുധിഷ്ഠിര!
ഹരിശ്ചന്ദ്രന്മട്ടു പാർത്ഥ, വിഹരിക്കുകവററിൽ നീ. 26
എങ്ങോ രാജർഷി മാന്ധാതാവാബ്ഭഗീരഥരാജനും
ദൗഷ്യന്തിയാം ഭരതനുമങ്ങു നീ വിഹരിക്കെടോ. 27
പാർത്ഥ, മുപ്പാരിനും ശുദ്ധി നല്കുമീപ്പുണ്യയാം നദി
ആകാശഗംഗയിതിൽ നീ മുങ്ങിപ്പോരുക മന്നവ! 28

* മഹേഷ്വാസൻ = വലിയ വില്ലാളി.

ഇതിൽ കുളിച്ചാൽ നിൻ മർത്ത്യഭാവമപ്പോളൊഴിഞ്ഞുപോം
ശോകം വിട്ടായാസമററു വൈരം തീർന്നവനാം ഭവാൻ. 29

വൈശമ്പായനൻ പറഞ്ഞു

വൈശമ്പായനൻ ധർമ്മജനോടേവമിന്ദ്രനരുളവേ
കൗരവേന്ദ്രൻ ധർമ്മജനോടേവമിന്ദ്രനരുളവേ
പ്രത്യക്ഷമൂർത്തിയായു് ധർമ്മൻ തൻെറ പുത്രനൊടോതിനാൻ: 30
പ്രത്യക്ഷമൂർത്തിയായു് ധർമ്മൻ തൻെറ പുത്രനൊടോതിനാൻ
''ഹേ ഹേ! രാജൻ, മഹാപ്രാജ്ഞ, പുത്ര, നിങ്കൽത്തെളിഞ്ഞുഞാൻ
ഭക്തിയാൽ സത്യവാക്യത്താൽ ദമത്താൽ ക്ഷമയാലുമേ. 31
ഭക്തിയാൽ സത്യവാക്യത്താൽ ദമത്താൽ ക്ഷമയാലുമേ.
രാജാവേ, നിൻെറമേൽ മുന്നം പരീക്ഷയിതു ചെയ്തു ഞാൻ
സ്വഭാവാൽ പാർത്ഥ, ഹേതുക്കൾകൊണ്ടിളക്കാവതല്ല നീ. 32
മുന്നം ദ്വൈതവനത്തിങ്കൽ ചെയ്തു പ്രശ്നാൽ പരീക്ഷ ഞാൻ
അരണിക്കെട്ടുകാര്യത്തിലതും കേറിക്കടന്നു നീ. 33
പാഞ്ചാലിയൊത്തു നിൻ തമ്പിമാരും പോയിട്ടു ഭാരത!
നായിൻെറ വേഷമായുണ്ണീ പരീക്ഷിച്ചിതു പിന്നെ ഞാൻ. 34
മൂന്നാമതും സോദരാർത്ഥമിങ്ങുറപ്പിച്ചു പാർപ്പു നീ
വിശുദ്ധൻ നീ മഹാഭാഗ, സുഖി കല്മഷമററവൻ. 35
പാർത്ഥ, നിൻ തമ്പികൾ നരകാർഹരല്ലാ മഹാമതേ!
ഇതിന്ദ്രൻ ദേവരാജാവു കാണിച്ചുള്ളോരു മായയാം. 36
രാജാക്കൾക്കൊക്ക നരകമുണ്ണീ, കാണേണ്ടതാവുതും
അതാണു നീയൊട്ടുനേരമേററതീ ദുഃഖമുൽക്കടം. 37
അർജ്ജുനൻ ഭീമനും പിന്നെ യമരും പുരുഷർഷഭർ
ചിരം നരകമേൽക്കില്ലാ ശൂരൻ നേരുള്ള കർണ്ണനും. 38
നരകം പൂകിടാ രാജപുത്രി കൃഷ്ണ യുധിഷ്ഠിര!
വരു വരു ത്രിപഥഗ* ഗംഗയെക്കാണുക ഭാരത!'' 39
എന്നു കേട്ടിട്ടു രാജർഷി നിൻെറ പൂർവ്വപിതാമഹൻ
ഗമിച്ചു ധർമ്മനും മററു മററും വിണ്ണോരുമൊത്തുതാൻ. 40
ഋഷിമാർ വാഴ്ത്തിടും പുണ്യപാവനീ ദേവഗംഗയിൽ
ഇറങ്ങി രാജാവുടനേ മർത്ത്യദേഹം വെടിഞ്ഞുതേ. 41
പിന്നെദ്ദിവ്യവപുസ്സായിദ്ധർമ്മരാജൻ യുധിഷ്ഠിരൻ
നിർവ്വൈരനസ്തസന്താപനാ വെള്ളത്തിങ്കലാണ്ടവൻ. 42
പിന്നെ വിണ്ണോരൊത്തു പോയീ കുരുരാജൻ യുധിഷ്ഠിരൻ
ധീമാൻ ധർമ്മനൊടൊന്നിച്ചു മുനീന്ദ്രൻ പുകഴുന്നവൻ. 43
ആ നരവ്യാഘ്രർ ശൂരന്മാർ മന്യു തീർന്നവരേവരും
സ്വസ്ഥാനത്തിൽ പാണ്ഡവരും ധാർത്തരാഷ്ട്രരുമുള്ളിടം. 44

---

* ത്രിപഥഗ=മൂന്നു വഴിയേ (സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലും) ഒഴുകുന്നതു്.

4. വാസുദേവാദിദർശനം

ധർമ്മപുത്രൻ സ്വർഗ്ഗത്തിൽ കൃഷ്ണൻ, കർണ്ണൻ മുതലായവരെ കാണുന്നു. യുദ്ധത്തിൽ മരിച്ചുപോയ പാഞ്ചാലീപുത്രന്മാരേയും മററും ഇന്ദ്രൻ ധർമ്മപുത്രക്കു കാണിച്ചുകൊടുക്കുന്നു.

വൈശമ്പായനൻ പറഞ്ഞു

പരം യുധിഷ്ഠിരനൃപൻ മരുൽഗണസുരർഷികരം
പുകഴ്ത്തുമ്മാറെത്തി നാനാ കുരുപുംഗവരുള്ളിടം. 1
അവിടെ ബ്രാഹ്മദേഹത്തിൽ കണ്ടു ഗോവിന്ദനെ സ്വയം
മുൻ കണ്ടിട്ടുള്ള സാദൃശ്യംകൊണ്ടു സൂചിച്ചിടുംപടി. 2
ദീപ്തമാകും വപുസ്സോടും പുരുഷാകൃതി പൂണ്ടഹോ!
ചക്രാദിഘോരദിവ്യാസ്ത്രജാലം സേവിച്ചിടുംപടി. 3
വർച്ചസ്വി ഫൽഗുനൻ വീരനുപാസിക്കുംപ്രകാരമേ
കൗന്തേയനമ്മട്ടു കണ്ടു മധുസൂദനദേവനെ. 4
യുധിഷ്ഠിരനെ നേരിട്ടാപ്പുരുഷവ്യാഘ്രർ കണ്ടുടൻ
സ്വീകരിച്ചു ശരിക്കുള്ള പൂജയാൽ ദേവപൂജിതർ. 5
മറെറാരേടം ശസ്ത്രധരശ്രേഷ്ഠനായോരു കർണ്ണനെ
ദ്വാദശാദിത്യരൊന്നിച്ചു കണ്ടിതാക്കുരുനന്ദനൻ. 6
പിന്നെ മറെറാരിടത്തായി മരുൽഗണമൊടൊപ്പമേ
ആശ്ശരീരത്തൊടും കണ്ടു വിഭുവാം ഭീമസേനനെ, 7
മൂർത്തിമാനാം വായുവിൻെറയരികിൽ ദിവ്യമൂർത്തിയെ
പരയാം ശ്രീയൊത്തു പരസിദ്ധി നേടിയ യോഗ്യനെ. 8
അശ്വികൾക്കരികിൽ സ്വന്തം തേജസ്സാൽ ദീപ്തരായഹോ!
കൗരവൻ കണ്ടു നകുലസഹദേവരെയങ്ങനെ. 9
കണ്ടു പത്മോല്പലമലർമാല ചാർത്തിന കൃഷ്ണയെ
വപുസ്സാൽ വിണ്ണു കയറി നില്പോളെസ്സൂര്യകാന്തിയിൽ. 10
അവളെപ്പററി രാജാവു കേൾപ്പാനുന്നീ യുധിഷ്ഠിരൻ
ദേവേശൻ ഭഗവാനിന്ദ്രനവനോടോതിയപ്പൊഴേ: 11
"ശ്രീദേവി ദ്രൗപദീരൂപാൽ മാനുഷത്വമെടുത്തതാം
ഭവദർത്ഥം ലോകകാന്ത പുണ്യയോനിജ ധർമ്മജ! 12
ശൂലി നിങ്ങൾക്കു രത്യർത്ഥമിവളെത്തീർത്തതാണെടോ
ഭവാന്മാരുപജീവിച്ചാ ദ്രുപദാന്വയജാതയെ. 13
ഇവരൈവർ മഹാഭാഗർ ഗന്ധർവ്വരനലോപമർ
നിങ്ങൾക്കു പാഞ്ചാലി പെററ മക്കളോജസ്വിമാർ നൃപ! 14
കാണ്ക ഗന്ധർവ്വരാജാവാം മനീഷി ധൃതരാഷ്ട്രനെ
ഇവനാകുന്നു നിന്നച്ഛന്നണ്ണനെന്നു ധരിക്ക നീ. 15
ഇതാ നിന്നണ്ണനായോരു കൗന്തേയൻ പാവകപ്രഭൻ

ജ്യേഷ്ഠൻ ശ്രേഷ്ഠൻ സൂര്യപുത്രൻ രാധേയപ്പേർ പുകഴ്ന്നവൻ 16
ആദിത്യതുല്യൻ പോകുന്നു കാണ്കീപ്പുരുഷവീരനെ.
സാദ്ധ്യവിശ്വേദേവമരുൽഗണങ്ങളിലതേവിധം 17
രാജേന്ദ്ര, കണ്ടുകൊണ്ടാലും വൃഷ്ണ്യന്ധകരഥീന്ദ്രരെ
ബലിഷ്ഠരെബ്ഭോജരൊത്തു ശൈനേയമുഖവീരരെ. 18
കാണ്കിന്ദുവൊത്തു തോല്ക്കാത്തുള്ളോരു സൗഭദ്രവീരനെ
തിങ്കൾക്കാന്തി കലർന്നോരു വില്ലാളിയഭിമന്യുവെ. 19
ഇതാ പാണ്ഡു മഹേഷ്വാസൻ കുന്തീമാദ്രികളൊത്തവൻ
വിമാനം കേറി നിന്നച്ഛൻ വരുമെന്നും മദന്തികേ. 20
വസുക്കളോടൊത്തു കാണ്ക ഭീഷ്മൻ ശന്തനുപുത്രനെ
വ്യാഴത്തിന്നരികിൽക്കാണ്ക ഗുരുവാം ദ്രോണരേയുമേ. 21
ഇവരും മററു മന്നോരും നിൻ യോധന്മാർകൾ പാണ്ഡവ!
ഗന്ധർവ്വരൊത്തു പോകുന്നു യക്ഷപുണ്യജനത്തൊടും. 22
ഗുഹ്യകന്മാർഗതി ചിലർ നേടിക്കൊണ്ടാർ നരാധിപ!
പുണ്യവാക് ബുദ്ധികർമ്മത്താൽ വിണ്ണാണ്ടോർ മെയ് വെടി—
[ഞ്ഞവർ. 23

5. സ്വർഗ്ഗതിവിവരണം

ഭീഷ്മദ്രോണാദികൾ സ്വർഗ്ഗവാസം കഴിഞ്ഞു് തങ്ങളുടെ സഹജമായ പൂർവ്വാംശങ്ങളോടു ചേരുന്നു. ജനമേജയൻ ഈവക കഥകളെല്ലാം കേട്ടു് സന്തുഷ്ടനായി ഹസ്തിനപുരിയിലെത്തി പ്രജാപാലനം ചെയ്തു സസുഖം വസിക്കുന്നു. മഹാഭാരതമഹിമാനുവർണ്ണനം.

ജനമേജയൻ പറഞ്ഞു

ഭീഷ്മദ്രോണർ മഹാത്മാക്കൾ ധൃതരാഷ്ട്രനരേന്ദ്രനും
വിരാടദ്രുപദന്മാരും ശംഖനുത്തരനങ്ങനെ 1
ധൃഷ്ടകേതു ജയത്സേനൻ സത്യജിത്താം നരേന്ദ്രനും
ദുര്യോധനസുതന്മാരും പിന്നെശ്ശകുനി സൗബലൻ 2
കർണ്ണന്റെ മക്കൾ വീരന്മാർ ജയദ്രഥനരേന്ദ്രനും
ഘടോൽക്കചാദികളുമിങ്ങുരയ്ക്കാത്തവരന്യരും 3
മററും പറഞ്ഞ വീരന്മാർ മന്നോരും ദീപ്തമൂർത്തികൾ
സ്വർഗ്ഗത്തിലെത്രനാൾ വാണിതതുമെന്നോടു ചൊല്ലുക. 4
അവർക്കവിടെയെന്നെയ്ക്കും സ്ഥാനമുണ്ടോ ദ്വിജോത്തമ!
കർമ്മങ്ങൾ തീർന്നെന്തു ഗതി നേടീ പിന്നെ നരർഷഭർ? 5
ഇതു ചൊല്ലിക്കേൾക്കുവാനുണ്ടാഗ്രഹം ദ്വിജസത്തമ!
ദീപ്തമാകും തപസ്സാലങ്ങെല്ലാം കാണുമവനല്ലയോ? 6

സൂതൻ പറഞ്ഞു

എന്നു കേട്ടാ ബ്രാഹ്മണർഷി മഹാൻ വ്യാസന്റെ സമ്മതാൽ

ആ നരാധീശനോടായിപ്പറഞ്ഞീടാൻ തുടങ്ങിനാൻ. 7

വൈശമ്പായനൻ പറഞ്ഞു

കർമ്മങ്ങൾ തീർന്നാൽ പിന്നീട്ടു പററില്ലാർക്കും നരാധിപ!
പ്രകൃതിക്കെത്തുവാൻ, നല്ല ചോദ്യം ചോദിച്ചിരിപ്പു നീ. 8
രാജാവേ, നീ ദേവഗുഹ്യമിതു കേൾ ഭരതർഷഭ!
ചൊന്നതെന്തെന്നു തേജസ്വി ദിവ്യദൃഷ്ടി പ്രതാപവാൻ 9
പുരാണമുനി കൗരവ്യ, പാരാശര്യൻ പ്രതാപവാൻ
അഗാധബുദ്ധി സർവ്വജ്ഞൻ കർമ്മൗഘഗതി കണ്ടവൻ. 10
അവൻ ചൊന്നതു കർമ്മാന്തത്തിങ്കൽ സ്വാംഗപ്രവേശമാം
വസുക്കളിൽ മഹാതേജസ്സാം ഭീഷ്മൻ ചേർന്നു ഭാരത! 11
വസുക്കളെട്ടുപേരെത്താൻ കാണുന്നു ഭരതർഷഭ!
ചേർന്നു ബൃഹസ്പതിയിലാ ദ്രോണനാംഗിരസേന്ദ്രനിൽ. 12
മരുൽഗണത്തിൽക്കൃതവർമ്മാവു ഹാർദ്ദിക്യനേറിനാൻ
സനൽകുമാരനിൽച്ചേർന്നു പ്രദ്യുമ്നൻ ശരിയാംവിധം. 13
ധൃതരാഷ്ട്രൻ ധനേശൻെറ ദുർല്ലഭസ്ഥാനമേറിനാൻ
ധൃതരാഷ്ട്രാന്വിതം പേരു കേട്ട ഗാന്ധാരിയങ്ങനെ. 14
പാണ്ഡു ശക്രാലയം കേറീ രണ്ടു ഭാര്യയൊടൊപ്പമേ.
വിരാടദ്രുപദന്മാരും ധൃഷ്ടകേതുനരേന്ദ്രനും 15
നിശാക്രൂരസാംബന്മാർ ഭാനുകമ്പൻ വിദൂരഥൻ
ഭൂരിശ്രവസ്സു ശലനും ഭൂരിയാം ഭൂമിനാഥനും 16
കംസനമ്മട്ടുഗ്രസേനൻ വസുദേവനുമങ്ങനെ
ഭ്രാതാവാം ശംഖനോടൊന്നിച്ചുത്തരൻ നരപുംഗവൻ 17
അവർ വിശ്വേദേവകളിൽ ചെന്നുചേർന്നു നരോത്തമർ.
തേജസ്വി വർച്ചസ്സെന്നുള്ള സോമപുത്രൻ പ്രതാപവാൻ 18
അവനല്ലോ നൃസിംഹൻെറ ഫൽഗുനൻെറ കുമാരകൻ.
ക്ഷത്രധർമ്മാൽ മറെറാരാൾക്കുമാകാത്തപ്പോരടിച്ചവൻ 19
ധർമ്മാത്മാവിന്ദുവിൽച്ചേർന്നു കർമ്മാന്തത്തിൽ മഹാരഥൻ.
സൂര്യനിൽച്ചേർന്നിതു മരിച്ചിട്ടു കർണ്ണൻ നരർഷഭ! 20
ശകുനി ദ്വാപരനിലായ് ധൃഷ്ടദ്യുമ്നനുമഗ്നിയിൽ.
മററുമേ ധാർത്തരാഷ്ട്രന്മാർ യാതുധാനർ ബലോൽക്കടർ 21
ഋദ്ധിമാന്മാർ യോഗ്യർ ശസ്ത്രപൂതരായ് വിണ്ണു കേറിനാർ.
ധർമ്മനിൽ ചേർന്നു വിദുരൻ രാജാവാം ധർമ്മപുത്രനും 22
അനന്തൻ ഭഗവാൻ ദേവൻ പ്രവേശിച്ചു രസാതലം
പിതാമഹനിയോഗത്താൽ യോഗത്താൽ ഭൂമി താങ്ങുവോൻ. 23
നാരായണാഖ്യനുണ്ടല്ലോ ദേവദേവൻ സനാതനൻ
അവൻെറയംശമാംകൃഷ്ണൻ കർമ്മാന്തേ ചേർന്നിതങ്ങുതാൻ. 24
പതിനാറായിരം സ്ത്രീകൾ വാസുദേവൻെറ ഭാര്യമാർ

മുങ്ങീ സരസ്വതിയിലാക്കാലത്തിൽ ജനമേജയ! 25
അതിൽദ്ദേഹങ്ങളും വിട്ടു വീണ്ടും വിണ്ണു കരേറിനാർ
അപ്സരസ്ത്രീകളായ് പിന്നെസ്സേവിച്ചു വാസുദേവനെ. 26
ആ വൻ പോരിൽ മരിച്ചുള്ള വീരരില്ലേ മഹാരഥർ
ഘടോൽക്കചാദ്യർ വാനോരിൽ ചെന്നു യക്ഷരിലും ശരി. 27
ദുര്യോധനസഹായക്കാർ മുൻ പറഞ്ഞുള്ള രാക്ഷസർ
മുറ്റും ക്രമാൽ പുക്കിതവർ മുഖ്യലോകങ്ങൾ മന്നവ! 28
ദേവരാജൻെറ ഭവനം ധീമാൻ വൈശ്രവണൻെറയും
പാശിലോകങ്ങളും പുക്കിതവ്വണ്ണം പുരുഷർഷഭർ. 29
നിന്നോടിതൊക്കയും ചൊന്നേൻ വിസ്തരിച്ചു മഹാദ്യുതേ!
മുറ്റും പാണ്ഡവകൗരവ്യചരിതം ഭരതർഷഭ! 30

സൂതൻ പറഞ്ഞു

ഇതു കേട്ടന്തണർകളേ, ജനമേജയമന്നവൻ
ഒട്ടേറെയും വിസ്മയിച്ചു യജ്ഞകർമ്മാന്തരങ്ങളിൽ. 31
കഴിച്ചിതായവനുടെ കർമ്മം പിന്നീടു യാജകർ
ആസ്തീകനും പ്രീതനായി വിടുവിച്ചുരഗങ്ങളെ. 32
മുറ്റുമാ ദ്വിജരെ പ്രീതരാക്കീ ദക്ഷിണകൊണ്ടുടൻ
അവരാ മന്നവൻ പൂജചെയ്തോർ വന്നവഴിക്കു പോയ്. 33
ആ വിപ്രരെയയച്ചിട്ടാ രാജാവു ജനമേജയൻ
പരം തക്ഷശിലാസ്ഥാനം വിട്ടെത്തീ ഹസ്തിനാപുരം. 34
നിന്നോടിതൊക്കയും ചൊന്നേൻ വൈശമ്പായനകീർത്തനം
നൃപൻെറ സർപ്പസത്രത്തിൽ പ്രോക്തം വ്യാസൻെറ ശാസനാൽ.
ഇതിഹാസം പുണ്യമിതു പവിത്രം പരമുത്തമം
സത്യവാക്കാം കൃഷ്ണമുനി നിർമ്മിച്ചതു നരാധിപ! 36
സർവ്വജ്ഞൻ വിധിവിത്താ*യോൻ സത്തായോൻ ധർമ്മവിത്തമൻ
അതീന്ദ്രിയൻ ശുചി തപോഭാവിതാത്മാവുമാമവൻ 37
സാംഖ്യയോഗങ്ങളുടയോനൈശ്വര്യമിയലുന്നവൻ
അനേകതന്ത്രസംബുദ്ധദിവ്യദൃക്കാലെ കണ്ടുടൻ 38
തീർത്തതത്രേ പേർ പുകഴ്ത്താൻ പാണ്ഡവന്മാരുടേയുമേ
ഭൂരിദ്രവിണവീര്യാഢ്യർ മറ്റു മന്നോരുടേയുമേ. 39
പർവ്വംതോറും നിത്യമിതു വിദ്വാൻ കേൾപ്പിപ്പതാകിലോ
പാപം പോയ് സ്വർഗ്ഗവും നേടി ബ്രഹ്മമായ്ത്തീരുമായവൻ. 40
ഈക്കൃഷ്ണവേദം മുഴുവൻ ശ്രദ്ധയോടൊത്തു കേൾക്കുകിൽ
ബ്രഹ്മഹത്യാദി പാപൗഘകോടിയും തീർന്നുപോയിടും. 41
ശ്രാദ്ധത്തിൽ പാദമെന്നാലുമിതു കേൾപ്പിക്കിൽ വിപ്രരേ!
ആയവൻെറ പിതൃക്കൾക്കുണ്ടന്നപാനൗഘമക്ഷയം. 42

* വിധിവിത്ത് = ശാസ്ത്രവിധി അറിയുന്നവൻ.

ഇന്ദ്രിയത്താൽ മനസ്സാലും പകൽ പററിയ പാതകം
മഹാഭാരതമോതീടിൽ തീരുമന്തിക്കു മുന്നമേ. 43
പെണ്ണുങ്ങളോടൊത്തു രാത്രിക്കന്തണൻ ചെയ്ത പാതകം
മഹാഭാരതമോതീടിലുദിക്കുംമുൻപു തീരുമേ. 44
മഹത്തു ഭാരതക്കുള്ള ജന്മം ഭാരതമെന്നു പേർ
മഹത്തപത്താൽ ഭാരവത്താൽ മഹാഭാരതമെന്നു പേർ; 45
ഇതിൻ നിരുക്തമറികിലെല്ലാപ്പാപവുമററു പോം.
പതിനെട്ടു പുരാണങ്ങൾ ധർമ്മശാസ്ത്രങ്ങൾ മുററുമേ 46
സാംഗവേദങ്ങളൊരിടമൊരിടത്തങ്ങു ഭാരതം.
പതിനെട്ടു പുരാണങ്ങൾ തീർത്ത വേദാബ്ധിതന്നുടെ 47
വൻപുള്ളൃഷീന്ദ്രനുടെയീസ്സിംഹനാദം ശ്രവിക്കുവിൻ.
മൂവാണ്ടുകൊണ്ടു മുഴുവൻ കൃഷ്ണദ്വൈപായനൻ പ്രഭു 48
തീർത്തുകൊണ്ടാൻ ഭാരതമിതൊട്ടുക്കു ഭഗവാൻ മുനി.
ജയാഖ്യം ഭാരതമിതു ഭക്തിയോടൊത്തു കേൾക്കുകിൽ 49
ശ്രീ കീർത്തിയും വിദ്യയുമൊത്തുണ്ടായ്വന്നീടുമെപ്പൊഴും.
ധർമ്മാർത്ഥകാമമോക്ഷങ്ങളിവയിൽ ഭരതർഷഭ! 50
ഇങ്ങുള്ളതുണ്ടു മററൊന്നിലില്ലിങ്ങില്ലാത്തതെങ്ങുമേ.
ഇതിഹാസം ജയമിതു കേൾക്കേണം മോക്ഷകാമുകൻ 51
ബ്രാഹ്മണൻ ക്ഷത്രിയൻ ഗർഭമുള്ള നാരിയുമങ്ങനെ.
സ്വർഗ്ഗം നേടും സ്വർഗ്ഗകാമൻ ജയകാമൻ ജയിച്ചിടും 52
മകനോ ഭാഗ്യമുള്ളോരു മകളോ ഗർഭിണിക്കുമാം.
അനാഗതം മോക്ഷവുമാക്കൃഷ്ണദ്വൈപായനൻ പ്രഭു 53
ഈ ഭാരതത്തിൻ സന്ദർഭം നിർമ്മിച്ചു ധർമ്മകാംക്ഷയാൽ
തീർത്തിതവ്വതുലക്ഷംകൊണ്ടങ്ങു മററൊരു സംഹിത 54
അതിൽ മുപ്പതുലക്ഷം താൻ ദേവലോകത്തു നില്പതും.
പതിനഞ്ചാം പിതൃപുരേ പതിന്നാൽ യക്ഷമന്ദിരേ 55
ഒരു ലക്ഷം മാത്രമുണ്ടു മർത്ത്യലോകത്തുരച്ചതായ്.
നാരദൻ വിണ്ണവരിൽച്ചൊല്ലീ ദേവലൻതാൻ പിതൃക്കളിൽ 56
ശുകൻ യക്ഷാശരരിലാ വൈശമ്പായനർ മർത്ത്യരിൽ.
ഇതിഹാസം പുണ്യമിതു മഹാർത്ഥം വേദസമ്മിതം 57
വ്യാസപ്രോക്തം ബ്രാഹ്മണനെ മുന്നിലാക്കീട്ടു കേൾക്കുകിൽ
അവൻ മുററും കാമമിങ്ങു കീർത്തിയും പൂണ്ടു ശൗനക! 58
പരയാം സിദ്ധി നേടീടുമെനിക്കില്ലൊരു സംശയം.
ഭാരതാദ്ധ്യയനം പുണ്യമതിൽ പാദം പഠിക്കിലും 59
ഭക്തിശ്രദ്ധകളോടൊത്തു കേൾപ്പിച്ചീടിലുമങ്ങനെ
ശുദ്ധമാം ശ്രദ്ധയുള്ളോനു തീരും പാപമശേഷവും. 60
മഹർഷി ഭഗവാൻ വ്യാസൻ മുൻപീസ്സംഹിത തീർത്തഹോ!

ശ്ലോകം നാലാലുണ്ണി ശുകന്നോതിക്കൊണ്ടിതു മാമുനി. 61

മാതാപിതൃസഹസ്രങ്ങരം പുത്രദാരശതങ്ങളും
സംസാരങ്ങളിലേററിട്ടുണ്ടുണ്ടുണ്ടാമിനി വേറെയും. 62

ഹഷ്സ്ഥാനസഹസ്രങ്ങരം ഭയസ്ഥാനശതങ്ങളും
മൂഢന്നു പററും നാരംതോറും പണ്ഡിതന്നതു പററിടാ. 63

കൈ പൊക്കിയുച്ചമോതുന്നേൻ കേരംക്കുന്നില്ലിങ്ങിതാരുമേ
ധമ്മത്താലത്ഥകാമങ്ങളതെന്തേ സേവിയാത്തതും? 64

കാമം ഭയം ലോഭമിവററിനാലി–
ദ്ധമ്മം വിടൊല്ലാ ജീവിതത്തിന്നുപോലും
ധമ്മം നിത്യം നിത്യമല്ലല്ലൽ സൗഖ്യം
ജീവൻ നിത്യം നിത്യമല്ലിങ്ങു ഹേതു. 65

എന്നീബ്ഭാരതഗായത്രി കാലത്തേററു ജപിക്കുകിൽ
അവന്നു ഭാരതഫലമുണ്ടാം ബ്രഹ്മാപ്തി കിട്ടിടും. 66

ഭഗവാനാഴിയെമ്മട്ടു പനിമാമലയെങ്ങനെ
രത്നാലയങ്ങളായ്ക്കേരംപ്പിതതേമാതിരി ഭാരതം; 67

കൃഷ്ണവേദാഗമം വിദ്വാൻ കേരംപ്പിച്ചാലത്ഥസിദ്ധനാം.
ഈബ്ഭാരതാഖ്യാനമേററം ശ്രദ്ധയോടു പഠിക്കുകിൽ
പരയാം സിദ്ധി നേടീടുമവനില്ലൊരു സംശയം. 68

വ്യാസൻെറ ചുണ്ടിടയിലേന്തിയതപ്രമേയം
പുണ്യം പവിത്രമിതു പാപഹരം ശിവംതാൻ
ഈബ്ഭാരതം കിമപി കേരംക്കിലവന്നു പിന്നെ–
യെന്തിന്നു പുഷ്കരവിശുദ്ധജലാഭിഷേകം? 69

വേദജ്ഞനായറിവുകൂടിയൊരന്തണന്നു
പൊൻകൊമ്പെഴുന്ന പശു നൂറിനെ നല്കുവോനും
ഈപ്പുണ്യഭാരതമഹാകഥ കേരംക്കുവോനു–
മുണ്ടായ്വരും ഫലമവന്നുമവന്നുമൊപ്പം. 70

ഭാരതശ്രവണവിധി

ജനമേജയൻ പറഞ്ഞു

ഭഗവാനേ, ഭാരതത്തെ ബുധർ കേൾക്കേണ്ടതെങ്ങനെ?
ഫലമെന്തേതു വാനോർകൾ പൂജ്യർ പാരായണങ്ങളിൽ? 1
ഭഗവാനേ, നല്കിടേണ്ടതെന്തു പർവ്വങ്ങൾ തീരവേ?
വായിക്കുന്നവനെമ്മട്ടിലാവേണമതുമോതണം. 2

വൈശമ്പായനൻ പറഞ്ഞു

രാജാവേ, കേളീവിധിയും ഫലവും ഭരതർഷഭ!
കേട്ടാലുള്ളതു രാജേന്ദ്ര, നീ ചോദിച്ചതിതല്ലയോ? 3
വിണ്ണിൽ വിണ്ണോർകൾ കേളിക്കായ് മന്നിൽ വന്നിതു മന്നവ!
ഈക്കാര്യം ചെയ്തുവെച്ചിട്ടു പിന്നെത്തിരിയെയെത്തിനാർ. 4
ഹന്ത! നിന്നോടു പറയാം ചുരുക്കം കേട്ടുകൊൾക നീ
ഋഷികൾക്കും ദേവകൾക്കും മന്നിലുള്ളോരു സംഭവം. 5
ഇതിലാ രുദ്രർ സാദ്ധ്യന്മാർ വിശ്വേദേവകൾ ശാശ്വതർ
ആദിത്യരശ്വിനീദേവർ ലോകപാലർ മഹർഷികൾ 6
ഗുഹ്യകന്മാർകൾ ഗന്ധർവ്വർ വിദ്യാധരർ ഭുജംഗമർ
സിദ്ധർ ധർമ്മൻ സ്വയംഭൂവും മുനി കാത്യായനീവരൻ 7
മലയാഴികളുർവ്വിണ്ണും പുഴയങ്ങപ്സരസ്സുകൾ
ഗ്രഹങ്ങൾ സംവത്സരങ്ങളയനങ്ങളൃതുക്കളും 8
മറ്റും സുരാസുരരെഴും ചരാചരജഗത്തുമേ
ഭാരതശ്രേഷ്ഠ, കാണുന്നു ഭാരതത്തിലൊരേടമേ. 9
അവർക്കാം നില കേട്ടീടിൽ നാമകർമ്മാനുകീർത്തനാൽ
ഘോരപാപം ചെയ്യുകിലുമുടൻ വിട്ടൊഴിയും നരൻ. 10
ക്രമത്തിൽ ശരിയാമ്മട്ടീയിതിഹാസം ശ്രവിച്ചതാൻ
സംയതാത്മാവു ശുചിയായ് ഭാരതം തീർത്തുകൊള്ളുകിൽ 11
അവർക്കായ് ശ്രാദ്ധമേകേണം ഭാരതം കേട്ട ഭാരത!
ബ്രാഹ്മണർക്കു യഥാശക്തി ഭക്തിയാൽ ഭരതർഷഭ! 12
മഹാദാനങ്ങൾ നല്കേണം രത്നങ്ങൾ പലമാതിരി—
കാംസ്യം കറന്നിടും പൈക്കൾ ചമയും കന്യമാരെയും 13
സർവ്വകാമഗുണം ചേർന്ന യാനങ്ങൾ പലമാതിരി
ഭവനങ്ങൾ വിചിത്രങ്ങൾ ഭൂമി വസ്ത്രങ്ങൾ കാഞ്ചനം 14
വാഹനങ്ങളുമേകേണം മത്തഹസ്തികൾ വാജികൾ
കട്ടിൽ പല്ലക്കുകൾ പരമണിഞ്ഞുള്ളോരു തേർകളും. 15

ഗൃഹത്തിൽ ശ്രേഷ്ഠമെന്തുണ്ടോ വിലയേറുന്ന സാധനം
വിപ്രക്കേകുകാത്മാവെബ്ഭാര്യമാർകളെ മക്കളെ. 16
ക്രമത്തിലതു തീർത്തുള്ളോൻ പരം ശ്രദ്ധയൊടേകണം
ശക്തിപോലുള്ള തെളിയേ ഹൃഷ്ടൻ ശുശ്രൂഷു[1] നിശ്ചലൻ 17
സത്യാർജ്ജവപരൻ ദാന്തൻ ശുചി ശൗചമിയന്നവൻ
ശ്രദ്ധയുള്ളോൻ ജിതക്രോധൻ സിദ്ധനാമ്മട്ടു കേൾക്ക നീ. 18
ശുചി ശീലാചാരമുള്ളോൻ ശുക്ലവസ്ത്രൻ ജിതേന്ദ്രിയൻ
സംസ്കൃതൻ സർവ്വശാസ്ത്രജ്ഞൻ ശ്രദ്ധാവാനനസൂയകൻ 19
രൂപവാൻ സുഭഗൻ ദാന്തൻ സത്യവാദി ജിതേന്ദ്രിയൻ
ദാനമാനങ്ങളാൽ വശ്യനാകേണമിഹ വാചകൻ[2]. 20
കിണച്ചിൽ താമസം വേഗമിതെന്ന്യേ ധീരമൂർജ്ജിതം
വർണ്ണം വാക്കും വേർതിരിച്ചും സ്വരഭാവങ്ങളൊത്തുമേ 21
ത്രിഷഷ്ടി[3]വർണ്ണമൊത്തഷ്ടസ്ഥാനംകൊണ്ടുച്ചരിച്ചഹോ!
ചൊല്ലേണം ചൊല്ലുവോൻ സ്വസ്ഥൻ നല്ലിരിപ്പിൽ സമാ–
നാരായണനെയും സാക്ഷാൽ നരനാം നരനേയുമേ [ഹിതൻ.
സരസ്വതീദേവിയേയും നമിച്ചു ജയമോതുക. 23
ഇമ്മട്ടു ചൊൽവോനിൽനിന്നു ഭാരതം കേട്ട ഭാരത!
നിയമസ്ഥൻ ശുചി ശ്രോതാവങ്ങു കേട്ടേററിടും ഫലം. 24
ആദ്യപാരായണം തീൎന്നു വിദ്വാൻ കാമങ്ങൾ നല്ലണം
അഗ്നിഷ്ടോമമഖത്തിൻെറ ഫലം നേടീടുമാ നരൻ. 25
അപ്സരസ്ത്രീകൾ കൂടീടും വൻ വിമാനത്തെ നേടിടും
വിണ്ണോരൊന്നിച്ചവൻ ഹൃഷ്ടൻ വിണ്ണിലെത്തും സമാഹിതൻ.
രണ്ടാം പാരായണം തീൎന്നാലതിരാത്ര[4]ഫലം പെടും
സർവ്വരത്നമയം ദിവ്യം വിമാനം കേറുമായവൻ. 27
ദിവ്യമാല്യാംബരധരൻ ദിവ്യഗന്ധവിഭൂഷിതൻ
ദിവ്യഗന്ധധരൻ നിത്യം ദേവലോകത്തു പൂജ്യനാം. 28
മൂന്നാം പാരായണം തീൎന്നാൽ ദ്വാദശാഹഫലം പെടും
സുരസങ്കാശ[5]നായ് വാഴും വിണ്ണിൽ വർഷായുതങ്ങളും. 29
വാജപേയഫലം നാലിലഞ്ചിൽ ഫലമിരട്ടിയാം
ഉദിതാൎക്കാഭ[6]മായേററമുജ്ജ്വലിച്ചനലോപമം 30
വിമാനം കേറി വിണ്ണോരോടൊത്തു വിണ്ണിൽ ഗമിച്ചിടും;
വിണ്ണിൽ വർഷായുതം ശക്രമന്ദിരത്തിൽ സുഖിച്ചിടും 31
ഇതിരട്ടിച്ചാറി,ലേഴിൽ മൂന്നിരട്ടിച്ചുമാം ഫലം.

---

1 ശുശ്രൂഷു=കേൾക്കാൻ ആഗ്രഹമുള്ളവൻ. 2 വാചകൻ=വായിക്കുന്നവൻ.
3 ത്രിഷഷ്ടി=അറുപത്തിമൂന്ന്. 4 അതിരാത്രം=ആ പേരിലുള്ള ഒരു യാഗം.
5 സുരസങ്കാശൻ=ദേവതുല്യൻ. 6 ഉദിതാൎക്കാഭം=ഉദയസൂര്യനെപ്പോലെ ശോഭിക്കുന്ന.

കൈലാസശിഖരംപോലെ വൈഡൂര്യത്തിണ്ണയുള്ളതായ് 32
പല കോട്ടക്കെട്ടുമൊത്തു മണിവിദ്രുമഭൂഷിതം
കാമഗം സാപ്സരസ്ത്രീകം[1] വിമാനം കേറിയങ്ങനെ 33
എല്ലാ ലോകങ്ങളും ചുററും രണ്ടാം സൂര്യൻ കണക്കിനെ.
എട്ടാം പാരായണത്തിങ്കൽ രാജസൂയഫലം പെടും 34
ചന്ദ്രോദയാഭമഴകാം വിമാനം കയറീടുമേ.
തിങ്കൾകാന്തിനിറം കോലും മനോവേഗാശുഭാസുരം 35
തിങ്കൾ നേർമുഖിമാരാകും വരനാരീജനങ്ങടെ
മേഖലാനൂപുരരവമെല്ലാപ്പോഴുമെഴുംവിധം 36
സുന്ദരാംഗീജനാങ്കത്തിലുറങ്ങിത്താനുണന്നിടും.
ഒൻപതിൽബ് ഭാരത, ഹയമേധയജ്ഞമതിൻെറയാം 37
പൊന്നുന്തൂണിൻകെട്ടുമായി വൈഡൂര്യത്തിണ്ണയൊത്തഹോ!
ചുററും ദിവ്യപ്പൊന്നുമയഗവാക്ഷ[2]ങ്ങളിയന്നതായ് 38
വ്യോമചാരികളാം ഗന്ധവ്വാപ്സരസ്ത്രീകളൊത്തുമേ
പരം ജ്വലിക്കും ശ്രീയാണ്ട വിമാനം കേറിയങ്ങനെ 39
ദിവ്യമാല്യാംബരം ചാത്തി ദിവ്യചന്ദനഭൂഷിതം
വിണ്ണോരോടൊത്തു നന്ദിക്കും വിണ്ണിൽ വിണ്ണോൻ കണക്കിനെ
പത്താം പാരായണം തീന്നു വിപ്രരെക്കുപ്പിയെങ്കിലോ
കിങ്ങിണിത്തൊങ്ങലൊലിയൊത്തുച്ചധ്വജപതാകമായ് 41
രത്നത്തിണ്ണകളെന്നല്ല വൈഡൂര്യക്കല്ലുമാനവും
പൊന്നിൻജനാല പവിഴപ്രാന്തത്തല്ലുമുള്ളതായ് 42
പാടും ഗന്ധവ്വാപ്സരസ്ത്രീജനങ്ങൾ വിലസുന്നതായ്
സുകൃതിസ്ഥാനമാം നല്ല വിമാനം വാണിടും സുഖം. 43
തീ നിറത്തിൽ പൊന്നണിഞ്ഞ മകുടച്ചാത്തു ചാത്തിയും
ദിവ്യചന്ദനവും പൂശിദ്ദിവ്യമാല്യമണിഞ്ഞുടൻ 44
ദിവ്യലോകങ്ങളിൽ ചുററും ദിവ്യഭോഗങ്ങളാണ്ടവൻ
വിബുധന്മാരുടയ നൽപ്രസാദാൽ ശ്രീ കലന്നവൻ 45
പിന്നെപ്പെരുത്താണ്ടിവണ്ണം സ്വഗ്ഗലോകത്തു പൂജ്യനാം.
ഇരുപത്തോരായിരത്താണ്ടിവൻ ഗന്ധവ്വരൊത്തഹോ! 46
പുരന്ദരപുരം[3]വാണിട്ടിന്ദ്രനൊത്തു സുഖിച്ചിടും.
ദിവ്യയാനവിമാനാഢ്യ നാനാ ലോകങ്ങൾതോറുമേ 47
ദിവ്യനാരീഗണത്തോടും വിണ്ണവന്മട്ടു വാണിടും.
പിന്നെസ്സൂര്യൻെറ ഗേഹത്തിൽ ചന്ദ്രഗേഹത്തിലും ശരി 48
ശംഭുഗേഹത്തിലും ഭൂപ, വിഷ്ണുസാലോക്യമാന്നിടും.
ഇതിമ്മട്ടാം മഹാരാജ, വിചാരിക്കേണ്ടതില്ലിതിൽ 49

1 സാപ്സരസ്ത്രീകം = അപ്സരസ്ത്രീകളോടുകൂടിയതു്. 2 ഗവാക്ഷം = ജനാല. 3 പുരന്ദരപുരം = ദേവലോകം; അമരാവതി.

ശ്രദ്ധയോടൊത്തിരിക്കേണമെന്നെൻെറ ഗുരു ചൊല്ലിനാൻ.
വായിച്ചവന്നു നല്ലേണമുള്ളിലോക്കുന്നതൊക്കയും 50
തേരാനയശ്വയാനങ്ങൾ വാഹനങ്ങൾ വിശേഷമായ്
കടകം കുണ്ഡലം വേറേ ബ്രഹ്മസൂത്രവുമങ്ങനെ 51
വിചിത്രമായിട്ടും വസ്ത്രം വിശേഷപ്പടി ഗന്ധവും
ദേവമട്ടവനെപ്പൂജിച്ചീടണം, വിഷ്ണുലോകമാം[1]. 52
ഇതിന്നുമേൽ പറഞ്ഞീടാം വിപ്രേന്ദ്രന്നേകിടേണ്ടവ
രാജാവേ, ഭാരതം വായിച്ചെങ്കിൽ പർവ്വങ്ങൾതോറുമേ 53
ജാതി ദേശം സത്യമേവം മാഹാത്മ്യം ഭരതർഷഭ!
ധർമ്മവും വൃത്തിയുമറിഞ്ഞരചക്കവനീശ്വര! 54
മുൻ വിപ്രരേ സ്വസ്തി ചൊല്ലിച്ചുടൻ കാര്യം തുടങ്ങണം;
പർവ്വം കഴിഞ്ഞാൽ പൂജിക്ക വിപ്രരെശ്ശക്തിപോലെതാൻ. 55
മുൻപേ വായിക്കുമവനെ വസ്ത്രഗന്ധങ്ങളൊത്തുതാൻ
വിധിക്കൂട്ടീടണം ഭൂപ, മധുപായസമുത്തമം. 56
പിന്നെ മൂലഫലപ്രായം നെയ്യ് തേൻ പായസമങ്ങനെ
ആസ്തികത്തിങ്കലൂട്ടേണം ശർക്കരച്ചോറുമേകണം 57
അപൂപം മോദകം പൂപ[2]മിവയോടൊത്തു കേവലം.
സഭാപർവ്വത്തിലുർവ്വീശ, ഹവിസ്സൂട്ടുക വിപ്രരെ 58
ആരണ്യകത്തിൽ ഫലമൂലത്താൽ തർപ്പിക്ക വിപ്രരെ.
അരണീപർവ്വമെത്തീടിൽ ജലകുംഭം കൊടുക്കണം 59
മുഖ്യങ്ങളാം തർപ്പണങ്ങൾ വന്യമൂലഫലങ്ങളും
സർവ്വകാമഗുണം ചേർത്തു വിപ്രർക്കന്നം കൊടുക്കണം; 60
ഏവം വിരാടപർവ്വത്തിൽ വസ്ത്രങ്ങൾ പലമാതിരി.
ഉദ്യോഗത്തിൽ ഭാരതേന്ദ്ര, സർവ്വകർമ്മഗുണാന്വിതം 61
ചോറൂട്ടേണം ബ്രാഹ്മണരെഗ്ഗന്ധമാല്യാഞ്ചിതാംഗരെ.
ഭീഷ്മപർവ്വത്തിലുർവ്വീശ, മുഖ്യമാം യാനമേകിയും 62
പിന്നെസ്സർവ്വഗുണം ചേരും നന്നായ് വെച്ചന്നമൂട്ടണം.
ദ്രോണപർവ്വത്തിൽ വിപ്രർക്കു പരമർച്ചിതഭോജനം 63
രാജേന്ദ്ര, ശരവും നല്ല വില്ലും വാളുമതേവിധം.
കർണ്ണപർവ്വത്തിലും സർവ്വകാമമോടൊത്ത ഭോജനം 64
നന്നായ് വെച്ചൂട്ടണം വിപ്രന്മാരെസ്സംയതമാനസൻ.
ശല്യപർവ്വത്തിലുർവ്വീശ, ശർക്കരച്ചോറു മോദകം 65
അപൂപം തർപ്പണമിവയൊത്തന്നം മററുമേകണം
ഗദാപർവ്വത്തിലവ്വണ്ണം മുൽഗവും ചേർത്തു നല്കണം. 66
രത്നങ്ങളാൽ സ്ത്രീപർവ്വത്തിൽ തർപ്പിച്ചീടുക വിപ്രരെ

---

1 വിഷ്ണുലോകമാം = (ഇങ്ങനെ യെല്ലാം ചെയ്യുന്നവർക്ക്) വിഷ്ണുലോകം ലഭിക്കും.
2 പൂപം = ഒരുജാതി അപ്പം.

നെയ്‍ച്ചോറാദ്യവുമൈഷീകത്തിങ്കലേകുക പിന്നെയും. 67

പിന്നെസ്സർവ്വഗുണം ചേരും വെച്ച ചോറു കൊടുക്കണം
ശാന്തിപർവ്വത്തിലവ്വണ്ണം ഹവിസ്സൂട്ടുക വിപ്രരേ. 68

ആശ്വമേധികമായീടിൽ സർവ്വകാമികഭോജനം
അമ്മട്ടാശ്രമവാസത്തിൽ ഹവിസ്സൂട്ടുക വിപ്രരെ. 69

മൗസലത്തിൽ സർവ്വഗുണം ഗന്ധമാല്യാനുലേപനം
മഹാപ്രാസ്ഥാനികത്തിങ്കൽ സർവ്വകാമാഢ്യമാം വിധം. 70

സ്വർഗ്ഗപർവ്വത്തിലവ്വണ്ണം ഹവിസ്സൂട്ടുക വിപ്രരെ
ആയിരം വിപ്രരെ ഹരിവംശം തീരുമ്പൊളൂട്ടണം. 71

വിപ്രന്നു നല്കണം നിഷ്കത്തോടുമൊത്തോരു പയ്യിനെ
അതിൽ പാതിയുമൊത്തേകാം ദരിദ്രന്നയി മന്നവ! 72

പർവ്വംതോറും തീരുവോളു പുസ്തകത്തെ വിചക്ഷണൻ[1]
സുവർണ്ണത്തോടുമൊന്നിച്ചു വായിച്ചവനു നല്കണം. 73

ഹരിവംശത്തിലും പർവ്വത്തിങ്കൽ പായസമൂട്ടണം
രാജൻ, പാരായണംതോറും ശരിക്കു ഭരതർഷഭ! 74

എല്ലാസ്സംഹിത തീർന്നിട്ടു പ്രയതൻ ശാസ്ത്രകോവിദൻ
ശുഭസ്ഥലത്തിരുത്തിത്താൻ ക്ഷൗമ[2]വസ്ത്രം പുതച്ചവൻ 75

ശുക്ലാംബരം മാല ചാർത്തി ശുചിയായിച്ചമഞ്ഞവൻ
വെവ്വേറേ ഗന്ധമാല്യങ്ങൾകൊണ്ടർച്ചിക്ക ശരിക്കുതാൻ. 76

സശ്രദ്ധൻ പ്രയതൻ ഭൂപ, സംഹിതാ പുസ്തകങ്ങളെ
ഭക്ഷ്യമാല്യങ്ങൾ പേയങ്ങൾ നൽക്കാമങ്ങൾ പലേതരം 77

ഹിരണ്യംതാൻ സുവർണ്ണംതാൻ പരം ദക്ഷിണ നല്കണം.
അതിൽ പകുതിയോ നാലിലൊന്നോ ലോഭമൊഴിഞ്ഞുതാൻ 78

എന്തെന്തുണ്ടോ തനിക്കിഷ്ടമതൊക്ക ദ്വിജനേകണം.
ഗുരുവാം വാചകന്നേകുകെല്ലാംകൊണ്ടും പ്രഹർഷണം 79

കീർത്തിക്ക വാനോരെ നരനാരായണർകളേയുമേ.
ഗന്ധമാല്യങ്ങളാൽ പിന്നെച്ചമയിച്ചന്തണേന്ദ്രരെ 80

തർപ്പിക്ക പലമട്ടുള്ള കാമദാനത്തരങ്ങളാൽ.
അതിരാത്രമഖത്തിൻെറ ഫലം നേടീടുമാ നരൻ 81

നേടും ക്രതുഫലത്തേയുമേവം പർവ്വങ്ങൾതോറുമേ.
വായിപ്പോൻ ഭരതശ്രേഷ്ഠ, വ്യക്താക്ഷരപദസ്വരൻ 82

ഭവിഷ്യം ഭാരതം വിപ്രന്മാരെക്കേൾപ്പിക്ക ഭാരത!
വിപ്രന്മാരുണ്ടതിൽപ്പിന്നെശ്ശരിക്കുണ്ടു കൊടുക്കണം 83

ഭരതശ്രേഷ്ഠ, ചമയിച്ചൂട്ടി വാചകനെ സ്വയം.
വാചകൻ തുഷ്ടനായീടിൽ വൻ പ്രീതി ശുഭയാസ്സുരും 84

---

1 വിചക്ഷണൻ = വിദ്വാൻ. 2 ക്ഷൗമം = പട്ട്.

വിപ്രർ തോഷിക്കുകിൽ സർവ്വദേവകൾക്കും പ്രസാദമാം.
അതിനാൽ വരണം ചെയ്യു വിപ്രരെബ്ഭരതർഷഭ! 85
മുറയ്ക്കു പലമട്ടാം നൽ സർവ്വകാമങ്ങളാലുമേ.
എന്നീ വിധി പറഞ്ഞേൻ ഞാൻ നിന്നോടു മനുജർഷഭ! 86
ശ്രദ്ധയോടൊത്തിരിക്കേണം നീ ചോദിച്ചതിതല്ലയോ?
ഭാരതം കേൾക്കലിൽ ഭൂപ, നൃപ, പാരായണത്തിലും 87
യത്നവാനാവുകെപ്പോഴും നൽ ശ്രേയസ്സാഗ്രഹിപ്പവൻ
ഭാരതം കേൾക്കണം നിത്യം ഭാരതംതാൻ പഠിക്കണം 88
ഭാരതം ഭവനത്തിങ്കലുള്ളോനോ കൈയിലാം ജയം.
ഭാരതം പാവനം പുണ്യം ഭാരതത്തിൽ പലേ കഥ 89
ഭാരതം ദിവ്യർ സേവിപ്പു ഭാരതം പരമം പദം.
സർവ്വശാസ്ത്രത്തിലും മുഖ്യം ഭാരതം ഭരതർഷഭ! 90
ഭാരതത്താൽ മോക്ഷമൊക്കുമീത്തത്ത്വം നിന്നൊടോതിനേൻ.
മഹാഭാരതമാഖ്യാനം ഭൂമിയെഗ്ഗോവെ വാണിയെ 91
വിപ്രരെക്കേശവനെയും കീർത്തിച്ചാൽ താഴകില്ലവൻ.
ഓത്തിൽ രാമായണത്തിങ്കൽ പുണ്യമാം ഭാരതത്തിലും 92
ഭാരതേന്ദ്രാ,ദിമദ്ധ്യാന്തങ്ങളിലാം ഹരികീർത്തനം.
എങ്ങുണ്ടോ വിഷ്ണുകഥകൾ ശാശ്വതശ്രുതിജാലവും 93
പരമാം പദമിച്ഛിക്കും മനുഷ്യനതു കേൾക്കണം.
ഇതോ പവിത്രം പരമമിതു ധർമ്മനിദർശനം 94
ഇതു സർവ്വഗുണോപേതം കേൾക്ക ഭൂതി കൊതിപ്പവൻ.
ശരീരം വാക്കു കരളെന്നിവയാൽ നേടിവെച്ചഘം 95
എല്ലാം തീരുമിരുട്ടർക്കോദയമാംപോതു പോലവേ.
പതിനെട്ടു പുരാണങ്ങൾ കേട്ടാലുണ്ടായിടും ഫലം 96
ഒട്ടുക്കു വൈഷ്ണവൻ നേടുമിതിനില്ലൊരു സംശയം.
സ്ത്രീകളും പുരുഷന്മാരുമെത്തും വിഷ്ണുപദത്തുടൻ 97
കേൾക്ക വിഷ്ണുയശസ്സൂന്നിയുണ്ടാവേണ്ടുന്ന നാരികൾ.
ഇതിന്നു ദക്ഷിണ കൊടുത്തീടവേണം സുവർണ്ണകം 98
വായിച്ചാൾക്കു യഥാശക്തി ചൊന്നോണം ഫലമോർപ്പവൻ.
കുട്ടിയോടും പൊന്നുകൊമ്പിക്കപിലപ്പയ്യിനേയുമേ 99
വസ്ത്രം ചാർത്തിച്ചു വായിച്ചോനേകണം നന്മയോർപ്പവൻ.
പുണ്യമാകുമലങ്കാരം നല്ലേണം ഭരതർഷഭ! 100
നല്ല കർണ്ണാഭരണവും വിശേഷപ്പടി ദാനവും.
ഭൂമി ദാനം കൊടുക്കേണം വായിച്ചാൾക്കു നരാധിപ! 101
ഭൂമി ദാനം പോലൊരു ദാനമുണ്ടായീലുള്ളതിന്നഹോ.
നിത്യം കേൾക്കുകയും കേൾപ്പിക്കുകയും ചെയ്തിടും നരർ 102
സർവ്വപാപങ്ങളും വിട്ടു വിഷ്ണുസ്ഥാനത്തിലെത്തിടും.

Sri Sankaracharya

മുററും കയററിക്കൊണ്ടീടും പതിനൊന്നു പിതൃക്കളെ 103
തന്നെപ്പുത്രനെയും ഭാര്യയേയുമേ ഭരതർഷഭ!
ദശാംശഹോമവുമതിൽച്ചെയ്തീടേണം നരാധിപ! 104
ഇതൊക്കെ നിൻെറ മുൻപാകെ ഞാൻ പറഞ്ഞേൻ നരർഷഭ!
ഈ മഹാഭാരതം ഭക്തിയൊത്താദ്യംതൊട്ടു കേൾക്കുകിൽ 105
കള്ളു കുടിപ്പോൻ ബ്രഹ്മഘ്നാതി തസ്കരൻ ഗുരുതല്പഗൻ
ചണ്ഡാലജാതിയായാലും പാപം കൈവിട്ടൊഴിഞ്ഞിടും. 106
പാപമൊട്ടുക്കകെററീട്ടങ്ങിരുളക്കൻ കണക്കിനെ
വിഷ്ണുലോകത്തിൽ മോദിക്കും വിഷ്ണുമട്ടില്ല സംശയം. 107

★

''ലോഭേഷ്യാദ്യഃഖദുഷ്ടന്നും'' കലിക്കുരിരുൾ നീങ്ങുവാൻ
''സൗഖ്യനാളപ്രദീപം നൽ''ക്കല്യാണം കാണ്ക ഭാരതം.*

---

* ഭാരതം പരിഭാഷപ്പെടുത്തിത്തുടങ്ങിയ ദിവസത്തേയും അതവസാനിച്ച ദിവസത്തേയും കലിദിനസംഖ്യകളാണ് ഈ ശ്ലോകത്തിൽ കൊള്ളിച്ചിട്ടുള്ളതു്. കണക്കുകൂട്ടിനോക്കിയാൽ, തർജ്ജിമ ആരംഭിച്ചതു് 1079 മേടം 25-ാം തീയതിയും (7-5-1904) അവസാനിച്ചതു് 1082 കന്നി 12-ാം തീയതിയും (28-9-1906) ആണെന്നു കാണാം. ആകെ തർജ്ജിമയ്ക്കെടുത്ത ദിവസം 874. ഇതിനെയാണ് 'സ്വച്ഛന്ദം' എന്ന വാക്കുകൊണ്ടു നിർദ്ദേശിക്കാനുള്ളതു്. തമ്പുരാൻ ഈ മഹാഭാരതകൃത്യം ആരംഭിച്ചതും അവസാനിപ്പിച്ചതും തിരുവോണനക്ഷത്രത്തിലായിരുന്നതു യാദൃച്ഛിക സംഭവമാകാൻ ഇടയില്ല. തിരുവോണം മലയാളികളെ സംബന്ധിച്ചിടത്തോളം പലതുകൊണ്ടും വളരെ പ്രാധാന്യമുള്ള ഒരു ദിവസമാണല്ലോ.

SAHITYA PRAVARTHAKA C.S. LTD.
KOTTAYAM